കേരള സർക്കാർ

# പതിനാലാം പഞ്ചവത്സര പദ്ധതി

# FOURTEENTH FIVE YEAR PLAN
# 2022-2027

## നാലാം വർഷ പരിപാടി
## FOURTH YEAR'S PROGRAMME
## 2025-2026

**വാല്യം II**
**Volume II**

**(ഭാഗം–1)**
**(Part-I)**

**പരിപാടികളുടെ സംക്ഷിപ്ത വിവരണം**
**BRIEF DESCRIPTION OF PROGRAMMES**

*സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ എറണാകുളം ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്കപ്പെട്ടത്–2025.*

# പതിനാലാം പഞ്ചവത്സര പദ്ധതി
# 2022-27

## നാലാം വർഷ പരിപാടി
## 2025-26

## വാല്യം- II
## (ഭാഗം-1)

## പരിപാടികളുടെ സംക്ഷിപ്ത വിവരണം

## അവതാരിക

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ നാലാം വർഷമായ 2025-26 വാർഷിക പദ്ധതിയിലെ പരിപാടികളുടെയും ഉദ്യമങ്ങളുടെയും സമഗ്രമായ വിവരണം ഈ ബജറ്റ് രേഖ പ്രദാനം ചെയ്യുന്നു. എല്ലാ വികസന വകുപ്പുകളെയും ഉൾകൊള്ളിച്ചുകൊണ്ട് മേഖലയിലുടനീളമുള്ള എല്ലാ പദ്ധതികളുടെയും വിശദാംശങ്ങൾ ഇതിൽ ചേർത്തിരിക്കുന്നു. 2025-26 ലെ വാർഷിക സംസ്ഥാന പദ്ധതി വിഹിതമായ 32,500 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രതീക്ഷിക്കുന്ന കേന്ദ്ര വിഹിതമായ 9,153.71 കോടി രൂപയുമുൾപ്പെടെ മൊത്തം പദ്ധതി വിഹിതം 41,653.71 കോടി രൂപയാണ്.

പ്രകൃതി ദുരന്തങ്ങളുടെയും സാമ്പത്തിക പരിമിതികളുടെയും വെല്ലുവിളികൾക്കിടയിലും നവകേരളം എന്ന ലക്ഷ്യത്തിലേക്ക് 2025-26 വാർഷിക പദ്ധതി സംസ്ഥാനത്തെ നയിക്കുന്നു. കാർഷിക, അനുബന്ധ മേഖലകളിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾക്കാണ് പദ്ധതി മുൻഗണന നൽകുന്നത്. കൂടാതെ മിഷൻ 1000 വഴി വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുക, അടിസ്ഥാന സൗകര്യ വികസനം, എംഎസ്എംഇകൾ വർദ്ധിപ്പിക്കുക എന്നിവയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വിനോദസഞ്ചാരത്തിലും ഐ.ടിയിലും പുതിയ ഉദ്യമങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.

അധ്യാപക പരിശീലനം പോലുള്ള ഇടപെടലുകളിലൂടെ എല്ലാ തലങ്ങളിലും ഗുണനിലവാരമുള്ള വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികളെ പദ്ധതി പിന്തുണയ്ക്കുന്നു. പട്ടികജാതി, പട്ടികവർഗ, ഒബിസി, ന്യൂനപക്ഷം, ലിംഗ വികസനം എന്നിവയ്ക്കുള്ള വിഹിതം വർദ്ധിപ്പിച്ചതിലൂടെ എല്ലാവരെയും ഉൾകൊള്ളിക്കുക എന്ന സംസ്ഥാനത്തിന്റെ പ്രതിബദ്ധത നിലനിർത്തുന്നു. സംസ്ഥാനത്തുടനീളം ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എല്ലാ ജില്ലാ, താലൂക്ക് ആസ്ഥാനങ്ങളിലും ഡയാലിസിസ് യൂണിറ്റുകളും, എല്ലാ ജില്ലാ ആശുപത്രികളിലും ആധുനിക സ്ട്രോക്ക് യൂണിറ്റുകളും ഉള്ള ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനും ഈ വാർഷിക പദ്ധതി ലക്ഷ്യം വയ്ക്കുന്നു. പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ വിപുലീകരണത്തിലൂടെയും വയോജന ക്ഷേമത്തിനായുള്ള പദ്ധതികളിലൂടെയും കേരളീയരുടെ പ്രായഘടനയിൽ ഉണ്ടായിട്ടുള്ള മാറ്റത്തെ ഈ വാർഷിക പദ്ധതി പരിഗണിക്കുന്നു. തദ്ദേശ സ്വയം ഭരണത്തിനുള്ള വിഹിതം മൊത്തം പദ്ധതി വിഹിതത്തിന്റെ 28 ശതമാനമായി വർദ്ധിപ്പിച്ചുകൊണ്ട് വികേന്ദ്രീകരണത്തോടുള്ള കേരളത്തിന്റെ പ്രതിബദ്ധത ഈ പദ്ധതി ഉയർത്തിപ്പിടിക്കുന്നു.

നിർദ്ദേശിക്കപ്പെട്ട സംസ്ഥാന വിഹിതമായ 32,500 കോടി രൂപയിൽ 9,100 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമാണ്. ശേഷിക്കുന്ന 23,400 കോടി രൂപ സംസ്ഥാന പദ്ധതികൾക്കുള്ള വിഹിതമാണ്. ഇതിൽ ഇ.എ.പി, നബാർഡ്, കെ.എസ്.ഇ.ബി, എസ്.സി.എസ്.പി., റ്റി.എസ്.പി, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം, എം.എൽ.എ.എസ്.ഡി.എഫ് എന്നിങ്ങനെ പ്രത്യേക ആവശ്യങ്ങൾക്ക് നീക്കി വയ്ക്കേണ്ട വിഹിതവും ഉൾപ്പെടുന്നു. സംസ്ഥാന പദ്ധതി വിഹിതത്തിൽ 18540.91 (57.05%) കോടി രൂപ പ്രത്യേക ആവശ്യങ്ങൾക്ക് നീക്കി വയ്ക്കേണ്ട വിഹിതവും, ശേഷിക്കുന്ന 13959.09 (42.95%) കോടി രൂപ വിവിധ വകുപ്പുകൾക്കുള്ള സ്വതന്ത്ര വിഹിതവുമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2025-26 വാർഷിക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന 9,100 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 28 ശതമാനമാണ്. ഇതിൽ 7449.01 കോടി രൂപ പൊതുവിഭാഗത്തിനും 1435.25 കോടി രൂപ എസ്.സി.എസ്.പി.ക്കും 215.74 കോടി രൂപ റ്റി.എസ്.പി.ക്കും വകയിരുത്തിയിരിക്കുന്നു. കൂടാതെ, വിദേശ സഹായ പദ്ധതിയായ "കേരള ഖര മാലിന്യ പരിപാലന പദ്ധതിയ്ക്ക്" വകയിരുത്തിയിട്ടുള്ള 115.00 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി (നഗര ഭരണ സ്ഥാപനങ്ങൾ) നീക്കി വച്ചിരിക്കുന്നു.

2025–26 വാർഷിക പദ്ധതിയിൽ, പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി (എം.ഐ.ഡി.പി.) 310.92 കോടി രൂപ നിർദേശിച്ചിരിക്കുന്നു. വിഴിഞ്ഞം ആഴക്കടൽ അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ (വി.ഐ.എസ്.എൽ), കൊച്ചി മെട്രോ റെയിൽ സംവിധാനം, കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യ വികസനം, മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസിന്റെ വാർഷിക വേതന പദ്ധതി, കൊച്ചിയിലെ സംയോജിത ജല ഗതാഗത സംവിധാനം, പ്രവർത്തനം വിലയിരുത്തിയുള്ള അടിസ്ഥാന സൗകര്യ വികസനം (സർക്കാർ കോളേജുകൾക്കും ടി ആർ ഇ എസ് റ്റി റിസർച്ച് പാർക്കിനുമുള്ള അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി സൗകര്യങ്ങളും), പബ്ലിക് യൂണിവേഴ്സിറ്റി ക്യാമ്പസ് നിർമ്മാണവും വികസനവും (മലയാളം സർവ്വകലാശാലയ്ക്ക് പുതിയ ക്യാമ്പസും അടിസ്ഥാന സൗകര്യങ്ങളും, സാങ്കേതിക സർവ്വകലാശാലയ്ക്ക് പുതിയ ക്യാമ്പസ് സ്ഥാപിക്കൽ, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് പുതിയ ക്യാമ്പസും അടിസ്ഥാന സൗകര്യങ്ങളും), കേരള റെയിൽ വികസന കോർപ്പറേഷൻ (കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭം), ദേശീയ പാത ബൈപാസുകൾ : കൊല്ലം – ആലപ്പുഴ (കേന്ദ്ര സർക്കാരുമായി ചിലവ് പങ്കിടൽ), അങ്കമാലി – എരുമേലി ശബരി റെയിൽവേ ലൈൻ എന്നിവയാണ് പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.

ബഡ്ജറ്റിൽ രണ്ട് വിഭാഗത്തിൽപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളുണ്ട് – 100 ശതമാനം കേന്ദ്രസഹായം ഉള്ളതും 50 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്നതും. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും എൻ.സി.ഡി.സി. പദ്ധതികൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക തികച്ചും താല്ക്കാലികമാണ്.

ഇത്തരം കേന്ദ്ര പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണ വകുപ്പുകൾ ബന്ധപ്പെട്ട മന്ത്രാലയങ്ങളിൽ നിന്നും അനുമതി നേടേണ്ടതാണ്. 2025–26 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട യഥാർത്ഥ കേന്ദ്ര സഹായത്തിന് അനുസൃതമായി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് നിയന്ത്രിക്കണം. നിയമസഭ ബജറ്റ് പാസ്സാക്കിയ ശേഷം സ്കീമുകൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ഭരണ വകുപ്പുകൾ ഭരണാനുമതി നൽകേണ്ടതുണ്ട്.

2025–26 സാമ്പത്തിക വർഷത്തേക്കുള്ള പരിപാടികളുടെ സ്റ്റേറ്റ്മെന്റുകൾ നാലാം വർഷ പരിപാടിയുടെ വാല്യം I–ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിപാടികളുടെ മലയാളത്തിലുള്ള സംക്ഷിപ്ത വിവരണം നാലാം വർഷ പരിപാടിയുടെ വാല്യം II ന്റെ ഭാഗം I ലും, ഇംഗ്ലീഷിലുള്ള വിവരണങ്ങൾ വാല്യം II ന്റെ ഭാഗം II ലും നൽകിയിരിക്കുന്നു.

| 2025-26 ലെ സംസ്ഥാന പദ്ധതിയുടെ ധനസമാഹരണ രീതി | | | |
|---|---|---|---|
| | | | (രൂപ കോടിയിൽ) |
| I | (i) | നടപ്പുവർഷത്തിലെ റവന്യൂ അക്കൗണ്ടിൽ നിന്നുള്ള നീക്കിയിരുപ്പ് | -16226.44 |
| | (ii) | പ്രോവിഡന്റ് ഫണ്ട് , ചെറുകിട സമ്പാദ്യം (തനി) | 4762.35 |
| | (iii) | പലവക മൂലധന വരവ് | -7292.65 |
| | (iv) | ചെറുകിട സമ്പാദ്യം (എൻ.എസ്.എസ്.എഫ്) (തനി) | 2433.37 |
| | (v) | പൊതുകടമെടുപ്പ് (എസ്.എൽ.ആർ ആധാരമാക്കി) | 34506.72 |
| | (vi) | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ | 18.67 |
| | (vii) | വിദേശ സഹായപദ്ധതികൾക്കുള്ള ധനസഹായം/കേന്ദ്ര സഹായം | 4797.37 |
| | (viii) | നബാർഡ് വായ്പ | 900.00 |
| | (ix) | കേന്ദ്ര/ നബാർഡ് വായ്പയുടെ തിരിച്ചടവ് | -1656.57 |
| **ആകെ (i) മുതൽ (ix) വരെ** | | | **22242.82** |
| II | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം | | 9215.00 |
| III | കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ വിഹിതം | | 1042.18 |
| **മൊത്തം വിഹിതം (I+II+III)** | | | **32500.00** |

# ഉള്ളടക്കം


| ക്രമ നമ്പർ | മേഖല/ഉപമേഖല | പേജ് നം |
|---|---|---|
| **അനുബന്ധം -എ** | **മേഖലാ പരിപാടികൾ – സ്കീമുകളുടെ വിശദാംശങ്ങൾ (സംസ്ഥാന പദ്ധതി)** | |
| **I** | **കൃഷിയും അനുബന്ധമേഖലകളും** | **1-96** |
| 1.1 | കൃഷി | 1-32 |
| 1.2 | മണ്ണുജല സംരക്ഷണം | 33-42 |
| 1.3 | മൃഗസംരക്ഷണം | 43-53 |
| 1.4 | ക്ഷീരവികസനം | 54-60 |
| 1.5 | മത്സ്യബന്ധനം | 60-74 |
| 1.6 | വനവും വന്യജിവി സംരക്ഷണവും | 74-92 |
| 1.8 | വിപണനം,സംഭരണം, സൂക്ഷിക്കലും വിതരണവും | 92-96 |
| **II** | **ഗ്രാമവികസനം** | **97-123** |
| 2.1 | ഗ്രാമവികസനം | 99-105 |
| 2.2 | സാമൂഹ്യ വികസനവും പഞ്ചായത്തുകളും | 106-116 |
| 2.4 | പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി | 116-122 |
| 2.5 | സാമൂഹ്യ നീതി പരിപാടി | 123-123 |
| **III** | **സഹകരണം** | **124-141** |
| **IV** | **ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും** | **142-160** |
| 4.1 | വൻകിട ഇടത്തര ജലസേചനം | 143-153 |
| 4.2 | ചെറുകിട ജലസേചനം | 154-158 |
| 4.3 | കമാന്റ് ഏരിയാ വികസനം | 159-159 |
| 4.4 | വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ സംരക്ഷണവും | 159-160 |
| **V** | **ഊർജ്ജം** | **161-177** |
| 5.1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി) | 161 -171 |
| 5.2 | പാരമ്പര്യേതര പുനരാവർത്തക ഊർജ്ജസ്രോതസ്സുകൾ | 171-177 |
| **VI** | **വ്യവസായവും ധാതുക്കളും** | **178-271** |
| 6.1 | ഗ്രാമ ചെറുകിട സംരംഭങ്ങൾ | 179-225 |
| 6.2 | ഇടത്തരവും വലുതുമായ വ്യവസായങ്ങൾ | 225-247 |
| 6.3 | ധാതുക്കൾ | 247-248 |
| 6.4 | വിവര സാങ്കേതിക വിദ്യയും ഇ-ഗവേണൻസും | 248-271 |
| **VII** | **ഗതാഗതവും വാർത്താവിനിമയവും** | **272-332** |
| 7.1 | തുറമുഖങ്ങൾ | 272-284 |
| 7.2 | റോഡുകളും പാലങ്ങളും | 284-295 |
| 7.3 | റോഡു ഗതാഗതം | 295-301 |
| 7.4 | ഉൾനാടൻ ജലഗതാഗതം | 301-308 |
| 7.5 | മറ്റ് ഗതാഗത സർവ്വീസുകൾ | 308-311 |
| 7.6 | വിനോദസഞ്ചാരം | 311-332 |

| ക്രമ നമ്പർ | മേഖല/ഉപമേഖല | പേജ് നം |
|---|---|---|
| **VIII** | **ശാസ്ത്ര സർവ്വീസുകളും ഗവേഷണവും ആവാസ വ്യവസ്ഥയും പരിസ്ഥിതിയും** | **333–359** |
| 8.1 | ശാസ്ത്ര സേവനങ്ങളും ഗവേഷണവും | 333–351 |
| 8.2 | ആവാസ വ്യവസ്ഥയും പരിസ്ഥിതിയും | 351–359 |
| **IX** | **സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ** | **360–718** |
| 9.1 | വിദ്യാഭ്യാസം | 360–403 |
| 9.2 | കലയും സംസ്കാരവും | 404–432 |
| 9.3 | സാങ്കേതിക വിദ്യാഭ്യാസം | 433–455 |
| 9.4 | സ്പോർട്സും യുവജനസേവനവും | 456–479 |
| 9.5 | വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും | 480–526 |
| 9.6 | ശുദ്ധജല വിതരണവും മാലിന്യ നിവാരണവും | 527–540 |
| 9.7 | ഭവന നിർമ്മാണം | 541–546 |
| 9.8 | നഗര വികസനം | 547–559 |
| 9.9 | വാർത്താ വിതരണവും പ്രചരണവും | 560–566 |
| 9.10 | തൊഴിലും തൊഴിലാളി ക്ഷേമവും | 567–595 |
| 9.11 | പട്ടികജാതി –പട്ടിക വർഗ്ഗം, മറ്റ് പിന്നോക്ക വിഭാഗങ്ങൾ, മുന്നോക്കക്കാർ എന്നിവരുടെ ക്ഷേമം | 596–668 |
| 9.12 | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 669–717 |
| 9.13 | പോഷകാഹാരം | 717–718 |
| **X** | **സാമ്പത്തിക സർവ്വീസുകൾ** | **719–779** |
| 10.1 | സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ | 719–774 |
| 10.2 | സാമ്പത്തിക ഉപദേശവും സ്ഥിതി വിവര കണക്കുകളും | 774–777 |
| 10.3 | മറ്റ പൊതു സാമ്പത്തിക സർവ്വീസുകൾ | 777–779 |
| **XI** | **പൊതു സേവനങ്ങൾ** | **780–787** |
| 11.1 | സ്റ്റേഷനറിയും അച്ചടിയും | 780–782 |
| 11.2 | പൊതുമരാമത്ത് | 783–783 |
| 11.3 | സിവിൽ സപ്ലൈസ് | 783–787 |
| **XII** | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം** | **788** |
| **അനുബന്ധം –ബി** | **നൂറുശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ /എൻ.സി.ഡി.സി സഹായത്തോടെയുള്ള പദ്ധതികൾ** | **789–839** |
| **അനുബന്ധം –സി** | **അൻപത് ശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ** | **840–845** |

# അനുബന്ധം എ

# മേഖലാ പരിപാടികൾ – സ്കീമുകളുടെ വിശദാംശങ്ങൾ

# (സംസ്ഥാന പദ്ധതി)

## I. കൃഷിയും അനുബന്ധ മേഖലകളും

### 1.1 കൃഷി

**എ.കാർഷിക ഗവേഷണവും വിദ്യാഭ്യാസവും**

കേരള കാർഷിക സർവ്വകലാശാലയ്ക്ക് കാർഷിക ഗവേഷണത്തിനും വിദ്യാഭ്യാസത്തിനുമായി വകയിരുത്തിയിരിക്കുന്ന തുകയിൽ കാർഷിക കോളേജുകൾ, ഗവേഷണസ്ഥാപനങ്ങൾ, വിജ്ഞാനവ്യാപനസ്ഥാപനങ്ങൾ, ഫാമുകൾ എന്നിവയ്ക്കുള്ള സഹായം ഉൾപ്പെടുന്നു.

**1. കേരള കാർഷിക സർവ്വകലാശാല**

**(വിഹിതം: 7600.00 ലക്ഷം രൂപ)**

കാർഷിക, കാർഷിക അനുബന്ധ മേഖലകളുടെ വികസനത്തിനായി വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നിവയുടെ സംയോജനത്തിലൂടെ മാനവശേഷിയും നൈപുണ്യവും സാങ്കേതിക വിദ്യയും പ്രദാനം ചെയ്യുന്ന സംസ്ഥാനത്തെ പ്രധാന സ്ഥാപനമാണ് കേരള കാർഷിക സർവ്വകലാശാല. സർവ്വകലാശാലയ്ക്ക് കീഴിൽ 8 കോളേജുകൾ, 16 ഗവേഷണ സ്ഥാപനങ്ങൾ, 6 പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, 7 കൃഷിവിജ്ഞാന കേന്ദ്രങ്ങൾ, ഒരു കേന്ദ്രപരിശീലന സ്ഥാപനം, ഒരു ആശയവിനിമയ കേന്ദ്രം തുടങ്ങിയവയുടെ ശൃംഖലയിലൂടെ കൃഷി, വനശാസ്ത്രം, കാർഷിക എഞ്ചിനീയറിംഗ് എന്നീ മേഖലകളിൽ ഗവേഷണം, വിദ്യാഭ്യാസം, വിജ്ഞാനവ്യാപനം എന്നിവ നടപ്പിലാക്കി വരുന്നു.

2025-26 ൽ പദ്ധതി വിഹിതമായി 7600.00 ലക്ഷം രൂപ കേരള കാർഷിക സർവ്വകലാശാലയ്ക്ക് വകയിരുത്തിയിരിക്കുന്നു.

2025-26 ൽ വിവിധ ഘടകങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വിദ്യാഭ്യാസം | 1050.00 |
| 2 | ഗവേഷണം | 4300.00 |
| 3 | വിജ്ഞാന വ്യാപനം | 1050.00 |
| 4 | അടിസ്ഥാനസൗകര്യ വികസനം | 1000.00 |
| 5 | ഇ-ഗവേണൻസ് | 100.00 |
| 6 | വിദ്യാർത്ഥി ക്ഷേമം | 100.00 |
| **ആകെ** | | **7600.00** |

നിലവിലുള്ള പ്രവർത്തനങ്ങളായ ബിരുദ-ബിരുദാനന്തര തലത്തിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വിദ്യാർത്ഥി ക്ഷേമം, ലൈബ്രറി വികസനം, കാമ്പസുകളിലെയും മേഖലാ കേന്ദ്രങ്ങളിലെയും ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള സഹായം, അടിസ്ഥാന സൗകര്യവികസനം, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്കുള്ള സഹായം എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.
വിവിധ ഘടകങ്ങളുടെ വിവരണം താഴെ കൊടുത്തിരിക്കുന്നു.

**1. വിദ്യാഭ്യാസം**

കേരളത്തിൽ കാർഷിക വിദ്യാഭ്യാസം നടപ്പിലാക്കി വരുന്നതും, അപ്രകാരം കാർഷിക മേഖലയ്ക്ക് മുഖ്യതൊഴിൽ സേനയെ സംഭാവന ചെയ്യുന്നതുമായ സംസ്ഥാനത്തെ ഒരേയൊരു സ്ഥാപനമാണ് കേരള കാർഷിക സർവ്വകലാശാല. കൃഷി, വനശാസ്ത്ര പഠന വിഭാഗം, കാർഷിക എഞ്ചിനീയറിംഗ് എന്നീ മൂന്ന് ഫാക്കൽറ്റികളാണ് കേരള കാർഷിക സർവ്വകലാശാലയിലുള്ളത്.

സർവ്വകലാശാലയിലെ കോളേജുകളിലെ അവസാനവർഷ ബിരുദ വിദ്യാർത്ഥികൾക്കായുള്ള ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയ പദ്ധതി (ആർ.എ.ഡബ്ല്യു.ഇ) കൾ, പരിചയ പഠന പദ്ധതി, ബിരുദ-ബിരുദാനന്തര പരിപാടികളുടെ ശക്തിപ്പെടുത്തൽ, ബിരുദാനന്തര-ഡോക്ടറേറ്റ് വിദ്യാർത്ഥികൾക്ക്

ധനസഹായം, ഗവേഷണ ഗ്രാന്റ്, വിദ്യാഭ്യാസ/പരീക്ഷാ വിഭാഗങ്ങളെ ശക്തിപ്പെടുത്തൽ, ലൈബ്രറി/വിവര വിനിമയ സംവിധാനം ശക്തിപ്പെടുത്തൽ, കെ.എ.യു മൂഡിലിനും മറ്റ് ഇ-ലേർണിംഗ് പ്രവർത്തനങ്ങൾക്കുമുള്ള പിന്തുണ, ബാഹ്യ പരീക്ഷ നടത്തുന്നതിനായുള്ള പിന്തുണ എന്നീ പ്രവർത്തനങ്ങൾക്കായി 1050.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു.

**2. ഗവേഷണം**

കേരള കാർഷിക സർവ്വകലാശാലയിലെ ഗവേഷണ പദ്ധതികൾക്കായി 2025-26 വർഷത്തിൽ ഗവേഷണ ഘടകത്തിനു കീഴിൽ 4300.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. ഇതിൽ നിന്നും 2200.00 ലക്ഷം രൂപ തുടർന്നു കൊണ്ടിരിക്കുന്ന പദ്ധതികൾക്കും 2100.00 ലക്ഷം രൂപ പുതിയ പദ്ധതികൾക്കുമായി നീക്കി വച്ചിരിക്കുന്നു. സർവ്വകലാശാല ഗവേഷണ വിഷയങ്ങൾക്ക് മുൻഗണന മേഖലകൾ നിശ്ചയിച്ചിട്ടുണ്ടെങ്കിലും ശാസ്ത്രജ്ഞർ നടപ്പിലാക്കുന്ന പദ്ധതികളും, ശൃംഖലാ പദ്ധതികളും തെരഞ്ഞെടുക്കുന്നത് പ്രവർത്തനതലത്തിലുള്ള സമ്പർക്കാഭിമുഖത്തിലൂടെയായിരിക്കും. 2020-21 മുതൽ കൃഷി വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളിലെ പ്രതിനിധികൾ ഉൾപ്പെടുന്ന പദ്ധതി തെരഞ്ഞെടുപ്പ് നിരീക്ഷണ കമ്മിറ്റിയുടെ ശുപാർശ പ്രകാരം നടപ്പിലാക്കി വരുന്ന പദ്ധതി തെരഞ്ഞെടുപ്പും മൂല്യനിർണ്ണയവും തുടരും. കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ, സംസ്ഥാന കാർഷികോൽപ്പാദന കമ്മീഷണറുമായി കൂടിയാലോചിച്ച് 2025 ഏപ്രിൽ മാസത്തിൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. സംസ്ഥാന ആസൂത്രണ ബോർഡിലെ കൃഷി വിഭാഗം മേധാവി, കൃഷി ഡയറക്ടർ, പ്രസക്ത മേഖലകളിലെ രണ്ട് വിദഗ്ധർ എന്നിവരെ കമ്മിറ്റിയിലുൾപ്പെടുത്തും. പദ്ധതി തിരഞ്ഞെടുപ്പ് നിരീക്ഷണ കമ്മിറ്റി 2025 മേയ് മാസത്തിൽ സംഘടിപ്പിക്കും. സംസ്ഥാന പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും അനുയോജ്യമായ സംവിധാനം ഗവേഷണ ഡയറക്ടറേറ്റ് വികസിപ്പിക്കേണ്ടതാണ്. താഴെ പറയുന്ന മുൻഗണനാ മേഖലകളിൽ ഗവേഷണ പദ്ധതികൾ ഊന്നൽ നൽകും.

| ക്രമ നമ്പർ | മുൻഗണനാ മേഖലകൾ |
|---|---|
| 1 | വിള ഉൽപ്പാദനം |
| 2 | വിള പരിഷ്കാരങ്ങൾ/മെച്ചപ്പെടുത്തൽ നൂതന പ്രജനന വിദ്യകൾ ഉൾപ്പടെ |
| 3 | വിളപരിപാലന തന്ത്രങ്ങൾ |
| 4 | സസ്യ ജന്തുജാല നിരീക്ഷണവും രോഗ കീടനിയന്ത്രണവും അംഗീകൃത രീതികളുടെ രേഖാ വികസനവും, |
| 5 | സസ്യസംരക്ഷണത്തിൽ സൂക്ഷ്മാണുക്കളുടെ ഉപയോഗം |
| 6 | ഉല്പാദനക്ഷമത മെച്ചപ്പെടുത്തൽ, സംസ്കരണം, മൂല്യവർദ്ധനവ് |
| 7 | സംയോജിത കൃഷി സമ്പ്രദായ വികസനം, മൃഗസംരക്ഷണം, മത്സ്യ ബന്ധന മേഖല ഉൾപ്പടെ |
| 8 | നൂതന/വിദേശീയ/മെച്ചപ്പെട്ട പഴവർഗ്ഗങ്ങളിലെ ഗവേഷണം |
| 9 | കാർഷിക സാമ്പത്തിക സ്ഥിതി വിവരകണക്ക്, ഫാം പഠനങ്ങൾ, വിപണനം, മൂല്യ ശൃംഖല ഫിനാൻസിംഗ്, വിതരണ ശൃംഖല പരിപാലന പഠനങ്ങൾ |
| 10 | മണ്ണ്-ജല എഞ്ചിനീയറിംഗ്, ഫാം മെഷിനറി മേഖലയിലെ ഗവേഷണം |
| 11 | ജൈവ വൈവിദ്ധ്യം ഉൾപ്പടെ വനശാസ്ത്ര ഗവേഷണം |
| 12 | കാലാവസ്ഥാ അനുബന്ധ മേഖലയിൽ ഇന്റർഡിസിപ്ലിനറി ഗവേഷണം - ക്രമ നമ്പർ 1 മുതൽ 11 വരെയുള്ള വിഷയങ്ങളുടെ ഭാഗമായി |

**എ. തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ**

പദ്ധതി തെരഞ്ഞെടുപ്പ് നിരീക്ഷണ കമ്മിറ്റിയുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലായിരിക്കും സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകളുടെ തുടർച്ച നിശ്ചയിക്കുന്നത്. പദ്ധതി അവലോകനം ത്രൈമാസ ഇടവേളകളിൽ നടത്തുന്നതാണ്. മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ ഗവേഷണ ഡയറക്ടർ തയ്യാറാക്കി മറ്റു കമ്മിറ്റി അംഗങ്ങൾക്ക് മുൻകൂട്ടി നൽകേണ്ടതാണ്. ഷെഡ്യൂൾ പ്രകാരം നടക്കുന്ന ത്രൈമാസ അവലോകനങ്ങൾക്കു തൊട്ടു മുൻപായി പുരോഗതി റിപ്പോർട്ട് ചെയ്യുന്നതിനായി ഗവേഷണ ഡയറക്ടർ മോണിറ്ററിംഗ് മൂല്യനിർണ്ണയ ഷീറ്റ് തയ്യാറാക്കി വിതരണം

ചെയ്യേണ്ടതാണ്. ഗവേഷണ പദ്ധതികൾ തുടരുന്നതിനായി 2200.00 ലക്ഷം രൂപ നീക്കി വെച്ചിരിക്കുന്നു. 2025-26 വർഷത്തിൽ വ്യക്തിഗത പ്രോജക്ടുകൾക്കായി നീക്കി വയ്ക്കേണ്ട തുക മൂല്യ നിർണ്ണയ മാനദണ്ഡത്തെ അടിസ്ഥാനമാക്കി തെരഞ്ഞെടുപ്പ് കമ്മിറ്റി വിലയിരുത്തുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും.

ഈ തുകയിൽ 75.00 ലക്ഷം രൂപ അഖിലേന്ത്യാ ഏകോപിത ഗവേഷണ പദ്ധതികൾ, അഖിലേന്ത്യാ ശൃംഖലാ ഗവേഷണ പദ്ധതി എന്നിവയുടെ 25 ശതമാനം സംസ്ഥാന വിഹിതമായി നീക്കിവച്ചിരിക്കുന്നു.സംസ്ഥാനവിഹിത സഹായത്തിനായി പ്രത്യേക പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കേണ്ടതാണ്.

**ബി. പുതിയ പദ്ധതികൾ**

2025-26 വർഷത്തിൽ പുതിയ ഗവേഷണ പദ്ധതികൾക്കായി 2100.00 ലക്ഷം രൂപ വകയിരുത്തുന്നു. നിശ്ചയിച്ചിരിക്കുന്ന മുൻഗണനാ മേഖലകൾക്കുള്ളിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പുതിയ പദ്ധതികൾ മേൽപ്പറഞ്ഞ പ്രകാരം മത്സരാടിസ്ഥാനത്തിലായിരിക്കും പദ്ധതി തെരഞ്ഞെടുപ്പ് മൂല്യനിർണ്ണയ കമ്മിറ്റി തെരഞ്ഞെടുക്കുക. 2025 മേയ് മാസത്തിൽ കമ്മിറ്റി കൂടുകയും 2025-26 വർഷത്തിൽ അനുവദിക്കേണ്ട പുതിയ പദ്ധതികൾ വിലയിരുത്തി പരിഗണിക്കേണ്ട പദ്ധതികൾ വിഹിതമുൾപ്പെടെ ശുപാർശ ചെയ്യുകയും അന്തിമ പദ്ധതി പട്ടിക തയ്യാറാക്കുകയും ചെയ്യും. പദ്ധതി കാലാവധി 2025-26 വർഷത്തിൽ തുടങ്ങി രണ്ടോ മൂന്നോ വർഷത്തിൽ പൂർത്തീകരിക്കുന്നതായിരിക്കണം. പ്രോജക്ട് കമ്മിറ്റി രൂപീകരിച്ചതിനുശേഷം സർവ്വകലാശാല ഗവേഷണ പ്രൊപ്പോസലുകൾക്കായി പുതിയ അറിയിപ്പ് നൽകും. ശൃംഖലാ പദ്ധതികൾക്കു മുൻഗണന നൽകും. മുൻഗണനാ മേഖലകളിൽ പദ്ധതി സമർപ്പിക്കേണ്ട അവസാന തീയതി 2025 ഏപ്രിൽ 15 ആയിരിക്കും. നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കി പ്രധാന വിളകളുടെ കീട-രോഗ ബാധയുള്ള മുന്നറിയിപ്പ് സംവിധാന വികസനം, പ്രധാന വിളകൾക്കായി കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ച സാങ്കേതികവിദ്യകളുടെ സാമൂഹിക പാരിസ്ഥിതിക ആഘാത പഠനം എന്നീ മേഖലകളിലെ ഗവേഷണത്തിനു സർവകലാശാല ഊന്നൽ നൽകും.

**3. വിജ്ഞാനവ്യാപനം**

വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തുന്നതിനായി 2025-26 വർഷത്തിൽ 1050.00 ലക്ഷം രൂപ താഴെപ്പറയുന്ന പ്രവർത്തനമേഖലകൾക്കായി നീക്കിവച്ചിരിക്കുന്നു. ഇതിൽ 630.00 ലക്ഷം രൂപ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ തുടരുന്നതിനും പൂർത്തീകരിക്കുന്നതിനും 420.00 ലക്ഷം രൂപ പുതിയ പദ്ധതികൾക്കുമായി വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തിന്റെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിൽ സമഗ്രവും കാര്യക്ഷമവുമായ വിജ്ഞാന വ്യാപന സേവനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത്, സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പും കേരള കാർഷിക സർവകലാശാലയും സംയോജിതമായി പരിശീലന പരിപാടികൾ നടത്തുന്നതിനു വിഭാവനം ചെയ്യുന്നു. ഇത് വിജ്ഞാന വ്യാപന ഡയറക്ടരുടെ മേൽനോട്ടത്തിലായിരിക്കും നടപ്പിലാക്കുക.

**എ. തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ**

തുടർന്നു കൊണ്ടിരിക്കുന്ന പദ്ധതികൾ ഊന്നൽ നൽകുന്ന മേഖലകൾ ചുവടെ പറയുന്നു.

| ക്രമ നമ്പർ | മേഖല | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സാങ്കേതിക-വ്യവസായിക ഇൻക്യുബേഷൻ, കാര്യശേഷി വർദ്ധിപ്പിക്കൽ, കർഷകർക്ക് പിന്തുണ സംവിധാനം | 536.00 |
| 2 | കാർഷിക മേഖലയിലെ ഇ-വിജ്ഞാന വ്യാപന സേവനങ്ങളും തീരുമാന പിന്തുണാ സംവിധാനങ്ങളും ശക്തിപ്പെടുത്തൽ | 33.00 |
| 3 | സാമൂഹിക സമീപനങ്ങൾ, കർഷകകൂട്ടായ്മകൾ, സംരംഭകത്വ വികസനം | 25.00 |
| 4 | ഉല്പാദനക്ഷമത വർദ്ധനവിലൂടേയും വിജ്ഞാന വ്യാപന ഇടപെടലുകളിലൂടേയും വിളവിന്റെ വിടവ് നികത്തൽ | 7.00 |
| 5 | ഫാം ടൂറിസം, പ്രകൃതിവിഭവ പരിപാലനവും കാലാവസ്ഥയെ പ്രതിരോധിക്കുന്ന കാർഷിക ഇടപെടലുകളും | 5.00 |
| 6 | കേരളത്തിലെ കൃഷിയുടെ പുനരുജ്ജീവനത്തിനുള്ള ഉപാധികളുടെ വിതരണവും സേവനങ്ങളും | 10.00 |

| ക്രമ നമ്പർ | മേഖല | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 7 | ഐ.സി.റ്റി അധിഷ്ഠിത സാങ്കേതിക വിദ്യാ വികസനവും പ്രചരണവും | 14.00 |
| **ആകെ** | | **630.00** |

**ബി. പുതിയ പദ്ധതികൾ**

പുതിയ വിജ്ഞാനവ്യാപന പദ്ധതികൾ താഴെ പറയുന്ന മേഖലകൾക്ക് ഊന്നൽ നൽകും.

| ക്രമ നമ്പർ | മേഖല | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കാർഷിക സാങ്കേതികവിദ്യകളുടെ പങ്കാളിത്ത വികസനവും പ്രചരണവും | 204.00 |
| 2 | കൃഷിയിലും അനുബന്ധ വകുപ്പുകളിലും പ്രവർത്തിക്കുന്ന സാങ്കേതിക വിഭാഗങ്ങൾ എസ്എംഎസ്/ബിടിഎമ്മുകൾ ക്കുള്ള കാര്യശേഷി വികസനം | 10.00 |
| 3 | സമൂഹത്തിലെ ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കുമുള്ള വിജ്ഞാന വ്യാപന പിന്തുണ | 15.00 |
| 4 | ഐ.സി.റ്റി അധിഷ്ഠിത സാങ്കേതിക വിദ്യാ വികസനവും പ്രചരണവും | 57.00 |
| 5 | കൃഷിയിൽ സംരംഭകത്വം, ഫാം ടൂറിസം എന്നിവയുടെ വികസനം | 55.00 |
| 6 | വിജ്ഞാന വ്യാപന സേവനങ്ങൾ പിന്തുണയ്ക്കുന്നതിനായി നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ | 75.00 |
| 7 | കാർഷിക ഉല്പന്നങ്ങളുടെ വിതരണ ശൃംഖല റിസ്ക് മാനേജ്മെന്റ് | 4.00 |
| **ആകെ** | | **420.00** |

കാർഷിക പാരമ്പര്യങ്ങളും ഡിജിറ്റൽ സാങ്കേതികവിദ്യയും പൂരകമാക്കി കൊണ്ട് പ്രതിരോധശേഷിയുള്ളതും സുസ്ഥിരവും ഉൽപ്പാദനക്ഷമവുമായ കൃഷി സമ്പ്രദായങ്ങൾ പരിപോഷിപ്പിക്കുന്നതിന്റെ പ്രാധാന്യം കണക്കിലെടുത്ത്, വെള്ളായണിയിലെ കാർഷിക കോളേജിൽ ഡിജിറ്റൽ കാർഷിക കേന്ദ്രം സ്ഥാപിക്കുന്നതിനായി "ഐ.സി.റ്റി അധിഷ്ഠിത സാങ്കേതിക വിദ്യാ വികസനവും പ്രചരണവും" എന്ന ഘടകത്തിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. അടിസ്ഥാനസൗകര്യവികസനം**

2025-26ൽ, സർവ്വകലാശാലയുടെ അടിസ്ഥാനസൗകര്യവികസനത്തിനായി 1000.00 ലക്ഷം രൂപ വകയിരുത്തുന്നു. പുതിയ പ്രൊജക്ടുകളും നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, വൈദ്യുതീകരണ പ്രവർത്തനങ്ങൾ, ജലസേചനം, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ, ഫാം റോഡുകളുടെ മെച്ചപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങളും ഇതിലുൾപ്പെടുന്നു.

**എ. തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ**

താഴെപ്പറയുന്ന തുടർ പദ്ധതികൾക്കായി 368.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| **I** | **നവീകരണ പ്രവർത്തനങ്ങൾ** | |
| | **കാർഷിക കോളേജ്, വെള്ളായണി** | |
| 1 | ഓഡിറ്റോറിയത്തിന്റെ നിർമ്മാണം | 200.00 |
| 2 | ബി.ടെക് ബയോടെക്നോളജിക്കു വേണ്ടി അക്കാഡമിക് ബ്ലോക്ക് നിർമ്മാണം | 30.00 |
| 3 | സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ സൗകര്യവും ലാബ് കോംപ്ലക്സും | 25.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 4 | റിസർച്ച് സ്കോളർമാർക്കുള്ള ഹോസ്റ്റലിന്റെ നിർമ്മാണം | 10.00 |
| | **എഫ്.എസ്.ആർ.എസ്, സദാനന്ദപുരം** | |
| 5 | സദാനന്ദപുരം എഫ്.എസ്.ആർ.എസിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് വിപുലീകരിക്കുകയും ചെയ്യുന്നതിന്. | 10.00 |
| | **എ.ആർ.എസ്, ആനക്കയം** | |
| 6 | ഗസ്റ്റ് ഹൗസിന്റെ ഒന്നാം നിലയുടെ നിർമ്മാണം | 5.00 |
| | **ആകെ** | **280.00** |
| II | **ജലസേചനവും കുടിവെള്ളവും** | |
| 1 | കിഴക്കു ഭാഗത്തെ ജലസേചന കുളത്തിൽ നിന്ന് വെള്ളാനിക്കര കാർഷിക കോളേജിന് സമീപമുള്ള ജി.എൽ ടാങ്കിലേയ്ക്ക് പുതിയ 4"6 kgf/cm2 pvc ജലസേചന പമ്പിംഗ് ലൈൻ നൽകുന്നതിന് | 6.00 |
| 2 | കെ.എ.യു മെയിൻ കാമ്പസ് വെള്ളാനിക്കരയിൽ പുതിയ കുഴൽ കിണർ നിർമ്മിക്കുന്നതിന്, പുതിയ സബ്മേഴ്സിബിൾ ഇലക്ട്രിക് മോട്ടോർ, സക്ഷൻ പമ്പ് എന്നിവ വാങ്ങുന്നതിന്, ആവശ്യമായ ഇലക്ട്രിക്കൽ പബ്ലിംഗ് പ്രവർത്തനങ്ങൾ മുതലായവയ്ക്ക് | 4.00 |
| 3 | ആവശ്യമായ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് മുതലായവ ഉൾപ്പെടെ പഴയ പമ്പ് ഹൗസുകളുടെ നവീകരണത്തിന് | 3.00 |
| 4 | കിഴക്കു ഭാഗത്തെ ജലസേചന കുളത്തിനു സമീപം പുതിയ ജലസേചന പമ്പ് ഹൗസിന്റെ നിർമ്മാണം | 25.00 |
| | **ആകെ** | **38.00** |
| III | **വൈദ്യുതീകരണ പ്രവർത്തനങ്ങൾ** | |
| 1 | വെള്ളാനിക്കര മെയിൻ കാമ്പസിലെ വിവിധ കെട്ടിടങ്ങളുടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ | 20.00 |
| 2 | വെള്ളായണി മെയിൻ കാമ്പസിലെ വിവിധ കെട്ടിടങ്ങളുടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ | 20.00 |
| 3 | വെള്ളാനിക്കര മെയിൻ കാമ്പസിന്റെ വിവിധ പ്രവേശന കവാടങ്ങളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിന് | 5.00 |
| 4 | തിരുവല്ല എ.ആർ.എസ് ൽ തെരുവു വിളക്കു സൗകര്യങ്ങൾ നൽകുന്നതിന് | 5.00 |
| | **ആകെ** | **50.00** |
| **ആകെ മൊത്തം (തുടർന്നു കൊണ്ടിരിക്കുന്ന പദ്ധതികൾ(I+II+III) )** | | **368.00** |

**ബി. പുതിയ പദ്ധതികൾ**

അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും 632.00 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **കെ.എ.യു ആസ്ഥാനം, വെള്ളാനിക്കര** | |
| 1 | വെള്ളാനിക്കര കാർഷിക കോളേജിലെ പമ്പ ഹോസ്റ്റൽ, ബ്ലോക്ക് II ൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് | 25.00 |
| 2 | പമ്പ പുരുഷ ഹോസ്റ്റൽ നവീകരണം | 14.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 3 | കിണറുകളുടെ പാർശ്വഭിത്തി നിർമ്മാണം (2 എണ്ണം) | 0.50 |
| 4 | വെള്ളാനിക്കര കാർഷിക കോളേജ് ലേഡീസ് ഹോസ്റ്റലിന്റെ നവീകരണവും അടിസ്ഥാന സൗകര്യ വികസനവും | 30.00 |
| 5 | സെൻട്രൽ ലൈബ്രറി വാഷ് റൂം | 5.00 |
| 6 | വെള്ളാനിക്കര മെയിൻ കാമ്പസ് റോഡിന്റെ അറ്റകുറ്റപ്പണികളും നവീകരണവും | 60.00 |
| 7 | കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള വിവിധ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 15.00 |
| | **സി.ടി.ഐ, മണ്ണുത്തി** | |
| 8 | കർഷകഭവനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ | 10.00 |
| | **എ.ആർ.എസ്, മണ്ണുത്തി** | |
| 9 | ഫാം മെഷിനറി യാർഡിന്റെ അറ്റകുറ്റപ്പണിയും നവീകരണവും | 25.00 |
| | **സി.ആർ.എസ് മാടക്കത്തറ** | |
| 10 | ഫാം തൊഴിലാളികൾക്കുള്ള വിശ്രമ മുറികളുടെ നിർമ്മാണം | 15.00 |
| | **ബി.ആർ.എസ്, കണ്ണാറ** | |
| 11 | ഫാം റോഡുകളുടെ ടാറിംഗ് | 10.00 |
| 12 | ഫാം ഓഫീസ് കെട്ടിടത്തിന്റെ ട്രസ്സ് വർക്ക് | 5.00 |
| | **കാർഷിക കോളേജ്, വെള്ളായണി** | |
| 13 | പ്ലാന്റ് ഫിസിയോളജി വിഭാഗം ശക്തിപ്പെടുത്തൽ | 3.00 |
| 14 | തോട്ട സുഗന്ധ ഔഷധ വിള വിഭാഗത്തിലെ ബിരുദാനന്തര ലബോറട്ടറി മെച്ചപ്പെടുത്തൽ | 8.00 |
| 15 | ജനറ്റിക്സ് ആന്റ് പ്ലാന്റ് ബ്രീഡിംഗ് വിഭാഗത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് | 2.00 |
| 16 | എന്റമോളജി വിഭാഗത്തിലെ നവീകരണ പ്രവർത്തനങ്ങൾ | 5.00 |
| 17 | യു.ജി ലേഡീസ് ഹോസ്റ്റലിന്റെ (ഗ്രീഷ്മ) നവീകരണവും അറ്റകുറ്റപ്പണികളും | 15.00 |
| 18 | അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് വിഭാഗത്തിലെ പ്രായോഗിക ക്ലാസിനുള്ള ക്ലാസ് മുറിയുടെ അടിസ്ഥാന സൗകര്യ വികസനം | 2.00 |
| 19 | സീഡ് സയൻസ് ആന്റ് ടെക്നോളജി വിഭാഗത്തിനു വേണ്ടിയുള്ള നെറ്റ് ഹൗസ് നിർമ്മാണത്തിന് | 1.00 |
| 20 | ഫാം റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും | 30.00 |
| 21 | ലൈബ്രറി സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് | 5.00 |
| | **സി.ആർ.എസ്, ബാലരാമപുരം** | |
| 22 | "സ്റ്റേറ്റ് കോക്കനട്ട് മ്യൂസിയം" സ്ഥാപിക്കുന്നതിന് | 2.00 |
| | **ആർ.ആർ.എസ്, മങ്കൊമ്പ്** | |
| 23 | എം.എസ്.എസ്.ആർ.ആർ.എസ് മങ്കൊമ്പിലെ ഗവേഷണത്തിനും വിത്ത് ഉല്പാദനത്തിനുമായുള്ള നെൽവയലുകളുടെ പുറം സംരക്ഷണ ഭിത്തി ബലപ്പെടുത്തുന്നതിന് | 18.00 |
| | **ആർ.എ.ആർ.എസ്, കായംകുളം** | |
| 24 | അഗ്രിക്കൾച്ചറൽ സയൻസ് ഡിപ്ലോമയ്ക്ക് അക്കാദമിക് ബ്ലോക്ക് സ്ഥാപിക്കുന്നതിന് | 15.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **ആർ.എ.ആർ.എസ്, കുമരകം** | |
| 25 | ഫാം ആന്റ് ലേബൽ ഫെസിലിറ്റേഷൻ യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന് | 10.00 |
| | **എ.ആർ.എസ്, തിരുവല്ല** | |
| 26 | ശർക്കര ഉല്പാദന യൂണിറ്റ് മെച്ചപ്പെടുത്തുന്നതിനും കുറഞ്ഞ താപനിലയിലുള്ള ശർക്കര സംഭരണ സൗകര്യ ഒരുക്കുന്നതിനും | 30.00 |
| | **ആർ.ആർ.എസ്, വൈറ്റില** | |
| 27 | സെയിൽസ് കം ട്രെയിനിംഗ് സെന്റർ നിർമ്മാണം | 30.00 |
| | **എ.എം.പി.ആർ.എസ്, ഓടക്കാലി** | |
| 28 | അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും നവീകരണവും | 15.00 |
| | **പി.ആർ.എസ്, വാഴക്കുളം** | |
| 29 | അടിസ്ഥാന സൗകര്യ വികസനം, ടിഷ്യൂക്കൾച്ചർ ലബോറട്ടറി, പ്ലാന്റ് നഴ്സറി, പഴ മാലിന്യ സംസ്കരണ യൂണിറ്റ് എന്നിവയുടെ വിപുലീകരണം | 5.00 |
| | **കാർഷിക കോളേജ്, പടനക്കാട്** | |
| 30 | പുതിയ ക്ലാസ്സ് മുറികൾക്കായി നിലവിലുള്ള അക്കാദമിക് ബ്ലോക്കിന്റെ റൂഫ് ടോപ്പ് വിഭജനം, ഫ്ലോർ ടൈലിംഗ്, വാഷ് റൂം | 50.00 |
| | **പി.ആർ.എസ്, പന്നിയൂർ** | |
| 31 | ജലസംരക്ഷണ പ്രവർത്തനങ്ങൾ | 4.50 |
| 32 | ഫാം റോഡിന്റെ നവീകരണം, 800 മീറ്റർ | 20.00 |
| | **ആർ.എ.ആർ.എസ്, അമ്പലവയൽ** | |
| 33 | വിത്ത്, നെല്ല് എന്നിവ ഉണക്കുന്നതിനുള്ള രണ്ട് ക്രഷിംഗ് യാർഡുകളുടെ നിർമ്മാണം | 15.00 |
| | **എ.ആർ.എസ്, ആനക്കയം** | |
| 34 | ഫാം ഓഫീസ് കം ലേബർ വെയിറ്റിംഗ് ഷെഡിന്റെ നിർമ്മാണം | 15.00 |
| | **ആർ.എ.ആർ.എസ്, പട്ടാമ്പി** | |
| 35 | ഫാം ഓഫീസിന്റേയും സ്റ്റോറിന്റേയും നവീകരണം | 23.00 |
| | **എഞ്ചിനീയറിംഗ് വിഭാഗം, തവനൂർ** | |
| 36 | ഓഡിറ്റോറിയം കെട്ടിടത്തിനോട് ചെർന്നുള്ള ക്ലാസ് മുറികളുടെ മേൽക്കൂര നവീകരണം, കെ.സി.എ.ഇ.എഫ്.ടി കാമ്പസ് | 5.00 |
| 37 | പി.എഫ്.ഡി.സി ബിൽഡിംഗിനകത്തുള്ള ക്ലാസ് റൂമുകളുടെ നവീകരണം | 4.00 |
| | **എ.ഐ.എസ്.സി വേങ്ങേരി, കോഴിക്കോട്** | |
| 38 | നഴ്സറി യൂണിറ്റിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ | 5.00 |
| | **കാർഷിക കോളേജ്, അമ്പലവയൽ** | |
| 39 | വിവിധ വിഭാഗങ്ങൾക്കുള്ള ലബോറട്ടറി നിർമ്മാണം | 10.00 |
| 40 | പുരുഷ ഹോസ്റ്റലിലേയ്ക്ക് ജനറേറ്റർ നൽകുന്നതിന് | 10.00 |
| 41 | താമസക്കാർക്കുള്ള അപ്പാർട്ട്മെന്റ് സമുച്ചയത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്ക് | 10.00 |
| 42 | പുതിയ അക്കാദമിക് ബ്ലോക്കിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്ക് | 50.00 |
| | **ആകെ** | **632.00** |

ഫിസിക്കൽ പ്ലാന്റ് ഡയറക്ടറുമായി കൂടിയാലോചിച്ച് അടിസ്ഥാനസൗകര്യ പ്രവർത്തനങ്ങളുടെ പദ്ധതി അവലോകനം ത്രൈമാസ അടിസ്ഥാനത്തിൽ നടത്തും.

**5. ഇ-ഗവേണൻസ്**

2025-26 ൽ കാർഷിക സർവ്വകലാശാലയിൽ ഐ.റ്റി പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതിനും ആശയ വിനിമയ സംവിധാനം ശാക്തീകരിക്കുന്നതിനും ആസൂത്രണ പ്രവർത്തനങ്ങൾക്കുമായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സർവ്വകലാശാലയിലെ എല്ലാ സ്ഥാപനങ്ങളിലും ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കും.

സംസ്ഥാനതലത്തിലുള്ള സാങ്കേതിക ഏജൻസിയുടെ മേൽനോട്ടത്തിൽ സമഗ്രമായ ഇ-ഗവേണൻസ് പ്ലാൻ യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചാൽ മാത്രമേ ഭരണാനുമതി ലഭിക്കുകയുള്ളൂ.

**6. വിദ്യാർത്ഥികളുടെ ക്ഷേമം**

2025-26 ൽ കാർഷിക സർവ്വകലാശാലയിൽ വിദ്യാർത്ഥി ക്ഷേമ പദ്ധതികൾ ശാക്തീകരിക്കുന്നതിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ ക്ഷമത മെച്ചപ്പെടുത്തുന്നതിനും കലാകായിക മത്സരങ്ങളും മറ്റ് വിദ്യാർത്ഥിക്ഷേമ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു.

പദ്ധതി വിഹിതത്തിൽ നിന്നും തസ്തിക രൂപീകരണത്തിന് തുക ചെലവഴിക്കാൻ അനുവദിക്കുകയില്ല. സ്ഥിരം ജീവനക്കാരുടെ ശമ്പള ചെലവുകൾ പദ്ധതിയേതര തുകയിൽ നിന്നും വഹിക്കേണ്ടതാണ്. ബജറ്റിൽ കാർഷിക സർവ്വകലാശാലയ്ക്കുള്ള പദ്ധതി വിഹിതത്തിൽ സ്ഥാപനത്തിന്റെ ഓവർഹെഡ് ചെലവ് ഉൾപ്പെടുത്തിയിട്ടില്ല. വൈദ്യുതി/വെള്ളം ചാർജ്ജുകൾ തുടങ്ങിയ പദ്ധതിയേതര ഇനങ്ങൾ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. മറ്റ് സർവ്വകലാശാലകളിൽ തുടർന്ന് പോരുന്ന വ്യവസ്ഥകൾക്ക് സമാനമായി സർക്കാരിൽ നിന്നുമുള്ള ഭരണാനുമതി ലഭിക്കുന്നതിനനുസരിച്ച് പദ്ധതി തുക നൽകാവുന്നതാണ്.

**ബി. വിളപരിപാലനം**

ശാസ്ത്രീയ സമീപനത്തിലൂടെ ഭക്ഷ്യവിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ഭക്ഷ്യഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും 2025-26 ബഡ്ജറ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പ്രധാന വിളകളായ നെല്ല്, പച്ചക്കറി, തെങ്ങ്, പഴവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ വിളവികസന പരിപാടികളിൽ ഉൾപ്പെടുന്നു. കാര്യക്ഷമമായ വിജ്ഞാനവ്യാപന സേവനങ്ങളിലൂടെ നൂതന ശാസ്ത്ര സാങ്കേതിക വിദ്യകളുടെ പ്രചരണവും അവ കർഷകർ സ്വീകരിച്ച് നടപ്പിലാക്കുന്നതും സാധ്യമാക്കും.

2022-23 ൽ വിളയെ അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടം അധിഷ്ഠിതമാക്കിയുള്ള വികസനത്തിലേക്കുള്ള മാറ്റം ലക്ഷ്യമിട്ടുകൊണ്ട് തുടക്കമിട്ട കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം 2025-26 ലും തുടരും. കൂടാതെ ഓരോ തുണ്ടു ഭൂമിയിൽ നിന്നും പരമാവധി ഉൽപ്പാദനവും, കാര്യക്ഷമതയും കൈവരിക്കുക എന്ന ലക്ഷ്യത്തോടെ വിള വൈവിധ്യവൽക്കരണവും വിളവർദ്ധനവും പ്രോത്സാഹിപ്പിക്കും. പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, ചെറുധാന്യങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും. കൃഷിഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കൂടുതൽ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളായി പരിവർത്തനം ചെയ്യും.

മണ്ണിന്റെയും വിളകളുടെയും ആരോഗ്യം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ, ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനായി വകുപ്പുതല ഫാമുകളുടെ വികസനം, കാർഷിക സേവന കേന്ദ്രങ്ങൾ വഴി യന്ത്രവൽകൃത പ്രവർത്തനങ്ങളുടെ പ്രോത്സാഹാനം, ജൈവകൃഷിയും നല്ലമുറകൃഷിരീതികളുടെയും പ്രോത്സാഹനം, ലബോറട്ടറികളുടെ ആധുനികവൽക്കരണം, ആധുനിക വിവര സാങ്കേതികവിദ്യയുടെ ഉപയോഗം തുടങ്ങിയ പദ്ധതികളും ഉൾപ്പെടുന്നു.

2025-26 വർഷത്തിൽ വിളപരിപാലനത്തിനായി 53,590.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിലെ സംസ്ഥാന വിഹിതവും ആർ.ഐ.ഡി എഫ് വിഹിതവും ഉൾപ്പെടുന്നു. കാർഷിക ആവാസയൂണിറ്റുകൾ അധിഷ്ഠിതമാക്കിയുള്ള ആസൂത്രണത്തിനും പദ്ധതി നിർവ്വഹണത്തിനും ഊന്നൽ നൽകും.

സംസ്ഥാന പദ്ധതികളിലൂടെ വകുപ്പ് പിന്തുണയ്ക്കുന്ന എല്ലാ സമീപനങ്ങളും തെളിയിക്കപ്പെട്ടതും ശാസ്ത്രീയ അറിവുകളെ അടിസ്ഥാനമാക്കിയുള്ളതും കേരള സർവ്വകലാശാല ശിപാർശ ചെയ്ത് അംഗീകരിച്ചതുമായിരിക്കണം.

**I. കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം**

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വർക്കിംഗ് ഗ്രൂപ്പുകളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, 2022-23 ൽ ആരംഭിച്ച കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം 2025-26 ലും പ്രോത്സാഹിപ്പിക്കും. വിളയധിഷ്ഠിത സമീപനത്തിൽ നിന്നു മാറി സംയോജിത-ബഹുവിള കൃഷി സമ്പ്രദായത്തിലേക്കുള്ള മാറ്റത്തിലൂടെ കൈവശഭൂമി വികസിപ്പിക്കുക എന്നതാണ് ഈ സമീപനത്തിന്റെ പ്രധാന ലക്ഷ്യം. കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായ രീതിയിൽ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിലും അതുവഴി സംസ്ഥാനത്തിന്റെ ഉല്പാദന സമ്പദ്ഘടനയിൽ ഗണ്യമായ സംഭാവന നൽകുന്നതിനും ലക്ഷ്യമിടുന്നു. ഈ സമീപനത്തിൽ ഉൾപ്പെടുത്തേണ്ട ഘടകങ്ങളെ ശാസ്ത്രീയമായി തിരഞ്ഞെടുക്കുന്നതിലും കാർഷിക ആവാസവ്യവസ്ഥായൂണിറ്റധിഷ്ഠിത കാർഷിക പരിപാലന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ഊന്നൽ നൽകും. ഈ പരിപാടികൾ നീർത്തടാടിസ്ഥാനത്തിൽ ആസൂത്രിതമായും സംഘടിപ്പിക്കുന്നതാണ്.

വികസനത്തിന്റെ അടിസ്ഥാന യൂണിറ്റായി ഓരോ കൃഷിയിടവും തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെ പിന്തുണയോടെ കൃഷിഭവനുകൾ മുഖേന തിരഞ്ഞെടുക്കുന്ന രീതി തുടരുകയും, 2025-26 ൽ സംസ്ഥാനത്തുടനീളം പുതിയ കൃഷിയിടങ്ങൾ തെരഞ്ഞെടുക്കുകയും വികസിപ്പിക്കുകയും ചെയ്യും. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന കാർഷികവിജ്ഞാന കേന്ദ്രങ്ങളിലൂടെ കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരുടെ സാങ്കേതിക സഹായത്തോടെയും കർഷകരുമായി കൂടിയാലോചിച്ചും കൃഷി ഓഫീസർ തയ്യാറാക്കുന്ന ശാസ്ത്രീയമായ വിഭവാധിഷ്ഠിത ആസൂത്രണപ്രകാരമായിരിക്കും ഈ കൃഷിയിടങ്ങൾ വികസിപ്പിക്കുക. ഈ സമീപനത്തിൽ കാർഷിക അനുബന്ധമേഖലകളായ മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നിവയും ഉൾപ്പെടും. അങ്ങനെയുള്ള സാഹചര്യത്തിൽ അതതു വകുപ്പുകളിൽ നിന്നുള്ള പിന്തുണ കൂടി ലഭ്യമാക്കേണ്ടതാണ്. വികസിപ്പിച്ചെടുത്ത കൃഷിയിടപ്ലാൻ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ വകുപ്പുകളുമായി പങ്കിടുന്നതായിരിക്കും.

കേരള കാർഷിക സർവ്വകലാശാല അംഗീകരിച്ച് പ്രസിദ്ധീകരിച്ചതും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതുമായ ഉല്പാദന പ്രോട്ടോക്കോൾ അടിസ്ഥാനമാക്കി, ഈ സമീപനം മൂന്നു പദ്ധതികളായി വകുപ്പ് നടപ്പിലാക്കും. ഈ സമീപനങ്ങൾ പാലിക്കാത്ത ഫാമുകളെ ഈ പദ്ധതിയിൽ പിന്തുണയ്ക്കുന്നതല്ല. അനുയോജ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഇതിനായി പുറപ്പെടുവിക്കുന്നതാണ്. ഈ മൂന്നു പദ്ധതികളും ഒരു കൃഷി അഡീഷണൽ ഡയറക്ടറുടെ നിയന്ത്രണത്തിലായിരിക്കും നടപ്പിലാക്കുക. പുതിയ തസ്തിക സൃഷ്ടിക്കൽ/കരാർ/അന്യത്ര സേവനം ഈ പദ്ധതികളിൽ അനുവദനീയമല്ല. നിലവിലുള്ള വകുപ്പ്/കരാർ ജീവനക്കാർ എന്നിവരുടെ സേവനം ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

ഈ സമീപനത്തിൽ നടപ്പിലാക്കുന്ന മൂന്ന് പദ്ധതികൾ താഴെപറയുന്നു.

1. കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദനപരിപാടികൾ-ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ
2. ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക സഹായത്തിനുമുള്ള പദ്ധതി.
3. കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ ശൃംഖല/മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി.

2025-26 കാലയളവിൽ കേര പ്രൊജക്ടുമായി സംയോജിപ്പിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

**നിരീക്ഷണ സംവിധാനം**

കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനത്തിലുൾപ്പെടുന്ന മൂന്നു പദ്ധതികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് കൃഷിവകുപ്പ് ഡയറക്ടറേറ്റ് തലത്തിലായിരിക്കും. ഇതിനായി സംസ്ഥാന, ബ്ലോക്ക്, ജില്ലാതലത്തിൽ ഭരണ സംവിധാനം രൂപീകരിക്കും. കേരള കാർഷിക സർവ്വകലാശാല വിജ്ഞാനവ്യാപന ഡയറക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ച സാങ്കേതിക സംഘം ഈ സമീപനത്തിന് (മൂന്ന് പദ്ധതിയ്ക്കും) ആവശ്യമായ സാങ്കേതിക ഉപദേശം തുടർച്ചയായി നൽകും.

ബ്ലോക്കുതല അസിസ്റ്റന്റ് ഡയറക്ടർമാരും പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും ഈ പരിപാടി നിരീക്ഷിച്ച് കൃത്യമായി ഡോക്യുമെന്റ് ചെയ്യേണ്ടതാണ്. ഓരോ കൃഷിയിടത്തിന്റെയും വിസ്തൃതി, നിലവിലുള്ള

ഘടകങ്ങൾ, പുതിയ ഘടകങ്ങൾ, അനുവദിച്ച സാധനങ്ങളുടെ അളവ്, ആകെ ചെലവായ തുക, ഘടകം തിരിച്ചുള്ള വിളവ്, വിപണനത്തിനായി മിച്ചം വന്ന വിളവ്, ലഭിച്ച വരുമാനം, നേടിയ ലാഭം എന്നിവയെല്ലാം അടങ്ങുന്ന ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുകയും അതു കാലാനുസൃതമായി പുതുക്കേണ്ടതുമാണ്. ഫാമുകളിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ പട്ടിക, നൽകിയ സഹായം, നടത്തിയ പരിശോധനകൾ തുടങ്ങിയവ രേഖപ്പെടുത്തുന്നതിനായി ഓരോ കർഷകനും ഒരു ഫീൽഡ് ബുക്ക് സൂക്ഷിക്കുകയും കൃഷിഭവൻ ഉദ്യോഗസ്ഥർ അത് കൃത്യമായി പുതുക്കേണ്ടതുമാണ്. ഇതിനായി ഡിജിറ്റൽ സർവ്വകലാശാലയുടെ പിന്തുണയോടു കൂടി അനുയോജ്യമായ സാങ്കേതികവിദ്യയുടെ സംയോജനം ഉറപ്പാക്കും.

**1. കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ ഉൽപ്പാദനപൂർവ്വ പിന്തുണ ഉൾപ്പെടെ**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി അംഗീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 2025-26 ലും പിന്തുടരും. കുറഞ്ഞത് പത്തു സെന്റും, പരമാവധി ഇരുനൂറ് സെന്റും വിസ്തൃതിയുള്ള (വീടും മറ്റു കെട്ടിടങ്ങളും നിലനിൽക്കുന്ന സ്ഥലം ഒഴികെ) കൃഷിയിട യൂണിറ്റുകളായിരിക്കും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുക. സംയോജിത കൃഷി സമ്പ്രദായ മാതൃകകളും, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നീ വിളകൾ അടിസ്ഥാനമാക്കിയുള്ള വിള സമ്പ്രദായങ്ങളിലുമായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുക. കൃഷിവകുപ്പ് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശമനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ചായിരിക്കും ഗുണഭോക്താക്കളെ/കൃഷിയിടങ്ങളെ തെരഞ്ഞെടുക്കുക. കൃഷിയിടയൂണിറ്റുകൾ കണ്ടെത്തുമ്പോൾ തദ്ദേശസ്വയംഭരണ പദ്ധതികളും സംസ്ഥാനപദ്ധതിയുമായി സംയോജിപ്പിച്ചു പ്രവർത്തനങ്ങൾ നടത്തി കൃഷിയിടത്തിന്റെ സമഗ്ര വികസനം കൊണ്ടു വരുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കും. ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ 50 ശതമാനം വനിതകളായിരിക്കുമെന്ന് വിഭാവനം ചെയ്യുന്നു.

അനുയോജ്യമായ രീതിയിലുള്ള വിളകളുടെ മിശ്രണവും കന്നുകാലി, മത്സ്യബന്ധനം എന്നീ പ്രവർത്തികളും കൂടി സംയോജിപ്പിച്ചുകൊണ്ടും കൃഷി ഓഫീസർ ബ്ലോക്കുതല കൃഷി വിജ്ഞാനകേന്ദ്രങ്ങളുമായി ഏകോപിപ്പിച്ച് തയ്യാറാക്കുന്ന ഫാം പ്ലാൻ, ഓരോ തുണ്ടു ഭൂമിയിൽ നിന്നും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലായിരിക്കണം. മെച്ചപ്പെട്ട പരിപാലന പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതും ഇതിലൂടെ പ്രോത്സാഹിപ്പിക്കും.

കൃഷിയിടങ്ങളിൽ നിന്നും മണ്ണു സാമ്പിളുകൾ ശേഖരിച്ച് മണ്ണിന്റെ ഫലപുഷ്ടി നിർണ്ണയിക്കുകയും മണ്ണു പരിശോധനാധിഷ്ഠിത പരിപാലന പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിനായി സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുകയും ചെയ്യും. കൃഷിയിടങ്ങൾക്ക് സോയിൽ ഹെൽത്ത് കാർഡ് നൽകുന്നതിനായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു. കെ.എ.യു, സംസ്ഥാന യന്ത്രവൽകൃത മിഷൻ എന്നിവയുൾപ്പെടെ ബഹുമുഖ പങ്കാളിത്തത്തോടെ സംസ്ഥാനമൊട്ടാകെ ചെറുകിട യന്ത്രവൽക്കരണം പദ്ധതിയടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

കിസാൻ ക്രെഡിറ്റ് കാർഡ് മുഖേന വായ്പ സൗകര്യം തരപ്പെടുത്തുന്നതുൾപ്പെടെ ഉല്പാദന പ്രവർത്തനങ്ങളും ഉല്പാദനപൂർവ്വ പ്രവർത്തനങ്ങളും പിന്തുണയ്ക്കുന്നതിനായി കൃഷിവകുപ്പ് ഉചിതമായ ക്രമീകരണങ്ങൾ തയ്യാറാക്കുന്നതായിരിക്കും. ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള കൃഷിഭവനുകൾ, സഹകരണ സംഘങ്ങൾ, (നിവേശങ്ങൾ എത്തിച്ചു നൽകുന്നതിനും വായ്പാ പിന്തുണയ്ക്കും) എന്നിവയെ സാങ്കേതികവിദ്യാ സംയോജനത്തിലൂടെ ഏകജാലക സംവിധാനത്തിൽ ഏകോപിപ്പിക്കുന്നതായിരിക്കും. മത്സ്യബന്ധന, മൃഗസംരക്ഷണ വകുപ്പിന്റെ പിന്തുണയും ഇതിനുണ്ടാകും. അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ എന്നിവയിലൂടെ ലഭ്യമായ സേവനങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കും. കർഷകർക്കുള്ള പിന്തുണ സാധനങ്ങളായിട്ടായിരിക്കും നൽകുക. രൊക്കം പണമായിട്ടുള്ള സഹായം നൽകുന്നതല്ല. ഫാം പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓരോ വിളയ്ക്കും/അഥവാ ഓരോ ഘടകത്തിനും പിന്തുണ നൽകേണ്ട മാതൃക, വിദഗ്ധ സമിതിയുമായി ആലോചിച്ച് കൃഷിവകുപ്പ് തീരുമാനിക്കും. സംസ്ഥാന പദ്ധതിയിൽ നിവേശങ്ങൾ, സേവനങ്ങൾ എന്നിവയിലുള്ള പിന്തുണ കൃഷിഭവനുകൾ കൂടാതെ സഹകരണ സംഘങ്ങൾ, കാർഷിക കർമ്മ സേനകൾ, അഗ്രോസർവ്വീസ് സെന്ററുകൾ എന്നിവയിൽ നിന്നും ലഭിക്കും. ക്യാഷ് സബ്സിഡിയോ, രൊക്കം പണമായിട്ടുള്ള സഹായമോ ഈ പദ്ധതിയിലൂടെ നൽകുന്നതല്ല.

മാതൃകാ ഫാമുകൾ വികസിപ്പിക്കുന്നതിനായി 2025-26 വർഷത്തിൽ ഉല്പാദനപൂർവ്വ പ്രവർത്തന പിന്തുണ കൂടാതെ നിവേശങ്ങൾ, സേവനങ്ങൾ എന്ന രീതിയിൽ ഉല്പാദന പ്രവർത്തനങ്ങൾക്കുമായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി ഇതിനകം സ്ഥാപിച്ചിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ട ഫാം യൂണിറ്റുകളെ പിന്തുണയ്ക്കും. ഇത്തരം ഫാമുകൾ തെരഞ്ഞെടുക്കുന്നത്

തദ്ദേശസ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ചും കർശനമായ മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുമായിരിക്കും. കൃഷി ഓഫീസർ തദ്ദേശസ്വയംഭരണ പ്രതിനിധികളുമായി കൂടിയോലോചിച്ച് കർശനമായ മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചുരുക്ക പട്ടികയിൽ നിന്നും ഫാം യൂണിറ്റുകളുടെ അന്തിമ തെരഞ്ഞെടുപ്പ് നടത്തും. ഈ സമീപനത്തിൽ സ്ഥാപിതമായ ഒരേ കൃഷിയിടത്തിന് രണ്ടുവർഷത്തിൽ കൂടുതൽ പിന്തുണ നൽകുന്നതല്ല. പദ്ധതി ആരംഭിച്ചതിനു ശേഷം കണ്ടെത്തിയ ഫാം യൂണിറ്റുകൾക്കു മാത്രമേ പിന്തുണ ലഭിക്കുകയുള്ളൂ. കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനത്തിൽ സ്ഥാപിച്ച കൃഷിയിടങ്ങളുടെ മൂല്യനിർണ്ണയത്തിനായി കാർഷിക സർവ്വകലാശാല വിജ്ഞാനവ്യാപന ഡയറക്ടർ വികസിപ്പിച്ച പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ കൃഷിയിടങ്ങളുടെ മൂല്യ നിർണ്ണയം കൃത്യമായി നടപ്പിലാക്കുകയും അതിന്റെ റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥർ കൃത്യമായി സമർപ്പിക്കുകയും ചെയ്യും.

ഓരോ പഞ്ചായത്തിലും 2025-26 കാലയളവിൽ 10 പുതിയ ഫാം യൂണിറ്റുകൾ വികസിപ്പിക്കും. ഈ പദ്ധതിക്ക് കീഴിൽ വികസിപ്പിച്ച എല്ലാ ഫാം യൂണിറ്റുകളും സോയിൽ ഹെൽത്ത് കാർഡ് വിശദാംശങ്ങൾ ഉൾപ്പെടെയുള്ള വിഭവങ്ങളുടെ ഡാറ്റാബേസ് ജിയോ ടാഗ് ചെയ്തിരിക്കുന്നു എന്ന കർശന വ്യവസ്ഥയ്ക്ക് വിധേയമായിട്ടായിരിക്കും തെരഞ്ഞെടുക്കുക. ഈ വ്യവസ്ഥ ഭരണവകുപ്പ് നൽകുന്ന ഭരണാനുമതിയുടെ ഭാഗമായിരിക്കും.

ഫീൽഡ്തല ജോലികൾക്കായി ബന്ധപ്പെട്ട പ്രവർത്തന മേഖലകളിൽ പദ്ധതി നിർദ്ദിഷ്ട സ്റ്റാഫ് ഉൾപ്പെടെയുള്ള സാങ്കേതിക വ്യക്തികളെ വകുപ്പ് ഉചിതമായി വിന്യസിപ്പിക്കും. ഉദാഹരണത്തിന് വിള ആരോഗ്യപരിപാലന പദ്ധതിയിൽ പ്രവർത്തിക്കുന്ന പെസ്റ്റ് സ്കൗട്ടുകളെ ഒരു നിർദ്ദിഷ്ട ബ്ലോക്കിനു കീഴിൽ വരുന്ന പഞ്ചായത്തുകളിലെ ജോലികളിൽ വിന്യസിക്കുകയും അവർ കൃഷിയിടാസൂത്രണാധിഷ്ഠിത വികസന യൂണിറ്റുകളിൽ കൃത്യമായ ഇടവേളകളിൽ സന്ദർശനം നടത്തുകയും ചെയ്യും.

**2. ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക വിദ്യാ പിന്തുണയ്ക്കുമായുള്ള പദ്ധതി**

**(വിഹിതം: 500.00 ലക്ഷം രൂപ)**

ഫീൽഡ് തല പ്രദർശനങ്ങളിലൂടെ കർഷകർക്ക് സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യുന്നതിനും കൃഷിയിടാസൂത്രാണാധിഷ്ഠിത സമീപനത്തിന്റെ ഭാഗമായി രൂപീകരിച്ച കർഷക ഉല്പാദക സംഘടനകൾക്ക് (കൃഷിയിടങ്ങളുടെ കൂട്ടായ്മ) പിന്തുണ നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2025-26 വർഷത്തിൽ ഈ പദ്ധതിയ്ക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

കേരള കാർഷിക സർവ്വകലാശാലയിലെ വിജ്ഞാനവ്യാപന ഡയറക്ടർ വിവിധ പ്രചാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതോടൊപ്പം സർവ്വകാലാശാലയുടേതും മറ്റു സംസ്ഥാന കാർഷിക സർവ്വകലാശാലകൾ/ഐ.സി.എ.ആർ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നമ്മുടെ കൃഷിയിടങ്ങൾക്ക് അനുയോജ്യമായ ഗവേഷണഫലങ്ങൾ ലഭ്യമാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായുള്ള സംസ്ഥാന, ജില്ലാ, ബ്ലോക്കുതല കോൺഫറൻസുകളും ഏകോപിപ്പിക്കും. ജൈവകൃഷി മേഖലയുൾപ്പെടെ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതും കേരള കാർഷിക സർവ്വകലാശാല അംഗീകരിച്ചതുമായ ഉൽപ്പാദന പ്രോട്ടോക്കോൾ മാത്രമായിരിക്കും പ്രചരിപ്പിക്കുക. കേരള കാർഷിക സർവ്വകലാശാലയിലെ വിജ്ഞാനവ്യാപന ഡയറക്ടറേറ്റ് വിശദമായ സാങ്കേതിക മൊഡ്യൂളുകൾ വികസിപ്പിക്കുകയും സാങ്കേതിക വിജ്ഞാനം കൃത്യമായി പ്രചരിപ്പിക്കുകയും ചെയ്യും. സാങ്കേതിക വിദ്യാ വ്യാപനത്തിനും വിപുലീകരണത്തിനുമുള്ള പ്ലാൻ തയ്യാറാക്കുന്നത് കേരള കാർഷിക സർവ്വകലാശാലയായിരിക്കും. ഇതിനായി കേരള കാർഷിക സർവകലാശാലയ്ക്ക് 100.00 ലക്ഷം രൂപ വകയിരുത്തുന്നു. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് വിജ്ഞാനവ്യാപന ഡയറക്ടർക്ക് ഈ തുക മൊത്തമായി കൈമാറുന്നതാണ്.

ഈ പദ്ധതിയ്ക്ക് കീഴിൽ രണ്ടോ മൂന്നോ പഞ്ചായത്തുകളിലെ കൃഷിയിടങ്ങൾ ചേർന്ന് വികസിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്കുള്ള പിന്തുണ (കമ്പനി/ സഹകരണ സംഘങ്ങൾ) ഉടരും. കഴിഞ്ഞ മൂന്ന് വർഷത്തിനകം സ്ഥാപിതമായ നിലവിലുള്ള കർഷക ഉൽപ്പാദക സംഘടനകളെ (എഫ്.പി.ഒ) സാങ്കേതിക പിന്തുണയുൾപ്പടെ ഉൽപ്പന്ന വികസനം, ബ്രാൻഡിംഗ്, ലേബലിംഗ്, മാർക്കറ്റിംഗ് എന്നിവയിൽ പിന്തുണയ്ക്കും. കേന്ദ്രസർക്കാർ, നബാർഡ് പദ്ധതികൾക്ക് കീഴിൽ രൂപീകരിച്ച നിലവിലുള്ള എഫ്.പി.ഒ കൾക്ക് ഈ പദ്ധതിയിൽ പിന്തുണ ലഭിക്കില്ല. എഫ്.പി.ഒ കളുടെ രൂപീകരണത്തിനും പിന്തുണയ്ക്കുമായി തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധം സ്ഥാപിക്കുന്നതായിരിക്കും.

വാണിജ്യ ഘടന എന്ന നിലയിൽ ഈ മേഖലകളിലെ വികസനത്തിന് ഇവ ഉത്തേജകമായി പ്രവർത്തിക്കുന്നതായിരിക്കും. ഇത്തരത്തിലുള്ള സംഘടനയുടെ രൂപീകരണത്തിനായി വ്യക്തിഗത പ്രോജക്ടുകൾ സംസ്ഥാന കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിച്ചു അംഗീകാരം വാങ്ങേണ്ടതാണ്. എഫ്.പി.ഒ

രൂപീകരണത്തിനും പിന്തുണ നൽകുന്നതിനുമായി കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ജലസേചനം എന്നീ മേഖലകളിലെ സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടുന്ന സംഘം രൂപീകരിച്ച് പ്രവർത്തിക്കും. സാങ്കേതിക ബന്ധങ്ങൾ ഇല്ലാതെയുള്ള എഫ്.പി.ഒ പ്ലാനുകൾ സ്വീകരിക്കുന്നതുമല്ല. ഇതിനായി സർക്കാർ സർക്കാരേതര മേഖലകളിൽ നല്ല യോഗ്യതയുള്ള നിലവിലുള്ള സാങ്കേതിക ഏജൻസികളുടെ പിന്തുണ വകുപ്പ് ആവശ്യാനുസരണം തേടുന്നതായിരിക്കും.

**3. കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ/മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി**

**(വിഹിതം: 500.00 ലക്ഷം രൂപ)**

ചെറുതും ഏകീകൃതമല്ലാത്തതുമായ ഉല്പാദനവും തൽഫലമായി വലിയതോതിൽ വിഘടിതമായ വിതരണ ശൃംഖലയും ഉയർന്ന ലാഭം ഉണ്ടാക്കുന്ന ഇടനിലക്കാരായ വിതരണക്കാരുടെയും റീസെല്ലർമാരുടെയും സാന്നിധ്യം എന്നിവ കേരളത്തിലെ കാർഷികോൽപ്പാദനം അഭിമുഖീകരിക്കുന്ന നിർണ്ണായക പ്രശ്നങ്ങളിലൊന്നാണ്. അതിനാൽ സമാഹരണത്തിലൂടെയുള്ള ഫലപ്രദമായ സംയോജനത്തിന്റെ ആവശ്യകത നിലനിൽക്കുന്നു. കൃഷിയിടാസൂത്രണാധിഷ്ഠിത പദ്ധതിയിൽ ഹബ്ബ് ആന്റ് സ്പോക് മാതൃകയിലുള്ള സമാഹരണ സംവിധാനമാണ് വിഭാവനം ചെയ്തിരുന്നത്. ഈ മാതൃകയിൽ ഒരു കേന്ദ്രീകൃത ഹബ്ബിൽ നിന്ന് ഉല്പന്നങ്ങൾ ഉത്ഭവിക്കുകയോ, പ്രാദേശിക കേന്ദ്രങ്ങളിൽ നിന്ന് വിതരണത്തിനും വിപണനത്തിനുമായി ഹബ്ബിലേയ്ക്ക് അയയ്ക്കുകയോ ചെയ്യാവുന്നതാണ്. കേരളത്തിന്റെ സാഹചര്യത്തിൽ നിർദ്ദിഷ്ട വിളകൾക്കായി ശേഖരണ കേന്ദ്രങ്ങൾ കണ്ടെത്തുകയും വികസിപ്പിക്കുകയും അവയെ കേന്ദ്രീകൃത ഹബ്ബുകളായി സംയോജിപ്പിക്കേണ്ടതുമാണ്.

കാർഷിക ഉൽപ്പന്നങ്ങൾ നിയുക്ത സ്ഥലങ്ങളിൽ ശേഖരിക്കുന്നതും അവയുടെ വിതരണ/വില്പന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതും കർഷക സംഘടനകളുടെ (കുടുംബശ്രീ യൂണിറ്റുകൾ പോലെയുള്ള കൂട്ടായ്മകൾ) പങ്കാളിത്തത്തോടെ വിഭാവനം ചെയ്യുന്നു. അധികം ഉല്പാദനം ഉണ്ടെങ്കിൽ അവ വില്പന പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ കഴിയുന്ന കേന്ദ്രീകൃത ഹബ്ബുകളിലേയ്ക്ക് കൊണ്ടുപോകുന്നതിന് സാധിക്കും. ഈ ഹബ്ബുകളും പ്രാദേശിക ഉല്പാദന കേന്ദ്രങ്ങളും തമ്മിൽ മുൻപിൻ ബന്ധങ്ങൾ ഉണ്ടായിരിക്കും. വിപണിയിലെ ഉല്പന്നങ്ങൾ മുഴുവനായി നീക്കുന്നതിനായി ഈ ഹബ്ബുകൾക്ക് പ്രധാന വ്യാപാരികളോ കയറ്റുമതിക്കാരോ സംസ്കരണ യൂണിറ്റുകളോ അതല്ലെങ്കിൽ മറ്റ് ആവശ്യക്കാരോ വലിയ തോതിൽ ആവശ്യം വരുന്ന കേന്ദ്രങ്ങളുമായോ ബന്ധിപ്പിക്കേണ്ടതാണ്. ഉല്പാദകരുടേയും വില്പനക്കാരുടേയും വിശദാംശങ്ങൾ ഇലക്ട്രോണിക് മോഡിലൂടെ (മൊബൈൽ ആപ്പുകൾ പോലെ) രജിസ്റ്റർ ചെയ്യുന്നതായിരിക്കും. ഇതുവഴി കർഷകന് വിതരണം ചെയ്യാൻ കഴിയുന്നതും, പ്രധാനപ്പെട്ട കേന്ദ്രങ്ങളും കച്ചവടക്കാരും ആവശ്യപ്പെടുന്നതുമായ അളവുകൾ രജിസ്റ്റർ ചെയ്യുന്നതിനായി സഹായിക്കും. വിതരണം, ആവശ്യകത, വില, ഗുണമേന്മ തുടങ്ങിയ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനായി ഡിജിറ്റൽ ഐ.റ്റി പ്ലാറ്റ് ഫോമുകൾ ഉപയോഗിക്കുന്നതാണ്. ഈ ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ പരിപാലനവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കും. ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ പരിപാലനം, നവീകരണം, പരിഷ്ക്കരണം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ പദ്ധതിയ്ക്കായി നീക്കിവച്ചിരിക്കുന്ന തുകയിൽ ഉൾപ്പെടുന്നു.

ഹബ്ബ് ആന്റ് സ്പോക് മാതൃകയിലൂടെ ഉൽപാദനോപാധികളും വിവര വിതരണവുമായി ബന്ധപ്പെട്ട സേവനങ്ങളും ലഭ്യമാക്കും. ഇതിലൂടെ പ്രവർത്തനങ്ങളിലെ ഇക്കോണമീസ് ഓഫ് സ്കെയിൽ ഒരുമിച്ചുകൊണ്ടുവരുന്നതിനും വേഗത്തിലുള്ള വിവരവിതരണത്തിനും സാധിക്കും. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പ്രധാന ഏജൻസിയായി എഫ്.പി.ഒ കൾ സ്പോക് തലത്തിൽ പ്രവർത്തിക്കുന്നതായിരിക്കും. കർഷകർക്ക് ഡിജിറ്റൽ സംവിധാനത്തിലൂടെ ഉടനടി തുക നൽകുന്നതിനായി എഫ്.പി.ഒ-കൾക്ക് ഒറ്റ തവണ സഹായമായി കോർപസ് ഫണ്ട് നൽകും. ഈ സൗകര്യം ഒരു പ്രാവശ്യം ഉപയോഗപ്പെടുത്തിയിട്ടുള്ള എഫ്പിഒ യ്ക്ക് തുടർന്നുള്ള കോർപ്പസ് ഫണ്ടിന് അർഹതയുണ്ടായിരിക്കില്ല.

എഫ്.പി.ഒ/പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് പുതിയ വിപണികളും ഹബ്ബുകളും സ്ഥാപിക്കുന്നതിന് പിന്തുണ നൽകും. ചെലവിന്റെ 50 ശതമാനം പിന്തുണയായി നൽകുന്നതായിരിക്കും. ചെലവാക്കിയതിനുശേഷം തിരികെ നൽകുന്ന രീതിയിലായിരിക്കും ഇത് വിതരണം ചെയ്യുന്നത്. സംസ്ഥാന സർക്കാർ ഏജൻസികളായ വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് എന്നിവ ഈ സഹായത്തിന് അർഹരായിരിക്കില്ല. ഒറ്റത്തവണ സഹായമായിട്ടായിരിക്കും പിന്തുണ നൽകുക. യൂണിറ്റ് സ്ഥാപിക്കൽ, ഫർണിച്ചറുകൾ, വെയിംഗ്ഗ് മെഷീൻ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, സോളാർ പാനൽ പോലെയുള്ള ഊർജ്ജകാര്യക്ഷമതയുള്ള സംവിധാനങ്ങൾ തുടങ്ങിയ മൂലധന ചെലവുകൾക്ക് മാത്രം

പിന്തുണ നൽകുന്ന രീതിയായിരിക്കും നടപ്പാക്കുക. കൂടാതെ കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനത്തിന്റെ ഭാഗമായി 2024-25 ൽ സ്ഥാപിച്ച ഹബ്ബുകളുടെ ശാക്തീകരണത്തിനും സഹായം നൽകും. സ്വകാര്യ സമാഹകർക്ക് ആനുകൂല്യം നൽകുന്നതല്ല. എന്നാൽ വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് സമാഹകരായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ആനുകൂല്യം ആവശ്യാനുസൃതമായി നൽകും.

കൃഷിയിടാസൂത്രണാധിഷ്ഠിത വികസന പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്രാദേശിക അന്തർജില്ലാ വിതരണ ശൃംഖലയുടെ വികസനത്തിൽ പ്രധാന പങ്കാളികൾ വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, സഹകരണ സംഘങ്ങൾ, കുടുംബശ്രീ, എഫ്.പി.ഒ കൾ എന്നിവരായിരിക്കും. 2025-26 ൽ ഈ പദ്ധതിയ്ക്കായി 500.00 ലക്ഷം രൂപ മേല്പറഞ്ഞ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്നു.

## II. വിസ്തൃതി വർദ്ധനവും വികസന സമീപനവും

കർഷകർക്ക് പിന്തുണ നൽകികൊണ്ട് വിവിധ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കാർഷിക ആവാസ വ്യവസ്ഥാ യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ കൃഷി സമ്പ്രദായത്തിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുമാണ് ഈ സമീപനം ലക്ഷ്യമിടുന്നത്. നെൽവികസനം, പച്ചക്കറി വികസനം, നാളികേര വികസനം, സുഗന്ധവ്യഞ്ജന വികസനം, പഴവർഗ്ഗങ്ങൾ - പുഷ്പം - ഔഷധസസ്യങ്ങൾ വികസനം, വിള വൈവിധ്യവൽകരണം തുടങ്ങിയ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.

### നെല്ല് വികസനം: പദ്ധതികളുടെ സംയോജനം

നെൽകൃഷിയുടെ ഉല്പാദനക്ഷമതയും ലാഭക്ഷമതയും വർദ്ധിപ്പിക്കുന്നതിന്, നെല്ല് വികസനം പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള പരിപാടികൾ/പദ്ധതികൾ സമഗ്രമായ രീതിയിൽ വീക്ഷിക്കേണ്ടതുണ്ട്. 2025-26 ൽ സംസ്ഥാനത്തെ നെൽ വികസനത്തിനായി ആകെ 15000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തെ നെല്ല് വികസനം ലക്ഷ്യമിടുന്നതിനായി സംയോജിപ്പിച്ച പദ്ധതികൾ/പരിപാടികൾ/പ്രോജക്ടുകൾ ഇവയാണ്.

| ക്രമ നമ്പർ | പദ്ധതികൾ/ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) | നടപ്പാക്കുന്ന ഏജൻസി |
|---|---|---|---|
| i | നെല്ല് വികസനം | 9360.00 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് |
| ii | മണ്ണിന്റെ ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത മെച്ചപ്പെടുത്തലും - നെല്ലിലെ കുമ്മായ പ്രയോഗം | 2660.00 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് |
| iii | കുട്ടനാടിലെ കാർഷിക മേഖലയുടെ വികസനം | 1400.00 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് |
| iv | കെ.എൽ.ഡി.സി മുഖേന സംസ്ഥാനത്തെ വിവിധ ജില്ലകളിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ | 1580.00 | കേരള ഭൂവികസന കോർപ്പറേഷൻ |
| | **ആകെ** | **15000.00** | |

പാടശേഖരം/കർഷകതലത്തിൽ ഉല്പാദനക്ഷമത, ലാഭക്ഷമത, സുസ്ഥിരത എന്നിവ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ ഏജൻസികൾ പരിപാടികൾ/പദ്ധതികൾ ഏകോപിപ്പിക്കും. പദ്ധതി നടപ്പാക്കുന്ന രീതി/ഉത്തരവാദിത്വമുള്ള വകുപ്പ്/ഉദ്യോഗസ്ഥൻ എന്നിവയിൽ മാറ്റമില്ല. പദ്ധതികളുടെ സംയോജനം ഉചിതമായ തലത്തിൽ ഉറപ്പാക്കും.

## 4. നെല്ല് വികസനം (കൃഷി വകുപ്പ്)

2025-26 കാലയളവിൽ, സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പിന് 13420.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് (ക്രമ നമ്പർ i, ii, iii ൽ പരാമർശിച്ചതു പോലെ).

ഈ തുകയിൽ 9360.00 ലക്ഷം രൂപ താഴെ കൊടുത്തിരിക്കുന്ന ഘടകങ്ങൾക്കായി നീക്കി വച്ചിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നെൽകൃഷിയിലെ സംയോജിത വിള പരിപാലനത്തോടുകൂടിയ കൂട്ടുകൃഷിയ്ക്കുള്ള സഹായവും നെൽവയൽ ഉടമകൾക്ക് റോയൽറ്റിയും | 8000.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 2 | നെൽകൃഷി വിസ്തൃതി വർദ്ധന പരിപാടികളുടെ പ്രോത്സാഹനം– സവിശേഷ നെല്ലിനങ്ങൾ ഉൾപ്പെടെ തരിശുനില കൃഷി, ഒരുപൂ കൃഷിയിൽനിന്ന് ഇരുപൂ കൃഷി എന്നിവയ്ക്ക് | 200.00 |
| 3 | രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം/സീഡ് വില്ലേജ് പ്രോഗ്രാം | 125.00 |
| 4 | ഓപ്പറേഷൻ ഡബിൾ കോൾ | 50.00 |
| 5 | പാടശേഖര സമിതികൾക്കും നെൽവികസന ഏജൻസികൾക്കുമുള്ള സഹായം | 400.00 |
| 6 | പ്രോജക്റ്റ് അടിസ്ഥാനത്തിൽ ബ്ലോക്ക്തല സംയോജനത്തോടെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം. | 210.00 |
| 7 | നെൽകൃഷിയിൽ സൂക്ഷ്മ മൂലകങ്ങളുടെ പത്രപോഷണം | 350.00 |
| 8 | പൊക്കാളി നെല്ലിനങ്ങൾക്ക് ഫീൽഡ് തലത്തിലുള്ള സീഡ് മൾട്ടിപ്ലിക്കേഷൻ (പുതിയത്) | 25.00 |
| | **ആകെ** | **9360.00** |

നെൽകൃഷിയിലെ സംയോജിത വിള പരിപാലനത്തോടു കൂടിയ കൂട്ടുകൃഷിയ്ക്ക് ഉല്പാദനോപാധികൾക്കുള്ള സഹായം ഹെക്ടറിന് 5500.00 രൂപ നിരക്കിൽ നൽകുന്നതിനും നെൽവയൽ ഉടമസ്ഥർക്ക് നെൽവയൽ സംരക്ഷണത്തിന് ഹെക്ടറിന് 3000.00 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നതിനുമായി 8000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഗുണമേന്മയുള്ള വിത്തുകൾ, ജൈവ ഉല്പാദനോപാധികൾ (കാർഷിക ആവാസ മേഖലാ ശിപാർശ പ്രകാരം) ജൈവനിയന്ത്രണകാരികൾ എന്നിവയ്ക്കുള്ള സഹായം ഇതിൽ ഉൾപ്പെടുന്നു.

തരിശുനിലകൃഷി, ഒരുപൂ കൃഷി ഇരുപൂ കൃഷിയിലേയ്ക്കു മാറ്റുക, സവിശേഷ നെല്ലിനങ്ങളുടെ പ്രോത്സാഹനം എന്നീ പരിപാടികളിലൂടെ കാർഷിക സർവ്വകലാശാലയുടെ ശുപാർശ അടിസ്ഥാനമാക്കി നെൽകൃഷി വിസ്തൃതി വികസനം നടപ്പിലാക്കും. 2025–26 വർഷത്തിൽ വിസ്തൃതി വികസന പരിപാടികൾക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം (ആർ.എസ്.ജി.പി)/സീഡ് വില്ലേജ് പ്രോഗ്രാം തുടരുന്നതിനായി 125.00 ലക്ഷം രൂപ സർട്ടിഫൈഡ് വിത്ത് ഉല്പാദനത്തിന് ആർ.എസ്.ജി.പി കർഷകർക്കും കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിക്കുള്ള ധനസഹായത്തിനുമായി നീക്കി വച്ചിരിക്കുന്നു. ഈ ധനസഹായം വിത്തു വികസന അതോറിറ്റി ഉദ്യോഗസ്ഥരുമായി ചർച്ചചെയ്തു തീരുമാനിക്കും. പറിച്ചു നട്ട വിളയ്ക്ക് മാത്രമായിരിക്കും പിന്തുണ ലഭിക്കുക.

2025–26 കാലയളവിൽ കോൾ നിലങ്ങളിൽ ഇരുപൂ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഓപ്പറേഷൻ ഡബിൾ കോൾ എന്ന ഘടകത്തിൽ 50.00 ലക്ഷം രൂപ നീക്കി വെച്ചിരിക്കുന്നു. ഉല്പാദനോപാധികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഉപയോഗിക്കാവുന്ന തുക പരിപാടിയുടെ സ്പെഷ്യൽ ഓഫീസർ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശപ്രകാരം ആയിരിക്കും. ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ്, കേരള കാർഷിക സർവ്വകലാശാല എന്നിവയുടെ പദ്ധതികളുമായി സംയോജിപ്പിച്ചായിരിക്കും ഇത് നടപ്പിലാക്കുക.

സജീവ പാടശേഖര സമിതികളുടെ കൂട്ടുകൃഷി സമ്പ്രദായത്തിലുള്ള നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തന പിന്തുണയായി 300.00 ലക്ഷം രൂപയും, നെൽകൃഷി വികസന ഏജൻസികൾക്കുള്ള സഹായമായി 100.00 ലക്ഷം രൂപയും വകയിരുത്തുന്നു. പ്രോജക്റ്റ് അടിസ്ഥാനത്തിലായിരിക്കും സഹായം നൽകുക.

പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം ബ്ലോക്ക്തല സംയോജനത്തോടെ പ്രോജക്റ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് പിന്തുണ നൽകും. പ്രോജക്റ്റ് തെരഞ്ഞെടുക്കുന്നതും അനുമതി നൽകുന്നതും കൃഷി ഡയറക്ടർ ആയിരിക്കും. അടിസ്ഥാനസൗകര്യവികസനം നടപ്പാക്കുന്നതിൽ ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ്, മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയുടെ സംയോജനം ഉറപ്പാക്കേണ്ടതാണ്. നല്ല രീതിയിൽ

പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുമായി സംയോജിതമായി പദ്ധതി നടപ്പിലാക്കും. ഈ പ്രവർത്തനങ്ങൾക്കായി 210.00 ലക്ഷം രൂപ നീക്കി വെച്ചിരിക്കുന്നു.

2025–26 വർഷത്തിൽ നെൽകൃഷിയിൽ സൂക്ഷ്മ മൂലകങ്ങൾ പത്രപോഷണത്തിലൂടെ നൽകുന്നതിന് സഹായമായി 350.00 ലക്ഷം രൂപ വകയിരുത്തുന്നു. വിവിധ പങ്കാളികളെ ഉൾപ്പെടുത്തിക്കൊണ്ടും വായ്പ സൗകര്യങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടും നൂതന സാങ്കേതിക വിദ്യകൾ ഇതിൽ കൊണ്ടു വരുന്നതിന് വകുപ്പ് ശ്രദ്ധ ചെലുത്തും. നെൽകൃഷിയിൽ ഡ്രോണിന്റെ സഹായത്തോടെ സൂക്ഷ്മ മൂലകങ്ങൾ പത്രപോഷണത്തിലൂടെ നൽകുന്നതിനും പിന്തുണ നൽകും.

പ്രോജക്റ്റ് അടിസ്ഥാനത്തിലുള്ള പൊക്കാളി നെല്ലിനങ്ങളുടെ ഫീൽഡ് തലത്തിലുള്ള സീഡ് മൾട്ടിപ്ലിക്കേഷനായി 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി നെല്ല് ഉല്പാദിപ്പിക്കുന്ന ഏഴ് കാർഷിക ആവാസ യൂണിറ്റുകൾക്ക് ഊന്നൽ നൽകുന്നതാണ്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ 33 ശതമാനം സ്ത്രീകൾ ആയിരിക്കുമെന്ന് വകുപ്പ് ഉറപ്പാക്കും.

നെൽവികസന പരിപാടികളിൽ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, കർഷക ഉല്പാദക സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

*സംസ്ഥാനത്തെ നെല്ല് വികസനത്തിന്റെ നേരിട്ട് ഭാഗമായ പദ്ധതികളുടെ/ഘടകങ്ങളുടെ വിശദാംശങ്ങൾ (ക്രമ നമ്പർ ii, iii, iv), 1.1 ന കീഴിലുള്ള പദ്ധതി ക്രമ നമ്പർ 10, 23 എന്നിവയിലും 1.2 ന കീഴിലുള്ള പദ്ധതി ക്രമ നമ്പർ V - (21) ലും നൽകിയിരിക്കുന്നു.*

**5. സമഗ്ര പച്ചക്കറി വികസനം (സമ്പൂർണ്ണ പച്ചക്കറി യജ്ഞം)**

**(വിഹിതം: 7845.00 ലക്ഷം രൂപ)**

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് സംസ്ഥാനത്ത് പച്ചക്കറി വികസന പരിപാടി, സമ്പൂർണ്ണ പച്ചക്കറി യജ്ഞത്തിലൂടെ നടപ്പിലാക്കുന്നത്. കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള കാർഷിക സർവ്വകലാശാല, കർഷക ഉല്പാദക സംഘടനകൾ (എഫ്.പി.ഒ) തുടങ്ങിയ ഏജൻസികളെ ഉൾപ്പെടുത്തി മിഷൻ അടിസ്ഥാനത്തിലായിരിക്കും പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുക. കുടുംബങ്ങളുടെ പോഷക സുരക്ഷ വർദ്ധിപ്പിക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യത്തിൽ ഉൾപ്പെടുന്നു.

വിഭവങ്ങളുടെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിനായി സാധ്യമാകുന്നിടത്തെല്ലാം സബ്സിഡി രൊക്കം പണമായി നൽകുന്നതിൽ നിന്നും സാധനമായി നൽകുന്നതിലേയ്ക്ക് ഘട്ടം ഘട്ടമായി മാറ്റുന്നതിനായുള്ള തന്ത്രം വികസിപ്പിക്കും.

2025–26 വർഷത്തിൽ പച്ചക്കറി വികസന പരിപാടികൾക്കായി 7845.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനത്തിന് 6045.00 ലക്ഷം രൂപയും വി.എഫ്.പി.സി.കെ മുഖേനയുള്ള പച്ചക്കറി വികസനത്തിന് സഹായമായി 1800.00 ലക്ഷം രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. കാർഷിക ആവാസ വ്യവസ്ഥായൂണിറ്റുകൾ അടിസ്ഥാനമാക്കി ആസൂത്രണം നടപ്പിലാക്കുകയും 1, 2, 3, 8, 9, 10, 11, 12, 13, 17, 18, 20, 21, 22, 23 യൂണിറ്റുകൾക്ക് ഊന്നൽ നൽകുകയും ഉല്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ആധുനിക കൃഷിരീതികൾ സ്വീകരിക്കുകയും ചെയ്യും.

പച്ചക്കറി വികസന പരിപാടിയുടെ ഘടകങ്ങൾ തിരിച്ചുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വി.എഫ്.പി.സി.കെ യ്ക്കുള്ള പിന്തുണ | 1800.00 |
| 2 | അത്യുല്പാദന ശേഷിയുള്ള ഇനങ്ങളുടേയും സങ്കരയിനങ്ങളുടേയും വിത്തു കിറ്റുകളും, ഉല്പാദനക്ഷമത കൂടിയ പ്രോട്രേ തൈകളുടെയും വിതരണം | 700.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 3 | പുതിയ പ്രദേശങ്ങളിൽ ഓപ്പൺ ഫീൽഡ് കൃത്യതാ കൃഷിക്കുള്ള പ്രോത്സാഹനം | 700.00 |
| 4 | വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്കുള്ള പിന്തുണ | 1350.00 |
| 5 | ക്ലസ്റ്ററുകളിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി | 2864.00 |
| 6 | പ്രോജക്ടടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി | 200.00 |
| 7 | പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട നിർണ്ണയം | 20.00 |
| 8 | സാങ്കേതിക പിന്തുണയും കരാർ വേതനവും | 210.00 |
| 9 | ബോധവത്ക്കരണ ക്യാംപെയനുകൾ നടത്തൽ (പുതിയത്) | 1.00 |
| | **ആകെ** | **7845.00** |

വി.എഫ്.പി.സി.കെ മുഖേന പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 1800.00 ലക്ഷം രൂപ നീക്കി വെച്ചിരിക്കുന്നു. കർഷക താല്പര്യ കൂട്ടായ്മകൾ, കർഷക ഉല്പാദക സംഘടനകൾ (എഫ്.പി.ഒ), ജി.എ.പി/പി.ജി.എസ് സംവിധാനത്തിനു കീഴിലുള്ള ക്ലസ്റ്ററുകൾ മുഖേനയുള്ള പച്ചക്കറികൃഷി, കർഷക ഉല്പാദക സംഘടനകൾക്കുള്ള പിന്തുണ,കയറ്റുമതി പ്രോത്സാഹനം എന്നിവ ഇതിൽ ഉൾപ്പെടുന്നു. സംസ്കരണം, മൂല്യവർദ്ധന പ്രവർത്തനങ്ങൾ, കയറ്റുമതി പ്രോത്സാഹനം, എഫ്.പി.ഒ കൾക്കുള്ള പിന്തുണ എന്നീ പ്രവർത്തനങ്ങൾ വി.എഫ്.പി.സി.കെ നടപ്പിലാക്കും. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ എ.ഐ.എം.എസ് പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് കർഷകർക്ക് വിള ഇൻഷ്വറൻസും പ്രകൃതിദുരന്ത നഷ്ടപരിഹാരവും തീർപ്പാക്കാം. പൊതുവായ പ്രവർത്തനങ്ങൾ കൂടാതെ ഫണ്ട് ലഭിക്കുന്നതനുസരിച്ച് പദ്ധതി അധിഷ്ഠിത പ്രവർത്തനങ്ങളും വി.എഫ്.പി.സി.കെ നടപ്പിലാക്കുന്നതാണ്.

പച്ചക്കറികളിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അത്യുൽപ്പാദനശേഷിയുള്ളതും സങ്കരയിനങ്ങളും പ്രോത്സാഹിപ്പിക്കും. അത്യുല്പാദന ശേഷിയുള്ള ഇനങ്ങളുടെ വിത്തുകിറ്റുകളും, സങ്കരയിനം വിത്തുകിറ്റുകളും, അത്യുൽപ്പാദനശേഷിയുള്ളയിനം പ്രോട്രേ തൈകളും വിതരണം ചെയ്യുന്നതിനായി 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. തുറസ്സായ പ്രദേശങ്ങളിൽ കൃത്യതാ കൃഷി പുതിയ മേഖലകളിൽ പ്രോത്സാഹിപ്പിക്കും. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പരമാവധി ലാഭം ലക്ഷ്യമിട്ടും കൊണ്ടുള്ള ഈ കൃഷിരീതി, പച്ചക്കറികളിലും, ഉയർന്ന മൂല്യമുള്ള പഴങ്ങളിലും, സുഗന്ധവ്യഞ്ജനങ്ങളിലും പ്രോത്സാഹിപ്പിക്കുന്നതിനായി 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 200.00 ലക്ഷം രൂപ ഈ മേഖലയിൽ സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്റ്റാർട്ട് അപ്പുകൾക്കുള്ള പിന്തുണയ്ക്കായി നീക്കിവച്ചിരിക്കുന്നു.

സുരക്ഷിത പച്ചക്കറി ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ എല്ലാ വീട്ടുവളപ്പിലും പുരയിട കൃഷി പ്രോത്സാഹിപ്പിക്കും. പച്ചക്കറി വിത്തുകളുടെ കിറ്റ് വിതരണം, ശീമച്ചക്ക, അഗത്തി, മുരിങ്ങ, കറിവേപ്പില തുടങ്ങിയ ദീർഘകാല വിളകൾ ഉൾപ്പെടെയുള്ള തൈകളുടെ വിതരണം എന്നിവയിലൂടെ വീട്ടുവളപ്പിലെ പച്ചക്കറികൃഷി പിന്തുണയ്ക്കും. ശീതകാലപച്ചക്കറികൾക്ക് ഊന്നൽ നൽകും. ലംബ കൃഷി, ഹൈഡ്രോപോണിക്സ് യൂണിറ്റുകൾ, കണ്ടയിനറുകളിലെ പച്ചക്കറി കൃഷി, മൈക്രോ ഗ്രീൻസ് ഉല്പാദനം തുടങ്ങിയവ ഉൾപ്പെടുത്തി കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക ഉപദേശ പ്രകാരം മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കും. നിശ്ചിത മാനദണ്ഡങ്ങളോടെ സുതാര്യമായ രീതിയിലായിരിക്കും ഗുണഭോക്താവിനെ തിരഞ്ഞെടുക്കുക. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 1350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ക്ലസ്റ്റർ സമീപനത്തിലൂടെ പച്ചക്കറി കൃഷിയ്ക്ക് സാധ്യതയുള്ള 15 കാർഷിക ആവാസ യൂണിറ്റുകൾ കേന്ദ്രീകരിച്ച് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കും. ക്ലസ്റ്ററിന്റെ വലിപ്പം 3 ഹെക്ടർ മുതൽ 5 ഹെക്ടർവരെയായിരിക്കും. വിളകലണ്ടറും ഉല്പാദനപദ്ധതിയും അടിസ്ഥാനമാക്കിയായിരിക്കും ഓരോ ബ്ലോക്കിലും കൃഷി നടപ്പിലാക്കുന്നത്. ഉല്പാദനക്ഷമതയുടെ അടിസ്ഥാനത്തിൽ ക്ലസ്റ്ററുകളെ തരംതിരിക്കും. രണ്ട് വർഷത്തെ പ്രവൃത്തിപരിചയം ഉള്ളതും കുറഞ്ഞത് 5.00 ലക്ഷം രൂപയെങ്കിലും വരുമാനമുള്ളതുമായ മികച്ച പ്രവർത്തനം കാഴ്ച വെയ്ക്കുന്ന ക്ലസ്റ്ററുകളെ തിരഞ്ഞെടുക്കും. ഒന്നാം ഗ്രേഡ് ക്ലസ്റ്ററുകൾക്ക് രണ്ടാം വിളയ്ക്കുള്ള സഹായം നൽകും. വനിതകൾ, യുവാക്കൾ, വിദ്യാർത്ഥികൾ ഇവരുടെ ക്ലസ്റ്ററുകൾക്ക് മുൻഗണന നൽകും. മോശം പ്രവർത്തനം കാഴ്ച വയ്ക്കുന്ന ക്ലസ്റ്ററുകളെ സഹായം നൽകുന്നതിൽ നിന്നും

ഒഴിവാക്കി പുതിയ ക്ലസ്റ്ററുകളെ ഉൾപ്പെടുത്തും. 2025-26 ൽ ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയ്ക്ക് 2864.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കർഷക ക്ലസ്റ്ററുകളേയും വനിതാ ഗ്രൂപ്പുകളേയും ഉൾപ്പെടുത്തി ഡിപ്പാർട്ട്മെന്റ് ഫാമുകളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും ഉടമസ്ഥതയിൽ ലഭ്യമായ തരിശുനിലങ്ങളിലേയ്ക്കും പച്ചക്കറി കൃഷി വ്യാപിപ്പിക്കും.

സ്ഥാപനങ്ങൾ മുഖേന (സ്കൂളുകളും കോളേജുകളും ഒഴികെ) നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടെ ഉപയോഗപ്പെടുത്തിയുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

കൃഷിവകുപ്പ് കാർഷിക സർവ്വകലാശാല മുഖേന പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട നിർണ്ണയം നടത്തുന്നതിനായി 20.00 ലക്ഷം രൂപ വകയിരുത്തുന്നു. കാർഷിക സർവ്വകലാശാലയിൽ ഗവേഷണം, വിജ്ഞാന വ്യാപന ഘടകങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്ത പദ്ധതികൾക്ക് മാത്രമേ ഇതിന് അർഹതയുള്ളൂ.

പച്ചക്കറി വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സാങ്കേതിക കരാർ തൊഴിലാളികളുടെ വേതനത്തിനായി 210.00 ലക്ഷം രൂപ വകയിരുത്തുന്നു.

സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവത്ക്കരണ ക്യാംപെയിനുകൾ നടത്തുന്നതിന് പദ്ധതിയ്ക്ക് കീഴിൽ പിന്തുണ നൽകും.

വിത്തുകളുടേയും തൈകളുടേയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നടീൽ വസ്തുക്കൾക്ക് ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന പച്ചക്കറി വികസന കമ്മിറ്റിയുടെ സാക്ഷ്യപ്പെടുത്തൽ സംവിധാനം ഉണ്ടാകണം. ഉല്പാദിപ്പിക്കുന്ന വിത്തുകളുടേയും തൈകളുടേയും ഗുണനിലവാരം ഉറപ്പ് വരുത്തി നഴ്സറികളുടെ സർട്ടിഫിക്കേഷന് ഒരു അംഗീകൃത ഏജൻസിയുടെ സാക്ഷ്യപത്രം ഉറപ്പാക്കണം.

പഞ്ചായത്ത്, കാർഷിക ആവാസ വ്യവസ്ഥാ യൂണിറ്റ്തലത്തിൽ വ്യക്തമായ ഭൗതീക ലക്ഷ്യങ്ങളോടെ നവകേരളം മിഷന്റെ ഏകോപനത്തിൽ പച്ചക്കറി വികസന പരിപാടികൾ നടപ്പിലാക്കും.

ഈ പദ്ധതി വിഹിതത്തിന്റെ 85 ശതമാനം ഉല്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുമെന്നും, പദ്ധതിയുടെ ഗുണഭോക്താക്കളിൽ 33 ശതമാനം സ്ത്രീകളാണെന്നും വകുപ്പ് ഉറപ്പാക്കും.

2025-26 കാലയളവിൽ കേര പ്രൊജക്റ്റുമായി സംയോജിപ്പിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

## 6. നാളികേര വികസനം

**(വിഹിതം: 7300.00 ലക്ഷം രൂപ)**

പുതിയതും ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെയും മെച്ചപ്പെട്ട പരിപാലന രീതികൾ നടപ്പിലാക്കുന്നതിലൂടെയും നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് നാളികേര വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 2025-26 ൽ ഈ പദ്ധതിയ്ക്കായി താഴെ പറയുന്ന ഘടകങ്ങൾക്ക് 7300.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സമഗ്രമായ നാളികേര പുനരുജ്ജീവനവും നടീൽ പരിപാടികളും - നാളികേര മിഷൻ പരിപാടിയിലൂടെ കേരളത്തിലെ തെങ്ങുകളുടെ പുനരുദ്ധാരണവും പുനരുജ്ജീവനവും, കേരരക്ഷാവാരം, പുതിയ കേരഗ്രാമങ്ങൾ സ്ഥാപിക്കൽ, ആറളം ഫാമിൽ തെങ്ങിൻതൈ ഉൽപ്പാദനത്തിനുള്ള സഹായം, കേരഗ്രാമം രണ്ടാം വർഷവും മൂന്നാം വർഷവും പ്രവർത്തനങ്ങൾ | 4000.00 |
| 2 | നാളികേരവികസന കൗൺസിലിന്റെ ഭാഗമായി തെങ്ങിൻതൈ വിതരണവും വിത്തുതേങ്ങാ സംഭരണവും തെങ്ങിൻതൈ ഉല്പാദനവും | 2500.00 |
| 3 | തെങ്ങിൻതോട്ടങ്ങളിൽ സൂക്ഷ്മ ജലസേചനം/ഫെർട്ടിഗേഷൻ ഏർപ്പെടുത്തുന്നതിനുള്ള സബ്സിഡി സഹായം (പുതിയത്) | 600.00 |
| 4 | നാളികേര മേഖലയിലെ നിലവിലുള്ള എഫ്.പി.ഒ കളുടെ പ്രോജക്റ്റ് അടിസ്ഥാനത്തിലുള്ള നവീകരണം (പുതിയത്) | 200.00 |
| | **ആകെ** | **7300.00** |

നിലവിലുള്ളതും പുതിയതുമായ തെങ്ങുകൾക്ക് ശാസ്ത്രീയ പരിപാലന മാർഗ്ഗങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക ഉൾപ്പെടെ മണ്ണ് പരിശോധന അടിസ്ഥാനമാക്കിയുള്ള വളപ്രയോഗം, ജലസേചനം, രോഗകീടപരിപാലനം, തെങ്ങിൻതോട്ടങ്ങളിൽ ബഹുവിള കൃഷി സമ്പ്രദായം തുടങ്ങിയ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

നാളികേര മിഷന്റെ പ്രവർത്തനങ്ങളിലൂടെ 2025-26 ൽ തെങ്ങുകളുടെ പുനരുദ്ധാരണത്തിനും പുനസ്ഥാപനത്തിനുമായി സമഗ്രമായ നടീൽ പരിപാടികളും പുനരുജ്ജീവന പരിപാടികളും നടപ്പിലാക്കും. പുതിയതും നിലവിലുള്ളതുമായ തെങ്ങിൻ തോട്ടങ്ങളിൽ പ്രധാന നടീൽ സമയമായ 2025 ജൂൺ, ജൂലൈ മാസത്തിൽ കേരരക്ഷാവാരമായി നടപ്പിലാക്കുകയും ഈ പരിപാടിയിൽ സംസ്ഥാനത്തെ ആരോഗ്യമുള്ളതും ഉല്പാദനക്ഷമതയുള്ളതുമായ മുഴുവൻ തെങ്ങുകളിലും തടം തുറക്കുക, കുമ്മായ പ്രയോഗത്തിനുമൊപ്പം തെങ്ങിന്റെ കടഭാഗം വൃത്തിയാക്കുക, മണ്ണ് പരിശോധന അടിസ്ഥാനമാക്കിയുള്ള സംയോജിത പോഷകപരിപാലനം, സംയോജിത കീടരോഗ പരിപാലനം തുടങ്ങിയ പ്രവർത്തനങ്ങൾ മിഷൻ അടിസ്ഥാനത്തിൽ നടപ്പിലാക്കും. തെങ്ങിൻ തടങ്ങളിൽ പച്ചിലവളപ്രയോഗവും, ജൈവനിയന്ത്രണകാരികളുടെ പ്രയോഗവും പ്രോത്സാഹിപ്പിക്കും. സൂക്ഷ്മ ദ്വിതീയ മൂലകപ്രയോഗവും മണ്ണ്പരിശോധന അടിസ്ഥാനമാക്കി പിന്തുണയ്ക്കും. കേരഗ്രാമം പ്രവർത്തനങ്ങളുടെ സംയോജനത്തോടെയായിരിക്കും ഈ പരിപാടികൾ നടപ്പിലാക്കുക. ഇതിനായി നീക്കി വച്ചിരിക്കുന്ന തുകയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ സാധ്യമാകുന്നിടത്തെല്ലാം സാധനങ്ങളായിട്ടായിരിക്കും സഹായം നൽകുക. എല്ലാ പ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ വകുപ്പ് എം.എൻ.ആർ.ഇ.ജി.എസ് എന്നിവയുടെ പിന്തുണയോടെ നടത്തും. തൊഴിലാളികളുടെ ക്ഷാമം മറികടക്കുന്നതിനായി യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് കാർഷിക കർമ്മ സേനയുടെ കാര്യക്ഷമമായ വിനിയോഗത്തിനും ശ്രദ്ധ കേന്ദ്രീകരിക്കും. അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മ സേന, കസ്റ്റം ഹയറിംഗ് സെന്റർ എന്നിവയിലൂടെയുള്ള അഗ്രോ മെഷീനറി, ഉല്പാദനോപാധികൾ, തൊഴിലാളികൾ തുടങ്ങിയ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തും. കേരഗ്രാമത്തിന്റെ രണ്ടും മൂന്നും വർഷങ്ങളിലെ സഹായം തെരഞ്ഞെടുക്കപ്പെട്ട ഘടകങ്ങൾക്ക് മാത്രമായിരിക്കും. ആറളം ഫാമിൽ തെങ്ങിൻതൈ ഉൽപ്പാദനത്തിനായിട്ടുള്ള ധനസഹായവും ഇതിൽ ഉൾപ്പെടുന്നു. ഈ പ്രവർത്തനങ്ങൾക്കായി 4000.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

നാളികേര മിഷന്റെ ഭാഗമായി പുതിയ തൈകൾ നട്ടും നിലവിലുള്ളവ പരിപാലിച്ചും നാളികേര സമ്പത്ത് വർദ്ധിപ്പിക്കുക, കൂടാതെ നാളികേരത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, വ്യവസായവുമായി ബന്ധിപ്പിക്കുക എന്നിവ ലക്ഷ്യമിടുന്നു. കെ.എ.യു, സി.ഡി.ബി, സി.പി.സി.ആർ.ഐ, എഫ്.പി.ഒ കൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുടെ സഹായത്തോടെ ഓരോ വാർഡിലും ഓരോ വർഷവും 75 തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കേണ്ട ആവശ്യകതയുണ്ട്. കാർഷിക സർവ്വകലാശാലയിലുല്പാദിപ്പിക്കുന്ന 25 ശതമാനം തെങ്ങിൻ തൈകൾ സർവ്വകലാശാലയിലൂടെ വിതരണം ചെയ്യും. പ്രായം ചെന്നതും ഉല്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റുക, ഉയർന്ന ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞതുമായ തൈകൾ വെച്ചു പിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകളെ പുനരുജ്ജീവിപ്പിക്കുക, വിത്തുതേങ്ങ വിതരണം ഉറപ്പാക്കുക എന്നീ പരിപാടികൾ നാളികേര മിഷൻ പ്രവർത്തനങ്ങളുടെ പ്രധാന ഘടകങ്ങളാണ്.

നാളികേര മിഷന്റെ ഭാഗമായി, ഡിപ്പാർട്ട്മെന്റ് ഫാമുകളിലൂടെ വിത്തുതേങ്ങാ സംഭരണത്തിനും തെങ്ങിൻതൈ ഉല്പാദനത്തിനും വിതരണത്തിനുമായി 2500.00 ലക്ഷം രൂപ വകയിരുത്തുന്നു.

2025-26 കാലയളവിൽ, ഒരേക്കർ വരെയുള്ള തെങ്ങിൻതോട്ടങ്ങളിൽ സൂക്ഷ്മ കണിക ജലസേചനം/ഫെർട്ടിഗേഷൻ ഏർപ്പെടുത്തുന്നതിനുള്ള സബ്സിഡി സഹായത്തിനായി 600.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം ഏക്കറിന് 20000/- രൂപയോ പ്രോജക്ടിനായുള്ള മൊത്തം സാമ്പത്തിക വിഹിതത്തിന്റെ 50 ശതമാനമോ (ഇവയിൽ കുറഞ്ഞത് ഏതാണോ) സബ്സിഡി സഹായം നൽകും.

നാളികേര മേഖലയിലെ നിലവിലുള്ള എഫ്.പി.ഒ കൾ നവീകരിക്കുന്നതിനുള്ള പ്രോജക്ട് അധിഷ്ഠിത സഹായം ഈ പദ്ധതിയ്ക്ക് കീഴിൽ പിന്തുണയ്ക്കും. ഇതിനായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു. ചുരുങ്ങിയത് 5 വർഷം പൂർത്തിയാക്കിയ എഫ്.പി.ഒ കളുടെ നവീകരണം പദ്ധതിയ്ക്ക് കീഴിൽ പരിഗണിയ്ക്കും. ഇത് പ്രയോജനപ്പെടുത്തുന്നതിന് സാങ്കേതികമായി സാധ്യമായ ഒരു പ്രോജക്ട് വകുപ്പിന് സമർപ്പിക്കേണ്ടതുണ്ട്. ഒരു എഫ്.പി.ഒ യ്ക്കുള്ള പരമാവധി സഹായം 50.00 ലക്ഷം രൂപ ആയിരിക്കും.

## 7. സുഗന്ധ വ്യഞ്ജന വികസനം

**(വിഹിതം: 760.00 ലക്ഷം രൂപ)**

ദീർഘകാല സുഗന്ധ വ്യഞ്ജന വിളകളുടെയും വാർഷിക സുഗന്ധ വ്യഞ്ജന വിളകളുടെയും വികസനം ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കാർഷിക ആവാസവ്യവസ്ഥാ യൂണിറ്റടിസ്ഥാനത്തിലായിരിക്കും സുഗന്ധ വ്യഞ്ജനങ്ങളുടെ വിസ്തൃതി വ്യാപന പ്രോത്സാഹന പരിപാടികൾ നടപ്പിലാക്കുക. ഇടുക്കി, വയനാട് ജില്ലകൾക്ക് ഊന്നൽ നൽകും. 2025-26 വർഷത്തിൽ സുഗന്ധ വ്യഞ്ജന വികസനത്തിനായി 760.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഘടകങ്ങൾ തിരിച്ചുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ ) |
|---|---|---|
| 1 | ദീർഘകാല സുഗന്ധ വ്യഞ്ജന വിളകളുടെ വിസ്തൃതി വികസനം | 350.00 |
| 2 | വാർഷിക സുഗന്ധ വ്യഞ്ജനവിളകളുടെ വിസ്തൃതി വികസനം | 250.00 |
| 3 | വികേന്ദ്രീകൃത നഴ്സറികളുടെ സ്ഥാപനം | 9.00 |
| 4 | മെച്ചപ്പെട്ട പരിപാലനമുറകൾ നടപ്പിലാക്കുന്നതിനുള്ള പിന്തുണ | 150.00 |
| 5 | പുതുതായി വികസിപ്പിച്ച സുഗന്ധ വ്യഞ്ജന ഇനങ്ങളുടെ ഫീൽഡ് മൾട്ടിപ്ലിക്കേഷനായി ഐ.സി.എ.ആർ സ്ഥാപനങ്ങളുമായും കെ.എ.യു മായും സഹകരിച്ചു കൊണ്ടുള്ള പരിപാടി (പുതിയത്) | 1.00 |
| | **ആകെ** | **760.00** |

കൃഷിക്ക് കുറഞ്ഞത് പത്ത് സെന്റ് (കെട്ടിടങ്ങൾ നിൽക്കുന്ന സ്ഥലം ഉൾപ്പെടാതെ) സ്ഥലമുള്ളവർക്കായിരിക്കും പിന്തുണ ലഭിക്കുക.

സുഗന്ധവ്യഞ്ജന വിളകളുടെ വികസനത്തിനായുള്ള സഹായത്തിൽ, മുന്തിയ ഇനങ്ങളുടെയും പരിപാലന മുറകളുടെയും പ്രചരണം, നഴ്സറി, ദ്വിതീയ സൂക്ഷ്മ മൂലകങ്ങൾക്കുള്ള സഹായം, സോയിൽ അമീലിയോറൻസ്, സർക്കാർ സംവിധാനത്തിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്റർ മുഖേന രോഗനിവാരണ സ്പ്രേയിംഗ്, വി.എ.എം പ്രോത്സാഹനം എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. ദീർഘകാല സുഗന്ധ വ്യഞ്ജന വിളകളുടെ വിസ്തൃതി വികസനത്തിനായി 350.00 ലക്ഷം രൂപ നീക്കി വെച്ചിരിക്കുന്നു. ജാതി, ഗ്രാമ്പൂ എന്നീ വിളകളും (ഇടവിളകൃഷി ഉൾപ്പെടെ) ഇതിൽ ഉൾപ്പെടും.

വാർഷിക സുഗന്ധ വ്യഞ്ജന വിളകളുടെ വിസ്തൃതി വികസനത്തിനായി 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കുന്നതിന് 2025-26 വർഷത്തിൽ 9.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

തെരഞ്ഞെടുത്ത തോട്ടങ്ങൾക്ക് മെച്ചപ്പെട്ട പരിപാലന രീതികൾ സ്വീകരിക്കുന്നതിന് സഹായം നൽകും. ഇതിനായി 150.00 ലക്ഷം രൂപ വകയിരുത്തുന്നു. തോട്ടങ്ങളുടെ തിരഞ്ഞെടുപ്പ് വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പ്രകടന മാനദണ്ഡത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും. സഹായത്തിന്റെ നിരക്ക് കേരള കാർഷിക സർവകലാശാല ശിപാർശ ചെയ്തിട്ടുള്ള മെച്ചപ്പെട്ട പരിപാലന മുറകൾക്ക് അനുസരിച്ചായിരിക്കും നിശ്ചയിക്കുക. എം.ഐ.ഡി.എച്ച് പദ്ധതിയ്ക്ക് കീഴിലുള്ള പ്രവർത്തനങ്ങളുമായുള്ള സംയോജനം പദ്ധതിയുടെ നടത്തിപ്പിൽ ഉറപ്പ് വരുത്തണം.

പുതുതായി വികസിപ്പിച്ച സുഗന്ധ വ്യഞ്ജന ഇനങ്ങളുടെ ഫീൽഡ് മൾട്ടിപ്ലിക്കേഷനായി ഐ.സി.എ.ആർ സ്ഥാപനങ്ങളുമായും, കെ.എ.യു മായും ചേർന്നുള്ള സഹകരണ പരിപാടി, പദ്ധതിയ്ക്ക് കീഴിൽ ഒരു പുതിയ ഘടകമായി നടപ്പിലാക്കും.

2025-26 കാലയളവിൽ കേര പ്രൊജക്ടുമായി സംയോജിപ്പിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

## 8. പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം

**(വിഹിതം: 1892.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് തദ്ദേശീയപഴങ്ങൾക്കു പുറമേ വിദേശീയപഴങ്ങളുടെയും ഉയർന്ന വിലയുള്ള പഴങ്ങളുടെയും വിസ്തൃതി വ്യാപിപ്പിക്കുന്നത് കൂടാതെ പഴവർഗ്ഗങ്ങളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഗുണഭോക്താക്കളിൽ 25 ശതമാനം സ്ത്രീകളാണെന്ന് വകുപ്പ് ഉറപ്പാക്കും.

2025-26 കാലയളവിൽ 1892.00 ലക്ഷം രൂപ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

ഘടകങ്ങൾ തിരിച്ചുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഫലവൃക്ഷ തൈകളുടെ വിതരണം (പണമായുള്ള സബ്സിഡി അനുവദനീയമല്ല), ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ഫല വർഗ്ഗ കൃഷി | 1467.00 |
| 2 | എം.ഐ.ഡി.എച്ച് പദ്ധതിയിൽ ഫലവൃക്ഷ കൃഷിയ്ക്ക് ടോപ് അപ് സബ്സിഡി | 200.00 |
| 3 | വി.എഫ്.പി.സി.കെ മുഖേന ചക്കയുടെ സംഭരണവും വ്യാപാരവും സംസ്കരണവും | 25.00 |
| 4 | പൂക്കളുടെ വികസനം | 100.00 |
| 5 | ഔഷധസസ്യങ്ങളുടെ വികസനം | 100.00 |
| | **ആകെ** | **1892.00** |

സംസ്ഥാനത്ത് 2025-26 ൽ പഴവർഗ്ഗ വികസനത്തിനായി വകയിരുത്തിയിരിക്കുന്ന തുക ഉയർന്ന വിലയുള്ള പഴവർഗ്ഗങ്ങൾ, വിദേശീയ പഴങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ട് വിസ്തൃതി വികസനം, ജലസേചന സഹായം, ഹാർഡനിംഗ് യൂണിറ്റുകൾ, വീട്ടുവളപ്പിലും വാണിജ്യാടിസ്ഥാനത്തിലുമുള്ള പഴവർഗ്ഗകൃഷി പ്രോത്സാഹനം എന്നീ പ്രവർത്തനങ്ങളിലൂടെ ഉത്പാദനം മെച്ചപെടുത്തുന്നതിനും ഉപയോഗിക്കും. ഫലവൃക്ഷതൈകളുടെ ഉല്പാദനത്തിനും വിതരണത്തിനും ഫ്രൂട്ട് ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുമായി 1467.00 ലക്ഷം രൂപ നീക്കി വെച്ചിരിക്കുന്നു. ഓരോ പ്രദേശത്തിന്റെയും അനുയോജ്യതയനുസരിച്ചായിരിക്കും ഫലവൃക്ഷ തൈകൾ വിതരണം ചെയ്യുക. മുൻ വർഷങ്ങളിൽ പദ്ധതിയിൽ നടീൽ നടത്തിയ തൈകളിൽ 80 ശതമാനം വിജയകരമായി നിലനിൽക്കുന്നുണ്ടെങ്കിൽ മാത്രമേ നിലവിലുള്ള ഗുണഭോക്താക്കൾക്ക് തുടർന്നും സഹായം ലഭിക്കുകയുള്ളൂ. ഇത് സംബന്ധിച്ച സാക്ഷ്യപത്രം കൃഷി ഓഫീസർ നൽകേണ്ടതാണ്. വകുപ്പുതല തോട്ടങ്ങളും നഴ്സറികളും പഴത്തോട്ടങ്ങളുടെ വികസനത്തിനായി ഉപയോഗിക്കുന്നതാണ്. ശമ്പളചെലവുകൾ, വാഹനം വാങ്ങൽ എന്നിവ അനുവദനീയമല്ല. വി.എഫ്.പി.സി.കെ, എഫ്.പി.ഒ കൾ, ഹോർട്ടികോർപ്പ്, കേരള കാർഷിക സർവ്വകലാശാല എന്നിവയുമായി സംയോജിച്ച് കാർഷിക വികസന കർഷകക്ഷേമവകുപ്പ് പദ്ധതി നടപ്പിലാക്കും.

കേന്ദ്രപദ്ധതിയായ എം.ഐ.ഡി.എച്ചു മായി സംയോജിച്ച് കർഷകർക്ക് ഫലവർഗ്ഗകൃഷി ഏറ്റെടുക്കുവാൻ പരമാവധി സഹായം നൽകും. ഫലവർഗ്ഗ കൃഷിയ്ക്ക് എം.ഐ.ഡി.എച്ച് പദ്ധതിയിലൂടെ ടോപ് അപ് സബ്സിഡി നൽകുന്നതിനായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

വി.എഫ്.പി.സി.കെ യിലൂടെ ചക്കയുടെ സംഭരണം, വ്യാപാരം, സംസ്കരണം, ബ്രാന്റിംഗ്, പായ്ക്കിംഗ്, ലേബലിംഗ് എന്നിവയ്ക്കായി 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

പുഷ്പകൃഷി വികസനത്തിനായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു. പ്രോജക്റ്റ് അടിസ്ഥാനത്തിൽ പുഷ്പകൃഷി യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സഹായം, ടിഷ്യൂകൾച്ചർ യൂണിറ്റുകൾ ഉൾപ്പെടെ പുതിയ ഫ്ലോറികൾച്ചർ നഴ്സറികൾ, ഗ്രേഡിംഗ്/പായ്ക്കിംഗ് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള സഹായം, മാർക്കറ്റ് ഇന്റലിജൻസിനുള്ള പിന്തുണ എന്നിവ നൽകും. പുഷ്പഗ്രാമങ്ങൾ സ്ഥാപിക്കുകയും പൂക്കളുടെ വിപണനത്തിനായി വിപണികൾ കണ്ടെത്തുകയും ചെയ്യും. ഒരു പ്രദേശത്തിന്റെ അനുയോജ്യതയും വിപണന സാധ്യതയും അടിസ്ഥാനമാക്കി പൂച്ചെടികൾ തിരഞ്ഞെടുക്കും. ആർ.കെ.വി.വൈ, എം.ഐ.ഡി.എച്ച് എന്നിവയിൽ നിന്നുള്ള ഫണ്ടും ഈ പദ്ധതിയിൽ സംയോജിപ്പിക്കുന്നതാണ്.

കാർഷിക ആവാസവ്യവസ്ഥാ യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ ഔഷധ സസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതാണ്. പ്രോജക്ട് അടിസ്ഥാനത്തിൽ ക്ലസ്റ്ററുകൾ മുഖേന വിസ്തൃതി വർദ്ധിപ്പിക്കുക, കളക്ഷൻ സെന്ററുകൾ/സസ്യ ആരോഗ്യ പരിപാലന യൂണിറ്റുകൾ സ്ഥാപിക്കുക, ഗതാഗതം/വിപണനം എന്നിവയ്ക്കായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു. കൃഷിവകുപ്പ് മുഖേന തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കും. സ്വകാര്യ/സർക്കാർ ആയുർവേദ ഫാർമസ്യൂട്ടിക്കലുകളുമായി വിപണന ബന്ധം സ്ഥാപിക്കുന്നതാണ്.

### 9. വിള വൈവിധ്യവൽക്കരണം, വിളതീവ്രത, അവതരണം

**(വിഹിതം: 350.00 ലക്ഷം രൂപ)**

ബഹുവിള കൃഷി, ഇടവിള കൃഷി, വിള ഭ്രമണം (ക്രോപ്പ് റൊട്ടേഷൻ) എന്നിവയിലൂടെ വിള വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുകയും അതുവഴി ഉൽപാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. തരിശു നിലങ്ങളും, തെങ്ങിൻ തോട്ടങ്ങളിലെ ഇടപ്രദേശവും പ്രധാന വിളയെ ബാധിക്കാതെ, ഉപയോഗപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു.

ചെറുധാന്യങ്ങളുടെ വിസ്തൃതി വികസനത്തിന് പദ്ധതി ഊന്നൽ നൽകും. പയറുവർഗ്ഗങ്ങളായ ചെറുപയർ, ഉഴുന്ന്, എണ്ണക്കുരുക്കളായ എള്ള്, നിലക്കടല എന്നിവയും, പ്രോത്സാഹിപ്പിക്കും. 300.00 ലക്ഷം രൂപ 2025-26 ൽ ഇതിനായി വകയിരുത്തുന്നു.

2025-26 ൽ മലപ്പുറം ജില്ല പോലുള്ള അനുയോജ്യമായ സ്ഥലങ്ങളിൽ വെറ്റിലകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു. വെറ്റിലകൃഷിയിൽ കൂട്ടുകൊടി സമ്പ്രദായം ഉൾപ്പെടെയുള്ള വിവിധ പരിപാലന മുറകൾക്ക് ഈ പദ്ധതിയ്ക്ക് കീഴിൽ പിന്തുണ നൽകും.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ചെറുധാന്യങ്ങൾ,പയറുവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയിലൂടെ വിള വൈവിധ്യവൽക്കരണവും/വിള തീവ്രതയും | 300.00 |
| 2 | വെറ്റിലകൃഷിയ്ക്കുള്ള പ്രോത്സാഹനം (പുതിയത്) | 50.00 |
| | **ആകെ** | **350.00** |

### 10. മണ്ണിന്റെ ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത മെച്ചപ്പെടുത്തലും

**(വിഹിതം: 3210.00 ലക്ഷം രൂപ)**

മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും തദ്വാരാ കൃഷിയിടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കർഷകർക്കും കൃഷിയിടത്തിനും പിന്തുണ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. മണ്ണ് പരിശോധന അടിസ്ഥാനമാക്കിയുള്ള വളപ്രയോഗവും സംയോജിത പോഷക പരിപാലനവും നെല്ലിലും മറ്റ് വിളകളിലും ഈ പദ്ധതി പ്രോത്സാഹിപ്പിക്കും. കേരള കാർഷിക സർവ്വകലാശാലയുടെ പാക്കേജ് ഓഫ് പ്രാക്ടീസസ് ശിപാർശ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾക്കായിരിക്കും സഹായം നൽകുക.

ഈ പദ്ധതിയ്ക്കായി 2025-26 ൽ വകയിരുത്തിയിരിക്കുന്ന 3210.00 ലക്ഷം രൂപ ചുവടെ ചേർക്കുന്ന ഘടകങ്ങൾക്കാണ്.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നെൽകൃഷിയിലെ കുമ്മായ പ്രയോഗം | 2660.00 |
| 2 | നെല്ലിനും മറ്റ് വിളകൾക്കും സോയിൽ അമീലിയോറന്റുകളും (നെല്ലിന് കുമ്മായം ഒഴികെ) സൂക്ഷ്മ മൂലകങ്ങളും ദ്വിതീയ മൂലകങ്ങളും ഉൾപ്പടെ സംയോജിത പോഷക പരിപാലനത്തിനായുള്ള പിന്തുണ | 549.00 |
| 3 | മണ്ണ് പരിശോധന ക്യാമ്പയ്നുകൾ | 1.00 |
| | **ആകെ** | **3210.00** |

നെല്ലിനും മറ്റ് വിളകൾക്കുമുള്ള സംയോജിത പോഷക പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനായി ആവശ്യമായ സോയിൽ അമീലിയോറന്റുകൾ, ദ്വിതീയ, സൂക്ഷ്മ മൂലകങ്ങൾ, ഉൾപ്പെടെ ഗുണനിലവാരമുള്ള ഉല്പാദനോപാധികൾക്ക് മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ പിന്തുണ നൽകും. സാധ്യമാകുന്നിടത്തെല്ലാം സഹായം സാധനമായി നൽകുന്നതാണ്. ഉല്പാദനോപാധികളുടെ അളവ് കേരള കാർഷിക സർവ്വകലാശാല ശിപാർശ അടിസ്ഥാനത്തിലായിരിക്കും നിശ്ചയിക്കുക. പോഷകങ്ങൾ കൃത്യമായ അളവിൽ ഉപയോഗിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും കൃഷിഭവൻ ഉദ്യോഗസ്ഥർ കർഷകരെ സഹായിക്കും. മണ്ണ് പരിശോധനാ ഡാറ്റയെ അടിസ്ഥാനമാക്കിയുള്ള ദ്വിതീയ, സൂക്ഷ്മ പോഷകങ്ങളുടെ വിതരണത്തിനും പിന്തുണ നൽകും. നെൽകൃഷിയിലെ കുമ്മായ പ്രയോഗത്തിന് 2660.00 ലക്ഷം രൂപ വകയിരുത്തുന്നു. നെല്ലിനും മറ്റ് വിളകൾക്കും സോയിൽ അമീലിയോറന്റുകളും (നെല്ലിന് കുമ്മായം ഒഴികെ) സൂക്ഷ്മ മൂലകങ്ങളും ദ്വിതീയ മൂലകങ്ങളും ഉൾപ്പടെ സംയോജിത പോഷക പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനു 549.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. പച്ചില വിളകളുടെ കൃഷിക്കും ഉപയോഗത്തിനും സജ്ജീവമായ പിന്തുണ നൽകുന്നതിനുള്ള ശ്രമങ്ങൾ തദ്ദേശ സ്വയംഭരണ സംവിധാനത്തിലൂടെ പ്രോത്സാഹിപ്പിക്കും.

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പും കാർഷിക വികസന കർഷക ക്ഷേമ വകുപ്പും സംയുക്തമായി മണ്ണ് പരിശോധന ക്യാമ്പയ്നുകൾ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുകയും അതിന്റെ പരിശോധനാഫലങ്ങൾ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് അഗ്രിസറ്റാക്കിന്റെ ഭാഗമായി വികസിപ്പിക്കുന്ന സോയിൽ ഡിജിറ്റൽ പോർട്ടലിലേയ്ക്ക് കൊണ്ട് വരികയും ചെയ്യും.

2025-26 കാലയളവിൽ കേര പ്രൊജക്ടുമായി സംയോജിപ്പിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

### 11. വിളകളുടെ ആരോഗ്യ പരിപാലനം

**(വിഹിതം: 1300.00 ലക്ഷം രൂപ)**

ആവാസ വ്യവസ്ഥ സുസ്ഥിരമായി നിലനിർത്തുന്നതിനും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പരിപാലനമാർഗ്ഗങ്ങൾ കൊണ്ടുവരിക എന്നതാണ് വിളആരോഗ്യ പരിപാലനത്തിന്റെ സമീപനം. ഈ പദ്ധതിയിൽ താഴെ പറഞ്ഞിരിക്കുന്ന ഘടകങ്ങൾക്കായി 2025-26 ൽ, 1300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കീടരോഗ ആക്രമണം മുൻകൂട്ടി അറിയുന്ന സംവിധാനം, ഉപദേശ സംവിധാനം, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ ശാക്തീകരണം, കതിർ ആപ്പ് | |
| എ | കീടരോഗ ആക്രമണ നിരീക്ഷണ സംവിധാനം, ഉപദേശക സംവിധാനം | 134.00 |
| ബി | പുതിയ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കൽ | 1.00 |
| സി | നിലവിലുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ ശാക്തീകരണവും കെ.സി.പി.എം ന്റെ പ്രവർത്തന ചിലവും | 20.00 |
| 2 | സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിന്റെ ഉപഗ്രഹ കേന്ദ്രങ്ങളായി പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളുടെ വികസനം | 50.00 |
| 3 | റോഡന്റ് കൺട്രോൾ | 25.00 |
| 4 | സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലൂടെ വന്യജീവി ആക്രമണം തടയൽ | 320.00 |
| 5 | ജില്ല പ്ലാന്റ് ഹെൽത്ത് മാനേജർ, ഫീൽഡ് അസിസ്റ്റന്റ്, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിലെ പെസ്റ്റ് സ്കൗട്ട് ഇവർക്കുള്ള ഓണറേറിയം | 750.00 |
| | **ആകെ** | **1300.00** |

നിരീക്ഷണത്തിലൂടേയും ഉപദേശകസംവിധാനത്തിലൂടേയും കർഷകർക്ക് കൃത്യമായ ഉപദേശങ്ങൾ ലഭ്യമാക്കുന്നതാണ്. കീടബാധ നിരീക്ഷണം, ഉപദേശക സേവനങ്ങൾ എന്നിവയ്ക്കായി 134.00 ലക്ഷം രൂപ വകയിരുത്തുന്നു. പെസ്റ്റ് സ്കൗട്ടുകളെ കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിലൂടെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പടെയുള്ള ഫീൽഡ്തല പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തും. ഫീൽഡ്

സന്ദർശനങ്ങൾക്കായി കൃഷി ഓഫീസർ/അസിസ്റ്റന്റ് ഡയറക്ടർ എന്നിവരുമായി കൂടിയാലോചിച്ച് പ്രത്യേക സന്ദർശന പട്ടിക തയ്യാറാക്കും. കൃഷി ഓഫീസർ അംഗീകരിച്ച ഫീൽഡ് സന്ദർശന വിവരങ്ങൾ പോർട്ടലിൽ കൂടി ലഭ്യമാക്കും. പെസ്റ്റ് വാച്ച് ഡാറ്റ കതിർ ആപ്പിൽ ലഭ്യമാക്കും.

2025-26 ൽ തദ്ദേശസ്വയംഭരണതലത്തിൽ പുതിയ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കും. നിലവിലുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളെ ശക്തിപ്പെടുത്തുന്നതിനായി 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 5.00 ലക്ഷം രൂപ കെ.സി.പി.എം ന്റെ പരിശീലനം ഉൾപ്പെടെയുള്ള പ്രവർത്തന ചെലവുകൾക്കുവേണ്ടി നീക്കി വെച്ചിരിക്കുന്നു. ബ്ലോക്ക് തലത്തിൽ തീരുമാനിക്കാവുന്ന തരത്തിൽ ഫിക്സ്ഡ് പ്ലോട്ടുകളുടെ എണ്ണം കുറച്ച്, റോവിംഗ് സർവ്വെ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുമായി ബന്ധപ്പെടുത്തി മാത്രം നടത്തേണ്ടതാണ്. മറ്റ് സർക്കാർ വകുപ്പുകളുമായി ഈ ഡേറ്റ പങ്കിടും.

ജൈവനിയന്ത്രണകാരികളുടെ ഉല്പാദനം, പാരസൈറ്റ് ബ്രീഡിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിലുള്ള പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ ശാക്തീകരിക്കും. ഇതിനായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

മൂഷികവർഗ്ഗത്തിൽപ്പെട്ട ജീവികളുടെ ശല്യം നിയന്ത്രിക്കുന്നതിനായി 25.00 ലക്ഷം രൂപ വകയിരുത്തുന്നു.

വന്യജീവി ആക്രമണം കർഷകർക്ക് വൻ വിളനാശം ഉണ്ടാക്കുകയും തന്മൂലം നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ, 2025-26 ൽ സാങ്കേതികവിദ്യാ സഹായത്തോടെ വന്യജീവി ആക്രമണം തടയുന്നതിനായി 320.00 ലക്ഷം രൂപ വകയിരുത്തുന്നു. രൊക്കം പണമായി നൽകുന്ന പിന്തുണ ഈ ഘടകത്തിൽ ഉൾപ്പെടുന്നില്ല.

2025-26 കാലയളവിൽ കേര പ്രൊജക്ടുമായി സംയോജിപ്പിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

**12. ജൈവ കൃഷിയും ഉത്തമ കൃഷി രീതികളും (ജി.എ.പി)**

**(വിഹിതം: 600.00 ലക്ഷം രൂപ)**

സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യഉല്പാദനം ജൈവ കൃഷിയിലൂടെയും നല്ല കൃഷി രീതികളിലൂടെയും പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിലുള്ള ജി.എ.പി ക്ലസ്റ്ററുകളുടെ ശാക്തീകരണം, പുതിയ ക്ലസ്റ്ററുകൾക്ക് പ്രോത്സാഹന സഹായം, പച്ചിലവളപ്രയോഗം, ജൈവവളങ്ങൾ തയ്യാറാക്കുന്ന മാതൃകാ യൂണിറ്റുകൾ, സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യഉല്പാദനം എന്നിവയ്ക്ക് പിന്തുണ നൽകും.

2025-26 വർഷത്തിൽ ഈ പദ്ധതിയ്ക്കായി 600.00 ലക്ഷം രൂപ വകയിരുത്തുന്നു. പദ്ധതിയുടെ 10 ശതമാനം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കും.

ഘടകങ്ങളുടെ വിഹിതം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ ) |
|---|---|---|
| 1 | ജൈവ കൃഷി, ജി.എ.പി കൃഷിരീതികളുടെ പ്രോത്സാഹനം, സർട്ടിഫിക്കേഷൻ, ബ്രാന്റിംഗ്, പാക്കിംഗ്, ലേബലിംഗ് ഉൾപ്പടെ. | 350.00 |
| 2 | വി.എഫ്.പി.സി.കെ മുഖാന്തിരം സ്വയംസഹായ സംഘങ്ങളിലൂടെ പഴങ്ങളുടേയും പച്ചക്കറികളുടേയും ജൈവ ഉല്പാദനവും സർട്ടിഫിക്കേഷനും | 75.00 |
| 3 | കൃഷിയിടങ്ങളിൽ ജൈവവളങ്ങളുടെയും ജൈവ ഉല്പാദനോപാധികളുടെയും ഉല്പാദനം, കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ, ബയോഗ്യാസ് പ്ലാന്റിനുള്ള അധികസഹായവും | 80.00 |
| 4 | പദ്ധതി നിർവ്വഹണത്തിനായുള്ള സഹായം | 95.00 |
| | **ആകെ** | **600.00** |

ജൈവകൃഷിയും ഉത്തമകൃഷിരീതികളും പ്രോത്സാഹിപ്പിക്കുന്നതിനായി 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2025-26 ൽ ശാസ്ത്രീയമായി തെളിയിക്കപ്പെട്ട പ്രവർത്തനങ്ങൾ പ്രൊജക്ട് അടിസ്ഥാനത്തിൽ സർട്ടിഫിക്കേഷൻ, ബ്രാന്റിംഗ്, പാക്കിംഗ്, ലേബലിംഗ് എന്നിവ ഉൾപ്പെടെ

നടപ്പിലാക്കും. സർട്ടിഫിക്കേഷൻ ഉൾപ്പെടെ സ്വയം സഹായ സംഘങ്ങൾ വഴി വി.എഫ്.പി.സി.കെ മുഖേനയുള്ള ജൈവ കൃഷിയിലൂടെ പഴം, പച്ചക്കറികളുടെ ഉല്പാദനത്തിനായി 75.00 ലക്ഷം രൂപ വകയിരുത്തുന്നു.

തെരഞ്ഞെടുക്കപ്പെട്ട ജി.എ.പി ക്ലസ്റ്ററുകളെ ഉൾപ്പെടുത്തി പ്രോജക്ട് അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാല പാക്കേജ് ഓഫ് പ്രാക്ടീസസ് ശിപാർശ പ്രകാരം ഫാമുകളിൽ തന്നെ ജൈവവളങ്ങളുടെയും ജൈവഉല്പാദനോപാധികളുടേയും ഉല്പാദനത്തിനുള്ള സഹായത്തിനും കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റിനും, ബയോഗ്യാസ് പ്ലാന്റുകൾക്കുള്ള അധികസഹായത്തിനുമായി 80.00 ലക്ഷം രൂപ വകയിരുത്തുന്നു.

സംസ്ഥാനത്ത് സുരക്ഷിതമായ ഭക്ഷ്യ ഉല്പാദനത്തിനായി ജൈവകൃഷിയെ പിന്തുണയ്ക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 95.00 ലക്ഷം രൂപ വകയിരുത്തുന്നു.

**13. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും ഡിപ്പാർട്ട്മെന്റൽ ഫാമുകളുടെ മെച്ചപ്പെടുത്തലും**

**(വിഹിതം: 1425.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ കർഷകർക്ക് ആവശ്യമുള്ള അളവിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ യഥാസമയം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഡിപ്പാർട്ട്മെന്റ് ഫാമുകളുടെ നവീകരണവും ഹൈടെക് ഫാമിംഗ്, കൃത്യതാ കൃഷി, അക്വാപോണിക്സ്, സംയോജിത കൃഷി സമ്പ്രദായ മാതൃകകൾ തുടങ്ങിയ നൂതനമായ കാർഷിക സാങ്കേതിക വിദ്യകളുടെ പ്രദർശന കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനും വിഭാവനം ചെയ്യുന്നു. ഈ പദ്ധതിയ്ക്കായി 2025-26 ൽ, 1425.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നടീൽ വസ്തുക്കളുടെ ഉല്പാദനം, വിത്ത് ഉല്പാദനം, സംയോജിത കൃഷി സമ്പ്രദായ മാതൃകകൾ,ഹൈടെക് ഫാമിംഗ്, കൃത്യതാ കൃഷി, അക്വാകൾച്ചർ, ടിഷ്യൂകൾച്ചർ, എന്നിവയ്ക്കുള്ള പിന്തുണ | 1125.00 |
| 2 | വി.എഫ്.പി.സി.കെ മുഖേന പഴങ്ങളുടേയും പച്ചക്കറികളുടേയും നടീൽ വസ്തുക്കളുടെ ഉല്പാദനം | 100.00 |
| 3 | ഫാമുകളിൽ യന്ത്രവൽക്കരണവും അടിസ്ഥാനസൗകര്യ വികസനവും നൂതനമായ കാർഷിക സാങ്കേതിക വിദ്യകളുടെ പ്രദർശന യൂണിറ്റുകളും (ബ്ലോക്കിൽ ഒന്ന് വീതം) | 150.00 |
| 4 | പ്രോജക്ട് അടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെന്റൽ ഫാമുകളിൽ നിന്നുള്ള ഉല്പന്നങ്ങളുടെ ഓൺലൈൻ വില്പനയും ബ്രാന്റിംഗും | 50.00 |
| | **ആകെ** | **1425.00** |

വി.എഫ്.പി.സി.കെ മുഖേന ഗ്രാഫ്റ്റുകളും തൈകളും ഉൾപ്പെടെ പഴങ്ങളുടേയും പച്ചക്കറികളുടേയും നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനായി 100.00 ലക്ഷം രൂപ നീക്കി വെച്ചിരിക്കുന്നു. ഫണ്ട് നൽകുന്നതിനു മുൻപായി വി.എഫ്.പി.സി.കെ ഉല്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളുടെ അളവും ഗുണനിലവാരവും സംബന്ധിച്ച് വി.എഫ്.പി.സി.കെ കൃഷി ഡയറക്ടറുമായി ധാരണാപത്രം ഒപ്പിടേണ്ടതാണ്.

ഫാമുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും യന്ത്രവൽക്കരണത്തിനുമായി 150.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുന്നതും ഉൾപ്പെടുന്നു.

ഡിപ്പാർട്ട്മെന്റിന്റെ ഫാമുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ ഓൺലൈൻ ആയി വിൽക്കുന്നതിനും ബ്രാന്റിംഗിനുമായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു. കാർഷിക ഉല്പന്നങ്ങളുടെ ഉത്ഭവം കണ്ടെത്താവുന്ന സംവിധാനം ഉൾപ്പെടെ ബ്രാന്റ് ചെയ്യുന്നതിനും, ഉല്പന്നങ്ങൾ ഓൺലൈൻ ആയി വില്പന നടത്തുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം വികസനത്തിനും പരിപാലനത്തിനുമായി തുക വിനിയോഗിക്കും. ഇതേ സംവിധാനം വി.എഫ്.പി.സി.കെയും നടപ്പിലാക്കും.

**14. കൃഷി സമൃദ്ധി (പുതിയത് )**

**(വിഹിതം: 1.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് സുസ്ഥിരമായ വളർച്ച ഉറപ്പാക്കുന്നതിനൊപ്പം കൃഷിയിലെ ഉല്പാദനക്ഷമതയും ലാഭക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൂട്ടായ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് 2025-26 കാലയളവിൽ കൃഷി സമൃദ്ധി എന്ന പദ്ധതി ആരംഭിക്കുന്നു. ഫലാധിഷ്ഠിത മോഡിൽ ഒരു സംയോജിത സമീപനം എന്ന നിലയിൽ നടപ്പിലാക്കുന്നതിനായാണ് ഇത് രൂപം നൽകിയിരിക്കുന്നത്. പദ്ധതിയ്ക്കു കീഴിൽ തസ്തിക സൃഷ്ടിക്കൽ, കെട്ടിടങ്ങളുടെ നിർമ്മാണം, വാഹനം വാങ്ങൽ എന്നിവ അനുവദനീയമല്ല. പദ്ധതിയ്ക്കായി 1.00 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തുന്നു.

**III. വകുപ്പിന്റെ ലബോറട്ടറികളുടെ ആധുനീകരണവും ഐ.സി.റ്റി സഹായവും**

**15. വകുപ്പുതല ലബോറട്ടറികളുടെ ആധുനീകരണം**

**(വിഹിതം: 400.00 ലക്ഷം രൂപ)**

മണ്ണിന്റെ ഫലഭൂയിഷ്ഠത വിലയിരുത്തുന്നതിനുള്ള മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന (ജൈവ-അജൈവ ജീവാണുവളങ്ങൾ ഉൾപ്പെടെ), കീടനാശിനിപരിശോധന, വിത്തുപരിശോധന എന്നിങ്ങനെ ഉല്പാദനോപാധികളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ വകുപ്പിനു കീഴിലുള്ള ലബോറട്ടറികളിൽ നടപ്പിലാക്കുന്നു. ലബോറട്ടറികൾ ആധുനികവൽക്കരിക്കുന്നതിന് താഴെ പറയുന്ന ഘടകങ്ങൾക്കായി 2025-26 ൽ 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ലബോറട്ടറികളുടെ ശാക്തീകരണം, എൻ.എ.ബി.എൽ അക്രെഡിറ്റേഷൻ | 320.00 |
| 2 | ഗുണനിലവാര നിയന്ത്രണത്തിനായുള്ള എൻഫോഴ്സ്മെന്റ് വിഭാഗം | 80.00 |
| | **ആകെ** | **400.00** |

ലബോറട്ടറികളുടെ ശാക്തീകരണത്തിനായി വകയിരുത്തിയിരിക്കുന്ന 320.00 ലക്ഷം രൂപയിൽ 90.00 ലക്ഷം രൂപ മൊബൈൽ മണ്ണ് പരിശോധനാ ലബോറട്ടറി ഉൾപ്പെടെയുള്ള (വാഹനം വാങ്ങുന്നത് ഒഴികെ) മണ്ണ് പരിശോധനാ ലബോറട്ടറികൾക്കും, 20.00 ലക്ഷം രൂപ വീതം സംസ്ഥാന ജീവാണുവള ലബോറട്ടറികൾ, സംസ്ഥാന അഗ്മാർക്ക് ലബോറട്ടറി, സംസ്ഥാന വിത്ത് പരിശോധനാ ലബോറട്ടറി എന്നിവയ്ക്കും, 40.00 ലക്ഷം രൂപ ബയോടെക്നോളജി-മോഡൽ ഫ്ലോറികൾച്ചർ സെന്ററിനും, 30.00 ലക്ഷം രൂപ സംസ്ഥാന വളഗുണനിലവാര നിയന്ത്രണ ലബോറട്ടറിയ്ക്കായും, 20.00 ലക്ഷം രൂപ ജൈവവളഗുണനിലവാര നിയന്ത്രണ ലബോറട്ടറിയ്ക്കും, 20.00 ലക്ഷം രൂപ സംസ്ഥാന ബയോകൺട്രോൾ ലബോറട്ടറിക്കും, 35.00 ലക്ഷം രൂപ സംസ്ഥാന കീടനാശിനി പരിശോധനാ ലബോറട്ടറിയ്ക്കായും നീക്കി വെച്ചിരിക്കുന്നു. ഗുണനിലവാര നിയന്ത്രണ ലബോറട്ടറികൾക്ക് എൻ.എ.ബി.എൽ അക്രെഡിറ്റേഷൻ ലഭിക്കുന്നതിന് 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

വിത്ത്, വളം, കീടനാശിനി എന്നിവയുടെ ഗുണനിലവാര നിയന്ത്രണം നടപ്പാക്കുന്നതിന് 80.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2025-26 കാലയളവിൽ കേര പ്രൊജക്റ്റുമായി സംയോജിപ്പിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

**16. ഓഫീസ് ഓട്ടോമേഷനും ഐ.റ്റി സാങ്കേതിക വിദ്യയും**

**(വിഹിതം: 759.00 ലക്ഷം രൂപ)**

കാർഷിക മേഖലയിൽ വിവര വിനിമയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിലൂടെ മെച്ചപ്പെട്ട കാർഷിക സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിനും ഫലപ്രദമായ ഉല്പാദന തന്ത്രങ്ങൾ വികസിപ്പിക്കുന്നതിനും ആനുകൂല്യങ്ങളും സേവനങ്ങളും സമയബന്ധിതമായി കർഷകർക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനും വഴിയൊരുക്കും. കാർഷിക വിപണനത്തിലെ വെല്ലുവിളികളെ നേരിടാനും ഇത് സഹായിക്കും. കാർഷിക മേഖലയിൽ ഐ.സി.റ്റി സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിനായി 2025-26 ൽ 759.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഘടകങ്ങൾ തിരിച്ചുള്ള വിഹിതം താഴെ പറയുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഇ-ഓഫീസ് നടപ്പിലാക്കലും പരിപാലനവും ശക്തിപ്പെടുത്തലും | 106.00 |
| 2 | വിവിധ ഓഫീസുകളിലേയ്ക്ക് കണക്ടിവിറ്റി | 177.00 |
| 3 | കംപ്യൂട്ടറുകൾ, അക്സസറികൾ വാങ്ങുന്നതിനും, നെറ്റ്‌വർക്കിംഗ്, സൈറ്റ് തയ്യാറാക്കൽ എന്നിവയ്ക്കും | 1.00 |
| 4 | മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വികസനം | 58.00 |
| 5 | വീഡിയോ കോൺഫറൻസ്/വെർച്ചൽ ക്ലാസ്സ് റൂം ഉൾപ്പെടെയുള്ള ഐ.സി.റ്റി അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനവും നവീകരണവും | 33.00 |
| 6 | ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള ഓണറേറിയം | 286.00 |
| 7 | കതിർ ആപ്പുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിൽ നിന്നും നെൽ വയലുകളുടേയും തണ്ണീർത്തടങ്ങളുടേയും ജി.ഐ.എസ് മാപ്പുകളുടെയും ഷെയിപ്പ് ഫയലുകളുടെയും സമാഹരണം. (പുതിയത്) | 98.00 |
| | **ആകെ** | **759.00** |

വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങളും സേവനങ്ങളും ഉൾപ്പെടെയുള്ള വിവരങ്ങൾ കൃഷിഭവനിൽ നിന്നും സർക്കാർ തലത്തിലേയ്ക്ക് തടസ്സങ്ങളില്ലാതെ ഒഴുകുന്നതിന് എ.ഐ.എം.എസ് സോഫ്റ്റ്‌വെയറിനെ പൂർണ്ണമായ പ്രവർത്തനക്ഷമതയിലേയ്ക്ക് വികസിപ്പിക്കും. വീഡിയോ കോൺഫറൻസുകൾ/വെർച്ചൽ ക്ലാസ്സ് റൂം എന്നിവ ഉൾപ്പടെയുള്ള വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും പരിപാലനവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ വർഷം സ്മാർട്ട് കൃഷിഭവനുകളായി മാറ്റുവാൻ ലക്ഷ്യമിട്ടിരിക്കുന്ന കൃഷിഭവനുകളുടെ ഐ.സി.റ്റി വികസനത്തിന് മുൻഗണന നൽകും. കംപ്യൂട്ടർ, ആക്സസ്സറികൾ വാങ്ങൽ, നെറ്റ്‌വർക്കിംഗ്, സൈറ്റ് തയ്യാറാക്കൽ എന്നിവയും പദ്ധതിയിൽ ഉൾപ്പെടും.

കതിർ ആപ്പുമായി ബന്ധപ്പെട്ട് നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടേയും ജി.ഐ.എസ് മാപ്പുകളും ഷെയിപ്പ് ഫയലുകളും കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിൽ നിന്നും സമാഹരിക്കുന്നതിനായി 98.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു.

2025-26 കാലയളവിൽ കേര പ്രൊജക്ടുമായി സംയോജിപ്പിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

### IV. കാർഷിക വിജ്ഞാന വ്യാപന സേവനങ്ങൾ

### 17. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ

**(വിഹിതം: 1489.00 ലക്ഷം രൂപ)**

കാർഷിക വികസന പരിപാടികളുടെ വിജയത്തിനായി ഫീൽഡ്തലത്തിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. കർഷകർക്കിടയിൽ സാങ്കേതികവിദ്യയും ശാസ്ത്രീയ പരിപാലന രീതികളും സ്വീകരിച്ച് നടപ്പിലാക്കുന്നതിനായി കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ ശാക്തീകരണത്തിനായി 2025-26 ൽ 1489.00 ലക്ഷം രൂപ വകയിരുത്തുന്നു.

പദ്ധതിയുടെ ഘടകങ്ങൾ തിരിച്ചുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പരിശീലനകേന്ദ്രങ്ങളായ ആർ.എ.റ്റി.റ്റി.സി, എഫ്.റ്റി.സി എന്നിവയുടെ നവീകരണം | 50.00 |
| 2 | ആത്മ പ്രോജക്ട് ഡയറക്ടറേറ്റ് ശക്തിപ്പെടുത്തൽ, എച്ച്.ആർ പിന്തുണ, ആത്മ പ്രവർത്തനങ്ങൾ, പ്രവർത്തന സഹായം | 400.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 3 | ലീഡ്സിനുള്ള സഹായം,പ്രതിമാസ സാങ്കേതിക ഉപദേശ സംവിധാനം ഉൾപ്പടെ | 350.00 |
| 4 | മികച്ച പ്രവർത്തനം കാഴ്ചവച്ചവർക്കുള്ള അവാർഡ് | 70.00 |
| 5 | പൊതുജന പങ്കാളിത്തം | 250.00 |
| 6 | കൃഷിപാഠശാല | 46.00 |
| 7 | കിസാൻ പ്രോജക്ട് | 60.00 |
| 8 | സ്മാർട്ട് കൃഷിഭവൻ | 1.00 |
| 9 | വൈഗ സംഘാടനം | 50.00 |
| 10 | കൃഷിഭവന്റെ അടിയന്തിര ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായുള്ള ഇംപ്രസ്റ്റ് ഫണ്ട് | 75.00 |
| 11 | അഗ്രോക്ലിനിക്കുകൾ സംഘടിപ്പിക്കുക | 5.00 |
| 12 | കൃഷിദർശൻ പരിപാടി | 132.00 |
| | **ആകെ** | **1489.00** |

വിജ്ഞാനവ്യാപന സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങളുടേയും കർഷക പരിശീലന കേന്ദ്രങ്ങളുടേയും നവീകരണത്തിനായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു. എച്ച്.ആർ പിന്തുണ, പ്രവർത്തന ചെലവുകൾക്കുള്ള സഹായം ഉൾപ്പെടെ ആത്മാ പ്രോജക്ട് ഡയറക്ടറേറ്റ് ശക്തിപ്പെടുത്തുന്നതിന് 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലീഡ്സ് പദ്ധതിയ്ക്കുള്ള സഹായമായും പ്രതിമാസ സാങ്കേതിക ഉപദേശ സംവിധാനം തയ്യാറാക്കുന്നതിനുമായി 350.00 ലക്ഷം രൂപ വകയിരുത്തുന്നു. ആത്മാ പദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതം കൃഷി ഉന്നതി യോജനയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്ന കർഷകർക്കുള്ള അവാർഡുകൾക്കായി 70.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതല്ല.

പൊതുജന പങ്കാളിത്തം എന്ന ഘടകത്തിന് കീഴിൽ വകയിരുത്തിയിരിക്കുന്ന 250.00 ലക്ഷം രൂപയിൽ കാർഷിക വികസന സമിതികൾ, സെമിനാറുകൾ, കർഷകദിനം, കാർഷികമേളകൾ, അവലോകനയോഗങ്ങൾ, കർഷക സംഗമങ്ങൾ, കർഷക സഭ, ഞാറ്റുവേല ചന്തകൾ എന്നിവ നടത്തുന്നതിനായി നീക്കിവെച്ചിരിക്കുന്നു. ഇതിൽ എഫ്.പി.ഒ കളും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും സംഘടിപ്പിക്കുന്ന പരിപാടികളും ഉൾപ്പെടും.

ബ്ലോക്കുകളിൽ കൃഷി ഭവനുകൾ മുഖേന കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ നോഡൽ ഓഫീസറായി പ്രവർത്തിക്കുന്ന ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ, ഫീൽഡ് ഓഫീസർക്കും, കർഷകർക്കും സാങ്കേതിക മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള ഒരു ഉപദേശക സമിതിയായി പ്രവർത്തിക്കുകയും കൃഷി ഭവനുകൾ മുഖേനയുള്ള പരിപാടികൾ വിജയകരമായി നടപ്പിലാക്കുന്നതിന് സഹായിക്കുകയും ചെയ്യും. പരിശീലനങ്ങൾ, ഫീൽഡ് തല പ്രദർശനങ്ങൾ, ട്രയലുകൾ എന്നിവയിലൂടെ സാങ്കേതികവും നൂതനവുമായ അറിവുകൾ കൃത്യമായ ഇടവേളകളിൽ പ്രചരിപ്പിക്കുന്നതിനായിട്ടുള്ള ട്രെയിനിംഗ് മോഡ്യൂളുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതാണ്. കൃഷി പാഠശാല എന്ന ഘടകത്തിനായി 46.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. വിവിധ സ്കീമുകളിൽ വിഭാവനം ചെയ്തിരിക്കുന്ന എല്ലാ ബോധവൽക്കരണ പരിപാടികളും ഈ ഘടകത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കും. കൃഷി പാഠശാലയുടെ ആനുകാലിക അവലോകനം കൃഷി ഡയറക്ടർ ത്രൈമാസ അടിസ്ഥാനത്തിൽ നടത്തും. പ്രതിഫലം/ഓണറേറിയം എന്നിവയ്ക്കുള്ള ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ല. 2025–26 വർഷത്തേയ്ക്കുള്ള ഒരു സമഗ്ര പരിശീലന മൊഡ്യൂളും പരിശീലന കലണ്ടറും സമേതി തയ്യാറാക്കുകയും കൃഷി ഡയറക്ടറുടെ അംഗീകാരത്തോടെ അതനുസരിച്ച് പരിപാടികൾ ക്രമീകരിക്കുകയും ചെയ്യും. പരിശീലന മൊഡ്യൂൾ തയ്യാറാക്കുന്നതിനായി സമേതിയ്ക്ക് പ്രത്യേക വിഹിതം അനുവദിക്കുന്നതല്ല.

കേരള ഡിജിറ്റൽ സർവകലാശാലയുമായി സഹകരിച്ച് കൃഷി വകുപ്പ് നടത്തുന്ന കിസാൻ പ്രോജക്റ്റ് വിജ്ഞാനപ്രദമായ പ്രതിവാര ടെലിവിഷൻ പരിപാടികളിലൂടെ കാർഷികവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ തുടരും. കിസാൻ പദ്ധതിയ്ക്ക് പ്രോജക്റ്റ് അധിഷ്ഠിത സഹായം നൽകുന്നതിന് 60.00 ലക്ഷം രൂപ വകയിരുത്തുന്നു. പരിപാടിയുടെ ഉള്ളടക്കം കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗം, വകുപ്പുതല ഉദ്യോഗസ്ഥർ, എഫ്.ഐ.ബി, വി.എഫ്.പി.സി.കെ, ഡി.യു.കെ. എന്നിവരടങ്ങുന്ന സാങ്കേതിക സമിതി തീരുമാനിക്കും.

ഇ-ഗവേർണൻസിലൂടെയും സാങ്കേതികവിദ്യയുടെ പ്രയോഗത്തിലൂടെയും കൃഷിഭവനുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയും നവീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്മാർട്ട് കൃഷിഭവനുകൾ എന്ന ഘടകം തുടരും. കർഷക സമൂഹത്തിന് കാര്യക്ഷമവും സംയബന്ധിതവുമായി സേവനങ്ങൾ ലഭ്യമാക്കുക എന്നതായിരിക്കും ഇതിന്റെ ആത്യന്തിക ലക്ഷ്യം. ഈ വർഷം കൂടുതൽ കൃഷിഭവനുകളെ പ്രവർത്തന പരിവർത്തനത്തിലൂടെ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റും. ഇൻഫർമേഷൻ സെന്റർ ഉൾപ്പെടെയുള്ള ഫ്രണ്ട് ഓഫീസ് സ്ഥാപിക്കൽ, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ നവീകരണം, ഡിജിറ്റൽ രൂപത്തിൽ പഞ്ചായത്തിന്റെ ഭൂവിഭവ മാപ്പിംഗ്, ഭൂ റവന്യൂ ഡാറ്റയുമായി സംയോജിപ്പിക്കൽ, കൃഷിഭവനുകൾ മുഖേന നടപ്പാക്കുന്ന പരിപാടികൾ ഉൾപ്പെടെ കൃഷിഭവനിലെ രേഖകൾ ഡിജിറ്റലൈസ് ചെയ്യുക, ഓൺലൈൻ ഡിജിറ്റൽ മീഡിയ ലൈബ്രറി, കൃഷി ഭവനുകളുടെ നവീകരണം, കർഷകർക്കുള്ള സ്മാർട്ട് കാർഡ് തുടങ്ങിയ ഘടകങ്ങൾ ഇതിൽ ഉൾപ്പെടും. വിള ആസൂത്രണം, ഉല്പാദന ആസൂത്രണം, വിപണനം, മൂല്യവർദ്ധന, കാർഷിക സംരംഭകത്വം, വായ്പാ വിവരങ്ങൾ, ക്ഷേമ പരിപാടികൾ, ഇൻഷുറൻസ് സഹായം, സ്റ്റാർട്ടപ്പുകൾക്കു പ്രോത്സാഹനം, പുതിയ സാങ്കേതിക വിദ്യകളുടെ പ്രചരണം തുടങ്ങി കാർഷിക വികസനവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും കർഷക സമൂഹത്തിന്റെ ഉപദേശക സമിതിയായി കൃഷിഭവൻ പ്രവർത്തിക്കും. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ പ്രോജക്റ്റ് അധിഷ്ഠിത സമീപനത്തിലൂടെ സ്മാർട്ട് കൃഷിഭവനുകൾ പ്രവർത്തനക്ഷമമാക്കുന്ന തരത്തിലായിരിക്കും നടപ്പിലാക്കുക. യോഗ്യതയുള്ള ഒരു സാങ്കേതിക സ്ഥാപനത്തിന്റെ സേവനം ഉപയോഗിച്ച് വകുപ്പ് ഇതിനായി വിശദമായ ഒരു പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കും. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥകൾ പാലിച്ചാൽ മാത്രമാണ് ഭരണാനുമതി അനുവദിക്കുന്നത്. പുതിയ തസ്തിക സൃഷ്ടിക്കുന്നത്/കരാർ/അന്യത്ര സേവനം എന്നിവ ഈ ഘടകത്തിൽ അനുവദനീയമല്ല. നിലവിലുള്ള വകുപ്പ് ജീവനക്കാർ/കരാർ ജീവനക്കാർ എന്നിവരുടെ സേവനം ഉപയോഗിച്ച് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

കൃഷിഭവനിലും, ബ്ലോക്കുകളിലും അടിയന്തിരമായി നടപ്പിലാക്കേണ്ട അപ്രതീക്ഷിത മൂലധന ചെലവുകൾക്കായി ഒരു ബ്ലോക്ക്/കൃഷിഭവനു 10,000/-രൂപ വീതം എന്ന തോതിൽ നൽകുന്നതിനായി ഇംപ്രസ്റ്റ് ഫണ്ടായി 75.00 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു.

സാങ്കേതികവിദ്യ കൈ മാറ്റം സുഗമമാക്കുന്നതിനും പ്രാദേശിക തലത്തിൽ ഫീൽഡ് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുമായി വാർഡ് തലത്തിലുള്ള ഗ്രൂപ്പ് കർഷക സമ്പർക്ക സംവിധാനം കൊണ്ട് വരുന്നതിനായി അഗ്രോക്ലിനിക്കുകൾ നടത്തുന്നതിനായി 5.00 ലക്ഷം രൂപ വകയിരുത്തുന്നു.

ഫീൽഡ് തലത്തിൽ തന്നെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വേദി ഒരുക്കുക എന്ന ഉദ്ദേശ്യത്തോടെ കൃഷി ദർശൻ പരിപാടികൾ നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിരിക്കുന്നു. ഇതിനായി 132.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു.

2025-26 കാലയളവിൽ കേര പ്രൊജക്ടുമായി സംയോജിപ്പിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

## 18. കാർഷിക വിവരവും വിനിമയവും

**(വിഹിതം: 400.00 ലക്ഷം രൂപ)**

കൃത്യസമയത്ത് കർഷകർക്കിടയിൽ ശാസ്ത്രീയ അറിവുകൾ പ്രചരിപ്പിക്കുന്നതിനും കൃഷി, ഫിഷറീസ് എന്നീ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വെബ് അധിഷ്ഠിത സേവനങ്ങൾ ഉൾപ്പെടെ വിവിധ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ നൽകുന്നതിനുമായി 2025-26 ൽ 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

കേരള കർഷകൻ പ്രസിദ്ധീകരണം, ഡിജിറ്റൽ കോപ്പി പ്രിന്റിംഗ്, കേരള കർഷകൻ ജേർണലിലെ രചയിതാക്കൾക്കുള്ള ഓണറേറിയം, ഫാം ഫോട്ടോഗ്രാഫി മത്സരം, ഉപന്യാസ രചനാ മത്സരം, ഷോർട്ട് ഫിലിം മത്സരം, അവാർഡുകൾ (ഉദ്യോഗസ്ഥർ ഒഴികെ), സ്റ്റേഷനറി ചെലവുകൾ, ക്യാമ്പയിനുകൾ, പ്രദർശനങ്ങൾ, സൈബർ വിജ്ഞാന വ്യാപനം, റേഡിയോ പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ

കൂടാതെ മറ്റ് ആശയ വിനിമയ പ്രവർത്തനങ്ങളും ഉൾപ്പെടും. ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്കായി പുതിയ ഓഫീസ് കെട്ടിയം നിർമ്മിക്കുന്നതിന് ഈ പദ്ധതിയ്ക്ക കീഴിൽ പിന്തുണ നൽകും.

2025-26 കാലയളവിൽ കേര പ്രൊജക്ടുമായി സംയോജിപ്പിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

കാർഷിക വിവരവും വിനിമയവും പദ്ധതിയുടെ ഘടകങ്ങൾ തിരിച്ചുള്ള വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കേരള കർഷകനും മറ്റ് പ്രവർത്തനങ്ങളും | 225.00 |
| 2 | പ്രസിദ്ധീകരണങ്ങൾ | 50.00 |
| 3 | മാധ്യമ സഹകരണവും, മറ്റ് വാർത്താവിനിമയ പ്രവർത്തനങ്ങളും | 124.00 |
| 4 | ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്ക് പുതിയ കെട്ടിടം (പുതിയത് ) | 1.00 |
| | **ആകെ** | **400.00** |

**19. മാനവശേഷി വികസനം**

**(വിഹിതം: 335.00 ലക്ഷം രൂപ)**

കാർഷിക സാങ്കേതികവിദ്യ കർഷക സമൂഹത്തിന് കാര്യക്ഷമമായി കൈമാറുന്നതിനും അത് സ്വീകരിച്ച് നടപ്പിലാക്കുന്നതിനുമായി കാർഷിക മേഖലയിലെ ആനുകാലിക വിവരങ്ങളിൽ ഉദ്യോഗസ്ഥരുടെ ശേഷി വർദ്ധിപ്പിക്കുന്നത് അത്യന്താപേക്ഷിതമാണ്. സാങ്കേതികവും മാനേജീരിയൽ കഴിവും മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന-ദേശീയ തലങ്ങളിലെ പ്രമുഖ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം എന്ന ഘടകം ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

ബ്ലോക്ക് തലത്തിലുള്ള വകുപ്പ് ഉദ്യോഗസ്ഥർക്ക് സമേതി മുഖേന വിഭാവനം ചെയ്യുന്ന നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള 'ഓൺഫാം' പരിശീലനങ്ങൾ കേരള കാർഷിക സർവ്വകലാശാലയെ ഏൽപ്പിക്കും. ഇത് ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ, കെ.എ.യു നടത്തും. സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കേരള കാർഷിക സർവകലാശാലയുമായി സഹകരിച്ചുള്ള പരിശീലനം നടപ്പാക്കുന്നതിന് മുമ്പ് അതിനായുള്ള പ്രൊപോസൽ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കും. കേരള കാർഷിക സർവകലാശാല നടപ്പിലാക്കുന്ന വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകളിൽ വകുപ്പുദ്യോഗസ്ഥരുടെ പങ്കാളിത്തവും പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്യുന്നു. കോഴ്സുകളിലേക്കുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിൽ സുതാര്യത നിലനിർത്തും. യോഗ്യതാ മാനദണ്ഡങ്ങൾ കൃഷി ഡയറക്ടർ നിശ്ചയിക്കുകയും വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യും. മാനവശേഷി വികസനത്തിനായി 240.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഷെഡ്യൂൾ ചെയ്ത പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് മുമ്പ് വകുപ്പ്, തുക മുൻകൂറായി ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ, കെഎയുവിന് കൈമാറും. കർഷകർക്കുള്ള പരിശീലനവും അന്താരാഷ്ട്ര എക്സ്പോഷർ സന്ദർശനങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നില്ല.

സമേതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് 95.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിനായി വകുപ്പ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും, ഡിപ്പാർട്ട്മെന്റിന്റെ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുകയും ചെയ്യണം. പദ്ധതിയേതര ചെലവുകൾക്ക് തുക വിനിയോഗിക്കാൻ പാടുള്ളതല്ല. 2025-26 കാലയളവിൽ കേര പ്രൊജക്ടുമായി സംയോജിപ്പിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

2025-26 ൽ ഈ പദ്ധതിയ്ക്കായി 335.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മാനവശേഷി വികസന സംരംഭങ്ങൾ | 240.00 |
| 2 | സമേതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ | 95.00 |
| **ആകെ** | | **335.00** |

## 20. ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം

**(വിഹിതം: 1000.00 ലക്ഷം രൂപ)**

വിളകളുടേയും ഉല്പന്നങ്ങളുടേയും ശാസ്ത്രീയ പരിപാലനത്തിൽ ഫാം യന്ത്രവൽക്കരണത്തിന് പ്രാധാന്യമേറുന്നു. യന്ത്രവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായ കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മ സേനകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവ ശക്തിപ്പെടുത്തി സേവനപ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച് ഒറ്റ കേന്ദ്രത്തിലൂടെ നൽകുന്നതിനും തൊഴിലാളി ക്ഷാമം കുറയ്ക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ ഇവയെ സംയോജിപ്പിച്ച് കാർഷിക മേഖലയിലെ സ്വയംസഹായ ഗ്രൂപ്പുകളായി (കൃഷിശ്രീ സെന്ററുകൾ) വികസിപ്പിക്കുന്നതിനും എല്ലാ സേവനങ്ങളും ഏകജാലക സംവിധാനത്തിലൂടെ നൽകുന്നതിനും വിഭാവനം ചെയ്യുന്നു. കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ (കെ.എസ്.എ.എം.എം) ഏകോപനത്തിൽ പ്രോജക്ട് അടിസ്ഥാനത്തിൽ ഇത് നടപ്പിലാക്കും.

2025-26 ൽ ഈ പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുള്ള 1000.00 ലക്ഷം രൂപയുടെ ഘടകങ്ങൾ തിരിച്ചുള്ള വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രോജക്ട് അടിസ്ഥാനത്തിൽ പുതിയ കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കൽ, നിലവിലുള്ള കൃഷിശ്രീ സെന്ററുകളുടെയും കാർഷിക കർമ്മസേനയുടെയും, അഗ്രോ സർവ്വീസ് സെന്ററുകളുടേയും ശാക്തീകരണം, അഗ്രോ മെഷിനറി റിപ്പയർ ക്യാമ്പുകൾ | 100.00 |
| 2 | കാർഷിക കർമ്മ സേനയിലേയും അഗ്രോ സർവ്വീസ് സെന്ററുകളിലെയും പുതിയതായി രൂപീകരിച്ച കൃഷിശ്രീ കേന്ദ്രങ്ങളിലെയും അംഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | 20.00 |
| 3 | അഗ്രോ സർവ്വീസ് സെന്ററുകളിലെ മൊബൈൽ ക്ലിനിക്കുകളിലേയ്ക്കുള്ള വേതനം ഉൾപ്പെടെയുള്ള പ്രവർത്തന ചെലവുകൾ | 185.00 |
| 4 | കെ.എസ്.എ.എം.എം ന്റെ പ്രവർത്തന ചെലവുകൾ | 200.00 |
| 5 | കൃഷിഭവനുകളിൽ ഇന്റേൺഷിപ്പ് പരിപാടി (അപ്രന്റീസ് വി.എച്ച്.എസ്.ഇ) | 350.00 |
| 6 | കൃഷിഭവനുകളിലെ ഇരുചക്ര വാഹനങ്ങളുടെ ഇന്ധന ചാർജ്ജും പ്രവർത്തന ചെലവും | 145.00 |
| | **ആകെ** | **1000.00** |

പ്രോജക്ട് അടിസ്ഥാനത്തിൽ പുതിയ കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കൽ, നിലവിലുള്ള കൃഷിശ്രീ സെന്ററുകളുടെയും കാർഷിക കർമ്മസേനയുടെയും, അഗ്രോ സർവ്വീസ് സെന്ററുകളുടേയും ശാക്തീകരണം, ബ്ലോക്ക് തലത്തിലുള്ള അഗ്രോ മെഷിനറി റിപ്പയർ ക്യാമ്പുകൾ എന്നിവയ്ക്കായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു. 2025-26 കാലയളവിൽ കോർപ്പറേഷനിലും, മുൻസിപ്പാലിറ്റിയിലും ഉൾപ്പെടെ പുതിയ കൃഷിശ്രീ കേന്ദ്രങ്ങൾ സ്ഥാപിക്കും. കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി അവയെ ശക്തിപ്പെടുത്തും. ഇതിനായി ഓരോ കേന്ദ്രങ്ങളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കും.

വരും വർഷങ്ങളിൽ കാര്യക്ഷമവും ലാഭകരവുമായ പ്രവർത്തനത്തിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും വേണ്ടി ഓരോ യൂണിറ്റിനും ബിസിനസ്സ് പ്ലാൻ തയ്യാറാക്കും. ഒരു യൂണിറ്റിന് 5.00 ലക്ഷം രൂപ വരുമാനം ലഭിക്കുന്ന ഒരു ബിസിനസ്സ് പ്ലാൻ ഉണ്ടായിരിക്കും. യൂണിറ്റുകളുടെ പ്രകടനം വിശകലനം ചെയ്തതിനു ശേഷമായിരിക്കും സഹായം നൽകുന്നത്.

കാർഷിക കർമ്മ സേനയുടേയും കാർഷിക സേവന കേന്ദ്രങ്ങളിലേയും പുതുതായി ആരംഭിക്കുന്ന കൃഷിശ്രീ യൂണിറ്റുകളിലേയും രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തികൊണ്ട് ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് ഗ്രൂപ്പ് ഇൻഷ്വറൻസ് പരിപാടി നടപ്പിലാക്കും. ഇതിനുള്ള പ്രീമിയം തുക ഒടുക്കുന്നതിനായി 20.00 ലക്ഷം രൂപ വകയിരുത്തുന്നു.

കർഷകർക്ക് കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കാര്യക്ഷമമായ യന്ത്രവൽക്കരണ അന്തരീക്ഷം സാധ്യമാക്കുന്നതിന് കെ.എസ്.എ.എം.എം ന്റെ പ്രവർത്തനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കും. കെ.എസ്.എ.എം.എം ന്റെ പ്രവർത്തന ചെലവുകൾക്കായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു. കാർഷിക സേവന കേന്ദ്രം, കാർഷിക കർമ്മ സേന, കസ്റ്റം ഹയറിംഗ് സെന്റർ എന്നിവ കൂടാതെ വിവിധ പദ്ധതികളിൽ വിതരണം ചെയ്തതും പഞ്ചായത്തുകളിൽ ലഭ്യമായതുമായ കാർഷിക യന്ത്രങ്ങളുടെ ആസ്തി വിവര പട്ടിക 2025-26 ൽ പുതുക്കും. കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ഈ ഡേറ്റാ ബേസ് സഹായകമാകും. കാർഷിക പ്രവർത്തനങ്ങളെ കൃഷിശ്രീ യൂണിറ്റുകൾ മുഖേന ഏകോപിപ്പിച്ച് നടപ്പിലാക്കുക, അവയെ സ്വയംപര്യാപ്തതയിലേയ്ക്ക് കൊണ്ടുവരുന്നതിനായി ബിസിനസ്സ് പ്ലാൻ ആശയം കൊണ്ടുവരിക, ജില്ല-സംസ്ഥാനതലത്തിലുള്ള നിരീക്ഷണം തുടങ്ങിയവ മിഷന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കാർഷിക സേവന കേന്ദ്രങ്ങളുടേയും കാർഷിക കർമ്മസേനയുടേയും സേവന ദാതാക്കൾക്ക് കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള പരിശീലനവും നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനവും മിഷൻ മുഖേന തുടരും. വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സമാന പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് കൃഷി ഡയറക്ടറുടെ മേൽനോട്ടത്തിലായിരിക്കും മിഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

വിദ്യാ സമ്പന്നരായ യുവാക്കൾക്ക് അവസരം ഒരുക്കുക, സർക്കാർ പരിപാടികൾ മികച്ച രീതിയിൽ നടപ്പിലാക്കുന്നതിന് താഴേത്തട്ടിൽ സേവനം ലഭ്യമാക്കുക എന്നീ ഇരട്ടലക്ഷ്യത്തോടെ 2025-26 വർഷം കൃഷിഭവനുകളിൽ ഇന്റേൺഷിപ്പ് പ്രോഗ്രാം നടപ്പിലാക്കും. കാർഷിക/ജൈവ കൃഷിയിൽ അവസാനവർഷ വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികളേയും, വി.എച്ച്.എസ്.ഇ സർട്ടിഫിക്കറ്റ് ഉടമകളേയും പ്രതിമാസം 2500/- രൂപ ഇൻസെന്റീവോടെ ആറുമാസത്തേയ്ക്ക് ജോലിയിൽ ഏർപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു. ഇതിനായി 350.00 ലക്ഷം രൂപ വകയിരുത്തുന്നു.

പദ്ധതിയുടെ ഗുണഭോക്താക്കളിൽ 15 ശതമാനം സ്ത്രീകളാണെന്ന് വകുപ്പ് ഉറപ്പാക്കും.

യന്ത്രവൽക്കരണ യജ്ഞം ശക്തിപ്പെടുത്തുന്നതിനായി അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ അധ്യക്ഷതയിൽ അവലോകന സമിതി രൂപീകരിക്കും. കൃഷി ഡയറക്ടർക്ക് പുറമേ കാർഷിക സർവ്വകലാശാല പ്രതിനിധി, സംസ്ഥാന ആസൂത്രണ ബോർഡ്, സംസ്ഥാന അഗ്രിക്കൾച്ചർ എഞ്ചിനീയർ, കെ.എസ്.എ.എം.എം ഡയറക്ടർ എന്നിവരും കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. പദ്ധതിയ്ക്ക് കീഴിലുള്ള പ്രവർത്തനങ്ങൾ ഈ സമിതിയുടെ മേൽനോട്ടത്തിലായിരിക്കും.

2025-26 കാലയളവിൽ കേര പ്രൊജക്ടുമായി സംയോജിപ്പിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

## V. വരുമാനം ഉറപ്പാക്കലും റിസ്ക് ലഘൂകരണവും

### 21. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി

**(വിഹിതം: 3314.00 ലക്ഷം രൂപ)**

പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന വിളനാശത്തിനു നൽകി വരുന്ന സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി കർഷകരെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ 2025-26 ലും തുടരും. ഇതിൽ അംഗങ്ങളായ കർഷകരിൽ നിന്നും പ്രീമിയം, രജിസ്ട്രേഷൻ ഫീസ് എന്നിവ സ്വരൂപിച്ചും സർക്കാരിൽ നിന്നുമുള്ള സംഭാവനയും ചേർത്താണ് വിള ഇൻഷുറൻസ് ഫണ്ട് രൂപീകരിച്ചിരിക്കുന്നത്. 2025-26 ൽ ഈ പദ്ധതിയ്ക്കായി 3314.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 22. പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്തിര പരിപാടി

**(വിഹിതം: 750.00 ലക്ഷം രൂപ)**

പ്രകൃതിക്ഷോഭങ്ങൾ, കീടരോഗങ്ങൾ എന്നിവ മൂലം അവിചാരിതമായ കാരണങ്ങളാൽ ഉണ്ടാകുന്ന കൃഷിനാശം നേരിടുന്നതിന് 2025-26 ൽ 750.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രകൃതിക്ഷോഭങ്ങൾ, വിളനാശം എന്നിവ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി നെല്ല്, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ കരുതൽശേഖരം ഉണ്ടാക്കുക, ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനുള്ള സഹായം, കീടങ്ങളും രോഗങ്ങളും വ്യാപകമാകുന്ന സാഹചര്യത്തിൽ വിള ആരോഗ്യ പരിപാലനത്തിനുള്ള സഹായം മുതലായ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 23. കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി

**(വിഹിതം: 1400.00 ലക്ഷം രൂപ)**

കുട്ടനാടൻ മേഖലയിലെ കാർഷിക വികസനത്തിനായി 2025-26 ൽ 1400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കുട്ടനാട് പ്രദേശത്തെ പെട്ടിയും പറയും മാറ്റി വി.എ.എഫ് പമ്പുകൾ സ്ഥാപിക്കലും (മോട്ടോർ തറ നിർമ്മാണം ഉൾപ്പെടെ) പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും | 1400.00 |
| | **ആകെ** | **1400.00** |

കുട്ടനാട് മേഖലയിലെ വിള ഉൽപ്പാദനത്തിന്റെ ഭാഗമായി നടത്തുന്ന പ്രധാന പ്രവർത്തനം പാടത്തെ വെള്ളം നീക്കം ചെയ്യൽ അഥവാ ഡീവാട്ടറിംഗ് എന്ന പ്രക്രിയയാണ്. ആയതിനാൽ നിലവിലുള്ള പരമ്പരാഗത പെട്ടിയും പറയും സമ്പ്രദായം മാറ്റി പകരം ഊർജ്ജ ക്ഷമതയുള്ള വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്/സബ്മേഴ്സിബിൾ പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിന് ഊന്നൽ നൽകും. കുട്ടനാട് മേഖലയിൽ പരമ്പരാഗത പെട്ടിയും പറയും സമ്പ്രദായം മാറ്റി പകരം വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്/സബ്മേഴ്സിബിൾ പമ്പ്സെറ്റുകൾ (10–50 എച്ച്.പി) എന്നിവ സൗജന്യമായി സ്ഥാപിക്കുന്നതിനും, അതിനായി ഉയർന്ന തിട്ടകൾ നിർമ്മിക്കുന്നതിനും ഊന്നൽ നൽകികൊണ്ട് പദ്ധതിയുടെ കീഴിൽ 1400.00 ലക്ഷം രൂപ നീക്കി വെച്ചിരിക്കുന്നു. കുട്ടനാട് മേഖലയിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പിന്തുണ നൽകും. പദ്ധതിയ്ക്കായി നീക്കി വച്ചിരിക്കുന്ന 1400.00 ലക്ഷം രൂപയിൽ 700.00 ലക്ഷം രൂപ ആർ.ഐ.ഡി.എഫ് വിഹിതമായിട്ടാണ്. ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ്, തദ്ദേശ ഭരണവകുപ്പ് എന്നിവയുടെ വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കുന്ന പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തന പദ്ധതികൾ ഇതിലേയ്ക്ക് സംയോജിപ്പിക്കും.

കുട്ടനാട് മേഖലയിൽ അംഗീകൃത വിള കലണ്ടർ സ്വീകരിക്കുന്നതിന് ആവശ്യമായ ഹ്രസ്വകാല നെല്ലിനങ്ങളുടെ ലഭ്യതയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും സുഗമമാക്കുന്നത് ഉറപ്പാക്കാൻ വകുപ്പ് ശ്രദ്ധ ചെലുത്തും.

### VI. കേന്ദ്രാവിഷ്കൃത പദ്ധതി – സംസ്ഥാന വിഹിതം

### 24. സംയോജിത പദ്ധതി – കൃഷി ഉന്നതി യോജന ഉൾപ്പെടെയുള്ള മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 7700.00 ലക്ഷം രൂപ)**

കൃഷി ഉന്നതിയോജന 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമുള്ള ഒരു സംയോജിത പദ്ധതിയാണ്. സിംഗിൾ നോഡൽ ഏജൻസിയ്ക്ക് കീഴിൽ പി.എഫ്.എം.എസ് സംവിധാനത്തിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ (എൻ.എഫ്.എസ്.എം), ഹോർട്ടിക്കൾച്ചർ സംയോജിത വികസന മിഷൻ (എം.ഐ.ഡി.എച്ച്), സുസ്ഥിര കൃഷിയ്ക്കുള്ള ദേശീയ മിഷൻ (എൻ.എം.എസ്.എ), കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കുമുള്ള ദേശീയ പദ്ധതി (എൻ.എം.എ.ഇ.റ്റി) രാഷ്ട്രീയ കൃഷി വികസ് യോജന (ആർ.കെ.വി.വൈ), പരമ്പരാഗത് കൃഷി വികാസ് യോജന (പി.കെ.വി.വൈ), പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ), ദേശീയ കാർഷിക വനവത്ക്കരണ പദ്ധതി, സസ്യസംരക്ഷണത്തിനും സസ്യരോഗ കീട കള വ്യാപന നിയന്ത്രണ പരിശോധനയ്ക്കുമുള്ള സബ്മിഷൻ, വിവര സാങ്കേതിക വിദ്യ, കാർഷിക വിപണനത്തിനായുള്ള സംയോജിത പദ്ധതി, കേന്ദ്ര സഹായത്തോടെയുള്ള വിള ഇൻഷ്വറൻസ് പദ്ധതി എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം ഇതിലുൾപ്പെടുന്നു. 2025–26 വർഷം ഈ പദ്ധതികളിലെ സംസ്ഥാന വിഹിതമായി 7700.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 1000.00 ലക്ഷം രൂപ കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കുമുള്ള പദ്ധതിയുടെ (എൻ.എം.എ.ഇ.റ്റി) ഉപപദ്ധതിയായ കാർഷിക വിജ്ഞാന വ്യാപനത്തിനായി (എസ്.എം.എ.ഇ) നീക്കിവെച്ചിരിക്കുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) യുടെ സംസ്ഥാന വിഹിതമായി 1500.00 ലക്ഷം രൂപയും, ഹോർട്ടിക്കൾച്ചർ സംയോജിത വികസന മിഷന്റെ സംസ്ഥാന വിഹിതമായി 1200.00 ലക്ഷം രൂപയും, കാർഷിക യന്ത്രവൽക്കരണത്തിനായുള്ള സബ്മിഷൻ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 2000.00 ലക്ഷം രൂപയും വകയിരുത്തുന്നു. ഇതിനുപുറമേ 2025–26 ൽ പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും അനുവദിക്കുന്ന മുറയ്ക്ക് അവയ്ക്കുള്ള സംസ്ഥാന വിഹിതമായി 2000.00 ലക്ഷം രൂപയും ഇതിൽ വകയിരുത്തുന്നു.

## 1.2 മണ്ണ് – ജലസംരക്ഷണം

മണ്ണ് ജലസംരക്ഷണ മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 2025–26 ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ ഉപമേഖലയിൽ വകയിരുത്തിയിരിക്കുന്ന 7799.00 ലക്ഷം രൂപയിൽ 4400.00 ലക്ഷം രൂപ നബാർഡിന്റെ ആർ.ഐ.ഡി.എഫ് ധനസഹായത്തോടെ നീർത്തടങ്ങളിലും പാടശേഖരങ്ങളിലും അടിസ്ഥാനസൗകര്യ പ്രവർത്തനങ്ങൾക്കും വെള്ളപ്പൊക്ക സംരക്ഷണത്തിനും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി വകയിരുത്തിയിരിക്കുന്നു. 2025–26–ലെ ബജറ്റ് വിഹിതം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | വകുപ്പുകൾ/ഏജൻസികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| I | കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് | 418.00 |
| II | കെ.എസ്.ആർ.ഇ.സി | 1330.00 |
| III | മണ്ണ് പര്യവേക്ഷണം | 352.00 |
| IV | മണ്ണ് സംരക്ഷണം കെ.എൽ.ഡി.സി ഉൾപ്പെടെ | 5699.00 |
| | **ആകെ** | **7799.00** |

### I. സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ 2025–26 കാലയളവിലെ പദ്ധതികൾ

താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് 2025–26–ലെ വാർഷിക പദ്ധതിയിൽ സംസ്ഥാന ഭൂവിനിയോഗ ബോർഡിന് 418.00 ലക്ഷം രൂപ വകയിരുത്തുന്നു.

#### 1. സംസ്ഥാന ഭൂവിനിയോഗ ബോർഡ് ശക്തിപ്പെടുത്തൽ

**(വിഹിതം: 157.00 ലക്ഷം രൂപ)**

സംസ്ഥാന ഭൂവിനിയോഗ ബോർഡ്, ഭൂമിയുടെ വിവേകപൂർണമായ ഉപയോഗം, നിലവിലെ ഭൂവിനിയോഗത്തെ സംബന്ധിച്ച് സൂക്ഷ്മതല വിവരശേഖരണം, ഭൂവിഭവങ്ങൾ, ഭൂമിയുടെ ഫലഭൂയിഷ്ഠത നഷ്ടപ്പെടൽ, കാര്യക്ഷമമായ ഭൂവിനിയോഗം തുടങ്ങിയ പഠനങ്ങൾ നടത്തുന്നതിൽ സജീവമായി ഇടപെടുന്നു. കൂടാതെ പ്രകൃതി വിഭവങ്ങളുടെ വിവരശേഖരണവും പഠനങ്ങളും ബോർഡ് ഏറ്റെടുത്ത് നടത്തി വരുന്നു. വിഭവാധിഷ്ഠിതവും വിഷയാനുസൃതവുമായ ഭൂപട നിർമ്മാണം, സ്പേഷ്യൽ ഡാറ്റാബേസ് വികസനം, സ്ഥലപര തീരുമാന സഹായ സംവിധാനം തുടങ്ങിയ മേഖലകളിൽ സാങ്കേതിക സഹായവും ബോർഡ് നൽകി വരുന്നു. മണ്ണ്സംരക്ഷണം, ജലസംരക്ഷണം, പ്രകൃതിവിഭവ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, സുസ്ഥിര വികസനം എന്നീ വിഷയങ്ങളിൽ പൊതുജനങ്ങൾക്കായി ബോധവൽക്കരണ പരിപാടികളും വകുപ്പ് നൽകുന്നു. ഇതര വകുപ്പുകൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഭൂവിനിയോഗം, സ്ഥലസംബന്ധമായ ആസൂത്രണം എന്നിവയിലേക്ക് മാർഗ്ഗോപദേശക സേവനങ്ങളും സംസ്ഥാന ഭൂവിനിയോഗ ബോർഡ് പ്രദാനം ചെയ്യുന്നു.

ജിയോ ഇൻഫോർമാറ്റിക്സ് ലബോറട്ടറിയുടെ നവീകരണവും ശക്തിപ്പെടുത്തലും സംബന്ധിച്ച പ്രവർത്തനങ്ങൾ 2025–26–ൽ തുടരുന്നതാണ്. വിവിധ വകുപ്പുകളിലും മറ്റ് സ്രോതസ്സുകളിലുമുള്ള വിഭവങ്ങളെ ഡിജിറ്റൽ രൂപത്തിലാക്കാനും ഉപഭോക്തൃ സൗഹൃദപരമായ തരത്തിൽ ലഭ്യമായ വിവരങ്ങളെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പദ്ധതി ആസൂത്രണം ചെയ്യുന്നവർക്കും, ഭരണകർത്താക്കൾക്കും മറ്റ് വകുപ്പുകൾക്കും പ്രയോജനപ്രദമായ രീതിയിൽ വിവരങ്ങൾ കാലാനുസൃതമാക്കാനും പദ്ധതി ലക്ഷ്യമിടുന്നു. പ്രകൃതിവിഭവങ്ങളെ സംബന്ധിച്ച് വിഷയാടിസ്ഥാനത്തിൽ കണക്കുകൾ നൽകികൊണ്ട് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയ്ക്കും ഹരിതകേരള മിഷനും മറ്റ് സർക്കാർ പരിപാടികളിലും ജി.ഐ.എസ് പിന്തുണ നൽകും. ഭൂവിഭവ ആസൂത്രണത്തിന്റെ എല്ലാ വശങ്ങളിലും പുതിയ ഐ.ടി മാതൃക നടപ്പാക്കുന്നതിലെ വെല്ലുവിളികൾ നേരിടാൻ ജിയോ ഇൻഫോർമാറ്റിക്സ് ലാബ് ശക്തിപ്പെടുത്തും. കാസറഗോഡ്, കോഴിക്കോട് ജില്ലകളിലെ പാഴ് ഭൂമിയെക്കുറിച്ച് സ്ഥല വിവര (സ്പേഷ്യൽ) ഡാറ്റാബേസ് 2025–26 കാലയളവിൽ തയ്യാറാക്കും. പഞ്ചായത്തുകളുടെ ഭൂഗർഭജല നിരപ്പ് മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ജലവിഭവ പരിപാലനവും ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ ബ്ലോക്കുകൾക്കായുള്ള സംരക്ഷണ പദ്ധതിയും ഏറ്റെടുക്കും. ബന്ധപ്പെട്ട വകുപ്പുകളിലെ

ഉദ്യോഗസ്ഥർക്ക് ജി.ഐ.എസിൽ ഹ്രസ്വകാല പരിശീലനവും കെ.എസ്.എൽ.യു.ബിയിലെ ജീവനക്കാർക്ക് ഇൻ സർവീസ് പരിശീലനവും വകുപ്പ് നടത്തുന്നുണ്ട്. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനുള്ള അവബോധ പരിപാടികളും 2025-26 പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2025-26 വാർഷിക പദ്ധതിയിൽ 157.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു:

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| എ | ജിയോ ഇൻഫോർമാറ്റിക്സ് ലാബിന്റെ നവീകരണം | 24.50 |
| ബി | സെമി ക്രിട്ടിക്കൽ, ക്രിട്ടിക്കൽ ബ്ലോക്കുകൾക്കായുള്ള ജലവിഭവ പരിപാലനവും സംരക്ഷണ പദ്ധതിയും | 92.00 |
| സി | ഭൂവിനിയോഗ ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും പശ്ചാത്തല വികസനത്തിനും | 8.00 |
| ഡി | വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻ സർവീസ് പരിശീലനം | 1.00 |
| ഇ | നീർത്തടാധിഷ്ഠിത ആസൂത്രണത്തിനായുള്ള ജി.ഐ.എസ്. ആപ്ലിക്കേഷൻ, റിമോട്ട് സെൻസിംഗ് എന്നിവയിൽ പരിശീലനവും ഹ്രസ്വകാല കോഴ്സുകളും | 1.00 |
| എഫ് | കേരളത്തിലെ ഭൂവിഭവങ്ങളുടെ പ്രസിദ്ധീകരണം | 24.00 |
| ജി | ബോധവൽക്കരണ പരിപാടികൾ | 6.50 |
| | **ആകെ** | **157.00** |

പദ്ധതിയിൽ ഉദ്യോഗസ്ഥരുടെ ശമ്പളം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് പദ്ധതിയേതര ഉറവിടങ്ങളിൽ നിന്നും കണ്ടെത്തേണ്ടതാണ്.

**2. പഞ്ചായത്ത് ബ്ലോക്കുതല വിഭവ പര്യവേക്ഷണം**

**(വിഹിതം: 184.00 ലക്ഷം രൂപ)**

ഡാറ്റാബേസ് തയ്യാറാക്കുന്നതോടൊപ്പം പഞ്ചായത്തുതലത്തിലും ബ്ലോക്ക് തലത്തിലും നീർത്തട പ്രോജക്ടുകൾ തയ്യാറാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2025-26-ൽ 184.00 ലക്ഷം രൂപ താഴെപ്പറയുന്ന ഇനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| എ | മൈക്രോ വാട്ടർഷെഡുകളുടെ എൻ.ആർ.എം പദ്ധതികൾ തയ്യാറാക്കുക | 60.00 |
| ബി | തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ ഭൂവിനിയോഗ പ്ലാൻ തയ്യാറാക്കുക | 55.25 |
| സി | തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ സമുചിത വിള നിർണ്ണയ പദ്ധതി | 52.00 |
| ഡി | ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം, തണ്ണീർത്തടം, മെച്ചപ്പെട്ട പ്രകൃതിവിഭവ ആസൂത്രണം എന്നിവയിൽ പരിശീലന പരിപാടികൾ | 0.50 |
| ഇ | ബോധവൽക്കരണ പരിപാടി (പുതിയ ഘടകം) | 6.25 |
| എഫ് | റീജിയണൽ ഓഫീസ് ശക്തിപ്പെടുത്തൽ (പുതിയ ഘടകം) | 10.00 |
| | **ആകെ** | **184.00** |

മൊത്തം തുകയായ 184.00 ലക്ഷം രൂപയിൽ 52.00 ലക്ഷം രൂപ സമുചിതവിള നിർണ്ണയം നടത്തുന്നതിനാണ്. ലഭ്യമായ ഭൂമി ഉപയോഗിച്ച് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി, അനുയോജ്യമായ വിളകൾ കണ്ടെത്തി അവയ്ക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ കൃഷി ചെയ്ത് സുസ്ഥിര

വിള ഉൽപ്പാദനം ഉറപ്പാക്കുന്നതിന് സമുചിതവിള നിർണ്ണയം നടത്തുന്നത് അത്യാവശ്യമാണ്. 2025-26 കാലയളവിൽ സമുചിതവിള നിർണ്ണയം നടത്തുന്നതിനായി പുതിയ കരാർ ജീവനക്കാരെ നിയമിക്കാൻ പാടില്ല.

പദ്ധതിയിൽ ഉദ്യോഗസ്ഥരുടെ ശമ്പളം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് പദ്ധതിയേതര ഉറവിടങ്ങളിൽ നിന്നും കണ്ടെത്തേണ്ടതാണ്.

**3. ഭൂവിഭവ വിവര സംവിധാനം(എൽ.ആർ.ഐ.എസ് )**

**(വിഹിതം: 77.00 ലക്ഷം രൂപ)**

പ്രാദേശികതലത്തിലുള്ള ആസൂത്രണത്തിനായി സ്പേഷ്യൽ ഡാറ്റാ സാങ്കേതിക വിദ്യയുടെ പ്രവർത്തനം വിശദീകരിക്കാനും പ്രോത്സാഹിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ പ്രായോഗിക ഗവേഷണം (ഓപ്പറേഷൻ റിസർച്ച്), ഡാറ്റാ മാനേജ്മെന്റ്, മോഡലിംഗ് എന്നിവയിൽ സോഫ്റ്റ് വെയർ സഹായം നൽകുന്നതിനുമായി വികസിപ്പിച്ച ഭൂവിഭവ വിവര സംവിധാനം നവീകരിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ഇതുകൂടാതെ നിലിവിലുള്ള വിഭവവിവര സഞ്ചയം പുനഃക്രമീകരിക്കുകയും വിവിധ ഉപയോക്താക്കൾക്ക് ആവശ്യാനുസരണം നൽകുകയും ചെയ്യും.

2025-26-ൽ 77.00 ലക്ഷം രൂപ താഴെപ്പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

| **ക്രമ നമ്പർ** | **ഘടകങ്ങൾ** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| എ | ഭൂവിനിയോഗ/ഭൂപ്രദേശ വിവരങ്ങൾ ഉൾപ്പെടുത്തിയ എൽആർഐഎസ് വെബ് സൈറ്റ് നവീകരിക്കുന്നതിനും സമഗ്ര തണ്ണീർത്തട വിവര സംവിധാനം തയ്യാറാക്കുന്നതിനും | 50.00 |
| ബി | കൃഷി വകുപ്പിന്റെ കതിർ ആപ്പിനായി നെൽവയലുകളുടെ ജിഐഎസ് ഡാറ്റ പിന്തുണയും പ്രായോഗിക പരിചയപ്പെടുത്തലും (പുതിയ ഘടകം) | 10.00 |
| സി | നഗര ജൈവവൈവിധ്യ സൂചിക വികസിപ്പിക്കുന്നതിനായി തിരുവനന്തപുരം നഗരത്തിലെ ഹരിത, നീല ഇടങ്ങളുടെ മാപ്പിംഗ്(പുതിയ ഘടകം) | 8.00 |
| ഡി | റെഡ് ലിസ്റ്റിലുള്ള ഇക്കോസിസ്റ്റം (ആർ. എൽ. ഇ) വിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ തെരഞ്ഞെടുത്ത മേഖലകളിലെ വൈവിധ്യമാർന്ന ആവാസവ്യവസ്ഥകളുടെ മാപ്പിംഗ്. (പുതിയ ഘടകം) | 9.00 |
| | **ആകെ** | **77.00** |

**II. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന്റെ 2025-26 കാലയളവിലെ പദ്ധതികൾ**

**4. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി)**

**(വിഹിതം: 1330.00 ലക്ഷം രൂപ)**

കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ, സംസ്ഥാനത്ത് റിമോട്ട് സെൻസിംഗ്, ജി.ഐ.എസ് തുടങ്ങിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രോജക്ടുകളുടെ ആസൂത്രണത്തിന്റെയും വികസനത്തിന്റെയും കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. കെ.എസ്.ആർ.ഇ.സി യുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-26 വർഷത്തിൽ 1330.00 ലക്ഷം രൂപ വകയിരുത്തുന്നു.

കെ.എസ്.ആർ.ഇ.സിയുടെ അടിസ്ഥാന സൗകര്യ വികസനവും കെട്ടിട നിർമ്മാണവും, തണ്ണീർത്തടങ്ങൾ, നെൽകൃഷി സംരക്ഷണ നിയമം എന്നിവയുമായി ബന്ധപ്പെട്ട പ്ലോട്ടുകളുടെ ഉപഗ്രഹ വിവരാധിഷ്ഠിത റിപ്പോർട്ട് തയ്യാറാക്കൽ, സ്പേഷ്യൽ ആസൂത്രണത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സ്പേഷ്യൽ ഗവേണൻസിൽ ശാക്തീകരിക്കുന്നതിനുള്ള ഡിസിഷൻ സപ്പോർട്ട് സിസ്റ്റം, സ്പേഷ്യൽ സാങ്കേതിക വിദ്യയിലും ഗവേണൻസിലുമുള്ള അവബോധവും പരിശീലനവും, ഡ്രോൺ ലാബ് സ്ഥാപിക്കൽ, കെ-ജി.ഐ.എസ് ന്റെ ഫലപ്രദമായ നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാണ് തുക വകയിരുത്തുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പിന്തുണ കാലാകാലങ്ങളിൽ നിർദ്ദിഷ്ട അംഗീകാരങ്ങൾക്കും വിഭവ ലഭ്യതയ്ക്കും വിധേയമായിരിക്കും.

എല്ലാ ജിഐഎസ് 'ഡാറ്റാ ബേസും' ഒരൊറ്റ പ്ലാറ്റ് ഫോമിൽ കൊണ്ടുവരാനുള്ള ശ്രമങ്ങൾക്കും കെ-ജി.ഐ.എസ് ന്റെ ഫലപ്രദമായ നടത്തിപ്പിനുമായി 500.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകളുടെയും പൊതുജനങ്ങളുടെയും എല്ലാ ഭൂമിശാസ്ത്ര വിവര സംവിധാന ആവശ്യങ്ങളും പരിഹരിക്കുന്നതിനുള്ള ജിഐഎസ് അടിസ്ഥാനമാക്കിയുള്ള പ്ലാറ്റ്ഫോം ആയി ജിഐഎസ് പ്രവർത്തിക്കും.

പദ്ധതി വിഹിതം താഴെ പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| എ | കെ.എസ്.ആർ.ഇ.സിയുടെ അടിസ്ഥാന സൗകര്യ വികസനം-കാമ്പസ് നിർമ്മാണം, സർവ്വർ നവീകരണം/അറ്റകുറ്റപ്പണി എന്നിവയ്ക്കുള്ള പിന്തുണ | 415.00 |
| ബി | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് ഉപഗ്രഹ ഡേറ്റ അടിസ്ഥാനമാക്കിയുള്ള പ്ലോട്ടുകളുടെ റിപ്പോർട്ട് തയ്യാറാക്കൽ | 57.00 |
| സി | പ്രാദേശികതലത്തിൽ സ്പേഷ്യൽ ആസൂത്രണത്തിനും ഭരണത്തിനുമുള്ള ഡിസിഷൻ സപ്പോർട്ട് സംവിധാനം | 300.00 |
| ഡി | സ്പേഷ്യൽ സാങ്കേതിക വിദ്യകളെയും ഭരണത്തെയും കുറിച്ചുള്ള അവബോധവും പരിശീലനവും | 16.00 |
| ഇ | ഡ്രോൺ ലാബ് സ്ഥാപിക്കൽ (പുതിയ ഘടകം ) | 42.00 |
| എഫ് | കെ-ജി.ഐ.എസിന്റെ ഫലപ്രദമായ നടത്തിപ്പ് (പുതിയ ഘടകം) | 500.00 |
| | **ആകെ** | **1330.00** |

### III. മണ്ണ് പര്യവേക്ഷണം - 2025-26 കാലയളവിലെ പദ്ധതികൾ

മണ്ണ് പര്യവേക്ഷണവുമായി ബന്ധപ്പെട്ട് 2025-26 വാർഷിക പദ്ധതിയിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി 352.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| എ | മണ്ണ് പര്യവേക്ഷണ ഉദ്യോഗസ്ഥർക്ക് പരിശീലനം | 12.00 |
| ബി | പരീക്ഷണശാലകൾ | 220.00 |
| സി | മണ്ണ് പര്യവേക്ഷണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള സെൽ | 90.00 |
| ഡി | സോയിൽ മ്യൂസിയം നവീകരണം | 20.00 |
| ഇ | ഭൂമിയുടെ വർഗ്ഗീകരണത്തിനായി ഡാറ്റാ ബാങ്ക് സ്ഥാപിക്കൽ | 10.00 |
| | **ആകെ** | **352.00** |

### 5. മണ്ണ് പര്യവേക്ഷണ ഉദ്യോഗസ്ഥർക്ക് പരിശീലനം

**(വിഹിതം: 12.00 ലക്ഷം രൂപ)**

മണ്ണ് പര്യവേക്ഷണത്തിനുള്ള ആധുനിക രീതികൾ പ്രാവർത്തികമാക്കാൻ വകുപ്പ് ഉദ്യോഗസ്ഥർക്ക് മണ്ണ പര്യവേക്ഷണത്തിലെ നൂതന സാങ്കേതിക വിദ്യകൾ, മണ്ണ് വിശകലനം, മണ്ണിന്റെ ഫലഭൂയിഷ്ഠത മെച്ചപ്പെടുത്തൽ, റിമോട്ട് സെൻസിംഗ്, ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം, തണ്ണീർത്തടം, പ്രകൃതിവിഭവം, ദുരന്തനിവാരണം എന്നിവയിൽ പരിശീലന പരിപാടികൾ പതിവായി നൽകി വരുന്നു.

താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ലെ പദ്ധതി വിഹിതമായ 12.00 ലക്ഷം രൂപ വിനിയോഗിക്കാവുന്നതാണ്.

1. മണ്ണ് പര്യവേക്ഷണം, നീർത്തട പരിപാലനം, റിമോട്ട് സെൻസിംഗ്, ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം എന്നിവയുമായി ബന്ധപ്പെട്ട് ദേശീയതല/സംസ്ഥാനതല പരിശീലന സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരെ പരിശീലനത്തിന് അയയ്ക്കുന്നതിന്.
2. മണ്ണ് പര്യവേക്ഷണവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ, സെമിനാറുകൾ, ശില്പശാലകൾ, വർക്ക് ഷോപ്പുകൾ, കോൺഫറൻസുകൾ, ബോധവൽക്കരണ പരിപാടികൾ, മുഖാമുഖം പരിപാടികൾ, സാങ്കേതിക സെഷനുകൾ തുടങ്ങിയവ നടത്തുന്നതിന്.
3. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണവകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയങ്ങൾ സംബന്ധിച്ച് ബിരുദാനന്തര ബിരുദ പഠനത്തിന് കേരളാ കാർഷിക സർവ്വകലാശാലയിൽ ഒരു ഉദ്യോഗസ്ഥനെ അയയ്ക്കുന്നതിന്. ട്യൂഷൻ ഫീസ് ഇനത്തിലുള്ള ചെലവ് പദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്. ഹോസ്റ്റൽ ഫീ,ശമ്പളം തുടങ്ങിയ മറ്റ് ചെലവുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. വിഭവലഭ്യതയ്ക്ക് വിധേയമായി ധനകാര്യ വകുപ്പിന്റെ അനുമതിയോടെ നിർദ്ദിഷ്ട അംഗീകാരത്തിനായി പ്രൊപ്പോസലിനൊപ്പം അപേക്ഷയും വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കണം.

### 6. പരീക്ഷണശാലകൾ

**(വിഹിതം: 220.00 ലക്ഷം രൂപ)**

മണ്ണിന്റെ ഭൗതികവും രാസപരവുമായ പരിശോധന, മണ്ണ് പര്യവേക്ഷണത്തിന്റെ അവശ്യഘടകമാണ്. ഇത് നിരീക്ഷണങ്ങളെ കൂടുതൽ പിന്താങ്ങുകയും മണ്ണ് പര്യവേക്ഷണ റിപ്പോർട്ടുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. നിലവിൽ മണ്ണ് പര്യവേക്ഷണ വകുപ്പിന്റെ കീഴിലുള്ള 7 ലബോറട്ടറികളിൽ മണ്ണിന്റെയും ജലത്തിന്റേയും എല്ലാ ഭൗതിക രാസഘടകങ്ങളുടെയും വിവിധ പരിശോധനകൾ നടത്തി വരുന്നു. കൂടാതെ, തിരുവനന്തപുരത്തെ സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറിയിലും തൃശ്ശൂർ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിലും കൽപ്പറ്റ ഹൈടെക്ക് സോയിൽ അനലിറ്റിക്കൽ ലബോറട്ടറിയിലും മണ്ണിലുള്ള കീടനാശിനിയുടെ അംശങ്ങൾ സംബന്ധിച്ച് പരിശോധന നടത്തിവരുന്നു. തിരുവനന്തപുരത്തെ സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ മണ്ണിലെ സൂക്ഷ്മാണുക്കളെ സംബന്ധിച്ച പഠനങ്ങൾ നടത്താനുള്ള സൗകര്യങ്ങളും ലഭ്യമാണ്. കർഷകർക്ക് മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുന്നതിനുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് വ്യക്തിഗത കൃഷി നിലങ്ങൾക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകിവരുന്നു. സംയോജിതമായി നടപ്പിലാക്കുന്ന ഈ പരിപാടിയിൽ, കൃഷിവകുപ്പും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പും ചേർന്ന് സൃഷ്ടിക്കുന്ന ഡേറ്റാ ബേസ് സംയോജിപ്പിച്ച് നിലവിലുള്ള പോർട്ടലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഒരു പൊതു മണ്ണ് ഫലഭൂയിഷ്ഠതാ പോർട്ടലായി വികസിപ്പിക്കും. സംസ്ഥാനത്തിനുവേണ്ടി സമഗ്രമായ മണ്ണ് ഫലഭൂയിഷ്ഠിതാ പോർട്ടൽ വികസിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കൃഷി ഡയറക്ടറും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറും ഒരുമിച്ച് പ്രവർത്തിക്കും.

മണ്ണ പര്യവേക്ഷണ വകുപ്പിനു കീഴിലുള്ള ലബോറട്ടറികളുടെ അപഗ്രഥന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, ലബോറട്ടറിക്കാവശ്യമായ ഗ്ലാസ്സ് വെയറുകൾ, കെമിക്കലുകൾ, ലബോറട്ടറി ഉപകരണങ്ങൾ, മൊബൈൽ മണ്ണ് പരിശോധനാ ലബോറട്ടറിയിലെ ഉപകരണങ്ങൾക്കുള്ള എഎംസി, മണ്ണ് പരിശോധന കാർഡുകൾ തയ്യാറാക്കുക, എൻഎബിഎൽ അക്രഡിറ്റേഷനുള്ള ചെലവ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 2025-26-ൽ 220.00 ലക്ഷം രൂപ വകയിരുത്തുന്നു. മണ്ണ് പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് പ്രസ്തുത തുക ഉപയോഗിക്കുവാൻ പാടില്ല. വാഹനം വാങ്ങുന്നതിനോ വാടകയ്ക്ക് എടുക്കാനോ പദ്ധതി തുക വിനിയോഗിക്കാൻ പാടില്ല.

മൊത്തം തുകയായ 220.00 ലക്ഷം രൂപയിൽ 100.00 ലക്ഷം രൂപ സോയിൽ ഡിജിറ്റൽ പോർട്ടലിന്റെ വികസനത്തിനും പ്രവർത്തനത്തിനും വേണ്ടി അനുവദിച്ചിട്ടുണ്ട്. മണ്ണ് വിഭവങ്ങൾ ശേഖരിക്കുക, സംഭരിക്കുക, പങ്കിടുക, കൈകാര്യം ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെയാണ് സോയിൽ ഡിജിറ്റൽ പോർട്ടൽ പ്രവർത്തിക്കുന്നത്. വിവിധ ഏജൻസികൾ/വകുപ്പ് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, വി.എഫ്.പി.സി.കെ, കെ.എ.യു, കെ.വി.കെ കൾ മുതലായവ) സോയിൽ ഹെൽത്ത് കാർഡ് വിതരണത്തിനായി സൃഷ്ടിച്ച സോയിൽ ഡാറ്റാബേസ്, ഈ പോർട്ടലിലേക്ക് സംയോജിപ്പിച്ച് സമഗ്രമായ സോയിൽ ഹെൽത്ത് ഡാറ്റാബേസ് സംസ്ഥാനത്തൊട്ടാകെ ഉപയോഗിക്കാൻ സാധിക്കും.

മണ്ണ് പരിശോധനാ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ചുമതലപ്പെട്ട വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹായത്തോടെ, സംസ്ഥാനമൊട്ടാകെ സോയിൽ ഹെൽത്ത് കാർഡ് വിതരണ

പരിപാടി നടത്തും. മണ്ണ് പര്യവേക്ഷണ – മണ്ണ് സംരക്ഷണ വകുപ്പാണ് ഈ പരിപാടിയുടെ നോഡൽ വകുപ്പ്. സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള മണ്ണ് പരിശോധന ക്യാമ്പയിനുകൾ കൃഷി വികസന കർഷക ക്ഷേമ വകുപ്പിന്റെയും മണ്ണ് പര്യവേക്ഷണ –മണ്ണ് സംരക്ഷണ വകുപ്പിന്റെയും ഏകോപനത്തോടെ സംസ്ഥാനത്തുടനീളം നടത്തുകയും സോയിൽ ഡിജിറ്റൽ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്യും. സോയിൽ ഹെൽത്ത് പോർട്ടലിന്റെ വികസനം, മണ്ണിന്റെ ഡാറ്റ ക്രോഡീകരിക്കൽ, നവീകരണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നടത്തും.

**7. മണ്ണ് പര്യവേക്ഷണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള സെൽ**

**(വിഹിതം: 90.00 ലക്ഷം രൂപ)**

മണ്ണിന്റേയും ഭൂവിഭവങ്ങളുടേയും വിവിധ വശങ്ങളെ സംബന്ധിച്ച് സംയോജിത ഭരണനിർവ്വഹണത്തിനുള്ള ഉപദേശകവിഭാഗമായി സോയിൽ ഇൻഫർമാറ്റിക്സ് ആന്റ് പബ്ലിക്കേഷൻ സെൽ പ്രവർത്തിക്കുന്നു. കൂടാതെ മണ്ണ് പര്യവേക്ഷണ ഭൂപട നിർമ്മാണത്തിന് പ്രാദേശിക സർക്കാരുകൾക്കാവശ്യമായ വിശദാംശങ്ങൾ നൽകുന്നതിനും ഭൂവിഭവങ്ങളുടെ ശരിയായ വിനിയോഗത്തിന് ഉതകുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനും സെൽ പ്രവർത്തിക്കുന്നു.

വിശദമായ മണ്ണ് പര്യവേക്ഷണത്തിനും, മണ്ണിന്റെയും ഭൂവിഭവങ്ങളുടെയും റിപ്പോർട്ടുകൾ, ഭൂപടങ്ങൾ എന്നിവയുടെ പ്രസിദ്ധീകരണം, വകുപ്പിൽ ലഭ്യമായിട്ടുള്ള സോയിൽ ഡേറ്റ ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്കും, ജിയോമാറ്റിക് ലാബ് ശക്തിപ്പെടുത്തൽ, ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട പഠനങ്ങളും സർവേകളും നടത്തൽ, നീർത്തട ഭൂപട നവീകരണം ഫീൽഡ് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടകയും, യാത്രാ ചെലവുകൾ, കരാർ അടിസ്ഥാനത്തിൽ സ്റ്റാഫിനെ നിയമിക്കുന്നതിനും, റിപ്പോർട്ടുകൾ, ഭൂപടങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിനും 2025-26 കാലയളവിൽ 90.00 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു.

**8. സോയിൽ മ്യൂസിയം നവീകരണം**

**(വിഹിതം: 20.00 ലക്ഷം രൂപ)**

സോയിൽ മ്യൂസിയം കൂടുതൽ പ്രദർശന വസ്തുക്കൾ ഉൾപ്പെടുത്തി നവീകരിക്കുന്നതിനും, കേരളത്തിലെ മണ്ണുകളുടെ വീഡിയോ ഡോക്യുമെന്റേഷൻ, പ്രകൃതിവിഭവ മാനേജ്മെന്റിൽ വിദ്യാർത്ഥികൾക്കും കർഷകർക്കും പൊതുജനങ്ങൾക്കും അവബോധം സൃഷ്ടിക്കുക, സോയിൽ മ്യൂസിയത്തിന്റെ പ്രവർത്തനച്ചെലവുകളായ ജനറേറ്ററിനുള്ള ഇന്ധനച്ചെലവ് ഉൾപ്പെടെ നിലവിലുള്ള സൗകര്യങ്ങളുടെ പരിപാലനത്തിനുമായി 2025-26 ൽ വകയിരുത്തിയ 20.00 ലക്ഷം രൂപ വിനിയോഗിക്കാവുന്നതാണ്. പദ്ധതി വിഹിതത്തിൽ നിന്നും വേതനം നൽകുന്നത് അനുവദനീയമല്ല.

**9. ഭൂമിയുടെ വർഗ്ഗീകരണത്തിനായി ഡാറ്റാ ബാങ്ക് സ്ഥാപിക്കൽ**

**(വിഹിതം: 10.00 ലക്ഷം രൂപ)**

നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി വികസിപ്പിച്ചെടുത്ത 22 ഇന ഭൂവർഗ്ഗീകരണത്തിനായി ഡാറ്റാ ബാങ്ക് വികസിപ്പിക്കുകയാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. റിമോട്ട് സെൻസിംഗ് ജി.ഐ.എസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് മണ്ണ് പര്യവേക്ഷണത്തിന്റെ കാര്യക്ഷമതയും കൃത്യതയും വർദ്ധിപ്പിക്കുകയും ഫീൽഡ് സർവ്വേയുടേയും വിഷയ സംബന്ധിയായ ഭൂപട നിർമ്മാണത്തിന്റേയും ഇടവേള കുറയ്ക്കുകയും ഉപഭോക്താക്കൾക്ക് പര്യവേക്ഷണത്തിന്റെ ഫലം യഥാസമയം അറിയിക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്.

ഉപഗ്രഹ ചിത്രങ്ങളുടെ വിശദീകരണത്തിനും ഫീൽഡ് സർവ്വേയ്ക്കും പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി 2025-26 ൽ 10.00 ലക്ഷം രൂപ വകയിരുത്തുന്നു. 'മണ്ണ് പര്യവേക്ഷണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമായുള്ള സെൽ' എന്ന പദ്ധതിയിൽ നൽകിയിട്ടുള്ള കരാർ ജീവനക്കാരെ ഈ പദ്ധതിയിലും പ്രയോജനപ്പെടുത്തേണ്ടതാണ്. പുതിയ കരാർ ജീവനക്കാരെ നിയമിക്കാൻ പാടില്ല.

**IV. മണ്ണ് സംരക്ഷണം– 2025-26 കാലയളവിലെ പദ്ധതികൾ**

2025-26 വാർഷിക പദ്ധതിയിൽ മണ്ണ സംരക്ഷണത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നു. മണ്ണ് സംരക്ഷണത്തിനായി 2969.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 1500.00 ലക്ഷം രൂപ നബാർഡിന്റെ ആർ.ഐ.ഡി.എഫ് സഹായമായും 400.00 ലക്ഷം രൂപ നബാർഡിന്റെ എൻ.ഐ.ഡി.എ അസ്സിസ്റ്റൻസായും യഥാക്രമം വകയിരുത്തിയിരിക്കുന്നു.

വ്യക്തിഗത ഗുണഭോക്താക്കൾക്കായുള്ള പദ്ധതികൾ മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്നത് അനുവദനീയമല്ല. പ്രകൃതി വിഭവ പരിപാലനത്തിനായി പ്രാദേശിക അടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾ മാത്രം ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. പദ്ധതികൾക്ക് കീഴിൽ ഗുണഭോക്താക്കൾക്ക് തുക കൈമാറുന്നത് അനുവദനീയമല്ല. മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി 2969.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തുന്നു

| ക്രമ നമ്പർ | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| എ | നീർത്തടാധിഷ്ഠിത മണ്ണുജല സംരക്ഷണ പദ്ധതി (നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സഹായം ലഭിക്കുന്ന പദ്ധതി) | 1500.00 |
| ബി | ശുദ്ധജല സംഭരണികളിലെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണം | 65.00 |
| സി | ഉരുൾപൊട്ടൽ പ്രദേശങ്ങളുടെ സംരക്ഷണം | 350.00 |
| ഡി | വകുപ്പിലെ ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കുമുള്ള പരിശീലന പരിപാടി | 1.00 |
| ഇ | വകുപ്പിലെ ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കുമുള്ള പരിശീലന പരിപാടി (ക്യാപിറ്റൽ ഹെഡ് ) | 10.00 |
| എഫ് | വിവര സാങ്കേതിക വിദ്യയുടെ ഉപയോഗവും മേൽനോട്ടവും വിലയിരുത്തലും | 50.00 |
| ജി | പരമ്പരാഗത ജലാശയങ്ങളുടേയും നീരുറവകളുടേയും പുനരുജ്ജീവനം | 200.00 |
| എച്ച് | സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനം | 393.00 |
| ഐ | തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ 9 തദ്ദേശഭരണ സ്ഥാപനങ്ങളിൽ പങ്കാളിത്തപരവും സുസ്ഥിരവുമായ സൂക്ഷ്മ നീർത്തട പദ്ധതികൾ (നബാർഡിന്റെ എൻ.ഐ.ഡി.എ സഹായം) | 400.00 |
| **ആകെ** | | **2969.00** |

**10. നീർത്തടാധിഷ്ഠിത മണ്ണുജല സംരക്ഷണ പദ്ധതി (നബാർഡിന്റെ ആർ. ഐ. ഡി. എഫ്. സഹായം ലഭിക്കുന്ന പദ്ധതി)**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് തെരഞ്ഞെടുത്ത ജില്ലകളിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനനിധിയിൽ നിന്നുള്ള മണ്ണുജല സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ വഴി കണ്ടെത്തിയ നീർത്തട പ്രദേശങ്ങളിൽ മെച്ചപ്പെട്ടതും സുസ്ഥിരവുമായ കാർഷിക ഉൽപ്പാദനക്ഷമത കൈവരിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

2025-26 -ലെ പദ്ധതി വിഹിതം, മണ്ണു സംരക്ഷണ വകുപ്പ് നബാർഡ് സഹായത്തോടെ നടപ്പിലാക്കി വരുന്ന പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനും ആർ.ഐ.ഡി.എഫ്-നു കീഴിൽ അംഗീകാരം ലഭിച്ച പുതിയ പ്രോജക്ടുകൾ എറ്റെടുക്കുന്നതിനും ഉപയോഗിക്കേണ്ടതാണ്. 2025-26-ൽ 1500.00 ലക്ഷം രൂപ നീർമറി പ്രദേശാടിസ്ഥാനത്തിലുള്ള മണ്ണ് ജല സംരക്ഷണ പദ്ധതിയ്ക്ക് വകയിരുത്തുന്നു. ആർ.ഐ.ഡി.എഫ്. XXV മുതൽ XXIX വരെയുള്ള പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾക്കും, സംസ്ഥാനത്തുടനീളമുള്ള വരാനിരിക്കുന്ന ട്രാഞ്ചുകളിൽ അനുവദിച്ചിരിക്കുന്ന പുതിയ പദ്ധതികൾക്കുമാണ് പ്രസ്തുത തുക വകയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുക, ഭൂഗർഭ ജലത്തിന്റെ അളവ് ഉയർത്തുക, വളക്കൂറുള്ള മേൽമണ്ണ് സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി മണ്ണ്, ജലം തുടങ്ങിയ അടിസ്ഥാന ഭൂവിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുവാൻ വകുപ്പ് ലക്ഷ്യമിടുന്നു. വെള്ളപ്പൊക്കം തടയുന്നതിനും

നെൽകൃഷിയിടങ്ങളിലെ ഡ്രെയിനേജ് പ്രശ്നങ്ങൾക്കും പദ്ധതി ഊന്നൽ നൽകുന്നു. ചെലവ് കുറഞ്ഞ പരിസ്ഥിതി സൗഹൃദ കാർഷിക സംരക്ഷണ രീതികൾ നടപ്പിലാക്കുന്നതിന് പദ്ധതി പ്രാധാന്യം നൽകും.

**11. ശുദ്ധജല സംഭരണികളിലെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണം**

**(വിഹിതം: 65.00 ലക്ഷം രൂപ)**

ജലവിതരണ പദ്ധതികളുടെ സംഭരണികളിൽ എക്കൽ തടയുന്നതിനും സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. 2025-26 വാർഷിക പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ജലസംഭരണിയുടെ നീർത്തട പ്രദേശത്തും കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയുടെ നീർത്തട പ്രദേശത്തും കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി ജല സംഭരണിയുടെ നീർത്തടപ്രദേശങ്ങളിലും പദ്ധതി തുടരും. മണ്ണ് സംരക്ഷണത്തിനായുള്ള ഘടനാപരമായ നടപടികളോടൊപ്പം പുല്ല് നടീൽ, രാമച്ചം, കൈത, കയർഭൂവസ്ത്രം തുടങ്ങിയ അനുയോജ്യമായ സസ്യജാലങ്ങൾ വച്ചുപിടിപ്പിക്കുന്ന രീതികളും അവംലബിക്കുന്നു. 2025-26 -ൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി 65.00 ലക്ഷം രൂപ വകയിരുത്തുന്നു.

**12. ഉരുൾപൊട്ടൽ പ്രദേശങ്ങളുടെ സംരക്ഷണം**

**(വിഹിതം: 350.00 ലക്ഷം രൂപ)**

സംസ്ഥാനത്തിന്റെ മലയോര പ്രദേശങ്ങളിലെ ഉരുൾപൊട്ടൽ (മണ്ണിടിച്ചിൽ) സാധ്യതയുള്ള/ ബാധിതമായ ആവാസ വ്യവസ്ഥകളുടെ സ്ഥിരതയ്ക്കും വീണ്ടെടുപ്പിനും ആവശ്യമായ ശാസ്ത്രീയമായ മണ്ണ് - ജല സംരക്ഷണ നടപടികൾ സ്വീകരിക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഉരുൾപൊട്ടൽ ബാധിത/സാധ്യതാ പ്രദേശങ്ങളിലെ ജൈവ വ്യവസ്ഥയെ ഭദ്രമാക്കാൻ ഈ പദ്ധതി സഹായിക്കുന്നു.

ഉരുൾപൊട്ടൽ ഭീഷണിയുള്ള കോട്ടയം, കൊല്ലം, പാലക്കാട്, മലപ്പുറം, പത്തനംതിട്ട, വയനാട്, കോഴിക്കോട്, ഇടുക്കി എന്നീ ജില്ലകളിലെ വിവിധ പ്രദേശങ്ങളിലെ നിലവിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കും ഉരുൾപൊട്ടൽ ബാധിത/സമാന പ്രകൃതിദുരന്തങ്ങൾ നേരിട്ട പ്രദേശങ്ങളിലെ പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും 2025-26 വാർഷിക ബജറ്റിൽ 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**13. വകുപ്പ് ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കുമുള്ള പരിശീലനപരിപാടി**

**(വിഹിതം: 11.00 ലക്ഷം രൂപ)**

മണ്ണ് - ജല സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മണ്ണ് സംരക്ഷണ വകുപ്പിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ, മറ്റു വകുപ്പുകൾ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർക്ക് വേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് സ്കൂളുകളിലും കോളേജുകളിലും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, പ്രദർശനങ്ങൾ നടത്തുന്നതിനും, അഖിലേന്ത്യാതല പരിശീലന പരിപാടികളിലേയ്ക്ക് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനുമുള്ള ചെലവുകൾ വഹിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു.

ആകെ വകയിരുത്തിയ 11.00 ലക്ഷം രൂപയിൽ, 10.00 ലക്ഷം രൂപ, ഐ.ഡബ്ല്യൂ.ഡി.എം.കെ യിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് വകയിരുത്തുന്നു. നിലവിലുള്ള നിർമ്മാണ ക്രമീകരണങ്ങളിൽ യാതൊരു മാറ്റവും പാടില്ല. 2025-26 വാർഷിക പദ്ധതിയിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ, വാഹനങ്ങൾ വാങ്ങൽ എന്നിവയ്ക്ക് തുക അനുവദിച്ചിട്ടില്ല. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തി തുക അനുവദിക്കാവുന്നതാണ്.

2025-26 കാലയളവിൽ ഈ പദ്ധതി KERA പ്രോജക്ടുമായി സഹകരിച്ച് നടപ്പിലാക്കും.

**14. വിവര സാങ്കേതിക വിദ്യയുടെ ഉപയോഗവും മേൽനോട്ടവും വിലയിരുത്തലും**

**(വിഹിതം: 50.00 ലക്ഷം രൂപ)**

തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ഉപദേശക മൂല്യ നിർണ്ണയ സെല്ലിനു വേണ്ടിയും സബ് ഓഫീസ് തലത്തിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനായും 2025-26 കാലയളവിൽ 50.00 ലക്ഷം രൂപ വകയിരുത്തുന്നു. സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളുടെ നിരന്തര വിലയിരുത്തൽ സെൽ ഏറ്റെടുത്ത് നടത്തുന്നതാണ്. കാർഷിക ഉല്പാദന കമ്മീഷണർ (എ.പി.സി) അദ്ധ്യക്ഷനായ കമ്മിറ്റി തെരഞ്ഞെടുക്കുന്ന തേർഡ് പാർട്ടി ഏജൻസി മുഖേന നടപ്പിലാക്കുന്ന മണ്ണ് ജല സംരക്ഷണ പദ്ധതികളുടെ വിലയിരുത്തലിനായി പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. പദ്ധതി തുകയിൽ നിന്നും വാഹനം വാങ്ങുന്നതിനോ വാടകയ്ക്ക് എടുക്കുന്നതിനോ അനുമതിയില്ല.

### 15. ജലാശയങ്ങളുടേയും നീരുറവകളുടേയും പുനരുജ്ജീവനം

**(വിഹിതം: 200.00 ലക്ഷം രൂപ)**

കാർഷിക മേഖല അഭിമുഖീകരിക്കുന്ന വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഭൂഗർഭ ജലസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമായി പരമ്പരാഗത ജലസ്രോതസ്സുകളുടേയും നീരുറവകളുടേയും ജലനിർഗ്ഗമന മാർഗ്ഗങ്ങളുടേയും പോഷണവും പുനരുജ്ജീവനവുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കാർഷിക ആവശ്യങ്ങൾക്കായി മഴവെള്ള സംഭരണം പരമാവധി വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് പരമ്പരാഗത ജലാശയങ്ങളേയും തലക്കുളങ്ങളേയും നീരുറവകളേയും പുനരുജ്ജീവിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ പ്രധാനമായും നടപ്പിലാക്കുന്നത്. ശാസ്ത്രീയമായ മണ്ണ് ജല സംരക്ഷണ രീതികളിലൂടെ കൃഷിയിടങ്ങളുടേയും ജലനിർഗ്ഗമന മാർഗ്ഗങ്ങളുടേയും നദികളുടെ കൈവഴികളുടെ സംരക്ഷണവും ക്രിട്ടിക്കൽ/സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിൽ ഭൂഗർഭജലം വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. 2025-26 ൽ ജലാശയങ്ങളുടെ പുനരുജ്ജീവനത്തിനായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 16. സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനം

**(വിഹിതം: 393.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഉണ്ടായ പ്രളയം/ഉരുൾപൊട്ടലുകൾക്ക് ശേഷം മണ്ണും മണ്ണിന്റെ ഈർപ്പവും സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം വർദ്ധിച്ചിരിക്കുന്നു. മണ്ണൊലിപ്പിന്റെ ദൂഷ്യവശങ്ങൾ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ സംസ്ഥാനം കൈക്കൊള്ളേണ്ടതുണ്ട്. കൂടാതെ മണ്ണിന്റെ ഈർപ്പം സംരക്ഷിക്കുന്നതിന് കൂട്ടായ ശ്രമവും ആവശ്യമാണ്. അതേസമയം, സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനത്തിലൂടെ ഉല്പാദനപരവും സുസ്ഥിരവുമായ സംരംഭങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. ഇത് കാലാവസ്ഥയെ പ്രതിരോധിക്കുന്ന കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സഹായിക്കും. സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനത്തിന് 2025-26 ബജറ്റിൽ 393.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 17. തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ 9 തദ്ദേശഭരണ സ്ഥാപനങ്ങളിൽ പങ്കാളിത്തപരവും സുസ്ഥിരവുമായ സൂക്ഷ്മ നീർത്തട പദ്ധതികൾ (നബാർഡിന്റെ എൻ.ഐ.ഡി.എ സഹായം)

**(വിഹിതം: 400.00 ലക്ഷം രൂപ)**

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് 9 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 9 സൂക്ഷ്മ നീർത്തടാധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുന്നതിനായി നബാർഡിന്റെ എൻ.ഐ.ഡി.എ ധനസഹായം ലഭ്യമാക്കുന്നതിന് നബാർഡുമായി ഒപ്പിട്ട കരാറിന്റെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് 400.00 ലക്ഷം രൂപ 2025-26 ൽ വകയിരുത്തുന്നു. പദ്ധതി വിഹിതം ഈ കരാറിന്റെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് അവസാനിക്കും.

### V. കേരള ഭൂവികസന കോർപ്പറേഷൻ മുഖേന നടത്തി വരുന്ന പദ്ധതികൾ

കേരള ഭൂവികസന കോർപ്പറേഷൻ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധിയുടെ ധനസഹായത്തോടെയും സംസ്ഥാന പദ്ധതി മുഖാന്തിരവും പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു. 2025-26 വാർഷിക പദ്ധതിയിൽ 2730.00 ലക്ഷം രൂപ കെ.എൽ.ഡി.സി യ്ക്ക് വകയിരുത്തുന്നു. ഇതിൽ 2500.00 ലക്ഷം രൂപ നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതികൾ നടപ്പിലാക്കുന്നതിനും 230.00 ലക്ഷം രൂപ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനുമാണ് അനുവദിച്ചിരിക്കുന്നത്.

താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2730.00 ലക്ഷം രൂപ കെ.എൽ.ഡി.സി യ്ക്ക് വകയിരുത്തുന്നു

| ക്രമ നമ്പർ | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | സഹസ്ര സരോവർ പദ്ധതി രണ്ടാം ഘട്ടം സംസ്ഥാനത്തെ എല്ലാ - ജില്ലകളിലേയും കുളങ്ങളുടെ നവീകരണം | 75.00 |
| ii | കേരളത്തിലെ വിവിധ പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും തോടുകളുടെ നവീകരണത്തിനുമുള്ള ഒറ്റത്തവണ സഹായം | 25.00 |

| ക്രമ നമ്പർ | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| iii | കുട്ടനാട് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ | 130.00 |
| iv | കേരളത്തിലെ വിവിധ ജില്ലകളിലെ വിവിധ പാടശേഖരങ്ങളുടെ ഭൂവികസന പ്രവർത്തനങ്ങളും വിവിധ കുളങ്ങളുടെ നവീകരണവും (ആർഐഡിഎഫ്) | 2500.00 |
| **ആകെ** | | **2730.00** |

**18. സഹസ്ര സരോവർ പദ്ധതി രണ്ടാം ഘട്ടം - സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും കുളങ്ങളുടെ നവീകരണം**

**(വിഹിതം: 75.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ വലിയ കുളങ്ങളുടേയും ചിറകളുടേയും നവീകരണത്തിന് പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതിക്കായി 2025-26 ൽ 75.00 ലക്ഷം രൂപ വകയിരുത്തുന്നു.

**19. കേരളത്തിലെ വിവിധ പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും തോട്ടുകളുടെ നവീകരണത്തിനുമുള്ള ഒറ്റത്തവണ സഹായം**

**(വിഹിതം: 25.00 ലക്ഷം രൂപ)**

കേരളത്തിലെ വിവിധ പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും തോട്ടുകളുടെ നവീകരണത്തിനുമായി, 2025-26 കാലയളവിൽ 25.00 ലക്ഷം രൂപ വകയിരുത്തുന്നു.

**20. കുട്ടനാട് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ**

**(വിഹിതം: 130.00 ലക്ഷം രൂപ)**

ലോവർ കുട്ടനാട് മേഖലയിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് പദ്ധതി ലക്ഷ്യമിടുന്നത്. തോട്, ബണ്ട് രൂപീകരണം, പാർശ്വ സംരക്ഷണ ഭിത്തികൾ, എൻജിൻ തറ, എഞ്ചിൻ ഷെഡ്, സ്ലൂയിസുകൾ, വിസിബി, റാംപ് എന്നിവയുടെ മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രളയ ലഘൂകരണ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. 2025-26 കാലയളവിൽ 130.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**21. കേരളത്തിലെ വിവിധ ജില്ലകളിലെ വിവിധ പാടശേഖരങ്ങളുടെ ഭൂവികസന പ്രവർത്തനങ്ങളും വിവിധ കുളങ്ങളുടെ നവീകരണവും (ആർഐഡിഎഫ്)**

**(വിഹിതം: 2500.00 ലക്ഷം രൂപ)**

വെള്ളപ്പൊക്കത്തിൽ നിന്ന് നെൽവയലുകൾ സംരക്ഷിക്കുന്നതിനും, വിളനാശം തടയുക, ബണ്ടുകൾ, ഡ്രെയിനേജ്, കനാലുകളുടെ ആഴം കൂട്ടൽ, സ്ലൂയിസുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ നവീകരണങ്ങളിലൂടെ ജലസേചനം മെച്ചപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇത് ജലനിർഗ്ഗമന സൗകര്യങ്ങൾ നൽകുകയും കൃഷിച്ചെലവ് കുറയ്ക്കുകയും കർഷക വരുമാനം വർദ്ധിപ്പിക്കുകയും സമയബന്ധിതമായി വിളകൾ കൃഷി ചെയ്യുന്നത് ഉറപ്പാക്കുകയും ചെയ്യും. 2025-26 കാലയളവിൽ, പദ്ധതിക്കായി 2500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ആകെ വകയിരുത്തിയ 2500.00 ലക്ഷം രൂപയിൽ 1580.00 ലക്ഷം രൂപ സംസ്ഥാനത്തെ നെൽക്കൃഷിയുടെ പുരോഗതി ലക്ഷ്യമിട്ടുള്ള പാടശേഖരങ്ങളുടെ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ് .

## 1.3 മൃഗസംരക്ഷണം

സംസ്ഥാനത്തെ സാമ്പത്തിക സാമൂഹിക വികസനത്തിൽ മൃഗസംരക്ഷണത്തിന് വളരെ പ്രാധാന്യമുണ്ട്. ഈ മേഖലയ്ക്ക് 2025-26 ബജറ്റിൽ താഴെ പറയുന്ന വിധത്തിൽ വിഹിതം വകയിരുത്തുന്നു.

| ക്രമ നമ്പർ | വകുപ്പ്/ഏജൻസി | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മൃഗസംരക്ഷണ വകുപ്പ് | 15963.44 |
| 2 | കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് (കെ.എൽ.ഡി.ബി) | 3246.56 |
| 3 | കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി) | 1000.00 |
| 4 | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (എം.പി.ഐ) | 1714.00 |
| 5 | കേരളാ ഫീഡ്സ് ലിമിറ്റഡ് (കെ.എഫ്.എൽ) | 1620.00 |
| 6 | കേരളാ വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി (കെ.വി.എ.എസ്.യു) | 6100.00 |
| 7 | കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (കെ.സി.എം.എം.എഫ് ) | 870.00 |
| | **ആകെ** | **30514.00** |

കന്നുകാലി മേഖലയ്ക്ക് **2025-26** ൽ സംസ്ഥാന പദ്ധതികൾക്കുള്ള വിഹിതമായി ആകെയുള്ള **42607** ലക്ഷം രൂപയിൽ **30514.00** ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പിന് നീക്കിവച്ചിരിക്കുന്നു. ഇതിൽ **3000.00** ലക്ഷം രൂപ ദേശീയ കാർഷിക ഗ്രാമീണ വികസന ബാങ്കിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യവികസന നിധിയിൽ നിന്നുള്ള സഹായമാണ്. കേന്ദ്രാവിഷ്കൃതപദ്ധതികൾക്കുള്ള സംസ്ഥാനവിഹിതമായി നീക്കിവച്ചിരിക്കുന്ന തുക **900.00** ലക്ഷം രൂപയാണ്. കൂടാതെ മൃഗസംരക്ഷണ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് **8450.56** ലക്ഷം രൂപയും, കേരളാ വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവകലാശാലയ്ക്ക് **6100.00** ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

### 1. മൃഗപരിപാലന വിജ്ഞാനവ്യാപനം

**(വിഹിതം: 775.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് മൃഗപരിപാലനമേഖലയെ ലാഭകരവും വിജയപ്രദവും ആക്കുന്നതിന് ഫീൽഡ് സന്ദർശനത്തിൽ അധിഷ്ഠിതമായ മൃഗചികിത്സാവ്യാപനപരിപാടികൾ ആവിഷ്കരിക്കാൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. സാങ്കേതിക ഉദ്യോഗസ്ഥർക്കും കർഷകർക്കും ആധുനികവും ശാസ്ത്രീയവുമായ സാങ്കേതിക വിദ്യകൾ നൽകേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യത്തോടെ, കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും വകുപ്പിലെ ജീവനക്കാരുടെ അറിവ് വർദ്ധിപ്പിക്കുന്നതിനുമായി മൃഗസംരക്ഷണ വകുപ്പിനു കീഴിൽ ഒൻപത് കന്നുകാലി പരിപാലന പരിശീലന കേന്ദ്രങ്ങളും ഒരു കോഴി വളർത്തൽ പരിശീലന കേന്ദ്രവും ഒരു താറാവ് വളർത്തൽ പരിശീലന കേന്ദ്രവും ഉണ്ട്.

എല്ലാ ജില്ലകളിലേക്കും വേണ്ട പരിശീലനങ്ങൾക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ സ്ഥാപിക്കൽ/നിലവിലുള്ള സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, ബോധവൽക്കരണക്യാമ്പുകൾ സംഘടിപ്പിക്കൽ, പ്രദർശനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ,സ്കൂൾ മൃഗസംരക്ഷണ ക്ലബ്ബുകൾ എന്നിവ സംഘടിപ്പിക്കൽ, മൃഗസംരക്ഷണ വകുപ്പിലെ വിജ്ഞാനവ്യാപന സേവനങ്ങൾ, പരിശീലന കേന്ദ്രങ്ങൾ എന്നിവ ശക്തിപ്പെടുത്തൽ, കർഷകർ അഭിമുഖീകരിക്കുന്ന ഫീൽഡ്തല പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി ഗവേഷണം നടത്തുന്നതിന് സഹായം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന ഘടകങ്ങൾ. ഇതിനുപുറമെ, ഈ മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സംരംഭകത്വ വികസന സെല്ലും സ്ഥാപിക്കേണ്ടതാണ്.

മൃഗസംരക്ഷണമേഖലയിൽ നവീന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി മേഖലയുടെ വളർച്ച പരിഗണിച്ച് മൃഗപരിപാലന വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

ഈ പദ്ധതിയുടെ വിവിധ ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മൃഗപരിപാലന വിജ്ഞാന വ്യാപനം (ക്യാപ്പിറ്റൽ ഹെഡ്) | 100.00 |
| 2 | ബോധവൽക്കരണ ക്യാമ്പുകൾ, ഫീൽഡ്തല സർവ്വേകൾ, പരിശീലന പരിപാടികൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, പഠനയാത്രകൾ, കാഫ് റാലികൾ, അവാർഡുകൾ, ബുക്ക് ലെറ്റുകൾ, വർക് ഷോപ്പുകൾ മുതലായവ | 220.00 |
| 3 | ഗവേഷണ വിജ്ഞാന വ്യാപന പരിപാടികൾ | 60.00 |
| 4 | ടി.എ ഉൾപ്പെടെയുള്ള പ്രവർത്തന ചെലവ് | 50.00 |
| 5 | റീജിയണൽ ആനിമൽ ഹസ്ബന്ററി സെന്ററുകൾ ഉൾപ്പെടെ മൃഗ സംരക്ഷണ വകുപ്പിലെ പരിശീലന കേന്ദ്രങ്ങളും വിജ്ഞാനവ്യാപന സേവനങ്ങളും ശക്തിപ്പെടുത്തൽ | 235.00 |
| 6 | മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള മാധ്യമ വിഭാഗം | 60.00 |
| 7 | ദേശീയ സ്ഥാപനങ്ങളായ ഐ.ഐ.എം, എ.എസ്.സി.ഐ, ഐ.ആർ.എം.എ, ഐ.വി.ആർ.ഐ, ഐ.സി.എ.ആർ എന്നിവിടങ്ങളിൽ പരിശീലന പരിപാടി | 40.00 |
| 8 | സംരംഭകത്വ വികസന സെൽ | 10.00 |
| | **ആകെ** | **775.00** |

2025-26 ബജറ്റിൽ 775.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തുന്നു.

**2. മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ**

**(വിഹിതം: 4118.00 ലക്ഷം രൂപ)**

അവശ്യ മരുന്നുകൾ ലഭ്യമാക്കി മൃഗചികിത്സാ സേവനങ്ങളെയും, സ്ഥാപനങ്ങളെയും മെച്ചപ്പെടുത്തുക, സ്ഥാപനങ്ങളുടെ നിലവാരം ഏകീകരിച്ചുകൊണ്ട് ഗുണനിലവാരമുള്ള സേവനങ്ങൾ ലഭ്യമാക്കുക, ആരോഗ്യ പരിരക്ഷാ സംവിധാനം മെച്ചപ്പെടുത്തി അത്യാവശ്യമായ രോഗനിർണയ രീതികൾ നടത്തി ആരോഗ്യസംരക്ഷണം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രൊഫഷണൽ ഉന്നമനവും രോഗനിർണയത്തിനാവശ്യമായ സാങ്കേതിക രീതികൾ മെച്ചപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ത്രിതല ആരോഗ്യ പരിരക്ഷാ സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ജില്ലാ മൃഗചികിത്സാകേന്ദ്രങ്ങളും, ജില്ലാതല റഫറൽ യൂണിറ്റായി തിരുവനന്തപുരം കുടപ്പന ക്കുന്നിൽ പ്രവർത്തിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രിയും താലൂക്ക് തലത്തിൽ വെറ്ററിനറി പോളി ക്ലിനിക്കുകളും പഞ്ചായത്തു തലത്തിൽ മൃഗാശുപത്രി/ ഡിസ്പെൻസറികളും പ്രവർത്തിക്കും.

ലാബുകളുടെ നവീകരണം, അവശ്യ മരുന്നുകളുടെയും വാക്സിനുകളുടെയും സംഭരണം, മൃഗ ക്ഷേമപരിപാടികൾ, കർഷകർക്കുള്ള നഷ്ടപരിഹാരം, ജന്തുരോഗ നിയന്ത്രണ പദ്ധതി, ജി.ഐ.എസ് മുഖാന്തിരം ഡിസീസ് മാപ്പിങ്ങ് എന്നിവയ്ക്കായി പദ്ധതി വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നു.

രോഗപ്രതിരോധവും നിരീക്ഷണവും ഫലപ്രദമാക്കുന്നതിനായി അതിർത്തി ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിനും, വെറ്ററിനറി പോളി ക്ലിനിക്കുകളും വെറ്ററിനറി ആശുപത്രികളും വെറ്ററിനറി ഡിസ്പെൻസറികളും ശക്തിപ്പെടുത്തുന്നതിനും വിഹിതം ഉപയോഗിക്കാവുന്നതാണ്.

തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലെ ലബോറട്ടറി സൗകര്യങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് അവയെ താലൂക്ക്തല വെറ്ററിനറി ക്ലിനിക്കൽ ലാബോറട്ടറികളായി ഉയർത്തും. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പുറമേ ലബോറട്ടറികളിലും, ആവശ്യമുള്ള വെറ്ററിനറി സ്ഥാപനങ്ങളിലും, ആവശ്യമായ കരാർ ജീവനക്കാരെ നിയമിക്കുന്നതിനും പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്.

പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- മൃഗ ചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ (ക്യാപിറ്റൽ ഹെഡ്)
- മരുന്നുകളുടെ സംഭരണം

- സംസ്ഥാന അനിമൽ വെൽഫെയർ ബോർഡിന്റെ ചെലവുകൾ ഉൾപ്പെടെയുള്ള മൃഗസംരക്ഷണ പരിപാടികൾ
- കർഷകർക്കുള്ള നഷ്ടപരിഹാരം
- സ്ക്വാഡുകൾ, വാക്സിനേഷൻ ക്യാമ്പുകൾ എന്നിവയുടെ സംഘാടനം
- പ്രവർത്തന ചെലവുകൾ
- ആവശ്യാധിഷ്ഠിത മൃഗചികിത്സാ പിന്തുണ
- വെറ്ററിനറി പോളിക്ലിനിക്കുകളുടെയും, വെറ്ററിനറി ആശുപത്രികളുടെയും, വെറ്ററിനറി ഡിസ്പെൻസറികളുടെയും ശാക്തീകരണം
- ലാബുകളുടെ നവീകരണം
- ഉപകരണങ്ങളുടെ എ.എം.സി, ഇൻഷ്വറൻസ്, അറ്റകുറ്റപ്പണികൾ, പരിപാലനം തുടങ്ങിയവ
- രോഗപ്രതിരോധം ഫലപ്രദമാക്കുന്നതിനായി അതിർത്തി ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തൽ
- ജി.ഐ.എസ് മുഖാന്തിരം ഡിസീസ് മാപ്പിംഗ്
- ജന്തുരോഗ നിയന്ത്രണ പരിപാടി
- കരാർ അടിസ്ഥാനത്തിൽ ജീവനക്കാരുടെ നിയമനം
- മൾട്ടിസ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രിയുടെ ശാക്തീകരണം

2025-26 ബജറ്റിൽ 4118.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തുന്നു.

### 3. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്

**(വിഹിതം: 300.00 ലക്ഷം രൂപ)**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ് 1979-ൽ പാലോട് സ്ഥാപിക്കുകയുണ്ടായി. മൃഗങ്ങളെ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധിക്കുന്നതിനാവശ്യമായ വാക്സിനുകൾ, മരുന്നുകൾ, ജീവശാസ്ത്രപരമായ പരീക്ഷകം (ബയോളജിക്കൽസ് റീഏജന്റ്) എന്നിവയുടെ ഉൽപ്പാദനത്തിനു പുറമെ ഉദ്യോഗസ്ഥരുടെ പരിശീലനവും ഗവേഷണവും ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ആധുനിക ഉപകരണങ്ങളും മറ്റു സൗകര്യങ്ങളും ലഭ്യമാക്കി ഇൻസ്റ്റിറ്റ്യൂട്ടിനെ ശാക്തീകരിക്കുന്നതിനും സി.ജി.എം.പിയും മറ്റു പിന്തുണാ സൗകര്യങ്ങളും നൽകി ഇൻസ്റ്റിറ്റ്യൂട്ടിനെ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

പരീക്ഷണ മൃഗങ്ങളുടെ വിഭാഗത്തെ ശക്തിപ്പെടുത്തൽ, മെഡിക്കൽ ചെക്കപ്പ്, ആരോഗ്യ ഇൻഷ്വറൻസ്, മൃഗങ്ങളുടെയും പക്ഷികളുടെയും ആവശ്യത്തിനായി ബാക്ടീരിയൽ, വൈറൽ വാക്സിനുകളുടെയും മറ്റു ബയോളജിക്കൽസിന്റെയും ഉൽപ്പാദനം, അടിസ്ഥാന സൗകര്യ വികസനം, ഗവേഷണ വികസന പ്രവർത്തനങ്ങൾ, പുതിയ വാക്സിനുകളുടെ നിർമാണം, അറ്റകുറ്റപ്പണികൾ, ഉപകരണങ്ങളുടെ എ.എം.സി, പ്രവർത്തന ചെലവ് എന്നിവയ്ക്ക് വിഹിതം വകയിരുത്തുന്നു. നിലവിലുള്ള പ്ലാന്റ് മാറ്റി വർക്കിംഗ് ക്യൂബിക്കുകളിൽ കണ്ടീഷൻഡ് ഫിൽറ്റർ എയർ സംവിധാനമുള്ള പുതിയ പ്ലാന്റ് സ്ഥാപിക്കുന്നതിനായുള്ള വിഹിതവും ഇതിൽ ഉൾപ്പെടുന്നു.

2025-26 ബജറ്റിൽ 300.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തുന്നു.

### 4. മൃഗസംരക്ഷണ സ്ഥിതി വിവരകണക്കും സാമ്പിൾ സർവേയും (50 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 150.00 ലക്ഷം രൂപ)**

കന്നുകാലികളിൽ നിന്നും ലഭിക്കുന്ന വിവിധതരം ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം കണക്കാക്കുന്നതിനായി നടത്തിവരുന്ന സംയോജിത സാമ്പിൾ സർവേകൾ തുടരുന്നതിനും, വിവര ശേഖരണ വിശകലന രീതികൾ മെച്ചപ്പെടുത്തുന്നതിന് കമ്പ്യൂട്ടർ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുമായി വിഹിതം വകയിരുത്തുന്നു. സർവേയുമായി ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥരുടെ ശമ്പളത്തിന്റെ സംസ്ഥാന വിഹിതം വഹിക്കുന്നതിനായി തുക വകയിരുത്തുന്നു. സ്റ്റേഷനറി വകുപ്പിൽ ലഭ്യമല്ലാത്ത കമ്പ്യൂട്ടർ സ്റ്റേഷനറികൾ വാങ്ങാൻ വിഹിതം ഉപയോഗിക്കാവുന്നതാണ്. ഉദ്യോഗസ്ഥർക്കുള്ള പരിശീലനവും ഇതിൽ ഉൾപ്പെടുന്നു.

ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ 50 ശതമാനം തുകയ്ക്ക് ആനുപാതികമായി 150.00 ലക്ഷം രൂപ സംസ്ഥാന വിഹിതം വകയിരുത്തുന്നു.

### 5. ആധുനികവൽക്കരണവും ഇ-ഗവേണൻസും

**(വിഹിതം: 250.00 ലക്ഷം രൂപ)**

ജിയോ സ്പേഷ്യൽ ഡാറ്റാബേസിനും, നിലവിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നവീകരിക്കുന്നതിനും, പ്രിന്ററുകൾ, പുതിയ ലാപ്ടോപ്പുകൾ, ടാബലറ്റ് കമ്പ്യൂട്ടറുകൾ, കോപ്പിയറുകൾ, ഇ.പി.എ.ബി.എക്സ്, യു.പി.എസ്, ലാൻ, ഇന്റർനെറ്റ്, കെ.എസ്.ഡബ്ല്യൂ.എ.എൻ, ഫീൽഡ്തല സ്ഥാപനങ്ങളുടെ മൊബൈൽ കണക്ഷൻ ചാർജുകൾ, അറ്റകുറ്റപ്പണികൾ, ഉപകരണങ്ങളുടെ എ.എം.സി, കർഷകർക്കുള്ള എസ്.എം.എസ്/ ഐ.വി.ആർ.എസ് ഉൾപ്പടെയുള്ള മൊബൈൽ ഗവേർണൻസ്, സോഫ്റ്റ് വെയർ വികസന ചാർജുകൾ, ഇലക്ട്രോണിക് ഹെർഡ് രജിസ്റ്റർ പദ്ധതി നടപ്പിലാക്കുന്നതിനും വീഡിയോ കോൺഫറൻസ് സിസ്റ്റം സ്ഥാപിക്കുന്നതിനും, ഇ-ഓഫീസ് നടത്തിപ്പിനും ഡയറക്ടറേറ്റും ജില്ലാ മൃഗസംരക്ഷണ ഓഫീസുകളും സബ് ഓഫീസുകളും ആധുനികവത്ക്കരിക്കുന്നതിനും വിഹിതം ഉപയോഗിക്കാവുന്നതാണ്. ഡിജിറ്റൽ യൂണിവേഴ്സിറ്റി വഴി നടപ്പാക്കുന്ന 'ഇ-സമൃദ്ധ' പദ്ധതിയുടെ നടത്തിപ്പിനും പുതിയ മൊഡ്യൂളുകൾ വികസിപ്പിക്കുന്നതിനും പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്.

2025-26 ബജറ്റിൽ 250.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തുന്നു.

### 6. ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

**(വിഹിതം: 920.00 ലക്ഷം രൂപ)**

കൃത്രിമ ബീജസങ്കലനം വഴി നിലവിലുള്ള കന്നുകാലി ശേഖരത്തിന്റെ ഗുണമേന്മ ക്രമമായി വർദ്ധിപ്പിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. കൃത്രിമബീജസങ്കലന സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദൂര സ്ഥലങ്ങളിലേക്ക് പ്രസ്തുത സൗകര്യം ക്ഷീരകർഷർക്ക് ലഭ്യമാക്കുന്നതിനായി മുൻഗണന നൽകുന്നതാണ്. സബ്സിഡി നിരക്കിൽ ധാതു മിശ്രിതം നൽകുന്നതിലൂടെ പോഷകാഹാര കാരണങ്ങളാലുള്ള വന്ധ്യത കുറയ്ക്കുന്നതിനും, സമ്പൂർണ്ണ ഉത്പാദനക്ഷമത പ്രയോജനപ്പെടുത്തുന്നതിന് ശാസ്ത്രീയമായ ബ്രീഡിംഗ് മാനേജ്മെൻറ് രീതികളും സ്വീകരിക്കുന്നതിന് കർഷകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും കൃത്രിമ ബീജസങ്കലനം നടത്തുന്നതിനുള്ള ഒരു ഡാറ്റാബേസ് സൃഷ്ടിക്കുന്നതിനും മലബാറി ഇനത്തിൽപ്പെട്ട ആടുകളുടെ കൃത്രിമ ബീജസങ്കലന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മുൻഗണന നൽകും.

ഉപകരണങ്ങൾ, ലിക്വിഡ് നൈട്രജൻ പാത്രങ്ങൾ, എ.ഐ ഉപകരണങ്ങൾ, എ.ഐ തോക്കുകൾ സൂക്ഷിക്കുന്നതിനുള്ള മൂടിയോടു കൂടിയുള്ള സ്റ്റീൽ ട്രേ, കൈയുറകൾ, ഏപ്രൺ, ഹോർമോണുകൾ, ഡിസ്പോസിബിൾ ഏപ്രൺ, മൈക്രോസ്കോപ്പ്, കെ. എൽ.ഡി ബോർഡിനു നൽകേണ്ട ബീജത്തിന്റെ വില, വെറ്ററിനറി സബ് സെന്ററുകളുടെ അറ്റകുറ്റപ്പണി/നിർമ്മാണം എന്നിവയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സഹായം, വന്ധ്യതാ നിവാരണ പദ്ധതി, വിരയിളക്കുന്നതിനും, ധാതുമിശ്രിത സപ്ലിമെന്റ് പരിപാടിക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്.

പ്രസ്തുത പരിപാടിയുടെ ഘടകങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ (ക്യാപ്പിറ്റൽ ഹെഡ്) | 20.00 |
| 2 | ബീജത്തിനുള്ള ചെലവ് | 700.00 |
| 3 | ധാതുമിശ്രിത സപ്ലിമെന്റ് പരിപാടിക്കും, കറവ പശുക്കളുടെ വിരയിളക്കുന്നതിനും | 125.00 |
| 4 | കൃത്രിമ ബീജസങ്കലനത്തിനുള്ള ഉപകരണങ്ങൾ വാങ്ങൽ | 30.00 |
| 5 | പ്രവർത്തന ചെലവുകൾ | 5.00 |
| 6 | വെറ്ററിനറി സബ് സെന്ററുകളുടെ കെട്ടിട നിർമാണത്തിനും/ മെയിന്റനൻസിനും/തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം | 5.00 |
| 7 | വന്ധ്യതാ നിവാരണ പരിപാടികൾ | 35.00 |
| | **ആകെ** | **920.00** |

ഈ പദ്ധതിക്കായി 2025 – 26 ബജറ്റിൽ 920.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 7. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് സഹായം (കെ.എസ്.പി.ഡി.സി)

**(വിഹിതം: 1000.00 ലക്ഷം രൂപ)**

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി) സംസ്ഥാനത്തെ പൗൾട്രി ഇൻഡസ്ട്രി മുന്നോട്ടുകൊണ്ടുപോകുന്നതിൽ പ്രധാനപങ്കു വഹിക്കുന്നു. കേരളത്തിലെ പൗൾട്രി മേഖലയുടെ പ്രോത്സാഹനത്തിനും വികസനത്തിനും കോർപ്പറേഷൻ ഊർജം നൽകുന്നു. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ പ്രധാന ഊന്നൽ സംസ്ഥാനത്തെ പൗൾട്രി മേഖലയുടെ ആധുനികവത്ക്കരണമാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഗണ്യമായ ഉൽപ്പാദനം സംഭാവന ചെയ്യുന്ന കാർഷിക മേഖലയിലെ ത്വരിത ഗതിയിൽ വളരുന്ന ഉപമേഖലയാണ് പൗൾട്രി വ്യവസായം. സംസ്ഥാനത്ത് മുട്ട, മാംസം എന്നിവയുടെ ഉല്പാദനം, ഉപഭോഗം എന്നിവയിൽ സ്വയം പര്യാപ്തത നേടുക എന്നതാണ് കെ.എസ്.പി.ഡി.സി യുടെ ലക്ഷ്യം. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും.

പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| **I** | **പൗൾട്രി ഫാമുകളും, കോഴി ഉല്പാദനത്തിന്റെ വിപുലീകരണവും** | |
| എ | ബ്രീഡർ ഫാമിന്റെ അടിസ്ഥാന സൗകര്യവികസനം, നിലവിലുള്ള ഷെഡുകളുടെ നവീകരണം, പേരന്റ് സ്റ്റോക്കുകളുടെ ശാക്തീകരണവും പരിപാലനവും | 150.00 |
| ബി | വിപണി ഇടപെടൽ | 100.00 |
| സി | ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകൾക്കായി വീട്ടുവളപ്പിൽ കോഴി വളർത്തൽ (കെപ്കോ ആശ്രയ) | 150.00 |
| ഡി | കൂടുകളിൽ കോഴി വളർത്തൽ | 150.00 |
| ഇ | ഇ.സി ഷെഡുകളിൽ ഹൈടെക് വാണിജ്യ ലെയർ ഫാമുകൾ | 150.00 |
| എഫ് | പാരന്റ് സ്റ്റോക്കുകളുടെ ശക്തിപ്പെടുത്തൽ (ലെയർ, ബ്രോയിലർ) | 300.00 |
| | **ആകെ** | **1000.00** |

ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 8. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി

**(വിഹിതം: 4850.00 ലക്ഷം രൂപ)**

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടികൾ പൂർണ വളർച്ചയിലെത്തുന്ന പ്രായം കുറച്ചുകൊണ്ട് വരികയും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2001-02 മുതൽ സംസ്ഥാനാവിഷ്കൃത പദ്ധതിയിൻകീഴിൽ മൃഗസംരക്ഷണ വകുപ്പിന്റെ മാർഗനിർദേശങ്ങൾ പ്രകാരം തദ്ദേശഭരണ സർക്കാരുകളാണ് ഈ പരിപാടി നടപ്പാക്കുന്നത്.

ഈ പദ്ധതിയിൽ മെച്ചപ്പെട്ട ഉൽപാദനക്ഷമതയോടെ ശാസ്ത്രീയമായി വളർത്തുന്ന കന്നുകുട്ടികളെ പരിചയപ്പെടുത്തുന്നതിനും, പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനും, പൂർണ്ണ വളർച്ചയിലെത്തുന്ന പ്രായം കുറയ്ക്കുന്നതിനും, ഇന്റർകാവിംഗ് പിരീഡ് കുറയ്ക്കുന്നതിനും വേണ്ടിയാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്.

പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ തിരിച്ചുള്ള വിവരം താഴെ ചേർത്തിരിക്കുന്നു.

- പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികൾക്കുള്ള സഹായവും സ്പിൽ ഓവർകോസ്റ്റും.
- മോണിറ്ററിങ്ങ്, ഇവാലുവേഷൻ, ഡോക്യുമെന്റേഷൻ
- പബ്ലിസിറ്റിയും, വെറ്ററിനറി സഹായവും ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ
- എസ്.എൽ.ബി.പി ഫീൽഡ് ലെവൽ ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം
- പദ്ധതി നടത്തിപ്പിനുള്ള ചെലവ്
- ശാസ്ത്രീയ രീതിയിലുള്ള കന്നുകാലി വളർത്തലും സബ്സിഡി നിരക്കിലുള്ള കാലിത്തീറ്റയും (ഗോവർദ്ധിനി).

മേൽപ്പറഞ്ഞ ഘടകങ്ങൾക്കായി 2025-26 ബജറ്റിൽ 4850.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 9. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന് (കെ.സി.എം.എം.എഫ്) സഹായം

**(വിഹിതം: 870.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ മൂന്ന് തലത്തിലുള്ള ക്ഷീരസഹകരണ സംഘങ്ങളുടെ അപെക്സ് ബോഡിയായി പ്രവർത്തിക്കുന്നതിലൂടെ ഓപ്പറേഷൻ ഫ്ലഡ് പ്രോഗ്രാം നടപ്പിലാക്കുക എന്നതാണ് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ്ങ് ഫെഡറേഷന്റെ (കെ.സി.എം.എം.എഫ്) ലക്ഷ്യം. വിപണിയുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും, പാലിന്റെ ഗുണനിലവാരം മാനദണ്ഡങ്ങൾക്ക് അനുസൃതമായി നിലനിർത്തിക്കൊണ്ട് കർഷകരിൽ നിന്ന് ഉപഭോക്താവിലേയ്ക്ക് ഒരു കോൾഡ് ചെയിൻ നിലനിർത്തുന്നതിലും കെ.സി.എം.എം.എഫ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സംസ്ഥാന ഫെഡറേഷനും (കെ.സി.എം.എം.എഫ്) മേഖലാ യൂണിയനുകൾക്കുമുള്ള (റ്റി.ആർ.സി.എം.പി.യു, ഇ.ആർ.സി.എം.പി.യു, എം.ആർ.സി.എം.പി.യു) സഹായം | 870.00 |
| | **ആകെ** | **870.00** |

മേൽപ്പറഞ്ഞ ഘടകങ്ങൾക്കായി 2025-26 ബജറ്റിൽ 870.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 10. സമഗ്ര കന്നുകാലി ഇൻഷുറൻസ് പരിപാടി (ഗോസമൃദ്ധി)

**(വിഹിതം: 200.00 ലക്ഷം രൂപ)**

കന്നുകാലികളുടെ മരണമോ വൈകല്യമോ മൂലം കർഷകർക്കുണ്ടാവുന്ന ഉത്പാദന നഷ്ടവും അനിശ്ചിതത്വവും നികത്തുന്നതിനുള്ള സംരക്ഷണ പ്രവർത്തനങ്ങൾ ലഭ്യമാക്കുകയാണ് ഈ ഇൻഷ്വറൻസ് പദ്ധതിയുടെ ലക്ഷ്യം.

പ്രീമിയം തുകയുടെ സബ്സിഡി നിരക്ക് ജനറൽ വിഭാഗത്തിന് 50 ശതമാനവും, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 70 ശതമാനവുമാണ്. ഒരു പ്രമുഖ ഏജൻസിയുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കും.

പ്രസ്തുത പദ്ധതിയ്ക്കായി 2025 - 26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 11. കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന് സഹായം (കെ.എൽ.ഡി.ബി)

**(വിഹിതം: 3246.56 ലക്ഷം രൂപ)**

സംസ്ഥാനത്തിന്റെ ക്ഷീരസാഹചര്യങ്ങൾക്ക് അനുയോജ്യമായ വർഗ്ഗത്തിൽപ്പെട്ട കന്നുകാലികളെ വികസിപ്പിച്ചെടുക്കുക എന്നതാണ് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ ലക്ഷ്യം. ബ്രീഡിങ്ങ് ഇൻപുട്ടുകളുടെ ഉൽപ്പാദനം, ഗവേഷണ വികസന പ്രവർത്തനങ്ങൾ, പരിശീലനം എന്നിവയാണ് കെ.എൽ.ഡി.ബിയുടെ പ്രധാന പ്രവർത്തനങ്ങൾ. ഈ മേഖലയ്ക്ക് പുത്തൻ സാങ്കേതിക വിദ്യയും, അഭിവൃദ്ധിയും കൊണ്ടുവരുന്നതിൽ കെ.എൽ.ഡി.ബിയുടെ പ്രവർത്തനം ഏറെ മുന്നേറിയിരിക്കുന്നു.

താഴെ പറയുന്ന ഘടകങ്ങൾക്കായി തുക വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കെ.എൽ.ഡി ബോർഡിന്റെ മൃഗപരിപാലന പ്രവൃത്തികളുടെ വ്യാപനം (ഹെർഡ് ബുക്ക് പദ്ധതി) | 72.00 |
| 2 | ഫീൽഡ് പ്രകടന റിക്കോർഡിംഗിലൂടെയും, ബക്ക് വിതരണ പരിപാടിയിലൂടെയുമുള്ള മലബാറി ആടുകളുടെ സംരക്ഷണവും മെച്ചപ്പെടുത്തലും | 30.00 |
| 3 | തീറ്റപ്പുല്ലിലും, തീറ്റപ്പുൽ വിത്തുല്പാദനത്തിലും ഗവേഷണ വികസന പ്രവർത്തനങ്ങൾ | 35.00 |
| 4 | മൃഗ പരിപാലന പ്രവൃത്തികളിൽ പരിശീലനസഹായം | 25.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 5 | കന്നുകാലി പ്രജനന പരിപാടികൾ ശക്തിപ്പെടുത്തുന്നതിന് പശ്ചാത്തല സൗകര്യ വികസനം | 360.00 |
| 6 | ആട്ടുകളിൽ കൃത്രിമ ബീജസങ്കലനം | 50.00 |
| 7 | പന്നി വികസനം | 160.00 |
| 8 | കുടുംബശ്രീയുമായി യോജിച്ച് കാലിത്തീറ്റ ഉല്പാദന പരിപാടികളും, കാലിത്തീറ്റ പ്രദർശന യൂണിറ്റുകളുടെ സ്ഥാപനവും | 280.00 |
| 9 | കുളത്തൂപ്പുഴ, കോലാഹലമേട്, മാട്ടുപ്പെട്ടി എന്നിവിടങ്ങളിലെ ആധുനിക ബുൾമദർ ഡയറി ഫാമുകൾക്ക് സഹായം | 500.00 |
| 10 | ഫീൽഡ് പെർഫോർമൻസ് രേഖപ്പെടുത്തൽ പരിപാടി വഴി കന്നുകാലികളുടെ വർഗ മേന്മ ഉയർത്തൽ | 320.00 |
| 11 | വെച്ചൂർ, കാസറഗോഡ് ഡ്വാർഫ് കന്നുകുട്ടികളിൽ നിന്നുള്ള ജെം പ്ലാസ്മിന്റെ സംരക്ഷണവും പ്രചരണവും | 159.56 |
| 12 | ജനിതക ഘടന തിരഞ്ഞെടുപ്പ് മുഖാന്തിരം കാളകളെ തെരഞ്ഞെടുക്കുന്നതിനുള്ള സഹായം | 220.00 |
| 13 | തീറ്റപ്പുൽ വിത്ത് ഉത്പാദനവും വിതരണവും | 100.00 |
| 14 | കേരളത്തിലെ വടക്കൻ ജില്ലകളിൽ മികച്ച പാരമ്പര്യഗുണമുള്ള സങ്കരയിനത്തിൽപ്പെട്ട കാളകളുടെ ഉല്പാദനം | 100.00 |
| 15 | കെ.എൽ.ഡി.ബിയുടെ പാലക്കാട് ധോണി ഫാമിൽ തീറ്റപ്പുൽ ഉല്പാദനം വർധിപ്പിക്കുന്നതിനായി ജലസേചന അടിസ്ഥാനസൗകര്യ വികസനം | 200.00 |
| 16 | സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളിൽ മുന്തിയ ഇനം കാളയുടെ ബീജം വിതരണം | 250.00 |
| 17 | ബൊവൈൻ ഫെർട്ടിലിറ്റി നിരീക്ഷണവും റഫറൽ കേന്ദ്രങ്ങളും സ്ഥാപിക്കൽ | 75.00 |
| 18 | കർഷക തലത്തിൽ സാറ്റലൈറ്റ് പിഗ്ഗറി യൂണിറ്റുകൾ സ്ഥാപിക്കൽ | 50.00 |
| 19 | സാറ്റലൈറ്റ് ഗോട്ട് യൂണിറ്റുകൾ സ്ഥാപിക്കൽ | 60.00 |
| 20 | ക്ഷീരമേഖലയിലെ സംരംഭകത്വത്തിനായി മോഡൽ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കൽ- ആർഐഡിഎഫ് (പുതിയ ഘടകം) | 200.00 |
| | **ആകെ** | **3246.56** |

ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ വകയിരുത്തിയ 3246.56 ലക്ഷം രൂപയിൽ 200.00 ലക്ഷം രൂപ ക്ഷീരമേഖലയിലെ സംരംഭകത്വത്തിനായി മോഡൽ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള ആർ.ഐ.ഡി.എഫ് സഹായമാണ്.

**12. കേരളാ ഫീഡ്സ് ലിമിറ്റഡിന് സഹായം**

**(വിഹിതം: 1620.00 ലക്ഷം രൂപ)**

കേരള സർക്കാറിനു കീഴിലുള്ള, മൃഗസംരക്ഷണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, സംയോജിത കന്നുകാലി തീറ്റയുടെയും, തീറ്റ സപ്ലിമെന്റുകളുടേയും നിർമ്മാണത്തിലും, വിൽപനയിലും ഏർപ്പെട്ടിരിക്കുന്ന പൊതു മേഖലാ സ്ഥാപനമാണ് കേരളാ ഫീഡ്സ് ലിമിറ്റഡ്. സംസ്ഥാന നയപ്രകാരം കാലിത്തീറ്റ

വിലനിലവാര നിയന്ത്രണവും, ഗുണനിലവാരമുള്ള കാലിത്തീറ്റ വിതരണവും ഉറപ്പുവരുത്തുക എന്നതാണ് കേരളാ ഫീഡ്സ് ലിമിറ്റഡിന്റെ ലക്ഷ്യം. ഈ പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കാലിത്തീറ്റ വിപണയിലെ ഇടപെടലിനുള്ള സഹായം | 660.00 |
| 2 | കന്നുകാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിനും സൈലേജ് സംഭരണത്തിനുമുള്ള അസംസ്കൃത വസ്തുക്കളായ കാർഷിക ഉല്പന്നങ്ങളുടെ ഗതാഗത ചെലവിനുള്ള സബ്സിഡി | 360.00 |
| 3 | കേരളാ ഫീഡ്സിന്റെ വിവിധ യൂണിറ്റുകളിൽ ഉല്പാദന നവീകരണ പ്രക്രിയ (ആർ.ഐ.ഡി.എഫ് ) | 500.00 |
| 4 | കേരളാ ഫീഡ്സിന്റെ വിവിധ യൂണിറ്റുകളിലെ ഗുണനിലവാര ലാബുകളിൽ പരിശോധനാ സൗകര്യങ്ങളുടെ ശക്തിപ്പെടുത്തൽ | 50.00 |
| 5 | സംയോജിത കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിനായിട്ടുള്ള ചോളകൃഷി പ്രോത്സാഹനത്തിനുള്ള പൈലറ്റ് പ്രോജക്ട് | 50.00 |
| | **ആകെ** | **1620.00** |

ഈ പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ വകയിരുത്തിയ 1620.00 ലക്ഷം രൂപയിൽ 500.00 ലക്ഷം രൂപ ആർ.ഐ.ഡി.എഫ് സഹായമാണ്.

### 13. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവകലാശാലയ്ക്കുള്ള സഹായം

**(വിഹിതം: 6100.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ മൃഗസംരംക്ഷണം, ക്ഷീരവികസനം, കോഴിവളർത്തൽ എന്നിവയിൽ വിദ്യാഭ്യാസം, ഗവേഷണം, സംരംഭകത്വ വികസനം എന്നിവയ്ക്കായാണ് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവകലാശാല സ്ഥാപിച്ചത്. വെറ്ററിനറി, മൃഗസംരക്ഷണം, ഡയറി മേഖലകളിൽ യോഗ്യതയുള്ള പ്രൊഫഷണലുകളെ വളർത്തിയെടുത്ത് സംസ്ഥാനത്തെ കന്നുകാലിമേഖലയെ പ്രോത്സാഹിപ്പിക്കുകയും ഫീൽഡ് സാഹചര്യങ്ങളിൽ ഗവേഷണ ഫലങ്ങൾ നടപ്പിലാക്കാൻ സഹായിക്കുകയുമാണ് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവകലാശാലയുടെ ലക്ഷ്യം.

ഗവേഷണം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യങ്ങൾ, ഫാമുകളുടെ വികസനം, ഭരണം, സംരംഭകത്വ വികസനവും വ്യാപനവും എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങൾക്കായി 2025-26 ബജറ്റിൽ 6100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഫണ്ട് അനുവദിക്കുന്നതിനുമുമ്പ് ഓരോ ഘടകത്തിനുമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കേണ്ടതാണ്. ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.

വിവിധ ഘടകങ്ങൾക്കായി 2025-26-ൽ നീക്കിവച്ചിട്ടുള്ള വിഹിതം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാല | | |
| 1 | ഗവേഷണ പദ്ധതികൾ | 1656.00 |
| 2 | വിദ്യാഭ്യാസം | 1200.00 |
| 3 | ഫാമുകൾ | 400.00 |
| 4 | ഭരണം | 150.00 |
| 5 | സംരംഭകത്വ വികസനവും വ്യാപനവും | 150.00 |
| 6 | അടിസ്ഥാന സൗകര്യം | 1344.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 7 | മൃഗങ്ങളിൽ നിന്നുള്ള പകർച്ചവ്യാധികൾ, കന്നുകാലി വളർത്തൽ എന്നിവയ്ക്കായി ഒരു റഫറൽ അനലിറ്റിക്കൽ ആന്റ് ഡയഗ്നോസ്റ്റിക് ലാബിന്റെ സ്ഥാപനം - ആർ.ഐ.ഡി.എഫ് XVI | 800.00 |
| 8 | KVASU വിലെ ശാസ്ത്രജ്ഞർ, ഗവേഷണ വിദ്യാർത്ഥികൾ, വിദ്യാർത്ഥികൾ, കർഷകർ എന്നിവർക്കായി പാർപ്പിട സമുച്ചയങ്ങൾ സ്ഥാപിക്കൽ– ആർ.ഐ.ഡി.എഫ് XXX(പുതിയ പദ്ധതി) | 400.00 |
| | **ആകെ** | **6100.00** |

ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ വകയിരുത്തിയ 6100.00 ലക്ഷം രൂപയിൽ 1200.00 ലക്ഷം രൂപ മൃഗങ്ങളിൽ നിന്നുള്ള പകർച്ചവ്യാധികൾ, കന്നുകാലികൃഷി എന്നിവയ്ക്ക് ഒരു റഫറൽ അനലിറ്റിക്കൽ ആന്റ് ഡയഗ്നോസ്റ്റിക് ലാബ് സ്ഥാപിക്കുന്നതിനും കെ.വി.എ.എസ്.യു വിലെ ശാസ്ത്രജ്ഞർ, ഗവേഷണ വിദ്യാർത്ഥികൾ, വിദ്യാർത്ഥികൾ, കർഷകർ എന്നിവർക്കായി പാർപ്പിട സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നബാർഡ് ആർ.ഐ.ഡി.എഫ് സഹായമാണ്.

### 14. മൃഗസംരക്ഷണ സേവനങ്ങൾ വീട്ടുപടിക്കൽ

**(വിഹിതം: 1850.44 ലക്ഷം രൂപ)**

കർഷകരുടെ വാതിൽപ്പടിയിൽ ആരോഗ്യസേവനം ലഭ്യമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിലെ സാഹചര്യത്തിൽ കർഷകർ അവരുടെ മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. കൂടാതെ വൈകിട്ട് 6 മണി മുതൽ രാവിലെ 6 മണി വരെയുള്ള സമയത്ത് സേവനം ലഭ്യമാകുന്നുമില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രാത്രി സമയങ്ങളിൽ അടിയന്തര മൃഗചികിത്സാസേവനം ലഭ്യമാക്കുന്നതിനും, കർഷകരുടെ വീട്ടുപടിക്കൽ ആരോഗ്യ സുരക്ഷാ സേവനങ്ങൾ നൽകുന്നതിന് അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വാഹനങ്ങൾ നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

ബ്ലോക്ക്തലത്തിൽ വാതിൽപ്പടിസേവനം നൽകുന്നതിന് കരാർ ജീവനക്കാരെ ഏർപ്പാടാക്കാനും, ആമ്പുലേറ്ററി/മൊബൈൽ യൂണിറ്റുകൾക്കും, അറ്റകുറ്റപ്പണികൾക്കും പ്രൊപ്പൽഷൻ ചാർജുകൾക്കും ഈ തുക വിനിയോഗിക്കാം. നിശ്ചിത പഞ്ചായത്തുകളിലെ നിശ്ചിതയിടങ്ങളിൽ പതിവായി സന്ദർശനം സംഘടിപ്പിക്കേണ്ടതാണ്. ജൂനിയർ റസിഡന്റ്ഷിപ്പ് പ്രോഗ്രാമിലൂടെ പ്രൊഫഷണൽ വെറ്ററിനറി സേവനം, തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ലഭ്യമാക്കുവാനും തുക വകയിരുത്തിയിരിക്കുന്നു.

ഈ പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മൊബൈൽ വെറ്ററിനറി യൂണിറ്റുകളുമായി സംയോജിപ്പിച്ച് ബ്ലോക്ക് തലത്തിൽ രാത്രികാല അടിയന്തിര മൃഗപരിപാലന സേവനം | 1520.44 |
| 2 | സഞ്ചരിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക്കുകളുടെ പ്രവർത്തനത്തിനാവശ്യമായ മനുഷ്യശേഷി (MVUs, MSUs & MTVUs) | 30.00 |
| 3 | ടെലിവെറ്ററിനറി യൂണിറ്റുകൾ ഉൾപ്പടെയുള്ള മൊബൈൽ വെറ്ററിനറി സർജറി യൂണിറ്റുകൾക്കും, മൊബൈൽ വെറ്ററിനറി സേവനങ്ങൾക്കും ആവശ്യമായ പ്രവർത്തന ചെലവ് | 60.00 |
| 4 | ജൂനിയർ റസിഡന്റ്ഷിപ്പ് പ്രോഗ്രാമിലൂടെ വിദഗ്ധ മൃഗപരിപാലന സേവനം ഊർജിതമാക്കുക | 200.00 |
| 5 | കോൾ സെന്റർ സൗകര്യം ഉൾപ്പെടെ ബോക്ക്തല മൊബൈൽ യൂണിറ്റുകൾക്കുള്ള സഹായം | 40.00 |
| | **ആകെ** | **1850.44** |

പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1850.44 ലക്ഷം രൂപ വകയിരുത്തുന്നു.

## 15. വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും

**(വിഹിതം: 1800.00 ലക്ഷം രൂപ)**

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കോഴി, താറാവ്, കന്നുകാലി, പന്നി, ആട്, മുയൽ എന്നിവ വളർത്തുന്നതിനായി വിവിധ ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഫാമുകൾ ഉൽപ്പാദന യൂണിറ്റുകളും ഗുണനിലവാരമുള്ള കുഞ്ഞുങ്ങളെ പ്രദാനം ചെയ്യുന്നതിനുള്ള പ്രജനന കേന്ദ്രങ്ങളും മാത്രമായല്ല, സാങ്കേതിക വിദ്യയുടെയും പ്രദർശനത്തിന്റെയും പരിശീലനത്തിന്റെയും കേന്ദ്രങ്ങളായും പ്രവർത്തിക്കുന്നതിന് ആധുനികവൽക്കരിക്കേണ്ടതും ശക്തിപ്പെടുത്തേണ്ടതുമുണ്ട്.

അടിസ്ഥാനസൗകര്യവികസനം, ഇൻപുട്ടുകളുടെ വിതരണം, തീറ്റ, ഫാമുകളിലേക്കുള്ള മരുന്നുകൾ, ഉൽപാദന അധിഷ്ഠിത പരിപാടികൾ, മാതൃ സ്റ്റോക്ക് വാങ്ങൽ, കർഷകർക്ക് യന്ത്രവത്ക്കരണ പിന്തുണ, നിലവിലുള്ള ഫാമുകളുടെ വിപുലീകരണം, മാർക്കറ്റിംഗ് നെറ്റ് വർക്കുകൾ സ്ഥാപിക്കൽ, സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റുകൾ എന്നിവ പദ്ധതിയ്ക്ക് കീഴിലുള്ള പ്രവർത്തനങ്ങളാണ്. പരമാവധി ഫ്ലോർ സ്പേസ് വിനിയോഗം ഉറപ്പാക്കുകയും വകുപ്പിന് കീഴിലുള്ള കാർഷിക ശൃംഖല ശക്തിപ്പെടുത്തുകയും പ്രദർശന ആവശ്യങ്ങൾക്കായി മാതൃകാ ഫാമുകളായി പ്രവർത്തിക്കുകയും ചെയ്യും. ഇടത്തരം ക്ഷീര ഫാമുകളെ പിന്തുണയ്ക്കുന്നതിന് സമഗ്രമായ കാർഷിക സഹായ പാക്കേജ് അവതരിപ്പിക്കും. വടക്കൻ കേരളത്തിൽ ഒരു പുതിയ താറാവ് ഫാം സ്ഥാപിക്കുന്നതിനും ഈ അടങ്കൽ വിനിയോഗിക്കും.

2025-26-ൽ ഫാമുകളിലെ ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വകുപ്പുകളുടെ കീഴിലുള്ള ഫാമുകളുടെ ശാക്തീകരണം (ക്യാപ്പിറ്റൽ ഹെഡ് ) | 165.00 |
| 2 | ഫാമിലെ യന്ത്രവൽക്കരണ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനസൗകര്യ വികസനം | 100.00 |
| 3 | ഫാമിന്റെ പ്രവർത്തനങ്ങൾക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം | 25.00 |
| 4 | ഉൽപ്പാദനം ലക്ഷ്യമാക്കിയുള്ള പരിപാടികൾ | 45.00 |
| 5 | മാതൃസ്റ്റോക്ക്, തീറ്റ, തീറ്റ ചേരുവകൾ, മരുന്നുകൾ, ബയോളജിക്കൽസ് മുതലായവ വാങ്ങുക | 1100.00 |
| 6 | തീറ്റപ്പുൽ വികസനം | 25.00 |
| 7 | പ്രവർത്തന ചെലവ് | 65.00 |
| 8 | വകുപ്പിലെ ഫാമുകളുടെ നിർമ്മാണവും നവീകരണവും | 275.00 |
| | **ആകെ** | **1800.00** |

മേൽപ്പറഞ്ഞ ഘടകങ്ങൾക്കായി 2025-26 ബജറ്റിൽ 1800.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 16. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡ്

**(വിഹിതം: 1714.00 ലക്ഷം രൂപ)**

അറവുശാലകൾ, മൃഗ-പക്ഷി ഫാമുകൾ, റെൻഡറിങ്ങ് പ്ലാന്റുകൾ, കാലിത്തീറ്റ മില്ലുകൾ, വിപണന കേന്ദ്രങ്ങൾ, സംസ്കരിച്ച മൂല്യവർദ്ധിത മാംസോല്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നിവ ആരംഭിക്കുന്നതിലൂടെ ഭക്ഷ്യസുരക്ഷാ നിയമം, മൃഗക്ഷേമ നിയന്ത്രണം എന്നിവ അനുസരിച്ച് ശുചിത്വവും ആരോഗ്യകരവുമായ മാംസം, മാംസ ഉല്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവയാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലക്ഷ്യമിടുന്നത്.

ഇതിനായി 2025-26 ബജറ്റിൽ 1714.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 1100.00 ലക്ഷം രൂപ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | എം.പി.ഐ യ്ക്കുള്ള പ്രവർത്തന മൂലധനവും, സാമ്പത്തിക സഹായവും | 614.00 |
| 2 | എ) ഇടയാറിലുള്ള എം.പി.ഐ കാമ്പസിൽ ചുറ്റമതിലും അഴുക്കുചാലും നിർമ്മാണം (ആർ.ഐ.ഡി.എഫ്)<br>ബി) ഇടയാറിലെ പുതിയ മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം-(ആർ.ഐ.ഡി.എഫ് ) (പുതിയത് )<br>സി) ഏത്തുരിലെ പ്ലാന്റിന്റെ ചുറ്റമതിൽ നിർമ്മാണം -(ആർ.ഐ.ഡി.എഫ് ) (പുതിയത് ) | 1100.00 |
| | **ആകെ** | **1714.00** |

പ്രസ്തുത പദ്ധതികൾക്കായി 2025-26 ബജറ്റിൽ 1714.00 ലക്ഷം രൂപ വകയിരുത്തുന്നു.

**17. മൃഗാരോഗ്യവും രോഗനിയന്ത്രണ പരിപാടികളും (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 350.00 ലക്ഷം രൂപ)**

കന്നുകാലികളുടെ ആരോഗ്യ പ്രശ്നങ്ങൾ മെച്ചപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യുന്നതിനു ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതി ആരംഭിച്ചത്. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 60:40 എന്ന അനുപാതത്തിലാണ് ഈ പദ്ധതിക്ക് തുക വകയിരുത്തുന്നത്. സംസ്ഥാന വിഹിതമായ 40 ശതമാനം തുകയ്ക്ക് ആനുപാതികമായി 350.00 ലക്ഷം രൂപ വകയിരുത്തുന്നു.

മൃഗരോഗങ്ങൾ നിയന്ത്രിക്കുക, റിന്റർ പെസ്റ്റ് രോഗം നിരീക്ഷിക്കുന്നതിനുള്ള ദേശീയ പ്രോജക്റ്റ്, കാര്യക്ഷമതാ വികസനം, കുളമ്പുരോഗ നിയന്ത്രണ പരിപാടി, പെസ്റ്റിഡിസ് പെസ്റ്റിസ് റൂമിണൻസ് (ആട് വസന്ത) നിയന്ത്രണ പരിപാടി, ഹെമറേജ് സെപ്റ്റിസീമിയ (കുരലടപ്പൻ), ബ്രൂസില്ലോസിസ് നിയന്ത്രണ പരിപാടി, ആന്ത്രാക്സ്, പന്നിപ്പനി നിയന്ത്രണ പരിപാടി, ബ്ലാക്ക്ക്വാർട്ടർ രോഗം (കരിങ്കാൽ), റാണിഖെട്ട് രോഗം(കോഴി വസന്ത), ഏവിയൻ ഇൻഫ്ലുവൻസ(പക്ഷിപ്പനി) എന്നിവയുടെ നിയന്ത്രണം, മൃഗാശുപത്രികളും ഡിസ്പെൻസറികളും സ്ഥാപിക്കുകയും നിലവിലുള്ളവയെ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതി കേന്ദ്ര സർക്കാരിന്റെ മാർഗരേഖ പ്രകാരം സംസ്ഥാനങ്ങളുടെ മൃഗരോഗ നിയന്ത്രണ പരിപാടി (എ.എസ്.സി.എ.ഡി), വെറ്ററിനറി ആശുപത്രികൾ, ഡിസ്പെൻസറികൾ, മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ എന്നിവയുടെ സ്ഥാപനത്തിനും, ശക്തിപ്പെടുത്തലിനും ഉപയോഗിക്കാവുന്നതാണ്.

2025-26 ബജറ്റിൽ 350.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തുന്നു.

**18. ദേശീയ കന്നുകാലി മിഷൻ (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 400.00 ലക്ഷം രൂപ)**

ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് ആരംഭിച്ചതാണ് ഈ പദ്ധതി. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ ജൈവ സുരക്ഷയും, ഉയർന്ന സാങ്കേതികവിദ്യയും യന്ത്രവത്ക്കരണവും, നൈപുണ്യ വികസനവും സാങ്കേതിക വിദ്യയുടെ പ്രയോഗവും, പിന്നാമ്പുറ കോഴിവളർത്തൽ ശക്തിപ്പെടുത്തുക, തീറ്റപ്പുൽ വികസനം തുടങ്ങിയവയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന ഫണ്ടിങ്ങ് മാതൃകയിലാണ് പദ്ധതിക്ക് പണം വകയിരുത്തുന്നത്. സംസ്ഥാന വിഹിതമായ 40 ശതമാനത്തിലേക്ക് 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

ആകസ്മിക ഘട്ടങ്ങളിൽ കന്നുകാലികളെ നഷ്ടപ്പെടാതെ സംരക്ഷിക്കുന്നതിനും, സംരംഭകത്വവികസനത്തിനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കും തുക വിനിയോഗിക്കാവുന്നതാണ്. കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗരേഖ അനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 1.4 ക്ഷീര വികസനം

ക്ഷീരവികസന മേഖലയ്ക്കായി 2025-26 വർഷത്തിൽ 12093.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 1000.00 ലക്ഷം രൂപ നബാർഡിന്റെ ആർ.ഐ.ഡി.എഫ് വിഹിതമാണ്.

### 1. ഗ്രാമീണ ക്ഷീര വികസന വിജ്ഞാന വ്യാപനവും ഉപദേശക സർവീസുകളും

**(വിഹിതം: 1008.00 ലക്ഷം രൂപ)**

കർഷകർക്ക് സാങ്കേതിക വിദ്യയുടെ ഫലപ്രദമായ കൈമാറ്റം ഉറപ്പാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഗ്രാമീണ ഡയറി എക്സ്റ്റൻഷൻ സർവീസുകൾ നടപ്പാക്കൽ, സെമിനാറുകൾ/ വർക്ക്ഷോപ്പുകൾ/പ്രദർശനങ്ങൾ/പരിശീലന പരിപാടികൾ, കർഷക സമ്പർക്ക പരിപാടികൾ, ഗുണനിലവാര ബോധവൽക്കരണ പരിപാടികൾ, സ്റ്റേറ്റ് ഡയറി എക്സ്പോ, അച്ചടി/ഇലക്ട്രോണിക് എന്നീ മാധ്യമങ്ങൾ മുഖേനയുള്ള വ്യാപന പ്രവർത്തനങ്ങൾ, തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിൽ ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ് സ്ഥാപിക്കൽ, ഡിപ്പാർട്ടുമെന്റുകളിൽ ഇ-ഓഫീസ് പ്രവർത്തനങ്ങളുടെ നിർവ്വഹണം, പരിശീലന പരിപാടികൾക്കും നൈപുണ്യ വികസന പരിപാടികൾക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ ആധുനികവൽക്കരണം, മികച്ച കർഷകർക്ക് അവാർഡ്, സ്കൂളുകളിൽ പുതിയ ക്ഷീര ക്ലബ്ബുകൾ, ഉപഭോക്തൃ മുഖാമുഖം പരിപാടികൾ, വകുപ്പ് ജീവനക്കാർക്ക് സാങ്കേതിക പരിശീലനം നൽകൽ, കർഷകർക്ക് രാജ്യത്തിനകത്ത് എക്സ്പോഷർ വിസിറ്റുകൾ, നിലവിലുള്ള ഇൻഫർമേഷൻ സെന്ററുകളിൽ ഐ.സി.റ്റി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. ക്ഷീര വികസന പരിശീലന കേന്ദ്രങ്ങളുടേയും/കാര്യാലയങ്ങളുടേയും പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിഹിതത്തിന്റെ ഒരു ഭാഗം ഉപയോഗിക്കാവുന്നതാണ്. ഈ പദ്ധതിയുടെ ഘടകങ്ങൾ തിരിച്ചുള്ള വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

- കർഷക സമ്പർക്ക പരിപാടി - കർഷക മൈത്രി.
- ക്ഷീര പരിശീലന കേന്ദ്രങ്ങൾക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് സഹായം.
- സംസ്ഥാന/പ്രാദേശിക പരിശീലനക്കളരി.
- സംസ്ഥാന ക്ഷീര എക്സ്പോ.
- ന്യൂസ് ലെറ്റർ - ക്ഷീരപഥം.
- ലോകക്ഷീരദിനാഘോഷം.
- ക്ഷീരകർഷകർക്ക് വിവിധ തലങ്ങളിൽ സന്ദർശനം- ഇന്ത്യയിലുടനീളവും, സംസ്ഥാനത്തിനകത്തും
- കണ്ടിൻജൻസി ഫണ്ട്
- ബ്ലോക്ക്, ജില്ല, സംസ്ഥാനതല ക്ഷീരസംഗമം.
- വിദ്യാഭ്യാസ വകുപ്പുമായി ഏകോപിപ്പിച്ച് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ പുതിയ ക്ഷീരക്ലബ്ബുകൾ.
- ക്ഷീരസഹകാരി അവാർഡ് - മികച്ച കർഷക അവാർഡ്.
- എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതിനുള്ള ചെലവ്.
- വകുപ്പിലെ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥർക്ക് സാങ്കേതിക പരിശീലനം.
- അച്ചടി/ഇലക്ട്രോണിക് മാധ്യമങ്ങൾ, ഡോക്യുമെന്റേഷൻ എന്നിവയിലൂടെ വ്യാപന പ്രവർത്തനങ്ങൾ.
- നിലവിലുള്ള ഇൻഫർമേഷൻ സെന്ററുകളുടെ ശക്തിപ്പെടുത്തലിനും, ഐ.സി.റ്റി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, യന്ത്രവൽക്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ വഹിക്കുന്നതിനുമുള്ള സഹായം.
- ട്രെയിനിങ്ങിനും, വകുപ്പുതല ഉദ്യോഗസ്ഥൻമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികളുടെ ശക്തിപ്പെടുത്തലും നവീകരണവും.
- ഇ-ഓഫീസ് നടപ്പാക്കൽ.
- തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ഡയറി എക്സ്റ്റെൻഷൻ സർവീസ് യൂണിറ്റുകൾ സ്ഥാപിക്കൽ.
- ഡോക്യുമെന്റേഷൻ, നിരീക്ഷണം, വിശകലനം എന്നിവയുടെ ചെലവ്.

- ഓച്ചിറയിലുള്ള ഡി.റ്റി.സി യിൽ സ്ഥിരമായുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ
- ബയോ ഇൻപുട്ടുകളുടെയും, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും നിർമ്മാണത്തിനും വിപണനത്തിനുമുള്ള ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കുള്ള സഹായം.

പ്രസ്തുത പദ്ധതിയിൽ ഇൻഷ്വറൻസ് ഘടകം ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഘടകം മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ ഘടകങ്ങൾക്കായി 2025-26 ബജറ്റിൽ 1008.00 ലക്ഷം രൂപ വകയിരുത്തുന്നു.

**2. പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായം**

**(വിഹിതം: 2255.00 ലക്ഷം രൂപ)**

ക്ഷീര സഹകരണ മേഖലയിലേക്ക് കൂടുതൽ കർഷകരെ കൊണ്ടുവരിക, 2006 എഫ്.എസ്.എസ്.എ മാനദണ്ഡങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ കഴിവുള്ളവരാക്കുക, രാസപദാർഥങ്ങൾ/സൂക്ഷ്മാണുക്കൾ എന്നിവയുടെ പരിശോധനയിലൂടെ പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സംഭരണവും, വിപണനവും മെച്ചപ്പെടുത്തുന്നതിന് ക്ഷീരസഹകരണസംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും ആധുനികവൽക്കരിക്കുകയും ചെയ്യുക മുതലായവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. രജിസ്റ്റർ ചെയ്ത ഡി.സി.എസിൽ 3370 ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് ക്ഷീര സഹകരണ മേഖലയെ പരിപോഷിപ്പിക്കുകയാണ് ഈ പദ്ധതിയ്ക്ക് കീഴിലുള്ള വിവിധ ഘടകങ്ങളുടെ നടപ്പാക്കലിലൂടെ ലക്ഷ്യമിടുന്നത്.

2025-26 ൽ ഈ പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- മിൽക്ക് ഇൻസെന്റീവ് പ്രോഗ്രാം - ക്ഷീര കർഷകർക്ക് ഉൽപാദന പ്രോത്സാഹനമായി സഹായം.
- എഫ്.എസ്.എസ്.എ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായം.
- പാലിലെയും കാലിത്തീറ്റയിലെയും ആന്റിബയോട്ടിക്, അഫ്ളാടോക്സിൻ അംശങ്ങൾ കണ്ടെത്തുന്നതിനുള്ള റാപ്പിഡ് ടെസ്റ്റ് കിറ്റ് വാങ്ങുന്നതിന് ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള സഹായം (ഘട്ടം I)
- പുതിയതായി രജിസ്റ്റർ ചെയ്യുന്ന ക്ഷീരസഹകരണസംഘങ്ങൾക്കുള്ള സഹായം.
- പ്രവർത്തനരഹിതമായ ക്ഷീരസഹകരണസംഘങ്ങൾക്കുള്ള പുനരുജ്ജീവനത്തിനുള്ള സഹായം
- ആവശ്യകതയുടെ അടിസ്ഥാനത്തിൽ ക്ഷീരസഹകരണസംഘങ്ങൾക്ക് സഹായം ലഭ്യമാക്കൽ
- കൺസോർഷ്യത്തിന്റെ പ്രവർത്തനത്തിനുള്ള സഹായം.
- ഓട്ടോമേഷൻ പൂർണതോതിൽ നടപ്പിലാക്കാൻ ജില്ലാ ക്ഷീരസഹകരണസംഘങ്ങൾക്ക് ആവശ്യാധിഷ്ഠിത സഹായം.
- ക്ഷീരസഹകരണസംഘങ്ങളിലെ ഉദ്യോഗസ്ഥർക്ക് ക്ഷീരവ്യാപന സേവന യൂണിറ്റതല/ ജില്ലാതല/ഡയറക്ടറേറ്റ്തല അവലോകന യോഗം നടത്തുന്നതിനുള്ള ചെലവ്.
- ക്ഷീരസഹകരണസംഘതലത്തിൽ ഗുണനിലവാര സർട്ടിഫിക്കേഷനുള്ള സഹായം.
- ഗർഭാവസ്ഥയുടെ അവസാനം മുതൽ പാൽചുരത്തുന്ന കാലം വരെ പശുക്കൾക്ക് പ്രത്യേക പരിചരണ പാക്കേജ് നടപ്പിലാക്കുന്നതിന് ക്ഷീരസഹകരണസംഘങ്ങൾക്ക് സഹായം.
- മിൽമ പാൽ റൂട്ടുകളിലേയ്ക്ക് പാൽ എത്തിക്കുന്നതിനുള്ള സഹായം.
- ഡോക്യുമെന്റേഷൻ, ഡാറ്റാ ബാങ്ക് രൂപീകരണം എന്നിവ.
- ക്ഷീരസഹകരണ സംഘങ്ങൾക്ക് ഏകീകൃത അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയർ.
- ക്ഷീര സഹകരണ സംഘങ്ങളുടെ ജിയോ മാപ്പിങ്ങ്.
- മികച്ച ആപ്കോസിനും നോൺ ആപ്കോസിനും ഡോ. വർഗീസ് കുര്യൻ അവാർഡ്.
- പ്രവർത്തനച്ചെലവ്.
- ക്ഷീരസഹകരണസംഘങ്ങൾക്ക് ഭരണനിർവഹണത്തിനുള്ള സഹായങ്ങൾ.

- റ്റി.എം.ആർ യൂണിറ്റ്/പാരമ്പര്യേതര ഫീഡ് റിസോഴ്സ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ഡി.സി.എസിന് സഹായം.
- ഡി.സി.എസ് തലത്തിൽ പച്ചപ്പുല്ല്/വൈക്കോൽ എന്നിവയുടെ ശേഖരണ, സംഭരണ, വിപണന യൂണിറ്റുകൾ.
- നിർവ്വഹണം, നിരീക്ഷണം, ഡോക്യുമെന്റേഷൻ ചെലവുകൾ.
- ശുചിത്വമുള്ള പാൽസംഭരണ മുറികൾ/സംഭരണശാലകൾ തുടങ്ങിയവയുടെ നിർമ്മാണം/നവീകരണം.
- കർഷകർക്ക് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്ററുകൾ/സ്മാർട്ട് ഡി.സി.എസുകൾ.
- മാലിന്യ സംസ്കരണ പ്ലാൻറ് സ്ഥാപിക്കൽ, സൗരോർജ്ജ പരിപാലന സംവിധാനം എന്നിവയ്ക്കുള്ള സഹായം.
- ക്ഷീര സഹകരണ സംഘങ്ങളിൽ മാലിന്യസംസ്കരണ പ്ലാന്റ്.
- ക്ഷീര സഹകരണ സംഘങ്ങൾക്ക് കോൾഡ് ചെയിൻ സൗകര്യങ്ങൾ, ചില്ലിംഗ്, പ്രോസ്സസ്സിംഗ്, പാക്കിംഗ് യൂണിറ്റുകൾ, കാലിത്തീറ്റ യൂണിറ്റുകൾ, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

മേൽപ്പറഞ്ഞ ഘടകങ്ങൾക്കായി 2025-26 ബജറ്റിൽ 2255.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 3. ഗുണനിലവാര നിയന്ത്രണ ലബോറട്ടറികളെ ശക്തിപ്പെടുത്തൽ

**(വിഹിതം: 800.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ ഗുണനിലവാര നിയന്ത്രണ ലബോറട്ടറികളിലെ സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, പ്രത്യേക ഗുണനിലവാര പരിശോധനകൾ നടത്തുക, പ്രാദേശിക ലാബുകളുടെ സജ്ജീകരണം , ഫാം തലത്തിൽ ഗുണനിലവാരവും ശുചിത്വവും മെച്ചപ്പെടുത്തുക, ചെക്ക്പോസ്റ്റുകളിൽ പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക മുതലായവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സംസ്ഥാനത്ത് ഉൽപാദിപ്പിക്കുകയും സംഭരിക്കുകയും കൈകാര്യം ചെയ്യുകയും സംസ്കരിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന പാലിന്റേയും പാലുൽപ്പന്നങ്ങളുടെയും ഓർഗാനോലെപ്റ്റിക്, ഫിസിക്കോ-കെമിക്കൽ, മൈക്രോബയോളജിക്കൽ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വിവിധ തലങ്ങളിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

ഈ പദ്ധതിക്കായി 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിലെ ഘടകങ്ങൾ താഴെ പറയുന്നു.

- പ്രത്യേക ഗുണനിലവാര പരിശോധനാ യജ്ഞം
- ഗുണനിലവാര ബോധവൽക്കരണ പരിപാടി
- ഉപഭോക്തൃ സമ്പർക്ക പരിപാടി
- ശുദ്ധമായ പാൽ ഉത്പാദന കിറ്റ് വിതരണം
- തിരഞ്ഞെടുക്കപ്പെട്ട ചെക്ക്പോസ്റ്റുകളിൽ നിലവിലുള്ള ഗുണനിലവാര പരിശോധനാ ലാബുകൾക്കുള്ള സഹായം (മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല ചെക്ക്പോസ്റ്റ് ലാബുകളിൽ)
- ഡിപ്പാർട്ട്മെന്റിലെയും ഡയറി കോപ്പറേറ്റീവ് സൊസൈറ്റിയിലെയും ഉദ്യോഗസ്ഥർക്ക് ഗുണനിലവാര നിയന്ത്രണം/ഫുഡ് സേഫ്റ്റി എന്നിവയിൽ ട്രെയിനിങ്ങ്
- ഫാം തലത്തിൽ ശുചിത്വ നിലവാരം മെച്ചപ്പെടുത്തൽ
- പാലിലെയും കാലിത്തീറ്റയിലെയും ആന്റിബയോട്ടിക്, അഫ്ളാടോക്സിൻ അംശങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രത്യേക ഗുണനിലവാര പരിശോധന
- തിരുവനന്തപുരം സ്റ്റേറ്റ് ഡയറി ലാബ്/റീജിയണൽ ലാബുകൾ, ജില്ലാ ലാബുകൾ, സഞ്ചരിക്കുന്ന ഗുണനിലവാര യൂണിറ്റുകൾ എന്നിവയ്ക്ക് അടിസ്ഥാന സൗകര്യ വികസനവും പ്രവർത്തന വിപുലീകരണവും,കോട്ടയം, കാസറഗോഡ്, ആലത്തൂർ റീജിയണൽ ലാബുകൾക്ക് സഹായം,

പാലിന്റെ ഗുണനിലവാര പരിശോധനക്കായി മെച്ചപ്പെട്ട സംവിധാനം സ്ഥാപിക്കുന്നതിന് ആവശ്യാധിഷ്ഠിത സഹായം, നിലവിലുള്ള ചെക്ക്പോസ്റ്റ് ലാബുകൾക്ക് സഹായം, ഗുണനിലവാര നിയന്ത്രണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനായി ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത സഹായം, ഗുണനിലവാര നിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ (എസ്.ക്യു.സി.എൽ)

- നിർവ്വഹണം, ഡോക്യുമെന്റേഷൻ, നിരീക്ഷണം എന്നിവയ്ക്കുള്ള വിഹിതം

ഇതിനായി 2025-26 ബജറ്റിൽ 800.00 ലക്ഷം രൂപ വകയിരുത്തുന്നു.

**4. വാണിജ്യ ക്ഷീരവികസന പ്രവർത്തനങ്ങളും മിൽക്ക്ഷെഡ് വികസന പ്രവർത്തനങ്ങളും**

**(വിഹിതം: 3980.00 ലക്ഷം രൂപ)**

വ്യക്തികൾ, ജെ.എൽ.ജി കൾ, സ്വയംസഹായ സംഘങ്ങൾ, മറ്റ് രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ എന്നിവയ്ക്കായി ഒരു ഹെർഡ് ഇൻഡക്ഷൻ പ്രോഗ്രാം ഏറ്റെടുത്ത് ക്ഷീരമേഖലയെ സുസ്ഥിരമാക്കുക, ക്ഷീര ഫാമുകളുടെ ഓട്ടോമേഷനും യന്ത്രവൽക്കരണത്തിനും സഹായം നൽകുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ക്ഷീരോല്പാദന മേഖലയിലേക്ക് കൂടുതൽ കർഷകരെയും/സംരംഭകരെയും സ്വയംസഹായ സംഘങ്ങളെയും കൊണ്ടുവരിക, സങ്കരയിനം കന്നുകാലികളുടെ ഉൽപ്പാദനക്ഷമത നിലനിർത്തുക, കർഷകരിൽ ശാസ്ത്രീയമായ കാലിവളർത്തൽ രീതികൾ സ്വീകരിക്കുന്നതിനുള്ള അവബോധം സാങ്കേതിക സഹായത്തോടെ സൃഷ്ടിക്കുക എന്നിവയാണ് മിൽക്ക് ഷെഡ് വികസന പരിപാടികൊണ്ട് ലക്ഷ്യമിടുന്നത്. ഉപജീവനത്തിനു വേണ്ടിയുള്ള ക്ഷീരോൽപ്പാദന പ്രവർത്തനങ്ങളിൽ നിന്നും വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോൽപ്പാദനത്തിലേക്കുള്ള മാറ്റം പാലുൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് അനിവാര്യമാണ്. തിരഞ്ഞെടുത്ത മിൽക്ക് ഷെഡുകളിലേയ്ക്കും മറ്റ് സാധ്യതയുള്ള പ്രദേശങ്ങളിലേയ്ക്കും വാണിജ്യ ക്ഷീര യൂണിറ്റുകൾ വ്യാപിപ്പിക്കുക, പശു/കന്നുക്കുട്ടി യൂണിറ്റുകൾ, കറവ യന്ത്രങ്ങൾ വാങ്ങുക, കന്നുകാലി തൊഴുത്തിനുള്ള സഹായം, വനിതകൾക്ക് വേണ്ടിയുള്ള കന്നുകാലി പരിപാലന പരിപാടി, തെരഞ്ഞെടുത്ത 40 ഗ്രാമപഞ്ചായത്തുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ക്ഷീര ഗ്രാമം പരിപാടി സ്ഥാപിക്കുക, കുട്ടനാട് താലൂക്കിലെ തെരഞ്ഞെടുത്ത വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളിൽ എലിവേറ്റഡ് കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡ് സ്ഥാപിക്കുക എന്നിവയ്ക്കായി ഈ തുക വിനിയോഗിക്കാം. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും.

ഈ പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

- കർഷകർക്ക് പശു യൂണിറ്റുകൾക്കുള്ള സഹായം
- കന്നുക്കുട്ടികളുടെ യൂണിറ്റുകൾ
- ഡയറി ഫാമുകളുടെ യന്ത്രവൽക്കരണവും, ആധുനികവത്ക്കരണവും
- കന്നുകാലി ഷെഡുകളുടെ നിർമ്മാണവും കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായവും
- അതി ദാരിദ്ര്യ നിർമാർജന പരിപാടി- വനിതാ ഘടക പദ്ധതി- അതി ദാരിദ്ര്യ വിഭാഗത്തിലുള്ളവർക്ക് ഒരു പശു യൂണിറ്റ്-വനിതാ ക്ഷീരകർഷകർക്കുള്ള സഹായം
- ക്ഷീര സഹകരണ സംഘങ്ങളുമായി ചേർന്ന് പ്രത്യേക പെർഫോമൻസ് ബൂസ്റ്റർ പരിപാടി.
- ക്ഷീര ഫാം സ്ഥാപിക്കുന്നതിനും യന്ത്രവൽക്കരണത്തിനുമുള്ള ബാങ്ക് പലിശ സബ് വെൻഷൻ പ്രോഗ്രാം.
- തെരഞ്ഞെടുക്കപ്പെട്ട 40 പഞ്ചായത്തുകളിൽ ക്ഷീര ഗ്രാമം പദ്ധതി
- കിടാരി പാർക്കുകൾ സ്ഥാപിക്കൽ.
- വാണിജ്യ ഡയറിഫാമുകളുടെ അടിസ്ഥാന സൗകര്യവികസനവും, ഓട്ടോമേഷനും
- ഇടുക്കിയിലെ ക്ഷീരവികസനത്തിന് സഹായം
- കുട്ടനാട് താലൂക്കിലെ വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളിൽ എലിവേറ്റഡ് കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡ് സ്ഥാപിക്കുക
- ഡി.ടി.സി കളിലെ ഹൈഫർ പാർക്കുകളുടെയും മോഡൽ ഡയറി ഫാമുകളുടേയും ആവർത്തിച്ചുള്ള ചെലവുകൾ
- ക്ഷീര സഹകരണ സംഘങ്ങൾക്ക് കീഴിലുള്ള ഹെർഡ് ക്വാറന്റയിൻ കം ട്രേഡിങ്ങ് സെന്ററുകൾ

- പ്രവർത്തന ചെലവും, ഡോക്യുമേന്റേഷൻ ചാർജ്ജും.
- വാണിജ്യ ക്ഷീര ഫാമുകൾക്കുള്ള സഹായം.
- ടാർഗറ്റ് ഗ്രൂപ്പുകൾക്കുള്ള പ്രത്യേക ക്ഷീര പാക്കേജ്- ക്ഷീര ലയം, ക്ഷീര തീരം, ക്ഷീര യുവ .
- വ്യക്തികൾ, ജെ.എൽ.ജികൾ/എസ്.എച്ച്.ജി കൾ/മറ്റ് രജിസ്റ്റർചെയ്ത ഗ്രൂപ്പുകൾക്കുള്ള ഹെർഡ് ഇൻഡക്ഷൻ പരിപാടികൾ.

ഇതിനായി 2025-26 ബജറ്റിൽ 3980.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 5. കാലിത്തീറ്റ സബ്സിഡി

**(വിഹിതം: 800.00 ലക്ഷം രൂപ)**

ഡി.സി.എസിന് പാൽ നൽകുന്ന കർഷകരെ സഹായിക്കാനും അതുവഴി പാൽ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പാൽ ഉൽപാദന ചെലവ് കുറയ്ക്കുന്നതിന് സഹായം നൽകാനും പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ നൽകുന്ന എല്ലാ പാലുൽപാദകർക്കും ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കും. പാലുൽപ്പാദനവും പാൽ സംഭരണവും വർദ്ധിപ്പിക്കുക, കൂടുതൽ കർഷകരെ ക്ഷീര സഹകരണ വ്യവസ്ഥയുടെ കീഴിൽ കൊണ്ടുവരിക, സ്ഥായിയായ തൊഴിലായി ക്ഷീര വികസനത്തെ നിലനിർത്തുക, തൊഴിലവസരങ്ങൾ സൃഷ്ടിച്ച് യുവസംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. പാലുൽപ്പാദനചെലവ് കുറയ്ക്കുന്നതിനായി നൽകുന്ന പാലിന്റെ അളവനുസരിച്ച് ക്ഷീരസഹകരണ സംഘങ്ങളിൽ നിന്നും വാങ്ങുന്ന കാലിത്തീറ്റയുടെ ചെലവ് വഹിക്കുന്നതിനുള്ള സഹായം നൽകുന്നു. ക്ഷീര സഹകരണ സംഘങ്ങൾക്ക് കാലിത്തീറ്റ സബ്സിഡി പ്രൊഡക്ഷൻ ഇൻസെന്റീവ് ആയി നൽകുന്നു. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും.

പദ്ധതിയുടെ ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

- പ്രകൃതിദത്ത തീറ്റ ഘടകങ്ങൾ (ഡി.സി.എസ് മുഖേന ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ പച്ചപ്പുല്ലും, ഉണങ്ങിയ തീറ്റയും വിതരണം ചെയ്യുന്നു).
- സബ്സിഡി നിരക്കിൽ കാലിത്തീറ്റ സപ്ലിമെന്റ്/ധാതുമിശ്രിത വിതരണം.
- നിർവ്വഹണം, നിരീക്ഷണം, ഡോക്യുമെന്റേഷൻ എന്നിവയ്ക്കുള്ള ചെലവ്.

ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 800.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 6. കർഷകരുടെ കൃഷിയിടങ്ങളിലും ക്ഷീരസഹകരണ സംഘങ്ങളിലും തീറ്റപ്പുൽ ഉല്പാദനവും പരിപാലനവും

**(വിഹിതം: 750.00 ലക്ഷം രൂപ)**

ക്ഷീരമേഖലയിലെ വികസനം പരിമിതപ്പെടുത്തുന്ന പ്രധാന ഘടകം തീറ്റപ്പുല്ലിന്റെ ദൗർലഭ്യമാണ്. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ക്ഷീര മേഖലയിൽ ഉൽപ്പാദന ചെലവ് കൂടുന്നതിനുള്ള പ്രധാന കാരണം ഇതാണ്. ആയതിനാൽ ഉൽപ്പാദന ചെലവ് കുറയ്ക്കുവാൻ വേണ്ടി അനുയോജ്യമായ തീറ്റപ്പുൽ ഉൽപ്പാദന പരിപാടികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. വർഷം മുഴുവൻ നിലനിൽക്കുന്ന തീറ്റപ്പുൽ ഇനങ്ങളുടെ കൃഷി, ക്ഷീര കർഷകരുടെ ഇടയിൽ നൂതനവും ശാസ്ത്രീയവും ചെലവ് കുറഞ്ഞതുമായ ഫീഡിങ്ങ് രീതി നടപ്പാക്കുക, തീറ്റച്ചെലവ് കുറയ്ക്കുകവഴി കന്നുകാലി വളർത്തലിന്റെ നിലനിൽപ്പും വിശ്വാസ്യതയും ഉയർത്തുക, കറവപ്പശുക്കളുടെ ആരോഗ്യവും പാലിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്തുക, വർഷം മുഴുവൻ തീറ്റപ്പുല്ലിന്റെയും നടീൽ വസ്തുക്കളുടെയും ലഭ്യത ഉറപ്പു വരുത്തുക, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, തീറ്റപ്പുൽ വിൽപ്പന വഴി ഉൽപ്പാദകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

കർഷകർക്ക് തീറ്റപ്പുൽ, അസോള, ചോള കൃഷിക്കുള്ള സഹായം, കോളാർ മോഡലിൽ മുരിങ്ങയും ഹൈബ്രിഡ് നാപ്പിയറും ചേർന്നുള്ള ഇടവിള കൃഷി, ജൈവവേലി ഉൾപ്പടെയുള്ള തീറ്റക്കാവശ്യമായ മരങ്ങൾ വച്ചുപിടിപ്പിക്കുക, ജില്ലാ സംസ്ഥാന തലത്തിൽ തീറ്റപ്പുൽ സെമിനാർ/തീറ്റപ്പുൽദിനാചരണം സംഘടിപ്പിക്കുന്നതിന് ക്ഷീര പ്രോത്സാഹന ഇൻസെന്റീവ്, ജലസേചനത്തിനുള്ള സഹായം, തിരുവനന്തപുരം വലിയതുറയിലുള്ള സംസ്ഥാന തീറ്റപ്പുൽ ഫാമിനുള്ള സഹായം, തീറ്റപ്പുൽ കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ യന്ത്രവൽക്കരിക്കുകയും ആധുനികവത്ക്കരിക്കുകയും ചെയ്യുക, വാണിജ്യാടിസ്ഥാനത്തിൽ തരിശുഭൂമിയിലും പാഴ്ഭൂമിയിലും തീറ്റപ്പുൽ കൃഷി വ്യാപനം, വാണിജ്യ സൈലേജ് നിർമ്മാണ യൂണിറ്റുകൾ, തീറ്റപ്പുൽ ഹബ്, തീറ്റപ്പുൽ വിപണന യൂണിറ്റ്, കാലിത്തീറ്റ നടീൽ വസ്തുക്കൾ കൊണ്ടുപോകുന്നതിനുള്ള സഹായം,ജോയിന്റ് ലയബിലിറ്റി സംഘങ്ങൾ/സ്വയം സഹായസംഘങ്ങൾ/

മറ്റ് രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ വഴി തീറ്റപ്പുൽ വിപണനം എന്നിവയ്ക്ക് വേണ്ടിയാണ് തുക വകയിരുത്തിയിരിക്കുന്നത്.

ക്ഷീര വികസന വകുപ്പിനെ സംസ്ഥാനത്തെ കാലിത്തീറ്റ വികസനത്തിനായുള്ള നോഡൽ ഏജൻസിയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും.

ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 750.00 ലക്ഷം രൂപ വകയിരുത്തുന്നു.

**7. ഇൻഷുറൻസ് പരിരക്ഷയ്ക്കായി ക്ഷീര കർഷകർക്ക് ക്ഷേമനിധി**

**(വിഹിതം: 400.00 ലക്ഷം രൂപ)**

ക്ഷീരകർഷകരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനായി 2025-26 വർഷത്തിൽ 400.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇൻഷുറൻസ് പരിരക്ഷ വഴി ക്ഷീര കർഷകരുടെ ജീവനും, സ്വത്തിനും, ആരോഗ്യത്തിനും സംരക്ഷണം നൽകുന്നതിനും, പകർച്ചവ്യാധികൾ, ഗുരുതരരോഗങ്ങൾ എന്നിവയ്ക്കുള്ള അടിയന്തര വൈദ്യസഹായം, അപകടങ്ങൾ മുഖേന ഉണ്ടാകുന്ന മരണം, അംഗവൈകല്യം എന്നിവയ്ക്കും, മറ്റ് ക്ഷേമ പരിപാടികൾക്കും വേണ്ടി തുക വിനിയോഗിക്കാവുന്നതാണ്.

ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

**8. വയനാട് ക്ഷീര വികസനത്തിന് സഹായം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

വയനാട് ജില്ലയിലെ ക്ഷീര മേഖലയുടെ സമഗ്ര വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. വയനാട്ടിലെ ജനസംഖ്യയുടെ ഭൂരിഭാഗവും കൃഷിയേയും അനുബന്ധ പ്രവർത്തനങ്ങളെയും ആശ്രയിച്ചിരിക്കുന്നു. ഇപ്പോൾ ജില്ലയിലെ താഴ്ന്ന, ഇടത്തരം വരുമാനക്കാർക്ക് ഉപജീവനത്തിനുള്ള പ്രധാന ഉറവിടം കന്നുകാലി വളർത്തലാണ്. വയനാടിന്റെ ബദൽ വരുമാനത്തിന്റെയും സുസ്ഥിരതയുടേയും ഉറവിടമായി ക്ഷീര കർഷകർ മാറിയിരിക്കുന്നു. ശുദ്ധമായ പാലുല്പാദന കിറ്റ് വിതരണം, ക്ഷീരഫാമുകളുടെ യന്ത്രവൽക്കരണവും നവീകരണവും, ധാതുമിശ്രിത വിതരണം, ബോധവൽക്കരണ പരിശീലന പരിപാടികൾ, ഡോക്യുമെന്റേഷൻ, നിരീക്ഷണ ചെലവുകൾ എന്നിവയ്ക്കാണ് സഹായം വകയിരുത്തുന്നത്.

പ്രോജക്ട് അടിസ്ഥാനത്തിൽ വയനാട്ടിലെ കർഷക കൂട്ടായ്മകൾ നടത്തുന്ന ക്ഷീര വികസനത്തിന് 50.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തുന്നു.

**9. വലിയതുറയിലെ സംസ്ഥാന ഫോഡർ ഫാമിൽ കേരള സംസ്ഥാന ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ (കെ.എസ്.ഡി.എം.ഐ.സി) സ്ഥാപിക്കൽ**

**(വിഹിതം: 50.00 ലക്ഷം രൂപ)**

കേരള സംസ്ഥാന ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളായ സഹകരണം, തീറ്റപ്പുൽ കൃഷി വികസനം, പോഷക കാലിത്തീറ്റയും തീറ്റപ്പുല്ലും ക്ഷീര-മൃഗ സംരക്ഷണ മേഖലയ്ക്ക് ആധുനിക രീതിയിലുള്ള തീറ്റ ക്രമത്തിന്റെ ഉപയോഗം, പരമ്പരാഗത ക്ഷീര ഉൽപ്പന്നങ്ങൾ എന്നിവയുടെ ഏകോപനമാണ് ലക്ഷ്യം വയ്ക്കുന്നത്. പാൽ ഉൽപാദനം, സംഭരണം, തദ്ദേശീയ ക്ഷീര ഉൽപന്നങ്ങൾ, സുഭിക്ഷ കേരളം, വിവിധതരം പാർപ്പിട സംവിധാനങ്ങളുമായി കറവമൃഗങ്ങളുടെ പൊരുത്തപ്പെടൽ തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംസ്ഥാനത്തിന്റെ വിവിധ ക്ഷീര വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവര ശേഖരണവും പ്രോസസ്സിംഗും ഇൻസ്റ്റിറ്റ്യൂഷൻ നടത്തും.

കേരള സംസ്ഥാന ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്ററിനു സഹായമായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

**10. സ്റ്റേറ്റ് ഫോഡർ ഫാമും മോഡൽ ഡയറി യൂണിറ്റും സ്ഥാപിക്കൽ - ആർ.ഐ.ഡി.എഫ് സഹായം**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ തീറ്റപ്പുല്ലിന്റെ ആവശ്യം നിറവേറ്റുന്നതിന് തീറ്റപ്പുൽ ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. സ്റ്റേറ്റ് ഫോഡർ ഫാം സ്ഥാപിക്കുന്നതിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള തീറ്റപ്പുൽ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കപ്പെടും. തീറ്റപ്പുല്ലിന്റെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനു തീറ്റപ്പുല്ലിന്റെ ത്വരിത ഗതിയിലുള്ള ഉൽപ്പാദനമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

സംസ്ഥാനത്ത് ഒരു മാതൃകാ വാണിജ്യ തീറ്റപ്പുൽ ഉൽപാദന യൂണിറ്റ് സ്ഥാപിക്കുക, തീറ്റപ്പുൽ ലഭ്യതയിലെ വിടവ് കുറയ്ക്കുക, എല്ലാ ജില്ലകൾക്കും ആവർത്തിക്കാവുന്ന ഒരു മാതൃകാ ക്ഷീര യൂണിറ്റ് സ്ഥാപിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ഫലം.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ആർ.ഐ.ഡി.എഫിനു കീഴിൽ സ്റ്റേറ്റ് ഫോഡർ ഫാമും മോഡൽ ഡയറി യൂണിറ്റും നെട്ടുകാൽത്തേരി, നെയ്യാർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനായി 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**11. ധർമ്മടം മണ്ഡലത്തിൽ ധർമ്മടം വേങ്ങാട് ഗ്ലോബൽ ഡയറി വില്ലേജ് സ്ഥാപിക്കൽ (പുതിയ പദ്ധതി) (വിഹിതം: 1000.00 ലക്ഷം രൂപ)**

ധർമ്മടം വേങ്ങാട് ഗ്ലോബൽ ഡയറി വില്ലേജ് (ഡിവിജിഡിവി), ക്ഷീര അധിഷ്ഠിത സംയോജിത കൃഷി സംവിധാനമാണ്. മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കായി ഒരു ഹൈടെക് ഡയറി പ്ലാന്റ്, ഒരു ആധുനിക സംയോജിത ഡയറി ഫാം, ഫോഡർ ഫാം, ഹൈഫർ പാർക്കുകൾ, വ്യക്തികളുടെയോ/ ഗ്രൂപ്പുകളുടെയോ/സഹകരണ സംഘങ്ങളുടെയോ സാറ്റലൈറ്റ് മിനി ഡയറി ഫാമുകൾ, തേനീച്ച വളർത്തൽ പ്രവർത്തനങ്ങൾ, സുസ്ഥിര വികസന മാനേജ്മെന്റ് സെന്റർ, ഉത്തരവാദിത്ത ടൂറിസം കേന്ദ്രം, വിവര ആശയ വിനിമയ സാങ്കേതിക ഘടകങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കർഷകരുടെയും ക്ഷീര സഹകരണസംഘങ്ങളുടെയും പങ്കാളിത്തത്തോടെ ധർമ്മടം മണ്ഡലത്തിൽ സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

2025-26 ലെ ബജറ്റിൽ ധർമ്മടം നിയമസഭാ മണ്ഡലത്തിലെ ധർമ്മടം വേങ്ങാട് ഗ്ലോബൽ ഡയറി വില്ലേജ് (ഡിവിജിഡിവി) എന്ന പദ്ധതിക്കായി 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 1.5 മത്സ്യ ബന്ധനം

മത്സ്യബന്ധന മേഖല ഭക്ഷ്യസുരക്ഷയും, പോഷണവും ഉറപ്പാക്കുന്നതിലും, വരുമാനം ഉണ്ടാക്കുന്നതിലും, സുസ്ഥിര സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിലും ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഈ മേഖലയിലേക്ക് 2025-26 ബജറ്റിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വകുപ്പ്/ഏജൻസി | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മത്സ്യബന്ധന വകുപ്പ് | 16331.00 |
| 2 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | 3531.00 |
| 3 | കേരള ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല (കുഫോസ്) | 3550.00 |
| | **ആകെ** | **23412.00** |

ആകെ അനുവദിച്ച തുകയിൽ നിന്നും 2000.00 ലക്ഷം രൂപ നബാർഡിന്റെ ധനസഹായവും, കേന്ദ്ര പദ്ധതിക്കുള്ള സംസ്ഥാന വിഹിതമായ 4000.00 ലക്ഷം രൂപയും ഉൾപ്പെടുന്നു.

**I. മത്സ്യസമ്പത്ത് സംരക്ഷണം**

മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനായി 2025-26 ബജറ്റിൽ മൂന്നു പദ്ധതികൾക്കായി 1350.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മത്സ്യ സമ്പത്തിന്റെ സംരക്ഷണവും പരിപാലനവും (ഉൾനാടൻ മത്സ്യബന്ധനം) | 400.00 |
| 2 | മത്സ്യ സമ്പത്തിന്റെ സംരക്ഷണവും പരിപാലനവും (സമുദ്ര മത്സ്യബന്ധനം) | 900.00 |
| 3 | മത്സ്യ മേഖലയിലെ പശ്ചാത്തല സൗകര്യങ്ങളുടെ സർവേയും പഠനവും അന്വേഷണവും (ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്) | 50.00 |

## 1. മത്സ്യ സമ്പത്തിന്റെ സംരക്ഷണവും പരിപാലനവും (ഉൾനാടൻ മത്സ്യബന്ധനം)

**(വിഹിതം: 400.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുക, പട്രോളിംഗ് വഴി നിയമ വിരുദ്ധ മത്സ്യബന്ധനം തടയുക, റാഞ്ചിംഗിലൂടെ മത്സ്യവിത്തുകളുടെ സ്റ്റോക്ക് വർദ്ധിപ്പിക്കുക, സംരക്ഷിത മേഖലകൾ സ്ഥാപിക്കുക, ശിഥിലമായികൊണ്ടിരിക്കുന്ന ജലാശയ ആവാസ വ്യവസ്ഥകളെ പുനഃസ്ഥാപിക്കുക, കണ്ടൽക്കാടുകൾ വച്ചു പിടിപ്പിക്കുക, ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ വഴി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക, റിമോട്ട് സെൻസിംഗ് - ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം വഴി മത്സ്യസമ്പത്തിന്റെ രൂപരേഖ തയ്യാറാക്കുക, പിടിച്ച മത്സ്യങ്ങളുടെ അളവ് കണക്കാക്കുക, ലൈസൻസുള്ള വലകളും ചൈനീസ് വലകളും വാങ്ങുക എന്നിവയാണ് പദ്ധതി വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ. ഈ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റ് വിഹിതമായി 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 2. മത്സ്യ സമ്പത്തിന്റെ സംരക്ഷണവും പരിപാലനവും (സമുദ്ര മത്സ്യബന്ധനം)

**(വിഹിതം: 900.00 ലക്ഷം രൂപ)**

ക്രമാതീതമായ മത്സ്യബന്ധന പ്രവർത്തനങ്ങൾ, വിവേചനരഹിത ജുവനൈൽ മത്സ്യബന്ധനം, മത്സ്യക്കുഞ്ഞുങ്ങളെ പിടിച്ചെടുക്കുക എന്നീ കാരണങ്ങൾ മൂലമാണ് സമുദ്ര മത്സ്യസമ്പത്തിന്റെ അളവ് കുറഞ്ഞുവരുന്നതായി കണക്കാക്കപ്പെടുന്നത്. പോഷകാഹാര സുരക്ഷയും, സാമ്പത്തിക വളർച്ചയും, മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗവും ഉറപ്പുവരുത്തുന്നതിന് തനതു സമുദ്ര മത്സ്യബന്ധനത്തിൽ ഫലപ്രദമായ നിരീക്ഷണവും, മാനേജ്മെന്റ് തത്വങ്ങളുടെ കാര്യക്ഷമമായ നടപ്പിലാക്കലും അനിവാര്യമാണ്. കെ.എം.എഫ്.ആർ നിയമത്തിന്റെ കർശനമായ നടപ്പാക്കൽ, മത്സ്യബന്ധന യാനങ്ങളുടെ ലൈസൻസിംഗും ഓൺലൈൻ രജിസ്ട്രേഷനും, സമുദ്ര മത്സ്യ സമ്പത്തിന്റെ മാനേജ്മെന്റ്, ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം, ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്, ഫിഷറീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുക, ആശയവിനിമയ സംവിധാനങ്ങൾ സ്ഥാപിക്കുക, മത്സ്യബന്ധന ഹാർബറുകളിലും ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുക, കൃത്രിമ പവിഴപ്പുറ്റുകൾ/സമുദ്ര സംരക്ഷണ മേഖലകൾ എന്നിവ സ്ഥാപിക്കുക, കൂടാതെ നൂതന സാങ്കേതിക വിദ്യകൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് ഐ.സി.എ.ആർ/സെൻട്രൽ ഇൻസ്റ്റിറ്റ്യൂഷനുകളുമായി സഹകരിച്ച് പ്രവൃത്തിക്കുക, സ്ക്വയർ മെഷ് സ്ഥാപിക്കുക, റ്റർട്ടിൽ എക്സ്ക്ലൂഡർ ഡിവൈസ് (റ്റി.ഇ.ഡി) വലകളിൽ ഘടിപ്പിക്കുക, മത്സ്യയാനങ്ങൾക്ക് കളർ കോഡിംഗ് ഏർപ്പെടുത്തുക എന്നീ ഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. കൂടാതെ, സമുദ്രത്തിൽ നിന്ന് പിടിക്കുന്ന മത്സ്യങ്ങളുടെ വിവര ശേഖരണം, മത്സ്യത്തൊഴിലാളികൾക്ക് ഡെക്ക് ഹാൻഡ്/എഞ്ചിൻ ഡ്രൈവർ/സ്രാങ്ക് എന്നീ പരിശീലനം നൽകുക, സമുദ്ര പട്രോളിംഗിനു വേണ്ടി 20 പട്രോൾ ബോട്ടുകൾ വാടകയ്ക്കെടുക്കുകയും കരാറടിസ്ഥാനത്തിൽ ഫിഷറീസ് രക്ഷാ സേനകളെ ഏർപ്പാടാക്കുക, നിലവിലുള്ള ഫിഷറീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടവും കൺട്രോൾ റൂമും, നൂതന ഉപകരണങ്ങളും നൽകി ആധുനികവത്ക്കരിക്കുക എന്നീ ഘടകങ്ങൾ കൂടി സമുദ്ര മത്സ്യ സമ്പത്തിന്റെ കാര്യക്ഷമമായ നിർവ്വഹണത്തിനായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. ഈ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 900.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 3. മത്സ്യ മേഖലയിലെ പശ്ചാത്തല സൗകര്യങ്ങളുടെ സർവേയും പഠനവും അന്വേഷണവും

**(വിഹിതം: 50.00 ലക്ഷം രൂപ)**

മത്സ്യമേഖലയിലെ തീരദേശവികസനത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി സർവ്വേകളും, പഠനങ്ങളും അന്വേഷണവും ഏറ്റെടുക്കുന്നതിനായാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അടിസ്ഥാനസൗകര്യം എന്നാൽ മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളും മാത്രമല്ല മറിച്ച് റോഡ്, പാലങ്ങൾ, പുലിമുട്ട്, തീരസംരക്ഷണ പ്രവർത്തനങ്ങൾ, ബ്രേക്ക് വാട്ടർ എന്നീ നിർമ്മാണങ്ങളുടെ പഠനങ്ങളും ഉൾപ്പെടുന്നു. ഈ പദ്ധതിയുടെ ഉദ്ദേശ്യം മത്സ്യമേഖലയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികളുടെ സാങ്കേതിക-സാമൂഹിക സാദ്ധ്യതകൾ പരിശോധിച്ച്, ബൃഹത്തായ വിവരങ്ങൾ ശേഖരിച്ച് ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുക എന്നതാണ്. വരുംകാലങ്ങളിൽ ഏറ്റെടുക്കുന്ന തീര സംരക്ഷണ പ്രവൃത്തികളും, ഹാർബറുകളുടെ നവീകരണത്തിനും, ഈ ഡാറ്റാ ബാങ്ക് ഉപയോഗപ്പെടുത്താവുന്നതാണ്. സർവ്വേ, ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ ചെലവുകൾ പദ്ധതിചെലവിന്റെ ഭാഗമാണെങ്കിൽ അവ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ച ശേഷം തിരിച്ചു പിടിക്കേണ്ടതാണ്. ഫിഷറീസ് വകുപ്പിൽ നിന്നോ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നോ ഒരു പദ്ധതി വേണമെന്നുള്ള ശക്തമായ ആവശ്യം ഉന്നയിക്കപ്പെടുന്ന സാഹചര്യത്തിലും പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കാൻ ഉയർന്ന സാധ്യതകൾ ഉള്ള സാഹചര്യങ്ങളിൽ മാത്രമാണ് ഈ

പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടത്. സാങ്കേതിക ഇൻവെസ്റ്റിഗേഷൻ എന്നതിൽ സർവേകളും, ഹൈഡ്രോഡൈനാമിക്കുമായി ബന്ധപ്പെട്ട വിവരശേഖരണം, ഭൂഗർഭ മണ്ണുമായി ബന്ധപ്പെട്ട വിവരശേഖരണം, തീരദേശ സംരക്ഷണ മേഖലയുടെ അവസ്ഥാ റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ ഉൾപ്പെടുന്നു. പുതിയ പദ്ധതികളുടെയും പൂർത്തീകരിച്ച പദ്ധതികളുടെയും സാമൂഹിക സാമ്പത്തിക വിവരശേഖരണവും ഇതിൽ ഉൾപ്പെടുന്നു. സർക്കാർ അംഗീകൃത ഏജൻസികളുടെ സഹായത്തോടുകൂടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രസ്തുത പ്രവർത്തികൾക്ക് നേതൃത്വം നൽകണം. കൂടാതെ, കുഫോസിന്റെ സാങ്കേതിക സഹായവും തേടാവുന്നതാണ്. പ്രസ്തുത പ്രവർത്തികൾക്കായി ആവശ്യമായി വരുന്ന നൂതന ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട പുതിയ വാഹനങ്ങൾ വാങ്ങൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ല.എന്നാൽ കരാർ അടിസ്ഥാനത്തിൽ വാഹനങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഈ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

**II. സമുദ്ര മത്സ്യബന്ധനം**

സമുദ്ര മത്സ്യബന്ധനം എന്ന ബൃഹത് പദ്ധതിയ്ക്ക് 2025-26 ൽ 4110.00 ലക്ഷം രൂപയാണ് വകയിരുത്തുന്നത്. ആകെ അനുവദിച്ച തുകയിൽ നിന്നും 3000.00 ലക്ഷം രൂപ കേന്ദ്ര പദ്ധതികളുള്ള സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

| ക്രമ നമ്പർ | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ് | 250.00 |
| 2 | മത്സ്യബന്ധന യാനങ്ങളുടെ യന്ത്രവൽക്കരണം | 200.00 |
| 3 | മത്സ്യമാർക്കറ്റുകളുടെ നവീകരണം, മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾ | 250.00 |
| 4 | മാരിക്കൾച്ചർ പ്രവർത്തനങ്ങൾ | 10.00 |
| 5 | ജലാശയങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുക - 'ശുചിത്വ സാഗരം' (ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്) | 150.00 |
| 6 | പരമ്പരാഗത/യന്ത്രവത്കൃത മത്സ്യയാനങ്ങളുടെ ആധുനികവൽക്കരണം/നവീകരണം | 150.00 |
| 7 | ബോട്ടുകളിൽ മണ്ണെണ്ണ എഞ്ചിൻ മാറ്റി പെട്രോൾ/ഡീസൽ എഞ്ചിൻ ആക്കുന്നതിനുള്ള സബ്സിഡി | 100.00 |
| 8 | പ്രധാന മന്ത്രി മത്സ്യ സമ്പദ് യോജന (പി.എം.എം.എസ്.വൈ) - സംയോജിത മത്സ്യബന്ധന വികസനവും മാനേജ്മെന്റും (40% സംസ്ഥാന വിഹിതം) | 800.00 |
| 9 | സമ്പാദ്യ സമാശ്വാസ പദ്ധതി (എസ്.സി.ആർ.എസ്) (സംസ്ഥാന വിഹിതം 50%) | 2200.00 |

**1. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ്**

**(വിഹിതം: 250.00 ലക്ഷം രൂപ)**

വിനാശകരമായ ഓഖി ദുരന്തത്തിനുശേഷം എല്ലാ ആധുനിക സംവിധാനങ്ങളും പാരാമെഡിക്കൽ സ്റ്റാഫും വൈദ്യസഹായത്തിനുള്ള സജ്ജീകരണങ്ങളും ഉൾക്കൊള്ളുന്ന മൂന്ന് മറൈൻ ആംബുലൻസുകൾ പുറത്തിറക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇത് കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ദ്രുതഗതിയിൽ രക്ഷാ പ്രവർത്തനം ലഭ്യമാക്കുവാൻ സഹായിക്കും. ഇന്ധനച്ചെലവ്, എ.എം.സി ചാർജ്ജ്, മരുന്നുകളുടെ ചെലവ്, ഇൻഷുറൻസ് ചാർജ്ജ്, കരാർ വ്യവസ്ഥ പ്രകാരം നൽകേണ്ട വേതനം തുടങ്ങിയ തുടർ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റ് വിഹിതമായി 250.00 ലക്ഷം രൂപ വകയിരുത്തുന്നു.

**2. മത്സ്യബന്ധന യാനങ്ങളുടെ യന്ത്രവൽക്കരണം**

**(വിഹിതം: 200.00 ലക്ഷം രൂപ)**

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിന് 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തുന്നു. പദ്ധതിയിൽ ഉൾപ്പെട്ട ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ലൈൻ മത്സ്യബന്ധനത്തിനായി വലിയ കണ്ണികളുള്ള ഗിൽ വല, ആധുനിക ഉപകരണങ്ങൾ എന്നിവ വാങ്ങൽ | 40.00 |
| 2 | 10 എച്ച്.പിക്ക് താഴെയുള്ള പുതിയ ഔട്ട്ബോർഡ് മോട്ടോർ വാങ്ങൽ | 60.00 |
| 3 | ഇൻസുലേറ്റഡ് ബോക്സുകൾ വാങ്ങൽ | 100.00 |

മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് അംഗീകൃത സ്ഥാപനങ്ങൾ/മത്സ്യഫെഡിൽ നിന്ന് ധനസഹായം ലഭ്യമാക്കിയിട്ടുള്ള ഗുണഭോക്താക്കൾക്ക് മാത്രമേ ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളൂ. കൂടാതെ പ്രസ്തുത പ്രവർത്തിയുടെ ബാക്ക് എൻഡഡ് സബ്സിഡിയായി മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളൂ.

**3. മത്സ്യമാർക്കറ്റുകളുടെ നവീകരണം, മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾ**

**(വിഹിതം: 250.00 ലക്ഷം രൂപ)**

മത്സ്യം പെട്ടന്ന് നശിച്ചു പോകുന്നതു കാരണം ലഭ്യമാകുന്ന മത്സ്യത്തിന്റെ 18 ശതമാനം നഷ്ടമാവുകയാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വള്ളത്തിൽ നിന്നും ഉപഭോക്താവിന്റെ കൈയ്യിലെത്തുന്നത് വരെയുള്ള ഒരു കോൾഡ് ചെയിൻ ശൃംഖല സ്ഥാപിക്കുന്നത് വഴി ഇതൊരു വലിയ പരിധി വരെ കുറയ്ക്കാനാകും. മത്സ്യബന്ധന വള്ളങ്ങളിൽ വേണ്ട ആവരണം ചെയ്യപ്പെട്ട പെട്ടി, തീരപ്രദേശത്ത് ശീതികരിച്ച സംഭരണ സൗകര്യം, ലാന്റിംഗ് കേന്ദ്രങ്ങളുടേയും ഹാർബറുകളുടേയും മൊത്തവ്യാപാര വിപണികളുടേയും നവീകരണം (ശുചിത്വവും ഗുണമേന്മയും ഉറപ്പ് നൽകാൻ), മെച്ചപ്പെട്ട ഗതാഗതത്തിനായുള്ള ആവരണം ചെയ്യപ്പെട്ട വാഹനങ്ങൾ, ശുചിത്വമുള്ള മത്സ്യവില്പന ഔട്ട്ലെറ്റുകൾ, മത്സ്യം സംസ്കരണ കേന്ദ്രങ്ങൾ, മത്സ്യത്തൊഴിലാളി കുടുംബത്തിനും മത്സ്യവില്പനക്കാരായ സ്ത്രീകൾക്കും മത്സ്യബൂത്തുകൾ/വിപണന ഔട്ട്ലെറ്റുകൾ, മോഡൽ പീലിംഗ് യൂണിറ്റ്, മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങൾക്കുള്ള യൂണിറ്റുകൾ, ഐസ് പ്ലാന്റുകൾ, കോൾഡ് സ്റ്റോറേജുകൾ, ലേലം ഹാളുകൾ, മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക്, മത്സ്യ സൂപ്പർ മാർക്കറ്റ്, ഹൈടെക് മത്സ്യ മാർട്ടുകൾ, സ്ത്രീ സൗഹൃദ മത്സ്യ മാർക്കറ്റുകൾ, മോഡൽ മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുക, വിപണനത്തിനും, മൂല്യവർദ്ധനത്തിനുമുള്ള ആധുനിക സംവിധാനങ്ങൾ, മത്സ്യലേലത്തിനും വിപണനത്തിനുമുള്ള ഓൺലൈൻ പ്ലാറ്റ്ഫോം എന്നിവ ഈ പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്നു. 'സമുദ്ര' എന്ന പ്രോജക്ടിന്റെ പ്രവർത്തനങ്ങൾക്ക് 50.00 ലക്ഷം രൂപയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതിയ്ക്ക് 250.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

**4. മാരിക്കൾച്ചർ പ്രവർത്തനങ്ങൾ**

**(വിഹിതം: 10.00 ലക്ഷം രൂപ)**

വിവിധ മാരിക്കൾച്ചർ പ്രവർത്തനങ്ങളുടെ സാധ്യതാ പഠനം ഏറ്റെടുക്കുന്നതിനുള്ള പദ്ധതിയാണിത്. മാരിക്കൾച്ചറിന് അനുയോജ്യമായുള്ള സാങ്കേതിക വിദ്യകൾ സി.എം.എഫ്.ആർ.ഐ വികസിപ്പിച്ചിട്ടുണ്ട്. ഇതിൽ കടൽ മത്സ്യങ്ങളുടെ കൂട്ടകൃഷി, അടിത്തട്ടിലെ മൊളസ്കാൻ കൃഷി, കടൽപ്പായൽ കൃഷി എന്നിവ ഉൾപ്പെടുന്നു. പദ്ധതി അടിസ്ഥാനത്തിൽ വിവിധ മാരിക്കൾച്ചർ പ്രവർത്തനങ്ങൾക്കായി 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5. ജലാശയങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുക –'ശുചിത്വ സാഗരം' (എച്ച്.ഇ.ഡി)**

**(വിഹിതം: 150.00 ലക്ഷം രൂപ)**

സമുദ്രത്തിൽ പ്ലാസ്റ്റിക് മാലിന്യം അടിഞ്ഞു കൂടുന്നതു തടയുന്നതിനും ജലജീവികളെ പ്ലാസ്റ്റിക് മലിനീകരണ ഭീഷണിയിൽ നിന്നും സംരക്ഷിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെ കടലിന്റെ അടിത്തട്ടിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിനും ടി പ്ലാസ്റ്റിക് മാലിന്യം റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. 2025-26 ബജറ്റ് വിഹിതമായി 150.00 ലക്ഷം രൂപ വകയിരുത്തുന്നു.

**6. പരമ്പരാഗത/യന്ത്രവത്കൃത മത്സ്യയാനങ്ങളുടെ ആധുനികവത്ക്കരണം/നവീകരണം**

**(വിഹിതം: 150.00 ലക്ഷം രൂപ)**

ഈ പദ്ധതി മുഖേന പരമ്പരാഗത മത്സ്യയാനങ്ങൾ പ്രധാനമായും പ്ലൈവുഡ് ഉപയോഗിച്ച് നിർമിച്ച യാനങ്ങൾക്ക് പകരം കൂടുതൽ ബലമുള്ളതും, സുരക്ഷിതവുമായതും ആവശ്യമുള്ള സൗകര്യങ്ങൾ

ഉൾപ്പെട്ടതുമായ ആധുനിക FRP യാനങ്ങൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ദൈനംദിന ഉപജീവനമാർഗം കണ്ടെത്തുന്നതിനാണ് ഈ ചെറുവള്ളങ്ങൾ ഉപയോഗിക്കുന്നത്. എന്നാൽ ഈ വള്ളങ്ങൾ മാറ്റി സ്ഥാപിക്കാനോ, നവീകരിക്കാനോ മത്സ്യത്തൊഴിലാളികൾക്ക് കഴിയുന്നില്ല. പ്രസ്തുത പദ്ധതി പ്രകാരം 50% നിരക്കിൽ പരമാവധി തുകയായ 15.00 ലക്ഷം രൂപ വരെ സബ്സിഡി നിരക്കിൽ അനുവദിക്കുന്നു. കൂടാതെ നവീകരിക്കുന്ന യാനങ്ങളിൽ ഇൻസുലേറ്റഡ് ഫിഷ് ഹോൾഡ്, ഇൻസുലേറ്റഡ് ബെയ്റ്റ് ഹോൾഡുകൾ, സ്ലറി ഐസ് യൂണിറ്റുകൾ, ശുദ്ധജല ടാങ്ക്, ക്രൂ ക്യാബിൻ, ബഹുദിന-വിവിധോദ്ദേശ്യ മത്സ്യബന്ധനത്തിനുള്ള ശുചിമുറി, ജി.പി.എസ്, വി.എച്ച്.എഫ് പോലുള്ള നാവിഗേഷൻ ഉപകരണങ്ങൾ നൽകുക എന്നീ ഘടകങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. കൂടാതെ, പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് സഹായിക്കുന്നതിനുള്ള ഉപകരണങ്ങളായ ലോംഗ് ലൈൻ, ഗിൽ വലകൾ, ട്രോൾ ലൈനുകൾ എന്നിവയും ഈ പദ്ധതിയിൽ ഘടകങ്ങളായി ഉൾപ്പെടുന്നു. 2025-26 ബജറ്റ് വിഹിതമായി 150.00 ലക്ഷം രൂപ വകയിരുത്തുന്നു.

**7. ബോട്ടുകളിൽ മണ്ണെണ്ണ എഞ്ചിൻ മാറ്റി പെട്രോൾ/ഡീസൽ എഞ്ചിൻ ആക്കുന്നതിനുള്ള സബ്സിഡി**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ചെലവ് കുറഞ്ഞ മത്സ്യബന്ധന രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും, മത്സ്യത്തൊഴിലാളികളെ മണ്ണെണ്ണ ഉപയോഗിച്ചുള്ള ഔട്ട് ബോർഡ് മോട്ടോറ്സിൽ (ഒ.ബി.എം) നിന്ന് പെട്രോൾ/ഡീസൽ ഔട്ട് ബോർഡ് മോട്ടോഴ്സ് ഉപയോഗിക്കുന്നത് സഹായിക്കുന്നതിനുമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. പെട്രോൾ/ഡീസൽ ഒ.ബി.എമ്മു-കളുടെ കാര്യക്ഷമത മണ്ണെണ്ണ ഒ.ബി.എമ്മുകളെക്കാൾ കൂടുതലാണ്. കൂടാതെ മണ്ണെണ്ണ ഉപയോഗിച്ചുള്ള ഒ.ബി.എമ്മു-കളെ അപേക്ഷിച്ച് പെട്രോൾ/ഡീസൽ ഒ.ബി.എമ്മു-കൾ പരിസ്ഥിതി സൗഹൃദമാണ്. പ്രവർത്തനച്ചെലവും, പരിപാലനച്ചെലവും മണ്ണെണ്ണ ഒ.ബി.എം-കളെ അപേക്ഷിച്ച് കുറവാണ്. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ എഞ്ചിനുകൾക്ക് പകരം പെട്രോൾ/ഡീസൽ ഒ.ബി.എം-കൾ സ്ഥാപിക്കുന്നതിന് പരമാവധി 50,000/-രൂപ അതായത് 25% സബ്സിഡി നൽകുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. 2025-26 ബജറ്റ് വിഹിതമായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

**8. പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന (പി.എം.എം.എസ്.വൈ) - സംയോജിത മത്സ്യബന്ധന വികസനവും മാനേജ്മെന്റും (40% സംസ്ഥാന വിഹിതം)**

**(വിഹിതം: 800.00 ലക്ഷം രൂപ)**

പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2020-21 മുതൽ നിലവിൽ വന്നു. മത്സ്യ ഉൽപ്പാദനത്തിലെയും ഉൽപ്പാദനക്ഷമതയിലെയും പ്രധാന പ്രശ്നങ്ങളായ ഗുണനിലവാരം, സാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യവികസനം, നവീകരണം, മൂല്യവർദ്ധിതശൃംഖലയുടെ ശാക്തീകരണം, ഫലപ്രദമായ ഫിഷറീസ് മാനേജ്മെന്റ് നടപ്പിലാക്കൽ, മത്സ്യ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തൽ എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതി ഗുണഭോക്തൃ അധിഷ്ഠിതവും അല്ലാത്തതും എന്ന രീതിയിൽ താഴെപ്പറയും പ്രകാരം തരംതിരിച്ചിരിക്കുന്നു.

- ഉൽപ്പാദനത്തിന്റെയും ഉൽപ്പാദനക്ഷമതയുടെയും വർദ്ധനവ്
- അടിസ്ഥാന സൗകര്യവികസനവും വിളവെടുപ്പിനുശേഷമുള്ള പ്രവർത്തനവും
- ഫിഷറീസ് മാനേജ്മെന്റും നിയന്ത്രണങ്ങളും

സമുദ്രമത്സ്യബന്ധന മേഖലയുടെ സംയോജിതമായ വികസനവും പരിപാലനവുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. പി.എം.എം.എസ്.വൈ പ്രകാരം വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന് സംസ്ഥാന വിഹിതമായി 800.00 ലക്ഷം രൂപ വകയിരുത്തുന്നു. സമുദ്രജല മത്സ്യബന്ധനം, മത്സ്യബന്ധനയാനങ്ങളുടെ മാറ്റി സ്ഥാപിക്കൽ, ഉൾനാടൻ മത്സ്യബന്ധനത്തിനും അക്വാക്കൾച്ചറിനുമുള്ള പ്രോത്സാഹനം, മൂല്യവർദ്ധനവ്, വിളവെടുപ്പിനുശേഷമുള്ള പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, ഇന്റഗ്രേറ്റഡ് അക്വാപാർക്ക് സ്ഥാപിക്കുക, മത്സ്യത്തൊഴിലാളിക്ഷേമത്തിനുള്ള ദേശീയ പദ്ധതികൾ, വിവരശേഖരണം ശക്തമാക്കുക, ജി.ഐ.എസ് ഭരണചെലവ് എന്നിവയാണ് ഇതിൽ ഉൾപ്പെടുന്ന ഘടകങ്ങൾ.

**9. സമ്പാദ്യ സമാശ്വാസ പദ്ധതി (എസ്.സി.ആർ.എസ്) (സംസ്ഥാന വിഹിതം 50%)**

**(വിഹിതം: 2200.00 ലക്ഷം രൂപ)**

പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം ലഭ്യമാക്കുന്ന പദ്ധതിയാണിത്. 6 തവണകളായി ഗുണഭോക്താക്കളിൽ നിന്നും 1500 രൂപ പിരിക്കുന്നു. ഇതിന്റെ കൂടെ സംസ്ഥാന സർക്കാർ വിഹിതമായി 1500 രൂപയും കേന്ദ്ര സർക്കാർ വിഹിതമായി 1500 രൂപയും കൂട്ടിച്ചേർത്ത് പഞ്ഞമാസങ്ങളിൽ

3 തവണകളായി 4500 രൂപ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നു. ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റത്തിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കു മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. കേന്ദ്ര പദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതമായി അനുവദിച്ച തുകയിൽ നിന്നും 2200.00 ലക്ഷം രൂപ സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**III. ഉൾനാടൻ മത്സ്യബന്ധനം**

ഉൾനാടൻ മത്സ്യബന്ധനത്തിനായി 2025-26 ബജറ്റിൽ 7 പദ്ധതികൾക്കായി 8091.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഉൾനാടൻ മത്സ്യബന്ധനത്തിൽ ഉൾപ്പെടുന്ന പദ്ധതികളുടെ പുരോഗതി മത്സ്യവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാനതല കമ്മിറ്റി വിലയിരുത്തേണ്ടതാണ്.

| ക്രമ നമ്പർ | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | അക്വാകൾച്ചർ വികസനം | 6750.00 |
| 2 | കടൽ സുരക്ഷയും കടൽ രക്ഷാപ്രവർത്തനങ്ങളും | 250.00 |
| 3 | ജലജീവികളുടെ ആരോഗ്യനിരീക്ഷണവും പരിപാലനവും | 80.00 |
| 4 | ജലസംഭരണികളിലെ മത്സ്യവികസനം | 100.00 |
| 5 | വേമ്പനാട് കായൽ ശുചീകരണം | 100.00 |
| 6 | അക്വാകൾച്ചർ വിപുലീകരണ സേവനങ്ങൾ | 711.00 |
| 7 | ഫിഷറീസ് ഇന്നൊവേഷൻ കൗൺസിൽ | 100.00 |

**1. അക്വാകൾച്ചർ വികസനം**

**(വിഹിതം: 6750.00 ലക്ഷം രൂപ)**

അക്വാകൾച്ചർ ഉല്പാദനം വർദ്ധിപ്പിക്കുക, ജീവജാലങ്ങളുടേയും അക്വാകൾച്ചർ സംവിധാനങ്ങളുടേയും വൈവിദ്ധ്യവൽക്കരണം, നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗം, വനാമി കൊഞ്ച് കൃഷി വിപുലീകരണം, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. അക്വാകൾച്ചർ വികസനത്തിനായി 6750.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 350.00 ലക്ഷം രൂപ നിർവ്വഹണ ചെലവുകൾക്കായും വകയിരുത്തിയിരിക്കുന്നു. പദ്ധതിയിൽ താഴെ കൊടുത്തിരിക്കുന്ന ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

- ബയോ ഫ്ലോക്ക്, ടാങ്കുകളിലും കൂടുകളിലും, കുളങ്ങളിലുമുള്ള മത്സ്യകൃഷി.
- ഒരു നെല്ല് ഒരു മീൻ/ചെമ്മീൻ കൃഷി
- കാർപ്പ്, നൈൽ തിലാപ്പിയ, പാൻഗാഷിയസ്, തനത് മത്സ്യ ഇനങ്ങൾ എന്നിവയുടെ കൃഷി കുളങ്ങളിൽ വ്യാപിപ്പിക്കുക
- കൊഞ്ച്, ഞണ്ട്, മസ്സൽ എന്നിവയുടെ കൃഷി.
- വിള ഇൻഷ്വറൻസ്
- കൃഷി ചെയ്ത ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവും, ജീവനുള്ള മത്സ്യങ്ങൾക്കായി മൊബൈൽ മാർക്കറ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക.
- മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി വൈദ്യുതി വിതരണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ

  50000 ടൺ അക്വാകൾച്ചർ ഉല്പാദനമാണ് ലക്ഷ്യമിടുന്നത്

നൂതന അക്വാകൾച്ചർ പ്രവർത്തനങ്ങളുടെ സാദ്ധ്യതകൾ പഠിക്കുന്നതിനും പുതിയ സാങ്കേതിക രീതികൾ ആർജ്ജിക്കുന്നതിനും, പ്രദർശന മത്സ്യകൃഷി ചെയ്യുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇതിൽ കൈപ്പാട്, കോൾ, പൊക്കാളി, കുട്ടനാട് പ്രദേശങ്ങളിൽ കൊഞ്ച് കൃഷി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന പ്രവൃത്തികളെല്ലാം പ്രോജക്ട് അടിസ്ഥാനത്തിൽ ഉള്ളതായിരിക്കണം. വ്യക്തിഗത പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് നടത്തേണ്ടതാണ്. കൂടാതെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് നടത്തേണ്ടതാണ്.

## 2. കടൽ സുരക്ഷയും കടൽ രക്ഷാപ്രവർത്തനങ്ങളും

**(വിഹിതം: 250.00 ലക്ഷം രൂപ)**

മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കുന്നതിനും കടൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

മറൈൻ കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ജി.പി.എസ്, ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ്, ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം/മത്സ്യയാനങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം/ സാറ്റലൈറ്റ് അധിഷ്ഠിതമായ ആശയവിനിമയ സംവിധാനം എന്നീ കടൽ സുരക്ഷാ ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടി 75 ശതമാനം ധനസഹായം നൽകാൻ ഉദ്ദേശിച്ചിരിക്കുന്നു. ഫിഷറീസ് സ്റ്റേഷനുകൾ അടിസ്ഥാനമാക്കി കടൽ രക്ഷാ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി i) കടൽരക്ഷാപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളികളെ തുറമുഖാടിസ്ഥാനത്തിൽ ഏർപ്പെടുത്തുക ii) മത്സ്യബന്ധന യാനങ്ങളുടെ പോക്ക് വരവ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി മത്സ്യബന്ധന തുറമുഖങ്ങളിൽ പഞ്ചിംഗ് ബൂത്തുകൾ/സൗകര്യങ്ങൾ ഏർപ്പെടുത്തുക iii) എ.ഐ.എസ് (ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം), വി.എം.എസ് (സ്മാർട്ട് വേരിയബിൾ മെസ്സേജിംഗ് സിസ്റ്റം) എന്നിവ സ്ഥാപിക്കൽ iv) കാലാവസ്ഥാ പ്രവചന ഡാറ്റാ നൽകൽ എന്നിവ ലക്ഷ്യമിടുന്നു. മാസ്റ്റർ കൺട്രോൾ റൂം, പ്രാദേശിക കൺട്രോൾ റൂമുകൾ എന്നിവയുടെ പ്രവർത്തനം, 15 തുറമുഖങ്ങളിലായി 100 കടൽ രക്ഷാ സേനയുടെ പ്രവർത്തനം എന്നിവ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ആയിരം മത്സ്യത്തൊഴിലാളികൾക്കുള്ള ഡിസ്ട്രസ് സിഗ്നൽ ഫ്ലെയേഴ്സ്, വാട്ടർപ്രൂഫ് ടോർച്ച് ലൈറ്റുകൾ, ഹാന്റ് ഹെൽഡ് ഫ്ലെയറുകൾ, റിഫ്ലക്ടീവ് ടേപ്പുകൾ, മൾട്ടി പർപ്പസ് ടൂൾ, മറൈൻ ഫസ്റ്റ് എയിഡ് കിറ്റ്, റിപ്പയർ കിറ്റ് എന്നിവ ഉൾപ്പെടെയുള്ള അടിയന്തിര കിറ്റുകൾ ഈ ഘടകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പ്രവർത്തനങ്ങൾക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 3. ജലജീവികളുടെ ആരോഗ്യനിരീക്ഷണവും പരിപാലനവും

**(വിഹിതം: 80.00 ലക്ഷം രൂപ)**

ജലജീവികളുടെ മരണനിരക്ക് കുറയ്ക്കുന്നതിനും രോഗവ്യാപനം തടയുന്നതിനുമായി പ്രാരംഭ ഘട്ടത്തിൽതന്നെ രോഗം തിരിച്ചറിയുന്നതിന് അവയുടെ ആരോഗ്യ നിരീക്ഷണവും പരിപാലനവും ഉറപ്പാക്കുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. സമയാസമയത്തുള്ള രോഗനിരീക്ഷണത്തിനും രോഗം തിരിച്ചറിഞ്ഞ് ചികിത്സാ നടപടികൾ ആരംഭിക്കുന്നതിനുമായി മൊബൈൽ അക്വാലബോറട്ടറി ശൃംഖലകളുടെ പ്രവർത്തനം ലക്ഷ്യമിടുന്നു. ജലഗുണനിലവാരം ഉറപ്പു വരുത്തുക, ജലജീവി ആരോഗ്യം, എ.എം.ആർ, ആന്റി ബയോട്ടിക് അവശിഷ്ടങ്ങൾ, രോഗനിർണ്ണയം, വിത്തുഗുണനിലവാര സർട്ടിഫിക്കേഷൻ, മരുന്നുകൾ, രോഗബാധ സ്ഥലങ്ങൾ അണുവിമുക്തമാക്കൽ എന്നിവയും സജീവ നിരീക്ഷണ പരിപാടിയുടെ ഭാഗമാണ്. സംസ്ഥാന മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളായ രജിസ്ട്രേഷൻ, മത്സ്യവിത്തു ഫാമുകളുടെ ലൈസൻസിംഗ്, മത്സ്യവിത്ത് ഫാമുകൾ, മത്സ്യവിത്തിന്റെ വിപണന യൂണിറ്റ്, വിത്തുകളുടെ സെർട്ടിഫിക്കേഷൻ എന്നിവയുടെ പ്രവർത്തനചെലവ്, 2014 ലെ കേരള ഫിഷറീസ് ആക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ എന്നിവ പദ്ധതിയിലുൾപ്പെടുന്നു. ഇതിനായി 80.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 4. ജലസംഭരണികളിലെ മത്സ്യവികസനം

**(വിഹിതം: 100.00 ലക്ഷം രൂപ)**

ജലസംഭരണികളിലെ മത്സ്യകൃഷിയിലൂടെ ഉൾനാടൻ മത്സ്യഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ചെറിയ ജലസംഭരണികളുടെ കാര്യത്തിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കലാണ് പര്യാപ്തമായിട്ടുള്ളത്. എന്നാൽ ഇടത്തരം-വലിയ ജലസംഭരണികൾ കൂടുകളിലുള്ള മത്സ്യകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. വന്യജീവി സങ്കേതങ്ങളിലെ ജലസംഭരണികളിൽ നാടൻ കാർപ്പ് മത്സ്യങ്ങൾ, ക്യാറ്റ് ഫിഷ്, കരിമീൻ, മഹസീർ എന്നീ ഇനങ്ങൾ ഉപയോഗിച്ച് മത്സ്യസമ്പത്ത് മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 5. വേമ്പനാട് കായൽ ശുചീകരണം

**(വിഹിതം: 100.00 ലക്ഷം രൂപ)**

കേരളത്തിലെ ഉപ്പുജലതടാകങ്ങളുടെ പ്രകൃതിദത്ത ആവാസ വ്യവസ്ഥയുടെ സംരക്ഷണവും പരിപാലനവുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനായി ഒരു ശ്രമമെന്ന രീതിയിൽ സർക്കാർ വേമ്പനാട്, അഷ്ടമുടി തടാകങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളുടെയും മറ്റ് ബന്ധപ്പെട്ട ഏജൻസികളുടെയും

പങ്കാളിത്തത്തോടെ ശുചീകരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്. തടാകങ്ങൾ ശുചിയായി സംരക്ഷിക്കുന്നതിനും മത്സ്യങ്ങളുടെ വംശവർദ്ധനവിനു അനുകൂലമായ സാഹചര്യം ഒരുക്കുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾ ചിട്ടയായ രീതിയിൽ നടപ്പിലാക്കുന്നതിനുമായി 2025-26 വാർഷിക ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

**6. അക്വാകൾച്ചർ വിപുലീകരണ സേവനങ്ങൾ**

**(വിഹിതം: 711.00 ലക്ഷം രൂപ)**

അക്വാകൾച്ചർ വിപുലീകരണ പ്രവർത്തനങ്ങൾ ലഭ്യമാക്കുന്നതിനും, മത്സ്യകർഷകർക്ക് വേണ്ട സാങ്കേതിക നിർദ്ദേശങ്ങൾ നൽകുന്നതിനും, ആയതിന്റെ മേൽനോട്ടത്തിനുമായാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തുടനീളം ഉൾനാടൻ മത്സ്യബന്ധനത്തിന്റെ പ്രത്യേകിച്ച് അക്വാകൾച്ചറിന്റെ വ്യാപനം ലക്ഷ്യമിടുന്നു. ഐ.ഇ.സി പ്രവർത്തനങ്ങൾ, മാനവശേഷി വികസന പ്രവർത്തനങ്ങൾ, മത്സ്യകർഷകരുടെ ക്ലബ്ബുകൾ, മത്സ്യകൃഷി വികസന കേന്ദ്രം, മത്സ്യകർഷക മിത്രം, നൂതന സാങ്കേതിക വിദ്യ ഏറ്റെടുക്കൽ, പ്രദർശന കൃഷി, ജലകൃഷി അവാർഡുകൾ, അക്വാകൾച്ചറുമായി ബന്ധപ്പെട്ട് നേരിടുന്ന നഷ്ടങ്ങൾ കുറയ്ക്കുക എന്നീ ഘടകങ്ങൾ ആണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. ഉൾനാടൻ മത്സ്യ ഭവനുകൾ സ്ഥാപിക്കുന്നതോടൊപ്പം 33 ഫിഷറീസ് എക്സ്റ്റൻഷൻ ഉദ്യോഗസ്ഥരെയും 100 പ്രോജക്ട് കോർഡിനേറ്റർമാരെയും, 545 അക്വാകൾച്ചർ പ്രൊമോട്ടർമാരെയും ഉപയോഗപ്പെടുത്തി ജലകൃഷിയുടെ പ്രോത്സാഹനം കൂടി ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഇന്റേൺഷിപ്പ് വ്യവസ്ഥയിലായിരിക്കും പ്രോജക്ട് കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നത്. കാലാവധി വിജയകരമായി പൂർത്തീകരിച്ചാൽ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും. പദ്ധതി നടത്തിപ്പിനായി 711.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ സ്ഥിരമായ തസ്തികകൾ സൃഷ്ടിക്കാൻ പാടുള്ളതല്ല.

**7. ഫിഷറീസ് ഇന്നൊവേഷൻ കൗൺസിൽ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

സംയോജിതമായ അറിവ് പങ്കിടുക, പദ്ധതി ആസൂത്രണം, നവീകരണം എന്നിവയിലൂടെ മത്സ്യബന്ധന മേഖലയിൽ നൂതനാശയങ്ങൾ ആവിഷ്കരിക്കുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഫിഷറീസ് വകുപ്പിലെ പ്രതിനിധികൾ, വ്യവസായ വകുപ്പ്, കെ-ഡിസ്ക്, നോളജ് മിഷൻ, കേരള സ്റ്റാർട്ടപ്പ് മിഷൻ, ആർ ആൻഡ് ഡി ഇൻസ്റ്റിറ്റ്യൂട്ടുകൾ, മത്സ്യ മേഖലയിലെ ശാസ്ത്രജ്ഞർ, മത്സ്യ മേഖലയിലെ വിദഗ്ധർ, കയറ്റുമതിക്കാർ എന്നിവരുൾപ്പെടുന്ന ഒരു പ്രധാന സഹായ കേന്ദ്രമായി നിർദ്ദിഷ്ട കൗൺസിൽ പ്രവർത്തിക്കും. ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി 2025-26 ബജറ്റ് വിഹിതമായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയ തസ്തികകൾ സൃഷ്ടിക്കൽ, പുതിയ നിർമ്മാണ പ്രവർത്തികൾ, പുതിയ വാഹനങ്ങൾ വാങ്ങൽ എന്നിവ അനുവദനീയമല്ല.

**IV. അനുബന്ധ സൗകര്യങ്ങൾ**

അനുബന്ധ സൗകര്യങ്ങൾക്കായി 2025-26 ബജറ്റിൽ 4 പദ്ധതികൾക്കായി 5950.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മത്സ്യവിത്തുഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ | 1800.00 |
| 2 | കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡിന്റെ (കാവിൽ) പ്രവർത്തന ചെലവുകൾ | 100.00 |
| 3 | യാൺ ട്വിസ്റ്റിംഗ് യൂണിറ്റ് ആന്റ് നെറ്റ് ഫാക്ടറി | 500.00 |
| 4 | കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല | 3550.00 |

**1. മത്സ്യവിത്തുഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ**

**(വിഹിതം: 1800.00 ലക്ഷം രൂപ)**

നിലവിലുള്ള ഫാമുകളുടേയും ഹാച്ചറികളുടേയും വിത്തുല്പാദനം വർദ്ധിപ്പിക്കുന്നതിനും അക്വാക്കൾച്ചറിനായി ഗുണമേന്മയുള്ള വിത്തുകൾ മതിയായ അളവിൽ ലഭ്യമാക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ടി പ്രവർത്തനങ്ങൾക്കായി 1800.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 800.00 ലക്ഷം രൂപ വിത്തുല്പാദന പ്രവർത്തനങ്ങളുടേയും ഫീഡ്മിൽ പശ്ചാത്തല സൗകര്യത്തിനായുള്ള മൂലധന

ചെലവായി വകയിരുത്തുന്നു. നിലവിലുള്ളതും പുതിയതുമായ സർക്കാർ ഫാമുകളുടേയും ഹാച്ചറികളുടേയും അക്വേറിയത്തിന്റേയും പ്രവർത്തന ചെലവുകൾക്കായും കർഷകർക്ക് വീട്ടു വളപ്പിൽ മത്സ്യ വിത്ത് ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായും 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

**2. കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡിന്റെ (കാവിൽ) പ്രവർത്തന ചെലവുകൾ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

അലങ്കാര മത്സ്യങ്ങളുടെ വലിയ തോതിലുള്ള ഉൽപ്പാദനത്തിനും, വിപണനത്തിനും, കയറ്റുമതിക്കുമായി സംസ്ഥാന സർക്കാർ രൂപീകരിച്ച കമ്പനിയാണ് കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ). കമ്പനിയുടെ പുനരുജ്ജീവന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനും, വ്യത്യസ്തങ്ങളായ അലങ്കാര മത്സ്യങ്ങളുടെ ഇറക്കുമതിയിലൂടെ ഗുണനിലവാരമുള്ള മത്സ്യക്കുഞ്ഞുങ്ങളുടെ വികസനത്തിനും, പുതിയ ഉൽപ്പാദന യൂണിറ്റുകളുടെ സ്ഥാപനം, നിലവിലുള്ള യൂണിറ്റുകളുടെ പുനരുജ്ജീവനം, അലങ്കാര ഉൽപ്പാദന യൂണിറ്റുകളുടെ വികസനം, കയറ്റുമതിയും പ്രാദേശിക വിപണനവും മെച്ചപ്പെടുത്തൽ, ലബോറട്ടറിയുടെ രണ്ടാംഘട്ട വികസനം, അലങ്കാര മത്സ്യങ്ങളുടെ ശേഖരണത്തിനും വിപണനത്തിനുമായി യാത്രാ സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയെല്ലാം ഏറ്റെടുക്കുന്നതിനായാണ് ഈ പദ്ധതി നിർദ്ദേശിച്ചിട്ടുള്ളത്. 2025-26 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഭരണാനുമതി നേടുന്നതിനായി ഒരു ഡി.പി.ആർ തയ്യാറാക്കി ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കേണ്ടതാണ്.

**3. യാൺ ട്വിസ്റ്റിംഗ് യൂണിറ്റ് ആന്റ് നെറ്റ് ഫാക്ടറി**

**(വിഹിതം: 500.00 ലക്ഷം രൂപ)**

കടൽ തീരത്ത് വർദ്ധിച്ചു വരുന്ന വലകളുടെ ആവശ്യം നിറവേറ്റുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. മത്സ്യഫെഡ് മുഖേന കൊല്ലം നീണ്ടകരയിൽ നെറ്റ് പ്രൊഡക്ഷൻ ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇതിനായി 2025-26 ൽ 500.00 ലക്ഷം രൂപ വകയിരുത്തുന്നു.

**4. കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല**

**(വിഹിതം: 3550.00 ലക്ഷം രൂപ)**

അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം, ഗവേഷണം, ഭരണനിർവ്വഹണം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാലയ്ക്ക് പദ്ധതി സഹായം ലഭിക്കുന്നുണ്ട്. സർവ്വകലാശാലയുടെ ശാക്തീകരണത്തിനും വികസനത്തിനുമായി 2025-26 ൽ 3550.00 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു. പദ്ധതിയുടെ ഘടകം തിരിച്ചുള്ള വിഹിതം ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| എ. | വിദ്യാഭ്യാസം | 960.00 |
| ബി. | ഗവേഷണം | 750.00 |
| സി. | വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 160.00 |
| ഡി. | ഭരണ നിർവ്വഹണം | 180.00 |
| ഇ. | അടിസ്ഥാന സൗകര്യ വികസനം | 1500.00 |

**എ. വിദ്യാഭ്യാസം**

സർവ്വകലാശാലയുടെ ഫാക്കൽറ്റി ഓഫ് ഫിഷറീസ് സയൻസ്, ഫാക്കൽറ്റി ഓഫ് ഓഷ്യൻ സയൻസ് ആന്റ് ടെക്നോളജി, ഫാക്കൽറ്റി ഓഫ് ഫിഷറീസ് മാനേജ്മെന്റ്, ഫാക്കൽറ്റി ഓഫ് ഫിഷറീസ് എഞ്ചിനീയറിംഗ് എന്നീ 4 ഫാക്കൽറ്റികളിലേയും നിലവിലുള്ള ഡിഗ്രി, പി.ജി, പി.എച്ച്.ഡി കോഴ്സുകളുടെ നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ലാബുകളുടെ സജ്ജീകരണം, ലാബ് ഉപകരണങ്ങൾ വാങ്ങൽ, ടീച്ചിംഗ് എയിഡ് വാങ്ങൽ, രാസവസ്തുക്കൾ, കോൺട്രാക്ട് അധ്യാപകരുടേയും കരാർ ജീവനക്കാരുടേയും ഓണറേറിയം, പഠനസാമഗ്രികൾ, മാസ്റ്റേഴ്സ് ആൻഡ് പി.എച്ച്.ഡി. ഫെല്ലോഷിപ്പുകൾ, ആർ.എ.ഡബ്ല്യു.ഇ പ്രോഗ്രാം, ഐ.ക്യു.എ.സി, ഐ.സി.എ.ആർ ആൻഡ്

എ.ഐ.സി.റ്റി.ഇ അംഗീകാരം, കായിക വിദ്യാഭ്യാസ വിഭാഗത്തിന്റെ പ്രവൃത്തികൾ എന്നിവ പദ്ധതിയിൽ ഉൾപ്പെടുന്നു. 2025-26 ൽ വിദ്യാഭ്യാസത്തിനായി 960.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. ഗവേഷണം**

സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങൾക്കായി 2025-26 ൽ 750.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. പദ്ധതിയുടെ ഉപഘടകങ്ങൾ തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഉപഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സെന്റർ ഓഫ് എക്സലൻസ് ഇൻ അക്വാട്ടിക് റിസോഴ്സ് മാനേജ്മെന്റ് ആന്റ് കൺസർവേഷൻ (സി.എ.ആർ.എം.സി), സെന്റർ ഓഫ് എക്സലൻസ് ഇൻ ഫുഡ് പ്രോസ്സസ്സിംഗ് ആന്റ് ടെക്നോളജി (സി.ഇ.എഫ്.പി.റ്റി), സെന്റർ ഓഫ് എക്സലൻസ് ഇൻ ഇൻഡീജീനിയസ് ഫിഷ് പ്രൊഡക്ഷൻ ആൻഡ് അക്വാട്ടിക്ക് ഹെൽത്ത് മാനേജ്മെന്റ് (സി.ഐ.എഫ്.പി.എ.എ.എച്ച്), സെന്റർ ഫോർ ഓഷ്യൻ റിസർച്ച്, സെന്റർ ഫോർ ക്ലൈമറ്റ് റിസീലിയൻസ് ആൻഡ് എൻവിയോൺമെന്റ് മാനേജ്മെന്റ് (സി.സി.ആർ.ഇ.എം) | 750.00 |
| 2 | സെന്റർ ഫോർ ബയോ ആക്ടീവ് സബ്സ്റ്റൻസസ് ഫ്രം മറൈൻ ഓർഗാനിസംസ് (സി.ബി.എസ്.എം.ഒ), കുഫോസ് ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ (കുഫോസ് ബി.ഐ.സി), കുഫോസ് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ (പി.ഡി.എഫ്), കുഫോസ് എയ്ഡഡ് റിസർച്ച് പ്രോജക്ട്സ് (കെ.എ.ആർ.പി) | |
| 3 | മൾട്ടി സ്പീഷീസ് ഹാച്ചറി പുതുവെപ്പിൻ | |
| 4 | ജലജീവികളുടെ രോഗനിർണ്ണയത്തിനും ഗുണനിലവാര പരിശോധനയ്ക്കുമുള്ള റഫറൽ ലാബ് | |
| 5 | പയ്യന്നൂരിലെ ഗവേഷണ കേന്ദ്രം | |
| 6 | സെമിനാർ/കോൺഫറൻസ്/വർക്ക്ഷോപ്പുകളിൽ പങ്കാളിത്തം, ഗവേഷണ ഡയറക്ടറേറ്റ് ശക്തിപ്പെടുത്തൽ, സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി (സി.ഐ.എഫ്), അനിമൽ ഹൗസ്, സെന്റർ ഫോർ മൈക്രോ ബയോ റിസർച്ച്, സെന്റർ ഫോർ മാൻഗ്രൂവ് റിസർച്ച് പുതുവയ്പ്പ്, ഇന്റർ നാഷണൽ സൊസൈറ്റി ഫോർ ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ് സ്ഥാപനം, പ്രോജക്ട് മോഡ് കോഴ്സ്, റിവോൾവിംഗ് ഫണ്ട് പ്രോജക്ടുകൾ, വിവർത്തന ഗവേഷണ കേന്ദ്രം സ്ഥാപിക്കൽ | |
| | **ആകെ** | **750.00** |

**സി. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ**

സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 160.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഉപഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കേരളത്തിലെ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യകർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഗ്രാമം ദത്തെടുക്കൽ | 160.00 |
| 2 | പഠനത്തിനോടൊപ്പം സമ്പാദ്യം | |
| 3 | ഫിഷറീസിലെ ഓഡിയോ വീഡിയോ റെക്കോർഡിംഗിനും സാങ്കേതിക വിദ്യകളുടെ കൈമാറ്റത്തിനുമുള്ള കേന്ദ്രം | |
| 4 | കാർഷിക ഉപദേശക സേവനങ്ങൾ | |

| ക്രമ നമ്പർ | ഉപഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 5 | പ്രദർശന യൂണിറ്റുകൾ | |
| 6 | ഫീൽഡ് കൺസൾട്ടൻസി ആൻഡ് ഡാറ്റാ അനാലിസിസ് സെന്റർ | |
| 7 | മ്യൂസിയം, പബ്ലിക് അക്വാറിയം എന്നിവയുടെ സൗകര്യങ്ങളുടെ വിപുലീകരണം | |
| 8 | ഇൻസ്ട്രക്ഷണൽ ഫീൽഡ് പരിശീലന സൗകര്യങ്ങളുടെ വികസനം | |
| 9 | മാതൃകാ മത്സ്യ സംസ്കരണ പ്ലാന്റും പരിശീലന കേന്ദ്രവും | |
| 10 | എം.ഒ.ഒ.സി | |
| 11 | കരിമീൻ ഗ്രാമം | |
| 12 | ഫിഷറീസ് മേഖലയിലെ ലിംഗപരമായ ആശങ്കകളും, സംരംഭകത്വ വികസനവും സംബന്ധിച്ച് പഠന കേന്ദ്രം | |
| 13 | ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷൻ ശക്തിപ്പെടുത്തുക. | |
| 14 | കേരളത്തിലെ കൊല്ലം, കണ്ണൂർ ജില്ലകളിൽ കൂട്കൃഷിയിൽ പരിശീലനം/പ്രദർശന കേന്ദ്രങ്ങൾ സ്ഥാപിക്കൽ | |
| 15 | പണ്ഡിറ്റ് കറുപ്പൻ ചെയർ<br>കേരളത്തിലെ ആധുനിക മത്സ്യമാർക്കറ്റുകളുടെ പ്രശ്നങ്ങളും സാധ്യതകളും ഒരു പഠനം | |
| 16 | കേരളത്തിലെ കടൽ മത്സ്യബന്ധനത്തിൽ നിലനിൽക്കുന്ന അസമത്വം മാനവവികസന സൂചികയുടെ അടിസ്ഥാനത്തിൽ പഠന വിധേയമാക്കുക | |
| | **ആകെ** | **160.00** |

വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ മത്സ്യമേഖലയുടെ ആവശ്യകതകൾ പരിഗണിച്ചു കൊണ്ടുള്ളവയായിരിക്കണം.

**ഡി. ഭരണ നിർവ്വഹണം**

സർവ്വകലാശാലയുടെ ഭരണ നിർവ്വഹണത്തിനായി 2025-26 വാർഷിക ബജറ്റിൽ 180.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഉപഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഗ്രന്ഥശാല ശാക്തീകരണം | 180.00 |
| 2 | ഐ.സി.റ്റി ഇൻഫ്രാസ്ട്രക്ചർ/ഇ-ഗവേർണൻസ് ശക്തിപ്പെടുത്തൽ | |
| 3 | ആസൂത്രണ വികസന ഡയറക്ടറേറ്റിനെ ശക്തിപ്പെടുത്തുക | |
| | **ആകെ** | **180.00** |

**ഇ. അടിസ്ഥാന സൗകര്യ വികസനം**

അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 2025-26 ൽ 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഉപഘടകങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഉപഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഇന്റർനാഷണൽ ഹോസ്റ്റൽ കം സ്റ്റാഫ് ക്വാർട്ടേഴ്സ് | 1500.00 |
| 2 | പടിഞ്ഞാറൻ കാമ്പസിലെ ഫിഷ് ഫാമുകളുടെ വികസനം | |
| 3 | പടിഞ്ഞാറൻ കാമ്പസിലെ അക്കാദമിക് ബ്ലോക്ക് | |

| ക്രമ നമ്പർ | ഉപഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 4 | കുഫോസിൽ എസ്.എം.ഇ കെട്ടിടത്തിന്റെ നിർമ്മാണം | |
| 5 | ലേഡീസ് യുജി ഹോസ്റ്റലിന്റെ നിർമ്മാണം | |
| 6 | മത്സ്യബന്ധന പരിശീലനവും വിപുലീകരണ ഗവേഷണ കേന്ദ്രവും കൊല്ലം ജില്ലയിൽ സ്ഥാപിക്കൽ | |
| 7 | വൈസ് ചാൻസലർക്കുള്ള പാർപ്പിട സമുച്ചയം | |
| 8 | പടിഞ്ഞാറൻ, വടക്കുകിഴക്കൻ കാമ്പസ് വികസനം | |
| 9 | സ്റ്റേഡിയവും കായിക സമുച്ചയവും | |
| 10 | ഇൻഡോർ സ്റ്റേഡിയം | |
| 11 | പുതുവൈപ്പിനിലെ കാമ്പസ് വലയം | |
| 12 | പയ്യന്നൂരിൽ പുതിയ കോളേജ് സ്ഥാപിക്കുക | |
| 13 | കുഫോസ് ആസ്ഥാനത്ത് കാമ്പസ് വികസനം | |
| 14 | അക്കാദമിക് ബ്ലോക്കിൽ എഫ്.ആർ.എം ലാബിന്റെ സജ്ജീകരണം | |
| 15 | അക്കാദമിക് ബ്ലോക്കിൽ മിനി തിയേറ്ററിന്റേയും എം.ഒ.ഒ.സി റൂമിന്റേയും ഫർണിഷിംഗ് | |
| 16 | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ സെനറ്റ് ഹാൾ ഫർണിഷിംഗ് | |
| 17 | പുതുവൈപ്പിലെ ലേഡീസ് ഹോസ്റ്റൽ | |
| 18 | പുതുവൈപ്പിലെ പുരുഷന്മാരുടെ ഹോസ്റ്റലും അതിഥി മുറിയും | |
| 19 | സ്റ്റാഫ് ക്വാർട്ടേഴ്സ് ഉൾപ്പെടെ കുഫോസിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണവും അറ്റകുറ്റ പണികളും | |
| | **ആകെ** | **1500.00** |

വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനത്തിനും ആസ്തി വികസനത്തിനും മുൻഗണന നൽകണം.

### V. മത്സ്യ ബന്ധന തുറമുഖങ്ങൾ (എച്ച്.ഇ.ഡി)

2025-26 ലെ ബജറ്റിൽ രണ്ട് പദ്ധതികൾക്കായി 1331.00 ലക്ഷം രൂപ വകയിരുത്തുന്നു. കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാന സർക്കാർ അനുവദിക്കുന്ന 1000.00 ലക്ഷം രൂപ വിഹിതവും ഇതിൽ ഉൾപ്പെടുന്നു.

| ക്രമ നമ്പർ | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | തീരദേശ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും പുതിയ കൂട്ടിച്ചേർക്കലും | 331.00 |
| 2 | കടലോര മത്സ്യബന്ധന അടിസ്ഥാന സൗകര്യം – മത്സ്യബന്ധനത്തിന് ശേഷമുള്ള സംസ്കരണം എന്നിവയുടെ വികസനം (പി.എം.എം.എസ്.വൈ) (40 ശതമാനം സംസ്ഥാന വിഹിതം) | 1000.00 |

1. **തീരദേശ അടിസ്ഥാനസൗകര്യങ്ങളുടെ വികസനവും പുതിയ കൂട്ടിച്ചേർക്കലുകളും**

**(വിഹിതം: 331.00 ലക്ഷം രൂപ)**

കമ്മീഷൻ ചെയ്ത മത്സ്യബന്ധന തുറമുഖങ്ങൾ/തീരദേശ നിർമ്മാണങ്ങൾ എന്നിവയുടെ വിപുലീകരണമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഹാർബറുകളുടെ ശുചിത്വ നില മെച്ചപ്പെടുത്തുക, കോൾഡ് സ്റ്റോറേജുകളുടെയും സംസ്കരണ കേന്ദ്രങ്ങളുടെയും എണ്ണം വർദ്ധിപ്പിക്കുക എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. കൂടാതെ ലോ ലെവൽ ജെട്ടികളുടെ നിർമ്മാണം, ലേല ഹാളിന്റെ വിപുലീകരണം, കടമുറികൾ, ലോക്കർ മുറികൾ, ശുചിമുറികൾ സ്ഥാപിക്കുക, പാർക്കിംഗിനായി അധിക സ്ഥലം, തുറമുഖത്തിന്റെ അകത്തുള്ള റോഡുകളുടെയും, ചാലുകളുടെയും നിർമ്മാണം, വൈദ്യുതി, ജലവിതരണം എന്നീ സൗകര്യങ്ങൾ ഒരുക്കുക, എക്സ്റ്റൻഷൻ ഓഫ് വാർഫ് എന്നീ ഉപഘടകങ്ങളും ഇതിൽ ഉൾപ്പെടുന്നു. മാർക്കറ്റ് ലിങ്കേജുകൾ സ്ഥാപിക്കുക, കാലാവസ്ഥാ വ്യതിയാനം പരിഹരിക്കുക എന്നിവയും പദ്ധതിയുടെ ഘടകങ്ങളാണ്. ഈ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റ് വിഹിതമായി 331.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2. **കടലോര മത്സ്യബന്ധന അടിസ്ഥാന സൗകര്യം - മത്സ്യബന്ധനത്തിന് ശേഷമുള്ള സംസ്കരണം എന്നിവയുടെ വികസനം (പി.എം.എം.എസ്. വൈ) (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങൾ, ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങൾ എന്നിവയുടെ ആധുനികവത്ക്കരണവും നവീകരണവും ഉൾപ്പെടെയുള്ള മത്സ്യബന്ധന പദ്ധതികളുടെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി ടി പദ്ധതിയിൽ തുക വകയിരുത്തിയിരിക്കുന്നു. താഴെ പറയുന്ന ഘടകങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരക്കുന്നു.

- കാസർകോട് ഫിഷിംഗ് ഹാർബർ വിപുലീകരണം
- പൊന്നാനി, പുതിയാപ്പ, കൊയിലാണ്ടി എന്നിവിടങ്ങളിലെ ഫിഷിംഗ് ഹാർബറുകളുടെ നവീകരണവും ആധുനികവൽക്കരണവും
- ആലപ്പാട് അഴീക്കൽ, ചേറ്റുവ, പൊന്നാനി, ബേപ്പൂർ, പുതിയാപ്പ, കൊയിലാണ്ടി എന്നിവിടങ്ങളിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണിയും ഡ്രഡ്ജിംഗും
- മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ വിപുലീകരണം
- താനൂർ, ചെറുവത്തൂർ, ചോമ്പാൽ എന്നിവിടങ്ങളിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണിയും ഡ്രഡ്ജിംഗും

2025-26 ൽ സംസ്ഥാന വിഹിതമായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## VI. സാമൂഹ്യ സുരക്ഷിതത്വവും ജീവനോപാധിക്കുള്ള സഹായവും

2025-26 ബജറ്റിൽ 2580.00 ലക്ഷം രൂപയാണ് വകയിരുത്തുന്നത്. ആകെ അനുവദിച്ച തുകയിൽ 2000.00 ലക്ഷം രൂപ നബാർഡിന്റെ ധനസഹായമാണ്.

| ക്രമ നമ്പർ | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മത്സ്യബന്ധന ഉപകരണങ്ങൾക്കായുള്ള ഇൻഷുറൻസ് കവറേജ് | 200.00 |
| 2 | വിപുലീകരണം, പരിശീലനം, സേവന വിതരണം | 380.00 |
| 3 | ഗ്രാമീണ അടിസ്ഥാന സൗകര്യവികസന ഫണ്ട് (ആർ.ഐ.ഡി.എഫ്) (എച്ച്.ഇ.ഡി) | 2000.00 |

1. **മത്സ്യബന്ധന ഉപകരണങ്ങൾക്കായുള്ള ഇൻഷുറൻസ് കവറേജ്**

**(വിഹിതം: 200.00 ലക്ഷം രൂപ)**

പരമ്പരാഗത മത്സ്യബന്ധന ഉപകരണങ്ങൾക്കായുള്ള ഇൻഷുറൻസ് കവറേജ് നൽകുന്നതിനായാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 2. വിപുലീകരണം, പരിശീലനം, സേവന വിതരണം

**(വിഹിതം: 380.00 ലക്ഷം രൂപ)**

വകുപ്പിന്റെ സാങ്കേതിക വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനും ഗുണഭോക്താക്കൾക്കും പൊതുജനങ്ങൾക്കും സമയബന്ധിതമായ സേവനം ഉറപ്പാക്കുന്നതിനുമാണ് പദ്ധതി നിർദ്ദേശിക്കുന്നത്. പദ്ധതിയ്ക്കായി 380.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതി വിഹിതത്തിൽ 130.00 ലക്ഷം രൂപ റവന്യൂ ശീർഷകത്തിലും 250.00 ലക്ഷം രൂപ മൂലധന ശീർഷകത്തിലും രേഖപ്പെടുത്തിയിരിക്കുന്നു. താഴെ പറയുന്ന ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| എ | വകുപ്പിന്റെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 30.00 |
| ബി | ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്ന പരിപാടികൾ | 20.00 |
| സി | ഇ-ഗവേണൻസ് | 80.00 |
| ഡി | മത്സ്യഭവനങ്ങളും പരിശീലന കേന്ദ്രങ്ങളും | 250.00 |

### എ. വകുപ്പിന്റെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

അവബോധ പരിപാടികൾ, മേളകൾ/പ്രദർശനങ്ങൾ, സെമിനാറുകൾ/വർക്ക്ഷോപ്പുകൾ, ഡോക്യുമെന്റേഷൻ/പ്രസിദ്ധീകരണങ്ങൾ, പൊതുജന പരാതി പരിഹാര നിരീക്ഷണ സമ്പ്രദായം (പി.ജി.ആർ.എം.എസ് ) സ്കീം മോണിറ്ററിംഗ്, പദ്ധതികളുടെ അവലോകനത്തിനും നിരീക്ഷണത്തിനുമുള്ള ചെലവുകൾ, വാഹനം വാടകയ്ക്ക് എടുക്കൽ എന്നീ അനുബന്ധ പ്രവർത്തനങ്ങളാണ് ഈ ഘടകത്തിന്റെ കീഴിൽ വരുന്നത്.

### ബി. ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്ന പരിപാടികൾ

സേവന കാലയളവിലെ പരിശീലനം, ഹ്രസ്വകാല റിഫ്രഷർ പരിശീലനം ഇന്ത്യക്ക് അകത്തും പുറത്തുമുള്ള പ്രശസ്തമായ മത്സ്യ ബന്ധന സ്ഥാപനങ്ങളുമായി സഹകരിച്ച് എക്സ്പോഷർ സന്ദർശനം, നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം എന്നിവയാണ് കാര്യക്ഷമത വർദ്ധിപ്പിക്കൽ പരിപാടിയിൽ ഉൾപ്പെടുന്നത്. നിഫാമിന്റേയും വകുപ്പിലെ മറ്റ് പരിശീലന കേന്ദ്രങ്ങളുടേയും പ്രവർത്തന ചെലവ് ഇതിൽ ഉൾപ്പെടുന്നു.

### സി. ഇ-ഗവേണൻസ്

കംപ്യൂട്ടർ ഹാർഡ് വെയർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, സോഫ്റ്റ് വെയർ വികസനം, വെബ്സൈറ്റുകളുടെ നിലവാരമുയർത്തൽ, ഓൺലൈൻ ആശയവിനിമയ ശൃംഖല, നിലവിലുള്ള ഹാർഡ് വെയറുകൾക്കും മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾക്കുമുള്ള എ.എം.സി, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഇ-ഗവേർണൻസ് സംവിധാനങ്ങൾ ആധുനികവത്ക്കരിക്കുക, വീഡിയോ കോൺഫറൻസ് സംവിധാനം, എഫ്.ഐ.എം.എസ്, ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന കോൾ സെന്ററിന്റെ പ്രവർത്തനങ്ങൾ, കെ.എസ്.ഡബ്ല്യു.എ.എൻ, ഇ-ഓഫീസ് പിന്തുണാ സൗകര്യങ്ങൾ എന്നിവയുടെ ചെലവ്, വിപുലീകരണ/പരിശീലന കേന്ദ്രങ്ങളിലും സിസ്റ്റം അഡ്മിനിസ്ട്രേറ്റർ സേവനത്തിലും ഇ-ലേർണിംഗ് സൗകര്യങ്ങൾ നടപ്പിലാക്കൽ എന്നിവയാണ് ഇ-ഗവേണൻസിൽ ഉൾപ്പെടുന്ന ഘടകങ്ങൾ.

### ഡി. മത്സ്യഭവനുകളുടെയും പരിശീലന കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനം

മത്സ്യബന്ധന മേഖലയിലെ വിവിധ പ്രവർത്തനങ്ങളുടെ സേവനങ്ങളും പ്രയോജനങ്ങളും മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും ഒരു കുടക്കീഴിൽ ലഭ്യമാകുന്ന സംവിധാനമായാണ് മത്സ്യഭവൻ പ്രവർത്തിക്കുന്നത്. വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗുണഭോക്താക്കളേയും പ്രവർത്തകരേയും സജ്ജരാക്കാനുള്ള പ്രവർത്തനങ്ങൾ പരിശീലന കേന്ദ്രങ്ങൾ ഏറ്റെടുക്കുന്നു. മത്സ്യ ഭവനുകളുടെ ആധുനികവൽക്കരണവും, ശാക്തീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഈ ഘടകത്തിൽ ഉൾപ്പെടുന്നു. കൂടാതെ, ജില്ലാ തലത്തിലെയും, സംസ്ഥാന തലത്തിലെയും പരിശീലന കേന്ദ്രങ്ങൾക്ക് ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്ന പ്രവൃത്തിയും ഈ ഘടകത്തിൽ ഉൾപ്പെടുന്നു. പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 3. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് (ആർ.ഐ.ഡി.എഫ്) (എച്ച്.ഇ.ഡി)

**(വിഹിതം: 2000.00 ലക്ഷം രൂപ)**

നിലവിലുള്ള ഫിഷിംഗ് ഹാർബറുകളുടെ നവീകരണം, തീരദേശ പാലങ്ങൾ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ നിർമ്മാണം എന്നിവയ്ക്കായി തിരിച്ചടവ് വ്യവസ്ഥയോട് വായ്പാ അടിസ്ഥാനത്തിൽ നബാർഡിന്റെ സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതി ഉപയോഗിക്കുന്നു. നടന്നുകൊണ്ടിരിക്കുന്നതും പുതിയതുമായ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് 2025-26 ൽ 2000.00 ലക്ഷം രൂപ വകയിരുത്തുന്നു.

- നീണ്ടകര ഫിഷിംഗ് ഹാർബറിന്റെ (ശക്തികുളങ്ങര) വിപുലീകരണവും നവീകരണവും– RIDF XXVI
- വലിയഴീക്കൽ ഫിഷ് ലാൻഡിംഗ് സെന്ററിൽ അധിക അടിസ്ഥാന സൗകര്യങ്ങൾ –RIDF XXVII
- ചെല്ലാനം ഫിഷിംഗ് ഹാർബറിലെ അധിക അടിസ്ഥാന സൗകര്യങ്ങൾ– RIDF XXVII
- കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ നവീകരണം –RIDF XXVIII
- കൊല്ലം ജില്ലയിലെ ആലപ്പാട് അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണം RIDF XXVIII
- പൊന്നാനി ഫിഷിംഗ് ഹാർബർ – ബ്രേക്ക് വാട്ടേഴ്സ് നികത്തൽ– RIDF XXIX
- കണ്ണൂർ ജില്ലയിലെ ചാലിൽ ഗോപാലപേട്ട ഫിഷ് ലാൻഡിംഗ് സെന്ററിന്റെ വികസനം –RIDF XXIX
- കൊല്ലം ജില്ലയിലെ തങ്കശ്ശേരി ബ്രേക്ക് വാട്ടർ നികത്തൽ – RIDF XXX
- തൃശ്ശൂർ ജില്ലയിലെ ചേറ്റുവാ ഫിഷിംഗ് ഹാർബറിന്റെ നവീകരണം – RIDF XXX

## 1.6 വനവും വന്യജീവി സംരക്ഷണവും

പൊതുസമൂഹത്തിന് പ്രയോജനപ്രദമാകുന്ന സേവനങ്ങൾ വിഭാവനം ചെയ്തുകൊണ്ടുള്ള വനപരിപാലനമാണ് പതിനാലാം പഞ്ചവത്സരപദ്ധതിയിൽ ലക്ഷ്യമിടുന്നത്. ജലസുരക്ഷ, ജൈവവൈവിധ്യ സംരക്ഷണം, തദ്ദേശവാസികളുടെ ജീവനോപാധി മെച്ചപ്പെടുത്തൽ, മറ്റു സാമൂഹിക സേവനങ്ങൾ മുതലായവയാണ് വിഭാവനം ചെയ്യുന്നത്. കാലാവസ്ഥാ വ്യതിയാനവും, തുടരെയുള്ള വെള്ളപ്പൊക്കങ്ങളും നേരിടേണ്ടിവന്ന ഇന്നത്തെ സാഹചര്യത്തിൽ സാമ്പത്തികവും പാരിസ്ഥിതികവുമായ പ്രതിസന്ധികൾ ലഘൂകരിക്കുന്നതിൽ വനമേഖലയുടെ പങ്ക് വളരെ വലുതാണ്. ജലസുരക്ഷ മെച്ചപ്പെടുത്തുക, മനുഷ്യ-വന്യമൃഗസംഘർഷങ്ങൾ ലഘൂകരിക്കുക, വനമേഖലയെ ആശ്രയിച്ച് കഴിയുന്ന വിഭാഗങ്ങളുടെ ജീവനും, ജീവനോപാധിക്കും സംരക്ഷണം നൽകുക, കാലാവസ്ഥാ വ്യതിയാനങ്ങളിൽനിന്നും സംരക്ഷണം ഉറപ്പാക്കുക, വനങ്ങളുടെ സുസ്ഥിര പരിപാലനം എന്നീ വിഷയങ്ങൾക്കാണ് 2025-26 ൽ ഈ മേഖല ഊന്നൽ നൽകിയിരിക്കുന്നത്.

വനവും വന്യജീവി സംരക്ഷണവും എന്ന മേഖലയിൽ 2025-26 ൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 26014.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ തുകയിൽ നബാർഡ് വിഹിതമായ 5030.00 ലക്ഷം രൂപയും ഉൾപ്പെട്ടിട്ടുണ്ട്.

### I. സ്വാഭാവിക വനങ്ങളുടെ പരിപാലനം

സ്വാഭാവിക വനങ്ങളുടെ ഏകീകരണം, വിസ്തൃതിയിലെ വർദ്ധനവ്, സംരക്ഷണം, പരിപാലനം എന്നിവയാണ് വനപരിപാലന മേഖലയിൽ ഊന്നൽ നൽകുന്ന വിഷയങ്ങൾ. വനങ്ങളുടെ സർവ്വെയും അതിർത്തി തിരിക്കലും, കൈയേറ്റത്തിൽ നിന്നും മറ്റ് നിയമവിരുദ്ധ പ്രവൃത്തികളിൽനിന്നുമുള്ള സംരക്ഷണം, കാട്ടു തീ നിയന്ത്രണം, മണ്ണ് സംരക്ഷണം, വനങ്ങളിൽ പാർക്കുന്നവരുടെ സംരക്ഷണം, ദ്രുതകർമ്മസേന-എലിഫന്റ് ഡ്രൈവിംഗ് ടീം എന്നിവയുടെ ശാക്തീകരണം മുതലായവ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു.

### 1. വനസംരക്ഷണം (വനാതിർത്തി സർവ്വേയും വനസംരക്ഷണവും) – റവന്യൂ വിഹിതം

**(വിഹിതം: 2500.00 ലക്ഷം രൂപ)**

ജലവും ശുദ്ധവായുവും ഉൾപ്പെടെയുള്ള ആവാസവ്യവസ്ഥയുടെ സേവനങ്ങൾ മെച്ചപ്പെടുത്തുക, പാരിസ്ഥിതിക സ്ഥിരത, കാട്ടുതീ മൂലമുള്ള അപകടങ്ങൾ കുറയ്ക്കുക, വനസംരക്ഷണത്തിനായി വനാതിർത്തിയിലെ ജനവിഭാഗങ്ങളുമായുള്ള പങ്കാളിത്തം, വനമേഖലയെ ആശ്രയിച്ച് കഴിയുന്ന വിഭാഗത്തിന്റെ ജീവനോപാധി മെച്ചപ്പെടുത്തുക, വനങ്ങളുടെ ജൈവവൈവിധ്യം മെച്ചപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ വനമേഖലയുടെ മെച്ചപ്പെട്ട രീതിയിലുള്ള

പരിപാലനത്തിന് വനമേഖലയുടെ ഏകീകരണം, വനാതിർത്തികളുടെ സ്ഥായിയായ വേർതിരിക്കൽ, വനസംരക്ഷണം എന്നിവ അത്യന്താപേക്ഷിതമാണ്. നിലവിലുള്ള വനവിഭവങ്ങൾ സംരക്ഷിക്കുകയും, പരിപാലിക്കുകയും, പുനരുദ്ധരിക്കുകയും ചെയ്യുക എന്നതാണ് പ്രധാന മാനദണ്ഡം. ഈ സ്കീമിലൂടെ പ്രതീക്ഷിക്കുന്ന ഫലങ്ങളിൽ ജൈവവൈവിധ്യത്താൽ സമ്പന്നവും മെച്ചപ്പെട്ടതും ആകർഷകവുമായ വന ആവാസവ്യവസ്ഥ, വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ മെച്ചപ്പെട്ട ഉപജീവനമാർഗ്ഗം, കാട്ടുതീ നിയന്ത്രണം, മനുഷ്യ-വന്യജീവി സംഘർഷങ്ങളെ കുറയ്ക്കുക എന്നിവ ഉൾപ്പെടുന്നു. 2025-26 ൽ ഈ പദ്ധതിക്കായി 2500.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

- ജണ്ടകൾ, കയ്യാലകൾ, വനാതിർത്തികൾ വേർതിരിക്കുന്നതിനുള്ള മറ്റു നിർമ്മാണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ, കൈവശമുള്ള ഉപകരണങ്ങളുടെ പരിപാലനം.
- വനമേഖലയ്ക്ക് കാട്ടുതീയിൽനിന്നും സംരക്ഷണം നൽകുക, വിവിധ കാട്ടുതീ നിയന്ത്രണ പ്രവൃത്തികളായ ഫയർ ലൈനുകളുടെ നിർമ്മാണവും പരിപാലനവും, കാട്ടുതീ സാധ്യതാ മേഖലകൾ തിരിച്ചറിയുക, കാട്ടുതീ സംരക്ഷണ ഉപകരണങ്ങൾ വാങ്ങുക, കാട്ടുതീ സംരക്ഷണ വാച്ചർമാരെ നിയമിക്കുക, ഫയർ കൺട്രോൾ റൂം, ക്രൈസിസ് മാനേജ്മെന്റ് ടീമുകളുടെ പരിപാലനം, ഹെലികോപ്റ്ററുകൾ വാടകയ്ക്കെടുക്കൽ, ഫയർ മാനേജ്മെന്റ് പ്ലാനുകൾ നടപ്പിലാക്കൽ, പങ്കാളിത്താധിഷ്ഠിത കാട്ടുതീ സംരക്ഷണ പ്രവൃത്തികളിൽ വി.എസ്.എസ്/ഇ.ഡി.സി കൾക്ക് സഹായം നൽകുക എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു.
- ചെക്ക് ഡാമുകൾ, കുളങ്ങൾ, വനമേഖലയിൽ ജലസംഭരണത്തിനുള്ള സൗകര്യങ്ങൾ, മണ്ണ് - ജലസംരക്ഷണങ്ങൾക്കുള്ള നിർമ്മാണങ്ങൾ എന്നിവ ഉൾപ്പെടുന്ന മണ്ണ് - ജല സംരക്ഷണ പ്രവൃത്തികൾ.
- വനസംരക്ഷണത്തിനുവേണ്ടി വനം വകുപ്പ് ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന വാഹനങ്ങൾ, മോട്ടോർ ബോട്ടുകൾ, മറ്റു യാത്രാ മാർഗ്ഗങ്ങൾ എന്നിവയുടെ പി.ഒ.എൽ ചാർജ്ജുകളും അറ്റകുറ്റപ്പണികളും.
- വനനിയമങ്ങളുടെ ലംഘനങ്ങൾ തടയുക, വനത്തിനും വന്യജീവികൾക്കും ഹാനികരമാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുക.
- ഓഫീസുകൾ, ക്വാർട്ടേഴ്സുകൾ, വേട്ടയാടൽ വിരുദ്ധ ക്യാമ്പ് ഷെഡുകൾ, ചെക്ക് പോസ്റ്റുകൾ, വാച്ച് ടവറുകൾ, ഐ.ബി കൾ തുടങ്ങിയ അവശ്യ കെട്ടിടങ്ങളുടെ നിർമ്മാണവും പരിപാലനവും.
- മൈക്രോ പ്ലാനുകളുടെ നിർമ്മാണം, പുനപരിശോധന, വരുമാന വർദ്ധന പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് വനസംരക്ഷണ സമിതികൾക്കും, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾക്കുമുള്ള സഹായം.
- ബോധവൽക്കരണ പരിപാടികൾ, ശിൽപ്പശാലകൾ, സെമിനാറുകൾ, പരിശീലന ക്യാമ്പുകൾ, നിയമപരമായ പിന്തുണ, റെയ്ഡുകൾ, സംയുക്ത പട്രോളിംഗ് എന്നിവ നടത്തുക.
- ചന്ദനത്തിന്റെയും ചന്ദനമരങ്ങളുള്ള പ്രദേശങ്ങളുടെയും സംരക്ഷണം.
- തകർന്ന വനപാതകൾ, കൂപ്പ് റോഡുകൾ, ട്രെക്ക് പാതകൾ എന്നിവയുടെ നിർമ്മാണവും നവീകരണവും, നിലവിലുള്ള കെട്ടിടങ്ങളുടെ പരിപാലനവും.
- വാർഷിക പരിപാലനം, ഇലക്ട്രോണിക്/വയർലസ് ഉപകരണങ്ങളുടെ പരിപാലനം, സംഭരണം, ഫെൻസിംഗ് തുടങ്ങിയവ.
- വനം, വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളിൽ തൊഴിലാളികളുടെ പങ്കാളിത്ത പ്രവർത്തനങ്ങൾ.
- മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായുള്ള വിവിധ നിർമ്മിതികളുടെ നവീകരണവും പരിപാലനവും.
- ക്രൈസിസ് മാനേജ്മെന്റ്, പ്രകൃതി ദുരന്തങ്ങൾ, മനുഷ്യ-വന്യജീവി സംഘർഷം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.
- സംരക്ഷണ - പരിപാലന പ്രവർത്തനങ്ങൾക്കായി വിഭവങ്ങളുടെ ഡോക്യുമെന്റേഷനും ഇതര ചെലവുകളും.

## 2. വനസംരക്ഷണം (വനാതിർത്തി സർവ്വേയും വനസംരക്ഷണവും) – മൂലധന വിഹിതം

**(വിഹിതം: 2500.00 ലക്ഷം രൂപ)**

ആധുനിക സാങ്കേതികവിദ്യയും അത്യാധുനിക ഉപകരണങ്ങളും ഉപയോഗിച്ച് വനാതിർത്തി ഏകീകരിക്കുക, കയ്യേറ്റങ്ങൾ തടയുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ പദ്ധതിയുടെ കീഴിലുള്ള പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- വനാതിർത്തികളുടേയും വനപരിധിയിലുള്ള പ്രദേശങ്ങളുടേയും സർവ്വേയും, അതിർത്തിതിരിക്കലും, വനവത്ക്കരണ പ്രവൃത്തികളുടെ യന്ത്രവത്ക്കരണവും.
- കരിങ്കൽ ഭിത്തികളുടെയും, സംരക്ഷണ ഭിത്തികളുടെയും, ചുറ്റുമതിലുകളുടെയും നിർമ്മാണം, ജണ്ടകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും. നിർമ്മാണം പൂർത്തിയാക്കിയ ജണ്ടകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ ഒരു ഡേറ്റാബേസ് സൂക്ഷിക്കേണ്ടതാണ്.
- തണ്ണീർതടങ്ങൾ, ചെക്ക് ഡാം, ഡ്രെയിനേജ് സൗകര്യങ്ങൾ, കുടിവെള്ള സൗകര്യങ്ങൾ തുടങ്ങിയവയുടെ നിർമ്മാണവും, അവയിലെ മണ്ണ് നീക്കം ചെയ്യലും.
- വനപാതകൾ, ട്രെക്ക് പാതകൾ, കലുങ്കുകൾ, ചെയിൻ ഗേറ്റ്, ചപ്പാത്ത്, എലിഫന്റ് പ്രൂഫ് ട്രഞ്ചുകൾ, വാച്ച് ടവർ മുതലായവയുടെ നിർമ്മാണവും പരിപാലനവും.
- സോളാർ ഫെൻസിംഗ്, വനസംരക്ഷണത്തിനുള്ള കെട്ടിടങ്ങൾ, വനിതാ ബി.എഫ്.ഒ-മാർക്കുള്ള വിശ്രമ മുറികൾ തുടങ്ങിയവയുടെ നിർമ്മാണവും പരിപാലനവും.
- സ്റ്റാഫ് ക്വാർട്ടേഴ്സുകൾ, ക്യാമ്പ് ഷെഡുകൾ, ഓഫീസ് കെട്ടിടങ്ങൾ, ക്യാമ്പിംഗ് സൗകര്യങ്ങൾ തുടങ്ങിയവയുടെ നിർമ്മാണവും പരിപാലനവും.
- വനസംരക്ഷണത്തിനായി ജീപ്പുകൾ (4 വീൽ ഡ്രൈവ്).
- വനാതിർത്തികളുടെ ഡിജിറ്റൈസേഷനും സർവ്വേ രേഖകളുടെ സംരക്ഷണവും.
- വനസംരക്ഷണത്തിനായി വാക്കി-ടോക്കി ഉപകരണങ്ങൾ, ആശയവിനിമയ ഉപകരണങ്ങൾ, ആയുധങ്ങൾ, വെടിക്കോപ്പുകൾ, മനുഷ്യ-വന്യമൃഗ സംഘർഷ നിയന്ത്രണത്തിന്റെ ഭാഗമായി മൈക്രോചിപ്പ് റീഡറുകൾ, റേഡിയോ കോളറുകൾ എന്നിവയുടെ സംഭരണവും പുനഃസ്ഥാപനവും.
- വനാന്തർഭാഗങ്ങൾ ഫലപ്രദമായി നിരീക്ഷിക്കുന്നതിന് ക്യാമറാട്രാപ്പുകൾ, ഡ്രോണുകൾ, നൈറ്റ് വിഷൻ ബൈനോക്കുലറുകൾ, അഗ്നിശമന ഉപകരണങ്ങൾ തുടങ്ങിയവയുടെ സംഭരണം.
- കാട്ടുതീയും, കഞ്ചാവ് കൃഷിയും കണ്ടുപിടിക്കുവാൻ സഹായകമാകുന്ന ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുവാനും ലക്ഷ്യമിടുന്നു.
- വെള്ളപ്പൊക്കം മൂലം അടിസ്ഥാന സൗകര്യങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ അറ്റകുറ്റപ്പണികളും ഇതിൽ ഉൾപ്പെടും.

ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 2025-26 ൽ 2500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയിലെ 10 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും.

## 3. നശിച്ചുപോയ വനത്തിനു പകരം വനം വച്ചു പിടിപ്പിക്കൽ

**(വിഹിതം: 225.00 ലക്ഷം രൂപ)**

നാശം സംഭവിച്ച വനങ്ങളെയും അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാട്ടിൽ, തേക്ക് തുടങ്ങിയ തോട്ടങ്ങളെയും സ്വാഭാവിക വനമാക്കി മാറ്റുകയും അതുവഴി ജൈവവൈവിധ്യവും ആവാസവ്യവസ്ഥയുടെ സേവനങ്ങളും മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പരിസ്ഥിതി പുനരുജ്ജീവനത്തിലൂടെയും, നിലവിലുള്ളവ പരിപാലിച്ചും, പുതിയ തൈകൾ നട്ടുപിടിപ്പിച്ചും, പൾപ്പ് വുഡ് തോട്ടങ്ങളെ സ്വാഭാവിക വനങ്ങളായി മാറ്റുവാനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. തദ്ദേശീയമായ ഇനങ്ങൾ വച്ചു പിടിപ്പിച്ച് നശിച്ചുപോയ വനങ്ങളും തോട്ടങ്ങളും പുനരുജ്ജീവിപ്പിക്കേണ്ടത് ആവശ്യമാണ്. ജനപങ്കാളിത്തത്തോടെ സൂക്ഷ്മ ആസൂത്രണത്തിലൂടെ തയ്യാറാക്കിയ വീക്ഷണ പദ്ധതിയുടെ പിൻബലത്തിൽ നാശം സംഭവിച്ച വനമേഖലകളെ പുനരധിവാസത്തിന് ഏറ്റെടുക്കും. ചോലവനങ്ങൾ, കണ്ടൽക്കാടുകൾ, പ്രത്യേക പരിസ്ഥിതി വ്യവസ്ഥകൾ തുടങ്ങിയ സവിശേഷ പരിസ്ഥിതി വ്യവസ്ഥകളുടെ പ്രത്യേക സംരക്ഷണവും ഈ ഘടകത്തിന് കീഴിലായിരിക്കും. പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26 ൽ 225.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ ഘടകം തിരിച്ചുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | തോട്ടങ്ങൾ– നടീലും പരിപാലനവും | 75.00 |
| 2 | കാട്ടുതീ നിയന്ത്രണവും പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങളും | 150.00 |
| ആകെ | | 225.00 |

**4. ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള തടി ഇതര വനഉല്പന്നങ്ങളുടെ വികസനം**

**(വിഹിതം: 160.00 ലക്ഷം രൂപ)**

മെച്ചപ്പെട്ട മൂല്യവർദ്ധിത സാങ്കേതിക വിദ്യകളിലൂടെ വനത്തെ ആശ്രയിക്കുന്ന ജനവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട ഉപജീവനമാർഗ്ഗം ഉറപ്പാക്കുകയും, അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിപണി ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ സ്കീമിന്റെ സവിശേഷമായ ലക്ഷ്യങ്ങൾ: (1) തടിയിതര വന ഉത്പന്നങ്ങളുടെ സുസ്ഥിര വിളവെടുപ്പ് പ്രോട്ടോക്കോളുകൾ വികസിപ്പിക്കുക (2) പുതിയ മൂല്യവർദ്ധിത സാങ്കേതിക വിദ്യ വികസിപ്പിക്കുക (3) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ മെച്ചപ്പെട്ട ഉൽപ്പാദനത്തിലൂടെ ആദിവാസികൾ ഉൾപ്പെടെ വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുക (4) തടിയിതര ഉൽപ്പന്നങ്ങൾ വാങ്ങുന്നവരെ കണ്ടെത്തുന്നതിനും സുസ്ഥിരവും ന്യായവുമായ വ്യാപാരത്തിനുള്ള സംവിധാനം സ്ഥാപിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. മൂല്യവർദ്ധിത വിദ്യകൾ/സൗകര്യങ്ങൾ, വിപണന ശൃംഖലകൾ വികസിപ്പിക്കൽ/നവീകരിക്കൽ, ഔഷധസസ്യങ്ങളുടെ സംരക്ഷണം, ഫീൽഡ് സ്റ്റോറേജ്, മൂല്യവർദ്ധന, വിപണനം, ഉത്പന്നങ്ങളുടെ ബ്രാൻഡിംഗ് എന്നിവയ്ക്കായുള്ള അടിസ്ഥാന സൗകര്യ സജ്ജീകരണം തുടങ്ങിയവ ഈ പദ്ധതിക്ക് കീഴിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന പ്രവൃത്തികളിൽപ്പെടുന്നു.

ഈ പദ്ധതിക്കായി 2025-26 ൽ 160.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിയുടെ ഘടകം തിരിച്ചുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഔഷധ തോട്ടങ്ങളിലെ ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ് | 5.00 |
| 2 | പ്രകൃതി/ഔഷധസസ്യ ബോധവൽക്കരണ പരിപാടികൾ | 12.00 |
| 3 | ഔഷധത്തോട്ടങ്ങൾ | 90.00 |
| 4 | കാട്ടുതീ നിയന്ത്രണ പ്രവൃത്തികൾ | 48.00 |
| 5 | ഔഷധ, ആർ.ഇ.റ്റി ഇനങ്ങൾ/ജൈവവൈവിധ്യസംരക്ഷണം എന്നിവയുടെ ഡോക്യുമെന്റേഷനും മാപ്പിംഗും | 5.00 |
| ആകെ | | 160.00 |

**II. തോട്ടങ്ങളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കൽ**

നിലവിലുള്ള തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കൃഷിയുമായി സംയോജിപ്പിച്ച് വനവൽക്കരണ പ്രവർത്തനങ്ങളും സമ്പ്രദായങ്ങളും പ്രോത്സാഹിപ്പിക്കുക, വർദ്ധിച്ചുവരുന്ന സാമൂഹ്യ ആവശ്യങ്ങൾമൂലം വനം പരിസ്ഥിതി വ്യവസ്ഥിതിയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആധുനിക സാങ്കേതിക വിദ്യ സ്വീകരിക്കുന്നതു വഴി തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ സാധിക്കും. പ്രദേശങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പുതിയ തോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിലവിലുള്ള തോട്ടങ്ങളിലെ മരങ്ങൾ മുറിച്ചുമാറ്റുവാൻ പാടുള്ളൂ. തേക്ക് ഉൾപ്പെടെയുള്ള വൻമരങ്ങളുടെ നടീലും പരിപാലനവും, പാകമെത്തിയ തേക്ക് മരങ്ങൾ മുറിച്ചു മാറ്റൽ, വിലയേറിയ വൻമര ഇനങ്ങളായ വെള്ളാകിൽ, കമ്പകം, ഇരുൾ, ചടച്ചി എന്നിവയുടെ പരിപാലനം തുടങ്ങിയ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 5. വൻമരത്തോട്ടങ്ങൾ

**(വിഹിതം: 500.00 ലക്ഷം രൂപ)**

വൻമരത്തോട്ടങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും, നശിച്ചുപോയ തോട്ടങ്ങളെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുകയുമാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയിലൂടെ മെച്ചപ്പെട്ട പ്ലാന്റേഷൻ സ്റ്റോക്കും അതിലൂടെ ഖജനാവിലേക്കുള്ള മെച്ചപ്പെട്ട വരുമാനവും ലക്ഷ്യമിടുന്നു. ആദിവാസി ജനവിഭാഗങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് പ്രദേശിക ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. തദ്ദേശീയ ഇനങ്ങളുടെ തൈകൾ നട്ടുപിടിപ്പിച്ച് നശിച്ചുപോയ തോട്ടങ്ങളെ സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതാണ്. പഴയ വൻമരത്തോട്ടങ്ങളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുവാനും ലക്ഷ്യമിടുന്നു. പദ്ധതിയ്ക്ക് കീഴിലുള്ള പ്രവർത്തനങ്ങളിൽ പുതിയ തോട്ടങ്ങൾ വച്ചു പിടിപ്പിക്കൽ, പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങൾ, നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണവും പരിപാലനവും, തൈകൾ നട്ടു വളർത്തുകയും അവയുടെ പരിപാലനം എന്നിവയും ഉൾപ്പെടുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2025-26 ൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ ഘടകം തിരിച്ചുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | തോട്ടങ്ങളും നഴ്സറികളും - നട്ടുവളർത്തൽ | 250.00 |
| 2 | തോട്ടങ്ങളുടെ പരിപാലനം | 250.00 |
| **ആകെ** | | **500.00** |

## 6. വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന തോട്ടങ്ങൾ

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം നാശം സംഭവിച്ച വൻമരത്തോട്ടങ്ങളെ സ്വാഭാവിക വനങ്ങളാക്കി മാറ്റുക എന്നതാണ്. മെച്ചപ്പെട്ട ഇക്കോസിസ്റ്റം സേവനങ്ങളാണ് പദ്ധതിയിൽ നിന്നും പ്രതീക്ഷിക്കുന്ന ഫലങ്ങൾ. നാശം സംഭവിച്ച തോട്ടങ്ങളെ അനുയോജ്യമായ തദ്ദേശീയ ഇനങ്ങളുള്ള പ്രകൃതിദത്ത വനങ്ങളാക്കി മാറ്റുക, നിലവിലുള്ള തോട്ടങ്ങളുടെ പരിപാലനം, പരിസ്ഥിതി പുനരുദ്ധാരണം എന്നിവയാണ് വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ. മുള, ചൂരൽ തുടങ്ങിയ തദ്ദേശീയ ഇനങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. 2025-26 ൽ 50.00 ലക്ഷം രൂപ പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിരിക്കുന്നു.

## 7. ചെറുകിട വന വിഭവങ്ങൾക്കുള്ള താങ്ങുവില (25 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 100.00 ലക്ഷം രൂപ)**

മിനിമം താങ്ങുവില ഉറപ്പാക്കി തടിയിതര വന ഉത്പന്നങ്ങൾ/ചെറിയ വന ഉത്പന്നങ്ങൾ എന്നിവ വിപണനം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില നൽകുന്നതിലൂടെ, വിഭവങ്ങൾ ശേഖരിക്കുന്നവർക്കും അവരുടെ പരിശ്രമത്തിനും, വനവിഭവങ്ങളുടെ മൂല്യ വർദ്ധനവിനും ന്യായമായ വില ഉറപ്പാക്കുന്നു. വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുകയും അതുവഴി അവരുടെ ജീവിത നിലവാരം ഉയർത്തുകയും പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന ഫലങ്ങളാണ്. തടിയിതര വനവിഭവങ്ങൾ ശേഖരിക്കുന്നതിന് മെച്ചപ്പെട്ട താങ്ങു വിലയിലൂടെ പിന്തുണ നൽകുക, സംഭരണ കേന്ദ്രങ്ങൾ, ഗോഡൗണുകൾ, മൂല്യ വർദ്ധന യൂണിറ്റുകൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ്, വിപണന സഹായം തുടങ്ങിയ മെച്ചപ്പെട്ട സൗകര്യങ്ങളാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. സംസ്ഥാന വന വികസന ഏജൻസിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലെ അംഗീകൃത ഘടകങ്ങൾ ഇനിപ്പറയുന്നവയാണ് (1) കാട്ടു തേൻ, ശതാവരി, ചൂൽ പുല്ല് എന്നിവയുടെ സംഭരണം (2) വന വികസന ഏജൻസി തലത്തിൽ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക/നവീകരിക്കുക (3) വന വികസന ഏജൻസി തലത്തിൽ സംഭരണത്തിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക (4) സംസ്ഥാനതലത്തിൽ കേന്ദ്രീകൃത ശേഖരണ യൂണിറ്റും, മൂല്യ വർദ്ധന യൂണിറ്റും, പ്രോസസ്സിംഗ് യൂണിറ്റും സ്ഥാപിക്കുക, (5) റാന്നി എഫ്ഡിഎയിലും മൂന്നാർ എഫ്ഡിഎയിലും മൊബൈൽ ഹാറ്റ് ബസാർ സ്ഥാപിക്കുക. 2025-26 കാലയളവിൽ 25 ശതമാനം സംസ്ഥാന വിഹിതമായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8. കേരളാ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനുള്ള ധനസഹായം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

2025-26 ൽ ഗവിയിലെ തോട്ടം തൊഴിലാളികളുടെ ലേബർ ലൈനുകളുടെ അറ്റകുറ്റപ്പണികൾക്ക് സാമ്പത്തിക സഹായം ഉറപ്പാക്കുന്നു. പഴയ ആസ്ബസ്റ്റോസ് ഷീറ്റുകൾ മാറ്റി നിലവാരംമേറിയ ജി 1 ട്രാഫോർഡ് റൂഫിംഗ് ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും ലേബർ ലൈനുകളുടെ ഘടന മെച്ചപ്പെടുത്തുന്നതിനും 100.00 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് അനുവദിക്കുന്നതാണ്. ഈ അറ്റകുറ്റപ്പണികൾ ഘട്ടംഘട്ടമായി നടപ്പിലാക്കപ്പെട്ടും, ഇതുവഴി തൊഴിലാളികളുടെ ജീവിതനിലവാരവും താമസ സൗകര്യവും മെച്ചപ്പെടുത്തുന്നത് ലക്ഷ്യമാക്കുന്നു.

**III. അടിസ്ഥാന സൗകര്യ വികസനം**

ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, ഫോറസ്റ്റ് റോഡുകളുടെ സംരക്ഷണം, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

**9. റോഡുകൾ**

**(വിഹിതം: 400.00 ലക്ഷം രൂപ)**

വനസംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി വകുപ്പിലെ ജീവനക്കാരുടെ സഞ്ചാരം സുഗമമാക്കുന്ന തരത്തിൽ വനപാതകൾ മെച്ചപ്പെടുത്തുകയെന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. മെഡിക്കൽ സംബന്ധമായ അടിയന്തിരഘട്ടങ്ങളിലും മറ്റ് അവശ്യഘട്ടങ്ങളിലും വനമേഖലകളിൽ വസിക്കുന്ന ആദിവാസികൾക്ക് ഇത് ഏറെ സഹായകരമാവും. വനങ്ങളിലെ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കാണ് തുക അനുവദിച്ചിരിക്കുന്നത്. 2025-26 ൽ 400.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ ഘടകം തിരിച്ചുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | റോഡുകളുടെ നിർമ്മാണം/പരിപാലനം | 290.00 |
| 2 | ചപ്പാത്ത്/കൾവർട്ടുകൾ/ചെക്ക് ഡാമുകൾ/ക്രോസ്‌വേകൾ എന്നിവയുടെ നിർമ്മാണവും പരിപാലനവും | 70.00 |
| 3 | ഫുട്പാത്തിൽ ഇന്റർലോക്ക് ടൈലുകൾ പാകൽ | 20.00 |
| 4 | വീൽ ട്രാക്കിന്റെയും ട്രെക്ക് പാതയുടെയും നവീകരണം | 20.00 |
| **ആകെ** | | **400.00** |

**10. കെട്ടിടങ്ങൾ**

**(വിഹിതം: 500.00 ലക്ഷം രൂപ)**

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വനസംരക്ഷണം ശക്തിപ്പെടുത്തുകയാണ് പ്രധാന ലക്ഷ്യം. വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണം, നവീകരണം, പുനരുദ്ധാരണം എന്നിവ പ്രധാന പ്രവൃത്തികളിൽപ്പെടുന്നു. മെച്ചപ്പെട്ട വനസംരക്ഷണമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്. 2025-26 ൽ 500.00 ലക്ഷം രൂപ ഈ പദ്ധതിയിൽ വിനിയോഗിക്കാവുന്നതാണ്. ഓഫീസ് കെട്ടിടങ്ങൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, സ്റ്റേഷൻ കെട്ടിടങ്ങൾ, ഡോർമിറ്ററി, ഐബി, വാച്ച് ടവ്വർ, ക്യാമ്പ് ഷെഡ്, ചെക്ക് പോസ്റ്റ് എന്നിവയുടെ നിർമ്മാണവും നവീകരണവുമാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങളിൽ ഉൾപ്പെടുന്നത്.

**IV. ജൈവ വൈവിധ്യ സംരക്ഷണവും സംരക്ഷിത പ്രദേശങ്ങളുടെ പരിപാലനവും**

വനം-വന്യജീവി സംരക്ഷണം, ജൈവ വൈവിധ്യ സംരക്ഷണം എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. കൂടാതെ കണ്ടൽക്കാടുകളുടെയും, കാവുകളുടേയും, ചതുപ്പ് പ്രദേശങ്ങളുടെയും സംരക്ഷണവും ഇതിൽ ഉൾപ്പെടുന്നു. വനം വന്യജീവിപരിപാലനം, വേട്ടയാടൽ നിയന്ത്രണം, വന്യജീവികളുടെ അനധികൃത വ്യാപാരത്തിൽ നിയന്ത്രണം ഏർപ്പെടുത്തൽ, വിദ്യാഭ്യാസ-ആവിഷ്കരണ പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ മുതലായവയാണ് പ്രധാന പ്രവൃത്തികൾ.

## 11. ജൈവ വൈവിധ്യ സംരക്ഷണം

**(വിഹിതം: 597.00 ലക്ഷം രൂപ)**

ജൈവവൈവിധ്യ സമ്പത്തിന്റെ സംരക്ഷണമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ സസ്യാദികളുടേയും ജന്തുജാലങ്ങളുടേയും സംരക്ഷണത്തിനു വേണ്ടിയുള്ള പ്രത്യേക പരിപാടികൾ, ബോധവൽക്കരണം, പങ്കാളിത്താധിഷ്ഠിതമായ സ്വാഭാവിക പ്രകൃതി വിഭവ പരിപാലനം, രക്ഷാ കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണി, കാട്ടുതീ സംരക്ഷണ പദ്ധതികൾ, ആവാസവ്യവസ്ഥകളുടെ മെച്ചപ്പെടുത്തൽ, വേട്ടയാടൽ വിരുദ്ധ ക്യാമ്പുകളുടെ നടത്തിപ്പ്, പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള അവാർഡുകൾ, ജലവിഭവ പരിപാലനം, പരിസ്ഥിതി വികസന പ്രവൃത്തികൾ, ഉപദ്രവകാരികളായ കളകൾ നശിപ്പിക്കുക, വന്യജീവി വാരാഘോഷം സംഘടിപ്പിക്കൽ, വന്യമൃഗങ്ങൾ ധാന്യവിളകൾ നശിപ്പിക്കുന്നത് തടയൽ, ഗവേഷണ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, വനം, വന്യജീവി, ജൈവ വൈവിധ്യം എന്നിവയിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ സ്വാധീനത്തെക്കുറിച്ചുള്ള പഠനം മുതലായ പ്രവൃത്തികൾ ഇതിൽ ഉൾപ്പെടുന്നു. വനമേഖലയ്ക്ക് പുറത്ത് ജൈവവൈവിധ്യ സമ്പുഷ്ടമായ പ്രദേശങ്ങളുടെ സംരക്ഷണം, സംരക്ഷിത പ്രദേശങ്ങളായ കണ്ടൽക്കാടുകളുടേയും, കാവുകളുടേയും സംരക്ഷണം എന്നിവയും ഇതിൽ ഉൾപ്പെടുന്നു. ജൈവവിഭവങ്ങളുടെ സംരക്ഷണമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 2025-26 ൽ 597.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിയുടെ ഘടകം തിരിച്ചുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വേട്ടയാടൽ വിരുദ്ധ ക്യാമ്പുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വന്യജീവി, വനവൽക്കരണ ആഘോഷങ്ങൾ, അവാർഡുകൾ, സംരക്ഷണം, പ്രകൃതി വിദ്യാഭ്യാസ കേന്ദ്രങ്ങൾ, വേട്ടയാടൽ വിരുദ്ധ ക്യാമ്പ് ഷെഡുകളിൽ നിയമനം നടത്തൽ, പ്രൊട്ടക്ഷൻ വാച്ചർ | 275.00 |
| 2 | കാട്ടുതീ നിയന്ത്രണവും ഫയർ ലൈനുകളും, ഗല്ലി പ്ലഗ്ഗിംഗ്, അന്യദേശ കളകളെ നശിപ്പിക്കൽ, മൃഗസംരക്ഷണം, പോസ്റ്റ് മോർട്ടം നടത്തി വന്യമൃഗങ്ങളുടെ ശവശരീരം സംസ്കരിക്കൽ | 100.00 |
| 3 | റോഡുകൾ, പാതകൾ, പട്രോളിംഗ് റൂട്ടുകൾ, കെട്ടിടങ്ങൾ, വയലുകൾ, ചെക്ക് ഡാമുകൾ, വെള്ളക്കുഴികൾ, വന്യമൃഗ അഭയകേന്ദ്രങ്ങൾ, പാലിയേറ്റീവ് കെയർ യൂണിറ്റുകൾ എന്നിവയുടെ നിർമ്മാണം/പരിപാലനം | 70.00 |
| 4 | പബ്ലിസിറ്റി, വൃക്ഷപംക്തി തെളിക്കൽ, പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യൽ | 30.00 |
| 5 | കൺസർവേഷൻ ബയോളജിസ്റ്റുകളെ ഉൾപ്പെടുത്തിക്കൊണ്ട് സർവേകൾ/നിരീക്ഷണവും ഡോക്യുമെന്റേഷനും | 25.00 |
| 6 | ക്യാപ്റ്റീവ് എലിഫന്റ് മാനേജ്മെന്റ്, സൈബർ സെല്ലിനുള്ള പിന്തുണ, വന്യമൃഗ പുനരധിവാസം, വാഹനങ്ങളുടെ നവീകരണം, പി.ഒ.എൽ ചാർജ്ജുകൾ, ഓഫീസ്/ഐ.ടി ചെലവുകൾ, പക്ഷി സംരക്ഷണം. | 75.00 |
| 7 | ജൈവ വൈവിധ്യ മേഖലകളുടെ സംരക്ഷണം- കണ്ടൽക്കാടുകളും കാവുകൾ, ജൈവവൈവിധ്യ പാർക്കുകൾ, ബട്ടർഫ്ലൈ പാർക്കുകൾ തുടങ്ങിയവ. | 22.00 |
| **ആകെ** | | **597.00** |

## 12. പരിസ്ഥിതി വികസന പരിപാടി

**(വിഹിതം: 350.00 ലക്ഷം രൂപ)**

തദ്ദേശീയ ജനങ്ങളുമായുള്ള സമ്പർക്ക പ്രശ്നങ്ങൾ, പ്രത്യേകിച്ച് ബദൽ ഉപജീവന മാർഗങ്ങളും റിസോഴ്സസ് മാനേജ്മെന്റും പരിപോഷിപ്പിക്കുന്നതിനുള്ള ആസൂത്രണവും പിന്തുണയും പദ്ധതി വിഭാവനം ചെയ്യുന്നു. പരിസ്ഥിതി വികസനത്തിൽ പ്രകൃതിവിഭവങ്ങളുടെ പങ്കാളിത്ത സംരക്ഷണം ഉൾപ്പെടുന്നു. അതിൽ സംരക്ഷിത പ്രദേശങ്ങളിലും വനമേഖലയിലും പരിസരങ്ങളിലുമുള്ള പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുകയും അവരുടെ തദ്ദേശീയമായ അറിവും അനുഭവവും പ്രയോജനപ്പെടുത്തുവാൻ പ്രാദേശിക സമൂഹങ്ങളെ ശാക്തീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇക്കോഡെവലപ്മെന്റ് പ്രോഗ്രാം തദ്ദേശീയരുമായുള്ള സമ്പർക്ക പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നു. പ്രത്യേകിച്ച്, ബദൽ ഉപജീവന

സംവിധാനവും റിസോഴ്സസ് മാനേജ്മെന്റും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ആസൂത്രണവും പിന്തുണയും ഈ പദ്ധതി പ്രകാരം വിവിധ വന്യമൃഗ സങ്കേതങ്ങളിലെ പരിസ്ഥിതി വികസന പരിപാടികൾ ഏറ്റെടുക്കുന്നു. വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളാണ് പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്നത്. വെള്ളപ്പൊക്കംമൂലം നാശനഷ്ടം സംഭവിച്ച ഊരുകളിലെ നിവാസികൾക്ക് ഉപജീവനത്തിന് ബദൽ സംവിധാനങ്ങൾ നിർദ്ദേശിക്കുക, കൈത്തറിപോലുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി നൈപുണ്യം വർദ്ധിപ്പിക്കുക, ഇതര ഊർജ്ജസ്രോതസ്സ് പ്രചരിപ്പിക്കുക, ഖരമാലിന്യ സംസ്കരണവും ജൈവ കൃഷിരീതികളും പ്രോത്സാഹിപ്പിക്കുക, ശുചിത്വസൗകര്യങ്ങളും കുടിവെള്ള സൗകര്യവും ഏർപ്പെടുത്തുക, ക്യാമ്പുകൾ സംഘടിപ്പിക്കുക, ഇ.ഡി.സിയുടെ സഹായം ഉറപ്പാക്കുക, കള നീക്കം ചെയ്യൽ, വനങ്ങളിൽ നിന്നു പകരുന്ന രോഗങ്ങളിൽ നിന്നുള്ള സംരക്ഷണം എന്നിവയാണ് പ്രധാന പ്രവൃത്തികൾ. 2025-26 ൽ ഈ പദ്ധതിക്കായി 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 13. ഇക്കോ ടൂറിസം

**(വിഹിതം: 600.00 ലക്ഷം രൂപ)**

പ്രകൃതിയുടെയും വന്യജീവികളുടെയും സംരക്ഷണം ഉൾപ്പെടുന്ന സുസ്ഥിര ടൂറിസം സമ്പ്രദായങ്ങൾ ഉറപ്പാക്കുകയും പ്രാദേശിക സമൂഹങ്ങളെ ഇക്കോടൂറിസത്തിന്റെ ഗുണഭോക്താക്കളാക്കുകയും ചെയ്യുക എന്നതാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. ഈ പദ്ധതി ഇക്കോടൂറിസം മേഖലകളിലെ ആഘാതം ലഘൂകരിക്കുക, പാരിസ്ഥിതിക അവബോധം വളർത്തുക, വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുക, സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമായ ടൂറിസം എന്നിവയ്ക്ക് ഊന്നൽ നൽകുന്നു. സംസ്ഥാനത്തെ ഇക്കോടൂറിസം പദ്ധതികൾ നിരീക്ഷിക്കുക, ഇത് സാമൂഹികവും സാംസ്കാരികവും പാരിസ്ഥിതികവുമായ പ്രതികൂല സാഹചര്യങ്ങൾ ഉളവാക്കുന്നില്ല എന്ന് ഉറപ്പാക്കുക, എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. വനമേഖലയെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ, പരിസ്ഥിതി പഠനം, ജൈവ വൈവിദ്ധ്യ സംരക്ഷണം എന്നീ മേഖലകൾ കേന്ദ്രീകരിച്ചാണ് ഇക്കോടൂറിസം പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. പൊതുജന അവബോധം, വനവാസികളുടെ ഉപജീവനം മെച്ചപ്പെടുത്തൽ, സുസ്ഥിര ടൂറിസം സമ്പ്രദായങ്ങൾ, കാർബൺ പാദമുദ്രയുടെ ലഘൂകരണം എന്നിവയാണ് നിർദ്ദിഷ്ട ലക്ഷ്യങ്ങൾ. ടൂറിസം സൈറ്റുകളുടെ വാഹകശേഷി വിലയിരുത്തൽ, പഠന-ഗവേഷണങ്ങൾ എന്നിവക്ക് ഫണ്ട് വിനിയോഗിക്കാവുന്നതാണ്. 2025-26 ബജറ്റിൽ ഈ പദ്ധതിക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഈ പദ്ധതിയുടെ ഘടകം തിരിച്ചുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഇക്കോടൂറിസം സൈറ്റുകളുടെ നവീകരണം, ഏകീകരണം, വെള്ളപ്പൊക്കത്തിൽ തകർന്ന അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം | 300.00 |
| 2 | നിലവിലുള്ള ഇക്കോടൂറിസം സൈറ്റുകളുടെ ശാക്തീകരണം, മറയൂരിലെ ചന്ദന മ്യൂസിയം, വെബ്സൈറ്റുകൾ, വീഡിയോകൾ ബ്രൗഷറുകൾ എന്നിവയുടെ നിർമ്മാണം | 150.00 |
| 3 | ഇക്കോടൂറിസം കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ, സാമഗ്രികൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനം | 30.00 |
| 4 | ഇക്കോടൂറിസം കേന്ദ്രങ്ങളിലെ സൗകര്യങ്ങളുടെ പരിപാലനം, മാനവികശേഷി വികസനം, പഠനങ്ങൾ, ഗവേഷണങ്ങൾ | 60.00 |
| 5 | സംരക്ഷണ പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണം | 60.00 |
| | **ആകെ** | **600.00** |

### 14. ആനകൾക്കുള്ള സംരക്ഷണ കേന്ദ്രം കാപ്പുകാട് – കോട്ടൂർ

**(വിഹിതം: 200.00 ലക്ഷം രൂപ)**

തിരുവനന്തപുരത്തെ കോട്ടൂരിൽ ലോകോത്തര നിലവാരത്തിൽ ഉള്ള ആനകൾക്ക് വിഹരിക്കുന്നതിനുള്ള തുറന്ന പ്രദേശം, തുറസ്സായ വേലിക്കെട്ടുകൾ, മ്യൂസിയം, ആന പാപ്പാന്മാർക്കുള്ള പരിശീലന കേന്ദ്രം, വെറ്ററിനറി ഹോസ്പിറ്റൽ, ആനപിണ്ട പുനരുപയോഗ യൂണിറ്റ് തുടങ്ങിയ

സൗകര്യങ്ങളോടെ ഒരു ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. നെയ്യാർ-പേപ്പാറ വന വികസന ഏജൻസിയാണ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ. ആരോഗ്യകരമായ അന്തരീക്ഷം ആനകൾക്ക് ഉറപ്പാക്കുകയും, പാപ്പാന്മാരുടെ പരിശീലന കേന്ദ്രവും മ്യൂസിയവും അമൂല്യമായ ആസ്തികളാക്കി മാറ്റുകയുമാണ് പ്രധാന പ്രതീക്ഷിത ഫലങ്ങൾ. ആനകളുടെ ചെലവുകൾ, ഓഫീസ് ചെലവുകൾ, ജീവനക്കാരുടെ ചെലവ്, വൈദ്യുതിയും വെള്ളവും ഉൾപ്പെട്ട അടിസ്ഥാന സൗകര്യ വികസനം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പുനരധിവാസ പരിപാലന കേന്ദ്രത്തിന്റെ വടക്കൻ കേരളത്തിലെ സാറ്റലൈറ്റ് സെന്റർ സ്ഥാപിക്കൽ തുടങ്ങിയവ ന2025-26 ൽ വിഭാവനം ചെയ്യുന്നു. 2025-26 ൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 15. മാനവവിഭവശേഷി വികസനം

**(വിഹിതം: 350.00 ലക്ഷം രൂപ)**

മതിയായ പരിശീലനത്തിലൂടെയും മനുഷ്യവിഭവശേഷി വർദ്ധനവിലൂടെയും വനംവകുപ്പിന്റെ ശാക്തീകരണമാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വാളയാറിലും, അരിപ്പയിലും, പി.റ്റി.പി നഗറിലും ഉള്ള പരിശീലന കേന്ദ്രങ്ങളുടെ നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. വനം വകുപ്പിലെ വിവിധ കേഡറിലുള്ള വനം വകുപ്പ് ഉദ്യോഗസ്ഥർ, എൻട്രി ലെവലിലുള്ള ട്രൈബൽ വാച്ചർമാർ, ഡ്രൈവർമാർ എന്നിവർക്കുള്ള പരിശീലന പരിപാടികൾ, വനം വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർക്കും, സന്നദ്ധ സംഘടനകൾക്കും, മറ്റു വികസന ഏജൻസികൾക്കുമുള്ള ബോധവത്ക്കരണ പരിപാടികൾ, കപ്പാസിറ്റി ബിൽഡിംഗ് തുടങ്ങിയവ വിഭാവനം ചെയ്യുന്നു. വനം വകുപ്പിലെ വിവിധ തലങ്ങളിലെ ജീവനക്കാർക്കുള്ള ഇൻഡക്ഷൻ, ഇൻ-സർവ്വീസ് ഓറിയന്റേഷൻ, പരിശീലന പരിപാടികൾ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

വനം വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിശീലനങ്ങൾ, ശിൽപ്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും, കായിക പരിശോധന പരിപാടികൾക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്. പരിശീലന പരിപാടികളുടെ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ചെലവുകളും ഈ വിഹിതത്തിൽ നിന്നും വിനിയോഗിക്കും. നിലവിലുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനും പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഭരണപരമായ ചെലവുകളും, ജീവനക്കാർക്ക് വേണ്ടി വരുന്ന ചെലവുകളും നോൺ പ്ലാൻ ഇനത്തിൽ നിന്നും വഹിക്കേണ്ടതാണ്. പരിശീലന കേന്ദ്രങ്ങൾ, എച്ച്.ആർ.ഡി ഓഫീസ്, ട്രെയിനിംഗ് ഹോസ്റ്റൽ, പരിശീലന ഹാൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ക്വാർട്ടേഴ്സ്, ക്ലാസ് മുറികൾ, ഫോറസ്റ്റ് സെൻട്രൽ ലൈബ്രറിയുടെ പരിപാലനവും അറ്റകുറ്റപ്പണിയും, വാഹന ഷെഡ്, കുടിവെള്ള സൗകര്യം, കോമ്പൗണ്ട് ഭിത്തി, വേലി ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ, കമ്പ്യൂട്ടർ, എയർ കണ്ടീഷണറുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും, വാഹനങ്ങളുടെ ഇന്ധന ചിലവുകൾ, പരിശീലന ചെലവ്, മെറ്റീരിയൽ ചെലവ്, തൊഴിലാളികളുടെ ദിവസവേതനം, ഐ.റ്റി സേവനങ്ങൾ, കാലാവസ്ഥാ സ്റ്റേഷൻ, കുടിവെള്ള കണക്ഷൻ, ഡോക്യുമെന്റേഷൻ, വാഹനങ്ങളുടെയും കെട്ടിടങ്ങളുടേയും അറ്റകുറ്റപ്പണികൾ തുടങ്ങിയവയ്ക്ക് പദ്ധതിവിഹിതം വിനിയോഗിക്കാവുന്നതാണ്. 2025-26 ൽ ഈ പദ്ധതിക്കായി 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 16. വന്യജീവി ആവാസവ്യവസ്ഥയുടെ സംയോജിത വികസനം (40 ശതമാനം സംസ്ഥാന വിഹിതം)

കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, കാനനപാതകളുടെ നിർമ്മാണവും പരിപാലനവും, അടിസ്ഥാന സൗകര്യങ്ങളായ ഓഫീസ്, ക്വാർട്ടേഴ്സ്, വിശ്രമകേന്ദ്രങ്ങൾ, ഡോർമെട്രികൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, വാർത്താ വിനിമയ സൗകര്യങ്ങൾ, വയർലസ് സെറ്റുകൾ, രാത്രി കാഴ്ചാ ഉപകരണങ്ങൾ, വാഹനങ്ങൾ, ക്യാമറ, ബൈനോക്കുലറുകൾ, ജി.പി.എസ് ഉപകരണങ്ങൾ, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും, വൈദ്യുത വേലികളുടെ നിർമ്മാണം, ആനകളുടെ ആക്രമണത്തിൽ നിന്ന് കൃഷിഭൂമി സംരക്ഷിക്കുന്നതിനായി കല്ലുകൊണ്ടുള്ള മതിലിന്റെയും, ട്രഞ്ചുകളുടെയും നിർമ്മാണം, വന്യമൃഗ ആക്രമണത്തിനു വിധേയരായവർക്കുള്ള നഷ്ടപരിഹാരം, ജൈവ വൈവിധ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനുള്ള ഗവേഷണങ്ങളും പരിശീലനങ്ങളും, വനത്തിനുള്ളിലെ ചതുപ്പ് വയലുകളുടെ പരിപാലനം, കുളം, തടയണകൾ എന്നിവയുടെ നിർമ്മാണം, ഉപദ്രവകാരികളായ കളകളുടെ നിർമ്മാർജ്ജനം, പ്രകൃതി ക്യാമ്പുകൾ, സൂചനാ ബോർഡുകൾ സ്ഥാപിക്കൽ, ലഘുലേഖകളുടെ അച്ചടിയും വിതരണവും, വന്യമൃഗങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്ന ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം, വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആളുകൾക്ക് ജീവനോപാധിയ്ക്കായി മറ്റൊരു മാർഗ്ഗം എന്ന നിലയിൽ നല്ലയിനം കന്നുകാലികളെ നൽകൽ, തൊഴിൽ പരിശീലനങ്ങൾ,

സൗരോർജ്ജവിളക്കുകൾ നൽകൽ, തയ്യൽ മെഷീനുകൾ, എൽ.പി.ജി വിതരണം, ബയോഗ്യാസ് പ്ലാന്റുകൾ, പുകയില്ലാത്ത അടുപ്പുകൾ തുടങ്ങിയവയുടെ വിതരണം മുതലായ പ്രധാന പ്രവർത്തനങ്ങളാണ് പരിപാടികളിൽ വിഭാവനം ചെയ്തിരിക്കുന്നത്. മാനേജ്മെന്റ് പ്ലാനിംഗ്, കപ്പാസിറ്റി ബിൽഡിംഗ്, വന്യജീവി ഗവേഷണത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ശാക്തീകണം, വന്യജീവി വെറ്ററിനറി പരിചരണം, ജീവനക്കാരുടെ കാര്യനിർവ്വഹണശേഷി വർദ്ധിപ്പിക്കലും, വേട്ടയാടൽ വിരുദ്ധ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യ ശാക്തീകരണം, ആവാസവ്യവസ്ഥാ പുനഃസ്ഥാപനം, പരിസ്ഥിതി വികസനം, സാമൂഹികാധിഷ്ഠിത പ്രവർത്തനങ്ങൾ എന്നിവയും പദ്ധതിയുടെ പരിധിയിൽപ്പെടുന്നു.

**i. വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനം -16 എണ്ണം (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 300.00ലക്ഷം രൂപ)**

വന്യജീവി ആവാസവ്യവസ്ഥകളുടെയും വന്യജീവികളുടെയും പരിപാലനം, മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ ലഘൂകരണം, ഇക്കോ-ടൂറിസം, പരിസ്ഥിതി വികസനം, വിദ്യാഭ്യാസവും ബോധവത്ക്കരണവും, ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ചുവടെ ചേർത്തിട്ടുള്ള 16 വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനത്തിനുള്ള തുകയുടെ 40 ശതമാനം സംസ്ഥാന വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു. സംസ്ഥാന വിഹിതമായ 40 ശതമാനം പദ്ധതി വിഹിതമായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | വന്യജീവി സംരക്ഷണകേന്ദ്രങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നെയ്യാർ വന്യജീവി സംരക്ഷണ കേന്ദ്രം | 23.00 |
| 2 | വയനാട് വന്യജീവി സംരക്ഷണ കേന്ദ്രം | 50.00 |
| 3 | ഇടുക്കി വന്യജീവി സംരക്ഷണ കേന്ദ്രം | 25.00 |
| 4 | പീച്ചി, വാഴാനി വന്യജീവി സംരക്ഷണ കേന്ദ്രം | 25.00 |
| 5 | പേപ്പാറ വന്യജീവി സംരക്ഷണ കേന്ദ്രം | 20.00 |
| 6 | ഷെന്തുരുണി വന്യജീവി സംരക്ഷണ കേന്ദ്രം | 25.00 |
| 7 | ചിമ്മണി വന്യജീവി സംരക്ഷണ കേന്ദ്രം | 22.00 |
| 8 | ആറളം വന്യജീവി സംരക്ഷണ കേന്ദ്രം | 22.00 |
| 9 | ചിന്നാർ വന്യജീവി സംരക്ഷണ കേന്ദ്രം | 16.00 |
| 10 | തട്ടേക്കാട് പക്ഷി സങ്കേതം | 15.00 |
| 11 | മംഗളവനം പക്ഷി സങ്കേതം | 5.00 |
| 12 | കുറിഞ്ഞി മല സങ്കേതം | 8.00 |
| 13 | ചൂളന്നൂർ മയിൽ സങ്കേതം | 7.00 |
| 14 | മലബാർ വന്യമൃഗ സംരക്ഷണ കേന്ദ്രം | 11.00 |
| 15 | കൊട്ടിയൂർ വന്യജീവി സംരക്ഷണ കേന്ദ്രം | 12.00 |
| 16 | കരിമ്പുഴ വന്യജീവി സംരക്ഷണ കേന്ദ്രം | 14.00 |
| | **ആകെ** | **300.00** |

**ii. ദേശീയ പാർക്കുകളുടെ പരിപാലനം -5 എണ്ണം (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 120.00 ലക്ഷം രൂപ)**

മാനേജ്മെന്റ് പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ 5 ദേശീയ പാർക്കുകളുടെ സംരക്ഷണവും പരിപാലനവും ആണ് പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്. വന്യജീവി ആവാസവ്യവസ്ഥകളുടെയും മൃഗങ്ങളുടെയും പരിപാലനം, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം, ഇക്കോടൂറിസം, പരിസ്ഥിതി വികസനം, വിദ്യാഭ്യാസവും ബോധവൽക്കരണവും, കാര്യശേഷി വികസനം തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുന്നു. ചുവടെ ചേർത്തിട്ടുള്ള 5 ദേശീയ പാർക്കുകളുടെ പരിപാലനത്തിനുള്ള തുകയുടെ 40 ശതമാനം സംസ്ഥാന വിഹിതമായി 120.00 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു.

| ക്രമ നമ്പർ | ദേശീയ പാർക്കുകൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഇരവികുളം ദേശീയ പാർക്ക് | 35.00 |
| 2 | സൈലന്റ് വാലി ദേശീയ പാർക്ക് | 40.00 |
| 3 | ആനമുടി ദേശീയ പാർക്ക് | 15.00 |
| 4 | മതികെട്ടാൻ മല ദേശീയ പാർക്ക് | 15.00 |
| 5 | പാമ്പാടുംചോല ദേശീയ പാർക്ക് | 15.00 |
| | **ആകെ** | **120.00** |

**iii. കമ്മ്യൂണിറ്റി റിസർവ്വിന്റെ പരിപാലനം - കടലുണ്ടി വള്ളിക്കുന്നം കമ്മ്യൂണിറ്റി റിസർവ്വ് (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 12.00 ലക്ഷം രൂപ)**

മാനേജ്മെന്റ് പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ കമ്മ്യൂണിറ്റി റിസർവ്വ് സംരക്ഷണവും പരിപാലനവും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വന്യജീവി ആവാസവ്യവസ്ഥയുടെയും വന്യജീവികളുടെയും പരിപാലനം, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കൽ, ഇക്കോ-ടൂറിസം, പരിസ്ഥിതി വികസനം തുടങ്ങിയ പ്രവർത്തനങ്ങൾ, അടിസ്ഥാന വാർത്താവിനിമയ ഗതാഗത സൗകര്യങ്ങൾ, സംരക്ഷിത മേഖലകളുടെ സംരക്ഷണം, പരിശീലനം, ഗവേഷണം, കാര്യശേഷി വികസനം, എക്സ്പോഷർ സന്ദർശനങ്ങൾ, പരിസ്ഥിതി ക്യാമ്പുകൾ, ബോധവൽക്കരണം തുടങ്ങിയവ ഇതിൽപ്പെടുന്നു. കടലുണ്ടി - വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വിന്റെ പരിപാലനത്തിനായി 40 ശതമാനം സംസ്ഥാന വിഹിതമായി 12.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**iv. പ്രോജക്റ്റ് ടൈഗർ – 2 ടൈഗർ റിസർവുകൾ (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 600.00 ലക്ഷം രൂപ)**

കടുവ സംരക്ഷണ പദ്ധതി പ്രകാരം സംസ്ഥാനത്തെ രണ്ട് കടുവാ സങ്കേതങ്ങളുടെ സംരക്ഷണവും പരിപാലനവുമാണ് പദ്ധതിയുടെ ലക്ഷ്യം. കടുവകളുടെ ആവാസവ്യവസ്ഥയുടെ പരിപാലനം, ജലസ്രോതസ്സുകളുടെ പരിപാലനം, നിരീക്ഷണം, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കൽ, ഇക്കോടൂറിസം, പരിസ്ഥിതി വികസനം, ബോധവൽക്കരണം, വിദ്യാഭ്യാസം, കാര്യശേഷി വികസനം, ഗവേഷണം, ഫീൽഡ് ഉപകരണങ്ങൾ, അടിസ്ഥാനസൗകര്യങ്ങളുടെ ശാക്തീകരണം, വേട്ടയാടൽ വിരുദ്ധ പ്രവർത്തനങ്ങൾ തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതി പ്രകാരം പെരിയാർ കടുവാ സങ്കേതത്തിനും, പറമ്പിക്കുളം കടുവാ സങ്കേതത്തിനും സഹായം ലഭിക്കുന്നു. 40 ശതമാനം സംസ്ഥാന വിഹിതമായി 600.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ടൈഗർ റിസർവ്വുകൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പെരിയാർ ടൈഗർ റിസർവ്വ് | 340.00 |
| 2 | പറമ്പിക്കുളം ടൈഗർ റിസർവ്വ് | 260.00 |
| | **ആകെ** | **600.00** |

**17. ദേശീയ വനവൽക്കരണ പരിപാടി – നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യ (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 200.00 ലക്ഷം രൂപ)**

ദേശീയ വനവൽക്കരണ പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങളിൽ, വനവിഭവങ്ങളുടെ പരിപാലനം, സുസ്ഥിരമായ വികസനം, വനങ്ങളുടെയും മരങ്ങളുടെയും സംരക്ഷണം, വനവിസ്തൃതി വർദ്ധിപ്പിക്കൽ, വനാശ്രിത സമൂഹത്തിന്റെ ജീവനോപാധികൾ മെച്ചപ്പെടുത്തൽ എന്നിവ ഉൾപ്പെടുന്നു. കാലാവസ്ഥാ വ്യതിയാന പ്രതിഭാസങ്ങൾ രാജ്യത്തെ പ്രകൃതി ജൈവ വിഭവങ്ങളുടെ വിതരണത്തെയും ഗുണനിലവാരത്തെയും ഗുരുതരമായി ബാധിക്കുന്നതോടൊപ്പം ബന്ധപ്പെട്ട വിഭാഗങ്ങളുടെ ജീവനോപാധിയേയും ബാധിക്കുമെന്ന് കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ദേശീയ പ്രവർത്തന

പദ്ധതി (എൻ.എ.പി.സി.സി) യുടെ കീഴിലുള്ള 8 മിഷനുകളിൽ ഒന്നായ നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യ (ജി.ഐ.എം) അഭിപ്രായപ്പെടുന്നു. വനമേഖലയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക, ആവാസവ്യവസ്ഥയുടെ സേവനങ്ങൾ മെച്ചപ്പെടുത്തുക, ആവാസവ്യവസ്ഥ പുനസ്ഥാപിക്കുക, വനവിസ്തൃതി വർദ്ധിപ്പിക്കുക, നഗര-അർദ്ധനഗര പ്രദേശങ്ങളിൽ വൃക്ഷങ്ങളുടെ വ്യാപനം വർദ്ധിപ്പിക്കുക, കാർഷിക വനവത്ക്കരണം, സാമൂഹിക വനവത്ക്കരണം, തണ്ണീർത്തടങ്ങളുടെ പുനരുദ്ധാരണം, ബദൽ പ്രോത്സാഹനം, ഊർജ്ജ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന ഫലങ്ങൾ.

ഗ്രീൻ ഇന്ത്യാമിഷന് കീഴിൽ വിഭാവനം ചെയ്യുന്ന പ്രധാന പ്രവർത്തനങ്ങൾ, (1) മെച്ചപ്പെട്ട വനവിസ്തൃതിയും, പരിസ്ഥിതി സേവനങ്ങളും, (2) ആവാസവ്യവസ്ഥാ പുനസ്ഥാപനവും, വനവിസ്തൃതി വർദ്ധിപ്പിക്കലും, (3) നഗരങ്ങളിലും നഗരങ്ങളോട് ചേർന്ന പ്രദേശങ്ങളിലും വൃക്ഷങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക, (4) കാർഷിക വനവൽക്കരണവും സാമൂഹ്യ വനവൽക്കരണവും (ബയോമാസ് വർദ്ധിപ്പിക്കുക, കാർബൺ സിങ്ക് സൃഷ്ടിക്കുക), (5) തണ്ണീർത്തടങ്ങൾ പുനസ്ഥാപിക്കുക, (6) മറ്റ് സഹായ പ്രവർത്തനങ്ങൾ എന്നിവയാണ്. പദ്ധതിയുടെ 40 ശതമാനം സംസ്ഥാന വിഹിതമായി 200.00 ലക്ഷം രൂപ 2025-26-ൽ വകയിരുത്തിയിരിക്കുന്നു.

**18. വന്യജീവി ആവാസവ്യവസ്ഥകളുടെ സംയോജിത വികസനം - സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള വന്യജീവികളുടെ സംരക്ഷണം (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 300.00 ലക്ഷം രൂപ)**

സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള മനുഷ്യ-വന്യജീവി സംഘർഷം സമഗ്രമായി പരിഹരിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. വേലികളുടെ നിർമ്മാണവും പുനരുദ്ധാരണവും, ആനകളെ പ്രതിരോധിക്കുന്നതിനുള്ള ഭിത്തികളുടെയും കിടങ്ങുകളുടെയും നിർമ്മാണം, ആർ.ആർ.ടി കളുടെ നവീകരണം, വന്യജീവി ആക്രമണത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാരവും ആശ്വാസവും, മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള പഠനവും വിലയിരുത്തലും എന്നിവയാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രവർത്തനങ്ങൾ. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുകയെന്നതാണ് പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ഫലം. 2025-26 ൽ 40 ശതമാനം സംസ്ഥാന വിഹിതമായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ ഘടകം തിരിച്ചുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഫെൻസിങ്, എലിഫെന്റ് പ്രൂഫ് ഭിത്തികളുടെയും കിടങ്ങുകളുടെയും നിർമ്മാണം, സ്ഥാപിക്കലും, പരിപാലനവും. | 129.00 |
| 2 | ആർആർടികളുടെയും എലിഫന്റ് സ്ക്വാഡുകളുടെയും നവീകരണം, വന്യജീവി ആക്രമണത്തിന് ഇരയായവർക്കുള്ള പരിഹാരം/നിരീക്ഷകരെ നിയോഗിക്കുക, വന്യജീവി നിരീക്ഷണത്തിനും ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള ഉപകരണങ്ങൾ. | 150.00 |
| 3 | പഠനവും വിലയിരുത്തലും, അവാർഡുകൾ, നീലഗിരി താറുകളുടെ ജനസംഖ്യയും ലാൻഡ്സ്കേപ്പും സംബന്ധിച്ച് നടത്തുന്ന പഠനം (ഡോക്യുമെന്റേഷൻ, സർവ്വേ ഉൾപ്പെടെ), ക്യാമ്പിംഗ് ഉപകരണങ്ങളും പ്രവർത്തനങ്ങളും, കടുവകൾക്കായുള്ള നിരീക്ഷണ സംവിധാനം നടപ്പിലാക്കൽ, തീവ്രമായ സംരക്ഷണവും പാരിസ്ഥിതിക നിലയും. | 21.00 |
| **ആകെ** | | **300.00** |

**19. കാട്ടുതീ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള പദ്ധതി (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 240.00 ലക്ഷം രൂപ)**

വനമേഖലയിലെ തീപിടുത്തങ്ങൾ നിയന്ത്രിക്കുകയും അതുവഴി സസ്യ-ജന്തുജാലങ്ങളെ സംരക്ഷിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. വനത്തിനുള്ളിലെ സസ്യ-ജന്തു ജാലങ്ങളെ സംരക്ഷിക്കാനും കാട്ടുതീ പ്രതിരോധത്തിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കാനും ഉദ്ദേശിച്ചിട്ടുള്ളതാണിത്. തീപിടുത്തങ്ങൾ കുറയ്ക്കുകയും അതുവഴി വനത്തിനുള്ളിലെ സസ്യ-ജന്തു ജാലങ്ങളെ സംരക്ഷിക്കുകയുമാണ് പദ്ധതിയിൽ നിന്നുള്ള പ്രതീക്ഷിത ഫലം. കാട്ടുതീ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് ഇതിൽ പ്രധാനമായും ലക്ഷ്യമിടുന്നത്. കാട്ടുതീ നിയന്ത്രണ പദ്ധതി തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുക, ഫയർലൈനുകൾ സ്ഥാപിക്കുക, ഫയർ മാപ്പിംഗ്, കാട്ടുതീനിയന്ത്രണ ഉപകരണങ്ങൾ വാങ്ങുക, അഗ്നിശമന സേനാംഗങ്ങൾ ഉൾപ്പെടുന്ന കാട്ടുതീയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, നിയന്ത്രിത

ജ്വലനം, കാട്ടുതീ നിയന്ത്രണത്തിന് സഹായകമാകുന്ന അനുബന്ധ പ്രവൃത്തികളായ ജലസ്രോതസ്സുകളുടെ വികസനം, അടിസ്ഥാന സൗകര്യ വികസനം, ബോധവൽക്കരണ പരിപാടികൾ, കാര്യശേഷി വികസനം എന്നിവ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ 40 ശതമാനം സംസ്ഥാന വിഹിതമായി 240.00 ലക്ഷം രൂപ 2025-26 ൽ വകയിരുത്തിയിരിക്കുന്നു.

**20. വയനാട് വന്യമൃഗ സംരക്ഷണ കേന്ദ്രത്തിനുള്ളിൽ താമസിക്കുന്നവരെ സ്വമേധയാ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള പദ്ധതി (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 200.00 ലക്ഷം രൂപ)**

വയനാട് വന്യമൃഗ സംരക്ഷണ കേന്ദ്രത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളെ സ്വമേധയാ മാറ്റി പാർപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. വന്യമൃഗസങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള കേന്ദ്രസർക്കാർ പാക്കേജിന് കീഴിൽ വയനാട് വന്യജീവി സങ്കേതത്തിലെ 14 സെറ്റിൽമെന്റുകളിൽ നിന്നുള്ള കുടുംബങ്ങളെ സ്വമേധയാ മാറ്റിപ്പാർപ്പിക്കുന്നതിന് കെ.എഫ്.ആർ.ഐ യുടെ സഹായത്തോടെ വനംവകുപ്പ് ഒരു പൈലറ്റ് പ്രോജക്റ്റ് തയ്യാറാക്കി. ഇവരെ വനാതിർത്തിയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നത് വഴി മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുവാനും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാനും സാധിക്കും. ഈ പദ്ധതി 2025-26-ൽ നടപ്പാക്കുന്നതിന് 200.00 ലക്ഷം രൂപ 40 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**21. വന്യജീവി ആവാസവ്യവസ്ഥയുടെ വികസനം - വീണ്ടെടുക്കൽ പരിപാടി (40 ശതമാനം സംസ്ഥാന വിഹിതം)**

വംശനാശഭീഷണി നേരിടുന്ന മൂന്നാർ, സൈലന്റ്‌വാലി മേഖലയിലെ നീലഗിരി താർ, വയനാട് വന്യജീവി സങ്കേതത്തിലെ കഴുകൻ എന്നിവയെ വീണ്ടെടുക്കുന്നതിനാണ് ഈ പരിപാടി.

(i) **നീലഗിരി താറിന്റെ വീണ്ടെടുക്കൽ പ്രോഗ്രാം**

**(വിഹിതം: 26.00 ലക്ഷം രൂപ)**

മൂന്നാർ/സൈലന്റ് വാലി മേഖലയിലെ നീലഗിരി താർ പോലെ വംശനാശഭീഷണി നേരിടുന്ന ജീവികളെ വീണ്ടെടുക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. വിഭാവനം ചെയ്ത ലക്ഷ്യങ്ങളിൽ സംസ്ഥാനത്ത് നിലവിലുള്ളതും സാധ്യതയുള്ളതുമായ നീലഗിരി താറിന്റെ ആവാസ വ്യവസ്ഥകൾ തിരിച്ചറിയുക, മാപ്പ് ചെയ്യുക, വിലയിരുത്തുക, സെൻസസും നിരീക്ഷണവും, താർ സംരക്ഷണത്തിൽ ഗോത്ര വർഗ്ഗങ്ങളുടെ പങ്കാളിത്തം, താർ സംരക്ഷണവും, അവബോധം സൃഷ്ടിക്കലും, കാര്യശേഷി വികസനം, ദുർബലമായ ആവാസവ്യവസ്ഥകളുടെ പരിപാലനം, സംരക്ഷണം എന്നിവ ഉൾപ്പെടുന്നു.

പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രധാന ഘടകങ്ങളിൽ താർ ആവാസവ്യവസ്ഥയുടെ പരിപാലനവും മാപ്പിംഗും, പുൽമേടുകളുടെ പരിപാലനം, അടിസ്ഥാന സൗകര്യ വികസനം, അഗ്നി സംരക്ഷണം ഉൾപ്പെടെയുള്ള പരിസ്ഥിതി വ്യവസ്ഥകളുടെ സംരക്ഷണം, സംരക്ഷണ പ്രവർത്തനങ്ങളിൽ ഗോത്രവർഗ്ഗങ്ങളുടെ പങ്കാളിത്തം, ആവാസവ്യവസ്ഥകളുടെ പുനഃസ്ഥാപനം, ഗവേഷണം, പഠനം, പൊതുജന അവബോധ പ്രവർത്തനങ്ങൾ, രഹസ്യാന്വേഷണ വിവര ശേഖരണം, പകർച്ചവ്യാധി നിയന്ത്രണം, ബ്രോഷറുകളുടെയും ലഘുലേഖകളുടെയും അച്ചടി എന്നിവ ഉൾപ്പെടുന്നു.

2025-26 ൽ 26.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(i) വംശനാശഭീഷണി നേരിടുന്ന ജീവികളെ സംരക്ഷിക്കുന്നതിനുള്ള വീണ്ടെടുക്കൽ പ്രോഗ്രാം-പൊതുവായത്**

**(വിഹിതം: 22.00 ലക്ഷം രൂപ)**

വയനാട് വന്യജീവി സങ്കേതത്തിലെ വംശനാശഭീഷണി നേരിടുന്ന കഴുകൻമാരുടെ വീണ്ടെടുക്കലാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങളിൽ സെൻസസ്, കൂടുണ്ടാക്കുന്ന സ്ഥലങ്ങളുടെ സംരക്ഷണം, കഴുകന്റെ സംരക്ഷണത്തിനായുള്ള ബോധവൽക്കരണ പരിപാടികൾ, ബോധവൽക്കരണം വർദ്ധിപ്പിക്കുന്നതിനുള്ള വിദ്യാഭ്യാസ സാമഗ്രികൾ വികസിപ്പിക്കൽ എന്നിവ ഉൾപ്പെടുന്നു.

കഴുകന്റെ സെൻസസ്, കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, സെൻസിറ്റീവ് ഏരിയകളിലെ മച്ചാൻസ്, കാട്ടുതീ ബോധവൽക്കരണ പരിപാടികൾ, ബോധവല്ക്കരണ ക്യാമ്പുകൾ, സി.ഡബ്ല്യു.ആർ.എഫ് ലാബ് പരിഷ്കരണം, മൃഗസംരക്ഷണം, വെറ്ററിനറി സർജൻമാർക്കുള്ള വർക്ക്ഷോപ്പുകൾ, റിഫ്രഷർ കോഴ്സുകൾ, ഡോക്യുമെന്ററികൾ, പ്രിന്റിംഗ് ചെലവുകൾ, ഫീൽഡ് ഡാറ്റാ ബുക്ക്, ഗവേഷകരുടെ ഇടപെടൽ, നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കൽ, ക്യാമറകളുടെ സംഭരണം, സംരക്ഷണത്തിനുള്ള

നിരീക്ഷണ സംവിധാനം, സംരക്ഷണ ഗിയറുകളുടെയും പശ്ചാത്തല സൗകര്യങ്ങളുടെയും ഉറപ്പാക്കൽ എന്നിവയാണ് സ്കീമിലെ പ്രധാന ഘടകങ്ങൾ.

2025-26 ൽ ഈ പദ്ധതിയ്ക്കായി 22.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### V. വിഭവ ആസൂത്രണവും ഗവേഷണവും

### 22. അടിസ്ഥാന സൗകര്യ വികസനം - ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട്

**(വിഹിതം: 5030.00 ലക്ഷം രൂപ)**

പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത പ്രദേശങ്ങളെ പ്രകൃതിദത്ത വനങ്ങളാക്കി മാറ്റി ആവാസവ്യവസ്ഥയുടെ സേവനങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വനസംരക്ഷണത്തിന്റെ ശാക്തീകരണം, ആവാസവ്യവസ്ഥാ സേവനങ്ങളുടെ മെച്ചപ്പെടുത്തൽ, വനത്തെ ആശ്രയിക്കുന്ന ജനവിഭാഗങ്ങളുടെ മെച്ചപ്പെട്ട ഉപജീവനമാർഗ്ഗം എന്നിവയാണ് ഈ പദ്ധതിയിൽ നിന്ന് പ്രതീക്ഷിക്കുന്ന ഫലങ്ങൾ.

ഫോറസ്റ്റ് സ്റ്റേഷൻ കോംപ്ലെക്സുകൾ സ്ഥാപിക്കുക, ഉൾവനത്തിൽ താവളങ്ങൾ നിർമ്മിക്കുക, താമസ സൗകര്യങ്ങൾ സജ്ജമാക്കുക, മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കുക, പരിസ്ഥിതി വിദ്യാഭ്യാസ പരിപാടികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനം, സംരക്ഷണ പാർക്കുകൾ നിർമ്മിക്കുക, നിലവിലുള്ള വനപാതകൾ മെച്ചപ്പെടുത്തുക, കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുക, റോഡുകളും പാലങ്ങളും നിർമ്മിക്കുക, സംയോജിത ചെക്ക്പോസ്റ്റുകളുടെ നിർമ്മാണം, ചെക്ക്പോസ്റ്റ് കോംപ്ലെക്സുകളിൽ വിജ്ഞാനകേന്ദ്രങ്ങൾ/ പരിശീലനകേന്ദ്രങ്ങൾ, ഇക്കോഷോപ്പുകൾ ആരംഭിക്കുക, പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങൾ മുതലായ വികസന പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രകൃതി സംരക്ഷണത്തിൽ പരിശീലനത്തിനും ഗവേഷണത്തിനുമായി ഒരു അന്താരാഷ്ട്ര കേന്ദ്രം സ്ഥാപിക്കാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. ഈ പദ്ധതിയിൽ 5030.00 ലക്ഷം രൂപ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിരിക്കുന്നു. നബാർഡിന്റെ അംഗീകാരത്തോടെ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്. പുതിയ പ്രോജക്ടുകളുടെ കാര്യത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ ശുപാർശയോടെ നബാർഡിന്റെ അംഗീകാരത്തിനായി നൽകേണ്ടതാണ്. ഈ പദ്ധതിയുടെ 10 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്ന് വിഭാവനം ചെയ്യുന്നു.

### 23. വനപരിപാലന വിവര സമ്പ്രദായവും ഭൗമവിവര സാങ്കേതിക സംവിധാനവും

**(വിഹിതം: 150.00 ലക്ഷം രൂപ)**

വനംവകുപ്പിന്റെ സേവനങ്ങളിലും കണക്ടിവിറ്റിയിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കേരള വനം വകുപ്പിനെ വിവരങ്ങൾ വിരൽത്തുമ്പിലാക്കി ഭാവിയിൽ കടലാസുരഹിത സ്ഥാപനമാക്കി മാറ്റുകയെന്നതാണ് പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന ഫലം. ജിയോ സ്പേഷ്യൽ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം ഒരു പൊതു പ്ലാറ്റ്ഫോമായി വികസിപ്പിക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. 2025-26 ൽ വനപരിപാലന വിവര സമ്പ്രദായവും ഭൗമ വിവര സാങ്കേതിക സംവിധാനവും നടപ്പിലാക്കുന്നതിന് 150.00 ലക്ഷം രൂപവകയിരുത്തിയിട്ടുണ്ട്. ഡെസ്ക്ടോപ്പുകൾ, വർക്ക്സ്റ്റേഷനുകൾ, ലാപ്ടോപ്പുകൾ, എം.എഫ്.പി ഉപകരണങ്ങൾ, സ്കാനറുകൾ, യു.പി.എസ്, റൂട്ടറുകൾ/വൈ - ഫൈ ഉപകരണങ്ങൾ, നെറ്റ്വർക്കിംഗ് ഉപകരണങ്ങൾ, കണക്ട് ചെയ്ത ഹാർഡ്വെയറുകൾ, സോഫ്റ്റ്വെയർ, ആന്റിവൈറസ് സൊല്യൂഷനുകൾ, വിൻഡോസ് ലൈസൻസുകൾ, ബാറ്ററികൾ, ഫോട്ടോകോപ്പിയറുകൾ, പ്രിന്ററുകൾ, പ്രോജക്ടറുകൾ എന്നിവയുടെ സംഭരണവും മെയിന്റനൻസും ചെലവുകളും പ്രോജക്ടിന്റെ ഭാഗമാണ്. കമ്പ്യൂട്ടറുകൾ, ലാപ്പ്ടോപ്പുകൾ, അനുബന്ധ ഉപകരണങ്ങൾ, ഐ.റ്റി/ഇലക്ട്രോണിക് ഉപകരണങ്ങളുടെ എ.എം.സി യും അറ്റകുറ്റപ്പണികളും പദ്ധതിയുടെ ഘടകങ്ങളാണ്. വെബ്സൈറ്റ്, ഓൺലൈൻ സോഫ്റ്റ്വെയർ മെയിന്റനൻസ്, ഇന്റർനെറ്റ് കണക്ഷൻ, മെയിന്റനൻസ്, വെഹിക്കിൾ മെയിന്റനൻസ്, പി.ഒ.എൽ ചാർജുകൾ, കരാർ ജീവനക്കാരുടെ ചിലവുകൾ എന്നിവയും പദ്ധതിയുടെ ഭാഗമാണ്. മറ്റ് അക്സസറികൾ, പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ, കൺസപ്റ്റ് നോട്ടുകൾ, വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കൽ, എഫ്.എം.ഐ.എസ്/ജി.ഐ.എസ് എന്നിവയുമായി ബന്ധപ്പെട്ട പരിശീലനം, ഇ-ഗവേർണൻസ് സംരംഭങ്ങൾ എന്നിവയും ഘടകങ്ങളിൽ ഉൾപ്പെടുന്നു. പുതിയ ഓൺലൈൻ സൊല്യൂഷനുകളുടേയും മൊഡ്യൂളുകളുടേയും വികസനം, ഓൺലൈൻ മൊഡ്യൂളുകളുടെ സുരക്ഷാ ഓഡിറ്റ് എന്നിവയും പദ്ധതിയുടെ ഭാഗമാണ്.

**24. മനുഷ്യ വന്യ മൃഗ സംഘർഷ ലഘൂകരണ മാർഗ്ഗങ്ങൾ**

**(വിഹിതം: 7040.00 ലക്ഷം രൂപ)**

നമ്മുടെ സംസ്ഥാനത്ത് ഭയാനകമായ രീതിയിൽ മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വർദ്ധിച്ചു വരുന്നു. കൃഷിനാശവും, മനുഷ്യർക്കും കന്നുകാലികൾക്കും വന്യമൃഗങ്ങളിൽ നിന്നും നേരിടേണ്ടിവരുന്ന ആക്രമണവും വനാതിർത്തികളിൽ അനുഭവപ്പെടുന്ന ഒരു പ്രധാന പ്രശ്നമാണ്. മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്യുന്നത് മനുഷ്യ-വന്യമൃഗ സംഘർഷങ്ങളുടെ അടിസ്ഥാന കാരണങ്ങളിൽ ഊന്നൽ നൽകികൊണ്ടുള്ള ഒരു ദീർഘകാല പദ്ധതിയാണ്. വന്യജീവി സങ്കേതങ്ങൾ മെച്ചപ്പെടുത്തുക, നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ നവീകരിക്കുക, ദ്രുതകർമ്മ സേനകൾ ശക്തിപ്പെടുത്തുക, പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക, മൃഗങ്ങളുടെ വരവിനെ/ആക്രമണത്തെ സംബന്ധിച്ച് മുന്നറിയിപ്പ് നൽകുക, പൊതുജന സഹായത്തോടു കൂടിയുള്ള ഇൻഷുറൻസ് പദ്ധതി, ഭൂവിനിയോഗത്തെ സംബന്ധിച്ചും, അനുയോജ്യമായ കൃഷിരീതികളെ സംബന്ധിച്ചും അവബോധ പരിപാടികൾ സംഘടിപ്പിക്കുക, വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നുള്ള രക്ഷാമാർഗ്ഗങ്ങൾ അവലംബിക്കുക, വനത്തിലെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുക, വയൽ പരിപാലനവും വിസ്റ്റാ ക്ലിയറൻസും, ആവശ്യമായ മേഖലകളിൽ തെരുവ് വിളക്കുകൾ/സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കലും, അപകടസാധ്യതയുള്ള പ്രദേശങ്ങളിൽ തിളക്കമുള്ള (ഫ്ലിക്കറിംഗ്) ലൈറ്റുകൾ സ്ഥാപിക്കലും, മേൽനോട്ടം, വിലയിരുത്തൽ എന്നിവയ്ക്കാണ് ഊന്നൽ നൽകുന്നത്. നഷ്ടപരിഹാരം ഉൾപ്പെടെയുള്ള എല്ലാ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ നടപടികളും ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടും. മനുഷ്യ-വന്യമൃഗ സംഘർഷങ്ങളുടെ എണ്ണം കുറയ്ക്കുകയെന്നതാണ് പ്രതീക്ഷിക്കുന്ന ഫലം.

പദ്ധതികൾ നടപ്പിലാക്കുന്നതിനായി 7040.00 ലക്ഷം രൂപ 2025-26 ൽ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ 30 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്ന് വിഭാവനം ചെയ്യുന്നു.

**25. തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ സുവോളജിക്കൽ പാർക്കും വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രവും**

**(വിഹിതം: 600.00 ലക്ഷം രൂപ)**

തൃശ്ശൂരിലെ പുത്തൂരിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സുവോളജിക്കൽ പാർക്ക് വികസിപ്പിക്കുകയാണ് ലക്ഷ്യം. നിലവിലുള്ള തൃശ്ശൂർ മൃഗശാലയിലെ പക്ഷികളേയും മൃഗങ്ങളേയും ആവശ്യമായ സ്ഥലസൗകര്യമുള്ള മറ്റൊരു സ്ഥലത്തേക്ക് മാറ്റി പുനരധിവസിപ്പിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. വനം വകുപ്പിന്റെ തൃശ്ശൂർ ഡിവിഷന്റെ കീഴിലുള്ള പട്ടിക്കാട് റെയിഞ്ചിൽ പുത്തൂർ വനഭൂമിയിൽ 136 ഹെക്ടർ പ്രദേശത്ത് ഒരു സുവോളജിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയുണ്ടായി. സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

ഈ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തുക 360.00 കോടി രൂപയാണ്. മൂന്ന് ഘട്ടങ്ങളായിട്ടാണ് ഇത് നടപ്പിലാക്കുന്നത്. സംസ്ഥാന വിഹിതം ഉപയോഗിച്ചാണ് ഒന്നാം ഘട്ടം നടപ്പിലാക്കുന്നത്. അടിസ്ഥാന നിർമ്മിതികളുടേയും സൗകര്യങ്ങളുടേയും നിർമ്മാണവും പരിപാലനവും, മൃഗശാലയിലെ മൃഗങ്ങളുടെ പരിപാലനം, കരാർ മൃഗപാലകരുടേയും ജീവനക്കാരുടേയും ചെലവുകൾ, ഇതര ഓഫീസ്/എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പരിപാലനവും അറ്റകുറ്റപ്പണികളും, വാഹനങ്ങളുടെ അറ്റകുറ്റപ്പണി, പി.ഒ.എൽ ചെലവുകൾ, സസ്യാഹാരിയായ മൃഗങ്ങളുടെ സഫാരി എന്നിവ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്ന പ്രവൃത്തികളാണ്. 2025-26 ൽ 600.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**26. സാമൂഹിക വനവൽക്കരണവും കാർഷിക വനവൽക്കരണവും, വിജ്ഞാന വ്യാപന പ്രവൃത്തികളും**

**(വിഹിതം: 600.00 ലക്ഷം രൂപ)**

വനങ്ങൾക്ക് പുറത്ത് പച്ചപ്പ് വർദ്ധിപ്പിക്കുക, വനത്തിനു പുറത്തുള്ള പ്രത്യേക ആവാസവ്യവസ്ഥകൾ സംരക്ഷിക്കുക, ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജന അവബോധം സൃഷ്ടിക്കുക, നഗരവനവത്ക്കരണം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വനമേഖലയ്ക്ക് പുറത്ത് പച്ചപ്പ് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും പൊതുജന അവബോധം സൃഷ്ടിക്കുന്നതിന് ഇത് സഹായിക്കും.

വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്റെ ആവശ്യകതയുടെ പ്രചരണാർത്ഥം തൈകളുടെ ഉത്പാദനവും വിതരണവും, ഗ്രാമപ്രദേശങ്ങളിലും പൊതുസ്ഥലങ്ങളിലും വിവിധ ഇനങ്ങളിൽപ്പെട്ട വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, നക്ഷത്രവനങ്ങൾ നട്ടുപിടിപ്പിക്കൽ, നഗരവനവത്ക്കരണം, വിദ്യാഭ്യാസാധിഷ്ഠിത

വനവത്ക്കരണം, പരിസ്ഥിതി സംരക്ഷണം, നദീതട സംരക്ഷണം, സ്വകാര്യ വനവൽക്കരണ പ്രോത്സാഹനം, ട്രീ ബാങ്കിംഗ്, ഫോറസ്ട്രി ക്ലബുകളുടെ പുനരുജ്ജീവനം, സഞ്ജീവനി വനങ്ങളുടെ പരിപാലനം, ഔഷധതോട്ടങ്ങളുടെ പരിപാലനം, വിപുലീകരണ പ്രവർത്തനങ്ങൾ, പ്രകൃതി ക്യാമ്പുകളുടെയും ബോധവത്ക്കരണ ക്ലാസുകളുടെയും നടത്തിപ്പ്, ബയോ-ഫീൽഡുകളുടെ പരിപാലനം, ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയുടെ നടത്തിപ്പ്, നല്ല ഇനം തൈകൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നത് ഉൾപ്പെടെയുള്ള കാർഷിക വനവൽക്കരണ മാതൃകകൾ വികസിപ്പിക്കൽ, വൃക്ഷ സമൃദ്ധി പരിപാടി ഉൾപ്പെടെ തദ്ദേശഭരണ സ്ഥാപനങ്ങളുമായി യോജിച്ച് കൂട്ടായ പദ്ധതികൾ ആവിഷ്കരിക്കൽ, വനമേഖലയ്ക്ക് പുറത്തുള്ള പ്രദേശങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്റെ പ്രാധാന്യം പ്രചരിപ്പിക്കൽ ആക്ട് ആൻഡ് റൂൾസ്, ജലാശയങ്ങളുടെ സംരക്ഷണം, ലോകപരിസ്ഥിതിദിനം, അന്താരാഷ്ട്ര വനദിനം, ഭൗമദിനം, വന്യജീവിവാരം എന്നിവയുടെ ആചരണം മുതലായവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രധാന പ്രവൃത്തികൾ. എല്ലാ ജില്ലകളിലും വിദ്യാവനവും, നഗരവനവും രൂപീകരിക്കുന്നതിനും, കാവുകൾ, കണ്ടൽക്കാടുകൾ പോലെ വനമേഖലയ്ക്ക് പുറത്തുള്ള വിവിധ ആവാസവ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും വിഭാവനം ചെയ്യുന്നു. ജില്ലാതല വിപുലീകരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതും പദ്ധതിയുടെ ഭാഗമാണ്.

ആരണ്യം മാസികയുടെ പ്രസിദ്ധീകരണം, ഫോറസ്ട്രി ക്ലബ്ബുകൾ സംഘടിപ്പിക്കൽ, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചലചിത്രപ്രദർശനം സംഘടിപ്പിക്കൽ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ മികവിന് പുരസ്കാരങ്ങൾ നൽകൽ, പ്രദർശനങ്ങൾ സംഘടിപ്പിക്കലും പങ്കെടുക്കലും, ഡോക്യുമെന്ററികളും ശബ്ദരേഖയും ദൃശ്യ-ശ്രവണ മാധ്യമങ്ങളിലൂടെ പ്രക്ഷേപണം ചെയ്യൽ, പരിസ്ഥിതി പഠനസംബന്ധിയായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കൽ, വിപുലീകരണവുമായി ബന്ധപ്പെട്ട ഗതാഗത ചെലവുകളും മറ്റ് നിയമന ചെലവുകളും എന്നിവയാണ് വിജ്ഞാന വ്യാപന പ്രവൃത്തികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. ഓരോ പഞ്ചായത്തിലും ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും വിപുലീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഗതാഗത സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. ജൈവവൈവിദ്ധ്യ സംരക്ഷണം, ജൈവവൈവിദ്ധ്യ പാർക്കുകൾ, സിറ്റിസൺ കൺസർവേറ്റർ പ്രോഗ്രാം, ഔഷധ തോട്ടങ്ങൾ, സുവർണ്ണോദ്യാനം, ജില്ലാ സ്ഥിരം നഴ്സറി, കെട്ടിടങ്ങളുടേയും വാഹനങ്ങളുടേയും അറ്റകുറ്റപ്പണികൾ, ജലാശയങ്ങളുടെ പുനരുജ്ജീവനം, നദീതീരങ്ങളുടെ സ്ഥിരത, ദിവസവേതന തൊഴിലാളികളുടെ വേതനം എന്നിവയും പദ്ധതിയുടെ ഭാഗമാണ്. പദ്ധതികൾ നടപ്പിലാക്കുന്നതിനായി 600.00 ലക്ഷം രൂപ 2025-26 ൽ വകയിരുത്തിയിരിക്കുന്നു.

**27. വിഭവ ആസൂത്രണവും ഗവേഷണവും**

**(വിഹിതം: 100.00 ലക്ഷം രൂപ)**

വിവിധ ഫോറസ്റ്റ് ഡിവിഷനുകളുടെ പ്രവർത്തന പദ്ധതികളും മാനേജ്മെന്റ് പ്ലാനുകളും തയ്യാറാക്കുകയും പരിഷ്കരിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ശാസ്ത്രീയമായ വനപരിപാലനത്തിനായി വനം വകുപ്പ് തയ്യാറാക്കുന്ന രേഖകളാണ് പ്രവർത്തന പദ്ധതിയും മാനേജ്മെന്റ് പദ്ധതിയും. പത്ത് വർഷക്കാലയളവിലേക്കാണ് ഓരോ ഡിവിഷനും ഇത് തയ്യാറാക്കുന്നത്. പ്രവർത്തന പദ്ധതികൾ തയ്യാറാക്കുന്നതിന് ആവശ്യമായ ഫീൽഡ് സർവ്വേ നടത്തേണ്ടതുണ്ട്.

സംസ്ഥാനത്ത് രണ്ട് ഗവേഷണ വിഭാഗങ്ങളിലായി 6 സിൽവി കൾച്ചറൽ ഗവേഷണ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. വനംവകുപ്പിൽ ഫോറസ്റ്റ് റിസോഴ്സ് സർവ്വേ സെല്ലും പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള ഗവേഷണങ്ങൾ തുടരുന്നതിനും, പുതിയ ഗവേഷണങ്ങൾ നടത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. തോട്ടങ്ങളുടെ ഉത്പാദനക്ഷമത, കാട്ടുതീ തടയലും നിയന്ത്രണവും, സിൽവി കൾച്ചറൽ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, വിവരശേഖരണവും വിശകലനവും, മെച്ചപ്പെട്ട വിജ്ഞാന അടിത്തറ, വിവിധ പ്രവർത്തന പദ്ധതികളിലെ മണ്ണിന്റെ വിശകലനം, പ്രവർത്തന പദ്ധതികൾ തയ്യാറാക്കൽ എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു. ഉത്പാദനക്ഷമത, വിത്ത് ഉല്പാദന മേഖലകളുടെ പരിപാലനം, വനത്തിന്റെ സുസ്ഥിരത, അധിനിവേശ ജീവിവർഗ്ഗ നിയന്ത്രണം, പങ്കാളിത്ത വനപരിപാലനം, കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, പരിപാലനവും സംരക്ഷണവും നിർവ്വഹണവും, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം, തോട്ടപരിപാലനം, തടിയിതര വനവിഭവ ഉത്പന്ന പരിപാലനം, ജലശാസ്ത്രം മെച്ചപ്പെടുത്തൽ, കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ, കാര്യശേഷി വികസനം, ശാസ്ത്രീയ വിവരശേഖരണം, വിശകലനം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 2025-26 ൽ 100.00 ലക്ഷം രൂപ പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിരിക്കുന്നു.

### 28. പ്രോജക്റ്റ് എലിഫന്റ് (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 350.00 ലക്ഷം രൂപ)**

ആനകളുടെ സംരക്ഷണം, ആവാസവ്യവസ്ഥയുടെ മെച്ചപ്പെടുത്തൽ എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. പെരിയാർ, ആനമുടി, നിലമ്പൂർ, വയനാട് എന്നീ നാല് ആനസങ്കേതങ്ങളാണ് പശ്ചിമഘട്ടത്തിലുള്ളത്. ആനകളുടെ സങ്കേതം മെച്ചപ്പെടുത്തുന്നതിനും, വനവാസികൾക്കും, അവരുടെ കൃഷിയിടങ്ങൾക്കും ആനയുടെ ആക്രമണത്തിൽ നിന്നും സംരക്ഷണം നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ആനകൾക്കും അവയുടെ സങ്കേതങ്ങൾക്കും സുരക്ഷ ഉറപ്പാക്കൽ, പൊതുജന സഹകരണത്തോടെയുള്ള മനുഷ്യ–കാട്ടാന സംഘർഷ ലഘൂകരണം, ക്യാപ്റ്റീവ് ആനകളുടെ ക്ഷേമവും പരിപാലനവും തുടങ്ങിയ പ്രവർത്തനങ്ങൾക്ക് 350.00 ലക്ഷം രൂപ 40 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ ഘടകം തിരിച്ചുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വേട്ടയാടൽ വിരുദ്ധ പ്രവർത്തനങ്ങളും രഹസ്യാന്വേഷണ വിവര ശേഖരണവും | 44.00 |
| 2 | സംരക്ഷണ പാതകൾ വൃത്തിയാക്കുക/ആദിവാസി നിരീക്ഷകരെയും നാട്ടുകാരെയും നിയോഗിക്കുക/ആന സംരക്ഷണ കേന്ദ്രങ്ങൾക്ക് ചുറ്റുമുള്ള കന്നുകാലികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് | 58.00 |
| 3 | ഫയർ ലൈനുകൾ വൃത്തിയാക്കുക/അഗ്നി മസ്‌ദൂറുകളെ നിയോഗിക്കുക | 80.00 |
| 4 | മണ്ണ്, ജല സംരക്ഷണം | 18.00 |
| 5 | വേലികളുടെയും കിടങ്ങുകളുടെയും നിർമ്മാണം/പരിപാലനം | 43.00 |
| 6 | വന്യജീവി ആക്രമണത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാരം/ദ്രുത പ്രതികരണ സംഘങ്ങളുടെയും വന്യജീവി സ്ക്വാഡുകളുടെയും ചെലവുകൾ/പ്രശ്നക്കാരായ ഒറ്റയാനകളുടെ നിയന്ത്രണം | 67.00 |
| 7 | പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ/മെഡിക്കൽ ക്യാമ്പുകൾ/ ആനകളുടെ സ്ഥാനം മാറ്റം | 10.00 |
| 8 | ആന ദിനാഘോഷങ്ങൾ/പ്രകൃതി ക്യാമ്പുകൾ/ഗവേഷണവും നിരീക്ഷണവും, പരിശീലനങ്ങളും, ബോധവൽക്കരണ പരിപാടികളും/ആനകളുടെ അടിസ്ഥാന സൗകര്യ വികസനവും ക്ഷേമവും | 17.00 |
| 9 | അടിസ്ഥാന സൗകര്യങ്ങൾ, രക്ഷാ കേന്ദ്രം, വെറ്ററിനറി കെയർ, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയുടെ നിർമ്മാണം/പരിപാലനം | 13.00 |
| | **ആകെ** | **350.00** |

### 29. പ്രകൃതി വിഭവങ്ങളുടെയും ആവാസവ്യവസ്ഥയുടേയും സംരക്ഷണം (40 ശതമാനം സംസ്ഥാന വിഹിതം)

കേരളത്തിൽ രണ്ട് ബയോസ്ഫിയർ റിസർവുകൾ ഉണ്ട്. നീലഗിരി ബയോസ്ഫിയർ റിസർവും അഗസ്ത്യമല ബയോസ്ഫിയർ റിസർവും. ഭൂപ്രകൃതിയുടെ സംരക്ഷണവും, സുസ്ഥിര ഉപയോഗവും ഏകോപിപ്പിക്കുന്നതിന് ബയോസ്ഫിയറുകൾ സഹായകമാണ്. ഇതുമൂലം പ്രശ്നസാധ്യതകൾ കുറയ്ക്കുവാനും ഗുണാനുഭവങ്ങൾ മുഴുവനായി ഉപയോഗിക്കുവാനും സാധിക്കും.

#### i. നീലഗിരി ബയോസ്ഫിയർ റിസർവ്വ് (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 180.00 ലക്ഷം രൂപ)**

നീലഗിരി ബയോസ്ഫിയർ റിസർവ്വിന്റെ മൊത്തം വിസ്തീർണ്ണം 5520.40 ച.കി.മീ. ആണ്. ഇതിൽ കേരളത്തിലുൾപ്പെടുന്ന പ്രദേശത്തിന്റെ വിസ്തൃതി 1455.40 ച.കി.മീ ആണ്. വയനാട് വന്യജീവി സങ്കേതം, സൈലന്റ് വാലി ദേശീയ ഉദ്യാനം, നിലമ്പൂർ (തെക്ക്), മണ്ണാർക്കാട്, പാലക്കാട്, നിലമ്പൂർ (വടക്ക്), കോഴിക്കോട്, വയനാട് (തെക്ക്) എന്നീ വനമേഖലാ ഡിവിഷനുകളാണ് നീലഗിരി ബയോസ്ഫിയർ റിസർവ്വിൽ ഉൾപ്പെടുന്നത്. മൂല്യവർദ്ധനവിന് സഹായിക്കുന്ന പ്രവൃത്തികൾ (തടിയിതര വനവിഭവ പ്രോസസിംഗ് യൂണിറ്റുകൾ), നൂതനപദ്ധതികൾ നടപ്പിലാക്കൽ, വാസസ്ഥലം മെച്ചപ്പെടുത്തുന്ന പദ്ധതികൾ, ഭീഷണി നേരിടുന്ന ഇനങ്ങൾക്കും ആവാസവ്യവസ്ഥയ്ക്കും അനുയോജ്യമായ രീതിയിൽ പരിസ്ഥിതി പുനരുജ്ജീവിപ്പിക്കുക, ഇക്കോട്ടൂറിസം വികസിപ്പിക്കുക, പ്രദേശവാസികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം, സംരക്ഷണനടപ്പാതകളുടെ അറ്റകുറ്റപ്പണികൾ, നിർദ്ദിഷ്ട മേഖലകളിലെ

ഗവേഷണവും നിരീക്ഷണവും മുതലായവയാണ് വിഭാവനം ചെയ്യുന്ന പ്രധാന പ്രവൃത്തികൾ. 2025-26-ൽ ഈ പദ്ധതിക്കായി 40 ശതമാനം സംസ്ഥാന വിഹിതമായി 180.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### ii. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 120.00 ലക്ഷം രൂപ)**

അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വിന്റെ മൊത്തം വിസ്തീർണ്ണം 3500.00 ച.കി.മീ. ആണ്. ഇതിൽ കേരളത്തിൽ ഉൾപ്പെടുന്ന പ്രദേശത്തിന്റെ വിസ്തൃതി 1828.00 ച.കി.മീ. ആണ്. അഗസ്ത്യമല ബയോസ്ഫിയർ വികസന പരിപാടി നടപ്പിലാക്കുന്നതിന് തുക വകകൊള്ളിച്ചിരിക്കുന്നു. നെയ്യാർ, പേപ്പാറ, ഷെന്തുരുണി വന്യജീവി സങ്കേതങ്ങളും, അച്ചൻകോവിൽ, തെൻമല, കോന്നി, പുനലൂർ, തിരുവനന്തപുരം ഡിവിഷനുകളും, അഗസ്ത്യവനം ബയോളജിക്കൽ പാർക്കും ഉൾപ്പെടുന്നതാണ് അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ്. മൂല്യവർദ്ധനവിന് സഹായിക്കുന്ന പ്രവൃത്തികൾ, നൂതനപദ്ധതികൾ നടപ്പിലാക്കൽ, വാസസ്ഥലം മെച്ചപ്പെടുത്തുന്ന പദ്ധതികൾ, ഭീഷണി നേരിടുന്ന ഇനങ്ങൾക്കും ആവാസവ്യവസ്ഥയ്ക്കും അനുയോജ്യമായ രീതിയിൽ പരിസ്ഥിതി പുനരുജ്ജീവിപ്പിക്കുക, ഇക്കോട്ടൂറിസം വികസിപ്പിക്കുക, പ്രദേശവാസികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം, സംരക്ഷണനടപ്പാതകളുടെ അറ്റകുറ്റപ്പണികൾ, നിർദ്ദിഷ്ട മേഖലകളിലെ ഗവേഷണം, നിരീക്ഷണം മുതലായവയാണ് വിഭാവനം ചെയ്യുന്ന പ്രധാന പ്രവൃത്തികൾ. 2025-26 ൽ ഈ പദ്ധതിയ്ക്കായി 40 ശതമാനം സംസ്ഥാന വിഹിതമായി 120.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### iii. ദേശീയ തീരദേശ ദൗത്യം - കണ്ണൂർ, വേമ്പനാട് മേഖലകളിലെ കണ്ടൽക്കാടുകളുടെ സംരക്ഷണവും പരിപാലനവും (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 61.00 ലക്ഷം രൂപ)**

കണ്ടൽക്കാടുകളുടെ സംരക്ഷണവും പരിപാലനവും, പരിസ്ഥിതി പുനരുദ്ധാരണവും വനവൽക്കരണവും, ജനിതക വൈവിദ്ധ്യത്തിന്റെ പരിപാലനവും, ആവാസവ്യവസ്ഥയുടെ പ്രാധാന്യത്തെക്കുറിച്ച് പൊതുജന അവബോധം സൃഷ്ടിക്കലും പദ്ധതിയുടെ ലക്ഷ്യത്തിൽ ഉൾപ്പെടുന്നു. രാമച്ചം, മുള, കാറ്റാടി എന്നിവയുൾപ്പെടെയുള്ള കണ്ടൽക്കാടുകളുടേയും അനുബന്ധ തൈകളുടേയും വളർത്തൽ, നടീൽ പരിപാലനം, കാർഷിക വനവൽക്കരണ പ്രോത്സാഹനം, വിപുലീകരണം, ബോധവൽക്കരണ പരിപാടികൾ എന്നിവയാണ് പദ്ധതിയുടെ കീഴിലുള്ള പ്രധാന ഘടകങ്ങൾ. 2025-26ൽ പദ്ധതിയുടെ 40 ശതമാനം സംസ്ഥാന വിഹിതമായി 61.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 30. പരിസ്ഥിതി പുനസ്ഥാപിക്കൽ

**(വിഹിതം: 31.00 ലക്ഷം രൂപ)**

നിലനില്പിനും ക്ഷേമത്തിനും അടിസ്ഥാനമായ പ്രകൃതി പരിസ്ഥിതി വ്യവസ്ഥകളും പ്രക്രിയകളും പുനസ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ 2021 ൽ സംസ്ഥാന സർക്കാർ പരിസ്ഥിതി പുനസ്ഥാപന നയം കൊണ്ടുവന്നു. വനമേഖലയിലെ യൂക്കാലിപ്റ്റസ്, അക്കേഷ്യ, വാട്ടിൽ മുതലായ സ്പീഷീസുകൾ വളരുന്ന പ്രദേശങ്ങളിൽ പ്രകൃതിദത്ത സ്പീഷീസുകൾ പുനസ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കാട്ട് തീയും മണ്ണൊലിപ്പും തടയുന്നതിനുള്ള നടപടികളോടൊപ്പം നാടൻ ഇനങ്ങളെ ഉപയോഗിച്ച് പുനർനിർമ്മാണം/സമ്പുഷ്ടീകരണ നടീൽ എന്നിവയിലൂടെ ലക്ഷ്യമിടുന്നത്. അധിനിവേശ സസ്യവർഗ്ഗങ്ങളെ ഉന്മൂലനം ചെയ്യുന്നതിനും കണ്ടൽക്കാടുകൾ, കാവുകൾ എന്നിവ സംരക്ഷിക്കുന്നതിനും തീരപ്രദേശങ്ങൾ, നദീതീരങ്ങൾ, മറ്റ് പ്രസക്തമായ ആവാസവ്യവസ്ഥകൾ എന്നിവ സംരക്ഷിക്കുന്നതിനും വനമേഖലയിലെ ജീർണിച്ച ഏകവിള പ്ലാന്റേഷൻ പ്രദേശങ്ങൾ സമ്പുഷ്ടമാക്കാനും പദ്ധതി ലക്ഷ്യമിടുന്നു. 2025-26 ൽ പദ്ധതി വിഹിതമായി 31.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 31. കാട്ടുതീ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള പദ്ധതി - റ്റി. എസ്. പി (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 100.00 ലക്ഷം രൂപ)**

ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് വനപ്രദേശങ്ങളെ അഗ്നിബാധയിൽ നിന്ന് മുക്തമാക്കുക, വനങ്ങളുടെ ജൈവവൈവിദ്ധ്യം സമ്പുഷ്ടമാക്കുക, സസ്യജന്തുജാലങ്ങളെ സംരക്ഷിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ സ്കീം ഗോത്രവർഗ്ഗക്കാർക്ക് ഉപകാരപ്രദമായ ആദിവാസി ഉപപദ്ധതിയാണ്. പ്രതീക്ഷിക്കുന്ന ഫലങ്ങളിൽ ആദിവാസി സമൂഹങ്ങളുടെ സംരക്ഷണവും ഉപജീവന പിന്തുണയും ഉൾപ്പെടുന്നു. ഫോറസ്റ്റ് മാനേജ്മെന്റ് സമീപനം, ഫയർ വാച്ചർമാരുടെ ഇടപെടൽ, ബോധവൽക്കരണ കാമ്പെയിനുകൾ എന്നിവയിലൂടെ കാട്ടുതീയിൽ നിന്നുള്ള സംരക്ഷണത്തിനായി ഗ്രാമങ്ങളെ/സമൂഹങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിവ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ

ഉൾപ്പെടുന്നു. 2025-26 ൽ പദ്ധതിയുടെ 40 ശതമാനം സംസ്ഥാന വിഹിതമായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**32. കോഴിക്കോട് ബയോളജിക്കൽ പാർക്ക് - പുതിയത്**

**(വിഹിതം: 500.00 ലക്ഷം രൂപ)**

വന്യജീവി സംരക്ഷണം, ഗവേഷണം, ഇക്കോടൂറിസം, പരിസ്ഥിതി വിദ്യാഭ്യാസം എന്നിവ പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ വിശാലമായ ലക്ഷ്യം .ഇത് പശ്ചിമഘട്ടത്തിലെ ജൈവ വൈവിധ്യമാർന്ന ഭൂപ്രകൃതിയിൽ തദ്ദേശീയ സസ്യജന്തുജാലങ്ങൾക്ക് ഇടം നൽകുകയും ശാസ്ത്രീയ ഗവേഷണങ്ങൾക്ക് സാഹചര്യം ഒരുക്കുകയും ചെയ്യും. 2025-26 കാലയളവിൽ 500.00 ലക്ഷം രൂപ പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിരിക്കുന്നു.

## 1.8 വിപണനം, സംഭരണം, വെയർ ഹൗസിംഗ്

2025-26 വാർഷിക പദ്ധതിയിൽ കാർഷിക വിപണനം, സംഭരണം, വെയർഹൗസിംഗ്, മറ്റ് കാർഷിക പരിപാടികൾ എന്നിവയ്ക്കായി 15731.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 300.00 ലക്ഷം രൂപ ആർ.ഐ.ഡി.എഫിനു കീഴിലും 10000.00 ലക്ഷം രൂപ ലോകബാങ്ക് സഹായത്തോടെയുള്ള "കേര" പ്രൊജക്ടിനുള്ള ഇ.എ.പി സഹായവുമാണ്.

ലോകബാങ്ക് ധനസഹായത്തോടെ ആരംഭിക്കുന്ന "കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യ വർധിത ശൃംഖല നവീകരണ പദ്ധതി" ലക്ഷ്യമിടുന്നത് ചെറുകിട കർഷകർ, കാർഷിക അധിഷ്ഠിത എം.എസ്.എം.ഇ.കൾ, എഫ്.പി.ഒകൾ, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്കായി കേരളത്തിന്റെ ഭക്ഷ്യ-കാർഷിക മേഖലയുടെ വാണിജ്യവൽക്കരണത്തിന്റെ പ്രോത്സാഹനമാണ്. 285 മില്യൺ യു.എസ്. ഡോളർ മൊത്തം പദ്ധതിച്ചെലവ് കണക്കാക്കിയിരിക്കുന്ന പദ്ധതിയിൽ, 200 മില്യൺ യു.എസ്. ഡോളറാണ് ലോകബാങ്ക് സഹായമായി കണക്കാക്കിയിരിക്കുന്നത്.

**എ. കാർഷിക വിപണനവും വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും**

കർഷകർക്ക് സുദൃഢവും ഉയർന്നതുമായ വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടി കാർഷികോൽപ്പന്നങ്ങൾക്കായി മികച്ച രീതിയിൽ രൂപകൽപ്പന ചെയ്തതും കാര്യക്ഷമവുമായ വിപണന സംവിധാന വികസനം, വിളവെടുപ്പിനുശേഷമുള്ള നഷ്ടം തടയുക, ഉയർന്ന വില ഉറപ്പുവരുത്തുന്നതിനായി മൂല്യവർദ്ധനവിന്റെ പ്രോത്സാഹനം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകേണ്ടതുണ്ട്.

**1. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള പിന്തുണ**

**(വിഹിതം: 4390.00 ലക്ഷം രൂപ)**

വിലയിലെ ഏറ്റക്കുറച്ചിലുകൾ, കാര്യക്ഷമമായ വിപണന സംവിധാനത്തിന്റെ അഭാവം, വിളവെടുപ്പിനുശേഷമുള്ള നഷ്ടം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വിപണികളുടെ നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങളുടെ ശാക്തീകരണം, ശേഖരണം, ഗതാഗതം, സംഭരണം, സംസ്കരണം എന്നീ വിവിധ തലങ്ങളിൽ മാർക്കറ്റുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, മാർക്കറ്റ് ഇന്റലിജൻസ് ശക്തിപ്പെടുത്തുക, കാർഷിക വിപണനത്തിൽ നൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കുക എന്നിവയാണ് പ്രധാന ശ്രദ്ധാ കേന്ദ്രങ്ങൾ.

2025-26 ൽ പദ്ധതിയ്ക്കായി വകയിരുത്തിയിരിയ്ക്കുന്ന ഘടകങ്ങൾ തിരിച്ചുള്ള വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| **I** | **വിപണി വികസനം** | |
| 1 | കാർഷിക മൊത്തവ്യാപാര വിപണികളുടെയും ജില്ലാ സംഭരണ കേന്ദ്രങ്ങളുടെയും ശാക്തീകരണം-പ്രവർത്തന ചെലവും അടിസ്ഥാനസൗകര്യ വികസനവും | 154.00 |
| 2 | അഗ്മാർക്ക്നെറ്റിനും മാർക്കറ്റ് ഇന്റലിജൻസിനും | 40.00 |
| 3 | സ്റ്റേറ്റ് അഗ്രികൾച്ചറൽ പ്രൈസസ് ബോർഡ് | 80.00 |
| 4 | ഡബ്ല്യു.റ്റി.ഒ സെൽ - പ്രവർത്തന സഹായം | 5.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 5 | കാർഷിക മൊത്ത വ്യാപാര വിപണികളുടെ ശാക്തീകരണം- ട്രാൻസ്പോർട്ടേഷൻ സബ്സിഡി | 150.00 |
| 6 | ഇക്കോഷോപ്പുകൾക്കുള്ള പ്രോജക്ട് അധിഷ്ഠിത സഹായം | 100.00 |
| 7 | സാധ്യതയുള്ള പഞ്ചായത്തുകളിൽ കർഷക മിത്രങ്ങളെ ഉൾപ്പെടുത്തൽ | 60.00 |
| 8 | വി.എഫ്.പി.സി.കെ യുടെ വിപണി വികസന പ്രവർത്തനങ്ങൾ | 500.00 |
| 9 | സ്ഥാപനങ്ങളിലൂടെ വിപണനം ചെയ്യുന്ന ബ്രാന്റഡ് ജൈവ ഉല്പന്നങ്ങൾക്ക് പ്രൈസ് ഇൻസന്റീവ് (പുതിയത്) | 100.00 |
| 10 | വിപണനവുമായി ബന്ധപ്പെട്ട പോർട്ടലുകളുടെ വികസനവും മാനേജ്മെന്റും (പുതിയത്) | 1.00 |
| | **ആകെ (വിപണി വികസനം)** | **1190.00** |
| II | വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണി ഇടപെടൽ ഉൾപ്പെടെ പഴങ്ങൾക്കും പച്ചക്കറികൾക്കും നിശ്ചയിച്ച അടിസ്ഥാനവില നൽകുന്നതിനുള്ള സഹായം | 2200.00 |
| III | വി.എഫ്.പി.സി.കെ മുഖേനയുള്ള പച്ചത്തേങ്ങ സംഭരണം | 1000.00 |
| **ആകെ മൊത്തം (I+II+ III)** | | **4390.00** |

കാർഷിക മൊത്തവ്യാപാര വിപണികളുടെയും ജില്ലാ സംഭരണ കേന്ദ്രങ്ങളുടെയും അടിസ്ഥാനസൗകര്യ വികസനങ്ങൾക്കായും പ്രവർത്തന ചെലവുകൾക്കായും 154.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കാർഷികോൽപ്പന്നങ്ങളുടെ ഏകീകൃത വിപണി സുഗമമാക്കുന്നതിന് ഇ-എൻ.എ.എം (e-NAM) മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കും ഈ വിപണികളുടെ പ്രവർത്തനം. മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുമായി കൂടിയാലോചിച്ച് മാർക്കറ്റ് സെക്രട്ടറിമാർ തയ്യാറാക്കുന്ന കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിലായിരിക്കണം മൊത്ത വിപണിയുടെ അടിസ്ഥാന സൗകര്യവികസനം ഏറ്റെടുക്കേണ്ടത്. സർക്കാർ അംഗീകൃത ഏജൻസിയുടെ എസ്റ്റിമേറ്റ് സഹിതമുള്ള കർമ്മപദ്ധതി അംഗീകാരത്തിനായി കൃഷി ഡയറക്ടർക്ക് സമർപ്പിക്കണം. പ്രവൃത്തി അംഗീകൃത ഏജൻസികളെ ഏൽപ്പിക്കുന്നതാണ്.

കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ വിൽക്കുന്നതിനായി നിലവിലെ വിപണി വിവരങ്ങൾ ലഭ്യമാക്കുന്നതാണ്. കാലികമായ വിപണിവിവരങ്ങൾ ശേഖരിച്ച് കർഷകർക്ക് പ്രാപ്യമായ വെബ്സൈറ്റിൽ ലഭ്യമാക്കും. 40.00 ലക്ഷം രൂപ അഗ്മാർക്ക് നെറ്റിനും വിപണി വിവരശേഖരണത്തിനുമായി വകയിരുത്തുന്നു.

80.00 ലക്ഷം രൂപ അഗ്രികൾച്ചറൽ പ്രൈസസ് ബോർഡിന്റെ പ്രവർത്തനത്തിനും, 5.00 ലക്ഷം രൂപ ഡബ്ല്യു.റ്റി.ഒ സെല്ലിന്റെ പ്രവർത്തന ചെലവുകൾക്കുമായി നീക്കിവെച്ചിരിക്കുന്നു.

ഉല്പന്നങ്ങൾ കൃഷിവകുപ്പിന്റെ മാർക്കറ്റുകളിൽ ലേലത്തിന് എത്തിക്കുന്നതിനായി കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ നേരിട്ടുള്ള വിപണന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും 150.00 ലക്ഷം രൂപ ട്രാൻസ്പോർട്ടേഷൻ സബ്സിഡിയ്ക്കായി വകയിരുത്തിയിരിക്കുന്നു. ഇതിനായി കൃഷി ഡയറക്ടർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കും.

പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ജൈവകാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ വികസിപ്പിക്കുന്നതിനായി പ്രോജക്ട് അധിഷ്ഠിത സഹായം നൽകും. ഇതിനായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

കർഷകരുടെ കൃഷിസ്ഥലങ്ങളിൽ നിന്നും മിച്ചമുള്ള കാർഷികോൽപ്പന്നങ്ങൾ ശേഖരണ/വിപണന കേന്ദ്രങ്ങളിലേയ്ക്ക് എത്തിക്കുക വഴി അവയുടെ വിപണനം ഫലപ്രദമായി ഏകോപിപ്പിക്കുന്നതിന് സാധ്യതയുള്ള പഞ്ചായത്തുകളിൽ കർഷകമിത്രങ്ങളെ ഉൾപ്പെടുത്തും. അതുവഴി കർഷകർക്ക് ഉൽപ്പന്നങ്ങളുടെ വിൽപ്പനയും വരുമാനവും സുഗമമാക്കും. ഓരോ കർഷകമിത്രയും സംഭരിക്കുന്ന അളവിനെ അടിസ്ഥാനമാക്കി അവർക്ക് ഗ്രേഡഡ് ഇൻസെന്റീവ് ഘടന പിന്തുടരും. കർഷകമിത്രങ്ങളെ ഉൾപ്പെടുത്തുന്നതിന് 60.00 ലക്ഷം രൂപ വകയിരുത്തുന്നു. കർഷകമിത്രങ്ങളുടെ സേവനം അധിക

സാമ്പത്തിക ബാധ്യത ഇല്ലാതെ കൃഷിയിടാസൂത്രണാധിഷ്ഠിത വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കൃഷിയിടങ്ങളിലും പ്രയോജനപ്പെടുത്തും. അവരുടെ പ്രവർത്തനങ്ങളും, ഇടപാട് നടത്തുന്ന ഉല്പന്നങ്ങളുടെ വിലയും ട്രാക്ക് ചെയ്യുന്നതിനുള്ള സൗകര്യം കതിർ ആപ്പിൽ ലഭ്യമാക്കും.

വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗത്തിനായി മാർക്കറ്റിംഗ്, കോൾഡ് സ്റ്റോറേജ്, വിതരണ ശൃംഖലാ പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി കേന്ദ്രപദ്ധതികൾക്ക് (എം.ഐ.ഡി.എച്ച്, എസ്.എം.എ.എം മുതലായവ) കീഴിൽ ലഭ്യമായ ഫണ്ടുകളുടെ സംയോജനത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തും.

വി.എഫ്.പി.സി.കെ യുടെ മാർക്കറ്റ് വികസന പ്രവർത്തനങ്ങൾക്കായി 500.00 ലക്ഷം രൂപ വകയിരുത്തുന്നു.

വിവിധ സ്ഥാപനങ്ങളിലൂടെ വിപണനം ചെയ്യുന്ന ബ്രാൻഡഡ് ജൈവ ഉല്പന്നങ്ങൾക്ക് പ്രൈസ് ഇൻസന്റീവ് നൽകുന്നതിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിക്കുന്നു. സർട്ടിഫൈ ചെയ്ത ജൈവ ഉല്പന്നങ്ങൾക്ക് അവയുടെ പർച്ചെയിസ് പ്രൈസിന്റെ 10 ശതമാനം വില ഇൻസന്റീവ് ആയി നൽകും.

വിപണനവുമായി ബന്ധപ്പെട്ട പോർട്ടലുകളുടെ വികസനത്തിനും പരിപാലനത്തിനും ഈ പദ്ധതി പിന്തുണ നൽകും.

2025-26 കാലയളവിൽ കേര പ്രൊജക്ടുമായി സംയോജിപ്പിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

വിലനിലവാരം സ്ഥിരപ്പെടുത്തുന്നതിനുള്ള വിപണി ഇടപെടൽ പിന്തുണയ്ക്കുന്നതിനും പച്ചക്കറികൾക്കും പഴങ്ങൾക്കും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വില കർഷകർക്ക് നൽകുന്നതിനുള്ള പിന്തുണയും ഉൾപ്പടെ 2200.00 ലക്ഷം രൂപ വകയിരുത്തുന്നു. തെരഞ്ഞെടുത്ത കാർഷികോൽപ്പന്നങ്ങൾ നിയുക്ത ഏജൻസികൾ മുഖേന സംഭരിക്കുന്നതിനും, വിപണി വിലയിലെ ഏറ്റകുറച്ചിലുകൾ നിയന്ത്രിക്കുന്നതിനും ഉത്സവ സീസണിൽ ന്യായമായ വിലയിൽ ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ഉറപ്പാക്കുന്നതിനും ഈ തുക വിനിയോഗിക്കും. ഇതിൽ, 50.00 ലക്ഷം രൂപ, വില കുറയുന്ന സാഹചര്യത്തിൽ പഴങ്ങൾക്കും പച്ചക്കറികൾക്കും പ്രഖ്യാപിച്ച അടിസ്ഥാന വില കർഷകർക്ക് നൽകുന്നതിന് വകയിരുത്തിയിരിക്കുന്നു. ഇതിനായി അധിക ഫണ്ട് നീക്കിവെക്കില്ല.

2025-26 കാലയളവിൽ പച്ചത്തേങ്ങ സംഭരണത്തിലൂടെ സംസ്ഥാനത്തെ നാളികേര കർഷകരെ സഹായിക്കുകയും അതുവഴി കർഷകർക്ക് ലാഭകരമായ വില ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് വിഭാവനം ചെയ്തിരിക്കുന്നത്. വി.എഫ്.പി.സി.കെ. മുഖേന സുതാര്യമായ സംവിധാനത്തിലൂടെ പച്ചത്തേങ്ങ സംഭരണത്തിന് മാത്രമായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നാഫെഡ് മുഖേന നൽകുന്ന സൗകര്യങ്ങൾ സംഭരണ പ്രക്രിയയിൽ പൂർണമായും പ്രയോജനപ്പെടുത്തും.

സംഭരണം, വിപണി ഇടപെടൽ പ്രവർത്തനങ്ങൾ എന്നിവയുടെ കർശനമായ നിരീക്ഷണത്തിനായി കാർഷികോല്പാദന കമ്മീഷണറുടെ അധ്യക്ഷതയിൽ സംസ്ഥാനതലത്തിൽ സംവിധാനം ഏർപ്പെടുത്തും. വി.എഫ്.പി.സി.കെ, സി.ഇ.ഒ, ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ ഈ കമ്മിറ്റിയിൽ ഉൾപ്പെടുന്നതായിരിക്കും. ഈ കമ്മിറ്റി ത്രൈമാസ ഇടവേളകളിൽ യോഗം ചേരുകയും പദ്ധതിയുടെ പുരോഗതിയും പ്രശ്നങ്ങളും ചർച്ച ചെയ്യുകയും ചെയ്യും.

**2. വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും**

**(വിഹിതം: 800.00 ലക്ഷം രൂപ)**

ഇടത്തരം, ചെറുകിട, സൂക്ഷ്മ കാർഷിക സംസ്കരണ/മൂല്യവർദ്ധന യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക, കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പുവരുത്തുക, കർഷക ഉല്പാദക സംഘടനകളെ നവീകരിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. കാർഷിക മേഖലയിലെ സംരംഭകത്വത്തിലും മൂല്യവർദ്ധനയിലും നൂതന സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനും സഹായം നൽകുന്നു. അംഗീകൃത മാനദണ്ഡങ്ങൾക്കനുസൃതമായി ചെറുകിട കർഷക – കാർഷിക വ്യാപാര കൺസോർഷ്യം (എസ്.എഫ്.എ.സി) നോഡൽ ഏജൻസിയായി ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കും.

2025-26 ൽ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള 800.00 ലക്ഷം രൂപയുടെ ഘടകങ്ങൾ തിരിച്ചുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | എസ്.എഫ്.എ.സി മുഖേന സൂക്ഷ്മ ചെറുകിട – ഇടത്തരം കാർഷിക സംസ്കരണ യൂണിറ്റുകൾക്ക് മൂല്യവർദ്ധനവിനുള്ള സഹായം | 150.00 |
| 2 | എസ്.എഫ്.എ.സി മുഖേന സർക്കാർ/പൊതുമേഖലാ/സഹകരണ/ കുടുംബശ്രീ യൂണിറ്റ്/എഫ്.പി.ഒ തലത്തിൽ വിപണനത്തിനും മൂല്യവർദ്ധനാ യൂണിറ്റുകൾക്കുമുള്ള സഹായം | 100.00 |
| 3 | തേനീച്ച വളർത്തലിനും, തേൻ ഉല്പാദനത്തിനും, മൂല്യവർദ്ധിത തേൻ ഉല്പന്നങ്ങൾക്കുമായുള്ള സഹായം | 100.00 |
| 4 | പരിശീലനം ഉൾപ്പെടെ എസ്.എഫ്.എ.സി–യ്ക്കുള്ള പ്രവർത്തന സഹായം | 100.00 |
| 5 | നിലവിലുള്ള കർഷക ഉല്പാദക സംഘടനകളുടെ നവീകരണം (പ്രോജക്ട് അധിഷ്ഠിതം) എസ്.എഫ്.എ.സി മുഖേന | 200.00 |
| 6 | എഫ്.പി.ഒ കൾ മുഖേനയുള്ള ചെറുതും ഇടത്തരവുമായ കാർഷിക സംസ്കരണ സംരംഭങ്ങൾക്ക് പിന്തുണ | 150.00 |
| **ആകെ** | | **800.00** |

സൂക്ഷ്മ, ചെറുകിട, ഇടത്തരം, കാർഷിക സംസ്കരണ/മൂല്യവർദ്ധന യൂണിറ്റുകൾ, വ്യക്തിഗത/എസ്.എച്ച്.ജി അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധന യൂണിറ്റുകൾ തുടങ്ങിയവയ്ക്കുള്ള പ്രോജക്ട് അധിഷ്ഠിത സഹായം എസ്.എഫ്.എ.സി മുഖേന നൽകും. ഇതിനായി 150.00 ലക്ഷം രൂപ വകയിരുത്തുന്നു. സർക്കാർ/പൊതുമേഖല/സഹകരണ/എഫ്.പി.ഒ കൾക്കു എസ്.എഫ്.എ.സി. മുഖേനയുള്ള മൂല്യവർദ്ധന യൂണിറ്റുകൾക്കുള്ള സഹായമായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു. ആവശ്യമുള്ളിടത്ത് കൃഷിഭവനുമായി സംയോജിപ്പിച്ച് പദ്ധതി നടപ്പിലാക്കും. എല്ലാ പ്രൊപ്പോസലുകളും/പ്രോജക്ടുകളും എസ്.എഫ്.എ.സി പരിശോധിച്ച് എം.എസ്.എം.ഇ യുടെ നിലവിലുള്ള പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് നടപ്പിലാക്കുന്നതിന് അംഗീകാരം നൽകും. ഐ.ആർ.എം.എ, സി.എഫ്.റ്റി.ആർ.ഐ, ഐ.ഐ.എം തുടങ്ങിയ പ്രശസ്ത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം ലഭിച്ച വകുപ്പിലെ ഉദ്യോഗസ്ഥരടങ്ങുന്ന വിദഗ്ധ സംഘമായിരിക്കും പദ്ധതികളുടെ പരിശോധനയും നിരീക്ഷണവും വിലയിരുത്തലും നടത്തുന്നത്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന എം.ഐ.ഡി.എച്ച്, ഹണിമിഷൻ എന്നിവയുമായി സംയോജിപ്പിച്ച് എഫ്.പി.ഒ കളുടെ പങ്കാളിത്തത്തോടെ തേൻ കർഷകർക്കും തേൻ ഉല്പാദനത്തിനും മൂല്യവർദ്ധിത തേൻ ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനുമായുള്ള പിന്തുണ തുടരും. ഇതിനായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

പരിശീലനം ഉൾപ്പെടെ എസ്.എഫ്.എ.സി യ്ക്കുള്ള പ്രവർത്തന സഹായമായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

കാർഷിക ഉല്പാദനം, സംസ്കരണം, വിതരണം എന്നീ മേഖലകളിൽ കർഷക ഉദ്പാദക സംഘടനകളെ (എഫ്.പി.ഒ) പ്രോത്സാഹിപ്പിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് നിലവിലുള്ള എഫ്.പി.ഒ കളെ എസ്.എഫ്.എ.സി മുഖേന നവീകരിക്കുന്നതിന് 200.00 ലക്ഷം രൂപ വകയിരുത്തുന്നു. നവീകരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ എസ്.എഫ്.എ.സിയ്ക്ക് സമർപ്പിക്കുകയും ശരിയായ പരിശോധനയ്ക്ക് ശേഷം പ്രോജക്ട് മാതൃകയിൽ സഹായം നൽകുകയും ചെയ്യും. ഒറ്റത്തവണ സഹായമായിട്ടായിരിക്കും ആനുകൂല്യം നൽകുക. കഴിഞ്ഞ വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ അംഗീകരിക്കുകയില്ല.

എഫ്.പി.ഒ കൾ മുഖേനയുള്ള ചെറുതും ഇടത്തരവുമായ കാർഷിക സംസ്കരണ സംരംഭങ്ങൾക്ക് പിന്തുണ നൽകുന്നതിനായി 150.00 ലക്ഷം രൂപ വകയിരുത്തുന്നു.

2025-26 കാലയളവിൽ കേര പ്രൊജക്ടുമായി സംയോജിപ്പിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

### 3. കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യ വർധിത ശൃംഖല നവീകരണ പദ്ധതി (കേര) (ഇ.എ.പി)

**(വിഹിതം: 10000.00 ലക്ഷം രൂപ)**

ലോകബാങ്ക് ധനസഹായത്തോടെയുള്ള "കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യ വർധിത ശൃംഖല നവീകരണ പദ്ധതി" ലക്ഷ്യമിടുന്നത് ചെറുകിട കർഷകർ, കാർഷിക അധിഷ്ഠിത സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ), ഫാമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്.പി.ഒ കൾ), സ്റ്റാർട്ടപ്പുകൾ എന്നിവയിലൂടെ കേരളത്തിലെ ഭക്ഷ്യ-കാർഷിക മേഖലയുടെ വാണിജ്യവൽക്കരണം വർദ്ധിപ്പിക്കുകയും അത് വഴി പ്രാദേശിക സാമ്പത്തിക മേഖലയെ ഉത്തേജിപ്പിക്കുക എന്നതാണ്. കാർഷിക മേഖലയിലെ കാലാവസ്ഥാ പ്രതിരോധവും ലഘൂകരണവും, പ്രാദേശിക സാമ്പത്തിക വികസനത്തിന് മൂല്യവർദ്ധനയിലൂടെ ചെറുകിട ഉടമകളുടെ വാണിജ്യവൽക്കരണം, പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്, കാർഷിക ബിസിനസ്സ്, എഫ്.പി.ഒ കൾ, എഫ്.പി.സി കൾ, അഗ്രി ടെക് സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക ചെറുകിട ഇടത്തരം സംരംഭങ്ങൾ എന്നിവ ശക്തിപ്പെടുത്തൽ എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. 2025-26 കാലയളവിൽ, പദ്ധതിക്കായി സംസ്ഥാന വിഹിതം ഉൾപ്പെടെ 10,000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ മൂല്യവർദ്ധന ഘടകം വ്യവസായ വകുപ്പിന്റെ സജീവ പിന്തുണയോടെയായിരിക്കും നടപ്പിലാക്കുക.

### 4. കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷന് സഹായം

**(വിഹിതം: 11.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൂടുതൽ കാർഷിക സംഭരണശാലകൾ നിർമ്മിക്കും. 2025-26ൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് സഹായമായി 11.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10.00 ലക്ഷം രൂപ ഗോഡൗണുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനും 1.00 ലക്ഷം രൂപ ഗോഡൗണുകളുടെ നിർമ്മാണത്തിനുമാണ്. ആർ.ഐ.ഡി.എഫ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിച്ച് വെയർ ഹൗസുകളുടെ നിർമ്മാണം നടപ്പിലാക്കും.

### 5. ആർ.ഐ.ഡി.എഫ് പദ്ധതിയിലൂടെ അടിസ്ഥാനസൗകര്യ വികസനം

**(വിഹിതം: 300.00 ലക്ഷം രൂപ)**

സ്മാർട്ട് അഗ്രി വെയർഹൗസുകളുടെ നിർമ്മാണത്തിനായി 300.00 ലക്ഷം രൂപ നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയിൻ കീഴിൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് മാത്രമായി വകയിരുത്തിയിരിക്കുന്നു.

## ബി. മറ്റു പരിപാടികൾ

### 1. കർഷക ക്ഷേമനിധി ബോർഡ്

**(വിഹിതം: 200.00 ലക്ഷം രൂപ)**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികളും പരിപാടികളും കർഷക ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കും. ബോർഡിന്റെ പ്രവർത്തന ചെലവുകൾക്കായി 2025-26ൽ ഈ പദ്ധതിയ്ക്ക് കീഴിൽ 200.00 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു. ഇതിൽ വാഹനങ്ങൾ വാങ്ങുന്നത് അനുവദനീയമല്ല.

### 2. സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കുള്ള അന്താരാഷ്ട്ര ഗവേഷണ പരിശീലന കേന്ദ്രം, കുട്ടനാട്

**(വിഹിതം: 30.00 ലക്ഷം രൂപ)**

നൂതന പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിനും കുട്ടനാട് മേഖലയിലെ പ്രവർത്തനതലത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രവർത്തന ചെലവുകൾക്കുമായി 2025-26 ൽ 30.00 ലക്ഷം രൂപ വകയിരുത്തുന്നു.

# II. ഗ്രാമവികസനം

ഗ്രാമവികസന മേഖലയ്ക്കായി 2025-26-ൽ 192842.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 59200.00 ലക്ഷം രൂപ ഗ്രാമവികസന പരിപാടികൾക്കും 133633.00 ലക്ഷം രൂപ സാമൂഹ്യ വികസനവും പഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരിപാടികൾക്കുമാണ് വകയിരുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | മേഖല | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| II | **ഗ്രാമവികസനം** | |
| 2.1 | **ഗ്രാമവികസന പരിപാടികൾ** | |
| 1 | പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിട നിർമ്മാണം | 200.00 |
| 2 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.പി) | 23010.00 |
| 3 | പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) (40 ശതമാനം സംസ്ഥാന വിഹിതം) | 8000.00 |
| 4 | പി.എം.ജി.എസ്.വൈ-പ്രധാൻമന്ത്രി ജനജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പി.എം-ജന്മൻ) (40 ശതമാനം സംസ്ഥാന വിഹിതം) | 200.00 |
| 5 | പി.എം.ജി.എസ്.വൈ യ്ക്ക് സംസ്ഥാന സഹായം | 2360.00 |
| 6 | ബ്ലോക്ക് പഞ്ചായത്തുകളിൽ ഇൻഫർമേഷൻ സെന്ററുകൾ | 200.00 |
| 7 | പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ)- നീർത്തട ഘടകം - (40 ശതമാനം സംസ്ഥാന വിഹിതം) | 1000.00 |
| 8 | തദ്ദേശ സ്വയംഭരണ വകുപ്പിലെ ഇ-ഗവേണൻസ് സംവിധാനങ്ങളുടെ നവീകരണവും ശക്തിപ്പെടുത്തലും | 600.00 |
| 9 | സിൽക്ക് സമഗ്ര - (25 ശതമാനം സംസ്ഥാന വിഹിതം) | 50.00 |
| 10 | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി | 6000.00 |
| 11 | ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം (40 ശതമാനം സംസ്ഥാന വിഹിതം) | 29.00 |
| 12 | കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി | 2020.00 |
| 13 | സംസ്ഥാനത്ത് എൽഎസ്ജിഡി സമുച്ചയ നിർമ്മാണം (പുതിയ പദ്ധതി) | 300.00 |
| 14 | എൽഎസ്ജിഡി ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസ് കെട്ടിട നിർമ്മാണം (പുതിയ പദ്ധതി) | 301.00 |
| 15 | **പ്രാദേശിക സർക്കാരുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ** | |
| 1 | നബാർഡ് സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് | 3630.00 |
| 2 | ദീൻദയാൽ അന്ത്യോദയ യോജന - ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡി.എ.വൈ-എൻ.ആർ.എൽ.എം) (പൊതുവിഭാഗം) (40 ശതമാനം സംസ്ഥാന വിഹിതം) | 5600.00 |
| 3 | പ്രധാനമന്ത്രി ആവാസ് യോജന - ഗ്രാമീൺ (പി.എം.എ.വൈ-ജി) (പൊതുവിഭാഗം) (40 ശതമാനം സംസ്ഥാന വിഹിതം) | 5500.00 |
| 4. | പ്രധാൻമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പി.എം.എ.വൈ-ജന്മൻ ) (40 ശതമാനം സംസ്ഥാന വിഹിതം) (പുതിയ പദ്ധതി) | 200.00 |

| ക്രമ നമ്പർ | മേഖല | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **ആകെ (ഗ്രാമവികസന പരിപാടികൾ)** | **59200.00** |
| **2.2** | **സാമൂഹ്യ വികസനവും പഞ്ചായത്തുകളും** | |
| 1 | കുടുംബശ്രീ | 27000.00 |
| 2 | കില – വികേന്ദ്രീകരണത്തിലും പ്രാദേശിക ഭരണത്തിലും മികവിന്റെ കേന്ദ്രം | |
| എ | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) | 2932.00 |
| ബി | മാനവ വിഭവ വികസന കേന്ദ്രം (കില–സി.എച്ച്.ആർ.ഡി) (മുൻപ് സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് - എസ്.ഐ.ആർഡി) (50 ശതമാനം സംസ്ഥാന വിഹിതം) | 75.00 |
| സി | മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടാരക്കര എന്നിവിടങ്ങളിലെ കിലയുടെ കേന്ദ്രങ്ങളുടെ (മുൻപ് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ) ശാക്തീകരണം | 150.00 |
| 3 | ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) | 900.00 |
| 4 | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി – പ്രാദേശിക വികസനം | 14000.00 |
| 5 | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (40 ശതമാനം സംസ്ഥാന വിഹിതം) | 750.00 |
| 6 | ശുചിത്വ കേരളം | 3000.00 |
| 7 | തദ്ദേശഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഗുണനിലവാര നിയന്ത്രണ സംവിധാനം, ശേഷി വർദ്ധിപ്പിക്കൽ എന്നീ ഘടകങ്ങളുടെ വിപുലീകരിക്കൽ | 200.00 |
| 8 | രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ) (40 ശതമാനം സംസ്ഥാന വിഹിതം) | 700.00 |
| 9 | ജില്ലാ പദ്ധതികൾക്ക് പ്രോത്സാഹനം | 300.00 |
| 10 | സമ്പൂർണ്ണ ഭവന പദ്ധതി – ഗ്രാമം (ലൈഫ് മിഷൻ) | 58000.00 |
| 11 | കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി) പദ്ധതി സഹായം – ഗ്രാമം | 25626.00 |
| | **ആകെ (സാമൂഹ്യ വികസനവും പഞ്ചായത്തുകളും)** | **133633.00** |
| **2.5** | **ദേശീയ സാമൂഹ്യനീതി പരിപാടി** | |
| 1 | ദേശീയ സാമൂഹ്യസഹായ പരിപാടിയ്ക്ക് സംസ്ഥാന സഹായം – ദേശീയ വാർദ്ധക്യ പെൻഷൻ പദ്ധതി | 3.00 |
| 2 | ദേശീയ സാമൂഹ്യസഹായ പരിപാടിയ്ക്ക് സംസ്ഥാന സഹായം – ദേശീയ വിധവ പെൻഷൻ പദ്ധതി | 3.00 |
| 3 | ദേശീയ സാമൂഹ്യസഹായ പരിപാടിയ്ക്ക് സംസ്ഥാന സഹായം – ദേശീയ വികലാംഗ പെൻഷൻ പദ്ധതി | 3.00 |
| | **ആകെ (ദേശീയ സാമൂഹ്യനീതി പരിപാടി)** | **9.00** |
| | **ആകെ മൊത്തം** | **192842.00** |

## 2.1 ഗ്രാമ വികസന പരിപാടികൾ

### 1. പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിട നിർമ്മാണം

**(വിഹിതം: 200.00 ലക്ഷം രൂപ)**

ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃസംഘടനയുടെ ഭാഗമായി പുതുതായി രൂപീകരിച്ച ആറ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി 2011-12-ൽ ആരംഭിച്ചു. 2025-26 ൽ കാസർഗോഡ്, തളിപ്പറമ്പ്, വൈപ്പിൻ എന്നീ ബ്ലോക്ക് പഞ്ചായത്തുകളുടെ നിർമ്മാണപൂർത്തീകരണത്തിനുള്ള ബാക്കി തുക നൽകുന്നതിനും ആലങ്ങാട് ബ്ലോക്കിന്റെ പുതിയ കെട്ടിടനിർമ്മാണത്തിനുമായി തുക വകയിരുത്തുന്നു. കോടംതുരുത്ത്, കുട്ടിക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളുടെ കെട്ടിട നിർമ്മാണവും ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. 2025-26 ൽ ഈ പദ്ധതിയ്ക്കായി **200.00** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.പി)

**(വിഹിതം: 23010.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാരിന്റെ ഒരു സുപ്രധാന പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പദ്ധതി വിഹിതം വിനിയോഗിച്ചാണ് നടപ്പിലാക്കുന്നത്. അവിദഗ്ധ തൊഴിലാളികളുടെ കൂലി, ഭരണചെലവ് എന്നിവയുടെ 100 ശതമാനവും മെറ്റീരിയൽ ഘടകത്തിന്റെ 75 ശതമാനവും കേന്ദ്ര വിഹിതമാണ്. മെറ്റീരിയൽ ചെലവിന്റെ 25 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം അവിദഗ്ധ തൊഴിൽ ചെയ്യാൻ കഴിവും താൽപ്പര്യവുമുള്ള ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങളിലെ മുതിർന്നവർ അവരുടെ പേര് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. അവർക്ക് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ വേതനത്തോടുകൂടിയ തൊഴിൽ ഉറപ്പ് നൽകിക്കൊണ്ട് ഉപജീവന മാർഗ്ഗം സുരക്ഷിതമാക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു. ഡിമാന്റ് അനുസരിച്ച് വിഹിതം അനുവദിക്കുന്ന ഈ പദ്ധതിയിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യ വേതനം ഉറപ്പാക്കുന്നു. സംസ്ഥാന സർക്കാർ, മറ്റ് വകുപ്പുകളുടെ സമാന ലക്ഷ്യമുള്ള പദ്ധതികളും, മിഷൻ പ്രോഗ്രാമുകളായ ലൈഫ് മിഷൻ, കുടുംബശ്രീ മിഷൻ, ഹരിതകേരളം, സുഭിക്ഷ കേരളം, നീർത്തട വികസനം എന്നീ പദ്ധതികളുമായി സമന്വയിപ്പിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മുഴുവൻ സാധ്യതയെയും ഉപയോഗപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുകയും സൂക്ഷ്മമായ ആസൂത്രണത്തിനും കാര്യക്ഷമമായ നിർവ്വഹണത്തിനും ശ്രദ്ധ നൽകുന്നതുമാണ്. 2025-26 ൽ ശരാശരി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ച് രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ ഉപജീവന സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമം ഉണ്ടാകും. 10.50 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക വഴി 3,87,576.00 ലക്ഷം രൂപ വേതനമായി ലഭ്യമാക്കുകയാണ് ലക്ഷ്യം.

ഈ പദ്ധതിയ്ക്കായി വകയിരുത്തിയ മൊത്തം തുകയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | സാമ്പത്തിക വിഹിതം (രൂപ ലക്ഷത്തിൽ) | | |
|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ |
| 1 | അവിദഗ്ധ തൊഴിൽ വേതനം (100 ശതമാനം കേന്ദ്ര വിഹിതം) | 387576.00 | | 387576.00 |
| 2 | മെറ്റീരിയൽ ചെലവ് (കേന്ദ്ര വിഹിതം: സംസ്ഥാന വിഹിതം 75:25) | 68805.00 | 22935.00 | 91740.00 |
| 3 | ഭരണ ചെലവ് (100 ശതമാനം കേന്ദ്ര വിഹിതം) | 24276.50 | | 24276.50 |
| 4 | മിഷനിലെ ഉദ്യോഗസ്ഥരുടെ ശമ്പള വിഹിതം (ഭരണ ചെലവിന്റെ കേന്ദ്രവിഹിതത്തിൽ അനുവദനീയമല്ലാത്ത ചെലവുകൾ നിർവ്വഹിക്കുന്നതിന് മാത്രം - (100 ശതമാനം സംസ്ഥാന വിഹിതം) | 0.00 | 75.00 | 75.00 |
| 5 | ക്ലസ്റ്റർ ഫെസിലിറ്റേഷൻ പ്രോജെക്റ്റ് (സിഎഫ് പി) (100 ശതമാനം കേന്ദ്ര വിഹിതം) | 40.00 | | 40.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | സാമ്പത്തിക വിഹിതം (രൂപ ലക്ഷത്തിൽ) | | |
|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ |
| 6 | സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (100 ശതമാനം കേന്ദ്ര വിഹിതം) | 2700.00 | | 2700.00 |
| 7 | പ്രോജെക്ട് ഉന്നതി പ്രകാരമുള്ള സ്റ്റൈപ്പൻഡ് (100 ശതമാനം കേന്ദ്ര വിഹിതം) | 500.00 | | 500.00 |
| | **ആകെ** | **483897.5** | **23010.00** | **506907.50** |

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പദ്ധതിയിൽ രജിസ്റ്റർ ചെയ്യുതും, തൊഴിലിന് അപേക്ഷിച്ചതുമായ ഗുണഭോക്താക്കളിൽ 1/3 പേർ വനിതകളായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ, കേരളത്തിൽ, പദ്ധതിയുടെ ഗുണഭോക്താക്കളിൽ 90 ശതമാനത്തിൽ അധികം പേരും വനിതകളാണെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി 'ഹരിതകേരളം മിഷന്റെ' കീഴിൽ വരുന്നതാണ്.

2025-26-ൽ ഈ പദ്ധതിക്കായി 23010.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

### 3. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 8000.00 ലക്ഷം രൂപ)**

ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമീണ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഏത് കാലാവസ്ഥയേയും പ്രതിരോധിക്കാൻ ശേഷിയുള്ളതും ഉയർന്ന ഗുണനിലവാരവുമുള്ളതുമായ റോഡുകൾ നിർമ്മിക്കുക എന്നതാണ് പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) പദ്ധതിയുടെ ലക്ഷ്യം. കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസിയാണ് (കെ.എസ്.ആർ.ആർ.ഡി.എ) പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാന നോഡൽ ഏജൻസി. ഈ പദ്ധതിയ്ക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തുന്നു. 2025-26 ൽ ഈ പദ്ധതിയ്ക്കായി 8000.00 ലക്ഷം രൂപ 40 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

### 4. പി.എം.ജി.എസ്.വൈ പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പി.എം- ജന്മൻ) പി.വി.ടി.ജി (40% സംസ്ഥാന വിഹിതം)

**(വിഹിതം : 200.00 ലക്ഷം രൂപ)**

പ്രധാനമന്ത്രി ഗ്രാമ സഡക് യോജന - പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പി.എം-ജന്മൻ) പദ്ധതിയുടെ ലക്ഷ്യം, പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗങ്ങൾക്ക് (PVTGs) റോഡ് കണക്റ്റിവിറ്റി നൽകുക എന്നതാണ്. പ്രധാനമന്ത്രി ഗ്രാമ സഡക് യോജനയിൽ വിഭാവനം ചെയ്യുന്ന എല്ലാ മാനദണ്ഡങ്ങളും ഇതിലും ബാധകമായിരിക്കും. പാലക്കാട്, വയനാട് ജില്ലകളിലെ പട്ടികവർഗ്ഗ മേഖലകളിലാണ് ആദ്യ ഘട്ടത്തിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഡിപിആർ തയ്യാറാക്കൽ, ഐ.ഇ.സി പരിപാടികൾ, റോഡ്/പാലം നിർമ്മാണം, പരിപാലനവും പുതുക്കലും എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. 2025-26 കാലയളവിൽ പദ്ധതിക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 5. പി.എം.ജി.എസ്.വൈയ്ക്ക് സംസ്ഥാന സഹായം

**(വിഹിതം: 2360.00 ലക്ഷം രൂപ)**

പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) പദ്ധതിക്കുള്ള വിഹിതത്തിനു പുറമെ, എസ്റ്റിമേറ്റ് തുകയ്ക്ക് മുകളിൽ വരുന്ന ടെൻഡർ എക്സസ്, എസ്.ഒ.ആർ പുതുക്കൽ, യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, ഗുണനിലവാര പരിശോധന, ബാധ്യതാ കാലയളവ് പൂർത്തീകരിച്ച പി.എം.ജി.എസ്.വൈ റോഡുകളുടെ അറ്റകുറ്റപ്പണികൾ, പ്രകൃതിക്ഷോഭം മൂലം തകർന്ന റോഡുകൾ, പി.എം.ജി.എസ്.വൈ I ലും II ലും ശേഷിക്കുന്ന പ്രവർത്തനങ്ങളും പ്രകൃതി ദുരന്തങ്ങളാൽ തകർന്ന റോഡുകളുടെ പൂർത്തീകരണം എന്നിവയ്ക്ക് വേണ്ടിവരുന്ന ചെലവുകൾ സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. ഇതിനായി 2025-26 സാമ്പത്തിക വർഷം 2360.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 6. ബ്ലോക്ക് പഞ്ചായത്തുകളിലെ ഇൻഫർമേഷൻ സെന്ററുകൾ

**(വിഹിതം: 200.00 ലക്ഷം രൂപ)**

ഗ്രാമീണ ജനങ്ങൾക്ക് ആവശ്യമായ സേവനം പ്രദാനം ചെയ്യുന്നതിനും, വികസന പദ്ധതികളെ സംബന്ധിച്ച് എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനുമായി, 'വിവരങ്ങളുടെ ഒരു കിയോസ്ക്' ആയി

പ്രവർത്തിക്കുന്ന ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും സ്ഥാപിക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കുന്ന എല്ലാ വികസന പദ്ധതികളെക്കുറിച്ചുമുള്ള വിവരങ്ങൾ ഈ സെന്ററുകളിൽ ലഭ്യമാകുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ വെബ് അധിഷ്ഠിത ഇ-ഗവേർണൻസ് സേവനങ്ങൾ ലഭ്യമാകുന്ന ഒരു ഏകജാലകമായും ഇത് പ്രവർത്തിക്കും. ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ 2025-26-ൽ വിവിധോദ്ദേശ്യ വിവര കേന്ദ്രങ്ങൾ/റിസോഴ്സ് ഹബ് ആക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നു. ജനങ്ങൾക്ക് വികസന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനു പുറമേ, പ്രാദേശിക ഭരണകൂടങ്ങൾക്ക് ആസൂത്രണത്തിനായി സുപ്രധാന വിവരങ്ങൾ നൽകുകയും സംരംഭകത്വ വികസനവും തൊഴിൽ സൃഷ്ടിയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹകരണ കേന്ദ്രമായി പ്രവർത്തിക്കുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തെ നയിക്കുകയും ചെയ്യും. നൂതനമായ പ്രാദേശിക പദ്ധതികൾ രൂപീകരിക്കുന്നതിന് വിദഗ്ധരുമായി ആലോചിക്കുന്നതിനും ഗവേഷണ വികസന ഏജൻസികളുമായും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും കൂടിയാലോചിക്കുന്നതിനുള്ള ഒരു വേദിയായും ഈ സൗകര്യം ഉപയോഗിക്കാം. ഇൻഫർമേഷൻ സെന്ററുകൾ ഇല്ലാത്ത ബാക്കി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഇവ സ്ഥാപിക്കുന്നതിനായി 2025-26 കാലയളവിൽ പദ്ധതിക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആർ.ജി.എസ്.എ ഫണ്ടും പ്രസ്തുത സ്കീമിനായി ഉപയോഗിക്കാവുന്നതാണ്.

**7. പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ)-നീർത്തട ഘടകം (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാർ 2015-16 ൽ സമഗ്ര നീർത്തട പരിപാലന പരിപാടിയെ പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയിൽ സംയോജിപ്പിക്കുകയുണ്ടായി. അതിനുശേഷം ഈ പരിപാടി പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയുടെ നീർത്തട ഘടകമായി നടപ്പിലാക്കി വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് വിഹിതം വകയിരുത്തുന്നത്. പി.എം.കെ.എസ്.വൈ 2.0 പുതുക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരം പുതിയ നീർത്തടങ്ങൾ ആരംഭിക്കുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു.: മണ്ണ്, ജലം, പ്രകൃതിദത്ത ആവരണം, പ്രകൃതിദത്ത നീരുറവകൾ, പ്രകൃതിവിഭവങ്ങൾ എന്നിവ സംരക്ഷിച്ചും വികസിപ്പിച്ചും പരിസ്ഥിതി സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പങ്കാളിത്ത മാതൃകയിൽ പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണത്തിനായി പ്രകൃതിവിഭവ മാനേജ്മെന്റ്, ഉൽപ്പാദന സംവിധാനം, ഉപജീവന പ്രവർത്തനങ്ങൾ, സമൂഹത്തിനിടയിൽ ശേഷി വളർത്തൽ തുടങ്ങിയവ പദ്ധതിയുടെ ഗുണഫലമായി പ്രതീക്ഷിക്കുന്നു. മണ്ണൊലിപ്പ് തടയുക, പ്രകൃതിദത്ത സസ്യജാലങ്ങളുടെ പുനരുജ്ജീവനം, മഴവെള്ളസംഭരണം, ഭൂഗർഭജലം റീ-ചാർജ്ജ് ചെയ്യുക, നീരുറവകൾ പുനരുജ്ജീവിപ്പിക്കുക, സുസ്ഥിരമായ ഉപജീവനമാർഗ്ഗം പ്രദാനം ചെയ്യുക, വൈവിദ്ധ്യമാർന്ന കാർഷികാധിഷ്ഠിത പ്രവർത്തനങ്ങളെ ഏറ്റെടുക്കാൻ പ്രാപ്തരാക്കുക എന്നിവയാണ് പദ്ധതി വിഭാവനം ചെയ്യുന്ന പ്രധാന ലക്ഷ്യങ്ങൾ. ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകളിലൂടെ ഉൽപ്പാദനക്ഷമതയും ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയും മെച്ചപ്പെടുത്തി കർഷകരുടെ വരുമാനം ഇരട്ടിയാക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. 2025-26ൽ ലക്ഷ്യമിടുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ, നീർത്തട വികസന പ്രവർത്തനങ്ങൾ, ഉപജീവന പ്രവർത്തനങ്ങളും മൈക്രോ സംരംഭങ്ങളും, ഉൽപ്പാദന സംവിധാനം, ഏകീകരണ പ്രവർത്തനങ്ങൾ, എൻആർഎം - ഭരണച്ചെലവ്, ഭരണനിർവഹണം, നിരീക്ഷണം, മൂല്യനിർണ്ണയം, സ്ഥാപന പ്രവർത്തനങ്ങളും, ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ്. ഈ പദ്ധതിയിലെ പ്രകൃതി വിഭവ പരിപാലനവുമായി (എൻ.ആർ.എം) ബന്ധപ്പെട്ട ജോലികളുടെ ഒരു ഭാഗം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്. കേന്ദ്ര സർക്കാർ മുൻ വർഷങ്ങളിൽ അനുവദിച്ചതും, നിലവിൽ തുടർന്നുവരുന്നതുമായ പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്. ഹരിതകേരളം മിഷന്റെ' കീഴിൽ വരുന്നതാണ് ഈ പദ്ധതി. 2025-26 ൽ 1000.00 ലക്ഷം രൂപ ഈ പദ്ധതിയുടെ 40 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

**പി.എം.കെ.എസ്.വൈ-നീർത്തട ഘടകത്തിന്റെ 2025-26 ലെ സാമൂഹ്യ വിഭാഗം തിരിച്ചുള്ള വിശദാംശങ്ങൾ**

| ക്രമ നമ്പർ | വിഭാഗത്തിന്റെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പൊതുവിഭാഗം | 700.00 |
| 2 | എസ്.സി.എസ്.പി | 200.00 |

| ക്രമ നമ്പർ | വിഭാഗത്തിന്റെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 3 | റ്റി.എസ്.പി | 100.00 |
| | **ആകെ** | **1000.00** |

**8. തദ്ദേശ സ്വയംഭരണ വകുപ്പിലെ ഇ-ഗവേണൻസ് സംവിധാനങ്ങളുടെ നവീകരണവും ശക്തിപ്പെടുത്തലും (വിഹിതം: 600.00 ലക്ഷം രൂപ)**

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ അഞ്ച് വകുപ്പുകളുടെ സംയോജിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ ഇ ഗവേണൻസുമായി ബന്ധപ്പെട്ട എല്ലാ സംവിധാനങ്ങളും ഏകോപിപ്പിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. പർച്ചേസുകളിലും മറ്റ് സേവനങ്ങളിലും ഇരട്ടിപ്പ് ഒഴിവാക്കുന്നതിനായി ഓരോ വകുപ്പുകളുടെയും കീഴിലുള്ള നവീകരണത്തിനായി അനുവദിച്ച ഫണ്ട് സംയോജിപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ ഇ-ഗവേണൻസ് സംരംഭങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഗ്രാമവികസനം, നഗരകാര്യം, എൽഎസ്ജിഡി എൻജിനീയറിങ്ങ് വിഭാഗം, പഞ്ചായത്ത് വകുപ്പ്, എൽഎസ്ജിഡി ആസൂത്രണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള അതത് ഡയറക്ടറേറ്റുകൾ ബന്ധപ്പെട്ട ജില്ലാ ഓഫീസുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താൻ നിർദ്ദേശിക്കുന്നു. പൂർണ്ണമായി സജ്ജീകരിച്ച കമ്പ്യൂട്ടർ നെറ്റ്‌വർക്ക്, ആവശ്യമായ ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും, ടെലിഫോൺ ഇന്റർകോം സൗകര്യം, ആവശ്യമായ ബാൻഡ്‌വിഡ്ത്തോടുകൂടിയ കെ-ഫോൺ, കെ-സ്വാൻ ഇന്റർനെറ്റ് കണക്ഷൻ, ഫയൽ പ്രോസസ്സിംഗ് നിയന്ത്രിക്കുന്നതിന് ഇ-ഓഫീസ് സോഫ്റ്റ്‌വെയർ എന്നിവയുള്ള പിന്തുണാ സംവിധാനങ്ങൾ സുഗമമാക്കുക എന്നതാണ് ലക്ഷ്യം. വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് ആയ സാഹചര്യത്തിൽ പ്രസ്തുത വകുപ്പുകളുടെ ശീർഷകങ്ങൾക്കു കീഴിൽ മുൻവർഷങ്ങളിൽ നടപ്പിലാക്കികൊണ്ടിരുന്ന പ്രവൃത്തികളുടെ സ്പിൽ ഓവർ ബാധ്യത (എന്തെങ്കിലും ഉണ്ടെങ്കിൽ) ആയതിനുള്ള ഫണ്ടും ഈ സ്കീമിൽ നിന്നും കണ്ടെത്താവുന്നതാണ്

**2025-26 ലെ പദ്ധതി ഘടകങ്ങൾ**

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| 1 | ഇ-ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനുള്ള പിന്തുണാ സൗകര്യം (ഹാർഡ്‌വെയറും കണക്ടിവിറ്റിയും), ഐടി സാങ്കേതിക പിന്തുണയ്ക്കായി അപ്രന്റീസുകൾ (അസാപ് -എ.എസ്.എ.പി) വഴി |
| 2 | ജില്ലാ ഓഫീസുകളിൽ ബയോമെട്രിക് പഞ്ചിംഗ് മെഷീനുകളും സിസിടിവി ക്യാമറകളും സജ്ജീകരിക്കൽ |
| 3 | പുതിയ കമ്പ്യൂട്ടറും ലാപ്‌ടോപ്പുകളും പ്രിന്റർ, സ്കാനർ, എൽസിഡി പ്രൊജക്ടർ, വീഡിയോ ക്യാമറകൾ, മൾട്ടിമീഡിയ സ്പീക്കറുകൾ, എ.ഇ.ബി.എ.എസ് മെഷീനുകൾ, പ്രിൻസിപ്പൽ ഡയറക്ടറേറ്റിനും സബ് ഓഫീസുകൾക്കുമായി സിസിടിവി സംവിധാനങ്ങൾ, എൻജിനീയറിങ്ങ് ജീവനക്കാർക്കുള്ള ടാബ്‌ലെറ്റുകൾ തുടങ്ങിയ അനുബന്ധ ഘടകങ്ങൾ വാങ്ങൽ. |
| 4 | നെറ്റ്‌വർക്കിംഗ്, കണക്ടിവിറ്റി ഉപകരണങ്ങൾ, വൈഫൈ റൂട്ടറുകൾ, വൈഫൈ ഹോട്ട്സ്പോട്ടുകൾ, ആധാർ പ്രാപ്തമാക്കിയ ഹാജർ മാനേജ്മെന്റ് സിസ്റ്റം, ഇന്റർനെറ്റ്, ബ്രോഡ്ബാൻഡ് ചാർജ്ജുകൾ, സർവേ ഉപകരണങ്ങളുടെ വാങ്ങൽ, ടെലിഫോൺ യൂണിറ്റുകൾ, ഇ.പി.ബി.എ.എക്സ്, ഇന്റർനെറ്റ് ഹാർഡ്‌വെയർ അനുബന്ധ ഘടകങ്ങൾ, വിവിധ ചെലവുകൾ തുടങ്ങിയവ. |
| 5 | എഞ്ചിനീയർമാർക്കായി ലാപ്‌ടോപ്പ് വാങ്ങൽ |
| 6 | പ്രിൻസിപ്പൽ ഡയറക്ടറേറ്റിലും ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസുകളിലും വീഡിയോ കോൺഫറൻസ് റൂം സജ്ജീകരിക്കൽ, ലൈവ് സ്ട്രീമിംഗ്, സ്റ്റുഡിയോ ഉപകരണങ്ങൾ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾക്കുള്ള ലൈസൻസ് ഫീസ് ഉൾപ്പെടെയുള്ള ചെലവുകൾ. |
| 7 | കംപ്യൂട്ടറുകൾ/ലാപ്‌ടോപ്പുകൾ, എ.ഇ.ബി.എ.എസ്, യു.പി.എസ്, പ്രിന്ററുകൾ, സ്കാനറുകൾ, ഫോട്ടോകോപ്പിയർ, ഫാക്സ് മെഷീൻ, കണക്ടിവിറ്റി, നെറ്റ്‌വർക്കിംഗ് ഉപകരണങ്ങൾ, ലിഫ്റ്റ്, ഇലക്ട്രോണിക് ഉപകരണങ്ങൾ മുതലായവയ്ക്കുള്ള വാർഷിക മെയിന്റനൻസ് കരാർ (എ.എം.സി). |
| 8 | പ്രിൻസിപ്പൽ ഡയറക്ടറേറ്റിലും സബ് ഓഫീസുകളിലും കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, ഫോട്ടോകോപ്പിയറുകൾ, ഫാക്സ് മെഷീൻ, ടോണർ കാട്രിഡ്ജുകൾ റീഫിൽ ചെയ്യുന്നതിനും |

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| | പുന:നിർമ്മിക്കുന്നതിനും സ്പെയറുകളും കൺസ്യൂമബിൾസും വാങ്ങുന്നതിനും മെയിന്റനൻസ്/അപ്ഗ്രഡേഷനും, സൂം പോലുള്ള ഓൺലൈൻ വീഡിയോ കോൺഫറൻസിനുള്ള സബ്സ്ക്രിപ്ഷൻ ചാർജ്ജുകൾ തുടങ്ങിയവ. |
| 9 | പ്ലാൻ മോണിറ്ററിംഗ്, പ്ലാനുകൾ വികസിപ്പിക്കൽ, എക്സ്പോഷർ സന്ദർശനം, വർക്ക്ഷോപ്പുകൾ, മീറ്റിംഗുകൾ, റഫറൻസ് പുസ്തകങ്ങൾ വാങ്ങൽ എന്നിവയ്ക്കുള്ള ചെലവ്. |
| 10 | എൽഎസ്ജിഡിക്കുള്ള ഡാറ്റാ മാനേജ്മെന്റ് പോർട്ടൽ |
| 11 | ഐടി പ്രൊഫഷണലുകളുടെ നിയമനം (കരാർ അടിസ്ഥാനത്തിൽ) |
| 12 | ഖരമാലിന്യ ഉപദേശക ഗ്രൂപ്പ് സെല്ലിന്റെ (സോളിഡ് വേസ്റ്റ് അഡ്വൈസറി ഗ്രൂപ്പ് സെൽ - എസ്.ഡബ്ല്യു.എ.ജി സെൽ) രൂപീകരണം, ഡിജി സാക്ഷരതാ പരിപാടി, ബഡ്സ് സ്കൂളുകൾ മാറ്റി സ്ഥാപിക്കൽ |
| 13 | പദ്ധതിയുടെ നിരീക്ഷണത്തിനായി വാഹനങ്ങൾ വാടകയ്ക്ക് എടുക്കൽ/വാങ്ങൽ |

2025-26-ൽ ഈ പദ്ധതിയ്ക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**9. സിൽക്ക് സമഗ്ര (25 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 50.00 ലക്ഷം രൂപ)**

സിൽക്ക് സമഗ്ര പദ്ധതി 2.0, 50 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവും 25 ശതമാനം ഗുണഭോക്തൃ വിഹിതവും, 50:25:25 അനുപാതത്തിൽ വകയിരുത്തി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. പട്ടുനൂൽ ഉൽപ്പാദനം വർദ്ധിപ്പിക്കുക, ഗുണനിലവാരവും ഉൽപ്പാദനക്ഷമതയും മെച്ചപ്പെടുത്തുക, കൂടാതെ വിവിധ സെറികൾച്ചർ പ്രവർത്തനങ്ങളിലൂടെ രാജ്യത്തെ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളെ ശാക്തീകരിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. രണ്ട് പ്രധാന ഘടകങ്ങൾ ഉൾപ്പെടുന്നതാണ് ഈ പദ്ധതി. സെൻട്രൽ സിൽക്ക് ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങളും ഗുണഭോക്താക്കളെ അടിസ്ഥാനമാക്കിയുള്ള നിർണായക ഫീൽഡ് തല ഇടപെടലും. (i) ഗവേഷണവും വികസനവും, പരിശീലനം, സാങ്കേതിക കൈമാറ്റവും, വിവരസാങ്കേതിക വിദ്യ സംരംഭങ്ങളും, (ii) സീഡ് ഓർഗനൈസേഷനുകൾ (iii) ഏകോപനവും വിപണി വികസനവും (iv) ക്വാളിറ്റി സർട്ടിഫിക്കേഷൻ സംവിധാനങ്ങളും (ക്യൂസിഎസ്)/കയറ്റുമതി ബ്രാൻഡ് പ്രമോഷനും സാങ്കേതികവിദ്യാ നവീകരണവും. എന്നിവയാണ് സെൻട്രൽ സിൽക്ക് ബോർഡിന്റെ നാല് പ്രധാന പ്രവർത്തനങ്ങൾ. ഗുണഭോക്താക്കളെ അടിസ്ഥാനമാക്കിയുള്ള നിർണായക ഫീൽഡ് തല ഇടപെടലുകളിൽ മൂന്ന് പ്രധാന ഘടകങ്ങൾ ഉൾപ്പെടുന്നു: (എ) വടക്ക് കിഴക്കൻ മേഖല ഒഴികെയുള്ള നിർണായക ഫീൽഡ് തല ഇടപെടലുകൾ (ബി) വടക്കുകിഴക്കൻ മേഖലയിൽ സെറികൾച്ചർ പദ്ധതികൾ നടപ്പാക്കൽ (സി) എൻഇആർടിപിഎസ്സിന്റെ നിലവിലുള്ള സെറികൾച്ചർ പദ്ധതികളുടെ ചെലവുകൾ നിറവേറ്റുന്നതിനുള്ള വ്യവസ്ഥകൾ. കേരളത്തിലെ പാലക്കാട്, വയനാട്, ഇടുക്കി എന്നീ ജില്ലകൾ ബൈവോൾട്ടീൻ സെറികൾച്ചറിന് പ്രസിദ്ധമാണ്. മൾബറി കൃഷി പ്രോത്സാഹിപ്പിക്കുക, പട്ടുനൂൽ പുഴുക്കളെ വളർത്തുക, മൾബറി തോട്ടങ്ങളിൽ പട്ടുനൂൽ കൊക്കൂണുകൾ ഉൽപ്പാദിപ്പിക്കുക, വിപണനത്തിനുള്ള സഹായം, സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ, അതുവഴി പട്ടുനൂൽ കർഷകർക്ക് തൊഴിലും വരുമാനവും ഉണ്ടാക്കുക എന്നിവയിലൂടെ മേൽപ്പറഞ്ഞ ജില്ലകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഗ്രാമവികസന കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥരുടെ പിന്തുണയോടെയും ഏകോപനത്തോടെയും സെൻട്രൽ സിൽക്ക് ബോർഡിന്റെ റീജിയണൽ എക്സ്റ്റൻഷൻ സെന്ററുകളുടെ മേൽനോട്ടത്തിൽ ഒരു ബ്ലോക്ക് പഞ്ചായത്തിൽ 50 കർഷകർ ഉൾപ്പെടുന്ന ഒരു ക്ലസ്റ്റർ എന്ന രീതിയിൽ പരിപാടി നടപ്പിലാക്കുവാൻ ലക്ഷ്യം വെക്കുന്നു. പ്രസ്തുത പദ്ധതിയുടെ കീഴിൽ മൾബറി കൃഷി, പട്ടുനൂൽ പുഴു വളർത്തൽ, ജലസേചനം, റിയറിംഗ് ഹൗസ്, അണുനാശിനി പ്രയോഗം, കിസാൻ നഴ്സറി, വിദഗ്ദ തൊഴിൽ വികസനം എന്നിവ ഉൾപ്പെടുന്നു. 2025-26-ൽ 50.00 ലക്ഷം രൂപ ഈ പദ്ധതിയുടെ 25 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

**10. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി**

**(വിഹിതം: 6000.00 ലക്ഷം രൂപ)**

അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ അതിദാരിദ്ര്യം തുടച്ചുനീക്കുന്നതിനായി സംസ്ഥാന സർക്കാർ അതിദാരിദ്ര്യ നിർമാർജനം ചെയ്യുന്ന പ്രക്രിയ ആരംഭിച്ചു. ആദ്യഘട്ടമെന്ന നിലയിൽ, ഭക്ഷണം,

ആരോഗ്യം, വരുമാനം, പാർപ്പിടം എന്നിങ്ങനെ നാല് പരാധീനതകളുടെ അടിസ്ഥാനത്തിൽ 64,006 അതീവ ദരിദ്ര കുടുംബങ്ങളെ കണ്ടെത്തി. കുടുംബശ്രീ മിഷന്റെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിലും മേൽനോട്ടത്തിലും അഞ്ച് വർഷത്തിനുള്ളിൽ കുടുംബങ്ങളെയും വ്യക്തികളെയും കടുത്ത ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കുന്നതിനുള്ള ഗാർഹികതല മൈക്രോ ലെവൽ പദ്ധതികൾ തയ്യാറാക്കുന്നതിനുളള മാർഗ്ഗരേഖ ജി.ഒ (എം.എസ്) 146/2022/LSGD തീയതി 08.07.2022, പ്രകാരം സർക്കാർ പുറത്തിറക്കി. ഇതിനായി മൈക്രോ പ്ലാനുകളെ, മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്ന അടിയന്തര പരിചരണ പദ്ധതികൾ, മൂന്ന് മാസം മുതൽ രണ്ട് വർഷം വരെയുള്ള കാലയളവിൽ പൂർത്തീകരിക്കേണ്ട ഹ്രസ്വകാല പദ്ധതികൾ, നാല് വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ട ദീർഘകാല സമഗ്ര പദ്ധതികൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടുകൾ, സിഎസ്ആർ ഫണ്ടുകൾ, തദ്ദേശ സ്ഥാപനങ്ങൾ സ്വരൂപിക്കുന്ന ഫണ്ടുകൾ എന്നിവ ഉപയോഗിച്ചാണ് ഓരോ തദ്ദേശ സ്ഥാപനവും ഏറ്റെടുക്കുന്ന പദ്ധതികൾ നടപ്പാക്കേണ്ടത്. എന്നിരുന്നാലും, ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് പദ്ധതി നടപ്പാക്കാൻ മതിയായ ഫണ്ടില്ലാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക്, അതിദാരിദ്ര്യ നിർമ്മാർജന പരിപാടികൾ നടപ്പിലാക്കുന്നതിനായി, ഗ്യാപ് ഫണ്ട് നൽകാനാണ് തുക വകയിരുത്തിയിരിക്കുന്നത്. മൈക്രോ പ്ലാനുകൾ (ഇന്റർമീഡിയറ്റ് കെയർ പ്ലാനുകളും ലോംഗ് ടേം പ്ലാനുകളും) തയ്യാറാക്കുന്നതിന് മാത്രമായി അതാത് പ്രാദേശിക സർക്കാരുകൾക്ക് തുക വിതരണം ചെയ്യേണ്ടതാണ്. ഇന്റർമീഡിയറ്റ് കെയർ പ്ലാനുകളും ലോംഗ് ടേം പ്ലാനുകളും നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളുമായി സംയോജനം ആവശ്യമുണ്ടെങ്കിൽ ഇരട്ടിപ്പ് വരാതെ ആയതിനും തുക ഉപയോഗിക്കാവുന്നതാണ്. അതി ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി 2025-26 ൽ 6000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഭവനനിർമ്മാണ മേഖലയിൽ, ഇപിഇപി ഗുണഭോക്താക്കൾക്ക് ഷെൽട്ടർ നൽകുന്നതിനുള്ള ചെലവ് മാത്രമേ ഈ പദ്ധതിയിൽ വഹിക്കാൻ കഴിയൂ. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇപിഇപി ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി അവരുടെ ഭവന ആവശ്യങ്ങൾ നിറവേറ്റും.

### 11. ന്യൂ ഇന്ത്യ സാക്ഷരതാ പരിപാടി (40% സംസ്ഥാന വിഹിതം)

**(വിഹിതം: 29.00 ലക്ഷം രൂപ)**

ന്യൂ ഇന്ത്യ സാക്ഷരതാ പരിപാടി, 2020 ലെ ദേശീയ വിദ്യാഭ്യാസ നയത്തിനോട് ചേർന്ന് മുതിർന്ന പൗരൻമാരുടെ വിദ്യാഭ്യാസത്തിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്നതിനായി 2022-27 കാലയളവിലേയ്ക്ക് ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. അടിസ്ഥാന സാക്ഷരതയും സംഖ്യാ സാക്ഷരതയും മാത്രമല്ല, നിർണായക ജീവിത നൈപുണികൾ, തൊഴിലധിഷ്ഠിത നൈപുണ്യ വികസനം, അടിസ്ഥാന വിദ്യാഭ്യാസം, തുടർ വിദ്യാഭ്യാസം എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. 2025-26 കാലയളവിൽ "ന്യൂ ഇന്ത്യ സാക്ഷരതാ പരിപാടി" എന്ന പദ്ധതിക്ക് 40 ശതമാനം സംസ്ഥാന വിഹിതമായി 29.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 12. കേരളാ സംസ്ഥാന സാക്ഷരത മിഷൻ (ലീപ് കേരള മിഷൻ)

**(വിഹിതം: 2020.00 ലക്ഷം രൂപ)**

1988-ൽ തദ്ദേശഭരണ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും മുഖേന സംസ്ഥാനത്ത് ആരംഭിച്ച തുടർവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി. നിലവിൽ, അതോറിറ്റിക്ക് 4000-ലധികം കേന്ദ്രങ്ങളുണ്ട്, അതിലൂടെ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നു. തുടർ വിദ്യാഭ്യാസ പരിപാടികൾ/തുല്യതാ സാക്ഷരത പരിപാടികൾ, സംസ്ഥാന/ജില്ലാ സാക്ഷരതാ മിഷന്റെ ഓഫീസ് അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാർക്കുള്ള ശമ്പളം, പദ്ധതി നടപ്പാക്കുന്നതിനുള്ള ചെലവുകൾ, പ്രേരക്മാരുടേയും/അസിസ്റ്റന്റ് പ്രേരക്മാരുടേയും ഹോണറേറിയം, ജില്ലാ സാക്ഷരതാ മിഷന്റെ പ്രവർത്തനം, ശിൽപശാലകൾ, പരിശീലനം, സെമിനാറുകൾ, ഓഫീസ് ഓട്ടോമേഷൻ ഉൾപ്പെടെയുള്ള ഓഫീസ് ചെലവുകൾ, മിഷന്റെ വാർത്താപത്രിക/മാഗസിനുകളുടെ പ്രസിദ്ധീകരണം, സാക്ഷരതാ പഠിതാക്കൾക്കുള്ള ജില്ലാ-സംസ്ഥാനതല കലോൽസവം, നവചേതന (പട്ടികജാതിക്കാർക്കുള്ള പ്രത്യേക സാക്ഷരത/തുല്യത പ്രോഗ്രാം), സമന്വയ (ട്രാൻസ്ജെൻഡർ തുടർ വിദ്യാഭ്യാസത്തിനുള്ള പ്രത്യേക പാക്കേജ്), ചങ്ങാതി (കുടിയേറ്റ തൊഴിലാളികൾക്കുള്ള സാക്ഷരതാ പരിപാടി), പരിസ്ഥിതി സാക്ഷരതാ പരിപാടി, സാമൂഹിക സാക്ഷരതാ പരിപാടി, ലിംഗ സാക്ഷരത, പൗരധ്വനി, ഉദയം, ബ്രെയ്ലി സാക്ഷരതാ പരിപാടി, സൈബർ സാക്ഷരതാ പരിപാടി, ഒപ്പം (പ്രത്യേക ഗോത്ര തുല്യതാ പരിപാടി), ജയിൽ ജ്യോതി (സാക്ഷരത/തുല്യതാ പരിപാടി), കൂടെ (വിവിധ സ്ഥാപനങ്ങളിൽ സാക്ഷരതയും തുല്യതയും പരിപാടികൾ), തൊഴിൽ പരിശീലനം, മുന്നേറ്റം (സ്ത്രീ ശാക്തീകരണ പരിപാടി), കാലാവസ്ഥാ സാക്ഷരത, സാംസ്കാരിക സാക്ഷരത, ചരിത്ര സാക്ഷരത, തുടർന്നുവരുന്ന മറ്റ് പരിപാടികൾ എന്നിവയെല്ലാമാണ് പദ്ധതി

ഘടകങ്ങൾ. 2025-26 വർഷത്തിൽ മുകളിൽ സൂചിപ്പിച്ച സ്കീമുകൾ നടപ്പിലാക്കുന്നതിന് 2020.00 ലക്ഷം രൂപ വകയിരുത്തുന്നു.

**13. സംസ്ഥാനതല എൽ.എസ്.ജി.ഡി സമുച്ചയം നിർമ്മാണം (പുതിയ പദ്ധതി)**

**(വിഹിതം 300.00 ലക്ഷം രൂപ)**

തദ്ദേശഭരണ വകുപ്പിന്റെ വിവിധ വിഭാഗങ്ങളെയും ജീവനക്കാരെയും ഏകോപിപ്പിച്ചുകൊണ്ട് 2023-ൽ സംയോജിത തദ്ദേശ സ്വയംഭരണ വകുപ്പ് (എൽഎസ്ജിഡി) സ്ഥാപിതമായി. ഒരു സംയോജിത വകുപ്പായ എൽഎസ്ജിഡിയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലവും ആധുനിക സൗകര്യങ്ങളും നിലവിൽ അപര്യാപ്തമാണ്. എൽഎസ്ജിഡി യുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഒരു പുതിയ കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണിത്. 2025-26 സാമ്പത്തിക വർഷത്തേക്ക് നിർദ്ദേശിക്കപ്പെട്ട ബജറ്റ് വിഹിതം, ആസ്ഥാനത്തെ ഭൂമി വാങ്ങൽ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ ആവശ്യകതകൾ നിറവേറ്റുന്നതിന് വകുപ്പിനെ പ്രാപ്തമാക്കും. 2025-26 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്ക് 300.00 ലക്ഷം തുക വകയിരുത്തുന്നു.

**14. എൽഎസ്ജിഡി ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസ് കെട്ടിടം നിർമ്മാണം (പുതിയ പദ്ധതി)**

**(വിഹിതം: 301.00 ലക്ഷം രൂപ)**

2023-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ (എൽ.എസ്.ജി.ഡി.) സംയോജനം പഞ്ചായത്തുകൾ, നഗരകാര്യങ്ങൾ, ഗ്രാമീണ വികസനം, നഗര ആസൂത്രണം, എഞ്ചിനീയറിംഗ് വിഭാഗങ്ങൾ ഉൾപ്പെടെ വിവിധ വകുപ്പുകളെ എൽഎസ്ജിഡിയുടെ കുടക്കീഴിൽ ഏകീകരിച്ചു. സംയോജനത്തിന്റെ ഭാഗമായി, ഓരോ ജില്ലയിലും എൽഎസ്ജിഡിയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ജില്ലാതലത്തിൽ ജോയിന്റ് ഡയറക്ടറെ നിയമിച്ചു. കാര്യക്ഷമമായ ഭരണം ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുമായി ഇത് ഏകോപിപ്പിക്കുന്നു. പത്തനംതിട്ട ജില്ലയിലും പാലക്കാട് ജില്ലയിലും ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസുകൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. പത്തനംതിട്ട പാലക്കാട് ജില്ലകളിൽ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്ക് 301.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**15. പ്രാദേശിക സർക്കാരുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

**(വിഹിതം: 14930.00 ലക്ഷം രൂപ)**

പ്രാദേശിക സർക്കാരുകൾ വഴി നടപ്പിലാക്കുന്ന താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾക്കായി 14930.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിഹിതം തുക (രൂപ ലക്ഷത്തിൽ) | | | |
|---|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | ആകെ |
| 1 | നബാർഡ് സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് | 951.00 | 1399.00 | 1280.00 | 3630.00 |
| 2 | ദീൻദയാൽ അന്ത്യോദയ യോജന- ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡി.എ.വൈ-എൻ.ആർ.എൽ.എം) പൊതുവിഭാഗം (40 ശതമാനം സംസ്ഥാന വിഹിതം) | 5600.00 | | | 5600.00 |
| 3 | പ്രധാനമന്ത്രി ആവാസ് യോജന- ഗ്രാമീൺ (പി.എം.എ.വൈ-ജി) (പൊതുവിഭാഗം) (40 ശതമാനം സംസ്ഥാന വിഹിതം) | | 5500.00 | | 5500.00 |
| 4. | പി.എം.എ.വൈ-ജൻമൻ (40 ശതമാനം സംസ്ഥാന വിഹിതം) (പുതിയ പദ്ധതി) | | 200.00 | | 200.00 |
| **ആകെ** | | **6551.00** | **7099.00** | **1280.00** | **14930.00** |

ഈ പദ്ധതികളുടെ വിശദാംശങ്ങൾ 2025-26-ലെ ബജറ്റിന്റെ അനുബന്ധം-IV ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 2.2 സാമൂഹ്യ വികസനവും പഞ്ചായത്തുകളും

### 1. കുടുംബശ്രീ

**(വിഹിതം: 27000.00ലക്ഷം രൂപ)**

ലഭ്യമായ സേവനങ്ങളെയും വിഭവങ്ങളെയും കോർത്തിണക്കിക്കൊണ്ട് ദരിദ്ര സ്ത്രീകളുടെ സ്വയം സഹായ സാമൂഹ്യാധിഷ്ഠിത ഇടപെടലുകൾ പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) നടത്തി വരുന്നു. ഉപജീവനം, മൈക്രോ ഫിനാൻസ്, സാമൂഹ്യ വികസനം, സ്ത്രീശാക്തീകരണം എന്നീ മേഖലകളിലാണ് കുടുംബശ്രീ പ്രധാനമായും ഇടപെടലുകൾ നടത്തുന്നത്. വിഭവങ്ങളുടെ ഉത്തമ ഉപയോഗം ഉറപ്പാക്കുന്നതിനും പദ്ധതികളുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനുമായി കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായും വിവിധ വികസന വകുപ്പുകളുടെ പദ്ധതികളുമായും മിഷൻ പ്രോഗ്രാമുകളുമായും സംയോജിപ്പിക്കേണ്ടതുണ്ട്. കുടുംബശ്രീയുടെ പദ്ധതികൾക്കുള്ള തുകയുടെ 20 ശതമാനമെങ്കിലും പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങളിലെ സ്ത്രീകൾക്കായി നീക്കിവച്ചിട്ടുണ്ടെന്ന് മിഷൻ ഉറപ്പാക്കണം. കൂടാതെ മത്സ്യത്തൊഴിലാളി മേഖലയിൽ പ്രത്യേക പരിഗണന നൽകണം. കുടുംബശ്രീയുടെ പ്രവർത്തനങ്ങളും പരിപാടികളും എൽ.എസ്.ജി.ഡി യുടെ പ്രാദേശിക സാമ്പത്തിക വികസന പരിപാടിയുമായി സംയോജിപ്പിക്കും.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ |
|---|---|
| I | **സംഘടനാ സംവിധാനം ശക്തിപ്പെടുത്തലും കാര്യശേഷി വർദ്ധിപ്പിക്കലും** |
| | സിഡിഎസ് ചെയർപേഴ്സൺമാർക്ക് ഓണറേറിയം നൽകൽ, എല്ലാ സിഡിഎസുകൾക്കും അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് നൽകൽ, സിഡിഎസ് അംഗങ്ങൾക്ക് യാത്രാ അലവൻസ് നൽകൽ, കുടുംബശ്രീ മിഷന്റെ അഡ്മിനിസ്ട്രേഷൻ, ഓഫീസ് ചെലവുകൾ, അർബൻ സിഡിഎസ് അക്കൗണ്ടന്റിന് ഓണറേറിയം നൽകൽ, എല്ലാ എൽഎസ്ജിഐ വാർഡുകളിലെയും ഓക്സിലിയറി ഗ്രൂപ്പുകൾ ശക്തിപ്പെടുത്തൽ, കുടുംബശ്രീ ത്രിതല സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ. കമ്മ്യൂണിറ്റി നെറ്റ്‌വർക്ക് ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ, വാർഷികാഘോഷങ്ങളും, വാർഷിക കല-കായികമേളയും (അരങ്ങ്), കമ്മ്യൂണിറ്റി സ്ഥാപനങ്ങൾക്കുള്ള അവാർഡ്, ഓൺലൈൻ പരിശീലന മൊഡ്യൂളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മാസികയും മാധ്യമങ്ങളും, പ്രത്യേക അയൽക്കൂട്ടങ്ങൾക്കുള്ള പിന്തുണ, യു.പി.ആർ.പി - നഗര ദാരിദ്ര്യ നിർമാർജന പരിപാടി, നഗര മോഡൽ സി.ഡി.എസ് /എ.ഡി.എസ്സ്, നോളജ് മാനേജ്മെന്റ് & ഡോക്യുമെന്റേഷൻ, കമ്മ്യൂണിക്കേഷനുകളും ഇവന്റുകളും സേവനങ്ങളുടെയും സാധനങ്ങളുടെയും സംഭരണം, ഘട്ടങ്ങളായി ഇ.ആർ.പി സിസ്റ്റത്തിന്റെ വികസനം, സി.ഡി.എസ് - നെ മികവിന്റെ കേന്ദ്രമായി മാറുന്നതിനായി മോഡൽ ക്യാമ്പയിനുകളും മെന്റർഷിപ്പ് പരിപാടികളും നടപ്പിലാക്കുക. |
| II | **പ്രാദേശിക സാമ്പത്തിക വികസനം** |
| | **1. മൈക്രോ ഫിനാൻസ്:** പലിശ സബ്സിഡി - ചീഫ് മിനിസ്റ്റേഴ്സ് ഹെൽപ്പിംഗ് ഹാൻഡ് ലോൺ സ്കീം (സി.എം.എച്ച്.എച്ച്.എൽ.എസ്), സി.ബി. ഒ ഓഡിറ്റ്, KAASS ഓഡിറ്റ് ടീമിനുള്ള ശേഷി വർദ്ധിപ്പിക്കൽ പ്രോഗ്രാമുകൾ. സാമ്പത്തിക ഉൾപ്പെടുത്തൽ , ടാലി പരിശീലനം |
| | **2. മൈക്രോ എന്റർപ്രൈസസ് (എംഇ)** - 'ഷീ സ്റ്റാർട്ട്സ്' യൂണിറ്റുകൾക്കുള്ള പലിശ സബ്സിഡി, സൂക്ഷ്മ സംരംഭങ്ങളുടെ-രൂപീകരണം-(നിലവിലുള്ളതും പുതുതായി രൂപീകരിച്ചതുമായ സംരംഭക യൂണിറ്റുകൾക്കുള്ള പലിശ സബ്സിഡി), സൂക്ഷ്മ സംരംഭങ്ങൾ ക്കുള്ള സാമ്പത്തിക സഹായം, കോമൺ ഫെസിലിറ്റി സെന്ററിന്റെ രൂപീകരണം, പ്രീമിയം ഹോട്ടലുകൾ, സോഫ്റ്റ്‌വെയർ വികസനം, അവലോകനവും നിരീക്ഷണവും, ആഭ്യന്തര പരിശീലനങ്ങൾ, എക്സ്പോഷർ സന്ദർശനങ്ങൾ, വർക്ക്ഷോപ്പുകൾ, ഇവന്റുകൾ, മീറ്റിംഗുകൾ, മൈക്രോ എന്റർപ്രൈസസുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, മൈക്രോ എന്റർപ്രൈസസ് ഇൻഷ്വറൻസ്, ജനകീയ ഹോട്ടൽ - റിവോൾവിംഗ് ഫണ്ടും സബ്സിഡിയും, അർബൻ മൈക്രോ എന്റർപ്രൈസസ് സംരംഭങ്ങൾ, മൂല്യവർദ്ധിത സംരംഭകത്വ പിന്തുണ നൽകുന്നതിന് പൊതുവായ ഇൻകുബേഷൻ/ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, കൂടാതെ, ആ മേഖലയിലെ പ്രധാന ഉത്പന്നങ്ങളുടെ സംസ്കരണത്തിൽ പരിശീലനം നൽകൽ, നഗര നൈപുണ്യ പരിശീലനം, സൂക്ഷ്മ സംരംഭ സഹായ കേന്ദ്രങ്ങൾ. |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ |
|---|---|
| | **3. കൃഷി–** ഏരിയ ഇൻസെന്റീവും പലിശ സബ്സിഡിയും, ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകൾ, പുതിയ കാർഷിക-ബിസിനസ് സംരംഭങ്ങൾ, പുതിയ ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ, ടെക്നോളജി ഫണ്ട്, മിനി പോളി ഹൗസ്/റെയിൻ ഷെൽട്ടർ പ്രിസിഷൻ ഫാമിംഗ്, തണ്ണിമത്തൻ കൃഷി, പുഷ്പകൃഷി, മുല്ലപ്പൂക്കൃഷി, ജില്ലാ സംരംഭം, ഐഇസി, അഗ്രി തെറാപ്പി, ഇന്റഗ്രേറ്റഡ് ഫാമിംഗ് ക്ലസ്റ്റർ, അർബൻ ആന്റ് റൂറൽ സിഇഎഫ്, കടും കൃഷി – വാഴ, സംഘ കൃഷി , ജില്ലയുടെ പ്രത്യേക ഉദ്യമങ്ങൾ, കൃഷി സ്റ്റാർട്ടപ്പുകൾ, കണി വെള്ളരി/വിഷു കിറ്റ് പരിപാടി. |
| | **4. മൃഗസംരക്ഷണം –** വിവര വിദ്യാഭ്യാസ വിനിമയം, മോണിറ്ററിംഗും കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ, സി.ഡി.എസ്സ് അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങളുടെ പ്രോത്സാഹനം, പ്രൊഡ്യൂസർ എന്റർപ്രൈസസിനുള്ള റിവോൾവിങ്ങ് ഫണ്ട്. |
| | **കേരള ചിക്കൻ–** കേരളത്തിലുടനീളമുള്ള ഫാമുകളുടെ ഇന്റഗ്രേഷനുള്ള ഗ്രാന്റ്, അതുവഴി കുടുംബശ്രീ അംഗങ്ങൾക്ക് ഉപജീവനമാർഗം, മൂല്യവർദ്ധനയ്ക്കുള്ള യന്ത്രസാമഗ്രികൾ വാങ്ങൽ, മാംസം, മാംസ ഉൽപന്നങ്ങൾ എന്നിവയുടെ ഗുണനിലവാര നിയന്ത്രണ ലബോറട്ടറി സ്ഥാപിക്കൽ, ബ്രീഡർ ഫാം സ്ഥാപിക്കൽ, ഹാച്ചറി സ്ഥാപിക്കൽ, പൗൾട്രി സംസ്കരണ പ്ലാന്റിന്റെ ഭരണ ചെലവ്, മീറ്റ് ഓൺ വീൽസ് പരിപാടി. പൂർത്തിയായ ഉൽപ്പന്നത്തിന്റെ വിൽപ്പനയ്ക്കായി റീഫർ വാൻ വാങ്ങൽ, റീട്ടെയിൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കൽ, ചെറുകിട – ഔട്ട് ലെറ്റുകൾ മൂല്യവർദ്ധിത നിർമ്മാണ യൂണിറ്റുകൾ, മിനി പൗൾട്രി പ്രോസസിംഗ് യൂണിറ്റ്. |
| | **5. വിപണനം–** പ്രതിമാസ വിപണികൾ, സരസ് മേളകൾ, ഫെസ്റ്റിവൽ മേളകൾ (ഓണം, ക്രിസ്തുമസ് മേളകൾ) ലാസ്റ്റ് മൈൽ ഡെലിവറി സംവിധാനം. ഓൺലൈൻ ഡെലിവറിയ്ക്ക് അധിക പിന്തുണ, ഫുഡ് ഫെസ്റ്റിവലുകൾ, കഫേ കുടുംബശ്രീ ബ്രാൻഡ്, കാറ്ററിംഗ് യൂണിറ്റുകൾ എന്നിവ ശക്തിപ്പെടുത്തൽ. |
| III | **സാമൂഹ്യ വികസനം** |
| | 1. **അഗതി രഹിത കേരളം** – അഗതി രഹിത കേരളം പദ്ധതിയുടെ ചലഞ്ച് ഫണ്ട് രണ്ടും മൂന്നും ഗഡുക്കൾ. സോഷ്യൽ ഓഡിറ്റും അഗതി രഹിത കേരളം പദ്ധതിയുടെ പുനഃസന്ദർശനവും. |
| | 2. **ബഡ്സ് സ്ഥാപനങ്ങൾ** – ബഡ്സിനായുള്ള രണ്ടാം ഗഡു, പുതിയ ബഡ്സിനുള്ള ആദ്യ ഗഡു. ബഡ്സ് വാഹനം, ബഡ്സ് ഡേ സെലിബ്രേഷൻ, ബഡ്സ് ഫെസ്റ്റ്, ബഡ്സ് ഉപജീവന സംരംഭങ്ങൾ, ബഡ്സ് ഇംപാക്ട് പഠനം. |
| | **3. ബാലസഭ** – കപ്പാസിറ്റി ബിൽഡിംഗും ബാല പാർലമെന്റും, സംഘടനാ ശക്തീകരണത്തിനുള്ള ആർപി ഓണറേറിയം, ശേഷി വികസനം, മാതൃകാ ബഡ്സ് സ്ഥാപനം തുടങ്ങിയവ. |
| | **4. ജെൻഡർ ഡെവലപ്മെന്റ്** സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് പ്രവർത്തനങ്ങൾ, അർബൻ ഏരിയയിലെ ജെൻഡർ പ്രോഗ്രാമുകൾ, ട്രാൻസ്ജെൻഡറുകൾക്കും ലൈംഗിക ന്യൂനപക്ഷങ്ങൾക്കുമുള്ള റിവ്യൂ ആൻഡ് മോണിറ്ററിംഗ് ഫോറം, സ്ത്രീകൾക്കുള്ള പോഷകാഹാരവും ആരോഗ്യ വശങ്ങളും, ഹാപ്പി കേരളം, തുടങ്ങിയവ. |
| | **5. ട്രൈബൽ മേഖലയിലെ ഇടപെടലുകൾ** |
| | അയൽക്കൂട്ടങ്ങളുടെ ശേഷി വർദ്ധിപ്പിക്കൽ പരിപാടിയും ഉൾപ്പെടുത്തൽ ക്യാമ്പയിനും, ദുർബലരായ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തലും.<br>**മൈക്രോ ഫിനാൻസ്** – പുതിയ അയൽക്കൂട്ടങ്ങൾക്കും പുതിയ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും കോർപ്പസ് ഫണ്ട്.<br>**ഉപജീവന പ്രോത്സാഹനം** – ഫാം അടിസ്ഥാനമാക്കിയുള്ള ഉപജീവനമാർഗ്ഗം (ജെ.എൽ.ജി, അഗ്രി,എ.എച്ച്), കാർഷികേതര ഉപജീവനമാർഗ്ഗം, വിപണനവും അനുബന്ധ ഇടപെടലുകളും, ട്രൈബൽ ഫെസ്റ്റ്, ബ്രിഡ്ജ്-കോഴ്സ് കൂട്ടായ്മകൾ, ട്രൈബൽ യൂത്ത് മീറ്റ് തുടങ്ങിയവ, പട്ടികവർഗ്ഗ യുവാക്കൾക്ക് വേണ്ടി ജില്ലാ തലത്തിലുള്ള സംരംഭങ്ങൾ (വൈ.ആർ.സി). |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ |
|---|---|
| | **അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ–** നിരീക്ഷണം, മൂല്യനിർണ്ണയം, വിലയിരുത്തൽ, അനിമേറ്റർമാർക്ക് പിന്തുണ, ആകസ്മിക ചെലവുകൾ, അവലോകന യോഗം, ഇന്റേൺസിനുള്ള ചെലവ്.<br>**പുതിയ ഇടപെടലുകൾ–** കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺസ് (ട്രൈബൽ സി.ആർ.പി), ശേഷി വർദ്ധിപ്പിക്കൽ, ബിസിനസ് പിന്തുണ (സി.ആർ.പി വികസനം), പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രീമിയം ഉൽപ്പന്നങ്ങൾക്കായുള്ള സ്റ്റാളും പ്രീമിയം ബാഗ് യൂണിറ്റും. |

സംസ്ഥാന മിഷന്റെ ആസ്ഥാന മന്ദിരം പണിയുന്നതിനുള്ള ചെലവ് ഈ പദ്ധതിയിൽ നിന്നും കണ്ടെത്താവുന്നതാണ്. കൂടാതെ, നിലവിൽ ജില്ലാ മിഷൻ ഓഫീസുകൾ പ്രവർത്തിച്ചു വരുന്ന ഓഫീസ് കെട്ടിടങ്ങളുടെ ചെറിയ അറ്റകുറ്റപ്പണികൾ, പരിപാലന പരിപാടികൾ എന്നിവയും (ആവശ്യമെങ്കിൽ) അതാത് കെട്ടിട ഉടമസ്ഥതയുള്ള വകുപ്പിന്റെ അനുവാദത്തോടെ നടത്തുവാൻ ഈ പദ്ധതിയിൽ നിന്നും തുക വിനിയോഗിക്കാവുന്നതാണ്.

2025–26 –ൽ ഈ പദ്ധതിയ്ക്കായി 27000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**2. കില – വികേന്ദ്രീകരണത്തിലും പ്രാദേശിക ഭരണത്തിലും മികവിന്റെ കേന്ദ്രം**

സ്ഥാപനത്തിന്റെ വികസനത്തിനും മികവിന്റെ കേന്ദ്രമാക്കി കിലയെ മാറ്റുന്നതിനും സംസ്ഥാന സർക്കാർ 2017–ൽ അഞ്ച് സ്ഥാപനങ്ങളെ കിലയുമായി ലയിപ്പിക്കുകയുണ്ടായി. നിലവിൽ ഈ സ്ഥാപനങ്ങൾ കിലയുടെ ഉപകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ മൂന്ന് ഉപപദ്ധതികൾ താഴെ വിശദീകരിക്കുന്നു.

**എ. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**

**(വിഹിതം: 2932.00ലക്ഷം രൂപ)**

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പശ്ചാത്തലത്തിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ, പ്രാദേശിക സാമ്പത്തിക വികസനം, വികേന്ദ്രീകൃത ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, ഖരദ്രവ മാലിന്യ സംസ്കരണം, ദ്രുതഗതിയിലുള്ള നഗരവത്ക്കരണത്തിന്റെ മറ്റ് പ്രശ്നങ്ങൾ എന്നിവയിൽ സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും സ്ഥാപനശേഷി വർദ്ധിപ്പിക്കുന്നതിനും ഗ്രാമ നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. അതിനാൽ ആധുനിക അക്കൗണ്ടിംഗ്, ബജറ്റിംഗ്, ചെലവ് കൈകാര്യം ചെയ്യുന്ന രീതികൾ, ഫലത്തെ അടിസ്ഥാനമാക്കിയുള്ള നിരീക്ഷണം, ഇന്റേണൽ നിയന്ത്രണങ്ങൾ, സ്ഥലപരമായി ഭൂമിയും ആവാസവ്യവസ്ഥയും കൈകാര്യം ചെയ്യൽ, കെട്ടിടനികുതി പരിഷ്കരണം ഉൾപ്പെടെ മെച്ചപ്പെട്ട വരുമാന സമാഹരണം, ആസ്തി മാനേജ്മെന്റും ആസ്തി മൂല്യ നിർണ്ണയവും, ക്വാളിറ്റി മാനേജ്മെന്റ്, പങ്കാളിത്ത നിർവ്വഹണം, ഇൻഫർമേഷൻ ടെക്നോളജിയുടെ ഉപയോഗം, ഇ–ഗവേണൻസിലൂടെയുള്ള ശക്തമായ വിവര വിനിമയ സംവിധാനങ്ങൾ തുടങ്ങിയ മേഖലകളിൽ ഭരണ നിർവ്വഹണശേഷി വർദ്ധിപ്പിക്കുന്നതിനായി പ്രാദേശിക സർക്കാരുകൾക്കിടയിൽ കഴിവും പ്രൊഫഷണലിസവും വളർത്തിയെടുക്കുന്നതിൽ കില ശ്രദ്ധ കേന്ദ്രീകരിക്കും.

സ്ഥിരത കൈവരിക്കുന്നതിനും സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നതിനും പൗരൻമാരുടെ ജിവിത നിലവാരം ഉയർത്തുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും ദുർലഭമായ പ്രാദേശിക വിഭവങ്ങൾ സംരക്ഷിക്കുന്നതിനും വിശ്വസനീയമായ പ്രാദേശിക സേവനങ്ങൾ, കൂടുതൽ ഉൾച്ചേർക്കുന്ന പ്രാദേശിക നയങ്ങൾ, പ്രാദേശിക ജനവിഭാഗങ്ങളുടെ ഫലപ്രദമായ പങ്കാളിത്തം എന്നിവ നിർണ്ണായകമാണ്. സാമൂഹ്യ ചുറ്റുപാട് മെച്ചപ്പെടുത്തുന്നതിനും പ്രാദേശിക സർക്കാരുകളെ ഉത്തരവാദിത്തമുള്ള സ്ഥാപനങ്ങളാക്കുന്നതിനും ഉതകുന്ന ആശയങ്ങളും അവർക്ക് വേണ്ട വികസനത്തെ സംബന്ധിക്കുന്ന നിർദ്ദേശങ്ങളും മുന്നോട്ട് വയ്ക്കാനുള്ള കഴിവ് പൗരൻമാർക്ക് ഉണ്ടായിരിക്കണം. താഴെത്തട്ടിലെ ഗ്രാമസഭകളിൽ നിന്നും ഊരുകൂട്ടങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് അടിസ്ഥാന പരിശീലനം നൽകുക വഴി മാത്രമെ ഈ ശേഷി വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. ഓരോ ജില്ലയിലെയും ജില്ലാ ആസൂത്രണ സമിതികളുമായി കൂടിയാലോചിച്ച് കിലയുടെ പരിശീലന പരിപാടികൾ ജില്ലയിലേക്കും താഴെത്തട്ടിലേക്കും വികേന്ദ്രീകരിച്ച് നടപ്പിലാക്കേണ്ടതായിട്ടുണ്ട്. കുട്ടികളേയും യുവാക്കളേയും പ്രാദേശിക വികസന പ്രശ്നങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിന് കോളേജുകളിലും, സ്കൂളുകളിലും ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്.

കിലയ്ക്ക് വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ കിലയുടെ പ്രവർത്തനങ്ങളുടെ വിഹിതവും കിലയ്ക്ക് കൈമാറിയ അഞ്ച് കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് വരുന്ന ചെലവുകളും ഉൾപ്പെടുന്നു. പ്രാദേശിക സർക്കാരുകളുടെ പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഉള്ള സഹായ സേവനങ്ങൾ നൽകുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് രൂപീകരിച്ച സംസ്ഥാന റിസോഴ്സ് ഗ്രൂപ്പിന്റെ ചെലവുകൾക്ക് വേണ്ട വിഹിതവും ഈ പദ്ധതിയിൽ വകയിരുത്തുന്നു. 2025-26 ൽ സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് സംസ്ഥാന ആസൂത്രണ ബോർഡിലെ വികേന്ദ്രീകൃത ആസൂത്രണ വിഭാഗവുമായി ചേർന്ന് താഴെ പറയുന്ന പരിപാടികൾ ആരംഭിക്കുന്നതാണ്.

i. സംസ്ഥാനത്തൊട്ടാകെയുള്ള പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്ത മാതൃകാ നൂതന പദ്ധതികൾ കണ്ടെത്തി അവയെ പൊതുമണ്ഡലത്തിൽ കൊണ്ടുവരുന്നതിനുള്ള ഒരു പദ്ധതി ആരംഭിക്കുന്നതാണ്. ഇത് പ്രകാരം പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കുന്ന മാതൃകാ പ്രോജക്ടുകൾ തിരഞ്ഞെടുത്ത് ബ്ലോക്ക് തലത്തിൽ അവതരിപ്പിക്കുകയും അവയെ ഗ്രേഡ് ചെയ്ത് അതിൽ ഏറ്റവും മികച്ചതിനെ ജില്ലാതലത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നതാണ്. തുടർന്ന് മേഖലാ അടിസ്ഥാനത്തിൽ സെമിനാർ നടത്തുകയും അവിടെ ഓരോ വിഷയമേഖലകളിലെ മികച്ച പ്രോജക്ടുകൾ അവതരിപ്പിക്കുകയും ചെയ്യുന്നതാണ്. അതിൽ ഏറ്റവും മികച്ചതിനെ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന തലത്തിൽ സെമിനാർ നടത്തുന്നതാണ്.
ii. പ്രാദേശിക വികസനത്തെ സംബന്ധിച്ച വാർത്തകൾ പ്രാദേശിക സർക്കാരുകൾക്കും സ്റ്റേക്ക് ഹോൾഡേഴ്സിനും ഇടയിൽ പ്രചരിപ്പിക്കുന്നതിനായി ഒരു 'മാധ്യമ പരിപാടി' ആരംഭിക്കുന്നതാണ്.
iii. വികേന്ദ്രീകൃതാസൂത്രണവും നടപ്പാക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് ഫീൽഡ് ലെവൽ പഠനം

**2025-26 – ലെ ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം**

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| 1 | വെർച്വൽ ലേണിംഗ് സിസ്റ്റം |
| 2 | പിജി /യുജി കോഴ്സുകൾ ഉൾപ്പെടെ കേരളവുമായി ബന്ധപെട്ട പ്രത്യേക കാര്യശേഷി വികസനം |
| 3 | സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനുള്ള പിന്തുണയും ഹെൽപ്പ് ഡെസ്ക് സിസ്റ്റം ശക്തിപ്പെടുത്തലും |
| 4 | ഏരിയ വികസന പരിപാടികൾ |
| 5 | ദേശീയ അന്തർദേശീയ പരിപാടികൾ |
| 6 | ഗവേഷണം, പഠനം,അവലോകനം |
| 7 | മികച്ച പദ്ധതികളുടെ ഡോക്യുമെന്റേഷനും വികേന്ദ്രീകരണത്തെക്കുറിച്ചുള്ള മ്യൂസിയവും |
| 8 | സെമിനാറുകളും ശിൽപശാലകളും |
| 9 | കില ജേണൽ ഓഫ് ലോക്കൽ ഗവേണൻസിന്റെ നവീകരണം |
| 10 | കിലയ്ക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ അപ് ഗ്രേഡേഷൻ (പ്രോഗ്രാമുകൾ) |
| 11 | ലൈബ്രറിയുടെയും ഇ-ലൈബ്രറിയുടെയും ഇൻഫർമേഷൻ സിസ്റ്റം വികസനത്തിന്റേയും അപ് ഗ്രേഡേഷൻ |
| 12 | ഫാക്കൽറ്റി ആൻഡ് സ്റ്റാഫ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം |
| 13 | വിവിധ തീമാറ്റിക് സെന്ററുകൾ/ചെയറുകൾ/ഹബുകൾ ആരംഭിക്കൽ |
| 14 | കില സി എച്ച് ആർ ഡി യുടെ പ്രവർത്തനത്തിന് ആവശ്യമായ അധിക ചെലവുകൾ |
| 15 | കിലയുടെ വിവിധ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം |
| 16 | കംപ്ലീറ്റ് ഓൺ ലൈൻ കില (CoKILA) കൂടാതെ സബ് സെന്ററുകളിൽ-സോഫ്റ്റ്വെയർ ആന്റ് ഹാർഡ്വെയർ പിന്തുണ – അപ്ഗ്രഡേഷൻ മെയിന്റനൻസ്, ഇന്റർനെറ്റ് സൗകര്യം |
| 17 | കമ്പ്യൂട്ടർ/കമ്പ്യൂട്ടർ ആക്സസറികൾ വാങ്ങൽ |

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| 18 | കില ഹെഡ്ക്വാർട്ടേഴ്സിലും കില സി എച്ച് ആർ ഡി യിലും പബ്ലിക് അഡ്രസിങ് സിസ്റ്റം ഓഡിയോ മിക്സർ, ആംപ്ലിഫയർ, മൈക്രോഫോൺ, സ്പീക്കറുകൾ,പ്രോജക്ടർ എന്നിവയുടെ വാങ്ങൽ |
| 19 | കില ആസ്ഥാനത്തെ മുഴുവൻ കാമ്പസിലും സിസിടിവി സൊല്യൂഷൻ വാങ്ങി സ്ഥാപിക്കുക, കാമ്പസ് വൈഫൈ വിപുലീകരിക്കുക |
| 20 | ഡിജിക്ക് ഓഫീസ് വാഹനം വാങ്ങൽ |
| 21 | കില ആസ്ഥാനത്തിൽ ഡിജിറ്റൽ EPABX സിസ്റ്റം വാങ്ങുകയും സ്ഥാപിക്കുകയും ചെയ്യുക കൂടാതെ കില സി എച്ച് ആർ ഡി ക്യാമ്പസിലേക്ക് ഫയർവാൾ സംരക്ഷണം വ്യാപിപ്പിക്കുക |
| 22 | നിലവിലുള്ള 250 കെവിഎ ട്രാൻസ്ഫോർമറിന് പകരം 500 കെവിഎ ട്രാൻസ്ഫോർമർ വാങ്ങുക |
| 23 | ഐ.പി.പി.എൽ കോളേജ് നിർമ്മാണവും തളിപ്പറമ്പ് സെന്ററിലെ പരിശീലന ബ്ലോക്ക് നിർമ്മാണവും |
| 24 | കിലയുടെ ആസ്ഥാനത്ത് കില കോളേജ് നിർമ്മാണം |
| 25 | കില-തളിപ്പറമ്പ് ക്യാമ്പസിൽ ഇന്റർനാഷണൽ ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണം. |
| 26 | സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് |
| 27 | കിലയെ സോളാർ ക്യാമ്പസാക്കി മാറ്റൽ |

അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ജെൻഡർ സ്കൂളിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാം. ആശയവൽക്കരണം, ഓറിയന്റേഷൻ, പരിശീലനം, പഠനം, ജെൻഡറിൽ പ്രവർത്തന ഗവേഷണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാണ് ജെൻഡർ സ്കൂൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. നൂതനമായ മാലിന്യ സംസ്കരണ സാങ്കേതിക വിദ്യകൾ, അറവുശാലകളുടെ രൂപകൽപ്പനയും മാനേജ്മെന്റ് സംവിധാനങ്ങളും, ദുരന്ത നിവാരണ നയങ്ങളും, പ്രത്യേക പദ്ധതി നടപ്പാക്കൽ രീതികൾ, നൂതന സാങ്കേതിക വിദ്യകൾ എന്നിവ പഠിക്കുന്നതിനും, ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും സംസ്ഥാനത്തിനുള്ളിലും പുറത്തും സന്ദർശനങ്ങൾ സംഘടിപ്പിക്കുന്നതിനും നൂതനമായ പദ്ധതി ഘടനകൾ ആഴത്തിൽ മനസ്സിലാക്കുന്നതിനും ഈ പദ്ധതിയിൽ നിന്നും തുക കണ്ടെത്താവുന്നതാണ്. 2025-26 ൽ കിലയ്ക്കായി 2932.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### ബി. മാനവ വിഭവ വികസന കേന്ദ്രം (കില-സി.എച്ച്.ആർ.ഡി)(മുമ്പ്-എസ്.ഐ.ആർ.ഡി) (50 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 75.00 ലക്ഷം രൂപ)**

കൊട്ടാരക്കരയിലെ പഴയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (എസ്.ഐ.ആർ.ഡി) ആണ് ഇപ്പോൾ മാനവ വിഭവ വികസന കേന്ദ്രം (കില-സി.എച്ച്.ആർ.ഡി) എന്ന് അറിയപ്പെടുന്നത്. ശമ്പളം, പരിശീലനവും ഗവേഷണവും, ഓഫീസ് ചെലവുകൾ, മെസ്/ഹോസ്റ്റൽ ചെലവുകൾ, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവയ്ക്കാണ് തുക നൽകിയിരിക്കുന്നത്. ഈ ഘടകത്തിന്റെ കേന്ദ്ര വിഹിതം 'ഗ്രാമവികസന പരിപാടികൾക്കുള്ള മാനേജ്മെന്റ് പിന്തുണയും ജില്ലാ ആസൂത്രണ പ്രക്രിയ ശക്തിപ്പെടുത്തലും' എന്ന പദ്ധതിയിൽ നിന്ന് ലഭിക്കുന്നു. 2025-26 ൽ 40 ശതമാനം സംസ്ഥാന വിഹിതമായി 75.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### സി. കിലയുടെ മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടാരക്കര എന്നിവിടങ്ങളിലെ സെന്ററുകളുടെ ശാക്തീകരണം

**(വിഹിതം: 150.00ലക്ഷം രൂപ)**

നിലവിൽ കിലയുടെ ഉപകേന്ദ്രങ്ങളും മുമ്പ് വികസന പരിശീലന കേന്ദ്രങ്ങളുമായിരുന്ന മൂന്ന് കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഉദ്യോഗസ്ഥർ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, സ്വയം സഹായസംഘങ്ങൾ, സർക്കാരിതര സംഘടനകൾ തുടങ്ങിയവയ്ക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മൂന്ന് കേന്ദ്രങ്ങളിലെയും ഫാമുകളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഈ പരിപാടിയിൽ ഉദ്ദേശിച്ചിട്ടുണ്ട്. 2025-26 ലെ പ്രവർത്തനങ്ങൾ, ഫാം പ്രവർത്തനങ്ങൾ, ഇൻഫ്രാസ്ട്രക്ചർ, കമ്പ്യൂട്ടർ, ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ എന്നിവയാണ്.

2025-26 ൽ 150.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

**3. ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം)**

**(വിഹിതം: 900.00 ലക്ഷം രൂപ)**

വിവര വിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രാദേശികഭരണം ശക്തിപ്പെടുത്താൻ വേണ്ടി മിഷൻ രീതിയിൽ പ്രവർത്തിക്കുന്ന, സംസ്ഥാന സർക്കാരിന്റെ ഇ-ഗവേണൻസ് പദ്ധതിയാണ് ഇൻഫർമേഷൻ കേരളാ മിഷൻ. കമ്പ്യൂട്ടർവത്ക്കരണവും നെറ്റ് വർക്കിംഗ് സംവിധാനവും സംസ്ഥാനത്തെ എല്ലാ പ്രാദേശിക സർക്കാർ തലത്തിലും ഏർപ്പെടുത്തുന്നതിന് ഇതിൽ വിഭാവനം ചെയ്തിട്ടുണ്ട്. കെ-സ്മാർട്ട് (കേരള സൊല്യൂഷൻ ഫോർ മാനേജ്മെന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോർമേഷൻ ആന്റ് ട്രാൻസ്ഫോർമേഷൻ), ബാഹ്യ പദ്ധതികളിലേക്കുള്ള വികസനവും മെച്ചപ്പെടുത്തലും, സോഫ്റ്റ്‌വെയർ പരിശോധനയും പിന്തുണയും, ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള ഇ ഗവേണൻസ് കേരള, കേന്ദ്രീകൃത ഇ-ഗവർണൻസ് ഹെൽപ്ഡെസ്ക്, പരിശീലനവും പിന്തുണയും, ഭരണചെലവുകൾ, ഡാറ്റ അനലിറ്റിക്സ് ആൻഡ് എംഐഎസ്, ഓരോ ജില്ലയിലും പ്രൊഡക്റ്റ് ഇന്നൊവേഷൻ സെന്റർ, സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ, സി.ആർ.എം/ഇ.ആർ.പി എന്നിവയുടെ വാങ്ങൽ, ഐ.ടി ഇൻഫ്രാസ്ട്രക്ചറിന്റെ പ്രവർത്തനവും പരിപാലനവും ഉൾപ്പെടുന്ന ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ആൻഡ് അപ്ഗ്രഡേഷൻ, സുരക്ഷാ പ്രവർത്തന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, സോഫ്റ്റ്‌വെയർ ക്ലൗഡ് ചാർജ്ജുകൾ കണക്ടിവിറ്റി ചാർജ്ജസ്, ഇൻഫർമേഷൻ എഡ്യൂക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ (ഐ.ഇ.സി), പബ്ലിക്ക് റിലേഷൻസ്, ട്രെയിനിംഗ് സർട്ടിഫിക്കേഷനും കരിയർ പുരോഗതിയും, കേന്ദ്രീകൃത ഹെൽപ്പ് ഡെസ്കിന്റെ നടത്തിപ്പും നിരീക്ഷണവും, ബിസിനസ് ഡെവലപ്മെന്റ്, പുതിയ ഉൽപ്പന്ന സൃഷ്ടി, ബ്രാൻഡിംഗ്, മാർക്കറ്റിംഗ്, സെയിൽസ്, സ്ഥാപനത്തെ സി.എം.എം.ഐ 5 ലെവലിലേയ്ക്ക് ഉയർത്തൽ എന്നിവയാണ് പദ്ധതി ഘടകങ്ങൾ. പദ്ധതി നിരീക്ഷണ സോഫ്റ്റ്‌വെയറായ സുലേഖയിലെ മാറ്റങ്ങൾ സംയോജിപ്പിക്കുകയും, പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യകതകളും പ്രാദേശിക ഭരണകൂടങ്ങളുടെ നേട്ടങ്ങളും ക്രോഡീകരിക്കാൻ, പദ്ധതി തയ്യാറാക്കുന്നതിലും രൂപീകരണത്തിലും വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെയും സാങ്കേതിക ഉദ്യോഗസ്ഥരെയും ഐകെഎമ്മിൽ നിയമനം നടത്താം.

2025-26-ൽ ഈ പദ്ധതിയ്ക്കായി 900.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**4. എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി-പ്രാദേശിക വികസനം**

**(വിഹിതം: 14000.00 ലക്ഷം രൂപ)**

2001-02 ൽ ആരംഭിച്ച ഈ പദ്ധതി കേരളത്തിലെ നിയമസഭാ പ്രദേശങ്ങളുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. എം.പി മാരുടെ പ്രാദേശിക വികസന പരിപാടിയുടെ അതേ മാതൃകയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഓരോ എം.എൽ.എ.യ്ക്കും അവരുടെ നിയമസഭാ നിയോജക മണ്ഡലത്തിൽ പ്രാദേശിക വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി പ്രതിവർഷം 100.00ലക്ഷം രൂപ വീതം വകയിരുത്തുന്നു. 2025-26 - ൽ ഈ പദ്ധതിയ്ക്കായി 14000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**5. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 750.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാർ നിർമ്മൽ ഭാരത് അഭിയാൻ എന്ന പദ്ധതി പുനരാവിഷ്കരിക്കുകയും സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന പേരിൽ പുനർനാമകരണം ചെയ്ത് 2014 ഒക്ടോബർ 2 മുതൽ നടപ്പിലാക്കി വരികയും ചെയ്യുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് പദ്ധതിവിഹിതം വകയിരുത്തുന്നത്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ഗ്രാമീണ മേഖലയിലെ പൊതു ജീവിതനിലവാരം മെച്ചപ്പെടുത്തുക, ശുചിത്വവുമായി ബന്ധപ്പെട്ട് പ്രാദേശിക സർക്കാരുകൾക്ക് നിലവിലുള്ള വിടവുകൾ കണ്ടെത്തുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നല്കുക, ശുചിത്വഭാരതം എന്ന ലക്ഷ്യം നേടുന്നതിനായി ശുചിത്വ പ്രവർത്തനങ്ങൾ മുഴുവൻ ഗ്രാമ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുകയും എല്ലാ ഗ്രാമപഞ്ചായത്തുകളും വെളിയിട വിസർജ്ജന വിമുക്ത (ഒ.ഡി.എഫ്) പദവി നിലനിർത്തുകയും ചെയ്യുക, ബോധവല്ക്കരണ പരിപാടികളിലൂടെയും ആരോഗ്യ വിദ്യാഭ്യാസത്തിലൂടെയും അനുയോജ്യമായ മാലിന്യ നിർമ്മാർജ്ജനവും ശുചിത്വവും ഉൾപ്പെടെയുള്ള സ്ഥായിയായ ശുചീകരണ സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന് പൊതുസമൂഹത്തിനും പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്കും പ്രചോദനം നൽകൽ, സ്വച്ഛ് സർവേക്ഷൻ സർവേയുടെ ഭാഗമായി കണ്ടെത്തിയ വിടവുകൾ നികത്തുന്നതിനായി ഓരോ പ്രാദേശിക സർക്കാർ തലത്തിലും ബഞ്ച്മാർക്കുകൾ നിശ്ചയിക്കുക എന്നിവയാണ്.

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ, കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മാണം, ഖരമാലിന്യ സംസ്കരണം, ഗ്രേ വാട്ടർ മാനേജ്മെന്റ്, പ്ലാസ്റ്റിക് മാലിന്യ സംസ്കരണം, ഗോബർദൻ, ഫീക്കൽ സ്ളഡ്ജ് മാനേജ്മന്റ്, വിവര വിദ്യാഭ്യാസ ആശയവിനിമയവും ശേഷി വർദ്ധിപ്പിക്കലും ഗവേഷണ-വികസനം, ഭരണപരമായ ചെലവ് എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു.

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസികൾ, ത്രിതല പഞ്ചായത്ത് സംവിധാനത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവര-വിദ്യാഭ്യാസ-വിനിമയ പ്രവർത്തനങ്ങൾ നടത്തുന്ന ചുമതല സംസ്ഥാന തലത്തിൽ ശുചിത്വമിഷനും ജില്ലാതലത്തിൽ ജില്ലാ ശുചിത്വ മിഷനുമാണ്. കേരളം വെളിയിട വിസർജ്ജന വിമുക്ത (ഒ.ഡി.എഫ്) പദവി നേടിയിട്ടുണ്ടെങ്കിലും 2018-ലും 2019-ലും സംസ്ഥാനത്തെ ബാധിച്ച അപ്രതീക്ഷിത പ്രളയവും മണ്ണിടിച്ചിലും സംസ്ഥാനത്തെനിരവധി കുടുംബ-സാമൂഹ്യ-സ്ഥാപന തലങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ തകരാറിലായിട്ടുണ്ട്. പുതിയ നിർമ്മാണം മാത്രമാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതെങ്കിലും പ്രളയത്തിൽ നഷ്ടപ്പെട്ട കുടുംബ-സാമൂഹ്യ-സ്ഥാപന തലങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ 2025-26 ൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ പുനഃനിർമ്മിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

**സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിക്ക് 2025-26 ൽ സാമൂഹിക വിഭാഗം തിരിച്ചുള്ള വകയിരുത്തൽ**

| വിഭാഗത്തിന്റെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|
| പൊതുവിഭാഗം | 615.00 |
| എസ്.സി.എസ്.പി | 112.50 |
| റ്റി.എസ്.പി | 22.50 |
| **ആകെ** | **750.00** |

ഈ പദ്ധതി 'ഹരിതകേരളം മിഷനിൽ' ഉൾപ്പെടുന്നു. 2025-26 ൽ 750.00 ലക്ഷം രൂപ ഈ പദ്ധതിയുടെ 40 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

**6. ശുചിത്വ കേരളം**

**(വിഹിതം: 3000.0 ലക്ഷം രൂപ)**

ശുചിത്വ മേഖലയിൽ ഉണ്ടായ സ്ഥാപനപരമായ പരിഷ്കരണത്തിന്റെ ഫലമായി 2008-ൽ സംസ്ഥാന സർക്കാർ സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷൻ, ക്ലീൻ കേരള മിഷൻ എന്നിവയെ സംയോജിപ്പിച്ച് ശുചിത്വ മിഷൻ രൂപീകരിച്ചു. ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനം ഉൾപ്പെടെയുള്ള ശുചീകരണ പ്രവർത്തനങ്ങളിൽ പൂർണ്ണനേട്ടം കൈവരിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് സഹായം നൽകുകയും ശുചിത്വ മേഖലയിലെ സാങ്കേതിക സഹായ സ്ഥാപനമായി ശുചിത്വ മിഷൻ മാറുകയും ചെയ്തു. നിലവിൽ സ്വച്ഛ് ഭാരത് മിഷൻ-ഗ്രാമീൺ, നഗരം എന്നിങ്ങനെ ശുചിത്വത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി കൂടിയാണ് ശുചിത്വ മിഷൻ. ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

**2025-26 -ലെ പദ്ധതി ഘടകങ്ങൾ**

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| 1 | ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പൊതുസ്ഥലങ്ങൾ, പൊതു വായനശാലകൾ (വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ), പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് ഉൾപ്പെടെയുളള സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മാണം |
| 2 | ഗ്രാമപ്രദേശങ്ങളിലെ സ്കൂളുകൾ, സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികൾ,തീരപ്രദേശങ്ങൾ/മറ്റ് വെള്ളക്കെട്ട് പ്രദേശങ്ങൾ എന്നിവിടങ്ങളിൽ വെള്ളപ്പൊക്കത്തിൽ കേടായ ടോയ്‌ലറ്റുകളുടെയും ഓൺസൈറ്റ് ട്രീറ്റ്മെന്റ് സംവിധാനങ്ങളുടെയും പുനഃനിർമ്മാണം |

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| 3 | ഖരമാലിന്യ സംസ്കരണ പ്ലാന്റും അതിന്റെ പരിഷ്കരണവും, എം.സി.എഫ്, ആർ.ആർ.എഫ്, മാലിന്യ സംസ്കരണത്തിനുള്ള ഉപകരണങ്ങൾ, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ, ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത സൗകര്യ കേന്ദ്രങ്ങൾ സുഗമമാക്കൽ |
| 4 | മാലിന്യത്തിന്റെ ഉറവിടതല സംസ്കരണം-സ്ഥാപനങ്ങളിൽ ഉറവിടതല സംസ്കരണ പ്ലാന്റ് (എസ്.ടി.പി) സ്ഥാപിക്കൽ), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലും (സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ), പൊതു സ്ഥലങ്ങളിലും നിലവിലുള്ളതും പ്രവർത്തനക്ഷമമല്ലാത്തതുമായ പ്ലാന്റുകളുടെ പരിഷ്കരണവും/നവീകരണവും (കമ്പോസ്റ്റിംഗ്/ബയോ-മെഥനേഷൻ), ഗവ./എയ്ഡഡ് സ്കൂളുകളിൽ മിനി മെറ്റീരിയൽ ശേഖരണ സൗകര്യങ്ങൾ സ്ഥാപിക്കൽ |
| 5 | സെപ്റ്റേജ്/സീവേജ് സംസ്കരണം ഉൾപ്പെടെയുള്ള ദ്രവമാലിന്യ സംസ്കരണം, സെപ്റ്റേജ് മാനേജ്മെന്റിന്റെ സുരക്ഷ ഉറപ്പാക്കിക്കൊണ്ടുള്ള യന്ത്രവത്ക്കരണം, ഇൻസ്റ്റിറ്റ്യൂഷണൽ എസ്.റ്റി.പി കൾ, കനാലുകളുടെയും നദികളുടെയും പുനരുജ്ജീവനത്തിനുള്ള ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ |
| 6 | പ്രീമൺസൂൺ ക്ലീനിംഗ് ക്യാമ്പയിൻ (ആരോഗ്യ ജാഗ്രത) |
| 7 | വർക്ക്ഷോപ്പ്, ഗവേഷണ വികസനം, ശേഷി വർദ്ധിപ്പിക്കൽ എന്നിവയുൾപ്പെടെയുള്ള തീവ്രമായ ഐ.ഇ.സി പ്രവർത്തനങ്ങൾ, സ്വച്ഛ് സർവേക്ഷൻ സർവേയിൽ കണ്ടെത്തിയ വിടവുകൾ സജ്ജീകരിക്കുന്നതിനുള്ള പിന്തുണ. |
| 8 | ഭരണ ചെലവ് |
| 9 | എസ്എച്ച്ജികൾ/സ്റ്റാർട്ട് അപ്പുകൾക്കുള്ള പ്രാഥമിക പിന്തുണ, ഹരിത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഹരിത കർമ്മ സേനകൾ, മാലിന്യ സംസ്കരണത്തെ പിന്തുണയ്ക്കുന്ന സേവനങ്ങൾ, പഠനം, നിരീക്ഷണം, മൂല്യനിർണ്ണയം, ശുചിത്വത്തിലും, മാലിന്യ സംസ്കരണത്തിലുമുള്ള മറ്റ് നൂതന പ്രവർത്തനങ്ങൾ, അവാർഡുകൾ/പ്രോത്സാഹനങ്ങൾ, മറ്റ് അംഗീകാരങ്ങൾ |
| 10 | ഗ്രാമീണ പൗര സൗകര്യങ്ങൾക്കുള്ള സാങ്കേതിക ഉപദേശം |
| 11 | ദുരന്തവുമായി ബന്ധപ്പെട്ട ശുചിത്വവും മാലിന്യ സംസ്കരണവും |
| 12 | അറവുശാലയ്ക്കുള്ള സഹായം |
| 13 | സാമൂഹിക തലത്തിലും സ്ഥാപന തലത്തിലും സാനിറ്ററി വേസ്റ്റ് ഡിസ്പോസർ സൗകര്യം, ശ്മശാനത്തിനുള്ള സഹായം |
| 14 | വ്യക്തിഗത ഗാർഹിക കക്കൂസിനുള്ള (ഐ.എച്ച്.എച്ച്.എൽ) ലീച്ച് കുഴി സെപ്റ്റിക് ടാങ്ക്/ബയോ ഡൈജസ്റ്ററാക്കി മാറ്റൽ |
| 15 | പ്രാദേശിക മാലിന്യ സംസ്കരണ പ്ലാന്റുകളുടെ സ്വീകാര്യത പ്രാപ്തമാക്കുന്നതിനുള്ള പ്രോത്സാഹന സംവിധാനം |
| 16 | മാലിന്യ സംസ്കരണത്തിനുള്ള മോണിറ്ററിംഗ് യൂണിറ്റ്: ഫീൽഡ് തലത്തിൽ ഖര, ദ്രവ മാലിന്യ സംസ്കരണത്തിനായി നടപ്പിലാക്കുന്ന പ്രോജക്ടുകളും പ്രോഗ്രാമുകളും നിരീക്ഷിക്കുന്നതിന് മാലിന്യ സംസ്കരണത്തിനുള്ള മോണിറ്ററിംഗ് യൂണിറ്റ് സ്ഥാപിക്കും. വിവിധ സർക്കാർ ഏജൻസികളുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ യൂണിറ്റ് സമഗ്രമായി നിരീക്ഷിക്കും. മാലിന്യ സംസ്കരണത്തിൽ ഫീൽഡ് തലത്തിലുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ പരിചയസമ്പന്നരായ സാങ്കേതിക വിദഗ്ധരെ നിയമിക്കുന്നത് ഉൾപ്പെടെയുള്ള ഭരണനിർവ്വഹണത്തിനാണ് തുക അനുവദിച്ചിരിക്കുന്നത്. |

വേസ്റ്റ് മാനേജ്മെന്റ് നിരീക്ഷണ യൂണിറ്റ് എന്ന ഉപഘടകത്തിന് മൊത്തം വിഹിതത്തിൽ നിന്നും, 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

മാലിന്യ മുക്ത ക്യാമ്പയിൻ അനുസരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ആവശ്യമായ അനിവാര്യ വിടവ് നികത്തുന്നതിന് ഈ സ്കീമിന്റെ വിഹിതം ഉപയോഗിക്കാവുന്നതാണ്.

'ഹരിതകേരളം മിഷന്റെ' ഭാഗമായി വരുന്ന ഈ പദ്ധതിയുടെ മുകളിൽ പറഞ്ഞിരിക്കുന്ന ഘടകങ്ങളുടെ ചെലവുകൾക്കായി 2025-26 -ൽ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**7. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഗുണനിലവാര നിയന്ത്രണ സംവിധാനവും ശേഷി വർദ്ധനയും വിപുലപ്പെടുത്തൽ**

**(വിഹിതം: 200.00ലക്ഷം രൂപ)**

എൽ.എസ്.ജി.ഡി മേഖലകളുടെ സംയോജനത്താൽ, അടിസ്ഥാന സൗകര്യങ്ങൾക്കും ഇ-ഗവേണൻസ് സൗകര്യങ്ങൾക്കുമുള്ള ഘടകങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഒരു പൊതു സ്കീമിലേക്ക് ലയിപ്പിച്ചതിനാൽ എൻജിനീയറിങ് വിഭാഗത്തിന് മാത്രമായുള്ള സ്കീമിന്റെ പേര് 'എൻജിനീയറിങ് വിഭാഗത്തിലെ ഗുണനിലവാര നിയന്ത്രണ സംവിധാനവും ശേഷി വർദ്ധിപ്പിക്കലും വിപുലമാക്കൽ' എന്നാക്കി മാറ്റുകയും ഹെഡ് ഓഫ് അക്കൗണ്ട് തുടരുകയും ചെയ്യുന്നു. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | 2025-26 – ലെ പദ്ധതി ഘടകങ്ങൾ |
|---|---|
| 1 | ജില്ല തിരിച്ചുള്ള റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ തുടരുന്നതിന് |
| 2 | ഇന്റേൺ ട്രെയിനികൾക്കുള്ള ചെലവുകൾ |
| 3 | ഗുണനിലവാര നിയന്ത്രണ സൗകര്യം വിപുലമാക്കൽ |
| 4 | മേഖലാ ഗുണനിലവാര ലാബുകളുടെ സജ്ജീകരണം |
| 5 | ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ് സംവിധാനം നടപ്പിലാക്കൽ |
| 6 | ഇ-എം.ബുക്കും ജിയോ-ടാഗിംഗും നടപ്പിലാക്കൽ (എഞ്ചിനീയർമാർക്കുള്ള ടാബ്‌ലെറ്റുകൾ വാങ്ങൽ) |
| 7 | തേർഡ് പാർട്ടി ഗുണനിലവാര നിരീക്ഷണത്തിനുള്ള സംവിധാനം |
| 8. | സാങ്കേതിക ജീവനക്കാർക്കുള്ള ശേഷി വർദ്ധിപ്പിക്കുക |

2025-26 ൽ വാർഷിക ബഡ്ജറ്റിൽ പദ്ധതിക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നഗര ഗ്രാമ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും കീഴിൽ അനുവദിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ, കെട്ടിട സമുച്ചയങ്ങൾ, പൊതു കെട്ടിടങ്ങൾ മുതലായ എല്ലാ നിർമ്മാണ പശ്ചാത്തല സൗകര്യ വികസന പ്രോജക്ടുകളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് ഒരു തേർഡ് പാർട്ടി ക്വാളിറ്റി മോണിറ്ററിംഗ് സംവിധാനം അത്യാവശ്യമാണ്. നഗരഗ്രാമ തദ്ദേശ ഭരണ സ്ഥാപനങ്ങളും നിർവ്വഹണ ഏജൻസികളും നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ ക്വാളിറ്റി മോണിറ്ററിംഗിന് ഐ.ഐ.ടികൾ, എഞ്ചിനിയറിംഗ് കോളേജുകൾ, പോളി ടെക്നിക്കുകൾ, ഐ.ടി.ഐ കൾ, മറ്റ് സാങ്കേതിക സ്ഥാപനങ്ങൾ മുതലായവയുടെ സാങ്കേതിക സഹായം ഉപയോഗിക്കുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പരിചയത്തിന്റെയും സാങ്കേതിക പരിജ്ഞാനത്തിന്റെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളെ തേർഡ് പാർട്ടി ക്വാളിറ്റി മോണിറ്ററിംഗ് ഏജൻസികളായി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന അക്രെഡിറ്റ് ചെയ്യുന്നതാണ്. ഇത്തരം ഏജൻസികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഉചിതമായ നടപടികളിലൂടെ പ്രോജക്ടുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും അതിലൂടെ എഞ്ചിനിയർ, കോൺട്രാക്ടർമാർ, നിർവഹണ ഏജൻസികൾ, അക്രെഡിറ്റഡ് ഏജൻസികൾ എന്നിവയുടെ റേറ്റിംഗും ഗ്രേഡിംഗും ഉറപ്പാക്കുന്നതിനും സാധിക്കും.

തദ്ദേശ സ്വയംഭരണ വകുപ്പിന്, സോഫ്റ്റ് വെയർ അധിഷ്ഠിത സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി അതിലൂടെ സുസംഘടിതവും ഉചിതവുമായ നിർമ്മാണ പ്രവർത്തനങ്ങൾ

നടപ്പിലാക്കുന്നതിനും സാധിക്കും. തദ്ദേശ സ്വയംഭരണ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡുമായി കടിയാലോചിച്ച് തേർഡ് പാർട്ടി ക്വാളിറ്റി മോണിറ്ററിംഗ് സംവിധാനം ആവിഷ്കരിക്കുന്നതാണ്.

**8. രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ) (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 700.00 ലക്ഷം രൂപ)**

മുമ്പുണ്ടായിരുന്ന രാജീവ് ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാന്റെ (ആർ.ജി.പി.എസ്.എ) പരിഷ്കരിച്ച പതിപ്പായ രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ), സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) നേടി എടുക്കുന്നതിനായി പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണശേഷി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രാദേശിക പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരങ്ങൾ കാണുന്നതിനായി ലഭ്യമായ ഉറവിട സ്രോതസ്സുകളെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുക, എസ്.ഡി.ജി.യുമായി പങ്കാളിത്ത പദ്ധതികൾക്ക് പ്രേരണയാകുന്ന സാങ്കേതികവിദ്യ തയ്യാറാക്കുക, പ്രാദേശിക വികസന ആവശ്യങ്ങൾക്കനുസൃതമായി പ്രാദേശികഭരണസ്ഥാപനങ്ങളെ കൂടുതൽ ഉത്തരവാദിത്തമുള്ളവരാക്കുന്ന രീതിയിൽ കാര്യശേഷി വികസിപ്പിക്കുക എന്നിവയും ഇതിന്റെ ലക്ഷ്യങ്ങളാണ്. 2025-26 കാലയളവിൽ പദ്ധതിയുടെ 40% സംസ്ഥാന വിഹിതമായി 700.00 ലക്ഷം രൂപ നൽകുന്നു. ജനറൽ ഓറിയന്റേഷൻ/റിഫ്രഷർ പ്രോഗ്രാം, പരിശീലനം, പഞ്ചായത്ത് വികസന പദ്ധതി, തീമാറ്റിക് പരിശീലനം, സ്പെഷ്യലൈസ്ഡ് പരിശീലനം, മറ്റ് പരിശീലനങ്ങളും പ്രവർത്തനങ്ങളും, സംസ്ഥാന/ജില്ല/ബ്ലോക്കിലെ പഞ്ചായത്ത് റിസോഴ്സ് സെന്ററിനുള്ള ഇൻസ്റ്റിറ്റ്യൂഷണൽ ഇൻഫ്രാസ്ട്രക്ചർ, ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളും ഉപകരണങ്ങളും വാടകയ്ക്കെടുക്കൽ, എസ്.പി.ആർ.സി/ഡി.പി.ആർ.സി/ബി.പി.ആർ.സിയ്ക്കുള്ള ആവർത്തന ചെലവ് ഉൾപ്പെടെയുള്ള സ്ഥാപന ഘടന, സാറ്റ്കോം അല്ലെങ്കിൽ ഐപി അധിഷ്ഠിത സാങ്കേതികവിദ്യ വഴിയുള്ള വിദൂര പഠന സൗകര്യം, സംസ്ഥാന/ജില്ല/ബ്ലോക്കിലെ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ്, നൂതന പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, പ്രോജക്ട് വരുമാന വികസനത്തിനും വരുമാന വർദ്ധനയ്ക്കുമുള്ള അടിസ്ഥാന പിന്തുണ, വിവരങ്ങൾ, വിദ്യാഭ്യാസം, ആശയവിനിമയം (ഐഇസി), പ്രോഗ്രാം മാനേജ്മെന്റ് എന്നിവയാണ് പ്രവർത്തനങ്ങൾ

**സാമൂഹിക വിഭാഗം തിരിച്ച് ആർ.ജി.എസ് പദ്ധതിയ്ക്കുള്ള 2025-26 ലെ വിഹിതം**

| വിഭാഗം | തുക (രൂപ ലക്ഷത്തിൽ) |
|---|---|
| ജനറൽ | 625.10 |
| എസ്.സി.എസ്.പി | 63.70 |
| റ്റി.എസ്.പി | 11.20 |
| **ആകെ** | **700.00** |

**9. ജില്ലാ പദ്ധതികൾക്ക് പ്രോത്സാഹനം**

**(വിഹിതം: 300.00 ലക്ഷം രൂപ)**

ജില്ലകളുടെ വികസനത്തിനായി സംയോജിതവും പങ്കാളിത്തപരവുമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിനായി വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ ഏജൻസികളുടെ സഹായത്തോടെ 2017-18 ൽ സംസ്ഥാനത്തെ എല്ലാ ജില്ലാ ആസൂത്രണ സമിതികളും ജില്ലാ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ജില്ലാതലത്തിൽ കൃത്യമായ സംയോജന സാദ്ധ്യത ഉറപ്പാക്കാനും വിവിധ ഏജൻസികൾക്ക് സംയുക്തമായി നടപ്പിലാക്കാൻ കഴിയുന്ന ബൃഹത് പദ്ധതി ആശയങ്ങൾ വികസിപ്പിക്കാനുമുള്ള ഒരു ഫലപ്രദമായ ഉപാധിയാണ് ജില്ലാ പദ്ധതി.

06-08-2018 ലെ സ.ഉ (സാധാ) നമ്പർ.106/2018/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതികൾ തയ്യാറാക്കിയ ജില്ലാ പദ്ധതികൾക്ക് അനുസൃതമായി പ്രാദേശിക സർക്കാരുകൾ, മറ്റ് ഏജൻസികൾ/വകുപ്പുകൾ എന്നിവർ ചേർന്ന് സംയുക്തമായി ഏറ്റെടുക്കുന്ന ബൃഹത് പദ്ധതികൾക്ക് പ്രോത്സാഹന ധനസഹായം നൽകുന്നതിനായി 2025-26 ലെ ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വിഹിതം മുൻ വർഷങ്ങളിൽ അംഗീകരിച്ച പദ്ധതികൾക്കും വിനിയോഗിക്കാവുന്നതാണ്.

### 10. സമ്പൂർണ്ണ ഭവന പദ്ധതി-ഗ്രാമം (ലൈഫ് മിഷൻ)

**(വിഹിതം: 58000.00 ലക്ഷം രൂപ)**

സംസ്ഥാന സർക്കാരിന്റെ നവകേരളം കർമ്മ പദ്ധതിയിൽ പ്രഖ്യാപിച്ച നാലു ദൗത്യങ്ങളിൽ ഒന്നാണ് ലൈഫ് മിഷൻ (ഉപജീവനമാർഗ്ഗം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം). സംസ്ഥാനത്തെ ഭവനരഹിതർക്ക് സുരക്ഷിതമായ ഭവനം നൽകുകയെന്ന ലക്ഷ്യത്തിനായി പ്രാദേശിക സർക്കാരുകൾ മുഖേന അവരുടെ വികസന ഫണ്ടും സംസ്ഥാന പദ്ധതിയിൽ നിന്നുള്ള സഹായവും കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി) ലിമിറ്റഡ് മുഖേന ഭവന നഗര വികസന കോർപ്പറേഷൻ (ഹഡ്കോ) ലിമിറ്റഡിൽ നിന്നുള്ള വായ്പയും ഉപയോഗിച്ചാണ് ലൈഫ് പദ്ധതി നടപ്പിലാക്കുന്നത്.

ഈ പദ്ധതിയ്ക്ക് തുക വകയിരുത്തിയിരിക്കുന്നത് ഗ്രാമീണ മേഖലയിലെ ഭൂമിയുള്ള ഭവനരഹിതർക്ക് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണത്തിന് സംസ്ഥാന വിഹിതം നൽകുന്നതിനും ഭൂമിയില്ലാത്ത ഭവനരഹിതർക്ക് ഫ്ലാറ്റുകൾ, ഭവന സമുച്ചയങ്ങൾ, ഭവന ക്ലസ്റ്ററുകൾ എന്നിവയുടെ നിർമ്മാണച്ചെലവ് വഹിക്കുന്നതിനും വേണ്ടിയാണ്. ഈ പദ്ധതിയിൽ ഹഡ്കോ വായ്പയുടെ സംസ്ഥാന ഓഹരിയുടെ മുഖധന തിരിച്ചടവ് ഉൾപ്പെടുന്നു. ലൈഫ് മിഷന്റെ ഭരണപരമായ ചെലവും ഈ വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതാണ്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ 90 ശതമാനവും വനിതകൾ ആയിരിക്കേണ്ടതാണ്. അതിദാരിദ്ര്യരുടെ പട്ടികയിൽ ഉൾപെട്ട ഭവന രഹിതരായവർക്ക് ഈ പദ്ധതിയിൽ നിന്നും മുൻഗണന നൽകേണ്ടതാണ്. ഗ്രാമീണ മേഖലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26 ലെ ബജറ്റിൽ 58000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 11. കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷന് (കെ.യു.ആർ.ഡി.എഫ്.സി) പദ്ധതി സഹായം-ഗ്രാമം

**(വിഹിതം: 25626.00 ലക്ഷം രൂപ)**

സമ്പൂർണ്ണ ഭവന പദ്ധതി ലൈഫ് മിഷനിലൂടെ നടപ്പിലാക്കുന്നതിന് വേണ്ടി കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് (കെ.യു.ആർ.ഡി.എഫ്.സി) സർക്കാർ ഗ്യാരണ്ടിയിൽ ഭവന നഗര വികസന കോർപ്പറേഷൻ (ഹഡ്കോ) ലിമിറ്റഡിൽ നിന്നും വായ്പയെടുത്ത് ധനസഹായം നൽകുന്നു. ഗ്രാമീണ മേഖലയ്ക്കായി ഹഡ്കോയിൽ നിന്നും എടുത്ത വായ്പ തീർപ്പാക്കുന്നതിനുള്ള പലിശ സബ്സിഡി തുകയായി കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷന് 2025-26 വർഷത്തെ ബജറ്റിൽ 25626.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 2.4 പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി

## I. പ്രാദേശിക വികസന പാക്കേജുകൾ

ഇടുക്കി, വയനാട്, കാസറഗോഡ് ജില്ലകളുടെ സമഗ്ര സാമ്പത്തിക വികസനം പ്രോത്സാഹിക്കുന്നതിന് പ്രത്യേക വികസന പാക്കേജുകൾ കേരള സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്.

### 1. ഇടുക്കി വികസന പാക്കേജ്

**(വിഹിതം: 7500.00 ലക്ഷം രൂപ)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, കേന്ദ്രസർക്കാർ, മറ്റ് പങ്കാളികൾ എന്നിവരുടെ ഏകോപനത്തോടെ വികസന പദ്ധതികളുടെ സംയോജനത്തിലൂടെ ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടാണ് ഇടുക്കി വികസന പാക്കേജ് (ഐ.ഡി.പി) പ്രഖ്യാപിച്ചിട്ടുള്ളത്. ഉത്പാദന വർദ്ധനവ്, മൂല്യവർദ്ധിത സംസ്കരണ വ്യവസായങ്ങൾ, ടൂറിസം വികസനം എന്നിവയിലൂടെ കാർഷിക വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് പാക്കേജിന്റെ ലക്ഷ്യം. ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ദാരിദ്ര്യം തുടച്ചുനീക്കുന്നതിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. ജില്ലയുടെ വികസന ആവശ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, പാക്കേജിനാവശ്യമായ വിഭവ സ്രോതസുകൾ, വിവിധ വകുപ്പുകളുടെ സ്കീമുകൾ, പ്രാദേശിക സർക്കാർ പദ്ധതികൾ, ജില്ലാ തലത്തിൽ നിർദേശിച്ചിട്ടുള്ള മറ്റ് പദ്ധതികൾ എന്നിവയുടെ സംയോജനത്തിലൂടെ കണ്ടെത്തുവാൻ ലക്ഷ്യമിടുന്നു. തോട്ടം മേഖലയുടെയും കാർഷികാധിഷ്ഠിത വ്യവസായിക കേന്ദ്രങ്ങളുടെയും പ്രോത്സാഹനവും പാക്കേജിൽ വിഭാവനം ചെയ്യുന്നു. 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് 7500.00 ലക്ഷം രൂപ ഇടുക്കി വികസന പാക്കേജിനായി ബജറ്റിൽ വകയിരുത്തുന്നു.

**2. വയനാട് വികസന പാക്കേജ്**

**(വിഹിതം: 8500.00 ലക്ഷം രൂപ)**

വയനാട് ജില്ലയുടെ സുസ്ഥിര വികസനത്തിനുള്ള സമഗ്ര പാക്കേജാണ് വയനാട് വികസന പാക്കേജ് (ഡബ്ല്യു.ഡി.പി). കാപ്പി കൃഷി ഉൾപ്പെടെയുള്ള കാർഷിക വികസനം, ഭക്ഷ്യ സംസ്കരണം, പൊതു അടിസ്ഥാന സൗകര്യ വികസനം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, ടൂറിസം, വനം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ ഗണ്യമായ പുരോഗതി ഉൾപ്പെടെയുള്ള ഒരു സമഗ്ര വികസനം പാക്കേജ് ലക്ഷ്യമിടുന്നു. വികസന പരിപാടികൾ പ്രധാനമായും വിള വികസനം, ടൂറിസം പ്രോത്സാഹനം, ദാരിദ്ര്യ നിർമ്മാർജനം, അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സൗഹൃദ വികസനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു.

22.11.2021 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇടുക്കി, വയനാട് വികസന പാക്കേജുകൾ നടപ്പിലാക്കുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം രൂപീകരിക്കാൻ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ 23.03.2023 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.08/2023/P&EA പ്രകാരവും 25.03.2023 ലെ സ.ഉ (എം.എസ്) നം. 09/2023/P&EA പ്രകാരവും പാക്കേജുകളുടെ നടത്തിപ്പിലേയ്ക്കായി വ്യക്തമായ മാർഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച്, വയനാട്, ഇടുക്കി വികസന പാക്കേജുകളുടെ കോ-ഓഡിനേറ്റർമാർ അതാത് ജില്ലകളിലെ ജില്ലാ കളക്ടർമാർ ആയിരിക്കും. കൂടാതെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനെ പദ്ധതി നിർവ്വഹണത്തിനുള്ള നോഡൽ വകുപ്പായി നിയോഗിച്ചിട്ടുണ്ട്. വയനാട്ടിലേയും ഇടുക്കിയിലേയും ജില്ലാ വികസന കമ്മീഷണർമാർക്ക് സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി) നം. 2446/2021/ജിഎഡി തീയതി. 05.07.2021 പ്രകാരം അതത് ജില്ലകളിലെ സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുണ്ട്.

പാക്കേജിലുള്ള സ്കീമുകൾക്കും, പ്രോജക്ടുകൾക്കും കിഫ്ബി, ആർ.ഐ.ഡി.എഫ്, ആർ.കെ.ഐ, എൽ.എസ്.ജി. സ്കീമുകൾ, മറ്റ് വകുപ്പുകളുടെ സ്കീമുകൾ വഴിയും ധനസഹായം ലഭിക്കുന്നതാണ്. വികസനപാക്കേജ് തയ്യാറാക്കൽ, പി എം യു രൂപീകരിക്കൽ, വിവിധ തലങ്ങളിലുള്ള കൂടിയാലോചനകൾ, മറ്റ് അനുബന്ധ ചെലവുകൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി മൊത്തം വകയിരുത്തിയ തുകയിൽ നിന്നും 25.00 ലക്ഷം രൂപ വീതം ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രത്യേകം വകയിരുത്തുന്നു. വകയിരുത്തലുകളിൽ നിന്നും ശമ്പള ചെലവുകൾ അനുവദിക്കുന്നതല്ല. വയനാട് ജില്ലയിലെ മരിയനാട് റീ-സെറ്റിൽമെന്റ് പ്രോജക്ടുമായി ബന്ധപ്പെട്ട്, നഷ്ടപരിഹാരം നൽകുന്നതിന് ഈ വർഷം 5 കോടി അനുവദിക്കുന്നു. കൂടാതെ ചൂരൽമല-മുണ്ടക്കൈ ദുരന്തവുമായി ബന്ധപ്പെട്ട പുനരധിവാസ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുടേയും വകുപ്പുകളുടേയും ഏകോപന ചെലവുകൾക്കായി 5.00 കോടി രൂപ വകയിരുത്തുന്നു.

**3. കാസറഗോഡ് വികസന പാക്കേജ്**

**(വിഹിതം: 7500.00 ലക്ഷം)**

കാസറഗോഡ് ജില്ലയുടെ വികസന സാദ്ധ്യതകളെപ്പറ്റി പഠനം നടത്തി ജില്ലയ്ക്ക് ഒരു വികസന പരിപ്രേക്ഷ്യ പദ്ധതി രൂപീകരിക്കുന്നതിനായി ചീഫ് സെക്രട്ടറിയായിരുന്ന ഡോ: പ്രഭാകരനെ സംസ്ഥാന സർക്കാർ നിയോഗിച്ചിരുന്നു. അതിൻ പ്രകാരം ജില്ലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് കൊണ്ട് 11,12,307.00 ലക്ഷം രൂപയുടെ ഒരു പാക്കേജ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ നിർദേശിക്കുകയും ആദ്യഘട്ടം 2013-14 ൽ ആരംഭിക്കുകയും ചെയ്തു. ജില്ലാ കളക്ടർ അദ്ധ്യക്ഷനായി, കാസറഗോഡ് വികസന പാക്കേജ് സ്പെഷ്യൽ ഓഫീസറും ഉൾപ്പെട്ട സമിതി ആയിരിക്കണം നടപ്പാക്കേണ്ട പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിക്കേണ്ടത്. 2025-26 സാമ്പത്തിക വർഷം കാസറഗോഡ് മെഡിക്കൽ കോളേജിന്റെ അക്കാദമിക് കോംപ്ലക്സിന്റെ നിർമ്മാണവും ഉൾപ്പെടുത്തുന്നു. 2025-26 ലെ വാർഷിക പദ്ധതിയിൽ കാസറഗോഡ് വികസന പാക്കേജിന് 7500.00 ലക്ഷം രൂപ വകയിരുത്തുന്നു.

**4. ശബരിമല മാസ്റ്റർ പ്ലാൻ**

**(വിഹിതം: 2760.00 ലക്ഷം രൂപ)**

തീർഥാടകർക്ക് സുസ്ഥിരമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം തന്നെ പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് ജനങ്ങളുടെ ഉപജീവനമാർഗങ്ങൾക്കുകൂടി സുരക്ഷയും സംരക്ഷണവും ഒരുക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

പെരിയാർ വനമേഖലയുടെ ഭാഗമായ ശബരിമല ക്ഷേത്ര സമുച്ചയവും പരിസര പ്രദേശങ്ങളും പരസ്പര പൂരകവും പരിസ്ഥിതി സൗഹൃദവുമായ രീതിയിൽ വികസിപ്പിക്കുകയും തൃപ്തികരമായ തീർഥാടന അനുഭവം നൽകുകയും ചെയ്യുക എന്നതാണ് ശബരിമല മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമിടുന്നത്. ശബരിമല മാസ്റ്റർ പ്ലാൻ 2007-ൽ അംഗീകരിച്ചു. തീർഥാടകരുടെ സൗകര്യം, ശുചിത്വം, സുരക്ഷ എന്നിവയാണ്

പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള മൂന്ന് പ്രധാന പരിഗണനകൾ. നിർണ്ണായകമായ അടിസ്ഥാന സൗകര്യ കുറവുകൾക്കോ അഥവാ പോരായ്മകൾക്കോ മാത്രമേ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള ഈ വ്യവസ്ഥയിൽ നിന്ന് ധനസഹായം നൽകുകയുള്ളൂ.

സംസ്ഥാന സർക്കാരും ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനായുള്ള ഉന്നതാധികാര സമിതിയും ചേർന്ന് ശബരിമല തീർഥാടനത്തിന്റെ പ്രധാന ബേസ് ക്യാമ്പായി നിലയ്ക്കലിനെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ആയതിനാൽ അടിസ്ഥാന സൗകര്യങ്ങൾ നിലയ്ക്കലിൽ തന്നെ വരേണ്ടതായിട്ടുണ്ട്. വാർഷിക പദ്ധതികൾ പ്രധാനമായും നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. 2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ താഴെപ്പറയുന്ന ഘടകങ്ങൾക്കായി 2760.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പമ്പാ ഗണപതി ക്ഷേത്രത്തിൽ നിന്ന് ഹിൽടോപ്പ് വരെയുള്ള സുരക്ഷാപാലത്തിന്റെ നിർമ്മാണം-പ്രാഥമിക പ്രവൃത്തികൾക്ക് | 675.00 |
| 2 | നിലയ്ക്കൽ കോർ ഏരിയയുടെ വികസനം-(എ) കാൽനട യാത്രക്കാർക്കുള്ള നടപ്പാത (ബി) അന്നദാനമണ്ഡപം (സി) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് (ഡി) വിശ്രമ പവലിയൻ - പദ്ധതി ഘട്ടംഘട്ടമായി പൂർത്തിയാക്കും. ഒന്നാം ഘട്ടം-പ്രാഥമിക പ്രവൃത്തികൾക്ക് | 500.00 |
| 3 | നിലയ്ക്കലിൽ (കോർ ഏരിയയ്ക്ക് പുറത്ത് ) റോഡുകളുടെയും അതിനെ ബന്ധിപ്പിച്ചുകൊണ്ടുള്ള പാലങ്ങളുടെയും നിർമ്മാണം - പ്രാഥമിക പ്രവൃത്തികൾക്ക് | 200.00 |
| 4 | സന്നിധാനത്തെ തീർഥാടന സൗകര്യ കേന്ദ്രത്തിന്റേയും തന്ത്രി മഠത്തിന്റേയും പ്രസാദം കോംപ്ലക്സിന്റേയും നിർമ്മാണം - പ്രാഥമിക പ്രവൃത്തികൾക്ക് | 150.00 |
| 5 | സന്നിധാനത്ത് അന്നദാനമണ്ഡപമുൾപ്പെടെ വിവിധ കെട്ടിടങ്ങൾക്ക് അഗ്നിശമന ക്രമീകരണങ്ങൾ നൽകൽ - പ്രാഥമിക പ്രവൃത്തികൾക്ക് | 100.00 |
| 6 | ശബരിമല സന്നിധാനത്ത് എക്സിറ്റ് ബ്രിഡ്ജ് നിർമ്മാണം (ബെയ്‌ലി പാലത്തിന് പകരം)- ഡി.പി.ആറിനും പ്രാഥമിക ചെലവിനും | 25.00 |
| 7 | നിലയ്ക്കലിൽ ജലവിതരണ ലൈനുകൾ സ്ഥാപിക്കുന്നത് ഉൾപ്പെടെ ജലാശയങ്ങളുടെ പുനരുജ്ജീവനം - ഡി.പി.ആറിനും പ്രാഥമിക ചെലവിനും | 25.00 |
| 8 | കുന്നാറിൽ നിന്നും ശബരിമലയിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 10.00 |
| 9 | ഫലപ്രദമായ ജനക്കൂട്ട നിയന്ത്രണ സംവിധാനം നടപ്പിലാക്കൽ (പുതിയത് ) | 25.00 |
| | **അഡ്മിനിസ്ട്രേറ്റീവ് ചെലവും തീർപ്പാകാത്ത ബില്ലുകളും** | |
| 10 | ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനുള്ള ഹൈ പവർ കമ്മിറ്റിയുടെ ഭരണ നിർവ്വഹണ ചെലവുകൾ | 50.00 |
| 11 | നിർമ്മാണ പ്രവൃത്തികളുടെ തീർപ്പാകാത്ത ബില്ലുകൾ അനുവദിച്ചു നൽകുന്നതിനുള്ള വിഹിതം | 1000.00 |
| | **ആകെ** | **2760.00** |

### II. തീരദേശ വികസനം

തീരദേശ വികസനത്തിനായി 2025-26 ബജറ്റിൽ 17698.00 ലക്ഷം രൂപ വകയിരുത്തുന്നു. ആകെ അനുവദിച്ച തുകയിൽ 1500.00 ലക്ഷം രൂപ നബാർഡിന്റെ ധനസഹായമാണ്.

| ക്രമ നമ്പർ | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|

| ക്രമ നമ്പർ | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മത്സ്യബന്ധന തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും | 13900.00 |
| 2 | എൻ.സി.ഡി.സി സഹായത്തോടെയുള്ള സംയോജിത മത്സ്യബന്ധന വികസന പദ്ധതി | 100.00 |
| 3 | എൻ.ബി.സി.എഫ്.ഡി.സി ലോണിനും എൻ.എം.ഡി.എഫ്.സി ലോണിനുമുള്ള സീഡ് ക്യാപ്പിറ്റൽ | 30.00 |
| 4 | സംയോജിത തീരദേശ വികസന പദ്ധതി (ആർ.ഐ.ഡി.എഫ് ) | 1500.00 |
| 5 | മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണുനീക്കലും (എച്ച്.ഇ.ഡി) | 950.00 |
| 6 | മത്സ്യബന്ധന തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | 1000.00 |
| 7 | മത്സ്യബന്ധന അനുബന്ധ തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | 118.00 |
| 8 | മത്സ്യബന്ധന തുറമുഖങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ (എച്ച്.ഇ.ഡി) (പുതിയത് ) | 100.00 |
| | **ആകെ** | **17698.00** |

### 1. മത്സ്യബന്ധന തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും

**(വിഹിതം: 13900.00 ലക്ഷം രൂപ)**

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളും മാനവശേഷി വികസനവും എന്ന പദ്ധതിക്കായി 13900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിക്കു കീഴിൽ വരുന്ന നാല് ഘടകങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i. | മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളും മാനവശേഷി വികസനവും (റവന്യൂ ഹെഡ്) | 4900.00 |
| ii. | മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളും മാനവശേഷി വികസനവും (ക്യാപ്പിറ്റൽ ഹെഡ്) | 2000.00 |
| iii. | പുനർഗേഹം | 6000.00 |
| iv. | മത്സ്യബന്ധനത്തൊഴിലാളികളുടെ ഭവനനവീകരണവും പരിപാലനവും (പുതിയത് ) | 1000.00 |
| | **ആകെ** | **13900.00** |

### i. മത്സ്യബന്ധന തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (റവന്യൂ ഹെഡ്)

മത്സ്യത്തൊഴിലാളികളുടെ മാനവശേഷി വികസനത്തിനായി 4900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മത്സ്യത്തൊഴിലാളികളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ഉന്നമനമാണ് ഈ ഘടകത്തിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ, ഈ സമൂഹം നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, കടബാധ്യത എന്നീ സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നത് ലക്ഷ്യമിടുന്നു. വിദ്യാഭ്യാസം/കോച്ചിംഗ് പരിപാടികൾ, നൈപുണ്യ വികസന പരിപാടികൾ, സാമൂഹിക ഏകോപന പരിപാടികൾ, ഇതര ഉപജീവന അവസരങ്ങൾ, വായ്പാ സഹായം എന്നിവ ഈ ഘടകത്തിൽ ഉൾപ്പെടുന്നു. ഇതിന്റെ 4 ഉപഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഉപഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| എ | വിദ്യാഭ്യാസം/കോച്ചിംഗ് പരിപാടികൾ | 1600.00 |
| ബി | സാമൂഹിക ഏകോപന പരിപാടികൾ | 500.00 |
| സി | മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഇതര ഉപജീവനമാർഗ്ഗങ്ങൾ | 2400.00 |
| ഡി | മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ | 400.00 |
| | **ആകെ** | **4900.00** |

എ. പത്താം ക്ലാസ്സ് വരെയുള്ള റസിഡൻഷ്യൽ വിദ്യാഭ്യാസം, പോസ്റ്റ് മെട്രിക് പഠനത്തിനായുള്ള വിദ്യാഭ്യാസ സഹായം, പ്രവേശന പരീക്ഷ, പ്രൊഫഷണൽ കോഴ്സ്, മൽസര പരീക്ഷ എന്നിവയ്ക്കുള്ള പരിശീലന പരിപാടികൾ, കെ.എ.എസ്.ഇ, എ.എസ്.എ.പി, കെ.ഡി.ഐ.എസ്.സി എന്നിവ മുഖേനയുള്ള നൈപുണ്യ വികസനവും പ്ലേസ്മെന്റുകളും ഈ ഉപഘടകത്തിൽ ഉൾപ്പെടുന്നു. ഈ ഘടകവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പദ്ധതി അംഗീകരിക്കുവാൻ ചേരുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ തീരുമാനിക്കേണ്ടതാണ്.

ബി. സാമൂഹിക ഏകോപനത്തിനു കീഴിൽ അവബോധ പരിപാടികൾ, സാന്ത്വനതീരം മുഖേന തുടർച്ചയായി ചികിത്സ ആവശ്യമായ മത്സ്യത്തൊഴിലാളികൾക്കും, കുടുംബാംഗങ്ങൾക്കും കാൻസർ, ഡയാലിസിസ്, ഹൃദയസംബന്ധമായ രോഗങ്ങൾക്ക് സഹായം ലഭ്യമാക്കുക എന്നിവ ഉൾപ്പെടുന്നു.ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഗുണഭോക്താക്കളിൽ നിന്ന് 'നോൺ ക്ലെയിം സർട്ടിഫിക്കറ്റ്' അതായത് സമാന പദ്ധതികളിൽ നിന്ന് ആനുകൂല്യങ്ങൾ ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. കരാറടിസ്ഥാനത്തിൽ സാമൂഹിക സേവകനെ ഏർപ്പാടാക്കൽ, കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടെ പിന്തുണ നൽകി ഫിഷറീസ് സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തൽ, സോഫ്റ്റ്‌വെയർ വികസനം, FIMS ആപ്ലിക്കേഷനുമായി സാമൂഹിക-സാമ്പത്തിക സെൻസസ് റിപ്പോർട്ട് സംയോജിപ്പിക്കൽ, IEC പ്രവർത്തനങ്ങൾ എന്നിവയും ഉപഘടകങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാധ്യതയേക്കാൾ കൂടുതൽ ആസ്തിയുള്ള മത്സ്യ സഹകരണ സംഘങ്ങൾക്കാണ് സഹായം ലഭ്യമാക്കുക. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ സഹായം ലഭ്യമാക്കുന്നതിന് പ്രവർത്തനക്ഷമമായ ബിസിനസ് പ്ലാൻ സമർപ്പിക്കണം.

സി. പുതിയതായി ഇതര ഉപജീവന പ്രവർത്തനങ്ങളിലേർപ്പെടുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളെ പിന്തുണക്കുക, നിലവിലുള്ള മത്സ്യത്തൊഴിലാളി സ്ത്രീകളുടെ നിലനിൽപ്പ് ഉറപ്പ് വരുത്തി അവരെ സഹായിക്കുക എന്നിവ ഈ ഉപഘടകത്തിൽ ഉൾപ്പെടുന്നു. അംഗീകൃത പണമിടപാട് സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മത്സ്യത്തൊഴിലാളി വനിതകളുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കുവാനും സംയോജിപ്പിക്കാനും അവർക്ക് പ്രവർത്തനമൂലധന സഹായം നൽകുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഇത്തരത്തിലുള്ള ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുമായി ബന്ധപ്പെട്ട പദ്ധതികൾ സംസ്ഥാനത്തുടനീളം നടപ്പിലാക്കുവാൻ നബാർഡ്/സമാന്തര ഏജൻസികൾ മുഖേന ജെ.എൽ.ജി പണമിടപാടുകളിൽ വിദഗ്ധ പരിശീലനം ലഭ്യമായ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. ഈ പദ്ധതിയുടെ നിർവ്വഹണ വേളയിൽ എസ്.എൽ.ബി.സി/നബാർഡ്/സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവരുമായി കൂടിയാലോചിക്കേണ്ടതാണ്. 'ഒരു കുടുംബം ഒരു സംരംഭം' എന്ന രീതിയിലുള്ള സംരംഭക പ്രവർത്തനങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. സംസ്ഥാന തീരദേശ മേഖലകളിൽ, ഏറ്റവും കുറഞ്ഞത് 4000 വായ്പാ ബന്ധിത ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകൾ ഈ സാമ്പത്തിക വർഷം രൂപീകരിക്കേണ്ടതാണ്. മുകളിൽ പരാമർശിച്ച പ്രകാരമുള്ള വായ്പാബന്ധിത മാതൃകയിലാണ് പദ്ധതി നടപ്പിലാക്കേണ്ടത്. ഈ പദ്ധതിയുടെ 100 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും.

ഡി. മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾക്കായി 400.00 ലക്ഷം രൂപ വകയിരുത്തുന്നു. കേരള ഫിഷറീസ് വെൽഫയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ ഉറപ്പാക്കുന്നതിനായി 3.00 ലക്ഷം രൂപ വായ്പയിൽ പലിശ സബ്സിഡി നൽകുന്നു. ഇതിലേയ്ക്കായി ആകെ അനുവദിച്ച തുകയിൽ നിന്നും 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കൂടാതെ കേരളാ ഫിഷറീസ് വെൽഫയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ട മത്സ്യവില്പന

നടത്തുന്ന സ്ത്രീകൾക്ക് മത്സ്യവില്പന മൂലധനം ഉയർത്തുന്നതിനായി തൊഴിലാളി ഒന്നിന് 20,000 രൂപ വരെ വായ്പ നൽകുന്നു. ഇതിലേയ്ക്കായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

**ii. മത്സ്യബന്ധന തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (ക്യാപ്പിറ്റൽ ഹെഡ്)**

രണ്ട് ഉപഘടകങ്ങൾ അടങ്ങുന്ന ഈ പ്രവൃത്തിക്കായി 2025-26 ബജറ്റിൽ 2000.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഉപഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| എ | മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ഭൂമിയും വീടും നൽകൽ | 1000.00 |
| ബി | തീരദേശ അടിസ്ഥാന സൗകര്യങ്ങൾ | 1000.00 |
| | **ആകെ** | **2000.00** |

**എ. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ഭൂമിയും വീടും നൽകൽ**

മാതൃകാ മത്സ്യബന്ധന ഗ്രാമത്തിന്റെ നിർമ്മാണം, മത്സ്യത്തൊഴിലാളി കോളനി നവീകരണം, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം, നിലവിലുള്ള പദ്ധതികളുടെ ഭാഗമായി നിർമ്മിച്ച വീടുകളുടെയും ഫ്ലാറ്റുകളുടെയും പൂർത്തീകരണവും നവീകരണവും ഈ ഘടകത്തിൽ ഉൾപ്പെടുന്നു. കൂടാതെ ഭവന പദ്ധതിയുടെ ഭാഗമായി വൈദ്യുതീകരണവും മറ്റ് അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കുന്നതും ഈ ഘടകത്തിൽ ഉൾപ്പെടുന്നു.

**ബി. തീരദേശ അടിസ്ഥാന സൗകര്യങ്ങൾ**

ശുചിത്വം, കുടിവെള്ളം, വൈദ്യുതി, ആരോഗ്യ സൗകര്യങ്ങൾ, ഓടനിർമ്മാണം, ലൈബ്രറി, നടപ്പാത, കായിക വിനോദത്തിനുള്ള സൗകര്യങ്ങൾ, പ്രതിഭാതീരം പദ്ധതിയുടെ നിർവ്വഹണം എന്നീ ഉപഘടകങ്ങൾ ഇതിൽ ഉൾപ്പെടുന്നു. 50 ശതമാനത്തിലധികം മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ/ഫിഷറീസ് സ്കൂളുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി തുക വകയിരുത്തിയിരിക്കുന്നു.

**iii. പുനർഗേഹം**

കടൽക്കരയിൽ നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങൾ നിരന്തരമായ കടൽക്ഷോഭത്തിന്റെ ഭീഷണിയിലാണ്. ഈ കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് പുനരധിവസിപ്പിക്കാനാണ് ഈ പ്രോജക്ടിലൂടെ ലക്ഷ്യമിടുന്നത്. കടൽത്തീരത്ത് നിന്ന് 50 മീറ്ററിനുള്ളിൽ ഒഴിപ്പിച്ച ഭൂമി ജൈവകവചത്തിന്റെ രൂപീകരണത്തിന് ഉപയോഗിക്കാവുന്നതാണ്. ഭൂമി വാങ്ങുക, പൊതു സൗകര്യങ്ങളോടെയുള്ള വീട്/ഫ്ലാറ്റ് നിർമ്മാണം, ബയോഷീൽഡ് രൂപീകരണം എന്നിവയ്ക്കുള്ള വ്യവസ്ഥകൾ പദ്ധതിയിൽ ഉൾപ്പെടുന്നു. മത്സ്യത്തൊഴിലാളികൾക്കിടയിൽ പുനരധിവാസത്തിന്റെ ആവശ്യകത, പ്രോജക്ടിന്റെ നിരീക്ഷണവും വിലയിരുത്തലും, ഡോക്യുമെന്റേഷൻ, ബോധവൽക്കരണ ശിൽപശാലകൾ നടത്തുന്നതിനുള്ള വ്യവസ്ഥയും ഇതിൽ ഉൾപ്പെടുന്നു. പദ്ധതിക്കായി 6000.00 ലക്ഷം രൂപ വകയിരുത്തുന്നു.

**iv. മത്സ്യബന്ധനത്തൊഴിലാളികളുടെ ഭവനനവീകരണവും പരിപാലനവും (പുതിയത് )**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

പത്ത് വർഷമോ അതിലധികമോ വർഷം മുൻപ് നിർമ്മിച്ച വീടുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഓരോ മത്സ്യത്തൊഴിലാളികൾക്കും മെച്ചപ്പെട്ട ജീവിത സാഹചര്യം പ്രദാനം ചെയ്യുന്നതിനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. 2025-26 വർഷത്തിൽ 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

**2. എൻ.സി.ഡി.സി ലോണിനുള്ള സബ്സിഡിയും ഷെയർ ക്യാപ്പിറ്റലും**

**(വിഹിതം: 100.00 ലക്ഷം രൂപ)**

നാഷണൽ ബാക്ക്‌വേർഡ് ക്ലാസ്സസ്സ് ഫിനാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി), നാഷണൽ മൈനോറിറ്റി ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി), എൻ.സി.ഡി.സി ഇത്തരത്തിലുള്ള മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് മത്സ്യഫെഡ് ക്രെഡിറ്റ് സമാഹരിച്ച് ഫിഷർമെൻ ഡെവലപ്മെന്റ് ആന്റ് വെൽഫെയർ

സൊസൈറ്റി വഴി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നുണ്ട്. ഇത്തരത്തിൽ എടുക്കുന്ന ലോണുകൾക്ക് സബ്സിഡിയും ഷെയർ കാപ്പിറ്റലും നൽകുന്നതിന് 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3. എൻ.ബി.സി.എഫ്.ഡി.സി ലോണിനും എൻ.എം.ഡി.എഫ്.സി ലോണിനുള്ള സീഡ് ക്യാപ്പിറ്റൽ**

**(വിഹിതം: 30.00 ലക്ഷം രൂപ)**

എൻ.എം.ഡി.എഫ്.സി ലോണുകൾക്കും എൻ.ബി.സി.എഫ്.ഡി.സി ലോണുകൾക്കും സീഡ് ക്യാപ്പിറ്റൽ അസിസ്റ്റൻസ് നൽകുന്നതിനായി 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. ഗ്രാമീണ അടിസ്ഥാന വികസന നിധി (ആർ.ഐ.ഡി.എഫ്)**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

നബാർഡിന്റെ മുൻഗണനാ പട്ടികയിലുള്ള തീരദേശ വികസനത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആർ.ഐ.ഡി.എഫിനു കീഴിൽ ഏറ്റെടുക്കുന്നതാണ്. ഇതിനായി 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5. മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണുനീക്കലും (എച്ച്.ഇ.ഡി)**

**(വിഹിതം: 950.00 ലക്ഷം രൂപ)**

മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും പരിപാലനവുമാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. മത്സ്യബന്ധന തുറമുഖങ്ങളിൽ പലപ്പോഴും സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്താത്തതുകൊണ്ട് ഉപയോഗശൂന്യമായ നിലയിലാണ്. വർഷം മുഴുവൻ ഉപയോഗിക്കാൻ സാധിക്കാത്തതു മൂലം ഇത് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ വരുമാനത്തിനൊരു വലിയ ആഘാതമാണ്. മത്സ്യബന്ധന തുറമുഖങ്ങളെ വർഷം മുഴുവൻ ഉപയോഗയോഗ്യമാക്കുന്നത് വഴി മത്സ്യത്തൊഴിലാളികൾക്ക് ഒരു സ്ഥിര വരുമാനം ലഭ്യമാക്കുന്നതിനായി അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും 950.00 ലക്ഷം രൂപ 2025-26 വർഷത്തിൽ വകയിരുത്തിയിരിക്കുന്നു.

**6. മത്സ്യബന്ധന തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽ (കെ.എഫ്.ഡബ്ല്യൂ.എഫ്.ബി) അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്കാണ് അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി സഹായം നൽകുന്നത്. സംസ്ഥാനത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും അപകട മരണം, കാണാതാകൽ, സ്ഥിരമായ വൈകല്യം എന്നിവയ്ക്ക് 10.00 ലക്ഷം രൂപയും ഭാഗികമായ വൈകല്യത്തിന് 5.00 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരം. ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റത്തിനു കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്കു മാത്രമേ ഇൻഷ്വറൻസ് പരിരക്ഷയ്ക്കു അർഹതയുള്ളൂ. 2.36 ലക്ഷത്തിൽപ്പരം മത്സ്യത്തൊഴിലാളികളെ ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരാൻ ലക്ഷ്യമിടുന്നു. ഇതിനായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**7. മത്സ്യബന്ധന മേഖലയിലെ അനുബന്ധത്തൊഴിലാളികൾക്കുള്ള അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി**

**(വിഹിതം: 118.00 ലക്ഷം രൂപ)**

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യബന്ധന മേഖലയിലെ അനുബന്ധത്തൊഴിലാളികൾക്കാണ് ഈ പദ്ധതി. അപകട മരണം, കാണാതാകൽ, സ്ഥിരമായ വൈകല്യം എന്നിവയ്ക്ക് 10.00 ലക്ഷം രൂപയും ഭാഗികമായ വൈകല്യത്തിന് 5.00 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരം. ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റത്തിനു കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്കു മാത്രമേ ഇൻഷ്വറൻസ് പരിരക്ഷയ്ക്കു അർഹതയുള്ളൂ. 78,659 അനുബന്ധ മത്സ്യത്തൊഴിലാളികളെ ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരാൻ ലക്ഷ്യമിടുന്നു. ഇതിനായി 118.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8. മത്സ്യബന്ധന തുറമുഖങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ (എച്ച്.ഇ.ഡി) (പുതിയത്)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി തുറമുഖങ്ങളുടെ വികസനവും പുനർ വികസനവും എങ്ങനെ നടത്താൻ കഴിയും എന്നതിന്റെ ചട്ടക്കൂട് രൂപീകരിക്കുന്നതിനായി തുറമുഖങ്ങളുടെ വിശദമായ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. മാസ്റ്റർ പ്ലാനിലെ അടിസ്ഥാന സൗകര്യ വികസന നിർദ്ദേശം ഘട്ടം ഘട്ടമായി നടപ്പിലാക്കാവുന്നതാണ്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഓരോ തുറമുഖത്തിനും 5.00 ലക്ഷം രൂപ വീതമാണ് നിർദ്ദേശിക്കുന്നത്. 2025-26 വർഷത്തിൽ ബജറ്റ് വിഹിതമായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 2.5 സാമൂഹിക നീതി പ്രോഗ്രാം

**1. ദേശീയ സാമൂഹ്യ സഹായ പരിപാടിയ്ക്ക് സംസ്ഥാന പിന്തുണ-ദേശീയ വാർദ്ധക്യ പെൻഷൻ പദ്ധതി**

**(വിഹിതം: 3.00 ലക്ഷം രൂപ)**

2025-26 കാലയളവിൽ 'ദേശീയ സാമൂഹ്യ സഹായ' പരിപാടിയ്ക്ക് സംസ്ഥാന പിന്തുണ - നൽകുന്നതിനായി ദേശീയ വാർദ്ധക്യ പെൻഷൻ പദ്ധതിക്ക് ടോക്കൺ പ്രൊവിഷനായി 3.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ 2025-26 ബജറ്റിന്റെ അനുബന്ധം IV-ൽ നൽകിയിരിക്കുന്നു.

**2. ദേശീയ സാമൂഹ്യ സഹായ പരിപാടിയ്ക്ക് സംസ്ഥാന പിന്തുണ-ദേശീയ വിധവാപെൻഷൻ പദ്ധതി**

**(വിഹിതം: 3.00 ലക്ഷം രൂപ)**

2025-26 കാലയളവിൽ 'ദേശീയ സാമൂഹിക സഹായ' പരിപാടിയ്ക്ക് സംസ്ഥാന പിന്തുണ നൽകുന്നതിനായി ദേശീയ വിധവാപെൻഷൻ പദ്ധതിക്ക് ടോക്കൺ പ്രൊവിഷനായി 3.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**3. ദേശീയ സാമൂഹിക സഹായ പരിപാടിയ്ക്ക് സംസ്ഥാന പിന്തുണ-ദേശീയ വികലാംഗപെൻഷൻ പദ്ധതി**

**(വിഹിതം: 3.00 ലക്ഷം രൂപ)**

2025-26 കാലയളവിൽ 'ദേശീയ സാമൂഹ്യ സഹായ പരിപാടിയ്ക്ക് സംസ്ഥാന പിന്തുണ നൽകുന്നതിനായി ദേശീയ വികലാംഗ പെൻഷൻ പദ്ധതിക്ക് ടോക്കൺ പ്രൊവിഷനായി 3.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

# III. സഹകരണം

കേരള സമ്പദ്‌വ്യവസ്ഥയുടെ വികസനത്തിൽ സഹകരണ മേഖല ഒരു വലിയ പങ്കുവഹിക്കുന്നുണ്ട്. കേരളത്തിലെ സഹകരണ സംഘങ്ങളുടെ ഒരു വലിയ ശൃംഖലതന്നെ ഗ്രാമങ്ങളിലും നഗരങ്ങളിലുമായി വ്യാപിച്ചുകിടക്കുന്നു. അവ കാർഷിക വായ്പ, പൊതുവിതരണം, കാർഷികോൽപ്പന്നങ്ങളുടെ വിതരണം, ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, കാർഷിക സംസ്കരണം, വ്യവസായം, പട്ടികജാതി/പട്ടികവർഗ്ഗം, സ്ത്രീകൾ, യുവാക്കൾ, ട്രാൻസ്ജെൻഡർ എന്നിവരുടെ ഉന്നമനം തുടങ്ങിയ വിവിധ മേഖലകളിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. 2025-26-ൽ സഹകരണ മേഖലയ്ക്ക് 13942.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ സംസ്ഥാന പദ്ധതി, നബാർഡ് - ആർഐഡിഎഫ്, എൻസിഡിസി പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം എന്നിവ ഉൾപ്പെടുന്നു. 2025-26 സാമ്പത്തിക വർഷത്തെ പദ്ധതികൾ തിരിച്ചുള്ള വകയിരുത്തലുകളും പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു.

## വായ്പാ സഹകരണ സംഘങ്ങൾ

### 1. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) സഹായത്തോടെ നടപ്പാക്കുന്ന (ഐ.സി.ഡി.പി) പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം

**(വിഹിതം: 20.00 ലക്ഷം രൂപ)**

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ഒരു പ്രധാന പദ്ധതിയാണ് 1985-86-ൽ ആരംഭിച്ച സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി). ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങളിലൂടെ പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തിന്റെ മുഴുവൻ വികസനമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

- വിവിധോദ്ദേശ്യ സ്വയം പര്യാപ്ത സംരംഭങ്ങൾ ആയി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ വികസിപ്പിക്കൽ.
- സഹകരണ സംഘങ്ങൾ തമ്മിലുള്ള പ്രവർത്തനപരമായ ബന്ധം വികസിപ്പിക്കുക

സംസ്ഥാനത്തിന്റെ പിന്തുണയോടുകൂടി ഐ.സി.ഡി.പി നടപ്പിലാക്കുന്നതിനായുള്ള പദ്ധതിയാണിത്. പദ്ധതി നിർവഹണ തുകയുടെ 50 ശതമാനം തുക സഹായമായി നൽകുന്നു. പ്രാദേശിക വികസന സമീപനത്തോടെ പ്രാദേശിക വിഭവങ്ങളും ആവശ്യകതയും കണക്കിലെടുത്തു കൊണ്ട് സഹകരണ സംഘങ്ങൾക്കായി ഒരു ബൃഹദ് പദ്ധതി തയ്യാറാക്കുന്നതിന് ഈ പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്യുന്നു. ജില്ലാ കേന്ദ്ര സഹകരണ ബാങ്ക് ഒരു പദ്ധതി നിർവ്വഹണ ഏജൻസി മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. ലോൺ, ഓഹരി, സബ്സിഡി എന്നീ മൂന്ന് ശീർഷകങ്ങളിലായി സംയോജിത സഹകരണ വികസന പദ്ധതിക്ക് സംസ്ഥാന സർക്കാർ മുഖേന എൻ.സി.ഡി.സി ധനസഹായം നൽകുന്നു. ഗോഡൗണുകൾ, ബാങ്കിംഗ് കൗണ്ടറുകൾ, ട്രാൻസ്പോർട്ട് വാഹനങ്ങൾ, ചെറുകിട സംസ്കരണ യൂണിറ്റുകൾ, ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം, ഓഹരി മൂലധനം ശക്തിപ്പെടുത്തൽ/ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായം എന്നിവയ്ക്കായി ലോൺ നൽകുന്നു. പദ്ധതി നടപ്പാക്കൽ, മാനവശേഷി വികസനം, പരിശീലനം, നിരീക്ഷണം, പ്രോത്സാഹനം എന്നിവയ്ക്ക് സബ്സിഡി നൽകുന്നു. മൊത്തം പദ്ധതി തുകയുടെ 30 ശതമാനം ആയി പരിമിതപ്പെടുത്തിയിരിക്കുന്ന സബ്സിഡി സംസ്ഥാന സർക്കാരും എൻ.സി.ഡി.സിയും ചേർന്ന് 50:50 എന്ന അനുപാതത്തിൽ പങ്കിടുന്നു.

മേൽപ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 2. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള സഹായം

**(വിഹിതം: 1500.00 ലക്ഷം രൂപ)**

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് പദ്ധതി വിഹിതം വകയിരുത്തിയിരിക്കുന്നു.

എ) വിവിധ നിയമങ്ങൾക്ക് കീഴിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി, കേരള സഹകരണ വികസന - ക്ഷേമ ബോർഡിന്റെ റിസ്ക് ഫണ്ട് സ്കീമിലേയ്ക്കുള്ള സംസ്ഥാന വിഹിതം 700.00 ലക്ഷം രൂപ വകയിരുത്തുന്നു.

ബി) ഓഹരി മൂലധന സഹായം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് മാത്രമാണ് നൽകുന്നത്.

സി) സ്വയം സഹായ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് പ്രാഥമിക കാർഷിക

സഹകരണ സംഘങ്ങൾക്കുള്ള സഹായം.

ഡി) കഴിഞ്ഞവർഷം നൽകിയ മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘത്തിനും ഗ്രാന്റായി പരമാവധി 25,000 രൂപ വീതം എന്ന നിരക്കിൽ ഒരു സാമ്പത്തിക വർഷത്തിൽ പ്രോൽസാഹന സഹായം നൽകുന്നു.

ഇ) കൊയ്ത്ത് യന്ത്രം വാങ്ങുന്നതിന് അതിന്റെ വിലയുടെ 20 ശതമാനമോ 4.00 ലക്ഷം രൂപയോ ഏതാണോ കുറവ്, അത്രയും തുക പ്രോൽസാഹന ഗ്രാന്റ് ആയി നൽകുന്നു.

എഫ് ) കംപ്യൂട്ടർവൽക്കരണം, കോർ ബാങ്കിംഗ്, എടിഎം സ്ഥാപിക്കൽ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെയും സഹകരണ സംഘങ്ങളുടെയും പ്രവർത്തനത്തിനായി ആധുനിക സാങ്കേതിക ഉപകരണങ്ങൾ സ്വായത്തമാക്കലും, സാങ്കേതിക വിദ്യയുടെ നവീകരണവും, ദേശീയ തലത്തിലുള്ള ഐ.റ്റി വിദഗ്ധരെ താൽക്കാലികമായി നിയമിക്കുവാനും ദേശീയ തലത്തിലുള്ള ഐ.ടി സ്ഥാപനങ്ങളുടെ സാങ്കേതികസഹായം തേടൽ എന്നിവയ്ക്കായി പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഓഹരി, വായ്പ, സബ്സിഡി രൂപത്തിലുള്ള സഹായം നൽകുന്നതിന് തുക വകയിരുത്തുന്നു. സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവ ഈ സാങ്കേതികവിദ്യാ നവീകരണ പ്ലാറ്റ്ഫോമിന്റെ ഭാഗമായിരിക്കും. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ നവീകരണത്തിനായി ഒരു പൊതു സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനായി 450.00 ലക്ഷം രൂപ വകയിരുത്തുന്നു.

ജി) പലിശ സബ്‌വെൻഷൻ സ്കീം– കൃഷിയും, അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എടുക്കുന്ന വായ്പകളുടെ (1%) പലിശയിൽ
പിഎസിഎസിനുള്ള സഹായവും കൂടാതെ എഐഎഫ് സ്കീം ഉൾപ്പെടെയുള്ള സഹകരണ മേഖലയിലെ പുതിയ സംരംഭങ്ങളുടെ രൂപീകരണവും.

എച്ച് ) പൊതു–സ്വകാര്യ–സഹകരണ–മോഡൽ പദ്ധതികൾ (PPC മോഡൽ കൺസോർഷ്യം) - കൺസോർഷ്യം വഴി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യവികസനം/പ്രവർത്തനങ്ങൾക്കുള്ള സഹായം.

ഐ) കൺസോർഷ്യം മോഡൽ പദ്ധതിയുടെ രൂപീകരണം – കൺസോർഷ്യം മോഡൽ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സഹായം.

മേൽപ്രവർത്തനങ്ങൾക്കായി 2025–26 ബജറ്റിൽ 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ**

**3. പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

അംഗീകൃത പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ മുഖേനയാണ് സഹകരണ മേഖലയിൽ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത്. പ്രാഥമിക ഭവന നിർമ്മാണ സംഘങ്ങൾക്ക് അവയുടെ പ്രവർത്തനം വികസിപ്പിക്കുന്നതിനായി എൽ.ഐ.സി, ഹഡ്കോ, നാഷണൽ ഹൗസിംഗ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഫെഡറേഷൻ വഴി വായ്പയെടുക്കാൻ ഉതകുന്ന തരത്തിൽ ആവശ്യമായ ഓഹരി മൂലധനം സ്വരൂപിക്കാൻ സഹായം നൽകുന്നതിനാണ് വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും കുറഞ്ഞ വരുമാനക്കാർക്കും ഇടത്തരം വരുമാനക്കാർക്കും വായ്പ നൽകുന്നതിനായി അംഗീകാരം ഇല്ലാത്ത പ്രാഥമിക സംഘങ്ങൾക്ക് തങ്ങളുടെ അംഗീകാര നടപടി പൂർത്തിയാക്കുന്നതുവരെയുള്ള ഇടവേളയിൽ ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് വേണ്ടിയുള്ള വിഹിതവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2025–26 ബജറ്റിൽ ഈ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സംസ്കരണ സഹകരണ സംഘങ്ങൾ**

**4. സംസ്കരണ സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം – എൻ.സി.ഡി.സി. സഹായമുള്ള പദ്ധതി – (സംസ്ഥാന വിഹിതം – 40 ശതമാനം)**

**(വിഹിതം: 60.00 ലക്ഷം രൂപ)**

എൻ.സി.ഡി.സിയുടെ സഹായത്തോടെ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും അല്ലെങ്കിൽ ദുർബല സംസ്കരണ യൂണിറ്റ് പുനരധിവസിപ്പിക്കുന്നതിനും ഉള്ള സംസ്ഥാന സർക്കാരിന്റെ

പിന്തുണയോടുകൂടിയുള്ള പദ്ധതിയാണ് ഇത്. സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ദുർബല സംസ്കരണ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനും ബ്ലോക്ക് കോസ്റ്റിന്റെ 50 ശതമാനം വായ്പയായി എൻ.സി.ഡി.സി നൽകുന്നതാണ്. ബ്ലോക്ക് കോസ്റ്റിന്റെ 30 ശതമാനം ഓഹരി മൂലധന വിഹിതമായും 10 ശതമാനം സബ്സിഡിയായും സംസ്ഥാന സർക്കാർ സംഭാവന ചെയ്യുന്നതാണ്. ബാക്കി 10 ശതമാനം തുക ഗുണഭോക്തൃ സംഘങ്ങൾ നേരിട്ട് വഹിക്കേണ്ടതുമാണ്. എല്ലാത്തരം സഹകരണസ്ഥാപനങ്ങൾക്കും പ്രായോഗിക പദ്ധതികൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ നിശ്ചിതമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒരു വിദഗ്ദ്ധ സമിതി, പ്രോജക്ടുകൾ പരിശോധിക്കുകയും, സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ സഹായം അനുവദിക്കുകയും ചെയ്യുന്നു. സംസ്ഥാന വിഹിതമായ 40 ശതമാനം നൽകുന്നതിനായി തുക വകയിരുത്തുന്നു. പദ്ധതിയ്ക്ക് കീഴിൽ താഴെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുന്നു.

- പുതിയ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/മൂലധനാടിസ്ഥാനം ശക്തിപ്പെടുത്തൽ.
- നിലവിലുള്ള സംസ്കരണ യൂണിറ്റുകളുടെ വിപുലീകരണം, നവീകരണം, പുനരുദ്ധാരണം/ വൈവിധ്യവല്കരണം.

മേൽപ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഉപഭോക്തൃ സഹകരണ സംഘങ്ങൾ**

**5. ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം**

**(വിഹിതം: 110.00 ലക്ഷം രൂപ)**

കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ഉല്പന്നങ്ങൾ, മരുന്നുകൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവ ഉപഭോക്താക്കൾക്ക് നൽകുന്നതിലും സ്വകാര്യ ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കുന്നതിലും ഉപഭോക്തൃ സഹകരണ സംഘങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കുതിച്ചുയരുന്ന വിലനിലവാരത്തിൽ നിന്ന് താഴെത്തട്ടിലുള്ള ജനങ്ങളെ സംരക്ഷിക്കുന്നതിനായി അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകാനും പദ്ധതി ഉദ്ദേശിക്കുന്നു.

എ) കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷന്റെ നിശ്ചിതമായ പദ്ധതികൾക്ക് വേണ്ടിയുള്ള സഹായം.

ബി) ഗ്രാമ നഗര പ്രദേശങ്ങളിൽ ഉള്ള ഉപഭോക്തൃ സംഘങ്ങളുടെ വികസനം.

സി) എല്ലാ സഹകരണ ക്യാന്റീനുകൾക്കും ഓഹരി മൂലധനം.

ഡി) ഇന്ത്യൻ കോഫി ഹൗസിന്റെ ആധുനികവത്ക്കരണത്തിനായി ഓഹരി, വായ്പ, സബ്സിഡി എന്നീ രീതികളിലുള്ള സഹായം.

ഇ) സ്കൂൾ, കോളേജ്, സർവ്വകലാശാല സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനും പ്രോൽസാഹനത്തിനും വേണ്ടിയുള്ള സഹായം (സബ്സിഡി/ഓഹരി).

എഫ്) സ്കൂൾ സ്റ്റോറുകൾ, സർവ്വകലാശാല സഹകരണ സ്റ്റോറുകൾ, പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ലാതല മൊത്തവ്യാപാര സഹകരണ സ്റ്റോറുകൾ എന്നിവയുടെ പുന:സംഘാടനം/പുനരുദ്ധാരണം.

ജി) പ്രാഥമിക സഹകരണ സംഘങ്ങൾ, കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷൻ എന്നിവ നടത്തുന്ന നീതി സ്റ്റോറുകൾക്കും/നീതി മെഡിക്കൽ സ്റ്റോറുകൾക്കും ഓഹരി, പലിശരഹിത വായ്പ, സബ്സിഡി എന്നീ രീതികളിലുള്ള സഹായം.

എച്ച്) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ/ കോളേജ് സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുക.

ഐ) കൺസ്യൂമർ സ്റ്റോറുകൾ/നീതി സ്റ്റോറുകൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിനും ഏറ്റെടുക്കുന്നതിനും പ്രാഥമിക സഹകരണ സംഘങ്ങൾക്കും മറ്റ് സൊസൈറ്റികൾക്കും ഉള്ള സഹായം.

മേൽപ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 110.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സഹകരണ മേഖലയിലെ വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം**

**6. സംസ്ഥാന സഹകരണ യൂണിയൻ, സർക്കിൾ സഹകരണ യൂണിയൻ, സംസ്ഥാന സഹകരണ മാനേജ്മെന്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള സഹായം**

**(വിഹിതം: 387.00 ലക്ഷം രൂപ)**

സർക്കാർ സഹകരണ നയങ്ങൾക്കനുസൃതമായി സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി വകുപ്പുതല ഓഫീസർമാരുടേയും, സഹകരണ മേഖലയിലെ ജീവനക്കാരുടെയും, സഹകാരികളുടേയും അറിവും വൈദഗ്ധ്യവും വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

എ) കേരള സംസ്ഥാന സഹകരണ യൂണിയനിലെ അംഗങ്ങൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസ പരിപാടിയുടെ ചെലവിന്റെ ഒരു ഭാഗം.

ബി) പരിശീലന പരിപാടികൾ, സെമിനാറുകൾ എന്നിവയുടെ നടത്തിപ്പിനായി തിരുവനന്തപുരം, കണ്ണൂർ സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്കുള്ള സഹായം.

സി) ദേശീയ സഹകരണ യൂണിയനുമായി ഉണ്ടാക്കിയ ഉടമ്പടിയനുസരിച്ച് കണ്ണൂർ സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള ചെലവിന്റെ 50 ശതമാനം മാച്ചിംഗ് ഗ്രാന്റായി സഹായം.

ഡി) വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അംഗീകാരമുള്ള പരിശീലന കേന്ദ്രങ്ങളിൽ നിന്ന് വിദഗ്ധ കമ്പ്യൂട്ടർ കോഴ്സുകളിൽ ഉൾപ്പെടെയുള്ള പരിശീലനം നൽകുന്നതിനായുള്ള സഹായം.

ഇ) കേരള സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും നവീകരണത്തിനുമുള്ള സഹായം.

മേൽപ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 387.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**7. സഹകരണ പ്രചരണത്തിനുള്ള സഹായം**

**(വിഹിതം: 280.00 ലക്ഷം രൂപ)**

സഹകരണ പ്രസ്ഥാനം, സഹകരണ തത്വങ്ങൾ, നയങ്ങൾ എന്നിവ സാമൂഹിക മാധ്യമങ്ങളിലൂടെയും അച്ചടി മാധ്യമങ്ങളിലൂടെയും പ്രചരിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി.

2025-26 ൽ താഴെ പറയുന്ന ഘടകങ്ങൾക്കായി 280.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സഹകരണ വീഥി മാസികയുടെയും വകുപ്പുതല പ്രസിദ്ധീകരണങ്ങളുടെയും അച്ചടി | 5.00 |
| 2 | സഹകരണ കോൺഗ്രസ്, എക്സ്പോ/വ്യാപാര മേള, സഹകരണ തത്വങ്ങളുടെ പ്രചരണം, അച്ചടി മാധ്യമങ്ങളിലും സോഷ്യൽ മീഡിയയിലും സർക്കാർ പരിപാടികൾ, നയങ്ങൾ എന്നിവയുടെ പ്രചാരണം പരസ്യം ചെയ്യൽ | 40.00 |
| 3 | സഹകരണ മേഖലയെക്കുറിച്ച് പഠനങ്ങൾ/വർക്ക്ഷോപ്പ് എന്നിവ നടത്തുക, സഹകരണ പ്രചാരണത്തിനായി ഓൺലൈൻ പ്ലാറ്റ്ഫോം സ്ഥാപിക്കുക, ഓൺലൈൻ പ്ലാറ്റ്ഫോമിൽ പ്രോഗ്രാമുകളുടെ ദൈനംദിന അപ്ഡേറ്റിങ് നടത്തുന്നതിനായി ഒരു റിസോഴ്സ് പേഴ്സണെ നിയമിക്കൽ, മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സൊസൈറ്റികൾക്ക് അവാർഡുകൾ നൽകൽ, സംസ്ഥാനത്തിനകത്തും പുറത്തും ഉള്ള സംഘങ്ങൾ സന്ദർശിക്കുന്നതിനും അവരുമായി മികവ് കൈമാറ്റ/സമ്പർക്ക പരിപാടികൾ സംഘടിപ്പിക്കുക | 15.00 |
| 4 | സഹകരണ എക്സ്പോ | 50.00 |
| 5 | പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനുള്ള സഹായം | 100.00 |
| 6 | പബ്ലിക് റിലേഷൻ സെല്ലിന്റെ രൂപീകരണം | 50.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 7 | സഹകരണ സ്ഥാപനങ്ങൾ, കെട്ടിടങ്ങൾ, ഉൽപ്പന്നങ്ങൾ എന്നിവയ്ക്കായി തനതായ ഡിസൈനുകൾ നടപ്പിലാക്കൽ | 20.00 |
| | **ആകെ** | **280.00** |

പദ്ധതിയുടെ ഘടകങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നു.

എ) സഹകരണ കോൺഗ്രസ്സുകൾ, കേരള സർക്കാർ നടത്തുന്ന അഖിലേന്ത്യാ/സംസ്ഥാന സഹകരണ കാർഷിക-വ്യാവസായിക വിപണന-വിദ്യാഭ്യാസ പ്രദർശനം, സഹകരണ തത്വങ്ങളുടെയും രചനകളുടെയും പ്രചരണം, നിക്ഷേപ സമാഹരണ യജ്ഞം, എഫ്.എം. റേഡിയോ, ദൃശ്യമാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവ വഴിയുള്ള പ്രചരണം എന്നിങ്ങനെയുള്ള സഹകരണ പ്രസ്ഥാന സംബന്ധിയായ സമ്മേളനങ്ങൾക്കുള്ള സഹായം.

ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ജീവനക്കാരുടെ വായ്പാ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് നിക്ഷേപ സമാഹരണ യജ്ഞത്തിലെ പ്രകടനത്തിന് പുരസ്കാരങ്ങൾ നൽകുക, പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ പി.എ.സി.എസ്, പി.സി.എ.ആർ.ഡി.ബി, പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, സമുന്നത സഹകരണ സഹകാരികൾ എന്നിവർക്ക് അവാർഡുകൾ നൽകുന്നതിനുമുള്ള സഹായം.

സി) സഹകരണ മേഖലയെക്കുറിച്ചുള്ള പഠനങ്ങൾ/ശില്പശാല എന്നിവ നടത്തുക.

ഡി) സഹകരണ പ്രചരണത്തിനായി ഒരു ഓൺലൈൻ സംവിധാനം രൂപീകരിക്കുന്നതിനുള്ള ധനസഹായം.

ഇ) പുതുതായി പേര് ചേർക്കപ്പെട്ട അംഗങ്ങൾക്കായി നടത്തപ്പെടുന്ന മെമ്പർ ഇൻഡക്ഷൻ പ്രോഗ്രാമിനു നൽകുന്ന സഹായം.

എഫ് ) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി മികവ് കൈമാറ്റ/സമ്പർക്ക പരിപാടികൾ സംഘടിപ്പിക്കുക.

ജി) സഹകരണവീഥി മാഗസിൻ, ന്യൂസ് ലെറ്ററുകൾ, വകുപ്പുതല പ്രസിദ്ധീകരണങ്ങൾ, സർക്കുലറുകൾ, ഫോമുകൾ, പ്രൊഫോർമകൾ മുതലായവ പ്രിന്റ് ചെയ്യുന്നതിനുള്ള സഹായം.

എച്ച് ) പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റിന്റെ വിപുലീകരണത്തിനും പ്രവർത്തനത്തിനുമുള്ള ചെലവുകൾ. വനിതാ സഹകരണ സംഘങ്ങളുടേയും വിവിധ സഹകരണ സംഘങ്ങളുടേയും ഉൾപ്പെടെ പദ്ധതികൾ രൂപീകരിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള ഒരു പൊതു പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റായി ഈ യൂണിറ്റ് പ്രവർത്തിക്കും.

ഐ) സഹകരണ വകുപ്പിൽ പബ്ലിക് റിലേഷൻ സെൽ (പിആർ സെൽ) രൂപീകരണം. എന്നാൽ, പുതിയ തസ്തിക സൃഷ്ടിക്കൽ അനുവദനീയമല്ല.

ജെ) ഫെസ്റ്റിവൽ ഓഫ് ഡിസൈൻസ് – സഹകരണ സ്ഥാപനങ്ങൾ, കെട്ടിടങ്ങൾ, ഉൽപ്പന്നങ്ങൾ എന്നിവയ്ക്കായി തനതായ ഡിസൈനുകൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കുള്ള ധനസഹായം.

### 8. സഹകരണ വകുപ്പിൽ പരിശീലനത്തിന് സഹായം

**(വിഹിതം: 30.00 ലക്ഷം രൂപ)**

നിയമപരമായ പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ, ആധുനിക ഓഡിറ്റ് ട്രെൻഡുകൾ, പദ്ധതി തയ്യാറാക്കൽ, മൂല്യനിർണ്ണയം, സഹകരണ മാനേജ്മെന്റിലെ ആധുനിക പ്രവണതകൾ എന്നിവ ഉൾപ്പെടെയുള്ള വകുപ്പുതല ഭരണനിർവ്വഹണത്തിൽ ഉദ്യോഗസ്ഥർക്ക് ചിട്ടയായുള്ള പരിശീലനം നൽകുവാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

2025-26-ൽ സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രവേശനപരിചയ-സേവന പരിശീലനങ്ങൾക്കായി 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 9. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാഡമിയ്ക്ക് നൽകുന്ന സഹായം (സി.എ.പി.ഇ)

**(വിഹിതം: 600.00 ലക്ഷം രൂപ)**

നിലവിലുള്ള പ്രോജക്ടുകളുടെ/സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം (പ്രത്യേക പദ്ധതികളെ അടിസ്ഥാനമാക്കി), നൈപുണ്യ വിജ്ഞാന വികസന കേന്ദ്രം, സാഗര ഹോസ്പിറ്റൽ നവീകരണം എന്നിവയ്ക്കായി കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന് വിഹിതം വകയിരിത്തിയിരിക്കുന്നു.

2025-26 ബജറ്റിൽ ഈ പദ്ധതിക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### ആധുനികവൽക്കരണവും പ്രചാരണവും

### 10. സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണം

**(വിഹിതം: 550.00 ലക്ഷം രൂപ)**

ഇ-ഓഫീസ് സംവിധാനം, ജില്ലാ ഓഫീസുകളിൽ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം, ഓഫീസുകളിൽ അടിസ്ഥാന സൗകര്യ വികസനം, ഓൺലൈൻ ട്രാൻസ്ഫർ അപേക്ഷാ സംവിധാനം നടപ്പിലാക്കുക തുടങ്ങിയ സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണ നവീകരണ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിരിക്കുന്നു. ANERT/സമാന സ്ഥാപനങ്ങളിൽ നിന്ന് ഇലക്ട്രിക് വാഹനങ്ങൾ വാടകയ്ക്കെടുക്കുക/പാട്ടത്തിനെടുക്കുക, ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ്, പ്രിന്റർ, സ്കാനർ തുടങ്ങിയവ വാങ്ങുക, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കുള്ള പൊതുവായ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനായി പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള ചെലവ്, കെ-ഫോൺ നടപ്പിലാക്കുന്നതിനുള്ള ചെലവ്/ ബി.എസ്.എൻ.എൽ ലീസ്ഡ് ലൈൻ, ഓഫീസ് നെറ്റ്‌വർക്കിംഗ്, പരിശീലനം, തിരഞ്ഞെടുപ്പ് കമ്മീഷന് ഓൺലൈൻ തിരഞ്ഞെടുപ്പ് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയർ വികസിപ്പിക്കൽ എന്നിവകൂടി ഉൾപ്പെടുത്തിയുള്ളതാണ് ഈ പദ്ധതിയിലെ വകയിരുത്തൽ. എന്നാൽ പുതിയ വാഹനങ്ങൾ വാങ്ങുന്നത് അനുവദനീയമല്ല.

2025-26 ബജറ്റിൽ ഈ പദ്ധതിയിലേയ്ക്കായി 550.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### ഭരണപരിഷ്കാരങ്ങൾ

### 11. കേരള സ്റ്റേറ്റ് സഹകരണ ബാങ്കിനുള്ള സഹായം (കെ.എസ്.സി.ബി)

**(വിഹിതം: 100.00 ലക്ഷം രൂപ)**

കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന് അവരുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും സി.ആർ.എ.ആർ. സ്ഥിതി മെച്ചപ്പെടുത്തുന്നതിനും, ഒറ്റത്തവണ നടപടിയായി സഹായം നൽകുന്നു. സഹകരണ സ്ഥാപനങ്ങൾക്കും അംഗങ്ങൾക്കും സേവനം നൽകുന്നതോടൊപ്പം, കേരളത്തിന്റെ സാമ്പത്തിക വളർച്ചയിലും അഭിവൃദ്ധിയിലും പങ്കാളിയാകുന്ന ഒരു ആധുനിക ബാങ്കിംഗ് സ്ഥാപനമായും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രവർത്തിക്കുന്നു.

കേരള സംസ്ഥാന സഹകരണ ബാങ്കിന് ഓഹരി രൂപത്തിലുള്ള സഹായമായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 12. കേരള സംസ്ഥാന സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിനുള്ള സഹായം

**(വിഹിതം: 18.00 ലക്ഷം രൂപ)**

ഈ പദ്ധതി പ്രകാരം സഹകരണ മേഖലയിൽ ഉദ്യോഗാർത്ഥികളുടെ നിയമനത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനായി, സഹകരണ പരീക്ഷാ ബോർഡിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് സഹായം നൽകും. ഈ പദ്ധതിയിലൂടെ സഹകരണ പരീക്ഷാ ബോർഡിൽ ഒറ്റത്തവണ രജിസ്ട്രേഷൻ, ഡിജിറ്റൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ തുടങ്ങിയവ ഏർപ്പെടുത്തി സഹകരണ പരീക്ഷാ ബോർഡിന്റെ നിയമന രീതി നവീകരിക്കുന്നതിനും മറ്റുമായി 2025-26 ബജറ്റിൽ 18.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 13. സഹകരണ ഓഡിറ്റ് വിഭാഗത്തിന്റെ നവീകരണവും, ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും

**(വിഹിതം: 300.00 ലക്ഷം രൂപ)**

സഹകരണ ഓഡിറ്റിൽ പുതിയ രീതികളും സാങ്കേതിക വിദ്യകളും സ്വീകരിക്കുകയും അവയെ ആന്തരികവൽക്കരിക്കുകയും ചെയ്യുന്നതോടൊപ്പം തന്നെ തീം അടിസ്ഥാനമാക്കിയുള്ള പെർഫോമൻസ് ഓഡിറ്റ് നടപ്പിലാക്കികൊണ്ട് ഓഡിറ്റ് വിഭാഗത്തിന്റെ പുനരാവിഷ്കരണവും, നവീകരണവും നടത്തേണ്ടതായിട്ടുണ്ട്. സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെയും ഐടി ഓഡിറ്റ് സെല്ലിന്റെയും രൂപീകരണം,

ടീം ഓഡിറ്റിനായി ലാപ്ടോപ്പുകൾ വാങ്ങൽ, ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാർക്ക് പരിശീലനം, സംസ്ഥാനത്തുടനീളമുള്ള ഓഡിറ്റ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, ഓഡിറ്റ് ഡയറക്ടർക്കും ഓഡിറ്റ് ഓഫീസുകൾക്കുമായി വാഹനങ്ങൾ വാടകയ്ക്കെടുക്കൽ/കരാറിലെടുക്കൽ എന്നിവയാണ് പ്രധാനമായും ടി പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.

ആധുനിക സൂപ്പർവൈസറി മാനദണ്ഡങ്ങൾ  അടിസ്ഥാനമാക്കിയുള്ള മേൽനോട്ട പ്രക്രിയ സഹകരണ മേഖലയിലെ ഓഡിറ്റ് വിഭാഗത്തിൽ ചിട്ടപ്പെടുത്തുകയും നടപ്പിലാക്കുകയും വേണം. സഹകരണ ഓഡിറ്റിംഗ് മാനദണ്ഡങ്ങളുടെ വികസനം, ആധുനിക ഇന്റേണൽ ഓഡിറ്റ് സംവിധാനങ്ങളും പരിശോധനകളും വികസിപ്പിക്കൽ, ഏകീകൃത അക്കൗണ്ടിംഗ് സംവിധാനത്തിനായി പുതിയ ഓഡിറ്റ് തന്ത്രവും പ്രവർത്തന പദ്ധതിയും തയ്യാറാക്കൽ, പുതിയ ഓഡിറ്റ് സോഫ്റ്റ്‌വെയറുകളുടെയും ടൂളുകളുടെയും സ്വീകാര്യത, കമ്പ്യൂട്ടർ അസിസ്റ്റഡ് ഓഡിറ്റിംഗ് ടൂളുകളുമായും പ്രവർത്തനരീതികളുമായും പൊരുത്തപ്പെടലും ആന്തരികവൽക്കരണവും, തീം അടിസ്ഥാനമാക്കിയുള്ള പെർഫോമൻസ് ഓഡിറ്റിന്റെ ആസൂത്രണവും രൂപകൽപ്പനയും, ആധുനിക ഓഡിറ്റ് പരിശോധനകൾക്കായുള്ള റിസ്ക് വിശകലന മോഡലുകൾ വികസിപ്പിക്കൽ, മേൽനോട്ട ഓഡിറ്റ് മോഡലുകൾ വികസിപ്പിക്കൽ, ഓഡിറ്റ് പ്രക്രിയ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള സഹായം, ഓഡിറ്റ് നോട്ടിന്റെയും മെമ്മോറാണ്ടം ഫോർമാറ്റിന്റെയും പുതിയ പതിപ്പുകൾ സ്വായത്തമാക്കുക, ഓഡിറ്റ് ഓഫീസർമാർക്കുള്ള തീവ്രപരിശീലനം, ഓഡിറ്റ് കൈപുസ്തകം വികസിപ്പിക്കൽ എന്നിവ  ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്നു.

ഈ പദ്ധതിയുടെ താഴെ പറയുന്ന ഉപ ഘടകങ്ങൾക്കായി തുക വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രത്യേക ദൗത്യസേനയുടെ രൂപീകരണം | 20.00 |
| 2 | ഐ.ടി ഓഡിറ്റ് സെൽ സ്ഥാപിക്കൽ | 25.00 |
| 3 | ലാപ് ടോപ്പ്, ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ  വാങ്ങൽ | 40.00 |
| 4 | ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാർക്ക് പരിശീലനം | 15.00 |
| 5 | സംസ്ഥാനത്തുടനീളമുള്ള ഓഡിറ്റ് ഓഫീസുകളുടെ നവീകരണവും അടിസ്ഥാന സൗകര്യ വികസനവും | 130.00 |
| 6 | ജില്ലാ ഓഫീസുകൾക്കും ഡയറക്ടറേറ്റിനും ഓഡിറ്റ് ഡയറക്ടർക്കുമുള്ള വാഹനങ്ങൾ പാട്ടത്തിനെടുക്കൽ/വാടകയ്ക്കെടുക്കൽ | 70.00 |
| | **ആകെ** | **300.00** |

2025-26 ലെ ബജറ്റിൽ ഈ പദ്ധതിക്കായി 300.00 ലക്ഷം രൂപ വകയിരുത്തുന്നു.

## മറ്റു സഹകരണ സംഘങ്ങൾ/പദ്ധതികൾ

### 14. മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

**(വിഹിതം: 2172.00 ലക്ഷം രൂപ)**

വിവിധതരം സഹകരണ സ്ഥാപനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്നതിന് സഹായം നൽകുന്നതിനാണ് ഈ പദ്ധതി. വായ്പ, ഓഹരി മൂലധനം, മാനേജീരിയൽ ഗ്രാന്റ്, സബ്സിഡി എന്നീ ഇനങ്ങളിലായി സഹായം നൽകി വരുന്നു.

ഈ പദ്ധതിയുടെ താഴെപ്പറയുന്ന ഘടകങ്ങൾക്കായി 2172.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. പദ്ധതിയുടെ ഉപഘടകങ്ങൾ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നു.

1. ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള സഹായം
    - സഹകരണ ആശുപത്രികൾ/ഡിസ്പെൻസറികൾ എന്നിവയ്ക്കും സഹകരണ സംഘ ചട്ടപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നതുമായ ആശുപത്രികൾ/ഡിസ്പെൻസറികൾ എന്നിവയ്ക്കുമുള്ള ധനസഹായം

ഇതിനായി രൂപപ്പെടുത്തിയ ചട്ടങ്ങൾക്കനുസൃതമായി സബ്സിഡിയായും ഓഹരി മൂലധനമായും നൽകുന്നു.

- ആശുപത്രി സഹകരണ സംഘങ്ങളുടെ അപ്പക്സ് ഫെഡറേഷനുള്ള ധനസഹായം.
- പഞ്ചായത്ത്/താലൂക്ക്/ജില്ലാ തലത്തിലുള്ള പുതിയ ആശുപത്രി സഹകരണ സംഘങ്ങൾ/ ഡിസ്പെൻസറികൾ എന്നിവക്കുള്ള സഹായം.
- സഹകരണ സ്ഥാപനങ്ങൾ വഴി മികച്ച സജ്ജീകരണമുള്ള മെഡിക്കൽ ലബോറട്ടറികളും, ബ്ലഡ്ബാങ്കുകളും ആരംഭിക്കുന്നതിനുള്ള സഹായം.

2. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കുള്ള സഹായം
    - വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് മൂലധന സഹായം.
    - സഹകരണ മേഖലയ്ക്ക് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള സഹായം.
3. യുവജന സഹകരണ സംഘങ്ങൾക്ക് സഹായം
    - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായം. പദ്ധതി പ്രകാരം ഭൂമി വാങ്ങാൻ അനുവാദമില്ല.
    - വ്യവസായ വകുപ്പുമായി സഹകരിച്ചുകൊണ്ട് ആധുനിക ഉപകരണങ്ങളുടെ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമുള്ള സഹായം.
    - ഗിഗ് തൊഴിലാളികൾ, ഐടി പ്രൊഫഷണലുകൾ, അസംഘടിത മേഖലകളിൽ നിന്നുള്ള തൊഴിലാളികൾ എന്നിങ്ങനെയുള്ള അസംഘടിത തൊഴിലാളികൾക്കായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സഹായം.
4. സാഹിത്യ സഹകരണ സംഘങ്ങൾക്കുള്ള സഹായം
    - സഹകരണ മേഖലയുടെ കീഴിൽ ദേശീയ/അന്തർദേശീയ പുസ്തകമേള നടത്തുന്നതിനും, കൃതി ഫെസ്റ്റ് നടത്തുന്നതിനും, സാഹിത്യ മ്യൂസിയം നിർമ്മിക്കുന്നതിനുമുള്ള സഹായം.
    - സാഹിത്യ പ്രസാധക സഹകരണ സംഘം (എസ്.പി.സി.എസ് ) ഉൾപ്പെടെയുള്ള സാഹിത്യ സഹകരണ സംഘങ്ങൾക്ക് സഹായം.
    - സംഗീതജ്ഞർ, പെർഫോമിംഗ് ആർട്ടിസ്റ്റ്, നാടകപ്രവർത്തകർ തുടങ്ങിയ കലാകാരന്മാർക്ക് സാംസ്കാരിക പരിപാടികൾ നടത്തുന്നതിനും ഇവ പ്രോത്സാഹിപ്പിക്കുന്നതിനും സംഘങ്ങൾക്കുള്ള സഹായം.
5. ടൂറിസം സഹകരണ സംഘങ്ങൾക്കുള്ള സഹായം
    - പ്രത്യേക പദ്ധതിയുടെ അടിസ്ഥാനത്തിൽ ടൂർ ഫെഡിനുള്ള സഹായവും, അതോടൊപ്പം മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിലൂടെ വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതി സഹായവും.
6. മറ്റ് സഹകരണ സംഘങ്ങൾക്കുള്ള സഹായം
    - വ്യവസായ വകുപ്പുമായി സഹകരിച്ച് പരിശീലന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സഹായം.
    - ജയിലിലെ തടവുകാരുടെ പരിവർത്തന പ്രവർത്തനങ്ങൾക്കായി ജയിൽ സഹകരണ സംഘങ്ങൾക്ക് സഹായം.
    - കൺസൾട്ടൻസി, ഐടി സേവനങ്ങൾ, സ്റ്റാർട്ടപ്പുകൾ, അടിസ്ഥാന സൗകര്യ വികസനം, മാലിന്യ സംസ്കരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് സഹായം.
    - സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ആർട്ട് ഗാലറികൾ, സാംസ്കാരിക വേദികൾ എന്നിവയുടെ രൂപീകരണത്തിന് സഹായം.
    - സഹകരണ മേഖലയിൽ ലേബർ ഫെഡിന് കീഴിൽ ഒരു ലേബർ ബാങ്ക് രൂപീകരണം.
    - വിവിധ സർക്കാർ വകുപ്പുകളുമായും മറ്റു പദ്ധതികളുമായും സഹകരിച്ച് സംയുക്ത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സഹായം.

- സഹകരണ ഫുട്ബോൾ ലീഗ് രൂപീകരണത്തിന് സഹായം.
- മോട്ടോർ ട്രാൻസ്പോർട്ട്/ഓട്ടോറിക്ഷ/ടാക്സി ഡ്രൈവർമാരുടെ സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, മറ്റ് തൊഴിലധിഷ്ഠിത സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ഓഹരി മൂലധന/പ്രവർത്തന മൂലധന സഹായം.
- സർക്കാർ/എൻ.സി.ഡി.സി/ആർ.സി.എസ്സ്/പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളുടെ ഡയറക്ടർ/വനിതാ സംഘങ്ങൾ/മറ്റ് സഹകരണ സംഘങ്ങൾ എന്നിവർ അനുവദിക്കുന്ന കാര്യക്ഷമതയുള്ള പദ്ധതി വിവരണം തയ്യാറാക്കുന്നതിന്റെ ചെലവ് വഹിക്കുന്നതിനുള്ള സഹായം. ആയതിനായി ചെലവാകുന്ന തുകയുടെ പരമാവധി 25 ശതമാനമോ, അല്ലെങ്കിൽ 10000 രൂപയോ ഏതാണോ കുറവ് അത് ACSTI/ ICMകൾക്ക് തിരിച്ചു നൽകുന്നതാണ്.
- അച്ചടി സഹകരണ സംഘങ്ങളുടെ നവീകരണം/ആധുനികവൽക്കരണം എന്നിവക്കായി സബ്സിഡി, ഷെയർ സഹായം.
- ഭിന്നലിംഗക്കാരുടെ നിലവിലുള്ള സഹകരണ സംഘങ്ങൾക്കും, അവർ അംഗങ്ങളായ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾക്കും തൊഴിലവസരം സൃഷ്ടിക്കുന്നതിനായുള്ള ധനസഹായം (സംസ്ഥാന ട്രാൻസ്ജെൻഡർ നയത്തിന് അനുസൃതമായി).
- പ്രവാസി ക്ഷേമ സഹകരണ സംഘങ്ങൾക്കുള്ള സഹായം.
- വിവിധ സഹകരണ സംഘങ്ങൾക്കായുള്ള നിർദ്ദിഷ്ട ഫെഡറേഷനു വേണ്ടിയുള്ള സഹായം.
- തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ സഹകരണ സംഘങ്ങൾക്ക് സബ്സിഡി, ഷെയർ സഹായം.

7. കൺസൾട്ടൻസി സേവനങ്ങൾ/മറ്റു സഹായ സംവിധാനങ്ങൾ എന്നിവയ്ക്കുള്ള സഹായം.

യുവ സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ സഹകരണസംഘങ്ങൾ, വനിതാ സഹകരണസംഘങ്ങൾ എന്നിവയെ ഉയർത്തികൊണ്ടുവരുന്നതിനായി സഹകരണ വകുപ്പിന് പിന്തുണ നൽകുന്ന സംവിധാനങ്ങൾ/കൺസൾട്ടൻസി സേവനങ്ങൾ എന്നിവ ആവശ്യമാണ്.

- പ്രോജക്ട് റിപ്പോർട്ട്, ഡിപിആർ എന്നിവ തയ്യാറാക്കുന്നതിനുള്ള സഹായവും അതോടൊപ്പം പദ്ധതി നടപ്പാക്കൽ, നിരീക്ഷണ സംവിധാനം, വിലയിരുത്തൽ എന്നിവയ്ക്കായുള്ള സഹായവും.

8. സഹകരണ വകുപ്പിന് കീഴിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഒഴികെയുള്ള മറ്റ് എല്ലാ സഹകരണ സംഘങ്ങളുടെയും ആധുനികവൽക്കരണം.

ഈ ഘടകത്തിന് കീഴിൽ എല്ലാ സഹകരണ സംഘങ്ങളുടെയും നവീകരണത്തിന് പ്രത്യേകിച്ച്, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഒഴികെയുള്ള ദുർബലമായ സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്നു. ഇതിനായി പ്രത്യേകം രൂപപ്പെടുത്തിയ ചട്ടത്തിൽ വ്യക്തമാക്കിയ അനുപാതത്തിൽ സബ്സിഡി, ഓഹരി മൂലധനം, വായ്പ എന്നിവയുടെ രൂപത്തിൽ സഹായം നൽകും. പരമാവധി 3 ലക്ഷം രൂപയ്ക്ക് വിധേയമായി 4:1:1 എന്ന അനുപാതത്തിലായിരിക്കും സഹായം നൽകുക.

9. അപെക്സ് സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം

അപെക്സ് സ്ഥാപനങ്ങളുടെ നവീകരണത്തിനും കംപ്യൂട്ടറൈസേഷനും സഹായം നൽകുന്നതാണ്.

10. സഹകരണ കൺസോർഷ്യം/സഹകരണ സംരംഭകർ/സഹകരണ ക്ലസ്റ്ററുകൾ എന്നിവക്കുള്ള സഹായം. താഴെ പറയുന്നവ ഇതിൽ ഉൾപ്പെടുന്നു:-

   എ) പാലക്കാട് നെല്ല് സംഭരണ, സംസ്കരണ, വിപണന സഹകരണ സംഘം ലിമിറ്റഡ് നം. പി 1449 (PAPCOS)-നുള്ള സഹായം.

   ബി) കേരള നെല്ല് സംഭരണ, സംസ്കരണ, വിപണന സഹകരണ സംഘം ലിമിറ്റഡ് നം. 4505 (KAPCOS) -നുള്ള സഹായം

**15. പട്ടികജാതി - പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം**

**(വിഹിതം: 700.00 ലക്ഷം രൂപ)**

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ട കുടുംബങ്ങളുടെ ഉന്നമനത്തിനായി സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം അത്യാവശ്യമാണ്. ഈ

സംഘങ്ങളുടെ പുനരുജ്ജീവനത്തിലൂടെ ഇത്തരം കുടുംബങ്ങൾക്ക് വരുമാനവും ഉപജീവന മാർഗ്ഗവും പ്രദാനം ചെയ്യുന്ന ധാരാളം വലിയ പദ്ധതികൾ ആരംഭിക്കാൻ സാധിക്കും. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കാര്യക്ഷമവും ലാഭകരവുമായ വികസനമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് 2025-26 കാലയളവിൽ താഴെ പറയുന്ന വിവിധയിനം പരിപാടികൾക്കായി 700.00 ലക്ഷം രൂപ പദ്ധതിവിഹിതമായി നീക്കി വച്ചിരിക്കുന്നു.

എ) പുതിയ പദ്ധതികളുടെ നടത്തിപ്പിനായി, പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം നൽകുന്നതിന്.

ബി) സംഘങ്ങളുടെ ഡയറക്ടർ ബോർഡിനും ജീവനക്കാർക്കും വർക്ക്ഷോപ്പുകൾ/കാര്യക്ഷമത വർദ്ധനവിനുള്ള പരിശീലനം എന്നിവ നടത്തുന്നതിന് പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സഹായം.

സി) പ്രോജക്ട് അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സഹായം.

ഡി) ലാഭത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾക്ക് വൻകിട പദ്ധതികൾ നടപ്പാക്കുന്നതിന് സഹായം.

ഇ) കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷന്റെ പുനരുദ്ധാരണത്തിനുള്ള സഹായവും, അതോടൊപ്പം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ഭരണപരവും വികസനപരവുമായ ചെലവുകൾ വഹിക്കുന്നതിനുള്ള സഹായവും.

എഫ്) ഉൽപ്പാദന യൂണിറ്റുകൾ ഏറ്റെടുക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് പരമാവധി അഞ്ച് ലക്ഷം രൂപയ്ക്ക് വിധേയമായി പ്രോത്സാഹനം നൽകൽ.

ജി) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനും സമഗ്രവികസനത്തിനും അതോടൊപ്പം അവയെ ലാഭകരമാക്കുന്നതിനുമായി 'പുനർജ്ജനി' പദ്ധതി നടപ്പിലാക്കുന്നതിന് സംഘങ്ങൾക്ക് 360.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു.

എച്ച്) യുവ എസ്‌സി/എസ്ടി സഹകരണ സംഘങ്ങൾക്ക് അവരുടെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള സഹായം.

## 16. വനിത സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനുമുള്ള സഹായം

**(വിഹിതം: 354.00 ലക്ഷം രൂപ)**

വനിത സഹകരണ സംഘങ്ങളുടെ വികസനത്തിനായാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. വനിത സഹകരണ സംഘങ്ങൾക്കും, കേരള സംസ്ഥാന വനിത സഹകരണ ഫെഡറേഷനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ 100 ശതമാനം വനിതകളായിരിക്കും. പ്രധാനപ്പെട്ട ഘടകങ്ങൾ ഇവയാണ്.

എ) ദുർബലമായ വനിതാ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് സഹായം.

ബി) വരുമാനവും തൊഴിലവസരവും സൃഷ്ടിക്കുന്ന പദ്ധതികൾക്കുള്ള സഹായം.

സി) വനിതാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് ജില്ലാതലത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സഹായം.

ഡി) ലാഭത്തിൽ പ്രവർത്തിക്കുന്നതോ കാര്യക്ഷമമായ പദ്ധതികൾ ഏറ്റെടുക്കാൻ പ്രാപ്തിയുള്ളതോ ആയ വനിതാ സഹകരണ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം.

ഇ) വനിതാ സഹകരണ സ്ഥാപനങ്ങൾക്ക് ശിൽപശാലകൾ/പരിശീലനം നടത്തുന്നതിനുള്ള സഹായം.

എഫ് ) കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയുമായി സഹകരിച്ച് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായം.

ജി) ഡേകെയർ, പാലിയേറ്റീവ് കെയർ യൂണിറ്റ്, ടൂറിസം, മാലിന്യ സംസ്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സഹായം

എച്ച് ) ഉൽപ്പാദന യൂണിറ്റുകൾ ഏറ്റെടുക്കുന്ന വനിത സഹകരണ സൊസൈറ്റികൾക്ക് പരമാവധി 5.00 ലക്ഷം രൂപ വരെ പ്രോത്സാഹനം നൽകുന്നു.

ഐ) 'സഖി' പ്രോജക്ടിനുള്ള സഹായം (പുതിയ ഘടകം): സ്ത്രീകൾക്കും നവജാതശിശുക്കൾക്കും ഉയർന്ന നിലവാരമുള്ള പരിചരണം ഉറപ്പാക്കുന്നതിനും, അതുവഴി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി, ശാസ്ത്രീയവും സമഗ്രവുമായ പ്രസവ പരിപാലന സമ്പ്രദായങ്ങൾക്കുള്ള പരിശീലനം നൽകാൻ ലക്ഷ്യമിടുന്ന സഖി പദ്ധതിക്കുള്ള സഹായം.

2025-26 ബജറ്റിൽ 354.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി നീക്കിവച്ചിരിക്കുന്നു.

**17. സഹകരണ അംഗ സമാശ്വാസ നിധിയിലേയ്ക്കുള്ള ധനസഹായം (മെമ്പർ റിലീഫ് ഫണ്ട്)**

**(വിഹിതം: 420.00 ലക്ഷം രൂപ)**

സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ സൂക്ഷിക്കപ്പെട്ട് കൈകാര്യം ചെയ്തുവരുന്ന സഹകരണ അംഗ സമാശ്വാസ നിധിയിലേയ്ക്ക് സർക്കാർ ധനസഹായം വകയിരുത്തിയിരിക്കുന്നു. ഈ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള ചുമതല സഹകരണ വകുപ്പ് മന്ത്രിയും സഹകരണവകുപ്പിലെ സർക്കാർ സെക്രട്ടറിയും സഹകരണ സംഘം രജിസ്ട്രാറും ഉൾപ്പെടുന്ന കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

താഴെ പറയുന്ന സാഹചര്യങ്ങളിലൂടെ കടന്നുപോകുന്നവർക്കായിട്ടാണ് മെമ്പർ റിലീഫ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്

1. സഹകരണ സംഘങ്ങളിൽ അംഗങ്ങളായ അർബുദം ബാധിച്ചവർ, വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി.ബാധിതർ, ഗുരുതരമായ ഹൃദയശസ്ത്രക്രിയയ്ക്ക് വിധേയരായവർ, കരൾ സംബന്ധമായ ഗുരുതരമായ അസുഖം ബാധിച്ചവർ മുതലായവർ.
2. അപകടത്തിൽപെട്ട് ഭാഗികമായോ പൂർണമായോ അംഗവൈകല്യം സംഭവിച്ചവർ.
3. അപകടത്തിൽപ്പെട്ട് ശയ്യാവലംബരായ/മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർ.
4. മാതാപിതാക്കൾ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട കുട്ടികൾ.
5. കൂടാതെ, പ്രകൃതിക്ഷോഭത്തിൽ വീടും മറ്റ് സ്വത്തുക്കളും നഷ്ടപ്പെട്ടവർ.

2025-26 ബജറ്റിൽ ഈ പദ്ധതിക്കായി 420.00 ലക്ഷം രൂപ വകയിരുത്തുന്നു.

**18. അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള (എ.സി.എസ്.റ്റി.ഐ) സഹായം**

**(വിഹിതം: 200.00 ലക്ഷം രൂപ)**

സഹകരണ മേഖലയെ ശക്തിപെടുത്തുക എന്ന ലക്ഷ്യത്തോടെ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ) തൊഴിലധിഷ്ഠിത കോഴ്സുകളും, നൈപുണ്യ വികസനം സംബന്ധമായുള്ള പരിശീലന പരിപാടികളും ഏറ്റെടുത്ത് നിർവ്വഹിക്കുന്നു. രാജ്യത്തിനകത്തും പുറത്തുമുള്ള പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ നടത്തുന്നത് വഴി ഇതിനായുള്ള അധിക തുക കണ്ടെത്താവുന്നതാണ്.

2025-26 ബജറ്റിൽ പദ്ധതിയുടെ താഴെ പറയുന്ന ഘടകങ്ങൾക്കായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കോഴ്സുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് ACSTI-ക്കുള്ള സഹായം | 170.00 |
| 2 | ഗവേഷണവും പ്രസിദ്ധീകരണവും | 30.00 |
| **ആകെ** | | **200.00** |

**19. സാങ്കേതിക വിദ്യാധിഷ്ഠിതമായ കൃഷിയ്ക്കായുള്ള സഹകരണ സംരംഭം (CITA)**

**(വിഹിതം: 3000.00 ലക്ഷം രൂപ)**

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾക്കനുസരിച്ച്, കൃഷിയുടെയും അനുബന്ധ മേഖലകളുടെയും മത്സരക്ഷമതയും നിലനിൽപ്പും വർദ്ധിപ്പിക്കുന്നതിന്, സാങ്കേതികവിദ്യാപ്രയോഗത്തിനും കൃഷിയിലെ കൂട്ടായ പരിശ്രമങ്ങൾക്കും ഊന്നൽ നൽകികൊണ്ട് 2022-23 മുതൽ നടപ്പിലാക്കിവരുന്ന

'സാങ്കേതിക വിദ്യാധിഷ്ഠിതമായ കൃഷിയ്ക്കായുള്ള സഹകരണ സംരംഭം (CITA)' എന്ന ഈ പുതിയ സംരംഭം 2025-26 സാമ്പത്തിക വർഷത്തിലും തുടരും.

സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷിക മേഖലയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കാർഷിക ഉൽപന്നങ്ങളുടെ ഉൽപ്പാദനം, സംയോജനം, സംഭരണം, മൂല്യവർദ്ധന, വിപണനം എന്നിവയാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഉൽപ്പാദനത്തിലും, സംഭരണത്തിലും വിപണനത്തിലുമുള്ള ഇടപെടലിനൊപ്പം കൃഷി ചെയ്യുന്നതു മുതൽ വിപണനം നടത്തുന്നതുവരെയുള്ള എല്ലാ പ്രവൃത്തികളേയും പരിപോഷിപ്പിക്കുക എന്നതാണ് ആത്യന്തികമായി ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾക്കുള്ളിൽ നിർത്തികൊണ്ട് പ്രവർത്തനം സുഗമമാക്കുന്നതിന്, പദ്ധതിയുടെ പഴയ ഘടകങ്ങൾ ഒരുമിച്ച് ലയിപ്പിച്ചിരിക്കുന്നു.

ഈ മേഖലയിൽ അഞ്ച് വർഷത്തെ പ്രവർത്തന പരിചയമുള്ളതും, കൃത്യമായ പീരിയോഡിക് ക്യാഷ് ഫ്ലോ ഉള്ള പ്രായോഗികമായി നടപ്പാക്കാവുന്ന പദ്ധതികൾ മുന്നോട്ട് വയ്ക്കാൻ കഴിയുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/മറ്റ് സഹകരണ സംഘങ്ങൾ/ ഫാർമർ കളക്ടീവ് ഓർഗനൈസേഷനുകൾ എന്നിവയുടെ കൃഷിയും അനുബന്ധപ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി. വലുതും ചെറുതുമായ പച്ചക്കറിത്തോട്ടങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, അടുക്കളത്തോട്ടങ്ങൾ, ടെറസ് ഫാമുകൾ എന്നിവയിൽ കാർഷിക വിളകളുടെ കാര്യക്ഷമമായ ഉൽപ്പാദനം, സംഭരണം, വിപണനം എന്നിവയും അതോടൊപ്പം മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ മറ്റ് കാർഷിക- സംസ്കരണ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കേരള കാർഷിക സർവകലാശാല വികസിപ്പിച്ച സംയോജിത കൃഷി സമ്പ്രദായം അടിസ്ഥാനമാക്കിയും അതിനെ പിന്തുടർന്നുമായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. ഈ പദ്ധതിയിലൂടെ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ കർഷകർക്ക് തങ്ങളുടെ കാർഷിക പ്രവർത്തനങ്ങളുടെ തുടക്കം മുതൽ ഒടുക്കം വരെ, അതായത് വിത്ത് വിതയ്ക്കൽ മുതൽ മൂല്യവർദ്ധനവ് വരെ എല്ലാ മേഖലകളിലും സഹായം ലഭിക്കുന്നു. സംസ്ഥാനത്ത് ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. പദ്ധതിയുടെ ആത്യന്തിക ഗുണഭോക്താക്കളിൽ 25% സ്ത്രീകളായിരിക്കണം.

CITA യുടെ കീഴിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിൽ തന്നെ നടപ്പാക്കപ്പെടേണ്ടതുള്ളതിനാൽ, ഭരണാനുമതിയിൽ പ്രത്യേകം പറഞ്ഞിട്ടില്ലാത്ത മുൻ വർഷങ്ങളിലെ തുടർച്ചയെന്നോണമുള്ള ചെലവ് ഈ പദ്ധതിയിൽ നടപ്പുസാമ്പത്തിക വർഷം അനുവദിക്കുന്നതല്ല. ഒറ്റത്തവണ സഹായമായാതിനാൽ ആദ്യ വർഷം തന്നെ പ്രോജക്റ്റിൽ വ്യക്തമാക്കിയിട്ടില്ലെങ്കിൽ, വരും സാമ്പത്തിക വർഷങ്ങളിൽ പ്രോജക്റ്റിന്റെ തുടർച്ചയായുള്ള ചെലവുകൾ അനുവദിക്കുന്നതല്ല. പ്രവർത്തന മൂലധന സബ്സിഡി ലക്ഷ്യമിടുന്ന പ്രോജക്റ്റുകൾ മറ്റ് വകുപ്പുകളുടെ സംസ്ഥാന പദ്ധതികൾക്ക് കീഴിൽ ഏറ്റെടുക്കാവുന്നതിനാൽ, CITA യ്ക്ക് കീഴിൽ അനുവദനീയമല്ല.

സാങ്കേതികാവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA) എന്ന ഈ പദ്ധതി, ഈ മേഖലയിൽ അഞ്ച് വർഷത്തെ പ്രവർത്തനപരിചയമുള്ളതും, കൃത്യമായ പീരിയോഡിക് ക്യാഷ് ഫ്ലോ ഉള്ള പ്രായോഗികമായി നടപ്പിലാക്കാവുന്ന പദ്ധതികൾ മുന്നോട്ട് വയ്ക്കാൻ കഴിയുന്നതുമായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/മറ്റ് സഹകരണ സംഘങ്ങൾ/ ഫാർമർ കളക്ടീവ് ഓർഗനൈസേഷനുകൾ എന്നിവ വഴിയാണ് നടപ്പിലാക്കുന്നത്.

പദ്ധതിയുടെ നടത്തിപ്പിനായി സംഘങ്ങളെ തെരഞ്ഞെടുക്കുമ്പോൾ താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കണം.

1. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് തങ്ങളുടെ സേവന മേഖലയുടെ (കർഷക സേവന കേന്ദ്രം/ഗ്രൂപ്പുകൾ) കീഴിൽ 300 ഏക്കറിൽ കുറയാത്ത കൃഷി ഉണ്ടായിരിക്കണം..
2. 200 ഏക്കറിൽ ഹ്രസ്വകാല കാർഷിക വിളകളും 100 ഏക്കറിൽ പഴങ്ങൾ ഉൾപ്പെടെയുള്ള ദീർഘകാല കാർഷിക വിളകളും കൃഷി ചെയ്യണം.
3. ഓരോ സംഘങ്ങളും കുറഞ്ഞത് 50 സ്വയം സഹായ സംഘം/ഗ്രൂപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കണം.
4. ഓരോ സ്വയം സഹായ സംഘത്തിനും, ഈ പദ്ധതിക്ക് നേതൃത്വം നല്കാൻ ഒരു പ്രതിനിധി ഉണ്ടായിരിക്കണം.
5. ഈ പദ്ധതിയിൽ കിസാൻ ക്രെഡിറ്റ് കാർഡ് സ്കീമിന് (കെ.സി.സി) കീഴിൽ വരുന്ന എല്ലാ കർഷകരെയും പ്രാഥമിക സഹകരണ സംഘങ്ങൾ അഥവാ മറ്റ് സഹകരണ സംഘങ്ങൾ ഉൾപ്പെടുത്തണം.

സമഗ്ര കാർഷിക വികസന പദ്ധതി നടപ്പാക്കുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും/മറ്റ് സഹകരണ സംഘങ്ങൾക്കുമാണ് സഹായം അനുവദിക്കുന്നത്. 2025-26 പദ്ധതികാലയളവിൽ കേരളത്തിലുടനീളം പദ്ധതി നടപ്പിലാക്കും (കാർഷിക പശ്ചാത്തലമുള്ളതും കാർഷികോത്പാദനത്തിൽ മികവു പുലർത്തുന്നതുമായ സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകും). സംസ്ഥാനതല പ്രോജക്ട് സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പദ്ധതികൾ തിരഞ്ഞെടുക്കുന്നത്.

**എ) കാർഷിക ഉത്പാദനത്തിന് മുൻപും ഉത്പാദന സമയത്തുമുള്ള സഹായങ്ങൾ**

ഈ പദ്ധതിയിലൂടെ കാർഷിക ഉത്പാദനത്തിന് മുൻപും ഉത്പാദന സമയത്തുമുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൂട്ടായ പരിശ്രമങ്ങൾക്ക് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സഹായം ലഭിക്കും. യാന്ത്രിക തൊഴിലിലൂടെയുള്ള നിലമൊരുക്കൽ, വിത്ത് വിതരണം, ജൈവ വളം, രാസവളങ്ങളുടെ വിതരണം, കാർഷിക ഉപകരണങ്ങളുടെ വാടക, മൈക്രോ ജലസേചന സൗകര്യങ്ങൾ തുടങ്ങിയവ ഈ പദ്ധതിക്ക് കീഴിൽ ഉൾപ്പെടുന്നു. കൂടാതെ പ്രാദേശിക സഹായത്തിനായി യോഗ്യതയുള്ള വിദഗ്ധരെ കൊണ്ടുവരുന്നതിനുള്ള സ്വാതന്ത്ര്യവും അനുവദിക്കുന്നുണ്ട്. കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശത്തോടെ ഫാം പ്ലാൻ അധിഷ്ഠിത പദ്ധതികളിൽ ഈ പ്രോഗ്രാം ശ്രദ്ധ കേന്ദ്രീകരിക്കും. ഈ പദ്ധതിയിലുടനീളമുള്ള കാർഷിക, കാർഷികേതര പ്രവർത്തനങ്ങളിലെല്ലാം തന്നെ ഒരു VHSC/ഡിപ്ലോമ മുതലായ സർട്ടിഫിക്കറ്റ് യോഗ്യതയുള്ള ഒരു മുഴുവൻ സമയ വിദഗ്ധന്റെ സഹായം ലഭ്യമാക്കേണ്ടതാണ്. ഇതിനായുള്ള കരാർ വേതനം സാങ്കേതിക വിദഗ്ധ സമിതിയുടെ അനുമതിക്ക് വിധേയമായി പദ്ധതി വിഹിതത്തിൽ നിന്ന് കണ്ടെത്താവുന്നതാണ്. ഈ പദ്ധതിയിലൂടെ കാർഷിക പ്രവർത്തനങ്ങളുടെ തുടക്കം മുതൽ ഒടുക്കം വരെയുള്ള പ്രവർത്തനങ്ങളേയും, അതായത് വിത്ത് വിതയ്ക്കൽ മുതൽ കൊയ്യുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളിലും സഹായിക്കുന്നു.

**ബി) സംഭരണം, സംസ്കരണം, വിപണനം**

കർഷക സേവന കേന്ദ്രങ്ങൾ/ഗ്രൂപ്പിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്ന പ്രത്യേക ഔട്ട്ലെറ്റുകൾ വഴി നേരിട്ട് സംഭരിക്കുകയോ വിപണനം ചെയ്യുകയോ സംസ്കരിച്ച് വിപണനം ചെയ്യുകയോ ചെയ്യാം. മിക്കപ്പോഴും വ്യക്തിഗത PACS കൾക്ക് വിപണനം ചെയ്യുന്നതിന് കൂടുതൽ മിച്ചം ഉല്പന്നങ്ങൾ ഉണ്ടാകാത്ത സാഹചര്യമോ, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമോ ഉണ്ടായേക്കാം. അത്തരം സന്ദർഭങ്ങളിൽ, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഒന്നിച്ച് ചേർന്നുകൊണ്ട് മിച്ചം വരുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ഫെഡറേറ്റഡ് ഘടനകൾ രൂപീകരിക്കാനും അല്ലെങ്കിൽ നിലവിലുള്ള ഫെഡറേറ്റഡ് ഘടനകളിൽ ചേരാനും കഴിയും. എന്നിരുന്നാലും, ഇവിടെയെല്ലാം തന്നെ ആത്യന്തിക ഗുണഭോക്താക്കൾ കർഷകരായിരിക്കും. കൂടാതെ, ഉൽപന്നങ്ങളുടെ വിപണനത്തിൽ നിന്നുള്ള ലാഭം അവർക്കിടയിൽ സാങ്കേതികവിദ്യാധിഷ്ഠിത സാമ്പത്തിക ഉല്പന്നങ്ങളുടെ സഹായത്തോടെ വിതരണം ചെയ്യുകയും ചെയ്യാം. സംഭരണം, സംസ്കരണം, വിപണന സൗകര്യങ്ങളുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ/ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവ വഴിയും ഉൽപ്പന്നങ്ങൾ സംസ്കരിക്കാനും വിപണനം ചെയ്യാനും കഴിയും. ഓരോ മേഖലയിലും ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ അതത് മേഖലയിലെ ഉപഭോക്താക്കൾക്ക് വളരെ വേഗത്തിൽ എത്തിക്കാൻ സോഫ്റ്റ്‌വെയറും മൊബൈൽ ആപ്ലിക്കേഷനുകളും വികസിപ്പിക്കുകയും ഉൽപ്പന്നങ്ങൾ വേഗത്തിലും കേടുപാടുകൾ കൂടാതെയും വീട്ടുപടിക്കലെത്തിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യും. ഈ സ്കീമിന് കീഴിൽ മിച്ചമുള്ള കാർഷികോൽപ്പന്നങ്ങൾ ഒരു പ്രദേശത്ത് നിന്ന് മറ്റ് പ്രദേശങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുള്ള ശീതീകരണ സംവിധാനത്തോടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയും വേഗത്തിലുള്ള കൈമാറ്റത്തിനായി സോഫ്റ്റ് വെയറും മൊബൈൽ ആപ്ലിക്കേഷനുകളും വികസിപ്പിക്കുകയും ചെയ്യും. പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് സംഭരണ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും വിപണനം ചെയ്യാൻ കഴിയാത്ത ഉൽപ്പന്നങ്ങൾ സംഭരിക്കാനും സംസ്കരിക്കാനും വിപണനം ചെയ്യാനും സാമ്പത്തിക സഹായം നൽകുകയും ചെയ്യും. ഇതിനായി നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ പിന്തുണയും തേടാവുന്നതാണ്. അരി, പച്ചക്കറികൾ, പഴങ്ങൾ എന്നിവയുടെ സംഭരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകും.

കർഷക സേവന കേന്ദ്രം/കർഷകരുടെ കൂട്ടായ്മ വിളവെടുപ്പ് സമയത്ത് കർഷകരിൽ നിന്ന് നേരിട്ട് കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കും. കർഷകരിൽ നിന്ന് ശേഖരിക്കുന്ന കാർഷികോൽപ്പന്നങ്ങൾ സംസ്കരിച്ച് സംഭരണ-സംസ്കരണ കേന്ദ്രങ്ങളിൽ സംഭരിക്കും.

ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഭൗതിക സാഹചര്യങ്ങൾ ഉള്ള പ്രാഥമിക സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ ഗ്രാമീണ ചന്തകൾ സ്ഥാപിക്കുകയും, നിലവിലുള്ളവയെ നവീകരിക്കുകയും ചെയ്യും. അതിലൂടെ കർഷകർക്ക് നേരിട്ടുള്ള വിൽപ്പന സുഗമമാക്കുന്ന അതായത്, കൃഷിയിടത്തിനു സമീപം (ഫാം ഗേറ്റുകൾക്ക് സമീപം) ഒരു വിപണന പ്ലാറ്റ്ഫോം ലഭ്യമാകുന്നു. ഗ്രാമീണ മാർക്കറ്റുകൾ വിപണി ലഭ്യത മെച്ചപ്പെടുത്തുകയും, കർഷകർക്ക് വില സാക്ഷാത്കാരം നൽകുകയും, കാർഷികോത്പന്നങ്ങൾ പാഴാക്കുന്നത് കുറയ്ക്കുകയും ചൂഷണത്തിൽ നിന്ന് കർഷകരെ മുക്തമാക്കുകയും ചെയ്യും. ഈ പദ്ധതിയിലൂടെ ഗ്രാമീൺ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് 10.00 ലക്ഷം രൂപ വീതം സബ്സിഡി സഹായം നൽകുന്നതാണ്.

വിപണനത്തിനുള്ള സഹായം അതിന്റെ ചെലവിന്റെ പരമാവധി 50 ശതമാനമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഒരു സഹകരണ സംഘത്തിന് പരമാവധി 25.00 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയാണ് നൽകുന്നത്. പുരോഗതി വിലയിരുത്തിയ ശേഷം ഘട്ടം ഘട്ടമായി മാത്രമേ ഈ ഇനത്തിലുള്ള തുക അനുവദിക്കുകയുള്ളൂ. വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സഹകരണ രജിസ്ട്രാർ പുറപ്പെടുവിക്കുന്നതാണ്. പ്രഥമിക സഹകരണ സംഘങ്ങൾ ഇതിനനുബന്ധമായ തുക (മാച്ചിംഗ് ഗ്രാന്റ്) നൽകുകയും, അതോടൊപ്പം അതിനുള്ള പ്രമേയം സഹകരണ രജിസ്ട്രാർ ഓഫീസിൽ സമർപ്പിക്കുകയും ചെയ്താൽ മാത്രമേ ഇതിനായുള്ള പദ്ധതി വിഹിതം അനുവദിക്കുകയുള്ളൂ.

### സി) മൂല്യവർദ്ധനയ്ക്കായുള്ള സഹകരണ സംരംഭകത്വവും സ്റ്റാർട്ടപ്പുകളും

സഹകരണ മേഖലയിലെ മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നിവയുൾപ്പെടെ കൃഷിയുടെയും കാർഷിക അനുബന്ധ ഉൽപന്നങ്ങളുടെയും മൂല്യവർദ്ധനയ്ക്കായി എല്ലാ ജില്ലകളിലും സഹകരണ സംഘങ്ങളുടെ (സഹകരണ സംരംഭകത്വം)/സ്റ്റാർട്ടപ്പുകളുടെ മൂല്യവർദ്ധിത ക്ലസ്റ്ററുകൾ വികസിപ്പിക്കുക/സജ്ജീകരിക്കുക എന്നതാണ് ലക്ഷ്യം. കൃത്യമായ മൂല്യനിർണ്ണയത്തിന് ശേഷം ഓരോ ജില്ലയിലും പ്രവർത്തനക്ഷമമായ സഹകരണ സംഘങ്ങൾ/സഹകരണ സംഘങ്ങളുടെ ക്ലസ്റ്ററുകൾ അല്ലെങ്കിൽ സഹകരണ ബന്ധമുള്ള കാർഷികോത്പാദന സംഘടനകൾ (FPO കൾ) എന്നിവയെ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കും. പ്രാദേശികമായി ലഭ്യമായ കാർഷിക, കാർഷികാനുബന്ധ ഉൽപ്പന്നങ്ങളും അടിസ്ഥാനമാക്കിയാണ് ക്ലസ്റ്ററുകൾ രൂപീകരിക്കുക. കൃഷിയുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും മൂല്യവർദ്ധന, സംസ്കരണം, വിപണനം എന്നീ വിഭാഗങ്ങളിലാണ് പ്രധാനമായും ക്ലസ്റ്ററുകൾ പ്രവർത്തിക്കുക. മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിച്ച് അവയെ വ്യവസായങ്ങളുമായി ബന്ധപ്പെടുത്തികൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും സഹകരണ സംഘങ്ങൾ സന്നദ്ധരാകും. ഈ പദ്ധതിയിലൂടെ പ്രാഥമിക മേഖലയിലെ മൂല്യവർദ്ധിത പദ്ധതികളുടെ പ്രോത്സാഹനത്തിനായി ക്ലസ്റ്ററുകൾ (സഹകരണ സംരംഭകത്വം)/സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് സബ്സിഡി, ഓഹരി മൂലധനം എന്നീ സഹായവും നൽകും.

- ഫെനി ഉൽപ്പാദനത്തിന് സഹായം (പുതിയ ഘടകം): കശുമാങ്ങ ഉപയോഗിച്ച് ഫെനി ഉൽപ്പാദിപ്പിക്കുന്നതിനും, കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ വഴി വിപണനം നടത്തുന്നതിനും സഹകരണ സംഘങ്ങളെ സഹായിക്കും. ശേഷിയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (പിഎസിഎസ്) മുഖേന പദ്ധതി നടപ്പിലാക്കും.
- ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബായി കേരളം (പുതിയ ഘടകം): കേരളത്തിന്റെ കാർഷിക-കാലാവസ്ഥാ വൈവിധ്യം കണക്കിലെടുത്ത് കേരളത്തെ 'ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ് ആക്കാൻ വിഭാവനം ചെയ്യുന്ന ഈ പദ്ധതിക്ക് സഹായം നൽകും. നടീൽ വസ്തുക്കളുടെ വിതരണം, പഴവർഗങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കൽ, മൂല്യവർധിത യൂണിറ്റുകളുടെ രൂപീകരണം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ശേഷിയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (പിഎസിഎസ്) മുഖേന പദ്ധതി നടപ്പിലാക്കും.

### ഡി) കർഷക സേവന കേന്ദ്രങ്ങളുടെ (FSC) രൂപീകരണവും സഹായവും

കൃഷിയിലും അനുബന്ധ മേഖലകളിലും ഉൽപ്പാദനം വർധിപ്പിക്കുന്നതിന് പുതിയ എഫ്.എസ്.സികൾ സ്ഥാപിക്കുകയും നിലവിലുള്ള എഫ്.എസ്.സികളെ ശാക്തീകരിക്കുകയും വേണം.

കർഷക സേവന കേന്ദ്രങ്ങളുടെ പ്രധാന പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്.

1. സഹകരണ സംഘങ്ങളിലെ കാർഷിക സേവനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുക.

2. കാർഷിക വായ്പ, പലിശ നിരക്ക്, കടം എഴുതിത്തള്ളൽ തുടങ്ങി കർഷക ആവശ്യകത അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ സമയബന്ധിതമായി കർഷകർക്ക് നൽകുക.
3. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ സംഘം എന്നിവ സ്ഥിതി ചെയ്യുന്ന ഓരോ പഞ്ചായത്തിലും/ബ്ലോക്കിലും/കോർപ്പറേഷനിലും കർഷക സേവന കേന്ദ്രങ്ങൾ കാർഷിക മേഖലയുടെ യന്ത്രവൽക്കരണ കേന്ദ്രമായി പ്രവർത്തിക്കുക. മനുഷ്യവിഭവശേഷി, വിത്ത്, ജൈവവളം, രാസവളം, കീടനാശിനികൾ, ജലസേചന ഉപകരണങ്ങൾ, പ്രിസിഷൻ ഫാമിംഗിനുള്ള ഉപകരണങ്ങൾ, കർഷകർക്കുള്ള ശരിയായ പരിശീലനം നടത്തുക, ട്രാക്ടർ, ടില്ലർ തുടങ്ങിയ കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുക, കാർഷിക യന്ത്രങ്ങളുടെ സ്പെയർ പാർട്സ്, അറ്റകുറ്റപ്പണികൾ എന്നിവ ചെയ്യുന്നതിനുള്ള സൗകാര്യങ്ങളും സഹായങ്ങളും കർഷകർക്ക് ഒരുക്കികൊടുക്കുക എന്നിവയാണ് കർഷക സേവന കേന്ദ്രങ്ങൾ ലഭ്യമാക്കുന്ന പ്രധാന സഹായങ്ങൾ.

താഴെ പറയുന്ന പ്രവർത്തനങ്ങൾ ഈ ഘടകം വിഭാവനം ചെയ്യുന്നു.

ബാലൻസ് ഷീറ്റ് വഴി നല്ല നിലയിൽ പ്രവർത്തിക്കുന്നു എന്ന് തെളിയിക്കപ്പെട്ട അല്ലെങ്കിൽ അത്തരത്തിൽ ട്രാക്ക് റെക്കോർഡുള്ള പ്രവർത്തനക്ഷമമായ PACS/സഹകരണ സ്ഥാപനങ്ങൾക്ക് കർഷക സേവന കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതിനുള്ള സഹായം.

എ) നിലവിൽ സ്ഥാപിതമായിട്ടുള്ള കർഷക സേവന കേന്ദ്രങ്ങൾക്ക് നൂതന പ്രവർത്തനങ്ങൾക്കുള്ള പ്രോജക്റ്റ് അധിഷ്ഠിത സഹായം.

ബി) നഴ്സറികൾ സ്ഥാപിക്കുന്നതിനുള്ള സഹായം, കാർഷിക ബയോ ഫാർമസി, ജൈവ കാർഷിക യൂണിറ്റുകൾ, സേവന യൂണിറ്റുകൾ, കർഷകർക്ക് കാർഷിക യന്ത്രവൽക്കരണ സേവനങ്ങൾ നൽകുക തുടങ്ങിയവക്കുള്ള സഹായം.

സി) പുതിയ കർഷക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായം, കർഷകർക്ക് കാർഷിക സേവനങ്ങൾ ലഭ്യമാക്കുന്നതിന് 'ഹരിതസേന' രൂപീകരിച്ച് നടപ്പിലാക്കുന്നതിനുള്ള സഹായം.

പദ്ധതിയുടെ എല്ലാ പ്രവർത്തനങ്ങളും വ്യക്തിഗത പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/മറ്റ് പ്രവർത്തനക്ഷമമായ സഹകരണ സംഘങ്ങൾ എന്നിവ സമർപ്പിക്കുന്ന 'പ്രോജക്റ്റ് റിപ്പോർട്ടുകൾക്ക്' വിധേയമായിരിക്കും. വ്യക്തിഗത പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കാത്തതും റിപ്പോർട്ടിൽ പരാമർശിക്കാത്തതുമായ പ്രവർത്തനങ്ങൾ ഈ പദ്ധതിക്ക് കീഴിൽ ഉൾപെടുത്താവുന്നതല്ല.

**പ്രോജക്റ്റ് രൂപപ്പെടുത്തൽ, മൂല്യനിർണ്ണയം, നിരീക്ഷണം, ഡോക്യുമെന്റേഷൻ**

പ്രാദേശിക ജനങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനായി, പ്രാദേശിക അവസരങ്ങളും ആവശ്യകതകളും മനസ്സിലാക്കിക്കൊണ്ടായിരിക്കും ഈ പദ്ധതിയിൽ പ്രോജക്ടുകൾ തയ്യാറാക്കുക. വിദഗ്ധരുടെ സഹായത്തോടെയും ജനകേന്ദ്രീകൃത സമീപനത്തിലൂടെയുമായിരിക്കും പ്രാഥമിക സഹകരണ സംഘങ്ങൾ പദ്ധതികൾ തയ്യാറാക്കുക. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പ്രാദേശിക തലത്തിലുള്ള സ്ഥാപനങ്ങളുമായി കൂടിയാലോചിച്ചായിരിക്കും CITA യിൽ പദ്ധതികൾ കണ്ടെത്തുക. പ്രോജക്ടുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി കൺസൾട്ടന്റുകളുടെ സഹായം ഉപയോഗപ്പെടുത്താം. കൺസൾട്ടേഷനും അതോടൊപ്പം പ്രോജക്റ്റ് തയ്യാറാക്കുന്നതിനുമായി ഓരോ പ്രാഥമിക സഹകരണ സംഘങ്ങൾക്കും 50,000 രൂപ വീതം പദ്ധതി വിഹിതത്തിൽ നിന്ന് കണ്ടെത്താവുന്നതാണ്. അത്തരത്തിലുള്ള ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ചെലവായ തുക തിരികെ നൽകുന്നതാണ്. പ്രോജക്ടുകൾ അതിന്റെ പൂർത്തികരണ ഘട്ടം വരെ, തെളിയിക്കപ്പെട്ടതും അംഗീകരിക്കപ്പെട്ടതുമായ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയാൽ മാത്രമേ പദ്ധതി സഹായത്തിനായി പരിഗണിക്കപ്പെടുകയുള്ളൂ.

ഒരു പോർട്ടൽ വഴി ഈ പ്രോജക്ടുകൾ സമർപ്പിക്കുന്നത് സാധ്യമാക്കുന്ന തരത്തിൽ സഹകരണ രജിസ്ട്രാറിന്റെ കീഴിൽ ഒരു സംവിധാനം വികസിപ്പിക്കുന്നതായിരിക്കും. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നേരിട്ട് ഈ പോർട്ടലിലേക്ക് പ്രോജക്ടുകൾ സമർപ്പിക്കാവുന്നതാണ്. ഈ പോർട്ടൽ തയ്യാറാക്കുന്നതുവരെ പ്രോജക്ടുകൾ സഹകരണ രജിസ്ട്രാറുടെ ഓഫീസിലേക്ക് മെയിൽ വഴി സമർപ്പിക്കാവുന്നതാണ്. സജീവമാകുന്ന മുറയ്ക്ക് ഈ പോർട്ടൽ ഒരു പ്രോജക്റ്റ് സമർപ്പണ പ്ലാറ്റ്ഫോമായും പ്രോജക്റ്റ് മോണിറ്ററിംഗ് പ്ലാറ്റ്ഫോമായും പ്രവർത്തിക്കും. MIS സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ എന്നീ ആവശ്യകതകൾ വികസിപ്പിക്കുന്നതിന് ഈ പദ്ധതിയിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

CITA നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഒരു ത്രിതല സംവിധാനം സ്ഥാപിക്കും.

- CITA യുടെ കീഴിലുള്ള നിലവിലുള്ള പ്രോജക്ടുകളെ നയിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പ്രത്യേകമായി സഹകരണ രജിസ്ട്രാറുടെ ഓഫീസിൽ ഒരു സംസ്ഥാന തല സെൽ രൂപീകരിക്കും. ഈ സെൽ സംസ്ഥാനതല നിരീക്ഷണ, പ്രമാണീകരണ സംവിധാനമായും പ്രവർത്തിക്കും. നിലവിലുള്ള സംവിധാനം പുനഃസ്ഥാപിച്ചുകൊണ്ടായിരിക്കും ഈ സംവിധാനം പ്രവർത്തിക്കുക. അഡീഷണൽ രജിസ്ട്രാർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ഈ സെല്ലിന്റെ ചുമതല വഹിക്കും. ഈ പദ്ധതിയിൻ കിഴിൽ, ഈ സെൽ പുതിയതും തുടർന്നുവരുന്നതുമായ പ്രോജക്ടുകളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിർവഹിക്കും. പദ്ധതിയുടെ തുടർച്ച ഉറപ്പുവരുത്തുന്നതിനായി ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളതും കുറഞ്ഞത് 10 വർഷത്തെ സേവനം അവശേഷിക്കുന്നതുമായ ഉദ്യോഗസ്ഥരെ ഈ സെല്ലിൽ നിയമിക്കും. ഈ സെല്ലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 5.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനതല നിരീക്ഷണ സന്ദർശനങ്ങൾക്കും ഡോക്യുമെന്റേഷനും അനുബന്ധ ചെലവുകൾക്കുമായി 10.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാന സെല്ലിന്റെ പ്രവർത്തനവും റിപ്പോർട്ടുകളും ത്രൈമാസ അടിസ്ഥാനത്തിൽ സഹകരണ രജിസ്ട്രാറും സംസ്ഥാന ആസൂത്രണ ബോർഡ് കൃഷി വിഭാഗം മേധാവിയും ചേർന്ന് അവലോകനം ചെയ്യും.
- ജില്ലാതലത്തിൽ, 2022-23 മുതൽ നടപ്പിലായ പദ്ധതികൾ ഉൾപ്പെടെ ഇനി നടപ്പിലാക്കാനിരിക്കുന്ന പദ്ധതികളുടേയും പുരോഗതി വിലയിരുത്തുന്നതിന് ത്രൈമാസ ഇടവേളകളിൽ ജോയിന്റ് രജിസ്ട്രാർ തലത്തിൽ അവലോകനം നടത്തും. ഈ പദ്ധതിയിൻകീഴിൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി എല്ലാവിധ സഹായ സഹകരണങ്ങളും ഉറപ്പുവരുത്തുന്നതിനായി ഒരു സമഗ്ര നിരീക്ഷണ ജില്ലാതല വിദഗ്ധ സംഘം സഹകരണ രജിസ്ട്രാർ രൂപീകരിക്കും. ഈ ജില്ലാതല വിദഗ്ധ സംഘം ത്രൈമാസ റിപ്പോർട്ടുകൾ സംസ്ഥാന സെല്ലിലേക്ക് അയയ്ക്കും. സെല്ലിനെ ശക്തിപ്പെടുത്തുന്നതിന് ഒറ്റത്തവണ വിഹിതമായി ഒരു ജില്ലയ്ക്ക് 1.00 ലക്ഷം രൂപ എന്ന കണക്കിൽ ഈ പദ്ധതിയിൻ കീഴിൽ നീക്കിവച്ചിട്ടുണ്ട്.
- വില്ലേജ്/പ്രാഥമിക സഹകരണ സംഘങ്ങളുടെ തലത്തിൽ, പ്രാദേശിക നിരീക്ഷണത്തിനായി പ്രാഥമിക സഹകരണ സംഘം സെക്രട്ടറി കൺവീനറായി ഒരു കമ്മിറ്റി രൂപീകരിക്കും. തദ്ദേശസ്വയംഭരണ പ്രതിനിധികളും പ്രാദേശികതല ഉദ്യോഗസ്ഥരും അടങ്ങുന്നതായിരിക്കും ഈ സമിതി. ഈ സമിതി രണ്ടു മാസത്തിലൊരിക്കൽ യോഗം ചേർന്ന് ജില്ലാതലത്തിലെ സംവിധാനത്തിലേക്ക് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ റിപ്പോർട്ടുകൾ കൈമാറും.

## 20. സഹകരണ ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം

**(വിഹിതം: 750.00 ലക്ഷം രൂപ)**

ഉൽപ്പന്നങ്ങളുടെ, പ്രത്യേകിച്ച് സഹകരണ ഉത്പന്നങ്ങളുടെ സംഭരണം, ഉത്പാദനം, സംസ്കരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി.
താഴെ പറയുന്നവ ഈ പദ്ധതിയിൽ ഉൾപെടുന്നു.

- സഹകരണ ഉൽപന്നങ്ങളുടെ വിപണനം, പുതിയ ഔട്ട്ലെറ്റുകൾ സ്ഥാപിക്കൽ, നിലവിലുള്ള ഔട്ട്ലെറ്റുകളുടെ ആധുനികവത്ക്കരണം എന്നിവക്കായി പ്രാഥമിക സംഘങ്ങൾക്കുള്ള സഹായം.
- സഹകരണ ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം.
- കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷന്റെ വിപണന പ്രവർത്തനങ്ങളുടെ ആധുനികവത്ക്കരണത്തിന് സാമ്പത്തിക സഹായം.
- പുതിയതും നിലവിലുള്ളതുമായ 'കോപ്പ്മാർട്ട്' ഔട്ട് ലെറ്റുകൾക്ക് സഹായം നൽകും.
- കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നതിനും, അരി ബ്രാൻഡ് ചെയ്യുന്നതിനും, ഓപ്പൺ മാർക്കറ്റ്/സിവിൽ സപ്ലൈസ് വഴി വിപണനം ചെയ്യുന്നതിനുമുള്ള സഹായം.

- കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ രൂപീകരണത്തിനും പ്രോത്സാഹനത്തിനുമുള്ള സഹായം.
- സഹകരണ ബ്രാൻഡിന്റെ പരസ്യത്തിനുള്ള സഹായം.
- 'അങ്ങാടി കേരള' ആപ്പ് വികസിപ്പിക്കുന്നതിനുള്ള സഹായം (പുതിയ ഘടകം): സഹകരണ മേഖലയിലെ കാർഷിക ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള ഓൺലൈൻ മൊബൈൽ ആപ്ലിക്കേഷനായ അങ്ങാടി കേരള ആപ്പ് വികസിപ്പിക്കുന്നതിന് സഹായം നൽകും. ഈ സൗകര്യം ഉപഭോക്താവ് നൽകുന്ന തുകയിൽ ഉൽപ്പാദകന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു.

പദ്ധതിയുടെ ഇനിപ്പറയുന്ന ഘടകങ്ങൾക്കായി 2025-26 ബജറ്റിൽ 750.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സഹകരണ ഉൽപ്പന്നങ്ങളുടെ വിപണനം | 200.00 |
| 2 | പുതിയ ഔട്ട്ലെറ്റുകൾ സ്ഥാപിക്കൽ | 100.00 |
| 3 | നിലവിലുള്ള ഔട്ട്ലെറ്റുകളുടെ ആധുനികവത്ക്കരണം | 100.00 |
| 4 | സഹകരണ ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം | 300.00 |
| 6 | കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ രൂപീകരണത്തിനും പ്രോത്സാഹനത്തിനുമുള്ള സഹായവും, സഹകരണ ബ്രാൻഡിന്റെ പരസ്യത്തിനുള്ള സഹായവും | 50.00 |
| **ആകെ** | | **750.00** |

## 21. കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീമിലേക്കുള്ള സഹായം

**(വിഹിതം: 700.00 ലക്ഷം രൂപ)**

പ്രായോഗിക പദ്ധതികളുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളുടെ പുനരധിവാസത്തിനും പുനരുജ്ജീവനത്തിനും സാമ്പത്തിക സഹായം വാഗ്ദാനം ചെയ്യുക, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണ കാരണങ്ങളാൽ പ്രവർത്തനം നിലച്ച സൊസൈറ്റികളുടെ പുനരധിവാസം എന്നിവയാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. സഹകരണ സംഘങ്ങളുടെ കരുതൽ ശേഖരത്തിന്റെ ഒരു നിശ്ചിത ശതമാനവും, സംസ്ഥാന സർക്കാരിൽ നിന്നുള്ള ഒരു നിശ്ചിത ശതമാനവും സംയോജിപ്പിച്ചാണ് ഈ ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്.

രണ്ട് ഉപഘടകങ്ങൾ ഉൾപ്പെട്ടതാണ് ഈ പദ്ധതി.

എ) സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുകയും അതോടൊപ്പം നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പദ്ധതികളെ സഹായിക്കുക.

ബി) ദീർഘകാലമായി നഷ്ടത്തിലായിരിക്കുന്ന/പ്രവർത്തന മൂലധനത്തിന്റെ അഭാവം, അസാധാരണമായ പ്രവർത്തനം എന്നിവ മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ എല്ലാത്തരം സഹകരണ സ്ഥാപനങ്ങൾക്കും മാത്രമായുള്ളതാണ് ഈ ഉപഘടകം. ഈ പദ്ധതിയിലൂടെ പ്രവർത്തന നഷ്ടം സംഭവിച്ചതോ/പ്രവർത്തനങ്ങൾ മന്ദഗതിയിലായതോ/പ്രവർത്തനങ്ങൾ നിലച്ചതോ ആയ സഹകരണ സംഘങ്ങൾക്ക് അവരുടെ നഷ്ടം മറികടക്കാനും അവരുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും കഴിയും. സഹകരണ സംഘം രജിസ്ട്രാറുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഓരോ ജില്ലയിലെയും ജില്ലാ സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിൻമേൽ സൊസൈറ്റികളെ തെരഞ്ഞെടുക്കും.

പദ്ധതിയുടെ കീഴിലുള്ള മേൽപ്പറഞ്ഞ ഉപഘടകങ്ങൾക്കായി 2025-26 ബജറ്റിൽ 700.00 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

**22. സഹകരണ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും വൈവിധ്യവൽക്കരണത്തിനുമുള്ള സഹായം**

**(വിഹിതം: 550.00 ലക്ഷം രൂപ)**

സ്കീമിൽ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

എ) സഹകരണ സംഘങ്ങൾക്ക് ലാഭകരമായതോ/പ്രായോഗികമായതോ ആയ വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സഹായം നൽകുക എന്നതാണ് ഈ ഉപഘടകം കൊണ്ട് ഉദ്ദേശിക്കുന്നത്. മികച്ച രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ വിഭാഗം സംഘങ്ങൾക്കും ഈ പദ്ധതിക്ക് കീഴിൽ സാമ്പത്തിക സഹായത്തിന് അർഹതയുണ്ട്. പ്രോജക്റ്റ് ചെലവിന്റെ 50 ശതമാനം വരെ പരമാവധി സഹായം നൽകുന്നു. ബാക്കി ആവശ്യമായ തുക സംഘത്തിന്റെ സ്വന്തം ഫണ്ടിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ കണ്ടെത്തേണ്ടതാണ്. നല്ല പ്രവർത്തന നിലവാരമുള്ള വിവിധ തരത്തിലുള്ള സംഘങ്ങൾക്ക് അവരുടെ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 10 ശതമാനം സബ്സിഡി, 20 ശതമാനം ഓഹരി, 20 ശതമാനം വായ്പ എന്നിങ്ങനെ സഹായം നൽകുന്നതാണ്.

ബി) ദുർബ്ബലവും എന്നാൽ പ്രായോഗികവും/ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരധിവാസം ഉദ്ദേശിച്ചുള്ളതാണ് ഈ ഘടകം. സംഘങ്ങളുടെ പ്രവർത്തനം, പദ്ധതിയുടെ പ്രവർത്തനക്ഷമത എന്നിവയാണ് സഹായം നൽകുന്നതിനു പ്രധാനമായി പരിഗണിക്കുന്നത്. അർഹതപ്പെട്ട പരമാവധി സഹായം പദ്ധതിച്ചെലവിന്റെ 65% കവിയാൻ പാടില്ല. ബാക്കി തുക മറ്റ് സ്ഥാപനങ്ങളിൽനിന്നുള്ള ഫിനാൻസ് വഴിയോ സംഘങ്ങളുടെ തനതു ഫണ്ടിൽ നിന്നോ സമാഹരിക്കണം. സബ്സിഡി 20 ശതമാനം, ഓഹരി 20 ശതമാനം, ലോൺ 25 ശതമാനം എന്നീ നിരക്കിലാണ് സഹായം അനുവദിക്കുന്നത്. പ്രവർത്തനരഹിതമായ/പ്രവർത്തനം നിലച്ച പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് ഒറ്റത്തവണ സഹായവും ഈ ഉപഘടകത്തിൻ കിഴിൽ പരിഗണിക്കുന്നതാണ്. അംഗീകൃത പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1:1:2 എന്ന അനുപാതത്തിൽ സബ്സിഡി, ഓഹരി മൂലധനം, ലോൺ എന്നി രൂപത്തിലായിരിക്കും സഹായം നൽകുക. ഇങ്ങനെ സഹായം ലഭിക്കുന്ന സംഘങ്ങളെ പതിവായി നിരീക്ഷിക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യും.

താഴെ പറയുന്ന രണ്ട് മാനദണ്ഡങ്ങളും ഒരുമിച്ച് നിറവേറ്റുന്ന സംഘങ്ങളെയാണ് ദുർബലമായ സഹകരണ സംഘങ്ങളുടെ പുനരധിവാസത്തിനായി യോഗ്യരായി തെരഞ്ഞെടുക്കുന്നത്: സഞ്ചിത നഷ്ടം സൊസൈറ്റിയുടെ തനതു ഫണ്ടിനേക്കാൾ അധികരിക്കാൻ പാടില്ല. കൂടാതെ, സൊസൈറ്റിക്ക് കുറഞ്ഞത് 10 വർഷത്തെ ഫലപ്രദമായ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.

പദ്ധതിയുടെ കീഴിലുള്ള മേൽപ്പറഞ്ഞ ഉപഘടകങ്ങൾക്കായി 2025-26 ബജറ്റിൽ 550.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**23. നബാർഡ് ആർഐഡിഎഫ് പദ്ധതിയിലൂടെ നൽകുന്ന വായ്പയുടെ പലിശ നികത്തുന്നതിനുള്ള സഹായം (പുതിയ പദ്ധതി)**

**(വിഹിതം: 91.00 ലക്ഷം രൂപ)**

നബാർഡ് ആർഐഡിഎഫ് പദ്ധതിയിലൂടെ നൽകുന്ന വായ്പയുടെ പലിശ നികത്തുന്നതിന് കാപ്കോസിന് സബ്സിഡി സഹായം നൽകാനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. 2025-26 ബജറ്റിൽ ഈ പദ്ധതിക്കായി 91.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**24. ഗ്രാമീണ അടിസ്ഥാന സൗകര്യവികസന ഫണ്ട് (ആർ.ഐ.ഡി.എഫ്)**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക-സംസ്കരണം, ആരോഗ്യ സഹകരണം മുതലായ പദ്ധതികൾക്കുവേണ്ടി വിഹിതം വകയിരുത്തിയിരിക്കുന്നു. കേരള നെല്ല് സംഭരണ സംസ്കരണ വിപണന സഹകരണ സംഘത്തിന് (കാപ്കോസ്) കീഴിൽ കോട്ടയം ഏറ്റുമാനൂരിൽ റൈസ് മിൽ പദ്ധതിയുടെ നിർമ്മാണം നടത്താനാണ് ഈ പദ്ധതി.

2025-26 ബജറ്റിൽ നബാർഡ് അംഗീകരിച്ച പദ്ധതികൾക്കും ആർഐഡിഎഫിന് കീഴിൽ നിർദേശിക്കുന്ന പുതിയ പദ്ധതികൾക്കുമായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

# IV. ജലസേചനവും വെള്ളപ്പൊക്കനിയന്ത്രണവും

സംസ്ഥാനത്ത് നിലവിലുള്ള ജലസേചന പദ്ധതികളുടെ കാര്യക്ഷമതയും സാധ്യതയും മെച്ചപ്പെടുത്തുന്നതിനാണ് ജലസേചന മേഖലയിൽ പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത്. കൂടാതെ, ജലസേചിത പ്രദേശം വിപുലീകരിച്ചുകൊണ്ട് കാർഷിക ഉൽപാദനക്ഷമതയും ജലലഭ്യതയും വർദ്ധിപ്പിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

ജലം ഒരു ദുർലഭമായ പ്രകൃതിവിഭവമാണ്, അത് ജീവിതം ഉപജീവനം ഭക്ഷ്യസുരക്ഷ സുസ്ഥിര വികസനം എന്നിവയുടെ അടിസ്ഥാനമാണ്. വർദ്ധിച്ച് വരുന്ന ജനസംഖ്യ, ത്വരിത ഗതിയിലുള്ള വ്യവസായവൽക്കരണവും നഗരവൽക്കരണവും, കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം മൂലം സംസ്ഥാനത്തുടനീളം വാർഷികമായി ലഭിക്കുന്ന ഉപയോഗ്യമായ ജലത്തിന്റെ അളവിലെ വ്യതിയാനം കൂടാതെ മഴ ലഭ്യതയുടെ ഏറ്റക്കുറച്ചിൽ മുഖേന ഉണ്ടാകുന്ന വെല്ലുവിളികൾ എന്നിവ ജല തന്ത്രങ്ങൾ പുനഃ പരിശോധിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുന്നു. ജല ദൗർലഭ്യത്തെക്കുറിച്ചും അതിന്റെ സാമ്പത്തിക മൂല്യത്തെക്കുറിച്ചുമുള്ള അറിവില്ലായ്മ പലപ്പോഴും ജല ദുരുപയോഗത്തിന് കാരണമാകാറുണ്ട്. വിവേകശൂന്യമായ ഉപയോഗം, മലിനീകരണം, പാരിസ്ഥിതിക ഒഴുക്കിന്റെ തടസ്സങ്ങൾ എന്നിവ പരിഷ്കരിച്ച ജലവിഭവ ആസൂത്രണത്തിന്റെയും പരിപാലനത്തിന്റെയും ആവശ്യകത ചൂണ്ടിക്കാട്ടുന്നു. 2025-26ൽ, ജലസ്രോതസ്സുകളുടെയും ജനങ്ങളുടെയും സമഗ്ര നേട്ടത്തിന് പ്രഥമ ശ്രദ്ധ കേന്ദ്രീകരിച്ച് ജലസ്രോതസ്സുകളുടെ വർദ്ധനവ്, സംരക്ഷണം, കാര്യക്ഷമതയോടെയുള്ള പരിപാലനം എന്നിവയ്ക്കായി സംസ്ഥാന ജലനയം നടപ്പാക്കാൻ ശ്രമിക്കും.

2025-26 ൽ സംയോജിത ജലവിഭവ പരിപാലനത്തിനായുള്ള സംസ്ഥാന ജലനയം, സാമൂഹികവും സാമ്പത്തികവുമായ വികസനത്തെ ബന്ധിപ്പിക്കുക എന്ന സമഗ്ര സമീപനത്തോടെ നടപ്പാക്കും. എല്ലാ തലങ്ങളിലും പങ്കാളിത്ത സമീപനത്തിലായിരിക്കും നയം നടപ്പിലാക്കുക. വിവിധ മേഖലകൾക്കുള്ള ജലലഭ്യത സംരക്ഷിക്കുന്നതിനും ഉറപ്പാക്കുന്നതിനുമായി സർക്കാർ പദ്ധതികളിലൂടെ എല്ലാ ജലസ്രോതസ്സുകളെയും സംയോജിപ്പിക്കും. വിവിധ കാലാവസ്ഥകളിൽ സംസ്ഥാനത്തുടനീളം ജലലഭ്യത ഉറപ്പാക്കാൻ ശ്രമിക്കും. മഴവെള്ള സംഭരണം, പുതിയതും നിലവിലുള്ളതുമായ ജലാശയങ്ങളുടെ വികസനം, വിനിയോഗം എന്നിവയിലൂടെ ജല വർദ്ധന, സംരക്ഷണം, വിതരണം എന്നിവയിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളെയും സ്വാശ്രയമാക്കുന്നതിന് സംസ്ഥാന ജലനയത്തിന് കീഴിൽ പരിപാടികൾ ഉറപ്പാക്കും. പാരിസ്ഥിതിക ഒഴുക്കും ഹരിതജല വിതരണവും പരമാവധി ഉറപ്പാക്കാൻ അണക്കെട്ടുകൾ, നദികൾ, തോടുകൾ എന്നിവിടങ്ങളിലെ മണ്ണ് നീക്കം ചെയ്യും. ജല സംരക്ഷണത്തിനും, ജല ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും, സുപ്രധാന പരിസ്ഥിതി വ്യവസ്ഥയുടെ കാര്യക്ഷമതയ്ക്കും സംരക്ഷണത്തിനും വേണ്ടി ഹരിത ജലത്തിന്റെയും സമുദ്ര ജലത്തിന്റെയും ഉപയോഗം സർക്കാരിന്റെ നയങ്ങൾക്ക് അനുസൃതമായി സമന്വയിപ്പിക്കും. ഉപരിതല ഭൂഗർഭജല സമന്വയം, ഗുണനിലവാരം, അളവ് എന്നിവയെ അടിസ്ഥാനമാക്കി ജലവിഭവ മാനേജ്മെൻറ്, അപ്സ്ട്രീം, ഡൗൺസ്ട്രീം ജലം എന്നിവയുമായി ബന്ധപ്പെട്ട താൽപ്പര്യങ്ങളുടെ സമന്വയം തുടങ്ങിയ വിവിധ സർക്കാർ പരിപാടികളിലൂടെ ഇത് നടപ്പിലാക്കുന്നതാണ്. ജനങ്ങൾ, ഭക്ഷ്യാവശ്യം, പ്രകൃതി, വ്യവസായങ്ങൾ മറ്റ് ആവശ്യങ്ങൾ എന്നിവയ്ക്ക് ആവശ്യമുള്ള ജലം ഉറപ്പുവരുത്തുന്നതിന് റിവർ ബേസിൻ മാനേജ്മന്റ് മുഖേന പരിപാടികൾ സംയോജിപ്പിക്കുന്നതാണ്.

വകുപ്പിന്റെ ഡാം സൈറ്റുകളും റിസർവോയറുകളും PPP മാതൃകയിൽ പരിസ്ഥിതി സൗഹൃദ സൗകര്യങ്ങളോടുകൂടി ജലസേചന വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് ഉപയോഗിക്കും. കൂടാതെ ജലവിതരണത്തിന്റെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി അണക്കെട്ടുകൾ, കനാൽ ശൃംഖലകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കും പുനരുജ്ജീവനത്തിനും വേണ്ടിയുള്ള ഡാം സുരക്ഷാ നടപടികൾ വകുപ്പ് ഏറ്റെടുക്കും.

ജലസേചനം, വെള്ളപ്പൊക്കനിയന്ത്രണം, തീരദേശസംരക്ഷണം എന്നീ മേഖലയ്ക്കായി 2025-26 ബജറ്റിൽ 60985.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ സംസ്ഥാന വിഹിത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള സംസ്ഥാനവിഹിതം, സംസ്ഥാനത്തിന് പുറമെനിന്നുള്ള ധനസഹായം (ഇഎപി), ഗ്രാമീണ അടിസ്ഥാനസൗകര്യ വികസനനിധി (ആർ.ഐ.ഡി.എഫ്) എന്നിവ ഉൾപ്പെടുന്നു. ഈ മേഖലയിൽ 2025-26-ൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**2025-26 ബജറ്റിൽ ഉപമേഖലാ തലത്തിലുള്ള വകയിരുത്തൽ**

| ക്രമ നമ്പർ | ഉപമേഖല | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | **വൻകിട – ഇടത്തരം ജലസേചനം** | **23932.00** |
| 2 | **ചെറുകിടജലസേചനം** | **19096.00** |
| | i. ഭൂഗർഭജലവികസനം | 3618.00 |
| | ii. ഉപരിതലജലവികസനം | 15478.00 |
| 3 | **കമാന്റ് ഏരിയ വികസനം** | **150.00** |
| 4. | **വെള്ളപ്പൊക്കനിയന്ത്രണവും തീരദേശസംരക്ഷണവും** | **17807.00** |
| | i. വെള്ളപ്പൊക്കനിയന്ത്രണം | 16100.00 |
| | ii.തീരദേശസംരക്ഷണം | 1707.00 |
| | **ആകെ** | **60985.00** |

## 4.1 വൻകിട–ഇടത്തരം ജലസേചനം

സംസ്ഥാനത്ത് നിലവിൽ നിർമ്മാണത്തിലുള്ള വൻകിട ഇടത്തരം ജലസേചന പദ്ധതികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികളിൽ കാലതാമസം ഉണ്ടായതായി കാണപ്പെടുന്നു. പദ്ധതി പൂർത്തീകരണത്തിലെ കാലതാമസം, ഭൂവിനിയോഗ രീതിയിലെ മാറ്റങ്ങൾ, ഭൂമി ലഭ്യമാകുന്നതിലെ ബുദ്ധിമുട്ടുകൾ, സമാനമായ മറ്റ് പ്രശ്നങ്ങൾ എന്നിവ കണക്കിലെടുത്ത് ഈ പദ്ധതികൾ ഘട്ടം ഘട്ടമായും സമയബന്ധിതമായും പൂർത്തിയാക്കാൻ നടപടികൾ കൈക്കൊള്ളുന്നതാണ്. പദ്ധതി ചെലവുകൾ പ്ലാൻ വിഹിതത്തിൽ ഉൾപ്പെടുന്നുവെങ്കിലും, പദ്ധതി നടത്തിപ്പിന്റെ ഭാഗമല്ലാത്ത ഭരണ ചെലവുകളും, ശമ്പളവും പ്ലാനിന്റെ ഭാഗമാകില്ല.

ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന വൻകിട ഇടത്തരം ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി തുക അനുവദിക്കുന്നതിനായി ബൃഹത്തായ ഒരു പദ്ധതി വളരെ അത്യാവശ്യമാണ്. ആയതിനാൽ, ജലസേചന പദ്ധതികളിൽ വലിയ തോതിലുള്ള മൂലധന നിക്ഷേപം നടത്തേണ്ടതാണ്. ജലസേചനപദ്ധതികളുടെ കനാൽ ശൃംഖലകളുടെ നവീകരണത്തിനും പ്രാധാന്യം നൽകിയിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കമ്മീഷൻ ചെയ്യുന്നതിനുമായി, 2025–26 കാലയളവിൽ തെരഞ്ഞെടുത്ത പദ്ധതികൾക്കായി നബാർഡ് ആർഐഡിഎഫിൽ ഉൾപ്പെടുത്തി വർദ്ധിപ്പിച്ച തുക വകയിരുത്തിയിരിക്കുന്നു. ഇതിനായി സമഗ്രമായ ഒരു പ്രോജക്ട് പ്രൊപ്പോസൽ വകുപ്പ് തയ്യാറാക്കുകയും നബാർഡിന് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

**1. ഇടമലയാർ ജലസേചന പദ്ധതി (നബാർഡ് ആർ.ഐ.ഡി.എഫ്)**

**(വിഹിതം: 3000.00 ലക്ഷം രൂപ)**

ഇടമലയാർ പദ്ധതി മുഖേന 14394 ഹെക്ടർ (നനവുള്ളതും, വരണ്ടതുമായ) പ്രദേശത്ത് ജലസേചനം ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇടമലയാർ ജലവൈദ്യുത പദ്ധതിയിൽ നിന്നും പുറത്തേക്ക് വിടുന്ന ജലമാണ് ജലസേചനാവശ്യത്തിന് ഉപയോഗിക്കുന്ന സ്രോതസ്സ്. പെരിയാർ ബാരേജിൽ നിന്നും തുടങ്ങി വലത്തോട്ടുള്ള കനാലിന്റെ നിർമ്മാണമാണ് പദ്ധതിയുടെ പ്രധാന ഘടകം. ഈ പ്രധാന കനാൽ രണ്ടായി തിരിയുന്നു – 27.25 കിലോമീറ്റർ ദൈർഘ്യമുള്ള ഒരു ലോലെവൽ കനാലും, 7.58 കി.മീ. ദൈർഘ്യമുള്ള ഒരു ലിങ്ക് കനാലും. 1981 ൽ ആരംഭിച്ച ഈ പദ്ധതിയുടെ കണക്കാക്കിയ അടങ്കൽ 1785.00 ലക്ഷം രൂപയായിരുന്നു.

ലോ ലെവൽ കനാലിന്റെ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. എം.സി റോഡ് ക്രോസ്സിങ്ങിന്റെ ഭാഗത്തുള്ള പ്രവൃത്തികൾ 'പുഷ്ത്രൂ' രീതി അവലംബിച്ച് പൂർത്തീകരിച്ചതിലൂടെ ലോ ലെവൽ കനാലിന്റെ (എൽ.എൽ.സി) Ch.12540 മീറ്റർ വരെ ജലം ലഭ്യമാക്കുവാൻ സാധിച്ചു. ഇന്ത്യൻ റെയിൽവെ നടപ്പിലാക്കുന്ന റെയിൽവെ ക്രോസിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചു. Ch. 14623–ലെ ഫ്ലഷ് എസ്കേപ്പ് പ്രവൃത്തികൾ പൂർത്തിയാക്കി ലോ ലെവൽ കനാലിലൂടെയുള്ള ജലവിതരണം പൂർണ്ണമായും സാദ്ധ്യമായി.

2025-26 ബജറ്റിൽ 3000.00 ലക്ഷം രൂപയാണ് ആർ.ഐ.ഡി.എഫിൽ വകയിരുത്തിയിരിക്കുന്നത്. ഇടമലയാർ ജലസേചന പദ്ധതിയുടെ ലോ ലെവൽ കനാലിൽ റെയിൽവെ ക്രോസ്സിങ്ങ് പ്രവൃത്തിയുൾപ്പടെ പദ്ധതി പൂർത്തീകരണത്തിനായി അവശേഷിക്കുന്ന പ്രവൃത്തികൾക്കും, പദ്ധതി പൂർത്തീകരണത്തിനാവശ്യമായ നവീകരണ പുനരുദ്ധാരണ പ്രവൃത്തികൾക്കുമാണ് തുക അനുവദിച്ചിരിക്കുന്നത്. പൂർത്തിയാക്കാൻ അവശേഷിക്കുന്ന മുഴുവൻ ജോലികളും ഉൾക്കൊള്ളുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.

**2. മൂവാറ്റുപുഴവാലി ജലസേചനപദ്ധതി (നബാർഡ് ആർ.ഐ.ഡി.എഫ്)**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

ഇടുക്കി ജല വൈദ്യുത പദ്ധതിയിൽ നിന്നും പുറംതള്ളപ്പെടുന്ന ജലം ഉപയോഗിച്ച് എറണാകുളം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലായി ജലസേചനം നടത്തുന്നതിനും, വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും, വ്യാവസായികാവശ്യത്തിനും, ജലസേചിതപ്രദേശത്തെ ഭൂഗർഭ ജലനിരപ്പ് പുനരുജ്ജീവിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. 1974-ൽ ആരംഭിച്ച ഈ പദ്ധതിയുടെ യഥാർത്ഥ അടങ്കൽ 2086.00 ലക്ഷം രൂപയായിരുന്നു.

മൂവാറ്റുപുഴവാലി ജലസേചനപദ്ധതിയുടെ കമ്മീഷനിംഗ് 10.07.2020-ൽ നടക്കുകയുണ്ടായി (ഇടയാർ, കാരിക്കോട് വിതരണശൃംഖലകൾ ഒഴികെ). പദ്ധതിയിലൂടെ വിഭാവനം ചെയ്തിരുന്ന അയാക്കട്ട് 35619 ഹെക്ടറും (മൊത്തം), 18173 ഹെക്ടറും (അറ്റ) ആയിരുന്നു. പദ്ധതി കമ്മീഷൻ ചെയ്ത തീയതി പ്രകാരം കൈവരിച്ച നേട്ടം 33670 ഹെക്ടറും (മൊത്തം) 17179 ഹെക്ടറും (അറ്റ) ആണ്.

2025-26 ബജറ്റിൽ 1000.00 ലക്ഷം രൂപയാണ് ആർ.ഐ.ഡി. എഫിൽ വകയിരുത്തിയിരിക്കുന്നത്. കാരിക്കോട് വിതരണശൃംഖല, പിറവം ശാഖാകനാൽ എന്നിവയുടെ ബാക്കി പ്രവൃത്തികൾക്കും, പദ്ധതി പൂർത്തീകരണത്തിനാവശ്യമായ കനാൽ നവീകരണ പുനരുദ്ധാരണ പ്രവൃത്തികൾക്കുമാണ് ആർ.ഐ.ഡി.എഫിൽ തുക വകയിരുത്തിയിരിക്കുന്നത്. പൂർത്തിയാക്കാൻ അവശേഷിക്കുന്ന മുഴുവൻ ജോലികളും ഉൾക്കൊള്ളുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് ആർ.ഐ.ഡി.എ.ഫിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.

**3. കാവേരി നദീതടപദ്ധതികൾ**

കാവേരി ട്രിബ്യൂണൽ അവാർഡ് പ്രകാരം, കാവേരിനദിയിലെ 726 ടി.എം.സി ജലത്തിൽ, 30 ടി.എം.സി ജലം സംസ്ഥാനത്തിന് 2007 ൽ അനുവദിച്ചിരുന്നു. ഇതിൽ 21 ടി.എം.സി. കബനി സബ് ബേസിനിലും 6 ടി.എം.സി. ഭവാനി സബ് ബേസിനിലും, 3 ടി.എം.സി പാമ്പാർ ബേസിനിലും ഉൾപ്പെടുന്നു. ഏകദേശം 81155 ച.കി.മീ. വരുന്ന കാവേരി നദീതടപ്രദേശം കർണ്ണാടക, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ പോണ്ടിച്ചേരിയിലും ആയി വ്യാപിച്ചു കിടക്കുന്നു. ഇതിൽ കേരളത്തിലെ വൃഷ്ടിപ്രദേശം 2866 ച.കി.മീ. ആണ്. ജലവിഭവങ്ങളുടെ വിനിയോഗത്തിനായി ഇടത്തരം ചെറുകിട ജലസേചന പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു നദീതട വികസന പദ്ധതി നടപ്പിലാക്കുന്നതാണ്.

**(എ) കബനി ഉപനദീതടം**

കാരാപ്പുഴ പദ്ധതിയും, ബാണാസുര സാഗർ പദ്ധതിയുമാണ് കബനി ഉപനദീതടത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 2 ഇടത്തരം ജലസേചന പദ്ധതികൾ.

**(i) കാരാപ്പുഴ ജലസേചന പദ്ധതി (നബാർഡ് ആർ.ഐ.ഡി.എഫ്)**

**(വിഹിതം: 2700.00 ലക്ഷം രൂപ)**

അഞ്ചാം പഞ്ചവൽസര പദ്ധതിക്കാലത്ത് വയനാട് ജില്ലയിൽ ആരംഭിച്ച ആദ്യ ജലസേചന പദ്ധതിയാണ് കാരാപ്പുഴ ജലസേചനപദ്ധതി. കാരാപ്പുഴയ്ക്ക് കുറുകെ വഴവറ്റ എന്ന സ്ഥലത്ത് ഒരു അണക്കെട്ട് നിർമ്മിച്ച് വയനാട് ജില്ലയിലെ 5221 ഹെക്ടർ (അറ്റ) സ്ഥലത്ത് ജലസേചനമെത്തിക്കുവാൻ ലക്ഷ്യമിട്ടുള്ള ഒരു പദ്ധതിയാണിത്. ഈ പദ്ധതിക്ക് 1978-ൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. മേയ്-ജൂൺ മാസങ്ങളിലും, രണ്ടാംവിള കാലഘട്ടത്തിലും ജലസേചനസൗകര്യം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 1978-ൽ 760.00 ലക്ഷം രൂപയ്ക്ക് ആസൂത്രണകമ്മീഷൻ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ പ്രധാന പ്രവൃത്തികൾ പൂർത്തീകരിച്ചുകൊണ്ട്, 20.06.2010-ൽ ഭാഗികമായി കമ്മീഷൻ ചെയ്യുകയുണ്ടായി. 56000.00 ലക്ഷം രൂപയാണ് ഭേദഗതി ചെയ്ത അടങ്കൽ തുക.

2025-26 ബജറ്റിൽ 2700.00 ലക്ഷം രൂപയാണ് ആർ.ഐ.ഡി.എഫിൽ വകയിരുത്തിയിരിക്കുന്നത്. കാരാപ്പുഴ പദ്ധതിയുടെ കോട്ടൂർ ശാഖാ കനാലിന്റെ പ്രവൃത്തികൾ, പദ്ധതിയുടെ എല്ലാ വിതരണശൃംഖലകളുടെയും നിർമ്മാണപ്രവർത്തനങ്ങൾ, കാരാപ്പുഴ റിസർവ്വോയറിന്റെ സംഭരണ ശേഷി

പൂർണ്ണതോതിൽ എത്തിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഉൾപ്പെടെ കാരാപ്പുഴ പദ്ധതിയിൽ ശേഷിക്കുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിനും, പദ്ധതി പൂർത്തീകരണത്തിനാവശ്യമായ കനാൽ നവീകരണ പുനരുദ്ധാരണ പ്രവൃത്തികൾക്കുമാണ് ആർ.ഐ.ഡി.എഫിൽ തുക വകയിരുത്തിയിരിക്കുന്നത്. പൂർത്തിയാക്കാൻ അവശേഷിക്കുന്ന മുഴുവൻ ജോലികളും ഉൾക്കൊള്ളുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.

**(ii) ബാണാസുരസാഗർ ജലസേചനപദ്ധതി (നബാർഡ് ആർ.ഐ.ഡി. എഫ്)**

**(വിഹിതം: 2000.00 ലക്ഷം രൂപ)**

ബാണാസുരസാഗർ ജലസേചന പദ്ധതിയിലൂടെ 2800 ഹെക്ടർ സ്ഥലത്ത് രണ്ടും മൂന്നും വിളകൾക്ക് ജലസേചനമെത്തിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. വയനാട് ജില്ലയിൽ പനമരം നദിയുടെ ശാഖയായ കരമൻതോടിനു കുറുകെ വൈദ്യുതി ബോർഡ് അണക്കെട്ട് നിർമ്മിച്ചിരിക്കുന്നു. 1999-ൽ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് 3788.00 ലക്ഷം രൂപയ്ക്കാണ്. കാവേരി ട്രിബ്യൂണൽ അവാർഡ് പ്രകാരം ബാണാസുരസാഗർ പദ്ധതിയ്ക്ക് അനുവദിച്ചിരിക്കുന്നത് 0.84 റ്റി.എം.സി ജലമാണ്. 2.73 കി.മീ നീളത്തിലുള്ള പ്രധാനകനാലും, പടിഞ്ഞാറത്തറ, വെണ്ണിയോട് എന്നീ രണ്ട് ശാഖാ കനാലുകളുമാണുള്ളത്.

2025-26 ബജറ്റിൽ 2000.00 ലക്ഷം രൂപയാണ് ആർ.ഐ.ഡി.എഫിൽ വകയിരുത്തിയിരിക്കുന്നത്. വെണ്ണിയോട്, പടിഞ്ഞാറത്തറ ശാഖാ കനാലുകളുടെ ശേഷിക്കുന്ന പ്രവൃത്തികളും, വിതരണശൃംഖലകളുടെ പ്രവൃത്തികളും ഉൾപ്പെടെ ബാണാസുര സാഗർ പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിനും, പദ്ധതി പൂർത്തീകരണത്തിനാവശ്യമായ കനാൽ നവീകരണ പുനരുദ്ധാരണ പ്രവൃത്തികൾക്കുമാണ് തുക വകയിരുത്തിയിരിക്കുന്നത്. പൂർത്തിയാക്കാൻ അവശേഷിക്കുന്ന മുഴുവൻ ജോലികളും ഉൾക്കൊള്ളുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.

**(iii) കാവേരി നദീതടത്തിലെ ചെറുകിട ജലസേചനപദ്ധതികൾ**

**(വിഹിതം: 260.00 ലക്ഷം രൂപ)**

ചെക്ക്ഡാമുകൾ നിർമ്മിച്ചും, മറ്റ് മാർഗ്ഗങ്ങളിലൂടെയുമുള്ള നദികളുടെ പുനരുദ്ധാരണത്തിനാണ് ജലപരിപാലനത്തിൽ മുൻഗണന നൽകുന്നത്. ചെറുകിട ജലസേചനപദ്ധതികൾ നടപ്പിലാക്കാൻ വയനാടിന്റെ ഭൂപ്രകൃതി അനുയോജ്യമാണ്. ജലസേചനത്തിനും, കുടിവെള്ളത്തിനും, ഭൂഗർഭജലം പുനരുജ്ജീവിപ്പിക്കുന്നതിനും ഇത് സഹായകരമാകുന്നു. കാവേരി നദീതടത്തിലെ കുളങ്ങളുടെ പുനരുദ്ധാരണമുൾപ്പടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ, കബനി, പാമ്പാർ നദീതടത്തിലെ ചെറിയ അരുവികളുടെ സമഗ്ര വികസനം, തടയണകളുടെ നിർമ്മാണം, ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികൾ, ജലം സംഭരിക്കുന്നതിനുള്ള നിർമ്മിതികൾ എന്നിവ നടപ്പിലാക്കാവുന്നതാണ്. ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ മഴ നിഴൽ പ്രദേശങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതാണ്. കാവേരിനദീതടത്തിലെ ചെറുകിട ജലസേചന പദ്ധതികൾക്കായി 2025-26 ബജറ്റിൽ 260.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ബി) ഭവാനി നദീതടം - അട്ടപ്പാടിയിൽ ചെക്ക്ഡാമുകളുടെ നിർമ്മാണം**

**(വിഹിതം: 180.00 ലക്ഷം രൂപ)**

പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ ചെക്ക് ഡാമുകൾ (തടയണ) നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. ചെറുകിട ജലസേചന പദ്ധതികളായ തടയണകളും, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നടപ്പിലാക്കുവാൻ അനുയോജ്യമായ ഭൂപ്രകൃതിയാണ് ഭവാനി ഉപനദീതടത്തിലുള്ളത്. അട്ടപ്പാടിപ്രദേശത്ത് ജലസേചനത്തിനും, കുടിവെള്ളത്തിനും, ഭൂഗർഭജലം പുനരുജ്ജീവിപ്പിക്കുന്നതിനും ഇത് സഹായകരമാകുന്നു. ഭവാനി നദീതടത്തിൽ ചെറുകിട ജലസേചന പദ്ധതികൾ നിർമ്മിക്കുന്നതിനായി 2025-26 ബജറ്റിൽ 180.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പട്ടികവർഗ്ഗ പ്രദേശങ്ങൾക്ക് ഗുണപ്രദമായ രീതിയിൽ കുളങ്ങൾ നിർമ്മിക്കുന്നതിനും, തടയണകൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, ജലം ശേഖരിക്കുന്ന നിർമ്മിതികൾ മുതലായ ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി തുക വകയിരുത്തിയിരിക്കുന്നു. ഭരണാനുമതി നൽകുന്നതിനുവേണ്ടി ഭൗതിക ലക്ഷ്യങ്ങൾ വ്യക്തമായി സമർപ്പിക്കേണ്ടതാണ്. ഭൗതികവും സാമ്പത്തികവുമായ പദ്ധതി പുരോഗതി സെക്രട്ടറി തലത്തിൽ അവലോകനം ചെയ്യുകയും പദ്ധതി പൂർത്തീകരണത്തിനായി ഒരു കർമ്മ പദ്ധതി രൂപീകരിക്കുകയും ചെയ്യുന്നതാണ്.

**(സി) പാമ്പാർ നദീതട പദ്ധതികൾ**

**(i) പട്ടിശ്ശേരി പദ്ധതി**

**(വിഹിതം: 1700.00 ലക്ഷം രൂപ)**

2007-ൽ കാവേരി ട്രിബ്യൂണൽ അവാർഡ് പ്രകാരം കേരളത്തിന് 30 ടി.എം.സി ജലം അനുവദിച്ചതിൽ 3 ടി.എം.സി. ജലമാണ് പാമ്പാർ നദീതടത്തിൽ ലഭ്യമാകുന്നത്. ചെങ്കളാർ പദ്ധതിയുടെ

ഭാഗമായി പട്ടിശ്ശേരി ഡാമിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും, കനാൽ സംവിധാനത്തിനുമായി 2013 മാർച്ചിൽ, 2600.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. 2019-ൽ പുതുക്കിയ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചു. 4282.71 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭിച്ചു.

ചെങ്ങളാർ പദ്ധതിയുടെ കീഴിലുള്ള പട്ടിശ്ശേരി ഡാമിന്റെയും കനാൽ ശൃംഖലയുടെയും പ്രവൃത്തികൾ പൂർത്തീകരിക്കാനായി 1700.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു. റോക്ക്ഫിൽ ഡാമിന്റെ പ്രവൃത്തികളും, സാഡിൽ ഡാമിനുള്ള കൗണ്ടർഫോർട്ട് സംരക്ഷണ ഭിത്തിയുമാണ് വിഭാവനം ചെയ്യുന്ന പ്രവൃത്തികൾ. ഈ തുക മുഴുവനായും പദ്ധതി ആവശ്യത്തിനാണ്. ശമ്പളവും, ഭരണചെലവും ഇതിന്റെ ഭാഗമല്ല. പദ്ധതിയുടെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി സെക്രട്ടറി തലത്തിൽ അവലോകനം ചെയ്യുന്നതാണ്.

**(ii) ലോവർ ചട്ടമൂന്നാർ ഡാമിന്റെ നിർമ്മാണം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

തലയാർ പദ്ധതിയുടെ കീഴിലാണ് ലോവർ ചട്ടമൂന്നാർ ഡാമിന്റെ നിർമ്മാണ പ്രവൃത്തികൾ വിഭാവനം ചെയ്തിരിക്കുന്നത്. നിർദ്ദിഷ്ട സ്ഥലത്തിന്റെ കോണ്ടൂർ സർവ്വെ പൂർത്തിയായി. ജിഎസ്ഐയിൽ നിന്നുള്ള ജിയോളജിസ്റ്റുകളുടെ ശിപാർശ പ്രകാരം അണക്കെട്ടിന്റെ നിർദ്ദിഷ്ട സ്ഥലത്ത് മണ്ണ് പരിശോധനയും പൂർത്തീകരിച്ചു. ജിഎസ്ഐയിൽ നിന്നുള്ള ജിയോളജിസ്റ്റുകൾ ശുപാർശ ചെയ്തതനുസരിച്ച് കൂടുതൽ പര്യവേഷണ പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

കനാൽ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക മുഴുവനായും പദ്ധതി ആവശ്യത്തിനാണ്, ഭരണ ചെലവുകൾ ഇതിന്റെ ഭാഗമല്ല.

**(iii) തലച്ചൂർക്കടവിൽ വെയർ, ഫോർബേ ടാങ്ക് നിർമ്മാണവും, തലച്ചൂർക്കടവിൽ നിന്നും പട്ടിശ്ശേരിയിലേക്കുള്ള ചെങ്ങളാർ ഡൈവേർഷൻ പദ്ധതിയും, പട്ടിശ്ശേരി ഡാമിന് ഫെൻസിങ് ഉൾപ്പെടെയുള്ള റിങ് റോഡ്**

**(വിഹിതം: 832.00 ലക്ഷം രൂപ)**

ചെങ്ങളാറിൽ നിന്നും അധികജലം പട്ടിശ്ശേരി റിസർവോയറിലേക്ക് തിരിച്ചുവിടുന്നതിനായി തലച്ചൂർക്കടവിൽ ചെങ്ങളാർ തോടിന് കുറുകെ ചെക്ക് ഡാം നിർമ്മിച്ച് വർഷം മുഴുവൻ ജലവിതരണം ലഭ്യമാക്കുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പട്ടിശ്ശേരി പദ്ധതിയിലൂടെ ലഭ്യമാകുന്ന അയാക്കട്ട് വിപുലീകരിക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. തലച്ചൂർക്കടവിൽ വെയർ, ഫോർബേ ടാങ്ക് എന്നിവയുടെ നിർമ്മാണത്തിനായി 2025-26 ബജറ്റിൽ 666.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടിശ്ശേരി അണക്കെട്ടിന് ചുറ്റുമുള്ള റിംഗ് റോഡ് സംവിധാനത്തിന്റെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 166.00 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു.

**4. ചമ്രവട്ടത്ത് റെഗുലേറ്റർ കം ബ്രിഡ്ജ്**

**(വിഹിതം: 250.00 ലക്ഷം രൂപ)**

ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് ഒരു വിവിധോദ്ദേശ്യ ഇടത്തരം ജലസേചനപദ്ധതിയാണ്. പൊന്നാനി, തിരൂർ താലൂക്കുകളിൽ ജലസേചനത്തിനാവശ്യമായ ജലം ഇതിലൂടെ ലഭിക്കുന്നതാണ്. 9 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽക്കൂടി 4344 ഹെക്ടർ അയാക്കട്ട് (മൊത്തം) കൈവരിക്കുവാൻ സാധിക്കും. 30.06.2008-ൽ 11300.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും, 31.01.2013 ൽ 13427.00 ലക്ഷം രൂപയ്ക്ക് പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭിക്കുകയും ചെയ്തു. ആർ.സി.ബി-യുടെ ഡൗൺസ്ട്രീമിൽ പൈപ്പിംഗ് ഇഫക്റ്റ് ശ്രദ്ധയിൽപ്പെട്ടതു കാരണം റിസർവോയറിൽ ജലം ശേഖരിക്കുന്നത് തടസ്സപ്പെട്ടിരുന്നു. ഡൽഹി ഐഐടിയുടെ റിപ്പോർട്ട് അനുസരിച്ച് ചമ്രവട്ടം റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

ചമ്രവട്ടം ആർ.സി.ബിക്ക് 250.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു. ഐ.ഡി.ആർ.ബി ഡിസൈൻ പ്രകാരം നിലവിലുള്ള നവീകരണ പ്രവർത്തനങ്ങൾക്കും, റെഗുലേറ്ററിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ട സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ അറ്റകുറ്റ പണികൾക്കുമായാണ് ബജറ്റ് വിഹിതം വകയിരുത്തിയിരിക്കുന്നത്. ഈ തുക മുഴുവനായും പദ്ധതി ആവശ്യത്തിനാണ്. ഭരണചെലവുകൾ ഇതിന്റെ ഭാഗമല്ല. പദ്ധതിയുടെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി സെക്രട്ടറി തലത്തിൽ അവലോകനം ചെയ്യുകയും പദ്ധതി പൂർത്തീകരണത്തിനായി ഒരു കർമ്മ പദ്ധതി രൂപീകരിക്കുകയും ചെയ്യുന്നതാണ്.

## 5. കാഡാ കനാലുകളുടെയും ഫീൽഡ് ചാനലുകളുടെയും ഡ്രെയിനുകളുടേയും നവീകരണം

**(വിഹിതം: 1410.00 ലക്ഷം രൂപ)**

ചിറ്റൂർപ്പുഴ, മലമ്പുഴ, മംഗലം, പോത്തുണ്ടി, കുറ്റിയാടി, ഗായത്രി, വാളയാർ എന്നിവയുടെ നവീകരണമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തെരഞ്ഞെടുത്ത ചാനലുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിലൂടെയും, ചോർച്ചകൾ തടയുന്നതിലൂടെയും കൃഷിയിടങ്ങളിലേയ്ക്ക് ചാനലുകളിലൂടെ പൂർണ്ണമായി ജലവിതരണം സാധ്യമാകും. വെള്ളക്കെട്ട് മൂലമുള്ള പ്രശ്നങ്ങൾ ഒരു പരിധി വരെ നിയന്ത്രിക്കുവാനും സാധിക്കും.

മംഗലം, മലമ്പുഴ, പോത്തുണ്ടി, ചിറ്റൂർപ്പുഴ, കുറ്റിയാടി, ഗായത്രി, വാളയാർ, കല്ലട എന്നീ പദ്ധതികളുടെ നവീകരണ പ്രവൃത്തികളിലൂടെ കൂടുതൽ അയാക്കട്ട് കൈവരിക്കുവാൻ 2025-26 ൽ ലക്ഷ്യമിടുന്നു. നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 1410.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു. ആകെയുള്ള വിഹിതത്തിൽ നിന്നും 200.00 ലക്ഷം രൂപ കല്ലട ജലസേചന പദ്ധതിയുടെ ഡാമിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി വകയിരുത്തിയിരിക്കുന്നു. പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്ന അയാക്കട്ടിന്റെ ഭൗതിക ലക്ഷ്യങ്ങൾ ഭരണാനുമതിയ്ക്കായി സമർപ്പിക്കുമ്പോൾ വ്യക്തമാക്കേണ്ടതാണ്. പദ്ധതിയുടെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി സെക്രട്ടറി തലത്തിൽ അവലോകനം ചെയ്യുകയും പദ്ധതി പൂർത്തീകരണത്തിനായി ഒരു കർമ്മ പദ്ധതി രൂപീകരിക്കുകയും ചെയ്യുന്നതാണ്.

## 6. ജലസേചന പദ്ധതികളുടെ പര്യവേഷണം

**(വിഹിതം: 234.00 ലക്ഷം രൂപ)**

ജലസേചന പദ്ധതികൾ ആരംഭിക്കുന്നതിന് ആവശ്യമായ പര്യവേഷണം നടത്തുന്നതിനും, വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും, പ്രോജക്ട് റിപ്പോർട്ടുകൾ പുതുക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. അട്ടപ്പാടി ജലസേചന പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം, കടമാൻതോട്, തോണ്ടാർ പദ്ധതികളുടെ ഡിപിആർ തയ്യാറാക്കൽ എന്നിവയും പദ്ധതിയിലൂടെ 2025-26 ൽ വിഭാവനം ചെയ്യുന്നു. ജലസേചന പദ്ധതികളുടെ പര്യവേഷണ പ്രവർത്തനങ്ങൾക്കായി 234.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

## 7. സിഡബ്ല്യുആർഡിഎംന് സഹായം

**(വിഹിതം: 30.00 ലക്ഷം രൂപ)**

ഉപയോക്തൃ വകുപ്പുകൾക്കായി ജലവിഭവ മാനേജ്മന്റ് പരിശീലനം നടത്തുന്ന കേരളത്തിലെ സംസ്ഥാനതല സ്ഥാപനമാണ് സിഡബ്ല്യുആർഡിഎം. USAID പ്രോജക്ടിന്റെ സഹായത്തോടെ ജലസേചന മാനേജ്മന്റ് ട്രെയിനിംഗ് പ്രോജക്റ്റിന് (IMTP) കീഴിൽ, സിഡബ്ല്യുആർഡിഎം അമേരിക്കയിലെ UTAH സ്റ്റേറ്റ് യൂണിവേഴ്സിറ്റിയുമായി ചേർന്ന് 'ഡ്രിപ്പ് & സ്പ്രിംഗ്ളർ ഇറിഗേഷൻ സിസ്റ്റം ഡിസൈൻ ആൻഡ് ലേഔട്ട്' എന്നതിനെക്കുറിച്ച് ദേശീയ തല പരിശീലന പരിപാടി സംഘടിപ്പിച്ചു. ഈ പരിശീലന പരിപാടിയുടെ പേര് പിന്നീട് വാട്ടർ റിസോഴ്സ് മാനേജ്മന്റ് ആൻഡ് ട്രെയിനിംഗ് പ്രോജക്ട് (WRMTP) എന്ന് പുനർനാമകരണം ചെയ്തു. ജലസേചന കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ഉദ്യോഗസ്ഥർക്കും സജീവമായ പരിശീലനം നൽകുന്നതിലൂടെയും പ്രവർത്തന ഗവേഷണ പരിപാടികളിലൂടെയും ജലസേചന സാധ്യതകൾ തമ്മിലുള്ള വിടവ് നികത്താൻ WRMTP വിഭാവനം ചെയ്യുന്നു.

ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും എഞ്ചിനീയർമാർക്കും പ്രസക്തമായ വിഷയങ്ങളിൽ സിഡബ്ല്യുആർഡിഎം പരിശീലനം നൽകി വരുന്നു. ജലവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ എല്ലാ വർഷവും 25 മുതൽ 30 വരെ കോഴ്സുകൾ WRMTP-യുടെ കീഴിൽ നടത്തപ്പെടുന്നു. സംസ്ഥാനത്തെ സേവന വകുപ്പുകൾക്കായി ഇതിനകം 800 ഓളം പരിശീലന പരിപാടികൾ നടത്തുകയും 10,000 ത്തിലധികം ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ/എഞ്ചിനീയർമാർ, പ്രത്യേകിച്ച് സംസ്ഥാന ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലന നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ട്. സംസ്ഥാനതല പരിശീലന ഉപദേശക സമിതിയുടെ (ടിഎസി) അംഗീകാരത്തോടെ വാർഷിക പരിശീലന കലണ്ടറും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പരിശീലന പരിപാടികളുമായി ബന്ധപ്പെട്ട ചെലവുകൾക്കായി, 2025-26 ബജറ്റിൽ പദ്ധതിക്കായി 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 8. ജലസേചന വകുപ്പിലെ പ്രത്യേക പരിശീലന പരിപാടികളും വകുപ്പിന്റെ നവീകരണവും

**(വിഹിതം: 190.00 ലക്ഷം രൂപ)**

ജലസേചന വകുപ്പിലെ സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് രൂപകൽപനകൾ തയ്യാറാക്കുന്നതിലും, പദ്ധതി ആസൂത്രണത്തിലും, മേൽനോട്ടത്തിലും വിദഗ്ധ പരിശീലനം നൽകുന്നതിനുമായി ഐ.ഐ.റ്റി, മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായ സ്ഥാപനങ്ങളിലൂടെ പരിശീലനം നൽകാൻ ലക്ഷ്യമിടുന്നു. ഈ വകുപ്പിലെ സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി 2025-26 ബജറ്റിൽ 40.00 ലക്ഷം രൂപ വകയിരുത്തുന്നു.

വകുപ്പിന്റെ നവീകരണ പ്രവർത്തനങ്ങൾക്കും, ഇ-ഗവേർണൻസ് സംരംഭങ്ങൾക്കുമായി 2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലാൻ കണക്റ്റിവിറ്റി മുഖേന ജലസേചന വകുപ്പിന് കീഴിലുള്ള ഓഫീസുകളെ സംയോജിപ്പിക്കുക, KSWAN-മായി ബന്ധിപ്പിക്കുക, വകുപ്പിന്റെ ഓഫീസുകളിൽ ഇ-ഫയലിംഗ് സംവിധാനം നടപ്പിലാക്കുക എന്നിവയാണ് ഉദ്ദേശിക്കുന്നത്. ഇലക്ട്രോണിക് രീതികളിൽക്കൂടി വകുപ്പിന്റെ ആസ്തികൾ സൂക്ഷിക്കുന്നതിനും, ഇലക്ട്രോണിക് ആസ്തികൾ പരിപാലിക്കുന്നതിനും, സേവനാവകാശ നിയമങ്ങൾ നടപ്പിലാക്കുന്നതിനും, ഇ-ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്കും വേണ്ടിയാണ് തുക വകയിരുത്തിയിരിക്കുന്നത്.

## 9. പോസ്റ്റ്ഫാക്ടോ ഇവാല്വേഷൻ (ജലസേചന പദ്ധതികളുടെ തേർഡ് പാർട്ടി ഇവാല്വേഷൻ)

**(വിഹിതം: 26.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ, പ്രത്യേകിച്ച് ജലസേചന പദ്ധതികളുടെ നിർവ്വഹണത്തിൽ, വളരെയധികം കാലതാമസമുണ്ടാകുന്നതായി നിരീക്ഷിച്ചിട്ടുണ്ട്. എല്ലാ ജലസേചന പദ്ധതികളുടെയും (വൻകിട, ഇടത്തരം, സൂക്ഷ്മ ജലസേചന പദ്ധതികൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ) അവലോകനം നടപ്പിലാക്കുന്നതിനുവേണ്ടിയാണ് തുക വകയിരുത്തിയിരിക്കുന്നത്. തേർഡ് പാർട്ടി ഏജൻസി മുഖേന ആയിരിക്കണം പദ്ധതികളുടെ നിരീക്ഷണം നടപ്പിലാക്കേണ്ടത്. മേഖലയിൽ പ്രാവീണ്യമുള്ളതും, സ്വതന്ത്രമായി പ്രവർത്തിക്കുന്നതുമായ ഒരു ഏജൻസി മുഖേനയായിരിക്കണം ഇത് നടപ്പിലാക്കേണ്ടത്. സർക്കാർ മേഖലയിലുള്ള ഏജൻസിയാണ് അഭികാമ്യം. അല്ലെങ്കിൽ, ഈ മേഖലയിൽ പ്രാവീണ്യമുള്ളതും, സംസ്ഥാനത്തിനു പുറത്തുള്ള പൊതുമേഖലാ സ്ഥാപനം മുഖാന്തിരം ആയിരിക്കണം ഇത് നടപ്പിലാക്കേണ്ടത്. കോമ്പറ്റീറ്റീവ് ബിഡ്ഡിംഗിലൂടെ ആയിരിക്കണം ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത്. നിർമ്മാണത്തിലിരിക്കുന്ന എല്ലാ ജലസേചന പദ്ധതികളുടെയും, കൂടാതെ, പൂർത്തീകരിച്ച പദ്ധതികളുടെയും മേൽനോട്ടവും അവലോകനവും ഈ ഏജൻസി ഏറ്റെടുക്കേണ്ടതാണ്. അംഗീകരിച്ച സമയ പരിധിയ്ക്കും, തുകയ്ക്കുമുള്ളിൽ പദ്ധതികൾ നടപ്പിലാകുന്നുണ്ടോയെന്നും, വിശദമായ പദ്ധതി റിപ്പോർട്ടിന്റെ ഗുണനിലവാരവും പദ്ധതി വിശകലനവും, പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും സ്വീകരിക്കുന്ന പ്രക്രിയകൾ, പദ്ധതിയിൽ കൂടി ലഭിക്കുന്ന/ലഭിച്ച പ്രയോജനങ്ങൾ (പദ്ധതി ആരംഭിച്ചപ്പോൾ വിഭാവനം ചെയ്ത ലക്ഷ്യങ്ങളുമായി താരതമ്യം ചെയ്തുകൊണ്ടുള്ളതായിരിക്കണം) മുതലായ കാര്യങ്ങളാണ് നിരീക്ഷണ മേൽനോട്ട പ്രക്രിയകളിൽ ഊന്നൽ നൽകേണ്ട മേഖലകൾ. ഈ പഠനത്തിലൂടെ ജലസേചന പദ്ധതികളിൽ നിന്നുള്ള സാമൂഹിക-സാമ്പത്തിക നേട്ടങ്ങൾ വിശദമായി വിശകലനം ചെയ്യുന്നതാണ്.

പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ എട്ട് വൻകിട /ഇടത്തരം ജലസേചന പദ്ധതികളുടെ തേർഡ് പാർട്ടി ഇവാല്വേഷൻ നടത്തുന്നതിനായി സി.ഡബ്ല്യൂ.ആർ.ഡി.എം നെയാണ് വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ളത്. സി.ഡബ്ല്യൂ.ആർ.ഡി.എം ന്റെ പോസ്റ്റ്-ഫാക്ടോ ഇവാല്വേഷൻ ചെലവുകൾക്കായി 2025-26 ലെ ബജറ്റിൽ 21.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇടമലയാർ ജലസേചന പദ്ധതി, മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി എന്നിവയെക്കുറിച്ചുള്ള പഠനവും ബാഹ്യ ഏജൻസിയിലൂടെ മത്സരാധിഷ്ഠിത ബിഡ്ഡിംഗിലൂടെ തെരഞ്ഞെടുക്കാൻ 2025-26ൽ വിഭാവനം ചെയ്യുന്നു. ഇതിനായി 2025-26 ബജറ്റിൽ 5.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 10. കേരള എഞ്ചിനീയറിംഗ് ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനം-പീച്ചി - രണ്ടാംഘട്ടം

**(വിഹിതം: 110.00 ലക്ഷം രൂപ)**

ജലസേചന രീതികളിലും, പദ്ധതി രൂപകൽപ്പനയിലും ഗവേഷണം നടത്തുന്നതിന് ജലസേചന വകുപ്പിന്റെ കീഴിലുള്ള ഏക ഗവേഷണ സ്ഥാപനമാണ് പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിന് വേണ്ടിയും, അത്യാധുനിക ഉപകരണങ്ങൾ ആവശ്യാനുസരണം വാങ്ങുന്നതിനും, ഉപകരണങ്ങൾ നവീകരിക്കുന്നതിനും വേണ്ടിയാണ് തുക വകയിരുത്തിയിരിക്കുന്നത്. ലാബുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുകയെന്നതാണ് മൊത്തത്തിലുള്ള ലക്ഷ്യം. മെറ്റീരിയൽ ടെസ്റ്റിങ്ങിലൂടെ വരുമാനം വർദ്ധിപ്പിക്കുവാനും വിഭാവനം ചെയ്യുന്നു.

കെ.ഇ.ആർ.ഐ യുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും, ലാബുകളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, നവീകരണ പ്രവർത്തനങ്ങൾക്കുമായി 110.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**11. രൂപകൽപന വിഭാഗത്തിന്റെ ആധുനീകവൽക്കരണം**

**(വിഹിതം: 200.00 ലക്ഷം രൂപ)**

ജലസേചന വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകളുടെ നവീകരണവും, ഐ.ഡി.ആർ.ബിയുടെ അടിസ്ഥാന സൗകര്യ വികസനവും പദ്ധതി വിഭാവനം ചെയ്യുന്നു. ആധുനീകവൽക്കരണത്തിന്റെ ഭാഗമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സോഫ്റ്റ് വെയർ വികസിപ്പിക്കുക, സാങ്കേതിക ലൈബ്രറിയുടെ നവീകരണം, ഇലക്ട്രോണിക് ഉപകരണങ്ങളും ഇന്റർനെറ്റ് കണക്റ്റിവിറ്റി സൗകര്യങ്ങളും ലഭ്യമാക്കുക, അണക്കെട്ടുകളുടെയും ജലസംഭരണികളുടെയും ഓൺലൈൻ നിരീക്ഷണത്തിനുള്ള യന്ത്രവൽക്കരണം, രൂപകൽപ്പനയുടെ അപേക്ഷ ഓൺലൈൻവഴി സമർപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക, ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ നവീകരണം, നദീതടത്തിലെ നീരൊഴുക്കിന്റെ ഡിജിറ്റൈസേഷൻ ഇവയെല്ലാമാണ് വിഭാവനം ചെയ്യുന്നത്. ക്വാളിറ്റി കൺട്രോൾ ഡാറ്റാ മാനുവലിന്റെ രൂപീകരണം, ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ ആധുനീകവൽക്കരണം, പശ്ചാത്തല സൗകര്യങ്ങളുടെ നവീകരണം, ലാബുകളുടെ നിർമ്മാണം, ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ മെറ്റീരിയൽ ടെസ്റ്റിംഗ് ലാബുകൾക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുക, ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സഞ്ചരിക്കുന്ന യൂണിറ്റുകൾ, ഉപകരണങ്ങളും സോഫ്റ്റ് വെയറും വാങ്ങുക, ഉദ്യോഗസ്ഥർക്കുള്ള പരിശീലനം എന്നീ പ്രവൃത്തികളാണ് വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ കീഴിൽ വാഹനങ്ങൾ വാങ്ങുന്നതും നിർമ്മാണപ്രവൃത്തികളും അനുവദനീയമല്ല. രൂപകല്പന വിഭാഗത്തിന്റെ ആധുനീകവൽക്കരണത്തിന് വേണ്ടി 2025-26-ൽ ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**12. ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ആധുനീകവൽക്കരണം**

**(വിഹിതം: 110.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ ജലസമ്പത്ത് വസ്തുനിഷ്ഠമായി നിർണ്ണയിക്കുന്നതിനു വേണ്ടി ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റം ആധുനീകവൽക്കരിക്കുന്നതിന്റെ പാതയിലാണ്. റിയൽ ടൈം ഡാറ്റാ അക്വിസിഷൻ സിസ്റ്റം (ആർ.റ്റി.ഡി.എ.എസ്) ഉപയോഗിച്ചാണ് ഐ.ഡി.ആർ.ബി ആധുനീകവൽക്കരണം നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ നദീതടത്തിലുടനീളം സ്ഥാപിച്ചിരിക്കുന്ന ജല/മഴമാപന സ്റ്റേഷനുകളിൽ നിന്നും ഹൈഡ്രോ മെറ്റീരിയോളജിക്കൽ വിവരശേഖരണവും, നിലവിലുള്ള ജല/മഴമാപന സ്റ്റേഷനുകളുടെ പരിപാലനം, ആവശ്യമെങ്കിൽ പുതിയ സ്റ്റേഷനുകളുടെ നിർമ്മാണം, വിവരശേഖരണത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, വിവരമൂല്യ നിർണ്ണയത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളുടെ പരിപാലനം, സംയോജിത നദീതട മാനേജ്മെന്റിന് വേണ്ടിയുള്ള പഠനങ്ങൾ, കാര്യശേഷി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പദ്ധതികൾ എന്നിവയാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഭാരതസർക്കാരിന്റെ ജെം പോർട്ടൽ മുഖാന്തിരമോ അല്ലെങ്കിൽ അനുയോജ്യമായ കോമ്പറ്റീറ്റീവ് ബിഡ്ഡിംഗിലൂടെ മാത്രമേ ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ.

വിവിധ ഹൈഡ്രോ മെറ്റീരിയോളജിക്കൽ കേന്ദ്രങ്ങളുടെ നവീകരണവും പരിപാലനവും, ഹൈഡ്രോ മെറ്റീരിയോളജിക്കൽ ആവശ്യങ്ങൾക്ക് വേണ്ട ഉപകരണങ്ങൾ വാങ്ങുക, ഡാറ്റാ സെന്ററുകളുടെ നവീകരണം, കേരള WRIS ന്റെ വാർഷിക അറ്റകുറ്റപ്പണികൾ മുതലായവയാണ് 2025-26-ൽ വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ. 2025-26 ബജറ്റിൽ ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ആധുനീകരണത്തിനായി 110.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**13. പ്രളയ സാദ്ധ്യത മുൻകൂട്ടി അറിയിക്കുന്നതിനുള്ള സംവിധാനം (എഫ്.ഇ.ഡബ്ല്യു.എസ്)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

കേരളത്തിലെ നദീതടങ്ങളിൽ റിയൽ ടൈം ഡാറ്റ അക്വിസിഷൻ സിസ്റ്റം (ആർടിഡിഎഎസ്) സ്ഥാപിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. കേരളത്തിലെ നദീതടങ്ങൾക്കായി വെള്ളപ്പൊക്ക പ്രവചന മുന്നറിയിപ്പ് സംവിധാനങ്ങൾ സംയോജിപ്പിച്ചു കൊണ്ടുള്ള റിസർവോയറുകളുടെ തത്സമയ പ്രവർത്തനത്തിനായി, തത്സമയ ഹൈഡ്രോ-മെറ്റ് സ്റ്റേഷനുകൾ രൂപീകരിക്കേണ്ടത് ആവശ്യമാണ്. തത്സമയം ലഭിച്ച ഹൈഡ്രോ-മെറ്റ് ഡാറ്റയുടെയും ടോപ്പോഗ്രാഫിക്കൽ സവിശേഷതകളുടെ ഗുണനിലവാരത്തെയും ആശ്രയിച്ചായിരിക്കും പ്രവചനങ്ങളുടെ കൃത്യത. 2025-26 കാലയളവിൽ, വിവിധ നദീതടങ്ങളിൽ 24 റിയൽ ടൈം ഹൈഡ്രോ-മെറ്റ് സ്റ്റേഷനുകൾ സ്ഥാപിക്കാനും, സാങ്കേതിക ജീവനക്കാരെ താത്കാലികമായി നിയോഗിക്കാനും വിഭാവനം ചെയ്യുന്നു. 2025-26 ബജറ്റിൽ 100.00 ലക്ഷം

രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി സെക്രട്ടറി തലത്തിൽ അവലോകനം ചെയ്യുകയും പദ്ധതി പൂർത്തീകരണത്തിനായി ഒരു കർമ്മ പദ്ധതി രൂപീകരിക്കുകയും ചെയ്യുന്നതാണ്.

**14. നദീതട ഓർഗനൈസേഷനുകളുടെ രൂപീകരണം (നദീതട മാനേജ്മെൻറ് അതോറിറ്റി)**

**(വിഹിതം: 500.00 ലക്ഷം രൂപ)**

ജലവിഭവ പരിപാലനത്തിലെ വിവിധ പദ്ധതികൾ റിവർ ബേസിൻ മാനേജ്മെന്റ് മുഖേന ജനങ്ങൾ, ഭക്ഷ്യാവശ്യം, പ്രകൃതി, വ്യവസായങ്ങൾ മറ്റ് ആവശ്യങ്ങൾ എന്നിവയ്ക്ക് വേണ്ടുന്ന ജലം ഉറപ്പാക്കുന്നു. സാമ്പത്തിക ആസൂത്രണത്തിനും പ്രദേശ വികസന പരിപാടികൾക്കുമായി നദീതട പരിപാലന സമീപനം ഏറ്റെടുക്കും. ഇതിനായി റിവർ ബേസിൻ മാനേജ്മെൻറ് അതോറിറ്റികൾ രൂപീകരിക്കുകയും 2025-26 ൽ ഓരോ നദീതടത്തിനും ദീർഘകാലത്തേക്കും വാർഷിക അടിസ്ഥാനത്തിൽ ഉള്ളതുമായ കർമപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്യും. പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി എല്ലാ ഉദ്യോഗസ്ഥർക്കും ഒരു കാര്യക്ഷമതാ പരിപോഷണ പരിപാടി ഏറ്റെടുക്കുന്നതാണ്.

2025-26 ബജറ്റിൽ പദ്ധതിക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**15. അണക്കെട്ടുകളുടെ സുരക്ഷാ സംവിധാനവും സുരക്ഷാ പ്രവർത്തനങ്ങളും**

**(വിഹിതം: 500.00 ലക്ഷം രൂപ)**

അണക്കെട്ടുകളുടെ പരിശോധന, സാങ്കേതിക സന്ദർശനങ്ങൾ, പരിശീലനപരിപാടികൾ, ഡാമുകളുടെയും ബാരേജുകളുടെയും അറ്റകുറ്റപണികൾ, അടിയന്തിര നവീകരണ പ്രവൃത്തികൾ, ജലസേചനവകുപ്പിന്റെ കീഴിലുള്ള അണക്കെട്ടുകളുടെ സുരക്ഷാപ്രവർത്തനങ്ങൾ മുതലായവയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. നിർമ്മാണം പൂർത്തിയാക്കിയ അണക്കെട്ടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ പ്രവൃത്തികൾക്കും, സംസ്ഥാനതല ശില്പശാലകളും പരിശീലനങ്ങളും നടത്തുന്നതിനും, അണക്കെട്ടുകളുടെ പരിശോധനയ്ക്കും, വെള്ളപ്പൊക്ക സാദ്ധ്യതാ പ്രദേശങ്ങളുടെ മാപ്പിങ്ങ്, സംഭരണികളിൽ എക്കൽ അടിയുന്നതിനെ സംബന്ധിച്ച് തുടർപഠനങ്ങൾ നടത്തുന്നതിനും, ഡാംബ്രേക്ക് അനാലിസിസ്സിനും, പൂർത്തീകരിച്ച പദ്ധതികളുടെ ഡാം സുരക്ഷയ്ക്കും ആവശ്യമായ ചെലവുകളിലേക്ക് പദ്ധതി വിഹിതം വകയിരുത്തുന്നു. ഡാം സേഫ്റ്റി ആക്ട് 2021 പ്രകാരം സ്പെസിഫൈഡ് അണക്കെട്ടുകളുടെ അറ്റകുറ്റപ്പണികൾക്കും, പ്രത്യേകമായി തുക വകയിരുത്താത്തതിനുൾപ്പെടെ, തുക വകയിരുത്തിയിട്ടുണ്ട്.

ചിമ്മിണി, കുറ്റ്യാടി, പഴശ്ശി, പീച്ചി, പെരിയാർവാലിബാരേജ്, കാഞ്ഞിരപ്പുഴ, കല്ലട, മലമ്പുഴ, നെയ്യാർ, പോത്തുണ്ടി, വാഴാനി, പമ്പബാരേജ്, മൂലത്തറബാരേജ്, മീൻകര, ചുള്ളിയാർ, വാളയാർ, മംഗലം, കാരാപ്പുഴ, മലങ്കര, എന്നീ ഡാമുകളുടെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ, ഡാമുകളുടെയും/ബാരേജുകളുടെയും അടിയന്തര സുരക്ഷാ പ്രവർത്തനങ്ങൾ, വെള്ളപ്പൊക്കം മൂലമുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുക, മഴക്കാലത്തിന് മുമ്പും ശേഷവുമുള്ള പതിവ് ഡാം പരിശോധനകൾ നടത്തുക, ഡാം സേഫ്റ്റി ഓർഗനൈസേഷൻ ശുപാർശ ചെയ്യുന്ന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കാവുന്നതാണ്. 2025-26 ബജറ്റിൽ ഈ പദ്ധതിയ്ക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**16. ഡാം പുനരുദ്ധാരണവും വികസനവും പദ്ധതി (ഡ്രിപ്പ്) (രണ്ടാം ഘട്ടം) - (ഇ.എ.പി)**

**(വിഹിതം: 3000.00 ലക്ഷം രൂപ)**

ജലസേചനവകുപ്പിന്റെ തെരഞ്ഞെടുത്ത അണക്കെട്ടുകളുടെയും അനുബന്ധ നിർമ്മിതികളുടെയും സുരക്ഷയും, പ്രവർത്തന മികവും മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ലോകബാങ്ക് സഹായത്തോടെയുള്ള ഒരു പദ്ധതിയാണ് ഡ്രിപ്പ് രണ്ടാം ഘട്ടം (2021-2027). ലോകബാങ്കും (IBRD) ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കുമാണ് (AIIB) ഡ്രിപ്പ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് ധനസഹായം നൽകുന്നത്. 70:30 എന്ന അനുപാതത്തിൽ ആണ് ധനസഹായം അനുവദിക്കുന്നത് (70% വായ്പ - (35%, IBRD വായ്പയും, 35% AIIB വായ്പയും) കൂടാതെ 30% സംസ്ഥാന വിഹിതവും). 240.00 കോടി രൂപയ്ക്ക് കേരള സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

15 ഡാമുകളാണ് രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്തിരിക്കുന്നത് (മലമ്പുഴ, നെയ്യാർ, വാളയാർ, കുറ്റിയാടി, കാഞ്ഞിരപ്പുഴ, മലങ്കര, കല്ലട, പോത്തുണ്ടി, മീൻകര, ചുള്ളിയാർ, പഴശ്ശി ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, മണിയാർ ബാരേജ്, മംഗലം, കാരാപ്പുഴ). ഡ്രിപ്പ് രണ്ടാം ഘട്ടത്തിന്റെ പ്രവൃത്തികൾക്കായി 3000.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

## 17. മുല്ലപ്പെരിയാർ പദ്ധതി

**(വിഹിതം: 50.00 ലക്ഷം രൂപ)**

നൂറ്റാണ്ടിലേറെ പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വം കണക്കിലെടുത്ത് നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളസർക്കാർ മുല്ലപ്പെരിയാറിൽ പുതിയൊരു ഡാം നിർമ്മിക്കുവാൻ തീരുമാനിക്കുകയുണ്ടായി. പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ സാമൂഹിക ആഘാത പഠനത്തിനുവേണ്ടിയുള്ള നിബന്ധനകൾ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിച്ചു. സാമൂഹിക ആഘാത പഠന റിപ്പോർട്ടിന്റെ കരട് അംഗീകരിച്ചു. നിയമാനുസൃതമായ എല്ലാ അനുമതികളും ലഭിച്ചതിനുശേഷം മാത്രമേ ഡാം നിർമ്മാണം ആരംഭിക്കുകയുള്ളൂ. 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 18. കുറ്റ്യാടി ജലസേചന പദ്ധതിയുടെ നവീകരണം

**(വിഹിതം: 500.00 ലക്ഷം രൂപ)**

കോഴിക്കോട് ജില്ലയിലെ ജലസേചന പദ്ധതിയായ കുറ്റ്യാടി പദ്ധതി 1962 ലാണ് ആരംഭിച്ചത്. 1993 ൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായി. ഇടതുകര പ്രധാന കനാലിന് 40.02 കി.മീ നീളവും, വലതുകര പ്രധാന കനാലിന് 34.27 കി.മീ നീളവുമുണ്ട്. 330 കി.മീ നീളത്തിൽ ശാഖാ കനാലുകളും, 254 കി.മീ നീളത്തിൽ വിതരണ ശൃംഖലകളും, ഉപവിതരണ ശൃംഖലകളുമുണ്ട്. കനാലിന്റെ പ്രധാന ഭാഗങ്ങളിലെല്ലാം ലൈനിംഗ് ചെയ്യാത്തതിനാൽ പല പ്രദേശങ്ങളിലും ചോർച്ച അനുഭവപ്പെടുന്നു. വിവിധ നിർമ്മിതികളുടെയും, കനാലുകളുടെയും ശോച്യാവസ്ഥ കാരണം പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമല്ല.

കുറ്റ്യാടി ജലസേചനപദ്ധതിയുടെ മുഴുവൻ കനാൽ ശൃംഖലയിലൂടെയും തടസ്സമില്ലാത്ത ജലപ്രവാഹത്തിനായി പ്രധാന കനാലിന്റെയും, ശാഖാകനാലുകളുടെയും, വിതരണശൃംഖലകളുടെയും നവീകരണ പ്രവൃത്തികൾക്കായി 500.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തുന്നു. ആവശ്യാനുസരണവും, മുൻഗണനാടിസ്ഥാനത്തിലുമായിരിക്കണം കനാൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്. പദ്ധതിയുടെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി സെക്രട്ടറി തലത്തിൽ അവലോകനം ചെയ്യുകയും പദ്ധതി പൂർത്തീകരണത്തിനായി ഒരു കർമ്മ പദ്ധതി രൂപീകരിക്കുകയും ചെയ്യുന്നതാണ്.

## 19. പഴശ്ശി ജലസേചന പദ്ധതിയുടെ പ്രധാന കനാലിന്റേയും, ശാഖാ കനാലിന്റേയും, വിതരണ ശൃംഖലയുടേയും നവീകരണം (നബാർഡ് ആർ.ഐ.ഡി.എഫ്)

**(വിഹിതം : 1300.00 ലക്ഷം രൂപ)**

വടക്കൻ കേരളത്തിലെ ആദ്യത്തെ ജലസേചന പദ്ധതിയായ പഴശ്ശി ജലസേചന പദ്ധതി 1998 ലാണ് കമ്മീഷൻ ചെയ്തത്. ഈ പദ്ധതിക്ക് 400 കിലോമീറ്റർ നീളത്തിലുള്ള കനാൽ ശൃംഖലയാണുള്ളത്. 2025-26 ബജറ്റിൽ 1300.00 ലക്ഷം രൂപ നബാർഡ് ആർ.ഐ.ഡി.എഫിൽ വകയിരുത്തിയിരിക്കുന്നു. പഴശ്ശി പദ്ധതിയുടെ പ്രധാന കനാലിന്റെയും ശാഖാ കനാലുകളുടെയും നവീകരണത്തിനും പുനരുദ്ധാരണത്തിനും വേണ്ടിയാണ് ആർ.ഐ.ഡി.എ.ഫിൽ തുക അനുവദിച്ചത്. പൂർത്തിയാക്കാൻ അവശേഷിക്കുന്ന മുഴുവൻ ജോലികളും ഉൾക്കൊള്ളുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.

ആവശ്യാനുസരണവും, മുൻഗണനാ അടിസ്ഥാനത്തിലുമായിരിക്കണം കനാൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്. പദ്ധതിയുടെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി സെക്രട്ടറി തലത്തിൽ അവലോകനം ചെയ്യുകയും പദ്ധതി പൂർത്തീകരണത്തിനായി ഒരു കർമ്മ പദ്ധതി രൂപീകരിക്കുകയും ചെയ്യുന്നതാണ്.

## 20. ചേരമംഗലം പദ്ധതി – ആനിക്കട്ടിന്റേയും മറ്റ് നിർമ്മാണങ്ങളുടേയും നവീകരണം

**(വിഹിതം: 250.00 ലക്ഷം രൂപ)**

പാലക്കാട് ജില്ലയിൽ ഗായത്രി നദിയ്ക്കു കുറുകെ ഒരു ചെറിയ ഡാം നിർമ്മിച്ചുകൊണ്ടുള്ള ഒരു ഡൈവേർഷൻ പദ്ധതിയാണ് ചേരമംഗലം പദ്ധതി. 1205 ഹെ. പ്രദേശത്ത് ജലസേചനം സാധ്യമാകും. ഫീൽഡ് ചാലുകളിലൂടെയുള്ള ഒഴുക്കിന്റെ ചോർച്ച പരമാവധി കുറച്ച് കൃഷിയിടത്തിലേക്ക് ആവശ്യത്തിന് ജലലഭ്യത ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ചേരമംഗലം ആനിക്കട്ടിന്റേയും അനുബന്ധ നിർമ്മാണങ്ങളുടേയും നവീകരണത്തിനു വേണ്ടി, 250.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**21. മൂലത്തറ വലതുകര കനാൽ ദീർഘിപ്പിക്കൽ - വരട്ടയാർ മുതൽ വേലന്താവളം വരെ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

മൂലത്തറ റഗുലേറ്ററിൽ നിന്ന് ആരംഭിക്കുന്ന മൂലത്തറ വലത് കര കനാലിലൂടെ പാലക്കാടിന്റെ കിഴക്കൻ മഴനിഴൽ പ്രദേശങ്ങളായ എരുത്തേമ്പതി, കൊഴിഞ്ഞാമ്പാറ എന്നിവിടങ്ങളിലേക്ക് വെള്ളം എത്തുന്നു. മൂലത്തറ വലതുകര കനാൽ ദീർഘിപ്പിക്കുന്ന പ്രവൃത്തികൾ രണ്ട് ഘട്ടങ്ങളായാണ് നടത്തുന്നത് - കോരയാർ മുതൽ വരട്ടയാർ വരെയും വരട്ടയാർ മുതൽ വേലന്താവളം വരെയും.

വരട്ടയാർ മുതൽ വേലന്താവളം വരെ ദീർഘിപ്പിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. മൂലത്തറ വലതുകര കനാൽ വരട്ടയാർ മുതൽ വേലന്താവളംവരെ ദീർഘിപ്പിക്കുന്നതിന് 100.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി സെക്രട്ടറി തലത്തിൽ അവലോകനം ചെയ്യുകയും പദ്ധതി പൂർത്തീകരണത്തിനായി ഒരു കർമ്മ പദ്ധതി രൂപീകരിക്കുകയും ചെയ്യുന്നതാണ്.

**22. അട്ടപ്പാടി വാലി ജലസേചന പദ്ധതി - ഭവാനി നദീതട പദ്ധതി**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഭവാനി നദിയുടെ പോഷകനദിയായ ശിരുവാണി നദിയ്ക്ക് കുറുകെ ഒരു കോൺക്രീറ്റ് അണക്കെട്ട് നിർമ്മിക്കുന്നതിന് വിഭാവനം ചെയ്യുന്ന ഒരു ഇടത്തരം ജലസേചനപദ്ധതിയാണ് അട്ടപ്പാടി വാലി ജലസേചനപദ്ധതി. അട്ടപ്പാടി വാലി ജലസേചന പദ്ധതിക്ക് 2.87 ടിഎംസി ജലമാണ് കാവേരി ട്രിബ്യൂണൽ അവാർഡ് പ്രകാരമുള്ള വിഹിതം. 4255 ഹെക്ടർ പ്രദേശത്ത് ജലസേചനം നടത്താൻ പദ്ധതിയിലൂടെ സാധിക്കും എന്ന് വിഭാവനം ചെയ്യുന്നു.

വിശദമായ പ്രോജക്ട് റിപ്പോർട്ട് സെൻട്രൽ വാട്ടർ കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. 2025-26 ബജറ്റിൽ അണക്കെട്ട് നിർമാണത്തിന്റെ പ്രാരംഭ ഘട്ട പ്രവർത്തനങ്ങൾക്കായി, 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക മുഴുവനായും പദ്ധതി ആവശ്യത്തിനാണ് ഉപയോഗിക്കേണ്ടത്. ഭരണപരമായ ചെലവുകൾ ഇതിൽ നിന്നും അനുവദനീയമല്ല.

**23. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ നവീകരണം (നബാർഡ് ആർ.ഐ.ഡി.എഫ് )**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

പാലക്കാട് ജില്ലയിലുള്ള ഇടത്തരം ജലസേചന പദ്ധതിയായ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയ്ക്ക് ഇടതുകര കനാലും (61.71 കിലോമീറ്റർ), വലതുകര കനാലും (9.36 കിലോമീറ്റർ) ഉൾപ്പെട്ട കനാൽശൃംഖലയാണുള്ളത്. കനാലുകളിലെ ചോർച്ച മൂലം കനാൽശൃംഖലയുടെ ജലസേചനക്ഷമതയിൽ കുറവ് വന്നിട്ടുണ്ട്. കനാലുകളുടെ ലൈനിംഗ് പ്രവൃത്തികൾ ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾക്കും, പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി നബാർഡ് ആർ.ഐ.ഡി.എഫ് വിഹിതമായി 1000.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു. മുൻഗണനാടിസ്ഥാനത്തിലും, ആവശ്യാനുസരണവുമാണ് കനാൽ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കേണ്ടത്.

**24. ചിറ്റൂർപ്പുഴ പദ്ധതിയുടെ കനാലുകളുടെ നവീകരണം (നബാർഡ് ആർ.ഐ.ഡി.എഫ് )**

**(വിഹിതം: 1200.00 ലക്ഷം രൂപ)**

പറമ്പിക്കുളം-ആളിയാർ പദ്ധതി പ്രകാരമുള്ള ജലവിനിയോഗം സംബന്ധിച്ച് കേരള സർക്കാരും തമിഴ്നാട് സർക്കാരും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ് ചിറ്റൂർപ്പുഴ പദ്ധതിയുടെ പ്രവർത്തനം. അറ്റകുറ്റപ്പണികളുടെയും, പരിപാലനത്തിന്റെയും അഭാവം ജലവിതരണശൃംഖലയെ സാരമായി ബാധിക്കുകയും, തൽഫലമായി ജലനഷ്ടം ഉണ്ടാകുകയും ചെയ്യുന്നു. കനാലുകളുടെ ലൈനിംഗ് പ്രവൃത്തികൾ ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾക്കും, പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി നബാർഡ് ആർ.ഐ.ഡി.എഫ് വിഹിതമായി 1200.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു. മണ്ണൊലിപ്പ് തടയാൻ കനാൽ ബണ്ടുകൾ ബലപ്പെടുത്തുക, പുനരുദ്ധാരണ പ്രവൃത്തികൾ, കാര്യക്ഷമമായ ജലപരിപാലനത്തിനായി അധിക ഷട്ടറുകൾ സ്ഥാപിക്കുക, കേടുപാടുകളുള്ള പ്രദേശങ്ങളിൽ കനാലുകളുടെ ലൈനിംഗ് പ്രവൃത്തികൾ എന്നിവയാണ് വിഭാവനം ചെയ്യുന്നത്. മുൻഗണനാടിസ്ഥാനത്തിലും, ആവശ്യാനുസരണവുമാണ് കനാൽ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കേണ്ടത്.

**25. തോട്ടപ്പള്ളി പദ്ധതി**

**(വിഹിതം : 500.00 ലക്ഷം രൂപ)**

അച്ചൻകോവിൽ, പമ്പ, മണിമല നദികളിലെ ജലനിരപ്പ് കാലവർഷത്തിൽ ഗണ്യമായി വർദ്ധിക്കുകയും തൻമൂലം കുട്ടനാട്ടിലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളപ്പൊക്കത്തിന് കാരണമാവുകയും ചെയ്യുന്നു. ഈ പ്രദേശത്തെ വെള്ളപ്പൊക്കത്തിൽ നിന്ന് രക്ഷിക്കുന്നതിനായി അധികജലം തോട്ടപ്പള്ളി

സ്പിൽവേയിലൂടെ കടലിലേക്ക് ഒഴുക്കിവിടേണ്ടതായിട്ടുണ്ട്. 09.07.2021 ലെ GO (Rt) No.360/2021/WRD സർക്കാർ ഉത്തരവ് പ്രകാരം തോട്ടപ്പള്ളിക്ക് സമീപം പമ്പാ നദിയുടെ ഇരുകരകളിലും സംരക്ഷണ പ്രവർത്തനങ്ങൾക്കായി 7030.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കുട്ടനാട് മേഖലയിലേയും, തോട്ടപ്പള്ളി സ്പിൽവേയിലെയും പ്രളയനിവാരണത്തിനായി സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 2025-26 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതി പ്രവർത്തനങ്ങൾ രണ്ടാം കുട്ടനാട് പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കുന്നതാണ്. ഈ വിഹിതത്തിൽ നിന്നും നോൺ-പ്ലാൻ ചെലവുകൾ അനുവദനീയമല്ല.

**26. മീനച്ചിൽ റിവർ വാലി പദ്ധതി പാലാ മുനിസിപ്പാലിറ്റിയിലെ – അരുണാപുരത്ത് മീനച്ചിൽ നദിക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ്, ചെറിയ ഡാം എന്നിവയുടെ നിർമ്മാണം**

**(വിഹിതം : 300.00 ലക്ഷം രൂപ)**

പ്രസ്തുത പ്രദേശത്തിന്റെ വികസനത്തിൽ നിർണായക പങ്ക് വഹിക്കുന്ന ഒരു പദ്ധതിയാണ് മീനച്ചിൽ റിവർ വാലി പദ്ധതി. മീനച്ചിൽ നദീതടത്തിൽ നിലവിൽ ഇത്തരത്തിലുള്ള സുപ്രധാന പ്രവൃത്തികളില്ല. റെഗുലേറ്ററോടൊപ്പം 1.20 ക്യുബിക് മീറ്റർ സംഭരണ ശേഷിയുള്ള ചെറിയ ഡാം നിർമ്മിക്കുന്നത് വഴി 9 കിലോമീറ്റർ നീളത്തിൽ (അപ്പ് സ്ട്രീമിൽ) വെള്ളം സംഭരിക്കാൻ സാധിക്കുകയും, കാർഷിക മേഖലയുടെ വികസനത്തിന് ഇത് സഹായകമാകുകയും ചെയ്യും. പാലാ മുനിസിപ്പാലിറ്റിയിലെ അരുണാപുരത്ത് 75 മീറ്റർ നീളത്തിൽ റഗുലേറ്റർ കം ബ്രിഡ്ജോടു കൂടിയ ചെറിയ ഡാം നിർമ്മിക്കുന്നതിന് 2025-26 ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്ക് കീഴിൽ നോൺ-പ്ലാൻ ഘടകങ്ങൾ അനുവദിക്കുന്നതല്ല, മുഴുവൻ തുകയും നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കേണ്ടത്.

**27. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി നവീകരണം**

**(വിഹിതം : 100.00 ലക്ഷം രൂപ)**

ആകെ 252.89 കിലോമീറ്റർ കനാൽ ശൃംഖലയുള്ള പാലക്കാട് ജില്ലയിൽ നടപ്പാക്കിയ ഇടത്തരം ജലസേചന സംവിധാനങ്ങളിലൊന്നാണ് കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി. എർത്ത് കം മേസൺറി അണക്കെട്ടും ജലസേചന കനാൽ സംവിധാനവും ഉൾപ്പെടുന്ന പദ്ധതി പാലക്കാട് ജില്ലയിലെ 9713 ഹെക്ടർ പ്രദേശത്തേക്ക് ജലസേചനത്തിന്റെ പ്രയോജനം വിഭാവനം ചെയ്യുന്നു. ജലസേചന ആവശ്യങ്ങൾക്ക് പുറമെ വാണിജ്യ മത്സ്യബന്ധനവും ടൂറിസം വികസനവും പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

ആകെ വിഹിതത്തിൽ നിന്നും, 50.00 ലക്ഷം രൂപ കാഞ്ഞിരപ്പുഴയ്ക്കും 50.00 ലക്ഷം രൂപ ഭൂതത്താൻകെട്ട് തടയണ ഇക്കോ-ടൂറിസം പ്രോത്സാഹന പ്രവർത്തന പദ്ധതികൾക്കുമായി വകയിരുത്തുന്നു.

**28. നദികളുടെയും തോടുകളുടെയും പുനരുജ്ജീവനം (പുതിയ പദ്ധതി)**

**(വിഹിതം: 200.00 ലക്ഷം)**

പുതിയതും സുസ്ഥിരവും ആരോഗ്യകരവുമായ ഒരു നദീതട ആവാസവ്യവസ്ഥയാണ് നദി പുനരുജ്ജീവനം കൊണ്ട് ലക്ഷ്യമിടുന്നത്. ഒരു നദിയുടെ ഒഴുക്ക് അതിന്റെ സവിശേഷതയെയും നദീവ്യവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട വ്യത്യസ്തതയെയും സൂചിപ്പിക്കുന്നു. നദിയുടെ ആരോഗ്യം പുനഃസ്ഥാപിക്കുന്നതിലൂടെ മാത്രമേ സുസ്ഥിരവും, ആരോഗ്യകരവുമായ നദീജല ആവാസവ്യവസ്ഥ കൈവരിക്കാൻ കഴിയൂ.

നിലവിലുള്ള നദികളിലെയും അരുവികളിലെയും മണൽ നീക്കം ചെയ്യൽ, കളകളും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്യൽ, നദികളിലെയും തോടുകളിലെയും തീരങ്ങളിലെ അവശ്യ സംരക്ഷണ പ്രവർത്തനങ്ങൾ/പരിശീലന പ്രവർത്തനങ്ങൾ എന്നിവയിലൂടെ ജലഗതാഗത ശേഷി മെച്ചപ്പെടുത്തൽ എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. വെള്ളപ്പൊക്കം തടയാനും ഭൂഗർഭജലനിരപ്പ് മെച്ചപ്പെടുത്താനും ജനങ്ങളുടെ ജീവിതത്തിന് സുരക്ഷിതത്വം ഉറപ്പാക്കാനും നദികളുടെ തീരങ്ങൾ, തോടുകൾ, നദികളുടെ വശങ്ങളിലെ നിർമ്മിതികൾ എന്നിവ മുഖേന ഉണ്ടാകുന്ന മണ്ണൊലിപ്പ് തുടങ്ങിയവ തടയാൻ ഇത് സഹായിക്കും.

2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

## 4.2 ചെറുകിട ജലസേചനം

### എ. ഭൂഗർഭജലവികസനം

### 1. ഭൂഗർഭജലവികസനവും പര്യവേഷണവും

**(വിഹിതം: 2200.00 ലക്ഷം രൂപ)**

സംസ്ഥാനത്തിന്റെ ഭൂഗർഭജലലഭ്യത നിർണ്ണയിക്കുന്നതിനും, ഭൂഗർഭജല വികസനത്തിനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള ഒരു പദ്ധതിയാണിത്. ഭൂഗർഭജലത്തിന്റെ തോത് നിർണ്ണയിക്കുക, ഹൈഡ്രോജിയോളജിക്കൽ, ജിയോഫിസിക്കൽ, റിമോട്ട്സെൻസിംഗ് എന്നിവയുടെ സഹായത്തോടെ ഭൂഗർഭ പര്യവേഷണം നടത്തുക, കുഴൽകിണർ, ട്യൂബ് വെൽ, ഫിൽട്ടർ പോയിന്റ് വെല്ലുകൾ എന്നിവയുടെ നിർമ്മാണം മുതലായവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. പമ്പിംഗ് ടെസ്റ്റ് പഠനങ്ങൾ ഉൾപ്പെടെയുള്ള ഹൈഡ്രോജിയോളജിക്കൽ റിപ്പോർട്ട് തയ്യാറാക്കൽ, ഭൂഗർഭജല വിവരശേഖരണം, വിവരങ്ങളുടെ വിശകലനം, ഭൂമിശാസ്ത്രപരമായതും ഭൂഭൗതികവുമായ വിശകലനങ്ങൾ, കിണർ നിർമ്മാണം, ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുക, ഗുണനിലവാരം സംബന്ധിച്ചുള്ള പഠനങ്ങൾ എന്നിവയും ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നതാണ്. കിണർ നിർമ്മാണത്തിനുള്ള യന്ത്രസാമഗ്രികളും, അനുബന്ധസാമഗ്രികളും വാങ്ങുക, യന്ത്രങ്ങളുടേയും വാഹനങ്ങളുടേയും അറ്റകുറ്റപണികൾ, ഐ.റ്റി. ഹാർഡ് വെയറും സോഫ്റ്റ് വെയറും വാങ്ങുക, ഡിറ്റിഎച്ച് റിഗ്, റോട്ടറി റിഗ്, പമ്പിംഗ് ടെസ്റ്റ് യൂണിറ്റ്, ഡ്രില്ലിംഗ് സാധനങ്ങൾ, ഡിജിറ്റൽ ടോപ്പോ ഷീറ്റുകൾ വാങ്ങുക, ജിയോഫിസിക്കൽ ഉപകരണങ്ങളും, ഫീൽഡിൽ ആവശ്യമായി വരുന്ന ഉപകരണങ്ങളും, എന്നിവ വാങ്ങുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഭാരതസർക്കാരിന്റെ ജെം പോർട്ടൽ മുഖാന്തിരമായിരിക്കണം ഉപകരണങ്ങൾ വാങ്ങുന്നത്.

ഈ പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 2200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 2. ഭൂഗർഭ ജല പരിരക്ഷയും കൃത്രിമ പുനരുജ്ജീവനവും

**(വിഹിതം: 600.00 ലക്ഷം രൂപ)**

കൃത്രിമമാർഗ്ഗങ്ങളിലൂടെ ഭൂഗർഭജല പരിരക്ഷയും പുനരുജ്ജീവനവുമാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ജലഭൃതങ്ങളിൽ നിന്നും നഷ്ടപ്പെടുന്ന ഭൂഗർഭജലം പുനഃസ്ഥാപിക്കുന്നതിനും, സ്വാഭാവിക പുനരുജ്ജീവനം കുറവുള്ള ജലഭൃതങ്ങളിൽ നിന്നും കൂടുതൽ ഭൂഗർഭജലം ലഭ്യമാകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. അധികമുള്ള ഭൂഗർഭജലം സംഭരിക്കുന്നതിനും, ഭൂഗർഭജലത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഇത് സഹായകരമാകും. ഭൂഗർഭജലനിരപ്പ് വർദ്ധിപ്പിക്കുന്നതിന് കൃത്രിമ പുനരുജ്ജീവന നിർമ്മിതികൾ സഹായകരമാകും. ഉപരിതല ഡൈക്കുകളുടെ നിർമ്മാണം, വി.സി.ബി-കൾ, അരുവികളിൽ (ഫസ്റ്റ് ഓർഡർ, സെക്കന്റ് ഓർഡർ) ചെറിയ ചെക്ക് ഡാമുകൾ, കുഴൽ കിണർ റീചാർജ്, റീചാർജ് പിറ്റുകൾ, കുളങ്ങളുടെ റീചാർജ്, ചെറിയ കുളങ്ങളുടെ നവീകരണം (25 സെന്റിൽ താഴെ), പുനരുജ്ജീവനത്തിനായി വിവിധ നിർമ്മിതികളുടെ സംയോജനം എന്നിവയാണ് പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്യുന്നത്. അമിത ചൂഷിതം, ഗുരുതരം, അർദ്ധ ഗുരുതരം എന്നീ ബ്ലോക്കുകളിൽ പുനരുജ്ജീവന നിർമ്മിതികൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്നതാണ്. ഭൂഗർഭജല നിരപ്പ് വർദ്ധിപ്പിക്കുന്നതിനായി പൊതു കെട്ടിടങ്ങളുടെ തുറന്ന കിണറുകളുടെ റീചാർജും വിഭാവനം ചെയ്യുന്നു.

ഉപരിതല ഡൈക്കുകൾ, സൂക്ഷ്മ നീർത്തടാധിഷ്ഠിത ചെറിയ ചെക്ക് ഡാം നിർമ്മാണം, മേൽക്കൂരയിലൂടെയുള്ള മഴവെള്ള സംഭരണത്തിലൂടെ കുഴൽ കിണർ റീചാർജ്, റീചാർജിനുള്ള കുഴികൾ/ കുളങ്ങൾ, പരമ്പരാഗതമായ തുറന്ന കുളങ്ങളുടെ (25 സെന്റിൽ താഴെ) പുനരുജ്ജീവനം, സ്വകാര്യ, പൊതു കെട്ടിടങ്ങളിലെ കുടിവെള്ള പദ്ധതികളുടെ വൃഷ്ടിപ്രദേശത്ത് മഴവെള്ള സംഭരണം എന്നിവയാണ് 2025-26ൽ ലക്ഷ്യമിടുന്നത്. 600.00 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

### 3. പരിശീലന പദ്ധതി

**(വിഹിതം: 10.00 ലക്ഷം രൂപ)**

ഭൂഗർഭജലവകുപ്പിലെ സാങ്കേതിക, ശാസ്ത്രീയ, ഭരണകാര്യവിദഗ്ദ്ധർക്ക് പരിശീലനം നൽകുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഭൂഗർഭജല പര്യവേഷണം, കിണർ നിർമ്മാണം, ഭൂഗർഭജല സംരക്ഷണ പ്രവൃത്തികളും, പരിപാലന സമ്പ്രദായങ്ങളും, ആധുനിക കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ മേഖലകളിലുള്ള നൂതന ആശയങ്ങൾ പരിചയപ്പെടുത്തുന്നത് വഴി അറിവും പ്രാവീണ്യവും മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 10.00 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

### 4. ഭൂഗർഭ ജല ചൂഷണ നിയന്ത്രണത്തിനും ക്രമീകരണത്തിനുമുള്ള പദ്ധതി

**(വിഹിതം: 150.00 ലക്ഷം രൂപ)**

ഭൂഗർഭജലത്തിന്റെ അധിക വിനിയോഗം നിയന്ത്രിക്കുന്നതിനും, സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും പ്രയോജനം ലഭ്യമാക്കുന്നതിനും, ഭൂഗർഭജല ചൂഷണത്തിന്റെ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ തടയുന്നതിനും വിഭവങ്ങളുടെ തുല്യമായ വിതരണം ഉറപ്പാക്കുന്നതിനും സഹായമാകുന്ന വിധത്തിൽ നിയമം നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 2002 ലെ കേരള ഭൂഗർഭജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. അമിത ചൂഷിതം, ഗുരുതരം, അർദ്ധ ഗുരുതരം എന്നീ ബ്ലോക്കുകളിൽ പ്രത്യേകമായ ശ്രദ്ധ ചെലുത്തുന്നതാണ്. നോട്ടിഫൈഡ് പ്രദേശങ്ങളിൽ പുതിയ കിണർ നിർമ്മാണത്തിന് പെർമിറ്റുകൾ നൽകൽ, ഭൂഗർഭജലം അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങൾക്കും, കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾക്കും എൻ.ഒ.സി. നൽകുക, ഭൂഗർഭജലം ചൂഷണം ചെയ്യുന്നത് സംബന്ധിച്ച പരാതികൾ പരിഹരിക്കുക, ഭൂഗർഭജലം ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള വിവിധ തർക്കങ്ങൾ പരിഹരിക്കുക, ഭൂഗർഭജലം കുഴിച്ചെടുക്കുന്ന നിർമ്മിതികളുടെ നിർമ്മാണപ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾക്കും, റിഗ്ഗുകൾ ഡ്രില്ല് ചെയ്യുന്നതിനുമുള്ള രജിസ്ട്രേഷൻ അനുവദിക്കുകയും അവ പുതുക്കി നൽകലും, ഭൂഗർഭജല സംരക്ഷണം, പരിപാലനം, ജലത്തിന്റെ ഗുണനിലവാരം എന്നീ വിഷയങ്ങളിൽ പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും, ജനപ്രതിനിധികൾക്കും, ഭൂഗർഭജലസംരക്ഷണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും അവബോധപരിപാടികൾ സംഘടിപ്പിക്കുക, എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. 2025-26 ബജറ്റിൽ പദ്ധതിക്കായി 150.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 5. ഭൂഗർഭജലത്തിൽ നിന്നുള്ള കുടിവെള്ള പദ്ധതി

**(വിഹിതം: 558.00 ലക്ഷം രൂപ)**

കുടിവെള്ള ലഭ്യത പൂർണ്ണമായോ, ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണിത്. ഇതു പ്രകാരം ഒരു കുടിവെള്ള പദ്ധതിയിലൂടെ 25 മുതൽ 100 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും. കുഴൽ കിണറുകളിൽ നിന്നും കൂടുതൽ ജലം ലഭിക്കുന്ന പ്രദേശങ്ങളിൽ ചെറിയ കുടിവെള്ള പദ്ധതികളും, കുറവ് ജലം ലഭിക്കുന്ന പ്രദേശങ്ങളിൽ ഹാന്റ് പമ്പുകളും സ്ഥാപിക്കുന്നതാണ്. ജലശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുക, കുഴൽ കിണർ/ ട്യൂബ് വെൽ നിർമ്മാണം എന്നിവയാണ് 2025-26ൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. പ്രവർത്തനങ്ങൾ സംബന്ധിച്ച ഓഡിറ്റിങ്ങ്, ചെറുകിട ജലവിതരണ പദ്ധതികളുടെ പുനരുദ്ധാരണം, ഹാൻഡ് പമ്പുകളുടെയും നിലവിലുള്ള ഭൂഗർഭജല സംരക്ഷണ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾ എന്നിവയും വിഭാവനം ചെയ്യുന്നു. 2025-26 ബജറ്റിൽ മേൽ പ്രവർത്തനങ്ങൾക്കായി 558.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 6. മൂന്ന് അനലിറ്റിക്കൽ ലാബുകളുടെ നവീകരണവും എൻ.എ.ബി.എൽ അക്രഡിറ്റേഷനും

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഭൂഗർഭജല വകുപ്പിന്റെ കീഴിൽ ജലഗുണനിലവാരം പരിശോധിക്കുന്നതിനുള്ള മൂന്ന് പ്രാദേശിക ലബോറട്ടറികൾ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടുമുണ്ട്. പൊതുജനങ്ങൾക്ക് ജലഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ലബോറട്ടറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അനലിറ്റിക്കൽ ലാബുകളുടെ നവീകരണമാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. എൻ.എ.ബി.എൽ-ന്റെ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി ലാബുകൾ നവീകരിക്കുന്നതിനുള്ള ജോലികളും പദ്ധതിയുടെ ഭാഗമാണ്. 2025-26 ബജറ്റിൽ ഈ പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## ബി. ഉപരിതലജലവികസനം

### 1. ലിഫ്റ്റ് ഇറിഗേഷൻ

**(വിഹിതം: 1700.00 ലക്ഷം രൂപ)**

ഉയർന്ന പ്രദേശങ്ങളിൽ ജലസേചനം ലഭ്യമാക്കുന്നതിന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ സഹായകമാകും. യന്ത്രവൽകൃത സംവിധാനത്തിലൂടെ ജലം ഉയർന്ന പ്രതലത്തിലെത്തിച്ച്, നാൽപ്പത് ഹെക്ടർ കുറയാതെ വിസ്തൃതിയുള്ള സ്ഥലങ്ങളിൽ, ജലസേചനം ലഭ്യമാക്കുന്ന ഒരു പദ്ധതിയാണിത്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി 2025-26 ബജറ്റിൽ 1700.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആകെയുള്ള വിഹിതത്തിൽ നിന്നും 1500.00 ലക്ഷം രൂപ പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കു വേണ്ടിയാണ് വകയിരുത്തിയിരിക്കുന്നത്, ഇതിൽ നിന്നും 200.00 ലക്ഷം രൂപ വയനാട്, ഇടുക്കി ജില്ലകളിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കു വേണ്ടിയാണ്.

ഉയർന്ന പ്രതലങ്ങളിലുള്ള നാണ്യവിളകൾക്ക്/തോട്ടവിളകൾക്ക് ജലസേചനം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയാണ് വിളരീതികളിൽ ഉണ്ടായ വ്യതിയാനം സൂചിപ്പിക്കുന്നത്. പുതിയ പദ്ധതികൾക്കായുള്ള ആകെ പദ്ധതി വിഹിതത്തിൽ നിന്നും 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത് മലനാട് മേഖലയിലെ നാണ്യവിളകൾക്ക് വേണ്ട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടിയാണ്. മുൻഗണനാ അടിസ്ഥാനത്തിലും, ആവശ്യകതയ്ക്ക് അനുസരിച്ചുമായിരിക്കണം പദ്ധതികൾ നടപ്പിലാക്കേണ്ടത്.

പ്രവർത്തനരഹിതമായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്. പമ്പുകളുടെ അറ്റകുറ്റപ്പണികൾ/പമ്പുകൾ മാറ്റിവയ്ക്കൽ, ഇലക്ട്രിക്കൽ യന്ത്രങ്ങൾ സ്ഥാപിക്കൽ, പമ്പ്ഹൗസുകളുടെയും പൈപ്പുകളുടെയും അറ്റകുറ്റപ്പണികൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പരിപാലനത്തിനുവേണ്ട പുനരുദ്ധാരണ പ്രവൃത്തികൾ മുതലായവയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ജല ഉപയോഗവും വൈദ്യുതി ഉപഭോഗ കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് വേണ്ടി നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി, ആകെയുള്ള പദ്ധതി വിഹിതത്തിൽ നിന്നും 200.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തുന്നു. വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങളുടെ ചെലവുകൾക്കും, പാടശേഖരസമിതികൾ നടപ്പിലാക്കുന്ന നവീകരണ പ്രവർത്തനങ്ങളുടെ ചെലവുകൾക്കുമാണ് തുക വകയിരുത്തിയിരിക്കുന്നത്.

**2. ചെറുകിട ജലസേചനം ക്ലാസ്സ് – I**

**(വിഹിതം: 7110.00 ലക്ഷം രൂപ)**

50 ഹെക്ടറിൽ അധികവും 2000 ഹെക്ടറിൽ കുറവും വിസ്തൃതിയുള്ള പ്രദേശത്ത് ജലസേചനമെത്തിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. കുളങ്ങളുടെയും, അരുവികളുടെയും പുനരുദ്ധാരണം, ചെക്ക് ഡാമുകൾ, സ്ലൂയിസ്സുകൾ, റെഗുലേറ്ററുകൾ, ബണ്ടുകൾ, വെന്റഡ്ക്രോസ്ബാറുകൾ, ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുള്ള നിർമ്മിതികൾ, ഡ്രയിനേജ് സൗകര്യങ്ങൾ എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. ചെറുകിട ജലസേചനം ക്ലാസ്സ് – I പദ്ധതികൾക്ക് ആകെ 7110.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചെറുകിട ജലസേചനം ക്ലാസ്-1 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും, തടയണകൾ, സ്ലൂയിസ്സുകൾ, ബണ്ടുകൾ, വെന്റഡ്ക്രോസ്ബാറുകൾ മുതലായവ പുതിയതായി നിർമ്മിക്കുന്നതിനും വേണ്ടി ആകെയുള്ള വിഹിതത്തിൽ നിന്നും 1200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽനിന്നും 100.00 ലക്ഷം രൂപ വയനാട് ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികൾക്ക് വേണ്ടിയാണ്.

ചെറുകിട ജലസേചനം ക്ലാസ്സ് – I ഹരിതകേരളം പദ്ധതിയുടെ കീഴിൽ 1710.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ നിന്നും 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത് കമ്മ്യൂണിറ്റി മൈക്രോഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടിയാണ്. മെച്ചപ്പെട്ട ജലസേചനക്ഷമത, വിളകളുടെ ഉത്പാദനക്ഷമതയിൽ ഉണ്ടാകുന്ന വർദ്ധനവ് എന്നീ കാരണങ്ങളാൽ സൂക്ഷ്മ ജലസേചനത്തിന്റെ പ്രാധാന്യം വർദ്ധിച്ചുവരുന്നു. കമ്മ്യൂണിറ്റി അടിസ്ഥാനത്തിൽ സൂക്ഷ്മജലസേചന ക്ലസ്റ്ററുകൾ സംസ്ഥാനത്ത് വ്യാപിപ്പിക്കുവാൻ 2025-26 ൽ വിഭാവനം ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ ഏകോപനത്തോടെ, ഒരു ജില്ലയിൽ കുറഞ്ഞത് ഒരു സൂക്ഷ്മജലസേചന പദ്ധതിയെങ്കിലും ഏറ്റെടുക്കേണ്ടതാണ്. കൃഷി വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ഹരിതകേരള മിഷൻ എന്നിവയുടെ സഹകരണത്തോടെ ജലസേചനവകുപ്പ് ഒരു വിശദമായ പദ്ധതിരേഖ തയ്യാറാക്കുകയും, ഭരണാനുമതിയ്ക്കായി വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കേണ്ടതുമാണ്. ജലസ്രോതസ്സുകളുടെ ഉറവിടം, കൃഷിയിടങ്ങളിലേക്കുള്ള പ്രവൃത്തികൾ, കൃഷി സ്ഥലത്ത് വേണ്ട ക്രമീകരണങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയായിരിക്കണം വിശദമായ പദ്ധതിരേഖ തയ്യാറാക്കേണ്ടത്. പദ്ധതിയുടെ നിർവ്വഹണരീതി, സൂക്ഷ്മ ജലസേചനത്തിന് അനുയോജ്യമായ വിളകളുടെ വിശദാംശങ്ങൾ എന്നീ വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. വയനാട്, ഇടുക്കി ജില്ലകളിൽ സൂക്ഷ്മ ജലസേചനപദ്ധതികൾ നടപ്പിലാക്കുന്നതിനായി 100.00 ലക്ഷം രൂപ വീതം വിഹിതത്തിൽ നിന്നും വകയിരുത്തിയിരിക്കുന്നു.

ചെറുകിട ജലസേചന പദ്ധതികൾക്ക് നബാർഡ് ആർ.ഐ.ഡി.എഫ് ധനസഹായം ലഭ്യമാക്കുന്നുണ്ട്. ആർ.സി.ബികൾ, എസ്.ഡബ്ല്യു.ഇ.സി.ബികൾ, കുളങ്ങൾ, വി.സി.ബികൾ, തടയണകൾ, ജലം ശേഖരിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ, സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കാണ് നബാർഡിന്റെ ധനസഹായം ലഭിക്കുന്നത്. നബാർഡ് ആർ.ഐ.ഡി.എഫ് വിഹിതമായി 4200.00 ലക്ഷം രൂപയാണ് 2025-26 ൽ വകയിരുത്തിയിരിക്കുന്നത്.

### 3. ചെറുകിട ജലസേചന പദ്ധതി ക്ലാസ്സ്-II

**(വിഹിതം: 2250.00 ലക്ഷം രൂപ)**

അൻപത് ഹെക്ടറിനു താഴെ വിസ്തൃതിയുള്ള പ്രദേശത്ത് ജലസേചനമെത്തിക്കുവാൻ ലക്ഷ്യമിട്ടുള്ള ഒരു പദ്ധതിയാണിത്. ഈ പദ്ധതിയിൽ ഏറ്റെടുത്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും, പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായിട്ടാണ് തുക വകയിരുത്തിയിരിക്കുന്നത്. ചെറുകിട ജലസേചനം ക്ലാസ്സ്-II പദ്ധതികൾക്ക് 2250.00 ലക്ഷം രൂപയാണ് 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

പുതിയ ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നതിനും, നിർമ്മാണത്തിലുള്ള ക്ലാസ്സ്-II പദ്ധതികൾ പൂർത്തീകരിക്കുന്നതിനുമാണ് 2025-26 ൽ ആകെയുള്ള പദ്ധതി വിഹിതത്തിൽനിന്നും 1600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. തടയണകൾ നിർമ്മിക്കുന്നതിനും/ ജലം ശേഖരിക്കുന്നതിനുള്ള നിർമ്മിതികൾക്കും, പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിലെ മഴനിഴൽ പ്രദേശങ്ങളിൽ ഉൾപ്പെടെ എല്ലാ ജില്ലകളിലും കുളങ്ങൾ നവീകരിക്കുന്നതിനും തുക വകയിരുത്തുന്നു.

ഉപരിതല ജലത്തിന്റെയും ഭൂഗർഭജലത്തിന്റെയും ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് ഒരു സംയോജിത നീർത്തട സമീപനം ആവശ്യമാണ്. ഹരിതകേരളത്തിന് കീഴിൽ തയ്യാറാക്കിയ നീർത്തട പ്ലാനിൽ ഉൾപ്പെട്ട ക്ലാസ് II പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും, ജലാശയങ്ങൾ/കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും, നീർത്തട വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുമായി 2025-26 ബജറ്റിൽ 650.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 4. ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടു തീർക്കൽ

**(വിഹിതം: 250.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ നദികൾക്കും അരുവികൾക്കും കുറുകെയായി നിർമ്മിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ ജലസേചനത്തിനും കുടിവെള്ള വിതരണത്തിലും പ്രധാന പങ്ക് വഹിക്കുന്നു. ചെറുകിട ജലസേചന പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടതായിട്ടുണ്ട്. ഹെഡ് വർക്കുകളുടേയും കനാൽ നിർമ്മാണങ്ങളുടേയും അറ്റകുറ്റ പണികൾ ആവശ്യമനുസരിച്ച് നടത്താവുന്നതാണ്. പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും, സ്പിൽഓവർ ബാധ്യതകൾ പൂർത്തീകരിച്ചശേഷം പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും കൂടി വേണ്ടിയാണ് തുക വകയിരിത്തിയിരിക്കുന്നത്. ചെറുകിടജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കും, പരിപാലനത്തിനുമായി 250.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

### 5. നബാർഡിന്റെ സഹായത്തോടെയുള്ള ചെറുകിട ജലസേചന പദ്ധതികൾക്കു വേണ്ടി പദ്ധതി രൂപീകരണവും ചെറുകിട ജലസേചന പദ്ധതികളുടെ വിശദമായ പര്യവേഷണവും

**(വിഹിതം: 50.00 ലക്ഷം രൂപ)**

നബാർഡിൽനിന്നും കേന്ദ്രസർക്കാരിൽനിന്നും പരമാവധി സഹായം ലഭ്യമാക്കണമെങ്കിൽ പദ്ധതി രൂപീകരണത്തിന്റേയും, പദ്ധതികളുടെയും ഗുണമേന്മ മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്. നബാർഡിൽനിന്നും അനുവദിച്ച തുക നിശ്ചിത കാലയളവിൽ ഉപയോഗിക്കേണ്ടതാണ്. പദ്ധതികൾ സമർപ്പിക്കുന്നതിനായി, സമഗ്രമായ പദ്ധതിരേഖ തയ്യാറാക്കേണ്ടതാണ്. ഗുണനിലവാരമുള്ള പദ്ധതിരേഖകൾ തയ്യാറാക്കുന്നതിനാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. ചെറുകിട ജലസേചന പ്രവർത്തനങ്ങളിൽ പര്യവേഷണം തുടരുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്.

തെരഞ്ഞെടുത്ത പദ്ധതികൾക്ക് മുൻഗണനാടിസ്ഥാനത്തിലായിരിക്കണം വിശദമായ പദ്ധതിരേഖ തയ്യാറാക്കേണ്ടത്. ചെറുകിട ജലസേചന പദ്ധതികളുടെ വിശദമായ പര്യവേഷണത്തിനും, പദ്ധതികൾ തയ്യാറാക്കുന്നതിനുമായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 6. പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 100.00 ലക്ഷം രൂപ)**

പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന എന്ന പദ്ധതി 2015-16 കാലയളവിലാണ് കേന്ദ്ര സർക്കാർ ആരംഭിച്ചത്. ജലസേചനം, കൃഷി, മണ്ണ് സംരക്ഷണം, ഭൂഗർഭജല വികസനം, ഗ്രാമവികസനം എന്നിവയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് ആയിരുന്നു ആരംഭിച്ചത്. ഫീൽഡ് തലത്തിൽ ജലസേചന മേഖലയിലെ നിക്ഷേപങ്ങളുടെ സംയോജനം ആയിരുന്നു പദ്ധതി പ്രധാനമായും ലക്ഷ്യമിട്ടത്. കേന്ദ്രസംസ്ഥാന സർക്കാരുകൾ ഈ പദ്ധതിക്ക് വേണ്ടി തുക വകയിരുത്തുന്നത് 60:40 എന്ന അനുപാതത്തിലാണ്. ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിലൂടെ

ജലസേചനസാദ്ധ്യതാ പ്രദേശങ്ങളും നിലവിലെ ജലസേചിത പ്രദേശങ്ങളും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ട് ജലസേചിത പ്രദേശങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ 40 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ പരമാവധി വിനിയോഗമാണ് ലക്ഷ്യമിടുന്നത്.

**7. ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം**

**(വിഹിതം: 750.00 ലക്ഷം രൂപ)**

ഭക്ഷ്യസുരക്ഷയിൽ സ്വയംപര്യാപ്തത കൈവരിക്കാനും, ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുവാനും വേണ്ടി തദ്ദേശീയ ജലസമ്പത്തുകൾ പുനരുദ്ധരിക്കുന്നതിനും, സംരക്ഷിക്കുന്നതിനും, പരമ്പരാഗത ജലവിനിയോഗസമ്പ്രദായം മെച്ചപ്പെടുത്തുന്നതിനും ശ്രദ്ധകൊടുക്കേണ്ടതാണ്. സംസ്ഥാനത്തെ വിവിധഭാഗങ്ങളിൽ ജലസേചനത്തിന്റെ പ്രധാന സ്രോതസ്സ് കുളങ്ങളായിരുന്നു. നദീതടാടിസ്ഥാനത്തിൽ, നിലവിലുള്ള പ്രധാന പൊതുകുളങ്ങൾ പുനരുദ്ധരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കുളങ്ങളുടെ നവീകരണം, കുളങ്ങളെ ജലസേചന കനാലുകളുമായി ബന്ധിപ്പിക്കൽ മുതലായ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ പ്രധാനമായും വിഭാവനം ചെയ്യുന്നത്. ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 750.00 ലക്ഷം രൂപയാണ് 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആകെയുള്ള പദ്ധതി വിഹിതത്തിൽ നിന്നും 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്, തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന പുനരുദ്ധാരണ പ്രവൃത്തികൾക്കാണ് - (1) ആട്ടറമൂല മുതൽ മരുതൂർകോണം ചെറിയതോട് (സംരക്ഷണ ഭിത്തിയും, അനുബന്ധ സംരക്ഷണ പ്രവർത്തനങ്ങളും), (2) വലിയതോടിനുള്ള സംരക്ഷണ പ്രവർത്തനങ്ങൾ (കോഴോട് മുതൽ കാരിച്ചാൽ കായൽ വരെ).

**8. നബാർഡ് ധന സഹായത്തോടു കൂടി നടപ്പിലാക്കുന്ന സൂക്ഷ്മ ജലസേചന പദ്ധതികൾ (നബാർഡ് ആർ.ഐ.ഡി.എഫ് വിഹിതവും സംസ്ഥാന വിഹിതവും)**

**(വിഹിതം: 3068.00 ലക്ഷം രൂപ)**

ഏറ്റവും മെച്ചപ്പെട്ട രീതിയിൽ ജലഉപയോഗം സാധ്യമാക്കി വിളകളിൽ നിന്നും പരമാവധി ഉൽപ്പാദനം ലഭ്യമാക്കുക എന്നതാണ് കമ്മ്യൂണിറ്റി സൂക്ഷ്മ ജലസേചന പദ്ധതിയിൽക്കൂടി ലക്ഷ്യമിടുന്നത്. ഓരോ തുള്ളി വെള്ളവും ഫലപ്രദമായി വിനിയോഗിക്കുന്നതിലൂടെ ജലം സംരക്ഷിക്കുന്നതിലും ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിലും കൃഷിയിൽ ഇത് ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഭൂഗർഭ ജലസ്രോതസ്സുകളിലെ സമ്മർദ്ദം കുറയ്ക്കുന്നതിനും കാർഷിക ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക വളർച്ച ഉറപ്പാക്കുന്നതിനും മൈക്രോ ഇറിഗേഷൻ സാങ്കേതികവിദ്യ സഹായിക്കും. 2025-26 ബജറ്റിൽ പദ്ധതിക്കായി 3068.00 ലക്ഷം രൂപ വകയിരുത്തുന്നു. സൂക്ഷ്മ ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന വിഹിതം 1068.00 ലക്ഷം രൂപയും നബാർഡ് ആർ.ഐ.ഡി.എഫ് വിഹിതം 2000.00 ലക്ഷം രൂപയുമാണ്. സൂക്ഷ്മ ജലസേചന പദ്ധതികളുടെ സാധ്യതയും പ്രവർത്തനക്ഷമതയും പരിശോധിച്ച ശേഷം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. കൃഷി വകുപ്പിന്റെയും, തദ്ദേശഭരണവകുപ്പിന്റെയും, ഹരിതകേരള മിഷന്റെയും ഏകോപനത്തിലൂടെ ആയിരിക്കണം ഇത് നടപ്പിലാക്കേണ്ടത്.

**9. ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നദികളിലെ മലിനമായ ഭാഗങ്ങൾ മലിനമുക്തമാക്കുക**

**(വിഹിതം: 200.00 ലക്ഷം രൂപ)**

രാജ്യത്തെ മലിനമായ നദികളുമായി ബന്ധപ്പെട്ട്, ന്യൂഡൽഹിയിലുള്ള ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണൽ പ്രിൻസിപ്പൽ ബഞ്ച് 673/2018 നമ്പറിൽ ഒരു അപേക്ഷ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2018 ലെ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് പ്രകാരം, രാജ്യത്ത് മലിനമായ 351 നദികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. നദികളിലെ മലിനമായ ഭാഗങ്ങളെ മലിനീകരണത്തിന്റെ തീവ്രതയെ അടിസ്ഥാനമാക്കി, അഞ്ച് മുൻഗണനാ വിഭാഗങ്ങളായി, മുൻഗണന I മുതൽ (BOD>30mg/l) മുൻഗണന V വരെ (BOD 3 മുതൽ 6mg/l) തരം തിരിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ OA No.673/2018 ലെ 20/09/2018 ലെ ഉത്തരവിന് അനുസൃതമായി, കുളിക്കാനെങ്കിലും ഉപയോഗപ്രദമാക്കാൻ കഴിയുന്ന വിധത്തിൽ (BOD<3mg/L, FC<500MPN/100ml), നദികളിലെ മലിനമായ എല്ലാ ഭാഗങ്ങളും മലിനമുക്തമാക്കാൻ വേണ്ടിയുള്ള കർമ്മ പദ്ധതികൾ എല്ലാ സംസ്ഥാനങ്ങളും രണ്ട് മാസത്തിനകം തയ്യാറാക്കേണ്ടതാണ്. എല്ലാ നദികളിലെയും പ്രവൃത്തികൾ നടത്തുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് വഴി ദേശീയ ഹരിത ട്രൈബ്യൂണലിന് സമർപ്പിച്ചിരുന്നു. ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ നദികളിലെ മലിനമായ ഭാഗങ്ങൾ മലിനമുക്തമാക്കുന്നതിന് വേണ്ടി 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 4.3 കമാന്റ് ഏരിയ വികസനം

1. **പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന –മൂവാറ്റുപുഴ കാഡാ പദ്ധതി (സംസ്ഥാന വിഹിതം 50 ശതമാനം)**

**(വിഹിതം: 150.00 ലക്ഷം രൂപ)**

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ കാഡാ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 50 ശതമാനം സംസ്ഥാന വിഹിതമായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഫീൽഡ് ചാനലുകൾ, ഫീൽഡ് ഡ്രെയിനുകൾ എന്നിവയുടെ നിർമ്മാണത്തിനും, സിസ്റ്റം കറക്ഷനുകൾക്കും വേണ്ടിയാണ് തുക വകയിരുത്തിയിരിക്കുന്നത്.

## 4.4 വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ സംരക്ഷണവും

**വെള്ളപ്പൊക്ക നിയന്ത്രണം**

1. **പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ) (സംസ്ഥാന വിഹിതം 50 ശതമാനം)**

**(വിഹിതം: 400.00 ലക്ഷം രൂപ)**

കുട്ടനാട്ടിലെ ആവാസവ്യവസ്ഥയുടെ വികസനത്തിനായി ഒരു പഠന റിപ്പോർട്ട് എം.എസ്സ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രളയം ബാധിച്ച കുട്ടനാട് മേഖലയുടെ പുനരുജ്ജീവനത്തിനായി സംസ്ഥാന ആസൂത്രണ ബോർഡും 2019 ൽ ഒരു പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടുകളിൽ പ്രധാനമായും നെല്ലുൽപ്പാദനത്തിന് സഹായകമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടലുകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന വിളനാശത്തിൽ നിന്നുമുള്ള സംരക്ഷണത്തിനായി പാടശേഖരങ്ങൾക്ക് ചുറ്റുമുള്ള പുറം ബണ്ട് നിർമ്മാണവും, അവ ബലപ്പെടുത്തേണ്ടതും വളരെ ആവശ്യമാണ്.

2025-26 ബജറ്റിൽ 400.00 ലക്ഷം രൂപ 50 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. കെ.ഇ.എൽ III, കെ.ഇ.എൽ IV പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിനു വേണ്ടിയും, തണ്ണീർമുക്കം ബാരേജിന്റെ പ്രവൃത്തികളുടെ ബിൽ തുകയ്ക്ക് വേണ്ടിയുമാണ് തുക വകയിരുത്തിയിരിക്കുന്നത്. 2025-26 ൽ ഈ പദ്ധതിയുടെ കീഴിൽ പുതിയ പ്രവൃത്തികൾ ഒന്നും ഏറ്റെടുക്കാൻ പാടുള്ളതല്ല.

2. **കുട്ടനാടിനുവേണ്ടിയുള്ള നബാർഡ് (ആർ.ഐ.ഡി.എഫ് സഹായം)**

**(വിഹിതം: 10000.00 ലക്ഷം രൂപ)**

കുട്ടനാട്ടിൽ നിർമ്മാണപ്രവൃത്തികൾക്കായി നബാർഡ് ആർ.ഐ.ഡി.എഫ് സഹായം ലഭ്യമാകുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. 10000.00 ലക്ഷം രൂപയാണ് നബാർഡ് ആർ.ഐ.ഡി.എഫ് വിഹിതമായി 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. കുട്ടനാടൻ മേഖലയിലെ കൃഷിനാശം കുറയ്ക്കുന്നതിനും, നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സഹായകമാകുന്ന പശ്ചാത്തലസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കുട്ടനാടൻ മേഖലയിലെ ഏറ്റവും ലോലമായ പ്രദേശങ്ങളിലെ പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. പ്രോജക്ട് റിപ്പോർട്ട് ഒരു ഏകീകൃത പദ്ധതി രേഖയായി നബാർഡിന് സമർപ്പിക്കേണ്ടതാണ്. പദ്ധതിയുടെ മേൽനോട്ടത്തിനായി സംസ്ഥാന ആസൂത്രണ ബോർഡ് കൃഷി വിഭാഗം മെമ്പറിന്റെ അധ്യക്ഷതയിൽ ഒരു നിരീക്ഷണ സമിതി രൂപീകരിക്കുന്നതാണ്. ഈ മേൽനോട്ട സമിതിയിൽ, സെക്രട്ടറി, ജലവിഭവ വകുപ്പ്, അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ, ചീഫ് (കൃഷി വിഭാഗം) സംസ്ഥാന ആസൂത്രണ ബോർഡ്, ചീഫ് ജനറൽ മാനേജർ, നബാർഡ്, കൃഷി വകുപ്പ് സെക്രട്ടറി, ചീഫ് എഞ്ചിനീയർ (ഐ&എ), ധനകാര്യവകുപ്പ് പ്രതിനിധി എന്നിവർ അംഗങ്ങളായിരിക്കും. ചീഫ് എഞ്ചിനീയർ (കുട്ടനാട്) ആയിരിക്കും കമ്മറ്റിയുടെ മെമ്പർ സെക്രട്ടറി. പദ്ധതി നിർവഹണത്തിന്റെ മേൽനോട്ടം ഈ കമ്മറ്റി നടപ്പിലാക്കുന്നതാണ്. ഒക്ടോബർ, ഏപ്രിൽ മാസങ്ങളിൽ കമ്മിറ്റി യോഗം ചേരുന്നതാണ്.

3. **കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിവാരണ പദ്ധതികൾ**

**(വിഹിതം: 5700.00 ലക്ഷം രൂപ)**

ആലപ്പുഴ, കോട്ടയം ജില്ലകളിലെ വിവിധ പാടശേഖരങ്ങളിലെ വെള്ളപ്പൊക്കനിവാരണ പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിവാരണത്തിനായി വിവിധ

പ്രവൃത്തികൾ ഈ പദ്ധതിയുടെ കീഴിൽ 2025-26 ബജറ്റിൽ നടപ്പിലാക്കാവുന്നതാണ്. വിഭാവനം ചെയ്യുന്ന പ്രവൃത്തികൾ ഇവയെല്ലാമാണ്.

- ഡ്രെയിനേജ് സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനായി കനാലുകളിൽ നിന്നും മണ്ണ് മാറ്റുന്നതും, കനാൽ വൃത്തിയാക്കുന്നതുമായ പ്രവൃത്തികൾ.
- പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണം
- പാടശേഖരങ്ങളുടെ കംപാർട്ട്മെന്റലൈസേഷൻ പ്രവൃത്തികൾ.
- മോട്ടോർ തറ/ മോട്ടോർ ഷെഡ്, സ്ലൂയിസുകൾ, ബോക്സ്/പൈപ്പ് കൾവെർട്ട്

മുകളിൽ പറഞ്ഞിരിക്കുന്ന പ്രവൃത്തികൾക്കായി 5700.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**തീരദേശ സംരക്ഷണം**

**4. തീരദേശ സംരക്ഷണം**

**(വിഹിതം: 154.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് 590 കി.മീ നീളമുള്ള കടൽത്തീരമാണുള്ളത്. ആകെയുള്ള 590 കി.മീ ൽ, 370 കി.മീ നീളം കടൽഭിത്തികൾ നിർമ്മിച്ചും, പുലിമുട്ടുകൾ നിർമ്മിച്ചും സംരക്ഷിച്ചിട്ടുണ്ട്. സംരക്ഷണഭിത്തികളില്ലാത്ത തീരപ്രദേശങ്ങളിലെ വിവിധ സ്ഥലങ്ങൾ ദുർബല പ്രദേശമാണ്. ഇവിടെയൊക്കെ തിരമാലയുടെ ആക്രമണം കാരണം നിരന്തരമായി നാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. കൃത്യമായ ശാസ്ത്രീയ പഠനങ്ങൾക്ക് ശേഷം അനുയോജ്യമായ രീതികൾ (ഹാർഡ്/സോഫ്റ്റ് സൊലൂഷൻസ്) ഉപയോഗിച്ച് സുരക്ഷിതമല്ലാത്ത തീരപ്രദേശങ്ങൾ സംരക്ഷിക്കേണ്ടതാണ്. എൻ.സി.സി.ആർ, സി.ഡബ്ല്യൂ.പി.ആർ.എസ് എന്നീ സ്ഥാപനങ്ങളാണ് തീര സംരക്ഷണ നിർമ്മിതികളുടെ പര്യവേഷണ രൂപകല്പനയിൽ ഏർപ്പെട്ടിരിക്കുന്നത്.

തീരദേശ സംരക്ഷണത്തിനായി 2025-26 ബജറ്റിൽ 154.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും, പഴയ കടൽഭിത്തി നവീകരിക്കുന്നതിനുമാണ് തുക അനുവദിച്ചിരിക്കുന്നത്. മാത്രമല്ല, ഇത്തരം നിർമ്മിതികൾക്ക് സമയബന്ധിതവും ശരിയായ രീതിയിലുള്ളതുമായ അറ്റകുറ്റപ്പണികളും ആവശ്യമാണ്. ജിയോടെക്സ്റ്റൈലുകൾ, പോളിയെത്തിലീൻ ഫാബ്രിക്കുകൾ/ഷീറ്റുകൾ, ബയോ മെറ്റീരിയലുകൾ തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകൾ തീര സംരക്ഷണത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

**5. തീരദേശ സംരക്ഷണത്തിനായുള്ള പഠനങ്ങൾ**

**(വിഹിതം: 53.00 ലക്ഷം രൂപ)**

തീരദേശ സംരക്ഷണ നിർമ്മിതിയുടെ ശരിയായ നിർമ്മാണത്തിനും, പരിപാലനത്തിനും സാങ്കേതിക പഠനങ്ങളും, പ്രദേശത്തിനനുയോജ്യമായ രൂപരേഖയും ആവശ്യമാണ്. തിരമാലകളുടെ രീതി, തീരപ്രദേശങ്ങളുടെ പ്രത്യേകതകൾ, കടലിന്റെ ആഴം, എക്കലിന്റെ സാന്നിധ്യം ഇവയൊക്കെ അടിസ്ഥാനമാക്കി തീരദേശ സംരക്ഷണ പ്രവർത്തികളിൽ വ്യതിയാനം ഉണ്ടാകാം. തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള പഠനങ്ങൾ ഏറ്റെടുക്കുന്നതിനായി 53.00 ലക്ഷം രൂപ 2025-26ൽ വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തിനായി സമഗ്രമായ ഒരു തീരദേശ പരിപാലന പദ്ധതി തയ്യാറാക്കുന്നതും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

**6. തീരദേശ സംരക്ഷണ പ്രവൃത്തികൾ (നബാർഡ് ആർ.ഐ.ഡി.എഫ്)**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

ആവർത്തിച്ചുണ്ടാകുന്ന ചുഴലിക്കാറ്റും, ശക്തമായ തിരമാലയുടെ ആക്രമണവും തീരപ്രദേശങ്ങളെ പ്രതികൂലമായി ബാധിക്കുകയും, ഈ പ്രദേശങ്ങളിൽ പതിവായി വെള്ളപ്പൊക്കം ഉണ്ടാകുകയും ചെയ്യുന്നു. തീരപ്രദേശങ്ങൾ, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ, ഉയർന്ന ജനസാന്ദ്രതയുള്ളതിനാൽ ഓരോ വർഷവും തീരപ്രദേശത്തുള്ള ആയിരക്കണക്കിന് ആളുകളെ വെള്ളപ്പൊക്കം ബാധിക്കുകയും, ഓരോ മഴക്കാലത്തും നൂറുകണക്കിന് ആളുകളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റുകയും ചെയ്യുന്നു. നിലവിലെ ഉയരം കുറഞ്ഞ കടൽഭിത്തികൾ തിരമാലകളെ നിയന്ത്രിക്കുന്നതിൽ ഫലപ്രദമല്ലെന്ന് കണ്ടെത്തിയതിനാൽ, ഈ പ്രദേശങ്ങളിൽ അടിയന്തര ഇടപെടൽ ആവശ്യമാണ്. തീരപ്രദേശങ്ങളിലെ വെള്ളപ്പൊക്ക സംരക്ഷണത്തിന് നബാർഡ് ആർഐഡിഎഫ് മുഖേന ഫണ്ട് കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾക്ക്, നബാർഡ് ആർഐഡിഎഫ് സഹായം ലഭിക്കുന്നതിന് 2025-26 ബജറ്റിൽ 1500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

# V. ഊർജ്ജം

സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തിനും മാനവിക ക്ഷേമത്തിനും ഊർജ്ജം ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. സാമ്പത്തിക വളർച്ചയും മാനവവികസനവും ത്വരിതപ്പെടുത്തുന്നതിന് കാര്യക്ഷമവും തടസ്സരഹിതവുമായ ഊർജ്ജം മിതമായ നിരക്കിൽ ലഭ്യമാക്കുക എന്നത് ഒരു അത്യാവശ്യ ഘടകമാണ്. ആവശ്യമായ ഊർജ്ജം മിതമായ നിരക്കിൽ തടസ്സരഹിതമായി ലഭ്യമാക്കുക എന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. വോൾട്ടേജ് വ്യതിയാനങ്ങളില്ലാതെ കുറഞ്ഞനിരക്കിൽ തടസ്സരഹിതമായി എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കുക എന്നതാണ് കേരളത്തിലെ ഊർജ്ജ മേഖലയുടെ കാഴ്ചപ്പാട്. സംസ്ഥാനത്തിനകത്തെ വൈദ്യുതി ഉല്പാദനത്തിനായുള്ള പ്രധാന സ്രോതസ്സുകൾ താപം, ഡീസൽ, ജലം, സൗരോർജ്ജം, കാറ്റ് എന്നിവയാണ്. ഉല്പാദനം, പ്രസരണം, വിതരണം, സുരക്ഷ, നിയന്ത്രണം, ഊർജ്ജ കാര്യക്ഷമത തുടങ്ങിയവ കേന്ദ്രീകരിച്ചുള്ള വിവിധ ഊർജ്ജ വികസന പ്രവർത്തനങ്ങൾ പ്രധാനമായും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെഎസ്ഇബിഎൽ), ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്), ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റ് വകുപ്പ്, എനർജി മാനേജ്മെന്റ് സെന്റർ (ഇഎംസി) എന്നീ നാല് ഏജൻസികളിലൂടെയാണ് നടപ്പിലാക്കുന്നത്. കേരളത്തിന്റെ ഊർജ്ജ മേഖലയിൽ ന്യായവും സുതാര്യവും വസ്തുനിഷ്ഠവുമായ നിയന്ത്രണ സംവിധാനം നിലനിർത്തുന്ന ഒരു ക്വാസി ജുഡീഷ്യൽ സംവിധാനമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (കെ.എസ്.ഇ.ആർ.സി) സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്നു.

2025-26 ബജറ്റിൽ 108880.00 ലക്ഷം രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിനും (കെ.എസ്.ഇ.ബി.എൽ), 5110.00 ലക്ഷം രൂപ ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജിക്കും (അനർട്ട്), 836.00 ലക്ഷം രൂപ ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റ് വകുപ്പിനും, 850.00 ലക്ഷം രൂപ എനർജി മാനേജ്മെന്റ് സെന്ററിനും (ഇഎംസി) വകയിരുത്തിയിരിക്കുന്നു. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഈ ഏജൻസികൾ യോജിച്ച് പ്രവർത്തിക്കുന്നതാണ്.

ഊർജ്ജ മേഖലക്ക് കീഴിലുള്ള ഏജൻസികൾക്ക് വകയിരുത്തിയിട്ടുള്ള വിഹിതവും പദ്ധതി/ പ്രോജക്ട് തിരിച്ചുള്ള വിശദാംശങ്ങളും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വകുപ്പ് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കെ.എസ്.ഇ.ബി.എൽ | 108880.00 |
| 2 | അനർട്ട് | 5110.00 |
| 3 | ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റ് വകുപ്പ് | 836.00 |
| 4 | ഇ.എം.സി | 850.00 |
| | **ആകെ** | **115676.00** |

## 5.1 കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ)

കേരള സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനു പിന്നിലുള്ള പ്രധാനമായ ഒരു പ്രേരക ശക്തിയും സർക്കാർ ഉടമസ്ഥതയിലുമുള്ള സ്ഥാപനമാണ് കെ.എസ്.ഇ.ബി.എൽ. ഗാർഹിക, കാർഷിക, വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ട വൈദ്യുതി മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് നല്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം, പ്രസരണം, വിതരണം എന്നിവ കെ.എസ്.ഇ.ബി യിൽ നിക്ഷിപ്തമായിരിക്കുന്നു.

2025-26 ബജറ്റിൽ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് (കെ.എസ്.ഇ.ബി.എൽ) 108880.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ, 104218.00 ലക്ഷം രൂപ കെ.എസ്.ഇ.ബി.എൽ ന്റെ തനത് ഫണ്ട് വിനിയോഗിച്ചു കൊണ്ട് നടപ്പിലാക്കുന്ന പദ്ധതികൾക്കും, 540.00 ലക്ഷം രൂപ ബാഹ്യ സഹായ പദ്ധതിക്കും, 4122.00 ലക്ഷം രൂപ കെ.എസ്.ഇ.ബി.എൽ നടപ്പാക്കുന്ന സംസ്ഥാന പദ്ധതികൾക്കുമായി വകയിരുത്തിയിരിക്കുന്നു.

പദ്ധതി/പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

## ജല വൈദ്യുത പദ്ധതികൾ

### 1. കുറ്റ്യാടി ജലവൈദ്യുത പദ്ധതി

**(വിഹിതം: 700.00 ലക്ഷം രൂപ)**

കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ വില്ലേജിലാണ് ഈ പദ്ധതി സ്ഥിതി ചെയ്യുന്നത്. ഇതിന് നാലു പവർ ഹൗസുകളാണുള്ളത്. കുറ്റ്യാടി പഴയ പവർഹൗസ് (75 മെഗാവാട്ട്) ,കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി (50 മെഗാവാട്ട്), കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി (100 മെഗാവാട്ട്), കുറ്റ്യാടി ടെയിൽ റെയ്സ് ചെറുകിട ജലവൈദ്യുത പദ്ധതി (3.75 മെഗാവാട്ട്) എന്നിവയാണ്. 75 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കുറ്റ്യാടി പഴയ പവർ സ്റ്റേഷന്റെ വാർഷിക ഉല്പാദനശേഷി 268 മില്യൺ യൂണിറ്റാണ്. കനത്ത മഴക്കാലത്ത്, റിസർവോയറിയിൽ നിന്നുള്ള ചോർച്ചയും ഉൽപ്പാദനത്തിൽ വരുന്ന നഷ്ടവും ഒഴിവാക്കുന്നതിനുവേണ്ടിയാണ് 50 മെഗാവാട്ട് സ്ഥാപിതശേഷിയും 75 മില്യൺ യൂണിറ്റ് വാർഷിക ഉൽപാദന ശേഷിയുമുള്ള കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടെ സമീപം ഒരു പുതിയ പവർഹൗസ് കെട്ടിടം നിർമ്മിച്ചാണ് കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി രൂപീകരിച്ചത്. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയുടെ വാർഷിക ഉൽപ്പാദന ശേഷി 223 മില്യൺ യൂണിറ്റാണ്. പദ്ധതിയുടെ സ്ഥാപിതശേഷി 225 മെഗാ വാട്ടായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 2. ലോവർ പെരിയാർ (180 മെഗാവാട്ട് /493 മില്യൺ യൂണിറ്റ്)

**(വിഹിതം: 350.00 ലക്ഷം രൂപ)**

ഈ പദ്ധതി ഇടുക്കി ജില്ലയിലെ കരിമണലിലാണ് സ്ഥിതി ചെയ്യുന്നത്. പെരിയാർ നദിക്കു കുറുകെ പംബ്ലയിൽ നിർമ്മിച്ച പംബ്ല ഡാമാണ് ഈ പദ്ധതിക്കായുള്ള റിസർവോയർ. നേര്യമംഗലം പവർ ഹൗസിൽ നിന്നുള്ള ടെയിൽ റേസ് ഡിസ്ചാർജാണ് ഈ റിസർവോയറിന്റെ പ്രധാന സ്രോതസ്സ്. ഇതിന്റെ സ്ഥാപിത ശേഷി 180 മെഗാവാട്ടും വാർഷിക ഉല്പാദന ശേഷി 493 മില്യൺ യൂണിറ്റുമാണ്. ഇടമലയാർ പവർ സ്റ്റേഷനിൽ നിന്നുള്ള ജലവും പവർ ഹൗസിൽ നിന്നും പുറംതള്ളുന്ന ജലവും പെരിയാർ നദിയിലേക്ക് ഒഴുക്കി വിടുന്നു. ഇത് പെരിയാർവാലി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി ജലസേചന ആവശ്യങ്ങൾക്കായി ഭൂതത്താൻകെട്ടിൽ ഒരു ബാരേജ് തീർത്ത് അതിൽ ശേഖരിച്ചു വെയ്ക്കുന്നു. ഈ പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 3. നേര്യമംഗലം എക്സ്റ്റൻഷൻ പദ്ധതി (25 മെഗാവാട്ട് /58.27 മില്യൺ യൂണിറ്റ്)

**(വിഹിതം: 200.00 ലക്ഷം രൂപ)**

കനത്ത മഴക്കാലത്ത് കല്ലാർകുറ്റി റിസർവോയറിൽ നിന്നുള്ള ഒഴുക്ക് തടയുന്നതിന് ഒരു പരിഹാരമായിട്ടാണ് നേര്യമംഗലം എക്സ്റ്റൻഷൻ പദ്ധതി രൂപം കൊണ്ടത്. നേര്യമംഗലം പവർഹൗസിന് തൊട്ടടുത്താണ് പവർഹൗസ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ഇതിന്റെ വാർഷിക ഉൽപാദനശേഷി 58.27 മില്ല്യൺ യൂണിറ്റാണ്. 2025-26 ബജറ്റിൽ ഈ പദ്ധതിയ്ക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 4. പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ (16 മെഗാവാട്ട് /74 മില്യൺ യൂണിറ്റ്)

**(വിഹിതം: 600.00 ലക്ഷം രൂപ)**

പെരിങ്ങൽകുത്ത് റിസർവോയറിൽ നിന്ന് അധികമായി പെൻസ്റ്റോക്ക് സ്ഥാപിച്ച്, കനത്ത മഴക്കാലത്ത് ഡാമിൽ നിന്നുള്ള ചോർച്ച ഒഴിവാക്കുവാൻ വേണ്ടിയാണ് പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ പദ്ധതി നിർമ്മിച്ചിരിക്കുന്നത്. 16 മെഗാ വാട്ട് ശേഷിയുള്ള ഒരു യൂണിറ്റാണ് പവർ ഹൗസിൽ ഉൾപ്പെട്ടിരിക്കുന്നത്. 2025-26 ബജറ്റിൽ പദ്ധതിയ്ക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 5. ചെങ്കുളം ഓഗ്മെന്റേഷൻ പ്രോജക്ട് (85 മില്യൺ യൂണിറ്റ്)

**(വിഹിതം: 800.00 ലക്ഷം രൂപ)**

ചെങ്കുളം വൈദ്യുത നിലയത്തിലെ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പശ്ചിമ കല്ലാർ നദിയിലുള്ള ജലം ചെങ്കുളം ജല സംഭരണിയിലേക്ക് തിരിച്ചു വിടുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 48 മെഗാവാട്ട് സംഭരണ ശേഷിയുള്ള ഈ പ്രോജക്ട് സ്ഥിതി ചെയ്യുന്നത് ദേവികുളം താലൂക്കിലെ പള്ളിവാസൽ വില്ലേജിലാണ്. പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 6. പള്ളിവാസൽ ജലവൈദ്യുത പദ്ധതി (37.5 മെഗാവാട്ട്/284 മില്യൺ യൂണിറ്റ്)

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലാണ് ഈ പദ്ധതി സ്ഥിതിചെയ്യുന്നത്. ഈ പദ്ധതി രണ്ടു ഘട്ടമായിട്ടാണ് പൂർത്തിയാക്കിയത്. ആദ്യ ഘട്ടത്തിൽ 4.5 മെഗാവാട്ട് വീതം ശേഷിയുള്ള മൂന്നു യൂണിറ്റുകളായിട്ടാണ് പദ്ധതിക്കു തുടക്കമിട്ടത്. ജലചക്രങ്ങൾ മാറ്റിക്കൊണ്ട്, ആദ്യഘട്ടത്തിലെ 4.5 മെഗാവാട്ട് യൂണിറ്റുകൾ 5 മെഗാവാട്ടാക്കി ഉയർത്തി. പദ്ധതിയുടെ ആദ്യഘട്ടം 5 മെഗാ വാട്ട് ശേഷിയുള്ള 3 യൂണിറ്റുകളായാണ് പൂർത്തിയാക്കിയത്. രണ്ടാംഘട്ട വികസനത്തിൽ 7.5 മെഗാവാട്ട് വീതമുള്ള മൂന്നു യൂണിറ്റുകൾ ചേർത്തുകൊണ്ട് സ്റ്റേഷന്റെ മൊത്തം സ്ഥാപിതശേഷി 37.5 മെഗാവാട്ടാക്കി, പദ്ധതിയുടെ വാർഷിക ഉല്പാദനശേഷി 284 മില്യൺ യൂണിറ്റാണ്. 2025-26 ബജറ്റിൽ ഈ പദ്ധതിയ്ക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 7. ഇടുക്കി ജലവൈദ്യുത പദ്ധതി (780 മെഗാവാട്ട്/2398 മില്യൺ യൂണിറ്റ്)

**(വിഹിതം: 1200.00 ലക്ഷം രൂപ)**

ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ അറക്കുളം വില്ലേജിലാണ് ഈ പദ്ധതി സ്ഥിതി ചെയ്യുന്നത്. പവർ ഹൗസിന് 130 മെഗാവാട്ട് വീതം ശേഷിയുള്ള ആറ് ജനറേറ്ററുകൾ ഉണ്ട്. ഇതിന്റെ സ്ഥാപിതശേഷി 780 മെഗാവാട്ടും വാർഷിക ഉല്പാദനശേഷി 2398 മില്യൺ യൂണിറ്റുമാണ്. ഈ പദ്ധതിയിൽ ഇടുക്കി ആർച്ച് ഡാം, ചെറുതോണി അണക്കെട്ട്, കുളമാവ് അണക്കെട്ട് എന്നീ മൂന്ന് അണക്കെട്ടുകളുണ്ട്. ഇവ മൂന്നും ചേർന്നതാണ് ഈ പദ്ധതിയുടെ റിസർവോയർ. റിസർവോയറിലേക്കുള്ള ഒഴുക്ക് വർദ്ധിപ്പിക്കുന്നതിനായി നിരന്തര ശ്രമങ്ങൾ നടത്തിയതിന്റെ ഫലമായി കുറ്റിയാർ ഡൈവേർഷൻ, വടക്കേപ്പുഴ ഡൈവേർഷൻ, അഴുത ഡൈവേർഷൻ നാരകക്കാനം ഡൈവേർഷൻ, കല്ലാർ/ഇരട്ടയാർ ഡൈവേർഷൻ എന്നീഅഞ്ചു ഡൈവേർഷൻ പ്രൊജക്ടുകൾ സാധ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 1200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 8. പന്നിയാർ ജലവൈദ്യുത പദ്ധതി (32.4 മെഗാവാട്ട്/158 മില്യൺ യൂണിറ്റ്)

**(വിഹിതം: 400.00 ലക്ഷം രൂപ)**

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ വെള്ളത്തൂവലിലാണ് പന്നിയാർ പവർഹൗസ് സ്ഥിതിചെയ്യുന്നത്. പുനരുദ്ധാരണത്തിനു ശേഷം പദ്ധതിയുടെ ശേഷി 32.4 മെഗാവാട്ടും വാർഷിക ഉൽപ്പാദന ശേഷി 158 മില്യൺ യൂണിറ്റുമാണ്. ഉല്പാദിപ്പിച്ച വൈദ്യുതി രണ്ടു ഫീഡറുകൾ ഉപയോഗിച്ചു 110 കെ.വി അളവിൽ ചെങ്കുളം വൈദ്യുതി നിലയത്തിൽ എത്തിക്കുന്നു. ആനയിറങ്കൽ, പൊൻമുടി എന്നിവയാണ് ഈ പദ്ധതിയുടെ രണ്ട് റിസർവോയറുകൾ. ടെയിൽറേസ് ഡിസ്ചാർജ്ജ് മുതിരപ്പുഴ നദിയിൽ എത്തിച്ചേർന്ന് കല്ലാർകുറ്റി റിസർവോയറിലേക്ക് ഒഴുകിപോകുന്നു. 2025-26 ബജറ്റിൽ പദ്ധതിയ്ക്കായി 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 9. ചെങ്കുളം ചെറുകിട ജലവൈദ്യുത പദ്ധതി (51.2 മെഗാവാട്ട് /182 മില്യൺ യൂണിറ്റ്)

**(വിഹിതം: 210.00 ലക്ഷം രൂപ)**

പള്ളിവാസൽ പദ്ധതിയിൽ നിന്നുള്ള ടെയിൽറേസ് ജലം ഉപയോഗപ്പെടുത്താൻ ചെങ്കുളം പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നു. ഈ പദ്ധതി ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ സ്ഥിതി ചെയ്യുന്നു. ചെങ്കുളത്ത് ഒരു അണക്കെട്ട് നിർമ്മിച്ചതിലൂടെയാണ് ചെങ്കുളം ബാലൻസിംഗ് റിസർവോയർ രൂപപ്പെട്ടത്. ചെങ്കുളം ബാലൻസിങ് റിസർവോയറിലെ ജലനിരപ്പ് പള്ളിവാസൽ പവർഹൗസിന്റെ ടെയിൽറേസ് ജലനിരപ്പിനെക്കാൾ 10 മീറ്റർ ഉയരത്തിലാണ്. അതുകൊണ്ട് ജലം പമ്പ് ചെയ്ത് ചെങ്കുളം ബാലൻസിങ് റിസർവോയറിൽ എത്തിക്കാൻ പള്ളിവാസൽ പവർഹൗസിൽ പമ്പിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ടെയിൽറേസ് ജലം മുതിരപ്പുഴ നദിയിൽ ചേർന്നതിനു ശേഷം കല്ലാർകുറ്റി റിസർവോയറിലേക്ക് ഒഴുകി എത്തുന്നു. ഈ പദ്ധതിയുടെ സ്ഥാപിതശേഷി 51.2 മെഗാവാട്ടും (12.8X4) വാർഷിക ഉല്പാദനശേഷി 182 മില്യൺ യൂണിറ്റുമാണ്. 2025-26 ബജറ്റിൽ ഈ പദ്ധതിയ്ക്കായി 210.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 10. കക്കാട് പദ്ധതി

**(വിഹിതം: 60.00 ലക്ഷം രൂപ)**

പമ്പാ നദീതടത്തിന്റെ രണ്ടാം ഘട്ട വികസനമാണ് കക്കാട് ജലവൈദ്യുത പദ്ധതി. സ്ഥാപിത ശേഷി 50 മെഗാവാട്ട് ആണ്. പദ്ധതിയുടെ വാർഷിക ഉൽപ്പാദന ശേഷി 262 മില്യൺ യൂണിറ്റ് ആണ്. ശബരിഗിരി പവർ സ്റ്റേഷനിൽ നിന്നുള്ള വെള്ളവും മൂഴിയാർ, വെള്ളത്തോട് നദികളിൽ നിന്നുള്ള ഒഴുക്കും ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നു. മൂഴിയാർ അണക്കെട്ടാണ് ഈ പദ്ധതിയുടെ പ്രധാന ജലസംഭരണി സൃഷ്ടിക്കുന്നത്. വെളുത്തോട് നദിക്ക് കുറുകെ നിർമ്മിച്ച വെളുത്തോട് അണക്കെട്ടാണ് രണ്ടാമത്തെ ജലസംഭരണി രൂപപ്പെടുന്നത്. വൈദ്യുതി ഉൽപ്പാദനത്തിനു ശേഷം കക്കാട് പവർ സ്റ്റേഷനിൽ നിന്നുള്ള

വെള്ളം കക്കാട് പുഴയിലേക്ക് തുറന്നുവിടും. ഈ വെള്ളം ഉള്ളുങ്കൽ പവർ സ്റ്റേഷനിലും (ഐ.പി.പി) കരിക്കയം പവർ സ്റ്റേഷനിലും വൈദ്യുതോത്പാദനത്തിനായി ഉപയോഗിക്കുന്നു. കൂടാതെ മണിയാർ പവർ സ്റ്റേഷനിലെ വൈദ്യുതി ഉല്പാദനത്തിനായി കേരള ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മണിയാർ റിസർവോയറിലേക്ക് ഒഴുകുന്നു. പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിലെ സീതത്തോട് ആണ് പവർ ഹൗസിന്റെ സ്ഥാനം. 2025-26 ബജറ്റിൽ 60.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് വകയിരുത്തിയിരിക്കുന്നു.

**11. പശുക്കടവ് ചെറുകിട ജലവൈദ്യുത പദ്ധതി (4 മെഗാവാട്ട് /10.34 മില്യൺ യൂണിറ്റ്)**

**(വിഹിതം: 10.00 ലക്ഷം രൂപ)**

കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ കാവിലുംപാറ പഞ്ചായത്തിലാണ് പശുക്കടവ് പദ്ധതി സ്ഥിതി ചെയ്യുന്നത്. കുറ്റ്യാടി നദിയുടെ ഉപനദിയായ മീമ്പറ്റിപ്പുഴയുടെ ഒഴുക്ക് പ്രയോജനപ്പെടുത്തി ഒരു റൺ ഓഫ് നദീപദ്ധതിയായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 4 മെഗാവാട്ട് (2x2മെഗാവാട്ട്) സ്ഥാപിതശേഷിയുള്ള പദ്ധതിയിൽ നിന്നും 10.34 മില്യൺ യൂണിറ്റ് ശരാശരി വാർഷിക ഊർജ്ജ ഉല്പാദനം പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**12. കീരിത്തോട് ചെറുകിട ജലവൈദ്യുത പദ്ധതി (12 മെഗാവാട്ട്)**

**(വിഹിതം: 70.00 ലക്ഷം രൂപ)**

12 മെഗാവാട്ട് ശേഷിയുള്ള ഒരു ഊർജ്ജ നിലയം സ്ഥാപിച്ച് നാമമാത്രമായ ജല സംഭരണം ഏർപ്പെടുത്തിക്കൊണ്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിച്ചുള്ള നദീതട പദ്ധതിയാണ് കീരിത്തോട് ചെറുകിട ജലവൈദ്യുത പദ്ധതി. ഇത് സാധാരണയായി മഴക്കാലത്താണ് പ്രവർത്തിക്കുന്നത്. ഇടുക്കി അണക്കെട്ടിന് താഴെയുള്ള പെരിയാർ നദിയുടെ 116.9 ചതുരശ്ര കിലോമീറ്റർ വൃഷ്ടി പ്രദേശത്തെ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുവാൻ പദ്ധതി ഉദ്ദേശിക്കുന്നു. 2025-26 ബജറ്റിൽ പദ്ധതിയ്ക്കായി 70.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**13. ആനക്കയം പദ്ധതി (7.5 മെഗാവാട്ട്/22.83 മില്യൺ യൂണിറ്റ്)**

**(വിഹിതം: 80.00 ലക്ഷം രൂപ)**

തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിൽ പരിയാരം വില്ലേജിലാണ് ഈ പദ്ധതി സ്ഥിതി ചെയ്യുന്നത്. അധിക സംഭരണമോ വെള്ളത്തിൽ ആഴ്ത്തുകയോ ഇല്ലാതെ ഷോളയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റേസ് വികസനമായ ആനക്കയം ചെറുകിട ജല വൈദ്യുത പദ്ധതി, പറമ്പിക്കുളം ടൈഗർ റിസർവിൻറെ ബഫർസോണിൽ ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ ഷോളയാർ, വാഴച്ചാൽ വനമേഖലകളിലാണ്. ഫോറസ്റ്റ് ക്ലിയറൻസ് ലഭിച്ചതിനുശേഷം ആരംഭിക്കുന്നതിലേക്കായി ഈ പദ്ധതിക്ക് 2025-26 ബജറ്റിൽ 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**14. പഴശ്ശി സാഗർ പ്രോജക്ട് (7.5 മെഗാവാട്ട്/25.8 മില്യൺ യൂണിറ്റ്)**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ പാടിയൂർ-കല്യാട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പഴശ്ശി സാഗർ പ്രൊജക്ട്, ജലസേചന വകുപ്പിന്റെ പഴശ്ശി ഇറിഗേഷൻ ബാരേജിൽ ഡാം-ടോ, റൺ ഓഫ് റിവർ സ്കീം ആയി വിഭാവനം ചെയ്തിരിക്കുന്നു. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**15. പീച്ചാട് ചെറുകിട ജലവൈദ്യുത പദ്ധതി (3 മെഗാവാട്ട്/7.74 മില്യൺ യൂണിറ്റ്)**

**(വിഹിതം: 80.00 ലക്ഷം രൂപ)**

പൂയംകുട്ടി ബേസിനിൽ നിന്നും തിരിച്ചുവിടുന്ന ജലം സ്വീകരിക്കുന്ന അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നിന്നുള്ള ടെയിൽ റേസ് ജലം ഉപയോഗിക്കാനാണ് പീച്ചാട് ചെറുകിട ജലവൈദ്യുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**16. പശ്ചിമ കല്ലാർ പ്രോജക്ട് (5 മെഗാവാട്ട്/17.41 മില്യൺ യൂണിറ്റ്)**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ പീച്ചാട് പ്രൊജക്ടിന്റെ താഴെയുള്ള പദ്ധതിയാണ് പശ്ചിമ കല്ലാർ പ്രൊജക്ട്. കല്ലാർ സ്കീമിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ശ്രേണിയിൽ നിർദ്ദിഷ്ട പീച്ചാട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (3മെഗാവാട്ട്) 2 കിലോമീറ്റർ താഴെയായും അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (2 മെഗാ വാട്ട്) 1.5 കിലോമീറ്റർ താഴെയുമാണ് പശ്ചിമ കല്ലാർ പ്രോജക്ട്. ആലുവ-മൂന്നാർ റോഡിലെ കല്ലാർ പാലത്തിന് 400 മീറ്റർ മുകളിലാണ് വെയർ സൈറ്റ് സ്ഥിതി ചെയ്യുന്നത്. കല്ലാർ വെള്ളച്ചാട്ടത്തിന് താഴെയായി പവർഹൗസ് നിർദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**17. ചെമ്പുകടവ് മൂന്നാം ഘട്ട പ്രോജക്റ്റ് (7.5 മെഗാവാട്ട്/17.715 മില്യൺ യൂണിറ്റ്)**

**(വിഹിതം: 150.00 ലക്ഷം രൂപ)**

ചെമ്പുകടവ് മൂന്നാം ഘട്ട പ്രൊജക്റ്റ്, ചെമ്പുകടവ് സ്റ്റേജ് II സ്കീമിന്റെ താഴെയായിട്ടാണ് സ്ഥിതി ചെയ്യുന്നത്. ചാലിയാർ തടത്തിലെ ഇരുവഞ്ചിപ്പുഴയുടെ കൈവഴിയായ ചാലിപ്പുഴയിലെ 21.79 ചതുരശ്ര കിലോമീറ്റർ നീരൊഴുക്ക് വിസ്തീർണ്ണം ഉപയോഗിച്ചാണ് ഈ പ്രോജക്ടിന്റെ ഊർജ്ജ വികസനം വിഭാവനം ചെയ്യുന്നത്. കോഴിക്കോട് താലൂക്കിലെ കോടഞ്ചേരി, നെല്ലിപൊയിൽ വില്ലേജുകളിലാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**18. ഉളിക്കൽ പ്രോജക്റ്റ് (5 മെഗാവാട്ട്/10.26 മില്യൺ യൂണിറ്റ്)**

**(വിഹിതം: 200.00 ലക്ഷം രൂപ)**

ഈ പദ്ധതി കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി വില്ലേജിലാണ് സ്ഥിതി ചെയ്യുന്നത്. പൂവരംതോട് പദ്ധതിയുടെ ടെയിൽ റേസ് ജലം ഉപയോഗിക്കുന്നതിനുള്ള ഒരു റൺ-ഓഫ് നദീ പദ്ധതിയാണ് ഉളിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി. ഈ പദ്ധതിയുടെ സ്ഥാപിതശേഷി 5 മെഗാവാട്ടാണ്. 2025-26 ബജറ്റിൽ ഈ പദ്ധതിക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**19. പൂവരംതോട് പ്രോജക്റ്റ് (3 മെഗാവാട്ട് /5.88 മില്യൺ യൂണിറ്റ്)**

**(വിഹിതം: 300.00 ലക്ഷം രൂപ)**

ചാലിയാർ തടത്തിലെ ഇരുവഞ്ചിപ്പുഴയുടെ പോഷകനദിയായ പൊയിലിങ്ങപ്പുഴയിലെ ജലം ഉപയോഗപ്പെടുത്തികൊണ്ടുള്ള ഒരു റൺ-ഓഫ് നദീ പദ്ധതിയാണ് പൂവരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി. പൂവരംതോട് പദ്ധതിയുടെ ടെയിൽ റേസ് ജലം ഉപയോഗിക്കാനുദ്ദേശിക്കുന്ന ഒരു റൺ-ഓഫ് നദീ പദ്ധതിയാണ് ഒലീക്കൽ പദ്ധതി. ഈ പദ്ധതി കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമത്തിലാണ് സ്ഥിതിചെയ്യുന്നത്. 2025-26 ബജറ്റിൽ 300.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**20. ബാരാപോൾ ചെറുകിട ജലവൈദ്യുത പദ്ധതി (15 മെഗാവാട്ട്/36 മില്യൺ യൂണിറ്റ്)**

**(വിഹിതം: 55.00 ലക്ഷം രൂപ)**

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ സ്ഥിതി ചെയ്യുന്ന ബാരാപോൾ ചെറുകിട ജലവൈദ്യുത പദ്ധതി വൈദ്യുതി ഉൽപ്പാദനത്തിനായി വളപട്ടണം നദിയുടെ പോഷക നദിയായ ബാരാപോൾ നദിയുടെ ചുറ്റുമുള്ള 310 ച.കി.മീ പ്രദേശത്തുനിന്നും ലഭിക്കുന്ന ജലം ഉപയോഗിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി മൊത്തത്തിൽ കേരളത്തിന്റെ അതിർത്തിക്കുള്ളിലാണെങ്കിലും വൃഷ്ടി പ്രദേശം മുഴുവനും കർണ്ണാടകയിലാണ്. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 55.00 ലക്ഷം രൂപ.

**21. പെരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി (24 മെഗാവാട്ട്/45.02 മില്യൺ യൂണിറ്റ്)**

**(വിഹിതം: 25.00 ലക്ഷം രൂപ)**

നിലവിലുള്ള പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ വിപുലീകരണ പവർ ഹൗസിനു സമീപത്ത് 24 മെഗാ വാട്ട് സ്ഥാപിത ശേഷിയുള്ള ഒരു പവർ ഹൗസും രണ്ട് കിലോമീറ്റർ നീളത്തിലുള്ള വാട്ടർ കണ്ടക്ടർ സിസ്റ്റവും നിർമ്മിച്ച് നിലവിലുള്ള പെരിങ്ങൽകുത്ത് റിസർവോയറിൽനിന്ന് പുറന്തള്ളുന്ന ജലം ഉപയോഗിക്കുന്നതിനാണ് പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതി (1x24 മെഗാ വാട്ട്) വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കാനാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. 1 x 24 മെഗാ വാട്ട് സ്ഥാപിത ശേഷിയും വാർഷിക ഊർജ്ജോത്പാദനം 45.02 മില്യൺ യൂണിറ്റുമാണ് ഒന്നാം ഘട്ടത്തിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. രണ്ടാം ഘട്ടത്തിൽ വീണ്ടും 1 x24 മെഗാവാട്ടും കൂട്ടി ചേർത്ത് 48 മെഗാ വാട്ടായി സ്ഥാപിത ശേഷി ഉയർത്തുകയും വാർഷിക ഊർജ്ജോത്പാദനം 78.78 മില്യൺ യൂണിറ്റായി ഉയർത്താനുമാണ് ലക്ഷ്യമിടുന്നത്. തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലാണ് ഈ പദ്ധതി സ്ഥിതി ചെയ്യുന്നത്. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**22. ഇടമലയാർ ജല വൈദ്യുത പദ്ധതി (75 മെഗാവാട്ട്/380 മില്യൺ യൂണിറ്റ്)**

**(വിഹിതം: 250.00 ലക്ഷം രൂപ)**

കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ പഞ്ചായത്തിലാണ് ഈ പദ്ധതി സ്ഥിതി ചെയ്യുന്നത്. ഈ പദ്ധതിക്കായുള്ള റിസർവോയർ ഇടമലയാർ ഡാമാണ്. ഇതിന്റെ വൃഷ്ടി പ്രദേശത്തെ ജലം കൂടാതെ ഒരു തുറന്ന ചാനലിലൂടെ പെരിങ്ങൽകുത്ത് അണക്കെട്ടിലെ അധിക ജലംവും റിസർവോയറിൽ ലഭ്യമാക്കുന്നു. ഈ പവർഹൗസിൽ നിന്നുള്ള ടെയിൽറേസ് ഡിസ്ചാർജ് ഇടമലയാറിലേക്ക് തുറന്ന് വിട്ട് പെരിയാറിൽ എത്തിച്ചേരുന്നു. ഇത് പെരിയാർവാലി ഇറിഗേഷൻ പദ്ധതിയുടെ (പി.വി.ഐ.പി) ഭാഗമായി ജലസേചന ആവശ്യങ്ങൾക്കായി പെരിയാറിലെ ഭൂതത്താൻകെട്ടിൽ ഒരു ബാരേജ് തീർത്ത് അതിൽ ശേഖരിക്കുകയും

ചെയ്യുന്നു. ഈ പദ്ധതിയുടെ സ്ഥാപിതശേഷി 380 മില്യൺ യൂണിറ്റും വാർഷിക ഉല്പാദന ശേഷി 75 മെഗാവാട്ടുമാണ്. പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**23. ലാൻഡ്രം പ്രോജക്ട് (3.5 മെഗാവാട്ട്/12.13 മില്യൺ യൂണിറ്റ്)**

**(വിഹിതം: 50.00 ലക്ഷം രൂപ)**

പെരിയാർ തടത്തിലെ ഒരു റൺ-ഒഫ് നദീ പദ്ധതിയാണ് ലാൻഡ്രം ചെറുകിട വൈദ്യുത പദ്ധതി. അഴുത ഡൈവേർഷൻ സ്കീമിലെയും (ഇടുക്കി ഓഗ്മെന്റെഷൻ) 5.56 ചതുരശ്ര കിലോമീറ്റർ നീരൊഴുക്ക് വിസ്തൃതിയുള്ള പെരിയാറിന്റെ പോഷകനദിയായ ലാൻഡ്രം തോട്ടിലേയും ജലം ഉപയോഗപ്പെടുത്താൻ പദ്ധതി ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**24. അപ്പർ ചെങ്കുളം (24 മെഗാവാട്ട്/53.22 മില്യൺ യൂണിറ്റ്)**

**(വിഹിതം: 500.00 ലക്ഷം രൂപ)**

ചെങ്കുളം ഓഗ്മെന്റേഷൻ സ്കീമും പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയും പൂർത്തിയാക്കുമ്പോൾ നിലവിലുള്ള ചെങ്കുളം ജലവൈദ്യുത പദ്ധതിയുടെ ചെങ്കുളം ബാലൻസിംഗ് റിസർവോയറിൽ ലഭ്യമായ മിച്ച ജലം ഉപയോഗിക്കുന്നതിന് വേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് അപ്പർ ചെങ്കുളം ജലവൈദ്യുത പദ്ധതി. പദ്ധതി രണ്ട് ഘട്ടങ്ങളായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആദ്യ ഘട്ടത്തിലെ സ്ഥാപിതശേഷി 24 മെഗാവാട്ട്, 53.22 മില്യൺ യൂണിറ്റ് ആണ്. 2025-26 ബജറ്റിൽ ഈ പദ്ധതിക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**25. മർമ്മാല ചെറുകിട ജലവൈദ്യുത പദ്ധതി (7 മെഗാവാട്ട്/23.02 മില്യൺ യൂണിറ്റ്)**

**(വിഹിതം: 200.00 ലക്ഷം രൂപ)**

മീനച്ചിൽ തടത്തിലെ മർമ്മാലത്തോട്ടിലെ നീരൊഴുക്ക് ഉപയോഗപ്പെടുത്തി മർമ്മാല ചെറുകിട ജലവൈദ്യുത പദ്ധതി വികസനം വിഭാവനം ചെയ്യുന്നു. കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിലെ തലനാട് ഗ്രാമപഞ്ചായത്തിലാണ് പദ്ധതി സ്ഥിതിചെയ്യുന്നത്. 2025-26 ബജറ്റിൽ ഈ പദ്ധതിയ്ക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**26. തോട്ടിയാർ പദ്ധതി (40 മെഗാവാട്ട്/99 മില്യൺ യൂണിറ്റ്)**

**(വിഹിതം: 450.00 ലക്ഷം രൂപ)**

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലാണ് 40 മെഗാവാട്ട് സ്ഥാപിതശേഷിയും 99 മില്യൺ യൂണിറ്റ് ഉല്പാദന ശേഷിയുമുള്ള പ്രോജക്ട് സ്ഥിതി ചെയ്യുന്നത്. തോട്ടിയാർ വൃഷ്ടി പ്രദേശത്ത് നിന്നുള്ള ജലം ഉപയോഗപ്പെടുത്തി 0.39 ക്യൂബിക്ക് മി.മീ. പോൺഡേജ് ശേഷിയിൽ 7.5 മീറ്റർ ഉയരത്തിൽ ഓവർഫ്ലോ വെയർ നിർമ്മിക്കാനുദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിക്കായി 2025-26 ബജറ്റിൽ 450.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**27. മാങ്കുളം ജലവൈദ്യുത പദ്ധതി (40മെഗാവാട്ട്/82 മില്യൺ യൂണിറ്റ്)**

**(വിഹിതം: 800.00 ലക്ഷം രൂപ)**

സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് വൈദ്യുതി ബോർഡിന് വില്ക്കുന്ന കേരളത്തിലെ ആദ്യത്തെ ഗ്രാമപഞ്ചായത്താണ് ഇടുക്കി ജില്ലയിലെ മാങ്കുളം. മാങ്കുളം ജലവൈദ്യുത പദ്ധതി (40 മെഗാവാട്ട്) നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബിയും സർക്കാരും ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**28. ചിന്നാർ ജലവൈദ്യുത പദ്ധതി (24 മെഗാവാട്ട്/76.45 മില്യൺ യൂണിറ്റ്)**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

പെരിയാറിന്റെ പ്രധാന കൈവഴിയായ പെരിഞ്ചങ്കുട്ടി നദിയുടെ 143.64 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ജലം ഉപയോഗപ്പെടുത്താൻ ഉദ്ദേശിച്ചുള്ള റൺ ഓഫ് റിവർ സ്കീമാണ് ചിന്നാർ ജലവൈദ്യുത പദ്ധതി. വെയർ, ഇൻടേക്ക്, തുരങ്കം, സർജ്, എൽ.പി.വി, വാൽവ് ഹൗസ്, പെൻസ്റ്റോക്ക്, വൈദ്യുത നിലയം എന്നിവയുടെ നിർമ്മാണം പദ്ധതിയിലുൾപ്പെടുന്നു. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**29. ഭൂതത്താൻകെട്ട് പ്രോജക്ട് (24 മെഗാവാട്ട്/83.50 മില്യൺ യൂണിറ്റ്)**

**(വിഹിതം: 800.00 ലക്ഷം രൂപ)**

പെരിയാർവാലി ജലസേചന പദ്ധതിയുടെ കീഴിലുള്ള ലോവർ പെരിയാർ, ഇടമലയാർ എന്നിവയിൽ നിന്ന് തിരിച്ചു വിടുന്ന ജലം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനായി 24 മെഗാവാട്ട് ശേഷിയുള്ള ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിലൂടെ 83.50 മില്യൺ യൂണിറ്റ് വാർഷിക

ഊർജ്ജോത്പാദനമാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ ബാക്കിയുള്ള പ്രവർത്തനങ്ങളുടെ പേയ്മെന്റുകൾ നടത്തുന്നതിനായി 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**30. ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി- I (5 മെഗാവാട്ട്/12.06 മില്യൺ യൂണിറ്റ്)**

**(വിഹിതം: 50.00 ലക്ഷം രൂപ)**

കുറ്റ്യാടി നദിയുടെ രണ്ട് കൈവഴികളായ പൂതൻപാറ, ചാപ്പൻതോട്ടം തോടുകളിൽ നിന്നുള്ള നീരൊഴുക്ക് ഉപയോഗപ്പെടുത്തി കുറ്റിയാടി തടത്തിലെ ഒരു ഓഫ് റൺ ഓഫ് നദീപദ്ധതിയാണിത്. കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലാണ് പദ്ധതി. 2025-26 ബജറ്റിൽ പദ്ധതിയ്ക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**31. വാളൻതോട് ജലവൈദ്യുത പദ്ധതി (7.5 മെഗാവാട്ട്/15.291 മില്യൺ യൂണിറ്റ്)**

**(വിഹിതം: 200.00 ലക്ഷം രൂപ)**

ചാലിയാർ തടത്തിലെ കുറുമാൻ പുഴയിലെ നീരൊഴുക്ക് ഉപയോഗപ്പെടുത്തി 89.44 മീറ്റർ നെറ്റ് ഡിസൈൻ ഹെഡ്ഡുള്ള ഒരു റൺ ഓഫ് നദീപദ്ധതിയാണ് വാളൻതോട് ചെറുകിട ജലവൈദ്യുത പദ്ധതി. മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ ചാലിയാർ പഞ്ചായത്തിലെ അകമ്പടം വില്ലേജിലാണ് പദ്ധതി സ്ഥിതി ചെയ്യുന്നത്. ഈ പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**32. മരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി (6 മെഗാവാട്ട്/14.84 മില്യൺ യൂണിറ്റ്)**

**(വിഹിതം: 200.00 ലക്ഷം രൂപ)**

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ കോടഞ്ചേരി പഞ്ചായത്തിലെ നെല്ലിപൊയിൽ വില്ലേജിലാണ് പദ്ധതി സ്ഥിതിചെയ്യുന്നത്. ഒരു റൺ ഓഫ് നദീപദ്ധതിക്കായി ആസൂത്രണം ചെയ്തിട്ടുള്ള ഈ പദ്ധതി, ചാലിയാർ തടത്തിലെ ഇരുവഞ്ചിപ്പുഴയുടെ നീരൊഴുക്ക് ഉപയോഗപ്പെടുത്തി ഊർജ്ജ വികസനം വിഭാവനം ചെയ്യുന്നു. ട്രെഞ്ച് ടൈപ്പ് വെയർ വഴി നദിയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തി, പവർ ചാനലിലൂടെ ഒരു ഫോർ ബേ ടാങ്കിലേക്ക് തിരിച്ചുവിട്ട് ഉപരിതല പെൻസ്റ്റോക്കിലൂടെ 6 മെഗാ വാട്ട് വൈദ്യുതി ഉല്പ്പാദിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഈ പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**33. ഷോളയാർ (54 മെഗാവാട്ട് )**

**(വിഹിതം: 80.00 ലക്ഷം രൂപ)**

ഷോളയാർ നദീതടത്തിലാണ് ഈ പദ്ധതി സ്ഥിതി ചെയ്യുന്നത്. 2025-26 ബജറ്റിൽ പദ്ധതിയുടെ അറ്റകുറ്റപണിക്കൾക്കായി 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**34. ചെറുകിട ജലവൈദ്യുത പദ്ധതികൾ**

**(വിഹിതം: 1200.00 ലക്ഷം രൂപ)**

ചെറുകിട ജല വൈദ്യുത പദ്ധതികൾക്കായി 2025-26 ബജറ്റിൽ 1200.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

**35. ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ ഘട്ടത്തിലുള്ള പദ്ധതികൾക്കുള്ള പിന്തുണ**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

ഇൻവെസ്റ്റിഗേഷൻ /ഡി.പി.ആർ ഘട്ടത്തിലുമുള്ള ജലവൈദ്യുത പദ്ധതികൾക്കു വേണ്ടി 2025-26 ബജറ്റിൽ 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതാണ്.

## താപ വൈദ്യുത പദ്ധതികൾ

**36. കോഴിക്കോട് ഡീസൽ പവർ പ്ലാന്റ്**

**(വിഹിതം: 16.00 ലക്ഷം രൂപ)**

എട്ട് യൂണിറ്റ് ഡീസൽ ഉൽപാദിപ്പിക്കുന്ന 16 മെഗാവാട്ട് വീതം ശേഷിയുള്ള സെറ്റുകൾ ഉൾപ്പെടുന്ന കോഴിക്കോട് ഡീസൽ പവർ പ്ലാന്റ് പദ്ധതിക്കായി 2025-26 ബജറ്റിൽ 16.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**പ്രസരണം**

**37. പ്രസരണം - നോർമൽ വർക്കുകൾ**

**(വിഹിതം: 37000.00 ലക്ഷം രൂപ)**

വർദ്ധിച്ചു വരുന്ന ആവശ്യകതയും ഊർജ്ജ ഇവാക്യുവേഷൻ ആവശ്യകതയും നേരിടുന്നതിനായി, പുതിയ ഉപസ്റ്റേഷനുകൾ, ലൈനുകൾ തുടങ്ങിയവയുടെ നിർമ്മാണം കെ.എസ്.ഇ.ബി.എൽ

ഏറ്റെടുത്തിട്ടുണ്ട്. ട്രാൻസ്ഫോർമറുകളിലൂടെ ശേഷി വർദ്ധിപ്പിക്കുന്നതും ഇതിന്റെ കീഴിൽ ഉൾപ്പെടുന്നു. 2025-26 ബജറ്റിൽ പ്രസരണം- നോർമൽ വർക്കുകൾക്കായി 37000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**38. ജലവൈദ്യുത പദ്ധതികളുടെ നവീകരണവും പുനരുദ്ധാരണവും**

**(വിഹിതം: 2000.00 ലക്ഷം രൂപ)**

35-40 വർഷം പൂർത്തിയാക്കിയ പഴയ ജനറേഷൻ യൂണിറ്റുകളിൽ നവീകരണവും ആധുനികവത്ക്കരണവും വിപുലീകരണ പ്രവർത്തനങ്ങളും നടത്തേണ്ടത്, അവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉപയോഗപ്രദമായി വിപുലമാക്കുന്നതിനും അത്യാവശ്യമാണ്. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**39. ലോഡ് ഡെസ്പാച്ച് സ്റ്റേഷൻ, കമ്മ്യൂണിക്കേഷൻ സിസ്റ്റം, റിലേ എന്നിവയുടെ ആധുനികവൽക്കരണം (സിസ്റ്റം ഓപ്പറേഷൻ വർക്കുകൾ)**

**(വിഹിതം: 900.00 ലക്ഷം രൂപ)**

തിരുവനന്തപുരം, കളമശ്ശേരി, കണ്ണൂർ എന്നീ ലോഡ് ഡെസ്പാച്ച് സ്റ്റേഷനുകളുടെ ആധുനികവത്ക്കരണവും, സുരക്ഷാ സംവിധാനം, കമ്മ്യൂണിക്കേഷൻ സിസ്റ്റം എന്നിവയുടെ ആധുനികവത്ക്കരണവും ഇതിൽ ഉൾപ്പെടുന്നു.

പ്രധാനപ്പെട്ട സ്റ്റേഷനുകളിലും ഉപസ്റ്റേഷനുകളിലും നിന്നുള്ള വിവരശേഖരണം, സൂപ്പർവൈസറി കണ്ട്രോൾ ആൻഡ് ഡേറ്റ അക്യുസിഷനിലും (SCADA), കമ്പ്യൂട്ടർ നെറ്റ് വർക്കിംഗിലും അനുബന്ധ പ്രവർത്തനങ്ങൾ ,സ്റ്റേറ്റ് ലോഡ് ഡെസ്പാച്ച് സെന്ററിൽ നിന്നുള്ള റിസർവോയർ ലെവൽ മോനിട്ടറിങ്ങ് (SLDC) , ഊർജ്ജമേഖലയുടെ അക്കൗണ്ടിംഗ് മികച്ച രീതിയിൽ നടത്തുന്നതിനായി മീറ്റർ ടെസ്റ്റിംഗ് സൗകര്യങ്ങൾ വിപുലീകരിക്കൽ എന്നിവയാണ് പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ.

സുസ്ഥിരവും തടസ്സരഹിതവുമായവുമായ വൈദ്യുത സമ്പ്രദായം` നിലനിർത്തുന്നതിന് ഉചിതവും കാര്യക്ഷമവുമായ റിലേ സംരക്ഷണ സംവിധാനം അത്യന്താപേക്ഷിതമാണ്. ഇതിനായി റിലേ വിംഗിൽ ആധുനിക പരിശോധന യന്ത്രങ്ങൾ സജ്ജമാക്കേണ്ടതുണ്ട്. റിലേ പരിശോധന, ഉപകരണങ്ങൾ മെച്ചപ്പെടുത്തൽ, ആധുനിക പരിശോധന ഉപകരണങ്ങൾ വാങ്ങൽ എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്.

ഈ പദ്ധതി പ്രധാനമായും പവർലൈൻ കാരിയർ കമ്മ്യൂണിക്കേഷന്റെ (പിഎൽസിസി) ആധുനികവത്ക്കരണത്തിനു വേണ്ടിയുള്ളതാണ്. പുതിയ നിലയങ്ങൾ കമ്മീഷൻ ചെയ്യുകയോ, പുനഃക്രമീകരിക്കുകയോ ചെയ്യുന്നതിനും പിഎൽസിസി ഉപകരണങ്ങൾ, പ്രൊട്ടക്ഷൻ കപ്ലറുകൾ മറ്റ് അനുബന്ധ വസ്തുക്കൾ എന്നിവ വാങ്ങേണ്ടത് കമ്മ്യൂണിക്കേഷൻ സിസ്റ്റത്തിന്റെ ശരിയായ പരിപാലനത്തിന് അത്യാവശ്യമാണ്. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**40. വെള്ളപ്പൊക്ക പ്രതിരോധ നിർമ്മാണ പ്രവർത്തനങ്ങൾ**

**(വിഹിതം: 1032.00 ലക്ഷം രൂപ)**

ഉത്പാദനം, പ്രസരണം, വിതരണം എന്നിവയുമായി ബന്ധപ്പെട്ട വെള്ളപ്പൊക്ക പ്രതിരോധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1032.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**41. പി.എസ്.ഡി.എഫ് വർക്ക്സ്**

**(വിഹിതം: 100.00 ലക്ഷം രൂപ)**

റിലയബിൾ കമ്മ്യൂണിക്കേഷൻ പ്രോജക്റ്റിന് കീഴിലുള്ള ഫണ്ടുകൾ വിനിയോഗിക്കുന്ന എല്ലാ സബ് സ്റ്റേഷനുകളിലേക്കും ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി നൽകുന്നത് ഈ പദ്ധതിയിൻ കീഴിലാണ്. 24/48 ജോഡി ഫൈബർ ഒപ്റ്റിക് കേബിൾ ഉപയോഗിച്ച് സബ് സ്റ്റേഷനുകളെ പരസ്പരം ബന്ധിപ്പിക്കുന്നതും ടെർമിനൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നതും സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പി.എസ്.ഡി.എഫ് പ്രവൃത്തികൾക്ക് കീഴിൽ വരുന്ന ഷെഡ്യൂളിംഗ്, അക്കൗണ്ടിങ്, മീറ്ററിംഗ്, ട്രാൻസാക്ഷനുകളുടെ സെറ്റിൽമെന്റ് തുടങ്ങിയ SAMAST പ്രോജക്റ്റുകളുടെയും നടപ്പാക്കലും വിഭാവനം ചെയ്യുന്നു. ഈ പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## വിതരണം

### 42. ദ്യുതി

**(വിഹിതം: 43000.00 ലക്ഷം രൂപ)**

എല്ലാവർക്കും തടസ്സരഹിതമായതും വ്യതിയാനങ്ങളില്ലാത്തതുമായ വൈദ്യുതി ലഭ്യമാക്കുക, സാങ്കേതികവും വാണിജ്യപരവുമായ നഷ്ടം കുറയ്ക്കുക എന്നിവയാണ് ദ്യുതി പദ്ധതിയുടെ ലക്ഷ്യങ്ങൾ. വോൾട്ടേജ് വ്യതിയാനങ്ങളില്ലാതെ തടസ്സരഹിത വൈദ്യുതി, നഷ്ടം കുറയ്ക്കൽ, സുരക്ഷ എന്നിവയിൽ ദ്യുതി കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കെ.എസ്. ഇ.ബി.എൽ ന്റെ വിതരണ ഗ്രിഡ് നവീകരിക്കുന്നതിനായിട്ടാണ് ആണ് പദ്ധതി ആരംഭിച്ചത്. ഇൻസുലേറ്റഡ്/ആവരണം ചെയ്യപ്പെട്ട കണ്ടക്ടറുകൾ, പുനർനിർമ്മാണം, സ്റ്റാൻഡേർഡൈസേഷൻ, എച്ച്.ടി നെറ്റ് വർക്കിൽ സ്വിച്ചുകളുടെ വിപുലമായ ഉപയോഗം, പഴയതും തേയ്മാനം സംഭവിച്ചതുമായ കണ്ടക്ടറുകളെ മെച്ചപ്പെട്ട എ.സി.എസ്.ആർ കണ്ടക്ടറുകൾ ഉപയോഗിച്ച് മാറ്റിസ്ഥാപിക്കൽ, ലൈനുകളുടെയും പ്ലാന്റുകളുടെയും സ്റ്റാൻഡേർഡൈസേഷൻ, എൽ.ടി നെറ്റ് വർക്കിലെ കൃത്യമായ ഇടവേളകളിൽ ന്യൂട്രൽ കണ്ടക്ടറുകളുടെ എർത്തിംഗ് എന്നിവയ്ക്ക് പദ്ധതി ഊന്നൽ നൽകുന്നു. എച്ച്.ടി നെറ്റ് വർക്കിലെ പോളുകളുടെ മെറ്റൽ പാർട്ടുകളും എർത്ത് ചെയ്യൽ, ഫോൾട്ട് പാസ് ഡിറ്റക്ടറുകളുടെ (സി.എഫ്.പി.ഡി) സഹായത്തോടെ ആശയവിനിമയം, ഉയർന്ന വോൾട്ടേജ് വിതരണ സംവിധാനം (എച്ച്.വി.ഡി.എസ്) തുടങ്ങിയ ഘടകങ്ങൾ വിതരണത്തിൽ പ്രധാന സ്ഥാനം വഹിക്കുന്നു. ദ്യുതിയുടെ കീഴിലുള്ള പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 43000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## മറ്റ് പ്രോജക്ടുകൾ

### 43. സ്ഥാപന വികസന പദ്ധതി

**(വിഹിതം: 100.00 ലക്ഷം രൂപ)**

താഴെ കൊടുത്തിരിക്കുന്ന പരിപാടികൾ 2025-26 ബജറ്റിൽ സ്ഥാപന വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

- ഇൻ-ഹൗസ് പരിശീലന കേന്ദ്രങ്ങളിൽ ജീവനക്കാർക്ക് വേണ്ടിയുള്ള പരിശീലനം
- മറ്റ് പരിശീലന കേന്ദ്രങ്ങളിൽ ജീവനക്കാർക്ക് നൽകുന്ന പരിശീലനം
- പപരിശീലന കേന്ദ്രങ്ങളും മറ്റ് സൗകര്യങ്ങളും സ്ഥാപിക്കുക

2025-26 ബജറ്റിൽ ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 44. സർവ്വെയും, നിരീക്ഷണവും, പരിസ്ഥിതി പഠനവും

**(വിഹിതം: 50.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികളുടെ ശേഷി നിർണ്ണയിക്കുന്നതിനായി സർവ്വെയും, സൂക്ഷ്മ പരിശോധനയും ബോർഡ് സ്ഥിരമായി നടത്തിക്കൊണ്ടിരിക്കുന്നു. പ്രാരംഭ സർവ്വെയുടെയും വിശദമായ സൂക്ഷ നിരീക്ഷണത്തിന്റെയും അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നു. സാങ്കേതിക മികവും സാമ്പത്തികമായി പ്രായോഗികവുമായ പ്രൊജക്ടുകൾ കണ്ടെത്തി വിശദമായ പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി വിശദമായ പഠനം നടത്തേണ്ടതുണ്ട്. 2025-26 പദ്ധതിക്കായി ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 45. അഡ്മിനിസ്ട്രേറ്റീവ് കോംപ്ലക്സുകളുടെ നിർമ്മാണവും മെക്കാനിക്കൽ ഫാബ്രിക്കേഷൻ വർക്കുകളും

**(വിഹിതം: 4000.00 ലക്ഷം രൂപ)**

കെ.എസ്.ഇ.ബി.എൽ ന് ആവശ്യമായ വിവിധ ഓഫീസ് കോംപ്ലക്സുകൾ സെക്ഷൻ ഓഫീസ് കെട്ടിടങ്ങൾ, സ്റ്റോർ ബിൽഡിങ്ങുകൾ, ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾ, മറ്റ് കെട്ടിടങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കെ.എസ്.ഇ.ബി.എൽ.എൽ ന്റെ വിവിധ ഓഫിസിൽ കെട്ടിടങ്ങളുടെ നിർമ്മാണ ചുമതല "സ്പിൻ" (സ്പോർട്ടസ്, പ്രീ-എഞ്ചിനീയേർഡ് ഇൻഫ്രാസ്ട്രക്ച്ചർ, ന്യൂ കൺസ്ട്രക്ഷൻ ടെക്നോളജി യൂണിറ്റ്) എന്ന പ്രത്യേക വിഭാഗത്തെ ഏൽപ്പിച്ചിട്ടുണ്ട്. വിവിധ ഓഫീസ് സമുച്ചയങ്ങൾ, സെക്ഷൻ ഓഫീസ് കെട്ടിടങ്ങൾ, സ്റ്റോർ കെട്ടിടങ്ങൾ, പട്ടം വൈദ്യുതി ഭവൻ സ്റ്റാഫ് ക്വാർട്ടേഴ്സ് ഉൾപ്പെടെ കോർപ്പറേറ്റ് ഓഫീസ് കെട്ടിടം എന്നിവയുടെ നിർമ്മാണത്തിനായി പദ്ധതി വിഹിതം വകയിരുത്തിയിരിക്കുന്നു.

കെ.എസ്.ഇ.ബി.എൽന് മൂന്ന് മെക്കാനിക്കൽ ഫാബ്രിക്കേഷൻ സൗകര്യങ്ങളുണ്ട് - പള്ളം സെൻട്രൽ മെക്കാനിക്കൽ ഫെസിലിറ്റി, അങ്കമാലിയിലും, കോലത്തറയിലുമുള്ള മെക്കാനിക്കൽ

സൗകര്യങ്ങൾ. പ്രസരണം, ഉൽപ്പാദനം, വിതരണം എന്നീ വിഭാഗങ്ങൾക്ക് ആവശ്യമുള്ള സ്റ്റീൽ ഫാബ്രിക്കേഷൻ പണികളുടെ ചുമതല ഈ യൂണിറ്റുകൾക്കാണ്. യൂണിറ്റുകൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ പ്രധാനമായും SAIL, ആർ.ഐ.എൻ.എൽ എന്നീ പൊതുമേഖല സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതു വഴി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. നൂതന യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ, ഫാബ്രിക്കേഷൻ ഷെഡ്ഡുകളുടെ നിർമ്മാണം, മെക്കാനിക്കൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ കെ.എസ്.ഇ.ബി.എൽ ന്റെ സ്റ്റീൽ ഫാബ്രിക്കേഷൻ പണികളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 4000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 46. വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിമായ സേവനങ്ങൾ

**(വിഹിതം: 1500.00 ലക്ഷം രൂപ)**

പ്രവർത്തന കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനും വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ സാധ്യമാക്കുന്ന സോഫ്റ്റ് വെയർ പാക്കേജുകൾ കെ.എസ്.ഇ.ബി വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. R-APDRP ഇതര മേഖലകളിൽ വിവര സാങ്കേതിക വിദ്യ നടപ്പാക്കൽ, ഡിസാസ്റ്റർ റിക്കവറി സെന്ററിന് അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനം, R-APDRP യിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത വിവിധ ഐടി പ്രൊജക്ടുകൾക്കായി സെർവറുകൾ, ആക്സസറികൾ എന്നിവ ലഭ്യമാക്കൽ, പുതിയ ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഹാൻഡ്ഹെൽഡ് ഉപകരണങ്ങളുടെ നിയന്ത്രണം, സ്പെയേഴ്സ് ഉൾപ്പെടെ R-APDRP ഇതര ഇലക്ട്രിക്കൽ സെക്ഷനുകളിൽ മീറ്റർ റീഡിങ്ങിനായി ഹാൻഡ്ഹെൽഡ് ഉപകരണങ്ങൾ നിലനിർത്തൽ, ആർഎപിഡിആർപി ഇതര ഇലക്ട്രിക്കൽ വിഭാഗങ്ങളിൽ മീറ്റർ റീഡിംഗിനായി സ്പെയറുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങളുടെ പരിപാലനം, റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (RDSS) പ്രകാരമുള്ള വിവിധ പ്രവർത്തനങ്ങൾ തുടങ്ങിയവ വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മറ്റു പ്രവർത്തനങ്ങളാണ്. 2025-26 ബജറ്റിൽ 1500.00 ലക്ഷം രൂപ വിവിധ വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

### 47. സൗര പ്രോജക്ട്

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഊർജ്ജ കേരള മിഷനു കീഴിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ശൃംഖലയിലേക്ക് 1000 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകൾ കൂട്ടിച്ചേർക്കുന്നതിനായി "സൗര" എന്ന പദ്ധതി കേരള സർക്കാർ ആരംഭിച്ചു. സംസ്ഥാനത്തെ ഊർജ്ജ മേഖലയെ ആഗോള നിലവാരത്തിലേക്ക് ഉയർത്തുന്നതിനും 100 ജിഗാവാട്ട് സൗരോർജ്ജ ശേഷി കൈവരിക്കുകയെന്ന ദേശീയ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

2025-26 ബജറ്റിൽ പദ്ധതിയുടെ പ്രവർത്തന, മെയിൻറ്റനൻസ് ചെലവുകൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 48. ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം

**(വിഹിതം: 500.00 ലക്ഷം രൂപ)**

പദ്ധതിക്കായി 2025-26 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## സംസ്ഥാന പദ്ധതികൾ

### 49. ഇന്നൊവേഷൻ ഫണ്ട് & എസ്കോട്ട് (എനർജി സേവിംഗ് ആന്റ് കോ-ഓർഡിനേഷൻ ടീം)

**(വിഹിതം: 4122.00 ലക്ഷം രൂപ)**

സംസ്ഥാനത്തിൻറെ ഊർജ്ജ സുരക്ഷ മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി മേഖലയിലെ നൂതനാശയങ്ങളും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നതാണ്. എനർജി ഓപ്പൺ ഇന്നൊവേഷൻ സോൺ വഴി സ്റ്റാർട്ടപ്പ് വില്ലേജിലെ വൈദ്യുത മേഖലയിലെ തെരഞ്ഞെടുത്ത നൂതന സംരംഭകർക്ക് കെ.എസ്.ഇ.ബി.എൽ സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകിവരുന്നു. ഊർജ്ജ ഓഡിറ്റ്, വ്യവസായ സ്ഥാപന സമ്പർക്ക പരിപാടികൾ എന്നിവയുൾപ്പെടെ വിവിധ ഊർജ്ജ സംരക്ഷണ, ഡിമാൻഡ് സൈഡ് പ്രവർത്തനങ്ങളിൽ കെഎസ്ഇബിഎല്ലിന്റെ എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (ESCOT സജീവമായി പങ്കെടുക്കുന്നു കെ.എസ്.ഇ.ബി.എൽ മുഖേന പുനരാവർത്തക ഊർജ്ജ (Renewable Energy) പദ്ധതികൾ നടപ്പിലാക്കുന്നതിനായി, ജലവൈദ്യുത പദ്ധതികൾക്കായുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടുകളും (VGF) ഈ പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്തിരിക്കുന്നു. ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിന്

മാത്രമായിട്ടാണ് പദ്ധതി വിഹിതം വിനിയോഗിക്കേണ്ടത്. 2025-26 ലെ ബജറ്റിൽ പദ്ധതിക്കായി 4122.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

## ബാഹ്യ സഹായ പദ്ധതി

### 50. ഡാം സുരക്ഷ പ്രവർത്തനങ്ങൾ ഉൾപ്പടെയുള്ള ഡാം പുനരുദ്ധാരണ നവീകരണ പ്രോജക്ട് (DRIP)

**(വിഹിതം: 540.00 ലക്ഷം രൂപ)**

ലോകബാങ്കിന്റെ സഹായത്തോടെ നിലവിലുള്ള ഡാമുകളുടെയും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളും സുരക്ഷയും സുസ്ഥിര പ്രവർത്തനവും മെച്ചപ്പെടുത്തുക എന്നതാണ് ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) ലക്ഷ്യമിടുന്നത്.

ഡാമുകളുടെയും അനുബന്ധ സജ്ജീകരണങ്ങളുടെയും പുനരുദ്ധാരണ, പരിപാലനവും ആസൂത്രണം, ഡാം സുരക്ഷാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ, പദ്ധതി മാനേജ്മെന്റ് തുടങ്ങിയവയാണ് DRIPൻറെ പദ്ധതി ഘടകങ്ങളിൽ പ്രധാനമായും ഉൾപ്പെടുന്നത്. ഡാം സുരക്ഷാ പഠനങ്ങൾ, ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടം 2021 മാർച്ചിൽ പൂർത്തിയായി. രണ്ടാം ഘട്ടം 2021 ഓഗസ്റ്റ് മുതൽ 2027 ഡിസംബർ വരെയാണ്. രണ്ടാം ഘട്ടത്തിൽ കെ എസ് ഇ ബി യുടെ കീഴിലുള്ള 15 ഡാമുകളുടെ പുനരുദ്ധാരണം ഉൾപ്പെടുത്തിയിട്ടുണ്ട്. 2025-26 ലെ ബജറ്റിൽ ഈ പദ്ധതിക്കായി 540.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 5.2 പാരമ്പര്യേതരവും (Non-Conventional) പുനരാവർത്തിക്കാവുന്നതുമായ (Renewable) ഊർജ്ജ സ്രോതസ്സുകൾ

ഊർജ്ജത്തെ പൊതുവെ പുനരാവർത്തക ഊർജ്ജമെന്നും അല്ലാതെയുള്ളവയെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. ലോകത്താകമാനം ഉപയോഗിക്കുന്ന 85 ശതമാനത്തിലധികം ഊർജ്ജം പുനരാവർത്തിക്കാനാവാത്ത സ്രോതസ്സുകളിൽ നിന്നാണ്. മിക്ക വികസിത രാജ്യങ്ങളും ഫോസിൽ ഇന്ധനങ്ങൾ (കൽക്കരി, എണ്ണ), ആണവോർജ്ജം തുടങ്ങിയ പുനരാവർത്തിക്കാനാവാത്ത ഊർജ്ജ സ്രോതസ്സുകളെയാണ് ആശ്രയിച്ചിരിക്കുന്നത്. സൗരോർജ്ജം, ജിയോ തെർമൽ, ജലവൈദ്യുതി, ബയോമാസ്, കാറ്റ് തുടങ്ങിയവയാണ് പുനരാവർത്തക അഥവാ പുനരുപയോഗ സാധ്യതയുള്ള ഊർജ്ജ സ്രോതസ്സുകൾ. മിക്ക വികസ്വര രാജ്യങ്ങളിലും ധാരാളം പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ ഉണ്ട്. വിവിധ പരിപാടികളിലൂടെ പുനരാവർത്തക ഊർജ്ജ വികസനത്തിനും ഊർജ്ജ കാര്യക്ഷമതയ്ക്കും ഊന്നൽ നല്കുക എന്നതാണ് ഈ ഉപമേഖലയുടെ പ്രധാന ലക്ഷ്യം.

കേരളത്തിൽ പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ നിയന്ത്രിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത് (i) ഏജൻസി ഫോർ നോൺ-കൺവൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്) (ii) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്, (iii) എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) എന്നീ ഏജൻസികൾ മുഖേനയാണ്. ഓരോ ഏജൻസിയുടെ കീഴിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ/ഘടകങ്ങൾ സംബന്ധിക്കുന്ന വിശദാംശങ്ങൾ ചുവടെ നല്കിയിരിക്കുന്നു.

### 5.2.1) ഏജൻസി ഫോർ നോൺ കൺവൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്)

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണസ്ഥാപനം ആണ് ഏജൻസി ഫോർ നോൺ കൺവൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്). പാരമ്പര്യേതര ഊർജ്ജത്തിന്റെയും ഫോസിൽ ഇന്ധനങ്ങളുടെയും ഉപയോഗത്തിൽ കുറവ് വരുത്തിക്കൊണ്ട് പുനരാവർത്തക ഊർജ്ജത്തിന്റെ ഉപയോഗം പരമാവധി ഉപയോഗപ്പെടുത്തുക എന്നതാണ് അനർട്ടിന്റെ കാഴ്ചപ്പാട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെയും പുനരുൽപ്പാദിപ്പിക്കാൻ സാധ്യതയുള്ള സ്രോതസ്സുകളുടെയും കീഴിലുള്ള പദ്ധതി/പ്രോജക്ടുകൾ പ്രചരിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും ഗ്രാമീണ മേഖലയുടെ വികസനത്തിനായുള്ള സാങ്കേതിക വിദ്യകൾ, പുനരാവർത്തക ഊർജ്ജം ഉപയോഗിച്ച് സർക്കാർ സ്ഥാപനങ്ങളിൽ കാർബൺ ന്യൂട്രൽ പരിപാലനം, ഇലക്ട്രിക് മൊബിലിറ്റി തുടങ്ങിയ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് അനർട്ട്.

2025-26 ബജറ്റിൽ അനർട്ടിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 5110.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്തിട്ടുള്ള നിർദിഷ്ട പരിപാടികൾ/പദ്ധതി ഘടകങ്ങൾ പ്രോജക്ട് മാതൃകയിൽ നിർവഹണ ചെലവ് കൂടി ഉൾപ്പെടുത്തിക്കൊണ്ട് നടപ്പാക്കേണ്ടതാണ്. സംഭരണശേഷിയോടു കൂടിയ പുനരാവർത്തക ഊർജ്ജം, തിരമാലയിൽ നിന്നുള്ള ഊർജ്ജം,

ഹൈഡ്രജൻ/ഫ്യൂവൽ സെൽ, സംഭരണ സാങ്കേതിക വിദ്യകൾ, ഗ്രാമീണ മേഖലയുടെ വികസനത്തിനായുള്ള സാങ്കേതിക വിദ്യകൾ എന്നിവ ഡെമോൺസ്ട്രേഷൻ പ്രോജക്റ്റുകളിലൂടെ വിലയിരുത്തപ്പെടുന്നതാണ്.

**1. പുനരാവർത്തക ഊർജ്ജ പരിപാടികൾ**

**(വിഹിതം: 3150. 00 ലക്ഷം രൂപ)**

സംസ്ഥാനത്ത് പുനരാവർത്തക ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയിൽ സോളാർ പി.വി പ്ലാന്റുകൾ, സോളാർ തെർമൽ ആപ്ലിക്കേഷനുകൾ, ഇ-മൊബിലിറ്റി എന്നിങ്ങനെ പുനരാവർത്തക ഊർജ്ജവുമായി ബന്ധപ്പെട്ട പരിപാടികൾ ഉൾപ്പെടുന്നു.

2025-26 ബജറ്റിൽ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന 3150.00 ലക്ഷം രൂപയിൽ 500.00 ലക്ഷം രൂപ വൈദ്യുതീകരിക്കാത്ത ഒറ്റപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളെ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതീകരിക്കുന്നതിനായി പുനരാവർത്തക ഊർജ്ജ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കൽ എന്ന ഘടകത്തിൻ കീഴിൽ വകയിരുത്തിയിരിക്കുന്നു.

പദ്ധതിയുടെ കീഴിലുള്ള ഘടകങ്ങളിൽ (i) പൊതു കെട്ടിടങ്ങളിലെ സോളാർ പവർ പ്ലാന്റുകൾ (ii) ഇ-മൊബിലിറ്റി (iii) പുനരാവർത്തക ഊർജ്ജ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കൽ എന്നിവ ഉൾപ്പെടുന്നു.

പദ്ധതിയിൽ ഉൾപ്പെടുന്ന നിർദ്ദിഷ്ട പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

| ക്രമ നമ്പർ | പദ്ധതി ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | **പൊതു കെട്ടിടങ്ങളിലെ സോളാർ പവർ പ്ലാന്റുകൾ** | |
| എ | സർക്കാർ സ്ഥാപനങ്ങൾക്കായി ബാറ്ററി സ്റ്റോറേജ്, സോളാർ റെസ്കോ പദ്ധതികൾ | |
| ബി | ഫെസിലിറ്റേഷനും സർവേയും ഉൾപ്പെടെ ഇപിസി മോഡിൽ പൊതു കെട്ടിടങ്ങളിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കൽ | 650.00 |
| സി | സൗരോർജ്ജവൽകരണത്തിനായി പഞ്ചായത്തുകൾക്ക് സഹായം | |
| ii | **ഇ – മൊബിലിറ്റി** | |
| എ | ഇ.വി ചാർജിംഗ് സ്റ്റേഷനുകൾ | 300.00 |
| iii | **പുനരാവർത്തക ഊർജ്ജ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കൽ** | |
| എ | വൈദ്യുതീകരിക്കാത്ത പട്ടികവർഗ്ഗ സങ്കേതങ്ങൾ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതീകരിക്കൽ ( 500.00 ലക്ഷം രൂപ) | |
| ബി | ബി.പി.എൽ/ലൈഫ് മിഷൻ കുടുംബങ്ങൾക്കുള്ള റൂഫ്ടോപ്പ് സോളാർ സ്കീം | |
| സി | സോളാർ സിറ്റി പദ്ധതി | 2200.00 |
| ഡി | സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഗാർഹിക ഉപഭോക്താക്കൾക്ക് പലിശ സബ്സിഡി | |
| ഇ | ഡിസ്ട്രിബ്യൂട്ടഡ് റിന്യൂവബിൾ എനർജി സിസ്റ്റംസ് – പൈലറ്റ് പ്രോജക്റ്റുകൾ | |
| എഫ് | പി.എം കുസും പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾ | |
| | **ആകെ** | **3150.00** |

**2. പുനരാവർത്തക ഊർജ്ജം പബ്ലിക് എൻഗേജ്മെന്റ്, ഔട്ട് റീച്ച്, പഠനങ്ങളും വികസനവും**

**(വിഹിതം: 505.00 ലക്ഷം രൂപ)**

സുഗമമായ വിവിധ പ്രോത്സാഹന പദ്ധതികൾ വഴി സംസ്ഥാനത്തെ പുനരാവർത്തക ഊർജ്ജ വികസനത്തിന് അനുയോജ്യമായ അന്തരീക്ഷം അല്ലെങ്കിൽ സാഹചര്യം സൃഷ്ടിക്കുവാൻ അനർട്ട് ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ കീഴിലുള്ള നിർദ്ദിഷ്ട പരിപാടികൾ (i) പ്രൊമോഷനും ഔട്ട്റീച്ച് പ്രോഗ്രാമുകളും (ii) അക്രഡിറ്റേഷൻ, ഇലക്ട്രോണിക് മാർക്കറ്റ്പ്ലേസ്, ഇൻഷുറൻസ് എന്നിവയാണ്.

വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | പദ്ധതി ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | **പ്രൊമോഷനും ഔട്ട്റീച്ച് പ്രോഗ്രാമുകളും** | 390.00 |
| എ | റിന്യൂവബിൾ എനർജി അവാർഡുകൾ ഉൾപ്പെടെയുള്ള പ്രമോഷനും ഔട്ട് റീച്ചും | |
| ബി | പ്രചാരണം/പ്രദർശനങ്ങൾ/തിരുവനന്തപുരത്ത് സോളാർ സിറ്റി പദ്ധതിയുടെ പ്രചാരണത്തിൽ പങ്കാളികളാകുന്നവർക്കുള്ള സഹായം | |
| സി | ജില്ലാതലത്തിൽ പുനരാവർത്തക ഊർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പിന്തുണാ സംവിധാനം | |
| ii | **അക്രഡിറ്റേഷൻ, ഇലക്ട്രോണിക് മാർക്കറ്റ്പ്ലേസ്, ഇൻഷുറൻസ്** | 115.00 |
| എ | ഇ-ഗവേണൻസ് | |
| ബി | പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | |
| | **ആകെ** | **505.00** |

2025-26 ബജറ്റിൽ ഈ പദ്ധതിക്കായി 505.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതി വിഹിതത്തിന്റെ 15 ശതമാനം വനിതകളെ കേന്ദ്രീകരിച്ചുള്ള പരിപാടികൾക്കായി വിനിയോഗിക്കുന്നതാണ്.

**3. അനർട്ട്-പുനരാവർത്തക ഊർജ്ജത്തിനായുള്ള ഒരു വിജ്ഞാന കേന്ദ്രം**

**(വിഹിതം: 805.00 ലക്ഷം രൂപ)**

ഈ പദ്ധതിക്ക് കീഴിലുള്ള ഘടകങ്ങളിൽ (i) ലബോറട്ടറിയും മറ്റ് സൗകര്യങ്ങളും (ii) കാര്യശേഷി വർദ്ധിപ്പിക്കൽ (iii) പുതിയ സാങ്കേതിക വികസനം, പ്രദർശനം, പൈലറ്റ് പ്രോജക്ടുകൾ, പഠനങ്ങൾ എന്നിവ ഉൾപ്പെടുന്നു. പദ്ധതിയുടെ കീഴിലുള്ള നിർദ്ദിഷ്ട പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്:

| ക്രമ നമ്പർ | പദ്ധതി ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | **ലബോറട്ടറിയും മറ്റ് സൗകര്യങ്ങളും** | |
| എ | ലാബും പരിശീലന സൗകര്യങ്ങളും ഉൾപ്പെടെ കുഴൽമന്ദം ടെക്നോളജി ഹബ്ബും ഇ-മൊബിലിറ്റിയിൽ സെന്റർ ഓഫ് എക്സലൻസും | 280.00 |
| ii | **കാര്യശേഷി വികസനം** | 130.00 |
| എ | അനർട്ട് ഗവേഷണ ഫെലോഷിപ്പ് പരിപാടിയും ഗവേഷണ ഇന്റേൺഷിപ്പ് പരിപാടിയും | |
| ബി | പുനരാവർത്തക ഊർജത്തെക്കുറിച്ചുള്ള പരിശീലന പരിപാടികൾ | |
| iii | **പുതിയ സാങ്കേതിക വിദ്യവികസനം, പ്രദർശനം, പൈലറ്റ് പ്രോജക്ടുകൾ, പഠനങ്ങൾ** | 395.00 |
| എ | വെഹിക്കിൾ റ്റു ഗ്രിഡ് - പൈലറ്റ് പ്രോജക്ട് | |
| ബി | റിന്യൂവബിൾ എനർജി പാർക്ക്, രാമക്കൽമേട് (രണ്ടാം ഘട്ടം ) | |
| സി | പുനരാവർത്തക ഊർജ്ജത്തിൽ പുതിയ സാങ്കേതിക വിദ്യകളുടെ വിലയിരുത്തൽ, ഇൻ-ഹൗസ് ഗവേഷണ വികസന പ്രോജക്ടുകൾ | |

| ക്രമ നമ്പർ | പദ്ധതി ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| ഡി | പിവി പവർ പ്ലാന്റുകളുടെ റിമോട്ട് മോണിറ്ററിംഗ് | |
| ഇ | ഗവേഷണ വികസനവും കണ്ടുപിടിത്തങ്ങളും പിന്തുണക്കൽ | |
| | **ആകെ** | **805.00** |

അനർട്ട്-പുനരാവർത്തക ഊർജ്ജത്തിനായുള്ള ഒരു വിജ്ഞാന കേന്ദ്രം എന്ന പദ്ധതിക്കായി 2025-26 ബജറ്റിൽ 805.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. ഗ്രീൻ എനർജി ഹബ്**

**(വിഹിതം: 650.00 ലക്ഷം രൂപ)**

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഗ്രീൻ ഹൈഡ്രജൻ ഉത്പാദനത്തിന് അനുകൂലമായ ഒരു സവിശേഷ ആവാസവ്യവസ്ഥയാണ് കേരളത്തിനുള്ളത്. ഉയർന്ന തോതിലുള്ള മഴയുടെ ലഭ്യത, സൗരോർജ്ജം, തിരമാല, കാറ്റ് (കടലിലും കടൽത്തീരത്തും) എന്നിവയിൽ നിന്നുള്ള ഊർജ്ജ ഉല്പാദനത്തിന്റെ സാധ്യതകളും ഫ്ലോട്ടിംഗ് സോളാർ പ്രോജക്ടുകൾ സ്ഥാപിക്കുന്നതിന് വലിയ ജലസംഭരണികളുടെ/ജലാശയങ്ങളുടെ ലഭ്യതയും സംസ്ഥാനത്തിനുണ്ട്. 2050 - ആകുമ്പോഴേയ്ക്കും നെറ്റ് കാർബൺ ന്യൂട്രാലിറ്റിയും 2040 - ആകുമ്പോഴേയ്ക്കും 100 ശതമാനം പുനരുപയോഗ ഊർജ്ജ അധിഷ്ഠിത സംസ്ഥാനം എന്ന നേട്ടവും കൈവരിക്കാൻ സംസ്ഥാനം ലക്ഷ്യമിടുന്നു. നാഷണൽ ഗ്രീൻ ഹൈഡ്രജൻ മിഷൻ ആരംഭിക്കുന്നതിന് ഇന്ത്യയിൽ ഹരിത ഹൈഡ്രജൻ ഉൽപാദിപ്പിക്കുന്നതിൽ പ്രധാന കേന്ദ്രങ്ങളാകാൻ സാധ്യതയുള്ള പത്ത് സംസ്ഥാനങ്ങളിൽ ഒന്നായി കേന്ദ്ര സർക്കാരിന്റെ ന്യൂ ആന്റ് റിന്യൂവബിൾ എനർജി മന്ത്രാലയം (എം.എൻ.ആർ.ഇ) കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ ഗ്രീൻ ഹൈഡ്രജൻ അല്ലെങ്കിൽ അമോണിയ മാനുഫാക്ചറിംഗ് സോണുകൾ അല്ലെങ്കിൽ കേന്ദ്ര സർക്കാർ പിന്തുണയ്ക്കുന്ന ക്ലസ്റ്ററുകൾ വരുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്ത് പദ്ധതി വികസനത്തിന് നേതൃത്വം നൽകുന്നതിനും ഗ്രീൻ ഹൈഡ്രജൻ വാണിജ്യവത്ക്കരണത്തിനാവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുമായുള്ള പദ്ധതിയുടെ താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 650.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു:

i. ഗ്രീൻ ഹൈഡ്രജൻ പൈലറ്റ് പ്രോജക്ടുകൾ നടപ്പിലാക്കൽ
ii. ഗ്രീൻ ഹൈഡ്രജൻ സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യ വികസനത്തിനായി സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കൽ
iii. ഗ്രീൻ ഹൈഡ്രജൻ പ്രോജക്ടുകൾക്കായി വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGF)
iv. ശില്പശാലകൾ ഉൾപ്പെടെ ഗ്രീൻ ഹൈഡ്രജൻ സംബന്ധിക്കുന്ന പഠനങ്ങളും ഔട്ട് റീച്ചും

**5.2.2) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്**

സംസ്ഥാനത്തെ സുരക്ഷാ പരിശോധനകളും എല്ലാ HT/EHT ഉം മറ്റ് മീഡിയം വോൾട്ടേജ് ഇൻസ്റ്റലേഷനുമുള്ള അനുമതിയും നടത്തുന്നത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പാണ്. സംസ്ഥാനത്തെ എല്ലാ വൈദ്യുത അപകടങ്ങളുടെയും പരിശോധനയും നടത്തുന്നതും അപകടങ്ങൾക്ക് ഉത്തരവാദികളായ വ്യക്തി/അധികൃതർക്കെതിരെയുള്ള നടപടികൾ സർക്കാരിനു വേണ്ടി സ്വീകരിക്കുന്നതും ഈ വകുപ്പാണ്.

2025-26 ബജറ്റിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന് 836.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

**1. മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി**

**(വിഹിതം: 671.00 ലക്ഷം രൂപ)**

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് കീഴിൽ തിരുവനന്തപുരത്തെ മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ് ലബോറട്ടറിയും 13 റീജണൽ മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികളും പ്രവർത്തിക്കുന്നു. വൈദ്യുത ഇൻസ്റ്റലേഷനുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഈ ലബോറട്ടറികളിലെ പരിശോധനാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ കീഴിൽ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ ഇവയാണ്.

| ക്രമ നമ്പർ | പദ്ധതി ഘടകം | തുക (രൂപ ലക്ഷത്തിൽ) |
| --- | --- | --- |
| i | പരിശോധന ഉപകരണങ്ങൾ വാങ്ങൽ | 671.00 |
| ii | വിവര സാങ്കേതിക വിദ്യയ്ക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങളുടെ നവീകരണം | |
| iii | ഓഫീസ് അടിസ്ഥാന സൗകര്യങ്ങളുടെ സജ്ജീകരണവും നവീകരണവും & SQMS സർട്ടിഫിക്കേഷൻ മാനദണ്ഡം പാലിക്കൽ (IS 15700: 2018) | |
| iv | മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയിലും റീജിയണൽ മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികളിലും NABL അക്രഡിറ്റേഷൻ നിലനിർത്തുന്നതിന് ആവശ്യമായ ചെലവുകൾ | |
| v | സാങ്കേതിക ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള പരിപാടികൾ | |
| | **ആകെ** | **671.00** |

2025-26 ബജറ്റിൽ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി 671.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2. ഗുണനിലവാര നിയന്ത്രണ ഉത്തരവ് ഫലപ്രദമായി നടപ്പിലാക്കൽ**

**(വിഹിതം: 115.00 ലക്ഷം രൂപ)**

വൈദ്യുത അപകടങ്ങളുടെ എണ്ണം കുറയ്ക്കുക, വൈദ്യുതിയുമായി ബന്ധപ്പെട്ട ദേശീയ അന്തർദേശീയ മാനദണ്ഡങ്ങൾ നടപ്പിലാക്കുക, നിലവാരമില്ലാത്ത ഇലക്ട്രിക്കൽ വസ്തുക്കൾ വിപണിയിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള ഗുണനിലവാര നിയന്ത്രണ ഉത്തരവ് (QCO) നടപ്പിലാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. പദ്ധതിയുടെ ഘടകങ്ങൾ ഇവയാണ്:

- ഗുണനിലവാര നിയന്ത്രണ ഉത്തരവ് (QCO) പ്രകാരം പിടിച്ചെടുക്കുന്ന സാമഗ്രികൾ പരിശോധിക്കുന്നതിനാവശ്യമായ പരിശോധന സൗകര്യങ്ങളും ഉത്തരവ് സംബന്ധിച്ച ബോധവത്ക്കരണ പരിപാടികളും
- ഇ-മൊബിലിറ്റി - ഗുണനിലവാര നിയന്ത്രണ പരിശോധന നടത്തുന്നതിനായി ജില്ലാ ഓഫീസുകളിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കൽ

2025-26 ബജറ്റിൽ പദ്ധതിക്കായി 115.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3. ഇ-സേഫ് കേരള**

**(വിഹിതം: 50.00 ലക്ഷം രൂപ)**

പൊതുജനങ്ങൾക്കും തൊഴിലാളികൾക്കും വൈദ്യുതി സുരക്ഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക, സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങൾ തടയുന്നതിനായി സുരക്ഷ ഉറപ്പാക്കുന്നതിനായി നിയമങ്ങളും അംഗീകൃത നടപടികളും പാലിക്കുന്നത് നിർബന്ധമാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.

താഴെ കൊടുത്തിരിക്കുന്ന ഘടകങ്ങളാണ് പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നത്:

| ക്രമ നമ്പർ | പദ്ധതി ഘടകം | തുക (രൂപ ലക്ഷത്തിൽ) |
| --- | --- | --- |
| i | വൈദ്യുതി സുരക്ഷാ ബോധവൽക്കരണ പരിപാടികൾ | 20.00 |
| എ | വൈദ്യുതി സുരക്ഷാ വാരാഘോഷം | |
| ബി | സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും റസിഡൻഷ്യൽ അസോസിയേഷനുകൾക്കും പഞ്ചായത്തുകൾക്കും സ്കൂളുകൾക്കും ഇന്ററാക്ടീവ് ക്ലാസുകൾ | |
| സി | വൈദ്യുത സുരക്ഷയുടെ സന്ദേശം എല്ലാ വീടുകളിലും പ്രചരിപ്പിക്കുന്നതിലേക്കായി എല്ലാ പഞ്ചായത്തിലെയും വാർഡുതലത്തിൽ ആശാ വർക്കർമാർ/കുടുംബശ്രീ പ്രവർത്തകർ | |

| ക്രമ നമ്പർ | പദ്ധതി ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | എന്നിവരെ പരിശീലിപ്പിക്കൽ | |
| ഡി | ഇലക്ട്രീഷ്യൻമാർ/വയർമാൻ/സൂപ്പർവൈസർമാർ, ഊർജ്ജ മേഖലയിലെ മറ്റ് സ്റ്റേക്ക്ഹോൾഡർമാർ എന്നിവർക്കുള്ള പരിശീലന പരിപാടികൾ | |
| ഇ | സുരക്ഷാ ഓഡിറ്റ് | |
| എഫ് | ദൃശ്യ,ശ്രവ്യ മാധ്യമങ്ങളിലൂടെയും അച്ചടി പരസ്യങ്ങളിലൂടെയുമുള്ള ബോധവൽക്കരണം | |
| ii | എസ്‌സി (ബിപിഎൽ), എസ്.ടി (ബിപിഎൽ) വിഭാഗങ്ങൾക്കായി (പുതിയത് ) റെസിഡ്യൂവൽ കറന്റ് സർക്യൂട്ട് ബ്രേക്കർ (ആർസിസിബി) സ്ഥാപിക്കുന്നതിലൂടെ വീടുകളുടെ റീവയറിംഗിനും സ്റ്റാൻഡേർഡൈസേഷനുമുള്ള പ്രോജക്റ്റ് | 30.00 |
| | **ആകെ** | **50.00** |

2025-26 ബജറ്റിൽ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5.2.3) എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി)**

സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും കാര്യക്ഷമമായ ഊർജ്ജ പരിപാലനം വർദ്ധിപ്പിക്കുന്നതിനുമുള്ള നോഡൽ ഏജൻസിയാണ് ഇ.എം.സി. ഊർജ്ജ സംരക്ഷണത്തിലൂടെയും നിർവ്വഹണത്തിലൂടെയും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കലാണ് ഇ.എം.സി യുടെ ദൗത്യം. വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ വ്യവസായശാലകൾ, വാണിജ്യ സമുച്ചയങ്ങൾ, ഗാർഹിക മേഖല എന്നിവിടങ്ങളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, ഗവേഷണം, പരിശീലനം, പ്രദർശന പരിപാടികൾ, ബോധവത്ക്കരണം എന്നിവയിലൂടെ ഊർജ്ജ മാനേജ്മെന്റുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഇ.എം.സി ഊന്നൽ നല്കുന്ന മേഖലകൾ. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ പാലിക്കേണ്ട ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും നിയമങ്ങളും ആവിഷ്ക്കരിക്കുന്നത് ഇ.എം.സിയാണ്.

2025-26 ബജറ്റിൽ (i) കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ഫണ്ട് (ii) ചെറുകിട ജലവൈദ്യുത വികസനവും കൈനറ്റിക് പവർ പ്രോജക്റ്റും എന്നീ രണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതിനായി 850.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1. കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ ഫണ്ട്**

**(വിഹിതം: 650.00 ലക്ഷം രൂപ)**

ഊർജ്ജ സംരക്ഷണത്തിലും മാനേജ്മെന്റിലും നൂതന പദ്ധതികളുടെ വികസനം/നിർവഹണം/ പൈലറ്റിംഗ് എന്നിവയെ പിന്തുണയ്ക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. 2025-26 ബജറ്റിൽ 650.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. പദ്ധതി വിഹിതത്തിന്റെ 10 ശതമാനം വനിതകളെ കേന്ദ്രീകരിച്ചുള്ള പരിപാടികളുടെ നടത്തിപ്പിനായി വിനിയോഗിക്കുന്നതാണ്.

പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ:

| ക്രമ നമ്പർ | പദ്ധതി ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | ഊർജ്ജ സംരക്ഷണ അവാർഡുകൾ , ബെസ്റ്റ് പ്രാക്ടീസസ് | 25.00 |
| Ii | (എ) കാര്യശേഷി വികസനവും ബോധവൽക്കരണവും<br>(ബി) ഇൻറർനാഷണൽ എനർജിഫെസ്റ്റ് കേരള | 100.00 |
| Iii | (i)അങ്കണവാടികളിൽ ഇലക്ട്രിക് പാചകരീതികളും ഊർജ്ജകാര്യക്ഷമതാ സംവിധാനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയായ അംഗൻ ജ്യോതി (ii) ഊർജ്ജയാൻ എന്നീ പദ്ധതികൾ നടപ്പാക്കുന്നത് ഉൾപ്പെടെ | 425.00 |

| ക്രമ നമ്പർ | പദ്ധതി ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | വിവിധ ഊർജ്ജ കാര്യക്ഷമത പ്രോജക്ടുകളും ഊർജ്ജ മാനേജ്മെന്റ് സംവിധാനവും പ്രോത്സാഹിപ്പിക്കൽ | |
| Iv | ക്ലീൻ എനർജി ടെക്നോളജി വികസനവും ഡെമോൺസ്ട്രേഷനും | 50.00 |
| V | അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും പരിപാലനവും മാനവ ശേഷി വികസന പരിപാടികളും | 50.00 |
| | **ആകെ** | **650.00** |

**2. ചെറുകിട ജലവൈദ്യുത വികസനവും ഹൈഡ്രോ കൈനറ്റിക് പവർ പ്രോജക്ടും**

**(വിഹിതം: 200.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനത്തിനുള്ള ഏറ്റവും മികച്ച സ്രോതസ്സായി പുനരുപയോഗ ഊർജ്ജത്തിന്റെ വികസനം കണക്കാക്കപ്പെടുന്നു. പ്രത്യേകിച്ച് ചെറുകിട, സൂക്ഷ്മ പൈക്കോ -ഹൈഡൽ പദ്ധതികൾ. മൈക്രോ, ചെറുകിട ജലവൈദ്യുതി, കാറ്റിൽ നിന്നുള്ള പദ്ധതികൾ, ഹൈബ്രിഡ് റിനീവബിൾ എനർജി എന്നിവയിലും സമാനമായ പദ്ധതികളിലും പുതിയ സാങ്കേതിക പ്രദർശന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ് ചെറുകിട ജലവൈദ്യുത വികസന പദ്ധതി (എസ്.എച്ച്.പി). ചെറുകിട ജലവൈദ്യുതിക്ക് വേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, ചെറുകിട/സൂക്ഷ്മ/ പൈക്കോ -ഹൈഡൽ പദ്ധതികൾ നേരിട്ട് അല്ലെങ്കിൽ റെസ്കോ മാതൃകയിലും, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി സഹകരണത്തോടുകൂടിയും വികസിപ്പിക്കൽ, സാധ്യതാപഠനങ്ങൾ നടത്തൽ, ഡിസ്ട്രിബ്യൂട്ടഡ് എനർജി സ്റ്റോറേജ് സംവിധാനം ഗ്രിഡിൽ ബന്ധിപ്പിക്കുന്നത് സംബന്ധിക്കുന്ന സാധ്യതാ പഠനവും ഈ മേഖലയിൽ സ്വകാര്യ പൊതു പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയപരമായ രൂപരേഖ തയ്യാറാക്കുന്നതും ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുന്നു. നൂതനമായ/ഉപയോഗിക്കാത്ത ഊർജ്ജ വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുന്നതിനാണ് ഹൈഡ്രോ കൈനറ്റിക്ക് പവർ പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്.

ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

# VI വ്യവസായവും ധാതുക്കളും

രാജ്യത്തെ സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങളും പരിപോഷിപ്പിക്കുന്നതിൽ വ്യാവസായിക മേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു. ദേശീയ, പ്രതിശീർഷ വരുമാനത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് ഇത് സഹായിക്കുന്നു. പരിസ്ഥിതി സൗഹൃദവും ഉൽപ്പാദനക്ഷമവും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അതുവഴി സംസ്ഥാനത്തിന്റെ സുസ്ഥിര സാമ്പത്തിക വളർച്ച ഉറപ്പാക്കാനും കഴിയുന്ന വ്യാവസായിക നിക്ഷേപങ്ങൾക്ക് ഊർജസ്വലവും അനുകൂലവുമായ സ്ഥലമാക്കി കേരളത്തെ മാറ്റുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. ബിസിനസ്സ് ചെയ്യാനുള്ള സാധ്യതകൾ/മാർഗ്ഗങ്ങൾ സുഗമമാക്കുകയും അനുയോജ്യമായ സ്ഥാപനപരവും നിയന്ത്രണപരവുമായ പരിഷ്കാരങ്ങളോടെ നിക്ഷേപകർക്ക് പ്രാപ്തമാക്കുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഉയർന്ന മുൻഗണന നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി), കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര), സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സിഎംഡി), ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (ബിപിടി), കേരള റബ്ബർ ലിമിറ്റഡ് (കെആർഎൽ), ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബിപിഇ) എന്നിവ സംസ്ഥാനത്തെ ഇടത്തരം, വൻകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും ചെയ്യുന്ന ഏജൻസികളാണ്. ഈ പദ്ധതി സംസ്ഥാനത്തുടനീളമുള്ള വ്യവസായ പാർക്കുകളുടെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെയും വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തുടരുന്നു.

സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെയും പരമ്പരാഗത വ്യവസായ മേഖലകളുടെയും വ്യാവസായിക പ്രോത്സാഹനത്തിനും സുസ്ഥിരതയ്ക്കും സഹായകമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നു. ഈ പ്രവർത്തനങ്ങളെ ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ്, കയർ ഡയറക്ടറേറ്റ്, ഖാദി & ഗ്രാമ വ്യവസായ ബോർഡ്, കെ-ബിഐപി എന്നിവർ സഹായിക്കുന്നു. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെഎസ്‌സിഡിസി), കേരള സംസ്ഥാന കശുവണ്ടി തൊഴിലാളി അപെക്സ് സഹകരണ സംഘം (കാപെക്സ്) എന്നിവ കേരളത്തിലെ കശുവണ്ടി സംസ്കരണമേഖലയിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് സംസ്ഥാന ഏജൻസികളാണ്. സംസ്ഥാനത്തിന്റെ ധാതുമേഖലയിലെ പ്രവർത്തനങ്ങൾക്ക് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പാണ് നേതൃത്വം നൽകുന്നത്.

കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, കെ.എസ്.യു.എം, കെ.എസ്.ഐ.ടി.ഐ.എൽ, കെ-സ്പേസ്, ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ഇന്നൊവേഷൻ ആന്റ് ടെക്നോളജി, സി-ഡിറ്റ്, ഐ.സി.എഫ്.ഒ.എസ്.എസ് തുടങ്ങിയ ഏജൻസികളാണ് കേരളത്തിന്റെ ഐ.ടി മേഖലയെ നയിക്കുന്നത്.

2025-26 ബജറ്റിൽ, വ്യവസായങ്ങൾക്കും ധാതുക്കൾക്കുമായി 1,81,936.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഗ്രാമ, ചെറുകിട വ്യവസായങ്ങൾക്ക് 49,963.00 ലക്ഷം രൂപയും, ഇടത്തരം, വൻകിട വ്യവസായങ്ങൾക്കായി 79,509.00 ലക്ഷം രൂപയും, ധാതുക്കൾക്കായി 700.00 ലക്ഷം രൂപയും, ഇൻഫർമേഷൻ ടെക്നോളജിക്ക് 51,764.00 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഉപമേഖല തിരിച്ചുള്ള വിശദാംശങ്ങൾ ഇപ്രകാരമാണ്.

| ക്രമ നമ്പർ | മേഖല | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 6.1 | ഗ്രാമ ചെറുകിട വ്യവസായങ്ങൾ | |
| I. | ചെറുകിടവ്യവസായങ്ങൾ | 25,493.00 |
| II. | വാണിജ്യം | 700.00 |
| III. | കരകൗശലം | 411.00 |
| IV. | കൈത്തറി & യന്ത്രത്തറി വ്യവസായങ്ങൾ | 5,689.00 |
| V. | കയർ വ്യവസായം | 10,764.00 |
| VI. | ഖാദി & ഗ്രാമ വ്യവസായങ്ങൾ | 1570.00 |

| ക്രമ നമ്പർ | മേഖല | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| VII. | കശുവണ്ടി വ്യവസായം | 5,336.00 |
| | **ആകെ (ഗ്രാമ ചെറുകിട വ്യവസായങ്ങൾ)** | **49,963.00** |
| 6.2 | ഇടത്തരം & വലിയ വ്യവസായങ്ങൾ | 79,509.00 |
| 6.3 | ധാതുക്കൾ | 700.00 |
| 6.4 | വിവരസാങ്കേതികവിദ്യ | 51,764.00 |
| | **ആകെ** | **1,81,936.00** |

## 6.1 ഗ്രാമ ചെറുകിട വ്യവസായങ്ങൾ

സംസ്ഥാനത്ത് വിവിധ വ്യവസായ പ്രോത്സാഹന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ (എം.എസ്.എം.ഇ) പ്രോത്സാഹിപ്പിക്കൽ, ധനസഹായം നൽകുന്നതിനും ഉപദേശിക്കുന്നതിനും ചുമതലപ്പെട്ട വകുപ്പാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്. സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വികസനം പ്രധാന്യമർഹിക്കുന്ന വിഷയമാണ്. എന്തെന്നാൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുകയും തൊഴിലവസരങ്ങൾ നൽകുകയും പൊതു ഖജനാവിലേയ്ക്ക് നികുതി വരുമാനമെത്തിക്കുകയും ചെയ്യുന്ന ഒരു പ്രധാന മേഖലയാണിത്. സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളുടെയും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെയും സുസ്ഥിരത ഉറപ്പാക്കുന്നതിനും വ്യവസായ പ്രോത്സാഹനത്തെ സഹായിക്കുന്നതിനുമായി പ്രവർത്തിക്കുന്നത് ഡയറക്ടറേറ്റാണ്.

വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കൽ, നിക്ഷേപങ്ങൾ ആകർഷിക്കൽ, വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, വ്യാപാര പ്രവർത്തനങ്ങൾ വിപുലമാക്കൽ എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ഗ്രാമ ചെറുകിട വ്യവസായമേഖലയിലെ പദ്ധതികൾ പൊതുവായി മൂലധനം, വായ്പ, ഗ്രാന്റ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. വിവിധ പദ്ധതികൾ പ്രധാനമായും പട്ടികജാതി (എസ്.സി), പട്ടിക വർഗ്ഗം (എസ്.ടി), വനിതകൾ, യുവാക്കൾ, ഭിന്നശേഷിക്കാർ എന്നിവർ ഉൾപ്പെടുന്ന സാമൂഹിക വിഭാഗങ്ങളേയും ലക്ഷ്യമാക്കുന്നു. 2025-26 വാർഷിക ബജറ്റിൽ 26604.00 ലക്ഷം രൂപ സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തിയിരിക്കുന്നു. ഇതിൽ ചെറുകിട വ്യവസായങ്ങൾക്ക് 25493.00 ലക്ഷം രൂപയും, വാണിജ്യത്തിന് 700.00 ലക്ഷം രൂപയും, കരകൗശല മേഖലക്ക് 411.00 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു.

2025-26 കാലയളവിൽ, 'മിഷൻ 1000' ഉദ്യമത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട്; എം.എസ്.എം.ഇകൾക്കുള്ള പ്രത്യേക പാക്കേജ് സ്കീമിലൂടെ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും, ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ, കാമ്പസ് പാർക്കുകൾ, സഹകരണ പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പിന്തുണ, എം.എസ്.എം.ഇകൾക്കായി പ്രാദേശിക വിപണി അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ, സംരംഭകത്വത്തിന് മൂന്ന് ഘട്ടങ്ങളിലായി; സ്റ്റാർട്ടപ്പ്/ നിക്ഷേപ/ സാങ്കേതിക പിന്തുണ ഉറപ്പാക്കൽ, സംരംഭങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസനവും സുസ്ഥിരതയും ഉറപ്പാക്കൽ, സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, സ്വകാര്യ വ്യവസായ പാർക്കുകളുടെ പ്രോത്സാഹനം, സംരംഭക വികസന ക്ലബ്ബുകൾ, സംരംഭ വികസന കേന്ദ്രങ്ങൾ എന്നിവയിലൂടെ സംരംഭകത്വ വികസനം, വിവിധ കാര്യ ശേഷി വർദ്ധിപ്പിക്കൽ പരിപാടികൾ എന്നിവയ്ക്ക് പ്രധാനമായും ഊന്നൽ നല്കുന്നു. രാജ്യത്തെ എം.എസ്.എം.ഇകളുടെ വളർച്ചയ്ക്കുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെ, 2024-25 മുതൽ എം.എസ്.എം.ഇ മന്ത്രാലയവുമായി ചേർന്ന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് 'എം.എസ്.എം.ഇകളുടെ പ്രകടനം വർദ്ധിപ്പിക്കൽ (റാംപ് )' പരിപാടി നടപ്പിലാക്കിവരുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**2025-26 വർഷത്തേക്കുള്ള ബജറ്റ് വിഹിതം**

| ക്രമ നമ്പർ | മേഖല/പദ്ധതി | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| **I** | **ചെറുകിട വ്യവസായങ്ങൾ** | |
| **1** | **അടിസ്ഥാന സൗകര്യ വികസന പരിപാടി** | |
| i | നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ട്/എസ്റ്റേറ്റ് പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം മെച്ചപ്പെടുത്തൽ | 1800.00 |
| ii | നിലവിലുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങളുടെ നവീകരണം | 100.00 |
| iii | ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം | 1000.00 |
| iv | പൊതു സ്വകാര്യ പങ്കാളിത്തം (പിപിപി) രീതിയിൽ വ്യവസായ പാർക്കുകൾ/പ്രദേശങ്ങൾ/എസ്റ്റേറ്റുകൾ എന്നിവ വികസിപ്പിക്കൽ | 740.00 |
| v | അടിസ്ഥാന സൗകര്യ വികസനവും ശേഷി വികസനവും– ക്ലസ്റ്റർ ഡവലപ്പമെന്റ് പ്രോഗ്രാം/ ചെറുകിട വ്യവസായ ക്ലസ്റ്റർ വികസന പദ്ധതി (എംഎസ്ഇ – സിഡിപി – എന്നു പരിഷ്കരിച്ച കേന്ദ്ര മേഖലാ പദ്ധതി) | 200.00 |
| vi | വിവിധോദ്ദേശ്യ വ്യാപാര പ്രോത്സാഹന കേന്ദ്രങ്ങൾ | 475.00 |
| Vii | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെയും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും സബ് ഓഫീസുകളുടെയും നവീകരണം | 525.00 |
| **2** | **സംരംഭകത്വ വികസന പരിപാടികൾ** | |
| i | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (കെഐഇഡി) നെ സംരംഭക വികസനത്തിനുള്ള മികവിന്റെ കേന്ദ്രമാക്കി മാറ്റൽ | 100.00 |
| ii | സംരംഭക വികസന കേന്ദ്രങ്ങൾ ( ഇ ഡികൾ/ഇ ഡി ക്ലബ്ബുകൾ) | 235.00 |
| **3.** | വൈദഗ്ധ്യ വികസന പരിപാടി | 901.00 |
| **4** | എൻസിഎച്ച്സിയിലൂടെ ഭക്ഷ്യ സുരക്ഷ സംവിധാനത്തിന്റെ നിർവ്വഹണം | 30.00 |
| **5** | സംരംഭക സഹായ പദ്ധതി | 8000.00 |
| **6** | **എംഎസ്എംഇ യൂണിറ്റുകളുടെ പുനരുജ്ജീവനവും പുനരധിവാസവും** | |
| i | തകർച്ച നേരിടുന്ന/പ്രവർത്തനരഹിതമായ എം എസ് എം ഇ/കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്കുള്ള സഹായം | 100.00 |
| ii | നഷ്ടപ്പെട്ട ജീവനോപാധി പുനസ്ഥാപിക്കുന്നതിന് ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യുണിറ്റുകളുടെ പുനരുദ്ധാരണം | 200.00 |
| **7** | വ്യവസായ പ്രദേശം/പാർക്കുകളിൽ സംരഭകർക്ക് ഭൂമി നിക്ഷേപ വില ഗഡുക്കളായി നല്കുന്നതിനുണ്ടാകുന്ന പലിശയിൽ ഇളവ് | 100.00 |
| **8** | നാനോ യൂണീറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാൻറ് | 1706.00 |
| **9** | നൈപുണ്യ സംരംഭ വികസന കേന്ദ്രങ്ങൾക്കുള്ള സഹായം | 40.00 |

| ക്രമ നമ്പർ | മേഖല/പദ്ധതി | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 10 | പി എം.ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (പിഎംഎഫ്എംഇ) കേന്ദ്രാവിഷ്കൃത പദ്ധതിയിലെ 40ശതമാനം സംസ്ഥാന വിഹിതം | 800.00 |
| 11 | കേന്ദ്ര എംഎസ്എംഇ മേഖല പദ്ധതികൾ (ആനുപാതിക സംസ്ഥാന വിഹിതം) | 840.00 |
| 12 | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള പ്രത്യേക പാക്കേജ് | 4801.00 |
| 13 | പ്ലാന്റേഷൻ ഡയറക്ടറേറ്റ് | 600.00 |
| 14 | പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും | 2000.00 |
| 15 | സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും | 200.00 |
| | **ആകെ ചെറുകിട വ്യവസായങ്ങൾ** | **25493.00** |
| **II.** | **വാണിജ്യം** | |
| 1 | വാണിജ്യ വികസനം | 700.00 |
| | **ആകെ വാണിജ്യം** | **700.00** |
| **III** | **കരകൗശല വ്യവസായങ്ങൾ** | |
| **എ** | **കരകൗശല മേഖലാ വികസനം** | |
| 1 | കരകൗശല മേഖല സ്ഥാപനങ്ങൾക്ക് സഹായം | 50.00 |
| 2 | കരകൗശല മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ | 50.00 |
| 3 | കരകൗശല തൊഴിലാളികൾക്ക് സഹായം (ആശ) | 30.00 |
| 4 | ക്രാഫ്റ്റ് കോംപ്ലക്സ് – സുരഭി | 1.00 |
| 5 | വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള പുനരുജ്ജീവന പദ്ധതി | 50.00 |
| **ബി** | **മുള വ്യവസായ വികസനം** | |
| 6 | മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം | 150.00 |
| 7 | മുളയുടെ പ്രചാരണവും പ്രോത്സാഹനവും ദേശീയ ബാംബൂ മിഷൻ – ആനുപാതിക സംസ്ഥാന വിഹിതം | 80.00 |
| | **ആകെ കരകൗശല വ്യവസായങ്ങൾ** | **411.00** |
| | **ആകെ** | **26604.00** |

## I. ചെറുകിട വ്യവസായങ്ങൾ

### 1. അടിസ്ഥാന സൗകര്യ വികസന പരിപാടികൾ

പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും സംരംഭകർക്ക് ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ അത്യന്താപേക്ഷിതമാണ്. റോഡുകൾ, വൈദ്യുതി, ജലം, മാലിന്യ സംസ്കരണം എന്നീ സൗകര്യങ്ങളുള്ള പുതിയ വ്യവസായ പാർക്കുകൾ നിർമ്മിക്കുന്നതിനും, നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ട്/എസ്റ്റേറ്റ് (ഡി.എ/ഡി.പി), വ്യവസായ പ്രവർത്തന പ്രദേശങ്ങൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണത്തിനും ഊന്നൽ നൽകുന്നു. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ബജറ്റിൽ ഇനിപ്പറയുന്ന പ്രോഗ്രാമുകൾ/പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2025-26 ബജറ്റിൽ താഴെ പറയുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 4840.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

#### i. നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ട്/ഡെവലപ്മെന്റ് പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം മെച്ചപ്പെടുത്തൽ

**(വിഹിതം: 1800.00 ലക്ഷം രൂപ)**

നിലവിലുള്ള പ്രദേശങ്ങൾ/ഡവലപ്മെന്റ് പ്ലോട്ട്/ബഹുനിലഗാലകൾ എന്നിവയുടെ ഉന്നമനത്തിനും നവീകരണത്തിനുമുള്ള ഒരു തുടർ പദ്ധതിയാണിത്. സാധാരണ ക്യാപ്റ്റീവ് ഉപയോഗത്തിനായി പാരമ്പര്യേതര ഊർജ്ജം ഉൾപ്പെടെയുള്ള ഊർജ്ജ ഉറവിടങ്ങൾ ഉൾക്കൊള്ളുന്ന പൊതു അടിസ്ഥാന സൗകര്യ വികസനം, വൈദ്യുതി നവീകരണം, സബ്സ്റ്റേഷനുകൾ, ജലവിതരണ സൗകര്യങ്ങൾ, ഖരദ്രവ മാലിന്യ നിർമ്മാർജ്ജന സംവിധാനം, സിഇറ്റിപി, പൊതു അഗ്നി ശമന/സുരക്ഷാ സംവിധാനങ്ങൾ, ആന്തരിക റോഡുകളുടെ നിർമ്മാണവും അറ്റകുറ്റ പണികളും, അഴുക്കുചാൽ സംവിധാനം, ചുറ്റു മതിൽ, മറ്റ് പൊതു സൗകര്യങ്ങളായ ക്യാന്റീൻ, പ്രഥമ ശുശ്രൂഷാ കേന്ദ്രങ്ങൾ, സിംഗിൾ എൻടി സിസ്റ്റം, സൂചനാ ബോർഡുകൾ, തെരുവു വിളക്കുകൾ, പൊതു മാലിന്യ സംസ്കരണ പ്ലാന്റ്, ഖര മാലിന്യ നിയന്ത്രണം, എന്നിവ കൂടാതെ വികസന പ്രദേശങ്ങൾ/വികസന പ്ലോട്ടുകൾ എന്നിവിടങ്ങളിലെ സംരംഭകർക്ക് ആവശ്യമായ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. നിലവിലുള്ള ഡി.എ/ഡി.പികളിൽ തുടർന്നുപോരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനാവശ്യമായ സ്പിൽ ഓവർ ചെലവുകളും ഡി.എ/ഡി.പികൾക്കാവശ്യമായ പഠന ചെലവുകളും അവയുടെ ഡി.പി.ആർ തയ്യാറാക്കലിനാവശ്യമായ തുകയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അടിസ്ഥാന സൗകര്യ വികസനം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കൈവശമുള്ള ഭൂമിയിലും നിലവിലുള്ള ഡിഎ/ഡിപികളിലും അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനത്തിനുമായി SIDBI വായ്പയ്ക്ക് പുറമേ ആവശ്യമായി വരുന്നചെലവുകൾക്ക് തുക കണ്ടെത്തുന്നതിനും ഈ ഫണ്ട് വിനിയോഗിക്കാവുന്നതാണ്. കൂടാതെ, ഉൾപ്പെടുത്താവുന്നതാണ്. 2025-26 ബജറ്റിൽ, ഈ പദ്ധതി നടത്തിപ്പിനായി 1800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

#### ii. നിലവിലുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങളുടെ നവീകരണം

**(വിഹിതം: 100.00 ലക്ഷം രൂപ)**

ചങ്ങനാശ്ശേരി, മഞ്ചേരി എന്നിവിടങ്ങളിൽ നിലവിലുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങളുടെ നിലവാരം CFSC GATE (സർക്കാർ സംരംഭക സാങ്കേതിക മികവു കേന്ദ്രം) ആയി ഉയർത്തുന്നതിനും നവീകരണത്തിനും വാർഷിക മെയിന്റനൻസിനും ഈ തുടർ പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ ഈ കേന്ദ്രങ്ങൾ വ്യവസ്യങ്ങൾക്ക് പൊതു സൌകര്യങ്ങളും ലബോറട്ടറി സൗകര്യങ്ങളും പരിശീലന സഹായങ്ങളും നൽകുന്നു. നടപ്പുവർഷത്തെ ബജറ്റ് വിഹിതം ഇനിപ്പറയുന്ന ഘടകങ്ങൾക്കായി ഉപയോഗപ്പെടുത്താം.

i. റബ്ബർ, പ്ലാസ്റ്റിക്, ടൂൾ റൂം എന്നിവയ്ക്ക് പൊതുവായ സൗകര്യം നൽകുക.
ii. സംരംഭകർക്കും വിദ്യാർത്ഥികൾക്കും സാധ്യതയുള്ള മേഖലകളിൽ പരിശീലനം/ വർക്ക്ഷോപ്പുകൾ/സാങ്കേതിക ക്ലിനിക്കുകൾ എന്നിവ നടത്തൽ.
iii. ഗവേഷണ വികസനം, പദ്ധതികൾ, പരിശോധന എന്നിവയ്ക്കായി ലബോറട്ടറി സൗകര്യങ്ങൾ നൽകുക.
iv. റബ്ബർ, പ്ലാസ്റ്റിക്, മറ്റ് തിരിച്ചറിഞ്ഞ സാധ്യതയുള്ള മേഖലകളിൽ ഇൻകുബേഷൻ സൗകര്യം നൽകുക.
v. വ്യാവസായിക, ഗുണനിലവാര നിയന്ത്രണ മേഖലകളിൽ ദീർഘകാല/ഹ്രസ്വകാല ഇന്റേൺഷിപ്പ്

നൽകുക.

vi. ഒരു വ്യാവസായിക അന്തരീക്ഷത്തിൽ സംരംഭകത്വം വളർത്തുന്നതിനായി വിദ്യാർത്ഥികൾകൾക്ക് പരിശീലനം നൽകുന്ന ഒരു ഫിനിഷിംഗ് സ്കൂളായി പ്രവർത്തിക്കുക അതുവഴി വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുന്നതിനും സഹായിക്കുക.

vii. വിജ്ഞാന സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് ടെക്നോളജി ബിസിനസ് ഇൻകുബേഷൻ (TBI) സൗകര്യങ്ങൾ നൽകുക.

viii. അർഹരായ വ്യക്തികൾക്ക് സാങ്കേതികവിദ്യ പകർന്നു നൽകുക.

ix. അറിവും സാങ്കേതികവിദ്യയും പങ്കിടുന്നതിനായി വിവിധ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവയുമായി സഹകരിക്കുക.

ചങ്ങനാശ്ശേരിയിലും മഞ്ചേരിയിലുമുള്ള രണ്ട് CFSC-കളെ CFSC-CGATE (പൊതു സൗകര്യ സേവന കേന്ദ്രം - സാങ്കേതിക വിദ്യയിലും സംരംഭകത്വത്തിലും സർക്കാർ സഹായത്തിനുള്ള മികവിന്റെ കേന്ദ്രം) ആയി അപ്ഗ്രേഡ് ചെയ്യും.

2025-26 ബജറ്റിൽ, ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### iii. ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം

**(വിഹിതം: 1000.00 ലക്ഷം രൂപ)**

ഭൂമി ദൗർലഭ്യം നേരിടുന്ന സംസ്ഥാനത്ത്, ഒരേ വ്യവസായ പ്രദേശത്ത് കൂടുതൽ വ്യവസായങ്ങളെ ഉൾകൊള്ളിക്കാൻതക്ക അധിക സ്ഥല സൗകര്യത്തോടു കൂടിയ ബഹുനില മന്ദിരങ്ങൾ അത്യാവശ്യമാണ്. ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ, വ്യവസായ ആവശ്യത്തിനുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി സംവിധാനം, ജല വിതരണം, മാലിന്യ സംസ്കരണ പ്ലാന്റുകൾ, അഗ്നി സുരക്ഷാ സംവിധാനം ഉൾപ്പെടെ പ്രദാനം ചെയ്ത് ഫ്ലാറ്റ് രീതിയിൽ നിർമ്മിക്കുന്ന വ്യവസായ കേന്ദ്രങ്ങളാണ് ബഹുനില വ്യവസായ എസ്റ്റേറ്റുകൾ/എസ്.ഡി.എഫുകൾ. വ്യവസായ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ വരുന്ന ഡി.എ./ഡി.പികളിൽ പുതിയ ബഹുനില വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനും, നടപ്പിലാക്കികൊണ്ടിരിക്കുന്ന വേളി, ഷൊർണ്ണൂർ, പുഴക്കൽപ്പാടം - ഒന്നും രണ്ടും ഘട്ടങ്ങൾ, പുന്നപ്ര, പുതുശ്ശേരി, മഞ്ചേരി, വരവൂർ (ഗാല) എന്നിവിടങ്ങളിലെ ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ സ്പിൽ ഓവർ ചെലവുകൾക്കും ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക വിനിയോഗിക്കാവുന്നതാണ്. ഫണ്ട് ലഭ്യതക്കനുസരിച്ച് തുടർ പ്രോജക്ടുകൾക്കുള്ള ചെലവ് താരതമ്യം ചെയ്തും ആവശ്യകത വിശകലനം ചെയ്തും പുതിയ പദ്ധതികൾ നേരിട്ടും എസ്ഐഡിബിഐ യുമായി ചേർന്ന് ഏറ്റെടുക്കുന്നതിനും 2025-26 ൽ ലക്ഷ്യമിടുന്നു. നിലവിലുള്ള ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ അപ്ഗ്രേഡേഷൻ/നവീകരണ ചെലവുകളും ഈ പദ്ധതിയിൽ നിന്ന് കണ്ടെത്താവുന്നതാണ്. ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണത്തിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനും ഈ ഫണ്ട് വിനിയോഗിക്കാവുന്നതാണ്. ഓരോ ബഹുനില ഗാലായുടേയും 20 ശതമാനം വിഹിതം സ്ത്രീ സംരംഭകർക്കായി സംവരണം ചെയ്തിരിക്കുന്നു.

2025-26 ബജറ്റിൽ ഈ പദ്ധതി നടത്തിപ്പിനായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### iv. പൊതു സ്വകാര്യ പങ്കാളിത്തം (പിപിപി) രീതിയിൽ വ്യവസായ പാർക്കുകൾ/പ്രദേശങ്ങൾ/എസ്റ്റേറ്റുകൾ എന്നിവ വികസിപ്പിക്കൽ

**(വിഹിതം: 740.00 ലക്ഷം രൂപ)**

മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ-സാമ്പത്തിക സാഹചര്യത്തിൽ മൂലധന നിക്ഷേപത്തിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മെച്ചപ്പെട്ട, തടസ്സ രഹിതമായ വ്യവസായ ഭൂമിയുടെ ലഭ്യത ആവശ്യമാണ്.

ഭൂമി ഏറ്റെടുക്കൽ, ഭൂസംയോജനം, സ്വകാര്യ വ്യവസായ പാർക്കുകൾ/എസ്റ്റേറ്റുകൾ എന്നിവയിലൂടെ പര്യാപ്തമായ ഭൂലഭ്യത ഉറപ്പാക്കുന്നതിനാണ് കേരള വ്യവസായ വാണിജ്യ നയത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. എം.എസ്.എം.ഇ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി പൊതു - സ്വകാര്യ പങ്കാളിത്ത മാതൃകയിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടുകൂടിയും സി.എഫ്.എസ്സികൾ ഉൾപ്പെടെയുള്ള വ്യവസായ പാർക്കുകൾ/പ്ലോട്ടുകൾ/എസ്റ്റേറ്റുകൾ വികസിപ്പിക്കുന്നതിന് ഈ പദ്ധതി പ്രകാരം നൽകുന്ന ഫണ്ടുകൾ പി.പി.പി മോഡലിൽ വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള വയബിലിറ്റി ഫണ്ടായി ഉപയോഗിക്കാം.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും മറ്റ വകുപ്പുകളുടേയും വ്യവസായ വകുപ്പിന്റെയും മറ്റ വ്യവസായ പങ്കാളികളുടെയും ആനുപാതിക സഹായത്തോടെ പ്രത്യേക വ്യവസായങ്ങൾ

സ്ഥിതിചെയ്യുന്ന മേഖലകളിൽ പ്രോജക്ട് മാതൃകയിൽ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ വികസിപ്പിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ഭൂമിയിൽ വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് വയബിലിറ്റി ഗ്യാപ് ഫണ്ടായും ബജറ്റ് വിഹിതത്തെ താഴെ പറയുന്ന രീതിയിൽ വിനിയോഗിക്കാവുന്നതാണ്.

i. വൈദ്യുതി, വെള്ളം, ഓടകളോടുകൂടിയ ആന്തരിക റോഡുകൾ, പൊതു സൗകര്യങ്ങൾ, മലിനജല ശുദ്ധീകരണ പ്ലാന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് വ്യവസായ എസ്റ്റേറ്റുകളുടെ വികസനം.

ii. ചെറിയ ഷെഡുകൾ/കെട്ടിടങ്ങൾ നിർമ്മിക്കൽ അല്ലെങ്കിൽ വ്യാവസായിക ആവശ്യങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച നിലവിലുള്ള ഷെഡുകൾ/കെട്ടിടങ്ങൾ പുതുക്കിപ്പണിയൽ.

മുകളിൽ സൂചിപ്പിച്ച അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഫണ്ട് വ്യവസായ നയവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിധേയമായി പരമാവധി ഒരു കോടി രൂപയിൽ കവിയാത്ത ഒറ്റത്തവണ സഹായമായി വ്യവസായ വകുപ്പ് നൽകും.

2025-26 ബജറ്റിൽ പദ്ധതിയ്ക്കായി 740.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### v. അടിസ്ഥാന സൗകര്യ വികസനവും ശേഷി വികസനവും- ക്ലസ്റ്റർ ഡവലപ്പമെന്റ് പ്രോഗ്രാം/ചെറുകിട വ്യവസായ ക്ലസ്റ്റർ വികസന പദ്ധതി (എംഎസ്ഇ - സിഡിപി- പരിഷ്കരിച്ച കേന്ദ്ര മേഖലാ പദ്ധതി)

**(വിഹിതം: 200.00 ലക്ഷം രൂപ)**

ക്ലസ്റ്ററുകളുടെ സമഗ്ര വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഡെവലപ്മെന്റ് കമ്മീഷണർ (എം.എസ്.എം.ഇ) ടെ ഒരു പ്രധാന പദ്ധതിയായ എം.എസ്.എം.ഇ ക്ലസ്റ്റർ വികസന പദ്ധതിയിൽ പശ്ചാത്തല വികസന പിന്തുണ ഉൾപ്പെടുത്തിയിരിക്കുന്നു.

അസംസ്കൃത വസ്തു ശേഖരണം, വായ്പകൾ അനുവദിക്കുന്നതിന് മൂച്ചൽ ക്രെഡിറ്റ് ഗാരന്റി, കോമൺ ബ്രാൻഡ് സൃഷ്ടിക്കൽ, വിപണനം, പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, പരിശീലന കേന്ദ്രങ്ങൾ, ഗുണനിലവാര പരിശോധന, ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ചെലവ്, മറ്റു പിന്തുണ പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വുഡ്ഫർണിച്ചർ ക്ലസ്റ്റർ കോഴിക്കോട്, തൃശ്ശൂർ ചേവൂരിലുള്ള പരമ്പരാഗത ഫർണിച്ചർ ക്ലസ്റ്റർ, ഏറണാകുളം മൂവാറ്റുപുഴയിലുള്ള വെസ്റ്റ് മലബാർ പ്ലൈവുഡ് മാനുഫാക്ചറേഴ്സ് ക്ലസ്റ്റർ, തിരുവനന്തപുരത്തെ പപ്പടം നിർമ്മാണ ക്ലസ്റ്റർ എന്നിവയാണ് നിലവിലുള്ള തുടർ പദ്ധതികൾ.

നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും, ഭാരത സർക്കാർ അനുവദിച്ച പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും 2025-26 ബജറ്റിൽ ആനുപാതിക സംസ്ഥാന വിഹിതമായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### vi. വിവിധോദ്ദേശ്യ വ്യാപാര പ്രോത്സാഹന കേന്ദ്രങ്ങൾ

**(വിഹിതം: 475.00 ലക്ഷം രൂപ)**

കരകൗശല തൊഴിലാളി സമൂഹത്തിന് അവരുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാനും, വിപണനം ചെയ്യാനും വേദിയൊരുക്കുന്ന തനതായതും നൂതനവുമായ ഒരു സംരംഭമാണ് വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ. അസംഘടിതരും സാധാരണക്കാരുമായ ഗ്രാമീണ തൊഴിലാളികൾക്കും നഗര കമ്പോളത്തിനുമിടയിൽ ഒരു മധ്യസ്ഥനായി പ്രവർത്തിക്കാനാണ് വ്യപാര പ്രോത്സാഹന കേന്ദ്രങ്ങൾ ഉദ്ദേശിക്കുന്നത്.

കരകൗശല വ്യവസായങ്ങൾ, കൈത്തറി, കയർ എന്നിങ്ങനെയുള്ള പരമ്പരാഗത ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ, സാങ്കേതിക സാമ്പത്തിക സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ, പി.പി.പി മാതൃകയിൽ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും വിവിധ പരമ്പരാഗത വിപണികളുടെ പരിവർത്തനം കണക്കിലെടുത്തു കൊണ്ട് ബിസിനസ് മാതൃകകൾ വികസിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ആലപ്പുഴയിലെ ജില്ല വ്യവസായ കേന്ദ്രത്തിൽ വ്യാപാര പ്രോത്സാഹന കേന്ദ്രങ്ങളും ജില്ല വ്യവസായ കേന്ദ്ര കെട്ടിടവും ചേർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ കീഴിൽ നിലവിൽ തുടർന്നുകൊണ്ടിരിക്കുന്ന പ്രവർത്തികൾ. 2025-26 ൽ ആവശ്യാടിസ്ഥാനത്തിൽ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാനും ഉദ്ദേശിക്കുന്നു.

2025-26 ബജറ്റിൽ നിലവിൽ തുടർന്നു കൊണ്ടിരിക്കുന്ന പ്രോജക്ടുകളുടെ പൂർത്തീകരണത്തിനും പുതിയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമായി 475.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**vii. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെയും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും സബ് ഓഫീസുകളുടെയും നവീകരണം**

**(വിഹിതം: 525.00 ലക്ഷം രൂപ)**

**a) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെയും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും സബ് ഓഫീസുകളുടെയും നവീകരണം**

**(വിഹിതം: 275.00 ലക്ഷം രൂപ)**

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നടപ്പിലാക്കുന്നതിനും മറ്റു വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വകുപ്പിനെ കഴിവുറ്റതാക്കുന്നതിനും, ആയതിനു വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനും ഡയറക്ടറേറ്റിന്റെയും സബ് ഓഫീസുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഡയറക്ടറേറ്റിന്റെയും ഉപ-ഓഫീസുകളുടെയും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനും പരിപാലിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ തുക ഇതിൽ നിന്നും കണ്ടെത്താം. 2025-26 ബജറ്റിൽ പദ്ധതിയ്ക്കായി 275.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**b) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഐ.ടി സംരംഭങ്ങൾ**

**(വിഹിതം: 250.00 ലക്ഷം)**

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ (DI&C) ഐടി വിഭാഗം എല്ലാ ഐടി/ഇ-ഗവേണൻസ് പ്രവർത്തനങ്ങളെയും പിന്തുണയ്ക്കുന്നതിനും ബിസിനസ്സ് എളുപ്പമാക്കുന്നതും കാര്യക്ഷമമായ സേവന വിതരണം ഉറപ്പാക്കുന്നതിനുമുള്ള വകുപ്പുതല പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതും ഐ.ടി വിഭാഗമാണ്. സംസ്ഥാനത്തെ സംരംഭകർക്ക് ഗുണനിലവാരമുള്ളതും സമയബന്ധിതവുമായ സേവനം നൽകുന്നതിന് വകുപ്പിനായി ഒരു ഐടി ആവാസവ്യവസ്ഥ സൃഷ്ടിക്കാനും പരിപാലിക്കാനും ഐ.ടി ഉദ്യമങ്ങൾ ലക്ഷ്യമിടുന്നു. 2025-26 ബജറ്റിൽ പദ്ധതിയ്ക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

നടപ്പ് സാമ്പത്തിക വർഷം വിഭാവനം ചെയ്തിരിക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങൾ താഴെ പറയുന്നവയാണ്.

| ക്രമ നമ്പർ | ഘടകങ്ങളുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഐ.ടി അടിസ്ഥാന സൗകര്യങ്ങൾ - വാങ്ങലും , പരിപാലനവും | 250.00 |
| 2 | പുതിയതും നിലവിലുള്ളതുമായ ഇ-ഗവേൺസ് പദ്ധതികളുടെ രൂപകല്പന, നിർവ്വഹണം, വികസനം, പരിപാലനം തുടങ്ങിയവ | |
| 3 | ലാപ് ടോപ്പ്, മറ്റ് ഐ.ടി ഉപകരണങ്ങൾ, പെരിഫറൽസ് എന്നിവ വാങ്ങൽ | |
| 4 | കേരളത്തിലെ വ്യവസായ സ്ഥാപനങ്ങൾക്കു വേണ്ടി B2B വെബ് പോർട്ടൽ | |
| | **ആകെ** | **250.00** |

പ്രസ്തുത പദ്ധതിയിലൂടെ രണ്ടു ഘടകങ്ങൾക്കുമായി 2025-26 ബജറ്റിൽ 525.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2. സംരംഭകത്വ വികസന പരിപാടികൾ**

സംരംഭകനാകാൻ ഒരു വ്യക്തിയെ സഹായിക്കുന്നതിന് (എ) പ്രോത്സാഹിപ്പിക്കൽ (ബി) പിന്തുണയ്ക്കൽ (സി) നിലനിർത്തൽ (ഡി) സാമൂഹിക സാമ്പത്തികം തുടങ്ങിയ ചുമതലകൾ നിർവഹിക്കുന്ന തരത്തിലുള്ള സംരംഭക വികസന പദ്ധതികൾക്ക് സംസ്ഥാനം വീണ്ടും ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. വ്യവസായ വകുപ്പ്, സംസ്ഥാനത്ത് വ്യവസായ മേഖലയിൽ പുതിയ പദ്ധതികളിലൂടെ സംരംഭക വികസന പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേകമായി സ്ഥാപിക്കപ്പെട്ട സ്ഥാപനങ്ങളെ പുനരുദ്ധരിക്കേണ്ടതുണ്ട്. 2025-26 ബജറ്റിൽ താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

i. **കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (കെഐഇഡി) നെ സംരംഭക വികസനത്തിനുള്ള മികവിന്റെ കേന്ദ്രമാക്കി മാറ്റൽ**

**(വിഹിതം: 100.00 ലക്ഷം രൂപ )**

കേരള സർക്കാർ പ്രോത്സാഹിപ്പിക്കുന്ന സ്വയംഭരണാധികാരമുള്ള സംസ്ഥാനതല സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (കെഐഇഡി). മാനവ വിഭവശേഷി വികസനത്തിൽ സേവനങ്ങൾ നൽകികൊണ്ട് പ്രത്യേകിച്ചും സംരംഭകത്വ വികസന മേഖലയിൽ, ജനങ്ങൾക്കിടയിൽ സംരംഭകത്വം വളർത്തിക്കൊണ്ട് അവരെ കൂടുതൽ സ്വയം തൊഴിലിലേക്ക് നയിക്കുക എന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യം. യുണൈറ്റഡ് നേഷൻസ് കോൺഫറൻസ് ഓൺ ട്രേഡ് ആൻഡ് ഡെവലപ്പ്മെന്റുമായും (UNCTAD) അന്താരാഷ്ട്ര തൊഴിൽ സംഘടനയുമായും (ILO) ഈ സ്ഥാപനത്തിന് പങ്കാളിത്തം ഉണ്ട്. സ്ഥാപനത്തെ സംരംഭക വികസനത്തിനുള്ള മികവിന്റെ കേന്ദ്രമാക്കി പുനരുദ്ധരിക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും ഇതിന് അത്യാധുനിക സൗകര്യങ്ങൾ, സ്വയം ഭരണാധികാരം, ഗവേഷണ വികസന വ്യവസായ അക്കാദമിക സ്ഥാപനങ്ങൾ, മറ്റു പങ്കാളികൾ എന്നിവരുമായുള്ള സഹകരണം, പ്രവർത്തന, മാനേജ്മെന്റ് സഹായം എന്നിവ ആവശ്യമുണ്ട്.

ഇത്തരം പ്രവർത്തനങ്ങളെ പിന്തുണക്കുന്നതിനായി, 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ii. സംരംഭക വികസന കേന്ദ്രങ്ങൾ (ഇ.ഡിസി കൾ)**

**(വിഹിതം: 235.00 ലക്ഷം രൂപ)**

വിജ്ഞാനം, സാങ്കേതിക വിദ്യകൾ എന്നിവ അടിസ്ഥാനമാക്കി സംരംഭക വികസനത്തിന് ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്, ഇനി പറയുന്ന ലക്ഷ്യങ്ങളോടെ KIED ന്റെ ആഭിമുഖ്യത്തിൽ സംരംഭക വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഡി.ഐ.സി വിഭാവനം ചെയ്യുന്നു.

മൂല്യവർദ്ധിത തൊഴിലുകളും സേവനങ്ങളും സൃഷ്ടിക്കുക

- സാങ്കേതികവിദ്യ കൈമാറുന്നതിന് സൗകര്യമൊരുക്കുക
- സംരംഭകത്വ മനോഭാവം വളർത്തുക
- ഗവേഷണ/വികസന ഉല്പന്നങ്ങളുടെ ദ്രുതഗതിയിലുള്ള വാണിജ്യവൽക്കരണം
- പരിശീലനം/നൈപുണ്യ വികസനം
- പുതിയതും/നിലവിലുള്ളതുമായ സംരംഭകർക്ക് പ്രത്യേക സേവനങ്ങൾ
- ആതിഥേയ സ്ഥാപനങ്ങളും സ്റ്റാർട്ട് അപ്പ് സ്പേസും തമ്മിൽ ബന്ധിപ്പിക്കൽ
- വായ്പ സുഗമമാക്കൽ, കയറ്റുമതി പ്രോത്സാഹനം, വിതരണക്കാരെ ഉൾപ്പെടുത്തൽ
- താൽപ്പര്യമുള്ള സംരംഭകർക്ക് പ്രോത്സാഹനം, മാർക്കറ്റിംഗ് ലിങ്കേജുകൾ, പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകൽ.

KIED ന്റെ മാർഗനിർദേശത്തിലും പിന്തുണയിലും എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിലെ സംരംഭക വികസന കേന്ദ്രങ്ങൾ വികസിച്ചുവരികയാണ്. സർക്കാർ, വ്യവസായ സ്ഥാപനങ്ങൾ, ഗവേഷണ-വികസന, നൈപുണ്യ, അക്കാദമിക് ഇൻസ്റ്റിറ്റ്യൂട്ടുകളും ധനകാര്യ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണ സംരംഭമാണ് ഇ.ഡി.സി അടിസ്ഥാന സൗകര്യങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റും വ്യവസായ വകുപ്പും, കേന്ദ്രത്തിന്റെ നടത്തിപ്പും പ്രവർത്തനവും KIED ഉം വ്യവസായ പങ്കാളികളും സംയുക്തമായി വഹിക്കുന്നതാണ്.

**സ്കൂളുകളിലും കോളേജുകളിലും സംരംഭക വികസന ക്ലബ്ബുകൾ (ഇ.ഡി ക്ലബ്ബുകൾ)**

വിദ്യാർത്ഥികളിലും യുവതലമുറയിലും സംരംഭക കഴിവുകൾ വളർത്തുക. സംസ്ഥാനത്തെ വ്യാവസായിക സാഹചര്യത്തെക്കുറിച്ച് അവബോധം നൽകുക എന്നിവയാണ് ഇഡി ക്ലബ്ബുകളുടെ ലക്ഷ്യങ്ങൾ. ഇഡി ക്ലബ് പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും, കെഐഇഡിയുടെ നേതൃത്വത്തിൽ നിലവിലുള്ള ഇഡി ക്ലബ്ബുകളെ പിന്തുണയ്ക്കുന്നതിനും, ഇഡി കോൺക്ലേവ് നടത്തുന്നതിനുമായി 2025-26ൽ 80.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2025-26 ൽ 300 ഇഡി ക്ലബ്ബുകളെ പിന്തുണയ്ക്കുക എന്നതാണ് ലക്ഷ്യം.

2025-26 ബജറ്റിൽ ഇ.ഡി/ഇ.ഡി ക്ലബുകൾക്കായി 235.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 3. വൈദഗ്ധ്യ വികസന പരിപാടി

**(വിഹിതം: 901.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ശരിയായ നിക്ഷേപ പ്രവർത്തനങ്ങളിലൂടെയും ബോധപൂർവ്വവും കേന്ദ്രീകൃതവും ആസൂത്രിതവുമായ ശ്രമങ്ങളിലൂടെയും പ്രധാനപ്പെട്ട മേഖലകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തീവ്ര വ്യവസായവത്ക്കരണത്തിന് ലക്ഷ്യമിടുന്നു. ബ്ലോക്ക്, താലൂക്ക്, ജില്ലാ തലങ്ങളിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി സുസ്ഥിര വികസനം സാധ്യമാക്കുന്നതിന് ഇതിലൂടെ ലക്ഷ്യമിടുന്നു. ഈ പദ്ധതിയിൽ ഇന്ററാക്ടീവ് ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ, കൂട്ടായ്മകൾ, സംരംഭർക്കുള്ള ബോധവത്ക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, സംരംഭകത്വ വികസന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ, വ്യവസായ വല്ക്കരണ ഡ്രൈവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ, തദ്ദേശസ്ഥാപനങ്ങളിലേക്കും മറ്റ് ലൈൻ ഡിപ്പാർട്ട്മെന്റുകളിലേക്കും ഏജൻസികളിലേക്കും സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ, വകുപ്പിലെ ഓഫീസർമാരുടെയും എല്ലാ വ്യവസായ സഹകരണ സംഘങ്ങളിലെ ഉദ്യോഗസ്ഥരുടെയും കാര്യശേഷി വർദ്ധിപ്പിക്കൽ പ്രോഗ്രാമുകൾ, കേരള എം.എസ്.എം.ഇ ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ്, സാധ്യതാ സർവേകൾ നടത്തൽ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്, പബ്ലിസിറ്റി, പരസ്യം ചെയ്യൽ, സിഎംഡി, ഇഡിഐ തുടങ്ങിയവയിലൂടെ എംഎസ്എംഇകളുടെയും വകുപ്പിന്റെയും പ്രകടനത്തെക്കുറിച്ച് വിവിധ പഠനങ്ങൾ നടത്തൽ, മികച്ച പ്രകടനം നടത്തുന്ന സംരംഭങ്ങൾക്കും ഉൽപ്പാദന സ്റ്റാർട്ടപ്പുകൾക്കും അവാർഡുകൾ, ഡിഐഎസി കണ്ടെത്തിയ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുക എന്നിവയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ജില്ലാ വ്യവസായ കേന്ദ്രങ്ങളിലൂടെയും ഐ.ഐ.എം, ഇ.ഡി.ഐ.ഐ, എൻ.ഐ-എം.എസ്.എം.ഇ, എൻ.ഐ.ഇ.എസ്.ബി.യു.ഡി, ഐ.ഐ.ഇ, ഐ.എസ്.ബി കെഐഇഡി, എം.എസ്.എം.ഇ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ പോലെയുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെയാകണം ഈ പരിപാടികൾ നടപ്പാക്കേണ്ടത്. സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവരിൽ 20 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. RAMP പ്രോഗ്രാമിൽ അംഗീകരിച്ച പ്രവർത്തനങ്ങളും സ്കീമിൽ നടത്താവുന്നതാണ്. 2025-26 സാമ്പത്തിക വർഷം വിഭാവനം ചെയ്തിരിക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങൾ താഴെ പറയുന്നവയാണ്.

| ക്രമ നമ്പർ | ഘടകങ്ങളുടെ പേര് | തുക (രൂപ ലക്ഷത്തിൽ |
|---|---|---|
| 1 | സംരംഭകത്വ ബോധവത്കരണ പരിപാടികൾ | 900.00 |
| 2 | നിക്ഷേപകരുടെ യോഗം | |
| 3 | സംരംഭകത്വ വികസന പരിപാടി | |
| 4 | ടെക്നോളജി ക്ലിനിക് | |
| 5 | സാങ്കേതിക മാനേജ്മെന്റ് വികസന പരിപാടി | |
| 6 | തദ്ദേശഭരണസ്ഥാപനങ്ങളുടെ Ease of Doing Business ബോധവത്കരണ പരിപാടി | |
| 7 | ഓഫീസർമാർ, ഇന്റേണുകൾ, ആർ.പി മാർ എന്നിവരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ | |
| 8 | മഞ്ചേരി പൊതു സൗകര്യ സേവന കേന്ദ്രം മുഖേന നൈപുണ്യ പരിശീലന പരിപാടി | |
| 9 | കരകൗശല മേഖലയും മറ്റ് അനുബന്ധ മേഖലയും ഉൾപ്പെടെയുള്ള അവാർഡും മറ്റ് പ്രവർത്തനങ്ങളും | |
| 10 | കെ.ബി.ഐ.പി മുഖേനയുള്ള തീവ്ര വ്യവസായവത്കരണം | |
| 11 | വാണിജ്യവ്യവസായ വകുപ്പിന്റെ മാധ്യമ പ്രചരണവും പബ്ലിസിറ്റിയും - കെ.ബി.ഐ.പി | |
| 12 | നിക്ഷേപം പ്രോത്സാഹിപ്പിക്കൽ | 1.00 |
| | **ആകെ** | **901.00** |

2025-26 കാലയളവിൽ 50,000 ഗുണഭോക്താക്കളെ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയ്ക്കായി, 2025-26 ബജറ്റിൽ 901.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

## 4. എൻ.സി.എച്ച്.സി യിലൂടെ ഭക്ഷ്യ സുരക്ഷ സംവിധാനത്തിന്റെ നിർവ്വഹണം

**(വിഹിതം: 30.00 ലക്ഷം രൂപ)**

വ്യവസായത്തിലും ഉപഭോക്താക്കൾക്കിടയിലും ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങളുടെ തത്ത്വങ്ങൾ ഫലപ്രദമായി പ്രാവർത്തികമാക്കുന്നതിന് ഓഡിറ്റിംഗും സർട്ടിഫിക്കേഷനും സുഗമമാക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ ഇന്റർനാഷണൽ ഫുഡ് സേഫ്റ്റി (എച്ച്എസിസിപി) സംവിധാനത്തിന്റെ ഓഡിറ്റിനും സർട്ടിഫിക്കേഷനുമുള്ള നോഡൽ ഏജൻസിയായ നാഷണൽ സെന്റർ ഫോർ എച്ച്എസിസിപി സർട്ടിഫിക്കേഷൻ (എൻസിഎച്ച്സി) കേരളത്തിൽ സ്ഥാപിച്ചു. വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷനിൽ (കെ-ബിപ്) കേന്ദ്രം പ്രവർത്തിക്കുന്നു.

എൻസിഎച്ച്സിയുടെ ഓഡിറ്റർമാരായി പ്രവർത്തിക്കാൻ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് എച്ച്എസിസിപി സംവിധാനത്തെക്കുറിച്ച് വിജയകരമായി പരിശീലനം നൽകി വരുന്നു. എൻസിഎച്ച്സിസി നിലവിൽ എച്ച്എസിസിപി സിസ്റ്റത്തിന്റെ ഓഡിറ്റിംഗിനും സർട്ടിഫിക്കേഷനും സൗകര്യമൊരുക്കുന്നു, കൂടാതെ നമ്മുടെ സംസ്ഥാനത്ത് നിന്ന് നിരവധി ഭക്ഷ്യ സംസ്കരണ, അനുബന്ധ യൂണിറ്റുകൾ വിജയകരമായി ഓഡിറ്റ് ചെയ്യുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യസംസ്കരണ സംരംഭകർ, വ്യാപാരികൾ, ഉപഭോക്താക്കൾ എന്നിവരെ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടുന്നതും സുരക്ഷിതമായ ഭക്ഷണത്തിനുള്ള അവകാശവും കേന്ദ്രീകരിക്കുന്ന എൻസിഎച്ച്സി അതിന്റെ പ്രത്യേക വിവരവിജ്ഞാന സംവിധാനം വഴി ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ സുഗമമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

വിവിധ വകുപ്പുകളിൽ നിന്നും സർക്കാർ ഏജൻസികളിൽ നിന്നുമുള്ള എച്ച്എസിസിപി സർട്ടിഫിക്കേഷനായി ഓഡിറ്റ് ടീം ഉൾപ്പെടുന്ന ബോധവൽക്കരണ പരിപാടികൾ, പൊതു സമ്പർക്ക പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ, വർക്ക് ഷോപ്പുകൾ, ഭക്ഷ്യ ഇവന്റുകൾ, ശേഷി വർദ്ധിപ്പിക്കൽ എന്നിവയിലൂടെ ഭക്ഷ്യ സുരക്ഷാ സംവിധാനം ഫലപ്രദമായി പ്രാവർത്തികമാക്കുന്നതിന് എൻസിഎച്ച്സി വഴി കെ-ബിപ് വിഭാവനം ചെയ്യുന്നു.

ഈ പദ്ധതിയുടെ കീഴിൽ 2025-26 ൽ 100 യൂണിറ്റുകൾ ഉൾപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു. പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 5. സംരംഭക സഹായ പദ്ധതി (ഇ. എസ്.എസ് )

**(വിഹിതം: 8000 00.ലക്ഷം രൂപ)**

നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള എല്ലാ സ്വയം തൊഴിൽ പദ്ധതികളും സംയോജിപ്പിച്ച് 1/4/2012 മുതൽ സംരഭക സഹായ പദ്ധതി നിലവിൽ വന്നു. സ്ഥിര മൂലധന നിക്ഷേപത്തിന്റെ ഘടകങ്ങളായ ഭൂമി, ഭൂവികസന ചിലവുകൾ, കെട്ടിടം, ഓഫീസ്, അടിസ്ഥാന സൗകര്യങ്ങൾ, പ്ലാന്റും മെഷ്യനറികളും, വൈദ്യുതീകരണ ചെലവ്, ടെസ്റ്റിംഗ് ഉപകരണങ്ങൾ, ജനറേറ്ററുകൾ, മറ്റ് വൈദ്യുതി ഉദ്പാദന യന്ത്രങ്ങൾ, മലിനീകരണ നിയന്ത്രണ യന്ത്രങ്ങൾ, ജല പുനചക്രമണത്തിലുള്ള നിക്ഷേപം, ജലം, മഴക്കൊയ്ത്ത് എന്നിവ വ്യവസായിക ആവശ്യത്തിനായി ഉപയോഗിച്ചാൽ സഹായിത്തിനായി പരിഗണിക്കുന്നതാണ്. യോഗ്യരായ സംരംഭകർ/യൂണിറ്റുകൾ എന്നിവയ്ക്ക് ഈ പദ്ധതിയിലൂടെയുള്ള സഹായം മൂന്ന് ഘട്ടങ്ങളായി അനുവദിക്കുന്നതാണ്.

1. സ്റ്റാർട്ട് അപ് പിന്തുണ
2. നിക്ഷേപ പിന്തുണ
3. സാങ്കേതിക പിന്തുണ

ഉത്പാദനം ആരംഭിക്കുന്നതിന് മുമ്പ് സംരംഭങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങൾ മുഖേന ലോൺ ലഭ്യമാക്കുന്നതിനായി സ്റ്റാർട്ട് അപ് പിന്തുണ നൽകുന്നു. ഉൽപ്പാദനം ആരംഭിച്ചതിന് ശേഷം നിക്ഷേപ പിന്തുണയും ഉൽപ്പാദനം ആരംഭിച്ചതിന് ശേഷം നൂതന സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിന് സാങ്കേതിക പിന്തുണയും നൽകുന്നു. സംരംഭങ്ങളുടെ വിപുലീകരണം, വൈവിധ്യവൽക്കരണം, നവീകരണം എന്നിവയ്ക്കും നിക്ഷേപ പിന്തുണ അനുവദനീയമാണ്.

അർഹരായ എംഎസ്എംഇ യൂണിറ്റുകൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15 ശതമാനം പരമാവധി 30 ലക്ഷം രൂപ സഹായമായി നൽകുന്നു. സ്ത്രീകൾ, യുവജനങ്ങൾ, എസ്.സി/എസ്.റ്റി, പ്രവാസി മലയാളികൾ (എൻആർഐ) എന്നിവരിൽപ്പെട്ട സംരംഭകർ സ്ഥാപിക്കുന്ന എല്ലാതരത്തിലുമുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തര സംരംങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 25 ശതമാനം സഹായം, പരമാവധി 40.00 ലക്ഷം രൂപയിൽ നിജപ്പെടുത്തി നൽകുന്നു. മുൻഗണനാവ്യവസായങ്ങൾക്ക് സ്ഥിര

മൂലധനത്തിന്റെ 10 ശതമാനം എന്ന നിരക്കിൽ പരമാവധി 10.00 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതാണ്. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിലെ അർഹരായ എല്ലാ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10 ശതമാനം അധികസഹായം എന്ന നിലയിൽ പരമാവധി 10.00 ലക്ഷം രൂപ വരെ നൽകുന്നതാണ്. ഒരു കാരണവശാലും ഇപ്രകാരമുള്ള സഹായത്തിന്റെ ആകെ തുക 40.00 ലക്ഷം രൂപയിൽ അധികരിക്കുവാൻ പാടുള്ളതല്ല. സമാന ലക്ഷ്യങ്ങളുള്ള പദ്ധതി നിർവ്വഹണത്തിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പൂൾഡ് ഫണ്ട് പ്രോജക്ടുകളുടെ മാച്ചിംഗ് ഷെയറായും ഉപയോഗിക്കാവുന്നതാണ്. ധനസഹായത്തിന് അർഹമായ യോഗ്യരായ അപേക്ഷകരിൽ നിന്നും 30 ശതമാനം സൂക്ഷ്മ സംരംഭങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു. സംരംഭക സഹായ പദ്ധതിയുടെ 20 ശതമാനം ഗുണഭോക്താക്കൾ വനിതകൾ ആയിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 8000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6. തകർച്ച നേരിടുന്ന എംഎസ്എംഇ യൂണിറ്റുകളുടെ പുനരുജ്ജീവനവും പുനരധിവാസവും**

**(വിഹിതം: 300.00 ലക്ഷം രൂപ)**

എം.എസ്.എം.ഇകളുടെ പ്രോത്സാഹനവും വികസനവും സുഗമമാക്കുന്നതിന്, വെള്ളപൊക്കം, കൊവിഡ് -19 മഹാമാരി തുടങ്ങിയ പ്രതിസന്ധികൾ കാരണം മൂല്യ ശൃംഖലയിൽ വിവിധ പരിമിതികൾ നേരിടുന്ന യൂണിറ്റുകളുടെ പുനരുജ്ജീവനം സാധ്യമാക്കേണ്ടതുണ്ട്. ഈ യൂണിറ്റുകളെ രണ്ടു വിഭാഗങ്ങളായി തിരിക്കാം. (1) തകർച്ച നേരിടുന്ന എം.എസ്.എം.ഇകൾ (2) പ്രവർത്തനരഹിതമായ എംഎസ്എംഇ യൂണിറ്റുകൾ. പരിഷ്കരിച്ച മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരം യൂണിറ്റുകളുടെ പുനരുജ്ജീവനം, പുനരധിവാസം എന്നിവ പദ്ധതി വിഭാവനം ചെയ്യുന്നു.ഇതിൽ കശുവണ്ടി സംസ്കരണ യൂണിറ്റുകളും ഉൾപ്പെടുന്നു.

**i. തകർച്ച നേരിടുന്ന/പ്രവർത്തനരഹിതമായ എംഎസ്എംഇ/ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്കുള്ള സഹായം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഏതൊരു സംരംഭത്തിന്റെയും ബുദ്ധിമുട്ടുകൾ യഥാസമയം കണ്ടെത്തുന്നത് നിർണായകമാണ്, ഒപ്പം പ്രവർത്തനക്ഷമമായ യൂണിറ്റുകൾ തിരികെ കൊണ്ടുവരുന്നതിന് ഉടനടി നടപടിയെടുക്കേണ്ടതുമാണ്. ന്യായമായ കാരണങ്ങളാൽ പ്രവർത്തന രഹിതമായ യൂണിറ്റുകളെ ശാസ്ത്രീയമായ ഇടപെടലുകളിലൂടെ കണ്ടെത്തേണ്ടതുണ്ട്. ഒപ്പം പുനരുജ്ജീവനത്തിനും പുനരധിവാസത്തിനുമുള്ള ഒരു ചട്ടക്കൂടിനെ അടിസ്ഥാനമാക്കി ഈ യൂണിറ്റുകളെ തിരികെ കൊണ്ടുവരുന്നതിനുള്ള പ്രവർത്തന പദ്ധതികൾ വികസിപ്പിക്കുകയും വേണം. മൂലധന ഗ്രാന്റുകളുടെയും പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള തകർച്ച നേരിടുന്ന എം.എസ്.എം.ഇ യൂണിറ്റുകളെ പിന്തുണയ്ക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. 'കേരള സ്ട്രെസ്ഡ് എംഎസ്എംഇകളുടെ പുനരുജ്ജീവനവും പുനരധിവാസവും' എന്ന പഴയ പദ്ധതിയുടെ സ്പിൽ ഓവർ-കമ്മിറ്റ്മെന്റും ഈ വർഷത്തെ വിഹിതത്തിൽ നിന്ന് നിറവേറ്റാനാകും. ഈ പ്രവർത്തനങ്ങൾക്കായി 2025-26 വർഷം 100.00 ലക്ഷം രൂപ വകയിരുത്തുന്നു, കൂടാതെ 10 ശതമാനം ഗുണഭോക്താക്കൾ വനിതകൾ ആയിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ii. നഷ്ടപ്പെട്ട ജീവനോപാധി പുനസ്ഥാപിക്കുന്നതിനു ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം**

**(വിഹിതം: 200.00 ലക്ഷം രൂപ)**

പ്രവർത്തന മൂലധനത്തിനും നവീകരണത്തിനുമായുള്ള പലിശ ഇളവ്, മൂലധന ഗ്രാന്റ് എന്നീ രീതികളിൽ സഹായം നൽകികൊണ്ട് ചെറുകിട ഇടത്തര കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി 2025-26 സാമ്പത്തിക വർഷത്തിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിലൂടെ നഷ്ടപ്പെട്ട ജീവനോപാധി പുനസ്ഥാപിപ്പിക്കുവാൻ കഴിയും. അധിക യന്ത്രസാമഗ്രികൾ സ്ഥാപിച്ച് യൂണിറ്റുകളുടെ ഭാഗിക നവീകരണത്തിനും കെട്ടിടങ്ങളുടെ നവീകരണത്തിനും അതുവഴി ഉൽപ്പാദനക്ഷമതയും വിറ്റുവരവും മെച്ചപ്പെടുത്തുന്നതിനും വേണ്ടി ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറി യൂണിറ്റുകൾക്ക് മൂലധന ഗ്രാന്റുകളുടെ രൂപത്തിലുള്ള സഹായം നല്കുന്നു. അവയുടെ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുത്ത വായ്പകൾക്ക് പലിശ ഇളവിന്റെ രൂപത്തിലുള്ള സഹായവും നൽകുന്നു.

2025-26 ബജറ്റിൽ തകർച്ച നേരിടുന്ന എം.എസ്.എം.ഇ യൂണിറ്റുകളുടെ പുനരുജ്ജീവനവും പുനരധിവാസവും എന്ന പദ്ധതിയുടെ ഘടകങ്ങൾക്കായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 7. വ്യവസായ പ്രദേശം/പാർക്കുകളിൽ സംരഭകർക്ക് ഭൂമി നിക്ഷേപ വില ഗഡുക്കളായി നല്കുന്നതിനുണ്ടാകുന്ന പലിശയിൽ ഇളവ്

**(വിഹിതം : 100.00 ലക്ഷം രൂപ)**

സർക്കാർ വ്യാവസായിക എസ്റ്റേറ്റുകളിലും/പാർക്കുകളിലും പുതിയ സംരംഭകരെ ആകർഷിച്ച് കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിച്ചു കൊണ്ട് നിക്ഷേപ സൗഹൃദമാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഡി.ഐ.സി/സിഡ്കോ/കെ.എസ്.ഐ.ഡി.സി/കിൻഫ്രാ എന്നിവ സ്ഥാപിച്ചിട്ടുള്ള വ്യാവസായിക എസ്റ്റേറ്റുകളിൽ/പാർക്കുകളിൽ നിക്ഷേപ ഭാരമായ ഭൂമിയുടെ വിലയുടെ ഒരു വിഹിതം, അതായത് ഭൂമിയുടെ നിക്ഷേപ ചെലവിന്റെ പലിശ ഭാരം നിശ്ചിത കാലയളവിൽ ഏറ്റെടുത്തു കൊണ്ട് അതിന്റെ പലിശ വിഹിതം വ്യവസായ ഏജൻസികൾക്ക് നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സർക്കാർ നിർദ്ദേശിക്കുന്ന (നിക്ഷേപം, തൊഴിലവസരങ്ങൾ മുതലായവ) വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി പുതിയ സംരംഭം ആരംഭിക്കുന്നതിനായി മുന്നോട്ടു വരുന്ന നിക്ഷേപകന് ഭൂമി നിക്ഷേപ ചെലവിന്റെ ഒരു ഭാഗത്തിന്റെ പലിശ ഭാരം നിശ്ചിത കാലയളവിലേക്ക് മേൽപ്പറഞ്ഞ ഏജൻസികൾക്ക് നൽകി അവരിൽ നിന്നും വ്യാവസായിക ഭൂമി ലഭ്യമാക്കാം. ഭൂമിയുടെ കൈവശാവകാശം ഏജൻസിയിൽ നിക്ഷിപ്തമായിരിക്കും. ഭൂമി വിലയുടെ അവശേഷിക്കുന്ന വിഹിതം അടയ്ക്കുന്നതിന് ഗവൺമെന്റ് നിശ്ചയിക്കുന്ന പരമാവധി 5 വർഷക്കാലയളവിലേക്ക് പലിശ ഏജൻസികൾക്ക് തിരികെ കൊടുക്കും. നിശ്ചയിച്ച കാലയളവിനു ശേഷം നിക്ഷേപകൻ അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കണം. എപ്പോഴാണോ ഭൂമി വില മുഴുവനായും അടച്ചു തീരുന്നത് അപ്പോൾ ഭൂമിയുടെ കൈവശാവകാശം നിക്ഷേപകന് മാറ്റി നൽകും. ഏജൻസികളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ വകുപ്പ് ഏജൻസികൾക്ക് തുക വിതരണം ചെയ്യാവുന്നതാണ്. വ്യവസായ വകുപ്പിന്റെ പദ്ധതിയുടെ വ്യക്തമായ മാർഗ നിർദേശങ്ങൾക്കനുസരിച്ചാണ് സഹായം വിതരണം ചെയ്യുന്നത്.

2025-26 ബജറ്റിൽ പദ്ധതിയ്ക്ക് 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 8. നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാൻറ്

**(വിഹിതം: 1706.00 ലക്ഷം രൂപ)**

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകിക്കൊണ്ട് അർഹരായ സംരംഭകർക്ക്, സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പാദനം, തൊഴിൽ, സേവന മേഖലകളിൽ പുതുതായി ആരംഭിക്കുന്ന ചെറു സംരംഭങ്ങൾ ഏതെങ്കിലും തരത്തിലുള്ള മൂല്യവർദ്ധനവ് നടത്തുകയാണെങ്കിൽ അവയുടെ സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപയോ അതിൽ താഴെയോ ആണെങ്കിൽ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, ഭിന്നശേഷിക്കാർ, വിമുക്ത ഭടന്മാർ, 40 വയസ്സ് വരെ പ്രായമുള്ള യുവ സംരംഭകർ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും. ഈ പദ്ധതിയുടെ 30 ശതമാനം ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന മൂലധന സഹായം താഴെപ്പറയുന്ന രീതിയിൽ ജനറൽ വിഭാഗങ്ങൾക്ക് 3.00 ലക്ഷം രൂപ പ്രതി യൂണിറ്റ്, പ്രത്യേക വിഭാഗങ്ങൾക്ക് 4.00 ലക്ഷം പ്രതി യൂണിറ്റ് എന്നിങ്ങനെ പരിമിതപ്പെടുത്തിയിരിക്കുന്നു.

a. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ :മൊത്തം പ്രോജക്ട് ചെലവിന്റെ40 ശതമാനമോ അതിൽ കൂടുതലോ ആയിരിക്കണം. (പൊതു – പ്രത്യേക വിഭാഗത്തിനും ബാധകമാണ്)
b. പ്രൊമോട്ടർമാരുടെ വിഹിതം: പൊതു വിഭാഗത്തിന് മൊത്തം പദ്ധതി ചെലവിന്റെ കുറഞ്ഞത് 30 ശതമാനവും പ്രത്യേക വിഭാഗങ്ങൾക്ക് 20 ശതമാനവും.
c. വ്യവസായ വകുപ്പിന്റെ മാർജിൻ മണിഗ്രാന്റ്: ജനറൽ വിഭാഗത്തിന് മൊത്തം പദ്ധതി ചെലവിന്റെ പരമാവധി 30 ശതമാനം. പ്രത്യേക വിഭാഗങ്ങൾക്ക് (എസ്സി/എസ്ടി/സ്ത്രീകൾ/വിമുക്തഭടന്മാർ/40 വയസ്സ് വരെ പ്രായമുള്ള യുവ സംരംഭകർ) മാർജിൻ മണി ഗ്രാന്റ് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനം ആയിരിക്കും.

2025-26 ബജറ്റിൽ പദ്ധതിയ്ക്ക് 1705.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### (i) നാനോ ഗാർഹിക സംരംഭങ്ങൾക്ക് പലിശ ഇളവിനുള്ള പദ്ധതി

31/3/2023 വരെ നിലവിലുണ്ടായിരുന്ന ഈ പദ്ധതി നാനോ ഗാർഹിക സംരംഭങ്ങൾക്ക് 3 വർഷത്തേക്ക് പലിശ ഇളവിനെ സഹായിക്കുന്നതാണ്. ഈ പദ്ധതി യിൽ ശേഷിക്കുന്ന ക്ലെയിമുകൾ 2025-26 വർഷത്തെ ബജറ്റിൽ നിന്ന് നിറവേറ്റുന്നതിനായി ടോക്കൺ തുകയായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2025-26 ബജറ്റിൽ ഈ പദ്ധതികൾക്കായി 1706.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**9. നൈപുണ്യ സംരംഭക വികസന കേന്ദ്രങ്ങൾക്കുള്ള സഹായം**

**(വിഹിതം: 40.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും നൈപുണ്യ സംരംഭക വികസന വ്യാവസായിക സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഓരോ തദ്ദേശ സ്ഥാപനങ്ങളിലും കുറഞ്ഞത് ഒരു സംഘമെങ്കിലും രജിസ്റ്റർ ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. മരാമത്ത് ജോലികൾ, നിർമ്മാണ മേഖലയിലെ ഇലക്ട്രിക്കൽ, പ്ലംബിംഗ്, അറ്റകുറ്റപ്പണികൾ, കൃഷി, വ്യവസായം എന്നീ മേഖലകളിൽ നൈപുണ്യമുള്ളതും ഇല്ലാത്തതുമായ തൊഴിലാളികളുടെ ആവശ്യം വളരെ കൂടുതലാണ്. വിദഗ്ധ, അവിദഗ്ധ, അർദ്ധ വിദഗ്ധ തൊഴിലാളികളെ കണ്ടെത്തി, ഹ്രസ്വ പരിശീലനങ്ങളും ഉപകരണങ്ങളും പണിയായുധങ്ങളും സജ്ജമാക്കിയും അവ വാങ്ങുന്നതിനുള്ള സഹായം നൽകിയും റിവോൾവിംഗ് ഫണ്ടിന്റെ രൂപത്തിൽ ആനുപാതിക പ്രവർത്തന മൂലധന പിന്തുണ നൽകിയും പൊതുജനങ്ങൾക്ക് അവരുടെ സേവനം എളുപ്പത്തിൽ ലഭ്യമാക്കി, തൊഴിലാളികൾക്ക് തൊഴിലും വേതനവും ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സ്ഥിര ആസ്തികൾ, പ്രവർത്തന മൂലധനം, പരിശീലനം എന്നീ ഘടകങ്ങൾക്കായുള്ള ചെലവുകൾ നിറവേറ്റുന്നതിനുവേണ്ടി ഉള്ള പ്രാരംഭ സഹായം എന്നിവ ഉൾപ്പെടുന്നു. പ്രാരംഭ സഹായം ലഭിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ച സൊസൈറ്റികൾക്ക് അവയുടെ പ്രവർത്തനങ്ങൾ നിലനിർത്താനും സാമ്പത്തിക ബാധ്യതകൾ നിറവേറ്റാനുമായി റിവോൾവിംഗ് ഫണ്ടിന്റെ രൂപത്തിൽ അധിക പ്രവർത്തന മൂലധനവും ഈ പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്നു.

2025-26 ബജറ്റിൽ 40.00 ലക്ഷം രൂപ പദ്ധതിയ്ക്ക് വകയിരുത്തിയിരിക്കുന്നു.

**10. പി.എം ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് – പിഎംഎഫ്എംഇ (കേന്ദ്രാവിഷ്കൃത പദ്ധതി-60:40)**

**(സംസ്ഥാന വിഹിതം: 800.00 ലക്ഷം രൂപ)**

ആത്മ നിർഭർ ഭാരത് അഭിയാന്റെ ഭാഗമായി നിലവിലുള്ള മൈക്രോ ഫുഡ് പ്രോസസ്സിംഗ് സംരംഭങ്ങളുടെ നവീകരണത്തിന് സാമ്പത്തിക, സാങ്കേതിക, ബിസിനസ് സഹായങ്ങൾ നൽകുന്നതിനായി ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം സംസ്ഥാന സർക്കാരുകളുമായി സഹകരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതിയായ പിഎംഎഫ്എംഇ ആരംഭിച്ചു. പദ്ധതിയുടെ ലക്ഷ്യങ്ങൾ ഇവയാണ്: 1. നവീകരണത്തിനും ഔപചാരികവൽക്കരണത്തിനുമുള്ള മൂലധന നിക്ഷേപത്തിനുള്ള പിന്തുണ 2. കാര്യശേഷി വർദ്ധിപ്പിക്കലും, ഗുണനിലവാരം മെച്ചപ്പെടുത്തലും 3. ബിസിനസ്, സാമ്പത്തിക സഹായ സേവനങ്ങൾക്കുള്ള ഹാൻഡ്ഹോൾഡിംഗ് പിന്തുണ 4. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്.പി.ഒ കൾ), സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി കൾ) സഹകരണസംഘങ്ങൾ എന്നിവയ്ക്കുള്ള മാർക്കറ്റിംഗ്, മൂലധന നിക്ഷേപ പിന്തുണ സഹായം എന്നിവ നൽകുകയാണ്.

സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35 ശതമാനം വരെ നൽകിക്കൊണ്ട് വായ്പാ ബന്ധിത സബ്സിഡി പിന്തുണ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിൽ വിപുലീകരണത്തിനും ആധുനികവൽക്കരണത്തിനുമായി പരമാവധി 10.00 ലക്ഷം രൂപവരെ നൽകാവുന്നതാണ്. തിരിച്ചറിയപ്പെട്ടിട്ടുള്ള കാർഷിക ക്ലസ്റ്ററുകൾ, മത്സ്യബന്ധന ക്ലസ്റ്ററുകൾ, ക്ഷീരകർഷകർ, കോഴി വളർത്തൽ, മറ്റ് അനുബന്ധ വിഭാഗങ്ങൾ എന്നീ മേഖലകളിലെ പെട്ടെന്ന് നശിക്കുന്ന ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തന മൂലധനം, ചെറിയ ഉപകരണങ്ങൾ, മുൻപിൻ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ഗ്രാന്റ്, പൊതു അടിസ്ഥാന സൗകര്യങ്ങൾ, പാക്കേജിംഗ്, ബ്രാൻഡിംഗ്, മാർക്കറ്റിംഗ് തുടങ്ങിയവയ്ക്കുള്ള പിന്തുണ എന്നിവ ഈ പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്നു.

2020-21 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിൽ ഈ പദ്ധതി നടപ്പാക്കും. 60:40 എന്ന അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ പദ്ധതി ചെലവ് വഹിക്കും. പിഎംഎഫ്എംഇ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം 2020-21 ആദ്യ വർഷത്തിലെ 100 ശതമാനം ചെലവ് കേന്ദ്ര സർക്കാർ വഹിക്കും. സംസ്ഥാനത്തിന്റെ അംഗീകൃത പദ്ധതി നിർവഹണ രൂപരേഖയെ (പിഐപി) അടിസ്ഥാനമാക്കിയാണ് പദ്ധതിക്ക് കീഴിലുള്ള ഫണ്ട് നൽകുന്നത്.

1200.00 ലക്ഷം കേന്ദ്ര വിഹിതം പ്രതീക്ഷിക്കുന്ന പദ്ധതിയ്ക്ക് 2025-26 ബജറ്റിൽ സംസ്ഥാന വിഹിതമായി 800.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

11. കേന്ദ്ര എം.എസ്.എം.ഇ മേഖല പദ്ധതികൾ

**(വിഹിതം: 840.00 ലക്ഷം രൂപ )**

കേന്ദ്ര എം.എസ്.എം.ഇ മേഖല പദ്ധതികളുടേയും എം.എസ്.എം.ഇയുമായി ബന്ധപ്പെട്ട മറ്റ് കേന്ദ്ര സർക്കാർ പദ്ധതികളുടെയും നേട്ടങ്ങൾ ആർജ്ജിക്കുന്നതിന് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് സംസ്ഥാനം ആനുപാതികമായി വിഹിതം വകയിരുത്തേണ്ടതുണ്ട്. എംഎസ്എംഇകളുടെ വളർച്ചയും വികാസവും പ്രോത്സാഹിപ്പിക്കുന്നതിനായി 2024-25 മുതൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, റെയ്സിംഗ് ആന്റ് ആക്സിലറേറ്റിംഗ് എംഎസ്എംഇ പെർഫോമൻസ് (റാംപ്) പ്രോഗ്രാം നടപ്പിലാക്കിവരുന്നു. സംസ്ഥാനം സമർപ്പിച്ച തന്ത്രപരമായ നിക്ഷേപ പദ്ധതിയിലെ (എസ്ഐപി) അംഗീകരിച്ച നിർദ്ദേശങ്ങൾക്കായി എംഎസ്എംഇ മന്ത്രാലയം 107.71 കോടി രൂപയുടെ ഭാഗിക ഗ്രാന്റ് 08/04/2024ലെ D.O.No.L/AFI/RAMP/2023/SIPCycle2 പ്രകാരം അനുവദിച്ചു. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്:

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സ്ഥാപന ശേഷി വർദ്ധിപ്പിക്കൽ - സ്കെയിലിംഗ് അപ്പ് - മിഷൻ 1000 | 840.00 |
| 2 | സ്ഥാപന ശേഷി വർദ്ധിപ്പിക്കൽ (ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കൽ- മേക്ക് ഇൻ കേരള) | |
| 3 | സ്ഥാപന ശേഷി വർദ്ധിപ്പിക്കൽ - മത്സരക്ഷമത പിന്തുണ | |
| 4 | ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | |
| 5 | ധനസഹായ ലഭ്യത മെച്ചപ്പെടുത്തൽ | |
| 6 | വിപണിയിലേക്കുള്ള പ്രവേശനം സുഗമമാക്കൽ | |
| 7 | സ്ഥാപനപരമായ ശക്തിപ്പെടുത്തൽ | |
| 8 | മേഖലാ ഇടപെടലുകൾ | |
| | **ആകെ** | **840.00** |

2025-26 ബജറ്റിൽ പദ്ധതിക്കായി 840.00 ലക്ഷം രൂപ ആനുപാതിക സംസ്ഥാന വിഹിതം വകയിരുത്തിയിട്ടുണ്ട്.

12. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള പ്രത്യേക പാക്കേജ്

**(വിഹിതം: 4801.00 ലക്ഷം രൂപ)**

എം.എസ്.എം.ഇ മേഖലയുടെ സുസ്ഥിര വികസനത്തിന് ആവശ്യമായ വിവിധ ഘടകങ്ങളുടെ സംയോജനമായ പദ്ധതി മേഖലയുടെ വളർച്ചയിലെ ചില പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കുന്ന തുടർച്ചയായ പദ്ധതികളായ പ്രത്യേക പാക്കേജിന് കീഴിൽ ഇനിപ്പറയുന്ന നാല് ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു 2025-26 ബജറ്റിൽ പദ്ധതിക്കായി 4801.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10 ശതമാനം വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**i. നിലവിലുള്ള എം.എസ്.എം.ഇ കളെ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരംസംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം**

**(വിഹിതം: 3000.00 ലക്ഷം)**

നിലവിലുള്ള സംരംഭങ്ങളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തുന്നതിന് പിന്തുണ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എം.എസ്.എം.ഇ സ്കെയിൽ അപ്പ് മിഷനു കീഴിൽ തിരഞ്ഞെടുക്കപ്പെട്ടതും സ്കെയിൽ അപ്പ് ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ ഏതൊരു നിർമ്മാണ/സേവന സംരംഭങ്ങൾക്കും ഈ സഹായം പ്രയോജനപ്പെടുത്താം. സ്കീമിന് കീഴിലുള്ള സഹായം ഇവയ്ക്കായിരിക്കും: 1. സ്കെയിൽ അപ്പിന് ആവശ്യമായ

പ്രവർത്തനങ്ങൾക്കായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കൽ. 2. സ്ഥിര മൂലധന നിക്ഷേപം, 3. പ്രവർത്തന മൂലധന വായ്പ. സ്കെയിൽ അപ്പ് പ്രോജക്റ്റ് ഒരു ജില്ലാ തല കമ്മിറ്റി അംഗീകരിക്കണം.. നിലവിലുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വിപുലീകരണത്തിലൂടെ ഓരോന്നിനും 100 കോടി വാർഷിക വിറ്റുവരവുള്ള 1000 എംഎസ്എംഇകൾ കേരളത്തിൽ സ്ഥാപിക്കുക, അങ്ങനെ 100,000 കോടി രൂപയ്ക്ക് തുല്യമായ സംയോജിത വിറ്റുവരവ് സൃഷ്ടിക്കുക എന്നതാണ് പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്നത്.

2025-26 ബജറ്റിൽ പദ്ധതിക്കായി 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ii. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ, കാമ്പസ് പാർക്കുകൾ, സഹകരണ പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹനം**

**(വിഹിതം: 1500.00 ലക്ഷം)**

സംസ്ഥാനത്ത് വ്യവസായ എസ്റ്റേറ്റ് വികസിപ്പിക്കുന്നതിന് സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിന് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിക്കും കാമ്പസ് വ്യവസായ പാർക്കിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ വ്യവസായ എസ്റ്റേറ്റിനും കാമ്പസ് വ്യവസായ പാർക്കിനും സർക്കാർ ഡെവലപ്പർ പെർമിറ്റ് നൽകും. സ്വകാര്യ വ്യവസായ എസ്റ്റേറ്റിന്റെ കാര്യത്തിൽ, വൈദ്യുതി, വെള്ളം, റോഡ്, ഡ്രെയിനേജ് ഇടിപി/സിഇടിപി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനും ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ സൗകര്യങ്ങൾ പോലുള്ള പൊതു സൗകര്യങ്ങൾ ഒരുക്കുന്നതിന് റീഇംബേഴ്സ്മെന്റായി, പരമാവധി 3 കോടി രൂപയ്ക്ക് വിധേയമായി, ഏക്കറിന് 30 ലക്ഷം രൂപ സർക്കാർ സഹായം നൽകും. കാമ്പസ് വ്യവസായ പാർക്കിന് സഹായ തുക ഏക്കറിന് 20 ലക്ഷം രൂപയാണ്, ഒരു പാർക്കിന് പരമാവധി 150 ലക്ഷം രൂപ വരെ. സഹകരണ വ്യവസായ പാർക്കും സർക്കാർ രൂപീകരിക്കുന്നു. കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുറമെ, വ്യാവസായിക ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

2025-26 ബജറ്റിൽ പദ്ധതിക്കായി 1500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**iii. ഒരു കുടുംബം ഒരു സംരംഭം പദ്ധതി (50 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും)**

**(വിഹിതം: 300.00 ലക്ഷം)**

ഓരോ വീട്ടിലും സംരംഭക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി ചെലവിന്റെ 10 ലക്ഷം രൂപ വരെയുള്ള വായ്പാ തുകയ്ക്ക് (സ്ഥിര മൂലധന വായ്പയും/അല്ലെങ്കിൽ പ്രവർത്തന മൂലധന വായ്പയും) പലിശ ഇളവ് നൽകുന്നതിലൂടെ സംരംഭങ്ങൾ ആരംഭിക്കുവാനിരിക്കുന്ന പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഉൽപ്പാദനം, സേവനം, വ്യാപാര പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ പുതിയ എംഎസ്എംഇകൾക്കും ധനകാര്യ സ്ഥാപനം അംഗീകരിച്ചിട്ടുള്ള പദ്ധതിയിൽ വായ്പയുടെ ആദ്യ ഗഡു വിതരണം ചെയ്ത തീയതി മുതൽ അഞ്ച് വർഷത്തേക്ക് ധനകാര്യ സ്ഥാപനം ഈടാക്കുന്ന പലിശയ്ക്ക് പരമാവധി 6 ശതമാനത്തിൽ നിജപ്പെടുത്തി പലിശ ഇളവിന് അർഹതയുണ്ടായിരിക്കും. ധനകാര്യ സ്ഥാപനം ഈടാക്കുന്ന പലിശ നിരക്കും 4% ഉം തമ്മിലുള്ള വ്യത്യാസമായിരിക്കും ഇളവ് തുക. അപേക്ഷകൻ സമർപ്പിച്ച ക്ലെയിമിൽ ആവശ്യപ്പെടുന്നതുപോലെ, പലിശ ഇളവിന് അർഹമായ തുക അർദ്ധ വാർഷിക/വാർഷിക അടിസ്ഥാനത്തിൽ ബാങ്ക് അക്കൗണ്ട് വഴി യൂണിറ്റിന് തിരികെ നൽകും. എംഎസ്എംഇ മേഖലയെ കൂടുതൽ സുസ്ഥിരമാക്കുക എന്നതാണ് പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്നത്.

2025-26 ലെ ബജറ്റിൽ ഈ പദ്ധതിക്കായി 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**iv. എംഎസ്എംഇ കളുടെ പ്രാദേശിക വിപണികൾക്ക് പശ്ചാത്തല സൗകര്യമൊരുക്കൽ**

**(വിഹിതം: 1.00 ലക്ഷം രൂപ)**

ഒരു ജില്ലയുടെ പ്രാദേശിക ഭൂമിശാസ്ത്ര പരിധിക്കുള്ളിലെ എം.എസ്.എം.ഇ കളുടെ വിപണന സൗകര്യങ്ങളും പ്രവർത്തനങ്ങളും പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ വിപണന പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയും എം.എസ്.എം.ഇ.കളെ ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്നത്. പ്രാദേശിക അടിസ്ഥാനത്തിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണിയെ പിന്തുണയ്ക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2025-26 ബജറ്റിൽ പദ്ധതിക്കായി 1.00 ലക്ഷം ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**13. പ്ലാന്റേഷൻ ഡയറക്ടറേറ്റ്**

**(വിഹിതം: 600.00 ലക്ഷം രൂപ)**

ഭാരത സർക്കാരിന്റെ വാണിജ്യ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലാണ് തോട്ടം മേഖല.

എന്നാൽ കേരളത്തിലെ തോട്ടം മേഖലയുമായി ബന്ധപ്പെട്ട വസ്തുതകൾ കൈകാര്യം ചെയ്യുന്നത് തൊഴിൽ, കൃഷി, വനം, റവന്യൂ തുടങ്ങിയ വകുപ്പുകൾ ഉൾപ്പടെ വിവിധ സർക്കാർ സ്ഥാപന പങ്കളികൾക്കും ആയിരുന്നു. സംസ്ഥാനത്തെ തോട്ടം മേഖല നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിച്ച് ഈ മേഖലയുടെ അതിജീവനത്തിനായി ഡയറക്ടറേറ്റ് സ്ഥാപിച്ചു. ഈ മേഖല ഏറെക്കുറെ വാണിജ്യ സ്വഭാവമുള്ളതും ഈ മേഖലയുടെ പുനരുജ്ജീവനം, തോട്ടം ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവിനെ ആശ്രയിച്ചിരിക്കുന്നതിനാലും വ്യവസായ വാണിജ്യ വകുപ്പിന് കീഴിലാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റ് സ്ഥാപിച്ചത്. തോട്ടം ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവും ഫലപ്രദമായ വിപണനവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ പ്രകൃതിവിഭവങ്ങളുടെ സമുചിതവും സുസ്ഥിരവുമായ വിനിയോഗവും തൊഴിലാളികളുടെ ക്ഷേമവും ഉറപ്പാക്കുന്നതിന് സംസ്ഥാനത്തെ തോട്ടം മേഖലയുടെ വികസനം സാധ്യമാക്കുക എന്നതാണ് ഡയറക്ടറേറ്റിന്റെ കാഴ്ചപ്പാട്.

**ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ ഇവയാണ്:**

- കൃഷിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുപകരം സംസ്ഥാനത്തെ തോട്ടം മേഖലയുടെ വ്യാവസായിക വാണിജ്യ സാധ്യതകൾ കണ്ടെത്തുക.
- മേഖലയിലെ പുതിയ സാധ്യതകൾ കണ്ടെത്തുക.
- അടച്ചുപൂട്ടിയ തോട്ടങ്ങളെയും ഗുരുതരമായ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നവയെയും പുനരുജ്ജീവിപ്പിക്കാൻ സമഗ്രമായ പദ്ധതി തയാറാക്കുകയും പ്രോത്സാഹനവും നൽകുകയും ചെയ്യുക.
- തോട്ടം ഉൽപന്നങ്ങളുടെ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക.
- ലാഭവിഹിതം മെച്ചപ്പെടുത്തുന്നതിന് തോട്ടം ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവും മൂല്യശൃംഖല സാധ്യതകളും കണ്ടെത്തുക
- വിളവെടുപ്പ്, സംസ്കരണം, പാക്കേജിംഗ്, ബ്രാൻഡിംഗ്, വിപണനം, ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ തോട്ടങ്ങളുടെ കൂട്ടായ ആവശ്യങ്ങൾ സുഗമമാക്കുന്നതിന് ഉൽപ്പന്നങ്ങളുടെ കേന്ദ്രീകൃത പ്രദേശങ്ങളിൽ സമാന തോട്ടം ഉൽപന്നങ്ങളുടെ ക്ലസ്റ്ററുകൾ രൂപീകരിക്കുക.
- തോട്ടം മേഖലയ്ക്കായി സർക്കാർ നൽകുന്ന വിവിധ പദ്ധതികളും പിന്തുണയും കണ്ടെത്തി നടപ്പിലാക്കുക.
- തോട്ടം മേഖലയിൽ സംരംഭകത്വം ആകർഷിക്കുക.
- മേഖലയുടെ വികസനം ഉറപ്പാക്കാൻ തൊഴിൽ, കൃഷി, വനം, നികുതി, റവന്യൂ, ജലവിഭവം, വൈദ്യുതി, വിനോദസഞ്ചാരം എന്നിങ്ങനെ വിവിധ വകുപ്പുകളുമായി ഏകോപനം.
- ടീ ബോർഡ്, കോക്കനട്ട് ബോർഡ്, കോഫി ബോർഡ്, റബ്ബർ ബോർഡ്, ക്യാഷ്യു എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ തുടങ്ങിയ വിവിധ എക്സ്പോർട്ട് പ്രമോഷൻ ബോഡികളുമായി ബന്ധം സ്ഥാപിക്കുക.

**ഡയറക്ടറേറ്റിന്റെ ചുമതലകൾ ഇവയാണ്: –**

- തോട്ടം മേഖലയുടെ വികസനത്തിന് സമഗ്രമായ റോഡ് മാപ്പ് രൂപകല്പന ചെയ്യുക.
- തോട്ടങ്ങളുടെ വിവിധ ഘട്ടങ്ങൾക്കുള്ള സ്കീമുകളുടെയും പ്രോത്സാഹനങ്ങളുടെയും രൂപീകരണം.
- മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ വകുപ്പുകളുമായുള്ള ബന്ധം സ്ഥാപിക്കുക.
- മേഖലാ ഓഫീസുകൾ നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- തോട്ടം മേഖലയുമായി ബന്ധപ്പെട്ട നയപരമായ കാര്യങ്ങളിൽ സർക്കാരിനെ സഹായിക്കുക

തോട്ടം തൊഴിലാളി സമൂഹത്തിന്റെയും ബന്ധപ്പെട്ട തൊഴിലാളികളുടെയും ജീവിത നിലവാരം ഉയർത്തുന്നതിനായി സുസ്ഥിരവും സാമ്പത്തികമായി ലാഭകരവുമായ ഒരു തോട്ട വ്യവസായം ഉറപ്പുവരുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ നിറവേറ്റുക എന്നതാണ് ഈ പദ്ധതി. ജീവനക്കാരുടെ താമസ സൗകര്യങ്ങളുടെ നവീകരണം, ഉത്തരവാദിത്വ ഇക്കോ ടൂറിസം, പങ്കാളികൾക്ക് പരിശീലനം, കാർബൺ ട്രെയിഡിംഗ്/കാർബൺ പോസിറ്റീവ് ഇൻഡസ്ട്രി തോട്ടങ്ങളാക്കൽ എന്നിവയിലുള്ള പരിശീലനവും ശില്പശാലയും തോട്ടം ഉത്പന്നങ്ങൾ സുരക്ഷിതമായി സംഭരിക്കുന്നതിന്

പി.പി.പി മാതൃകയിൽ ആധുനിക വെയർ ഹൗസിംഗ് സംവിധാനം സ്ഥാപിക്കൽ, കാലാവസ്ഥ വ്യതിയാനം ലഘൂകരണ പ്രവർത്തനങ്ങളായ മണ്ണ് സംരക്ഷണം, ജലസംരക്ഷണം, ജൈവവൈവിധ്യ വർദ്ധന പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം, മാനവ വിഭവശേഷിയുടെ നൈപുണ്യത്തിനും പുനർ നൈപുണ്യത്തിനും സാമ്പത്തിക സാഹായം, ബ്രാൻഡ് ബിൽഡിംഗ് പിന്തുണ, ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള പിന്തുണ, അനുയോജ്യമായ ഇനങ്ങളുടെ വികസനം, പ്രിസിഷൻ അഗ്രികൾച്ചർ, കൃഷിയുടെ നവീകരണവും ഓട്ടോമേഷനും, സംസ്കരണം, പാക്കിംഗ്, വെയർ ഹൗസിംഗ്, വിപണനം തുടങ്ങിയവയാണ് ഈ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ. വിവിധ നയപരമായ പിന്തുണാ പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ, തല്പരകക്ഷികളുടെ യോഗങ്ങൾ നടത്തൽ, ഏകജാലക ക്ലിയറൻസ് ബോർഡ്, പ്ലാന്റേഷൻ ബിസിനസ് ഉപദേശക സമിതി, മേഖലയുമായി ബന്ധപ്പെട്ട പഠനം, ഗവേഷണം, വികസന പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിക്ക് നിർവഹിക്കാവുന്നതാണ്. 'ക്ലൈമേറ്റ് സ്മാർട്ട് കോഫി പ്രോജക്റ്റ് – വയനാട്' സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 300.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

നിർദ്ദേശിച്ച പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുമായി 2025-26 ബജ്ഡറ്റിൽ പദ്ധതിക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 14. പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും

**(വിഹിതം: 2000.00 ലക്ഷം രൂപ)**

വ്യവസായ വകുപ്പന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തുടനീളം സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും സംയോജിപ്പിക്കുന്നതിനുമായി ഇതുമായി ബന്ധപ്പെട്ട വകുപ്പുകളുടെയും സർക്കാർ ഏജൻസികളായ തദ്ദേശഭരണസ്ഥാപനങ്ങൾ, സഹകരണവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കുടുംബശ്രീ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കെ.എസ്.ബി.സി.ഡി.സി തുടങ്ങിയവയുമായി ചേർന്ന് ചെയ്യുന്നു. ആരംഭിച്ച സംരംഭങ്ങളുടെ സുസ്ഥിരതയും പ്രാദേശിക സാമ്പത്തിക വികസനവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ ആവശ്യമാണ്. ജില്ലകളിലെ എം.എസ്.എം.ഇ ക്ലിനിക്, എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയും സംരംഭങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ, പരാതി പരിഹാര സമിതിക്കുള്ള അപ്രൈസൽ ഡെസ്ക്, ഒരു തദ്ദേശഭരണസ്ഥാപനം ഒരു ഉൽപ്പന്ന പിന്തുണ, എം.എസ്.എം.ഇ.കൾക്ക് ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി, ഉൽപ്പാദനക്ഷമതയ്ക്കായി ക്ലൗഡ് സാങ്കേതികവിദ്യകൾ, കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, പ്രശസ്ത ദേശീയ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം ലഭ്യമാക്കൽ; മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡ് എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. എം.എസ്.എം.ഇ.കൾക്കുള്ള ഇൻഷുറൻസ് പദ്ധതി, റാംപ് പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ബിസിനസ് ഡെവലപ്മെന്റ് സേവന ദാതാക്കൾക്കുള്ള സഹായം; താലൂക്ക് ജില്ലയിലെയും ഡയറക്ടറേറ്റിലെയും റിസോഴ്സ് പേഴ്സൺമാർ; റാംപ് പദ്ധതിക്ക് കീഴിലുള്ള പ്രവർത്തനങ്ങൾ എന്നിവയും ഈ പദ്ധതിക്ക് കീഴിൽ ഏറ്റെടുക്കാം. 10 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 15.സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും

**(വിഹിതം: 200.00 ലക്ഷം രൂപ)**

വായ്പകൾക്ക് സബ്സിഡി നൽകിയും പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കിയും വഴി കേരളത്തിലെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ ഉയർത്തെഴുന്നേൽപ്പിക്കാനും ഉത്തേജിപ്പിക്കാനും കശുവണ്ടിത്തൊഴിലാളികൾക്ക് തൊഴിൽ നൽകാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതി കശുവണ്ടിത്തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങളും മാന്യമായ വേതനവും ഉറപ്പാക്കുകയും ആരോഗ്യകരവും സ്ത്രീ സൗഹൃദവുമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യും. കശുവണ്ടി വ്യവസായത്തിന്റെ പുനരുജ്ജീവനം, പുനരുദ്ധാരണം, പുനഃഅതിജീവനം എന്നിവക്ക് വേണ്ടിയുള്ള സഹായം താഴെ പറയുന്ന രീതിയിലാണ്.

i) തുടർച്ചയായ പ്രവർത്തന ബന്ധിത ഉത്തേജന പദ്ധതി – കശുവണ്ടി മേഖലയിലെ അർഹതയുള്ള സംരംഭകർ/ പ്രോസസ്സിംഗ് യൂണിറ്റുകൾ എന്നിവയ്ക്ക് സൃഷ്ടിച്ച തൊഴിൽ, തൊഴിലാളികളുടെ എണ്ണം, തൊഴിൽ ദിനങ്ങളുടെ എണ്ണം, എന്നിവയെ അടിസ്ഥാനമാക്കി 2 മുതൽ 3 വർഷത്തേക്ക് ഈ ആനുകൂല്യം നൽകുന്നതാണ്.

ii) സ്ത്രീ സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ/നവീകരണം – പ്രോസസിങ് യൂണിറ്റുകളിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനുമായി മൂലധന ഗ്രാന്റുകൾ നൽകുന്നതാണ്.

iii) ഷെല്ലിംഗ് യൂണിറ്റിന്റെ നവീകരണം/പുനരുദ്ധാരണം-തൊഴിൽ സംരക്ഷണത്തിനായുള്ള പുനരുജ്ജീവന പദ്ധതികളെ അടിസ്ഥാനമാക്കി പ്രോസസ്സിംഗ് യൂണിറ്റുകളിലെ ഷെല്ലിംഗ് വിഭാഗങ്ങളുടെ നവീകരണ ത്തിനായി ഉപകരണങ്ങൾ, പ്ലാന്റ്, യന്ത്രങ്ങൾ എന്നിവയ്ക്ക് ആവശ്യമായ മൂലധന ചെലവിന്റെ നിശ്ചിത പരിധി വരെ ക്യാപിറ്റൽ ഗ്രാന്റ് മാതൃകയിൽ സഹായം നൽകുന്നതാണ്.

ഈ പദ്ധതി 3 വർഷത്തിനുള്ളിൽ വിവിധ ഘട്ടങ്ങളായാണ് നടപ്പിലാക്കുക. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## II. വാണിജ്യം

### i. വാണിജ്യ വികസനം

**(വിഹിതം: 700.00 ലക്ഷം രൂപ)**

വ്യവസായ വാണിജ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ വഴി വാണിജ്യ മേഖലയുടെ വളർച്ചയ്ക്ക് ഒരു ഉൾപ്രേരക ശക്തിയായി പ്രവർത്തിച്ച് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിച്ചും സാമ്പത്തിക പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയും സർക്കാരിന്റെ നികുതി വരുമാനം മെച്ചപ്പെടുത്താനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഈ മേഖലയിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിൽ അവസരങ്ങൾ സ്ത്രീകൾക്കും താരതമേന്യ വിദ്യാഭ്യാസം കുറഞ്ഞവർക്കും ഗുണകരമായിരിക്കുമെന്നതാണ് ഈ മേഖലയുടെ സവിശേഷത. ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

എ) മേഖലയുടെ വികസനത്തിനായി വിശദമായ പഠനങ്ങൾ നടത്തുക.

ബി) കേരളത്തിലെ എം.എസ്.എം.ഇ മേഖലയുടെ വിപണി സാധ്യതകളെ കുറിച്ചുള്ള പഠനം.

സി) കേരളത്തിലെ എം.എസ്.എം.ഇ.കളുടെ കയറ്റുമതി മത്സരക്ഷമതയെ കുറിച്ചുള്ള പഠനം.

ഡി) അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകൾ കണ്ടെത്തുക, അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുക.

ഇ) സുസ്ഥിരമായ വാണിജ്യ വികസനത്തിനാവശ്യമായ ഒരു ദീർഘകാല നയരേഖ രൂപപ്പെടുത്തുക.

എഫ് ) രാജ്യാന്തര വിപണികളിലേക്ക് കൂടുതൽ വ്യവസായ യൂണിറ്റുകൾക്ക് പ്രവേശനം സാധ്യമാക്കുന്ന പരിപാടികൾ സംഘടിപ്പിക്കുക.

ജി) ദേശീയ-അന്തർ ദേശീയ പരിപാടികളിൽ പങ്കെടുക്കുക (വ്യാപാര മേളകളും പ്രദർശനങ്ങളും).

എച്ച് ) സംസ്ഥാനത്തിനകത്തും പുറത്തും എക്സിബിഷൻ/മേളകൾ സംഘടിപ്പിക്കുക.

ഐ) സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് വ്യവസായ വത്കരണത്തിനുതകുന്ന ഇ-കൊമേഴ്സ് ഉൾപ്പെടെയുള്ള മറ്റു പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

ജെ) സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയിൽ ബിസിനസ്സ് -റ്റു -ബിസിനസ്സ് മീറ്റ് (ബി 2 ബി) നടത്തുക.

കെ) ഇന്ത്യയിലെ പ്രധാന മേളകളിലും/പരിപാടികളിലേക്കും വകുപ്പ് ഉദ്യോഗസ്ഥരുടെ സന്ദർശനം.

എൽ) കേരളത്തിനകത്തും പുറത്തും പ്രദർശനങ്ങളിലും മേളകളിലും പങ്കെടുക്കുന്നതിനും വിവിധ രാജ്യങ്ങളിലേക്കുള്ള വാണിജ്യ പ്രതിനിധി സംഘങ്ങളിലും പങ്കെടുക്കുന്നതിന് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സഹായം.

എം) കയറ്റുമതി പ്രോത്സാഹനം, കയറ്റുമതി സർട്ടിഫിക്കേഷനുകൾ ലഭ്യമാക്കുന്നതിനും നിലവാരമുയർത്തുന്നതിനും എം.എം.സ്.എം.ഇ കൾക്ക് സഹായം.

എൻ) വാണിജ്യ മിഷന്റെ കീഴിൽ വരുന്ന പ്രവർത്തനങ്ങൾ – സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ട് അപ്പുകൾ, പരമ്പരാഗത വ്യവസായം എന്നീ മേഖലകളിലുള്ളവർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ബ്രാൻഡിംഗ് എന്നിവ ഒരുക്കുന്നതിനും ദേശീയ/അന്തർ ദേശീയ വിപണിയിൽ നിന്നും ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും അതിലൂടെ മേഖലയിലെ സാമ്പത്തിക

പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും അവയെ ഒരുമിപ്പിച്ച് നിർത്തുന്നതിനും ലക്ഷ്യമിട്ട് സർക്കാർ ആരംഭിച്ചതാണ് വാണിജ്യ മിഷൻ.

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### III. കരകൗശല വ്യവസായങ്ങൾ

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി വ്യാപിച്ചുകിടക്കുന്ന കരകൗശല വ്യവസായം തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട പരമ്പരാഗത കരകൗശല വൈദഗ്ധ്യത്തെ മേഖലയുടെ വളർച്ചയ്ക്കായി വിനിയോഗിച്ചുവരുന്നു. കേരളത്തിൽ ലഭ്യമായ 32 വ്യത്യസ്ത ഇനം കരകൗശലവസ്തുക്കളിൽ പ്രധാന വാണിജ്യ വസ്തുക്കൾ ആനക്കൊമ്പ്, തടി എന്നിവ കൊണ്ടുള്ള കൊത്തുപണികൾ, ബെൽ മെറ്റൽ കാസ്റ്റിംഗ്, ഹാൻഡ് എംബ്രോയിഡറി, നാളികേര തൊണ്ട്/ചിരട്ട രൂപകൽപ്പന എന്നിവയാണ്. 2025-26 ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിനും, കരകൗശല തൊഴിലാളികളുടെ നൈപുണ്യ വർദ്ധനവ്, ഉൽപ്പാദനക്ഷമത, വിപണി അവസരങ്ങൾ വർദ്ധിപ്പിക്കൽ, സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തൽ എന്നിവ ലക്ഷ്യമിടുന്നു. 2025-26 ബജറ്റിൽ കരകൗശല മേഖലയ്ക്ക് 411.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

#### എ. കരകൗശല മേഖലയുടെ വികസനം

#### 1. കരകൗശല മേഖല സ്ഥാപനങ്ങൾക്ക് സഹായം

**(വിഹിതം: 50.00 ലക്ഷം രൂപ)**

കരകൗശല മേഖലയിലെ സ്ഥാപനങ്ങളായ സുരഭി, കാഡ്കോ, എച്ച്.ഡി.സി.കെ, കെ.ഇ.എൽ.പി.എ.എൽ.എം (KELPAM) തുടങ്ങിയവയുടെ ആധുനികവൽക്കരണം, സാങ്കേതികത നവീകരണം, മറ്റ് മൂലധന പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. തിരഞ്ഞെടുത്ത ഔട്ട്ലെറ്റുകളുടെ നവീകരണവും ഇതിൽ ഉൾപ്പെടുന്നു.

#### 2. കരകൗശല മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ

**(വിഹിതം: 50.00 ലക്ഷം രൂപ)**

നൂതന സാങ്കേതിക വിദ്യകൾ പഠിക്കാനും പകർന്നു നൽകാനും സൗകര്യമില്ലാത്തതിനാൽ കരകൗശല മേഖല ശോചനീയാവസ്ഥയിലാണ്. പരമാവധി ഉൽപ്പാദന ക്ഷമത കൈവരിക്കുന്നതിനും വിപണിയിൽ മത്സരിക്കുന്നതിനും കരകൗശല തൊഴിലാളി സമൂഹം പ്രവർത്തിക്കുന്ന മേഖലയിൽ പൊതു സൗകര്യങ്ങൾ ആവശ്യമാണ്. തിരഞ്ഞെടുത്ത കരകൗശല ഉൽപ്പന്നങ്ങൾ/മേഖലകളിൽ കരകൗശല ഉൽപ്പന്നങ്ങൾക്കായി പൊതുസൗകര്യസേവനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് കരകൗശല വസ്തുക്കളിൽ പരിശീലനം നൽകുന്നതിനും ഗുണനിലവാര പരിശോധന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനും യന്ത്രാധിഷ്ഠിത ജോലികൾ, ഡൈയിംഗ്, പോളിഷിംഗ്, പ്രിന്റിംഗ് ജോലികൾ തുടങ്ങിയ അത്യാവശ്യ സൗകര്യങ്ങൾ നൽകുന്നതിന് ആവശ്യമാണ്. സുരഭി, കാഡ്കോ, എച്ച്.ഡി.സി.കെ, കെ.ഇ.എൽ.പി.എ.എൽ.എം (KELPAM) എന്നിവയുടെ സി.എഫ്.എസ്.സി കളുടെ സ്ഥാപിക്കലും നവീകരിക്കലും, പുതിയ ഡിസൈനുകളുടെ വികസനത്തിനുമായി തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

#### 3. കരകൗശല തൊഴിലാളികൾക്ക് സഹായം (ആശ)

**(വിഹിതം: 30.00 ലക്ഷം രൂപ)**

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും, സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ പരിഗണന നൽകിക്കൊണ്ട് ഒറ്റത്തവണ സഹായം നൽകാനും പദ്ധതി ലക്ഷ്യമിടുന്നു. 30 ശതമാനം തുക വനിത കരകൗശല തൊഴിലാളികൾക്കായി സംവരണം ചെയ്തിരിക്കുന്നു. 2025-26 ബജറ്റിൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

#### 4. ക്രാഫ്റ്റ് കോംപ്ലക്സ് -സുരഭി

**(വിഹിതം: 1.00 ലക്ഷം രൂപ)**

കരകൗശല വിദഗ്ദർക്ക് അവരുടെ വിശിഷ്ടമായ ഉൽപ്പന്നങ്ങളും കലാപരമായ കഴിവുകളും വിനോദ സഞ്ചാരികൾക്ക് മുന്നിൽ തുറന്ന് കാട്ടുവാനായി കോവളത്ത് സുരഭിയുടെ കെട്ടിടത്തിൽ ഒരു ക്രാഫ്റ്റ് സെന്ററും തീം പവലിയനും ആരംഭിക്കുന്നു. ഇതിലൂടെ അവരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ

സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ ടോക്കൺ തുകയായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5. വ്യാവസായിക സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

സഹകരണ പ്രസ്ഥാനത്തിൽ എണ്ണം, തൊഴിൽ, വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ കാർഷിക വായ്പാ സംഘങ്ങൾക്ക് തൊട്ടുപിന്നിലാണ് വ്യാവസായിക സഹകരണ സംഘങ്ങൾ. പുനരുജ്ജീവനത്തിനോ നിലനിൽപ്പിനോ വേണ്ടി പോരാടുന്ന സൊസൈറ്റികളെ പിന്തുണക്കേണ്ടത് അനിവാര്യമാണ്. വ്യാവസായിക സഹകരണ സംഘങ്ങൾ/ ജില്ലാ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവയ്ക്ക് നിലവിലുള്ള അവരുടെ ബിസിനസ് അഭിവൃദ്ധിപ്പെടുത്തുന്നതിനായി വിപുലീകരണം /ആധുനികവൽക്കരണം/വൈവിധ്യവൽക്കരണം/ നിർമ്മാണം വർക്ക് ഷെഡ് വർക്ക്ഷെഡിന്റെ പരിപാലനം അല്ലെങ്കിൽ, വ്യാവസായിക ഭൂമി ഏറ്റെടുക്കുന്നതിനുള്ള സാമ്പത്തിക സഹായം ഉൾപ്പെടെ മറ്റ് അവശ്യ അടിസ്ഥാന സൗകര്യങ്ങൾ, അംഗീകൃത പ്രോജക്ട് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന മൂലധന സഹായം എന്നിങ്ങനെ ഗ്രാന്റ് ഇൻ എയിഡിന്റെ രൂപത്തിൽ അവയുടെ പുനരുജ്ജീവനത്തിനായി സഹായം നൽകുന്നു. 2023-24 മുതൽ രജിസ്റ്റർ ചെയ്ത വനിതാ വ്യവസായ സഹകരണ സംഘങ്ങൾക്കും ഇത് ലഭ്യമാണ്.

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. മുള വ്യവസായ വികസനം**

**6. മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം**

**(വിഹിതം: 150.00 ലക്ഷം രൂപ)**

സ്റ്റേറ്റ് ബാംബൂ മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളെയും ബാംബൂ കോർപ്പറേഷൻ, സുരഭി, കാഡ്കോ, ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളെയും ഉൾപ്പെടുത്തി മുള വ്യവസായ വികസന പദ്ധതിയുടെ കീഴിൽ വരുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്. മുള വ്യവസായത്തിന്റെയും കൈത്തൊഴിലുകാരുടെയും വികസനത്തിനായി 2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു. പദ്ധതിയിൽ ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ താഴെ ചേർത്തിരിക്കുന്നവയാണ്.

- മുള ഉൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി ബാംബൂ ഇന്നോവേഷൻ കേന്ദ്രങ്ങളിലൂടെ വൈവിധ്യമാർന്നതും മൂല്യവർദ്ധിതവുമായ മുള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുക.
- ദേശീയ/അന്തർദേശീയ ഇവന്റുകളിൽ പങ്കെടുക്കുന്നത് ഉൾപ്പെടെയുള്ള മുള മേഖലയിലെ പ്രോത്സാഹന പ്രവർത്തനങ്ങൾ.
- ട്രീറ്റ്മെന്റ് പ്ലാന്റുകൾ, വിതരണ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കൽ.
- പരിശീലനം ലഭിച്ച തൊഴിലാളികളെ സംഘടിപ്പിച്ച് പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ നിർമ്മിക്കുക, കൂടാതെ അത്യാവശ്യ ടൂൾസും മറ്റുപകരണങ്ങളും നൽകുക.
- അന്തർദേശീയ പ്രാതിനിധ്യത്തോടുകൂടി കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കൽ.
- ബാംബൂ ഇന്നോവേഷൻ സെന്ററിന്റെ ഹാന്റ് ഹോൾഡിംഗ്.

**7. മുളയുടെ പ്രചാരണവും പ്രോത്സാഹനവും (ദേശീയ ബാംബൂ മിഷൻ - ആനുപാതിക സംസ്ഥാന വിഹിതം)**

**(വിഹിതം: 80.00 ലക്ഷം രൂപ)**

വനമല്ലാത്തതും സ്വകാര്യ വ്യക്തികളുടേതുമായ ഭൂമിയിൽ മുള കൃഷി വ്യാപിപ്പിച്ചു കൊണ്ട് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വ്യവസായ ആവശ്യത്തിനു ലഭ്യമാക്കുന്നതിനും അതുവഴി കാർഷിക വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് ഈ കേന്ദ്ര പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. മുള വ്യവസായത്തിന്റെ പുനരുജ്ജീവനം ലക്ഷ്യം വച്ചുകൊണ്ടുള്ള ഉൽപ്പന്ന വികസനം, മൂല്യവർദ്ധനവ്, വിടവ് വിലയിരുത്തലുകൾ, ആവശ്യകത അടിസ്ഥാനമാക്കിയുള്ള പരിശീലന മൊഡ്യൂൾ, യന്ത്ര വൽകൃത മാർഗങ്ങളിലൂടെ ഗുണനിലവാര വർദ്ധനവും ഉൽപ്പന്ന മെച്ചപ്പെടുത്തലും, മുള അധിഷ്ഠിത സംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, വിപണി ആവശ്യകത സൃഷ്ടിക്കുന്നതിന് ആവശ്യമായ പിന്തുണാ സേവനങ്ങൾ നൽകൽ, മേഖലയിലെ നിർണ്ണായക വിടവുകൾ തിരിച്ചറിഞ്ഞ് നികത്തൽ, മുള പ്രചരണം, മുള മേഖലയുടെ

വിവര സംവിധാനം (ഡാറ്റാബേസ്) പരിപാലിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു. അത്തരം ഇടപെടലുകളിൽ അധിഷ്ഠിതമായ സമീപനത്തിലൂടെ വിവിധ തലങ്ങളിൽ പ്രത്യേകിച്ചും സ്ത്രീകൾക്കിടയിൽ വരുമാന വർദ്ധനവിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിഭാവനം ചെയ്യുന്നു. കൂടാതെ പദ്ധതിയിലൂടെ മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയിലൂടെ കൈ തൊഴിലുകാർ/കരകൗശലതൊഴിലാളികൾ എന്നിവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു.

ദേശീയ ബാംബൂ മിഷൻ എന്ന കേന്ദ്ര പദ്ധതിയുടെ ആനുപാതിക സംസ്ഥാന വിഹിതമായി 80.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

## IV. കൈത്തറി യന്ത്രത്തറി വ്യവസായങ്ങൾ

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഒരു പ്രധാനപെട്ട വ്യവസയമാണ് കൈത്തറി വ്യവസായം. സംസ്ഥാനത്തെ കൈത്തറി, തുണി വ്യവസായം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്തം കൈത്തറി-ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റിനാണുള്ളത്. അടിസ്ഥാന സൗകര്യവികസനം, ആധുനികവൽക്കരണം, സാങ്കേതിക നവീകരണം, വിപണനം, മാനവ വിഭവശേഷി വികസനം, പരമ്പരാഗത കഴിവുകളെ സംരക്ഷിക്കൽ, ഉൽപ്പന്ന വികസനം, ധനകാര്യം, ക്ഷേമ പരിപാടികൾ, എന്നിങ്ങനെയുള്ള മേഖലകളിൽ പിന്തുണ നൽകി അന്താരാഷ്ട്ര മാർക്കറ്റിൽ മത്സരിക്കുന്നതിനുള്ള ശേഷി ഈ മേഖലയ്ക്ക് നേടികൊടുക്കുന്നതിനു വേണ്ടിയാണ് കൈത്തറി തുണിത്തര ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസന സഹായം, അസംസ്കൃത വസ്തുക്കൾക്കുള്ള സഹായം, വിപണന സഹായം, ക്ഷേമ പദ്ധതികൾ/പരിശീലന പരിപാടികൾ, പ്രാഥമിക/അപെക്സ് സൊസൈറ്റികളുടെയും മില്ലുകളുടെയും സഹകരണ സംഘങ്ങളുടെയും പുനരുജ്ജീവനം, ശേഷി വികസന പരിപാടികൾ തുടങ്ങി കൈത്തറി മേഖല വികസിപ്പിക്കുന്നതിനുള്ള ശക്തമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തിവരുന്നു. നെയ്ത്തുകാർക്ക് മാന്യമായ കൂലിയും സ്ഥിരമായ തൊഴിലും വാഗ്ദാനം ചെയ്യുന്ന 'സ്കൂൾ യൂണിഫോം പദ്ധതി'യിലൂടെയും സംസ്ഥാന സർക്കാർ ഈ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കാൻ ശ്രമിക്കുന്നു.

2025-26 ബജറ്റിൽ, ജെൻഡർ ബജറ്റിംഗിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കൈത്തറി, യന്ത്രത്തറി മേഖലയ്ക്ക് കീഴിൽ 5,689.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 1. മൂലധന സഹായ പദ്ധതികൾ

കൈത്തറി സഹകരണ സംഘങ്ങൾ, ഹാൻറ്റക്സ്, ഹാൻവീവ് എന്നിവയുടെ മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാസൗകര്യങ്ങൾക്ക് കൂടുതൽ യോഗ്യരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഓഹരി പങ്കാളിത്തത്തിനായി 2025-26 ബജറ്റിൽ 530.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇത് ഇവർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പാ സൗകര്യങ്ങൾ ലഭ്യമാകുവാൻ സഹായകരമാവും.

### (എ) പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം

**(വിഹിതം: 80.00 ലക്ഷം രൂപ)**

പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങൾക്ക് (പിഎച്ച്ഡബ്ല്യുസിഎസ്) ആസ്തികൾ സൃഷ്ടിക്കുന്നതിനും നെറ്റ് ഡിസ്പോസിബിൾ റിസോഴ്സസ് മെച്ചപ്പെടുത്തുന്നതിനുമാണ് പദ്ധതി ഉദ്ദേശിക്കുന്നത്. നിലവിൽ, കുടിൽ വ്യവസായ സഹകരണ സംഘങ്ങൾ, ഫാക്ടറി മാതൃക സഹകരണ സംഘങ്ങൾ, പട്ടിക ജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവയിലെ അംഗങ്ങളുടെ ഓഹരി പങ്കാളിത്തത്തിന് ആനുപാതികമായ സർക്കാർ ഓഹരി പങ്കാളിത്തം, യഥാക്രമം 2, 3, 5 മടങ്ങാണ് നൽകുന്നത്. സംഘത്തിന്റെ വിപുലീകരണം, ആധുനികവത്ക്കരണം, പുനരുദ്ധാരണം എന്നിവയ്ക്കായി കൃത്യമായ പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ ഓരോ സംഘത്തിനും പരമാവധി 10.00 ലക്ഷം രൂപയുടെ ഓഹരി പങ്കാളിത്തം നൽകുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 20 പ്രാഥമിക സഹകരണ സംഘങ്ങളെ സഹായിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ഫണ്ടിന്റെ 10 ശതമാനം വനിതാ നെയ്ത്തുകാരുടെ കൈത്തറി സംഘങ്ങൾക്കായി വിനിയോഗിക്കും. 2025-26 ബജറ്റിൽ 80.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(ബി) ഹാന്റെക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം**

**(വിഹിതം: 450.00 ലക്ഷം രൂപ)**

ഹാന്റെക്സ്, ഹാൻവീവ് എന്നിവയുടെ മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാസൗകര്യങ്ങൾക്ക് കൂടുതൽ യോഗ്യരാക്കുന്നതിനുമായി ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇ-ഗവേണൻസ്, നവീകരണം, കംപ്യൂട്ടർവൽക്കരണം, ഡിസൈൻ വികസനം, ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, ഷോറൂമുകളുടെ നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വകയിരിത്തിയിട്ടുള്ള തുക സാധ്യമായ/പ്രായോഗികമായ പദ്ധതികളുടെ അടിസ്ഥാനത്തിലായിരിക്കണം ഉപയോഗിക്കേണ്ടത്.

കേരള സംസ്ഥാന കൈത്തറി വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് (ഹാൻടെക്സ്) ഓഹരി പങ്കാളിത്തത്തിനായി 2025-26 ലെ ബജറ്റിൽ 250.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡിന് (ഹാൻവീവ്) ഓഹരി പങ്കാളിത്തത്തിനായി 2025-26 ലെ ബജറ്റിൽ 200.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

**2. പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ**

2025-26 ബജറ്റിൽ, ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾക്കുള്ള സബ്സിഡി, ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങിക്കുന്നതിനുള്ള മാർജിൻമണി വായ്പ, കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ, നെയ്ത്തുകാർ/അനുബന്ധ തൊഴിലാളികൾക്കുള്ള പ്രോത്സാഹന പരിപാടികൾ, കൈത്തറി ഗ്രാമം/സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കൽ എന്നീ ഘടകങ്ങൾക്കായി മൊത്തം 695.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(എ) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി**

**(വിഹിതം: 75.00 ലക്ഷം രൂപ)**

ഹാന്റക്സ്, ഹാൻവീവ്, മറ്റ് സഹകരണ നൂൽ ബാങ്ക് എന്നിവയിലൂടെ നെയ്ത്തുകാർക്ക് ന്യായമായ വിലയ്ക്ക് ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കൾ യഥാസമയം വിതരണം ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

**i. നൂൽക്കഴി സബ്സിഡി**

സഹകരണ സംഘങ്ങൾ/നെയ്ത്തുകാർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന നൂലിന് സബ്സിഡി ലഭിക്കും. സ്പിന്നിംഗ് മില്ലുകൾ/നാഷണൽ ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയിൽ നിന്ന് നൂൽ ബാങ്കിന് നൂൽ വാങ്ങാം. നൂൽ ബാങ്കുകൾ വിൽക്കുന്ന എല്ലാ തരത്തിലുള്ള നൂലുകളും സബ്സിഡിയ്ക്ക് അർഹമായിരിക്കും. സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് കൈത്തറി & തുണിത്തര ഡയറക്ടറേറ്റ് വഴി നെയ്ത്തുകാർക്ക് നൂൽക്കഴി വാങ്ങുന്നതിനുള്ള വിലയിൽ സബ്സിഡി (ഡിബിടിഎസ് വഴി) നൽകും. മിൽഗേറ്റ് പ്രൈസ് സ്കീം പ്രകാരം കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരമുള്ള നിരക്കിലായിരിക്കണം നൂൽക്കഴി സബ്സിഡി നിർണ്ണയിക്കേണ്ടത്. സീസണല്ലാത്ത സമയങ്ങളിൽ ഉൾപ്പെടെ നൂൽ സംഭരിക്കുന്നതിന് നൂൽ ബാങ്കുകൾക്ക് ഒറ്റത്തവണ സഹായവും ഇതിൽ ഉൾപ്പെടുന്നു.

**ii. ഡൈകൾക്കും കെമിക്കലുകൾക്കുമുള്ള സബ്സിഡി**

നൂൽ ബാങ്കുകൾ സംഭരിക്കുകയും കൈത്തറി സഹകരണ സംഘങ്ങൾ/നെയ്ത്തുകാർക്ക് വിതരണം ചെയ്യുകയും ചെയ്യുന്ന ഡൈകൾക്കും കെമിക്കലുകൾക്കും സബ്സിഡി അനുവദനീയമാണ്. സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക്, ചായങ്ങളും രാസവസ്തുക്കളും വാങ്ങുന്നതിന്, കൈത്തറി & തുണിത്തരങ്ങൾ ഡയറക്ടറേറ്റ് വഴി നെയ്ത്തുകാർക്ക് വിലയിൽ സബ്സിഡി (ഡിബിടിഎസ് വഴി) നൽകും.

2025-26 ബജറ്റിൽ ഈ ഘടകങ്ങൾക്കായി 75.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

**(ബി) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി നൂൽ ബാങ്ക് വഴി മാർജിൻ മണി വായ്പ നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. യാൺ ബാങ്കുകൾക്ക് നൂൽ സംഭരിക്കാനും നെയ്ത്തുകാർക്ക് വിതരണം ചെയ്യാനുമായിട്ടുള്ള റിവോൾവിംഗ് ഫണ്ടായിട്ടാണ് മാർജിൻമണി വായ്പ നൽകുന്നത്. ഹാന്റക്സ്,

ഹാൻവീവ് എന്നിവയുൾപ്പെടെ എൻഎച്ച്ഡിസി അംഗീകൃത 8 സഹകരണ നൂൽ ബാങ്കുകൾക്ക് അവയുടെ പ്രകടനം വിലയിരുത്തിയ ശേഷം മാർജിൻ മണി വായ്പ നൽകും. ഇതിനായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മുകളിൽ പറഞ്ഞിരിക്കുന്ന എ, ബി എന്നീ ഘടകങ്ങളുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ അതാത് സ്ഥാപനങ്ങളുടെ/മേഖലയുടെ മൊത്തത്തിലുള്ള ഇൻപുട്ട്-ഔട്ട്പുട്ട് ലിങ്കേജ് താരതമ്യം ചെയ്യുകയും, (i) ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവ് (ii) തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ (iii) നിർദ്ദിഷ്ട സ്ഥാപനങ്ങളുടെയും മേഖലയുടെയും മൊത്തത്തിലുമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിറ്റുവരവ് എന്നിവ ഉറപ്പ് വരുത്തിയും താരതമ്യം ചെയ്തുമാണ് ധനസഹായം നിശ്ചയിക്കേണ്ടത്.

മൂല്യ ശൃംഖലയിൽ മറ്റേതെങ്കിലും പദ്ധതിയുടെ കീഴിൽ നിന്നും ആവർത്തിച്ച് ധനസഹായം/സബ്സിഡി ലഭിക്കുന്നില്ല എന്ന് ധനസഹായം/സബ്സിഡി വിതരണം ചെയ്യുമ്പോൾ ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

**(സി) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ**

**(വിഹിതം: 60.00 ലക്ഷം രൂപ)**

കൈത്തറി മേഖലയിൽ, പ്രത്യേകിച്ച് യുവാക്കൾക്കിടയിൽ സംരംഭകത്വവും തൊഴിലും പ്രോത്സാഹിപ്പിക്കുക, യുവാക്കൾക്ക് മുഴുവൻ സമയ നെയ്ത്തുകാരായി സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുക എന്നിവയാണ് സ്വയം തൊഴിൽ സൃഷ്ടിക്കൽ പദ്ധതി ലക്ഷ്യമിടുന്നത്. 'യുവ വീവ് സ്കീം' ഇതിനായുള്ള പ്രത്യേക പദ്ധതിയാണ്. 18 മുതൽ 40 വയസ്സുവരെയുള്ള 100 യുവാക്കളെ നെയ്ത്തുകാരാക്കുക എന്നതാണ് 'യുവ വീവ് സ്കീം' ലക്ഷ്യമിടുന്നത്. അംഗീകൃത മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കേണ്ടത്. ടെക്സ്റ്റൈൽ മേഖലയിൽ യുവ നെയ്ത്തുകാരെ കുറഞ്ഞത് 5 വർഷമെങ്കിലും നിലനിർത്തുന്നത് ഉറപ്പാക്കാനും പദ്ധതി ലക്ഷ്യമിടുന്നു. കുടുംബശ്രീ മിഷൻ മുഖേനയുള്ള അംഗീകൃത മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ഏകോപനത്തോടെയാണ് പദ്ധതി നടപ്പാക്കേണ്ടത്. പദ്ധതിക്കായി 2025-26 ബജറ്റിൽ 60.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(ഡി) നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി**

**(വിഹിതം: 450.00 ലക്ഷം രൂപ)**

ശാസ്ത്രീയമായ  തൊഴിൽ അപഗ്രഥനം, വാർഷിക വിറ്റുവരവ്, അംഗീകൃത മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അടിസ്ഥാനമാക്കി അധിക ജോലികൾക്ക് ആകർഷകമായ പ്രോത്സാഹനങ്ങൾ നൽകിക്കൊണ്ട് ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിന് നെയ്ത്തുകാരെ/അനുബന്ധ തൊഴിലാളികളെ പ്രേരിപ്പിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. മൂല്യ ശൃംഖലയിലെ ഇൻപുട്ട് - ഔട്ട്പുട്ട് ലിങ്കേജ് താരതമ്യപ്പെടുത്തിയും i) ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവ്, ii) തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, (iii) സ്ഥാപനങ്ങളുടെ/മേഖലയുടെ ആകെ വിറ്റുവരവ് എന്നിവ ഉറപ്പുവരുത്തിയുമായിരിക്കണം ധനസഹായം നിശ്ചയിക്കേണ്ടത്.

2025-26 ൽ, അധിക ജോലികൾക്കുള്ള ആകർഷകമായ പ്രോത്സാഹനങ്ങളിലൂടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിന് നെയ്ത്തുകാരെ/അനുബന്ധ തൊഴിലാളികളെ പ്രേരിപ്പിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. 17,000 നെയ്ത്തുകാർ/അനുബന്ധ തൊഴിലാളികൾക്ക് സഹായം നൽകുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഇതിൽ ഏകദേശം 70 ശതമാനം (11900) സ്ത്രീ തൊഴിലാളികളാണ്. സ്ട്രീറ്റ് വാർപ്പിംഗ് പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിഗത അനുബന്ധ തൊഴിലാളികൾക്കും/കൈത്തറി കൺസോർഷ്യങ്ങൾക്കും ആനുകൂല്യങ്ങൾ വിപുലീകരിക്കും. ഇൻസെന്റീവ്/സബ്സിഡികൾ വിതരണം ചെയ്യുമ്പോൾ മൂല്യ ശൃംഖലയിലെ മറ്റേതെങ്കിലും പദ്ധതി വഴി ഇത്തരത്തിൽ ഉള്ള ധനസഹായം ലഭിക്കുന്നില്ലെന്ന് ഭരണ വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്. 2025-26 ബജറ്റിൽ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി 450.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(ഇ) കൈത്തറി ഗ്രാമം/സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുക**

**(വിഹിതം: 10.00 ലക്ഷം രൂപ)**

നെയ്ത്തുകാർ കേന്ദ്രീകരിച്ചിരിക്കുന്ന മേഖലയിലെ വ്യവസായത്തിന്റെ പരിണാമം, സമ്പന്നമായ കരകൗശല വൈദഗ്ധ്യം, സംസ്കരണ പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള അവലോകനം എന്നിവ പ്രദർശിപ്പിക്കാനാണ് സമഗ്ര കൈത്തറി ഗ്രാമം പധതിയിലൂടെ ഉദ്ദേശിക്കുന്നത്. എറണാകുളം ജില്ലയിലെ ചേന്ദമംഗലത്തുള്ള കൈത്തറി ഗ്രാമത്തിൽ ഡൈയിംഗ്, കൈത്തറി മേഖലയിലെ മറ്റ് പൊതുവായ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു പൊതു സൗകര്യ/കേന്ദ്രീകൃത കേന്ദ്രം സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഭാരത സർക്കാരിന്റെ സഹായവും മറ്റ് ഫണ്ടുകളും

ഇതിനായി ഉപയോഗിക്കാവുന്നതാണ്. വിശദമായ പദ്ധതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാവണം ഫണ്ട് സ്വരൂപിക്കലും അതിന്റെ വിനിയോഗവും.

പദ്ധതിക്കായി 2025-26 ബജറ്റിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**3. പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ**

കൈത്തറി മേഖലയിലെ തൊഴിലാളികളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ക്ഷേമത്തിനുമായി 2025-26 ബജറ്റിൽ 130.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(എ) അംശദാന സമ്പാദ്യ പദ്ധതി**

**(വിഹിതം: 100.00 ലക്ഷം രൂപ)**

നെയ്ത്തുതൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും, വിവാഹത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള ചെലവുകൾക്കായി സഹായം നൽകാനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. ക്ഷേമബോർഡിന് കീഴിൽ വരുന്ന 17,000 നെയ്ത്തുകാരിൽ നിന്നുള്ള യോഗ്യരായവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തും, അതിൽ 70 ശതമാനം (11,900) സ്ത്രീകളായിരിക്കണം. ഈ പദ്ധതി പ്രകാരം നെയ്ത്ത് തൊഴിലാളിയുടെ കൂലിയുടെ കുറഞ്ഞത് 8 ശതമാനം തുക ഇതിലേക്കായി ഈടാക്കുകയും അത്ര തന്നെ തുക സർക്കാരിൽ നിന്നും ലഭ്യമാക്കുകയും ചെയ്യുന്നു. പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭാരത സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ സമാനമായ മറ്റേതെങ്കിലും പദ്ധതിയിൽ നിന്നും ധനസഹായം ആവർത്തിക്കുന്നില്ലെന്ന് ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്. ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്‌ലൂം ആന്റ് ടെക്സ്റ്റൈൽസ് മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. 2025-26 ബജറ്റിൽ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(ബി) കൈത്തറി നെയ്ത്തുകാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി**

**(വിഹിതം: 10.00 ലക്ഷം രൂപ)**

നെയ്ത്തുകാർക്ക് i) ജീവനും (സ്വാഭാവിക മരണവും അപകട മരണവും) ii) വൈകല്യം (പൂർണ്ണം/ഭാഗികം) എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകാവുന്നതാണ്. മഹാത്മാഗാന്ധി ബുൻകാർ ബീമാ യോജനയാണ് ഈ ലക്ഷ്യത്തിനായുള്ള ഒരു പരമ്പരാഗത പദ്ധതി. പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, സംയോജിത മഹാത്മാഗാന്ധി ബുൻകാർ ബീമ യോജന (എം.ജി.ബി.ബി.വൈ), പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമ യോജന (പി.എം.ജെ.ജെ.ബി.വൈ), പ്രധാനമന്ത്രി സുരക്ഷാ ബീമ യോജന (പി.എം.എസ്.ബി.വൈ) എന്നിങ്ങനെ ഇന്ത്യാ ഗവൺമെന്റ് മൂന്ന് പദ്ധതികൾക്ക് കീഴിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. ഏതു സ്കീം എന്നതനുസരിച്ച് അടക്കേണ്ട പ്രീമിയത്തിനു പ്രധാനമായും രണ്ടു ഘടകങ്ങൾ ആണ് ഉള്ളത് (i) കേന്ദ്ര സർക്കാരിന്റെ വിഹിതവും (ii) ഗുണഭോക്തൃ വിഹിതം/നെയ്ത്തുകാരുടെ സംഭാവനയും. പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജനയുടെ (പി.എം.എസ്.ബി.വൈ) കാര്യത്തിൽ, മുഴുവൻ പ്രീമിയം തുകയും നിലവിൽ കേന്ദ്ര ഗവൺമെന്റാണ് വഹിക്കുന്നത്. സംയോജന മഹാത്മാഗാന്ധി ബുൻകാർ ബീമ യോജന (എം.ജി.ബി.ബി.വൈ), പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന (പി.എം.ജെ.ജെ.ബി.വൈ) എന്നിവയ്ക്ക്, നെയ്ത്തുകാരുടെ വിഹിതം (യഥാക്രമം ഏകദേശം 180 രൂപ, 238 രൂപ) സംസ്ഥാന സർക്കാർ മാച്ചിംഗ് ഫണ്ടായി നൽകാൻ ഉദ്ദേശിക്കുന്നു. രണ്ട് സ്കീമുകളുടെയും വാർഷിക പ്രീമിയം തുക ചുവടെ നൽകിയിരിക്കുന്നു.

| ഏജൻസി | സംയോജിത എം.ജി.ബി.ബി.വൈ | പി.എം.ജെ.ജെ ബി.വൈ |
|---|---|---|
| ഗവ. ഓഫ് ഇന്ത്യ യുടെ വിഹിതം | 290 രൂപ | 198 രൂപ |
| സംസ്ഥാന ഗവ./ഗുണഭോക്താവിന്റെ വിഹിതം | 180 രൂപ | 238 രൂപ |
| **ആകെ** | **470/- രൂപ** | **436/- രൂപ** |

ഭാരത സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ സമാനമായ മറ്റേതെങ്കിലും പദ്ധതിയിൽ നിന്നും പ്രസ്തുത ഗുണഭോക്താക്കൾക്ക് ആവർത്തിച്ച് ധനസഹായം ലഭിക്കുന്നില്ല എന്ന് ഭരണ വകുപ്പ് ഉറപ്പാക്കേണ്ടതാണ്. ഹാന്റ് ലൂം ആന്റ് ടെക്സ്റ്റൈൽസ് വകുപ്പിലൂടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 2025-26 ൽ ഏകദേശം 10,000 നെയ്ത്തുകാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തും. മേൽപ്പറഞ്ഞ ഇൻഷ്വറൻസ് പ്രോഗ്രാമുകൾക്കായി 2025-26 ബജറ്റിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്, സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ച് എല്ലാ സജീവ നെയ്ത്തുകാരെയും ഈ പദ്ധതിക്ക് കീഴിൽ കൊണ്ടുവരുന്നുവെന്ന് ഡയറക്ടറേറ്റ് ഉറപ്പാക്കേണ്ടതാണ്. ഈ പദ്ധതിയിൽ ഏതാണ്ട് 70 ശതമാനത്തോളം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കും.

**സി) കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി**

**(വിഹിതം: 20.00 ലക്ഷം രൂപ)**

കൈത്തറി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന നെയ്ത്തുകാരും/അനുബന്ധ തൊഴിലാളികളും നിരവധി തൊഴിൽപരമായ അപകടങ്ങൾക്ക് വിധേയരാവാൻ സാധ്യതയുള്ളവരാണ്. അവരിൽ പലരും 45 വയസ്സിനു മുകളിൽ പ്രായമുള്ളവരും കാഴ്ചശക്തി-ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ നേരിടുന്നവരുമാണ്. അതിനാൽ, അവരുടെ ശാരീരിക ക്ഷേമം ഉറപ്പാക്കുന്നതിനും നേത്രസംബന്ധമായ ആവശ്യങ്ങൾ ഉൾപ്പെടെയുള്ള അസുഖങ്ങൾ പരിഹരിക്കുന്നതിനും ജില്ലാ സർക്കിളുകളിൽ വർഷത്തിൽ രണ്ടുതവണ മെഡിക്കൽ ക്യാമ്പുകൾ വിളിക്കാൻ ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നു. യോഗ്യതയ്ക്ക് വിധേയമായി 2000/- രൂപ കണ്ണട അലവൻസ് അനുവദിക്കുന്നതിനും ഈ പദ്ധതി ഉദ്ദേശിച്ചിട്ടുണ്ട്. അംഗീകൃത മാർഗരേഖയുടെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കുക. 2025-26 ബജറ്റിൽ 20.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**4. ഉത്പാദനം, വിപണനം, പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ**

ഉൽപ്പാദനം, വിപണനം, പരിശീലനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 1120.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(എ) വിപണന-കയറ്റുമതി പ്രോത്സാഹനം**

**(വിഹിതം: 300.00 ലക്ഷം രൂപ)**

കൈത്തറി സഹകരണ സംഘങ്ങൾക്കും, ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്കും ഇനിപ്പറയുന്ന സഹായം നൽകിക്കൊണ്ട് കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണി പ്രോത്സാഹിപ്പിക്കാനും വികസിപ്പിക്കാനും ഈ ഘടകം ലക്ഷ്യമിടുന്നു. മൂല്യ ശൃംഖലയിലെ ഇൻപുട്ട്-ഔട്ട്പുട്ട് ലിങ്കേജ്, ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവ്, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സ്ഥാപനങ്ങളുടെ/മേഖലയുടെ മൊത്തത്തിലുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ആകെ വിറ്റുവരവ് എന്നിവ ഉറപ്പുവരുത്തിയുമായിരിക്കണം ധനസഹായം നിശ്ചയിക്കേണ്ടത്. അതാത് സ്ഥാപനങ്ങളുടെ കയറ്റുമതി വിറ്റുവരവിന്റെ 20 ശതമാനം കയറ്റുമതി പ്രോത്സാഹനം നൽകുന്നതിനും, കൈത്തറി പ്രദർശനങ്ങൾ/മേളകൾ എന്നിവയിൽ പങ്കെടുക്കുന്നതിനുള്ള സഹായം, ബിസിനസ്സ് ടു ബിസിനസ് മീറ്റുകൾ, ഉത്സവകാലങ്ങളിൽ ജില്ലാതല, പ്രാദേശിക കൈത്തറി എക്സ്പോകൾ, ഡിസൈൻ കോൺക്ലേവ് സംഘടിപ്പിക്കൽ, ബയേഴ്സ്-സെല്ലേഴ്സ് മീറ്റുകൾ നടത്തൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഭാരത സർക്കാർ സംഘടിപ്പിക്കുന്ന എക്സ്പോകളിൽ പോകുന്നതിന് മാച്ചിങ്ങ് ഫണ്ട് നൽകേണ്ടതുണ്ടെങ്കിൽ അത് നൽകുന്നതിനും, കൈത്തറി ഉൽപന്നങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ, എൻ.ഐ.എഫ്.ടി, ഐ.ഐ.എം തുടങ്ങിയ വിഖ്യാത ഏജൻസികൾ തിരഞ്ഞെടുക്കുന്ന ഷോറൂമുകളുടെയും ഉൽപ്പന്നങ്ങളുടെയും ബ്രാൻഡിംഗ്, സംസ്ഥാന/ജില്ലാ തലങ്ങളിൽ മികച്ച നെയ്ത്തുകാരനുള്ള അവാർഡുകൾ എന്നിവയ്ക്ക് അനുയോജ്യമായ ഫണ്ടുകൾ കണ്ടെത്തൽ തുടങ്ങിയവ ഇതിൻറെ പരിധിയിൽ വരുന്നു. കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗത്തെക്കുറിച്ച് പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി അച്ചടി, സോഷ്യൽ മീഡിയ, ദൃശ്യ, പ്രക്ഷേപണ ഉപാധികളിലൂടെ രാജ്യത്തിനകത്തും പുറത്തും പ്രചാരണം നടത്തുന്നതിനുള്ള സഹായം. .ഹാന്റെക്സ്, ഹാൻവീവ്, പിഎച്ച്ഡബ്ല്യുസിഎസ് എന്നിവയ്ക്ക് ദേശീയ, അന്തർദേശീയ മേളകളിൽ/പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിനുള്ള സഹായം, ഡിസൈൻ സ്റ്റുഡിയോയുടെ പ്രമോഷൻ, കേരള ടൂറിസം പാക്കേജുകൾ (ബാലരാമപുരം, ചേന്ദമംഗലം, കുത്താമ്പുള്ളി, കണ്ണൂർ, കാസർകോട്) എന്നിവയും ഇതിൽ ഉൾപ്പെടുന്നു. 'കൈത്തറി മാർക്ക് സ്കീം' പ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് പിഎച്ച്ഡബ്ല്യുസിഎസിനും വ്യക്തിഗത നെയ്ത്തുകാർക്കും ഓൺലൈൻ, ഡിജിറ്റൽ മാർക്കറ്റിംഗിനുള്ള സഹായം, കേരള ബ്രാൻഡ് എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പദ്ധതിക്കായി 2025-26 ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ദേശീയ കൈത്തറി വികസന പരിപാടിക്ക് (കേന്ദ്രമേഖലാ സ്കീം) കീഴിലുള്ള സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനും വലിയ കവറേജ് ലഭിക്കുന്നതിനും, പദ്ധതി ചെലവിൽ നിന്നും പരമാവധി വരുമാനം ഉറപ്പാക്കുന്നതിനും പദ്ധതിക്കുള്ള ബജറ്റ് വിഹിതം ഉപയോഗിക്കാം.

**(ബി) കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും**

**(വിഹിതം: 400.00 ലക്ഷം രൂപ)**

കൈത്തറി തൊഴിലാളികൾക്ക് ജോലിസ്ഥിരതയും മിനിമം വേതനവും ഉറപ്പാക്കിക്കൊണ്ട് മേഖലയിലെ ബിസിനസ് മെച്ചപ്പെടുത്തുന്നതിന് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ മത്സരാധിഷ്ഠിത ചെലവിൽ നൽകുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. കൈത്തറി മേഖലയിലെ ആധുനികവൽക്കരണം, തറി നന്നാക്കൽ/അറ്റകുറ്റപ്പണി, സാങ്കേതിക വിദ്യ മെച്ചപ്പെടുത്തൽ,

പുനരുജ്ജീവനം, വർക്ക് ഷെഡ് നവീകരണം എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പ്രീ ലൂം പ്രവർത്തനങ്ങൾ, സ്പിന്നിംഗ്, നെയ്ത്ത്, ഡെയിങ്ങ് ആന്റ് പ്രിന്റിംഗ്, അടിസ്ഥാന സൗകര്യവികസനം, മൂല്യവർധിത ഉൽപ്പന്നങ്ങൾ, വനിതാ സൗഹൃദ ജോലി സ്ഥലങ്ങൾ എന്നിവയാണ് ആസൂത്രണം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ. പരമ്പരാഗത സംസ്കാരത്തെയും അടിസ്ഥാന തത്ത്വത്തെയും ബാധിക്കാതെ വ്യവസായത്തെ പൂർണ്ണമായും മാറ്റുക എന്നതാണ് ആത്യന്തിക ഉദ്ദേശ്യം. ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വ്യക്തവും ലക്ഷ്യങ്ങളുള്ളതുമായിരിക്കണം അതോടൊപ്പം വിശദവും സമഗ്രവുമായ ഒരു പ്രോജക്റ്റ് രൂപരേഖയെ അടിസ്ഥാനമാക്കിയുള്ളതുമായിരിക്കണം. 2025-26 ബജറ്റിൽ പദ്ധതിക്കായി 400.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രീ-ലൂം സൗകര്യങ്ങൾക്കുള്ള സഹായം, സ്റ്റീൽ, റീഡുകൾ, ഷട്ടിൽസ് തുടങ്ങിയ തറി അനുബന്ധ ഉപകരണങ്ങൾ മാറ്റിസ്ഥാപിക്കുന്നതിന് സൊസൈറ്റികൾക്കുള്ള സഹായം. ഏകദേശം 1000 നെയ്ത്തുകാരെ സഹായിക്കുക എന്നതാണ് ലക്ഷ്യം, ഗുണഭോക്താക്കളിൽ 50 ശതമാനം സ്ത്രീകളായിരിക്കും. | 400.00 |
| 2 | അംഗീകൃത ഗവേഷണ സ്ഥാപനങ്ങൾ വഴി തറികളുടെ ഉൽപ്പാദനക്ഷമത, നെയ്ത്തിന്റെ ഗുണനിലവാരം, അനുബന്ധ പ്രക്രിയകൾ എന്നിവ വർദ്ധിപ്പിക്കുന്നതിന് സാങ്കേതിക നവീകരണ പ്രവർത്തനങ്ങളും പുതിയ സാങ്കേതികവിദ്യകളുടെ കൈമാറ്റവും | |
| 3 | ഫാക്ടറി മാതൃകയിലുള്ള സൊസൈറ്റികളുടെ പുനരുജ്ജീവനവും സ്റ്റാൻഡേർഡൈസേഷനും | |
| 4 | പ്രാഥമിക സഹകരണ സംഘങ്ങൾ/ ഹന്റെക്സ്/ ഹാൻവീവ്/ വ്യാവസായിക സഹകരണ സംഘങ്ങൾ എന്നിവയുടെ വർക്ക് ഷെഡ്ഡുകളുടെയും ഡൈ ഹൗസുകൾ പോലുള്ള പൊതു സൗകര്യങ്ങളുടെയും നിർമ്മാണം അല്ലെങ്കിൽ നവീകരണം. | |
| 5 | ഹാൻവീവ്/ഹാന്റെക്സ്/വെൽഫെയർ ബോർഡ് അംഗങ്ങൾക്ക് കീഴിലുള്ള കൈത്തറി നെയ്ത്തുകാരുടെ വർക്ക് ഷെഡ്ഡുകളുടെ നവീകരണം, ഓഡിറ്റഡ് അക്കൗണ്ടുകൾ, മുൻ വർഷങ്ങളിലെ ഏറ്റവും കുറഞ്ഞ ഉൽപ്പാദന, വിൽപ്പന വിറ്റുവരവ് എന്നിവ അടിസ്ഥാനമാക്കിയായിരിക്കും സഹായം നല്കുക | |
| 6 | ഡൈ ഹൗസിന്റെ നവീകരണം/അറ്റകുറ്റപ്പണി | |
| 7 | 'ലൂം എ ഹൗസ്' പദ്ധതി: ഒരു കുടുംബത്തിലെ ഒരു അംഗത്തിനെങ്കിലും 5 വർഷത്തെ പരിചയമോ യോഗ്യതയുള്ള ഏജൻസിയിൽ നിന്നുള്ള സാക്ഷ്യപത്രമോ ഉള്ളതും എന്നാൽ തറികൾ വാങ്ങാൻ കഴിയാത്തതുമായ വീടുകളിൽ നെയ്ത്ത് പ്രോത്സാഹിപ്പിക്കുന്നതിനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. തറിയുടെ വിലയുടെ 75 ശതമാനം, പരമാവധി 40,000 വരെ സർക്കാർ ഗ്രാന്റായി നൽകും. | |
| 8 | വനിതാ നെയ്ത്തുകാരുടെ വിശ്രമമുറികൾ, ടോയ്‌ലറ്റുകൾ, മറ്റ് പൊതു സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണം | |
| | **ആകെ** | **400.00** |

ദേശീയ കൈത്തറി വികസന പരിപാടി (കേന്ദ്ര മേഖല പദ്ധതി) പ്രകാരമുള്ള സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനും ഈ പദ്ധതിക്കായുള്ള ബജറ്റ് വിഹിതം ഉപയോഗിക്കാം. ഇതിലൂടെ വലിയ കവറേജ് ലഭിക്കുന്നതിനും, പദ്ധതിക്കായി തുക ചെലവഴിക്കുന്നതിലൂടെ പരമാവധി വരുമാനം ഉറപ്പാക്കുന്നതിനും സാധിക്കും.

**(സി) പരിശീലന, വൈദഗ്ധ്യ ശേഷി വികസന പരിപാടി**

**(വിഹിതം: 320.00 ലക്ഷം രൂപ)**

കൈത്തറി, യന്ത്രത്തറി മേഖലകളിലെ മൂല്യ ശൃംഖലയിലുടനീളമുള്ള പങ്കാളികൾക്ക് പരിശീലനവും നൈപുണ്യ വികസനവും നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു. പ്രീ-പ്രോസസ്സിംഗ്/സ്പിന്നിംഗ്/നെയ്ത്ത് എന്നിവയിൽ കഴിവുകൾ വികസിപ്പിക്കൽ, ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തൽ, മൂല്യ ശൃംഖലയിലെ എല്ലാ പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന അഡ്വാൻസ് ടെക്നോളജി ഉപയോഗിക്കാനുള്ള ശേഷി കൈവരിക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇ-ഗവേണൻസ്, ഗവേഷണ-വികസന പിന്തുണ, പഠനങ്ങൾ തുടങ്ങിയവയും പദ്ധതിയുടെ പരിധിയിൽ വരും.

i). മൂല്യനിർണ്ണയം/ഇംപാക്ട് പഠനങ്ങൾ, ഡിപ്പാർട്ട്മെന്റൽ ഉദ്യോഗസ്ഥർക്ക് ഓറിയന്റേഷൻ പരിശീലനം, പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങൾ, ഹാന്റെക്സ്, ഹാൻവീവ്, പവർലൂം സൊസൈറ്റികൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും അവരുടെ നെയ്ത്ത് കഴിവുകൾ വികസിപ്പിക്കുന്നതിനും ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും എറ്റവും പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനുമുള്ള പരിശീലനം, പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ, ടെക്സ്റ്റൈൽ കമ്മിറ്റിയുടെയും മറ്റും സഹകരണത്തോടെ സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തൽ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്കായി 40.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ii. സമ്പൂർണ്ണ ഇ-ഗവേണൻസ് സൊല്യൂഷനുകൾ (ഇ.ആർ.പി): മേഖലയുടെ മൊത്തം കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും തെറ്റില്ലാത്ത ഇടപാടുകൾക്കും മെച്ചപ്പെട്ട ഉത്പാദനത്തിനും സഹായിക്കുന്ന ഒരു ബിസിനസ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ ആണ് ഇ.ആർ.പി. മാനേജ്മെന്റ് പ്രവർത്തനങ്ങളായ സാങ്കേതികവിദ്യ, സേവനങ്ങൾ, ഹ്യൂമൻ റിസോഴ്സ് മുതലായവയെ ഓട്ടോമേറ്റ് ചെയ്യുന്നതിനും ബിസിനസ്സ് കൈകാര്യം ചെയ്യുന്നതിനുമായി സംയോജിത ആപ്ലിക്കേഷനുകളുടെ ഒരു സംവിധാനത്തെ അനുവദിക്കുകയുമാണ് ഈ മാനേജ്മെന്റ് സോഫ്റ്റ്‌വെയറിലൂടെ ചെയ്യുന്നത്. ഇആർപി സൊല്യൂഷനുകൾ ഐടി ഡിപ്പാർട്ട്മെന്റിന്റെ ഡിജിറ്റൽ കേരള ആർക്കിടെക്ചറുമായി യോജിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട അനുബന്ധ വെബ്/മൊബൈൽ/സിസ്റ്റം ആപ്ലിക്കേഷനുകളുടെ വികസനവും സൊസൈറ്റികൾ, നെയ്ത്തുകാർ, ഉൽപ്പന്ന മാപ്പിംഗ് എന്നിവയെക്കുറിച്ചുള്ള ഡാറ്റ ശേഖരിക്കുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനുമായി 'ഹാൻഡ് ലൂം ജാലകം' എന്ന സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു. മൊബൈൽ ആപ്ലിക്കേഷന്റെ പരിഷ്കരണം, ഹാൻഡ് ലൂം ജാലകം അപ്ഡേറ്റ്, കൈത്തറി പരിശോധകർക്ക് ഇൻറർനെറ്റ് കണക്ഷനുള്ള ടാബുകൾ നൽകൽ എന്നിവയും ഈ പദ്ധതിയുടെ ഭാഗമാണ്. കൈത്തറി, പവർലൂം സൊസൈറ്റികൾ, വ്യക്തിഗത ഉൽപ്പാദന യൂണിറ്റുകൾ, എംഐഎസ് റിപ്പോർട്ടിംഗ്, ജിഐഎസ് മാപ്പിംഗ്, സംസ്ഥാനത്തുടനീളമുള്ള മറ്റ് പ്രസക്തമായ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനും ഫലപ്രദമായ ഒരു പ്ലാറ്റ്ഫോം സൃഷ്ടിക്കുന്നതിനുമായി കേരളത്തിലെ കൈത്തറി, ടെക്സ്റ്റൈൽ ഡയറക്ടറേറ്റിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുക എന്നിവയും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഡയറക്ടറേറ്റിന്റെ ഐടി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, മാറ്റിസ്ഥാപിക്കൽ, അപ്ഗ്രഡേഷൻ, എഎംസി എന്നിവ ഉൾപ്പെടെ ആവശ്യമായ ഹാർഡ്‌വെയർ സോഫ്റ്റ്‌വെയർ അടിസ്ഥാന സൗകര്യങ്ങളുടെ ഇൻസ്റ്റാളേഷൻ, അപ്ഗ്രഡേഷൻ, പരിപാലനം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇതിനായി 40.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

iii. പുതിയ ഡിസൈനുകൾ വികസിപ്പിക്കുന്നതിനും അത് നെയ്ത്തുകാർക്ക് പരിചയപ്പെടുത്തുന്നതിനുമായി ഐ.ഐ.എച്ച്.ടി, എൻ.ഐ.എഫ്.ടി എന്നിവിടങ്ങളിലെ പ്രൊഫഷണൽ ഡിസൈനർമാരെ ഉൾപ്പെടുത്തി ഓരോ പ്രദേശത്തെയും നെയ്ത്തുകാർക്ക് കുറഞ്ഞത് ഒരു ഡിസൈനറുടെ സേവനമെങ്കിലും ലഭ്യമാക്കുവാനുമായി 45.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

iv. കണ്ണൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജിക്ക് ഗ്രാന്റിനത്തിൽ തുക വകയിരിത്തിയിരിക്കുന്നു. കൈത്തറി മേഖലയിലെ നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും, മൂല്യ ശൃംഖലയെ സമഗ്രമായി ഉൾപെടുത്തിയ (ട്രെയിനിംഗ് മോഡ്യൂൾസോടുകൂടിയ) കേന്ദ്രീകൃത തീവ്ര പരിശീലനം നൽകുന്നതിനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. ഇതിനായി 145.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 75 ശതമാനം ഗുണഭോക്താക്കളും സ്ത്രീകളായിരിക്കും.

vi. ഐഐഎച്ച്ടി വെങ്കടഗിരി (ആന്ധ്രാപ്രദേശ്), ഗഡ്ഗാഗ് (കർണാടക), സേലം (തമിഴ്നാട്), കണ്ണൂർ (കേരളം) എന്നിവിടങ്ങളിൽ 3 വർഷത്തെ ടെക്സ്റ്റൈൽ ടെക്നോളജി പഠിക്കുന്ന കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻഡ് നൽകും. ഏകദേശം 135 വിദ്യാർത്ഥികൾക്ക് ഇത് പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി 20.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

vii. പ്രീ-ലൂം സംസ്കരണം, നൂൽ ഉത്പാദനം, നെയ്ത്ത്, ഡൈയിംഗും പ്രിന്റിംഗും, വസ്ത്ര നിർമ്മാണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനം തുടങ്ങിയവ ഉൾപ്പെടുന്ന മൂല്യ ശൃംഖലയിലുടനീളമുള്ള സാങ്കേതികവിദ്യ പ്രക്രിയകൾ, ഉൽപ്പന്നങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള ഗവേഷണവും വികസനവും കൂടാതെ വിപണി ഗവേഷണവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പ്രശസ്തമായ ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇത് ഏറ്റെടുക്കാം. ഇതിനായി 30.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ഈ സ്കീമിൽ 2025-26 ബജറ്റിൽ മൊത്തം 320.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ഡി) ദേശീയ കൈത്തറി വികസന പരിപാടി (എൻ.എച്ച്.ഡി.പി)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

നാഷണൽ ഹാൻഡ്‌ലൂം ഡെവലപ്മെന്റ് പ്രോഗ്രാം (എൻ.എച്ച്.ഡി.പി) രാജ്യത്തെ കൈത്തറി നെയ്ത്തുകാരുടെ ക്ഷേമത്തിനും കൈത്തറിയുടെ പരിപൂർണ്ണവും സമഗ്രവുമായ വികസനത്തിനും വേണ്ടിയുള്ള ഒരു കേന്ദ്ര മേഖലാ പദ്ധതിയാണ്. 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതിനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ഇന്ത്യാ ഗവൺമെന്റ് പ്രസിദ്ധീകരിച്ചു. ഇതിലെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്-

i) ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം) സിഡിപി) (മുൻപ് ബ്ലോക്ക് ലെവൽ ക്ലസ്റ്റർ എന്നറിയപ്പെട്ടിരുന്നു(

ii) കൈത്തറി വിപണന സഹായം-മുൻപ് ശ്രദ്ധിക്കപ്പെടാത്തതും കഴിവുള്ളതുമായ നെയ്ത്തുകാരിൽ പ്രത്യേക ഊന്നൽ നൽകുന്നു.

iii) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി) ഉൾപ്പെടെയുള്ളവയുടെ അടിസ്ഥാന സൗകര്യങ്ങളും പ്രത്യേക പദ്ധതികളും- മാർക്കറ്റിംഗ് കോംപ്ലക്സ്/സുവനീർ ഷോപ്പ് സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള അനുബന്ധ പ്രോജക്ടുകളും ഇതിൽ ഉൾപെടും.

iv) മെഗാ ഹാൻഡ്‌ലൂം ക്ലസ്റ്റർ [നേരത്തെ സമഗ്ര കൈത്തറി ക്ലസ്റ്റർ വികസന പദ്ധതി (സി.എച്ച്.സി.ഡി.എസ്) എന്നറിയപ്പെട്ടിരുന്നു]

v) വായ്പായിളവ്/നെയ്ത്തുകാരുടെ മുദ്ര ലോൺ

vi) കൈത്തറി നെയ്ത്തുകാരുടെ ക്ഷേമ പദ്ധതി {നേരത്തെ കൈത്തറി നെയ്ത്തുകാരുടെ സമഗ്ര ക്ഷേമ പദ്ധതി (എച്ച്.ഡബ്ല്യു.സി.ഡബ്ല്യു.എസ്) എന്നറിയപ്പെട്ടിരുന്നു}

vii) മറ്റു ഘടകങ്ങൾ ഗവേഷണ വികസന പദ്ധതികൾ, കൈത്തറി സെൻസസ്, പബ്ലിസിറ്റി, പരസ്യം, നിരീക്ഷണം, പരിശീലനവും പദ്ധതിയുടെ വിലയിരുത്തലും, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂൾ (എൻ.ഐ.ഒ.എസ്.)/ഇഗ്നോ വഴി നെയ്ത്തുകാരുടെ/അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം, പ്രോജക്ട് മോണിറ്ററിംഗ് സെൽ, കൈത്തറി ഹെൽപ്പ് ലൈൻ സെന്റർ, നേരത്തെയുള്ള എൻ.എച്ച്.ഡി.പി, എച്ച്.ഡബ്ല്യു.സി.ഡബ്ല്യു.എസ്, സി.എച്ച്.സി.ഡി.എസ്, എൻ.ഇ.ആർ.ടി.പി.എസ് എന്നിവയുടെ ബാധ്യതകൾ.

ഉപഘടകത്തെയും അതിൽ ഉൾപെട്ടിട്ടുള്ള പ്രവർത്തനങ്ങളെയും മുൻനിർത്തി ഇന്ത്യ ഗവണ്മെന്റ്/ഏജൻസികൾ, സംസ്ഥാന വകുപ്പുകൾ/നടപ്പിലാക്കുന്ന ഏജൻസികൾ, ഗുണഭോക്താക്കൾ എന്നിവർ നൽകേണ്ട സാമ്പത്തിക വിഹിതം ഉറപ്പുവരുത്തേണ്ടതാണ്. 2025-26 ൽ എൻഎച്ച്ഡിപിക്ക് കീഴിലുള്ള പ്രോജക്ടുകൾ/പ്രവർത്തനങ്ങൾ എന്നിവ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നടപ്പിലാക്കുന്നതിന്, ആനുപാതിക സംസ്ഥാന വിഹിതമായി (മാച്ചിംഗ് വിഹിതം) 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കൈത്തറിക്ക് കീഴിലുള്ള മറ്റ് ഒറ്റപ്പെട്ട സ്കീമുകൾ നടപ്പിലാക്കുന്നതിനുള്ള വിഹിതം ഉറപ്പാക്കുന്നതിനും, വ്യാപ്തി വിപുലീകരിക്കുന്നതിനും, പദ്ധതിക്കായി തുക ചെലവഴിക്കുന്നതിലൂടെ പരമാവധി വരുമാനം ഉറപ്പാക്കുന്നതിനും വേണ്ടി ഈ പദ്ധതി സംയോജിപ്പിക്കാവുന്നതാണ്.

**5. നാട്ടുകാണി ടെക്സ്റ്റൈൽ പ്രോസസ്സിംഗ് സെന്റർ സ്ഥാപിക്കുക**

**(വിഹിതം: 10.00 ലക്ഷം രൂപ)**

കേരളത്തിൽ ഡൈ/ഡിജിറ്റൽ പ്രിന്റിംഗിനുള്ള ആവശ്യകത എപ്പോഴും കൂടുതലാണ്. ഇത് പ്രധാനമായും പ്രാഥമിക ഹാൻഡ്‌ലൂം വർക്കേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റികൾ, ഇന്റഗ്രേറ്റഡ് പവർലൂം സൊസൈറ്റികൾ, സ്പിന്നിംഗ് മില്ലുകൾ, ഹാൻഡ്‌ലൂം അപ്പെക്സ് ഓർഗനൈസേഷനുകൾ എന്നിവയ്ക്കാണ്

ആവശ്യമായി വരുന്നത്. നിലവിൽ, കേരളത്തിലെ കൈത്തറി, ടെക്സ്റ്റൈൽ മേഖലയ്ക്ക് ഡൈയിംഗ്, ഡിജിറ്റൽ പ്രിന്റിംഗ് എന്നിവയുടെ ആവശ്യകത നിറവേറ്റുന്നതിന് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ്. അതിനാൽ കണ്ണൂർ നാടുകാണിയിലുള്ള കിൻഫ്ര ടെക്സ്റ്റൈൽ സെന്ററിൽ പരിസ്ഥിതി സൗഹൃദ ഡൈയിംഗ് ആന്റ് പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ മൂലധന നിക്ഷേപ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി 2025-26 ബജറ്റിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**6. കാഞ്ഞിരോട് കൈത്തറി ഗ്രാമം/ഹാൻഡ് ലൂം വില്ലേജ്**

**(വിഹിതം: 10.00 ലക്ഷം രൂപ)**

കണ്ണൂരിലെ കാഞ്ഞിരോട് വീവേഴ്സ് സൊസൈറ്റി നൽകിയ സ്ഥലത്ത് ഒരു സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കാൻ പദ്ധതി ഉദ്ദേശിക്കുന്നു. ഈ ഗ്രാമത്തിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കൈത്തറി ഉൽപന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനുമുള്ള സൗകര്യം ഉറപ്പാക്കികൊണ്ട് കാഞ്ഞിരോട് കൈത്തറി ഗ്രാമം/ഹാൻഡ് ലൂം വില്ലേജിനെ ഒരു പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാൻ സാധിക്കും. വ്യത്യസ്തങ്ങളായ കൈത്തറി ഉത്പന്നങ്ങളിലൂടെയും അവിടെ സന്ദർശിക്കുന്ന വിനോദസഞ്ചാരികളുമായി ഇടപഴകുന്ന നെയ്ത്തുകാരുടെ സമന്വയത്തിൽ നിന്നും പ്രയോജനം നേടുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ നെയ്ത്തുകാർക്ക് പുതിയ അറിവ് നേടാനും പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നേടാനും ഇത് പ്രയോജനപ്പെടും. പദ്ധതിക്കായി 2025-26 ബജറ്റിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**7. പ്രീമിയം ഉൽപ്പന്നങ്ങൾക്കുള്ള ഉൽപ്പന്ന വികസന സഹായം (പുതിയ പദ്ധതി)**

**(വിഹിതം: 500.00 ലക്ഷം)**

പ്രീമിയം ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി, മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സൊസൈറ്റികൾക്ക് സഹായം നൽകണമെന്ന് കൈത്തറി മേഖലയിലെ വിദഗ്ധ സമിതി ശിപാർശ ചെയ്തിരുന്നു. നിലവിൽ നൂൽ വിലയിലെ അമിതമായ വർദ്ധനവ് പ്രാഥമിക ഹാൻഡ്ലൂം വർക്കേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റികളെ സാരമായി ബാധിക്കുകയും അത് അസംസ്കൃത വസ്തുക്കളുടെ കുറഞ്ഞ ലഭ്യതയ്ക്കും/വാങ്ങലിനും, ഉല്പന്നങ്ങളുടെ കുറഞ്ഞ ഉൽപാദനത്തിനും കാരണമായിട്ടുണ്ട്. മാത്രമല്ല, നൂലിന്റെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ കാരണം ഉൽപ്പന്നങ്ങൾക്ക് വില സ്ഥിരത ഉറപ്പാക്കാൻ കഴിയാത്ത അവസ്ഥയും നിലനിൽക്കുന്നുണ്ട്. പുതിയ കാലഘട്ടത്തിൽ പ്രീമിയം ഉൽപ്പന്നങ്ങളുടെ തുടർച്ചയായ ഉത്പാദനം ഉറപ്പാക്കേണ്ടത് ഈ മേഖലയുടെ നിലനിൽപ്പിന് ആത്യാവശ്യമാണ്. ഉൽപാദനത്തിന് നല്ല ഗുണ നിലവാരമുള്ള നൂലും ചായവും ആവശ്യമുള്ള കൈത്തറി ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗിനെ സർക്കാർ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. കൂടാതെ സംസ്ഥാനത്ത് നാല് ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിക്കുന്നുണ്ട്. അതോടൊപ്പം സംസ്ഥാനം, NHDP-യുടെ പിന്തുണയോടെ ക്ലസ്റ്ററുകളും സ്ഥാപിച്ചു വരുന്നു. ഈ പദ്ധതികൾക്കെല്ലാം തന്നെ നല്ല ഗുണ നിലവാരമുള്ള നൂൽ ആവശ്യമാണ്.

പ്രീമിയം ഉൽപ്പന്നങ്ങളുടെ തുടർച്ചയായ ഉത്പാദനം ഉറപ്പാക്കുന്നതിന് ഹാന്റെക്സ്, ഹാൻവീവ് എന്നിവയുൾപ്പെടെ 8 നൂൽ ബാങ്ക് സൊസൈറ്റികൾ വഴി നെയ്ത്തുകാർക്ക് ഗുണനിലവാരമുള്ള നൂലിന്റെ ലഭ്യത ഉറപ്പാക്കിക്കൊണ്ട് 380 PHWCS കൾ, NHDP ക്ലസ്റ്ററുകൾ എന്നിവയ്ക്ക് നല്ല നിലവാരമുള്ള നൂൽ ലഭ്യമാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. സൊസൈറ്റികൾക്ക് ഒറ്റത്തവണ സൗജന്യ സഹായം ലഭിക്കുന്ന ഒരു സബ്സിഡി പദ്ധതിയാണിത്. തുടർന്ന് 8 നൂൽ ബാങ്കുകളിൽ നിന്ന് സബ്സിഡി നിരക്കിൽ നൂൽ ലഭിക്കും. ഈ പദ്ധതിയിൽ, നൂൽ നേരിട്ട് വാങ്ങുന്നതിന് സഹായം നൽകും.

പദ്ധതിക്കായി 2025-26 ലെ ബജറ്റിൽ 500.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

**8. ഹാന്റെക്സ് പുനരുജ്ജീവന പാക്കേജ് (പുതിയ പദ്ധതി)**

**(വിഹിതം: 2000.00 ലക്ഷം)**

അപ്രതീക്ഷിത വെള്ളപ്പൊക്കം, കോവിഡ്-19 പകർച്ചവ്യാധി എന്നിവയുടെ ഫലമായി കൈത്തറി വ്യവസായം ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു, അതിനാൽ തന്നെ ഈ വ്യവസായത്തിന് അതിന്റെ ബിസിനസ്സ് പൂർണ്ണമായും വീണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല. പരുത്തി നൂലിന്റെ വിലയിലെ വൻ വർദ്ധനവ്, നൂലിന്റെ ലഭ്യതക്കുറവ്, വലിയ കുടിശ്ശിക (പ്രാഥമിക കൈത്തറി സൊസൈറ്റികൾക്കും ജീവനക്കാർക്കും/വിരമിച്ച ജീവനക്കാർക്കും) തുടങ്ങിയ വിവിധ പ്രശ്നങ്ങൾ കാരണം ഹാന്റെക്സിന്റെ ബിസിനസിനെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. കൈത്തറി വ്യവസായത്തിലെ മൂല്യ ശൃംഖലയിൽ ഹാന്റെക്സ് ഒരു പ്രധാന പങ്ക് വഹിക്കുന്നതിനാൽ, കൈത്തറി വ്യവസായത്തിന്റെ തടസ്സമില്ലാത്ത പ്രവർത്തനം ഉറപ്പാക്കാൻ ഹാന്റെക്സിനെ പുനരുജ്ജീവിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഹാന്റക്സിനെ പുനരുജ്ജീവിപ്പിച്ചുകൊണ്ട് കൈത്തറി വ്യവസായത്തിന്റെ വളർച്ചയെ പ്രോത്സഹിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്ത ഒരു സമഗ്ര

പാക്കേജാണ് ഹാന്റെക്സ് പുനരുജ്ജീവന പാക്കേജ്. ഈ പാക്കേജിൽ രണ്ട് പ്രധാന ഘടകങ്ങളുണ്ട്: എ) അടിയന്തര ബാധ്യതകളുടെ തീർപ്പാക്കൽ, ബി) ഹാന്റക്സിന്റെ തുടർച്ചയായ പ്രവർത്തനങ്ങൾക്കുള്ള പിന്തുണ.

അടിയന്തര ബാധ്യതകളുടെ തീർപ്പാക്കലിലൂടെ ഹാന്റെക്സിനു സാമ്പത്തിക അടിത്തറ കൈവരുകയും അതോടൊപ്പം തുടർച്ചയായ പ്രവർത്തനങ്ങൾക്കുള്ള പിന്തുണ/പ്രോത്സഹനം നൽകുന്നതിലൂടെ ഹാന്റെക്സിന് പ്രത്യേകിച്ചും ഈ മേഖലയ്ക്ക് മൊത്തത്തിലും തുടർച്ചയായ വരുമാനം ഉറപ്പാക്കുകയും ചെയ്യും. അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഒരു സ്വയംപര്യാപ്ത സ്ഥാപനമായി മാറുക എന്ന ലക്ഷ്യത്തോടെ ഹന്റെക്സ് നിലവിലുള്ള ഉൽപ്പാദന, സംഭരണ രീതി പുനഃക്രമീകരിക്കും. ഹാന്റെക്സ് പുനരുജ്ജീവന പാക്കേജിലെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|
| **(എ) ബാധ്യത തീർപ്പാക്കൽ** | |
| 1. പ്രാഥമിക സംഘങ്ങൾക്കുള്ള കുടിശ്ശിക തീർപ്പാക്കൽ | 1334.00 |
| 2.വിരമിച്ച ജീവനക്കാർക്കുള്ള കുടിശ്ശിക തീർപ്പാക്കൽ (ഗ്രാറ്റുവിറ്റി) | 166.00 |
| **ആകെ (എ)** | **1500.00** |
| **(ബി) തുടർ പ്രവർത്തനങ്ങൾക്കുള്ള പിന്തുണ** | |
| 1. നൂൽ വാങ്ങലിനുള്ള സഹായം | 250.00 |
| 2. ക്ലസ്റ്റർ വികസനത്തിനുള്ള സഹായം | 100.00 |
| 3. ഷോറൂം നവീകരണത്തിനുള്ള സഹായം | 100.00 |
| 4. പരസ്യത്തിനുള്ള സഹായം | 50.00 |
| **ആകെ (ബി)** | **500.00** |
| **ആകെ പദ്ധതി ചെലവ്** | **2000.00** |

ഹാൻടെക്സിന്റെ പുനരുജ്ജീവന പാക്കേജിനായി 2000.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**9. യന്ത്രത്തറി വ്യവസായ വികസനം**

പവർലൂം മേഖലയുടെ പുനരുജ്ജീവനത്തിനായി 2025-26 ബജറ്റിൽ 64.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(എ) യന്ത്രത്തറി സഹകരണ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം**

**(വിഹിതം: 15.00 ലക്ഷം രൂപ)**

യന്ത്രത്തറി സഹകരണ സംഘങ്ങളുടെ നവീകരണം, സാങ്കേതിക നിലവാരം ഉയർത്തൽ, വൈവിധ്യവൽക്കരണം തുടങ്ങിയവയ്ക്കും അതോടൊപ്പം ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് സമഗ്രമായ പുനരുജ്ജീവന പദ്ധതിയുടെ അടിസ്ഥാനത്തിൽ മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിന് സഹായം കണ്ടെത്തുക എന്നിവയ്ക്കായി സർക്കാർ ഓഹരി മൂലധനം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി.

ടെക്സ്ഫെഡിന് കീഴിലുള്ള സൊസൈറ്റികൾ ഒഴികെയുള്ള 4 യന്ത്രത്തറി സഹകരണ സംഘങ്ങളെ സഹായിക്കുന്നതിന് 2025-26 ബജറ്റിൽ 15.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(ബി) യന്ത്രത്തറി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം**

**(വിഹിതം: 49.00 ലക്ഷം രൂപ)**

അടിസ്ഥാന സൗകര്യ വികസനം, സാങ്കേതിക വിദ്യാ വികസനം, മൂല്യവർദ്ധിത ഉൽപന്നങ്ങൾ, പ്രവർത്തന മൂലധന സഹായം, ഉൽപ്പന്ന വൈവിധ്യവൽക്കരണം എന്നിവ ഉൾക്കൊള്ളുന്ന പവർലൂം

സഹകരണ സംഘങ്ങളുടെ സമഗ്രമായ പുനരുജ്ജീവനത്തെ ഒറ്റത്തവണ പിന്തുണയ്ക്കാൻ ഈ പദ്ധതി ഉദ്ദേശിക്കുന്നു. 2025-26 ബജറ്റിൽ 49.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**10. യന്ത്രത്തറി നെയ്ത്ത് വ്യവസായങ്ങളുടെ ആധുനികവൽക്കരണം (ടെക്സ്ഫെഡ്)**

ടെക്സ്ഫെഡിന് കീഴിലുള്ള സംയോജിത പവർലൂം സൊസൈറ്റികളുടെ നവീകരണവും സഹകരണ സ്പിന്നിംഗ് മില്ലുകളുടെ സമഗ്രമായ പുനരുജ്ജീവനവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ഈ പദ്ധതിക്കായി 630.00 ലക്ഷം രൂപ വകയിരുത്തുന്നു.

**(എ) ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള സമഗ്ര യന്ത്രത്തറി സംഘങ്ങളുടെ ആധുനികവത്ക്കരണം**

**(വിഹിതം: 30.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ ടെക്സ്ഫെഡിന് കീഴിലുള്ള സംയോജിത പവർലൂം സൊസൈറ്റികൾക്ക് (കോട്ടയം, വയനാട്, കോഴിക്കോട്, നെയ്യാറ്റിൻകര) ആധുനികവൽക്കരണം, അറ്റകുറ്റപ്പണി, അസംസ്കൃത വസ്തുക്കൾ വാങ്ങൽ, മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള തറിയുമായി ബന്ധപെട്ട സാധന-സാമഗ്രികളുടെ വാങ്ങൽ എന്നിവയാണ് പദ്ധതി ഉദ്ദേശിക്കുന്നത്. 2025-26 ബജറ്റിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 30.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | പവർലൂമിന്റെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 5 |
| 2 | കോട്ടയം ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 9 |
| 3 | കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 8 |
| 4 | വയനാട് ഹാൻഡ് ലൂം പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 8 |
| ആകെ | | 30 |

**(ബി) ടെക്സ്ഫെഡിന്റെ കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായുള്ള സമഗ്ര പദ്ധതി**

**(വിഹിതം: 600.00 ലക്ഷം രൂപ)**

സംസ്ഥാന സഹായത്തോടെ കൈക്കൊള്ളുന്ന നവീകരണ പദ്ധതികൾ പൂർത്തീകരിച്ച് മില്ലുകളെ ബ്രേക്ക് ഈവനിലെത്തിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ടെക്സ്ഫെഡിന് കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പരിപാലനത്തിനും പ്രവർത്തന മൂലധന ആവശ്യകതകൾ നിറവേറ്റുന്നതിനുമുള്ള (അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിന് ഒറ്റത്തവണ സഹായമുൾപ്പെടെ) വ്യവസ്ഥയും ഇതിൽ ഉൾപ്പെടുന്നു. ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, കെ. കരുണാകരൻ കോ- ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ എന്നിവയാണ് ടെക്സ്ഫെഡിന് കീഴിലുള്ള എട്ട് സ്പിന്നിംഗ് മില്ലുകൾ. സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിന് നിർദ്ദിഷ്ട ഫലങ്ങൾ ലക്ഷ്യം വച്ചുകൊണ്ടുള്ള വിശദമായതും സമഗ്രമായതുമായ പദ്ധതി റിപ്പോർട്ടുകളാണ് തയ്യാറാക്കേണ്ടത്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ മൊത്തം 600.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## V. കയർ വ്യവസായം

സംസ്ഥാനത്ത് ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുന്ന പരമ്പരാഗത വ്യവസായങ്ങളിലൊന്നാണ് കയർ വ്യവസായം. കയർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുകയും കയർ വ്യവസായത്തിന്റെ പ്രോത്സാഹനത്തിന് സഹായകമായി പ്രവർത്തിക്കുകയും പുതിയ നയങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നതിലൂടെ വ്യവസായത്തിൽ സുസ്ഥിരമായ തൊഴിലവസരങ്ങൾ ഉറപ്പാക്കുന്ന സർക്കാരിന്റെ സംഘടനാ സംവിധാനമാണ് കയർ വികസന ഡയറക്ടറേറ്റ്. ആധുനികവൽക്കരണവും നൂതന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും കേന്ദ്രീകരിച്ച് കയർ

തൊഴിലാളികളുടെ സാമൂഹിക സംരക്ഷണം ഉറപ്പാക്കുന്നതാണ് കയർ മേഖലയുടെ രണ്ടാം പുന:സംഘടന പദ്ധതി.

കാര്യക്ഷമമായ ഇടപെടലുകളിലൂടെ കയർ മേഖലയുടെ മൂല്യശൃംഖല ശക്തിപ്പെടുത്തുകയും എല്ലാ സ്റ്റേക്ക്ഹോൾഡർമാർക്കും ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുക എന്നത് ഈ മേഖലയിലെ തത്വങ്ങളിൽ ഒന്നാണ്. തൊണ്ട് സംഭരണം ശക്തിപ്പെടുത്തൽ, ഡീ-ഫൈബറിംഗ് വർദ്ധിപ്പിക്കൽ, മൂല്യവർദ്ധനയ്ക്കായി യൂണിറ്റുകൾക്ക് അസംസ്കൃത വസ്തുക്കൾ തടസ്സമില്ലാതെ വിതരണം ചെയ്യൽ, നിലവിലുള്ള യൂണിറ്റുകളുടെ നവീകരണം, വൈവിധ്യമാർന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ, ഗവേഷണ-വികസനത്തിനുള്ള സ്ഥാപനപരമായ പിന്തുണ എന്നിവയ്ക്കാണ് 2025-26 ബജറ്റ് ഊന്നൽ നൽകുന്നത്.

2025-26 ബജറ്റിൽ, ജെൻഡർ ബജറ്റിംഗിന് അർഹമായ പ്രാധാന്യം നൽകി, മൊത്തം പതിമൂന്ന് പദ്ധതികൾക്കായി കയർ മേഖലയ്ക്ക് കീഴിൽ 10764.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**1. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടിയും തൊണ്ടു ശേഖരണ പരിപാടിയും**

**(വിഹിതം: 68.00 ലക്ഷം രൂപ)**

തൊണ്ട് ശേഖരണത്തിനായി ഒരു കൺസോർഷ്യം രൂപീകരിക്കുക, നൂൽ ബാങ്ക് സ്ഥാപിക്കുക, പൊതു സൗകര്യ കേന്ദ്രം, പൊതു ഷോറൂം, വിൽപ്പന ശാലകൾ എന്നിവ സ്ഥാപിക്കുന്നതിലൂടെ സഹകരണ സംഘങ്ങളുടെയും സംരംഭകരുടെയും ഉൽപ്പാദനക്ഷമത, മത്സരശേഷി, കൂട്ടായ്മ, പ്രവർത്തനശേഷി എന്നിവ വർദ്ധിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. സ്കീമിന് കീഴിൽ ഒരു കൺസോർഷ്യം സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതുവഴി അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം, കൂടുതൽ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉൽപ്പാദിപ്പിക്കുക വർദ്ധിച്ച തോതിലുള്ള വിൽപ്പനയും കയറ്റുമതിയും എന്നിവ ഉറപ്പാക്കാനാവും എന്നതാണ് പ്രതീക്ഷിക്കുന്ന ഫലം.

**എ) ക്ലസ്റ്റർ വികസന പരിപാടി:** പരമ്പരാഗത വ്യവസായങ്ങളുടെ പുനഃരുജ്ജീവന പദ്ധതി (സ്ഫൂർത്തി) പ്രകാരം കയർമേഖലയിലെ ക്ലസ്റ്റർ വികസന പരിപാടി കയർബോർഡ് നടപ്പിലാക്കിവരുന്നു. മാനദണ്ഡമനുസരിച്ച് ക്ലസ്റ്ററുകൾ രൂപീകരിക്കാവുന്നതും പദ്ധതികളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സഹായം നേടാവുന്നതുമാണ്. കേന്ദ്രസഹായത്തിന് തുല്യമായ തുക സംസ്ഥാന വിഹിതമായി നൽകിയിരിക്കുന്നു.

**ബി) കയർ കൺസോർഷ്യം:** 'കയർ മേഖലയുടെ രണ്ടാം പുനഃക്രമീകരണം' വിജയകരമായി നടപ്പിലാക്കുന്നതിന് യന്ത്രവൽകൃത ഡീ ഫൈബറിങ് യൂണിറ്റുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഉറപ്പാക്കേണ്ടതാണ്. അതിനാൽ തൊണ്ട് സംഭരണവും കയർ നാരുകൾ ലഭ്യമാക്കലും അനിവാര്യമാണ്. അതിനാൽ കയർ മേഖലയിൽ സ്വാശ്രയത്വവും വൈവിധ്യവൽക്കരണവും ഗുണനിലവാരവും കൈവരിക്കുന്നതിന് വേണ്ടി യന്ത്രവൽക്കരണവും സാങ്കേതിക വികസനവും ഉത്തേജിപ്പിക്കുന്നതിന് ഒരു സ്ഥാപന സംവിധാനം അത്യന്താപേക്ഷിതമാണ്.

2025-26 ബജറ്റിൽ ക്ലസ്റ്റർ വികസന പദ്ധതിയുടെ സംസ്ഥാന വിഹിതത്തിനും കയർ കൺസോർഷ്യത്തിനുമായി 68.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**2. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണവും പശ്ചാത്തല വികസനവും/കയർ വ്യവസായത്തിലെ നിയന്ത്രിത യന്ത്രവത്കരണവും**

**(വിഹിതം: 2200.00 ലക്ഷം രൂപ)**

മികച്ച ഗുണനിലവാരമുള്ള വൈവിധ്യമാർന്ന കയർ ഉൽപന്നങ്ങളുടെ ആഗോള ആവശ്യം നിറവേറ്റുന്നതിനും മറ്റ് ഫൈബർ ഉൽപന്നങ്ങളിൽ നിന്നും വിലയിനത്തിൽ നേരിടേണ്ടിവരുന്ന മത്സരത്തെ ചെറുക്കുന്നതിനും കയർ വ്യവസായത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടതും മേഖലയെ നവീകരിക്കേണ്ടതും ചെയ്യേണ്ടത് അത്യാവശ്യമാണ്.

**എ) പൊതുമേഖലാ സ്ഥാപനം:** കെ.എസ്.സി, ഫോമിൽ, കെ.എസ്.സി.എം.എം.സി, കയർഫെഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം, നവീകരണം, സാങ്കേതികവിദ്യ നവീകരണം എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പുനരുജ്ജീവന പ്രോപ്പോസലുകൾ ബിസിനസ് പ്ലാനുകൾക്ക് അനുസൃതം ആയിരിക്കണം. 2025-26 ബജറ്റിൽ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി 1200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ബി) സഹകരണ മേഖല:** അടിസ്ഥാന സൗകര്യങ്ങൾ, മാലിന്യ സംസ്കരണ പ്ലാന്റുകൾ (ഇ.ടി.പി കൾ), പൊതു സൗകര്യ കേന്ദ്രങ്ങൾ, സഹകരണ മേഖലയിലെ നെയ്ത്ത്, നെയ്ത്ത്-ഇതര, ഡീ-ഫൈബറിങ്

എന്നിവയ്ക്ക് ആവശ്യമായ സാങ്കേതികവിദ്യയുടെ നിലവാരം ഉയർത്തുന്നതിനുള്ള പ്ലാന്റ്, യന്ത്രങ്ങൾ, ഉപകരണങ്ങൾ, സഹകരണ സ്ഥാപനങ്ങളുടെ പുനരുജ്ജീവന പദ്ധതികൾ, മാർജിൻ മണി, പദ്ധതി നിർവഹണ ചെലവുകൾ എന്നിവ ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്നു. ഈ പ്രവർത്തനങ്ങൾക്കായി 900.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**സി) സംരംഭകർ:** പുനരുജ്ജീവനത്തിനുള്ള സഹായം, തൊണ്ട് സംഭരണത്തിൽ ആധുനിക സാങ്കേതികവിദ്യ സ്വീകരിക്കുന്നതിനുള്ള സഹായം, ഡിഎഫ് യൂണിറ്റുകളുടെ വിന്യാസം വർദ്ധിപ്പിക്കൽ, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, പിവിസി ടഫ്റ്റഡ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കൽ, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ സംരംഭക രീതിയിൽ സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. നെയ്ത്ത്-ഇതര കയർ ജിയോ ടെക്സ്റ്റൈൽസ്, ഓട്ടോമൊബൈൽസിനായി കയർ കമ്പോസിറ്റുകൾ/ഇഞ്ചക്ഷൻ മോൾഡഡ് കയർ, കയർ കോമ്പോസിറ്റ് ബോർഡുകൾ, ബൈൻഡർ ലെസ്സ് ബോർഡുകൾ, കയർ പ്ലൈ, കയർ തടി ഉൽപന്നങ്ങൾ, നീഡിൽ പഞ്ച് യൂണിറ്റുകൾ എന്നീ കയർ നെയ്ത്തിതര മേഖലയിലെ പ്രവർത്തനങ്ങൾ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗോടു കൂടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഈ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ മൂന്നു ഘടകങ്ങൾക്കായി 2025-26 ബജറ്റിൽ ആകെ 2200.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ 50 ശതമാനം സ്ത്രീകളായിരിക്കും.

### 3. പരിശീലനവും മാനേജ്മെന്റ് മെച്ചപ്പെടുത്തലും

**(വിഹിതം: 250.00 ലക്ഷം രൂപ)**

കയർ വകുപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ (പി.എസ്.യു), കയർ സഹകരണ സംഘങ്ങൾ, മാറ്റ്സ് ആന്റ് മാറ്റിങ്സ് സൊസൈറ്റികൾ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർക്കും തൊഴിലാളികൾക്കും മികച്ച പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സ്ഥാപനങ്ങളിലെ മാനേജ്മെന്റ് മികച്ചതാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ കീഴിൽ വരുന്ന പ്രവർത്തനങ്ങൾ താഴെ പറയുന്നു.

എ) കയർ വികസന വകുപ്പ്, കയർഫെഡ്, കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.എസ്.സി.സി, ഫോമിൽ, കേരള സ്റ്റേറ്റ് കയർ മെഷീൻ മാനുഫാക്ചറിംഗ് കമ്പനി, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കും കയർ തൊഴിലാളികൾക്കും കയർ മേഖലയിലെ ഏറ്റവും പുതിയ വികസന/ഗവേഷണങ്ങളിലും നൂതനാശയങ്ങളിലും പരിശീലനം നൽകുക.

ബി) കയർ സഹകരണ സംഘങ്ങളിലെ സൊസൈറ്റി ഭാരവാഹികൾക്കും തൊഴിലാളികൾക്കും സംഘങ്ങളുടെ മികച്ച നടത്തിപ്പിനായി നൈപുണ്യ വർദ്ധനവിനും ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും സംരംഭകത്വ വികസന പ്രവർത്തനങ്ങളിലും പരിശീലനം നൽകുക.

സി) കയർ മേഖലയുടെ രണ്ടാം പുനഃക്രമീകരണം നിരീക്ഷിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.

ഡി) ഐ.ടി മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള കമ്പ്യൂട്ടറൈസേഷൻ, എ.എം.സി, ഹാർഡ്‌വെയർ-സോഫ്റ്റ്‌വെയർ സംഭരണം, വെബ്സൈറ്റിന്റെ പരിപാലനം, അടിസ്ഥാന സൗകര്യ വികസനം എന്നീ ഇ-ഗവേർണൻസ് പ്രവർത്തനങ്ങൾ.

2025-26 ബജറ്റിൽ പദ്ധതിക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 4. കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം

**(വിഹിതം: 700.00 ലക്ഷം രൂപ)**

കയർ മേഖലയിൽ പുതിയ ഉൽപന്നങ്ങളും സേവനങ്ങളും കൊണ്ടുവരാൻ കഴിയുന്ന ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. കയർ മേഖലയെ മൊത്തത്തിൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ഗവേഷണ-വികസന പ്രവർത്തനങ്ങൾക്കൊപ്പം ഈ മേഖലയിലെ ഉൽപ്പാദനക്ഷമത വർദ്ധിക്കുന്നതിന് ആവശ്യമായ ഗവേഷണ-വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ പദ്ധതി ഉദ്ദേശിക്കുന്നു. യന്ത്രവൽക്കരണത്തിലും സാങ്കേതികവിദ്യകളിലും നൂതനത്വം കൊണ്ടുവരിക, ഉയർന്ന മൂല്യവർദ്ധനയോടെ വൈവിധ്യമാർന്ന കയർ ഉൽപന്നങ്ങൾ ഉൽപ്പാദിപ്പിക്കുക, ഉൽപ്പന്ന രൂപകല്പന വികസിപ്പിക്കുക, പ്രൊഫഷണലുകളെ/സാങ്കേതിക വിദഗ്ധരെ നിയമിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങൾ/സർവകലാശാലകൾക്ക് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഗ്രാന്റുകൾ നൽകുക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, എൻ.സി.ആർ.എം.ഐ യ്ക്ക് പദ്ധതി

അടിസ്ഥാനമാക്കിയും പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള ചെലവുകൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ. ആഘാത പഠനം, വിപണി ഗവേഷണം, നൂതനാശയങ്ങൾക്കുള്ള പിന്തുണ, പ്രദർശന യൂണിറ്റുകൾ, വിജ്ഞാന വ്യാപനം, സാങ്കേതിക കൈമാറ്റത്തിനുള്ള പിന്തുണ, വ്യവസായ സഹകരണം എന്നിവയും പദ്ധതിയുടെ ഭാഗമാണ്. ചകിരി നാര് വേർതിരിക്കുന്ന പ്രക്രിയ മെച്ചപ്പെടുത്തൽ, മലിനീകരണം കുറഞ്ഞ രീതിയിലുള്ള തൊണ്ട് കുതിർക്കൽ, ഉല്പാദന പശ്ചാത്തല സൗകര്യങ്ങളുടെ ആധുനികവൽക്കരിക്കൽ, പുതിയ ഉല്പന്നങ്ങൾ/പ്രക്രിയകളുടെ വികസനം (പ്രത്യേകിച്ച് നെയ്ത്ത്-ഇതര മേഖലയിൽ), ഉത്പന്ന വൈവിദ്ധ്യവൽക്കരണം തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രശ്നത്തെ അടിസ്ഥാനമാക്കിയുള്ള ഗവേഷണ-വികസനത്തിന് ഊന്നൽ നൽകുന്നു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 700.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**5. വിപണനം, പരസ്യപ്രചാരണ വ്യാപാര പ്രവർത്തനങ്ങൾ, എക്സിബിഷനുകൾ മുതലായവയും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം**

**(വിഹിതം: 350.00 ലക്ഷം രൂപ)**

കയർ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് വിപണി ഇടപെടലുകൾ ശക്തിപ്പെടുത്തിയും പ്രവർത്തനങ്ങൾ ജനകീയമാക്കിയും വ്യാപാരം പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പ്രചാരണം എന്നിവയുൾപ്പെടെയുള്ള ആഭ്യന്തര മേളകളിൽ പങ്കെടുക്കൽ, അന്താരാഷ്ട്ര വ്യാപാര മേളകളിൽ പങ്കെടുക്കൽ, പഠനങ്ങൾ നടത്തൽ, കണക്കെടുപ്പ്, പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, പ്രാദേശിക ഫ്രാഞ്ചൈസികൾക്കുള്ള സഹായം, ഇന്ത്യയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡിംഗ് പ്രചരിപ്പിക്കുന്നതിനും വിപണി അവബോധവും എന്നിവയ്ക്കുമായി ബജറ്റിൽ വിഹിതം വകയിരുത്തിയിരിക്കുന്നത്. 2025-26 ബജറ്റിൽ പദ്ധതിക്കായി 350.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**6. കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50 ശതമാനം സംസ്ഥാനത്തിന്റെ തുല്യ വിഹിതം)**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

സഹകരണ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കയർ-കയറുൽപ്പന്നങ്ങളുടെ വിൽപന പ്രോത്സാഹിപ്പിക്കുക, അതുവഴി സുസ്ഥിര ഉൽപ്പാദനം നടപ്പിലാക്കുകയും തൊഴിലാളികൾക്ക് മികച്ച തൊഴിലവസരം നൽകുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രചാരണം, വില്പനശാലകളുടെ നവീകരണം, ഗോഡൗണുകളുടെ പുനരുദ്ധാരണം, വിപണിയെക്കുറിച്ചുള്ള പഠനം, നൂതന വിപണന തന്ത്രങ്ങൾ, ഇ-കൊമേഴ്സ് സൗകര്യങ്ങൾ തുടങ്ങൽ, ഡിസൈൻ സൗകര്യങ്ങളുടെ നവീകരണം എന്നിവയ്ക്ക് ഭാരത സർക്കാർ നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര വിഹിതവും ചേർത്ത് ഉപയോഗിക്കാവുന്നതാണ്. കയർഫെഡ്, ഫോമിൽ, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, കയർ സഹകരണ സംഘങ്ങൾ എന്നിവരുടെ ഉൽപ്പന്നങ്ങൾക്ക്, സംഘങ്ങളുടേയും കയർമേഖലയുടെയും ആകെ വിറ്റുവരവ്, ഇൻപുട്ട്-ഔട്ട്പുട്ട് ലിങ്കേജ്, തൊഴിൽ ദിനം സൃഷ്ടിക്കൽ, മൂല്യ ശൃംഖലയിലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നീ ഘടകങ്ങളെ ആധാരമാക്കി ആയിരിക്കും സഹായം നൽകുക. വില സ്ഥിരതാ പദ്ധതി, ഇൻകം സപ്പോർട്ട് സ്കീം തുടങ്ങിയ മറ്റ് സ്കീമുകൾക്ക് കീഴിലുള്ള സഹായത്തിന്റെ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കാൻ ശ്രദ്ധിക്കണം. ഭാരത സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായത്തിന്റെ തുല്യ സംസ്ഥാന വിഹിതമായും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**7. ഉല്പാദനവും വിപണന പ്രചോദനവും (പി.എം.ഐ)**

**(വിഹിതം: 900.00 ലക്ഷം രൂപ)**

പ്രാഥമിക സഹകരണ സംഘങ്ങൾ, മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സംഘങ്ങൾ, അപ്പെക്സ് സംഘങ്ങൾ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ പിവിസി, റബ്ബറൈസ്ഡ് കയർ ഉൽപന്നങ്ങൾ, കയർ ജിയോ ടെക്സ്റ്റൈയിൽസ് എന്നിവയുൾപ്പെടെയുള്ള കയർ ഉൽപന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം നൽകുന്നതിനാണ് ഈ പദ്ധതി. കയർ മേഖലയിലെ വിൽപ്പന സുഗമമാക്കുന്നതിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സുസ്ഥിര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക എന്നതാണ് ലക്ഷ്യം. തുകയുടെ ഒരു ഭാഗം പൈതൃക ഉൽപന്നങ്ങളുടെ പ്രചാരണത്തിനും വിപണനത്തിനും വിനിയോഗിക്കാം. ഉൽപന്നങ്ങളുടെ ഉൽപ്പാദനം/മൂല്യം കൂട്ടിച്ചേർക്കൽ എന്നിവ കണക്കിലെടുത്തുകൊണ്ട് സ്ഥാപനങ്ങളുടെ യഥാർത്ഥ വിറ്റുവരവും ഇൻപുട്ട് ഔട്ട്പുട്ട് ലിങ്ക് ചെയ്യുതും അടിസ്ഥാനമാക്കിയുള്ളതാണ് സഹായം. പദ്ധതി

ധനസഹായത്തിൽ എം.ഡി.എ, ഇൻകം സപ്പോർട്ട് പദ്ധതി പോലെയുള്ള സർക്കാരിന്റെ മറ്റു സമാന പദ്ധതികളിലൂടെയുള്ള ഗുണഭോക്താക്കളെ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. 2025-26 ബജറ്റിൽ പദ്ധതിക്കായി 900.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**8. വിലവ്യതിയാന സ്ഥിരതാ ഫണ്ട്**

**(വിഹിതം: 3800.00 ലക്ഷം രൂപ)**

കയർ നാരുകൾ, കയർ നൂൽ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ വില സ്ഥിരതയാണ് പദ്ധതി ഉദ്ദേശിക്കുന്നത്. കയർഫെഡ്, കെ.എസ്.സി.സി, ഫോമിൽ എന്നിവയ്ക്ക് ഉൽപ്പാദനച്ചെലവിന് തുല്യമായ വില നൽകി സഹകരണ സ്ഥാപനങ്ങളിൽ നിന്ന് ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് പ്രാപ്തമാക്കാനും വിപണി വിലയ്ക്ക് വിൽക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം നികത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ, ചെറുകിട ഉൽപാദകർ, അപ്പെക്സ് സ്ഥാപനങ്ങൾ എന്നിവർക്ക് നേരിട്ട് പ്രയോജനം ലഭിക്കുകയും നിയമാനുസൃത വേതനം ഉറപ്പാക്കുന്നതിലൂടെ മുഴുവൻ കയർ തൊഴിലാളികൾക്കും പരോക്ഷമായി പ്രയോജനം ലഭിക്കുകയും ചെയ്യും. കയർഫെഡ്, കെ.എസ്.സി.സി, ഫോമിൽ എന്നിവ മുഖാന്തിരം വാങ്ങുന്ന സാധനങ്ങൾക്ക് മാത്രമാണ് ഈ പദ്ധതി ബാധകമാവുക. സ്ഥാപനങ്ങളുടെ വാർഷിക വിറ്റുവരവ്, ഇൻപുട്ട്-ഔട്ട്പുട്ട് ലിങ്കേജ്, തൊഴിൽ ദിനം സൃഷ്ടിക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം എന്നിവ കണക്കാക്കിയാണ് ധനസഹായം നിശ്ചയിക്കേണ്ടത്. മൂല്യ ശൃംഖലയുടെ വിവിധ ഘട്ടങ്ങളിൽ മറ്റ് സമാന പദ്ധതികളിൽ നിന്നും ആവർത്തിച്ച് ധനസഹായം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 3800.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**9. കയർ ഭൂവസ്ത്ര വികസന പരിപാടി**

**(വിഹിതം: 80.00 ലക്ഷം രൂപ)**

പ്രകൃതിദത്തവും പരിസ്ഥിതി സൗഹൃദവുമായ മണ്ണൊലിപ്പ് നിയന്ത്രണ മാർഗമാണ് കയർ ഭൂവസ്ത്രങ്ങൾ. സമഗ്രമായ കയർ ജിയോ ടെക്സ്റ്റൈൽസ് വികസന പരിപാടിയിൽ ജിയോ ടെക്സ്റ്റൈൽസിന്റെ പുതിയ ഉൽപ്പന്നങ്ങളും ആപ്ലിക്കേഷനുകളും വികസിപ്പിക്കൽ, ജിയോ ടെക്സ്റ്റൈൽസ് ഒരു സ്റ്റാൻഡേർഡ് എഞ്ചിനീയറിംഗ് മെറ്റീരിയലായി ഉപയോഗിച്ചുള്ള മാതൃകാ പദ്ധതികൾ, ജിയോ-ടെക്സ്റ്റൈൽസിനെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ, ഗവേഷണ-വികസനത്തെ ശക്തിപ്പെടുത്തൽ, ജിയോ-ടെക്സ്റ്റൈൽസ് ഓറിയന്റേഷൻ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനും (എൻ.സി.ആർ.എം.ഐ), മറ്റു പോതുമേഖലാസ്ഥാപനങ്ങൾക്കും ഈ പദ്ധതിയിലൂടെ സഹായം നൽകാം. പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സമാന ഏജൻസികൾ എന്നിവയുമായി ചേർന്ന് നിർദ്ദിഷ്ട ഫലങ്ങൾ നൽകുന്ന പൈലറ്റ് മോഡൽ ജിയോ-ടെക്സ്റ്റൈൽ പ്രോജക്ടുകൾക്കും ഈ പദ്ധതി സഹായം ഉപയോഗിക്കാം. 2025-26 ബജറ്റിൽ പദ്ധതിക്കായി 80.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം**

**(വിഹിതം: 15.00 ലക്ഷം രൂപ)**

കയർ മേഖലയിലെ സഹകരണ സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്താനാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. അർഹമായ തുക മുഴുവനും കൈപറ്റാത്ത, നിലവിലുള്ള സഹകരണ സംഘങ്ങൾക്ക് നിർദ്ദിഷ്ട ലക്ഷ്യത്തോടെ ആധുനികവത്ക്കരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ഉള്ള പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ സഹായം നൽകുന്നതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 15.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**11. കയർ വ്യവസായത്തിന്റെ പുനഃസംഘടന-രണ്ടാം ഘട്ടം (എൻ.സി.ഡി.സി സഹായം)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി, സമഗ്രമായ ഒരു പദ്ധതിയുടെ അടിസ്ഥാനത്തിൽ ആധുനികവൽക്കരണത്തിനായി സർക്കാർ വ്യക്തമായി നിർവ്വചിച്ച അജണ്ട രൂപീകരിച്ചിട്ടുണ്ട്. പരമ്പരാഗത കയർ വ്യവസായ തൊഴിലാളികൾക്ക് സാമൂഹിക സംരക്ഷണം ഉറപ്പുനൽകുന്ന ആധുനികവൽക്കരണമാണ് പദ്ധതിയുടെ ഒരു പ്രത്യേകത. സംസ്ഥാന ബജറ്റിന് കീഴിലുള്ള ഫണ്ട് വകയിരുത്തലിന് പുറമെ, എൻ.സി.ഡി.സിയിൽ നിന്നുള്ള സഹായവും പദ്ധതിക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. സാങ്കേതിക സഹായത്തോടെയുള്ള സംഭരണം, വികേന്ദ്രീകൃത രീതിയിലുള്ള ചകിരി സംസ്കരണം, പരമ്പരാഗത കയർ പിരിക്കൽ, നെയ്ത്ത് മേഖല എന്നിവയ്ക്കുള്ള പ്രത്യേക നയം, വ്യാവസായിക

അടിസ്ഥാനത്തിലുള്ള കയർ പിരിക്കൽ, നെയ്ത്ത് മേഖല എന്നിവയുടെ നവീകരണം, നെയ്ത്തിതര മേഖലയിൽ പ്രത്യേക ഊന്നൽ നൽകി കൊണ്ടുള്ള വ്യവസായിക കയർ ഉൽപന്ന വൈവിധ്യവൽക്കരണം (ഉൽപ്പന്ന വികസനം/ആർ&ഡി), പൊതുമേഖല-സ്വകാര്യ സംരംഭങ്ങളുടെ വിപണനം  എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന മേഖലകൾ.

എൻ.സി.ഡി.സി അംഗീകരിച്ച പദ്ധതിക്കായി 2025-26 ബജറ്റിൽ 1.00 ലക്ഷം ടോക്കൺ വിഹിതം വകയിരുത്തിയിട്ടുണ്ട്. എൻ.സി.ഡി.സിക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ പറഞ്ഞിരിക്കുന്ന മുൻഗണനകളെ അടിസ്ഥാനമാക്കിയാണ് പ്രവർത്തനങ്ങൾ നടത്തേണ്ടത്.

**12. കയർ പ്രോജക്ട് ഓഫീസുകളുടെ നവീകരണം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

കയർ പ്രോജക്ട് ഓഫീസുകളുടെ ഭരണസംവിധാനവും അടിസ്ഥാന സൗകര്യങ്ങളും നവീകരിക്കുകയും കയർ പ്രോജക്ട് ഓഫീസുകളുടെയും കയർ വികസന ഡയറക്ടറേറ്റിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഒരു നല്ല പ്രവർത്തന അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമാണ് ഈ പദ്ധതി. വിവിധ ജില്ലകളിലെ കയർ പ്രോജക്ട് ഓഫീസുകളിലെ സിവിൽ, ഐ.ടി അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും ഈ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. 2025-26 ബജറ്റിൽ ഈ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**13. കയർ ഉൽപാദന സംഘങ്ങളുടെ പുനഃക്രമീകരണവും മാനേജീരിയൽ സബ്സിഡികളും**

**(വിഹിതം: 1350.00 ലക്ഷം രൂപ)**

പ്രവർത്തന മൂലധനവും മാനേജ്മെന്റ് സഹായവും നൽകിക്കൊണ്ട് കയർ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇത് കയർ സഹകരണ സംഘങ്ങൾക്ക് അവരുടെ നഷ്ടം കുറയ്ക്കാൻ സഹായിക്കും. സംഘങ്ങൾ സമർപ്പിക്കുന്ന കൃത്യമായ പ്രോജക്ട് പ്രൊപ്പോസൽ അടിസ്ഥാനമാക്കിയായിരിക്കും സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതും ധനസഹായം നൽകുന്നതും. സ്പിന്നിംഗിന്റെയും ഉൽപ്പന്ന മേഖലയുടെയും മൊത്തത്തിലുള്ള ഉൽപ്പാദനം വർദ്ധിപ്പിക്കുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്നതാണ് പ്രതീക്ഷിക്കുന്ന ഫലം. പ്രവർത്തന മൂലധന സഹായം, ഭരണനിർവ്വഹണത്തിനുള്ള സഹായം, ഇപിഎഫ്, ഇഎസ്ഐ, ഗ്രാറ്റുവിറ്റി തുടങ്ങിയ നിയമപ്രകാരമുള്ള കുടിശ്ശികകൾ തീർക്കുന്നതിനുള്ള സഹായം; കയർ തൊഴിലാളികൾക്കുള്ള ഇൻഷുറൻസ് പദ്ധതിക്കുള്ള പിന്തുണ, കെഎസ്ഇബി കുടിശ്ശികയും സബ്സിഡിയും നൽകുന്നതിനുള്ള സഹായം, സഹകരണ സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധന പിന്തുണ, സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം എന്നിവ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

ഇനിപ്പറയുന്ന ഘടകങ്ങൾക്കായി 2025-26 ബജറ്റിൽ  1350.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഭരണനിർവ്വഹണത്തിനുള്ള സബ്സിഡി | 200.00 |
| 2 | പ്രവർത്തന മൂലധന പിന്തുണയും; സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനുള്ള സഹായം (നൂൽ, മാറ്റ്, മാറ്റിംഗ് ) ഇൻസ്റ്റാൾ ചെയ്ത മെഷീനുകൾക്കുള്ള എഎംസി ഉൾപ്പെടെ. | 750.00 |
| 3 | കെഎസ്ഇബി താരിഫ് സബ്സിഡിയും കുടിശ്ശികകളും; ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങളിലും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിലും രജിസ്റ്റർ ചെയ്ത തറികൾക്കുള്ള അറ്റകുറ്റപ്പണിയും | 180.00 |
| 4 | കയർ സൊസൈറ്റികളിലെ പിഎഫ്, ഇഎസ്ഐ, ഗ്രാറ്റുവിറ്റി, തൊഴിലാളി ക്ഷേമ സംഭാവന എന്നിവയുടെ ഭാഗമായി തൊഴിലുടമയുടെ കുടിശ്ശിക തീർക്കുന്നതിനുള്ള പിന്തുണ | 200.00 |
| 5 | സഹകരണ മേഖലയിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും കയർ തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി | 20.00 |
| | **ആകെ** | **1350.00** |

## VI. ഖാദി ഗ്രാമ വ്യവസായങ്ങൾ

കേരളത്തിലെ പരമ്പരാഗത വ്യവസായമായ ഖാദി വ്യവസായം 8400 നൂൽ നൂൽക്കൽ തൊഴിലാളികൾക്കും 5200 നെയ്ത്തുകാർക്കും ഖാദി ബോർഡ് നേരിട്ട് നടത്തുന്നതും അംഗീകൃത ഖാദി സ്ഥാപനങ്ങളുടെയും വിവിധ ഉൽപാദന യൂണിറ്റുകളിലുമായി തൊഴിൽ പ്രദാനം ചെയ്യുന്നു. പരുത്തി നൂൽ സംസ്കരണം, നെയ്ത്ത് നൂൽ സംസ്കരണം, മേഖലയുടെ മൂല്യ വർദ്ധനവ്, ഗ്രാമ വ്യവസായ മേഖലയ്ക്കുള്ള പ്രോത്സാഹനം എന്നിവ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങളിൽപ്പെടുന്നു.

മൂല്യശൃംഖലയിലെ വിവിധ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തൊഴിൽ, ന്യായമായ വേതനം, സുസ്ഥിരമായ തൊഴിൽ ഉറപ്പുവരുത്തൽ എന്നിവയാണ് ഖാദി ഗ്രാമ വ്യവസായ മേഖലയിലെ വിവിധ പദ്ധതികളുടെ പ്രധാനലക്ഷ്യങ്ങൾ. ഖാദി ഗ്രാമ വ്യവസായ മേഖലയിൽ 95 ശതമാനവും വനിതാ തൊഴിലാളികളാണ്. കൂടാതെ പദ്ധതികൾ വനിതാ സംരംഭകത്വ വികസനത്തിന് പ്രാധാന്യം നൽകുന്നു.

സമ്പദ് വ്യവസ്ഥയിലെ ഉദാരവത്ക്കരണത്തിന്റെയും ആഗോളവത്ക്കരണത്തിന്റെയും ഫലമായി ഖാദി മേഖല കടുത്ത മത്സരം അഭിമുഖീകരിക്കുന്നുണ്ട്. സുസ്ഥിരത ഉറപ്പാക്കിക്കൊണ്ട് പ്രാദേശികമായി ലഭ്യമായിട്ടുള്ള വിഭവങ്ങൾ വിനിയോഗിച്ചുകൊണ്ട് സംസ്ഥാനത്തുടനീളം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്നതിനും ഈ മേഖല ലക്ഷ്യമിടുന്നു.

ഖാദി മേഖലയുടെ പുനരുജ്ജീവനത്തിനും മൂല്യവർദ്ധനവിനും നവീകരണത്തിനും കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് 2025-26 ബജറ്റിൽ ഖാദി ഗ്രാമ വ്യവസായ മേഖലയ്ക്ക് കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 1570.00 ലക്ഷം രൂപ താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്നു.

**2025-26 വർഷത്തേക്കുള്ള ബജറ്റ് വിഹിതം**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| **എ** | **അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ** | |
| 1 | ഖാദിബോർഡ് ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം | 60.00 |
| 2 | ഖാദിബോർഡിന്റെ നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങളുടെയും സംഭരണശാലകളുടെയും ആധുനികവൽക്കരണം | 120.00 |
| 3 | വകുപ്പ് തല ഖാദി ഉൽപാദന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും നവീകരണവും | 150.00 |
| 4 | വകുപ്പ് തല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ വികസനവും ശക്തിപ്പെടുത്തലും | 50.00 |
| **ബി** | **പരിശീലന/നൈപുണ്യ വികസന പദ്ധതികൾ** | |
| 5 | വാർത്താ വിതരണവും പ്രചരണവും പരിശീലനവും | 100.00 |
| **സി** | **സാമ്പത്തിക ഉത്തേജന/പിന്തുണ പദ്ധതികൾ** | |
| 6 | ഖാദി നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉൽപാദന പ്രോത്സാഹനവും ഉത്സവബത്തയും | 650.00 |
| 7 | ഖാദിസഹകരണ സംഘങ്ങൾക്ക്/സ്ഥാപനങ്ങൾക്ക് ധനസഹായം | 100.00 |
| 8 | ഖാദി സിൽക്ക് വീവിംഗ് പദ്ധതി | 60.00 |
| 9 | പ്രത്യേക തൊഴിൽദാന പരിപാടി | 280.00 |
| | **ആകെ** | **1570.00** |

## എ. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

### 1. ഖാദിബോർഡ് ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം

**(വിഹിതം: 60.00 ലക്ഷം രൂപ)**

ഖാദി ഗ്രാമ വ്യവസായ ബോർഡ് ഓഫീസിന്റെയും ജില്ലാ ഓഫീസുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-ഫയലിംഗ്, ഇ-ട്രാക്കിംഗ്, വിവരങ്ങളുടെ ഡിജിറ്റലൈസേഷൻ ഉൾപ്പെടെയുള്ള ഓഫീസ് ഓട്ടോമേഷൻ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. വിൽപ്പന, സംഭരണ ശാലകൾ, ഔട്ട്‌ലെറ്റുകൾ എന്നിവയുടെ നടത്തിപ്പിനായി ബോർഡ് ഇതിനകം തന്നെ സോഫ്റ്റ് വെയറുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഖാദി ബോർഡിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ അജണ്ടയുടെ ഭാഗമായി, ദൈനംദിന പ്രവർത്തനങ്ങൾ ഓൺലൈനും ഡിജിറ്റലും ആക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. മാർക്കറ്റിംഗ്-ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം, എച്ച്.ആർ & അക്കൗണ്ടിംഗ് മൊഡ്യൂളുകൾ അടങ്ങുന്ന വെബ് അധിഷ്ഠിത ഇ.ആർ.പി സിസ്റ്റം, സംസ്ഥാന പദ്ധതികളുടെ ക്രെഡിറ്റ് മാനേജ്മെന്റിനുള്ള ഓൺലൈൻ പോർട്ടൽ, കരകൗശല വിദഗ്ധരുടെ കാര്യങ്ങൾ നിരീക്ഷിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ തുടങ്ങിയ സോഫ്റ്റ്‌വെയറുകൾ ബോർഡിനുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രധാന ഘടകങ്ങൾ താഴെ പ്രതിപാദിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങളുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും ലാപ്ടോപ്പും വാങ്ങൽ | 60.00 |
| 2 | ജില്ലാ ഓഫീസുകളുടെ നെറ്റ് വർക്കിംഗും പരിപാലനവും | |
| 3 | സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ മെയിന്റനൻസ് & എഎംസി, സെക്യൂരിറ്റി ഓഡിറ്റ് | |
| 4 | ജില്ലാ ഓഫീസുകളിൽ ഓൺലൈൻ യുപിഎസ് സ്ഥാപിക്കൽ | |
| 5 | ഇ കൊമേഴ്സ് വെബ്സൈറ്റ്, ഖാദി മൊബൈൽ ആപ്പ് എന്നിവയുടെ പരിപാലനം | |
| | **ആകെ** | **60.00** |

ഐ.ടി സോഫ്റ്റ് വെയർ, ഹാർഡ്‌വെയർ, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന എല്ലാ പ്രവർത്തനങ്ങൾക്കും 2025-26 ബജറ്റിൽ 60.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

### 2. ഖാദി ബോർഡിന്റെ നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങളുടെയും സംഭരണശാലകളുടെയും ആധുനികവൽക്കരണം

**(വിഹിതം: 120.00 ലക്ഷം രൂപ)**

ഖാദി ഗ്രാമവ്യവസായ ഉല്പന്നങ്ങളുടെ വിൽപ്പന മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നതിനും അതിലൂടെ ഖാദി ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണി ശക്തീകരിക്കുക എന്നതുമാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങളുടെയും/ഖാദി ഗ്രാമ സൗഭാഗ്യയുടെ സംഭരണ ശാലകളുടെയും നവീകരണവും ആധുനികവൽകരണവും, പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രധാന ഘടകങ്ങൾ താഴെ പ്രതിപാദിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങളുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പുതിയ വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കൽ | 120.00 |
| 2 | നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങളുടെ നവീകരണവും ആധുനികവൽക്കരണവും | |
| | **ആകെ** | **120.00** |

2025-26 ബജറ്റിൽ 120.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

### 3. വകുപ്പ് തല ഖാദി ഉൽപാദന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും നവീകരണവും.

**(വിഹിതം: 150.00 ലക്ഷം രൂപ)**

ഖാദി ഗ്രാമ വ്യവസായ ബോർഡ് നടത്തുന്ന 513 ഖാദി ഉത്പാദന കേന്ദ്രങ്ങൾ സംസ്ഥാനത്തുണ്ട്. അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളും നൂതന സാങ്കേതികവിദ്യകളും ഉപയോഗിച്ച് ഈ ഉൽപാദന കേന്ദ്രങ്ങൾ നവീകരിക്കേണ്ടതുണ്ട്. ഖാദി ഉൽപാദന കേന്ദ്രങ്ങളെ കേന്ദ്രീകരിച്ചുള്ള നവീകരണ/സാങ്കേതിക നവീകരണ പ്രവർത്തനങ്ങളിലൂടെ ഇത് കൈവരിക്കാനാകും. ഗുണനിലവാരവും ഉൽപാദനക്ഷമതയും വർദ്ധിപ്പിച്ച് പരമ്പരാഗത സംസ്കാരത്തെയും അടിസ്ഥാന തത്വത്തെയും ബാധിക്കാതെ വ്യവസായത്തെ പൂർണ്ണമായും മാറ്റുക എന്നതാണ് ആത്യന്തിക ഉദ്ദേശ്യം. i) നെയ്ത്ത് പരിശീലനം, ii) വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ iii) ഉൽപ്പാദന കേന്ദ്രങ്ങൾ iv) ഖാദി ഉൽപ്പാദന കേന്ദ്രങ്ങളിലെ നിലവിലുള്ള വർക്ക് ഷെഡുകളുടെ നവീകരണം, v) സാങ്കേതിക നവീകരണം തുടങ്ങിയ ഖാദി ഉൽപ്പാദന കേന്ദ്രങ്ങളുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങളിലൂടെ ഇത് നേടാനാകും. 2025-26 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രധാന ഘടകങ്ങൾ താഴെ പ്രതിപാദിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങളുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ഡിപ്പാർട്ട്മെന്റൽ യൂണിറ്റുകളുടെ അറ്റകുറ്റപ്പണി, പരിപാലനം, നിലവാരം ഉയർത്തൽ | 150.00 |
| 2. | ചർക്കകളുടെയും തറികളുടെയും അറ്റകുറ്റപ്പണികൾക്കായുള്ള സ്പെയർ പാർട്സ് | |
| 3. | നെയ്ത്ത് പരിശീലനം | |
| 4. | ഖാദി ഉപകരണങ്ങളുടെ വികസനം | |
| | **ആകെ** | **150.00** |

2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. ഇതിൽ 20.00 ലക്ഷം രൂപ ഉൽപ്പാദന കേന്ദ്രങ്ങളിലെ വനിതാ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾക്കാണ്.

### 4. വകുപ്പ് തല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ വികസനവും ശക്തിപ്പെടുത്തലും

**(വിഹിതം: 50.00 ലക്ഷം രൂപ)**

സംസ്ഥാനത്തുടനീളമുള്ള വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. ഇതിൽ റെഡിമെയ്ഡ് ഗാർമെന്റ്സ് (ആർ.എം.ജി) യൂണിറ്റുകളുടെ നവീകരണം, എച്ച്എംപി യൂണിറ്റുകളുടെ നവീകരണം, എണ്ണ യൂണിറ്റുകളുടെ പരിപാലനം എന്നിവ ഉൾപ്പെടുന്നു. 2025-26 വർഷത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രധാന ഘടകങ്ങൾ താഴെ പ്രതിപാദിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങളുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കൊല്ലം നെടുംപനയിലെ ആർ.എം.ജി യൂണിറ്റിൽ മെഷിനറി വാങ്ങൽ | |
| 2 | പത്തനംതിട്ടയിൽ നിലവിലുള്ള ഓയിൽ യൂണിറ്റ് നവീകരണം | 50.00 |
| 3 | എറണാകുളം കുന്നുകര ആർഎംജി. യൂണിറ്റിൽ മെഷിനറി വാങ്ങൽ | |
| 4 | ആലപ്പുഴ ആർ.എം.ജി യൂണിറ്റിൽ മെഷിനറികളുടെ പരിപാലനവും വാങ്ങലും | |
| 5 | തൃശ്ശൂർ ഓലരിക്കര എച്ച്.എം.പി യൂണിറ്റ് നവീകരണം (പേപ്പർ ബാഗ് നിർമ്മാണ മെഷീൻ വാങ്ങൽ) | |
| 6 | കോഴിക്കോട് പയ്യന്നൂരിലെ ആർ.എം.ജി യൂണിറ്റ് മേൽക്കൂര പരിപാലനം | |
| 7 | കണ്ണൂർ പാപ്പിനിശ്ശേരി എച്ച്എംപി യൂണിറ്റ് നവീകരണം | |
| | **ആകെ** | **50.00** |

2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**ബി.പരിശീലന/നൈപുണ്യ വികസന പദ്ധതി**

**5. വാർത്താ വിതരണവും പ്രചരണവും പരിശീലനവും**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങൾ ജനപ്രിയമാക്കുന്നതിനും ബ്രാൻഡ് ചെയ്യുന്നതിനും വ്യാപിപ്പിക്കുന്നതിനും വിപുലമായ മാർക്കറ്റ് പ്രൊമോഷൻ പ്രവർത്തനങ്ങൾ ആവശ്യമാണ്. സംസ്ഥാനത്തൊട്ടാകെ വിവിധ ആധുനിക, വൈവിധ്യ ഉൽപന്നങ്ങളുടെ ഉൽപാദനത്തിലും വിപണനത്തിലും ഖാദി ബോർഡ് ഏർപ്പെട്ടിരിക്കുന്നു. ഉയർന്ന മത്സരാധിഷ്ഠിതമായ ആധുനിക വിപണനത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ ഈ ഉൽപ്പന്നങ്ങളുടെ പ്രചാരണവും ജനപ്രിയതയും വളരെ പ്രധാനമാണ്. 2025-26 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രധാന മാർക്കറ്റിംഗ് ഘടകങ്ങൾ താഴെ പ്രതിപാദിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങളുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഓഡിയോ/വീഡിയോ/അച്ചടി മാധ്യമങ്ങൾ വഴി സ്ലൈഡുകൾ, സിനിമ തിയേറ്ററുകൾ എന്നിവ മുഖാന്തിരമുള്ള പ്രചാരണം | 100.00 |
| 2 | ഖാദി ഡോക്യുമെന്ററി ദൃശ്യ നിർമ്മാണം | |
| 3 | ഖാദി ഉൽപ്പന്നങ്ങളുടെ പ്രചരണത്തിന് സെലിബ്രിറ്റി ബ്രാൻഡ് അംബാസഡർ | |
| 4 | ഹൈസ്കൂൾ, കോളേജ് വിദ്യാർഥികൾക്കായി ജില്ല/സംസ്ഥാന തല ഗാന്ധി ജയന്തി ക്വിസ് മത്സരം | |
| 5 | 2025 ൽ ഡൽഹി ഇന്ത്യൻ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പങ്കെടുക്കൽ | |
| 6 | ജീവനക്കാർക്കുള്ള പരിശീലനം | |
| 7 | 'ഗ്രാമദീപം' പുനഃപ്രസിദ്ധീകരിക്കൽ | |
| 8 | സാമൂഹ്യ മാധ്യമങ്ങൾ മുഖേന പരസ്യങ്ങൾ, ആപ് വികസിപ്പിക്കൽ | |
| | **ആകെ** | **100.00** |

2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു, ഇതിൽ 5.00 ലക്ഷം രൂപ വനിതാ ജീവനക്കാരുടെ പരിശീലനത്തിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും മാത്രമുള്ളതാണ്.

**സി.സാമ്പത്തിക ഉത്തേജന/പിന്തുണ പദ്ധതികൾ**

**6. ഖാദി നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉൽപാദന/ഉത്സവ പ്രോത്സാഹനം**

**(വിഹിതം: 650.00 ലക്ഷം രൂപ)**

ഖാദി നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉൽപാദന പ്രോത്സാഹനവും ഖാദി കൈത്തൊഴിലാളികൾക്ക് ഉത്സവപ്രോത്സാഹനവും നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. മേഖല/സ്ഥാപനങ്ങളിലെ വാർഷിക ഉൽപാദന, വിൽപന വിറ്റുവരവ്, ഉൽപ്പന്നങ്ങളിലെ മൂല്യവർദ്ധനവ്, മൂല്യ ശൃംഖലയിലെ ഇൻപുട്ട് ഔട്ട്പുട്ട് ലിങ്കേജ് കണക്കാക്കി തൊഴിൽ സൃഷ്ടിക്കൽ എന്നിവയെ അടിസ്ഥാനമാക്കിയാണ് ഇത് കണക്കാക്കുന്നത്. എല്ലാ വർഷവും ഖാദി കരകൗശലത്തൊഴിലാളികൾക്കും ഖാദി നൂൽ നൂൽപ്പുകാർക്കും ഉത്സവ പ്രോത്സാഹനം സർക്കാർ പ്രഖ്യാപിക്കുന്നു, പ്രത്യേകിച്ച് ഓണം സീസണിൽ, ഉൽപാദന ആനുകൂല്യങ്ങളും നൽകുന്നു.

2025-26 ബജറ്റിൽ 650.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**7. ഖാദിസഹകരണ സംഘങ്ങൾക്ക്/സ്ഥാപനങ്ങൾക്ക് ധനസഹായം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ ഖാദി വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഖാദി സഹകരണ സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും പുനരുജ്ജീവനമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഖാദി

സഹകരണ സംഘങ്ങളിലെയും സ്ഥാപനങ്ങളിലെയും നവീകരണ പ്രവർത്തനങ്ങളിലൂടെ ഇത് കൈവരിക്കാനാകും 1. പ്രീ ലൂം പ്രോസസ്സിംഗ്, 2.സ്പിന്നിംഗ് 3.വീവിംഗ് 4. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ 5. വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ 6. മസ്ലിൻ ഉത്പാദനം 7. സിൽക്ക് ഉത്പാദനം 8.പൊതു സൌകര്യ സേവന കേന്ദ്രങ്ങൾ എന്നിവയ്ക്കാണ് പദ്ധതി ഊന്നൽ നൽകുന്നത്. യൂണിറ്റുകളുടെ സമഗ്ര പുനരുജ്ജീവന പാക്കേജുകളെ അടിസ്ഥാനമാക്കി ഖാദി സഹകരണ സംഘങ്ങളെയും സ്ഥാപനങ്ങളെയും പുനരുജ്ജീവിപ്പിക്കുന്നതിന് 2025-26 ലെ ബജറ്റിൽ 100.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുതകുന്ന പ്രായോഗികമായ പദ്ധതികൾക്ക് പിന്തുണ നൽകുന്നു. അടിസ്ഥാന സൗകര്യ വികസനം, പ്രീലൂം, പ്രോസസ്സിംഗ് പ്രവർത്തനങ്ങളിലെ സാങ്കേതികവിദ്യ നവീകരണം/ആധുനികവൽക്കരണം, പുതിയ സ്പിന്നിംഗ്, നെയ്ത്ത് കരകൗശല വിദഗ്ധർക്കുള്ള പരിശീലന പരിപാടി, പ്രവർത്തന മൂലധന സഹായം, സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ, സി.എഫ്.എസ്.സികൾ, മസ്ലിൻ, സിൽക്ക് നെയ്ത്ത് യൂണിറ്റുകളിലെ മെച്ചപ്പെട്ട ഉൽപ്പാദനം എന്നിവയ്ക്ക് പദ്ധതി സഹായം ലഭ്യമാവും. കേന്ദ്ര സർക്കാർ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിലൂടെയുള്ള മറ്റ് സഹായ വിതരണത്തിൽ ഇരട്ടിപ്പ് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. ഈ പദ്ധതിയിലൂടെ 222 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു ലക്ഷ്യമിടുന്നു. ഖാദി സഹകരണ സംഘമോ ഖാദി സ്ഥാപനങ്ങളോ അവരുടെ യൂണിറ്റുകൾ നവീകരിക്കുന്നതിനും, അടിസ്ഥാന സൗകര്യ വികസനത്തിനും, പുതിയ തറികൾ അവതരിപ്പിക്കുന്നതിനും, അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും, പരിശീലന ആവശ്യങ്ങൾക്കും വേണ്ടിയുള്ള ചെലവുകൾ വഹിക്കുന്നതിനുമായി ഈ തുക വിനിയോഗിക്കണം. 2025-26 വർഷത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രധാന ഘടകങ്ങൾ താഴെ പ്രതിപാദിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വർക്ക് ഷെഡ് പരിപാലനവും നവീകരണവും | 100.00 |
| 2 | സ്പിന്നിംഗ് നെയ്ത്ത് യന്ത്രങ്ങളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | |
| 3 | പുതിയ കൈതൊഴിലാളികളുടെ പരിശീലന പരിപാടി | |
| 4 | പ്രീ പ്രോസസിംഗ്, പ്രോസസിംഗ് യൂണിറ്റുകൾ സ്ഥാപിക്കലും നവീകരണവും | |
| 5 | പ്രവർത്തന മൂലധനം | |
| | **ആകെ** | **100.00** |

ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരുക്കുന്നു.

**8. ഖാദി സിൽക്ക് വീവിംഗ് പദ്ധതി**

**(വിഹിതം: 60.00 ലക്ഷം രൂപ)**

ഖാദി സിൽക്ക് കേരളത്തിലുടനീളം നല്ല വിപണിയുണ്ട്. കേരളത്തിലെ ഖാദി ഉൽപ്പന്നങ്ങളുടെ മൊത്തം വിൽപ്പനയുടെ 30 ശതമാനം ഖാദി സിൽക്കാണ്. എന്നാൽ സംസ്ഥാനത്ത് ഖാദി സിൽക്കിന്റെ ഉൽപ്പാദനം താരതമ്യേന കുറവാണ്. ഖാദി സിൽക്ക് നെയ്ത്ത് മേഖലയെ ശക്തിപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഖാദി സിൽക്ക് നെയ്ത്ത് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ശക്തിപ്പെടുത്താനും തറികൾ, ആക്സസറികൾ, സാങ്കേതിക നവീകരണം, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഖാദി സിൽക്കിന്റെ ഉത്പാദനം വർദ്ധിപ്പിക്കാനും 2025-26 ൽ ബോർഡ് ഉദ്ദേശിക്കുന്നു. 2025-26 വർഷത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രധാന ഘടകങ്ങൾ താഴെ പ്രതിപാദിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | അസംസ്കൃത വസ്തുക്കളുടെ വാങ്ങൽ | 60.00 |
| 2 | പ്രിന്റിംഗും ഡയിംഗും | |
| 3 | പുതിയ യൂണിറ്റുകൾ സ്വാപിക്കൽ | |
| | **ആകെ** | **60.00** |

2025-26 ൽ 30 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതിയുടെ കീഴിൽ ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 60.00 ലക്ഷം രൂപ വകയിരുത്തിയിരുക്കുന്നു.

**9. പ്രത്യേക തൊഴിൽദാന പരിപാടി**

**(വിഹിതം: 280.00 ലക്ഷം രൂപ)**

നഗര ഗ്രാമ പ്രദേശങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ബാങ്ക് ധന സഹായം ലഭ്യമാക്കുന്ന പദ്ധതികൾക്കായി ചെറുകിട സംരംഭങ്ങൾക്കും പരമ്പരാഗത തൊഴിലാളികൾക്കും വ്യവസായ വാണിജ്യ വകുപ്പ് അംഗീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രോജക്ട് വിശകലനം ചെയ്ത് മാർജിൻ മണി സബ്സിഡി നൽകുന്നതിനും കൂടാതെ എസ്.സി/എസ്.റ്റി വകുപ്പിന്റെ പൂൾഡ് ഫണ്ട് ഉപയോഗിച്ച് സമാന ലക്ഷ്യങ്ങളുള്ള പദ്ധതികളുടെ മാച്ചിംഗ് ഷെയറായി ഒരു ഭാഗം മാറ്റിവെക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. ഈ വർഷം പദ്ധതി നടപ്പിലാക്കാൻ ഖാദി ഗ്രാമ ബോർഡ് മുൻ വർഷങ്ങളിലെ പരിപാടികളുടെ പ്രകടനം വിലയിരുത്തുകയും ആവശ്യമായ തിരുത്തലുകൾ മാർഗ്ഗരേഖയിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. നഗര, ഗ്രാമ പ്രദേശങ്ങളിലെ ചെറുകിട സംരംഭകരെയും പരമ്പരാഗത കരകൗശല വിദഗ്ധരെയും മാത്രമാണ് പ്രത്യേക തൊഴിൽ ദാന പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി പ്രകാരം വ്യവസായിക യൂണിറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സംരംഭകർ പ്രായോഗിക പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കണം. ബാങ്കിൽ നിന്ന് അംഗീകാരവും സാമ്പത്തിക സഹായവും ലഭിച്ചുകഴിഞ്ഞാൽ, യൂണിറ്റ് സ്ഥാപിക്കുന്നതിന് സംരംഭകന് ലഭിക്കുന്ന വായ്പയ്ക്ക് അർഹമായ മാർജിൻ മണി (സബ്സിഡി) ബോർഡ് ബാങ്കിന് നൽകുന്നതാണ്. സബ്സിഡിയായി ലഭിക്കുന്ന മാർജിൻ മണി രണ്ട് വർഷത്തേക്ക് സ്ഥിര നിക്ഷേപമായി ബാങ്കിൽ സൂക്ഷിക്കുകയും സംരംഭകന്റെ വായ്പാ അക്കൗണ്ടിൽ ക്രമീകരിക്കുകയും ചെയ്യും. മാർജിൻ മണി പ്രകാരം പരമാവധി സഹായം പദ്ധതി ചെലവിന്റെ 40% ആയി പരിമിതപ്പെടുത്തും. പൊതുവിഭാഗത്തിന് പദ്ധതി ചെലവിന്റെ 25% സബ്സിഡി ലഭിക്കും, സ്ത്രീകൾക്കും ഒബിസി വിഭാഗത്തിനും 30% ലഭിക്കും, എസ്സി/എസ്ടി/കോവിഡ് 19 മഹാമാരി മൂലം ജോലി നഷ്ടപ്പെട്ട പ്രവാസികൾ എന്നിവർക്ക് 40% സബ്സിഡി ലഭിക്കും. അംഗീകൃത മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് 2025-26 വർഷത്തിൽ, പദ്ധതി തുകയുടെ 50 ശതമാനം വനിതാ വിഭാഗ സംരംഭകർക്കായി ബോർഡ് നീക്കിവയ്ക്കും.

2025-26ൽ 1000 പുതിയ ഗ്രാമവ്യവസായ യൂണിറ്റുകളിലൂടെ 3000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 280.00 ലക്ഷം രൂപ വകയിരുത്തിയിരുക്കുന്നു.

## VI. കശുവണ്ടി മേഖല

കേരളത്തിലെ കശുവണ്ടി വ്യവസായം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും വിദേശനാണ്യം നേടുന്നതിലും ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇന്ത്യയിലെ പ്രധാന കശുവണ്ടി ഉൽപ്പാദന-സംസ്കരണ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കേരളത്തിലെ കശുമാവ് സംസ്കരണത്തിന്റെയും കയറ്റുമതിയുടെയും കേന്ദ്രമാണ് കൊല്ലം ജില്ല. ഈ വ്യവസായത്തിലെ 90 ശതമാനത്തിലധികം തൊഴിലാളികളും സ്ത്രീകളാണ്. കേരളത്തിലെ കശുവണ്ടി വ്യവസായം പ്രതിസന്ധിഘട്ടത്തിലൂടെയാണ് കടന്നു പോകുന്നത്, നിരവധി ഫാക്ടറികൾ അടച്ചുപൂട്ടുകയും, അതിന്റെ ഫലമായി ആയിരക്കണക്കിന് തൊഴിലാളികൾ തൊഴിൽരഹിതരുമാണ്.

ന്യായമായ വിലയിലുള്ള അസംസ്കൃതവസ്തുക്കളുടെ ലഭ്യതാക്കുറവ്, ഉയർന്ന സംസ്കരണ ചെലവ്, ആധുനികവൽക്കരണത്തിന്റെ അഭാവം, വിപണനത്തിലെ പ്രശ്നങ്ങൾ എന്നിവയാണ് കേരളത്തിലെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് കശുവണ്ടി മേഖലയിലെ പദ്ധതികൾ ലക്ഷ്യമിടുന്നത്.

തൊഴിൽ നഷ്ടമില്ലാതെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഫാക്ടറികളുടെ യന്ത്രവൽക്കരണം, യൂണിറ്റുകളുടെ നവീകരണം, കശുവണ്ടി ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഉയർന്ന വിളവ് നൽകുന്ന കശുവണ്ടി ഗ്രാഫ്റ്റുകളുടെ വിതരണവും നട്ടുപിടിപ്പിക്കലും, പുതിയ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കൽ, ആധുനികവൽക്കരണത്തിനായുള്ള ഗവേഷണവും-വികസനവും, സംഭരണത്തിലെ കുറവ് നികത്തുന്നതിനുള്ള പരിഹാരങ്ങൾ, കേരള കശുവണ്ടി ബോർഡ് വഴി മറ്റ് രാജ്യങ്ങളിൽ നിന്ന് അസംസ്കൃത കശുവണ്ടിയുടെ സംഭരണം എന്നിവയാണ് ഈ മേഖല ഊന്നൽ നൽകേണ്ട പ്രധാന പ്രവർത്തനങ്ങൾ. കശുവണ്ടി മേഖലയ്ക്കായി 2025-26 ബജറ്റിൽ 5,336.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

കശുവണ്ടി മേഖലയിലെ ഏജൻസി തിരിച്ചുള്ള വകയിരുത്തൽ

| ക്രമ നം. | വകുപ്പകൾ | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ | 305.00 |
| 2. | കാപെക്സ് | 300.00 |
| 3. | കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള കേരള സംസ്ഥാന ഏജൻസി | 631.00 |
| 4. | കേരള കാഷ്യു ബോർഡ് | 4100.00 |
| | **ആകെ** | **5336.00** |

**കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.സി.ഡി.സി)**

കശുവണ്ടി വ്യവസായത്തിൽ, നിയമാനുസൃത വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകികൊണ്ട് പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പാക്കി തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്ന, പൂർണ്ണമായും സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരു മാതൃകാ തൊഴിൽ ദാതാവാണ് കെ.എസ്.സി.ഡി.സി.

**1. കെ.എസ്.സി.ഡി.സി യുടെ കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്ക്കരണവും ഭാഗിക യന്ത്രവത്ക്കരണവും**

**(വിഹിതം: 165.00 ലക്ഷം രൂപ)**

സംസ്കരണ പ്ലാന്റുകൾ, ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നവീകരിച്ചുകൊണ്ട് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ ഫാക്ടറികളുടെ ഉൽപാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മാതൃകാ ഫില്ലിംഗ് സ്റ്റേഷനുകളും ആധുനിക വെയർഹൗസുകളും സ്ഥാപിക്കൽ, ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് പ്രവർത്തനങ്ങളിൽ യന്ത്രവൽക്കരണം, ഗവേഷണവും വികസനവും, നിലവിലുള്ള കെട്ടിടങ്ങളുടെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെയും നവീകരണം എന്നി പ്രവർത്തനങ്ങളാണ് പ്രധാനമായും ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്തിരിക്കുന്നത്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്, ഭാഗികമോ/പൂർണ്ണമോ ആയ യന്ത്രവൽക്കരണം അനിവാര്യമാണ്. അതിനാൽ നിലവിലുള്ള ജീവനക്കാരെ പിരിച്ചുവിടാതെ തന്നെ പുതിയ കട്ടിംഗ് മെഷീനുകൾ വാങ്ങിക്കൊണ്ട് കശുവണ്ടി ഫാക്ടറികളുടെ ആധുനികവൽക്കരണ/നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായും പദ്ധതി തുക വിനിയോഗിക്കാം. 2025-26 ബജറ്റിൽ പദ്ധതിക്കായി 165.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ 90 ശതമാനവും സ്ത്രീ തൊഴിലാളികൾക്ക് പ്രയോജനപ്പെടും.

**2. സി.ഡി.സി ബ്രാൻഡ് ബിൽഡിംഗ്**

**(വിഹിതം: 140.00 ലക്ഷം രൂപ)**

കെ.എസ്.സി.ഡി.സി ഉൽപ്പന്നങ്ങളുടെ ബ്രാൻഡ് ഇമേജ് വർദ്ധിപ്പിക്കുകയും അതുവഴി പ്രവർത്തന ലാഭം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2025-26 സാമ്പത്തിക വർഷത്തിൽ, 'കേരള കശുവണ്ടി' എന്ന ബ്രാൻഡിനെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും തിരഞ്ഞെടുത്ത മാധ്യമങ്ങളിൽ പരസ്യം നൽകുക, ബ്രാൻഡ് വിശ്വസ്തത സൃഷ്ടിക്കുന്നതിനുള്ള വിവിധ വിൽപ്പന പ്രചരണ പ്രവർത്തനങ്ങൾ, പ്രധാന ഭക്ഷ്യ മേളകളിലും പ്രധാന വ്യാപാര മേളകളിലും പങ്കാളിത്തം, തിരഞ്ഞെടുത്ത അന്താരാഷ്ട്ര വിപണിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള വിപണന ശ്രമങ്ങൾ, ആധുനിക വ്യാപാര ഔട്ട്ലെറ്റുകളിലെ പ്രാരംഭ വിതരണ തുകയും ലിസ്റ്റിംഗ് ഫീസും, സ്റ്റോക്കുകളുടെ ലഭ്യത ഉറപ്പാക്കൽ, ഉൽപ്പന്ന വികസനവും ബ്രാൻഡ് മാർക്കറ്റിംഗും, സ്റ്റാർട്ടപ്പുകൾ വഴി ബ്രാൻഡ് പ്രമോഷൻ എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാനപെട്ട പ്രവർത്തനങ്ങൾ. ചില്ലി കോട്ടഡ് കാഷ്യൂ, ഗാർലിക്ക് കോട്ടഡ് കാഷ്യൂ, ചില്ലി ഗാർലിക്ക് കോട്ടഡ് കാഷ്യൂ, പെപ്പെർ കോട്ടഡ് കാഷ്യൂ, മിൽക്ക് ഷേക്ക്, കശുവണ്ടി വീറ്റ ഏലം, കശുവണ്ടി വീറ്റ ചോക്ലേറ്റ്, കശുവണ്ടി വീറ്റ പിസ്ത, കശുവണ്ടി വീറ്റ വാനില, കശുവണ്ടി സൂപ്പ്, കശുവണ്ടി പൊടി, കശുവണ്ടി ആപ്പിൾ സോഡ തുടങ്ങിയ വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ അവതരിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. വിപണിയിൽ കൂടുതൽ സ്വീകാര്യത നേടുന്നതിനായി കൂടുതൽ പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നതിനും പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനും, ഇങ്ങനെ വികസിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും സഹായം നൽകും. പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 140.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

**കേരള സംസ്ഥാന കശുവണ്ടി തൊഴിലാളി അപ്പെക്സ് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപെക്സ്)**

സഹകരണ മേഖലയിലെ കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ പരമോന്നത സ്ഥാപനമാണ് കാപെക്സ്. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ, അസംസ്കൃത കശുവണ്ടി സംഭരണം, പ്രാഥമിക സംഘങ്ങൾക്കുള്ള അസംസ്കൃത കശുവണ്ടിയുടെ വിതരണം, അവയുടെ സംസ്കരണം, വിപണനം എന്നിവയിൽ നേതൃത്വപരമായ കടമ നിർവഹിക്കുന്നതിലൂടെ തൊഴിലാളികൾക്ക് തുടർച്ചയായ തൊഴിൽ, തൊഴിൽ സുരക്ഷ, വേതന സംരക്ഷണം എന്നിവ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്

**3.കാപെക്സിന്റെ ഫാക്ടറികളുടെ ആധുനികവൽക്കരണവും ഭാഗിക യന്ത്രവൽക്കരണവും**

**(വിഹിതം: 270.00 ലക്ഷം രൂപ)**

കാപെക്സിനു കീഴിൽ ഉള്ള 10 കശുവണ്ടി ഫാക്ടറികളിലെ സംസ്കരണ പ്ലാന്റുകൾ, ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വർധിപ്പിച്ചും ഹെഡ് ഓഫീസിലെ പാക്കേജിംഗ് സംവിധാനം ആധുനികവൽക്കരിച്ചും ഉൽപ്പാദനക്ഷമത കൈവരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. മോഡൽ ഫില്ലിംഗ് സ്റ്റേഷനുകളും ആധുനിക വെയർഹൗസുകളും സ്ഥാപിക്കൽ, ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് പ്രവർത്തനങ്ങളിൽ യന്ത്രവൽക്കരണം, ആധുനിക പാക്കിംഗ് മെഷീൻ, സെയിൽസ് ഔട്ട്ലെറ്റുകൾ, ഗവേഷണം, നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം, സ്ത്രീ സൗഹൃദാന്തരീക്ഷം എന്നിവ ഉൾപ്പെടുന്ന അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്യുന്നു. മികച്ച പ്രവർത്തന അന്തരീക്ഷത്തിനായി, അത്യാധുനിക അടിസ്ഥാന സൗകര്യ വികസനവും യന്ത്രവൽക്കരണ, ആധുനികവൽക്കരണ പ്രവർത്തനങ്ങളും നടത്തിക്കൊണ്ട് കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനാന്തരീക്ഷം ഉയർത്തും. വിവിധ സിവിൽ ജോലികൾ, കട്ടിംഗ് മെഷീനുകൾ വാങ്ങൽ, യന്ത്രവൽകൃത ഫാക്ടറിയുടെ പൈലറ്റ് പ്രോജക്റ്റ് എന്നിവയാണ് പ്രധാന ഘടകങ്ങൾ. 2025-26 ബജറ്റിൽ പദ്ധതിക്കായി 270.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിഹിതത്തിന്റെ 90 ശതമാനവും സ്ത്രീ തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്നവയാണ്.

**4. ഇന്ത്യയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും മാർക്കറ്റ് അവബോധം സൃഷ്ടിക്കലും (കാപ്പെക്സ്)**

**(വിഹിതം: 30.00 ലക്ഷം രൂപ)**

2025-26 ലും വരും വർഷങ്ങളിലും മൊത്തം വിൽപ്പന വിറ്റുവരവ് വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇന്ത്യയിലും വിദേശ വിപണികളിലുമുള്ള പരസ്യ-പ്രചാരണങ്ങൾ, വിൽപ്പന ശക്തിപെടുത്തൽ എന്നിവയ്ക്കായി ഈ പദ്ധതിയിൽ നിന്നും തുക വിനിയോഗിക്കാം. ഇന്ത്യയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് കെട്ടിപ്പെടുക്കൽ, വിപണി അവബോധം സൃഷ്ടിക്കൽ എന്നിവ കൊണ്ട് ലക്ഷ്യമാക്കുന്നത് റീട്ടെയിൽ ഔട്ട്ലെറ്റുകൾ, ഫ്രാഞ്ചൈസി ഔട്ട്ലെറ്റുകൾ, നേരിട്ടുള്ള വിപണനം എന്നിവയിലൂടെയുള്ള വിദേശ/പ്രാദേശിക വിപണിയിലെ വിൽപ്പന കണ്ടെത്തുക എന്നതാണ്. വിപണിയിൽ 'കാപെക്സ് കശുവണ്ടി' ബ്രാൻഡിനെ'ക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി തിരഞ്ഞെടുത്ത മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളും ഇതിൽ ഉൾപ്പെടുന്നു. പ്രധാന ഭക്ഷ്യ പ്രദർശന വ്യാപാര മേളകളിലെ പങ്കാളിത്തം, നേരിട്ടുള്ള വിപണനത്തിലൂടെയും ഫ്രാഞ്ചൈസി വിൽപ്പനയിലൂടെയുമുള്ള പ്രാദേശിക വിപണിയിലെ കശുവണ്ടി പരിപ്പ് വിൽപ്പന; പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ അവതരിപ്പിക്കൽ എന്നിവയും പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. 2025-26 ബജറ്റിൽ പദ്ധതിക്കായി 30.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

**കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ (കെഎസ്.എ.സി.സി)**

ആഭ്യന്തര ഉത്പാദനത്തിലെ കുറവു മൂലം അസംസ്കൃത കശുവണ്ടിയുടെ അപര്യാപ്തതയാണ് കശുവണ്ടി വ്യവസായം നേരിടുന്ന ഒരു പ്രതിസന്ധി. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനായി, സംസ്ഥാനത്തെ കശുമാവ് കൃഷി ചെയ്യുന്ന പ്രദേശങ്ങളുടെ വ്യാപ്തി വർദ്ധിപ്പിച്ച് അത്യുൽപാദന ശേഷിയുള്ള കശുമാവിൻ തൈകൾ കൃഷിചെയ്യുവാനും അതിലൂടെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായിട്ടാണ് കെഎസ്.എ.സി.സി സ്ഥാപിച്ചിട്ടുള്ളത്.

**5. ജൈവ കശുമാവ് കൃഷിയും അസംസ്കൃത കശുവണ്ടി ബാങ്ക് സ്ഥാപിക്കലും**

**(വിഹിതം: 631.00 ലക്ഷം രൂപ)**

നോർമൽ ഡെൻസിറ്റി പ്ലാന്റിംഗ്, ഹൈ ഡെൻസിറ്റി പ്ലാന്റിംഗ്, അൾട്രാ ഹൈ ഡെൻസിറ്റി പ്ലാന്റിംഗ്, മുറ്റത്തൊരു കശുമാവ്പദ്ധതി, പരിശീലനവും പ്രചാരണവും എന്നീ ഘടകങ്ങളുടെ നടത്തിപ്പ് വഴി കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അസംസ്കൃത

കശുവണ്ടിപ്പരിപ്പിന്റെ തദ്ദേശീയ ഉൽപ്പാദനം വർധിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ/കൃഷി വകുപ്പുമായി സഹകരിച്ച് കെ.എസ്.എ.സി.സി ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കും.

i) മാതൃകാ കശുമാവ് കൃഷിക്കുള്ള പിന്തുണ (കശുമാവ് തോട്ടവും കശുമാവ് ഫാമും)

കശുമാവ് കൃഷിക്ക് പിന്തുണ നൽകിക്കൊണ്ട് സംസ്ഥാനത്ത് കശുമാവ് കൃഷിയും അസംസ്കൃത കശുവണ്ടിയുടെ ആഭ്യന്തര ലഭ്യതയും വർദ്ധിപ്പിക്കുകയാണ് പരിപാടി ലക്ഷ്യമിടുന്നത്. പദ്ധതിയിലൂടെ സാമ്പത്തിക സഹായത്തോടൊപ്പം പുത്തൻ സാങ്കേതിക വിദ്യകളും അത്യുൽപാദനശേഷിയുള്ള ഒട്ടുതൈകളും സ്വീകരിക്കാൻ കെ.എസ്.എ.സി.സി നിർദേശം നൽകും. കൃഷി ഏറ്റെടുക്കുന്നതിനും, അതിന്റെ അതിജീവനവും പരിപാലനവും ഉറപ്പാക്കുന്നതിനും 3 വർഷ കാലയളവിൽ ഒരു ചെടിക്ക് 100 രൂപ നിരക്കിൽ സഹായം നൽകുന്നു. അത്തരം സഹായത്തിൽ നടീൽ വസ്തുക്കളുടെ ചിലവ്, നിലം തയ്യാറാക്കൽ, 3 വർഷത്തേക്ക് നീളുന്ന പരിപോഷണ വിഹിതം എന്നിവ ഉൾപ്പെടുന്നു. മൂന്ന് വർഷ കാലയളവിൽ ഗ്രാഫ്റ്റുകളുടെ നിരീക്ഷണത്തിനും അതിജീവനത്തിനും വിധേയമായി 60:20:20 എന്ന അനുപാതത്തിൽ മൂന്ന് ഗഡുക്കളായി സഹായം നൽകും. ആദ്യ വർഷത്തിൽ നടീൽ ചെലവിന്റെയും മറ്റ് ചെലവുകളുടെയും ഒരു ഭാഗം ഉൾപ്പെടുന്നു. ഗ്രാഫ്റ്റുകളുടെ അതിജീവനത്തെ അടിസ്ഥാനമാക്കിയുള്ള മെയിന്റനൻസ് ചാർജ്ജുകളാണ് രണ്ടും മൂന്നും വർഷത്തെ ചെലവുകൾ. ഹോർട്ടികൾച്ചർ സംയോജിത വികസന മിഷൻ (എം.ഐ.ഡി.എച്ച്) മാനദണ്ഡങ്ങൾ അനുസരിച്ചാണ് സഹായം. സ്കീമിൽ ഇനിപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു–

എ) നോർമൽ ഡെൻസിറ്റിയിൽ (200 ചെടികൾ/ഹെക്ടർ 7മീറ്റർ x 7മീറ്റർ അകലത്തിൽ) നടുന്നതിന് ആദ്യവർഷത്തെ പിന്തുണയായി 166.00 ലക്ഷം രൂപ വകയിരുത്തുന്നു.

ബി) ഹൈ ഡെൻസിറ്റിയിൽ (400 ചെടികൾ/ഹെക്ടർ 5മീ x 5മീറ്റർ അകലത്തിൽ) നടുന്നതിന് ഒന്നാം വർഷ പിന്തുണയായി 166.00 ലക്ഷം രൂപ വകയിരുത്തുന്നു.

സി) അൾട്രാ ഹൈ ഡെൻസിറ്റിയിൽ (1100 ചെടികൾ/ഹെക്ടർ 3മീ x 3മീറ്റർ അകലത്തിൽ) നടുന്നതിന് ആദ്യവർഷത്തെ സഹായമായി 5.00 ലക്ഷം രൂപ വകയിരുത്തുന്നു. അൾട്രാ ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് രീതി അവലംബിക്കുമ്പോൾ, തിരഞ്ഞെടുത്ത കർഷകർക്ക് 3 മീറ്റർ x 3 മീറ്റർ അകലത്തിൽ ഗ്രാഫ്റ്റുകൾ നടുന്നതിന് ഹെക്ടറിന് 1100 ചെടികൾ നൽകും, കുറഞ്ഞത് 1 ഏക്കർ ഭൂമിയിൽ ഡ്രിപ്പ് ഇറിഗേഷനും ഫെർട്ടിഗേഷൻ സൗകര്യവുമുള്ള കൃഷിയിടങ്ങൾക്ക് മൂന്നാം വർഷം മുതൽ ഒരു ടൺ സ്ഥിരമായ വിളവ് ലഭിക്കും. കശുവണ്ടി ഗ്രാഫ്റ്റ്, ഡ്രിപ്പ് യൂണിറ്റ് സ്ഥാപിക്കൽ, ലോജിസ്റ്റിക്സ്, ഓവർഹെഡ് ടാങ്ക് എന്നിവയ്ക്ക് കർഷകർക്ക് ഹെക്ടറിന് ഒരു ലക്ഷം രൂപ വീതം സഹായം നൽകും.

ഡി) വിളകളുടെ പരിപാലനച്ചെലവുകൾ – ചെടികളുടെ നിരീക്ഷണവും നിലനിൽപ്പും അടിസ്ഥാനമാക്കി ഒട്ടുതൈകൾ പരിപാലിക്കുന്നതിനായി നടീലിന്റെ 2, 3 വർഷങ്ങളിൽ കർഷകർ/സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവർക്ക് പരിപോഷണ ചെലവുകൾ വിതരണം ചെയ്യുന്നു. പ്രാരംഭ വർഷങ്ങളിലെ 60 ശതമാനം വിഹിതം ഒഴികെ 2, 3 വർഷങ്ങളിൽ 20:20 എന്ന അനുപാതത്തിലാണ് സഹായം നൽകുന്നത്. ഓരോ ഗ്രാഫ്റ്റിനും 20 രൂപ വീതം രണ്ടും മൂന്നും വർഷങ്ങളിൽ കർഷകർക്ക് കൃഷിച്ചെലവായി നൽകും. യഥാക്രമം 2024–25, 2023–24 വർഷങ്ങളിൽ നട്ടുപിടിപ്പിച്ച ഗ്രാഫ്റ്റുകളുടെ 2, 3 വർഷ പരിപാലന ചിലവുകൾ നിറവേറ്റുന്നതിനായി 2025–26 ബജറ്റിൽ 84.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ii) മുറ്റത്തൊരു കശുമാവ് പദ്ധതി

പൊതുജനങ്ങൾക്കിടയിൽ കശുമാവ് കൃഷി പ്രചരിപ്പിക്കുന്നതിനായി കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എസ്, സ്കൂൾ/കോളേജ് വിദ്യാർഥികൾ, റസിഡൻസ് അസോസിയേഷൻ, പൊതുജനങ്ങൾ എന്നിവർക്ക് സൗജന്യമായി കശുമാവ് ഗ്രാഫ്റ്റ് വിതരണം ചെയ്യാൻ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. 1,00,000 എണ്ണം കശുവണ്ടി ഗ്രാഫ്റ്റുകൾ വിതരണം ചെയ്യുന്നതിനായി ഒട്ടുതൈകളുടെ നിർമ്മാണ ചിലവും, ഗതാഗത ചെലവും ഉൾപ്പെടെ 50.00 ലക്ഷം രൂപ 2025–26 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

iii) തേനീച്ച വളർത്തൽ വഴി പരാഗണത്തെ പിന്തുണയ്ക്കുന്നു

കശുവണ്ടി ഒരു ക്രോസ് പരാഗണം നടക്കുന്ന വിളയാണ്, പ്രധാന പരാഗണ ഏജന്റുകൾ തേനീച്ചകളും പ്രാണികളുമാണ്. കശുവണ്ടിത്തോട്ടത്തിൽ തേനീച്ച വളർത്തുന്നത് പൂക്കളുടെ പരാഗണം പ്രോത്സാഹിപ്പിക്കുകയും അതുവഴി വിളവ് വർദ്ധിപ്പിക്കുകയും തേനിൽ നിന്ന് കർഷകർക്ക് അധിക

വരുമാനം ഉണ്ടാകുകയും ചെയ്യും. 2025-26 ൽ 100 ഹെക്ടർ വിസ്തൃതിയുള്ള കശുമാവ് തോട്ടങ്ങളിൽ 2500 തേനീച്ച കോളനികൾ സ്ഥാപിക്കുന്നതിന് 24.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അംഗീകൃത മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയാണ് പദ്ധതി നടപ്പിലാക്കുക.

iv) കശുവണ്ടി തോട്ടങ്ങളിൽ ജിപിഎസ്/ജിഐഎസ്

കശുമാവ് കൃഷിയിടങ്ങൾക്കും തോട്ടങ്ങൾക്കും ജിപിഎസും ജിഐഎസും ഉൾപ്പെടുന്ന മാപ്പ് ഇൻഫർമേഷൻ സിസ്റ്റം അവതരിപ്പിക്കുക എന്നതാണ് ഈ ഘടകത്തിന്റെ പ്രധാന ലക്ഷ്യം. വിജയകരമായ വിള ഉൽപാദനത്തിനും സ്ഥലം തിരിച്ചറിയലിനും വേണ്ടിയുള്ള കശുമാവ് കൃഷിയിടങ്ങളുടെ ഫീൽഡ് നിരീക്ഷണത്തിനും മാനേജ്മെന്റിനും ജിപിഎസ് മാപ്പിംഗ് സഹായിക്കുന്നു. കെൽട്രോണുമായി സഹകരിച്ചാണ് ഈ പ്രവർത്തനം ഏറ്റെടുക്കുക. പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 16.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

v) പരിശീലനം, പബ്ലിസിറ്റി, എക്സ്റ്റൻഷൻ, മിഷൻ മാനേജ്മെന്റ്

കശുമാവ് കൃഷിയെക്കുറിച്ച് ഏറ്റവും പുതിയ അറിവുകൾ ജനങ്ങളിലേക്കെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ ഘടകം നിർദ്ദേശിക്കുന്നു. കർഷകർക്ക് കൃഷിരീതികളിൽ പരിശീലനം, വിപുലീകരണ സേവനങ്ങൾ, പദ്ധതിയുടെ നടത്തിപ്പ്/നിർവ്വഹണം, പരിശീലനം/സെമിനാറുകൾ, ദൃശ്യമാധ്യമങ്ങൾ/പുസ്തകങ്ങൾ/ ബ്രോഷറുകൾ എന്നിവയിലൂടെയുള്ള ബോധവൽക്കരണ പരിപാടികൾ എന്നിവയ്ക്കെല്ലാമുള്ള നടത്തിപ്പ് ചെലവുകൾ ഇതിൽ ഉൾപ്പെടുന്നു. അതോടൊപ്പം പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ വരുന്ന മറ്റ് ചെലവുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2025-26 ബജറ്റിൽ ഈ പ്രവർത്തനങ്ങൾക്കായി 120.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ പരിശീലനത്തിനും പ്രചാരണത്തിനും വിപുലീകരണ പ്രവർത്തനങ്ങൾക്കുമായി 20.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

**6) കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്**

**(വിഹിതം: 4100.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി എന്ന നിലയിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിളായിട്ടാണ് കേരള കാഷ്യൂ ബോർഡ് രൂപീകരിക്കപ്പെട്ടത്. ഇതിൽ 49 ശതമാനം ഇക്വിറ്റി വിഹിതം കേരള സർക്കാരിന്റേയും ബാക്കി 51 ശതമാനം കെ.എസ്.സി.ഡി.സി, കാപെക്സ് മറ്റു സമാന ഏജൻസികൾ, വ്യക്തികൾ എന്നിവരുടേതാണ്. ഇന്ത്യയിൽ നിന്ന് അസംസ്കൃത കശുവണ്ടി സംഭരിക്കുകയോ പുറത്ത് നിന്ന് ഇറക്കുമതി ചെയ്യുകയോ ചെയ്യുക, മൂല്യവർദ്ധനവും സംസ്കരണവും പ്രോത്സാഹിപ്പിക്കുക, ആഭ്യന്തര-അന്തർദേശീയ വിപണികളിൽ ഉൽപന്നങ്ങളുടെ വിപണനം പ്രാപ്തമാക്കുക, ആഭ്യന്തര കശുവണ്ടി സംസ്കരണസ്ഥാപനങ്ങൾക്ക് ന്യായവിലയ്ക്ക് അസംസ്കൃത കശുവണ്ടി വിതരണം ചെയ്യുക, ആഭ്യന്തര അസംസ്കൃത കശുവണ്ടിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഭൂവുടമകളെയും സംസ്കരണം നടത്തുന്നവരെയും മറ്റ് പങ്കാളികളെയും ഉൾപ്പെടുത്തി കശുവണ്ടിയുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവയാണ് കമ്പനിയുടെ പ്രധാന ലക്ഷ്യങ്ങൾ.

കശുവണ്ടി വ്യവസായം, കശുവണ്ടി ഉൽപാദിപ്പിക്കുന്ന മറ്റ് രാജ്യങ്ങളിൽ നിന്നുള്ള അസംസ്കൃത കശുവണ്ടി ഇറക്കുമതിയെ വലിയതോതിൽ ആശ്രയിക്കുന്നു. അസംസ്കൃത കശുവണ്ടിയുടെ ലഭ്യതയിലുണ്ടായ കുറവ് സംസ്കരണ യൂണിറ്റുകളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്, ഇത് പരിഹരിക്കുന്നതിനുള്ള ശ്രമമായിട്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇറക്കുമതി ചെയ്ത അസംസ്കൃത കശുവണ്ടിയുടെ 80 ശതമാനം തുകയും സ്റ്റോക്ക് എത്തിയ ഉടൻ കേരള ക്യാഷ്യൂ ബോർഡിന് നൽകേണ്ടതായിട്ടുണ്ട് എന്നാൽ കേരള ക്യാഷ്യൂ ബോർഡിൽനിന്നും കശുവണ്ടി വാങ്ങുന്ന സ്ഥാപനങ്ങൾക്ക് അഡ്വാൻസ് തുക നൽകുന്നതിനുള്ള ശേഷിയില്ല. അസംസ്കൃത കശുവണ്ടിയുടെ തടസ്സമില്ലാത്ത വാങ്ങൽ ഉറപ്പുവരുത്തുന്നതിന് 'കേരള ക്യാഷ്യൂ ബോർഡ്' ബാധ്യസ്ഥരാണ് ആയതിനാൽ തന്നെ റിവോൾവിംഗ് ഫണ്ടിലൂടെ തടസ്സമില്ലാത്ത ഫണ്ട് ലഭ്യത ഉറപ്പാക്കേണ്ടതയിട്ടുണ്ട്. സർക്കാർ സഹായം എന്ന നിലയിൽ ഈ പദ്ധതി റിവോൾവിംഗ് ഫണ്ട് കണ്ടെത്തുന്നതിന് സഹായകരമാകുന്നു.

പൊതുമേഖലയിലെ കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ ഉപയോഗത്തിനായി 20,000 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി സംഭരിക്കുക എന്നതാണ് 2025-26-ലെ ഭൗതിക ലക്ഷ്യം. പദ്ധതി നടപ്പാക്കുമ്പോൾ, കെ.എസ്.സി.ഡി.സി യുടെയും കാപെക്സിന്റെയും കീഴിലുള്ള കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ഒരു വർഷത്തിൽ കുറഞ്ഞത് 200 ദിവസമെങ്കിലും പ്രവർത്തിക്കാൻ കഴിയും, അതുവഴി ജോലിയിൽ തുടർച്ചയും സ്ഥിര വേതനവും ഉറപ്പാക്കാം.

സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ വ്യവസായത്തിന് അസംസ്കൃത കശുവണ്ടിയുടെ തടസ്സമില്ലാത്ത വിതരണം ഉറപ്പാക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ടായി 2025-26 ബജറ്റിൽ കെ.സി.ബിക്ക് 4100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 6.2 ഇടത്തരവും വലുതുമായ വ്യവസായങ്ങൾ

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം പരിസ്ഥിതി സൗഹൃദവും സുസ്ഥിരമായ സാമ്പത്തിക വളർച്ച കൈവരിക്കുന്നതിലൂടെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നുള്ളതാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന വിവിധ ഏജൻസികൾ, സംസ്ഥാനത്ത് ഒരു നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് മുൻകൈ എടുക്കുന്നു. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.ഡി.സി), കേരള റബ്ബർ ലിമിറ്റഡ് (കെ.ആർ.എൽ) കേരള വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ (കിൻഫ്ര), സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെൻറ് (സി.എം.ഡി), ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (ബി.പി.ടി)- (മുമ്പ് റിയാബ്), ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബി.പി.ഇ) എന്നീ ഏജൻസികൾ/വകുപ്പുകളാണ് ഇടത്തരവും വലുതുമായ വ്യവസായങ്ങളിൽ ഉൾപ്പെടുന്നത്. 2025-26 വർഷത്തിൽ ഇടത്തരവും വലുതുമായ വ്യവസായ മേഖലയ്ക്കായി 79509.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഏജൻസി തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### 1. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.ഡി.സി)

**(വിഹിതം: 12750.00 ലക്ഷം രൂപ)**

കേരളത്തിലെ ഇടത്തരവും വലുതുമായ വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമാക്കിക്കൊണ്ട് 1961 ൽ സ്ഥാപിച്ച പ്രധാന വ്യവസായ നിക്ഷേപ പ്രോത്സാഹന സ്ഥാപനമാണ് കെഎസ്ഐഡിസി. കൂടാതെ വ്യാപാര ആശയങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും പ്രായോഗിക പ്രോജക്ട് കണ്ടെത്തുന്നതിനും സ്വകാര്യ നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ധനസഹായം നൽകുന്നതിനും വ്യവസായ പശ്ചാത്തല സൗകര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശവും സഹായവും ഉൾപ്പെടെയുള്ള സമഗ്രമായ സേവനങ്ങൾ പ്രദാനംചെയ്യുന്നു. സംസ്ഥാനത്ത് നടത്തുന്ന നിക്ഷേപങ്ങൾക്കായുള്ള സിംഗിൾ പോയിന്റ് ഓഫ് കോണ്ടാക്ട് ആയി പ്രവർത്തിച്ചുകൊണ്ട് കേരളത്തിന്റെ വ്യവസായ സാമ്പത്തിക വികസനത്തിന് ആവശ്യമായ സുപ്രധാനമായ പല വ്യവസായ പശ്ചാത്തല പദ്ധതികൾക്കും കെ.എസ്.ഐ.ഡി.സി തുടക്കം കുറിച്ചിട്ടുണ്ട്. താഴെ പറയുന്ന പദ്ധതികൾക്കായി 2025-26 ബജറ്റിൽ 12750.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

#### 1.1 നിക്ഷേപം സുഗമമാക്കലും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ഇനിഷ്യേറ്റീവും

**(വിഹിതം: 600.00 ലക്ഷം രൂപ)**

സംസ്ഥാനത്തേയ്ക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുക, നടപടിക്രമങ്ങൾ ലഘൂകരിക്കുക, കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽകണ്ടുകൊണ്ട് കെഎസ്ഐഡിസിയ്ക്ക് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഉൽപന്ന നിർമ്മാണ മേഖലയിലും മറ്റ് വളർന്നു വരുന്ന വിവിധ മേഖലകളിലുമുള്ള ദേശീയ/അന്തർദേശീയ നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനായി 2025-26 കാലഘട്ടത്തിൽ പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കെ.എസ്.ഐ.ഡി.സി ഊന്നൽ നൽകുന്നു.

എ സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ (എസ്.ബി.ആർ.എ.പി), ബിസിനസ്സ് ചെയ്യാനുള്ള ചെലവ്, റെഗുലേറ്ററി പരിഷ്കാരങ്ങൾ നടപ്പിലാക്കൽ

ബി. കെ സ്വിഫ്റ്റ്, കെ.സി.ഐ.എസ് എന്നിവയുടെ നവീകരണം

സി. ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെല്ലും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും ശക്തിപ്പെടുത്തുക

ഡി. കെ-സ്വിഫ്റ്റിന്റെ മാധ്യമ പ്രചാരണം

ഇ. ടോൾ-ഫ്രീ കോൾ സെന്റർ ഹെൽപ്പ് ഡെസ്ക് ശക്തിപ്പെടുത്തൽ

എഫ്. സംസ്ഥാനത്ത് പ്രധാനമന്ത്രി ഗതി ശക്തി ദേശീയ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.

## 1.2 നിക്ഷേപ പ്രോത്സാഹന സംരംഭങ്ങൾ

**(വിഹിതം: 2200.00 ലക്ഷം രൂപ)**

സംസ്ഥാനത്തേക്ക് നിക്ഷേപം ആകർഷിക്കുന്നതിനായി കേരള സർക്കാർ കണ്ടെത്തിയ ഒരു പ്രധാന ഇടപെടലാണ് വിവിധ നിക്ഷേപ പ്രോത്സാഹന പ്രവർത്തങ്ങൾ. ആഭ്യന്തരവും അന്തർദേശീയവുമായ പ്രാപ്തരായ നിക്ഷേപകരെ കണ്ടെത്തുകയും നിക്ഷേപം ആകർഷിക്കുകയും ചെയ്യുക എന്നതാണ് ഇത്തരം പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം. ലീഡ് ജനറേഷൻ, ഇൻവെസ്റ്റ്മെന്റ് കൺവേർഷൻ, നിക്ഷേപക സേവനങ്ങൾ, ഫീഡ്ബാക്ക് സംവിധാനം, സഹകരണം എന്നീ പ്രവർത്തനങ്ങളിലൂടെ ആഗോളതലത്തിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷമുള്ള ഒരു നിക്ഷേപ കേന്ദ്രമായി കേരളത്തെ ഉയർത്താൻ വിഭാവനം ചെയുന്നു. താഴെ പറയുന്ന പ്രവൃത്തികൾ ഇതിൽ ഉൾപ്പെടുന്നു.

എ. പ്രധാന ദേശീയ/അന്തർദേശീയ നിക്ഷേപ ഉച്ചകോടികൾ, വ്യാപാര മേളകൾ, റോഡ് ഷോകൾ, ലോക സാമ്പത്തിക ഫോറം 2025 ഉൾപ്പെടെയുള്ള കോൺഫറൻസുകൾ എന്നിവയിൽ പങ്കെടുക്കുക

ബി. നിക്ഷേപകരുടെ പിച്ച് മീറ്റിംഗുകൾ, സൈറ്റ് സന്ദർശനങ്ങൾ, വ്യക്തിഗത ഇടപെടലുകൾ, തന്ത്രപരമായ പങ്കാളിത്തങ്ങൾ

സി. വിവിധ തരത്തിലുള്ള പിന്തുണ നൽകുന്നതിന് ആവശ്യമായ കഴിവുകളും വിഭവങ്ങളും ഉപയോഗിച്ച് നിക്ഷേപ പ്രോത്സാഹന ടീമിനെ സജ്ജമാക്കുക

ഡി. നിലവിലുള്ള ബിസിനസുകൾ, ഉത്പന്ന നിർമാണ പ്രക്രിയയിൽ എർപ്പെട്ടിരിക്കുന്നവർ, നിക്ഷേപിക്കാൻ സാധ്യതയുള്ളവർ, പ്രവാസികൾ എന്നിവരുടെ പ്രൊഫൈലും മറ്റ് വിശദാംശങ്ങളും ഉൾപ്പെടെ ഒരു ഡാറ്റാബേസ് തയ്യാറാക്കുന്നതിനും വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ.

ഇ. ബ്രോഷറുകൾ, വീഡിയോകൾ, ഫ്ളയറുകൾ, പോസ്റ്ററുകൾ, സ്റ്റാൻഡീസ്, ലഘുലേഖകൾ, നൂതന മാർക്കറ്റിംഗ് മെറ്റീരിയലുകൾ എന്നിവയുൾപ്പെടെയുള്ള നിക്ഷേപ പ്രോത്സാഹന സാമഗ്രികൾ തയ്യാറാക്കുക.

എഫ്. നിക്ഷേപക ശിൽപശാലകളും വെബിനാറുകളും

ജി. മികച്ച നിക്ഷേപകർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഏജൻസികൾ, അനുകൂല നിക്ഷേപ അന്തരീക്ഷത്തിന് സംഭാവന നൽകുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയെ അംഗീകരിക്കുകയും അവാർഡുകൾ നൽകുകയും ചെയ്യൽ.

എച്ച്. സർക്കാരും സ്വകാര്യ മേഖലയും തമ്മിലുള്ള സഹകരണം വളർത്തിയെടുക്കുന്ന നിക്ഷേപ പ്രോത്സാഹന പ്രവർത്തനങ്ങളിൽ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃക പ്രോത്സാഹിപ്പിക്കൽ നിക്ഷേപ പ്രോത്സാഹന സംരംഭങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 2025-26 ബജറ്റിൽ 2200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 1.3 ഇന്നൊവേഷൻ ആക്സിലറേഷൻ സ്കീം

**(വിഹിതം: 300.00 ലക്ഷം രൂപ)**

കെ.എസ്.ഐ.ഡി.സിയുടെ സ്റ്റാർട്ടപ്പ് പിന്തുണ സംരംഭങ്ങളെ ഒരു ബിസിനസ്/പ്രോജക്ട് എന്ന ആശയ ഘട്ടം മുതൽ വിപുലീകരണം/സ്കെയിൽ-അപ്പ് ഘട്ടം വരെ കാര്യക്ഷമമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ്റ്റാർട്ടപ്പുകൾക്ക് സ്കെയിൽ അപ്പ് സഹായം/ഷെയർ ക്യാപിറ്റൽ നിക്ഷേപം നൽകുന്നതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കെ.എസ്.ഐ.ഡി.സി ഉദ്ദേശിക്കുന്നു. 4 വർഷത്തേക്ക് സോഫ്റ്റ് ലോൺ വഴിയാണ് സഹായം നൽകുന്നത്.

ഇന്ത്യാ ഗവൺമെന്റിന്റെയും കേരള സർക്കാരിന്റെയും സമാന പരിപാടികളെ താരതമ്യം ചെയ്ത് ഭരണ വകുപ്പ് രൂപകൽപ്പന ചെയ്ത് അംഗീകരിച്ച സ്റ്റാൻഡേർഡ് മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സഹായം നൽകുക. സ്കെയിൽ അപ്പ് സഹായം നടപ്പിലാക്കുന്നതിനും സ്കെയിൽ അപ്പ് കോൺക്ലേവിന്റെ വാർഷിക പരിപാടിയുടെ ചെലവുകൾ വഹിക്കുന്നതിനുമായി 2025-26 ലെ ബജറ്റിൽ 300.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്. ഇതിൽ 100.00 ലക്ഷം വനിതകളെ കേന്ദ്രീകരിച്ചുള്ള പരിപാടികൾക്ക് മാത്രമായി വകയിരുത്തിയിരിക്കുന്നു.

### 1.4 വനിതാ സംരംഭകത്വ ദൗത്യം

**(വിഹിതം: 100.00 ലക്ഷം രൂപ)**

കേരളത്തിലെ വനിതാ സംരംഭകരുടെ ബിസിനസ് സംരംഭങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. ഫാക്ടറിയുടെ വിപുലീകരണം/നവീകരണം/ഉപകരണങ്ങൾ വാങ്ങൽ/കൂടുതൽ ഓർഡറുകൾ കണ്ടെത്തുന്നതിനായി അസംസ്കൃത വസ്തുക്കൾ വാങ്ങൽ, പേറ്റന്റുകൾ ട്രേഡ്മാർക്ക് പോലുള്ള ISO, FSSAI, AGMARK, സർട്ടിഫിക്കേഷൻ/അക്രഡിറ്റേഷൻ; അവയുടെ പ്രവർത്തനങ്ങളുടെ അനുബന്ധ വൈവിധ്യവൽക്കരണം എന്നിവയ്ക്ക് ഈ പദ്ധതിയിലൂടെ സഹായം നൽകുന്നു. വ്യാപാരം ഒഴികെയുള്ള വ്യാവസായിക യന്ത്രങ്ങൾ/ഉപകരണങ്ങൾ ഉപയോഗിച്ചുള്ള ഉൽപ്പാദനം അല്ലെങ്കിൽ സേവന മേഖലകളിലെ ബിസിനസ്സ് സംരംഭങ്ങൾക്ക് സഹായം നൽകും . 2025-26 ൽ, പദ്ധതിക്കായി ബജറ്റിൽ 100.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

### 1.5 മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി

**(വിഹിതം: 900.00 ലക്ഷം രൂപ)**

കോവിഡ്- 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എംഎസ്എംഇകൾക്കും സ്റ്റാർട്ടപ്പുകൾക്കും അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനു വേണ്ടി ആരംഭിച്ച പദ്ധതിയാണിത്. 18.02.2021 ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നമ്പർ 51/2021/ഐ.ഡി പ്രകാരം എം.എസ്.എം.ഇകൾ /സ്റ്റാർട്ടപ്പുകൾ/പ്രവാസി മലയാളികൾ എന്നിവർക്കായി മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി' എന്ന പേരിൽ കെ.എസ്.ഐ.ഡി.സി ആവിഷ്കരിച്ച സംരംഭമാണിത്. ഇത് (പലിശ സബ്‌വെൻഷനും പലിശ റിബേറ്റിനും ശേഷം) ഇളവുള്ള പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നു. ഈ പദ്ധതിക്ക് കീഴിലുള്ള ഏറ്റവും കുറഞ്ഞതും കൂടിയതുമായ സാമ്പത്തിക സഹായം യഥാക്രമം ഒരു കോടി രൂപയും 5 കോടി രൂപയുമാണ്. നിലവിൽ നൽകുന്ന പലിശ നിരക്ക് 5 ശതമാനമാണ് (3 ശതമാനം പലിശ ഇളവിനും 0.50 ശതമാനം പലിശ റിബേറ്റിനും ശേഷം). പദ്ധതിക്കായി 2025-26 ബജറ്റിൽ 900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 1.6 കോവിഡ്-19 സമാശ്വാസ പദ്ധതി

**(വിഹിതം: 340.00 ലക്ഷം രൂപ)**

കോവിഡ് - 19 മഹാമാരിയും അതിനെ തുടർന്നുള്ള ലോക്ക് ഡൗണും കേരളത്തിലെ മൈക്രോ സ്മാൾ മീഡിയം എന്റർപ്രൈസസ് (എം.എസ്.എം.ഇ) മേഖലയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. അസംസ്കൃത വസ്തുക്കളുടെ നഷ്ടവും വിപണി വിൽപ്പന നഷ്ടവും പല എം.എസ്.എം.ഇ കളെയും സാമ്പത്തിക പ്രതിസന്ധികളിലേക്ക് നയിച്ചു. കോവിഡ് 19 ന്റെ തരംഗവും തുടർന്നുള്ള ലോക്ക്ഡൗണും കാരണം നേരിടുന്ന പ്രതിബന്ധങ്ങളെ മറികടക്കാൻ, 30.06.2021 തീയതിയിലെ സർക്കാർ ഉത്തരവ് G.O(Rt) No.666/2021/ID പ്രകാരം സർക്കാർ കോവിഡ്-19 സമാശ്വാസ പദ്ധതി ആരംഭിച്ചു. അതനുസരിച്ച്, IGC-കളിലും പാർക്കുകളിലും പാട്ടത്തുകയിൽ ഇളവ് നൽകുക എന്നയിനത്തിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, 20% മുൻകൂർ ഫീസിന് ഭൂമി അനുവദിക്കുന്നതും ബാക്കി 80% പലിശ കൂടാതെ 5 തുല്യ വാർഷിക ഗഡുക്കളായി നൽകുന്നതും ഉൾപ്പെടെ കേരളത്തിലെ വ്യാവസായിക മേഖലയ്ക്ക് വിവിധ ഇളവുകളും ആശ്വാസങ്ങളും നൽകിവരുന്നു. 16.02.2022 ലെ സർക്കാർ ഉത്തരവ് 135/2022/ഐഡി പ്രകാരം പദ്ധതിയുടെ കാലാവധി 31.03.2022 വരെ നിട്ടിയിരിന്നു. 31.03.2022 വരെ ഐ.ജി സി കളിലും പാർക്കുകളിലും അനുവദിച്ച പാട്ട തുകയുടെ പലിശ ഇളവ് ഇനത്തിൽ 2025-26 ബജറ്റിൽ 340.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 1.7. തകർച്ച നേരിടുന്ന/പുനരുജ്ജീവിപ്പിക്കേണ്ട വ്യവസായ യൂണിറ്റുകളെ പിന്തുണയ്ക്കുന്നതിനുള്ള പദ്ധതി (പുതിയ പദ്ധതി)

**(വിഹിതം: 400.00 ലക്ഷം രൂപ)**

കോവിഡ് സമാശ്വാസ പദ്ധതി പ്രകാരം ആരംഭിച്ച പദ്ധതിയാണിത്. ലാഭകരമാക്കാവുന്നതും തകർച്ച നേരിടുന്നതുമായ യൂണിറ്റുകളുടെ പുനരുജ്ജീവനം ഉറപ്പാക്കുന്നതിനുള്ള ഒരു പാക്കേജാണിത്. ഉൽപ്പാദനം പുനരാരംഭിക്കുന്നതിന് അസംസ്കൃത വസ്തുക്കൾ വാങ്ങുക, യന്ത്രങ്ങൾ നന്നാക്കുക/സ്ഥിര ആസ്തികളുടെ നവീകരണം, (പുനരുജ്ജീവന ചെലവിന്റെ 20 ശതമാനമായി പരിമിതപ്പെടുത്തികൊണ്ട്) statutory കുടിശ്ശികകൾ അടയ്ക്കുക, സുഗമമായ പ്രവർത്തനത്തിനായി അവശ്യ പ്ലാന്റും യന്ത്രങ്ങളും വാങ്ങുക എന്നിവയ്ക്ക് മാത്രമേ ടി പദ്ധതി പ്രകാരം ഫണ്ട് ഉപയോഗിക്കാൻ കഴിയൂ. പദ്ധതിക്കായുള്ള അംഗീകൃത മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി മാത്രമേ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. 2025-26 ലെ ബജറ്റിൽ ഈ പ്രവർത്തനങ്ങൾക്കായി 400.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

### 1.8 സുസ്ഥിര വ്യവസായ പ്രോത്സാഹന പദ്ധതി

**(വിഹിതം: 1500.00 ലക്ഷം രൂപ)**

സ്വകാര്യ വ്യാവസായിക പാർക്കുകൾ, വ്യവസായങ്ങളുടെ പ്രോത്സാഹനം, ഉത്തരവാദിത്ത നിക്ഷേപം തുടങ്ങി സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുന്നതിനായി കേരള സർക്കാർ നിരവധി പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ആഗോള വിപണിയിൽ മത്സരിക്കുന്നതിന് ചില പിന്തുണാ സംവിധാനങ്ങൾ വാദാനം ചെയ്തുകൊണ്ട് വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമായി 2023-ലെ കേരള വ്യവസായ വാണിജ്യ നയം ആവിഷ്കരിച്ചിട്ടുണ്ട്. സ്ഥിര മൂലധന നിക്ഷേപ സബ്സിഡി, എസ്ജിഎസ്ടി റീഇംബേഴ്സ്മെന്റ്, ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇളവ്, അപ്രന്റിസ്ഷിപ്പ് ഇൻസെന്റീവ്, ഐപിഒ വഴി ധനകാര്യ പ്രവേശനം പ്രോത്സാഹിപ്പിക്കൽ, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജുകൾ എന്നിവ ഒഴിവാക്കൽ, സ്ഥിര മൂലധനം സൃഷ്ടിക്കുന്നതിന് എടുത്ത ടേം ലോണുകളുടെ പലിശ ഇളവ്, ഭൂമി തരം മാറ്റൽ ചാർജുകളിൽ കുറവ് വരുത്തുക, കയറ്റുമതിക്കാർക്കുള്ള വിപണി വികസന പ്രോത്സാഹനം, ഐ.പി.ആർ സൃഷ്ടിക്കുന്നതിനുള്ള പ്രോത്സാഹനം, ഗുണനിലവാര സർട്ടിഫിക്കേഷൻ ഇൻസെന്റീവ്, സുസ്ഥിരതയ്ക്കും ഉത്തരവാദിത്തമുള്ള വ്യവസായവൽക്കരണത്തിനുമുള്ള പ്രോത്സാഹനങ്ങൾ, നിർമ്മാണ പ്രക്രിയയിൽ വ്യവസായം 4.0 സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനം തുടങ്ങിയ ആനുകൂല്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുന്നു. സ്വകാര്യ വ്യവസായ പാർക്കുകൾക്കുള്ള സോഫ്റ്റ് ലോൺ/ഇക്വിറ്റി (സോഫ്റ്റ് ലോൺ വഴി 100.00 ലക്ഷം രൂപ വരെ അല്ലെങ്കിൽ സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ പരമാവധി 11 ശതമാനം ഓഹരി പങ്കാളിത്തം) ഇതിൽ ഉൾപ്പെടുന്നു. 2025-26 കാലയളവിൽ വ്യാവസായിക നയത്തിൽ പരാമർശിച്ചിരിക്കുന്നതുപോലെ, 22 മുൻഗണനാ മേഖലകളിൽ കെ.എസ്.ഐ.ഡി.സിയുടെ സഹായത്തോടെയുള്ള യൂണിറ്റുകൾക്ക് 1 ശതമാനം പ്രത്യേക പലിശ ഇൻസെന്റീവ് നൽകാനും ഉദ്ദേശിക്കുന്നു. ഇത് ഒരു സ്ഥാപനത്തിന് പ്രതിവർഷം 10 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു.

മാലിന്യ സംസ്കരണ മേഖലയിലെ ഹരിത സംരംഭ വികസനം എന്ന വിഷയത്തിൽ ഉടൻ പ്രാബല്യത്തിൽ വരാവുന്ന നയത്തിന് അനുസൃതമായി ഹരിത സംരംഭ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. 2025-26 ലെ ബജറ്റിൽ ഈ പദ്ധതിക്കായി 1500.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

### 1.9 ലൈഫ് സയൻസ് പാർക്ക്, തിരുവനന്തപുരം

**(വിഹിതം: 3792.00 ലക്ഷം രൂപ)**

എ) ലൈഫ് സയൻസ് പാർക്ക്- ലൈഫ് സയൻസ് മേഖലയിലെ പ്രധാന വ്യവസായങ്ങളുടെയും ഗവേഷണ-വികസന സ്ഥാപനങ്ങളുടെയും ഭൂമിശാസ്ത്രപരമായ ഒരു ക്ലസ്റ്ററായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പാർക്കിലൂടെ അതിവേഗം വളർന്നുവരുന്ന ലൈഫ് സയൻസ്/ബയോടെക്നോളജി/നാനോടെക്നോളജി മേഖലകളുടെ ആവശ്യങ്ങൾ പരിഹരിക്കുകയും വലിയ നിക്ഷേപവും തൊഴിലവസരവും ആകർഷിക്കുകയും ചെയ്യാനാകും. കെഎസ്ഐഡിസിയുടെ ഒരു ഉപസ്ഥാപനമായ കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്ക്സ് (പി) ലിമിറ്റഡ് (കെഎൽഐപി) ആണ് ഇത് വികസിപ്പിക്കുന്നത്. തിരുവനന്തപുരം തോന്നക്കലിൽ 260 ഏക്കറിലാണ് ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ടത്തിന് 75 ഏക്കറും രണ്ടാം ഘട്ടത്തിന് 123 ഏക്കറും വികസിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യ ഘട്ടത്തിലെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയായി, രണ്ടാം ഘട്ടത്തിലെ റോഡ് അടിസ്ഥാന സൗകര്യ വികസനവും പൂർത്തിയായി. കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റ്, കേരള ഗവൺമെന്റിന്റെയും കെ.എസ്.ഐ.ഡി.സിയുടെയും വിഹിതവും ടേം ലോണുമാണ് പദ്ധതിയുടെ പ്രധാന സാമ്പത്തിക സ്രോതസ്സുകൾ.താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് സംസ്ഥാന വിഹിതമായി 1600.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

- ബിസിനസ് വികസന പ്രവർത്തനങ്ങൾ.
- സെൻട്രൽ ലബോറട്ടറി അനിമൽ ഫെസിലിറ്റി
- ബയോടെക് ഇൻകുബേഷൻ കെട്ടിടത്തിന്റെ നിർമ്മാണം
- പൊതു മാലിന്യ സംസ്കരണ പ്ലാന്റ്, മലിനജല സംസ്കരണ പ്ലാന്റ്, നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ തുടങ്ങിയ പൊതു സൗകര്യങ്ങളുടെ നിർമ്മാണം
- ലൈഫ് സയൻസ് പാർക്കിന്റെ രണ്ടാം ഘട്ടത്തിലെ ജലവിതരണം
- കൺട്രോൾ റൂമോടുകൂടിയ ഏകീകൃത സബ്സ്റ്റേഷൻ (യുഎസ്എസ്) 11 കെവി - രണ്ടാം ഘട്ടം
- ഭൂമി ഏറ്റെടുക്കൽ

ബി) **മെഡിക്കൽ ഡിവൈസസ് പാർക്ക്** – കെഎസ്ഐഡിസിയുടെ ഒരു ഉപസ്ഥാപനമായ കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്ക്സ് (പി) ലിമിറ്റഡ് (കെഎൽഐപിൽ) ആണ് ലൈഫ് സയൻസ് പാർക്കിന്റെ പ്രധാന ഘടകങ്ങളിലൊന്നായ മെഡിക്കൽ ഡിവൈസസ് പാർക്ക് വികസിപ്പിക്കുന്നത്. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി (എസ്.സി.ടി.ഐ.എം.എസ്.ടി), ഇന്ത്യാ ഗവൺമെന്റ് ഏജൻസികൾ/വകുപ്പുകൾ, കേരള സർക്കാർ എന്നിവയുടെ സജീവ പങ്കാളിത്തതോടെ തന്നെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം മെഡിക്കൽ ടെക്നോളജി, ടെക്നോളജി ഇൻകുബേഷൻ, ബിസിനസ് ഇൻകുബേഷൻ, മെഡിക്കൽ ഉപകരണ മൂല്യനിർണ്ണയം, നിർമ്മാണം എന്നിവയിൽ അറിവും ശേഷിയും വികസിപ്പിക്കുക എന്നിവയാണ് (അനുബന്ധ പ്രവർത്തനങ്ങളുടെ വികസനവും). ഇന്ത്യാ ഗവൺമെന്റും കേരള സർക്കാരും ചേർന്ന് ധനസഹായം നൽകുന്ന പദ്ധതിയുടെ ചെലവ് 28600.00 ലക്ഷം രൂപ ആണ്. ഇതിൽ ഉൾപ്പെടുന്ന പ്രധാന ഘടകങ്ങൾ – വലിയ മൃഗങ്ങളുടെ പ്രജനന കേന്ദ്രം, പ്രോട്ടോടൈപ്പിംഗ്/ പൈലറ്റ് മാനുഫാക്ചറിംഗ് ആന്റ് ഇൻകുബേഷൻ സെന്റർ, മെഡിക്കൽ ഉപകരണങ്ങളുടെ പരിശോധന, മൂല്യനിർണ്ണയ കേന്ദ്രം കൂടാതെ ആർ ആന്റ് ഡി, നോളജ് റിസോഴ്സ് സെന്റർ എന്നിവയാണ്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് സംസ്ഥാന വിഹിതമായി 2192.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.

- പ്രോട്ടോടൈപ്പ് ഇൻകുബേഷൻ സെന്ററിന്റെ പൂർത്തീകരണവും large അനിമൽ ഹൗസും
- നോളജ് റിസോഴ്സ് സെന്ററിന്റെ പൂർത്തീകരണം
- ബാഹ്യ വികസന പ്രവർത്തനങ്ങൾ, എച്ച് വി എ സി ഉൾപ്പെടെയുള്ള ബാഹ്യ ഇലക്ട്രിക്കൽ ജോലികൾ, ലിഫ്റ്റുകൾ, അഗ്നി സുരക്ഷ, കെട്ടിടങ്ങളിലെ മറ്റ് അനുബന്ധ ജോലികൾ എന്നിവ

### 1.10. കെ.എസ്.ഐ.ഡി.സി ഇൻഡസ്ട്രിയൽ പാർക്കുകൾ

**(വിഹിതം: 1150.00 ലക്ഷം രൂപ)**

കേരളത്തിന്റെ വ്യാവസായിക-സാമ്പത്തിക വികസനത്തിന് സുപ്രധാനമായ വിവിധ വ്യാവസായിക, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് കെ.എസ്.ഐ.ഡി.സി തുടക്കമിട്ടു. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | **നാളികേര വ്യവസായ പാർക്ക് കുറ്റ്യാടി**<br>നാളികേര വ്യവസായ പാർക്കിന്റെ വികസനത്തിനായി കോഴിക്കോട് ജില്ലയിലെ കുറ്റിയാടിയിൽ 115.13 ഏക്കർ ഭൂമി കെഎസ്ഐഡിസി ഏറ്റെടുത്തു. 20 ഏക്കർ ഭൂമിയുടെ വികസന പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടമായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. | 1150.00 |
| 2 | **കെ.എസ്.ഐ.ഡി.സി ഇൻവെസ്റ്റ്മെന്റ് സോൺ പാലക്കാട്**<br>പാലക്കാട് പുതുശ്ശേരി ഈസ്റ്റ് വില്ലേജിൽ 34.05 ഏക്കർ സ്ഥലത്ത് കെഎസ്ഐഡിസി ഒരു ലൈറ്റ് എൻജിനീയറിങ് ഇൻഡസ്ട്രിയൽ പാർക്ക് വികസിപ്പിച്ചെടുത്തു. 56000 ചതുരശ്ര അടി ഉള്ള SDFഓട് കൂടി പാർക്കിന്റെ ആദ്യ ഘട്ടം ഇതിനകം പൂർത്തിയായി. കെ എസ് ഐ ഡി സി സംരംഭകർക്ക് അവരുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 61000 ചതുരശ്ര അടി എസ്ഡിഎഫ്-2 കെട്ടിടത്തിന്റെ നിർമ്മാണവും പൂർത്തിയാക്കി. 2025-26- ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളിൽ (എ) ചുറ്റുമതിൽ നിർമ്മാണം ഉൾപ്പെടെയുള്ള അവശേഷിക്കുന്ന ജോലികൾ, (ബി) എസ്ഡിഎഫ് രണ്ടിന്റെ പാർക്കിംഗ് സ്ഥലത്തിന്റെ നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. | |
| 3 | **കെഎസ്ഐഡിസിയുടെ വ്യവസായ ഇടം, കാസർകോട്**<br>കാസർകോട് ടൗണിൽ 1.99 ഏക്കർ ഭൂമിയാണ് കെഎസ്ഐഡിസിയുടെ കൈവശമുള്ളത്. ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി (റോഡ്, ഡ്രെയിനേജ്, ജലവിതരണം, വൈദ്യുതി, കാന്റീൻ/ബാങ്ക് കെട്ടിടം, അഡ്മിൻ കെട്ടിടം മുതലായവ ഉൾപ്പെടെ) | |

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. താൽപ്പര്യമുള്ള സംരംഭകർക്ക് ഇത് വാടകയ്ക്ക് നൽകാവുന്നതാണ്. ഇതിനായി എം/എസ് കിറ്റ്കോയെ പിഎംസി ആയി നിയമിച്ചിട്ടുണ്ട്. | |
| 4 | **മെഗാ ഫുഡ് പാർക്ക്**<br><br>കെഎസ്ഐഡിസി, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം (എംഒഎഫ്പിഐ), ഇന്ത്യ ഗവൺമെന്റിൽ നിന്ന് 50 കോടി രൂപയുടെ സഹായധനവും സംസ്ഥാന സർക്കാരിൽ നിന്നുള്ള സാമ്പത്തിക പിന്തുണയും ഉപയോഗിച്ച് കെഎസ്ഐഡിസിയുടെ ഉടമസ്ഥതയിൽ ആലപ്പുഴ ജില്ലയിലെ ചേർത്തലയിലെ പള്ളിപ്പുറത്തുള്ള (ഐജിസി) 68 ഏക്കർ സ്ഥലത്ത് സമുദ്രോത്പന്നങ്ങളുടെ സംസ്കരണത്തിനും കയറ്റുമതിക്കും ഊന്നൽ നൽകി ഒരു മെഗാ ഫുഡ് പാർക്ക് വികസിപ്പിക്കുന്നു. സർക്കാർ, ജി.ഒ (ആർ.ടി) നമ്പർ.118/2016/ഐഡി തീയതി 29.01.2016 പ്രകാരം ചേർത്തലയിൽ മെഗാ ഫുഡ് പാർക്ക് (എം.എഫ്.പി) സ്ഥാപിക്കുന്നതിന് 125 കോടി രൂപയ്ക്ക് സമഗ്ര ഭരണാനുമതി നൽകി. സമഗ്ര ഭരണാനുമതി പിന്നീട് ജിഒ ഡിടിഡി 19.07.2018 പ്രകാരം 129.15 കോടിയായി പരിഷ്കരിക്കുകകയും ചെയ്തു. അതിനെ തുടർന്നുള്ള പുനരവലോകനത്തിന് ശേഷം ആകെ ചെലവ് 128.49 കോടി രൂപയാണ്. 2025-26 ലേക്ക് ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു<br><br>• നിലവിലുള്ള അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ബാക്കി അടിസ്ഥാന സൗകര്യങ്ങളായ ജല, വൈദ്യുതി വിതരണ സംവിധാനം, മാലിന്യ ശേഖരണ ശൃംഖല, ഇടിപി അനുബന്ധ ജോലികൾ, പ്രീ-പ്രോസസ്സിംഗ് സെന്ററുകൾ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കുകയും ചെയ്യുക. | |
| | **ആകെ** | **1150.00** |

### 1.11 കെ.എസ്.ഐ.ഡി.സി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങൾ

**(വിഹിതം: 1068.00 ലക്ഷം രൂപ)**

കേരളത്തിന്റെ വ്യാവസായിക വികസനത്തിന് സുപ്രധാനമായ വിവിധ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ വിവിധ ഇടങ്ങളിൽ കെ.എസ്.ഐ.ഡി.സി വികസിപ്പിച്ചുവരുന്നു. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1068.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | **വ്യവസായ വളർച്ചാ കേന്ദ്രം, ചേർത്തല (IGC)**<br><br>കെ.എസ്.ഐ.ഡി.സി വ്യാവസായിക വളർച്ചാ കേന്ദ്രം പള്ളിപ്പുറം, ചേർത്തലയിലെ 279 ഏക്കർ സ്ഥലത്ത് സ്ഥാപിച്ചു. 205 ഏക്കർ സ്ഥലം വികസിപ്പിച്ച് വിവിധ വ്യവസായ യൂണിറ്റുകൾക്കായി അനുവദിച്ചു. 25 ഏക്കർ സ്ഥലത്തെ രണ്ടാം ഘട്ട വികസനം പിന്നീട് ഏറ്റെടുക്കുകയും 40 ശതമാനം ജോലികൾ പൂർത്തിയാക്കുകയും ചെയ്തു. 25 ഏക്കർ സ്ഥലത്ത് ആന്തരിക വൈദ്യുതി, ജലവിതരണ സംവിധാനം, സി.സി.ടി.വി സ്ഥാപിക്കൽ, 28.29 ഏക്കർ സ്ഥലത്ത് അടിസ്ഥാന സൗകര്യ വികസനം എന്നിവയാണ് 2025-26 വർഷത്തേക്ക് നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങൾ.. | |
| 2. | **വ്യാവസായിക വളർച്ചാ കേന്ദ്രം(IGC), കണ്ണൂർ**<br><br>കണ്ണൂരിലെ വലിയവെളിച്ചത്തിൽ വ്യാവസായിക വളർച്ചാ കേന്ദ്രത്തിന് ആകെ 250 ഏക്കർ ഭൂമിയുണ്ട്. ഏകദേശം 177.50 ഏക്കർ ഭൂമി ഇതിനകം ഒന്നാം ഘട്ടമായി വികസിപ്പിച്ച് വ്യവസായ യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുണ്ട്. ഇനിയും വികസിപ്പിക്കാനുള്ള 72.5 ഏക്കർ ഭൂമിയിൽ, | |

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | രണ്ടാം ഘട്ടത്തിൽ ഒന്നാം ഭാഗമായി (37.5 ഏക്കർ ഭൂമി), ആന്തരിക റോഡ്, ഡ്രെയിനേജ്, ജലവിതരണ ലൈനുകൾ, പ്ലോട്ട് ഡിവിഷൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. രണ്ടാം ഘട്ടത്തിന്റെ രണ്ടാം ഭാഗമായി ബാക്കി വികസിപ്പിക്കാനുള്ള (35 ഏക്കർ ഭൂമി) ഭൂമിയുടെ വികസന പ്രവർത്തനങ്ങളായ പുതിയ ആന്തരിക റോഡുകളുടെ നിർമ്മാണം, നിലവിലുള്ള മഴവെള്ള സംഭരണ ടാങ്കിന്റെ ശേഷി വർദ്ധിപ്പിക്കൽ, അധിക മഴവെള്ള സംഭരണ ടാങ്കുകൾ, ഡ്രെയിനേജ് സംവിധാനം, തെരുവുവിളക്കുകളും നിരീക്ഷണ സംവിധാനം എന്നിവ ഉൾപ്പെടുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്യുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു: -<br>എ. രണ്ടാം ഘട്ടത്തിന്റെ (ഒന്നും രണ്ടും ഭാഗങ്ങൾ) വികസന പ്രവർത്തനങ്ങൾ<br>ബി. എസ്ഡിഎഫ് കെട്ടിടങ്ങളുടെ അഗ്നി സുരക്ഷപ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും | |
| 3. | **വ്യാവസായിക വളർച്ചാ കേന്ദ്രം(IGC), കോഴിക്കോട്**<br>കോഴിക്കോട് കിനാലൂരിലുള്ള കെഎസ്ഐഡിസി ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിന് ആകെ 310.71 ഏക്കർ ഭൂമിയുണ്ട്. ഏകദേശം 160 ഏക്കർ ഭൂമി ഇതിനകം ഒന്നാം ഘട്ടമായി വികസിപ്പിക്കുകയും വ്യാവസായിക യൂണിറ്റുകൾക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് കെട്ടിടങ്ങളുടെയും രണ്ട് എസ്ഡിഎഫ് കെട്ടിടങ്ങളുടെയും അഗ്നി സുരക്ഷാ ക്രമീകരണങ്ങളും അറ്റകുറ്റപ്പണികളും, പ്രധാന ആന്തരിക റോഡുകളിൽ സിസിടിവി നിരീക്ഷണ സംവിധാനം സ്ഥാപിക്കൽ എന്നിവയാണ് 2025-26 വർഷത്തേക്ക് നിർദ്ദേശിക്കപ്പെട്ട പ്രധാന പ്രവർത്തനങ്ങൾ. | |
| 4. | **ബിസിനസ് ഇൻകുബേഷൻ സെന്റർ, കാക്കനാട്**<br>കാക്കനാട് ഇൻഫോ പാർക്കിൽ 1.52 ഏക്കർ ഭൂമി കിൻഫ്രയിൽ നിന്ന് പാട്ടത്തിനെടുത്താണ് കെഎസ്ഐഡിസിക്കുള്ളത്. ഈ ഭൂമിയിൽ ബിസിനസ് ഇൻകുബേഷൻ സെന്ററും ഓഫീസ് സമുച്ചയവും നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. രണ്ട് ഘട്ടങ്ങളിലായി രണ്ട് കെട്ടിടങ്ങൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. 70,077 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ടവർ 1 ആദ്യ ഘട്ടവും 1,01,464 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ടവർ 2 രണ്ടാം ഘട്ടവുമാണ്. ടവർ-1 ഉൾപ്പെടുന്ന ആദ്യ ഘട്ടം 2025-26 ൽ വിഭാവനം ചെയ്യുന്നത് ചുവടെ ഉള്ള പ്രവർത്തനങ്ങളാണ്.<br>• സൂപ്പർസ്ട്രക്ചർ സിവിൽ ജോലികളുടെ പൂർത്തീകരണം<br>• മെക്കാനിക്കൽ, ഇലക്ട്രിക്കൽ,പ്ലംബിംഗ് (എംഇപി) ജോലികളുടെ ഭാഗിക പൂർത്തീകരണം.<br>• എച്ച്.വി.എ.സി, അഗ്നിസുരക്ഷാ സംവിധാനം എന്നിവ ആരംഭിക്കൽ. | |
| 5 | **ബിസിനസ് പാർക്ക്, അങ്കമാലി**<br>അങ്കമാലിയിലെ ടെൽക്കിന് സമീപം കെഎസ്ഐഡിസിക്ക് 11.71 ഏക്കർ ഭൂമിയുണ്ട്. അങ്കമാലി ബിസിനസ് പാർക്കിലേക്കുള്ള പ്രധാന ആക്സസ് റോഡ് നിർമ്മിക്കാൻ ഉപയോഗിച്ച ഭൂമിയിൽ ശേഷിക്കുന്ന 9.72 ഏക്കർ ഭൂമി | |

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | വ്യാവസായിക അലോട്ട്മെന്റിനായി ലഭ്യമാക്കിയിരിക്കുന്നു. ഇത് രണ്ട് പാഴ്സലുകളായി തിരിച്ചിരിക്കുന്നു. ഡയറി പ്ലാന്റ് സ്ഥാപിക്കുന്നതിനായി മുരല്യ ഗ്രൂപ്പിന് 4.605 ഏക്കർ ഭൂമിയും, ആർസിസി ന്യൂട്ര ഫിൽ പ്രൈവറ്റ് ലിമിറ്റഡിന് ഗാമാ irradiation സൗകര്യത്തിന്റെ വികസനം, കോൾഡ് സ്റ്റോറേജ്, വെയർ ഹൗസ് എന്നിവയ്ക്കായി 4.84 ഏക്കർ ഭൂമിയും അനുവദിച്ചു. കഴിഞ്ഞ മഴക്കാലത്ത്, കെഎസ്ഐഡിസിയുടെ ഉടമസ്ഥതയിലുള്ള ഏക ജലാശയമായ ബിസിനസ് പാർക്കിനുള്ളിലെ കുളത്തിന്റെ വശങ്ങൾ ഭാഗികമായി തകർന്നു. അതിനാൽ 130 മീറ്റർ നീളമുള്ള ഒരു ആക്സസ് റോഡ് വികസിപ്പിക്കാനും കുളത്തിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനും കെഎസ്ഐഡിസി വിഭാവനം ചെയ്യുന്നു. | |
| | **ആകെ** | **1068.00** |

### 1.12 മാരിടൈം ക്ലസ്റ്റർ (പുതിയ പദ്ധതി)

**(വിഹിതം :400.00 ലക്ഷം രൂപ)**

2.03.2024 ലെ ഐ.എൻ.ഡി.-ജെ/176/2019-ഐ.എൻ.ഡി ലെ കത്ത് പ്രകാരം, കൊച്ചിക്ക് സമീപം, അതായത് കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് ലിമിറ്റഡിന്റെ (KCCL) ചേർത്തലയിലെ ഭൂമിയിൽ, മാരിടൈം ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ സർക്കാർ KSIDC യോട് നിർദ്ദേശിച്ചു. പദ്ധതിക്കായി സാധ്യതാ റിപ്പോർട്ട്/ഡി.പി.ആർ ലഭിക്കുന്നതിന് ഒരു കൺസൾട്ടൻസിയെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. നിർദ്ദിഷ്ട അടിസ്ഥാന സൗകര്യങ്ങളിൽ റോഡുകൾ, വൈദ്യുതീകരണം, ജലവിതരണം, ചുറ്റുമതിൽ, ആന്തരിക ഡ്രെയിനേജ് സംവിധാനം, ഒരു ഡ്രൈ ഡോക്ക് എന്നിവ ഉൾപ്പെടുന്നു. 2025-26 ലെ ബജറ്റിൽ ഈ പദ്ധതിക്കായി 400.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

## 2 കേരള റബ്ബർ ലിമിറ്റഡ് (സിയാൽ മോഡൽ റബ്ബർ കമ്പനി)

**(വിഹിതം: 900.00 ലക്ഷം രൂപ)**

സർക്കാർ ഓഹരി 26 ശതമാനവും ബാക്കി സ്വകാര്യ നിക്ഷേപകരുടെ വിഹിതവും ചേർത്ത് 'സിയാൽ' മാതൃകയിലുള്ള ഒരു കമ്പനിയാണ് കേരള റബർ ലിമിറ്റഡ്. ഇത് അമുൽ" മോഡലിൽ സ്വാഭാവിക റബ്ബർ സംഭരണത്തിനുള്ള സഹകരണ സംഘമായും, "ലാറ്റക്സ്" അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഹബ്ബും സൃഷ്ടിക്കുന്നതിന് സൌകര്യമൊരുക്കും. സ്പെഷ്യാലിറ്റി റബ്ബറുകളുടെ പ്രാഥമിക സംസ്കരണം ഉൾപ്പെടെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ (എംഎസ്എംഇ) മേഖലയിൽ പ്രകൃതിദത്ത റബ്ബർ അധിഷ്ഠിതവും അനുബന്ധവുമായ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിലൂടെ റബ്ബർ മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. 2025-26 ബജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

i. വ്യാവസായിക സമുച്ചയത്തിന്റെ നിർമ്മാണത്തിനായി ഭൂമി വികസിപ്പിക്കുക.

ii. (എ) ഗവേഷണ-വികസന കേന്ദ്രം, പരിശീലന ഹാൾ, കാന്റീൻ, അഡ്മിനിസ്ട്രേഷൻ കെട്ടിടങ്ങൾ, ആന്തരിക റോഡുകൾ (ബി).അണുവിമുക്തമാക്കൽ കേന്ദ്രം, Tyre powdering unit, എക്സിബിഷൻ സെന്റർ, സ്റ്റാഫ് ഡോർമിറ്ററി, ടയർ ടെസ്റ്റിംഗ് സെന്റർ, സെക്യൂരിറ്റി പോസ്റ്റുകൾ, ഗസ്റ്റ് ഹൗസ്, ക്ലിനിക്ക് തുടങ്ങിയവയുടെ നിർമ്മാണം.

iii. (എ) 110/11കെവി സബ്സ്റ്റേഷന്റെയും 11 കെ.വി യു.ജി കേബിൾ വിതരണ ശൃംഖലയുടെയും നിർമ്മാണം, (ബി) ഇടിപി, ജല ശുദ്ധീകരണ പ്ലാന്റ് & ജലവിതരണ ശൃംഖലയുടെ നിർമ്മാണം, ലാൻഡ്സ്കേപ്പിംഗ്, മറ്റ് വിവിധ ജോലികൾ തുടങ്ങിയ പൊതു സൗകര്യങ്ങൾ.

പദ്ധതിക്കായി 2025-26 ബജറ്റിൽ 900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 3 സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സിഎംഡി)

**(വിഹിതം : 250.00 ലക്ഷം രൂപ)**

1979-ൽ കേരള സർക്കാർ സ്പോൺസർ ചെയ്യുന്ന ഒരു സ്വയംഭരണ സ്ഥാപനമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സിഎംഡി) സ്ഥാപിതമായി. പഠനം, പരിശീലനം, ഗവേഷണം,

പ്രസിദ്ധീകരണങ്ങൾ എന്നീ പ്രോഗ്രാമുകളിലൂടെ മാനേജ്മെന്റ് നയങ്ങളും സമ്പ്രദായങ്ങളും സമ്പുഷ്ടമാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ.

ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പരിശീലന പരിപാടികളിൽ 20 ശതമാനമെങ്കിലും സ്ത്രീ പങ്കാളിത്തം ഉറപ്പാക്കണം.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണം/പരിപാലനം | 100.00 |
| 2 | ടെക്നിക്കൽ സപ്പോർട്ട് സർവ്വീസ് | 80.00 |
| 3. | നൈപുണ്യ വികസന പരിപാടികൾ | 15.00 |
| 4 | ചെറുകിട ഇടത്തര സംരംഭങ്ങൾക്കുള്ള മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം | 15.00 |
| 5. | ബോർഡ് ഓഫ് ഡയറക്ടർമാർ, സിഇഒമാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ മധ്യ, ഉന്നത തല മാനേജർമാർ എന്നിവർക്കുള്ള പരിശീലന പരിപാടി | 40.00 |
| | **ആകെ** | **250.00** |

## 4 കേരള വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ (കിൻഫ്ര)

**(വിഹിതം: 34631. 00 ലക്ഷം രൂപ)**

സംസ്ഥാനത്ത് വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും, സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിച്ചും, അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടും സംസ്ഥാനത്ത് വ്യാവസായിക വികസനം ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് 1993-ൽ കേരള വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ (കിൻഫ്ര) രൂപീകൃതമായത്. സംരംഭകർക്ക് വ്യവസായം തുടങ്ങുന്നതിന് ആവശ്യമായ എല്ലാ സൗകര്യങ്ങളോടുകൂടിയ വ്യവസായ പാർക്കുകൾ, ടൗൺഷിപ്പുകൾ, സോണുകൾ മുതലായവ രൂപീകരിക്കുന്നതിലൂടെ സംസ്ഥാനത്തെ വ്യാവസായികമായി പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളുടെ സാമ്പത്തിക വികസനം സാധ്യമാക്കുക എന്നതാണ് കിൻഫ്ര പ്രത്യേകമായി ലക്ഷ്യം വയ്ക്കുന്നത്. ഇനിപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 34631.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

### 4.1 ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി, കെ.ഇ.പി.ഐ.പി എന്നിവയുടെ ജലവിതരണ പ്രവർത്തനങ്ങൾ

**(വിഹിതം: 900. ലക്ഷം രൂപ )**

കിൻഫ്രാ പാർക്കുകളിലും സ്മാർട്ട് സിറ്റിയിലുമായി പ്രവർത്തിക്കുന്ന വിവിധ വ്യവസായ യൂണിറ്റുകളുടെ ആവശ്യകത നിറവേറ്റുന്നതിനായി കാക്കനാട് വ്യാവസായിക മേഖലയിലേക്ക് വ്യാവസായിക ജലവിതരണം മെച്ചപ്പെടുത്താനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ആലുവയിൽ intake well നിർമ്മിക്കുന്നതിനായി 0.48 ഏക്കർ സ്ഥലം കിൻഫ്ര കണ്ടെത്തുകയും എഞ്ചിനീയറിംഗ് കൺസൾട്ടന്റായി കിറ്റ്കോ ഏർപ്പെടുത്തുകയും അവർ അന്തിമ റിപ്പോർട്ടുകൾ കിൻഫ്രയ്ക്ക് സമർപ്പിക്കുകയും ചെയ്തു. വ്യാവസായിക ആവശ്യങ്ങൾക്കായി പാർക്കുകൾക്കുള്ളിലെ യൂണിറ്റുകൾക്കായി കാക്കനാട്ട് 45 എംഎൽഡി ശേഷിയുള്ള ജലവിതരണ സംവിധാനം വികസിപ്പിക്കാനും 14 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കാനും ഇൻടേക്ക് വെൽ നിർമ്മിക്കാനും കിൻഫ്ര നിർദ്ദേശിക്കുന്നു. ഈ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 4.2 കഴക്കൂട്ടത്തെ കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിലെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ രണ്ടാം ഘട്ട വികസനം

**(വിഹിതം: 1950.00 ലക്ഷം രൂപ)**

തിരുവനന്തപുരത്ത് കഴക്കൂട്ടത്ത് 75 ഏക്കർ കാമ്പസിലാണ് കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക് സ്ഥിതി ചെയ്യുന്നത്, അതിൽ 20 ഏക്കർ സ്ഥലം ഐടി/ഐടിഇഎസിനായി പ്രത്യേക സാമ്പത്തിക മേഖലയ്ക്കായി (സെസ്) നീക്കിവച്ചിരിക്കുന്നു. കിൻഫ്രായുടെ വികസന മാസ്റ്റർ പ്ലാനിൽ രണ്ട് ഘട്ടങ്ങളിലായി 4.55 ലക്ഷം ചതുരശ്ര അടി നിർമാണം ഉൾപ്പെടുന്നു. ആദ്യ ഘട്ടത്തിൽ, കിൻഫ്ര 'പ്രഗതി എസ്ഡിഎഫ് കെട്ടിടം' നിർമ്മിക്കുകയും അത് പൂർണ്ണമായും യൂണിറ്റുകൾക്ക് അനുവദിക്കുകയും ചെയ്തു. രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. സിവിൽ നിർമ്മാണം,

ഇലക്ട്രിക്കൽ ജോലികൾ, എച്ച്.വി.എ.സി, അഗ്നിശമന സംവിധാനം, ജലവിതരണ സംവിധാനം എന്നിവ വിഭാവനം ചെയ്ത പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഫേസ് II എസ്ഡിഎഫ് കെട്ടിടത്തിന് 2025-26 ബജറ്റിൽ 1950.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 4.3 പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി

**(വിഹിതം: 3000.00 ലക്ഷം രൂപ)**

പെട്രോ കെമിക്കൽ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനായി കൊച്ചിയിലെ ബിപിസിഎല്ലിനോട് ചേർന്ന് 600 ഏക്കർ ഭൂമി കണ്ടെത്തുകയും 481 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറുകയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. ഇതിൽ 170 ഏക്കർ ഭൂമി ഇതിനകം ബിപിസിഎല്ലിന് അനുവദിച്ചിട്ടുണ്ട്. ജലം, വൈദ്യുതി, പ്രകൃതിവാതകം, ആശയവിനിമയം, മാലിന്യ സംസ്കരണത്തിനായി സാങ്കേതികമായി ബന്ധിപ്പിച്ചുള്ള പൊതു സൗകര്യങ്ങൾ, തടസ്സങ്ങളില്ലാത്ത ലോജിസ്റ്റിക്സ് ക്രമീകരണം, വെയർഹൗസിംഗ്, ട്രേഡിംഗ് ഹബ് എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങളാണ് വിഭാവനം ചെയ്യുന്നത്. മുകളിൽ പറഞ്ഞ ഘടകങ്ങൾക്കായി 2025-26 ബജറ്റിൽ 3000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 4.4 ബിസിനസ് ഫെസിലിറ്റേഷനും വ്യവസായ പ്രോത്സാഹന പ്രവർത്തനങ്ങളും

**(വിഹിതം: 400.00 ലക്ഷം രൂപ)**

വ്യാവസായിക പാർക്കുകൾ/ടൗൺഷിപ്പുകൾ/സോണുകൾ എന്നിവ സ്ഥാപിച്ച് സംസ്ഥാനത്ത് വ്യാവസായികമായി പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളുടെ സാമ്പത്തിക വികസനം കിൻഫ്ര പ്രോത്സാഹിപ്പിക്കുന്നു. ഇതിലൂടെ സംരംഭകർക്ക് ഒരു വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ മിക്ക സൗകര്യങ്ങളും നൽകുന്നു. ഇൻഡ്യയ്ക്കകത്തും പ്രവസികൾക്കിടയിലും കിൻഫ്ര എന്ന ബ്രാൻഡ് പ്രചരിപ്പിക്കുന്നതിനായി സമഗ്രമായ മാർക്കറ്റിംഗ്, ബ്രാന്റ് ബിൽഡിംഗ് ഉൾപ്പെടെയുള്ള ബിസിനസ് പ്രോത്സാഹന പരിപാടികൾ ഇന്നത്തെ ആവശ്യകതയാണ്. കിൻഫ്ര പാർക്കുകളിൽ കൂടുതൽ സംരംഭകർ യൂണിറ്റുകൾ ആരംഭിക്കുന്നതിലൂടെ പ്രത്യക്ഷമായും പരോക്ഷമായുമുള്ള തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും മൂല്യവർദ്ധനവ് ഉറപ്പാക്കുന്നതിനും ഇത് അനിവാര്യമാണ്.

റോഡ് ഷോകൾ, ബ്രോഷറുകൾ അച്ചടിക്കുക, സെമിനാറുകളും കോൺഫറൻസുകളും സംഘടിപ്പിക്കുക, ബി ടു ബി മീറ്റിങ്ങുകൾ (ഡൽഹി, മുംബൈ, പൂനെ, ചെന്നൈ, ബാംഗ്ലൂർ & ഹൈദരാബാദ്), കേരള സർക്കാർ/കിൻഫ്ര, കേന്ദ്ര സർക്കാർ അന്താരാഷ്ട്ര സംഘടനകൾ എന്നിവയ്ക്കിടയിൽ വൺ ഓൺ വൺ മീറ്റിംഗ് പോലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കിൻഫ്ര ഉദ്ദേശിക്കുന്നു. ദേശീയ/അന്തർദേശീയ തലങ്ങളിൽ ഇവന്റുകൾ/പ്രദർശനങ്ങൾ സംഘടിപ്പിക്കുക, ഫിക്കി/സിഐഐ/പിഎച്ച്ഡി ചേംബർ/എക്സിബിഷൻ ഓർഗനൈസേഷൻ/അസോചം, ഐഇഎസ്എ മുതലായ ട്രേഡ് സംഘടനകൾ സംഘടിപ്പിക്കുന്ന പരിപാടികളിൽ പങ്കെടുക്കുക/സംഘടിപ്പിക്കുക, ഓരോ മേഖലയിലും നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തോടെയുള്ള കോൺക്ലേവുകൾ സംഘടിപ്പിക്കുക. ഇന്ത്യയിലോ വിദേശത്തോ നിക്ഷേപകരെ ആകർഷിക്കാൻ സംരംഭക സംഗമം/ഇൻഡസ്ട്രിയൽ മീറ്റ് സംഘടിപ്പിക്കുക, പുതിയ പാർക്കുകളായ മെഗാ ഫുഡ് പാർക്ക്-പാലക്കാട്, ഡിഫൻസ് പാർക്ക് പാലക്കാട്, ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ (ഇഎംസി) കാക്കനാട്, എന്നീ പാർക്കുകളുടെയും കിൻഫ്ര ഫിലിം, വീഡിയോ പാർക്ക് കഴക്കൂട്ടം, നിയോ സ്പേസ് കാക്കഞ്ചേരി എന്നിവിടങ്ങളിലെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളുടെയും വിപണന ശ്രമങ്ങൾ നടത്തുക. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് 2025-26 ബജറ്റിൽ 400.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 4.5 സംയോജിത റൈസ് ടെക്നോളജി പാർക്കുകൾ

**(വിഹിതം: 500.00 ലക്ഷം രൂപ)**

നെൽകൃഷി, നെല്ലുൽപാദനം, അനുബന്ധ മൂല്യവർധിത പ്രവർത്തനങ്ങൾ എന്നിവ സ്വയം സുസ്ഥിരവും കർഷക സമൂഹത്തിന് പ്രയോജനകരവുമാക്കുന്നതിനുള്ള സ്ഥാപനപരവും അടിസ്ഥാന സൗകര്യ പിന്തുണയുമായാണ് റൈസ് ടെക്നോളജി പാർക്കുകൾ വിഭാവനം ചെയ്തിരിക്കുന്നത്.

പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ എന്നിവിടങ്ങളിലെ റൈസ് ടെക്നോളജി പാർക്കുകളുടെ വികസനം കിൻഫ്രയെ ഏൽപ്പിച്ചിരിക്കുന്നു. നെല്ല്/അരി ഉല്പാദന മൂല്യ ശൃംഖലയിലെ ഏകീകൃത സംവിധാനമായും / അതാതു ജില്ലകളിലെ നെല്ല് ഉല്പാദകരെയും ബന്ധപ്പെട്ട വ്യവസായസംരംഭകരെയും സഹായിക്കുകയും ചെയ്യുന്നത് ലക്ഷ്യമിടുന്നു. നിർദിഷ്ട പാർക്കുകളിൽ നെല്ല് സംഭരിക്കുന്നതിനുള്ള സൈലോകൾ, ആധുനിക റൈസ് മില്ലുകൾ, മാവ്, വറുത്ത അരിമാവ്, അരി റവ, അരി വറുത്ത റവാ, ബ്രോയിലർ, ഫ്ലെക്സ് , റെഡി റ്റു ഈറ്റ് ഉത്പന്നങ്ങൾ മുതലായ അരി മാവ് അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ

കേന്ദ്രമായി ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയും ഇതിൽ ഉണ്ടായിരിക്കും.

സർക്കാർ പ്രധാന പങ്കാളിയായി, മൂല്യ ശൃംഖലയിലെ നിക്ഷേപകരോടൊപ്പം, വിവിധ പങ്കാളികളുടെ വൈദഗ്ധ്യം പ്രയോജനപ്പെടുത്താൻ കഴിയുന്ന പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ പാർക്ക് പ്രവർത്തിക്കും. പാലക്കാട്, ആലപ്പുഴ എന്നിവിടങ്ങളിൽ റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചു. പാലക്കാട് കിൻഫ്ര മെഗാ ഫുഡ് പാർക്കിൽ പദ്ധതിക്ക് ആവശ്യമായ ഭൂമി കിൻഫ്ര കണ്ടെത്തി. 2025-26 ലെ ബജറ്റിൽ, ഈ പദ്ധതിക്കായി സംസ്ഥാന വിഹിതമായി 500.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

**4.6 ഹൈടെക് പാർക്ക് – സീപോർട്ട് എയർപോർട്ട് റോഡിലേക്കുള്ള റോഡ് കണക്ടിവിറ്റി**

**(വിഹിതം: 251.00 ലക്ഷം രൂപ)**

ഇലക്ട്രോണിക്സ്, സെസ് ഫോർ ഐ.ടി, ഐ.ടി.ഇ.എസ്, ജെം ആന്റ് ജൂവലറി സോൺ, വിദ്യാഭ്യാസ മേഖല, ഇന്നൊവേഷൻ സോൺ, ബയോടെക് സോൺ, പൊതു വ്യവസായം എന്നിവ ഉൾപ്പെടുന്ന ഹൈടെക് പാർക്ക് 240 ഏക്കർ സ്ഥലത്ത് കിൻഫ്ര വികസിപ്പിച്ചെടുത്തിട്ടുണ്ട്. സീ പോർട്ട്, എയർപോർട്ട് റോഡിൽ നിന്നും ഹൈടെക് പാർക്കിന്റെ അതിർത്തിയിലേക്കുള്ള 400 മീറ്റർ 4 വരി പാതയുടെ നിർമ്മാണവും ഹൈടെക് പാർക്ക് അതിർത്തി മുതൽ സബ് സ്റ്റേഷൻ ജംഗ്ഷൻ വരെയുള്ള (1000 മീറ്റർ) റോഡിന്റെ വികസിപ്പിക്കൽ/വീതി കൂട്ടൽ എന്നിവയും ഈ പദ്ധതി പ്രകാരം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. 2025-26 ബജറ്റിൽ 251.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

**4.7 പാലക്കാട് ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടെക്സ്റ്റൈൽസ് പാർക്കിലെ ജല ശുദ്ധീകരണ പ്ലാന്റ്**

**(വിഹിതം: 650.00 ലക്ഷം രൂപ)**

പാലക്കാട് കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടെക്സ്റ്റൈൽ പാർക്കിൽ 12.5 എംഎൽഡി ശേഷിയുള്ള ജലശുദ്ധീകരണ പ്ലാന്റ്, ജല വിതരണ ലൈൻ എന്നിവ നിർമ്മിക്കാൻ കിൻഫ്ര നിർദ്ദേശിക്കുന്നു. ജലശുദ്ധീകരണ പ്ലാന്റിൽ (ഡബ്ല്യുടിപി) നിന്ന് മെഗാ ഫുഡ് പാർക്കിലേക്കുള്ള പൈപ്പ് ലൈൻ, കോംപൗണ്ട് ഭിത്തി, ഗേറ്റ്, ഡ്രെയിൻ റോഡുകൾ മുതലായവ ഉൾപ്പെടെ ജലശുദ്ധീകരണ പ്ലാന്റിന്റെ (ഡബ്ല്യുടിപി) ഭൂവികസന പ്രവർത്തനങ്ങൾ, casacade arerator, ഉൾപ്പെടെയുള്ള ജലശുദ്ധീകരണ പ്ലാന്റ്, ഡിസ്ട്രിബ്യൂഷൻ ചേംബർ, ഫ്ലാഷ് മിക്സർ, ഫ്ലോക്കുലേറ്റർ പ്ലേറ്റ് സെലർ, സാൻഡ് ഫിൽട്ടർ, ക്ലിയർ വാട്ടർ റിസർവോയർ, ക്ലോറിനേറ്റർ, ക്ലോറിനേഷൻ ബിൽഡിംഗ്, എല്ലാ ഇന്റർകണക്ഷൻ പൈപ്പിംഗുകൾ, ലാബ്, പിഎൽസി റൂം, കെമിക്കൽ ഹൗസ്, SCADA ക്രമീകരണം, സ്ലഡ്ജ് ഹാൻഡ്‌ലിംഗ് സിസ്റ്റം, മെറ്റീരിയൽ ഹാൻഡ്‌ലിംഗ് സിസ്റ്റം, അഗ്നി സുരക്ഷാ സംവിധാനം, ഇലക്ട്രിക്കൽ സിസ്റ്റം എന്നീ പ്രവർത്തികൾക്കായി 2025-26 ബജറ്റിൽ 650.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4.8 കൊച്ചി-പാലക്കാട് ഹൈടെക് ഇൻഡസ്ട്രിയൽ കോറിഡോർ (കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗം)**

**(വിഹിതം: 20,000.00 ലക്ഷം രൂപ)**

കൊച്ചി-ബംഗളൂരു വ്യാവസായിക ഇടനാഴി പദ്ധതിയുടെ ഭാഗമായി കൊച്ചി-പാലക്കാട് ഹൈടെക് ഇൻഡസ്ട്രിയൽ കോറിഡോറിനായുള്ള സംസ്ഥാനത്തിന്റെ പദ്ധതിയ്ക്ക് ദേശീയ വ്യവസായ ഇടനാഴി വികസന, നിർവ്വഹണ ട്രസ്റ്റ് (എൻ.ഐ.സി.ഡി.ഐ.ടി) അംഗീകാരം നൽകി. ഉൽപന്ന നിർമ്മാണം, കാർഷിക സംസ്കരണം, സേവനം, കയറ്റുമതിഅധിഷ്ഠിത യൂണിറ്റുകൾ എന്നീ മേഖലകളിൽ നിക്ഷേപം ത്വരിതപ്പെടുത്തി സാമ്പത്തിക തൊഴിൽ രംഗങ്ങളിൽ പരമാവധി വളർച്ച കൈവരിക്കുന്നതിന് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ സാക്ഷാത്കാരത്തോടെ സാധ്യമാകും. ഇതുമൂലം സംയോജിത ഉൽപന്ന നിർമ്മാണ ക്ലസ്റ്ററുകൾ ഉണ്ടാവുകയും അതുവഴി ഐ.ടി, ബയോടെക്നോളജി, ലൈഫ് സയൻസ് എന്നിവ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കഴിയുന്നു. പാലക്കാട് ജില്ലയിൽ പ്രൊജക്ടിന്റെ ഒന്നാം ഘട്ടമായി 10,000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാനും അതുവഴി 5 വർഷത്തിനുള്ളിൽ 22,000 പേർക്ക് നേരിട്ടും 80,000 പേർക്ക് പരോക്ഷമായി തൊഴിൽ നൽകാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിലൂടെ സംസ്ഥാനത്തിന് നികുതി വരുമാനം പ്രതിവർഷം 585 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. 3,000 കോടി രൂപയുടെ എംഎസ്എംഇ നിക്ഷേപവും എംഎസ്എംഇയിൽ നിന്നുള്ള വരുമാനം പ്രതിവർഷം 1,400 കോടി രൂപയും പ്രതീക്ഷിക്കുന്നു. ഇൻഡസ്ട്രിയൽ മാനുഫാക്ചറിംഗ് ക്ലസ്റ്റർ, ഗിഫ്റ്റ് സിറ്റി എന്നിങ്ങനെ രണ്ട് നോഡുകളാണ് ഈ പദ്ധതിക്ക് ഉള്ളത്.

കെഎസ്ഐഡിസിയും കിൻഫ്രയും ഉൾപ്പെടുത്തി പ്രത്യേക പർപ്പസ് വെഹിക്കിൾ രൂപീകരിക്കും. പദ്ധതി നടപ്പാക്കുന്നതിനായി പാലക്കാട് കിൻഫ്രയുടെ നേതൃത്വത്തിൽ രണ്ടായിരത്തോളം ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. 5 വർഷം കൊണ്ട് പദ്ധതി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതിച്ചെലവിന്റെ ഭാഗമായി 2025-26 ലെ ബജറ്റിൽ 20000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4.9 എറണാകുളത്ത് കാക്കനാട് കിൻഫ്ര എക്സിബിഷൻ സെന്റർ**

**(വിഹിതം: 2000.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ എംഎസ്എംഇ മേഖല തങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാൻ സ്ഥിരം സൗകര്യം തേടുകയാണ്. എംഎസ്എംഇകളെ ലക്ഷ്യമിട്ട് കൊച്ചിയിലെ കാക്കനാട്ട് അന്താരാഷ്ട്ര നിലവാരത്തിലും ഗുണനിലവാരത്തിലും ഉള്ള സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുന്ന ഒരു എക്സിബിഷൻ സെന്റർ സ്ഥാപിക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നു. കവേർഡ് എക്സിബിഷൻ ഹാളുകൾ (4804.531 ചതുരശ്രമീറ്റർ), 662 പേർക്ക് ഇരിക്കാവുന്ന കൺവെൻഷൻ സെന്റർ, 300 പേർക്ക് ഇരിക്കാവുന്ന ഡൈനിംഗ് ഹാൾ/ബോൾ എന്നിവ പോലെയുള്ള അത്യാധുനിക സൗകര്യങ്ങൾ പ്രദർശന കേന്ദ്രത്തിലുണ്ടാകും, 28 പേരുടെ സീറ്റിംഗ് ശേഷിയുള്ള കഫറ്റീരിയ (194.11 ചതുരശ്ര മീറ്റർ) തുടങ്ങിയ അത്യാധുനിക സൗകര്യങ്ങൾ എക്സിബിഷൻ സെന്ററിലുണ്ടാകും. പദ്ധതിക്കായി 2025-26 ബജറ്റിൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4.10 നിലവിലുള്ള വ്യവസായ പാർക്കുകളിൽ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ**

**(വിഹിതം: 4330.00 ലക്ഷം രൂപ)**

വ്യാവസായിക പാർക്കുകൾക്ക് അവയുടെ പ്രവർത്തനം മികച്ച രീതിയിൽ നിലനിർത്തുന്നതിന് പാർക്കുകളിലെ സൗകര്യങ്ങളുടെ നവീകരണം, നിലവാരമുയർത്തൽ, പരിപാലനം എന്നിവ അത്യാവശ്യമാണ്. താഴെപ്പറയുന്ന വ്യവസായ പാർക്കുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണത്തിനായി 2025-26 ബജറ്റിൽ 4330.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | **കുറ്റിപ്പുറം കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ വികസന പ്രവർത്തനങ്ങൾ.**<br>കുറ്റിപ്പുറത്ത് 18 ഏക്കർ ഭൂമിയാണ് കിൻഫ്രയുടെ കൈവശമുള്ളത്. 2025-26 സാമ്പത്തിക വർഷത്തിൽ പാർക്കിന്റെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നു. റോഡ് പണി, ഓവർഹെഡ് ടാങ്ക്, ആന്തരിക വൈദ്യുതി വിതരണം തുടങ്ങിയ പ്രവർത്തികൾ ഇതിൽ ഉൾപെടുന്നു. | 230.00 |
| 2 | **മട്ടന്നൂരിലെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിലെ ജലവിതരണവും ഡബ്ല്യൂടിപി സ്ഥാപിക്കലും**<br>മട്ടന്നൂരിൽ 128.59 ഏക്കർ വ്യാവസായിക ഭൂമിയാണ് കിൻഫ്രയുടെ കൈവശമുള്ളത്, ഈ ഭൂമിയുടെ ജല ആവശ്യം കാര്യക്ഷമമായും മിതവ്യയമായും, നിറവേറ്റുന്നതിനു പഴശ്ശി ജലസംഭരണിയിൽ നിന്നുള്ള ജലം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പാർക്കിൽ നിന്ന് 10 കിലോമീറ്റർ അകലെയുള്ള പഴശ്ശി റിസർവോയറിൽ നിന്ന് ജല (raw) മെടുക്കുന്നതിനാണ് ഈ പ്രവൃത്തി ഉദ്ദേശിക്കുന്നത്. 3 എം.എൽ.ഡി ജലത്തിന്റെ ലഭ്യത ജലസേചന വകുപ്പ് അറിയിച്ചിട്ടുണ്ട്. | 700.00 |
| 3. | **കഴക്കൂട്ടം കിൻഫ്ര ഫിലിം & വീഡിയോ പാർക്കിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം**<br>കിൻഫ്ര ഫിലിം & വീഡിയോ പാർക്കിൽ (കഴക്കൂട്ടം) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്. പാർക്കിന്റെ എല്ലാ ആന്തരിക റോഡുകളുടെയും പുനർനിർമ്മാണം, പുതിയ, സെക്യൂരിറ്റി ക്യാബിൻ ഉൾപ്പെടെയുള്ള പ്രവേശന കവാടം, SEZ ഏരിയയിൽ ലാൻഡ്സ്കേപ്പിംഗ് ജോലികൾ, ഹൈമാസ്റ്റ് ലൈറ്റുകൾ നൽകൽ കോമൺ കാർപാർക്കിംഗ് ഏരിയയുടെ നിർമ്മാണം മറ്റു അനുബന്ധ ജോലികൾ എന്നിവ ഉൾപ്പെടുന്നു. | 100.00 |

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 4. | **കിൻഫ്ര സംയോജിത വ്യവസായ പാർക്കിലും ഒറ്റപ്പാലത്തെ ഡിഫൻസ് പാർക്കിലും എസ്ഡിഎഫിന്റെ സമഗ്രമായ അറ്റകുറ്റപ്പണികൾ**<br>ഒറ്റപ്പാലത്തെ ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിലും ഡിഫൻസ് പാർക്കിലും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നു. എസ്ഡിഎഫ് കെട്ടിടം 2015 ൽ നിർമ്മിച്ചതാണ്, മുഴുവൻ കെട്ടിടത്തിലും അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. സിവിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, എംഇപി ഇനങ്ങൾ, എസ്ടിപി, അഗ്നിശമന ക്രമീകരണങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. | 100.00 |
| 5 | **കൊല്ലത്ത് ഒരു വ്യവസായ പാർക്ക്/ഫുഡ് പാർക്ക് സ്ഥാപിക്കൽ (പുതിയത് )** | 500.00 |
| 6. | **കിൻഫ്ര ഹൈടെക് പാർക്ക് കളമശ്ശേരിയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം**<br>കിൻഫ്ര ഹൈടെക് പാർക്ക് കളമശ്ശേരിയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നു. റോഡിന്റെ നവീകരണം, കോമ്പൗണ്ട് മതിൽ, പ്രവേശന കവാടം എന്നിവയുടെ നിർമ്മാണം , പൊതു അറ്റകുറ്റപ്പണികൾ എന്നിവ ഇതിൽ ഉൾപെടുന്നു. | 100.00 |
| 7. | **കിൻഫ്ര സംയോജിത ടെക്സ്റ്റൈൽ പാർക്ക് (പാലക്കാട്) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുക**<br>പാലക്കാട്ടെ കിൻഫ്രയുടെ സംയോജിത ടെക്സ്റ്റൈൽ പാർക്കിന്റെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നു. കോമ്പൗണ്ട് ഭിത്തിയുടെ പുനർനിർമ്മാണം, പെയിന്റിംഗ്, യുജി സമ്പ്, ജലവിതരണം വർദ്ധിപ്പിക്കൽ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ | 100.00 |
| 8. | **കിൻഫ്ര കയറ്റുമതി പ്രോത്സാഹന വ്യവസായ പാർക്ക് (കാക്കനാട്) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം**<br>കാക്കനാട് കിൻഫ്ര പാർക്കിന്റെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നു. സിഎഫ്സി കെട്ടിടത്തിന്റെ പെയിന്റിംഗ്, അറ്റകുറ്റപ്പണികൾ, 45 എം.എൽ.ഡി ജലവിതരണ ലൈനുമായി ബന്ധപ്പെട്ട റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്നു | 100.00 |
| 9. | **കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക് (കാക്കഞ്ചേരി) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം**<br>കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക് കാക്കഞ്ചേരിയുടെ നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നു എൻഎച്ച് വീതി കൂട്ടലും ബൈപാസ് ജോലികളും നടക്കുന്നതിനാൽ നിലവിലുള്ള പൈപ്പ് ലൈനുകൾ മാറ്റുന്ന ജോലികൾ ഇതിൽ ഉൾപ്പെടുന്നു. | 100.00 |
| 10. | **കിൻഫ്ര അഡ്വാൻസ് ടെക്നോളജി പാർക്ക് (രാമനാട്ടുകര) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം**<br>കിൻഫ്രയുടെ അഡ്വാൻസ് ടെക്നോളജി പാർക്ക് രാമനാട്ടുകരയിലെ പവർ ഇൻഫ്രാസ്ട്രക്ചർ നവീകരിക്കാൻ ഉദ്ദേശിക്കുന്നു. കിൻഫ്ര ,പാർക്കിന്റെ ഭാവി വികസനം കണക്കിലെടുത്തുകൊണ്ട് അതിന്റെ സ്വാഭാവിക മാനദണ്ഡങ്ങൾക്കനുസൃതമായി ഒരു പ്രത്യേക ഫീഡർ വികസിപ്പിക്കുന്ന പ്രവർത്തി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | 100.00 |

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 11 | **കിൻഫ്ര ചെറുകിട വ്യവസായ പാർക്ക് തലശ്ശേരിയിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം**<br>തലശ്ശേരിയിലെ ചെറുകിട വ്യവസായ പാർക്കിലെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്. റൂഫിംഗ് സാനിറ്ററി, പ്ലംബിംഗ് ജോലികൾ, പ്രഷർ സാൻഡ് ഫിൽട്ടറിന്റെ നവീകരണം, വാട്ടർ ടാങ്കിൽ പെയിന്റിംഗ്, സിമന്റ് പ്ലാസ്റ്ററിംഗ്, ഓവർഹെഡ് ടാങ്കിന്റെ നിലവിലുള്ള എംഎസ് ഇൻലെറ്റ്, ഔട്ട്ലെറ്റ് പൈപ്പുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ ഇതിൽ ഉൾപ്പെടുന്നു. | 50.00 |
| 12 | **കാസർകോട് കിൻഫ്ര ചെറുകിട വ്യവസായ പാർക്കിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം**<br>കാസർകോടുള്ള കിൻഫ്രയുടെ ചെറുകിട വ്യവസായ പാർക്കിൽ ജല അതോറിറ്റി വഴിയും ഭൂഗർഭ ജലസംഭരണി വഴിയും ജലവിതരണ സംവിധാനം ഒരുക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്. ഏഴുലക്ഷം ലിറ്റർ ശേഷിയുള്ള ഭൂഗർഭ ജലസംഭരണിയുടെ നിർമാണം ഇതിൽ ഉൾപ്പെടുന്നു. | 250.00 |
| 13 | **കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ & ടെക്സ്റ്റൈൽ പാർക്ക് (ഘട്ടം II) പാലക്കാട് –വികസന പ്രവർത്തനങ്ങൾ**<br>കിൻഫ്ര ഒന്നാം ഘട്ടത്തിൽ 168 ഏക്കർ സ്ഥലത്ത് ഒരു ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ & ടെക്സ്റ്റൈൽ പാർക്ക് സ്ഥാപിക്കുകയും പാലക്കാട് കഞ്ചിക്കോട് പുതുശ്ശേരി സെൻട്രൽ വില്ലേജിൽ ഏകദേശം 213 ഏക്കർ സ്ഥലത്ത് രണ്ടാം ഘട്ടം വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളായ റോഡ്, ചുറ്റു മതിൽ, വൈദ്യുതി വിതരണ സംവിധാനങ്ങളുടെ വിപുലീകരണം, ജലവിതരണ സംവിധാനം, എസ്.ടി.പി എന്നീ പ്രവർത്തികൾ എന്നിവ ഇതിൽ ഉൾപെടുന്നു | 600.00 |
| 14 | **അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ – പെരുമ്പാവൂർ**<br>എം/എസ് ട്രാവൻകൂർ റയോൺസ് ലിമിറ്റഡ് മുമ്പ് പാട്ടത്തിനെടുത്ത ഭൂമിയിൽ നിന്ന് കേരള സർക്കാർ തിരിച്ചുപിടിച്ച് കിൻഫ്രയ്ക്ക് കൈമാറിയ 30 ഏക്കർ ഭൂമി ഫലപ്രദമായി വിനിയോഗിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. റോഡ്, ചുറ്റു മതിൽ, വൈദ്യുതി വിതരണ സംവിധാനം വിപുലീകരണം, ജലവിതരണ സംവിധാനം, ഇടിപി, അഗ്നിശമന സംവിധാനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ഈ പ്രവർത്തനത്തിൽ ഉൾപ്പെടുന്നു | 600.00 |
| 15 | **അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ – രാമനാട്ടുകര**<br>അഡ്വാൻസ് ടെക്നോളജി പാർക്കിന്റെ വ്യാവസായിക സൗകര്യം മെച്ചപ്പെടുത്താനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്, പുതിയ ബിഎം/ ബിസി ഇന്റേണൽ റോഡുകൾ നിർമ്മിക്കുക, ഡ്രെയിനേജ് സംവിധാനം നൽകൽ, ജല വിതരണ സംവിധാനം സ്ഥാപിക്കൽ, വൈദ്യുതി വിതരണ ശൃംഖല സ്ഥാപിക്കൽ, മഴവെള്ളം സംഭരിക്കുന്നതിനുള്ള കുളങ്ങൾ നിർമ്മിക്കുക , പാർക്കിൽ ലാൻഡ്സ്കേപ്പിംഗ് എന്നിവ ഉൾപ്പെടെയുള്ള ഭൂവികസന പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. | 500.00 |

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 16 | **കെഇപിഐപിയിലെ ജലശുദ്ധീകരണ പ്ലാന്റ്** 25 എംഎൽഡി ജലശുദ്ധീകരണ പ്ലാന്റിന്റെ ആദ്യ ഘട്ടമായി 12.5 എംഎൽഡി ജലശുദ്ധീകരണ പ്ലാന്റ് നിർമ്മിക്കുക, അടിസ്ഥാനപരമായി കെമിക്കൽ മിക്സറുകൾ, എയറേറ്ററുകൾ, ക്ലാരിഫയറുകൾ, ഫ്ലക്കുലേറ്ററുകൾ, കൺവയൻസ് സംവിധാനങ്ങൾ, ഫിൽട്ടറേഷൻ, ക്ലോറിനേഷൻ, സ്റ്റോറേജ് സിസ്റ്റം എന്നിവ ഉൾക്കൊള്ളുന്ന അത്യാധുനിക സംവിധാനമാണ് ഇതിന് അടിസ്ഥാനപരമായി ഉണ്ടായിരിക്കുക. കെഇപിഐപി, കാക്കനാട്, ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, ഇന്റർനാഷണൽ എക്സിബിഷൻ ആൻഡ് കൺവെൻഷൻ സെന്റർ, കാക്കനാട്, ഇൻഫോപാർക്ക് ഫേസ്-1 & ഫേസ്-2, കിൻഫ്ര പെട്രോകെമിക്കൽ പാർക്ക് എന്നിവയുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടത് അത്യാവശ്യമാണ്. | 200.00 |
| | **ആകെ** | **4330.00** |

### 4.11 നിലവിലുള്ള വ്യവസായ പാർക്കുകളിൽ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ (സി.ഡി.പി)

**(വിഹിതം: 650.00 ലക്ഷം രൂപ)**

താഴെപ്പറയുന്ന വ്യവസായ പാർക്കുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം ക്ലസ്റ്റർ വികസന പരിപാടിയിൽ ചേർത്തിട്ടുണ്ട്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ സംസ്ഥാന വിഹിതമായി 650.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | **തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം** അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളിൽ അഗ്നിശമന സംവിധാനം നടപ്പിലാക്കൽ, ജലശുദ്ധീകരണ പ്ലാന്റിന്റെ നവീകരണം, അനുബന്ധ പ്രവർത്തനങ്ങൾ, ഫേസ് 3 ലെ നടപ്പാതകൾ ശരിയാക്കൽ എന്നിവ ഉൾപ്പെടുന്നു. | 250.00 |
| 2 | **അടൂർ, കിൻഫ്ര ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്കിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം** ഫെൻസിങ് ജോലിയുടെ അറ്റകുറ്റപ്പണികൾ, 1700 മീറ്റർ ഇന്റേണൽ റോഡ് ബിഎം/ബിസി നിലവാരത്തിൽ നവീകരിക്കൽ, ജലവിതരണ സംവിധാനത്തിന്റെ അറ്റകുറ്റപ്പണികൾ, പെയിന്റിങ് ജോലികൾ, ഡ്രെയിനേജ് മെയിന്റനൻസ്, സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്, പത്തനാപുരം മുതൽ പുതുവൽ വരെയുള്ള കിൻഫ്ര ഫീഡറിന്റെ എബിസി കേബിൾ ജോലികൾ മുതലായ അടിസ്ഥാന സൗകര്യ നവീകരണ പ്രവർത്തനങ്ങൾ. ,പുതിയ സോളാർ തെരുവ് വിളക്കുകൾ 60 എണ്ണം, പുതിയ ഹൈമാസ്റ്റ് ലൈറ്റുകൾ - 9 എണ്ണം, ഡിജി സെറ്റ് വാങ്ങൽ & ഇടിപി സംവിധാനത്തിനായി മിന്നൽ സംരക്ഷണ ക്രമീകരണം സ്ഥാപിക്കൽ, പാർക്ക് നിരീക്ഷണ സംവിധാനം (7 എണ്ണം), പൊതുവായ അഗ്നിശമന സംവിധാനം, ഫയർ പമ്പ് റൂം മുതലായവ ഉൾപ്പെടുന്നു. | 150.00 |

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 3 | **കുന്നംതാനത്തെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം**<br>അടിസ്ഥാന സൗകര്യ നവീകരണ പ്രവർത്തനങ്ങളിൽ മഴവെള്ള സംഭരണ കുളത്തിനുള്ള കോമ്പൗണ്ട് ഭിത്തി നിർമ്മാണം, നിലവിലുള്ള കോമ്പൗണ്ട് ഭിത്തിയിൽ ആംഗിൾ ഇരുമ്പ് ഫെൻസിങ്, നിലവിലുള്ള കോമ്പൗണ്ട് ഭിത്തിയുടെ പെയിന്റിംഗ് ജോലികൾ, റോഡ് കോൺക്രീറ്റ്, ക്വാറികളിലെ കുളങ്ങളുടെ ശുദ്ധീകരണവും സൈഡ് കോൺക്രീറ്റ് ജോലികളും, ജലവിതരണ സംവിധാനത്തിന്റെ അറ്റകുറ്റപ്പണികൾ, ഡ്രെയിനേജ് അറ്റകുറ്റപ്പണികൾ, തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ, പുതിയ സോളാർ തെരുവ് വിളക്കുകൾ, സോളാർ പവർ പ്ലാന്റ്, പുതിയ മിനി മാസ്റ്റ് ലൈറ്റ്, പാർക്ക് നിരീക്ഷണ സംവിധാനം, കേന്ദ്രീകൃത അഗ്നിശമന സംവിധാനവും കെട്ടിടത്തിന് പൊതു വായുള്ള അഗ്നി ശമന സംവിധാനവും ,ഫയർ പമ്പ് റൂം തുടങ്ങിയവയും ഉൾപ്പെടുന്നു. | 100.00 |
| 4 | **കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ കണ്ണൂരിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം**<br>അടിസ്ഥാന സൗകര്യ നവീകരണ പ്രവർത്തനങ്ങളിൽ ആന്തരിക റോഡുകളുടെ മെച്ചപ്പെടുത്തൽ, എസ്ഡിഎഫ് കെട്ടിടത്തിലെ അഗ്നിശമന സംവിധാനവും ഫയർ അലാം സംവിധാനവും, പൈപ്പ് ലൈൻ ജോലികൾ, ബാർബ്ഡ് വയർ ഫെൻസിങ് സംവിധാനത്തിന്റെ അറ്റകുറ്റപ്പണി, വിവിധ പ്ലോട്ടുകളിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കൽ, ഇലക്ട്രിക്കൽ ജോലികൾ, വിവിധ കെട്ടിടങ്ങളുടെ പെയിന്റിംഗ്, പിവിസി പൈപ്പുകളുടെ നവീകരണം, ഹൈമാസ്റ്റ് ലൈറ്റുകളുടെ വിതരണവും സ്ഥാപിക്കലും എന്നിവയും ഉൾപ്പെടുന്നു. | 150.00 |
| | **ആകെ** | **650.00** |

### 5 ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (ബിപിടി)

**(വിഹിതം: 1400.00 ലക്ഷം രൂപ)**

വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സ്ഥാപിച്ചതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടന നിരീക്ഷണം ശക്തിപ്പെടുത്തുക, പൊതുമേഖലാ സ്ഥാപനങ്ങളിൽ സമയബന്ധിതമായി ഓഡിറ്റ് പൂർത്തീകരണം, പൊതുമേഖലാ സ്ഥാപനങ്ങളിലെ എല്ലാ വിഭാഗങ്ങളിലുമുള്ളവരുടെ ശേഷി വർദ്ധിപ്പിക്കൽ, പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രസക്തമായ ഐടി സംരംഭങ്ങൾ നടപ്പിലാക്കൽ എന്നിവയാണ് ബിപിടിയുടെ ചുമതലകൾ. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 1400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം. | ഘടകങ്ങൾ | വിഹിതം (തുക ലക്ഷത്തിൽ) |
|---|---|---|
| 1 | മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന പി.എസ്.യുകളുടെ പ്രകടന അവലോകനവും അംഗീകാരവും | 1300.00 |
| 2 | എച്ച്.ആർ നയം നടപ്പിലാക്കൽ | |
| 3. | പൊതുമേഖലാ സ്ഥാപനങ്ങളിലെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെയും ഫണ്ട് ഫ്ലോയുടെയും വാണിജ്യ, സാങ്കേതിക, സാമ്പത്തിക വിലയിരുത്തൽ | |
| 4 | കമ്പനി ഡയറക്ടർമാർ, സീനിയർ മാനേജ്മെന്റ്, മിഡിൽ | |

| ക്രമ നം. | ഘടകങ്ങൾ | വിഹിതം (തുക ലക്ഷത്തിൽ) |
|---|---|---|
| | മാനേജ്മെന്റ്, സൂപ്പർവൈസർ/തൊഴിലാളി എന്നീ വിഭാഗങ്ങൾക്കുള്ള പരിശീലന ആവശ്യകത വിലയിരുത്തി പരിശീലനം നൽകൽ | |
| 5 | ആവശ്യാനുസരണം പൊതുമേഖലാ സ്ഥാപനങ്ങൾക്കായി സിഎ/സിഎംഎ/സിഎസ്/സ്വതന്ത്ര ഡയറക്ടർമാരുടെ എംപാനൽമെന്റ്, ഓരോ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കോസ്റ്റ് ഷീറ്റുകൾ തയ്യാറാക്കുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റുമാരെയും സിഎംഎകളെയും നിയോഗിച്ച് ലാഭം ഒപ്റ്റിമൈസ് ചെയ്യൽ | |
| 6 | സി&എജിയുടെ പരിശോധനാ റിപ്പോർട്ടുകളിലെ നിരീക്ഷണങ്ങൾ, സി&എജിയുടെ അനുബന്ധ ഓഡിറ്റ്, ഓഡിറ്റ് കമ്മിറ്റികളുടെയും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരുടെയും നിരീക്ഷണങ്ങൾ എന്നിവയുടെ അവലോകനം | |
| 7 | പിഎസ്‌യുകൾക്ക് ഇആർപി നടപ്പാക്കുന്നതിനും ഇ-കൊമേഴ്സ് പോർട്ടൽ സ്ഥാപിക്കുന്നതിനും, ഇ-ഓഫീസ്, ഡിജിറ്റലൈസേഷൻ എന്നീ പ്രവർത്തികൾക്കും | |
| 8 | ഉചിതമായ വ്യവസായ അക്കാദമിക് സംയോജനത്തിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഗവേഷണ വികസന വികസനങ്ങൾക്കായുള്ള tech solution hub. | |
| 9 | പൊതുമേഖലാ സ്ഥാപനങ്ങളിലെ സാങ്കേതികവിദ്യ നവീകരണം- പൊതുമേഖലാ സ്ഥാപനങ്ങളിലെ ശേഷി വർദ്ധിപ്പിക്കുന്നതിനായി കമ്പ്യൂട്ടർ അടിസ്ഥാന സൗകര്യങ്ങൾ, ഓൺലൈൻ നിരീക്ഷണ സംവിധാനങ്ങൾ, ഓൺലൈൻ പഠന മാനേജ്മെന്റ് സിസ്റ്റം എന്നിവയുടെ നവീകരണം | |
| 10 | കേരള പൊതുമേഖലാ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പ് & റിക്രൂട്ട്മെന്റ് ബോർഡ് (കെ.പി.ഇ.എസ്.ആർ.ബി) മുഖേന വിവിധ പി.എസ്.യു കളിൽ മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിന് (പുതിയത്). | 100.00 |
| | **ആകെ** | **1400.00** |

**6 പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും**

**(വിഹിതം: 27,510.00 ലക്ഷം രൂപ)**

മൂലധന സഹായത്തിലൂടെ ടെക്സ്റ്റൈൽ മേഖല ഉൾപ്പെടെ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി ഒരു പദ്ധതി ബിപിടി മുഖേന നടപ്പിലാക്കുന്നതിനായി വ്യവസായ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഹ്രസ്വകാല - ദീർഘകാല ലക്ഷ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് രണ്ടുതരത്തിലുള്ള കർമ്മപദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു കൂടാതെ, ഹ്രസ്വകാലയളവിലേക്കായി സിക്ക് യൂണിറ്റുകൾക്കുള്ള course correction നടപടികളും ഇതിൽ ഉൾപ്പെടുന്നു.

പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിനായി ഒരു സമഗ്ര സാമ്പത്തിക പുനഃരൂപീകരണ പദ്ധതി ഉരുത്തിരിഞ്ഞു വരേണ്ടതുണ്ട്. ഈ പദ്ധതിയിൽ കുറഞ്ഞ നിരക്കിലുള്ളതും ഒഴിവാക്കാനാവാത്തതുമായ വയബിൾ ഗ്യാപ് ഫണ്ടിംഗ് രീതികളും ഉൾപ്പെടേണ്ടതുണ്ട്

പ്രസ്തുത ദ്വിമുഖ പുനരുദ്ധാരണ കർമ്മ പദ്ധതി താഴെ പറയുന്ന കാര്യങ്ങൾക്ക് മതിയായ ഊന്നൽ കൊടുക്കേണ്ടതാണ്.

1 ഉപകരണങ്ങൾ നൽകൽ/അത്യന്താപേക്ഷിത നവീകരണം.

2 പുനർരൂപീകരണ പദ്ധതി പ്രവർത്തനത്തിൽ അനുയോജ്യമായതും മെച്ചപ്പെട്ടതുമായ സാങ്കേതിക വിദ്യയുടെ ഉപയോഗം.

3 ഉന്നത മൂല്യ വർദ്ധനവ്, ഉൽപ്പന്ന വൈവിധ്യ വൽക്കരണം, പുതിയ ഉൽപ്പന്നങ്ങളുടെ കണ്ടെത്തൽ.

4 മനുഷ്യശേഷി ഉൾപ്പെടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി തന്ത്രങ്ങൾ ആവിഷ്കരിക്കുക.

5 മനുഷ്യ വിഭവം, പരിസ്ഥിതി, വ്യവഹാര വിഷയങ്ങളുടെ പരിഹാരം.

6 ലയനം, കൂട്ടിച്ചേർക്കൽ, സഹജീവിപരമായ തരത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം.

7 വിവിധ മേഖലകളിലെ ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണം മാർക്കറ്റ് വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുകയും അതിന്മേൽ സംസ്ഥാനത്തിന്റെ തന്ത്ര പ്രധാനമായ താൽപര്യങ്ങൾ തിരിച്ചറിയുകയും ചെയ്യുക.

8 പൊതുമേഖലാ സ്ഥാപനങ്ങളുടെയും ടെക്സ്റ്റൈൽ യൂണിറ്റുകളുടെയും തരം തിരിക്കലിന് സാധ്യമാകുന്ന ബിസിനസ്സ് സാഹചര്യങ്ങളും മറ്റു പ്രധാന കാര്യങ്ങളും.

നിലവിലുള്ള പ്രോജക്ടുകളുടെ പൂർത്തീകരണത്തിനും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനുമായി 2025-26 ബജറ്റിൽ 27,510.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | കമ്പനിയുടെ പേര് | പദ്ധതി നിർദ്ദേശം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| **കെമിക്കൽ മേഖല** | | | |
| 1 | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് | • വാൾ പുട്ടി ഉൽപ്പാദനത്തിന്റെ ആധുനികവൽക്കരണം<br>• പുതിയ പാക്കിംഗ് മെഷീൻ ഉപയോഗിച്ച് പ്രൊഡക്ഷൻ ലൈനിന്റെ ഡാറ്റ ലോഗിംഗ് / ഇൻസ്ട്രുമെന്റേഷൻ | 488.00 |
| 2 | മലബാർ സിമന്റ്സ് ലിമിറ്റഡ് | • സിമന്റ് സ്റ്റീൽ സൈലോ 2000 MT-1 നമ്പർ<br>• ചെലവ് കുറയ്ക്കുന്നതിനുള്ള മറ്റു നവീകരണ പ്രൊജക്റ്റുകൾ | 600 |
| 3. | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | • ടൈറ്റാനിയം ഡൈയോക്സൈഡ്-ൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം<br>• ന്യൂട്രലൈസേഷൻ പ്ലാന്റിലെ മെറ്റീരിയൽ കൈകാര്യം ചെയ്യൽ<br>• PNG കൺവേർഷൻ<br>• ജലശുദ്ധീകരണ പ്ലാന്റ്<br>• ബ്ലാക്ക് എൻഡ് TiO2 പ്ലാന്റിനുള്ള ഇൽമനൈറ്റ് ഗ്രൈൻഡിംഗ് മിൽ (ഘട്ടം I)<br>• സ്ക്രബ്ബർ ഉൾപ്പെടെയുള്ള വായു മലിനീകരണ നിയന്ത്രണ പ്ലാന്റ് (ഘട്ടം I)<br>• Coated റൂട്ടൈൽ പ്ലാന്റ് -30 TPD (ഘട്ടം- I) | 1969.00 |

| ക്രമ നമ്പർ | കമ്പനിയുടെ പേര് | പദ്ധതി നിർദ്ദേശം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 4 | ഓങ്കോളജി പാർക്ക് | കേരള സർക്കാരിന്റെയും കിഫ്ബിയുടെയും സംരംഭം. | 1000.00 |
| | | **ഇലക്ട്രോണിക്സ് മേഖല** | |
| 5 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപറേഷൻ (കെൽട്രോൺ) | • KEC,KCC,KCA,KLD എന്നിവയുടെ നവീകരണവും പുതിയ ഉൽപ്പന്ന വികസന പ്രൊജക്ടുകളും<br>• പവർ ഇലക്ട്രോണിക്സിലെ ഉൽപ്പന്ന വികസനം (മൂന്നാം ഘട്ടം)<br>• ഡിഫൻസ് ഇലക്ട്രോണിക്സിൽ ഉൽപ്പന്ന വികസനം (മൂന്നാം ഘട്ടം) | 2233.00 |
| 6 | കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | • സൂപ്പർ കപ്പാസിറ്റർ പ്രൊഡക്ഷൻ<br>• കെവിഎആർ കപ്പാസിറ്ററുകൾ, എംപിപി മോട്ടോർ സ്റ്റാർട്ട് കപ്പാസിറ്ററുകൾ, റെസിസ്റ്ററുകൾ എന്നിവയുടെ നിർമ്മാണ സൗകര്യം | 600.00 |
| | | **എഞ്ചിനിയറിംഗ് മേഖല** | |
| 7 | സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | • ആധുനികവൽക്കരണം (6 ടി ഓപ്പൺ ഡൈ ഫോർജിംഗ് ഹാമർസ്ഥാപിക്കൽ)<br>• ഹൈഡ്രോളിക് പ്രസ് പ്ലാന്റ് – എസ്ഐഎഫ്എൽ, അത്താണി | **600.00** |
| 8 | സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് | • ഫൗണ്ടറി യൂണിറ്റിലും ജിഇഡബ്ല്യൂവിലും മെഷീനുകൾ സ്ഥാ പിക്കുക<br>• ഡ്രൈ ഡോക്ക് സ്ലിപ് വെ –രണ്ടാം ഘട്ടം<br>• പുരപ്പുറ സൌരോർജ്ജ  പ്ലാന്റ് | 598.00 |
| 9 | ഓട്ടോകാസ്റ്റ് ലിമിറ്റഡ് | • 2 മെഗാവാട്ട് സൗരോർജ്ജ നിലയം സ്ഥാപിക്കലും<br>• ഒന്നാം ഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും ആധുനികവൽക്കരണം | 745.00 |
| 10 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | • എൽപിജി പരിവർത്തനം | 14.00 |
| 11 | കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് | • ട്രൈസ്കൂട്ടർ, സിഎൻജി ഓട്ടോ, പിക്ക് അപ്പ് ടിപ്പർ എന്നിവയുടെ നിർമ്മാണത്തിനും സർട്ടിഫിക്കേഷനുമായി പ്ലാന്റ് നവീകരണം. | 500.00 |
| | | **സിറാമിക് മേഖല** | |
| 12 | കേരള ക്ലേസ് ആൻഡ് സിറാമിക് പ്രോഡക്ട് | • പായങ്ങാടിയിൽ ജൈവവൈവിധ്യ പാർക്കിന്റെയും മണ്ണ് | 300.00 |

| ക്രമ നമ്പർ | കമ്പനിയുടെ പേര് | പദ്ധതി നിർദ്ദേശം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| | ലിമിറ്റഡ് | മ്യൂസിയത്തിന്റെയും പരിസ്ഥിതി പുനഃസ്ഥാപനവും നിർമ്മാണവും. | |
| 13 | കേരള സിറാമിക്സ് ലിമിറ്റഡ് | • ശേഷി വിപുലീകരണ പദ്ധതി (ഉൽപാദന ശേഷി സ്ഥിരത കൈവരിക്കൽ).<br>• നിലവിലുള്ള പരിശോധനാ ലാബുകളുടെയും ഓഫീസ് കെട്ടിടത്തിന്റെയും നവീകരണം<br>• പുതിയ ഖനന ഭൂമി വാങ്ങുന്നതിനുള്ള ടോക്കൺ വിഹിതം | 560.00 |
| **ഇലക്ട്രിക്കൽ മേഖല** | | | |
| 14 | കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് | • ട്രാക്ഷൻ ട്രാൻസ്ഫോർമർ. | 750.00 |
| 15 | ട്രാകോ കേബിൾ കമ്പനി ലിമിറ്റഡ് | • പുനരുജ്ജീവനവും പുതിയ ഉൽപ്പന്ന വികസനവും | 400.00 |
| 16 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | • പുതിയ ഉൽപ്പന്നങ്ങളുടെ വികസനം | 300.00 |
| 17 | കെ.ഇ.എൽ – ഇ എം എൽ (മുമ്പ് ബിഎച്ച്ഇഎൽ–ഇഎംഎൽ ) | • പുതിയ ഉൽപ്പന്നങ്ങളുടെ വികസനം | 500.00 |
| **ടെക്സ്റ്റൈൽസ് മേഖല** | | | |
| 18 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപറേഷൻ ലിമിറ്റഡ് | • 7 യൂണിറ്റുകൾക്കുള്ള അഗ്നിശമന സംവിധാനം<br>• മലബാർ സ്പിന്നിംഗ് മില്ലുകളുടെ നവീകരണം<br>• മലബാർ സ്പിന്നിംഗ് & വീവിംഗ് മില്ലുകൾക്കുള്ള ബ്ലോ റൂം ലൈൻ<br>• മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലുകളിൽ സൌരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ<br>• കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 1886.00 |
| 19 | സീതാറാം ടെക്സ്റ്റൈൽസ് | • പ്ലാന്റിന്റെ നവീകരണം | 108.00 |

| ക്രമ നമ്പർ | കമ്പനിയുടെ പേര് | പദ്ധതി നിർദ്ദേശം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 20 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ | • വിപുലീകരണ പ്രൊജക്റ്റ് | 314.00 |
| **പരമ്പരാഗത മേഖല** | | | |
| 21 | കരകൗശല വികസന കോർപറേഷൻ (കേരള) ലിമിറ്റഡ് | • പുതിയ ഉൽപ്പന്ന വികസനം ,ഓഫീസ് ഓട്ടോമേഷൻ, സിഎഫ് സി ശക്തിപ്പെടുത്തൽ | 200.00 |
| 22 | കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ | • നിലവിലുള്ള പ്ലാന്റിന്റെയും യന്ത്രത്തിന്റെയും നവീകരണം | 400.00 |
| 23 | കെൽപാം | • രണ്ടാം ഘട്ട നവീകരണം | 50.00 |
| **വുഡ് ബേസ്ഡ് സെക്ടർ** | | | |
| 24 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് | • ഷോറൂം നവീകരണവും സ്റ്റുഡിയോ രൂപകൽപ്പനയും<br>• പ്ലാന്റിന്റെ നവീകരണം<br>• സ്റ്റീൽ ഫർണിച്ചർ നിർമ്മാണ സൗകര്യങ്ങളും പരിശോധനാ ലാബുകളും | 244.00 |
| **വികസന മേഖല** | | | |
| 25 | കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപറേഷൻ (സിഡ്കോ) | • ഉൽപ്പാദന യൂണിറ്റുകളുടെയുംവ്യവസായ എസ്റ്റേറ്റിന്റെയും നവീകരണം<br>• ഇൻഡസ്ട്രിയൽ പ്ലോട്ടുകളുടെ നവീകരണവും നിലവാരമുയർത്തലും | 651.00 |
| 26 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | • വിഴിഞ്ഞത്ത് കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ സ്ഥാപിക്കുക | 400.00 |
| 27 | കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് | ആധുനികവൽക്കരണവും സാങ്കേതികവിദ്യാ നവീകരണവും, മാലിന്യ സംസ്കരണ പ്ലാന്റ്, ഐടി ഇൻഫ്രാസ്ട്രക്ചർ, പവർ ബോയിലറുകൾ, കെമിക്കൽസ് പൾപ്പിംഗ് പ്ലാന്റ്. | 1400.00 |
| 28 | പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പ്രവർത്തന മൂലധന പിന്തുണ | | 4700.00 |
| 29 | കോട്ടൺ ബോർഡ് മുഖേന സീസണിൽ പരുത്തി മൊത്തമായി വാങ്ങുന്നതിന് പ്രവർത്തന മൂലധന സഹായം (ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾക്ക് വർഷം മുഴുവനും നല്ല ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കളുടെ തുടർച്ചയായ വിതരണം ഉറപ്പാക്കാൻ) | | 500.00 |
| 30 | തിരഞ്ഞെടുത്ത പൊതുമേഖലാ സ്ഥാപനങ്ങളുടെ ടേൺറൗണ്ട് സ്ട്രാറ്റജികൾ തയ്യാറാക്കലും (സാങ്കേതിക/സാമ്പത്തിക/വിപണന | | 250.00 |

| ക്രമ നമ്പർ | കമ്പനിയുടെ പേര് | പദ്ധതി നിർദ്ദേശം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| | പ്രവർത്തനങ്ങൾ)(സാമ്പത്തിക പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതാ പഠനത്തിനായി കൺസൾട്ടന്റുമാരെ നിയമിക്കൽ) | | |
| 31 | പൊതുമേഖലാ സ്ഥാപനങ്ങളെ ബാങ്കിംഗ് യോഗ്യമാക്കുന്നതിനുള്ള നിയമപരമായ പ്രതിബദ്ധതകൾ അടിയന്തിരമായി തീർപ്പാക്കുക (ഭീമമായ നിയമപരമായ ബാധ്യതകൾ കാരണം, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായത്തിനായി ബാങ്കുകളെ സമീപിക്കാൻ കഴിയില്ല) | | 4250.00 |
| | **ആകെ** | | **27,510.00** |

വ്യവസായ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കും നിയന്ത്രണത്തിനും വിധേയമായി ഒരു വിദഗ്ധസമിതിയുടെ വിലയിരുത്തലിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ ബി പി ടി യുടെ ഏകോപനത്തിലൂടെ പുനരുദ്ധാരണ പാക്കേജുകൾ നടപ്പിലാക്കേണ്ടതാണ്.

## 7 ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബി.പി.ഇ)

**(വിഹിതം: 68.00 ലക്ഷം രൂപ)**

പബ്ലിക് എന്റർപ്രൈസസ് ബോർഡിന്റെ ഒരു സെക്രട്ടേറിയറ്റ് ആയിട്ടാണ് ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനം നയരൂപീകരണത്തിലും, പൊതുമേഖലാ സ്ഥാപനങ്ങളിലെ പേഴ്സണൽ ആൻഡ് ലേബർ മാനേജ്മെന്റിലും നിക്ഷേപ തീരുമാനങ്ങളിലും സർക്കാരിനെ സഹായിക്കുന്നു. 2025-26 ബജറ്റിൽ 68.00 ലക്ഷം രൂപ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

### 7.1 മനുഷ്യ വിഭവശേഷി വികസനം

**(വിഹിതം: 25.00 ലക്ഷം രൂപ)**

പൊതുമേഖലാ സ്ഥാപനങ്ങളുടെ സൂപ്പർവൈസറി/മാനേജരിയൽ ഉദ്യോഗസ്ഥർക്ക് അവരുടെ കരിയർ വികസനവുമായി ബന്ധിപ്പിച്ചുകൊണ്ട് ഒരു ആനുകാലിക റിഫ്രഷർ പരിശീലന പരിപാടി നടത്തുകയാണ് ലക്ഷ്യം. പൊതുമേഖലാ യൂണിറ്റുകളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു കൂട്ടം മാനേജീരിയൽ പ്രൊഫഷണലുകളെ വികസിപ്പിക്കാനും അതുവഴി പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും ലക്ഷ്യമിടുന്നു. കോർപ്പറേറ്റ് ഗവേണൻസ്, കോർപ്പറേറ്റ് ഫിനാൻസ്, ഇമോഷണൽ ഇന്റലിജൻസ്, മോഡേൺ ഓപ്പറേഷൻസ്, മാനേജ്മെന്റ്, ടെക്നോളജീസ് എന്നീ മേഖലകളിലെ മികച്ച പ്രവർത്തനങ്ങളിലായിരിക്കും പരിശീലനം. പരിശീലന ആവശ്യകത വിശകലനം, ടാർഗെറ്റുചെയ്ത പ്രോഗ്രാമുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ളവ ഒഴികെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് പരിപാടികൾ. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 7.2 പ്രവർത്തനം വിലയിരുത്തൽ

**(വിഹിതം: 43.00 ലക്ഷം രൂപ)**

സംസ്ഥാനതല പൊതുസംരംഭങ്ങളുടെ പ്രകടനത്തിന്റെ മൊത്തത്തിലുള്ള അവലോകനം ഉൾക്കൊള്ളുന്ന പൊതുസംരംഭങ്ങളുടെ വാർഷിക അവലോകനം തയ്യാറാക്കാൻ ബിപിഇ ചുമതലപ്പെടുത്തിയിരിക്കുന്നു. പ്രശ്നങ്ങൾ നേരത്തേ തിരിച്ചറിയാനും ഉചിതമായ തിരുത്തൽ വരുത്താനും സംരംഭങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണിത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻ വാർഷിക അവലോകന റിപ്പോർട്ടുകളിൽ നിന്നുള്ള പഠനങ്ങളെ അടിസ്ഥാനമാക്കി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന നിരീക്ഷണത്തിനും പുനരുജ്ജീവന പദ്ധതികൾ/ഭാവി ബിസിനസ് പ്ലാനുകൾ തയ്യാറാക്കുന്നതിനും 2025-26 ബജറ്റിൽ 43.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

## 8 ഫ്ലാഗ്ഷിപ്പ് പദ്ധതികൾ

### എ) കെൽട്രോണിന്റെ പരിധിയിൽ ഇലക്ട്രോണിക് ഹബ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രോണിക് പാക്കേജ് ടെസ്റ്റിംഗ് സൗകര്യം

**(വിഹിതം: 2000.00 ലക്ഷം രൂപ)**

ഒരു സമഗ്ര പരിസ്ഥിതി വ്യവസ്ഥയ്ക്ക് കീഴിൽ ഇലക്ട്രോണിക് ഹാർഡ്‌വെയർ സോഫ്റ്റ്‌വെയർ/ സാങ്കേതിക സേവനങ്ങൾ നിർമ്മിക്കുന്നതിനും പരിശോധിക്കുന്നതിനുമായി ഒരു ഇലക്ട്രോണിക് ഹബ് സൃഷ്ടിക്കുക എന്നതാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഇഎംസി 2.0, പിഎൽഐ

പദ്ധതി വിഭാവനം ചെയ്യുന്നതുപോലെയുള്ള സമാനമായ അന്തരീക്ഷമാണ് കേരളത്തിലെ ഇലക്ട്രോണിക്സ് മേഖലയിൽ ഈ പദ്ധതിയിലൂടെ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നത്. പവർ, സ്പേസ് & ഡിഫൻസ്, ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ ഇഎംസി 2.0 സ്ഥാപിക്കൽ, മെഡിക്കൽ ഇലക്ട്രോണിക്സ്, സെക്യൂരിറ്റി ആൻഡ് സർവൈലൻസ് സിസ്റ്റം, കപ്പാസിറ്ററുകൾ, റെസിസ്റ്ററുകൾ, ഇൻഡക്ടറുകൾ, ഐജിബിടികൾ, മോസ്ഫെറ്റുകൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയ പ്രധാന മേഖലകളിലായിരിക്കും പ്രധാന ശ്രദ്ധ. 2025-26 ലെ ബജറ്റിൽ ഈ പദ്ധതിക്കായി 2000.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

### 6.3 ധാതുക്കൾ

2025-26 വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1. ധാതുപര്യവേഷണം**

**(വിഹിതം: 250.00 ലക്ഷം രൂപ)**

താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം. | പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ധാതു പര്യവേഷണത്തിനായി റെക്കണെസൻസ് സർവ്വേ | 250.00 |
| 2 | കണ്ണൂർ കാസർഗോഡ് ജില്ലകളിൽ ബോക്സൈറ്റ്/അലൂമിനസ് ലാറ്ററൈറ്റ്, ചൈനാ ക്ലേ എന്നിവ കണ്ടെത്തുന്നതിനുള്ള വിശദമായ പര്യവേഷണങ്ങൾ | |
| 3 | ലേലം ചെയ്യുന്നതിനും, ട്രാൻസാക്ഷൻ അഡ്വൈസർക്കുവേണ്ടിയുള്ള ചെലവും (പുതിയത്) | |
| 4 | കെമിക്കൽ ലബോറട്ടറി | |
| 5 | സംസ്ഥാനത്തു ടൈൽ/ഇഷ്ടിക കളിമണ്ണ് ഉള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനുമുള്ള സർവേ | |
| 6 | ഫീൽഡ് ഉപകരണങ്ങളും ലൈബ്രറി പുസ്തകങ്ങളും/ജേണലുകളും വാങ്ങുന്നതിനും പുസ്തകങ്ങളും റിപ്പോർട്ടുകളും അച്ചടിക്കുന്നതിനും | |
| 7 | സംസ്ഥാന ജിയോളജിക്കൽ പ്രോഗ്രാമിംഗ് ബോർഡ് മീറ്റിംഗ്/ സെൻട്രൽ ജിയോളജിക്കൽ പ്രോഗ്രാമിംഗ് ബോർഡ് മീറ്റിംഗ്, സെമിനാറുകളിലും മീറ്റിംഗുകളിലും പങ്കെടുക്കുന്നതിന് | |
| 8 | മറ്റ് സ്ഥാപനങ്ങളുമായി ചേർന്നുള്ള പഠനങ്ങൾ (പുതിയത്) | |
| | **ആകെ** | **250.00** |

**2. മാനവശേഷി വികസനവും ജീവനക്കാർക്കുള്ള പരിശീലനവും**

**(വിഹിതം: 5.00 ലക്ഷം രൂപ)**

ജിയോളജി, ഖനനം, പാരിസ്ഥിതിക വിഷയങ്ങൾ, ജി.ഐ.എസ്, ഇ-ഗവേർണൻസ് മുതലായ മേഖലകളിൽ സാങ്കേതിക മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് അവരുടെ സാങ്കേതിക കഴിവ് വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്നതിനായി വകുപ്പ് ഉദ്ദേശിക്കുന്നു. മീറ്റിംഗുകൾ, വർക്ക്ഷോപ്പുകൾ/സെമിനാറുകൾ, പരിശീലനങ്ങൾ, എന്നിവ സംഘടിപ്പിക്കുന്നതിനും/പങ്കെടുക്കുന്നതിനും ഡോക്യുമെന്റേഷൻ നടത്തുന്നതിനുമുള്ള ചെലവുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2025-26 വർഷത്തിൽ ഇതിനായി 5.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3. ഇ-ഗവേർണൻസ് പദ്ധതി നടപ്പിലാക്കൽ**

**(വിഹിതം: 150.00 ലക്ഷം രൂപ)**

നിലവിലുള്ള വിവിധ ഇ-ഗവേണൻസ് സംരംഭങ്ങളെ സംയോജിപ്പിച്ച് ധാതു വിഭവങ്ങൾമാപ്പ് ചെയ്യുന്നതിനും നിയന്ത്രണം, നിരീക്ഷണം എന്നീ പ്രവർത്തനങ്ങൾക്കും ,കൂടാതെ വിലയിരുത്തലും, പോസ്റ്റ് ക്ലോഷർ പ്രവർത്തനങ്ങൾക്കുമായി ഒരു ഐടി അധിഷ്ഠിത മിനറൽ നിരീക്ഷണ സംവിധാനം

അത്യന്താപേക്ഷിതമാണ്. അതിനാൽ നിലവിലെ ഡിജിറ്റൽ അടിസ്ഥാന സൗകര്യം പരിപാലിക്കുന്നതിനും "KOMPAS" ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനും അതിനു വേണ്ട സാങ്കേതിക സഹായവും മെയിന്റനൻസും ഉറപ്പാക്കുന്നതിനുമായി 2025-26 ലെ ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. താഴെപ്പറയുന്നവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ

- സോഫ്റ്റ്‌വെയർ വികസനത്തിനും അറ്റകുറ്റപ്പണികൾക്കുമായി ജീവനക്കാരെ ഹയർ ചെയ്യുന്നതിനും
- ഹാർഡ്‌വെയറിനും നെറ്റ്‌വർക്കിംഗിനുമായി വാർഷിക മെയിന്റനൻസ് കരാർ
- എസ് ഡി സി -യിലെ സെർവറുകളുടെ വാർഷിക പരിപാലന കരാർ
- ഹാർഡ്‌വെയറിന്റെ (സ്കാനർ/ ഡെസ്ക്ടോപ്പ്/ പ്രിന്റർ) അപ്ഗ്രേഡേഷനും, സോഫ്റ്റ്‌വെയറിന് ആവശ്യമായ ലൈസൻസുകൾക്കും
- സുരക്ഷാ ഓഡിറ്റിംഗ്
- പരിശീലനവും ഡോക്യുമെന്റേഷനും
- ഫെസിലിറ്റി മാനേജ്മെന്റിനായി എൻഐസിക്ക് നൽകേണ്ട തുക
- സെർവർ ഓപ്പറേറ്റിംഗ് സിസ്റ്റത്തിനുള്ള ലൈസൻസ് പുതുക്കൽ
- വെബ് സൈറ്റ് പരിപാലന ചെലവ്
- ഇ-ഗവേണൻസ് സേവനങ്ങളെ സംബന്ധിച്ച പൊതുജന അവബോധം
- യുപിഎസും സിസ്റ്റങ്ങളും (മാറ്റി സ്ഥാപിക്കൽ)
- ലാപ്ടോപ്/ഡെസ്ക്ടോപ്പ് എന്നിവയുടെ എഎംസി

**4.മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ നവീകരണം**

**(വിഹിതം: 202.00 ലക്ഷം രൂപ)**

ശാസ്ത്രീയ ഖനന ഉദ്യമങ്ങൾ നിർവ്വഹിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഐടി അധിഷ്ഠിത ഗവേണൻസ് സൊല്യൂഷൻ ഉൾപ്പെടെയുള്ള ഗവേണൻസ് ഇൻഫ്രാക്ചറിന്റെ ആധുനികവൽക്കരണത്തിനായി 2025-26 ബജറ്റിൽ 202.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. താഴെ പറയുന്ന പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

- ജില്ലാ ഓഫീസുകളുടെയും ഡയറക്ടറേറ്റിന്റെയും നവീകരണം
- ലൈബ്രറിയുടെ നവീകരണവും ധാതുക്കളുടെ പര്യവേഷണ റിപ്പോർട്ടുകൾ ഡിജിറ്റൈസ് ചെയ്യലും
- കെമിക്കൽ ലാബിന്റെ നവീകരണം

**5. ജില്ലാ ഓഫീസുകൾ/സബ് ഓഫീസുകൾ ശക്തിപ്പെടുത്തുക**

**(വിഹിതം: 93.00 ലക്ഷം രൂപ)**

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന് 14 ജില്ലകളിലും ഓരോ സബ് ഓഫീസ് വീതമുണ്ട്. സബ് ഓഫീസുകൾ വഴിയാണ് മിനറൽ അഡ്മിനിസ്ട്രേഷൻ നടപ്പിലാക്കുന്നത്. അപേക്ഷ തീർപ്പാക്കുന്നതിന്, സ്ഥലപരിശോധന പലതവണ അനിവാര്യമാണ്, ഓരോ ജില്ലയ്ക്കും വകുപ്പിന് ഒരു വാഹനം മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ഇത് അപേക്ഷ തീർപ്പാക്കുന്നതിൽ കാല താമസം വരുത്തുന്നു. നിലവിലെ സാഹചര്യം മറികടക്കാൻ സബ് ഓഫീസുകളിലും ഡയറക്ടറേറ്റുകളിലും ഫീൽഡ് സ്റ്റാഫുകൾക്കായി വാഹനങ്ങൾ വാടകയ്ക്കെടുക്കാൻ വകുപ്പ് തീരുമാനിച്ചു. മുകളിൽ സൂചിപ്പിച്ച പ്രവർത്തനവുമായി ബന്ധപ്പെട്ട ചെലവുകൾ നിറവേറ്റുന്നതിന് 2025-26 ബജറ്റിൽ 93.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 6.4 വിവര സാങ്കേതിക വിദ്യ

കേരളത്തെ ഒരു മുൻനിര ഐ.റ്റി കേന്ദ്രമാക്കി മാറ്റുക, പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഐ.സി.റ്റി വികസനത്തിന് അനുകൂലമായ ഒരു പരിസ്ഥിതി സൃഷ്ടിക്കുക, വിദ്യാഭ്യാസം, വൈദഗ്ധ്യം എന്നിവയിലൂടെ നൂതനമായ സാങ്കേതിക വിദ്യ വികസിപ്പിക്കുക, ആവശ്യാനുസൃത മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുക എന്നിവ സംസ്ഥാന സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങളാണ്. അന്താരാഷ്ട്ര നിലവാരത്തിൽ വിജ്ഞാനാധിഷ്ഠിത സമ്പദ്ഘടന, ഇ-ഗവേർണൻസിനായുള്ള പശ്ചാത്തല സൗകര്യങ്ങൾ, നൂതന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകൽ എന്നിവ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ മേഖലയിലെ ഭാവി പരിപാടികളും പദ്ധതികളും ആസൂത്രണം

ചെയ്തിരിക്കുന്നത്. ആസൂത്രണത്തിനും ഡിസിഷൻ മേക്കിംഗ് ടൂൾ ആയും ഉപയോഗിക്കാൻ കഴിയുന്ന ഒരു സംയോജിത ഡയമണ്ട് ജൂബിലി സ്പേഷ്യൽ ഡേറ്റാ പോർട്ടലിനെ സജ്ജമാക്കുന്നതിനും ഈ പദ്ധതികാലത്ത് ഉദ്ദേശിക്കുന്നു.

കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ, ഐ.ഐ.ഐ.റ്റി.എം.കെ, കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ്, ഇന്നോവേഷൻ ആൻഡ് ടെക്നോളജി, ഐ.സി.ഫോസ്, ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, കെ.എസ്.ഐ.റ്റി.ഐ.എൽ, കെ-സ്പേസ്, കെ-ഫോൺ, കേരളാ സ്റ്റാർട്ട് അപ്പ് മിഷൻ (കെ.എസ്.യു.എം) സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി.ഡിറ്റ്) എന്നിവയാണ് ഇൻഫർമേഷൻ ടെക്നോളജി മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ. കെ സ്പേസിനുള്ള നബാർഡ് സഹായമായ 1500.00 ലക്ഷം രൂപ ഉൾപ്പെടെ വിവര സാങ്കേതിക വിദ്യാ മേഖലയ്ക്കായി 2025-26 ബജറ്റിൽ 51764.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഐടി മേഖലയ്ക്ക് കീഴിലുള്ള ഏജൻസികൾക്ക് വകയിരുത്തിയിരിക്കുന്ന തുക ചുവടെ നൽകിയിരിക്കുന്നു

| ക്രമ നം. | ഡിപ്പാർട്ട്മെന്റ്/ഏജൻസി | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കെ.എസ്.ഐ.റ്റി.എം, അക്ഷയ, ഐ.റ്റി സെൽ | 13828.00 |
| 2 | ഐ.ഐ.ഐ.റ്റി.എം.കെ | 1,695.00 |
| 3 | കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ്, ഇന്നോവേഷൻ ആൻഡ് ടെക്നോളജി | 2,581.00 |
| 4 | ഐസിഫോസ്സ് | 745.00 |
| 5 | ടെക്നോപാർക്ക് | 2,100.00 |
| 6 | ഇൻഫോപാർക്ക് | 2,160.00 |
| 7 | സൈബർപാർക്ക് | 1,150.00 |
| 8 | കെ.എസ്.ഐ.റ്റി.എൽ | 2,471.00 |
| 9 | കെ - സ്പേസ് | 5250.00 |
| 10 | കെ - ഫോൺ | 10,000.00 |
| 11 | കേരള സ്റ്റാർട്ട് അപ്പ് മിഷൻ | 9052.00 |
| 12 | സി-ഡിറ്റ് | 732.00 |
| | **ആകെ** | **51,764.00** |

### 1. കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.ടി.എം)

**(വിഹിതം 13,403.00 ലക്ഷം രൂപ)**

വിവിധ സംരംഭങ്ങളുടെ നിർവഹണ ചുമതലയുള്ള കേരളാ സർക്കാരിന്റെ വിവര സാങ്കേതിക വിദ്യാ വകുപ്പിന് കീഴിൽ വരുന്ന ഒരു സ്വയംഭരണ ഏജൻസിയാണ് കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ. ഇ ഗവേണൻസ്, മാനവവിഭവശേഷി വികസനം, പൗരൻമാർക്കും സർക്കാരിനും ഇടയിൽ വിവരങ്ങൾ കൈമാറുക, സർക്കാരും വ്യവസായവും തമ്മിലുള്ള സമ്പർക്ക മുഖമായി പ്രവർത്തിക്കുക, ഡിജിറ്റൽ വിടവ് നികത്തുക, നിക്ഷേപ ഇടപെടലുകൾ, ഭരണ നിർവ്വഹണത്തിൽ വേഗത, സുതാര്യത എന്നിവ ഉറപ്പാക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ നിർവഹിക്കുന്നത്. 2025-26 ബജറ്റിൽ താഴെപറയുന്ന പ്രവർത്തനങ്ങൾക്കായി 13,403.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**അടിസ്ഥാന സൗകര്യ പദ്ധതികൾ**

1.1. ഇ ഗവേണൻസിനായുള്ള കേന്ദ്രത്തിന്റെ നിർമ്മാണം

കെഎസ്ഐടിഎമ്മിന് കീഴിലുള്ള അക്ഷയ/എസ്ഇഎംടി/സിറ്റിസൺ കോൾ സെന്റർ/ കെഎസ്ഡിഐ/ പിഎംയു(യുഐഡി, ഇ-പ്രോക്യൂർമെന്റ്) ഉൾപ്പടെയുള്ള എല്ലാ ഇ-ഗവേണൻസ് സംരംഭങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 55,000 ചതുരശ്ര അടി വിസ്തീർണമുള്ള അത്യാധുനിക കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി. 2021 മാർച്ച് മുതൽ കെഎസ്ഐടി എമ്മിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുകയും ചെയ്തു. ചുവടെ സൂചിപ്പിച്ച പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | എഎംസി, മെയിന്റനൻസ്, റിപ്പയർ ചെലവുകൾ | 100.00 |
| 2 | സോഫ്റ്റ് വെയർ ലൈസൻസുകൾ വാങ്ങൽ (ഒ.എസ്, ആന്റിവൈറസ്, ടെസ്റ്റിംഗ് സോഫ്റ്റ് വെയർ മുതലായവ) | |
| 3 | ഐടി ഇൻഫ്രാസ്ട്രക്ചർ ഹാർഡ് വെയർ ഇനങ്ങളുടെ സംഭരണം/ അപ്ഗ്രേഡേഷൻ (ലാപ്പ്ടോപ്പുകൾ, കമ്പ്യൂട്ടറുകൾ,സ്റ്റോറേജ്, പ്രിന്ററുകൾ, ലോക്കൽ സെർവർ, യുപിഎസ്, നെറ്റ്വർക്ക്, സെക്യൂരിറ്റി ഉപകരണങ്ങളും മറ്റ് ആക്സസറികളും) | |
| 4 | എസിയുറ്റിഎസ് ലേക്കുള്ള മാക് ബുക്ക്/ഐ പാഡ് എന്നിവയുടെ വാങ്ങൽ | |
| 5 | വാൻ/ഇന്റർനെറ്റ് ചെലവുകൾ | |
| 6 | ഭരണപരമായ ചെലവുകൾ | |
| | **ആകെ** | **100.00** |

### 1.1 സ്റ്റേറ്റ് ഡാറ്റാ സെന്ററുകൾ

സംസ്ഥാന തലസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന രണ്ട് ഡാറ്റാ സെന്ററുകളാണ് എസ്.ഡി.സി 1 (കോ-ബാങ്ക്), എസ്.ഡി.സി 2 (ടെക്നോപാർക്ക്). ജി.ടു.ജി, ജി.ടു.സി, ജി.ടു.ബി സേവനങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനായും സംസ്ഥാനതല ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഹോസ്റ്റ് ചെയ്യുന്നതിനും ഡാറ്റാ സെന്ററുകൾ പൊതുവായ സുരക്ഷിത ഐ.ടി അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നു. നിലവിൽ എസ്.ഡി.സി-1 ൽ പ്രവർത്തിക്കുന്ന കെട്ടിടം പുതുതായി രൂപീകരിച്ച കേരളാ ബാങ്കിന് കൈമാറേണ്ടതിനാൽ എസ്.ഡി.സി 1 കോ-ബാങ്ക് ടവറുകളിൽ നിന്ന് ടെക്നോപാർക്കിലുള്ള എസ്.ഡി.സി 2 ന് അടുത്തായി മാറ്റാൻ ഉദ്ദേശിക്കുന്നു. ഇത് കണക്കിലെടുത്ത്, ഐ.ടി, ഐ.ടി ഇതര ഇൻഫ്രാസ്ട്രചറുകൾ സജ്ജമാക്കുന്നതിനായി ടെക്നോപാർക്കിൽ കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. എസ്.ഡി.സി 2 വിപുലീകരിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ശരിയായ ദുരന്ത നിവാരണം, ബിസിനസ് തുടർച്ചയിലൂന്നിയുള്ള പ്ലാൻ എന്നിവയ്ക്കായി കെ.എസ്.ഐ.ടി.എം ഉടമസ്ഥതയിലുള്ള കോഴിക്കോട് നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്ററിനെ, ഒരു എന്റർപ്രൈസ് ക്ലാസ്സ് ഡിസാസ്റ്റർ റിക്കവറി സെന്റർ ആക്കി മാറ്റാൻ ഉദ്ദേശിക്കുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 4700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഡാറ്റ സെൻറർ ഓപ്പറേറ്റർമാരുടെ വേതനം | 4700.00 |
| 2 | സോഫ്റ്റ് വയർ ലൈസൻസ് വാങ്ങൽ/വരി സംഖ്യ അടയ്ക്കൽ (സബ്സ്ക്രിപ്ഷൻ) | |
| 3 | ബാക്ക് അപ്പ് & സ്റ്റോറേജ് ഇൻഫ്രാസ്ട്രക്ചർ ചെലവുകൾ | |
| 4 | സിവിൽ, ഇലക്ട്രിക്കൽ ജോലികൾ, ഐടി ഇതര ഘടകങ്ങൾ എന്നിവയുടെ വിപുലീകരണത്തിനുള്ള ചെലവുകൾ, അറ്റകുറ്റപ്പണികൾ | |

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 5 | ഐടി ഇൻഫ്രാസ്ട്രക്ച്ചർ സാധനങ്ങളുടെ വാങ്ങൽ (സെർവറുകൾ/ ഹൈപ്പർ കൺവേർജ്ഡ് ഇൻഫ്രാസ്ട്രക്ച്ചർ ക്ലൗഡ് ഇൻഫ്രാസ്ട്രക്ച്ചർ ചെലവ് ) | |
| 6 | തേർഡ് പാർട്ടി ഓഡിറ്ററിലേക്കുള്ള പേയ്മെന്റ്, സ്റ്റാൻഡേർഡൈസേഷൻ ടെസ്റ്റിംഗും ക്വാളിറ്റി സർട്ടിഫിക്കേഷൻ ഓഡിറ്റ് | |
| 7 | നെറ്റ് വർക്ക്, സെക്യൂരിറ്റി ഇൻഫ്രാസ്ട്രക്ച്ചർ ചെലവുകൾ | |
| 8 | കൺസൽട്ടൻസി ചെലവുകൾ | |
| 9 | ബാൻഡ് വിഡ്ത് ചെലവുകൾ | |
| 10 | വൈദ്യുതി, ഡീസൽ, ടെലിഫോൺ, വാടക, കോ-ലൊക്കേഷൻ ചെലവുകൾ തുടങ്ങിയവ. | |
| 11 | ഐടി/ഐടി ഇതര ഇൻഫ്രാസ്ട്രക്ചറുകൾക്കുള്ള വാർഷിക മെയിന്റനൻസ് ചാർജ്ജുകൾ | |
| 12 | എസ് ഐ ഇ എം ലൈസൻസുകളും എസ് ഒ സി ചാർജ്ജുകളും | |
| 13 | ഭരണപരമായ ചെലവുകൾ, പരിശീലന ചെലവുകൾ, മാനവ വിഭവ ശേഷി ചെലവുകൾ, മറ്റ് ചെലവുകൾ | |
| | **ആകെ** | **4700.00** |

**1.2 കേരളാ സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് (കെസ്വാൻ)**

ഒരു സുരക്ഷിത ഇൻട്രാനെറ്റിലൂടെ കെസ്വാൻ രണ്ടു ഡാറ്റാസെന്ററുകളെ അനന്തമായി ബന്ധിപ്പിച്ച് സർക്കാരും വിവിധ വകുപ്പുകൾ തമ്മിലും, സർക്കാരിനും പൗരൻമാർക്കുമിടയിലുള്ള വിവിധങ്ങളായ, സേവനങ്ങൾ (ജി 2 ജി, ജി 2 സി എന്നിവ) നൽകുന്നതിനും കെസ്വൻ നെറ്റ് വർക്ക് സംവിധാനം സാധ്യമാക്കുന്നു. നിലവിൽ, വിവിധ സർക്കാർ വകുപ്പുകളിലായി 4,000 സർക്കാർ സ്ഥാപനങ്ങൾ കെസ്വാനുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഈ സംവിധാനത്തിന്റെ പ്രവർത്തനവും പരിപാലനവും പദ്ധതി വിഭാവനം ചെയ്യുന്നു. സർക്കാർ തീരുമാന പ്രകാരം കെ-സ്വനെയും, കെ ഫോണിനെയും സംയോജിപ്പിക്കുന്നതിന്റെ പാതയിലാണ്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കെസ്വാൻ ഓപ്പറേറ്റർക്കുള്ള പേയ് മെന്റ്- ഒപ്പെക്സ് | |
| 2 | ബാൻഡ് വിഡ്ത് ചെലവുകൾ | |
| 3 | ഡി.എച്ച്.ക്യൂ ലും, എം. പി, ഒ. പി. കളിലും നിലവിലുള്ള നെറ്റ് വർക്ക് ഉപകരണങ്ങളുടെയും യു. പി.എസ്. കളുടെയും വാർഷിക പരിപാലന ചെലവ് | |
| 4 | മൂന്നാംകക്ഷി ഓഡിറ്റർമാർക്കുള്ള വേതനം | 1200.00 |
| 5 | സിവിൽ സ്റ്റേഷൻ ലാനിന്റെ പരിപാലന ചെലവ്, ഇലക്ട്രിക്കൽ സാധനങ്ങൾ, എസി, ഡീസൽ ജനറേറ്ററുകൾ,ലാൻ/ഒ എഫ് സി കേബിളിംഗ് ജോലികൾ, ടവർ പൊളിക്കൽ, ചെറിയ സിവിൽ ജോലികൾ എന്നിവയും അവയുടെ പരിപാലനവും | |
| 6 | ഭരണപരവും മറ്റ് ചെലവുകളും | |

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 7 | ഡീസൽ,വൈദ്യുതി,ടെലിഫോൺ ചാർജ്ജുകൾ,സ്പെയർ നെറ്റ് വർക്ക് ഉപകരണങ്ങൾ,മറ്റ് ആകസ്മിക ചെലവുകളും | |
| 8 | ***കെസ്വാൻ – കെഫോൺ സംയോജനം*** – സ്വിച്ചുകൾ, റൂട്ടറുകൾ, മറ്റ് നെറ്റ്‌വർക്ക് ഉപകരണങ്ങൾ എന്നിവയുടെ നവീകരണം, ഡീസൽ ജനറേറ്ററുകൾ, യുടിഎമ്മു കൾ എന്നിവയുടെ വാങ്ങൽ, സിവിൽ ജോലികൾ എന്നിവ ഉൾപ്പെടെ പ്രോജക്ട് മാനേജ്മെന്റ് ചെലവ്, പ്രവർത്തന ചെലവ്, പരിപാലന ചെലവ് മുതലായവ (പുതിയത് ) | 300.00 |
| | **ആകെ** | **1500.00** |

### 1.3 സെക്രട്ടേറിയറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് (സെക്വാൻ)

വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സേവനങ്ങളുടെ ഗുണനിലവാരവും ലഭ്യതയും മെച്ചപ്പെടുത്തുന്നതിനായി ഭരണ സിരാ കേന്ദ്രമായ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നടപ്പാക്കിയിട്ടുള്ള ഒ അടിസ്ഥാനമാക്കിയുള്ള നെറ്റ് വർക്ക് (കേബിൾ ഫൈബർ ഒപ്റ്റിക്കൽ) സി.എഫ്. ടെക്ആർക്കിച്ചറാണ് സെക്വാൻ .താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 26–2025ബജറ്റിൽ 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സോഫ്റ്റ് വെയർ എഞ്ചിനീയർമാരുടെയും നെറ്റ് വർക്ക് എഞ്ചിനിയർമാരുടെയും ശമ്പളം ഉൾപ്പെടെയുള്ള ഭരണപരമായ ചെലവുകൾ, പ്രോജക്ട് ജീവനക്കാർക്കുള്ള ഏറ്റവും പുതിയ സാങ്കേതിക വിദ്യകളിൽ നൈപുണ്യ വികസനം | 700.00 |
| 2 | നെറ്റ് വർക്ക് ഇൻഫ്രാസ്ട്രകചർ അപ്ഗ്രഡേഷൻ ചെലവുകൾ (പഴയ നെറ്റ് വർക്ക് ഘടകങ്ങൾ മാറ്റിസ്ഥാപിക്കുന്നു) | |
| 3 | ഐടിയുമായി ബന്ധപ്പെട്ട ഹാർഡ് വെയറുകൾ, സോഫ്റ്റ് വെയറുകൾ, സേവനങ്ങൾ എന്നിവ വാങ്ങുക (സെൻട്രലൈസ്ഡ് എൻഡ് പോയിന്റ് സെക്യൂരിറ്റി മാനേജ് മെന്റും/എൻഎംഎസ് എന്നിവ) | |
| 4 | ഐടിയുമായി ബന്ധപ്പെട്ട ഹാർഡ് വെയർ, സോഫ്റ്റ് വെയറുകൾ, സേവനങ്ങൾ എന്നിവയുടെ വാർഷിക പരിപാലന ചെലവ് | |
| 5 | ഐടിഎഎംന്റെ നവീകരണം, ഹെൽപ്പ് ഡെസ്കിന്റെ ടിക്കറ്റിംഗ് ടൂളുകൾ വെബ് പോർട്ടൽ എന്നിവ | |
| 6 | ഇന്റെർനെറ്റ് ലീസ്ഡ് ലൈൻ, പോയിന്റ് ടു പോയിന്റ് ലീസ്ഡ് ലൈൻ ചാർജ്ജുകൾ, സെക്രട്ടേറിയറ്റ് വൈഫൈ ചാർജ്ജുകൾ | |
| 7 | സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥർക്കുള്ള ഡി.എസ്.സി | |
| 8 | സിവിൽ, ഇലക്ട്രിക്കൽ, നെറ്റ് വർക്ക് ഇൻഫ്രാസ്ട്രക്ചർ ജോലികൾ എന്നിവ ഉൾപ്പെടെയുള്ളവയുടെ നവീകരണത്തിനുള്ള എൻഒസി | |
| 9 | സെക്വാൻ സെക്യൂരിറ്റി ആന്റ് പെർഫോമൻസ് ഓഡിറ്റ് | |
| | **ആകെ** | **700.00** |

### 1.4 പബ്ലിക്ക് വൈ.ഫൈ (കെ.ഫൈ) പദ്ധതി

ഏകദേശം 2,000 വൈ.ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ച് ഗവൺമെന്റ് സേവനങ്ങൾ പൗരന്മാർക്ക് ലഭ്യമാക്കുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. നിലവിൽ, സംസ്ഥാനത്തുടനീളം 2023 വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുകയും, അതിലൂടെ പ്രതിദിനം ശരാശരി 20000 പൗരന്മാർ 4 ടിബി വരെ ഡാറ്റ ഉപയോഗിക്കുന്നു. കെ-ഫൈ ശൃംഖലയിലൂടെ കൂടുതൽ സേവനങ്ങൾ കൊണ്ടുവരിക, പ്രമുഖ സ്ഥലങ്ങളിൽ വൈഫൈ കവറേജ് വർദ്ധിപ്പിക്കുക, തീരദേശ മത്സ്യബന്ധന ഗ്രാമങ്ങൾ സംസ്ഥാനത്തൊട്ടാകെയുള്ള പിന്നാക്ക ഗോത്രഗ്രാമങ്ങൾ തുടങ്ങിയവയിൽ വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുക എന്നിവയാണ് 2025-26 കാലഘട്ടത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പബ്ലിക് വൈഫൈ ഹോട്ടസ്പോട്ടുകളുടെ നവീകരണം, പബ്ലിക് വൈഫൈ ഹോട്ട്സ്പോട്ടുകളുടെ ഷിഫ്റ്റിംഗ് എന്നിവക്കായി ഓപ്പറേഷൻസ്, മെയിന്റെനൻസ് ചാർജ്ജിനത്തിൽ അടയ്ക്കേണ്ട തുകകൾ (2023 ഹോട്ട്സ്പോട്ടുകൾക്കായി) | 1500.00 |
| 2 | തേർഡ് പാർട്ടി ഓഡിറ്ററിനുള്ള പേയ്മെന്റ്(ടിപിഎ) | |
| 3 | ഓപ്പറേറ്റർക്കുള്ള പേയ്മെന്റ് കുടിശിക- ഒപ്പെക്സ് | |
| 4 | 2000 അധിക ഹോട്ട്സ്പോട്ടുകൾക്കായുള്ള സൈറ്റ് സർവേയ്ക്കുള്ള കൺസൾട്ടൻസി ചെലവുകൾ, ഓപ്പറേറ്ററെ കണ്ടെത്തുന്നതിനും ധനസമ്പാദനത്തിനുള്ള ഏജൻസിയെ കണ്ടെത്തുന്നതിനുമുള്ള ഫ്ലോട്ടിംഗ് ആർ എഫ് പി തുടങ്ങിയവയുടെ പേയ്മെന്റ് | |
| 5 | അധിക 2000 ഹോട്ട്സ് പോട്ടുകൾക്ക് കാപെക്സ്, ഒപെക്സ് ചാർജുകൾ ഉൾപ്പെടെ ഓപ്പറേറ്റർ, ബാൻഡ് വിഡ്ത്, ഇലക്ട്രിസിറ്റിചാർജുകൾ എന്നിവയ്ക്കുള്ള പേയ്മെന്റ് | |
| 6 | കെ ഫൈ ബ്രാൻഡിംഗും പരസ്യങ്ങളും, ധനസമ്പാദനത്തിനായി ആഡ് സെർവറുകളും അനുബന്ധ സോഫ്റ്റ് വെയർ/ഹാർഡ് വെയറിന്റെയും വാങ്ങൽ | |
| 7 | കെ ഫൈ പ്രോജക്റ്റിന്റെ ഓപ്പറേഷൻസ്, മാർക്കറ്റിംഗ്, മോണിറ്റൈസേഷൻ പ്രവർത്തനങ്ങൾ എന്നിവ നിരീക്ഷിക്കുന്നതിനായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്നു | |
| 8 | യാത്ര, പരിശീലനം, പ്രോജക്ട് ജീവനക്കാരുടെ നൈപുണ്യ നവീകരണം, മറ്റ് ചെലവുകൾ എന്നിവ ഉൾപ്പെടെയുള്ള ഭരണപരമായ ചെലവുകൾ | |
| | **ആകെ** | **1500.00** |

### 1.6 വീഡിയോ കോൺഫറൻസിംഗ് ( വി.സി)

ഒരു സ്വതന്ത്ര പ്ലാറ്റ്ഫോമിലൂടെ ഓഡിയോയും വീഡിയോയും സംയോജിപ്പിച്ച്, ദൂരെയുള്ള ലൊക്കേഷനുകൾ ബന്ധിപ്പിച്ച് കോൺഫറൻസ്/ചർച്ച എന്നിവ നടത്തുന്ന ഒരു സാങ്കേതിക വിദ്യയാണ് വീഡിയോ കോൺഫറൻസിംഗ്. കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ ഓരോ വർഷവും ഏതാണ്ട് 2000 വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. ഇപ്പോൾ വീഡിയോ കോൺഫറൻസിംഗ് ശൃംഖല കേരളത്തിലുടനീളം വിവിധ സർക്കാർ വകുപ്പുകളിലേയ്ക്ക് വ്യാപിപ്പിക്കുകയാണ്. സർക്കാർ ഉദ്യോഗസ്ഥർക്ക് വിദൂര പങ്കാളികളുമായും ഓഫീസ് സ്ഥലങ്ങളുമായും കൂടിക്കാഴ്ച നടത്താൻ വി.സി സാങ്കേതികവിദ്യ വളരെ ഉപയോഗപ്രദമാണ്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 140.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഐടി ഹാർഡ് വെയർ ഇനങ്ങൾ എന്നിവയുടെ സംഭരണം/നവീകരണം/ മാറ്റിസ്ഥാപിക്കൽ (വീഡിയോ | 140.00 |

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| | കോൺഫറൻസിംഗ് എൻഡ് പോയിന്റുകൾ, കംപ്യൂട്ടർ/ലാപ് ടോപ്പുകൾ, ഡിസ്പ്ലേ, നെറ്റ് വർക്ക് സ്വിച്ചുകൾ, സ്റ്റോറേജ്, നെറ്റ് വർക്ക് ആക്സസറികൾ മുതലായവ) | |
| 2 | സിവിൽ സ്റ്റേഷനുകളിൽ ഉൾപ്പെടെ യുപിഎസുകൾ, എയർ കണ്ടീഷണറുകൾ, വിസി റൂം ഇൻഫ്രാസ്ട്രകചറുകൾ, മറ്റ് സാധനങ്ങൾ എന്നിവയുടെ സംഭരണം/നവീകരണം/മാറ്റി സ്ഥാപിക്കൽ | |
| 3 | വീഡിയോ കോൺഫറൻസിംഗ് സിസ്റ്റത്തിനുള്ള പ്രവർത്തന പിന്തുണ | |
| 4 | ടെക്ജെൻഷ്യയ്ക്കായി ഇൻഫോപാർക്കിന് വേണ്ടി വരുന്ന വാടക ചെലവുകൾ | |
| 5 | വി-മീറ്റ് ആപ്ലിക്കേഷനായിട്ടുള്ള ക്ലൗഡിന്റെ അടിസ്ഥാന സൗകര്യ വികസന ചെലവ് | |
| | **ആകെ** | 140.00 |

### 1.7 സൈബർ സെക്യൂരിറ്റി (സെർട്ട്)

സെർട്ട് ഇന്ത്യയ്ക്ക് അനുസൃതമായി ഐടിയുമായി ബന്ധപ്പെട്ട അടിയന്തര പദ്ധതി നടപ്പാക്കുന്നതിനൊപ്പം കേരള ഗവൺമെന്റിന്റെ വിവിധ സൈബർ സുരക്ഷാ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സംവിധാനമാണ് സേർട്ട് കേരള. വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവയെ സൈബർ സുരക്ഷാ ഭീഷണിയിൽ നിന്ന് പരിരക്ഷിക്കുന്ന ഉത്തരവാദിത്തമുള്ള വിവര സുരക്ഷാ വിദഗ്ധർ പ്രവർത്തിക്കുന്ന കേന്ദ്രമാണ് സേർട്ട് കേരള ഒരു സംസ്ഥാനതല സെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ സ്ഥാപിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1080.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സംസ്ഥാനതല സുരക്ഷാ പ്രവർത്തന കേന്ദ്രം സ്ഥാപിക്കൽ: ഘട്ടം I. ഉപകരണങ്ങളുടെ സംഭരണം - എസ്. ഐ.ഇ.എം/എസ്.ഒ.എ.ആർ/യു.ഇ.ബി.എ/എൻ.ഡി.ആർ/ത്രെട്ട് ഇന്റൽ പ്ലാറ്റ്ഫോം, ലൈസൻസിംഗ് ചെലവ്, ഹാർഡ്‌വെയർ സംഭരണം, പ്രവർത്തന ചെലവ് മുതലായവ (പുതിയത്) | 980.00 |
| 2 | ഭരണപരമായ ചെലവുകൾ മാനവശേഷി ചെലവുകൾ, (ജീവനക്കാരുടെ ശേഷി വർദ്ധിപ്പിക്കൽ) | 100.00 |
| 3 | സർക്കാർ ഉദ്യോഗസ്ഥർ/പൗരൻമാർ/വിദ്യാർത്ഥികൾ എന്നിവർക്കുള്ള അവബോധം സൃഷ്ടിക്കൽ/പരിശീലനം, സാങ്കേതിക പരിശീലനം, കോൺഫറൻസ് തുടങ്ങിയവ,ന്യൂസ് ലെറ്റർ | |
| 4 | ആപ്ലിക്കേഷൻ വികസനം, സുരക്ഷാ ഓഡിറ്റ്/ലോഗ് വിശകലന ഉപകരണങ്ങൾ/ഹാർഡ്‌വെയർ എന്നിവയുടെ സംഭരണം, നിലവിലുള്ള ഉപകരണങ്ങളുടെ പുതുക്കൽ ചെലവുകൾ | |
| 5 | പദ്ധതി നടപ്പാക്കലുമായി ബന്ധപ്പെട്ട വിവിധ ചെലവുകൾ | |
| | **ആകെ** | **1080.00** |

### 1.8 ഗവൺമെന്റ് കോൺടാക്ട് സെന്റർ

തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകൾക്ക് വേണ്ടി വിവിധങ്ങളായ വിവരദായക സേവനങ്ങളും, പരാതി പരിഹാര സേവനങ്ങളും ഗവൺമെന്റ് കോൺടാക്ട് സെന്റർ നൽകുന്നു. പൊതുജനങ്ങൾക്ക് പ്രാപ്യമാകുന്ന തരത്തിൽ പ്രവർത്തിക്കുന്ന സിറ്റിസൺ കോൾ സെന്റർ ഇപ്പോൾ ഒരു നവീകരണ ഘട്ടത്തിലാണ്. നിലവിലുള്ള പശ്ചാത്തലസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ ലഭ്യമാകുന്ന

സേവനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് കൊണ്ടും കൂടുതൽ സേവനങ്ങൾ പൗരന്മാർക്ക് ലഭ്യമാക്കുവാനും വേണ്ടി കോൺടാക്ട് സെന്ററിനെ പുന:വിഭാവനം ചെയ്യേണ്ടതുണ്ട്. ജിസിസി ഇപ്പോൾ 66 ലധികം സർക്കാർ വകുപ്പുകൾ, സംഘടനകൾ, പ്രോജക്ടുകൾ തുടങ്ങിയവയ്ക്ക് സേവനം നൽകുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 88.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മാനവ വിഭവശേഷി ചെലവുകൾ, ടെലിഫോൺ ബിൽ ചെലവുകൾ,എഎംസി ചെലവുകൾ, മറ്റ് ആകസ്മിക ചെലവുകൾ തുടങ്ങിയവ | 88.00 |
| 2 | പുതിയ സേവനങ്ങളുടെ സംയോജനം, ജിസിസി-കെ ആപ്ലിക്കേഷൻ അധിഷ്ഠിത ചെലവുകൾ, ഐഎസ്ഒ 27001 സർട്ടിഫിക്കേഷൻ, പ്രൊമോഷണൽ കാമ്പെയ്നുകൾ, ബന്ധപ്പെട്ട ആകസ്മിക ചെലവുകൾ തുടങ്ങിയവ | |
| 3 | നൂതന AI, പുതിയ മൊഡ്യൂളുകൾ എന്നിവ ഉപയോഗിച്ച് GCC-K മെച്ചപ്പെടുത്തൽ | |
| 4 | സെർവറുകളുടെ നവീകരണം, കോൺടാക്റ്റ് സെന്റർ എക്സിക്യൂട്ടീവുകൾക്കായി പുതിയ ലാപ്ടോപ്പുകളുടെയും ഹെഡ്സെറ്റുകളുടെയും വാങ്ങൽ എന്നിവ. | |
| | **ആകെ** | **88.00** |

**1.9 ഡിജിറ്റൽ കേരള ആർക്കിടെക്ച്ചർ**

"എല്ലാവർക്കും ഒരു ഗവൺമെന്റ് എന്ന അനുഭവം പ്രദാനം ചെയ്യുന്നതിനായി ഐസിടി ഇൻഫ്രാസ്ട്രക്ചറിന്റെയും ആപ്ലിക്കേഷനുകളുടെയും അനുയോജ്യമായ ഉപയോഗത്തോടെ മികച്ച ആർക്കിടെക്ച്ചർ ഗവേണൻസ്, പ്രക്രിയകൾ, സമ്പ്രദായങ്ങൾ എന്നിവയിൽ മികച്ചത് സ്ഥാപിക്കുക എന്നതാണ് ഡിജിറ്റൽ കേരള ആർക്കിടെക്ചറിന്റെ കാഴ്ചപ്പാട്. ഇതിൽ ഉൾപ്പെടെ വിവിധ പ്ലാറ്റ്ഫോമുകൾ വഴി ജനങ്ങൾക്ക് അവരുടെ വീടുകളിലേക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുവാനും അതുവഴി അന്തർബന്ധിതമായ ഒരു സമൂഹം സൃഷ്ടിക്കുവാനും കഴിയും. ഈ സേവനം വഴി എല്ലാവർക്കും പങ്കാളികളാകാൻ സാധിക്കുന്ന ഒരു ഡിജിറ്റൽ ജീവിതവും പദ്ധതി വിഭാവനം ചെയ്യുന്നു.

താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പദ്ധതി നടപ്പിലാക്കുന്നതിനായി NISG-ക്ക് തുക അടയ്ക്കുന്നതിന് | 300.00 |
| 2 | സിസ്റ്റം ഇന്റഗ്രേറ്റർ/ഇംപ്ലിമെന്റേഷൻ ചെലവ് (പുതിയത്) | |
| 3 | സോഫ്റ്റ്‌വെയർ ലൈസൻസുകളുടെയും സബ്സ്ക്രിപ്ഷന്റെയും ചെലവുകൾ | |
| 4 | പി.എം.യു ന് ആവശ്യമായി വരുന്ന ചെലവുകൾ | |
| 5 | ലൈൻ വകുപ്പുകളിലെയും സേവന കേന്ദ്രങ്ങളിലെയും ജീവനക്കാർക്കുള്ള പരിശീലനങ്ങളും സർട്ടിഫിക്കേഷനുകളും | |
| 6 | മറ്റു ചെലവുകളും ഭരണപരമായ ചെലവുകളും | |
| | **ആകെ** | **300.00** |

## ഡിജിറ്റൽ സേവനങ്ങൾ

### 1.10 ഇ-ഡിസ്ട്രിക്ട്

പൗരസേവനങ്ങളുടെ ഏകീകൃതവും ഓൺലൈനുമായ വിതരണം ലക്ഷ്യമിട്ടുകൊണ്ട് 'ഡിജിറ്റൽ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു മിഷൻ രീതിയിൽ ജില്ലാതലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ജില്ലാ, താലൂക്ക് വില്ലേജ് തലങ്ങളിലുള്ള ഭരണകൂടങ്ങൾ (ബാക്ക് എൻഡ് കമ്പ്യൂട്ടർ-വത്കരണം മുഖാന്തിരം) പ്രദാനം ചെയ്യുന്ന പൗരാധിഷ്ഠിത സേവനങ്ങൾ പൊതുസേവന കേന്ദ്രങ്ങളിലൂടെയും സ്റ്റേറ്റ് പോർട്ടലിലൂടെയും ഡിജിറ്റലായി ലഭ്യമാക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ഒട്ടാകെ 23 റവന്യൂ സർട്ടിഫിക്കറ്റ് സേവനങ്ങൾ ഇ-ഡിസ്ട്രിക്ട് വഴി ഇപ്പോൾ ലഭ്യമാണ്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 290.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | എഎംസി/പുതിയ ഹാർഡ്‌വെയർ/എസ്എംഎസ് ചെലവുകൾ | 100.00 |
| 2 | കണക്റ്റിവിറ്റി - എല്ലാ വില്ലേജ് ഓഫീസുകൾക്കും/വിദൂര പ്രദേശങ്ങൾക്കും മറ്റുമുള്ള ബിഎസ്എൻഎൽ ബ്രോഡ്ബാൻഡ് | |
| 3 | ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള ചെലവുകൾ | 190.00 |
| 4 | പുതിയ സേവനങ്ങൾ അവതരിപ്പിക്കുക, ഒഎം പരിശീലനം/വർക്ക്ഷോപ്പ് തുടങ്ങിയവ | |
| 5 | മാനവ വിഭവശേഷി ചെലവുകൾ | |
| 6 | സോഫ്റ്റ്‌വെയർ സപ്പോർട്ട് ചാർജ്ജുകൾ | |
| | **ആകെ** | **290.00** |

### 1.11. ഇ-ഓഫീസ്

സർക്കാർ വകുപ്പുകളുടെ ഈ ഗവേണൻസ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത ഡിജിറ്റൽ വർക്ക് ഫ്ലോ മാനേജ്മെന്റ് സംവിധാനമാണ് ഇ-ഓഫീസ്. മൊബൈൽ വെർച്വൽ ഡിജിറ്റൽ ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിലൂടെ ഓഫീസ് നടപടികൾ കൂടുതൽ ഫലപ്രദവും സുതാര്യവും ആകുകയും അതിലൂടെ ഓഫീസ് നടപടികൾ മെച്ചപ്പെടുത്തുന്നതിനും ഇ-ഓഫീസ് ലക്ഷ്യമിടുന്നു. ഇ-ഓഫീസിന്റെ ഏറ്റവും പുതിയ വെർഷനിൽ ഫയലുകളും/രസീതുകളും ഒരു ഓഫീസിൽ നിന്നും മറ്റൊന്നിലേക്ക് കൈമാറാൻ സാധിക്കുകയും അതുവഴി പേപ്പറിന്റെ ഉപയോഗം ഇല്ലാതാക്കുന്നതിനും സുതാര്യത മെച്ചപെടുത്തുന്നതിനും സാധിക്കുന്നു. വരുംവർഷങ്ങളിൽ താലൂക്കുകളിലും ഗ്രാമതലങ്ങളിലും പ്രവർത്തിക്കുന്ന ഓഫിസുകളിൽ ഇ-ഓഫീസ് വ്യാപിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | എൻ.ഐ.സി & കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ-മാനവ വിഭവശേഷി ചെലവ് | 700.00 |
| 2 | പരിശീലനവും മറ്റുള്ളവയും | |
| 3 | ഐടി ഇൻഫ്രാസ്ട്രക്ചർ ചെലവ് (സ്റ്റോറേജ്, ബാക്ക്അപ്പ്, ഓപ്പറേറ്റിംഗ് സിസ്റ്റം സോഫ്റ്റ് വെയർ ലൈസൻസ്), ഹാർഡ്‌വെയർ വാങ്ങൽ (ലാപ്ടോപ്പ്) | |
| 4 | VPN ക്ലയന്റ് വാങ്ങൽ | |
| | **ആകെ** | **700.00** |

### 1.11 കേരള ഇ-ഗവേണൻസ് അവാർഡുകൾ

കൂടുതൽ പൗരകേന്ദ്രീകൃതമായ ഇ-സേവനങ്ങൾ നൽകുന്നതിന് വകുപ്പുകളെ പ്രോത്സാഹിപ്പിക്കുകയും പ്രാപ്തമാക്കുകയും അത്തരം പ്രവർത്തനങ്ങൾ അംഗീകരിക്കുകയും ചെയ്യുന്നതിനാണ് സംസ്ഥാന സർക്കാർ, ഇ-ഗവേണൻസ് അവാർഡുകൾ ഏർപ്പെടുത്തിയിരിക്കുന്നത്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 5.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സംസ്ഥാന ഇ-ഗവേണൻസ് അവാർഡുകൾക്കായി ഐഎംജി-ക്കുള്ള സാമ്പത്തിക സഹായം; നാമനിർദ്ദേശങ്ങൾ ക്ഷണിക്കൽ, ജൂറി രൂപീകരണം, നാമനിർദ്ദേശ പ്രക്രിയയുടെ തിരഞ്ഞെടുപ്പ് & മൂല്യനിർണ്ണയം, ജൂറി മീറ്റിംഗുകൾ, കാലാകാലങ്ങളിൽ നടക്കുന്ന മീറ്റിംഗിന്റെ ചെലവുകൾ, ജൂറി അംഗങ്ങളുടെ യാത്ര & താമസം, മറ്റ് വിവിധ ചെലവുകൾ, ഇ-ഗവേണൻസ്, ബ്രോഷറുകൾ, സർട്ടിഫിക്കറ്റുകൾ, ട്രോഫികൾ എന്നിവയ്ക്കുള്ള ചെലവുകൾ, സമാഹാരത്തിന്റെ പ്രസിദ്ധീകരണം, പബ്ലിസിറ്റി, അവാർഡ് ചടങ്ങ് സംഘടിപ്പിക്കൽ തുടങ്ങിയവ. | 5.00 |
| | **ആകെ** | **5.00** |

### 1.12 മൊബൈൽ ഗവേണൻസ്

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം) എല്ലാ ഗവൺമെന്റ് സേവനങ്ങളും ഉപഭോക്താക്കളുടെ വിരൽ തുമ്പിൽ ലഭ്യമാക്കുന്നതിന് ഒരു ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ 'എം-സേവനം' രൂപകൽപന ചെയ്യുകയും വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 33.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മൊബൈൽ ആപ്ലിക്കേഷന്റെ പരിപാലനം, എംസേവനത്തിൽ പുതിയ സേവനങ്ങൾ കൂട്ടിച്ചേർക്കൽ, അടിസ്ഥാന സൗകര്യങ്ങൾ, വിഭവങ്ങൾ, പ്രൊമോഷണൽ കാമ്പെയ്നുകൾ | 33.00 |
| 2 | എസ്എംഎസ് ഗേറ്റ്‌വേ (പ്രവർത്തനവും പരിപാലനവും)/ആധുനിക സന്ദേശമയയ്ക്കൽ ആപ്ലിക്കേഷനുകൾ ഉൾക്കൊള്ളുന്ന മെച്ചപ്പെടുത്തിയ പോർട്ടലുകൾ | |
| | **ആകെ** | **33.00** |

### 1.13 ഡിജിറ്റൽ ഐഡൻററ്റി ആന്റ് ആധാർ എനേബിൾഡ് സർവ്വീസസ്

ആധാർ രാജ്യത്തെ എല്ലാ ജനവിഭാഗങ്ങളുടെയും ഡിജിറ്റൽ തിരിച്ചറിയൽ രേഖയായി മാറിയിരിക്കുന്നു. നിലവിൽ നിരവധി സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവ ഇത് പ്രയോജനപ്പെടുത്തുന്നുണ്ട്. വിവിധ ആനുകൂല്യങ്ങളും സേവനങ്ങളും എളുപ്പത്തിൽ തിരിച്ചറിയുന്നതിനും ലഭ്യമാകുന്നതിനും അതുവഴി ജീവിതം ആയാസരഹിതമാക്കുന്നതിന്നതിനും ഇത് വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. യുഐഡിഎഐ ഓഫർ ചെയ്യുന്ന ഇ-കെ.വൈ.സി സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നതിനു സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന ഒരംഗീകൃത ഏജൻസിയാണ് കേരള സ്റ്റേറ്റ് ഐ.ടി മിഷൻ.

യുഐഡിഎഐ യിൽ നിന്ന് ഐസി.റ്റി, ഐ.ഇ.സി അസിസ്റ്റൻസ് എന്ന നിലയിൽ ആധാർ പദ്ധതിയ്ക്കായി ഫണ്ട് ലഭ്യമായിരുന്നു. ഈ സഹായം കെ.എസ്.ഐ.റ്റി.എമ്മിനും മറ്റ് സമാനമായ പങ്കാളികൾക്കും നൽകുന്നത് യുഐഡിഎഐ അടുത്തിടെ നിർത്തിവെച്ചിരിക്കുകയാണ്. സർക്കാർ പദ്ധതികൾക്ക് ആധാർ ഒരു തിരിച്ചറിയൽ രേഖ ആയതിനാൽ യു ഐ ഡി എ ഐ മാർഗനിർദേശം അനുസരിച്ച് ഇത് തുടരേണ്ടതാണ്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഒരു വർഷത്തേക്കുള്ള ആധാർ പ്രോജക്ട് ചെലവും, ടെക്നിക്കൽ ടീമിന്റെ മാനവ വിഭാവ് ശേഷി ചെലവും (പ്രവർത്തന ചെലവ്) | 150.00 |
| 2 | ഒരു വർഷത്തേക്കുള്ള ഓതന്റിക്കേഷൻ, ഇ-കെവൈസി സേവനങ്ങൾ എന്നിവയ്ക്കുള്ള ഇടപാട് ചാർജ്ജുകൾ (പ്രവർത്തന ചെലവ്) | |
| 3 | രണ്ടാമത്തെ ഓതന്റിക്കേഷൻ സർവീസ് ഏജൻസിയുടെ (എ എസ് എ) സംയോജനവും അടിസ്ഥാന സൗകര്യങ്ങളും (ASA-BSNL ന് പുറമെ) | |
| 4 | ഡിജിലോക്കറിനും ആധാറിനും വേണ്ടിയുള്ള ഔട്ട്റീച്ച് പ്രോഗ്രാം | |
| | **ആകെ** | **150.00** |

**ഡിജിറ്റൽ ഔട്ട്റീച്ച് പദ്ധതികൾ**

**1.14 ഫ്രണ്ട്സ്**

ഗവൺമെന്റിലേക്കുള്ള എല്ലാ നികുതികളും മറ്റ് കുടിശ്ശികകളും ക്യൂ ഇല്ലാതെ ഒരു കുടക്കീഴിൽ അധിക ചെലവുകൾ 'കൂടാതെ' അടയ്ക്കുന്നതിന് പൗരന്മാർക്ക് വഴിയൊരുക്കുന്ന/സൗകര്യമൊരുക്കുന്ന കെ.എസ്.ഐ.റ്റി.എം ന്റെ നിലവിലുള്ള ഒരു ഏകജാലക സംവിധാനമാണ് ഫ്രണ്ട്സ്. ഫ്രണ്ട്സ് കേന്ദ്രങ്ങൾ പ്രത്യേകമായി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന 'ഫ്രീസ്' എന്ന ആപ്ലിക്കേഷൻ ഇപ്പോൾ ഇ-ഡിസ്ട്രിക്ട് ആപ്ലിക്കേഷനുമായി സമന്വയിപ്പിക്കുകയും, വിവിധ പേയ്മെന്റ് സേവനങ്ങൾ അക്ഷയ സെന്ററുകൾ വഴിയും ഇ-ഡിസ്ട്രിക്ട് പബ്ലിക്ക് പോർട്ടലിലൂടേയും പൗരന്മാർക്ക് ലഭ്യമാണ്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സ്ക്രോൾ ഡെലിവറി, ക്ലീനിംഗ്, റിഫ്രഷ്മെന്റ്, പ്രതിദിന പ്രവർത്തന ചെലവുകൾ എന്നിവ ഉൾപ്പെടെയുള്ള കുടുംബശ്രീ ചെലവുകൾ നിറവേറ്റുന്നതിന്, വൈദ്യുതി ചാർജ്ജുകൾ, വാട്ടർ ചാർജ്, ഫോൺ ചാർജ്ജുകൾ, മെയിന്റനൻസ് ചാർജ്ജുകൾ, ഓഫീസ് ചെലവുകൾ, റിസ്ക് അലവൻസുകൾ, ഹാർഡ് വെയറിന്റെ എഎംസി ചെലവുകൾ, സിസ്റ്റം അഡ്മിനിസ്ട്രേഷൻ ചാർജ്ജുകൾ സിഡിറ്റിന്, കെല്ട്രോൺ സെക്യൂരിറ്റി ചാർജ്ജുകൾ, കരാർ ജീവനക്കാരുടെ മാനവവിഭവശേഷി ചെലവുകൾ, മറ്റുള്ളവ മുതലായവ. | 10.00 |
| | **ആകെ** | **10.00** |

**1.15 പ്രചാരണ പ്രവർത്തനങ്ങൾ (കെഎസ്ഐടിഎം)**

മെച്ചപ്പെട്ടതും കാര്യക്ഷമവുമായ മാർക്കറ്റിംഗ്/കമ്മ്യൂണിക്കേഷൻ സംവിധാനത്തിലൂടെ സാധാരണജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും സംസ്ഥാനത്തെ ഇ-ഗവേണൻസ് പരിപാടികളെക്കുറിച്ചും അതോടൊപ്പം സാധാരണ പൗരന്മാർക്ക് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചും അവബോധം നൽകേണ്ടതുണ്ട്. സംസ്ഥാന സർക്കാർ പുതിയ ഐ.റ്റി നയം ഉടൻ തന്നെ പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നു, ഇതിൻറെ വിവിധ ലക്ഷ്യങ്ങളിലൊന്ന് സംസ്ഥാനത്തെ ഐ. റ്റി വ്യവസായത്തെ വളർത്തുക എന്നതാണ്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 2045.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം. | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രചാരണ പരസ്യങ്ങൾ, പ്രൊമോഷണൽ മീഡിയ സ്പോൺസർഷിപ്പുകൾ, വിവിധ മീഡിയ പ്ലാറ്റ്ഫോമുകളിലെ പ്രമോഷണൽ കാമ്പെയ്നുകൾ/പ്രോഗ്രാമുകൾ, മീഡിയ പബ്ലിസിറ്റിയും അവബോധവും, സോഷ്യൽ മീഡിയ മാനേജ്മെന്റ്, പ്രൊമോഷണൽ കൊളാറ്ററലുകൾ രൂപകൽപ്പന ചെയ്യുകയും വികസിപ്പിക്കുകയും ചെയ്യുക, സാമ്പത്തിക പിന്തുണയോടെ ഐസിടിയുമായി ബന്ധപ്പെട്ട ഇവന്റുകൾ ഹോസ്റ്റുചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യുക, സംസ്ഥാന, ദേശീയ, അന്തർദേശീയ പ്രോഗ്രാമുകളിലെ എക്സിബിഷനുകളിൽ പങ്കാളിത്തം, ഇ-ഗവേണൻസുമായി ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് പ്രോഗ്രാമുകൾ, ഗവൺമെന്റ് ആഘോഷങ്ങൾ ഇവന്റുകൾ എന്നിവയെ സപ്പോർട്ട് ചെയ്യുക, പരിപാടികളും പ്രദർശനങ്ങളും സംഘടിപ്പിക്കുന്ന ഏജൻസികളുമായി ബന്ധപ്പെട്ട് വരുന്ന ചെലവുകൾ എന്നിവ. | 45.00 |
| 2. | പദ്ധതികളിലൂടെയും മറ്റ് പ്രവർത്തനങ്ങളിലൂടെയും പുതിയ ഐടി നയം പ്രാവർത്തികമാക്കുക (പുതിയത്) | 2000.00 |
| | **ആകെ** | **2045.00** |

**ശേഷി വർദ്ധിപ്പിക്കൽ പദ്ധതികൾ**

**1.16 ശേഷി വർദ്ധിപ്പിക്കൽ**

ഇ-ഗവേർണൻസിനെ സംബന്ധിച്ച് സമൂഹത്തിൽ പൊതു അവബോധവും അംഗീകാരവും സൃഷ്ടിക്കുന്നതിനും, ഉദ്യോഗസ്ഥ വിഭാഗങ്ങളുടെ പ്രാപ്തിയും അറിവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായും, വിവിധ പരിപാടികൾ കെ.എസ്.ഐ.ടി.എം ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഇ-ഗവേണൻസും സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട വിവിധ ശേഷി വികസന പരിശീലന പരിപാടികൾ, ഇ-ഗവേണൻസും ഡിജിറ്റൽ പരിവർത്തനവും, ഗവൺമെന്റ് ടെക്നോളജി പ്ലാറ്റ്ഫോമുകളെ മനസ്സിലാക്കൽ, ഇ-ഗവേണൻസിലെ ഡാറ്റ സ്വകാര്യതയും സുരക്ഷയും, ഇ-ഗവേണൻസ് പരിഹാരങ്ങൾ നടപ്പിലാക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുക, ഗവൺമെന്റ് ആപ്ലിക്കേഷനുകൾക്കായുള്ള ഉപയോക്തൃ അനുഭവ രൂപകൽപ്പന, ചെയിഞ്ച് മാനേജ്മെന്റും ഡിജിറ്റൽ സാക്ഷരതയും, പൈത്തൺ ഉപയോഗിച്ചുള്ള ഡാറ്റ അനലിറ്റിക്സും ദൃശ്യവൽക്കരണവും, ജനറേറ്റീവ് AI ഉപകരണങ്ങൾ, ഗവൺമെന്റിൽ സാങ്കേതികവിദ്യ സ്വീകരിക്കുന്നതിനുള്ള മികച്ച രീതികൾ, ഗവൺമെന്റിലെ AI ആപ്ലിക്കേഷനുകൾ, AI-യിലെ നൈതികതയും വെല്ലുവിളികളും, ഇ-ഗവേണൻസിലെ നയവും നിയന്ത്രണവും, ഇ-ഗവേണൻസിനുള്ള ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ് (IoT) ആപ്ലിക്കേഷനുകൾ, AI-യിലെ ഭാവി വെല്ലുവിളികളും അവസരങ്ങളും, ഉബുണ്ടുവുമായി ബന്ധപ്പെട്ട വിഷയങ്ങൾ തുടങ്ങിയവ. | 40.00 |
| 2 | അന്താരാഷ്ട്ര സമ്മേളനങ്ങളും ശിൽപശാലകളും സംഘടിപ്പിക്കുന്നതിന് | |
| | **ആകെ** | **40.00** |

### 1.17 ഇ ഗവേർണൻസിൽ പിജി ഡിപ്ലോമ.

ഇ-ഗവേണൻസിൽ ഡിപ്ലോമ/ഡിഗ്രി പ്രോഗ്രാമുകൾ ആരംഭിച്ച് വ്യക്തിഗത തലത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. ഇക്കാര്യത്തിൽ, ഐഎംജിയും ഐഐഐടിഎം-കെയും സംയുക്തമായി ഇ-ഗവേണൻസിൽ പിജി ഡിപ്ലോമ നടത്താൻ തീരുമാനിച്ചു. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ-ഗവേണൻസ് പ്രോജക്ടുകൾ എങ്ങനെ കൈകാര്യം ചെയ്യാമെന്ന് മനസിലാക്കാൻ പങ്കെടുക്കുന്നവരെ പ്രാപ്തരാക്കുക എന്നതാണ് കോഴ്സിന്റെ ലക്ഷ്യം. ചുവടെ സൂചിപ്പിച്ച പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 12.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രവർത്തന ചെലവുകളും ആകസ്മിക ചെലവുകളും | 12.00 |
| 2 | പിജി ഡിപ്ലോമ കോഴ്സിന് സർക്കാർ ജീവനക്കാർക്കുള്ള കോഴ്സ് ഫീസ് @ 67,500 (75,000/- രൂപയുടെ 90%) | |
| **ആകെ** | | **12.00** |

### 1.18 വെർച്വൽ ഐറ്റി കേഡർ.

സംസ്ഥാന സർക്കാർ വകുപ്പുകളിലെ വിവിധ ഇ ഗവേർണൻസ് പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും പരിപാലിക്കുന്നതിനുമായി ഒരു ശക്തമായ ഇൻ-ഹൗസ് ടീമായി വെർച്വൽ ഐ.റ്റി കേഡർ പ്രവർത്തിക്കും. ഐ.റ്റി, ഇ ഗവേർണൻസ് പരിശീലനം വിപുലമായ രീതിയിൽ ഗവൺമെന്റ് വകുപ്പുകളിൽ നടത്തുന്നതിനും, വിവിധ വകുപ്പുകളിൽ വെർച്വൽ ഐ.റ്റി കേഡർ ടീമുകൾ രൂപീകരിച്ച് വകുപ്പുകളിലെ ഇ ഗവേർണൻസ് പരിപാടികളുമായി മുന്നോട്ട് പോകുന്നതിനാണ് ഉദ്ദേശിക്കുന്നത്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി **2025-26** ബജറ്റിൽ **10.00** ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | 180 സർക്കാർ ജീവനക്കാർക്ക് വി.ഐ.റ്റി.സി പരിശീലനം നടത്തുന്നതിനുള്ള അഡ്മിനിസ്ട്രേഷൻ ചെലവ്, ഫാക്കൽറ്റി ചാർജ്, താമസ സൗകര്യ സംവിധാനങ്ങളുടെ ചെലവ്, ഭക്ഷണം, യാത്ര, ലോജിസ്റ്റിക്സ് ചെലവുകൾ എന്നിവയുൾപ്പടെ. | 10.00 |
| **ആകെ** | | **10.00** |

## 2 അക്ഷയ പദ്ധതി

**(വിഹിതം : 395.00 ലക്ഷം രൂപ)**

കേരള സ്റ്റേറ്റ് ഐടി മിഷൻ സംസ്ഥാനത്തുടനീളം അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഡിജിറ്റൽ വിഭജനം നികത്തുകയും ഐസിടിയുടെ നേട്ടങ്ങൾ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലേക്കും എത്തിക്കുകയുമാണ് ഇതിന്റെ പ്രധാന ലക്ഷ്യം. നിലവിൽ, 14 ജില്ലകളിലായി ഏകദേശം 2,843 അക്ഷയ ഇ-കേന്ദ്രങ്ങൾ വ്യാപിച്ചുകിടക്കുന്നു. അക്ഷയ കേന്ദ്രങ്ങൾ വൈവിധ്യമാർന്ന പൗരസേവനങ്ങൾ നൽകുന്നു.

താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 395.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | അക്ഷയ സ്റ്റേറ്റ് പ്രോജക്ട് ഓഫീസിന്റെ സ്ഥാപന ചെലവുകൾ - പ്രവർത്തന ചെലവുകൾ | 395.00 |
| 2 | അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസ് - 14 എഡിപിഒമാർക്കുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും അഡ്മിനിസ്ട്രേറ്റീവ് ഫണ്ടും, ജീവനക്കാർക്ക് ഇഎസ്ഐ കവറേജും എഡിപിഒ സ്റ്റാഫുകൾക്കുള്ള യാത്ര ബത്തയും | |
| 3 | സംസ്ഥാന-ജില്ലാതല കാമ്പെയ്നും പ്രൊമോഷണൽ പ്രവർത്തനങ്ങളും - (വർക്ക്ഷോപ്പ്, സെമിനാറുകൾ, അച്ചടി & മറ്റ് | |

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| | മാധ്യമങ്ങൾ എന്നിവ വഴി). | |
| 4 | ജി 2 സി/ബി2സി സേവനങ്ങൾ നടപ്പിലാക്കുന്നതിനും, അക്ഷയ സംരംഭകരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുമായി എ എസ് പി ഓ & എ ഡി പി ഓ ജീവനക്കാർക്കും എസിഇകൾക്കുമുള്ള പരിശീലന പരിപാടി, | |
| 5 | ജില്ലകളിലെ എ ബി സി ഡി കാമ്പ്യൻ | |
| 6 | പുതിയ എസിഇ കൾക്കുള്ള ഐഡി കാർഡ്, എന്റർപ്രണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവയുടെ പ്രിൻറിംഗും വിതരണവും | |
| 7 | എ.എസ്.പി.ഒ & എ.ഡി.പി.ഒ - കളിലെ ബയോമെടിക് പഞ്ചിംഗ് സിസ്റ്റത്തിന്റെ നവീകരണം | |
| 8 | അക്ഷയ വെബ്സൈറ്റിന്റെ വികസനം | |
| 9 | എ.ഡി.പി.ഒ - കളിലെ ഹാർഡ്‌വെയർ ഇനങ്ങൾ വാങ്ങുന്നതിനും, അവയുടെ പരിപാലന നവീകരണ പ്രവർത്തിക്കൾക്കും | |
| 10 | എ.എസ്.പി.ഒ കളിലെ ഐടി ഉപകരണങ്ങളുടെ വാങ്ങലും പരിപാലനവും (ലാപ്ടോപ്പ്, പ്രിന്റർ, സ്കാനർ, ഫോട്ടോകോപ്പി എന്നിവ) | |
| | ആകെ | 395.00 |

**3 ഐ.റ്റി സെൽ– കാര്യശേഷി വികസനപദ്ധതി**

**(വിഹിതം: 30.00 ലക്ഷം രൂപ)**

ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഇ - ഗവേർണൻസും കമ്പ്യൂട്ടറൈസേഷനും നടപ്പിലാക്കുന്നതിന് ചുമതലയുള്ള നോഡൽ എജൻസിയാണ് ഐ.റ്റി സെൽ. എല്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥർക്കും മലയാളം യൂണീകോഡിലും ഇ ഗവേർണൻസിലും ഐ.റ്റി സെൽ പരിശീലനം നൽകിവരുന്നു.

താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സെക്രട്ടേറിയറ്റ് ജീവനക്കാർക്കുള്ള കാര്യ ശേഷി വർദ്ധിപ്പിക്കൽ പരിപാടി | 30.00 |
| 2 | ഇ-ഗവേണൻസിനെക്കുറിച്ചുള്ള ശിൽപശാലകൾ/സെമിനാറുകൾ/പരിശീലനങ്ങൾ | |
| | ആകെ | 30.00 |

**4. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള (ഐ.ഐ.ഐ.റ്റി.എം-കെ)**

**(വിഹിതം : 1695.00 ലക്ഷം രൂപ)**

ഐ.റ്റി സംബന്ധമായ സയൻസ്, ടെക്നോളജി, മാനേജ്മെന്റ് മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് മികവിന്റെ കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു പ്രധാനപ്പെട്ട സ്ഥാപനമാണ്, 2000 ൽ സ്ഥാപിച്ച ഐ.ഐ.ഐ.റ്റി.എം-കെ. അപ്ലൈഡ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെൻറ് മേഖലയിലെ അധ്യാപനം, പരിശീലനം, ഗവേഷണം എന്നിവയിലൂടെ മികവിന്റെ കേന്ദ്രമായി മാറണമെന്നതാണ് സ്ഥാപനത്തിന്റെ ദൗത്യം. 2025-26 ബജറ്റിൽ, താഴെ പറയുന്ന ഘടകങ്ങൾക്കായി 1695.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം. | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ടെക്നോ സിറ്റിയിലെ ഐഐഐടിഎം-കെ യ്ക്കായി പുതിയ കാമ്പസ് സൃഷ്ടിക്കൽ (നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രോജക്റ്റ്)<br>ടെക്നോസിറ്റിയിലെ ഐഐഐറ്റിഎം-കെ കാമ്പസ് കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആന്റ് ടെക്നോളജിയായി രൂപാന്തരപ്പെട്ടു. എ.ഐ.സി.ടി.ഇ/യു.ജി.സിയിൽ നിന്ന് അനുമതി നേടുന്നതിനായി പൂർണ്ണവും സ്വതന്ത്രവുമായ റെസിഡൻഷ്യൽ കാമ്പസ് | 1595.00 |

| | | |
|---|---|---|
| | അനിവാര്യമാണ്. ലൈബ്രറി ബ്ലോക്ക്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കോൺഫറൻസ് ഹാൾ എന്നിവയുൾപ്പെടെ 7425 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള ജി + 4 നില കെട്ടിട നിർമ്മാണം പോലുള്ളവയുടെ വികസന പ്രവർത്തനങ്ങളും ലാബുകളുടെ സജ്ജീകരണവും, 1500 ചതുരശ്ര മീറ്ററുള്ള ഓപ്പൺ ഓഡിറ്റോറിയം മുതലായ വികസന പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു. | |
| 2 | മേക്കർ വില്ലേജ് പ്രോജക്ടുകൾ - എ) ഇലക്ട്രോണിക് ഇൻകുബേറ്റർ പ്രോജക്ട് ബി) ഇന്റലിജന്റ് ഇന്റർനെറ്റ് ഓഫ് തിംഗ്സിലെ മികവിന്റെ കേന്ദ്രം | 100.00 |
| **ആകെ** | | **1695.00** |

**5. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി**

**(വിഹിതം: 2581.00 ലക്ഷം രൂപ)**

കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി കേരള സർക്കാർ സ്ഥാപിക്കുകയും ടെക്നോസിറ്റിയിലെ ഐഐഐറ്റിഎം-കെ യുടെ പുതിയ കാമ്പസിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ആധുനിക സാങ്കേതിക ഇടപെടലുകൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി അത്യാധുനിക ഗവേഷണം നടത്തുന്നതിനും വളർന്നുവരുന്ന തലമുറകളെ പരിപോഷിപ്പിക്കുന്നതിനും ഒരു അന്താരാഷ്ട്ര തലത്തിൽ അറിയപ്പെടുന്ന ഒരു സർവകലാശാല ആയിത്തീരുന്നതിന് പുതിയ സർവകലാശാല പരിശ്രമിക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, നാച്ചറൽ ലാംഗ്വേജ് പ്രോസസ്സിംഗ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ഇലക്ട്രോണിക് സിസ്റ്റങ്ങളും ഓട്ടോമേഷനും, ഇമേജിംഗ് ടെക്നോളജീസ്, ഡാറ്റാ അനലിറ്റിക്സ്, ബിഗ് ഡാറ്റ, സൈബർ സെക്യൂരിറ്റി ബ്ലോക്ക് ചെയിൻ, ഇക്കോളജിക്കൽ ഇൻഫോർമാറ്റിക്സ്, ജിയോസ്പേഷ്യൽ അനലിറ്റിക്സ് എന്നീ മേഖലകളിൽ ബിരുദാനന്തര ബിരുദ, ഡോക്ടറൽ തലങ്ങളിൽ ശേഷി വർദ്ധിപ്പിക്കുകയാണ് സർവകലാശാല ലക്ഷ്യമിടുന്നത്. നൂതന ഗവേഷണ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ഡിജിറ്റൽ ടെക്നോളജിയുടെ വിശാലമായ മേഖലകളിൽ വ്യവസായ-വിദ്യാഭ്യാസ സഹകരണം ശക്തിപ്പെടുത്തുന്നതിനുമുള്ള ലക്ഷ്യത്തോടെയാണ് സർവ്വകലാശാല രൂപീകരിച്ചിരിക്കുന്നത്. ഇനിപ്പറയുന്ന ഘടകങ്ങൾക്കായി 2025-26 ബജറ്റിൽ 2581.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**I. മികവിന്റെ കേന്ദ്രങ്ങൾ**

എ) ഡി യു കെ നോളജ് സെന്റർ ലൈബ്രറിയും വിവര സേവനവും - 120.00 ലക്ഷം രൂപ

ബി) സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് ആൻഡ് എഞ്ചിനീയറിംഗ് - 200.00 ലക്ഷംരൂപ

സി) സ്കൂൾ ഓഫ് ഡിജിറ്റൽ സയൻസസ് - 180.00 ലക്ഷംരൂപ

ഡി) സ്കൂൾ ഓഫ് ഡിജിറ്റൽ ഹ്യൂമാനിറ്റിക്സ് ആൻഡ് ലിബറൽ ആർട്സ് - 60.00 ലക്ഷം രൂപ

ഇ) സ്കൂൾ ഓഫ് ഇൻഫോർമാറ്റിക്സ് - 100.00 ലക്ഷം രൂപ

എഫ്) സ്കൂൾ ഓഫ് ഇലക്ട്രോണിക് സിസ്റ്റം ആൻഡ് ഓട്ടോമേഷൻ - 130.00 ലക്ഷം രൂപ

ജി) കേരള ബ്ലോക്ക് ചെയിൻ അക്കാദമി - 90.00 ലക്ഷം രൂപ

എച്ച്) സെന്റർ ഫോർ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ ആൻഡ് ഇന്നൊവേഷൻ - 80.00 ലക്ഷം രൂപ

ഐ) സെന്റർ ഫോർ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ ഇൻ കൾച്ചർ - 60.00 ലക്ഷം രൂപ

ജെ) സെന്റർ ഫോർ ഇന്റലിജന്റ് ഗവണ്മെന്റ് - 100.00 ലക്ഷം രൂപ

കെ) കേരള സെക്യൂരിറ്റി ഓഡിറ്റ് ആൻഡ് അഷ്വറൻസ് സെന്റർ - 60.00 ലക്ഷം രൂപ

എൽ) സെന്റർ ഫോർ ഇലക്ട്രോണിക്സ് ഡിസൈൻ ആൻഡ് ടെസ്റ്റിംഗ് - 50.00 ലക്ഷം രൂപ

എം) സെന്റർ ഫോർ ഡിജിറ്റൽ ഇന്നോവേഷൻ ആൻറ് പ്രോഡക്റ്റ് ഡെവലപ്മെൻറ് (പുതിയത്) - 40.00 ലക്ഷംരൂപ

എൻ) സെന്റർ ഫോർ എക്സലൻസ് ഇൻ സോഷ്യൽ എന്ഗേജ്മെന്റ് - 30.00 ലക്ഷം രൂപ

2025-26 ബജറ്റിൽ സെന്റർ ഫോർ എക്സലൻസുകൾക്കായി 1300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### II. വനിതാ ഇൻകുബേഷൻ, സ്റ്റാർട്ടപ്പുകൾ, സംരംഭകത്വ പദ്ധതി (വൈസ്), സ്കൂളുകളുടെ മെച്ചപ്പെടുത്തൽ

സംരംഭകത്വത്തിലൂടെ സ്ത്രീകളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ വിമൻ ഇൻകുബേഷൻ & സംരംഭകത്വ പരിപാടികൾ ആരംഭിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം, അതിലൂടെ സ്ത്രീകൾക്ക് ബിസിനസ്സ് ആരംഭിക്കാനും, അവരുടെ കഴിവുകൾ സ്വരൂപിക്കാനും, മറ്റുള്ളവർക്ക് തൊഴിൽ നൽകാനും, ബിസിനസ്സിനെ സ്വതന്ത്രമായി നിയന്ത്രിച്ച് കൊണ്ടുപോകുന്നതിനും കഴിയും. ടി പദ്ധതിക്കായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### III. ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ (ഐഐസിജി)

കേന്ദ്ര വിവരസാങ്കേതിക വിദ്യ മന്ത്രാലയത്തിന്റെയും കേരള സർക്കാരിന്റെയും സഹകരണത്തിൽ സി-മെറ്റ്, കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി എന്നിവരെ നിർവ്വഹണ ഏജൻസികളായും മുംബൈയിലെ ടാറ്റ സ്റ്റീൽ ലിമിറ്റഡിനെ വ്യാവസായിക പങ്കാളിയായും നിശ്ചയിച്ച്കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സഹകരണ പദ്ധതിയാണ് ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ. ഗ്രാഫീൻ മേഖലയിൽ ഗവേഷണ-വികസനം, ഇന്നൊവേഷൻ, ശേഷി വികസന പ്രവർത്തനങ്ങൾ എന്നിവയിൽ കേന്ദ്രം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. ഈകേന്ദ്രത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

എ) ഗവേഷണ-വികസനവും ഉൽപ്പന്ന നവീകരണവും ശേഷി വർദ്ധിപ്പിക്കലും ഏറ്റെടുക്കുക.

ബി)മൈക്രോ ഇലക്ട്രോണിക്സ്, സെമി കണ്ടക്ടർ ഉപകരണങ്ങൾ, സെൻസറുകൾ, നേർത്ത ഫിലിം ഉപകരണങ്ങൾ, നാനോ ഇലക്ട്രോഡുകൾ, ഒപിവികൾ, എൽസിഡി-കൾ, ഒഎഫ്ഇടി-കൾ, ഊർജ സംരക്ഷണ ഉപകരണങ്ങൾ തുടങ്ങിയവയ്ക്കായി അത്യാധുനിക ഗവേഷണ, ശേഷി വികസന സൗകര്യങ്ങൾ സ്ഥാപിക്കുക.

സി) സ്റ്റാർട്ടപ്പുകൾക്ക് ബിസിനസ്, അംഗത്വ പിന്തുണ നൽകുക.

ഡി) ഗ്രാഫീൻ മേഖലയിൽ വൈദഗ്ധ്യമുള്ള മാനവശേഷിയും തൊഴിലുകളും സൃഷ്ടിക്കുക.

ഇ) നവീകരണവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുക

ആകെ 86.41 കോടി രൂപ ചെലവ് വരുന്ന ഈ പദ്ധതിക്ക് കേന്ദ്ര വിവര സാങ്കേതിക വിദ്യ മന്ത്രലയത്തിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2025-26 കാലയളവിൽ പദ്ധതിയ്ക്കായി കേരള സർക്കാർ വിഹിതമായി 450.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### IV. ഡിജിറ്റൽ സയൻസ് പാർക്ക്

ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക മേഖലയിലെ പുരോഗതി കണക്കിലെടുത്താണ് സയൻസ് പാർക്ക് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്, ഇതിലൂടെ നിരവധിയായ പുതിയ വ്യാവസായിക അവസരങ്ങൾ തുറക്കും.

ഇമേജിംഗ് സയൻസ് ആൻഡ് ടെക്നോളജീസ്, അഗ്രി-ടെക്, സിസ്റ്റംസ് കൺട്രോൾ ആൻഡ് റോബോട്ടിക്സ്, ഫ്ലെക്സിബിൾ ആൻഡ് പ്രിന്റഡ് ഇലക്ട്രോണിക്സ്, സെൻസർ ടെക്നോളജീസ്, മെഡിക്കൽ ഡിവൈസ് ആൻഡ് ടെക്നോളജീസ്, എ.ആർ&വി.ആർ, 5ജി, ഇലക്ട്രിക്കൽ വെഹിക്കിൾസ്, ബ്ലോക്ക് ചെയിൻ കോഗ്നിറ്റീവ് സയൻസ് എന്നിങ്ങനെ ഡിജിറ്റൽ സയൻസസിന്റെ വിവിധ മേഖലകളിൽ ഗവേഷണവും വികസനവും ഈ സ്ഥാപനം വിഭാവനം ചെയ്യുന്നു. കിഫ്ബി യുടെ സഹായത്തോടെ ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കാൻ ഡിജിറ്റൽ സർവ്വകലാശാല മുൻകൈ എടുത്തിട്ടുണ്ട്. ഡിജിറ്റൽ സയൻസ് പാർക്കിനായി ഓഫീസ് സ്ഥലവും സജ്ജീകരിക്കുന്നതിനും പ്രാരംഭ സ്ഥാപന ചെലവുകൾക്കുമായി 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### V. ടെക്നോസിറ്റി രണ്ടാം ഘട്ടത്തിനായി അധിക ഭൂമി ഏറ്റെടുക്കൽ

കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ടെക്നോസിറ്റി കാമ്പസിനോട് ചേർന്നുള്ള 28 ഏക്കർ ഭൂമി അധികമായി(നിലവിലുള്ള ഭൂമിക്ക് പുറമെ) ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്. കാമ്പസിന്റെ ഫേസ് 2 നിർമാണത്തിനായാണ് അധിക സ്ഥലം ഏറ്റെടുക്കുന്നത്. ഭൂമിയുടെ വിലയിനത്തിൽ 2025-26 ബജറ്റിൽ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### VI. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുമായുള്ള അന്താരാഷ്ട്ര അക്കാദമിക് സഹകരണം – സ്കോളർഷിപ്പ് ഫണ്ട് (പുതിയ പദ്ധതി)

ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുമായി അക്കാദമിക് സഹകരണത്തിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി ഒരു ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ പിഎച്ച്ഡി പ്രോഗ്രാം ചെയ്യുന്നതിനായി GEMS (ഗ്രാന്റ്സ് ഫോർ എഡ്യൂക്കേഷൻ, മെറിറ്റ്, ആൻഡ് സ്ട്രാറ്റജിക് ഇനിഷ്യേറ്റീവ്സ്) എന്നറിയപ്പെടുന്ന ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി ആന്തരിക ഫണ്ടിംഗ് സംവിധാനത്തിന്റെ ചട്ടക്കൂടിനുള്ളിൽ പിഎച്ച്ഡി സ്കോളർഷിപ്പ്/ഡോക്ടറൽ സ്റ്റുഡന്റ്ഷിപ്പ് എന്നിവയ്ക്കുള്ള വ്യവസ്ഥ ഈ ധാരണാപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി കേരളത്തിൽ ജോലി ചെയ്യാൻ പ്രതിജ്ഞാബദ്ധരായ കേരളത്തിൽ നിന്നുള്ള അല്ലെങ്കിൽ കേരള വംശജരായ ഇന്ത്യൻ പൗരന്മാർക്ക് വേണ്ടിയുള്ളതാണ്. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകളുടെ ചെലവ് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി ഏറ്റെടുക്കും. പിഎച്ച്ഡി സ്കോളർഷിപ്പ്/ഡോക്ടറൽ സ്റ്റുഡന്റ്ഷിപ്പ് നൽകുന്നതിന് 2025-26 ബജറ്റിൽ 200.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

### VII. ഗ്രാഫീൻ അറോറ (പുതിയ പദ്ധതി)

ഗ്രാഫീൻ അറോറ എന്ന പദ്ധതി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയും ഇന്ത്യ ഗ്രാഫീൻ എഞ്ചിനീയറിംഗ് ആൻഡ് ഇന്നൊവേഷൻ സെന്ററും (IGEIC) സെക്ഷൻ 8 കമ്പനിയും സംയുക്തമായി 9,485 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കും. കേന്ദ്ര വിവരസാങ്കേതിക വിദ്യ മന്ത്രാലയ സംഭാവന 3,763 ലക്ഷം രൂപയും സംസ്ഥാന വിഹിതം 4,722 ലക്ഷം രൂപയും വ്യവസായ സംഭാവന 1,000 ലക്ഷം രൂപയുമാണ്. കേന്ദ്ര വിവരസാങ്കേതിക വിദ്യ മന്ത്രാലയം ഈ പദ്ധതി അംഗീകരിച്ചിട്ടുണ്ട്, കൂടാതെ 09.01.2025 ലെ G.O(Ms) നമ്പർ 1/2025/ITD പ്രകാരം കേരള സർക്കാർ ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വികസിപ്പിച്ച ഗ്രാഫീൻ സാങ്കേതികവിദ്യകളെ ഉപഭോക്താക്കൾക്ക് വൻതോതിൽ ലഭ്യമാകുന്ന തരത്തിൽ വാണിജ്യവൽക്കരിക്കുന്നതിന് SME-കളെയും സ്റ്റാർട്ടപ്പുകളെയും പ്രേരിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും അവ ഫീൽഡ് തലത്തിൽ നടപ്പിലാക്കാനും അതോടൊപ്പം പിന്തുണയ്ക്കാനും കഴിയുന്നതരത്തിൽ (ഈ ഉയർന്നുവരുന്ന ഗ്രാഫീൻ സാങ്കേതികവിദ്യയുടെയും നൂതനാശയ പരിസ്ഥിതി വ്യവസ്ഥയുടെയും സഹായത്തോടെ) പരിപോഷിപ്പിക്കുന്നതിനായി ഒരു സ്വയംപര്യാപ്തമായ സെക്ഷൻ 8 കമ്പനി സ്ഥാപിക്കുക എന്നതാണ് ഗ്രാഫീൻ അറോറയുടെ പ്രാഥമിക ലക്ഷ്യം. അഞ്ച് വർഷത്തെ പരിപാടിയിൽ, DUK-യിൽ ഒരു ലോകോത്തര ഗ്രാഫീൻ മെറ്റീരിയൽ ലാബ് സെന്റർ സ്ഥാപിക്കാനും; വ്യവസായ, അക്കാദമിക് മേഖലകളുമായി സഹകരിച്ച് ലക്ഷ്യമിട്ടുള്ള വിവർത്തന ഗ്രാഫീൻ ഗവേഷണ പരിപാടി ആരംഭിക്കാനും; ലക്ഷ്യമിട്ട ഗവേഷണ പദ്ധതികൾക്കായി വ്യവസായ പങ്കാളികൾ, അക്കാദമിക് മേഖല, ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവരുമായി ആഗോളവും പ്രാദേശികവുമായ സഹകരണം കെട്ടിപ്പടുക്കാനും; വാണിജ്യവൽക്കരണ മാർഗങ്ങൾ സൃഷ്ടിക്കുന്നതിനും ഉദ്ദേശിക്കുന്നു. പദ്ധതിയുടെ ഘടകങ്ങൾക്കുള്ള സംസ്ഥാന വിഹിതമായി 2025-26 ബജറ്റിൽ 380.00 ലക്ഷം വകയിരുത്തിയിരിക്കുന്നു

### 6. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐസിഫോസ്)

**(വിഹിതം: 745.00 ലക്ഷം രൂപ)**

ഐസിഫോസ് 2009 ൽ രജിസ്റ്റർ ചെയ്പ്പെട്ടത്, സ്വതന്ത്ര/ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറിലെ ലോകത്താകമാനമുള്ള കണ്ടുപിടുത്തങ്ങളേയും മുന്നേറ്റങ്ങളേയും ഉപയോഗപ്പെടുത്തുന്നതിനും അതോടൊപ്പം സർക്കാർ, അക്കാദമിക് സ്ഥാപനങ്ങൾ, കേരളത്തിലേയും ഇന്ത്യയിലേയും ജനങ്ങൾ എന്നിവർ പ്രയോജനപ്പെടുത്തുന്നതിനും ഫോസ് കമ്മ്യൂണിറ്റി അംഗങ്ങൾ, സ്ഥാപനങ്ങൾ, സ്റ്റാർട്ട് അപ്പുകൾ, സംരംഭങ്ങൾ എന്നിവ വഴി ഗ്ലോബൽ ഫോസ് മൂവ്മെന്റിന് സംഭാവന നൽകുന്നതിനു ലക്ഷ്യമിട്ടുമാണ്. 2025-26 ബജറ്റിൽ 745.00 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

| ക്രമ നം. | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഔട്ട്റീച്ച് പരിപാടികൾ<br>• ഇവാഞ്ചലൈസേഷൻ കമ്മ്യൂണിറ്റി/ബിൽഡിങ്ങ്<br>• സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം<br>• പൊതു പരിപാടികൾ | 80.00 |
| 2 | ഐ.സിഫോസ് അടിസ്ഥാന സൗകര്യം- ഓഫീസ് പ്രവർത്തനവും/പരിപാലനവും, ഐ.ടി സിസ്റ്റവും ലൈബ്രറിയും | 85.00 |

| | | |
|---|---|---|
| 3 | സോഷ്യൽ കംപ്യൂട്ടിംഗ്<br>• അസിസ്റ്റീവ് ടെക്നോളജി<br>• പ്രാദേശിക ഭാഷാ കംപ്യൂട്ടിംഗ്<br>• ജെന്റർ ടെക്നോളജി – വനിതാ ഹാക്കത്തോൺ വർക്ക് ഷോപ്പുകൾ/ റസിഡൻഷ്യൽക്യാമ്പുകൾ/ കേരളത്തിലെ എഫ്ഒഎസ്എസിലെ സ്ത്രീ പ്രാതിനിത്യത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ട്, വിൻറർ ആൻറ് സമ്മർ സ്കൂൾ, ബാക്ക് ടു വർക്ക്, വെർച്ചൽ പരിശീലനം/ഇൻസ്റ്റാൾ ക്യാമ്പയിനുകൾ/ ഇ-ഗവേണൻസ് ടൂളുകളിലെ പരിശീലനം, സ്ത്രീകൾക്കായുള്ള സൈബർ സുരക്ഷാ അപബോധം (സി.എസ്.എ.ഡബ്ല്യൂ.എഫ്.ഒ.എസ്.എസ്.-ൽ)<br>(50 ലക്ഷം രൂപ ജൻഡർ ടെക്നോളജിക്കു മാത്രമായിട്ടാണ്) | 292.00 |
| 4 | ഓപ്പൺ ഹാർഡ് വെയർ- ഓപ്പൺ ഡ്രോൺസ് | 95.00 |
| 5 | എഫ്ഒഎസ്എസ് സൊല്യൂഷൻ കേന്ദ്രം (എഫ്ഒഎസ്എസ് സൊല്യൂഷൻസ് - ഇ - ഗവേണൺസ്/ഓപ്പൺ എസ് ഡി ഐ, ഓപ്പൺ ഇ ആർ പി, സൈബർ സെക്യൂരിറ്റി ,ഓപ്പൺ എഡ്യൂ ടെക്) | 178.00 |
| 6 | സുസ്ഥിര വളർച്ചയുള്ള ഓപ്പൺ സോഴ്സ് ഡിജിറ്റൽ ഇന്നൊവേഷൻസ്- എഡ്ജ് ഓപ്പൺ AI | 15.00 |
| | **ആകെ** | **745.00** |

**7. ടെക്നോപാർക്ക്**

**(തുക: 2100.00 ലക്ഷം രൂപ)**

കേരളത്തിലെ ഐടി ഇൻഫ്രാസ്ട്രക്ചർ വികസനത്തിനായി ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക് - കേരള (ടെക്നോപാർക്ക്-നെ) കേരള സർക്കാർ പ്രോത്സാഹിപ്പിക്കുന്നു. നിലവിൽ ടെക്നോപാർക്ക് 490 കമ്പനികളിലായി 75,000 ത്തോളം യുവ ഐ.ടി, ഐ.റ്റി.ഇ.എസ് പ്രൊഫഷണലുകൾക്ക് തൊഴിൽ നൽകുന്നു. ടെക്നോപാർക്കിന്റെ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 2100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്/ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഐടി, മറ്റ് വ്യാവസായിക സ്ഥാപനങ്ങളിലെ വിദ്യാസമ്പന്നരായ ഉദ്യോഗാർത്ഥികൾക്ക് ഇന്റെഗ്രേറ്റ്-ഇന്റേൺഷിപ്പ് പരിശീലന പരിപാടി | 100.00 |
| 2 | എൽഎആർ കേസുകൾ തീർപ്പാക്കലും ഭൂമി ഏറ്റെടുക്കൽ ചെലവ് ഘട്ടം1,2, 3 & ടെക്നോസിറ്റി | 1,800.00 |
| 3 | ടെക്നോപാർക്കിനുള്ളിൽ SME മേഖലയിലെ ടെക്നോപാർക്കിന്റെയും ഐടി യൂണിറ്റുകളുടെയും മാർക്കറ്റിംഗ്-ഡിജിറ്റൽ, സോഷ്യൽ മീഡിയ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ, പിആർ, മീഡിയയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ബ്രാൻഡിംഗ്, മറ്റ് മാർക്കറ്റിംഗ് അനുബന്ധ പ്രവർത്തനങ്ങൾ. | 200.00 |
| | **ആകെ** | **2,100**.00 |

**8. ഇൻഫോ പാർക്ക്**

**(തുക : 2160.00 ലക്ഷം രൂപ)**

ഐ.ടി, ഐ.ടി.ഇ.എസ് കമ്പനികൾക്ക് ആവശ്യമായ സ്റ്റേറ്റ്-ഓഫ്-ദ-ആർട്ട് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയാണ് ഇൻഫോപാർക്കിന്റെ ലക്ഷ്യം. 2025-26 ബജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി ഇൻഫോപാർക്കിന് 2160.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം. | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഇൻഫോപാർക്ക് ഘട്ടം ഒന്ന് - ഖരമാലിന്യ സംസ്കരണ പ്ലാന്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനവും ആന്തരിക | 900.00 |

| ക്രമ നം. | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| | ഡ്രെയിനേജ് സംവിധാനത്തിന്റെ മെച്ചപ്പെടുത്തലും | |
| 2 | ഇൻഫോപാർക്കിലെ നിലവിലുള്ള ആന്തരിക റോഡുകളുടെ/ കേബിൾ ട്രഞ്ചുകളുടെ വീതി കൂട്ടൽ – ഘട്ടം ഒന്ന് | |
| 3 | സോളാർ പാനലുകൾ ഉപയോഗിച്ച് MLCP മേൽക്കൂര സ്ഥാപിക്കൽ | 310.00 |
| 4 | ഇൻഫോപാർക്ക് ഘട്ടം രണ്ടിൽ പൊതു പാർക്കിംഗ് ഏരിയ വികസിപ്പിക്കൽ | |
| 5 | ഇൻഫോപാർക്ക് ചേർത്തലയിലെ ഹോസ്റ്റൽ സൗകര്യം | 300.00 |
| 6 | മാർക്കറ്റിംഗ് | 200.00 |
| 7 | ഇൻഫോപാർക്ക് ഘട്ടം രണ്ടിന്റെ LAR സെറ്റിൽമെന്റ് | 450.00 |
| | **ആകെ** | **2160.00** |

**9. സൈബർ പാർക്ക്**

**(വിഹിതം 1150.00 ലക്ഷം രൂപ)**

മലബാറിൽ ഐ.ടി മേഖലയിലെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സോഫ്റ്റ് വെയർ, സോഫ്റ്റ് വെയർ സേവനങ്ങളുടെ കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും ഐടി/ഐടിഇഎസ് നിക്ഷേപകർക്ക് ചെലവ് കുറഞ്ഞതും മികച്ചതുമായ അടിസ്ഥാന സൗകര്യങ്ങൾ സൈബർപാർക്ക് നൽകുന്നു. നിക്ഷേപകർക്ക് ആവശ്യമായ ഉയർന്ന നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞ ചെലവിലും ലഭ്യമാക്കുക എന്നതാണ് സൈബർ പാർക്കിന്റെ ലക്ഷ്യം. 2025-26 ബജറ്റിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 1150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം. | ഘടകം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ<br>• 4 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐടി കെട്ടിടം നിർമ്മിക്കുന്നതിനായി കെഎസ്ഐടിഐഎല്ലിൽ നിന്ന് ദീർഘകാല ഭൂമി പാട്ടത്തിന് അതോടൊപ്പം സൈബർപാർക്കിൽ 15,000 ചതുരശ്ര അടി വിസ്തീർണം ഉള്ള ക്യാപ്സ്യൂൾ മോഡൽ സ്മാർട്ട് ഓഫീസ് സ്പെയ്സ്<br>• 4 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള രണ്ടാമത്തെ ഐടി കെട്ടിടത്തിന്റെ നിർമ്മാണം – പ്രാരംഭ ചെലവുകൾ<br>• നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ മറ്റ് അടിസ്ഥാന സൗകര്യ വികസനങ്ങൾ. | 1050.00 |
| 2. | മാർക്കറ്റിംഗ്, ബ്രാൻഡ് നിർമ്മാണം, അനുബന്ധ പ്രവർത്തന ചെലവുകൾ | 100.00 |
| | **ആകെ** | **1150.00** |

**10. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ)**

**(വിഹിതം: 2471.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ ഐ.റ്റി./ഐ.റ്റി.ഇ.എസ് ൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടി രൂപീകരിച്ച പൊതുമേഖലാ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ). ഭൂമി ഏറ്റെടുത്ത് അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, റോഡുകൾ എന്നിവ നിർമ്മിച്ച് ഭൂമി വികസിപ്പിക്കുകയും, പ്രത്യേക സാമ്പത്തിക മേഖലാ പദവിയും ആവശ്യമായ മറ്റ് സർക്കാർ അനുമതികളും നേടിയെടുത്തതിനുശേഷം സ്വകാര്യ നിക്ഷേപകർക്ക് ഐടി SEZ കളിലോ ഐടി പാർക്കുകളിലോ ബിസിനസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് വികസിപ്പിച്ച ഭൂമി

അനുവദിക്കുക എന്നതാണ് കെ.എസ്.ഐ.ടി.ഐ.എൽ-ന്റെ ബിസിനസ്സ് മോഡൽ. താഴെപറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 2471.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | **സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള**<br>നടന്നുകൊണ്ടിരിക്കുന്ന അംഗീകൃത പ്രവർത്തനങ്ങളുടെ പൂർത്തീകരണം. | 100.00 |
| 2. | **കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (KFON)**<br>അനുവദിച്ച ജോലികൾ പൂർത്തിയാക്കുന്നതിനും പൂർത്തീകരിച്ച പ്രവർത്തകൾക്കുള്ള പേയ്മെന്റുകൾ ക്ലിയർചെയ്യുന്നതിനും. | 1000.00 |
| 3. | കോഴിക്കോട് ഭൂമി വികസനം, ഏറ്റെടുക്കൽ, LAR സെറ്റിൽമെന്റ് | 1000.00 |
| 4. | കോട്ടയം പാലായിലെ IIITMK യുടെ LAR കേസുകളുടെ സെറ്റിൽമെന്റ് | 170.00 |
| 5. | ഭൂമി അനുവദിക്കലുമായി ബന്ധപ്പെട്ട മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ | 200.00 |
| | **ഫോസ്റ്റെറ (ഗ്രാമീണ മേഖലയിലെ സാങ്കേതികവിദ്യകൾ വളർത്തൽ)**<br>ഐടിഇ എന്ന ബിപിഒ കമ്പനികളെയും കുറഞ്ഞ ചെലവിൽ ഗ്രാമീണ കേന്ദ്രങ്ങളിൽ നിന്ന് പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കുകയും അതുവഴി ഗ്രാമപ്രദേശങ്ങളിൽ തൊഴിൽ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ഫോസ്റ്റെറയുടെ ആശയം. ഐടി, ഐടിഇഎസ്, ബിപിഒ കമ്പനികളെ കൊണ്ടുവരുന്നതിനായി ചെറുകിട പട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഉപയോഗിക്കാത്ത സർക്കാർ കെട്ടിടങ്ങളുടെ നവീകരണത്തിലൂടെയും (പിപിപി മോഡിലും) ഫോസ്റ്റെറകൾ സ്ഥാപിക്കാൻ കഴിയും. | 1.00 |
| | **ആകെ** | **2471.00** |

**11. കേരള സ്പേസ് പാർക്ക് (കെ – സ്പേസ് )**

**(വിഹിതം: 5250.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ പരിചയസമ്പന്നരും പുതുതായി ബിരുദം നേടിയവരുടെയും മാനവവിഭവശേഷി പ്രയോജനപ്പെടുത്തി കേരളത്തെ ബഹിരാകാശ, എയ്റോസ്പേസ്, പ്രതിരോധം എന്നിവയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും ഉൽപാദന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള കേരള സർക്കാരിന്റെ അഭിലാഷ സംരംഭങ്ങളിലൊന്നാണ് കേരള സ്പേസ് പാർക്ക്. കേരള സർക്കാർ എയ്റോസ്പേസ്, പ്രതിരോധം എന്നിവയുമായി ബന്ധപ്പെട്ട ഉൽപന്നങ്ങളിലും സേവനങ്ങളിലും ഒരു സെന്റർ ഓഫ് എക്സലൻസ് സൃഷ്ടിക്കുന്നതിനായി തിരുവനന്തപുരത്തെ ടെക്നോസിറ്റി പള്ളിപ്പുറത്ത് 20 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്.

ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഏജൻസി ഉദ്ദേശിക്കുന്നു.

I. ഉപഭോക്താക്കൾക്ക് പാട്ടത്തിനോ വാടകയ്ക്കോ ബിൽറ്റ്അപ്പ് സ്ഥലം നൽകുക
II. സംയുക്ത സംരംഭങ്ങൾ/എസ്.പി.വി. കൾ വഴിയുള്ള സഹകരണ വികസനം
III. കേരളത്തിൽ യൂണിറ്റുകൾ നിർമ്മിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യാനുസരണം ഭൂമി നൽകുക.
IV. കേരളത്തിനുള്ളിൽ എയ്റോസ്പേസ് മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാവസായിക യൂണിറ്റുകളെയും ബന്ധിപ്പിച്ചുകൊണ്ട് ബഹുമുഖ ഉൽപ്പന്നങ്ങളും സേവനങ്ങളും ഏറ്റെടുക്കുന്നതിന് അവരുടെ കഴിവുകൾ സംയോജിപ്പിക്കുക.

സ്പേസ് പാർക്കിനുള്ളിൽ വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും ബിൽറ്റ് അപ് സ്പേസുകൾ നിർമ്മിക്കാനും പദ്ധതിയിട്ടിട്ടുണ്ട് .2025-26 ൽ വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങളിൽ ഇനി പ്പറയുന്നവ ഉൾപ്പെടുന്നു.

1. പള്ളിപ്പുറത്തു പൊതു സൗകര്യ കേന്ദ്രത്തിന്റെയും(CFC), RDC കെട്ടിടത്തിന്റെയും നിർമ്മാണം
2. പള്ളിപ്പുറം ടെക്നോസിറ്റിയിൽ 11.39 ഏക്കർ ഭൂമിയുടെ വികസനവും 3.67 ഏക്കറിൽ മഴവെള്ള സംഭരണ സംവിധാനത്തിന്റെ വികസനവും എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.
3. ഭരണപരവും പ്രചാരണപരവുമായ ചെലവ് (3 കോടി രൂപ ഒറ്റത്തവണ സഹായം)

മേൽപ്പറഞ്ഞ പദ്ധതിക്കായി 1500.00 ലക്ഷം രൂപ നബാർഡ് ആർഐഡിഎഫ് ഉൾപ്പടെ ആകെ 5250.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**12. കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് ലിമിറ്റഡ് (കെ-ഫോൺ) (പുതിയ പദ്ധതി)**

**(വിഹിതം: 10,000 ലക്ഷം രൂപ)**

ഇ-ഗവേണൻസ് സേവനങ്ങൾ നൽകുന്നതിനായി കോർ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ നിർമ്മിച്ചുകൊണ്ട് നിക്ഷേപം നടത്തുന്നതിൽ സംസ്ഥാനം രാജ്യത്ത് മുൻ നിരയിലാണ്. എല്ലാ സേവന ദാതാക്കൾക്കും ആക്സസ് ചെയ്യാവുന്ന ഒരു കോർ നെറ്റ്‌വർക്ക് ഇൻഫ്രാസ്ട്രക്ചർ നൽകുക, സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയെ വിശ്വസനീയമായ ഇൻ്ടാനെറ്റുമായി ബന്ധിപ്പിക്കുക, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് നൽകുക, മൂല്യവർദ്ധിത സേവനങ്ങളിലൂടെ കെ-ഫോൺ ഇൻഫ്രാസ്ട്രക്ചറിന്റെ വാണിജ്യവൽക്കരണം എന്നിവയാണ് കെ-ഫോണിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 10000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്റ്റിവിറ്റി | 6000.00 |
| 2 | പരിശീലന അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ; വ്യക്തികൾക്ക് പരിശീലനവും സഹായവും നൽകലും ഓഫീസ് അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണം (14 ജില്ലാ ഓഫീസുകൾ സ്ജ്ജീകരിക്കുന്നതിനു വേണ്ടി ) | 2000.00 |
| 3 | സാങ്കേതിക അപ്ഡേറ്റുകൾ നടപ്പിലാക്കലും നെറ്റ്‌വർക്ക് കണക്റ്റിവിറ്റിയോടൊപ്പം അധിക സേവനങ്ങളും നൽകൽ | 2000.00 |
| 4 | കെഫോൺ നെറ്റ്‌വർക്ക് ശക്തിപ്പെടുത്തുന്നതിനുള്ള അധിക ഒപിജിഡബ്ല്യു ലിങ്കുകൾ | |
| 5 | ഒഎൻടി (ഒപ്റ്റിക്കൽ നെറ്റ്‌വർക്ക് ടെർമിനൽ), എസ്ടിബികൾ (സെറ്റ് ടോപ്പ് ബോക്സുകൾ) എന്നിവ വാങ്ങൽ | |
| | **ആകെ** | **10,000.00** |

**13. കേരള സ്റ്റാർട്ട് അപ് മിഷൻ (ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ-(റ്റി.റ്റി.ബി.ഐ)**

**(വിഹിതം 9052.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് സംരംഭകത്വ വികസനവും ഇൻകുബേഷൻ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനായുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ട് അപ്പ് മിഷൻ. കേരളത്തിലെ യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഇടയിൽ സംരംഭകത്വ കഴിവുകൾ കണ്ടെത്തുകയും വികസിപ്പിക്കുകയും ചെയ്യുക, കേരളത്തിലെ പരമ്പരാഗത മേഖലകളിൽ സാങ്കേതിക വിദ്യാഭ്യാസ അടിസ്ഥാനത്തിലുള്ള സംരംഭക വികസന ആവശ്യകത ശ്രദ്ധയിൽപ്പെടുത്തുക, കേരളത്തിലെ സാമൂഹ്യ-സാമ്പത്തിക സംസ്കാരത്തിന് ഉചിതമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും മാർക്കറ്റ് കണ്ടെത്തുക, അക്കാഡമിക്, ഗവേഷണ-വികസന സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയെ പരസ്പരം ബന്ധിപ്പിക്കുകയും അവർക്കിടയിൽ നെറ്റ് വർക്കിംഗ് സ്ഥാപിക്കുകയും ചെയ്യുക, അതോടൊപ്പം സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകളുടെ വേഗത്തിലുള്ള വാണിജ്യവത്ക്കരണത്തിന് ഒരു പ്ലാറ്റ് ഫോം സ്ഥാപിക്കുക എന്നിവയാണ് മിഷന്റെ പ്രധാനലക്ഷ്യം. 2025-26 വർഷത്തെ ബജറ്റിൽ ടെക്നോളജി ഇന്നൊവേഷൻ സോണിനായി (ടി.ഐ.ഇസെഡ്) 2000.00 ലക്ഷം രൂപയും യുവ സംരംഭകത്വ വികസന പരിപാടികൾക്കായി 7052.00 ലക്ഷം രൂപയും ഉൾപ്പെടെ കേരള സ്റ്റാർട്ട് അപ്പ് മിഷന് 9052.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എ. ടെക്നോളജി ഇന്നവേഷൻ സോൺ, കൊച്ചി**

**(വിഹിതം 2000.00 ലക്ഷം രൂപ)**

കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്കായി ലോകോത്തര/അത്യാധുനിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എറണാകുളത്ത് കളമശ്ശേരിയിലുള്ള കിൻഫ്ര ഹൈടെക് പാർക്കിൽ കേരള ടെക്നോളജി ഇന്നൊവേഷൻ സോൺ (KTIZ) സ്ഥാപിച്ചുകൊണ്ടാണ് ഈ പദ്ധതിയുടെ തുടക്കം. 2026-ഓടെ 10 ലക്ഷം ചതുരശ്ര അടി ഇൻകുബേഷൻ സ്പേസ് സൃഷ്ടിക്കാനാണ് കെഎസ്‌യുഎം ലക്ഷ്യമിടുന്നത്. KTIZ ലെ സൗകര്യങ്ങൾ വിപുലീകരിക്കുകയും അതോടൊപ്പം കേരളത്തിന്റെ മറ്റ് ഭാഗങ്ങളിൽ പുതിയ സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടും വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉദ്ദേശിക്കുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ, 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

i. **അനെക്സ് ബിൽഡിംഗ് (സാൻഡ്‌വിച്ച് ബിൽഡിംഗ്) –** കേരള സ്റ്റാർട്ടപ്പ് മിഷൻ കൊച്ചിയിലെ ടെക്നോളജി ഇന്നൊവേഷൻ സോണിൽ നിലവിലുള്ള ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിന്റെ വിപുലീകരണത്തിനായി കെട്ടിടത്തിന്റെ കിഴക്ക് വശത്ത് ചതുരശ്ര അടി വിസ്തീർണ്ണമുള്ള 15000 ഒരു കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.ഒരു ഫുഡ് കോർട്ട് സ്ഥാപിക്കുന്നതിനായി അനെക്സ് . കെട്ടിടത്തിൽ ഒരു അധിക നില നിർമ്മിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു.

ii. **TIZ വികസനം** – വാട്ടർപ്രൂഫിംഗ് ജോലികളും ഘടനാപരമായ സ്ഥിരത പഠനവും ഉൾപ്പെടെ നിലവിലുള്ള സംയോജിത സ്റ്റാർട്ടപ്പ് സമുച്ചയത്തിന്റെ നവീകരണം

iii. എമർജിംഗ് ടെക്നോളജീസ് സ്റ്റാർട്ടപ്പ് ഹബ് – ടിസിഎസ് കൈമാറ്റം ചെയ്ത ടെക്നോ സിറ്റിയിലെ 3 ഏക്കർ സ്ഥലത്ത് 5 ലക്ഷം ചതുരശ്ര അടി കെട്ടിടത്തിൽ എമർജിംഗ് ടെക്നോളജീസ് സ്റ്റാർട്ടപ്പ് ഹബ്ബിന്റെ നിർമ്മാണം .

iv. സ്റ്റാർട്ട് അപ്പ് പോഡുകൾ"–കേരളത്തിലെ പ്രകൃതിരമണീയമായ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ഥിതി ചെയ്യുന്ന "സ്റ്റാർട്ട് അപ്പ് പോഡുകൾ" (നൂതനമായ സഹ–പ്രവർത്തന ഇടങ്ങൾ) സ്ഥാപിക്കാൻ സ്റ്റാർട്ടപ്പ് പിഡി– കെഎസ്‌യുഎം ലക്ഷ്യമിടുന്നു (പുതിയത്)

v. ഫ്രീഡം സ്ക്വയർ – ഫ്രീഡം സ്ക്വയർ വ്യക്തികൾക്ക് സ്വതന്ത്രമായി പര്യവേക്ഷണം ചെയ്യാനും സൃഷ്ടിക്കാനും നവീകരിക്കാനും കഴിയുന്ന ഒരു ഊർജ്ജസ്വലവും ഉൾക്കൊള്ളുന്നതുമായ കേന്ദ്രമാണ്. ഈ ചലനാത്മകമായ ഇടം പഠനത്തിന്റെയും സംരംഭകത്വത്തിന്റെയും ആശയ രൂപീകരണത്തിന്റെയും ഒരു സംസ്കാരം വളർത്തിയെടുക്കുന്നു. ലോകോത്തര ഉൽപ്പന്നങ്ങളും സംസ്ഥാനത്തിൽ നിന്നുള്ള സാമൂഹിക പ്രതിബദ്ധതയുള്ള പ്രതിഭകളേയും വളർത്തിയെടുക്കാൻ ഫ്രീഡം സ്ക്വയർ ലക്ഷ്യമിടുന്നു (പുതിയത്).

**ബി. യുവജന സംരംഭകത്വ വികസന പരിപാടികൾ**

**(വിഹിതം 7052.00 ലക്ഷം രൂപ)**

സാങ്കേതികവിദ്യാധിഷ്ഠിത സംരംഭകത്വ പ്രവർത്തനങ്ങൾ, സംരംഭക അടിസ്ഥാന സൗകര്യങ്ങളും പരിസ്ഥിതിയും, വ്യവസായ സ്ഥാപനങ്ങളുടെ ബന്ധങ്ങൾ, ഗവേഷണവും–വികസനവും, സംരംഭ വിപണി, ഉൽപ്പന്ന പരിജ്ഞാനം, ആശയം, സംസ്കാരം എന്നിവയിലെ ആവാസവ്യവസ്ഥ വികസന വെല്ലുവിളികൾ പരിഹരിച്ചുകൊണ്ട് സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം ശക്തിപ്പെടുത്തുന്നതിലൂടെ യുവാക്കളിൽ ഒളിഞ്ഞിരിക്കുന്ന സംരംഭകത്വ മനോഭാവം പ്രയോജനപ്പെടുത്തുക എന്നതാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025–26 ബജറ്റിൽ 7052.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

എ) **സ്റ്റാർട്ടപ്പ് പൈപ്പ് ലൈൻ വികസനം** – സ്റ്റുഡന്റ് സ്റ്റാർട്ടപ്പ് പൈപ്പ് ലൈൻ, റിസർച്ച് സ്റ്റാർട്ടപ്പ്പൈപ്പ് ലൈൻ, വുമൺ സ്റ്റാർട്ടപ്പ് പൈപ്പ് ലൈൻ, റൂറൽ സ്റ്റാർട്ടപ്പ് പ്രോഗ്രാമുകൾ, എൻജിഒ കളുടെ സാങ്കേതിക പ്രാപ്തമാക്കൽ, ഉച്ചകോടികളും കോൺഫറൻസുകളും, പി ആർ, സോഷ്യൽ മീഡിയ, മാർക്കറ്റിംഗ്, പ്രൊമോഷൻ, വനിതാ നൂതനാശയക്കാർക്കും ഭാവി സംരംഭകർക്കും വേണ്ടിയുള്ള ശേഷി വികസനം (50.00 ലക്ഷം രൂപ) തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ബി) **പ്രാരംഭ ഘട്ട ഫണ്ടിംഗ് –** പ്രവർത്തനങ്ങളുടെ സ്വഭാവം, വലിപ്പം എന്നിവയ്ക്ക് ഉപരിയായി ഓരോ സ്റ്റാർട്ടപ്പിനും അതിന്റെ നൂതന ആശയങ്ങൾ യാഥാർത്ഥ്യമാക്കി മാറ്റാൻ ഫണ്ട് ആവശ്യമാണ്. ഐഡിയ ഗ്രാന്റ്, ഇന്നൊവേഷൻ ഗ്രാന്റ്, ആർ ആൻഡ് ഡി ഗ്രാന്റ്, സീഡ് ലോൺ, AVGC ഇന്നൊവേഷൻ ഗ്രാന്റുകളും വായ്പകളും, വനിതാ സംരംഭങ്ങൾക്കുള്ള പദ്ധതി (75 ലക്ഷം രൂപ) എന്നിങ്ങനെ ഉള്ള സാമ്പത്തിക സഹായങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സി) **കോ–വർക്കിംഗ് സ്പെയ്സുകൾ:–** ഉയർന്ന നിലവാരമുള്ള പ്ലഗ്–ആൻഡ്–പ്ലേ ഇൻഫ്രാസ്ട്രക്ചറിലേക്കുള്ള പ്രവേശനം താങ്ങാവുന്ന വിലയിൽ ലഭ്യമാവുക എന്നത് യുവ സംരംഭങ്ങളുടെ നിലനിൽപ്പിനു അത്യന്താപേക്ഷിതമാണ്. 2017ലെ വിവര സാങ്കേതികവിദ്യാനയം നിലവിൽ വന്നതിന് ശേഷം കേരള സ്റ്റാർട്ട് അപ് മിഷൻ ഇത്തരം പ്രവർത്തനങ്ങൾക്കായി അനുവദിക്കാവുന്ന ബിൽറ്റ് അപ്പ് സ്പേസ് 6 ലക്ഷം ചതുരശ്ര അടിയായി വളർത്തിയിട്ടുണ്ട്, 2030–ഓടെ ഇത് 10 ലക്ഷം ചതുരശ്ര അടിയായി വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. ലീപ് സെന്ററുകൾ, ഇൻകുബേറ്ററുകൾക്കും സിഒഇകൾക്കും ക്യാപിറ്റൽ ഗ്രാന്റ്, ഇൻകുബേറ്ററുകൾക്കും സി ഒ ഇകൾക്കും ഓപ്പറേഷണൽ ഗ്രാന്റ്, കെഎസ്‌യുഎം കോ വർക്കിംഗ്/ഇൻകുബേഷൻ സ്പേസ്, ഐടി സംവിധാനങ്ങൾ & ഹൈ സ്പീഡ് ഇന്റർനെറ്റ്, AVGC & AI സ്റ്റാർട്ടപ്പുകൾക്കായുള്ള GPU ക്ലസ്റ്റർ, സ്റ്റാർട്ടപ്പ് കോമൺസ്, ഫൗണ്ടർ ഫെസിലിറ്റേഷൻ പ്രോഗ്രാമുകൾ, സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി, ലീപ്പ് മർക്കന്റൈസ്, സ്റ്റാർട്ടപ്പ് ഡിസ്പ്ലേ പോഡുകൾ, അപെക്സ് സൊസൈറ്റി–ഹോൾഡിംഗ് കമ്പനി

എന്നിവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, വനിതാ സ്റ്റാർട്ടപ്പുകൾക്കുള്ള പിന്തുണ (25 ലക്ഷം രൂപ) എന്നിവയാണ് വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ.

ഡി) **ഫാബ് ലാബുകൾ –** കേരള സ്റ്റാർട്ട് അപ് മിഷൻ നിലവിലെ ഡിജിറ്റൽ ഫാബ്രിക്കേഷൻ ഇൻഫ്രാസ്ട്രക്ചർ കൂടുതൽ മെച്ചപ്പെടുത്തുകയും സംസ്ഥാനത്ത് ഒരു വിതരണ പ്രോട്ടോടൈപ്പിംഗ് ശൃംഖല സൃഷ്ടിക്കുകയും ചെയ്യും. അതിലൂടെ സംസ്ഥാനത്തുടനീളം നിർമ്മിക്കാനും വിന്യസിക്കാനും കഴിയുന്ന താങ്ങാനാവുന്ന വിലയിലുള്ള 'ഓപ്പൺ സോഴ്സ് ഫാബ്രിക്കേഷൻ മെഷീനുകൾ' സൃഷ്ടിക്കുന്നതിനായുള്ള സൂപ്പർ ഫാബ് ലാബ് മെഷീനിന്റെ നിർമ്മാണ പദ്ധതികളിൽ പ്രത്യേക ശ്രദ്ധ ചെലുത്തും. ഫാബ് ലാബുകൾക്ക് കീഴിൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ ഉപഘടകങ്ങൾ ഇവയാണ്: ഫാബ് ലാബ് പ്രവർത്തനങ്ങൾ, എംഐടി സഹകരണം, എക്സ്പീരിയൻസ് സെന്ററുകൾക്കായുള്ള ടെക് കൊളാറ്ററലുകൾ, ഇൻഫ്രാ, മെഷീൻ അപ്ഗ്രേഡുകളും സംഭരണവും, പരിശീലനം, ഇവന്റുകൾ, എംടിഎം ഡിസൈൻ, ക്രിയേറ്റർ ഇൻകുബേഷൻ പ്രോഗ്രാമുകൾ.

ഇ) **ഇൻകുബേഷൻ –** പ്രതിക്ഷ നൽകുന്ന സ്റ്റാർട്ടപ്പുകൾക്കായി ഒരു ഘടനാപരമായ ഇൻകുബേഷൻ പ്രോഗ്രാമുകൾ സൃഷ്ടിക്കുക എന്നുള്ളതാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്. പ്രീ-ഇൻകുബേഷൻ പ്രോഗ്രാം, ഇൻകുബേഷൻ പ്രോഗ്രാം/പാർട്ണേർഡ് ഇൻകുബേഷൻ പ്രോഗ്രാം, ആക്സിലറേഷൻ ഇൻകുബേഷൻ പ്രോഗ്രാം, മെന്റർഷിപ്പ് പ്രോഗ്രാമുകളുടെ വികസനം, സ്ത്രീകൾക്കായുള്ള പ്രെ്യത്യേക പ്രോഗ്രാമുകൾ (75 ലക്ഷം രൂപ) തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

എഫ്) **കോർപ്പറേറ്റ് ആക്സിലറേഷൻ & സ്കെയിലപ്പ് സപ്പോർട്ട് –** വിവിധ ദേശീയ, അന്തർദേശീയ മാർക്കറ്റ് ആക്സസ് പ്രോഗ്രാമുകൾ, ട്രേഡ് ഷോകൾ/എക്സ്പോകളിലെ സാന്നിധ്യം, പ്രതിനിധികൾ, ദേശീയ, അന്തർദേശീയ പ്രശസ്തി നേടിയ ഇമ്മേഴ്ഷൻ പ്രോഗ്രാമുകൾ എന്നിവയിലൂടെ കേരളം ആസ്ഥാനമായുള്ള സ്റ്റാർട്ടപ്പുകളെ ബിസിനസ് വികസനത്തിൽ കെഎസ്‌യുഎം സഹായിക്കും. ഗ്ലോബൽ മാർക്കറ്റ് ആക്സസ്, ഇൻഫിനിറ്റി മാർക്കറ്റ് ആക്സിലറേഷൻ പ്രോഗ്രാം, എമർജിംഗ് ടെക്നോളജി ഹബ്ബിനായുള്ള മാർക്കറ്റ് മേക്കിംഗ്, കോർപ്പറേറ്റ് ഇന്നൊവേഷൻ പ്രോഗ്രാം, ബിഗ് ഡെമോ ഡേകൾ, ബിൽഡ് ഐ റ്റി ബിഗ്, കോർപ്പറേറ്റുകളുമായുള്ള നെറ്റ്‌വർക്കിംഗ് ഇവന്റുകൾ, സ്റ്റാർട്ടപ്പുകൾക്കുള്ള ബിസിനസ്സ്, സ്റ്റാർട്ടപ്പുകൾക്കുള്ള മാർക്കറ്റിംഗ് പിന്തുണയ്ക്കുള്ള റീഇംബേഴ്സ്മെന്റ് എന്നി പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

ജി) **ഗവൺമെന്റ് ആക്സിലറേഷൻ –** വിവിധ സർക്കാർ വകുപ്പുകൾ വഴി സ്റ്റാർട്ടപ്പ് ഉൽപ്പന്നങ്ങൾ വിൽക്കുന്നതിൽ സഹായിക്കുന്നതിലൂടെ ഒരു മാർക്കറ്റ് പ്ലേസ് പ്രോഗ്രാം എന്ന നിലയിൽ സ്റ്റാർട്ടപ്പുകളെ സർക്കാർ കൂടുതൽ ശക്തിപ്പെടുത്തും. പ്രതിരോധ ഇന്നൊവേഷൻ സോൺ, വകുപ്പുകൾക്കിടയിൽ GAAM സെൻസിറ്റൈസേഷൻ, ഡെമോ ദിനങ്ങൾ എന്നിവയാണ് ഗവൺമെന്റ് ത്വരിതപ്പെടുത്തലിന്റെ കീഴിൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ ഉപഘടകങ്ങൾ.

എച്ച്) **നിക്ഷേപ പോർട്ട്ഫോളിയോ –** അടിസ്ഥാന സൗകര്യങ്ങൾക്കും മൂല്യവർദ്ധിത പരിപാടികൾക്കും പുറമെ, സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ഡിജിറ്റൽ, ഭൂമിശാസ്ത്രപരമായ സാന്നിധ്യം വികസിപ്പിക്കുന്നതിനും വിൽപ്പന വർദ്ധിപ്പിക്കുന്നതിനും വളർച്ചാ മൂലധനം ആവശ്യമാണ്. കെഎസ്‌യുഎം ഫണ്ട് ഓഫ് ഫണ്ട് പദ്ധതിയെ കൂടുതൽ ശക്തിപ്പെടുത്തുകയും സ്റ്റാർട്ടപ്പുകളിൽ നിക്ഷേപിക്കാനും അവരുടെ വളർച്ചയുടെ ഭാഗമാകാനും പ്രാദേശിക പരിസ്ഥിതി വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുകയും അതുവഴി സംസ്ഥാനത്ത് കൂടുതൽ സമ്പത്ത് സൃഷ്ടിക്കുകയും ചെയ്യും. ഫണ്ട് ഓഫ് ഫണ്ട്, സ്റ്റാർട്ടപ്പ് ആൻഡ് ഇൻവെസ്റ്റർ കണക്ട് പ്രോഗ്രാമുകൾ, നിക്ഷേപക വിദ്യാഭ്യാസ പരിപാടികൾ, സ്റ്റാർട്ടപ്പുകൾക്കായുള്ള നിക്ഷേപ സന്നദ്ധത പ്രോഗ്രാം, വർക്ക്ഷോപ്പുകൾ, മീറ്റിംഗുകൾ, പ്രാദേശിക പരിപാടികൾ എന്നിവയാണ് ഇൻവെസ്റ്റ്മെന്റ് പോർട്ട്ഫോളിയോയ്ക്ക് കീഴിൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ ഉപഘടകങ്ങൾ.

### 14. സെന്റർ ഫോർ ഡവലപ്പമന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)

**(വിഹിതം 732 ലക്ഷം രൂപ)**

കേരള സർക്കാരിന്റെ കീഴിൽ ഗവേഷണത്തിനും പരിശീലനത്തിനുമായി രൂപം കൊണ്ട സ്വയം ഭരണ പദവിയുള്ള ഒരു സ്ഥാപനമാണ് സി-ഡിറ്റ്. ഇമേജിംഗ് സാങ്കേതികവിദ്യയിലും ആശയവിനിമയ വികസനത്തിലും ഗവേഷണ വികസന സ്ഥാപനമെന്ന നിലയിൽ പ്രാരംഭ പങ്ക് വഹിച്ചതിനു പുറമേ, ഇൻഫർമേഷൻ കേരള മിഷൻ' രൂപീകരണം, ഫ്ളാഗ്ഷിപ്പ് പരിപാടിയായ 'ഫ്രണ്ട്സി'ന്റെ സിറ്റിസൺ സർവ്വീസ് സെന്ററുകളുടെ നടത്തിപ്പ് എന്നിങ്ങനെ സംസ്ഥാനത്ത് വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഭരണ നിർവ്വഹണ പ്രവർത്തനങ്ങൾ കൊണ്ടുവരുന്നതിൽ സി-ഡിറ്റ് സംസ്ഥാനത്ത് മുൻനിര പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഹാർഡ്, സോഫ്റ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ചെലവുകൾ ഉൾക്കൊള്ളുന്ന താഴെ പ്പറയുന്ന ഘടകങ്ങൾക്കായി ഇൻഫർമേഷൻ ടെക്നോളജി മേഖലയ്ക്ക് കീഴിൽ സി-ഡിറ്റിന് 2025-26 ബഡ്ജറ്റിൽ 732.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സോഫ്റ്റ്‌വെയർ വികസനവും സുരക്ഷാ ഓഡിറ്റ് സൗകര്യവും ശക്തിപ്പെടുത്തൽ<br>• സോഫ്റ്റ്‌വെയർ വികസനത്തിനും സുരക്ഷാ പരിശോധനയ്ക്കുമായി അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കൽ.<br>• സോഫ്റ്റ്‌വെയർ വികസനത്തിലും സുരക്ഷാ ഓഡിറ്റിംഗിലും ഏർപ്പെട്ടിരിക്കുന്ന സാങ്കേതിക ഉദ്യോഗസ്ഥരുടെ കഴിവുകൾ മെച്ചപ്പെടുത്തുക.<br>• മികച്ച പ്രോജക്റ്റ് മാനേജ്മെന്റിനും ഡെലിവറിക്കും വേണ്ടി ഗുണനിലവാര മാനദണ്ഡങ്ങൾ സ്വീകരിക്കൽ | 45.00<br>. |
| 2 | മാനേജീരിയൽ സുരക്ഷാ സേവന ചട്ടക്കൂട് ശക്തിപ്പെടുത്തൽ<br>• നെറ്റ്‌വർക്ക് ടെസ്റ്റിംഗ് സെന്റർ സജ്ജീകരിക്കുക<br>• ഇൻസിഡെന്റ് മാനേജ്മെന്റ് സിസ്റ്റം<br>• സെർവർ വെർച്ച്വലൈസേഷൻ സൗകര്യം | 40.00 |
| 3 | മലയാളത്തിൽ വിജ്ഞാനാധിഷ്ഠിത ആപ്ലിക്കേഷനുകളുടെ വികസനം<br>• കേരള സർക്കാർ വെബ് പോർട്ടലുകൾക്കായുള്ള മലയാളം ചാറ്റ് ബോട്ട്<br>• മലയാളത്തിനായുള്ള സ്പെല്ലിംഗ് ഗ്രാമർ ചെക്കർ<br>• ക്രോസ് ലാംഗ്വേജ് ഇൻഫർമേഷൻ വീണ്ടെടുക്കലും (CLIR) ആക്സസ് സിസ്റ്റവും<br>• സി-ഡിറ്റ് ലൈബ്രറിയുടെ നവീകരണം<br>• പിഎച്ച്ഡി റിസർച്ച് സ്കോളർമാർക്കായി റിസർച്ച് റൂം സജ്ജീകരിക്കൽ<br>• മലയാളം കമ്പ്യൂട്ടിംഗിലെ വിജ്ഞാനാധിഷ്ഠിത ആപ്ലിക്കേഷനുകളുടെ രൂപകല്പനയും വികസനവും<br>• സർക്കാർ ആവിശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള മലയാളം ഫോണ്ടുകളുടെ വികസനവും പരിപാലനവും | 50.00 |
| 4 | ഓഗ്‌മെന്റഡ് റിയാലിറ്റി വീഡിയോ നിർമ്മാണ സൗകര്യം വർദ്ധിപ്പിക്കൽ, വെബ് ചാനൽ വഴിയുള്ള സ്ട്രീമിംഗ് | 40.00 |
| 5 | സുരക്ഷാ ഡോക്യുമെന്റ് ഫോറൻസിക് ലബോറട്ടറി | 80.00 |
| 6 | ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള തീരുമാനമെടുക്കലിനായി സർക്കാർ ഡാറ്റ ഉപയോഗിച്ചുള്ള ഡാറ്റ വിശകലന പരിഹാരങ്ങളുടെ വികസനം | 30.00 |
| 7 | AVGC നയവുമായി ബന്ധപ്പെട്ട ഓമെന്റഡ് റിയാലിറ്റി, വെർചൽ റിയാലിറ്റി, എംആർ പ്രവർത്തനങ്ങളിൽ മികവിന്റെ കേന്ദ്രം സ്ഥാപിക്കൽ | 139.00 |
| 8 | സി-ഡിറ്റിനായി ഐസിടി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കൽ | 208.00 |
| 9 | മുഖ്യമന്ത്രിയുടെ ഓൺലൈൻ പൊതുജന പരാതി പരിഹാര സംവിധാനത്തിന്റെ പരിപാലനം **(പുതിയത്)** | 100.00 |
| | **ആകെ** | **732.00** |

# VII. ഗതാഗതവും വാർത്താവിനിമയവും

ഒരു രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിന് മികച്ച ഗതാഗത, ആശയവിനിമയ സംവിധാനം ആവശ്യമാണ്. സാമ്പത്തിക വളർച്ചയ്ക്ക് നഗര-ഗ്രാമ പ്രദേശങ്ങൾ തമ്മിൽ വേണ്ടത്ര ഭൗതിക ബന്ധം ആവശ്യമാണ്. ഗതാഗത മേഖലയ്ക്ക് കീഴിലുള്ള വികസന പദ്ധതികൾ, തുറമുഖങ്ങൾ, റോഡുകളും പാലങ്ങളും, റോഡ് ഗതാഗതം, ഉൾനാടൻ ജലഗതാഗതം, മറ്റ് ഗതാഗത സേവനങ്ങൾ എന്നീ 5 പ്രധാന തലങ്ങളിലൂടെ നടപ്പിലാക്കുന്നു.

"സാമ്പത്തിക കാര്യക്ഷമത, സാമൂഹിക തുല്യത, പാരിസ്ഥിതിക സുസ്ഥിരത എന്നിവ ഉറപ്പാക്കിക്കൊണ്ട് യാത്രക്കാരുടെയും ചരക്കുകളുടെയും നീക്കത്തെ പിന്തുണയ്ക്കുന്ന, സുസ്ഥിര ഗതാഗത അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സംവിധാനങ്ങളും നിർമ്മിക്കുക" എന്നതാണ് ഗതാഗത മേഖലയുടെ ലക്ഷ്യം. ഗതാഗത മേഖലയ്ക്കുള്ള 2025-26 ബജറ്റിൽ നൽകിയിട്ടുള്ള വിഹിതം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | വകുപ്പ് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 7.1 | തുറമുഖങ്ങൾ ലൈറ്റ് ഹൗസസ് ആൻഡ് ഷിപ്പിംഗ് | 9372.00 |
| 7.2 | റോഡുകളും പാലങ്ങളും | 115743.00 |
| 7.3 | റോഡ് ഗതാഗതം | 19884.00 |
| 7.4 | ഉൾനാടൻ ജല ഗതാഗതം | 13302.00 |
| 7.5 | മറ്റ് ഗതാഗത സർവ്വീസുകൾ | 48200.00 |
| | **ആകെ** | **206501. 00** |

## 7.1 തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ, ഷിപ്പിംഗ്

തീരദേശ ജലഗതാഗതവും അനുബന്ധ പ്രവർത്തനങ്ങളുമാണ് തുറമുഖം, ലൈറ്റ് ഹൗസ്, ഷിപ്പിംഗ് മേഖല കൈകാര്യം ചെയ്യുന്നത്. കേരളത്തിലെ 17 നോട്ടിഫൈയിട് തുറമുഖങ്ങളിൽ നാലു തുറമുഖങ്ങളിലൂടെയാണ് വ്യാപാര പ്രവർത്തനങ്ങൾ നടത്തുന്നത്. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങൾ എന്നിവയാണ് അവ. തുറമുഖ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്, മലബാർ ഇന്റർനാഷണൽ പോർട്ട് ആന്റ് സെസ് ലിമിറ്റഡ് എന്നിവയാണ് സംസ്ഥാനത്ത് തുറമുഖവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾ. കേരള മാരിടൈം ബോർഡിന്റെ രൂപീകരണത്തോടെ, തുറമുഖങ്ങളും ഷിപ്പിംഗ് മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടത്തുന്നതിന് കെ.എം.ബി യെ ചുമതലപ്പെടുത്തി. തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ, ഷിപ്പിംഗ് മേഖലയ്ക്കായി 2025-26 ബജറ്റിൽ 9372.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

തുറമുഖ മേഖലയ്ക്ക് 2025-26 ബജറ്റിൽ ഉപമേഖല തിരിച്ച് നൽകിയിട്ടുള്ള വിഹിതം ചുവടെ വിശദീകരിച്ചിരിക്കുന്നു.

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | തുറമുഖ വകുപ്പ് | 8270.00 |
| 2 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (എച്ച് ഇ ഡി) | 750.00 |
| 3 | ഹൈഡ്രോഗ്രാഫിക് സർവ്വെ വിഭാഗം (എച്ച് എസ് ഡബ്ല്യു) | 352.00 |
| **ആകെ** | | **9372.00** |

### 7.1.1 തുറമുഖ വകുപ്പും കേരള മാരിടൈം ബോർഡും

590 കിലോമീറ്റർ ദൈർഘ്യമുള്ള കേരള തീരപ്രദേശത്തെ 17 നോൺ-മേജർ തുറമുഖങ്ങൾ തുറമുഖ വകുപ്പിനു കീഴിലാണ് 2018 ജനുവരി വരെ പ്രവർത്തിച്ചു വന്നിരുന്നത്. കേരള മാരിടൈം ബോർഡ് ആക്ട് 2017 അനുസരിച്ച്, ഇപ്പോൾ സംസ്ഥാനത്തെ എല്ലാ നോൺ മേജർ തുറമുഖങ്ങളും കൈകാര്യം ചെയ്യാനും വികസിപ്പിക്കാനും നിയന്ത്രിക്കാനുമുള്ള അധികാരം കേരള മാരിടൈം ബോർഡിനാണ്.

**1. കെ.എം.ബി യിലെ ഇ-ഗവേണൻസും പ്രവർത്തന ശേഷി വർദ്ധിപ്പിക്കലും**

**(വിഹിതം: 200.00 ലക്ഷം രൂപ)**

കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങളുടെ നടത്തിപ്പിനായി രൂപീകരിച്ച സ്ഥാപനമാണ് കെ.എം.ബി. ഗവൺമെന്റിന്റെ ഇ-ഗവേണൻസ് നയത്തിന് അനുസൃതമായി ഇത് പ്രവർത്തിക്കേണ്ടതുണ്ട്. ഈ സ്കീമിൽ മുഴുവൻ വകുപ്പിന്റെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്ന ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ അടിസ്ഥാന സൗകര്യങ്ങളുടെ മാറ്റിസ്ഥാപിക്കലും വാങ്ങലും, എംഐഎസ്, വെബ് പോർട്ടലുകൾ-ഫയലിംഗ് സിസ്റ്റങ്ങൾ, റിവൈസിംഗ് സിസ്റ്റങ്ങൾ, പ്രോസസ്സുകൾ, മാനുവലുകൾ എന്നിവ ഉൾപ്പെടുന്നു (കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും മാറ്റിസ്ഥാപിക്കൽ, സംഭരണം, പരിപാലനം, നിരീക്ഷണത്തിനായി സി.സി.ടി.വി സ്ഥാപിക്കൽ, ഓഡിയോ/വീഡിയോ കോൺഫറൻസിങ് സൗകര്യങ്ങൾ തുടങ്ങിയവ സ്ഥാപിക്കുക). ഇനിപറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 2025-26 ലെ ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 20.00 ലക്ഷം രൂപ വനിതാ കേന്ദ്രീകൃതപ്രവർത്തനങ്ങൾക്കായി വകയിരുത്തിരിക്കുന്നു.

**എ. കെഎംബിയിൽ ഇ-ഗവേണൻസ്**

താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് 2025-26 സാമ്പത്തിക വർഷത്തിൽ 140.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഡിജിറ്റൽ ഫയൽ സിസ്റ്റം | 140.00 |
| 2 | ഇ - ഓഫീസ്, നെറ്റ്‌വർക്ക്, അതിന്റെ സുരക്ഷാ സൗകര്യങ്ങൾ എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യമാക്കലും നടപ്പാക്കലും. | |
| 3 | കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങൾ, വിഷ്വൽ കമ്മ്യൂണിക്കേഷൻ സംവിധാനം ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ വാങ്ങൽ | |
| 4 | ബയോമെടിക് സിസ്റ്റത്തിന്റെ (എ ഇ ബി എ എസ്) സ്ഥാപിക്കൽ/നവീകരണം | |

**ബി. സമുദ്രസംബന്ധമായ പരിശീലനവും ശേഷി വർദ്ധിപ്പിക്കലും**

കേരള മാരിടൈം ബോർഡ് കൈകാര്യം ചെയ്യുന്ന പ്രോജക്ടുകളുടെ/ആസ്തികളുടെ ആസൂത്രണം, നടപ്പാക്കൽ, നിരീക്ഷണം, പ്രവർത്തനം, പരിപാലനം എന്നിവയിൽ വകുപ്പുതല ഓഫീസർമാരുടെ പ്രൊഫഷണൽ മാനേജ്മെന്റ്, സാങ്കേതിക, ഭരണനിർവ്വഹണം, നൈപുണ്യ ശേഷി വർദ്ധനവ് എന്നിവയിൽ പരിശീലനങ്ങൾ നടത്തുന്നതിന് 2025-26 ബജറ്റിൽ 60.00 ലക്ഷം രൂപ വകയിരുത്തുന്നു. അടിസ്ഥാന സൗകര്യങ്ങൾ, ഹരിത സാങ്കേതികവിദ്യകൾ, നൂതന രീതികൾ എന്നിവയിൽ എൻജിനീയർമാർ, തൊഴിലാളികൾ എന്നിവർക്കുള്ള പരിശീലന മൊഡ്യൂളുകളും ഏറ്റെടുത്തു നടപ്പാക്കേണ്ടതാണ്. ഇന്ത്യയിലും വിദേശത്തും പരിശീലന പരിപാടികൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, കോഴ്സുകൾ എന്നിവ നടത്തുന്നതിനും പങ്കെടുക്കുന്നതിനുമായും തുക വകയിരുത്തിരിക്കുന്നു.

## 2. കെ.ഐ.വി നിയമങ്ങൾ നടപ്പിലാക്കുക

**(വിഹിതം: 200.00 ലക്ഷം രൂപ)**

ഉൾനാടൻ ജലപാതകളിലെ ഗതാഗതത്തെയും ജലയാനങ്ങളെയും നിയന്ത്രിക്കുന്നതിനായുള്ളതാണ് കേരള ഉൾനാടൻ വെസ്സൽ നിയമങ്ങൾ-2010. കെ.ഐ.വി നിയമങ്ങൾ 2010 നടപ്പിലാക്കുന്നതിനായി തുറമുഖ വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. സുരക്ഷ, മലിനീകരണ നിയന്ത്രണം എന്നിവയ്ക്കായുള്ള ഉൾനാടൻ ജലപാതയിലെ ജലയാനങ്ങൾ പാലിക്കേണ്ട പ്രത്യേക മാനദണ്ഡങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു. പ്രകൃതി വിഭവങ്ങൾ ഉത്തരവാദിത്വത്തോടും സുസ്ഥിരമായ രീതിയിലും വിനിയോഗിക്കുന്നതിലും വികസിപ്പിക്കുന്നതിലും നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കേരള മാരിടൈം ബോർഡ് ബാധ്യസ്ഥമാണ്. കെ.ഐ.വി നിയമങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിലൂടെ, കേരളത്തിന്റെ പരസ്പരബന്ധിതമായ ഉൾനാടൻ ജലപാതകളുടെ ശൃംഖല കൂടുതൽ സുരക്ഷിതവും മാലിന്യരഹിതവും ആകർഷകവും ടൂറിസം മേഖലയെ സംബന്ധിച്ചിടത്തോളം കൂടുതൽ വരുമാനമുള്ളതുമായി മാറും. സുരക്ഷിതവും ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ ചരക്കുകളുടേയും യാത്രക്കാരുടെയും ഗതാഗതത്തിന് ജലപാതകളെ ഉപയോഗപ്പെടുത്താൻ സംസ്ഥാന സർക്കാരും ഐ.ഡബ്ല്യു.എ.ഐയും പ്രവർത്തിക്കുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### എ) കെ.ഐ.വി നിയമങ്ങൾക്ക് കീഴിലുള്ള റെഗുലേറ്ററി പ്രവർത്തനങ്ങൾ

നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള സ്ഥാപനങ്ങളിലെ ക്രമീകരണം ശക്തിപ്പെടുത്തുന്നതിനുള്ള മാനവ വിഭവശേഷിയും അനുബന്ധ ചെലവുകളും, നിയമ നിർവ്വഹണത്തിനായുള്ള പരിശോധനകൾ നടത്തുന്നതിനും നിർവ്വഹണം ഉറപ്പാക്കുന്നതിലും ഒരു സംയുക്ത സംഘം രൂപീകരിക്കൽ, സർവ്വെ ഉപകരണങ്ങളുടെ പരിപാലനം, ഇന്ധന ചെലവുകൾ, സർവ്വെയും പരിശോധനകളും, അനുബന്ധ യാത്രാ ചെലവുകൾ, കെഐവി നിയമങ്ങളുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ, പഠനങ്ങൾ, കെഐവി നിയമങ്ങൾക്ക് കീഴിലുള്ള ബെസ്റ്റ് പ്രാക്ടീസസ് സ്വീകരിക്കൽ എന്നിവയ്ക്കായി ഈ പദ്ധതി വിഭാവനം ചെയ്യുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി 2025-26 ലെ ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കെ.ഐ.വി നിയമങ്ങൾ നടപ്പിലാക്കുന്നതിനും, എല്ലാ തുറമുഖങ്ങളിലും പരിശോധനകൾ നടത്തുക, സർവ്വെ ഉപകരണങ്ങൾ പരിപാലിക്കൽ തുടങ്ങിയവ | **100.00** |
| 2 | എല്ലാ തുറമുഖങ്ങളിലും സർവ്വെ ഉപകരണങ്ങളും ബോട്ടുകളും വാങ്ങുക | |

### ബി) കെ.ഐ.വി നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം

ഉൾനാടൻ ജലപാതകളുടെ ആവശ്യമായ ഡ്രെഡ്ജിംഗ് വഴിയുള്ള വികസനവും അറ്റകുറ്റപ്പണികളും, ബോയകൾ അടയാളപ്പെടുത്തൽ ഉൾപ്പെടെയുള്ള വിവിധ നാവിഗേഷൻ സഹായങ്ങൾ സ്ഥാപിക്കൽ, ഉൾനാടൻ ജലയാനങ്ങൾക്ക് ആവശ്യമായ ലാൻഡിംഗ്-ജെട്ടി സൗകര്യങ്ങളുടെ നിർമ്മാണം, തുറമുഖ കരകൗശല വസ്തുക്കൾ, ഉൾനാടൻ ജലപാതകളിലും ലാൻഡിംഗ് സെന്ററുകളിലും സുരക്ഷയും സുരക്ഷാ സംവിധാനങ്ങളും വർദ്ധിപ്പിക്കുക എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർവ്വെയ്ക്കും രജിസ്ട്രേഷനുമായി ഓൺലൈൻ പോർട്ടൽ വികസിപ്പിച്ച് ഇ-രജിസ്ട്രേഷൻ സൗകര്യം നടപ്പിലാക്കുക, ഡിറ്റൻഷൻ യാർഡുകൾ സ്ഥാപിക്കൽ, ഭൂമി ഏറ്റെടുക്കൽ, ഡ്രൈഡോക്ക്, സർവ്വെ ഉപകരണങ്ങൾ, ബോട്ടുകൾ, മലിനജല സംസ്കരണ പ്ലാന്റുകൾ, ഉൾനാടൻ വെസ്സലുകൾക്കുള്ള മൊബൈൽ മലിനജല സംസ്കരണ പ്ലാന്റുകൾ തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുന്നു. താഴെപ്പറയുന്ന പ്രവർത്തനത്തനം ഏറ്റെടുക്കുന്നതിനായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ആലപ്പുഴയിൽ ഡ്രൈ ഡോക്കിന്റെ നിർമ്മാണവും ഭൂമി ഏറ്റെടുക്കലും | 100.00 |

### 3. വർക്ക്ഷോപ്പുകളുടെയും സ്റ്റോർ ഓർഗൈനൈസേഷനുകളുടെയും വിപുലീകരണം

**(വിഹിതം: 300.00 ലക്ഷം രൂപ)**

വകുപ്പിന്റെ സാങ്കേതിക വിഭാഗമാണ് മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിംഗ് (എം.ഇ.ഡബ്ല്യു) സംഭരണം, നിർവ്വഹണം, തുറമുഖ വകുപ്പിന് കീഴിലുള്ള നോൺ മേജർ തുറമുഖങ്ങളിലെ വാടക ചാർജ്ജുകൾ, ഫ്ലോട്ടിംഗ് ക്രാഫ്റ്റുകൾ, ക്രെയിനുകൾ മറ്റ് എല്ലാ ഉപകരണങ്ങളുടെയും നിരക്കുകൾ നിശ്ചയിക്കുക എന്നിവ ഈ വിംഗിന്റെ ചുമതലയാണ്. ഈ വിംഗിനു കീഴിൽ രണ്ട് മെക്കാനിക്കൽ എഞ്ചിനിയറിംഗ് വർക്ക് ഷോപ്പുകളുണ്ട്. ഒന്ന് കൊല്ലം തുറമുഖത്തും മറ്റൊന്നു ബേപ്പൂർ തുറമുഖത്തും ആണ്.

കെ.എം.ബിയുടെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് കീഴിലുള്ള ഓഫീസുകളുടെയും വർക്ക് ഷോപ്പുകളുടെയും പരിപാലനവും നവീകരണവും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. സുഗമമായ ഷിപ്പിംഗ് പ്രവർത്തനത്തിനായി യന്ത്രഭാഗങ്ങളും മറ്റ് അവശ്യ ഘടകങ്ങളും വാങ്ങുക, പ്രവർത്തനത്തിനുള്ള ഇന്ധനം, ഉപകരണങ്ങൾ, പ്ലാന്റുകൾ, എന്നിവയുടെ അറ്റകുറ്റപ്പണി, ടഗ്ഗുകൾ, ഡ്രഡ്ജർ പോർട്ട് ഉപകരണങ്ങൾ, ഐ.ടി.വി, ഫ്ലോട്ടിംഗ് ക്രാഫ്റ്റുകൾ, സോളാർ സിസ്റ്റം പോലുള്ള പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ, സ്റ്റാൻഡ്ബൈ എമർജൻസി, പവർ സപ്ലൈ നൽകുന്നതിന് യൂണിറ്റുകൾ/ജനറേറ്ററുകൾ, ആവശ്യമായ പിന്തുണാസംവിധാനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി ഈ വർക്ക്ഷോപ്പുകളെ ചുമതലപ്പെടുത്തിയിരിക്കുന്നു. ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ടഗ്ഗുകൾ, ക്രെയിനുകൾ, ഡ്രെഡ്ജർ, ഫോർക്ക് ലിഫ്റ്റ് എന്നിവയുടെയും കോഴിക്കോട്, കൊല്ലം എം ഇ ഡബ്ല്യു, മറ്റ് തുറമുഖങ്ങളുടെയും മറ്റെല്ലാ പ്രവർത്തന ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികളും പരിപാലനവും | 300.00 |
| 2 | മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകളുടെ ആധുനികവൽക്കരണം | |
| 2 | കൊല്ലത്ത് പുതിയ വർക്ക്ഷോപ്പ് കെട്ടിടത്തിനായി സ്റ്റോറേജ് റാക്കുകൾ, സ്റ്റോറേജ് ബിന്നുകൾ, മെറ്റീരിയൽ കൈകാര്യം ചെയ്യാനുള്ള ഉപകരണങ്ങൾ, മെറ്റീരിയൽ കൈകാര്യം ചെയ്യാനുള്ള വാഹനം തുടങ്ങിയവ വാങ്ങൽ | |
| 3 | എല്ലാ തുറമുഖങ്ങൾക്കും ഉപകരണങ്ങൾ, സ്റ്റോർ ഇനങ്ങൾ, ഇന്ധനം തുടങ്ങിയവ വാങ്ങൽ, നിയമാനുസൃത പരിശോധന ഫീസ്, ഇൻഷ്വറൻസ് ചാർജ്ജുകൾ | |

### 4. കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്-സെൻറർ ഓഫ് എക്സലൻസ്

**(വിഹിതം: 371.00 ലക്ഷം രൂപ)**

കേരളത്തെ ഇന്ത്യയുടെ മാരിടൈം പഠനത്തിന്റെ കേന്ദ്രമാക്കുക എന്ന ദീർഘകാല ലക്ഷ്യത്തോടെ വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം എന്നിവയിലൂടെ സമുദ്രമേഖലയിൽ തൊഴിൽപരമായി യോഗ്യതയുള്ളതും വൈദഗ്ധ്യമുള്ളതുമായ മാനവ വിഭവശേഷി സൃഷ്ടിക്കുന്നതിനാണ് കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ദേശിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ടിന് നീണ്ടകര, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലായി രണ്ട് കാമ്പസുകളുണ്ട്. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ലെ ബജറ്റിൽ 371.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എ) പശ്ചാത്തല സൗകര്യ വികസനം:**

രണ്ട് കാമ്പസുകളിലും ഓഡിറ്റോറിയം, ലൈബ്രറിയുടെയും റീഡിംഗ് റൂമിന്റെയും നിർമ്മാണം, ശിൽപശാലകൾ, വെബ് സൈറ്റുകളുടെയും പോർട്ടലുകളുടെയും വികസനം, ലാബുകളും ലൈബ്രറികളും സ്ഥാപിക്കുന്നതിനും, കടൽ യാത്രക്കാർക്കായുള്ള പരിശീലന യാനങ്ങൾ തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. 2025-26 ബജറ്റിൽ 321.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നീണ്ടകരയിലും കൊടുങ്ങല്ലൂരിലും നീന്തൽക്കുളത്തിന്റെ നിർമ്മാണം | 321.00 |
| 2 | നീണ്ടകര ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന്റെ നിർമ്മാണവും നവീകരണവും | |

**(ബി) മാനവ വിഭവശേഷി വികസനം**

ആവശ്യമായ പരിശീലനം നല്കിക്കൊണ്ട് റിസോഴ്സ്പേഴ്സൺസിനെ യോഗ്യരാക്കുക, ദേശീയ അന്തർദേശീയ അഫിലിയേഷൻ കരസ്ഥമാക്കുക, പ്രമോഷണൽ പ്രവർത്തനങ്ങൾ, പരസ്യങ്ങൾ നല്കുക, കോൺഫറൻസുകൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക, ഇന്റേൺഷിപ്പുകൾ പ്രോത്സാഹിപ്പിക്കുക, സമുദ്ര ഗവേഷണങ്ങളും പ്രൊജക്ടുകളും ഗവേഷണ ഫലങ്ങളുടെ പ്രസിദ്ധീകരണം തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ. അന്താരാഷ്ട്രതലത്തിൽ ചേർന്ന് നില്ക്കുന്ന തരത്തിലുള്ള മാരിടൈം കോഴ്സുകൾ ആരംഭിക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 10.00 ലക്ഷം രൂപ വനിതകൾക്കായി വകയിരുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വിവിധ പരിശീലന പരിപാടികളും, മാനവ വിഭവശേഷി ഹയറിംഗും | 50.00 |
| 2 | ലാബ് ഉപകരണങ്ങൾ, പുസ്തകങ്ങൾ, ചാർട്ട്, പ്രദർശന ഉപകരണങ്ങൾ എന്നിവ വാങ്ങൽ | |

**5. നോൺ-മേജർ തുറമുഖങ്ങളുടെ വികസനം**

**(വിഹിതം: 6500.00 ലക്ഷം രൂപ)**

അഴീക്കൽ, ബേപ്പൂർ (കോഴിക്കോട്), കൊല്ലം, വിഴിഞ്ഞം എന്നീ പ്രധാന തുറമുഖങ്ങളിൽ കണക്റ്റിവിറ്റി, സംഭരണ സൗകര്യങ്ങൾ, ആവശ്യമായ വാഹനങ്ങളുടെ വാങ്ങലും പരിപാലനവും, ഐടിവികൾ (ഇന്റേണൽ ട്രാൻസ്ഫർ വെഹിക്കിൾസ്), നാവിഗേഷൻ സഹായങ്ങൾ, ഫ്ലോട്ടിംഗ് ക്രാഫ്റ്റ് ഉപകരണങ്ങൾ, ചരക്കുകളുടെയും യാത്രാ ഗതാഗതത്തിന്റെയും സുസ്ഥിര നീക്കത്തിന് ആവശ്യമായ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പൂർണ്ണ ശേഷിയുള്ള തുറമുഖങ്ങൾ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പൊന്നാനി, ആലപ്പുഴ, കൊടുങ്ങല്ലൂർ, തലശ്ശേരി, വലിയതുറ, വടകര, കണ്ണൂർ, കാസർകോട് തുടങ്ങിയ മറ്റ് തുറമുഖങ്ങളുടെ വികസനവും ഇതിൽ ഉൾപ്പെടുന്നു. കേരള മാരിടൈം ബോർഡിന്റെ പ്രാഥമിക ലക്ഷ്യം തുറമുഖങ്ങളിൽ നിലവിലുള്ള സൗകര്യങ്ങളുടെ പരമാവധി ഉപയോഗം ഉറപ്പാക്കുകയും ഭാവി വികസന പദ്ധതികൾ തിരിച്ചറിയുകയും ചെയ്യുക എന്നതാണ്.

തുറമുഖങ്ങളുടെ സുരക്ഷാ നിലവാരം വർദ്ധിപ്പിക്കുന്നതിനായി ഐഎസ്പിഎസ് കോഡുകൾ നടപ്പിലാക്കൽ, ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗ്, മാനുവൽ ഡ്രെഡ്ജിംഗ് നയം 2017 നടപ്പിലാക്കൽ, ഡ്രെഡ്ജഡ് മെറ്റീരിയൽ പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കൽ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുറമുഖ പരിധിയിലെ ഭൂമിയുടെയും മറ്റ് ആസ്തികളുടെ സംരക്ഷണവും വികസനവും, ഡ്രെഡ്ജിംഗ് പ്രവർത്തനങ്ങളും തുറമുഖ ഭൂമി വീണ്ടെടുക്കലും, തുറമുഖങ്ങളിലേക്കുള്ള കണക്റ്റിവിറ്റി വർദ്ധിപ്പിക്കൽ, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം/പരിപാലനം/നവീകരണം, പുനരുപയോഗ ഊർജ്ജ യൂണിറ്റുകൾ സ്ഥാപിക്കൽ,

സ്വയം പ്രവർത്തിക്കുന്ന വൈദ്യുത ഉപകരണങ്ങൾ /ജനറേറ്റർ സെറ്റുകൾ എന്നിവ വാങ്ങൽ, തുറമുഖ ഭൂമിയിലും തുറമുഖ വകുപ്പിന് കീഴിലുള്ള ഈ തുറമുഖങ്ങളിലെ പ്രദേശങ്ങളും ഹരിതവൽക്കരിക്കൽ, തീരദേശ സുരക്ഷയ്ക്കും ആശയവിനിമയത്തിനും ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുന്നു. മെയിന്റനൻസ് ഡ്രെഡ്ജിംഗ്, വാർഫുകളുടെ നിർമ്മാണം, ഭരണ കെട്ടിടങ്ങൾ, ഗോഡൗണുകൾ, കോമ്പൗണ്ട് മതിലുകൾ, എല്ലാ നോൺ-മേജർ തുറമുഖങ്ങളുടെയും പിയറുകൾ, ക്വാർട്ടേഴ്സുകൾ, ഓഫീസ് കെട്ടിടങ്ങൾ എന്നിവയുടെ നവീകരണം എന്നിവയും പദ്ധതിയിൽ ഉൾപ്പെടുന്നു.

മൊത്തത്തിൽ, കേരളത്തിലെ തുറമുഖങ്ങളെ ആധുനികവൽക്കരിക്കുക, കാര്യക്ഷമത മെച്ചപ്പെടുത്തുക, ദീർഘകാല സുസ്ഥിരത ഉറപ്പാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അടിസ്ഥാന സൗകര്യ വികസനം, പ്രവർത്തന കാര്യക്ഷമത, പരിസ്ഥിതി സംരക്ഷണം, സുരക്ഷാ മെച്ചപ്പെടുത്തൽ എന്നിവയിൽ ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും സ്പിൽ ഓവർ പ്രതിബദ്ധതകൾക്കുമായി 2025-26 ബജറ്റിൽ ₹ 6500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സാഗർമാല (കേന്ദ്ര മേഖല പദ്ധതി) പ്രകാരം അംഗീകാരം ലഭിച്ച പദ്ധതികളുടെ സംസ്ഥാന വിഹിതമായി ആവശ്യമെങ്കിൽ ഈ തുക ഉപയോഗിക്കാം. ഏതെങ്കിലും പ്രത്യേക പദ്ധതിയ്ക്ക് സാഗർമാലയിൽ നിന്ന് അംഗീകാരം ലഭിക്കുകയാണെങ്കിൽ ആവശ്യമായ തുക സാഗർമാല ഹെഡിലേക്ക് ധനപുനർവിനിയോഗം നടത്താം.

**6. വിഴിഞ്ഞം ആഴക്കടൽ അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനലിന്റെ വികസനം**

**(വിഹിതം: 1.00 ലക്ഷം രൂപ)**

രാജ്യത്തെ ആദ്യത്തെ ആഴക്കടൽ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖമാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. 18 മീറ്ററിന്റെ സ്വാഭാവിക ആഴം, അന്താരാഷ്ട്ര ഷിപ്പിംഗ് റൂട്ടിലേക്ക് 10 നോട്ടിക്കൽ മൈൽ ദൂരം, കുറഞ്ഞ ഡ്രഡ്ജിംഗ് പരിപാലന ചെലവ് എന്നിവയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പ്രധാന ആകർഷണങ്ങൾ. 1 മില്യൻ ടി.ഇ.യു (ട്വന്റി ഫൂട്ട് ഈക്വലന്റ് യൂണിറ്റ്) കണ്ടെയ്നർ കൈകാര്യം ചെയ്യാനുള്ള ശേഷിയുള്ള 800 മീറ്റർ നീളമുള്ള ബർത്തുമായി തുറമുഖത്തിന്റെ ആദ്യ ഘട്ടം 2024 ഡിസംബർ 3 ന് കമ്മീഷൻ ചെയ്തു. ഇത് ഭാവിയിൽ 3 മില്യൻ ടി.ഇ.യു/2000മീറ്റർ നീളമുള്ള ബർത്തായി വികസിപ്പിക്കാനുള്ള സാധ്യതയോടെയാണ് മറ്റ് ഘട്ടങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ ആകെ ചെലവ് 868646.00 ലക്ഷം രൂപയാണ്. ഇതിൽ (i) പിപിപി ഘടകമായി 408900.00 ലക്ഷം രൂപയും (ii) ബ്രേക്ക് വാട്ടറിന്റെയും ഫിഷിംഗ് ഹാർബറിന്റെയും ധനസഹായമായി 146300.00 ലക്ഷം രൂപയും (iii) ബാഹ്യ അടിസ്ഥാന സൗകര്യങ്ങൾക്കും ഭൂമി ഏറ്റെടുക്കലിനുമായി 313446.00 ലക്ഷം രൂപയുമാണ് ഉൾപ്പെടുന്നത്.

ഇന്ത്യാ ഗവൺമെന്റിന്റെ വയബിലിറ്റി ഗ്യാപ് (വി.ജി.എഫ്) ഫണ്ടോടെ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (പി.പി.പി) മാതൃകയിലുള്ള രാജ്യത്തെ ആദ്യത്തെ തുറമുഖ പദ്ധതിയാണിത്. പി.പി.പി ഘടകമായ 408900.00 ലക്ഷം രൂപയിൽ 163500.00 ലക്ഷം രൂപയിൽ വിജിഎഫും (ഇന്ത്യാ ഗവൺമെന്റ് 81780.00 ലക്ഷം രൂപ, കേരള സർക്കാർ 81720.00 രൂപ) 245400.00 ലക്ഷം രൂപ കൺസെഷനയർ കമ്പനിയായ അദാനി പോർട്ട് ലിമിറ്റഡിന്റെ നിക്ഷേപ വിഹിതവും ആണ്.

2025-26 കാലയളവിൽ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്

- പ്രവർത്തന പരിപാലനത്തിന് കൺസെഷനയർക്കുള്ള പിന്തുണ
- ഫണ്ടഡ് ജോലികൾ (മത്സ്യബന്ധന തുറമുഖം)
- ബാഹ്യ അടിസ്ഥാന സൗകര്യങ്ങൾ - റെയിൽ നിർമ്മാണം, വൈദ്യുതി
- വായ്പയുടെ പലിശയും ഗ്യാരണ്ടി കമ്മീഷനും
- കൺസൾട്ടൻസിയും, നിയമവും ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ.
- പദ്ധതി ബാധിതരായ ആളുകൾക്ക് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ/പുനരധിവാസവും റീസെറ്റിൽമെന്റും

2025-26 ബജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്രമായി വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയെ മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് പ്രോജക്ടിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിച്ചെലവിന്റെ

സംസ്ഥാന വിഹിതം നിറവേറ്റുന്നതിനുള്ള ഫണ്ടുകൾ യഥാർത്ഥ ആവശ്യമനുസരിച്ച് 'മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് പ്രൊജക്ടുകൾ' എന്ന ശീർഷകത്തിൽ നൽകിയിട്ടുള്ള വിഹിതത്തിൽ നിന്നും ലഭിക്കുന്നതാണ്.

**7. മലബാർ അന്താരാഷ്ട്ര തുറമുഖം – (പഴയ ഗ്രീൻഫീൽഡ് ഫീഡർ തുറമുഖം) – അഴീക്കൽ തുറമുഖം**
**(വിഹിതം: 696.00 ലക്ഷം രൂപ)**

കേരളത്തിന്റെ വടക്കൻ ഭാഗത്തും കർണാടകയുടെ തെക്ക് ഭാഗത്തുമുള്ള തുറമുഖ ആവശ്യങ്ങൾ നിറവേറ്റുക എന്ന ഉദ്ദേശത്തോടെ അഴീക്കലിൽ ഒരു ഗ്രീൻ ഫീൽഡ് പോർട്ട് (ഔട്ടർ ഹാർബർ) വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. തുറമുഖം, സമുദ്രാധിഷ്ഠിത വ്യവസായത്തിന് കാര്യക്ഷമമായ സൗകര്യങ്ങൾ ഒരുക്കുക വഴി ഉൾനാടൻ വ്യാവസായിക വികസനത്തിന് സ്വാധീനം ചെലുത്തുക എന്നതും ഇതിന്റെ ഒരു ലക്ഷ്യമാണ്.

കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖത്തിന്റെയും മലബാർ മേഖലയിലെ വ്യവസായ പാർക്കുകളുടെയും വികസനം കേരള സർക്കാർ സ്ഥാപനമായ കെഎംബിയുടെ കീഴിലുള്ള പ്രത്യേക ഉദ്ദേശ സ്ഥാപനമായ മലബാർ ഇന്റർനാഷണൽ പോർട്ട്സ് & സെസ് ലിമിറ്റഡ് എന്ന കമ്പനി ഏറ്റെടുക്കും. തുറമുഖത്തിന്റെ ആസൂത്രണം, രൂപകൽപ്പന, ആവശ്യമായ സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ്, വിഭവസമാഹരണം, വികസനവും തുടർന്നുള്ള പ്രവർത്തനങ്ങളും ഉചിതമായ പ്രവർത്തന മാതൃകയുടെ അടിസ്ഥാനത്തിൽ കമ്പനി മേൽനോട്ടം വഹിക്കും. കൂടാതെ, ഈ മേഖലയിലെ അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട മികച്ച രീതികൾ സ്വീകരിക്കുകയും ചെയ്യും. ഘട്ടം 1 ലും 2 ലും 12.6 മീറ്റർ (ഡെപ്ത്), മൂന്നാം ഘട്ടത്തിൽ 14.5 മീറ്റർ വരെ ആഴമുള്ളകപ്പലുകൾ കൈകാര്യം ചെയ്യുന്ന രീതിയിൽ 3 ഘട്ടങ്ങളിലായി 5047.00 കോടി (3742.00 കോടി + 375.00 കോടി രൂപ + 930.00 കോടി രൂപ) രൂപയാണ് നിലവിൽ കണക്കാക്കിയ പദ്ധതിച്ചെലവ്. ഒന്നാം ഘട്ടത്തിൽ, നിർമ്മാണ സമയത്തും തുറമുഖ പ്രവർത്തനങ്ങളിലും ഉപയോഗിക്കുന്നതിന് തുറമുഖത്തിൽ നിന്നും ദേശീയപാത ബൈപാസിലേക്കുള്ള ഒരു പ്രത്യേക റോഡ് വികസിപ്പിക്കും. മൂന്നാം ഘട്ടത്തിൽ മാത്രമാണ് റെയിൽ കണക്റ്റിവിറ്റി ഉദ്ദേശിക്കുന്നത്.

ജി.ഒ. (എം.എസ്) നമ്പർ 17/2024/എഫ്&പി തീയതി: 22.08.2024 പ്രകാരം, സാമ്പത്തിക മാതൃകയോടൊപ്പം ഡിപിആറും നിബന്ധനകളോടെ സർക്കാർ അംഗീകരിച്ചു. പരിസ്ഥിതി ആഘാത വിലയിരുത്തൽ (ഇഐഎ) കരട് റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്.

മലബാർ ഇന്റർനാഷണൽ പോർട്ട്സിന്റെയും സെസ് ലിമിറ്റഡിന്റെയും പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 696.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥാപനത്തിനും പദ്ധതി നടത്തിപ്പിനും പുറമെ തുറമുഖ വികസനത്തിൽ സ്വകാര്യ മേഖലയുടെ താൽപ്പര്യം കണ്ടെത്തുന്നതിനായി, സാമ്പത്തിക, സാങ്കേതിക, ബിസിനസ് കൺസൾട്ടൻസിയ്ക്കാവശ്യമായ ഫീസ് ഉൾപ്പെടെയുള്ളവയ്ക്കാണ് തുക വകയിരുത്തിയിട്ടുണ്ട്.

**8. എ) സാഗർമാല പദ്ധതി (സംസ്ഥാന വിഹിതം) (വിഹിതം: 1.00 ലക്ഷം രൂപ)**
**ബി) സാഗർമാല പദ്ധതി (കേന്ദ്ര വിഹിതം) (വിഹിതം: 1.00 ലക്ഷം രൂപ)**

രാജ്യത്തിന്റെ 7,500 കിലോമീറ്റർ നീളമുള്ള കടൽത്തീരത്തെ പരമാവധി പ്രയോജനപ്പെടുത്തി തുറമുഖാധിഷ്ഠിത വികസനം വിഭാവനം ചെയ്യുന്ന കേന്ദ്രമേഖല പദ്ധതിയാണ് സാഗർമാല പദ്ധതി. സാഗർമാല രണ്ട് രീതിയിൽ സഹായം നല്കുന്നു. ഡ്രെഡ്ജിംഗ്, ബ്രേക്ക് വാട്ടർ നിർമ്മാണം, ബെർത്ത് നിർമ്മാണം, നവീകരണം എന്നീ തുറമുഖങ്ങളിലെ വികസനത്തിനായുള്ള വിവിധ ഘടകങ്ങൾക്ക് സാമ്പത്തിക സഹായം നല്കുന്നതാണ് ഒന്നാമത്തേത്. തുറമുഖങ്ങളുടെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെയും വികസനത്തിൽ ഉൾപ്പെട്ടിട്ടുള്ള എസ്.പി.വി കൾക്ക് ഇക്വിറ്റി പിന്തുണ നല്കുക എന്നതാണ് രണ്ടാമത്തെ രീതി. തുറമുഖങ്ങളിൽ ബെർത്ത് നിർമ്മാണം, ചാനലിന്റെയും ബേസിന്റെയും ഡ്രെഡ്ജിംഗ് എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം ലഭിക്കാനുള്ള സാധ്യതകൾ കെ എം ബി ആരായുന്നുണ്ട്. സർക്കാരിന്റെ അംഗീകാരത്തെ അടിസ്ഥാനമാക്കി സാഗർമാലയ്ക്ക് കീഴിലുള്ള കേന്ദ്ര സഹായം, പ്രൊജക്ട് മോഡിലായതിനാൽ കേന്ദ്രസഹായം ലഭ്യമാക്കുന്നതിനായി 2025-26 ബജറ്റിൽ ഈ പദ്ധതിക്കായി സംസ്ഥാനവിഹിതത്തിനായും കേന്ദ്ര വിഹിതത്തിനായും 1.00 ലക്ഷം രൂപ വീതം നാമമാത്രമായി വകയിരുത്തിയിരിക്കുന്നു.

### 7.1.2 ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

കേരള സർക്കാരിലെ ഫിഷറീസ് വകുപ്പിന് കീഴിലാണ് ഹാർബർ എൻഞ്ചിനിയറിംഗ് വകുപ്പിന്റെ പ്രവർത്തനങ്ങൾ. ഫിഷറീസ്, പോർട്ട്, ടൂറിസം വകുപ്പുകളുടെ ഒരു സേവന ഏജൻസിയായി ഹാർബർ എൻഞ്ചിനീയറിംഗ് വകുപ്പ് പ്രവർത്തിക്കുന്നു. കൂടാതെ, ഇത് എല്ലാ മത്സ്യബന്ധന തുറമുഖങ്ങളെയും നിയന്ത്രിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. സമുദ്രമേഖലയിൽ അടിസ്ഥാന സൗകര്യവികസനം സൃഷ്ടിക്കുന്നതിനുള്ള പുതിയ രീതികളും സാങ്കേതിക വിദ്യയും അന്വേഷിക്കുക, പര്യവേക്ഷണം ചെയ്യുക, വികസിപ്പിക്കുക, നടപ്പിലാക്കുക എന്നിവയാണ് വകുപ്പിന്റെ പ്രധാന ദൗത്യം. ഫീഷറീസ് വകുപ്പ്, തുറമുഖ വകുപ്പ്, ടൂറിസം വകുപ്പ് എന്നിവയുടെ തീരദേശ മേഖലയിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വകുപ്പ് സാങ്കേതിക സഹായം നല്കുന്നു. 2025-26 ബജറ്റിൽ തുറമുഖ മേഖലയിൽ എച്ച്.ഇ.ഡി വഴി നടപ്പാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ആധുനികവത്ക്കരണം, ഗവേഷണം, വികസനം.**

**(വിഹിതം: 750.00 ലക്ഷം രൂപ)**

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് സംസ്ഥാനത്ത് 36 ഓഫീസുകൾ (24 സബ് ഡിവിഷണൽ ഓഫീസുകൾ, 8 ഡിവിഷണൽ ഓഫീസുകൾ, 3 സർക്കിൾ ഓഫീസുകൾ, സിഇ.ഒ ഓഫീസ് എന്നിവ) ഉണ്ട്.

ഭരണ നിർവ്വഹണം, പ്രൊജക്ട് മാനേജ്മെന്റ് ശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിന് എച്ച്ഇഡിയെ സജ്ജമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എച്ച്ഇഡിയുടെ ഭരണപരവും അനുബന്ധവുമായ അടിസ്ഥാന സൗകര്യങ്ങൾ, പരിശീലനം, ശേഷി വർദ്ധിപ്പിക്കൽ, ഇ-ഗവേൺസ്, എച്ച്ഇഡിയുടെ ഗവേഷണ-വികസന പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇത് തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതിയാണ്. 3 ശീർഷകങ്ങളിലായാണ് ഈ പദ്ധതിക്ക് തുക വകയിരുത്തുന്നത്. പദ്ധതിയുടെ ഘടകങ്ങൾ താഴെ വിശദമാക്കിയിരിക്കുന്നു.

**എ) മൂലധന പ്രവർത്തനങ്ങൾ**

അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| I | **നിലവിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പ്രോജക്ടുകൾ/വർക്കുകൾ** | 350.00 |
| 1 | എച്ച്.ഇ.ഡിയുടെ സർക്കിൾ ആൻഡ് ഡിവിഷൻ ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള ഇലക്ട്രിക്കൽ ജോലികൾ | |
| 2 | എച്ച്.ഇ.ഡിയുടെ കീഴിലുള്ള വിവിധ ഓഫീസുകൾ, ക്വാർട്ടേഴ്സ്, എന്നിവയുടെ അറ്റകുറ്റപ്പണികൾ | |
| 3 | കമലേശ്വരത്തെ പുതിയ ടൈപ്പ് II ക്വാർട്ടേഴ്സിന്റെ ഒന്നാം നിലയുടെ നിർമ്മാണം | |
| 4 | തിരുവനന്തപുരം ഡിവിഷൻ ഓഫീസിന്റെ നിർമ്മാണം – ഒന്നാം ഘട്ടം | |
| 5 | കമലേശ്വരത്തെ എച്ച്ഇഡി സമുച്ചയത്തിൽ ഇന്റേണൽ റോഡിന്റെയും ഇന്റേണൽ ഡ്രെയിനിന്റെയും നിർമ്മാണം | |
| II | **പുതിയ പ്രവർത്തനങ്ങൾ** | |
| 6 | കമലേശ്വരത്ത് തിരുവനന്തപുരം ഡിവിഷൻ ഓഫീസിന്റെ നിർമ്മാണം – രണ്ടാം ഘട്ടം | |
| 7 | ആലപ്പിയിൽ എച്ച്ഇഡി ഓഫീസിന്റെ നിർമ്മാണം – ഒന്നാം ഘട്ടം | |
| 8 | കൊല്ലം ആശ്രമത്തിലെ സബ് ഡിവിഷൻ കെട്ടിടത്തിന്റെ പുനർനിർമ്മാണം – ഒന്നാം ഘട്ടം | |
| 9 | എറണാകുളത്ത് സെൻട്രൽ സർക്കിൾ ഓഫീസിന്റെ നിർമ്മാണം – ഒന്നാം | |

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | ഘട്ടം | |
| 10 | കമലേശ്വരത്ത് വേവ് അനാലിസിസ് ലാബ് നിർമാണം | |
| 11 | കമലേശ്വരത്ത് ടൈപ്പ് 1 ക്വാർട്ടേഴ്സിന്റെ പുനഃനിർമ്മാണം | |
| 12 | കമലേശ്വരത്തെ ചീഫ് എഞ്ചിനീയർ ഓഫീസിന്റെ കേടുപാടുതീർക്കലും അറ്റകുറ്റപ്പണികളും | |
| 13 | വിഴിഞ്ഞം ഐബിയിലെ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും | |
| 14 | എച്ച്ഇഡിയുടെ സബ് ഡിവിഷൻ ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള വൈദ്യുത ജോലികൾ | |
| 15 | എച്ച്ഇഡിയുടെ കീഴിലുള്ള വിവിധ ഓഫീസുകൾ, ക്വാർട്ടേഴ്സുകൾ, ഐബി എന്നിവയുടെ അറ്റകുറ്റപ്പണികൾ | |
| 16 | വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്കായി പുതിയ കെട്ടിടനിർമ്മാണം | |

മുൻ വർഷങ്ങളിൽ ആരംഭിച്ച പ്രോഗ്രാമുകൾ/പ്രൊജക്ടുകളുടെയും സ്പിൽ ഓവർ പെയ്മെന്റ് നല്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. മേൽ പറഞ്ഞ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. പരിശീലനം, കാര്യക്ഷമത വർദ്ധിപ്പിക്കൽ (എച്ച്.ഇ.ഡി)**

അംഗീകൃത സ്ഥാപനങ്ങളിലൂടെ പരിശീലനം നല്കുകയും ഓഫീസ് അഡ്മിനിസ്ട്രേഷൻ അടിസ്ഥാന ഡിജിറ്റൽ പശ്ചാത്തലം ഉറപ്പാക്കുകയും ചെയ്യുന്നതിലൂടെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ ഘടകം. പരിശീലനം, വർക്കഷോപ്പുകൾ, സെമിനാറുകൾ, പഠന സന്ദർശനങ്ങൾ, ഇ-ഗവേണൻസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഐടി ഇൻഫ്രാസ്ട്രക്ച്ചർ, എച്ച്.ഇ.ഡി ഓഫീസുകളിൽ ബയോ മെട്രിക് പഞ്ചിംഗ്, ഇൻറർനെറ്റ് ചാർജ്ജുകൾ, സോഫ്റ്റ് വെയറുകൾ, ലൈസൻസുകൾ പുതുക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | എച്ച്.ഇ.ഡി യുടെ സബ് ഡിവിഷൻ ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കൽ | **200.00** |
| 2 | സ്പാർക്ക്, പ്രൈസ്, ഐപ്രോമിസ്, ബിംസ്, ബാംസ്, സിഎംഒ പോർട്ടൽ, പ്ലാൻ സ്പേയ്സ്, ഇ-ഓഫീസ് തുടങ്ങിയ എല്ലാ ഓൺലൈൻ ആപ്ലിക്കേഷനുകൾക്കുമായി ഇൻറർനെറ്റ് ചാർജ്ജുകൾ | |
| 3 | എച്ച്.ഇ.ഡിയുടെ വിവിധ ഓഫീസുകളിലേക്ക് ലാപ്ടോപ്പ്, ഡെസ്ക്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ എന്നിവ വാങ്ങുന്നതിന് | |
| 4 | എച്ച്ഇഡി ഉദ്യോഗസ്ഥർക്ക് അംഗീകൃത സ്ഥാപനങ്ങളിൽ പരിശീലനം നൽകൽ, വർക്ക്ഷോപ്പുകൾ, സാങ്കേതിക സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക | |
| 5 | ഇന്ത്യക്കകത്തും പുറത്തുമുള്ള തുറമുഖങ്ങളിലേക്കും ഹാർബറിലേക്കും മറ്റ് ഓഫ് ഷോർ തീരപ്രദേശങ്ങളിലേക്കുമുള്ള ഫീൽഡ് സന്ദർശനം | |
| 6 | ഐ.ടി ഹാർഡ് ആന്റ് സോഫ്റ്റ് വെയറുകൾ വാങ്ങുന്നതിന് | |

മേൽപറഞ്ഞ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(സി) ഗവേഷണവും വികസനവും (എച്ച്.ഇ.ഡി)**

2025-26 ബജറ്റിൽ ഇനിപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഫീൽഡ് ഓഫീസുകളിൽ ക്വാളിറ്റി കൺട്രോൾ ലാബ് നിർമ്മാണവും ഉപകരണങ്ങൾ വാങ്ങലും | 200.00 |
| 2 | ലൈസൻസ് പുതുക്കൽ ഉൾപ്പെടെയുള്ള ഡിസൈൻ സോഫ്റ്റ്‌വെയർ വാങ്ങുന്നതിനും അപ്ഗ്രേഡഷനും | |
| 3 | ഫീൽഡ് ലെവൽ പ്രോജക്റ്റുകളുടെ ഡിസൈൻ, ഇൻവെസ്റ്റിഗേഷൻ, ക്വാളിറ്റി കൺട്രോൾ എന്നിവ നടപ്പാക്കുന്നതിനായി എൻജിനീയറിങ് ബിരുദധാരികളെ നിയോഗിക്കുന്നതിന് | |
| 4 | നൂതന പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട ഗവേഷണ-വികസന ചെലവുകൾ, പ്രോജക്റ്റുകളുടെ ഡോക്യുമെന്റേഷനും പുതിയ സാങ്കേതികവിദ്യകളെ സ്വീകരിക്കുകയും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനും | |
| 5 | ഡിസൈനിലും മോഡലിംഗിലും ആർക്കിടെക്റ്റുകൾക്കും സാങ്കേതിക വിദഗ്ധർക്കും കൺസൾട്ടൻസി ചാർജ്ജുകൾ നൽകുക | |
| 6 | ഡിജിറ്റൽ ലൈബ്രറി, സർവ്വേകളും പഠനങ്ങളും സംബന്ധിച്ച പുസ്തകങ്ങൾ വാങ്ങുക | |
| 7 | ശാസ്ത്രീയ ലാബിനും മൊബൈൽ ഗുണനിലവാര ലാബിനുമുള്ള ഇൻഷ്വറൻസ് | |
| 8 | ഭൗതിക മാതൃകാ സൗകര്യം സ്ഥാപിക്കൽ | |

2025-26 ബജറ്റിൽ മുകളിൽ സൂചിപ്പിച്ച പദ്ധതികൾക്കായി 200.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിലേക്കായി വകയിരുത്തിയിരിക്കുന്നു.

**7.1.3 ഹൈഡ്രോഗ്രാഫിക് സർവ്വെ വിഭാഗം**

ഹൈഡ്രോഗ്രാഫിക് സർവ്വെകളുടെ ആവശ്യകതകൾ നിറവേറ്റുന്നതിനായി കേരള തുറമുഖ വകുപ്പിന്റെ ഒരു ഘടകമായി 1967 ൽ ഹൈഡ്രോഗ്രാഫിക്ക് സർവ്വെ വിംഗ് രൂപീകരിച്ചു. തടസ്സമില്ലാത്ത നാവിഗേഷൻ ഉറപ്പാക്കുന്നതിന് തീരദേശത്തിന്റെ സ്വഭാവം മനസ്സിലാക്കുന്നതിനായി വിംഗ് പ്രീ & പോസ്റ്റ് ഡ്രെഡ്ജിംഗ് സർവ്വെകളും, പ്രീ-പോസ്റ്റ് മൺസൂൺ സർവ്വെകളും നടത്തുന്നു. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, മറ്റ് സർക്കാർ ഓർഗനൈസേഷനുകൾ എന്നിവയുടെ ഹൈഡ്രോഗ്രാഫിക് സർവ്വെ ആവശ്യകതകളും, നാവിഗേഷൻ ചാർട്ട് അപ്ഡേറ്റ് ചെയ്യുന്നതിന് ഡെറാഡൂണിലെ ദേശീയ ഹൈഡ്രോഗ്രാഫിക് ഓഫീസ് (ഇന്ത്യൻ നേവി) ആവശ്യപ്പെടുന്ന ഹൈഡ്രോഗ്രാഫിക് വിവരങ്ങൾ തയ്യാറാക്കലും ഈ വിംഗ് നിർവ്വഹിക്കുന്നു.

1. **ഹൈഡ്രോഗ്രാഫിക് സർവ്വെകൾ - പ്രീ മൺസൂൺ, പോസ്റ്റ് മൺസൂൺ ഡ്രെഡ്ജിംഗ് ആൻഡ് ഇലക്ട്രോണിക് ഉപകരണങ്ങളും സർവ്വെ ഉപകരണങ്ങളും വാങ്ങൽ**

പ്രീ മൺസൂൺ, പോസ്റ്റ് മൺസൂൺ ഡ്രെഡ്ജിംഗും, ഇലക്ട്രോണിക് ഉപകരണങ്ങളും സർവ്വെ ഉപകരണങ്ങളും വാങ്ങുന്നതുമാണ് ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുന്നത്.

**എ. പ്രീ മൺസൂൺ, പോസ്റ്റ് മൺസൂൺ ഡ്രെഡ്ജിംഗ്**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഹൈഡ്രോഗ്രാഫിക് ഡാറ്റാ ശേഖരിക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി. തുറമുഖങ്ങൾ, കനാലുകൾ, ജലപാതകൾ എന്നിവയിൽ പലതവണ ഡ്രെഡ്ജിംഗ് നടക്കേണ്ടതായിട്ടുണ്ട്. ഡ്രെഡ്ജിംഗ്

ആസൂത്രണം ചെയ്യാനും നടത്താനും കൃത്യമായ ഹൈഡ്രോഗ്രാഫിക് ഡാറ്റാ ആവശ്യമാണ്. കൃത്യമായ ഹൈഡ്രോഗ്രാഫിക് ചാർട്ടുകൾ തയ്യാറാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കൃത്യമായ വിവരങ്ങളുടെ സഹായത്തോടെ, വേഗത്തിലും ചിട്ടയായതുമായ ഡ്രെഡ്ജിംഗ് നടത്താനും അതിലൂടെ തടസ്സമില്ലാത്തതും സുഗമവുമായ ജലഗതാഗതം ഉറപ്പ് വരുത്താനും കഴിയും.

പ്രൊജക്റ്റ് സർവ്വെകൾ, സർവ്വെ യാനങ്ങളുടെ പരിപാലനം, ഇൻഷുറൻസ്, കേരളതീരത്തിന്റെ ഡിജിറ്റലൈസേഷൻ, ഉൾനാടൻ നാവിഗേഷൻ സർവ്വേകൾ, ജലാശയങ്ങളുടെ വിവരശേഖരണവും സാധ്യതാ പഠനവും, ഹൈഡ്രോഗ്രാഫിക് ചാർട്ട് തയ്യാറാക്കൽ, ടൈഡൽ വിവരശേഖരണം, ഡ്രെഡ്ജ് ചെയ്ത വസ്തുക്കളുടെ കണക്കുകൂട്ടൽ, സോഫ്റ്റ്‌വെയറും, ഹാർഡ്‌വെയറും വാങ്ങുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും, അടിസ്ഥാന സൗകര്യ വികസനം, സർവ്വെ കപ്പലുകൾക്കും വാഹനങ്ങൾക്കുമായി പെട്രോൾ, ഡീസൽ, ലൂബ്രിക്കന്റുകൾ തുടങ്ങിയവയുടെ വാങ്ങൽ എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മഴക്കാലത്തിനു മുമ്പും ശേഷവുമുള്ള സർവ്വെകൾ (60 എണ്ണം) | 100.00 |
| 2 | ഡ്രെഡ്ജിംഗിന് മുൻപും ശേഷവുമുള്ള സർവ്വേ (75 എണ്ണം), | |
| 3 | ഇൻവെസ്റ്റിഗേഷൻ സർവ്വേ (20 എണ്ണം) | |
| 4 | പ്രോജക്റ്റ് സർവ്വേ (50 എണ്ണം) | |
| 5 | സർവ്വെ വെസ്സലുകളുടെയും സർവ്വെ വാഹനങ്ങളുടെയും ചെറിയ രീതിയിലുള്ള അറ്റകുറ്റപണികൾക്കും ഇൻഷുറൻസിനും (5 എണ്ണം) | |
| 6 | ജീവനക്കാർക്കുള്ള പരിശീലനം/വർക്ക്ഷോപ്പ്/സെമിനാറുകൾ (10 എണ്ണം) | |
| 7 | ഡാറ്റ പ്രോസസ്സിംഗും ചാർട്ട് തയ്യാറാക്കലും (205 എണ്ണം) | |
| 8 | സർവ്വെ സോഫ്റ്റ്‌വെയർ ഹാർഡ്‌വെയർ എ എം സി എന്നിവ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യ വികസനവും (10 എണ്ണം) | |

മേൽപറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. ഇലക്ട്രോണിക് ഉപകരണങ്ങളും സർവ്വെ ഉപകരണങ്ങളും വാങ്ങൽ**

**(വിഹിതം: 82.00 ലക്ഷം രൂപ)**

ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ് പതിവായി ഹൈഡ്രോഗ്രാഫിക് സർവ്വെകൾ നടത്തുകയും നാവിഗേഷൻ ഗവേഷണ വികസന ആവശ്യങ്ങൾക്കായി ഡാറ്റയും ചാർട്ടുകളും തയ്യാറാക്കി നല്കുകയും ചെയ്യുന്നു. കൃത്യമായ ഡാറ്റാ ശേഖരിക്കുന്നതിനായി സർവ്വെകൾ നടത്താൻ ആധുനിക സർവ്വെ ഉപകരണങ്ങളും സോഫ്റ്റ് വെയറും ആവശ്യമാണ്. തുറമുഖങ്ങൾ, മത്സ്യബന്ധന തുറമുഖങ്ങൾ, ജലപാതകൾ എന്നിവയുടെ വികസനത്തിനും ഹൈഡ്രോഗ്രാഫിക് ഡാറ്റ അത്യാവശ്യമാണ്. ഹൈഡ്രോഗ്രാഫിക് സർവ്വെയ്ക്കായി ആധുനിക സർവ്വെ ഉപകരണങ്ങൾ നല്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആധുനിക സർവ്വെ ഉപകരണങ്ങളായ എക്കോ സൗണ്ടർ, ഡിജിപിഎസ്, 2 പ്ലോട്ടേഴ്സ്, തുടങ്ങിയവ ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2025-26 ബജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി 82.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സർവ്വെ ഉപകരണങ്ങൾ, ആളില്ലാതെ നിയന്ത്രിക്കുന്ന (അൺമാൻഡ്) സർവ്വെ വാഹനം, മൊബൈൽ സർവ്വെ യൂണിറ്റ് എന്നിവ വാങ്ങുന്നതിന് | 82.00 |

## 2. കേരളത്തിലെ ഹൈഡ്രോഗ്രാഫിക് സർവ്വെ ഇൻസ്റ്റിട്ട്യൂട്ട്

**(വിഹിതം: 20.00 ലക്ഷം രൂപ)**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (കിഹാസ്) 03-2-2014 തീയതിയിലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 97/2014 എഫ് & പി.ഡി പ്രകാരം രൂപീകരിക്കുകയും കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസിന്റെ (കുഫോസ്) ക്യാമ്പസിൽ ഒരു സൊസൈറ്റിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഈ വിഭാഗത്തിലെ ബേസിക് ഹൈഡ്രോഗ്രാഫിക് സർവ്വെ കോഴ്സ്, അടിസ്ഥാന മറൈൻ ഇലക്ട്രോണിക് കോഴ്സ് (ബി എം ഇ സി), ടോട്ടൽ സ്റ്റേഷൻ സർവ്വെ കോഴ്സ്, ടെക്നിക്കൽ സ്റ്റാഫിനുള്ള പരിശീലനം എന്നിവ ഹൈഡ്രോഗ്രാഫിക് സർവ്വെ ഇൻസ്റ്റിട്ട്യൂട്ട് നടത്തുന്നു. ഹൈഡ്രോഗ്രാഫി സംബന്ധമായ മേഖലയിൽ ജോലി ചെയ്യുന്ന മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ആവശ്യാടിസ്ഥാനത്തിൽ പരിശീലനം നല്കാനും ഇൻസ്റ്റിട്ട്യൂട്ട് ഉദ്ദേശിക്കുന്നു.

കോഴ്സുകൾ പുനരാവിഷ്കരിക്കുന്നതിനും സ്ഥാപനശാക്തീകരണ പ്രവർത്തനങ്ങളിലൂടെ പ്രശസ്ത യൂണിവേഴ്സിറ്റികളിൽ നിന്ന് അഫിലിയേഷൻ നേടുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഇൻസ്റ്റിറ്റ്യൂട്ടിനായി ആധുനിക സർവ്വേ ഉപകരണങ്ങൾ വാങ്ങൽ | 20.00 |
| 2 | ഇൻസ്റ്റിറ്റ്യൂട്ടിനായി സോഫ്റ്റ്‌വെയർ വാങ്ങൽ | |
| 3 | സർവ്വെ കോഴ്സുകൾ, ഗൂഗിൾ ക്ലാസ്സ് റൂം | |
| 4 | അടിസ്ഥാന സൗകര്യ വികസനവും എ എം സി യും | |

2025-26 ബജറ്റിൽ മുകളിൽ പറയുന്ന പ്രവർത്തനങ്ങൾക്കായി 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ 25 ശതമാനം വനിതകളായിരിക്കും.

## 3. സർവ്വെ വെസ്സലുകളുടെ പുനഃസ്ഥാപനവും നവീകരണവും

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിൽ 8 സർവ്വെ ജലയാനങ്ങളും ഡിംഗികളും ഉണ്ട്. ഹൈഡ്രോഗ്രാഫിക് സർവ്വെകളുടെ പ്രവർത്തനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ, നിലവിലുള്ള യാനങ്ങളുടെ അറ്റകുറ്റപ്പണികളും നവീകരണവും ആവശ്യമാണ്. സർവ്വെ ജലയാനങ്ങൾ പുതുക്കിപ്പണിയാനും പുനഃസ്ഥാപിക്കാനും സൗകര്യമൊരുക്കാനും ആധുനിക സർവ്വെ വെസ്സലുകൾ ഉപയോഗിച്ച് ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിനെ സജ്ജീകരിക്കാനുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

എം.വി ജലഗവേഷിണി എന്ന പ്രത്യേക സർവ്വെ വെസ്സലിന്റെ അറ്റകുറ്റപ്പണി, ഡിംഗികളുടെ പരിപാലനം, ജീവൻരക്ഷാ ഉപകരണങ്ങൾ വാങ്ങൽ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സർവ്വെ വെസ്സലുകളുടെ നവീകരണം | 50.00 |
| 2 | ഡിംഗികൾ വാങ്ങുന്നതിന് | |
| 3 | കപ്പൽ വർക്ക്ഷോപ്പിൽ യന്ത്രങ്ങളും ഉപകരണങ്ങളും | |
| 4 | പെട്രോൾ എൻജിൻ | |

### 4. ഓഫീസ് കെട്ടിടങ്ങൾ, ബോട്ട് ഷെൽട്ടറുകൾ എന്നിവയുടെ നിർമ്മാണം, നവീകരണം

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിന് 7 ഓഫീസുകളുണ്ട്, കൂടാതെ ഇത് നിരവധി ബോട്ട് ഷെൽട്ടറുകളും പരിപാലിക്കുന്നു. മൂന്ന് ഓഫീസുകൾക്ക് (തിരുവനന്തപുരം, കോഴിക്കോട്, കൊടുങ്ങല്ലൂർ) സ്വന്തമായി കെട്ടിടങ്ങളുണ്ട്, മറ്റ് 4 ഓഫീസുകൾ മറ്റ് സർക്കാർ വകുപ്പുകളുടെ/ഏജൻസികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. ഓഫീസ് കെട്ടിടങ്ങൾ നല്ല നിലയിൽ നിലനിർത്തുന്നതിന്, നവീകരണവും സിവിൽ ജോലികളും ആവശ്യമാണ്. ഓഫീസുകളുടെയും ബോട്ട് ഷെൽട്ടറുകളുടെയും ശരിയായ പരിലപാലനത്തിനാണ് ഈ പദ്ധതി.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ആലപ്പുഴയിലെ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം | 50.00 |
| 2 | ബോട്ട് ഷെൽട്ടർ, റഫറൻസ് സ്റ്റേഷൻ, ഫ്ലോട്ടിംഗ് ജെട്ടി, ബോട്ട് യാർഡ് എന്നിവയുടെ നിർമ്മാണം | |

മുകളിൽ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 5. എച്ച്എസ്ഡബ്ല്യൂവിൽ ഡിജിറ്റൽ ഗവേണൻസ്

**(വിഹിതം: 50.00 ലക്ഷം രൂപ)**

സർവ്വെ നടത്തി സർവ്വെ ചാർട്ടുകൾ തയ്യാറാക്കുകയും, വെർച്വൽ മാർഗങ്ങളിലൂടെ (ഓൺലൈൻ) ഹെഡ് ഓഫീസിലേക്ക് മാറ്റുകയും ചെയ്യുക, ഇ-ചാർട്ടിംഗ്, ഇ-സർവേയിംഗ്, ഇ-ഓഫീസ്, മൊബൈൽ ആപ്ലിക്കേഷൻ എന്നിവയുടെ വികസനം തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. അതിനാൽ ഡാറ്റ പ്രൊസ്സസിംഗ്/ചാർട്ടുകൾ തയ്യാറാക്കൽ ഹൈഡ്രോഗ്രാഫി മേഖലയിലെ ഡാറ്റാ കൈമാറ്റം എന്നിവ ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റേണ്ടതുണ്ട്. വെബ് അധിഷ്ഠിത സംവിധാനം നിലവിൽ വന്നാൽ സർവ്വെയുടെ വേഗത, ചാർട്ടുകൾ തയ്യാറാക്കൽ, ഡാറ്റ കൈമാറ്റം എന്നിവ മെച്ചപ്പെടും. ഇതിനായി ഐ.ടി മിഷന്റെ മാർഗ്ഗനിർദ്ദേശത്തോടെ ഇ-ഫയലിംഗ് സംവിധാനവും ഇ-ചാർട്ടിംഗിന്റെ വികസനവും നടപ്പാക്കൽ ആവശ്യമാണ്.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സോഫ്റ്റ് വെയറും ഹാർഡ് വെയറും വാങ്ങലും എ എം സി ഫീസും | 50.00 |
| 2 | സോഫ്റ്റ്വെയർ വികസിപ്പിക്കൽ | |
| 3 | എച്ച്എസ്ഡബ്ല്യൂ നവീകരിക്കൽ | |

ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 7.2 റോഡുകളും പാലങ്ങളും

റോഡ് പശ്ചാത്തല ഗുണനിലവാരം മെച്ചപ്പെടുത്തി റോഡ് ഗതാഗത സൗകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതോടൊപ്പം ഗതാഗത ചെലവ്, വാഹന പരിപാലന ചെലവ്, റോഡ് അപകടങ്ങൾ, ഗതാഗത സമയം എന്നിവ കുറയ്ക്കുന്നതിനാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകുന്നത്. സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ, സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ റോഡുകളിലെയും പാലങ്ങളുടെ പുനഃസ്ഥാപനം/പുനഃനിർമ്മാണം, റോഡ് സുരക്ഷ, ഗവേഷണവും-വികസനവും, പരിശീലനം, ശേഷി വർദ്ധിപ്പിക്കൽ, നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗം എന്നിവയാണ് റോഡ് മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ.

ഈ മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്:

(1) ദേശീയ, മലയോര, തീരദേശ ഹൈവേകളുടെ വികസനം

(2) സംസ്ഥാന പാതകളിലെയും, പ്രധാന ജില്ലാ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണവും മെച്ചപ്പെടുത്തലും

(3) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തൽ

(4) ബൈപാസുകളുടെ നിർമ്മാണം, ദേശീയപാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം, വിമാനത്താവള – തുറമുഖ റോഡുകൾ, ശബരിമല റോഡ് പദ്ധതി, റോഡുകളുടെയും , റെയിൽവെയുടെയും സുരക്ഷാ പദ്ധതികൾ

(5) കേരള റെയിൽ വികസന കോർപ്പറേഷൻ (കെ.ആർ.ഡി.സി.എൽ) മുഖേനയുള്ള റെയിൽവേ വികസനം

(6) പരിശീലനവും, കാര്യശേഷി വികസനവും, ഗവേഷണ വികസന പ്രവർത്തനങ്ങളും

ദേശീയ പാതകൾ, റോഡുകൾ, പാലങ്ങൾ എന്നീ വകുപ്പുകളാണ് പൊതു മാരാമത്ത് വകുപ്പിന്റെ റോഡുകളും പാലങ്ങളും എന്ന മേഖലയിൽ ഉൾപ്പെടുന്നത്.

റോഡുകളും പാലങ്ങളും മേഖലയിൽ 2025-26 ബജറ്റിൽ ഇനം തിരിച്ച് വകയിരുത്തിയ തുക:

| ക്രമ നമ്പർ | വകുപ്പ് | സംസ്ഥാനം | നബാർഡ് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | പൊതുമരാമത്ത് വകുപ്പ് (റോഡുകൾ) | 63789.00 | 16500.00 | 80289.00 |
| 2 | പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) | 16950.00 | 9500.00 | 26450.00 |
| 3 | പൊതുമരാമത്ത് വകുപ്പ് (ദേശീയ പാതകൾ) | 9004.00 | --- | 9004.00 |
| | **ആകെ** | **89743.00** | **26000.00** | **115743.00** |

റോഡുകളും പാലങ്ങളും മേഖലയിൽ സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ, ദേശീയ പാതകൾ എന്നിവ ഉൾപ്പെടുന്നു.

**I. പൊതുമരാമത്ത് വകുപ്പ് (റോഡുകൾ)**

**1. വികസനവും മെച്ചപ്പെടുത്തലും (സംസ്ഥാന പാതകൾ)**

**(വിഹിതം: 8700.00 ലക്ഷം രൂപ)**

സംസ്ഥാനത്തിലെ പ്രധാന നഗരങ്ങൾ, പട്ടണങ്ങൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവയെ ബന്ധിപ്പിക്കുകയും മറ്റ് സംസ്ഥാനങ്ങളിലെ ദേശീയ പാതകളെയും സംസ്ഥാന പാതകളെയും കൂട്ടിയിണക്കുകയും ചെയ്യുന്ന റോഡുകളാണ് സംസ്ഥാന പാതകൾ. സംസ്ഥാന പാതകളുടെ ദീർഘകാല വികസനത്തിനും, മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾക്കുമായി ഹെവി മെയിന്റനൻസ് (ബിഎം & ബിസി) ജോലികൾ ഉൾപ്പെടെയുള്ള റോഡുകളുടെ റിലേയിംഗും ഡിസൈനിംഗും നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സന്ദർഭത്തിനനുസരിച്ച് പൂർണ്ണ തോതിൽ പുനർനിർമ്മാണ, മില്ലിംഗ് സാങ്കേതികവിദ്യകൾ ചുവടെ ചേർത്തിരിക്കുന്നവയ്ക്ക് വേണ്ടി പിന്തുടരാവുന്നതാണ്:.

(i) ദുർലഭമായ നിർമ്മാണ സാമഗ്രികളുടെ ഉപഭോഗം കുറയ്ക്കുക

(ii) നടപ്പാതകൾ, ഓടകൾ, മാൻഹോളുകൾ എന്നിവ ഉയർത്തുന്നത് ഒഴിവാക്കുക

(iii) റോഡരികിലുള്ള വീടുകളിലേക്കും സ്ഥാപനങ്ങളിലേക്കും മഴവെള്ളം കയറുന്നത് തടയുക

(iv) ഗതാഗത സാന്ദ്രത അനുസരിച്ച് സംസ്ഥാന ഹൈവേകൾ IRC നിലവാരത്തിലേക്ക് നവീകരിക്കുകയും ഭൂമിയുടെ ലഭ്യതയെ ആശ്രയിച്ച് ജ്യാമിതീയത മെച്ചപ്പെടുത്തുക

റോഡുകൾ ഓവർലേചെയ്തും ഡിസൈൻ ചെയ്തും സംസ്ഥാന പാതകളെ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുന്നതിനും, സ്പിൽ ഓവർ കമ്മിറ്റ്മെന്റും പദ്ധതി വിഭാവനം ചെയ്യുന്നു.

2025-26 ബജറ്റിൽ 8700.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**2. വികസനവും മെച്ചപ്പെടുത്തലും (പ്രധാന ജില്ലാ റോഡുകൾ)**

**(വിഹിതം: 30900.00 ലക്ഷം രൂപ)**

ഒരു ജില്ലയ്ക്കുള്ളിലെ പ്രധാന റോഡുകളാണ് മേജർ ഡിസ്ട്രിക്ട് റോഡുകൾ (MDRs). ഇവ സാമ്പത്തിക പ്രവർത്തന മേഖലകൾക്ക് സേവനം നൽകുകയും ഹൈവേകളെ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്നു.

വർദ്ധിച്ച് വരുന്ന ഗതാഗത ആവശ്യങ്ങൾക്ക് അനുസരിച്ച് നിലവിലുള്ള റോഡുകളിലെ അടിസ്ഥാന സൗകര്യങ്ങളിൽ ഉണ്ടാക്കുന്ന അമിതമായ ആയാസം ലഘൂകരിക്കുന്നതിന് പ്രധാന ജില്ലാ റോഡുകളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ (ബി.എം/ബി.സി) നടത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രകൃതിദത്ത റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കാനും റോഡുനിർമ്മാണ പ്രവർത്തനങ്ങളിൽ പ്ലാസ്റ്റിക്/റബ്ബറൈസ്ഡ് ബിറ്റുമെൻ ടെക്നോളജി ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. പൂർണ്ണ തോതിൽ പുനർനിർമ്മാണ മില്ലിംഗ് സാങ്കേതികവിദ്യകൾ ഇനിപ്പറയുന്നവയ്ക്ക് വേണ്ടി പിന്തുടരാവുന്നതാണ്:

(i) ദുർലഭമായ നിർമ്മാണ സാമഗ്രികളുടെ ഉപഭോഗം കുറയ്ക്കുക

(ii) നടപ്പാതകൾ, ഓടകൾ, മാൻഹോളുകൾ എന്നിവ ഉയർത്തുന്നത് ഒഴിവാക്കുക

(iii) റോഡരികിലുള്ള വീടുകളിലേക്കും സ്ഥാപനങ്ങളിലേക്കും മഴവെള്ളം കയറുന്നത് തടയുക.

ട്രാഫിക് ബാഹുല്യമനുസരിച്ച് പ്രധാന ജില്ലാ റോഡുകളെ ഐ.ആർ.സി സ്റ്റാൻഡേർഡുകളിലേക്ക് ഉയർത്താനും ജ്യോമെട്രിക് കറക്ഷൻ നടത്താനും തുക വകയിരുത്തിയിരിക്കുന്നു. ഗതാഗത ആവശ്യകത വർദ്ധിച്ചതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് കുറയ്ക്കുന്നതിന് നിലവിലുള്ള പ്രധാന ജില്ലാ റോഡുകളിൽ ബിഎം, ബിസി പ്രവർത്തനങ്ങൾ നടത്തുന്നതും, ഓവർലേയും ഡിസൈനിംഗും പദ്ധതിയിൽ ഉൾപ്പെടുന്നു. ആദിവാസി കോളനികളിലേക്കും വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുമുള്ള കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനായി റോഡുകളുടെ നിർമ്മാണം/പുനർനിർമ്മാണം എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2025-26 ബജറ്റിൽ 30900.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**3. നബാർഡിന്റെ സഹായത്തോടെ റോഡുകളുടെ നിർമ്മാണവും മെച്ചപ്പെടുത്തലും**

**(വിഹിതം: 16500.00 ലക്ഷം രൂപ)**

ആർ.ഐ.ഡി.എഫ് XXII മുതൽ XXVIII വരെ, നിലവിൽ നടപ്പിലാക്കി വരുന്ന റോഡുകളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും നബാർഡ് സഹായത്തോടെ 400 കി.മി റോഡ് പൂർത്തിയാക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

2025-26 ബജറ്റിൽ 16500.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**4. വിമാനത്താവള തുറമുഖ റോഡുകളുടെ നിർമ്മാണം**

**(വിഹിതം: 1.00 ലക്ഷം രൂപ)**

കൊച്ചി തുറമുഖം മുതൽ കൊച്ചി അന്തർദ്ദേശീയ വിമാനത്താവളം വരെയുള്ള ആധുനിക ഹൈവേയുടെ നിർമ്മാണം കേരള സർക്കാർ ആർ.ബി.ഡി.സി.കെ-യെ ഏൽപ്പിച്ചിട്ടുണ്ട്. വിമാനത്താവള-തുറമുഖ റോഡിന്റെ ഒന്നാം ഘട്ട നിർമ്മാണം, കരിങ്ങാച്ചിറ മുതൽ കളമശ്ശേരി വരെ 13.5 കിലോമീറ്റർ ദൈർഘ്യത്തിൽ രണ്ടുവരി പാത എന്നിവയുടെ നിർമ്മാണം ആർ.ബി.ഡി.സി.കെ പൂർത്തീകരിച്ചു. എച്ച്.എം.ടി മുതൽ വിമാനത്താവളം വരെയുള്ള രണ്ടാം ഘട്ട റോഡിനെ 3 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു:

- വിഭാഗം എ - എച്ച്.എം.ടി മുതൽ മഹിളാലയം വരെ
- വിഭാഗം ബി - മഹിളാലയം മുതൽ ചൊവ്വര വരെ (പൂർത്തിയായി)
- വിഭാഗം സി - ചൊവ്വര മുതൽ വിമാനത്താവളം വരെ

പെരിയാറിന് കുറുകെയുള്ള രണ്ട് പാലങ്ങൾ (മഹിളാലയം മുതൽ ചൊവ്വര വരെ) ഉൾപ്പെടെയുള്ള സെക്ഷൻ ബി ഇതിനകം പൂർത്തിയായി. എ വിഭാഗത്തിലെ എച്ച്.എം.ടി മുതൽ നേവൽ ആർമമെന്റ് ഡിപ്പോ

(എൻഎഡി) വരെയുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. എൻഎഡി മുതൽ മഹിലാളയം വരെയുള്ള സെക്ഷൻ എ യിലെ ബാക്കി പ്രവൃത്തികൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എ, ബി സെക്ഷനുകൾ പൂർത്തിയാക്കിയ ശേഷം സെക്ഷൻ സി ഏറ്റെടുക്കുന്നതാണ്.

വിമാനത്താവള-ഉറമുഖ റോഡിലെ സ്ലച്ചസുകൾ സംസ്ഥാന സഹായത്തിൽ പൂർത്തിയാക്കുന്നതിന് (എച്ച്.എം.ടി മുതൽ എൻഎഡി വരെ) 2025-26 ബജറ്റിൽ 1.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**5. ശബരിമല റോഡ് പദ്ധതി**

**(വിഹിതം: 1557.00 ലക്ഷം രൂപ)**

വിവിധ ഘട്ടങ്ങളിലായി വികസിപ്പിച്ചുവരുന്ന ശബരിമല റോഡുകളിൽ (225 കി മീ) ബാക്കിയുള്ളവയുടെ വികസന പ്രവർത്തനങ്ങൾ, നിലവാരം ഉയർത്തൽ എന്നിവ ഇന്ത്യൻ റോഡ് കോൺഗ്രസ് നിലവാരത്തിൽ പ്രത്യേകിച്ച് പത്തനംതിട്ട, കോട്ടയം ജില്ലകളിലെ തീർഥാടക റോഡുകൾ വികസിപ്പിക്കുന്നതിനാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഫീൽഡ് സാഹചര്യങ്ങളെ അടിസ്ഥാനമാക്കി പൂർണ്ണ തോതിൽ പുനർനിർമ്മാണ മില്ലിംഗ് സാങ്കേതികവിദ്യകൾ പിന്തുടരാവുന്നതാണ്.

2025-26 ബജറ്റിൽ 1557.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**6. തിരുവനന്തപുരം, കൊച്ചി, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ നഗരങ്ങളിലെ റോഡുകളുടെ വികസനം**

**(വിഹിതം: 400.00 ലക്ഷം രൂപ)**

തിരുവനന്തപുരം, കൊച്ചി, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ എന്നീ അഞ്ച് പ്രധാന നഗരങ്ങളിലെ ട്രാഫിക് തിരക്ക് പരിഹരിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് റോഡുകളുമായി ബന്ധപ്പെടുന്ന ലിങ്ക് റോഡുകളുടെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. നിലവിലുള്ള റോഡുകളിൽ ബി.എം & ബി.സി, പുതിയ ലിങ്ക് റോഡുകളുടെ നിർമ്മാണം, ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ്, സാധ്യതാ പഠനം എന്നിവ സമഗ്ര നഗര മൊബിലിറ്റി പദ്ധതിയുടെ അടിസ്ഥാനത്തിൽ വിഭാവനം ചെയ്യുന്നു. പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ഫീൽഡ് സാഹചര്യങ്ങളെ അടിസ്ഥാനമാക്കി പൂർണ്ണ തോതിൽ പുനർനിർമ്മാണ മില്ലിംഗ് സാങ്കേതികവിദ്യകൾ പിന്തുടരാവുന്നതാണ്.

ഇതിനായി 2025-26ബജറ്റിൽ 400.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**7. സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതി (എസ്.ആർ.ഐ.പി)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവ ശാസ്ത്രീയമായി വികസിപ്പിക്കൽ, നടപ്പാതകൾ, ഷോൾഡറുകൾ, ഫുട്ട്പാത്തുകൾ, കലുങ്കുകൾ, പാലങ്ങൾ, ഡ്രെയിനുകൾ, യൂട്ടിലിറ്റി ഡക്റ്റുകൾ, റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

പദ്ധതി നടപ്പിലാക്കുന്നത് "റീഹാബിലിറ്റേഷൻ പാക്കേജ്", "അപ്ഗ്രഡേഷൻ പാക്കേജ്" എന്നീ രണ്ട് പാക്കേജുകളായാണ്. റീഹാബിലിറ്റേഷൻ പാക്കേജിൽ, നിലവിലുള്ള റോഡുകളുടെ വികസനം ഭൂമി ഏറ്റെടുക്കാതെ നടപ്പിലാക്കുന്നതിനും അപ്ഗ്രഡേഷൻ പാക്കേജിൽ, ജ്യോമെട്രിക്കൽ കറക്ഷനും ജംഗ്ഷൻ വികസനത്തിനും മാത്രമായി ഭൂമി ഏറ്റെടുത്ത് വികസനം നടത്തുന്നതിനും വിഭാവനം ചെയ്യുന്നു. റീഹാബിലിറ്റേഷൻ പാക്കേജ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായം ലഭ്യമാക്കിക്കൊണ്ട് ബി.ഒ.ടി അന്വറ്റി പ്രകാരം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

പുനരധിവാസ പാക്കേജ് സംബന്ധിച്ച റോഡുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**പാക്കേജ്-എ (പരിഷ്കരിച്ചത് ) (25 കിമി)**

- വിദ്യാനഗർ - സീതാംഗോളി റോഡ്, കാസർഗോഡ് (9.40കി.മീ)
- ഉപ്പള - കനിയാറ റോഡ് കാസർഗോഡ് (15.60 കി.മീ)

**പാക്കേജ്-ബി (58 കിമി)**

- കാഞ്ഞിരപ്പള്ളി-കാഞ്ഞിരം കവല റോഡ് (ശബരിമല - കൊടൈക്കനാൽ റോഡ്) കോട്ടയം (36.10 കി.മീ)
- വെള്ളനാട്- ചേറ്റച്ചൽ റോഡ് തിരുവനന്തപുരം (21.90കി.മീ)

പാക്കേജ് എ ആന്റ് ബി പൂർത്തിയാക്കി ആന്വിറ്റി പേയ്മെന്റ് മോഡിലേക്ക് മാറിയിട്ടുണ്ട്. അപ്ഗ്രഡേഷൻ പാക്കേജ് മറ്റ് ധനകാര്യ സ്രോതസ്സുകൾ കണ്ടെത്തി ഏറ്റെടുത്ത് ചെയ്യേണ്ടവയാണ്.

പാക്കേജ് എ,ബി എന്നിവയുടെ സ്പിൽ ഓവർ പേയ്മെന്റിനായി 2025-26 ബജറ്റിൽ 1.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**8. പി.പി.പി (അന്വിറ്റി) റോഡ് പരിപാലന പദ്ധതി**

**(വിഹിതം: 5880.00 ലക്ഷം രൂപ)**

തലസ്ഥാന നഗര റോഡ് വികസന പദ്ധതിയിൽ നടപ്പിലാക്കിയ പിപിപി (അന്വിറ്റി) മാതൃകയിൽ അനുയോജ്യമായ വാറന്റി വ്യവസ്ഥയിൽ പരമാവധി റോഡുകൾ ഗുണനിലവാരം ഉറപ്പുവരുത്തി നഗരങ്ങളിലും നിർമ്മിക്കുന്നതിന് പൊതു മരാമത്ത് വകുപ്പ് ലക്ഷ്യമിടുന്നു.

പൊതു കൺസെഷൻ കരാർ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിച്ച തിയ്യതി മുതൽ 180 ദിവസത്തിനു ശേഷം ആദ്യ ആന്വിറ്റി പെയ്മെന്റ് നൽകേണ്ടതുണ്ട്. 2025-26ൽ ആന്വിറ്റി അടയ്ക്കുന്നതിനുള്ള സാമ്പത്തിക പ്രതിബദ്ധത ചുവടെ നൽകിയിരിക്കുന്നു:

| വർഷം | കൺസെഷനർ |
|---|---|
| 2025-26 | പാക്കേജ് -എ (പരിഷ്ക്കരിച്ചത്)<br>• വിദ്യനഗർ - സീതാംഗോളി റോഡ്, കാസർഗോഡ് (9.40 കിലോമീറ്റർ)<br>• ഉപ്പള - കനിയാറ റോഡ്, കാസർഗോഡ് (15.60 കിലോമീറ്റർ) |
| | പാക്കേജ് - ബി<br>• കാഞ്ചിരപ്പള്ളി - കാഞ്ഞിരം കവല റോഡ് (ശബരിമല - കൊടൈക്കനാൽ റോഡ്), കോട്ടയം (36.10 കിലോമീറ്റർ)<br>• വെള്ളനാട് - ചേറ്റച്ചൽ റോഡ്, തിരുവനന്തപുരം (21.90 കിലോമീറ്റർ) |

2025-26 ബജറ്റിൽ ആന്വിറ്റി പേയ്മെന്റുകൾക്കായി 5880.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**9. പുതിയ പദ്ധതികളുടെയും പരിപാടികളുടെയും സാധ്യതാ പഠനങ്ങൾ**

**(വിഹിതം: 300.00 ലക്ഷം രൂപ)**

പുതിയ പദ്ധതികളുടെയും, പരിപാടികളുടെയും സാധ്യതാ പഠനങ്ങൾ, ഇൻവെസ്റ്റിഗേഷൻ, ഡിപിആർ തയ്യാറാക്കൽ, വിശദമായ ഡിസൈനിങ് നിർവ്വഹണ പദ്ധതികൾ എന്നിവ നടത്തുന്നതിനാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. കെ.എച്ച്.ആർ.ഐ, നാറ്റ്പാക് എന്നീ സ്ഥാപനങ്ങൾ വഴിയും, മറ്റ് ഏജൻസികൾ മുഖേനയും നടത്തുന്ന റോഡ് ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ, പുതിയ പദ്ധതികൾക്കായുള്ള ഡി.പി.ആർ രൂപകൽപ്പന ചെലവുകൾ, ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളിൽ ആകസ്മികമായി ഉണ്ടാകുന്ന ചെലവുകൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

സുരക്ഷിതവും ദീർഘകാലം നീണ്ടുനിൽക്കുന്നതുമായ ഗതാഗത സംവിധാനത്തിനായി സമഗ്ര ഗതാഗത പദ്ധതിയും റോഡ് ശൃംഖല വികസന പദ്ധതിയും എല്ലാ ജില്ലകളിലും, പ്രത്യേകിച്ച് കോർപ്പറേഷൻ പ്രദേശങ്ങളിൽ തയ്യാറാക്കുന്നതിന് ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്. കോർ റോഡ് നെറ്റ് വർക്കിലും

(സി.ആർ.എൻ) , നോൺ സി.ആർ.എൻ റോഡുകളിലും റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (ആർ.എം.എം.എസ് ) നടപ്പിലാക്കുന്നതിനു കൂടിയാണ് തുക വകയിരുത്തിയിട്ടുള്ളത്.

2025-26 ബജറ്റിൽ 300.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**10. കേരള സംസ്ഥാന ഗതാഗത പദ്ധതി (കെ.എസ്.ടി.പി) രണ്ടാം ഘട്ടം**

**(വിഹിതം: 10000.00 ലക്ഷം രൂപ)**

കെ.എസ്.ടി.പിയുടെ രണ്ടാം ഘട്ട പരിപാടി നടപ്പിലാക്കുന്നതിനാണ് ഈ പദ്ധതി. കെ.എസ്.ടി.പി രണ്ടാം ഘട്ടത്തിലെ പ്രവർത്തനങ്ങൾ 363 കിലോമീറ്റർ റോഡുകളുടെ നിലവാരം ഉയർത്തൽ, റോഡ് സുരക്ഷാ മാനേജ്മെന്റ്, സ്ഥാപനവ്യവസ്ഥ ശക്തിപ്പെടുത്തൽ എന്നിവ ഉൾപ്പെടുന്നു. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്ക് ബജറ്റിൽ തുക വകയിരുത്തുന്നു

(എ) നടന്നുകൊണ്ടിരിക്കുന്നത്:

i) കൊട്ടിയം – കുണ്ടറ റോഡ്
ii) വൈപ്പിൻ – മുനമ്പം റോഡ്
iii) കൊല്ലം – ആയൂർ, കായംകുളം – തിരുവല്ല, കെ.പി. റോഡ് – അടൂർ, തൃക്കുന്നപ്പുഴ – തട്ടാരമ്പലം, പന്തളം – കൈപ്പട്ടൂർ റോഡ്
iv) പൊൻകുന്നം – തൊടുപുഴ, വട്ടവട- ടോപ്പ് സ്റ്റേഷൻ – മൂന്നാർ റോഡ്
v) ചെങ്ങന്നൂർ- അങ്കമാലി, ചെങ്ങന്നൂർ – മാവേലിക്കര, ചെങ്ങന്നൂർ – കോഴഞ്ചേരി റോഡ്

(ബി) ഡി എൽ /മെയിന്റനൻസ് കാലയളവിൽ:-

vi) പുനലൂർ-കോന്നി റോഡ്
vii) കോന്നി- പ്ലാച്ചേരി റോഡ്
viii) പ്ലാച്ചേരി- പൊൻകുന്നം റോഡ്
ix) കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രൊജക്റ്റ്( എസ് സി ഡി പി ) – കഴക്കൂട്ടം – അടൂർ റോഡ്
x) ചെമ്മണ്ണാർ ഗ്യാപ്പ് റോഡ്
xi) പൈനാവ് – താന്നിക്കണ്ടം – അശോകകവല റോഡ്
xii) അടൂർ – ചെങ്ങന്നൂർ റോഡ്

2025-26 ബജറ്റിൽ പദ്ധതി നടത്തിപ്പിനായി 10000.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**11. റെയിൽവേ സുരക്ഷാ പ്രവർത്തനങ്ങൾ**

**(വിഹിതം: 1600.00 ലക്ഷം രൂപ)**

റെയിൽവേയും സർക്കാരും തമ്മിലുള്ള നിർമ്മാണച്ചെലവ് പങ്കിടാം എന്നതിൻറെ അടിസ്ഥാനത്തിൽ 27 ROB-കളുടെ നിർമ്മാണം കേരള സർക്കാർ കേരള റെയിൽ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ റോഡ് സുരക്ഷ, റെയിൽ സുരക്ഷ എന്നിവ ലക്ഷ്യമാക്കി റെയിൽവേ മേൽപ്പാലങ്ങളുടെ/അടിപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. 2025-26ൽ പൂർത്തിയാക്കേണ്ട ആർഒബി പ്രവൃത്തികൾക്കുള്ള ചെലവ്, പുതിയ ആർഒബി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ചെലവ്, ഭൂമി ഏറ്റെടുക്കൽ ചെലവ്, ഇൻവെസ്റ്റിഗേഷൻ ചെലവ് എന്നീ ആവശ്യങ്ങൾക്കാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്.

2025-26 ബജറ്റിൽ 1600.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. സ്പിൽ ഓവർ തുക നൽകുന്നതിനും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

**12. റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ (റോഡുകളും പാലങ്ങളും)**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ അപകട സാധ്യതയുള്ള സ്ഥലങ്ങളെ സംബന്ധിച്ച വിശകലനത്തിൽ, നാറ്റ്പാക്ക് 374 ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ കൂടുതൽ ബ്ലാക് സ്പോട്ടുകൾ ദേശീയ പാതകൾ, സംസ്ഥാന പാതകൾ എന്നിവിടങ്ങളിലും ബാക്കിയുള്ളവ മറ്റ് വിഭാഗത്തിലുള്ള റോഡുകളിലുമാണ്.

ബ്ലാക്ക് സ്പോട്ട് പരിഹരിക്കുയതുമായി ബന്ധപ്പെട്ട ഭൂമി എറ്റെടുക്കൽ, ഭിന്നശേഷിക്കാർ ഉപയോഗിക്കുന്ന റോഡുകളിലെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ, ക്രാഷ് ബാരിയർ സ്ഥാപിക്കൽ, ജംഗ്ഷൻ മെച്ചപ്പെടുത്തൽ, റോഡ് സുരക്ഷാ ഫർണിച്ചർ സ്ഥാപിക്കൽ, അറ്റകുറ്റപ്പണികൾ, സ്കൂൾ മേഖലകളിലെ റോഡുകൾ മെച്ചപ്പെടുത്തൽ, ബസ്സ്ബേ കളുടെ നിമ്മാണം, പ്രധാന നഗരങ്ങളിൽ സ്ഥാപിക്കുന്ന സന്ദേശ ചിഹ്നങ്ങൾ, ശബരിമല റോഡുകളിലെ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ, വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ്സ് സ്റ്റേഷനുകൾ, ഗവ. സ്കൂളുകൾ/ഓഫീസുകൾ/ആശുപത്രികൾ, സംസ്ഥാന പാതകൾ എന്നിവയിലേക്കുള്ള ദിശാബോർഡുകൾ, റോഡ് സുരക്ഷാ ഓഡിറ്റ്, റോഡ് സുരക്ഷാ ഉപകരണങ്ങൾ, എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

കെ.എച്ച്.ആർ.ഐ, നാറ്റ്പാക് തുടങ്ങിയ ഉന്നത നിലവാരമുള്ള സ്ഥാപനങ്ങളുടെ കണ്ടെത്തലിന്റെ പശ്ചാത്തലത്തിൽ വകുപ്പ് നിർദ്ദേശിക്കുന്ന പരിഹാര മാർഗങ്ങൾ / നടപടികൾ അടിസ്ഥാനമാക്കി മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കു വിഹിതം ഉപയോഗിക്കാവുന്നതാണ്

2025-26 ബജറ്റിൽ 1500.00 ലക്ഷം രൂപ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

**13. കാവലില്ലാത്ത റെയിൽവെ ക്രോസുകളിൽ ആളിനെ ചുമതലപ്പെടുത്തൽ**

**(വിഹിതം: 250.00 ലക്ഷം രൂപ)**

കാവലില്ലാത്ത റെയിൽവെ ക്രോസുകളിൽ കാവലിനായി ചുമതലപ്പെടുത്തുന്നതിന് ആവശ്യമായ ചെലവുകൾ വഹിക്കുന്നതിനാണ് ഈ പദ്ധതി. സംസ്ഥാനത്ത് ഉടനീളം വ്യാപിച്ചുകിടക്കുന്ന ആളില്ലാ ലെവൽ ക്രോസിങ്ങുകളിൽ കാവൽ ഏർപ്പെടുത്തുന്നതിനുളള ചെലവ് റെയിൽവേ അധികൃതർക്ക് നൽകുന്നതിന് തുക വകയിരുത്തിയിരിക്കുന്നു.

2025-26 ബജറ്റിൽ 250.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**14. കെ.എച്ച്.ആർ.ഐ-യെ സെന്റർ ഓഫ് എക്സലൻസായി (CoE) ഉയർത്തൽ**

**(വിഹിതം: 2100.00 ലക്ഷം രൂപ)**

ഹൈവേകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ മേഖലയിലെ ഒരു മികവിന്റെ കേന്ദ്രമായി (CoE) KHRI-യെ ഉയർത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഗവേഷണ നവീന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സഹായകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് അക്കാദമിക്, വ്യാവസായിക മേഖലയിലെയും മറ്റ് റോഡ് മേഖലയിലെയും വിദഗ്ധർ എന്നിവരുമായി സഹകരിച്ച് പ്രവർത്തിക്കാൻ CoE ലക്ഷ്യമിടുന്നു. ഈ മേഖലയിലെ ശേഷി വർദ്ധിപ്പിക്കുന്നതിന് വിജ്ഞാനം പങ്കിടുന്ന ഒരു വേദിയായും ഇത് പ്രവർത്തിക്കുന്നതിനായി ലക്ഷ്യമിടുന്നു.

താഴെപറയുന്ന ഘടകങ്ങൾക്കായി ആകെ 2100.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**(എ) പരിശീലനവും കാര്യക്ഷമത വർദ്ധിപ്പിക്കലും (300.00 ലക്ഷം രൂപ)** - സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഡിസൈൻ വിംഗിലെയും മറ്റ് വിഭാഗങ്ങളിലെയും ജീവനക്കാർക്കായി പരിശീലന സെമിനാറുകൾ, കോൺഫറൻസുകൾ, ശിൽപശാലകൾ, ഫീൽഡ് സന്ദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനുള്ള ചെലവ്, പിഡബ്ല്യുഡിയുടെ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ആർക്കിടെക്ചറൽ വിഭാഗം ഉൾപ്പെടെയുള്ള ഡിപ്പാർട്ട്മെന്റൽ ജീവനക്കാർക്കുള്ള പരിശീലന പരിപാടി, ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകളുമായി സഹകരിച്ച് പിഡബ്ല്യുഡിയിലെ ഉന്നതതല ഉദ്യോഗസ്ഥർക്കുള്ള മാനേജ്മെന്റ് പരിശീലനം, കരാറുകാർ, ക്വാളിറ്റി കൺട്രോൾ ലാബുകളിലെ ജീവനക്കാർ, തൊഴിലാളികൾ എന്നിവർക്കുള്ള പരിശീലനം നൽകുന്നതിനും, നേരിയമംഗലം പരിശീലന കേന്ദ്രത്തിൽ വിവിധ നിർബന്ധിത പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും, കെഎച്ച്ആർഐയിലെ ഡിസൈൻ വിംഗിലും പ്രത്യേക പരിശീലനങ്ങൾ എച്ച്ആർഡി വിംഗ് മുഖേന നടത്തുന്നതിന്നതിനുള്ള ചെലവ് എന്നിവയ്ക്കായി 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ബി) ഗവേഷണ വികസന പ്രവർത്തനങ്ങളും പദ്ധതി നിർവ്വഹണ ചെലവുകളും (1100.00 ലക്ഷം രൂപ)** -

കെ.എച്ച്.ആർ.ഐ-ക്കായി നൽകുന്ന പരിപാലന ചെലവുകൾ ഉൾപ്പെടെ ഗതാഗത മേഖലയിലെ

ഗവേഷണ-വികസന പഠനത്തിനുള്ള സഹായം, ക്വാളിറ്റി കൺട്രോൾ ലാബുകൾക്കും, നേരിയമംഗലം പരിശീലന കേന്ദ്രത്തിനും, ഡിസൈൻ വിഭാഗത്തിനും, മൊബൈൽ ഗുണനിലവാര പരിശോധനാ ലാബുകൾക്കും ആവശ്യമായ ഇൻവെസ്റ്റിഗേഷൻ ഉപകരണങ്ങൾക്കുള്ള എഎംസി, മാനവിക വിഭവശേഷി ചാർജ്ജുകൾ, ഉപഭോഗ വസ്തുക്കൾ, വാഹനങ്ങളുടെ വാടക, ജനറേറ്ററുകൾക്ക് ആവശ്യമായ ഇന്ധന ചെലവ് , ദൈനംദിന ചെലവുകൾ എന്നിവ ഉൾപ്പെടെയുള്ള ചെലവുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതികളുടെ പരിശോധന, ഗുണനിലവാരം തുടങ്ങിയ ആവശ്യങ്ങൾക്കായി പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന സബ്ഡിവിഷൻ ഓഫീസുകൾക്കും , ദേശീയപാത വിഭാഗത്തിനും , കെട്ടിട വിഭാഗത്തിന്റെ കീഴിൽ വരുന്ന ആർകിടെക്റ്റ് ഓഫീസുകൾക്കും ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ ഇല്ലാത്തപക്ഷം ആവശ്യ സന്ദർഭങ്ങളിൽ ഒരു താൽക്കാലിക സംവിധാനം എന്ന നിലക്ക് വാഹനങ്ങൾ വാടകയ്ക്ക് ഉപയോഗിക്കുന്നതിനും 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. റോഡുകൾ, കെട്ടിടങ്ങൾ, ഗതാഗതം എന്നീ മേഖലകളിൽ പ്രമുഖ ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, സർവകലാശാലകളിലെ പഠന ഗവേഷണ വിഭാഗങ്ങൾ എന്നിവയുമായി ചേർന്ന് നൂതന സാങ്കേതിക വിദ്യകൾ, പദ്ധതികൾ, പരിപാടികൾ തുടങ്ങിയവ പൈലറ്റ് അടിസ്ഥാനത്തിൽ നടത്തുന്നതിന് 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2025-26 കാലയളവിൽ ഗവേഷണ വികസന പരിപാടികൾക്കും പ്രവർത്തന ചെലവുകൾക്കുമായി 1100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(സി) കെ.എച്ച്.ആർ.ഐ. റീജിയണൽ, ഡിസ്ട്രിക്ട് ലാബുകളുടെ പശ്ചാത്തല വികസനം (700.00 ലക്ഷം രൂപ)** - കെ.എച്ച്.ആർ.ഐ, റീജിയണൽ ലാബുകൾ, ജില്ലാ ലാബുകൾ എന്നിവിടങ്ങളിലെ നിലവിലുള്ള ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്, കെട്ടിടങ്ങളുടെ നിർമ്മാണം/അടിസ്ഥാന സൗകര്യ വികസനം, യന്ത്ര സാമഗ്രികൾ വാങ്ങൽ എന്നിവ അത്യാവശ്യമാണ്. കെ.എച്ച്.ആർ.ഐ ലാബുകളിൽ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ നിലനിർത്തുന്നതിനും, റീജിയണൽ ലാബുകളിൽ മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിക്കുന്നതിനും, പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റ് അടിസ്ഥാന സൌകര്യ വികസനത്തിനുമായി 700.00 ലക്ഷം രൂപ വകയിരുത്തുന്നു.

**15. വകുപ്പുതല ഇ-ഗവേണൻസ് പദ്ധതികൾ**

**(വിഹിതം: 600.00 ലക്ഷം രൂപ)**

പൊതുമരാമത്ത് വകുപ്പ് ഇ-ഗവേണൻസ് സംരംഭങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുകയും അധിക സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ 720 ഓഫീസുകളിലും (8 ചീഫ് എഞ്ചിനീയർ ഓഫീസുകൾ, 12 സർക്കിൾ ഓഫീസുകൾ ചെയ്തിട്ടുണ്ട്, 66 ഡിവിഷൻ ഓഫീസുകൾ, 204 സബ് ഡിവിഷനുകൾ, 430 സെക്ഷൻ ഓഫീസുകൾ) ഘട്ടം ഘട്ടമായി ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കുകയും, വർക്ക് എസ്റ്റിമേറ്റ്, ഇ-ടെൻഡറിംഗ്, പ്രവർത്തനാനുമതി നൽകൽ എന്നിവ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

പ്രൈസ് (PRICE) സോഫ്റ്റ്വെയർ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ടെൻഡറിംഗ്, എസ്റ്റിമേറ്റ് തയ്യാറാക്കൽ, പ്രവർത്തനാനുമതി നൽകൽ, കോൺട്രാക്ടർ രജിസ്ട്രേഷൻ, വർക്ക് എഗ്രിമെന്റ്, മെഷർമെന്റ് ബുക്ക്, ബിൽ തയ്യാറാക്കൽ ജോലികൾ എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്. ഇത് കൂടാതെ കോർ റോഡ് നെറ്റ്വർക്കിൽ ആർഎംഎംഎസ് നടപ്പിലാക്കൽ, പ്രധാന ജില്ലാ റോഡുകളുടെ റോഡ് രജിസ്റ്റർ ഡിജിറ്റലൈസേഷൻ, കോർ റോഡുകളുടെ അസറ്റ് മാപ്പിംഗ്, കോർ റോഡുകൾക്കും നോൺ കോർ റോഡുകൾക്കുമായി വാർഷിക റോഡ് മെയിന്റനൻസ് ഓപ്പറേഷൻ പ്ലാൻ (എആർഎംഒപി) തയ്യാറാക്കൽ, പ്രോജക്ട് മോണിറ്ററിംഗ് ആൻഡ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ വികസനം ('തൊട്ടറിയാം പിഡബ്ല്യൂഡി'), ഐടി ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും അതിന്റെ വാർഷിക അറ്റകുറ്റപ്പണികൾ, സോഫ്റ്റ്വെയർ വികസനവും നടപ്പാക്കലും, ഇ-ഗവേണൻസും ഉദ്യോഗസ്ഥർക്കുള്ള ഐ.ടി പരിശീലനം എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് വിവര സാങ്കേതിക വിദ്യാ വകുപ്പുമായി ആലോചിച്ച് മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വിവര സാങ്കേതിക സംരംഭങ്ങൾ, നടപ്പിലാക്കാവുന്നതാണ്.

2025-26 ബജറ്റിൽ 600.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

## II. പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ)

### 16. പാലങ്ങളും കലുങ്കുകളും (സംസ്ഥാന പാതകൾ)

**(വിഹിതം: 4000.00 ലക്ഷം രൂപ)**

സംസ്ഥാന പാതകളിലെ പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണവും/ പുനർനിർമ്മാണവുമാണ് ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നത്. പാലങ്ങളുടെയും/കലുങ്കുകളുടെയും പുനർനിർമ്മാണം/മൂലധന അടിസ്ഥാന അറ്റകുറ്റപ്പണികൾ, സംസ്ഥാന പാതകളിലെ പുതിയ പാലങ്ങളുടെ നിർമ്മാണം, നിലവിലുള്ള പാലങ്ങളുടെയും/കലുങ്കുകളുടെയും പ്രത്യേക സംരക്ഷണ പദ്ധതികൾക്കും, ട്രാഫിക് സേഫ്റ്റി ബോർഡുകൾ സ്ഥാപിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. നിലവിൽ 9770.00 ലക്ഷം രൂപ ചെലവിൽ 12 പ്രവൃത്തികൾ നടന്നുവരുന്നു.

നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പാലങ്ങളുടെ/കലുങ്കുകളുടെ തൃപ്തികരമായ പൂർത്തീകരണവും, സ്പിൽ ഓവർ കമ്മിറ്റ്മെന്റും ഇതിൽ ഉൾപ്പെടുന്നു.

2025-26 ബജറ്റിൽ 4000.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

### 17. നബാർഡിന്റെ സഹായത്തോടെ പാലങ്ങളുടെ നിർമ്മാണവും മെച്ചപ്പെടുത്തലും

**(വിഹിതം: 9500.0 ലക്ഷം രൂപ)**

ആർ.ഐ.ഡി.എഫ് XXVII മുതൽ XXVIIIവരെ, നിലവിൽ നടപ്പിലാക്കി വരുന്ന പാലങ്ങളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ആർ.ഐ.ഡി.എഫ് XXIXലെ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും, ഇൻവെസ്റ്റിഗേഷൻ ചെലവുകൾക്കുമായാണ് വിഹിതം വകയിരുത്തുന്നത്.

2025-26 ബജറ്റിൽ 9500.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

### 18. പാലങ്ങളും കലുങ്കുകളും (പ്രധാന ജില്ലാ റോഡുകൾ)

**(വിഹിതം: 6000.00 ലക്ഷം രൂപ)**

പ്രധാന ജില്ലാ റോഡുകളിലെ പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണവും/ പുനർനിർമ്മാണവുമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. പ്രധാന ജില്ലാ റോഡുകളോട് ചേർന്നുള്ള പാലങ്ങൾ/കലുങ്കുകളുടെ പുനഃനിർമ്മാണം അറ്റകുറ്റപ്പണികൾ, നിലവിലുള്ള പാലങ്ങൾ/കലുങ്കുകളുടെ പ്രത്യേക സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ,ഗതാഗത സുരക്ഷാ ബോർഡുകൾ സ്ഥാപിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2024-25 ൽ 7 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ 82 പ്രവൃത്തികൾ പുരോഗതിയിലാണ്.

2025-26 ബജറ്റിൽ 6000.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

### 19. ഇൻവെസ്റ്റിഗേഷൻ, ആസൂത്രണ പ്രവർത്തനങ്ങൾ (പാലങ്ങൾ)

**(വിഹിതം: 300.00 ലക്ഷം രൂപ)**

പൊതുമരാമത്ത് പാലങ്ങൾ വിഭാഗം 2837 പാലങ്ങൾ സംരക്ഷിക്കുന്നു. അതിൽ 546 പാലങ്ങൾ സംസ്ഥാനപാതയിലും, 2141 പാലങ്ങൾ മേജർ ജില്ലാ റോഡുകൾ/മറ്റ് ജില്ലാ റോഡുകളിലും, 150 പാലങ്ങൾ ഗ്രാമീണ റോഡുകൾ/റെയിൽ മേൽപ്പാലങ്ങൾ എന്നിവിടങ്ങളിലുമാണ്.

വകുപ്പ്/ഏജൻസികൾ ഏറ്റെടുത്തിട്ടുള്ള പുതിയ പദ്ധതികൾ, പ്രോജക്ടുകൾ/പ്രോഗ്രാമുകൾ എന്നിവയ്ക്കായി സാധ്യതാ പഠനങ്ങൾ, ഇൻവെസ്റ്റിഗേഷൻ പഠനങ്ങൾ, ഡിപിആർ തയ്യാറാക്കൽ എന്നിവയ്ക്കുള്ള ചെലവുകൾക്കായി, 2025-26 ബജറ്റിൽ 300.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

### 20. നിലവിലുള്ള പാലങ്ങളുടെ പുനരുദ്ധാരണം/പുനഃനിർമ്മാണം

**(വിഹിതം: 4300.00 ലക്ഷം രൂപ)**

നിലവിലുള്ള പാലങ്ങളുടെ പുനരുദ്ധാരണം/ പുനർനിർമ്മാണം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങൾ വിഭാഗത്തിന് കീഴിലുള്ള 2837 പാലങ്ങളിൽ വളരെ പഴയതും ഇടുങ്ങിയതുമായ നിരവധി പാലങ്ങളുണ്ട്. ഈ പാലങ്ങളിൽ ചിലതിന് 2018 ലും 2019 ലും

ഉണ്ടായ വെള്ളപ്പൊക്കത്തിൽ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഈ പാലങ്ങൾ ഘട്ടം ഘട്ടമായി പുനരുദ്ധാരണം/ പുനർനിർമ്മാണം ചെയ്യുന്നതാണ് പദ്ധതി ലക്ഷ്യം.

2025-26 ബജറ്റിൽ 4300.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**21. ആദിവാസി കോളനികളിലേക്കുള്ള പാലങ്ങളുടെ നിർമ്മാണം/പുനഃനിർമ്മാണം**

**(വിഹിതം: 2000.00 ലക്ഷം രൂപ)**

മഴക്കാലത്ത് നദിയിലുണ്ടാകുന്ന വെള്ളപ്പൊക്കം ആദിവാസി കോളനികളിലെ ജനജീവിതം ദുസ്സഹമാക്കുന്നു. കൂടാതെ, കോളനിയിലേക്കുള്ള യാത്രാസൗകര്യത്തിന്റെ പരസ്പരം ബന്ധിപ്പിക്കലിന്റെ കണക്റ്റിവിറ്റിയുടെ അപര്യാപ്തത രക്ഷാപ്രവർത്തനത്തെ വൈകിപ്പിക്കുന്നു. ഉപജീവനത്തിനും വൈദ്യസഹായത്തിനും വിദ്യാഭ്യാസത്തിനുമായി ആളുകൾ നദി മുറിച്ചുകടക്കേണ്ടി വരുന്നു. ആദിവാസി കോളനികളിൽ പാലങ്ങൾ നിർമ്മിക്കാൻ/പുനഃനിർമ്മിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആദിവാസി സെറ്റിൽമെന്റുകളിലേക്ക് പാലങ്ങൾ നിർമ്മിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്.

2025-26 ബജറ്റിൽ 2000.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**പുതിയ പദ്ധതി-2025-26**

**22. പാലങ്ങളുടെ സുരക്ഷാ പ്രവർത്തനങ്ങൾ**

**( 350.00 ലക്ഷം വിഹിതം)**

പൊതുമരാമത്ത് വകുപ്പിന്റെ റോഡ്സ് & ബ്രിഡ്ജസ് വിഭാഗത്തിൽ നിന്നും 2018 ലാണ് പാലങ്ങളുടെ വിഭാഗം രൂപീകരിച്ചത്. നിലവിലുള്ള പാലങ്ങളിൽ ഭൂരിഭാഗവും പഴയതാണ്, അവയുടെ അറ്റകുറ്റപ്പണികൾക്കായി വിശദമായ പരിശോധന നടത്തേണ്ടതുണ്ട്. പാലത്തിന്റെ അടിഭാഗം പരിശോധിക്കുന്നതിന്, മൊബൈൽ ബ്രിഡ്ജ് ഇൻസ്പെക്ഷൻ യൂണിറ്റ് (MBIU) ആവശ്യമാണ്. കൂടാതെ, അണ്ടർവാട്ടർ ഡൈവേഴ്സിന്റെയും അനുയോജ്യമായ ഉപകരണങ്ങളുടെയും സഹായത്തോടെ പാലത്തിന്റെ അടിത്തറയുടെ പരിശോധനയും നടത്തേണ്ടതുണ്ട്. പരിശോധനയ്ക്ക് ശേഷം കേടുപാടുകൾ കണ്ടെത്തിയ പാലങ്ങളുടെ സുരക്ഷ ഉടനടി ദൂരീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്. പാലത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള MIBU-വിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി 350.00 ലക്ഷം രൂപ വകയിരുത്തുന്നു.

**III. പൊതുമരാമത്ത് വകുപ്പ് (ദേശീയപാതകൾ)**

**23. സാമ്പത്തിക പ്രാധാന്യമുള്ള റോഡുകൾ (കേന്ദ്ര പദ്ധതി)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

ദേശീയ പാതകളെ സാമ്പത്തിക പ്രാധാന്യമുള്ള മേഖലകളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വീതികൂട്ടൽ/ബലപ്പെടുത്തൽ, വളവുകൾ കുറയ്ക്കുക എന്നിവയാണ് ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുന്നത്.

സംസ്ഥാനത്തിന്റെ തുല്യ വിഹിതമായി 2025-26 ബജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്ര തുകയായി വകയിരുത്തിയിരിക്കുന്നു.

**24. കേന്ദ്ര റോഡ് ഫണ്ട് പ്രവൃത്തികൾ (റോഡുകൾ)**

**(വിഹിതം: 6200.00 ലക്ഷം രൂപ)**

കേന്ദ്ര റോഡ് ഫണ്ട് വിഹിതം, 2001-ലെ സി.ആർ.എഫ് നിയമപ്രകാരം സംസ്ഥാന റോഡുകളുടെ വികസനം/മെച്ചപ്പെടുത്തൽ എന്നിവയ്ക്കാണ് വകയിരുത്തുന്നത്. സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവയുടെ വികസനത്തിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ, 50983.00 ലക്ഷം രൂപയ്ക്ക് 403 കിലോമീറ്റർ ദൈർഘ്യമുള്ള 30 റോഡ് പ്രവൃത്തികളുടെ മെച്ചപ്പെടുത്തൽ പുരോഗമിക്കുന്നു. 2025-26 ബജറ്റിൽ 6200.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. റോഡ് ഗതാഗത, ഹൈവേ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതികൾ പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് പണം തിരിച്ചടവ് രീതിയിൽ ലഭ്യമാകും.

**25. . കൊല്ലം-ആലപ്പുഴ ബൈപ്പാസുകൾ (ദേശീയപാത) (എം.ഐ.ഡി.പി)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

നിലവിൽ സ്ഥലം ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തികൾ പൂർത്തികരിച്ച കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്ര സംസ്ഥാന

ഗവൺമെന്റുകൾ (50:50) സംയുക്തമായി ഈ പദ്ധതിയുടെ ചെലവ് വഹിക്കുന്നു.

ആലപ്പുഴ ബൈപ്പാസിന്റെ ആകെ നീളം 6.8 കിലോമീറ്ററാണ്, ഇതിൽ കൊമ്മാടി ജംഗ്ഷനിൽ നിന്ന് കളർകോട് വരെ, 3.2 കിലോമീറ്റർ എലിവേറ്റഡ് ഹൈവേയാണ്. 16.03.2015 ന് ആരംഭിക്കുകയും ഇ.പി.സി മോഡിൽ പൂർത്തിയാക്കിയിട്ടുണ്ട്.

കാവനാട് മുതൽ മേവറം വരെ 13 കി.മീറ്റർ ദൈർഘ്യത്തിൽ കൊല്ലം ബൈപ്പാസ്സിന്റെ ആകെ അടങ്കൽ തുക 35205.00 ലക്ഷം രൂപയാണ്. ഇതിൽ 3 പാലങ്ങളും 7 കി.മീറ്റർ പുതിയ റോഡുകളും, നിലവിലുള്ള 4 കി.മീ. റോഡിന്റെ വീതികൂട്ടലും ഉൾപ്പെടുന്നു. ഇപിസി മോഡിൽ 27.05.2015ന് ആരംഭിച്ച പണി പൂർത്തിയാക്കിയിട്ടുണ്ട്.

വാർഷിക മെയിന്റനൻസ് ചാർജ്ജുകൾ കരാറുകാർക്ക് നൽകുന്നതിന് 2025-26 ബജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു. അധിക തുക ആവശ്യമായി വരുന്ന പക്ഷം 'മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് പ്രോജക്ട്' എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.

**26 . ദേശീയ പാതകളെ (എൻ.എച്ച്) നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം**

**(വിഹിതം: 225.00 ലക്ഷം രൂപ)**

ദേശീയ പാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനമാണ് ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നത്. പ്രധാനപ്പെട്ട കോർപ്പറേഷനുകൾ/മുൻസിപ്പാലിറ്റികൾ, മറ്റ് നഗരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ റോഡുകൾ ഉൾപ്പെടെ, ഫ്ലൈ ഓവറുകൾ, എലിവേറ്റഡ് ഹൈവേകൾ, ഡീവിയേഷൻ റോഡുകൾ എന്നിവയുടെ നിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു.

മുനിസിപ്പാലിറ്റികളിലൂടെയും കോർപ്പറേഷനുകളിലൂടെയും കടന്നുപോകുന്ന ദേശീയ പാതകളുടെ നഗര ലിങ്ക് റോഡുകൾ ഈ കാലയളവിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. റോഡുകളിൽ ലഭ്യമായിട്ടുള്ള വീതി (ROW) വർദ്ധിപ്പിച്ച് ഹാർഡ് ഷോൾഡർ ഏർപ്പെടുത്താനും, യൂട്ടിലിറ്റി സേവനങ്ങൾക്കുള്ള സൗകര്യങ്ങൾ, ബസ് ബേകൾ, കാൽ നടയാത്രയ്ക്കുള്ള സൗകര്യങ്ങൾ, എന്നിവ ഏർപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു.

2025-26 ബജറ്റിൽ 225.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**27. ദേശീയ പാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ സുരക്ഷാ പ്രവർത്തനങ്ങളും, ഗതാഗതക്കുരുക്ക് പരിഹരിക്കലും**

**(വിഹിതം: 2500.00 ലക്ഷം രൂപ)**

റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രധാന ജംഗ്ഷനുകൾ, ബസ് സ്റ്റോപ്പുകൾ തുടങ്ങിയ സ്ഥലങ്ങളിലെ ഗതാഗത തടസ്സങ്ങൾ പരിഹരിക്കേണ്ടതുണ്ട്. കാരിയേജ് വേ വീതി കൂട്ടുക, ബസ് ബേകൾ, ഗതാഗത കുരുക്ക് പരിഹരിക്കുന്ന തരത്തിലുള്ള പാർക്കിംഗ് സംവിധാനങ്ങൾ നടപ്പാക്കൽ, നടപ്പാതകൾ, സബ്‌വേകൾ, കെർബ് ഫെൻസിംഗ്, കാൽ നടക്കാർക്ക് അടിപ്പാതകൾ, ആകാശപ്പാതകൾ, യൂട്ടിലിറ്റി കോറിഡോറുകൾ, ജംഗ്ഷൻ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഇത് കൈവരിക്കാനാകും.

നാറ്റ്പാക്, കെ.എച്ച്.ആർ.ഐ എന്നീ സ്ഥാപനങ്ങളുടെ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ദേശീയ പാതകളിൽ ദേശീയ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്ത് നടപ്പിലാക്കുന്ന വികസന പദ്ധതികളുമായി ചേർന്ന് ബ്ലാക്ക് സ്പോട്ടുകളുടെ പരിഹാര നടപടികൾ സ്വീകരിക്കുകയും എൻഎച്ച്എഐ സംസ്ഥാന സർക്കാർ എന്നിവരുടെ പ്രവൃത്തികളിൽ ഓവർലാപ്പുകൾ ഒഴിവാക്കേണ്ടതാണ്.

അപകട സാധ്യത ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, അപകടസാധ്യതാക്രമത്തിന്റെ അടിസ്ഥാനത്തിലും, മുൻഗണനാടിസ്ഥാനത്തിലുമാണ് (1st 2nd 3rd 4th & 5th) ചെയ്യേണ്ടതാണ്. ഇവ ഹ്രസ്വകാല, ദീർഘകാലാടിസ്ഥാനത്തിൽ തുടർച്ചയായി, നടപ്പാക്കേണ്ടവയും നിരന്തര അവലോകനത്തിന് വിധേയമാക്കപ്പെടേണ്ടവയുമാണ്.

2025-26 ബജറ്റിൽ 2500.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**28 . ദേശീയപാതയിൽ ബൈപാസുകളുടെ നിർമ്മാണം**

**(വിഹിതം: 1.00 ലക്ഷം രൂപ)**

ദേശീയപാത കടന്നുപോകുന്ന പ്രധാന നഗരങ്ങളിലെ ഗതാഗത തടസ്സങ്ങൾ ഒഴിവാക്കാൻ, ബൈ പാസ് റോഡുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തേണ്ടതുണ്ട്. ദേശീയ പാത കടന്നുപോകുന്ന പ്രധാന നഗരങ്ങളിൽ ബൈപാസ് റോഡുകൾ നിർമ്മിക്കുന്നതിനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. ട്രാഫിക് പഠനത്തിന്റേയും, ദേശീയപാത വികസന അതോറിറ്റിയുടെയും വികസന പ്രവർത്തനങ്ങൾക്കനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട സ്ട്രെച്ചുകളിൽ പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കേണ്ടതാണ്.

ഇതിനായി 2025-26 ബജറ്റിൽ 1.00 ലക്ഷം രൂപ വകയിരുത്തുന്നു.

**29. ദേശീയ പാതയിൽ ബൈ ലൈനുകളുടെ നിർമ്മാണം**

**(വിഹിതം: 25.00 ലക്ഷം രൂപ)**

ദേശീയ പാതയുടെ വീതികൂട്ടി ചരക്ക് ഗതാഗതത്തിനായി ബൈ ലൈനുകൾ നിർമ്മിക്കലാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. നിലവിലുള്ള റോഡുകളിലോ, പുതുതായി നിർമ്മിക്കപ്പെട്ട റോഡുകളിലോ ബൈ ലൈനുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നു.

2025-26 ബജറ്റിൽ 25.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**30. വയനാട്- ബന്ദിപ്പൂർ മേഖലയിൽ ദേശിയ പാത 212 ൽ മേൽപ്പാലം നിർമ്മാണം**

**(വിഹിതം : 1.00 ലക്ഷം രൂപ)**

സുപ്രീം കോടതിയുടെ പൊതുതാൽപ്പര്യ ഹർജി (സി) നം.13838/2010 തിയ്യതി 10.1.2018ലെ താത്കാലിക വിധിയുടെ അടിസ്ഥാനത്തിൽ വയനാട്- ബന്ദിപ്പൂർ മേഖലയിൽ ദേശീയ പാത 212ൽ രാത്രി യാത്രാ നിരോധനവുമായി ബന്ധപ്പെട്ട് കേരളത്തിലെ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം ചില പരിഹാര നിർദേശങ്ങൾ മുന്നോട്ട് വെച്ചു.

കേരള സർക്കാരും ദേശീയ പാതാ അതോറിറ്റിയും ചേർന്ന് (50:50) അനുപാതത്തിൽ പങ്കാളിത്ത ചെലവ് മാതൃകയിൽ 450-500 കോടി രൂപ ചെലവിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വയനാട്-ബന്ദിപ്പൂർ ദേശിയപാത 212 ൽ മേൽപ്പാലം നിർമ്മാണമാണ് ഇതിൽ പ്രധാനം.

2025-26 ബജറ്റിൽ 1.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**31. ഇൻവെസ്റ്റിഗേഷൻ, ആസൂത്രണ പ്രവർത്തനങ്ങൾ**

**(വിഹിതം: 50.00 ലക്ഷം രൂപ)**

സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത വിഭാഗമാണ് 552.32 കിലോമീറ്റർ ദൂരം വരുന്ന ദേശീയപാത പരിപാലിക്കുന്നത്.

വകുപ്പ്/ഏജൻസികൾ ഏറ്റെടുത്തിട്ടുള്ള പുതിയ പദ്ധതികൾ, പ്രോജക്ടുകൾ/പ്രോഗ്രാമുകൾ എന്നിവയ്ക്കായി സാദ്ധ്യതാ പഠനങ്ങൾ, ഇൻവെസ്റ്റിഗേഷൻ പഠനങ്ങൾ, ഡിപിആർ തയ്യാറാക്കൽ എന്നിവയ്ക്കുള്ള ചെലവുകൾക്കായി, 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

## 7.3 റോഡ് ഗതാഗതം

മോട്ടോർ വാഹന വകുപ്പും കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷനുമാണ് (കെ.എസ്.ആർ.ടി.സി) റോഡ് ഗതാഗത മേഖലയിലെ വികസന പദ്ധതികൾ പ്രധാനമായും നടപ്പിലാക്കുന്നത്. അവശ്യവും ലാഭകരവുമായ ഗതാഗത സേവനം കെഎസ്ആർടിസി പൊതുജനങ്ങൾക്ക് നൽകിവരുന്നു. റോഡ് സുരക്ഷ, നൽകുന്ന എല്ലാ സേവനങ്ങളിലും സുതാര്യത ഉറപ്പുവരുത്തൽ, അപകടങ്ങൾ കുറയ്ക്കുന്നതിനും മോട്ടോർ വാഹന നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനും മോട്ടോർ വാഹന നിയമവും ചട്ടങ്ങളും ഫലപ്രദമായി നടപ്പിലാക്കൽ എന്നിവ മോട്ടോർ വാഹന വകുപ്പ് വിഭാവനം ചെയ്യുന്നു. റോഡ് ഗതാഗത മേഖലയ്ക്കായി 2025-26 ബജറ്റിൽ വകയിരുത്തിയ തുക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വകുപ്പ് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി) | 15870.00 |
| 2 | മോട്ടോർ വാഹന വകുപ്പ് (എം.വി.ഡി) | 3614.00 |
| 3 | ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്(എസ്.സി. ടി.സി.ഇ), തിരുവനന്തപുരം | 400.00 |
| | **ആകെ** | **19884.00** |

### 7.3.1 കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ

കേരളത്തിലെ ഏറ്റവും വലിയ പൊതു ഗതാഗത സംവിധാനമായ കെ.എസ്.ആർ.ടി.സി.യുടെ വികസനം, ഡിജിറ്റൽ ഭരണം, ശാസ്ത്രീയ ഫ്ലീറ്റ് മാനേജ്മെന്റ് എന്നിവയിലൂടെ ജനകീയവും പരിസ്ഥിതി സൗഹൃദവും ആക്കാൻ കോർപ്പറേഷൻ ലക്ഷ്യമിടുന്നു. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പരിപാടികൾ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.

**1. അടിസ്ഥാന സൗകര്യ വികസനവും വർക്ക്ഷോപ്പ്, ഡിപ്പോകൾ എന്നിവയുടെ ആധുനികവത്ക്കരണവും**

**(വിഹിതം : 3870.00 ലക്ഷം രൂപ)**

കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകൾ/ടെർമിനലുകൾ/ഡിപ്പോകൾ എന്നിവിടങ്ങളിൽ യാത്രക്കാർക്കും തൊഴിലാളികൾക്കും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പുതിയ തലമുറ ബസ്സുകളുടെ അറ്റകുറ്റപ്പണികൾ സുഗമമാക്കുന്നതിനും, ബസ്സ് സ്റ്റേഷൻ യാർഡുകൾ, ബസ്സ് സ്റ്റേഷൻ കെട്ടിടങ്ങൾ/ഡിപ്പോകൾ/ടെർമിനലുകൾ എന്നിവ നവീകരിക്കാനും നിലവിലുള്ള ഗാരേജുകൾ മെച്ചപ്പെടുത്താനും ഉദ്ദേശിക്കുന്നു. നവീകരണത്തിന്റെ ഭാഗമായി, 2025-26 ൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | യാർഡ് വികസന പ്രവർത്തനങ്ങൾ | 3870.00 |
| 2 | വിവിധ ഡിപ്പോകളിലെ വർക്ക് ഷോപ്പുകളുടെ മേൽക്കൂര വികസന പ്രവർത്തനങ്ങൾ | |
| 3 | നടന്നുകൊണ്ടിരിക്കുന്ന ജോലികളുടെ പൂർത്തീകരണം | |
| 4 | ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുക | |
| 5 | ചടയമംഗലത്ത് പ്ലാറ്റ്ഫോം ഇൻസ്പെക്ഷൻ പിറ്റ് | |
| 6 | ഉപകരണങ്ങളും യന്ത്രസാമഗ്രികളും വാങ്ങുന്നതിന് | |

2025-26 ബജറ്റിൽ 3870.00 ലക്ഷം രൂപ മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

**2. കെ.എസ്.ആർ.ടി.സി യിൽ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും**

**(വിഹിതം: 1200.00 ലക്ഷം രൂപ)**

കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഇ-ഗവേണൻസ് പദ്ധതികൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഒരു സമഗ്ര വിവര സാങ്കേതികവിദ്യാ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ എല്ലാ ഭരണനിർവഹണ പ്രവർത്തനങ്ങളും ഒരൊറ്റ ഇ ഗവേണൻസ് പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ സോഫ്റ്റ് വെയർ, ഹാർഡ് വെയർ പരിഷ്കരണ പ്രവർത്തനങ്ങൾക്കാണ് 2025-26 ൽ തുക വകയിരിത്തിയിരിക്കുന്നത്.

താഴെപ്പറയുന്ന ഘടകൾക്കായി തുക വകതിരുത്തിയിരിക്കുന്നു:

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഇആർപി സോഫ്റ്റ്‌വെയർ സൊല്യൂഷനുള്ള സോഫ്റ്റ്‌വെയർ അപ് ഗ്രേഡേഷൻ ചാർജ്ജുകൾ | 1200.00 |
| 2 | പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് (PMU) – ഡാറ്റ അനാലിസിസ്/റൂട്ട് റാഷണലൈസേഷൻ/നെറ്റ്‌വർക്ക് പ്ലാനിംഗ് | |
| 3 | ഡൈനാമിക് എംഐഎസ് ഡാഷ്ബോർഡും ഡിസിഷൻ സപ്പോർട്ട് സിസ്റ്റവും ഉള്ള കേന്ദ്രീകൃത കൺട്രോൾ റൂമും മാനേജ്മെന്റ് സിസ്റ്റം | |
| 4 | ടോട്ടൽഇന്റലിജന്റ് ട്രാൻസ്പോർട്ടേഷൻ മാനേജ്മെന്റ് സിസ്റ്റം | |
| 5 | ആധാർ അധിഷ്ഠിത ബയോമെടിക് ഫിംഗർ പ്രിന്റ് അറ്റൻഡൻസ് സിസ്റ്റത്തിനായുള്ള സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ നിരക്കുകൾ | |
| 6 | ജിപിഎസ് (വിഎൽടിഡി) ഉപകരണങ്ങളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സംഭരണം | |
| 7 | ഇ റ്റി എം പഴയ മെഷീനുകൾ മാറ്റിസ്ഥാപിക്കുന്നതിനും വിഎൽടിഡിയുടെ അറ്റകുറ്റപ്പണികൾക്കും | |
| 8 | പ്രധാന ഡിപ്പോകളിലെ ബസ്സ് ഷെഡ്യൂളുകൾക്കായുള്ള വീഡിയോ വാളുകളും ഡിസ്പ്ലേ യൂണിറ്റുകളും | |

2025–26 ബജറ്റിൽ 1200.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**3. ഡ്രൈവർമാർ, സാങ്കേതിക ജീവനക്കാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് പരിശീലനം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ജീവനക്കാരുടെ കഴിവും വിജ്ഞാന നിലവാരവും മെച്ചപ്പെടുത്തുന്നതിന് പരിശീലനവും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതുമാണ് പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. ഇന്ധനക്ഷമത വർദ്ധിപ്പിക്കൽ, വാഹന ഭാഗങ്ങളുടെ ഉചിതമായ ഉപയോഗം, വാഹനങ്ങളുടെ അറ്റകുറ്റ പണികൾ മെച്ചപ്പെടുത്തൽ, കാര്യക്ഷമമായ വാഹന ഉപയോഗം, ഓഫീസ് നിർവ്വഹണം മെച്ചപ്പെടുത്തൽ എന്നിവ ഉറപ്പ് വരുത്തുന്നു. കെ.എസ്.ആർ.ടി.സി ആരംഭിച്ച ആധുനിക ബസ്സുകൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ പരിശീലനവും, ബസ്സുകളുടെ ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്നതിനും അറ്റകുറ്റ പണികൾക്കാവശ്യമായ പരിശീലനവും ഡ്രൈവിങ് പരിശീലന ഷെഡ്യൂളുകൾ ഉൾകൊള്ളുന്ന കേന്ദ്രീകൃത പരിശീലനം ആവശ്യമാണ്. സ്റ്റാഫ് ട്രെയിനിംഗ് സെന്റർ എല്ലാ ഓഫീസർമാർക്കും (എക്സ്റ്റേണൽ ആന്റ് ഇൻറ്റേണൽ) വിവിധ മാനേജ്മെന്റ് പരിശീലന പരിപാടികൾ നടത്തുന്നു. എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥരെയും മേഖലകളെയും ഉൾപ്പെടുത്തി പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കി കൈവരിക്കാൻ കഴിയുന്ന ലക്ഷ്യവും ഫലവും നിർണ്ണയിച്ച് നടപ്പിലാക്കേണ്ടതാണ്. കെഎസ്ആർടിസിയുടെ പ്രവർത്തന മേഖലകളുമായി ബന്ധപ്പെട്ട് റോഡ് ഗതാഗത മേഖലയിലെ സാധ്യതാ പഠനങ്ങളും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

2025–26 ബജറ്റിൽ 100.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**4. വാഹനവ്യൂഹങ്ങളുടെ ആധുനികവൽക്കരണവും ഗുണനിലവാര മെച്ചപ്പെടുത്തലും**

**(വിഹിതം: 10700.00 ലക്ഷം രൂപ)**

കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും പ്രതിമാസ പ്രവർത്തനനഷ്ടം കുറക്കുന്നതിനും, നിലവിലെ വാഹന വ്യൂഹങ്ങളിൽ നിന്ന് പഴയ ബസ്സുകൾ മാറ്റാൻ കെഎസ്ആർടിസി ഉദ്ദേശിക്കുന്നു. പൊതുജനങ്ങളുടെ ആവശ്യം നിറവേറ്റാൻ നിലവിലെ വാഹന വ്യൂഹം പര്യാപ്തമല്ല, മാത്രമല്ല ഡീസൽ എഞ്ചിൻ ബസുകൾ സിഎൻജിയിലേക്കും എൽഎൻജിയിലേക്കും മാറ്റുന്നത് ലാഭകരവുമല്ല. അതിനാൽ പഴയ ബസ്സുകൾക്ക് പകരം പൂർണ്ണമായും നിർമ്മിച്ച ആധുനിക ഡീസൽ ബിഎസ് VI ബസുകൾ വാങ്ങാൻ കെഎസ്ആർടിസി വിഭാവനം ചെയ്യുന്നു.

2025–26 ബജറ്റിൽ 10700.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**5. അക്കാദമിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനം (ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് )**

**(വിഹിതം: 400.00 ലക്ഷം രൂപ)**

തിരുവനന്തപുരത്തെ ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് (എസ്‌സിടിസിഇ) 1995 മുതൽ ഒരു സമ്പൂർണ്ണ എഞ്ചിനീയറിംഗ് കോളേജായി പ്രവർത്തിക്കാൻ തുടങ്ങി. ബിരുദം, ബിരുദാനന്തര ബിരുദം, ഡോക്ടറൽ എന്നീ മൂന്ന് തലങ്ങളിലും ഉയർന്ന നിലവാരമുള്ള എഞ്ചിനീയറിംഗ് വിദ്യാഭ്യാസം ഈ കോളേജ് വിഭാവനം ചെയ്യുന്നു

നിലവിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും സ്പിൽ ഓവർ ചെലവുകൾക്കുമായി 2025-26 ബജറ്റിൽ 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രസ്തുത വിഹിതത്തിന്റെ 10 ശതമാനം ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണം എന്ന വനിതാ കേന്ദ്രീകൃത പദ്ധതിയ്ക്കായി നീക്കിവച്ചിരിക്കുന്നു.

### 7.3.2 മോട്ടോർ വാഹന വകുപ്പ്

മോട്ടോർ വാഹന ഗതാഗത നയ രൂപവത്കരണത്തിലും നടപ്പാക്കലിലും മോട്ടോർ വാഹന വകുപ്പിനെ കേരള സർക്കാർ നിയന്ത്രിക്കുന്നു. വകുപ്പ് മേധാവി ട്രാൻസ്പോർട്ട് കമ്മീഷണറാണ്. മോട്ടോർ വാഹന നിയമവും ചട്ടങ്ങളും നടപ്പിലാക്കുക, വാഹനങ്ങളുടെ രജിസ്ട്രേഷൻ, നികുതിയും ഫീസും ശേഖരിക്കുക, ഡ്രൈവിംഗ് ലൈസൻസുകൾ അനുവദിക്കുക, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുക, വാഹനങ്ങൾക്ക് പെർമിറ്റ് അനുവദിക്കുക തുടങ്ങിയ സേവനങ്ങളാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ. ഇതിന് പുറമെ റോഡ് സുരക്ഷാ നടപടികൾക്കും വാഹന മലിനീകരണ നിയന്ത്രണത്തിനും കൂടുതൽ പ്രാധാന്യം നൽകുന്നു. സംസ്ഥാനത്തിന് വരുമാനം നേടിക്കൊടുക്കുന്നതിൽ മോട്ടോർ വാഹന വകുപ്പിന് പ്രധാന പങ്കാണുള്ളത്. പ്രാദേശിക ഗതാഗത ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജന സൗഹൃദപരവും കാര്യക്ഷമവുമാക്കുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. 2025-26 ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു. .

**1. റോഡ് ഗതാഗത സുരക്ഷാ പ്രവർത്തനങ്ങൾ**

**(വിഹിതം: 1862.00 ലക്ഷം രൂപ)**

അവബോധം, എൻഫോഴ്സ്മെന്റ്, എഞ്ചിനീയറിംഗ്, പരിസ്ഥിതി, റോഡ് അപകടങ്ങളിൽ അടിയന്തിര പരിചരണം എന്നിവയാണ് റോഡ് സുരക്ഷയുടെ പ്രധാന ഉദ്ദേശ്യങ്ങൾ.

റോഡ് സുരക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി, മെച്ചപ്പെട്ട എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ സുഗമവും തടസ്സരഹിതവുമായ ട്രാഫിക്കിനുള്ള സാങ്കേതിക പരിഹാരങ്ങൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ എൻഫോഴ്സ്മെന്റ്, ആംബുലൻസുകളും മുച്ചക്ര വാഹനങ്ങളും ഉൾപ്പെടെയുള്ള യാത്രാ വാഹനങ്ങളിൽ ജി.പി.എസ് ട്രാക്കിംഗ് ഉപകരണം, പാനിക് ബട്ടൺ തുടങ്ങിയവ എൻഫോഴ്സ്മെന്റ് പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

2025-26 കാലയളവിൽ പദ്ധതിയുടെ ഘടകാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ഇപ്രകാരമാണ്.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | എൻഫോർസ്മെൻറ് ഉപകരണങ്ങൾ വാങ്ങൽ | 1812.00 |
| 2 | റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ | |
| 3 | എൻഫോഴ്സ്മെന്റ് വാഹനങ്ങൾ വാങ്ങൽ(ഇരുചക്ര വാഹനങ്ങൾ / ഫോർവീലർ) | |
| 4 | ഗതാഗത സമയക്രമീകരണവും മറ്റ് ബന്ധപ്പെട്ട നടപടികളും | |
| 5 | ലേണേഴ്സ് മോക്ക് ടെസ്റ്റ് മൊബൈൽ ആപ്പ് | |
| 6 | സുരക്ഷാ പ്രവർത്തനങ്ങൾ ഏകോപിക്കുക(പുതിയ ഘടകം) | 50.00 |
| | **ആകെ** | **1862.00** |

2025-26 ബജറ്റിൽ 1862.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

പദ്ധതിക്കായി നീക്കിവച്ചിരിക്കുന്ന ഫണ്ടിൽ നിന്ന്, റോഡ് സുരക്ഷാ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു. ഗതാഗത വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ആരോഗ്യം, തദ്ദേശ സ്വയംഭരണ വകുപ്പ്, നാറ്റ്പാക് തുടങ്ങിയ ബന്ധപ്പെട്ട വകുപ്പുകൾ ഉൾപ്പെടുന്ന ഒരു ഏകോപന സമിതിയിലൂടെ അത്തരം ഏകോപനം ഉറപ്പാക്കേണ്ടതാണ്. മാരകമായ റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള ഒരു പ്രവർത്തന പദ്ധതി രൂപീകരിക്കുക എന്നതാണ് പ്രാരംഭ ലക്ഷ്യം. പദ്ധതിയുടെ നോഡൽ വകുപ്പ് ഗതാഗത വകുപ്പായിരിക്കും.

**2. ഇ-ഗവേണൻസ് നടപ്പാക്കൽ**

**(വിഹിതം: 350.00 ലക്ഷം രൂപ)**

വിവിധ ഓൺലൈൻ സംവിധാനങ്ങളുടെ സംയോജനത്തിലൂടെ വകുപ്പ് നൽകുന്ന സേവനങ്ങൾ സുഗമമാക്കുന്നതിന് ഐ.സി.ടി അധിഷ്ഠിത ഇ-ഗവേണൻസാണ് മോട്ടോർ വാഹന വകുപ്പ് ഉദ്ദേശിക്കുന്നത്.

i. **പരിശീലനവും ശേഷി വർദ്ധിപ്പിക്കലും:** അതിവേഗത്തിലുള്ളതും, സുഗമവുമായ കൃത്യനിർവ്വഹണത്തിനും നിരീക്ഷണത്തിനുമായി അത്യാധുനിക ഭരണ സംവിധാനങ്ങളെ കുറിച്ചു പരിചയ സമ്പന്നരായ മാനവ വിഭവ ശേഷി അത്യാവശ്യമാണ്. ഇതിന് മോട്ടോർ വാഹന വകുപ്പിൽ ഒരു സമ്പൂർണ്ണ പ്രൊഫഷണൽ ടീമിന്റെ രൂപീകരണം ആവശ്യമാണ്. പരിശീലനങ്ങളുടെ ആവശ്യകതയുടെ വിശകലനവും ശാസ്ത്രീയാടിസ്ഥാനത്തിൽ തയ്യാറാക്കിയ പരിശീലന മൊഡ്യൂളുകളുംഅടിസ്ഥാനമാക്കി കാര്യശേഷി വികസന/ പരിശീലന പരിപാടികൾ നടത്തുന്നതിലേക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ii. **ഐ.സി.ടി ഉപകരണങ്ങൾ വാങ്ങൽ:** വിവിധ സേവനങ്ങൾ/സംവിധാനങ്ങൾ എന്നിവയുടെ സംയോജനത്തിലൂടെ പൊതുജന സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുവാൻ മോട്ടോർ വാഹന വകുപ്പ് ജീവനക്കാരെ സജ്ജരാക്കുന്നതിന് നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2025-26 ബജറ്റിൽ 350.00 ലക്ഷം രൂപ പദ്ധതിയുടെ ഘടകങ്ങൾക്കുമായി വകയിരുത്തിയിരിക്കുന്നു. പ്രസ്തുത വിഹിതത്തിന്റെ 10 ശതമാനം വനിതാ കേന്ദ്രീകൃത പദ്ധതികൾക്കായി നീക്കിവച്ചിരിക്കുന്നു.

**3. വെഹിക്കിൾ കം ഡ്രൈവർ ടെസ്റ്റിംഗ് സ്റ്റേഷനുകൾ**

**(വിഹിതം: 5.00 ലക്ഷം രൂപ)**

മാതൃകാ വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ, ടെസ്റ്റിംഗിന്റെ ഏകീകരണവും സുതാര്യതയും ഉറപ്പ വരുത്തുന്നു. വാഹനങ്ങളുടെ മെക്കാനിക്കൽ ഫിറ്റ്നസ് ഉറപ്പാക്കൽ, ഡ്രൈവർമാർക്ക് ക്രിയാത്മക തീരുമാനങ്ങൾ എടുക്കാൻ കഴിവുണ്ടാക്കൽ, അപകടങ്ങൾ കുറയ്ക്കൽ, വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ, ഡ്രൈവർ ടെസ്റ്റിംഗ് ലൈസൻസുകൾ നൽകുന്നതിൽ സുതാര്യത ഉറപ്പ വരുത്തൽ എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. റോഡ് സുരക്ഷ സംബന്ധിച്ച് സുപ്രീംകോടതി കമ്മറ്റി നിർദ്ദേശങ്ങൾ കേന്ദ്രമോട്ടോർ വാഹന ചട്ടത്തിൽ വന്ന ഭേദഗതികൾ എന്നിവ പ്രകാരം, റോഡ് സുരക്ഷയ്ക്ക് വിവിധ ഡിജിറ്റൽ സാങ്കേതിക പരിഹാരങ്ങൾ ആവശ്യമാണ്. നിലവിലുള്ള ടെസ്റ്റിങ്ങ് സ്റ്റേഷനുകളുടെ നവീകരണത്തിനും പ്രസ്തുത വിഹിതം ഉപയോഗിക്കാവുന്നതാണ്. പിപിപി മാതൃകയിൽ കമ്പ്യൂട്ടർവത്കൃത വെഹിക്കിൾ കം ഡ്രൈവർ ടെസ്റ്റിംഗ് സ്റ്റേഷൻസ് സജ്ജീകരണം, നിലവിലുള്ള ടെസ്റ്റിംഗ് സ്റ്റേഷനുകളുടെ നവീകരണം, അന്താരാഷ്ട്ര ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്ക് കം കോച്ചിംഗ് സെന്ററുകൾ സ്ഥാപിക്കൽ എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

2025-26 ബജറ്റിൽ 5.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തുത്തിയിരിക്കുന്നു.

**4. മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

സംസ്ഥാന അതിർത്തിയിൽ നികുതി വരുമാനം നഷ്ടപ്പെടുന്നത് ആധുനിക ഭരണ പരിഹാരങ്ങളിലൂടെ തടയുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ചരക്ക് വാഹനങ്ങളുടെ അമിതഭാരം റോഡപകടങ്ങൾക്കും റോഡ് ഉപരിതലത്തിന് കേടുപാടുകൾ സംഭവിക്കുവാനും ഇടയാക്കുന്നു. ബജറ്റ് വിഹിതം മറ്റ് വകുപ്പുകളുമായി സഹകരിച്ച് ഭൂമിയുടെ ചെലവ് ഉൾപ്പെടെ സംയോജിത ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണവും

അടിസ്ഥാന സൗകര്യ വികസനവും വെയ്-ഇൻ-മോഷൻ സംവിധാനങ്ങൾ, ഓട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ, വാളയാറിൽ കോൺടാക്ട് ലെസ് ചെക്ക് പോസ്റ്റ് സ്ഥാപിക്കൽ എന്നിവ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

അടിസ്ഥാന സൗകര്യ വികസനത്തിനും മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനും 100.00 ലക്ഷം രൂപ ബഡ്ജറ്റ് 2025-26 പദ്ധതിക്കായി വകയിരുത്തുത്തിയിരിക്കുന്നു.

**5. മാതൃകാ പരിശോധന സർട്ടിഫിക്കേഷൻ സെന്റർ സ്ഥാപിക്കൽ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഭാരത സർക്കാർ അംഗീകരിച്ച മാതൃകാ പരിശോധന സർട്ടിഫിക്കേഷൻ സെന്റർ മട്ടാഞ്ചേരിയിൽ സ്ഥാപിക്കുന്നതിന് സംസ്ഥാന വിഹിതമായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിക്കാവശ്യമായ സംസ്ഥാന വിഹിതവും ഇതിൽ നിന്നും കണ്ടെത്താം.

2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തുത്തിയിരിക്കുന്നു.

**6. മോട്ടോർ വാഹന വകുപ്പ്-സബ് ഓഫീസുകൾ**

**(വിഹിതം: 1.00 ലക്ഷം രൂപ)**

മുൻ വർഷങ്ങളിൽ അനുവദിച്ച സബ് ഓഫീസുകൾ സ്ഥാപിക്കുന്നതിനായി ആരംഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. മുൻ വർഷം അനുവദിച്ച സബ് ഓഫീസുകളുടെ സ്പിൽഓവർ വർക്കുകൾക്കായി 2025-26 ബജറ്റിൽ 1.00 ലക്ഷം രൂപ വകയിരുത്തുത്തിയിരിക്കുന്നു.

**7. ഇ-മൊബിലിറ്റി പ്രമോഷൻ ഫണ്ട്**

**(വിഹിതം: 856.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ ഗതാഗത സംവിധാനം ഫോസിൽ ഇന്ധനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ഫോസിൽ ഇന്ധനങ്ങളുടെ വ്യാപക ഉപയോഗം പരിസ്ഥിതി മലിനീകരണത്തിനും ആരോഗ്യ പ്രശ്നങ്ങൾക്കും ഇടയാക്കുന്നത് ഊർജ്ജത്തിന്റെ ബദൽ മാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിന് പ്രേരിപ്പിച്ചു. സംസ്ഥാനത്തിന്റെ വികസന ലക്ഷ്യം കണക്കാക്കുമ്പോൾ വൈദ്യുത വാഹനങ്ങളിലേക്കുള്ള ചുവടുമാറ്റം സ്വാഭാവികമാണ്. പല പരിഷ്ക്കാര നടപടികളിലൂടെയും കണ്ടുപിടുത്തങ്ങളിലൂടെയും മുൻപന്തിയിൽ എത്തിയിട്ടുള്ള കേരളം, സംസ്ഥാനത്തിന്റെ വൈദ്യുത ഗതാഗത നയത്തിനും തുടക്കം ഇട്ടുകയുണ്ടായി. ഇലക്ട്രിക് വാഹനങ്ങൾ അഥവാ ഇ-മൊബിലിറ്റി ഇതിന്റെ അടുത്ത ചുവടുവയ്പ്പാണ്.

ആകർഷകമായ ഇൻസെന്റീവുകൾ, ഇ-ഓട്ടോകൾ വാങ്ങുന്നതിന് സബ്സിഡി, പെട്രോൾ/ ഡീസൽ വാഹനങ്ങളെ ഇ-വാഹനങ്ങളാക്കി മാറ്റുന്നതിന് സബ്സിഡി, ചാർജിംഗ്, സ്വാപ്പിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി, ഇ-മൊബിലിറ്റി ബോധവത്കരണ പരിപാടികൾ, ഹരിത ഹൈഡ്രജൻ ജനറേഷൻ യൂണിറ്റിന്റെ പ്രോട്ടോടൈപ്പ്, ഇ-മൊബിലിറ്റിയിൽ ഗവേഷണവും വികസനവും, അനുബന്ധ ഗതാഗത സംവിധാനം എന്നിവയ്ക്ക് പുറമെ മറ്റ് നവീന പരിപാടികളും ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ഇതിന്റെ 50 ശതമാനം ഗുണഭോക്താക്കൾ സ്ത്രീകളാണ് എന്ന് ഭരണ വകുപ്പ് ഉറപ്പാക്കേണ്ടതാണ്.

സംസ്ഥാനത്ത് ഹൈഡ്രജൻ ഇന്ധന വാഹനങ്ങൾ പൈലറ്റുചെയ്യുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പൊതു ജനങ്ങൾക്കിടയിൽ ഇലക്ട്രിക് വാഹനങ്ങളെ ജനപ്രിയമാക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനും ഹരിത ഗതാഗത സംരംഭങ്ങൾ നിറവേറ്റുന്നതിനും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും 2025-26 ബജറ്റിൽ 856.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തുത്തിയിരിക്കുന്നു.

**8. നിർഭയ ചട്ടക്കൂടിന് കീഴിൽ പൊതു യാത്രാ വാഹനങ്ങളിലെ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് പ്ലാറ്റ്ഫോം (VLTPS നിർഭയ സ്കീം)**

**(വിഹിതം: 250.00 ലക്ഷം രൂപ)**

നിർഭയ ചട്ടക്കൂടിൻ കീഴിൽ AIS 140 സ്പെസിഫിക്കേഷൻ അനുസരിച്ച് സുരക്ഷയ്ക്കും നിർവ്വഹണത്തിനുമായി സംസ്ഥാനം തിരിച്ചുള്ള വെഹിക്കിൾ ട്രാക്കിംഗ് പ്ലാറ്റ്ഫോമിന്റെ ഇഷ്ടാനുസൃത വിന്യാസവും മാനേജ്മെന്റും നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഭാരത സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. എല്ലാ പൊതു യാത്രാ വാഹനങ്ങളിലും വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് (വിഎൽടി) ഉപകരണവും എമർജൻസി ബട്ടണുകളും സജ്ജീകരിച്ച് സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷ വർദ്ധിപ്പിക്കാനും അടിയന്തിര സാഹചര്യങ്ങളിൽ വാഹനങ്ങളുടെ തത്സമയ 24x7 നിരീക്ഷണത്തിനും

ട്രാക്കിംഗിനും പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ഥാന സർക്കാർ 2015 മുതൽ സിഡാക് വഴി ജി.പി.എസ് വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിരുന്നു.

നിലവിലുള്ള പദ്ധതിയുടെ തുടർച്ചയായി, സ്റ്റേറ്റ് ഡാറ്റാ സെന്ററിലെ സെർവർ/ഹാർഡ്‌വെയർ ഇൻഫ്രാസ്ട്രക്ചർ നവീകരണം, സോഫ്റ്റ്‌വെയർ വിപുലീകരണം, ഹെൽപ്പ് ഡെസ്ക് സപ്പോർട്ട്, EIB ട്രാക്കിംഗ് ആപ്പ് നവീകരണം, ആംബുലൻസുകളിൽ VLTDS ഘടിപ്പിക്കലും VLTDS വാങ്ങുന്നതിന് സബ്സിഡിയും വിഭാവനം ചെയ്യുന്നു. VLTDS ഇൻസ്റ്റാൾ ചെയ്ത ആംബുലൻസുകൾ ഏകോപിപ്പിക്കുന്നതിനുള്ള ഒരു ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു.

2025-26 ബജറ്റിൽ 250.00 ലക്ഷം രൂപ പദ്ധതിയുടെ സംസ്ഥാന വിഹിതമായി വകയിരിത്തിയിരിക്കുന്നു.

**9. ഇന്റഗ്രേറ്റഡ് ഇന്റലിജന്റ് പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം (ഐ.ഐ.പി.ടി.എസ് )**

**(വിഹിതം: 90.00 ലക്ഷം രൂപ)**

വിശ്വസനീയവും കാര്യക്ഷമവുമായ പൊതുഗതാഗത സംവിധാനത്തിന്റെ അഭാവം യാത്രാവശ്യങ്ങൾ നിറവേറ്റുന്നതിന് സ്വന്തം സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്നതിലേക്ക് ആളുകളെ മാറ്റി. വിവിധ തലങ്ങളിലുള്ള യാത്രക്കാരെ പൊതു ഗതാഗതത്തിലേക്ക് ആകർഷിക്കാൻ കാര്യക്ഷമത, ശുചിത്വം, സുരക്ഷ, താങ്ങാവുന്ന നിരക്ക് എന്നിവ ഉറപ്പ് വരുത്തേണ്ടത് ആവശ്യമാണ്. കൃത്യവും ഏകോപിതവും സംയോജിതവുമായ പൊതുഗതാഗത സംവിധാനത്തിന് തീർച്ചയായും കൂടുതൽ യാത്രക്കാരെ ആകർഷിക്കാനും സ്വകാര്യ വാഹന ഉപയോഗം കുറയ്ക്കാനും കഴിയും.

ഇന്റലിജന്റ് ആൻഡ് ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് സിസ്റ്റത്തിന് (ഐ.ടി.എസ് ) മുഴുവൻ പൊതുഗതാഗത സംവിധാനത്തിന്റെയും കാര്യക്ഷമതയും വിശ്വാസ്യതയും വർദ്ധിപ്പിക്കാൻ കഴിയും. സമഗ്രമായ ഓൺലൈൻ അപേക്ഷ, വാഹന സമയം, സീറ്റ് റിസർവേഷൻ/സീറ്റ് ലഭ്യത, ക്യാഷ് ലെസ് യാത്ര, വേരിയബിൾ പേ സമീപനം, സീസൺ ടിക്കറ്റുകൾ, മൾട്ടി യാത്രാ സൗകര്യം എന്നിവ ഉൾക്കൊള്ളുന്ന ട്രാവൽ ഡിമാൻഡ് മാനേജ്മെന്റ് സിസ്റ്റത്തിന് ഐടിഎസ് ട്രെയിൻ, വിമാനം, കപ്പൽ, പണമില്ലാത്ത യാത്ര തുടങ്ങിയ ബഹുജന ഗതാഗത സംവിധാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കാൻ കഴിയും.

അത്യാധുനിക ഇന്റലിജന്റ് ബസ് ബേകളുടെ (ഐടി സംരംഭങ്ങൾ) വികസനം, ഇലക്ട്രിക് ബഗ്ഗി സേവനങ്ങൾ, ഇ-റിക്ഷകൾ, എൻഎംടി സേവനങ്ങൾ എന്നിവയെ ബന്ധിപ്പിക്കുന്ന ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി, മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് അപ്ലിക്കേഷൻ വികസനവും അനുബന്ധ പ്രവർത്തനങ്ങളും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

വെബ് ആപ്ലിക്കേഷൻ വഴി യുക്ത്യാനുസൃതമായ റൂട്ട് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 90.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 7.4 ഉൾനാടൻ ജലഗതാഗതം

സംസ്ഥാന ജലഗതാഗത വകുപ്പ്, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ് എന്നീ ഏജൻസികളാണ് സംസ്ഥാനത്തെ ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട വികസനവും ഗതാഗത പ്രവർത്തനങ്ങളും നടത്തുന്നത്. 2025-26 ബജറ്റിൽ ഉൾനാടൻ ജല ഗതാഗത വികസനത്തിനായി വകയിരിക്കുന്ന വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | വകുപ്പ് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | സംസ്ഥാന ജലഗതാഗത വകുപ്പ്(എസ്.ഡബ്ല്യൂ.ടി.ഡി) | 3011.00 |
| 2. | കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്(കെ.എസ്.ഐ.എൻ.സി) | 764.00 |

| | | |
|---|---|---|
| 3. | കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്(സി.എസ്.ഐ.എൻ.ഡി) | 9527.00 |
| | **ആകെ** | **13302.00** |

**7.4.1 സംസ്ഥാന ജല ഗതാഗത വകുപ്പ്**

സംസ്ഥാന ജലഗതാഗത വകുപ്പിന് താഴെ പറയുന്ന പദ്ധതികൾക്കായി 2025-26 ബജറ്റിൽ 3011. 00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1. ഭൂമിയും കെട്ടിടവും ടെർമിനൽ സൗകര്യങ്ങളും**

**(വിഹിതം: 200.00 ലക്ഷം രൂപ)**

സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ഭരണം, ഗവേണൻസ്, പ്രവർത്തന ശേഷി എന്നിവ വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. വിവിധ വിഭാഗങ്ങളിലായി ടെർമിനൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് പ്രസ്തുത വിഹിതം വകയിരുത്തുന്നത്. താഴെപ്പറയുന്ന ഘടകങ്ങൾ കൂടാതെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രോജക്ടുകളുടെ സ്പിൽ ഓവർ തുക നൽകുന്നതിനും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്:

- കൈനകരിയിലെ പുതിയ സ്റ്റേഷൻ ഓഫീസ് നിർമ്മാണം
- റബ്ബർ ഫെൻഡർ വാങ്ങലും ഇൻസ്റ്റാളേഷനും
- സ്റ്റേഷൻ ഓഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ
- ഏറ്റവും നൂതനമായ പഞ്ചിംഗ് സിസ്റ്റത്തിന്റെ സ്ഥാപിക്കുന്നതിനും .
- ഡിപ്പാർട്ട്മെന്റ് സ്റ്റേഷൻ അടിസ്ഥാനത്തിൽ ഇവി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കൽ

2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**2. ബോട്ടുകൾ വാങ്ങലും കടത്തു സർവ്വീസുകൾ വിപുലീകരിക്കലും**

**(വിഹിതം: 2511.00 ലക്ഷം രൂപ)**

ജലഗതാഗതത്തിൽ പുതുക്കിയ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുന്നതും ഇന്ധനക്ഷമതയുള്ള പുതിയ വെസ്സലുകൾ വാങ്ങുന്നതിനു പദ്ധതി വിഭാവനം ചെയ്യുന്നു. താഴെ പറയുന്ന ഘടകങ്ങൾക്ക് കൂടാതെ സ്പിൽ ഓവർ തുക നൽകുന്നതിനും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കുട്ടനാട് സഫാരി, മുണ്ട്രോതുരുത്ത് സഫാരി, അഴീക്കൽ സഫാരി സർവീസുകൾ (30 പാക്സ് ശേഷിയുള്ള ) എന്നിങ്ങനെ യാത്രക്കാർക്കും വിനോദസഞ്ചാരത്തിനുമായി അഞ്ച് ഇലക്ട്രിക് കപ്പലുകൾ വാങ്ങൽ. | **2511.00** |
| 2 | മൂന്നു വർക്ക്ഷോപ്പ് ബോട്ടുകളുടെ നിർമ്മാണം | |

2025-26 ബജറ്റിൽ 2511.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**3. വർക്ക്ഷോപ്പ് സൗകര്യങ്ങൾ**

**(വിഹിതം: 150.00 ലക്ഷം രൂപ)**

വർക്ക്ഷോപ്പുകളുടെയും യാർഡുകളുടെയും നവീകരണവും പുനരുദ്ധാരണവും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുമാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | എറണാകുളം തേവരയിൽ മേൽക്കൂരയും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കൽ | 150.00 |
| 2 | പോഞ്ഞിക്കരയിലും ആയിട്ടിയിലും പ്രവർത്തിക്കുന്ന വർക്ക്ഷോപ്പിലെ സൗകര്യങ്ങൾ നവീകരിക്കൽ | |
| 3 | ജനറേറ്റർ വാങ്ങൽ | |
| 4 | ഇൻവെന്ററി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ വാങ്ങൽ | |
| 5 | ഡീസൽ മോണിറ്ററിംഗ് സോഫ്റ്റ്‌വെയർ വാങ്ങൽ | |

2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. കൂടാതെ സ്പിൽ ഓവർ പ്രവർത്തനങ്ങൾക്ക് തുക നൽകുന്നതിനും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

**4. പുതിയ എഞ്ചിൻ വാങ്ങലും പഴയ ബോട്ടുകൾ പുതുക്കിപ്പണിയലും**

**(വിഹിതം: 150.00 ലക്ഷം രൂപ)**

തടിവാങ്ങൽ, മറൈൻ എൻജിനുകൾ, സ്റ്റിയറിംഗ് ഗിയർ ബോക്സുകൾ, ഹൈഡ്രോളിക് സ്റ്റിയറിംഗ്, മരം, യന്ത്രങ്ങൾ, വകുപ്പുതല ബോട്ടുകൾ മാറ്റാൻ ആവശ്യമായ സാങ്കേതിക ഘടകങ്ങൾ എന്നിവയും മരം/സ്റ്റീൽ/കറ്റമരാൻ/സോളാർ ബോട്ടുകൾ നന്നാക്കാൻ ആവശ്യമായ മറ്റ് നൂതന ഉപകരണങ്ങളും വാങ്ങാൻ പദ്ധതി ലക്ഷ്യമിടുന്നു. പതിനാലാം പദ്ധതിക്കാലത്ത് നിലവിലുള്ള ഡീസൽ ബോട്ടുകൾ ഘട്ടം ഘട്ടമായി സി.എൻ.ജി/എൽ.എൻ.ജി/ഇലക്ട്രിക്കൽ രീതിയിലേക്ക് മാറ്റുന്നതിനും ലക്ഷ്യമിടുന്നു.

പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ഇനിപ്പറയുന്നവയാണ്:

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | എഞ്ചിൻ, ഗിയർ ബോക്സുകൾ (6 എണ്ണം), ഹൈഡ്രോളിക് ഗിയർ ബോക്സുകൾ, ഹൈഡ്രോളിക് സ്റ്റിയറിംഗ് ബോക്സ് (6 എണ്ണം), എന്നിവ വാങ്ങൽ | 150.00 |
| 2 | 3 ബോട്ടുകളുടെ പ്രധാന അറ്റകുറ്റപ്പണികൾ | |

2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. കൂടാതെ സ്പിൽ ഓവർ തുക നൽകുന്നതിനും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

**7.4.2 കേരള ഷിപ്പിംഗ്, ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി)**

ഉൾനാടൻ ജലഗതാഗതം, തീരദേശ കപ്പൽ ഗതാഗതം, ജലാധിഷ്ഠിത ടൂറിസം, വിനോദ പ്രവർത്തനങ്ങൾ എന്നിവയുടെ നടപ്പാക്കലിൽ കേരളത്തിലെ മുൻ നിരയിലുള്ള ഒരു സ്ഥാപനമാണ് കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെഎസ്ഐഎൻ സി). ഉൾനാടൻ ജലപാതകളിൽ യന്ത്രവത്കൃത ചരക്ക് ഗതാഗത പ്രവർത്തനങ്ങൾ നടത്തുന്നു. കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 764.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1. ബൾക്ക് കാർഗോ ബാർജിന്റെ നിർമ്മാണം**

**(വിഹിതം: 306.00 ലക്ഷം രൂപ)**

കേരളത്തിലെ ഉൾനാടൻ ജലപാതകളിലൂടെയുള്ള ഗതാഗതത്തിനായി ഒരു ബൾക്ക് ബാർജ് നിർമ്മിക്കുന്നതിനാണ് ഈ പദ്ധതി. പ്രസ്തുത ബൾക്ക് ബാർജിന്റെ വാഹക ശേഷി 500 മെട്രിക് ടൺ ആണ്. കപ്പലിന്റെ ഹൾ നിർമ്മാണം, എൻജിൻ, യന്ത്രസാമഗ്രികൾ സ്ഥാപിക്കൽ എന്നിവയാണ് പ്രവൃത്തികൾ.

റോക്ക് ഫോസ്ഫേറ്റ്, സൾഫർ തുടങ്ങിയ കൂടുതൽ അളവിൽ ആവശ്യമായ വസ്തുക്കളുടെ ഗതാഗതത്തിനായുള്ള വർദ്ധിച്ചുവരുന്ന ആവശ്യം പരിഹരിക്കാൻ ബാർജിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബൾക്ക് കാർഗോ ബാർജിന്റെ നിർമ്മാണത്തിനായി 2025-26 ബജറ്റിൽ 306.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**1. ക്രൂയിസ് വെസ്സലിന്റെ നിർമ്മാണം**

**(വിഹിതം: 300.00 ലക്ഷം രൂപ)**

നിലവിലുള്ള വെസ്സലുകളുടെ അപര്യാപ്തതമൂലം ഒരു പുതിയ വെസ്സൽ നിർമ്മിക്കാൻ വകുപ്പ് ലക്ഷ്യമിടുന്നു. മികച്ചതും ആധുനികവുമായ സൗകര്യങ്ങളോടെ കെഐവി റൂൾസ് വെസ്സലിനു കീഴിലായിരിക്കും വെസ്സൽ രജിസ്റ്റർ ചെയ്യുക. ഐ ആർ എസ് ക്ലാസ് പ്രകാരം നിർമ്മിച്ചതും കെഐവി നിയമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തതുമായ ബോട്ടിൽ യാത്രക്കാർക്കായി മികച്ചതും ആധുനികവുമായ സൗകര്യങ്ങളോടുകൂടിയതുമായ മൂന്ന് ഡെക്കുകൾ കാണും. പ്രധാന ഡെക്കിൽ എയർ കണ്ടീഷൻ ചെയ്ത ഒരു റെസ്റ്റോറന്റും ഒരു മിനി കോൺഫറൻസ് റൂമും കാണും. വികലാംഗർക്കും വീൽചെയർ സഹായികൾക്കും പ്രായമായ വിനോദസഞ്ചാരികൾക്കും കപ്പലിന്റെ മുകളിലെ ഡെക്കിലേക്ക് പോയി കാഴ്ച ആസ്വദിക്കാൻ കഴിയുന്ന ഒരു പാസഞ്ചർ ലിഫ്റ്റ് സൗകര്യവും കപ്പലിലുണ്ട്. തിരക്കില്ലാതെ 100 വിനോദസഞ്ചാരികളെ ഉൾക്കൊള്ളുക എന്ന ലക്ഷ്യത്തോടെയാണ് മുകളിലെ ഡെക്കിന്റെ രൂപകൽപ്പന. 2025-26 ബജറ്റിൽ പദ്ധതിക്കായി 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**2. ഫ്ലോട്ടിംഗ് ജെട്ടിയുടെ നിർമ്മാണവും സ്ഥാപിക്കലും (പുതിയ പദ്ധതി)**

**(വിഹിതം: 108.00 ലക്ഷം രൂപ)**

സമുദ്ര വിനോദസഞ്ചാരത്തിലും ജലഗതാഗതത്തിലും കെഎസ്ഐഎൻസി ഒരു പ്രധാന പങ്ക് വഹിക്കുന്നു. ജലനിരപ്പ് താഴ്ന്ന സമയങ്ങളിൽ, മറൈൻ ഡ്രൈവിൽ ലഭ്യമായ മൂന്ന് ജെട്ടികളിലേക്ക് കപ്പലുകൾക്ക് എത്തിച്ചേരാൻ പ്രയാസമാണ്. വേലിയേറ്റ വേലിയിറക്ക സമയത്ത് കപ്പലുകൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ നിലവിലുള്ള ജെട്ടി ഭാഗത്തിന് മുന്നിൽ ഫ്ലോട്ടിംഗ് ബോട്ട് ജെട്ടികൾ സ്ഥാപിക്കുക എന്നതാണ് പദ്ധതി. ഫ്ലോട്ടിംഗ് ജെട്ടിയുടെ ഘടനയ്ക്ക് പുറമേ മേൽക്കൂരയുള്ള 30 മീറ്റർ നടപ്പാത നിർമ്മിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. 2025-26 ബജറ്റിൽ പദ്ധതിക്കായി 108.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**3. എഫ് ആർ പി ബോട്ട് നിർമ്മാണത്തിനായി സ്ലിപ്പ് വേയുടെ ആധുനികവൽക്കരണം (പുതിയ പദ്ധതി)**

**(വിഹിതം: 50.00 ലക്ഷം രൂപ)**

സ്റ്റീൽ, എഫ് ആർ പി എന്നിവയിൽ നിർമ്മിച്ച ബോട്ടുകൾ, കപ്പലുകൾ മുതലായവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ഒരു ഏജൻസിയായി കേരള സർക്കാർ കെ.എസ്.ഐ.എൻ.സി യെ അംഗീകരിച്ചിട്ടുണ്ട്. എറണാകുളം തോപ്പുംപടിയിലെ നിലവിലുള്ള യാർഡിൽ എഫ് ആർ പി ബോട്ട് നിർമ്മാണം സുഗമമാക്കുന്നതിന്, സ്ലിപ്പ് വേ നവീകരിക്കേണ്ടത് അത്യാവശ്യമാണ്. ട്രസ് വർക്ക്, ഫൂട്ടിംഗ്, ഫ്ലോറിംഗ്, ഇലക്ട്രിക്കൽ ജോലികൾ, എയർ കണ്ടീഷണറുകൾ, പെഡൽ ബോട്ടുകളുടെ മോൾഡ് വാങ്ങൽ (2, 4, 8 സീറ്റർ), റോ ബോട്ടുകൾ, കൺസൾട്ടൻസി ചാർജ്ജുകൾ, മറ്റ് അധികച്ചെലവുകൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തികൾ. 2025-26 ബജറ്റിൽ ഈ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**7.4.3 തീരദേശ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് (സി.എസ്.ഐ.എൻ.ഡി)**

ഊർജ്ജ കാര്യക്ഷമത, പരിസ്ഥിതി സൗഹാർദ്ദം, സുരക്ഷ എന്നിവ കണക്കിലെടുക്കുമ്പോൾ ഉൾനാടൻ ജലഗതാഗതം കാര്യക്ഷമവും ഫലപ്രദവുമായ ഗതാഗത ഉപാധിയാണ്. ദേശീയ ജലപാത 3 നെ ബന്ധിപ്പിക്കുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനത്തിന് കേരളം മുൻഗണന നല്കുന്നു. വെസ്റ്റ് കോസ്റ്റ് കനാൽ, ഫീഡർ കനാലുകൾ എന്നിവ സംസ്ഥാനത്തെ ജലപാതകളിൽ ഉൾപ്പെടുന്നു. ഉൾനാടൻ ജലപാതകളുടെ ആകെ നീളം 1687 കിലോമീറ്ററാണ്. വടക്ക് നീലേശ്വരത്തെ തെക്ക് കോവളവുമായി ബന്ധിപ്പിക്കുന്ന വെസ്റ്റ് കോസ്റ്റ് കനാലിന് (ഡബ്ല്യൂ.സി.സി) മാഹിക്കും വളപട്ടണത്തിനും ഇടയിൽ 26 കിലോമീറ്റർ അൺ കട്ട് പോർഷൻ ഒഴികെ 616 കിലോമീറ്റർ ദൂരമുണ്ട്. ബാക്കി ഭാഗങ്ങൾ ഫീഡർ കനാലുകളാണ്. കൊല്ലം മുതൽ കോഴിക്കോട് വരെ ഇൻലാൻഡ് വാട്ടർവേസ് അതോറിറ്റി ഓഫ് ഇന്ത്യയുടെയും (ഐഡബ്ല്യുഐഐ) ബാക്കിയുള്ളവ സംസ്ഥാന ജലപാതയുടെയും കീഴിലാണ്.

സംസ്ഥാനത്തെ ജലപാത സംവിധാനം മൂന്ന് ഘട്ടങ്ങളിലായി വികസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

ഘട്ടം 1- ലഭ്യമായ ഭൂമിയിൽ സാധ്യമായ വീതിയിൽ ഡബ്ല്യൂസിസി വികസിപ്പിക്കും
ഘട്ടം 2- കുടിയേറ്റക്കാരുടെ പുനരധിവാസം, ഭൂമി ഏറ്റെടുത്ത് കനാൽ വീതി കൂട്ടൽ എന്നീ പ്രവർത്തികൾ
ഘട്ടം 3- കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെ വെസ്റ്റ് കോസ്റ്റ് കനാലിനെ നീട്ടുക, ഫീഡർ കനാലുകളുടെ വികസനം, ചരക്ക് ഗതാഗതം, ടൂറിസം സൗകര്യങ്ങൾ എന്നിവയുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവ 2022-25 കാലയളവിൽ സജ്ജീകരിക്കും. മുഴുവൻ സമയ ഗതാഗതം സാധ്യമാക്കുന്നതിന് സ്മാർട്ട് ജലപാതകൾക്കായി നാവിഗേഷൻ സഹായങ്ങളും സിഗ്നലുകളും സ്ഥാപിക്കും. തീരദേശ, ഉൾനാടൻ നാവിഗേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 9527.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 1. ഉൾനാടൻ കനാൽ പദ്ധതി (സംസ്ഥാന മേഖല)

**(വിഹിതം: 7080.00 ലക്ഷം രൂപ)**

കേരളത്തിലെ ഉൾനാടൻ ജലപാതകളുടെ (നിർദ്ദിഷ്ട ദേശീയ ജലപാതകൾ ഒഴികെ) വികസനവും അനുബന്ധ അടിസ്ഥാനസൗകര്യങ്ങളും സംസ്ഥാന പദ്ധതി വിഹിതവും നബാർഡ് സഹായവും ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് സിഎസ്ഐഎൻ ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വെസ്റ്റ് കോസ്റ്റ് കനാലിന്റെ സംസ്ഥാന ജലപാത ഭാഗങ്ങളായ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ നീലേശ്വരം വരെയും ഉള്ള ഭാഗത്തിന്റെ വികസനത്തിനായി കിഫ്ബി സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് "ക്വിൽ" എന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനം പ്രവർത്തിച്ച് വരുന്നു. ഇതിനു പുറമെ, പാലങ്ങൾ, നാവിഗേഷൻ ലോക്കുകൾ കാൽനട മേൽപാലങ്ങൾ തുടങ്ങിയവയുടെ പുനർനിർമ്മാണം, ബോട്ട് ജെട്ടികളുടെയും ടെർമിനലുകളുടെയും നിർമ്മാണം, ഫീഡർ ലിങ്ക് കനാലുകൾ എന്നിവയുടെ വികസനം, നാവിഗേഷൻ സംവിധാനങ്ങൾ തയ്യാറാക്കൽ തുടങ്ങിയവയും അവയുടെ അറ്റകുറ്റപ്പണികളും സി.എസ്.ഐ.എൻ.ഡി ഏറ്റെടുക്കുകയും അവ നടപ്പിലാക്കുന്നതിൽ ജലസേചന വകുപ്പിന്റെ ഉൾനാടൻ നാവിഗേഷൻ വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്യു.

പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. വലിയ ജലയാനങ്ങൾക്ക് തടസ്സമില്ലാത്ത രീതിയിൽ സഞ്ചരിക്കുന്നതിന് ആവശ്യമായ നീളത്തിലും ഉയരത്തിലും റോഡ് മേൽ പാലങ്ങൾ, കാൽനട മേൽപാലങ്ങൾ, റെയിൽവെ മേൽപാലങ്ങൾ, കനാൽ ക്രോസിംഗുകൾ എന്നിവ പോലുള്ള ക്രോസ് സ്ട്രക്ച്ചറുകൾ എന്നിവ മാറ്റി സ്ഥാപിക്കുക.
2. വികസന പ്രവർത്തനങ്ങൾ പൂർത്തിയായ സ്ഥലങ്ങളിൽ ടെർമിനലുകളുടെയും ജെട്ടികളുടെയും നിർമ്മാണം നടത്തിയും നിലവിൽ പ്രവർത്തന ക്ഷമമായ ജെട്ടികൾ/ടെർമിനലുകൾ എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തിയും യാത്രക്കാരുടെയും ചരക്കുകളുടെയും ഗതാഗതം സുഗമമാക്കുക.
3. വെസ്റ്റ് കോസ്റ്റ് കനാലുമായി ബന്ധിപ്പിക്കുന്ന ഫീഡർ കനാലുകൾ വികസിപ്പിക്കുന്നതിലൂടെ കൂടുതൽ ചരക്ക് ഗതാഗതം ആകർഷിക്കുകയും വാണിജ്യ വിനോദസഞ്ചാര സാധ്യതകൾ ഉപയോഗപ്പെടുത്തുകയും ചെയ്യുക.

താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ൽ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

**എ) മുൻപ് നടത്തിയ വികസന/നവീകരണ ജോലികളുടെ സ്പിൽഓവർ പേയ്മെന്റ് നൽകുന്നതിനും ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളുടെ പരിപാലനം/വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു:**

i) കോവളം-കൊല്ലം സ്ട്രെച്ച് (ചെയ്നേജ് 0.00 കിലോമീറ്റർ മുതൽ 74.14 കിലോമീറ്റർ വരെ)
ii) കോഴിക്കോട്-വടകര റീച്ച് (ചെയ്നേജ് 402.18 കിലോമീറ്റർ മുതൽ 450.08 കിലോമീറ്റർ വരെ)
iii) വടകര-മാഹി റീച്ച് (ചെയ്നേജ് 450.08 കിലോമീറ്റർ മുതൽ 467.69 കിലോമീറ്റർ വരെ) (കരഭാഗം)

കനാൽ ബലപ്പെടുത്തലും ആഴം കൂട്ടുന്നതിനുമായുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത്.

**ബി) വടകര-മാഹി കനാലിന്റെ മൂന്നാം റീച്ചിലുള്ള ചെറുപൊയിൽ കനാലിന്റെ സംരക്ഷണത്തിനായുള്ള പ്രവൃത്തികൾ ഏറ്റെടുക്കുക.**

**സി) ക്രോസ്-സ്ട്രക്ച്ചറുകളുടെ നിർമ്മാണം:**

കണ്ടെത്തിയ 240 ഓളം സ്ഥലങ്ങളിൽ റോഡ് മേൽപാലങ്ങൾ, കാൽനട മേൽപാലങ്ങൾ റെയിൽവെ മേൽപാലങ്ങൾ, കനാൽ ക്രോസിംഗുകൾ എന്നിവ ആവശ്യമായ നീളത്തിലും ഉയരത്തിലും പുനർനിർമ്മിക്കുക. നിലവിലുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തിയശേഷം ഘട്ടം ഘട്ടമായി പുതിയ പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായാണ് 2025-26 സാമ്പത്തിക വർഷത്തിൽ തുക നീക്കിവച്ചിരിക്കുന്നത്.

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| 1 | കാസർകോട് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിലെ തെക്കേക്കാട് പാലത്തിന്റെ നിർമ്മാണം |
| 2 | കാസർകോട് ജില്ലയിലെ വലിയപറമ്പ് ഗ്രാമപഞ്ചായത്തിലെ മാടക്കലിൽ പാലങ്ങളുടെ നിർമ്മാണം |
| 3 | കാസർകോട് ജില്ലയിലെ വലിയപറമ്പ് ഗ്രാമപഞ്ചായത്തിൽ ഇടയിലേക്കാട് പാലങ്ങളുടെ നിർമ്മാണം |
| 4 | കോഴിക്കോട് ജില്ലയിലെ കരിങ്ങാലിമുക്കിൽ നിലവിലുള്ള വിസിബിക്ക് മുകളിലൂടെയുള്ള പാലത്തിന്റെ നിർമ്മാണം |

**ഡി) ജെട്ടി, കാർഗോ ടെർമിനലുകൾ എന്നിവയുടെ നിർമ്മാണവും നവീകരണവും:**

വികസന പ്രവർത്തനങ്ങൾ പൂർത്തിയായ സ്ഥലങ്ങളിൽ ടെർമിനലുകളുടെയും ജെട്ടികളുടെയും നിർമ്മാണം, പ്രവർത്തനക്ഷമമായ ജെട്ടികൾ/ടെർമിനലുകൾ എന്നിവയുടെ നവീകരണം എന്നിവ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. എസ്ഡബ്ല്യൂറ്റിഡി, കെഎസ്ഐഎൻസി, ടൂറിസം വകുപ്പ് എന്നിവയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തണം. ജെട്ടികൾ നിർമ്മിക്കാനും നിലവിലുള്ള ജെട്ടികൾ 2025-26 ൽ മുൻഗണനാടിസ്ഥാനത്തിൽ നവീകരിക്കാനും വിഭാവനം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| 1 | കൊല്ലം എൽ.എ.സി യിൽ കൊല്ലം കോർപ്പറേഷനിലെ അഡ്വഞ്ചർ പാർക്ക് ബോട്ട് ടെർമിനലിന്റെ നവീകരണം |
| 2 | കൊല്ലം എൽ.എ.സി.യിൽ പനയം പഞ്ചായത്തിലെ ചെമ്മക്കാട് ബോട്ട് ടെർമിനൽ നവീകരണം |
| 3 | കരുനാഗപ്പള്ളി എൽ.എ.സി യിലെ കുലശേഖരപുരം പഞ്ചായത്തിലെ പറമ്പിൽ കടവ് ബോട്ട് ജെട്ടിയുടെ നവീകരണം |
| 4 | മയ്യിൽ പഞ്ചായത്തിലെ മുല്ലക്കൊടിയിൽ ബോട്ട് ജെട്ടിയുടെ നിർമ്മാണം |
| 5 | വളപട്ടണം-കൊട്ടി ജലപാത - മാടായി പഞ്ചായത്തിലെ പെരുമ്പയാറിൽ പുതിയപുഴക്കരയിൽ ബോട്ട് ജെട്ടിയുടെ നിർമാണം. |
| 6 | ഏഴോം പഞ്ചായത്തിലെ ഏഴോം കടവിൽ ബോട്ട് ജെട്ടിയുടെ നിർമ്മാണം |
| 7 | ധർമ്മടം മണ്ഡലത്തിലെ മേലൂർ കടവ് ബോട്ട് ജെട്ടിയുടെ നിർമ്മാണം |
| 8 | ചേർത്തല എൽ.എ.സിയിലെ തണ്ണീർമുക്കം പഞ്ചായത്ത് പരിധിയിലെ തണ്ണീർമുക്കത്ത് ബോട്ട് ജെട്ടിയുടെ നിർമ്മാണം |

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| 9 | ചെയ്നേജ്: 375.02 കിലോമീറ്റർ മുതൽ 377.52 കിലോമീറ്റർ വരെയുള്ള 2.5 കിലോമീറ്റർ നീളത്തിൽ കനോലി കനാൽ മണ്ണ് നീക്കം ചെയ്ത് ഗതാഗതയോഗ്യമാക്കും. |
| 10 | തിരുവാർപ്പ് പഞ്ചായത്തിലെ വാർഡ് നമ്പർ 13ൽ മലരിക്കലിനു സമീപമുള്ള കുറ്റായിച്ചിറ ബോട്ട് ജെട്ടി നവീകരണം |
| 11 | എറണാകുളം ജില്ലയിലെ പൊഞ്ഞിക്കര ബോട്ട് ജെട്ടിയുടെ നവീകരണം |
| 12 | എറണാകുളം ജില്ലയിലെ എറണാകുളം ബോട്ട് ജെട്ടിയുടെ നവീകരണം |
| 13 | എറണാകുളം ജില്ലയിലെ മുളവുക്കാട് പഞ്ചായത്തിലെ പൊന്നാരിമംഗലം ബോട്ട് ജെട്ടിയുടെ നവീകരണം |

**ഇ) കനാലുകളിൽ നാവിഗേഷൻ സഹായങ്ങൾ നൽകുന്നു:** വെസ്റ്റ് കോസ്റ്റ് കനാലിന്റെ മുഴുവൻ ഭാഗത്തും നാവിഗേഷൻ സംവിധാനങ്ങൾ നൽകേണ്ടതുണ്ട്. 2025-26 ൽ കണ്ണൂർ-കോട്ടപ്പുറം റീച്ചിലെ കൊറ്റി-വളപട്ടണം ഭാഗത്ത് (കായൽ) നാവിഗേഷൻ സഹായങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു.

**എഫ് ) ഫീഡർ കനാലുകളുടെ/ലിങ്ക് കനാലുകളുടെ വികസനം:**

വിവിധ സ്ഥലങ്ങളിൽ ഫീഡർ കനാലുകൾക്ക് കഴിഞ്ഞ വർഷം ഏറ്റെടുത്ത ജോലികൾക്കുള്ള സ്പിൽഓവർ പേയ്മെന്റും കനാലിലെ അടിസ്ഥാന സൗകര്യ പരിപാലന പ്രവർത്തനങ്ങൾക്കുമായി തുക നീക്കിവച്ചിരിക്കുന്നു.

**ജി)** സംസ്ഥാന ജലപാതകളുടെ വികസനത്തിനും, വിവിധ ജില്ലകളിലെ ബോട്ട് ജെട്ടികൾ/ടെർമിനലുകൾ/പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ.

മേൽപറഞ്ഞ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി ആകെ 7080.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

### 2. ഉൾനാടൻ ഷിപ്പിംഗ് പ്രമോഷൻ ഫണ്ട്

**(വിഹിതം: 1.00 ലക്ഷം രൂപ)**

വലിയ തോതിലുള്ള ചരക്ക് ഗതാഗതത്തിനായി ഉൾനാടൻ ജലപാതകൾ ഉപയോഗിക്കുന്നതിന് ജലയാനങ്ങളെ ആകർഷിക്കാൻ പ്രോത്സാഹനങ്ങൾ നൽകുന്നതിന് ഈ പദ്ധതി ഉദ്ദേശിക്കുന്നു. ചരക്ക് നീക്കത്തിനായി ജലപാതകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിലൂടെ റോഡ് മുഖാന്തിരമുള്ള ചരക്കുനിക്കത്തിന്റെ സമ്മർദ്ദം കുറയ്ക്കാൻ സഹായകമാകും. പദ്ധതിയുടെ ഘടകങ്ങൾ 1) ഉൾനാടൻ ജലയാനങ്ങൾ/നിർമ്മിക്കുന്നതിനുള്ള മൂലധന സബ്സിഡി/പ്രോത്സാഹനങ്ങൾ, 2) പുതിയ സംരംഭങ്ങൾക്കായി ഉൾനാടൻ ഷിപ്പിംഗ് പ്രമോഷനുള്ള കോർപ്പസ് ഫണ്ടിന്റെ രൂപീകരണം, 3) ഉൾനാടൻ ജലയാനങ്ങളുടെ ചാർട്ടറിംഗ്, അതിവേഗ ജലയാനങ്ങൾ/പരിശോധനാ ബോട്ടുകൾ കെ.ഐ.വി നിയമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 4) സംസ്ഥാനത്തിന്റെ ഉൾനാടൻ ഷിപ്പിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ മറ്റ് പ്രവർത്തനങ്ങൾ. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്രമായി വകയിരുത്തിയിരിക്കുന്നു.

### 3. ഐഡബ്ല്യുറ്റി സ്കീമുകൾക്കായുള്ള സൂക്ഷ്മപരിശോധന

**(വിഹിതം: 146.00 ലക്ഷം രൂപ)**

ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ, സംസ്ഥാന ജല ഗതാഗത വകുപ്പ്, കെഎസ്ഐഎൻസി, ടൂറിസം വകുപ്പ്, മറ്റ് സാധ്യതയുള്ള സ്റ്റേക്ക് ഹോൾഡർമാർ എന്നിവരുടെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സംസ്ഥാന ജലപാതയ്ക്കായി സമഗ്രമായ വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഉൾനാടൻ ജലഗതാഗത മേഖലയ്ക്കായി ഒരു സംയോജിത ബിസിനസ്സ് മാതൃക സൃഷ്ടിക്കുന്നതിന് ഹൈഡ്രോഗ്രാഫിക് സർവ്വേകളും ആവശ്യമാണ്. പശ്ചിമ തീര കനാലുമായി ബന്ധിപ്പിക്കുന്ന ഫീഡർ/ലിങ്ക് കനാലുകളുടെ വികസനവും പ്രധാന കേന്ദ്രങ്ങളായ വാണിജ്യ കേന്ദ്രങ്ങൾ, തുറമുഖങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവയും തിരിച്ചറിയേണ്ടതാണ്. സർവ്വെ സാധ്യതാ പഠനം,

ആസൂത്രണം, രൂപകൽപ്പന, ജലപാതകളിൽ ഫലപ്രദവും കാര്യക്ഷമവുമായ ഗതാഗത സംവിധാനം ഒരുക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 146.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. ദേശീയ ജലപാതയിലെ ക്രോസ് സ്ട്രക്ചറുകളുടെ നിർമ്മാണം (നബാർഡ്-ആർഐഡിഎഫ്)**

**(വിഹിതം: 2300.00 ലക്ഷം രൂപ)**

ഫീഡർ കനാലുകളുടെയും അനുബന്ധ ഘടനകളുടെയും വികസനമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ, കൂടാതെ ദേശീയ ജലപാതകളുമായി ബന്ധിപ്പിക്കുന്ന ഫീഡർ കനാലുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 2025-26 ബജറ്റിൽ 2300.00 ലക്ഷം രൂപ ഇതിലെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

## 7.5 മറ്റ് ഗതാഗത സർവ്വീസുകൾ

2025-26 കാലയളവിൽ നടപ്പാക്കുന്നതിന് മറ്റ് ഗതാഗത സേവന മേഖലയിൽ 48200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**1. കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യ വികസനം (എം.ഐ.ഡി.പി)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതിയാണിത്. പ്രവർത്തന നഷ്ടം നികത്തൽ, പ്രൊജക്റ്റുകളുടെ സ്പിൽ ഓവർ ബാധ്യത, റൺവേ വികസനം 4000 മീറ്ററായി വർദ്ധിപ്പിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ, റൂട്ട് ഡെവലപ്മെന്റ് ഫണ്ട്, മൾട്ടിമോഡൽ കണക്റ്റിവിറ്റി, ഫ്രീ ട്രേഡ് വെയർ ഹൗസിംഗ് സോണിനെ (FTWZ) സംബന്ധിച്ച് സാങ്കേതിക സാമ്പത്തിക സാധ്യതാ (ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി) പഠനം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

വായ്പ നൽകുന്നയാൾക്ക് വായ്പ തിരിച്ചടവ് (പലിശയും മുതലും) നൽകുന്നതിൽ കുറവ് വരുന്ന പക്ഷം MIDP-യിൽ വകയിരുത്തിയ തുകയിൽ നിന്നും ഉപയോഗിക്കാവുന്നതാണ്. 2025-26 ബജറ്റിൽ നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അധിക തുക ആവശ്യമായി വരുന്ന പക്ഷം "മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് പ്രോജക്ട്" (എം.ഐ.ഡി.പി) എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.

**2. കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി (എം.ഐ.ഡി.പി)**

**(വിഹിതം: 1.00 ലക്ഷം രൂപ)**
**(ഇ.എ.പി: 28900.00 ലക്ഷം രൂപ)**

കൊച്ചി നഗരത്തിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേരള സർക്കാരിന്റെ ഒരു ഫ്ലാഗ്ഷിപ്പ് പദ്ധതിയാണ് കൊച്ചി മെട്രോ റെയിൽ പദ്ധതി (കെ.എം.ആർ.പി). ഭാരത സർക്കാരിന്റെയും, സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ പ്രസ്തുത പദ്ധതി, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെഎംആർഎൽ) എന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനത്തിലൂടെയാണ് (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) നടപ്പിലാക്കുന്നത്. 2025-26ൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി തുക വകയിരുത്തിയിരിക്കുന്നു:

- കാനറ ബാങ്ക്, യു.ബി.ഐ, എ.എഫ്.ഡി, ഹഡ്കോ, കേരള ബാങ്ക്, എ.ഐ.ഐ.ബി(ഘട്ടംII) എന്നിവയിലേക്കുള്ള കടബാധ്യതയ്ക്കും
- ഘട്ടം IA, IB, ഘട്ടം II(നികുതികൾക്കുള്ള സബോഡിനേറ്റ് ഡെബ്റ്റ്) എന്നിവയ്ക്കുള്ള നികുതികൾക്കും
- ലൈറ്റ് മെട്രോ-തിരുവനന്തപുരം, കോഴിക്കോട് ഡി.പി.ആർ തയ്യാറാക്കുന്നതിനും
- രണ്ടാം ഘട്ടത്തിലേക്കുള്ള കേരള സർക്കാരിന്റെ ഇക്വിറ്റി വിഹിതത്തിനും

2025-26 ബജറ്റിൽ നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ വകയിരുതിയിരിക്കുന്നു. അധിക തുക ആവശ്യമായി വരുന്ന പക്ഷം 'മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് പ്രോജക്ട്' എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്. കൊച്ചി മെട്രോ റെയിൽ പദ്ധതി-ഘട്ടംII-നുള്ള ഇ.എ.പി ഘടകമായി 28900.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 3. കൊച്ചിയിൽ സംയോജിത ജലഗതാഗത സംവിധാനം (എം.ഐ.ഡി.പി) (ഇ.എ.പി)

**(വിഹിതം: 1.00 ലക്ഷം രൂപ)**
**(ഇ.എ.പി: 15960.00 ലക്ഷം രൂപ)**

ജർമ്മൻ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ, കെഎഫ്ഡബ്ല്യൂ എന്നിവയുടെ സാമ്പത്തിക സഹായത്തോടെയും സംസ്ഥാന വിഹിതവും (106483.00 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ്) ഉപയോഗിച്ചാണ് കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (കെഎംആർഎൽ) കൊച്ചി വാട്ടർ മെട്രോ പദ്ധതി നടപ്പിലാക്കുന്നത്. കൊച്ചി നഗരത്തിലെ 16 റൂട്ടുകളിലായി 36 ജെട്ടികൾ ഉൾപ്പെടുന്ന 76 കി.മീ ഉൾനാടൻ ജല ഗതാഗത വികസനമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. കൊച്ചിയിലെ നിലവിലുള്ള ഗതാഗതത്തെ പുനരുജ്ജീവിപ്പിച്ച് പൊതുഗതാഗതം, കൊച്ചി മെട്രോ, ബസ് ഗതാഗതം, എന്നിവയുടെ സംയോജനം താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ജലമാർഗങ്ങളുടെ വികസനം, ടെർമിനലുകളിലേക്കുള്ള റോഡുകൾ, ബോട്ട് യാർഡുകൾ, അടിയന്തിര രക്ഷാപ്രവർത്തന ബോട്ടുകൾ, പ്രവർത്തന നിയന്ത്രണ കേന്ദ്രം, വാട്ടർ മെട്രോ പ്രോജക്റ്റിന് ആവശ്യമായ വാർത്താവിനിമയ പശ്ചാത്തല സൗകര്യങ്ങൾ എന്നിവ പ്രോജക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുന്നു. ഈ പദ്ധതി രണ്ട് ഘട്ടങ്ങളായാണ് (ഒന്നാം ഘട്ടത്തിൽ 19 ടെർമിനലുകളും , ഘട്ടം IIൽ ശേഷിച്ചവയും)നടപ്പിലാക്കുന്നത്.

2025-26 ബജറ്റിൽ നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അധിക തുക ആവശ്യമായി വരുന്ന പക്ഷം 'മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് പ്രോജക്റ്റ്' എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്. കൊച്ചിയിലെ സംയോജിത ജല ഗതാഗതത്തിന്റെ ഇ.എ.പി ഘടകമായി 15960.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 4. ഹെലിപോർട്ടുകൾ സ്ഥാപിക്കൽ

**(വിഹിതം: 50.00 ലക്ഷം രൂപ)**

അടിയന്തിര ഘട്ടങ്ങളിൽ ആളുകളെ ഒഴിപ്പിക്കുന്നതിനും, വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്കും ഹെലിപാഡുകൾ/ഹെലിപോർട്ടുകളുടെ വികസനം ആവശ്യമാണ്. സാങ്കേതിക സാമ്പത്തിക പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സാധ്യതയുള്ള സ്ഥലങ്ങളിൽ ഹെലിപാഡുകൾ/ഹെലിപോർട്ടുകൾ വികസിപ്പിക്കുന്നതിന് 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

### 5. കേരള റെയിൽ വികസന കോർപ്പറേഷൻ (കെ.ആർ.ഡി.സി.എൽ) (കേന്ദ്ര-കേരള സർക്കാർ സംയുക്ത സംരംഭം)

കേരളത്തിലെ പ്രധാനപ്പെട്ട റെയിൽവെ പദ്ധതികൾ കേന്ദ്ര ഗവൺമെന്റും, കേരള ഗവൺമെന്റും സംയുക്തമായി ചെലവ് വഹിക്കുന്ന രീതിയിൽ യോജിച്ച് നടപ്പിലാക്കുന്നതിന് ഒരു സംയുക്ത സംരംഭം "കേരള റെയിൽ വികസന കോർപ്പറേഷൻ" (കെ.ആർ.ഡി.സി.എൽ) രൂപീകരിച്ചിട്ടുണ്ട്. 51 ശതമാനം സംസ്ഥാന സർക്കാർ ഇക്വിറ്റി വിഹിതവും 49 ശതമാനം കേന്ദ്ര വിഹിതവുമായി രജിസ്റ്റർ ചെയ്തിട്ടുള്ള സംയുക്ത സംരംഭത്തിൽ കേരളത്തിൽ വരാനിരിക്കുന്ന ചുവടെ ചേർക്കുന്ന റെയിൽവേ പദ്ധതികൾ കൂടി ഉൾപ്പെടുന്നു:

#### എ) അർദ്ധ അതിവേഗ റെയിൽ പദ്ധതി (സിൽവർ ലൈൻ) (എം.ഐ.ഡി.പി)

**(വിഹിതം: 1.00 ലക്ഷം രൂപ)**

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 529.4 കിലോമീറ്റർ "സിൽവർ ലൈൻ" സെമി ഹൈ സ്പീഡ് റെയിൽ പാതയുടെ നിർമ്മാണത്തിന്റെ ഏകദേശ പദ്ധതി ചെലവ് 6394100.00 ലക്ഷം രൂപയാണ്. (റെയിൽവേ മന്ത്രാലയം, ഗവ. ഓഫ് ഇന്ത്യ, കേരള സർക്കാർ, ഡെഫേർഡ് പേയ്മെന്റ് (കേരള സർക്കാർ), പൊതു ഇക്വിറ്റി പങ്കാളിത്തം, ഉഭയകക്ഷി വായ്പ എന്നിവയിൽ നിന്നുള്ള സംഭാവന). 2025-26 ബജറ്റിൽ നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അധിക തുക ആവശ്യമായി വരുന്ന പക്ഷം "മേജർ ഇൻഫ്രാസ്ട്രക്ചറൽ ഡവലപ്മെന്റ് പ്രോജക്റ്റുകൾ" (എംഐഡിപി) എന്ന ശീർഷകത്തിൽ നിന്നും പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.

#### ബി) അംഗമാലി-എരുമേലി- ശബരി റയിൽവേ ലൈൻ(എം.ഐ.ഡി.പി) (പുതിയ പദ്ധതി)

**(വിഹിതം: 1.00 ലക്ഷം രൂപ)**

1997-98 ലെ റെയിൽവേ ബജറ്റിൽ അങ്കമാലി - എരുമേലി - ശബരി റെയിൽവേ ലൈൻ അനുവദിച്ചിരുന്നു. അങ്കമാലിയെ എരുമേലിയുമായി (ശബരിമല ക്ഷേത്രത്തിന്റെ കവാടം) ബന്ധിപ്പിക്കുന്ന ഈ

പദ്ധതി ശബരിമല ക്ഷേത്ര തീർത്ഥാടകർക്കും ഇടുക്കിയിലെ ഹൈറേഞ്ച് ജില്ലയ്ക്കും, കോട്ടയം, എറണാകുളം എന്നിവയുടെ പ്രാന്തപ്രദേശങ്ങൾക്കും പ്രയോജനകരമാകും, കൂടാതെ സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യും. പദ്ധതിയുടെ പ്രാരംഭ ചെലവ് 2815 കോടി രൂപയായി കണക്കാക്കിയിരുന്നു, ഇതിൽ 2021 ൽ കേരള സർക്കാർ കിഫ്ബി വഴി 50% വഹിക്കാൻ സന്നദ്ധത അറിയിച്ചിരുന്നു. പദ്ധതിയുടെ എസ്റ്റിമേറ്റ് 2023 ൽ പരിഷ്കരിക്കുകയും ചെലവ് 3800.93 കോടി രൂപയായി വർദ്ധിക്കുകയും ചെയ്തു.

2025-26 ബജറ്റിൽ നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അധിക തുക ആവശ്യമായി വരുന്ന പക്ഷം "മേജർ ഇൻഫ്രാസ്ട്രക്ചറൽ ഡവലപ്മെന്റ് പ്രോജക്ടുകൾ" (എംഐഡിപി) എന്ന ശീർഷകത്തിൽ നിന്നും പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.

**6. കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (കെ.എം.ടി.എ)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാരിന്റെ മെട്രോ റെയിൽ നയത്തിൽ, ഒരു ഏകീകൃത മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (യു.എം.ടി.എ) രൂപീകരിക്കുന്നത് മെട്രോ റെയിൽ പദ്ധതികൾക്ക് ആവശ്യമാണ്. കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (കെ.എം.ടി.എ) നിയമം 2018 കേരള സംസ്ഥാന നിയമസഭ 2019 നവംബറിൽ പാസാക്കി. നഗര മൊബിലിറ്റി പ്രദേശങ്ങളിലെ ഗതാഗത വികസനം, പ്രവർത്തനം, പരിപാലനം, നിരീക്ഷണം, മേൽനോട്ടം എന്നിവയ്ക്കായുള്ള ഉത്തരവാദപ്പെട്ട ഒരു ഏകോപന അതോറിറ്റിയാണ് ഇത്.

കെ.എം.ടി.എ നിയമപ്രകാരം, ഉയർന്ന ജനസംഖ്യയും വാഹന സാന്ദ്രതയും ഉള്ള തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് പ്രധാന നഗരങ്ങളിൽ മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റികൾ രൂപീകരിച്ച് നഗര മൊബിലിറ്റി ഏരിയകളായി പ്രഖ്യാപിക്കും. ഗതാഗത ഏകീകരണം, നിരക്ക് പരിഷ്കരണം, ബസ്സ് ഗതാഗത സംവിധാനത്തിന്റെ നവീകരണം, പുതിയ പാർക്കിംഗ് സ്ഥലങ്ങൾ സ്ഥാപിക്കുക, സിംഗിൾ ടിക്കറ്റിംഗ് സംവിധാനം എന്നിവ ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റത്തിലൂടെ ആളുകൾക്ക് ഉപയോഗിക്കാൻ കഴിയും.

അതോറിറ്റിയ്ക്കായി അഡ്മിനിസ്ട്രേറ്റീവ്, ഗവേണൻസ് സൗകര്യങ്ങൾ ഒരുക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. 2025-26 ബജറ്റിൽ 1.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**7. ഇടുക്കി, വയനാട്, കാസറഗോഡ് എന്നിവിടങ്ങളിലെ എയർസ്ട്രിപ്പുകൾ**

**(വിഹിതം: 150.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോർട്ടുകളായി പ്രവർത്തിക്കാനും ടൂറിസം പ്രോത്സാഹിപ്പിക്കാനും തൊഴിൽ വർദ്ധിപ്പിക്കാനും പ്രാദേശിക വളർച്ചയെ സന്തുലിതമാക്കാനും സംസ്ഥാന സർക്കാർ ഇടുക്കി, വയനാട്, കാസറഗോഡ് ജില്ലകളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. റൺവേ (നോൺ ഇൻസ്ട്രുമെന്റ് ടൈപ്പ്), എയർ ക്രാഫ്റ്റ് പാർക്കിംഗ് ബേ, പാസഞ്ചർ ടെർമിനൽ ബിൽഡിംഗ്, കാർ പാർക്ക്, സിറ്റി സൈഡ് സൗകര്യങ്ങൾ, ഭൂമി ഏറ്റെടുക്കൽ ചെലവ് എന്നിവ ഘടകങ്ങളിൽ ഉൾപ്പെടുന്നു.

1. ഇടുക്കി ജില്ല – 50.00 ലക്ഷം രൂപ
2. വയനാട് ജില്ല – 50.00 ലക്ഷം രൂപ
3. കാസറഗോഡ് ജില്ല – 50.00 ലക്ഷം രൂപ

പദ്ധതി വിശദാംശങ്ങൾ പ്രാരംഭഘട്ടത്തിലാണ്, സാങ്കേതിക സാമ്പത്തിക പഠനത്തെ അടിസ്ഥാനമാക്കി ഇത് ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ ഉഡാൻ സ്കീമിന് കീഴിൽ കേന്ദ്ര സർക്കാരിൽ നിന്ന് തുല്യ വിഹിതം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാരംഭ പ്രവർത്തനങ്ങൾ, ഡിപിആർ ചെലവുകൾ, ഭൂമി ഏറ്റെടുക്കൽ, വികസനം എന്നിവ ആരംഭിക്കുന്നതിന് 2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**8. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം**

**(വിഹിതം: 496.00 ലക്ഷം രൂപ)**

ഈ പദ്ധതി വിശദാംശങ്ങൾ പ്രാരംഭഘട്ടത്തിലാണ്, സാങ്കേതിക സാമ്പത്തിക, പരിസ്ഥിതി ആഘാത പഠനങ്ങളെ അടിസ്ഥാനമാക്കി പദ്ധതി മെച്ചപ്പെടുത്തേണ്ടതുണ്ട്. 2025-26 ലെ ബജറ്റിൽ ഡിപിആർ തയ്യാറാക്കൽ, സ്പെഷ്യൽ ഓഫീസറുടെ ഓഫീസുമായി ബന്ധപ്പെട്ട ചെലവുകൾ, ഇപിസി കരാറുകാരന്റെ

പേയ്മെന്റ് എന്നിവയ്ക്കായി 496.00 രൂപ ലക്ഷം വകയിരുത്തിയിട്ടുണ്ട്.

**9. മോട്ടോർ ഇതര ഗതാഗതം (എൻ.എം.ടി) (ഇ.എ.പി)**

**(വിഹിതം: 1.00 ലക്ഷം രൂപ)**
**(ഇ.എ.പി: 2637.00 ലക്ഷം രൂപ)**

കെ.എം.ആർ.എല്ലിന്റെ എൻ.എം.ടി, സോഫ്റ്റ് മൊബിലിറ്റി സംരംഭങ്ങൾക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മെട്രോ സ്റ്റേഷനുകളിലേക്കുള്ള സുരക്ഷിത കാൽനടപ്പാതകൾ, സൈക്കിൾ ട്രാക്കുകൾ, ഡോക്കിംഗ് സൗകര്യം എന്നിവ നൽകിക്കൊണ്ട് യാത്രക്കാർക്ക് എളുപ്പത്തിൽ മെട്രോ സ്റ്റേഷനുകളിൽ പ്രവേശിക്കാൻ എൻഎംടി പ്രോഗ്രാമുകൾ വിഭാവനം ചെയ്യുന്നു, ഇത് മെട്രോ യാത്രാ നിരക്ക് മെച്ചപ്പെടുത്തുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും. എൻഎംടി പ്രവൃത്തികൾ നടപ്പിലാക്കുന്ന സ്ഥലങ്ങളിൽ പരസ്യങ്ങൾ, പാർക്കിംഗ് ഫീസ് എന്നിവയിലൂടെ അധിക വരുമാനം സാധ്യമാക്കും.

ജംഗ്ഷൻ, ഡ്രെയിൻ, ഫുട്പാത്ത് മെച്ചപ്പെടുത്തൽ, മീഡിയൻ ലാൻഡ്സ്കേപ്പ്, എലാസ്റ്റോമെറിക് പെയിന്റിംഗ്, റോഡ് സിഗ്നേജ്, മെട്രോ, റെയിൽ കണക്റ്റിവിറ്റി, നഗര പ്രദേശ നിർമ്മാണം, പ്രധാന റോഡുകൾ, യൂട്ടിലിറ്റി ഷിഫ്റ്റിംഗ്/വിതരണം, തെരുവ് ലൈറ്റ് തൂണുകൾ സ്ഥാപിക്കൽ എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. കൊച്ചി സ്മാർട്ട് സിറ്റി ലിമിറ്റഡിന്റെ അർബൻ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾ, സമാനമായ മറ്റ് പ്രോഗ്രാമുകൾക്ക് കീഴിലെ ഘടകങ്ങൾ/പദ്ധതികൾ എന്നിവയുടെ ഡ്യൂപ്ലിക്കേഷൻ/ഓവർലാപ്പ് ഒഴിവാക്കാൻ പദ്ധതി ഘടകങ്ങൾ പരിശോധിക്കേണ്ടതാണ്.

പദ്ധതിയുടെ ആകെ ചെലവ് 23900.00 ലക്ഷം രൂപയാണ്. ഇതിൽ സർക്കാർ വിഹിതം 3646.00 ലക്ഷം രൂപയും ബാക്കി 27 ദശലക്ഷം യൂറോ "(20254.00 ലക്ഷം രൂപ) ഏജൻസ് ഫ്രാങ്കൈസ് ഡി ഡവലപ്മെന്റ് (എഎഫ്ഡി)" സ്ഥാപനവും നൽകും. സർക്കാരും എ.എഫ്.ഡിയും തമ്മിലുള്ള ക്രെഡിറ്റ് ഫെസിലിറ്റി കരാർ 2019, ഡിസംബർ 27 ന് ഒപ്പുവച്ചു.

കെഎംആർഎൽ മുഖേന നടപ്പിലാക്കുന്ന പദ്ധതിക്ക് 2025-26 ബജറ്റിൽ 2637.00 ലക്ഷം രൂപ ഇ.എ.പി ഘടകമായും, 1.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായും വകയിരുത്തിയിരിക്കുന്നു.

## 7.6 വിനോദസഞ്ചാരം

തൊഴിലവസരങ്ങളും വരുമാനവും സൃഷ്ടിക്കുകയും, രാജ്യത്തിന്റേയും ലോകത്തിന്റേയും മറ്റ് ഭാഗങ്ങൾക്ക് സംസ്കാരം തുറന്നു കാട്ടുകകയും ചെയ്യുന്നതിനാൽ സംസ്ഥാന ടൂറിസം മുൻഗണനാ മേഖലയായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഇക്കോടൂറിസം പ്രവർത്തനങ്ങളിലൂടെയും, ഉത്തരവാദിത്വ ടൂറിസം രീതികളിലൂടെയും സംസ്ഥാനം സുസ്ഥിര ടൂറിസം രീതികൾ സ്വീകരിച്ചിട്ടുണ്ട്. സാമൂഹിക പങ്കാളിത്തവും അതിലൂടെ സമൂഹത്തിന് ലഭിക്കുന്ന ഗുണഫലങ്ങൾക്കുമാണ് ഇത് ഊന്നൽ നൽകുന്നത്. വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട അനുഭവങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, കമ്മ്യൂണിറ്റി സംരംഭങ്ങൾ, തൊഴിലവസരങ്ങൾ, സാംസ്കാരിക വിനിമയം, പ്രാദേശിക സമൂഹത്തിന് സമത്വ ജീവിതം എന്നിവയിലൂടെ സംസ്ഥാനത്തെ ടൂറിസം വ്യവസായം കോവിഡ്-19 മൂലമുണ്ടായ നഷ്ടങ്ങളെ മറികടന്നു വരികയാണ്. 2025-26 ബജറ്റിൽ, വിനോദസഞ്ചാരികൾ, വിനോദസഞ്ചാര സംരംഭകർ, ജീവനക്കാർ, വിപണനം, വിനോദസഞ്ചാരകേന്ദ്ര വികസനം എന്നിവയെ കേന്ദ്രീകരിച്ച് വ്യവസായത്തിൽ നഷ്ടപ്പെട്ട ബിസിനസ്സ് പുനർനിർമ്മിക്കുന്നതിനായി ഊന്നൽ നൽകുന്ന മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. 2025-26 ലെ ബജറ്റിൽ ഈ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി **38502.00** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2025-26 ൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങളും പദ്ധതി തിരിച്ചുള്ള വിഹിതവും ചുവടെ ചേർത്തിരിക്കുന്നു.

**1. കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. (കെടിഡിസി)**

**(വിഹിതം: 1300.00 ലക്ഷം രൂപ)**

കേരളത്തിലെ ഹോട്ടൽ ശൃംഖലയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ, സംസ്ഥാനത്തെ സുസ്ഥിര വിനോദ സഞ്ചാര വികസനത്തിനായി ടൂറിസ്റ്റ് ഹോസ്പിറ്റാലിറ്റി കേന്ദ്രീകരിച്ച് വിനോദസഞ്ചാര വ്യവസായത്തിൽ സജീവ പങ്കാളിത്തം വഹിക്കുന്നു. ആഡംബര പ്രീമിയം റിസോർട്ടുകൾ മുതൽ വഴിയോര വിശ്രമകേന്ദ്രങ്ങൾ വരെ വിനോദസഞ്ചാരികൾക്കായി

കെടിഡിസി പ്രവർത്തിപ്പിക്കുന്നു. 2025-26 ലെ പരിപാടികളിൽ അത്തരം കെട്ടിടങ്ങളുടെ നവീകരണവും, അറ്റകുറ്റപ്പണികളും, നൂതന പദ്ധതി പ്രവർത്തനങ്ങളും പ്രചാരണവും ഉൾപ്പെടുന്നു. 2025-26 ബജറ്റിൽ താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾക്കും സ്പിൽ ഓവർ ചെലവുകൾക്കുമായി **1300.00** ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

| ക്രമ നം. | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | സമുദ്രയുടെ നവീകരണം – നാലാം ഘട്ടം | 1300.00 |
| ii | ബോൾഗാട്ടി പാലസിലെ 24 മുറികൾ, റെസ്റ്റോറന്റ്, ഐലൻഡ് റിസോർട്ട് എന്നിവയുടെ നവീകരണം | |
| iii | കെടിഡിസിയുടെ ഡെസ്റ്റിനേഷൻ പ്രോപ്പർട്ടികളുടെ ഡിജിറ്റൽ പ്രചാരണവും മികച്ച മാനേജ്മെന്റിനായുള്ള സോഫ്റ്റ് വെയർ ലഭ്യമാക്കലും | |
| iv | മറ്റ് പ്രീമിയം, ബജറ്റ് പ്രോപ്പർട്ടികളുടെ നവീകരണം | |
| v | പ്രീമിയം, ബജറ്റ് പ്രോപ്പർട്ടികൾക്കുള്ള മാലിന്യ സംസ്കരണ പരിഹാരം | |
| | **ആകെ** | **1300.00** |

**2. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെടിഐഎൽ)**

**(വിഹിതം: 120 .00 ലക്ഷം രൂപ)**

സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനും സംയുക്ത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്ഥാപിതമായ ഏജൻസിയാണ് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്. നൂതന വിനോദസഞ്ചാര പദ്ധതികളുടെ/ഉൽപ്പന്നങ്ങളുടെ ആശയവൽക്കരണം, വികസനം, നിർവ്വഹണം, വിനോദസഞ്ചാര മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള സംരംഭങ്ങൾ, നൂതന വിനോദസഞ്ചാര ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംയുക്ത സംരംഭങ്ങൾ, പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ രൂപപ്പെടുത്തൽ എന്നിവ ഉൾപ്പെടെ അനുയോജ്യമായ പ്രവർത്തന മാതൃകകൾ വികസിപ്പിക്കുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. വിനോദസഞ്ചാര പ്രോജക്ടുകളുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും വിനോദസഞ്ചാര വകുപ്പിന്റെ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ഒരു ഏജൻസിയായി പ്രവർത്തിക്കുന്നതിനു വേണ്ടി 2025-26 ലെ പദ്ധതിയിൽ താഴെപ്പറയുന്ന പ്രോജക്ടുകൾ / പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

| ക്രമ നം. | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | വേളിയിലെ വിനോദസഞ്ചാര പദ്ധതിയുടെ നവീകരണവും വിനോദസഞ്ചാര അടിസ്ഥാന സൗകര്യ വികസനവും – ആർട്ട് കഫേ, അർബൻ വെറ്റ്ലാൻഡ് നേച്ചർ പാർക്ക് തുടങ്ങിയവ. | 10.00 |
| ii | നൂതന വിനോദസഞ്ചാര പദ്ധതികളുടെ വികസനവും പ്രോത്സാഹനവും | 20.00 |
| iii | ഗവേഷണവും നവീകരണവും, പരിപാടികൾ, ഇവന്റുകൾ തുടങ്ങിയവയും മുൻകാല സംരംഭങ്ങളെ അടിസ്ഥാനമാക്കിയുള്ള വികസനങ്ങളും | 10.00 |

| ക്രമ നം. | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| iv | വിനോദസഞ്ചാര പദ്ധതികൾക്കുള്ള സേവനങ്ങളും നിക്ഷേപ പ്രോത്സാഹനവും | 15.00 |
| v | കഠിനംകുളം-അഞ്ചുതെങ്ങ് ഭാഗത്ത് കായൽ വിനോദസഞ്ചാര ഇടനാഴിയുടെ വികസനം | 10.00 |
| vi | പദ്ധതി രൂപീകരണം, ഏകോപനം, ഡിപിആർ ചെലവ്, പിഎംസികൾ സംഭരണച്ചെലവ്, പദ്ധതി നിർവഹണത്തിനു ശേഷമുള്ള ചെലവുകൾ തുടങ്ങിയവ. | 15.00 |
| vii | കെടിഐഎൽ-ന്റെ അടിസ്ഥാന സൗകര്യ വികസനവും ശക്തിപ്പെടുത്തലും | 10.00 |
| viii | സംയുക്ത സംരംഭങ്ങൾ സ്ഥാപിക്കുക, സംയുക്ത സംരംഭ പങ്കാളികളെ തിരഞ്ഞെടുക്കുക, പ്രോപ്പോസലുകളും ഡിപിആറുകളും രൂപപ്പെടുത്തുക. | 20.00 |
| ix | നിലവിലുള്ള ഹൗസ് ബോട്ടുകളെ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകളാക്കി മാറ്റുന്നതിനുള്ള സാധ്യതാ പഠനം (പുതിയത് ) | 10.00 |
| | **ആകെ** | **120.00** |

പദ്ധതിക്കായി 2025-26 ബജറ്റിൽ **120.00** ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 3. ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബിആർഡിസി)

**(വിഹിതം: 80 .00 ലക്ഷം രൂപ)**

ബേക്കലിലെയും, വടക്കൻ ജില്ലകളിലെയും വിനോദസഞ്ചാര പ്രവർത്തനങ്ങളുടെ വികസനം ഏകോപിപ്പിക്കുന്നതിനായുള്ള ഏജൻസിയാണ് ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബിആർഡിസി). പ്രധാനമായും ചെമനാട്, ഉദ്മ, പള്ളിക്കര, അജാനൂർ, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി എന്നീ പഞ്ചായത്തുകളും കാസർഗോഡ് ജില്ലയിലുടനീളമുള്ള വിവിധ വികസനങ്ങളുമാണ് ബിആർഡിസിയുടെ ശ്രദ്ധാകേന്ദ്രങ്ങൾ. ഈ പ്രദേശത്തിന്റെ വിനോദസഞ്ചാര വികസനം മെച്ചപ്പെടുത്തുന്നതിനായി, വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം, നിക്ഷേപങ്ങളും /സംരംഭകത്വവും ആകർഷിക്കുക, ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുക, ടൂറിസം കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള യാത്രാസൗകര്യങ്ങൽ മെച്ചപ്പെടുത്തുക, വിനോദസഞ്ചാര കേന്ദ്രങ്ങൾ അടിസ്ഥാനമാക്കിയുള്ള പ്രത്യേക വിനോദസഞ്ചാര ഉൽപന്നങ്ങൾ വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്നിവ പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്തിരിക്കുന്നു. 2025-26 ലെ പ്രവർത്തനങ്ങളിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു.

| ക്രമ നം. | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | ബിആർഡിസിയ്ക്കായി സ്ഥിര ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം | 50.00 |
| ii | ഇവന്റുകൾ, ബോധവല്ക്കരണം, മാർക്കറ്റിംഗ് | 10.00 |
| iii | ഹരിതോർജ്ജ- സംരംഭങ്ങൾ | 20.00 |
| | **ആകെ** | **80.00** |

പദ്ധതിക്കായി 2025-26 ബജറ്റിൽ **80.00** ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളും (ഡിടിപിസി) ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളും (ഡിഎംസി)**

**(വിഹിതം: 250.00 ലക്ഷം രൂപ)**

സംസ്ഥാനത്തുടനീളമുള്ള വിനോദസഞ്ചാര അടിസ്ഥാന സൗകര്യങ്ങളുടെ ശരിയായ വിനിയോഗം സംബന്ധിച്ച് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളും വിനോദസഞ്ചാര സംരംഭകർ, വിനോദസഞ്ചാരികൾ, വിനോദസഞ്ചാര വകുപ്പിന്റെ ജില്ലാ ഓഫീസുകൾ എന്നിവരുമായി നേരിട്ട് ഇടപെടുന്നു. പൊതു സ്വകാര്യ പങ്കാളിത്തത്തിലൂടെ പ്രാദേശിക വിനോദസഞ്ചാര ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ഡിടിപിസി/ഡിഎംസി-കൾ സൗകര്യമൊരുക്കുന്നു. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ (ഡിടിപിസി) പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് താഴെ പറയുന്ന വിനോദസഞ്ചാര പ്രവർത്തനങ്ങളിലാണ്

- വിനോദസഞ്ചാര ഉൽപ്പന്നങ്ങളുടെ വികസനം, നവീകരണം, മെച്ചപ്പെടുത്തൽ
- സംസ്ഥാനത്തുടനീളം പുതിയ പദ്ധതികളുടെ നിർമ്മാണം
- വിപണനം
- പുതിയ ഡിടിപിസി ഓഫീസ് കെട്ടിടങ്ങളുടെ നവീകരണം, നിർമ്മാണം, വിപുലീകരണ പ്രവർത്തനങ്ങൾ
- വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുചിത്വവും ആരോഗ്യവും നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ (ഉപകരണങ്ങൾ ഉൾപ്പടെ,വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിയാക്കലും മാലിന്യ നിർമ്മാർജ്ജനവും)
- ലൈഫ് ഗാർഡ് ഇൻഷുറൻസ്
- സന്ദർശകരുടെ സുരക്ഷ ഉറപ്പാക്കുക.
- മുൻവർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ സ്പിൽഓവർ ചെലവുകൾ

പദ്ധതിക്കായി 2025-26 ബജറ്റിൽ **250.00** ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5. വിനോദസഞ്ചാര മേഖലയിലെ മാനവശേഷി വികസനം (1) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) (2) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്ഐഎച്ച്എം) (3) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ് സി ഐ)**

**(വിഹിതം: 1630.00 ലക്ഷം രൂപ)**

വിനോദസഞ്ചാര മേഖലയിൽ നൈപുണ്യവും ഗുണനിലവാരവുമുള്ള മനുഷ്യശേഷി സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കെ.ഐ.റ്റി.റ്റി.എസ്), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്ഐഎച്ച്എം), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ) എന്നിവയാണ് മാനവശേഷി വികസനത്തിനുള്ള ഈ മേഖലയിലെ പ്രധാന സ്ഥാപനങ്ങൾ. യുവതലമുറയ്ക്കായി അഭിലഷണീയമായ പ്രൊഫഷണൽ കോഴ്സുകൾ ആരംഭിക്കുന്നതിനു പുറമേ, വിവിധ ടൂറിസം മേഖലകളിൽ പ്രവർത്തിക്കുന്നവർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ഗവേഷണ-സാങ്കേതിക സേവനങ്ങൾ വ്യാപിപ്പിക്കുക, വിദ്യാർത്ഥികൾക്ക് താമസസൗകര്യം ഒരുക്കുക, വെബ് അധിഷ്ഠിത സംവിധാനങ്ങൾ വികസിപ്പിക്കുക എന്നിവയും പദ്ധതി വിഭാവനം ചെയ്യുന്നു.

പദ്ധതിക്കായി 2025-26 ലെ ബജറ്റിൽ മൊത്തം **₹1630.00** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്, ഇതിൽ 10 ശതമാനം തുക ഈ മൂന്ന് സ്ഥാപനങ്ങൾ മുഖേന സ്ത്രീകൾ ഗുണഭോക്താക്കളായുള്ള വിവിധ പരിപാടികൾക്കായി നീക്കിവച്ചിരിക്കുന്നു.

i. **കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)**

**(വിഹിതം: 330.00 ലക്ഷം രൂപ)**

ട്രാവൽ, ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖലകളിൽ, പിജി കോഴ്സുകൾ, ഡിഗ്രി കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, ഐഎടിഎ പ്രോഗ്രാം, സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഇന്റേൺഷിപ്പുകൾ എന്നിങ്ങനെയുള്ള അക്കാദമിക് പ്രോഗ്രാമുകളിലൂടെ വിദ്യാഭ്യാസം, പരിശീലനം, ഗവേഷണം, കൺസൾട്ടൻസി സേവനങ്ങൾ എന്നിവ നൽകുന്ന സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കിറ്റ്സ്. കിറ്റ്സിന്റെ തിരുവനന്തപുരത്തെ പ്രധാന കേന്ദ്രത്തിലൂടെയും മലയാറ്റൂരിലെയും തലശ്ശേരിയിലെയും ഉപകേന്ദ്രങ്ങളിലൂടെയും അക്കാദമിക് പ്രോഗ്രാമുകൾ നടത്തുന്നു.

ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ൽ കിറ്റ്സിന് **330.00** ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| **ക്രമ നം.** | **പദ്ധതികൾ** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| i | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിനെ അന്താരാഷ്ട്ര പ്രശസ്തിയുള്ള ഒരു മികവിന്റെ കേന്ദ്രമാക്കി മാറ്റുക | 330.00 |
| ii | ലൈബ്രറി ശക്തിപ്പെടുത്തൽ, ദേശീയ അന്തർദ്ദേശീയ അഫിലിയേഷനുകളും വ്യവസായ സഹകരണങ്ങളും മാനേജ് ചെയ്യുക | |
| iii | "ടൂറിസം: നമുക്ക് പഠിക്കാം, സമ്പാദിക്കാം": യുവാക്കൾക്ക് ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖലകളിൽ തൊഴിൽ/സംരംഭക അവസരങ്ങൾ (എസ്‌സി/എസ്ടി, പെൺകുട്ടികൾ എന്നിവർക്ക് 50%) ഉറപ്പാക്കാൻ വേണ്ട സംസ്ഥാനമൊട്ടാകെയുള്ള എച്ച്ആർ വികസന/ടൂറിസം നൈപുണ്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുക. | |
| iv | കേരള ടൂറിസം: അംബാസഡർ ഡെവലപ്മെന്റ് പ്രോഗ്രാം<br>എ. ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമുള്ള വിദ്യാർത്ഥികൾ/ പ്രൊഫഷണലുകൾ,<br>ബി. സേവന ദാതാക്കൾ/ഡ്രൈവർമാർ/വെണ്ടർമാർ/യുവാക്കൾ | |
| v | സാഹസിക ടൂറിസം നൈപുണ്യ വികസന പരിപാടി (പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളിൽ നിന്നുള്ളവർക്കും പെൺകുട്ടികൾക്കും മുൻഗണന) | |
| vi | വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വാഹകശേഷി പഠനങ്ങളും ഗവേഷണ പ്രവർത്തനങ്ങളും | |
| vii | വിദ്യാർത്ഥികൾക്കുള്ള വികലാംഗ സൗഹൃദ/ബാരിയർ ഫ്രീ ക്യാമ്പസ് വികസനം-ഘട്ടം II | |
| viii | സ്ത്രീകളുടെ ഉന്നമനത്തിനും ശാക്തീകരണതിനുമുള്ള പരിപാടികൾ (കോഴ്സുകൾ, പ്രോഗ്രാമുകൾ, മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, സംരംഭകത്വ വികസന പ്രോഗ്രാമുകൾ, സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ മുതലായ പദ്ധതികൾ.) | |
| ix | ഹെഡ് ഓഫീസും ഉപകേന്ദ്രങ്ങളും ശക്തിപ്പെടുത്തൽ | |
| x | അക്കാദമിക്/പാഠ്യപദ്ധതി വികസന പരിപാടികൾ | |
| xi | ഓട്ടോ, ടാക്സി തൊഴിലാളികൾക്ക് പരിശീലനം | |
| | **ആകെ** | **330.00** |

**ii. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്ഐഎച്ച്എം)**

**(വിഹിതം 900 .00 ലക്ഷം രൂപ)**

ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി എന്നീ മേഖലകളിൽ പ്രൊഫഷണൽ വൈദഗ്ധ്യവും അറിവും നേടുന്നതിനുള്ള പരിശീലനം നൽകുന്നതിനും ഹോസ്പിറ്റാലിറ്റി മേഖലയോടുള്ള സമീപനം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനവും നൽകുന്നതിന് വേണ്ടിയുള്ള സ്ഥാപനമാണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്. ബിഎസ്‌സി ഹോസ്പിറ്റാലിറ്റി & അഡ്മിനിസ്ട്രേഷൻ കോഴ്സുകൾ, ഫുഡ്പ്രോഡക്ഷൻ, എഫ്&ബി സേവനം, ഹൗസ് കീപ്പിംഗ് എന്നിവയിൽ ഡിപ്ലോമ കോഴ്സുകൾ എന്നിവ ഇത് നടത്തുന്നു. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായാണ് സ്ഥാപനം നടത്തുന്നത്. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ൽ പദ്ധതിക്ക് കീഴിൽ എസ്ഐഎച്ച്എം-ന് **900.00** ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം. | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | എസ്ഐഎച്ച്എം, കോഴിക്കോട് | 300.00 |
| ii | എസ്ഐഎച്ച്എം, കോട്ടയം – കെട്ടിട നിർമ്മാണം, ലാൻഡ്സ്കേപ്പ്, എന്നിവക്കും ഫർണിച്ചർ, ലാബ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും. | 400.00 |
| iii | കെഐഎച്ച്എം, കണ്ണൂർ | 200.00 |
| | **ആകെ** | **900.00** |

**iii. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ് സി ഐ)**

**(വിഹിതം: 400.00 ലക്ഷം രൂപ)**

കാറ്ററിംഗ് സാങ്കേതികവിദ്യയിലും വിനോദസഞ്ചാര വ്യവസായത്തിലും മെച്ചപ്പെട്ട പ്രാഗത്ഭ്യം അടിസ്ഥാനമായുള്ള തൊഴിൽ വിഭാഗത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഹോട്ടൽ, ടൂറിസം വ്യവസായത്തിന്റെ വിവിധ മേഖലകളിൽ യുവാക്കൾക്കും യുവതികൾക്കും പരിശീലനം നൽകുന്ന സ്ഥാപനമാണ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്. സംസ്ഥാനത്ത് ഇതിന്റെ കീഴിൽ 13 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

2025-26 ൽ എഫ്സിഐയ്ക്കായി 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം. | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | അടിസ്ഥാന സൗകര്യ വികസനം, കെട്ടിടങ്ങളുടെ നിർമ്മാണം – തൊടുപുഴയിലും കോട്ടയത്തും പുതിയ കെട്ടിടം, കളമശ്ശേരി എഫ്.സി.ഐ.യുടെ നവീകരണം. | 310.00 |
| ii | വെബ് സൈറ്റ് നവീകരണം | 15.00 |
| iii | പരസ്യവും പ്രചാരണവും | 10.00 |
| iv | സ്ത്രീകളെ കേന്ദ്രീകരിച്ചുള്ള പരിപാടി | 50.00 |
| v | ബയോമെട്രിക് പഞ്ചിംഗ് | 15.00 |
| | **ആകെ** | **400.00** |

**6. വിനോദസഞ്ചാര മേഖലയെകുറിച്ചുള്ള പഠനവും സ്ഥിതി വിവര കണക്കുകളുടെ ശേഖരണവും**

**(വിഹിതം: 70.00 ലക്ഷം രൂപ)**

എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഫീഡ്ബാക്ക് സർവ്വേ, ആഭ്യന്തര, അന്തർദ്ദേശീയ വിപണികളിലെ മാർക്കറ്റ് സർവ്വേ, ഇംപാക്ട് പഠനങ്ങൾ നടത്തുക, വിനോദസഞ്ചാരികളുടെ ആഗമന സ്ഥിതിവിവരക്കണക്കുകൾ, ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ട മറ്റ് ഡാറ്റ എന്നിവ പതിവായി ശേഖരിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. വിനോദസഞ്ചാര സന്ദർശന വിവരശേഖരണം, ടൂറിസവുമായി ബന്ധപ്പെട്ട പഠനങ്ങളും സർവേകളും, സേവനദാതാക്കൾ, കേരളത്തിലെ ടൂറിസം മേഖലയെ ബാധിക്കുന്ന സൂചകങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 70.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 7. വിപണനം

**(വിഹിതം: 8000.00 ലക്ഷം രൂപ)**

ദേശീയ അന്തർദ്ദേശീയ വിനോദസഞ്ചാര വിപണികളുടെ ശ്രദ്ധ ആകർഷിക്കുക, വിനോദസഞ്ചാര ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുക, ദേശീയമായും ആഗോളതലത്തിലും വിപണന പരിപാടികളിൽ പങ്കെടുക്കുക, അന്തർദ്ദേശീയ വിനോദസഞ്ചാര രംഗത്ത് കേരള ടൂറിസത്തിന്റെ ശക്തമായ സാന്നിധ്യം ഉറപ്പാക്കുക, സോഷ്യൽ മീഡിയയിൽ ശക്തമായ അടിത്തറയുണ്ടാക്കുക, വെബ്സൈറ്റ് പ്രവർത്തനം, പിആർ ജോലികൾ, വിവിധ പരിപാടികൾക്കും പ്രോഗ്രാമുകൾക്കും സാമ്പത്തിക സഹായം നൽകുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.

പദ്ധതിക്ക് കീഴിലുള്ള പ്രവർത്തനങ്ങളിൽ താഴെ കൊടുത്തിരിക്കുന്ന അന്തർദേശീയവും ദേശീയവുമായ പ്രൊമോഷണൽ കാമ്പെയ്നുകൾ, ബ്രാൻഡിംഗ്, പങ്കാളിത്തം, കൊളാറ്ററലുകൾ എന്നിവ ഉൾപ്പെടുന്നു.

| ക്രമ നം. | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | അന്തർദ്ദേശീയ ട്രേഡ് ഫെയറുകളും ബി2ബി മീറ്റുകളും– യൂറോപ്പ്, മിഡിൽ ഈസ്റ്റ്, യുഎസ്എ, ഏഷ്യാ പസഫിക് മാർക്കറ്റുകൾ എന്നിവിടങ്ങളിലെ പ്രമുഖ വിപണികളിൽ അന്താരാഷ്ട്ര വ്യാപാര മേളകൾ സംഘടിപ്പിക്കുന്നതിനും പങ്കെടുക്കുന്നതിനും, മുകളിൽ പറഞ്ഞ പ്രധാന നഗരങ്ങളിലെ മാർക്കറ്റുകളിലെ ബി2ബി മീറ്റുകൾ/ റോഡ്ഷോകൾ, എംബസികൾ/രാജ്യങ്ങൾ മറ്റു അംഗീകൃത സംഘടനകൾ എന്നിവർ നടത്തുന്ന അന്താരാഷ്ട്ര ഇവന്റുകൾ, സാംസ്കാരിക പരിപാടികൾ, കേരള ഗിവ്എവെയ്സ് . | 8000.00 |
| ii | ദേശീയ വ്യാപാര മേളകളും ബി2ബി മീറ്റുകളും– ഇന്ത്യയിലെ ടയർ 1 & 2 നഗരങ്ങളിൽ പ്രമുഖ ദേശീയ വ്യാപാര മേളകളും ബി2ബി മീറ്റുകളും/റോഡ്ഷോകളും സംഘടിപ്പിക്കുന്നതിനും പങ്കെടുക്കുന്നതിനും. കേരളത്തിലെ ബി2ബി മീറ്റുകളും മിനി ട്രാവൽ മാർട്ടുകളും | |
| iii | പ്രിന്റ്, ടെലിവിഷൻ, സിനിമാ തിയേറ്ററുകൾ, റേഡിയോ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, വെബ്പോർട്ടൽ, ഔട്ട്ഡോറുകൾ എന്നിവയിലൂടെ യൂറോപ്പ്, യുഎസ്എ, മിഡിൽ ഈസ്റ്റ്, ഏഷ്യാ പസഫിക് എന്നിവിടങ്ങളിലെ ഇന്റർനാഷണൽ ഡെസ്റ്റിനേഷൻ പ്രൊമോഷൻ കാമ്പെയ്നുകൾ. | |
| iv | അച്ചടി, ടെലിവിഷൻ, സിനിമാ തിയേറ്ററുകൾ, റേഡിയോ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ (വെബ് പോർട്ടലുകൾ, ഒ റ്റി റ്റി ), ഒ ഒ എച്ച്–ഔട്ട് ഓഫ് ഹോം അഡ്വർടൈസിംഗ്– വിമാനത്താവളം, മെട്രോ, മാളുകൾ, ബസ്സുകൾ) എന്നിവയിൽ നാഷണൽ സമ്മർ ഫെസ്റ്റിവൽ, ശീതകാല സീസണുകൾ എന്നിവ ലക്ഷ്യമിടുന്ന നാഷണൽ ഡെസ്റ്റിനേഷൻ & സീസണൽ കാമ്പെയ്നുകൾ. | |
| v | പ്രൊമോഷണൽ ക്രിയേറ്റീവുകളുടെ രൂപകല്പനയും നിർമ്മാണവും –ആഡ് ഫിലിമുകൾ, ഡിജിറ്റൽ വീഡിയോകൾ, പ്രിന്റ് പരസ്യങ്ങൾ/ഔട്ട്ഡോർ ഫോട്ടോഷൂട്ട്, ആനിമേഷൻ, ടാലന്റ് കോസ്റ്റ്, മോഡൽ/സെലിബ്രിറ്റി ഫീസ്, പകർപ്പവകാശ ചാർജ്ജുകൾ എന്നിവയുൾപ്പെടെ ബ്രാൻഡിന്റെയും ഡെസ്റ്റിനേഷൻ പ്രൊമോഷൻ കാമ്പെയ്ൻ ക്രിയേറ്റീവുകളുടെയും രൂപകൽപ്പന, വികസനം, നിർമ്മാണം. | |
| vi | സോഷ്യൽ മീഡിയ മാനേജ്മെന്റ് പ്രൊമോഷൻ – (ഫേസ്ബുക്ക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം, ലിങ്ക്ഡ്ഇൻ, വാട്ട്സ്ആപ്പ് തുടങ്ങിയ പ്ലാറ്റ്ഫോമുകൾ വഴി) മൾട്ടിമീഡിയ ഉള്ളടക്ക നിർമ്മാണം, പരസ്യ കാമ്പെയ്നുകൾ, ഇൻഫ്ലുവൻസർ കൊളാബറേഷൻ, ബ്ലോഗർ/വ്ലോഗർ യാത്രകൾ, ദേശീയ അന്തർദേശീയ പ്രേക്ഷകരിൽ ഇ–കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ | |

| ക്രമ നം. | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | (വിസ കാർഡ്, മാസ്റ്റർ കാർഡ്, ആമസോൺ, ഫ്ലിപ്കാർട്ട് മുതലായവ) വഴിയുള്ള പ്രമോഷനുകൾ. | |
| vii | വെബ്സൈറ്റ്/മൈക്രോസൈറ്റിന്റെ നവീകരണവും പരിപാലനവും, പുതിയ മൈക്രോ വെബ്സൈറ്റുകൾ സൃഷ്ടിക്കുക | |
| viii | പ്രൊമോഷണൽ ടൂളുകളുടെ വികസനവും നിർമ്മാണവും (അച്ചടിച്ച ബ്രോഷറുകൾ, കലണ്ടറുകൾ, കോഫി ടേബിളുകൾ, പുസ്തകങ്ങൾ, ഗൈഡുകൾ, മാപ്പുകൾ, യു എസ് ബി–കൾ, പോസ്റ്ററുകൾ, അവാർഡ് എൻട്രികൾ മുതലായവ) | |
| ix | സ്പോൺസർഷിപ്പ്, വിവിധ ടൂറിസം മേളകൾക്കുള്ള സാമ്പത്തിക സഹായം, ബോധവൽക്കരണ പരസ്യം | |
| x | മാധ്യമങ്ങളിലും വ്യാപാര മേഖലയിലും, ദേശീയ, അന്തർദ്ദേശീയ വിപണികളിലെ പബ്ലിക് റിലേഷൻസ് കാമ്പെയ്നിന്റേയും പ്രാതിനിധ്യ പ്രവർത്തനങ്ങളുടെയും നെറ്റ്‌വർക്ക്, പ്രചാരണം എന്നിവ. | |
| xi | പുതിയ ഉൽപ്പന്ന പ്രചാരണം – സാഹസിക വിനോദസഞ്ചാരം, ( കര, ജലം, വായു എന്നിവയിലൂടെയുള്ള സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ) ഡെസ്റ്റിനേഷൻ വെഡ്ഡിംഗ്, സിനിമാ ടൂറിസം, കാരവൻ ടൂറിസം, ഹെലി ടൂറിസം, പൊതുജനാരോഗ്യ സ്ഥാപനങ്ങളിലെ ആയുർവേദ/വെൽനസ് കാമ്പെയ്ൻ, ഹെൽത്ത് ടൂറിസം, ഹെറിറ്റേജ് സർക്യൂട്ട്, ഉത്സവങ്ങൾ, പാചകരീതികൾ, പുതിയ മാർക്കറ്റ് പഠനങ്ങൾ തുടങ്ങിയ പുതിയതും നൂതനവുമായ ഉൽപ്പന്നങ്ങളുടെ പ്രമോഷൻ. | |
| xii | ദേശീയ അന്തർദേശീയ ഉപഭോക്തൃ യാത്രാ പരിപാടികളും വിനോദസഞ്ചാരത്തെ അടിസ്ഥാനമാക്കിയുള്ള ഇവന്റുകളും സംഘടിപ്പിക്കുന്നതിനും പങ്കെടുക്കുന്നതിനും. | |
| xiii | എഫ്എഎം യാത്രകൾ – ടൂർ ഓപ്പറേറ്റർമാർ, സഞ്ചാര സാഹിത്യകാരന്മാർ, ഫോട്ടോഗ്രാഫർമാർ, പത്രപ്രവർത്തകർ, സെലിബ്രിറ്റി ടൂറിസ്റ്റുകൾ, എയർലൈൻ കമ്പനികളുടെ പ്രതിനിധികൾ, അന്തർദേശീയ/ദേശീയ/സംസ്ഥാന പ്രതിനിധികൾ തുടങ്ങിയവർക്കുള്ള അന്താരാഷ്ട്ര യാത്ര/താമസം/ ആതിഥ്യം/ ഏകോപന ചെലവുകൾ തുടങ്ങിയവ. | |
| xiv | സുവനീറുകളുടെ രൂപകൽപ്പന / വികസനം, നിർമ്മാണം | |
| xv | അവധിക്കാല യാത്രകളുടെ വിപണന പ്രചാരണങ്ങളും ഓൺലൈൻ മത്സരങ്ങളും സംഘടിപ്പിക്കുക, സംസ്ഥാന ടൂറിസം അവാർഡുകളും ടൂറിസവുമായി ബന്ധപ്പെട്ട കാമ്പെയ്നുകളും | |
| xvi | ഇൻഡസ്ട്രി കണക്ട്/സ്റ്റേക്ക്ഹോൾഡർ മീറ്റിംഗുകളും എംഐസിഇ(MICE), ഐസിറ്റി (ICT)പ്രവർത്തനങ്ങളും സംഘടിപ്പിക്കുക | |
| xvii | ഇന്റർനാഷണൽ ടൂറിസം ക്ലബ്ബുകളുടെ വികസനം (നിലവിൽ യുകെയിൽ മാത്രമുള്ളതും ചുരുങ്ങിയത് പത്ത് രാജ്യങ്ങളിൽ വ്യാപിക്കാൻ സാധ്യതയുള്ളതും), പരിശീലനം, ബ്രാൻഡിംഗ്; ടൂറിസം ദിനാചരണം, ഇവന്റ് ഏകോപനം, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, മാരത്തോൺ, സൈക്കിൾ, ബൈക്ക് റാലി തുടങ്ങിയ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുക. | |
| | **ആകെ** | **8000.00** |

മാർക്കറ്റിംഗ് ആവശ്യകത അടിസ്ഥാനമാക്കി മുകളിൽ രേഖപ്പെടുത്തിയ മേഖലകളിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും ലക്ഷ്യങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് നയങ്ങൾ വികസിപ്പിക്കുന്നതിനുമായി 2025-26 ബജറ്റിൽ **8000.00** ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8. പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണവും, പ്രോത്സാഹനവും**

**(വിഹിതം: 2660.00 ലക്ഷം രൂപ)**

പരമ്പരാഗത മേളകൾ, ഉത്സവങ്ങൾ, പ്രാദേശിക സാംസ്കാരിക പരിപാടികൾ, തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത് . 2025-26 ലെ വാർഷിക ബജറ്റിൽ ഈ പദ്ധതിക്കായി 2660.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം. | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | പരമ്പരാഗത മേളകൾ, ഉത്സവങ്ങൾ, തൃശ്ശൂർ പൂരം ഉൾപ്പെടെയുള്ള പ്രാദേശിക സാംസ്കാരിക പരിപാടികൾ എന്നിവയുടെ പ്രചാരണം | 450.00 |
| ii | പ്രാദേശിക വള്ളംകളിക്ക് സാമ്പത്തിക സഹായം | 160.00 |
| iii | നിശാഗന്ധി നൃത്തോത്സവം, മൺസൂൺ സംഗീതോത്സവം, ഉത്സവ്, മറ്റു സാംസ്കാരിക ആഘോഷങ്ങൾ | 200.00 |
| iv | കര-വായു-ജലം അടിസ്ഥാനമാക്കിയുള്ള സാഹസിക പ്രവർത്തനങ്ങൾ, മൗണ്ടൻടെറയിൻ ബൈക്കിംഗ്, പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ, സർഫിംഗ് ഫെസ്റ്റിവൽ, വിവിധ വിനോദസഞ്ചാരകേന്ദ്രങ്ങളിലെ മറ്റ് ഉത്സവങ്ങൾ | 200.00 |
| v | സ്പ്ലാഷ് (വയനാട്), ബേപ്പൂർ വാട്ടർ ഫെസ്റ്റ്, ക്രിസ്മസ്, പുതുവത്സര ലൈറ്റിംഗ് തുടങ്ങിയ സാംസ്കാരിക/കായിക പരിപാടികൾ | 250.00 |
| vi | സംസ്ഥാനതല/ജില്ലാതല ഓണാഘോഷങ്ങൾ സംഘടിപ്പിക്കുക | 649.98 |
| vii | കേരള ട്രാവൽ മാർട്ട് | 0.01 |
| viii | മുസിരിസ് ബിനാലെ | 750.00 |
| ix | കേരളീയം | 0.01 |
| | **ആകെ** | **2660.00** |

**9. ഭാരത സർക്കാർ ധനസഹായത്തോടെയുള്ള പദ്ധതികൾക്ക് പശ്ചാത്തല സൗകര്യങ്ങളും മാച്ചിംഗ് ഗ്രാന്റുകളും**

**(വിഹിതം: 20.00 ലക്ഷം രൂപ)**

കേന്ദ്രാവിഷ്കൃതപദ്ധതികളുടെ/പ്രോജക്ടുകളുടെ പൂർണ്ണമായ ലക്ഷ്യം നിറവേറ്റുന്നതിനായി ആവശ്യമായ ഘടകങ്ങൾക്കുള്ള സഹായം പദ്ധതി വിഭാവനം ചെയ്യുന്നു.

- കേന്ദ്ര സെക്ടർ സ്കീമുകൾക്ക് കീഴിൽ ആരംഭിച്ച, എന്നാൽ കേന്ദ്ര പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനുവദിക്കാത്ത, അനിവാര്യമായ ഘടകങ്ങൾക്ക് ഫണ്ട് നൽകുക.
- കേന്ദ്ര സെക്ടർ സ്കീമുകൾക്ക് കീഴിൽ നിറുത്തലാക്കിയ പദ്ധതികൾ/ജോലികൾ തുടരുന്നതിനു വേണ്ട തുക കണ്ടെത്തുക.
- പ്രോജക്ടുകൾ സമയബന്ധിതമായി ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനുമായി തിരിച്ചടക്കണം എന്ന നിബന്ധനയോടു കൂടി ഫണ്ട് മുൻകൂർ അനുവദിക്കുക.

പദ്ധതിക്കായി 2025-26 ബജറ്റിൽ **20.00** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**10. വിനോദസഞ്ചാര ഉൽപ്പന്നങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കുന്നതിന് സ്വകാര്യ മേഖലയ്ക്ക് പ്രോത്സാഹനം**

**(വിഹിതം: 1350 .00 ലക്ഷം രൂപ)**

ഈ മേഖലയിലെ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സബ്സിഡികൾ/ ഇൻസെന്റീവുകൾ അനുവദിക്കുന്നത് തുടരാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ കീഴിലുൾപ്പെടുന്ന മറ്റ് പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | വൈദ്യുതി സബ് സിഡികൾ (കുടിശ്ശികൾ ) | 1350.00 |
| ii | കാരവൻ / കാരവൻ പാർക്ക് | |
| iii | റിവോൾവിംഗ് ഫണ്ട് | |
| iv | മുഖ്യമന്ത്രിയുടെ വിനോദസഞ്ചാര ലോൺ അസിസ്റ്റൻസ് / സപ്പോർട്ട് സ്കീം (വർക്കിംഗ് ക്യാപിറ്റൽ ലോൺ സ്കീം/ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം/ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം/ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം) | |
| v | ഗൃഹസ്ഥലി | |
| vi | വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ മാലിന്യ ട്രീറ്റ്മെന്റ് പ്ലാന്റ്(എസ് ടിപിക്ക് ) സബ്സിഡി | |
| vii | നൂതന വിനോദസഞ്ചാര പദ്ധതികൾ ആരംഭിക്കുന്നതിന് സബ്സിഡി | |
| | **ആകെ** | **1350.00** |

പദ്ധതിക്കായി 2025-26 ബജറ്റിൽ **1350.00** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**11. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യമൊരുക്കൽ, നിലവാരം മെച്ചപ്പെടുത്തൽ**

**(വിഹിതം: 14900.00 ലക്ഷം രൂപ)**

വിനോദസഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള വിനോദസഞ്ചാര അനുഭവം നൽകുന്നതിന് വിനോദസഞ്ചാര കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുകയും, കൂടുതൽ മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അവ മെച്ചപ്പെട്ട രീതിയിൽ നിലനിർത്തുകയും സന്ദർശകരുടെ പരാതികളില്ലാതെ പരിപാലിക്കുകയുമാണ് കേരള ടൂറിസം ലക്ഷ്യമിടുന്നത്. കൂടാതെ, തദ്ദേശീയർക്ക് മെച്ചപ്പെട്ട ഉപജീവനവും വരുമാനവും ഉറപ്പുവരുത്തുകയും പ്രകൃതിയും സാംസ്കാരിക പൈതൃകവും പുനഃസ്ഥാപിക്കുന്നതിനും കേരളത്തിലെ വിനോദസഞ്ചാരം ലക്ഷ്യമിടുന്നു. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്തിട്ടുള്ള പ്രധാന ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നവയാണ്.

| ക്രമ നം. | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | • ശുചീകരണവും മാലിന്യ നിർമ്മാർജ്ജനവും ഉൾപ്പെടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനവും പ്രവർത്തന ചെലവുകളും.<br>• ടൂറിസം ഹബ്ബുകളുടെ വികസനത്തിന്റെ ഭാഗമായി കാരവൻ പാർക്കുകൾ, മോട്ടലുകൾ, കിയോസ്ക്കുകൾ, ഫുഡ് കോർട്ടുകൾ, ആംഫി തിയേറ്ററുകൾ, സുവനീർ ഷോപ്പുകൾ, വാഹന പാർക്കിംഗ്, റെന്റൽ സൈക്കിളുകൾ, ഹോംസ്റ്റേ ബുക്കിംഗ്, | 14900.00 |

| ക്രമ നം. | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | ക്ലോക്ക് റൂമുകൾ, ട്രാവൽ ലോഞ്ചുകൾ, മറ്റ് സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള ചെലവുകൾ<br>• ഡെസ്റ്റിനേഷൻ ചലഞ്ച് പ്രോജക്ടുകൾ.<br>• ജൈവവൈവിധ്യ സർക്യൂട്ട്, മലബാർ ലിറ്ററി സർക്യൂട്ട് പദ്ധതികൾ<br>• ക്രൂയിസ് ടൂറിസവും ഹെലി ടൂറിസവും (ഹെലിപോർട്ടുകൾ/ഹെലിപാഡ് എന്നിവയുടെ നിർമ്മാണം ഉൾപ്പെടെ), യോട്ട്(yacht)ടൂറിസം.<br>• ബീച്ചുകൾ, കായലുകൾ, ഹിൽ സ്റ്റേഷനുകൾ, ചരിത്രപരമായ പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവ വിനോദസഞ്ചാരത്തിന് കൂടുതൽ ആകർഷകവും മനോഹരവുമായ സ്ഥലങ്ങളായി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ.<br>• തീർത്ഥാടന സൗകര്യങ്ങളുടെ വികസനം.<br>• ഇൻഫർമേഷൻ ഓഫീസുകൾ, ജില്ലാ ഓഫീസുകൾ, റീജിയണൽ ഓഫീസുകൾ, ഗാരേജുകൾ, ഡിപ്പാർട്ട്മെന്റ് ആസ്ഥാനങ്ങൾ എന്നിവയുടെ നവീകരണം, വിപുലീകരണം, അറ്റകുറ്റപ്പണികൾ<br>• സുവനീർ ഷോപ്പുകളുടെ വികസനം | |
| ii | • വിനോദസഞ്ചാര മേഖലയിലെ നൂതനമായ തയ്യാറെടുപ്പുകൾ, ബോധവൽക്കരണ പ്രചാരണങ്ങൾ, പരിശീലനങ്ങൾ എന്നിവ (ടാക്സി ഡ്രൈവർമാർ, എക്സൈസ് പോലീസ് ഉദ്യോഗസ്ഥർ, ബോട്ട്-ജീപ്പ് ജീവനക്കാർ, ഗൈഡുകൾ, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, വീട്ടമ്മമാർ തുടങ്ങിയവർക്കായി).<br>• ലോകോത്തര നിലവാരത്തിലുള്ള ടൂറിസം സൈൻ പോസ്റ്റുകൾ സ്ഥാപിക്കുക<br>• വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുള്ള ലൈഫ് ഗാർഡുകൾക്കായി ആധുനിക ജീവൻരക്ഷാ ഉപകരണങ്ങൾ വാങ്ങുക, സുരക്ഷാ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.<br>• PPP/BOT പ്രോജക്ടുകൾക്കും മറ്റ് പ്രോജക്ടുകൾക്കുമായി വയബിലിറ്റി ഫിനാൻസിംഗ് / മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള പ്രോജക്ടുകൾ തയ്യാറാക്കുക.<br>• പ്രധാന ടൂറിസം പദ്ധതികൾക്കുള്ള ഭൂമി ലഭ്യമാക്കുക<br>• പുതിയതും നിലവിലുള്ളതുമായ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, പുനരധിവാസം, നവീകരണം.<br>• ഡോർമിറ്ററികൾ ഉൾപ്പെടെയുള്ള താമസ സൗകര്യങ്ങളും അവയുടെ പ്രചാരണവും<br>• പരിസ്ഥിതി സൗഹൃദ ടൂറിസം, ആരോഗ്യ ടൂറിസം, ബീച്ച് ടൂറിസം, ഫാം ടൂറിസം, അഗ്രി ടൂറിസം, കാർഷിക പൈതൃക ടൂറിസം എന്നിവയുടെ വികസനം<br>• ടൗൺ സ്ക്വയറുകളുടെ വികസനം | |

| ക്രമ നം. | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | • കേരള ടൂറിസം 2.0-ന്റെ വികസന പ്രവർത്തനങ്ങൾ<br>• സ്പിൽ ഓവർ വർക്കുകൾ | |
| iii | • ഭൂമിശാസ്ത്രപരമായി പ്രാധാന്യമുള്ള കെട്ടിടങ്ങളുടെ സംരക്ഷണം<br>• ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡുകളുടെ വികസനം<br>• തണൽ മരങ്ങൾ നട്ടുപിടിപ്പിക്കൽ / സൂക്ഷ്മ വനങ്ങളുടെ സൃഷ്ടിയും പരിപാലനവും.<br>• കയർ, മരം, മുള എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ<br>• ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനം.<br>• റ്റിഐഎം (ടൂറിസം ഇൻവെസ്റ്റ്മെൻ്റ് മീറ്റ്) നടത്തിപ്പും റ്റിഐഎം പ്രോജക്ടുകളുടെ സംഘാടനത്തിനും നടപ്പിലാക്കുന്നതിലുമുള്ള അനുബന്ധ ചെലവുകൾ<br>• വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും ഒരുക്കലും അവശ്യ സേവനങ്ങളുടെ പരിപാലനവും<br>• ലോകോത്തര കമ്മ്യൂണിറ്റി / വഴിയോര ടോയ്‌ലറ്റുകൾ / ടി ഹബുകളുടെ നിർമ്മാണവും നവീകരണവും. | |
| iv | • ഭിന്നശേഷി സൗഹൃദം അല്ലെങ്കിൽ ബാരിയർ ഫ്രീ ക്യാമ്പസ് പ്രവർത്തനങ്ങൾ.<br>• ഹരിതവും പരിസ്ഥിതി സൗഹൃദവുമായ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം<br>• തടാകങ്ങളുടെയും മറ്റ് ജലാശയങ്ങളുടെയും ശുചീകരണവും പുനരുദ്ധാരണവും<br>• മൂന്നാറിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക<br>• മൈസ്(MICE): അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ, കനകക്കുന്ന്, കൊച്ചി, ബേക്കൽ എന്നിവിടങ്ങളിലെ ഫെയർ കോംപ്ലക്സും ആധുനിക എക്സ്പോയും<br>• കനകക്കുന്ന് കൊട്ടാരത്തിന്റെ നവീകരണവും പരിപാലനവും.<br>• അസറ്റ് മാനേജ്മെന്റ് മാപ്പിംഗ്.<br>• NTBR-വിശകലനം അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ<br>• ഹൗസ് ബോട്ടുകളിൽ ജിപിഎസ് സൗകര്യങ്ങൾ<br>• വർക്കല, മലമ്പുഴ എന്നിവിടങ്ങളിലെ സമഗ്ര വികസനം. തലശ്ശേരിയിൽ ക്ലിഫ് വാക്ക് നിർമാണം. | |
| V | • ഡിസൈൻ നയം നടപ്പിലാക്കൽ<br>• പ്രധാന ടൂറിസം കേന്ദ്രങ്ങൾക്കും ഹബ്ബുകൾക്കുമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുക<br>• ട്രാവൽ ലോഞ്ചുകൾ, ടൂറിസം വകുപ്പിന്റെ പിപിപി/ബിഒടി അടിസ്ഥാനത്തിലുള്ള പ്രധാന ജംഗ്ഷനുകളുടെ വികസനം / നിക്ഷേപ സംഗമം<br>• ട്രാൻസ്ഫോമേഷണൽ ട്രിപ്പുകൾ, ഫോറസ്റ്റ് ബാതിംഗ്, ഡിജിറ്റൽ ഡിറ്റോക്സിംഗ്, ക്യാമ്പിംഗ് ട്രയലുകൾ, ഓഫ് റോഡ് യാത്രകൾ, ഹഷ് ട്രിപ്പുകൾ, വർക്കേഷനുകളും മൈക്രോ | |

| ക്രമ നം. | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | വെക്കേഷനുകളും, പ്ലെഷറിനായുള്ള യാത്ര, സെറ്റ് ജെറ്റിംഗ്<br>• ഓഫ് ഗ്രിഡും അതിജീവന യാത്രയും, തദ്ദേശീയമായ അനുഭവങ്ങളും, ഭക്ഷണ തെരുവ്/നൈറ്റ്ലൈഫ്<br>• ടൂറിസം ഹബ്ബുകളുടെ വികസനം<br>• ടൂറിസം ഡെസ്റ്റിനേഷനുകളിൽ ദുരന്ത നിവാരണ പ്രവർത്തികൾ | |
| vi | പുതിയ ഘടകങ്ങൾ<br>• എൽഎസ്ജിഐകളുമായി സഹകരിച്ച് ടൂറിസം ഡെസ്റ്റിനേഷനുകൾക്കും യാത്രാമാർഗങ്ങളിലുമുള്ള മാലിന്യ സംസ്കരണ സൗകര്യങ്ങളും മാലിന്യ സംസ്കരണ രീതികളെ അടിസ്ഥാനമാക്കി എൽഎസ്ജിഐകളുടെ റാങ്കിംഗ്/ഗ്രേഡിംഗ് എന്നിവയും<br>• രൂപകൽപ്പന ചെയ്ത ഒരു മാതൃകാ വിനോദ സഞ്ചാര കേന്ദ്രത്തിന്റെ രൂപീകരണം<br>• ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നിലവിലുള്ള ആസ്തികളുടെ പ്രവർത്തനവും പരിപാലനവും.<br>• ടൂറിസം ലക്ഷ്യസ്ഥാനങ്ങളിലേക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ<br>• സോഫ്റ്റ്‌വെയർ/ ഹാർഡ്‌വെയർ സ്ഥാപിക്കുക, പ്രോജക്റ്റ് അവലോകനം/ നടപ്പാക്കുക<br>• പിഡബ്ല്യുഡിയുമായും മറ്റ് വകുപ്പുകളുമായും ഏകോപിപ്പിച്ച് പോളിസി ഇന്നൊവേഷൻ സെന്ററുകൾ സ്ഥാപിക്കുക.<br>• കേരള ടൂറിസം ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സ്റ്റാർട്ടപ്പ് ഹബ്<br>• നെറ്റ് സീറോ ഡെസ്റ്റിനേഷൻസ് (വയനാട്), ഗ്രീൻ എനർജി ഡെസ്റ്റിനേഷനുകൾ പ്രോത്സാഹിപ്പിക്കുക, പരിസ്ഥിതി സൗഹൃദ വസ്തുക്കളുടെ ഉപയോഗം, മിയാവാക്കി വനവൽക്കരണം<br>• ഡിജിറ്റൽ ഇൻഫർമേഷൻ കിയോസ്ക് (സ്റ്റാർട്ട് അപ്പ് മിഷൻ)<br>• സിൽവർ ഇക്കണോമി ടൂറിസം– (വാർദ്ധക്യ സൗഹൃദം)<br>• അമ്മയ്ക്കും കുഞ്ഞിനും അനുയോജ്യമായ ലക്ഷ്യസ്ഥാനങ്ങൾ<br>• വിനോദസഞ്ചാരകേന്ദ്രങ്ങളുടെ വാഹക ശേഷി പഠനങ്ങൾ നടത്തുക<br>• കൾട്ട്–ടൂറിസം | |
| | **ആകെ** | **14900.00** |

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ **14900.00** ലക്ഷം രൂപ ഈ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ, ഈ പദ്ധതിക്ക് കീഴിൽ ഒരു മാതൃകാ വിനോദസഞ്ചാരകേന്ദ്രം രൂപീകരിക്കുന്നതിന് ₹500.00 ലക്ഷം രൂപയും തദ്ദേശസ്വയംഭരണസ്ഥപനങ്ങളുടെ സഹകരണത്തോടെ ടൂറിസം വിനോദസഞ്ചാരകേന്ദ്രങ്ങളിലും, അവിടേക്കുള്ള യാത്രാമാർഗങ്ങളിലുമുള്ള മാലിന്യ സംസ്കരണ സൗകര്യങ്ങൾക്കായി ₹200.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ഡിസൈൻ പോളിസിയിൽ പറഞ്ഞിരിക്കുന്ന നിർമ്മാണ കോഡ്, നിർദ്ദിഷ്ട നിർമ്മാണ പാറ്റേൺ, കളർ സ്കീം, സൗന്ദര്യാത്മക രൂപകൽപ്പന എന്നിവ മോഡൽ ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ വിഭാവനം ചെയ്യുന്നു. സുസ്ഥിര മാലിന്യ സംസ്കരണത്തിനുള്ള സ്ഥിരം സംവിധാനം, പൊതു ശൗചാലയങ്ങൾ, സാംസ്കാരിക

പ്രകടന കേന്ദ്രം, കരകൗശല, സുവനീർ കേന്ദ്രം, ഗതാഗത കേന്ദ്രം, ഇൻഫർമേഷൻ കേന്ദ്രം തുടങ്ങിയ സൗകര്യങ്ങളും ഇത്തരം മാതൃകാ കേന്ദ്രങ്ങളിൽ ഉൾപ്പെടും.

വിനോദസഞ്ചാര കേന്ദ്രങ്ങൾക്കും യാത്രാമാർഗങ്ങളിലുമുള്ള മാലിന്യ സംസ്കരണ സൗകര്യങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കേണ്ടതാണ്. അത്തരം സുസ്ഥിരമായ മാലിന്യ സംസ്കരണ രീതികളുടെ സ്വീകാര്യത പ്രോത്സാഹിപ്പിക്കുന്നതിന്, LSGI-കളെ അവയുടെ മാലിന്യ സംസ്കരണ രീതികളെ അടിസ്ഥാനമാക്കി റാങ്ക്/ഗ്രേഡ് ചെയ്യാനും ലക്ഷ്യമിടുന്നു.

**12. അതിഥി മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണവും മെച്ചപ്പെടുത്തലും**

**(വിഹിതം: 3000 .00 ലക്ഷം രൂപ)**

വിനോദസഞ്ചാര വകുപ്പ് സംസ്ഥാനത്തുടനീളവും, കേരളത്തിന് പുറത്തുള്ള പ്രധാന നഗരങ്ങളിലും അതിഥി മന്ദിരങ്ങൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. നിലവിലുള്ള 24 ഗസ്റ്റ് ഹൗസുകൾ, 4 യാത്രി നിവാസുകൾ, 2 കേരള ഹൗസുകൾ എന്നിവയുടെ നവീകരണം, വിപുലീകരണം, അറ്റകുറ്റപ്പണികൾ എന്നിവയും പുതിയവയുടെ നിർമ്മാണവും പൈതൃക ഗസ്റ്റ് ഹൗസുകളുടെ സംരക്ഷണവും നവീകരണവും പദ്ധതി വിഭാവനം ചെയ്യുന്നു. ഇതിൽ പതിവ് സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികളും ഈ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികളും ആതിഥ്യ മര്യാദയുടെ ഭാഗമായി വിനോദസഞ്ചാരികളുടെയും പ്രധാനപ്പെട്ട അതിഥികളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അവശ്യ വസ്തുക്കളുടെ വിതരണം, വാർഷിക അറ്റകുറ്റപ്പണികൾ (എഎംസി), പൂന്തോട്ട പരിപാലനം എന്നിവ ഉൾപ്പെടുന്നു. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 2025-26 ലെ ബജറ്റിൽ **3000.00** ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| **ക്രമ നം.** | **ഘടകങ്ങൾ** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| | നടന്നുകൊണ്ടിരിക്കുന്ന പ്രോജക്ടുകളുടെ പ്രവർത്തനവും പരിപാലനവും പുതിയ അതിഥി മന്ദിരങ്ങളുടെ നിർമ്മാണവും<br>• ഗസ്റ്റ് ഹൗസുകൾ/യാത്രിനിവാസ്/കേരള ഹൗസുകളിൽ എഎംസി, ലാൻഡ്സ്കേപ്പിംഗ്, കീടനിയന്ത്രണ പ്രവർത്തനങ്ങൾ.<br>• 24 ഗസ്റ്റ് ഹൗസുകൾ, 4 യാത്രിനിവാസ്, 2 കേരള ഹൗസുകൾ, പീരുമേട്, ഇടുക്കിയിലെ ഇക്കോ ലോഡ്ജ് എന്നിവിടങ്ങളിൽ നവീകരണം, പുനരുദ്ധാരണം, നവീകരണം, ഇലക്ട്രിക്കൽ, സിവിൽ ജോലികളുടെ അറ്റകുറ്റപ്പണികൾ.<br>• തിരുവനന്തപുരത്തെ അതിഥി മന്ദിരത്തിനായുള്ള അധിക ബ്ലോക്കിന്റെ നിർമ്മാണവും നവീകരണവും ആധുനികവൽക്കരണവും.<br>• ഗസ്റ്റ് ഹൗസ്-ആലുവ പാലസിന്റെ നവീകരണവും പുനരുദ്ധാരണവും<br>• വർക്കലയിലെ ഗസ്റ്റ് ഹൗസിന്റെ നവീകരണവും വിപുലീകരണവും<br>• ഗുരുവായൂരിൽ പുതിയ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം<br>• സുൽത്താൻബത്തേരിയിലെ ഗസ്റ്റ് ഹൗസിൽ പഴയ ബ്ലോക്കിന്റെ നവീകരണവും അധിക ബ്ലോക്കിന്റെ നിർമ്മാണവും<br>• ഇടുക്കിയിൽ യാത്രിനിവാസിന്റെ നിർമ്മാണം<br>• അതിരപ്പള്ളിയിൽ യാത്രിനിവാസിന്റെ നിർമ്മാണം<br>• ഗസ്റ്റ് ഹൗസ്, എറണാകുളം, ഗസ്റ്റ് ഹൗസ്, കൊല്ലം, മറ്റ് അതിഥി മന്ദിരങ്ങൾ എന്നിവയുടെ നവീകരണവും സംരക്ഷണവും<br>• വിവിധ സ്ഥലങ്ങളിൽ ഗസ്റ്റ് ഹൗസായി ഉപയോഗിക്കുന്ന നിലവിലുള്ള പൈതൃക കെട്ടിടങ്ങളുടെ നവീകരണവും നിർമ്മാണരീതികളുടെ സംരക്ഷണവും | 3000 .00 |
| | **ആകെ** | **3000.00** |

**13. വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണവും ശക്തിപ്പെടുത്തലും**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ടൂറിസവുമായി ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങൾക്ക് അധിക ചുമതലകൾ ഏറ്റെടുക്കുന്നതിന് വകുപ്പിന്റെ നിലവിലുള്ള സ്ഥാപന സംവിധാനം ശക്തിപ്പെടുത്തുന്നതിനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്.

- അത്യാധുനിക നൂതന ഉപകരണങ്ങളും മറ്റ് സേവനങ്ങളും ഉൾപ്പെടെയുള്ള ആധുനികവൽക്കരണം.
- അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളും ഗസ്റ്റ് ഹൗസ് ഓഫീസുകളും ഉൾപ്പെടെയുള്ള വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ഐസിടിയുടെയും മറ്റ് സൗകര്യങ്ങളുടെയും നവീകരണവും പരിപാലനവും. വിനോദസഞ്ചാര സ്ഥാപനങ്ങളിലെ ഐസിടി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി, പരിപാലനം, വാങ്ങൽ, ഫർണിച്ചറുകൾ വാങ്ങൽ എന്നിവയും ഇതിൽ ഉൾപ്പെടുന്നു.
- വിനോദസഞ്ചാര ഇൻഫർമേഷൻ സെന്ററുകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി അസിസ്റ്റന്റ് ഇൻഫർമേഷൻ ട്രെയിനികളും, കൂടാതെ ആതിഥ്യ മേഖലയിലെ ഗസ്റ്റ് ഹൗസുകളിലുള്ള ട്രെയിനികളും.
- വിനോദസഞ്ചാര വകുപ്പിലെ ജീവനക്കാർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക വിനോദസഞ്ചാര അവലോകനങ്ങൾ സംഘടിപ്പിക്കുക, വിനോദസഞ്ചാര വകുപ്പിന്റെ വിവിധ കമ്മറ്റികളുടെ ചെലവ്.

പദ്ധതിക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**14. വിനോദസഞ്ചാര താമസ സൗകര്യങ്ങൾ (അതിഥി മന്ദിരങ്ങൾ)**

**(വിഹിതം:30.00 ലക്ഷം രൂപ)**

ടൂറിസം വകുപ്പിന് 24 ഗസ്റ്റ് ഹൗസുകളും 4 യാത്രി നിവാസുകളും രണ്ട് കേരള ഹൗസുകളും ഉണ്ട്. ഗസ്റ്റ് ഹൗസുകൾ, യാത്രി നിവാസുകൾ, കേരള ഹൗസുകൾ എന്നിവിടങ്ങളിൽ അവശ്യ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ, അനുബന്ധ ജോലികളിലൂടെ ആധുനിക താമസ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

പദ്ധതിക്കായി 2025-26 ബജറ്റിൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**15. ഇക്കോ ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനം**

**(വിഹിതം:190.00 ലക്ഷം രൂപ)**

പ്രാദേശിക സമൂഹങ്ങളുടെ ഉന്നമനത്തിനും ശാക്തീകരണത്തിനുമായി കേരളത്തിലെ പ്രകൃതിദത്ത പ്രദേശങ്ങളിലും പരിസരങ്ങളിലും പരിസ്ഥിതി സുസ്ഥിരവും ആസ്വാദ്യകരവും അറിവ് പകരുന്നതുമായ വിനോദസഞ്ചാര അനുഭവങ്ങളുടെ വികസനമാണ് ഇക്കോ ടൂറിസത്തിൽ ഉൾപ്പെടുന്നത്. പുതിയ ഇക്കോ വിനോദസഞ്ചാര ഡെസ്റ്റിനേഷനുകളുടെ വികസനം, നിലവിലുള്ളവ ശക്തിപ്പെടുത്തുക, വനം, വന്യജീവി സങ്കേതങ്ങൾ എന്നിവയിൽ വനം വകുപ്പ്, കെഎഫ്ഡിസി, മറ്റ് ഏജൻസികൾ എന്നിവയുമായി ചേർന്നു കൊണ്ട് ഇക്കോ വിനോദസഞ്ചാര ഉൽപ്പന്നങ്ങൾ വികസിപ്പിക്കുക എന്നിവയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. സ്പിൽ ഓവർ ബാധ്യതകൾ ഉൾപ്പെടെ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ലെ ബജറ്റിൽ 190.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം. | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | പുതിയ ഇക്കോടൂറിസം പദ്ധതികളുടെ നവീകരണവും വികസനവും.-<br>1. ബഗ്ഗികൾ വാങ്ങൽ (തെന്മല ഇക്കോടൂറിസത്തിൽ (TEPS) ഇലക്ട്രിക് വാഹനങ്ങൾ)<br>2. തെന്മല ഇക്കോടൂറിസത്തിലെ (TEPS) കുട്ടികളുടെ പാർക്കിന്റെ നവീകരണം.<br>3. ചാലക്കുടി ഫോറസ്റ്റ് ഡിവിഷനിൽ ഇക്കോടൂറിസം പരിപാടികൾക്കായി ടെന്റ്കളുടെയും പ്രകൃതി പാതകളുടെയും നിർമ്മാണം.<br>4. TEPS ലെ ടോയ്‌ലറ്റുകളുടെ നവീകരണം.<br>5. കേരള വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം | 190.00 |

| ക്രമ നം. | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | നിയന്ത്രിക്കുന്ന കാസുവാരിന ഷെൽട്ടർ ബെൽറ്റ് തോട്ടങ്ങളിൽ ബീച്ച് ഇക്കോടൂറിസം പദ്ധതികൾ.<br>6. ടൂറിംഗ് നേച്ചർ ഫിലിം ഫെസ്റ്റിവൽ (പ്രൊജക്ടർ, വാഹനം, സാധനങ്ങൾ എന്നിവ വാങ്ങുക)<br>7. മുണ്ടേരിക്കടവ് ഇക്കോടൂറിസത്തിന്റെ രണ്ടാം ഘട്ടം<br>8. തുങ്ങാംപാറ ഇക്കോടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ടം | |
| ii | ഇക്കോടൂറിസം കേന്ദ്രങ്ങൾക്കുള്ള സഹായം | |
| iii | റിസർവ്, സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള ഇക്കോടൂറിസം പദ്ധതികൾക്കുള്ള സഹായം. | |
| iv | പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കൽ | |
| v | പരിശീലനം / പ്രകൃതി ക്യാമ്പുകൾ / സെമിനാറുകൾ / വർക്ക്ഷോപ്പുകൾ | |
| vi | മാർക്കറ്റിംഗും അവബോധം സൃഷ്ടിക്കലും | |
| vii | സ്പിൽ ഓവർ വർക്കുകൾ | |
| | **ആകെ** | **190.00** |

**16. ഉത്തരവാദിത്ത ടൂറിസം**

**(വിഹിതം: 2000.00 ലക്ഷം രൂപ)**

വിനോദസഞ്ചാര വകുപ്പിന്റെ ഭാഗമായ ഉത്തരവാദിത്ത ടൂറിസം (ആർടി) മിഷൻ, ഉത്തരവാദിത്ത വിനോദസഞ്ചാരം എന്ന ആശയത്തിന്റെ അടിസ്ഥാന തത്വങ്ങളായ സാമ്പത്തിക,സാമൂഹിക,പാരിസ്ഥിതിക ഉത്തരവാദിത്തങ്ങളെ അടിസ്ഥാനമാക്കി വിനോദസഞ്ചാര മേഖലയിൽ പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനായി പ്രവർത്തിക്കുന്നു. 2017 ഒക്ടോബറിൽ ഔദ്യോഗികമായി ആരംഭിച്ച ആർടി മിഷന്റെ പ്രവർത്തനങ്ങൾ/പദ്ധതികൾ ഉത്തരവാദിത്ത ടൂറിസം രീതികളുടെ മാതൃകയെന്ന നിലയിൽ ദേശീയമായും അന്തർദ്ദേശീയമായും ഇതിനകം തന്നെ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഒരു മാർഗ്ഗമായി വിനോദസഞ്ചാരത്തെ മാറ്റുക എന്നതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. നിലവിൽ 31-10-2023 മുതൽ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും ടൂറിസം വകുപ്പിന് കീഴിൽ ഒരു സ്വതന്ത്ര സംഘടനയായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പ്രോജക്ടുകൾ/പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ / കെആർടിഎം സൊസൈറ്റി നേരിട്ടോ അല്ലെങ്കിൽ അംഗീകൃത ഏജൻസികൾ വഴിയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയോ മറ്റ് ഏജൻസികൾ വഴിയോ നടപ്പിലാക്കും.

കേരള റെസ്പോൺസിബിൾ മിഷൻ സൊസൈറ്റിയുടെ കീഴിൽ 2025-26 സാമ്പത്തിക വർഷത്തിൽ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

| ക്രമ നമ്പർ. | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| **I.** | **തുടർ പദ്ധതികൾ** | |
| | സാമ്പത്തിക ഉത്തരവാദിത്തം | |

| ക്രമ നമ്പർ. | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | വിവിധ പരിശീലന പരിപാടികൾ – വിവിധ ടൂറിസം പങ്കാളികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കും ആർടിയും അനുബന്ധ വിഷയങ്ങളിലും പരിശീലനം, പ്രാദേശിക സമൂഹത്തിന് ഉത്തരവാദിത്ത ടൂറിസം, ടൂറിസം സംബന്ധിയായ സംരംഭകത്വ പരിശീലനം, അടിസ്ഥാന സാങ്കേതിക വിദ്യകൾ, ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകൾ പിന്തുടരേണ്ട അംഗീകരിക്കപ്പെട്ട സാമൂഹിക പെരുമാറ്റച്ചട്ടം എന്നിവയെക്കുറിച്ചുള്ള പരിശീലനം, കൃഷി അധിഷ്ഠിത ടൂറിസം പരിശീലനം, മികച്ച പാചക പരിശീലനം, ആവശ്യങ്ങൾക്കനുസരിച്ച് മറ്റ് പരിശീലനങ്ങൾ. | 2000.00 |
| ii | നടന്നുകൊണ്ടിരിക്കുന്ന വിവിധ പങ്കാളിത്ത ടൂറിസം വികസന പദ്ധതികളുടെ പൂർത്തീകരണം – STREET, PEPPER മാതൃകാ ഉത്തരവാദിത്ത ടൂറിസം വില്ലേജുകൾ പദ്ധതികൾ ഉൾപ്പെടെയുള്ള പങ്കാളിത്ത ഉത്തരവാദിത്ത ടൂറിസം വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ/പരിപാടികൾ പൂർത്തിയാക്കുന്നതിന് സംരംഭകത്വ വികസനം/വിപുലീകരണ ഫണ്ടിംഗ് യൂണിറ്റുകൾക്ക് ലഭ്യമാക്കുക. | |
| iii | പ്രമോഷനും മാർക്കറ്റിംഗും–<br>1.പ്രമോഷണൽ വീഡിയോകൾ ഉൾപ്പെടെ വിവിധ IEC സാമഗ്രികൾ<br>2.അന്താരാഷ്ട്ര പ്രദർശനങ്ങൾ/വ്യാപാര മേളകളിൽ പങ്കെടുക്കുന്നതിനുള്ള ചെലവുകൾ<br>3. വിജയകഥകൾ– അച്ചടിച്ചതും ഇ–ബുക്കും<br>4. പ്രധാന കേന്ദ്രങ്ങളിൽ ക്യൂആർ കോഡുള്ള ആർടി സൈൻ ബോർഡുകൾ<br>5. ആർടി വാർത്താക്കുറിപ്പ് | |
| iv | കെആർടിഎം സൊസൈറ്റി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള അഡ്മിനിസ്ട്രേറ്റീവ് / പ്രവർത്തന ചെലവുകൾ– മനുഷ്യവിഭവശേഷി, സംസ്ഥാന ജില്ലാ മിഷനുകളുടെ ഓഫീസ് ചെലവുകൾ, ഭരണപരമായ ചെലവുകൾ, ഫർണിച്ചറുകൾ, കമ്പ്യൂട്ടർ / പ്രിന്റർ / സ്കാനർ മറ്റ് അനുബന്ധ ഇലക്ട്രിക്കൽ / ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ വാങ്ങുക, സ്പിൽ ഓവർ / തീർപ്പാക്കാത്ത ബില്ലുകൾഅടക്കുക | |
| | സാമൂഹിക–സാംസ്കാരിക ഉത്തരവാദിത്തം | |
| v | തനതായ പാചക ശൃംഖലയും കേരള കാർഷിക–വിനോദസഞ്ചാര ശൃംഖലയും – സംരംഭകത്വ വികസനം/വിവിധ യൂണിറ്റുകളുടെ വിപുലീകരണത്തിനുള്ള സാമ്പത്തിക സഹായം ഉൾപ്പെടെയുള്ളവയുടെ തുടർച്ചയും വിപുലീകരണവും | |
| vi | ബേപ്പൂർ സംയോജിത ആർടി വികസന പദ്ധതി – പദ്ധതിയുടെ ഭാഗമായി വിവിധ യൂണിറ്റുകളുടെ സംരംഭകത്വ വികസനം/വിപുലീകരണത്തിനുള്ള സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള തുടർച്ച. | |
| | പാരിസ്ഥിതിക ഉത്തരവാദിത്തം | |
| vii | വിനോദസഞ്ചാരത്തിലൂടെ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളുടെ പ്രോത്സാഹനം<br>1. ആർടി വർഗ്ഗീകരണത്തിന്റെ തുടർച്ച<br>2.വനിതാ സംരംഭകരുടെ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക | |

| ക്രമ നമ്പർ. | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | 3. ആർടി മിഷൻ സൊസൈറ്റിക്കു കീഴിൽ വനിതകൾ രജിസ്റ്റർ ചെയ്ത് നടത്തുന്ന ഹോംസ്റ്റേകൾക്ക് മാലിന്യസംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായം.<br>4. കാർബൺ ന്യട്രൽ പാക്കേജുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ/പദ്ധതികൾ/ ധനസഹായം<br>5. ആർടി യൂണിറ്റുകളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി. തനതു പാചകം, കാർഷിക വിനോദസഞ്ചാര യൂണിറ്റുകൾക്കായി ഇത് പരിമിതപ്പെടുത്തിയിരിക്കുന്നു.<br>6. ആർടി ആശയത്തിന്റെ പാരിസ്ഥിതിക ഉത്തരവാദിത്തം പ്രോത്സാഹിപ്പിക്കുന്നതിനുള്ള മറ്റ് പരിപാടികൾ/പദ്ധതികൾ | |
| viii | സുസ്ഥിര / അതിജീവന – വിനോദസഞ്ചാര കേന്ദ്രങ്ങൾ<br>1. ഹരിത വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം – മൂന്നാറിനെ ഉത്തരവാദിത്ത ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനും പ്രഖ്യാപിക്കുന്നതിനുമുള്ള വിവിധ ഉത്തരവാദിത്ത ടൂറിസം പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കുക.<br>2. സുവനീർ ഷോപ്പുകൾ – അഞ്ച് പ്രധാന കേന്ദ്രങ്ങളിൽ സുവനീർ ഷോപ്പുകൾ സ്ഥാപിക്കുക<br>3. സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രങ്ങൾ പ്രഖ്യാപിക്കുക – സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങളോടുകൂടിയ ബോർഡുകൾ സ്ഥാപിക്കൽ, ഫീഡിംഗ് മുറികളും അമ്മയ്ക്കും കുഞ്ഞിനുമായുള്ള മുറികളും, പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ ക്യാമറകൾ, സ്ത്രീകൾ നടത്തുന്ന സംരംഭങ്ങൾക്ക് ഒറ്റത്തവണ സാമ്പത്തിക സഹായം, കേരളത്തിലെ പ്രധാനപ്പെട്ട 20 ടൂറിസം കേന്ദ്രങ്ങളെ സ്ത്രീസൗഹൃദ ടൂറിസം ഡെസ്റ്റിനേഷനുകളായി തിരഞ്ഞെടുത്തു പ്രഖ്യാപിക്കുന്നതിനായി വിവിധ പരിപാടികൾക്കുള്ള ചെലവുകൾ, വിവിധ ലക്ഷ്യസ്ഥാനങ്ങൾക്കായുള്ള ജെൻഡർ ഓഡിറ്റിംഗ് / ഡെസ്റ്റിനേഷൻ സുരക്ഷാ പഠനം പൂർത്തിയാക്കുന്നതിനുള്ള ചെലവുകൾ, സ്ത്രീകൾക്കായി പ്രത്യേക കിഴിവുള്ള യാത്രാ പാക്കേജുകൾ സംഘടിപ്പിക്കുക.<br>4. വിനോദസഞ്ചാരത്തിലൂടെ പരിസ്ഥിതി ഉത്തരവാദിത്തം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ. | |
| **II.** | **പുതിയ പദ്ധതികൾ** | |
| ix | കേരള ഹോംസ്റ്റേ & റൂറൽ ടൂറിസം മീറ്റ്– (3 ദിവസങ്ങൾ) | |
| x | വയനാട് ഉരുൾപൊട്ടൽ ദുരന്തമേഖലയിലുള്ളവർക്ക് ആർടി അനുബന്ധ പരിശീലനവും തൊഴിലും | |
| xi | പലിശ സബ്‌വെൻഷൻ (കമ്മ്യൂണിറ്റി അധിഷ്ഠിത ടൂറിസം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം). | |
| | **ആകെ** | **2000.00** |

ആർടി മിഷനിൽ, മിക്ക പ്രവർത്തനങ്ങളും സ്ത്രീകളെ കേന്ദ്രീകരിച്ചുള്ളതും ഗുണഭോക്താക്കളിൽ ഭൂരിഭാഗവും (80%) സ്ത്രീകളുമാണ്. ഗ്രാമീണ ജീവിതാനുഭവ പാക്കേജുകൾ നടപ്പിലാക്കുന്നതിൽ

മുൻപന്തിയിലുള്ളത് വനിതാ പങ്കാളികലാണ്,കൂടാതെ പരിശീലന ഗുണഭോക്താക്കളിൽ 70% പേരും സ്ത്രീകളാണ്.

പദ്ധതിക്കായി 2025-26 ലെ ബജറ്റിൽ ₹2000 .00 ലക്ഷം വകയിരുത്തിയിട്ടുണ്ട്, അതിൽ ₹1000.00 ലക്ഷം സ്ത്രീകൾക്കായി നീക്കിവച്ചിരിക്കുന്നു.

### 17. മുസിരിസ് ഹെറിറ്റേജ്, സ്പൈസ് റൂട്ട് പദ്ധതി, റിവർ ക്രൂയിസ് ഹെറിറ്റേജ്

**(വിഹിതം: 1400 .00 ലക്ഷം രൂപ)**

സംസ്ഥാനത്തിന് കല, സംസ്കാരം, അന്താരാഷ്ട്ര വ്യാപാരം എന്നിവയുടെ മഹത്തായ ഭൂതകാലമുണ്ട്. അവയുടെ ശേഷിപ്പുകൾ, ഭൂതകാല പ്രതാപം പ്രകടിപ്പിക്കുന്നതിനും ഭാവിയിലേക്ക് വേണ്ടി സർക്കാർ സംരക്ഷിക്കേണ്ടതുണ്ട്. കൊട്ടാരങ്ങൾ, ഗോഡൗണുകൾ, ആരാധനാലയങ്ങളുടെ അവശിഷ്ടങ്ങൾ, അറബികൾ, പോർച്ചുഗീസ്, ഡച്ച്, ബ്രിട്ടീഷ് എന്നിവരുമായി നൂറ്റാണ്ടുകൾ പഴക്കമുള്ള വ്യാപാരബന്ധങ്ങൾ, അതുപോലെ സ്വാതന്ത്ര്യലബ്ധിക്കു മുൻപ് കേരളത്തിലെ പ്രവിശ്യാ രാജാക്കന്മാരുടെ മുൻകാല ഭരണം എന്നിവയിലൂടെയെല്ലാം ലഭ്യമായ നമ്മുടെ സമ്പന്നമായ പൈതൃകം സംരക്ഷിക്കാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. തിരുവനന്തപുരം, ആലപ്പുഴ, മുസിരിസ് - എറണാകുളം, തൃശ്ശൂർ, തലശ്ശേരി എന്നിവിടങ്ങളിലായി ഇവ വ്യാപിച്ചുകിടക്കുന്നു.

2025-26 ൽ ഏറ്റെടുക്കേണ്ട ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുന്നു.

| ക്രമ നം. | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | • മുസിരിസ് പദ്ധതികളുടെയും ആലപ്പുഴ പദ്ധതിയുടെയും പരിപാലനം<br>• സ്പൈസ് റൂട്ട് ഹെറിറ്റേജ് പ്രോജക്റ്റ് (കൊല്ലം - ബേപ്പൂർ). അന്താരാഷ്ട്ര സ്പൈസ് റൂട്ട് കോൺഫറൻസും ജൂത പൈതൃകത്തെക്കുറിച്ചുള്ള അന്താരാഷ്ട്ര സമ്മേളനവും നടത്തുക<br>• പ്രധാന ഇവന്റുകൾ, വിപണനം, മ്യൂസിയം പ്രവർത്തനങ്ങൾ<br>• മുനാക്കൽ മുസിരിസ് ബീച്ചിലെ പാർക്കിംഗ് ഏരിയയുടെ നവീകരണം<br>• മുസിരിസ് മ്യൂസിയങ്ങൾ, ആലപ്പുഴ മ്യൂസിയങ്ങൾ എന്നിവ സ്ഥാപിക്കുക<br>• തിരഞ്ഞെടുത്ത മ്യൂസിയങ്ങളിൽ സിസിടിവി ക്യാമറ സ്ഥാപിക്കുക<br>• വിവിധ മ്യൂസിയങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുക<br>• മുസിരിസിൽ കൺസർവേഷൻ ലാബും മുസിരിസ് പൈതൃക പദ്ധതികളിലെ സൈനേജുകളും<br>• താത്കാലിക പ്രദർശന യൂണിറ്റുകൾ<br>• മുസിരിസ് -പ്രസിദ്ധീകരണങ്ങൾ<br>• പറവൂർ മുതൽ കൊടുങ്ങല്ലൂർ വരെ കലാപരമായ ഇൻസ്റ്റലേഷനുകൾ<br>• ജൂത തെരുവ് - നോർത്ത് പറവൂർ സിനഗോഗ്<br>• മാള സെമിത്തേരി - അടിസ്ഥാന സൗകര്യ വികസനം<br>• മുസിരിസ് സന്ദർശക കേന്ദ്രത്തിന് സമീപം കാവിൽക്കടവ് ബോട്ട് ജെട്ടിയിൽ ഡ്രഡ്ജിംഗ്<br>• ഡിജിറ്റൽ ആർക്കൈവുകൾക്കായി കിയോസ്കുകൾ ലഭ്യമാക്കുക<br>• റിസർച്ച് ലൈബ്രറിയും ഡിജിറ്റൽ ആർക്കൈവുകളും<br>• ആലപ്പുഴ പൈതൃക പദ്ധതികളിൽ പാലങ്ങൾക്ക് വെളിച്ചം നൽകലും സൗന്ദര്യവൽക്കരണവും<br>• വെണ്ടർ കിയോസ്കുകൾ | 1400.00 |

| ക്രമ നം. | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | • മുസിരിസ് പ്രോജക്ടുകൾ വഴി വിൽക്കുന്നതിനുള്ള സുവനീറുകൾ ലഭ്യമാക്കുക<br>• നിലവിലുള്ള മ്യൂസിയത്തിന്റെ നവീകരണം<br>• കോട്ടയിൽ കോവിലകം ബോട്ട് ജെട്ടിയുടെയും ഗസ്റ്റ് ഹൗസിന്റേയും അറ്റകുറ്റപ്പണികൾ<br>• മാലക്കടവിന്റെ പുനരുജ്ജീവനം<br>• തിരുവിതാംകൂർ പൈതൃക പദ്ധതി<br>• ട്രാവൻകൂർ ഹെറിറ്റേജ് സർക്യൂട്ട്- കഠിനംകുളം, അഞ്ചുതെങ്ങ് കായൽ ഇടനാഴി ടൂറിസം പദ്ധതിയും മറ്റ് എംഎച്ച്പി അനുബന്ധ പദ്ധതികളും | |
| | **ആകെ** | 1400.00 |

പദ്ധതിക്ക് കീഴിലുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ **1400.00** ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**18. നൂതന വിനോദസഞ്ചാര ഉൽപ്പന്നങ്ങളുടെ വികസനം**

**(വിഹിതം: 1.00 ലക്ഷം രൂപ)**

പ്രഗത്ഭരായ സ്വകാര്യ സംരംഭകരുമായി ചേർന്ന് നൂതന വിനോദസഞ്ചാര ഉല്പന്നങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും അവയെ കാര്യമായി വിപണനം ചെയ്യുന്നതിലും മുൻപന്തിയിലാണ് കേരളത്തിലെ വിനോദസഞ്ചാര മേഖല. സ്പിൽ ഓവർ പ്രോജക്ടുകൾ, ഇന്നൊവേറ്റീവ് ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിക്കുക, മാർക്കറ്റിംഗ് ടൂളുകൾ, മാലിന്യ സംസ്കരണ മാതൃകകൾ, സമൂഹത്തിലെ ശാരീരിക വൈകല്യമുള്ളവർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, ട്രാൻസ്ജെൻഡർമാർ, കുട്ടികൾ, സ്ത്രീകൾ എന്നിവർക്ക് ടൂറിസം പ്രാപ്യമാക്കുന്നതിനുള്ള നൂതന മാതൃകകൾ, എന്നിവയും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു.

2025-26 ബജറ്റിൽ പദ്ധതിക്കായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**19. വിനാദസഞ്ചാര മേഖലയിലെ സെൻട്രൽസെക്ടർ പദ്ധതികൾ**

**(വിഹിതം: 1.00 ലക്ഷം രൂപ)**

കേന്ദ്ര മേഖലാ പദ്ധതികളുടെ കീഴിൽ, ഐക്കണിക് ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ ആഗോള തല വികസനത്തിനായി, മൂലധന നിക്ഷേപത്തിന് സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക സഹായം (SASCI), സ്വദേശ് ദർശൻ2.0, മെഗാ പ്രോജക്ട് സ്കീം, ചലഞ്ച് ബേസ്ഡ് ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് (CBDD) പദ്ധതിയും, തീർത്ഥാടന പുനരുജ്ജീവനവും സ്പിരിച്വൽ ഓഗ്മെന്റേഷൻ ഡ്രൈവ് (പ്രസാദ്) എന്നീ പദ്ധതികൾ തീം അടിസ്ഥാനമാക്കിയുള്ള വിനോദസഞ്ചാര സർക്യൂട്ടുകളുടേയും തീർത്ഥാടന കേന്ദ്രങ്ങളുടെയും വികസനത്തിനായി ഭാരത സർക്കാരിന്റെ വിനോദ സഞ്ചാര മന്ത്രാലയം അനുവദിച്ചിട്ടുണ്ട്. ഈ കേന്ദ്രമേഖലാ സ്കീമുകൾക്ക് അനുയോജ്യമായ ലക്ഷ്യസ്ഥാനങ്ങൾ തിരഞ്ഞെടുക്കുക, കൺസെപ്റ്റ് നോട്ടുകളും ഡിപിആറും തയ്യാറാക്കുക, ഡോക്യുമെന്റേഷൻ, മീറ്റിംഗുകളും കോൺഫറൻസുകളും സംഘടിപ്പിക്കുക, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.
ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി 2025-26 ബജറ്റിൽ **1.00** ലക്ഷം രൂപ ടോക്കൺ ആയി വകയിരുത്തിയിരിക്കുന്നു.

**20. കേരള ടൂറിസം എന്റർപ്രണർഷിപ്പ് ഫണ്ട് (കെടിഇഎഫ്)**

**(വിഹിതം: 1 .00 ലക്ഷം രൂപ)**

വിനോദ സഞ്ചാര സംരംഭകത്വത്തിലൂടെ നൂതന വിനോദ സഞ്ചാര ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും, വെഞ്ചർ ഫണ്ടിന്റെ രൂപത്തിൽ കേരള വിനോദസഞ്ചാര സംരംഭകത്വ ഫണ്ട് (കെ.റ്റി.ഇ.എഫ്) എന്ന പേരിൽ വിനോദസഞ്ചാര വകുപ്പ് തത്തുല്യമായ മൂലധന സഹായം നൽകുന്നതോടൊപ്പം ഉപദേശങ്ങൾ, മാർഗ്ഗനിർദേശങ്ങളിലൂടെയും, മാനേജ്മെന്റിലൂടെയുമുള്ള

പിന്തുണയും നൽകുന്നു. മൂലധന നിക്ഷേപത്തിന് പ്രാപ്തരായ യുവതലമുറയിലെ സംരംഭകരെ ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കുന്നു.

സിഡ്ബി, ഏഞ്ചൽഫണ്ട് തുടങ്ങിയ നിക്ഷേപകരിൽ നിന്നും വെഞ്ചർഫണ്ട് കോർപ്പസ് സമാഹരിക്കാവുന്നതാണ്. പുതിയതും നിലവിലുള്ളതുമായ ചെറുകിട-ഇടത്തരം സംരംഭകർക്കായി വിഭാവനം ചെയ്തിട്ടുള്ളതാണ് മൂലധന സഹായം. പ്രോജക്ടുകളുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതും നിക്ഷേപ ശേഖരത്തിലെ വിടവ് കണ്ടെത്തുന്നതും സാങ്കേതിക കമ്മിറ്റി ആണ്. സാങ്കേതിക സർവ്വകലാശാല/ വിനോദസഞ്ചാര വിദ്യാഭ്യാസ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും യോഗ്യത നേടിയ വ്യക്തികൾക്ക് മുൻഗണന നൽകിക്കൊണ്ട് നൂതന ആശയങ്ങൾ, പ്രോജക്ടുകൾ, വിനോദസഞ്ചാര മേഖലയിലെ പ്രശ്നങ്ങൾ നേരിടുന്നതിനുള്ള പരിഹാരമാർഗങ്ങൾ എന്നിവയിൽ സമർത്ഥരായ സംരംഭകർക്ക് പദ്ധതിയുടെ കീഴിൽ സഹായത്തിന് യോഗ്യത ഉണ്ടായിരിക്കും. പദ്ധതിക്കായി 2025-26 ബജറ്റിൽ **1.00** ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**21. ചാമ്പ്യൻസ് ബോട്ട് ലീഗ് (ലീഗ് അടിസ്ഥാനത്തിലുള്ള ബോട്ടിംഗ് മത്സരം)**

**(വിഹിതം: 896.00 ലക്ഷം രൂപ)**

അഭ്യന്തര, വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടിസംസ്ഥാനത്തിന്റെ ഐതിഹാസികവും ചരിത്ര പ്രാധാന്യമുള്ളതുമായ വള്ളംകളിയെ (സ്നേക് ബോട്ട് റേസ് ) ലോകോത്തര കായിക ഇനമാക്കി മാറ്റുന്നതിനായി ഇന്ത്യൻ പ്രീമിയർ ലീഗിന്റെ (ഐപിഎൽ) മാതൃകയിൽ ടൂറിസം വകുപ്പ് "ചാമ്പ്യൻസ് ബോട്ട് ലീഗ്" (സിബിഎൽ) ആരംഭിച്ചു. കേരളത്തിന്റെ പരമ്പരാഗത ഉത്സവങ്ങളുടെ സംരക്ഷണവും പ്രോത്സാഹനവും, ഒരു ടൂറിസം ഉൽപന്നമായി വിപണനം ചെയ്യുന്നതിനായി വാർഷിക പരിപാടി സംഘടിപ്പിക്കുക, കേരളത്തിലെ കായലുകൾ ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കുക എന്നിവയാണ് പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ.

- കുറഞ്ഞത് 14 സ്ഥലങ്ങളിൽ ചാമ്പ്യൻസ് ബോട്ട് ലീഗ് നടത്തുക
- പ്രചാരണവും, മത്സര വേദികളിലെ അടിസ്ഥാന സൗകര്യ വികസനവും
- ഐടി, സാങ്കേതിക പിന്തുണ പ്രവർത്തനങ്ങൾ
- സാംസ്കാരിക പരിപാടികൾ, സമ്മാന വിതരണ ചെലവുകൾ, സംഘടനാ ചെലവുകൾ
- ഹോസ്പിറ്റാലിറ്റി ചെലവുകളും ഇവന്റുമായി ബന്ധപ്പെട്ട മറ്റ് ചെലവുകളും
- സ്പിൽഓവർ ചെലവ്

പദ്ധതിക്കായി 2025-26 ബജറ്റിൽ 896.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**22. വിനോദ സഞ്ചാര കോംപ്ലക്സ്/ വിനോദ സഞ്ചാര ഭവൻ**

**(വിഹിതം: 1 .00 ലക്ഷം രൂപ)**

എല്ലാ വിനോദസഞ്ചാര സ്ഥാപനങ്ങളേയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് സവിശേഷമായ ഒരു ഘടന രൂപീകരിക്കുന്നതിനും വിനോദ സഞ്ചാരഭവൻ എന്ന കേന്ദ്രീകൃത ഓഫീസ് സമുച്ചയം സ്ഥാപിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആറ് നിലകളുള്ള കെട്ടിടം മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ആദ്യഘട്ട ചെലവുകൾക്കായി 2025-26 ബജറ്റിൽ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**23. വർക്ക് ഫ്രം ഹോളിഡേ പദ്ധതി**

**(വിഹിതം: 1.00 ലക്ഷം രൂപ)**

വിനോദസഞ്ചാര മേഖലയിൽ "വർക്ക് ഫ്രം ഹോം" പദ്ധതിക്കു സമാനമായി "വർക്ക് ഫ്രം ഹോളിഡേ ഹോം പദ്ധതി" നടപ്പിലാക്കുന്നതിനായാണ് വിഭാവനം ചെയ്തിരിക്കുന്നത്. വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുമ്പോൾ പലരും തങ്ങളുടെ ഔദ്യോഗിക ചുമതലകൾ ഓൺലൈനിൽ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ തേടുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആരംഭിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള വർക്ക് ഫ്രം ഹോളിഡേ പദ്ധതി വിനോദസഞ്ചാര മേഖലയ്ക്ക് മുതൽക്കൂട്ടാകും.

പദ്ധതിക്കായി 2025-26 ബജറ്റിൽ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**24. സ്പോർട്സ് ടൂറിസം**

**(വിഹിതം: 1.00 ലക്ഷം രൂപ)**

എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും കായിക വിനോദങ്ങളിലൂടെ വിനോദസഞ്ചാരികൾക്ക് ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്താൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. കായിക വിനോദങ്ങളിൽ എർപ്പെടുന്നതിനായുള്ള സൗകര്യങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ആദ്യ ഘട്ടത്തിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്പോർട്സ് വിനോദസഞ്ചാര പദ്ധതി നടപ്പാക്കാനാണ് ആലോചിക്കുന്നത്. സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ, സ്പോർട്സ് കിറ്റുകൾ, സ്പോൺസർഷിപ്പുകൾ, പരസ്യങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതിക്കായി 2025-26 ബജറ്റിൽ **1.00** ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**25. കൊല്ലത്ത് വിനോദസഞ്ചാരത്തിനായി മറീനയുടെ വികസനം (പുതിയ പദ്ധതി)**

**(വിഹിതം : ₹500.00 ലക്ഷം)**

കൊല്ലം ജില്ലയുടെ ടൂറിസം സാധ്യതകൾ വികസിപ്പിക്കുന്നതിന് കൊല്ലത്ത് ഒരു മറീന നിർമ്മിക്കാൻ ലക്ഷ്യമിടുന്നു. കൊല്ലം വിനോദസഞ്ചാര കേന്ദ്രത്തെ അറബിക്കടലിലൂടെ ആഗോള ടൂറിസം ശൃംഖലയുമായി ബന്ധിപ്പിക്കും. 2025-26 ബജറ്റിൽ പദ്ധതിക്കായി **500.00** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

# VIII. ശാസ്ത്രവും, സാങ്കേതിക വിദ്യയും, പരിസ്ഥിതിയും

## 8.1 ശാസ്ത്ര സേവനങ്ങളും ഗവേഷണവും

സംസ്ഥാനത്തിന്റെ വികസനാധിഷ്ഠിത മാറ്റങ്ങൾക്ക് ഒരു പ്രേരക ശക്തിയായി പ്രവർത്തിക്കുന്നതിലേക്കായി ശാസ്ത്ര സാങ്കേതിക നൂതന മേഖലകളിലെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനും സാങ്കേതിക പുരോഗതി, ശാസ്ത്രീയ പരിജ്ഞാനം പ്രോത്സാഹിപ്പിക്കൽ എന്നിവയിലൂടെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ തൊഴിലവസരങ്ങളും വരുമാനവും സൃഷ്ടിക്കുന്നതിനും കേരളം ലക്ഷ്യമിടുന്നു. സമൂഹത്തിലെ എല്ലാ തലങ്ങളിലെയും അക്കാദമിക, വ്യവസായ, ഗവേഷണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പഠനം, ഗവേഷണം, വികസനം എന്നിവയിലൂടെ ശാസ്ത്ര-സാങ്കേതിക രംഗത്തെ മികവ് പ്രോത്സാഹിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ, ഉപജീവനമാർഗം, പരിസ്ഥിതി എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളിലൂടെ സമൂഹത്തിന് പ്രയോജനം ചെയ്യുന്നതിനും വേണ്ടി ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. അതുവഴി സുസ്ഥിര വികസനം സാക്ഷാത്കരിക്കുകയും ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ ശാസ്ത്ര-സാങ്കേതിക മികവും അനുബന്ധ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുക, അവബോധം വളർത്തിയെടുക്കുക എന്നീ കാഴ്ചപ്പാടുകളോടെ, കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പ്, സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക വിദ്യയുടെ പ്രോത്സാഹനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു.

സമൂഹത്തിന് ആകമാനം പ്രയോജനകരമാകുന്ന വിവിധ ഗവേഷണ വികസന അനുബന്ധ പ്രവർത്തനങ്ങളിലൂടെ ശാസ്ത്ര സാങ്കേതിക മേഖലയിലെ സംസ്ഥാനത്തിന്റെ കാഴ്ചപ്പാട് മുന്നോട്ടുകൊണ്ടു പോകുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന, ശാസ്ത്ര സാങ്കേതിക മേഖലയുടെ കീഴിൽ വരുന്ന പ്രധാന സ്ഥാപനങ്ങളാണ് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും (കെ.എസ്.സി.എസ്.റ്റി.ഇ), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയും (ഐഎവി), റീജിയണൽ ക്യാൻസർ സെന്ററും (ആർ.സി.സി).

2025-26 ബജറ്റിൽ **22583.00** ലക്ഷം രൂപ ഈ സ്ഥാപനങ്ങൾക്കായി താഴെ കൊടുത്തിരിക്കും പ്രകാരം വകയിരുത്തിയിരിക്കുന്നു.

| ക്രമനം. | സ്ഥാപനം/ഏജൻസി | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| എ. | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.റ്റി.ഇ) | 10083.00 |
| ബി | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐഎവി) | 5000.00 |
| സി | റീജിയണൽ ക്യാൻസർ സെന്റർ (ആർ.സി.സി) | 7500.00 |
| | **ആകെ** | **22583.00** |

### എ. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.റ്റി.ഇ)

ശാസ്ത്ര ഗവേഷണവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും സംസ്ഥാനത്തെ ശാസ്ത്രമേഖലയിലെ ഗവേഷണ വികസന പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നതിനും വേണ്ടിയുള്ള ഒരു ഏജൻസിയായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.റ്റി.ഇ) പ്രവർത്തിക്കുന്നു. ഗവേഷണ വികസന കേന്ദ്രങ്ങളും സർക്കാർ ധനസഹായത്തോടെ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളും കെ.എസ്.സി.എസ്.റ്റി.ഇ. യുടെ കീഴിൽ പ്രവർത്തനക്ഷമമാണ്. ശാസ്ത്ര പ്രചാരണം, പരിസ്ഥിതി അനുബന്ധ പരിപാടികൾ, ശാസ്ത്ര പ്രോത്സാഹനത്തിനായുള്ള പുരസ്കാരങ്ങളും അംഗീകാരങ്ങളും, സാങ്കേതിക വികസനവും കൈമാറ്റവും, ശാസ്ത്രമേഖലയിൽ വനിതകൾക്കു പിന്തുണ നൽകുക, ജൈവ സാങ്കേതികത വികസനം എന്നിവ കൗൺസിലിന്റെ മറ്റ് പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. അടിസ്ഥാന ശാസ്ത്ര മേഖലകളിൽ വിദ്യാഭ്യാസവും ഗവേഷണവും ശക്തിപ്പെടുത്തുക, പ്രധാനപ്പെട്ട മേഖലകളിൽ ശാസ്ത്ര സാങ്കേതിക രംഗത്തെ പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുക എന്നിവ കൗൺസിൽ ലക്ഷ്യമിടുന്നു.

2025-26 - ൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നതിനായി 10083.00 ലക്ഷം രൂപ കെ.എസ്.സി.എസ്.റ്റി.ഇ.യ്ക്കായി വകയിരുത്തിയിരിക്കുന്നു.

**1. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വികസന കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങൾ**

**(വിഹിതം: 6420.00 ലക്ഷം രൂപ)**

ഗവേഷണ - വികസന സ്ഥാപനങ്ങളെ പിന്തുണച്ചുകൊണ്ട് ശാസ്ത്ര പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.സി.എസ്.ടി.ഇ. വിവിധ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. പ്രത്യേകം തിരഞ്ഞെടുത്ത മേഖലകളിൽ ഗവേഷണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏഴ് ഗവേഷണ-വികസന സ്ഥാപനങ്ങൾ കെ.എസ്.സി.എസ്.ടി.ഇ യുടെ കീഴിലുണ്ട്. ഗവേഷണ പ്രവർത്തനങ്ങൾ, നൂതനകണ്ടുപിടിത്തങ്ങളുടെ പ്രോത്സാഹനം, പ്രത്യേക മേഖലകളുടെ മെച്ചപ്പെടുത്തലിനായുള്ള പ്രവർത്തനങ്ങൾ എന്നിവ ഈ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്നു. ശാസ്ത്ര സാങ്കേതിക മേഖലയിൽ പ്രത്യേക ഗവേഷണ വികസന പ്രവർത്തനങ്ങൾനടത്തുന്നതിനായി ഈ ഗവേഷണ വികസന സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതാണ് നിലവിലെ പദ്ധതി. ഉന്നത നിലവാരമുള്ള ഗവേഷണ വികസന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ സംസ്ഥാനത്ത് യഥാർത്ഥ ഗവേഷണവും നൂതന സാങ്കേതിക വിദ്യയും ഉയർന്ന തലത്തിൽ എത്തിക്കുക, സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾ ശാസ്ത്ര സാങ്കേതിക അടിസ്ഥാനത്തിലുള്ള വൈദഗ്ധ്യവും മാർഗ്ഗങ്ങളും ഉപയോഗിച്ച് പരിഹരിക്കുക എന്നുള്ളതുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ശാസ്ത്ര സാങ്കേതിക മേഖലയിൽ ഈ സ്ഥാപനങ്ങൾക്കായി 2025-26 ബജറ്റിൽ 6420.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നിർദ്ദിഷ്ട ഗവേഷണ വികസന പ്രോജക്ടുകൾക്കും, പശ്ചാത്തല സൗകര്യ വികസനത്തിനും, ഭൗതിക, ശാസ്ത്ര ഉപകരണങ്ങൾ വാങ്ങുന്നതിനും ലൈബ്രറിയുടെയും ലബോറട്ടറിയുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, മാനവ വിഭവ ശേഷി വികസനത്തിനും വ്യാപനത്തിനും, പരിശീലനത്തിനും, പ്രസിദ്ധീകരണങ്ങൾക്കും വേണ്ടി, അനുവദിച്ചിട്ടുള്ള ധനസഹായം വിനിയോഗിക്കേണ്ടതാണ്. ഈ സ്ഥാപനങ്ങളുടെ ഗവേഷണ വികസന പ്രൊപ്പോസലുകൾ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പരിശോധനയ്ക്ക് വിധേയമായി അംഗീകരിക്കേണ്ടതാണ്.

പദ്ധതികൾക്കും പരിപാടികൾക്കും സ്ഥാപനങ്ങൾ തിരിച്ച് വകയിരുത്തിയിട്ടുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| i. | സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്പ്മെന്റ് ആൻഡ് മാനേജ്മെന്റ് (സി.ഡബ്ല്യു.ആർ.ഡി.എം) | 1260.00 |
| ii. | കേരള വനഗവേഷണ കേന്ദ്രം (കെ.എഫ്.ആർ.ഐ) | 1000.00 |
| iii. | കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ.എം) | 800.00 |
| iv. | ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (നാറ്റ് പാക് ) | 600.00 |
| v. | ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.റ്റി.ബി.ജി.ആർ.ഐ) | 1290.00 |
| vi. | ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്.ആർ.ഐ.ബി.എസ്) | 1120.00 |
| vii. | മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട ഓഫ് പ്ലാന്റ് സയൻസസ് (എം.ബി.ജി.ഐ.പി.എസ് ) | 350.00 |
| | **ആകെ** | **6420.00** |

**i.സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്പ്മെന്റ് ആൻഡ് മാനേജ്മെന്റ് (സി.ഡബ്ല്യു.ആർ.ഡി.എം)**

**(വിഹിതം: 1260.00 ലക്ഷം രൂപ)**

ജലവിഭവ മേഖലയ്ക്കായി കെ.എസ്.സി.എസ്.റ്റി.ഇ.യുടെ കീഴിലുള്ള ഒരു പ്രധാനപ്പെട്ട ഗവേഷണവികസന സ്ഥാപനമാണ് സി.ഡബ്ല്യു.ആർ.ഡി.എം. ജലവിഭവങ്ങളുടെ വികസനത്തിനും സംരക്ഷണത്തിനും ആവശ്യമായ ഗവേഷണ ഇൻപുട്ട്/ഔട്ട്പുട്ടുകൾ ഈ കേന്ദ്രം പ്രദാനം ചെയ്യുന്നു.

ജലസംരക്ഷണത്തിന്റെ എല്ലാ മേഖലകളുടേയും ആവശ്യങ്ങൾക്കനുസരിച്ച് ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഒരു മികവിന്റെ കേന്ദ്രമാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. സ്ഥാപനത്തിന്റെ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1260.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| **ക്രമ നമ്പർ** | **ഇനങ്ങൾ/പ്രവർത്തനങ്ങൾ** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| 1 | ഗവേഷണ-വികസന പദ്ധതികൾ - നിലവിലുള്ളതും പുതിയതുമായ ഗവേഷണ-വികസന പദ്ധതികളുടെ നടപ്പാക്കൽ | 370.00 |
| 2 | പ്രോജക്ട്/കൺസർവേറ്ററികളുടെ സ്ഥാപിക്കൽ- വാട്ടർ മ്യൂസിയം കോംപ്ലക്സിന്റെ വികസനവും പരിപാലനവും, ലോക്കൽ ഏരിയ നെറ്റ്‌വർക്ക് (LAN), മൊബൈൽ വാട്ടർ ടെസ്റ്റിംഗ് ലബോറട്ടറി എന്നിവ പരിപാലിക്കുക. | 65.00 |
| 3 | ശാസ്ത്രീയവും ഭൗതികവുമായ അടിസ്ഥാന സൗകര്യങ്ങൾ - പുതിയ ശാസ്ത്രീയ ഉപകരണങ്ങൾ വാങ്ങുക, അനുബന്ധ സാധനങ്ങൾ വാങ്ങുകയും പരിപാലിക്കുകയും ചെയ്യുക, നിലവിലുള്ള ഉപകരണങ്ങൾ, പുതിയ ഫർണിച്ചറുകൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ എഎംസി, സി.ഡബ്ല്യു.ആർ.ഡി.എം.ന്റേയും ഉപകേന്ദ്രങ്ങളുടെയും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനം. | 400.00 |
| 4 | ലൈബ്രറിയും ഡോക്യുമെന്റേഷനും- പുതിയ പുസ്തകങ്ങൾ വാങ്ങൽ, ഓൺലൈൻ ലൈബ്രറി റിസോഴ്സുകളുടെ സ്ഥാപിക്കൽ, ഡോക്യുമെന്റേഷനും പ്രസിദ്ധീകരണവും ഔട്ട്റീച്ച് പ്രോഗ്രാമുകളും. | 40.00 |
| 5 | നിർമ്മാണ പ്രവർത്തനങ്ങൾ | 340.00 |
| 6 | വിവര സാങ്കേതികവിദ്യയും ഓഫീസ് ഓട്ടോമേഷനും | 30.00 |
| 7 | ഗവേഷണം, പരിശീലനം, വിപുലീകരണം പ്രത്യേക സഹായം(WRMTP) | 15.00 |
| | **ആകെ** | **1260.00** |

### ii. കേരള വനഗവേഷണ കേന്ദ്രം (കെ.എഫ്.ആർ.ഐ)

**(വിഹിതം: 1000.00 ലക്ഷം രൂപ)**

പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം, സുസ്ഥിരമായ വിനിയോഗം, ശാസ്ത്രീയമായ പരിപാലനം എന്നിവയിൽ പ്രത്യേക ഊന്നൽ നൽകി കൊണ്ട് വനവൽക്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് ശാസ്ത്രീയ പിന്തുണ നൽകുന്നതിനായി ഗവേഷണങ്ങൾ നടത്തുന്നതിനായി ട്രോപ്പിക്കൽ ഫോറസ്ട്രിയിൽ ഒരു മികവിന്റെ കേന്ദ്രമായി വിഭാവനം ചെയ്തിട്ടുള്ളതാണ് കെഎഫ്ആർഐ. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| **ക്രമ നമ്പർ** | **ഇനങ്ങൾ/പ്രവർത്തനങ്ങൾ** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| 1 | ഗവേഷണം, പരിശീലനം, വിപുലീകരണം, ഇഎസ് റ്റിഎം (ESTM) - നിലവിലുള്ളതും പുതിയതുമായ പദ്ധതികൾ | 305.00 |
| 2 | ശാസ്ത്രീയ അടിസ്ഥാന സൗകര്യ വികസനം/വിവര സാങ്കേതികവിദ്യ & ഓഫീസ് ഓട്ടോമേഷൻ | 60.00 |
| 3 | ഉപകരണങ്ങൾ | 170.00 |
| 4 | ലൈബ്രറി | 40.00 |
| 5 | നിർമ്മാണ പ്രവർത്തനങ്ങളും ഇലക്ട്രിക്കൽ ജോലികളും | 410.00 |
| 6 | കെഎഫ്ആർഐ സുവർണ ജൂബിലി | 15.00 |
| | **ആകെ** | **1000.00** |

### iii. കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ.എം)

**(വിഹിതം: 800.00 ലക്ഷം രൂപ)**

ഗണിതശാസ്ത്രത്തിൽ വിപുലമായ പഠനത്തിനും ഗവേഷണത്തിനും വേണ്ടി കെഎസ്‌സിഎസ്ടിഇയും ഭാരത സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റോമിക് എനർജി (ഡിഎഇ)യും ചേർന്നുള്ള സംയുക്ത സംരംഭമായി സ്ഥാപിതമായ ഒരു സ്ഥാപനമാണ് കെഎസ്ഒഎം. ഭാരതത്തിലും കേരളത്തിലും വിപുലമായ ഗണിതശാസ്ത്ര ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് ഇത് വിഭാവനം ചെയ്യുന്നു. ചുവടെ ചേർത്തിരിക്കുന്ന പരിപാടികൾക്കായി 2025-26 ബജറ്റിൽ 800.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനങ്ങൾ/പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഗവേഷണ-വികസന പ്രവർത്തനങ്ങൾ- കെ.എസ്.ഒ.എം ഡോക്ടറൽ, പോസ്റ്റ് ഡോക്ടറൽ, ഫെലോഷിപ്പുകൾ, വിസിറ്റിംഗ് പ്രൊഫസർഷിപ്പ്, മാധവ ചെയർ, നീലകണ്ഠ പോസ്റ്റ്ഡോക്ടറൽ ഫെലോഷിപ്പ്, അഡ്ജനക്റ്റ് ഫാക്കൽറ്റി, ട്രാവൽ ഗ്രാന്റ്, അന്തർദേശീയവും ദേശീയവുമായ സന്ദർശക പരിപാടികൾ, ദേശീയ തലത്തിലുള്ള വർക്ക്ഷോപ്പുകളും സെമിനാറുകളും, ഗണിതശാസ്ത്രത്തിൽ പ്രഭാഷണ പരമ്പരകൾ, വിദ്യാർത്ഥികൾക്കായുള്ള ഫെലോഷിപ്പ്, വിസിറ്റിംഗ് അസോസിയേറ്റ്ഷിപ്പ്, അന്താരാഷ്ട്ര കോൺഫെറൻസുകൾ, ചർച്ചകളും മീറ്റിങ്ങുകളും, ഇന്റഗ്രേറ്റഡ് എംഎസ്സി പിഎച്ച്ഡി പ്രോഗ്രാം(സ്കോളർഷിപ്പുകളും മീറ്റിങ്ങുകളും). | 250.00 |
| 2 | ഔട്ട്റീച്ച് പ്രോഗ്രാമുകൾ - ടാലന്റ് നർച്ചർ പ്രോഗ്രാം, ഗണിതശാസ്ത്രത്തിലെ സമ്മർ പ്രോഗ്രാം, കേരളത്തിലെ കോളേജ് അധ്യാപകർക്കുള്ള റിഫ്രഷർ കോഴ്സുകൾ | 50.00 |
| 3 | ലൈബ്രറി, ഹോസ്റ്റൽ കെട്ടിടം, ശാസ്ത്രീയ-ഡിജിറ്റൽ-ഭൗതിക അടിസ്ഥാനസൗകര്യങ്ങളുടെ ശാക്തീകരണം. | 100.00 |
| 4 | ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം | 400.00 |
| | **ആകെ** | **800.00** |

### iv. ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (നാറ്റ്പാക്)

**(വിഹിതം: 600.00 ലക്ഷം രൂപ)**

റോഡ്, റെയിൽ, ജല മാർഗ്ഗങ്ങൾ, അനുബന്ധ മേഖലകൾ എന്നിങ്ങനെ വിവിധ ഗതാഗത സംവിധാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന രാജ്യത്തെ ഒരു പ്രധാന ഗവേഷണ വികസന സ്ഥാപനമാണ് നാറ്റ്പാക്. ഗ്രാമീണ റോഡുകൾ, വിനോദ സഞ്ചാര ആസൂത്രണം, ഉൾനാടൻ ജലഗതാഗത സംവിധാനം, ഗതാഗത ഊർജ്ജം, ഗതാഗത സംവിധാനത്തിലെ ഇതര മാർഗ്ഗങ്ങൾ, പൊതുഗതാഗതം, ഹൈവെ എഞ്ചിനീയറിംഗ്, ഗതാഗത ആസൂത്രണം ട്രാഫിക് എഞ്ചിനീയറിംഗ് എന്നീ മേഖലകളിൽ ഗവേഷണ വികസന പ്രവർത്തനങ്ങളും കൺസൾട്ടൻസി പ്രവർത്തനങ്ങളും ഇത് നടത്തുന്നു. 2025-26 ൽ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിട്ടിരിക്കുന്നു.

| ക്രമ നമ്പർ | ഇനങ്ങൾ/പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഗവേഷണ-വികസന പ്രവർത്തനങ്ങൾ - നിലവിലുള്ളതും പുതിയതുമായ പദ്ധതികൾ | 302.00 |
| 2 | കൺസർവേറ്ററികളും പ്രോജക്ടുകളും സ്ഥാപിക്കുക | 8.00 |
| 3 | ശാസ്ത്രീയ അടിസ്ഥാന സൗകര്യ വികസനം - ഭൗതിക സാഹചര്യങ്ങൾ വാങ്ങുകയും പരിപാലിക്കുകയും | 40.00 |
| 4 | ഐടി & ഓഫീസ് ഓട്ടോമേഷൻ- കമ്പ്യൂട്ടർ സെല്ലും സിസ്റ്റം അഡ്മിനിസ്ട്രേഷനും | 30.00 |

| ക്രമ നമ്പർ | ഇനങ്ങൾ/പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 5 | ഉപകരണങ്ങൾ | 10.00 |
| 6 | ഗവേഷണം, പരിശീലനം, വിപുലീകരണ പരിപാടികൾ – വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, ട്രാഫിക് സേഫ്റ്റി സെൽ | 40.00 |
| 7 | ലൈബ്രറിയും ഇൻഫർമേഷൻ സംവിധാനവും | 20.00 |
| 8 | നിർമ്മാണ പ്രവർത്തനങ്ങൾ – പരിപാലനവും സുവർണ്ണ ജൂബിലി പരിപാടികളും | 150.00 |
| | **ആകെ** | **600.00** |

**v.ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.റ്റി.ബി.ജി.ആർ.ഐ)**

**(വിഹിതം: 1290.00 ലക്ഷം രൂപ)**

കേരളത്തിലെ സസ്യ വിഭവങ്ങളുടെ സുസ്ഥിര വിനിയോഗത്തിനായുള്ള ഗവേഷണ പരിപാടികൾ ഏറ്റെടുത്തു നടപ്പിലാക്കുന്ന സ്ഥാപനമാണ് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.റ്റി.ബി.ജി.ആർ.ഐ). ഉചിതമായ ഗവേഷണ–വികസന ശ്രമങ്ങളിലൂടെ സസ്യസമ്പത്തിന്റെ സംരക്ഷണത്തിനും സുസ്ഥിര വിനിയോഗത്തിനുമുള്ള ഒരു കേന്ദ്രമായി സ്ഥാപനം പ്രവർത്തിക്കുന്നു. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025–26 ൽ 1290.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനങ്ങൾ/പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഗവേഷണ–വികസന പ്രവർത്തനങ്ങളും നിലവിലെ പദ്ധതികളും | 600.00 |
| 2 | കൺസർവേറ്ററികളും പ്രോജക്ടുകളും സ്ഥാപിക്കുക – ജേംപ്ലാസം കൺസർവേറ്ററികളുടെ വികസനവും പരിപാലനവും; സംരക്ഷണത്തിനും വിതരണത്തിനും പരിസ്ഥിതി പുനഃസ്ഥാപനത്തിനുമായി പ്ലാന്റ് മൾട്ടിപ്ലിക്കേഷൻ; പ്രകൃതിരമണീയമായ പ്രദേശങ്ങളുടെ വികസനം; സസ്യ ശാസ്ത്രസംബന്ധിയായ വിജ്ഞാനം പൊതുസമൂഹത്തിൽ പ്രചരിപ്പിക്കുക | 80.00 |
| 3 | ഉപകരണങ്ങൾ, ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ, സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി | 170.00 |
| 4 | ഐടിയും ഓഫീസ് ഓട്ടോമേഷനും – ജെഎൻടിബിജിആർഐയുടെ നേട്ടങ്ങളെക്കുറിച്ചുള്ള സമഗ്രമായ ഒരു ഡാറ്റാബേസിന്റെ വികസനം | 7.00 |
| 5 | ലൈബ്രറി– പുസ്തകങ്ങൾ, ജേണലുകൾ, ഇലക്ട്രോണിക് പ്രസിദ്ധീകരണങ്ങൾ, രേഖകളുടെ ഡിജിറ്റൈസേഷൻ, കമ്പ്യൂട്ടറുകൾ, യുപിഎസ് & സ്കാനർ, ബൈൻഡിംഗ്, കണ്ടിജൻസി, സ്റ്റേഷനറി | 23.00 |
| 6 | ഗവേഷണം, പരിശീലനം, വിപുലീകരണം | 18.00 |
| 7 | നിർമ്മാണ പ്രവർത്തനങ്ങൾ – നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും പൊതുവായ അറ്റകുറ്റപ്പണികളും, ആനിമൽ ഫസിലിറ്റിയുടെ പരിപാലനം, പൂന്തോട്ട പരിപാലനത്തിനുള്ള തുടർപ്രവൃത്തികൾ, പൂന്തോട്ടത്തിന്റെ ചുറ്റമതിലിന്റെ പൂർത്തീകരണം, ഫൈറ്റോകെമിക്കൽ നാനോ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രത്തിനായുള്ള കെട്ടിടം | 392.00 |
| | **ആകെ** | **1290.00** |

**vi. ശ്രീനിവാസരാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്.ആർ.ഐ.ബി.എസ് )**

**(വിഹിതം: 1120.00 ലക്ഷം രൂപ)**

അടിസ്ഥാന ശാസ്ത്രത്തിൽ ഗവേഷണം, അധ്യാപനം, പഠനം എന്നിവയ്ക്കായി വിഭാവനം ചെയ്തിട്ടുള്ള ഒരു കാര്യശേഷി വികസന സ്ഥാപനമാണ് ശ്രീനിവാസരാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്.ആർ.ഐ.ബി.എസ് ). അടിസ്ഥാന ശാസ്ത്രത്തിലെ പ്രധാന മേഖലകളിൽ കാര്യമായ

സംഭാവന നൽകുന്ന വിധത്തിലുള്ള ഗവേഷണപഠനങ്ങൾ ഏറ്റെടുക്കുക, ആഗോളതലത്തിൽ ശാസ്ത്രജ്ഞർ തമ്മിൽ ബൗദ്ധിക പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കുക, താത്വിക മേഖലകളിൽ ഗവേഷണം നടത്താൻ പര്യാപ്തരായ ശാസ്ത്രജ്ഞരുടെ ശൃംഖല കെട്ടിപ്പടുക്കുക, അടിസ്ഥാനശാസ്ത്രത്തിൽ യുവശാസ്ത്രജ്ഞർക്ക് പരിശീലനം ലഭ്യമാക്കുക എന്നിവയാണ് സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1120.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനങ്ങൾ/പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നൂതന കംപ്യൂട്ടേഷണൽ മോഡലിങ്ങിനും സിമുലേഷനുമായി സൂപ്പർകമ്പ്യൂട്ടിംഗ് കേന്ദ്രം സ്ഥാപിക്കുക. സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾക്കും ഒരു പൊതു സൗകര്യമായി ഇത് ഉപയോഗിക്കാവുന്നതാണ്. | 1000.00 |
| 2 | നിലവിലെ ഗവേഷണ പദ്ധതികളും ഔട്ട്റീച്ച് പ്രവർത്തനങ്ങളും | 30.00 |
| 3 | വിസിറ്റിംഗ് പ്രൊഫസർ പദ്ധതികളും പുതിയ ഗവേഷണ പ്രോജക്ടുകളും | 15.00 |
| 4 | ഗവേഷണം, പരിശീലനം, വിപുലീകരണം | 10.00 |
| 5 | ഐടിയും ഓഫീസ് ഓട്ടോമേഷനും | 10.00 |
| 6 | അക്കാദമിക് ബ്ലോക്കിന്റെ ഒന്നാംഘട്ടം | 40.00 |
| 7 | ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ | 10.00 |
| 8 | ഉപകരണങ്ങളും, ലൈബ്രറിയും | 5.00 |
| | **ആകെ** | **1120.00** |

**vii. മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ് (എം.ബി.ജി.ഐ.പി.എസ്)**

**(വിഹിതം: 350.00 ലക്ഷം രൂപ)**

മലബാർ മേഖലയിലെ വൈവിദ്ധ്യമായ ജലസസ്യങ്ങൾ, ചെറിയ ഇനം സസ്യങ്ങൾ, വംശനാശഭീഷണി നേരിടുന്ന സസ്യങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും ഗവേഷണത്തിനും സസ്യശാസ്ത്രത്തിന്റെ വിവിധ മേഖലകൾ സംബന്ധിക്കുന്ന വിജ്ഞാന പ്രചാരണത്തിനും വേണ്ടിയുള്ള സ്ഥാപനമാണ് മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ് (എം.ബി.ജി.ഐ.പി.എസ്) ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 350.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനങ്ങൾ/പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നിലവിലുള്ളതും പുതിയതുമായ ഗവേഷണ പദ്ധതികൾ | 130.00 |
| 2 | എസ്റ്റാബ്ലിഷ്മെന്റ് പ്രോജക്ടുകൾ – പൂന്തോട്ടത്തിന്റെ നിലവിലുള്ള സൗകര്യങ്ങൾ പരിപാലിക്കുകയും നവീകരിക്കുകയും ചെയ്യുക. | 130.00 |
| 3 | ഐടി & ഓഫീസ് ഓട്ടോമേഷൻ, ഉപകരണങ്ങൾ, ലൈബ്രറി | 25.00 |
| 4 | ഗവേഷണ പരിശീലനവും വിപുലീകരണവും | 25.00 |
| 5 | നിർമ്മാണ പ്രവർത്തനങ്ങൾ | 40.00 |
| | **ആകെ** | **350.00** |

**2. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

**(വിഹിതം: 130.00 ലക്ഷം രൂപ)**

സംസ്ഥാനത്തിനകത്തെ ശാസ്ത്രീയ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം നൽകിക്കൊണ്ട് കേരളത്തിലെ ശാസ്ത്ര ഗവേഷണ മേഖല വികസിപ്പിക്കുന്നതിന്റെ

ഉത്തരവാദിത്വം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിലിനാണ്. ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐസിറ്റി), ഉന്നത നിലവാരമുള്ള ഗവേഷണ-വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്കായി നൂതനമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ഇതിലൂടെ വിഭാവനം ചെയ്യുന്നു. ഡിജിറ്റൽ പ്രോജക്ട് സബ്മിഷൻ പ്ലാറ്റ്ഫോമായ DPPSS-ലെ പുതിയ മൊഡ്യൂളുകളുടെയും ഫീച്ചറുകളുടെയും വികസനം, നിലവിലുള്ള വെബ്സൈറ്റുകളുടെ സാങ്കേതിക നവീകരണവും മാനേജ്മെന്റും, അറ്റകുറ്റപ്പണികളുടെ ചെലവുകൾ, സെർവർ സ്പേസ് ചാർജുകൾ, സെക്യൂരിറ്റി ഓഡിറ്റിംഗ്, ഏറ്റവും പുതിയ ICT ഘടകങ്ങളുടെ വിന്യാസം, ലൈബ്രറി മാനേജ്മെന്റ് സോഫ്റ്റ്‌വെയറിനു മാത്രമായി ഒരു പുതിയ സെർവർ സ്ഥാപിക്കുക, പൊതു പൊതുജനങ്ങൾക്ക് OPAC (ഓൺലൈൻ പബ്ലിക് അക്സസ് കാറ്റലോഗ്)ലഭ്യമാക്കുക, ഡിജിറ്റൽ ലൈബ്രറി സോഫ്റ്റ്‌വെയർ, കെഎസ്‌സിഎസ്ടിഇ ലൈബ്രറിക്കായി പുതിയ പുസ്തകങ്ങളും ജേണലുകളും വാങ്ങുക, വിശദമായ SRS തയ്യാറാക്കലും അംഗീകാരവും, വിവിധ ആവശ്യങ്ങൾക്കായി അപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന് ഒരു സേവന ദാതാവിനെ കണ്ടെത്തുക, പോർട്ടൽ വികസന റിപ്പോർട്ട് എന്നിവ ഇതിൽ ഉൾപ്പെടുന്നു. കെഎസ്‌സിഎസ്ടിഇയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2025-26 ബജറ്റിൽ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 130.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനങ്ങൾ/പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഉപകരണങ്ങളുടെ എഎംസി | 20.00 |
| 2 | കെട്ടിടത്തിന്റെ പരിപാലനം | 30.00 |
| 3 | ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങൽ | 10.00 |
| 4 | ഇ-ഓഫീസും മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനവും | 10.00 |
| 5 | നിലവിലുള്ള കൗൺസിൽ ലൈബ്രറി ശക്തിപ്പെടുത്തലും ഇലക്ട്രോണിക് റഫറൽ ലൈബ്രറിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും (ഡിജിറ്റൽ ലൈബ്രറി) | 20.00 |
| 6 | ശാസ്ത്രത്തിനായുള്ള ഡിജിറ്റൽ റിസർച്ച് ആൻഡ് ഇൻഫർമേഷൻ പ്ലാറ്റ്ഫോം (ഡിആർഐപിഎസ്) | 40.00 |
| | **ആകെ** | **130.00** |

**3. കേരള സംസ്ഥാന ശാസ്ത്ര ഗവേഷണ പരിസ്ഥിതി കൗൺസിലിന്റെ പദ്ധതികളും പരിപാടികളും**
**(വിഹിതം: 2522.00 ലക്ഷം രൂപ)**

വിവിധ പരിപാടികൾ/പദ്ധതികളിലൂടെ കെ എസ് സി എസ് ടി ഇ ശാസ്ത്ര സാങ്കേതിക മേഖലകളിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ശാസ്ത്ര ഗവേഷണം, മാനവ വിഭവശേഷി, അടിസ്ഥാന സൗകര്യ വികസനം, സാങ്കേതികവിദ്യയും നൂതന കണ്ടുപിടുത്തവും, പരിസ്ഥിതി സംരക്ഷണം, ശാസ്ത്ര പ്രചരണം, ആശയവിനിമയം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ട് കൗൺസിൽ ശാസ്ത്ര സാങ്കേതിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. കെഎസ്‌സിഎസ്ടിഇയുടെ ഇനിപ്പറയുന്ന പരിപാടികൾ നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 2522.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

എ. ശാസ്ത്ര സാങ്കേതിക മേഖലയിലെ മാനവശേഷി വികസനം
ബി. ആവാസവ്യവസ്ഥ, പരിസ്ഥിതി പരിപാടികൾ
സി. ശാസ്ത്ര പ്രചരണ പരിപാടികൾ
ഡി. ശാസ്ത്ര സാങ്കേതിക മേഖലയിലെ പശ്ചാത്തല സൗകര്യ വികസനം
ഇ. സാങ്കേതികവിദ്യ വികസനവും കൈമാറ്റവും
എഫ്. വനിതകൾക്കായുള്ള ശാസ്ത്ര ഗവേഷണ പരിപാടികൾ
ജി. ഇന്നോവഷനും സംരംഭകത്വവും.

**എ. ശാസ്ത്ര സാങ്കേതിക മേഖലയിലെ മാനവശേഷി വികസനം**

**(വിഹിതം: 1292.00 ലക്ഷം രൂപ)**

യുവ തലമുറയ്ക്ക് പ്രയോജനമാകുന്ന വിധത്തിൽ ശാസ്ത്രഗവേഷണത്തിൽ തൊഴിൽമേഖല തിരഞ്ഞെടുക്കുന്നതിനായി അവരെ ആകർഷിക്കുന്നതിനുവേണ്ടി പ്രഗത്ഭരായ അക്കാദമിക് വിദഗ്ധരുടെ/ശാസ്ത്രജ്ഞന്മാരുടെ കഴിവുകൾ വിനിയോഗിക്കൽ, ശാസ്ത്രഗവേഷണ വ്യാപനം, ശാസ്ത്രീയ മേഖലകളുടെ സാങ്കേതിക വൈദഗ്ധ്യം ഉയർത്തുക, നൂതന കണ്ടുപിടിത്തങ്ങൾ പ്രോത്സാഹിപ്പിക്കൽ എന്നിവക്കായി വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പരിപാടിയുടെ കീഴിൽ ഉള്ള പ്രവർത്തനങ്ങൾ. താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1292.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 100.00 ലക്ഷം രൂപ വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാമിനായി വകയിരുത്തിയിരിക്കുന്നു.

i. വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാം (പുതിയത്) - കെഎസ്‌സിഎസ്ടിഇയുടെ കീഴിലുള്ള ഗവേഷണ-വികസന സ്ഥാപനങ്ങളെ വിദേശ സ്ഥാപനങ്ങളുമായി സഹകരിപ്പിച്ചുകൊണ്ട് മാനവവിഭവശേഷി കൈമാറ്റത്തിലൂടെ വിവിധ ശാസ്ത്രവിഷയങ്ങളിൽ വിവിധ സ്ഥാപനങ്ങളുടെ വീക്ഷണങ്ങൾ സംയോജിപ്പിച്ച് കൊണ്ട് മികച്ച ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാം വിഭാവനം ചെയ്യുന്നു.

ii. ശാസ്ത്ര ഗവേഷണ പദ്ധതി (എസ്.ആർ.എസ്) - സംസ്ഥാനത്ത് അടിസ്ഥാന പ്രായോഗിക ഗവേഷണങ്ങളിൽ ഗവേഷണ വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ടുള്ളതാണ് ശാസ്ത്ര ഗവേഷണ പദ്ധതി. ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ശാസ്ത്രജ്ഞർക്കും സാങ്കേതിക വിദഗ്ധർക്കും ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ ഇത് ഗ്രാന്റ് നൽകുന്നു.

iii. എമിരിറ്റസ് സയന്റിസ്റ്റ് പദ്ധതി (ഇ.എസ്.എസ്) - ഗവേഷണ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള മുതിർന്ന ശാസ്ത്രജ്ഞർക്കു വേണ്ടിയുള്ളതാണ് ഈ പരിപാടി. സംസ്ഥാനവുമായി ബന്ധപ്പെട്ട സുപ്രധാന പ്രശ്നങ്ങൾ നേരിടുന്നതിൽ അവരുടെ പ്രത്യേക മേഖലകളിൽ ഗവേഷണം നടത്തുന്നതിന് മികച്ച ശാസ്ത്രജ്ഞരുടെ പരിജ്ഞാനവും അനുഭവസമ്പത്തും പ്രയോജനപ്പെടുത്തുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. എമിരിറ്റസ് സയന്റിസ്റ്റ് പദ്ധതിയുടെ കാലാവധി സാധാരണയായി 3 വർഷമായിരിക്കും.

iv. ശാസ്ത്രത്തിലെ യുവ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി-(സ്പൈറ്റിസ്)/ സ്റ്റുഡന്റ് പ്രോജക്ട്/ക്രിസ്റ്റൽ

എ) സ്പൈറ്റിസ്- സ്കൂളുകളിൽ സയൻസ് പ്രോജക്ടുകൾ ചെയ്യുന്നതിനും (സ്പൈറ്റിസ് I) പോളിടെക്നിക് കോളേജുകളിലും കോളേജുകളിലെ ബിരുദ കോഴ്സുകളിലും ചേർന്നിട്ടുള്ള വിദ്യാർത്ഥികൾക്ക് ശാസ്ത്ര-സാങ്കേതിക വിദ്യകളിൽ നൂതന ആശയങ്ങളുള്ള പ്രോജക്ടുകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനും യുവ പ്രതിഭകളെ ആകർഷിക്കുന്ന ഒരു പ്രോഗ്രാമാണ് ഇത് (സ്പൈറ്റിസ് II).

ബി) സ്റ്റുഡന്റ് പ്രോജക്ട് - സംസ്ഥാനത്തെ സർവകലാശാല വകുപ്പുകളിലും കോളേജുകളിലും ബിരുദാനന്തര ബിരുദ കോഴ്സുകളിലും പ്രൊഫഷണൽ കോഴ്സുകളിലും ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ശാസ്ത്ര പ്രോജക്ടുകൾ ചെയ്യുന്നതിനാവശ്യമായ സാമ്പത്തിക സഹായം പ്രദാനം ചെയ്യുക എന്നതാണ് സ്റ്റുഡന്റ് പ്രോജക്ടിന്റെ ലക്ഷ്യം.

സി) ക്രിസ്റ്റൽ - ക്രിസ്റ്റൽ (ഭാവിയിലെ യുവ ശാസ്ത്രജ്ഞരെ കണ്ടെത്തൽ) വിദ്യാർത്ഥികൾക്ക് ചെറുപ്രായത്തിൽ തന്നെ അവരുടെ കഴിവുകൾ തിരിച്ചറിയുന്നതിനുള്ള അവസരം ഒരുക്കുന്നതിനും അവ പരിപോഷിപ്പിക്കുന്നതിനും ഈ പരിപാടി ലക്ഷ്യമിടുന്നു.

v. ശാസ്ത്ര പഠന കേന്ദ്രം - സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ശാസ്ത്രീയ പരീക്ഷണങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും അടിസ്ഥാന ശാസ്ത്ര ഗവേഷണങ്ങളിൽ അവർക്ക് പ്രചോദനം നൽകുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും ശാസ്ത്ര അധ്യാപനത്തിന്റെയും പഠനത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടിയാണിത്.

vi. ഫെലോഷിപ്പ് പ്രോഗ്രാമുകൾ

എ) മികച്ച ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളെ ശാസ്ത്ര രംഗത്തേക്ക് ആകർഷിക്കുന്നതിനും അടിസ്ഥാന ശാസ്ത്രത്തിൽ അവരുടെ ജോലി ഏറ്റെടുക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക എന്നതാണ് കെ.എസ്.സി.എസ്.റ്റി.ഇ. റിസർച്ച് ഫെലോഷിപ്പ് ലക്ഷ്യമിടുന്നത്.

ബി) ശാസ്ത്ര മേഖലയിൽ പി ഡി ഉള്ളവർക്ക്.എച്ച്.ഗവേഷണം തുടരുന്നതിനും ശാസ്ത്രജ്ഞരായി അവരുടെ തൊഴിൽ മേഖല തിരഞ്ഞെടുക്കുന്നതിന് ആവശ്യമായ സാങ്കേതികവും നേതൃത്വപരവുമായ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുമുള്ള കെ.എസ്.സി.എസ്.റ്റി.ഇ. പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകളുമാണ് ഇത് ലക്ഷ്യമിടുന്നത്.

Vii. ഉന്നത നിലവാരമുള്ള സംയോജിത ഗവേഷണത്തിനായി ആർ&ഡി സ്ഥാപനങ്ങൾ, അക്കാദമിക്, വ്യവസായം എന്നിവ തമ്മിൽ ഗവേഷണത്തിൽ പങ്കാളിത്തം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ളതാണ് അക്കാഡമിക് ഇൻഡസ്ട്രിയൽ റിസർച്ചിൽ പങ്കാളിത്തം വഹിക്കൽ (പിഎ ഐ ആർ). സംയുക്ത ഗവേഷണം നടത്തുന്നതിന് ഇൻഡസ്ട്രിയുമായി സഹകരിക്കുന്നതിന് ഗവേഷണ-വികസന സ്ഥാപനത്തെയും അക്കാദമിയയെയും തിരിച്ചറിയാൻ കെ.എസ്.സി.എസ്.റ്റി.ഇ ഇൻഡസ്ട്രിയെ സഹായിക്കുന്നതാണ്.

viii. കേരളത്തിലെ ഭിന്നശേഷിയുള്ള കുട്ടികളെ പരിപോഷിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനുമായി എഞ്ചിനീയറിംഗ്, സാങ്കേതികവിദ്യ എന്നിവ കൊണ്ടുള്ള ഇടപെടലുകൾ നൽകുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഘടകമാണ് പ്രത്യേക അഭിരുചിയുള്ള കുട്ടികൾക്കായുള്ള എഞ്ചിനീയറിംഗ് സപ്പോർട്ടും കോ-ഓർഡിനേറ്റഡ് റിസർച്ചും (ഇ.എസ്.സി.ഒ. ആർ.റ്റി).

**ബി. ആവാസവ്യവസ്ഥയും, പരിസ്ഥിതി പരിപാടികളും**

**(വിഹിതം: 150.00 ലക്ഷം രൂപ)**

ആവാസവ്യവസ്ഥയും, പരിസ്ഥിതി പരിപാടികളും എന്ന പദ്ധതിയ്ക്ക് കീഴിൽ വരുന്ന പ്രവർത്തനങ്ങളുടെ ആവർത്തനം ഒഴിവാക്കുന്നതിനായി പരിസ്ഥിതി വകുപ്പുമായി ആലോചിച്ചതിനുശേഷം നടപ്പിലാക്കേണ്ടതാണ്. ഈ പരിപാടിയുടെ കീഴിൽ ഏറ്റെടുക്കേണ്ട ഗവേഷണ, വികസന പ്രവർത്തനങ്ങൾ മുഖ്യമായും വെള്ളപ്പൊക്ക സാധ്യതാപ്രദേശങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള സാങ്കേതികവിദ്യ വികസിപ്പിക്കൽ, ആവാസവ്യവസ്ഥ പുനരുജ്ജീവിപ്പിക്കൽ, അപകടസാധ്യതയുള്ള പ്രദേശങ്ങളുടെ മാപ്പിംഗ് എന്നിവ കേന്ദ്രീകരിച്ച കൊണ്ടുള്ളതാണ്. താഴെ പറഞ്ഞിരിക്കുന്ന പരിപാടികൾ ഇതിൽ ഉൾപ്പെടുന്നു.

എ) ആവാസ വ്യവസ്ഥ & പരിസ്ഥിതി പദ്ധതി – ആവാസവ്യവസ്ഥയിലും പരിസ്ഥിതിയിലുമുള്ള പ്രശ്നങ്ങൾ, വെല്ലുവിളികൾ എന്നിവയെക്കുറിച്ചുള്ള ശാസ്ത്രീയ ഗവേഷണ പ്രവർത്തനങ്ങൾക്കായി ശാസ്ത്രജ്ഞർക്കും സാങ്കേതിക വിദഗ്ധർക്കും ഗ്രാന്റുകൾ നൽകുന്നതിനുള്ള പരിപാടി.

ബി) ഗ്രീൻ കേരള ഇനിഷ്യേറ്റീവ് പ്രോഗ്രാം – ലോക സാമ്പത്തിക ഫോറം 2020 ൽ ആരംഭിച്ച ഒരു ട്രില്യൺ ട്രീ സംരംഭത്തിന് അനുസൃതമായി ജൈവവൈവിധ്യം പുനഃസ്ഥാപിക്കാനും കാലാവസ്ഥാ വ്യതിയാനത്തെ സഹായിക്കാനുമുള്ള ശ്രമമാണിത്. കെ.എസ്.സി.എസ്.റ്റി.ഇ– ജെ.എൻ.റ്റി.ബി.ജി.ആർ.ഐ, കെ.എഫ്.ആർ.ഐ, എം.ബി.ജി.ഐ.പി.എസ് എന്നീ മൂന്നു ഗവേഷണ&വികസന കേന്ദ്രങ്ങളുമായി സഹകരിച്ചുള്ള അഞ്ചു വർഷത്തെ പ്രോഗ്രാമാണിത്.

സി) കാലാവസ്ഥാ വ്യതിയാനവും പാരിസ്ഥിതികമായി പൊരുത്തപ്പെടുന്നതുമായ മാതൃകാ ഗ്രാമങ്ങൾ (CREAM വില്ലേജുകൾ) – കാലാവസ്ഥാ വ്യതിയാനങ്ങളുടെ അപകടസാധ്യതകളും അനന്തരഫലങ്ങളും അതുപോലെ അനുബന്ധ/പ്രേരക ദുരന്തങ്ങളും ലഘൂകരിക്കുന്നതിനായി കേരളത്തിലെ വിവിധ കാർഷിക കാലാവസ്ഥാ മേഖലകളിലെ ഗ്രാമങ്ങളെ ഇതിലൂടെ വികസിപ്പിക്കും. ഫിസിയോഗ്രാഫി, ജിയോളജി, കാലാവസ്ഥ, ജലം, സസ്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രദേശം അടിസ്ഥാനമാക്കിയുള്ള ദുരന്തങ്ങളും കാലാവസ്ഥാ പ്രതിരോധവും മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തുടനീളം മാതൃകാ ഗ്രാമങ്ങൾ രൂപീകരിക്കും.

ഡി) പരിസ്ഥിതി വിദ്യാഭ്യാസവും ഇക്കോ ക്ലബ്ബുകളും – ലോക പരിസ്ഥിതി ദിനത്തിലും ഓസോൺ ദിനാചരണങ്ങളിലും പരിസ്ഥിതി സംരക്ഷണത്തിനായുള്ള അവബോധവും പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടിയാണിത്. ഭാരത സർക്കാരിന്റെ ദേശീയ ഹരിത സേനാ പദ്ധതി വിപുലീകരിക്കുന്നതിനും വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം സൃഷ്ടിക്കുന്നതിനും സ്കൂളുകളിൽ ഇക്കോ ക്ലബ്ബുകൾ സ്ഥാപിക്കുകയും പരിസ്ഥിതി വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി അധ്യാപകർക്ക് പരിസ്ഥിതി വിഷയങ്ങളിൽ പരിശീലനം നൽകുകയും വിവിധ പരിസ്ഥിതി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

## സി. ശാസ്ത്ര പ്രചരണ പരിപാടി

**(വിഹിതം: 280.00 ലക്ഷം രൂപ)**

ശാസ്ത്ര സാങ്കേതികവിദ്യയുടെ അടിസ്ഥാന തത്വങ്ങളും പ്രായോഗിക പരിപാടികളും പ്രചരിപ്പിക്കുന്നതിനായി ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികളുടേയും പരിപാടികളുടേയും നടത്തിപ്പിനാവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായം നൽകുന്നതിനു വേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പരിപാടി.

i) ശാസ്ത്ര അവാർഡുകൾ

എ) കേരള ശാസ്ത്രപുരസ്കാരം – ലോകത്തിലെവിടെയും പ്രവർത്തിക്കുന്ന കേരളീയരായ ശാസ്ത്രജ്ഞർക്ക് ആജീവനാന്ത സംഭാവനക്ക് നൽകുന്ന പുരസ്കാരം

ബി) കേരള സംസ്ഥാന യുവശാസ്ത്രജ്ഞ പുരസ്കാരം – ശാസ്ത്ര സാങ്കേതിക മേഖലയിൽ കൗൺസിലിന്റെ പരിധിയിൽ വരുന്ന ഏതെങ്കിലും ഒരു ശാഖയിൽ നൽകിയ ശ്രദ്ധേയ സംഭാവന അംഗീകരിച്ച് പ്രഗല്ഭരായ യുവശാസ്ത്രരെ ആദരിക്കുന്നതിനായുള്ള പുരസ്കാരം

സി) ശാസ്ത്രസാഹിത്യ പുരസ്കാരം – മലയാള ശാസ്ത്ര സാഹിത്യം പ്രോത്സാഹിപ്പിക്കുന്നതിനായി ഗണ്യമായ സംഭാവനകൾക്ക് നൽകുന്ന പുരസ്കാരം

ii) ദിനാചരണങ്ങൾ

ദേശീയ ശാസ്ത്ര ദിനവും ദേശീയ സാങ്കേതിക ദിനവും ആചരിക്കുന്നതുമായി ബന്ധപ്പെട്ട പരിപാടികൾ

iii) കേരള ശാസ്ത്ര കോൺഗ്രസ് – സംസ്ഥാനത്തിന് യോജിക്കുന്ന തരത്തിലുള്ള സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനും അറിവുകൾ കൈമാറ്റം ചെയ്യുന്നതിനും ഗവേഷണ കണ്ടെത്തലുകൾ പങ്കുവയ്ക്കുന്നതിനും വേദി ഒരുക്കുന്നതിനുവേണ്ടി യുവ ഗവേഷകർ, പണ്ഡിതർ, വിദ്യാർത്ഥികൾ, സാങ്കേതിക വിദഗ്ധർ, മറ്റുള്ളവർ എന്നിവരെ ലക്ഷ്യം വച്ചുകൊണ്ട് വർഷം തോറും സംസ്ഥാനത്ത് നടക്കുന്ന പരിപാടിയാണ് കേരള ശാസ്ത്ര കോൺഗ്രസ്.

iv) കുട്ടികൾക്കായുള്ള ദേശീയ ശാസ്ത്ര കോൺഗ്രസ് (എൻ.സി.എസ്.സി)– 'Learning through doing' അടിസ്ഥാനമാക്കി പ്രോജക്ട് പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ ശാസ്ത്രത്തിന്റെ രീതിയെക്കുറിച്ചുള്ള ആശയം പ്രചരിപ്പിക്കുന്നതിനായി നടത്തുന്ന പരിപാടിയാണിത്.

v) ശാസ്ത്ര മാധ്യമങ്ങൾക്കുള്ള സഹായം, ശാസ്ത്ര രചന പ്രോത്സാഹിപ്പിക്കുന്നതിനായി ഡോക്യുമെന്റേഷനും പ്രസിദ്ധീകരണവും, ശാസ്ത്ര രചനാ മേഖലയിലെ പ്രമുഖർക്ക് ഫെലോഷിപ്പുകൾ നൽകലും.

vi) ടെക്നോളജി ഫെസ്റ്റിവൽ (ടെക്ഫെസ്റ്റ്) – പ്രഗൽഭരായ എല്ലാ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കും അവരുടെ കണ്ടുപിടുത്തങ്ങളും നൂതന കണ്ടെത്തലുകളും അവതരിപ്പിക്കുന്നതിനും നൂതന ആശയങ്ങളും ധാരണകളും വികസിപ്പിക്കുന്നത് സംബന്ധിക്കുന്ന വിവിധ വിഷയങ്ങൾ രാജ്യത്തിലെ മുതിർന്ന സാങ്കേതിക വിദഗ്ദ്ധരുമായി ചർച്ചചെയ്യുന്നതിനും അവസരം നൽകുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പരിപാടിയാണ് ടെക് ഫെസ്റ്റ്.

vii) റൂറൽ ഇന്നൊവേറ്റേഴ്സ് മീറ്റ് (ആർ.ഐ.എം) – ഗ്രാമീണമേഖലയിലെ അസംഘടിതരും ഗ്രാസ്സ് റൂട്ട് തലത്തിലുള്ളവരുമായ കണ്ടുപിടുത്തങ്ങൾ നടത്തുന്നവർക്കായി, അവരുടെ ഉൽപ്പന്നങ്ങൾ/ ഗവേഷണ ഫലങ്ങൾ പ്രദർശിപ്പിക്കുന്നതിനായി നടത്തുന്ന വാർഷിക പരിപാടിയാണ് ആർ.ഐ.എം.

viii) ശാസ്ത്രസാങ്കേതിക സെമിനാറുകൾ/സിമ്പോസിയ/വർക്ക്ഷോപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി (എസ്.എസ്.ഡബ്ല്യു) – പ്രസക്തമായ ശാസ്ത്രീയ മേഖലകളിൽ സെമിനാറുകൾ/സിമ്പോസിയകൾ സംഘടിപ്പിക്കാനും ശാസ്ത്രീയ ഇടപെടലുകൾക്ക് ഒരു വേദി സൃഷ്ടിക്കാനും ഈ പദ്ധതിയിലൂടെ അക്കാദമിയയെയും ഗവേഷകരെയും പ്രോത്സാഹിപ്പിക്കുന്നു.

ix) വിദ്യാഭ്യാസത്തിലൂടെയും പരിശീലനത്തിലൂടെയും സമൂഹത്തിന് വേണ്ടിയുള്ള ശാസ്ത്ര പ്രവർത്തനം (ASSET) – ശാസ്ത്രീയ പരിജ്ഞാനം പ്രചരിപ്പിക്കുന്നതിനും ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനും വിദ്യാഭ്യാസത്തിലൂടെയും പരിശീലനത്തിലൂടെയും ശാസ്ത്രത്തെക്കുറിച്ചുള്ള പൊതു അവബോധം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതി.

## ഡി. ശാസ്ത്ര സാങ്കേതിക മേഖലയിലെ പശ്ചാത്തല സൗകര്യ വികസനം

**(വിഹിതം: 160.00 ലക്ഷം രൂപ)**

അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിലൂടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായ പഠന സാഹചര്യം സൃഷ്ടിക്കുന്നതിനും വേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പരിപാടി.

എ) ഗവേഷണ വികസന പരിപാടികൾ വിപുലീകരിക്കൽ (എസ്.എ.ആർ.ഡി) – ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശാസ്ത്ര ഉപകരണങ്ങൾ വാങ്ങുന്നതിനും സഹായം നൽകിക്കൊണ്ട് കലാലയങ്ങളിലും സർവകലാശാലകളിലും നിർദ്ദിഷ്ട ഗവേഷണ–വികസന മേഖലകളിൽ ഗവേഷണം വർദ്ധിപ്പിക്കുന്നതിന് സൗകര്യങ്ങൾ നവീകരിക്കുന്നതിന് വേണ്ടിയുള്ള പരിപാടിയാണ് എസ്.എ.ആർ.ഡി.

ബി) ശാസ്ത്രപോഷിണിയും ശാസ്ത്ര അധ്യാപന മികവു പരിപോഷിപ്പിക്കലും (എൻ ഇ എസ് റ്റി) – ശാസ്ത്ര പരീക്ഷണങ്ങൾ നടത്തുന്നതിനും ശാസ്ത്ര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ തിരഞ്ഞെടുത്ത സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ മാതൃകാ ലബോറട്ടറികൾ സ്ഥാപിച്ച് സ്കൂളുകളിൽ ശാസ്ത്ര വിദ്യാഭ്യാസം ശക്തിപ്പെടുത്തുകയാണ് ശാസ്ത്രപോഷിണി പരിപാടി ലക്ഷ്യമിടുന്നത്. അന്ധവിദ്യാലയങ്ങളിലേക്കുള്ള പഠനോപകരണങ്ങളുടെ നിർമ്മാണവും വിതരണവും –സംസ്ഥാനത്തെ അന്ധവിദ്യാലയങ്ങളിൽ കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് അനുയോജ്യമായ പഠനോപകരണങ്ങളുടെ നിർമ്മാണവും വിതരണവും സാധ്യമാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

സ്കൂൾ തലം മുതൽ ആരംഭിക്കുന്ന ശാസ്ത്ര അധ്യാപനവും പഠനവും മെച്ചപ്പെടുത്താനും സ്കൂൾ വിദ്യാർത്ഥികളെ സയൻസ് ആശയങ്ങൾ മനസ്സിലാക്കാൻ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടുള്ള ഒരു പരിപാടിയാണ് എൻ.ഇ.എസ്.റ്റി.

## ഇ. സാങ്കേതികവിദ്യ വികസനവും കൈമാറ്റവും

**(വിഹിതം: 170.00 ലക്ഷം രൂപ)**

സാങ്കേതികവിദ്യ വികസനം, ഗവേഷണം, നവീകരണം എന്നിവയെ പിന്തുണയ്ക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

i) ബൗദ്ധിക സ്വത്തവകാശ വിവര കേന്ദ്രം –കേരളം (ഐ പി ആർ ഐ സി –കെ) – എല്ലാ ബൗദ്ധിക സ്വത്തവകാശങ്ങൾക്കും (IPR) ബന്ധപ്പെട്ട സേവനങ്ങൾക്കും കാര്യങ്ങൾക്കുമുള്ള കേരള സംസ്ഥാനത്തിന്റെ നോഡൽ ഏജൻസിയാണിത്.

ii) എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി പ്രോഗ്രാം (ഇ.റ്റി.പി) – എഞ്ചിനീയറിംഗ്, ടെക്നോളജി എന്നിവയുടെ ഉയർന്നുവരുന്ന മേഖലകളിൽ ഉയർന്ന നിലവാരമുള്ള ഗവേഷണ പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുന്നതിന് എഞ്ചിനീയറിംഗ് കോളേജുകൾ/ആർ & ഡി സ്ഥാപനങ്ങൾക്ക് പിന്തുണ നൽകുന്നതിനുള്ള ഒരു പ്രോഗ്രാമാണ് ഇ.റ്റി.പി.

iii) സാങ്കേതിക വിദ്യ വികസനവും അഡാപ്റ്റേഷൻ പ്രോഗ്രാമും (റ്റി.ഡി.എ.പി.)–) – നൂതനമായ ആവശ്യകത അടിസ്ഥാനമാക്കിയുള്ള സാങ്കേതികവിദ്യകളുടെ വികസനത്തിനും പ്രദർശനത്തിനും ഉത്തേജക പിന്തുണ നൽകുന്ന ഒരു പ്രോഗ്രാമാണ് റ്റി.ഡി.എ.പി.

iv) ഗ്രാമീണ സാങ്കേതിക വിദ്യ പരിപാടി(ആർടിപി) – പരമ്പരാഗത ഗ്രാമീണ സാങ്കേതിക വിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിനും വിപുലമായ ആപ്ലിക്കേഷനുകൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി അവ നവീകരിക്കുന്നതിനും സഹായിക്കുന്ന ഒരു പ്രോഗ്രാമാണ് ആർടിപി.

v) സ്റ്റേറ്റ് – സെൻട്രൽ റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പാർട്ണർഷിപ്പ് ഇൻ ടെക്നോളജി (സ്ക്രിപ്റ്റ്) – സംസ്ഥാനത്തിനായി വ്യവസായ പങ്കാളിത്തത്തിലൂടെ ദേശീയ/അന്താരാഷ്ട്ര തലത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള അറിവും സാങ്കേതിക വിദ്യകളും പരസ്പരം കൈമാറ്റം ചെയ്യാനും സമന്വയിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

vi) പാരിസ്ഥിതികവും പ്രാദേശികവുമായ പ്രശ്നങ്ങൾക്കുള്ള ഗവേഷണ കേന്ദ്രീകൃത പരിഹാരങ്ങൾക്കായുള്ള പദ്ധതികൾ (പ്രോസ്പെർ)– ശാസ്ത്രം, സാങ്കേതികവിദ്യ, നവീകരണം (എസ് റ്റിഐ) എന്നിവയുടെ ഉചിതമായ ഇടപെടലുകളിലൂടെ സമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനാധിഷ്ഠിതവും പ്രാദേശികാടിസ്ഥാനത്തിലുമുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

**എഫ്. വനിതകൾക്കായുള്ള ശാസ്ത്ര ഗവേഷണ പരിപാടികൾ**

**(വിഹിതം: 300.00 ലക്ഷം രൂപ)**

വിദ്യാഭ്യാസ അവസരങ്ങൾ, ഗവേഷണ ഗ്രാന്റുകൾ, ശില്പശാലകൾ, നവീകരണത്തിനും സംരംഭകത്വത്തിനുമുള്ള പിന്തുണ, സ്ത്രീകളെയും വിദ്യാർത്ഥികളെയും പ്രചോദിപ്പിക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി രൂപകൽപ്പന ചെയ്തിട്ടുള്ള ഔട്ട്റീച്ച് പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെട്ട ശാസ്ത്രസംരംഭത്തിലെ പരിപാടികൾ, ശാസ്ത്ര സമൂഹത്തിൽ വനിതകളുടെ സജീവ പങ്കാളിത്തവും നേതൃത്വവും പ്രോത്സാഹിപ്പിക്കുന്നു.

എ) ബാക്ക് റ്റു ലാബ് ഗവേഷണ പരിപാടി – ശാസ്ത്ര മേഖലയിലെ പ്രവർത്തനങ്ങളിൽ ഇടവേള എടുക്കേണ്ടി വന്നവരും എന്നാൽ, ശാസ്ത്ര ഗവേഷണത്തിന്റെ മുഖ്യധാരയിൽ തിരികെ എത്തി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവരും, ശാസ്ത്രമേഖലയിൽ യോഗ്യത നേടിയവരുമായ വനിതകൾക്ക് ശാസ്ത്രജ്ഞരായി പ്രവർത്തിക്കുന്നതിനും, പിഎച്ച്ഡി, പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ നേടുന്നതിനുള്ള ഗവേഷണ ഫെലോഷിപ്പുകൾ നൽകുന്നതിനും വിഭാവനം ചെയ്തിട്ടുള്ള പരിപാടിയാണ് ബാക്ക് റ്റു ലാബ് പരിപാടി.

ബി) ശാസ്ത്ര ഗവേഷണ ആഭിമുഖ്യവും നൈപുണ്യവുമുള്ള വിദ്യാർത്ഥിനികൾക്കായുള്ള പരിപാടി (സ്റ്റാർസ്) – അടിസ്ഥാന, പ്രായോഗിക ശാസ്ത്രത്തിൽ ഉന്നത വിദ്യാഭ്യാസം തുടരുന്നതിന് പ്രാഗത്ഭ്യമുള്ള വിദ്യാർത്ഥിനികളെ പിന്തുണക്കുന്നതിനുള്ള പ്രതിഭാ സ്കോളർഷിപ്പ്, സ്പീഡ് (സ്റ്റുഡന്റ് പ്രോഗ്രാം ഫോർ എക്സലൻസ് ഇൻ എക്സ്പിരിമെന്റൽ ഡിസൈൻ) എന്നീ പരിപാടികളിലൂടെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി.

സി) ശാസ്ത്രം, സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, ഗണിതശാസ്ത്രം എന്നീ മേഖലകളിൽ പട്ടികജാതി, പട്ടിക വർഗ വിഭാഗത്തിൽപെട്ട തൊഴിൽരഹിത വനിതകളെ കണ്ടെത്തുന്നതിനു വേണ്ടിയുള്ള പരിപാടി(എസ്.സി & എസ്.ടി – UWISTEM) – സംസ്ഥാനത്തെ പട്ടികജാതി, പട്ടിക വർഗ വിഭാഗത്തിൽപെട്ട തൊഴിൽരഹിത വനിതാ ശാസ്ത്രജ്ഞരെ കണ്ടെത്തി ശാസ്ത്രം, സാങ്കേതികം, എഞ്ചിനീയറിംഗ്, ഗണിതശാസ്ത്രം എന്നീ മേഖലകളിൽ സമൂഹത്തിന് ഗുണകരമാകുന്ന തരത്തിൽ ശാസ്ത്ര സാങ്കേതിക തലങ്ങളിൽ ഇടപെടലുകൾ നടത്തുന്നതിന് പിന്തുണ നൽകുന്നതിനുള്ള പരിപാടി.

**ജി. ഇന്നൊവേഷനും സംരംഭകത്വവും**

**(വിഹിതം: 170.00 ലക്ഷം രൂപ)**

എ) സയൻസ് ആൻഡ് ടെക്നോളജി ഇന്റർവെൻഷൻ, ഇൻകുബേഷൻ ആൻഡ് റിസർച്ച് ഫോർ റൈസിംഗ് സ്റ്റാർട്ടപ്പ്സ് ഇൻ കേരള (STIRRUP – കേരളം) – കേരളത്തിൽ നൂതന കണ്ടുപിടിത്തങ്ങളും ഗവേഷണവും സംരംഭകത്വവും ഉയർത്തിക്കൊണ്ടു വരുന്നതിനായി കെ.എസ്.സി.എസ്.ടി.ഇ യുടെ, കീഴിലുള്ള ഒരു നൂതന കേന്ദ്രമാണിത്. താല്പ്പര്യമുള്ള സംരംഭകർക്കും നൂതന ആശയങ്ങൾ ഉള്ളവർക്കും, അവരുടെ കണ്ടുപിടുത്തങ്ങളുടെ ആശയങ്ങളെ ലാഭകരമായ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് ആവശ്യമായ പിന്തുണാ സംവിധാനവും നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്.

ബി) അക്കാദമിയ ഇൻഡസ്ട്രി മീറ്റ് (എ.ഐ.എം) – ഇൻഡസ്ട്രിയേയും അക്കാദമിക്/ഗവേഷണ കേന്ദ്രങ്ങളെയും ഒരേ വേദിയിൽ കൊണ്ടുവരാൻ ഇൻഡസ്ട്രി–അക്കാദമിയ കോൺക്ലേവ് നടത്താൻ കെ.എസ്.സി.എസ്.റ്റി.ഇ ഉദ്ദേശിക്കുന്നു.

**4. ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്ക് ഗവൺമെന്റിൽ നിന്ന് നൽകുന്ന സഹായധനം**

**(വിഹിതം : 200.00 ലക്ഷം രൂപ)**

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ വിലയിരുത്തലിനും അംഗീകാരത്തിനും വിധേയമായി താഴെ പറയുന്ന സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് സാമ്പത്തിക സഹായം കൗൺസിൽ നൽകുന്നു.

| ക്രമ നമ്പർ | ഇനങ്ങൾ/പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐആർടിസി) – ഊർജ്ജ സംരക്ഷണവും മാനേജ്മെന്റും, ഹരിത ഊർജ്ജ പ്രോത്സാഹനം, പ്രകൃതിവിഭവ സംരക്ഷണ പരിപാടികൾ, പ്രാദേശിക തലത്തിലുള്ള ഇടപെടലുകൾ, സാങ്കേതിക കൈമാറ്റം തുടങ്ങിയ സാമൂഹിക പ്രസക്തിയുള്ള പ്രശ്നങ്ങൾ ഇത് ഏറ്റെടുക്കുന്ന ഒരു ഗവേഷണ–വികസന സ്ഥാപനമാണ് ഐആർടിസി. സാമൂഹിക | 85 .00 |

| ക്രമ നമ്പർ | ഇനങ്ങൾ/പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | പ്രസക്തമായ ഗവേഷണ പദ്ധതികൾ, സ്ഥാപന പദ്ധതികൾ, ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ, ഐടി & ഓഫീസ് ഓട്ടോമേഷൻ, ഉപകരണങ്ങൾ എന്നിവയാണ് 2025-26-ൽ ഐആർടിസി വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ. | |
| 2 | സോഫിസ്റ്റിക്കേറ്റഡ് ടെസ്റ്റ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ സെന്റർ (എസ്.റ്റി.ഐ.സി.) - കെ.എസ്.സി.എസ്.റ്റി.ഇയും കുസാറ്റും കൂടി സ്പോൺസർ ചെയ്യുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് എസ്.റ്റി.ഐ.സി. അത്യാധുനിക പരിശോധന, കാലിബ്രേഷൻ സൗകര്യങ്ങൾ, മെറ്റീരിയൽ അനാലിസിസ് സൗകര്യങ്ങൾ, ഗവേഷണ-വികസന പിന്തുണ, കൺസൾട്ടൻസി സേവനങ്ങൾ, പരിശീലന പരിപാടികൾ എന്നിവ നൽകിക്കൊണ്ട് വ്യവസായങ്ങൾ, ഗവേഷണ-വികസന സ്ഥാപനങ്ങൾ, ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ എന്നിവയെ സഹായിക്കാൻ STIC പ്രതിജ്ഞാബദ്ധമാണ്. ഐടി & ഓഫീസ് ഓട്ടോമേഷൻ, ഉപകരണങ്ങൾ, മറ്റ് സിവിൽ വർക്കുകൾ, ഫുഡ് ടെക്നോളജി ഡെവലപ്മെന്റ്, പരിശോധനാ സൗകര്യം സ്ഥാപിക്കൽ എന്നിവയാണ് 2025-26ൽ എസ്.റ്റി.ഐ.സി വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ. | 65 .00 |
| 3 | കമ്മ്യൂണിറ്റി അഗ്രോബയോഡൈവേഴ്സിറ്റി സെന്റർ - എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ (സിഎബിസി-എംഎസ്എസ്ആർഎഫ്) ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനും സുസ്ഥിരമായ ഉപയോഗത്തിനുമുള്ള കമ്മ്യൂണിറ്റി പ്രയത്നങ്ങളെ ശക്തിപ്പെടുത്തുന്നതിനായി പരസ്പര ബന്ധിതമായ ഒരു കൂട്ടം പദ്ധതികളിലൂടെ പ്രവർത്തിക്കുന്ന ഒരു കേന്ദ്രമാണിത്. കാർഷിക-ജൈവവൈവിധ്യം, വന്യ ജൈവ വൈവിധ്യം എന്നിവയെക്കുറിച്ചുള്ള ശാസ്ത്രീയ വിജ്ഞാന അടിത്തറ കെട്ടിപ്പടുക്കുക, പ്രാദേശിക പ്രവർത്തനങ്ങളിലൂടെ കാലാവസ്ഥാ വ്യതിയാനത്തെ ലഘൂകരിക്കുന്നതിനും പൊരുത്തപ്പെടുത്തുന്നതിനുമുള്ള നടപടികളും തന്ത്രങ്ങളും പര്യവേക്ഷണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക, പരിസ്ഥിതി സംരക്ഷണവും ജനങ്ങളുടെ ഉപജീവനവും ബന്ധിപ്പിച്ചുകൊണ്ട് ഗ്രാമവികസനം, സംരക്ഷണ ശ്രമങ്ങൾ നിലനിർത്തുന്നതിന് സ്റ്റേക്ക്ഹോൾഡർമാരുടെ കാര്യശേഷി വർദ്ധിപ്പിക്കുക എന്നിവയാണ് പദ്ധതി ഉദ്ദേശിക്കുന്നത്.. 2025-26ൽ ജൈവവൈവിധ്യ സംരക്ഷണത്തിനും ഭക്ഷ്യസുരക്ഷയ്ക്കുമായി വിവിധ പദ്ധതികൾ നടപ്പിലാക്കാൻ സിഎബിസി -എംഎസ്എസ്ആർഎഫ് വിഭാവനം ചെയ്യുന്നു. | 50.00 |
| | **ആകെ** | **200.00** |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്കായി 200.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**5. ജൈവ സാങ്കേതിക വിദ്യ വികസനം**

**(വിഹിതം: 110.00 ലക്ഷം രൂപ)**

നിലവിലുള്ള ബയോടെക്നോളജി വികസന പദ്ധതികളിലൂടെ സംസ്ഥാനത്തിന്റെ ലഭ്യമായ വിഭവങ്ങളുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിൽ ജൈവ സാങ്കേതികവിദ്യയിലെ ഗവേഷണം, വിദ്യാഭ്യാസം, നൈപുണ്യ വികസനം, എന്നിവ പ്രോത്സാഹിപ്പിക്കുന്നതാണ് ഈ പദ്ധതിക്ക് കീഴിൽ 2025-26 ൽ ഉൾപ്പെടുത്തിയിരിക്കുന്ന പരിപാടി. ബയോടെക്നോളജിയിലെ സ്റ്റാർട്ടപ്പുകളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്ന സംരംഭകത്വം, സംസ്ഥാനത്തിന്റെ ആവശ്യകതകളെ അടിസ്ഥാനമാക്കിയുള്ള പ്രത്യേക മേഖലകളിലെ ഗവേഷണത്തിനു പിന്തുണ നൽകുന്നതിനായും ഇത് ലക്ഷ്യമിടുന്നു.

| ക്രമ നമ്പർ | ഇനങ്ങൾ/പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ബയോടെക്നോളജി ഗവേഷണം<br>• ജൈവസാങ്കേതിക രംഗത്തെ യുവ പരിശോധകർക്കുള്ള പരിപാടി (വൈ.ഐ.പി.ബി)<br>• കേരള ബയോടെക്നോളജി റീ-എൻടി ഫെലോഷിപ്പ് (K-BiREF) | 40.00 |
| 2 | ബയോടെക്നോളജിയിൽ വ്യാവസായിക സഹകരണവും സംരംഭകത്വ വികസനവും | 30.00 |

| ക്രമ നമ്പർ | ഇനങ്ങൾ/പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | • വ്യവസായവുമായി ബന്ധപ്പെട്ട ബയോടെക്നോളജി റിസർച്ച് സ്കീം (IBRS)<br>• ബയോടെക്നോളജി യുവ സംരംഭക (BYE) ഗ്രാന്റ്<br>• ബയോ എന്റർപ്രണർഷിപ്പ് സർട്ടിഫിക്കേഷൻ പ്രോഗ്രാം (BCP)<br>• കെ.എസ്.സി.എസ്.റ്റി.ഇ ആസ്ഥാനത്ത് ബയോടെക്നോളജി ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ സെന്റർ ) കേരള –BIEFC–K) | |
| 3 | ബയോടെക്നോളജിയിലെ ഗ്രാമീണ കണ്ടുപിടുത്തങ്ങൾ –<br>• ഗ്രാമീണ വികസനത്തിനായുള്ള ബയോടെക്നോളജി ഇന്നൊവേഷൻസ് (BIRD) | 10.00 |
| 4 | ബയോടെക്നോളജിയിലെ കാര്യശേഷി വർദ്ധിപ്പിക്കലും ബോധവൽക്കരണ പരിപാടികളും –<br>• ബയോടെക്നോളജി പോസ്റ്റ്–ഡോക്ടറൽ ഫെലോഷിപ്പ് (B–PDF)<br>• ബയോടെക്നോളജി പരിശീലനവും വർക്ക്ഷോപ്പും (BTW)<br>• ബയോടെക്നോളജി വിദ്യാഭ്യാസ പരിപാടി (BEP)<br>• ബയോടെക്നോളജിയിൽ ചീഫ് മിനിസ്റ്റേഴ്സ് കരിയർഅഡ്വാൻസ്മെൻറ് (CM–CAB)പദ്ധതി<br>• ബയോടെക് ഇൻഡസ്ട്രി കോൺക്ലേവ്<br>• ബയോടെക്നോളജിയിലും ലൈഫ് സയൻസസിലും ഡിബിടി സ്കിൽ വിഗ്യാൻ സംസ്ഥാന പങ്കാളിത്ത പരിപാടി (ഡിബിടി ധനസഹായം) | 30.00 |
| | **ആകെ** | **110.00** |

ഈ പദ്ധതിയുടെ നടത്തിപ്പിനായി 2025–26 ബജറ്റിൽ 110.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 6. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രത്യേക പരിപാടികൾ

**(വിഹിതം: 370.00 ലക്ഷം രൂപ)**

പദ്ധതിയുടെ കീഴിൽ താഴെ കൊടുത്തിരിക്കുന്ന പരിപാടികൾക്കായി 370.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഇനങ്ങൾ/പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സെന്റർ ഫോർ അനലിറ്റിക്കൽ ആൻഡ് ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി (സിഎഐ–കെ)– (i) ഗവേഷകർക്കും അക്കാദമിക് വിദഗ്ധർക്കും മറ്റ് താൽപ്പര്യമുള്ള ഗ്രൂപ്പുകൾക്കും അനലിറ്റിക്കൽ ഇൻസ്ട്രുമെന്റേഷനിൽ പരിശീലന പരിപാടികൾക്ക് ഉപയോഗിക്കുന്നതിനായി ഉയർന്ന നിലവാരമുള്ള അത്യാധുനിക ഉപകരണങ്ങളുടെ ഒരു ശേഖരം സൃഷ്ടിക്കുന്നതിനായി പീച്ചിയിലെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ കെ.എസ്.സി.എസ്.ടി.ഇ ഒരു ഇൻസ്ട്രുമെന്റേഷൻ സെന്റർ സ്ഥാപിച്ചിരിക്കുന്നു.<br>യൂണിവേഴ്സൽ ടെസ്റ്റിംഗ് മെഷീൻ (UTM), CHNS അനലൈസർ എന്നിവ വാങ്ങുന്നതിനും, ഇൻസ്റ്റലേഷനും, കമ്മീഷനിങ്ങിനും 2025–26 ൽ വിഭാവനം ചെയ്യുന്നു. | 50.00 |

| ക്രമ നമ്പർ | ഇനങ്ങൾ/പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 2 | എപിജെ അബ്ദുൾ കലാം യൂത്ത് ചലഞ്ച് പ്രോഗ്രാം – കൂടുതൽ വ്യാവസായിക സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി, പ്രത്യേക മേഖലകളിലെ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിനും യുവാക്കളിൽ നിന്നുള്ള സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തെ യുവാക്കളെ ലക്ഷ്യമിട്ടുള്ളതാണ് ഈ പരിപാടി. നൂതന സാങ്കേതികവിദ്യകളുടെ പ്രോട്ടോടൈപ്പ് വികസനത്തിനും വിജയകരമായ പ്രോജക്ടുകളുടെ വാണിജ്യവൽക്കരണത്തിനും 2025-26 ൽ ഇത് ലക്ഷ്യമിടുന്നു. | 50.00 |
| 3 | ഫുഡ് ടെക്നോളജി ഡെവലപ്മെന്റ് & ടെസ്റ്റിംഗ് ഫെസിലിറ്റി – ഭക്ഷ്യ ഉൽപന്നത്തിന്റെ മൂല്യവർദ്ധന, ഭക്ഷ്യ സംരക്ഷണം, പച്ചക്കറികളിലും ഭക്ഷ്യ ഉൽപന്നങ്ങളിലും വർദ്ധിച്ച തോതിൽ കീടനാശിനി ഉപയോഗത്തിന്റെ പരിശോധന എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കൊച്ചിയിലെ എസ് ടി ഐസിയിലാണ് ഈ സൗകര്യം സ്ഥാപിച്ചിരിക്കുന്നത്. ന്യൂട്രീഷ്യൻ ലേബലിംഗിനും കലോറി എസ്റ്റിമേഷനുമുള്ള ഉപകരണങ്ങൾ, കെമിക്കൽസ് ആൻഡ് കൺസ്യൂമബിൾസ്, ആബ്സ് റിഫ്രാക്ടോമീറ്റർ, അറ്റോമിക് അബ്സോർപ്ഷൻ സ്പെക്ട്രോമീറ്റർ, ടിന്റോമീറ്റർ, പിസിആർ മെഷീൻ, ജെൽ ഇലക്ട്രോഫോറെസിസ് അപ്പാരറ്റസ്, ജെൽ ഡോക്, അനറോബിക് ജാർ എന്നീ ഉപകരണങ്ങൾ / സൗകര്യങ്ങൾ ആണ് ഇത് നിർദ്ദേശിക്കുന്നത്. | 70.00 |
| 4 | സ്റ്റേറ്റ് ഹയർ റിസർച്ച് സെന്റേഴ്സ് ഇൻ സയൻസ് ആന്റ് ടെക്നോളജി ആപ്ലിക്കേഷൻസ് (എസ്.എച്ച്.ആർ.ഇ.എസ്.റ്റി.എ) – വിവിധ സ്ഥാപനങ്ങളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും പ്രത്യേക ഗവേഷണ മേഖലകളിൽ പ്രവർത്തിക്കുന്ന ഉന്നത ഗുണനിലവാരമുള്ള വികസിത ഗവേഷണ പരിപാടികളുള്ള സ്ഥാപനങ്ങളുടെ നൂതനവും ഗവേഷണ ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള പരിപാടിയാണ് എസ് എച്ച്.ആർ.ഇ.എസ്.റ്റി.എ. | 90.00 |
| 5 | സ്കീം ഫോർ പ്രമോഷൻ ഓഫ് ഇൻറർ ഇൻസ്റ്റിറ്റ്യൂഷണൽ റിസർച്ച് കൊളാബ്രേഷൻ (എസ് പിഐഐആർസി) – സംസ്ഥാന ഗവേഷണ-വികസന കേന്ദ്രങ്ങൾ/ഗവേഷണ വികസന സ്ഥാപനങ്ങൾ/സർവകലാശാല വകുപ്പുകൾ/സർക്കാർ അല്ലെങ്കിൽ എയ്ഡഡ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള ഗവേഷണ നിർദ്ദേശങ്ങളെ പിന്തുണച്ച് സംസ്ഥാനത്തിനു പ്രധാന്യമർഹിക്കുന്ന വ്യത്യസ്ത സമീപനത്തോടെ ഈ സ്ഥാപനങ്ങൾ തമ്മിലുള്ള സംയോജിത ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പരിപാടിയാണ് ഇത്. | 60.00 |
| 6 | RCSHEK – സയൻസ്, അർട്ടിഫിഷ്യൽ ഇന്റെലിജെൻസ്, റോബോട്ടിക്സ്, സിസ്റ്റം ജീവശാസ്ത്രം എന്നിവയിലെ മെഷീൻ ലേണിംഗ് പോലുള്ള സയൻസ്, എഞ്ചിനീയറിംഗ് രീതികളിലെ ദ്രുതഗതിയിലുള്ള മാറ്റങ്ങളുമായി പൊരുത്തപ്പെടുന്നതിന് കേരളത്തിലെ സയൻസ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക എന്നതാണ് റിസർച്ച് സെന്റർ ഫോർ STEM ഹയർ എഡ്യൂക്കേഷൻ കേരളയുടെ ലക്ഷ്യം. | 20.00 |
| 7 | വിസിറ്റിംഗ് സയന്റിസ്റ്റ് പ്രോഗ്രാം – ദേശീയ/അന്തർദേശീയ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പ്രശസ്തരായ ശാസ്ത്രജ്ഞരെ/പഠനവിദഗ്ദ്ധരെ 3 മുതൽ 12 മാസത്തെ ഹ്രസ്വകാലത്തേക്ക് കേരളത്തിലെ സർക്കാരിന്റെ കീഴിലുള്ള ഒരു ശാസ്ത്ര സാങ്കേതിക സ്ഥാപനം സന്ദർശിച്ച് സേവനം അനുഷ്ഠിക്കുന്നതിനായി പ്രോത്സാഹിപ്പിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. | 30.00 |
| | **ആകെ** | **370 .00** |

**7. ഡയബറ്റിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

**(വിഹിതം: 1.00 ലക്ഷം രൂപ)**

വ്യത്യസ്ത വൈദ്യശാസ്ത്ര മേഖലകളുടെ സഹായത്തോടെ പ്രമേഹ രോഗത്തെ തടയുകയും നിയന്ത്രിക്കുകയും ചികിത്സിക്കുകയും ചെയ്യുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഡയബറ്റിക് റിസർച്ച്. ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ പ്രമേഹം കൂടുതലായി വ്യാപിക്കുന്നതിന്റെ കാരണവും അതിന്റെ സങ്കീർണതകളും കണ്ടെത്തുകയും പ്രമേഹത്തെ തടയുന്നതിനും ചികിത്സിക്കുന്നതിനും അതിന്റെ സങ്കീർണതകളെ പ്രതിരോധിക്കുകയും ചെയ്യുകയാണ് ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിടുന്നത്. കൃത്യമായ അക്കാദമിക പരിശീലന പരിപാടികളിലൂടെ ക്ലിനിക്കുകളിൽ ജോലി ചെയ്യുന്നവർക്കും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം നൽകാൻ ഇൻസ്റ്റിറ്റ്യൂട്ട് സഹായിക്കും. പ്രമേഹ രോഗികളെ പരിശോധിക്കുന്നതിനും പ്രമേഹം തടയുന്നതിനുള്ള നടപടികൾ നടപ്പിലാക്കുന്നതിനും പ്രാരംഭ ഘട്ടത്തിൽ അത് കണ്ടെത്തുന്നതിനുമുള്ള ഏറ്റവും ചെലവ് കുറഞ്ഞ ചികിത്സാ രീതികൾ ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിക്കും. പ്രമേഹ നിയന്ത്രണ പ്രവർത്തകർക്ക് ഏർപ്പെട്ടിരിക്കുന്ന ആരോഗ്യ, രോഗനിർണ്ണയ വ്യക്തികളെ, ഇൻസ്റ്റിറ്റ്യൂട്ട് നന്നായി രൂപകൽപ്പന ചെയ്ത പരിശീലന മൊഡ്യൂളുകളിലൂടെ പ്രമേഹത്തെ തടയുന്നതിനും ഫലപ്രദവും വിലകുറഞ്ഞതുമായ മരുന്നുകൾ വികസിപ്പിക്കുന്നതിനും പാലിക്കേണ്ട ജീവിതശൈലികളെക്കുറിച്ച് പൊതുജന അവബോധം സൃഷ്ടിക്കുന്നതിനും പരിശീലിപ്പിക്കും. പ്രമേഹം തടയുന്നതിനും ചികിത്സിക്കുന്നതിനും തദ്ദേശീയമായ സംവിധാനങ്ങൾ ഫലപ്രദമാണോ എന്ന് നിർണ്ണയിക്കാൻ അന്വേഷണാത്മക സമീപനങ്ങൾ സ്വീകരിക്കാനും ആധുനിക വൈദ്യശാസ്ത്ര സംവിധാനങ്ങളുമായി അവയെ സംയോജിപ്പിക്കാനും ഇത് ലക്ഷ്യമിടുന്നു. സർക്കാരിന്റെ ഔപചാരിക അംഗീകാരം ലഭിച്ചശേഷം തിരുവനന്തപുരം പുലയനാർകോട്ടയിൽ സ്ഥാപനം ആരംഭിക്കും.

പദ്ധതിക്കായി 2025-26 ബജറ്റിൽ 1.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**8. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് (ഐ.സി.സി.എസ്)**

**(വിഹിതം: 130.00 ലക്ഷം രൂപ)**

2020-21 ൽ കെ.എസ്.സി.എസ്.റ്റി.ഇ യുടെ കീഴിൽ കൊണ്ടുവന്ന കോട്ടയത്തെ ഒരു ഗവേഷണ വികസന (ആർ & ഡി) കേന്ദ്രമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് (ഐസിസിഎസ്). സംസ്ഥാനത്തിന്റെ വിവിധ വിഭാഗങ്ങളിലും മേഖലകളിലും കാലാവസ്ഥാ വ്യതിയാനത്തിനെ സംബന്ധിക്കുന്ന വിഷയങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഗവേഷണം നടത്തുക, നയങ്ങൾ വികസിപ്പിക്കുക, മറ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, സർവ്വകലാശാലകൾ, ലൈൻ വകുപ്പുകൾ എന്നിവയുമായി സഹകരിച്ച് കാലാവസ്ഥാ വ്യതിയാന നിയന്ത്രണത്തിന് ഉചിതമായ നടപടി നിർദ്ദേശിക്കുക എന്നിവക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഊന്നൽ നൽകുന്നു. താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കുന്നതിനായി 2025-26 ൽ സ്ഥാപനത്തിന് 130.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനങ്ങൾ/പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഗവേഷണ പദ്ധതികൾ | 45.00 |
| 2 | ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ | 45.00 |
| 3 | ഗവേഷണ പരിശീലനവും വിപുലീകരണവും | 10.00 |
| 4 | ഐടി & ഓഫീസ് ഓട്ടോമേഷൻ | 5.00 |
| 5 | ഗവേഷണ വികസന ഉപകരണങ്ങൾ | 5.00 |
| 6 | ലൈബ്രറി | 5.00 |
| 7 | നിർമ്മാണ പ്രവർത്തനങ്ങൾ | 15.00 |
| | **ആകെ** | **130.00** |

**9. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ക്രോപ്പ് ബ്രീഡിംഗ് (ഐഎസിബി)(പുതിയത് )**

**(വിഹിതം: 200.00 ലക്ഷം രൂപ)**

സാങ്കേതിക സംയോജനം, സമഗ്രമായ ജീനോമിക് സമീപനങ്ങൾ, കൃത്യമായ വിള തിരിച്ചറിയലിനായി മോളികുലാർ മാപ്പിംഗ് എന്നിവക്കു ഊന്നൽ കൊടുത്തുകൊണ്ട് കാലാവസ്ഥാ വ്യതിയാനം, വിള ഉൽപ്പാദനക്ഷമത എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കെഎസ്സിഎസ്ടിഇയുടെ കീഴിൽ ഒരു പ്രത്യേക സ്വയംഭരണ സ്ഥാപനം സ്ഥാപിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൃഷിയുടെ പ്രാധാന്യവും വിളകളുടെ പ്രതിരോധശേഷിയും വിളവും വർദ്ധിപ്പിക്കുന്നതിനുള്ള

നൂതനമായ പരിഹാരങ്ങളുടെ ആവശ്യകതയും ഈ സംരംഭം എടുത്തു കാണിക്കുന്നു. സംസ്ഥാനത്തെ സങ്കീർണ്ണമായ കാർഷിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പുതിയ ഉൾക്കാഴ്ചകളും സാങ്കേതികവിദ്യകളും രീതിശാസ്ത്രങ്ങളും വികസിപ്പിക്കുന്നതിന് ആഴത്തിലുള്ള ഗവേഷണം അത്യന്താപേക്ഷിതമാണ്. വിള മെച്ചപ്പെടുത്തൽ മേഖലയിൽ വൈദഗ്ധ്യം, സഹകരണം, വിജ്ഞാന വ്യാപനം എന്നിവയ്ക്കുള്ള ഒരു കേന്ദ്രീകൃത സ്ഥാപനമായി ഈ സ്ഥാപനത്തിന് പ്രവർത്തിക്കാനാകും.

2025-26 ബജറ്റിൽ പദ്ധതിക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ബി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി)**

**(വിഹിതം: 5000.00 ലക്ഷം രൂപ)**

കേരളത്തിന്റെ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട്, ഉയർന്നുവരുന്ന സാക്രമിക വൈറൽ രോഗങ്ങളുടെ ഗവേഷണം, രോഗനിർണയം, നിയന്ത്രണം എന്നിവ ലക്ഷ്യമിട്ടു കൊണ്ട് അത്യാധുനിക ലബോറട്ടറി സൗകര്യങ്ങളോടെ അന്താരാഷ്ട്ര വൈറോളജി സ്ഥാപനങ്ങളുമായുള്ള ശൃംഖലയിൽ ചേർന്ന് പ്രവർത്തിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്ഥാപനമാണ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്. ഇത് വൈറസ് അണുബാധ തടയുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ ശാസ്ത്രീയ ഇൻപുട്ടുകൾ നൽകിക്കൊണ്ട് അടിസ്ഥാന ശാസ്ത്രവും ട്രാൻസ് ലേഷണൽ ഗവേഷണവും ഉൾക്കൊള്ളുന്ന ഗവേഷണത്തിന്റെ പശ്ചാത്തലത്തിൽ പരിശീലനത്തിനും വിദ്യാഭ്യാസത്തിനുമായി അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ഒരു മികവിന്റെ കേന്ദ്രമായിരിക്കും.

വാക്സിനുകൾ വികസിപ്പിക്കൽ, കൃത്യമായതും എളുപ്പമുള്ളതുമായ കണ്ടെത്തലിനുള്ള ചെലവ് കുറഞ്ഞ മൾട്ടിപ്ലക്സ് ഡയഗ്നോസ്റ്റിക് പ്ലാറ്റ്ഫോമുകൾ, മോണോക്ലോണൽ ആന്റിബോഡികൾ/മറ്റ് ചികിത്സാ നടപടികൾ, അറിയപ്പെടുന്ന എല്ലാ വൈറസുകൾക്കെതിരെയും ചെലവ് കുറഞ്ഞ ഡയഗ്നോസ്റ്റിക് സൗകര്യം, ഒരു സമൂഹത്തിൽ അണുബാധയുടെ മുൻവ്യാപനത്തെക്കുറിച്ച് മനസ്സിലാക്കാൻ സീറോ നിരീക്ഷണ പഠനം, പുതിയതും ജനിതകമാറ്റം സംഭവിച്ചതുമായ വൈറസുകളുടെ അസ്തിത്വം/സാന്നിധ്യം സാമ്പിളുകളുടെ സ്ഥിരമായ ക്രമപ്പെടുത്തലിലൂടെ നിർണ്ണയിക്കുക എന്നിവ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. 108000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഘട്ടം I എ & ഘട്ടം I ബി കെട്ടിടങ്ങൾ, 14 ബിഎസ്എൽ 2 ലെവൽ ലബോറട്ടറികൾ, ഇൻസ്റ്റിറ്റ്യൂട്ടിലെ എല്ലാ വകുപ്പുകളും എന്നിവ നിലവിൽ പ്രവർത്തനക്ഷമമാണ്.

2025-26 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ/പരിപാടികളിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു;

| ക്രമ നമ്പർ | ഇനങ്ങൾ/പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | I ബി ഘട്ടത്തിലെ ബിഎസ്എൽ II ലാബുകൾ പ്രവർത്തനക്ഷമമാക്കൽ | 500.00 |
| 2 | കെഎസ്ഐഡിസിക്ക് നൽകുവാനുള്ള ഘട്ടം I ബി കെട്ടിടത്തിന്റെ നിർമ്മാണച്ചെലവ് | 1200.00 |
| 3 | ലാബോറട്ടറികൾക്കായി ചെറിയ ഉപകരണങ്ങൾ വാങ്ങുക | 200.00 |
| 4 | അടിസ്ഥാന പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക | 200.00 |
| 5 | ഒരു ബിഎസ്എൽ 3 സൗകര്യവും ട്രാൻസ്ജെനിക് അനിമൽ ഫെസിലിറ്റി കോംപ്ലക്സും സ്ഥാപിക്കലും പരിപാലനവും | 600.00 |
| 6 | നിലവിലെ ഗവേഷണത്തിനു സഹായകമായി ഉയർന്ന നിലവാരമുള്ള അത്യാധുനിക ശാസ്ത്രീയ ഉപകരണങ്ങളുടെ ഉപകരണങ്ങൾ ശേഖരിച്ചു കൊണ്ട് കോമൺ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി വർദ്ധിപ്പിക്കുക. | 700.00 |
| 7 | ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകൾക്ക് പ്രോജക്റ്റ് മാതൃകയിൽ സഹായം – മോണോക്ലോണൽ ആന്റിബോഡികൾ | 300.00 |
| 8 | ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകൾക്ക് പ്രോജക്റ്റ് മാതൃകയിൽ സഹായം – ന്യൂക്ലിക് ആസിഡ് അടിസ്ഥാനമാക്കിയുള്ള വാക്സിൻ | 150.00 |

| ക്രമ നമ്പർ | ഇനങ്ങൾ/പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 9 | ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകൾക്ക് പ്രോജക്ട് മാതൃകയിൽ സഹായം – മൾട്ടിപ്ലക്സ് ഡയഗ്നോസ്റ്റിക് പ്ലാറ്റ്ഫോമുകളുടെ വികസനം | 300.00 |
| 10 | രോഗനിർണ്ണയ സേവനങ്ങളുടെ വിപുലീകരണം | 300.00 |
| 11 | അക്കാദമിക് പരിശീലന സമുച്ചയം സ്ഥാപിക്കുക | 550.00 |
| | **ആകെ** | **5000.00** |

2025-26 ബജറ്റിൽ ഇൻസ്റ്റിറ്റ്യൂട്ടിന് 5000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**സി. റീജിയണൽ കാൻസർ സെന്റർ (ആർസിസി), തിരുവനന്തപുരം**

**(വിഹിതം: 7500.00 ലക്ഷം രൂപ)**

ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സക്കും സാന്ത്വന പരിരക്ഷക്കും പുനരധിവാസത്തിനും വേണ്ടി അന്തർദേശീയമായി അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രധാന സ്ഥാപനമായ റീജണൽ ക്യാൻസർ സെന്റർ, പ്രധാനപ്പെട്ട ഗവേഷണ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു. താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി തിരുവനന്തപുരത്തെ ആർസിസിക്ക് 2025-26 ബജറ്റിൽ 7500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- **ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണം**

**(വിഹിതം:2800.00 ലക്ഷം രൂപ)**

രോഗികൾക്ക് ഗുണമേന്മയുള്ള ചികിത്സ നൽകുന്നതിനായി സ്ഥലപരിമിതി പരിഹരിക്കുന്നതിന് 14 നിലകളുള്ള കെട്ടിടം നിർമ്മിക്കാൻ ആർസിസിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. രണ്ടു ലീനിയർ ആക്സിലറേറ്ററുകൾ, ഒരു സി.ടി സിമുലേറ്റർ, എം.ആർ.ഐ സിമുലേറ്റർ, 10 കിടക്കകളുള്ള ബോൺ മാരോ ട്രാൻസ്പ്ലാന്റ് യൂണിറ്റ്, 6 മോഡുലാർ ഓപ്പറേഷൻ തിയറ്ററുകൾ, 8 കിടക്കകളുള്ള ന്യൂക്ലിയർ മെഡിസിൻ വാർഡ്, റോബോട്ടിക് സർജറി യൂണിറ്റ്, പുതിയ ബ്ലഡ് ബാങ്ക്, ആധുനിക മൈക്രോബയോളജി ലബോറട്ടറി, ഐസിയുകൾ, സർജിക്കൽ, മെഡിക്കൽ വാർഡുകൾ, പേ വാർഡുകൾ, ഹോസ്റ്റലുകൾ.എന്നീ സൗകര്യങ്ങളുള്ള റേഡിയോ തെറാപ്പി ബ്ലോക്ക് 2.75 ചതുരശ്രയടിയിൽ നിർമ്മിച്ച ഈ പുതിയ കെട്ടിടത്തിലുണ്ട്. കൂടാതെ, അഗ്നിസുരക്ഷാ സംവിധാനത്തിന്റെ നവീകരണം, സബ്സ്റ്റേഷനിലെ 625 കെവിഎ ഡിജി സെറ്റും കണക്റ്റ് ചെയ്ത ഇലക്ട്രിക്സും മാറ്റിസ്ഥാപിക്കുക, ഒടികളിൽ ഇരട്ട ഫീഡർ ക്രമീകരണങ്ങളും യുപിഎസ് ബാക്കപ്പ് വിതരണവും നൽകുക എന്നിവയും പദ്ധതിയിൽ ഉൾപ്പെടുന്നു.

ആർ.സി.സിയുടെ രണ്ടാമത്തെ കാമ്പസിന്റെ വികസനത്തിനായി പുലയനാർകോട്ടയിൽ 11.6 ഏക്കർ സ്ഥലം സർക്കാർ അനുവദിച്ചു. അഡ്വാൻസ്ഡ് ക്യാൻസർ എപ്പിഡെമിയോളജി & റിസർച്ച് ഫെസിലിറ്റി, സിമുലേഷൻ ലാബുകളോട് കൂടിയ പരിശീലന കേന്ദ്രം, കമ്മ്യൂണിറ്റി ഓങ്കോളജി & വെൽനസ് ക്ലിനിക്കുകൾ, പീഡിയാട്രിക് ഓങ്കോളജി സെന്റർ, ബ്രെസ്റ്റ് ഓങ്കോളജി സെന്റർ, ഫീമെയിൽ റീപ്രൊഡക്ടീവ് കാൻസർ സെന്റർ, ഇന്റഗ്രേറ്റീവ് മെഡിസിൻ & റീഹാബിലിറ്റേറ്റീവ് സേവനങ്ങൾ എന്നിവ പുതിയ കാമ്പസിൽ ആരംഭിക്കാൻ ആർസിസി ഉദ്ദേശിക്കുന്നു.

2025-26 ലെ ബജറ്റിൽ 14 നിലകളുള്ള കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് 2800.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്, ഇതിൽ 100.00 ലക്ഷം രൂപ പുലയനാർകോട്ടയിലെ പുതിയ കാമ്പസിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു.

- **പൊതുവായ ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സക്കുമുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

**(വിഹിതം: 2330.00 ലക്ഷം രൂപ)**

അനുദിനം ആർ.സി.സിയെ ആശ്രയിക്കുന്ന രോഗികളുടെ വർദ്ധിച്ചുവരുന്ന എണ്ണം, അർസിസി നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരത്തിന്റെ സാക്ഷ്യപത്രമാണ്. കാൻസർ നേരത്തെയുള്ള രോഗനിർണയത്തിനും ചികിത്സയ്ക്കുമുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതിനും, അനസ്തേഷ്യ വർക്ക്സ്റ്റേഷൻ, മോണിറ്ററുകൾ, സി ആം,

വെന്റിലേറ്ററുകൾ, ഫുള്ളി മോട്ടറൈസ്ഡ് ഫിഷ്-മൈക്രോസ്കോപ്പ്, സേഫ് സർജിക്കൽ ഉപകരണങ്ങൾ, മെഡിക്കൽ ഗ്രേഡ് വർക്ക്സ്റ്റേഷനുകൾ, ലാപ്രോസ്കോപ്പിക്, തൊറാക്കോസ്കോപ്പിക് എന്നിവ ഉൾപ്പെടെ വിവിധ ഡിവിഷനുകൾക്കുള്ള ഉപകരണങ്ങൾ, മോഡുലാർ ടൈപ്പ് മൾട്ടിപാരാമീറ്റർ മോണിറ്റർ, പൂർണ്ണമായും ഓട്ടോമേറ്റഡ് ക്രയോസ്റ്റാറ്റ്, ഓട്ടോമേറ്റഡ് ഇലക്ട്രോഫോറെസിസ്/ഐഎഫ്ഇ മെഷീൻ, ഫുള്ളി ഓട്ടോമാറ്റിക് മൈക്രോടോം, ജനറൽ സർജിക്കൽ ഉപകരണങ്ങൾ, പുതിയ ഒടി കോംപ്ലക്സിനായുള്ള ആക്സസ് കൺട്രോൾ സിസ്റ്റം, പീഡിയാട്രിക് ലാപ്രോസ്കോപ്പിക് ഉപകരണങ്ങൾ, ക്ലിനിക്കൽ ഇമേജ് ഡാറ്റ പ്രൊട്ടക്ഷനും ബാക്കപ്പ് സ്റ്റോറേജ് സൊല്യൂഷൻ എന്നിവ ഉൾപ്പടെ രോഗി പരിചരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിവിധ ഡിവിഷനുകൾക്കായി ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 2025-26 ബജറ്റിൽ 2330.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- **സ്ത്രീകളിലെയും കുട്ടികളിലെയും ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സക്കുമുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

**(വിഹിതം: 2200.00 ലക്ഷം രൂപ)**

കേരളത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്യാൻസർ സംഭവങ്ങൾ കഴിഞ്ഞ കുറേ വർഷങ്ങളായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. രോഗി പരിചരണ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി, ഹൈ എനർജി ലീനിയർ ആക്സിലറേറ്ററും അനുബന്ധ ഉപകരണങ്ങളും, ഒരു ഫുൾ റൂം ഡിആർ സിസ്റ്റം, എച്ച്.ഡി.ആർ ബ്രാക്കിതെറാപ്പി മെഷീനും അനുബന്ധ ഉപകരണങ്ങളും, ഡോപ്ലർ യുഎസ്ജി മെഷീൻ എന്നിവയുൾപ്പെടെ വിവിധ ഡിവിഷനുകൾക്കായി ഉപകരണങ്ങൾ വാങ്ങുക എന്നതാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിനകത്ത് കാൻസർ പരിചരണത്തിൽ വർധിച്ചുവരുന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്തുകൊണ്ട് സ്ത്രീകൾക്കും ശിശുരോഗ ബാധിതർക്കും മെച്ചപ്പെട്ടതും പ്രത്യേകവുമായ പരിചരണം നൽകുകയാണ് ലക്ഷ്യം. ഗൈനക്കോളജിക്കൽ, പീഡിയാട്രിക് ക്യാൻസറുകൾ നേരത്തേ കണ്ടെത്തുന്നതിനും പ്രതിരോധ ഓങ്കോളജി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 2025-26 ബജറ്റിൽ 2200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- **പരിശീലന/ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

**(വിഹിതം: 170.00 ലക്ഷം രൂപ)**

ദേശീയ അന്തർദേശീയ തലങ്ങളിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളുമായി സഹകരിച്ച് അടിസ്ഥാന ഗവേഷണം, എപ്പിഡെമിയോളജിക്കൽ പഠനങ്ങൾ, ക്ലിനിക്കൽ ഗവേഷണം എന്നീ മേഖലകളിലെ പ്രവർത്തിക്കുന്ന കാൻസർ ഗവേഷണത്തിനുള്ള ഒരു പ്രധാന കേന്ദ്രമാണ് ആർസിസി. വിവിധ കാൻസർ പഠനവുമായി ബന്ധപ്പെട്ട സ്പെഷ്യാലിറ്റികളിൽ അധ്യാപനത്തിനും പരിശീലനത്തിനുമുള്ള ദേശീയ അംഗീകാരമുള്ള ഒരു സ്ഥാപനമായി ആർസിസി മാറിയിട്ടുണ്ട്. ബിരുദം, ബിരുദാനന്തര ബിരുദം, പോസ്റ്റ്ഡോക്ടറൽ കോഴ്സുകൾ ഉൾപ്പെടെ സമഗ്രമായ വിദ്യാഭ്യാസ പരിപാടികൾ ഈ കേന്ദ്രം വാഗ്ദാനം ചെയ്യുന്നു. ഗ്രന്ഥശാലക്കായി പുസ്തകങ്ങൾ, ജേർണലുകൾ, ആനുകാലികങ്ങൾ, സോഫ്റ്റ്‌വെയറുകൾ, ഡാറ്റാബേസുകൾ എന്നിവ വാങ്ങുക, കാൻസർ ഗവേഷണ വിഭാഗത്തിന് ഉപകരണങ്ങൾ വാങ്ങുക എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2025-26 ബജറ്റിൽ ഗവേഷണ പരിശീലന സൗകര്യങ്ങളുടെ നവീകരണത്തിനായി 170.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 8.2 ആവാസവ്യവസ്ഥയും പരിസ്ഥിതിയും

സംസ്ഥാനത്തെ പ്രകൃതി വിഭവങ്ങളുടെയും ജൈവവൈവിധ്യത്തിന്റെയും സംരക്ഷണം, മലിനീകരണ നിയന്ത്രണം തുടങ്ങിയ പരിസ്ഥിതി നയങ്ങളും പരിപാടികളും നടപ്പിലാക്കുന്നതും ഏകോപനം നടത്തുന്നതും പരിസ്ഥിതികാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് ആണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെയും അടിയ്ക്കടിയുണ്ടായ വെള്ളപ്പൊക്കങ്ങളുടെയും പശ്ചാത്തലത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ആവാസ വ്യവസ്ഥയെയും പരിസ്ഥിതിയെയും സംബന്ധിച്ച സമീപനം പ്രകൃതി വിഭവങ്ങളുടെയും പരിസ്ഥിതിയുടെയും സംരക്ഷണത്തെയും സുസ്ഥിര വികസനത്തെയും അടിസ്ഥാനമാക്കിയതാണ്. 2025-26-ൽ 2532.00 ലക്ഷം രൂപ പരിസ്ഥിതി ആവാസ വ്യവസ്ഥാ മേഖലയിലെ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്. പദ്ധതി അടിസ്ഥാനത്തിൽ ഉള്ള വകയിരുത്തൽ ചുവടെ നൽകിയിരിക്കുന്നു.

1. **പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ ശാക്തീകരണം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

വിവിധ വകുപ്പുകൾ, ഏജൻസികൾ, പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കി വരുന്ന പരിസ്ഥിതി അനുബന്ധ പരിപാടികളുടെ ഏകോപനം നടപ്പിലാക്കുന്നത് പരിസ്ഥിതി

കാലാവസ്ഥാ വ്യതിയാന വകുപ്പ് മുഖേനയാണ്. കാലാവസ്ഥാ വ്യതിയാന വകുപ്പുമായി ബന്ധപ്പെട്ട നയങ്ങളും പരിപാടികളും രൂപീകരിക്കുന്നതിന്റെയും നടപ്പിലാക്കുന്നതിന്റെയും നോഡൽ ഏജൻസിയായി ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നു. പരിസ്ഥിതി ആഘാത വിലയിരുത്തൽ അതോറിറ്റി (എസ്.ഇ.ഐ.എ.എ), വിലയിരുത്തൽ വിദഗ്ധസമിതി (എസ്.ഇ.എ.സി) എന്നിവയുടെ സംസ്ഥാനതല സെക്രട്ടറിയേറ്റ് ആയും ഇപ്പോൾ ഈ വകുപ്പ് പ്രവർത്തിക്കുന്നു.

ഡയറക്ടറേറ്റിന്റെ പുതിയ കെട്ടിടമായ പരിസ്ഥിതിഭവൻ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം, ഭരണച്ചെലവുകൾ, വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, കാര്യശേഷി വർദ്ധിപ്പിക്കൽ, ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികൾ ഫീൽഡ്/അനുഭവ സന്ദർശനങ്ങൾ എന്നിവയ്ക്ക് വേണ്ടിയാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 വാർഷിക പദ്ധതിയിൽ 50.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

## 2. പരിസ്ഥിതിബോധവത്ക്കരണവും വിദ്യാഭ്യാസവും

**(വിഹിതം: 120.00 ലക്ഷം രൂപ)**

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം, പരിസ്ഥിതി നാശത്തിന്റെ ആഘാതം, കാലാവസ്ഥാ വ്യതിയാനത്തിന്റെ ലഘൂകരണം, അനുരൂപീകരണം എന്നിവയെക്കുറിച്ചുള്ള പൊതുജന അവബോധം സൃഷ്ടിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ പദ്ധതിക്ക് കീഴിലെ പ്രധാന ഉപഘടകങ്ങൾ- പരിസ്ഥിതി അവബോധ പ്രവർത്തനങ്ങൾ, കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനും പൊരുത്തപ്പെടലിനുമാവശ്യമായ അവബോധം സൃഷ്ടിക്കൽ, കാലാവസ്ഥാ വ്യതിയാന കോൺഫറൻസ്, പരിസ്ഥിതി സംബന്ധിച്ച സുസ്ഥിര വികസന പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം, കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ബോധവത്ക്കരണ പരിപാടികൾ തുടങ്ങിയവയാണ്. സംസ്ഥാന തലത്തിലും, പ്രാദേശിക തലത്തിലും വിവിധ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതും, പങ്കാളിത്തത്തോടെ ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുന്നതും പദ്ധതിയുടെ ഫലങ്ങളിൽപ്പെടുന്നു. ഭൂമിത്രസേനാ പദ്ധതി കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഹയർസെക്കൻഡറി സ്കൂളുകളിലും വ്യാപിപ്പിക്കുന്നതിനോടൊപ്പം നിലവിലുള്ള ക്ലബ്ബുകളുടെ ശാക്തീകരണവും ലക്ഷ്യമിടുന്നു, പ്രത്യേകിച്ച് പരിസ്ഥിതി ലോല പ്രദേശങ്ങളിൽ. പരിസ്ഥിതി വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനും മറ്റ് പ്രാദേശിക പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പാരിസ്ഥിതികം പരിപാടി ലക്ഷ്യമിടുന്നു. സർക്കാർ, ഇതര സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമുദായിക സംഘടനകൾ, ഭൂമിത്രസേന ക്ലബ്ബുകൾ എന്നിവയുടെ സഹായത്തോടെ ലോക പരിസ്ഥിതി ദിനവും, അന്താരാഷ്ട്ര തലത്തിൽ പ്രഖ്യാപിക്കപ്പെട്ട മറ്റ് പരിസ്ഥിതി പ്രാധാന്യമുള്ള ദിനങ്ങളും ആചരിക്കും. പരിസ്ഥിതി മിത്രം അവാർഡുകൾക്ക് കീഴിൽ പരിസ്ഥിതി പ്രവർത്തകൻ, പരിസ്ഥിതി ഗവേഷകൻ, പ്രിന്റ് മീഡിയ റിപ്പോർട്ടർ, ദൃശ്യമാധ്യമ റിപ്പോർട്ടർ, പരിസ്ഥിതി സംഘടനകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിങ്ങനെ ആറ് വിഭാഗങ്ങളിലായി അവാർഡുകൾ നൽകും. പരിസ്ഥിതി മിത്രം അവാർഡുകൾക്ക് പുറമെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സുസ്ഥിര നൂതന സമ്പ്രദായങ്ങൾക്കും പ്രോത്സാഹനം നൽകും. മറ്റ് പാരിസ്ഥിതിക, സംവേദനക്ഷമത, കപ്പാസിറ്റി ബിൽഡിംഗ് പരിപാടികളിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ലഘൂകരണം, പൊരുത്തപ്പെടൽ, പരിസ്ഥിതി നിയമങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ഹ്രസ്വചിത്രങ്ങൾ, ശാസ്ത്രീയ ഡോക്യുമെന്ററികൾ, വെബിനാറുകൾ, പരസ്യങ്ങൾ, പങ്കാളിത്ത പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്നു.

2025-26-ൽ 120.00 ലക്ഷം രൂപ മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്നു. ഇവയുടെ ഘടകം തിരിച്ചുള്ള കണക്ക് ചുവടെ കൊടുത്തിരിയ്ക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഭൂ മിത്ര സേന ക്ലബ്ബുകൾ (ബിഎംസി) (ആവർത്തിച്ചുള്ളതും പുതിയതും) | 40.00 |
| 2 | പാരിസ്ഥിതികം | 32.00 |
| 3 | പരിസ്ഥിതി പ്രാധാന്യമുള്ള ദിനങ്ങളുടെ ആചരണം | 10.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 4 | പരിസ്ഥിതി മിത്രം അവാർഡുകളും മറ്റ് പ്രോത്സാഹന പരിപാടികളും | 14.00 |
| 5 | മറ്റ് പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ | 24.00 |
| ആകെ | | 120.00 |

**3. പരിസ്ഥിതി ഗവേഷണവും വികസനവും**

**(വിഹിതം: 200.00 ലക്ഷം രൂപ)**

ഈ പദ്ധതി പരിസ്ഥിതി സംരക്ഷണത്തിനും, മാനേജ്മെന്റിനുമുള്ള തന്ത്രങ്ങളും പരിഹാരങ്ങളും രൂപപ്പെടുത്തുന്നതിനാവശ്യമായ ഗവേഷണത്തിന്റെ ആസൂത്രണവും ഏകോപനവും വിഭാവനം ചെയ്യുന്നു. പരിസ്ഥിതിയെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പ്രോഗ്രാമിന് കീഴിൽ വലുതും ചെറുതുമായ ഗവേഷണ പദ്ധതി നിർദ്ദേശങ്ങൾക്കുള്ള സാമ്പത്തിക സഹായം പരിഗണിക്കുന്നു. സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ച്, അല്ലെങ്കിൽ പരിസ്ഥിതി സംബന്ധിയായ സുപ്രധാന മേഖലകളിൽ പ്രത്യേക ഗവേഷണങ്ങൾ നടത്തുന്നതിന് യോഗ്യതയുള്ള ഒന്നോ, അതിൽ കൂടുതലോ ഗവേഷണ സ്ഥാപനങ്ങളുമായി ഡയറക്ടറേറ്റിന് ഗവേഷണ പഠനങ്ങൾ കമ്മീഷൻ ചെയ്യാം. പ്രോഗ്രാമുകളുടെ രൂപീകരണം, വിവരങ്ങളുടെ വ്യാപനം, തദ്ദേശഭരണസ്ഥാപനങ്ങളുടെ ബോധവത്കരണം എന്നിവ ഉൾപ്പെടെ സംസ്ഥാനത്തിന്റെ നയരൂപീകരണത്തിന്റെ ആവശ്യകതയനുസരിച്ച് ഗവേഷണങ്ങൾ ഏറ്റെടുക്കും. മലിനീകരണം, കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിദ്ധ്യ സംരക്ഷണം തുടങ്ങിയ പാരിസ്ഥിതിക വിഷയങ്ങളിൽ ആഴത്തിലുള്ള അറിവും ഉൾക്കാഴ്ചയും പ്രദാനം ചെയ്യുമെന്നാണ് പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന ഫലം.

ഇക്കോസിസ്റ്റം കൺസർവേഷൻ ആന്റ് മാനേജ്മെന്റ്, ഇക്കോസിസ്റ്റം സേവനങ്ങളുടെ വിലയിരുത്തൽ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങൾ, പ്രകൃതി വിഭവങ്ങളുടെയും പരിസ്ഥിതി ലോല മേഖലകളുടെയും സംരക്ഷണവും പരിപാലനവും, പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര മാനേജ്മെന്റ്, അപകടസാധ്യതാ വിലയിരുത്തൽ, പാരിസ്ഥിതിക ആരോഗ്യം തുടങ്ങിയവയ്ക്ക് 2025-26 ൽ മുൻഗണന നൽകും. ഇതോടൊപ്പം, തുടർന്നുകൊണ്ടിരിക്കുന്ന ഗവേഷണവികസന പദ്ധതികൾക്കുള്ള ആവർത്തന ഗ്രാന്റും ഈ പരിപാടിയിൽ ഉൾപ്പെടും. റിസർച്ച് ഫെല്ലോഷിപ്പ് പ്രോഗ്രാമായ പരിസ്ഥിതി പോഷിണി, സ്റ്റുഡന്റ് ഫെല്ലോഷിപ്പ് പ്രോഗ്രാമായ വിദ്യാപോഷിണി എന്നിവ 2025-26 കാലയളവിലും തുടർന്നുകൊണ്ടുപോകുന്നതാണ്. റിമോട്ട് സെൻസിംഗ് ഡാറ്റയിലൂടെയും, ജി.ഐ.എസ് സാങ്കേതികവിദ്യയിലൂടെയും പ്രകൃതിവിഭങ്ങളിലെയും പരിസ്ഥിതി മാനേജ്മെന്റിലേയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് ഡയറക്ടറേറ്റിലെ ജിയോ സ്പേഷ്യൽ ലബോറട്ടറി ശക്തിപ്പെടുത്തും.

താഴെ പറയുന്ന പരിപാടികൾക്കും വിഹിതം ഉപയോഗിക്കാവുന്നതാണ്.

1. തീവ്ര കാലാവസ്ഥാ പ്രതിഭാസത്തിന്റെ പശ്ചാത്തലത്തിൽ കാലാവസ്ഥാ ദുർബല ജില്ലകൾക്കായുള്ള ഭൂവിനിയോഗ ആസൂത്രണം.
2. നദികൾ, നദീതടങ്ങൾ, വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങൾ എന്നിവയെക്കുറിച്ചുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുക.
3. ഭൂവിനിയോഗ മാറ്റങ്ങളുടെ വിശകലനവും പ്രധാന നദീതടങ്ങളുടെ/വൃഷ്ടിപ്രദേശങ്ങളുടെ പ്രകൃതിവിഭവ മാപ്പിംഗും.
4. സംസ്ഥാന പരിസ്ഥിതിശാസ്ത്രത്തിൽ അധിനിവേശ ജീവിവർഗങ്ങളുടെ സ്വാധീനം പഠിക്കുക.
5. കേരളത്തിലെ തണ്ണീർത്തടങ്ങളെക്കുറിച്ചുള്ള വിശദമായ ബാത്തിമെട്രിക് പഠനവും വിശകലനവും.
6. തീരദേശ പരിസ്ഥിതി, കൃഷി, മത്സ്യബന്ധനം, മറ്റ് പ്രധാന മേഖലകൾ എന്നിവയിൽ കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ആഘാതങ്ങൾ നേരിടൽ .

7. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള പഠനങ്ങൾ. ഇതിൽ മരുഭൂവൽക്കരണം, വരൾച്ച, ഭൂമിയുടെ ശോഷണം, സ്പീഷിസുകളുടെ വിതരണത്തിലും ഘടനയിലും സ്പേഷ്യൽ, താൽക്കാലിക മാറ്റങ്ങൾ, വെള്ളപ്പൊക്കം, ചൂട് സമ്മർദ്ദം മുതലായവ ഉൾപ്പെടുന്നു

8. ശാസ്ത്രീയമായ ഉൾക്കാഴ്ചകൾ ഉപയോഗിച്ച് പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിൽ പരമ്പരാഗത രീതികൾ ശക്തിപ്പെടുത്തുകയും നവീകരിക്കുകയും പ്രത്യേക ആവാസ വ്യവസ്ഥകൾ മാപ്പ് ചെയ്യുകയും സംരക്ഷിക്കുകയും ചെയ്യുക.

9. പ്രാദേശികമായി ലഭ്യമായ പരിസ്ഥിതി സൗഹൃദ വിഭവങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ കെട്ടിട നിർമ്മാണത്തിനുള്ള സാങ്കേതിക വിദ്യകളുടെ വികസനം.

10. സംസ്ഥാനത്തിന്റെ മധ്യപ്രദേശത്തെ വെള്ളപ്പൊക്ക പ്രതിരോധവും മഴവെള്ള നിയന്ത്രണ പരിപാലനവും.

ഈ പ്രവർത്തനങ്ങൾക്കായി 2025-26 ൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇവയുടെ ഘടകം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പരിസ്ഥിതി പോഷിണി – നിലവിൽ നടന്നു കൊണ്ടിരിക്കുന്ന റിസർച്ച് ഫെലോഷിപ്പ് പ്രോഗ്രാം | 35.00 |
| 2 | വിദ്യാപോഷിണി-വിദ്യാർത്ഥി ഫെലോഷിപ്പ് പ്രോഗ്രാം | 10.00 |
| 3 | നിലവിൽ നടന്നുകൊണ്ടിരിക്കുന്ന റിസർച്ച് ആൻഡ് ഡെവലൊപ്മെന്റ് പദ്ധതികൾക്കുള്ള ആവർത്തന ഫണ്ട് | 40.00 |
| 4 | ജിയോ സ്പേഷ്യൽ ലബോറട്ടറി സൗകര്യം | 15.00 |
| 5 | ഗവേഷണവും വികസനവും – പുതിയ നിർദ്ദേശങ്ങൾ | 100.00 |
| **ആകെ** | | **200.00** |

**4. ജൈവ വൈവിധ്യ സംരക്ഷണം**

**(വിഹിതം:- 1050.00 ലക്ഷം രൂപ)**

ജീവിതത്തെ പിന്തുണയ്ക്കുന്നതും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലും ജൈവവൈവിധ്യത്തിന്റേയും ആവാസവ്യവസ്ഥയുടെ സേവനങ്ങളുടേയും പ്രാധാന്യം തിരിച്ചറിയുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വർദ്ധിച്ച പൊതുജന പങ്കാളിത്തത്തോടെയും പ്രാദേശിക തീരുമാനങ്ങളോടെയും വികേന്ദ്രീകൃത രീതിയിൽ കേരളത്തിന്റെ ജൈവവൈവിധ്യത്തിന്റെ സംരക്ഷണവും സുസ്ഥിരമായ ഉപയോഗവും ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

സ്കീമിന് പ്രധാനമായും നാല് ഘടകങ്ങളാണുള്ളത്, അവ ജൈവവൈവിധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗം, പ്രാപ്യതയും ആനുകൂല്യങ്ങൾ പങ്കിടലും, ജൈവവൈവിധ്യ ഗവേഷണ വിജ്ഞാന കേന്ദ്രം, ജൈവവൈവിധ്യ ബോർഡിന്റെ ശാക്തീകരണവും പൊതുജന അവബോധവും എന്നിവയാണ്.

ജൈവവൈവിധ്യ സംരക്ഷണത്തിൽ പ്രാദേശിക ജൈവവൈവിധ്യ തന്ത്രവും കർമ്മപദ്ധതി തയ്യാറാക്കലും, ബി.എം.സികൾക്കുള്ള ബോധവൽക്കരണവും പരിശീലനവും ശാക്തീകരണവും, പ്രധാന നദികളിലെ ഉൾനാടൻ മത്സ്യങ്ങളുടെ ശേഖരം മെച്ചപ്പെടുത്തൽ, വംശനാശഭീഷണി നേരിടുന്ന സസ്യജാലങ്ങളുടെ സംരക്ഷണം, സ്കൂളുകളിൽ ഭക്ഷ്യയോഗ്യമായ നാടൻ ഇലത്തോട്ടങ്ങളുടെ പ്രോത്സാഹനം, ബി.എം.സി കൾ വഴി നാശം സംഭവിച്ച ആവാസവ്യവസ്ഥകളുടെ പുനസ്ഥാപനം, പ്രാദേശിക കാർഷിക-ജൈവവൈവിധ്യ പൈതൃക സംവിധാനങ്ങളുടെ ഡോക്യുമെന്റേഷനും സംരക്ഷണവും, സർക്കാർ സ്ഥാപനങ്ങളിൽ വംശനാശ ഭീഷണി നേരിടുന്ന സാന്ദ്രതാവനം സ്ഥാപിക്കൽ, തീരദേശ ജൈവവൈവിധ്യ പരിപാലനത്തിനായി സാമൂഹിക പങ്കാളിത്തത്തോടെ സമുദ്ര ജൈവവൈവിധ്യ അനുബന്ധ രജിസ്റ്റർ, കാർഷിക ജൈവവൈവിധ്യ സംരക്ഷണത്തിനായുള്ള കർഷകരുടെ ശാക്തീകരണം, ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളിലൂടെ കാവുകളുടെ പരിസ്ഥിതി പുനരുദ്ധാരണം, ജൈവ വൈവിധ്യവും പരിസ്ഥിതി ലിറ്ററേച്ചറും, കാലാവസ്ഥാ

അപകടസാധ്യതാ മാനേജ്മെന്റിനായുള്ള ശേഷി വർദ്ധന പ്രോഗ്രാമുകളിലൂടെ നടപ്പിലാക്കുന്നത്; പ്രത്യേകിച്ച് വയനാട് ജില്ലയെ കുറിച്ച്, കേരളത്തിന്റെ പൈതൃക ഇനങ്ങളുടെയും പരമ്പരാഗത കന്നുകാലികളുടെയും സംരക്ഷണം എന്നിവ പദ്ധതിയുടെ ഭാഗമാണ്. വെള്ളായണി കാർഷിക കോളേജിലെ അഗ്രോഡൈവേഴ്സിറ്റി പ്രവൃത്തികളുടെ തുടർ ചെലവുകളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

ജൈവവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗവും, ലഭ്യതയും, പ്രയോജനം പങ്കിടലും ഉൾപ്പെടുന്നതാണ് തണ്ണീർത്തടങ്ങളിലെ അധിനിവേശ ജീവിവർഗ്ഗങ്ങളുടെ സുസ്ഥിര പരിപാലനത്തിനുള്ള പാരിസ്ഥിതിക ആഘാതവും മൂല്യവർദ്ധന വിലയിരുത്തലും. പരമ്പരാഗത വിജ്ഞാന ഡിജിറ്റൽ ലൈബ്രറിയുടെ പ്രോത്സാഹനം, ജൈവ വൈവിദ്ധ്യ (ഭേദഗതി) നിയമം 2023 നടപ്പിലാക്കുന്നതിനുള്ള കാര്യശേഷി വർദ്ധിപ്പിക്കൽ, കേരളത്തിന്റെ ജൈവവൈവിധ്യ സമ്പത്തുകളിലൂടെയും ജൈവശൃദ്ധയിലൂടെയും ജനകീയവൈദ്യപരിചയത്തിന്റെ പ്രയോജനങ്ങൾ ന്യായവും സമവായവുമാക്കിയുള്ള മോഡലുകൾ വികസിപ്പിക്കൽ, ഉൾനാടൻ ജലജൈവവൈവിധ്യ സംരക്ഷണം, തദ്ദേശീയർക്ക് വരുമാനം ഉണ്ടാക്കുന്നതിനുള്ള ഹൈബ്രിഡ് സംവിധാനമെന്ന നിലയിൽ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ മത്സ്യപ്രജനന കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്നു.

ജൈവവൈവിധ്യ ഗവേഷണത്തിന്റേയും വിജ്ഞാനകേന്ദ്രത്തിന്റേയും ഘടകങ്ങളിൽ ഡോക്ടറൽ ഫെലോഷിപ്പുകൾ, ശബരിമലയിലെ പരിസ്ഥിതി മലിനീകരണം മൂലമുണ്ടാകുന്ന പരിസ്ഥിതി വ്യവസ്ഥകളിലും സൂക്ഷ്മാണുക്കളിലും ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചുള്ള സമഗ്ര പഠനം, തെരഞ്ഞെടുത്ത നദീതീര സസ്യങ്ങളിലെ പ്രജനന രീതികളുടെ വികസനം, സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള സൂക്ഷ്മ ജീവികളുടെ ജൈവവൈവിധ്യ സർവ്വേ, ഡോക്യുമെന്റേഷൻ, അലങ്കാര സാധ്യതകളുള്ള വന്യസസ്യങ്ങളുടെ സംരക്ഷണവും ഡോക്യുമെന്റേഷനും, കാവുകളുടെ ബയോട്ടയെക്കുറിച്ചുള്ള പഠനങ്ങൾ, മത്സ്യബന്ധന മേഖലകളിലെ ഗോസ്റ്റ് വലകൾ തിരിച്ചറിയുന്നതിനുള്ള സമുദ്ര നിരീക്ഷണം, ജീവവൈവിധ്യ നിയമത്തിലെ സെക്ഷൻ 38 പ്രകാരം സൂചിപ്പിക്കപ്പെട്ട അപൂർവ സസ്യജാതികളുടെ പ്രചരണം, വർധന ലക്ഷ്യമാക്കി ഒരു സമഗ്രമായ ഫ്രെയിംവർക്ക് തയ്യാറാക്കുകയും സൂചിപ്പിക്കപ്പെട്ട സസ്യജാതികളുടെ പട്ടിക പുതുക്കുകയും ചെയ്യുക, അതോടൊപ്പം പുതുക്കിയ പട്ടിക പ്രസിദ്ധീകരിക്കുക, കേരളത്തിലെ പരിസ്ഥിതികളുടെ റെഡ് ലിസ്റ്റ് മൂല്യനിർണ്ണയം, കേരളത്തിലെ നദികളിലെ മാക്രോ-ബ്രാച്ചിയം കൊഞ്ചുകളുടെ വർഗ്ഗീകരണവും നിലവിലെ അവസ്ഥയും, പ്രകൃതിദത്ത പാറകൾ, ആകസ്മികമായ പാറകൾ, തരിശായി കിടക്കുന്ന കടൽത്തീരങ്ങൾ എന്നിവയെ അപേക്ഷിച്ച് കൃത്രിമ പാറകളുടെ ജൈവവൈവിധ്യ വിലയിരുത്തൽ, കേരളത്തിന്റെ തീരപ്രദേശത്തെ അധിനിവേശ ജീവിവർഗങ്ങളുടെ സമഗ്രമായ മാപ്പിംഗും ആഘാത വിലയിരുത്തലും, തിരുവനന്തപുരം നഗരത്തിനായുള്ള സിറ്റി ജൈവവൈവിധ്യ സൂചികയുടെ വികസനം, തദ്ദേശഭരണ പ്രദേശങ്ങളിലെ ഗ്രീൻ ഓഡിറ്റിംഗ് എന്നിവ ഉൾപ്പെടുന്നു.

ജൈവവൈവിധ്യ ബോർഡിന്റെ ശാക്തീകരണത്തിൽ ജൈവവൈവിധ്യ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ/സിമ്പോസിയം, പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള യു.എൻ ദിനാചരണങ്ങൾ, ജൈവവൈവിധ്യ ക്ലബ്ബിന്റെ പ്രകടന മെച്ചപ്പെടുത്തലും നിരീക്ഷണ സംവിധാനവും, ജൈവവൈവിധ്യ വിദ്യാഭ്യാസം, പരിശീലനം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്നു. കൂടാതെ ബോധവൽക്കരണ പരിപാടികൾ, സംസ്ഥാന ജൈവവൈവിധ്യ ഫണ്ട്, ജൈവവൈവിധ്യ അവാർഡ്, ജൈവവൈവിധ്യ കോൺഗ്രസ്സ്, ജൈവവൈവിധ്യ മ്യൂസിയം, പിണറായിയിലെ അഗ്രോ ഡൈവേഴ്സിറ്റി സെന്റർ, അടിസ്ഥാന സൗകര്യങ്ങൾ, ഓഫീസ് കെട്ടിടവും മറ്റ് ചെലവുകളും ഉൾപ്പെടെ കെ.എസ്.ബി.ബിയുടെ പ്രവർത്തന ചെലവുകൾ ജൈവവൈവിധ്യ വിവര സംവിധാനം, ഉപഭോക്തൃ സൗഹൃദ ഡാഷ് ബോർഡ്, പ്രവർത്തന ചെലവുകൾ, തിരഞ്ഞെടുത്ത ജൈവവൈവിധ്യ ക്ലബ്ബുകളിൽ പ്രാദേശിക ജൈവവൈവിധ്യ, പരമ്പരാഗത വിജ്ഞാന പ്രദർശനങ്ങൾ, വള്ളക്കടവ് ജൈവവൈവിധ്യ മ്യൂസിയത്തിനുള്ളിൽ റിവർ മ്യൂസിയം സ്ഥാപനം എന്നിവയും ഉൾപ്പെടുന്നു.

2025-26 ബജറ്റിൽ 1050. 00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

### 5. പരിസ്ഥിതി ആഘാതം വിലയിരുത്തൽ

**(വിഹിതം: 160. 00 ലക്ഷം രൂപ)**

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം രൂപീകരിച്ചിട്ടുള്ള ഏജൻസിയാണ് എസ്.ഇ.ഐ.എ.എ. ജലവിഭവം, വ്യവസായം, പശ്ചാത്തലം തുടങ്ങിയ മേഖലകളിലെ പ്രധാന പ്രോജക്ടുകളുടെ അനിവാര്യമായ ഉപാധിയാണ് പരിസ്ഥിതി ആഘാതം വിലയിരുത്തൽ. 2006-ലെ

ഇ.ഐ.എ വിജ്ഞാപനത്തിലെ ഷെഡ്യൂൾഡ് ബി വിഭാഗത്തിൽ വരുന്ന പ്രോജക്ടുകൾക്ക് പാരിസ്ഥിതിക അനുമതി നൽകുന്നതിനുള്ള ആത്യന്തിക അതോറിറ്റിയായ സംസ്ഥാന പരിസ്ഥിതി ആഘാത വിലയിരുത്തൽ അതോറിറ്റി 2025-26 കാലയളവിൽ കാര്യശേഷി വർദ്ധിപ്പിക്കുന്ന പ്രോഗ്രാമുകൾക്കും ഹൈക്കോടതിയിലെയും എൻ.ജി.റ്റി, എ.എം.സി എന്നിവയിലെ സ്റ്റാൻഡിംഗ് കൗൺസിലുകളുടെ പരിശീലനത്തിനും, 2011 മുതൽ പ്രവർത്തനമാരംഭിച്ച എസ്.ഐ.എ.എ, എസ്.ഇ.എ.സി എന്നിവയുടെ നിയമാനുസൃതമായ പ്രവർത്തനത്തിനും മറ്റ് ചെലവുകൾക്കുമായി ഈ തുക വിനിയോഗിക്കും. ഇന്ത്യാ ഗവൺമെന്റിന്റെ പരിസ്ഥിതി മന്ത്രാലയം രൂപീകരിച്ച ജില്ലാ പരിസ്ഥിതി ആഘാത വിലയിരുത്തൽ അതോറിറ്റിയുടെ ജില്ലാതല മൂല്യനിർണ്ണയ സമിതികളുടെ പ്രവർത്തനത്തിനും ഈ പദ്ധതിയിൽ നിന്നും തുക വിനിയോഗിക്കും. പരിസ്ഥിതി ദുർബല പ്രദേശങ്ങളെ സംബന്ധിച്ച പഠനം നടത്തുന്നതിനും പരിസ്ഥിതി ആഘാതം വിലയിരുത്തുന്നതിനും വിഹിതം ഉപയോഗിക്കാവുന്നതാണ്. ഈ പ്രവർത്തനങ്ങൾക്കായി 2025-26 വാർഷിക ബജറ്റിൽ 160.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 6. കാലാവസ്ഥാവ്യതിയാനം

**(വിഹിതം: 192.00 ലക്ഷം രൂപ)**

കാലാവസ്ഥാവ്യതിയാനം കേരളത്തിലെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന്റെ സുസ്ഥിരതയ്ക്കും, സമൂഹത്തിന്റെ ഉപജീവന മാർഗങ്ങൾക്കും, പരിസ്ഥിതി പരിപാലനത്തിനും കടുത്ത വെല്ലുവിളിയാണ് ഉയർത്തുന്നത്. സംസ്ഥാനത്ത്, കാലാവസ്ഥാ വ്യതിയാന സംബന്ധിയായ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പ് നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്നു. മനുഷ്യാവകാശം, ആരോഗ്യം, തദ്ദേശീയരായ ജനങ്ങൾ, പ്രദേശിക സമൂഹം, കുടിയേറ്റക്കാർ, കുട്ടികൾ, അംഗവൈകല്യമുള്ളവർ, പ്രത്യേക പരിഗണന വേണ്ടവർ, ലിംഗസമത്വം, സ്ത്രീ ശാക്തീകരണം, ഇന്റർ ജനറേഷനൽ തുല്യത എന്നീ മേഖലകളിൽ കാലാവസ്ഥാമാറ്റം മൂലമുണ്ടാകുന്ന പ്രശ്നങ്ങളെ അനുയോജ്യമായ വിധത്തിൽ പരിഹരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

2025-26-ൽ 192.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സുസ്ഥിരമായ ഉപജീവനമാർഗ്ഗവും പരിസ്ഥിതി പുനരുജ്ജീവനവും ഉറപ്പാക്കുന്ന കാലാവസ്ഥാ പ്രതിരോധശേഷിയുള്ള കേരളത്തിനായുള്ള ശാസ്ത്രീയ സമീപനത്തിന് പദ്ധതി ഊന്നൽ നൽകും. സംസ്ഥാന കാലാവസ്ഥാ വ്യതിയാന സെല്ലിന്റെ ശാക്തീകരണവും സംസ്ഥാന കാലാവസ്ഥാ വ്യതിയാന നോളജ് മാനേജ്മെന്റ് പോർട്ടലിന്റെ വികസനവും പദ്ധതിയുടെ ഭാഗമാണ്. ജി.സി.എഫ്, എൻ.എ.എഫ്.സി.സി തുടങ്ങിയ കാലാവസ്ഥാ വ്യതിയാന ഫണ്ടുകൾ ലഭ്യമാകുന്നതിനുള്ള സാങ്കേതിക സഹായവും ഈ പദ്ധതിയ്ക്ക് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതിയുടെ ഘടകം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ആവർത്തന പ്രോജക്ടുകൾ | 100.00 |
| 2 | പുതിയ പ്രോജക്ടുകൾ | 27.00 |
| 3 | സംസ്ഥാന കാലാവസ്ഥാ വ്യതിയാന സെൽ | 40.00 |
| 4 | ഉജ്വൽ പോസ്റ്റ്ഡോക്ടറൽ ഫെലോഷിപ്പ് | 25.00 |
| **ആകെ** | | **192.00** |

### 7. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

**(വിഹിതം: 300.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ മലിനീകരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള വിപുലമായ ആസൂത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയുടെ നിയമപരമായ അധികാരം സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിനാണ്. ജലം, വായു (മലിനീകരണം തടയലും നിയന്ത്രണവും), പരിസ്ഥിതി

സംരക്ഷണം, അപകടകാരികളായ മാലിന്യങ്ങൾ (പരിപാലനവും അതിർത്തി കടന്നുള്ള ചലനവും), ബയോമെഡിക്കൽ മാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ, നഗരങ്ങളിൽ നിന്നുള്ള ഖരമാലിന്യങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ, ബാറ്ററികൾ (നിയന്ത്രണവും കൈകാര്യം ചെയ്യലും), ശബ്ദമലിനീകരണം (നിയന്ത്രിക്കൽ) എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങളും വ്യവസ്ഥകളും നടപ്പിലാക്കുന്നതിനുള്ള അധികാരം മലിനീകരണ നിയന്ത്രണ ബോർഡിനാണ്.

2025-26 ൽ ഏറ്റെടുക്കുന്ന പ്രധാന പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്.

1. അടിസ്ഥാന സൗകര്യ വികസനവും ബോർഡിന്റെ ജില്ലാ-മേഖലാ ലബോറട്ടറികൾ നവീകരിക്കുന്നതിനുള്ള ഉപകരണങ്ങളുടെ വാങ്ങലും.
2. വ്യവസായ മാനേജ്മെന്റിനും നിരീക്ഷണത്തിനുമുള്ള കേന്ദ്രീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോം.
3. മലിനീകരണ നിയന്ത്രണ ബോർഡിന്റെ എല്ലാ ഓഫീസുകളുടെയും ഡിജിറ്റൈസേഷനായി കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാങ്ങലും ഐ.ടി സെല്ലിന്റെ ഡിജിറ്റൈസേഷനും.
4. മാധ്യമങ്ങൾ, ആനിമേഷൻ, പ്രോഗ്രാമുകൾ, ഹ്രസ്വചിത്രങ്ങൾ, ബ്രോഷറുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയിലൂടെയുള്ള പൊതുജനബോധവൽക്കരണ പരിപാടികളും, ബന്ധപ്പെട്ടവർക്കുള്ള പരിശീലനവും.
5. ആലുവയിൽ ജലഅതോറിറ്റിയുടെ പ്രധാന പമ്പ് ഹൗസുകൾക്ക് സമീപം ആർ.റ്റി.ഡബ്ല്യു.ക്യൂ.എം.എസ് സ്ഥാപിക്കൽ.
6. ശബരിമലയിലെ പരിസ്ഥിതി നിരീക്ഷണം.
7. മലിനീകരണ നിയന്ത്രണ ബോർഡ് ഓഫീസർമാരുടെ പരിശീലനം.

2025-26 ൽ 300.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു.

## 8. സംസ്ഥാന തണ്ണീർത്തട അതോറിറ്റി, കേരള (SWAK)

**(വിഹിതം: 150.00 ലക്ഷം രൂപ)**

കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി സംസ്ഥാനത്തെ തണ്ണീർത്തട സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. തദ്ദേശസ്ഥാപനങ്ങൾ, എൻ.ജി.ഒ-കൾ, മറ്റ് ഏജൻസികൾ എന്നിവയുടെ പ്രവർത്തനങ്ങളെ ക്രമീകരിച്ച് ഏകോപന പ്രവർത്തനത്തിലൂടെ ആവാസ വ്യവസ്ഥയുടെ തനതായ ജൈവവൈവിധ്യസംരക്ഷണ നയങ്ങൾ നടപ്പിലാക്കുകയും അതു വഴി സംസ്ഥാനത്തെ തണ്ണീർത്തടങ്ങളെ പുനരുദ്ധരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. പദ്ധതി വിഹിതം തണ്ണീർത്തട അതോറിറ്റിയുടെ ഭരണച്ചെലവുകൾ വഹിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. അംഗീകരിച്ച കർമ്മ പദ്ധതികളുടെ അടിസ്ഥാനത്തിൽ തണ്ണീർത്തടങ്ങളിലെ ജൈവസംരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനും, തണ്ണീർത്തട സംരക്ഷണ പരിപാലന നിയമങ്ങൾ (2017) നടപ്പിലാക്കൽ, തണ്ണീർത്തട വിദ്യാഭ്യാസം, സ്ഥിതിവിവര കണക്കുകളുടെ വിപുലീകരണം, പ്രചാരണ പ്രവർത്തനങ്ങൾ, മാനേജ്മെന്റ് ആക്ഷൻ പ്ലാനുകളുടെ പുതുക്കൽ, തണ്ണീർത്തട ചട്ടങ്ങൾ (സംരക്ഷണവും മാനേജ്മെന്റും) അനുസരിച്ച് തണ്ണീർത്തടങ്ങളുടെ സംയോജിത മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കൽ എന്നിവയും ഉൾപ്പെടുന്നു. അടിസ്ഥാന സൗകര്യ വികസനം, പ്രവർത്തന ചെലവ്, ബോധവൽക്കരണ പ്രവർത്തനങ്ങൾ, പുതിയ റാംസർ സൈറ്റുകൾ നിശ്ചയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, തണ്ണീർത്തട സമ്മേളനം, ജൈവവൈവിധ്യ ഇൻവെന്ററി, ഡോക്യുമെന്റേഷൻ, മൊബൈൽ തണ്ണീർത്തട നിരീക്ഷണ യൂണിറ്റ്, ഐടി ഇൻഫ്രാസ്ട്രക്ചർ, കമ്പ്യൂട്ടർ, സ്റ്റേഷനറി, ഫീൽഡ് സർവേ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളുടെ പ്രവർത്തനം, സംയോജിത പ്രവർത്തന പദ്ധതികൾ, തണ്ണീർത്തട ഭൂപടങ്ങൾ എന്നിവ തയ്യാറാക്കാനും പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതിക്കായി 150.00 ലക്ഷം രൂപ 2025-26 ൽ വകയിരുത്തിയിരിക്കുന്നു. ഘടകം തിരിച്ചുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ ഭരണപരമായ പ്രവർത്തനം | 48.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 2 | തണ്ണീർത്തട നിയമങ്ങൾ നടപ്പിലാക്കൽ-തണ്ണീർത്തടങ്ങളുടേയും അനുബന്ധ പ്രവർത്തനങ്ങളുടേയും നോട്ടിഫിക്കേഷൻ, തണ്ണീർത്തട അതിർത്തി നിർണയം | 32.00 |
| 3 | തണ്ണീർത്തട വിദ്യാഭ്യാസം, സ്ഥിതി വിവര കണക്കുകളുടെ വിപുലീകരണം, പ്രചരണ പ്രവർത്തനങ്ങൾ | 40.00 |
| 4 | തണ്ണീർത്തട സംരക്ഷണവും പരിപാലന നിയമങ്ങളും അനുസരിച്ച് തണ്ണീർത്തടങ്ങളുടെ സംയോജിത മാനേജ്മെന്റ് കർമ്മ പദ്ധതികളുടെ തയ്യാറാക്കലും പുനരവലോകനവും | 30.00 |
| **ആകെ** | | **150.00** |

**9. തീരദേശ മേഖലാ പരിപാലന അതോറിറ്റി (കെ.സി.ഇസ്സെഡ്.എം.എ.)**

**(വിഹിതം: 120.00 ലക്ഷം രൂപ)**

തീരദേശ പരിസ്ഥിതി സംരക്ഷണത്തിന് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് (സംരക്ഷണം), പരിസ്ഥിതി നിയമം 1986 പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു സ്വതന്ത്ര അതോറിറ്റിയാണ് കേരള തീരദേശ പരിപാലന അതോറിറ്റി. കേരളത്തിലെ മുഴുവൻ തീരപ്രദേശങ്ങളിലും തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം കൃത്യമായി നടപ്പിലാക്കുന്നത് കെ.സി.ഇസഡ്.എം.എ ആണ്. പ്രൊപ്പോസലുകളും ശുപാർശകളും പരിശോധിക്കുക, അതിക്രമങ്ങളും പരാതികളും ആരോപിക്കപ്പെടുന്ന കേസുകളിൽ അന്വേഷണം നടത്തുക, തീരദേശ നിയന്ത്രണ മേഖലയുടെ വ്യവസ്ഥകൾ നടപ്പിലാക്കുക, തീരദേശ നിയന്ത്രണ മേഖലകളിലെ പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ കണ്ടെത്തൽ എന്നിവയാണ് ഈ അതോറിറ്റിയുടെ ചുമതലകൾ. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ആയിരിക്കും കേരള തീരദേശ മേഖലാ പരിപാലന അതോറിറ്റിയുടെ ബോർഡിംഗ് ആഫീസ്.

2025-26 ൽ തീരദേശ മേഖലാ പരിപാലന അതോറിറ്റിയുടെ ദൈനംദിന നടത്തിപ്പിനായി 120.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ആഫീസ് ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പ്, പ്രിന്റർ, സ്റ്റേഷനറി, ഫർണിച്ചർ തുടങ്ങിയവ വാങ്ങുന്നതിലേയ്ക്കും, ഓണറേറിയം, ഫീൽഡ് ഇൻസ്പെക്ഷൻ ചാർജ്ജുകൾ, മീറ്റിംഗുകൾ നടത്തുന്നതിനായുള്ള ചെലവുകൾ, വിദഗ്ധർക്കുള്ള സിറ്റിംഗ് ഫീസ്, കെ.സി.ഇസ്സെഡ്.എം.എ യുടെ ജില്ലാ തലത്തിലുള്ള കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ, കോടതി കേസ്സുകൾക്കുള്ള പ്രൊഫഷണൽ ഫീസ്, സുപ്രീം കോടതി കേസുകൾ നടത്തുക, ഐ.ഇ.സി പ്രവർത്തനങ്ങൾ എന്നിവയ്ക്കും, വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതുൾപ്പെടെയുള്ള ഗതാഗത ചെലവുകൾ, തപാൽ സ്റ്റാമ്പ്, വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്യൽ, വേതനം, പ്രതിഫലം, പുസ്തകങ്ങളും ജേണലുകളും വാങ്ങുക, ബോധവൽക്കരണ പരിപാടികൾ നടത്തുക എന്നിവയ്ക്കായി പദ്ധതി വിഹിതം വകയിരുത്തിയിരിക്കുന്നു.

**10. സംസ്ഥാന തണ്ണീർത്തട അതോറിറ്റി, കേരള (SWAK) (സംസ്ഥാന വിഹിതം 40 ശതമാനം)**

**(വിഹിതം: 60.00 ലക്ഷം രൂപ)**

കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി സംസ്ഥാനത്തിനുള്ളിലെ തണ്ണീർത്തട സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. തദ്ദേശസ്ഥാപനങ്ങൾ, എൻ.ജി.ഒകൾ, മറ്റ് ഏജൻസികൾ എന്നിവയുടെ പ്രവർത്തനങ്ങളെ ക്രമീകരിച്ച് ഏകോപന പ്രവർത്തനത്തിലൂടെ ആവാസ വ്യവസ്ഥയുടെ തനതായ ജൈവവൈവിദ്ധ്യസംരക്ഷണ നയങ്ങൾ നടപ്പിലാക്കുകയും അതു വഴി സംസ്ഥാനത്തെ തണ്ണീർത്തടങ്ങളെ പുനരുദ്ധരിക്കുകയും, സംരക്ഷിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. വേമ്പനാട്-കോൾ, അഷ്ടമുടി, ശാസ്താംകോട്ട എന്നീ തണ്ണീർത്തടങ്ങളുടെ അംഗീകൃത സംയോജിത പരിപാലന കർമ്മപദ്ധതികളുടെ അടിസ്ഥാനത്തിൽ തണ്ണീർത്തടങ്ങളുടെ പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പാക്കുകയാണ് പ്രധാന ലക്ഷ്യം. റാംസർ തണ്ണീർത്തടങ്ങൾക്കായുള്ള പരിപാലന-ആസൂത്രണം പ്രധാനമായും സ്ഥാപനങ്ങൾ, ഭരണനിർവ്വഹണം, വൃഷ്ടി സംരക്ഷണം, ജല പരിപാലനം, ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര ഉപജീവന മാർഗ്ഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്.

വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട തുടങ്ങിയ തണ്ണീർത്തടങ്ങളെ സംബന്ധിച്ച പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. 2025-26 ൽ 40 ശതമാനം സംസ്ഥാന വിഹിതമായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**11. കാലാവസ്ഥയ്ക്കനുയോജ്യമായ കൃഷി**

**(വിഹിതം: 30.00 ലക്ഷം രൂപ)**

സാങ്കേതിക പ്രവർത്തനങ്ങളിലൂടെയും തന്ത്രപരമായ ഗവേഷണത്തിലൂടെയും കാലാവസ്ഥാ വ്യതിയാനത്തിൽ നിന്നും കൃഷിയെ പൂർവ്വസ്ഥിതിയിലാക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. കാലാവസ്ഥാ വ്യതിയാനത്തോടുള്ള കൃഷിയുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ നയങ്ങളും പരിപാടികളും ആവശ്യമാണ്. മണ്ണിലെ ജൈവ-കാർബൺ പുഷ്ടിപ്പെടുത്തൽ, സ്ഥലത്തെ ഈർപ്പം സംരക്ഷിക്കൽ, കത്തിക്കുന്നതിന് പകരമുള്ള മാലിന്യ സംസ്കരണം, ജലസംഭരണവും അനുബന്ധ ജലസേചനത്തിനായുള്ള പുനരുപയോഗങ്ങളും, വർദ്ധിച്ചു വരുന്ന വരൾച്ചയും വെള്ളപ്പൊക്കവും നേരിടുന്നതിനുള്ള രീതികൾ, ജലസംരക്ഷണ സാങ്കേതികവിദ്യകൾ, ഭൂപ്രകൃതി അധിഷ്ഠിത കൃഷി രീതികൾ, പോഷക പരിപാലനം എന്നിവയാണ് കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെടാൻ കൃഷിയെ സഹായിക്കുന്ന ഘടകങ്ങൾ. കേരള കാർഷിക സർവ്വകലാശാലയിലെ ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷനുമായി ഏകോപിപ്പിച്ചാണ് പ്രയോഗങ്ങളുടെയും ശുപാർശകളുടേയും പാക്കേജ് തീരുമാനിയ്ക്കുക. സംസ്ഥാനത്തെ കാർഷിക മേഖലയുടെ മെച്ചപ്പെട്ട കാലാവസ്ഥാ പ്രതിരോധശേഷിയാണ് പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന ഫലം.

2025-26 ൽ നിലവിലുള്ള പദ്ധതികൾക്കു പുറമെ ദുർബലമായ ജില്ലകൾ/കാർഷിക-കാലാവസ്ഥാ മേഖലകൾ എന്നിവയുടെ പുനരുജ്ജീവനം ലക്ഷ്യമാക്കിക്കൊണ്ട് താഴെ പറയുന്ന പദ്ധതികളിൽ കൂടി കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കും.

- പ്രധാനപ്പെട്ട കാർഷിക വിളകൾക്കായി കാലാവസ്ഥയെ പ്രതിരോധിക്കുന്ന പ്രോട്ടോക്കാൾ വികസിപ്പിക്കുക.
- ഊർജ-കാര്യക്ഷമമായ കാർഷിക രീതികളുടെ പ്രോത്സാഹനം.
- കേരളത്തിലെ കാർഷിക-പാരിസ്ഥിതിക മേഖലകളിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ അപകടസാധ്യതയും വിലയിരുത്തലും സംസ്ഥാനത്ത് കൃഷിവൈജ്ഞാനിക നയങ്ങൾ സ്വീകരിക്കൽ.
- പരമ്പരാഗതവും കാലാവസ്ഥയെ പ്രതിരോധിക്കുന്നതുമായ ഇനങ്ങൾ അല്ലെങ്കിൽ ലാൻഡ്റേസുകളുടെ പ്രോത്സാഹനവും അതിന്റെ മൂല്യവർദ്ധനയും
- ദുർബലമായ കാർഷിക-കാലാവസ്ഥാ മേഖലകളിലെ അഡാപ്റ്റീവ് ക്രോപ്പിംഗ് രീതികൾക്കായുള്ള ബോധവൽക്കരണ പരിപാടികൾ.

ഈ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 30.00 ലക്ഷം രൂപ വകയിരുത്തുന്നു.

**12. കേരള സ്റ്റേറ്റ് ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ മിഷൻ (കെ.എസ്.സി.സി.എ.എം)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

04.08.2023 ലെ സർക്കാർ ഉത്തരവായ ജി.ഒ(ആർ.റ്റി) നമ്പർ 61/2023/Envt, 06.12.2023 ലെ സർക്കാർ ഉത്തരവായ G.O (Ms) നമ്പർ 1/2023-Envt എന്നിവ മുഖേന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സർക്കാർ കേരള കാലാവസ്ഥാ വ്യതിയാന അഡാപ്റ്റേഷൻ മിഷൻ (കെ.എസ്.സി.സി.എ.എം) രൂപീകരിച്ചു. പരിസ്ഥിതി വകുപ്പിന് കീഴിലാണ് മിഷന്റെ പ്രവർത്തനങ്ങൾ നിർവ്വചിക്കപ്പെട്ടിട്ടുള്ളത്. നയപരമായ തലത്തിൽ മിഷന്റെ പ്രധാന ശ്രദ്ധ ആശാസ്യമായ എമിഷൻ നേട്ടങ്ങൾ കൈവരിക്കുകയെന്നതും പൊരുത്തപ്പെടൽ, പ്രതിരോധം എന്നീ ലക്ഷ്യങ്ങൾക്ക് മുൻഗണന നൽകുകയുമാണ്.

2025-26 ൽ, കേരള കാലാവസ്ഥാ വ്യതിയാന സംഭാഷണ പരമ്പര, ഓഫീസ് സ്ഥാപന ചെലവുകൾ, കാർബൺ ക്യാപ്ചർ ഉപയോഗങ്ങളും, സംഭരണ സാങ്കേതിക വിദ്യകളെയും സ്വീകരിക്കൽ എന്നിവ ഈ പദ്ധതിയ്ക്ക് കീഴിലുള്ള പ്രധാന ഘടകങ്ങളാണ്. 2025-26 ൽ 100.00 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്.

# IX. സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ

## 9.1 വിദ്യാഭ്യാസം

സംസ്ഥാനത്തിന്റെ പദ്ധതിയിൽ വിദ്യാഭ്യാസത്തിന്, പ്രത്യേകമായ ഊന്നൽ നൽകുന്നുണ്ട്. 2016-ൽ കേരള ഗവൺമെന്റ് തുടക്കം കുറിച്ച നവകേരള മിഷന്റെ 4 ഘടകങ്ങളിലൊന്നായ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസം കാര്യമായ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. നവകേരളം മിഷന്റെ ഘടകമായ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ തുടർച്ചയായ 'വിദ്യാ കിരണം' പദ്ധതിയിലൂടെയും ഈ ഇടപെടൽ തുടരുകയാണ്. സ്കൂൾവിദ്യാഭ്യാസമേഖലയിലും ഉന്നത വിദ്യാഭ്യാസമേഖലയിലും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾക്കായി പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയ്ക്ക് 2025-26 വർഷം 1,86,733.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 1,08,382.00 ലക്ഷം രൂപ സ്കൂൾ വിദ്യാഭ്യാസമേഖലയിലും 51,721.00 ലക്ഷം രൂപ ഉന്നത വിദ്യാഭ്യാസ മേഖലയിലും 26,630.00 ലക്ഷം രൂപ സാങ്കേതിക വിദ്യാഭ്യാസമേഖലയിലുമാണ് വകയിരുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ ചേർത്തിരിക്കുന്നു.

**വിഹിതം (രൂപ ലക്ഷത്തിൽ)**

| സെക്ടർ | സംസ്ഥാന പദ്ധതി | ആകെ പദ്ധതി (കേന്ദ്രം വിഹിതം ഉൾപ്പെടെ) |
|---|---|---|
| 1. സ്കൂൾ വിദ്യാഭ്യാസം | 1,08,382.00 | 1,82,782.00 |
| 2.ഉന്നതവിദ്യാഭ്യാസം (യൂണിവേഴ്സിറ്റികളും കോളേജ് വിദ്യാഭ്യാസവും) | 51,721.00 | 56,331.00 |
| **പൊതു വിദ്യാഭ്യാസം** | **1,60,103.00** | **2,39,113.00** |
| **3. സാങ്കേതിക വിദ്യാഭ്യാസം** | 26,630.00 | 26,631.00 |
| **ആകെ** | **1,86,733.00** | **2,65,744.00** |

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്കൂൾ-ഉന്നത വിദ്യാഭ്യാസ മേഖലകളിലെ അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനും, ഗവേഷണ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും പോളിടെക്നിക്കുകളുടെ വികസനത്തിനുമായി ഗണ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ഭിന്നശേഷി സൗഹൃദ അന്തരീക്ഷം സ്ഥാപനങ്ങളിൽ സൃഷ്ടിക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗണ്യമായ തുക വകയിരുത്തിക്കൊണ്ട് ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും ഊന്നൽ നൽകിയിട്ടുണ്ട്.

### എ. സ്കൂൾ വിദ്യാഭ്യാസം

വകുപ്പിനെ സഹായിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അവയെ താഴെ പറയുന്ന അഞ്ച് പ്രധാന ഉപവിഭാഗങ്ങളായി തിരിച്ച് നൽകിയിരിക്കുന്നു. പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനായി ഈ അഞ്ച് മേഖലകളിലും സമയബന്ധിതമായി സമയ, പ്രയത്ന, ധന നിക്ഷേപങ്ങൾ നടത്തി പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതാണ്.

1. അടിസ്ഥാന സൗകര്യ വികസനം
2. അക്കാദമിക മികവ് ഉറപ്പാക്കൽ
3. വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ
4. ഭരണ അക്കാദമിക മോണിറ്ററിംഗ്
5. മറ്റ് പ്രവർത്തനങ്ങൾ

## 1. സ്കൂൾ അടിസ്ഥാന സൗകര്യ വികസനം

**(വിഹിതം: 8428.00 ലക്ഷം രൂപ)**

കേരളത്തിൽ ഏകദേശം 11.61 ലക്ഷം കുട്ടികൾ സർക്കാർ സ്കൂളുകളിൽ പഠിക്കുന്നുണ്ട്. ഇത് സംസ്ഥാനത്തെ സ്കൂളുകളിൽ പഠിക്കുന്ന ആകെ കുട്ടികളുടെ 31.85 ശതമാനമാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കൂടിയിട്ടുണ്ട്. ഈ പദ്ധതിയുടെ താഴെപ്പറയുന്ന ഘടകങ്ങളുടെ പ്രവർത്തനങ്ങൾക്കായി 2025-26ൽ 8428.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### എ. സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ

പ്രൈമറി ക്ലാസ്സുകളിലാണ് കുട്ടികളുടെ വർദ്ധനവ് പ്രധാനമായും ഉണ്ടായിട്ടുള്ളത്. അതുകൊണ്ടുതന്നെ സർക്കാർ സ്കൂളുകളിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിന് അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലും വിപുലീകരണവും ആവശ്യമാണ്. അതിനാൽ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ, വിദ്യാഭ്യാസ ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, സ്ത്രീ - സൗഹൃദ ടോയ്‌ലറ്റുകൾ, മൂത്രപ്പുരകൾ എന്നിവയുൾപ്പെടെ ആധുനിക സൗകര്യങ്ങളുള്ള പുതിയ ബ്ലോക്കുകൾ/മുറികൾ നിർമ്മിക്കുന്നതിന് തുക നീക്കിവച്ചിരിക്കുന്നു. തുകയുടെ ഒരു ഭാഗം സ്പെഷ്യൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനായി ആവശ്യമുള്ള നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് ഉപയോഗിക്കേണ്ടതാണ്.

2025-26 വർഷത്തിൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 6000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### ബി. പ്രതിബന്ധ രഹിത സ്കൂളുകൾ

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രതിബന്ധരഹിത വിദ്യാലയങ്ങൾ വികസിപ്പിക്കുന്നതിന് വേണ്ടി ആവശ്യമായ സജ്ജീകരണങ്ങൾ നൽകുന്നതിനാണ് ഈ ഘടകം. വീൽചെയറിൽ സഞ്ചരിക്കുന്നവർ, കാഴ്ചയില്ലാത്തവരും ഭാഗീക കാഴ്ചശക്തിയുള്ളവരും, കേൾവി കുറവുള്ളവർ, പഠന വൈകല്യമുള്ളവർ, അസുഖം മൂലമോ, അപകടം വഴിയോ താൽക്കാലിക ശേഷിക്കുറവുകൾ ഉള്ളവർ എന്നിങ്ങനെയുള്ള വിദ്യാർത്ഥികൾക്ക്, തടസ്സങ്ങളില്ലാത്ത, വിദ്യാലയം സജ്ജീകരിക്കേണ്ടതുണ്ട്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കൂൾ പരിസരത്ത് തടസ്സരഹിതമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ/പ്രത്യേക പഠനോപകരണങ്ങൾ/ഉപകരണങ്ങൾ എന്നിവയ്ക്കായി ഈ ഘടകത്തിനായി നീക്കിവെച്ച തുക ഉപയോഗിക്കാവുന്നതാണ്. സ്പെഷ്യൽ സ്കൂളുകൾക്ക് മുൻഗണന നൽകേണ്ടതാണ്. ബ്ലോക്ക്തല റിസോഴ്സ് സ്കൂളുകളിലെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും തുക ഉപയോഗിക്കാം.

2025-26 വർഷത്തിൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### സി. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങി പിഡബ്ല്യുഡി ചെയ്യുന്ന പ്രവൃത്തികൾ ഒഴികെയുള്ളവ പൂർത്തിയാക്കുക

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലാതെ നിരവധി സ്കൂളുകൾ വാടക അടിസ്ഥാനത്തിൽ സ്വകാര്യ ഭൂമിയിൽ പ്രവർത്തിക്കുന്നതിനാൽ സർക്കാർ സ്കൂളുകൾക്ക് അവരുടെ സ്വന്തം ഭൂമിയിൽ പ്രവർത്തിക്കുന്നതിന് വേണ്ടിയാണ് ഈ ഘടകം ഉദ്ദേശിക്കുന്നത്.

2025-26 വർഷത്തിൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### ഡി) പൈതൃക കെട്ടിടത്തിന്റെ സംരക്ഷണം

കേരളീയ ശൈലി കൊണ്ട് ശ്രദ്ധേയമായ, ഒരു നൂറ്റാണ്ട് പിന്നിട്ട നിരവധി കെട്ടിടങ്ങൾ വകുപ്പിന് സ്വന്തമായുണ്ട്. ഈ പരമ്പരാഗത നിർമ്മാണങ്ങളുടെ നവീകരണവും സംരക്ഷണവും ഈ ഘടകം ഉദ്ദേശിക്കുന്നു.

2025-26 വർഷത്തിൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 280.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### ഇ) നിരാലംബരായ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം

പാവപ്പെട്ട വിദ്യാർത്ഥികൾക്കായി പ്രത്യേകിച്ച് തോട്ടം മേഖലകളിൽ താമസിക്കുന്നവർക്കിടയിൽ ആരോഗ്യ-പോഷകാഹാര പരിചരണവും ഗുണനിലവാരമുള്ള വിദ്യാഭ്യാസവും നൽകുന്നതിനും അത് വഴി കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും വേണ്ടി ഹോസ്റ്റലുകൾ നിർമ്മിക്കുക എന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. ആദ്യഘട്ടമെന്ന നിലയിൽ ഇടുക്കി, വയനാട് ജില്ലകളിലായി (ഇതിനകം പ്രവർത്തിക്കുന്ന സ്കൂളുകളുടെ കാമ്പസിനുള്ളിൽ) രണ്ട് ഹോസ്റ്റലുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

2025-26 വർഷത്തിൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 148.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 2. അടിസ്ഥാന സൗകര്യങ്ങളുടെ സുസ്ഥിരതയ്ക്ക് വേണ്ടിയുള്ള അടിയന്തിര സഹായം

**(വിഹിതം: 800.00 ലക്ഷം രൂപ)**

സ്കൂൾ കെട്ടിടങ്ങളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും സുസ്ഥിരതയ്ക്കുവേണ്ടിയുള്ള അടിയന്തിര സഹായം നൽകുന്നതിന് ഈ സ്കീമിനു കീഴിൽ തുക നീക്കി വച്ചിരിക്കുന്നു. അപ്രതീക്ഷിതമായി ഉണ്ടാകുന്ന അടിയന്തിര അറ്റകുറ്റപ്പണികൾക്കായി സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രകൃതിക്ഷോഭങ്ങൾ, ദുരന്തങ്ങൾ, പെട്ടെന്നുള്ള ഘടനാപരമായ പരാജയങ്ങൾ മുതലായ മുൻകൂട്ടിക്കാണാൻ കഴിയാത്ത സാഹചര്യങ്ങളുടെ ഫലമായുണ്ടാകുന്ന അടിസ്ഥാന സൗകര്യ ആവശ്യങ്ങൾ പരിഹരിക്കുന്നതിനാണ് ഈ ആകസ്മിക ഫണ്ട് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

2025-26 വർഷത്തിൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 3. അക്കാദമിക മികവ്

**(വിഹിതം: 3780.00 ലക്ഷം രൂപ)**

ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്ക് അനുസരിച്ച് ജീവിതനിലവാരം ഉയർത്തുന്നതിലേക്കുവേണ്ടി സ്കൂൾതലം തൊട്ടുതന്നെ ഉയർന്നതലത്തിലുള്ള കഴിവുകളും, അറിവുകളും വികസിപ്പിക്കേണ്ടതായിട്ടുണ്ട്. സ്കൂൾ തലത്തിൽ വിദ്യാഭ്യാസമികവ് ഉറപ്പുവരുത്തുന്നതിനും, അധ്യാപകപരിശീലനം നൽകുന്നവർക്ക് പരിശീലനം നൽകുന്നതിനും (പ്രത്യേകിച്ച് ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികളെ കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക്) ഉതകുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. പാർശ്വവത്കരിക്കപ്പെട്ടതും, പിന്നോക്കാവസ്ഥയിലുള്ളതുമായ വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികളുടെ ഗുണനിലവാരവും അക്കാദമിക് മെച്ചപ്പെടുത്തലും ഉറപ്പാക്കാൻ പ്രത്യേക ഊന്നൽ നൽകുന്നു. സമഗ്ര വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് പ്രത്യേക ഫണ്ടുകളും സ്കീമുകളും മാറ്റിവച്ചിട്ടുണ്ട്.

2025-26 വർഷത്തിലേക്ക് പദ്ധതി നടത്തിപ്പിനായി 3780.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 50 ശതമാനം കൂടുതൽ പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു. പട്ടികജാതി/പട്ടികവർഗ വകുപ്പുകൾക്ക് പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായി സമാഹരിച്ച ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

### (എ) ഗുണപരമായ വിദ്യാഭ്യാസം സ്വായത്തമാക്കൽ

ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളെ രണ്ടായി തരംതിരിച്ചിരിക്കുന്നു: 1) വിദ്യാഭ്യാസ ഗുണനിലവാരം പരിശോധിക്കൽ 2)അധ്യാപനത്തിന്റെയും പഠനത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ. വിദ്യാഭ്യാസ ഗുണനിലവാരം പരിശോധിക്കൽ പ്രവർത്തനങ്ങളിൽ ക്യു.ഐ.പി മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്ന പ്രവർത്തനങ്ങൾക്കായി 20.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

അദ്ധ്യാപനത്തിന്റെയും പഠനത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള 2025-26-ലെ പരിപാടികൾ ഇവയാണ് എ) സമഗ്ര അധ്യാപക പരിവർത്തന പരിപാടി (സ്റ്റേറ്റ് മിഷൻ ഫോർ ആക്ടീവ് റിസോഴ്സ്ഫുൾ ടീച്ചേഴ്സ് - സ്മാർട്ട്) ബി) അറബിക്, ഉറുദു വിദ്യാഭ്യാസ വികസനം സി) കുടിയേറ്റ തൊഴിലാളികളുടെ കുട്ടികൾക്കായുള്ള പ്രത്യേക പഠന പരിപാടി, ഡി) വിദേശ സർവകലാശാലകളുമായി സഹകരിച്ച് സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം ഫലപ്രദമാക്കുക. ഇ) അധ്യാപകർക്കും അധ്യാപകരെ

പരിശീലിപ്പിക്കുന്ന അധ്യാപകർക്കും വേണ്ടി കൗൺസിലിങ്ങിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുക. അദ്ധ്യാപനത്തിന്റെയും പഠനത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പ്രസ്തുത പരിപാടിക്ക് 50.00 ലക്ഷം തുക വകയിരുത്തിയിട്ടുണ്ട്.

2025-26 ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 70.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### (ബി) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി

ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തന മേഖല 5 മുതൽ 17 വയസ്സുവരെയുള്ള കുട്ടികൾക്കും പ്രാദേശിക ഭാഷയിലെ അധ്യാപകർക്കും ക്ലാസ് റൂം പഠനത്തെ പിന്തുണയ്ക്കുന്നതിനായി വീഡിയോ/ഓഡിയോ പ്രോഗ്രാമുകൾ തയ്യാറാക്കുന്നത് ഉൾപ്പെടുന്നു. ഡിജിറ്റൽ ഉള്ളടക്ക വികസനം, പ്രസിദ്ധീകരണങ്ങൾ, ടാലന്റ് ലാബ് പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ ഉപകരണങ്ങളുടെ വികസനം, കേരളത്തിലെ എല്ലാ കുട്ടികൾക്കും വേണ്ടി വിദ്യാഭ്യാസ ചലച്ചിത്രോത്സവം, ഗവേഷണം, വിദ്യാഭ്യാസ സാങ്കേതിക ക്ലബ്, അധ്യാപകർക്കുള്ള ശേഷി വികസന പരിശീലന പരിപാടി, ഓഫീസ് ഫർണിഷിംഗ്, ഓട്ടോമേഷൻ തുടങ്ങിയവയാണ് 2025-26 ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

2025-26-ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### (സി) സംസ്കൃത വിദ്യാഭ്യാസ വികസനം

ഉത്കൃഷ്ടമായ പൈതൃകവും സാംസ്കാരികത്തനിമയുമുള്ള ഭാഷയാണ് സംസ്കൃതം. സംസ്ഥാനത്തെ 3000 സ്കൂളുകളിൽ സംസ്കൃതം ഐച്ഛികവിഷയമായി പഠിക്കുന്നതിനുള്ള സൗകര്യമുണ്ട്. സംസ്ഥാനത്ത് 2 ലക്ഷത്തോളം വിദ്യാർത്ഥികൾ സംസ്കൃതഭാഷ പഠിക്കുന്നുണ്ട്. സംസ്കൃത കൗൺസിലുകൾക്കുള്ള സാമ്പത്തിക സഹായം, സംസ്കൃത സ്കോളർഷിപ്പ്, സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ നടത്തൽ, പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറുകളുടെയും സർട്ടിഫിക്കറ്റുകളുടെയും തയ്യാറാക്കൽ, അച്ചടി, വിതരണം, കൗൺസിൽ സെക്രട്ടറിമാർക്ക് ഒരു ദിവസത്തെ ഓറിയന്റേഷൻ, ജില്ലാ-സംസ്ഥാന തല സംസ്കൃത ദിനാചരണം, സംസ്കൃത സെമിനാർ, വിദ്യാഭ്യാസ ജില്ലാതല പ്രവർത്തനങ്ങൾക്ക് പിന്തുണ തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

2025-26 പദ്ധതി പ്രവർത്തനങ്ങൾക്കായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### (ഡി) സ്കൂളുകളിൽ ഗണിതശാസ്ത്രം, സയൻസ്, സാമൂഹ്യശാസ്ത്ര പഠനങ്ങൾ മെച്ചപ്പെടുത്തൽ

വിദ്യാർത്ഥികളിൽ ശാസ്ത്രീയാവബോധം സൃഷ്ടിക്കുക, സയൻസ്, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, പരിസ്ഥിതി അവബോധം ശക്തിപ്പെടുത്തുക, നൂതനമായ കഴിവുകൾ വളർത്തുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഈ ലക്ഷ്യം കൈവരിക്കാനായി, സ്കൂളുകളിൽ പ്രവർത്തിക്കുന്ന സയൻസ്, മാത്തമാറ്റിക്സ്, സോഷ്യൽ സയൻസ് ക്ലബ്സ് എന്നിവയിൽ വിവിധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. സ്കൂൾ തലം, ഉപജില്ലാ തലം, റവന്യൂ ജില്ലാ തലം, സംസ്ഥാന തലം, ദക്ഷിണേന്ത്യ തലം, ദേശീയ തലം എന്നിങ്ങനെയാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. ഈ ഘടകത്തിന് വകയിരുത്തിയ തുക മഞ്ചാടി, മഴവില്ല് തുടങ്ങിയ പരിപാടികൾക്കും ഉപയോഗിക്കാവുന്നതാണ്. കെ-ഡിസ്ക് വികസിപ്പിച്ച പരിപാടികളായ മഞ്ചാടിയും മഴവില്ലും, ക്ലാസ് മുറികളിൽ യഥാക്രമം ഗണിതശാസ്ത്ര വിദ്യാഭ്യാസവും ശാസ്ത്ര വിദ്യാഭ്യാസവും മെച്ചപ്പെടുത്തുന്നതിൽ കാര്യമായ വിജയം നേടിയിട്ടുണ്ട്.

2025-26-ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 210.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### (ഇ) ഇംഗ്ലീഷ് ഭാഷാ ജില്ലാകേന്ദ്രങ്ങൾ

ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം ഇംഗ്ലീഷ് ക്ലാസ് മുറികളിൽ മികച്ച പഠനാനുഭവങ്ങൾ സുഗമമാക്കുകയും ജില്ലയിലെ ഇംഗ്ലീഷ് അധ്യാപകരുടെ വിഭവശേഷി പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ്. ഇംഗ്ലീഷ് ഭാഷാ അധ്യാപനത്തിലെ സർട്ടിഫിക്കറ്റ് കോഴ്സുകൾ, പുതുതായി നിയമിതരായ പ്രൈമറി സ്കൂൾ അധ്യാപകർക്കുള്ള ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കുന്ന പ്രോഗ്രാം, ഇംഗ്ലീഷ് ഹൈസ്കൂൾ അധ്യാപകർക്കുള്ള പ്രാവീണ്യവികസന പരിപാടി, ഓറിയന്റേഷൻ പ്രോഗ്രാം, ഡി.ഇഎൽ.ഇഡി വിദ്യാർത്ഥികൾക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാം, ഡോക്യുമെന്റേഷൻ, ഇംഗ്ലീഷ് ഭാഷാ അധ്യാപനത്തിലെ സർട്ടിഫിക്കറ്റ് കോഴ്സിനായി വീക്ഷണ ശില്പശാല, ചട്ടക്കൂട് പരിഷ്കരണം, കോഴ്സ് കരിക്കുലം പരിചിതമാക്കൽ, മൂല്യനിർണ്ണയ ഉപാധികൾ തയ്യാറാക്കൽ ശില്പശാല, സംസ്ഥാനതല നിരീക്ഷണ, അവലോകന യോഗങ്ങൾ, ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം മുതലായവയാണ് 2025-26 കാലയളവിൽ പദ്ധതിയുടെ ഭാഗമായി നിർദ്ദേശിച്ചിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

2025-26-ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എഫ് ) പ്രത്യേക അധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങൽ**

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ രണ്ട് സർക്കാർ സ്പെഷ്യൽ ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നു, ഒന്ന് പരപ്പനങ്ങാടിയിലും (മലപ്പുറം) മറ്റൊന്ന് വിദ്യാനഗറിലും (കാസർകോട്). സ്പെഷ്യൽ സ്കൂളുകളിലും ജനറൽ സ്കൂളുകളിലും ബുദ്ധിപരമായ വൈകല്യമോ വളർച്ചാ വൈകല്യമോ ഉള്ള കുട്ടികളെ പഠിപ്പിക്കുന്നതിന് ഡിപ്ലോമ സർട്ടിഫിക്കറ്റ് നൽകുന്ന കോഴ്സുകൾ ഈ സ്ഥാപനങ്ങൾ വാഗ്ദാനം ചെയ്യുന്നു. നിലവിലുള്ള ഇത്തരം പ്രത്യേക അധ്യാപക പരിശീലന സർക്കാർ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, മറ്റ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേക്കുമാണ് തുക വകയിരുത്തിയിരിക്കുന്നത്.

2025-26-ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ജി) അന്തർദ്ദേശീയ ദ്രാവിഡ ഭാഷാസ്ഥാപനം**

ഭാരതീയ ദ്രാവിഡ ഭാഷ അസോസിയേഷന്റെ അനുബന്ധമായി ഭാഷാശാസ്ത്ര ഗവേഷണത്തിനായി സ്ഥാപിക്കപ്പെട്ട ഒരു സ്വയംഭരണ സ്ഥാപനമാണ് അന്തർദ്ദേശീയ ദ്രാവിഡ ഭാഷാ സ്ഥാപനം. ദ്രാവിഡ പഠനങ്ങളുമായി ബന്ധപ്പെട്ട തനതു സൃഷ്ടികൾ ഏറ്റെടുക്കുകയും സംഘടിപ്പിക്കുകയും, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതോടൊപ്പം ദ്രാവിഡഭാഷ, കല, വാസ്തുവിദ്യ, ചരിത്രം, ഫിലോസഫി, സംസ്കാരം, മതം, പട്ടികവർഗ്ഗ സംസ്കാരം എന്നീ മേഖലകളിൽ നൂതന ഗവേഷണങ്ങൾ ഏറ്റെടുത്ത് നടത്തുക എന്നിവയാണ് ഈ സ്കൂളിന്റെ പ്രധാന ലക്ഷ്യങ്ങൾ. ലൈബ്രറിയിലേക്കാവശ്യമായ പുസ്തകങ്ങളും ജേർണലുകളും അച്ചടിയും ഓഫീസ് സാമഗ്രികളും, ഫർണിച്ചറുകളും വാങ്ങുന്നതിനും കമ്പ്യൂട്ടർ അപ്ഗ്രഡേഷൻ, മറ്റു ഉപകരണങ്ങൾ, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, ഗവേഷണ പ്രോജക്ടുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, അദ്ധ്യാപക പരിശീലനം, കെട്ടിടങ്ങളുടെ പരിപാലനവും പുനരുജ്ജീവനവും, ഓറിയന്റേഷൻ പ്രോഗ്രാമുകളും കോൺടാക്റ്റ് ക്ലാസുകളും തുടങ്ങിയവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു.

2025-26-ലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എച്ച് ) ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ടീച്ചർ എജ്യൂക്കേഷന്റെ (ഐ.ടി.ഇ) സംവിധാനങ്ങൾ**

നിലവിൽ 23 ടീച്ചർ എജ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ടുകളും 14 ഡയറ്റുകളും രണ്ട് ഹിന്ദി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും സർക്കാർ മേഖലയ്ക്ക് കീഴിലുണ്ട്. എൻ.സി.റ്റി.ഇ നിർദേശിക്കുന്ന മാനദണ്ഡങ്ങളുടെയും നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ, ഐ ടി ഇ യിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് റൂം രീതിയിലേക്ക് മാറ്റുക, സ്ത്രീ സൗഹൃദ ശുചിമുറികൾ, ടോയ്‌ലറ്റുകൾ, പെൺകുട്ടികൾക്കുള്ള വിശ്രമമുറികൾ, ലൈബ്രറി ഓട്ടോമേഷൻ, കലാ വിദ്യാഭ്യാസത്തിനും തൊഴിൽ വിദ്യാഭ്യാസത്തിനുമുള്ള ഉപകരണങ്ങൾ വാങ്ങൽ, ലാബുകൾ ശക്തിപ്പെടുത്തൽ, കമ്മ്യൂണിറ്റി ലിവിംഗ് ക്യാമ്പുകൾക്കുള്ള പിന്തുണ, പഠനയാത്രകൾ, എൻഐസി/സിഡിഐടി വഴി സോഫ്റ്റ്‌വെയർ തയ്യാറാക്കൽ, ശാസ്ത്രബോധവും അധ്യാപനവും വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടി, പഠന വൈദഗ്ധ്യം, വിദ്യാർത്ഥി അധ്യാപകർക്കുള്ള ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യ വർദ്ധന പരിപാടി തുടങ്ങിയവയും മറ്റ് തുടർ പ്രവർത്തനങ്ങൾക്കുമായാണ് തുക വകയിരുത്തിയിരിക്കുന്നത്. എൻ.സി.റ്റി.ഇ നിർദ്ദേശിക്കുന്ന അധിക സൗകര്യങ്ങൾ തയ്യാറാക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.

2025-26-ലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ഐ) ശ്രദ്ധ**

പൊതുവിദ്യാഭ്യാസ സംരക്ഷണ ദൗത്യത്തിന്റെ ഭാഗമായി 2017-18 വർഷത്തിൽ കേരളത്തിൽ അവതരിപ്പിച്ച നൂതന പരിപാടിയാണ് ശ്രദ്ധ. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന സർക്കാർ സ്കൂളുകളിലെ 3, 5, 8 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഉന്നമനത്തിനായാണ് ഈ പരിപാടി ആദ്യം വിഭാവനം ചെയ്തത്. മലയാളം, ഇംഗ്ലീഷ്, സയൻസ്, ഗണിതം എന്നീ വിഷയങ്ങളിൽ ദുർബലരായ വിദ്യാർഥികളെ കണ്ടെത്തി ഈ വിഷയങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകി പരിഹാര ബോധനം നടത്തി നിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുന്നു. നിലവാരം ഏകീകരിച്ച പ്രീ-ടെസ്റ്റ് സ്കോറിന്റെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികളെ ഈ പരിപാടിയിലേക്ക് കണ്ടെത്തി തിരഞ്ഞെടുക്കുന്നത്.

2025-26 ൽ ഈ പദ്ധതിക്കു വേണ്ടി ആകെ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ജെ) ഗവൺമെന്റ് സ്പെഷ്യൽ സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തലും അധ്യാപക ശാക്തീകരണവും**

സർക്കാർ സ്പെഷ്യൽ സ്കൂളുകളിലെ സൗകര്യങ്ങൾ, മെച്ചപ്പെടുത്തുന്നതിനായി പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. ബധിര വിദ്യാർത്ഥികൾക്കായി 3 സ്കൂളുകളും അന്ധവിദ്യാർത്ഥികൾക്കായി 4 സ്കൂളുകളും സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നു. നിലവിലുള്ള കെട്ടിടങ്ങളുടെ വിപുലീകരണവും ആധുനിക വത്ക്കരണവും മറ്റ് ജോലികളും ചെയ്യേണ്ടതുണ്ട്. കുട്ടികൾക്ക് നിലവാരമുള്ള വിദ്യാഭ്യാസം നേടുന്നതിന് അധ്യാപക – പഠന സാമഗ്രികൾ വിതരണം ചെയ്യുന്നതിലൂടെ ക്ലാസ് റൂം അധ്യാപനം ഫലപ്രദമാക്കാൻ കഴിയുന്നതാണ്. വിവിധ തരം വൈകല്യങ്ങളുള്ള കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള ആധുനിക ഉപകരണങ്ങളും സാങ്കേതിക വിദ്യകളും പ്രത്യേക പരിശീലന സ്കൂളുകളിൽ അധ്യാപകരെ പരിചയപ്പെടുത്തുന്നത് അധ്യാപക പരിശീലന പരിപാടിയുടെ ഒരു ഘടകമാണ്. ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ലൈബ്രറി, ലാബ്, സ്പോർട്സ് യൂട്ടിലിറ്റികൾ, പഠനയാത്ര, സ്പെഷ്യൽ സ്കൂൾ പ്രവൃത്തിപരിചയം, സയൻസ് ഫെയർ, ഡിജിറ്റൽ മോഡിൽ ക്ലാസുകൾ കൈകാര്യം ചെയ്യാൻ അധ്യാപകരെ പ്രാപ്തരാക്കുക, ഹൈടെക് ഓഡിയോളജിക്കൽ ആൻഡ് ലാംഗ്വേജ് ലാബ് സ്ഥാപിക്കുക, നടന്നുകൊണ്ടിരിക്കുന്ന മറ്റ് പ്രവൃത്തികൾ തുടങ്ങിയവയാണ് നിർദ്ദേശിച്ചിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ.

സർക്കാർ സ്പെഷ്യൽ സ്കൂളുകളിൽ മികവിന്റെ കേന്ദ്രങ്ങൾ വികസിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ i) കാഴ്ച വൈകല്യമുള്ളവർക്കും ശ്രവണ വൈകല്യമുള്ളവർക്കും പ്രത്യേകം രൂപകൽപ്പന ചെയ്ത ഒരു വിദ്യാലയം (ജഗതി) മികവിന്റെ കേന്ദ്രമായി വികസിപ്പിക്കുക ii) ഈ സ്കൂളുകളെ ആധുനിക സാങ്കേതികവിദ്യയും നൂതനത്വവും കൊണ്ട് സജ്ജീകരിക്കുക iii) പരിശീലനത്തിലൂടെയും കൗൺസിലിംഗ് പ്രോഗ്രാമുകളിലൂടെയും പങ്കാളികളെ പിന്തുണയ്ക്കുക, iv) അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് നൈപുണ്യ പരിശീലനം നൽകൽ v) കണ്ടെത്തലുകളും മികച്ച പ്രവർത്തനങ്ങളും മറ്റ് ജില്ലകളിലേക്ക് പ്രചരിപ്പിക്കുക എന്നിവയാണ്.

2025-26 ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി മൊത്തം 160.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(കെ) പാർശ്വവത്കൃത/പിന്നാക്കമേഖലകളിൽ നിന്നുള്ള (ട്രൈബൽ, തീരദേശ, പ്ലാന്റേഷൻ പോലെയുള്ള) വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള പരിപാടി.**

പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെ സ്കൂളിൽ നിലനിർത്തുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും ആവശ്യമായ പിന്തുണ നൽകുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. പാർശ്വവത്കരിക്കപ്പെട്ട കുട്ടികളുടെ സാംസ്കാരികപശ്ചാത്തലം മനസ്സിലാക്കികൊണ്ട് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ലക്ഷ്യം വെക്കുന്നു. ആദിവാസി മേഖലകളിലെയും തീരപ്രദേശങ്ങളിലെയും തോട്ടം മേഖലകളിലെയും സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. വിദ്യാഭ്യാസ വകുപ്പിന്റെയും പട്ടികവർഗ്ഗ വകുപ്പിന്റെയും ഫിഷറീസ് വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. സംസ്ഥാനതല ആശയവൽക്കരണ ശിൽപശാല, ജില്ലാതല പരിചയപ്പെടുത്തൽ ശിൽപശാല, മുഴുവൻ പ്രോഗ്രാമിന്റെയും വീഡിയോ കവറേജോടെയുള്ള ക്യുമുലേറ്റീവ് റെക്കോർഡ് തയ്യാറാക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, രക്ഷാകർതൃ ബോധവൽക്കരണ പരിപാടി, പഠനം മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ, സംസ്ഥാന-ജില്ലാ തല നിരീക്ഷണം, സംസ്ഥാന-ജില്ലാതല സെമിനാറുകൾ, സംസ്ഥാന-ജില്ലാതല ഡോക്യുമെന്റേഷൻ, സംസ്ഥാനതല വിലയിരുത്തൽ, സംസ്ഥാന പ്രാദേശിക ക്യാമ്പുകൾ തുടങ്ങിയവയാണ് 2025-26-ലേക്ക് നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ. അത്യാവശ്യ സാഹചര്യങ്ങളിൽ ട്രൈബൽ വിദ്യാർത്ഥികളുടെ പഠന പ്രവർത്തനങ്ങൾ പിന്തുണയ്ക്കുന്നതിന് വിദ്യാഭ്യാസ വളണ്ടിയർമാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പട്ടികവർഗ വകുപ്പുകൾക്ക് പട്ടികവർഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായി സമാഹരിച്ച ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

2025-26 കാലയളവിൽ 545.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**(എൽ) ശാസ്ത്രയാനവും ശാസ്ത്രരംഗവും.**

സയൻസിൽ അഭിരുചിയുള്ള വിദ്യാർത്ഥികളുടെ ശാസ്ത്രീയ കഴിവുകൾ പ്രോത്സാഹിപ്പിക്കുകയാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. വിദ്യാലയങ്ങളിലെ സയൻസ്, സോഷ്യൽ സയൻസ്, ഗണിതം, പ്രവൃത്തിപരിചയം തുടങ്ങിയ നാല് പ്രമുഖ ക്ലബ്ബുകളുടെ സംയോജനത്തിലൂടെയാണ് ശാസ്ത്രരംഗം

സ്ഥാപിക്കുന്നത്. വിദ്യാലയങ്ങളിൽ ശാസ്ത്രീയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള പ്രധാന ഏജൻസിയാണ് ശാസ്ത്രരംഗം. ശാസ്ത്രരംഗം മാസികയുടെ അച്ചടി, ശാസ്ത്രരംഗം പത്രാധിപ സമിതി യോഗം, ശാസ്ത്രരംഗം ജില്ലാ/ഉപജില്ലാ കോ-ഓർഡിനേറ്റർമാരുടെ യോഗം, ശാസ്ത്രയാനം, സംസ്ഥാന ശാസ്ത്രസംഗമം, വിവിധ ശാസ്ത്ര/ഗവേഷണ വിപുലീകരണ കേന്ദ്രങ്ങളുടെ സഹകരണം, അവാർഡ് ജേതാക്കളെ പ്രചോദിപ്പിക്കുന്നതിനുള്ള സംസ്ഥാനതല ശാസ്ത്രപഠന ക്യാമ്പ്, ശാസ്ത്ര സാങ്കേതിക വിദ്യയും നവീകരണ ക്ലബ്ബുകളും, ജില്ലകൾക്കും ഉപജില്ല പ്രവർത്തനങ്ങൾക്കും ധനസഹായം, എന്നിവയാണ് 2025-26 വർഷത്തെ പരിപാടിയുടെ കീഴിൽ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

2025-26 ൽ 110.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**എം) ഫോക്കസ് സ്കൂൾ**

മുൻ പഞ്ചവത്സര പദ്ധതി മുതൽ സർക്കാർ സ്കൂളുകളുടെ പുനരുജ്ജീവനം സർക്കാരിന്റെ പ്രധാന പരിപാടിയാണ്. 25-ൽ താഴെ കുട്ടികളുള്ള സർക്കാർ സ്കൂളുകളെ ലക്ഷ്യമിട്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്, ഓരോ വിദ്യാഭ്യാസ ജില്ലയിലും ഒരു സ്കൂൾ വീതം തിരഞ്ഞെടുക്കും. നിലവാരം കുറഞ്ഞ സ്കൂളുകളുടെ നിലവാരം ഉയർത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. സ്കൂളുകൾക്ക് അനുയോജ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുക, പ്രത്യേക പ്രവർത്തന പാക്കേജ് നടപ്പിലാക്കുക എന്നിവയാണ് പദ്ധതി പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ. അടിസ്ഥാന സൗകര്യങ്ങൾ/ഉപകരണങ്ങൾ ലഭ്യമാക്കൽ, സംസ്ഥാന/ജില്ലാതല അവലോകന യോഗം, സ്കൂൾ തല ക്യാമ്പ്, വിദ്യാർത്ഥികൾക്ക് പരിശീലനം, മികവുൽസവം നടത്തൽ, അവലോകന പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് 2025-26ൽ നടത്താൻ ഉദ്ദേശിച്ചിട്ടുള്ള പരിപാടികൾ.

2025-26 ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എൻ) മോഡൽ ഇൻക്ലൂസീവ് സ്കൂൾ**

പ്രത്യേക വൈകല്യമുള്ളവരെ ഉൾക്കൊള്ളുന്ന വിദ്യാഭ്യാസത്തിന്റെ മാതൃകാ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതിന് തെരഞ്ഞെടുത്ത പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്താൻ ഈ പരിപാടി വിഭാവനം ചെയ്യുന്നു. ഈ മോഡൽ ഇൻക്ലൂസീവ് സ്കൂൾ അവരുടെ സമപ്രായക്കാർക്കൊപ്പം പ്രത്യേക പരിചരണം ആവശ്യമുള്ള വിദ്യാർത്ഥികൾക്കും ഉചിതമായതും ഗുണപരവുമായ വിദ്യാഭ്യാസം നൽകും.

2025-26 ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഒ) വായനയുടെ വസന്തം**

സ്കൂളുകളിലെ വിദ്യാർത്ഥികൾക്കിടയിൽ വായനാശീലം വളർത്തിയെടുക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ്കൂൾ ലൈബ്രറികളുടെ നവീകരണം, കംപ്യൂട്ടർവൽക്കരണം, ഫർണിച്ചറുകൾ, പുസ്തകങ്ങൾ, അലമാരകൾ എന്നിവ വാങ്ങുക, അധ്യാപകർ/ലൈബ്രേറിയൻമാർക്കുള്ള പരിശീലനം, നിരീക്ഷണം തുടങ്ങിയവയാണ് 2025-26 കാലയളവിൽ പദ്ധതിക്ക് കീഴിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ.

2025-26 വർഷത്തെ പ്രവർത്തനങ്ങൾക്കായി 30.00 ലക്ഷം രൂപ വകയിരുത്തിരിക്കുന്നു.

**പി) ഇംഗ്ലീഷ് ഭാഷാ സമ്പുഷ്ടീകരണ പരിപാടി**

പ്രാഥമിക തലത്തിൽ ഇംഗ്ലീഷ് ഭാഷ പഠിക്കുന്നവരിൽ ശക്തമായ അടിത്തറ കെട്ടിപ്പടുക്കുന്നതിൽ ഇംഗ്ലീഷ് ഭാഷാ സമ്പുഷ്ടീകരണ പരിപാടി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ പ്രോഗ്രാമിൽ എല്ലാ ഇംഗ്ലീഷ് ഭാഷാ ഘടകങ്ങളിലുടനീളമുള്ള ഭാഷാ ഘടകങ്ങൾ ഉൾക്കൊള്ളുന്നു, ഇത് കുട്ടികളെ വിജയകരമായ ആശയവിനിമയക്കാരും പ്രഗത്ഭരായ വായനക്കാരും സർഗ്ഗാത്മക എഴുത്തുകാരും ആകാൻ പ്രാപ്തരാക്കുന്നു. സർക്കാർ സ്കൂളുകളിൽ അഞ്ചാം ക്ലാസിലും ആറാം ക്ലാസിലും പഠിക്കുന്നവരുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം മെച്ചപ്പെടുത്തുകയാണ് പരിപാടിയുടെ ലക്ഷ്യം. തുടക്കത്തിൽ എല്ലാ ഉപജില്ലകളിൽ നിന്നും ഓരോ സ്കൂൾ വീതം (163) തെരഞ്ഞെടുത്ത് പൈലറ്റ് പ്രോഗ്രാമായി ഈ പരിപാടി നടപ്പിലാക്കും.

2025-26 ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ക്യൂ) മോഡൽ സ്കൂൾ**

സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ, പഠന തന്ത്രങ്ങൾ, സഹായകമായ പിന്തുണാ സംവിധാനം എന്നിവ മെച്ചപ്പെടുത്തി പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് മാതൃകാ സ്കൂൾ പദ്ധതി

ഉദ്ദേശിക്കുന്നു. സ്കൂൾ വിദ്യാഭ്യാസത്തിന്റെ മാതൃകാ കേന്ദ്രങ്ങളായി 2025-26ൽ രണ്ടോ മൂന്നോ ജില്ലകളിലെ ഒരു സ്കൂളിൽ വീതം പരീക്ഷണാടിസ്ഥാനത്തിൽ ഇത് നടപ്പാക്കും. ആവശ്യമെങ്കിൽ പാർപ്പിട സൗകര്യങ്ങളും ഉറപ്പാക്കാം.

2025-26 ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 210.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**പുതിയ ഘടകങ്ങൾ**

**ആർ) സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതിയും സ്കൂൾ ഗ്രേഡിംഗും (സമഗ്ര ഗുണമേന്മയുള്ള വിദ്യാഭ്യാസ പദ്ധതി)**

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുകയും ഓരോ സ്കൂളിനെയും മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള എല്ലാ പരിപാടികളുടെയും പ്രവർത്തനങ്ങളുടെയും ഫലം വിലയിരുത്തുന്നതിനും സ്കൂളുകൾ കൈവരിച്ച പുരോഗതി വിലയിരുത്തുന്നതിനും വകുപ്പ് പദ്ധതിയിടുന്നുണ്ട്. പാഠ്യ-പാഠ്യേതര മേഖലകളിൽ സ്കൂളുകൾ കൈവരിച്ച പുരോഗതി വിലയിരുത്തി അതിനനുസരിച്ച് സ്കൂളുകൾക്ക് ഗ്രേഡ് നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മികച്ച നിലവാരം കൈവരിച്ച സ്കൂളുകൾക്ക് പ്രോത്സാഹനം നൽകുന്നതിനും മികച്ച പ്രകടനം കാഴ്ചവെക്കാത്ത സ്കൂളുകൾ കണ്ടെത്തി നിലവാരം ഉയർത്തുന്നതിനു ആവശ്യമായ സഹായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും 2025-26 വർഷത്തേക്ക് പ്രത്യേക പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

2025-26 ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എസ് ) സ്കൂൾ അധ്യാപകരുടെ പ്രൊഫഷണൽ വികസനം**

സ്കൂൾ വിദ്യാഭ്യാസത്തിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്കൂൾ അധ്യാപകരുടെ പ്രൊഫഷണൽ വികസനം ആവശ്യമാണ്. ഇതിനായി ഒരു പ്രത്യേക പരിശീലന പരിപാടി ആരംഭിക്കുന്നു. അതിൽ പുതിയ സ്കൂൾ അധ്യാപകർക്കുള്ള ഓറിയന്റേഷൻ പരിശീലന പരിപാടിയും പ്രൈമറി മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള എല്ലാ സ്കൂൾ അധ്യാപകർക്കും ഇൻ-സർവീസ് പ്രൊഫഷണൽ പരിശീലന പരിപാടിയും ഉൾപ്പെടുന്നു. വിജ്ഞാന മേഖലയിലെ പുതിയ സംഭവവികാസങ്ങൾ അവതരിപ്പിക്കൽ, അധ്യാപനത്തിലെ പുതിയ രീതികൾ, പഠനം, അധ്യാപനശാസ്ത്രം, സാങ്കേതികവിദ്യ, ഗവേഷണ അഭിരുചി, പ്രശ്നപരിഹാര കഴിവുകൾ മുതലായവ മെച്ചപ്പെടുത്തൽ എന്നിവയിലായിരിക്കും ഈ പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ശാസ്ത്രീയ മനോഭാവം, ജനാധിപത്യ മൂല്യങ്ങൾ, സമത്വം എന്നിവ ഉൾക്കൊണ്ട് കൊണ്ട് വിജ്ഞാന-അധ്യായന മേഖലകളിലെ പുതിയ രീതികൾക്കും, സാങ്കേതികവിദ്യക്കും ഊന്നൽ നൽകുന്ന ഈ പരിപാടി പ്രമുഖ സർവകലാശാലകളുമായി സഹകരിച്ച് കൊണ്ട് എസ്.സി.ഇ.ആർ.ടി വഴി നടപ്പാക്കും.

2025-26 ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ**

**(വിഹിതം: 4400.00 ലക്ഷം രൂപ)**

6 മുതൽ 18 വയസ്സ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിലൂടെ അവരുടെ കഴിവുകൾ മുഴുവൻ പുറത്തെടുക്കാൻ സാധിക്കും. വ്യത്യസ്തങ്ങളായ വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ വഴി സമൂഹവുമായി ചേർന്ന് നിന്ന് കൊണ്ട് ആശയങ്ങളും, പൊതുധാരണകളും രൂപപ്പെടുത്തുന്നതിനും, അഭിരുചിയും സർഗ്ഗാത്മകതയും നിരൂപണവും വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു.

താഴെപ്പറയുന്ന പദ്ധതികളുടെ നടത്തിപ്പിനായി 2025-26ൽ 4400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിന്റെ 50 ശതമാനം ഗുണഭോക്താക്കളും പെൺകുട്ടികളാണ്.

**(എ) സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തി പരിശീലന പരിപാടി**

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പൊതു പാഠ്യപദ്ധതിയുടെ ഭാഗമായി തൊഴിൽ പരിചയ പരിപാടി അവതരിപ്പിക്കുന്നു. പ്രാദേശികമായി ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് സമൂഹത്തിനാവശ്യമായ സാധനങ്ങളുടെ ഉൽപാദനത്തിൽ പരമ്പരാഗത രീതിയിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെയുള്ള 'സാമൂഹ്യ പ്രയോജനപ്രദമായ പ്രവർത്തനങ്ങൾ' (SUPW) ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഉൽപ്പാദന പ്രവർത്തനങ്ങളിൽ ഓറിയന്റേഷൻ പരിശീലനം, സ്കൂളുകളിലെ എൻജിനീയറിങ് പദ്ധതി, ഉപജില്ല, ജില്ലാ, സംസ്ഥാന തലങ്ങളിലെ പ്രവൃത്തിപരിചയ മേളകൾ, പ്രദർശന

– വില്പന മേളകൾ, ക്ലബ്ബുകൾക്കുള്ള സാമ്പത്തിക സഹായം, സ്കൂൾ ഉൽപ്പാദന/വിപണന കേന്ദ്രങ്ങളുടെ നടത്തിപ്പ് എന്നിവയ്ക്കാണ് തുക നൽകുന്നത്. വിദ്യാർത്ഥികൾക്കായി വിനോദ സമയങ്ങളിൽ ജോലിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള ക്യാമ്പ് (CRAFT), ഐ.ഇ.ഡി വിദ്യാർത്ഥികൾക്ക് പ്രവൃത്തിപരിചയവും എഞ്ചിനീയറിംഗ് ട്രെയിനിങ്ങും, വിദ്യാർത്ഥികൾക്കുള്ള അവശ്യ നൈപുണ്യ വികസന പരിപാടി തുടങ്ങിയവ 2025-26 കാലയളവിൽ വിഭാവനം ചെയ്തിരിക്കുന്നു.

2025-26-ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 120.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ബി) പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കൽ**

വ്യത്യസ്ത മേഖലകളിൽ ഉള്ള വിദ്യാർത്ഥികളുടെ അറിവും താല്പര്യങ്ങളും തിരിച്ചറിയുന്നതിനും അവരുടെ മുഴുവൻ കഴിവുകളും വികസിപ്പിക്കുന്നതിനുമാണ് ഈ പരിപാടി ലക്ഷ്യമിടുന്നത്. ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നുമുള്ള യു.എസ്.എസ് പരീക്ഷ പാസാവുന്ന 40 വിദ്യാർത്ഥികളെ ഈ പരിപാടിയിലേക്ക് തെരഞ്ഞെടുക്കുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾക്കുള്ള സഹായം, ജില്ലാ, സംസ്ഥാനതല പ്രതിഭാസംഗമം, കോ-ഓർഡിനേറ്റർ ശാക്തീകരണ പരിപാടി, സംസ്ഥാന തല ഡോക്യുമെന്റേഷൻ എന്നിവയ്ക്കുള്ള സഹായം എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ.

2025-26 -ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(സി) കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ധനസഹായം**

കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന ഈ പദ്ധതി 1997-98 മുതൽ നടപ്പിലാക്കി വരുന്നു. പാവപ്പെട്ട കുട്ടികളെ കലോത്സവത്തിൽ പങ്കെടുപ്പിക്കുകയെന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പദ്ധതി പ്രകാരം സാമ്പത്തികമായി ദുർബലരായ, കലാരംഗത്ത് കഴിവുള്ള കുട്ടികളെ ജില്ലാ/സംസ്ഥാന തലങ്ങളിൽ വകുപ്പ് നടത്തുന്ന കലോത്സവത്തിൽ സജീവമായി പങ്കെടുക്കാൻ സഹായിക്കുന്നു. മാതാപിതാക്കളുടെ വരുമാനം പ്രതിവർഷം 75,000 രൂപയിൽ താഴെയുള്ള, കലയിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് 10,000 രൂപ വരെ നൽകുന്നതാണ് ഈ പദ്ധതി.

2025-26-ൽ പദ്ധതിപ്രവർത്തനങ്ങൾക്കായി 75.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ഡി) പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായം**

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസം നൽകി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സമഗ്ര ശിക്ഷ കേരളയുടെ കീഴിലുള്ള റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ ഇത്തരം കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും വിവിധ പരിശീലനങ്ങൾ നൽകിവരുന്നു. പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് സാമ്പത്തിക സഹായം അത്യാവശ്യമാണ്. കാഴ്ച വൈകല്യം, ശ്രവണ വൈകല്യം, ഓട്ടിസം, ബുദ്ധിമാന്ദ്യം, അസ്ഥിരോഗ വൈകല്യമുള്ളവർ, സെറിബ്രൽ പാൾസി, ലോക്കോമോട്ടർ വൈകല്യമുള്ളവർ, തുടങ്ങിയ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പുസ്തകങ്ങളും സ്റ്റേഷനറി സാധനങ്ങളും നൽകൽ, മെഡിക്കൽ പരിചരണത്തിനും ആരോഗ്യ സഹായത്തിനുമുള്ള അലവൻസ്, കിടപ്പിലായ കുട്ടികൾക്ക് പ്രത്യേക അലവൻസ്, പഠനോപകരണങ്ങൾ വാങ്ങൽ, ഉൾപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള അധ്യാപക ശാക്തീകരണം, സാമ്പത്തിക സഹായത്തിനായുള്ള അപേക്ഷകളുടെ ഓൺലൈൻ പ്രോസസ്സിംഗ്, പ്രാരംഭ ഘട്ടത്തിലെ വിലയിരുത്തൽ, ഇടപെടൽ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായത്തിനായാണ് തുക നൽകുന്നത്. ഈ സ്കീമിന് കീഴിലുള്ള അലവൻസും അലവൻസിന്റെ വർദ്ധനവും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമായിരിക്കണം.

2025-26 ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 1480.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ഇ) ബഹുതരം പഠനകേന്ദ്രങ്ങൾ**

ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പദ്ധതിയുടെ (ഡിപിഇപി) ഭാഗമായി 1997-ലാണ് ഈ പദ്ധതി കേരളത്തിൽ ആരംഭിച്ചത്. വനത്തിലും മറ്റ് ഒറ്റപ്പെട്ട പ്രദേശങ്ങളിലും ജീവിക്കുന്ന യുവതലമുറയുടെ ജീവിത സാഹചര്യം ശരിയായ വിദ്യാഭ്യാസത്തിലൂടെ മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കാസർകോട്, വയനാട്, മലപ്പുറം ജില്ലകളിലാണ് പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ പദ്ധതി നടപ്പാക്കിയത്. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഈ പ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർഥികളുടെ പ്രവേശനം പരമാവധിയാക്കുക എന്നതാണ് സർക്കാർ നയം.

2025–26 ൽ എംജിഎൽസി കളുടെ പ്രവർത്തനത്തിനായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എഫ് ) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ ക്രോഡീകരിക്കുക**

വിദ്യാഭ്യാസ അവകാശനിയമവും പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് ആവശ്യമായ പ്രാധാന്യം നൽകുന്നുണ്ട്. സർക്കാർ സ്കൂളുകൾക്കൊപ്പം പ്രീ-പ്രൈമറി മേഖലയിലും സമഗ്രവും വ്യവസ്ഥാപിതവുമായ മാറ്റങ്ങൾ കൊണ്ടുവരാൻ വകുപ്പ് പദ്ധതിയിടുന്നു. അധ്യാപകർ, ആയമാർ, സ്കൂൾ മേധാവികൾ എന്നിവർക്കുള്ള പരിശീലനം, ശിശുസൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, പ്രായത്തിന് അനുയോജ്യമായ പഠനോപകരണങ്ങൾ നൽകുക, ശുചിത്വമുള്ള ചുറ്റുപാട് സൃഷ്ടിക്കുന്നതിനായി ശുചീകരണ ഉപകരണങ്ങൾ നൽകുക, സംസ്ഥാനതല നിരീക്ഷണവും വിലയിരുത്തലും തുടങ്ങിയവയാണ് 2025–26 ലെ പ്രോഗ്രാമിനായി നിർദ്ദേശിച്ചിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

2025–26 ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ജി) വിദ്യാരംഗം – കലാ സാഹിത്യ വേദി (കുട്ടികളുടെ കലാ-സാംസ്കാരിക പരിപാടി)**

കുട്ടികളുടെ കലാ-സാംസ്കാരിക ഉന്നമനത്തിനായി പ്രവർത്തിക്കുന്ന വിദ്യാരംഗം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സാംസ്കാരിക വിഭാഗമാണ്. വിദ്യാരംഗം കലാസാഹിത്യ വേദി വിദ്യാർത്ഥികളുടെ കലാപരവും സർഗ്ഗാത്മകവുമായ സഹജാവബോധം വളർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. വിദ്യാരംഗം പ്രവർത്തനങ്ങൾക്ക് അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹജവും വ്യവസ്ഥാപിതവുമായ വികസന ഘടനയുണ്ട്. വിദ്യാരംഗം എഡിറ്റോറിയൽ ബോർഡ് യോഗം, ജില്ല/ഉപജില്ലാ കോ-ഓർഡിനേറ്റർമാരുടെ യോഗം, അധ്യാപക സാഹിത്യമത്സരം, വിദ്യാർഥികൾക്കുള്ള സാഹിത്യ സെമിനാർ, വിദ്യാരംഗം സംസ്ഥാന സർഗോൽസവം, അധ്യാപക സാഹിത്യ ശിൽപശാല, ഭാഷാ സെമിനാർ, വാങ്മയം (ഭാഷാ സാഹിത്യ ക്വിസ് പ്രോഗ്രാം), വാങ്മയം – ചോദ്യപേപ്പർ തയ്യാറാക്കൽ ശിൽപശാല, വാങ്മയം (ഉപ ജില്ലകളുടെ ഫണ്ട്) ജില്ലാതല പ്രവർത്തനങ്ങൾക്കുള്ള ധനസഹായം, വേനൽക്കൂട്, അധ്യാപക നാടക ക്യാമ്പ്, പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്മാരക സാഹിത്യ അവാർഡ്,വിദ്യാരംഗം മാസികയുടെ അച്ചടി തുടങ്ങിയവയാണ് 2025–26 കാലയളവിൽ പദ്ധതിക്ക് കീഴിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ.

2025–26–ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 115.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എച്ച് ) കേരള സ്കൂൾ കലോൽസവം**

കലാ-സാംസ്കാരിക രംഗങ്ങളിൽ കഴിവുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് സ്കൂൾ കലോൽസവത്തിന്റെ ലക്ഷ്യം. സ്കൂൾ തലം, ഉപജില്ലാ തലം, റവന്യൂ ജില്ലാ തലം, സംസ്ഥാന തലം എന്നിങ്ങനെ നാല് തലങ്ങളിലായാണ് സ്കൂൾ കലോൽസവം നടത്തുന്നത്. ആകെ 239 ഇനങ്ങളാണ് കലോൽസവത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിവിധ തലങ്ങളിൽ കലോൽസവം നടത്താനാണ് തുക അനുവദിച്ചിരിക്കുന്നത്

2025–26 ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 750.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ഐ) കൗമാര കുട്ടികൾക്കായുള്ള ബോധവൽക്കരണ പരിപാടി**

പൊതുവിദ്യാഭ്യാസ വകുപ്പ് 2018–19 മുതൽ നടപ്പിലാക്കി വരുന്ന ഒരു പരിപാടിയാണ് സ്കൂൾ കുട്ടികൾക്കുള്ള കൗമാര വിദ്യാഭ്യാസം. കൗമാരക്കാരായ കുട്ടികളിൽ ശരിയായ മാനസികാരോഗ്യം വളർത്തിയെടുക്കാനും, സമ്മർദ്ദവും പിരിമുറുക്കവും നേരിടാൻ ആവശ്യമായ ജീവിത നൈപുണ്യവും ഉത്തരവാദിത്തവുമുള്ള പൗരന്മാരായി അവരെ വളർത്തിയെടുക്കാനും ഈ പരിപാടി ലക്ഷ്യമിടുന്നു. സ്കൂളുകളിലെ വൈവിധ്യമാർന്നതും ഫലപ്രദവുമായ പ്രവർത്തനങ്ങളിലൂടെ കൗമാരക്കാരായ കുട്ടികൾക്ക് മാർഗദർശനത്തിനും തുടർച്ചയായ പിന്തുണയ്ക്കുമുള്ള ഒരു സംവിധാനം വിഭാവനം ചെയ്യുന്നതാണ് ഈ പദ്ധതി.

2025–26 ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ജെ) സ്പോർട്സിലുള്ള മികവിന് പ്രോത്സാഹനം**

സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമായി കായിക വിനോദങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കപ്പെടണം എന്നത് വളരെ പ്രധാനമാണ്. സംസ്ഥാനതല കായികമേളയിലെ വിജയികൾക്ക് സമ്മാനത്തുക വിതരണം, ദേശീയ സ്കൂൾ ഗെയിംസ്, അത്‌ലറ്റിക്സ് വിജയികൾക്കുള്ള

ക്യാഷ് അവാർഡ് വിതരണം, പ്രതിഭാധനരായ വിദ്യാർത്ഥികൾക്കുള്ള അഡ്വാൻസ്ഡ് സ്പോർട്സ് കോച്ചിംഗ് ക്യാമ്പ്, ദേശീയ അന്തർദേശീയ തലങ്ങളിൽ പങ്കെടുക്കുന്ന പ്രതിഭാധനരായ കായിക വിദ്യാർത്ഥികൾക്കുള്ള വിപുലമായ കായിക പരിശീലന ക്യാമ്പ്, സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണം എന്നിവയാണ് 2025-26 ലെ ഈ പദ്ധതി പ്രകാരം നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

2025-26 കാലഘട്ടത്തിൽ 480.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(കെ) സ്പെഷ്യൽ സ്കൂൾ കലോൽസവം (സി.ഡബ്ല്യൂ.എസ്.എൻ)**

സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കഴിവുള്ള കുട്ടികളെ കലാ-സാംസ്കാരിക പരിപാടികളിൽ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോൽസവം നടത്തുന്നത്. മൂന്നു വിഭാഗം കുട്ടികൾക്കുവേണ്ടിയാണ് സ്പെഷ്യൽ സ്കൂൾ കലോത്സവം നടത്തുന്നത്. ബുദ്ധിപരമായി വൈകല്യമുള്ള കുട്ടികൾ, കാഴ്ച പരിമിതി ഉള്ള കുട്ടികൾ, കേൾവി കുറവുള്ള കുട്ടികൾ. സ്കൂൾ തലത്തിലും, ജില്ലാ തലത്തിലും, സംസ്ഥാനതലത്തിലും മത്സരങ്ങൾ നടത്തും. സ്പെഷ്യൽ സ്കൂൾ കലാമേളയിൽ ആകെ 105 ഇനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിവിധ തലങ്ങളിൽ കലാമേള നടത്താനാണ് തുക അനുവദിച്ചിരിക്കുന്നത്.

2025-26-ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എൽ) സ്കൂൾ സാമൂഹ്യ സേവന പദ്ധതി**

സ്കൂളുകളിലെ സോഷ്യൽ സർവീസ് സ്കീം കുട്ടികളെ സമൂഹവുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു ശ്രമമാണ്. അങ്ങനെ അവർ മറ്റുള്ളവരെ ബഹുമാനിക്കാനും സമൂഹത്തിന്റെ ക്ഷേമത്തിന് സംഭാവന നൽകാനും പഠിക്കുന്നു. സംസ്ഥാനതല അവലോകനവും ആസൂത്രണ ശിൽപശാലയും, കോർ ഗ്രൂപ്പിനുള്ള ഓറിയന്റേഷൻ, ജില്ലാ/സ്കൂൾ കോ-ഓർഡിനേറ്റർമാരുടെ ശാക്തീകരണം, സ്കൂൾ കോ-ഓർഡിനേറ്റർമാർക്ക് ഏകദിന അവലോകന ശിൽപശാല, സ്കൂൾതല പ്രവർത്തനങ്ങൾ, അംഗങ്ങൾക്കുള്ള യൂണിഫോമും ബാഡ്ജും, നിരീക്ഷണ-അവലോകന യോഗങ്ങൾ, മികച്ച പ്രകടനം നടത്തുന്ന സ്കൂളിനുള്ള സംസ്ഥാന/ജില്ലാ തല അംഗീകാരം, സർട്ടിഫിക്കറ്റുകളുടെ അച്ചടി തുടങ്ങിയവയാണ് 2025-26 കാലയളവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ.

2025-26ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എം) മയക്കുമരുന്ന് വിരുദ്ധ കാമ്പയിൻ**

നമ്മുടെ കുട്ടികളെയും യുവാക്കളെയും മയക്കുമരുന്നിന്റെ പിടിയിൽ നിന്ന് അകറ്റി നിർത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. കുട്ടികൾക്കിടയിലെ ലഹരി ഉപയോഗത്തിനെതിരെ വിവിധ ജില്ലാ, സ്കൂൾ തല പ്രവർത്തനങ്ങൾ നടത്താനാണ് തുക വകയിരുത്തിയിരിക്കുന്നത്. ജനജാഗ്രത സമിതികളെ ശക്തിപ്പെടുത്തൽ, പാഠ്യേതര പ്രവർത്തനങ്ങൾ, രക്ഷിതാക്കളുടെ ശാക്തീകരണം, സാമൂഹ്യ അധിഷ്ഠിത പരിപാടികൾ, ജില്ല/സംസ്ഥാന തലത്തിലുള്ള അവലോകനവും നിരീക്ഷണവും തുടങ്ങിയവയാണ് പദ്ധതിക്ക് കീഴിൽ നിർദ്ദേശിച്ചിരിക്കുന്ന മറ്റ് പ്രവർത്തനങ്ങൾ.

2025-26 ലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**എൻ) പെൺകുട്ടികളെ ശാക്തീകരിക്കുന്നതിനുള്ള ആർത്തവ ശുചിത്വ സംരംഭം**

പെൺകുട്ടികൾക്കിടയിൽ ആർത്തവ ശുചിത്വം പ്രോത്സാഹിപ്പിക്കുകയും ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. എല്ലാ പെൺകുട്ടികൾക്കും സാനിറ്ററി നാപ്കിനുകളുടെ ലഭ്യത ഉറപ്പു വരുത്തുക, സാനിറ്ററി നാപ്കിനുകൾ സുരക്ഷിതവും പരിസ്ഥിതി സൗഹൃദവുമായ സംസ്കരണത്തിനുള്ള സൗകര്യം ഒരുക്കുക, സ്കൂൾ ടോയ്‌ലറ്റുകൾ വൃത്തിയും ശുചിത്വവുമുള്ളതായി സൂക്ഷിക്കുക, ഒരു പെൺകുട്ടി സൗഹൃദ ക്യാമ്പസ് നിർമ്മിക്കുക, അവബോധം സൃഷ്ടിക്കുക, സംസ്ഥാന/ജില്ലാ തല നിരീക്ഷണം എന്നിവയാണ് പദ്ധതിയുടെ മറ്റ് ലക്ഷ്യങ്ങൾ.

2025-26 ൽ ഈ പദ്ധതിക്കായി 120.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഒ). അതി ദരിദ്രരായ കുട്ടികൾക്കുള്ള പിന്തുണ**

14-16 വയസ്സുവരെയുള്ള അതിദരിദ്രരായ കുട്ടികൾക്ക് ഉച്ചഭക്ഷണം, സ്കൂൾ യൂണിഫോം, പാഠപുസ്തകം എന്നിവ നൽകുന്നതാണ് ഈ പദ്ധതി. ഈ കുട്ടികൾക്കുള്ള മാർഗ്ഗദർശനം, യൂണിഫോം, പ്രഭാതഭക്ഷണം, പഠനോപകരണങ്ങൾ എന്നിവ നൽകൽ, രക്ഷാകർതൃ ബോധവൽക്കരണം,

ഓറിയന്റേഷൻ പ്രോഗ്രാം, സി.ഡബ്ല്യു.എസ്.എൻ കുട്ടികൾക്ക് പ്രത്യേക സഹായം, പഠനം മെച്ചപ്പെടുത്തൽ പരിപാടി, നൈപുണ്യ വികസന ക്യാമ്പ് തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2025-26 ൽ ഈ പദ്ധതിക്കായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5. ആധുനികവത്കരണം**

**(വിഹിതം 4100.00 ലക്ഷം രൂപ)**

ആധുനികവത്കരണ പദ്ധതിയിൻകീഴിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. 2025-26-ലെ പദ്ധതി നടത്തിപ്പിനായി 4100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എ) ആധുനികവത്കരണം /വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസ് നവീകരണവും വിദ്യാഭ്യാസ സമുച്ചയങ്ങളുടെ നിർമ്മാണവും**

ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ നൽകികൊണ്ട് ഡയറക്ടറേറ്റിനെയും വിവിധ തലങ്ങളിലുള്ള മറ്റ് ഓഫീസുകളെയും ആധുനികവത്കരിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. നിലവിലുള്ള വിദ്യാഭ്യാസ ഓഫീസുകളുടെ നവീകരണം അല്ലെങ്കിൽ നവീകരണ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസ സമുച്ചയങ്ങൾ, ഓഫീസുകളുടെ പുനർനിർമ്മാണം തുടങ്ങിയവയും ഈ ഘടകത്തിന് കീഴിൽ വരുന്നു.

2025-26-ലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 1200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ബി) സ്കൂൾ പെർഫോമൻസ് അവാർഡ്**

സ്കൂളിന്റെ സമഗ്രമായ വികസനത്തിന് അതുല്യമായ സംഭാവനകളും നവീകരണങ്ങളും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. അധ്യാപനം, പഠന സിദ്ധാന്തം, പ്രയോഗം എന്നിവയിലും, അതുപോലെ തന്നെ പഠിതാവ്, രക്ഷിതാക്കൾ, സമൂഹം, സംസ്കാരം എന്നിവയിലുമുള്ള വിദ്യാഭ്യാസ നവീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും തന്ത്രപരമായ പരിഷ്കാരങ്ങൾ, അധ്യാപനങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ട ഇടപെടലുകൾ, പി.ടി.എ/എസ്.എം.സിയുടെ ഇടപെടൽ, നൂതനമായ മൂല്യനിർണ്ണയ തന്ത്രങ്ങൾ, കലയും കായികവും ഉൾപ്പെട്ട സംയോജിത പഠനം, മൊത്തത്തിലുള്ള പരിസ്ഥിതി, ഇൻക്ലൂസീവ് വിദ്യാഭ്യാസം തുടങ്ങിയ മേഖലകൾ ഇതിൽ പരിഗണിക്കുകയും ചെയ്യും. ക്ലാസ് മുറികളിൽ നിന്നുള്ള പ്രതിഫലനങ്ങൾ സ്കൂൾ, ബ്ലോക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ വിവിധ തലങ്ങളിലുള്ള മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തി വിവിധ തലങ്ങളിൽ അവാർഡ് നൽകും.

2025-26-ലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 70.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(സി) ഗ്രീൻ ഓഫീസ് സ്മാർട്ട് ഓഫീസ്**

ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കാനും ഊർജം സംരക്ഷിക്കാനും മലിനീകരണം കുറയ്ക്കാനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഹരിതകേരളം മിഷന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുക. ഓഫീസുകൾ ഹരിതാഭമാക്കുന്നതിന്റെ ഭാഗമായി മാലിന്യ സംസ്കരണം, ചെറിയ പച്ചക്കറി കൃഷിയിടങ്ങൾ, ഇൻഡോർ, ഔട്ട്ഡോർ ഗാർഡനുകൾ, മിനി കോൺഫറൻസ് ഹാൾ, ജീവനക്കാർക്കും പൊതുജനങ്ങൾക്കും കുടിവെള്ള സൗകര്യം, സോളാർ പാനൽ സ്ഥാപിക്കൽ, ഫ്രണ്ട് ഓഫീസ് സൗകര്യം, വൃത്തിയുള്ളതും ഉപഭോക്തൃ സൗഹൃദവുമായ ടോയ്ലറ്റുകൾ, കടലാസ് രഹിത ഓഫീസ്, പരിസ്ഥിതി സൗഹൃദ സാമഗ്രികൾ ഉപയോഗിച്ച് ഓഫീസ് മോടിപിടിപ്പിക്കൽ തുടങ്ങിയവയാണ് പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്യുന്നത്.

2025-26 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(ഡി) വിദ്യാഭ്യാസം ഇ-ഗവേർണൻസ് വഴി**

ഡി.ഇ.ഒ, എ.ഇ.ഒ, പരീക്ഷ ഭവൻ, ടെക്സ്റ്റ് ബുക്ക് ഓഫീസ് തുടങ്ങി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലും മറ്റു ഓഫീസുകളിലും ഇ-ഗവേർണൻസ് നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇ-ഫയൽ മാനേജ്മെന്റിനായി ഫർണിഷിംഗും നെറ്റ്‌വർക്കിംഗും സ്കീമിന് കീഴിൽ നിർദ്ദേശിക്കുന്നു.

2025-26 ൽ ഈ പദ്ധതിക്കായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഇ) സ്കൂൾ സൗകര്യങ്ങൾ നിലനിർത്തുന്നതിനുള്ള സഹായം**

സ്കൂളുകളിലെ സൗകര്യങ്ങൾ നിലനിർത്തുന്നതിനാണ് ഈ പദ്ധതി. പി.ടി.എകളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും ഏകോപനത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുക. ലാബുകൾ, ലൈബ്രറികൾ,

സ്കൂളുകൾ, എന്നിവയ്ക്കുള്ള ഉപകരണങ്ങളും ഫർണിച്ചറുകളും കളിസ്ഥലങ്ങൾ, ഗെയിമുകൾക്കും, അത്‌ലറ്റിക്കിനും മികച്ച നിലവാരമുള്ള ഉപകരണങ്ങൾ, സംഗീതോപകരണങ്ങൾ, ബാൻഡ് ഇനങ്ങൾ തുടങ്ങിയ കലാ-സാംസ്കാരിക ഉപകരണങ്ങൾ എന്നിവ സർക്കാർ സ്കൂളുകളിൽ സജ്ജീകരിക്കാൻ ഈ ഘടകം ഉദ്ദേശിക്കുന്നു.

2025-26 ലെ പ്രവർത്തനങ്ങൾക്കായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എഫ് ) സ്കൂളുകളിലെ കാര്യക്ഷമമായ മാലിന്യ സംസ്കരണം**

സ്കൂളുകളിൽ ഉൽപാദിപ്പിക്കുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കാനാണ് ഈ ഘടകം ഉദ്ദേശിക്കുന്നത്. പഠന അന്തരീക്ഷം പരിപോഷിപ്പിക്കുന്നതിന് ക്ലീൻ സ്കൂൾ ആശയത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക, മാലിന്യ സംസ്കരണ സംവിധാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് എല്ലാ വിദ്യാർത്ഥികൾക്കും അവബോധം നൽകുക, ഗ്രീൻ അച്ചീവ് മെന്റ് അവാർഡ് നൽകുക, വിദ്യാലയ അടുക്കളത്തോട്ടം പ്രോത്സാഹിപ്പിക്കുക, വിവിധ ശാസ്ത്രീയ മാലിന്യ സംസ്കരണ തന്ത്രങ്ങൾ കണ്ടെത്തി സ്കൂളുകളിൽ നടപ്പിലാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

2025-26 ൽ ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ജി) ഡി.ജി.ഇ ഓഫീസിന്റെ നവീകരണവും ആധുനികവൽകരണവും (പുതിയ ഘടകം)**

മീറ്റിംഗുകൾ, പരിശീലന പരിപാടികൾ, മറ്റ് ഔദ്യോഗിക പരിപാടികൾ തുടങ്ങിയവയ്ക്ക് ആതിഥേയം വഹിക്കുന്നതിന് ആസ്ഥാനത്തെ അടിസ്ഥാന സൗകര്യങ്ങൾ ആധുനിക മാനദണ്ഡങ്ങൾക്ക് അനുസരിച്ച് വർദ്ധിപ്പിക്കുക എന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. മീറ്റിംഗ് റൂമുകൾ നവീകരിക്കുക, ആധുനിക സാങ്കേതികവിദ്യ സ്ഥാപിക്കുക, ഓഫീസ് ഇടങ്ങൾ വികസിപ്പിക്കുക, വിശ്രമമുറികൾ, ഓഡിറ്റോറിയം തുടങ്ങിയവയുടെ നവീകരണം മുതലായവ ഇതിന് കീഴിൽ വരുന്നു. പ്രവർത്തനക്ഷമത മെച്ചപ്പെടുത്താനും മികച്ച തൊഴിൽ അന്തരീക്ഷം വളർത്താനും പ്രൊഫഷണൽ നിലവാരം ഉയർത്താനും ഇത് സഹായിക്കും.

2025-26 ൽ ഈ പദ്ധതിക്കായി 650.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6. ഗവേണൻസ് ആൻഡ് മോണിറ്ററിംഗ്**

**(വിഹിതം: 180.00 ലക്ഷം രൂപ)**

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ സ്കൂൾ ഗവേണൻസും അക്കാദമിക് പ്രവർത്തനങ്ങളും നിരീക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനുവേണ്ടി നാലു ഘടകങ്ങളെ ഈ പദ്ധതി പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

2025-26 ലെ പ്രവർത്തനങ്ങൾക്കായി 180.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എ) അക്കാദമിക മോണിറ്ററിംഗ്**

നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ ഓഫീസർമാരുടെ അക്കാദമിക് മോണിറ്ററിംഗും സന്ദർശനങ്ങളും ആവശ്യമാണ്. സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള പ്രകടനം മെച്ചപ്പെടുത്തുന്നതിനും സ്കൂളിൽ ലഭ്യമായ സൗകര്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനും സഹായിക്കുന്ന തരത്തിൽ സ്കൂൾ പ്രവർത്തനങ്ങളുടെ ഒരു അവിഭാജ്യ ഘടകമായിരിക്കണം നിരീക്ഷണവും മൂല്യനിർണ്ണയവും. സ്കൂൾ സന്ദർശനങ്ങളും അക്കാദമിക് നിരീക്ഷണവും വിവിധ പ്രവർത്തനങ്ങളിലൂടെ കാര്യക്ഷമമായി നടത്തുന്നതിന് തുക വകയിരുത്തുന്നു. ആസൂത്രണവും നിരീക്ഷണവും ഈ ഘടകത്തിന് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2025-26 ൽ ഈ പദ്ധതിക്കായി 140.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 10.00 ലക്ഷം രൂപ ആസൂത്രണത്തിനും നിരീക്ഷണത്തിനുമായി നീക്കിവച്ചിരിക്കുന്നു.

**(ബി) ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തൽ പരിപാടി**

വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ജീവനക്കാരുടേയും പ്രൊഫഷണൽ ശേഷി മെച്ചപ്പെടുത്തുന്നതിനും തുടർച്ചയായ പരിശീലനവും നിരീക്ഷണവും മുഖേന പ്രവർത്തന കാര്യക്ഷമത ഉയർത്തുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർക്ക് വിവിധ പരിശീലനങ്ങൾ ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സേവന നയങ്ങളും, നടപടിക്രമങ്ങളും, വിവരാവകാശ നിയമം, സേവനാവകാശ നിയമം, ഫിനാൻഷ്യൽ റൂൾ മുതലായവയെക്കുറിച്ച് ബോധവൽക്കരിക്കുവാൻ ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നു. വകുപ്പിലെ ജീവനക്കാർക്ക് പരിശീലനവും ബോധവൽക്കരണ പരിപാടികളും

നൽകുന്നതിന് ഈ സ്കീമിൽ തുക വകയിരുത്തിയിട്ടുണ്ട്.

പദ്ധതിപ്രവർത്തനങ്ങൾക്കായി 2025-26 ൽ 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സി) വിദ്യാഭ്യാസ ഓഫീസർമാരെ നേതൃത്വ പാടവമുള്ള വ്യക്തികളാക്കി മാറ്റുക**

വിദ്യാഭ്യാസ ഓഫീസർമാരെ അടിസ്ഥാന ഭരണ തത്വങ്ങളിൽ നന്നായി അറിയാവുന്ന കഴിവുള്ള അക്കാദമിക് നേതാക്കളാക്കി മാറ്റുകയാണ് പ്രോഗ്രാം ലക്ഷ്യമിടുന്നത്. രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ നടപ്പിലാക്കുന്ന നൂതനമായ പ്രവർത്തനങ്ങളെക്കുറിച്ച് വിദ്യാഭ്യാസ ഓഫീസർമാർക്ക് ദിശാബോധം നൽകുന്നതിനും പരിപാടി വിഭാവനം ചെയ്യുന്നു.

2025-26 ൽ ഈ പദ്ധതിക്കായി 15.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**മറ്റ് പ്രവർത്തനങ്ങൾ**

**7. സൗജന്യ സ്കൂൾ യൂണിഫോം വിതരണം**

**(വിഹിതം: 15034.00 ലക്ഷം രൂപ)**

സ്കൂൾ യൂണിഫോം സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതിക്ക് കീഴിൽ രണ്ട് ഘടകങ്ങളാണുള്ളത്. അവ i) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ നൽകുന്ന സൗജന്യ യൂണിഫോം, പദ്ധതിയും ii) കൈത്തറി യൂണിഫോം പദ്ധതിയും. 2025-26ൽ, താഴെപ്പറയുന്ന രണ്ട് ഘടകങ്ങൾക്കുമായി 15034.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ ഏകദേശം 50 ശതമാനം തുക പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**i) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള സൗജന്യ യൂണിഫോം വിതരണം**

സർക്കാർ സ്കൂളുകളിലെ ദാരിദ്ര്യ രേഖയിൽ താഴെയുള്ള ആൺകുട്ടികൾക്കും, എസ്.സി/എസ്.ടി കുട്ടികൾക്കും, പെൺകുട്ടികൾക്കും എസ്.എസ്.എ വഴി സൗജന്യ യൂണിഫോം കൊടുക്കുന്നതിന് പുറമേ സർക്കാർ സ്കൂളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലുള്ള എപിഎൽ ആൺകുട്ടികൾക്കും, എയ്ഡഡ് സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കേരള സർക്കാർ സൗജന്യ യൂണിഫോം നൽകുന്നു. യൂണിഫോമിന്റെ വില 400/- രൂപയിൽ നിന്ന് 600/- രൂപയാക്കി എസ്.എസ്.എ വർദ്ധിപ്പിച്ചിരിക്കുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ കൈത്തറി യൂണിഫോം ഒഴികെയുള്ള സൗജന്യ യൂണിഫോം നൽകുന്നതിന് മാത്രമുള്ളതാണ് ഈ പദ്ധതി.

സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിനായി 8034.00 ലക്ഷം രൂപ 2025-26 ൽ വകയിരുത്തിയിരിക്കുന്നു.

**ii) കൈത്തറി ഡയറക്ടറേറ്റിന്റെ കൈത്തറി യൂണിഫോം പദ്ധതി**

എയ്ഡഡ് എൽ.പി, സർക്കാർ എൽ.പി, സർക്കാർ യു.പി സ്കൂളുകളിലെ വിദ്യാർഥികളാണ് കൈത്തറി യൂണിഫോം പദ്ധതിയുടെ ഗുണഭോക്താക്കൾ. എല്ലാ വിദ്യാർത്ഥികൾക്കും രണ്ട് ജോഡി സൗജന്യ കൈത്തറി സ്കൂൾ യൂണിഫോമും കൈത്തറി യൂണിഫോം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

സ്കൂൾ കുട്ടികൾക്ക് കൈത്തറി സൗജന്യ യൂണിഫോം നൽകുന്നതിനായി 7000.00 ലക്ഷം രൂപ 2025-26 ൽ വകയിരുത്തിയിരിക്കുന്നു.

**8. സ്കൂളുകളിൽ ജൈവ വൈവിധ്യ ക്യാമ്പസ്**

**(വിഹിതം: 50.00 ലക്ഷം രൂപ)**

സ്കൂളിന് ചുറ്റുമുള്ള ജൈവവൈവിധ്യത്തെക്കുറിച്ചും ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രസക്തിയെക്കുറിച്ചും കുട്ടികളിൽ അവബോധം വളർത്തിയെടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്കുകൾ സൃഷ്ടിക്കുന്നതിന് പുറമെ ജൈവവൈവിധ്യ പദ്ധതികൾക്കായി വിദ്യാർത്ഥികളെ തയ്യാറാക്കൽ, ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ, പരിപാലനവും ശക്തിപ്പെടുത്തലും, അംഗീകാരവും സർട്ടിഫിക്കേഷനും തുടങ്ങിയ പ്രവർത്തനങ്ങൾക്കും തുക വകയിരുത്തുന്നു.

2025-26 ൽ ഈ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**9. ഓട്ടിസം പാർക്ക്**

**(വിഹിതം: 59.00 ലക്ഷം രൂപ)**

സാമൂഹ്യ പങ്കാളിത്തം പ്രോത്സാഹിപ്പിച്ചുകൊണ്ടും ആശയവിനിമയം വർദ്ധിപ്പിച്ചുകൊണ്ടും

പെരുമാറ്റ വൈകല്യങ്ങൾ കുറച്ചുകൊണ്ട് വരുവാൻ സഹായിച്ചുകൊണ്ട് ഓട്ടിസം ബാധിച്ച കുട്ടികളെ മുഖ്യധാരയിലേക്ക് എത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കുട്ടികളുടെ അസംഖ്യം വരുന്ന ആവശ്യങ്ങൾക്കനുസരിച്ച് യോജിച്ച പോകുന്നതിന് മാതാപിതാക്കൾക്ക് പിന്തുണ സേവനങ്ങൾ നൽകാനും, പഠനപ്രക്രിയയിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ അധ്യാപകരെ സഹായിക്കാനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. സ്പെഷ്യൽ വിദ്യാഭ്യാസം, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പി, പരിഹാര ബോധനം, സ്വഭാവ രൂപീകരണം, ഭിന്നശേഷി പരിശീലനം, ഫിസിയോതെറാപ്പി, കോഗ്നേറ്റീവ് ബിഹേവിയറൽ മാനേജ്മെന്റ്, കുട്ടികൾക്കും മാതാപിതാക്കൾക്കും ഉള്ള കൗൺസലിംഗ്, പരിശീലനം മുതലായവയാണ് ഓട്ടിസം സെന്ററിനുകീഴിലുള്ള പ്രധാന പ്രവർത്തനങ്ങൾ. പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ, കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഫർണിച്ചറുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവക്കും വേണ്ടിയാണ് തുക അനുവദിച്ചിരിക്കുന്നത്.

2025-26 ൽ ഈ പദ്ധതിക്കായി 59.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**10. കേരള വിദ്യാഭ്യാസ ചരിത്ര മ്യൂസിയം/പരിശീലന കേന്ദ്രം**

**(വിഹിതം : 1.00 ലക്ഷം രൂപ)**

ലഭ്യമായ രേഖകളും സാമഗ്രികളും കാലതാമസം കൂടാതെ സംരക്ഷിക്കുകയും പണ്ഡിതന്മാർക്കും വിദ്യാർത്ഥികൾക്കും ചരിത്ര പര്യവേക്ഷകർക്കും വേണ്ടിയുള്ള പുരാതന വസ്തുക്കളും അനുബന്ധ കാര്യങ്ങളും ശേഖരിക്കുകയും ചെയ്യുക എന്നതാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കേരള എജ്യുക്കേഷണൽ ഹിസ്റ്ററി മ്യൂസിയം കം ട്രെയിനിംഗ് സെന്ററിന്റെ ലക്ഷ്യം. പരിശീലന കേന്ദ്രത്തിന്റെയും മ്യൂസിയത്തിന്റെയും ആദ്യഘട്ട നിർമ്മാണവും മറ്റ് ചെലവുകളും തുടങ്ങിയവയാണ് 2025-26 കാലയളവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ.

2025-26 ൽ ഈ പദ്ധതിക്കായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**11. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം**

**(വിഹിതം : 6200.00 ലക്ഷം രൂപ)**

2023-24 വരെ വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ എന്ന പദ്ധതിയുടെ ഘടകമായിരുന്നു ബുദ്ധിപരമായി വൈകല്യമുള്ള കുട്ടികൾക്ക് പരിചരണം നൽകുന്ന സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക സഹായം. എന്നാൽ ഈ വർഷം മുതൽ പുതിയ പദ്ധതിയായാണ് ഫണ്ട് വകയിരുത്തുന്നത്. സംസ്ഥാനത്ത് വിവിധ എൻജിഒ കൾക്കും എൽഎസ്ജിഡികൾക്കും ദീനദയാൽ വികലാംഗ പുനരധിവാസ പദ്ധതിക്കും കീഴിൽ 330 സ്പെഷൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ബുദ്ധി വൈകല്യമുള്ള കുട്ടികളെ പരിപാലിക്കുന്ന ഈ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനാണ് പദ്ധതി. ഈ പദ്ധതിയുടെ മറ്റ് ലക്ഷ്യങ്ങൾ വ്യക്തിഗത പരിചരണവും പ്രായത്തിന് അനുയോജ്യമായ പിന്തുണയും പ്രോത്സാഹിപ്പിക്കുക, പ്രത്യേക അധ്യാപകരെ സജ്ജരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും മതിയായ വിഭവങ്ങൾ നൽകുക എന്നിവയാണ്. അധ്യാപക-അനധ്യാപക ജീവനക്കാർക്കുള്ള ഓണറേറിയം, തൊഴിലധിഷ്ഠിത പരിശീലന ഉപകരണങ്ങൾ വാങ്ങൽ, കളിപ്പാട്ടങ്ങൾ, യൂണിഫോം, ആകസ്മിക ചെലവുകൾ, അധ്യാപന ശാക്തീകരണം, നോൺ ടീച്ചിംഗ് തെറാപ്പിസ്റ്റ്, സംസ്ഥാന/ജില്ലാ തല നിരീക്ഷണം, സോഫ്റ്റ്‌വെയർ അപ്ഡേഷൻ, മെഡിക്കൽ കെയർ, പരിശോധന, പഠന സാമഗ്രികൾ, തൊഴിൽ പരിശീലനം, സ്പോർട്സ് കിറ്റ്, കലാ വിദ്യാഭ്യാസം, രക്ഷാകർതൃ ബോധവൽക്കരണ പരിപാടി, ആയമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കുള്ള പഠന കിറ്റ് എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

2025-26 ൽ ഈ പദ്ധതിക്കായി 6200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ ഏകദേശം 50 ശതമാനം തുക പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**12.വിദ്യാഭ്യാസ മിഷൻ – വിദ്യാകിരണം**

**(വിഹിതം: 130.00 ലക്ഷം രൂപ)**

2016 നവംബറിൽ കേരള ഗവൺമെൻറ് ആരംഭിച്ച "നവകേരള മിഷൻ" ന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയിരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാകിരണം പദ്ധതിയായി തുടരുകയാണ്. സംസ്ഥാനത്തെ സ്കൂളുകളെ ആധുനികവത്കരിച്ച് നിലവാരമുയർത്തി "മികവിന്റെ കേന്ദ്രങ്ങൾ" ആക്കി മാറ്റുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ പൊതു സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് മിഷന്റെ കീഴിൽ നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം, സാങ്കേതിക സൗഹൃദ ക്ലാസ് മുറികൾ എന്നിവയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അക്കാദമിക് മികവിനും സ്കൂളുമായി ബന്ധപ്പെട്ട

പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമുള്ള പരിപാടികൾ പദ്ധതിയിൽ ഉൾപ്പെടുന്നു.

വിദ്യാഭ്യാസ മിഷന്റെ കീഴിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നതിനായി, 2025-26 സാമ്പത്തിക വർഷത്തിൽ 130.00 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

**13. കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ -കൈറ്റ് (ഐറ്റി @ സ്കൂൾ പ്രൊജക്ട്) (വിഹിതം: 3850.00ലക്ഷം രൂപ)**

പ്രൈമറി തലം മുതൽ ഹയർസെക്കന്ററി തലം വരെയുള്ള സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ഐറ്റി @ സ്കൂൾ പ്രൊജക്ട് നടപ്പിലാക്കി വരുന്നു. 2002-03-ലാണ് പദ്ധതി ആരംഭിച്ചത്. ഐടി @ സ്കൂൾ പ്രോജക്ട് ഇപ്പോൾ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) എന്ന പേരിലാണ് കമ്പനി രൂപീകരിച്ചിരിക്കുന്നത്. ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് ഐസിടി വിദ്യാഭ്യാസം പ്രാപ്തമാക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിൽ ഏകദേശം 50 ശതമാനം തുക പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ കൈറ്റിന്റെ പ്രവർത്തനങ്ങൾ 5 ഘടകങ്ങളായി തരം തിരിച്ചിരിക്കുന്നു.

**i. ഐ.സി.ടി ഹാർഡ് വെയറുകളുടെ വിതരണവും പരിപാലനവും**

സ്കൂളുകളിൽ ഐസിറ്റി ഹാർഡുവെയറുകൾ വിന്യസിപ്പിക്കുക, ജില്ലാ കാര്യാലയങ്ങളിൽ ഐസിറ്റി അടിസ്ഥാനസൗകര്യങ്ങൾ നടപ്പിലാക്കുക, എ.എം.സി പുതുക്കുക, ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഐ.സി.റ്റി നവീകരണവും ബ്രോഡ്ബാൻഡ് കണക്ടിവിറ്റിയുടെ നവീകരണവും നടപ്പിലാക്കുക എന്നിവയാണ് പ്രധാന ഘടകങ്ങൾ.

**ii. ഉള്ളടക്ക വികസനം**

ഐ.സി.ടി ഉള്ളടക്ക വികസനം, സമഗ്ര റിസോഴ്സ് പോർട്ടലിന്റെ നവീകരണം, സ്കൂൾ വിക്കി പോർട്ടലിന്റെ നവീകരണം, വിക്ടേഴ്സിനുള്ള വിദ്യാഭ്യാസ ഉള്ളടക്കങ്ങളുടെ ഉറവിടവും വികസനവും, നൂതന പ്രോഗ്രാമുകൾ, ഫോസ്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ വികസനം, വിക്ടേഴ്സിന്റെ രണ്ടാമത്തെ ചാനലായ വിക്ടേഴ്സ് പ്ലസ് - നുള്ള ഉള്ളടക്ക വികസനം, 5 പി.എം ഇ-വിദ്യ ചാനൽ എന്നിവയാണ് ഈ വിഭാഗത്തിന് കീഴിലുള്ള പ്രധാന പ്രവർത്തനങ്ങൾ.

**iii. അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരമുയർത്തുക**

സംസ്ഥാന കാര്യാലയത്തിന്റെയും, 14 ജില്ലാ കാര്യാലയങ്ങളുടെയും നിലവാരമുയർത്തുക, വിക്ടേഴ്സ് സ്റ്റുഡിയോയും സജ്ജീകരണങ്ങളും വികസിപ്പിക്കുക, ഉയർന്ന നിലവാരത്തിലുള്ള സ്റ്റുഡിയോ നിലനിർത്തുക, ഹബ് ഉപകരണങ്ങളുമായി ബന്ധിപ്പിക്കുക, കൈറ്റിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

**iv. നിരീക്ഷണവും കാര്യശേഷി വികസനവും**

അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമുള്ള ശേഷി വർദ്ധിപ്പിക്കൽ, ലിറ്റിൽ കൈറ്റ്സ് പ്രോഗ്രാമിന് കീഴിലുള്ള പരിശീലനം, KOOL പ്ലാറ്റ്ഫോം വഴി അധ്യാപകർക്കുള്ള ഓൺലൈൻ പരിശീലനം, ഫീൽഡ് ലെവൽ ഓഫീസർമാർക്ക് മോണിറ്ററിംഗ് & കമ്മ്യൂണിക്കേഷൻ ചാർജ്ജുകൾ എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

**v. മികച്ച ഐ.സി.റ്റി സമ്പ്രദായങ്ങൾ - പ്രൊജക്റ്റ് മാനേജ്മെന്റും ഇ- ഗവെർണൻസും**

(എ) ഐ.റ്റി ഫെസ്റ്റ്, ഐ.റ്റി അവാർഡ്, സംസ്ഥാനത്തെ മികച്ച ലാബിനും, മികച്ച സ്കൂളിനും ഉള്ള വാർഷിക പുരസ്കാരം എന്നിങ്ങനെയുള്ള മികച്ച പ്രവർത്തനങ്ങൾ.

(ബി) അധ്യാപകരുടെ ഓൺലൈൻ ട്രാൻസ്ഫർ, പോസ്റ്റിംഗ്, കംപ്യൂട്ടർവൽക്കരണം, കേന്ദ്രീകൃത ടെക്സ്റ്റ് ബുക്ക് ഇന്റന്റ് സിസ്റ്റം, സ്കൂൾ കലോൽസവം സോഫ്റ്റ്വെയർ, സമഗ്ര, സമന്വയ, സമ്പൂർണ, സമേതം സ്കൂൾ ഡാറ്റാ ബാങ്ക് തുടങ്ങിയ ഇ-ഗവേണൻസ് സംരംഭങ്ങൾ മുതലായവ.

(സി) ഐ.സി.റ്റി വിദ്യാഭ്യാസത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് വേണ്ടിയുള്ള പ്രോജക്റ്റ് മാനേജ്മെന്റ് ഫണ്ട്.

2025-26 - ൽ ഈ പദ്ധതിക്കായി 3850.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 50

ശതമാനത്തിൽ കൂടുതൽ പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**14. വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം**

**(വിഹിതം: 1300.00 ലക്ഷം രൂപ)**

സെക്കണ്ടറി പഠനത്തിലെ വൊക്കേഷണൽ വിദ്യാഭ്യാസം, വ്യക്തിഗത തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായുള്ള വിദ്യാഭ്യാസ അവസരങ്ങളുടെ വൈവിധ്യവൽക്കരണത്തിന് സഹായിക്കുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയുടെ പുനരുദ്ധാരണ പ്രക്രിയ ഇതിനകം ആരംഭിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാഭ്യാസം മുതൽ ഉന്നത വിദ്യാഭ്യാസം വരെ വ്യക്തമായ ഒരു മാർഗ്ഗം സൃഷ്ടിക്കുവാൻ എൻ.എസ്.ക്യൂ.എഫ് മായി ചേർന്ന് കൊണ്ടാണ് പ്രവർത്തിക്കേണ്ടത്. നിലവിൽ 389 വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ 1101 ബാച്ചുകളാണുള്ളത് നിലവിൽ 48 NSQF കോഴ്സുകൾ ഈ സ്കൂളുകളിലൂടെ നൽകുന്നു.

പദ്ധതികളുടെ നടത്തിപ്പിനായി താഴെ പറയുന്ന ഘടകങ്ങൾക്ക് 1300.00 ലക്ഷം രൂപ, 2025-26 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്നു. ഇതിൽ തുകയുടെ 42 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്ക് പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായി സമാഹരിച്ച ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

**എ) ആസ്പയർ – ഒരു വ്യവസായ അക്കാദമിക പങ്കാളിത്തം**

കേരളത്തിലെ വിഎച്ച്എസ്ഇ വിദ്യാർത്ഥികൾക്ക് ഫലപ്രദമായ വൈദഗ്ധ്യം നൽകുന്നതിന് വ്യവസായത്തെയും പഠന ഗവേഷണത്തെയും ഒരുമിച്ച് കൊണ്ടുവരുന്ന ഒരു അതുല്യമായ സംരംഭമാണ് ആസ്പയർ. വ്യവസായത്തിന് ആവശ്യമായ കഴിവുകളും വിദ്യാർത്ഥികൾക്ക് നിലവിൽ സ്കൂളുകളിൽ നിന്ന് ലഭ്യമാകുന്ന കഴിവുകളും തമ്മിലുള്ള വിടവ് നികത്തുകയാണ് ഈ സ്കീം ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികൾക്ക് വ്യവസായ വിദഗ്ധരിൽ നിന്ന് പഠിക്കാനും, തൊഴിൽ പരിശീലനം, ഇന്റേൺഷിപ്പുകൾ, അപ്രന്റീസ്ഷിപ്പുകൾ എന്നിവയിലൂടെ അനുഭവപരിചയം നേടാനുമുള്ള അവസരം ആസ്പയർ നൽകും. തൊഴിൽ പരിശീലനം, വ്യവസായ സന്ദർശനം, മീറ്റ് & ടോക്ക്, വ്യവസായ വിദഗ്ദ്ധരുമായുള്ള ഇടപെടൽ, നിരീക്ഷണവും വിലയിരുത്തലും തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

**ബി) പ്രൊഫഷണൽ വികസന പരിപാടികൾ– നൈപുണ്യവും അഭിവൃദ്ധിയും**

ജീവനക്കാർക്ക് അവരുടെ വിജ്ഞാന അടിത്തറ വർദ്ധിപ്പിക്കുന്നതിനും ജോലിസ്ഥലത്ത് അവരുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനുമുള്ള ഒരു സുവർണ്ണാവസരം പ്രൊഫഷണൽ വികസന പരിപാടികൾ നൽകുന്നു. പരിശീലന ആവശ്യകത വിശകലനം, മൊഡ്യൂൾ വികസനം, മാസ്റ്റർ പരിശീലനം, പരിശീലന ഉപകരണങ്ങൾ, പാഠ്യപദ്ധതി മെറ്റീരിയൽ വികസനത്തിനായുള്ള വർക്ക്ഷോപ്പുകൾ, വൈ.ഐ.പി വർക്ക്ഷോപ്പ് തുടങ്ങിയവയാണ് 2025-26 ലെ ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ.

**സി. വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടികൾ – അടുത്ത തലമുറയെ സ്വതന്ത്രമാക്കൽ**

വിദ്യാർത്ഥികൾക്ക് വൈദഗ്ധ്യവും അറിവും നൽകാൻ ലക്ഷ്യമിടുന്ന ഒരു പരിപാടിയാണ് അടുത്ത തലമുറയെ സ്വതന്ത്രമാക്കൽ എന്നത്. വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചുള്ള പഠനം, പരിശീലനം, വിമർശനാത്മക ചിന്താശേഷി വികസിപ്പിക്കൽ, നവീകരണവും സർഗ്ഗാത്മകതയും വളർത്തൽ എന്നിവയിൽ ഈ പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കും. ഡ്രീം വിഎച്ച്എസ്ഇ (വിഎച്ച്എസ്ഇ കോഴ്സുകളെക്കുറിച്ച് ബോധവൽക്കരണം), കരിയർ കൗൺസിലിംഗ്, സോഫ്റ്റ് സ്കിൽ പരിശീലനം, സാമ്പത്തിക സാക്ഷരതാ സെമിനാർ, ആരോഗ്യ-ക്ഷേമ പരിപാടികൾ, ഒഡീസി (വിദ്യാർത്ഥി നേതൃത്വ ക്യാമ്പ്), കരിയർ സ്റ്റുഡിയോ, കരിയർ ഫെയർ, എസ്എംഎസ് പാക്കേജ് (എം-ഗവേണൻസ്), ഇ-ക്യൂബ് (ശ്രേഷ്ഠതയ്ക്കും ഇക്വിറ്റിക്കുമുള്ള ശാക്തീകരണം), സീഡ് മണി (സംരംഭകത്വത്തിന്റെ പ്രോത്സാഹനം), വി.എച്ച്.എസ്.ഇ യാത്ര (കരിയർ ചക്രവാളങ്ങൾ നാവിഗേറ്റ് ചെയ്യുക), യോജന മാഗസിൻ, മറ്റ് തുടർ പ്രവർത്തനങ്ങൾ എന്നിവയാണ് 2025-26 കാലയളവിൽ വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടികൾക്ക് കീഴിൽ നിർദ്ദേശിച്ചിരിക്കുന്ന ഘടകങ്ങൾ.

**ഡി) ലാബുകളുടെയും ഉപകരണങ്ങളുടെയും നവീകരണം**

സർക്കാർ സ്കൂളുകളിലെ ലബോറട്ടറികൾ നവീകരിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ലബോറട്ടറി ഉപകരണങ്ങൾ, യന്ത്രസാമഗ്രികൾ, ഉപഭോഗവസ്തുക്കൾ, രാസവസ്തുക്കൾ, ഫർണിച്ചറുകൾ,

കമ്പ്യൂട്ടറുകൾ, എന്നിവയുടെ വാങ്ങൽ ലബോറട്ടറികളുടെ നവീകരണത്തിനായി മറ്റ് സൗകര്യങ്ങൾ മുതലായവ പദ്ധതിക്ക് കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**ഇ) ജോലിസ്ഥലത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (ഓഫീസ്-ഇ-ഓഫീസിന്റെ നവീകരണം)**

സംസ്ഥാനത്തെ എല്ലാ വി.എച്ച്.എസ്.ഇ ഓഫീസുകളുടെയും ഓഫീസ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പരിപാടിയാണിത്. ഓഫീസ് ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങൽ, ഐടി അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കൽ, ജീവനക്കാർക്കും സന്ദർശകർക്കും വേണ്ടിയുള്ള സൗകര്യങ്ങൾ തുടങ്ങിയവയാണ് ഘടകങ്ങൾ.

**എഫ് ) നൈപുണ്യ വികസന ഉത്പാദക കേന്ദ്രങ്ങൾ - സംരംഭകത്വവും തൊഴിലധിഷ്ഠിത പരിശീലനവും**

വ്യക്തികൾക്ക് സ്വന്തം ബിസിനസ്സ് ആരംഭിക്കുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കുന്നതിന് പരിശീലനവും പിന്തുണയും നൽകുന്ന ഒരു സൗകര്യമാണിത്. ഈ പദ്ധതിയുടെ കീഴിലുള്ള പ്രധാന പരിപാടികൾ നൈപുണ്യ പരിശീലനവും സംരംഭകത്വ വികസനവുമാണ്.

**ജി ) എൻ.എസ്.ക്യു.എഫ് സെൽ**

നൈപുണ്യ വിടവ് പഠനം, വ്യവസായ, സാമൂഹിക-സാമ്പത്തിക പശ്ചാത്തലങ്ങളിൽ നിന്നുള്ള ആവശ്യകതകൾ എന്നിവ പരിഗണിച്ച് പുതിയ എൻ.ഒ.എസ്-ക്യു.പി-കളും പാഠ്യപദ്ധതിയും വികസിപ്പിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിൽ എൻ.ഒ.എസ് -ക്യു.പി ഡെവലപ്മെന്റ് സെല്ലിനായുള്ള എൻ.എസ്.ക്യു.എഫ് സെൽ സ്ഥാപിക്കും. എൻ.സി.വി.ഇ.റ്റി /എൻ.എസ്.ക്യു.എഫ്-ൽ നിന്ന് വികസിപ്പിച്ച യോഗ്യതകളുടെ അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുന്നതാണ്.

**എച്ച്) സ്കൂൾ അടിസ്ഥാന സൗകര്യങ്ങൾ**

2025-26 ൽ, ഈ പദ്ധതി പ്രകാരം സാങ്കേതികവും ആധുനികവുമായ ക്ലാസ് മുറികളും ലാബുകളും മറ്റ് സൗകര്യങ്ങളും അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

**ഹയർസെക്കന്ററി വിദ്യാഭ്യാസം**

ഹയർസെക്കന്ററി വിദ്യാഭ്യാസത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനായി താഴെ പറയുന്ന പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 2025-26 വർഷത്തിൽ 7486.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**15. സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം**

**(വിഹിതം: 5200.00 ലക്ഷം രൂപ)**

അടിസ്ഥാന സൗകര്യങ്ങളായ ക്ലാസ്സ് മുറികൾ, ലാബോറട്ടറി സൗകര്യങ്ങൾ, ലൈബ്രറി സൗകര്യങ്ങൾ, ടോയിലറ്റുകൾ, കുടിവെള്ള ലഭ്യത തുടങ്ങിയവ ഗുണമേന്മയുള്ള വിദ്യാഭ്യാസം നല്കുന്നതിന് വളരെ പ്രധാനമാണ്. മിക്ക സ്കൂളുകളിലും കുട്ടികൾക്ക് പഠിക്കാൻ മതിയായ കെട്ടിടങ്ങൾ ഇല്ലാത്തത് ഒരു പോരായ്മയാണ്. സർക്കാർ ഹയർസെക്കൻഡറി സ്ക്കുളുകൾക്ക് വേണ്ടിയുള്ള ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണം, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിനുള്ള ഓഫീസ് സമുച്ചയം, ക്ലാസ് മുറികളിലേക്ക് ലിഫ്റ്റ്/റാംപ് സൗകര്യം, ടോയ്ലറ്റുകൾ, ലബോറട്ടറികൾ, കളിസ്ഥലങ്ങൾ, ലാപ്ടോപ്പുകൾ വാങ്ങൽ, ഗേറ്റിനു മുന്നിൽ ക്യാമറ സ്ഥാപിക്കൽ, കോമ്പൗണ്ട് ഭിത്തി നിർമാണം, ലാബ് ഉപകരണങ്ങൾ, ഫർണിച്ചറുകൾ, ലൈബ്രറി പുസ്തകങ്ങൾ, എന്നിവ വാങ്ങൽ, സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ മെഷീൻ സ്ഥാപിക്കൽ തുടങ്ങിയവയാണ് ഈ പരിപാടിയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രധാന ഘടകങ്ങൾ.

2025-26-ൽ 5200.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**16. അക്കാദമിക പരിപാടികൾ മെച്ചപ്പെടുത്തൽ**

**(വിഹിതം: 600.00ലക്ഷം രൂപ)**

സംസ്ഥാനത്തെ ഹയർസെക്കൻഡറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുന്നതിനായി 2007 മുതൽ ഗവൺമെന്റ് അവതരിപ്പിച്ച ഒരു തുടർ പദ്ധതിയാണ് അക്കാദമിക് പ്രോഗ്രാം മെച്ചപ്പെടുത്തൽ. വിഷയത്തിലുള്ള അറിവ് മെച്ചപ്പെടുത്തുന്നതിന് അധ്യാപകർക്ക് പരിശീലനം ഒഴിച്ചുകൂടാനാവാത്തതാണ്. ഹയർസെക്കൻഡറി സ്കൂൾ ടീച്ചർ ട്രാൻസ്ഫോർമേഷൻ പ്രോഗ്രാം (എച്ച്.എസ്.എസ്.ടി.പി), ഹയർസെക്കൻഡറി അധ്യാപകർക്കിടയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുക, അക്കാദമിക് നിരീക്ഷണം, ഹയർ സെക്കൻഡറി സ്കൂൾ

പ്രിൻസിപ്പൽമാർക്കുള്ള നേതൃത്വ പരിശീലന പരിപാടി, ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകർക്കുള്ള ക്ലസ്റ്റർ പരിശീലനം, ഫ്ലെക്സി ഫണ്ട്, മറ്റ് നിലവിലുള്ള പ്രവർത്തനങ്ങൾ എന്നിവ 2025-26 കാലയളവിൽ ഈ പദ്ധതിക്ക് കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ ഏകദേശം 68 ശതമാനം തുക സ്ത്രീകൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

2025-26 ൽ പ്രസ്തുത പദ്ധതിക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**17. വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടികൾ**

**(വിഹിതം: 800.00 ലക്ഷം രൂപ)**

1) കരിയർ ഗൈഡൻസും കൗൺസലിംഗ് പ്രോഗ്രാമും-ഇന്നൊവേറ്റീവ് ലൈഫ് എക്സ്പീരിയൻസിനായുള്ള സ്കിൽ മെന്റർഷിപ്പ് (സൈമൽ), ഹ്യുമാനിറ്റീസ് ബാച്ച് വിദ്യാർത്ഥികൾക്കായി കരിയർ ഓറിയന്റഡ് പ്രോഗ്രാം, കരിയർ ഗൈഡൻസ് യൂണിറ്റുകളുടെ വിപുലീകരണം എന്നിവ 2) കൗമാര കൗൺസിലിംഗ്, ഹെൽത്ത് കെയർ-കൗമാരക്കാരായ കുട്ടികളും ശാരീരികവും മാനസികവുമായ ആരോഗ്യം വളർത്തിയെടുക്കുന്നതിനുള്ള പദ്ധതികൾ (സൗഹൃദ ക്ലബുകൾ, കരുത്ത്), സൗഹൃദ ക്ലബുകൾ വഴി കൗമാരക്കാർക്ക് കൗൺസിലിംഗും അതുപോലെ ആരോഗ്യ പരിപാലന പദ്ധതികളും 3) സിറ്റർ- കലാപരമായ കഴിവ് വികസിപ്പിക്കുന്നതിനുള്ള വിദ്യാർത്ഥികളുടെ സംരംഭം 4) പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, 5) കേരളത്തിലെ അതി ദരിദ്രരായ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസം – ഉച്ചഭക്ഷണം, പ്രഭാതഭക്ഷണം, മാർഗ്ഗദർശനം, പഠനോപകരണങ്ങൾ, കായിക/കലാ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം, യൂണിഫോം, പാഠപുസ്തകം, രക്ഷാകർതൃ ബോധവത്കരണ പരിപാടി, മറ്റ് തുടർപദ്ധതികൾ തുടങ്ങിയ പ്രധാന ഘടകങ്ങൾ നടപ്പിലാക്കാൻ ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നു.

2025-26 ൽ പദ്ധതിക്കായി 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 100.00 ലക്ഷം രൂപ കേരളത്തിലെ അതി ദരിദ്രരായ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസത്തിനായി മാറ്റി വച്ചിരിക്കുന്നു. ഈ പദ്ധതിയിൽ നിന്നും തുകയുടെ 50 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**18. വകുപ്പിന്റെ നവീകരണം**

**(വിഹിതം: 96.00 ലക്ഷം രൂപ)**

എ) ഉദ്യോഗസ്ഥർക്ക് പരിശീലനം ബി) ഡയറക്ടറേറ്റിന്റെ നവീകരണം സി) ആർ.ഡി.ഡി ഓഫീസുകളുടെ പരിപാലനം ഡി) ഇ-ഓഫീസ് നടപ്പിലാക്കുക ഇ) രേഖകളുടെ ഡിജിറ്റലൈസേഷൻ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

2025-26 വർഷത്തിൽ പദ്ധതിക്കായി 96.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**19. ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

**(വിഹിതം: 790.00 ലക്ഷം രൂപ)**

ഹയർസെക്കന്ററി തലത്തിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതാണ് ഈ പദ്ധതി. പ്രതിവർഷം ഒരു വിദ്യാർത്ഥിക്ക് 5000 രൂപ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നു. നിർദ്ധനരായ വിദ്യാർത്ഥികളിൽ പഠിക്കുവാൻ സാമർത്ഥ്യമുള്ളവർക്ക് ഈ പദ്ധതി പ്രയോജനകരമാണ്. ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പരിമിതപ്പെടുത്തിയിട്ടുണ്ട്.

പദ്ധതിയുടെ നടത്തിപ്പിനായി 2025-26 വർഷത്തിൽ 790.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ തുകയുടെ 50 ശതമാനത്തിൽ കൂടുതൽ പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**20. നബാർഡ് സഹായത്തോടെ ഗവൺമെന്റ് സ്കൂളുകൾക്ക് വേണ്ടി ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുക.**

**(വിഹിതം: 740.00 ലക്ഷം രൂപ)**

20 ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകൾക്ക് വേണ്ടി നബാർഡ് ആർ.ഐ.ഡി.എഫ് സഹായത്തോടെ ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നബാർഡ് - ആർ.ഐ.ഡി.എഫ് പദ്ധതിയുടെ നടത്തിപ്പിനായി 2025-26 വർഷത്തിൽ 740.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### മറ്റു പദ്ധതികൾ

### 21. സി.എച്ച് മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ചഡ്, പാങ്ങപ്പാറ, തിരുവനന്തപുരം

**(വിഹിതം: 900.00 ലക്ഷം രൂപ)**

സ്പെഷ്യൽ വിദ്യാഭ്യാസം, മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പരിശീലനവും പുനരധിവാസവും എന്നിവ നല്കുന്ന സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ചഡ് എന്ന സ്ഥാപനം പൊതുവിദ്യാഭ്യാസവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ്. 2025-26 വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ താഴെ കൊടുത്തിരിക്കുന്നു:

1. ഭരണപരമായ കാര്യങ്ങൾ
2. സ്പെഷ്യൽ സ്കൂളും ഹോസ്റ്റലും
3. സ്പെഷ്യൽ എഡ്യൂക്കേഷനിൽ ഡിപ്ലോമ കോഴ്സ്
4. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ
5. രക്ഷിതാക്കളെ പരിശീലിപ്പിക്കുന്നതിന് സാമൂഹ്യ പങ്കാളിത്തത്തോടെയുള്ള പദ്ധതി.
6. ഡോക്യുമെന്റേഷനും, അനുബന്ധ പ്രവർത്തനങ്ങളും
7. ആദ്യഘട്ടങ്ങളിലെ ഇടപെടലുകൾ – മാതൃകാ പദ്ധതികൾ
8. ശില്പശാലകൾ, സെമിനാറുകൾ
9. അപക്സ് സ്ഥാപനത്തിന് വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ
10. ക്ലിനിക്കൽ യൂണിറ്റ് ശക്തിപ്പെടുത്തൽ
11. വിടിസിയുമായി ബന്ധപ്പെട്ട നിർമ്മാണ, വിപണന യൂണിറ്റ്
12. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ഹോസ്റ്റൽ നിർമ്മാണം, വിടിസി കെട്ടിട നിർമ്മാണം
13. സെൻസറി പാർക്ക് സ്ഥാപിക്കൽ
14. സുസ്ഥിതി
15. പാങ്ങപ്പാറയിലെ സി.എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്, ഭിന്നശേഷിക്കാർക്കുള്ള മികവിന്റെ കേന്ദ്രമായി ഉയർത്തുക.
16. സ്പെഷ്യൽ ടീച്ചർ പ്രോഗ്രാമിന്റെ ശാക്തീകരണം
17. ഖരമാലിന്യ സംസ്കരണം
18. തടസ്സരഹിത അടിസ്ഥാന സൗകര്യങ്ങൾ

തുടർ പ്രവർത്തനങ്ങൾ ഉൾപ്പെടെ പദ്ധതി പ്രവർത്തനങ്ങൾക്ക് 2025-26-ൽ 900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 22. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ (എസ്.സി.ഇ.ആർ.ടി)

**(വിഹിതം: 2100.00 ലക്ഷം രൂപ)**

ദേശീയതലത്തിലുള്ള വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ മാതൃകയിൽ സംസ്ഥാനതലത്തിൽ കേരള സർക്കാർ രൂപംകൊടുത്ത സ്ഥാപനമാണിത്. വിദ്യാഭ്യാസ നയങ്ങൾ, ഗവേഷണം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, പാഠ്യപദ്ധതി വികസിപ്പിച്ചെടുക്കൽ, അധ്യാപന വികസന പരിപാടികൾ എന്നിവയ്ക്ക് ഈ സ്ഥാപനം നേതൃത്വം നൽകി വരുന്നു.

1. കരിക്കുലത്തിന്റയും മറ്റ് ബന്ധപ്പെട്ട പഠന വിഭവങ്ങളുടെയും വികസനം
2. ഗവേഷണവും വിദ്യാഭ്യാസ സർവ്വേകളും
3. അധ്യാപകർക്കും അധ്യാപക പരിശീലകർക്കുമുള്ള ശാക്തീകരണ പരിപാടികൾ
4. വിദ്യാർത്ഥികൾക്കുള്ള പഠന മികവ് പരിപാടികൾ (ന്യു മാറ്റ്സ്, സ്റ്റെപ്സ്, ന്യു സിറ്റ്സ്, യോഗ

ഒളിമ്പ്യാഡ്, എൻ.റ്റി.എസ്.ഇ, മുതലായവ)

5. വിദ്യാഭ്യാസ സാങ്കേതിക വിദ്യയും ഓൺലൈൻ പരിപാടികൾ ഉൾപ്പടെ മറ്റ് അനുബന്ധ പ്രവർത്തനങ്ങളും
6. ആരോഗ്യ വിദ്യാഭ്യാസവും ജീവിത നൈപുണ്യ വിദ്യാഭ്യാസവും (എച്ച്.ഇ.എൽ.പി-ഉല്ലാസ പറവകൾ)
7. സ്ത്രീകളുടെ ഭരണഘടനാപരമായ അവകാശങ്ങളെക്കുറിച്ചും, ലിംഗ പദവി അവബോധം ഉൾപ്പെടെയുള്ള അവ്യക്തമായ ആചാരങ്ങൾക്കെതിരായ പോരാട്ടങ്ങളെക്കുറിച്ചും ഉള്ള മൊഡ്യൂൾ തയ്യാറാക്കൽ
8. ഫീൽഡ് തല പിന്തുണയും വിപുലീകരണ പരിപാടികളും
9. കമ്മിറ്റികളും യോഗങ്ങളും
10. കാര്യശേഷി വികസന പരിപാടികൾ
11. ലൈബ്രറിയും പാഠപുസ്തക ആർക്കൈവുകളും
12. പ്രിന്റിങ്ങും പ്രസിദ്ധീകരണവും
13. അടിസ്ഥാന സൗകര്യ വികസനം
14. മൂല്യനിർണയ സെൽ
15. സംയോജിത വിദ്യാഭ്യാസം, വൈദഗ്ധ്യം, സംരംഭകത്വം എന്നിവയിലുള്ള പ്രവർത്തനം എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ

2025-26 വർഷത്തിൽ പദ്ധതിക്കായി 2100.00 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. ഇതിൽ തുകയുടെ 10 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

### 23. സമഗ്ര ശിക്ഷാ അഭിയാന്റെ പ്രോജക്ട് ഡയറക്ടറേറ്റിനുള്ള സംസ്ഥാന സഹായം

**(വിഹിതം : 2050.00 ലക്ഷം രൂപ)**

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനും (ആർഎംഎസ്എ) സർവ്വ ശിക്ഷാ അഭിയാനും (എസ്എസ്എ) യും കൂടി ചേർന്നു കൊണ്ട് 2018-ൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണ് സമഗ്ര ശിക്ഷാ അഭിയാൻ. പ്രോജക്ട് ഡയറക്ടറേറ്റ് വഴി സംസ്ഥാനതലത്തിൽ നടത്തുന്ന പ്രത്യേക പരിപാടികൾക്കു വേണ്ടിയാണ് ഇതിലെ തുക ഉപയോഗിക്കുന്നത്. 1) സംസ്ഥാന പ്രോജക്ട് ഓഫീസ് രണ്ടാം ഘട്ട നിർമ്മാണം 2) സ്പെഷ്യൽ ടീച്ചർമാർക്കുള്ള ഓണറേറിയം 3) ജില്ലാ ഓഫീസുകൾ, ബിആർസി സെന്ററുകൾ എന്നിവയുടെ നന്നാക്കലും അറ്റകുറ്റപ്പണികളും 4) നിലവിലുള്ള സമഗ്ര ശിക്ഷാ കേരളത്തിന്റെ സംസ്ഥാന ഓഫീസ് കെട്ടിടം സ്ഥിരം പരിശീലന കേന്ദ്രമായി സ്ഥാപിക്കുക എന്നിവയാണ് 2025-26 ലെ പ്രധാനപ്പെട്ട സംസ്ഥാനതല പദ്ധതികൾ.

പദ്ധതി പ്രവർത്തനങ്ങൾക്കായി 2050.00 ലക്ഷം രൂപ 2025-26 വർഷത്തിൽ വകയിരുത്തിയിരിക്കുന്നു. ഇതിൽ തുകയുടെ 50 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്ക് പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായി സമാഹരിച്ച ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

### 24. സംസ്ഥാനതല വിദ്യാഭ്യാസ മാനേജ്മെന്റ് പരിശീലനസ്ഥാപനം (സീമാറ്റ്)

**(വിഹിതം: 300.00 ലക്ഷം രൂപ)**

1986-ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി വിദ്യാഭ്യാസ കാര്യ നിർവ്വാഹകരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ സ്ഥാപിക്കപ്പെട്ട സ്ഥാപനമാണിത്. വിദ്യാഭ്യാസ നിലവാരം ഉയർത്തുക, വിദ്യാഭ്യാസമേഖലയിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി സമഗ്രമായി വർദ്ധിപ്പിക്കുക, നൂതന മാതൃകയിലുള്ള മാനേജ്മെന്റ് സംവിധാനം രൂപപ്പെടുത്തുക, സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഭരണപരിഷ്കാരങ്ങൾ ആസൂത്രണം ചെയ്യുക തുടങ്ങിയവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ചുമതലകൾ. 2025-26 വർഷത്തിൽ സീമാറ്റ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ താഴെ കൊടുത്തിരിക്കുന്നു.

i) സ്കൂൾ മേധാവികൾ, പ്രിൻസിപ്പൽമാർ, കരിയർ മാസ്റ്റർമാർ, വിദ്യാഭ്യാസ ഓഫീസർമാർ,

അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ്, അധ്യാപകർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലനം.

ii) ഗവേഷണം

iii) പ്രസിദ്ധീകരണവും ഡോക്യുമെന്റേഷനും

iv) അസംബ്ലി മണ്ഡലം തലത്തിലുള്ള വിദ്യാഭ്യാസ പരിപാടികളുടെ സംസ്ഥാനതല അവലോകനവും നിരീക്ഷണവും

v) ആസൂത്രണത്തിലും മാനേജ്മെന്റ് പ്രവർത്തനങ്ങളിലും ഡയറ്റ് ശക്തിപ്പെടുത്തൽ

vi) വിദ്യാകിരണം മിഷന്റെ സംസ്ഥാനതല ആസൂത്രണവും വിലയിരുത്തലും

vii) ലൈബ്രറിയുടെ വികസനം

viii) ഡി–സൈറ്റ്–സർക്കാരിനും പൊതു വിദ്യാഭ്യാസ മേഖലയ്ക്ക് കീഴിലുള്ള വിവിധ ഏജൻസികൾക്കും ഡാറ്റാ അധിഷ്ഠിത ഇൻപുട്ടുകൾ നൽകുന്നതിനുള്ള ഒരു സംരംഭമാണ് ഡി–സൈറ്റ്

ix) രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും മറ്റിടങ്ങളിലും വിദ്യാഭ്യാസ രംഗത്ത് പരീക്ഷിച്ച നൂതന ആശയങ്ങളെ കുറിച്ച് അറിയാനുള്ള ദേശീയ ആശയ മേളകൾ.

x) എൻ.എൽ.ഇ.പി (നാഷണൽ എജ്യുക്കേഷണൽ ലീഡർഷിപ്പ് എക്സ്ചേഞ്ച് പ്രോഗ്രാം) പങ്കാളിത്ത സംസ്ഥാനങ്ങളിലെ അധ്യാപകർക്ക് ഒരുമിച്ച് നിൽക്കാനും ആശയങ്ങളും അനുഭവങ്ങളും പങ്കുവെക്കാനും അവസരം നൽകുന്നു.

xi) സീമാറ്റ് – കേരള കെട്ടിട സമുച്ചയത്തിന്റെയും മറ്റ് അടിസ്ഥാന സൗകര്യ സൗകര്യങ്ങളുടെയും അറ്റകുറ്റപ്പണികൾ, നവീകരണം

xii) മറ്റ് തുടർപരിപാടികൾ

2025–26–ൽ ഈ പദ്ധതിക്കായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**25. കേരള സംസ്ഥാന ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ്**

**(വിഹിതം: 180.00 ലക്ഷം രൂപ)**

ലോകത്തിലെ ഏറ്റവും വലിയ യുവജന പ്രസ്ഥാനമാണ് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്. ഈ പ്രസ്ഥാനത്തിന്റെ സംസ്ഥാന ശാഖയാണ് കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അനുസരിച്ച് പ്രത്യേകിച്ച് സ്കൂളുകളിൽ പ്രവർത്തിക്കുന്ന ഒരു സന്നദ്ധ സംഘടനയാണിത്. ഉത്തരവാദിത്തമുള്ള പൗരന്മാരെന്ന നിലയിലും പ്രാദേശിക, സംസ്ഥാന, ദേശീയ, അന്തർദ്ദേശീയ കമ്മ്യൂണിറ്റികളിലെ അംഗമെന്ന നിലയിലും ശാരീരികവും ബൗദ്ധികവും സാമൂഹികവും ആത്മീയവുമായ കഴിവുകളുടെ വികസനം കൈവരിക്കുന്നതിന് യുവാക്കൾക്കുള്ള ഒരു സന്നദ്ധ വിദ്യാഭ്യാസ പ്രസ്ഥാനമാണ് സ്കൗട്ടിംഗ്–ഗൈഡിംഗ്. സംസ്ഥാനത്തെ സ്കൗട്ട് ആൻഡ് ഗൈഡ് പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനും സ്കൗട്ട് ആൻഡ് ഗൈഡ് പരിശീലന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും യുവാക്കൾക്കും തുടർച്ചയായ പരിശീലനത്തിലൂടെയും സംഘടനാ പരിപാടിയിലൂടെയും എണ്ണം വർധിപ്പിക്കാനുമാണ് ഈ പദ്ധതി പ്രധാനമായും ഉദ്ദേശിക്കുന്നത്.

ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025–26–ൽ ഈ പദ്ധതിക്കായി 180.00ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു:–

1. സ്കൗട്ട്–ഗൈഡ് പരിശീലനം, സംസ്ഥാനതല പ്രവർത്തനങ്ങൾ, സംഘടനാ പരിപാടികൾ
2. ജില്ലാ ഓഫീസുകൾക്ക് പരിശീലനത്തിനും സംഘാടനത്തിനും ഗ്രാന്റുകൾ
3. വിദ്യാർത്ഥികൾക്ക് സ്കൗട്ട്–ഗൈഡ് യൂണിഫോം വിതരണം
4. സംസ്ഥാന, ജില്ലാ ഓഫീസുകളിൽ ഇ–ഗവേണൻസ്
5. പരിശീലന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം
6. സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് വിദ്യാർത്ഥികൾക്ക് റിഫ്രഷ്മെന്റ് അലവൻസ്

**കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാനവിഹിതം**

**26. സമഗ്ര ശിക്ഷാ അഭിയാൻ (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 5500.00 ലക്ഷം രൂപ)**

സർവശിക്ഷാ അഭിയാൻ (എസ്എസ്എ), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ), അധ്യാപക വിദ്യാഭ്യാസത്തിനായുള്ള കേന്ദ്ര പദ്ധതികൾ എന്നിവ സംയോജിപ്പിച്ച് സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതി ഭാരത സർക്കാർ ആരംഭിച്ചു. റസിഡൻഷ്യൽ സ്കൂളുകളുടെ/ഹോസ്റ്റലുകളുടെ നിർമ്മാണം/ബലപ്പെടുത്തൽ, സൗജന്യ യൂണിഫോം, സൗജന്യ പാഠപുസ്തകങ്ങൾ, ഗതാഗത സൗകര്യം, വിവിധ തരത്തിലുള്ള പരിശീലനങ്ങൾ, എസ്‌സിപിസിആറിനുള്ള പിന്തുണ, മീഡിയ, കമ്മ്യൂണിറ്റി മൊബിലൈസേഷൻ, നൂതന പ്രവർത്തനങ്ങൾ, പ്രോജക്റ്റ് കലാ ഉത്സവ്, ബാൻഡ് മത്സരം, അടിസ്ഥാന സാക്ഷരതയും സംഖ്യാശാസ്ത്രവും, പഠന മെച്ചപ്പെടുത്തൽ പരിപാടി (LEP), ദേശീയ-സംസ്ഥാന തലത്തിലുള്ള വിലയിരുത്തൽ, വാർഷിക ഗ്രാന്റ്, ലൈബ്രറി, രാഷ്ട്രീയ ആവിഷ്കർ അഭിയാൻ (RAA), ഐ,സി.റ്റി, ഡിജിറ്റൽ സംരംഭങ്ങൾ, പ്രീ-പ്രൈമറി തലത്തിലുള്ള പിന്തുണ, ബി.ആർ.സികളുടെയും സി.ആർ.സികളുടെയും വികസനം, അധ്യാപക ശമ്പളം, കെ,ജി.ബി.വി, പെൺകുട്ടികൾക്കുള്ള സ്വയം പ്രതിരോധ പരിശീലനം, പെൺകുട്ടികൾക്കുള്ള പ്രത്യേക പ്രോജക്റ്റ്, തുല്യതക്കുള്ള പ്രത്യേക പ്രോജക്റ്റ്, പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്കുള്ള സഹായം, സ്പോർട്സിനും കായിക വിദ്യാഭ്യാസത്തിനുമുള്ള സഹായം, മോണിറ്ററിംഗ് ഇൻഫർമേഷൻ സിസ്റ്റം (MIS), പ്രോഗ്രാം മാനേജ്മെന്റ്, വി.എച്ച്.എസ്.ഇ ടീച്ചർ എഡ്യൂക്കേഷൻ, ആദ്യ വർഷങ്ങളിലെ വിദ്യാഭ്യാസം ശക്തിപ്പെടുത്തൽ, മെച്ചപ്പെട്ട പഠന മൂല്യനിർണ്ണയ സംവിധാനം, അധ്യാപക പ്രകടനവും ക്ലാസ് റൂം പരിശീലനവും മെച്ചപ്പെടുത്തൽ, ശക്തിപ്പെടുത്തിയ സേവന വിതരണം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും പരിശീലനവും, ഉന്ന നിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനും വിദ്യാർത്ഥികളുടെ പഠന ഫലങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഉള്ള സ്‌ട്രെങ്ത്തനിംഗ് ടീച്ചിംഗ് - ലേർണിംഗ് ആൻഡ് റിസൽട്ട്സ് ഫോർ സ്റ്റേറ്റ്സ് (സ്റ്റാർസ്), പി.എം. ജന്മൻ, എന്നിവയും മറ്റ് നിലവിലുള്ള പ്രോഗ്രാമുകളുമാണ് 2025-26 ൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ.

2025-26 ലെ പദ്ധതി നടത്തിപ്പിലേക്കായി 5500.00 ലക്ഷം രൂപയാണ് സംസ്ഥാനവിഹിതമായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും നീക്കിവച്ചിരിക്കുന്നത്. ബാക്കിയുള്ള തുക പ്രാദേശിക ഭരണകൂടങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും നീക്കി വെയ്ക്കും. സംസ്ഥാന പ്ലാൻ ഫണ്ടും പ്രാദേശിക ഭരണകൂടങ്ങളുടെ പ്ലാൻ ഫണ്ടും ഉൾപ്പെടെ മൊത്തം സംസ്ഥാന വിഹിതം 34000.00 ലക്ഷം രൂപയാണ്. അധികമായി സംസ്ഥാന വിഹിതം ആവശ്യമായി വരുന്ന പക്ഷം കേന്ദ്ര വിഹിതത്തിന് ആനുപാതികമായി അധിക സംസ്ഥാന വിഹിതം അനുവദിക്കുന്നതാണ്. ഇതിൽ തുകയുടെ 50 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**27. ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (ഡയറ്റ്) (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 600.00 ലക്ഷം രൂപ)**

1986- ലെ ദേശീയ വിദ്യാഭ്യാസ നിയമമനുസരിച്ച് ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം 100 ശതമാനം കേന്ദ്രവിഹിതം ലഭിക്കുന്ന പദ്ധതിയായിരുന്നു. 2015-16 മുതൽ ഡയറ്റിന്റെ ധനസഹായ അനുപാതം 60:40 എന്ന രീതിയിലേക്ക് മാറി. സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾക്കും, പരിശീലനത്തിനും അറിവ് മെച്ചപ്പെടുത്തുന്നതിനും ഒരു അക്കാദമിക-സാങ്കേതിക റിസോഴ്സ് ഉണ്ടാക്കുന്നതിനും, സ്കൂൾ അധ്യാപകർക്ക് കമ്പ്യൂട്ടർ-അധ്യയന രീതിയിൽ വൈദഗ്ദ്ധ്യം ഉണ്ടാക്കിയെടുക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

2025-26-ൽ പദ്ധതിയുടെ നടത്തിപ്പിനായി 600.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**28. ഉച്ചഭക്ഷണ പരിപാടി (40 ശതമാനം സംസ്ഥാന വിഹിതം) - PM POSHAN**

**(വിഹിതം: 40214.00 ലക്ഷം രൂപ)**

കുട്ടികളുടെ സ്കൂൾ പ്രവേശനം വർദ്ധിപ്പിക്കുക, പ്രവേശനം നേടിയ കുട്ടികളുടെ സ്കൂളുകളിലെ ഹാജർനില വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1995 ആഗസ്റ്റ് പതിനഞ്ചാം തീയതി പ്രാഥമിക വിദ്യാഭ്യാസത്തിന് പോഷകാഹാര സഹായം (എൽ.പി.-എൻ.എസ്.പി.ഇ) എന്ന പദ്ധതി രാജ്യത്തെ 2408 ബ്ലോക്കുകളിൽ ആരംഭിക്കുകയുണ്ടായി. 1997-98 വർഷത്തോടുകൂടി ഈ പദ്ധതി രാജ്യത്തെ എല്ലാ ബ്ലോക്കുകളിലും വ്യാപിപ്പിക്കുകയുണ്ടായി. 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ, സർക്കാർ എയ്ഡഡ്, തദ്ദേശഭരണ സ്ഥാപന സ്കൂളുകളിലെ കുട്ടികളെ കൂടാതെ ഇ.ജി.എസ്, എ.ഐ.ഇ കേന്ദ്രങ്ങളിൽ പഠിക്കുന്ന കുട്ടികളെ കൂടി ഉൾക്കൊള്ളുന്ന രൂപത്തിൽ ഈ പദ്ധതി 2002-ൽ

വിപുലപ്പെടുത്തുകയുണ്ടായി. 2008–09 അക്കാദമിക് വർഷം മുതൽ അപ്പർ പ്രൈമറി സ്കൂൾ കുട്ടികളെയും കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികളുടെ പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുന്നതിനാണ് ഈ പരിപാടി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

2025–26 വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന വിഹിതമായി 40214.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ കേന്ദ്ര വിഹിതത്തിന് ആനുപാതികമായിട്ടുള്ള സംസ്ഥാനവിഹിതം 15000.00 ലക്ഷം രൂപയും 25214.00 ലക്ഷം രൂപ, പാൽ, മുട്ട/പഴം വിതരണം ഉൾപ്പെടെയുള്ള അധിക ചെലവുകൾക്കായി സംസ്ഥാനത്തിന്റെ അധിക ധനസഹായമായും വകയിരുത്തിയിരിക്കുന്നതുമാണ്. ഇതിൽ തുകയുടെ 50 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു. അധികമായി സംസ്ഥാനവിഹിതം ആവശ്യമായി വരുന്നപക്ഷം കേന്ദ്രവിഹിതത്തിന് ആനുപാതികമായി അധിക സംസ്ഥാന വിഹിതം അനുവദിക്കുന്നതാണ്.

## ബി) ഉന്നത വിദ്യാഭ്യാസം

### 1. കേരള സർവ്വകലാശാല

**(വിഹിതം: 3720.00 ലക്ഷം രൂപ)**

തിരുവിതാംകൂർ സർവ്വകലാശാല ആക്ട് പ്രകാരം 1937–ൽ തിരുവിതാംകൂർ സർവ്വകലാശാലയായി സ്ഥാപിക്കപ്പെട്ട കേരള സർവ്വകലാശാല 1957–ൽ കേരള സർവ്വകലാശാല ആക്ട് പ്രകാരം കേരള സർവ്വകലാശാലയായി പുനഃസംഘടിപ്പിക്കപ്പെട്ടു. കേരള സംസ്ഥാന നിയമസഭ പാസാക്കിയ 1974 ലെ കേരള യൂണിവേഴ്സിറ്റി ആക്ട് പ്രകാരമാണ് നിലവിൽ ഭരണം നടത്തുന്നത്. 2025–26 വർഷത്തിൽ കേരള സർവ്വകലാശാല താഴെ പറയുന്ന കാര്യങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

1. ഗവേഷണ പദ്ധതികൾ
2. അടിസ്ഥാന സൗകര്യ വികസനം
3. വിവിധ വകുപ്പുകളുടെ നൂതന ഗവേഷണ പദ്ധതികൾ
4. പുസ്തകങ്ങളും ജേണലുകളും വാങ്ങൽ
5. സെമിനാറുകൾ/സമ്മേളനങ്ങൾ/വർക്ക്ഷോപ്പുകൾ/പ്രഭാഷണ പരമ്പരകൾ/സിമ്പോസിയ
6. സിവിൽ വർക്കുകൾ/പുതിയ കെട്ടിടങ്ങൾ
7. പുതിയ കേന്ദ്രങ്ങൾ/അന്തർ–സർവകലാശാലാ കേന്ദ്രങ്ങളും അന്തർ–സർവകലാശാലാ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തലും/ഗവേഷണ കേന്ദ്രങ്ങൾ
8. ഐ.ടി അധിഷ്ഠിത അക്കാദമിക സംരംഭങ്ങൾ
9. മറ്റു തുടർ പ്രവർത്തനങ്ങൾ

പുതിയ നിർമാണം ആരംഭിക്കുന്നതിന് മുമ്പ് ഇതിനകം ആരംഭിച്ച സിവിൽ ജോലികൾ പൂർത്തിയാക്കേണ്ടതാണ്. ഫണ്ടുകളുടെ വിനിയോഗം അക്കാദമിക മികവ് വർദ്ധിപ്പിക്കുക എന്ന മൊത്തത്തിലുള്ള ലക്ഷ്യത്തിനായിരിക്കണം. ഇതിൽ അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടിയും അക്കാദമിക് ഇൻഫ്രാ) സ്ട്രക്ചർ ഉൾപ്പെടെ.മറ്റ് നിക്ഷേപങ്ങളും ഉൾപ്പെടുത്താവുന്നതാണ് (2025–26 വർഷത്തിൽ 3720.00 ലക്ഷം രൂപ കേരള സർവകലാശാലക്കായി വകയിരുത്തിയിരിക്കുന്നു. ഈ തുകയിൽ 700.00 ലക്ഷം രൂപ മുൻഗണനാടിസ്ഥാനത്തിൽ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനും സ്ഥാപിക്കുന്നതിനുമായി നീക്കിവച്ചിരിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്ക് പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായി സമാഹരിച്ച ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

### 2. കോഴിക്കോട് സർവകലാശാല

**(വിഹിതം: 3380.00ലക്ഷം രൂപ)**

ഉന്നതവിദ്യാഭ്യാസ അവസരങ്ങൾ വർദ്ധിപ്പിക്കാനും വിദ്യാഭ്യാസപരമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന മലബാർ മേഖലയിലെ ജനങ്ങളെ ഉദ്ധരിക്കാനുമായി 1968–ലാണ് കോഴിക്കോട് സർവകലാശാല സ്ഥാപിതമായത്. 2025–26 വർഷത്തിൽ നിർദ്ദേശിച്ച പദ്ധതികൾ താഴെ കൊടുക്കുന്നു:

1. നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ
2. നൂതന കേന്ദ്രങ്ങൾ/പദ്ധതികൾ
3. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രൈബൽ സ്റ്റഡീസ് ആൻഡ് റിസർച്ച്, വയനാട്– വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ – പുരുഷ ഹോസ്റ്റൽ
4. വികസനവും നവീകരണവും

5. ലൈബ്രറി ശക്തിപ്പെടുത്തൽ
6. ഐ.ടി അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണം
7. ഗവേഷണ പ്രവർത്തനങ്ങളുടെ പ്രോത്സാഹനം (സെമിനാറുകളും വർക്ക്ഷോപ്പുകളും, പിന്തുണ ഗ്രാന്റ്/ട്രാവൽ ഗ്രാന്റ്)
8. കാമ്പസ് അടിസ്ഥാന സൗകര്യ വികസനം
9. ക്ലീൻ ആൻഡ് ഗ്രീൻ ക്യാമ്പസ് പ്രോഗ്രാം
10. ഗവേഷണവും വികസനവും
11. കേരളത്തെക്കുറിച്ചുള്ള ചരിത്രരേഖകളുടെ ഡിജിറ്റലൈസേഷനും ആർക്കൈവ്സ് സ്ഥാപിക്കലും
12. ജോൺ മത്തായി സെന്ററിനുള്ള ക്ലാസ് മുറികളുടെയും ഹോസ്റ്റലുകളുടെയും നിർമ്മാണം.
13. വിവിധ പ്രവൃത്തികൾ (വൈദ്യുത ജോലികൾ, ജലവിതരണം, നവീകരണം, മറ്റ് പ്രവൃത്തികൾ/അഗ്നി സുരക്ഷ, അഗ്നിശമന പ്രവർത്തനങ്ങൾ)
14. നാക് അക്രഡിറ്റേഷനായുള്ള പ്രവർത്തനങ്ങൾ

പുതിയ നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പ് ഇതിനകം ആരംഭിച്ച സിവിൽ ജോലികൾ പൂർത്തിയാക്കേണ്ടതാണ്. ഫണ്ടുകളുടെ വിനിയോഗം അക്കാദമിക മികവ് വർദ്ധിപ്പിക്കുക എന്ന മൊത്തത്തിലുള്ള ലക്ഷ്യത്തിനായിരിക്കണം ഇതിൽ അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടിയും (അക്കാദമിക് ഇൻഫ്രാസ്ട്രക്ചർ ഉൾപ്പെടെ) മറ്റ് നിക്ഷേപങ്ങളും ഉൾപ്പെടുത്താവുന്നതാണ്. 2025-26 വർഷത്തിൽ 3380.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മൊത്തം തുകയിൽ 200.00 ലക്ഷം രൂപ മുൻഗണനാടിസ്ഥാനത്തിൽ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനും സ്ഥാപിക്കുന്നതിനുമായി വകയിരുത്തുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്ക് പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായുള്ള പൂൾഡ് ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

**3. മഹാത്മാഗാന്ധി സർവ്വകലാശാല**

**(വിഹിതം: 3845.00 ലക്ഷം രൂപ)**

1983-ൽ സ്ഥാപിതമായ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ 30 യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളും ഒരു അന്തർദ്ദേശീയ-അന്തർ സർവ്വകലാശാലാ സെന്ററും ഏഴ് ഇന്റർ-യൂണിവേഴ്സിറ്റി കേന്ദ്രങ്ങളും ഒൻപത് ഇന്റർ-സ്കൂൾ കേന്ദ്രങ്ങളും ഒരു ദേശീയ കേന്ദ്രവും, മൂന്ന് അന്താരാഷ്ട്ര കേന്ദ്രങ്ങളും 10 സ്വയം ഭരണാധികാരമുള്ള കോളേജുകൾ ഉൾപ്പെടെ 79 സർക്കാർ/എയ്ഡഡ് കോളേജുകളും, 194 അൺഎയ്ഡഡ് അഫിലിയേറ്റഡ് കോളേജുകളും നിലവിലുണ്ട്.

2025-26 വർഷത്തിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ഇനിപ്പറയുന്ന മേഖലകളിലാണ്.

1. ഗവേഷണത്തിനുള്ള പ്രോത്സാഹനം- ഫെലോഷിപ്പ്, ഉപകരണങ്ങൾ, കെമിക്കൽസ്, വകുപ്പുകൾക്ക് വേണ്ട മറ്റ് ഉപഭോക്തൃ വസ്തുക്കൾ, ഗവേഷണ മികവിനുള്ള ഫെലോഷിപ്പുകൾ, ഗവേഷണ ലാബുകൾക്കും സഹകരണ ഗവേഷണ പരിപാടികൾക്കും ഉള്ള അധിക സൗകര്യങ്ങൾ, സർവകലാശാല ഭരണ വിഭാഗത്തിന്റെയും പരീക്ഷാ അടിസ്ഥാന സൗകര്യങ്ങളുടെയും നവീകരണം മുതലായവ.

2. യൂണിവേഴ്സിറ്റി ഭരണവിഭാഗം, കായിക അടിസ്ഥാന സൗകര്യങ്ങൾ, പരീക്ഷ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ നവീകരണം.

3. സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ട്മെന്റ്/പുതിയ സ്കൂളുകൾ/ഇന്റർ യൂണിവേഴ്സിറ്റി സെന്റർ എന്നിവയുടെ പുതിയ ഗവേഷണ പദ്ധതികൾ, അക്കാദമിക് പ്രവർത്തനങ്ങളും/സംരംഭങ്ങളും, നാല് വർഷ ബിരുദ പദ്ധതിയ്ക്ക് വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളും ക്ലാസ് റൂം സൗകര്യങ്ങളുടെയും നവീകരണം.

4. അടിസ്ഥാന സൗകര്യങ്ങൾ, കാമ്പസ് വികസന പ്രവർത്തനങ്ങൾ, ഹോസ്റ്റൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ടൂറിസം പഠനങ്ങൾക്കായുള്ള കെട്ടിട നിർമ്മാണം തുടങ്ങിയവ.

5. ദേശീയ വിജ്ഞാന ശൃംഖല സൗകര്യത്തിന്റെയും നെറ്റ്വർക്കിംഗിന്റെയും നവീകരണം

6. എസ്.സി, എസ്.റ്റി. ഒ.ബി.സി, ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ശാക്തീകരണം/സൗകര്യം ഒരുക്കൽ

7. യൂണിവേഴ്സിറ്റി ലൈബ്രറിയുടെ വിഭവ വികസനം – പുസ്തകങ്ങൾ, ജേണലുകൾ, ഇ-ജേണലുകൾ എന്നിവയുടെ സംഭരണം.

8. ജെൻഡർ സെൻസിറ്റൈസേഷൻ കാമ്പയിൻ, മലിനജല സംസ്കരണ പ്ലാന്റ്, തടസ്സ രഹിത കാമ്പസ്, ആംബി തിയേറ്റർ, വിശ്രമമുറി, കാന്റീൻ തുടങ്ങിയവ.

9. നാക് അക്രഡിറ്റേഷനായുള്ള പ്രവർത്തനങ്ങൾ

10. മറ്റു തുടർ പ്രവർത്തനങ്ങൾ.

പുതിയ നിർമാണം ആരംഭിക്കുന്നതിന് മുമ്പ് ഇതിനകം ആരംഭിച്ച സിവിൽ ജോലികൾ പൂർത്തിയാക്കേണ്ടതാണ്. ഫണ്ടുകളുടെ വിനിയോഗം അക്കാദമിക മികവ് വർദ്ധിപ്പിക്കുക എന്ന മൊത്തത്തിലുള്ള ലക്ഷ്യത്തിനായിരിക്കണം. ഇതിൽ അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടിയും (അക്കാദമിക് ഇൻഫ്രാസ്ട്രക്ചർ ഉൾപ്പെടെ) മറ്റ് നിക്ഷേപങ്ങളും ഉൾപ്പെടുത്താവുന്നതാണ്. 2025-26 വർഷത്തിൽ 3845.00 ലക്ഷം രൂപ ഈ പ്രവർത്തനങ്ങൾക്കായി നൽകിയിരിക്കുന്നു. ഈ തുകയിൽ 800.00 ലക്ഷം രൂപ, മുൻഗണനാടിസ്ഥാനത്തിൽ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനും സ്ഥാപിക്കുന്നതിനുമായി നീക്കിവച്ചിരിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്ക് പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായുള്ള പൂൾഡ് ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

### 4. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല

**(വിഹിതം: 2205.00 ലക്ഷം രൂപ)**

സംസ്കൃത ഭാഷ, ഇൻഡോളജി, ഭാരതീയ തത്ത്വശാസ്ത്രം, ഭാരതീയ ഭാഷകൾ എന്നിവയുടെ പഠനം പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി 1993-ൽ സ്ഥാപിതമായതാണ് ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല. സർവ്വകലാശാലയ്ക്ക് കാലടിയിലെ മുഖ്യ കേന്ദ്രത്തിൽ 23 വകുപ്പുകളും, കേരളത്തിലെ പല സ്ഥലങ്ങളിലായി 8 മേഖലാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ബിരുദം/ബിരുദാനന്തര ബിരുദം, എം.ഫിൽ, പി.എച്ച്.ഡി എന്നീ കോഴ്സുകളാണ് സർവ്വകലാശാലയിൽ ഇപ്പോഴുള്ളത്. 2025-26 -ൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന വികസന പരിപാടികൾ താഴെ കൊടുത്തിരിക്കുന്നു.

1. അക്കാദമിക വികസനപദ്ധതികൾ- പി.എച്ച്.ഡി ഗവേഷകർക്കുള്ള റിസർച്ച് ഫെലോഷിപ്പ്, സംസ്കൃത പ്രമോഷൻ പ്രോഗ്രാം, സെമിനാറുകൾ, ലെക്ചർ സീരീസുകൾ, പ്രാദേശിക കേന്ദ്രങ്ങളിലെ ഓൺലൈൻ കണക്റ്റിവിറ്റി, ഐ.ടി. അടിസ്ഥാന സൗകര്യം, ശേഷി വികസനത്തിന്റെ ഭാഗമായുള്ള സ്റ്റാഫ് പരിശീലന പരിപാടി, വിപുലീകരണ പ്രവർത്തനങ്ങൾ, കമ്പ്യൂട്ടറിന്റെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികളും പരിപാലനവും, സ്മാർട്ട് ക്ലാസ് മുറികൾ, സർവ്വകലാശാല ഡിജിറ്റൽ ഹ്യൂമാനിറ്റീസ് പ്രോജക്ട്, അക്കാദമിക് റൈറ്റിംഗിനുള്ള സർവ്വകലാശാല സെന്റർ, ഓൺലൈൻ കോഴ്സുകൾക്കുള്ള സർവ്വകലാശാല സെന്റർ, അന്താരാഷ്ട്ര സഹകരണം/വിനിമയ പരിപാടി, പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ, ശ്രീ ശങ്കരാചാര്യ പ്രോത്സാഹന സ്കോളർഷിപ്പ്, ഗവേഷണ വികസന സെൽ, പ്രസിദ്ധീകരണങ്ങൾ, പബ്ലിക്കേഷൻ ഡിവിഷൻ, ശ്രീ ശങ്കരാചാര്യ പഠനത്തിനുള്ള ഇന്റർനാഷണൽ സ്കൂൾ, പ്ലേസ്മെന്റ്സെൽ, പ്ലേസ്മെന്റ് പ്രവർത്തനങ്ങളും കരിയർ ഗൈഡൻസും, ഇൻകുബേഷനും സ്റ്റാർട്ടപ്പുകളും, പ്രോജക്ടുകൾക്കുള്ള സഹായ ധനം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് എന്റർപ്രൈസസ്, ഇന്റർനെറ്റ് റേഡിയോ, പുസ്തകങ്ങളും ജേണലുകളും വാങ്ങുക, നാക് അക്രഡിറ്റേഷനായുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ.

2. അടിസ്ഥാന സൗകര്യങ്ങളും കാമ്പസ് വികസനവും – പ്രാദേശിക കേന്ദ്രങ്ങൾ, വകുപ്പുകൾ, ലൈബ്രറി, ഹോസ്റ്റൽ, കെട്ടിടങ്ങൾ തുടങ്ങിയവയ്ക്കുള്ള സൗകര്യം മുതലായവ.

3. നിർമ്മാണവും സിവിൽ ജോലികളും ഇലക്ട്രിക്കൽ ജോലികളും – ക്ലാസ് മുറികൾ, മറ്റ് കെട്ടിടങ്ങൾ, ഹോസ്റ്റലുകൾ എന്നിവയുടെ നിർമ്മാണം/നവീകരണ പ്രവർത്തനങ്ങൾ, ഹരിതകേരളം പദ്ധതി, മലിനജല പരിപാലനം, മറ്റ് തുടർച്ചയായ പ്രവർത്തനങ്ങൾ

പുതിയ നിർമാണം ആരംഭിക്കുന്നതിന് മുമ്പ് ഇതിനകം ആരംഭിച്ച സിവിൽ ജോലികൾ പൂർത്തിയാക്കേണ്ടതാണ്. ഫണ്ടുകളുടെ വിനിയോഗം അക്കാദമിക മികവ് വർദ്ധിപ്പിക്കുക എന്ന മൊത്തത്തിലുള്ള ലക്ഷ്യത്തിനായിരിക്കണം. ഇതിൽ അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടിയും (അക്കാദമിക് ഇൻഫ്രാസ്ട്രക്ചർ ഉൾപ്പെടെ) മറ്റ് നിക്ഷേപങ്ങളും ഉൾപ്പെടുത്താവുന്നതാണ്. 2025-26 വർഷത്തിൽ ഈ പ്രവർത്തനങ്ങൾക്കായി 2205.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ തുകയിൽ 5

ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. പട്ടികജാതി/പട്ടികവർഗ വകുപ്പുകൾക്ക് പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായി സമാഹരിച്ച ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

**5. കണ്ണൂർ സർവ്വകലാശാല**

**(വിഹിതം: 3400.00 ലക്ഷം രൂപ)**

ഉന്നത വിദ്യാഭ്യാസ മേഖലയിൽ വടക്കേ മലബാറിൽ നിലനിന്നിരുന്ന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി 1996-ൽ കണ്ണൂർ സർവ്വകലാശാല സ്ഥാപിച്ചു. 2025-26 വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. കാമ്പസുകളിലെ അടിസ്ഥാന സൗകര്യ വികസനം (നടന്നുകൊണ്ടിരിക്കുന്നതും പുതിയതുമായ പദ്ധതികൾ)
2. അധ്യാപനവും പാഠ്യപദ്ധതി വികസനവും
3. ഗവേഷണ പിന്തുണ
4. സ്ഥാപനപരമായ പരിഷ്കാരങ്ങളും നവീകരണവും
5. നൈപുണ്യ വികസനം/കരിയർ ഗൈഡൻസും പ്ലേസ്മെൻ്റ് സെല്ലും
6. തുല്യത
7. ജെൻഡർ പാരിറ്റി
8. കമ്പ്യൂട്ടറുകൾ/ആക്സസറികൾ, ഫർണിച്ചറുകൾ, ലാബ് ഉപകരണങ്ങൾ വാങ്ങൽ, എ.എം.സി മുതലായവ
9. നവീകരണം/പലതരത്തിലുള്ള പ്രവൃത്തികൾ (എല്ലാ കാമ്പസുകൾക്കും)
10. നാക് റീ-അക്രഡിറ്റേഷനായുള്ള പ്രവർത്തനങ്ങൾ- ആസൂത്രണവും തയ്യാറെടുപ്പും
11. മറ്റ് തുടർ പ്രവർത്തനങ്ങൾ

പുതിയ നിർമാണം ആരംഭിക്കുന്നതിന് മുമ്പ് ഇതിനകം ആരംഭിച്ച സിവിൽ ജോലികൾ പൂർത്തിയാക്കേണ്ടതാണ്. ഫണ്ടുകളുടെ വിനിയോഗം അക്കാദമിക മികവ് വർധിപ്പിക്കുക എന്ന മൊത്തത്തിലുള്ള ലക്ഷ്യത്തിനായിരിക്കണം. ഇതിൽ അട സ്ഥാന സൗകര്യങ്ങളുടെ സൃഷ്ടിയും (അക്കാദമിക് ഇൻഫ്രാസ്ട്രക്ചർ ഉൾപ്പെടെ) മറ്റ് നിക്ഷേപങ്ങളും ഉൾപ്പെടുത്താവുന്നതാണ്. 2025-26 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 3400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ തുകയിൽ 10 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. മൊത്തം തുകയിൽ 200.00 ലക്ഷം രൂപ മുൻഗണനാടിസ്ഥാനത്തിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി വകയിരുത്തുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്ക് പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായുള്ള സമാഹരിച്ച ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

**6. ഉന്നത നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല (നുവാൽസ്)**

**(വിഹിതം: 1225.00 ലക്ഷം രൂപ)**

2005-ൽ സ്ഥാപിതമായ നുവാൽസ് ആണ് സംസ്ഥാനത്ത് നിലവിലുള്ള ഏക ദേശീയ നിയമ സർവ്വകലാശാല. നിയമ വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും നുവാൽസ് ഒരു മികവിന്റെ കേന്ദ്രമായി ഉയർന്ന് വന്ന്കൊണ്ടിരിക്കുന്നു. താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിരിക്കുന്നു.

1. പുസ്തകങ്ങൾ വാങ്ങുന്നതുൾപ്പെടെ ലൈബ്രറിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
2. ഗവേഷണവും പ്രസിദ്ധീകരണ പ്രവർത്തനങ്ങളും, നിയമ വികസന കേന്ദ്രത്തിന്റെ കീഴിലുള്ള നുവാൽസ് നാഷണൽ ക്രിമിനൽ ട്രയൽ അഡ്വക്കസി മത്സരം, മാരിടൈം ലോയിൽ മൂട്ട് കോർട്ട് മത്സരം, നൈപുണ്യ അധിഷ്ഠിത പഠനം, സ്ത്രീകൾക്കും കുടുംബ പഠനങ്ങൾക്കുമായി ഉള്ള കേന്ദ്രം സംഘടിപ്പിക്കുന്ന പരിപാടികളുടെ നടത്തിപ്പ്, ഗവേഷണ പഠന കേന്ദ്രങ്ങൾ, ഗവേഷണ പ്രോജക്ടുകൾ/ഫെലോഷിപ്പുകൾ/ഗ്രാന്റുകൾ, വിദേശ സർവകലാശാലകളുമായുള്ള ഫാക്കൽറ്റികളുടെ കൈമാറ്റം, പി.ആർ.ഒ.ബി.ഒ.എൻ.ഒ പദ്ധതി, നിയമ ശേഖരണത്തിന്റെ നിർമ്മാണം, പ്രോജക്ട് മോഡ് പ്രോഗ്രാം, ഐക്യുഎസി, നാക് അക്രഡിറ്റേഷൻ പ്രക്രിയയ്ക്കുള്ള പിന്തുണ തുടങ്ങിയ മറ്റ് പ്രവർത്തനങ്ങൾ മുതലായ അക്കാദമിക് പ്രോഗ്രാമുകളും മറ്റ് പ്രവർത്തനങ്ങളും.

3. കാമ്പസിലെ വിവര സാങ്കേതിക വിദ്യാ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, നാക് അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട കാമ്പസ് അടിസ്ഥാന സൗകര്യങ്ങൾ, ക്ലാസ് മുറിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ലേഡീസ് ഹോസ്റ്റൽ, ബോയ്സ് ഹോസ്റ്റലിനും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനും ഇടയിലുള്ള സ്ഥലത്തിന് പ്രീഫാബ് റൂഫിംഗ്, ഫ്ലോറിംഗ് ജോലികൾ, കോൺവൊക്കേഷൻ ഹാളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സ്പോർട്സ്, ഗെയിംസ് സൗകര്യങ്ങൾ, വാർഷിക അറ്റകുറ്റപ്പണികൾ, കാമ്പസിലെ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ പൂർത്തീകരണം തുടങ്ങിയവ.
4. എം.കെ ദാമോദരൻ ഇന്റർനാഷണൽ സെന്റർ ഫോർ എക്സലൻസ് ഇൻ ലോ –വികസനം.

പുതിയ നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പ് ഇതിനകം ആരംഭിച്ച സിവിൽ ജോലികൾ പൂർത്തിയാക്കേണ്ടതാണ്. ഫണ്ടുകളുടെ വിനിയോഗം അക്കാദമിക മികവ് വർധിപ്പിക്കുക എന്ന മൊത്തത്തിലുള്ള ലക്ഷ്യത്തിനായിരിക്കണം. ഇതിൽ അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടിയും (അക്കാദമിക് അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ) മറ്റ് നിക്ഷേപങ്ങളും ഉൾപ്പെടുത്താവുന്നതാണ്. 2025-26-ൽ 1225.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിരിക്കുന്നു. ഈ തുകയിൽ 40 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. പട്ടികജാതി/പട്ടികവർഗ വകുപ്പുകൾക്ക് പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായുള്ള പൂൾഡ് ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

### 7. മലയാളം സർവ്വകലാശാല

**(വിഹിതം: 1135.00 ലക്ഷം രൂപ)**

2012 നവംബറിൽ സ്ഥാപിതമായ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല 11 ബിരുദാനന്തര കോഴ്സുകളും ഡിപ്ലോമകോഴ്സുകളും എംഫിൽ, പി.എച്ച്.ഡി കോഴ്സുകളും നൽകുന്നുണ്ട്. 2025-26 ൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ തുക വകയിരുത്തിയിരിക്കുന്നു.

- അടിസ്ഥാന സൗകര്യ വികസനം
- ലേഡീസ് ഹോസ്റ്റൽ നിർമ്മാണം
- നാലു വർഷ ബിരുദ പരിപാടിക്കായി കെട്ടിടത്തിന്റെ നിർമ്മാണം
- മികവുകേന്ദ്രത്തിന്റെയും ക്ലാസ് റൂമിന്റെയും ബാലൻസ് വർക്ക്
- ലൈബ്രറി ഡിജിറ്റൈസേഷൻ
- അധ്യാപകരുടെ/വിദ്യാർത്ഥികളുടെ ശാക്തീകരണം
- അക്കാദമിക്, ഗവേഷണ പ്രവർത്തനങ്ങളുടെ പ്രോത്സാഹനം
- വിദ്യാർത്ഥികൾക്കുള്ള കരിയർ/നൈപുണ്യ വികസനം
- മലയാള ഭാഷയെയും കേരള സംസ്കാരത്തെയും ശാക്തീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക
- ഭരണ കാര്യക്ഷമത വർദ്ധിപ്പിക്കൽ
- വിജ്ഞാന ഉൽപ്പാദനത്തിന്റെ ഭാഷയായും ഭരണഭാഷയായും മലയാളത്തെ ശക്തിപ്പെടുത്തുക
- പാർശ്വവൽക്കരിക്കപ്പെട്ട/പരമ്പരാഗത സമൂഹങ്ങളുടെ ശാക്തീകരണം
- ഉപസംസ്കാരങ്ങളെ മുഖ്യധാരാ ദേശീയ സംസ്കാരങ്ങളിലേക്ക് സംയോജിപ്പിക്കൽ
- ഭാവിയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി മലയാള ഭാഷ, സംസ്കാരം, അറിവ് എന്നിവ ശാക്തീകരിക്കുക
- കേരളത്തിന്റെ ഭാവിയിലെ അക്കാദമിക, വികസന, പരിസ്ഥിതി, സാമൂഹിക സാംസ്കാരിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിന് വിദ്യാർത്ഥികളെ സമ്പന്നമാക്കുക.
- മറ്റു തുടർ പരിപാടികൾ

പുതിയ നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പ് ഇതിനകം ആരംഭിച്ച സിവിൽ ജോലികൾ പൂർത്തിയാക്കേണ്ടതാണ്. ഫണ്ടുകളുടെ വിനിയോഗം അക്കാദമിക മികവ് വർധിപ്പിക്കുക എന്ന മൊത്തത്തിലുള്ള ലക്ഷ്യത്തിനായിരിക്കണം. ഇതിൽ അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടിയും (അക്കാദമിക് ഇൻഫ്രാസ്ട്രക്ചർ ഉൾപ്പെടെ) പങ്ങളും ഉ പ്പെടുത്താവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്ക് പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായുള്ള

പൂൾഡ് ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

2025-26 – ൽ 1135.00 ലക്ഷം രൂപ സർവ്വകലാശാലക്കായി വകയിരുത്തിയിരിക്കുന്നു.

## 8. പൊതു സർവകലാശാല ക്യാമ്പസ് നിർമ്മാണവും വികസനവും കലാശാലയ്ക്ക് വേണ്ടി മലയാളം സർവ) പുതിയ ക്യാമ്പസും അടിസ്ഥാനസൗകര്യങ്ങളും(

**(വിഹിതം: 1.00ലക്ഷം രൂപ)**

"മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ" എന്ന ശീർഷകത്തിന് താഴെ "പൊതു സർവകലാശാല നിർമ്മാണ വികസനം" എന്ന പദ്ധതിക്ക് കീഴിലായി 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി ഈ പദ്ധതി നടപ്പിലാക്കാനായി വകയിരുത്തിയിരിക്കുന്നു. 2025-26 കാലയളവിൽ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ അധിക തുക 'പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ' എന്ന തലക്കെട്ടിന് കീഴിലുള്ള സ്കീമിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. അക്കാദമിക-ഭരണ വിഭാഗം കെട്ടിടങ്ങളുടെ നിർമ്മാണം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ, ശ്രേഷ്ഠഭാഷ മലയാളം മികവിന്റെ കേന്ദ്രത്തിന് വേണ്ടി കെട്ടിടം, പുതിയ ക്യാമ്പസ് തുടങ്ങാനാവശ്യമായ മറ്റ് അടിസ്ഥാന സൗകര്യപ്രവർത്തനങ്ങൾ എന്നിവയാണ് ഈ പദ്ധതിക്ക് കീഴിലുള്ള പ്രധാന പ്രവർത്തനങ്ങൾ.

## 9. നിയമ പഠന കോളേജുകൾ

**(വിഹിതം: 1500.00ലക്ഷം രൂപ)**

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി സംസ്ഥാനത്ത് ആകെ നാല് നിയമ പഠന കോളേജുകളാണുള്ളത്. 2025-26 വർഷക്കാലയളവിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ താഴെ പറയുന്നവയാണ്.

### 1. സർക്കാർ നിയമപഠന കോളേജ്, തിരുവനന്തപുരം

എ) സെമിനാറുകൾ, പുതിയ കോഴ്സുകൾ, മത്സരങ്ങൾ, അക്കാദമിക കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടെയുള്ള അക്കാദമിക് പ്രോഗ്രാമുകൾ നടത്തുന്നതിനും നാക്, ബാർ കൗൺസിൽ ഓഫ് ഇന്ത്യ എന്നിവയ്ക്കുള്ള ഫീസ്, കോപ്പിയടി കണ്ടുപിടിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ, കല, കായികം, സാംസ്കാരിക പ്രവർത്തനങ്ങൾ തുടങ്ങിയവ ബി) ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനും ഓൺലൈൻ ഓഫ്‌ലൈൻ ജേണലുകളുടെ സബ്സ്ക്രിപ്ഷനും ബൈൻഡിംഗും ആർ. എഫ്. ഐ.ഡി യും, ലൈബ്രറി സാമഗ്രികളും സി) ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങൾ, ഗാഡ്ജെറ്റ് എന്നിവയുടെ വാങ്ങൽ, നന്നാക്കൽ, പരിപാലനം ഡി) ഫർണിച്ചറുകൾ വാങ്ങൽ, നന്നാക്കൽ, പരിപാലനം ഇ) ക്യാമ്പസ് വൃത്തിയാക്കൽ, മോടിപിടിപ്പിക്കൽ എഫ് ) പൈതൃക കെട്ടിടം നവീകരണം, കോളേജ് ഹോസ്റ്റൽ, കുഴൽ കിണർ വൃത്തിയാക്കൽ ജി) സൗരോർജ്ജ ഉൽപ്പാദനം സിസ്റ്റം പുതുക്കൽ എച്ച്) ക്യാമ്പസ് ഭിന്നശേഷി സൗഹൃദമാക്കുന്നതിനും റോഡ് ടാറിങ്ങിനും മറ്റ് തുടർച്ചയായ പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള ചെലവുകൾ എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു.

### 2. സർക്കാർ നിയമപഠന കോളേജ്, എറണാകുളം

എ) പുസ്തകങ്ങൾ, ജേണലുകൾ, ഇ-ജേണലുകൾ, ഓൺലൈൻ ഡാറ്റാ ബേസ്, ആർ,എഫ്.ഐ.ഡി, ലൈബ്രറി ആക്സസറി സോഫ്റ്റ്‌വെയർ എന്നിവ വാങ്ങൽ, ബി) അക്കാദമിക്, സാംസ്കാരിക, പ്രവർത്തനങ്ങൾ, ബാർ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകാരം എന്നിവ സി) ഫർണിച്ചറുകൾ വാങ്ങൽ/നന്നാക്കൽ, കോളേജിനും ഹോസ്റ്റലിനും വേണ്ടിയുള്ള വിദ്യാഭ്യാസ സഹായ സാമഗ്രികൾ, പാത്രങ്ങൾ, വീട്ടുപകരണങ്ങൾ എന്നിവ ഡി) ഇലക്ട്രിക്, ഇലക്ട്രോണിക് ഉപകരണങ്ങളും ഗാഡ്ജെറ്റുകളും വാങ്ങുകയും പരിപാലിക്കുകയും ചെയ്യുക ഇ) ബ്രോഡ് ബാൻഡ് കണക്ഷൻ പ്രവർത്തനം പുതുക്കലും പ്രതിമാസ ബ്രോഡ്ബാൻഡ് ബില്ലുകളും എഫ്) ക്യാമ്പസ് വൃത്തിയാക്കലും സൗന്ദര്യവൽക്കരണവും ജി) ഉപഭോഗ വസ്തുക്കളും മുൻകൂട്ടി പ്രതീക്ഷിക്കാത്ത ചെലവുകളും എച്ച്) ഹോസ്റ്റലിന്റെയും കോളേജിന്റെയും നവീകരണവും പരിപാലനവും (ഇലക്ട്രിക്കൽ & സിവിൽ) ഐ) ഗവേഷണ കേന്ദ്രം, ക്ലാസ് മുറികൾ എന്നിവയുടെ നിർമ്മാണം, മറ്റ് തുടർ പ്രവർത്തനങ്ങൾ മുതലായവയാണ് 2025-26-ൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പദ്ധതികൾ.

### 3. സർക്കാർ നിയമപഠന കോളേജ്, തൃശ്ശൂർ

പുസ്തകങ്ങൾ വാങ്ങൽ, ലൈബ്രറി സാമഗ്രികൾ, ഉപകരണങ്ങൾ വാങ്ങൽ, പുതിയ ഫർണിച്ചറുകൾ വാങ്ങലും അറ്റകുറ്റപ്പണികളും, ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ പരിപാലനം/വാങ്ങൽ, എഎംസി, ഉപഭോഗവസ്തുക്കൾ, മൂട്ട് കോർട്ട് മത്സരങ്ങൾ, അക്കാദമിക് സെന്ററുകൾക്കുള്ള പ്രവർത്തനങ്ങൾ, അക്കാദമിക് അഫിലിയേഷൻ ഫീസ്, സ്ലൈഡിംഗ് വിൻഡോകൾ സ്ഥാപിക്കൽ, മറ്റ് തുടർ പ്രവർത്തനങ്ങൾ എന്നിവക്കായി 2025-26 കാലഘട്ടത്തിൽ തുക വകയിരുത്തിയിരിക്കുന്നു.

### 4. സർക്കാർ നിയമ പഠന കോളേജ്, കോഴിക്കോട്

സുവർണ്ണ ജൂബിലി മൾട്ടി പർപ്പസ് കോംപ്ലക്സിന്റെ നിർമ്മാണം, വകുപ്പുകളുടെ നവീകരണ പ്രവർത്തനങ്ങൾ, കോളേജ് ഗേറ്റിന്റെ അറ്റകുറ്റപ്പണികൾ, വാട്ടർ കൂളർ വിതരണം & സ്ഥാപിക്കൽ, ഓട്ടോമാറ്റിക് സാനിറ്ററി നാപ്കിൻ വെൻഡിംഗ് ആൻഡ് ബേണിംഗ് മെഷീൻ, എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ്, ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ, പുസ്തകങ്ങൾ, ജേണലുകൾ മുതലായവ വാങ്ങൽ, കമ്പ്യൂട്ടറുകൾ/ലാപ്ടോപ്പുകൾ, ഉപകരണങ്ങൾ, കോളേജ്, ഹോസ്റ്റൽ, ലൈബ്രറി എന്നിവയ്ക്കുള്ള ഫർണിച്ചറുകളും വീട്ടുപകരണങ്ങളും, പാത്രങ്ങളും വാങ്ങൽ, പ്ലാസ്റ്റിക് ഇൻസിനറേറ്റർ, കുഴൽക്കിണർ മോട്ടോർ, നവീകരണ പ്രവർത്തനങ്ങൾ മറ്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്ക് 2025-26-ൽ തുക വകയിരുത്തിയിരിക്കുന്നു.

ലോ കോളേജുകൾക്കായി നീക്കിവച്ചിരിക്കുന്ന വിഹിതം ഇപ്രകാരമാണ്.

(രൂപ ലക്ഷം)

| ക്രമ. നം. | സ്ഥാപനത്തിന്റെ പേര് | റവന്യൂ | ക്യാപിറ്റൽ | ആകെ |
|---|---|---|---|---|
| 1 | സർക്കാർ നിയമപഠന കോളേജ്, തിരുവനന്തപുരം | 200.00 | | 200.00 |
| 2 | സർക്കാർ നിയമപഠന കോളേജ്, എറണാകുളം | 260.00 | | 260.00 |
| 3 | സർക്കാർ നിയമപഠന കോളേജ്, തൃശ്ശൂർ | 200.00 | | 200.00 |
| 4 | സർക്കാർ നിയമ പഠന കോളേജ്, കോഴിക്കോട് | 240.00 | | 240.00 |
| 5 | എല്ലാ ലോ കോളേജുകൾക്കും | | 600.00 | 600.00 |
| | **ആകെ** | **900.00** | **600.00** | **1500.00** |

സംസ്ഥാനത്തെ നാല് നിയമ പഠന കോളേജുകൾക്കായി 2025-26-ൽ പദ്ധതി നടത്തിപ്പിനായി 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 10. എൻ.സി.സി

**(വിഹിതം: 850.00 ലക്ഷം രൂപ)**

വിദ്യാർത്ഥികൾ/യുവാക്കൾക്കിടയിൽ സ്വഭാവവും അച്ചടക്കവും നേതൃത്വഗുണവും വികസിപ്പിക്കുക എന്നതാണ് എൻസിസിയുടെ ലക്ഷ്യം. എൻ.സി.സി-ക്ക് സംസ്ഥാനത്ത് അഞ്ച് ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സുകളും, 41 യൂണിറ്റുകളും ഒരു ഡയറക്ടറേറ്റുമാണുള്ളത്. 2025-26 വർഷത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

1) തിരുവനന്തപുരം മണ്ണന്തലയിൽ മൂന്ന് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം (മൂന്നാം ഘട്ടം), 2) തിരുവനന്തപുരത്ത് കല്ലറ വില്ലേജിൽ എൻസിസി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിനായി പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം (മൂന്നാം ഘട്ടം) 3) എൻസിസി ഡയറക്ടറേറ്റ്, തിരുവനന്തപുരം- പുതിയ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം (ഫിനിഷിംഗ് വർക്ക്/മൂന്നാം ഘട്ടം) 4)ഇടുക്കി മഞ്ഞുമലയിൽ എൻസിസി എയർ വിങ്ങിന് എയർ സ്ട്രിപ്പ് നിർമ്മാണം 5) കൊല്ലം തേവള്ളിയിൽ നാവിക പരിശീലന കേന്ദ്രം പൂർത്തിയാക്കുന്ന ജോലി 6) കാലിക്കറ്റ് യൂണിവേഴ്സിറ്റി കാമ്പസിൽ കോഴിക്കോട് എൻസിസി ജിപി എച്ച്ക്യൂ പരിശീലന അക്കാദമിയുടെ നിർമ്മാണം 7) കോഴിക്കോട്ട് നാവിക പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം (ബോട്ട് ഹൗസ് ഓഫ് 9(കെ) കേരള നേവൽ യൂണിറ്റ് 8) വയനാട് മാനന്തവാടിയിൽ പുതുതായി രൂപീകരിച്ച ബിഎൻ-ന്റെ ഓഫീസ് കെട്ടിടത്തിന്റെ ഫിനിഷിംഗ് വർക്ക്/ നിർമ്മാണം, 9) പാലക്കാട് ഒറ്റപ്പാലത്ത് എൻ.സി.സി. 28(കെ) ബിഎൻ-ന്റെ ഓഫീസ് കെട്ടിടത്തിന്റെ അവസാന

ജോലി/നിർമ്മാണം. 10) ആക്കുളം എൻ.സി.സി 1 കെ നേവൽ യൂണിറ്റിന് ഓഫീസ് കെട്ടിട നിർമാണം 11) ആലപ്പുഴ കുട്ടനാട്ടിലുള്ള നാവിക എൻ.സി.സി 5(കെ) യൂണിറ്റിന് ഓഫീസ് കെട്ടിടവും നാവിക പരിശീലന കേന്ദ്രവും 12) കണ്ണൂർ, എൻ.സി.സി ജിപി എച്ച്ക്യുവിനുള്ള ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം, 13) നിർമ്മാണം, അറ്റകുറ്റപ്പണികൾ, അപ്രോച്ച് റോഡ്, അതിർത്തി ഭിത്തിയുള്ള വേലി, പരിശീലനം, കമ്പ്യൂട്ടർ വാങ്ങൽ, ഫർണിച്ചറുകൾ തുടങ്ങിയവയും നടന്നുകൊണ്ടിരിക്കുന്ന മറ്റ് പ്രവൃത്തികളുടെ പൂർത്തീകരണവും.

മുകളിൽ പറഞ്ഞിട്ടുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനായി 2025-26വർഷത്തിൽ 850.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിനകം ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് മുൻഗണന നൽകേണ്ടതാണ്.

**11. തുടർവിദ്യാഭ്യാസ കേന്ദ്രം**

**(വിഹിതം: 625.00 ലക്ഷം രൂപ)**

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് തുടർവിദ്യാഭ്യാസ കേന്ദ്രം. സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്ക് പരിശീലനം നൽകാനായി ഒരു സിവിൽ സർവീസ് അക്കാദമി തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. തൊഴിൽരഹിതരായ യുവതീ-യുവാക്കൾക്ക് സമ്പദ് വ്യവസ്ഥയുടെ പ്രധാന മേഖലകളിൽ അവരുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ ആവശ്യമായ പരിശീലനം നൽകുന്നു. എ) തിരുവനന്തപുരത്തെ കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി വികസനം ബി) കൊല്ലത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (IFT)യുടെ വികസനം (ഫർണിച്ചറുകളുടെ നിർമ്മാണവും വാങ്ങലും, സജ്ജീകരണവും അക്കാദമിക് അടിസ്ഥാന സൗകര്യങ്ങളും) സി) കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ വികസനം - ദത്തെടുക്കൽ പദ്ധതി ഡി) സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷയ്ക്ക് സൗജന്യ കോച്ചിംഗ് ഇ) സിവിൽ സർവീസ് വിജയികൾക്ക് ചെലവാക്കിയ ഫീസ് തിരികെ കൊടുക്കുക എഫ്) ലൈബ്രറിയുടെ ഡിജിറ്റൈസേഷൻ, ഓൺലൈൻ ക്ലാസ് മുറികൾ, മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവ ഉൾപ്പെടെ കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ എല്ലാ കേന്ദ്രങ്ങളിലും അധിക സൗകര്യങ്ങൾ ജി) ആലുവയിലെ കേരള സിവിൽ സർവീസ് അക്കാദമിയിൽ എയർ കണ്ടീഷനിംഗ് സൗകര്യങ്ങൾ എച്ച്) മൂന്നാർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് വികസനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിരിക്കുന്നു. തുടർ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് മുൻഗണന നൽകേണ്ടതാണ്.

2025-26 വർഷത്തെ പദ്ധതികൾക്കായി 625.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**12. കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ**

**(വിഹിതം: 2000.00 ലക്ഷം രൂപ)**

ഗവൺമെന്റ്, സർവ്വകലാശാലകൾ, ഉന്നത വിദ്യാഭ്യാസമേഖലയിലെ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉപദേശങ്ങൾ നൽകുന്നതിനും ഇവയുടെ സംയോജിത പ്രവർത്തനങ്ങൾക്കും ഉന്നത വിദ്യാഭ്യാസത്തിൽ പുതിയ ആശയങ്ങളും പരിപാടികളും വികസിപ്പിക്കൽ എന്നിവയ്ക്കുമായാണ് ഉന്നത വിദ്യാഭ്യാസകൗൺസിൽ രൂപീകരിച്ചിട്ടുള്ളത്. 2025-26 കാലഘട്ടത്തിൽ കൗൺസിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ എ) ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ ബി) സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ സെന്റർ (എസ്.എ.എ.സി) സി) ലൈബ്രറിയുടെ നവീകരണം ഡി) ദേശീയ അന്തർദ്ദേശീയ സെമിനാറുകൾ/കോൺഫറൻസുകൾ, ഇ) വിദഗ്ധ സമിതികളുടെ ചെലവുകൾ, എസ്.എൽ.എ.സി (സംസ്ഥാനതല അക്കാദമിക് കമ്മിറ്റി) യുടെ പ്രവർത്തനം, ബ്രെയിൻ ഗെയിൻ തുടങ്ങിയവ എഫ്) പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ജി) ഇ-ജേണൽ കൺസോർഷ്യം എച്ച്) കേരള അക്കാദമിക് ലൈബ്രറീസ് നെറ്റ്‌വർക്ക് (കാൽനെറ്റ്) ഐ) ഡിജിക്കോൾ - കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഡിജിറ്റൽ രീതിയിൽ പ്രവർത്തനക്ഷമമാക്കൽ ജെ) ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം കെ) ക്ലസ്റ്റർ കോളേജ് സ്കീം എൽ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സർവേ എം) കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കും (കെ.ഐ.ആർ.എഫ്) സ്ഥാപന മാപ്പിംഗ് പ്രോജക്റ്റും എൻ) ഉന്നത വിദ്യാ ഭവന്റെ നിർമ്മാണവും ഫർണിഷിംഗും (മൂലധന ആസ്തി സൃഷ്ടിക്കൽ) ഒ) മുഖ്യമന്ത്രിയുടെ നവകേരളം പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ് പി) കമ്പ്യൂട്ടർ, ഉപകരണങ്ങൾ വാങ്ങൽ ക്യൂ) ഡിജിറ്റൈസേഷൻ പ്രോജക്ടുകൾ ആർ) ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ (ഒ.ബി.ഇ) തുടങ്ങിയ പദ്ധതികളും നിലവിലുള്ള മറ്റ് ജോലികളും എന്നിവയാണ്.

2025-26 വർഷത്തിൽ കൗൺസിലിന് ധനസഹായമായി 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 50 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**13. കേരളം – എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സൊല്യൂഷനും (K-REAP) ഉന്നത വിദ്യാഭ്യാസത്തിലെ മികവുകളുടെ കേന്ദ്രങ്ങളും**

**(വിഹിതം: 1340.00 ലക്ഷം രൂപ)**

ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങൾക്കായി കമ്മീഷൻ നിർദ്ദേശിച്ച സംരംഭങ്ങൾക്കനുസൃതമായി കെഎസ്എച്ച്ഇസിക്ക് കീഴിൽ രണ്ട് പദ്ധതികളും അധികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ രണ്ട് പരിപാടികളുടെയും നടത്തിപ്പിനായി ആകെ 1340.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**i. കേരള– സർവ്വകലാശാലകൾക്കും കോളേജുകൾക്കുമുള്ള എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സൊല്യൂഷൻ (K-REAP):–** ഉന്നത വിദ്യാഭ്യാസ പരിഷ്കരണങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അതിന്റെ പ്രധാന ഭരണനിർവഹണത്തെ യന്ത്രവൽകൃതമാക്കുന്നതിനും സംസ്ഥാനത്തെ വിവിധ സർവകലാശാലകൾക്കും കോളേജുകൾക്കും കീഴിലുള്ള അക്കാദമിക്, ഹ്യൂമൻ റിസോഴ്സ്, ഫിനാൻഷ്യൽ, പരീക്ഷ, മറ്റ് പ്രക്രിയകൾ കാര്യക്ഷമമാക്കുന്നതിനുമായി കെ– റീപ് എന്ന പേരിൽ ഇ.ആർ.പി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സോഫ്റ്റ്‌വെയർ വികസനം, ഇൻസ്റ്റാളേഷൻ, നടപ്പാക്കൽ, പരിശീലനം, പരിപാലനം എന്നിവയുടെ ചെലവ് ഉൾപ്പെടെയുള്ള സോഫ്റ്റ്‌വെയർ ചെലവുകളാണ് ഈ പ്രോജക്ടിന് കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന പ്രോഗ്രാമുകൾ. മൊത്തം തുകയിൽ 200.00 ലക്ഷം രൂപ 2025–26 വർഷത്തിൽ ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്.

**ii. സെന്റർ ഓഫ് എക്സലൻസ് (സി.ഒ.ഇ) യും ഇന്നൊവേഷനും സ്ഥാപിക്കൽ:–** ഉന്നത വിദ്യാഭ്യാസ പരിഷ്കാരങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി, താഴെ പറയുന്ന മികവ് കേന്ദ്രങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ നിർദ്ദേശിക്കുന്നു.

i. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ്, ടെക്നോളജി ആൻഡ് ഇന്നൊവേഷൻ (KISTI)

ii. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഫോർ സോഷ്യൽ സയൻസ് ആൻഡ് ഹ്യൂമാനിറ്റീസ് (KIAS)

iii. കേരള നെറ്റ്‌വർക്ക് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ (KNRSHE)

iv. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ജെൻഡർ ഇക്വിറ്റി

v. അധ്യാപകർക്കും അനധ്യാപക ജീവനക്കാർക്കും പരിശീലനത്തിനുള്ള ഇൻസ്റ്റിറ്റ്യൂട്ട്

vi. തദ്ദേശവാസികളുടെ വിദ്യാഭ്യാസ കേന്ദ്രം

vii. കേരള ഭാഷാ ശൃംഖല (KLN)

viii. കേരള നോളജ് കൺസോർഷ്യം (KKC) കേന്ദ്രങ്ങൾ (പുതിയത്)

ix. കേരള സെന്റർ ഫോർ അനലിറ്റിക്കൽ സർവീസ് (KCAS) **(**പുതിയത്)

x. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോളിസി സ്റ്റഡീസ് (പുതിയത്)

2025–26 കാലയളവിൽ ഉന്നത വിദ്യാഭ്യാസ മേഖലയിലെ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിക്കുന്നതിനുമായി 1140.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**14. ഇറുഡൈറ്റ് –സ്കോളോഴ്സ് ഇൻ റസിഡൻസ് പ്രോഗ്രാം**

**(വിഹിതം: 70.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നോബൽ സമ്മാന ജേതാക്കളുൾപ്പെടെ രാജ്യത്തിനകത്തും പുറത്തും നിന്നുമുള്ള വിഖ്യാതരായ വിദഗ്ധരുമായി സംവദിക്കാൻ അവസരം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നോബൽ സമ്മാന ജേതാക്കൾക്കും വിദഗ്ധർക്കും സംസ്ഥാനം സന്ദർശിച്ച് പ്രഭാഷണം നടത്താനും സംസ്ഥാനത്തെ അദ്ധ്യാപകരും വിദ്യാർത്ഥികളുമായി ചേർന്ന് സംയുക്ത ഗവേഷണം നടത്താനും ക്ഷണം നൽകുന്നതാണ്. ഇങ്ങനെ സംസ്ഥാനം സന്ദർശിക്കുന്ന വിദഗ്ധർക്ക് ആവശ്യമായ സൗകര്യങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഒരുക്കേണ്ടതാണ്. വിദഗ്ധരുമായി സംവദിക്കാൻ മറ്റ് സ്ഥാപനങ്ങളിലെ നിശ്ചിത എണ്ണം വിദ്യാർത്ഥികൾക്കുകൂടി അവസരം നൽകാൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾ സൗകര്യം ഒരുക്കേണ്ടതാണ്. ബ്രെയിൻ ഗെയിനിന്റെ സംയോജനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബ്രെയിൻ ഗെയിൻ എന്നത് അവരുടെ അവധിക്കാലത്ത് ഹ്രസ്വകാല

അധ്യാപനത്തിനും ഗവേഷണത്തിനുമായി സംസ്ഥാനത്തെ സർവ്വകലാശാലകളിലേക്ക് പ്രവാസി ഇന്ത്യൻ അക്കാദമിക് വിദഗ്ധരെ ആകർഷിക്കുന്നതിനുള്ള ഒരു പദ്ധതിയാണ്.

2025-26 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 70.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**15. കേരള ചരിത്ര ഗവേഷണ കൗൺസിൽ (കെ.സി.എച്ച്.ആർ)**

**(വിഹിതം: 1300.00 ലക്ഷം രൂപ)**

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭരണപരമായ നിയന്ത്രണത്തിൽ വിവിധ സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള ചരിത്ര ഗവേഷണ കൗൺസിൽ. ആധുനിക ഗവേഷണവും വിജ്ഞാനവും സാമൂഹ്യവും ചരിത്രപരവുമായ കാഴ്ചപ്പാടുകളുമായി സമന്വയിപ്പിക്കുന്നതിന് ഈ സ്ഥാപനം ശ്രദ്ധചെലുത്തുന്നു. അക്കാദമിക് കോൺഫറൻസുകൾ/വർക്ക് ഷോപ്പുകൾ/സെമിനാറുകൾ, സ്മാരക പ്രഭാഷണങ്ങൾ/ഇൻഡക്ഷൻ പ്രോഗ്രാമുകൾ/ പരിശീലനം/പാനൽ ചർച്ചകൾ/പൊതു പ്രഭാഷണങ്ങൾ, വിവിധ തലങ്ങളിൽ ഗവേഷണ ഫെലോഷിപ്പുകൾ, പട്ടണം ആർക്കിയോളജിക്കൽ റിസർച്ച്, പട്ടണം മ്യൂസിയം, പട്ടണം റിസർച്ച് കാമ്പസ് വികസനം, കേരളത്തിന്റെ ഭൂതകാലത്തെ ഡിജിറ്റൈസ് ചെയ്യുക, കേരളത്തെ ഗവേഷണം നടത്തുകയും രേഖപ്പെടുത്തുകയും ചെയ്യുക. ലൈബ്രറി വിഭവങ്ങളുടെ സമ്പുഷ്ടീകരണം, പ്രസിദ്ധീകരണങ്ങൾ/ന്യൂസ് ലെറ്റർ/വാർഷിക റിപ്പോർട്ടുകൾ, കെസിഎച്ച്ആർ അനെക്സും വിപുലീകരണ പരിപാടികളും, തുടങ്ങിയ പ്രവർത്തനങ്ങൾ 2025-26 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

2025-26 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 1300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**16. അധിക കഴിവ് സ്വായത്തമാക്കൽ പദ്ധതി (അസാപ്പ് ) ഇഎപി**

**(വിഹിതം: 3510.00 ലക്ഷം രൂപ)**

ജൂലൈ 2012-ൽ നിലവിൽ വന്ന കേരള സ്റ്റേറ്റ് ഡവലപ്മെന്റ് പ്രോജക്ടിന്റെ കീഴിലുള്ള ഒരു പ്രോഗ്രാമാണ് അധിക കഴിവ് സ്വായത്തമാക്കൽ പദ്ധതി. പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, തൊഴിലും തൊഴിൽ ക്ഷേമവും - എന്നീ വകുപ്പുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഹയർ സെക്കണ്ടറിതലത്തിലും, ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദതലം വരെയുമുള്ള ഒരു ലക്ഷം വിദ്യാർത്ഥികളുടെ കണക്കുവിവര പട്ടിക തയ്യാറാക്കി അവരെ വ്യാവസായികവും തൊഴിൽപരവുമായ കഴിവുകൾ ആർജ്ജിക്കുന്നതിന് പ്രാപ്തമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇപ്പോൾ ഈ പദ്ധതി ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, ആർട്സ് ആന്റ് സയൻസ് കോളേജ്, പോളിടെക്നിക് എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് വേണ്ടി നടപ്പാക്കുന്നു. ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കും ബിരുദ വിദ്യാർത്ഥികൾക്കും തൊഴിൽ ലഭ്യമാകുന്ന തരത്തിൽ അവസരങ്ങൾ സൃഷ്ടിക്കുകയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

06.11.2020 തീയതിയിലെ ജിഒ (എംഎസ്) നമ്പർ 392/2020 / എച്ച്ഇഡിഎൻ പ്രകാരം, അസാപ്, സെക്ഷൻ 8, കമ്പനീസ് ആക്ട് 2013 പ്രകാരം 'അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (എ.എസ്.എ.പി) കേരള' എന്ന പേരിൽ കമ്പനിയായി പരിവർത്തനം ചെയ്തു. തൊഴിലില്ലാത്ത യുവാക്കൾക്ക് തൊഴിലവസരങ്ങൾ കണ്ടെത്തുക, വ്യവസായിക ശൃംഖലയുമായി കൂട്ടിയോജിപ്പിച്ചുകൊണ്ട് അവരുടെ കഴിവുകൾ വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പൊതു വിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തൊഴിൽ വകുപ്പ് മറ്റ് ബന്ധപ്പെട്ട വകുപ്പുകളും ചേർന്ന് സംയോജിതമായി നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നത് ഉന്നത വിദ്യാഭ്യാസ വകുപ്പാണ്. പരിശീലനം, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ (സിഎസ്പി) ബാക്കിയുള്ള നിർമ്മാണം, സിഎസ്പി പരിപാലനം, എഎംസി, ഐടി ഉപകരണങ്ങൾ, പിന്തുണാ സേവനങ്ങൾ, വ്യവസായ പ്രസക്തമായ മികവിന്റെ കേന്ദ്രങ്ങൾ (സിഒഇകൾ), സിഎസ്പികൾ എന്നിവ സ്ഥാപിക്കുക, വ്യവസായ ആവശ്യകതകൾക്ക് അനുസൃതമായി കോഴ്സുകൾ ക്യൂറേറ്റ് ചെയ്യുകയും സംഘടിപ്പിക്കുകയും ചെയ്യുക, ഇന്റേൺഷിപ്പുകൾക്കും പ്ലെയ്സ്മെന്റ് സഹായത്തിനുമുള്ള പിന്തുണ, കെയ്ൻസ് സെമിക്കൺ പ്രൈവറ്റ് ലിമിറ്റഡും അസാപ് കേരളയ്ക്കൊപ്പം പിപിപി മോഡലിൽ ഒസാറ്റ് അക്കാദമി ഓഫ് എക്സലൻസ് ലിമിറ്റഡ് സ്ഥാപിക്കൽ തുടങ്ങിയവയാണ് 2025-26ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ. അസാപ്പിന് കീഴിൽ ഒരു ഇഎപി പ്രോജക്റ്റ് എന്ന നിലയിൽ ഇതിനകം ആരംഭിച്ച പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനാണ് ഈ തുക നൽകുന്നത്, ഈ വർഷവും അസാപ് (ഇഎപി) പദ്ധതിയുടെ അതേ ശീർഷകത്തിലാണ് തുക നൽകുന്നത്. ഇതിനകം ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കാനായി, 2025-26 കാലയളവിൽ സംസ്ഥാന ഫണ്ടിൽ നിന്ന് 3510.00 ലക്ഷം രൂപ നൽകുന്നു. ഈ തുകയുടെ 50 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**17.ദൃശ്യകലാശാസ്ത്രത്തിനുള്ള കെ.ആർ.നാരായണൻ ദേശീയ സ്ഥാപനം**

**(വിഹിതം: 1100.000 ലക്ഷം രൂപ)**

ദൃശ്യകലാശാസ്ത്ര മേഖലകളിൽ ലോകവ്യാപകമായി ഉണ്ടായിട്ടുള്ള സാങ്കേതിക വളർച്ചയെ കുറിച്ചുള്ള ആഴമേറിയ അറിവും ആഗോള ധാരണകളും നൽകുന്നതിനുള്ള ഗുണപരമായ പരിശീലനം യുവജനങ്ങൾക്ക് നൽകുന്നതിനുവേണ്ടി സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ് ഈ സ്ഥാപനം. അഭിനയം, എഡിറ്റിംഗ്, ഓഡിയോഗ്രാഫി, സിനിമാട്ടോഗ്രാഫി, തിരക്കഥ രചന, സംവിധാനം, അനിമേഷൻ, വിഷ്വൽ ഇഫക്ടുകൾ എന്നീ വിഷയങ്ങളിൽ ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ ക്ലാസ്സുകൾ നടക്കുന്നു. ഡിജിറ്റൽ ആർക്കൈവ്സോടുകൂടി ലൈബ്രറി ശക്തിപ്പെടുത്തുക, അക്കാദമിക് പരിപാടികൾ, വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള സിനിമാ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, എന്നിവ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടത്തിപ്പിന് വേണ്ടി വളരെ അത്യാവശ്യമാണ്. കാമ്പസ് മത്സര ഫിലിം ഫെസ്റ്റിവൽ, സ്ഥലം ഏറ്റെടുക്കൽ, ഹോസ്റ്റൽ നിർമ്മാണം, ഈ സ്ഥാപനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾ, തുടർ പ്രവർത്തനങ്ങൾ എന്നിവക്കുമായി 2025-26 വർഷത്തിൽ പദ്ധതിക്കായി 1100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**18. ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കേരളം**

**(വിഹിതം: 920.00 ലക്ഷം രൂപ)**

കേരളത്തിലെ ഏക ഓപ്പൺ യൂണിവേഴ്സിറ്റിയായ ശ്രീ നാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി കൊല്ലം നഗരം ആസ്ഥാനമായി 2020 ൽ സ്ഥാപിതമായി. സംസ്ഥാനത്തുടനീളം പ്രാദേശിക കേന്ദ്രങ്ങളും പഠന കേന്ദ്രങ്ങളും സർവകലാശാലയിലുണ്ടാകും. ഓപ്പൺ യൂണിവേഴ്സിറ്റി എല്ലാ വിദൂര വിദ്യാഭ്യാസ കോഴ്സുകളും വാഗ്ദാനം ചെയ്യുകയും കേരളത്തിലെ പ്രധാന നാല് സർവകലാശാലകളായ കേരള സർവകലാശാല, മഹാത്മാഗാന്ധി സർവകലാശാല, കോഴിക്കോട് സർവകലാശാല, കണ്ണൂർ സർവകലാശാല എന്നിവ വാഗ്ദാനം ചെയ്യുന്ന എല്ലാ വിദൂര വിദ്യാഭ്യാസ കോഴ്സുകളും പുതിയ സർവകലാശാലയുടെ ഭരണ നിയന്ത്രണത്തിലും പരിധിയിലും ആയിരിക്കും. അക്കാദമിക് കൗൺസിലിംഗ്, പ്രിൻറിംഗ്, സ്വയം പഠന സാമഗ്രികളുടെ മറ്റ് അനുബന്ധ ചെലവുകൾ ഉൾപ്പെടെ പഠിതാക്കളുടെ പിന്തുണാ കേന്ദ്രങ്ങൾ, സൈബർ സെന്റർ, ടോട്ടൽ സോഫ്റ്റ്‌വെയർ സൊല്യൂഷൻ എന്നിവയുടെ വികസനം, സെന്റർ ഫോർ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് (CIQA) യുടെ വികസന സംരംഭം, നൈപുണ്യ വികസനവും സ്റ്റാർട്ടപ്പ് പ്രോഗ്രാമും, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, അക്കാദമിക് ബ്ലോക്ക് നവീകരണം അധ്യാപക-അധ്യാപകേതര ജീവനക്കാർക്കുള്ള ഓറിയന്റേഷനും പരിശീലന പരിപാടിയും, ഔദ്യോഗിക ഭാഷ നടപ്പിലാക്കൽ, വെർച്വൽ വിദ്യാഭ്യാസ ചെലവുകൾ, പരീക്ഷയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങൽ, പ്രാദേശിക കേന്ദ്രങ്ങൾ, ഇ-ഫയൽ സംവിധാനം, മറ്റു അക്കാദമിക പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് 2025-26 ൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

സർവ്വകലാശാലയുടെ പ്രവർത്തനത്തിനും മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾക്കുമായി 2025-26 വർഷത്തിൽ 920.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

**19. പൊതു സർവകലാശാല ക്യാമ്പസ് നിർമ്മാണവും വികസനവും (ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി യ്ക്ക് വേണ്ടി പുതിയ ക്യാമ്പസും അടിസ്ഥാന സൗകര്യങ്ങളും)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

സർവ്വകലാശാലയുടെയും അതിന്റെ പ്രാദേശിക കേന്ദ്രങ്ങളുടെയും സ്ഥാപനവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കലിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമാണ് ഈ പദ്ധതിയ്ക്ക് കീഴിൽ തുക വകയിരുത്തുന്നത്. സർവകലാശാലയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾക്കായി ഈ തുക വിനിയോഗിക്കാം. 2025-26 ൽ ഈ പദ്ധതിക്കായി 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തുകയും പദ്ധതി നടത്തിപ്പിനാവശ്യമായ അധിക തുക യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ച് പ്രധാന അടിസ്ഥാന സൗകര്യ വികസനം എന്ന ശീർഷകത്തിൽ പബ്ലിക് യൂണിവേഴ്സിറ്റി ക്യാമ്പസ് നിർമ്മാണവും വികസനവും എന്ന പദ്ധതിയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

**20. സംസ്ഥാന എൻ.എസ്.എസ് സെൽ – സംസ്ഥാന സഹായം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഏകദേശം 3,50,000 വിദ്യാർത്ഥി സന്നദ്ധപ്രവർത്തകർ ഉൾപ്പെടുന്ന കേരളത്തിലെ നാഷണൽ സർവീസ് സ്കീമിന്റെ (എൻഎസ്എസ്) സംസ്ഥാന ഓഫീസ്, സംസ്ഥാനത്തിന്റെ ക്ഷേമത്തിനും വികസനത്തിനും പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്തിന് പുതിയൊരു പദ്ധതി തുടങ്ങുന്നതിനാണ് ഫണ്ട് നൽകുന്നത്. ഉപേക്ഷിക്കപ്പെട്ടതും ഉപയോഗശൂന്യവുമായ ഉപകരണങ്ങളും ഫർണിച്ചറുകളും പുനഃസ്ഥാപിച്ച്

ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ, ഗസ്റ്റ് ഹൗസുകൾ എന്നിവയുൾപ്പെടെയുള്ള സർക്കാർ കെട്ടിടങ്ങളെ പുനഃനിർമ്മിക്കാനും പുനരുജ്ജീവിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

2025-26 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

ഗുണ നിലവാരമുള്ള ഉന്നത വിദ്യാഭ്യാസം നൽകുന്നതിനായി വിവിധ ബിരുദ-ബിരുദാനന്തര കോഴ്സുകൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ മുഖേന നടത്തുന്നു. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ 66 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളും ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യൂക്കേഷനും മൂന്ന് സർക്കാർ അധ്യാപക വിദ്യാഭ്യാസ കോളേജുകളും നാല് സർക്കാർ സംഗീത കോളേജുകളും ഒരു സർക്കാർ കായിക-വിദ്യാഭ്യാസ കോളേജും 27 സർക്കാർ ഹോസ്റ്റലുകളും 191 എയ്ഡഡ് കോളേജുകളും അഞ്ച് സോണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകളും പ്രവർത്തിക്കുന്നു. അക്കാദമിക മികവ്, അടിസ്ഥാന സൗകര്യ വികസനം, ഗുണമേൻമയുള്ള അന്തർ-ശാഖാ ഗവേഷണം, സാമൂഹ്യ പ്രതിബദ്ധത, ഉത്തരവാദിത്വമുള്ള പൗരന്മാരെ വാർത്തെടുക്കൽ എന്നീ ലക്ഷ്യങ്ങളോടെയാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. 2025-26 -ലെ പദ്ധതി നടത്തിപ്പിലെ സത്വര ലക്ഷ്യങ്ങൾ നാലായി ചുരുക്കാം.

എ) പലഘട്ടങ്ങളിലായി എല്ലാ കോളേജുകൾക്കും നാക് അംഗീകാരം ലഭിക്കുക. ബി) പുതുതായി ആരംഭിച്ച കോളേജുകളുടെ അടിസ്ഥാന വികസനം സി) ഇന്റർ ഡിസിപ്ലിനറി ഗവേഷണം, ലൈബ്രറി വികസനം, വിദ്യാർത്ഥി പിന്തുണ, അക്കാദമിക മേൻമ പരിപാടികൾ ഡി) അക്കാദമിക രംഗത്തെ ഗുണമേൻമ ഉറപ്പാക്കൽ എന്നിവ. മികവുറ്റ ഉന്നത വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും പദ്ധതി നടത്തിപ്പ് സുഗമമാക്കുന്നതിനും വേണ്ടി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളെ 5 ആയി താഴെ വിവരിച്ചിരിക്കുന്ന വിധം തരം തിരിച്ചിരിക്കുന്നു.

**21. ഭൗതിക, മാനവിക, വിവര സാങ്കേതിക വിദ്യ എന്നീ അടിസ്ഥാന സൗകര്യങ്ങളിൽ നിലവാരം ഉയർത്തൽ, വികസനം, പരിപാലനം**

**(വിഹിതം: 9759.00 ലക്ഷം രൂപ)**

2025-26 കാലയളവിൽ താഴെ സൂചിപ്പിക്കുന്ന ഘടകങ്ങൾക്കായി ഈ പദ്ധതിയുടെ കീഴിൽ 9759.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്ക് പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായുള്ള പൂൾഡ് ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

**i. സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനുമുള്ള പരിപാടി**

എ. കോളേജ് വിദ്യഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള കോളേജുകൾ മറ്റ് സർക്കാർ ഓഫീസുകൾ എന്നിവയുടെ കെട്ടിടം, ചുറ്റുമതിൽ നിർമ്മാണം

ബി. കളിസ്ഥലങ്ങളുടെ നിർമ്മാണം, കോളേജുകളിലും ഹോസ്റ്റലുകളിലും കായിക സാമഗ്രികൾ വാങ്ങൽ, കായിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.

സി. ഭൂമി വാങ്ങലും മറ്റ് അടിസ്ഥാന സൗകര്യ വികസനവും.

ഡി. ഡി.പി.ആർ തയ്യാറാക്കൽ, മണ്ണ് പരിശോധന, മറ്റ് പഠനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ

ഇ. കോളേജ് വിദ്യഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള കോളേജുകൾക്കും ഹോസ്റ്റലുകൾക്കും മറ്റ് സർക്കാർ ഓഫീസുകൾക്കുമായി ഐ.സി.ടി ഉപകരണങ്ങൾ വാങ്ങുകയും പരിപാലിക്കുകയും ചെയ്യുക

എഫ്. സർക്കാർ കോളേജുകളിലും ഹോസ്റ്റലുകളിലും വിവിധ ആവശ്യങ്ങൾക്കായി ഫർണിച്ചറുകൾ വാങ്ങുക.

ജി കോളേജ് വിദ്യഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള കോളേജുകൾക്കും ഹോസ്റ്റലുകൾക്കും മറ്റ് സർക്കാർ ഓഫീസുകൾക്കും ആവശ്യമായ മറ്റ് സാധനങ്ങളുടെ വാങ്ങൽ, പരിപാലനം/ നിർമ്മാണം.

**ii. സർക്കാർ കോളേജുകളിലെ ലബോറട്ടറികളുടെയും ലൈബ്രറികളുടെയും ഫർണിച്ചറിന്റേയും വികസനം**

ഭൂരിഭാഗം സർക്കാർ കോളേജുകളിലും ആധുനിക സൗകര്യങ്ങളോടുകൂടിയ ലൈബ്രറികളും ലബോറട്ടറികളും ആവശ്യമാണ്. വിദ്യാർത്ഥികൾക്ക് ഇന്റർനെറ്റ് സൗകര്യം ലഭിക്കത്തക്ക രീതിയിൽ

ലൈബ്രറികൾ ഡിജിറ്റലൈസ് ചെയ്യേണ്ടതുണ്ട്. അന്താരാഷ്ട്രപ്രസിദ്ധീകരണങ്ങൾ മുൻകൂർ തുക കൊടുത്ത് വാങ്ങേണ്ടതാണ്. പഴയ കോഴ്സുകൾക്ക് പകരം പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ കോളേജുകളിൽ ആരംഭിക്കുന്നതിനാൽ ആധുനിക സൗകര്യവും, ലാബുകൾക്കും ലൈബ്രറികൾക്കും ഫർണിച്ചർ മുതലായവയും, ഡിജിറ്റൽ ലൈബ്രറി സംവിധാനവും, ഭാഷാ ലാബുകളും, ലൈബ്രറി ഓട്ടോമേഷനും, ലൈബ്രറി പുസ്തകം വാങ്ങലും നടത്തേണ്ടതുണ്ട്.

എ. ആധുനിക ലബോറട്ടറി ഉപകരണങ്ങളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുകയോ നന്നാക്കുകയോ ചെയ്യുക

ബി. ജേണലുകളുടെ സബ്സ്ക്രിപ്ഷൻ, ലൈബ്രറി ബുക്കുകളും മറ്റ് ആക്സസറികളും വാങ്ങുക

സി. സെൻട്രൽ ലൈബ്രറി സംവിധാനത്തിന്റെ വർദ്ധനയും ലൈബ്രറികളുടെ ഡിജിറ്റലൈസേഷനും

ഡി. പുതിയ മാതൃകകൾ വാങ്ങൽ, ഐ.സി.ടി സൗകര്യങ്ങൾ, ഉപഭോഗവസ്തുക്കൾ, ലാബുകൾക്കും ലൈബ്രറികൾക്കുമുള്ള ഫർണിച്ചറുകൾ

ഇ. ലാബുകളുടെയും ലൈബ്രറികളുടെയും നവീകരണം എന്നിവയ്ക്ക് പദ്ധതി വിഹിതം വിനിയോഗിക്കാം.

**iii. മാച്ചിംഗ് ഗ്രാന്റ്**

കോളേജുകളിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി കോളേജിന്റെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാനായി കോളേജ് വികസന സമിതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. ഈ സമിതി വിദ്യാർത്ഥികളിൽ നിന്ന് അവരുടെ അക്കാദമിക് ഫീസിന്റെ ഒരു ഭാഗം, പൂർവ്വ വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, പൂർവ്വ വിദ്യാർത്ഥി അസോസിയേഷനുകൾ എന്നിവരിൽ നിന്നും ധനശേഖരണം നടത്തുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഇങ്ങനെ ശേഖരിക്കുന്ന തുകയ്ക്ക് തുല്യമായ തുക മാച്ചിംഗ് ഗ്രാന്റായി നൽകുന്നതാണ് ഈ പദ്ധതി. ശേഖരിക്കുന്ന തുകയും മാച്ചിംഗ് ഗ്രാന്റും കോളേജുകളുടെ സർവ്വതോൻമുഖമായ വികസനത്തിന് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഉപയോഗിക്കുന്നു.

**iv. സ്വയംഭരണ കോളേജുകളും മികച്ച കോളേജുകളെ സംയോജിത വിദ്യാഭ്യാസ ഹബ്ബുകൾ ആക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്ന പദ്ധതി**

പാഠ്യപദ്ധതി രൂപകല്പനയുമായി ബന്ധപ്പെട്ട പ്രവർത്തികളും, പരീക്ഷ സംവിധാന നവീകരണവും, വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ബോധനവിദ്യയിൽ മാറ്റം വരുത്തുന്നതും ഉന്നത വിദ്യാഭ്യാസത്തിലെ അക്കാദമിക സ്വയംഭരണാവകാശത്തിലൂടെ വിഭാവനം ചെയ്യുന്നു. സർക്കാർ സ്വയംഭരണ കോളേജുകളുടെ പ്രവർത്തനങ്ങൾക്കായി തുക വിനിയോഗിക്കാവുന്നതാണ്. പഴയ ചില മികച്ച കോളേജുകളെ തെരഞ്ഞെടുത്ത് നേതൃ കോളേജുകളാക്കുകയും അടുത്തുള്ള അഫിലിയേറ്റഡ് കോളേജുകളെ കൂടി ചേർത്ത് കൊണ്ട് സംയോജിത വിദ്യാഭ്യാസ ഹബ്ബുകൾ രൂപീകരിക്കാനും തുക വിനിയോഗിക്കാവുന്നതാണ്. സെക്കൻഡറി-ഹയർ സെക്കൻഡറി സ്കൂളുകളെ അഫിലിയേറ്റഡ് കോളേജുകളോട് ബന്ധിപ്പിക്കാവുന്നതാണ്. പരസ്പരബന്ധിത സ്ഥാപനങ്ങൾ തമ്മിൽ അക്കാദമിക അറിവുകൾ പരസ്പരം വിനിമയം ചെയ്യാനാവും. കോളേജുകളും സ്കൂളുകളും തമ്മിലുള്ള അക്കാദമികവിനിമയം ഉറപ്പുവരുത്തേണ്ടത് നേതൃ കോളേജുകളുടെ ചുമതലയാണ്.

ഈ സ്കീമിന് അനുവദിച്ച തുക താഴെപ്പറയുന്നതുപോലുള്ള ഘടകങ്ങൾക്കായി ഉപയോഗിക്കാം.

എ) സ്വയംഭരണ കോളേജുകളിൽ പരീക്ഷ നടത്തിപ്പും മറ്റ് അനുബന്ധ ചെലവുകളും

ബി) ലീഡ് കോളേജുകളുടെ സ്ഥാപനവും അതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങളും

സി) കോളേജുകളിൽ തിരിച്ചറിയപ്പെട്ട വകുപ്പുകൾ/ഇന്റർ ഡിസിപ്ലിനറി വിഭാഗങ്ങൾ എന്നിവിടങ്ങളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കൽ.

**v. ഹരിത കാമ്പസ്**

ഹരിത കാമ്പസ് സംരംഭത്തിൽ, കാര്യക്ഷമമായ സാങ്കേതിക വിദ്യകൾ സ്വീകരിക്കാനും എല്ലാ കോളേജുകളിലും സംരക്ഷണ ഘടനകൾ നിർമ്മിക്കാനും ലക്ഷ്യമിടുന്നു. എല്ലാ കോളേജുകളിലെയും മറ്റ് സ്ഥാപനങ്ങളിലെയും ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സോളാർ മേൽക്കൂരയുടെ അറ്റകുറ്റപ്പണികൾ, മാലിന്യ നിർമ്മാർജനം, ഒഴിഞ്ഞ സ്ഥലങ്ങളിൽ പച്ചക്കറി കൃഷി/പുഷ്പകൃഷി എന്നിവ ചെയ്തുകൊണ്ട് ഹരിതവൽക്കരണം പ്രോത്സാഹിപ്പിക്കുക, സുസ്ഥിരമായ ഭാവിയെ പ്രോത്സാഹിപ്പിക്കുന്നതിന് സഹായിക്കുന്ന മറ്റ് നൂതന ശാസ്ത്ര സാങ്കേതിക വിദ്യകൾ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

### vi. അടിസ്ഥാന സൗകര്യങ്ങളുടെ നിലനിൽപ്പും നവീകരണവും

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകൾ, ഹോസ്റ്റലുകൾ, മറ്റ് സർക്കാർ ഓഫീസുകൾ എന്നിവയുടെ അറ്റകുറ്റപ്പണികളും നവീകരണവുമാണ് പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, കോമ്പൗണ്ട് ഭിത്തികൾ, ഹോസ്റ്റലുകൾ, കളിസ്ഥലങ്ങൾ, ഫർണിച്ചറുകൾ, സിസിടിവി ക്യാമറകൾ, മറ്റ് ഐ.സി.ടി ഉപകരണങ്ങൾ, കായിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, കോളേജുകളുടെ പൈതൃക മൂല്യം സംരക്ഷിക്കൽ തുടങ്ങിയവ ഉൾപ്പെടുന്നു.

### vii. വിവര-വിനിമയ സാങ്കേതിക വിദ്യയും ആധുനീകരണവും

ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസത്തിനും ഭരണ സൗകര്യത്തിനും വിവര-വിനിമയ സാങ്കേതിക വിദ്യ ഒഴിച്ചുകൂടാനാവാത്തതാണ്. താഴെ കൊടുത്തിട്ടുള്ള ഘടകങ്ങൾ നടപ്പിലാക്കുന്നതിനു പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.

#### എ. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും സോണൽ ഓഫീസുകളുടെയും നവീകരണം

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും സോണൽ ഓഫീസുകളിലെയും നിർമ്മാണം, നവീകരണ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയ്ക്കായാണ് പദ്ധതി പ്രധാനമായും ഉദ്ദേശിക്കുന്നത്. ആവശ്യമായ ഐടി ഉപകരണങ്ങളുടെ വാങ്ങൽ, ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ, കൂളിംഗ് സിസ്റ്റം, ഫർണിച്ചറുകൾ, അറ്റകുറ്റപ്പണികൾ തുടങ്ങിയവയ്ക്കായി പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.

#### ബി. ഇ-ഗവേണൻസ് പ്രവർത്തനങ്ങളും ഐ.ടി അടിസ്ഥാന സൗകര്യ വികസനവും

ഐ.ടി അഡ്മിനിസ്ട്രേഷന്റെ ഭാഗമായി ഹെഡ് ഓഫീസ്, സോണൽ ഓഫീസുകൾ, കോളേജുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ആവശ്യമായ ഇന്റർനെറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിന് ഈ പദ്ധതി ഉപയോഗിക്കുന്നു. കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, ഫോട്ടോകോപ്പിയറുകൾ തുടങ്ങിയ ഐ.ടി ഉപകരണങ്ങളുടെ വാങ്ങൽ, കാലഹരണപ്പെട്ടവ നീക്കംചെയ്യൽ, ഐടി മെയിന്റനൻസ്, വാർഷിക മെയിന്റനൻസ് കരാർ മുതലായവ, സോഫ്റ്റ്‌വെയറിന്റെ ലൈസൻസ് പുതുക്കൽ, സുരക്ഷാ സർട്ടിഫിക്കറ്റ് ചാർജുകൾ, ആധാർ അടിസ്ഥാനമാക്കിയുള്ള ബയോമെട്രിക് ഹാജർ സംവിധാനം, ഐഡി കാർഡ് വിതരണം കൂടാതെ വിവിധ ലാബുകളിലേക്ക് സോഫ്റ്റ്‌വെയർ വാങ്ങൽ, ഇലക്ട്രോണിക് ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റത്തിന്റെ പരിപാലനം, ഓൺലൈൻ വിദ്യാഭ്യാസം നടത്തുന്നതിനുള്ള വിദ്യാർത്ഥി പിന്തുണ സോഫ്റ്റ്‌വെയർ വികസിപ്പിക്കൽ, ഓൺലൈൻ പാഠ്യപദ്ധതിക്ക് ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ, കോളേജുകളുടെയും ഹോസ്റ്റലുകളുടെയും നെറ്റ്‌വർക്കിംഗ്, വെബ്സൈറ്റിന്റെയും ഫയർവാളിന്റെയും പരിപാലനം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, വെബ് പോർട്ടൽ രൂപകല്പനയും വികസനവും, ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ വാങ്ങൽ/വികസനം, അനുബന്ധ ജോലികൾ, എഎംസി, സ്റ്റോറേജ്, ബാക്കപ്പ്, സെക്യൂരിറ്റി ഓഡിറ്റ്, റിക്കവറി ചാർജുകൾ, കൺസൾട്ടൻസി ഫീസ്, സാങ്കേതിക വൈദഗ്ധ്യം സേവനങ്ങൾ എന്നിവയുടെ രൂപകല്പനക്കും വികസനത്തിനും തുക ചെലവഴിക്കും.

#### സി. സർക്കാർ കോളേജുകൾക്കായുള്ള കോളേജ് വിദ്യാഭ്യാസത്തിനുള്ള ഓൺ-ലൈൻ വിഭവ കേന്ദ്ര സംരംഭങ്ങൾ (ഒറൈസ്),

രാജ്യവ്യാപകമായി ക്ലാസ് മുറികൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി, ഒറൈസ് സബ്-സെന്ററുകൾ സർക്കാർ കോളേജുകളിൽ സ്ഥാപിക്കുകയുണ്ടായി. വിസിറ്റിംഗ് സ്കോളർ പരിപാടിയുടെ ഭാഗമായി ഇന്ത്യയ്ക്കകത്തുള്ള സർവ്വകലാശാലകളിൽനിന്നും ഗവേഷണ കേന്ദ്രങ്ങളിൽനിന്നും കോളേജുകളിൽ നിന്നും പ്രഗത്ഭരായ പണ്ഡിതരെ സംസ്ഥാനത്തെ കലാലയങ്ങളിൽ വിസിറ്റിംഗ് ഫാക്കൽറ്റിയായി ക്ഷണിക്കുന്നതാണ്. ഈ വിദഗ്ധരുടെ പ്രഭാഷണങ്ങളും ക്ലാസ്സുകളും റെക്കോഡ് ചെയ്ത് ഒറൈസ് ടെലികാസ്റ്റിംഗ് സ്റ്റുഡിയോ സംപ്രേക്ഷണം ചെയ്യുന്നതാണ്. ഒറൈസ് ടെലികാസ്റ്റിംഗ് സ്റ്റുഡിയോയിൽ, വെർചൽ ക്ലാസ് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഒറൈസ് സ്റ്റുഡിയോകളുടെ പ്രവർത്തനത്തിനും സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗസ്ഥരെ പുറത്ത് നിന്ന് എടുക്കാനും ക്ലാസുകളും പ്രോഗ്രാമുകളും നടത്തുന്നതിനും മറ്റ് തുടർ പ്രവർത്തനങ്ങൾക്കുമാണ് തുക അനുവദിച്ചിരിക്കുന്നത്.

#### ഡി. വൈ-ഫൈ കാമ്പസ്

ഓൺലൈൻ ഉറവിടങ്ങൾ പാഠപുസ്തകങ്ങളെ പൂരകമാക്കുകയും സ്ഥാപനത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കും ഓൺലൈനിൽ ലഭ്യമായ പഠന സാമഗ്രികളുടെ വിശാലമായ

ശ്രേണിയിലേക്ക് എളുപ്പത്തിൽ പ്രവേശനം സാധ്യമാക്കുകയും ചെയ്യുന്നു. വൈ-ഫൈ, വിദ്യാർത്ഥികൾക്ക് കാമ്പസിനുള്ളിൽ എവിടെനിന്നും പഠിക്കാനുള്ള അവസരങ്ങൾ നൽകുകയും എളുപ്പത്തിൽ ആശയവിനിമയം നടത്തുകയും ചെയ്യുന്നു. ഈ പദ്ധതിക്ക് വിഹിതത്തിന്റെ ഒരു ഭാഗം വിനിയോഗിക്കാം.

**ഇ. സർക്കാർ കോളേജുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ**

അത്യാധുനിക സാങ്കേതിക വിദ്യയുടെയും ആവശ്യമായ ഐടി ഉപകരണങ്ങളുടെയും സഹായത്തോടെ സർക്കാർ കോളേജുകളിലെ ക്ലാസ് മുറികളെ സ്മാർട്ട് ക്ലാസ് മുറികളാക്കി മാറ്റാൻ ഇത് വിഭാവനം ചെയ്യുന്നു. സ്മാർട് ക്ലാസ് റൂമുകൾക്ക് ആവശ്യമായ ഇന്ററാക്ടീവ് പാനൽ, ലാപ്ടോപ്പ്, ടാബ്‌ലെറ്റ്, ക്യാമറ, മൈക്രോഫോണുകൾ, വൈ-ഫൈ റൂട്ടറുകൾ, വൈറ്റ്ബോർഡ്, പ്രൊജക്ടറുകൾ തുടങ്ങിയ ഉപകരണങ്ങൾ ഈ പദ്ധതിയിലൂടെ വാങ്ങുകയും നിലവിലുള്ളവയിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യാവുന്നതാണ്.

**എഫ്. ഐടി സെല്ലുകൾ**

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഐടി സെല്ലുകൾ രൂപീകരിക്കേണ്ടതുണ്ട്, അത് വകുപ്പിലെയോ ഓഫീസുകളിലെയോ ഡാറ്റാ ബാങ്കിന്റെ ഏക സ്ഥാനമായിരിക്കും. ഐടി, വെബ്സൈറ്റ് പരിപാലനം അല്ലെങ്കിൽ വികസനം, ലേണിംഗ് മാനേജ്മെന്റ് മൊഡ്യൂൾ സഹായം, മറ്റ് ഐടി അനുബന്ധ ജോലികൾ എന്നിവയുമായി ബന്ധപ്പെട്ട് കോളേജുകളിലെ ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കാനാണ് ഈ പ്രോഗ്രാം ഉദ്ദേശിക്കുന്നത്.

**viii. അധ്യാപക-അനധ്യാപക ജീവനക്കാരുടെ ശേഷി വർദ്ധിപ്പിക്കുക**

സർക്കാർ, എയ്ഡഡ് അധ്യാപക-അനധ്യാപക ജീവനക്കാരുടെ പ്രൊഫഷണൽ കഴിവ് മെച്ചപ്പെടുത്തുന്നതിനും അവരുടെ പ്രവർത്തന ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതി ഉദ്ദേശിക്കുന്നു. പുതുതായി നിയമിതരായ അധ്യാപകർക്കുള്ള ഇൻഡക്ഷൻ പ്രോഗ്രാമുകൾ, പ്രിൻസിപ്പൽമാർക്കും പ്രിൻസിപ്പൽമാരാകാൻ പോകുന്ന അധ്യാപകർക്കുമുള്ള ഭരണ നിർവ്വഹണ പരിശീലനം, IQAC കോർഡിനേറ്റർമാർക്ക് പരിശീലനം, മധ്യ നിര അധ്യാപകർക്കുള്ള പ്രൊഫഷണൽ ഡെവലപ്മെന്റ് പരിശീലനം എന്നിവയാണ് പ്രധാന പരിശീലന പരിപാടികൾ. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള, പുതുതായി നിയമനം ലഭിച്ച, പുതുതായി പ്രമോഷൻ ലഭിച്ച അനധ്യാപക ജീവനക്കാർക്കും മറ്റ് സ്ഥിരം ജീവനക്കാർക്കും പരിശീലനം നൽകാനും ഈ പരിപാടി ഉദ്ദേശിക്കുന്നു. പരിശീലനം, പരിശീലനച്ചെലവ്, യാത്രാച്ചെലവ്, വിവിധ പരിശീലന പരിപാടികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള ചെലവ്, ഓണറേറിയം, ഓഡിയോ, വീഡിയോ റെക്കോർഡിംഗ്, പരസ്യച്ചെലവ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് വിവിധ മൊഡ്യൂൾ നിർമ്മാണത്തിനും തുകയുടെ ഒരു ഭാഗം ഉപയോഗിക്കാം.

**22. വിദ്യാർത്ഥി പിന്തുണാ-ക്ഷേമ പരിപാടികൾ**

**(വിഹിതം. 1570.00 ലക്ഷം രൂപ)**

വിദ്യാർത്ഥികൾക്കുള്ള പിന്തുണാ - ക്ഷേമ പരിപാടികളാണ് ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. താഴെ നല്കിയിരിക്കുന്ന പദ്ധതി ഘടകങ്ങൾക്കായി 2025-26 വർഷത്തിൽ 1570.00 ലക്ഷം രൂപ നല്കിയിരിക്കുന്നു. ഇതിൽ ഏകദേശം 50 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**എ.പഠനയാത്രകൾ**

പഠനയാത്രകൾ/ഫീൽഡ് സന്ദർശനം എന്നിവ പല വിഷയങ്ങളുടേയും ബിരുദ/ബിരുദാനന്തര ബിരുദ പാഠ്യ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. പഠന യാത്രകൾക്ക് വേണ്ടി താമസത്തിന്റെയും യാത്രയുടെയും ചെലവ് വിദ്യാർത്ഥികൾ സ്വയം വഹിക്കുകയാണെങ്കിൽ അത് അവർക്ക് വലിയൊരു ബാധ്യതയായിരിക്കും. സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പഠന പദ്ധതിയുടെ ഭാഗമായ യാത്രകൾക്കും ഫീൽഡ് വിസിറ്റിനും സാമ്പത്തിക സഹായം നൽകാനുദ്ദേശിച്ചുകൊണ്ടുള്ളതാണീ പദ്ധതി.

**ബി. നൈപുണ്യ പരിശീലനവും തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി(STEEP)**

ലക്ഷ്യബോധത്തോടെയുള്ള ഇടപെടലിലൂടെ സമഗ്രമായ പിന്തുണയും പരിശീലനവും നൽകി തൊഴിൽ അവസരങ്ങൾ ഏറ്റെടുക്കാൻ ഈ പദ്ധതി വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു. ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് യഥാക്രമം അവരുടെ വ്യക്തിഗത താൽപ്പര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള നൈപുണ്യ പരിശീലനം നൽകും. കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ, കാമ്പസ്

പ്ലെയ്സ്മെന്റുകൾ, തൊഴിൽ മേളകൾ എന്നിവ നടത്തി വിദ്യാർത്ഥികളെ വിപണിയിലെ ജോലിയുടെ പുതിയ അവസരങ്ങളിലേയ്ക്ക് നയിക്കുന്നതിനും ഇത് ഉദ്ദേശിക്കുന്നു.

### സി. ജീവനി – കോളേജുവിദ്യാർത്ഥികൾക്കുള്ള മാനസിക–ബോധവൽക്കരണ പരിപാടി

കോളേജ് വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യ ആവശ്യങ്ങൾക്ക് വേണ്ടി ഒരു മാനസിക ആരോഗ്യ പരിപാടി എല്ലാ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലും തുടങ്ങുന്നതിന് തുക വിനിയോഗിക്കാവുന്നതാണ്. ഈ പരിപാടിയിലൂടെ ജീവനി കൗൺസിലർമാരെ ഉപയോഗിച്ചുകൊണ്ട് കോളേജുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും മനഃശാസ്ത്രപരമായ പിന്തുണ ലഭ്യമാക്കുകയും, അതുവഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നല്ല അന്തരീക്ഷം സൃഷ്ടിക്കാനും സാധിക്കും.

### ഡി. പ്രത്യേക ശേഷിയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള 'പ്രതിബന്ധ രഹിത' ക്യാമ്പസ്

പദ്ധതി വിഹിതത്തിന്റെ ഒരു ഭാഗം പ്രത്യേക ശേഷിയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള 'പ്രതിബന്ധ രഹിത' ക്യാമ്പസിന് വേണ്ടി മാറ്റി വച്ചിരിക്കുന്നു. പ്രത്യേക ശേഷിയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള 'തടസ്സങ്ങളില്ലാത്ത' ക്യാമ്പസ് വികസിപ്പിക്കുന്നതിന് വേണ്ടി ആവശ്യമായ സജ്ജീകരണങ്ങൾ നൽകുന്നതിനാണ് ഈ ഘടകം. വീൽചെയറിൽ സഞ്ചരിക്കുന്നവർ, കാഴ്ചയില്ലാത്തവർ & ഭാഗീക കാഴ്ചയുള്ളവർ, കേൾവി കുറവുള്ളവർ, പഠന വൈകല്യമുള്ളവർ, അസുഖം മൂലമോ, അപകടം വഴിയോ താൽക്കാലിക ശേഷിക്കുറവുകൾ ഉള്ളവർ എന്നിങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് വേണ്ട സൗകര്യങ്ങളൊരുക്കുന്നതിന് തുക വിനിയോഗിക്കാവുന്നതാണ്.

### ഇ. ജീവിത നൈപുണികൾ മെച്ചപ്പെടുത്തൽ

ദുരന്ത നിവാരണം, സ്വയം പ്രതിരോധം, ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനുള്ള പരിശീലനം, മാനവികത, അന്വേഷണ–പരിഷ്കരണ മനോഭാവം, മാധ്യമ സാക്ഷരത, പരിസ്ഥിതി സംരക്ഷണം, റോഡ് മര്യാദകൾ, സുരക്ഷ തുടങ്ങിയവയിൽ, ഓൺലൈൻ, ഓഫ്ലൈൻ മോഡ്യുകൾ വഴി വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കും അടിസ്ഥാന പരിശീലനം നൽകി ജീവിത നൈപുണ്യ പരിശീലനം നൽകുക എന്നതിനാണ് ഈ പരിപാടി ലക്ഷ്യമിടുന്നത്.

### എഫ്. സ്റ്റുഡന്റ് ഫോർ സൊസൈറ്റി

വിദ്യാർത്ഥി സേനയിലൂടെ തുടർച്ചയായ പിന്തുണ നൽകി എല്ലാവർക്കും തുല്യ അവസരങ്ങൾ നൽകുന്ന ഒരു സമൂഹത്തെ ഈ പരിപാടി വിഭാവനം ചെയ്യുന്നു. വിദ്യാർത്ഥി സന്നദ്ധപ്രവർത്തകരെ രൂപീകരിക്കാനും അവർ താരതമ്യേന പിന്നാക്കം നിൽക്കുന്ന കമ്മ്യൂണിറ്റികളെ സഹായിക്കാനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി.

### ജി. പഠനത്തോടൊപ്പം സമ്പാദ്യവും

എല്ലാ പ്രായത്തിലുമുള്ള എല്ലാ വിദ്യാർഥികൾക്കും പഠനത്തോടൊപ്പം അനുഭവ സമ്പത്ത് നേടാനുള്ള ഒരു മാർഗ്ഗദർശന പദ്ധതിയാണിത്. വിദ്യാർത്ഥികളിൽ ഉത്തരവാദിത്തബോധം സൃഷ്ടിച്ച് സാമ്പത്തികമായി ശാക്തീകരിക്കാൻ പഠനത്തോടൊപ്പം സമ്പാദ്യവും, എന്ന പദ്ധതി ലക്ഷ്യമിടുന്നു. കാമ്പസിനകത്തും പുറത്തും തൊഴിൽ അവസരങ്ങൾ ഏറ്റെടുക്കാൻ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും സൗകര്യമൊരുക്കുകയും ചെയ്യും.

### എച്ച്. കോളേജ് ക്ലബ്ബുകൾ

നാക് അക്രെഡിറ്റേഷൻ ലഭിക്കാൻ കോളേജുകളിൽ ക്ലബ്ബുകളുടെ ശരിയായ പ്രവർത്തനം അത്യന്താപേക്ഷിതവുമാണ്. ടൂറിസം ക്ലബ്, പരിസ്ഥിതി ക്ലബ്, സോഷ്യൽ സയൻസ് ക്ലബ്, സംരംഭകത്വ വികസന ക്ലബ്, നാച്ചുറൽ സയൻസ് ക്ലബ്, മാത്തമാറ്റിക്സ് ക്ലബ്, ഫിലിം ക്ലബ് തുടങ്ങിയ ക്ലബ്ബുകൾ കോളേജുകളിലുണ്ട്. ഈ പ്രോഗ്രാമിനായി വകയിരുത്തിയ തുക കോളേജ് ക്ലബ്ബുകളുടെ കാര്യക്ഷമതയ്ക്കും വികസനത്തിനും വിനിയോഗിക്കാം.

### ഐ) വിശപ്പ് രഹിത കാമ്പസ്

സർക്കാർ കോളേജുകളിൽ കോളേജ് കാന്റീനുകളുടെയോ കുടുംബശ്രീ കാന്റീനുകളുടെയോ സഹായത്തോടെ കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ളതും പോഷകപ്രദവുമായ ഭക്ഷണം ലഭ്യമാക്കാനാണ് ഈ ഘടകം ഉദ്ദേശിക്കുന്നത്.

### ജെ. വിദ്യാർത്ഥികൾക്ക് താമസ സൗകര്യമോ ഹോസ്റ്റൽ സൗകര്യങ്ങളോ ലഭിക്കുന്നതിനുള്ള പിന്തുണ

കിടക്കാനുള്ള സൗകര്യം ലഭ്യമല്ലാത്തതിനാൽ സർക്കാർ കോളേജ് ഹോസ്റ്റലുകൾ ലഭിക്കാത്ത ബിപിഎൽ വിദ്യാർത്ഥികൾക്ക്, ബില്ലുകളും വൗച്ചറുകളും സമർപ്പിക്കുന്നതിന് വിധേയമായി പ്രതിമാസം പരമാവധി 3000/- രൂപയുടെ സാമ്പത്തിക സഹായം നൽകുന്നതാണ് ഈ പദ്ധതി. പട്ടികജാതി/പട്ടികവർഗ വകുപ്പുകൾക്ക് പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായി സമാഹരിച്ച ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

### കെ. ഇന്റർ യൂണിവേഴ്സിറ്റി കൾച്ചറൽ ആൻഡ് അക്കാഡമിക് ഫെസ്റ്റിവൽ ഓഫ് കേരള

കേരള സംസ്ഥാനത്തുടനീളമുള്ള വിദ്യാർത്ഥികൾക്കായി വാർഷിക ഇന്റർ യൂണിവേഴ്സിറ്റി കൾച്ചറൽ, കോ-കരിക്കുലർ, അക്കാദമിക് ഫെസ്റ്റ് എന്നിവ നടത്തുന്നതിന് ഈ പദ്ധതി ഉദ്ദേശ്ശിക്കുന്നു. ഈ പദ്ധതി പ്രകാരം നൽകുന്ന തുക കേരളത്തിലെ ഇന്റർ യൂണിവേഴ്സിറ്റി കൾച്ചറൽ ആൻഡ് അക്കാദമിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. വ്യക്തിഗത ഇനത്തിലെ വിജയികൾക്ക് വ്യക്തിഗത മെഡലുകളും സർട്ടിഫിക്കറ്റുകളും ഓവറോൾ ചാമ്പ്യനാകുന്ന സർവകലാശാലക്ക് അവാർഡുകളും സർട്ടിഫിക്കറ്റുകളും നൽകും.

### എൽ. ലേൺ, എൻഗേജ്, അകംപ്ലിഷ് ആൻഡ് ഡെവലപ്പ് (LEAD)

സംസ്ഥാനത്തെ കോളേജുകളിലെ വിദ്യാർത്ഥി നേതാക്കൾക്കായി നേതൃത്വപരമായ കഴിവുകൾ നേടിയെടുക്കുന്നതിനെ പിന്തുണയ്ക്കുന്ന ഒരു നേതൃത്വ മാർഗനിർദേശ പരിപാടിയായാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ കോളേജുകളിൽ നിന്നും സർവ്വകലാശാലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി നേതാക്കൾക്ക് വിദേശത്തുള്ള ഒരു സർവ്വകലാശാലയിൽ ഒരാഴ്ച പരിശീലനം നൽകും. പങ്കെടുക്കുന്നവർക്ക് വ്യത്യസ്ത നേതൃത്വ ആശയങ്ങൾ തുറന്നുകിട്ടുകയും നേതൃത്വവുമായി ബന്ധപ്പെട്ട മൂല്യങ്ങൾ വളർത്തിയെടുക്കാൻ സഹായകമാവുകയും ചെയ്യും.

### എം. എംബ്രേസ് (EMBRACE)

സംസ്ഥാനത്തെ അതി ദാരിദ്ര്യത്തിലുള്ള വിദ്യാർത്ഥികൾക്ക് പിന്തുണ നൽകുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ ഘടകം. ഫീസ് ഇളവ്, അക്കാദമിക് സൗകര്യങ്ങൾ, ഭക്ഷണം, ലാപ്ടോപ്പുകൾ എന്നിവ ലഭ്യമാക്കുന്നതിലൂടെ ദരിദ്രരായ വിദ്യാർത്ഥികളുടെ മൊത്തത്തിലുള്ള ശാക്തീകരണത്തിനായി സഹായം നൽകും. കോളേജ് കാന്റീനുകളുടെ സഹകരണത്തോടെ ഈ വിദ്യാർത്ഥികൾക്ക് സൗജന്യ ഉച്ചഭക്ഷണവും ലഭ്യമാക്കും.

### 23. അവാർഡുകളും സ്കോളർഷിപ്പുകളും

**(വിഹിതം: 3670.00 ലക്ഷം രൂപ)**

വിവിധ സ്കോളർഷിപ്പുകൾ വഴി വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ്. 2025-26 വർഷത്തിൽ 3670.00 ലക്ഷം രൂപ താഴെ കൊടുത്തിട്ടുള്ള ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു. ഇതിൽ ഏകദേശം 70 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

### എ. സ്റ്റേറ്റ് മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്

ബി.പി.എൽ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും (സുവർണ ജൂബിലി സ്കോളർഷിപ്പ്) മറ്റ് മീൻസ് കം മെറിറ്റ് സ്കോളർഷിപ്പുകളും ഏകീകരിച്ച് സ്റ്റേറ്റ് മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് എന്ന ഒറ്റ സ്കോളർഷിപ്പ് രൂപീകരിക്കും. ഇനിപ്പറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി സ്കോളർഷിപ്പ് നൽകും.

i. കേരളത്തിലെ കോളേജുകളിൽ ഉന്നതവിദ്യാഭ്യാസത്തിൽ പ്രവേശിക്കുമ്പോൾ അവരുടെ ഹയർസെക്കൻഡറി തലത്തിലെ സ്കോറിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് ആരംഭിക്കുകയും ഓരോ വർഷവും നിർദ്ദിഷ്ട വ്യവസ്ഥകൾ പാലിച്ച് സ്കോളർഷിപ്പ് പുതുക്കുന്നതിന് വിധേയമായി ബിരുദാനന്തര ബിരുദം പൂർത്തിയാകുന്നതുവരെ സഹായം നൽകുകയും ചെയ്യും.

ii. 95 ശതമാനമോ അതിൽ കൂടുതലോ മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായമായി പ്രതിവർഷം മൊത്തം 10,000 രൂപ നൽകും.

iii. 90 ശതമാനമോ അതിൽ കൂടുതലോ മാർക്ക് നേടുന്ന, വാർഷിക വരുമാനം 2.5 ലക്ഷത്തിൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് പ്രതിവർഷം മൊത്തം 10,000 രൂപ നൽകും.

iv. 80 ശതമാനമോ അതിൽ കൂടുതലോ മാർക്ക് നേടുന്ന ബിപിഎൽ വിദ്യാർത്ഥിക്ക് പ്രതിവർഷം 10,000 രൂപ ധനസഹായമായി നൽകും.

v. അനാഥരായ വിദ്യാർത്ഥികൾക്കും ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കും അവരുടെ അക്കാദമിക് മെറിറ്റ് പരിഗണിക്കാതെ പ്രതിവർഷം 10,000 രൂപ നൽകും.

നിലവിലുള്ള സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ് (നോൺ പ്ലാൻ ഫണ്ടിൽ നിന്ന് ലഭിക്കുന്നത്) അതുപോലെ തന്നെ തുടരും.

**ബി. ഗവേഷണ സഹായം (ആസ്പയർ)**

ആസ്പയർ സ്കോളർഷിപ്പ് നവീകരിച്ചു രൂപീകരിച്ച സ്കോളർഷിപ്പ് പദ്ധതിയാണ് ഗവേഷണ സഹായം. കേരളത്തിലെ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന അവസാന വർഷ പിജി/എംഫിൽ/പിഎച്ച്ഡി വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതാണ് ഈ പദ്ധതി.

**സി. പ്രതിഭാ പുരസ്കാരം പ്രോത്സാഹിപ്പിക്കുക**

വിവിധ കലാ-കായിക ഇനങ്ങളിൽ (സാഹിത്യം, സംഗീതം, ഫൈൻ ആർട്സ്, പെർഫോമിംഗ് ആർട്സ് മുതലായവ) കഴിവ് തെളിയിച്ച വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് സ്കോളർഷിപ്പ് നൽകുകയും സാഹിത്യം, സംഗീതം, ഫൈൻ ആർട്സ്, കല, പെർഫോമിംഗ് ആർട്സ്, സ്പോർട്സ് തുടങ്ങിയ മേഖലകളിൽ വിവിധ ഉപരിപഠന ഓപ്ഷനുകൾ പരിചയപ്പെടുത്തുകയും ചെയ്യാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. വിദ്യാർത്ഥികൾക്ക് ഇന്ത്യയിലും വിദേശത്തുമുള്ള വിവിധ ഫെസ്റ്റിവലുകളിലും ടൂർണമെന്റുകളിലും പങ്കെടുക്കാനും, പ്രമുഖ വ്യക്തികളുമായി സംവദിക്കാനുമുള്ള അവസരം, അവരുടെ മേഖലയുമായി ബന്ധപ്പെട്ട പ്രധാന സർവകലാശാലകളും സ്ഥാപനങ്ങളും സന്ദർശിക്കാനുള്ള അവസരം, അന്താരാഷ്ട്ര ഫെസ്റ്റിവലുകളിൽ പങ്കെടുക്കാനുള്ള അവസരം എന്നിവയെയും പദ്ധതി പിന്തുണയ്ക്കും.

**ഡി. വിദ്യാർത്ഥികൾക്കുള്ള മെറിറ്റ് അവാർഡ്**

കേരള സ്റ്റേറ്റ് സെക്കണ്ടറി സ്കൂൾ തല പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്കും കേരളത്തിലെ ഹയർ സെക്കണ്ടറി പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്കും സർവ്വകലാശാല റാങ്ക് ജേതാക്കൾക്കും (1, 2, 3 റാങ്ക് ഹോൾഡർമാർ) അഭിനന്ദന സഹായമായി മൊത്തം 2000 രൂപ നാമമാത്രമായി നൽകും.

**ഇ. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ**

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് നാഷണൽ മെന്റൽ ഹെൽത്ത് പോളിസി പ്രകാരം അർഹതപ്പെട്ട സാമ്പത്തിക സഹായം നൽകും. പ്രതിമാസം പരമാവധി 6000 രൂപ ഇത്തരം വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസായി അല്ലെങ്കിൽ താമസ സൗകര്യത്തിനുള്ള സഹായമായി തിരികെ നൽകും.

**എഫ്. മുഖ്യമന്ത്രിയുടെ സ്കോളർഷിപ്പ് അവാർഡ് –വിദ്യാർത്ഥി പ്രതിഭ പുരസ്കാരം**

സി.എം. സ്കോളർഷിപ്പ് പ്രോഗ്രാം (വിദ്യാർത്ഥി പ്രതിഭ പുരസ്കാരം) മെറിറ്റ് കം മീൻസ് അടിസ്ഥാനമാക്കി അക്കാദമികമായി മികവ് പുലർത്തുന്ന 1000 വിദ്യാർത്ഥികൾക്ക് നൽകാൻ ഉദ്ദേശിക്കുന്നു.

**ജി. റഗുലർ/ഫുൾ ടൈം ഗവേഷണ വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ്**

ഗവേഷണ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിലുള്ള പദ്ധതികൾക്ക് പുറമേ, എല്ലാ സ്ഥിരം ഗവേഷണ വിദ്യാർത്ഥികൾക്കും മൂന്ന് വർഷത്തേക്ക് പ്രതിമാസ ഫെലോഷിപ്പ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. JRF, MANF, RGNF, PMRF അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റേയോ സംസ്ഥാന സർവ്വകലാശാലകളുടെയോ മറ്റു ഫെലോഷിപ്പുകളോ സഹായമോ ലഭിക്കാത്തതും സംസ്ഥാനത്തെ സർവ്വകലാശാലകൾ/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ എല്ലാ റഗുലർ/ഫുൾ ടൈം ഗവേഷണ വിദ്യാർത്ഥികൾക്കും പ്രതിമാസം 10,000 രൂപ ഫെലോഷിപ്പ് നൽകും. നിലവിൽ മറ്റു ഫെലോഷിപ്പുകൾ ലഭിക്കാത്ത റഗുലർ/ഫുൾ ടൈം ഗവേഷണ വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് നൽകുന്നതിനായി 2025-26 ൽ ഈ പദ്ധതിക്ക് 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**24. പഠന–ബോധന–ഗവേഷണത്തിലെ അക്കാദമിക മികവ്**

**(വിഹിതം: 975.00 ലക്ഷം രൂപ)**

പഠന–ബോധന–ഗവേഷണ രംഗങ്ങളിൽ അക്കാദമിക മികവ് ഉറപ്പുവരുത്തലാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. താഴെ പറയുന്ന ഘടകങ്ങൾക്ക് 975.00 ലക്ഷം രൂപ 2025–26–ൽ വകയിരുത്തിയിരിക്കുന്നു. ഇതിൽ 65 ശതമാനത്തിലധികം, പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**എ. കോളേജുകളിലെ അക്കാദമിക വികസനം**

അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വേണ്ടി സെമിനാറുകളും, ശില്പശാലകളും പ്രദർശനങ്ങളും നടത്തുന്നതിനും ഈ പരിപാടി ലക്ഷ്യമിടുന്നു. ഈ പരിപാടി മുഖേന രാജ്യത്തെ മറ്റു സ്ഥലങ്ങളിലെ ആധുനിക വികസന മാതൃകകളും രീതികളും അദ്ധ്യാപന –പഠന രീതിശാസ്ത്രങ്ങളും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും മനസ്സിലാക്കുവാൻ സാധിക്കുന്നു. രാജ്യത്തെ വിവിധ സർവ്വകലാശാലകളിൽനിന്നും ഗവേഷണസ്ഥാപനങ്ങളിൽ നിന്നും ഉള്ള ക്ഷണിക്കപ്പെട്ട പ്രഗത്ഭരായ ഫാക്കൽറ്റികളായിരിക്കും ഈ പരിപാടിയുടെ റിസോഴ്സ് പേഴ്സൺമാർ.

**ബി. വിദ്യാർത്ഥി മാർഗ്ഗ–ദർശന പദ്ധതി(എസ്.എം.പി)**

എയ്ഡഡ് കോളേജുകൾ ഉൾപ്പെടെ കേരളത്തിലെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും നിരന്തരമായ പിന്തുണ നൽകാനാണ് നിർദ്ദിഷ്ട പരിപാടി വിഭാവനം ചെയ്യുന്നത്. എസ്എംപിയ്ക്ക് രണ്ട് ഘടകങ്ങളുണ്ട്. ആദ്യ ഘടകം വ്യക്തിഗത മെന്റർഷിപ്പ് പ്രോഗ്രാം ആണ്, അതിൽ വിവിധ തലങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുമായി ചേർന്ന് ഒരു ആന്തരിക മെന്ററിംഗ് ടീം ഒരു ഫാക്കൽറ്റിയുടെ നേതൃത്വത്തിൽ ഒരു ഗ്രൂപ്പ് രൂപീകരിക്കുന്നു. പിയർ മെന്ററിംഗിലൂടെ ഈ ആന്തരിക ഗ്രൂപ്പ് ഓരോ വിദ്യാർത്ഥിക്കും ഒരു പിന്തുണാ സംവിധാനമായി പ്രവർത്തിക്കും. ഭാഷാ പഠനം, വിഷയ പഠനം, പഠന കഴിവുകൾ, മത്സരപരീക്ഷാ പരിശീലനം തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സാർവത്രികമായി ലഭ്യമാകുന്ന തരത്തിൽ ഓൺലൈൻ റിസോഴ്സ് ബേസ് സൃഷ്ടിക്കുക എന്നതാണ് രണ്ടാമത്തെ ഘടകം.

**സി. യുറീക്ക ലാബ്**

ഈ പദ്ധതി എല്ലാ കോളേജിലും ഒരു ലാബ് സൃഷ്ടിക്കാൻ വിഭാവനം ചെയ്യുകയും, അത് വിദ്യാർത്ഥികൾക്കും പ്രാദേശിക സമൂഹത്തിനും ഇടയിൽ ആശയങ്ങളുടെ ഇൻകുബേറ്ററായി ഉപയോഗിക്കുകയും ചെയ്യുന്നു. ഒരു പ്രൊഫസറുടെ നേതൃത്വത്തിലുള്ള സ്റ്റുഡന്റ്സ് ക്ലബ് ആഴ്ചതോറുമുള്ള റൊട്ടേഷൻ അടിസ്ഥാനത്തിൽ യുറീക്ക ലാബിന്റെ ചുമതല വഹിക്കും. ഏതൊരു വിദ്യാർത്ഥിക്കും/ വ്യക്തിക്കും അവന്റെ/അവളുടെ നൂതനാശയങ്ങൾ പൊതുജനങ്ങൾക്ക് പ്രയോജനകരമാകത്തക്ക വിധത്തിൽ ലാബുകൾ വഴി പ്രദർശിപ്പിക്കാൻ സാധിക്കും. മികച്ച കണ്ടുപിടുത്തങ്ങൾ തെരഞ്ഞെടുക്കുകയും പേറ്റന്റ് നിർദ്ദേശങ്ങൾക്കായി അയയ്ക്കുകയും ചെയ്യും.

**ഡി. നിങ്ങളുടെ സാധ്യത കണ്ടെത്തൽ (DYP)**

വ്യത്യസ്തവും വിവിധവുമായ മേഖലകളിൽ കഴിവുകൾ കണ്ടെത്താൻ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ഈ പ്രോഗ്രാം വിഭാവനം ചെയ്യുന്നു. അക്കാദമിക് മികവ്, വ്യക്തിഗത വളർച്ച, സാമൂഹിക ആഭിമുഖ്യം മുതലായവ കൈവരിക്കുന്നതിനുള്ള അവസരങ്ങളുള്ള വിദ്യാർത്ഥികൾക്കായി പ്രത്യേക മെന്ററിംഗ് പരിപാടികൾ ക്രമീകരിക്കാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

**ഇ. കോളേജുകൾക്ക് ദേശീയ/അന്തർദ്ദേശീയ ഏജൻസികളിൽ നിന്നുള്ള അക്രഡിറ്റേഷൻ നേടുന്നതിനുള്ള സഹായം**

പാഠ്യപദ്ധതി, അടിസ്ഥാന സൗകര്യങ്ങൾ, അധ്യാപന–പഠന പ്രക്രിയ, വിദ്യാർത്ഥി പിന്തുണ, ഗവേഷണം, നൂതനത്വം തുടങ്ങിയ വിവിധ പാരാമീറ്ററുകൾക്കായി, അക്രഡിറ്റേഷൻ പ്രക്രിയ മാനദണ്ഡങ്ങൾ സജ്ജമാക്കുന്നു. ഇത് ഗുണനിലവാരം നിർവചിക്കുന്നതിനുള്ള ഒരു നടപടിയായി പ്രവർത്തിക്കുകയും കോളേജ് തിരഞ്ഞെടുക്കുമ്പോൾ വ്യക്തമായ തീരുമാനങ്ങൾ എടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു. കൂടാതെ, നാക് അല്ലെങ്കിൽ മറ്റ് ഏജൻസികളുടെ അംഗീകാരമുള്ള കോളേജുകൾക്ക് മൊത്തം ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് യുജിസിയിൽ നിന്ന് ഗണ്യമായ സാമ്പത്തിക സഹായം ലഭിക്കും. സർക്കാർ കോളേജുകൾക്ക് റാങ്കിംഗ്, അക്രഡിറ്റേഷൻ മുതലായവയ്ക്ക് ആവശ്യമായ എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നതിന് വിവിധ ഫീസ്, പിയർ ടീം സന്ദർശന

ചെലവുകൾ, നാക് അല്ലെങ്കിൽ മറ്റ് റാങ്കിംഗ് ഡോക്യുമെന്റേഷൻ എന്നിവ പോലെയുള്ളവയ്ക്ക് സാമ്പത്തിക സഹായം നൽകും.

**എഫ്) ഉന്നത വിദ്യാഭ്യാസ അധ്യാപക പരിശീലന പരിപാടി**

കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിൽ നടപ്പാക്കുന്ന നാല് വർഷത്തെ ബിരുദ പ്രോഗ്രാമിന്റെ (FYUGP)ഭാഗമായി നൂതന അധ്യാപന രീതികൾ ആവിഷ്കരിക്കുന്നതിനും, സമകാലിക ഗവേഷണവുമായി പാഠ്യപദ്ധതി സംയോജിപ്പിക്കുന്നതിനും, നൂതനമായ മൂല്യനിർണ്ണയ വിദ്യകൾ വികസിപ്പിക്കുന്നതിനുമായി അദ്ധ്യാപകർക്ക് ഓറിയന്റേഷൻ ആവശ്യമാണ്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, സർവകലാശാലകളുമായി സഹകരിച്ചാണ് ഈ പരിപാടി നടപ്പാക്കുന്നത്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർക്കായി വിപുലമായ പരിശീലനം നടത്തുന്നതിന് 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

**25. ഗവേഷണവും വികസനവും വ്യാപനവും**

**(വിഹിതം: 470.00 ലക്ഷം രൂപ)**

2025-26 -ൽ ഈ പദ്ധതിക്ക് കീഴിൽ താഴെ സൂചിപ്പിച്ച ഘടകങ്ങൾക്കായി ഈ പദ്ധതിയുടെ കീഴിൽ 470.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 50 ശതമാനം, പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു

**i. അക്കാദമിക് പഠനത്തിനും പരിശ്രമത്തിനുമുള്ള പ്രകടനം അടിസ്ഥാനമാക്കിയുള്ള പ്രോത്സാഹനം (PLEASE)**

ഈ പദ്ധതി പ്രകാരം, പിയർ റിവ്യൂഡ് ജേർണലുകളിൽ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കൽ, ബാഹ്യ ഫണ്ട് ലഭിക്കൽ തുടങ്ങിയ മാനദണ്ഡങ്ങൾ നിറവേറ്റുന്ന ഏത് വകുപ്പിലെയും അധ്യാപകർക്കും/വിദ്യാർത്ഥികൾക്കും പദ്ധതി ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. ഈ ധനസഹായം ഉപകരണങ്ങൾ വാങ്ങുന്നതിനും ലബോറട്ടറി നിർമ്മാണത്തിനുമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ കുറഞ്ഞത് ഒരു സർവ്വകലാശാലയുമായി ഗവേഷണ സഹകരണ ഉടമ്പടി (എംഒയു) ഒപ്പിട്ട് ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നത് നിർബന്ധമാണ്. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇടയിൽ പുതിയതും സങ്കീർണ്ണവുമായ ഗവേഷണ പദ്ധതികളും ആശയങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ പദ്ധതിക്ക് തുക വകയിരുത്തിയിരിക്കുന്നത്.

**ii. കോളേജുകളിലെ അന്തർ-പഠനശാഖ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം (ജി.പി.ഐ.ആർ.എഫ്)**

ഈ പരിപാടി അനുസരിച്ച്, ഗവേഷണ ബിരുദം നൽകാൻ യോഗ്യമായ വിഷയങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫാക്കൽറ്റി അംഗങ്ങളോടും ഗവേഷകരോടും അവരുടെ നിർദ്ദിഷ്ട ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ സംഗ്രഹം സമർപ്പിക്കാൻ ആവശ്യപ്പെടും. കോളേജ് വിദ്യഭാസ ഡയറക്ടറേറ്റ് തലത്തിൽ രൂപീകരിക്കപ്പെട്ട, വിവിധ മേഖലകളിൽ നിന്ന് തെരഞ്ഞെടുത്ത വിദഗ്ധരുടെ ഒരു ഇന്റർ ഡിസിപ്ലിനറി പാനൽ നിർദ്ദേശങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും ഗവേഷണ പ്രവർത്തനങ്ങളിൽ ഗവേഷണ മൂല്യം, നവീന ആശയ ഉള്ളടക്കം, സാമൂഹിക പ്രസക്തി മുതലായ ഘടകങ്ങളുടെ വ്യാപ്തി അനുസരിച്ച് 1.00 ലക്ഷം രൂപ മുതൽ 1.50 ലക്ഷം രൂപ വരെയുള്ള സഹായം നൽകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി.

**iii. അന്താരാഷ്ട്ര പങ്കാളിത്തത്തോടെയുള്ള ബിരുദ പരിപാടിക്ക് വിദ്യാർത്ഥികൾക്ക് പിന്തുണ**

വിവിധ വിദേശ സർവ്വകലാശാലകൾ/കോളേജുകളുമായി അന്താരാഷ്ട്ര സഹകരണം നേടുന്നതിന് വിദ്യാർത്ഥികൾക്ക് സാമ്പത്തിക പിന്തുണയും മറ്റ് അക്കാദമിക, സാങ്കേതിക പിന്തുണയും നൽകുന്നതിന് ഉദ്ദേശ്ശിച്ചുള്ളതാണ് ഈ പദ്ധതി. ഗവൺമെന്റ് തയ്യാറാക്കുന്ന നിർദ്ദേശങ്ങളുടേയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുക.

**iv. അക്കാദമിക് നവീകരണത്തിനും ഗവേഷണത്തിനുമായി ലിങ്കേജുകൾ വളർത്തുന്ന പദ്ധതി (ഫ്ളെയർ)**

കോളേജുകളിലെ അധ്യാപകരുടെ ഗവേഷണ-അധ്യാപന വാസനകളെയും കഴിവുകളെയും പരിപോഷിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇത് വഴി കഴിവുള്ള ഒരു മികച്ച സംഘത്തെ കണ്ടെത്താനും പ്രസ്തുത പദ്ധതിയിലൂടെ ഗവേഷണ-അക്കാദമിക രംഗത്ത് മികച്ച പ്രധാന കോളേജുകൾ തമ്മിൽ ഒരു ബന്ധം സ്ഥാപിക്കുവാനും ലക്ഷ്യമിടുന്നു. അത് പ്രത്യേകിച്ച് സ്ഥാപനങ്ങളുടേയും മൊത്തത്തിൽ സമൂഹത്തിന്റെയും ഉന്നമനത്തിന് പ്രയോജനപ്പെടുത്താനും കഴിയും. ഈ പ്രോഗ്രാമിന്

കീഴിൽ താഴെപ്പറയുന്ന ഘടകങ്ങൾ നിർദ്ദേശ്ശിക്കപ്പെട്ടിരിക്കുന്നു.

എ. ഫാക്കൽറ്റി, സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം:- ഈ പ്രോഗ്രാമിലൂടെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കുറഞ്ഞത് ഒരു മാസത്തെ ദൈർഘ്യമുള്ള ഫാക്കൽറ്റി അല്ലെങ്കിൽ സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം ഏറ്റെടുക്കുന്നതിനുള്ള പിന്തുണ നൽകും. ഈ സ്ഥാപനങ്ങളിൽ നിന്നുള്ള അവരുടെ പഠനം സഹപാഠികൾക്കും വിദ്യാർത്ഥികൾക്കും പിയർ ലേണിംഗ് പ്രക്രിയയിലൂടെ നൽകണം.

ബി. പ്രൊമോഷണൽ സ്കീമുകൾ: - ഇത് ഫാക്കൽറ്റി അംഗങ്ങൾക്കും വിദ്യാർത്ഥികൾക്കും കോൺഫറൻസുകളിൽ പങ്കെടുക്കുന്നതിനും ഇന്ത്യയിലും വിദേശത്തും വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, പരിശീലനം എന്നിവയിൽ പങ്കെടുക്കുന്നതിനും സഹായം നൽകും.

സി. ഓരോ അറിവും ശേഖരിക്കുന്നത് അതിന്റെ പ്രസക്തിയും സത്യസന്ധതയും പരിശോധിച്ചുറപ്പിച്ചതിന് ശേഷമാണെന്ന് ഉറപ്പാക്കിക്കൊണ്ട് വിദ്യാർത്ഥികളിൽ അന്വേഷണാത്മക പഠനരീതി പ്രോത്സാഹിപ്പിക്കുക

ഡി. ഓരോ മേഖലയിലും നേടുന്ന പരിജ്ഞാനം, വരാനിരിക്കുന്ന ഉൽപാദന വർഷത്തിൽ വെറുതെയാകില്ലെന്ന് ഉറപ്പാക്കിക്കൊണ്ട് വിദ്യാർത്ഥികളുടെ മനസ്സിൽ ഗവേഷണ ചായ്‌വ് വളർത്തുക

ഇ. ചിന്താ പ്രക്രിയയുടെ ക്രമീകരണം, പ്രകടിപ്പിക്കൽ, അവതരിപ്പിക്കൽ എന്നിവയ്ക്ക് വിദ്യാർത്ഥിയെ പ്രാപ്തമാക്കുക.

**26. സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെൽ, കേരള (എസ്.എൽ.ക്യൂ.എ.സി) (പുതിയ പദ്ധതി)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൽ, നാക് അക്രഡിറ്റേഷൻ ഉൾപ്പെടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിശ്ചിത ഗുണനിലവാരം കൈവരിക്കുന്നതിന് സഹായിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെൽ (SLQAC) സ്ഥാപിക്കുന്നതിനായി വിഭാവനം ചെയ്യുന്നു.

2025-26 വർഷത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 100.00 രൂപ ലക്ഷം വകയിരുത്തിയിരിക്കുന്നു.

**കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതം**

**27.രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ) (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 3000.00 ലക്ഷം രൂപ)**

സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തിൽ നിന്നും ധന സഹായം ലഭ്യമാക്കുന്നതിനുള്ള അവസരം ഒരുക്കിക്കൊണ്ട് ഭാരതസർക്കാർ ആവിഷ്കരിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ). പദ്ധതികൾ തയ്യാറാക്കുന്നതിലേക്കുവേണ്ടി സർക്കാരിന്റെ കീഴിൽ ഒരു പ്രോജക്ട് ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. റൂസ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഫണ്ടിന്റെ കേന്ദ്ര-സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാന തലത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ആസൂത്രിത വികസനത്തിലൂടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രവേശനവും തുല്യതയും ഗുണനിലവാരവും മെച്ചപ്പെടുത്തുക എന്നതാണ് റൂസയുടെ ലക്ഷ്യങ്ങൾ. കോളേജുകൾക്കും സർവ്വകലാശാലകൾക്കും പശ്ചാത്തല വികസന സഹായം, ഗവേഷണം, നവീകരണവും ഗുണനിലവാരവും മെച്ചപ്പെടുത്തൽ, ഇക്വിറ്റി സംരംഭങ്ങൾ, പ്രിപ്പറേറ്ററി, എംഎംഇആർ (മാനേജ്മെന്റ്, മോണിറ്ററിംഗ്, ഇവാല്വേഷൻ ആന്റ് റിസർച്ച്) ഗ്രാന്റ്, നിലവിലുള്ള മോഡൽ ഡിഗ്രി കോളേജുകളുടെ നവീകരണം, തിരഞ്ഞെടുത്ത സ്വയംഭരണ കോളേജുകളിലെ മികവും ഗുണനിലവാരവും വർധിപ്പിക്കൽ എന്നിവയാണ് ഈ പദ്ധതിക്ക് കീഴിൽ വരുന്ന പ്രധാന ഘടകങ്ങൾ.

2025-26 ൽ 3000.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിലേക്കായി വകയിരുത്തിയിരിക്കുന്നു. അധികമായി വേണ്ടിവരുന്ന തുക കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതമായി ലഭ്യമാക്കുന്നതാണ്.

## 9.2 കലയും സംസ്കാരവും

നമ്മുടെ സംസ്ഥാനത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതി സമീപ ഭാവിയിൽ കേരളത്തിന്റെ വികസനത്തിൽ ഒരു സാംസ്കാരിക പരിവർത്തനം തന്നെ വിഭാവനം ചെയ്യുന്നു, തൽഫലമായി സാംസ്കാരിക മേഖല വികസിച്ചുവരും. 2025-26 ബജറ്റിൽ കലാ-സാംസ്കാരിക മേഖലയുടെ വികസനത്തിനായി 19749.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2025-26 വർഷത്തിൽ ഓരോ പദ്ധതിക്കും/വകുപ്പിനും വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | വകുപ്പിന്റെ/പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സംഗീത കോളേജുകൾ | 90.00 |
| 2 | ഡയറക്ടറേറ്റ് ഓഫ് ആർക്കിയോളജി | 2114.00 |
| 3 | ഡയറക്ടറേറ്റ് ഓഫ് ആർക്കൈവ്സ് | 1275.00 |
| 4 | കാഴ്ചബംഗ്ലാവ്, മൃഗശാലാ ഡയറക്ടറേറ്റ് | 2830.00 |
| 5 | സാംസ്കാരിക കാര്യ വകുപ്പ് | 10240.00 |
| 6 | സാംസ്കാരിക ഡയറക്ടറേറ്റ് | 3000.00 |
| 7 | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം | 100.00 |
| 8 | കേരള സംസ്ഥാന ഗ്രന്ഥശാലാ കൗൺസിൽ | 100.00 |
| | **ആകെ** | **19749.00** |

### 1. സംഗീത കോളേജുകൾ

**(വിഹിതം: 90.00 ലക്ഷം രൂപ)**

കലകൾക്കുവേണ്ടിയുള്ള സമകാലിക സംഗീതോപകരണങ്ങൾ, സംഗീതോപകരണങ്ങളുടെ പരിപാലനം, പ്രദർശനങ്ങൾ, കച്ചേരികൾ, മറ്റ് വിവിധ പരിപാടികൾ തുടങ്ങിയവ നടത്തുന്നതിനും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തി സംഗീതം, ഫൈൻ ആർട്സ് വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2025-26 ബജറ്റിൽ ഇതിനായി 90.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### പുരാവസ്തു ഡയറക്ടറേറ്റ്

നമ്മുടെ സാംസ്കാരിക പൈതൃകത്തേയും പാരമ്പര്യത്തേയും ശാസ്ത്രീയമായി സംരക്ഷിക്കുന്ന പുരാവസ്തു ഡയറക്ടറേറ്റിനു ഒരു ദീർഘകാല ചരിത്രവും പാരമ്പര്യവുമുണ്ട്. തമിഴ്നാട്ടിലെ പത്മനാഭപുരം കൊട്ടാരം ഉൾപ്പെടെ ചരിത്രപരവും വാസ്തുപരവുമായ പ്രാധാന്യമർഹിക്കുന്ന 188 സംരക്ഷിത സ്മാരകങ്ങളും 12 പുരാവസ്തു മ്യൂസിയങ്ങളും പുരാവസ്തു വകുപ്പിന് കീഴിലായുണ്ട്. 2025-26 ബജറ്റിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2114.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 2. പുരാവസ്തു കെട്ടിടങ്ങൾ

**(വിഹിതം: 600.00 ലക്ഷം രൂപ)**

നമ്മുടെ സംസ്ഥാനത്ത് 188 സംരക്ഷിത സ്മാരകങ്ങളും തമിഴ്നാട്ടിലെ തക്കലയിലെ പത്മനാഭപുരം സമുച്ചയവുമുണ്ട്. സ്മാരകങ്ങളുടെ യാഥാർത്ഥ നിർമ്മാണത്തോട് താദാത്മ്യമുള്ള സമാന വസ്തുക്കൾ ഉപയോഗിച്ച് സംരക്ഷിത സ്മാരകങ്ങളുടെ ഘടനാപരമായ സംരക്ഷണം നടത്തുകയും ചെയ്യുന്നുണ്ട്. ശാസ്ത്രീയ പഠനങ്ങളും വിശകലനങ്ങളും നടത്തി പൈതൃക ഘടനകളിൽ അവലംബിച്ച വസ്തുക്കളേയും രീതികളേയും കുറിച്ചുള്ള ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന പ്രശസ്ത/വിദഗ്ധ സ്ഥാപനങ്ങളുടെ വൈദഗ്ധ്യവും അടിസ്ഥാന സൗകര്യങ്ങളുടെ ഉപയോഗവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

1968 ലെ കേരള പുരാവസ്തു സ്മാരകങ്ങൾ, സൈറ്റുകൾ, അവശിഷ്ടങ്ങൾ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി പുരാവസ്തുപരമായോ ചരിത്രപരമായോ വാസ്തുവിദ്യാപരമായോ പ്രസക്തമായ പുതിയ സ്മാരകങ്ങളോ ഘടനകളോ ഏറ്റെടുക്കൽ പ്രക്രിയ സർക്കാരിന്റെ സമ്മതത്തോടെ നടപ്പിലാക്കും.

2025-26 കാലയളവിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- സംരക്ഷിത സ്മാരകങ്ങളുടെ ഘടനാപരമായ സംരക്ഷണം
- പുരാവസ്തു മ്യൂസിയങ്ങളുള്ള സ്മാരകങ്ങളുടെ ഘടനാപരമായ സംരക്ഷണം
- പൈതൃക കെട്ടിടങ്ങൾ/സൈറ്റുകൾ ഏറ്റെടുക്കൽ
- വിവിധ പുരാവസ്തു സ്ഥലങ്ങളിൽ കയ്യേറ്റം തടയലും അതിർത്തി തിരിച്ച് സംരക്ഷിക്കുന്ന പ്രവൃത്തികളും

**3. പ്രാദേശിക പരിരക്ഷണ ലബോറട്ടറി**

**(വിഹിതം: 60.00 ലക്ഷം രൂപ)**

നിലവിലുള്ളതും ഭാവി തലമുറക്കുമായി വിലമതിക്കാനാവാത്ത പുരാവസ്തുക്കളുടെ ശേഖരണത്തിന്റേയും സ്മാരകങ്ങളുടേയും ലഭ്യത ഉറപ്പുവരുത്തുന്നതിനും സംരക്ഷണത്തിനും വേണ്ടി 1979-ൽ പ്രാദേശിക സംരക്ഷണ ലബോറട്ടറി ആരംഭിച്ചു. ഉഷ്ണമേഖലാ പ്രദേശത്തെ ഈർപ്പമുള്ള കാലാവസ്ഥയിൽ അന്താരാഷ്ട്ര നിലവാരമുള്ള പുരാവസ്തു സൈറ്റുകളുടെയും വസ്തുക്കളുടെയും സംരക്ഷണം അപ്ഡേറ്റ് ചെയ്യുന്നത് ഒരു വെല്ലുവിളി നിറഞ്ഞ പ്രക്രിയയാണ്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 കാലയളവിൽ 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- കലാമൂല്യമുള്ള വസ്തുക്കളുടേയും സ്മാരകങ്ങൾ, സൈറ്റുകൾ, അവശേഷിപ്പുകൾ എന്നിവയുടേയും പരിപാലനവും സംരക്ഷണവും വിദ്യാഭ്യാസവും
- പ്രാദേശിക പരിരക്ഷണ ലബോറട്ടറിയുടെ നവീകരണം, അത്യാധുനിക വിശകലന ഉപകരണങ്ങളുടെ സംഭരണം
- സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മൊബൈൽ യൂണിറ്റ് സംവിധാനം
- രാസവസ്തുക്കൾ, പണിയായുധങ്ങൾ, ഉപകരണങ്ങൾ, റഫറൻസ് പുസ്തകങ്ങൾ, ജേർണലുകളുടെ സബ്സ്ക്രിപ്ഷൻ എന്നിവ വാങ്ങൽ

**4. പുരാവസ്തു മ്യൂസിയം, എറണാകുളം**

**(വിഹിതം: 140.00 ലക്ഷം രൂപ)**

ഏകദേശം 51 ഏക്കർ സ്ഥലത്ത് (സ്ഥലത്തായി) വ്യാപിച്ചുകിടക്കുന്ന തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയത്തിന്റെ സമഗ്രവികസനത്തിനും എറണാകുളം ജില്ലയിലെ സംരക്ഷിത സ്മാരകങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കുമാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. എറണാകുളം ജില്ലയിൽ പുരാവസ്തുപരമായി പ്രാധാന്യമുള്ളതും ഹിൽ പാലസ് മ്യൂസിയത്തിന്റെ അധികാരപരിധിയിൽ വരുന്നതുമായ 22 സ്മാരകങ്ങളുണ്ട്. നൂറ്റാണ്ടുകൾ പഴക്കമുള്ള കെട്ടിടങ്ങൾക്ക് നിരന്തരമായ നിരീക്ഷണം, സംരക്ഷണ പ്രവർത്തനങ്ങൾ, അറ്റകുറ്റപ്പണികൾ, സുരക്ഷ, നിരീക്ഷണ നടപടികൾ എന്നിവയ്ക്കൊപ്പം വർദ്ധിച്ചുവരുന്ന സന്ദർശകരുടെ തിരക്ക് ഉൾക്കൊള്ളാനുള്ള സൗകര്യങ്ങളും ആവശ്യമാണ്. സൈറ്റുകളുടെ പരിപാലനത്തിലും പരിചരണത്തിലും സമൂഹത്തിന് അവരുടെ പങ്ക് വഹിക്കാൻ കഴിയുന്ന തനതായ ഇടങ്ങൾ തിരിച്ചറിയാൻ വകുപ്പ് ലക്ഷ്യമിടുന്നു. ഇത് ഈ ഇടങ്ങളുടെ വികസനത്തിനും വൃത്തിക്കും സഹായിക്കുകയും നശീകരണം പോലുള്ള ഘടകങ്ങൾ കുറയ്ക്കുകയും ചെയ്യുന്നു. ഇനി പറയുന്ന പ്രവർത്തികൾക്കായി 2025-26 കാലയളവിൽ 140.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- ഹിൽപാലസ് മ്യൂസിയം ഉൾപ്പെടെ എറണാകുളം ജില്ലയിലെ എല്ലാ സ്മാരകങ്ങളുടേയും ഘടനാ പരമായ സംരക്ഷണവും ദൈനംദിന അറ്റകുറ്റപ്പണികളും, സംരക്ഷിത സ്മാരകങ്ങളുടെ പരിസര വികസനം അവയുടെ സുരക്ഷാ നിരീക്ഷണം ശക്തിപ്പെടുത്തുകയും പരിപാലിക്കുകയും ചെയ്യുക
- എറണാകുളം ജില്ലയിലെ സ്മാരകങ്ങളിൽ സന്ദർശകർക്ക് മതിയായ സൗകര്യങ്ങൾ നൽകുക
- സൈറ്റ് പരിശോധനകൾ

**5. മ്യൂസിയം വികസനവും പ്രദർശന സംവിധാനങ്ങളും**

**(വിഹിതം: 700.00 ലക്ഷം രൂപ)**

കേരളത്തിൽ ഉടനീളമുള്ള മ്യൂസിയങ്ങൾ പുനഃസജ്ജമാക്കുന്നതിനും, പുനഃക്രമീകരിക്കുന്നതിനുള്ള സമഗ്ര പദ്ധതിയാണ് ഇത്. ഇതിൽ ഗ്യാലറികളുടെയും പ്രദർശന സങ്കേതങ്ങളുടെയും നവീകരണം, മതിയായ ഗൈഡ് സേവനം, സുരക്ഷാ നടപടികൾ, പരിസര വികസനം, സന്ദർശകർക്ക് സൗകര്യങ്ങൾ ഒരുക്കൽ എന്നീ ഘടകങ്ങൾ പുരാവസ്തു മൂല്യത്തെ ബാധിക്കാത്ത തരത്തിൽ നടപ്പാക്കൽ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 700.00 ലക്ഷം രൂപ

വകയിരുത്തിയിട്ടുണ്ട്. ഇതിൽ 75.00 ലക്ഷം രൂപ അന്താരാഷ്ട്ര നിലവാരത്തിൽ പത്മനാഭപുരം കൊട്ടാരത്തിന്റെ ശാസ്ത്രീയ സംരക്ഷണത്തിനും പരിപാലനത്തിനും മാത്രമായി വകയിരുത്തിയിട്ടുണ്ട്.

- മ്യൂസിയം കെട്ടിടങ്ങളുടെ അടിസ്ഥാന പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങൾ
- മ്യൂസിയങ്ങളുടേയും സ്മാരകങ്ങളുടേയും ഘടനകളുടെ ഡോക്യുമെന്റേഷൻ
- മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ള പൗരാണിക വസ്തുക്കൾ/കരകൗശലവസ്തുക്കൾ എന്നിവയുടെ വിവരപ്പട്ടിക തയ്യാറാക്കലും ഡിജിറ്റലൈസേഷനും
- തദ്ദേശീയ/പ്രാദേശിക മ്യൂസിയങ്ങൾ സ്ഥാപിക്കൽ
- പത്മനാഭപുരം കൊട്ടാരവും മറ്റ് സ്മാരകങ്ങളും സൈറ്റുകളും യുനെസ്കോയുടെ ലോക പൈതൃക സൈറ്റിലേക്ക് ചേർക്കൽ
- ഇ-ഗവേണൻസ്, ഇ-ഓഫീസ് എന്നിവയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
- വിവിധ മ്യൂസിയങ്ങളിൽ റഫറൻസ് ലൈബ്രറികൾ സ്ഥാപിക്കൽ
- നിലവിലുള്ള ഗാലറികൾ പുനഃക്രമീകരിക്കുകയും മ്യൂസിയങ്ങളിൽ പുതിയ ഗാലറികൾ സ്ഥാപിക്കുകയും ചെയ്യുക.
- മ്യൂസിയം ഗൈഡ് സേവന പദ്ധതി
- മ്യൂസിയങ്ങളുടെ പരിപാലനവും മേൽനോട്ടവും, മ്യൂസിയത്തിന്റെ സുരക്ഷ, സന്ദർശക സൗകര്യങ്ങൾ
- മ്യൂസിയങ്ങളിലും സ്മാരകങ്ങളിലും ദുരന്തനിവാരണ നടപടികൾ
- എക്സ്റേ ഫ്ലൂറസെന്റ് അനലൈസർ- മെഷീൻ വാങ്ങൽ
- മ്യൂസിയം ഔട്ട്-റീച്ച് പദ്ധതി
- ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ മ്യൂസിയം പ്രചാരണ പ്രവർത്തനങ്ങൾ
- കേന്ദ്രീകൃത ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കൽ
- ശാസ്ത്രീയ സംഭരണ ഇടങ്ങൾ സൃഷ്ടിക്കൽ
- പ്രാദേശികമായ മ്യൂസിയങ്ങൾ സ്ഥാപിക്കൽ

### 6. ഫീൽഡ് ആർക്കിയോളജി

**(വിഹിതം: 100.00 ലക്ഷം രൂപ)**

പുരാവസ്തു പ്രാധാന്യമുള്ള സ്ഥലങ്ങളും തെളിവുകളും കണ്ടെത്തുകയാണ് പുരാവസ്തു വകുപ്പിന്റെ പ്രധാന ലക്ഷ്യം. പര്യവേഷണങ്ങളും ഉത്ഖനനങ്ങളുമാണ് ഇതിനായി അവലംബിച്ച സാങ്കേതിക രീതികൾ. പുരാവസ്തു പ്രവർത്തനങ്ങളെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും പൊതുജനങ്ങളെ ബോധവത്കരിക്കാനാണ് വകുപ്പ് ശ്രമിക്കുന്നത്. ഈ ലക്ഷ്യത്തിന് ഊന്നൽ നൽകുകയും ബോധവൽക്കരണം ഏറ്റെടുത്ത് നടത്തേണ്ട സ്ഥലങ്ങൾ പിന്നീട് കണ്ടെത്തുകയും ചെയ്യും. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 കാലയളവിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- ശാസ്ത്രീയ ഉത്ഖനനങ്ങൾ/പര്യവേക്ഷണങ്ങൾ, ഇതുമായി ബന്ധപ്പെട്ട തടസങ്ങൾ നീക്കൽ
- ഗ്രാമങ്ങൾ തോറുമുള്ള സർവേയും ഉപേക്ഷിക്കപ്പെട്ട പുരാവസ്തുക്കൾ ഏറ്റെടുക്കലും
- മ്യൂസിയങ്ങളുടെ പ്രചാരണവും വിദ്യാഭ്യാസ പരിപാടിയും
- ഉത്ഖനനം ചെയ്ത വസ്തുക്കളുടെ ഡോക്യുമെന്റേഷൻ
- ഫീൽഡ് ആർക്കിയോളജി പ്രോഗ്രാമുകൾക്കുള്ള മൊബൈൽ യൂണിറ്റ്

### 7. ജില്ലാ തല പുരാവസ്തു പൈതൃക മ്യൂസിയം

**(വിഹിതം: 400.00 ലക്ഷം രൂപ)**

പുരാവസ്തു വകുപ്പും, കേരള സർക്കാരും ഒരുമിച്ച് ചേർന്ന് രൂപം കൊടുത്ത ഒരു പദ്ധതിയാണ് ഇത്. സ്പർശ്യവും, അസ്പർശ്യവുമായ വസ്തുക്കൾ, കലാരൂപങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കൾ ഇവയെല്ലാം എല്ലാ ജില്ലകളിലും ഒരു കുടക്കീഴിൽ കൊണ്ട് വരുന്ന പദ്ധതിയാണ് ഇത്. ഇടുക്കി, പാലക്കാട് എറണാകുളം, തൃശ്ശൂർ ജില്ലാ ഹെറിറ്റേജ് മ്യൂസിയം സജ്ജീകരണങ്ങൾ പൂർത്തിയാക്കി

പൊതുജനങ്ങൾക്കായി തുറന്നു നൽകിയിട്ടുണ്ട്. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വയനാട്, തിരുവനന്തപുരം, മലപ്പുറം, കോട്ടയം, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മറ്റു ജില്ലകളിൽ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനായി 2025-26 ബജറ്റിൽ 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 8. ആർക്കിയോളജിക്കൽ പ്രസിദ്ധീകരണങ്ങൾ

**(വിഹിതം: 20.00 ലക്ഷം രൂപ)**

വകുപ്പിന്റെ സാങ്കേതിക പ്രവർത്തനങ്ങൾ, നടത്തിയ പഠനങ്ങൾ, റിപ്പോർട്ടുകൾ, കാറ്റലോഗുകൾ തയ്യാറാക്കിയത്, ഏറ്റെടുക്കലുകൾ, മറ്റ് സംഭവവികാസങ്ങൾ എന്നിവയുടെ ഉറവിടങ്ങളാണ് വകുപ്പുതല പ്രസിദ്ധീകരണങ്ങൾ. സാങ്കേതിക റിപ്പോർട്ടുകൾ, മ്യൂസിയം ഗൈഡ് പുസ്തകങ്ങളുടെ പുതുക്കിയ പതിപ്പുകൾ, ബ്രോഷറുകൾ, കാറ്റലോഗുകൾ, സ്റ്റോക്കില്ലാത്ത വകുപ്പ് പ്രസിദ്ധീകരിച്ച അപൂർവ പുസ്തകങ്ങളുടെ പുനഃപ്രസിദ്ധീകരണം, ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ രേഖപ്പെടുത്തിയിട്ടുള്ള നാണയങ്ങളുടെ കാറ്റലോഗുകളുടെ പ്രസിദ്ധീകരണം എന്നിവ സാധാരണയായി പ്രസിദ്ധീകരണങ്ങളിൽ ഉൾപ്പെടുന്നു. ഡിജിറ്റൽ ഫോർമാറ്റിലുള്ള മെറ്റീരിയലുകളുടെ ലഭ്യതയ്ക്കായി വർദ്ധിച്ചുവരുന്ന ആവശ്യകത ഉണ്ട്. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 കാലയളവിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- അപൂർവ്വ പുസ്തകങ്ങളുടെ പുനഃപ്രസിദ്ധീകരണം
- വകുപ്പിന് കീഴിൽ ഡോക്യുമെന്റ് ചെയ്ത നാണയങ്ങളുടെ നാമാവലി പ്രസിദ്ധീകരണം
- കേരള ആർക്കിയോളജിക്കൽ സീരീസ്, ഫീൽഡ് സ്റ്റഡി റിപ്പോർട്ടുകൾ, അക്കാദമിക്ക് ജേണലുകൾ, ടെക്നിക്കൽ റിപ്പോർട്ടുകൾ എന്നിവയുടെ പ്രസിദ്ധീകരണം
- മ്യൂസിയം ഗൈഡ് പുസ്തകങ്ങൾ, ബ്രോഷറുകൾ, ലഘുലേഖകൾ, പുസ്തകങ്ങൾ, നാമാവലികൾ തുടങ്ങിയവയുടെ പ്രസിദ്ധീകരണം
- പുതുതലമുറ മാധ്യമങ്ങൾക്ക് അനുയോജ്യമായ ഉള്ളടക്കം കൈകാര്യം ചെയ്യുന്നതിലും തയ്യാറാക്കുന്നതിലും വൈദഗ്ധ്യമുള്ളവരെ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ

## 9. കാര്യശേഷി വികസിപ്പിക്കലും പുരാവസ്തു സംരക്ഷണാവബോധവും

**(വിഹിതം: 14.00 ലക്ഷം രൂപ)**

പുരാവസ്തു വകുപ്പിലെ ഉദ്യാഗസ്ഥർക്ക് കാര്യക്ഷമതയും സാങ്കേതിക അറിവും വർദ്ധിപ്പിക്കുന്നതിനായി കാര്യശേഷി വികസന പരിപാടികൾ നടത്തുക. ഈ രംഗത്ത് നിലവിലുള്ള ദേശീയ, അന്തർദ്ദേശീയ ഏജൻസികളുടെ വൈദഗ്ധ്യം ഉപയോഗിച്ച് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടത്തുക എന്നിവയാണ്. സർവീസ് നിയമങ്ങളിലും ചട്ടങ്ങളിലും വ്യക്തമാക്കിയിട്ടുള്ള സാങ്കേതിക, മിനിസ്റ്റീരിയൽ ജീവനക്കാർക്കുള്ള ഇൻ-സർവീസ് പരിശീലന പരിപാടിയും നടത്തുന്നതാണ്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 വർഷത്തെ ബജറ്റിൽ 14.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ആകെ തുകയിൽ 3.00 ലക്ഷം രൂപ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു.

- ദേശീയ അന്തർദ്ദേശീയ തലത്തിലുള്ള ഏജൻസികളുമായി സഹകരിച്ച് കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടി.
- സർവ്വീസ് കാലഘട്ടത്തിലെ പരിശീലന പരിപാടികൾ നടത്തുക

## 10. പുരാവസ്തു വകുപ്പിനുള്ള വികസന പദ്ധതി

**(വിഹിതം: 30.00 ലക്ഷം രൂപ)**

വകുപ്പിന്റെ സാങ്കേതിക വിഭാഗങ്ങളുടെ നവീകരണത്തിനായാണ് പദ്ധതി നിർദ്ദേശിച്ചിരിക്കുന്നത്. പുരാവസ്തു, മ്യൂസിയോളജി, കൺസർവേഷൻ എന്നീ മേഖലകളിലെ വിദഗ്ധ സേവനം പ്രയോജനപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലേക്ക് വകുപ്പിന്റെ ഘട്ടം ഘട്ടമായുള്ള വികസനമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. അടിസ്ഥാന സൗകര്യ വികസനം, അതായത്, സാങ്കേതിക പ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ കഴിയുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള അത്യാധുനിക ഉപകരണങ്ങളുടേയും യന്ത്രങ്ങളുടേയും സംഭരണം, വിഭാവനം ചെയ്യേണ്ടതുണ്ട്. നമ്മൾ പിന്നാക്കം നിൽക്കുന്ന ഒരു പ്രധാന മേഖലയായതിനാൽ ആസൂത്രണം ചെയ്ത ഏതൊരു നവീകരണ പ്രക്രിയയിലും അത് അനിവാര്യമായ ഒരു ഘടകമായിരിക്കും. പുറത്തുനിന്നുള്ള വിദഗ്ധ പണ്ഡിതന്മാരെയും ഉൾപ്പെടുത്തിക്കൊണ്ട് അക്കാദമിക് സ്ഥാപനങ്ങളുമായി സാധ്യമായ സഹകരണം ഉറപ്പാക്കിക്കൊണ്ട് ഡിപ്പാർട്ട്മെന്റ് നടത്തുന്ന വിവിധ ഉത്ഖനന/പര്യവേക്ഷണ

പ്രവർത്തനങ്ങളുടെ ഉത്ഖനനാനന്തര പഠനങ്ങളും, മെറ്റലർജിക്കൽ പഠനങ്ങൾ, ബിൽഡിംഗ് മെറ്റീരിയൽ വിശകലനം, സ്മാരകങ്ങളെക്കുറിച്ചുള്ള ഘടനാപരമായ പഠനങ്ങൾ നടത്തുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 2025-26 ബജറ്റിൽ പുരാവസ്തു വകുപ്പിന് 30.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ഇനിപ്പറയുന്നവയാണ്.

- അത്യാധുനിക ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ വാങ്ങൽ
- ഈ മേഖലയിലെ മികച്ചതും പേരെടുത്തതുമായ സ്ഥാപനങ്ങൾ വഴിയുള്ള അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക വൈദഗ്ധ്യവും പ്രയോജനപ്പെടുത്തൽ
- അക്കാദമിക് മേഖലയുമായി സഹകരിച്ചുള്ള ഗവേഷണ പദ്ധതികൾ നടപ്പിലാക്കൽ

**11. നാണയ വിജ്ഞാന ശാഖയുടെ സമഗ്ര ഉന്നമനം**

**(വിഹിതം: 20.00 ലക്ഷം രൂപ)**

പുരാതന നാണയങ്ങളുടെ വ്യാപനം ഒരു സമൂഹത്തിന്റെ സാമ്പത്തിക വികസനം, സ്വഭാവം, വളർച്ച, സാമ്പത്തിക പ്രവർത്തന രീതി എന്നിവയുടെ വിശദമായ ചിത്രം നൽകുന്നു. പുരാതന, മധ്യകാല, ആധുനിക, സ്വദേശി, വിദേശ നാണയങ്ങളുടെ ഏറ്റവും വലുതും വൈവിധ്യമാർന്നതുമായ ശേഖരം വകുപ്പിന്റെ പക്കലുണ്ട്. വകുപ്പിന്റെ കൈവശമുള്ള ഈ നാണയങ്ങളെല്ലാം ഡോക്യുമെന്റ് ചെയ്യുകയും വിശകലനം ചെയ്യുകയും കാറ്റലോഗ് ചെയ്യുകയും സംരക്ഷിക്കുകയും വേണം. നാണയങ്ങളുടെ സമഗ്രമായ ഡോക്യുമെന്റേഷൻ പദ്ധതികൾ വകുപ്പിന് കീഴിലുള്ള നാണയങ്ങളുടെ പൂർണ്ണമായ സ്റ്റോക്കും ചരിത്രവും രേഖപ്പെടുത്താൻ പ്രാപ്തമാക്കുന്നു. ഈ പ്രവർത്തനത്തിനായി 2025-26 ബജറ്റിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. താഴെ പറയുന്നവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

- നാണയങ്ങളുടെ ഡോക്യുമെന്റേഷൻ
- ഡോക്യുമെന്റേഷൻ ഉപകരണങ്ങളുടെ സംഭരണവും വിശകലന പഠനങ്ങളും നടത്തുന്നു

**12. ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള**

**(വിഹിതം: 30.00 ലക്ഷം രൂപ)**

പുതിയ മ്യൂസിയങ്ങൾ തയ്യാറാക്കുന്നതിനും നിലവിലുള്ളവ പുതുക്കിപ്പണിയുന്നതിനുമുള്ള നോഡൽ ഏജൻസിയായി കേരള സർക്കാർ നിയമിച്ചതാണ് കേരളം മ്യൂസിയം. കേരളത്തിലെ ഏജൻസികളെയും മ്യൂസിയം ജീവനക്കാരെയും ആഗോളതലത്തിൽ നടക്കുന്ന കാര്യങ്ങളുമായി സമ്പർക്കം പുലർത്തുന്നതിനായി മ്യൂസിയോളജി മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഔട്ട്-റീച്ച് പ്രോഗ്രാമുകളും സെമിനാറുകളും കേരള മ്യൂസിയം ആസൂത്രണം ചെയ്യുന്നു. മ്യൂസിയം ജീവനക്കാർക്കായി മ്യൂസിയോളജി മേഖലയിലെ കാലികമായ ഇനങ്ങളിൽ പരിശീലന സെഷനുകളും വർക്ക് ഷോപ്പുകളും തുടർന്നും നടത്താനും പദ്ധതിയുണ്ട്.

താഴെ പ്പറയുന്ന പ്രധാന പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2025-26 കാലയളവിൽ 30.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- മ്യൂസിയോളജിയിൽ സംയോജിത പരിശീലനം
- മ്യൂസിയം പരിശീലനത്തിൽ ഇന്റേൺഷിപ്പ്
- മ്യൂസിയം നവീകരണം, പരിപാലനം
- സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പരിശീലന സെഷനുകൾ, പ്രസിദ്ധീകരണങ്ങൾ, ഗവേഷണ വികസനം, മ്യൂസിയം ഔട്ട്റീച്ച് പ്രോഗ്രാമുകൾ

**പുരാരേഖാ ഡയറക്ടറേറ്റ്**

സംസ്ഥാന സർക്കാർ, വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയുമായി ബന്ധപ്പെട്ട് പുരാരേഖ മൂല്യമുള്ളതും പ്രധാന ഭൂതകാല രേഖകളുടെ സൂക്ഷിപ്പിന് ചുമതലപ്പെട്ട വകുപ്പാണ് പുരാരേഖാവകുപ്പ്. സ്ഥായിയായി സംരക്ഷിക്കപ്പെടേണ്ടതായ ചരിത്രപ്രധാന്യമുള്ള രേഖകൾ, താളിയോലകൾ, കൈയ്യെഴുത്തുപ്രതികൾ, സർക്കാർ രേഖകൾ, തുടങ്ങിയവയുടെ സംരക്ഷണം പുരാരേഖാവകുപ്പ് ഏറ്റെടുത്തു നടത്തുന്നു. അത്തരം രേഖകളെ റഫറൻസ് ആവശ്യങ്ങൾക്കായി വകുപ്പ് ശാസ്ത്രീയമായി സംരക്ഷിച്ചു സൂക്ഷിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 2025-26-ൽ 1275.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 13. കേരള സംസ്ഥാന പുരാരേഖാ വകുപ്പ്

**(വിഹിതം: 750.00 ലക്ഷം രൂപ)**

ആർക്കൈവുകളിൽ ലഭിച്ച രേഖകളുടെ സൂക്ഷിപ്പ്, പരിപാലനം, കൈകാര്യം ചെയ്യൽ, ചരിത്രപരമായ മൂല്യങ്ങളുള്ള രേഖകൾ ശേഖരിക്കൽ, സാങ്കേതിക ഉപദേശങ്ങൾ നൽകൽ, വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും രേഖകൾ കൈകാര്യം ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനും സഹായം നൽകുക എന്നിവയാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനം. കൂടാതെ ആർക്കൈവൽ മെറ്റീരിയലുകളുടെ പ്രസിദ്ധീകരണം എക്സിബിഷനുകൾ, സെമിനാറുകൾ, ചരിത്ര ഗവേഷണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിലൂടെ പൊതുജനങ്ങൾക്കിടയിൽ ആർക്കൈവൽ മെറ്റീരിയലുകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്നിവയും ഈ പദ്ധതിയുടെ ഉദ്ദേശ്യങ്ങളാണ്. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 750.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- സെൻട്രൽ ആർക്കൈവ് കെട്ടിടത്തിന്റെ ഘടനാപരമായ സംരക്ഷണം
- പുരാരേഖാ ശേഖരത്തിലെ രേഖകളുടെ ഡിജിറ്റൈസേഷൻ
- രേഖകളുടെ ശാസ്ത്രീയമായ പരിരക്ഷണം, സംരക്ഷണ യൂണിറ്റിന്റെ നവീകരണം
- 14 ജില്ലകളിലെ ആർക്കൈവൽ റെക്കോർഡുകളുടെ വിപുലീകരണവും റഫറൻസ് മീഡിയ രൂപീകരിക്കലും (റെക്കോർഡ് മാനേജ്മെന്റ് ഉൾപ്പെടെ)
- പുരാരേഖാ വകുപ്പിലെ അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനം, വകുപ്പുകളുടെ പുരാരേഖാ മ്യൂസിയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം (വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയം, താളിയോല മ്യൂസിയം എന്നിവയുടെ നടത്തിപ്പ് ഉൾപ്പെടെ)
- പുരാരേഖാ ഡയറക്ടറേറ്റ് കെട്ടിടത്തിന്റെ നവീകരണം
- പുരാരേഖകളുടെ പ്രസിദ്ധീകരണം
- പുരാരേഖാ ബോധവൽക്കരണ പരിപാടികൾ
- ദുരന്ത നിവാരണം
- കാര്യശേഷി വർദ്ധിപ്പിക്കൽ പരിപാടികൾ
- ഇ ഓഫീസ് മാനേജ്മെന്റ്
- ആർക്കൈവ്സ് ഡയറക്ടറേറ്റിൽ എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ കോൺഫറൻസ് ഹാൾ സജ്ജീകരണം
- കൾച്ചറൽ ഫെസ്റ്റ് (കേരളത്തിന് പുറത്ത്)
- ട്രാൻസ്ക്രിപ്ഷൻ സോഫ്റ്റ് വെയറിന്റെ വികസനം
- പബ്ലിക് റെക്കോർഡ്സ് ആക്ട് നടപ്പിലാക്കൽ
- മറ്റ് സംസ്ഥാന ആർക്കൈവുകളിൽ നിന്നുള്ള രേഖകളുടെ കൈമാറ്റം
- എല്ലാ സബ് ഓഫീസുകളിലും ഇ-ഓഫീസ് ഫയൽ മാനേജ്മെന്റ് സംവിധാനം സ്ഥാപിക്കൽ
- റെക്കോർഡുകളുടെ ക്രമീകരണം

വനിതാ ജീവനക്കാരുടെ (കാര്യശേഷി വർദ്ധിപ്പിക്കുന്നതുൾപ്പെടെ) സ്ത്രീ ശാക്തീകരണ പരിപാടികൾക്കുമായി 40.00 ലക്ഷം രൂപ മാറ്റി വെക്കേണ്ടതാണ്.

## 14. പങ്കാളിത്ത ഡിജിറ്റലൈസേഷനും കേരളത്തിലെ പുരാരേഖ വകുപ്പിന്റെ വികസനവും

**(വിഹിതം: 25.00 ലക്ഷം രൂപ)**

പാരമ്പര്യ രീതികൾ പിന്തുടരുകയാണെങ്കിൽ പുരാരേഖ വകുപ്പിലെ അമൂല്യ രേഖകളുടെ ബോധവൽക്കരണത്തിനും ഡിജിറ്റൈസേഷനും ധാരാളം വർഷങ്ങൾ വേണ്ടിവരും. അതിന് ഒരു പരിഹാരമായി പങ്കാളിത്തരീതി നിർദ്ദേശിച്ചിരിക്കുന്നു. ലഭ്യമായ രേഖകളുടെ ഡിജിറ്റലൈസേഷനും തർജ്ജമയ്ക്കും ഗവേഷക സമൂഹത്തിന്റെ സേവനം ഉപയോഗിക്കാവുന്നതാണ്. പുരാരേഖ വകുപ്പിലെ രേഖകളുടെ ശേഖരണം സമ്പന്നമാക്കുന്നതിനും ശാക്തീകരിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. വകുപ്പ് സമൂഹത്തിലേക്കിറങ്ങിച്ചെന്ന് അമൂല്യ രേഖകളെക്കുറിച്ച് സമൂഹത്തെ ബോധവാൻമാരാക്കുന്നതിനും, സർവ്വേകളിലൂടെ രേഖകൾ കണ്ടെത്തുകയും അതാത് സ്ഥലങ്ങളിൽ അവയെ സംരക്ഷിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നതിനും സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള രേഖകൾ അവരുടെ താല്പര്യം അനുസരിച്ച് ഏറ്റെടുക്കുകയും ചെയ്യുന്നതിനായിട്ടാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതി

പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് പൊതുജന പങ്കാളിത്തത്തിലൂടെ ആർക്കൈവുകളുടെ ജനാധിപത്യവൽക്കരണമാണ്. പുരാരേഖകളിലേക്ക് ഓൺലൈൻ പ്രവേശനം നൽകുന്നതിനും ഉദ്ദേശ്യവും വകുപ്പ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. പങ്കാളിത്ത ഡിജിറ്റൈസേഷനും വികസനത്തിനുമായി പുരാരേഖാ വകുപ്പിന് 2025-26 ബജറ്റിൽ 25.00 ലക്ഷം രൂപ താഴെ തന്നിരിക്കുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

- പുരാരേഖാ ശേഖരണത്തിന്റെ വിപുലീകരണവും, സ്വകാര്യ ആർക്കൈവൽ രേഖകളുടെ കണ്ടെത്തലും, സംരക്ഷണം, ഡിജിറ്റൈസേഷൻ എന്നിവയിൽ സമയോചിതമായ ഇടപെടലും
- റിപ്പോസിറ്ററികളിൽ പേപ്പർ, താളിയോല രേഖകളുടെ ഡിജിറ്റൽ സറോഗേറ്റുകൾ സൃഷ്ടിക്കൽ
- പ്രതിഫലം നൽകാതെയും/പ്രതിഫലം നൽകിയുള്ളതുമായ ആർക്കൈവൽ മൂല്യമുള്ള സ്വകാര്യ രേഖകളുടെ വിലയിരുത്തലും ഏറ്റെടുക്കലും സംരക്ഷണവും

**15. ആർക്കൈവൽ സ്റ്റഡീസ് ആൻഡ് റിസർച്ച് സെന്റർ, കാര്യവട്ടം ക്യാമ്പസ്, തിരുവനന്തപുരം.**

**(വിഹിതം: 400.00 ലക്ഷം രൂപ)**

കേരള സർവ്വകലാശാലയുമായി സഹകരിച്ച് കേരള സ്റ്റേറ്റ് ആർക്കൈവൽ ഡിപ്പാർട്ട്മെന്റ് തിരുവനന്തപുരത്തെ കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസിൽ ഒരു അന്താരാഷ്ട്ര ആർക്കൈവൽ ആന്റ് ഹെറിറ്റേജ് സെന്ററും, ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗവേഷണ ആവശ്യങ്ങൾക്കായി അന്താരാഷ്ട്ര സൗകര്യങ്ങളുള്ള ഒരു ആധുനിക ആർക്കൈവൽ സ്ഥാപനമാണിത്. ആർക്കൈവൽ ഗവേഷണ സംസ്കാരം പ്രോത്സാഹിപ്പിക്കുക, ആർക്കൈവൽ പഠനങ്ങളെയും ഭരണ നിർവ്വഹണത്തേയുംക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകളും ആശയങ്ങളും കൈമാറൽ എന്നിവയ്ക്ക് ഇത് സഹായിക്കുന്നു. ആർക്കൈവൽ സയൻസ് മേഖലയിലെ നൂതന മുന്നേറ്റത്തെക്കുറിച്ചുള്ള പ്രോഗ്രാമുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നുണ്ട്. മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായ കേരള മ്യൂസിയത്തെ ഇന്റർനാഷണൽ ആർക്കൈവൽ സ്റ്റഡി ആൻഡ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്രീയ സംരക്ഷണത്തിന് ശേഷം പ്രാദേശിക ഓഫീസുകളിൽ നിന്ന് ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്ററിലേക്ക് താളിയോല രേഖകൾ കൈമാറുന്നത് ഇതിൽ ഉൾപ്പെടുന്നു. തിരുവനന്തപുരത്തെ കാര്യവട്ടം ക്യാമ്പസിൽ സ്ഥിതി ചെയ്യുന്ന ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്ററിന്റെ ഘട്ട പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ ആർക്കൈവ്സ് വകുപ്പിന് 400.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**16. താളിയോല രേഖ മ്യൂസിയം സ്ഥാപിക്കൽ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

താളിയോലാ രേഖാ മ്യൂസിയം സ്ഥാപിക്കുവാനും, കേരളത്തിന്റെ സാംസ്കാരികവും സമ്പന്നവുമായ കൈയ്യെഴുത്തു രേഖകളുടെയും താളിയോല രേഖകളുടേയും പൈതൃകവും മൂല്യവും പ്രദർശിപ്പിക്കാനും, പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് ഈ പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി സന്ദർശകർക്ക് മറ്റ് സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും**

തിരുവനന്തപുരത്തുള്ള ഹെഡ് ഓഫീസും കാഴ്ചബംഗ്ലാവും ചിത്രശാലയും, മൃഗശാലയും, കോഴിക്കോട്ടുള്ള ചിത്രശാലയും, കൃഷ്ണമേനോൻ മ്യൂസിയവും ഈ വകുപ്പിന് കീഴിലായി പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളാണ്. വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രങ്ങളാണ് ഈ സ്ഥാപനങ്ങൾ. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 2830.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**17. മ്യൂസിയങ്ങളുടെയും ഗ്യാലറികളുടെയും നവീകരണവും മ്യൂസിയം ക്യാമ്പസിന്റെ വികസനവും.**

**(വിഹിതം: 900.00 ലക്ഷം രൂപ)**

വകുപ്പിന്റെ ആസ്ഥാനം തിരുവനന്തപുരം നഗരത്തിലും പ്രാദേശിക ഓഫീസുകൾ തൃശ്ശൂരിലും കോഴിക്കോട്ടുമാണ്. തിരുവനന്തപുരം മ്യൂസിയം, ബൊട്ടാണിക്കൽ ഗാർഡൻ, സുവോളജിക്കൽ ഗാർഡൻ എന്നിവ ഇന്ത്യയിലെ തന്നെ ഏറ്റവും പഴക്കമുള്ളവയാണ്. നേപ്പിയർ മ്യൂസിയം, ശ്രീചിത്ര ആർട്ട് ഗാലറി, കെ.സി.എസ് പണിക്കർ ഗാലറി, ശ്രീചിത്ര എൻക്ലേവ്, സുവോളജിക്കൽ ഗാർഡൻ-തിരുവനന്തപുരം, തൃശ്ശൂരിലെ സ്റ്റേറ്റ് മ്യൂസിവും മൃഗശാലയും, കോഴിക്കോട്ടെ ആർട്ട് ഗ്യാലറിയും കൃഷ്ണമേനോൻ മ്യൂസിയവും, വയനാട് കുങ്കിച്ചിറയിലെ ഹെറിറ്റേജ് മ്യൂസിയം, നിർമ്മാണഘട്ടത്തിലിരിക്കുന്ന കണ്ണൂരിലെ എ.കെ.ജി മ്യൂസിയം, ഹാൻഡ്‌ലൂം മ്യൂസിയം, തെയ്യം മ്യൂസിയം എന്നിവ മ്യൂസിയം മൃഗശാല വകുപ്പിന്റെ

നിയന്ത്രണത്തിലാണ്. ഈ സ്ഥാപനങ്ങളെല്ലാം തന്നെ വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 900.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- കൈത്തറി മ്യൂസിയത്തിന്റെ അറ്റകുറ്റപണികളും പരിപാലനവും, പയ്യാമ്പലം, കണ്ണൂർ
- കണ്ണൂരിലെ തെയ്യം മ്യൂസിയത്തിന്റെ നിർമ്മാണവും പ്രാഥമിക പ്രവർത്തനങ്ങളും
- വയനാട് കുങ്കിച്ചിറയിലുള്ള പൈതൃക മ്യൂസിയത്തിന്റെ പരിപാലനവും പരിപാലനവും
- നേപ്പിയർ (ആർട്ട്) മ്യൂസിയം നവീകരണം ഉൾപ്പെടെയുള്ള മ്യൂസിയങ്ങൾ, ഗാലറികൾ, ഡിപ്പാർട്ട്മെന്റൽ കെട്ടിടങ്ങൾ. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയുടെ അറ്റകുറ്റപ്പണി, പരിപാലനം, വിപുലീകരണം, നവീകരണം
- ബൊട്ടാണിക്കൽ ഗാർഡനുകൾ, മ്യൂസിയം കാമ്പസ്, 3 ഡി തിയറ്ററുകൾ, കുട്ടികളുടെ പാർക്ക്, ബാൻഡ് സ്റ്റാൻഡ്, വൈദ്യുതി, ജലവിതരണം, സുരക്ഷാ നിരീക്ഷണ സംവിധാനം, പൊതു/സന്ദർശക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, വിവിധ സൗകര്യങ്ങൾക്കും സംവിധാനങ്ങൾക്കുമായി എ.എം.സി, മ്യൂസിയങ്ങളും പൊതു ഉദ്യാനവും ഉൾപ്പെടുന്ന പുതിയ പദ്ധതികളുടെ ഉദ്ഘാടന പരിപാടികൾ, നിലവിലുള്ളതും വരാനിരിക്കുന്നതുമായ മ്യൂസിയങ്ങളുടെ സൗന്ദര്യ വൽക്കരണം.
- പെയിന്റിംഗുകളുടെയും കലാവസ്തുക്കളുടെയും സംരക്ഷണം
- പ്രാദേശിക മ്യൂസിയങ്ങളുടെ വികസനവും പ്രദർശന വസ്തുക്കളുടെ ശേഖരണ പ്രവർത്തങ്ങളും, പുതിയ മ്യൂസിയം സ്ഥാപിക്കലും
- വിദ്യാഭ്യാസം, ഗവേഷണ പ്രവർത്തനങ്ങൾ, ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ, സ്ത്രീ ശാക്തീകരണം, ഇ-ഗവേണൻസ്/ഓൺലൈൻ സംവിധാനങ്ങൾ എന്നിവ നടപ്പിലാക്കൽ.

**18. തിരുവനന്തപുരത്തേയും തൃശ്ശൂരിലേയും മൃഗശാലകളുടെ നവീകരണം**

**(വിഹിതം: 800.00 ലക്ഷം രൂപ)**

തിരുവനന്തപുരത്തെ സുവോളജിക്കൽ ഗാർഡന് മൃഗസംരക്ഷണത്തിൽ ദീർഘവും ഗഹനവുമായതുമായ ചരിത്രമുണ്ട്. 1859-ൽ സ്ഥാപിതമായ ഈ മ്യൂസിയം ഇന്ത്യയിലെ രണ്ടാമത്തെ മൃഗശാലയായി. നാട്ടുരാജ്യം ഒരു ജനാധിപത്യ രാഷ്ട്രത്തിന് വഴിമാറിയ ശേഷവും ഈ സ്ഥാപനത്തിന് വേണ്ടത്ര ശ്രദ്ധയും പിന്തുണയും തുടർച്ചയായി ലഭിക്കാൻ അവസരമുണ്ടായി. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 800.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- മൃഗങ്ങളുടെ വാസസ്ഥലത്തിന്റെയും അക്വേറിയത്തിന്റേയും വികസനവും അറ്റകുറ്റപ്പണിയും, മൃഗശാല ആശുപത്രി നിർമ്മാണം, അറ്റകുറ്റപണി, പരിപാലനം, മൃഗശാലകളിലെ ജലം, വൈദ്യുതി, മാലിന്യ നിർമ്മാർജ്ജനം, ദുരന്ത നിവാരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും സുവോളജിക്കൽ ഗാർഡനിലെ വിവിധ സൗകര്യങ്ങൾക്കും സംവിധാനങ്ങൾക്കുമായുള്ള എ.എം.സി, വിവിധ പുതിയ പദ്ധതികളുടെ ഉദ്ഘാടനം. നിലവിലുള്ളതും പുതിയതുമായ മൃഗശാലകളിലെയും അനുബന്ധ ചുറ്റുപാടുകളിലെയും സൗന്ദര്യ വൽക്കരണം
- സുവോളജിക്കൽ ഗാർഡനിലേക്ക് പുതിയ മൃഗങ്ങളെ സ്വായത്തമാക്കലും അവയുടെ യാത്രയും ഉൾപ്പെടെയുള്ള പ്രവർത്തികളും
- വിദ്യാഭ്യാസ - ഗവേഷണ പ്രവർത്തനങ്ങളും ജീവനക്കാർക്കുള്ള കാര്യശേഷി വികസനവും വനം-വന്യജീവി വാരാഘോഷവും, വകുപ്പിന്റെ വെബ് സൈറ്റുകളുടെ വികസനവും പരിപാലനവും
- മൃഗശാലയിലെ സന്ദർശകർക്കായുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
- വെർച്വൽ പെറ്റ് അഡോപ്ഷൻ പദ്ധതി

**19. നവോത്ഥാന മ്യൂസിയം**

**(വിഹിതം: 10.00 ലക്ഷം രൂപ)**

കേരളം കലയുടെയും സംസ്കാരത്തിന്റെയും പൈതൃകത്തിന് പേരു കേട്ട സ്ഥലമാണ്. കേരളത്തിലെ സാമൂഹിക മാറ്റങ്ങളുടെ അടിത്തറ പതിനാറാം നൂറ്റാണ്ടിലേതാണ്. ഈ കാലഘട്ടത്തിലാണ് മലയാള ഭാഷയുടെ ആധുനിക രൂപത്തിന്റെ രൂപീകരണം ആരംഭിച്ചത്. തിരുവിതാംകൂറിലും കൊച്ചിയിലും കേന്ദ്രീകൃത രാജവാഴ്ചകൾ സ്ഥാപിച്ചതോടെ കേരളത്തിന്റെ രാഷ്ട്രീയത്തിൽ വന്ന മാറ്റങ്ങൾപഴയ ജൻമിത്ത സമ്പ്രദായം കുറയുന്നതിലേക്ക് നയിച്ചു. ഉത്തരേന്ത്യയിൽ

നിന്നും വ്യത്യസ്തമായി കേരളത്തിലെ പ്രബുദ്ധതയെ അക്കാലത്ത് താഴ്ന്ന ജാതിക്കാരായി കണക്കാക്കപ്പെട്ടിരുന്നവർ നയിച്ചു. നവോത്ഥാന നായകരായ ശ്രീനാരായണ ഗുരുവും അയ്യൻകാളിയും ഉൾപ്പെടെ ഉള്ളവർ പത്തൊൻപതാം നൂറ്റാണ്ടിലെ കേരളത്തിന്റെ സാമൂഹിക പശ്ചാത്തലത്തിൽ താഴ്ന്ന ജാതി വിഭാഗങ്ങളിൽപ്പെട്ടവരായി കണക്കാക്കപ്പെട്ടവരായിരുന്നു. ഇപ്പോൾ ഈ നവോത്ഥാനത്തിലൂടെ സംസ്ഥാനം ആധുനികവും മതനിരപേക്ഷവും ജനാധിപത്യപരവുമായ ഒരു സമൂഹമായി പരിണമിച്ചിരിക്കുന്നു. ഒരു ആധുനിക സമൂഹത്തിലേക്ക് കേരളത്തിന്റെ ഈ വികാസം നവോത്ഥാന മ്യൂസിയങ്ങളിലൂടെ പ്രദർശിപ്പിക്കേണ്ടതുണ്ട്. ഡിപിആർ തയ്യാറാക്കുന്നതിനും പ്രദർശന വസ്തുക്കളുടെ ശേഖരണത്തിനുമായി 2025-26 ബജറ്റിൽ ഇതിനായി 10.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**20. എ.കെ.ജി മ്യൂസിയം**

**(വിഹിതം: 350.00 ലക്ഷം രൂപ)**

എ.കെ ഗോപാലൻ അല്ലെങ്കിൽ എ.കെ.ജി എന്നറിയപ്പെടുന്ന ആയില്ല്യത്ത് കുട്ടിയാരി ഗോപാലൻ (ഒക്ടോബർ 1, 1904 - മാർച്ച് 22, 1977) പോരാട്ടം തന്റെ അസ്തിത്വത്തിന്റെ ഭാഗമായി കണ്ടിരുന്ന മഹാനായ വിപ്ലവകാരിയായിരുന്നു. അവശതയനുഭവിക്കുന്ന സാധാരണക്കാരുടെ കൂടെയുള്ള അചഞ്ചലമായ പോരാട്ടം “പാവങ്ങളുടെ പടത്തലവൻ” എന്ന പേരിനിടയാക്കി. 1952 ലെ ആദ്യ ലോകസഭയിൽ പ്രതിപക്ഷ നേതാവായും പ്രവർത്തിച്ചിട്ടുണ്ട്. മ്യൂസിയങ്ങളിൽ പ്രദർശന വസ്തുക്കൾ ഒരുക്കുന്നതിനും ലാൻഡ്സ്കേപ്പിംഗ് വർക്കുകൾക്കുമായി 2025-26 ലെ ബജറ്റിൽ 350.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**21. ശ്രീ ചിത്രാ ആർട്ട് ഗ്യാലറിയുടെ നിർമ്മാണം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഇന്ന് ലക്ഷക്കണക്കിന് വിനോദസഞ്ചാരികളുടെ ആകർഷണ കേന്ദ്രമായ ശ്രീ ചിത്രാലയം എന്നറിയപ്പെട്ടിരുന്ന ശ്രീചിത്ര ആർട്ട് ഗാലറി മുൻ തിരുവിതാംകൂർ രാജാവായിരുന്ന ശ്രീ ചിത്ര തിരുനാൾ മഹാരാജാവാണ് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തത്. ഏഷ്യൻ ഭൂഖണ്ഡത്തിലെ വിവിധ ഭൂമിശാസ്ത്ര പ്രദേശങ്ങളിൽ നിന്നുള്ള ഭൂതകാലത്തിന്റെ മഹത്തായ സംസ്കാരങ്ങളെ പ്രതിനിധീകരിക്കുന്ന ചരിത്രപരമായ പുരാതന, കലാസൃഷ്ടികളുടെ വിപുലമായ ശ്രേണി ഗ്യാലറിയിൽ പ്രദർശിപ്പിച്ചിരിക്കുന്നു. ഇന്ത്യൻ കലയിലെ മഹാനായ രാജാ രവിവർമ്മയുടെ പെയിന്റിങ്ങുകൾ ഗാലറിയുടെ ന്യൂക്ലിയസായി മാറുന്നു. നിലവിൽ ഗാലറി പ്രവർത്തിക്കുന്നത് പഴയ താഴ്ന്ന മേൽക്കൂരയുള്ള, ടൈൽ പാകിയ ഘടനയിലാണ്. തീപിടുത്തത്തിന് സാധ്യതയുള്ളതും ഗാലറിയിൽ പ്രദർശിപ്പിച്ചിരിക്കുന്നതും സൂക്ഷിച്ചിരിക്കുന്നതുമായ വിലമതിക്കാനാവാത്തതും അമൂല്യവുമായ പെയിന്റിംഗുകൾക്ക് സുരക്ഷാ പ്രശ്നങ്ങൾ ഉണ്ട്. വാസ്തവത്തിൽ, പെയിന്റിംഗുകൾ ചെറിയ മുറികളിൽ പ്രദർശിപ്പിച്ചിരിക്കുന്നതിനാൽ, ശരിയായ പ്രദർശനത്തിനുള്ള സ്ഥലം പരിമിതപ്പെടുകയും പ്രദർശനം അശാസ്ത്രീയവും ജനത്തിരക്കുള്ളതുമായിത്തീരുന്നു. നിലവിലെ കണക്കനുസരിച്ച് ആകെ 1142 പെയിന്റിംഗുകൾ ഉണ്ട്. അവയിൽ 420 എണ്ണം മാത്രമേ പ്രദർശിപ്പിക്കാൻ കഴിയൂ, ബാക്കി 722 പെയിന്റിംഗുകൾ സ്ഥലമില്ലാത്തതിനാൽ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്നു. അത് വീണ്ടും അശാസ്ത്രീയമായാണ് സൂക്ഷിച്ചിരിക്കുന്നത്. മ്യൂസിയം ലൈബ്രറി, കൺസർവേഷൻ ലബോറട്ടറി, ആവശ്യമായ സ്റ്റോർ സംവിധാനം, സെക്യൂരിറ്റി കൺട്രോൾ ആൻഡ് മോണിറ്ററിംഗ് സൗകര്യങ്ങൾ, ടിക്കറ്റ് കൗണ്ടറുകൾ, ക്ലോക്ക്റൂമുകൾ, പൊതു സൗകര്യങ്ങൾ, വിശ്രമ കേന്ദ്രങ്ങൾ തുടങ്ങിയ വളരെ അത്യാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ള ഗാലറിയിൽ തീരെ കുറവാണ്. ഗാലറി സന്ദർശിക്കുന്ന കലാപ്രേമികളുടെ മികച്ച വിദ്യാഭ്യാസത്തിനും ആസ്വാദനത്തിനും മാത്രമല്ല, സമ്പന്നമായ പൈതൃകത്തെ പിൻഗാമികളിലേക്കും സംരക്ഷിക്കാനും ശരിയായ വെളിച്ചവും ആധുനിക പ്രദർശന സംവിധാനങ്ങളുമുള്ള വിശാലമായ ഗാലറികൾ ശാസ്ത്രീയമായി രൂപകൽപ്പന ചെയ്യേണ്ടതിനായുള്ള പ്രവർത്തനങ്ങൾക്കും, അറ്റകുറ്റപ്പണികൾക്കും മറ്റുമായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**22. കേരള സ്റ്റേറ്റ് മ്യൂസിയം സ്ഥാപിക്കൽ**

**(വിഹിതം: 20.00 ലക്ഷം രൂപ)**

കേരളത്തിൽ പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പുകൾക്ക് കീഴിലും മറ്റ് സർക്കാർ വകുപ്പുകൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും കീഴിലും വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള നിരവധി മ്യൂസിയങ്ങളുണ്ട്. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ രൂപീകരണം മുതൽ ഇന്നുവരെയുള്ള സംസ്ഥാനത്തിന്റെ രൂപ രേഖ കാണിക്കുന്ന 'കേരളം - അന്നും ഇന്നും' എന്ന പേരിൽ സംസ്ഥാനത്തിന് മാത്രമായി ഒരു മ്യൂസിയം നിലവിലില്ല. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ വിദ്യാഭ്യാസം, ഗവേഷണം, വിനോദം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള "കേരള സ്റ്റേറ്റ് മ്യൂസിയം" എന്ന ആശയം വിഭാവനം ചെയ്യുന്നതിലൂടെ എല്ലാ കോണുകളിൽ നിന്നും തലങ്ങളിൽ നിന്നും

വിശാലമായ കാഴ്ചപ്പാടുകൾ വന്നിട്ടുണ്ട്. നിലവിൽ വകുപ്പിന് തൃശ്ശൂരിൽ ഒരു മൃഗശാലയുണ്ട്, പുത്തൂരിലേക്ക് പ്രസ്തുത മൃഗശാല മാറ്റിക്കഴിഞ്ഞാൽ, പുതിയ മ്യൂസിയം ഒഴിഞ്ഞ പ്രസ്തുത സ്ഥലത്ത് സ്ഥാപിക്കാൻ കഴിയും, ദൃശ്യഭംഗി അവതരിപ്പിക്കുന്നതിനൊപ്പം കേരള സംസ്ഥാനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ സ്വദേശികൾക്കും വിദേശികൾക്കും പ്രചരിപ്പിക്കാനും ഇതിനു കഴിയും. നിർദിഷ്ട മ്യൂസിയം ചരിത്രപരവും സാംസ്കാരികവുമായ സംഭവങ്ങൾ പുനഃനിർമ്മിക്കുകയും സന്ദർശകർക്ക് പ്രദർശനത്തിന്റെ ഭാഗമാകാൻ അവസരം നൽകുകയും ചെയ്യുന്ന ഒരു പരിസ്ഥിതി സാംസ്കാരിക കേന്ദ്രമായി സജ്ജീകരിച്ചിരിക്കുന്ന ഒരു മ്യൂസിയമായിരിക്കും. കേരള സ്റ്റേറ്റ് മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി 2025-26 ബജറ്റിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**പുതിയ പദ്ധതികൾ**

**23. കണ്ണൂരിലെ തളിപ്പറമ്പിൽ മൃഗശാല – സഫാരി പാർക്ക്**

**(വിഹിതം: 100.00 ലക്ഷം രൂപ)**

കേരളത്തിലെ ആദ്യത്തെ മൃഗശാല സഫാരി പാർക്ക് കണ്ണൂരിലെ തളിപ്പറമ്പിൽ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചു. പ്രകൃതിദത്തമായ വനാന്തരീക്ഷത്തിൽ മൃഗങ്ങൾക്ക് വിഹരിക്കാൻ കഴിയുന്ന തരത്തിലാണ് പാർക്ക് രൂപകൽപന ചെയ്യുക. നിലവിലുള്ള പ്രകൃതിയെ അതേപടി നിലനിർത്തി പ്രകൃതിദത്തമായ വനവൽക്കരണം നടത്തും വിധമാണ് പാർക്കിന്റെ രൂപകല്പന. ബൊട്ടാണിക്കൽ ഗാർഡൻ, മഴവെള്ള സംഭരണി, പ്രകൃതി ചരിത്ര മ്യൂസിയം എന്നിവയും പാർക്കിലുണ്ടാകും. 2025-26 ബജറ്റിൽ ഡിപിആർ തയ്യാറാക്കുന്നതിനും ആവശ്യമായ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**24. ഫോട്ടോഗ്രാഫി മ്യൂസിയം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഭൂതകാലത്തെക്കുള്ള ഒരു അതുല്യ ജാലകം തുറന്നിടുന്ന ഫോട്ടോഗ്രാഫുകൾ ദ്രിശ്യചരിത്രത്തിന്റെ നിധി ശേഖരമാണ്. കേരളത്തിന്റെയും അവിടത്തെ ജനങ്ങളുടെയും ഫോട്ടോഗ്രാഫിക് ചിത്രങ്ങൾ ഏറ്റെടുക്കുക, സംരക്ഷിക്കുക, പുനഃസ്ഥാപിക്കുക, ആർക്കൈവ് ചെയ്യുക, പ്രദർശിപ്പിക്കുക എന്നിവയാണ് മ്യൂസിയത്തിന്റെ ചുമതല. ഫോട്ടോഗ്രാഫുകൾ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും, പത്ര ആർക്കൈവുകളിൽ നിന്നും സ്വമേധയാ ഉള്ള സംഭാവനകളിൽ നിന്നും, സ്വകാര്യ ശേഖരങ്ങളിൽ നിന്നും, സ്ഥാപനങ്ങളുടെ ശേഖരങ്ങളിൽ നിന്നുള്ള സംഭാവനകളിൽ നിന്നും മറ്റും ഏറ്റെടുക്കുന്നതാണ്. ഡിപിആർ അന്തിമമാക്കുന്നതിന് മുമ്പ് സാങ്കേതിക നിർദേശങ്ങൾ തേടുന്നതിന് ദേശീയതല കൺസൾട്ടേഷനും നടത്തേണ്ടതുണ്ട്. ഈ മ്യൂസിയത്തിന്റെ ഡിപിആർ തയ്യാറാക്കുന്നതിനും ആവശ്യമായ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

**25. ഹിസ്റ്ററി ആൻഡ് മാരിടൈം മ്യൂസിയം, കൊല്ലം**

**(വിഹിതം: 500.00 ലക്ഷം രൂപ)**

കേരളത്തിലെ കൊല്ലം ജില്ല അതിന്റെ സമുദ്ര പൈതൃകം ഉൾപ്പെടെയുള്ള പ്രകൃതി സൗന്ദര്യത്തിന്റെയും ചരിത്രപരമായ പ്രാധാന്യത്തിന്റെയും ആകർഷകമായ സമ്മിശ്രമാണ്. പുരാതന കാലം മുതൽ ഈ ജില്ല ഒരു പ്രധാന വ്യാപാര കേന്ദ്രമായിരുന്നു. കശുവണ്ടി സംസ്കരണം, കയർ ഉൽപ്പാദനം, വളരുന്ന ടൂറിസം മേഖല എന്നിവയിൽ ജില്ലയുടെ സമ്പദ്‌വ്യവസ്ഥ അഭിവൃദ്ധി പ്രാപിക്കുന്നു. സന്ദർശകരെ ആകർഷിക്കുന്നത് അതിന്റെ പ്രകൃതിഭംഗി, കായൽ യാത്രകൾ, ചരിത്ര സ്ഥലങ്ങൾ എന്നിവയാണ്. കൊല്ലം ജില്ലയുടെ ചരിത്രവും സമുദ്ര പാരമ്പര്യവും പ്രദർശിപ്പിക്കുന്ന ഒരു മ്യൂസിയം കൊല്ലത്ത് സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഡിപിആർ തയ്യാറാക്കുന്നതിനും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി 2025-26 ബജറ്റിൽ 500.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

**സാംസ്കാരിക കാര്യ വകുപ്പ്**

**26. സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്**

**(വിഹിതം: 60.00 ലക്ഷം രൂപ)**

പുരാവസ്തു ശാസ്ത്രം, പുരാരേഖാ പഠനങ്ങൾ, പുരാവസ്തു സംരക്ഷണം, മ്യൂസിയോളജി എന്നീ വിഷയങ്ങളിൽ ഉപരിപഠനങ്ങൾക്കായുള്ള ഒരു സമ്പൂർണ്ണ ഗവേഷണ കേന്ദ്രമാക്കുക എന്ന ഉദ്ദേശ്യത്തോടെ രണ്ടായിരമാണ്ടിൽ സ്ഥാപിതമായതാണ് ഈ കേന്ദ്രം. 2025-26 വർഷത്തിൽ താഴെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾക്കായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- കേരളത്തിന്റെ മെഗാലിത്തിക്ക് അവശേഷിപ്പുകളുടെയും/പുരാവസ്തുക്കളുടെയും പൈതൃക ഘടനകളുടെയും ഡോക്യുമെന്റേഷനും പ്രസിദ്ധീകരണവും, കേരളത്തിന്റെ ശാസനങ്ങളുടെ ലിഖിത പകർപ്പുകൾ (എസ്റ്റമ്പേജുകൾ) തയ്യാറാക്കലും.
- പെരുമാൾ ലിഖിതങ്ങൾ (റഫറൻസ് വോളിയം) ഉൾപ്പെടെ കേരളത്തിന്റെ പൈതൃകത്തെക്കുറിച്ചുള്ള പ്രസിദ്ധീകരിക്കാത്ത കൈയെഴുത്തുപ്രതികളും അപൂർവ ഗ്രന്ഥങ്ങളും രേഖകളും പ്രസിദ്ധീകരിക്കൽ (അച്ചടി ഉൾപ്പെടെയുള്ള ചെലവുകൾ)
- പൈതൃകം/പൈതൃക പഠനവും സംരക്ഷണവുമായി ബന്ധപ്പെട്ട സെമിനാറുകളും ശിൽപശാലകളും പ്രദർശനങ്ങളും
- അക്കാദമിക് കോഴ്സുകളുടെ നടത്തിപ്പും വിപുലീകരണവും യൂണിവേഴ്സിറ്റി അഫിലിയേഷൻ നേടിയെടുക്കലും
- മാൻ പാർക്ക് ഉൾപ്പെടെ ഹിൽപാലസ് മ്യൂസിയം പരിസര സംരക്ഷണം/അറ്റകുറ്റപ്പണികൾ, സൗന്ദര്യ വൽക്കരണം

**27. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനുള്ള സഹായം**

**(വിഹിതം: 2100.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് മലയാള സിനിമയുടെ നിർമ്മാണവും, പ്രോത്സാഹനവും സുഗമമാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ 1975 ലാണ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സ്ഥാപിതമായത്. കേരളത്തിലുടനീളം വ്യാപിച്ചുകിടക്കുന്ന 17 അതിമനോഹരമായ തിയേറ്ററുകളുടെ ശൃംഖല കോർപ്പറേഷന്റെ ഉടമസ്ഥതയിലുണ്ട്. കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KSFDC) പ്രവർത്തനങ്ങളിൽ ഫിലിം ഇൻഫ്രാസ്ട്രക്ചറൽ സൗകര്യങ്ങളുടെ വികസനം, സ്റ്റുഡിയോകൾ, തിയേറ്ററുകൾ എന്നിവയുടെ വികസനം, ചലച്ചിത്ര നിർമ്മാണത്തിൽ സാങ്കേതിക സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 2100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- ചേർത്തലയിലെ ശ്രീ/കൈരളി, വടക്കൻ പറവൂരിലെ കൈരളി/ശ്രീ തിയേറ്ററുകൾ എന്നിവയുടെ ആധുനിക ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള നവീകരണവും/പുനരുദ്ധാരണവും
- മൂന്നാറിലെ ഐമാക്സ് ഡോം തിയേറ്ററും സിനിമാ പോസ്റ്റ്-പ്രൊഡക്ഷൻ യൂണിറ്റും - ഡിപിആർ തയ്യാറാക്കലും പ്രാരംഭ പ്രവർത്തനങ്ങളും
- ചിത്രാഞ്ജലി സ്റ്റുഡിയോയുടെ വർക്ക്ഫ്ലോ മാനേജ്മെന്റ് സിസ്റ്റവും നെറ്റ്‌വർക്കിംഗും വികസിപ്പിക്കുന്നതിനുള്ള നടപടികൾ
- തിരുവനന്തപുരത്തെ കലാഭവൻ തിയേറ്ററിന്റെ ആധുനിക ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നവീകരണവും/പുനരുദ്ധാരണവും
- തിയേറ്ററുകൾക്ക് കേന്ദ്രീകൃത ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കൽ
- OTT പ്ലാറ്റ്ഫോമിന്റെ (C-Space)പരിപാലനവും പ്രവർത്തനവും
- കെഎസ്എഫ്ഡിസിയുടെ വിവിധ യൂണിറ്റുകളിലെ ജീവനക്കാർക്ക് പരിശീലന പരിപാടികൾ നടത്തുന്നു
- IFFK യുമായി ബന്ധപ്പെട്ട് കേരള ഫിലിം മാർക്കറ്റ് നടത്തുന്നു
- AVGC-XR സ്റ്റുഡിയോ
- KSFDC മുഖേന വിജ്ഞാന നവീകരണത്തിനുള്ള പരിശീലനം
- മുൻഗണനാടിസ്ഥാനത്തിൽ പുതിയ തീയേറ്ററുകളുടെ നിർമ്മാണം
- KSFDC പാലയാട്, കണ്ണൂർ തിയേറ്ററിന്റെ DPR തയ്യാറാക്കൽ

മലയാള ചലച്ചിത്ര വ്യവസായത്തിൽ ലിംഗസമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനുമായുള്ള വലിയ കാഴ്ചപ്പാടിന്റെ ഭാഗമായി, ആകെ വകയിരുത്തിയ വിഹിതത്തിൽ നിന്നും 300.00 ലക്ഷം രൂപ സ്ത്രീകളുടെ മുന്നേറ്റത്തിനും പദവി മെച്ചപ്പെടുത്തുന്നതിനുമായി വനിതാ സംവിധായകരുടെ രണ്ട് ഫീച്ചർ ഫിലിമുകളുടെ നിർമ്മാണത്തിനായി നീക്കിവച്ചിരിക്കുന്നു. കൂടാതെ എസ്.സി/എസ്.ടി സംവിധായകരുടെ രണ്ട് ഫീച്ചർ ഫിലിമുകളുടെ നിർമ്മാണത്തിനായി 300.00 ലക്ഷം രൂപയും ആകെയുള്ള വിഹിതത്തിൽ നിന്നും നീക്കിവച്ചിരിക്കുന്നു. പ്രാരംഭ പദ്ധതികളിൽ നിന്നുള്ള വരുമാനം ഭാവിയിൽ കൂടുതൽ മികച്ച ഇത്തരം പദ്ധതികൾക്കായി ഉപയോഗിക്കും.

മൊത്തം വിഹിതത്തിൽ നിന്നും 300.00 ലക്ഷം രൂപ പാലയാട് (കണ്ണൂർ) മൂന്നാർ (ഇടുക്കി) എന്നിവിടങ്ങളിലെ പുതിയ തിയേറ്ററിന്റെ നിർമ്മാണത്തിനുള്ള ഡിപിആർ തയ്യാറാക്കുന്നതിനും പ്രാഥമിക പ്രവർത്തനങ്ങൾക്കുമായി വകയിരുത്തിയിരിക്കുന്നു.

**28. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

**(വിഹിതം: 140.00 ലക്ഷം രൂപ)**

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ബാലസാഹിത്യ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും അവയുടെ സ്വീകാര്യത വർദ്ധിപ്പിച്ച് ജനപ്രിയമാക്കുകയും ചെയ്യുന്നു. കുട്ടികൾക്കായി "തളിര്" എന്ന മാസിക ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നു. കുട്ടികളിലെ വായനാശീലവും, സർഗ്ഗാത്മകതയും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിപാടികൾ, അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ എന്നിവ സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തു നടത്തുന്നു. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 140.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- കുട്ടികളുടെ പുസ്തക പ്രസിദ്ധീകരണം
- തളിർ പ്രസിദ്ധീകരണം
- തളിർ സ്കോളർഷിപ്പ്
- ശിൽപശാലകൾ, സെമിനാറുകൾ, ക്യാമ്പുകൾ, കുട്ടികളുടെ പരിപാടികൾ
- ബാലസാഹിത്യ പുരസ്കാരം
- ലൈബ്രറി വികസനം
- പുസ്തക പ്രദർശനം
- ഓൺലൈൻ ജോലിയുടെ ഡിജിറ്റൈസേഷൻ
- പബ്ലിസിറ്റി
- ബാലപ്രതിഭ സംഗമം
- ബുക്ക് സ്റ്റോർ തുറക്കുന്നു
- തളിർ ക്ലബ്ബ്

**29. സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ ഇൻസ്റ്റിറ്റ്യൂട്ട്**

**(വിഹിതം: 150.00 ലക്ഷം രൂപ)**

പ്രശസ്ത എൻസൈക്ലോപീഡിയകളായ എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക, അമേരിക്കാന എന്നിവയുമായി താരതമ്യപ്പെടുത്താവുന്ന ഉയർന്ന നിലവാരം പുലർത്തുന്ന വിജ്ഞാനകോശങ്ങളും സമാനതരത്തിലുള്ള മറ്റ് റഫറൻസ് പുസ്തകങ്ങളും മലയാള ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള സ്ഥാപനമാണ് സംസ്ഥാന സർവിജ്ഞാനകോശപ്രസിദ്ധീകരണ ഇൻസ്റ്റിറ്റ്യൂട്ട്. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആധുനികവൽക്കരണവും അനുബന്ധ പ്രവൃത്തികളും, ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ, ശില്പശാലകൾ/സെമിനാറുകളുടെ നടത്തിപ്പ് എന്നിവയും അടങ്കൽ തുകയിൽ ഉൾപ്പെടുന്നു താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾക്കായാണ് തുക വകയിരുത്തിയിട്ടുള്ളത്.

- സർവവിജ്ഞാനകോശം 18,19,20 വാല്യങ്ങളുടെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ടുള്ള ജോലികൾ (തീർപ്പാക്കാത്ത പേയ്മെന്റുകൾ ഉൾപ്പെടെ)
- ശ്രീനാരായണഗുരു വിജ്ഞാനകോശം, സ്ത്രീ മുന്നേറ്റ ചരിത്രം, കേരള പരിസ്ഥിതി ചരിത്രത്തെക്കുറിച്ചുള്ള സംക്ഷിപ്ത വിജ്ഞാനകോശം, ദലിത് സംക്ഷിപ്ത വിജ്ഞാനകോശം, സൗന്ദര്യശാസ്ത്ര സിദ്ധാന്തം, സംക്ഷിപ്ത ബാലവിജ്ഞാനകോശം വൈജ്ഞാനികം അക്കാദമിക ജേർണൽ എന്നിവയുടെ പ്രസിദ്ധീകരണം
- കേരള വിജ്ഞാനകോശം ഓൺലൈൻ പതിപ്പ്
- ഇൻസ്റ്റിറ്റ്യൂട്ടിന്റെ മികവിന്റെ കേന്ദ്രമായി പരിവർത്തനം (YouTube ചാനൽ, വെബ് പോർട്ടൽ ഡിസൈൻ, ഡിജിറ്റൈസേഷൻ)
- വിദ്യാർത്ഥികൾക്കും ഗവേഷണ പണ്ഡിതർക്കും ഇന്റേൺഷിപ്പ്
- പ്രസിദ്ധീകരണങ്ങൾ, ശിൽപശാലകൾ, സെമിനാറുകൾ
- എൻസൈക്ലോപീഡിയ വാല്യങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനും വിപണനം

ചെയ്യുന്നതിനുമുള്ള ചർച്ചകൾ, പുസ്തകമേളകൾ, പ്രദർശനങ്ങൾ

- ലൈബ്രറിയെ ഒരു ഗവേഷണ കേന്ദ്രമായി ഉയർത്തൽ – അടിസ്ഥാന സൗകര്യ വികസനം, ഓഫീസ് ഓട്ടോമേഷൻ, പുസ്തകങ്ങൾ വാങ്ങൽ, ഇ–ബുക്കുകൾ
- പരസ്യ നിരക്കുകൾ
- അറിവരങ്ങ്
- ഐടി ഉപകരണങ്ങളുടെ വാങ്ങലും നവീകരണവും
- മൂലക വിജ്ഞാനകോശം വെബ് പതിപ്പ്

**30. സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

**(വിഹിതം: 275.00 ലക്ഷം രൂപ)**

പ്രാദേശിക ഭാഷകളുടെ വികസനത്തിനായുള്ള ദേശീയ നയത്തിന്റെ അടിസ്ഥാനത്തിൽ 1968–ൽ സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായി. ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തിന്റെ പ്രാദേശിക ഭാഷയുടെ വികസനം പ്രോത്സാഹിപ്പിക്കുന്നു, അതുവഴി അത് സമ്പന്നതയിലും പ്രവർത്തനക്ഷമതയിലും അതിവേഗം വളരുകയും ആശയവിനിമയത്തിനുള്ള ഫലപ്രദമായ മാർഗമായി മാറുകയും ചെയ്യുന്നു. പുസ്തക നിർമ്മാണം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തനമാണ്, ഇൻസ്റ്റിറ്റ്യൂട്ട് ഇതുവരെ ഏകദേശം 3500 കൃതികൾ പ്രസിദ്ധീകരിച്ചു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025–26 ബജറ്റിൽ 275.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- പുസ്തക നിർമ്മാണം
- സെമിനാറുകളും, ശില്പ ശാലകളും
- ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകമേളകൾ
- അടിസ്ഥാന സൗകര്യ വികസനം
- കമ്പ്യൂട്ടറുകൾ, സോഫ്റ്റ്‌വെയറുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ
- പരിശീലന ക്ലാസുകൾ
- പുസ്തകങ്ങളുടെ പ്രസിദ്ധീകരണവും പ്രചാരണവും
- ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റ് പ്രവർത്തനങ്ങൾ

**31. കേരള സാഹിത്യ അക്കാദമി**

**(വിഹിതം: 345.00 ലക്ഷം രൂപ)**

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും ഉന്നമനത്തിനും വികസനത്തിനുമായി സ്ഥാപിതമായ ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള സാഹിത്യ അക്കാദമി. 1956–ൽ സ്ഥാപിതമായ അക്കാദമി മലയാള ഭാഷയിൽ അപൂർവ്വവും അമൂല്യവുമായ പുസ്തകങ്ങളും സാഹിത്യ ലോകം, സാഹിത്യ ചക്രവാളം തുടങ്ങിയ മാഗസിനുകളും പ്രസിദ്ധീകരിക്കുന്നു. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 2025–26 ബജറ്റിൽ 345.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മൊത്തം തുകയിൽ 55.00 ലക്ഷം രൂപ വനിതാ കേന്ദ്രീകൃത പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാൻ നീക്കിവച്ചിരിക്കുന്നു. ആകെ തുകയിൽ 7.00 ലക്ഷം രൂപ ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായി മാറ്റി വച്ചിരിക്കുന്നു.

- സാഹിത്യ സമ്മേളനങ്ങൾ, സെമിനാറുകൾ, അനുസ്മരണ പ്രഭാഷണങ്ങൾ, ശിൽപശാലകൾ, ശതാബ്ദികൾ, എഴുത്തുകാരുടെ ക്യാമ്പുകൾ എന്നിവ നടത്തുന്നു.
- പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും പ്രസിദ്ധീകരണം
- ലൈബ്രറി വികസനം
- നിലവിലുള്ള പോർട്രെയ്റ്റ് ഗാലറിയിൽ കൂട്ടിച്ചേർക്കലുകൾ, സാഹിത്യ വ്യക്തിത്വങ്ങളുടെ ഛായാചിത്രങ്ങൾ വരയ്ക്കൽ, നിലവിലുള്ള ഛായാചിത്രങ്ങൾ സംരക്ഷിക്കൽ
- അക്കാദമി ബിൽഡിംഗ് കോമ്പൗണ്ട് മെയിന്റനൻസും, റെസിഡൻഷ്യൽ ക്വാർട്ടേഴ്സിന്റെ വാർഷിക അറ്റകുറ്റപ്പണികൾ
- ഓഫീസ് സാമഗ്രികൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങൽ, ഓഫീസ് ഓട്ടോമേഷൻ
- ഡിജിറ്റൈസെഷൻ പദ്ധതി
- കൈരളിഗ്രാമത്തിന്റെയും സ്മാരകങ്ങളുടെയും പരിപാലനം

- ഇൻഫർമേഷൻ ടെക്നോളജി
- മെഡിക്കൽ സഹായം
- അവാർഡുകൾ/ഫെലോഷിപ്പുകൾ/സമഗ്ര സംഭാവന പുരസ്കാരം, തുഞ്ചൻ പ്രബന്ധ പുരസ്കാരം
- സ്ത്രീ സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമിട്ട് സ്ത്രീകൾക്കിടയിൽ സാഹിത്യ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനും സാംസ്കാരിക മേഖലയിലെ വിവിധ ഇടപെടലുകൾക്കുമുള്ള പരിപാടികൾ
- കുട്ടികളിലെ സാംസ്കാരിക കഴിവുകൾ വികസിപ്പിക്കുന്നതിനും, സാഹിത്യ പ്രസിദ്ധീകരണത്തിനും പ്രോത്സാഹനങ്ങൾ നൽകുന്നതിനും പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികളിൽ ശാസ്ത്രബോധം വളർത്തുന്നതിനും വേണ്ടിയുള്ള പരിപാടികൾ
- LGBTQ വ്യക്തികൾക്കിടയിൽ സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും പ്രോത്സാഹനം
- ഗോത്ര ഭാഷകളെ പ്രോത്സാഹിപ്പിക്കുന്നതിനും ഗോത്രവർഗ്ഗ നാടോടി, വംശീയ സംസ്കാരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സാഹിത്യ ക്യാമ്പുകൾ സംഘടിപ്പിക്കുക
- ഇന്റർനാഷണൽ ലിറ്ററേച്ചർ ഫെസ്റ്റിവൽ ഓഫ് കേരള (ILFK)
- സുരക്ഷ, നിരീക്ഷണ ക്യാമറകൾ
- സോളാർ പാനൽ
- ലാൻഡ്സ്കേപ്പിംഗ്

### 32. കേരള സംഗീത നാടക അക്കാദമി

**(വിഹിതം: 900.00 ലക്ഷം രൂപ)**

സംഗീതം, നൃത്തം, നാടകം, നാടൻ കലകൾ എന്നിവയുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് 1958-ൽ കേരള സംഗീത നാടക അക്കാദമി സ്ഥാപിതമായത്. അക്കാദമി, അമേച്വർ നാടകം/പ്രൊഫഷണൽ നാടകോത്സവങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം മറ്റ് സാംസ്കാരിക സ്ഥാപനങ്ങളുമായി ചേർന്ന് കലാമേളകൾ, സ്വാതി സംഗീതോത്സവം, ഷഡ്കാല ഗോവിന്ദമാരാർ സംഗീതോത്സവം തുടങ്ങിയവയും സംഘടിപ്പിച്ചുവരുന്നു. അന്താരാഷ്ട്ര നാടകോത്സവത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമായി 2025-26 ബജറ്റിൽ 900.00 ലക്ഷം രൂപ അക്കാദമിക്ക് അനുവദിച്ചിട്ടുണ്ട്.

- കലാമേളകളും കലാ ശില്പശാലകളും
- അന്തരാഷ്ട്ര നാടക ഫെസ്റ്റ്
- ഫെലോഷിപ്പ്/അവാർഡുകൾ
- ഡിജിറ്റൽ ആർക്കൈവുകൾ, ഡിജിറ്റൽ ഉപകരണങ്ങൾ വാങ്ങൽ
- ജില്ലാ കേന്ദ്ര കലാസമിതികളുടെ പ്രവർത്തനം
- പ്രസിദ്ധീകരണം
- സ്റ്റൈപ്പൻഡ്/സ്കോളർഷിപ്പ്
- നിർമ്മാണ പ്രവർത്തനങ്ങൾ
- മെഡിക്കൽ അപകട ഇൻഷ്വറൻസ്

### 33. കേരള ലളിതകലാ അക്കാദമി

**(വിഹിതം: 575.00 ലക്ഷം രൂപ)**

കലാകാരന്മാരുടെ പ്രത്യേകിച്ചും ചിത്രകാരന്മാരുടേയും ശില്പികളുടേയും കലാവാസനകളെ പരിപോഷിപ്പിക്കുന്ന പരിപാടികളാണ് കേരള ലളിതകലാ അക്കാദമി നടപ്പാക്കി വരുന്നത്. കലാകാരന്മാർക്ക് ധനസഹായവും ലളിതകലാവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും കലാകാരന്മാർക്കുള്ള ഫെലോഷിപ്പുകളുടെ വർദ്ധനവിനും പ്രാധാന്യം നൽകുന്നു. അക്കാദമിയുടെ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 575.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്, അതിൽ വനിതാ കലാകാരികൾക്കായി 75.00 ലക്ഷം രൂപ വകയിരുത്തുന്നു.

- അവാർഡുകൾ, ഫെലോഷിപ്പുകൾ & സ്കോളർഷിപ്പുകൾ
- ആർട്ട് എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, ആർട്ട് ക്യാമ്പുകൾ & കൾച്ചർ പ്രോഗ്രാമുകൾ/ആർട്ടിസ്റ്റ് റെസിഡൻസി/കലാ പര്യടനം/സ്കൂൾ ശിൽപോദ്യാനം, സെമിനാറുകൾ, സിമ്പോസിയങ്ങൾ, കുട്ടികൾ, LGBTQ വ്യക്തികൾ, സ്ത്രീകൾ, കലാകാരന്മാർ എന്നിവർക്കുള്ള കലാസ്വാദന ശിൽപശാല
- അക്കാദമി എഡ്യൂക്കേഷണൽ ഔട്ട്റീച്ച് ഇനിഷ്യേറ്റീവ് (AEOI), വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി ബഹുമുഖവും സംയോജിതവുമായ കല, സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ പരിപാടികൾ
- ആർട്ട് എക്സിബിഷനുകൾ (സംസ്ഥാന/ദേശീയ/ഇന്റർനാഷണൽ/ക്യൂറേറ്റഡ്)/സോളോ/ഗ്രൂപ്പ് എക്സിബിഷൻ ഗ്രാന്റ്
- പ്രസിദ്ധീകരണങ്ങൾ (ചിത്രവാർത്ത പ്രതിമാസ ഉൾപ്പെടെ) അച്ചടി & ലൈബ്രറി വികസനം
- ഡോക്യുമെന്റേഷൻ-ആർട്ട് ഹിസ്റ്ററി ഡോക്യുമെന്ററി, ഫിലിം ഫെസ്റ്റിവലുകൾ, ആർക്കൈവ്സ് വികസനം
- കലാകാരന്മാർക്കുള്ള ഇൻഷുറൻസ്
- സ്കൂൾ ആർട്ട് ഗാലറി/പുതിയ ആർട്ട് ഗാലറികൾ/സ്ഥിര ആസ്തികൾ/ആർട്ട് ഗാലറികളുടെ വികസനം, റെസിഡൻസി സ്റ്റുഡിയോകൾ, പ്രൊഡക്ഷൻ സെന്റർ/ഗാലറി പരിപാലനം, വാടക, സംഭരണ സൗകര്യം അല്ലെങ്കിൽ കലാസൃഷ്ടി, ഹെഡ് ഓഫീസ് കെട്ടിടം/വിൽപ്പന കൗണ്ടറുകൾ എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം
- ഓൺലൈൻ മാധ്യമങ്ങൾ, കലാസൃഷ്ടികളുടെ പരസ്യവും വിൽപ്പനയും പ്രോത്സാഹിപ്പിക്കുക.
- മറ്റുള്ളവ – കലാസൃഷ്ടികളുടെ പുനരുദ്ധാരണവും സംരക്ഷണവും/നിയമപരമായ ചെലവുകൾ/ഖരമാലിന്യ സംസ്കരണം/ഗാലറി സന്ദർശനങ്ങൾ/സമ്മേളന ചെലവുകൾ/കലാസൃഷ്ടികളുടെയും കലാസാമഗ്രികളുടെയും നീക്കം.

**34. കേരള ഫോക് ലോർ അക്കാദമി**

**(വിഹിതം: 325.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ നാടൻകലകളെ സംരക്ഷിക്കുകയും പുനരുജ്ജീവിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് 1995-ൽ കേരള നാടൻകലാ അക്കാദമി സ്ഥാപിതമായത്. നാടൻകലകളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി ഒട്ടനവധി പ്രവർത്തനങ്ങൾ അക്കാദമി സംഘടിപ്പിക്കുന്നു. നാടൻ കലാമേളകൾ, സെമിനാറുകൾ, നിർധനരായ നാടൻ കലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകൽ, മികച്ച നാടൻ കലാകാരന്മാർക്ക് അവാർഡുകളും ഫെല്ലോഷിപ്പുകളും നൽകൽ എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്. അക്കാദമിയുടെ 2025-26 വർഷത്തെ ബഡ്ജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 325.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു:

- അവാർഡുകളും, പുരസ്കാരങ്ങളും
- വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പൻഡ്
- മറ്റ് സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തുന്ന പരിപാടികൾ
- പ്രസിദ്ധീകരണങ്ങൾ
- സ്കൂൾ, കോളേജ് ഫോക് ലോർ ക്ലബ്ബ്
- മ്യൂസിയം നവീകരണം
- തിരുവിതാംകൂർ ഫോക് ലോർ ഗ്രാമം
- പാലക്കാട് കേന്ദ്രത്തിന് സഹായം
- ഗ്രാമസന്ധ്യ
- ചികിത്സ സഹായം
- പൊന്ന്യേത്ത് അങ്കം - പൈതൃകോത്സവം
- അനുസ്മരണ പരിപാടികൾ

- വാഹന വാടക
- സെമിനാറുകൾ
- അക്കാദമി ഓഫീസിലെ കമ്പ്യൂട്ടർവൽക്കരണം
- അതിഥി മന്ദിര നിർമ്മാണം
- ഗ്രന്ഥസൂചിക
- ചെറുശ്ശേരി ഓഡിറ്റോറിയത്തിന്റെ നവീകരണം
- അന്താരാഷ്ട്ര നാടോടി ഉത്സവം
- അന്താരാഷ്ട്ര ഫോക്ക് ഫിലിം ഫെസ്റ്റിവൽ
- ലൈബ്രറി വിപുലീകരണം
- ആദിവാസി കലാരൂപങ്ങളുടെ അവതരണം
- മ്യൂസിയം ഡിജിറ്റലൈസേഷൻ
- പ്രോജക്ട് മാനേജ്മെന്റും നിരീക്ഷണവും
- ഓഫീസ് നവീകരണവും ഇ-ഓഫീസും
- ഗവേഷണവും ഡോക്യുമെന്റേഷനും
- കണ്ണപുരം കലാഗ്രാമം പ്രവർത്തനങ്ങൾ
- പുസ്തകം വാങ്ങൽ

**35. ഗുരുഗോപിനാഥ് നടനഗ്രാമം, വട്ടിയൂർക്കാവ്**

**(വിഹിതം: 90.00 ലക്ഷം രൂപ)**

ഇന്ത്യൻ നൃത്തരൂപങ്ങളുടെ ഒരു പഠന, പരിശീലന ഗവേഷണകേന്ദ്രമായാണ് ഗുരുഗോപിനാഥ് നടനഗ്രാമം സ്ഥാപിതമായത്. കഴിവുള്ള കുട്ടികൾക്കായി സ്ഥാപനം നൃത്ത-സംഗീത ഉപകരണ ക്ലാസുകൾ നടത്തുന്നു. കേരളത്തിലെ നൃത്തരൂപങ്ങളെക്കുറിച്ചുള്ള സെമിനാറുകളും പതിവായി നടത്താറുണ്ട്. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 90.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആകെ തുകയിൽ 5.00 ലക്ഷം രൂപ വനിതകൾക്കായി മാറ്റി വച്ചിരിക്കുന്നു.

- കെട്ടിടങ്ങളുടെ നിർമ്മാണം
- സ്കോളർഷിപ്പുകൾ/സ്റ്റൈപ്പൻഡുകൾ
- അവാർഡുകൾ/ഫെലോഷിപ്പുകൾ
- ദേശീയ നൃത്ത നാടകോത്സവം
- മ്യൂസിയം നവീകരണം
- കേരളനടനം സെമിനാറുകളുടെ പ്രചാരണം
- പുസ്തകങ്ങൾ, വാർത്താക്കുറിപ്പ്/വെബ്സൈറ്റ്/യൂട്യൂബ് ചാനൽ എന്നിവയുടെ പ്രവർത്തനങ്ങൾ
- ചിലമ്പൊലി ഓഡിറ്റോറിയത്തിന്റെ രണ്ടാം ഘട്ടം നവീകരണം
- ക്യൂറേറ്റർ കോൺക്ലേവ്/കരകൗശല മേള/സ്ത്രീകൾക്കുള്ള ആഭരണ നിർമ്മാണ പരിശീലനം

**36. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി**

**(വിഹിതം: 1400.00 ലക്ഷം രൂപ)**

മലയാളത്തിലെ നല്ല സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിനായി 1998 ലാണ് കേരള സ്റ്റേറ്റ് ഫിലിം അക്കാദമി സ്ഥാപിതമായത്. ചലച്ചിത്ര വ്യവസായത്തിനും സർക്കാരിനും ഇടയിൽ മധ്യസ്ഥനായി അക്കാദമി പ്രവർത്തിക്കുന്നു. അക്കാദമിയുടെ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1400.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 140.00 ലക്ഷം വനിതകൾക്ക് ഉപകരിക്കുന്നതിനായി വകയിരുത്തിയിരിക്കുന്നു.

- കേരള അന്താരാഷ്ട്ര ചലച്ചിത്ര മേള (ഐ.എഫ്.എഫ്.കെ)
- അന്താരാഷ്ട്ര ഡോക്യുമെന്ററികളും ഹ്രസ്വ ചലച്ചിത്രോത്സവങ്ങളും (ഐ.ഡി.എസ്.എഫ്.എഫ്.കെ)
- ദേശീയ ചലച്ചിത്ര മേളകൾ (എൻ.എഫ്.എഫ്.കെ)

- ഫിലിം ലൈബ്രറി
- പ്രസിദ്ധീകരണങ്ങൾ
- ഡിജിറ്റലൈസേഷനും ഡോക്യുമെന്റേഷനും
- പുനഃസ്ഥാപനവും ഫിലിം ആർക്കൈവിംഗും
- ചലച്ചിത്ര ആസ്വാദന ക്യാമ്പുകൾ
- വെബ്സൈറ്റും പോർട്ടലും
- മലയാള സിനിമയുടെ പ്രമോഷൻ
- ഫിലിം സൊസൈറ്റികളുടെ പ്രമോഷൻ
- ഗവേഷണവും, ഫെല്ലോഷിപ്പും
- ടിവി, സിനിമാ സെമിനാറുകൾ, ശിൽപശാലകൾ, ഡോക്യുമെന്ററികൾ
- അക്കാദമിക് പ്രോഗ്രാമുകൾ
- റീജിയണൽ ഫിലിം ഫെസ്റ്റിവൽ, വനിതാ ഫിലിം ഫെസ്റ്റിവലുകൾ, കുട്ടികളുടെ ഫിലിം ഫെസ്റ്റിവൽ
- ടൂറിംഗ് ടോക്കീസ്-പ്രാദേശിക കേന്ദ്രങ്ങൾ
- ചലച്ചിത്ര പൈതൃക സംരക്ഷണവും CIFRA യുടെ അടിസ്ഥാന സൗകര്യ വികസനവും
- മലയാളം സിനിമാ മ്യൂസിയം
- സിനിമയിലെ സാങ്കേതിക മേഖലയിലെ സ്ത്രീകൾക്ക് തൊഴിൽ പരിശീലന പരിപാടി
- വിദേശ രാജ്യങ്ങളിലെ ഫിലിം ഫെസ്റ്റിവലുകൾ
- സമം പദ്ധതിയുമായി ബന്ധപ്പെട്ട പരിപാടികൾ
- സിനിമയിലൂടെ സാംസ്കാരിക വ്യാപനം
- ഡൽഹിയിൽ പ്രതിവാര മലയാളം സിനിമാ പ്രദർശനം
- ആദിവാസി സമൂഹങ്ങൾക്കുള്ള ചലച്ചിത്ര പഠന പരിപാടി
- നേതൃത്വം, ഭരണം, ലിംഗസമത്വം, ജനാധിപത്യ മൂല്യങ്ങൾ, ജനപ്രതിനിധികൾക്കുള്ള സമത്വം എന്നീ വിഷയങ്ങളിൽ സിനിമ പ്രദർശനം
- സിനിമാ നിർമ്മാണത്തെക്കുറിച്ചും സിനിമയുടെ/മാധ്യമത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചും പരിശീലന പരിപാടികളും ശിൽപശാലകളും

**37. വൈലോപ്പിള്ളി സംസ്കൃതി ഭവൻ (വിവിധോദ്ദേശ സാംസ്കാരിക സമുച്ചയം)**

**(വിഹിതം: 175.00 ലക്ഷം രൂപ)**

വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയമായ വൈലോപ്പിള്ളി സംസ്കൃതി ഭവൻ, കേരളത്തിലെ സാംസ്കാരിക പാരമ്പര്യങ്ങൾക്കും കലാരൂപങ്ങൾക്കും വേണ്ടിയുള്ള ഗവേഷണം, ഡോക്യുമെന്റേഷൻ, പ്രകടനം, സംരക്ഷണ കേന്ദ്രം എന്നിവയായി പ്രവർത്തിക്കുന്നു. 2001-ൽ സ്ഥാപിതമായ സൊസൈറ്റി ക്ലാസിക്കൽ ഡാൻസ്, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പ്രഭാഷണങ്ങൾ, പ്രകടനങ്ങൾ, മറ്റ് സാംസ്കാരിക പരിപാടികൾ എന്നിങ്ങനെ ആഘോഷങ്ങൾ നടത്തുന്നു.അവധിക്കാല ക്യാമ്പ്, പ്രതിവാര പരിപാടികൾ, മുദ്ര ഫെസ്റ്റ്, താലമഹോത്സവം, പ്രത്യേക സാംസ്കാരിക പരിപാടികൾ തുടങ്ങിയവയാണ് ഈ വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ. 2025-26 കാലയളവിൽ താഴെ തന്നിരിക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടെ നടപ്പിലാക്കാൻ ബജറ്റിൽ 175.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- സംസ്കൃതി വിവിധ സാംസ്കാരിക പരിപാടികൾ
- ബാല കേരളം പ്രൊജക്റ്റ്
- ഓഡിറ്റോറിയം, ലൈബ്രറി, ഡോർമിറ്ററി, ഓപ്പൺ ഓഡിറ്റോറിയം എന്നിവ ഉൾപ്പെടെയുള്ള കെട്ടിട നവീകരണം
- കെട്ടിടങ്ങളുടെ നവീകരണം കൂത്തമ്പലത്തിന്റെ മേൽക്കൂര മാറ്റി സ്ഥാപിക്കൽ
- വിവിധ കലാരൂപങ്ങളുടെ ഡോക്യുമെന്റേഷൻ
- യൂട്യൂബ് ചാനലിന്റെ സജ്ജീകരണം

- വ്യത്യസ്ത കലാരൂപങ്ങൾക്കുള്ള കോഴ്സുകൾ
- വൈലോപ്പിള്ളി പുരസ്കാരം
- പൈതൃക മ്യൂസിയം സ്ഥാപിക്കൽ
- ഫുഡ് കോർട്ടും ഓഡിറ്റോറിയവും സ്ഥാപിക്കൽ.
- ഭിന്ന ശേഷി സൗഹൃദ ക്യാമ്പസ്

**38. മാർഗി**

**(വിഹിതം: 90.00 ലക്ഷം രൂപ)**

കഥകളി എന്ന കലാരൂപത്തിന്റെ പരിപോഷണത്തിനായി 1970-ൽ സ്ഥാപിക്കപ്പെട്ട മഹനീയമായ ഒരു സ്ഥാപനമാണ് മാർഗി. കഥകളി, കൂടിയാട്ടം, നങ്ങ്യാർകൂത്ത് തുടങ്ങിയ കലകളെ പ്രോത്സാഹിപ്പിക്കുന്ന ഒരു കേന്ദ്രമായി മാർഗി മാറിയിരിക്കുന്നു. 'കളിയോഗം' മാതൃകയിലാണ് സ്ഥാപനം പ്രവർത്തിച്ചുപോരുന്നത് (ട്രെയിനിംഗ് കം പെർഫോർമിംഗ് ഗ്രൂപ്പ്). കഥകളിയും കൂടിയാട്ടവും, പതിവ് കഥകളി, കൂടിയാട്ടം പരിപാടികൾ, ഷോകൾ, കൂടാതെ കഥകളി, കൂടിയാട്ടം എന്നിവയിൽ പരിശീലനം. എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 90.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- 40 കലാകാരന്മാക്കായുള്ള അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ
- കഥകളി, കൂടിയാട്ടം, വിവിധ കലാരൂപങ്ങൾ എന്നിവയുടെ സ്ഥിരം പരിപാടികൾ
- വിദേശ വേദികളിൽ കഥകളിയുടെ അവതരണം
- കഥകളി, കൂടിയാട്ടം എന്നിവയിൽ പരിശീലനം
- സംസ്കാരത്തിന്റെയും വിനോദസഞ്ചാരത്തിന്റെയും പ്രോത്സാഹന പരിപാടികൾ

**39. വാസ്തുവിദ്യാ ഗുരുകുലം-ആറന്മുള**

**(വിഹിതം: 130.00 ലക്ഷം രൂപ)**

കേരളത്തിന്റെ പാരമ്പര്യ വാസ്തുവിദ്യകളും ചുമർചിത്രങ്ങളും പരിപോഷിപ്പിക്കുന്നതിനുള്ള ഒരു സ്ഥാപനമാണ് ആറന്മുളയിലെ വാസ്തുവിദ്യാ ഗുരുകുലം. പരമ്പരാഗത വാസ്തുവിദ്യ, ശിൽപം, മ്യൂറൽ പെയിന്റിംഗുകൾ, കലകൾ എന്നിവ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ സ്ഥാപനം ഏറ്റെടുത്തു നടത്തുന്നു. പരമ്പരാഗത വാസ്തുശാസ്ത്രത്തെക്കുറിച്ചുള്ള സർവ്വേകൾ, ബോധവൽക്കരണ പരിപാടികൾ, സ്വകാര്യ പരമ്പരാഗത ശിൽപങ്ങളുടെ ഡോക്യുമെന്റേഷൻ, വാസ്തുവിദ്യാ സംബന്ധമായ പുസ്തകങ്ങളുടെ തർജ്ജമ, കേരളത്തിലെ ചുമർചിത്രങ്ങളുടെ ഡോക്യുമെന്റേഷൻ എന്നിവയാണ് ഗുരുകുലത്തിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നത്. 2025-26 വർഷത്തെ ബജറ്റിൽ സ്ഥാപനത്തിന്റെ താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 130.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ആകെ തുകയിൽ 13.00 ലക്ഷം രൂപ വനിതകൾക്കായി മാറ്റി വച്ചിരിക്കുന്നു.

- പരമ്പരാഗത വാസ്തുവിദ്യ, മ്യൂറൽ പെയിന്റിംഗ്, സുസ്ഥിര സാങ്കേതികവിദ്യ എന്നിവയുടെ സംരക്ഷണവും പ്രചാരണവും
- ഹെഡ് ഓഫീസിൽ നിർമ്മാണ പ്രവർത്തനങ്ങൾ
- സെമിനാറുകൾ, ശിൽപശാല, വിൽപ്പന പ്രദർശനം നടത്തുക
- ഡോക്യുമെന്റേഷനും സർവേകളും
- പ്രസിദ്ധീകരണവും പരസ്യവും
- മ്യൂറൽ സ്റ്റേഷനറി സ്റ്റോർ
- മ്യൂറൽ ആർട്ടുകൾക്കുള്ള ഹോളോഗ്രാം
- കേരള പൈതൃക മാതൃകാ ഗ്രാമം
- വടക്കൻ കേരളത്തിലെ റീജിയണൽ ഓഫീസ് (ആർക്കിയോളജി വകുപ്പ് സംയോജിപ്പിച്ച്)
- വെർണാകുലർ ആർക്കിടെക്ചർ മ്യൂസിയം
- ആറന്മുളയിൽ പൈതൃക ഗ്രാമം പദ്ധതി

**40. ഭാരത് ഭവൻ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

കേരളത്തിൽ വസിക്കുന്ന വ്യത്യസ്ത ഭാഷക്കാരായ ജനങ്ങളുടെ സാംസ്കാരിക സമന്വയത്തിനുവേണ്ടി 1984-ൽ രൂപീകരിച്ച സ്ഥാപനമാണ് ഭാരത് ഭവൻ. കല, സംസ്കാരം, ഭാഷ എന്നിവയുടെ അന്തർസംസ്ഥാന, അന്തർദ്ദേശീയ കൈമാറ്റത്തിനും കാലാനുസൃതമാക്കാനും സ്ഥാപനം നിലകൊള്ളുന്നു. 2025-26 വർഷത്തെ ബജറ്റിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- പദ്മഭൂഷൺ ലഭിച്ച ഡോ. കപില വാത്സ്യായനൻ ദേശീയ നൃത്തോത്സവം രണ്ടാം ഘട്ടം
- വില്യം ഷേക്സ്പിയർ ഓൺലൈൻ ഡ്രാമ ഫെസ്റ്റ്
- ലോക് രംഗ് സമഭാവന മഹോൽസവം
- ഹൈക്കു തിയേറ്റർ
- ഭാരത് ഭവൻ വിവർത്തന രത്ന- സമഗ്ര സംഭാവന പുരസ്കാരം, അന്താരാഷ്ട്ര വിവർത്തന ശിൽപശാല
- അന്താരാഷ്ട്ര മൈം ഫെസ്റ്റ്
- പെരും കളിയാട്ടം - തെയ്യം ഉത്സവം
- സംഗമോൽസവം
- കേരള തനിമ
- തിയേറ്റർ ഫാർമെ
- ടാഗോർ ഫെസ്റ്റ്
- പുരസ്കാരങ്ങൾ
- ഓഫീസ് നവീകരണം
- പദ്ധതികൾക്കുള്ള സാങ്കേതിക സഹായം
- യേശുദാസ് ഡിജിറ്റൽ ലൈബ്രറി
- യംഗ് ടാലന്റ് ഫെസ്റ്റിവൽ
- കേരളീയ സാംസ്കാരിക പഠനയാത്ര
- സീ ലോർ ഫെസ്റ്റ് -2025
- ദേശീയ തെരുവ് നാടക ശിൽപശാല
- സാംസ്കാരിക പരിപാടികൾ

**41. കേരള ഗ്രന്ഥവിപണന സൊസൈറ്റി**

**(വിഹിതം: 70.00 ലക്ഷം രൂപ)**

സർക്കാർ പ്രസിദ്ധീകരണങ്ങളും വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പുസ്തകങ്ങളും ജേർണലുകളും നേരിട്ട് വിൽക്കുന്ന ഒരു ഏജൻസിയാണ് ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി. ജനങ്ങളുടെ വായനാശീലം വളർത്തുന്നതിനുതകുന്ന പ്രവർത്തനങ്ങളും സൊസൈറ്റി ഏറ്റെടുത്തു നടത്തുന്നു. വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി പുസ്തക പ്രദർശനങ്ങളും സൊസൈറ്റി ഒരുക്കുന്നു. 2025-26 ബജറ്റിൽ സൊസൈറ്റിയുടെ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണനാടിസ്ഥാനത്തിൽ 70.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- ബുക്ക് മാർക്ക് ബുക്ക് കഫേ
- സ്വന്തം പ്രസിദ്ധീകരണങ്ങൾ
- ഇ - പുസ്തകങ്ങൾ
- ബുക്ക് വെന്റിങ് മെഷീൻ
- പുസ്തക പ്രദർശനങ്ങളും മേളകളും
- അന്താരാഷ്ട്ര പുസ്തകമേള
- മൊബൈൽ ബുക്ക് ഷോപ്പുകൾ മെച്ചപ്പെടുത്തുന്നു

- വെബ്സൈറ്റ് നിർമ്മാണവും സോഷ്യൽ മീഡിയ നെറ്റ്‌വർക്കിംഗും
- സെയിൽസ് ബ്രാഞ്ചിന്റെ നവീകരണം

**42. ജവഹർ ബാലഭവൻ**

**(വിഹിതം: 500.00 ലക്ഷം രൂപ)**

കുട്ടികളുടെ കലാപരവും സാംസ്കാരികപരവും ഭാഷാപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനു വേണ്ടി രൂപീകരിച്ച സ്ഥാപനമാണ് ജവഹർ ബാലഭവൻ. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലായി അഞ്ച് ബാലഭവനുകൾ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ബാലഭവനുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള അഞ്ച് ബാലഭവനുകളുടെ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി 2025-26 ലെ ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തുന്നു. അഞ്ച് ബാലഭവനുകൾക്കായി നീക്കിവച്ചിരിക്കുന്ന തുകയും അവയുടെ പ്രവർത്തനങ്ങളും താഴെപ്പറയുന്നവയാണ്.

മൊത്തം വിഹിതത്തിൽ നിന്നും 200.00 ലക്ഷം രൂപ കൊല്ലം ജവഹർ ബാലഭവന്റെ ബഹുനില കെട്ടിടത്തിന്റെ നിർമ്മാണത്തിന് മാത്രമായി വകയിരുത്തിയിരിക്കുന്നു.

| ബാലഭവനുകൾ | അനുവദിച്ച തുക |
|---|---|
| തിരുവനന്തപുരം ബാലഭവൻ | 80.00 |
| കൊല്ലം ബാലഭവൻ | 260.00 |
| ആലപ്പുഴ ബാലഭവൻ | 60.00 |
| കോട്ടയം ബാലഭവൻ | 60.00 |
| തൃശ്ശൂർ ബാലഭവൻ | 40.00 |

- ബാലഭവൻ തിരുവനന്തപുരത്ത് കുട്ടികളുടെ തിയേറ്ററിന്റെ പൂർത്തീകരണം, മതിലിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ, ശിശുസൗഹൃദ ലൈബ്രറിയുടെ വാർഷിക അറ്റകുറ്റപ്പണികളും നവീകരണ പ്രവൃത്തികളും, ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളും.
- ബാലഭവൻ കൊല്ലത്ത് ബഹുനില കെട്ടിടത്തിന്റെ നിർമ്മാണം
- ബാലഭവൻ ആലപ്പുഴയിലെ ലൈബ്രറി കെട്ടിടം, സയൻസ് പാർക്ക് ഉൾപ്പെടെ നവീകരണവും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും
- കോട്ടയത്തെ ബാലഭവനിൽ സോളാർ പാനലിംഗ്, ഓഫീസ് കംപ്യൂട്ടർവൽക്കരണം, ഇൻസുലേറ്റർ, ഫുട്ബോൾ ടർഫ് നിർമ്മാണം, ലൈബ്രറി പുസ്തകങ്ങൾ, ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം, ശിശുദിനാഘോഷം, ഓഫീസിന്റെയും പാർക്കിന്റെയും നവീകരണം.
- ജവഹർ ബാലഭവൻ തൃശ്ശൂരിന്റെ പ്രവർത്തനങ്ങളും വാർഷിക പരിപാലനവും

**43. കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നയ്ക്കൽ, തിരുവനന്തപുരം.**

**(വിഹിതം: 70.00 ലക്ഷം രൂപ)**

ദേശീയ സംസ്കാരിക സ്ഥാപനമെന്ന നിലയിൽ ആശാൻ സ്മാരകം വിവിധ ഘട്ടങ്ങളിൽ സമഗ്ര വികസന പദ്ധതിയുടെ അടിസ്ഥാനത്തിൽ നിരവധി സംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നു. ദേശീയ സാംസ്കാരിക പൈതൃക മ്യൂസിയം, ലൈബ്രറി ഡിജിറ്റലൈസേഷൻ, അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനം, ആശാൻ കൃതികളുടെ വിവർത്തനം, പ്രസിദ്ധീകരണം, ആശാൻ പ്രതിമയുടെ നിർമ്മാണം, വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക, ആശാൻ കൃതികളെക്കുറിച്ചുള്ള വിജ്ഞാനകോശം തയ്യാറാക്കൽ, ഗ്രന്ഥ സൂചിക തയ്യാറാക്കൽ, വിവേകോദയം പ്രസിദ്ധീകരിക്കൽ എന്നിവ ഇതിലുൾപ്പെടുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 70.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- കുമാരനാശാന്റെ ജന്മദിനവും ചരമവാർഷികവും സംബന്ധിച്ച പരിപാടികൾ
- മ്യൂറൽ മ്യൂസിയം കെട്ടിടത്തിന്റെ നവീകരണം

- ആശാൻ ഡോക്യുമെന്ററി

**44. കേരള കലാമണ്ഡലം**

**(വിഹിതം: 2450.00 ലക്ഷം രൂപ)**

പരമ്പരാഗത കലാരൂപങ്ങളായ കഥകളി, മോഹിനിയാട്ടം, കൂടിയാട്ടം, തുള്ളൽ, അവയുടെ സംഗീത-സ്വരവും ഉപകരണങ്ങളും എന്നിവയുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി 1930-ൽ കവി വള്ളത്തോൾ നാരായണ മേനോൻ രൂപീകരിച്ച സ്ഥാപനമാണ് കേരള കലാമണ്ഡലം. കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേന്ദ്രമായ കേരള കലാമണ്ഡലം 2007-ൽ ഒരു ഡീംഡ് യൂണിവേഴ്സിറ്റി എന്ന പദവി കരസ്ഥമാക്കി, ഇതിനായി ഉന്നത തലത്തിലുള്ള കലാ-അക്കാദമിക പ്രവർത്തനങ്ങൾ ആവശ്യമാണ്. മൊത്തം വിഹിതത്തിൽ നിന്നും 600.00 ലക്ഷം രൂപ വനിതാ കേന്ദ്രീകൃത പ്രവർത്തനങ്ങൾക്ക് മാത്രമായി ചെലവഴിക്കാവുന്നതാണ്. സ്ഥാപനത്തിന്റെ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 2450.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- പുതിയ കാമ്പസിനായി സ്ഥലം ഏറ്റെടുക്കലും മാസ്റ്റർ പ്ലാൻ തയ്യാറാക്കലും
- 4 വർഷത്തെ ഡിഗ്രി കോഴ്സുകളുടെ ആരംഭം
- മണക്കുളം മുകുന്ദരാജ സ്മാരക അക്കാദമിക് ബ്ലോക്ക്, വള്ളത്തോൾ സ്മാരക ഉദ്യാനം, വനിത ഹോസ്റ്റൽ എന്നിവയുടെ നിർമാണം
- ലൈബ്രറിയുടെ കമ്പ്യൂട്ടർവൽക്കരണം
- അന്താരാഷ്ട്ര നൃത്ത സംഗീതോത്സവം
- ആർക്കൈവുകളുടെയും റെക്കോർഡിംഗ് സ്റ്റുഡിയോയുടെയും നിർമ്മാണം
- ഡിപ്പാർട്ട്മെന്റ് പ്രോഗ്രാമുകൾ സംഘടിപ്പിക്കൽ
- ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ
- പ്രസിദ്ധീകരണവും അച്ചടിയും
- സംഗീതോപകരണങ്ങളുടെ വാങ്ങലും പരിപാലനവും
- ഫർണിച്ചറുകൾ വാങ്ങൽ
- ജൈവ കൃഷി
- നൃത്ത നാട്യ പുരസ്കാരവും മറ്റ് അവാർഡുകളും
- വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പൻഡ്
- ഫാക്കൽറ്റി വികസന പരിപാടി
- കൂത്തമ്പലം നവീകരണം
- വാർഷിക അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനങ്ങളും
- കേരളത്തിലെ ഗവേഷണ പഠനത്തിനുള്ള ശേഷി വർദ്ധിപ്പിക്കൽ (SIK)
- മറ്റു പ്രവർത്തനങ്ങൾ

**45. മലയാളം മിഷൻ**

**(വിഹിതം: 200.00 ലക്ഷം രൂപ)**

സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് മലയാളം മിഷൻ. മലയാള ഭാഷാ പഠനം സാധ്യമാക്കുന്നതിനും പ്രവാസി മലയാളികളുടെ കുട്ടികൾക്ക് മലയാളികളുടെ സാംസ്കാരിക പാരമ്പര്യം പരിചയപ്പെടുത്തുന്നതിനുമായി സ്ഥാപിക്കപ്പെട്ടതാണ് മലയാളം മിഷൻ. 2025-26 വർഷത്തെ ബജറ്റിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- പാഠ്യപദ്ധതി പരിഷ്കരണം, പാഠ്യപദ്ധതി നടപ്പാക്കൽ, മലയാളം മിഷൻ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ
- ടെക്സ്റ്റ് ബുക്ക് റിവിഷൻ
- പഠന കേന്ദ്രങ്ങൾക്ക് സാമ്പത്തിക സഹായം

- ഭൂമി മലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ്, മറ്റ് പ്രസിദ്ധീകരണങ്ങൾ, ബ്രോഷറുകൾ
- റേഡിയോ മലയാളം, ഇന്റർനെറ്റ് റേഡിയോ, എഫ്എം റേഡിയോ
- സുവനീർ ഷോപ്പ്
- പഠനകേന്ദ്രങ്ങളിൽ ലൈബ്രറി സ്ഥാപിക്കൽ
- മിഷൻ വിരൽ തുമ്പിൽ സേവനം പദ്ധതി
- മലയാൺമ പഠിതാക്കൾക്കായി പഠനയാത്രകൾ,സഹവാസ ക്യാമ്പുകൾ
- സാംസ്കാരിക വിനിമയ പരിപാടികൾ/ലോക കേരള സഭാ സെമിനാറുകൾ – ഓപ്പൺ ഫോറം, മത്സരങ്ങൾ
- അവാർഡുകൾ
- സമം, മലയാളം മിഷൻ ക്ലബ്
- അതിഥി മലയാളം (അനന്യ മലയാളം) വിശ്വമലയാളം, കുട്ടി മലയാളം
- പ്രവാസി ബാലസാഹിത്യകാരന്മാർക്ക് പ്രോത്സാഹനം
- മലയാളം ഒരു വർഷം ഒരു ഭാഷക്കൊപ്പം – പ്രവാസി സാഹിത്യ സംഗമം
- ലാറ്ററൽ എൻട്രി പരീക്ഷ
- നീലക്കുറിഞ്ഞി പരീക്ഷ നടത്തുക
- ഓഫ്‌ലൈൻ അധ്യാപക പരിശീലനം
- സാംസ്കാരിക പരിപാടികൾ
- മലയാളം മിഷൻ അധ്യാപകർക്ക് പ്രവാസി ക്ഷേമനിധി അംഗത്വം
- ആസ്ഥാനവും അടിസ്ഥാന സൗകര്യങ്ങളും
- പ്രോജക്ട് അഡ്മിനിസ്ട്രേഷൻ, മാനേജ്മെന്റ്, മോണിറ്ററിംഗ്
- കഥാ സിനിമ നിർമ്മാണ മത്സരം

**46. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി**

**(വിഹിതം: 15.00 ലക്ഷം രൂപ)**

മഹാകവി മോയിൻകുട്ടി വൈദ്യർ, മാപ്പിളപ്പാട്ടിന് മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി അദ്ദേഹത്തിന്റെ ജൻമസ്ഥലമായ കൊണ്ടോട്ടി ഗ്രാമത്തിൽ 1999–ൽ സ്ഥാപിച്ച സ്മാരകമാണ് മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി. ബദർപദപാട്ടിലുള്ള പഠനങ്ങളും വ്യാഖ്യാനങ്ങളും അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാപ്പിളപ്പാട്ടിലും മാപ്പിള കലയിലുമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ അക്കാദമി നടത്തുന്നുണ്ട്. അക്കാദമിയുടെ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2025–26 വർഷത്തെ ബജറ്റിൽ 15.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- ക്ലാസ് മുറികളുള്ള ഫർണിച്ചറുകൾ വാങ്ങുക, ഓഡിറ്റോറിയവും റിസപ്ഷനും നവീകരണം, വയറിംഗ്
- ലാൻഡ്സ്കേപ്പിംഗും പെയിന്റിംഗും
- സാംസ്കാരിക വിനിമയ പരിപാടികൾ
- പുസ്തക പ്രസിദ്ധീകരണങ്ങൾ
- ഇശൽ വാണി വെബ് റേഡിയോ
- മാപ്പിള കലാ പരിശീലന ക്യാമ്പുകൾ
- അവാർഡുകൾ
- സ്കൂൾ ഓഫ് മാപ്പിള ആർട്സ്
- സംഗീതോപകരണങ്ങൾ വാങ്ങൽ,
- ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ
- ബിൽഡിംഗ് പെയിന്റിംഗ്
- സമം പ്രോഗ്രാമുകൾ

- ഓഡിറ്റോറിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ
- പ്രാചീന അറബി മലയാളം
- മാപ്പിള സാഹിത്യത്തിലെ സ്ത്രീ പഠനങ്ങൾ
- സ്മാരകത്തിന്റെ 25–ാം വാർഷികം
- മാപ്പിള കലോൽസവങ്ങൾ
- മ്യൂസിയത്തിന്റെയും താമസ സൗകര്യങ്ങളുടെയും വിപുലീകരണം

**47. ശ്രീ നാരായണ അന്തർദേശീയ പഠന കേന്ദ്രം**

**(വിഹിതം: 40.00 ലക്ഷം രൂപ)**

ശ്രീനാരായണ ഗുരുവിന്റെ ദർശനത്തെ പഠിപ്പിക്കുവാനും പ്രചരിപ്പിക്കുവാനുമായുള്ള ഏക സർക്കാർ സ്ഥാപനമാണ് ചെമ്പഴന്തിയിൽ പ്രവർത്തിക്കുന്ന ശ്രീ നാരായണ അന്തർദ്ദേശീയ പഠനകേന്ദ്രം. സാംസ്കാരിക വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനം 2004 ലാണ് സ്ഥാപിച്ചത്. 2025–26 വർഷത്തെ ബജറ്റിൽ 40.00 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു

- ശ്രീനാരായണ അന്താരാഷ്ട്ര പുരസ്കാരം
- ശ്രീനാരായണ ഗുരു ദർശനവും സ്ത്രീ സമത്വവും
- ഗുരുദർശനത്തെക്കുറിച്ചുള്ള ഹ്രസ്വ കോഴ്സുകൾ
- പ്രധാന ദിനാചരണങ്ങളും മറ്റ് സെമിനാറുകളും
- ശ്രീനാരായണ ഗുരുവിന്റെ കൃതികളുടെ പദാവലി തയ്യാറാക്കൽ
- സർവമത സമ്മേളനങ്ങൾ സംഘടിപ്പിക്കുക
- ആത്മോപദേശതകത്തിൽ ഡിപ്ലോമ
- പ്രതിവാര പഠന ക്ലാസുകൾ
- പ്രതിമാസ ക്ലാസുകൾ/ചർച്ചകൾ
- ശ്രീനാരായണ ഗുരുവിന്റെ ജന്മ/ ചരമവാർഷിക ദിനാചരണം

**48. തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റ്, തിരൂർ**

**(വിഹിതം: 40.00 ലക്ഷം രൂപ)**

തുഞ്ചത്ത് എഴുത്തച്ഛന്റെ സ്മരണക്കായി 2001 ലാണ് തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റ് രൂപീകരിച്ചത്. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഈ സ്ഥാപനത്തെ ഒരു ഗവേഷണ സെന്റർ ആയി അംഗീകരിച്ചിട്ടുണ്ട്. രാജ്യത്തുടനീളമുള്ള വിദ്യാർത്ഥികളും, ഗവേഷകരും, ഭാഷാ സ്നേഹികളും നിരന്തരം ഇവിടെ സന്ദർശിക്കുന്നുണ്ട്. തുഞ്ചൻ സാഹിത്യ മ്യൂസിയം 2008 ലാണ് തുടങ്ങിയത്. ഇന്ത്യൻ ഭാഷകളിൽ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണ് ഇത്. മലയാള ഭാഷയുടെ വിവിധ വളർച്ചാ ഘട്ടങ്ങൾ ഈ മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നുണ്ട്. തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റിന്റെ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025–26 ബജറ്റിൽ 40.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- വയോജനങ്ങൾക്കുള്ള സാഹിത്യ ക്യാമ്പും വിദ്യാർത്ഥികൾക്കുള്ള സാഹിത്യ പഠന ക്യാമ്പും
- രാമായണ മാസാചരണം
- ക്ലാസിക് പ്രഭാഷണ പരമ്പര
- ബാലസമാജം പ്രോഗ്രാം
- തുഞ്ചൻ ഉത്സവം
- വിദ്യാരംഭം കലോത്സവം
- തുഞ്ചൻ മ്യൂസിയത്തിന്റെയും കെട്ടിടത്തിന്റെയും നവീകരണ പ്രവർത്തനങ്ങൾ.
- തുഞ്ചൻ മ്യൂസിയത്തിന് പുതിയ ലൈബ്രറി.
- കൃഷ്ണശിലാ മണ്ഡപം, ശില്പമണ്ഡപം, സരസ്വതി മണ്ഡപം എന്നിവയുടെ സൃഷ്ടികൾ
- സിസിടിവി, വാട്ടർ വർക്കുകൾ
- ഓപ്പൺ സ്റ്റേജ്, ഡോർമിറ്ററി, ലൈബ്രറി എന്നിവയുടെ നവീകരണം

- കോട്ടേജിനുള്ള ഫർണിച്ചറുകൾ

**സാംസ്കാരിക ഡയറക്ടറേറ്റ്**

കേരളത്തിന്റെ തനത് സംസ്കാരം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാരിന്റെ കീഴിൽ രൂപീകരിക്കപെട്ടതാണ് സാംസ്കാരിക വകുപ്പ്. കേരളത്തിന്റെ കലയുടെയും സാഹിത്യത്തിന്റെയും ആചാരങ്ങളുടെയും മഹത്വവും വൈവിധ്യവും താരതമ്യത്തിന് അപ്പുറമാണ്. കാലക്രമേണ, ഈ വകുപ്പ് കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ സംരക്ഷണത്തിന്റെ ചുമതല ഏറ്റെടുത്തു. സാംസ്കാരിക ഡയറക്ടറേറ്റ് അതിന്റെ ദൗത്യം നിർവഹിക്കുന്നതിന് വിവിധ പദ്ധതികളും പദ്ധതികളും ഏറ്റെടുക്കുകയും വിജയകരമായി നടപ്പിലാക്കുകയും ചെയ്യുന്നു, കൂടാതെ വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ സജീവമായി അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഡയറക്ടറേറ്റിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**49. സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ആവർത്തനേതര ധനസഹായം**

**(വിഹിതം: 75.00 ലക്ഷം രൂപ)**

വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്കും ഗ്രൂപ്പുകൾക്കും സർക്കാർ ആവർത്തനേതര ധനസഹായം നൽകിവരുന്നു. സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളിൽ അർഹരായ സ്ഥാപനങ്ങൾക്കും ഗ്രൂപ്പുകൾക്കും കൾച്ചറൽ ഡയറക്ടറേറ്റ് ഗ്രാന്റ് വിതരണം ചെയ്യുന്നു. 2025-26 ബജറ്റിൽ സാംസ്കാരിക പ്രവർത്തനങ്ങൾക്കായുള്ള ആവർത്തനേതര ധനസഹായം നൽകൽ പദ്ധതിക്കായി 75.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**50. ഉൽകൃഷ്ടരായ കലാ/സാഹിത്യവ്യക്തികളുടെ സ്മാരകങ്ങൾക്കുള്ള സഹായം**

**(വിഹിതം: 500.00 ലക്ഷം രൂപ)**

വാർഷിക ഗ്രാന്റിന് പുറമേ തെരഞ്ഞെടുക്കപ്പെടുന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഗ്രാന്റ് നൽകിവരുന്നു. പദ്ധതിയിനത്തിൽ പ്രത്യേകമായി തുക വകയിരുത്താത്ത സ്ഥാപനങ്ങൾക്ക് മാത്രം വിഹിതം നൽകുന്നതാണ്. ഈ പദ്ധതിപ്രകാരം അവശ്യ സാഹചര്യങ്ങളിൽ ജീവിക്കുന്ന പ്രഗത്ഭരായ കലാസാഹിത്യ വ്യക്തികൾക്കും സാമ്പത്തിക സഹായം നൽകുന്നു. കലയിലും അക്ഷരങ്ങളിലും മികവ് പുലർത്തുന്ന വ്യക്തികൾക്ക് ഈ പദ്ധതി സാമ്പത്തിക സഹായം നൽകുന്നുണ്ട്. 2017-18 ബജറ്റ് മുതൽ പ്രമുഖ സാഹിത്യകാരന്മാരുടെയും എഴുത്തുകാരെയും സാംസ്കാരിക വ്യക്തികളുടെയും സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രമുഖ എഴുത്തുകാരുടേയും കലാസാംസ്കാരിക വ്യക്തികളുടേയും സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതുനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. തെരഞ്ഞെടുത്ത സാംസ്കാരിക സ്ഥാപനങ്ങൾക്ക് അവരുടെ സാംസ്കാരിക, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാനും പദ്ധതി സഹായം നൽകും.

വിവിധ അക്കാദമികളുടെ സഹായത്തോടെ വിവിധ കലാരൂപങ്ങൾ, സാഹിത്യം, സിനിമ തുടങ്ങിയ മേഖലകളിലെ പ്രഗത്ഭരുടെ ജീവചരിത്രവും പ്രകടനവും ഡോക്യുമെന്റേഷനും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കായി 2025-26 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**51. കേരള സംസ്കാരത്തിന്റെ വ്യാപനം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

കേരളത്തിലും പുറത്തും സാംസ്കാരിക പൈതൃകത്തെ പ്രചരിപ്പിക്കുന്നതിനും നമ്മുടെ കലാരൂപങ്ങളെ ശാക്തീകരിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. കേരള സംസ്കാരത്തിന്റെ വിവിധ വശങ്ങളെ സ്പർശിച്ചുകൊണ്ട് ഇതിനകം സൃഷ്ടിച്ച വെബ്സൈറ്റിന്റെ ഡിജിറ്റൽ അപ്ഡേറ്റ്, കേരളത്തിന്റെ മൂർത്തവും അദൃശ്യവുമായ പൈതൃകത്തിനായുള്ള ഒരു സാംസ്കാരിക ഭൂപടത്തിന്റെ വികസനം, കേരള സംസ്കാരത്തെക്കുറിച്ച് അവബോധം പ്രചരിപ്പിക്കുക, പൊതുജനങ്ങൾക്കിടയിൽ സംരക്ഷണ ബോധവൽക്കരണ പരിപാടി നടത്തുക, ദേശീയ അന്തർദ്ദേശീയ സാംസ്കാരിക വിനിമയ പരിപാടികൾ, ശിൽപശാലകൾ, സെമിനാറുകൾ, വിവിധ കലാപരിപാടികൾ, കേരള കൾച്ചറൽ കോൺഗ്രസ് എന്നിവ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 52. യുവകലാകാരന്മാർക്കായുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ്

**(വിഹിതം: 1300.00 ലക്ഷം രൂപ)**

ഒരു തരത്തിൽ യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും മറ്റൊരു തരത്തിൽ പ്രാദേശിക സാംസ്കാരിക വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ഇരട്ട ലക്ഷ്യങ്ങളാണ് ഈ പദ്ധതിക്കുള്ളത്. സംസ്ഥാനത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് ബിരുദം നേടുന്ന യുവകലാകാരന്മാർക്ക് ആയിരം വജ്രജൂബിലി ഫെലോഷിപ്പുകൾ നൽകും കൂടാതെ 14 ജില്ലകളിലെ ഫെലോഷിപ്പ് സംവിധാനങ്ങളുടെ പ്രവർത്തനം 14 കോ-ഓർഡിനേറ്റർമാർ ഉറപ്പുവരുത്തും. അവാർഡ് ജേതാക്കൾക്ക് സംസ്ഥാന സർക്കാർ പ്രതിമാസം 10,000/- രൂപ ഫെലോഷിപ്പ് ഉറപ്പാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവർക്ക് 7,500/- രൂപ അധികമായി നൽകുന്നുന്നതാണ്. ഫെല്ലോഷിപ്പ് ജേതാവിന് ആതിഥേയത്വം നല്കുന്ന ഒരു പ്രാദേശിക ആതിഥേയനെ കണ്ടെത്തുമ്പോഴാണ് ഫെല്ലോഷിപ്പ് പ്രവർത്തനക്ഷമമാകുന്നത്. സ്കൂളുകളും പ്രാദേശിക സർക്കാരും ആതിഥേയത്വം നൽകി ഫെല്ലോഷിപ്പുകൾ പ്രോത്സാഹിപ്പിക്കണം. പ്രസ്തുത പദ്ധതി, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമൂഹ്യ കേന്ദ്രങ്ങളെ സജീവ കലാകേന്ദ്രങ്ങളാക്കി മാറ്റും. അതുപോലെ ഫെല്ലോഷിപ്പ് ജേതാക്കൾക്ക് ആതിഥ്യം നൽകുന്ന സ്കൂളുകളും മാറും. പദ്ധതിക്ക് കീഴിലുള്ള കലാകാരന്മാർ ടൂറിസം വകുപ്പിന്റെയും എൽഎസ്ജിഡിയുടെയും സഹായത്തോടെ പ്രതിമാസ അടിസ്ഥാനത്തിൽ അവരുടെ പ്രകടനം പ്രദർശിപ്പിക്കും. 2025-26 ബജറ്റിൽ പ്രതിമാസ ഫെലോഷിപ്പ് നൽകുന്നതിനായി സാംസ്കാരിക ഡയറക്ടറേറ്റിന് 1300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ആകെയുള്ള വിഹിതത്തിൽ നിന്നും 455.00 ലക്ഷം രൂപ വനിതകൾക്കായി നീക്കി വച്ചിരിക്കുന്നു.

### 53. കലാകാരന്മാർക്കുള്ള ഉപജീവനം/റൂറൽ ആർട്ട് ഹബ്ബുകൾ

**(വിഹിതം: 500.00 ലക്ഷം രൂപ)**

നാടൻ കലകളുടെയും കൈത്തൊഴിലുകാരുടെയും സമ്പന്നമായൊരു സാംസ്കാരിക പൈതൃകം കേരളത്തിനുണ്ട്. ഈ കലാകാരന്മാരുടെയും കൈത്തൊഴിലുകാരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി യുനെസ്കോപോലുള്ള സംഘടനകളുടെ സഹകരണത്തോടെ റൂറൽ ആർട്ട് ഹബ്ബുകൾ രൂപീകരിക്കുന്നതിനും അതിലൂടെ ഇത്തരം നാടൻ കലാകാരന്മാരുടെയും കൈത്തൊഴിലുകാരുടെയും കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവയെ രാജ്യാന്തര വിപണിയിൽ എത്തിക്കുന്നതിലൂടെ അവരുടെ ഉപജീവന സാദ്ധ്യത ശാക്തീകരിക്കുന്നതിനും വിഭാവനം ചെയ്യുന്നു. കാര്യശേഷി വികസനത്തിനും നേരിട്ട് വിപണിയുമായി ബന്ധിപ്പിക്കുന്നതിനും മുൻഗണന നൽകുന്നു. മറ്റ് സംസ്ഥാനങ്ങളുമായും രാജ്യങ്ങളുമായുള്ള സഹകരണത്തോടെ കലാകാരന്മാർക്ക് പുതിയ വഴിയൊരുക്കാൻ സഹായിക്കുന്നു. നിലവിൽ പദ്ധതിയുടെ മൂന്നാം ഘട്ടത്തിന്റെ നടത്തിപ്പ് പുരോഗമിക്കുകയാണ്. ക്ലസ്റ്ററുകൾ സ്ഥാപിക്കൽ, നൈപുണ്യ വികസനം, ഗുണഭോക്താക്കളുടെ ശാക്തീകരണം, ദേശീയ-വിദേശ വിപണി അവബോധം സ്ഥാപിക്കൽ, മേളകളുടെയും പ്രദർശനങ്ങളുടെയും നടത്തിപ്പ് തുടങ്ങിയവ ഏറ്റെടുത്തുവരികയാണ്. സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ വാസ്തുവിദ്യ ഗുരുകുലം 2022 മുതൽ നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പ്രോജക്ട് കോ-ഓർഡിനേറ്ററുടെ സേവനം അനിവാര്യമാണ്. ഈ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ കൾച്ചർ ഡയറക്ടറേറ്റിന് 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്, അതിൽ 175.00 ലക്ഷം രൂപ വനിതകളുടെ വികസന പദ്ധതികൾക്കായി വിനിയോഗിക്കേണ്ടതാണ്.

### 54. നാട്ടരങ്ങ്

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഈ പദ്ധതിയിലൂടെ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറു പട്ടണങ്ങളിലും സൗകര്യപ്രദങ്ങളായ പാതയോരങ്ങൾ കണ്ടെത്തി സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. സ്ഥല ലഭ്യതയനുസരിച്ച് ചെറിയ സ്റ്റേജ്, മേക്കപ്പ് റൂം, പൂന്തോട്ടം, ഇരിപ്പിടം, സോളാർ ലൈറ്റുകൾ, മ്യൂറൽ പെയിന്റിംഗുകൾ, ശിൽപങ്ങൾ തുടങ്ങിയവ സജ്ജീകരിക്കും. ഒരു നാട്ടരങ്ങ് യൂണിറ്റിന്റെ ചെലവ് 25.00 ലക്ഷം രൂപയാണ്. ഈ പദ്ധതിക്കായി സാംസ്കാരിക ഡയറക്ടറേറ്റിന് 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**55. ആനിമേഷൻ – വിഷ്വൽ എഫക്ട്സ് ഗെയിമിംഗ് കോമിക്സ് (ഗെയിമിംഗ് – ആനിമേഷൻ ഹാബിറ്റാറ്റ്)**

**(വിഹിതം: 25.00 ലക്ഷം രൂപ)**

ഗെയിമിംഗ്, ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ് എന്നിവ സാംസ്കാരിക വിനോദ വ്യവസായ രംഗത്ത് സാങ്കേതിക വിദ്യയാൽ മുന്നേറികൊണ്ടിരിക്കുന്ന മേഖലകളിൽ ചിലതാണ്. ആഗോളപരമായി ഈ മേഖല അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന മേഖലകളിലൊന്നാണ്. പ്രധാനമായും ഇതിന്റെ വളർച്ച മുന്നേറിക്കൊണ്ടിരിക്കുന്നത് അന്തർദ്ദേശീയ പുറംകരാറിലൂടെയാണെങ്കിലും ഇന്ത്യയിൽ ആഭ്യന്തര ചോദനവും വർധിച്ചുകൊണ്ടിരിക്കുന്നു. മുഴുനീള ചലച്ചിത്രങ്ങൾ ഉൾപ്പടെ പ്രാദേശിക ആനിമേഷൻ ചലച്ചിത്ര നിർമ്മാണം വികസിച്ചുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് പുതിയ സാങ്കേതിക വിദ്യകൾ കൈക്കൊള്ളുന്നതിലൂടെ പ്രാദേശിക ഉള്ളടക്കത്തിന്റെ ചോദനത്തിലും വർദ്ധനവുണ്ടാകുന്നു. മാധ്യമ സോഫ്റ്റ്‌വെയർ വ്യവസായ മേഖലയിൽ ഇതിന് ദീർഘകാല ചരിത്രമുള്ളതിനാൽ ഗെയിമിംഗ്, ആനിമേഷൻ മേഖലയിൽ കേരളത്തിന് അനുകൂല സ്ഥാനമാണുള്ളത്. ഇന്ററാക്ടീവ് ഡിസൈൻ ഇന്റലിജൻസിന്റെ അഗാധമായ ഡൊമെയ്നെക്കുറിച്ചുള്ള ഉന്നത തലത്തിലുള്ള വിനിമയ പരമ്പര ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഗെയിമിംഗ്-സ്കിൽസ്/ടാലന്റ് ഡെവലപ്പിംഗ് സെന്ററുകൾ സ്ഥാപിക്കൽ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സിനിമ, സാഹിത്യം, സാംസ്കാരിക പഠനങ്ങൾ, കലാചരിത്രം, ഭൗതികശാസ്ത്രം, ഗണിതം, മനഃശാസ്ത്രം, ഗെയിമിംഗ്-സ്കിൽസ്/ടാലന്റ് ഡെവലപ്പിംഗ് സെന്ററുകൾ സ്ഥാപിക്കൽ തുടങ്ങിയ മനുഷ്യവിജ്ഞാനത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖ ചിന്തകർ പങ്കെടുക്കുന്ന നിരവധി ഓൺലൈൻ സിമ്പോസിയങ്ങൾ നടത്തുന്നത് ഇതിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പിലാക്കാൻ KSFDC-യുടെ സ്വന്തം സാങ്കേതിക പിന്തുണയുണ്ട്. കെ.എസ്.എഫ്.ഡി.സി മുഖേനയാണ് പദ്ധതി നടപ്പാക്കുക. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ **25.00** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**56. സാംസ്കാരിക ഡയറക്ടറേറ്റിലെ ഇ-ഫയലിംഗ് സംവിധാനം**

**(വിഹിതം: 20.00 ലക്ഷം രൂപ)**

ഇക്കാലത്ത് പരമ്പരാഗത ഓഫീസുകൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമായ ഇ-ഓഫീസായി മാറ്റേണ്ടതുണ്ട്. രേഖകൾ എളുപ്പത്തിൽ വീണ്ടെടുക്കാൻ കഴിയുന്ന ഒരു ഇ-ഗവേണൻസ് സംരംഭമാണ് ഇലക്ട്രോണിക് ഫയലിംഗ്. ഈ സൗകര്യത്തിനായി ഇ-ഫയലിംഗ് സംവിധാനത്തിനായി 2025-26 ബജറ്റിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**57. സാംസ്കാരിക ഡയറക്ടറേറ്റ് സമുച്ചയ നിർമ്മാണം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

തിരുവനന്തപുരത്ത് നിലവിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സാംസ്കാരിക ഡയറക്ടറേറ്റിന്റെ ഓഫീസും മറ്റ് സാംസ്കാരിക സ്ഥാപനങ്ങളും മാറ്റി സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള സ്ഥിരം വേദി, വിവിധ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള സുസജ്ജമായ സ്റ്റേജ്, വിശ്രമമുറികൾ, പൊതുജനങ്ങൾക്കുള്ള ഇരിപ്പിട സൗകര്യം എന്നിവയും പദ്ധതിയിൽ ഉൾപ്പെടുന്നു. സാംസ്കാരിക ഡയറക്ടറേറ്റ് സമുച്ചയ നിർമ്മാണത്തിനായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**58. കലാകാരന്മാർക്കുള്ള അഭയ കേന്ദ്രം (ഹോംസ്റ്റേ)/കലാഗ്രാമം**

**(വിഹിതം: 10.00 ലക്ഷം രൂപ)**

ജീവിതത്തിൽ ഒറ്റപ്പെട്ടുപോയ വിവിധ കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കും സുസ്ഥിരമായ ഉപജീവനമാർഗം വികസിപ്പിക്കാൻ ഈ പദ്ധതി നിർദ്ദേശിക്കുന്നു. ഭക്ഷണം, താമസം, കലാപരിപാടികൾ തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളോടുകൂടിയ അഭയകേന്ദ്രം നിർമ്മിക്കുന്നതിനാണ് തുക അനുവദിച്ചിരിക്കുന്നത്. കലാകാരന്മാർ/കലാഗ്രാമങ്ങൾക്കായി അഭയകേന്ദ്രം (ഹോംസ്റ്റേ) സ്ഥാപിക്കുന്നതിന് 2025-26 ബജറ്റിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**59. 'മഴമിഴി' നവമാധ്യമ കലാപരിപാടി**

**(വിഹിതം: 50.00 ലക്ഷം രൂപ)**

കൊവിഡ്-19 മഹാമാരിയിലും, വെള്ളപ്പൊക്കത്തിലും ഉപജീവനമാർഗം നഷ്ടപ്പെട്ട കലാസമൂഹത്തിന് പിന്തുണ നൽകുകയാണ് പദ്ധതിയുടെ ഉദ്ദേശം. ഭാരത് ഭവൻ മുഖേനയാണ് നടപ്പാക്കുന്നത്. നാടൻ കലകൾ, അവതരണ/പ്രകടന കലാ പരിപാടികൾ, ശിൽപ നിർമ്മാണം, കരകൗശല വസ്തുക്കൾ എന്നിവയെക്കുറിച്ചുള്ള അവതരണത്തിനായി ഓൺലൈനായും ഓഫ്

ലൈനായുമുള്ള പ്ലാറ്റ്ഫോമുകളിലൂടെ ലഭ്യമാക്കാനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. 'മഴമിഴി' നവമാധ്യമ കലാപരിപാടിക്കായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**60. ഫ്രീഡം മെമ്മോറിയൽ പാർക്ക്/സ്വാതന്ത്ര്യ സമര അനുസ്മരണ പാർക്ക്**

**(വിഹിതം: 12.00 ലക്ഷം രൂപ)**

ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യ വാർഷികത്തിന്റെ സ്മരണയ്ക്കായി 'ആസാദി കാ അമൃത് മഹോത്സവ്' എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷം ഇന്ത്യാ ഗവൺമെന്റ് സംഘടിപ്പിക്കുന്നുണ്ട്. ആസാദി കാ അമൃത് മഹോത്സവ'ത്തിന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ സ്വാതന്ത്ര്യ സമര സേനാനികളുടെ സ്മരണയ്ക്കായി സ്മാരക പാർക്കുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. സ്വാതന്ത്ര്യ സമര കാലത്ത് നടന്ന അവിസ്മരണീയമായ സംഭവങ്ങൾ തലമുറകളിലേക്ക് പ്രചരിപ്പിക്കുന്നതിനാണ് തുക അനുവദിച്ചിരിക്കുന്നത്. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 12.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**61. ലിംഗ പദവി സമത്വത്തിനായുള്ള 'സമം' സാംസ്കാരിക സംരംഭം**

**(വിഹിതം: 75.00 ലക്ഷം രൂപ)**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളിൽ പ്രതിഷേധിക്കുന്നതാണ് സമം സംരംഭത്തിന്റെ പ്രധാന ആശയം. സാംസ്കാരിക വകുപ്പിനെ പ്രതിനിധീകരിച്ച് ഭാരത് ഭവൻ, മലയാളം മിഷൻ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കെ.എസ്.എഫ്.ഡി.സി, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ അനുബന്ധ സാംസ്കാരിക സ്ഥാപനങ്ങൾ വിവിധ പ്രചാരണ പരിപാടികളിലൂടെ ഈ പദ്ധതി നടപ്പിലാക്കുന്നു. യുവജന കമ്മീഷൻ, എൻ.എസ്.എസ്, സ്കൗട്ട് ആൻഡ് ഗൈഡ്സ് തുടങ്ങി വിവിധ സ്ഥാപനങ്ങളും ഈ പദ്ധതി നിർവഹണത്തിൽ സജീവമായി പങ്കെടുക്കുന്നുണ്ട്. സാംസ്കാരിക വിദ്യാഭ്യാസ പരിപാടിയിലൂടെ പൊതുജനങ്ങളുടെ സാംസ്കാരിക ഉന്നമനം നടപ്പിലാക്കാനും എല്ലാ മേഖലകളിലും ലിംഗ പദവി സമത്വം എന്ന ആശയം പ്രചരിപ്പിക്കാനും സമത്തിന്റെ പ്രവർത്തനം വിപുലീകരിക്കാനും ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 75.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**62. സാംസ്കാരിക പൈതൃക ഗ്രാമം**

**(വിഹിതം: 10.00 ലക്ഷം രൂപ)**

സമ്പന്നമായ സാംസ്കാരിക പൈതൃകമുള്ള സ്ഥലങ്ങളിലും പരമ്പരാഗത കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളിലും പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. പൈതൃക ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം കേരളത്തിന്റെ പരമ്പരാഗത കലാപരമായ പൈതൃകം സംരക്ഷിക്കുകയും വരും തലമുറയ്ക്ക് പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. കേരളത്തിന്റെ സമ്പന്നമായ പൈതൃകത്തെ പ്രതിഫലിപ്പിക്കുന്ന നാടൻ പാരമ്പര്യങ്ങളും കലകളും കരകൗശലവസ്തുക്കളും പ്രദർശിപ്പിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**63. വിവിധ കലാരൂപങ്ങൾക്കുള്ള ഫെലോഷിപ്പുകൾ**

**(വിഹിതം: 25.00 ലക്ഷം രൂപ)**

നാടൻ കലകൾ, ക്ലാസിക്കൽ കലകൾ, പ്രകടന/അവതരണ കലകൾ, ഫൈൻ ആർട്സ് തുടങ്ങി വിവിധ വിഭാഗങ്ങളിലെ കലാകാരന്മാർക്ക് സാംസ്കാരിക ഡയറക്ടറേറ്റ് മുഖേന ഫെലോഷിപ്പ് നൽകാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പ്രവർത്തനരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച കലാകാരന്മാരെ ആദരിക്കുന്നതിന് ഫെലോഷിപ്പുകൾ നൽകുന്നത് അവർ പ്രതിനിധാനം ചെയ്യുന്ന കലാരൂപങ്ങളുടെ ഔന്നത്യം ഉറപ്പാക്കുകയും ചെയ്യും. ഫെലോഷിപ്പുകൾ കലാകാരന്മാരെ ആദരിക്കുന്നതോടൊപ്പം നൽകുന്ന ധനസഹായം പ്രാതിനിധ്യ കലകളുടെ മേഖലയിലെ അവരുടെ തുടർ ഗവേഷണത്തിന് പ്രയോജനം ചെയ്യുകയും ചെയ്യുന്നു. സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, കേരള കലാമണ്ഡലം, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, മാപ്പിളകലാ അക്കാദമി, ഫോക്ക് ലോർ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങൾ ശിപാർശ ചെയ്യുന്ന പ്രമുഖ കലാകാരന്മാരുടെ പട്ടികയിൽ നിന്ന് ഫെല്ലോഷിപ്പ് ആർട്ടിസ്റ്റുകളെ തെരഞ്ഞെടുക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആകെ തുകയിൽ 15.00 ലക്ഷം രൂപ വനിതകൾക്കായി മാറ്റി വച്ചിരിക്കുന്നു.

## 64. ഗോത്രകലയുടെയും സംസ്കാരത്തിന്റെയും പ്രോത്സാഹനവും സംരക്ഷണവും

**(വിഹിതം: 10.00 ലക്ഷം)**

സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന, പുറംലോകത്തിന് തീരെ അജ്ഞാതമായ, തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന ഗോത്രകലകളുടെ സംരക്ഷണമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആദിവാസി വിഭാഗങ്ങളുടെ കലയുടെ സംരക്ഷണത്തിനുള്ള പദ്ധതി ഫോക് ലോർ അക്കാദമി മുഖേന ആവിഷ്കരിച്ച് നടപ്പാക്കും. പദ്ധതിക്കായി 2025-26 ബജറ്റിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന പ്രവർത്തനങ്ങളിലൂടെ പദ്ധതിയുടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനാകും.

- അപൂർവ ഗോത്ര കലാരൂപങ്ങളുടെ കലാ പരിശീലനം സ്റ്റേജ് ഷോകൾ.
- ഗവേഷണവും ഡോക്യുമെൻ്റേഷനും.
- സാംസ്കാരിക കൈമാറ്റം
- കലാശിൽപഗ്രാമം - സെമിനാറുകൾ, ശിൽപശാലകൾ, പ്രദർശനങ്ങൾ, കരകൗശല മേളകൾ എന്നിവയുടെ സംഘാടനം

## 65. സാംസ്കാരിക ഡയറക്ടറേറ്റിന്റെ നവീകരണം, അടിസ്ഥാന സൗകര്യ വികസനം, സാംസ്കാരിക സമുച്ചയങ്ങളുടെ പരിപാലനം

**(വിഹിതം: 20.00 ലക്ഷം രൂപ)**

സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും പൈതൃകം സംരക്ഷിക്കുന്നതിലും സാംസ്കാരിക ഡയറക്ടറേറ്റ് സുപ്രധാന പങ്ക് വഹിക്കുന്നു. ഈ സേവനങ്ങൾ എല്ലാവർക്കും പ്രാപ്യമാണെന്ന് ഉറപ്പാക്കാൻ, ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ളവരുടെ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള എല്ലാവരുടെയും തനതായ ആവശ്യങ്ങൾ നിറവേറ്റുന്ന മികച്ച ആധുനികവൽക്കരിച്ച ഫ്രണ്ട് ഓഫീസ് സംവിധാനം അവരുടെ അനുഭവവും സാംസ്കാരിക പ്രവർത്തനങ്ങളിലെ പങ്കാളിത്തവും മെച്ചപ്പെടുത്തും.

അതുപോലെ തന്നെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെഎസ്എഫ്ഡിസി ആണ് പല ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. സാംസ്കാരിക സമുച്ചയങ്ങൾ വകുപ്പിന് കൈമാറുമ്പോൾ സാംസ്കാരിക സമുച്ചയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ദൈനംദിന ചെലവുകൾക്കുമായി പണം ആവശ്യമാണ്. കൊല്ലം ജില്ലയിൽ കൾച്ചറൽ കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയായി, പാലക്കാട്, കാസർകോട് ജില്ലകളിൽ നിർമ്മാണപ്രക്രിയ അന്തിമഘട്ടത്തിലാണ്. ആയതിനാൽ 2025-26 ബജറ്റിൽ 20.00 ലക്ഷം രൂപ ഈ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്.

## 66. കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാ കൾച്ചറൽ പ്രൊമോഷൻ കൗൺസിലുകളുടെ രൂപീകരണവും സാംസ്കാരിക പ്രോത്സാഹന പരിപാടികളും

**(വിഹിതം: 48.00 ലക്ഷം രൂപ)**

സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി കേരളത്തിലെ 14 ജില്ലകളിലും ഡിസ്ട്രിക്ട് കൾച്ചറൽ പ്രൊമോഷൻ കൗൺസിലുകൾ (ഡിസിപിസി) സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. കേരളത്തിലെ സാംസ്കാരിക ആസ്തികൾ, പാരമ്പര്യങ്ങൾ, കലാരൂപങ്ങൾ, കലാകാരന്മാർ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള കേന്ദ്രങ്ങളായി ഡിസിപിസികൾ പ്രവർത്തിക്കും. സാംസ്കാരിക അവബോധം, സന്ദർശക സഹായം, സംസ്കാരത്തിന്റെ സംരക്ഷണം, പ്രാദേശിക പ്രതിഭകളെ തിരിച്ചറിയൽ തുടങ്ങിയവയാണ് മറ്റ് ലക്ഷ്യങ്ങൾ. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 48.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മൊത്തം തുകയിൽ 28.00 ലക്ഷം എല്ലാ ജില്ലകളിലെയും ഡിസിപിസികൾക്ക് മാത്രമുള്ളതാണ് (ഓരോ ജില്ലയ്ക്കും 2.00 ലക്ഷം വീതം).

## 67. ശതാബ്ദി ആഘോഷങ്ങൾ

**(വിഹിതം: 20.00 ലക്ഷം രൂപ)**

വൈക്കം സത്യാഗ്രഹത്തിന്റെയും ആലുവ സർവമത സമ്മേളനത്തിന്റെയും ചരിത്രപരമായ പ്രാധാന്യം മാനിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കേരള ചരിത്രത്തിലെ ഇരുണ്ട കാലഘട്ടത്തിലെ പല അനാചാരങ്ങളെയും ഉന്മൂലനം ചെയ്യാൻ നവോത്ഥാന പ്രസ്ഥാനങ്ങൾ എങ്ങനെ സഹായിച്ചുവെന്ന്

ഇന്നത്തെ തലമുറയ്ക്ക് ഈ ശതാബ്ദി ആഘോഷങ്ങളിലൂടെ മനസിലാക്കാൻ കഴിയും. ഈ രണ്ട് പദ്ധതികൾക്കുമായി 2025-26 ബജറ്റിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**68. ദക്ഷിണേന്ത്യൻ സാംസ്കാരിക കേന്ദ്രം പിണറായി, കണ്ണൂർ (പുതിയ പദ്ധതി)**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ശിൽപഗ്രാമം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, പാർക്കിംഗ് ഏരിയ, നടപ്പാത, കണ്ടൽ തിയേറ്റർ, ഓപ്പൺ എയർ പ്രാക്ടീസ് പോഡിയം, താമസ സൗകര്യങ്ങൾ തുടങ്ങി ബഹുമുഖ സാംസ്കാരിക കേന്ദ്രം പിണറായിയിൽ സ്ഥാപിക്കുന്നതാണ് പദ്ധതി. സാംസ്കാരിക വിനിമയം; പ്രാദേശിക പ്രകടന കലകൾ കരകൗശല കലകളെ പ്രോത്സാഹിപ്പിക്കുക എന്നതും ഈ കേന്ദ്രം ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**69. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ് സ്റ്റേറ്റ് സെന്റ്രൽ ലൈബ്രറി. സേവനരംഗത്തെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി ധാരാളം പരിപാടികൾ ലൈബ്രറിയിൽ നടപ്പിലാക്കുന്നുണ്ട്. 2025-26-ൽ താഴെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾക്കായും നാഷണൽ മിഷൻ ഓൺ ലൈബ്രറീസ് എന്ന കേന്ദ്ര പദ്ധതിയുടെ ആനുപാതിക വിഹിതത്തിനായും 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- പുതിയ പുസ്തകങ്ങൾ, ആനുകാലികങ്ങൾ, വർത്തമാനപത്രങ്ങൾ, ഓഡിയോ പുസ്തകങ്ങൾ, ഇ-പുസ്തകങ്ങൾ, ജേണലുകൾ, കാഴ്ച പരിമിതർക്കായുള്ള പുസ്തകങ്ങൾ എന്നിവ വാങ്ങൽ
- ലൈബ്രറി ഫർണിച്ചർ വാങ്ങൽ
- ആർ.എഫ്.ഐ.ഡി ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ സംവിധാനം നടപ്പിലാക്കൽ
- ബുക്ക് ബൈൻഡിംഗ്, ഡിജിറ്റൈസേഷൻ, വിപുലീകരണ പ്രവർത്തനങ്ങൾ
- ലൈബ്രേറിയന്മാർക്കും ലൈബ്രറി ഉദ്യോഗസ്ഥർക്കും പരിശീലനം
- പൈതൃക കെട്ടിടം ഉൾപ്പെടെ ലൈബ്രറി കെട്ടിടങ്ങളുടെ നവീകരണം (ലൈബ്രറിയുടെ അടിസ്ഥാന സൗകര്യ വികസനം)
- ബഹുനില കെട്ടിടത്തിന്റെ നിർമ്മാണം

**70. കേരള സംസ്ഥാന ഗ്രന്ഥശാലാ കൗൺസിൽ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

സ്റ്റാറ്റ്യൂട്ടറി ബോഡിയായ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സംസ്ഥാനത്തെ 8821 -ലധികം ലൈബ്രറികളുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. കേരള സമൂഹത്തിന്റെ പുരോഗതിക്ക് ശക്തമായ അടിത്തറ സൃഷ്ടിച്ച ഒരു മാനുഷിക കൂട്ടായ്മയാണ് ലൈബ്രറി പ്രസ്ഥാനം. നിയമത്തിന്റെയും ജനകീയ അടിത്തറയുടെയും പിൻബലത്തിൽ ലൈബ്രറി സേവനം സാർവത്രികമാക്കുകയും മെച്ചപ്പെടുത്തുകയും ചെയ്തു. പ്രോജക്ട് പ്രവർത്തനങ്ങളിലൂടെ, പ്രസ്തുത സേവനങ്ങളുടെ ഗുണ നിലവാരം ഉയർത്തുകയും സേവനങ്ങൾ കൂടുതൽ ഗുണഭോക്താക്കളിലേക്ക് എത്താൻ കഴിയുകയും ചെയ്തു. ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങളിലൂടെ, അനാഥാലയങ്ങളിൽ താമസിക്കുന്നവർ, ജുവനൈൽ ഹോമുകൾ, പ്രായമായ ആളുകളുള്ള വീടുകൾ, ആശുപത്രികൾ എന്നിവിടങ്ങളിലെ താമസക്കാർക്ക് പൊതു ലൈബ്രറി സേവനങ്ങൾ ലഭ്യമാകും. വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ വിവര വിനിമയവും വായനയും സാർവത്രികമാക്കുക എന്ന ലക്ഷ്യത്തോടെ കൗൺസിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രയത്നം പുരോഗമിക്കുന്നു. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ ഉൾപ്പടെ 2025-26-ൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 5.00 ലക്ഷം രൂപ ലിംഗ പദവി സമത്വ പരിപാടികൾക്കായി നീക്കിവച്ചിരിക്കുന്നു

- മാതൃകാ ഗ്രാമീണ ലൈബ്രറികൾ, അക്കാദമിക് പഠനകേന്ദ്രങ്ങൾ
- ജയിൽ ലൈബ്രറി സേവനങ്ങൾ, കുട്ടികളുടെ ഹോം ലൈബ്രറി സേവനം, അനാഥാലയങ്ങളിലെ ലൈബ്രറി സേവനങ്ങൾ, ലൈബ്രറി കമ്പ്യൂട്ടറൈസേഷൻ, ബ്രെയ്‌ലി-ലൈബ്രറി, ആശുപത്രി ലൈബ്രറി സേവനങ്ങൾ
- ലൈബ്രറി നവീകരണം

## 9.3 സാങ്കേതിക വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസത്തിനായി 2025-26 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി 26,630.00 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു. ഗവേഷണങ്ങൾ ആരംഭിക്കുന്നതിനും അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുമാണ് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടിരിക്കുന്നത്.

### 1. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

**(വിഹിതം: 3125.00 ലക്ഷം രൂപ)**

ബിരുദാനന്തര കോഴ്സുകൾ, അപ്ലൈഡ് സയൻസ്, സാങ്കേതിക രംഗം, വ്യവസായം വാണിജ്യം എന്നീ മേഖലകളിൽ ഗവേഷണത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് ഉന്നത വിദ്യാഭ്യാസരംഗത്ത് വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ 1971-ലാണ് കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല സ്ഥാപിതമായത്. പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അക്കാദമിക് വികസനത്തിനും പാഠ്യപദ്ധതി വികസനത്തിനുമാണ് പദ്ധതി വിഹിതവിനിയോഗത്തിൽ പ്രാധാന്യം നൽകുവാനുദ്ദേശിക്കുന്നത്. 2025-26 വർഷത്തിൽ സർവ്വകലാശാല താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്നത്.

1. പരിസ്ഥിതി സൗഹൃദവും സുരക്ഷിതവുമായ നടപടികൾ

- കെട്ടിടങ്ങൾക്കും ലാബിനുമുള്ള ഫയർ ആന്റ് സേഫ്റ്റി നടപ്പാക്കൽ
- മലിനജല ശുദ്ധീകരണ പ്ലാന്റ് നിർമ്മാണം
- ജലവിതരണം/പുനചംക്രമണം/ മഴ വെള്ള സംഭരണ സംവിധാനം,
- മാലിന്യം നീക്കം ചെയ്യലും കൈവഴികളുടെ പരിചരണവും
- ഗ്രീൻ പ്രോട്ടോക്കോൾ/ഗ്രീൻ ക്യാമ്പസ്
- എനർജി ഓഡിറ്റ്
- പൊതു കാമ്പസ് വികസനം

2. നിർമ്മാണ പ്രവർത്തനങ്ങൾ

- സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെ വിപുലീകരണം
- ഇൻഡോർ സ്റ്റേഡിയം
- ഇൻസ്ട്രുമെന്റേഷൻ കെട്ടിടത്തിന്റെ വിപുലീകരണം
- ചുറ്റുമതിൽ, റോഡുകൾ എന്നിവ നിർമ്മിക്കുക
- പരിസ്ഥിതി ശാസ്ത്ര കെട്ടിട വിപുലീകരണം
- ഐ.യു.സി.എൻ.ഡി യുടെ നിലവിലുള്ള കെട്ടിടത്തിന് മുകളിൽ അധിക നിലയുടെ നിർമ്മാണം
- ആൺകുട്ടികളുടെ ഹോസ്റ്റലിന്റെ രണ്ടാം നിലയുടെ വിപുലീകരണം
- ഐശ്വര്യ ലേഡീസ് ഹോസ്റ്റലിന്റെ ഒന്നാം നിലയുടെ വിപുലീകരണം
- പോളിമർ സയൻസ് ആന്റ് റബ്ബർ ടെക്നോളജി വകുപ്പിന്റെ വിപുലീകരണം
- വിദ്യാർത്ഥികളുടെ സൗകര്യ കേന്ദ്രത്തിന്റെ വിപുലീകരണം
- അളകനന്ദ വനിതാ ഹോസ്റ്റലിന്റെ വിപുലീകരണം
- കാമ്പസിലെ റോഡുകളുടെ നിർമ്മാണവും പരിപാലനവും
- നടന്നുകൊണ്ടിരിക്കുന്ന മറ്റ് ജോലികളുടെ പൂർത്തീകരണം

3. മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾ

- കമ്പ്യൂട്ടറുകളും ഉപകരണങ്ങളും വാങ്ങലും പരിപാലനവും
- ഫർണിച്ചർ വാങ്ങൽ
- പുസ്തകങ്ങളും ജേണലുകളും വാങ്ങുക
- ഓട്ടോമേഷനും സോഫ്റ്റ്‌വെയർ വികസനവും

- സെമിനാറുകൾ/കോൺഫറൻസുകൾ/സയൻസ് ജനപ്രിയമാക്കൽ
- ഉള്ളടക്ക വികസനം
- പുതിയ ഗവേഷണ സംരംഭങ്ങൾക്കായി സാമ്പത്തിക സഹായം
- ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ ഉൾപ്പെടെ നിലവിലുള്ള കേന്ദ്രങ്ങൾക്ക് സഹായം
- ഗവേഷകർക്കുള്ള പ്രോത്സാഹനം
- ഡാറ്റ സെന്റർ
- പുതിയ സംയോജിത കോഴ്സുകൾക്ക് ലാബ് സൗകര്യം
- അക്കാദമിക്, നോൺ അക്കാദമിക് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും നവീകരണവും
- മൂക് കോഴ്സുകളുടെ വികസനം
- ഫാക്കൽറ്റി, സ്റ്റുഡന്റ് മൊബിലിറ്റി സ്കീം
- ജേണലുകളുടെയും റിപ്പോർട്ടുകളുടെയും ഡിജിറ്റലൈസേഷൻ
- കോൺഫറൻസുകളിൽ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ വിദ്യാർത്ഥികൾക്ക് യാത്രാ സഹായം
- അക്വാട്ടിക് വാക്സിൻ വികസനത്തിനായുള്ള മികവിന്റെ കേന്ദ്രവും അതിന്റെ അടിസ്ഥാന സൗകര്യങ്ങളും സ്ഥാപിക്കൽ
- പ്രോജക്റ്റ് മോഡിന് കീഴിലുള്ള കോഴ്സുകൾ
- പി.എഫ്.എം.എസ്/ഡി.ഇ.എ.എസ്/അക്കൗണ്ടിംഗ് പരിശീലനവും മറ്റ് സ്റ്റാഫ് പരിശീലനവും
- പ്രവേശനവും കാമ്പസ് മാനേജ്മെന്റ് സിസ്റ്റവും ഡിജിറ്റൈസ് ചെയ്യൽ
- സെക്യൂരിറ്റി ഓഡിറ്റിംഗും നെറ്റ്‌വർക്ക് ഓഡിറ്റിംഗും
- സ്ഥാപന അക്രഡിറ്റേഷനും റാങ്കിംഗും
- ജെൻഡർ സെൻസിറ്റിവിറ്റി
- നൈപുണ്യ വികസനം

പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് ഇതിനകം ആരംഭിച്ച സിവിൽ ജോലികൾ പൂർത്തിയാക്കേണ്ടതാണ്. ഫണ്ടുകളുടെ വിനിയോഗം അക്കാദമിക മികവ് വർധിപ്പിക്കുക എന്ന മൊത്തത്തിലുള്ള ലക്ഷ്യത്തിനായിരിക്കണം. ഇതിൽ അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടിയും (അക്കാദമിക് ഇൻഫ്രാസ്ട്രക്ചർ ഉൾപ്പെടെ) മറ്റ് നിക്ഷേപങ്ങളും ഉൾപ്പെടുത്താവുന്നതാണ്. 2025-26 വർഷത്തിൽ സർവ്വകലാശാലയ്ക്കായി 3125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 450.00 ലക്ഷം രൂപ നിലവിലുള്ള കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനും 100.00 ലക്ഷം മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനും നീക്കിവച്ചിട്ടുണ്ട്.

**2.കേരള സാങ്കേതിക സർവ്വകലാശാല (എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല)**
**(വിഹിതം: 2410.00 ലക്ഷം രൂപ)**

2014, ജൂലൈ -ൽ കേരള സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുകയുണ്ടായി. 2025-26 വർഷത്തേക്ക് നിർദ്ദേശിച്ചിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ സ്കൂളുകൾ സ്ഥാപിക്കൽ, ഡിസൈൻ/ ഇന്നൊവേഷൻ സെന്റർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, അന്തർദ്ദേശീയ സഹകരണത്തിനും ബന്ധത്തിനുമുള്ള കേന്ദ്രം, അഫിലിയേറ്റഡ് കോളേജുകളിലെ അക്കാദമിക് വിദഗ്ധരെ ശക്തിപ്പെടുത്തൽ, നൈപുണ്യ അധിഷ്ഠിത പ്രോഗ്രാമുകളും ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട കോഴ്സുകൾ, യൂണിവേഴ്സിറ്റി-ഇൻഡസ്ട്രി ലിങ്കേജ് സെൽ, പരീക്ഷാ പരിഷ്കരണങ്ങൾ, സാമൂഹിക വ്യാപനം/വിപുലീകരണ പ്രവർത്തനങ്ങൾ, യൂണിവേഴ്സിറ്റി ലൈബ്രറി/പുസ്തകങ്ങളും ജേണലുകളും, ഇ-റിസോഴ്സ്, നൂതന ഗവേഷണത്തിനും സഹകരണ ഗവേഷണത്തിനുമുള്ള മികവിന്റെ കേന്ദ്രങ്ങൾ, ഡിജിറ്റൽ ലൈബ്രറി, ലൈബ്രറി അസിസ്റ്റൻസ് സ്കൂളുകൾ, സ്റ്റാർട്ടപ്പുകളും ഇന്നൊവേഷൻ സെന്ററുകളും, ഐപിആർ, പേറ്റന്റുകൾ, ഗവേഷണത്തിനുള്ള ക്ലൗഡ് കമ്പ്യൂട്ടിംഗ് സൗകര്യം, സാമ്പത്തിക ഞെരുക്കമുള്ള വിദ്യാർത്ഥികളുടെ തൊഴിൽ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിന് ഉള്ള പ്രത്യേക

പരിപാടികൾ, താൽക്കാലിക കാമ്പസിന്റെ പരിപാലനത്തിനുള്ള പ്രത്യേക പരിപാടികൾ, ഗവേഷണവും ഗവേഷണ പ്രോത്സാഹന പദ്ധതികളും, സഹകരണ ഗവേഷണം, സർവകലാശാലാ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഐ.ടി അടിസ്ഥാന സൗകര്യങ്ങളും പ്രവർത്തന സേവനങ്ങളും ശക്തിപ്പെടുത്തുക, വിദ്യാർത്ഥി/സ്റ്റാഫ് സൗകര്യങ്ങൾ തുടങ്ങിയവയാണ്.

പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് ഇതിനകം ആരംഭിച്ച സിവിൽ ജോലികൾ പൂർത്തിയാക്കേണ്ടതാണ്. ഫണ്ടുകളുടെ വിനിയോഗം അക്കാദമിക മികവ് വർധിപ്പിക്കുക എന്ന മൊത്തത്തിലുള്ള ലക്ഷ്യത്തിനായിരിക്കണം. ഇതിൽ അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടിയും (അക്കാദമിക് ഇൻഫ്രാസ്ട്രക്ചർ ഉൾപ്പെടെ) മറ്റ് നിക്ഷേപങ്ങളും ഉൾപ്പെടുത്താവുന്നതാണ്. 2025-26-ലെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2410.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്ക് പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായുള്ള പൂൾഡ് ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്. മൊത്തം തുകയിൽ 100.00 ലക്ഷം മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനായി നീക്കിവച്ചിരിക്കുന്നു.

### 3. എഞ്ചിനീയറിംഗ് ഗവേഷണത്തിനും വികസനത്തിനുമായുള്ള സെന്റർ

**(വിഹിതം: 260.00 ലക്ഷം രൂപ)**

കോളേജുകളിലെ അദ്ധ്യാപകർക്ക് ഗവേഷണത്തിന് അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. നൂതന മേഖലകളിലെ ഗവേഷണ വികസന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും, എഞ്ചിനീയറിംഗ് കോളേജുകളിൽ ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഒരു ഏജൻസിയായി സെന്റർ പ്രവർത്തിക്കുന്നു. എഞ്ചിനീയറിംഗ് അടിസ്ഥാന ഗവേഷണത്തിലും, ഉന്നത ഗവേഷണത്തിനും സെന്റർ ശ്രദ്ധ പതിപ്പിക്കും. ഗവേഷണ പ്രസിദ്ധീകരണത്തിനുള്ള പ്രോത്സാഹനം, നൂതന വിദ്യാർത്ഥി പദ്ധതി, ഇന്ത്യയിലും വിദേശത്തും ഗവേഷണ പ്രബന്ധ അവതരണം സുഗമമാക്കൽ, ഗവേഷണ ധന സഹായം, ഗവേഷണ ഫെലോഷിപ്പ്, മികച്ച ഗവേഷക അവാർഡ്/ഗ്രാന്റ്, മികച്ച ഗവേഷണ അവാർഡ്, ഗവേഷണ പ്രോത്സാഹന പ്രവർത്തനങ്ങൾ, സ്ക്രീനിംഗ് കമ്മിറ്റികളും മറ്റ് മീറ്റിംഗുകളും, സാറ്റലൈറ്റ് സെന്റർ, കോളേജിലെ വർക്ക്ഷോപ്പുകൾ/സെമിനാറുകൾ എന്നിവയുടെ നടത്തിപ്പ്, വിദ്യാർത്ഥികളുടെ യാത്രാ ധനസഹായ പദ്ധതി, കേരള ടെക്നോളജിക്കൽ കോൺഗ്രസ് (കെറ്റ്കോൺ), കെടിയു ടെക് ഫെസ്റ്റ് (ടെക്കോൺ) തുടങ്ങിയവയാണ് 2025-26 കാലഘട്ടത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ.

2025-26 വർഷത്തിൽ പദ്ധതി നടത്തിപ്പിലേക്കായി 260.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 4. പബ്ലിക് യൂണിവേഴ്സിറ്റി കാമ്പസ് നിർമ്മാണവും വികസനവും (സാങ്കേതിക സർവകലാശാലയ്ക്കായി പുതിയ കാമ്പസും അടിസ്ഥാന സൗകര്യങ്ങളും സജ്ജമാക്കുക)

**(വിഹിതം: 1.00 ലക്ഷം രൂപ)**

ഈ പദ്ധതി, സർവകലാശാലയ്ക്കായി ഒരു റെസിഡൻഷ്യൽ കാമ്പസ് നിർമ്മിക്കാൻ ലക്ഷ്യമിടുന്നു, അത് വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്താനും മറ്റു അക്കാദമിക് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും ഉള്ള അന്തരീക്ഷം സൃഷ്ടിക്കും. തിരുവനന്തപുരത്തെ വിളപ്പിൽശാലയിലുള്ള കെടിയു കാമ്പസിലെ ആന്തരിക റോഡുകളുടെയും സ്റ്റാഫ് ക്വാർട്ടേഴ്സുകളുടെയും നിർമ്മാണം തുടങ്ങിയവയാണ് 2025-26 കാലയളവിൽ ഈ പദ്ധതിക്ക് കീഴിലുള്ള പ്രധാന പ്രവർത്തനങ്ങൾ. 2025 -26 ൽ ഈ പദ്ധതിക്കായി 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തുകയും പദ്ധതി നടത്തിപ്പിനാവശ്യമായ അധിക തുക യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ച് "പ്രധാന അടിസ്ഥാന സൗകര്യ വികസനം" എന്ന ശീർഷകത്തിൽ 'പബ്ലിക് യൂണിവേഴ്സിറ്റി ക്യാമ്പസ് നിർമ്മാണവും വികസനവും' എന്ന പദ്ധതിയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

### 5. എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

**(വിഹിതം: 858.00 ലക്ഷം രൂപ)**

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, 1992-93-ൽ കാസർഗോഡ് ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചു. 2001-02-ൽ വനിതകൾക്കായുള്ള ഒരു എഞ്ചിനീയറിംഗ് കോളേജ് തിരുവനന്തപുരത്ത് ആരംഭിക്കുകയുണ്ടായി. 2025-26 ലെ പ്രധാന പ്രവർത്തനങ്ങൾ എൽ.ബി.എസ് ആസ്ഥാനം, റീജിയണൽ യൂണിറ്റുകൾ, ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ലാബ് ഇൻഫ്രാസ്ട്രക്ചറൽ

സൗകര്യങ്ങളുടെ നിലവാരം ഉയർത്തൽ, വിവിധ വകുപ്പുകളുടെ നിലവാരം ഉയർത്തൽ, സിവിൽ/ഇലക്ട്രിക്കൽ വർക്ക്/മെയിന്റനൻസ്, കോമൺ ഫെസിലിറ്റി, എൽബിഎസ് സെന്ററുകളിലെ സിവിൽ കൺസ്ട്രക്ഷൻ ജോലികൾ, ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ, അഗ്നി സുരക്ഷ, വിദ്യാർത്ഥി പദ്ധതികൾ എന്നിവയാണ്. എൽബിഎസ് പൂജപ്പുരയിലെയും കാസർഗോഡിലെയും വിവിധ എഞ്ചിനീയറിംഗ് വകുപ്പുകളുടെ അറ്റകുറ്റപ്പണികൾക്കും മറ്റ് വികസന തുടർ പ്രവർത്തനങ്ങൾക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്.

2025-26 വർഷത്തിൽ പദ്ധതി നടത്തിപ്പിലേക്ക് 858.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6.സെന്റർ ഓഫ് എക്സലൻസ് ഇൻ ഡിസബിലിറ്റി സ്റ്റഡീസ്**

**(വിഹിതം: 60.00 ലക്ഷം രൂപ)**

അധ്യാപനം, ഗവേഷണം, പരിശീലനം, വ്യാപനം എന്നിവയ്ക്കുള്ള നോഡൽ ഏജൻസിയായി ഈ കേന്ദ്രം പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തന നടത്തിപ്പിന്റെ നോഡൽ ഏജൻസിയായി എൽ.ബി.എസ്. തുടരും. വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കുമുള്ള ഗവേഷണ സഹായം, നൈപുണ്യ വികസന പരിശീലന പരിപാടികൾ, വെർച്ചൽ റിയാലിറ്റി ക്ലാസ് റൂം സജ്ജീകരണം, കൗൺസിലിംഗ് സേവനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, നിലവിലുള്ള മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 2025-26 വർഷത്തിൽ 60.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**7. സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി.ആപ്റ്റ്)**

**(വിഹിതം: 450.00 ലക്ഷം രൂപ)**

1992-ൽ സ്ഥാപിതമായ കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററാണ് അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്) എന്ന് അറിയപ്പെടുന്നത്. സംസ്ഥാനത്തെ സാങ്കേതിക സാങ്കേതികേതര സ്ഥാപനങ്ങളുടെ റിസോഴ്സ് സെന്റർ ആയി ഇത് പ്രവർത്തിക്കുന്നു. പ്രിന്റിംഗിലും, ആധുനിക റിപ്രോഗ്രാഫിക് ഉപകരണങ്ങളുടെ ഉപയോഗത്തിലും നിരവധി തൊഴിലധിഷ്ഠിത കോഴ്സുകൾ സെന്റർ നടത്തുന്നുണ്ട്. 2025-26 കാലയളവിൽ ഇ- അടിസ്ഥാന സൗകര്യം ഉൾപ്പടെ അടിസ്ഥാന സൗകര്യ വികസനം, ഗതാഗത സൗകര്യങ്ങൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങലും പരിപാലനവും എന്നിവയ്ക്കും മറ്റ് വികസന തുടർ പ്രവർത്തനങ്ങൾക്കും പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.

2025-26 വർഷത്തിൽ പദ്ധതി നടത്തിപ്പിലേക്കായി 450.00.ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8. കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക മ്യൂസിയം**

**(വിഹിതം: 2930.00ലക്ഷം രൂപ)**

ശാസ്ത്ര സാങ്കേതിക വിദ്യയുടെ കണ്ടെത്തലുകൾ ജനങ്ങൾക്ക് സുപരിചിതമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 1984-ൽ ശാസ്ത്ര സാങ്കേതിക മ്യൂസിയം സ്ഥാപിതമായത്. 2025-26-ൽ ഏറ്റെടുത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു.

1. കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം കാമ്പസിന്റെ വികസന പ്രവർത്തനങ്ങൾ - പുതിയ ഗാലറികളുടെ വികസനം, ഇ-ഓഫീസ് നടപ്പിലാക്കൽ, നിലവിലുള്ള ഗാലറികളുടെ അറ്റകുറ്റപ്പണികൾ, ശാസ്ത്ര സാങ്കേതിക വിദ്യയുടെ പ്രചാരണത്തിനും ജനസമ്പർക്ക പ്രവർത്തനങ്ങൾക്കുമുള്ള സഹായം, നിലവിലുള്ള പ്ലാനറ്റോറിയത്തിന്റെ നവീകരണം തുടങ്ങിയവ.

2. ചാലക്കുടിയിലെ റീജിയണൽ സയൻസ് സെന്ററിന്റെ വികസന പ്രവർത്തനങ്ങൾ - പുതിയ ഗാലറികളുടെ വികസനം, നിലവിലുള്ള ഗാലറികളുടെ അറ്റകുറ്റപ്പണികൾ, പ്ലാനറ്റോറിയത്തിനായുള്ള അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയവ.

3. സയൻസ് സിറ്റി കോട്ടയം - മോഷൻ സിമുലേറ്റർ സ്ഥാപിക്കൽ, സംഗീത ജലധാര, മാലിന്യ സംസ്കരണം, ലാൻഡ്സ്കേപ്പിംഗ്, കാമ്പസ് നെറ്റ്‌വർക്കിംഗ്, മോണിറ്ററിംഗ് സംവിധാനം, മലിനജല സംവിധാനം, പണികളുടെ പൂർത്തീകരണം തുടങ്ങിയവ.

4. റീജിയണൽ സയൻസ് സെന്റർ, പരപ്പനങ്ങാടി - പുതിയ ഗാലറികളുടെ വികസനം, കാമ്പസിന്റെ അറ്റകുറ്റപ്പണികളും ലാൻഡ് സ്കേപ്പിംഗും, നിലവിലുള്ള കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയവ.

5. കൊട്ടാരക്കരയിൽ സയൻസ് മ്യൂസിയം സ്ഥാപിക്കൽ

6. മറ്റ് തുടർ പ്രവർത്തനങ്ങൾ

2025-26 വർഷത്തിലേക്ക് 2930.00ലക്ഷം രൂപ പദ്ധതി നടത്തിപ്പിലേക്കായി വകയിരുത്തിയിരിക്കുന്നു. ഇതിൽ 500.00 ലക്ഷം രൂപ കൊട്ടാരക്കരയിൽ സയൻസ് മ്യൂസിയം സ്ഥാപിക്കുന്നതിനായി നീക്കിവച്ചിരിക്കുന്നു.

**9. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് (ഐ.എച്ച്.ആർ.ഡി)**

**(വിഹിതം: 3250.00ലക്ഷം രൂപ)**

സംസ്ഥാന സർക്കാരിന്റെ പൂർണ്ണ നിയന്ത്രണമുള്ളതും 1987-ൽ സ്ഥാപിച്ചതുമായ ഒരു സ്വയം ഭരണ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ്. ഒൻപത് എഞ്ചിനീയറിംഗ് കോളേജുകൾ, ഏഴ് മോഡൽ പോളിടെക്നിക്കുകൾ, 46 അപ്ലൈഡ് സയൻസ് കോളേജുകൾ, 15 ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകൾ, രണ്ട് റീജിയണൽ കേന്ദ്രങ്ങൾ, ആറ് എക്സ്റ്റൻഷൻ കേന്ദ്രങ്ങൾ, രണ്ട് മോഡൽ ഫിനിഷിംഗ് സ്കൂളുകൾ എന്നിവ ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. 2025-26 വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന വികസന പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- നിർമ്മാണ, അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ
- നിലവിലുള്ള സ്ഥാപനങ്ങൾക്കായി യന്ത്രസാമഗ്രികൾ വാങ്ങൽ
- ഐ.ടി അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക ബിസിനസ് ഇൻകുബേറ്ററുകളും
- പുതിയ സ്ഥാപനങ്ങൾ/സഹായ സാങ്കേതികവിദ്യയിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കൽ
- നൈപുണ്യ വികസന കേന്ദ്രങ്ങൾ
- കാമ്പസിലെ വ്യവസായം

പദ്ധതി നടത്തിപ്പിനായി 2025-26 വർഷത്തിൽ 3250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ ഏകദേശം 25 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ തുകയുടെ ഒരു ഭാഗം പിണറായി എജ്യൂക്കേഷണൽ ഹബ്ബിലെ ഐഎച്ച്ആർഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ പ്രവർത്തനത്തിനും മികവിന്റെ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനും വിനിയോഗിക്കാം. പട്ടികജാതി/പട്ടികവർഗ വകുപ്പുകൾക്ക് പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായുള്ള പൂൾഡ് ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

**10. തിരുവനന്തപുരം എഞ്ചിനീയറിംഗ്, സയൻസ് ആന്റ് ടെക്നോളജി റിസർച്ച് (ട്രെസ്റ്റ്)പാർക്ക്**

**(വിഹിതം: 350.00ലക്ഷം രൂപ)**

വ്യവസായ സ്ഥാപനങ്ങളും ശാസ്ത്രവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിക്കുക, പ്രായോഗികവും അടിസ്ഥാനപരവുമായ ഗവേഷണങ്ങൾ പ്രോൽസാഹിപ്പിക്കുക മുതലായ കാര്യങ്ങൾക്ക് വേണ്ടിയാണ് തിരുവനന്തപുരം എഞ്ചിനീയറിംഗ്, സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്ക് (ട്രെസ്റ്റ്) സ്ഥാപിച്ചിരിക്കുന്നത്. വിവിധകമ്പനികൾ, നിക്ഷേപകർ, സേവനദായകർ, ഗവൺമെന്റ് സ്ഥാപനങ്ങൾ, വൻകിട കോർപറേഷൻസ്, അതുപോലെതന്നെ സി.ഇ.റ്റി ടാലന്റ് പൂൾ എന്നിവർക്ക് നവീനമായ ആശയങ്ങളും, സംരംഭങ്ങളും തുടങ്ങുന്നതിനുവേണ്ടി പ്രോൽസാഹനം നൽകുക എന്നതാണ് റിസർച്ച് പാർക്കിന്റെ പ്രവർത്തനങ്ങൾ. ഇ.വി ഡ്രൈവ് ട്രെയിൻ ലാബിന്റെ പ്രവർത്തനച്ചെലവ്, ഇലക്ട്രിക് വാഹനങ്ങളുമായി ബന്ധപ്പെട്ട മെറ്റീരിയലുകളുടെ ഗവേഷണത്തിനും വികസനത്തിനും വേണ്ടിയുള്ള കേന്ദ്രം, കമ്പ്യൂട്ടിംഗ് റിസോഴ്സ് അപ്ഗ്രേഡേഷൻ, എ.എം.സി സപ്പോർട്ട്, ഇ.ആർ.സി-ലാബ് അപ്ഗ്രഡേഷനുള്ള ഉപകരണങ്ങളും സോഫ്റ്റ്‌വെയറും വാങ്ങൽ, വാർഷിക പരിപാലന ചെലവ്, പുതിയ സെർവറും അതിന്റെ വാർഷിക പരിപാലന ചെലവും, നാനോ വെറ്റ് ലാബ്, ഇൻസ്ട്രുമെന്റേഷൻ ലാബ് എന്നിവയുടെ സജ്ജീകരണം, ഗവേഷണ യൂണിറ്റുകൾ ഉൾക്കൊള്ളുന്നതിനുള്ള സ്ഥല ചെലവ് എന്നിവയ്ക്കായാണ് 2025-26-ൽ ഊന്നൽ നൽകിയിട്ടുള്ളത്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 വാർഷിക ബഡ്ജറ്റിൽ 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 11. 'പ്രവർത്തന അധിഷ്ഠിത അടിസ്ഥാന സൗകര്യ വികസനം – ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്കിന്റെ (ട്രെസ്റ്റ് ) അടിസ്ഥാന സൗകര്യ വികസനം

**(വിഹിതം: 1.00 ലക്ഷം രൂപ)**

2025–26 ൽ ഈ പദ്ധതിക്കായി "പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ" എന്ന ശീർഷകത്തിൻ കീഴിൽ 'പ്രവർത്തന അധിഷ്ഠിത അടിസ്ഥാന സൗകര്യ വികസനം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു. 2025–26 കാലയളവിൽ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ അധിക തുക 'പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ' എന്ന തലക്കെട്ടിന് കീഴിലുള്ള ഈ സ്കീമിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. ട്രെസ്റ്റ് പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ തുക വിനിയോഗിക്കാവുന്നതാണ്.

### സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

ഒൻപത് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളും മൂന്ന് ഗവൺമെന്റ്-എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളും 46 ഗവൺമെന്റ് പോളിടെക്നിക്ക് കോളേജുകളും (ഏഴ് വനിത പോളിടെക്നിക്ക് കോളേജുകളുമുൾപ്പെടെ), ആറ് ഗവൺമെന്റ്–എയ്ഡഡ് പോളിടെക്നിക്ക് കോളേജുകളും 39 ടെക്നിക്കൽ ഹൈസ്കൂളുകളും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് (ഡി.റ്റി.ഇ) കീഴിൽ പ്രവർത്തിക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളിലേയും, പോളിടെക്നിക്കുകളിലേയും, ടെക്നിക്കൽ ഹൈസ്കൂളുകളിലേയും പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങളെ സംയോജിപ്പിച്ചു കൊണ്ട് പ്രവർത്തിക്കുന്നത് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റാണ്. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികളും പരിപാടികളും വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്നു. പരിചയ സമ്പന്നരും വിദഗ്ധരുമായ അക്കാദമിക വ്യക്തിത്വങ്ങളുമായി ഇടപഴകുന്നതിനും ലോകമെമ്പാടുമുള്ള പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അവസരം നൽകുന്നു. മാലിന്യ നിർമ്മാർജനവും, ക്യാമ്പസ് ഹരിതവൽക്കരണവും പദ്ധതിയുടെ ഭാഗമായുണ്ട്.

### 12. വകുപ്പിന്റെ ശാക്തീകരണം

**(വിഹിതം: 240.00 ലക്ഷം രൂപ)**

വകുപ്പിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ നടപ്പിലാക്കികൊണ്ടിരുന്ന പദ്ധതികളെല്ലാം സംയോജിപ്പിച്ച് കൊണ്ടാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്. താഴെപ്പറയുന്ന ഘടകങ്ങൾക്കായി 2025–26 വർഷത്തിൽ 240.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഡയറക്ടറേറ്റും മേഖലാ ആഫീസുകളും പരീക്ഷാ വിഭാഗവും

ബി) മാനവ വിഭവശേഷി വികസനം സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ, കളമശ്ശേരി

### എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഡയറക്ടറേറ്റും മേഖലാ ആഫീസുകളും പരീക്ഷാ വിഭാഗവും

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് തിരുവനന്തപുരം, കോഴിക്കോട്ടും കോതമംഗലത്തുമുള്ള റീജിയണൽ ഡയറക്ടറേറ്റുകൾ, പരീക്ഷാ വിഭാഗം കൺട്രോളറുടെ കൈമനം ഓഫിസ് എന്നിവയുടെ വികസനത്തിന് വേണ്ടിയാണ് ഈ ഘടകം.

വകുപ്പിന്റെ പൊതുവായ വികസനത്തിനും ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റത്തിനും മറ്റു ഇ-ഗവേർണൻസ് & ഇ-ട്രെയിനിംഗ് പ്രവർത്തികളുമാണ് ഇതിനു കീഴിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. (1)പുനർനിർമ്മാണം, ഫർണിഷിംഗ്, ഓഫീസ് ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഓഫീസ് ആധുനികവൽക്കരണത്തിനും. 2)നെറ്റ് വർക്ക് അപ്ഗ്രേഡ് ചെയ്യുന്നതിനും ഇ-ഗവേണൻസ്, ഇ-ട്രെയിനിങ് തുടങ്ങിയവ നടപ്പിലാക്കുന്നതിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ ഉപകരണങ്ങൾ 3) പേപ്പർ റെക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും 4) സോഫ്റ്റ് വെയർ പരിഷ്ക്കരണത്തിനും പരീക്ഷ ആധുനികവൽക്കരണത്തിനും അക്കൗണ്ടിങ്ങിനും 5) ഓൺലൈൻ ചോദ്യപേപ്പർ ഡെലിവറി സംവിധാനവും 6) ജീവനക്കാരുടെ ശേഷി വികസനം എന്നിവയാണ് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. ബയോ-മെട്രിക് പഞ്ചിംഗ് സംവിധാനം, ഖരമാലിന്യ സംസ്കരണം എന്നിവ എല്ലാ ഓഫീസുകളിലും സജ്ജീകരിക്കേണ്ടതുള്ളത് കൊണ്ട് അതിനുള്ള വകയും ഉൾക്കൊള്ളിച്ചിരിക്കുന്നു. ഹരിത പ്രോട്ടോക്കോളും പാരമ്പര്യേതര ഊർജ്ജ സംരംഭങ്ങളും തുടരുന്നതിനും ഭിന്നശേഷിക്കാരുടെ സൗകര്യങ്ങൾക്കായും, ജലവിനിയോഗവും മലിന ജല മാനേജ്മെന്റും നടപ്പിലാക്കുന്നതിനും തുക

വകയിരുത്തിയിരിക്കുന്നു. സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എജ്യുക്കേഷൻ (എസ്ബിടിഇ) 2012–ൽ നിലവിൽ വരികയും 2018–ൽ നവീകരിക്കുകയും ചെയ്തു. യൂണിറ്റിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതുണ്ട്, ഇതിനായി അടിസ്ഥാന സൗകര്യ വികസനത്തിനും പദ്ധതി പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**(ബി) മാനവ ശേഷി വികസനം (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ), കളമശ്ശേരി**

സാങ്കേതിക വകുപ്പിന്റെ അക്കാദമിക ശാഖയായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ പ്രവർത്തിക്കുന്നു. സിലബസ് പരിഷ്കരണം, പാഠ്യപദ്ധതി വികസനം, അക്കാദമിക മോണിറ്ററിംഗ്, ഫാക്കൽറ്റി വികസനം എന്നിവ വഴി പോളിടെക്നിക് വിദ്യാഭ്യാസത്തിന്റെ അക്കാദമിക നിലവാരം ഉറപ്പാക്കുന്നതിൽ ഈ സ്ഥാപനം പ്രധാന പങ്ക് വഹിക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴികെ സാങ്കേതിക വകുപ്പിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും ശാസ്ത്രീയമായി, സാങ്കേതിക പുരോഗതിയും പുതിയ വിപണി ആവശ്യങ്ങളും ഉൾക്കൊണ്ടു കൊണ്ട്, പാഠ്യപദ്ധതി റിവിഷൻ നടത്തുന്നത് ഈ സ്ഥാപനമാണ്. 2025–26 വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

- പോളിടെക്നിക് കോളേജുകളുടെ 2023–ലെ പാഠ്യപദ്ധതി പുനഃപരിശോധന മൂല്യനിർണ്ണയത്തിന്റെ നടത്തിപ്പ്, സർക്കാർ കൊമേഴ്സ്യൽ സ്ഥാപനങ്ങളിലും സർക്കാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗിലും പാഠ്യപദ്ധതി പരിഷ്കരണം, ടെക്നിക്കൽ ഹൈസ്കൂളുകളിൽ പരിഷ്കരിച്ച പാഠ്യപദ്ധതി നടപ്പിലാക്കൽ, മറ്റു കേരള സർക്കാർ സർട്ടിഫിക്കറ്റ് പരീക്ഷകളിലും, സർക്കാർ ടെക്നിക്കൽ പരീക്ഷകളിലും കരിക്കുലം റിവിഷൻ നടപ്പിലാക്കുക.

- പോളിടെക്നിക് കോളേജുകൾ, ഗവൺമെന്റ് കൊമേഴ്സ്യൽ സ്ഥാപനങ്ങൾ, ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻഡിസൈനിങ്ങ്, ടെക്നിക്കൽ ഹൈസ്കൂളുകൾ മുതലായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അക്കാദമിക് പരിശോധനകൾ നടത്തുക.

- ഫലപ്രദമായ അധ്യാപന പഠന പ്രക്രിയയ്ക്കായി പഠന വിഭവ സാമഗ്രികളുടെ വികസനം, അച്ചടി, പ്രസിദ്ധീകരണം.

- ഡിപ്ലോമ പ്രോഗ്രാമുകൾക്ക് (സായാഹ്ന) ഉൾപ്പെടെ ഓൺലൈൻ വെബ്സൈറ്റുകൾ വഴി പോളിടെക്നിക്കുകളിലും, ടെക്നിക്കൽ ഹൈസ്കൂളുകളിലും ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗിലേക്കും ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും പ്രവേശനം നടത്തുക.

- സാങ്കേതിക വിദ്യാഭ്യാസ മേഖലയിലും ശാസ്ത്ര സാങ്കേതിക മേഖലയിലും ദേശീയ/സംസ്ഥാന തല സെമിനാറുകളും കോൺഫറൻസുകളും സംഘടിപ്പിക്കുക

- ഓപ്പൺ ഹൗസ്, കുട്ടികളുടെ സെമിനാർ, മത്സരങ്ങൾ, പ്രോജക്ടുകൾ, സർട്ടിഫിക്കറ്റ് സമ്മാനദാനം എന്നിവ സംഘടിപ്പിക്കുക

- സാമഗ്രികൾ വാങ്ങലും ചെറിയ ജോലികളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം

**13. പഠന–ബോധന പ്രവർത്തനങ്ങളുടെ നിലവാരമുയർത്തലും നൈപുണ്യ വിടവ് പരിഹരിക്കലും**

**(വിഹിതം: 1300.00 ലക്ഷം രൂപ)**

പഠന–ബോധന പ്രവർത്തനങ്ങളുടെ നിലവാരമുയർത്തുന്നതിനും നൈപുണ്യ വിടവ് പരിഹരിക്കാനുമായി മുൻ വർഷങ്ങളിൽ നടപ്പിലാക്കികൊണ്ടിരുന്ന പദ്ധതികളെല്ലാം സംയോജിപ്പിച്ച് കൊണ്ടാണ് ഈ പദ്ധതി രൂപകൽപന ചെയിതിരിക്കുന്നത്. 1300.00 ലക്ഷം രൂപ താഴെപറയുന്ന ഘടകങ്ങൾക്കായി 2025–26 വർഷത്തേക്ക് വകയിരുത്തിയിരിക്കുന്നു. ഇതിൽ ഏകദേശം 50 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

എ. എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക് കോളേജുകളിലെയും ഫാക്കൽറ്റി വികസനം

ബി. ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ (IIIC)

സി. അക്കാദമിക് സ്റ്റാഫ് കോളേജ് ആൻഡ് സ്റ്റേറ്റ് ഇന്റേണൽ ക്വാളിറ്റി അഷ്യൂറൻസ് സെൽ

ഡി. പ്ലേസ്മെന്റ് ആന്റ് ട്രെയിനിംഗ്

ഇ. അധിക വിദഗ്ധ കഴിവ് വികസന പരിശീലനം (എ.എസ്.ഡി.പി)

എഫ്. പഠന സഹായ പദ്ധതി

ജി. പുനർജ്ജനി

എച്ച്. പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ

ഐ. സ്റ്റുഡന്റ് അഫയേഴ്സ് ആന്റ് കൗസലിംഗ് സെന്റർ (സാക്)

ജെ. എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിൽ സ്ത്രീകളുടെ ശാക്തീകരണത്തിനുള്ള പദ്ധതി (SHE)

കെ. കേരള ട്രാൻസ്ഫോർമിംഗ് എഞ്ചിനീയറിംഗ് എജ്യുക്കേഷൻ ഫോർ നോളജ് ഇക്കണോമി (K–TEEN)

**എ. എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റി വികസനം**

എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ഫാക്കൽറ്റി വികസനത്തിനായി ഫുൾടൈം/എം.ടെക്, പി.എച്ച്.ഡി കോഴ്സ് സംഘടിപ്പിക്കുക (ഗുണമേന്മ പദ്ധതി), എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക് കോളേജുകളിലെയും അധ്യാപകർക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ചെലവുകൾ വഹിക്കുക, കോൺഫറൻസുകളിൽ അദ്ധ്യാപകരെയും മറ്റ് സ്റ്റാഫ്ഫുകളെയും പങ്കെടുപ്പിക്കുക, അധ്യാപകരുടെ യോഗങ്ങൾ നടത്തുക, എഞ്ചിനീയറിംഗ് കോളേജുകളിൽ സെമിനാറുകളും ഹ്രസ്വകാല കോഴ്സുകളും നടത്തുക തുടങ്ങിയവക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

**ബി. ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ**

എഞ്ചിനീയറിംഗ്, പോളിടെക്നിക്ക്, ഫൈൻ ആർട്സ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വികസനം ലഭ്യമാക്കുന്നതിനാണ് ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

- ദേശീയതലത്തിൽ പ്രശസ്തമായ സ്ഥാപനങ്ങളിലും പ്രഗത്ഭരായ അധ്യാപകരെക്കൊണ്ടും വിവിധ വ്യാവസായ സംരംഭങ്ങളിലെ വിദഗ്ധരെക്കൊണ്ടും ആധുനിക വ്യാവസായിക മേഖലയിലെ നൂതന അറിവുകൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ലഭ്യമാക്കുന്നതിനുള്ള പരിശീലനം നൽകുക.
- അനുബന്ധ ഫാക്കൽറ്റി പരിപാടി അനുസരിച്ച് ഗവേഷണ–അക്കാദമിക പ്രവർത്തനങ്ങളിൽ സീനിയർ അധ്യാപകരുടേയും പ്രൊഫഷണലുകളുടേയും സേവനം പ്രയോജനപ്പെടുത്തുക.
- പുതിയ മേഖലകളിൽ പരിപാടികളും സർട്ടിഫിക്കറ്റ് പരിശീലന പരിപാടികളും സ്ഥാപനങ്ങളിൽ നടത്തുക.
- അത്യാധുനിക വ്യാവസായിക രീതികളും പ്രവർത്തനങ്ങളും മനസ്സിലാക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നതിനായി എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ഫൈൻ ആർട്സ് കോളേജുകളും പ്രശസ്ത ഗവണ്മെന്റ്/പ്രൈവറ്റ് സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പ വയ്ക്കുക.
- എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക് കോളേജുകളിലെയും വിദ്യാർത്ഥികൾക്കുള്ള പ്രീ–എംപ്ലോയ്മെന്റ് പരിശീലനവും സ്ഥാപനങ്ങളിലെ കരിയർ ഗൈഡൻസ്, പ്ലേസ്മെന്റ് സെല്ലുകളുടെ പ്രവർത്തനങ്ങളും.
- എല്ലാ സ്ഥാപനങ്ങളിലേയും ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് ഇൻഡക്ഷൻ പരിപാടി സംഘടിപ്പിക്കുക. ആത്മവിശ്വാസമുള്ള പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനും സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചുള്ള ക്രിയാത്മകമായ കഴിവുകൾ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുമായി ഒരു മാനവ വികസന സെൽ സ്ഥാപിക്കുക എന്നത് ഐ.ഐ.ഐ.സി ക്ക് കീഴിൽ വിഭാവനം ചെയ്തിരിക്കുന്നു. ആവശ്യമുള്ള വിദ്യാർത്ഥികൾക്ക്, പ്രത്യേകിച്ച് ഡയറക്ടറേറ്റിന് കീഴിലുള്ള ജിസിഐകളിൽ നിന്നും ജിഐഎഫ്ഡികളിൽ നിന്നും, ഇന്റേൺഷിപ്പിനുള്ള സാമ്പത്തിക സഹായവും പദ്ധതിയുടെ ഭാഗമാണ്.

**സി. അക്കാദമിക് സ്റ്റാഫ് കോളേജ് ആൻഡ് ഇൻറ്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ**

വിവരങ്ങളുടെയും അറിവിന്റെയും നിരന്തരമായ പ്രവാഹത്തിനൊപ്പം കൃത്യമായ ഇടവേളകളിൽ അധ്യാപകരുടെ വിജ്ഞാന അടിത്തറയും കാഴ്ചപ്പാടും ഉയർത്താനും ഉന്നത വിദ്യാഭ്യാസ

സ്ഥാപനങ്ങളിൽ അധ്യാപനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള അക്കാദമിക് അന്തരീക്ഷം ഉത്തേജിപ്പിക്കാനും അക്കാഡമിക് സ്റ്റാഫ് കോളേജ് (ASC), നില നിൽക്കുന്നു. രണ്ടു തരത്തിലുള്ള പരിപാടികളാണ് എ.എസ്.സി. വഴി ഉദ്ദേശിക്കുന്നത് ഓറിയൻറേഷൻ പരിപാടികളും റിഫ്രഷർ കോഴ്സുകളും. താമസിച്ചുള്ള രണ്ടു പരിശീലനങ്ങൾ ഒരേസമയം നടത്തുന്നതിനും ദേശീയ-അന്തർദ്ദേശീയ ശില്പശാലകളും സെമിനാറുകളും നടത്തുന്നതിനുമുളള സൗകര്യം നൽകേണ്ടതുണ്ട്. ഇ-ലൈബ്രറിക്കും റെഫറൻസ് സെന്ററിനുമുള്ള സൗകര്യങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലുമായി സംയോജിപ്പിച്ച പരിശീലനം സംഘടിപ്പിക്കുന്നതിന് അക്കാദമിക് സ്റ്റാഫ് കോളേജ് ആവശ്യമാണ്. കൂടാതെ, അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിന്റെ കപ്പാസിറ്റി ബിൽഡിംഗ് എഎസ്സിക്ക് കീഴിൽ കൊണ്ടുവരുന്നു. കർത്തവ്യ ബോധവും വ്യക്തിത്വ വികസനവും ഉത്തരവാദിത്ത ബോധവും നല്കികൊണ്ട് ഡയറക്ടറേറ്റിലേയും വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കാൻ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. കാര്യശേഷി വർധിപ്പിക്കാനുള്ള ഈ പരിപാടിക്ക് രണ്ടു ഭാഗങ്ങളുണ്ട്- 1) മാനസിക സംഘർഷം കുറയ്ക്കൽ, സമയ ക്രമീകരണം, വൈകാരിക ബുദ്ധി, പൊതുജനങ്ങളുടെ ആശങ്കകൾ മനസ്സിലാക്കൽ, സേവന മനോഭാവം ഉണ്ടാക്കൽ എന്നിവ ഉൾപ്പെടെയുള്ള വ്യക്തിത്വ വികസന പരിശീലനം 2) സേവന ചട്ടങ്ങൾ, ഇ- ടെണ്ടർ, ഇ-ഗവേണൻസ് തുടങ്ങി സ്വന്തം ഔദ്യോഗിക മേഖലയിൽ ആവശ്യം വേണ്ട അറിവ് നൽകുന്നതിനുള്ള പരിശീലനം. ഈ പരിശീലനങ്ങൾ സംസ്ഥാനത്തുള്ള പരിശീലന സ്ഥാപനങ്ങൾക്ക് പുറമേ പ്രധാന ദേശീയ സ്ഥാപനങ്ങളിലും വച്ച് നടത്തുവാൻ ലക്ഷ്യമിടുന്നു.

കൂടാതെ, അക്കാദമിക് സ്റ്റാഫ് കോളജ് നിർമിക്കാനും നിർദേശിച്ചിട്ടുണ്ട്. അക്കാദമിക് സ്റ്റാഫ് കോളേജ്, സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ, സ്റ്റേറ്റ് ക്വാളിറ്റി അഷ്വറൻസ് സെല്ലുമായി സമന്വയിപ്പിച്ച് പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്.

**സംസ്ഥാന ക്വാളിറ്റി അഷ്വറൻസ് സെൽ**

സ്ഥാപനങ്ങളിലെ അക്കാദമിക - ഭരണ പ്രവർത്തനങ്ങൾ തുടർച്ചയായി സ്ഥിരതയോടെ ഉയർത്തികൊണ്ട് വരുന്നതിനാണ് സംസ്ഥാന ക്വാളിറ്റി അഷ്വറൻസ് സെൽ. വിദ്യാഭ്യാസം എന്ന ലക്ഷ്യം വച്ച് സ്ഥാപനങ്ങൾ എന്തൊക്കെ ചെയ്താലും അവ കാര്യക്ഷമമായും ഫലപ്രദമായും നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. അതിനു വേണ്ടി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ വിവിധ വശങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കാനുള്ള നടപടിക്രമങ്ങൾ എസ്.ക്യു.എ.സി. തയ്യാറാക്കും.

**ഡി. പ്ലേസ്മെന്റ് ആന്റ് ട്രെയിനിംഗ്**

വിവിധ വ്യവസായ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും വഴി എല്ലാ വർഷവും ഡിപ്ലോമക്കാർക്കും ബിരുദതല വിദ്യാർത്ഥികൾക്കും അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് നൽകുന്നതിന് പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നതോടൊപ്പം, ഡിപ്പാർട്ട്മെന്റിൽ അപ്രന്റീസ് ട്രെയിനികളായി ജോലിചെയ്യുന്ന ബിരുദതല-ഡിപ്ലോമ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റും നൽകുന്നു. അപ്രന്റീസ്ഷിപ്പ് ട്രെയിനികളെ തെരഞ്ഞെടുക്കുന്നതിന് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ കേന്ദ്രീകൃത ഇന്റർവ്യൂ സംഘടിപ്പിക്കുക, ഫലപ്രദമായ പ്ലേസ്മെന്റ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പോളിടെക്നിക് കോളേജുകളിലെ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും അവബോധവും പരിശീലന പരിപാടികളും നടത്തുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

**ഇ. എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും അധിക വിദഗ്ധ കഴിവ് വികസന പരിശീലനം (എ.എസ്.ഡി.പി)**

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നുള്ള യുവാക്കൾക്കായി വിവിധ നൈപുണ്യ പരിശീലന പരിപാടികൾ നടത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഓരോ സ്ഥാപനത്തിലും കുറഞ്ഞത് സൊസൈറ്റിക്ക് അനുയോജ്യമായ ഒരു നൈപുണ്യ പരിശീലന പരിപാടിയെങ്കിലും ആരംഭിച്ച് എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും നൈപുണ്യ വികസന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പരിശീലനം നേടുന്നവർക്ക് മാസം തോറും സ്റ്റൈപെന്റ്, ടൂൾ കിറ്റ് മുതലായവ നൽകുകയും കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുന്നു. അധ്യാപകർക്കുള്ള ഹോണറേറിയം, സാധന-സാമഗ്രികളുടെ ചെലവ്, പങ്കെടുക്കുന്നവർക്കുള്ള സ്റ്റൈപെന്റ് എന്നിവക്കായി തുക വകയിരുത്തിയിരിക്കുന്നു.

**എഫ്. പഠന സഹായ പദ്ധതി**

അക്കാദമിക് ലെവൽ മെച്ചപ്പെടുത്തുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള സ്ഥാപനങ്ങളിൽ എല്ലാ വിഭാഗത്തിലുമുള്ള ആവശ്യക്കാരായ വിദ്യാർത്ഥികൾക്ക് പരിഹാര ക്ലാസുകൾ നടത്തുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. എൻജിനീയറിങ് കോളേജുകളിലും പോളിടെക്നിക്കുകളിലും അക്കാദമികമായി പിന്നാക്കം നിൽക്കുന്ന എല്ലാ വിഭാഗങ്ങളിലും ഉള്ള വിദ്യാർത്ഥികൾക്കായി വിവിധ വിഷയങ്ങൾക്ക് പരിഹാര ക്ലാസുകൾ നടത്തുന്നു. നല്ലൊരു വിജയശതമാനം ഇത് വഴി ഉറപ്പാക്കുന്നു. എല്ലാ എൻജിനീയറിംഗ് കോളേജുകളിലും, ടെക്നിക്കൽ ഹൈസ്കൂളുകളിലും പോളിടെക്നിക്കുകളിലുമാണ് ഇപ്പോൾ ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. കോച്ചിംഗിൽ ഏർപ്പെടുന്ന ഫാക്കൽറ്റികൾക്ക് വേതനം നൽകുന്നതിനും വിദ്യാർത്ഥികൾക്കുള്ള പാഠ്യവസ്തുക്കൾ നൽകുന്നതിനും മറ്റും തുക വകയിരുത്തിയിരിക്കുന്നു.

**ജി. പുനർജ്ജനി**

ഉപയോഗശൂന്യമായ യന്ത്രങ്ങളും ഉപകരണങ്ങളും മറ്റ് വസ്തുക്കളും പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി കേരളത്തിലെ നാഷണൽ സർവീസ് സ്കീമിന്റെ ടെക്നിക്കൽ സെൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് പുനർജ്ജനി. സർക്കാർ ആശുപത്രികളിലും എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും അതുപോലെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളിലുമുള്ള ഇത്തരത്തിലുള്ള ഉപകരണങ്ങളുടെ വീണ്ടെടുക്കലും ഉപയോഗയുക്തമാക്കലുമാണ് പ്രോജക്റ്റ് കൊണ്ട് ലക്ഷ്യമിടുന്നത്. പ്ലംബ്ബിംഗ്, മലിനജല മാനേജ്മെന്റ്, ഇലക്ട്രിക്കൽ റിപ്പയറിംഗുകൾ എന്നിവയും പദ്ധതി ലക്ഷ്യമിടുന്നു.

**എച്ച്. പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ**

സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ സ്ഥാപിച്ച് കാമ്പസുകളിലെ വിദ്യാർത്ഥികളുടെ സംരംഭക ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ പദ്ധതി. ടിബിഐകളിലൂടെ, വളർന്നുവരുന്ന എഞ്ചിനീയർമാർക്കിടയിൽ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുക, നടന്നുകൊണ്ടിരിക്കുന്ന ഗവേഷണങ്ങളെ വാണിജ്യവത്ക്കരിക്കുക, വിദ്യാർത്ഥികളിൽ നിന്ന് സംരംഭക പ്രതിഭകളെ വളർത്തിയെടുക്കുക, വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കുമായി സംരംഭകത്വ വികസന പരിപാടികൾ നടത്തുക, എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. സാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളിലും ടി.ബി.ഐ.സി.കൾ വ്യാപിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ക്യൂബിക്കിളുകളുടെ നിർമ്മാണം, പരിശീലന–ബോധവൽക്കരണ പരിപാടികൾ ബയോമെട്രിക് ആക്സസ് കൺട്രോൾ ആന്റ് സെക്യൂരിറ്റി ക്യാമറകൾക്കും കമ്പ്യൂട്ടർ, അധിക ഫർണിച്ചർ തുടങ്ങിയവക്കായും വിഹിതം വകയിരുത്തിയിരിക്കുന്നു.

**ഐ. സ്റ്റുഡന്റ് അഫയേർസ് ആന്റ് കൗൺസലിംഗ് സെന്റർ (സാക്)**

സങ്കീർണ്ണവും അസ്ഥിരവും അനിശ്ചിതത്വവും നിറഞ്ഞ സമകാലിക സമൂഹത്തിൽ വിദ്യാർത്ഥികളുടെ മാനസികവും വൈകാരികവുമായ ഉയർച്ച ഉറപ്പ് വരുത്തുന്നതിന് പിന്തുണാ സംവിധാനങ്ങൾ അത്യാവശ്യമാണ്. വിദ്യാർത്ഥികളുടെ ക്രിയാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതിനും അവരെ സമൂഹ നൻമയ്ക്കു വേണ്ടി പ്രവർത്തിക്കുന്ന ആത്മവിശ്വാസവും സമചിത്തരുമായ വ്യക്തികളായി വളർത്തികൊണ്ടു വരുന്നതിനുള്ള സംവിധാനങ്ങൾ ആവശ്യമാണ്. ഈ ലക്ഷ്യത്തോടെയാണ് എല്ലാ എൻഞ്ചിനീയറിംഗ് കോളേജുകളിലും, പോളിടെക്നിക്കുകളിലും, ഫൈൻ ആർട്സ് കോളേജുകളിലും, ടെക്നിക്കൽ ഹൈസ്കൂളുകളിലും സാക് സ്ഥാപിക്കുന്നത്.

**ജെ. എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിൽ സ്ത്രീകളുടെ ശാക്തീകരണത്തിനുള്ള പദ്ധതി (SHE)**

എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിൽ സ്ത്രീകളുടെ ശാക്തീകരണ പദ്ധതി (SHE) എന്ന പ്രോഗ്രാം കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ചു. പെൺകുട്ടികൾക്ക്, തങ്ങൾക്ക് എത്രമാത്രം കഴിവുണ്ടെന്ന് തിരിച്ചറിയാനും സാങ്കേതിക മേഖലകളിൽ മികച്ച നേതാക്കളാകാൻ അവർക്ക് ആവശ്യമായ പിന്തുണ നൽകാനും ഷീ പ്രോഗ്രാം ഉദ്ദേശിക്കുന്നു. എഞ്ചിനീയർ ആകാൻ ആഗ്രഹിക്കുന്ന പെൺകുട്ടികൾ, എഞ്ചിനീയറിംഗ് കോഴ്സിന് പഠിക്കുന്ന പെൺകുട്ടികൾ, വനിതാ എഞ്ചിനീയർമാർ എന്നിവർക്ക് 'പ്രൊഫഷണലായി വിജയകരവും വ്യക്തിപരമായി മികവ് പുലർത്തുന്നതുമായ വനിതാ

എഞ്ചിനീയർമാരെ സൃഷ്ടിക്കുക' എന്ന കാഴ്ചപ്പാടിന് അനുസൃതമായാണ് ഈ പദ്ധതിയുടെ എല്ലാ പ്രവർത്തനങ്ങളും. 2025-26ൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിലുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. അതനുസരിച്ച്, ഷീ സംരംഭത്തിന് കീഴിൽ വിവിധ പരിപാടികൾക്കായി ഫണ്ട് അനുവദിച്ചിരിക്കുന്നു.

**കെ. കേരള ട്രാൻസ്ഫോർമിംഗ് എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ ഫോർ നോളജ് ഇക്കണോമി (K-TEEN)**

സാങ്കേതിക വിദ്യാഭ്യാസത്തിലൂടെ സംസ്ഥാനത്തെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയുടെ വികസനം ത്വരിതപ്പെടുത്തുന്നതിന് നിലവിലുള്ള പദ്ധതികളിലെ വിടവുകൾ നികത്തുക എന്നതാണ് ഈ പരിപാടിയുടെ വിശാലമായ ലക്ഷ്യം. നവീകരണം, പേറ്റന്റ്, സാങ്കേതിക കൈമാറ്റം, ഗവേഷണ പരിവർത്തന പിന്തുണ, സമൂഹത്തിനായുള്ള എഞ്ചിനീയറിംഗ് സാങ്കേതികവിദ്യ, ഘടക കോളേജുകൾ ആരംഭിച്ച് സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ, അതി ദാരിദ്ര്യം എന്നിവയെ അഭിസംബോധന ചെയ്യുന്നതിലൂടെ മൊത്ത എൻറോൾമെന്റ് അനുപാതം വർദ്ധിപ്പിക്കുക എന്നിവയാണ് മറ്റ് ലക്ഷ്യങ്ങൾ.

**14. എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം**

**(വിഹിതം: 4030.00 ലക്ഷം രൂപ)**

ഈ പദ്ധതിയിലുൾപ്പെടുന്ന താഴെ പറയുന്ന ഘടകങ്ങൾക്കായി 4030.00 ലക്ഷം രൂപ 2025-26 വർഷത്തേക്കായി വകയിരുത്തിയിരിക്കുന്നു.

എ. എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം

ബി. കേന്ദ്രീകൃത റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം (വിദ്യാഭ്യാസ വിഭവ കേന്ദ്രം)

സി. എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കുമുള്ള ഗവേഷണ സ്കോളർഷിപ്പ്

ഡി. എൻജിനിയറിങ് കോളേജുകളിലെ ക്യൂ.ഐ.പി കേന്ദ്രങ്ങൾ

ഇ. എഞ്ചിനീയറിംഗ് കോളേജുകൾക്ക് അക്രഡിറ്റേഷൻ

എഫ്. സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന പരിപാടി (TEQIP-രണ്ടാം ഘട്ടം)

ഏകദേശം 35 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്ക് പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായി സമാഹരിച്ച ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

**എ. എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം**

പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം, ക്ലാസ് മുറികൾ, വർക്ക്ഷോപ്പുകൾ, കമ്മ്യൂണിറ്റി ഓഡിറ്റോറിയം എന്നിവയുടെ വികസനം, ലൈബ്രറി സൗകര്യങ്ങൾ, ലബോറട്ടറികൾ, ഹോസ്റ്റൽ സൗകര്യങ്ങൾ, കുടിവെള്ള സംവിധാനം വർദ്ധിപ്പിക്കൽ, മലിനജല ശുദ്ധീകരണ പ്ലാന്റ്, എല്ലാ എഞ്ചിനീയറിംഗ് കോളേജ് കാമ്പസുകളിലും സ്റ്റുഡന്റ് അമെനിറ്റി സെന്ററുകൾ, എഞ്ചിനീയറിംഗ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക, മിനി വ്യവസായ യൂണിറ്റുകൾ/ഐ.ഒ.സി, ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുക, ഗ്രീൻ പ്രോട്ടോക്കോൾ തുടരുക, പാരമ്പര്യേതര ഊർജ്ജ സംരംഭങ്ങൾ, ജലസ്രോതസ്സുകളുടെ ശരിയായ വിനിയോഗം, മലിനജല പരിപാലനം, ഖരമാലിന്യ സംസ്കരണം, ഊർജ്ജസംരക്ഷണം, ഭിന്നശേഷിയുള്ള വ്യക്തികൾക്കുള്ള സൗകര്യങ്ങൾ, പോസ്റ്റ്ഡോക്ടറൽ ഫെലോഷിപ്പുകൾ, ഫാക്കൽറ്റികൾക്ക് അന്താരാഷ്ട്ര/ദേശീയ കോൺഫറൻസുകളിൽ പങ്കെടുക്കാനുള്ള സഹായം, പ്രമുഖ ഇൻസ്റ്റിറ്റ്യൂട്ടുകൾ/വ്യാവസായിക സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിടുക, അധിക മനുഷ്യശേഷി ആവശ്യങ്ങൾ നിറവേറ്റുക തുടങ്ങിയ ഘടകങ്ങളാണ് ഈ പദ്ധതിയിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്.

**ബി. കേന്ദ്രീകൃത റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം (വിദ്യാഭ്യാസ വിഭവ കേന്ദ്രം)**

എൻജിനീയറിങ് കോളേജുകളുടെയും പോളിടെക്നിക് കോളേജുകളുടെയും ഡിജിറ്റൽ ഇൻഫർമേഷൻ അസറ്റുകളുടെ സൃഷ്ടി, സംഘാടനം, സംഭരണം, പ്രചരിപ്പിക്കൽ, സംരക്ഷിക്കൽ എന്നിവയെ വിജ്ഞാന/പഠന മാനേജ്മെന്റ് സിസ്റ്റം പിന്തുണയ്ക്കുന്നു. ഡയറക്ടറേറ്റിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും പാഠ്യപദ്ധതി, സഹപാഠ്യപദ്ധതി, ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയെ ഏകോപിപ്പിക്കുന്നതിന് കേന്ദ്രീകൃത റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം (വിദ്യാഭ്യാസ വിഭവ കേന്ദ്രം)

രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. പഠന വിഭവങ്ങൾ, ലൈബ്രറി, സോഫ്റ്റ്‌വെയർ എന്നിവ പങ്കിടുന്നതിനും എല്ലാ സ്ഥാപനങ്ങളിലും നടക്കുന്ന വിവിധ ഗവേഷണ സംരംഭങ്ങൾ/പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള ഒരു പൊതു ഡിജിറ്റൽ പ്ലാറ്റ്‌ഫോമായി ഈ കേന്ദ്രം പ്രവർത്തിക്കും. കൂടാതെ, എല്ലാ വിഷയങ്ങളിലും ഉള്ളടക്കം വികസിപ്പിക്കുകയും എല്ലാ ഗവേഷണ പ്രവർത്തനങ്ങളുടെയും വിദഗ്ധ പ്രഭാഷണങ്ങളുടെയും വീഡിയോ കോൺഫറൻസുകളുടെയും ഒരു ശേഖരം സൃഷ്ടിക്കുകയും വെർച്വൽ ക്ലാസ് റൂമുകളുടെയും ഓൺലൈൻ അധ്യാപനത്തിന്റെയും ഇന്നത്തെ ആവശ്യകതയെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു. പൂർണ്ണമായും ഫീച്ചർ ചെയ്ത ഡിജിറ്റൽ മീഡിയ സ്റ്റുഡിയോ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ഇ-ജേണൽ, നെറ്റ്‌വർക്കിംഗ്, കരിയർ ഗൈഡൻസുമായി ബന്ധപ്പെട്ട ഇ-റിസോഴ്സുകൾ ഹോസ്റ്റുചെയ്യുന്നതിന് സെർവറും ലാനും നൽകുക, സോഫ്റ്റ് സ്കിൽ പരിശീലനം, എഞ്ചിനീയറിംഗ് ഉള്ളടക്ക പഠന സോഫ്റ്റ്‌വെയറിന്റെ സംഭരണം തുടങ്ങിയവയാണ് 2025-26-ൽ ഈ പദ്ധതിയിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്.

**സി.എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കുമുള്ള ഗവേഷണ സ്കോളർഷിപ്പ്**

എഞ്ചിനീയറിംഗ് കോളേജുകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ ഗവേഷണമികവിനെ അടിസ്ഥാനമാക്കി നൽകിവരുന്ന റിസർച്ച് സ്കോളർഷിപ്പുകൾ തുടരുക എന്നതാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. പി.എച്ച്.ഡി/എം.ടെക് വിദ്യാർത്ഥികൾക്ക് അവരുടെ അക്കാദമികപരിസ്ഥിതി ഉയർത്തുന്നതിനാണ് സ്കോളർഷിപ്പ് നൽകുന്നത്. സ്കോളർഷിപ്പിനുള്ള വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നത് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് തീരുമാനിക്കുന്ന ഒരു കമ്മിറ്റിയായിരിക്കും. ഗേറ്റ് സ്കോളർഷിപ്പ് ഇല്ലാത്ത എം.ടെക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് സാങ്കേതിക ഡയറക്ടറേറ്റിനു കീഴിൽ രൂപികരിച്ചിട്ടുള്ള ഒരു സെലക്ഷൻ സമിതിയാണ്.

**ഡി. എൻജിനിയറിങ് കോളേജുകളിലെ ഗുണനിലവാര കേന്ദ്രങ്ങൾ**

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലും, തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലും, കോട്ടയം ആർ.ഐ.ടി യിലും ഗുണനിലവാര കേന്ദ്രങ്ങൾ പ്രവർത്തിക്കുകയും അതുവഴി എഞ്ചിനീയറിംഗ് കോളേജുകളിൽ പി.എച്ച്.ഡിക്കുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് 6 എഞ്ചിനീയറിംഗ് കോളേജുകളെയും കെ.റ്റി.യു ഗവേഷണ കേന്ദ്രങ്ങളായി അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ക്യൂ.ഐ.പി പദ്ധതികൾ മറ്റ് എഞ്ചിനീയറിംഗ് കോളേജുകളിലെക്കും വ്യപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ലബോറട്ടറിയുടെ ആധുനീകരണം, വർക്ക്ഷോപ്പുകൾ, ലൈബ്രറി സൗകര്യങ്ങൾ എന്നിവ പദ്ധതി വഴി ലക്ഷ്യമിടുന്നു. ക്യൂ.ഐ.പി റിസർച്ച് സ്കോളർമാർക്കുള്ള പാർപ്പിട സൗകര്യങ്ങളും നിർമ്മിക്കും.

**ഇ. എഞ്ചിനീയറിംഗ് കോളേജുകളുടെ അക്രഡിറ്റേഷൻ**

കോളേജുകളുടെ അക്രഡിറ്റേഷൻ തൊഴിലവസരങ്ങളും ഉന്നത വിദ്യാഭ്യാസ സാധ്യതകളും വർദ്ധിപ്പിക്കുന്നു. അന്താരാഷ്ട്ര ഗുണമേന്മയും ദേശീയതലത്തിലുള്ള അംഗീകാരവും അക്രഡിറ്റേഷനുമായി ബന്ധപ്പെട്ടിരിക്കുന്നു. കാമ്പസ് അഭിമുഖങ്ങൾ നടത്തുന്ന വ്യവസായങ്ങൾ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ ഗുണനിലവാരത്തിന് എപ്പോഴും പ്രാധാന്യം നൽകുന്നു. അക്രഡിറ്റേഷൻ ഫാക്കൽറ്റിക്കും വിദ്യാർത്ഥികൾക്കും കൂടുതൽ ആത്മവിശ്വാസവും ആത്മാഭിമാനവും നല്കുന്നു. ഇത് കൂടുതൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. കൂടാതെ, ഈ സ്ഥാപനങ്ങളിൽ നിന്നുള്ള സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മൂല്യം ദേശീയ അന്തർദ്ദേശീയ നിലവാരങ്ങൾക്ക് പ്രാപ്തമാക്കേണ്ടതുമാണ്. അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്കുമാത്രമേ എ ഐ സി റ്റി യുടെ പുതിയ പ്രോഗ്രാമുകൾ അനുവദിക്കപ്പെടുകയുള്ളൂ. എൻ.ബിഎ. അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്.

**എഫ്. സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന**

വിദ്യാഭ്യാസ നിലവാരവും അടിസ്ഥാന സൗകര്യവും മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇന്ത്യ ഗവൺമെന്റ് ആരംഭിച്ച പദ്ധതിയാണ് സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന പരിപാടി(ടെക്വിപ്). ടെക്വിപിന്റെ ഒന്നാം ഘട്ടത്തിൽ അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളെ തെരഞ്ഞെടുക്കുകയും 2003-09 കാലയളവിൽ പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ടെക്വിപിന്റെ രണ്ടാം ഘട്ടത്തിൽ ബിരുദധാരികളുടെ തൊഴിൽ ലഭ്യതയും പഠനമേന്മയും ഉയർത്തുന്നതിനുവേണ്ടി, 19 എൻജിനിയറിംഗ് കോളേജുകളെ തെരഞ്ഞെടുക്കുകയുണ്ടായി. ടെക്വിപിന്റെ രണ്ടാം ഘട്ടം അനുസരിച്ച്, 250 ഇൻസ്റ്റിറ്റ്യൂട്ടുകളെ നേരത്തെ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ (സ്ഥാപനങ്ങൾ സമർപ്പിച്ച പ്രൊപ്പോസലിന്റെ ഗുണനിലവാരം)

അടിസ്ഥാനമാക്കി മത്സരാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കും. 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി എന്ന നിലയിലാണ് പദ്ധതി നടപ്പാക്കുന്നത്. ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നിയുക്ത ഏജൻസിയാണ് സ്റ്റേറ്റ് പ്രോജക്ട് ഫെസിലിറ്റേഷൻ യൂണിറ്റ് (SPFU). സ്കീം നിരീക്ഷിക്കുന്നതിനായി നിലവിലുള്ള എസ് പി എഫ് യു ന്റെ പ്രവർത്തനത്തിനായി 2025-26ൽ തുക വകയിരുത്തുന്നു.

**15. സർക്കാർ പോളിടെക്നിക്കുകളുടെ വികസനം**

**(വിഹിതം: 4289.00 ലക്ഷം രൂപ)**

അടിസ്ഥാന സൗകര്യം ഉൾപ്പെടെ, ഡിപ്ലോമ തലത്തിലുള്ള വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ നടപ്പിലാക്കികൊണ്ടിരുന്ന പദ്ധതികളെല്ലാം സംയോജിപ്പിച്ച് കൊണ്ടാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്. എ) സർക്കാർ പോളിടെക്നിക്കുകളുടെ വികസനം ബി) പോളിടെക്നിക് കോളേജുകളിൽ ഉൽപാദന-പരിശീലന കേന്ദ്രം (PAT) സെന്റർ സ്ഥാപിക്കുകയും ഐ.ഒ.സി (ഇൻഡസ്ട്രി ഓൺ കാമ്പസ്) പ്രോഗ്രാമിന് കീഴിൽ പുതിയ കേന്ദ്രങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്യുക സി) സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകൾക്കുള്ള അക്രഡിറ്റേഷൻ ഡി) പോളിടെക്നിക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ സെന്റർ എന്നിവയാണ് പ്രധാന ഘടകങ്ങൾ.

ഈ ഘടകങ്ങൾക്കായി 4289.00 ലക്ഷം രൂപ 2025-26 വർഷത്തേക്കായി വകയിരുത്തിയിരിക്കുന്നു. ഇതിൽ ഏകദേശം 12 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു. വിഹിതത്തിന്റെ ഒരു ഭാഗം പിണറായി എജ്യുക്കേഷണൽ ഹബ്ബിൽ നിർദ്ദേശിക്കപ്പെട്ട പുതിയ പോളിടെക്നിക് കോളേജിന്റെ പ്രവർത്തനത്തിനും വിനിയോഗിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ വകുപ്പുകൾക്ക് പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രത്യേക പദ്ധതികൾക്കായി സമാഹരിച്ച ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

**എ.സർക്കാർ പോളിടെക്നിക്കുകളുടെ വികസനം**

കേരളത്തിൽ 46 ഗവൺമെന്റ് പോളിടെക്നിക്കുകൾ ഉണ്ട്. ഇവയിൽ 39 പൊതു പോളിടെക്നിക്കുകൾ, ഏഴ് വനിതാ പോളിടെക്നിക്കുകൾ എന്നിവയുൾപ്പെടുന്നു. എല്ലാ പോളിടെക്നിക്കുകളിലും (ഒരു സ്പെഷ്യലൈസേഷൻ എങ്കിലും) എൻ.എസ്.ക്യു.എഫ് സംവിധാനം ഏർപ്പെടുത്താൻ വകുപ്പ് ഉദ്ദേശിക്കുന്നു. ലബോറട്ടറികൾ, ലൈബ്രറികൾ, ക്ലാസ്സ് മുറികൾ എന്നിവ ആധുനികവൽക്കരിച്ചുകൊണ്ട് അക്കാദമിക-അടിസ്ഥാനസൗകര്യങ്ങളിലും വലിയ തോതിലുള്ള മാറ്റങ്ങൾ പോളിടെക്നിക്കുകളിൽ വരുത്താൻ ഉദ്ദേശിക്കുന്നു. 31 പോളിടെക്നിക്കുകളിൽ കമ്മ്യൂണിറ്റി പോളിടെക്നിക് പദ്ധതി നടപ്പിലാക്കുന്നു. എൻ.എസ്.ക്യു.എഫ് മാനദണ്ഡപ്രകാരം എം.എച്ച്.ആർ.ഡി. അംഗീകരിച്ച കമ്മ്യൂണിറ്റി കോളേജുകൾ അഞ്ച് പോളിടെക്നിക്കുകളിൽ നടപ്പിലാക്കുന്നുണ്ട്. എങ്കിലും കുറെ വർഷം മുൻപ് ആരംഭിച്ച ചില പോളിടെക്നിക്കുകളിൽ പുനരുദ്ധാരണ - ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഭരണ, അക്കാദമിക് ബ്ലോക്കുകൾ, വർക്ക് ഷോപ്പുകൾ, ലബോറട്ടറികൾ, ലൈബ്രറി കെട്ടിടങ്ങൾ, പുതിയ ക്ലാസ്സ് മുറികൾ, കായിക പരിശീലന കോംപ്ലക്സുകൾ, ചുറ്റമതിൽ, വൈദ്യുതീകരണം എന്നിവയും ഇപ്പോഴുള്ളതിനു പുറമെ മെഷിനറികളും, ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങുക, ലബോറട്ടറി സൗകര്യങ്ങൾ നിർമ്മിക്കുക എന്നിവയും അത്യാവശ്യമാണ്. പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങേണ്ടതുണ്ട് (പ്രത്യേകിച്ചും സിവിലും & മെക്കാനിക്കലും വിഭാഗങ്ങൾക്ക്) പുതിയ ഭരണ, ലാബ്, അക്കാദമിക ബ്ലോക്കുകൾ, ഓഡിറ്റോറിയം, ലൈബ്രറി എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നു.

കൂടുതൽ പോളിടെക്നിക് കോളേജുകൾ എഐസിടിഇയുടെ അംഗീകാരത്തിനായി അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്ന പ്രക്രിയയിലാണ്. പുതിയ സ്ഥാപനങ്ങൾക്ക് ന്യൂ ജനറേഷൻ കോഴ്സുകൾ നിർബന്ധമാണ്, ഇതിന് വിപുലമായ ലാബ് സൗകര്യങ്ങൾ സജ്ജീകരിക്കേണ്ടതുണ്ട്. MOOCS സൗകര്യം, കൗൺസിലിംഗ് സൗകര്യം, വെബ്സൈറ്റ് പരിഷ്ക്കരണം, കുറഞ്ഞത് ഒരു പോളിടെക്നിക് കോളേജിനെയെങ്കിലും മികവിന്റെ കേന്ദ്രമാക്കി മാറ്റുക, മിനി വ്യവസായ യൂണിറ്റ്/ഐ.ഒ.സി, എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ബയോ-മെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുക, ഗ്രീൻ പ്രോട്ടോക്കോൾ തുടരുക തുടങ്ങിയ നിർബന്ധിത ആവശ്യങ്ങൾക്കായി എ.ഐ.സി.ടി.ഇയും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ പാരമ്പര്യേതര ഊർജ്ജ സംരംഭങ്ങൾ, ജലസ്രോതസ്സുകളുടെ ശരിയായ

വിനിയോഗം, മലിനജല സംസ്കരണം, ഖരമാലിന്യ സംസ്കരണം, ഊർജ്ജ സംരക്ഷണം, ഭിന്നശേഷിക്കാർക്കുള്ള സൗകര്യങ്ങൾ എന്നിവയും പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്.

**ബി. പോളിടെക്നിക് കോളേജുകളിൽ ഉൽപാദന-പരിശീലന കേന്ദ്രം സ്ഥാപിക്കലും ഇൻഡസ്ട്രി ഓൺ കാമ്പസ് (IoC) പദ്ധതിക്ക് സാമ്പത്തിക സഹായവും**

പ്രായോഗിക പരിശീലനങ്ങളും വ്യാവസായിക മേഖലയിലുള്ള അറിവുമാണ് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പരമ പ്രധാനമായ ഘടകങ്ങൾ. ലബോറട്ടറി സൗകര്യങ്ങളും കോളേജിനടുത്ത് വ്യാവസായിക ഉൽപാദന സ്ഥാപനങ്ങളുടെ അഭാവവും വിദ്യാർത്ഥികൾക്ക് ഈ മേഖലയിൽ പ്രായോഗിക പരിജ്ഞാനം നൽകുന്നതിന് തടസ്സം നിൽക്കുന്നു. ഈ സ്ഥിതിയെ തരണം ചെയ്യുന്നതിന് പോളിടെക്നിക്കുകളിൽ ഉത്പാദന പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ആധുനിക സാങ്കേതികവിദ്യ, ഗുണമേന്മ പരിശോധന, മാനേജ്മെന്റ്, വിൽപ്പനയും വിപണിയും എന്നീ വിഷയങ്ങളിൽ ആവശ്യമായ പരിശീലനം നൽകുന്നു. ഉൽപ്പന്ന രൂപകൽപന, വിപണി പ്രവചനം, ഉൽപ്പന്ന ആസൂത്രണം, വിപണനം, പഠിക്കുമ്പോൾ സമ്പാദിക്കുക എന്ന ആശയം, ഗുണമേന്മ പരിശോധന എന്നിങ്ങനെ യഥാർത്ഥ വ്യവസായത്തിൽ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും പി.എ.ടി-യിൽ ലക്ഷ്യമിടുന്നു. 2025-26 കാലയളവിൽ, കൂടുതൽ പോളിടെക്നിക്കുകളിലേക്ക് പി.എ.ടി കേന്ദ്രങ്ങൾ വ്യാപിപ്പിക്കാനും, നൽകാനും ലക്ഷ്യമിടുന്നു.

**സി.സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകൾക്കുള്ള അക്രഡിറ്റേഷൻ**

പോളിടെക്നിക്കുകൾക്ക് അക്രഡിറ്റേഷൻ ലഭിക്കുകവഴി വിദ്യാർത്ഥികളുടേയും ഫാക്കൽറ്റികളുടേയും ആത്മാഭിമാനവും ആത്മവിശ്വാസവും കൂട്ടുന്നതിന് കാരണമാകുന്നു. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഇത് സഹായിക്കുന്നു. കൂടാതെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് ഈ സ്ഥാപനങ്ങളെ ദേശീയ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്താനും സാധിക്കുന്നു. ഈ സ്ഥാപനങ്ങൾക്ക് അംഗീകാരം ലഭിച്ചാൽ മാത്രമെ എ.ഐ.സി.റ്റി.ഇ പുതിയ പദ്ധതികൾക്കായുള്ള അംഗീകാരം നൽകുകയുള്ളൂ. അടിസ്ഥാന സൗകര്യങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ, വിദ്യാർത്ഥികളുടെ സൗകര്യങ്ങൾ, ഹോസ്റ്റൽ, ലൈബ്രറി സൗകര്യങ്ങൾ, ക്ലാസ് മുറികളുടെ വികസനം, ഹോസ്റ്റലുകൾ, പൂർണ്ണമായും ഫീച്ചർ ചെയ്ത ഡിജിറ്റൽ മീഡിയ സ്റ്റുഡിയോ, നെറ്റ്‌വർക്കിംഗ്, ഓൺലൈൻ പരിശീലനത്തിന്റെയും വെർച്വൽ ക്ലാസ് മുറികളുടെയും ഭാഗമായി ഇ-റിസോഴ്സുകൾ ഹോസ്റ്റ് ചെയ്യുന്നതിന് സെർവറും ലാനും നൽകുക തുടങ്ങിയവയ്ക്കായാണ് തുക വകയിരുത്തിയിരിക്കുന്നത്.

**ഡി. പോളിടെക്നിക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ സെന്റർ**

സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചുകൾ നിലനിൽക്കുന്ന പോളിടെക്നിക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ സെന്റർ ആരംഭിക്കാനുള്ള പദ്ധതിയാണിത്. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ അവ നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് മുൻപായി ടെസ്റ്റ് ചെയ്യുകയും സർട്ടിഫിക്കേഷൻ നേടുകയും ചെയ്യേണ്ടതുണ്ട്. പോളിടെക്നിക്കുകളിൽ സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പരിധിയിൽ ഇഷ്ടികകൾ, സ്റ്റീൽ ബാറുകൾ, സിമന്റ്, കോൺക്രീറ്റ് റ്റ്യൂബ് മുതലായവയുടെ ടെസ്റ്റിംഗ് ഉൾപ്പെടുന്നു. അതുകൊണ്ട് കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, കളമശ്ശേരി, തിരുവനന്തപുരം എന്നിവിടങ്ങളിലെ അഞ്ച് നോഡൽ പോളിടെക്നിക്കുകളിൽ ടെസ്റ്റിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് അവരുടെ കോഴ്സിന്റെ ഭാഗമായി തന്നെ ടെസ്റ്റിന്റെ യഥാർത്ഥ പ്രക്രിയ നേരിട്ട് പഠിക്കുന്നതിനും ടെസ്റ്റിംഗ് ഫീസ് വഴി സ്ഥാപനത്തിന് വരുമാനം ലഭിക്കുന്നതിനും സാധിക്കുന്നു. രജിസ്ട്രേഷൻ, ഭരണ-പരിപാലന ചെലവുകൾ എന്നിവക്കൊപ്പം അഞ്ച് കേന്ദ്രങ്ങൾക്കായി അധിക യന്ത്രങ്ങൾ വാങ്ങുന്നതിനാണ് വിഹിതം നൽകിയിട്ടുള്ളത്.

**16. ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം**

**(വിഹിതം: 1050.00 ലക്ഷം രൂപ)**

അടിസ്ഥാന സൗകര്യം ഉൾപ്പെടെ, ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനവുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ നടപ്പിലാക്കികൊണ്ടിരുന്ന പദ്ധതികളെല്ലാം സംയോജിപ്പിച്ച് കൊണ്ടാണ് ഈ പദ്ധതി രൂപകൽപന ചെയിതിരിക്കുന്നത്. എ) ടെക്നിക്കൽ ഹൈസ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം. ബി) പോളിടെക്നിക്കുകളിലും സാങ്കേതിക ഹൈസ്കൂളുകളിലും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ യോഗ്യത ചട്ടക്കൂട് രൂപവത്ക്കരിക്കൽ (എൻ.എസ്.ക്യൂ.എഫ്) എന്നീ ഘടകങ്ങൾക്കായി 1050.00 ലക്ഷം രൂപ 2025-26 വർഷത്തേക്കായി വകയിരുത്തിയിരിക്കുന്നു. ഇതിൽ ഏകദേശം 15 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**എ. ടെക്നിക്കൽ ഹൈസ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 39 ടെക്നിക്കൽ ഹൈസ്കൂളുകളാണ് പ്രവർത്തിക്കുന്നത്. ഇതിൽ കുറെ ടെക്നിക്കൽ ഹൈസ്കൂളുകളുടെ കെട്ടിടങ്ങൾ വിവിധ സ്ഥലങ്ങളിലായി ചിതറി കിടക്കുന്നവയും യാതൊരുവിധ സൗകര്യങ്ങളും ഇല്ലാതെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയുമാണ്. ക്ലാസ് മുറികൾ, വർക്ക് ഷോപ്പുകൾ, ലബോറട്ടറികൾ, ലൈബ്രറികൾ, ടോയ്‌ലറ്റുകൾ, വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ, ഉപകരണങ്ങൾ, യന്ത്രങ്ങൾ, കമ്പ്യൂട്ടറുകൾ, മറ്റ് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങൽ, റോബോട്ടിക് ക്ലബ്ബുകൾ നടപ്പിലാക്കൽ, ഖരമാലിന്യ സംസ്കരണം, ബയോമെടിക് പഞ്ചിംഗ് സംവിധാനം തുടങ്ങിയ സിവിൽ ജോലികൾക്കാണ് തുക നൽകുന്നത്. ജലസ്രോതസ്സുകളുടെ ശരിയായ വിനിയോഗം, മലിനജല പരിപാലനം, ഊർജ്ജ സംരക്ഷണം, ഭിന്നശേഷിക്കാർക്കുള്ള സൗകര്യങ്ങൾ എന്നിവയ്ക്കൊപ്പം ഗ്രീൻ പ്രോട്ടോക്കോൾ, പാരമ്പര്യേതര ഊർജ്ജ സംരംഭങ്ങൾ എന്നിവയുടെ തുടർച്ചയും പദ്ധതി വിഹിതം നീക്കി വെച്ചിട്ടുണ്ട്.

**ബി.പോളിടെക്നിക്കുകളിലും സാങ്കേതിക ഹൈസ്കൂളുകളിലും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ യോഗ്യത ചട്ടക്കൂട് രൂപവത്ക്കരിക്കൽ (എൻ.എസ്.ക്യൂ.എഫ്)**

മാനവവിഭവശേഷി മന്ത്രാലയത്തിൻകീഴിൽ വരുന്ന ആൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ 2012-13 അധ്യയനവർഷം മുതൽ പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും യൂണിവേഴ്സിറ്റി സംവിധാനത്തിൻകീഴിൽ പ്രവർത്തിച്ചുവരുന്ന എല്ലാ കോളേജുകളിലും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ യോഗ്യതാ ചട്ടക്കൂട് രൂപകല്പന ചെയ്ത് നടപ്പിലാക്കിവരുന്നു. 2014-15 മുതൽ ടെക്നിക്കൽ ഹൈസ്കൂളുകളിലും തിരഞ്ഞെടുത്ത ചില പോളിടെക്നിക്കുകളിലും പദ്ധതി നടപ്പിലാക്കുന്നു. ഈ സംവിധാനം, ടെക്നിക്കൽ ഹൈസ്കൂളുകളിലും പോളിടെക്നിക്കുകളിലും ആട്ടോമൊബൈൽ, നിർമ്മാണ മേഖല (മാനുഫാക്ചറിംഗ്) കെട്ടിട നിർമ്മാണം (കൺസ്ട്രക്ഷൻ), വൈദ്യുതി തുടങ്ങിയ മേഖലകൾ പ്രത്യേക മേഖലകളായി എൻ.വി.ഇ.ക്യൂ.എഫ് കണ്ടെത്തിയിട്ടുണ്ട്.

വിഭവങ്ങൾ തയാറാക്കൽ, ഫാക്കൽറ്റി വികസന പരിപാടികളുടെ ക്രമീകരണം, യന്ത്രസാമഗ്രികളും ഉപകരണങ്ങളും വാങ്ങൽ, പുസ്തകങ്ങൾ, വർക്ക്ഷോപ്പുകൾ, അക്കാദമിക് നിരീക്ഷണം, സാങ്കേതിക ഹൈസ്കൂളുകൾ, ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് (ജിഐഎഫ്ഡി), പോളിടെക്നിക് കോളേജുകൾ എന്നിവിടങ്ങളിലെ സെമിനാറുകൾ/വ്യാവസായിക സന്ദർശനങ്ങൾ, എന്നിവയ്ക്കായി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു.

**17. ഫൈൻ ആർട്സ് കോളേജുകളുടെ വികസനം**

**(വിഹിതം: 340.00 ലക്ഷം രൂപ)**

മാവേലിക്കരയിലും തൃശ്ശൂരിലും തിരുവനന്തപുരത്തുമുള്ള ഫൈൻ ആർട്സ് കോളേജുകളുടെ വികസനത്തിനുള്ളതാണ് ഈ പദ്ധതി. അത്യാധുനിക സൗകര്യത്തോടുകൂടിയ ക്ലാസ്സ്മുറികൾ, അത്യാധുനിക സൗകര്യങ്ങളുള്ള ആർട്ട് ഗ്യാലറികൾ, സ്റ്റുഡിയോ സൗകര്യം മെച്ചപ്പെടുത്തൽ, ലൈബ്രറി, ദൃശ്യ-ശ്രാവ്യ സൗകര്യങ്ങളുടെ ഡിജിറ്റലൈസേഷന്റെ വികസനം, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, വിദ്യാർത്ഥികൾക്കുള്ള മറ്റ് സൗകര്യങ്ങൾ, മൂന്ന് ഫൈൻ ആർട്സ് കോളേജുകൾക്കും ഉപകരണങ്ങൾ വാങ്ങൽ, പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളത്. കേരളത്തിന് അകത്തും പുറത്തുമുള്ള തിരഞ്ഞെടുക്കപ്പെട്ട ചിത്രകലാസ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്കായി ദേശീയ ചിത്രകലാ ക്യാമ്പ് സംഘടിപ്പിക്കുന്നതിനും ദേശീയ-അന്തർദ്ദേശീയ സെമിനാറുകൾക്കും തുക വകയിരുത്തിയിരിക്കുന്നു. മോഡലുകൾക്ക് വേണ്ട പ്രതിഫലവും ഉൾകൊള്ളിച്ചിട്ടുണ്ട്. ഒരു വിദ്യാർത്ഥിക്ക് 5000 രൂപ നിരക്കിൽ ബി.എഫ്.എ/എം.എഫ്.എ വിദ്യാർത്ഥികൾക്ക് പഠന യാത്ര നടത്തുന്നതിനുമുള്ള വിഹിതവും വകയിരുത്തിയിരിക്കുന്നു. വളർന്നു വരുന്ന കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മെറിറ്റ്-കം-മീൻസ് അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിലേയും ഓരോ വകുപ്പിലേയും രണ്ടു വിദ്യാർഥികൾക്ക് 10000 രൂപ അവാർഡ് നല്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു.

ഈ സ്ഥാപനങ്ങളിലെ അധ്യാപന-പഠന പ്രക്രിയ ശക്തിപ്പെടുത്തുന്നതിന്, സംവേദനാത്മക സെഷനുകൾ, ആർട്ട് ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ഗ്രൂപ്പ് ചർച്ചകൾ, സെമിനാറുകൾ, ചിത്രീകരിച്ച സംഭാഷണങ്ങൾ തുടങ്ങിയവയിലൂടെ പ്രൊഫഷണൽ കലാകാരന്മാർ വിദ്യാർത്ഥികൾക്കായി ഒരു മെന്ററിംഗ് പ്രോഗ്രാം നടത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ,ഡയറക്ടറേറ്റിന്റെ കീഴിലുള്ള ഫൈൻ ആർട്സ് കോളേജുകൾ, വഴി പ്രാദേശിക ചരിത്രം, പരിസ്ഥിതി, പൈതൃകം, കല എന്നിവയുടെ ഒരു കൾച്ചർ മാപ്പിംഗ് പ്രോജക്റ്റ് ഏറ്റെടുക്കാനും ഉദ്ദേശിക്കുന്നു. സമകാലിക ജീവിതം, പൈതൃകം, സംസ്കാരം,

കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന മാറ്റങ്ങൾ ദൃശ്യമാകുന്ന തരത്തിൽ ഒരു വെർച്വൽ/ഡിജിറ്റൽ ആർക്കൈവ് നിർമ്മിക്കുകയാണ് ലക്ഷ്യം.

എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളിലും ബയോ-മെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്. ഹരിത പ്രോട്ടോക്കോൾ തുടരുന്നതിനും ശരിയായ ജലവിനിയോഗവും മലിനജല നിയന്ത്രണവും ഖര മാലിന്യ സംസ്കരണവും ഉറപ്പുവരുത്തികൊണ്ടുള്ള പാരമ്പര്യേതര ഊർജ്ജസംരംഭങ്ങൾ ആരംഭിക്കുന്നതിനും വിഹിതം നീക്കി വെച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പ്രത്യേക സൗകര്യങ്ങളും 2025-26ൽ വിഭാവനം ചെയ്തിട്ടുണ്ട്.

2025-26 വർഷം പദ്ധതി നടത്തിപ്പിനായി 340.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ ഏകദേശം 13 ശതമാനം പെൺകുട്ടികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**18.അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തുക**

**(വിഹിതം: 950.00 ലക്ഷം രൂപ)**

അടിസ്ഥാന സൗകര്യം ഉൾപ്പെടെ, സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ നടപ്പിലാക്കികൊണ്ടിരുന്ന പദ്ധതികളെല്ലാം സംയോജിപ്പിച്ച് കൊണ്ടാണ് ഈ പദ്ധതി രൂപകൽപന ചെയിതിരിക്കുന്നത്.

എ. ലൈബ്രറികളെ വിജ്ഞാനകേന്ദ്രങ്ങളാക്കി മാറ്റുക (എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ലൈബ്രറികൾ ശക്തിപ്പെടുത്തുക)

ബി. എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും കായിക വിദ്യാഭ്യാസ വികസനം

സി. എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും വിവര വിനിമയ സാങ്കേതികവിദ്യാവികസനം

ഡി. വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനുള്ള കണക്ടിവിറ്റി - എന്നിവയാണ് പ്രധാന ഘടകങ്ങൾ.

പദ്ധതി നടത്തിപ്പിനായി 950.00 ലക്ഷം രൂപ 2025-26 വർഷത്തേക്കായി വകയിരുത്തിയിരിക്കുന്നു.

**എ. ലൈബ്രറികളെ വിജ്ഞാന കേന്ദ്രങ്ങളാക്കി മാറ്റുക**

എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും, ഫൈൻ ആർട്സ് കോളേജുകളിലേയും, ടെക്നിക്കൽ ഹൈസ്കൂളുകളിലേയും ലൈബ്രറികളെ ഡിജിറ്റൽ ലൈബ്രറിയാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ലൈബ്രറി മാനേജ്മെന്റ് സംവിധാനത്തിൽ കാര്യമായ മാറ്റം വരുത്തികൊണ്ട് അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. എല്ലാ സ്ഥാപനങ്ങളിലെയും ലൈബ്രറി പുസ്തകങ്ങളുടെ ഡിജിറ്റലൈസേഷൻ, എല്ലാ മേഖലകളിലും ഓൺലൈൻ ജേണലുകൾ ലഭ്യമാക്കുക, ലൈബ്രറി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ലിംസ്) സോഫ്റ്റ്‌വെയർ, ഐഇഇഇ, എസിഎം തുടങ്ങിയ അന്താരാഷ്ട്ര ജേണലുകളുടെ ഓൺലൈൻ റഫറൻസിങ്, ഓൺലൈൻ വായ്പയും രേഖകൾ അപ്ഡേറ്റ് ചെയ്യലും, ഡിജിറ്റൽ അന്വേഷണം, പുതിയ ശീർഷകങ്ങളിലുള്ള പുസ്തകങ്ങൾ വാങ്ങൽ, ഹാർഡ് കോപ്പി ജേണലുകൾ, ഇ-ജേണലുകൾ, ലൈബ്രറിക്കുള്ള ഫർണിച്ചറുകൾ, ഓട്ടോമേഷനും ഡിജിറ്റലൈസേഷനും ആവശ്യമായ ഡ്യൂപ്ലിക്കേറ്റിംഗ് മെഷീനുകൾ/സ്കാനറുകൾ/പ്രിന്ററുകൾ/ കമ്പ്യൂട്ടറുകൾ/ഫോട്ടോകോപ്പിയർ എന്നിവ വാങ്ങൽ, വായനശാല സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക, ലൈബ്രറികളിലെ ഫാക്കൽറ്റിയുടെ സേവനങ്ങൾ അധിക സമയങ്ങളിലും അവധി ദിവസങ്ങളിലും ലഭ്യമാക്കുക എന്നിവ ഈ പ്രോഗ്രാമിൽ ഉൾപ്പെടുന്നു. കൂടാതെ ഫൈൻ ആർട്സ് കോളേജിലേക്കും ടെക്നിക്കൽ ഹൈസ്കൂളിലേക്കും പദ്ധതിയുടെ വിപുലീകരണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ബി. കായിക വിദ്യാഭ്യാസ വികസനം**

എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും ടെക്നിക്കൽ ഹൈസ്കൂളുകളിലും ഫൈൻ ആർട്സ് കോളേജുകളിലും കായിക വിദ്യാഭ്യാസം ശാക്തീകരിക്കുന്നതിനുള്ള പദ്ധതിയാണിത്. മിക്ക എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ഉൾപ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ആയതിനാൽ കായിക വികസന സൗകര്യങ്ങളോ കായിക ക്ഷമതാ സെന്ററുകളോ പ്രാപ്യമല്ലാത്ത അവസ്ഥയാണുള്ളത്. വിദ്യാർത്ഥി സമൂഹത്തിൽ നിന്ന് അന്താരാഷ്ട്ര നിലവാരമുള്ള കായിക താരങ്ങളെ വാർത്തെടുക്കുന്നതിനുള്ള പൊതു സൗകര്യത്തിന്റെ ഘട്ടം ഘട്ടമായുള്ള വികസനമാണ്

പദ്ധതി വിഭാവനം ചെയ്തത്. സ്റ്റേഡിയ കോംപ്ലക്സുകൾ, ഇൻഡോർ സ്റ്റേഡിയം, കോർട്ടുകൾ, നീന്തൽക്കുളങ്ങൾ, ആധുനിക ഫിറ്റ്നസ് സെന്ററുകൾ, സംസ്ഥാന/ദേശീയ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള സാമ്പത്തിക സഹായം, സ്കോളർഷിപ്പുകൾ, സ്പോർട്സിനും ഗെയിമുകൾക്കുമുള്ള ഉപകരണങ്ങളും ഉപഭോഗവസ്തുക്കളും വാങ്ങൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് തുക നീക്കിവച്ചിരിക്കുന്നത്.

**സി. സാങ്കേതിക വിദ്യാഭ്യാസത്തിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിവര വിനിമയ സാങ്കേതിക വിദ്യാവികസനം**

എഞ്ചിനീയറിംഗ്/ഫൈൻ ആർട്സ് വിദ്യാഭ്യാസരംഗം മെച്ചപ്പെട്ടതാക്കാൻ വിവര സാങ്കേതികവിദ്യ ഏറെ പ്രയോജനപ്പെടും. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും എല്ലാ ക്ലാസ്സ് മുറികളും സ്മാർട്ട് ക്ലാസ്സ് മുറികളായി മാറ്റി കഴിഞ്ഞു. സാങ്കേതിക ഹൈസ്കൂളുകളും ഫൈൻ ആർട്സ് കോളേജുകളും ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സാങ്കേതിക സ്ഥാപനങ്ങളുടേയും വികസനത്തിനായി ഡിജിറ്റൽ ക്ലാസ് റൂമുകൾ, ഡിജിറ്റൽ ഫാക്കൽറ്റി റൂമുകൾ, ഇ-ലേണിംഗ് റിസോഴ്സുകൾ, ഡിജിറ്റൽ ലൈബ്രറി, കാമ്പസ് വൈഡ് നെറ്റ്‌വർക്കിംഗ്, ഓൺലൈൻ കോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്നിവ ലഭ്യമാക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്.

**ഡി. വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ മികവിനു വേണ്ടിയുള്ള കണക്ടിവിറ്റി**

വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ മികവിനുവേണ്ടിയുള്ള കണക്ടിവിറ്റി (NMEICT) എല്ലാ സ്ഥാപനങ്ങളിലും ഏർപ്പെടുത്തുന്നതിന് വേണ്ടി കേന്ദ്ര ഗവൺമെന്റ് രൂപം നൽകിയ പദ്ധതിയാണിത്. എല്ലാ ഉന്നത പഠനകേന്ദ്രങ്ങളുമായും ശക്തമായ വിവര സാങ്കേതിക ശൃംഖല സ്ഥാപിച്ച് രാജ്യത്തെ വിദഗ്ദ്ധരുമായി മികച്ച പഠനാനുഭവങ്ങൾ പങ്കുവയ്ക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനും വിജ്ഞാന വ്യാപനം നടത്തുന്നതിനും, മികച്ച കണ്ടെത്തലുകൾ പങ്കുവയ്ക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. നിലവിൽ പോളിടെക്നിക്കുകളിലേക്കും എഞ്ചിനീയറിംഗ് കോളേജുകളിലേക്കും നൽകിയിട്ടുള്ള കണക്ടിവിറ്റി ഒഎഫ്സി രീതിയിലേക്ക് മാറിയിരിക്കുന്നു. കണക്ടിവിറ്റി നിരക്കുകൾക്കായി അധിക വിഹിതത്തിനുള്ള തുക വകയിരുത്തിയിരിക്കുന്നു. കെ-ഫോൺ നെറ്റ്‌വർക്കിന് ഡാറ്റാ ചാർജ്ജുകളും ഹാർഡ്‌വെയർ ചെലവുകളും ബാധകമാണ്.

**19. ഗവേഷണ സംരംഭങ്ങൾ**

**(വിഹിതം: 694.00 ലക്ഷം രൂപ)**

അടിസ്ഥാന സൗകര്യം ഉൾപ്പെടെ, സാങ്കേതിക വിദ്യാഭ്യാസരംഗത്തെ ഗവേഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ നടപ്പിലാക്കികൊണ്ടിരുന്ന പദ്ധതികളെല്ലാം സംയോജിപ്പിച്ച് കൊണ്ടാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്.

എ) ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്റർ (റ്റി.ആർ.സി.)

ബി) സി.ഇ.റ്റി-യിൽ ഉല്പന്നരൂപകല്പനയ്ക്കും വികസനത്തിനുമായുള്ള കേന്ദ്രം

സി) പുനരുപയോഗ കെട്ടിട നിർമ്മാണ സംവിധാനം, ആർ.ഐ.ടി. കോട്ടയം

ഡി) ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രം

ഇ) സി.ഇ.റ്റി-യിൽ സ്റ്റുഡന്റ് സാറ്റലൈറ്റ് ആരംഭിക്കുക

എഫ്) സെന്റർ ഫോർ ബാംബൂ ടെക്നോളജി, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം

ജി) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ അന്തർ പഠനശാഖ ഗവേഷണ കേന്ദ്രങ്ങൾ

എച്ച്) റോബോട്ടിക്സ് & എ.ഐ നോഡൽ സെന്റർ

ഐ) സിസ്റ്റംസ്, എനർജി, എൻവയോൺമെന്റ് മികവിന്റെ കേന്ദ്രങ്ങൾ

ജെ) സി.ഇ.ടി യിൽ ഉയർന്ന പ്രകടന കമ്പ്യൂട്ടിംഗിനായുള്ള കേന്ദ്രം

കെ) സഹകരണ ഗവേഷണവും പഠനവും (കോറൽ)

എൽ) ഡയറക്ടറേറ്റിന് കീഴിലുള്ള ഡിസാസ്റ്റർ മാനേജ്മെന്റ് ആൻഡ് മിറ്റിഗേഷൻ സെന്റർ

എം) നാനോ ഇലക്ട്രോണിക്സ് കേന്ദ്രം

എൻ) സി.ഇ.ടി – സെന്റർ ഫോർ അഡ്വാൻസ്ഡ് റിസർച്ച് ഇൻ എഞ്ചിനീയറിംഗ് (CET– CARE)

ഒ) തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ സുസ്ഥിര വികസന കേന്ദ്രം (CSD)

പി) ഇ–മൊബിലിറ്റിയിൽ മികവിന്റെ കേന്ദ്രം എന്നിവയാണ് പ്രധാന ഘടകങ്ങൾ.

2025–26 വർഷത്തെ പ്രവർത്തനങ്ങൾക്കായി 694.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എ. ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്റർ (റ്റി.ആർ.സി)**

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലാണ് ട്രാൻസ്പോർട്ടേഷൻ എൻജിനീയറിംഗ് ഗവേഷണകേന്ദ്രം സ്ഥാപിച്ചിരിക്കുന്നത്. റ്റി.ആർ.സി ഗവേഷണ പദ്ധതി ഊന്നൽ നൽകുന്നത് സാങ്കേതിക വിദ്യാഭ്യാസത്തിനും, ഗവേഷണത്തിനും ഗതാഗത മേഖലയിലുള്ള അറിവുകൾ വ്യാപിപ്പിക്കുന്നതിനും അതുവഴി ട്രാൻസ്പോർട്ടേഷൻ മേഖലയെ ആശ്രയിക്കുന്ന ജനതയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂടുതൽ സൗകര്യമുള്ള ലാബുകൾ സജ്ജമാക്കുന്നതിനും പഠനസഹായികൾ ലഭ്യമാക്കുന്നതിനുമാണ്. പ്രത്യേക ലക്ഷ്യങ്ങൾ താഴെപ്പറയുന്നു.

1. ഹൈവേ മെറ്റീരിയൽസ് മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണം സംഘടിപ്പിക്കുക.
2. അറ്റകുറ്റപ്പണികളുടേയും നിർമ്മാണ പ്രവർത്തനങ്ങളുടേയും മോഡൽ വികസനം.
3. നടപ്പാത സജ്ജീകരണ വിലയിരുത്തൽ.
4. അപകട മുന്നറിയിപ്പ് സഹായക മോഡൽ വികസിപ്പിക്കുക.
5. സുസ്ഥിര അടിസ്ഥാന സൗകര്യ വികസനത്തിനായി നിയമങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, മാനദണ്ഡങ്ങൾ, മാനുവൽ എന്നിവയുടെ രൂപീകരണത്തിനായി ഒരു ഡാറ്റ ബേസ് വികസിപ്പിക്കുക.
6. ഗതാഗത സംവിധാന രീതികളും പ്രവർത്തനങ്ങളും നിർദ്ദേശിക്കുക
7. പ്രാദേശിക തലത്തിൽ വിദഗ്ധ അഭിപ്രായം ആരായുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക
8. അതാത് മേഖലകളിലെ പുതിയ വികസനങ്ങളെ കുറിച്ച് ദേശീയ–വിദേശ പരിശീലനം നൽകികൊണ്ട് അദ്ധ്യാപകരെ പ്രാപ്തരാക്കുക
9. ഗവേഷണ ഫലങ്ങൾ നടപ്പിലാക്കുന്നതിനായി പ്രാക്ടീസ് ചെയ്യുന്ന എഞ്ചിനീയർമാർക്കും അക്കാദമിഷ്യന്മാർക്കും പരിശീലന പരിപാടിയും ഹ്രസ്വകാല കോഴ്സുകളും നടത്തുക
10. റിസർച്ച് ഫെലോഷിപ്പുകൾ നൽകൽ.

**ബി) സി.ഇ.റ്റി–യിൽ ഉല്പന്നരൂപകല്പനയ്ക്കും വികസനത്തിനുമായുള്ള കേന്ദ്രം**

തിരുവനന്തപുരം സി.ഇ.റ്റി യിൽ ഒരു പൈലറ്റ് പ്രോജക്ടായാണ് ഉല്പന്ന–രൂപകല്പന വികസന കേന്ദ്രം ആരംഭിച്ചത്. ഈ പദ്ധതി മറ്റ് എഞ്ചിനീയറിംഗ് കോളേജുകളിലേക്കും ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. പുതിയ ഉൽപന്നങ്ങളുടെ രൂപീകരണത്തിനും വികസനത്തിനും മറ്റ് സംരംഭകർക്ക് ഇതിലെ സാങ്കേതികത്വം കൈമാറ്റം ചെയ്യുന്നതിനും പ്രസ്തുത കേന്ദ്രം സഹായിക്കുന്നു. തൊഴിൽരഹിത യുവാക്കൾക്കും വിദ്യാർത്ഥികൾക്കും ഈ പ്രത്യേക പദ്ധതികൾ വഴി ഉല്പന്ന രൂപീകരണത്തിനുള്ള പരിശീലനവും പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നു.

**സി. പുനരുപയോഗ കെട്ടിട സംവിധാനം (ആർ.ഐ.ടി, കോട്ടയം)**

നഗരത്തിലെ അടിസ്ഥാനസൗകര്യം വിപുലമാക്കുന്നതിനും സുസ്ഥിര വികസനം ഉറപ്പുവരുത്തുന്നതിനുമുള്ള പുനരുപയോഗ കെട്ടിട സംവിധാനം നടപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ബഹുജന ഭവന പദ്ധതികൾ കാലക്രമേണ ത്വരിതപ്പെടുത്തുന്നതിന് നൂതന വസ്തുക്കൾ/ഘടകങ്ങൾ സംയോജിപ്പിക്കാൻ ഇത് ലക്ഷ്യമിടുന്നു. അത്തരം ഇടപെടലുകൾ സുസ്ഥിര വിഭവ ഉപയോഗവും പരിസ്ഥിതി സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു ഭൗതിക ഉപയോഗ നയത്തിന്റെ പരിണാമത്തിൽ കലാശിക്കും. ഈ പരിപാടി സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പ്രോഗ്രാമിൽ സജീവമാണ്. ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

### ഡി. ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രം, ഗവ.എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ

ഗ്രാമീണ സാങ്കേതികത്വം മെച്ചപ്പെടുത്തുന്നതിനായി ശരിയായ സാങ്കേതികത്വം കൈമാറ്റം ചെയ്യുന്നതിന് പ്രാദേശിക-അക്കാദമിക സമൂഹങ്ങളെ തമ്മിൽ ബന്ധപ്പെടുത്തുക എന്നതാണ് ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രത്തിലൂടെ വിഭാവനം ചെയ്യുന്നത്. പാരമ്പര്യ സാങ്കേതികവിദ്യ അഭിവൃദ്ധിപ്പെടുത്തുന്നതിനായി കാര്യക്ഷമവും ഊർജ്ജിതവുമായ നൂതന പരിഹാര മാർഗ്ഗങ്ങൾ വികസിപ്പിക്കുകയാണ് ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രം കൊണ്ട് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളേയും എഞ്ചിനീയറിംഗ് കോളേജുകളെയും ഉൾപ്പെടുത്തി മറ്റ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി സാങ്കേതിക വിദ്യയിലുള്ള അറിവ് കൈമാറ്റം ചെയ്യുന്നതിന്റെ ഒരു നോഡൽ കേന്ദ്രമായും പ്രസ്തുത കേന്ദ്രം പ്രവർത്തിക്കുന്നു. ഈ കേന്ദ്രത്തിന് ഒരു ത്രിമാന ചട്ടക്കൂടിൽ പ്രവർത്തിക്കാൻ കഴിയും, i) ഗ്രാമീണ സാങ്കേതികവിദ്യകളിൽ ഏർപ്പെട്ടിരിക്കുന്ന യന്ത്രസാമഗ്രികളുടെ മെച്ചപ്പെടുത്തൽ ii) പരമ്പരാഗത സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പുതിയ ഉൽപ്പന്നങ്ങളുടെ വികസനം iii) സാങ്കേതിക, പരിപാലന പ്രശ്നങ്ങൾക്കുള്ള പരിഹാരം. കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി തുക വിനിയോഗിക്കാവുന്നതാണ്.

### ഇ. സി.ഇ.റ്റി-യിൽ സ്റ്റുഡന്റ് സാറ്റലൈറ്റ് ആരംഭിക്കുക

ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനുമായി സഹകരിച്ച് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ സ്റ്റുഡന്റ് സാറ്റലൈറ്റ് ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. മൂന്ന് - നാല് വർഷം കൊണ്ട് യാഥാർത്ഥ്യമാകുന്ന ഈ പദ്ധതി ദീർഘകാല പ്രോജക്ടാണ്. സി.ഇ.റ്റി-യിലെ എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തിയുള്ള ഈ പ്രോജക്ട് ടീമിൽ ഏകദേശം നൂറോളം പേർ അടങ്ങുന്ന ഫാക്കൽറ്റി അംഗങ്ങളും, ബിരുദാനന്തരബിരുദ വിദ്യാർത്ഥികളും, ബിരുദ വിദ്യാർത്ഥികളും ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രോജക്ട് സി.ഇ.റ്റി-യിൽ പുതുതായി സ്ഥാപിച്ച ഇന്റർ ഡിസിപ്ലിനറി റിസർച്ച് കേന്ദ്രത്തിന്റെ സഹകരണത്തോടുകൂടിയാണ് നടപ്പാക്കുന്നത്. ഡിസൈൻ, ഫാബ്രിക്കേറ്റ്, ടെസ്റ്റ്, ഓപ്പറേറ്റിംഗ് സാറ്റലൈറ്റ്, സിസ്റ്റം എഞ്ചിനീയറിംഗ്, മൾട്ടിസ്പെക്ടൽ ക്യാമറ ഡിസൈൻ, വന നിരീക്ഷണം, മിന്നൽ പാറ്റേണുകളുടെ പ്രവചനം തുടങ്ങിയവയിൽ പരിചയം നേടുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

### എഫ്. സെന്റർ ഫോർ ബാംബൂ ടെക്നോളജി

ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർഫോർ ബാംബൂടെക്നോളജി സ്ഥാപിച്ചിട്ടുണ്ട്. മുളയെ ഒരു നിർമ്മാണ വസ്തുവാക്കുക, വാണിജ്യ ഉല്പന്നമാക്കാവുന്ന രീതിയിൽ മൂല്യവർദ്ധനവ് നടത്തുക, ജൈവ ഇന്ധനമായി മുളയെ ഉപയോഗിക്കുക, മുളയുടെ സാങ്കേതിക സാദ്ധ്യതകളെ പറ്റി ഗവേഷണം നടത്തുന്ന സമാന സ്ഥാപനങ്ങളുടെ ശൃംഖല രൂപീകരിക്കുക, മുളയുടെ നിതാന്ത ഉപയോഗസാദ്ധ്യത പ്രചരിപ്പിക്കുക, പരീക്ഷണങ്ങൾ നടത്തുക, ബാംബൂ ടെക്നോളജിയിൽ വാർഷിക കോൺഫറൻസുകൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

### ജി. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ അന്തർ പഠന ശാഖാ ഗവേഷണ കേന്ദ്രം.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ അന്തർ പഠന ശാഖ-റിസർച്ച് സെന്റർ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. സമൂഹത്തിന് ആവശ്യമായ ഗുണനിലവാരമുള്ള ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കുന്നതിനും, ഫാക്കൽറ്റി അംഗങ്ങളിൽ ഇന്റർ ഡിസിപ്ലിനറി റിസർച്ച് പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്ലാറ്റ്ഫോമുകളായി പ്രവർത്തിക്കുവാൻ ഈ കേന്ദ്രങ്ങളിലൂടെ ലക്ഷ്യമിടുന്നു. യു.ജി/പി.ജി നിലവാരത്തിൽ മൾട്ടി ഡിസിപ്ലിനറി പ്രോജക്ടുകൾ ഏറ്റെടുക്കാൻ ഫാക്കൽറ്റി അംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും വ്യത്യസ്ത വിഷയങ്ങളിൽ നിന്നും ഫാക്കൽറ്റി അംഗങ്ങളുടെ മേൽനോട്ടത്തിൽ ഡോക്ടറൽ പഠനങ്ങൾ നടത്തുന്നതിനും സഹായിക്കുന്നു. 9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെൻററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

### എച്ച്. റോബോട്ടിക്സ് & എ.ഐ നോഡൽ സെന്റർ

ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെൻററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ഗവ: എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & എ.ഐ നോഡൽ സെന്റർ സ്ഥാപിച്ചു. എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്കുകൾക്കും ടെക്നിക്കൽ ഹൈ-സ്കൂളുകൾക്കും പൊതുവായി

ഉപയോഗിക്കാൻ കഴിയുന്ന സൗകര്യങ്ങൾ ഉണ്ടാക്കുകയും മികവാർന്ന ഒരു റോബോട്ടിക്സ് & എ.ഐ നോഡൽ സെന്റർ ആയി പ്രവർത്തിക്കുകയും ആണ് ഇതിന്റെ ലക്ഷ്യം. റോബോട്ടിക്സ്, ഓട്ടോമേഷൻ, ഹ്യൂമൻ-കമ്പ്യൂട്ടർ വിനിമയം എന്നീ രംഗങ്ങളിൽ വിവിധ സാങ്കേതിക-ശാസ്ത്ര ശാഖകളുമായി ചേർന്ന് കൊണ്ട് ഉന്നത ഗവേഷണം നടത്തുവാൻ കേന്ദ്രം ലക്ഷ്യം വെക്കുന്നു. ഗവേഷണ-വികസന പ്രവർത്തനങ്ങൾ, കൺസൽറ്റൻസി പ്രൊജക്റ്റ്, ബിരുദ-ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ പ്രൊജെക്റ്റുകൾ എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**ഐ. സിസ്റ്റംസ്, എനർജി & എൻവയോർന്മെന്റ് എന്നിവയിൽ മികവിന്റെ കേന്ദ്രം**

എഞ്ചിനീയറിംഗ് രംഗത്തിന്റെ അടിയന്തിര ശ്രദ്ധ ആവശ്യമായ മാലിന്യ നിയന്ത്രണം, ഊർജ്ജ ദൗർല്ലഭ്യം, ബന്ധപ്പെട്ട മറ്റു പരിസ്ഥിതി പ്രശ്നങ്ങൾ എന്നിങ്ങനെയുള്ള സാമൂഹ്യ പ്രശ്നങ്ങൾക്ക് സാങ്കേതിക-സാമ്പത്തിക-പരിസ്ഥിതി പരിഹാരം നൽകുകയാണ് കണ്ണൂർ ഗവ: എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിച്ച ഈ കേന്ദ്രത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിനായി സിസ്റ്റംസ്, എനർജി & എൻവയോർന്മെന്റ് മേഖലയിൽ ഗവേഷണം, പരിശീലനം, പൊതു വിനിമയങ്ങൾ, കൺസൽട്ടൻസി എന്നീ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. പുനരുപയോഗ ഊർജ്ജം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, പരിസ്ഥിതി ശാസ്ത്രം, സിസ്റ്റം വിശകലനം എന്നിവയിലെ ഗവേഷണം, ഊർജ്ജ ഓഡിറ്റ് നടത്തൽ എന്നിവയാണ് നിർദ്ദിഷ്ട CESEE യുടെ പ്രധാന ഊന്നൽ മേഖലകൾ.

**ജെ. സി.ഇ.റ്റി. യിൽ ഹൈ-പെർഫോമൻസ് കമ്പ്യൂട്ടിങ് കേന്ദ്രം**

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഒരു ഉയർന്നു വരുന്ന ഗവേഷണശാഖയും, തൊഴിൽ മേഖലയുമാണ്. മെഷീൻ ലേണിംഗ്, ഡീപ്പ് ലേണിംഗ്, ഡാറ്റ അനലിറ്റിക്സ് എന്നിങ്ങനെയുള്ള കമ്പ്യൂട്ടേഷണൽ പ്രവർത്തനങ്ങൾക്കു നൂതന കമ്പ്യൂട്ടറുകൾ അത്യാവശ്യമാണ്. പി.എച്ച്.ഡി./ബിരുദ/ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്ക് ഹൈ - കമ്പ്യൂട്ടിങ് ആവശ്യമായ പ്രൊജക്റ്റ്/ഗവേഷണ പ്രബന്ധങ്ങളുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനു അവസരം ലഭിക്കുന്നു. ആരോഗ്യ സംരക്ഷണം, കൃഷി, റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഓട്ടോമേഷൻ, സെൽഫ് ഡ്രൈവിംഗ് കാറുകൾ, നിരീക്ഷണം, IoT ഉപകരണങ്ങൾ തുടങ്ങിയ മേഖലകളിൽ നൂതനമായ പരിഹാരങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിച്ചുള്ളതാണ് ഈ കേന്ദ്രം. നിർദ്ദിഷ്ട കമ്പ്യൂട്ടിംഗ് സൗകര്യത്തിന്റെ സഹായത്തോടെ, സ്വന്തം അൽഗോരിതങ്ങൾ വികസിപ്പിച്ചും വലിയ ഡാറ്റ സെറ്റുകളിൽ അവരുടെ മോഡലിനെ പരിശീലിപ്പിച്ചും വിദ്യാർത്ഥികൾക്ക് ഇത് സാധ്യമാക്കാവുന്നതാണ്.

**കെ) സഹകരണ ഗവേഷണവും പഠനവും (കോറൽ)**

ഗവേഷണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ മിഷനുകൾ എന്നിവയും അക്കാദമിക് സ്ഥാപനങ്ങൾ, പ്രത്യേകിച്ച് സംസ്ഥാനത്തെ ഒൻപത് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവയും തമ്മിൽ പരസ്പരമുള്ള കൊടുക്കൽ വാങ്ങൽ സുഗമമാക്കുന്ന ഒരു കണ്ണിയായി സഹകരണ ഗവേഷണ പഠന കേന്ദ്രം (CoRaL) പ്രവർത്തിക്കുന്നു. സമൂഹത്തിലേക്ക് ഗവേഷണത്തെ ബന്ധിപ്പിക്കുകയും സംസ്ഥാനത്തിന്റെ ധനസഹായമുള്ള ഏതെങ്കിലും ഗവേഷണ കേന്ദ്രത്തിലെ ഗവേഷണ പ്രവർത്തനത്തിൽ പങ്കെടുക്കുന്നതിന് ഒന്നിലധികം സ്ഥാപനങ്ങളിൽ നിന്നുള്ള അന്വേഷകർക്ക് സൗകര്യമൊരുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുക എന്നുള്ളതുമാണ് കോറലിന്റെ പ്രധാന ലക്ഷ്യങ്ങൾ.

**എൽ) ഡിസാസ്റ്റർ മാനേജ്മെന്റ് & ലഘൂകരണ കേന്ദ്രം**

ദുരന്ത നിവാരണത്തിനും ലഘൂകരണത്തിനും വേണ്ടിയുള്ള ഈ കേന്ദ്രം, സംസ്ഥാനത്തെ ബാധിക്കുന്ന പ്രകൃതിക്ഷോഭങ്ങളുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും ദുരന്തങ്ങൾക്കും അനന്തരഫലങ്ങൾക്കുമുള്ള പ്രതിരോധ നടപടികളിൽ സാങ്കേതികവിദ്യയുടെ പ്രയോഗത്തെ അഭിസംബോധന ചെയ്യാൻ ലക്ഷ്യമിടുന്നു. ഡിസാസ്റ്റർ മാനേജ്മെന്റ് ആൻഡ് മിറ്റിഗേഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാണ് പരിപാടി വിഭാവനംചെയ്തിട്ടുള്ളത്.

**എം) നാനോ ഇലക്ട്രോണിക്സിന്റെ കേന്ദ്രം**

വിഎൽഎസ്ഐ ഫാബ്രിക്കേഷനായുള്ള നാനോമെട്രിക് ഉപകരണങ്ങൾ ഉപയോഗിച്ച് ഇലക്ട്രോണിക് സർക്യൂട്ടുകളുടെ (അനലോഗ്, ഡിജിറ്റൽ) ഡിസൈൻ, മോഡലിംഗ്, സിമുലേഷൻ എന്നിവയിലും നോൺ-സിലിക്കൺ/നാനോ ഉപകരണങ്ങളിലൂടെ ഓൺ-ചിപ്പ് ഇന്റർകണക്ട് മോഡലിംഗ് എന്നിവയിലും ശ്രദ്ധ കേന്ദ്രീകരിക്കാനാണ് സെന്റർ ഫോർ നാനോ ഇലക്ട്രോണിക്സ്

ലക്ഷ്യമിടുന്നത്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിനും ആഴത്തിലുള്ള ധാരണ വർദ്ധിപ്പിക്കുന്നതിനും യുവമനസ്സുകൾക്ക് അത്യാധുനിക വൈദഗ്ധ്യവും എക്സ്പോഷറും പ്രദാനം ചെയ്യുന്നതിനും അവരുടെ തൊഴിലവസരം ഗണ്യമായി മെച്ചപ്പെടുത്തുന്നതിനും നിർദ്ദിഷ്ട ഗവേഷണ സൗകര്യം ഒരു സവിശേഷ അവസരം നൽകുന്നു. വിദ്യാർത്ഥികൾക്ക് സാങ്കേതികവിദ്യകൾ കൈമാറുന്നതിനും, ഗവേഷകർ തമ്മിലുള്ള സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനും, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, തൊഴിൽക്ഷമത മെച്ചപ്പെടുത്തുന്നതിനും, അക്കാദമിക് ഗവേഷണം സമൂഹത്തിന് ഉപയോഗപ്രദമായ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനും ഈ കേന്ദ്രം സഹായിക്കുന്നു.

**എൻ) സി.ഇ.ടി – സെന്റർ ഫോർ അഡ്വാൻസ്ഡ് റിസർച്ച് ഇൻ എഞ്ചിനീയറിംഗ് (CET– CARE)**

ഇന്റർ ഡിസിപ്ലിനറി ഗവേഷണത്തിന് പ്രത്യേക ഊന്നൽ നൽകി അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഊന്നൽ മേഖലകളിൽ പ്രധാനപ്പെട്ടവ i) ഇന്റർ ഡിസിപ്ലിനറി ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് എഞ്ചിനീയറിംഗ്, സയൻസ്, ദേശീയ അന്തർദേശീയ ഗവേഷണ പ്രോജക്ട്, സ്ഥാപനങ്ങൾ എന്നിവയുടെ എല്ലാ ശാഖകളുമായും സഹകരിച്ച് പ്രവർത്തിക്കുക ii) ഇന്റർ ഡിസിപ്ലിനറി ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ച് ഗവേഷണ അധിഷ്ഠിത അധ്യാപന–പഠന അന്തരീക്ഷം സൃഷ്ടിക്കുക iii) പരിവർത്തന ഗവേഷണം (ട്രാൻസ്ലേഷൻ റിസർച്ച്) പ്രോത്സാഹിപ്പിക്കുക iv) ഗവേഷണത്തിന്റെ വ്യാപനം പൊതുജനങ്ങൾക്കും മറ്റ് ഗുണഭോക്താക്കൾക്കും ലഭ്യമാക്കുക എന്നിവയാണ്. ട്രാൻസ്ലേഷൻ റിസർച്ച്, കമ്മ്യൂണിറ്റി എക്സ്റ്റൻഷൻ സർവീസ്, ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ലിങ്കേജ് എന്നിവയ്ക്ക് സൗകര്യമൊരുക്കുന്ന സംസ്ഥാനത്തിന്റെ നോഡൽ സെന്ററായി തിരുവനന്തപുരം എൻജിനീയറിങ് കോളേജ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു

**ഒ) തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ സുസ്ഥിര വികസന കേന്ദ്രം (CSD)**

സുസ്ഥിര ഗതാഗതത്തിനായി ഉയർന്ന മർദ്ദത്തിലുള്ള ബയോഗ്യാസ് പ്ലാന്റ്, കാറ്റിൽ നിന്നുള്ള ട്രൈബോ–ഇലക്ട്രിക് നാനോ ജനറേറ്റർ, പൈറോളിസിസ് ഉപയോഗിച്ച്, ഉപയോഗിച്ച പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്നുള്ള ഇന്ധനങ്ങൾ, ലൂബ്രിക്കന്റുകൾ, പാഴ് എണ്ണയിൽ നിന്നുള്ള വ്യാവസായിക ലൂബ്രിക്കന്റുകൾ/ഉൽപ്പന്നങ്ങൾ, ഉൽപ്രേരകങ്ങൾ ഉപയോഗിച്ച് കൊണ്ട് ഹൈഡ്രജൻ ഉൽപാദനത്തിന് അനുയോജ്യമായ സാങ്കേതികവിദ്യ, സുസ്ഥിര കെട്ടിടങ്ങൾ, നടപ്പാതകൾ മുതലായവയ്ക്കുള്ള സാങ്കേതികവിദ്യ, സുസ്ഥിര വ്യവസായങ്ങളെ അടിസ്ഥാനമാക്കിയുള്ള സംരംഭകത്വം സൃഷ്ടിക്കൽ എന്നിവയാണ് ഈ പരിപാടിയുടെ ലക്ഷ്യങ്ങൾ.

**പി) ഇ–മൊബിലിറ്റിയിൽ മികവിന്റെ കേന്ദ്രം എന്നിവയാണ് പ്രധാന ഘടകങ്ങൾ**

വൈദ്യുത വാഹനങ്ങൾക്കായി തദ്ദേശീയ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനാണ് ഈ പദ്ധതി. വ്യാവസായിക ആവശ്യങ്ങളും നിലവിലുള്ള വ്യാവസായിക രീതികളും അനുസരിച്ചാണ് ഗവേഷണ കേന്ദ്രത്തിന്റെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വിവിധ എൻജിനീയറിങ് കോളേജുകളിൽ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് കേന്ദ്രം സ്ഥാപിക്കുന്നത്. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള അത്യാധുനിക സാങ്കേതിക വിദ്യകൾ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

കൂടാതെ, അക്കാദമിയെ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു സംരംഭമെന്ന നിലയിൽ, ഗവേഷണ കേന്ദ്ര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഔപചാരിക വിദ്യാഭ്യാസ പരിപാടികൾ നടത്താനും ഉദ്ദേശ്ശിക്കുന്നു. ഈ പ്രോജക്ട് മോഡ് കോഴ്സുകൾ ഗവേഷണ കേന്ദ്ര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഒരു പാഠ്യപദ്ധതിയും ഉൾക്കൊള്ളുന്നു. എന്നാൽ ഫാക്കൽറ്റിക്കുള്ള അധിക സാമ്പത്തിക പ്രതിബദ്ധത എന്തെങ്കിലും ഉണ്ടെങ്കിൽ അത് ഡിപ്പാർട്ട്മെന്റിൽ ലഭ്യമായ നോൺ പ്ലാൻ ഫണ്ടിൽ നിന്ന് നിറവേറ്റേണ്ടതാണ്.

**20. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടിയ (പി.പി.പി) പദ്ധതികൾ**

**(വിഹിതം: 40.00 ലക്ഷം രൂപ)**

താഴെപ്പറയുന്ന നാല് പദ്ധതികൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ദേശീയ, അന്തർദ്ദേശീയ സാഹചര്യങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന തരത്തിലുള്ള കൂട്ടായ പദ്ധതിയാണിത്. ഈ നാല് പദ്ധതികൾക്കും കൂടി ഒരു ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നു. അതിൽ നിന്ന് ഓരോ പദ്ധതിയ്ക്കാവശ്യമായ തുക വിനിയോഗിക്കാവുന്നതാണ്.

ഈ പദ്ധതിക്കായി 2025-26-ൽ 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(എ) ബാർട്ടൺഹില്ലിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആട്ടോമോട്ടീവ് മെക്കാട്രോണിക്സിൽ – അഡ്വാൻസ്ഡ് ഡിപ്ലോമയും (എ.ഡി.എ.എം) മെക്കാട്രോണിക്സിൽ മികവിന്റെ കേന്ദ്രവും**

പൂനയിലെ മെഴ്സിഡസ് ബെൻസ് എന്ന സ്വകാര്യ സ്ഥാപനവുമായി സഹകരിച്ച് ഓട്ടോമോട്ടീവ് മെക്കാട്രോണിക്സിൽ ഒരു വർഷത്തെ ആധുനിക ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിനായി അനുമതി ലഭിച്ചിട്ടുണ്ട്. ബാർട്ടൻ ഹില്ലിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജും മെഴ്സിഡസ് ബെൻസുമായി ധാരണാപത്രം ഒപ്പ വച്ചിട്ടുണ്ട്. എം/എസ് ബോഷ് ആട്ടോ ഇലക്ട്രിക്കലിന്റെ സഹകരണത്തോടുകൂടി നിലവിലുള്ള സൗകര്യങ്ങളിൽ വീൽ അലൈൻമെന്റ് ഘടകവും, ഓട്ടോ ഇലക്ട്രിക്കൽ ഘടകവും കൂട്ടിചേർത്തിട്ടുണ്ട്.

പ്രസ്തുത കേന്ദ്രത്തെ മെക്കട്രോണിക്സിൽ മികവിന്റെ കേന്ദ്രമാക്കി മാറ്റുവാനും ലക്ഷ്യമിടുന്നു. നിലവിൽ ആട്ടോമോട്ടീവ് മെക്കട്രോണിക്സിലാണ് ഈ കേന്ദ്രം ഊന്നൽ നൽകുന്നത്. എം/.എസ് ബോഷ്, ഇന്ത്യ-യുമായി സഹകരിച്ച് ഒരു സമഗ്രഓട്ടോമോട്ടീവ് പരിശോധനാസൗകര്യം നടപ്പിലാക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇൻഡസ്ട്രിയിൽ റോബോട്ടിക്സിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും ലക്ഷ്യമിടുന്നു. ഇത്തരത്തിൽ പരിശീലനം ലഭിച്ചവർക്ക് വ്യാവസായിക മേഖലയിൽ നൂതന സാങ്കേതിക വിദ്യയുപയോഗിച്ച് ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ഉയർന്ന ഉൽപാദകക്ഷമത കൈവരിക്കുന്നതിനും സാധിക്കുന്നു.

**(ബി) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ആട്ടോമേഷൻ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രം**

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ആട്ടോമേഷൻ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ തീരുമാനിക്കുകയുണ്ടായി. ജർമ്മൻ കമ്പനിയായ എം/എസ്.ബോഷ് റെക്സ്റോത്തുമായി ചേർന്ന് സംസ്ഥാനതലത്തിൽ മാസ്റ്റർ സെന്റർ സ്ഥാപിക്കുവാനും, മേഖലാ/ ജില്ലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും കരാറിൽ ഒപ്പിട്ടുകഴിഞ്ഞു. ഗവേഷണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഓട്ടോമേഷൻ ടെക്നോളജിയിൽ പി.ജി. പദ്ധതികൾ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. സമീപമുള്ള എഞ്ചിനീയറിംഗ് കോളേജിലെയും പോളിടെക്നിക് കോളേജുകളിലെയും ഫാക്കൽറ്റികൾക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകാനുദ്ദേശിക്കുന്നു. സംയോജിതമായി സർട്ടിഫിക്കറ്റ് നൽകുന്നതുകൊണ്ട് വിദ്യാർത്ഥികളുടെ തൊഴിലവസരങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നു. ലബോറട്ടറികളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും പരിശീലന പരിപാടികൾക്കും മറ്റ് പ്രവർത്തനങ്ങൾക്കും തുക വകയിരുത്തിയിരിക്കുന്നു.

**(സി) കളമശ്ശേരിയിലെ സർക്കാർ പോളിടെക്നിക് കോളേജിനെ ആട്ടോമേഷൻ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രം ആക്കുന്നതിലേക്കുവേണ്ടിയുള്ള പദ്ധതി**

എറണാകുളത്തെ വ്യാവസായിക കേന്ദ്രത്തിലാണ് കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജ് സ്ഥാപിച്ചിട്ടുള്ളത്. എം/എസ് ബോഷ് റെക്സ്റോത്തുമായി ചേർന്ന് കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിൽ ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് മേഖലയിൽ പര്യാപ്തമായ ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കാൻ 2013-14-ൽ തീരുമാനിക്കുകയുണ്ടായി. എം/എസ് ബോഷ് റെക്സ്റോത്തിന്റെ സഹായത്തോടെ സ്ഥാപിക്കുന്ന ഇന്ത്യയിലെ മൂന്നാമത്തെ മികവിന്റെ കേന്ദ്രമാണ് കളമശ്ശേരിയിലെ സർക്കാർ പോളിടെക്നിക്ക് കോളേജിലുള്ളത്. ഇതിനായി ഹൈഡ്രോലിക്സ്, ന്യൂമാറ്റിക്സ്, സെസറിക്സ്, പിഎൽസികൾ മെക്കട്രോണിക്സ്, എന്നിവയ്ക്ക് വേണ്ടിയുള്ള അത്യാധുനിക ലബോറട്ടറികൾ സ്ഥാപിക്കുന്നതിലേക്ക് ആവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും എം/എസ് ബോഷ് റെക്സ്റോത്ത് ലഭ്യമാക്കും. കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിന്റെയും ബോഷ് റെക്സ്റോത്തിന്റെയും ഈ സംയുക്ത സംരംഭം വ്യവസായ-അക്കാദമിക് പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നിർമ്മാണ മേഖലയിലെ ആഗോള വെല്ലുവിളികൾ നേരിടുന്നതിന് എടുത്തുപറയാവുന്ന തരത്തിൽ രാജ്യത്തിന് സംഭാവന നൽകുകയും ചെയ്യാനാണ് ലക്ഷ്യമിടുന്നത്. സ്റ്റേഷനറി, പഠനവസ്തുക്കൾ തയ്യാറാക്കൽ, ലാബ്കിറ്റുകളുടെ അറ്റകുറ്റപ്പണികളും സ്ഥാപിക്കലും, അടിസ്ഥാന സൗകര്യവികസനം, പങ്കെടുക്കുന്നവർക്ക് കോഴ്സ് മെറ്റീരിയലുകൾ നൽകൽ, ലഘു ഭക്ഷണം എന്നിവയ്ക്ക് തുക വകയിരുത്തിയിരിക്കുന്നു.

**(ഡി) തിരുവനന്തപുരത്ത് ബാർട്ടൺഹില്ലിലുള്ള ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ട്രാൻസലേഷണൽ റിസേർച്ച് ആൻഡ് പ്രൊഫഷനൽ ലീഡർഷിപ്പ് സെന്ററിന് (ടിപിഎൽസി) കീഴിൽ ട്രാൻസ്ലേഷണൽ എഞ്ചിനീയറിംഗിൽ ദ്വിവത്സര എം.ടെക് പ്രോഗ്രാം**

ട്രാൻസിലേഷണൽ സയൻസ് ആന്റ് എഞ്ചിനീയറിംഗ് വിഷയത്തിൽ ഏകവർഷ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് കൊടുത്തിരുന്ന അനുവാദം പിന്നീട് ട്രാൻസിലേഷണൽ എഞ്ചിനീയറിംഗിൽ എം.ടെക് പ്രോഗ്രാം ആരംഭിക്കുന്നതിനായി മാറ്റി നൽകുകയുണ്ടായി. കാനഡയിലെ മോൺട്രിയൽ യൂണിവേഴ്സിറ്റിയുമായും കൊളംബിയ യൂണിവേഴ്സിറ്റിയുമായും ചെന്നൈയിലെ ഐ.ഐ.റ്റി.എം. പോലെയുള്ള മികവിന്റെ കേന്ദ്രങ്ങളുമായും ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. താഴെപ്പറയുന്ന ഘടകങ്ങളുടെ നടത്തിപ്പിനായാണ് തുക വകയിരുത്തിയിരിക്കുന്നത്.

(1) ട്രാൻസലേഷണൽ എഞ്ചിനീയറിംഗിൽ എം.ടെക്

(2) റ്റി.പി.എൽ.സി വിദ്യാർത്ഥി/പ്രൊഫഷണലുകൾക്ക് കൂടുതൽ ഊന്നൽ നൽകുക.

(3) വിദഗ്ധരുടെ സന്ദർശന പരിപാടികൾ

(4) ഇൻകോട്ട് (ട്രാൻസ് ലേഷണൽ എഞ്ചിനീയറിംഗിൽ അന്തർദ്ദേശിയ കോൺഫറൻസ് ).

(5) റ്റി.പി.എൽ.സി മാനവവിഭവശേഷി.

(6) അന്തർദ്ദേശീയ ഇൻറ്റേൺഷിപ്പ് പ്രോഗ്രാം

ഭാവിയിൽ സമൂഹത്തോട് പ്രതിബദ്ധതയുള്ളതും, ധാർമ്മികമായ ഉത്തരവാദിത്തമുള്ള പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനു വേണ്ടി ട്രാൻസ്ലേഷണൽ ആന്റ് പ്രൊഫഷണൽ ലീഡർഷിപ്പിൽ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തുക വകയിരുത്തിയിരിക്കുന്നു.

**21. പോളിടെക്നിക്കുകൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ (50% സംസ്ഥാന വിഹിതം)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

നിലവിലുള്ള/പുതിയ പോളിടെക്നിക്കുകളുടെ നവീകരണം (എം.എച്ച്.ആർ.ഡി യുടെ നൈപുണ്യ വികസനത്തിനുള്ള ഏകോപിത പ്രവർത്തന പദ്ധതി പ്രകാരം), പോളിടെക്നിക് കോളേജുകളിൽ അടിസ്ഥാന സൗകര്യ വികസനം, പോളിടെക്നിക്കുകളിലൂടെയുള്ള സാമൂഹ്യ വികസനം എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

2025-26 വർഷത്തിൽ 1.00 ലക്ഷം രൂപ ഈ പദ്ധതികളുടെ നടത്തിപ്പിനുള്ള സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. അധിക വിഹിതം കേന്ദ്ര വിഹിതത്തിനു ആനുപാതികമായി നൽകാവുന്നതാണ്.

**22. കണ്ണൂരിലെ പിണറായിയിൽ വിദ്യാഭ്യാസ കേന്ദ്രം**

**(വിഹിതം: 1.00 ലക്ഷം രൂപ)**

01.10.2020 ലെ ഉത്തരവ് നമ്പർ G.O (Rt) No.828/2020/ID പ്രകാരം, കണ്ണൂർ ജില്ലയിലെ പിണറായി വില്ലേജിൽ ഒരു വിദ്യാഭ്യാസ ഹബ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പോളിടെക്നിക് കോളേജ്, ഐടിഐ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റൽ മാനേജ്മെന്റ്, ഐഎച്ച്ആർഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, സിവിൽ സർവീസ് അക്കാദമി, ബയോ ഡൈവേഴ്സിറ്റി പാർക്ക് എന്നിവയാണ് ഈ എജ്യുക്കേഷൻ ഹബ്ബിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങൾ. 2025-26 വർഷത്തേക്ക് വിദ്യാഭ്യാസ ഹബിന്റെ പ്രവർത്തനങ്ങൾക്ക് 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിട്ടുണ്ട്. വ്യാവസായിക പരിശീലന വകുപ്പ് (ഐടിഐ), ടൂറിസം വകുപ്പ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ), പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പ് (ബയോ ഡൈവേഴ്സിറ്റി പാർക്ക്), ഉന്നത വിദ്യാഭ്യാസ വകുപ്പ് (പോളിടെക്നിക് കോളേജ്, ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ആന്റ് സിവിൽ സർവീസ് അക്കാദമി) എന്നിവയ്ക്ക് കീഴിൽ നീക്കിവച്ച തുകയും ഈ സ്കീമിനായി ഉപയോഗിക്കാവുന്നതാണ്.

## 9.4 സ്പോർട്സും യുവജന ക്ഷേമവും

കായിക യുവജന കാര്യ വികസനത്തിനു വേണ്ടി 2025-26 വാർഷിക പദ്ധതിയിൽ 14539.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2025-26 കാലയളവിൽ വകുപ്പ് തിരിച്ച് വകയിരുത്തിയ വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | 35-മത് ദേശീയ ഗെയിംസിന്റെ വാർഷികാടിസ്ഥാന പദ്ധതി | 1.00 |
| 2 | കായിക യുവജനകാര്യ ഡയറക്ടറേറ്റ് | 8138.00 |
| 3 | കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ | 3900.00 |
| 4 | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് | 1700.00 |
| 5 | കായിക വിദ്യാഭ്യാസ കോളേജ് | 100.00 |
| 6 | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനുള്ള ധനസഹായം | 460.00 |
| 7 | കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനുള്ള ധനസഹായം | 140.00 |
| 8 | കേരള സംസ്ഥാന യുവജന കമ്മീഷൻ | 100.00 |
| | **ആകെ** | **14539.00** |

2025-26 വർഷത്തെ പദ്ധതികളുടെ വകുപ്പ് തല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. 35-മത് ദേശീയ കായികമേളയോടനുബന്ധിച്ചുള്ള വാർഷികാടിസ്ഥാന (ആന്യൂറ്റി) പദ്ധതി (വിഹിതം 1.00 ലക്ഷം രൂപ)**

26/09/2011-തീയതിയിലെ സർക്കാർ ഉത്തരവ് G.O (MS) No.20/2011/S&YA പ്രകാരം, 3 ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ വികസനത്തിനും, 35-മത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനുവേണ്ടി 4 സ്റ്റേഡിയങ്ങളുടെ നിലവാരം ഉയർത്തുന്നതിനും വാർഷിക പദ്ധതി പ്രകാരം അനുമതി നൽകിയിട്ടുണ്ട്. വാർഷിക പദ്ധതി പ്രകാരം 35-മത് ദേശീയ ഗെയിംസിനായി കാര്യവട്ടത്ത് ഗ്രീൻഫീൽഡ് സ്റ്റേഡിയം നിർമ്മാണത്തിലേക്കായി വകുപ്പ് തുക വകയിരുത്തിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ നടപ്പാക്കലിനായി ടോക്കൺ വിഹിതമായി 1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**കായിക യുവജനകാര്യ ഡയറക്ടറേറ്റ്**

കായിക മത്സരങ്ങൾ, ഗെയിംസ് എന്നിവയുടെ പ്രോത്സാഹനവും വികസനവും പശ്ചാത്തല സൗകര്യങ്ങളുടെ വികസനം, പൊതുജനങ്ങളിൽ കായിക വിനോദങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് ബോധവല്ക്കരണം നടത്തുക, കായിക താരങ്ങൾക്ക് ആവശ്യമുള്ള കായിക ഇനങ്ങളിൽ വേണ്ട പരിശീലന സൗകര്യങ്ങൾ ഒരുക്കുക, അന്താരാഷ്ട്ര കായിക മേളകളിൽ പങ്കെടുക്കുന്നതിന് കായിക താരങ്ങൾക്കും അസോസിയേഷനുകൾക്കും സാമ്പത്തിക സഹായം നൽകുക എന്നിവയാണ് കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ പ്രധാന കർത്തവ്യങ്ങൾ. ഇതിനുപുറമെ, കായിക മേഖലയിലെ ഏറ്റവും പുതിയ സാങ്കേതികവിദ്യകളും പുതുമകളും കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ കായിക യുവജനകാര്യ ഡയറക്ടറേറ്റ് ഏറ്റെടുത്തു നടപ്പിലാക്കുന്നുണ്ട്. യുവാക്കളെ കണ്ടെത്തി കഴിവുള്ള യുവാക്കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് വളർത്താൻ ലക്ഷ്യമിട്ടുകൊണ്ട് കായിക യുവജനകാര്യ ഡയറക്ടറേറ്റ് നിരവധി നൂതന പരിപാടികളും പ്രോജക്ടുകളും ആരംഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവ കണക്കിലെടുത്ത്, ദേശീയ/അന്തർദ്ദേശീയ തലത്തിൽ സമൂഹത്തിന്റെയും സ്പോർട്സിന്റെയും പ്രവർത്തനരംഗത്തെ മാറ്റങ്ങൾ കണക്കിലെടുത്ത് സർക്കാർ സ്പോർട്സ് പോളിസി -2023 രൂപീകരിച്ചു.

ജീവിതത്തിൽ ഫിറ്റ്നസിന്റെയും വ്യായാമത്തിന്റെയും ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കിക്കൊണ്ട് 'എല്ലാവർക്കും സ്പോർട്സ്', 'സ്പോർട്സ് ഫോർ ഹെൽത്ത്' എന്നിവ ഊന്നൽ നൽകി ഒരു പുതിയ കായിക സംസ്കാരം വികസിപ്പിക്കുക എന്നതാണ് നയത്തിന്റെ പ്രധാന ലക്ഷ്യം. പ്രൈമറി സ്കൂൾ തലം മുതൽ കായികവികസനത്തിനായി സ്കൂളുകളിൽ 'ആരോഗ്യമുള്ള കുട്ടികൾ– ആരോഗ്യത്തിനായി കളിക്കുക' എന്ന പദ്ധതി നടപ്പാക്കുന്നു.

2025–26 ബജറ്റിൽ മുൻഗണനാ അടിസ്ഥാനത്തിൽ വകുപ്പിന്റെ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 8138.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**2. മികച്ച പ്രകടനത്തിനായി കായിക ശാസ്ത്രത്തിന്റെയും, സാങ്കേതിക വിദ്യയുടെയും ഉപയോഗം.**

**(വിഹിതം: 608.00 ലക്ഷം രൂപ)**

സ്പോർട്സ് പോളിസി–2023–ന്റെ നിർദ്ദേശത്തിന് അനുസൃതമായി 2025–26 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 608.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

a) ഗവേഷണവും വികസനവും വഴി കായികരംഗത്ത് മികച്ച പ്രകടനത്തിനുള്ള സൗകര്യം ഒരുക്കുക.

- അന്താരാഷ്ട്രവും ദേശീയവുമായ പ്രശസ്തമായ അക്കാദമികളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഉയർന്ന പ്രകടന സൗകര്യങ്ങൾ സ്ഥാപിക്കപ്പെടും. സ്പോർട്സ് കേരള ഫൗണ്ടേഷനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും സംയുക്തമായാണ് പരിപാടികൾസംഘടിപ്പിക്കുന്നത്.
- ശാസ്ത്രീയ അടിത്തറ ഉപയോഗിച്ച് സംസ്ഥാനത്തെ ഉന്നത കായിക താരങ്ങളുടെ പ്രകടനം മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം. സ്പോർട്സ്, കരിയർ ഓറിയന്റഡ് സ്പോർട്സ് പരിശീലനം, കോച്ചിംഗ്, സ്പോർട്സ് വിപുലീകരണ പ്രവർത്തനങ്ങൾ എന്നിവയിൽ ശാസ്ത്രീയ ഗവേഷണം ഈ സംരംഭം വിഭാവനം ചെയ്യുന്നു.
- ഗവേഷണ പഠനങ്ങൾ ഏറ്റെടുക്കുന്നു.
- ജില്ലാതലത്തിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ തിരിച്ചറിഞ്ഞ് ഉയർന്ന പ്രകടനക്ഷമതയുള്ള മത്സരപരമ്പരകൾ സൃഷ്ടിക്കുന്നു.

b) അന്താരാഷ്ട്ര സർവ്വകലാശാലകളുയുമായി കൂടിച്ചേർന്ന് കാര്യക്ഷമതാ വികസനവും ഗ്രൂപ്പ് വികസന പ്രവർത്തനങ്ങളും
c) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സർവകലാശാലകളിൽ സ്പോർട്സ് ലാബ് സ്ഥാപിക്കും.
d) കേരള സ്പോർട്സ് സയൻസ് പ്രോട്ടോക്കോളിന്റെ രൂപീകരണവും സ്റ്റാൻഡേർഡൈസേഷനും കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള എല്ലാ പ്രധാന കായിക പരിശീലന കേന്ദ്രങ്ങളിലും സ്പോർട്സ് സയൻസ് സെല്ലുകൾ സ്ഥാപിക്കും.
e) സ്പോർട്സ് ഡിജിറ്റൽ ഡോക്യുമെന്റേഷൻ അനലിറ്റിക്സ്.

കായിക താരങ്ങൾക്ക് പ്രൊഫഷണലിസം വളർത്തുന്നതിനും അവരുടെ പ്രതീക്ഷയ്ക്കൊത്ത പ്രകടനം കാഴ്ച വയ്ക്കുന്നതിനും, വിവര ശേഖരണവും, ഡോക്യുമെന്റേഷനും അപഗ്രഥനത്തിനും സഹായിക്കുന്നു. സർക്കാർ അംഗീകൃത ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർമാർ മുഖേന സ്പോർട്സ് ഡാറ്റായുടെയും അനലിറ്റിക്കൽ സെന്ററിന്റെയും വിവിധ സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളുടെയും വിവര ശേഖരണം, ഡോക്യുമെന്റേഷൻ പ്രോജക്ട് ഏകോപന ചെലവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കെ.എസ്.എസ്.സി യുമായി സഹകരിച്ച് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതാണ്.

f) കണ്ണൂരിലെയും തൃശ്ശൂരിലെയും റീജിയണൽ സ്പോർട്സ് സയൻസ് സെന്ററുകളുടെ നവീകരണവും സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി കേരളത്തിലെ അഞ്ച് ജില്ലകളിലും സമാനമായ സ്പോർട്സ് സയൻസ് സെന്ററുകൾ സ്ഥാപിക്കുകയും ചെയ്യുക.
g) കേരള സ്പോർട്സ് കോഡിന്റെ രൂപീകരണം– കേരളത്തിലെ സ്പോർട്സ് അസോസിയേഷനുകളുടെ നടത്തിപ്പിനായി ശക്തമായ ഭരണ സംവിധാനങ്ങളും ധാർമ്മിക നിയമങ്ങളും സ്ഥാപിക്കുന്നതിനായി സ്പോർട്സ് ആക്ട് 2000, നാഷണൽ സ്പോർട്സ് കോഡ് എന്നിവയെ അടിസ്ഥാനമാക്കി സ്പോർട്സ് സയൻസ് പോളിസിയുടെ ഭാഗമായി കേരള സ്പോർട്സ് കോഡിന്റെ രൂപീകരണം.

h) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും കായിക വകുപ്പിന്റെയും സഹകരണത്തോടെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് വഴി സ്പോർട്സ് സയൻസ്, സ്പോർട്സ് ടെക്നോളജി, സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് കോച്ചിംഗ് എന്നീ മേഖലകളിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഒരു വേദിയിൽ വിദ്യാഭ്യാസം നൽകാനാകും.

i) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും കായിക വകുപ്പിന്റെയും സഹകരണത്തോടെ മേനംകുളത്തെ ജി.വി.രാജ സെന്റർ ഫോർ എക്സലൻസിന് സ്പോർട്സ് സയൻസ്, സ്പോർട്സ് ടെക്നോളജി, സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് കോച്ചിംഗ് എന്നീ മേഖലകളിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത വേദിയിൽ പരിശീലനവും കോഴ്സുകളും നൽകുന്നു.

j) കോച്ചുകൾക്കുള്ള കഴിവ് വർദ്ധിപ്പിക്കൽ-ജി വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവയുടെ കീഴിലുള്ള പരിശീലകരുടെ കഴിവുകളെ രാജ്യാന്തര സന്ദർശനങ്ങളിലൂടെ വികസിപ്പിക്കുന്നതിനാണ് ഈ പരിപാടി ലക്ഷ്യമിടുന്നത്.

k) സ്പോർട്സ് മെഡിസിനിൽ സ്വീകരിക്കേണ്ട സ്റ്റാൻഡേർഡ് പ്രോട്ടോക്കോളിന്റെ വികസനം

l) രാജീവ് ഗാന്ധി കായിക ചികിൽസാ കേന്ദ്രം

കായിക താരങ്ങൾക്ക് ശാസ്ത്രീയവും വേഗത്തിലുള്ളതുമായ വൈദ്യസഹായവും പുനരധിവാസ ചികിത്സയും നൽകിക്കൊണ്ട് കായികരംഗത്തെ മികവ് പ്രോത്സാഹിപ്പിക്കുന്നതിനായി 1992-ൽ രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ സ്ഥാപിതമായി. കായികതാരങ്ങൾക്ക് വിപുലമായ വൈദ്യസഹായം നൽകുന്നതിനുള്ള ഒരു പദ്ധതിയായതിനാൽ, ഈ മേഖലയിലെ മെച്ചപ്പെട്ട സജ്ജീകരണങ്ങളുള്ള ഏജൻസികളിൽ/ഓർഗനൈസേഷനുകളിൽ നിന്നുള്ള വൈദഗ്ധ്യവും സഹായവും സാങ്കേതിക പിന്തുണയും ഇതിന് ആവശ്യമാണ്. ഉത്തേജകമരുന്നിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് കായികതാരങ്ങളെ ബോധവൽക്കരിക്കുക, മയക്കമരുന്ന് ദുരുപയോഗം തടയുക, പ്രകടനം വർധിപ്പിക്കുന്നതിന് പ്രകൃതിദത്തമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നിവയിലൂടെ "ക്ലീൻ സ്പോർട്സ് ഇൻ കേരള" -യുടെ പ്രോത്സാഹനം സർക്കാർ വിഭാവനം ചെയ്യുന്നു. ഈ സ്കീമിന് കീഴിലുള്ള പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്:

- സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്പോർട്സ് മെഡിസിൻ, ക്ലിനിക്കൽ ആക്സസറികൾ തുടങ്ങിയവയുള്ള ആധുനിക ഉപകരണങ്ങൾ, ക്ലിനിക്കിലെ മരുന്നുകളും ശസ്ത്രക്രിയാ ഉപകരണങ്ങളും മറ്റ് അവശ്യസാധനങ്ങളും വാങ്ങുന്നതുൾപ്പെടെ രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിന്റെ നവീകരണം. മേല്പറഞ്ഞവ ലഭ്യമല്ലാത്ത സാഹചര്യത്തിൽ, ഫിനാൻഷ്യൽ കോഡ് GoK പ്രകാരം ഓപ്പൺ മാർക്കറ്റിൽ നിന്ന് വാങ്ങുക.

- ഉത്തേജക മരുന്ന് ഉപയോഗം, സ്പോർട്സ് പോഷകാഹാരം, സ്പോർട്സ് സൈക്കോളജി, സ്പോർട്സ് കൗൺസിലിംഗ്, സ്പോർട്സ് മെഡിസിനിലെ മറ്റ് അനുബന്ധ വിഷയങ്ങൾ- എന്നിവയിൽ ബോധവൽക്കരണ ശിൽപശാലകൾ, സെമിനാറുകൾ, സിമ്പോസിയങ്ങൾ എന്നിവ നടത്തുന്നു. കെ.എസ്.എസ്.സി.യുമായി സഹകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

- കായിക താരങ്ങൾക്കുള്ള മെഡിക്കൽ മാർഗനിർദേശങ്ങളും ക്യാമ്പുകളും സംഘടിപ്പിക്കുക.

- കായിക ശാസ്ത്രവുമായി ബന്ധപ്പെട്ട കായിക പോഷകാഹാരം, കായിക മനശാസ്ത്രം, കായിക കൗൺസിലിംഗ്, കായിക നേതൃത്വം/ഭരണം കായിക ശരീരശാസ്ത്രം, കായിക പ്രകടന അപഗ്രഥനം, പുനരധിവാസം, വീണ്ടെടുക്കൽ എന്നീ മേഖലകളുടെ വികസനത്തിനായുള്ള പദ്ധതികൾ, പ്രധാനപ്പെട്ട ആശുപത്രികളുമായും കായിക ശാസ്ത്രത്തിൽ വൈദഗ്ധ്യമുള്ള അന്താരാഷ്ട്ര സ്ഥാപനങ്ങൾ തുടങ്ങിയവയുമായി കൂടിചേർന്ന് നടപ്പിലാക്കുക.
- ദേശീയ ഉത്തേജക വിരുദ്ധ ഏജൻസി (NADA), ലോക ഉത്തേജക വിരുദ്ധ ഏജൻസി (WADA) പ്രോട്ടോക്കോൾ എന്നിവയ്ക്ക് അനുസൃതമായി ഉത്തേജക വിരുദ്ധ കാമ്പയിൻ സംഘടിപ്പിക്കുക.

മേൽ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 608.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**3. കായിക വികസന ഫണ്ട്**

**(വിഹിതം: 840.00 ലക്ഷം രൂപ)**

കേരള സംസ്ഥാന കായിക കമ്മീഷൻ ഒരു സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് (എസ്ഡിഎഫ് ) രൂപീകരിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്, അതിൽ സർക്കാർ ധനസഹായത്തിന് പുറമെ

സ്വകാര്യ മേഖലയിൽ നിന്ന് വിവിധ മാർഗങ്ങളിലൂടെ വിഭവങ്ങൾ സമാഹരിക്കാനാകും. കായിക വികസന പദ്ധതികൾക്കായി സ്വകാര്യ പങ്കാളിത്തത്തോടെ ഫണ്ട് കൈകാര്യം ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

എ) കേരളത്തിൽ നിന്നുള്ള ഒളിമ്പ്യൻമാർക്കും സാധ്യതയുള്ള ഒളിമ്പ്യൻമാർക്കും സഹായം നൽകുന്നതിനായി കേരള ഒളിമ്പ്യൻസ് സപ്പോർട്ട് പ്രോഗ്രാം രൂപീകരിക്കുക. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ടോപ്പ് സ്കീമിന് സമാനമായ രീതിയിൽ ചെയ്യുകയും കെ.എസ്.എസ്.സിയുമായി സംയുക്തമായി നടപ്പാക്കുകയും ചെയ്യും.

ബി) സംസ്ഥാനത്ത് സ്പോർട്സുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിൽ കായികരംഗത്തെ ഒരു പ്രധാന സാമ്പത്തിക മേഖലയായി വളർത്തുന്നതിനുമായി സ്പോർട്സ് കേരള സ്റ്റാർട്ടപ്പ് നയം രൂപീകരിക്കുക. സ്പോർട്സ് പോളിസിയുടെ കാഴ്ചപ്പാടിന് അനുസൃതമായി, സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ സമ്പന്നമാക്കാൻ സ്പോർട്സ് സഹായിക്കുന്നു.

സി) പ്രശസ്തമായ കോളേജുകളിലും സ്ഥാപനങ്ങളിലും സ്പോർട്സ് ബിസിനസ് ഇൻകുബേറ്റർ സ്ഥാപിക്കുക

ഡി) സ്പോർട്സുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രവർത്തനങ്ങളിൽ നിക്ഷേപ അവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്പോർട്സ് കോൺക്ലേവും കായിക നിക്ഷേപക സംഗമവും സംഘടിപ്പിക്കുക.

ഇ) കഴിവുള്ള അത്ലറ്റുകളുടെയും ടീമുകളുടെയും അനുഭവപരിചയം വർദ്ധിപ്പിക്കുന്നതിന് പരിശീലനങ്ങളും മത്സരങ്ങളും ആസൂത്രണം ചെയ്യുക.

എഫ്) വ്യവസായ വകുപ്പുമായി സഹകരിച്ച് കായിക ഉൽപ്പന്ന വ്യവസായങ്ങൾക്ക് ഉയർന്ന മുൻഗണന നൽകും.

ജി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എല്ലാ വർഷവും പ്രധാന ദേശീയ അന്തർദ്ദേശീയ കായിക മത്സരങ്ങൾ സംഘടിപ്പിക്കും.

എച്ച്) കായികരംഗത്ത് പൊതുജന പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനായി ക്രിക്കറ്റ്, കബഡി,വോളിബോൾ, ഹോക്കി, ഫുട്ബോൾ തുടങ്ങിയ ജനപ്രിയ കായിക ഇനങ്ങളിൽ ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിക്കുള്ള ചാമ്പ്യൻഷിപ്പ് നടത്തുന്നതാണ്.

ഐ) കേരള ഷൂട്ടിംഗ് അക്കാദമി

ദേശീയ റൈഫിൾ അസോസിയേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് കേരളത്തിൽ നിന്നുള്ള ലോകോത്തര ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കുന്നതിനായി കേരള ഷൂട്ടിംഗ് അക്കാദമി സ്ഥാപിച്ചു. ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്ന കേരളത്തിൽ നിന്നുള്ള ഉയർന്ന നിലവാരമുള്ള ഷൂട്ടർമാരുടെ ഉദയം പരിപോഷിപ്പിക്കുന്നതിന് കേരള ഷൂട്ടിംഗ് അക്കാദമി സഹായിക്കും.

ജെ) 35–മത് ദേശീയ ഗെയിംസിന്റെ ലെഗസി ഫണ്ട്.

35–മത് ദേശീയ ഗെയിംസിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിരുന്നു. 35–മത് ദേശീയ ഗെയിംസിന് കീഴിൽ സൃഷ്ടിച്ച വിവിധ കായിക ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് ഈ ആസ്തികളുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി ലെഗസി പ്ലാൻ ഫണ്ട് നിർദ്ദേശിച്ചിട്ടുണ്ട്.

കെ) ഭിന്നശേഷി കായിക താരങ്ങളുടെ പ്രോത്സാഹനം– സ്പോർട്സ് കേരള ഫൗണ്ടേഷന്റെ കീഴിൽ മാതൃകാ ഭിന്നശേഷി കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ഭിന്നശേഷിയുള്ള കായികതാരങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതിയും രൂപീകരിക്കുന്നു.

എൽ) കേരള ലീഗുകളുടെ സംഘാടനവും നടത്തിപ്പും – യൂണിവേഴ്സിറ്റി, സീനിയർ തലത്തിൽ ബാസ്കറ്റ്ബോൾ ലീഗ്, ലീഗ് ഫോർ ടഗ്-ഓഫ്-വാർ; ഫുട്ബോൾ, ബാസ്കറ്റ്ബോൾ, വോളിബോൾ, സെവൻസ് ഫുട്ബോളിന്റെ അംഗീകാരം, മലപ്പുറത്തെ സെവൻസ് ഫുട്ബോൾ പ്രീമിയർ ലീഗ്, പേരാവൂരിലെ ജിമ്മി ജോർജ് വോളിബോൾ ചാമ്പ്യൻഷിപ്പ്, അന്താരാഷ്ട്ര

മത്സരങ്ങളുടെ സംഘടന, ബോട്ട് ലീഗ് എന്നീ മുൻഗണനാ കായിക ഇനങ്ങൾക്കായി ബേബി ലീഗും യൂത്ത് ലീഗും സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി സംഘടിപ്പിക്കുന്നു.

എം) എസ്.കെ.എഫ്, കെ.എസ്.എസ്.സി എന്നിവയുമായി സഹകരിച്ച് സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ സ്പോർട്സ് കേരള വാട്ടർ സ്പോർട്സ് അക്കാദമിയും ബീച്ച് ഗെയിംസ് വില്ലേജും സ്ഥാപിക്കുക.

എൻ) എല്ലാ ജില്ലകളിലും കളരിപ്പയറ്റ്, ഒളിംപിക് കോംപാക്റ്റ് സ്പോർട്സ് തുടങ്ങിയ കോംബാറ്റ് സ്പോർട്സിന്റെ കേന്ദ്രം സ്ഥാപിക്കുക.

ഒ) വിരമിച്ച കായികതാരങ്ങളുടെ പുനരധിവാസം: ഓരോ വ്യക്തിക്കും യോജിച്ച രീതിയിലുള്ള ജീവിതശൈലിയോടെയുള്ള ജീവിതത്തിന് പ്രാപ്തരാക്കുവാൻ വിരമിച്ച കായികതാരങ്ങളുടെ പുനരധിവാസത്തിനായി ഒരു പദ്ധതി നിർദ്ദേശിക്കുന്നു. കെഎസ്എസ്സി മുഖേനയാണ് ഈ പരിപാടി നടപ്പിലാക്കുന്നത്.

പി) കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റുമായി സഹകരിച്ച് കോളേജ്, യൂണിവേഴ്സിറ്റി തല ഗെയിമുകൾ പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

ക്യൂ) കായിക വികസന ഫണ്ടിന് കീഴിലുള്ള മറ്റ് പദ്ധതികൾ.

i. ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ മികവ് കൈവരിക്കുന്നതിന് കായിക ഇനങ്ങളിൽ പൊതുവായും നിർദ്ദിഷ്ട കായിക രൂപങ്ങളിലും വ്യക്തിഗത കായികതാരങ്ങളിൽ പ്രത്യേകിച്ചും പ്രോത്സാഹനം നൽകുക.

ii. കായികതാരങ്ങൾക്കും പരിശീലകർക്കും കോച്ച് സ്പെഷ്യലിസ്റ്റുകൾക്കും പ്രസക്തമായ കായിക ഇനങ്ങളിൽ പ്രത്യേക പരിശീലനം നൽകുക

iii. സംസ്ഥാനത്ത് ഗുണനിലവാരമുള്ള കോച്ചുകളുടെ എണ്ണം വർധിപ്പിക്കുന്നതിനായി കോച്ചുകൾക്കുള്ള പ്രത്യേക ToT (ട്രെയിനർ ഓഫ് ട്രെയിനേഴ്സ്) പ്രോഗ്രാമും വികസന പരിപാടിയും നടപ്പാക്കും.

iv. സ്പോർട്സിലെ മികവ് പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾ, ക്ലബ്ബുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയുൾപ്പെടെ സർക്കാരിനും അംഗീകൃത സർക്കാരിതര സംഘടനകൾക്കും കായിക ഉപകരണങ്ങൾ വിതരണം ചെയ്യുക.

v. വിവിധ സ്പോർട്സ് ക്ലബ്ബുകൾക്കും സർക്കാർ സ്കൂളുകൾക്കും ഗുണനിലവാരം/ആവശ്യകത അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പ്രത്യേകം രൂപകല്പന ചെയ്ത പദ്ധതിക്കായി 100.00 ലക്ഷം രൂപ നീക്കിവയ്ക്കും.

vi. പരിശീലന സമയത്ത്/മത്സരത്തിനിടെ പരിക്കേൽക്കുന്ന മികച്ച കായിക താരങ്ങൾക്ക് സഹായം. ഇവൻറുകൾ, പരിശീലനം/മത്സരങ്ങൾ എന്നിവയിൽ പങ്കെടുക്കുന്ന കളിക്കാരെ ഉൾക്കൊള്ളുന്ന അനുയോജ്യമായ ഇൻഷുറൻസ് സ്കീമുകൾ.

vii. അന്താരാഷ്ട്ര ടീമുകളെ ക്ഷണിക്കുന്നതും മത്സരങ്ങളുടെ നടത്തിപ്പും ഉൾപ്പെടെ കായിക, മാനവ വിഭവശേഷി വികസനം പ്രോത്സാഹിപ്പിക്കുന്നതിന് അന്താരാഷ്ട്ര സഹകരണവും കൈമാറ്റങ്ങളും പ്രോത്സാഹിപ്പിക്കുക.

viii. കേരളത്തിലെ മികച്ച കായികതാരങ്ങൾക്കായുള്ള ഇന്നൊവേറ്റീവ് സ്പോർട്സ് മെന്റർഷിപ്പ് പ്രോഗ്രാമും പരിശീലനം/ഉപകരണങ്ങൾ മുതലായവയ്ക്ക് വിദ്യാർത്ഥികൾക്ക് സാമ്പത്തിക പിന്തുണയും സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നൽകുന്നു.

ix. സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി ക്യാമ്പുകൾ/സ്പോർട്സ് കിറ്റുകൾ/വീഡിയോ ഗെയിം സേവനങ്ങൾ, മറ്റ് വിദഗ്ധർ എന്നിവരുടെ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ്/സ്കൂൾ ഗെയിമുകൾ എന്നിവയിലെ പങ്കാളിത്തം.

x. സർക്കാർ സേവനങ്ങളിലേക്ക് റിക്രൂട്ട് ചെയ്യപ്പെടുന്ന കായികതാരങ്ങളെ പ്രത്യേക വൈദഗ്ധ്യമുള്ള മേഖലകളിൽ നിയോഗിക്കുകയും പ്രമുഖ മാനേജ്മെന്റ് സ്ഥാപനങ്ങളുടെ സഹായത്തോടെ സ്പോർട്സ് മാനേജ്മെന്റിൽ മികച്ച പരിശീലനം നൽകുകയും ചെയ്യുക.

കായിക വികസന ഫണ്ടിനായി 2025-26 ബജറ്റിൽ 840.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 4. സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ

**(വിഹിതം: 1880.00 ലക്ഷം രൂപ)**

രണ്ട് ഹെഡ് ഓഫ് അക്കൗണ്ടുകളിലായി സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ എന്ന പ്രോഗ്രാമിനായി 2025-26 ബജറ്റിൽ 1880.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- കായിക അടിസ്ഥാന സൗകര്യങ്ങൾ

സ്റ്റേഡിയങ്ങൾ, കളിസ്ഥലങ്ങൾ, നീന്തൽക്കുളങ്ങൾ, മറ്റ് കായിക സ്ഥലങ്ങൾ, സ്പോർട്സ് ഹോസ്റ്റലുകൾ മുതലായവ ഉൾപ്പെടെയുള്ള കായിക അടിസ്ഥാന സൗകര്യങ്ങളുടെ ആധുനിക വൽക്കരണവും നവീകരണവും സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏജൻസി വഴിയായി ലക്ഷ്യമിടുന്നു. എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കാവുന്നതാണ്.

എ) സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ വികസനത്തിന് 50% വരെ അനുയോജ്യമായ വിഹിതം.

എം.എൽ.എമാരുടെയോ എം.പിമാരുടെയോ മറ്റേതെങ്കിലും സ്രോതസ്സുകളുടെയോ ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി അല്ലെങ്കിൽ കേസ് ടു കേസ് അടിസ്ഥാനത്തിൽ പി.പി.പി മോഡിൽ ഏറ്റെടുക്കുന്ന ഏതെങ്കിലും കായിക ഇൻഫ്രാസ്ട്രക്ചറിന്റെ പദ്ധതി ചെലവിന്റെ 50% വരെ സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റ് വഹിക്കും. കായിക അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കുമ്പോൾ അതിന്റെ 3 വർഷത്തെ നടത്തിപ്പിനും, അറ്റകുറ്റപണികൾക്കുമുള്ള ഫണ്ട് നീക്കിവയ്ക്കുന്ന രീതി ഉറപ്പ് വരുത്തുക എന്നത് പദ്ധതിയുടെ സമഗ്രമായ രൂപരേഖ തയ്യാറാക്കുമ്പോൾ തന്നെ രേഖപ്പെടുത്തേണ്ടതാണ്. ഗ്രാമീണ കളിസ്ഥലങ്ങൾക്കായി ഭൂമി വാങ്ങുന്നതിനും പ്രവർത്തനച്ചെലവുകൾക്കുമായി 1.00 കോടി രൂപ വരെയുള്ള ചെലവ് ഈ പദ്ധതിയിൽ നിന്നും വഹിക്കാവുനതാണ്.

ബി) കായിക അടിസ്ഥാന സൗകര്യ വികസനം-വികസനം, നവീകരണം, പുനരുദ്ധാരണം.

സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ ഭാഗമായി വികസിപ്പിക്കേണ്ട പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

i. ആധുനിക സൗകര്യങ്ങളോടുകൂടിയ നീന്തൽക്കുളം
ii. സിന്തറ്റിക് ട്രാക്കോടുകൂടിയ ലോങ് ജമ്പ്, ട്രിപ്പിൾ ജമ്പ് പിറ്റ്
iii. അത്ലറ്റിക്സിന് വേണ്ടിയുള്ള സിന്തറ്റിക് ട്രാക്കുകൾ
iv. കബഡി ഫ്ലോർ, സിന്തറ്റിക്/നാച്ചുറൽ ഫുട്ബോൾ ടർഫ്, ഷട്ടിൽ ബാഡ്മിന്റൺ കോർട്ടുകൾ.
v. വോളിബോൾ കോർട്ടുകൾ, ബാസ്കറ്റ്ബോൾ കോർട്ടുകൾ, സിന്തറ്റിക്/നാച്ചുറൽ ഹോക്കി ടർഫ്, ഫുട്സൽ ടർഫ്, മേപ്പിൾ വുഡ് ഫ്ലോറിംഗ് തുടങ്ങിയവ.
vi. എല്ലാ കാലാവസ്ഥാ ഗെയിം സൗകര്യത്തിനും സെമി ഇൻഡോർ സ്റ്റേഡിയങ്ങൾ (സെൻട്രൽ സ്റ്റേഡിയം മോഡൽ) വികസിപ്പിക്കുന്നതിന് മുൻഗണന നൽകുന്നു.
vii. സാങ്കേതിക സമിതി മുഖേന നിരീക്ഷണം.

സി) സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ വികസനം- ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കായിക അടിസ്ഥാന സൗകര്യങ്ങളുടെ തടസം നീക്കലും- പൂർത്തീകരണവും

ഡി) കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും/മെച്ചപ്പെടുത്തലും ബാക്കി നിൽക്കുന്ന പ്രവർത്തികളുടെ പൂർത്തീകരണവും.

ഇ) ഓപ്പൺ ജിമ്മുകളും മൾട്ടി-സ്പോർട്സ് പ്ലേ സ്പേസ് ക്ലസ്റ്ററും.

ആവശ്യമെങ്കിൽ മേൽക്കൂരയോടു കൂടിയതും സിന്തറ്റിക് പ്രതലത്തോടു കൂടിയതുമായ വിവിധോദ്ദേശ്യ സ്ഥലങ്ങൾ വോളിബോൾ, ബാസ്കറ്റ് ബോൾ, ടെന്നീസ് മറ്റ് വിവിധ ചെറിയ കായിക മത്സരങ്ങൾ തുടങ്ങിയവയ്ക്കായി ലഭ്യമായ മൈതാനങ്ങളിൽ വികസിപ്പിച്ചെടുക്കാനുള്ള പദ്ധതിയാണ് ഇത്. ഇപ്പോഴും വിവിധോദ്ദേശ്യ കളിസ്ഥലങ്ങൾ വളരെ ദൂരത്തിൽ

സ്ഥിതിചെയ്യുന്നതിനാൽ അവ ഉദ്ദേശിച്ച രീതിയിൽ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ഇതിനൊരു പരിഹാര മാർഗ്ഗമായി ക്ലസ്റ്റർ മോഡൽ പദ്ധതി നിർദ്ദേശിച്ചിട്ടുണ്ട്.

എഫ്) സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കൽ– ലിംഗസമത്വം ഉറപ്പനൽകുന്ന അധിക സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ 2024–25–ൽ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു.

ജി) മൂന്നാറിലെ ഹൈആൾട്ടിട്യൂഡ് ട്രെയിനിംഗ് സെന്റർ–ഒരു കായിക താരത്തിൽ നിന്നും പരമാവധി പ്രകടനം സാധ്യമാക്കുന്നതിന് ഉയർന്ന തലത്തിലുള്ള പരിശീലനം ആവശ്യമാണ്. ഈ ലക്ഷ്യം സാധൂകരിക്കുന്നതിന് മൂന്നാറിലെ ഹൈ ആൾട്ടിട്യൂഡ് ട്രയിനിംഗ് സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങളും ഉപകരണങ്ങളും ആധുനികവൽക്കരിക്കുകയും കായിക ടൂറിസം സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും വേണം. വികസന പ്രവർത്തനങ്ങൾ SKF–ഉം പരിശീലന പ്രവർത്തനങ്ങൾ KSSC–ഉം തമ്മിലുള്ള സഹകരണത്തോടെ നടപ്പാക്കും.

എച്ച്) സ്പോർട്സ് ടൂറിസം പ്രോത്സാഹിപ്പിക്കുകയും സ്പോർട്സ് മ്യൂസിയം സ്ഥാപിക്കുകയും ചെയ്യുക.

ഐ) വനിതാ കായിക വിനോദങ്ങളുടെ പ്രോത്സാഹനം– സ്റ്റേഡിയങ്ങളിൽ പിങ്ക് സോണുകളും സ്ത്രീകളുടെ കായിക സൗകര്യങ്ങളുടെ വിനിയോഗം വർദ്ധിപ്പിക്കുന്നതിനായി പിങ്ക് കായിക സൗകര്യങ്ങളും സ്ഥാപിക്കുക.

ജെ) നടപ്പാതകളും സൈക്ലിംഗ് ട്രാക്കുകളും സ്ഥാപിക്കൽ.

കെ) ഓരോ മുനിസിപ്പൽ ടൗണിലും കുറഞ്ഞത് 5 ഔട്ട്ഡോർ ഗെയിമുകൾക്കുള്ള

സൗകര്യങ്ങളോടെ ഒരു സ്റ്റേഡിയമെങ്കിലും നിർമിക്കാൻ ഉദ്ദേശിക്കുന്നു.

എൽ) മികച്ച സ്കൂൾ/കോളേജ് കളിസ്ഥലങ്ങൾ മുനിസിപ്പൽ ടൗൺ സ്റ്റേഡിയങ്ങളായി

വികസിപ്പിക്കും.

എം) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും കോളേജുകളിലും കളിസ്ഥലങ്ങൾ വികസിപ്പിക്കും.

എൻ) കോളേജിലെ മൾട്ടിപർപ്പസ് ഹാളുകൾ ഇൻഡോർ സ്റ്റേഡിയങ്ങളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നു.

ഓ) ദേശീയ അന്തർദ്ദേശീയ തലത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച കായിക താരങ്ങളുടെ മികവ് ഉയർത്തുന്നതിലേക്കായി തെരഞ്ഞെടുത്ത കായിക ഇനങ്ങളിൽ സ്പോർട്സ് ഹബ്ബുകൾ സ്ഥാപിക്കും.

2025–26 കാലയളവിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- കായിക അടിസ്ഥാന സൗകര്യങ്ങൾ (പ്രവർത്തനവും പരിപാലനവും)

എ) കായിക അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി– കായിക മേഖലകളുമായി ബന്ധപ്പെട്ട ഉപഭോഗ വസ്തുക്കളുടെ സംഭരണം ഉൾപ്പെടെയുള്ള കായിക അടിസ്ഥാന സൗകര്യങ്ങളുടെ പൊതുവായ പരിപാലനമാണ് ഈ പദ്ധതിയുടെ കീഴിലുള്ള ഘടകങ്ങൾ. കൂടാതെ, സ്പോർട്സ് ഫെസിലിറ്റി മാനേജ്മെന്റ് ഏജൻസികളെ ഉൾപ്പെടുത്തി വരുമാനം പങ്കിടൽ മാതൃകയിൽ/ക്രോസ് സബ്സിഡി മോഡൽ അല്ലെങ്കിൽ പൂർണമായും ധനസഹായമുള്ള മോഡൽ ഏർപ്പെടുത്തുന്നതിലൂടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങളുടെ പ്രവർത്തനവും മാനേജ്മെന്റും ഈ ശീർഷകത്തിൽ നിന്നും ചെലവഴിക്കും. ഇവ കൂടാതെ, സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും ശാരീരിക ക്ഷമത പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള ചെലവുകൾ, വിവിധ കായിക പ്രതലങ്ങളുടെ വിതരണം, സ്ഥാപിക്കൽ, ഉപകരണങ്ങൾ, 35–ാമത് ദേശീയ ഗെയിംസിൽ നിർമ്മിച്ച വിവിധ സൗകര്യങ്ങളുടെ വിനിയോഗം വർദ്ധിപ്പിക്കുന്നതിനും സ്പോർട്സ് കിറ്റുകൾ വാങ്ങുന്നതിനും കിഫ്ബിയുടെ കീഴിൽ നിർമ്മിച്ച കായിക അടിസ്ഥാന സൗകര്യങ്ങളും ഈ തലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി) ഡയറക്ടറേറ്റ് ഹെഡ് ഓഫീസിന്റെയും റീജിയണൽ ഓഫീസുകളുടെയും അപ് ഗ്രഡേഷനും നവീകരണവും - ഉപകരണങ്ങൾ വാങ്ങുന്നതിനൊപ്പം റീജിയണൽ ഓഫീസുകൾക്കായി ഓഫീസ്, സ്ഥാപന ആവശ്യകതകൾ നിറവേറ്റേണ്ടതാണ്.

സി) ശേഷി വികസനവും സ്പോർട്സ് പ്രോത്സാഹനത്തിനായി ഗതാഗതം, മൊബിലിറ്റി, ലോജിസ്റ്റിക് സൗകര്യങ്ങൾ എന്നിവ നൽകലും - ഗോൾ, ഹൂപ്സ്, സ്പ്രിന്റ്, പഞ്ച്, ജൂഡോക തുടങ്ങിയ വിവിധ പദ്ധതികൾക്കായി ആരംഭിച്ച 100 ഗ്രാസ്റൂട്ട് പരിശീലന കേന്ദ്രങ്ങളുടെ ഗതാഗതം, മൊബിലിറ്റി, ലോജിസ്റ്റിക് ക്രമീകരണങ്ങൾ തുടങ്ങിയവയുടെ ഫലപ്രദമായ പരിപാലനം ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

ഡി) കായിക ആസ്ഥാനത്തിന്റെ നിർമ്മാണം - കായിക ഭവൻ

സംസ്ഥാനത്തെ കായിക സംസ്കാരത്തിന്റെ വളർച്ചക്കും, വികസനത്തിനും ഫലപ്രദമായ ഭരണ സംവിധാനത്തിനും, സംഘാടനത്തിനും മറ്റുമായി തിരുവനന്തപുരം ജില്ലയിൽ ഒരു കായിക സമുച്ചയം (കായിക ഭവൻ) നിർമ്മിക്കുവാൻ ആലോചിക്കുന്നുണ്ട്. ഇതിൽ കായിക യുവജനകാര്യ ഡയറക്ടറേറ്റ്, കേരള സംസ്ഥാന കായിക കൗൺസിൽ, സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്നീ ഓഫീസുകൾ കൂടി ഉൾക്കൊള്ളുന്നതാണ്. പ്രസ്തുത കെട്ടിട സമുച്ചയത്തിൽ വിവിധോദ്ദേശ കായിക സൗകര്യങ്ങളോട് കൂടിയ ജിംനേഷ്യവും നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ട്. ഇത് പൊതു ജനങ്ങൾക്കും കൂടി ഉപയോഗിക്കാവുന്ന തരത്തിലായിരിക്കും പ്രവർത്തിക്കുന്നത്.

2025-26 കാലയളവിൽ ഈ പ്രവർത്തനങ്ങൾക്കായി 1280.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**5. പ്രത്യേക പദ്ധതികൾ**

**(വിഹിതം: 650.00 ലക്ഷം രൂപ)**

എ) 'ഹെൽത്തി കിഡ്സ് - ആരോഗ്യത്തിനായി കളിക്കുക' എന്ന പദ്ധതി നടപ്പാക്കുക.പ്രൈമറി സ്കൂൾ തലത്തിൽ ശാരീരിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും യുവാക്കൾക്കിടയിൽ കായിക സംസ്കാരം ഉത്തേജിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കുട്ടികളെ കായികമത്സരങ്ങൾക്കും, കളികൾക്കും പ്രാപ്തരാക്കി അവരുടെ മാനസികവും, ശാരീരികവുമായ കഴിവുകളെ വളർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തുടക്കത്തിൽ കുട്ടികളിൽ കളികളോടുള്ള അഭിരുചി വളർത്തി പിന്നീട് അതിനായി ക്രമമായും ശാസ്ത്രീയമായും അദ്ധ്വാനിക്കാൻ അവരെ പ്രാപ്തരാക്കുക എന്നതാണ് ഇതിന്റെ പ്രഥമ ഉദ്ദേശ്യം. സ്കൂളുകളെ കായിക കേന്ദ്രങ്ങളാക്കി കുട്ടികളെ സ്ഥിരമായി ശാരീരികപ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നത് ഉറപ്പ് വരുത്തുക എന്നതും ഇതിന്റെ ലക്ഷ്യമാണ്. വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ഭാഗമായി സ്പോർട്സ് ഉൾപ്പെടുത്തുക എന്നതാണ് അവസാന ലക്ഷ്യം.

ബി) ഇ-സ്പോർട്സ് സൗകര്യം

നിലവിൽ ഇ-സ്പോർട്സ് വളരെ പ്രചാരത്തിലുണ്ട്, കൂടാതെ 2018 ലെ ഏഷ്യൻ ഗെയിംസിൽ ഒരു പ്രദർശന പരിപാടിയായി ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഇതിന്റെ സാധ്യത കണക്കിലെടുത്ത്, 2022-23 കാലയളവിൽ സംസ്ഥാനത്ത് ഇ-സ്പോർട്സ് ഒരു പൈലറ്റ് പ്രോജക്ട് ആയി ആരംഭിക്കാനും പിന്നീട് അതിന്റെ രണ്ടാം ഘട്ടമായി (ഇ-സ്പോർട്സ് പിന്തുടരാൻ യുവാക്കളെ പ്രാപ്തരാക്കുന്നതിന് പരിശീലന കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നു.) പദ്ധതി വ്യാപിപ്പിക്കാനും ഉദ്ദേശിക്കുന്നു. എസ്.കെ.എഫ്, കെ.എസ്.എസ്.സി എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി നടപ്പാക്കുക.

സി) കോംബാറ്റ് സ്പോർട്സിലെ ഗ്രാസ് റൂട്ട് പ്രോഗ്രാം

നമ്മുടെ കുട്ടികളെ സ്വയം പ്രതിരോധത്തിനായി സജ്ജരാക്കുന്നതിനും, ദേശീയ അന്തർദ്ദേശീയ ടൂർണമെന്റുകളിൽ മികവ് പുലർത്തുന്നതിനും തായ്ക്വോണ്ടോ, ബോക്സിംഗ്, ജൂഡോ പോലുള്ള കായിക വിനോദങ്ങളുമായി ബന്ധപ്പെട്ട കഴിവുകൾ വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജൂഡോയ്ക്കായുള്ള ജൂഡോക്ക, ബോക്സിംഗിനായുള്ള പഞ്ച് എന്നിവയാണ് നിർദ്ദിഷ്ട പദ്ധതികൾ. ഈ പരിപാടി 14 ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

ഡി) ഗോൾ – താഴെതട്ടിലുള്ള ഫുട്ബോൾ പരിപാടി

ദേശീയ, അന്തർദ്ദേശീയ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഫുട്ബോൾ കേരളത്തിലെ ഏറ്റവും കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒരു കളിയാണ്. കിക്കോഫ്-എന്നത്, ഗ്രാമീണ-അർദ്ധനഗര, ആദിവാസി, മറ്റ് ടാപ്പ് ചെയ്യാത്ത പ്രദേശങ്ങളിലെ മിടുക്കരായ/കഴിവുള്ള കുട്ടികളെ വളരെ ചെറിയ പ്രായത്തിൽ കണ്ടെത്തി പരിശീലനം നൽകുന്ന പദ്ധതിയാണ്. സംസ്ഥാനത്തൊട്ടാകെയുള്ള 33 കേന്ദ്രങ്ങളിൽ 15 കേന്ദ്രങ്ങൾ പെൺകുട്ടികളെ പരിശീലിപ്പിക്കുന്നതിന് മാത്രമുള്ളതാണ്. ഇപ്പോൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള കിക്ക് ഓഫ് പ്രോഗ്രാം സംയോജിപ്പിച്ച് 'ഗോൾ' എന്ന് പുനർനാമകരണം ചെയ്തു. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമായി കൂടുതൽ സ്ഥാപനങ്ങളിലേക്ക് ഈ പ്രോഗ്രാം വിപുലീകരിക്കാൻ ലക്ഷ്യമിടുന്നുണ്ട്. എസ്.കെ.എഫ്, കെ.എസ്.എസ്.സി എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുക. വരുന്ന വർഷം സംസ്ഥാനത്തുടനീളം 140 കേന്ദ്രങ്ങൾ ആരംഭിച്ചുകൊണ്ട് ഈ പരിപാടി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു.

ഇ) ഹൂപ്സ് – ഗ്രാസ് റൂട്ട് ബാസ്കറ്റ്ബോൾ പ്രോഗ്രാം

ആരോഗ്യവും, ഊർജ്ജസ്വലതയും ഉത്തരവാദിത്തമുള്ളതുമായ ഒരു സമൂഹം കെട്ടിപ്പടുക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് 'പ്ലേ ഫോർ ഹെൽത്ത്' എന്ന ആശയം പ്രചരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നത്. രാജ്യത്തിന് ഊർജ്ജസ്വലവും സമൃദ്ധവുമായ ഭാവി സൃഷ്ടിക്കുന്നതിന് ഉറച്ച പ്രതിബദ്ധതയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനായി ലക്ഷ്യമിടുന്നു. കേരളത്തിലെ മുഴുവൻ സ്കൂളുകളെയും യുവ വിദ്യാർത്ഥികളെയുമാണ് ഈ പദ്ധതി നടത്തിപ്പിനായി ലക്ഷ്യമിടുന്നത്. 5 ജില്ലകളിലെ 10 സ്കൂളുകളിൽ ഈ പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ഈ പരിപാടി കൂടുതൽ സ്ഥാപനങ്ങളിലേക്കും ജില്ലകളിലേക്കും വ്യാപിപ്പിക്കാനും ലക്ഷ്യമിടുന്നുണ്ട്.

എഫ് ) സ്പ്രിന്റ് – അത്‌ലറ്റിക്സിനുള്ള ഗ്രാസ് റൂട്ട് പരിശീലന പരിപാടി

5-12 വയസ്സിനിടയിലുള്ള സംസ്ഥാനത്തെ സ്കൂളിൽ പോകുന്ന കുട്ടികളിൽ ഉപ-നഗര ഗ്രാമീണ, ഗോത്രവർഗ്ഗക്കാരിൽ നിന്നും കഴിവുള്ള കുട്ടികളെ ചെറുപ്പത്തിലെ കണ്ടെത്തി പരിശീലനം നൽകി അത് ലറ്റിക്സിനെ മുൻഗണനയുള്ള കായിക വിഭാഗമായി തെരഞ്ഞെടുക്കേണ്ടതുണ്ട്. നിലവിൽ 6 കേന്ദ്രങ്ങളിലായി 6 ജില്ലകളിൽ (കണ്ണൂർ, കാസർഗോഡ്, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം എന്നിവിടങ്ങളിലായി) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള 8 ജില്ലകളിൽ 8 കേന്ദ്രങ്ങൾ കൂടി ആരംഭിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

ജി) പഞ്ച്: അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകിക്കൊണ്ടും സംസ്ഥാനത്തെ കഴിവുള്ള കുട്ടികൾക്ക് ആവശ്യമായ സൗകര്യങ്ങൾ നൽകുന്നതിലൂടെയും സംസ്ഥാനത്തെ ബോക്സിംഗ് മെച്ചപ്പെടുത്തും. ഈ കുട്ടികൾക്ക് മുഖ്യധാര കായിക രംഗത്ത് മികവ് പുലർത്താൻ അവസരമൊരുക്കുകയുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. അഞ്ച് ജില്ലകളിലെ 5 സ്കൂളുകളിലാണ് പദ്ധതി ആരംഭിച്ചത്. 8 നും 11 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് ഈ പദ്ധതി പ്രകാരം പരിശീലനം നൽകുന്നു. ഈ പദ്ധതി കൂടുതൽ സ്ഥാപനങ്ങളിലേക്കും ജില്ലകളിലേക്കും വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

മേൽപ്പറഞ്ഞ പരിപാടികൾ ഗ്രാസ് റൂട്ട് ലെവലിലേക്ക് വ്യാപിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി തദ്ദേശ സ്ഥാപന സ്പോർട്സ് കൗൺസിൽ പ്രവർത്തിക്കും.

എച്ച് ) ഐ.ഇ. എസ് പ്രവർത്തനങ്ങളും, ഐ.ടി പ്രോജക്ടുകളും.

താഴെ പറയുന്ന പ്രവർത്തനങ്ങളാണ് സാങ്കേതിക വിദ്യയും, പ്രചാരവും സംയോജിപ്പിക്കുന്നവയിൽ വരുന്നത്.

i. കായികമേഖലയുടെ മികച്ച ഭരണനിർവ്വഹണത്തിനും, നടത്തിപ്പിനും, പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള കായിക വിവരങ്ങളുടെ വികസനം.

ii. വിദ്യാർത്ഥികൾക്കിടയിലും, പൊതുജനങ്ങളിലും കായികവും/ആരോഗ്യവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ, പ്രചാരണ സാമഗ്രികൾ, പ്രോജക്ടുകൾ, ലഘുലേഖകൾ എന്നിവയുടെ പ്രസിദ്ധീകരണവും, വിതരണവും.

iii. കായിക ഡോക്യുമെന്റേഷൻ, നിലവിലുള്ള കായിക അടിസ്ഥാന സൗകര്യങ്ങളുടെ വിഡീയോ ഡോക്യുമെന്റേഷൻ, ഇമേജ് ഡോക്യുമെന്റേഷൻ, ഡിജിറ്റൽ ലൈബ്രറിയും കായിക ചരിത്രരേഖാ ശേഖരണവും, കായിക വസ്തുവിവര പട്ടികയും, മികച്ച പ്രകടനം കാഴ്ചവെച്ച കായിക താരങ്ങളും, ഇനങ്ങളും തുടങ്ങിയവ.

iv. സെമിനാറുകൾ, പൊതുകാര്യപരിപാടികൾ, വർക്ക് ഷോപ്പുകൾ കായിക ദിനങ്ങളുടേയും, മറ്റ് ബന്ധപ്പെട്ട ദിനങ്ങളുടെയും ആചരണം, കായിക പ്രോത്സാഹനത്തിനുള്ള പ്രചാരണം.

v. ദേശീയ അന്തർദ്ദേശീയ സെമിനാറുകൾ, വർക്ക് ഷോപ്പുകൾ, മീറ്റിംഗുകൾ കായിക ഇനങ്ങൾ, ടൂർണമെന്റുകൾ, ചാമ്പ്യൻഷിപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

vi. സ്പോർട്സ് ഇൻവെന്ററിയും ആസ്തി മാനേജ്മെന്റ് സംവിധാനവും പുതുക്കുക, വകുപ്പുതല വെബ്സൈറ്റുകളുടെ പരിപാലനവും പുതുക്കലും ഉൾപ്പെടെ സ്പോർട്സ് സാങ്കേതികവിദ്യ, ഐടി അനുബന്ധ സ്പോർട്സ് ആപ്ലിക്കേഷനുകൾക്ക് കീഴിലുള്ള വിവിധ സംരംഭങ്ങൾ.

vii. ഐടി ഉപകരണങ്ങളുടെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും സംഭരണം.

viii. അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ കായിക വിവരങ്ങളുടെ പ്രചരണം.

ix. അക്കാദമികളുടെ അക്രഡിറ്റേഷൻ, വിലയിരുത്തൽ, റേറ്റിംഗ് എന്നിവയ്ക്കുള്ള സംവിധാനം.

x. സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റിൽ മീഡിയ സെൽ രൂപീകരിക്കും.

ഐ) ആപ്ലിക്കേഷനുകൾ, ഐടി സൊല്യൂഷനുകൾ, അൽഗൊരിതങ്ങൾ, സേവനങ്ങൾ ഫലപ്രദമായി വിതരണം ചെയ്യുന്നതിനുള്ള പ്ലാറ്റ്ഫോമുകൾ എന്നിവയുടെ നൂതന രൂപകൽപ്പനയ്ക്കായി വാർഷിക സ്പോർട്സ് ഹാക്കത്തോൺ സംഘടിപ്പിക്കുക.

ജെ) മറ്റ് വകുപ്പുകളുമായി സഹകരിച്ച് ലഹരിവിരുദ്ധ കാമ്പയിൻ നടത്തുക.

കെ) പൊതുമേഖലാ സ്ഥാപനങ്ങളിലേക്കും സർക്കാർ വകുപ്പുകളിലേക്കും വിദേശത്തേക്കുമുള്ള റിക്രൂട്ട്മെന്റും തൊഴിൽ അവസരങ്ങളും ഫലപ്രദമായി ഉപയോഗിക്കാൻ കായികതാരങ്ങൾക്ക് സഹായകമാകുന്നതിന് "കരിയർ ബ്രിഡ്ജ് എന്ന ഒരു സംവിധാനം വികസിപ്പിക്കും.

എൽ) പ്രത്യേക പ്രോജക്ടുകൾക്ക് കീഴിലുള്ള മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ സ്പോർട്സ് ആന്റ് യൂത്ത് അഫേഴ്സ് വകുപ്പിന് 650.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കെ.എസ്.എസ്.സി യുമായി സംയുക്തമായാണ് പ്രവർത്തനങ്ങൾ നടപ്പാക്കുക.

**6. കായിക എഞ്ചിനീയറിംങ് (കേരള സ്പോർട്സ് ഫൗണ്ടേഷൻ)**

**(വിഹിതം: 60.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ സ്റ്റേഡിയങ്ങളുടെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണം, പ്രവർത്തനങ്ങൾ, പതിവ് അറ്റകുറ്റപ്പണികൾ എന്നിവ പുതുതായി രൂപീകരിച്ച പൊതുമേഖലാ സംരംഭമായ (പിഎസ്ഇ)- സ്പോർട്സ് കേരള ഫൗണ്ടേഷനാണ് നിർവഹിക്കുന്നത്. സ്പോർട്സ് കേരള ഫൗണ്ടേഷൻ, സ്പോർട്സ് ആസ്തികൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആസ്തി നിർമ്മാണവും മാനേജ്മെന്റും നടത്തുന്ന ഒരു കമ്പനി എന്ന നിലയിലും ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയും പ്രവർത്തിക്കുന്നു. കേരളത്തെ ആഗോളതലത്തിൽ അറിയപ്പെടുന്ന കായികശക്തിയാക്കി മാറ്റുന്നതിന് കേരളത്തിലെ കായികവികസന പ്രവർത്തനങ്ങളിൽ കൂടുതൽ നിക്ഷേപം നടത്താൻ ഇത് പ്രയോജനപ്പെടുത്താം. കേരളത്തിലെ കായിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവർത്തിക്കുന്നു.

എ) സ്പോർട്സ് അസറ്റ് ഓപ്പറേഷൻസ് ആൻഡ് മാനേജ്മെന്റ് പ്ലാറ്റ്ഫോം- സ്പോർട്സ് സ്റ്റേഡിയങ്ങളുടെ വിനിയോഗ നിരക്ക് വർദ്ധിപ്പിക്കുന്നതിന് കായിക സൗകര്യങ്ങളുടെ പ്രകടന സൂചകങ്ങളുടെ രൂപീകരണം, സ്പോർട്സ് സൗകര്യങ്ങളുടെ പ്രവർത്തനങ്ങൾ, മാനേജ്മെന്റ്,

അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം സൃഷ്ടിക്കുകയും അവ സ്വയം സുസ്ഥിരമാണെന്ന് ഉറപ്പാക്കുകയും ചെയ്യും.

ബി) സ്പോർട്സ് കേരള ഫൗണ്ടേഷനു വേണ്ടിയുള്ള സ്പോർട്സ് മാനേജ്മെന്റ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം – സ്പോർട്സ് കേരള ഫൗണ്ടേഷനിൽ സ്പോർട്സ് മാനേജ്മെന്റ് പ്രൊഫഷണലുകളുടെ ഒരു ടീം സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നു. സ്പോർട്സ് സയൻസിലെ പ്രഗത്ഭരായ വിദഗ്ദ്ധരെ ഉപയോഗപ്പെടുത്തി ശേഷി വർദ്ധിപ്പിക്കുക, സ്പോർട്സ് എഞ്ചിനീയറിംഗ്, നിർമ്മാണവും, സ്പോർട്സ് സാങ്കേതികവിദ്യയുടെ വളർന്നുവരുന്ന മേഖലകൾ എന്നിവയിലെ പ്രഗത്ഭരായ വിദഗ്ധരുടെ സേവനങ്ങൾ, സ്പോർട്സ് കേരള ഫൗണ്ടേഷന്റെ സ്ഥാപന ആവശ്യങ്ങൾ, ഐടി ഉപകരണങ്ങളുടെ സംഭരണം, ഗതാഗത സൗകര്യങ്ങൾ, ഭരണപരമായ ചെലവുകൾ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2025–26 ബജറ്റിൽ ഈ പദ്ധതിക്കായി 60.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 7. തിരുവനന്തപുരത്തെ ജി.വി രാജ സ്പോർട്സ് സ്കൂളിന്റെയും സ്പോർട്സ് ഡിവിഷൻ കണ്ണൂരിന്റെയും അപ് ഗ്രേഡേഷനും ശേഷി വർദ്ധിപ്പിക്കലും

**(വിഹിതം: 1450.00 ലക്ഷം രൂപ)**

തിരുവനന്തപുരം ജി.വി.രാജ സ്പോർട്സ് സ്കൂളിലെയും, സ്പോർട്സ് ഡിവിഷൻ കണ്ണൂരിലേയും കായിക അടിസ്ഥാന സൗകര്യ വികസനവും, നിയന്ത്രണവും കായിക യുവജന കാര്യ ഡയറക്ടറേറ്റിൽ നിക്ഷിപ്തമാണ്. ജി.വി രാജ സ്പോർട്സ് സ്കൂളിന്റെ മാതൃകയിൽ കണ്ണൂർ സ്പോർട്സ് ഡിവിഷനെ പൂർണ്ണമായും റെസിഡൻഷ്യൽ സ്പോർട്സ് സ്കൂളാക്കി മാറ്റണമെന്നും മലബാറിലെയും വടക്കൻ കേരള മേഖലയിലെയും പ്രധാന കായിക പരിശീലന കേന്ദ്രമായി ഇതിനെ മാറ്റിയെടുക്കണമെന്നുമുള്ളതാണ് ലക്ഷ്യം. 2025–26 കാലയളവിൽ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നുണ്ട്.

I. എസ്.കെ.എഫ് വഴി കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമും കായിക നൈപുണ്യത്തിനായി സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കലും.

II. ന്യൂട്രീഷൻ മെസ് പ്രോജക്ടും NIIFTEM–നൊപ്പം ന്യൂട്രീഷൻ ലാബ് സ്ഥാപിക്കലും.

III. സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി തിരുവനന്തപുരത്തെ ജി.വി.രാജ സ്പോർട്സ് സ്കൂളിന്റെയും കണ്ണൂരിലെ സ്പോർട്സ് സ്കൂളിന്റെയും പ്രവർത്തനവും പരിപാലന പദ്ധതിയും.

IV. സ്പോർട്സ് കേരള എലൈറ്റ് റസിഡൻഷ്യൽ ഫുട്ബോൾ അക്കാദമിയുടെ പ്രവർത്തനം.

V. പരിശീലകർക്കും മറ്റ് സഹായ ജീവനക്കാർക്കുമുള്ള നൈപുണ്യ വികസന കോഴ്സുകൾ.

VI. പരിശീലകർക്കും കോച്ചുകൾക്കും റിഫ്രഷർ കോഴ്സുകൾ.

VII. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ.

VIII. കായിക ഉപകരണങ്ങളുടെ വാങ്ങൽ.

IX. എക്സ്പോഷർ യാത്രകളും ടൂർണ്ണമെന്റുകളിലെ പങ്കാളിത്തവും.

X. ഹോസ്റ്റൽ സൗകര്യങ്ങളുടെ നിലവാരം ഉയർത്തലും കായിക അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ നവീകരണവും.

XI. വിദ്യാർത്ഥികൾക്ക് സ്മാർട്ട് കാർഡ്, സ്കൂൾ മാനേജ്മെന്റിന് ഐടി പ്രോജക്ടുകൾ.

XII. സ്പോർട്സ് സയൻസ് സെന്ററുകൾ സ്ഥാപിക്കുകയും സ്പോർട്സ് സയൻസ് സ്പെഷ്യലിസ്റ്റുകളെ ഉപയോഗപ്പെടുത്തുകയും ചെയ്യുക.

XIII. വിദ്യാർത്ഥികൾക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി.

XIV. വിദ്യാർത്ഥികൾക്കും പരിശീലകർക്കും ക്യാഷ് അവാർഡ് പ്രോത്സാഹന പദ്ധതി.

XV. ഒരു പുതിയ പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനും അദ്ധ്യാപന രീതിയിൽ മാറ്റം വരുത്തുന്നതിനുമുള്ള പദ്ധതി.

XVI. തിരുവനന്തപുരത്തെ ജി.വി. രാജ സ്പോർട്സ് സ്കൂളുകളിലേക്കും കണ്ണൂരിലെ സ്പോർട്സ് ഡിവിഷനിലേക്കും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള ടാലന്റ് ഹണ്ട് പദ്ധതി നടപ്പിലാക്കൽ.

xvii. പെൺകുട്ടികൾക്കായുള്ള രാജ്യത്തെ ആദ്യ സ്പോർട്സ് സ്കൂളായ കണ്ണൂർ സ്പോർട്സ് സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കും.

xviii. തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന അംഗങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിൽ നോമിനികൾ, പഞ്ചായത്ത് തല സ്പോർട്സ് കൗൺസിൽ നോമിനികൾ എന്നിവരെ ഉൾപ്പെടുത്തി ലോക്കൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കും.

മേൽ പ്രവർത്തനങ്ങൾക്കായി 2025-26 കാലയളവിൽ പദ്ധതിക്കായി 1450.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 8. യുവജനകാര്യം

**(വിഹിതം: 80.00 ലക്ഷം രൂപ)**

എ) കളിത്തട്ട് (പ്രാദേശിക കളി)

പ്രാദേശിക കളികളെ പുതിയ തലമുറകൾക്കിടയിൽ പ്രോത്സാഹിപ്പിക്കുന്നതിനും, ജനകീയവൽക്കരിക്കുന്നതിനും, അവർക്കുള്ളിൽ ഒളിഞ്ഞുകിടക്കുന്ന കഴിവുകൾ തിരിച്ചറിഞ്ഞ് കേരളത്തിലാകമാനം ആരോഗ്യമുള്ള ജനവിഭാഗങ്ങളെ സൃഷ്ടിക്കുക എന്നതുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സ്പോർട്സ് കേരള ഫൗണ്ടേഷനിലൂടെ പ്രാദേശിക കായിക സംഘടനകളുടെയും, യൂത്ത് ക്ലബ്ബുകളുടെയും പ്രചരണത്തിനായുള്ള ഉപാധിയായും ഈ പദ്ധതി ഉപയോഗിക്കുന്നു.

ബി) സ്ത്രീകൾക്ക് സ്വയംരക്ഷാ പരിശീലനം ആയോധന കലകളിലൂടെ.

നമ്മുടെ പെൺകുട്ടികളെ ആക്രമണത്തിൽ നിന്ന് രക്ഷിക്കാൻ സജ്ജരാക്കുന്നതിനും സ്വയരക്ഷക്കായും, അവരെ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ ജേതാക്കളാക്കുന്നതിന് വേണ്ടിയും കളരിപ്പയറ്റ്, തൈക്വോണ്ടോ, ജൂഡോ, കരാട്ടെ തുടങ്ങിയ അഭ്യാസമുറകളുടെ പ്രചാരണമാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

സി) KYLA യുടെ യൂത്ത് ലീഡർഷിപ്പ് കോഴ്സുകളും പ്രോഗ്രാമുകളും

നേതൃപാടവം, സംരംഭകത്വം, ദുരന്തനിവാരണം, ഭരണഘടന, ആശയവിനിമയ വൈദഗ്ധ്യം തുടങ്ങിയ മേഖലകളിൽ യുവജനങ്ങൾക്കായി നിരവധി സർട്ടിഫിക്കറ്റ് കോഴ്സുകൾ നൽകുന്ന കേരള സർക്കാർ ഇൻകുബേറ്റ് ചെയ്യുന്ന ഒരു സ്ഥാപനമാണ് കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി (KYLA).

യുവജനകാര്യ പരിപാടിക്കായി 2025-26 ബജറ്റിൽ 80.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 9. തൃശ്ശൂർ കുന്നംകുളത്ത് അധിക സ്പോർട്സ് ഡിവിഷൻ സജ്ജീകരിക്കൽ (കണ്ണൂർ സ്പോർട്സ് ഡിവിഷൻ പോലെ)

**(വിഹിതം: 400.00 ലക്ഷം രൂപ )**

മധ്യകേരള മേഖലയിൽ സ്പോർട്സ് ഡിവിഷൻ ഇല്ലാത്തതിനാൽ 2021-22ൽ തൃശ്ശൂരിൽ കുന്നംകുളം ഗവ.ബോയ്സ് എച്ച്എസ്എസ്സിൽ ഒരു സ്പോർട്സ് വിഭാഗം സ്ഥാപിച്ചു.

2025-26 കാലയളവിൽ താഴെ പ്പറയുന്ന പ്രവർത്തനങ്ങൾ ഉദ്ദേശിക്കുന്നു.

I. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്പോർട്സിനായി ശേഷി വർധിപ്പിക്കുന്നതിനുള്ള പരിപാടിയും മികവിന്റെ കേന്ദ്രം സ്ഥാപിക്കലും.

II. ന്യൂട്രീഷൻ മെസ് പദ്ധതി.

III. സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴിയുള്ള പ്രവർത്തനവും പരിപാലനവും.

IV. പരിശീലകർക്കും മറ്റ് സപ്പോർട്ടിംഗ് സ്റ്റാഫിനും വേണ്ടിയുള്ള നൈപുണ്യ വികസന കോഴ്സുകൾ.

V. പരിശീലകർക്കും കോച്ചുകൾക്കും വേണ്ടിയുള്ള റിഫ്രഷർ കോഴ്സുകൾ.

VI. കായിക ഉപകരണങ്ങൾ വാങ്ങൽ.

VII. എക്സ്പോഷർ യാത്രകളും ടൂർണമെന്റുകളിലെ പങ്കാളിത്തവും.

VIII. ഹോസ്റ്റൽ സൗകര്യങ്ങളുടെയും കായിക അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെയും നിലവാരം വർദ്ധിപ്പിക്കൽ.

IX. കായിക ശാസ്ത്രത്തിൽ വിദഗ്ധരായ വ്യക്തികളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തൽ.

X. വിദ്യാർത്ഥികൾക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി.

XI. വിദ്യാർത്ഥികൾക്ക് സ്മാർട്ട് കാർഡ്, സ്കൂൾ മാനേജ്മെന്റിന് ഐടി പ്രോജക്ടുകൾ.

XII. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള ടാലന്റ് ഹണ്ട്.

XIII. വിദ്യാർത്ഥികൾക്കും പരിശീലകർക്കും ക്യാഷ് അവാർഡ് പ്രോത്സാഹന പദ്ധതി.

XIV. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ.

XV. പ്രമുഖ ഫുട്ബോൾ അക്കാദമിയുടെ സഹകരണത്തോടെ ഫുട്ബോൾ അക്കാദമിയുടെ സ്ഥാപനം.

എല്ലാ ജില്ലകളിലും അധിക സ്പോർട്സ് ഡിവിഷനുകൾ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 400.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 10. ഗ്രാമീണ കളിസ്ഥലങ്ങൾ

**(വിഹിതം: 1800.00 ലക്ഷം രൂപ)**

എല്ലാവർക്കും "ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം" എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മാനസിക ശാരീരിക ശേഷി മെച്ചപ്പെടുത്തുന്നതിനായി സാമൂഹിക നിലവാരവും സ്ത്രീ സൗഹൃദ അന്തരീക്ഷവും കണക്കിലെടുത്താണ് ഫിറ്റ്നസ് പവലിയൻ, ജിം തുടങ്ങിയ വിപുലമായ സൗകര്യങ്ങളോടെയുള്ള പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഭൂവികസനം, കോർട്ടുകളുടെ നിർമ്മാണം, മഡ് കോർട്ടുകളുടെ നിർമ്മാണം, ഫിറ്റ്നസ് പവലിയൻ, ഇൻഡോർ സൗകര്യങ്ങൾ, കായിക ഉപകരണങ്ങൾ, ടോയ്‌ലറ്റുകൾ, കഫ്റ്റീരിയ, വസ്ത്രം മാറുന്നതിനുള്ള മുറികൾ എന്നിവ ലഭ്യമാക്കുന്നതാണ് പ്രവൃത്തികൾ. "ഓരോ പഞ്ചായത്തിലും ഒരു കായിക സൗകര്യം/കളിസ്ഥലം" എന്ന ലക്ഷ്യം കൈവരിക്കുന്നതിന്, സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവഹണ ഏജൻസിയായി സംസ്ഥാനത്ത് സ്പോർട്സ് അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഈ തുക നീക്കിവച്ചിരിക്കുന്നത്.

i. ഒരു കായിക കളിസ്ഥലം വികസിപ്പിക്കുന്നതിനുള്ള ചെലവിന്റെ പകുതി എം എൽ എ ഡെവലപ് മെന്റ് ഫണ്ടിൽ (എഡിഎസ്) അല്ലെങ്കിൽ/എൽഎസ്ജിഐ, പിപിപി എന്നിവ വഴി വഹിക്കേണ്ടതുണ്ട്.

ii. പൊതുവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്കൂൾ കളിസ്ഥലങ്ങളും പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തും.

ഒരു പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതിയെന്ന നിലയിൽ, അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനാണ് നിർദ്ദേശം.

മേൽ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1800.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 11. എലൈറ്റ് സ്പോർട്സ് കേരള അക്കാദമികൾ സ്ഥാപിക്കൽ

**(വിഹിതം: 120.00 ലക്ഷം രൂപ)**

സമീപ വർഷങ്ങളിൽ, കേരളത്തിലെ സ്വകാര്യമേഖല കായികരംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുകയും നിരവധി കായിക കേന്ദ്രങ്ങൾ സ്ഥാപിക്കുകയും വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിനനുസരിച്ച് കേരള ഗവൺമെന്റ് കായികരംഗത്ത്, പ്രത്യേകിച്ച് കായിക അടിസ്ഥാനസൗകര്യവികസനത്തിൽ ഗണ്യമായ നിക്ഷേപം തുടരുകയാണ്.

ഗവൺമെന്റിന്റെയും സ്വകാര്യമേഖലയുടെയും ഒത്തുചേരലിനുള്ള അവസരം ഉയർന്നുവരുന്നു. അതനുസരിച്ച്, സ്പോർട്സ് കേരള എലൈറ്റ് അക്കാദമി സ്കീം ഇനിപ്പറയുന്ന രണ്ട് ട്രാക്കുകളുള്ള ഒരു പൊതു സ്വകാര്യ പങ്കാളിത്ത (പിപിപി) മാതൃകയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

i. ട്രാക്ക് I (നിലവിൽ സർക്കാർ നടത്തുന്ന അടിസ്ഥാന സൗകര്യങ്ങളുടെ ഉപയോഗം): സ്പോർട്സ് സ്റ്റേഡിയങ്ങളും ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള അരങ്ങുകളും സ്വകാര്യ മേഖലയുടെ മാനേജ്മെന്റും വൈദഗ്ധ്യവും ഉള്ള അക്കാദമികൾ സ്ഥാപിക്കുന്നതിന് വിന്യസിക്കാവുന്നതാണ്. ഈ ട്രാക്കിന്റെ പരിധിയിൽ വരുന്ന കായിക സൗകര്യങ്ങൾ ആദ്യം തിരിച്ചറിയുകയും. താൽപ്പര്യത്തിനനുസരിച്ച്, അത്തരം അക്കാദമികളുടെ വികസനത്തിനായി പ്രശസ്ത കായിക സംഘടനകളിൽ നിന്ന് നിർദ്ദേശങ്ങൾ ആവശ്യപ്പെടും.

ii. ട്രാക്ക് II (നിലവിലുള്ള സ്വകാര്യ അക്കാദമികളെ പിന്തുണയ്ക്കുന്നു)– നിലവിലുള്ള സ്വകാര്യ മേഖലയിലെ അക്കാദമിയുടെ പ്രവർത്തനങ്ങളെയും മാനേജ്മെന്റിനെയും സർക്കാർ ഭാഗികമായി പിന്തുണയ്ക്കുകയും അതിന്റെ നിലവാരം ഉയർത്തുകയും ചെയ്യാം. നിലവിലുള്ള നേട്ടങ്ങൾ, സാമ്പത്തിക സഹായത്തിന്റെ ആവശ്യകത, മനുഷ്യവിഭവശേഷി ലഭ്യമാക്കൽ, ഉപകരണങ്ങളുടെ സംഭരണം തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് സ്വകാര്യ മേഖലയ്ക്ക് കീഴിലുള്ള സ്പോർട്സ് അക്കാദമികളെ ആദ്യം കണ്ടെത്തുക.

സ്പോർട്സ് കേരള അക്കാദമി സ്കീം ഇനിപ്പറയുന്ന ലക്ഷ്യങ്ങളുള്ള ഒരു പൊതു സ്വകാര്യ പങ്കാളിത്ത (പിപിപി) മാതൃകയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു:

a. സ്വകാര്യ മേഖലയുടെ മാനേജ്മെന്റും വൈദഗ്ധ്യവും ഉള്ള അക്കാദമികൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്പോർട്സ് സ്റ്റേഡിയങ്ങളും അരങ്ങുകളും വിന്യസിക്കാൻ കഴിയുന്ന ഒരു അതുല്യ മാതൃക സ്ഥാപിക്കുക.

b. നിലവിലുള്ള സ്വകാര്യ മേഖലയിലെ അക്കാദമിയുടെ പ്രവർത്തനങ്ങൾക്കും മാനേജ്മെന്റിനും പിന്തുണ ഉറപ്പാക്കാനും അതിന്റെ നിലവാരം ഉയർത്താനും.

c. ഈ സ്കീമിന് കീഴിൽ നിർവചിക്കപ്പെട്ട ഫലങ്ങളും പ്രകടന സൂചകങ്ങളും ഉപയോഗിച്ച് തെരഞ്ഞെടുത്ത വിഷയങ്ങളിൽ മികവ് കൈവരിക്കുക.

d. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന ഗ്രൂപ്പുകളിൽ നിന്നുള്ള പരിശീലനാർത്ഥികളിൽ 15 ശതമാനമെങ്കിലും ഈ പദ്ധതി സാമൂഹികമായി ഉൾക്കൊള്ളുന്നതാണെന്ന് ഉറപ്പാക്കാൻ

e. മേഖല/വിഷയത്തിൽ ആവശ്യമായ വൈദഗ്ധ്യമുള്ള വ്യക്തികളാൽ അക്കാദമികൾ പ്രൊഫഷണലായി കൈകാര്യം ചെയ്യപ്പെടുന്നുവെന്നും പ്രവർത്തിപ്പിക്കുന്നുവെന്നും ഉറപ്പാക്കാൻ.

f. ട്രാക്ക് 1, ട്രാക്ക് 2 പദ്ധതികളിൽ നിക്ഷേപ അവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കായിക നിക്ഷേപക സംഗമം സംഘടിപ്പിക്കും.

മേൽപ്പറഞ്ഞ പദ്ധതികൾ കെ.എസ്.എസ്.സി യുമായി സഹകരിച്ച് നടപ്പാക്കും.

2025-26 ബജറ്റിൽ 120.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 12. കായിക വിജ്ഞാന ശേഖരം

**(വിഹിതം: 50.00 ലക്ഷം രൂപ)**

I. കായിക പ്രവർത്തനങ്ങളുടെയും അധ്യാപനത്തിന്റെയും പരിശീലനത്തിന്റെയും സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ഒരു ഗവേഷണ റഫറൻസ് സെൽ രൂപീകരിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

II. കായിക മേഖലയുടെ കൂടുതൽ വികസനത്തിന് ശക്തമായ അടിത്തറയാകുന്ന കേരള സ്പോർട്സിന്റെ മികച്ച ആർക്കൈവ് പദ്ധതിക്കായി നടപ്പാക്കുന്നതാണ്.

III. കായിക ചരിത്ര പദ്ധതിയുടെ തുടർച്ചയായി സ്പോർട്സ് മ്യൂസിയവും വെർച്വൽ ഗാലറിയും സ്ഥാപിക്കും.

IV. കായിക വിനോദങ്ങൾക്ക് മാത്രമായി അത്യാധുനിക ലൈബ്രറി സംസ്ഥാനത്ത് സ്ഥാപിക്കും.

V. വിവിധ രജ്യങ്ങളിൽ നിന്നുള്ള ക്ലാസിക് കായിക സിനിമകൾ തുറന്ന സ്റ്റേഡിയങ്ങളിൽ പ്രദർശിപ്പിക്കുന്ന കായിക ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിക്കും.

മേൽ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 13. സംസ്ഥാനത്തെ കായിക അടിസ്ഥാന സൗകര്യങ്ങളുടെ മൂലധന നവീകരണവും വാർഷിക പരിപാലനവും (പുതിയ പദ്ധതി)

**(വിഹിതം: 200.00 ലക്ഷം രൂപ)**

സംസ്ഥാനത്തിലെ കായിക അടിസ്ഥാന സൗകര്യങ്ങളുടെ പ്രവർത്തനക്ഷമത, സുരക്ഷ, ദീർഘകാല പരിരക്ഷ എന്നിവ ഉറപ്പാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും നിർണ്ണായകമാണ്. ഈ പദ്ധതി നിലവിലുള്ള കായിക സൗകര്യങ്ങളെ നിലവാരങ്ങൾക്കനുസരിച്ച് പരിരക്ഷിക്കുന്നതിലും മെച്ചപ്പെടുത്തുന്നതിലും, ഭാവിയിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും കായിക പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. കായികതാരങ്ങളുടെയും കാണികളുടെയും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും, വേദികൾ ദേശീയ/അന്താരാഷ്ട്ര നിലവാരങ്ങൾ പുലർത്തുന്നതിനും പ്രധാനമായി ലക്ഷ്യമിടുന്നു. നിർമാണ പ്രവർത്തികളുടെയും അറ്റകുറ്റ പണികളുടെയും ഭാഗമായി, പഴയ സൗകര്യങ്ങളെ പുതിയ സാങ്കേതിക വിദ്യകളായ ഊർജക്ഷമമായ ലൈറ്റിംഗ്, മെച്ചപെട്ട ടർഫ് സിസ്റ്റങ്ങൾ, ഇലക്ട്രോണിക് സ്കോറിംഗ് ബോർഡുകൾ എന്നിവ ഉൾപ്പെടുത്തി നവീകരിക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾ കായിക വേദികളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നു.

മേൽ പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷത്തിൽ 200.00 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നു.

## 14. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ

**(വിഹിതം: 3900.00 ലക്ഷം രൂപ)**

1955-ലെ ട്രാവൻകൂർ-കൊച്ചി ലിറ്റററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം സ്ഥാപിതമായ ട്രാവൻകൂർ സ്പോർട്സ് കൗൺസിൽ, സംസ്ഥാനത്തെ കായിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 1974-ൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലായി പുനഃസംഘടിപ്പിച്ചു. 2006-ൽ പ്രാബല്യത്തിൽ വന്ന "കേരള സ്പോർട്സ് ആക്ട് 2000" കേരള സർക്കാർ നടപ്പിലാക്കി. സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ തദ്ദേശസ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതാണ് നിയമനിർമ്മാണം.

മുൻഗണനാടിസ്ഥാനത്തിൽ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 കാലയളവിൽ 3900.00 ലക്ഷം രൂപ നൽകുന്നു.

i. ജില്ല, കോളേജ്, സ്കൂൾ സ്പോർട്സ് അക്കാദമികൾ

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ ജില്ല, കോളേജ്, സ്കൂൾ സ്പോർട്സ് അക്കാദമികൾ എന്നിവ അതാത് മാനേജ്മെന്റുകൾക്ക് കീഴിൽ നടത്തപ്പെടുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിലവിൽ 26 ജില്ലാ സ്പോർട്സ് അക്കാദമികളും 41 കോളേജ് സ്പോർട്സ് അക്കാദമികളും 15 സ്കൂൾ സ്പോർട്സ് അക്കാദമികളും നടത്തുന്നുണ്ട്. ജില്ലാ സ്പോർട്സ് അക്കാദമികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നേരിട്ട്

പരിപാലിക്കുമ്പോൾ കോളേജ്, സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകൾ അതാത് മാനേജ്മെന്റുകളാണ് പരിപാലിക്കുന്നത്. ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് ബോർഡിംഗ താമസവും, വിദഗ്ധ പരിശീലകരുടെ കീഴിലുള്ള പരിശീലനം, വൈദ്യചികിത്സ, ടിഎ, ഡിഎ, പഠന സൗകര്യങ്ങൾ, കണ്ടീഷനിംഗ് സൗകര്യങ്ങൾ തുടങ്ങിയവയാണ് ഈ പദ്ധതി പ്രകാരം നൽകുന്നത്. മേൽപ്പറഞ്ഞ ആവശ്യത്തിനായി 2025-26 ബജറ്റിൽ 1500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ii. സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്കും കോച്ചിംഗ് ക്യാമ്പിനും സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ദേശീയ പങ്കാളിത്തത്തിനും ഗ്രാന്റുകൾ.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ 43 അംഗീകൃത സ്പോർട്സ് അസോസിയേഷനുകളുണ്ട്. സംസ്ഥാന ചാമ്പ്യൻഷിപ്പ്, കോച്ചിംഗ് ക്യാമ്പ്, സംസ്ഥാനത്ത് ദേശീയ/ദക്ഷിണമേഖലാ മത്സരങ്ങളുടെ നടത്തിപ്പ്, ദേശീയ/ദക്ഷിണമേഖലാ മത്സരങ്ങളിൽ കായികതാരങ്ങളുടെ/പരിശീലകരുടെ പങ്കാളിത്തം, കളിക്കാർക്കും ഉദ്യോഗസ്ഥർക്കും ടിഎ/ഡിഎ എന്നിവയ്ക്കായി 2025-26 ലെ ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

III. ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ സ്പോർട്സ് കൗൺസിലുകളുടെ ഗ്രാസ്സ് റൂട്ട് തലത്തിലുള്ള കായിക സംസ്കാരത്തെ പ്രോത്സാഹിപ്പിക്കൽ.

ഈ പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കായിക സംസ്കാരത്തെ താഴെത്തട്ടിൽ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രൂപകൽപ്പന ചെയ്തതാണ്. കായിക പ്രവർത്തനങ്ങളെ താഴെത്തട്ടിൽ വിപുലീകരിക്കുന്നതിനായി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിരിച്ചിട്ടുണ്ട്. 941 ഗ്രാമപഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഗ്രാമീണ-നഗര മേഖലകളിലെ കുട്ടികളിൽ അടിസ്ഥാന കായിക പരിശീലനവും കായിക പ്രാവീണ്യമികവും നൽകുക ആണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി സമൂഹത്തിൽ കായിക സംസ്കാരത്തിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കാനും സഹായിക്കും. കായികമൈതാനങ്ങളുടെ അപ്ഗ്രേഡേഷൻ, പ്രാപ്തമായ പരിശീലനം എന്നിവ പ്രധാന ഘടകങ്ങളാണ്. താഴെത്തട്ടിൽ നിന്നുള്ള അടിസ്ഥാന സൗകര്യ വികസനവും പരിശീലന സൗകര്യങ്ങളും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള കായിക സംസ്കാരത്തെ പ്രോത്സാഹിപ്പിക്കും.

ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ, 14 ജില്ലകളിൽ നിന്ന് 62 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ (6 കോർപ്പറേഷൻ, ഓരോ ജില്ലയിൽ നിന്നും ഒരു മുനിസിപ്പാലിറ്റിയും മൂന്ന് ഗ്രാമപഞ്ചായത്തുകളും) തിരഞ്ഞെടുക്കും. മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്ക് 2025-26 സാമ്പത്തിക വർഷ ബജറ്റിൽ 1000.00 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികളുടെ കീഴിൽ കായികത്തിനായി വകയിരുത്തിയ ഫണ്ടും ഈ പദ്ധതിക്ക് ഉപയോഗിക്കാം.

iv. സ്പോർട്സ് യൂണിഫോം, ട്രാക്ക്സ്യൂട്ടുകൾ, സ്പോർട്സ് സാധനങ്ങൾ, കായിക ഉപകരണങ്ങൾ മുതലായവ വാങ്ങുന്നതിന് 105 സ്പോർട്സ് ഹോസ്റ്റലുകളിലെ അന്തേവാസികൾ, 61 പകൽ ബോർഡിംഗ് പരിശീലന കേന്ദ്രങ്ങളിലെ അത്‌ലറ്റുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ ദേശീയ ഫെഡറേഷൻ സംഘടിപ്പിക്കുന്ന ദേശീയ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാനുള്ള സംസ്ഥാന ടീം എന്നിവർക്ക് സ്പോർട്സ് യൂണിഫോം, ട്രാക്ക് സ്യൂട്ടുകൾ, സ്പോർട്സ് സാധനങ്ങൾ, സ്പോർട്സ് ഉപകരണങ്ങൾ തുടങ്ങിയവ വിതരണം ചെയ്യുന്നതിന് 2025-26 ലെ ബജറ്റിൽ 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

v. മികവിന്റെ കേന്ദ്രം (എലൈറ്റ് ട്രെയിനിംഗ് സെന്റർ-അത്ലറ്റിക്സ്, വോളിബോൾ, ബാസ്കറ്റ്ബോൾ & ഫുട്ബോൾ)

കായിക പ്രതിഭകളായ യുവതാരങ്ങളിലെ കായിക വൈദഗ്ധ്യം പരിപോഷിപ്പിക്കുന്നതിനും അവരെ ഏഷ്യൻ/കോമൺ വെൽത്ത്/ ഒളിമ്പിക്സ് ഗെയിംസിൽ മെഡൽ നേടാൻ പ്രാപ്തരാക്കുന്നതിനുമായി അത്‌ലറ്റിക്സ്, വോളിബോൾ, ബാസ്ക്കറ്റ്ബോൾ എന്നീ വിഭാഗങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മികവിന്റെ കേന്ദ്രങ്ങൾ നടപ്പാക്കിയിട്ടുണ്ട്. പരിപാടി ശക്തിപ്പെടുത്തുന്നതിനായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

vi. ഓപ്പറേഷൻ ഒളിമ്പിയ-2024-2028

ഓപ്പറേഷൻ ഒളിമ്പിയ എന്ന് പേരിട്ടിട്ടുള്ള പദ്ധതി ഇനിപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ ലക്ഷ്യമിടുന്നു.

a. 2024-2028 ഒളിമ്പിക്സിൽ ഉയർന്ന മെഡൽ നേടാനുള്ള സാധ്യതയുള്ള വ്യക്തിഗത സ്പോർട്സും ഗെയിമുകളും തിരിച്ചറിയാൻ.
b. അത്യാധുനിക പരിശീലന സൗകര്യങ്ങളും കായിക അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നതിനും ലഭ്യമാക്കുന്നതിനും.

അതനുസരിച്ച്, അറ്റ്ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, ഫെൻസിങ്, റോവിംഗ് എന്നീ 5 കായിക ഇനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

ഓപ്പറേഷൻ ഒളിമ്പിയ എന്ന പ്രോഗ്രാമിനായി 2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

vii. കായിക ക്ഷമതാ മിഷൻ

നഴ്സറി സ്കൂൾ തലം മുതൽ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ ശാരീരികമായി സജീവമായ ജീവിതം നയിക്കുന്നതിന്റെ നേട്ടങ്ങൾ പ്രോത്സാഹിപ്പിക്കാനാണ് കായിക ക്ഷമത മിഷൻ ലക്ഷ്യമിടുന്നത്. കേരള സർക്കാരിന്റെ വിവിധ വകുപ്പുകളായ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും ശാരീരിക ക്ഷമത മെച്ചപ്പെടുത്തുന്നതിനും ശാരീരിക സാക്ഷരതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും രണ്ടാം ഘട്ടം വിഭാവനം ചെയ്യുന്നു.2025-26 ബജറ്റിൽ കായിക ക്ഷമാതാ മിഷന് 130.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

viii. എല്ലാവർക്കും യോഗ:- യോഗയുടെ പ്രചാരവും എല്ലാ മനുഷ്യർക്കും അതിന്റെ സമഗ്രമായ പ്രയോജനവും കണക്കിലെടുത്ത്, "എല്ലാവർക്കും യോഗ" എന്ന പരിപാടിയിലൂടെ കേരളത്തിലെ സ്കൂൾ കുട്ടികൾക്ക് യോഗയെക്കുറിച്ചുള്ള പ്രാഥമിക അറിവ് നൽകണമെന്ന് നിർദ്ദേശിക്കുന്നു. വിദഗ്ധരും പരിശീലകരും, ഉപകരണങ്ങളും മറ്റ് സഹായ ചെലവുകളും ഈ സ്കീമിന് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രോഗ്രാമിനായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ix. മികച്ച കായിക താരങ്ങൾക്കുള്ള സ്കോളർഷിപ്പ്

മികച്ച കായിക താരങ്ങൾക്കുള്ള സ്കോളർഷിപ്പിനായി 2025-26 ബജറ്റിൽ 15.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

x. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ/ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫീസുകളുടെ പരിപാലനം/കമ്പ്യൂട്ടർവൽക്കരണം

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ/ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ഓഫീസുകളുടെ ആസ്ഥാന മന്ദിരത്തിന്റെ നവീകരണത്തിനായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

xi. സ്പോർട്സ് കൗൺസിൽ അവാർഡുകൾ

സ്പോർട്സ് കൗൺസിൽ അവാർഡിനായി 2025-26 ബജറ്റിൽ 15.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

xii. സ്പോർട്സ് ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കൽ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ/ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ കംപ്യൂട്ടർവൽക്കരണം.

കെഎസ്എസ്സിയുടെയും ഡിഎസ്സിയുടെയും കമ്പ്യൂട്ടർവൽക്കരണത്തിനും വിവിധ സോഫ്റ്റ്വെയർ വികസനത്തിനുമായി 2025-26 ബജറ്റിൽ 40.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

xiii. മറ്റ് പ്രോഗ്രാമുകൾ -താഴെപ്പറയുന്ന പ്രോഗ്രാമുകൾക്കായി 2025-26 ബജറ്റിൽ 80.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

- ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് സ്പോർട്സിന്റെ പ്രോത്സാഹനത്തിനും, പി.ടി.എ, മറ്റ് അനുബന്ധ ചെലവുകൾക്ക് ഗ്രാന്റ് .
- മെയ് ദിന സ്പോർട്സിന്റെ നടത്തിപ്പ്.
- പരിശീലകർക്കുള്ള റിഫ്രഷർ കോഴ്സ്/സ്പോർട്സ് ക്ലിനിക്ക്/സെമിനാറുകൾ, മറ്റ് പ്രവർത്തനങ്ങൾ തുടങ്ങിയവ.

xiv. 14 വയസ്സിന് താഴെയുള്ള സിഎം ഗോൾഡ് കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ നടത്തിപ്പ്-

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എല്ലാ വർഷവും അണ്ടർ 14 സിഎം ഗോൾഡ് കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് നടത്തുന്നതിന് വിഭാവനം ചെയ്യുന്നു. എല്ലാ ജില്ലയിലും ജില്ലാതല മത്സരം നടത്തി, യോഗ്യത നേടിയ ടീമുകളെ സംസ്ഥാന ചാമ്പ്യൻഷിപ്പിൽ (ലീഗ് ചാമ്പ്യൻഷിപ്പ്) പങ്കെടുപ്പിക്കും. തുടക്കത്തിൽ ആൺകുട്ടികൾക്കാണ് ചാമ്പ്യൻഷിപ്പ് നടത്തുന്നത്. ഈ മത്സരം പെൺകുട്ടികൾക്കും വ്യാപിപ്പിക്കും. ഈ പ്രോഗ്രാമിനായി 2025-26 ബജറ്റിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

xv. വിവിധ ആവശ്യങ്ങൾ:- ഭരണ ഭാഷ മലയാളം, കേരള സംസ്ഥാന വിജയികളായ ടീമുകൾക്കുള്ള സ്വീകരണം/വിഐപികളുടെ സന്ദർശനം പോലുള്ള അടിയന്തര ചെലവുകൾ തുടങ്ങിയ പരിപാടികൾക്കായി 2025-26 ബജറ്റിൽ 10.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

xvi. SES -സ്പോർട്സ് എക്സലൻസ് സ്കീം (സ്കൂളുകൾക്കായുള്ള എക്സലൻസ് സ്കീമുകൾ)- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 61 ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രതിമാസ ഗ്രാന്റായി ഈ സ്കീമിന് കീഴിൽ ഓരോ വിദ്യാർത്ഥിക്കും പ്രതിദിനം 25 രൂപ നൽകുന്നു. അടുത്ത അധ്യയന വർഷം മുതൽ സ്കൂളുകൾക്കായുള്ള

എക്സലൻസ് സ്കീമുകൾ എന്ന് പുനർനാമകരണം ചെയ്യാൻ പദ്ധതിയിട്ടിട്ടുണ്ട്. ഈ പ്രോഗ്രാമിനായി 2025-26 ബജറ്റിൽ 35.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

xvii. കേരള ഗെയിംസ്: വിവിധ കോളേജുകളിൽ നിന്നുള്ള ടീമുകൾക്കായി മാത്രമാണ് കേരള ഗെയിംസ് ചാമ്പ്യൻഷിപ്പായി നടത്തുന്നത്. കേരള യൂണിവേഴ്സിറ്റി, എംജി യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കണ്ണൂർ യൂണിവേഴ്സിറ്റി എന്നീ നാല് യൂണിവേഴ്സിറ്റികളെ പ്രതിനിധീകരിച്ച് ഇന്റർ കൊളീജിയറ്റ് ചാമ്പ്യൻഷിപ്പിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ കോളേജ് ടീമുകൾക്ക് കോളേജ് ഗെയിംസിൽ പങ്കെടുക്കാൻ അർഹതയുണ്ട്. 2025-26 ബജറ്റിൽ 60.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

xviii. വനിതാ ഫുട്ബോൾ അക്കാദമി:- ഏറ്റവും മികച്ച ഫുട്ബോൾ പാരമ്പര്യമുള്ള കേരളത്തിന് സംസ്ഥാനത്ത് വനിതാ ഫുട്ബോൾ വികസനത്തിന് പരിമിതമായ പദ്ധതികൾ മാത്രമാണുള്ളത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ രണ്ട് കോളേജ് അക്കാദമികളും ഒരു ഡേ ബോർഡിംഗ് സെന്ററും ഉണ്ട്. ദേശീയ തലത്തിൽ കേരളത്തിലെ വനിതാ ഫുട്ബോളിന്റെ നിലവാരം ഉയർത്താൻ ഒരു അക്കാദമി സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. താമസത്തിനും പരിശീലനത്തിനും അനുയോജ്യമായ സ്ഥലത്ത് ദേശീയ നിലവാരത്തിലുള്ള തനത് അക്കാദമിയാണ് ലക്ഷ്യം. എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ അഞ്ച് വർഷമായിരിക്കും പരിശീലന കാലയളവ്. ഇത് രണ്ട് ഘട്ടങ്ങളായി വിഭജിക്കും. മൂന്ന് വർഷത്തിന് ശേഷം (8,9,10 ക്ലാസുകൾ) ഉയർന്ന നിലവാരം പുലർത്തുന്നവരെ അടുത്ത രണ്ട് വർഷത്തേക്ക് (+1, +2 ക്ലാസ് ) സ്ഥാനക്കയറ്റം നൽകും. ഇരുപത്തിയഞ്ച് പെൺകുട്ടികളെ അക്കാദമിയിലേക്ക് തിരഞ്ഞെടുക്കും. 2025-26 ബജറ്റിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

xix. ദേശീയ അന്തർദ്ദേശീയ ചാമ്പ്യൻഷിപ്പിന്റെ നടത്തിപ്പ്- കേരളത്തിൽ അന്താരാഷ്ട്ര മത്സരങ്ങൾ നടത്തുന്നു:- പ്രധാനമായും കേരളത്തിൽ അന്താരാഷ്ട്ര, ദേശീയ മത്സരങ്ങൾ നടത്തുന്നതിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്ത് കൂടുതൽ മത്സരങ്ങൾ നടത്തുന്നതിനെ കൗൺസിൽ എപ്പോഴും സ്വാഗതം ചെയ്യുന്നു. 2025-26 ബജറ്റിൽ 75.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

xx. ദേശീയ ഗെയിംസിനുള്ള തയ്യാറെടുപ്പും പങ്കാളിത്തവും:

വിവിധ ഇനങ്ങളിൽ കൂടുതൽ മെഡലുകൾ നേടുന്നതിന് ചിട്ടയായ പരിശീലനവും ആധുനിക ഉപകരണങ്ങളും അനിവാര്യമാണ്. ഏകദേശം 25 കായിക ഇനങ്ങളിൽ ആധുനിക പരിശീലന സൗകര്യങ്ങൾ നൽകുന്നതിന് കൗൺസിൽ ഉദ്ദേശിക്കുന്നു. 2025-26 ബജറ്റിൽ 50.00ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

xxi. വനിതാ വോളിബോൾ അക്കാദമി -രാജ്യത്തെ ഏറ്റവും മികച്ച വോളിബോൾ പാരമ്പര്യമാണ് കേരളത്തിനുള്ളത്. എന്നാൽ സംസ്ഥാനത്ത് വനിതാ വോളിബോൾ വികസനത്തിന് പരിമിതമായ പദ്ധതികൾ മാത്രമാണുള്ളത്. വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലാണ് പദ്ധതി നടപ്പാക്കുന്നത്. 2025-26 ബജറ്റിൽ 40.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

xxii. സ്പോർട്സ് ലൈബ്രറി

മേൽ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 5.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**15. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്**

**(വിഹിതം: 1700.00 ലക്ഷം രൂപ)**

ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്-1955 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്. കേരളത്തിലെ യുവാക്കളുടെ പ്രത്യേകിച്ചും എസ്.സി, എസ്.ടി യുവാക്കളുടെയും ക്ഷേമ-വികസന ആവശ്യങ്ങൾ പരിപാലിക്കുകയും അവരുടെ ശാരീരികവും സാംസ്കാരികവും സാഹിത്യപരവും ശാസ്ത്രീയവും തൊഴിൽപരവുമായ സമ്പുഷ്ടീകരണത്തിന്റെ ആവശ്യകതകൾ പരിപോഷിപ്പിക്കുക, യുവാക്കളുടെ ശാക്തീകരണത്തിനായി പ്രത്യേക പദ്ധതികളും പരിപാടികളും ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നിവ ബോർഡിന്റെ ലക്ഷ്യങ്ങളാണ്.

യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ മുൻഗണനാടിസ്ഥാനത്തിൽ 1700 ലക്ഷം രൂപ വകയിരുത്തുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ബോർഡിന്റെ പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

i. തൊഴിൽ: 2025-26 ബജറ്റിൽ 35.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഓൺലൈൻ ഡെലിവറി സംവിധാനം-ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ബിസിനസ്സിനായി പ്രാദേശിക ഡെലിവറി സംവിധാനം നൽകുന്ന ഒരു പ്രോജക്ടാണിത്. കേരളത്തിലെ ഓരോ ചെറിയ പ്രദേശത്തും പ്രവർത്തിക്കുന്ന ചെറുകിട വ്യാപാരികൾ ഉൾപ്പെടെ ഓൺലൈൻ സംവിധാനത്തിലൂടെ ബിസിനസ് നടത്താനും അവർക്ക് ഹോം ഡെലിവറി ഉറപ്പാക്കാനും അതുവഴി ഓരോ പ്രദേശത്തും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാണ് ലക്ഷ്യമിടുന്നത്.

ii. യൂത്ത് ഫോറം: 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സയൻസ് ക്വിസ്, അന്താരാഷ്ട്ര ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, മണിനാദം (കലാഭവൻ മണി മെമ്മോറിയൽ ഫോക്ക് സോംഗ് മത്സരം), സാഹിത്യ ക്യാമ്പ്, അന്തർദേശീയ യുവജന ചലച്ചിത്രമേള, ഫിലിം ക്യാമ്പ് എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ.

iii. മറ്റ് വകുപ്പുകളുടെ സഹകരണത്തോടെയുള്ള പദ്ധതികൾ: 2025-26 ബജറ്റിൽ 90.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മറ്റ് വകുപ്പുകളുമായി സഹകരിച്ച് ഇനിപ്പറയുന്ന പദ്ധതി നടപ്പിലാക്കാൻ ആഗ്രഹിക്കുന്നു.

a. നീന്തൽ പരിശീലനം

b. തീരദേശ കായികമേള (മത്സരങ്ങൾ)

c. കായിക മത്സരങ്ങൾ

d. പെർഫോർമൻസ് നഗരി (140 മണ്ഡലങ്ങൾ)

e. ട്രൈബൽ സ്പോർട്സ് (മത്സരങ്ങൾ)

iv. സാഹസികത: 2025-26 ബജറ്റിൽ 40.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ട്രെക്കിംഗ്, സാഹസിക ക്യാമ്പ്, അഡ്വഞ്ചർ കാർണിവൽ, പാരാ സെയിലിംഗ്, അമെച്ച്വർ പരിശീലനം, ബീച്ച് ഫെസ്റ്റ് (ബീച്ച് മാരത്തൺ, ബീച്ച് വോളി, കടൽ നീന്തൽ മത്സരം, കയാക്കിംഗ്) എന്നിവയാണ് ഇതിന്റെ കീഴിലുള്ള ഘടകങ്ങൾ.

v. ടീം കേരള (കേരള യൂത്ത് ഫോഴ്സ്): -പ്രകൃതിക്ഷോഭ സാഹചര്യങ്ങളിൽ സമൂഹത്തെ സേവിക്കുക, പ്രകൃതി സംരക്ഷണം, ദുരന്തനിവാരണം, സാമൂഹിക തിന്മകൾക്കെതിരെ ബോധവൽക്കരണം, പാലിയേറ്റീവ് കെയർ തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ പോരാടുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ യുവജനങ്ങളുടെ ഒരു സന്നദ്ധ സേനയ്ക്ക് രൂപം നൽകുകയും പരിശീലനം നൽകുകയും ചെയ്യുക. 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

vi. യൂത്ത് ക്ലബ്ബുകൾ:- യുവാക്കളെ സാമൂഹിക വിഷയങ്ങളിൽ പങ്കാളികളാക്കുക, ജനങ്ങൾക്ക് ആവശ്യമായ സഹായം നൽകുക, അതുവഴി യുവാക്കളുടെ സാമൂഹിക പ്രതിബദ്ധത വളർത്തുക, കൂടാതെ സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ഫ്ലാറ്റ് ക്ലബ്ബുകൾ, യെസ് ക്ലബ്ബുകൾ (ബൗദ്ധിക വൈകല്യമുള്ളവർക്കായി) തുടങ്ങിയ യൂത്ത് ക്ലബ്ബുകൾ, അഗ്രികൾച്ചർ ക്ലബ്ബുകൾ, ട്രാൻസ്ജെൻഡർ ക്ലബ്ബുകൾ (മാരിവിൽ), വനിതാ ക്ലബ്ബുകൾ (അവളിടം), തുടങ്ങിയ യുവ ക്ലബ്ബുകൾക്ക് കൂടി വേണ്ടതാണ് ഇവ. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 70.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

vii. കേരളോത്സവം:- യുവജനങ്ങൾക്ക് അവരുടെ കലാ-കായിക കഴിവുകൾ തിരിച്ചറിയാനും പ്രകടിപ്പിക്കാനും വികസിപ്പിക്കാനും വേദിയൊരുക്കി എല്ലാ വർഷവും നടത്തുന്ന കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ഒരു പ്രധാന പരിപാടിയാണിത്. നഗരവാസികൾക്കൊപ്പം ഗ്രാമപ്രദേശങ്ങളിലെ യുവാക്കൾക്കും അവരുടെ കലാ-കായിക കഴിവുകൾ പ്രകടിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും ഇത് അവസരമൊരുക്കുന്നു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 650.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

viii. മറ്റ് യുവജന വികസന പരിപാടികൾ:- സമൂഹത്തിലെ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച യുവതാരങ്ങളെ സ്വാമി വിവേകാനന്ദൻ യുവപ്രതിഭ പുരസ്കാരം നൽകി ബോർഡ് ആദരിക്കുന്നു. മികച്ച യൂത്ത് ക്ലബ്ബ് അവാർഡ് ജില്ല തിരിച്ച് നൽകുകയും അതിൽ ഒരാളെ സംസ്ഥാന തലത്തിൽ അവാർഡിന് തെരഞ്ഞെടുക്കുകയും ചെയ്യും. യുവ മാധ്യമപ്രവർത്തകർക്കും ജേർണലിസം വിദ്യാർത്ഥികൾക്കുമായി മീഡിയ ക്യാമ്പുകൾ സംഘടിപ്പിക്കാൻ ബോർഡ് നിർദ്ദേശിക്കുന്നു. വിവിധോദ്ദേശ്യ പദ്ധതികൾ, ജില്ലാ ഓഫീസുകളുടെ നവീകരണം, കമ്പ്യൂട്ടറൈസേഷൻ, ഇ-ഫയലിംഗ് സിസ്റ്റം (II ഘട്ടം), പബ്ലിസിറ്റി, പബ്ലിക് റിലേഷൻസ്, ദിനാചരണങ്ങൾ, ഔദ്യോഗിക ഭാഷ-മലയാളം എന്നിവയും ഇതിൽ ഉൾപ്പെടുന്നു. 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ix. യുവശക്തി:-. യൂത്ത് ക്ലബ്ബുകൾ സംഘടിപ്പിക്കുക, സാമൂഹിക വികസന പ്രവർത്തനങ്ങൾ നടത്തുക, സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുക, യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ താഴെത്തട്ടിൽ എത്തിക്കുക, കേരളോത്സവം ഉൾപ്പെടെയുള്ള പരിപാടികളിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുക, ഗ്രാമസഭകളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക, വിവിധ തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. യൂത്ത് കോ-ഓർഡിനേറ്റർമാരുടെ സേവനത്തിലൂടെയാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. 2025-26 ബജറ്റിൽ 280.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

x. ദേവികുളം നാഷണൽ അഡ്വഞ്ചർ അക്കാദമി നിർമ്മാണ പ്രവർത്തനങ്ങൾ: യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഇടുക്കി ജില്ലയിലെ ദേവികുളം നാഷണൽ അഡ്വഞ്ചർ അക്കാദമിയെ യുവാക്കളുടെ സാഹസിക വൈദഗ്ധ്യം ലക്ഷ്യമാക്കി വികസിപ്പിക്കുന്നു. 2025-26 ബജറ്റിൽ 285.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 16. കായിക വിദ്യാഭ്യാസ കോളേജ്

**(വിഹിതം: 100.00 ലക്ഷം രൂപ)**

കേരളത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള ഏക കായിക വിദ്യാഭ്യാസ കോളേജ് കോഴിക്കോടാണ് പ്രവർത്തിക്കുന്നത്. മുൻഗണനാടിസ്ഥാനത്തിൽ താഴെപറയുന്ന പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ 2025-26 -ൽ വകയിരുത്തിയിരിക്കുന്നു.

- കോളേജിന്റെ മൊത്തത്തിലുള്ള നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.
- ആധുനിക കായിക വസ്തുക്കൾ, ലാബ് ഉപകരണങ്ങൾ വാങ്ങൽ, നിലവിലുള്ള ഉപകരണങ്ങളുടെ പരിപാലനം.
- ഗുണ നിലവാരമുള്ള അടിസ്ഥാന പശ്ചാത്തല വികസനം, സ്മാർട്ട് ക്ലാസ്സ് റൂം, കമ്പ്യൂട്ടർ റൂം, റീഡിംഗ് റൂം, ബി.പി.ഇ കോഴ്സ് ലൈബ്രറി റൂം, കായിക വികസനത്തിനുള്ള പരിശീലനം എന്നിവ നൽകുക.
- പൊതു ജനങ്ങൾക്കിടയിൽ ശാരീരിക ആരോഗ്യത്തിനും കായിക രംഗത്തിനും പ്രാധാന്യം നൽകുക.
- ശാരീരിക വിദ്യാഭ്യാസത്തിലൂടെയും കായിക പ്രവർത്തനങ്ങളിലൂടെയും വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുക. ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനവും സ്വീകരിക്കാം.
- വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ മത്സരിക്കാൻ അവസരം നൽകുക.
- സമൂഹത്തിൽ സ്പോർട്സും ശാരീരിക ക്ഷമതയും പ്രോത്സാഹിപ്പിക്കുന്നതിന് പ്രാദേശിക സ്കൂളുകൾ, സ്പോർട്സ് ക്ലബ്ബുകൾ, ഓർഗനൈസേഷനുകൾ എന്നിവയുമായി പങ്കാളിത്തം സ്ഥാപിക്കുക.
- സ്പോർട്സ് ഓർഗനൈസേഷനുകളുമായും സ്ഥാപനങ്ങളുമായും ഇന്റേൺഷിപ്പുകളും തൊഴിലും സുഗമമാക്കുക.

## 17. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

**(വിഹിതം: 140.00 ലക്ഷം രൂപ)**

കോളേജുകളിൽ വിദ്യാർത്ഥികളുടെ ശാരീരിക-മാനസിക വികാസം രൂപപ്പെടുത്തുന്നതിൽ കളികളും കായിക വിദ്യാഭ്യാസവും ഒരു പ്രധാന പങ്ക് വഹിക്കുന്നു. കോളേജുകളിൽ കളിയും കായികവിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന് 2025-26 -ൽ 140.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- എല്ലാ വിദ്യാർത്ഥികൾക്കും കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.
- ഇൻട്രാ കോളേജ് കായിക ടൂർണമെന്റുകൾ നടത്തുന്നതിന്.
- കായികരംഗത്തെ മികച്ച വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകുന്നതിന്.
- പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും നിലവിലുള്ള ഉപകരണങ്ങളുടെ പരിപാലനത്തിനും.
- എല്ലാ കോളേജുകളിലും ശാരീരിക വിദ്യാഭ്യാസം നിർബന്ധിത ഘടകമായി ഉൾപ്പെടുത്തുക.

എല്ലാ കോളേജുകളിലേയും വിദ്യാർത്ഥികൾക്കിടയിൽ കായിക വിദ്യാഭ്യാസം എന്ന ആശയം പകർന്നു നൽകുന്നതിലൂടെ വിദ്യാർത്ഥികളെ മാനസികവും ശാരീരികവുമായ ആരോഗ്യമുള്ള യുവതലമുറയായി വളർത്തിയെടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കായിക വസ്തുക്കളും ഉപകരണങ്ങളും വാങ്ങൽ, ഇൻട്രാ കോളേജ് സ്പോർട്സ് ടൂർണമെന്റുകളും ക്യാമ്പുകളും നടത്തുക, കായിക രംഗത്തെ മികച്ച വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകുക തുടങ്ങിയ കോളേജുകളുടെ കായിക ആവശ്യങ്ങൾക്കായി തുക നീക്കിവച്ചിരിക്കുന്നു.

## 18. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിന് ധനസഹായം

**(വിഹിതം: 460.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് ആരോഗ്യവാന്മാരായ സ്കൂൾ വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതിന് ഒരു കായിക സംസ്കാരം വികസിപ്പിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്. 2025-26-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനായി 460.00 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തികൾക്കായി വകയിരുത്തിയിരിക്കുന്നു.

I. ജില്ലാ-ഉപജില്ലാതല സ്പോർട്സ് മീറ്റ് - നടത്തിപ്പ് ചാർജുകൾ
II. സംസ്ഥാന തല ചാമ്പ്യൻഷിപ്പ് നടത്തുന്നതിനുള്ള തുക
III. വിദ്യാർത്ഥികളുടെ ദേശീയതല പങ്കാളിത്തം

IV. ഇൻഡോർ ഫിറ്റ്നസ് ജിം

iv. തെരഞ്ഞെടുത്ത സ്കൂളുകൾക്കായി ഫിസിക്കൽ ഫിറ്റ്നസ് പാർക്ക്: കുട്ടികൾക്ക് സ്വതന്ത്രമായി കളിക്കാനും ശാരീരിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനും കഴിയുന്ന തരത്തിൽ സ്കൂളുകളിൽ സജ്ജീകരിച്ചിരിക്കുന്ന ഫിറ്റ്നസ് പാർക്കുകളിൽ അവരുടെ ആരോഗ്യവും ശാരീരികക്ഷമതയും വർദ്ധിപ്പിക്കുന്നതിന് പ്രത്യേക സ്റ്റേഷനുകൾ ക്രമീകരിക്കുകയും കുട്ടികളെ ആകർഷിക്കുകയും ചെയ്യുക. സ്കൂളുകളുടെ പൊതു സാഹചര്യം, കുട്ടികളുടെ എണ്ണം, സ്ഥല ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ഒരു സ്കൂൾ തെരഞ്ഞെടുത്ത് ഫിറ്റ്നസ് പാർക്ക് സ്ഥാപിക്കാനാണ് പദ്ധതി.

**19. കേരള സംസ്ഥാന യുവജനകമ്മീഷൻ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

2013-ലെ സംസ്ഥാന യൂത്ത് കമ്മീഷൻ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ 2013-ൽ കേരള സംസ്ഥാന യൂത്ത് കമ്മീഷൻ നിലവിൽ വന്നു. യുവാക്കളുടെ ക്ഷേമം മുൻനിർത്തിക്കൊണ്ട് ഒരു മാർഗ്ഗദർശിയായും സഹായിയായും യുവജനകാര്യ സംബന്ധിയായ വിഷയങ്ങളിൽ ഉത്തരവാദിത്വത്തോടെ ഇടപെട്ട് നല്ല വിദ്യാഭ്യാസവും തൊഴിലവസരങ്ങളും പ്രദാനം ചെയ്തുകൊണ്ട് തൊഴിലിന്റെ മേൻമയെക്കുറിച്ച് അറിവുനൽകുകയും യുവാക്കൾക്ക് തൊഴിലിലുള്ള മികവിനെ വികസിപ്പിക്കുകയുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

കേരളത്തിലെ യുവാക്കളെ ശാക്തീകരിക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി രൂപീകരിച്ച ഒരു ക്വാസി-ജുഡീഷ്യൽ ബോഡിയാണ് കേരള സംസ്ഥാന യൂത്ത് കമ്മീഷൻ. കേരള സർക്കാരിന്റെ സഹായത്തിൻ കീഴിലുള്ള ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനമായി ഇത് പ്രവർത്തിക്കുന്നു.

താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

1. കോളേജുകളിലും കോളനികളിലും യുവാക്കൾക്ക് ബോധവൽക്കരണ പരിപാടി

യുവാക്കൾക്കിടയിലെ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപഭോഗം, സൈബർ കുറ്റകൃത്യങ്ങളിലും തീവ്രവാദ പ്രവർത്തനങ്ങളിലും ഏർപ്പെടൽ എന്നിവ തടയുന്നതിനും യുവാക്കൾക്കായി ബോധവൽക്കരണ പരിപാടികൾ നടത്തുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി കോളേജുകളിലും കോളനികളിലും യുവാക്കൾക്കായി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്താൻ കമ്മീഷൻ ഉദ്ദേശിക്കുന്നു.

2. ജില്ലാതല അദാലത്തുകൾ/മെഗാ അദാലത്തുകൾക്കുള്ള നിർദ്ദേശം

2014ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ നിയമത്തിലെ സെക്ഷൻ 9(എ) പ്രകാരം, അവകാശങ്ങളും സംരക്ഷണങ്ങളും നിഷേധിക്കുന്ന കാമ്പെയ്നുകളിലും പ്രഥമദൃഷ്ട്യാ കേസിലും സ്വമേധയാ അന്വേഷണം നടത്തുന്നതിന് ജില്ലാതല അദാലത്തുകളും മെഗാ അദാലത്തുകളും സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി കമ്മീഷൻ എല്ലാ വർഷവും നടപ്പിലാക്കിവരുന്നു. യുവാക്കൾ, അത്തരം കാര്യങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും നടപടിക്ക് ശുപാർശ ചെയ്യുകയും ചെയ്യുക. പരാതികൾ വളരെ കൂടുതലുള്ള ജില്ലകളിൽ (കുറഞ്ഞത് 5 ആദാലത്തുകൾ) ഓൺലൈൻ ആദാലത്തുകൾ സംഘടിപ്പിക്കാൻ കമ്മിഷൻ ഉദ്ദേശിക്കുന്നു.

3. ദേശീയ സെമിനാർ

യുവജനാവകാശങ്ങൾ, ലിംഗസമത്വം തുടങ്ങിയ വിഷയങ്ങളിൽ യുവാക്കളെ ശാക്തീകരിക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനും വിവിധ മേഖലകളിലെ വിദഗ്ധരുടെയും യുവാക്കളുടെയും അഭിപ്രായങ്ങൾ മനസ്സിലാക്കുന്നതിനും രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ യുവാക്കളെ ഉൾപ്പെടുത്തി ദേശീയ സെമിനാർ നടത്തുന്നതിലൂടെ കമ്മിഷന്റെ തുടർനടപടികൾക്കായി കർമപദ്ധതികൾ രൂപപ്പെടുത്തുന്നതിനാണ് കമ്മീഷൻ ലക്ഷ്യമിടുന്നത്. കമ്മീഷന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് യുവാക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കാൻ ഇത് സഹായിക്കുന്നു.

4. യൂത്ത് ഐക്കൺ പ്രോഗ്രാം

സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ നിർണായക സ്വാധീനം ചെലുത്തിയ അല്ലെങ്കിൽ കല/സാംസ്കാരികം, സാഹിത്യം, കായികം, വ്യവസായം/സാങ്കേതികവിദ്യ, സിനിമ,

കൃഷി/മൃഗസംരക്ഷണം തുടങ്ങി വിവിധ മേഖലകളിൽ ഉന്നത നേട്ടങ്ങൾ കൈവരിച്ച 6 യുവപ്രതിഭകളെ കണ്ടെത്താനാണ് കമ്മീഷൻ ലക്ഷ്യമിടുന്നത്. യൂത്ത് ഐക്കണുകളെ ഒരു വിദഗ്ധ സമിതി തെരഞ്ഞെടുക്കും.

5. പാർശ്വവൽക്കരിക്കപ്പെട്ട യുവാക്കളുടെ ശാക്തീകരണം (ആരോഗ്യ ക്യാമ്പ്, ആയോധനകല പരിശീലനം, ഡിജിറ്റൽ സാക്ഷരത)

2014ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ നിയമത്തിലെ സെക്ഷൻ 9(എഫ്) പ്രകാരം യുവാക്കളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനായുള്ള പരിപാടി ആസൂത്രണത്തെക്കുറിച്ച് സർക്കാരിനെ ഉപദേശിക്കാൻ കമ്മീഷൻ ചുമതലപ്പെട്ടിരിക്കുന്നു. 2013-ൽ സ്ഥാപിതമായതു മുതൽ സർക്കാർ കാലാകാലങ്ങളിൽ ചുമതലപ്പെടുത്തുന്ന വിവിധ പ്രവർത്തനങ്ങളിലൂടെ യുവാക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരെ ശാക്തീകരിക്കുന്നതിനും കമ്മീഷൻ നിർണായക പങ്കാണ് വഹിക്കുന്നത്. പാർശ്വവൽക്കരിക്കപ്പെട്ട യുവാക്കളെ ശാക്തീകരിക്കുന്നതിനുള്ള ഉത്തരവാദിത്തമാണ് കമ്മീഷൻ വഹിക്കുന്നത്. ഇതിനായി 2025-26 വർഷത്തിൽ ആരോഗ്യ ക്യാമ്പും ആയോധന കലാപരിപാടികളും നടത്താൻ കമ്മീഷൻ പദ്ധതിയിടുന്നു.

6. യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ

2014 ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ നിയമം, സെക്ഷൻ 9 (ജി) പ്രകാരം യുവാക്കളുടെ അവകാശം സംരക്ഷിക്കുന്നതിനും അവരെ ശാക്തീകരിക്കുന്നതിനുമായി കേരള സംസ്ഥാന യുവജന കമ്മീഷൻ സ്ഥാപിതമായി. യുവാക്കളുമായി ബന്ധപ്പെട്ട നീതി നിഷേധം, മനുഷ്യാവകാശ ലംഘനം തുടങ്ങിയ വിഷയങ്ങളിൽ കമ്മീഷൻ ഫലപ്രദമായി ഇടപെടുന്നു. ഈ കമ്മീഷനിലൂടെ നിയമവിദഗ്ധരുടെ പാനലുമായി ടോൾ ഫ്രീ നമ്പറിലൂടെ യുവാക്കൾക്ക് സൗജന്യ നിയമ മാർഗ്ഗനിർദ്ദേശ സംവിധാനം ഏർപ്പെടുത്താൻ നിർദ്ദേശിക്കുന്നു.

7. ദേശീയ യുവജനദിന പരിപാടികൾ (ഇഎംഎസ് മെമ്മോറിയൽ ഇന്റർ യൂണിവേഴ്സിറ്റി പ്രഭാഷണ മത്സരവും യുവാക്കളിൽ വായനാശീലം വളർത്തിയെടുക്കലും)

കേരള സംസ്ഥാന യുവജന കമ്മിഷൻ നിയമം, 2014ന്റെ വകുപ്പ് 9(d), 9(g) ഉം 9(j) ഉം പ്രകാരം, കമ്മിഷൻ യുവാക്കളിൽ സാമൂഹിക ബോധവളർച്ചയും ജനാധിപത്യ ബോധവളർച്ചയും വികസിപ്പിക്കാൻ ഉത്തരവാദിയാണ്. അതിന്റെ ഭാഗമായി, കമ്മിഷൻ ജനുവരി 12-ന് ദേശീയ യുവജന ദിനമായി അനുസ്മരിപ്പിക്കുന്നു. കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനത്ത് ഇഎംഎസ് ദിനാചരണത്തിന്റെ ഭാഗമായി യുവജനങ്ങൾക്കിടയിൽ ഇഎംഎസ് അനുസ്മരണ അന്തർസർവകലാശാല പ്രഭാഷണവും ചെസ്സ് മത്സരവും നടത്താൻ പദ്ധതിയിടുന്നു.

8. ഓഫീസിന്റെ നവീകരണവും ഇ-ഓഫീസ് നടപ്പാക്കലും.

ഓഫീസുകളുടെ നവീകരണത്തിന്റെ ഭാഗമായി ഫർണിച്ചറുകൾ വാങ്ങൽ, പെയിന്റിംഗ്, കെട്ടിടത്തിന്റെയും ടോയ്‌ലറ്റിന്റെയും പുതുക്കിപ്പണിയൽ, ഇ-ഓഫീസ് നടപ്പിലാക്കുന്നതിനായി കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും വാങ്ങൽ തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുന്നു.

9. യുവാക്കൾക്കായുള്ള സുഗമമായ പരിപാടികൾ (ഗ്രീൻ യൂത്ത് ഇനിഷ്യേറ്റീവ്സ്, വേസ്റ്റ് മാനേജ്മെന്റ് & വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്)

2014ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ നിയമത്തിലെ സെക്ഷൻ 9(ജെ) പ്രകാരം പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹ്യബോധം, തുടങ്ങിയവ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ കമ്മീഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഇതിനായി ഗ്രീൻ യൂത്ത് ഇനിഷ്യേറ്റീവ്സ്, യുവ കർഷക സംഗമം, ജോബ് ഫെസ്റ്റ്, മയക്കുമരുന്ന് കേന്ദ്രങ്ങളുടെ നിർമാർജനം എന്നീ പദ്ധതികൾ കമ്മീഷൻ നടപ്പിലാക്കുന്നു.

10. സ്ത്രീധനത്തിനെതിരായ ബോധവൽക്കരണ കാമ്പെയ്നുകൾ- നിയമപരമായ പിന്തുണയും കൗൺസിലിംഗും.

യുവാക്കളെ ബോധവൽക്കരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള പരിപാടികൾ വികസിപ്പിക്കുന്നതിലും നടപ്പിലാക്കുന്നതിലും യുവാക്കളുടെ അവകാശങ്ങളെ സംരക്ഷിക്കുക എന്നത് കമ്മീഷന്റെ ഉത്തരവാദിത്തമാണ്. യുവാക്കൾക്കിടയിൽ സാമൂഹിക തിന്മകൾ സൃഷ്ടിക്കുന്ന മയക്കുമരുന്ന്, മദ്യം, പുകയില ഉൽപന്നങ്ങൾ എന്നിവയുടെ ഉപഭോഗം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ തടയുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക

എന്നതാണ് കമ്മീഷന്റെ പ്രധാന പ്രവർത്തനം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി പ്രണയപരാജയം, സ്ത്രീധനം എന്നിവ മൂലമുള്ള കൊലപാതകങ്ങൾ, യുവാക്കളുടെ ആത്മഹത്യ, മയക്കമരുന്ന് ദുരുപയോഗം എന്നിവക്കെതിരെ ബോധവൽക്കരണം സംഘടിപ്പിക്കാനും ലഹരിവിരുദ്ധ ബോധവത്കരണ ഷോർട്ട് ഫിലിം മത്സരവും പ്രചാരണവും സംഘടിപ്പിക്കാനും കമ്മീഷൻ ലക്ഷ്യമിടുന്നു.

11. മയക്കമരുന്നിന് അടിമകളായ യുവാക്കളുടെ പുനരധിവാസം, സൈബർ കുറ്റകൃത്യങ്ങൾ, ബോധവത്കരണ സെമിനാറുകൾ.

ലഹരിക്ക് അടിമപ്പെട്ട് സമൂഹത്തിൽ ഒറ്റപ്പെട്ടവരെയും സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയും വീട്ടിൽ നിന്ന് പുറത്താക്കപ്പെട്ടവരെയും കണ്ടെത്തി ആവശ്യമായ ചികിത്സ നൽകുന്നതിനായി അവരെ ലഹരി വിമുക്ത കേന്ദ്രങ്ങളിൽ എത്തിക്കുകയും ആവശ്യമായ ചികിത്സ ലഭ്യമാക്കി അവിടെ നിന്നും ലഹരി വിമുക്തരായവരെ മോചിപ്പിച്ച് പുതിയ ജീവിതം നയിക്കാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ കമ്മീഷൻ ഉദ്ദേശിക്കുന്നത്. സൈബർ ആക്രമണങ്ങൾക്കെതിരെ യുവാക്കളെ ബോധവൽക്കരിക്കുന്നതിനായി 14 ജില്ലകളിലും കമ്മീഷൻ അംഗങ്ങളുടെ മേൽനോട്ടത്തിൽ 'സൈബർ കുറ്റകൃത്യം' എന്ന വിഷയത്തിൽ ജില്ലാ സെമിനാറുകൾ സംഘടിപ്പിക്കും.

12. കേരളത്തിലെ യുവജനങ്ങൾ നേരിടുന്ന സാമൂഹികവും മാനസികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ.

സാമൂഹികവും മാനസികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശരിയായ കൗൺസിലിംഗും മാർഗനിർദേശവും നൽകുന്ന ഏജൻസികളിലേക്കോ സ്ഥാപനങ്ങളിലേക്കോ യുവജന കമ്മീഷൻ യുവാക്കളെ നയിക്കുന്നു.

## 9.5 വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും

വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും എന്ന മേഖലയ്ക്ക് 2025-26 സാമ്പത്തിക വർഷത്തിൽ 215019.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 51020.00 ലക്ഷം രൂപ ആരോഗ്യ മേഖലക്ക് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ (നാഷണൽ ഹെൽത്ത് മിഷൻ [46520.00 ലക്ഷം], പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ആരോഗ്യ അടിസ്ഥാനസൗകര്യ മിഷൻ [2500.00 ലക്ഷം], നാഷണൽ ആയുഷ് മിഷൻ [2000.00 ലക്ഷം] എന്നിവയ്ക്ക് 2025-26 ലെ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രതീക്ഷിത കേന്ദ്രവിഹിതമായി 76530.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2025-26 വർഷത്തെ സബ് സെക്ടർ തിരിച്ചുള്ള വിഹിതം താഴെയുള്ള പട്ടികയിൽ നല്കിയിരിക്കുന്നു.

| ക്രമ നമ്പർ | ഉപവിഭാഗത്തിന്റെ/ വകുപ്പിന്റെ പേര് | സംസ്ഥാന പദ്ധതി | 2025-26 ലെ വിഹിതം (രൂപ ലക്ഷത്തിൽ) | | | |
|---|---|---|---|---|---|---|
| | | | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം | ആകെ സംസ്ഥാന വിഹിതം | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം | മൊത്തം പദ്ധതി |
| | ആധുനിക വൈദ്യ ശാസ്ത്രം | | | | | |
| 1 | ആരോഗ്യ സേവനങ്ങൾ | 100078.00 | 49020.00 | 149098.00 | 73530.00 | 222628.00 |
| 2 | മെഡിക്കൽ വിദ്യാഭ്യാസം | 53284.00 | | 53284.00 | | 53284.00 |
| 3 | ആയുഷ് | | | | | |
| 4 | ഭാരതീയ ചികിത്സാ വിഭാഗങ്ങൾ | 3593.00 | 1500.00 | 5093.00 | 2250.00 | 7343.00 |
| 5 | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം | 4372.00 | | 4372.00 | | 4372.00 |
| 6 | ഹോമിയോപ്പതി | 1854.00 | 500.00 | 2354.00 | 750.00 | 3104.00 |
| 7 | ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസം | 818.00 | | 818.00 | | 818.00 |
| | **ആകെ** | **163999** | **51020** | **215019** | **76530** | **291549** |

### ആധുനിക വൈദ്യശാസ്ത്രം – ആരോഗ്യ സേവനം

2025-26 ലെ ബജറ്റിൽ ആരോഗ്യ സേവനത്തിന് സംസ്ഥാന പദ്ധതി വിഹിതം 149098.00 ലക്ഷമാണ്. ഇതിൽ 49020.00 ലക്ഷം കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ആരോഗ്യ ദൗത്യത്തിനും (46520.00 ലക്ഷം) പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ആരോഗ്യ അടിസ്ഥാന സൗകര്യ ദൗത്യത്തിനും (2500.00 ലക്ഷം) 2025-26 കാലയളവിൽ ആരോഗ്യ മേഖലയ്ക്കായി സംസ്ഥാന വിഹിതമായി നീക്കിവച്ചിരിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പ്രതീക്ഷിക്കുന്ന കേന്ദ്ര വിഹിതമായി 73530.00 ലക്ഷം നീക്കിവച്ചിരിക്കുന്നു. 2025-26 വർഷത്തെ വകുപ്പ് തിരിച്ചുള്ള വിഹിതം താഴെയുള്ള പട്ടികയിൽ നല്കിയിരിക്കുന്നു.

| ക്രമ നം. | ഉപവിഭാഗത്തിന്റെ/ വകുപ്പിന്റെ പേര് | | 2025-26 ലെ വിഹിതം (രൂപ ലക്ഷത്തിൽ) | | | |
|---|---|---|---|---|---|---|
| | | സംസ്ഥാന പദ്ധതി | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം | ആകെ സംസ്ഥാന വിഹിതം | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം | മൊത്തം പദ്ധതി |
| | ആധുനിക വൈദ്യ ശാസ്ത്രം | | | | | |
| 1 | ആരോഗ്യ സേവന വകുപ്പ് | 23281 | | 23281 | | 23281 |
| | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ | 150 | | 150 | | 150 |
| | പബ്ലിക് സെന്റർ ലബോറട്ടറികൾ | 690 | | 690 | | 690 |
| | ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ന്യൂറോസയൻസ് (ഐ ക്കോൺസ് ) | 734 | | 734 | | 734 |
| | കുടുംബക്ഷേമ പരിപാടികൾ | | 10000 | 10000 | 15000 | 25000 |
| | നാഷണൽ ഹെൽത്ത് മിഷൻ | | 39020 | 39020 | 58530 | 97550 |
| 2 | ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് | 552 | | 552 | | 552 |
| 3 | ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് | 1104 | | 1104 | | 1104 |
| 4 | സംസ്ഥാന ആരോഗ്യ ഏജൻസി | 70000 | | 70000 | | 70000 |
| 6 | കേരള ഡിജിറ്റൽ ഹെൽത്ത് മിഷൻ | 2760 | | 2760 | | 2760 |
| 5 | കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ (കെ-സിഡിസി) | 100 | | 100 | | 100 |
| 7 | ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് | 207 | | 207 | | 207 |
| 8 | കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് | 500 | | 500 | | 500 |
| | **ആകെ** | 100078 | 49020 | 149098 | 73530 | 222628 |

### ആരോഗ്യ സേവന വകുപ്പ്

ആരോഗ്യ സേവന വകുപ്പിന് കീഴിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ എന്നിങ്ങനെ 1288 സ്ഥാപനങ്ങൾ നിലവിലുണ്ട്. ഇവ കൂടാതെ 5415 സബ് സെന്ററുകൾ കൂടി പ്രവർത്തിക്കുന്നുണ്ട്. വിവിധ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ആരോഗ്യ സേവന വകുപ്പിന് 24855.00 ലക്ഷം രൂപ സംസ്ഥാന പദ്ധതി വിഹിതമായും

49020.00 ലക്ഷം രൂപ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായും 2025-26 ൽ വകയിരുത്തിയിരിക്കുന്നു.

**1. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള മെഡിക്കൽ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ**

**(വിഹിതം: 500.00 ലക്ഷം രൂപ)**

2025-26 വർഷത്തിൽ 500.00 ലക്ഷം രൂപ ആരോഗ്യ വകുപ്പിനു കീഴിലുള്ള മെഡിക്കൽ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നീക്കിവെച്ചിട്ടുണ്ട്. താഴെ പറയുന്ന പ്രവർത്തനങ്ങൾക്കാണ് തുക നീക്കിവച്ചിരിക്കുന്നത്. മെഡിക്കൽ ഉപകരണങ്ങൾ, സർജിക്കൽ ഉപകരണങ്ങൾ, രോഗ നിർണയ ഉപകരണങ്ങൾ, സർജിക്കൽ സൗകര്യങ്ങൾ, രോഗ നിർണയ സംവിധാനം ശക്തിപ്പെടുത്തലും ആശുപത്രികളുടെ ക്രമവൽക്കരണം/നവീകരണം.

**2. അക്രമങ്ങൾക്കും സാമൂഹ്യ ദുരുപയോഗങ്ങൾക്കും ഇരയാകുന്നവർക്ക് ആരോഗ്യസംരക്ഷണം (ഭൂമിക)**

**(വിഹിതം: 40.00 ലക്ഷം രൂപ)**

2009-ലാണ് 'ഭൂമിക' എന്ന പേരിൽ അക്രമം/സാമൂഹിക ദുരുപയോഗത്തിന് ഇരയായവർക്കുള്ള ആരോഗ്യസംരക്ഷണ പദ്ധതി ആരംഭിച്ചത്. എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും തെരഞ്ഞെടുത്ത ഏഴ് താലൂക്കാശുപത്രികളിലും ജെൻഡർ ബേസ്ഡ് വയലൻസ് മാനേജ്മെന്റ് പ്രോഗ്രാമിനായുള്ള ഒരു കേന്ദ്രം ആരംഭിച്ചു. ശാരീരികാഘാതങ്ങൾക്ക് ചികിത്സ നൽകുന്നതിന് പുറമേ ഈ സെന്ററിലെ കൗൺസിലർമാരിൽനിന്നും സ്ത്രീകൾക്ക് ധാരാളമായി മാനസിക പിന്തുണ ലഭിക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുക, റഫറൽ സേവനങ്ങൾ നൽകുക, നിയമസഹായം നൽകുക എന്നിവയാണ് ഈ സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങൾ. 2025-26-ൽ പരിശീലന പരിപാടികൾ നടത്തുന്നതിനും, അവലോകന യോഗങ്ങൾ, സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ഐ.ഇ.സി പ്രവർത്തനം, സേഫ് കിറ്റുകൾ, വാഹനസൗകര്യം ഏർപ്പെടുത്തൽ, നിലവിലുള്ള 21 കേന്ദ്രങ്ങളിലെ കണ്ടിജൻസി ചെലവുകൾ എന്നിവയ്ക്കായി 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3. താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രികളിൽ മെറ്റേർണിറ്റി യൂണിറ്റുകൾ സ്ഥാപിക്കൽ**

**(വിഹിതം: 200.00 ലക്ഷം രൂപ)**

സംസ്ഥാനത്താകമാനമായി 87 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. എന്നാൽ എല്ലാ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലും മെറ്റേണിറ്റി യൂണിറ്റുകൾ ഇല്ല. ശേഷിക്കുന്ന താലൂക്ക് ആസ്ഥാന ആശുപത്രികളിൽ മുൻഗണനാടിസ്ഥാനത്തിൽ മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കും. മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നേരത്തെ ആരംഭിച്ച മെറ്റേണിറ്റി യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനുമായി 2025-26-ൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. മാനസികാരോഗ്യ കേന്ദ്രങ്ങൾ വികസിപ്പിക്കൽ**

**(വിഹിതം: 660.00 ലക്ഷം രൂപ)**

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലായി മാനസികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. 2025-26-ൽ മാനസികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 660.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | മാനസികാരോഗ്യകേന്ദ്രം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മാനസികാരോഗ്യകേന്ദ്രം തിരുവനന്തപുരം | 300.00 |
| 2 | മാനസികാരോഗ്യകേന്ദ്രം തൃശ്ശൂർ | 180.00 |
| 3 | മാനസികാരോഗ്യകേന്ദ്രം കോഴിക്കോട് | 180.00 |
| **ആകെ** | | **660.00** |

നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ താഴെ പറയുന്നു.

- ഇൻ-സർവ്വീസ് പരിശീലനം നടത്തുക

- വാർഷിക അറ്റകുറ്റപ്പണികളുടെ കരാർ, ഉപകരണങ്ങളുടെ നിലവാരമുയർത്തലും അറ്റകുറ്റപ്പണിയും പരിപാലനവും
- നിർമ്മാണപ്രവർത്തനങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങളിലെ വിവിധ വാർഡുകളിൽ വൈദ്യുതീകരണ പ്ലമ്പിംഗ് ജോലികൾ ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണിയും
- ഉപകരണങ്ങൾ, രോഗികൾക്കുള്ള വസ്ത്രങ്ങൾ, ഷീറ്റുകൾ, കിടക്കകൾ, വാർഡുകളിലേക്കും ഒ.പി ബ്ലോക്കുകളിലേക്കും ഫർണിച്ചർ എന്നിവ വാങ്ങൽ
- മരുന്നും മെഡിക്കൽ ഉപകരണങ്ങളും, പുസ്തകങ്ങളും
- മാലിന്യ സംസ്കരണം, അടുക്കള ഉപകരണങ്ങൾ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ
- അന്തേവാസികൾക്ക് ലഘുഭക്ഷണവും വിനോദവും
- പ്രത്യേക അവസരങ്ങളിൽ അന്തേവാസികൾക്കായി സദ്യനൽകൽ
- ജയിലുകളിൽനിന്നുള്ള മാനസിക രോഗികളുടെ ക്ഷേമം

**5. ജില്ലാ മാനസികാരോഗ്യ പരിപാടി**

**(വിഹിതം: 600.00 ലക്ഷം രൂപ)**

ജില്ലാ മാനസികാരോഗ്യ പരിപാടി സംസ്ഥാനത്ത് 14 ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മാനസികാരോഗ്യ പരിപാടി നടപ്പിലാക്കുന്നതിനുമായി 600.00 ലക്ഷം രൂപ 2025-26 വർഷത്തേക്ക് നീക്കിവെച്ചിരിക്കുന്നു. വിവരവിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ, ജീവനക്കാർക്കുള്ള പരിശീലനം, പി.എച്ച്.സി, സി.എച്ച്.സി, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ക്ലിനിക്കുകൾ നടത്തുക, മരുന്നുകൾ, വിവിധ തരത്തിലുള്ള ലഹരി വിമോചന മരുന്നുകൾ ഉൾപ്പെടെയുള്ള മാനസികാരോഗ്യ ഔഷധങ്ങൾ വാങ്ങൽ, സ്റ്റേഷനറി, പുസ്തകങ്ങൾ, വാർഷിക അറ്റകുറ്റപ്പണി കരാർ, ഉപകരണങ്ങൾ നന്നാക്കലും അറ്റകുറ്റപ്പണികളും, വാഹനം വാടകയ്ക്കെടുക്കൽ, ആശ്വാസം പരിപാടി, സമ്പൂർണ മാനസികാരോഗ്യം പരിപാടി, ജീവരക്ഷ, അമ്മമനസ്സ്, മുതലായവയാണ് നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ. കോവിഡ്, കോവിഡിന് ശേഷമുള്ള മാനസിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്. ഇതിൽ 50 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**6. സമഗ്ര മാനസികാരോഗ്യ പദ്ധതി**

**(വിഹിതം: 700.00 ലക്ഷം രൂപ)**

മാനസിക രോഗാവസ്ഥയിൽനിന്നും മുക്തി നേടിയവരുടെ പുനരധിവാസം സർക്കാരും സമൂഹവും നേരിടുന്ന വെല്ലുവിളിയാണ്. തുടർന്ന് വരുന്ന പ്രവർത്തനങ്ങളായ മാനസികാരോഗ്യം ഭേദമായവർക്ക് വേണ്ടിയുള്ള പകൽപരിപാലന കേന്ദ്രങ്ങളിൽ (31) പകൽപരിചരണം, സൗജന്യ ഭക്ഷണം, മരുന്നുകൾ, കൗൺസിലിംഗ്, ഗതാഗതം, തൊഴിൽപരിശീലനം, റീ ഹാബിലിറ്റേഷൻ തെറാപ്പി, വിനോദ പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. സ്കൂൾ മാനസികാരോഗ്യ വിദ്യാഭ്യാസ പരിപാടിയും ഈ പദ്ധതിയുടെ ഒരു ഘടകമാണ്. പദ്ധതിയുടെ തുടർച്ചയ്ക്കായി 700.00 ലക്ഷം രൂപ 2025-26 വർഷത്തേക്ക് നീക്കിവെച്ചിരിക്കുന്നു. ഇതിൽ 50 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**7. ലഹരി വിമുക്ത കേന്ദ്രങ്ങൾ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

മദ്യപാനവും ലഹരി വസ്തുക്കളുടെ ഉപയോഗവുമാണ് ഗാർഹിക പീഡനങ്ങളും റോഡപകടങ്ങളും വർധിക്കുന്നതിന് കാരണമാകുന്ന ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക പ്രശ്നങ്ങൾ. ആരോഗ്യ വകുപ്പിനുകീഴിൽ ഇപ്പോൾ 29 ലഹരി വിമുക്ത കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. 2025-26-ൽ പദ്ധതിയുടെ തുടർച്ചയ്ക്കായി മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും വാർഷിക അറ്റകുറ്റപ്പണി കരാർ, മൈനർ വർക്സ്, രോഗികൾക്ക് വാഹനസൗകര്യം ഏർപ്പെടുത്തൽ എന്നിവക്കുമായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ദന്തൽ യൂണിറ്റുകൾ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

പൊതുവായ ആരോഗ്യം നിലനിർത്തുന്നതിൽ ദന്താരോഗ്യം ഒരു പ്രധാന പങ്ക് വഹിക്കുന്നു. ദന്ത രോഗങ്ങൾ എല്ലാ വിഭാഗം ജനങ്ങളെയും ബാധിക്കുന്നു. ദന്തൽക്ലിനിക്കുകളുടെ മെച്ചപ്പെടുത്തൽ എന്ന

പദ്ധതി ആരോഗ്യ വകുപ്പിന് കീഴിലുള്ള ദന്താരോഗ്യ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആരോഗ്യ വകുപ്പിന് കീഴിൽ 160 ദന്തൽയൂണിറ്റുകൾ ഉണ്ട്. തൃപ്തികരമായ ദന്തൽസുരക്ഷ എല്ലാ രോഗികൾക്കും ഉറപ്പാക്കുന്നതിനായി ആശുപത്രികളിലെ എല്ലാ ദന്തൽക്ലിനിക്കുകൾക്കും നൂതനവും അത്യന്താധുനികവുമായ ഉപകരണങ്ങളും സാമഗ്രികളും നൽകിക്കൊണ്ട് ശക്തിപ്പെടുത്തേണ്ടതാണ്. 2025-26 വർഷത്തിൽ 100.00 ലക്ഷം രൂപ പ്രധാന ദന്തൽഉപകരണങ്ങൾ, സാധന സാമഗ്രികൾ, സ്പെഷ്യാലിറ്റി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ദന്തൽ ഉദ്യോഗസ്ഥരുടെ പരിശീലനത്തിനും, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ദന്തൽ ക്യാമ്പുകൾ നടത്തുന്നതിനും, ഐ.ഇ.സി പ്രവർത്തനങ്ങൾ, വായ്ക്കുള്ളിലെ കാൻസർ പരിശോധന, മാർച്ച് 20-ന് ഓറൽ ഹെൽത്ത് ഡേ ആഘോഷം, മൊബൈൽ യൂണിറ്റുകൾ എന്നിവയ്ക്കുമായി വകയിരുത്തിയിരിക്കുന്നു.

### 9. അർബുദ പരിചരണ പദ്ധതി

**(വിഹിതം: 250.00 ലക്ഷം രൂപ)**

പൊതുജനങ്ങൾക്ക് രോഗനിർണ്ണയവും ചികിത്സാരീതികളും കൂടുതൽ ലഭ്യമാകുന്ന തരത്തിൽ നൽകുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും ക്യാൻസർ കെയർ പദ്ധതി ഊന്നൽനൽകുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളെയും ക്യാൻസർ ചികിൽസയ്ക്കുള്ള മാതൃകാ കേന്ദ്രങ്ങളാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മെഡിക്കൽകോളേജുകൾക്കു പുറമേ, റീജിയണൽക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, എറണാകുളം ജനറൽ ആശുപത്രി, കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ എന്നിവിടങ്ങളിലും ക്യാൻസർ രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളെയും അർബുദ ചികിത്സയ്ക്കുള്ള മാതൃകാ കേന്ദ്രമാക്കി സജ്ജമാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. 2025-26-ൽ 250.00 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നു. കാൻസർ പരിചരണത്തിൽ ജീവനക്കാർക്ക് പരിശീലനം, ഐ.ഇ.സി, സംസ്ഥാനതല പരിപാടികൾ, മരുന്നുകൾ, ഉപകരണങ്ങൾ, സംസ്ഥാനതല കാൻസർ രജിസ്ട്രി, ജില്ലാ ആശുപത്രികളിലെ പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റുകളുടെ പരിപാലനം, ജില്ലാ കാൻസർ പരിരക്ഷാ യൂണിറ്റുകളുടെ പരിപാലനം എന്നിവയ്ക്കായി നിർദ്ദേശിച്ചിരിക്കുന്നു. ഇതിൽ 52 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

### 10. വേദന-സാന്ത്വന-വയോജന ആരോഗ്യ പരിചരണ കേന്ദ്രങ്ങൾ

**(വിഹിതം: 400.00 ലക്ഷം രൂപ)**

ആരോഗ്യ വകുപ്പിന് കീഴിൽ പാലിയേറ്റീവ് സേവനങ്ങൾ മൂന്ന് തലങ്ങളിലായി നൽകി വരുന്നു.

- i. പ്രാഥമിക തലം-തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പി.എച്ച്.സി കളുടെയും സഹായത്തോടെയുള്ള ഭവനാധിഷ്ഠിതമായ പരിചരണങ്ങൾ.
- ii. ദ്വിതീയ തലം - പൗരസമൂഹത്തിന്റെയും താലൂക്കതല ആശുപത്രികളുടെയും സഹായത്തോടെയുള്ള സ്പെഷ്യാലിറ്റി പാലിയേറ്റീവ് പരിചരണങ്ങൾ.
- iii. തൃതീയ തലം - മെഡിക്കൽ കോളേജിന്റെയും പൗരസമൂഹത്തിന്റെയും സഹായത്തോടെയുള്ള മെച്ചപ്പെട്ട ആരോഗ്യ പരിചരണങ്ങൾ.

കഠിനമായ രോഗം ബാധിച്ച രോഗികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ശാരീരികവും മന:ശാസ്ത്രപരവും സാമൂഹികവുമായ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ടും വൈദ്യസഹായം നല്കിക്കൊണ്ടും ഈ സെന്ററുകൾ രോഗികൾക്ക് പരിചരണം നല്കുന്നു. തീവ്രമായ വേദനയിൽനിന്നും ആശ്വാസം പകരുക, മരണം സംഭവിക്കുന്നതുവരെ ഊർജ്ജസ്വലതയോടെ ജീവിക്കുന്നതിന് രോഗികൾക്ക് ശക്തി നല്കി സഹായിക്കുക എന്നിവ ഈ പദ്ധതിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു. പ്രസ്തുത സെന്ററുകളിലെ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ ഈ സെന്ററുകളുടെ ശക്തിപ്പെടുത്തൽ കൂടുതൽ പ്രാധാന്യമർഹിക്കുന്നു. 2025-26-ൽ 300.00 ലക്ഷം രൂപ പ്രൈമറി, സെക്കന്ററി, സംസ്ഥാനതല പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനങ്ങൾക്കും ദ്വിതീയ തല പാലിയേറ്റീവ് കെയർ ശക്തിപ്പെടുത്തുന്നതിനും സാന്ത്വന പരിചരണത്തിന് പ്രോത്സാഹനങ്ങൾ നൽകുന്നതിനും പാലിയേറ്റീവ് കെയർ ഗ്രിഡ് സ്ഥാപിക്കുന്നതിനും നീക്കിവച്ചിട്ടുണ്ട്.

മിക്കവാറും വൃദ്ധജനങ്ങൾക്ക് പൊതു ഒ.പി വിഭാഗത്തിൽ മറ്റു രോഗികൾക്കൊപ്പം മതിയായ ശ്രദ്ധ ലഭിക്കാറില്ല. അതുകൊണ്ട് പ്രത്യേകം വയോജന ക്ലിനിക്കുകൾ എല്ലാ തലങ്ങളിലും രൂപീകരിക്കേണ്ടത് ആവശ്യമാണ്. കേരളത്തിൽ 16.5 ശതമാനം ജനസംഖ്യയും വൃദ്ധജനങ്ങളാണ്. അതുകൊണ്ട് വൃദ്ധജന പരിപാലനം പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. 2025-26 വർഷത്തേക്ക് 100.00 ലക്ഷം രൂപ വൃദ്ധജന പരിപാലന കേന്ദ്രത്തിന് നീക്കിവെച്ചിട്ടുണ്ട്. വയോജന സൗഹൃദ ആശുപത്രി സംരംഭം, വൃദ്ധജനപരിപാലനപരിശീലനം, വൃദ്ധജനപരിപാലന ദിനാചരണം, ഐ.ഇ.സി എന്നിവയാണ്

ഉദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ. ഇതിൽ 50 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

### 11. രക്ത ബാങ്കുകൾ

**(വിഹിതം: 30.00 ലക്ഷം രൂപ)**

ആരോഗ്യ വകുപ്പിന് കീഴിൽ 31 രക്ത ബാങ്കുകളും 57 രക്ത സംഭരണ കേന്ദ്രങ്ങളും 19 രക്ത ഘടക വേർതിരിക്കൽയൂണിറ്റുകളും ഉണ്ട്. രക്ത ബാങ്കുകളുടെ യന്ത്രവത്കരണവും ആധുനികവൽക്കരണവും, രക്ത സംഭരണ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പരിശീലനം, ഉപഭോഗവസ്തുക്കൾ, കിറ്റുകൾ, റീഏജന്റുകൾ, രക്ത സംഭരണ ബാഗുകൾ, വാക്-ഇൻ-കൂളറുകളുടെയും ജനറേറ്ററുകളുടെയും അറ്റകുറ്റപ്പണി, ഉപകരണങ്ങൾ, വാർഷിക അറ്റകുറ്റപ്പണി കരാർ, രക്തദാനം പ്രോത്സാഹിപ്പിക്കൽ, വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ എന്നിവയ്ക്കുമായി 2025-26-ൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 12. ആരോഗ്യ ഗതാഗത വിഭാഗം

**(വിഹിതം: 300.00 ലക്ഷം രൂപ)**

വിവിധ തരത്തിലുള്ള ദേശീയ പരിപാടികൾ, സംസ്ഥാന പരിപാടികൾ, ആംബുലൻസ് സേവനം എന്നിവ നടപ്പിലാക്കുന്ന 1273 വിവിധതരം വാഹനങ്ങളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും നടത്തുന്നതിനായി സംസ്ഥാന ആരോഗ്യ ഗതാഗത ഓഫീസറുടെ നിയന്ത്രണത്തിൻകീഴിൽ ആരോഗ്യ ഗതാഗത വിഭാഗം സ്ഥാപിച്ചിരിക്കുന്നു. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും റിപ്പയറിനുമായി ഒരു കേന്ദ്രപണിശാല തിരുവനന്തപുരത്തും രണ്ട് റീജിയണൽ പണിശാലകൾ തൃശ്ശൂരും കോഴിക്കോട്ടുമുണ്ട്. കൂടാതെ വിവിധ ജില്ലകളിലായി 11 വർക്ക് ഷോപ്പുകളുമുണ്ട്. 2025-26 വർഷത്തിൽ 300.00 ലക്ഷം രൂപ വർക്ക് ഷോപ്പുകളുടെ വലുതും ചെറുതുമായ അറ്റകുറ്റപണികൾ, പഴകിയ വാഹനങ്ങൾ മാറ്റി വാങ്ങൽ, മൈനർ വർക്സ്, യന്ത്രങ്ങൾ, സ്പെയർ, മറ്റുപ്രവർത്തനങ്ങൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്നു.

### 13. മെഡിക്കൽ റെക്കോർഡ് ലൈബ്രറികൾ ശക്തിപ്പെടുത്തൽ

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഒരു വ്യക്തിയുടെ ആരോഗ്യ സംബന്ധമായ ചരിത്രം, ക്ലിനിക്കൽ പരിചരണം, ഫലം എന്നിവ അടുക്കും ചിട്ടയോടുംകൂടി രേഖപ്പെടുത്തുന്ന സംവിധാനമാണ് മെഡിക്കൽ റെക്കോർഡ്. രോഗികൾക്ക് ശരിയായ പരിചരണവും ശുശ്രൂഷയും നൽകുന്നതിനും രോഗി പരിചരണത്തിൽ തുടർച്ച നൽകുന്നതിനും വേഗത്തിലുള്ള സേവനം നൽകുന്നതിനും ഒരു റഫറൻസായി ആരോഗ്യ പാലകർക്ക് മെഡിക്കൽ രേഖകൾ സഹായിക്കുന്നു. 2025-26-ൽ 50.00 ലക്ഷം രൂപ ഫർണിച്ചറുകൾ, ഫോട്ടോകോപ്പിയർ എന്നിവ വാങ്ങൽ, മെഡിക്കൽ രേഖകളുടെ ഡിജിറ്റലൈസേഷൻ, മെഡിക്കൽ റെക്കോർഡ് ജീവനക്കാർക്കുള്ള ഇൻസർവ്വീസ് ട്രെയിനിംഗ്, കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ, അവലോകന യോഗം, മൈനർ ജോലികൾ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെയും ഡയറക്ടറേറ്റിനു കീഴിലുള്ള മെഡിക്കൽ റെക്കോർഡ് ഓഫീസുകളുടെയും ലൈബ്രറികളുടെ നവീകരണം എന്നിവയ്ക്കായി നീക്കിവച്ചിരിക്കുന്നു.

### 14. ഫിസിക്കൽമെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ യൂണിറ്റ്

**(വിഹിതം: 400.00 ലക്ഷം രൂപ)**

ശാരീരിക വൈകല്യമുള്ളവരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും പരമാവധി ശ്രദ്ധ നൽകുന്നതിനായിട്ടാണ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ യൂണിറ്റ് ആരംഭിച്ചിട്ടുള്ളത്. സംസ്ഥാനത്തുടനീളമായി ആകെ 27 ഫിസിക്കൽമെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ യൂണിറ്റുകളുണ്ട്. ലിംബ് ഫിറ്റിംഗ് സെന്ററുകളിൽ നിന്നും കൃത്രിമ അവയവങ്ങൾ ആവശ്യമുള്ള രോഗികൾക്ക് നൽകുന്നു. ആരോഗ്യ വകുപ്പിന് കീഴിൽ 11 ലിംബ് ഫിറ്റിംഗ് സെന്ററുകൾ ഉണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതിനും എല്ലാ ജില്ലകളിലും നിലവിലുള്ള ഫിസിക്കൽ മെഡിസിൻ റീഹാബിലിറ്റേഷൻ യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനും കൃത്രിമ കൈകാലുകൾ, കാലിപ്പറുകൾ, ബ്രേസുകൾ, എംസിആർ ചാപ്പലുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ഉപകരണങ്ങളും സാമഗ്രികളും വാങ്ങുന്നതിനും 2025-26 കാലയളവിൽ 400.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 50 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

### 15. നഴ്സിംഗ് വിദ്യാഭ്യാസം-നഴ്സിംഗ് സ്കൂളുകൾ

**(വിഹിതം: 200.00 ലക്ഷം രൂപ)**

ആരോഗ്യ വകുപ്പിന് കീഴിൽ 15 നഴ്സിംഗ് സ്കൂളുകളുണ്ട്. പ്രതിവർഷം 385 വിദ്യാർത്ഥികൾ വീതം ജനറൽനഴ്സിംഗ് കോഴ്സിന് പ്രവേശനം തേടാറുണ്ട്. എല്ലാ ജില്ലകളിലും ഓരോ നഴ്സിംഗ് സ്കൂളുകളും കൂടാതെ

എസ്.സി/എസ്.ടി നഴ്സിംഗ് സ്കൂൾ ആശ്രാമം കൊല്ലം എന്നിവയാണ് ഈ പദ്ധതിക്ക് കീഴിലുള്ളത്. 2025-26-ൽ ലാബുകൾ ശക്തിപ്പെടുത്തുന്നതിനും സാധനസാമഗ്രികൾ, സ്കൂൾ ഹോസ്റ്റൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, നവീകരണ ജോലികൾ, പുസ്തകങ്ങൾ, ജേർണൽ, ശ്രവ്യ-ദൃശ്യ ഉപകരണങ്ങൾ, പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, അധ്യാപകർക്കുള്ള കാര്യക്ഷമതാ പരിപോഷണ പരിശീലനം, തുടർ വിദ്യാഭാസ പരിപാടി, ഫർണിച്ചറുകൾ, സി.സി.ടി.വി., ഉപകരണങ്ങൾ, മൈനർ വർക്കുകൾ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 16. ഡിപ്ലോമാറ്റ് ഓഫ് നാഷണൽബോർഡ് (ഡിപ്.എൻ.ബി) കോഴ്സുകൾ

**(വിഹിതം: 500.00 ലക്ഷം രൂപ)**

ഡിപ്.എൻ.ബി. കോഴ്സിനുവേണ്ടി ദേശീയ ബോർഡ് നിലവിൽ അക്രഡിറ്റ് ചെയ്തിട്ടുള്ളത് ആരോഗ്യ വകുപ്പിന് കീഴിലുള്ള 7 സ്ഥാപനങ്ങളെയാണ്. ഇവ ജനറൽ മെഡിസിൻ, ജനറൽ സർജറി, അനസ്തേഷ്യോളജി എന്നിവക്കായി തിരുവനന്തപുരം ജനറൽ ആശുപത്രിയും മാനസികാരോഗ്യത്തിനായി തിരുവനന്തപുരം, കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രങ്ങളുമാണ്. ജനറൽമെഡിസിൻ, ജനറൽസർജറി, ഒഫ്ത്താൽമോളജി, ഓർത്തോപീഡിക്സ് എന്നിവയ്ക്കായി പാലക്കാട് ജില്ലാ ആശുപത്രിയും ജനറൽമെഡിസിൻ, ജനറൽസർജറി, കാർഡിയോളജി എന്നിവയ്ക്കായി എറണാകുളം ജനറൽ ആശുപത്രിയും ജനറൽമെഡിസിൻ, ഒഫ്ത്താൽമോളജി എന്നിവക്കായി കോഴിക്കോട് ജനറൽ ആശുപത്രിയും ഗൈനക്കോളജിക്കായി കണ്ണൂർ ജില്ലാ ആശുപത്രിയും അക്രഡിറ്റ് ചെയ്തിട്ടുള്ളതാണ്. ഡിപ്.എൻ.ബി മാനദണ്ഡങ്ങൾ അനുസരിച്ച് സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും 2025-26-ൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 17. പകർച്ചവ്യാധികളുടെ നിയന്ത്രണം

**(വിഹിതം: 1200.00 ലക്ഷം രൂപ)**

പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നത് നിയന്ത്രിച്ചുകൊണ്ട് മരണനിരക്കും രോഗനിരക്കും കുറയ്ക്കുകയെന്നതാണ് പകർച്ചവ്യാധികളുടെ നിയന്ത്രണം എന്ന പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. നേരത്തെയുള്ള ചികിത്സയും നിയന്ത്രണ പരിപാടികളും ഇതിനാവശ്യമാണ്. 2025-26-ൽ 1200.00 ലക്ഷം രൂപ പകർച്ചവ്യാധികളുടെ നിയന്ത്രണത്തിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു.

- പകർച്ചവ്യാധി മുന്നൊരുക്കങ്ങൾ, രോഗനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തൽ, പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ
- പകർച്ചവ്യാധികൾ നിയന്ത്രിക്കലും തടയലും
- ടെസ്റ്റ് കിറ്റുകൾ, ലബോറട്ടറി ഇനങ്ങൾ, കീടനാശിനികൾ, ബ്ലീച്ചിംഗ് പൗഡർ, ഒ.ആർ.എസ് മുതലായവ വാങ്ങൽ
- പരിശീലന പരിപാടികൾ നടത്തുക, മെഡിക്കൽക്യാമ്പുകൾ, ഐ.ഇ.സി, ബി.സി.സി പ്രവർത്തനങ്ങൾ.
- ജലജന്യ രോഗങ്ങളുടെ നിയന്ത്രണം, ഒബ്സർവേഷൻ ഓഫ് സി.ഡി.ഡി – ഒ.ആർറ്റി. വീക്ക്
- കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി (റീ കൺസ്ട്രക്ടീവ് സർജറി), എം.സി.ആർ. ചെരുപ്പുകൾ വിതരണം ചെയ്യൽ, കുഷ്ഠരോഗം നേരത്തെ കണ്ടെത്തുന്നതിനും ഇതുമൂലമുള്ള വൈകല്യങ്ങൾ തടയുന്നതിനുമായി പരിശോധന ക്യാമ്പുകൾ
- കൊതുക്/ജലം/ആഹാരം എന്നിവയിലൂടെ പകരുന്ന രോഗങ്ങളുടെ നിയന്ത്രണം
- സൂനോട്ടിക് രോഗങ്ങൾ
- കോവിഡ് കോവിഡാനന്തര ഇടപെടലുകൾ
- ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ
- ആരോഗ്യ ജാഗ്രതാ കാമ്പയിൻ

ഇ.എ.പി. യുടെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

## 18. സാംക്രമികേതര രോഗങ്ങൾ പ്രതിരോധിക്കൽ

**(വിഹിതം: 1293.00 ലക്ഷം രൂപ)**

സാംക്രമികേതര രോഗങ്ങളായ കാർഡിയോവാസ്കുലർ രോഗങ്ങൾ, അർബുദം, ശ്വാസകോശ രോഗങ്ങൾ, ടൈപ്പ് 2 ഡയബറ്റിക്സ് മെലിറ്റസ് മുതലായവ സമൂഹത്തിന് പ്രത്യേകിച്ചും 30–60 വയസ്സിനു ഇടയിലുള്ളവരിൽ ഒരു വലിയ ഭീഷണിയായിരിക്കുന്നു. മദ്യപാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും വർദ്ധിച്ച് വരുന്നു. അതുപോലെ അമിതഭാരവും അമിതവണ്ണവും ആകട്ടെ ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം, സ്തനാർബുദം, പ്രമേഹം, സന്ധി രോഗങ്ങൾ എന്നിവയിലേക്ക് നയിക്കുന്നു. അതിനാൽ സാംക്രമികേതര രോഗങ്ങൾ തടയേണ്ടത് അത്യാവശ്യമാണ്. 2025–26–ൽ 1293.00 ലക്ഷം രൂപ സാംക്രമികേതര രോഗങ്ങൾ തടയുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്.

- മരുന്നുകൾ, ഉപകരണങ്ങൾ, ഉപഭോഗവസ്തുക്കൾ മുതലായവയുടെ സംഭരണം.
- സാംക്രമികേതര രോഗങ്ങൾക്കുള്ള മൊബൈൽക്ലിനിക്കുകൾ**,** ദ്വിതീയതല സാംക്രമികേതര രോഗ ക്ലിനിക്കുകളുടെ ശാക്തീകരണം, മാസം തോറും സാമൂഹ്യാധിഷ്ഠിത കർമ്മ പദ്ധതി
- പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, ഐ.ഇ.സി/ബി.സി.സി പ്രവർത്തനങ്ങൾ
- പുകയിലവിരുദ്ധദിനാചരണം, സിഗരറ്റ് ആൻഡ് അദർ ടുബാക്കോ പ്രോഡക്ട്സ് ആക്ട് (COTPA) നടപ്പിലാക്കൽ
- ആരോഗ്യദായക പ്രവൃത്തി സ്ഥലങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ
- സ്കൂൾ/കലാലയ ആരോഗ്യ വിദ്യാഭ്യാസ പരിപാടി
- സംസ്ഥാന/ജില്ലാ തല പ്രവർത്തനങ്ങൾ
- ആൽക്കഹോൾ നിയന്ത്രണ പ്രവർത്തനങ്ങൾ
- എൻ.സി.ഡി കാമ്പെയ്ൻ (ജനസംഖ്യ അടിസ്ഥാനമാക്കിയുള്ള സ്ക്രീനിംഗ് )
- അനീമിയ രഹിത കേരളം – വിളർച്ചയിൽനിന്നും വളർച്ചയിലേക്ക്
- കണ്ടിന്യൂസ് ആംബുലേറ്ററി പെരിറ്റോണിയൽ ഡയാലിസിസ് (സി.എ.പി.ഡി.) ഉപഗ്രഹ കേന്ദ്രം
- സെഗ്മെന്റ് എലവേഷൻ മയോകാർഡിയൽ ഇൻഫ്രാക്ഷൻ (എസ്.ടി.ഇ.എം.ഐ) പ്രോഗ്രാം
- സ്ട്രോക്ക് ഇന്റൻസീവ് കെയർ യൂണിറ്റുകൾ – ജനറൽ ആശുപത്രി കൽപ്പറ്റയിലും ജില്ലാ ആശുപത്രി പെരിന്തൽമണ്ണയിലും സ്ട്രോക്ക് യൂണിറ്റുകൾ സ്ഥാപിക്കും (100 ലക്ഷം)
- ഫാറ്റി ലിവർ ഡിസീസ് ക്ലിനിക്കുകൾ
- സ്തനാർബുദവും ഗർഭാശയ അർബുദവുമാണ് സ്ത്രീകളിൽ മറ്റേതൊരു ക്യാൻസറിനേക്കാളും കൂടുതൽ മരണങ്ങൾക്ക് കാരണമാകുന്ന ഏറ്റവും സാധാരണമായ അർബുദ രൂപങ്ങൾ. ക്യാൻസറുമായി ബന്ധപ്പെട്ട ഈ രോഗാവസ്ഥയെയും മരണനിരക്കും ചെറുക്കുന്നതിനുള്ള ഒരു പ്രധാന ഉപകരണമാണ് കാൻസർ സ്ക്രീനിംഗ് ടെസ്റ്റുകൾ. എൻസിഡി കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായും ക്യാൻസർ സെന്ററുകളുമായി സഹകരിച്ചും ഡിഎച്ച്എസ് സംസ്ഥാന വ്യാപകമായി സ്ക്രീനിംഗ് കാമ്പയിൻ നടത്തും. (200 ലക്ഷം)
- ഇ.എ.പി യുടെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്

## 19. സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികൾ

**(വിഹിതം: 800.00 ലക്ഷം രൂപ)**

സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രിയിൽ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകിച്ച് ഗർഭിണികളായ സ്ത്രീകൾക്ക് പ്രത്യേക പരിചരണം ലഭ്യമാക്കുന്നു. ഈ ആശുപത്രികളിൽ കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പുകൾ നൽകിവരുന്നു. ഇപ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. കോട്ടയം, വയനാട്, തൃശ്ശൂർ, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ ആശുപത്രികൾ സ്ഥാപിക്കുന്നതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും നിലവിലുള്ള സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിനും, വന്ധ്യത ക്ലിനിക്കുകൾ ശക്തിപ്പെടുത്തുന്നതിനും, മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും തുക വകയിരുത്തിയിരിക്കുന്നു. എല്ലാ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള

ആശുപത്രികളിലും ആധുനിക ലബോറട്ടറി സൗകര്യങ്ങളോടുകൂടിയ വന്ധ്യത ക്ലിനിക്കുകൾ ഘട്ടം ഘട്ടമായി ആരംഭിക്കുന്നതിനും ഉദ്ദേശിച്ചിരിക്കുന്നു. മേൽപറഞ്ഞ പ്രവർത്തികൾക്കായി 2025-26-ൽ 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**20. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

2025-26-ൽ 1000.00 ലക്ഷം രൂപ ആരോഗ്യ വകുപ്പിന് കീഴിലുള്ള ജില്ലാ ആശുപത്രികൾക്കും താലൂക്ക് ആശുപത്രികൾക്കും, ജനറൽ ആശുപത്രികൾക്കും, സ്പെഷ്യലിറ്റി ആശുപത്രികൾക്കും, പരിശീലന സ്ഥാപനങ്ങൾക്കും, ഡയറക്ടറേറ്റ്, ഡി.എം.ഒ ഓഫീസുകൾ എന്നിവക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഒരു ആസൂത്രിത പദ്ധതിയ്ക്കായി നീക്കിവച്ചിരിക്കുന്നു. നേരത്തെ നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം |
|---|---|
| 1 | ഡി.എച്ച്.എസ് ഓഫീസിന് പുതിയ ബ്ലോക്ക് |
| 2 | വയനാട് ഡി.എം.ഒ ഓഫീസിന് നിർമാണം |
| 3 | തലശ്ശേരി ജനറൽ ആശുപത്രി മാറ്റി സ്ഥാപിക്കുന്നതിന് |
| 4 | ഡിഎച്ച്എസിന് കീഴിലുള്ള ഉയർന്ന ഉദ്യോഗസ്ഥർക്കായി ഫ്ലാറ്റ് മാതൃകയിലുള്ള അപ്പാർട്ട്മെന്റ് |

**21. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ഡ്രഗ്ഗ് സ്റ്റോറുകളുടെ ആധുനികവൽക്കരണം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

മരുന്നുകൾകൈകാര്യം ചെയ്യുന്ന പ്രക്രിയയിലെ ഒരു പ്രധാന ഘടകമാണ് മരുന്നു സൂക്ഷിച്ചുവയ്ക്കൽ. ശരിയായ രീതിയിൽ മരുന്നുകൾ സൂക്ഷിക്കുന്നതുമൂലം അവ ചീത്തയാകുന്നതും മലിനമാക്കുന്നതും വികലമായി അണുബാധയേൽക്കുന്നതും തടയുന്നതിനും മോഷണം, നഷ്ടപ്പെടൽ മുതലായവ മൂലമുള്ള നഷ്ടം ഒഴിവാക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നു. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ സൂക്ഷിച്ചുവച്ചാൽ മാത്രമേ മരുന്നുകളുടെ യഥാർത്ഥ ഗുണനിലവാരം ഉറപ്പാക്കാൻ കഴിയൂ. ശരിയായ രീതിയിൽ സൂക്ഷിക്കാത്ത മരുന്നുകൾക്ക് രോഗം ശമിപ്പിക്കൽശേഷി കുറയും. മരുന്നുകൾ മാനദണ്ഡങ്ങൾക്കനുസരിച്ച് സൂക്ഷിക്കുന്നതിന് ആശുപത്രികൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഘട്ടം ഘട്ടമായി എല്ലാ സ്ഥാപനങ്ങളിലെയും മരുന്ന് സ്റ്റോറുകൾ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി 2025-26-ൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

**22. നഴ്സിംഗ് സേവനം ശക്തിപ്പെടുത്തൽ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ആരോഗ്യ സംരക്ഷണ സംവിധാനത്തിലെ ഏറ്റവും കൂടുതലുള്ള വിഭാഗമാണ് നഴ്സ്. ആരോഗ്യ സേവന മേഖലയിൽ നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റന്റ്, സീനിയർ നഴ്സിംഗ് ഓഫീസർ, ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട്/നഴ്സിംഗ് സൂപ്രണ്ട്, ചീഫ് നഴ്സിംഗ് ഓഫീസർ, ജില്ലാ നഴ്സിംഗ് ഓഫീസർ എന്നിങ്ങനെ ജോലി ചെയ്യുന്നു. ഇവർ ഉദ്യോഗക്കയറ്റം മുഖേന മേൽപ്പറഞ്ഞ തസ്തികകളിൽ ജോലി ചെയ്യുകയും ഉദ്യോഗക്കയറ്റത്തിന് മുൻപ് ഭരണപരമോ, കൃത്യനിർവ്വഹണപരമായോ ആയ പരിശീലനം ലഭിച്ചിട്ടില്ലാത്തവരുമാണ്. പുതിയ അറിവുകളും നൈപുണ്യവും, തുടർവിദ്യാഭ്യാസ പദ്ധതികൾ, ജോലിക്കിടക്കുള്ള പരിശീലനം, സാങ്കേതികവും ഭരണപരവുമായ പരിശീലനങ്ങൾ സവിശേഷ വിഭാഗങ്ങളായ ഗൈനക്കോളജി ആന്റ് ഒബ്സ്റ്റട്രിക്സ്, നവജാത ശിശു പരിചരണം, കാർഡിയാക് കത്തീറ്ററൈസേഷൻ, തീവ്രപരിചരണ യൂണിറ്റിലെ രോഗികളുടെ പരിചരണം, നെഫ്രോളജി എന്നിവയിൽ അറിവും നൈപുണ്യവും വർദ്ധിപ്പിച്ചുകൊണ്ട് നഴ്സിംഗ് സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു മാനവവിഭവശേഷി വികസന പദ്ധതിയാണിത്. നഴ്സിംഗ് കൗൺസിൽ നിയമമനുസരിച്ച് ഓരോ 5 വർഷത്തിലും നഴ്സിംഗ് രജിസ്ട്രേഷൻ പുതുക്കേണ്ടതും ഇക്കാലയളവിൽ 150 മണിക്കൂർ ഇൻ-സർവ്വീസ് പരിശീലനം നേടിയിരിക്കേണ്ടതുമാണ്. 2025-26-ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- നഴ്സിംഗ് ഓഫീസർമാരുടെ പ്രവേശന പരിശീലനം

- സീനിയർ നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് സൂപ്രണ്ട്, നഴ്സിംഗ് സ്കൂളുകളിലെ പ്രിൻസിപ്പൽ എന്നിവർക്ക് ഭരണ നിർവ്വഹണ പരിശീലനം
- നഴ്സസ്, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റന്റ്മാരുടെ ഇൻ സർവീസ് ട്രെയിനിംഗ്
- ഏറ്റവും നല്ല നഴ്സിംഗ് ഓഫീസർക്കുള്ള അവാർഡ്

**23. എല്ലാ സർക്കാർ ആശുപത്രികളിലും ഖര ദ്രവ മാലിന്യ നിയന്ത്രണം**

**(വിഹിതം: 300.00 ലക്ഷം രൂപ)**

സർക്കാർ ആശുപത്രികൾ പരിസ്ഥിതി സൗഹാർദ്ദ രീതിയിൽ പരിപാലിക്കുന്നതിന് ചിട്ടയോടുകൂടിയതും ശാസ്ത്രീയവുമായ ഖര/ജല മാലിന്യ നിയന്ത്രണം വളരെ അനിവാര്യമാണ്. മലിനീകരണ നിയന്ത്രണ ബോർഡും ശുചിത്വ മിഷനും ആയി കൂടിയാലോചിച്ച് എല്ലാ ആശുപത്രികളിലും കൃത്യമായും ചിട്ടയോടുംകൂടി ഖര ജല മാലിന്യ നിയന്ത്രണം വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. മലിനജല സംസ്കരണ പ്ലാന്റുകൾ, ഇൻസിനറേറ്ററുകൾ, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ, കളർ കോഡ് അനുസരിച്ച് മാലിന്യം വേർതിരിക്കുന്നത് എന്നിവ പദ്ധതിയിൽ ഉൾപ്പെടുന്നു. 2025-26-ൽ എല്ലാ പ്രധാന ആശുപത്രികളിലും പദ്ധതി നടപ്പിലാക്കുന്നതിനും കൃത്യമായി പ്രവർത്തനം ഉറപ്പാക്കുന്നതിന് പ്ലാന്റുകളുടെ വാർഷിക അറ്റകുറ്റപ്പണിയും ഉദ്ദേശിച്ചിരിക്കുന്നു. എല്ലാ ആശുപത്രികളിലും പദ്ധതി ഘട്ടം ഘട്ടമായി വ്യാപിപ്പിക്കും. 2025-26-ൽ 300.00 ലക്ഷം രൂപ പദ്ധതിയ്ക്ക് വകയിരുത്തിയിരിക്കുന്നു.

**24. ഗോത്ര-തീരദേശ-ഒറ്റപ്പെട്ട പ്രദേശങ്ങളിലെ ആരോഗ്യ പരിചരണ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ വികസിപ്പിക്കൽ**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

ആരോഗ്യ മേഖലയിൽ കേരളം സുപ്രധാന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും ഈ നേട്ടങ്ങൾ സംസ്ഥാനത്തുടനീളം സമാനമല്ല. ഗോത്ര വിഭാഗത്തിലും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലും ആരോഗ്യ സൂചകങ്ങൾ പൊതുവിഭാഗത്തിലെ ജനവിഭാഗങ്ങളെക്കാൾ വളരെ താഴ്ന്ന നിലവാരത്തിലാണ്. കൂടാതെ ഈ പ്രദേശങ്ങളിൽ ലഭ്യമായ ആരോഗ്യ സുരക്ഷാ സൗകര്യങ്ങൾ താരതമ്യേന കുറവാണ്. അതിനാൽ ഈ പ്രദേശങ്ങളിലെ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ, മറ്റു സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. ഇ-ഹെൽത്തിനു കീഴിൽ ട്രൈബൽ ഹെൽത്ത് ഡാഷ്ബോർഡ് വികസിപ്പിക്കുന്നതിനും ആദിവാസി മേഖലകളിലും തീരപ്രദേശങ്ങളിലും മെഡിക്കൽ ക്യാമ്പുകൾ, ഡി-അഡിക്ഷൻ സെന്ററുകൾ എന്നിവക്കുള്ള തുകയും ഇതിൽ ഉൾപ്പെടുന്നു. 2025-26-ൽ 1000.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് വകയിരുത്തിയിരിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്ക് കീഴിലുള്ള പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ പ്രത്യേക പദ്ധതികൾക്കായുള്ള പൂൾഡ് ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതത്തിനായും ഈ തുക വിനിയോഗിക്കാവുന്നതാണ്.

**25. ആരോഗ്യ സേവന വകുപ്പിന്റെ നവീകരണം**

**(വിഹിതം: 800.00 ലക്ഷം രൂപ)**

ആരോഗ്യ സേവന വകുപ്പിന്റെ നവീകരണത്തിന് 2025-26 കാലയളവിൽ 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഫർണിച്ചർ, കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, ഫോട്ടോകോപ്പി മെഷീൻ, സ്കാനർ, ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം, വാർഷിക അറ്റകുറ്റപ്പണി കരാർ, ഡി.എച്ച്.എസ് ഓഫീസിന്റെയും ഡി.എച്ച്.എസ് നു കീഴിലുള്ള ഓഫീസുകളുടെയും നവീകരണവും അടിസ്ഥാനസൗകര്യവികസനവും, ലഘു പ്രവർത്തികൾ/അറ്റകുറ്റപ്പണികൾ, അഡ്മിനിസ്ട്രേറ്റീവ്/ മാനേജ്മെന്റ് പരിശീലനം, ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തൽ, വർക്ക്ഷോപ്പ്, പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കൽ, മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, പദ്ധതി നിരീക്ഷണം, അവലോകനം, വിലയിരുത്തൽ, രേഖകൾ തയ്യാറാക്കൽ എന്നിവയാണ് നിർദ്ദേശിച്ചിരിക്കുന്നത്.

**26. കേരള എമർജൻസി മെഡിക്കൽസർവ്വീസസ് പ്രോജക്റ്റ് (108 ആംബുലൻസ്)**

**(വിഹിതം: 8000.00 ലക്ഷം രൂപ)**

റോഡ് അപകടത്തിനിരയായവർക്കും മറ്റ് അത്യാഹിതം സംഭവിച്ചവർക്കും കേരള എമർജൻസി മെഡിക്കൽസർവ്വീസ് സമയോചിതമായി വൈദ്യസഹായം നൽകുന്നു. സമയോചിതമായി ആംബുലൻസ് സേവനം ലഭ്യമാക്കുക വഴി റോഡ് അപകടങ്ങൾ മൂലമുള്ള രോഗനിരക്കും മരണ നിരക്കും കുറയ്ക്കുവാൻ കഴിയും. കനിവ് എന്ന ഈ പദ്ധതി മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്നു. 2025-26-ൽ 8000.00 ലക്ഷം രൂപ 335 അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളുടെ പ്രവർത്തന ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്നു. അധിക തുക

എൻഎച്ച്എം ഫണ്ടിൽ നിന്ന് കണ്ടെത്തുന്നതാണ്. ഇ.എ.പി. യുടെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

### 27. സ്കൂൾ ഹെൽത്ത് ആൻഡ് വെൽനസ് പ്രോഗ്രാം

**(വിഹിതം: 310.00 ലക്ഷം രൂപ)**

ആയുഷ്മാൻ ഭാരത് സ്കൂൾ ഹെൽത്ത് ആൻഡ് വെൽനസ് പ്രോഗ്രാം (എസ്.എച്ച്.ഡബ്ല്യൂ.പി.) രാജ്യത്തുടനീളമുള്ള എല്ലാ സംസ്ഥാനങ്ങളിലും നിർബന്ധിത ഘടകമായി നടപ്പിലാക്കേണ്ട ഒരു ദേശീയ പരിപാടിയാണ്. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഇത് ആരംഭിക്കും. എല്ലാ ആഴ്ചയും ഹെൽത്ത് ആന്റ് വെൽനസ് അംബാസഡർമാർ (നോഡൽ ടീച്ചർമാർ) നൽകുന്ന ആരോഗ്യ ബോധവൽക്കരണ സെഷനുകൾ, എല്ലാ വിദ്യാർത്ഥികളുടെയും സാർവത്രിക ആരോഗ്യ പരിശോധന, ഇലക്ട്രോണിക് ഡാറ്റാബേസ് സൃഷ്ടിക്കൽ, സേവനങ്ങൾ നൽകൽ, അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രഥമ ശുശ്രൂഷാ ശേഷി മെച്ചപ്പെടുത്തൽ എന്നീ ഘടകങ്ങൾ ഈ പ്രോഗ്രാമിൽ ഉൾപ്പെടുന്നു. വിദ്യാർത്ഥികളെ ക്ലാസ് ടീച്ചർമാരുടെ സഹായത്തോടെ ആർബിഎസ്കെ നഴ്സുമാർ പരിശോധിക്കുകയും കണ്ടെത്തുന്ന പ്രശ്നങ്ങൾ വിദഗ്ധ ചികിത്സയ്ക്കായി പ്രദേശത്തെ പിഎച്ച്സി അല്ലെങ്കിൽ ഉയർന്ന തലത്തിലുള്ള ആശുപത്രിയിലേക്ക് റഫർ ചെയ്യുകയും ചെയ്യും. പി.എച്ച്.സി മെഡിക്കൽ ഓഫീസർ ഉൾപ്പെടുന്ന പി.എച്ച്.സി യുടെ ആരോഗ്യ സംഘം സ്കൂളുകൾ സന്ദർശിക്കും. പ്രോഗ്രാമിന് കീഴിൽ വരേണ്ട മൊത്തം വിദ്യാർത്ഥികളുടെ എണ്ണം ഏകദേശം 60 ലക്ഷമാണ്. സംസ്ഥാനത്ത് എൽപി, യുപി, എച്ച്എസ്, എച്ച്എസ്എസ് എന്നിവയുൾപ്പെടെ 16240 സ്കൂളുകൾ ഇതിൽ ഉൾപ്പെടുന്നു. ഇതിൽ, 2025-26 സാമ്പത്തിക വർഷത്തിൽ എൽപി സ്കൂളുകളുടെ 50 ശതമാനം കവറേജ് എൻഎച്ച്എം പിഐപി പ്രകാരം ഉൾപ്പെടും. യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് എന്നിവയുൾപ്പെടെ പന്ത്രണ്ടാം ക്ലാസ് വരെയുള്ള ശേഷിക്കുന്ന വിഭാഗങ്ങൾ സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു. സ്കൂൾ ഹെൽത്ത് ആന്റ് വെൽനസ് പ്രോഗ്രാമിന്റെ സുഗമമായ നടത്തിപ്പിനായി 2025-26 കാലയളവിൽ 310.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 28. ആരോഗ്യ സേവനങ്ങളിലെ ഗവേഷണം

**(വിഹിതം: 50.00 ലക്ഷം രൂപ)**

നല്ല പൊതുജനാരോഗ്യ സമ്പ്രദായത്തിന്റെ അടിത്തറയാണ് ഗവേഷണം. വിവരാധിഷ്ഠിതമായി തീരുമാനങ്ങൾ എടുക്കുന്നതിനും ഫലപ്രദമായ ചികിത്സക്കും ആത്യന്തികമായി സമൂഹത്തിന്റെയും ജനങ്ങളുടെയും ആരോഗ്യവും ക്ഷേമവും മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ അറിവും തെളിവുകളും ഇത് നൽകുന്നു. തെളിവുകൾ അടിസ്ഥാനമാക്കിയുള്ള തീരുമാനങ്ങൾ എടുക്കുന്നതിന് ആരോഗ്യ വകുപ്പിലെ ഗവേഷണം അത്യന്താപേക്ഷിതമാണ് കൂടാതെ രോഗം തടയുന്നതിനും നിയന്ത്രിക്കുന്നതിനും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നല്ല ആരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിനും എന്തൊക്കെ ഇടപെടലുകളും തന്ത്രങ്ങളും ഫലപ്രദമാണെന്ന് നിർണ്ണയിക്കാൻ ആരോഗ്യ വകുപ്പിനെ സഹായിക്കുന്നു. അസമത്വം പരിഹരിക്കുന്നതിനും തുല്യത ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ വികസിപ്പിക്കുന്നതിനും ആരോഗ്യവകുപ്പിന് ഗവേഷണ ഫലങ്ങൾ ഉപയോഗിക്കാം. ആരോഗ്യ ഗവേഷണം ആരോഗ്യ സംരക്ഷണ നവീകരണത്തിന് ഇന്ധനം നൽകുകയും പുതിയ ചികിത്സാരീതികൾ, മരുന്നുകൾ, വാക്സിനുകൾ, മെഡിക്കൽ സാങ്കേതികവിദ്യകൾ എന്നിവയുടെ വികസനത്തിന് കാരണമാകുകയും രോഗികളുടെ പരിചരണവും ഫലങ്ങളും വർദ്ധിപ്പിക്കുകയും ചെയ്യും. ഡിഎച്ച്എസ്-നുള്ളിലെ ഗവേഷണ സംരംഭങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവയുമായി സഹകരിച്ച് ഗവേഷണം നടത്തുന്നതിനുമായി 2025-26 കാലയളവിൽ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 29. ഡി.എച്ച്.എസിന് കീഴിലുള്ള ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളിൽ കോഡ് ഗ്രേ പ്രോട്ടോക്കോൾ

**(വിഹിതം: 200.00 ലക്ഷം രൂപ)**

രോഗികളുടെ സുരക്ഷിതത്വത്തിലും ക്ഷേമത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് ആരോഗ്യ പ്രവർത്തകർക്ക് ഭയമില്ലാതെ സമാധാനപരമായി പ്രവർത്തിക്കാൻ കഴിയുന്ന ശാന്തവും സമാധാനപരവുമായ അന്തരീക്ഷം ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾക്ക് ഉണ്ടായിരിക്കണം. ആരോഗ്യ പരിപാലന കേന്ദ്രങ്ങളിലെ അക്രമം രോഗികളുടെ സുരക്ഷയിൽ വിട്ടുവീഴ്ച ചെയ്യുക മാത്രമല്ല, ആരോഗ്യ പ്രവർത്തകരുടെ മനോവീര്യത്തെയും ക്ഷേമത്തെയും ബാധിക്കുകയും ചെയ്യുന്നു. അക്രമത്തിന്റെ ഭീഷണി നിരന്തരം നേരിടുകയാണെങ്കിൽ ഒരു വ്യക്തിക്കും ആത്മവിശ്വാസത്തോടെ പ്രവർത്തിക്കാൻ കഴിയില്ല. ഹെൽത്ത് കെയർ സംവിധാനങ്ങളിൽ അക്രമ കേസുകൾ വർദ്ധിച്ചുവരുന്നതിനാൽ ആരോഗ്യ പ്രവർത്തകരെ സംരക്ഷിക്കുന്നതിന് സമഗ്രമായ ഒരു പ്രോട്ടോക്കോൾ നടപ്പിലാക്കേണ്ടതുണ്ട്. സുരക്ഷാ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം

ചെയ്യുന്നതിന് കേരള ഹെൽത്ത് സർവീസ് സിസ്റ്റത്തിന് കീഴിലുള്ള ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളിൽ ഒരു 'കോഡ് ഗ്രേ' പ്രോട്ടോക്കോൾ നടപ്പിലാക്കേണ്ടതുണ്ട്. പബ്ലിക് അഡ്രസിങ് സംവിധാനങ്ങൾ, സിസിടിവി ക്യാമറകൾ, അലാറങ്ങൾ, വാക്കി ടാക്കീസ് തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുക, മോക്ക് ഡ്രില്ലുകൾ നടത്തുക, പരിശീലനവും ലോൺ വർക്കർ പോളിസിയും നടപ്പാക്കലും നിരീക്ഷണവും വിലയിരുത്തലും ആയിരിക്കും ഘടകങ്ങൾ. വിടവ് വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പ്രധാന ആശുപത്രികളിൽ ഘട്ടം ഘട്ടമായി ഇത് നടപ്പാക്കും. ഡിഎച്ച്എസ്-ന് കീഴിലുള്ള ഹെൽത്ത് കെയർ സ്ഥാപനങ്ങളിൽ കോഡ് ഗ്രേ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനായി 2025-26 കാലയളവിൽ പദ്ധതിക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### ആർദ്രം മിഷൻ

### 30. തിരഞ്ഞെടുത്ത ജില്ലാ ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം വികസിപ്പിക്കൽ

**(വിഹിതം: 500.00 ലക്ഷം രൂപ)**

കേരളത്തിൽ മാറിക്കൊണ്ടിരിക്കുന്ന സാംക്രമിക രോഗങ്ങളുടെയും രോഗാവസ്ഥയുടെയും സാഹചര്യത്തിൽ തിരഞ്ഞെടുത്ത ജില്ല/ജനറൽ ആശുപത്രികളിൽ ഘട്ടംഘട്ടമായി സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ വികസിപ്പിക്കേണ്ടത് ആവശ്യമാണ്. കാർഡിയോളജി, യൂറോളജി, നെഫ്രോളജി, ന്യൂറോളജി, പൾമണോളജി, ഗാസ്ട്രോ മുതലായവയിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നു. വലിയ അറ്റകുറ്റപ്പണികൾ, നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം, ഉപകരണങ്ങൾ, കൺസ്യൂമബിൾസ് എന്നിവ വാങ്ങൽ എന്നിവയാണ് ഉദ്ദേശിച്ചിരിക്കുന്നത്. ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിൽ എം.ആർ.ഐ സ്കാൻ, സി.റ്റി സ്കാൻ, അൾട്രാ സൗണ്ട് മെഷിണറികൾ, ഡിജിറ്റൽ എക്സ് റേ സൗകര്യങ്ങൾ, വെന്റിലേറ്ററുകൾ, സർജ്ജിക്കൽ സൗകര്യങ്ങൾ, മറ്റു രോഗ നിർണ്ണയ സേവനങ്ങൾ എന്നിവയ്ക്കും കൂടി തുക വകയിരുത്തിയിട്ടുണ്ട്. ആർദ്രം ആരോഗ്യ മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള വിഹിതവും ഇതിൽ ഉൾപ്പെടുന്നു. പദ്ധതിക്കായി 2025-26 സാമ്പത്തിക വർഷത്തിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 31. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കൽ

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഒരു കുടുംബ ചികിത്സകന്റെ തലത്തിൽ എല്ലാ അടിസ്ഥാന സ്പെഷ്യാലിറ്റിയിലും ഏറ്റവും അടിസ്ഥാനമായ ആരോഗ്യ സംരക്ഷണം നൽകുന്നതിനാണ് പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രാഥമികാരോഗ്യ പരിചരണങ്ങളിൽ വിദഗ്ധ പരിശീലനത്തിനായി കോഴ്സുകൾ, പ്രത്യേക പരിശീലന പദ്ധതികൾ മുതലായവ വകുപ്പ് ഡോക്ടർമാർക്ക് നൽകും. ഇവ കൂടാതെ അടിസ്ഥാന സൗകര്യവികസനം, ഉപകരണങ്ങൾ എന്നിവയും ആവശ്യമാണ്. എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലേക്കും പദ്ധതി ഘട്ടം ഘട്ടമായി വ്യാപിപ്പിക്കും. ആർദ്രം ആരോഗ്യ മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള വിഹിതവും ഇതിൽ ഉൾപ്പെടുന്നു. ഈ തുക സി.എച്ച്.സി.കൾ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെൻററുകളായി പരിവർത്തനം ചെയ്യാനും ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഉപയോഗിക്കാവുന്നതാണ്. 2025-26 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 50 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

### 32. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കൽ

**(വിഹിതം: 200.00 ലക്ഷം രൂപ)**

പകർച്ചവ്യാധികളുടെ ആവിർഭാവവും പുനരാവിർഭാവവും പകർച്ചേതര രോഗങ്ങൾ വ്യാപകമായിട്ടുള്ളതുമായ ഇക്കാലത്ത് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ അടിസ്ഥാന ലബോറട്ടറി സൗകര്യങ്ങൾ ആവശ്യമാണ്. ചില പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് മുറികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാണെങ്കിലും മറ്റിടങ്ങളിൽ നിലവിലുള്ള മുറികളുടെ നവീകരണമോ പുതിയവയുടെ നിർമ്മാണമോ ആവശ്യമാണ്. എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലേക്കും പദ്ധതി ഘട്ടം ഘട്ടമായി വ്യാപിപ്പിക്കും. ഡി.എച്ച്.എസിന് കീഴിലുള്ള ആശുപത്രികൾ/സി.എച്ച്.സി കൾ /പി.എച്ച് ലാബ് എന്നിവിടങ്ങളിൽ ലബോറട്ടറികൾ ആരംഭിക്കുന്നതിനോ ശക്തിപ്പെടുത്തുന്നതിനോ ഉള്ള തുകയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ആർദ്രം ആരോഗ്യ മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള വിഹിതവും ഇതിൽ ഉൾപ്പെടുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ നിർമ്മാണം, അറ്റകുറ്റപ്പണികൾ, ഉപകരണങ്ങൾ എന്നിവയ്ക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 33. രോഗീ സൗഹൃദ ആശുപത്രി സംരംഭം

**(വിഹിതം: 200.00 ലക്ഷം രൂപ)**

വിവിധ തലത്തിലുള്ള ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ ഘട്ടംഘട്ടമായി ക്രമവൽക്കരിക്കുന്നതിനാണ് രോഗീ സൗഹദ ആശുപത്രി സംരംഭം എന്ന ദൗത്യം. പുറംരോഗികളുടെ വിഭാഗം, കിടത്തി ചികിത്സിക്കപ്പെടുന്ന രോഗികളുടെ വിഭാഗം, പ്രസവമുറി സംവിധാനങ്ങൾ, മരുന്ന് വിതരണ സേവനങ്ങൾ, ലബോറട്ടറി സേവനങ്ങൾ മുതലായവ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. വ്യത്യസ്ത തരത്തിലുള്ള സ്ഥാപനങ്ങളുടെ മാനദണ്ഡങ്ങളും ആശുപത്രികളുടെ സേവന പാതയിൽ വരുത്തേണ്ട മാറ്റങ്ങളും വകുപ്പ് നേരത്തെ തന്നെ ആവിഷ്കരിച്ചിട്ടുണ്ട്. ഒരു സമർത്ഥമായ ആസൂത്രിത പദ്ധതിയുടെ അടിസ്ഥാനത്തിൽ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആർദ്രം ആരോഗ്യ മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള വിഹിതവും ഇതിൽ ഉൾപ്പെടുന്നു. 2025-26-ൽ 200.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

### 34. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ആശുപത്രികളിൽ കാത്ത് ലാബും ഐ.സി.യു വും സ്ഥാപിക്കൽ

**(വിഹിതം: 300.00 ലക്ഷം രൂപ)**

ജനസംഖ്യാ പരിവർത്തനങ്ങളും പകർച്ചവ്യാധികളുമായി ബന്ധപ്പെട്ടുള്ള പരിവർത്തനങ്ങൾ മൂലം ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, ഹൈപ്പർടെൻഷൻ, ഡയബറ്റിസ്, കിഡ്നി രോഗങ്ങൾ, മാനസിക രോഗങ്ങൾ എന്നീ പകർച്ചേതരരോഗങ്ങൾ അടുത്തകാലത്തായി കൂടുതലായി കണ്ടുവരുന്നു. സംക്രമികേതര രോഗ നിയന്ത്രണ പരിപാടി ഇതിനകം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. ഇതിലൂടെ ഹൈപ്പർടെൻഷൻ, പ്രമേഹം തുടങ്ങിയ രോഗങ്ങൾ നേരത്തെ കണ്ടെത്തുകയും ഇതിനുള്ള ചികിൽസ സബ് സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവയിലൂടെ ലഭ്യമാകുന്നതുമാണ്. അതേ സമയം റഫർ ചെയ്യപ്പെടുന്ന നിർദ്ധനരായ രോഗികളുടെ തൃതീയ പരിചരണത്തിനും മുൻഗണന നൽകേണ്ടതുണ്ട്. പ്രധാന ആശുപത്രികളിൽ കാത്ത് ലാബ് ഘട്ടം ഘട്ടമായി നടപ്പിലാക്കും. 2025-26-ൽ കാത്ത് ലാബ്, ഇന്റൻസീവ് കെയർ യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനും നിലവിലുള്ള കാത്ത് ലാബ് യൂണിറ്റുകളുടെയും ഇന്റൻസീവ് കെയർ യൂണിറ്റുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ആർദ്രം മിഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള വിഹിതവും ഇതിൽ ഉൾപ്പെടുന്നു.

### 35. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള പ്രധാന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കൽ

**(വിഹിതം: 1398.00 ലക്ഷം രൂപ)**

വൃക്കകൾ തകരാറിലായി ഡയാലിസിസ് ചികിത്സ ആവശ്യമായ രോഗികളുടെ എണ്ണം വർദ്ധിച്ച് വരികയാണ്. ഡയാലിസിസ് ആവശ്യമുള്ള രോഗികൾ കൂടിവരുന്ന സാഹചര്യത്തിൽ താലൂക്ക് ആശുപത്രികൾ വരെയുള്ള എല്ലാ ആശുപത്രികളിലും ഈ സംവിധാനം ഏർപ്പെടുത്തിവരികയാണ്. നിലവിൽ 105 ഡയാലിസിസ് യൂണിറ്റുകൾ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുണ്ട്. 2025-26-ൽ അടിയന്തിര മരുന്നുകൾ, കൺസ്യൂമബിൾസ്, നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകളിൽ അധിക സംവിധാനങ്ങളായ ചികിത്സാ മുറി, മിനി ഓപ്പറേഷൻ തിയേറ്റർ, അധിക ഡയാലിസിസ് യൂണിറ്റ്, സി.എ.പി.ഡി (കണ്ടിന്യൂവസ് ആംബുലേറ്ററി പെരിറ്റോണിയൽ ഡയാലിസിസ്) യൂണിറ്റുകൾ എന്നിവക്കുമായി 1398.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2025-26-ൽ ഇതുവരെ ഡയാലിസിസ് സൗകര്യമില്ലാത്ത എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കും. കൂടാതെ ഈ സൗകര്യമില്ലാത്ത 25 ജില്ലാ ആസ്ഥാന ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കും. ആർദ്രം മിഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള വിഹിതവും ഇതിൽ ഉൾപ്പെടുന്നു.

### 36. അടിയന്തിര വൈദ്യസഹായം ശക്തിപ്പെടുത്തൽ

**(വിഹിതം: 400.00 ലക്ഷം രൂപ)**

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ, ഹൃദയാഘാതം, സ്ട്രോക്ക്, ആസ്ത്മ, പാമ്പുകടി, പകർച്ചവ്യാധികൾ, അപ്രതീക്ഷിത പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ ആരോഗ്യ സംബന്ധമായ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ ആരോഗ്യ അത്യാഹിതങ്ങൾ കേരളം ഗൗരവമായി കൈകാര്യം ചെയ്യേണ്ടതുണ്ട്. അടിയന്തിര വൈദ്യസഹായം എന്നതിൽ വലിയ തോതിൽ ജനറൽ മെഡിസിൻ, സർജ്ജിക്കൽ സബ് സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള സർജറി എന്നിവ ഉൾപ്പെട്ടിരിക്കുന്നു. എമർജൻസി

മെഡിസിനിൽ നിരവധി സ്പെഷ്യാലിറ്റികളും ഉപസ്പെഷ്യാലിറ്റികളും ഉൾക്കൊള്ളുന്നതിനാൽ ആവശ്യമുള്ളവർക്ക് സമഗ്രവും അടിയന്തിരവുമായ പരിചരണം നൽകുന്നതിന് അത്യാധുനിക സൗകര്യങ്ങളുടെ പിന്തുണയും അടിയന്തിര വൈദ്യ സംഘവും ആവശ്യമാണ്. തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ഉന്നത നിലവാരമുള്ള അടിയന്തിര വൈദ്യ സഹായ സംവിധാനങ്ങൾ സജ്ജമാക്കുന്നതിനും അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിനു വകുപ്പിന് കീഴിലെ മെഡിക്കൽ സംഘങ്ങളുടെ കാര്യശേഷി വികസിപ്പിക്കുന്നതിനും നിലവിലെ പദ്ധതികൊണ്ട് ഉദ്ദേശിച്ചിരിക്കുന്നു. പ്രധാന പാതയ്ക്ക് സമീപം സ്ഥിതി ചെയ്യുന്ന ആശുപത്രികളിൽ പദ്ധതി നടപ്പിലാക്കുന്നതിനും അടിയന്തിര വൈദ്യ സഹായ വിഭാഗത്തിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും 2025-26-ൽ 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ആർദ്രം മിഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള വിഹിതവും ഇതിൽ ഉൾപ്പെടുന്നു. ഇ.എ.പി യുടെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

## സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ

### 37. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ

**(വിഹിതം: 150.00 ലക്ഷം രൂപ)**

കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ എന്ന ഉന്നതതല പരിശീലന കേന്ദ്രം ആരോഗ്യവകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നു. ഇൻസ്റ്റിറ്റ്യൂട്ട്, ഗവേഷണവും കൺസൾട്ടൻസി സേവനങ്ങളും നൽകുകയും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പരിശീലന പരിപാടികൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. ഈ സ്ഥാപനം വിവിധ തരത്തിലുള്ള പരിശീലനങ്ങളായ ഇൻസർവീസ് ട്രെയിനിങ്, നൈപുണ്യവികസനം, പരിശീലകർക്കുള്ള പരിശീലനം എന്നിവ നൽകിവരുന്നു. 2025-26-ൽ 150.00 ലക്ഷം രൂപ തിരുവനന്തപുരം, കോഴിക്കോട് സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും പരിശീലനത്തിനുമായി വകയിരുത്തിയിരിക്കുന്നു.

## പബ്ലിക് സെന്റർ ലബോറട്ടറികൾ

### 38. പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ

**(വിഹിതം: 450.00 ലക്ഷം രൂപ)**

പൊതു-സ്വകാര്യ മേഖലയിൽനിന്നുമുള്ള രോഗികളുടെ രോഗനിർണ്ണയ ആവശ്യങ്ങൾ പബ്ലിക് ഹെൽത്ത് ലബോറട്ടറി നിറവേറ്റുന്നു. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറി ബയോ മെഡിക്കൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിലെ മാർഗ്ഗദർശിയാണ്. റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി എറണാകുളത്തും, കോഴിക്കോട്ടും കണ്ണൂരും പത്തനംതിട്ടയും പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ കൊല്ലം, മലപ്പുറം, വയനാട്, കാസർഗോഡ്, ആലപ്പുഴ ജില്ലകളിൽ ജില്ലാ പബ്ലിക് ഹെൽത്ത് ലബോറട്ടറിയും പ്രവർത്തിച്ചുവരുന്നു. ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും പിഎച്ച് ലാബുകൾ സ്ഥാപിക്കും. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ പ്രതിദിനം 3500-ഓളം ടെസ്റ്റുകൾ നടത്തിവരുന്നു. അതുപോലെ റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിലും 1500-ഓളം ടെസ്റ്റുകൾ നടത്തിവരുന്നു. ജില്ലാ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ സാംക്രമിക രോഗങ്ങളുടെ പരിശോധനക്കും റിപ്പോർട്ടിംഗിനും സഹായിക്കുന്നു. 2025-26-ൽ 450.00 ലക്ഷം രൂപ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിൽ നിത്യോപയോഗത്തിനുള്ള റീ ഏജന്റുകൾ, മറ്റുപഭോഗ വസ്തുക്കൾ, വിവിധ ഉപകരണങ്ങൾ, ടെസ്റ്റ് കിറ്റുകൾ, റേഡിയോ ഇമ്മ്യൂണോ അസ്സെ ടെസ്റ്റ് കിറ്റുകൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനും വാർഷിക അറ്റകുറ്റപ്പണികൾക്കും എൻ.എ.ബി.എച്ച് അക്രഡിറ്റേഷനും മൈനർ വർക്കുകൾക്കും മറ്റു ചെലവുകൾക്കുമായും നീക്കിവച്ചിട്ടുണ്ട്.

### 39. ന്യൂ ബോൺ സ്ക്രീനിംഗ് പ്രോഗ്രാം

**(വിഹിതം: 240.00 ലക്ഷം രൂപ)**

വൈകല്യങ്ങൾ നേരത്തേ കണ്ടെത്തുന്നതിനായി കേരളത്തിലെ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിൽ ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി മുഖേന ജന്മനാലുള്ള സാധാരണ തകരാറുകളായ കൺജനിറ്റിൽ ഹൈപ്പോതൈറോഡിസം, കൺജനിറ്റൽ അഡ്രിനൽ ഹൈപ്പർപ്ലാസിയ, ജി-6പി.ഡി ഡഫിഷ്യൻസി, ഗാലക്ടോസെമിയ എന്നീ രോഗങ്ങൾ കണ്ടുപിടിക്കാൻ സഹായിക്കുന്നു. പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലും പ്രസ്തുത പദ്ധതിയുടെ തുടർ നടത്തിപ്പിനായി 2025-26-ൽ 240.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

## ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ന്യൂറോസയൻസ് (ഐക്കോൺസ്)

**40. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ന്യൂറോസയൻസ് (ഐക്കോൺസ്)/ സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡർ (എസ്.ആർ.സി.സി.ഡി)**

**(വിഹിതം: 734.00 ലക്ഷം രൂപ)**

1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ് സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്-ഓർഡർ (എസ്.ആർ.സി.സി.ഡി). ഈ സൊസൈറ്റിക്ക് കീഴിലുള്ള സ്ഥാപനത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ന്യൂറോ സയൻസ് (ഐകോൺസ്) എന്ന് നാമകരണം ചെയ്തിരിക്കുന്നു. പ്രസ്തുത സ്ഥാപനം വൈജ്ഞാനിക ആശയവിനിമയ വൈകല്യമുള്ള എല്ലാ പ്രായക്കാരെയും ശൈശവം മുതൽ വാർദ്ധക്യം വരെ ചികിത്സിക്കുന്നതിനായി പ്രവർത്തിക്കുന്നു. ഇതിന് തിരുവനന്തപുരത്തും ഷൊർണ്ണൂരുമായി രണ്ടു സെന്ററുകളുണ്ട്. 2025-26-ൽ 734.00 ലക്ഷം രൂപ സൊസൈറ്റിക്ക് ഗ്രാന്റ് ഇൻ എയ്ഡായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് നീക്കിവച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം |
|---|---|
| 1 | ഐക്കൺസ് തിരുവനന്തപുരം, ഷൊർണൂർ എന്നിവിടങ്ങളിലെ കാമ്പസ് വികസനം |
| 2 | ഉപകരണങ്ങളുടെയും ഉപഭോഗവസ്തുക്കളുടെയും പരിപാലനം/വാങ്ങൽ, എഎംസി |
| 3 | ഫർണിച്ചറുകൾ, ലൈബ്രറി പുസ്തകങ്ങൾ, അധ്യാപന സഹായികൾ എന്നിവ വാങ്ങുക |
| 4 | ലഘു പ്രവർത്തികൾ, അറ്റകുറ്റപ്പണികൾ |
| 5 | ന്യൂറോ മെറ്റബോളിക് ആൻഡ് ജനറ്റിക് ലാബ് |
| 6 | ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ |
| 7 | ആർഐഡിഎഫ് നബാർഡ് അസിസ്റ്റൻസിന്റെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനും മേൽ പറഞ്ഞ തുക വിനിയോഗിക്കാവുന്നതാണ് |
| 8 | സിസിടിവി നിരീക്ഷണം |

## കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ (കെ-സിഡിസി)

**41. കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആന്റ് പ്രിവൻഷൻ (കെ-സിഡിസി)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ തെളിവുകൾ അടിസ്ഥാനമാക്കിയുള്ള നയ സമന്വയത്തിലെ വിടവുകൾ കെ-സിഡിസി പരിഹരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, ബ്ലോക്ക് ചെയിൻ, ബിഗ് ഡാറ്റ അനലിറ്റിക്സ്, ഹെൽത്ത് ടെക്നോളജി അസസ്മെന്റ് തുടങ്ങിയ സാങ്കേതികവിദ്യകളിലൂടെ ആരോഗ്യ വിവരശേഖരണത്തിൽ നിന്നും നിരീക്ഷണത്തിൽ നിന്നും തെളിവുകൾ സൃഷ്ടിക്കും. ലോകമെമ്പാടുമുള്ള പുതിയ കണ്ടെത്തലുകളും മികച്ച സമ്പ്രദായങ്ങളും സംസ്ഥാനത്തെ പൊതുജനാരോഗ്യം ഉൾപ്പെടെ എല്ലാ ആരോഗ്യ പരിപാലന മേഖലകളിലെയും നവീകരണത്തിനും വികസനത്തിനുമായി ബന്ധിപ്പിക്കുന്ന വിദഗ്ധസംഘമായി കെ-സിഡിസി പ്രവർത്തിക്കും. പകർച്ചവ്യാധി നിയന്ത്രണം, രോഗ പ്രതിരോധം, ആരോഗ്യ സംരക്ഷണം എന്നിവയിൽ മറ്റ് സംസ്ഥാനങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റുന്ന ദേശീയ പ്രാധാന്യമുള്ള കേന്ദ്രമായി കെ-സിഡിസി മാറും. ഒരു കോ-ഓർഡിനേറ്റർ, ഫെസിലിറ്റേറ്റർ, മെന്റർ സ്ഥാപനം എന്നീ നിലകളിൽ കെ-സിഡിസി മറ്റ് സ്ഥാപനങ്ങളുമായും സർവ്വകലാശാലകളുമായും ചേർന്ന് പ്രവർത്തിക്കുകയുംചെയ്യും. കെ-സിഡിസി ഹബ് ആന്റ് സ്പോക്ക് മോഡലിൽ പ്രവർത്തിക്കും. 2025-26 കാലയളവിൽ അടിസ്ഥാന

സൗകര്യങ്ങൾ, പരിശീലനം, ശില്പശാല, പകർച്ചവ്യാധി പ്രവചന സൗകര്യം, ഗവേഷണ പദ്ധതികൾ എന്നിവയുടെ സജ്ജീകരണങ്ങൾക്കായി 100.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

## നാഷണൽ ഹെൽത്ത് മിഷൻ

### 42. ദേശീയ ആരോഗ്യ ദൗത്യം (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 46520.00 ലക്ഷം രൂപ)**

ഭാരത സർക്കാരിലെ ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന്റെ പദ്ധതിയായ നാഷണൽ ഹെൽത്ത് മിഷൻ നടപ്പിലാക്കുന്നതിനുള്ള പ്രോഗ്രാം നടപ്പിലാക്കാൻ പ്ലാൻ പ്രകാരം സംസ്ഥാനങ്ങൾക്കായി അഞ്ച് ധനസഹായ ഘടകങ്ങൾ ഉണ്ട്. ഇവ താഴെ പറയുന്നു.

i. എൻ.ആർ.എച്ച്.എം/ആർ.സി.എച്ച് ഫ്ലക്സിപൂൾ

ii. എൻ.യു.എച്ച്.എം ഫ്ളക്സിപൂൾ

iii. സാംക്രമിക രോഗങ്ങൾക്കുള്ള ഫ്ളക്സിപൂൾ

iv. സാംക്രമികേതര രോഗങ്ങൾ, അപകടങ്ങൾ, അടിയന്തിര വൈദ്യസഹായം എന്നിവയ്ക്കുള്ള ഫ്ളക്സിപൂൾ

v. ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ്

ഫാമിലി വെൽഫെയർ പ്രോഗ്രാമിന്റെ ഘടകങ്ങൾ ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നാഷണൽ റൂറൽഹെൽത്ത് മിഷനും നാഷണൽ അർബൻ ഹെൽത്ത് മിഷനും നാഷണൽ ഹെൽത്ത് മിഷന്റെ രണ്ട് ഉപഘടകങ്ങളാണ്. കേന്ദ്ര സർക്കാരും കേരള സർക്കാരും 60:40 എന്ന അനുപാതത്തിലാണ് തുക വിനിയോഗിക്കുന്നത്. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക കേന്ദ്ര സർക്കാരിന്റെ പദ്ധതി നടപ്പിലാക്കൽ നിർദ്ദേശങ്ങളനുസരിച്ചും 2025-26 വർഷത്തിലെ കേന്ദ്ര വിഹിതത്തിനനുസരിച്ചും മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ. കേന്ദ്ര വിഹിതം ലഭ്യമാകുന്നതിനനുസരിച്ച് സംസ്ഥാന വിഹിതം അധികമായി ലഭ്യമാക്കുന്നതാണ്. ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് (V) എന്ന ഘടകത്തിന് ഭരണവും നടത്തിപ്പും (സംസ്ഥാന ജില്ലാ തലങ്ങളിൽകുടുംബക്ഷേമ ബ്യൂറോകൾ), സബ് സെന്ററുകൾ, നഗര കുടുംബക്ഷേമ കേന്ദ്രങ്ങൾ, അർബൻ റിവാംബിംഗ് സ്കീം, എ.എൻ.എം/എൽ.എച്ച്.വി ട്രെയിനിംഗ് സ്കൂൾ, ആരോഗ്യ കുടുംബക്ഷേമ ട്രെയിനിംഗ് സെന്റർ, പുരുഷ തൊഴിലാളികളുടെ പരിശീലനം എന്നീ പ്രവർത്തനങ്ങൾക്കാണ് തുക അനുവദിക്കുന്നത്. 2025-26 സാമ്പത്തിക വർഷത്തിൽ 46520.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. ഇതിൽ ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസിൻറെ (കുടുംബക്ഷേമ പരിപാടികൾ) സംസ്ഥാനവിഹിതമായി 10000.00 ലക്ഷം രൂപ ഉൾപ്പെടുന്നു. ആകെ തുകയിൽ 36 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇ.എ.പി. യുടെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

### 43. പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ആരോഗ്യ അടിസ്ഥാനസൗകര്യ മിഷൻ (പി.എം - അഭിം) (40% സംസ്ഥാന വിഹിതം)

**(വിഹിതം: 2500.00 ലക്ഷം രൂപ)**

പി.എം ആയുഷ്മാൻ ഭാരത് ആരോഗ്യ അടിസ്ഥാനസൗകര്യ മിഷൻ കേന്ദ്രമേഖല ഘടകങ്ങളുള്ള ഒരു കേന്ദ്രാവിഷ്കൃതപദ്ധതിയാണ്. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ നിലവിലുള്ള ചട്ടക്കൂടുകളും സ്ഥാപനങ്ങളും സംവിധാനങ്ങളും ഉപയോഗിച്ച് പി.എം.-അഭിം -ന്റെ സിഎസ്എസ് ഘടകങ്ങൾ നടപ്പിലാക്കും. ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം നൽകുന്ന പി.എം.-അഭിം മാർഗ്ഗനിർദ്ദേശങ്ങളും കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുന്ന മറ്റ് മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചായിരിക്കും പരിപാടി/പ്രവർത്തനങ്ങളുടെ നടത്തിപ്പ്. ജില്ലാ സംയോജിത പബ്ലിക് ഹെൽത്ത് ലാബുകൾ, ക്രിട്ടിക്കൽ കെയർ ഹോസ്പിറ്റൽ ബ്ലോക്കുകൾ: [എ) ജില്ലാ ആശുപത്രികളിലെ 100 കിടക്കകളുള്ള ബ്ലോക്കുകൾ, ബി) ജില്ലാ ആശുപത്രികളിൽ 50 കിടക്കകളുള്ള ബ്ലോക്കുകൾ സി) ഗവ. മെഡിക്കൽ കോളേജുകളിൽ 50 കിടക്കകളുള്ള ബ്ലോക്കുകൾ], റൂറൽ-അർബൻ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. കേന്ദ്ര സർക്കാരും കേരള സർക്കാരും 60:40 എന്ന അനുപാതത്തിലാണ് തുക വിനിയോഗിക്കുന്നത്. 2025-26 സാമ്പത്തിക വർഷത്തിൽ 2500.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. കേന്ദ്ര വിഹിതം ലഭ്യമാകുന്നതിനനുസരിച്ച് സംസ്ഥാന വിഹിതം അധികമായി ലഭ്യമാക്കുന്നതാണ്.

## കേരള ഡിജിറ്റൽ ഹെൽത്ത് മിഷൻ

### 44. ഇ-ഹെൽത്ത് പ്രോഗ്രാം

**(വിഹിതം: 2760.00 ലക്ഷം രൂപ)**

ഇ-ഹെൽത്ത് പദ്ധതി എന്നത് വിവര വിനിമയ സാങ്കേതികവിദ്യ ആരോഗ്യ മേഖലയിൽ പ്രയോജനപ്പെടുത്തലാണ്. ഇതിൽ ചികിത്സ, റിസർച്ച്, ആരോഗ്യ പ്രവർത്തകരുടെ ട്രെയിനിംഗ്, രോഗനിർണ്ണയം, പൊതുജനാരോഗ്യം നിരീക്ഷിക്കൽ എന്നിവ ഉൾപ്പെടുത്തുന്നു. കൂടാതെ രോഗിയുടെ രോഗവിവരങ്ങൾ മനസ്സിലാക്കൽ, വിവര വിനിമയം, പ്രാഥമിക-ദ്വിതീയ തൃതീയ മേഖലകൾ തമ്മിലും സ്വകാര്യ പൊതു മേഖലകളും തമ്മിലുള്ള യോജിച്ചുള്ള പ്രവർത്തനം, മെഡിക്കൽ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം, ഇലക്ട്രോണിക് റെഫറൽ സംവിധാനത്തിലൂടെ രോഗിയെ കുറിച്ചുള്ള വിവരങ്ങൾ പ്രാഥമിക മേഖലയിൽനിന്നും ദ്വിതീയ മേഖലയിലെ ചികിത്സകന് തടസ്സമില്ലാതെ എത്തിക്കാൻ കഴിയും, മെഡിക്കൽറിക്കാർഡുകളുടെ ഡിജിറ്റലൈസേഷനും ഇതിൽ ഉൾപ്പെടുന്നുണ്ട്. ഇ-ഹെൽത്ത് വൈജ്ഞാനികവും നിർവ്വഹണാധിഷ്ഠിതവും പരിവർത്തിതവുമാണ്. കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന തുകയുള്ള മാച്ചിംഗ് ഗ്രാന്റായും കേന്ദ്രവിഹിതം ലഭ്യമാകാത്ത ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനും 2025-26-ൽ 2760.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഫണ്ട് റിലീസിന് കീഴിൽ വരാത്ത ഇ-ഗവേണൻസ് പ്രവർത്തനങ്ങളും ഈ തുകയിൽ നിന്ന് കണ്ടെത്താനാകും. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള ഇ-ഹെൽത്ത് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (കേരള ഡിജിറ്റൽ ഹെൽത്ത് മിഷൻ) മുഖേനയാണ് പദ്ധതി നടപ്പാക്കുക.

## സംസ്ഥാന ആരോഗ്യ ഏജൻസി

### 45. ആയുഷ്മാൻ ഭാരത് - പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന (പി.എം-ജെ.എ.വൈ)/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെ.എ.എസ്.പി)

**(വിഹിതം: 70000.00 ലക്ഷം രൂപ)**

കേന്ദ്ര പങ്കാളിത്ത പദ്ധതിയായ ആയുഷ്മാൻ ഭാരത് - ദേശീയ ആരോഗ്യ സംരക്ഷണ പദ്ധതി - പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന (പി.എം-ജെ.എ.വൈ.), പദ്ധതി പ്രകാരം ഒരു കുടുംബത്തിന് 5 ലക്ഷം രൂപയാണ് ഒരു വർഷം പ്രയോജനം ലഭിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് അടിസ്ഥാനമാക്കിയുള്ള 23.98 ലക്ഷം പാവപ്പെട്ട കുടുംബങ്ങളെ നിർദ്ദിഷ്ട പദ്ധതി ലക്ഷ്യമിടുന്നു. കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. ഓരോ കുടുംബത്തിനും കേന്ദ്ര സർക്കാർ നിശ്ചയിച്ച പ്രീമിയം പരിധി 1500 രൂപയാണ്. ഇതിൽ 60% സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി നൽകും. ഇത് എൻറോൾ ചെയ്ത ഓരോ എബി-പി.എം.ജെ.എ.വൈ കുടുംബത്തിനും 900 രൂപയാണ്. 2025-26 കാലയളവിൽ 198.00 കോടി രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

സർക്കാർ സ്പോൺസർ ചെയ്തിരുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതികളായ രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന (ആർ.എസ്.ബി.വൈ), സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (സി.എച്ച്.ഐ.എസ്), ചിസ് പ്ലസ്, സീനിയർ സിറ്റിസൺ ആരോഗ്യ ഇൻഷുറൻസ് (എസ്.സി.എച്ച്.ഐ.എസ്) എന്നിവ ലയിപ്പിച്ച് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കാസ്പ്) എന്ന പേരിൽ ഒരു പുതിയ അഷ്വറൻസ് പദ്ധതി രൂപീകരിച്ചു. ആർ.എസ്.ബി.വൈ കുടുംബങ്ങൾക്ക് (പി.എം-ജെ.എ.വൈ കുടുംബങ്ങൾ) പുറമേ മുഴുവൻ പ്രീമിയവും സംസ്ഥാനം സ്വന്തമായി വഹിക്കുന്ന ചിസ് കുടുംബങ്ങളുണ്ട്. ഇതുൾപ്പെടെ പരിരക്ഷിക്കപ്പെടേണ്ട മൊത്തം കുടുംബങ്ങളുടെ എണ്ണം ഏകദേശം 41.99 ലക്ഷം ആണ്. 2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 70000.00 ലക്ഷം രൂപ കേന്ദ്ര വിഹിതത്തിന് ആനുപാതികമായ 40% സംസ്ഥാന വിഹിതമായും കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടാത്തതും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ കുടുംബങ്ങൾക്കുള്ള വിഹിതമായും വകയിരുത്തിയിട്ടുണ്ട്. ആകെ തുകയിൽ 50 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. കാസ്പ് പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പരിപാടികളും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പിലാക്കി വരുന്നു.

**ആരോഗ്യകിരണം:** ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം മുൻകൈയെടുത്ത് നടത്തുന്ന ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിലുള്ള ദേശീയ ശിശു ആരോഗ്യ പരിപാടി (രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമം) ലക്ഷ്യമിടുന്നത് കുട്ടികളിൽ നേരത്തേയുള്ള രോഗനിർണ്ണയവും പരിചരണവും കൂടാതെ കുട്ടികളിൽ കണ്ടുവരുന്ന 4 അപര്യാപ്തതകൾ നേരത്തെ കണ്ടെത്തി അവ നിയന്ത്രിക്കുകയും ചെയ്യുക എന്നതാണ്. ഇത്തരം അപര്യാപ്തതകളാണ് ജനനവൈകല്യങ്ങൾ, കുട്ടികളിലെ രോഗങ്ങൾ, അപര്യാപ്ത അവസ്ഥയും, വൈകല്യങ്ങൾ ഉൾപ്പെടെ വൈകിയുള്ള വികാസവും. കേരള സർക്കാർ ആരംഭിച്ച

ആരോഗ്യകിരണം പദ്ധതിയിലൂടെ 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ അപകടങ്ങൾ ഉൾപ്പെടെയുള്ള മറ്റ് അസുഖങ്ങൾ, ദേശീയ ശിശുജനാരോഗ്യ പദ്ധതിയിൻകീഴിൽ വരാത്തവയുമുള്ള ചികിത്സാചെലവ് എന്നിവ സർക്കാർ വഹിക്കും. 18 വയസിൽതാഴെയുള്ള കുട്ടികൾക്ക് ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമാകുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെ/മുകളിൽ എന്ന വ്യത്യാസമില്ലാതെ ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

**താലോലം:** ജീവന് ഭീഷണിയായ രോഗം ബാധിച്ച 18 വയസ്സിന് താഴെ പ്രായമുള്ള ചികിത്സാ ചെലവ് താങ്ങാൻ പറ്റാത്ത ദരിദ്ര കുടുംബത്തിൽപ്പെട്ട കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സൗജന്യ ചികിത്സ നൽകുന്നു. ഹൃദയ സംബന്ധമായ തകരാറുകൾ, വൃക്ക തകരാറുകൾ, ഹീമോഫീലിയ, ഗിലിൻബാരി തുടങ്ങിയ രോഗങ്ങൾക്കും, കൂടാതെ, ദീർഘകാല ചികിത്സ ആവശ്യമുള്ള സെറിബ്രൽ പാൾസി, തലസീമിയ, സിക്കിൾസെൽ അനീമിയ തുടങ്ങിയവയ്ക്കും അപകടം മുഖേന ഉണ്ടായ ശസ്ത്രക്രിയയ്ക്കും ചികിത്സ നൽകുന്നു.

**കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാപദ്ധതി:** ഈ പദ്ധതി പ്രകാരം 18 വയസ്സിന് താഴെ ക്യാൻസർ രോഗം ബാധിച്ച കുട്ടികൾക്ക് സൗജന്യമായി ചികിത്സ നൽകി വരുന്നു.

**കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി (ശ്രുതി തരംഗം):** ബാല്യത്തിൽത്തന്നെ കുട്ടികളിലെ ശ്രവണ വൈകല്യം തിരിച്ചറിഞ്ഞാൽ അവരെ പുനരധിവസിപ്പിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണ് കോക്ളിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ. കുട്ടികൾക്ക് കോക്ളിയർ ഇംപ്ളാന്റ് ശസ്ത്രക്രിയ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ വഴി നടത്താനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

മേല്പറഞ്ഞ ഗുണഭോക്താക്കൾക്ക് പുറമെ, കേരളത്തിലെ 40 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ള എല്ലാ വ്യക്തികൾക്കും/ട്രാൻസ്ജെൻഡർ വ്യക്തികൾക്കും കെ.എ.എസ്.പി പദ്ധതിയുടെ കീഴിൽ ആരോഗ്യ പരിരക്ഷ ഉറപ്പ് നൽകുകയും അവർക്ക് ദാരിദ്ര്യരേഖയ്ക്ക് താഴെ/മുകളിൽ എന്ന വ്യത്യാസമില്ലാതെ വ്യക്തിഗത കെ.എ.എസ്.പി ഐഡി കാർഡുകൾ നൽകുകയും ചെയ്യും. അങ്ങനെ അംഗപരിമിതിയുള്ള എല്ലാ വ്യക്തികൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സാർവത്രിക ആരോഗ്യ പരിരക്ഷ നൽകുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. അംഗപരിമിതയുള്ള/ട്രാൻസ്ജെൻഡർ ഗുണഭോക്താവ് ബിപിഎൽ കുടുംബത്തിലെ അംഗമാണെങ്കിൽ മുഴുവൻ കുടുംബത്തെയും കെ.എ.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തും. എസ്.ആർ.എസ്. സർജറി ഈ പദ്ധതിയിൽ ഉൾപ്പെടുന്നില്ല.

കാരുണ്യ ലോട്ടറിയുടെ വിൽപ്പനയിൽ നിന്നുള്ള ഭാഗ്യക്കുറി വകുപ്പിന്റെ സഹായം പ്രയോജനപ്പെടുത്തി സംസ്ഥാന ആരോഗ്യ ഏജൻസി സംസ്ഥാനത്ത് പ്രത്യേകമായി കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ് ) പദ്ധതി നടത്തിവരുന്നു.

## ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ്

### 46.ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി

**(വിഹിതം: 500.00 ലക്ഷം രൂപ)**

ഭഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിൽ എറണാകുളത്തും കോഴിക്കോട്ടുമായി രണ്ട് റീജിണൽ അനലിറ്റിക്കൽ ലബോറട്ടറികളും തിരുവനന്തപുരത്ത് ഒരു ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയും ഉണ്ട്. ജലം, പാൽ, സാധാരണ മായം ചേർക്കുന്ന വസ്തുക്കളായ നിറം, കൃത്രിമ മധുരം, ബാഹ്യവസ്തുക്കൾ, ഫംഗൽ വളർച്ച എന്നിവ ഈ ലബോറട്ടറികളിലൂടെ പരിശോധിക്കുന്നു. പെട്ടെന്ന് ജീർണ്ണിച്ചു പോകുന്ന ഭക്ഷണ ഇനങ്ങൾ ഈ ലബോറട്ടറികളിലൂടെ വിശകലനം നടത്താവുന്നതാണ്. 2025-26-ൽ അനലിസ്റ്റ് ലബോറട്ടറികളുടെ ശക്തിപ്പെടുത്തലിനായി 500.00 ലക്ഷം രൂപ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

- തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, പത്തനംതിട്ട, കോഴിക്കോട് എന്നിവിടങ്ങളിലെ ഫുഡ് ലബോറട്ടറികളുടെ നവീകരണവും പുനരുദ്ധാരണവും
- അനലിറ്റിക്കൽ ഉപകരണങ്ങളും സാമഗ്രികളും വാങ്ങൽ
- കെമിക്കലുകൾ, ഗ്ലാസ് വെയറുകൾ, കൺസ്യൂമബിൾസ്, സ്പെയറുകൾ, റെഫറൻസ് മെറ്റീരിയൽസ്, പുസ്തകങ്ങൾ എന്നിവ വാങ്ങൽ

- ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി കരാർ, ലബോറട്ടറി ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്തൽ, അറ്റകുറ്റപ്പണികൾ, മൈനർ വർക്ക്സ്
- അനലിറ്റിക്കൽ ലബോറട്ടറികളുടെ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ.
- കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, മറ്റ് ഐ.ടി അടിസ്ഥാന സൗകര്യങ്ങളും

**47. ഭക്ഷണവസ്തുക്കളിൽ മായം ചേർക്കൽ തടയലും ഭരണ സംവിധാനവും**

**(വിഹിതം: 604.00 ലക്ഷം രൂപ)**

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട്, 2006 പ്രകാരം ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായാണ് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ സ്ഥാപിതമായിട്ടുള്ളത്. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ശാസ്ത്രീയമായി നിയന്ത്രിക്കുന്നതിനും ഉൽപ്പാദനം ക്രമീകരിക്കുന്നതിനും സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ജനങ്ങളുടെ ഉപയോഗത്തിന് സുരക്ഷിതമായതും കേടുവരാത്തതുമായ ഭക്ഷണ ഇറക്കുമതി ഉറപ്പ വരുത്തുന്നതിനുമാണ് ഈ സ്ഥാപനം ഉദ്ദേശിക്കുന്നത്. ജനങ്ങൾ ഉപയോഗിക്കുന്ന എല്ലാ ഭക്ഷണ സാധനങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുകയാണ് ഈ ഡിപ്പാർട്ടുമെന്റിന്റെ ലക്ഷ്യം. 2025–26–ൽ 604.00 ലക്ഷം രൂപയാണ് പദ്ധതിക്ക് വകയിരുത്തിയിട്ടുള്ളത്. താഴെ പറയുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

- ഓഫീസുകളിലേക്ക് ഫർണിച്ചർ, പുസ്തകങ്ങൾ, ജേർണലുകൾ, കംപ്യൂട്ടറും ഉപകരണങ്ങളും വാങ്ങൽ
- ജില്ലകളിൽ പരിശോധനക്കായി ദ്രുത പരിശോധന ടീം, മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ, ഗവേഷണവും വികാസവും, ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽസംബന്ധിച്ച സർവ്വേയും പഠനവും.
- ഐ.ഇ.സി പ്രവർത്തനങ്ങൾ നടത്തുക, ദൃശ്യമാധ്യമങ്ങളിലൂടെയും, എഫ്.എം ചാനലിലൂടെയും, പ്രിന്റ് മീഡിയയിലൂടെയും തുടർച്ചയായ പരസ്യങ്ങൾ, വിദ്യാലയ ഭക്ഷ്യ സുരക്ഷാ ബോധവൽക്കരണ പരിപാടി, വിവിധ സ്റ്റേക്ക് ഹോൾഡർമാർക്കുള്ള ആരോഗ്യ വിദ്യാഭ്യാസ പരിപാടി, പരിശീലനത്തിനുള്ള സാമഗ്രികൾ എന്നിവ.
- എൻഫോഴ്സ്മെന്റ് വിഭാഗത്തിലും ലബോറട്ടറി വിഭാഗത്തിലേയും ജീവനക്കാർക്ക് പരിശീലനം നൽകൽ
- ഫുഡ് ബിസിനസ് സ്ഥാപനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട സാമ്പിൾ പരിശോധനയ്ക്കായി ഭക്ഷണ സാമ്പിളുകൾ വാങ്ങൽ, സംസ്ഥാന സാമ്പിൾ ലബോറട്ടറികളിൽ ചെയ്യാൻ കഴിയാത്ത ഭക്ഷ്യ സാമ്പിൾ വിശകലനത്തിനുള്ള ഫീസ്
- അറ്റകുറ്റപ്പണികൾ, വാഹനങ്ങൾ വാടകയ്ക്ക് എടുക്കൽ, ആവർത്തനേതര ഓഫീസ് ചെലവുകൾ, വാർഷിക അറ്റകുറ്റപ്പണി കരാർ
- ഫുഡ് സേഫ്റ്റി ഓഫീസുകളുടെ ആധുനീകരണം
- സ്കൂളുകളിലും ഓഫീസുകളിലും സുരക്ഷിതമായ പോഷകാഹാര പരിപാടി, സുരക്ഷിതമായ അടുക്കള പദ്ധതി, പരാതി പരിഹാര സംവിധാനം, ഭക്ഷ്യ ശുചിത്വ റേറ്റിംഗ്-ബ്രാൻഡിംഗ് നടപ്പിലാക്കൽ
- ക്വിക്ക് ഡിറ്റക്ക്ഷൻ കിറ്റുകൾ, ഇ-ഗവേണൻസ്
- സമ്പൂർണ ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്ത് പരിപാടിയും ഭക്ഷ്യ സുരക്ഷാ നഗരം പരിപാടിയും
- ബയോമെട്രിക് പഞ്ചിംഗ് സംവിധാനം

## ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്

**48. ഡ്രഗ്സ് കൺട്രോൾ വകുപ്പ് ശക്തിപ്പെടുത്തൽ**

**(വിഹിതം: 552.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള മരുന്നുകളുടെ ഗുണനിലവാരം മരുന്ന് നിയന്ത്രണ വകുപ്പ് നിയന്ത്രിക്കുന്നു. ഉൽപ്പാദന ലൈസൻസ്, മരുന്നുകളുടെ വിതരണവും വിൽപ്പനയും, വിൽപ്പന കേന്ദ്രങ്ങൾ/ആശുപത്രികൾ/സ്ഥാപനങ്ങളുടെ പരിശോധന, മരുന്നുകളുടെ സാമ്പിളുകളും അവയുടെ പരിശോധനയും, നിയമലംഘനം നടത്തുന്നവർക്കെതിരെയുള്ള നടപടികൾ മുതലായവ ഡ്രഗ്സ് കണ്ട്രോൾ വകുപ്പിന്റെ നിയന്ത്രണ പരിധിയിൽ വരുന്നു. ലഹരി മരുന്നുകളായ മോർഫിൻ, പെത്തഡിൻ മുതലായവ നാർകോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്റ്റ് അനുസരിച്ച് അനുവദിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നത് നിയന്ത്രിച്ചിരിക്കുന്നു. ഒരു പ്രത്യേക

ആയുർവേദ വിഭാഗവും വകുപ്പിന് കീഴിൽ പ്രവർത്തിച്ചവരുന്നു. 2025-26-ൽ എ.എസ്.യു വിംഗ് ഉൾപ്പെടെ ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്മെന്റിന് താഴെപറയുന്ന പ്രവർത്തനങ്ങൾക്കായി 552.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- മെഷിനറികളും ഉപകരണങ്ങളും, കെമിക്കൽസ്, ഗ്ലാസ് വെയറുകൾ എന്നിവ പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, തിരുവനന്തപുരം ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ വാങ്ങുന്നതിന്.
- അറ്റകുറ്റപ്പണികളും, മരാമത്ത് പണികളും
- ഇ-ഗവേണൻസ് - കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ, ഫോട്ടോകോപ്പിയർ എന്നിവ വാങ്ങൽ
- വെബ്സൈറ്റ് വികസനം
- മെഷിനറികളുടെയും ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണി കരാർ
- ഫർണിച്ചർ, റഫറൻസ് പുസ്തകങ്ങൾ എന്നിവ വാങ്ങൽ
- മരുന്ന് സാമ്പിളുകൾ വാങ്ങൽ, വകുപ്പിന് വാഹനങ്ങൾ വാടകയ്ക്ക് എടുക്കൽ
- എ.എസ്.യു വിംഗ് ശക്തിപ്പെടുത്തൽ, പരിശീലന പരിപാടികൾ
- ലബോറട്ടറികളിലേക്കുള്ള എൻ.എ.ബി.എൽ അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട ചെലവുകൾ
- ബയോമെട്രിക് പഞ്ചിംഗ് സംവിധാനം
- പ്രൗഡ് പ്രോജക്റ്റും (ഉപയോഗിക്കാത്ത മരുന്നുകൾ നീക്കം ചെയ്യുന്നതിനുള്ള പ്രോഗ്രാം) ആന്റിമൈക്രോബയൽ പ്രതിരോധത്തിനായുള്ള നിയന്ത്രണ പ്രവർത്തനങ്ങളും നടപ്പിലാക്കൽ

## ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്

### 49. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ്

**(വിഹിതം: 207.00 ലക്ഷം രൂപ)**

ഇ.എസ്.ഐ പദ്ധതിക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 10 ലക്ഷം ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിനായി ആകെ 145 ഇ.എസ്.ഐ ഡിസ്പെൻസറികളും, 9 ഇ.എസ്.ഐ. സംസ്ഥാനതല ആശുപത്രികളും ഉണ്ട്. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ആധുനികവൽകരണം, ബയോമെട്രിക് പഞ്ചിംഗ് സംവിധാനം, ഇ-ഗവേണൻസ്, മരുന്ന് വിതരണത്തിന് സ്റ്റോർ വാൻ, മെഡിക്കൽ-പാരാമെഡിക്കൽ ഉദ്യോഗസ്ഥരുടെ പരിശീലനം എന്നിവയാണ് 2025-26-ൽ ഉദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ. മേൽപറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26-ൽ 207.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്

### 50. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി ശക്തിപ്പെടുത്തൽ

**(വിഹിതം: 500.00 ലക്ഷം രൂപ)**

കേരള സർക്കാരിന്റെ ആഭ്യന്തര വകുപ്പിന്റെ കീഴിലാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നത്. ജുഡീഷ്യറി, എക്സൈസ്, പോലീസ്, മെഡിക്കോ-ലീഗൽ വിദഗ്ധർ എന്നിവർക്ക് നേരിട്ടും അല്ലാതെയും ക്രിമിനൽ കേസുകളുടെ വിചാരണക്കും സഹായിക്കുന്നു. ഈ വകുപ്പ് ക്രിമിനൽ നീതി ഭരണ സംവിധാനത്തിന് ശാസ്ത്രീയ അടിത്തറ നൽകുന്നു. ഉൽസവ കാലങ്ങളിൽ മദ്യ സാമ്പിളുകളിലെ മായം ചേർക്കൽ പരിശോധിക്കുന്നതിന് സഹായിക്കുകയും, ക്രിമിനൽകേസുകളുടെ വസ്തുത പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുകയും വിദഗ്ധാഭിപ്രായം നൽകുകയും ചെയ്യുന്നു. 2025-26 വർഷത്തേക്ക് എൻ.എ.ബി.എൽ അക്രഡിറ്റേഷൻ, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, അനലിറ്റിക്കൽ ഉപകരണങ്ങൾ, കെമിക്കൽസ്, ഗ്ലാസ്വെയർ, മറ്റ് ലബോറട്ടറി ഇനങ്ങൾ, സ്പെയറുകൾ, ഉപഭോഗ വസ്തുക്കൾ എന്നിവ വാങ്ങൽ, അനലിറ്റിക്കൽ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി കരാർ, സിസിടിവി, സിവിൽ & ഇലക്ട്രിക്കൽ ജോലികൾ, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും, മറ്റ് ഐ.ടി സൗകര്യങ്ങൾ, പുസ്തകങ്ങൾ, ഫർണിച്ചറുകൾ, എയർകണ്ടീഷണർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള രാസ പരിശോധന, ടെക്നിക്കൽ ജീവനക്കാർക്കുള്ള പരിശീലനം, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി തിരുവനന്തപുരം പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം ഒന്നാം ഘട്ടം എന്നിവയ്ക്കായി 2025-26-ൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## ആരോഗ്യ വിദ്യാഭ്യാസം

2025-26 ലെ ബജറ്റിൽ മെഡിക്കൽ വിദ്യാഭ്യാസത്തിനായി സംസ്ഥാന പദ്ധതി വിഹിതം 53284.00 ലക്ഷമാണ്. 2025-26 ലെ ഉപമേഖല തിരിച്ചുള്ള മൊത്തം വിഹിതം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | ഉപവിഭാഗത്തിന്റെ/ വകുപ്പിന്റെ പേര് | സംസ്ഥാന പദ്ധതി | 2025-26 ലെ വിഹിതം (രൂപ ലക്ഷത്തിൽ) | | | |
|---|---|---|---|---|---|---|
| | | | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം | ആകെ സംസ്ഥാന വിഹിതം | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം | മൊത്തം പദ്ധതി |
| | ആധുനിക വൈദ്യ ശാസ്ത്രം | | | | | |
| 1 | മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ് | 46124 | | 46124 | | 46124 |
| 2 | ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് | 92 | | 92 | | 92 |
| 3 | മലബാർ ക്യാൻസർ സെന്റർ | 3500 | | 3500 | | 3500 |
| 4 | ചൈൽഡ് ഡവലപ്മെന്റ് സെന്റർ | 258 | | 258 | | 258 |
| 5 | കേരള ആരോഗ്യ സർവ്വകലാശാല | 1150 | | 1150 | | 1150 |
| 6 | കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ | 1800 | | 1800 | | 1800 |
| 7 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോസയൻസസ് (ഇംഹാൻസ് ) | 360 | | 360 | | 360 |
| | **അകെ ആരോഗ്യ വിദ്യാഭ്യാസം** | 53284 | | 53284 | | 53284 |

## മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്

കേരളത്തിൽ 11 മെഡിക്കൽ കോളേജുകളുണ്ട്. 2 എണ്ണം നിർമ്മാണത്തിലിരിക്കുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, മഞ്ചേരി (മലപ്പുറം), ഇടുക്കി, എറണാകുളം, കൊല്ലം, കണ്ണൂർ, തൃശ്ശൂർ, കോന്നി, കാസർഗോഡ്, വയനാട് എന്നീ മെഡിക്കൽ കോളേജുകൾ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിൽവരുന്നു. കൂടാതെ 14 ജില്ലകളിലെയും നഴ്സിംഗ് കോളേജുകൾവഴി നഴ്സിംഗ് വിദ്യാഭ്യാസവും നൽകിവരുന്നു. തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിൽ 6 ദന്തൽകോളേജുകളും പ്രവർത്തിക്കുന്നു. ഇതുകൂടാതെ 4 ഫാർമസി കോളേജുകളും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും ഈ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. ആരോഗ്യ വിദ്യാഭ്യാസ വികസനത്തിനായി 2025-26-ൽ 46124.00 ലക്ഷം രൂപ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് വകയിരുത്തിയിരിക്കുന്നു.

### 51. ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിന്റെ നവീകരണം

**(വിഹിതം: 100.00 ലക്ഷം രൂപ)**

ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നവീകരണത്തിനായി 2025-26-ൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഡി.എം.ഇ യ്ക്ക് കീഴിലുള്ള സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ്, അറ്റകുറ്റപ്പണികൾ, മെഡിക്കൽ കോളേജുകളുടെയും അനുബന്ധ ആശുപത്രികളുടെയും പോരായ്മകൾ പരിഹരിക്കുന്നതിനായി

കൃത്യമായ ഇടവേളകളിൽ  ഒരു വിദഗ്ധ സംഘത്തിന്റെ വിലയിരുത്തൽ, ഡിഎംഇ ഓഫീസിന്റെ നാലാം നിലയിലെ ട്രസ് വർക്ക്, ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തൽ, വർക്ക്ഷോപ്പ്, മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, പദ്ധതി നിരീക്ഷണം, അവലോകനം, വിലയിരുത്തൽ, രേഖകൾ തയ്യാറാക്കൽ എന്നിവയാണ് നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ.

**52. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളുടെ വികസനം**

**(വിഹിതം: 22280.00 ലക്ഷം രൂപ)**

2025-26-ൽ മെഡിക്കൽവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകൾ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, തിരുവനന്തപുരം, കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, തിരുവനന്തപുരം എന്നിവയുടെ വികസനത്തിനായി 22280.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**തുക (രൂപ ലക്ഷത്തിൽ)**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റവന്യൂ | ക്യാപിറ്റൽ | ആകെ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | മെഡിക്കൽകോളേജ്, തിരുവനന്തപുരം | 3100 | | 3100 |
| 2 | മെഡിക്കൽകോളേജ്, കോഴിക്കോട് | 1400 | | 1400 |
| 3 | മെഡിക്കൽകോളേജ്, കോട്ടയം | 1225 | | 1225 |
| 4 | മെഡിക്കൽകോളേജ്, ആലപ്പുഴ | 1500 | 400 | 1900 |
| 5 | മെഡിക്കൽകോളേജ്, തൃശ്ശൂർ | 1300 | | 1300 |
| 6 | മെഡിക്കൽകോളേജ്, മഞ്ചേരി | 938 | 250 | 1188 |
| 7 | മെഡിക്കൽകോളേജ്, ഇടുക്കി | 825 | 500 | 1325 |
| 8 | മെഡിക്കൽകോളേജ്, എറണാകുളം | 1200 | 500 | 1700 |
| 9 | മെഡിക്കൽകോളേജ്,പാരിപ്പള്ളി,കൊല്ലം | 1900 | | 1900 |
| 10 | മെഡിക്കൽകോളേജ്, കോന്നി, പത്തനംതിട്ട | 525 | 300 | 825 |
| 11 | മെഡിക്കൽകോളേജ്, കാസർഗോഡ് | 1580 | 1000 | 2580 |
| 12 | മെഡിക്കൽകോളേജ്, കണ്ണൂർ, പരിയാരം | 1000 | 300 | 1300 |
| 13 | മെഡിക്കൽകോളേജ്, വയനാട് | 1725 | 500 | 2225 |
| 14 | റീജിയണൽഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, തിരുവനന്തപുരം | 290 | | 290 |
| 15 | കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽസയൻസ്, തിരുവനന്തപുരം | 22 | | 22 |
| | **ആകെ** | **18530** | **3750** | **22280** |

**മൂലധനം:-** അടിസ്ഥാന സൗകര്യവികസനം, ഉപകരണങ്ങൾ വാങ്ങൽ, നിർമ്മാണ പ്രവർത്തനങ്ങൾ, നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണം.

**റവന്യൂ:-** മരുന്നുകൾ വാങ്ങൽ, ഉപഭോഗവസ്തുക്കൾ, അറ്റകുറ്റപ്പണികൾ, മൈനർ വർക്സ്, നിലവിലുള്ള മെഷീനുകളുടെ അനുബന്ധ ഭാഗങ്ങൾ, ഗ്ലാസ് വെയർ, റീ ഏജന്റ്സ്, കെമിക്കലുകൾ, മറ്റു പലവക വസ്തുക്കൾ, ലൈബ്രറി ബുക്കുകൾ, ആനുകാലികങ്ങൾ, പഠന ഉപകരണങ്ങൾ, ഫർണിച്ചറുകൾ, അടിയന്തിര വൈദ്യസഹായം, മാലിന്യ സംസ്കരണം, രോഗനിർണ്ണയം, വാർഷിക അറ്റകുറ്റപ്പണി കരാർ, മറ്റു ചിലവുകൾ  മുതലായവയാണ് ഉദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ.

നിർമ്മാണപ്രവർത്തനങ്ങൾ ഒരു ആസൂത്രിത പദ്ധതിക്കനുസരിച്ചായിരിക്കണം. നേരത്തെ നിർമാണം ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. വിഹിതത്തിൽ

(ക്രമ നം. 1 മുതൽ 14 വരെ) കോവിഡ്, കോവിഡാനന്തര ഇടപെടലിനുള്ള തുകയും ഉൾപ്പെടുന്നു. മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ ഗവേഷണത്തിനും വികസനത്തിനും മേൽ തുക വിനിയോഗിക്കാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്ക് കീഴിലുള്ള പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ പ്രത്യേക പദ്ധതികൾക്കായുള്ള പൂൾഡ് ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതത്തിനായും ഈ തുക (ക്രമ നമ്പർ 1 മുതൽ 14 വരെ) വിനിയോഗിക്കാവുന്നതാണ്. ഫെർട്ടിലിറ്റി ആന്റ് അസിസ്റ്റഡ് റീ പ്രൊഡക്ടീവ് ടെക്നോളജി യൂണിറ്റിന്റെ (ശ്രീ അവിട്ടം തിരുന്നാൾ ഹോസ്പിറ്റൽ, തിരുവനന്തപുരം) പ്രവർത്തനത്തിനും നിലവാരം ഉയർത്തുന്നതിനും തുക (ക്രമ നം. 1) വകയിരുത്തിയിരിക്കുന്നു.

**53. മെഡിക്കൽവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ദന്തൽ കോളേജുകളുടെ വികസനം**

**(വിഹിതം: 3748.00 ലക്ഷം രൂപ)**

ദന്തൽ കോളേജുകളുടെ വികസനത്തിനായി 2025-26-ൽ 3748.00 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

**മൂലധനം:-** മെഷീനറികൾ, ഉപകരണങ്ങൾ വാങ്ങൽ, നിർമ്മാണ പ്രവർത്തനങ്ങൾ, മരാമത്ത് ഇലക്ട്രിക്കൽ ജോലികൾ, നിലവിലുള്ള നിർമാണ പ്രവർത്തനങ്ങൾ.

**റവന്യൂ:-** ഉപഭോഗ വസ്തുക്കൾ, റീയേജന്റുകൾ എന്നിവ വാങ്ങൽ, ലൈബ്രറി ബുക്കുകൾ, പഠന ഉപകരണങ്ങൾ, ആനുകാലികങ്ങൾ, ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങൽ, മൈനർപണികളും റിപ്പയറും, അറ്റകുറ്റപ്പണികളും വാർഷിക അറ്റകുറ്റപ്പണി കരാർ, മറ്റു ചെലവുകളും, മറ്റു തുടർപ്രവർത്തനങ്ങൾ.

**(രൂപ ലക്ഷത്തിൽ)**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റവന്യൂ | ക്യാപിറ്റൽ | ആകെ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ഡെന്റൽകോളേജ്, തിരുവനന്തപുരം | 188 | 500 | 688 |
| 2 | ഡെന്റൽകോളേജ്, കോഴിക്കോട് | 235 | | 235 |
| 3 | ഡെന്റൽകോളേജ്, കോട്ടയം | 175 | | 175 |
| 4 | ഡെന്റൽകോളേജ്, ആലപ്പുഴ | 1100 | | 1100 |
| 5 | ഡെന്റൽകോളേജ്, തൃശ്ശൂർ | 1000 | 400 | 1400 |
| 6 | ഡെന്റൽകോളേജ്, കണ്ണൂർ, പരിയാരം | 150 | | 150 |
| | **ആകെ** | **2848** | **900** | **3748** |

**54. നഴ്സിംഗ് കോളേജുകൾ**

**(വിഹിതം: 1223.00 ലക്ഷം രൂപ)**

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള നഴ്സിംഗ് കോളേജുകളുടെ പ്രവർത്തനങ്ങൾക്കായി 2025-26-ൽ 1223.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(രൂപ ലക്ഷത്തിൽ)**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റവന്യൂ | ക്യാപിറ്റൽ | ആകെ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | നഴ്സിംഗ് കോളേജ്, തിരുവനന്തപുരം | 200 | 15 | 215 |
| 2 | നഴ്സിംഗ് കോളേജ്, കോഴിക്കോട് | 118 | | 118 |
| 3 | നഴ്സിംഗ് കോളേജ്, കോട്ടയം | 54 | | 54 |
| 4 | നഴ്സിംഗ് കോളേജ്, ആലപ്പുഴ | 86 | | 86 |
| 5 | നഴ്സിംഗ് കോളേജ്, തൃശ്ശൂർ | 43 | 16 | 59 |

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റവന്യൂ | ക്യാപിറ്റൽ | ആകെ |
|---|---|---|---|---|
| 6 | നഴ്സിംഗ് കോളേജ്, എറണാകുളം | 58 | | 58 |
| 7 | നഴ്സിംഗ് കോളേജ്, കണ്ണൂർ, പരിയാരം | 29 | | 29 |
| 8 | നഴ്സിംഗ് കോളേജ്, കൊല്ലം | 59 | | 59 |
| 9 | നഴ്സിംഗ് കോളേജ്, മഞ്ചേരി | 35 | | 35 |
| 10 | നഴ്സിംഗ് കോളേജ്, കാസർഗോഡ് | 60 | 200 | 260 |
| 11 | നഴ്സിംഗ് കോളേജ്, ഇടുക്കി | 70 | | 70 |
| 12 | നഴ്സിംഗ് കോളേജ്, വയനാട് | 60 | | 60 |
| 13 | നഴ്സിംഗ് കോളേജ്, പാലക്കാട് | 60 | | 60 |
| 14 | നഴ്സിംഗ് കോളേജ്, പത്തനംതിട്ട | 60 | | 60 |
| | **ആകെ** | **992** | **231** | **1223** |

**മൂലധനം:-** ഉപകരണങ്ങൾ വാങ്ങൽ, നിർമ്മാണ ജോലികൾ
**റവന്യൂ:-** അറ്റകുറ്റപണികൾ/നവീകരണ ജോലികൾ, ലാബ് റീയേജന്റുകൾ, കെമിക്കലുകൾ, സാമഗ്രികൾ, പഠന സഹായികൾ, ലൈബ്രറി പുസ്തകങ്ങൾ, എ.എം.സി/സി.എ.എം.സി ചാർജ്ജ്, ഫർണിച്ചറുകൾ വാങ്ങൽ എന്നിവയാണ് ഉദ്ദേശിച്ചിരിക്കുന്നത്.

**55. സംസ്ഥാന വൈദ്യഗവേഷണ ബോർഡ്**

**(വിഹിതം: 350.00 ലക്ഷം രൂപ)**

വൈദ്യഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും സംയോജിപ്പിക്കുന്നതിനുമായിട്ടാണ് സംസ്ഥാന വൈദ്യ ഗവേഷണ ബോർഡ് സ്ഥാപിച്ചിരിക്കുന്നത്. ഗവേഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 2025-26-ൽ 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ആനുകാലികങ്ങളുടെ സബ്സ്ക്രിപ്ഷൻ, ഇ-ജേർണൽസ്, ഗവേഷണത്തിനും വികസനത്തിനുമുള്ള പ്രവർത്തനങ്ങൾ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു.

**56. മെഡിക്കൽ കോളേജ് ആശുപത്രികളിൽ മാലിന്യ നിർമ്മാർജ്ജനം**

**(വിഹിതം: 1723.00 ലക്ഷം രൂപ)**

ശരിയായ രീതിയിലുള്ള ഖരമാലിന്യ നിർമ്മാർജ്ജനം, ടൈഫോയ്ഡ്, കോളറ, ഹെപ്പറ്റൈറ്റിസ് എന്നിവ പോലുള്ള രോഗങ്ങളുടെ നിയന്ത്രണവും തടയലും ഉറപ്പുവരുത്തുന്നു. ആശുപത്രികളിലെ ആരോഗ്യകരമായ അന്തരീക്ഷം പകർച്ചവ്യാധികളെ തടയുന്നതിന് സഹായിക്കുന്നു. ആരോഗ്യ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലെ എല്ലാ മെഡിക്കൽ കോളേജുകളിലെയും ആശുപത്രികളിലെയും മാലിന്യ നിർമ്മാർജ്ജനത്തിനായി 1723.00 ലക്ഷം രൂപ 2025-26-ൽ വകയിരുത്തിയിട്ടുണ്ട്. ആശുപത്രി വൃത്തിയായി സൂക്ഷിക്കുന്നതിന് ഉപകരണങ്ങൾവാങ്ങൽ, മാലിന്യം വേർതിരിക്കുന്നതിനാവശ്യമായ വസ്തുക്കൾ, കൺസ്യൂമബിൾസ്, എ.എം.സി, മെഡിക്കൽ കോളേജുകളിൽ മാലിന്യ ശേഖരണ സൗകര്യങ്ങൾ, മെഡിക്കൽ കോളേജുകളിൽ മാലിന്യസംസ്കരണ സംസ്കരണ പ്ലാന്റ്, മാലിന്യസംസ്കരണ പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ.

**57. മെഡിക്കൽകോളേജ് ആശുപത്രികളിലെ മാതൃ-ശിശു ആരോഗ്യ കേന്ദ്രങ്ങൾ**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

മെഡിക്കൽകോളേജിൽ പ്രവർത്തിക്കുന്ന മാതൃ-ശിശു ആരോഗ്യ കേന്ദ്രങ്ങളുടെ പോരായ്മകൾ പരിഹരിച്ചുകൊണ്ട് ശരിയായ രോഗപരിചരണം സാധ്യമാക്കുക എന്ന കാഴ്ചപ്പാടോടെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഐ.സി യൂണിറ്റ്, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് എന്നിവയിലെ പോരായ്മകൾ പരിഹരിക്കൽ, സർജിക്കൽ ന്യൂബോൺ യൂണിറ്റ്, അക്യൂട്ട് വാർഡ്, ട്രോമാ വാർഡ്, ലാൻട്രി സർവ്വീസ് യൂണിറ്റ്, താമസ സൗകര്യമൊരുക്കൽ, ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവയാണ് ആവശ്യമായിട്ടുള്ളത്. മെഡിക്കൽ കോളേജ് ആശുപത്രികളിലെ മാതൃ-ശിശു ആരോഗ്യ കേന്ദ്രങ്ങളുടെ

സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിലവാരം ഉയർത്തുന്നതിനുമായി 2025-26-ൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 58. സംസ്ഥാന പകർച്ചവ്യാധി പ്രതിരോധ സെൽ

**(വിഹിതം: 135.00 ലക്ഷം രൂപ)**

ഒൻപതു മെഡിക്കൽ കോളേജുകളിൽ സ്റ്റേറ്റ് പീഡ് സെൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തുടനീളമായി രൂപപ്പെട്ടുവരുന്ന അതിരൂക്ഷമായ കൊതുക് ജന്യ രോഗങ്ങൾ ഉൾപ്പെടെയുള്ള സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ഉത്തരവാദിത്വം സ്റ്റേറ്റ് പീഡ് സെല്ലിൽ നിക്ഷിപ്തമായിരിക്കുന്നു. സംസ്ഥാനത്ത് പുതുതായി രോഗങ്ങൾ രൂപം കൊള്ളുന്നത് ഒരു പ്രധാന പ്രശ്നമായതുകൊണ്ട് രോഗനിയന്ത്രണ പരിപാടികൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഗൃഹസംരക്ഷണത്തിന്റെയും ശുചിത്വത്തിന്റേയും ഭരണ ചുമതല സെല്ലിനാണുള്ളത്. സാംക്രമിക രോഗങ്ങൾ തടയുന്നതിനായി റീജിയണൽ, സംസ്ഥാന പീഡ് സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി 2025-26-ൽ 135.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 59. ഡിസീസ്ഡ് ഡോണർ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ (മൃതസഞ്ജീവനി)

**(വിഹിതം: 250.00 ലക്ഷം രൂപ)**

ഡിസീസ്ഡ് ഡോണർ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ പദ്ധതി ഒരു തുടർ പദ്ധതിയാണ്. ഈ പദ്ധതിയുടെ പ്രധാന സവിശേഷത മരിച്ചുപോയവരുടെ വൃക്ക, കരൾ, കണ്ണുകൾ, ഹൃദയം എന്നീ അവയവങ്ങൾ വീണ്ടെടുത്ത് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുക എന്നുള്ളതാണ്. മറ്റിടങ്ങളിലെ ചികിൽസാച്ചെലവ് താങ്ങാനാകാത്ത നിരവധി നിർധന രോഗികൾക്ക് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നു. അവബോധം വളർത്തൽ, അവയവങ്ങൾ മറ്റു സ്ഥലങ്ങളിൽ എത്തിക്കുന്നതിന് ഗതാഗതം, രോഗികളുടെ ചികിത്സാ ചെലവുകൾ, മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ, ഉപഭോഗവസ്തുക്കൾ, കേരളത്തിൽ അവയവ ദാനത്തിനുള്ള ശൃംഖല നിലനിർത്തുക എന്നിവയ്ക്കാണ് പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്. 2025-26-ൽ ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്ക് 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. തിരുവനന്തപുരം മെഡിക്കൽകോളേജിൽ പ്രവർത്തിക്കുന്ന കഡാവർ ആന്റ് ലിവർ ട്രാൻസ്പ്ലാന്റേഷൻ സെന്ററിനുള്ള തുകയും (ശമ്പളേതരം) ഇതിൽ ഉൾപ്പെടുന്നു.

### 60. മെഡിക്കൽ കോളേജുകളിൽ ഓങ്കോളജി ആന്റ് ടെർഷറി കെയർ സെന്റർ

**(വിഹിതം: 2000.00 ലക്ഷം രൂപ)**

മെഡിക്കൽ കോളേജ് ആശുപത്രിയിലെ ക്യാൻസർ വിഭാഗം സൗജന്യ ചികിത്സ പ്രദാനം ചെയ്യുന്നു. കേരളത്തിൽ കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മെഡിക്കൽ കോളേജ് ആശുപത്രികളുടെ ഓങ്കോളജി വിഭാഗം ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്. 2025-26-ൽ 2000.00 ലക്ഷം രൂപ മെഡിക്കൽ കോളേജ്, കോഴിക്കോട്, കോട്ടയം, തൃശ്ശൂർ എന്നിവിടങ്ങളിൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി വകയിരുത്തിയിരിക്കുന്നു. സ്തനാർബുദവും ഗർഭാശയ അർബുദവുമാണ് സ്ത്രീകളിൽ മറ്റേതൊരു ക്യാൻസറിനേക്കാളും കൂടുതൽ മരണങ്ങൾക്ക് കാരണമാകുന്ന ഏറ്റവും സാധാരണമായ അർബുദ രൂപങ്ങൾ. ക്യാൻസറുമായി ബന്ധപ്പെട്ട ഈ രോഗാവസ്ഥയെയും മരണനിരക്കും ചെറുക്കുന്നതിനുള്ള ഒരു പ്രധാന ഉപകരണമാണ് കാൻസർ സ്ക്രീനിംഗ് ടെസ്റ്റുകൾ. എൻസിഡി കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായും ക്യാൻസർ സെന്ററുകളുമായി സഹകരിച്ചും ഡിഎച്ച്എസ് സംസ്ഥാന വ്യാപകമായി സ്ക്രീനിംഗ് കാമ്പയിൻ നടത്തും.

### 61. ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം

**(വിഹിതം: 100.00 ലക്ഷം രൂപ)**

മെഡിക്കൽ അധ്യാപകർക്ക് അവരുടെ പ്രാക്ടീസ് രംഗത്ത് പുതിയ കഴിവുകൾ നൽകാനും ട്രാൻസ്പ്ലാന്റ് മെഡിസിൻ, ഓങ്കോളജി എന്നീ ചില നൂതന മേഖലകളിൽ ആവശ്യമുള്ള മൾട്ടിഡിസിപ്ലിനറി ഇൻപുട്ടുകൾ നൽകാനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരമുള്ള യോഗ്യതകളും നിയമന രീതിയും പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസിൽ അഡ്മിനിസ്ട്രേറ്റീവ് കേഡർ തെരഞ്ഞെടുക്കുന്ന അധ്യാപകർക്ക് അധ്യാപക സേവനമല്ലാതെ ഭരണപരമായ വൈദഗ്ധ്യം സംബന്ധിച്ച പരിശീലനം ആവശ്യമില്ല. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ജോയിന്റ് ഡയറക്ടർമാർ, സ്ഥാപന മേധാവികൾ എന്നിവരാണ് അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ ഉൾപ്പെട്ടിട്ടുള്ളത്. മേൽപ്പറഞ്ഞവരെ കൂടാതെ ആശുപത്രി സൂപ്രണ്ടുമാർ, ഡെപ്യൂട്ടി സൂപ്രണ്ടുമാർ, വിവിധ വകുപ്പുകളുടെ മേധാവികൾ എന്നിവർക്ക് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിലും ഹോസ്പിറ്റൽ മാനേജ്മെന്റിലും കെയ്സ് സ്റ്റഡികൾ ഉൾപ്പെടെ വിദഗ്ധ പരിശീലനം നൽകേണ്ടതുണ്ട്. പ്രോജക്ട് തയ്യാറാക്കൽ, വാങ്ങൽ നടപടിക്രമങ്ങൾ, സ്റ്റോക്ക് നിയന്ത്രണം, എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുമായി ബന്ധപ്പെട്ടുള്ള മറ്റു

നിയമങ്ങൾ എന്നിവ നടപ്പാക്കുന്നതിനായി അടിസ്ഥാന മാനേജീരിയൽ ഭരണ വൈദഗ്ധ്യം മുതിർന്ന വിദഗ്ദ്ധ അംഗങ്ങൾക്ക് ഉണ്ടായിരിക്കേണ്ടതുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള നഴ്സിംഗ് സ്റ്റാഫിന്റെ പരിശീലനവും ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. 2025-26-ൽ ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പദ്ധതിക്കും നഴ്സിംഗ് സ്റ്റാഫിന്റെ പരിശീലനത്തിനും 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മേൽപ്പറഞ്ഞ തുകയിൽ 50 ശതമാനം തുക മെഡിക്കൽവിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ അഡ്മിനിസ്ട്രേറ്റീവ് കേഡർ ശക്തിപ്പെടുത്തുന്നതിനുള്ള ട്രെയിനിംഗിനായി വകയിരുത്തിയിരിക്കുന്നു. ഇതിൽ 25 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

### 62. പാരാമെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ശാക്തീകരണം

**(വിഹിതം: 150.00 ലക്ഷം രൂപ)**

ബിരുദാനന്തര ബിരുദ ഡിപ്ലോമ കോഴ്സുകൾ, ബിരുദാനന്തര ബിരുദ കോഴ്സുകൾ, ബിരുദ കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിങ്ങനെ 14 പാരാമെഡിക്കൽ കോഴ്സുകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്നു. ഈ കോഴ്സുകൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ നിലവിൽ മെഡിക്കൽ കോളേജുകളിൽ അപര്യാപ്തമാണ്. ഇവയ്ക്ക് പ്രത്യേക ക്ലാസ്സുറികളും, ഹോസ്റ്റലുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ആവശ്യമാണ്. എല്ലാ മെഡിക്കൽ കോളേജുകളിലും ഘട്ടം ഘട്ടമായി ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 2025-26 വർഷത്തിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അടിസ്ഥാന സൗകര്യ വികസനം, ഉപകരണങ്ങളുടെ അറ്റകുറ്റപണി, അധ്യാപന സൗകര്യങ്ങൾ, പുസ്തകങ്ങൾ, ഫർണിച്ചറുകൾ വാങ്ങൽ എന്നിവയാണ് നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ.

### 63. മെഡിക്കൽ കോളേജുകളിലെ വിലയേറിയ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി

**(വിഹിതം: 1900.00 ലക്ഷം രൂപ)**

മെഡിക്കൽ കോളേജിലെ വിലയേറിയ ഉപകരണങ്ങൾ മിക്കവയും ഇറക്കുമതി ചെയ്യപ്പെട്ടവയും അറ്റകുറ്റപ്പണികൾ അംഗീകൃത വിതരണക്കാർക്കോ നിർമ്മാതാവിനോ മാത്രം ചെയ്യാൻ കഴിയുന്നതുമാണ്. ആയതിനാൽ വിലയേറിയതും സങ്കീർണ്ണവുമായ ഇത്തരം ഉപകരണങ്ങൾ തടസ്സം കൂടാതെ പ്രവർത്തിക്കുന്നതിന് സി.എ.എം.സി/എ.എം.സി നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതുണ്ട്. ഈ പദ്ധതിയ്ക്കായി 2025-26-വർഷത്തിൽ 1900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 64. മെഡിക്കൽ കോളേജുകളിൽ രോഗീസൗഹൃദ ആശുപത്രി ചുറ്റുപാട് സൃഷ്ടിക്കൽ

**(വിഹിതം: 100.00 ലക്ഷം രൂപ)**

സർക്കാർ മെഡിക്കൽകോളേജുകൾ വിവിധ തരത്തിലുള്ള സേവനങ്ങൾ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. എന്നാൽ ചുറ്റുപാടുകൾ നല്ല രീതിയിൽ പരിപാലിക്കാൻ കഴിയാത്തതിനാൽ ഇതിനെ ഉദ്ദേശിക്കുന്ന നിലവാരത്തിൽ പ്രതിഫലിപ്പിക്കാൻ കഴിയുന്നില്ല. ആയതിനാൽ ആശുപത്രികളുടെ പരിസ്ഥിതി ആരോഗ്യകരവും ആകർഷകവുമായ രീതിയിൽ പരിപാലിച്ച് രോഗീ സൗഹൃദമാക്കേണ്ടതുണ്ട്. ഇതിനായി വൃത്തിയുള്ള കക്കൂസുകൾ, കുളിമുറികൾ, ഒ.പി വാർഡുകൾ എന്നിവ വൃത്തിയായി സൂക്ഷിക്കേണ്ടതുണ്ട്. ആർദ്രം ആരോഗ്യ മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള വിഹിതവും ഇതിൽ ഉൾപ്പെടുന്നു. ഈ പദ്ധതിക്കായി 2025-26-വർഷത്തിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 65. മെഡിക്കൽ കോളേജുകളിൽ ഇന്റർവെൻഷനൽ റേഡിയോളജി ഉൾപ്പെടെ അത്യാധുനിക ഇമേജിംഗ് സൗകര്യങ്ങൾ നൽകൽ

**(വിഹിതം: 1500.00 ലക്ഷം രൂപ)**

മെഡിക്കൽ റേഡിയോളജിയിൽ അതിവേഗം വളർന്നു കൊണ്ടിരിക്കുന്ന സവിശേഷ ശാഖയാണ് ഇന്റെർവെൻഷണൽ റേഡിയോളജി. ഇതിൽ ഇമേജ് ഗൈഡഡ് നടപടിക്രമങ്ങൾക്കായി റേഡിയോളജിക്കൽ ഉപകരണങ്ങൾ ഉപയോഗിക്കുകയും വിവിധ രോഗങ്ങളെ കുറഞ്ഞ ഇടപെടലിലൂടെ ചികിത്സിക്കാവുന്നതുമാണ്. പല സന്ദർഭങ്ങളിലും ഇത്തരം നടപടിക്രമങ്ങൾ ചെലവു കുറഞ്ഞതും പരമ്പരാഗത ശസ്ത്രക്രിയ/ചികിത്സയ്ക്ക് പകരംവെയ്ക്കാൻ അനുയോജ്യവുമാണ്. എം.ആർ.ഐ, സി.റ്റി സ്കാനറുകളും, 4 ഡി യു.എസ്.ജി യോടുകൂടിയ കളർ ഡോപ്ലർ സൗകര്യവും ഡിജിറ്റൽ സബ്സ്ട്രാക്ഷൻ ആൻജിയോഗ്രഫി സൗകര്യമുള്ള ആൻജിയോഗ്രഫി മെഷീനുകളുമാണ് ഇമേജ് ഗൈഡൻസിനുപയോഗിക്കുന്ന പ്രധാന ഉപകരണങ്ങൾ. 2025-26 കാലയളവിൽ കൊല്ലം, കോട്ടയം, കണ്ണൂർ, മഞ്ചേരി, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ ഈ സൗകര്യങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമായി 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 66. ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ സമഗ്ര പക്ഷാഘാത കേന്ദ്രം

**(വിഹിതം: 2000.00 ലക്ഷം രൂപ)**

സാംക്രമികേതര രോഗങ്ങളായ ഉയർന്ന രക്താതിസമ്മർദ്ദവും ടൈപ്പ് 2 പ്രമേഹവും കേരളത്തിൽ വളരെ വ്യാപകമാണ്. ഇത്തരം ജീവിത ശൈലീ രോഗങ്ങൾ വർദ്ധിച്ച് വരുന്ന കൊറോണറി ഹൃദയ രോഗങ്ങളിലേക്കും പക്ഷാഘാതത്തിലേക്കും നയിക്കുന്നു. ഉയർന്ന മരണ നിരക്കിലേക്ക് മാത്രമല്ല രോഗികളെ ശാരീരിക വൈകല്യത്തിലേക്കും നയിക്കുന്ന ഒരു വിനാശകാരിയായ രോഗമാണ് പക്ഷാഘാതം. യഥാർത്ഥത്തിൽ പക്ഷാഘാതം നാഡിവ്യൂഹത്തെ ബാധിക്കുന്നതിനാൽ അടിയന്തിരമായി ഈ രോഗത്തെ കൈകാര്യം ചെയ്യേണ്ടതുണ്ട്. കേരളത്തിൽ മരണത്തിനും ശാരീരിക അംഗവൈകല്യത്തിനുമുള്ള പ്രധാന കാരണങ്ങളിൽ മൂന്നാം സ്ഥാനമാണ് പക്ഷാഘാതത്തിനുള്ളത്. പക്ഷാഘാതത്തെ അടിയന്തിരമായി നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിലൂടെ പക്ഷാഘാതം മുഖേനയുള്ള മരണവും ശാരീരിക വൈകല്യങ്ങളും കുറയ്ക്കാനാകും. അർഹരായ രോഗികൾക്ക് രോഗം ഭേദമാകുന്നതിനുള്ള മരുന്ന് നൽകും. പക്ഷാഘാത രോഗികളെ പരിചരിക്കുന്നതിന് പക്ഷാഘാത തീവ്ര പരിചരണ യൂണിറ്റ് അത്യാവശ്യമാണ്. അതിനാൽ പ്രസ്തുത ആവശ്യത്തിലേക്ക് എറണാകുളം, തൃശ്ശൂർ, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ സമഗ്ര പക്ഷാഘാത കേന്ദ്രം ആരംഭിക്കുന്നതിനും മറ്റ് മെഡിക്കൽ കോളേജുകളിൽ നേരത്തെ ആരംഭിച്ച യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനും 2025-26 വർഷത്തിൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇ.എ.പി. യുടെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

## 67. കേന്ദ്രസഹായം ലഭ്യമാകുന്ന പദ്ധതികൾക്കുള്ള മാച്ചിംഗ് ഗ്രാന്റ്

**(വിഹിതം: 835.00 ലക്ഷം രൂപ)**

2015-16 സാമ്പത്തിക വർഷം മുതൽ കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനകൈമാറ്റ ക്രമത്തിൽ മാറ്റം വരുത്തിയിരിക്കുകയാണ്. കേന്ദ്രസർക്കാർ പ്രത്യേകം പരാമർശിച്ചിട്ടുള്ളവ ഒഴികെ മറ്റെല്ലാ സ്കീമുകളും സംസ്ഥാനത്തിന് ഓപ്ഷണൽ ആയിരിക്കും. ഇപ്രകാരം മാറ്റം വരുത്തിയ ധനകൈമാറ്റ ഫോർമുല പ്രകാരം ഡി.എം.ഇ-ക്ക് സംസ്ഥാന വിഹിതം ആവശ്യമാണ്. 2025-26 വർഷത്തിൽ കേന്ദ്രസർക്കാരിൽനിന്നും ലഭ്യമാകാൻ സാധ്യതയുള്ള മുഴുവൻ തുകയും ലഭ്യമാക്കുന്നതിന് സംസ്ഥാന വിഹിതം വകയിരുത്തുന്നതിനാണ് ഡി.എം.ഇ യ്ക്ക് ഈ തുക അനുവദിച്ചിരിക്കുന്നത്. അനുവദിച്ചിരിക്കുന്ന തുക മുൻഗണനാടിസ്ഥാനത്തിൽ ചെലവഴിക്കേണ്ടതാണ്. 2025-26 വർഷത്തിൽ കേന്ദ്രവിഹിതത്തിന് ആനുപാതികമായുള്ള സംസ്ഥാന വിഹിതമായി 835.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിന് ആനുപാതികമായി സംസ്ഥാന വിഹിതം അധികമായി അനുവദിക്കുന്നതാണ്. ഘടകങ്ങൾ ഇവയാണ്;

| ക്രമ നമ്പർ | ഘടകം |
|---|---|
| 1 | ദേശീയ പാതയോരത്ത് സ്ഥിതി ചെയ്യുന്ന സർക്കാർ ആശുപത്രികളിലെ ട്രോമ കെയർ യൂണിറ്റ് സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള സഹായം - കോഴിക്കോട് സിഎസ്എസ് 60:40 |
| 2 | ദേശീയ പാതയോരത്ത് സ്ഥിതി ചെയ്യുന്ന സർക്കാർ ആശുപത്രികളിൽ ട്രോമ കെയർ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കൽ സിഎസ്എസ് 60:40 |

## 68. മെഡിക്കൽ കോളേജുകളിൽ രക്ത സുരക്ഷ ഉറപ്പാക്കൽ

**(വിഹിതം: 250.00 ലക്ഷം രൂപ)**

ആധുനികവൽക്കരണത്തിന്റെയും ഗുണനിലവാര നിയന്ത്രണ സംവിധാനത്തിന്റെയും ഭാഗമായി കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ഇതിനകം തന്നെ കേരളത്തിലെ ബ്ലഡ് ബാങ്കുകളുടെ ഓട്ടോമേഷൻ ആരംഭിച്ചു. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന മെഡിക്കൽ കോളേജുകളിലെ ബ്ലഡ് ബാങ്കുകളുടെ ആധുനികവൽക്കരണത്തിനും ഗുണനിലവാര നിയന്ത്രണ സംവിധാനത്തിനുമായി വിഹിതം നീക്കിവച്ചിരിക്കുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ 250.00 ലക്ഷം രൂപ മെഡിക്കൽ കോളേജുകളിൽ രക്ത സുരക്ഷ ഉറപ്പുവരുത്തുന്നതിനായി വകയിരുത്തിയിരിക്കുന്നു.

## 69. എല്ലാ മെഡിക്കൽ കോളേജുകളിലും അഗ്നി സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ ഉറപ്പാക്കുക

**(വിഹിതം: 400.00 ലക്ഷം രൂപ)**

ഫയർ ആന്റ് സേഫ്റ്റി വകുപ്പ് നടത്തിയ സുരക്ഷാ ഓഡിറ്റിൽ മെഡിക്കൽ കോളേജുകളിലെ സുരക്ഷാ നിലവാരത്തിൽ ധാരാളം അപര്യാപ്തതകൾ ചൂണ്ടികാട്ടിയിട്ടുണ്ട്. പ്രധാനമായും പഴയ മെഡിക്കൽ കോളേജുകളിൽ സുരക്ഷാ മാനദണ്ഡങ്ങൾ ഇല്ല. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അഗ്നിസുരക്ഷാ നിലവാരം പാലിക്കുന്നതിന് നിലവിലെ കെട്ടിടത്തിൽ പര്യാപ്തമായ മാറ്റങ്ങൾവരുത്തേണ്ടതുണ്ട്. പ്രസ്തുത ആവശ്യം

നിറവേറ്റുന്നതിന് 2025-26 വർഷത്തിൽ 400.00 ലക്ഷം രൂപ കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, എറണാകുളം. മെഡിക്കൽ കോളേജുകൾക്കായി വകയിരുത്തിയിരിക്കുന്നു.

**70. അപെക്സ് ട്രോമ & എമർജൻസി ലേണിംഗ് സെന്റർ**

**(വിഹിതം: 250.00 ലക്ഷം രൂപ)**

കേരളത്തിലുടനീളമുള്ള ട്രോമാ, എമർജൻസി കെയർ സൗകര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഡി.എം.ഇ നടപ്പിലാക്കുന്ന പദ്ധതിയാണ് അപെക്സ് എമർജൻസി ആൻഡ് ട്രോമ ലേണിംഗ് സെന്റർ. ദുരന്തം ഉൾപ്പെടെയുള്ള അടിയന്തിര സാഹചര്യങ്ങളുടെ പരിചരണത്തിൽ അനുഭവവും സിമുലേഷൻ അടിസ്ഥാനമാക്കിയുള്ള കഴിവുകളും അറിവും വർദ്ധിപ്പിക്കുന്നതിന് പ്രവർത്തിപരിചയം നൽകുന്ന ഒരു സിമുലേഷൻ അധിഷ്ഠിത പഠന കേന്ദ്രമാണ് ട്രോമാ സെന്റർ. ലോകമെമ്പാടുമുള്ള മരണകാരണങ്ങളിൽ പ്രധാനപ്പെട്ടത് പെട്ടെന്നുണ്ടാകുന്ന ആഘാതമായതിനാൽ ആരോഗ്യ പ്രവർത്തകരും പൊതുജനങ്ങളും അത്തരം വെല്ലുവിളികൾക്ക് തയ്യാറായിരിക്കേണ്ടതാണ്. വിവിധ വിഭാഗത്തിലുള്ള ആരോഗ്യ പ്രവർത്തകരെ പരിശീലിപ്പിക്കുക, ഈ നൈപുണ്യം നിലനിർത്തുന്നതിന് തുടർപരിശീലന പരിപാടികൾ നൽകുക എന്നിവയാണ് സ്ഥാപനത്തിന്റെ ലക്ഷ്യം. 2025-26 കാലയളവിൽ 250.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. ഇ.എ.പി യുടെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

**71. മെഡിക്കൽ കോളേജുകളിൽ തീവ്രപരിചരണ യൂണിറ്റുകൾ**

**(വിഹിതം: 200.00 ലക്ഷം രൂപ)**

തീവ്ര പരിചരണത്തിൽ ഒരു തീവ്ര പരിചരണ യൂണിറ്റിന്റെ സഹായത്താൽ അവശതയുള്ള രോഗിക്ക് പരിചരണം നൽകുന്നു. ക്രിട്ടിക്കൽ കെയർ ഫിസിഷ്യൻമാരുടെ മാർഗ്ഗനിർദ്ദേശത്തിൽ അത്തരം രോഗികളെ ശരിയായ രീതിയിൽ പരിചരിക്കുന്നതു അതിജീവനത്തിനുള്ള സാധ്യത വർദ്ധിപ്പിക്കും. പ്രകൃതി ദുരന്തങ്ങളുടെയും പകർച്ചവ്യാധികളുടെയും സമയങ്ങളിൽ ഒരു ക്രിട്ടിക്കൽ കെയർ മെഡിസിൻ സ്പെഷ്യലിസ്റ്റ് കൈകാര്യം ചെയ്യുന്ന തീവ്രപരിചരണ വിഭാഗം അത്യാവശ്യമാണ്. മെഡിക്കൽ കോളേജുകളിൽ കൂടുതൽ ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 2025-26 കാലയളവിൽ പദ്ധതിക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇ.എ.പി. യുടെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

**72. സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കൽ**

**(വിഹിതം: 150.00 ലക്ഷം രൂപ)**

സ്മാർട്ട് ക്ലാസ് റൂമിൽ എല്ലാ ആശുപത്രി സംവിധാനങ്ങളും മികച്ച സാങ്കേതിക പരിതസ്ഥിതിയിൽ സംയോജിപ്പിച്ച് പരമ്പരാഗത വിദ്യാഭ്യാസത്തെ പിന്തുണയ്ക്കുന്നതിനും, ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അദ്ധ്യാപകരെ പ്രാപ്തമാക്കുന്നതിന് ഉപയോഗിക്കാൻ എളുപ്പമുള്ള സാങ്കേതങ്ങൾ പ്രദാനം ചെയ്യുന്നു. അതേ സമയം തന്നെ വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ഓരോ കേസിന്റെയും പൂർണ്ണമായ ഒരു ചിത്രം നൽകുകയും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുകയും രോഗനിർണയം, രോഗനിർണയ നടപടിക്രമങ്ങൾ എന്നിവയുമായി പൂർണ്ണമായും സംവദിക്കാൻ വിദ്യാർത്ഥികളെ അനുവദിക്കുകയും ചെയ്യുന്നു. എല്ലാ മെഡിക്കൽ കോളേജുകളിലും സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കേണ്ടതുണ്ട്. ഇത് തത്സമയ സംയോജിത അധ്യാപനവും പഠനവും പ്രാപ്തമാക്കുന്നു. 2025-26 കാലയളവിൽ പദ്ധതിക്കായി 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**73. മെഡിക്കൽ കോളേജുകളിൽ മോളിക്കുലാർ ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ സ്ഥാപിക്കൽ**

**(വിഹിതം : 200.00 ലക്ഷം രൂപ)**

വിവിധ തരം വൈറൽ, ബാക്ടീരിയൽ അണുബാധകളും ജനിതക രോഗങ്ങളും നേരത്തെ കണ്ടുപിടിക്കുന്നതിന് മോളിക്കുലാർ രോഗ നിർണ്ണയ സങ്കേതങ്ങൾ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. ജനിതക രോഗങ്ങൾ, സാംക്രമിക രോഗങ്ങൾ, കാൻസർ, ഫാർമകൊഗ്നോമിക്സ്, ഹ്യൂമൻ ലൂക്കോസൈറ്റ് ആന്റിജൻ ടൈപ്പിംഗ് എന്നീ മേഖലകളിൽ ക്ലിനിക്കൽ പ്രായോഗികത കാണാൻ കഴിയും. മോളിക്കുലാർ ലാബ് മുഖേന രോഗാവസ്ഥകളും, ലക്ഷണങ്ങളും പെട്ടെന്ന് തിരിച്ചറിയുന്നതിലൂടെ അടിയന്തിരമായി ശരിയായ ചികിത്സ നൽകാൻ കഴിയുന്നു. തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽകോളേജുകളിൽ ഉന്നത നിലവാരത്തിലുള്ള ലബോറട്ടറി സ്ഥാപിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 2025-26-വർഷത്തിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 74. എല്ലാ മെഡിക്കൽ കോളേജുകളിലും ബയോമെഡിക്കൽ വിഭാഗം ആരംഭിക്കൽ

**(വിഹിതം : 100.00 ലക്ഷം രൂപ)**

ഉപകരണങ്ങളുടെ ശരിയായ രീതിയിലുള്ള പട്ടിക തയ്യാറാക്കൽ, റിപ്പയറും അറ്റകുറ്റപണികളും നടത്തുക, ഉൽപ്പാദക യൂണിറ്റുകളുമായുള്ള അറ്റകുറ്റപ്പണി ഉടമ്പടിയുടെ മേൽനോട്ടവും നിർവ്വഹണവും വഴി ഉപകരണങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുക, ഗുണമേന്മയില്ലാത്ത ഉപകരണങ്ങളെ കണ്ടെത്തുന്നതിനുള്ള സോഫ്റ്റ് വെയർ വികസിപ്പിക്കുകയും സമയബന്ധിതമായി പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക എന്നിവയാണ് ബയോമെഡിക്കൽ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഉദ്ദേശ്യം. നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കും, അവശ്യഉപകരണങ്ങൾ, സ്പെയേർസ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുമായി 2025-26-ൽ 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 75. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സിമെറ്റ്)

**(വിഹിതം: 70.00 ലക്ഷം രൂപ)**

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള ഒരു സ്വാശ്രയ സ്ഥാപനമാണ് സിമെറ്റ്. വൈദ്യശാസ്ത്ര മേഖലയിലെ 3 വിഭാഗങ്ങളായ ആധുനിക വൈദ്യശാസ്ത്രം, ആയുർവേദം, ഹോമിയോപ്പതി എന്നിവയിലെ മെഡിക്കൽ പാരാമെഡിക്കൽ മേഖലയിൽ അറിവ് നേടുകയും കൈമാറുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സീമാറ്റ് 4 നഴ്സിംഗ് കോളേജുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ 60 വിദ്യാർഥികൾക്ക് വീതം വാർഷിക പ്രവേശനമുള്ള 7 നഴ്സിങ് കോളജുകൾ തുടങ്ങാനും തീരുമാനിച്ചു. 2025-26-ൽ നിലവിലുള്ള നഴ്സിംഗ് കോളേജുകളുടെയും ഡയറക്ടറേറ്റിന്റെയും പ്രവർത്തനങ്ങൾക്കുള്ള ധനസഹായമായി സീമാറ്റിന് 70.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 76. സർക്കാർ മെഡിക്കൽ കോളേജുകളിൽ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സെന്ററുകൾ

**(വിഹിതം: 140.00 ലക്ഷം രൂപ)**

ഗുരുതരമായ രോഗബാധിതരായ ആളുകൾക്കുള്ള പ്രത്യേക വൈദ്യ പരിചരണമാണ് പാലിയേറ്റീവ് കെയർ. ഇത്തരത്തിലുള്ള പരിചരണം രോഗത്തിന്റെ ലക്ഷണങ്ങളിൽ നിന്നും സമ്മർദ്ദത്തിൽ നിന്നും ആശ്വാസം നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. രോഗിയുടെയും കുടുംബത്തിന്റെയും ജീവിതനിലവാരം മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം. പ്രത്യേക പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റ് വിദഗ്ധരുടെയും ഒരുമിച്ച് പ്രവർത്തിക്കുന്ന ടീമാണ് പാലിയേറ്റീവ് കെയർ നൽകുന്നത്. ഔട്ട്പേഷ്യന്റ് കൺസൾട്ടേഷൻ, ഹോം കെയർ, പേഷ്യന്റ് കൺസൾട്ടേഷൻ, 10 കിടക്കകളുള്ള ഇൻപേഷ്യന്റ് കെയർ സൗകര്യം എന്നിവ ഉൾപ്പെടെയുള്ള സാന്ത്വന പരിചരണ സേവനങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ് പ്രാഥമിക ലക്ഷ്യം. ഗുരുതരമായ രോഗങ്ങളുള്ള രോഗികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും അവർക്ക് പ്രത്യേകവും അനുകമ്പയുള്ളതുമായ പരിചരണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ഈ സംരംഭം ലക്ഷ്യമിടുന്നു. ഇത് ഗുരുതരമായ രോഗങ്ങളുള്ള രോഗികളുടെ വേദനയും കഷ്ടപ്പാടും പരിഹരിക്കാനുള്ള അറിവും വൈദഗ്ധ്യവും ഭാവിയിലെ ആരോഗ്യപരിപാലന വിദഗ്ധർക്ക് നൽകി സജ്ജമാക്കുന്നു. കഷ്ടപ്പാടുകളുടെ ശാരീരികവും മാനസികവും സാമൂഹികവും ആത്മീയവുമായ വശങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് ഇത് രോഗികളുടെ സമഗ്രമായ ക്ഷേമത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനും പദ്ധതിയുടെ മറ്റ് പ്രവർത്തനങ്ങൾക്കുമായി 2025-26 കാലയളവിൽ 140.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 77. സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്റ്റെം സെൽ/മജ്ജ മാറ്റിവയ്ക്കൽ

**(വിഹിതം: 175.00 ലക്ഷം രൂപ)**

ഒരു സർക്കാർ മെഡിക്കൽ കോളേജിലും സ്റ്റെം സെൽ ട്രാൻസ്പ്ലാന്റ് സൗകര്യം ലഭ്യമല്ലാത്തതിനാൽ ഇടത്തരക്കാർക്കും പാവപ്പെട്ട രോഗികൾക്കും സ്റ്റെം സെൽ ട്രാൻസ്പ്ലാൻറ് ചികിത്സ പ്രാപ്യമല്ലാത്ത നിലയിലാണ്. സാമ്പത്തിക സ്ഥിതി നോക്കാതെ എല്ലാ കാൻസർ രോഗികൾക്കും ഉയർന്ന നിലവാരത്തിലുള്ള പരിചരണം നൽകുന്നതിന് സ്റ്റെം സെൽ ട്രാൻസ്പ്ലാൻറ് യൂണിറ്റ് എത്രയും വേഗം ആരംഭിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. മെഡിക്കൽ കോളേജുകൾ ട്രാൻസ്പ്ലാൻറ് ചെയ്യേണ്ടതായ രോഗികളെ ഇപ്പോൾ റീജിയണൽ കാൻസർ സെന്റർ തിരുവനന്തപുരം ഉൾപ്പെടെയുള്ള മറ്റ് കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുകയാണ്. കോട്ടയം മെഡിക്കൽ കോളേജിൽ സ്റ്റെം സെൽ/മജ്ജ മാറ്റിവയ്ക്കൽ ആരംഭിക്കുന്നതിനായി 2025-26 കാലയളവിൽ 175.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**78. മെഡിക്കൽ കോളേജുകളിൽ സ്പോർട്സ് മെഡിസിൻ യൂണിറ്റും ഫിസിക്കൽ എജ്യുക്കേഷൻ ഡിപ്പാർട്ട്മെന്റും**

**(വിഹിതം: 45.00 ലക്ഷം രൂപ)**

കായികതാരങ്ങൾക്കുള്ള പ്രത്യേക പരിചരണമാണ് സ്പോർട്സ് മെഡിസിൻ ലക്ഷ്യമിടുന്നത്. കായിക സംബന്ധമായ പരിക്കുകളെക്കുറിച്ച് വ്യക്തമായ ധാരണയുള്ള ഉയർന്ന പരിശീലനം ലഭിച്ച പ്രൊഫഷണലുകളാണ് ഫിസിഷ്യൻമാർ. അത്ലറ്റുകൾക്ക് വ്യതിരിക്തമായ പരിചരണം നൽകാൻ അവർക്ക് കഴിയും. പരിക്കുകളുടെ ചികിത്സയും പ്രതിരോധവും ഉൾപ്പെടെയുള്ള ശാരീരിക ക്ഷമതയിൽ ഈ പ്രത്യേക മെഡിക്കൽ മേഖല ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സ്പോർട്സ് മെഡിസിൻ സ്പോർട്സ് താരങ്ങളുടെ പരിക്കുകളിൽ മാത്രമല്ല, അവരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇതിൽ രണ്ട് ഡിവിഷനുകൾ ഉണ്ട്. സ്പോർട്സ് ഇൻജുറി ട്രീറ്റ്മെന്റ് ഡിവിഷനും സ്പോർട്സ് പെർഫോമൻസ് ഇംപ്രൂവ്മെന്റ് ഡിവിഷനും. കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 2025-26 കാലയളവിൽ 45.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**79. മെഡിക്കൽ കോളേജുകളിൽ റീജിയണൽ റീഹാബിലിറ്റേഷൻ സെന്റർ**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഒരാളുടെ ശാരീരിക അവസ്ഥ, പ്രായം, ലിംഗഭേദം, വിവിധ രോഗാവസ്ഥകൾ എന്നിവയ്ക്ക് അനുസൃതമായി സാധ്യമായ പരമാവധി പ്രവർത്തന ശേഷിയിലേക്ക് ഒരു ഭിന്നശേഷിയുള്ള വ്യക്തിയെ വീണ്ടും പരിശീലിപ്പിക്കുന്ന പ്രക്രിയയാണ് ചികിത്സാ പുനരധിവാസം. സെറിബ്രൽ പാൾസി, സ്ട്രോക്ക്, തലക്കുണ്ടാകുന്ന ക്ഷതങ്ങൾ, സ്പോർട്സ് പരിക്കുകൾ, പൊള്ളലേറ്റവർ മുതലായ നിരവധി വൈകല്യങ്ങൾക്ക് ഇത് ആവശ്യമാണ്. ഇത്തരമൊരു അത്യാധുനിക ചികിത്സാ പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതോടെ ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കിയ വികലാംഗരുടെ അവകാശ നിയമം 2016 പ്രകാരം വിഭാവനം ചെയ്യുന്ന അത്യാധുനിക ചികിത്സാ പുനരധിവാസ സേവനങ്ങൾ ഈ രാജ്യത്തെ ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയും. മെഡിക്കൽ കോളേജുകളിൽ പ്രാദേശിക പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 2025-26 കാലയളവിൽ 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

**80. മെഡിക്കൽ കോളേജുകളിലും അനുബന്ധ സ്ഥാപനങ്ങളിലും സുരക്ഷാ സംവിധാനങ്ങൾ**

**(വിഹിതം: 200.00 ലക്ഷം രൂപ)**

ലോകമെമ്പാടുമുള്ള ഹെൽത്ത് കെയർ പ്രൊഫഷണലുകൾക്ക് ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾക്കുള്ളിൽ നേരിടുന്ന ശാരീരികവും വാക്കാലുള്ളതുമായ അക്രമ പ്രവർത്തനങ്ങളിൽ വർദ്ധനവ് കാണുന്നു. അസ്വസ്ഥജനകമായ ഈ പ്രവണതയിൽ ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പരിപാലന ഉദ്യോഗസ്ഥർ എന്നിവർക്കെതിരായ ആക്രമണം, ഉപദ്രവിക്കൽ, ഭീഷണിപ്പെടുത്തൽ എന്നിവ ഉൾപ്പെടുന്നു. ആരോഗ്യ സംരക്ഷണ വിദഗ്ധർക്കെതിരായ അക്രമം ശാരീരിക അപകടങ്ങൾ മാത്രമല്ല, സമ്മർദ്ദം, വൈകാരിക ആഘാതം എന്നിവയ്ക്കും കാരണമാകുന്നു. ഉടനടി സഹായം നൽകുന്നതിലൂടെയും ആക്രമണകാരികളെ തിരിച്ചറിയുന്നതിലൂടെയും കുറ്റവാളികളെ തടയുന്നതിലൂടെയും അത്തരം അക്രമ സംഭവങ്ങളെ അമർച്ച ചെയ്യുന്നതിനും ലഘൂകരിക്കുന്നതിനും ഒരു നിർണായക ഉപകരണമായി പ്രവർത്തിക്കാൻ സുസ്ഥിരമായ ഒരു സുരക്ഷാ സംവിധാനത്തിന് കഴിയും. ഒരു സമഗ്ര സുരക്ഷാ സംവിധാനത്തിന് സുരക്ഷിതമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിയും, അത് മെഡിക്കൽ ഉദ്യോഗസ്ഥരുടെ ശാരീരികവും മാനസികവുമായ ക്ഷേമത്തിന് അത്യന്താപേക്ഷിതമാണ്. മെഡിക്കൽ കോളേജുകളിലും അനുബന്ധ സ്ഥാപനങ്ങളിലും സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനായി 2025-26 കാലയളവിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**പുതിയ പദ്ധതി**

**81. മെഡിക്കൽ കോളേജുകളിൽ കാത്ത് ലാബ് സ്ഥാപിക്കൽ**

**(വിഹിതം: 4500.00 ലക്ഷം രൂപ)**

ജനസംഖ്യാ പരിവർത്തനങ്ങളും പകർച്ചവ്യാധികളുമായി ബന്ധപ്പെട്ടുള്ള പരിവർത്തനങ്ങൾ മൂലം ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, ഹൈപ്പർടെൻഷൻ, എന്നീ പകർച്ചേതരരോഗങ്ങൾ അടുത്തകാലത്തായി കൂടുതലായി കണ്ടുവരുന്നു. റഫർ ചെയ്യപ്പെടുന്ന നിർദ്ധനരായ രോഗികളുടെ തൃതീയ പരിചരണത്തിനു മുൻഗണന നൽകേണ്ടതുണ്ട്. 2025-26 വർഷത്തിൽ, ആലപ്പുഴ, കോഴിക്കോട്, എറണാകുളം എന്നീ 3 മെഡിക്കൽ കോളേജുകളിൽ കാത്ത് ലാബ് സ്ഥാപിക്കും. കാത്ത് ലാബ് വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമായി 4500.00 ലക്ഷം രൂപ വകയിരുത്തുന്നു.

## സ്വയംഭരണ സ്ഥാപനങ്ങൾ

### 82. ചൈൽഡ് ഡവലപ്മെന്റ് സെന്റർ

**(വിഹിതം: 258.00 ലക്ഷം രൂപ)**

ചൈൽഡ് ഡവലപ്മെന്റ് സെന്റർ (സി.ഡി.സി) ദേശീയതലത്തിൽ ബാല്യകാല വൈകല്യങ്ങൾ തടയുന്നതിനായുള്ള നോഡൽ റഫറൽ കേന്ദ്രമായും പരിശീലന കേന്ദ്രമായും പ്രവർത്തിക്കുന്നു. ചൈൽഡ് ഡവലപ്മെന്റ് സെന്റർ കുഞ്ഞുങ്ങളുടെ സുരക്ഷ, വിദ്യാഭ്യാസം, കൗമാരക്കാരുടെ പരിരക്ഷ, വിവാഹപൂർവ്വ കൗൺസിലിംഗ്, സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങളും അനുബന്ധ വിഷയങ്ങളിലും പിന്തുണ നൽകുക തുടങ്ങിയവ നിർവ്വഹിക്കുന്നു. 2025-26-ൽ അറ്റകുറ്റപണികൾ, വാർഷിക അറ്റകുറ്റപ്പണി കരാർ, ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങുന്നതിനും, റിസർച്ച്, ട്രെയിനിംഗ്, സ്പെഷ്യാലിറ്റി ക്ലിനിക്, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, മറ്റ അനാവർത്തന ഓഫീസ് ചെലവുകൾ എന്നിവക്കായി 258.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 83. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

**(വിഹിതം: 92.00 ലക്ഷം രൂപ)**

കേരള സർക്കാരിന്റെയും അഖിലേന്ത്യാ ഡയബറ്റിക് ഫൗണ്ടേഷന്റെയും സംയുക്ത സംരംഭമായി 2001-ൽ തിരുവന്തപുരത്തെ പുലയനാർകോട്ടയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് സ്ഥാപിതമായി. പ്രമേഹരോഗികളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തിച്ചുവരുന്ന ഒരു സ്വയംഭരണ സ്ഥാപനമാണിത്. ഇതിനായി ഇൻസ്റ്റിറ്റ്യൂട്ട് പ്രമേഹരോഗികൾക്കും ആരോഗ്യപരിചരണം നൽകുന്നവർക്കും വിദ്യാഭ്യാസം നൽകുകയും ഈ മേഖലയിൽ ഗവേഷണം നടത്തുകയും ചെയ്യുന്നു. ഇനിപ്പറയുന്ന ഘടകങ്ങൾക്കായി 2025-26-ലേക്ക് 92.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

- മെഡിസിൻ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും മെഡിക്കൽ പ്രാക്ടീഷണർമാർക്കും മെഡിക്കൽ പ്രൊഫഷണലുകൾക്കുമായി ഡയബറ്റോളജി കോഴ്സ്
- ജീവിതശൈലി രോഗങ്ങളെ സംബന്ധിച്ച മ്യൂസിയം
- കേരള സംസ്ഥാനത്തുടനീളം പ്രമേഹ രോഗികളുടെ പാദ പരിശോധന
- 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കിടയിലെ ഓസ്റ്റിയോപൊറോസിസിനെക്കുറിച്ചുള്ള പഠനം
- ഐ.ഇ.സി പ്രവർത്തനങ്ങൾ

### 84. മലബാർ ക്യാൻസർ സെന്റർ

**(വിഹിതം: 3500.00 ലക്ഷം രൂപ)**

കേരള സർക്കാരിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് തലശ്ശേരിയിലുള്ള മലബാർ ക്യാൻസർ സെന്റർ. വടക്കൻ കേരളത്തിലെ ജനങ്ങൾക്ക് ക്യാൻസർ ചികിൽസയും പരിചരണവും നൽകുക എന്ന ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ടതാണ് ഈ സ്ഥാപനം. 2025-26-ൽ മലബാർ ക്യാൻസർ സെന്ററിൻ ഇനി പറയുന്ന പ്രവർത്തനങ്ങൾക്കായി 3500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം |
|---|---|
| 1 | മലബാർ ക്യാൻസർ സെന്ററിന്റെ വിവിധ വകുപ്പുകൾ/ഡിവിഷനുകൾ ശക്തിപ്പെടുത്തൽ |
| 2 | എൻ.എ.ബി.എൽ അക്രഡിറ്റേഷനായി ലാബിന്റെ നിലവാരമുയർത്തൽ |
| 3 | ആശുപത്രിയിലെ അണുബാധ നിയന്ത്രണ പരിപാടി ശക്തിപ്പെടുത്തൽ |
| 4 | ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ, സിവിൽ ജോലികൾ, നവീകരണം, അറ്റകുറ്റപ്പണികൾ |
| 5 | മെഡിക്കൽ ലൈബ്രറി ശക്തിപ്പെടുത്തൽ |
| 6 | ഗവേഷണ ശേഷിയുടെ വികസനം |
| 7 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസസ് ആൻഡ് റിസർച്ചിന്റെ (INSeR) അടിസ്ഥാന സൗകര്യ വികസനം |
| 8 | ഉപഭോഗവസ്തുക്കൾ, ആശുപത്രി ഉപകരണങ്ങൾ, ശസ്ത്രക്രിയാ ഉപകരണങ്ങൾ |

| ക്രമ നമ്പർ | ഘടകം |
|---|---|
| 9 | ഇൻഫർമേഷൻ ടെക്നോളജി ശക്തിപ്പെടുത്തൽ |
| 10 | ഫെസിലിറ്റി മാനേജ്മെൻ്റ് സേവനങ്ങൾ |
| 11 | ട്രാൻസ്ലേഷണൽ റിസർച്ച് ശക്തിപ്പെടുത്തുന്നതിനായി 3 ഡി പ്രിന്റിംഗ് സൗകര്യം സ്ഥാപിക്കൽ |
| 12 | ക്ലിനിക്കൽ ഗവേഷണത്തിന്റെയും സെല്ലുലാർ തെറാപ്പിയുടെയും വികസനം |
| 13 | ഗുണനിലവാരം ശക്തിപ്പെടുത്തൽ (ഫയർ ഇൻഷുറൻസ്, സമഗ്ര വാർഷിക പരിപാലന കരാർ, അക്രഡിറ്റേഷൻ മുതലായവ) |
| 14 | വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിർമ്മാണം (തുടർച്ച) |
| 15 | കാന്റീനും അടുക്കള ഉപകരണങ്ങളും ഫർണിച്ചറുകളും |
| 16 | ബയോ കെമിസ്ട്രി ശക്തിപ്പെടുത്തൽ |
| 17 | ജെനിറ്റിക്സ് – മോളിക്യുലാർ ലാബ് ശക്തിപ്പെടുത്തൽ |
| 18 | റീഹാബിലിറ്റേഷൻ ഓങ്കോളജി ശക്തിപ്പെടുത്തൽ |
| 19 | കാൻസർ രജിസ്ട്രിയും എപ്പിഡെമിയോളജിയും ശക്തിപ്പെടുത്തുന്നു |
| 20 | ആർഐഡിഎഫ് നബാർഡ് അസിസ്റ്റൻസിന്റെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനും മേൽ പറഞ്ഞ തുക വിനിയോഗിക്കാവുന്നതാണ് |
| 21 | സ്തനാർബുദവും ഗർഭാശയ അർബുദവുമാണ് സ്ത്രീകളിൽ മറ്റേതൊരു ക്യാൻസറിനേക്കാളും കൂടുതൽ മരണങ്ങൾക്ക് കാരണമാകുന്ന ഏറ്റവും സാധാരണമായ അർബുദ രൂപങ്ങൾ. ക്യാൻസറുമായി ബന്ധപ്പെട്ട ഈ രോഗാവസ്ഥയെയും മരണനിരക്കും ചെറുക്കുന്നതിനുള്ള ഒരു പ്രധാന ഉപകരണമാണ് കാൻസർ സ്ക്രീനിംഗ് ടെസ്റ്റുകൾ. എൻസിഡി കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായും ക്യാൻസർ സെന്ററുകളുമായി സഹകരിച്ചും ഡിഎച്ച്എസ് സംസ്ഥാന വ്യാപകമായി സ്ക്രീനിംഗ് കാമ്പയിൻ നടത്തും. |

**85. കേരള ആരോഗ്യ സർവ്വകലാശാല**

**(വിഹിതം: 1150.00 ലക്ഷം രൂപ)**

വൈദ്യശാസ്ത്ര അനുബന്ധ വിഷയങ്ങളിലെ വിവിധ അക്കാഡമിക് പരിപാടിയിൽ സമാനത കൈവരിക്കുക, ആധുനിക വൈദ്യശാസ്ത്രം, ഹോമിയോപ്പതി, ആയുർവേദം എന്നീ വിഭാഗങ്ങളിൽ ശരിയായതും ശാസ്ത്രീയവുമായ അദ്ധ്യാപനവും പരിശീലനവും ഗവേഷണവും ഉറപ്പുവരുത്തുക എന്നീ ഉദ്ദേശ്യത്തോടെയാണ് കേരള ആരോഗ്യ സർവ്വകലാശാല സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് 2025-26 വർഷത്തിൽ 1150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം |
|---|---|
| 1 | തൃശ്ശൂർ കെ.യു.എച്ച്.എസ് കാമ്പസിൽ അടിസ്ഥാന സൗകര്യ വികസനം |
| 2 | തൃശ്ശൂരിലെ കെ.യു.എച്ച്.എസ് കാമ്പസിൽ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം |
| 3 | കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിനായി ഒരു ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കൽ |
| 4 | വിസി & പിവിസി എന്നിവർക്കുള്ള ക്വാർട്ടേഴ്സുകളുടെ നിർമ്മാണം |
| 5 | നവജാതശിശുക്കളിലെ പ്രതിരോധശേഷിയുടെ ഗുരുതരമായ ജന്മവൈകല്യങ്ങൾക്കുള്ള പരിശോധന – പ്രാഥമിക പഠനം – രണ്ടാം ഘട്ടം |
| 6 | തൃശ്ശൂർ കെ.യു.എച്ച്.എസിൽ കോമ്പൗണ്ട് വാൾ നിർമാണം |
| 7 | കെ.യു.എച്ച്.എസ് കാമ്പസ് തൃശ്ശൂരിൽ മലിനജല പ്ലാന്റിന്റെ നിർമ്മാണം |

| | | |
|---|---|---|
| 8 | തൃശ്ശൂരിലെ കെയുഎച്ച്എസ് കാമ്പസിൽ സ്റ്റാഫ് ക്വാർട്ടേഴ്സിനായി മലിനജല പ്ലാന്റിന്റെ നിർമാണം |
| 9 | തൃപ്പൂണിത്തുറയിലെ ആയുർവേദ സ്കൂൾ ഓഫ് റിസർച്ചിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം – നാലാം ഘട്ടം |
| 10 | രസായനങ്ങളുടെ ഫൈറ്റോകെമിക്കൽ, മെറ്റബോളിക്, ആന്റി–ഏജിംഗ്, ഇമ്മ്യൂണോമോഡുലേറ്ററി ഗുണങ്ങളെക്കുറിച്ചുള്ള പഠനനിർദ്ദേശം – രണ്ടാം ഘട്ടം |

**86. കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ**

**(വിഹിതം: 1800.00 ലക്ഷം രൂപ)**

മധ്യ കേരളത്തിൽ കാൻസർ സ്പെഷ്യാലിറ്റി ആശുപത്രി ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ എറണാകുളം മെഡിക്കൽ കോളേജിന് സമീപത്ത് കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയുണ്ടായി. ആശുപത്രിയുടെ ഒന്നാം ഘട്ടം പൂർത്തിയാകുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025–26–ൽ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന് 1800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം |
|---|---|
| 1 | മരുന്നുകൾ, ഉപഭോഗവസ്തുക്കൾ, ആശുപത്രി ഉപകരണങ്ങൾ, ശസ്ത്രക്രിയാ ഉപകരണങ്ങൾ |
| 2 | ലഘു പ്രവർത്തികൾ, അറ്റകുറ്റപണികൾ, എഎംസി |
| 3 | മെഡിക്കൽ–പാരാമെഡിക്കൽ സ്റ്റാഫുകളുടെ പരിശീലനം |
| 4 | എറണാകുളം ജില്ലാ കാൻസർ നിയന്ത്രണ പരിപാടിക്കായി ലബോറട്ടറി സേവനം സ്ഥാപിക്കൽ |
| 5 | മധ്യ കേരള ജനസംഖ്യാടിസ്ഥാനത്തിലുള്ള കാൻസർ രജിസ്ട്രിയും സി.സി.ആർ.സി ആശുപത്രി അധിഷ്ഠിത കാൻസർ രജിസ്ട്രിയും. |
| 6 | നൈപുണ്യ ലബോറട്ടറി സ്ഥാപിക്കലും ആരോഗ്യ പരിരക്ഷാ ദാതാക്കളുടെ പരിശീലനവും |
| 7 | ഡിജിറ്റൽ പാത്തോളജി ലാബ് |
| 8 | എറണാകുളം ജില്ലയിലെ കുടിയേറ്റ തൊഴിലാളികൾക്കിടയിൽ പുകയില ബോധവത്കരണം |
| 9 | ഹോസ്പിറ്റൽ ഇൻഫർമേഷൻ സിസ്റ്റം (HIS) സ്ഥാപിക്കൽ |
| 10 | സ്തനാർബുദ ബോധവൽക്കരണം, സ്ക്രീനിംഗ്, നേരത്തെയുള്ള കണ്ടെത്തൽ പ്രവർത്തനങ്ങൾ |
| 11 | മറ്റ് അനാവർത്തന ആശുപത്രി–ഭരണ ചെലവുകൾ |
| 12 | ആർഐഡിഎഫ് നബാർഡ് അസിസ്റ്റൻസിന്റെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനും മേൽ പറഞ്ഞ തുക വിനിയോഗിക്കാവുന്നതാണ് |
| 13 | സ്തനാർബുദവും ഗർഭാശയ അർബുദവുമാണ് സ്ത്രീകളിൽ മറ്റേതൊരു ക്യാൻസറിനേക്കാളും കൂടുതൽ മരണങ്ങൾക്ക് കാരണമാകുന്ന ഏറ്റവും സാധാരണമായ അർബുദ രൂപങ്ങൾ. ക്യാൻസറുമായി ബന്ധപ്പെട്ട ഈ രോഗാവസ്ഥയെയും മരണനിരക്കും ചെറുക്കുന്നതിനുള്ള ഒരു പ്രധാന ഉപകരണമാണ് കാൻസർ സ്ക്രീനിംഗ് ടെസ്റ്റുകൾ. എൻസിഡി കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായും ക്യാൻസർ സെന്ററുകളുമായി സഹകരിച്ചും ഡിഎച്ച്എസ് സംസ്ഥാന വ്യാപകമായി സ്ക്രീനിംഗ് കാമ്പയിൻ നടത്തും. |

**87. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോസയൻസസ് (ഇംഹാൻസ്)**

**(വിഹിതം: 360.00 ലക്ഷം രൂപ)**

1982 ൽ കേരള സർക്കാർ സ്ഥാപിച്ച സ്വയംഭരണ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസസ് (ഇംഹാൻസ്), കോഴിക്കോട്. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് കാമ്പസിൽ ഈ സ്ഥാപനം പ്രവർത്തിക്കുന്നു. സൈക്യാട്രിക് സോഷ്യൽ വർക്ക്, ക്ലിനിക്കൽ സൈക്കോളജി, പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സൈക്യാട്രിക് നഴ്സിങ് എന്നിവയിൽ ഇപ്പോൾ എം.ഫിൽ കോഴ്സുകൾ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നു. ക്ലിനിക്കൽ സേവനങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ കമ്മ്യൂണിറ്റി സൈക്യാട്രി, ചൈൽഡ് സൈക്യാട്രി, പുനരധിവാസ സേവനങ്ങൾ എന്നിവയിൽ

ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 കാലയളവിൽ ഇംഹാൻസ്-നായി 360.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം |
|---|---|
| 1 | വിദ്യാർത്ഥികളുടെ ഹോസ്റ്റലിന്റെ നിർമ്മാണം (തുടർച്ച) |
| 2 | സെന്റർ ഫോർ ജെറിയാട്രിക് മെന്റൽ ഹെൽത്ത് ആൻഡ് കോഗ്നിറ്റീവ് റീഹാബിലിറ്റേഷൻ |
| 3 | റെമെഡിയൽ തെറാപ്പി സേവനങ്ങളിൽ പങ്കെടുക്കുന്ന വികസന വൈകല്യങ്ങളുള്ള കുട്ടികൾക്ക് ഹ്രസ്വ താമസ സൗകര്യം നൽകുന്നതിനായി ഇംഹാൻസ് കെട്ടിടത്തിന്റെ മുകളിലത്തെ നിലയുടെ പുനർനിർമ്മാണം |
| 4 | പരിശീലന പരിപാടികൾ, വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ, ഡോക്യുമെന്റേഷൻ, പ്രസിദ്ധീകരണം |
| 5 | ഉപകരണങ്ങൾ, മരുന്നുകൾ വാങ്ങൽ |
| 6 | അറ്റകുറ്റപ്പണികൽ |
| 7 | രോഗികൾക്ക് ലഘുഭക്ഷണം |
| 8 | ഇംഹാൻസ് കാമ്പസിലെ ചുറ്റമതിൽ നിർമ്മാണം |
| 9 | ഇ-ഹെൽത്ത് പ്രവർത്തനങ്ങൾ |
| 10 | വാഹനം വാടകക്കെട്ടുക്കൾ, മറ്റ് അനാവർത്തന ചെലവുകൾ |

**ആയുഷ്**

**ഭാരതീയ ചികിത്സാ വകുപ്പ്**

ആയുർവ്വേദം, സിദ്ധ, യൂനാനി, യോഗ & പ്രകൃതിചികിത്സ എന്നീ വിഭാഗങ്ങളിലായി 130 ആശുപത്രികൾ, 818 ഡിസ്പെൻസറികൾ 24 സബ് സെന്ററുകൾ എന്നിവയിലൂടെ ഭാരതീയ ചികിത്സാ വകുപ്പ് സംസ്ഥാനത്ത് സേവനം നടത്തിവരുന്നു. ഭാരതീയ ചികിത്സാ വകുപ്പിനായി 2025-26 വർഷത്തിൽ 5093.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**88. ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തലും നിലവാരമുയർത്തലും ആധുനികവൽക്കരണവും**

**(വിഹിതം: 2108.00 ലക്ഷം രൂപ)**

ഭാരതീയ ചികിത്സാവകുപ്പിനു കീഴിൽ സംസ്ഥാനത്ത് 818 ഡിസ്പെൻസറികളും 130 ആശുപത്രികളും 24 സബ് സെന്ററുകളും പ്രവർത്തിക്കുന്നു. ഈ 130 ആശുപത്രികളിൽ 127 എണ്ണം ആയുർവേദ മേഖലയിലാണ്. സിദ്ധ സിസ്റ്റത്തിനു കീഴിൽ ഒരു സിദ്ധ ആശുപത്രിയും രണ്ടു സിദ്ധ യൂണിറ്റുകളും 6 സിദ്ധ ഡിസ്പെൻസറികളുമാണുള്ളത്. മലപ്പുറം ജില്ലയിലെ കോട്ടക്കലിൽ 50 കിടക്കകളോടുകൂടിയ മാനസികരോഗാശുപത്രിയാണ് വകുപ്പിനു കീഴിലുള്ള ഒരേയൊരു മാനസികരോഗാശുപത്രി. പ്രകൃതി ചികിത്സാ വിഭാഗത്തിൽ 50 കിടക്കകളോടു കൂടിയ ആശുപത്രി തിരുവനന്തപുരം ജില്ലയിലെ വർക്കലയിലും 10 കിടക്കകളോടുകൂടിയ ഒരു യൂണിറ്റ് പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ആയുർവ്വേദ ആശുപത്രിയിലും ഒരു ഡിസ്പെൻസറി കൊല്ലം ജില്ലയിലെ പുനലൂരിലും പ്രവർത്തിക്കുന്നു. പഞ്ചകർമ്മ വിഭാഗത്തിൽ 20 കിടക്കകളോടുകൂടിയ ആശുപത്രി ആലപ്പുഴയിൽ പ്രവർത്തിക്കുന്നു. ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും നിലവാരമുയർത്തുന്നതിനും ആധുനികവൽക്കരണത്തിനുമായി 2025-26 വർഷത്തിൽ 2108.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ ഉപപദ്ധതി എന്നിവയ്ക്ക് കീഴിലുള്ള പൂൾഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

| ക്രമ നം. | ഘടകം | ഘടക വിവരണം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ആധുനിക വൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും | ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസുകളുടെയും നവീകരണം, കമ്പ്യൂട്ടർ വാങ്ങൽ, അറ്റകുറ്റപണി കരാർ, ബയോമെട്രിക് പഞ്ചിംഗ്, ലഘു പ്രവൃത്തികൾ, ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തൽ, വർക്ക്ഷോപ്പ്, മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, പദ്ധതി നിരീക്ഷണം, അവലോകനം, വിലയിരുത്തൽ, രേഖകൾ തയ്യാറാക്കൽ | 50 |
| 2 | ആശുപത്രികളുടെ ക്രമവൽക്കരണവും നിലവാരമുയർത്തലും | ആശുപത്രി ഉപകരണങ്ങൾ-ഘടകഭാഗങ്ങൾ എന്നിവ വാങ്ങൽ, ഫർണിച്ചർ, മാലിന്യ സംസ്കരണം, നാപ്കിൻ ഇൻസിനറേറ്റർ, അഗ്നിസുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കൽ, കാഷ് നിലവാരം കൈവരിക്കുന്നതിനായി നിലവിലുള്ള സ്പെഷ്യാലിറ്റി യൂണിറ്റുകളുടെയും/ആശുപത്രികളുടെയും/ഡിസ്പെൻസറികളുടെയും നവീകരണ അറ്റകുറ്റപ്പണികൾ, രോഗീസൗഹൃദ ആശുപത്രി സംരംഭം | 300 |
| 3 | മരുന്ന് വാങ്ങൽ | ആശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവയ്ക്കായി മരുന്ന് വാങ്ങൽ | 400 |
| 4 | താൽക്കാലിക ഡിസ്പെൻസറികൾ | തീർത്ഥാടന കേന്ദ്രങ്ങളിലെ താൽക്കാലിക ഡിസ്പെൻസറികൾക്ക് മരുന്ന് വാങ്ങുന്നതിനും മറ്റു ചെലവുകൾക്കും (ശബരിമല, പമ്പ, എരുമേലി, പന്തളം, അരുവിപ്പുറം, ശിവഗിരി, ആറ്റുകാൽ, കുരിശുമല, വള്ളിയൂർക്കാവ്, മാരാമൺ, ചെറുകോൽപ്പുഴ, കടപ്പുത്തൂർ, കൊട്ടിയൂർ, ഓച്ചിറ, ഏറ്റുമാനൂർ, ചെങ്ങന്നൂർ, ബീമാപള്ളി, കൽപ്പാത്തി, പരുമല) | 78 |
| 5 | ഏറ്റവും നല്ല ഡോക്ടർമാർക്കുള്ള അവാർഡ് | ഏറ്റവും നല്ല ഡോക്ടർമാർക്കുള്ള അവാർഡ് | 2 |
| 6 | പരിശീലനം | ഐ.എസ്.എം. വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനം | 19 |
| 7 | സ്നേഹധാര | എല്ലാ ജില്ലകളിലും സമഗ്ര ആയുർവേദ സാന്ത്വന പരിചരണ പരിപാലനം | 130 |
| 8 | സ്പെഷ്യാലിറ്റി യൂണിറ്റുകൾ | വയനാട് ജില്ലയിൽ സിക്കിൾസെൽ അനീമിയ യൂണിറ്റ് (3), എല്ലാ ജില്ലകളിലും വയോജന പരിപാലന കേന്ദ്രങ്ങൾ, എല്ലാ ജില്ലകളിലും മാനസികരോഗ യൂണിറ്റുകൾ, പഞ്ചകർമ്മ യൂണിറ്റ്(66), എല്ലാ ജില്ലകളിലും കൗമാരഭൃത്യം യൂണിറ്റ്, എല്ലാ ജില്ലകളിലും പ്രസൂതിതന്ത്ര യൂണിറ്റ്, ക്ഷാരസൂത്ര യൂണിറ്റ് (ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, പത്തനംതിട്ട, കണ്ണൂർ ജില്ലകൾ), കുട്ടികളുടെയും കൗമാരക്കാരുടെയും പരിചരണ കേന്ദ്രം പുറക്കാട്ടേരി (കോഴിക്കോട്) എന്നിവയുടെ പ്രവർത്തനത്തിന് | 800 |
| 9 | സിദ്ധ, യുനാനി ആശുപത്രികളും ഡിസ്പെൻസറികളും | മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങൽ, ഐ.ഇ.സി. | 60 |

| ക്രമ നം. | ഘടകം | ഘടക വിവരണം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 10 | ആയുർവേദ മാനസികരോഗാ ശുപത്രി, കോട്ടക്കൽ | മരുന്നുകൾ, ലഘുപ്രവൃത്തികൾ, പുനരധിവാസ കേന്ദ്രം, ഫർണിച്ചർ, ഉപകരണങ്ങൾ | 100 |
| 11 | പ്രകൃതി ചികിത്സാ ആശുപത്രികളും ഡിസ്പെൻസറികളും, യോഗ യൂണിറ്റുകൾ | വർക്കലയിലെ 50 കിടക്കകളുള്ള ആശുപത്രിയെ 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തൽ, അറ്റകുറ്റപ്പണികൾ, ലഘുപ്രവൃത്തികൾ, ഉപകരണങ്ങൾ, കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, യോഗ യുണിറ്റിന്റെ പ്രവർത്തനം, മാലിന്യ സംസ്കരണം | 50 |
| 12 | നിർവിഷ | എൻഡോസൾഫാൻ ബാധിത കുടുംബങ്ങളിൽ ആരോഗ്യമുള്ള കുട്ടികളുണ്ടാകുന്നതിനായി മാതാപിതാക്കൾക്കുള്ള ആയുർവേദ ആരോഗ്യ പരിചരണം. ഇതിൽ 89.47 ശതമാനം തുക സ്ത്രീകൾക്കായി ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. | 19 |
| 13 | ആരോഗ്യ ടൂറിസം, ആർ ആൻഡ് ഡി | ആരോഗ്യ ടൂറിസത്തിന്റെ പ്രമോഷനും നിയന്ത്രണവും, ഗവേഷണവും വികസനവും (ആർ ആൻഡ് ഡി) | 100 |
| | ആകെ | | 2108 |

**89. തെരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ ഇന്ത്യൻ സിസ്റ്റംസ് ഓഫ് സ്പോർട്സ് മെഡിസിനായുള്ള ഗവേഷണ വിഭാഗം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

സ്പോർട്സ് താരങ്ങൾക്ക് ഓജസ്സും കരുത്തും വർദ്ധിപ്പിക്കുന്നതിനായി ഇൻഡ്യൻ സ്പോർട്സ് മെഡിസിൻ പഞ്ചകർമ്മ, മർമ്മ തുടങ്ങിയ ചികിത്സകൾ പ്രദാനം ചെയ്യുന്നു. സ്പോർട്സ് താരങ്ങളുടെ കഴിവും പ്രകടനവും മെച്ചപ്പെടുത്തുന്നതിനായി ആയുർവേദത്തെ വിവിധ തലങ്ങളിൽ പ്രയോജനപ്പെടുത്തുക എന്നതാണ് സ്പോർട്സ് ആയുവേദം. കിസാർ കൂടാതെ ആയുർവേദ റിസർച്ച് സെല്ലിന്റെ കീഴിൽ സ്പോർട്സ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടുകൂടി ഈ റിസർച്ച് സെൽ ആരോഗ്യ സംരക്ഷണ പരിപാടികളും നടപ്പിലാക്കുന്നുണ്ട്. ഈ റിസർച്ച് സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി 2025-26 വർഷത്തിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്.

- മരുന്ന് വാങ്ങലും പ്രത്യേക മരുന്നുകൾ തയ്യാറാക്കലും
- നിലവിലുള്ള സ്പോർട്സ് മെഡിസിൻ യൂണിറ്റ് ശക്തിപ്പെടുത്തൽ-തിരുവനന്തപുരം (3 യൂണിറ്റുകൾ), കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകൾ
- ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങൽ
- യാത്രയ്ക്കുള്ള സഹായവും രോഗനിർണ്ണയ ചെലവുകളും
- പരിശീലനം/ബോധവൽക്കരണം/ഐ.ഇ.സി
- ദേശീയ/സംസ്ഥാന/ജില്ലാതല സ്പോർട്സ് ഈവന്റ്സിന് ചികിത്സാ സഹായം
- തൃശ്ശൂരിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആയുർവേദ ആൻഡ് റിസർച്ച് (കിസാർ) ശക്തിപ്പെടുത്തൽ

**90. ഭാരതീയ ചികിത്സ വകുപ്പിനു കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ**

**(വിഹിതം: 600.00 ലക്ഷം രൂപ)**

2025-26-ൽ ആയുർവേദ വകുപ്പിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നിർമ്മാണ പ്രവൃത്തികൾ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയായിരിക്കണം. മുൻവർഷങ്ങളിൽ ആരംഭിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം |
|---|---|
| 1 | തിരുവനന്തപുരം – ഗവ. ആയുർവേദ ആശുപത്രി വർക്കല- പുതിയ ഇൻവെർട്ടർ റൂം, ഒപി ബിൽഡിംഗ്, റിസപ്ഷൻ ഉൾപ്പെടെയുള്ള കാഷ്വാലിറ്റി, ഫീഡിംഗ് റൂം, നൈറ്റ് ഡ്യൂട്ടി റൂം, കഷായം തയ്യാറാക്കൽ മുറി, ഡയറ്റ് സ്റ്റോർ റൂം, നഴ്സസ് നൈറ്റ് ഡ്യൂട്ടി റൂം, ടവർ വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണം. |
| 2 | ഗവ. ആയുർവേദ ഡിസ്പെൻസറി എരിച്ചെല്ലൂർ, തിരുവനന്തപുരം – യോഗാ ചികിത്സ മുറി, പ്രീ-ചെക്ക് അപ്പ് റൂം, ഒപി രജിസ്ട്രേഷൻ കൗണ്ടർ, ഫീഡിംഗ് റൂം എന്നിവയ്ക്കായി പഴയ കെട്ടിടത്തിന്റെ പുനർനിർമ്മാണം. |
| 3 | ഗവ. ആയുർവേദ ആശുപത്രി കോത്തല, കോട്ടയം -യോഗ / കോൺഫറൻസ് ഹാൾ |
| 4 | ഗവ. ആയുർവേദ ഡിസ്പെൻസറി വാഴപ്പള്ളി, കോട്ടയം – പുതിയ അടുക്കളയുടെ നിർമ്മാണം |
| 5 | ഗവ. ആയുർവേദ ആശുപത്രി കിടങ്ങൂർ, കോട്ടയം – കൺസൾട്ടേഷൻ റൂം നിർമ്മാണം |
| 6 | ഗവ. ആയുർവേദ ഡിസ്പെൻസറി എലത്തൂർ, കോഴിക്കോട് -യോഗ ഹാൾ, ടോയ്‌ലറ്റ് നിർമാണം |
| 7 | ഗവ. ആയുർവേദ ഡിസ്പെൻസറി ചേലന്നൂർ, കോഴിക്കോട് – ടെറസിൽ മേൽക്കൂര നിർമ്മാണം |
| 8 | ഗവ. ആയുർവേദ ആശുപത്രി ചെറുവണ്ണൂർ, കോഴിക്കോട് – പുതിയ ഒപി ബ്ലോക്കിന്റെ നിർമാണം |
| 9 | ഗവ. ആയുർവേദ ആശുപത്രി വടകര, കോഴിക്കോട് – ലിഫ്റ്റ് നിർമ്മാണം |
| 10 | ഗവ. ആയുർവേദ ഡിസ്പെൻസറി ശ്രീകാര്യം, തിരുവനന്തപുരം – പഴയ കെട്ടിടത്തിന്റെ പുനർനിർമ്മാണം, മരുന്ന് സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ റൂം |

**91. വിദ്യാലയ ആരോഗ്യ പരിപാടികൾ**

**(വിഹിതം: 80.00 ലക്ഷം രൂപ)**

വിദ്യാലയ ആരോഗ്യ പരിപാടിയുടെ ഭാഗമായി ഭാരതീയ ചികിത്സാവകുപ്പ്, ജില്ലകളിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ കുട്ടികളിലെ നേത്ര ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ദൃഷ്ടി പദ്ധതി നടപ്പിലാക്കിവരുന്നു. കൗൺസിലിംഗ്, ബോധവൽക്കരണ ക്ലാസ്സുകൾ, മരുന്നുകൾ, വൈദ്യസഹായം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വിദ്യാലയ പദ്ധതിയിൽ 2025-26 വർഷത്തിൽ 80.00 ലക്ഷം രൂപ മരുന്ന് വാങ്ങൽ, ലാബ് ഉപകരണങ്ങൾ, റീഏജന്റുകൾ, ബോധവൽക്കരണ കാമ്പയിൻ, ഐഇസി മെറ്റീരിയലുകൾ, വാഹനങ്ങളുടെ വാടക, ഡോക്യുമെന്റേഷൻ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്നു. കോട്ടയം, എറണാകുളം, തൃശ്ശൂർ, ഇടുക്കി, മലപ്പുറം, കോഴിക്കോട് കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലാണ് പദ്ധതി നടപ്പാക്കുക.

**92. ജീവനിയും പുനർനവയും**

**(വിഹിതം: 95.00 ലക്ഷം രൂപ)**

ഇൻഡ്യയിൽ പ്രമേഹം ഒരു പ്രധാന ആരോഗ്യപ്രശ്നമായി ആവിർഭവിച്ചിരിക്കുന്നു. ഉയർന്ന രക്തസമ്മർദ്ദം, ഡിസ്ലിപിഡാമിയ മെലിറ്റസ്, തെറ്റായ ജീവിതചര്യകൾ എന്നിവ മൂലം കാർഡിയോവാസ്കുലർ അപകടങ്ങൾ വർദ്ധിച്ചു വരുന്നു. ഇത്തരം രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് ജീവനി, പുനർനവ എന്നിവ നിർദേശിച്ചിരിക്കുന്നു. മരുന്നുകൾ, ലാബ് ഉപകരണങ്ങൾ, റീ ഏജന്റുകൾ, ബോധവൽക്കരണ പരിപാടികൾ, ഐ.ഇ.സി സാമഗ്രികൾ, വാഹനങ്ങളുടെ വാടക, ഡോക്യുമെന്റേഷൻ എന്നിവയാണ് ഉദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ. 2025-26 വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 95.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | ഘടക വിവരണം | ജില്ലകൾ |
|---|---|---|---|
| 1. | ജീവനി | ടൈപ്പ് -2 പ്രമേഹരോഗം കൈകാര്യം ചെയ്യുന്നതിനുദ്ദേശിക്കുന്നു | തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ |
| 2. | പുനർനവ | പോസ്റ്റ് സെറിബ്രോ വാസ്കുലാർ അപകടങ്ങൾ തരണം ചെയ്യലും പുനരധിവാസവും | കോഴിക്കോട്, കണ്ണൂർ പത്തനംതിട്ട, കോട്ടയം, തിരുവനന്തപുരം ജില്ലകളിൽ |

**93. പകർച്ചവ്യാധികൾ തടയൽ**

**(വിഹിതം: 150.00 ലക്ഷം രൂപ)**

പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ആയുർവേദ ഔഷധങ്ങൾ വളരെയധികം ഫലപ്രദമാണ്. രോഗബാധിത പ്രദേശങ്ങളിൽ പ്രത്യേകം ആരോഗ്യ ക്യാമ്പുകൾ നടത്തുക, പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുക, മരുന്നുകൾ, മെഡിക്കൽ കിറ്റുകൾ വാങ്ങൽ, പ്രകൃതിക്ഷോഭം മൂലം ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര വൈദ്യസഹായം, ആരോഗ്യ ക്യാമ്പിനുള്ള ഗതാഗത സൗകര്യം, ഐ.ഇ.സി പ്രവർത്തനങ്ങൾ, തുടർച്ചയായുള്ള പകർച്ചവ്യാധികളുടെ വരവ് തടയുക എന്നീ പ്രവർത്തനങ്ങൾ ഉദ്ദേശിച്ചിരിക്കുന്നു. മേൽ വിഹിതത്തിൽ കോവിഡ്, കോവിഡാനന്തര ഇടപെടലിനുള്ള തുകയും ഉൾപ്പെടുന്നു. 2025-26 വർഷത്തിൽ 150.00 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**94. എച്ച്.ഐ.എം.എസ് (ആരോഗ്യ വിവര ശേഖര പരിപാലന സംവിധാനം)**

**(വിഹിതം: 200.00 ലക്ഷം രൂപ)**

ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുക, മുൻഗണനാക്രമം നിശ്ചയിക്കുക, നവീനമായ പരിഹാരങ്ങൾ കണ്ടെത്തുക, വിഭവങ്ങൾ പങ്കുവയ്ക്കുക തുടങ്ങിയവ ആരോഗ്യ പരിപാലന സംവിധാനത്തിൽ ഫലപ്രദമാക്കുന്നതിന് ശരിയായ രീതിയിലുള്ള വിവര ശേഖരണം, പരിപാലനം, ഉപയോഗം എന്നിവ ആവശ്യമാണ്. ആശുപത്രി പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ കൃത്യസമയത്ത് വിവരശേഖരണം നടത്തുന്നതിനും ആശുപത്രി സേവനത്തിൽ കാര്യക്ഷമത, ഫലപ്രാപ്തി, സുതാര്യത എന്നിവ വർദ്ധിപ്പിക്കുന്നതിനും വകുപ്പ് ഉദ്ദേശിക്കുന്നു. ഗുണമേന്മയുള്ള രോഗീപരിചരണം ഉറപ്പുവരുത്തുന്നതിനായി പരമ്പരാഗതവും ഡിജിറ്റലുമായ വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തുന്നതിനും സംരക്ഷിക്കുന്നതിനുമാണ് ഈ വിവര പരിപാലന സംവിധാനം. രേഖകളുടെ വ്യാപകമായ കമ്പ്യൂട്ടറൈസേഷനിലൂടെ പരമ്പരാഗതമായ വിവരങ്ങളും ഇലക്ട്രോണിക് വിവര ശേഖരണത്തിലേക്ക് മാറ്റപ്പെടും. ഭാരതീയ ചികിൽസാ വകുപ്പിന് കീഴിലുള്ള എല്ലാ ആശുപത്രികളിലും ഡിസ്പെൻസറികളിലും ആരോഗ്യ വിവരശേഖരണ സംവിധാനം നടപ്പിലാക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു. സോഫ്റ്റ് വെയർ തയ്യാറാക്കൽ/ലഭ്യമാക്കൽ, ലാൻ, കമ്പ്യൂട്ടർ, അനുബന്ധ ഭാഗങ്ങൾ, പ്രിന്റർ, കണക്ടിവിറ്റി, ഇലക്ട്രിക്, ഇലക്ട്രോണിക് ഉപകരണങ്ങൾ, വെബ് സൈറ്റ് നവീകരണം, റിക്കോർഡ് മുറിയുടെ ഡിജിറ്റലൈസേഷൻ, ജി.ഐ.എസ് മാപ്പിംഗ്, എ.എം.സി എന്നിവയാണ് നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ. കേരള ഡിജിറ്റൽ ഹെൽത്ത് മിഷന്റെ ഇ-ഹെൽത്ത് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്. ഈ പദ്ധതി 2025-26 വർഷത്തിൽ നടപ്പിലാക്കുന്നതിനായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**95. സംസ്ഥാന ഔഷധസസ്യ ബോർഡ്**

**(വിഹിതം: 30.00 ലക്ഷം രൂപ)**

ഇൻഡ്യാ ഗവൺമെന്റിന് കീഴിലുള്ള ആയുഷിന്റെ നിർദ്ദേശപ്രകാരം, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഭരണ അധികാര പരിധിയിൽ 2002-ലാണ് സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ് സ്ഥാപിതമായത്. സംസ്ഥാനത്ത് മരുന്നുചെടികളുടെ ഉൽപ്പാദനം, പരിചരണം, ഗവേഷണം, വികസന പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഏകോപിപ്പിക്കുകയാണ് സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡിന്റെ ലക്ഷ്യം. ഉയർന്ന ഗുണനിലവാരമുള്ള വിളകളുടെ ഉൽപ്പാദനം, ബോധവൽക്കരണ പരിപാടികൾ, കാർബൺ ന്യൂട്രൽ ഹെർബൽ ബയോ വാലി, അധിനിവേശ സസ്യങ്ങളുടെ ഉന്മൂലനം, ഗുണമേന്മയുള്ള ഔഷധസസ്യങ്ങളുടെ ഉത്പാദനം, സംസ്ഥാനതല ഹെർബൽ മാർക്കറ്റ്, മൂല്യവർധിത ഔഷധങ്ങളുടെ പ്രോത്സാഹനം, സ്കൂളുകളിൽ ഔഷധത്തോട്ടം, സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ്

ശക്തിപ്പെടുത്തൽ എന്നീ പരിപാടികൾക്കായി 2025-26 വർഷത്തിൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**96. ഔഷധി ഫാർമസ്യൂട്ടിക്കൽകോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡ്, തൃശ്ശൂർ**

**(വിഹിതം: 230.00 ലക്ഷം രൂപ)**

ഇൻഡ്യയിൽ ആയുർവേദ മരുന്ന് നിർമ്മിക്കുന്ന ഏറ്റവും വലിയ സർക്കാർ കമ്പനിയാണ് ഔഷധി. ആയുഷ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ ആയുർവേദ മരുന്നു കമ്പനിയാണിത്. 2025-26 ൽ 230.00 ലക്ഷം രൂപ ഓഹരി മൂലധന വിഹിതമായും ഔഷധിയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്കുമായും വകയിരുത്തിയിരിക്കുന്നു.

**97. ദേശീയ ആയുഷ് മിഷൻ (ഔഷധ സസ്യങ്ങൾ ഉൾപ്പെടെ) (40% സംസ്ഥാന വിഹിതം)**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവേദം, യോഗ, പ്രകൃതി ചികിത്സ, സിദ്ധ, യൂനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ് മിഷൻ ആരംഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ-സിദ്ധ-യൂനാനി-ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധ സസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ് മിഷന്റെ ലക്ഷ്യം. കേന്ദ്ര സംസ്ഥാനങ്ങൾ തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. 2025-26 വർഷത്തിൽ ദേശീയ ആയുഷ് മിഷൻ (ഔഷധ സസ്യങ്ങൾ ഉൾപ്പെടെ) പദ്ധതി നടപ്പിലാക്കുന്നതിനായി 1500.00 ലക്ഷം രൂപ സംസ്ഥാനവിഹിതമായി വകയിരുത്തിയിരിക്കുന്നു. കേന്ദ്രവിഹിതം ലഭ്യമാകുന്നതിനനുസരിച്ച് സംസ്ഥാന വിഹിതം അധികമായി ലഭ്യമാക്കുന്നതാണ്.

## ആയുർവേദ മെഡിക്കൽവിദ്യാഭ്യാസം

സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിന്റെ (സിസിഐഎം) മാനദണ്ഡങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി ആയുർവേദ മെഡിക്കൽവിദ്യാഭ്യാസ വകുപ്പ് ആയുർവേദ കോളജുകൾ വഴി കേരളത്തിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം നടത്തിവരുന്നു. 2025-26 വർഷത്തിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിനായി 4372.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**98. ആയുർവേദ കോളേജുകൾക്കുള്ള ധനസഹായം**

**(വിഹിതം: 2015.00 ലക്ഷം രൂപ)**

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അക്കാദമിക് പ്രവർത്തനങ്ങൾ, സെമിനാറുകൾ, എഎംസി, മെഡിസിൻ, അധ്യാപക സഹായികൾ, മെറ്റീരിയൽസ്, സപ്ലൈസ്, മെഡിക്കൽ ക്യാമ്പുകൾ, അക്കാദമിക് റിസർച്ച്, അക്കാദമിക് നോൺ അക്കാദമിക് ഉദ്യോഗസ്ഥരുടെ പരിശീലനം, ബുക്കുകൾ, അധ്യാപകർക്കു റിഫ്രഷർ കോഴ്സുകൾ, ജേണലുകൾ, ലൈബ്രറിയുടെ ഡിജിറ്റൈസേഷൻ, ന്യൂസ് ലെറ്റർ, പ്രസിദ്ധീകരണങ്ങൾ, ഫർണിച്ചർ, കമ്പ്യൂട്ടറുകൾ-അനുബന്ധ ഉപകരണങ്ങൾ, വാർഷിക അറ്റകുറ്റപ്പണി, നാക്/എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ, സ്പോർട്സ് ഇനങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, ലാബ് ഉപകരണങ്ങൾ, രാസവസ്തുക്കൾ, റീഏജന്റ്സ്, ലഘു പ്രവർത്തികൾ, അറ്റകുറ്റപ്പണികൾ, രോഗീസൗഹൃദ ആശുപത്രി സംരംഭം, കോളേജ്/ആശുപത്രി/ഹോസ്റ്റൽ എന്നിവയുടെ മറ്റ് അടിസ്ഥാനസൗകര്യങ്ങൾ എന്നീ പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. മേൽ വിഹിതത്തിൽ കൊവിഡ്, കോവിഡാനന്തര ഇടപെടലിനുള്ള തുകയും ഉൾപ്പെടുന്നു. പട്ടികജാതി/പട്ടികവർഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ ഉപപദ്ധതി എന്നിവയ്ക്ക് കീഴിലുള്ള പൂൾഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്. മേൽ വിഹിതത്തിൽ [ക്രമ നമ്പർ I (1)] ൽ ലൈബ്രറി, ഫാർമസി, റിഫ്രഷർ കോഴ്സുകൾ, പബ്ലിക്കേഷൻ ഡിവിഷൻ, ഫാർമകോഗ്നോസി യൂണിറ്റ്, ഡ്രഗ് സ്റ്റാൻഡേർഡൈസേഷൻ യൂണിറ്റ് എന്നിവയ്ക്കുള്ള തുകയും ഉൾപ്പെടുന്നു. 2025-26 വർഷത്തേക്ക് 2015.00 ലക്ഷം രൂപ കോളേജുകളുടെ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു. ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു:

| ക്രമ നമ്പർ | ഘടകം | റവന്യൂ ശീർഷകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| **I** | **ആയുർവേദ കോളേജ്, തിരുവനന്തപുരം** | | 1050 |
| 1 | ശക്തിപ്പെടുത്തൽ, ആധുനികവൽക്കരണവും | 450 | |

| | | | |
|---|---|---|---|
| | നവീകരണവും | | |
| 2 | സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രി | 350 | |
| 3 | പഞ്ചകർമ്മ ആശുപത്രി | 160 | |
| 4 | സ്പെഷ്യൽ ജെറിയാട്രിക് കെയർ സെന്റർ | 40 | |
| 5 | ആയുർവേദ ഗൈനക്കോളജി, വൈകല്യമുള്ള കുട്ടികളുടെ മാനേജ്മെന്റ് എന്നിവയ്ക്കുള്ള പ്രോജക്ട് | 50 | |
| **II** | **ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ** | 415 | 415 |
| **III** | **ആയുർവേദ കോളേജ്, കണ്ണൂർ** | 550 | 550 |
| | **ആകെ** | **2015** | **2015** |

**99. ആയുർവേദ മെഡിക്കൽവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിന്റെ ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും**

**(വിഹിതം: 365.00 ലക്ഷം രൂപ)**

ആയുർവേദ മെഡിക്കൽവിദ്യാഭ്യാസ വകുപ്പിന്റെ ആധുനികവൽക്കരണത്തിനും ശക്തിപ്പെടുത്തലിനുമായി 2025-26 വർഷത്തിൽ 365.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇ-ഗവേണൻസ് പദ്ധതി, ഫർണ്ണിച്ചറുകൾ, കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ, ഫോട്ടോകോപ്പി മെഷീൻ, സ്കാനർ, വിവിധ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി കരാർ, മൈനർ ജോലികൾ, അറ്റകുറ്റപ്പണികൾ, ബയോമെട്രിക് പഞ്ചിംഗ്, ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തൽ, വർക്ക്ഷോപ്പ്, മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, ഡിപിആർ തയ്യാറാക്കൽ, പദ്ധതി നിരീക്ഷണം, അവലോകനം, വിലയിരുത്തൽ, രേഖകൾ തയ്യാറാക്കൽ മുതലായവയാണ് ഉദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ.

**100. ആയുർവേദ മെഡിക്കൽവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ**

**(വിഹിതം: 1510.00 ലക്ഷം രൂപ)**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ, ഡയറക്ടറേറ്റ് എന്നിവയുടെ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2025-26 ൽ 1510.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മുൻവർഷങ്ങളിൽ ആരംഭിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. ഇനിപ്പറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ 2025-26 സാമ്പത്തിക വർഷത്തിൽ മുൻഗണനാടിസ്ഥാനത്തിൽ നടത്തുന്നതാണ്. ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| I | ആയുർവേദ കോളേജ്, തിരുവനന്തപുരം | **1000** |
| 1 | വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ, അറ്റകുറ്റപ്പണികൾ | |
| 2 | വയോജന വാർഡിനുള്ള കെട്ടിടത്തിന്റെ നിർമാണം (തുടർച്ച) /ഒഫ്താൽമിക്-പാരാ സർജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം | |
| 3 | ആയുർവേദ ഗൈനക്കോളജി, വൈകല്യമുള്ള കുട്ടികളുടെ മാനേജ്മെന്റ് എന്നിവക്കായുള്ള കെട്ടിടത്തിന്റെ നിർമ്മാണം (തുടർച്ച) | |
| II | ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ | **250** |
| 4 | അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം (തുടർച്ച), ഹോസ്റ്റൽ (കേന്ദ്ര സഹായം ലഭിക്കാൻ സംസ്ഥാന വിഹിതം) | |
| III | ആയുർവേദ കോളേജ്, കണ്ണൂർ | **260** |
| 5 | പിജി ഹോസ്റ്റൽ നിർമാണം, ക്വാർട്ടേഴ്സിന്റെ നിർമ്മാണം, ഓപ്പൺ ഓഡിറ്റോറിയം | |
| 6 | ആയുർവേദ മാനസികാരോഗ്യ ചികിത്സക്കായി കെട്ടിടം | |
| | **ആകെ** | **1510** |

**101. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിന് കീഴിൽ തുടർവിദ്യാഭ്യാസം**

**(വിഹിതം: 35.00 ലക്ഷം രൂപ)**

2025-26 വർഷത്തിൽ പാരാമെഡിക്കൽ കോഴ്സുകൾ, സ്പോട്ട് അഡ്മിഷൻ, മെഡിക്കൽ, പാരാമെഡിക്കൽ, അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാർക്കുള്ള പരിശീലനം, സെമിനാറുകൾ, വാർഷിക അറ്റകുറ്റപ്പണി കരാർ, പരിശോധനകൾ, ഐഇസി, ഗവേഷണ പ്രവർത്തനങ്ങൾ, പ്രസിദ്ധീകരണം എന്നിവക്കായി 35.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**102. ആയുർവേദ അന്തർദേശീയ ഗവേഷണ കേന്ദ്രം (ഐ.ആർ.ഐ.എ)**

**(വിഹിതം: 200.00 ലക്ഷം രൂപ)**

ഗവേഷണം, ശാസ്ത്രീയമായ ഡാറ്റയുടെ പ്രയോജനക്ഷമതയും ഉപയോഗക്ഷമതയും ഉറപ്പുവരുത്തൽ, സുതാര്യമായ ഔദ്യോഗികരേഖ എന്നിവ ആയുർവേദത്തിന്റെ വിവിധ മേഖലകളിൽ ആവശ്യമായുണ്ട്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തി ആയുർവേദത്തെ അനുയോജ്യമായ നിലവാരത്തിലാക്കാൻ തെളിവ് അധിഷ്ഠിത ഗവേഷണം അനിവാര്യമാണ്. അതിലേക്കായി വ്യത്യസ്ത പഠന മേഖലകൾ ചേർന്ന അന്തർദേശീയ നിലവാരത്തിലുള്ള ഗവേഷണകേന്ദ്രം കേരളത്തിൽ സ്ഥാപിക്കേണ്ടതുണ്ട്. ആയുർവേദത്തിന്റെ ശാസ്ത്രീയ വികസനത്തിനും മരുന്നിന്റെ ഗുണനിലവാരത്തിനും ആധുനിക ബയോടെക്നോളജിയിൽ ഗവേഷണാധിഷ്ഠിത ആയുർവേദത്തെ സമന്വയിപ്പിച്ചുകൊണ്ടുള്ള അന്തർദേശീയ നിലവാരത്തിലുള്ള ലബോറട്ടറിയും വിദ്യാഭ്യാസ കേന്ദ്രവും സ്ഥാപിക്കുന്നതിന് പദ്ധതി ഉദ്ദേശിക്കുന്നു. ഇതിനായുള്ള ജോലികൾ ഘട്ടംഘട്ടമായി ചെയ്യുന്നതാണ്. സെന്ററിന്റെ കെട്ടിടനിർമ്മാണത്തിനും ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായി 2025-26-ൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**103. കേരളത്തിലെ പരമ്പരാഗത അറിവുകൾ കണ്ടെത്തൽ**

**(വിഹിതം: 47.00 ലക്ഷം രൂപ)**

ആയുർവേദത്തിലെ പരമ്പരാഗത അറിവ് സംരക്ഷിക്കുകയെന്ന ഉദ്ദേശത്തോടെ ആയുർവേദ മെഡിക്കൽവിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ 2003-ൽ പേറ്റന്റ് സെൽ രൂപീകൃതമായി. ഡോക്യുമെന്റേഷൻ, ഗവേഷണം, രജിസ്ട്രേഷൻ, നടപ്പിലാക്കൽ എന്നീ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് പ്രവർത്തിക്കുന്ന പേറ്റന്റ് സെല്ലിന്റെ ശാക്തീകരണം ലക്ഷ്യമിട്ട് കേരളത്തിൽ ഒരു പരമ്പരാഗത വിജ്ഞാന കേന്ദ്രം സ്ഥാപിതമായിട്ടുണ്ട്. 2025-26-ൽ പദ്ധതിക്കായി 47.00 ലക്ഷം രൂപ വകയിരുത്തുന്നു. പ്രവർത്തനങ്ങൾ താഴെ പറയുന്നു.

- രേഖകളുടെ സർവ്വേ, കണ്ടെത്തൽ, ശേഖരണം, പരിരക്ഷണം മുതലായവ
- പരമ്പരാഗത വിജ്ഞാനം സംരക്ഷിക്കുന്നതിനുള്ള ബോധവത്ക്കരണ പരിപാടികൾ
- പേറ്റന്റ് ഓഫീസുമായി ചേർന്നുള്ള ഡേറ്റാബേസ് രൂപീകരണം
- ഗവേഷണം, പുസ്തകങ്ങൾ, പ്രസിദ്ധീകരണവും ശേഖരണവും

**104. കോട്ടയ്ക്കലിലുള്ള കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റിക്ക് ധനസഹായം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

കോട്ടയ്ക്കൽ വൈദ്യരത്നം പി.എസ്.വാരിയർ ആയുർവേദ കോളേജിന്റെ ഭരണ നിർവ്വഹണം നടത്തുന്നത് 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയായ കോട്ടയ്ക്കലിലെ കേരള ആയുർവേദിക് സ്റ്റഡീസ് ആന്റ് റിസർച്ച് സൊസൈറ്റിയാണ്. പ്രസ്തുത സ്ഥാപനത്തെ ആയുർവേദത്തിന്റെ എല്ലാ തലങ്ങളിലും ഒരു മാതൃകാ സ്ഥാപനമായി വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1976-ലാണ് സ്ഥാപിച്ചിരിക്കുന്നത്. കോളേജ് കേരള ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഇവിടെ ബി.എ.എം.എസ് കോഴ്സും ഏഴ് പി.ജി കോഴ്സുകളും നടത്തിവരുന്നു. 2025-26-ൽ 50.00 ലക്ഷം രൂപ ഗ്രാന്റ്-ഇൻ-എയ്ഡായി നേരത്തെ ആരംഭിച്ച നിർമാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾക്കുമായി നീക്കിവച്ചിരിക്കുന്നു.

**105. ഒല്ലൂർ ആയുർവേദ കോളേജിന് ധനസഹായം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

1955-ലെ ലിറ്റററി സയന്റിഫിക്ക് സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം വൈദ്യരത്നം ആയുർവേദ എഡ്യൂക്കേഷൻ സൊസൈറ്റിയുടെ നിയന്ത്രണത്തിൻകീഴിൽ 1976 ഒക്ടോബർ രണ്ടിന് പരേതനായ ഇ.ടി നീലകണ്ഠൻ മൂസ് ആണ് വൈദ്യരത്നം ആയുർവേദ കോളേജ് സ്ഥാപിച്ചത്. പ്രസ്തുത കോളേജിന് ആരോഗ്യ സർവ്വകലാശാലയിൽ രജിസ്ട്രേഷൻ ഉള്ളതും ബി.എ.എം.എസ് ഡിഗ്രി കോഴ്സ് നടത്തിവരുന്നതുമാണ്. 2025-26 വർഷത്തിൽ ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിനായി 50.00

ലക്ഷം രൂപ ഗ്രാന്റ്-ഇൻ-എയ്ഡായി അക്കാദമിക് ബ്ലോക്ക് നിർമ്മാണം (തുടർച്ച), ഫർണിച്ചർ, പുസ്തകങ്ങൾ, കംപ്യൂട്ടറുകൾ, ലാബ് ഉപകരണങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, മരുന്ന് എന്നിവക്കും മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾക്കുമായി തുക വകയിരുത്തിയിരിക്കുന്നു.

**106. ഗവൺമെന്റ് ആയുർവേദ കോളേജ്, ഉടുമ്പൻചോല, ഇടുക്കി**

**(വിഹിതം: 100.00 ലക്ഷം രൂപ)**

വളരെ മെച്ചപ്പെട്ട ചികിത്സയാലും മരുന്നു പ്രയോഗിക്കുന്നതിലെ വിശ്വാസ്യതയിലും, തദ്ദേശീയ ചികിത്സാരീതികളാലും കേരളം ആയുർവേദത്തിന്റെ നാടായി പരിഗണിക്കപ്പെടുന്നു. തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ ജില്ലകളിലായി മൂന്ന് ആയുർവേദ കോളേജുകൾ സ്ഥിതി ചെയ്യുന്നു. കേരളത്തിൽ നിലവിലെ ആയുർവേദ വിദ്യാഭ്യാസത്തിൽ ബിരുദ ബിരുദാനന്തര സീറ്റുകളുടെ എണ്ണവും സൗകര്യങ്ങളും മറ്റു സംസ്ഥാനങ്ങളുടേതുമായി താരതമ്യം ചെയ്യുമ്പോൾ തുലോം കുറവാണ്. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോലയിൽ സർക്കാർ ആയുർവേദ കോളേജ് സ്ഥാപിക്കാൻ വകുപ്പ് ശുപാർശ സമർപ്പിച്ചിരിക്കുന്നു. 2025-26 വർഷത്തിൽ പദ്ധതിക്കായി ഭൂവികസനം, ചുറ്റുമതിൽ നിർമാണം, കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനും മറ്റു അടിസ്ഥാന സൗകര്യങ്ങൾക്കുമായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## ഹോമിയോപ്പതി

സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിന് കീഴിൽ 34 ആശുപത്രികളിലായി 1000 കിടക്കകളും 709 ഹോമിയോപ്പതിക് ഡിസ്പെൻസറികളും ഉണ്ട്. ഇതുകൂടാതെ ആലപ്പുഴയിലുള്ള കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി (ഹോംകോ) എന്ന മരുന്ന് നിർമ്മാണ യൂണിറ്റും ഹോമിയോപ്പതി ഡയറക്ടറേറ്റിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. 2025-26-ൽ ഹോമിയോപ്പതി വകുപ്പിന്റെ ശാക്തീകരണത്തിനായി 2354.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**107. ഹോമിയോപ്പതി വകുപ്പിന്റെ ആധുനികവൽക്കരണവും നിലവാരം മെച്ചപ്പെടുത്തലും**

**(വിഹിതം: 690.00 ലക്ഷം രൂപ)**

ഹോമിയോപ്പതി ആരോഗ്യ പരിരക്ഷാ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ക്രമവൽക്കരിക്കുന്നതിനും നിലവിലുള്ള ഹോമിയോ ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും ക്ലിനിക്കൽ, നോൺ-ക്ലിനിക്കൽ സൗകര്യങ്ങൾ ഘട്ടംഘട്ടമായി നവീകരിക്കുന്നതിനും ഉദ്ദേശിച്ചുള്ള ഒരു വിശാല പദ്ധതിയാണിത്. മികച്ചതും ഗുണമേന്മയുള്ളതുമായ ആരോഗ്യ പരിചരണ സേവനങ്ങൾ നൽകുന്നതിനായി ഹോമിയോപ്പതി വകുപ്പിന്റെ ആധുനികവൽക്കരണവും നിലവാരം മെച്ചപ്പെടുത്തലും ആവശ്യമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ ഉപപദ്ധതി എന്നിവയ്ക്ക് കീഴിലുള്ള പൂൾഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്. 2025-26 സാമ്പത്തിക വർഷത്തിൽ 690.00 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | ഘടക വിവരണം |
|---|---|---|
| 1 | ഹോമിയോപ്പതി വകുപ്പിന്റെ ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും | പൊതുജനങ്ങൾക്ക് മികച്ചതും ഗുണമേന്മയുള്ളതുമായ ആരോഗ്യ പരിചരണ സേവനങ്ങൾ നൽകുന്നതിനാണ് ഹോമിയോപ്പതി വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും കൊണ്ട് വിഭാവനം ചെയ്യുന്നത്. കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ, ഇ-ഓഫീസ്, ഇ-ഹോസ്പിറ്റൽ, ആയുഷ് ഹോമിയോപ്പതി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (അഹിംസ്), ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും, കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും പ്രിന്ററുകളുടെയും അറ്റകുറ്റപ്പണി കരാർ, ആശുപത്രി ഉപകരണങ്ങൾ, പൊതുമരാമത്ത് (സിവിൽ & ഇലക്ട്രിക്കൽ) ജോലികളും, ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തൽ, വർക്ക്ഷോപ്പ്, മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, പദ്ധതി നിരീക്ഷണം, അവലോകനം, വിലയിരുത്തൽ, രേഖകൾ തയ്യാറാക്കൽ എന്നിവയാണ് 2025-26-ൽ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ. |

| ക്രമ നമ്പർ | ഘടകം | ഘടക വിവരണം |
|---|---|---|
| 2 | ഹോമിയോ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും നിലവാരം മെച്ചപ്പെടുത്തൽ | ഹോമിയോ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും നിലവാരം ഉയർത്തുന്നതിനായി 2025-26 വർഷത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നു.<br>• ഹോമിയോ ആശുപത്രികളെയും ഡിസ്പെൻസറികളെയും കാഷ് നിലവാരത്തിലേക്ക് ഉയർത്തൽ<br>• ആശുപത്രി ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി കരാർ<br>• ലാബ്/ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ, ക്ലിനിക്കൽ ലാബിന്റെ സ്ഥാപനവും ശക്തിപ്പെടുത്തലും, റീ ഏജന്റ് വാങ്ങൽ<br>• ഹോമിയോപ്പതി സ്ഥാപനങ്ങളുടെ ചെറുകിട അറ്റകുറ്റപ്പണികൾ/ലഘു പ്രവൃത്തികൾ<br>• ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിന്<br>• ബയോമെഡിക്കൽ മാലിന്യ സംസ്കരണം<br>• രോഗീസൗഹൃദ ആശുപത്രി സംരംഭം<br>• ബയോമെടിക് പഞ്ചിംഗ് |
| 3 | മെഡിക്കൽസ്റ്റോറുകൾ ശക്തിപ്പെടുത്തൽ | ഹോമിയോപ്പതി ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും മരുന്നുകൾ വാങ്ങുന്നതിനും സൂക്ഷിക്കുന്നതിനും ശേഖരിക്കുന്നതിനും വിതരണത്തിനുമായി മെഡിക്കൽസ്റ്റോറുകൾ ആവശ്യമാണ്. നിലവിൽ 13 ജില്ലാ മെഡിക്കൽ സ്റ്റോറുകളും തിരുവനന്തപുരത്ത് ഒരു കേന്ദ്രീകൃത മെഡിക്കൽ സ്റ്റോറും ഉണ്ട്. മരുന്നുകൾ വാങ്ങുന്നതിനും നിലവിലുള്ള മെഡിക്കൽ സ്റ്റോറുകളുടെ ശക്തിപ്പെടുത്തൽ, മറ്റ് അനാവർത്തന ചെലവുകൾ എന്നിവയ്ക്കുമാണ് തുക വകയിരുത്തിയിരിക്കുന്നത്. |
| 4 | ഹോമിയോ ഡിസ്പെൻസറികൾ | നിലവിൽസംസ്ഥാനത്ത് 669 ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നു. നിലവിലുള്ള ഡിസ്പെൻസറികൾ ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. ഘടകങ്ങൾ താഴെ പറയുന്നു:<br>• ഫർണിച്ചർ, ഉപകരണങ്ങൾ, മരുന്നുകൾ<br>• ഹോമിയോ ഡിസ്പൻസറികളുടെ ക്രമപ്പെടുത്തൽ<br>• നിലവിലുള്ള മോഡൽ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തുക<br>• മോഡൽ ഡിസ്പെൻസറികൾക്കനുസൃതമായി ഡിസ്പെൻസറികൾ ശക്തിപ്പെടുത്തുക |
| 5 | ഗവേഷണ പ്രവർത്തനങ്ങൾ | ഹോമിയോപ്പതി ഗവേഷണവും അനുബന്ധ പ്രവർത്തനങ്ങളും, പഠനങ്ങൾ, ഹോമിയോപ്പതി അവാർഡ്, ശാസ്ത്ര ജേർണൽ പ്രസിദ്ധീകരണം |

**108. ആരോഗ്യ പരിപാലനവും സ്പെഷ്യാലിറ്റി ഹെൽത്ത് കെയർ സെന്ററുകളും**

**(വിഹിതം: 654.00 ലക്ഷം രൂപ)**

കുട്ടികൾ, സ്ത്രീകൾ, ട്രാൻസ്ജെൻഡർ, പ്രായമായവർ എന്നിവർക്ക് പ്രത്യേക ശ്രദ്ധയും പരിരക്ഷയും നൽകിക്കൊണ്ട് സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നിലനിൽക്കുന്ന സാംക്രമിക,

സാംക്രമികേതര/ജീവിതശൈലി രോഗങ്ങൾ പോലുള്ള വിവിധ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉദ്ദേശിക്കുന്ന ഒരു വിശാല പദ്ധതിയാണിത്. 2025-26 സാമ്പത്തിക വർഷത്തിൽ ആരോഗ്യ പരിപാലനവും സ്പെഷ്യാലിറ്റി ഹെൽത്ത് കെയർ സെന്ററുകളും എന്ന പദ്ധതിക്കായി 654.00 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | ഘടക വിവരണം |
|---|---|---|
| 1 | സാംക്രമികരോഗ നിയന്ത്രണ പരിപാടി (റീച്ച്) | സാംക്രമിക രോഗങ്ങളുടെ വ്യാപനം നിയന്ത്രിക്കുന്ന പദ്ധതിയിലൂടെ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടാനിടയുള്ള പ്രദേശങ്ങളിൽ ആരോഗ്യ ക്യാമ്പുകൾ, ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ എന്നിവ നടത്തുവാൻ ഉദ്ദേശിക്കുന്നു. താഴെ പറയുന്ന പ്രവൃത്തികൾക്കായി തുക വകയിരുത്തിയിരിക്കുന്നു.<br>• പ്രാദേശിക സാംക്രമികരോഗ നിയന്ത്രണ പരിപാടി<br>• ഉത്സവകാലങ്ങളിൽ തീർത്ഥാടനകേന്ദ്രങ്ങളിൽ താൽക്കാലിക ഡിസ്പെൻസറികൾ സ്ഥാപിക്കൽ<br>• സ്ഥിരമായ സാംക്രമികരോഗനിയന്ത്രണ പരിപാടി<br>• ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികൾ<br>• കോവിഡ്, കോവിഡാനന്തര ഇടപെടലുകൾ |
| 2 | കൗമാര ആരോഗ്യ പരിചരണ സ്വഭാവ രൂപീകരണ പദ്ധതി | കൗമാര ആരോഗ്യ പരിചരണ സ്വഭാവ രൂപീകരണ പദ്ധതി (സദ്ഗമയ) കൗമാരക്കാരുടെ പ്രശ്നങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുകയും അവരുടെ മാനസികവും ബൗദ്ധികവുമായ വൈകല്യങ്ങൾക്കും സ്വഭാവ വൈകല്യങ്ങൾക്കും ചികിത്സയും നൽകുന്നു. വിദ്യാലയ ആരോഗ്യ പരിപാടി നടത്തുന്നതിനും കൗമാര പരിചരണ ആരോഗ്യ കേന്ദ്രത്തിന്റെ ശക്തിപ്പെടുത്തലിനുമായി തുക വകയിരുത്തിയിരിക്കുന്നു. |
| 3 | ഹോമിയോപ്പതി സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ | ജില്ലാ ആശുപത്രികളിൽ പ്രത്യേക ദിവസങ്ങളിൽ സമീപ ഡിസ്പെൻസറികളിൽ നിന്നുള്ള മെഡിക്കൽ ഓഫീസർമാരെ നിയോഗിച്ചു കൊണ്ട് പ്രമേഹം, തൈറോയിഡ്, ആസ്ത്മ, അലർജി എന്നീ രോഗങ്ങൾക്ക് ചികിത്സ നൽകുന്നതിനുള്ള പ്രത്യേക ഒ.പി. വിഭാഗം പ്രവർത്തിച്ചുവരുന്നു. 2025-26-ൽ മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ തുടർന്ന് പ്രവർത്തിക്കുന്നതിനും വൃദ്ധജനപരിപാലനത്തിനും പ്രമേഹം, ആസ്ത്മ, തൈറോയ്ഡ്, അലർജി, സന്ധിവാതം, സഞ്ചരിക്കുന്ന ഹോമിയോപ്പതി ആരോഗ്യ കേന്ദ്രങ്ങൾ, ഗ്രന്ഥി വ്യവസ്ഥയിലുള്ള തകരാർ തുടങ്ങിയവയ്ക്കും ട്രാൻസ്ജെൻഡറുകൾക്കുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകൾക്കും (നിസർഗ) തുക വകയിരുത്തിയിരിക്കുന്നു. |
| 4 | വനിതകൾക്കായുള്ള ആരോഗ്യ പരിരക്ഷണ കേന്ദ്രങ്ങൾ (സീതാലയം) | ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള ആദ്യ ലിംഗ പദവി പദ്ധതിയാണ് വനിതകൾക്കായുള്ള ആരോഗ്യ പരിരക്ഷണ കേന്ദ്രങ്ങൾ (സീതാലയം). സീതാലയം സമൂഹത്തിൽ ദുരിതം അനുഭവിക്കുന്ന സ്ത്രീകൾക്ക് സഹായം നൽകുന്നു. ചികിത്സയ്ക്കുപരിയായി സാമൂഹ്യക്ഷേമവകുപ്പ്, സംസ്ഥാന വനിതാ കമ്മീഷൻ, ആഭ്യന്തരവകുപ്പ് മുതലായവയുടെ ബഹുവിധമായ സേവനങ്ങൾ സീതാലയം മുഖാന്തിരം |

| ക്രമ നമ്പർ | ഘടകം | ഘടക വിവരണം |
|---|---|---|
| | | ലഭ്യമാക്കുന്നു. സീതാലയം കേന്ദ്രങ്ങളിൽ ഡീ അഡിക്ഷൻ ചികിത്സാ സൗകര്യം (പുനർജനി) നടപ്പാക്കും. എക്സൈസ് വകുപ്പുമായി ചേർന്ന് വിമുക്തി പദ്ധതിയും നടപ്പാക്കും. നിലവിലുള്ള സീതാലയം യൂണിറ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും, മരുന്നുകളും, മറ്റു സാധന സാമഗ്രികൾക്കും, പരിശീലനങ്ങൾ നടത്തുന്നതിനും, ഐ.ഇ.സി. പ്രവർത്തനങ്ങൾക്കുമായി 2025-26-ൽ തുക വകയിരുത്തിയിരിക്കുന്നു. |
| 5 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ | നിലവിൽ മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമ പഞ്ചായത്തിൽ ചേതന എന്ന 10 കിടക്കകളോടു കൂടിയ കാൻസർ പാലിയേറ്റീവ് കെയർ സെന്ററും മറ്റ് 13 ജില്ലാ ഹോമിയോ ആശുപത്രികളിൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ ജില്ലാ ഹോമിയോ ആശുപത്രികളിൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ് ശക്തിപ്പെടുത്തുന്നതിനായി തുക വകയിരുത്തിയിരിക്കുന്നു. |
| 6 | ജീവിതശൈലീരോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്ന തിനുമായി ആയുഷ് ഹോളിസ്റ്റിക് സെന്റർ (ആയുഷ്മാൻ ഭവ) | വ്യത്യസ്ത ആയുഷ് സമ്പ്രദായങ്ങളായ ഹോമിയോപ്പതി, നാച്ചുറോപ്പതി, യോഗ എന്നിവയുടെ മേന്മകളെ സംയോജിപ്പിച്ചുകൊണ്ട് ജീവിതശൈലീ രോഗങ്ങൾ തടയുവാനായിട്ടുള്ള പദ്ധതിയാണിത്. ജീവിതശൈലീ രോഗങ്ങൾ തടയുകയും നിയന്ത്രിക്കുകയും ചെയ്യുകയെന്ന ഉദ്ദേശത്തോടെ ഹോമിയോ വകുപ്പ് എല്ലാ ജില്ലകളിലും ഇത്തരം സെന്ററുകൾ നേരത്തെ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ശക്തിപ്പെടുത്തുന്നതിന് തുക നീക്കിവച്ചിരിക്കുന്നു. |
| 7 | ശ്രദ്ധ പദ്ധതി | സ്ട്രോക്ക് ബാധിച്ച രോഗികൾക്ക് ഹോമിയോപ്പതി ചികിത്സ നൽകികൊണ്ട് തുടർന്നും സ്ട്രോക്ക് ഉണ്ടാകുന്നത് തടയാൻ കഴിയും. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം, കോട്ടയം, കൊല്ലം കോർപ്പറേഷനുകളിലാണ് പദ്ധതി നടപ്പാക്കുക. |
| 8 | തുടർ മെഡിക്കൽവിദ്യാഭ്യാസവും പരിശീലനവും | 2025-26-ൽ മെഡിക്കൽ പാര മെഡിക്കൽജീവനക്കാരുടെ പരിശീലനത്തിനും തുടർ മെഡിക്കൽവിദ്യാഭ്യാസത്തിനും ഗവേഷണം, ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ, ഐ.ഇ.സി പ്രവർത്തനങ്ങൾ എന്നിവക്കും തുക വകയിരുത്തിയിരിക്കുന്നു. |
| 9 | സ്ട്രാറ്റജിക് ഇൻഫർമേഷൻ & മോണിറ്ററിംഗ് യൂണിറ്റ് | ഹോമിയോപ്പതി വകുപ്പിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ശേഖരിക്കുകയും സമാഹരിക്കുകയും റിപ്പോർട്ടുചെയ്യുകയും ചെയ്യുന്നു. |

**109. ഹോമിയോ സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമുള്ള മൂലധന സഹായം**

**(വിഹിതം: 300.00 ലക്ഷം രൂപ)**

2025-26 വർഷത്തിൽ ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഹോമിയോ സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നേരത്തെ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനാണ് തുക നൽകിയിരിക്കുന്നത്.

### 110. ജനനി (ഫെർട്ടിലിറ്റി സെന്റർ)

**(വിഹിതം: 110.00 ലക്ഷം രൂപ)**

വന്ധ്യതാ നിവാരണ ചികിത്സയ്ക്ക് വളരെ ഫലപ്രദമാണ് ഹോമിയോപ്പതി സംവിധാനം. നിലവിൽ എല്ലാ ജില്ലകളിലും ഫെർട്ടിലിറ്റി കെയർ സെന്ററുകൾ പ്രവർത്തിക്കുന്നു. നിലവിൽ ലഭ്യമായ മറ്റ് വന്ധ്യതാ ചികിത്സ സംവിധാനങ്ങൾ വളരെയേറെ ചെലവേറിയതാണ്. അതിനാൽ ജനനിയെന്ന ചെലവ് കുറഞ്ഞ പദ്ധതി പ്രസക്തമാണ്. 2025-26 വർഷത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 110.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- ജില്ലാ ഹോമിയോ ആശുപത്രികളിലെ ഫെർട്ടിലിറ്റി കെയർ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന്
- മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങലും ഐ.ഇ.സി പ്രവർത്തനങ്ങളും
- മറ്റു അനാവർത്തന ചെലവുകൾ

### 111. കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ)

**(വിഹിതം: 100.00 ലക്ഷം രൂപ)**

കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസി, ഹോമിയോപ്പതി ഔഷധങ്ങളുടെ നിർമ്മാണവും വിതരണവും നടത്തിവരുന്നു. പ്രസ്തുത സ്ഥാപനം 1980 മുതൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർക്കാർ ഹോമിയോപ്പതി സ്ഥാപനങ്ങളിൽ ഔഷധ വിതരണം നടത്തുന്ന ഏക സ്ഥാപനമാണ്. ഹോംകോ ഇൻഡ്യയിൽ 15-ഓളം സംസ്ഥാനങ്ങൾക്ക് മരുന്നുകൾ വിതരണം ചെയ്യുന്നതോടൊപ്പം മറ്റ് രാജ്യങ്ങളിലേക്ക് കയറ്റുമതിയും നടത്തുന്നു. ഹോംകോയുടെ വിവിധ വിപുലീകരണ പ്രവർത്തനങ്ങൾക്കുള്ള ധനസഹായമായി 2025-26 വർഷത്തിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 112. ദേശീയ ആയുഷ് മിഷൻ-ഹോമിയോ (40% സംസ്ഥാന വിഹിതം)

**(വിഹിതം: 500.00 ലക്ഷം രൂപ)**

കേന്ദ്രസർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൻ കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവേദം, യോഗ, പ്രകൃതി ചികിത്സ, സിദ്ധ, യൂനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ് മിഷൻ ആരംഭിച്ചിരിക്കുന്നു. ചെലവ് കുറഞ്ഞ രീതിയിൽ ആയുഷ് സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ-സിദ്ധ-യൂനാനി-ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ് മിഷന്റെ ലക്ഷ്യം. കേന്ദ്ര സംസ്ഥാനങ്ങൾ തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. 2025-26 വർഷത്തിൽ ദേശീയ ആയുഷ് മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി ഹോമിയോ വകുപ്പിന് 500.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. കേന്ദ്രവിഹിതം ലഭ്യമാകുന്നതിനനുസരിച്ച് സംസ്ഥാന വിഹിതം അധികമായി ലഭ്യമാക്കുന്നതാണ്.

## ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം

കേരളത്തിൽ സർക്കാർ മേഖലയിൽ ഹോമിയോ മെഡിക്കൽവിദ്യാഭ്യാസം രണ്ടു സ്ഥാപനങ്ങളാണ് നൽകുന്നത്. ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ വികസനത്തിനായി 818.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## ഹോമിയോ മെഡിക്കൽ കോളേജുകൾക്ക് ധനസഹായം

### 113. ഹോമിയോ മെഡിക്കൽ കോളേജുകൾക്ക് ധനസഹായം

**(വിഹിതം: 818.00 ലക്ഷം രൂപ)**

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അക്കാദമിക് പ്രവർത്തനങ്ങൾ, സെമിനാറുകൾ, വർക്ക്ഷോപ്പ്, മെഡിസിൻ, അധ്യാപന സഹായികൾ, മെറ്റീരിയൽസ്, സപ്ലൈസ്, അക്കാദമിക് റിസർച്ച്, അക്കാദമിക്-നോൺ അക്കാദമിക് ഉദ്യോഗസ്ഥരുടെ പരിശീലനം, ബുക്കുകൾ, അധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ, ജേണലുകൾ, പ്രസിദ്ധീകരണങ്ങൾ, ഫർണിച്ചർ, കമ്പ്യൂട്ടറുകൾ-അനുബന്ധ ഉപകരണങ്ങൾ, വാർഷിക അറ്റകുറ്റപ്പണി, നാക്/എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ, സ്പോർട്സ് ഇനങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, ലാബ് ഉപകരണങ്ങൾ, സ്ഫടികസാധനങ്ങൾ, രാസവസ്തുക്കൾ, റീഏജന്റ്സ്, ലഘു പ്രവർത്തികൾ, അറ്റകുറ്റപ്പണികൾ, കോളേജ്, ആശുപത്രി, ഹോസ്റ്റൽ എന്നിവയുടെ മറ്റ് അടിസ്ഥാനസൗകര്യങ്ങൾ, ഇ-ഓഫീസ്, രോഗീസൗഹൃദ ആശുപത്രി സംരംഭം, ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തൽ, വർക്ക്ഷോപ്പ്, മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, പദ്ധതി നിരീക്ഷണം, അവലോകനം, വിലയിരുത്തൽ, രേഖകൾ തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. 2025-26 വർഷത്തേക്ക് 818.00 ലക്ഷം രൂപ കോളേജുകളുടെ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു. ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു:

| സ്ഥാപനത്തിന്റെ പേര് | റവന്യൂ | ക്യാപിറ്റൽ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| ഹോമിയോ മെഡിക്കൽകോളേജ്, തിരുവനന്തപുരം | 364 | 180 | 544 |
| ഹോമിയോ മെഡിക്കൽകോളേജ്, കോഴിക്കോട് | 206 | 68 | 274 |
| **ആകെ** | **570** | **248** | **818** |

നിർമ്മാണ പ്രവൃത്തികൾ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയിരിക്കണം. മുൻവർഷങ്ങളിൽ ആരംഭിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. മേൽ വിഹിതത്തിൽ കോവിഡ്, കോവിഡാനന്തര ഇടപെടലിനുള്ള തുകയും ഉൾപ്പെടുന്നു. പട്ടികജാതി/പട്ടികവർഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ ഉപപദ്ധതി എന്നിവയ്ക്ക് കീഴിലുള്ള പൂൾഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

- **എ. തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജിനുള്ള ധനസഹായം**

2025-26 വർഷത്തേക്ക് തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 544.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മുകളിൽ സൂചിപ്പിച്ചിട്ടില്ലാത്ത നിർദ്ദിഷ്ട പ്രവർത്തനങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു:

**മൂലധനം:-**

- അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം (തുടർച്ച)

**റവന്യൂ :-**

- കാൻസർ പരിചരണം, പാലിയേറ്റീവ് കെയർ, വന്ധ്യതാ നിവാരണ ചികിത്സ
- ഹോമിയോപ്പതിയിലെ ഗവേഷണ പരിപാടികൾ: മനുഷ്യശരീരത്തിലെ ജീവശാസ്ത്രപരമായ പ്രവർത്തനത്തെ പിന്തുണയ്ക്കുന്ന ശാസ്ത്രീയ തെളിവുകളുടെ അഭാവം മൂലം തെളിവുകളെ അടിസ്ഥാനമാക്കിയുള്ള ശാസ്ത്ര ഗവേഷണത്തിൽ ഹോമിയോപ്പതി നിരന്തരം വിമർശനങ്ങൾ നേരിടുന്നു. ഹോമിയോപ്പതി മരുന്നുകളിൽ അടങ്ങിയിരിക്കുന്ന ഭൗതിക ഘടകങ്ങളെക്കുറിച്ച് അടിസ്ഥാനപരമായ അറിവ് ലഭ്യമാക്കുന്നതിന് വിപുലമായ സ്വഭാവ വിശകലനങ്ങൾ നടത്തേണ്ടതുണ്ട്. വിപുലമായ അനലിറ്റിക്കൽ ടെക്നിക്കുകൾ ഉപയോഗിച്ച് ഏകീകൃതവും സംഘടിതവുമായ പഠനം ഹോമിയോപ്പതി മരുന്നുകളുടെ നിലവാരം ഉയർത്താൻ സഹായിക്കും.

ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു:

| സ്ഥാപനത്തിന്റെ പേര് | റവന്യൂ | ക്യാപിറ്റൽ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| ഹോമിയോ മെഡിക്കൽകോളേജ്, തിരുവനന്തപുരം | 334 | 180 | 514 |
| ഹോമിയോപ്പതിയിലെ ഗവേഷണ പരിപാടികൾ | 30 | 0 | 30 |
| **ആകെ** | **364** | **180** | **544** |

**ബി. കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിനുള്ള ധനസഹായം**

2025-26 വർഷത്തേക്ക് കോഴിക്കോട് ഹോമിയോ മെഡിക്കൽകോളേജിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 274.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മുകളിൽ സൂചിപ്പിച്ചിട്ടില്ലാത്ത നിർദ്ദിഷ്ട പ്രവർത്തനങ്ങൾ താഴെ പറയും പ്രകാരം ഏറ്റെടുത്ത് നടത്തുന്നതാണ്.

**മൂലധനം:-** ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം (തുടർച്ച), ലേഡീസ് ഹോസ്റ്റൽ വിപുലീകരണ പ്രവർത്തനം.

**റവന്യൂ :-** കാൻസർ പരിരക്ഷ, സാന്ത്വന ചികിത്സ, ഹോമിയോപ്പതി ഗവേഷണം, ഇൻഫർട്ടിലിറ്റി മാനേജ്മെന്റ് പ്രോജക്റ്റിന്റെ തുടർച്ച.

ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | റവന്യൂ | ക്യാപിറ്റൽ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| ഹോമിയോ മെഡിക്കൽകോളേജ്, കോഴിക്കോട് | 206 | 68 | 274 |
| **ആകെ** | **206** | **68** | **274** |

## 9.6 ശുദ്ധജല വിതരണവും മലിനജല നിവാരണവും

കേരളത്തിൽ കുടിവെള്ള വിതരണം നടത്തുന്ന രണ്ട് പ്രധാന ഏജൻസികളാണ് കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യു.എ)യും ജലനിധി (കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി (കെ.ആർ.ഡബ്ല്യു.എസ്.എ)യും. 2025-26 ബഡ്ജറ്റിൽ കുടിവെള്ള വിതരണത്തിനും മലിനജല നിവാരണത്തിനുമായി 92260.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2025-26 ബഡ്ജറ്റിലെ പദ്ധതികളുടെ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| **I** | **കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യു.എ)** | |
| 1 | സർവ്വേയും അന്വേഷണവും | 110.00 |
| 2 | നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് - ഗ്രാമീണ ജലവിതരണ പദ്ധതികളും ഗ്രാമീണ മലിനജല ശൃംഖല പദ്ധതികളും | 7000.00 |
| 3 | കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ | 25.00 |
| 4 | കെ.ഡബ്ല്യു.എ യുടെ ഉടമസ്ഥതയിൽ സിവിൽ ഘടനകളുടെ നിർമ്മാണം/നവീകരണം (മുൻപ് കെ.ഡബ്ല്യു.എ യുടെ ഉടമസ്ഥതയിൽ നിലവിലുള്ള സിവിൽ ഘടനകളുടെ നവീകരണം) | 500.00 |
| 5 | നവീന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും | 100.00 |
| 6 | മാനവ വിഭവശേഷി വികസനം, ഗവേഷണവും വികസനവും | 100.00 |
| 7 | കേരള വാട്ടർ അതോറിറ്റിയുടെ മലിന ജല നിവാരണ പദ്ധതികൾ | 3000.00 |
| 8 | നഗര ജലവിതരണ പദ്ധതികളുടെ പുനരധിവാസം/മെച്ചപ്പെടുത്തൽ-യു.ഡബ്ല്യു.എസ്.എസ് | 3400.00 |
| 9 | ഗ്രാമീണ ജലവിതരണ പദ്ധതികൾ | 1500.00 |
| 10 | പ്രത്യേക സ്ഥാപനങ്ങൾക്കും സ്ഥലങ്ങൾക്കുമായുള്ള ജലവിതരണ പദ്ധതികൾ | 500.00 |
| 11 | ഉൽപ്പാദനവും വിതരണവും പരമാവധിയിൽ എത്തിക്കുക | 4700.00 |
| 12 | കേരള ജലവിതരണ പദ്ധതി (ജൈക്ക) (സംസ്ഥാന പദ്ധതി പ്രകാരം ഒറ്റത്തവണ ധന സഹായം) | 300.00 |
| 13 | കുടിവെള്ളം - വരൾച്ച ലഘൂകരണവും വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും | 750.00 |
| 14 | അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനികവൽക്കരണം | 18.00 |
| 15 | ഇ-ഗവേണൻസ്, ജി.ഐ.എസ്, ഇൻഫർമേഷൻ മാനേജ്മെന്റ് | 100.00 |
| 16 | ഉറവിടം മെച്ചപ്പെടുത്തലും ജല സംരക്ഷണവും | 200.00 |
| 17 | ജൽ ജീവൻ മിഷൻ (എൻ.ആർ.ഡി.ഡബ്ല്യു.പി) (50 ശതമാനം സംസ്ഥാന വിഹിതം) | 56000.00 |
| 18 | എ.ഡി.ബി സഹായത്തോടെ കേരള നഗര ജലവിതരണ മെച്ചപ്പെടുത്തൽ പദ്ധതി - കെ.യു.ഡബ്ല്യു.എസ്.ഐ.പി (ഇ.എ.പി) | 7500.00 |
| 19 | നദി മലിനീകരണം തടയുന്നതിനും ദേശീയ ഹരിത ട്രൈബ്യൂണൽ (എൻ.ജി.ടി) നിർദ്ദേശമനുസരിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും | 250.00 |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | വേണ്ടിയുള്ള പ്രവർത്തനങ്ങൾ | |
| 20 | ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുത്തൽ, ഇലക്ട്രോ മെക്കാനിക്കൽ ഇനങ്ങളുടെ ഒപ്റ്റിമൈസേഷൻ, സുരക്ഷാ ഓഡിറ്റ്, ഡബ്ല്യൂ.ടി.പികളുടെയും പമ്പ് ഹൗസുകളുടെയും പ്രവർത്തനത്തിൽ സുരക്ഷ ഉറപ്പാക്കൽ | 500.00 |
| 21 | കെ.ഡബ്ല്യൂ.എ യുടെ ഗുണ നിലവാര നിയന്ത്രണ വിഭാഗത്തിന് കീഴിലുള്ള അടിസ്ഥാന സൗകര്യ വികസനവും നിരീക്ഷണ പ്രവർത്തനങ്ങളും | 250.00 |
| 22 | സംരംഭക വിഭവ ആസൂത്രണം (ഇ.ആർ.പി) | 100.00 |
| | **ആകെ ഉപവിഭാഗം- I** | **86903.00** |
| **II** | **കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി (കെ.ആർ.ഡബ്ല്യൂ.എസ്.എ )/ജലനിധി** | |
| 23 | കെ.ആർ.ഡബ്ല്യൂ.എസ്.എ മുഖേന നടപ്പിലാക്കുന്ന മഴവെള്ള സംഭരണവും (ആർ.ഡബ്ല്യൂ.എച്ച് ) പദ്ധതിയുടെ ശേഷി ഉയർത്തലും ഭൂഗർഭജല റീചാർജ്ജും (ജി.ഡബ്ല്യൂ.ആർ) | 1150.00 |
| 24 | കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികൾക്ക് സുസ്ഥിര പിന്തുണ | 2961.00 |
| 25 | ജലനിധി രണ്ടാം ഘട്ടത്തിന് കീഴിലുള്ള ജലവിതരണ പദ്ധതികളുടെ പൂർത്തീകരണം | 125.00 |
| 26 | ഗാർഹിക കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുക | 400.00 |
| 27 | ജലത്തിന്റെ ഗുണനിലവാര നിരീക്ഷണവും ഗ്രേ വാട്ടർ മാനേജ്മെന്റും | 350.00 |
| 28 | ഗ്രാമീണ ജല സാങ്കേതിക വിദ്യകളിലെ ഗവേഷണവും വികസനവും | 6.00 |
| 29 | ഐ.ഇ.സി, കാര്യക്ഷമത വർദ്ധിപ്പിക്കൽ, പരിശീലനവും ജലശ്രീ ക്ലബ്ബും | 15.00 |
| 30 | ജലവിതരണ പദ്ധതികളുടെ ഉറവിട സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി ജലാശയങ്ങളുടെ പുനരുജ്ജീവനം | 100.00 |
| | **പുതിയ പദ്ധതി** | |
| 31 | പ്രോജക്റ്റ് മാനേജ്മെന്റും നിരീക്ഷണവും | 250.00 |
| | **ആകെ - (ഉപ വിഭാഗം)-II** | **5357.00** |
| | **ആകെ** | **92260.00** |

**കേരള വാട്ടർ അതോറിറ്റി**

**1. സർവ്വേയും അന്വേഷണവും**

**(വിഹിതം: 110.00 ലക്ഷം രൂപ)**

കേരളത്തിലെ ജലവിതരണ, മലിനജല സേവനങ്ങൾക്ക് വേണ്ടിയുള്ള സ്വയം ഭരണ സ്ഥാപനമാണ് കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യൂ.എ). കേരള സംസ്ഥാനത്തെ മുഴുവൻ ജലവിതരണത്തിനും മലിനജല നിവാരണ സേവനങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതികളുടെ പട്ടിക തയ്യാറാക്കുന്നതിന് സർവ്വേയും അന്വേഷണവും നടത്തേണ്ടതുണ്ട്. ആധുനിക സർവ്വേ ഉപകരണങ്ങളുടെ സംഭരണം ഇതിനാവശ്യമായി വന്നേക്കാം. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് (ഡി.ഇ.ആർ) തയ്യാറാക്കുന്നതിന്റെ ഭാഗമായി മണ്ണ് പരിശോധനയും നടത്തേണ്ടതുണ്ട്. 100 ശതമാനം ജലവിതരണവും മലിനജലനിവാരണവും ഉറപ്പാക്കുന്നതിനായും കുടിവെള്ളം ലഭ്യമാകാത്ത പ്രദേശങ്ങളിൽ അത്

ലഭ്യമാക്കുന്നതിനും വിപുലമായി സർവ്വേ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. എൻ.ജി.ടി നിർദേശപ്രകാരം ജലാശയങ്ങൾ മലിനമാക്കുന്നത് തടയുന്നതിനായി വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് മലിനജല ശുദ്ധീകരണ ശൃംഖലകൾ നൽകുന്നതിനും വിവിധ ജലവിതരണ പദ്ധതികൾക്കും മലിനജല നിവാരണ പദ്ധതികൾക്കുമായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ (ഡി.പി.ആർ) തയ്യാറാക്കുന്നതിനും ഈ തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ മേപറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബഡ്ജറ്റിൽ 110.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**2. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട്-ഗ്രാമീണ ജലവിതരണ പദ്ധതികളും ഗ്രാമീണ മലിനജല ശൃംഖല പദ്ധതികളും**

**(വിഹിതം: 7000.00 ലക്ഷം രൂപ)**

2003 മുതൽ ഈ ശീർഷകത്തിൽ ട്രാൻചേ XXII ഉം തുടർച്ചയായിട്ടുള്ള ട്രാൻചേകളിലും പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ നബാർഡിന് കീഴിൽ മുൻപുള്ള ട്രാൻചേകൾ കാലാവധി കഴിഞ്ഞതിനാൽ ട്രാൻചേ XXII മുതലുള്ള പദ്ധതികൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. 2021-ൽ അനുവദിച്ച ട്രാൻചേ XXVII ആണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ട്രാൻചേ.

പൊതു ജലാശയങ്ങളിലേക്ക് മലിനജലം ഒഴുകുന്നില്ലെന്ന് ഉറപ്പാക്കാൻ ദേശീയ ഹരിത ട്രൈബ്യൂണൽ (എൻ.ജി.ടി) കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മലിനജല നിവാരണ മേഖലയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് നബാർഡ് ഫണ്ടുകൾ (ആർ.ഐ.ഡി.എഫ്) വിനിയോഗിക്കാവുന്നത് വഴി സംസ്ഥാന വിഹിതം ഉറപ്പാക്കുകയും ചെയ്യുന്നു. മുൻപുള്ളതും നിലവിലുള്ളതുമായ ട്രാൻചേകൾ പൂർത്തിയാക്കുന്നതിന് 2025-26 കാലയളവിൽ 7000.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. നബാർഡ് പദ്ധതികളുടെ മൊത്തം പദ്ധതിച്ചെലവിന്റെ 15 ശതമാനം സംസ്ഥാന വിഹിതവും സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് കണ്ടെത്താവുന്നതാണ്.

**3. കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ**

**(വിഹിതം: 25.00 ലക്ഷം രൂപ)**

പാക്കേജ് ചെയ്ത കുടിവെള്ളത്തിന്റെ ആവശ്യകത വർധിക്കുന്ന സാഹചര്യത്തിൽ ഉപരിതല ജലസ്രോതസ്സുകൾ ഉപയോഗിച്ച് ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിക്കാൻ കേരള വാട്ടർ അതോറിറ്റി തീരുമാനിച്ചു. ഭൂഗർഭജല സ്രോതസ്സുകളുടെ അമിത ചൂഷണം കുറയ്ക്കുന്നതിനും പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഗുണനിലവാരമുള്ള കുപ്പിവെള്ളം ലഭ്യമാക്കുന്നതിനും വേണ്ടിയാണ് ഈ സംരംഭം. ബോട്ടിലിംഗ് പ്ലാന്റ് കേരള ജലസേചന അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി)-നു കൈമാറി. ഇപ്പോൾ ബോട്ടിലിംഗ് പ്ലാന്റ് പൂർണ്ണമായും പ്രവർത്തിപ്പിക്കുന്നതും പരിപാലിക്കുന്നതും കെ.ഐ.ഐ.ഡി.സി ആണ്.

പദ്ധതിയ്ക്ക് കീഴിലുള്ള ബാക്കിയുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് 2025-26 കാലയളവിൽ 25.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**4. കെ.ഡബ്ല്യു.എ യുടെ ഉടമസ്ഥതയിൽ സിവിൽ ഘടനകളുടെ നിർമ്മാണം/നവീകരണം (മുൻപ് കെ.ഡബ്ല്യു.എ.യുടെ ഉടമസ്ഥതയിൽ നിലവിലുള്ള സിവിൽ ഘടനകളുടെ നവീകരണം)**

**(വിഹിതം: 500.00 ലക്ഷം രൂപ)**

കെ.ഡബ്ല്യു.എ.യുടെ കെട്ടിടങ്ങളുടേയും പരിസരങ്ങളുടേയും പതിവ് പരിപാലനവും അറ്റകുറ്റപ്പണികളും ആവശ്യമാണ്. കെ.ഡബ്ല്യു.എ.യുടെ പ്രവർത്തനക്ഷമമായ 923 പദ്ധതികൾക്ക്, വാട്ടർ ടാങ്കുകൾ, പമ്പ് ഹൗസുകൾ, ഇൻടേക് വെൽ മുതലായവ പോലുള്ള പഴകിയതും പരിപാലനം ആവശ്യമായതുമായ വിവിധ സിവിൽ ഘടനകൾ ഉണ്ട്. കെ.ഡബ്ല്യു.എയുടെ ആസ്തികളുടെ മെച്ചപ്പെടുത്തൽ, ജല ശുദ്ധീകരണ പ്ലാന്റുകൾ (ഡബ്ല്യു.ടി.പി), മലിന ജല ശുദ്ധീകരണ പ്ലാന്റുകൾ (എസ്.ടി.പി), കെ.ഡബ്ല്യു.എ ഓഫീസുകൾക്ക് ചുറ്റുമുള്ള നിർബന്ധിത ബഫർ സോൺ എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. കെട്ടിടങ്ങളുടെ നവീകരണം, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ സംരക്ഷണം, ഓഫീസ് കെട്ടിടങ്ങൾ, ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ഇൻടേക്ക് സ്ട്രക്ചറുകൾ, വാട്ടർ ടാങ്കുകൾ, പമ്പ് ഹൗസുകൾ, സ്റ്റാഫ് ക്വാർട്ടേ ് തുടങ്ങിയ വിവിധ സിവിൽ ഘടനകളുടെ വാർഷിക അറ്റകുറ്റപ്പണികൾ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. സൃഷ്ടിക്കപ്പെട്ട ആസ്തികൾ സംരക്ഷിക്കുന്നതിനും സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി സിവിൽ ഘടനകളുടെ അറ്റകുറ്റപ്പണി ഘട്ടം ഘട്ടമായി നടത്താൻ പദ്ധതി ലക്ഷ്യമിടുന്നു. കെ.ഡബ്ല്യു.എ.യുടെ ഉടമസ്ഥതയിലുള്ള ഭൂമി വ്യക്തമായി നിർണ്ണയിക്കാൻ ഡബ്ല്യു.ടി.പികൾ, കെ.ഡബ്ല്യു.എ ഓഫീസുകൾ, ഒഴിഞ്ഞ പ്ലോട്ടുകൾ എന്നിവയ്ക്ക് ചുറ്റും

ലാൻഡ് സ്കേപിങ്, കോമ്പൗണ്ട് മതിലുകൾ നിർമ്മിക്കേണ്ടതാണ്. നിർബന്ധിത ബഫർ സോൺ പരിപാലനം, ഫയർ വേ ട്രാക്ക് നൽകൽ, ഓഫീസ് കെട്ടിടങ്ങളുടെ മേൽക്കൂരയിൽ മഴവെള്ളം സംഭരിക്കുന്നതിനുള്ള നടപടികൾ, കെ.ഡബ്ല്യൂ.എ യുടെ വലിയ വിസ്തൃതിയുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകൾ തുടങ്ങിയവയും ഉൾപ്പെടുന്നു. പമ്പ് ഹൗസുകൾ, ഡബ്ല്യൂ.ടി.പികൾ, ഓഫീസുകൾ, ടാങ്കുകൾ തുടങ്ങിയവയിൽ ടോയിലറ്റുകൾ നിർമ്മിക്കേണ്ടതുണ്ട്. ഈ ടോയിലറ്റുകളിലേക്ക് പൈപ്പ് വഴി ജലവിതരണം നടത്തുന്നതിന് വാട്ടർ ടാങ്കുകൾ സ്ഥാപിക്കുന്നത് ഘട്ടം ഘട്ടമായി നടപ്പിലാക്കും.

കെ.ഡബ്ല്യൂ.എ യുടെ നിലവിലുള്ള സിവിൽ സ്ട്രക്ച്ചറുകൾക്കുള്ളിൽ ഓഫീസു കെട്ടിടങ്ങളുടെ നിർമ്മാണം, കെ.ഡബ്ല്യൂ.എ യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പുതിയ ഓഫീസു കെട്ടിടങ്ങളുടെ നിർമ്മാണം എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പഴയ ജലഭവൻ ഓഫീസ് കെട്ടിടത്തെ കെ.ഡബ്ല്യൂ.എ യുടെ ജലവിതരണ സംവിധാനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന മ്യൂസിയമാക്കി മാറ്റുന്നതിനുള്ള ചെലവുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കെ.ഡബ്ല്യൂ.എ യുടെ ഉടമസ്ഥതയിൽ സിവിൽ ഘടനകളുടെ നിർമ്മാണം/നവീകരണത്തിനായി 2025-26 ൽ 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**5. നവീന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും**

**(വിഹിതം: 100.00 ലക്ഷം രൂപ)**

പുതിയ സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും സ്വീകരിച്ച് സേവനങ്ങളുടെ വിതരണവും ഗുണനിലവാരവും മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കണക്കാക്കിയിട്ടുള്ള വരുമാന രഹിത ജലം (എൻ.ആർ.ഡബ്ല്യു) 40 ശതമാനത്തോളമായതിനാൽ അത് കുറയ്ക്കുക എന്നത് അടിയന്തിര ശ്രദ്ധ ആവശ്യമുള്ള മേഖലയാണ്. എൻ.ആർ.ഡബ്ല്യു കുറയ്ക്കുക, വരുമാനം വർദ്ധിപ്പിക്കുക, ജലവിതരണ പദ്ധതികളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുക, സംസ്കരിച്ച ജലത്തിന്റെ പാഴാക്കൽ കുറയ്ക്കുക, പദ്ധതികളുടെ നവീകരണം, പുതിയ സാങ്കേതിക വിദ്യ സ്വീകരിക്കുക, പദ്ധതികളിൽ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവ് വിലയിരുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. പദ്ധതികളിലൂടെ ഉല്പാദിപ്പിക്കപ്പെടുന്നതും വിതരണം ചെയ്യുന്ന ജലത്തിന്റെ അളവ് കണക്കാക്കുവാനും ജലചോർച്ച കണക്കാക്കുവാനും ബൾക്ക് മീറ്ററുകൾ സ്ഥാപിക്കുന്നതിലൂടെ കഴിയുന്നു. നോൺ-ഡിസ്ട്രക്റ്റീവ് ബൾക്ക് മീറ്ററുകൾ ഉൾപ്പെടെയുള്ള ബൾക്ക് മീറ്ററുകൾ വാങ്ങുന്നതിനും എല്ലാ പ്രധാന പദ്ധതികളിൽ സ്ഥാപിക്കുവാനും ഇവ സൂപ്പർവൈസറി കൺട്രോൾ ആന്റ് ഡാറ്റാ അക്വിസിഷനുമായി (എസ്.സി.എ.ഡി.എ) യോജിപ്പിക്കുവാനും പദ്ധതി വിഭാവനം ചെയ്യുന്നു. മെറ്റാലിക് - നോൺമെറ്റാലിക് പൈപ്പ് ലൊക്കേറ്ററുകൾ, വാൽവ് ലൊക്കേറ്ററുകൾ, അക്വസ്റ്റിക്ക് ലീക്ക് ഡിറ്റക്റ്റേ ്, തുടങ്ങിയ ചോർച്ച കണ്ടെത്തുന്ന ഉപകരണങ്ങൾ പൈപ്പുകളും കുഴിച്ചിട്ട മാൻഹോളുകളെയും കണ്ടെത്തുന്നതിനായി സ്ഥാപിക്കേണ്ടതുണ്ട്. പമ്പ് ഹൗസുകളുടെയും ഡബ്ല്യൂ.ടി.പികളുടെയും ഓട്ടോമേഷൻ, ഡബ്ല്യൂ.ടി.പി കളുടെ വർദ്ധനവിനായി ഡ്യൂവൽ മീഡിയ (ഇരട്ട മാധ്യമങ്ങൾ), ജല ഉപഭോഗം വിദൂരമായി വിലയിരുത്തുന്നതിന് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കൽ എന്നിവയും ഈ പദ്ധതിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നൂതനവും ആധുനികവുമായ മാനേജ്മെന്റിന്റെ ഭാഗമായി പമ്പ് ഹൗസുകളുടെ ഓട്ടോമേഷൻ, ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുത്തൽ പരിപാടികൾ നടപ്പാക്കൽ, മലിനജല മാൻഹോളുകളുടെ റോബോട്ടിക് വൃത്തിയാക്കൽ എന്നിവയും ഉദ്ദേശിക്കുന്നു.

എല്ലാ ജലവിതരണ പദ്ധതികൾക്കും വാട്ടർ ഓഡിറ്റും ചോർച്ച നിയന്ത്രണ പരിപാടികളും രൂപകല്പന ചെയ്യേണ്ടതായിട്ടുണ്ട്. ഈ സംവിധാനങ്ങൾ ജലത്തിന്റെ അളവ് പാരാമീറ്ററുകൾ കണ്ടെത്തുകയും സൂചിപ്പിക്കുകയും മാത്രമല്ല, ടാങ്കിലെ ജലനിരപ്പ് നിയന്ത്രിക്കുകയും ചെയ്യുന്നു. സ്മാർട്ട് മീറ്ററുകളും മോണിറ്ററിംഗ് ഹബുകളും തത്സമയ ജല ഉപഭോഗം അളക്കാൻ അനുവദിക്കുന്നു, അമിതമായ ഉപയോഗവും ജലം നഷ്ടപ്പെടുന്നതും തിരിച്ചറിയാനും അതുപോലെ ശരിയായ ഉപയോഗ രീതികൾ തിരിച്ചറിയാനും ഭാവിയിലെ ഉപഭോഗം പ്രവചിക്കാനും സഹായിക്കുന്നു. സ്മാർട്ട് മീറ്ററുകളും ജല നിരീക്ഷണ സംവിധാനങ്ങളും ഉപയോഗിക്കുന്നതിലൂടെ ജല ഉപഭോഗ ദിനചര്യകൾ കൃത്യമായ രീതിയിലും സുസ്ഥിരതയിലും ബജറ്റിംഗ് ലക്ഷ്യങ്ങളിലും എത്തിച്ചേരാനും കഴിയുന്നതാണ്. 2025-26 കാലയളവിൽ 100.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തുന്നു.

**6. മാനവ വിഭവശേഷി വികസനം, ഗവേഷണവും വികസനവും**

**(വിഹിതം: 100.00 ലക്ഷം രൂപ)**

കേരള വാട്ടർ അതോറിറ്റി ഏകദേശം 923 ജലവിതരണ പദ്ധതികൾ പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു, കൂടാതെ 15000-ത്തിലധികം ജീവനക്കാരുമുണ്ട്. സ്റ്റാഫ് അംഗങ്ങളുടെ

കഴിവുകൾ ഉപയോഗപ്പെടുത്തുന്നതിന് പതിവായ പരിശീലനം ആവശ്യമാണ്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക, മാനേജ്മെന്റ് രീതികളിലേക്ക് അവരെ എത്തിക്കേണ്ടതുണ്ട്. ജീവനക്കാരുടെ മനോഭാവവും നൈപുണ്യവും അറിവും ഉയർത്തുന്നതിനും അതുവഴി സംഘടനാ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുമുള്ള പരിശീലനവും കാര്യശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളും നൽകുന്നതിന് ഇത് ലക്ഷ്യമിടുന്നു. ഇൻ-ഹൗസ് പരിശീലന പരിപാടിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിലെ 4000 ജീവനക്കാർക്ക് സാങ്കേതിക, ഭരണ നിർവ്വഹണ, അഡ്മിനിസ്ട്രേറ്റീവ്, സാമ്പത്തിക, നിയമ വിഷയങ്ങൾ ഉൾക്കൊള്ളുന്ന പരിശീലനം നടത്താൻ/ഹോസ്റ്റ് ചെയ്യാൻ കേരള വാട്ടർ അതോറിറ്റിയുടെ പരിശീലന കേന്ദ്രം നിർദ്ദേശിക്കുന്നു. ഓൺലൈൻ ക്ലാസ് റൂം/റസിഡൻഷ്യൽ/ഫീൽഡ്/ഡെമോൺസ്ട്രേഷൻ പരിശീലനങ്ങളും ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രശസ്തമായ സ്ഥാപനങ്ങൾ ഉദ്യോഗസ്ഥർക്ക് പരിശീലനകേന്ദ്രം വഴി പരിശീലനം നൽകുന്നു. മറ്റ് പ്രശസ്ത പരിശീലന ഓർഗനൈസേഷനുകൾ/ഫ്രീലാൻസ് പരിശീലകർ വഴിയും പരിശീലനങ്ങൾ ഉദ്ദേശിക്കുന്നു. പതിവ് വിഷയങ്ങൾക്ക് പുറമേ, ജി.ഐ.എസ്, സോഫ്റ്റ് വെയർ അധിഷ്ഠിത ആപ്ലിക്കേഷനുകൾ തുടങ്ങി കെ.ഡബ്ല്യൂ.എ യിലെ നൂതനവും/ഉയർന്നുവരുന്ന ആപ്ലിക്കേഷനുകളെക്കുറിച്ചുള്ള അധിക പരിശീലനവും നടത്തുന്നുണ്ട്. കെ.ഡബ്ല്യൂ.എ യ്ക്ക് പ്രസക്തമെന്ന് തോന്നുന്ന വർക്ക്ഷോപ്പുകൾ/സെമിനാറുകൾ തുടങ്ങിയവയ്ക്കായി ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. പുതിയ പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, മറ്റ് ഇലക്ട്രോണിക് പരിശീലന സഹായങ്ങൾ എന്നിവ ലൈബ്രറിയിൽ വാങ്ങി പരിഷ്കരിക്കേണ്ടതുണ്ട്. മാനുവലുകൾ, പ്രാക്ടീസ് കോഡ്, ഐ.എസ് കോഡ്, പരിശീലന വീഡിയോകൾ തുടങ്ങിയ റഫറൻസ് പുസ്തകങ്ങൾ ലൈബ്രറിയിൽ ചേർക്കേണ്ടതുണ്ട്. പരിശീലന കേന്ദ്രത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ/അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ചെലവുകളും ഈ പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്.

ജല വിതരണത്തിന്റെയും മലിനജല സംവിധാനത്തിന്റെയും അറ്റകുറ്റപണികളുടെ നവീകരണത്തിനും കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുമായി കെ.ഡബ്ല്യൂ.എ യുടെ പ്രവർത്തന അന്തരീക്ഷത്തിന് അനുയോജ്യമായ നൂതന പരിഹാരങ്ങൾ വികസിപ്പിക്കുന്നതിന് സംസ്ഥാനത്തെ യുവ പ്രതിഭകളുടെ ആശയങ്ങൾ പര്യവേഷണം ചെയ്യാനും ഉദ്ദേശിക്കുന്നു. ഗവേഷണ വികസന (ആർ&ഡി) പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവുകളും ഈ പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്യുന്നു.

ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി 2025-26-വർഷത്തിൽ 100.00 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

**7. കേരള വാട്ടർ അതോറിറ്റിയുടെ മലിന ജല നിവാരണ പദ്ധതികൾ**

**(വിഹിതം: 3000.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ മലിന ജല ശേഖരണവും പുറന്തള്ളലും വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തമാണ്, പക്ഷെ ഈ മേഖലയിൽ വാട്ടർ അതോറിറ്റിയുടെ സാന്നിദ്ധ്യം വളരെ കുറവാണ്. ഇത് തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിലും ഗുരുവായൂർ മുൻസിപ്പാലിറ്റിയിലും മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. തിരുവനന്തപുരത്തെ കവറേജ് ഏകദേശം 30 ശതമാനവും കൊച്ചിയിൽ ഇത് 2 ശതമാനവും മാത്രമാണ്. ഡി.പി.ആറുകൾ ഉണ്ടായിരിക്കുകയും സംവിധാനങ്ങൾ സ്ഥാപിക്കുകയും അവ പരിപാലിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. 2 മുതൽ 3 വരെ വാർഡുകൾ ഒരു ക്ലസ്റ്ററായി എടുക്കുന്ന പുതിയ ചെറുകിട പദ്ധതികൾ ഏറ്റെടുക്കാനും വിവിധ ശേഷിയുള്ള ചെറിയ വികേന്ദ്രീകൃത സംസ്കരണ പ്ലാന്റുകൾ നൽകാനും വിഭാവനം ചെയുന്നു. ദേശീയ ഹരിത ട്രൈബ്യൂണൽ നിർദേശപ്രകാരം ശുദ്ധീകരിച്ച മലിനജലത്തിന്റെ പുനരുപയോഗം ഉൾക്കൊള്ളുന്ന ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പ്രതിദിനം 20 മില്ല്യൻ ലിറ്റർ (എം.എൽ.ഡി) വരെ മലിനജലം സംസ്കരിക്കുന്നതിനാണിത്. നിലവിലുള്ള പ്ലാന്റിന്റേയും മലിനജല ശൃംഖലയുടേയും പരിപാലനവും നവീകരണവും അനിവാര്യമാണ്. നിലവിലുള്ള മലിനജല ലൈനുകളിൽ അടിയന്തിര അറ്റകുറ്റപ്പണികൾ നടത്താനും, പൊതുജനങ്ങളുടെ അസൗകര്യം കുറയ്ക്കാനും, കേരളത്തിന് 100 ശതമാനം മലിനജല ശൃംഖല ഉറപ്പാക്കാനും, തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ നിലവിലുള്ള മലിനജല സംവിധാനം വിപുലീകരിക്കാനും മറ്റ് പ്രധാന നഗരങ്ങളിലും പട്ടണങ്ങളിലും വികേന്ദ്രീകൃത മലിനജല സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കാനും മലിനജല മാൻഹോളുകൾ റോബോട്ടിക് വൃത്തിയാക്കൽ തുടങ്ങിയവ കെ.ഡബ്ല്യൂ.എ ലക്ഷ്യമിടുന്നു. മലിനജല ശുചീകരണത്തിനുള്ള അത്യാധുനിക ഉപകരണങ്ങൾ വാങ്ങുക**,** മലിനജല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സർവ്വേ പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയവയും ഈ പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്.

ഈ പദ്ധതിക്കായി 2025-26-ൽ 3000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8. നഗര ജലവിതരണ പദ്ധതികളുടെ (യു.ഡബ്ല്യു.എസ്.എസ്) പുനരധിവാസവും മെച്ചപ്പെടുത്തലും**

**(വിഹിതം: 3400.00 ലക്ഷം രൂപ)**

നഗരപ്രദേശങ്ങളിൽ 100 ശതമാനം കവറേജ് നേടുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. മുൻപുള്ള പദ്ധതികൾ 100 എൽ.പി.സി.ഡി ക്ക് വേണ്ടി രൂപകൽപ്പന ചെയ്തിരുന്നു, ഇപ്പോൾ ഇത് 150 എൽ.പി.സി.ഡിയായി ഉയർത്തിയിട്ടുണ്ട്. അതിനാൽ പുതിയ പദ്ധതികൾ/നിലവിലുള്ള പദ്ധതികളുടെ വർദ്ധനവ് നടപ്പിലാക്കണം. വിതരണ ശൃംഖലകൾ സ്ഥാപിക്കുമ്പോൾ മാത്രമേ ഉല്പാദന ഘടകങ്ങളിൽ കെ.ഡബ്ല്യു.എ നടത്തിയ വൻ നിക്ഷേപത്തിന്റെ ഫലപ്രദമായ വിനിയോഗം സാധ്യമാകൂ. മുനിസിപ്പാലിറ്റികളിലെ ഉൽപാദന ഘടകങ്ങൾ പൂർത്തിയാക്കിയതും നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾക്കുവേണ്ടി വിതരണ ശൃംഖല സ്ഥാപിക്കുവാനും നിർദ്ദേശിക്കുന്നു. കാലാവസ്ഥാ പുനരുജ്ജീവന നിർമ്മിതിക്കായി ഡീസലൈനേഷൻ പ്ലാന്റുകൾ പോലുള്ള പുതിയ ബദലുകളുടെ സാധ്യതകളും പരിശോധിക്കേണ്ടതുണ്ട്. നിലവിലുള്ള പദ്ധതികളുടെ നവീകരണം/പുനരുദ്ധാരണം എന്നിവയും ഏറ്റെടുക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പിനായി 3400.00 ലക്ഷം രൂപ 2025-26-ൽ വകയിരുത്തിയിരിക്കുന്നു.

**9. ഗ്രാമീണ ജലവിതരണ പദ്ധതികൾ**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

ആദ്യകാലങ്ങളിൽ, ഗ്രാമീണ ജലവിതരണ പദ്ധതികൾ 40/70 എൽ.പി.സി.ഡി യായി രൂപകൽപ്പന ചെയ്തിരുന്നു. ഇപ്പോൾ ഇത് 100 എൽ.പി.സി.ഡി യായി വർദ്ധിപ്പിച്ചിട്ടുണ്ട്. ജലവിതരണ സേവനമില്ലാത്തതും മതിയായ സേവനം ലഭ്യമല്ലാത്തതുമായ പ്രദേശങ്ങളിൽ കവറേജ് വർദ്ധിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ/നിലവിലുള്ള പദ്ധതികളുടെ വർദ്ധനവ് നടത്തേണ്ടതാണ്. രണ്ട് വർഷത്തിനുള്ളിൽ എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ (എഫ്.എച്ച്.ടി.സി) നൽകാൻ ജൽജീവൻ മിഷൻ ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും ഒറ്റപ്പെട്ട/ഉയർന്ന പ്രദേശങ്ങളിൽ ജലവിതരണം നടത്താൻ വ്യക്തിഗത പദ്ധതികൾ ആവശ്യമാണ്. കൂടാതെ, ജെ.ജെ.എം ഘടകം ഒഴികെ കണക്ഷൻ നിരക്ക് കൂടുതലുള്ള പുതിയ പദ്ധതികൾ ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. നിലവിലുള്ള ഗ്രാമീണ പദ്ധതികൾ പൂർത്തിയാക്കാനും അത്യാവശ്യമുള്ളിടത്ത് പുതിയ പദ്ധതികൾ ഏറ്റെടുക്കുക എന്നിവയും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

2025-26 കാലയളവിൽ ഈ പദ്ധതിയ്ക്കായി 1500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**10. പ്രത്യേക സ്ഥാപനങ്ങൾക്കും സ്ഥലങ്ങൾക്കുമായുള്ള ജലവിതരണ പദ്ധതികൾ**

**(വിഹിതം: 500.00 ലക്ഷം രൂപ)**

ചില നിർദ്ദിഷ്ട സ്ഥാപനങ്ങളിൽ/പ്രദേശങ്ങളിൽ തടസ്സമില്ലാതെ ജലവിതരണം നൽകുന്നതിലൂടെ മതിയായ ജലവിതരണം ഉറപ്പാക്കുകയും പകർച്ചവ്യാധികളേയും ജലജന്യ രോഗങ്ങളേയും തടയുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. 2025-26 വർഷത്തിൽ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- എ) മെഡിക്കൽ കോളേജുകൾക്കും മറ്റ് ആരോഗ്യ സ്ഥാപനങ്ങൾക്കുമുള്ള ജലവിതരണ പദ്ധതികൾ.
- ബി) സ്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമുള്ള ജലവിതരണം.
- സി) സിവിൽ സ്റ്റേഷൻ പരിസരം, ജയിൽ, കറക്ഷണൽ ഹോമുകൾ, കോടതി മുതലായ മറ്റ് സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള ജലവിതരണം നടത്തുക.
- ഡി) വൃദ്ധസദനം, അനാഥാലയം എന്നിവ പോലുള്ള സർക്കാർ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലേക്കുള്ള ജലവിതരണം നടത്തുക.
- ഇ) തീർത്ഥാടന കേന്ദ്രങ്ങളും മറ്റ് പ്രത്യേക സ്ഥലങ്ങളിലേക്കുമുള്ള ജലവിതരണ പദ്ധതി.

ഈ പ്രവർത്തനങ്ങൾക്കായി 2025-26 കാലയളവിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**11. ഉല്പാദനവും വിതരണവും പരമാവധിയിലെത്തിക്കുക**

**(വിഹിതം: 4700.00 ലക്ഷം രൂപ)**

കേരള വാട്ടർ അതോറിറ്റിയുടെ പ്രധാന ആസ്തി പൈപ്പ് ലൈനുകളാണ്. ഈ പൈപ്പ് ലൈനുകൾ 30-50 വർഷത്തിലേറെ പഴക്കമുള്ളവയും, പൊട്ടാനുള്ള സാധ്യത വളരെ കൂടുതലുള്ളവയുമാണ്.

കെ.ഡബ്ല്യു.എയുടെ പൈപ്പ് നയം അനുസരിച്ച്, എല്ലാ എ.സി, പ്രെമോ പൈപ്പുകളും സി.ഐ പൈപ്പുകളും ഘട്ടം ഘട്ടമായി മാറ്റിസ്ഥാപിക്കേണ്ടതുണ്ട്. ഇത് ജലച്ചോർച്ച (എൻ.ആർ.ഡബ്ല്യു) കുറയ്ക്കുകയും പൈപ്പിൽ നിന്നും ലഭിക്കുന്ന ജലത്തിന്റെ ഗുണനിലവാരവും പൊതുജനാരോഗ്യവും മെച്ചപ്പെടുത്തുകയും ചെയ്യും. വിവിധ സ്ഥലങ്ങളിലെ പൈപ്പ് ലൈനുകൾ ദ്രവിക്കുന്നതും കേടാകുന്നതും പമ്പിംഗ് മെയിനുകളുടെയും വിതരണ സംവിധാനങ്ങളുടെയും ഇടയ്ക്കിടെയുള്ള ചോർച്ചയ്ക്ക് കാരണമാകുന്നു. നിലവിലുള്ള പദ്ധതികളിൽ ലഭ്യമായ അധിക ജലം ഉപയോഗിച്ചുകൊണ്ട് പൈപ്പുലൈനുകൾ ജലദൗർലഭ്യമുള്ള പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കണം. അന്താരാഷ്ട്ര മാനദണ്ഡങ്ങളനുസരിച്ച് നിർവ്വഹണം മെച്ചപ്പെടുത്തുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി നിരവധി പഴയ ജലവിതരണ പദ്ധതികൾ പുനരുദ്ധരിക്കേണ്ടതുണ്ട്. ഉൽപ്പാദിപ്പിക്കുന്ന ജലത്തിന്റെ അളവ് വിലയിരുത്തുന്നതിന് എല്ലാ ഡബ്ല്യു.ടി.പി കളിലും ജലത്തിന്റെ ഒഴുക്ക് അളക്കുന്നതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ഉൽപ്പാദനവും വിതരണവും പരമാവധിയിലെത്തിക്കാൻ സഹായിക്കുന്ന ഡബ്ല്യു.ടി.പി കളുടെ നവീകരണം, ഊർജ്ജ സംരക്ഷണ നടപടികൾ, കാലഹരണപ്പെട്ട പമ്പുകളുടെയും മോട്ടോറുകളുടെയും മറ്റ് വൈദ്യുത ഉപകരണങ്ങൾ എന്നിവ പുനരുദ്ധരിക്കുന്നതിലൂടെ വൈദ്യുതി കാര്യ ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ മീറ്റർ റീഡിംഗ് ഇല്ലാതെയുള്ള ജല വിതരണം കണ്ടെത്തുന്നതിനുള്ള ബൾക്ക് മീറ്ററുകൾ സ്ഥാപിക്കൽ, പ്ലാന്റുകളുടെ ശേഷി വർദ്ധിപ്പിക്കൽ, ഇന്റർ കണക്ഷൻ പ്രവർത്തനങ്ങൾ തുടങ്ങിയ മറ്റ് പ്രവർത്തനങ്ങളും ഈ പദ്ധതിക്ക് കീഴിൽ നടപ്പിലാക്കുന്നു. നബാർഡിന് കീഴിലുള്ള ബാലൻസ് പ്രവർത്തനങ്ങൾക്കുള്ള ചെലവുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ ജോലികൾക്കായി 2025-26 ബഡ്ജറ്റിൽ 4700.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**12. കേരള ജലവിതരണ പദ്ധതി, ജൈക്ക (സംസ്ഥാന പദ്ധതി പ്രകാരം ഒറ്റത്തവണ ധന സഹായം)**

**(വിഹിതം: 300.00 ലക്ഷം രൂപ)**

ജെ.ഐ.സി.എ ജൈക്ക (ജപ്പാൻ ഇൻറർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി) സഹായ ജലവിതരണ പദ്ധതിയിൽ 5 ജലവിതരണ പദ്ധതികൾ ഉൾപ്പെടുന്നു-തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം, മീനാട്, കോഴിക്കോട് എന്നിവിടങ്ങളിലെ വിതരണ സംവിധാനത്തിന്റെ ഭാഗമല്ലാതെ എല്ലാ പദ്ധതികളും തിരുവനന്തപുരത്തെ രണ്ട് ഡബ്ല്യു.ടി.പികളുടെ പുനസ്ഥാപനവും പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നിവിടങ്ങളിലേക്ക് കുടിവെള്ളം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

അന്തിമ ബില്ലുകൾ തീർപ്പാക്കുന്നതിനും പദ്ധതിയുടെ പൂർത്തീകരണ പ്രവർത്തനങ്ങൾക്കുമായി 2025-26 വർഷത്തിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**13. കുടിവെള്ളം-വരൾച്ച ലഘൂകരണവും വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും**

**(വിഹിതം: 750.00 ലക്ഷം രൂപ)**

വരൾച്ച, വെള്ളപ്പൊക്കം, ചുഴലിക്കാറ്റ് എന്നിവ പോലുള്ള പ്രകൃതി ദുരന്തങ്ങൾ നമ്മുടെ സംസ്ഥാനത്ത് ആവർത്തിച്ചുള്ള പ്രതിഭാസമായി മാറിയിരിക്കുന്നു. ഇവയ്ക്ക് പുറമെ, വലിയ വ്യാസമുള്ള പൈപ്പ് പൊട്ടുമ്പോൾ വസ്തുവകകൾക്കും ജലവിതരണ സംവിധാനങ്ങൾക്കും സംഭവിക്കുന്ന നാശനഷ്ടങ്ങൾ എന്നിവ പോലുള്ള ദുരന്തോൻമുഖ സാഹചര്യങ്ങളിലും പ്രകൃതിദുരന്തസമയത്ത് അടിയന്തിര ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള ജലവിതരണം എന്നിവയും ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കേണ്ടതുണ്ട്. കൂടാതെ, ഡബ്ല്യു.ടി.പി പ്രൊഡക്ഷൻ മെച്ചപ്പെടുത്തൽ ജോലികൾ, അടിയന്തിര വൈദ്യുത അറ്റകുറ്റപ്പണികൾ, വാൽവുകൾ, യന്ത്രസാമഗ്രികൾ, സ്റ്റാൻഡ്ബൈ യൂണിറ്റുകൾ എന്നിവ ശരിയായ പ്രവർത്തനസാഹചര്യങ്ങളിൽ കൊണ്ടുവരുന്നതിനുള്ള ജോലികളും 2025-26ൽ ലക്ഷ്യമിടുന്നു. വരൾച്ചാ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ വിപുലീകരണം, വരൾച്ചക്കാലത്ത് അധിക പമ്പിംഗ്, ശേഷി വർദ്ധിപ്പിക്കൽ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങളിലും മറ്റ് അടിയന്തിര സാഹചര്യങ്ങളിലും ജലവിതരണം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ഉദ്ദേശിക്കുന്നു.

പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ ജലവിതരണം ചെയ്യുന്നതിനും, മറ്റ് അടിയന്തിര സാഹചര്യങ്ങളിലെ ജോലികൾക്കുമായി 2025-26 ബജറ്റിൽ 750.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**14. അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനികവൽക്കരണം**

**(വിഹിതം: 18.00 ലക്ഷം രൂപ)**

തിരുവനന്തപുരം നഗരത്തിലേക്കുള്ള ജലവിതരണത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിനായുള്ള ഒരു പ്രധാന പദ്ധതിയാണ് അരുവിക്കരയുടെ ആധുനികവൽക്കരണം. ജല ശുദ്ധീകരണ പ്ലാന്റുകളിലെ പഴയതും കേടായതുമായ പമ്പുകൾ, മോട്ടോറുകൾ, സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ ഇൻസ്റ്റാളേഷനുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതാണ് ആധുനികവല്കരണത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ. ചിത്തിരക്കുന്ന്, അരുവിക്കര 86 എം.എൽ.ഡി കാമ്പസിലെ പമ്പ് ഹൗസുകളുടെയും സബ്സ്റ്റേഷനുകളുടെയും പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചു. തിരുവനന്തപുരം നഗരത്തിലേക്ക് ശുദ്ധീകരിച്ച വെള്ളം ആവശ്യത്തിന് വിതരണം ചെയ്യുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ നവീകരണം പൂർത്തിയാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി 2025-26 വർഷത്തിൽ 18.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**15. ഇ-ഗവേണൻസ്, ജി.ഐ.എസ്, ഇൻഫർമേഷൻ മാനേജ്മെന്റ്**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഒരു പൊതു സംഭരണിയിൽ ജലവിതരണ ആസ്തികളും അനുബന്ധ ജല സ്രോതസ്സുകൾ തയ്യാറാക്കാനും, അപ്ഡേറ്റ് ചെയ്യാനും, കൈകാര്യം ചെയ്യാനും, ഓർഗനൈസേഷനിലെ മികച്ച തീരുമാനങ്ങൾ എടുക്കാനും, ഉപഭോക്തൃ ബന്ധങ്ങൾ നടത്താൻ സഹായിക്കുന്ന സുസജ്ജമായ വെബ് അധിഷ്ഠിത മാനേജ്മെന്റ് സംവിധാനം വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

ചുവടെ ചേർക്കുന്ന ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുന്നു

- കെ.ഡബ്ല്യു.എ യിലെ വിവിധ വിഭാഗങ്ങൾക്കായി പുതിയ ഇൻ ഹൗസ് സോഫ്റ്റ് വെയർ വികസിപ്പിക്കൽ.
- കെ.ഡബ്ല്യു.എയ്ക്കായി സമഗ്രമായ ജി.ഐ.എസ്, ഐ.ടി, ബാങ്കിംഗ് പരിഹാരം നടപ്പിലാക്കൽ.
- ലീസിനെടുത്ത ലൈൻ ഉപയോഗിച്ചുള്ള കണക്റ്റിവിറ്റി ചാർജ്
- വൈഫൈ ഉപയോഗിച്ച് ഓഫീസ് ലാൻ നവീകരിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യുക/ശരിയായ സുരക്ഷാ ഉപകരണങ്ങളുള്ള സമാനമായ അത്യാധുനിക സാങ്കേതികവിദ്യകൾ.
- എം.എ.ആർ.സി.എച്ച് (കേന്ദ്രീകൃത എച്ച്.ആർ സിസ്റ്റം മോണിറ്ററിംഗ് അക്കൗണ്ടിംഗ് & റിപ്പോർട്ടിംഗ് ), ഒ ആന്റ് എം (കെ.ഡബ്ല്യു.എ ഓൺഗോയിംഗ് ബിൽ മോണിറ്ററിംഗ് സിസ്റ്റം) കൂടാതെ പി.എ.എസ്.കെ തുടങ്ങിയവ ലഭ്യമാക്കൽ
- ഫോട്ടോകോപ്പിയറുകൾ, കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സെർവറുകൾ, നെറ്റ്‌വർക്ക് ഉപകരണങ്ങൾ മുതലായവ സംരക്ഷിക്കുന്നതിനുള്ള വാർഷിക പരിപാലന കരാർ.
- പുതിയ കമ്പ്യൂട്ടറുകളും അവയുടെ അനുബന്ധ ഉപകരണങ്ങളും, നെറ്റ്‌വർക്ക് ഘടകങ്ങളുടെ സ്പെയറുകൾ, ആന്റി-വൈറസ് സോഫ്റ്റ്‌വെയർ, സെർവർ/ബാക്കപ്പ് ഉപകരണങ്ങൾ, സ്കാനറുകൾ, പ്ലോട്ടറുകൾ, പ്രിന്ററുകൾ, ലാപ്ടോപ്പുകൾ, യുപിഎസ്, യുപിഎസ് ബാറ്ററികൾ, വർക്ക് സെന്ററുകൾ, ഫീൽഡ് ഓഫീസർമാർക്കുള്ള ടാബ്ലെറ്റുകൾ, കമ്പ്യൂട്ടറുകളുടെ അപ്-ഗ്രേഡേഷൻ, പുതിയ ഓഫീസുകളുടെ നെറ്റ്‌വർക്കിംഗ്, നെറ്റ്‌വർക്ക് ഘടകങ്ങൾ സ്പെയറുകൾ (സ്വിച്ചുകളും റൂട്ടറുകളും, മോഡം), നെറ്റ്‌വർക്ക് മോണിറ്ററിംഗ് സോഫ്റ്റ്‌വെയർ, സിസ്റ്റം സോഫ്റ്റ്‌വെയർ (ആവശ്യമെങ്കിൽ) തുടങ്ങിയവ വാങ്ങൽ

ഈ പ്രവർത്തനങ്ങൾക്കായി 2025-26 കാലയളവിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**16. ഉറവിടം മെച്ചപ്പെടുത്തലും ജല സംരക്ഷണവും**

**(വിഹിതം: 200.00 ലക്ഷം രൂപ)**

ഉറവിടങ്ങളിൽ ആവശ്യത്തിന് വെള്ളം ഉറപ്പുവരുത്തുന്നതിനുള്ള മാർഗ്ഗങ്ങളാണ് അരുവികളെ ശക്തിപ്പെടുത്തുക, സംഭരണ ശേഷി വർദ്ധിപ്പിക്കുക എന്നിവ. അതിനാൽ ജലത്തിന്റെ പരമാവധി സംഭരണം ഉറപ്പാക്കുന്നതിന് എല്ലാ പ്രധാന സ്രോതസുകളിലും ചെക്ക് ഡാമുകളും റെഗുലേറ്ററുകളും ആവശ്യമാണ്. ട്യൂബ് കിണറുകൾ, തുറന്ന കിണറുകൾ, വെള്ളം അരിച്ചു എടുക്കുന്ന ഗാലറി, പ്രധാന കനാൽ

തുടങ്ങിയവയുടെ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ജലസംഭരണികളുടെ ശുചീകരണ സംരക്ഷണ പ്രവർത്തനങ്ങൾ, ഉറവിടങ്ങളുടെ കൃത്രിമ റീച്ചാർജിംഗ്, അണകളുടെയും, ചെക്ക് ഡാമുകളുടേയും പാർശ്വ സംരക്ഷണം എന്നിവ നടത്തുകയും നിലവിലുള്ള ഘടനകളുടെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുമാണ്. വേനൽക്കാലത്ത് പമ്പിംഗ് ഉറപ്പാക്കാൻ നദികളിലുടനീളം അണ/ബണ്ടുകളുടെ നിർമ്മാണം ഏറ്റെടുക്കേണ്ടതുണ്ട്.

ജെ.ജെ.എം-ന്റെ ഭാഗമായി എല്ലാ ഗ്രാമീണ കുടുംബങ്ങളിലും പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ (എഫ്.എച്ച്.ടി.സി) നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ ആവശ്യം നിറവേറ്റുന്നതിനായി ഉറവിട ജല ലഭ്യത ഉറപ്പാക്കേണ്ടതാണ്. അതിനാൽ നിലവിലുള്ള എല്ലാ സ്രോതസ്സുകളിലും മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26 കാലയളവിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**17. ജൽ ജീവൻ മിഷൻ (എൻ.ആർ.ഡി.ഡബ്ല്യു.പി) (50% സംസ്ഥാന വിഹിതം)**

**(വിഹിതം: 56000.00 ലക്ഷം രൂപ)**

എൻ.ആർ.ഡി.ഡബ്ല്യു.പി. യുടെ തുടർച്ചയായ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ജൽജീവൻ മിഷൻ. രണ്ട് വർഷത്തിനുള്ളിൽ ഗ്രാമീണ ഇന്ത്യയിലെ എല്ലാ കുടുംബങ്ങൾക്കും വ്യക്തിഗത ഗാർഹിക ടാപ്പ് കണക്ഷനുകളിലൂടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ലഭ്യമാക്കാൻ ഇത് വിഭാവനം ചെയ്തിരിക്കുന്നു. ഓരോ ഗ്രാമീണ കുടുംബത്തിനും സ്ഥിരമായി, ദീർഘകാലാടിസ്ഥാനത്തിൽ, ആവശ്യമായ ഗുണനിലവാരത്തിൽ, മിതമായ സേവന നിരക്കിൽ, കുടിവെള്ള വിതരണം ഉണ്ടെന്ന് മിഷൻ ഉറപ്പാക്കുന്നു. കേന്ദ്രവും സംസ്ഥാനവും തമ്മിൽ 50:50 എന്ന അനുപാതത്തിൽ ചെലവ് പങ്കിടലിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കേന്ദ്രം, സംസ്ഥാനം, എൽഎസ്ജി ഗുണഭോക്തൃ വിഹിതം എന്നിവയെ പ്രതിനിധീകരിക്കുന്ന 50:25:15:10 എന്ന അനുപാതത്തിൻ കേരള സംസ്ഥാനം നടപ്പാക്കി.

2025-26 കാലയളവിൽ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള ജല അതോറിറ്റി, ജലനിധി എന്നിവയ്ക്ക് 56000.00 ലക്ഷം രൂപ 25 ശതമാനം സംസ്ഥാന വിഹിതമായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് വകയിരുത്തിയിരിക്കുന്നു. സംസ്ഥാന വിഹിതത്തിന്റെ ബാക്കി തുക തദ്ദേശഭരണ സ്ഥാപനങ്ങളും ഗുണഭോക്താക്കളും കണ്ടെത്തും. കേന്ദ്ര വിഹിത റിലീസിന് അനുസൃതമായി അധിക സംസ്ഥാന വിഹിതം നൽകുന്നതാണ്.

**18. എ.ഡി.ബി സഹായത്തോടെ കേരള നഗര ജലവിതരണ മെച്ചപ്പെടുത്തൽ പദ്ധതി - കെ.യു.ഡബ്ല്യു.എസ്.ഐ.പി (ഇ.എ.പി)**

**(വിഹിതം: 7500.00 ലക്ഷം രൂപ)**

എൻ.ആർ.ഡബ്ല്യു (വരുമാന രഹിത ജലം) ഗണ്യമായി കുറയ്ക്കുകയും കാര്യക്ഷമതയുടെ മൊത്തത്തിലുള്ള മെച്ചപ്പെടുത്തലും വഴി പഴയ ഉൽപാദന ഘടകങ്ങളെയും ശൃംഖലയെയും പുനസ്ഥാപിച്ച് കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളിലെ ജലവിതരണം മെച്ചപ്പെടുത്തുകയും, മേൽപ്പറഞ്ഞ മേഖലകളിൽ 24X7 വിതരണം നേടുകയുമാണ് എ.ഡി.ബി സഹായത്തോടെയുള്ള കെ.യു.ഡബ്ല്യു.എസ്.ഐ.പി ലക്ഷ്യമിടുന്നത്. കൊച്ചിയിൽ എൻ.ആർ.ഡബ്ല്യു 51 ശതമാനത്തിൽ നിന്ന് 20 ശതമാനമായി കുറയ്ക്കാനും തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24X7 ജലവിതരണവും എല്ലായിടത്തും സുഗമമായി ജലവിതരണവും, ഉൽപ്പാദന, വിതരണ ഘടകങ്ങളുടെ പുനരുദ്ധാരണവും പദ്ധതി ലക്ഷ്യമിടുന്നു.

2025-26 വർഷത്തിൽ 7500.00 ലക്ഷം രൂപ ഈ പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നു.

**19. നദി മലിനീകരണം തടയുന്നതിനും ദേശീയ ഹരിത ട്രൈബ്യൂണൽ (എൻ.ജി.ടി) നിർദ്ദേശമനുസരിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ**

**(വിഹിതം: 250.00 ലക്ഷം രൂപ)**

നദീ തീരങ്ങളുടേയും തീരപ്രദേശങ്ങളുടേയും മലിനീകരണവുമായി ബന്ധപ്പെട്ട വിവിധ അപേക്ഷകൾ പരിഗണിക്കുമ്പോൾ, മുൻഗണനാടിസ്ഥാനത്തിലും നിർദ്ദിഷ്ടമായ സമയപരിധിക്കുള്ളിലും നദീതീരങ്ങളും തീരപ്രദേശങ്ങളും മലിനമാക്കുന്നത് തടയാൻ വിവിധ നടപടികൾ സ്വീകരിക്കുന്നു എന്ന് സംസ്ഥാനം ഉറപ്പ് വരുത്തണമെന്ന് എൻ.ജി.ടി ഉത്തരവിട്ടു. മലിനജല സംസ്കരണം 100 ശതമാനവും കഴിയുന്നത്ര യഥാസ്ഥാന പരിധിക്കുള്ളിൽ തന്നെ ചെയ്യുമെന്ന് ഉറപ്പാക്കുക എന്നതാണ് നിർദ്ദേശങ്ങളിലൊന്ന്. മലിനജല ശുദ്ധീകരണ പ്ലാന്റുകൾ (എസ്.റ്റി.പി.) സാദ്ധ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുകയും മലിനജല സംസ്കരണം ഉറപ്പാക്കുകയും വേണം. 100 ശതമാനം മലിനജല ശൃംഖലയും

എസ്സ്.റ്റി.പി. കളും ഘട്ടം ഘട്ടമായി മാത്രമേ നടപ്പിലാക്കാൻ കഴിയൂ എങ്കിലും വികേന്ദ്രീകൃത എസ്.റ്റി.പി. കളും എഫ്.എസ്.റ്റി.പി.കളും ആദ്യ ഘട്ടമായി സജ്ജമാക്കാൻ കഴിയും. തൃതീയ സംസ്കരണ പ്ലാന്റുകളും റീസൈക്ലിംഗ് പ്ലാന്റുകളും നിർബന്ധമാക്കുന്ന എസ്.റ്റി.പി കളിൽ നിന്ന് സംസ്കരിച്ച വെള്ളം പുനരുപയോഗിക്കാൻ എൻ.ജി.ടി ഉത്തരവായിട്ടുണ്ട്. മലിനജല നിവാരണ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള ഏജൻസി എന്ന നിലയ്ക്കും എൻ.ജി.ടി യുടെ ഉത്തരവനുസരിച്ച് മലിനജല നിയന്ത്രണത്തിന്റെ ആവശ്യകതയെ നേരിടുന്നതിനും സംസ്ഥാന ജല അതോറിറ്റി സംസ്ഥാനത്തൊട്ടാകെയുള്ള പ്രത്യേക മലിനജല നിർമ്മാർജ്ജന ജോലികൾക്ക് മാത്രമായി ഒരു പ്രത്യേക വിഭാഗം സൃഷ്ടിക്കുകയും ചെയ്തു. കൃത്യമായ വേലികൾ സ്ഥാപിച്ച് നദീ ജലസ്രോതസ്സ് പ്രദേശം സംരക്ഷിക്കാനും വിഭാവനം ചെയ്തിട്ടുണ്ട്.

മാനദണ്ഡങ്ങൾക്ക് അനുസരിച്ച് നദികളുടെ ജല ഗുണനിലവാരം നില നിർത്തേണ്ടതിന്റെ പ്രധാന്യത്തെക്കുറിച്ച് പൊതു കൂടിച്ചേരലുകൾ, പോസ്റ്ററുകൾ, ബോധവൽക്കരണം, അച്ചടി, ദൃശ്യമാധ്യമങ്ങളിലെ പരസ്യങ്ങൾ എന്നിവയിലൂടെ ബോധവൽക്കരണ പരിപാടികൾ നടത്താനും ഉദ്ദേശ്യമുണ്ട്.

2025-26 കാലയളവിൽ 250.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

### 20. ഊർജ്ജ കാര്യക്ഷമതാ മെച്ചപ്പെടുത്തൽ, ഇലക്ട്രോ മെക്കാനിക്കൽ ഇനങ്ങളുടെ ഒപ്റ്റിമൈസേഷൻ, സുരക്ഷാ ഓഡിറ്റ്, ഡബ്ല്യു.ടി.പി കളുടെയും പമ്പ് ഹൗസുകളുടെയും പ്രവർത്തനത്തിൽ സുരക്ഷാ ഉറപ്പാക്കൽ

**(വിഹിതം: 500.00 ലക്ഷം രൂപ)**

സംസ്ഥാനത്തുടനീളം 273 ഹൈ-ടെൻഷനും (എച്ച്.ടി) 2000 - ത്തിലധികം ലോ ടെൻഷൻ (എൽ.ടി) വാട്ടർ പമ്പിംഗ് സ്റ്റേഷനുകളും കേരള വാട്ടർ അതോറിറ്റി പ്രവർത്തിപ്പിക്കുന്നു. എൽ.ടി ഉപഭോക്താക്കളിൽ ഭൂരിഭാഗവും ഗ്രാമീണ ജലവിതരണ പദ്ധതികളാണ്. ജലശുദ്ധീകരണ വിതരണ സംവിധാനങ്ങളുടേയും മലിനജല ശേഖരണത്തിന്റെയും നിർമ്മാർജന സംവിധാനങ്ങളുടെയും ശരിയായ പ്രവർത്തനത്തിന് ഊർജ്ജം ഒരു നിർണായക മാനദണ്ഡമാണ്. ഊർജ്ജ ആവശ്യങ്ങൾ ഉയരുകയും പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളുടെ ശോഷണം ഉയരുകയും ചെയ്യതോടെ കെ.ഡബ്ല്യു.എ യിൽ ഊർജ്ജ കാര്യക്ഷമത പരിപാടികൾ അനിവാര്യമായി. പദ്ധതിയുടെ ലക്ഷ്യങ്ങൾ ഇവയാണ്.

- ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുമ്പോൾ ഊർജ്ജത്തിന്റെ ചെലവ് കുറയുകയും, ഇത് പ്രവർത്തനച്ചെലവിന്റെ ഒരു പ്രധാന പങ്ക് വഹിക്കുകയും ചെയ്യുന്നു.
- വാർഷിക വൈദ്യുതി ചാർജുകളും കെ.ഡബ്ല്യു.എ യുടെ വൈദ്യുതി ഉപഭോഗവും കുറയ്ക്കാൻ കഴിയും.
- സുരക്ഷാ പ്രോട്ടോക്കോൾ ഉറപ്പാക്കി, സുരക്ഷാ ഗിയറുകളും ഉപകരണങ്ങളും ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിച്ച് അപകടകരമായ തൊഴിൽ അന്തരീക്ഷത്തിൽ നിന്ന് ഉണ്ടാകുന്ന അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാവുന്നതാണ്.

ഇൻവെസ്റ്റ്മെന്റ് ഗ്രേഡ് ഓഡിറ്റുകളും ശുദ്ധീകരണ ജോലികളും ഉടൻ നടത്താൻ ഉദ്ദേശിച്ചിട്ടുണ്ട്. വൈദ്യുതി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഊർജ്ജ സംരക്ഷണ നടപടികളും കാലഹരണപ്പെട്ട പമ്പുകളുടെയും മോട്ടോറുകളുടെയും മറ്റ് ഇലക്ട്രിക്കൽ ഇൻസ്റ്റാളേഷനുകളുടെയും പുനരുദ്ധാരണവും ഈ പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്. തൊഴിൽ സ്ഥലങ്ങളിലെ സുരക്ഷ വർധിപ്പിക്കുന്നതിനുള്ള ശ്രമമെന്ന നിലയിൽ വ്യക്തിഗത സംരക്ഷണ ഉപകരണങ്ങൾ വാങ്ങുകയും ജോലിസ്ഥലങ്ങളിൽ നൽകുകയും വേണം.

സുരക്ഷ ഉറപ്പാക്കുന്നതിനായി ഡബ്ല്യു.ടി.പികളിലും കെ.ഡബ്ല്യു.എ യുടെ പമ്പ് ഹൗസുകളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. 2025-26 കാലയളവിൽ ഈ പദ്ധതിക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 21. കെ.ഡബ്ല്യു.എ യുടെ ഗുണനിലവാര നിയന്ത്രണ വിഭാഗത്തിന് കീഴിലുള്ള അടിസ്ഥാന സൗകര്യ വികസനവും നിരീക്ഷണ പ്രവർത്തനങ്ങളും

**(വിഹിതം: 250.00 ലക്ഷം രൂപ)**

വിവിധ ജലവിതരണ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മാ നിരീക്ഷണവും മോണിറ്ററിംഗും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ലബോറട്ടറി ശൃംഖലകൾ ഐ.എസ്.ഒ/ഐ.ഇ.സി 17025:2017 എന്ന അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുകയും നവീകരണത്തോടെ പരിപാലിക്കുകയും വേണം. ജലത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായി ബി.ഐ.എസ് സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് സംസ്ഥാന ലാബുകൾ ക്രമേണ നവീകരിക്കും. നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ ലബോറട്ടറികളിൽ കുടിവെള്ളം പരിശോധിക്കാനുള്ള സൗകര്യം

മാത്രമാണുള്ളത്. സംസ്ഥാനത്ത് പൊതുവെ ജലവിതരണം ആവശ്യമായ പരിധിക്കപ്പുറം നൽകേണ്ടി വരുന്നതിനാൽ, മലിന ജല സംസ്കരണത്തിന് വലിയ പ്രാധാന്യമുണ്ട്. അതിനാൽ, പ്രത്യേകിച്ച് എസ്.ടി.പി കളിൽ നിന്നുള്ള മലിനജലം പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങളും മെറ്റീരിയൽ ടെസ്റ്റിംഗും നടത്തേണ്ടതുണ്ട്, അതിന് അനുയോജ്യമായ ഉപകരണങ്ങളും അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങളും സ്ഥാപിക്കണം. കൂടാതെ ഇന്റർനെറ്റ് ഓഫ് തിംഗ്സിനായി (ഐ.ഒ.ടി) തുക വകയിരുത്തിയിട്ടുണ്ട്. കൂടുതൽ നൂതനമായ ഉപകരണങ്ങൾ വാങ്ങാനും സൗകര്യങ്ങൾ ഒരുക്കാനുമുള്ള വിപുലമായ പരിശോധനകൾ ഉൾപ്പെടുത്താനാണ് സംസ്ഥാന ലാബിൽ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ, ചില മൈക്രോബയോളജി ലാബുകൾ പൊതുജനങ്ങളുടെ സൗകര്യാർത്ഥം കൂടുതൽ വിപുലീകരിക്കുകയും പുതിയ സ്ഥലത്തേക്ക് മാറ്റുകയും വേണം. കൂടാതെ മെറ്റീരിയൽ ടെസ്റ്റിംഗ്, പൈപ്പ് ടെസ്റ്റിംഗ് ലാബുകൾ എന്നിവ നൽകുന്നതിന് സംസ്ഥാന ലാബ് വിഭാവനം ചെയ്തിട്ടുണ്ട്.

ജല ഗുണനിലവാര നിരീക്ഷണവും മോണിറ്ററിംഗും (ഡബ്ല്യു.ക്യു.എം.എസ്) മലിനജല പരിശോധന, ലാബുകളുടെ വിപുലീകരണം, മെറ്റീരിയൽ, പൈപ്പ് ടെസ്റ്റിംഗ് ലാബുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കായി 2025-26 വർഷത്തിൽ 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**22. സംരംഭക വിഭവ ആസൂത്രണം (ഇ.ആർ.പി)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

സംരംഭക വിഭവ ആസൂത്രണം (ഇ.ആർ.പി) എന്നത് അക്കൗണ്ടിംഗ്, പ്രൊക്യൂർമെന്റ്, പ്രോജക്റ്റ് മാനേജ്മെന്റ്, റിസ്ക് മാനേജ്മെന്റ്, കംപ്ലയൻസി, സപ്ലൈ ചെയിൻ പ്രവർത്തനങ്ങൾ എന്നിവ പോലുള്ള ദൈനംദിന ബിസിനസ്സ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന ഒരു തരം സോഫ്റ്റ് വെയറാണ്. ഒരു സ്ഥാപനത്തിലെ വിവിധ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ സ്വീകരിക്കുന്നതും കേന്ദ്ര ഡാറ്റാബേസ് ഉപയോഗിക്കുന്ന ഒരു ആപ്ലിക്കേഷനാണ് ഇ.ആർ.പി. എന്റർപ്രൈസ്-വൈഡ് അടിസ്ഥാനത്തിൽ വിവരങ്ങൾ പങ്കിടൽ, ബിസിനസ്സ് ആസൂത്രണം, തീരുമാനമെടുക്കൽ എന്നിവ സുഗമമാക്കുക എന്നതിനാണ് കെ.ഡബ്ല്യു.എ യിൽ ഇ.ആർ.പി സംവിധാനം നടപ്പിലാക്കുന്നത്. ഇ.ആർ.പി സിസ്റ്റങ്ങൾ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ഓട്ടോമേറ്റ് ചെയ്യുകയും ചെയ്യുന്നു, ഇത് കൂടുതൽ കൃത്യവും കാര്യക്ഷമവുമായ പ്രവർത്തനം ഉറപ്പാക്കുന്നു. ഒരു സ്ഥാപനത്തിലുടനീളം അക്കൗണ്ടിംഗ്, ഇൻവെന്ററി നിയന്ത്രണം, ഹ്യൂമൻ റിസോഴ്സ് തുടങ്ങിയ വിവിധ ഫംഗ്ഷനുകൾ ബന്ധിപ്പിക്കുന്നതിന് കമ്പ്യൂട്ടർ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ഒരു രീതിയാണ് ഇ.ആർ.പി. എച്ച്ആർ, അസറ്റ്, ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള അസറ്റ് മാപ്പിംഗ് പ്രൊക്യൂർമെന്റ്, ഒ ആന്റ് എം മാനേജ്മെന്റ്, ബില്ലിംഗ്, കസ്റ്റമർ റിലേഷൻഷിപ്പ് മാനേജ്മെന്റ് (സി.ആർ.എം), ഫിനാൻസ് & ഓപ്പറേഷൻസ് തുടങ്ങിയ മൊഡ്യൂളുകളാണ് കെ.ഡബ്ല്യു.എ വിഭാവനം ചെയ്യുന്നത്. സങ്കീർണ്ണമായ പ്രക്രിയകൾ നാവിഗേറ്റുചെയ്യാൻ ഉപഭോക്താക്കളെ സഹായിക്കുന്നതിലൂടെയും ഡാറ്റ റീ-എൻട്രി തടയുന്നതിലൂടെയും കാര്യക്ഷമതയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനും ഇത് സഹായിക്കുന്നു.

ഈ പ്രവർത്തനങ്ങൾക്കായി 2025-26 കാലയളവിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി (കെ.ആർ.ഡബ്ല്യു.എസ്.എ)/ജലനിധി**

**23. കെ.ആർ.ഡബ്ല്യു.എസ്.എ മുഖേന നടപ്പിലാക്കുന്ന മഴവെള്ള സംഭരണവും (ആർ.ഡബ്ല്യു.എച്ച്) പദ്ധതിയുടെ ശേഷി ഉയർത്തലും ഭൂഗർഭജല റീചാർജ്ജും (ജി.ഡബ്ല്യു.ആർ)**

**(വിഹിതം: 1150.00 ലക്ഷം രൂപ)**

കുടിവെള്ളം നൽകുന്നതിനും ജലവിതാനം ക്രമാനുഗതമായി മെച്ചപ്പെടുത്തുന്നതിനുമുള്ള ബദൽ മാർഗ്ഗമായി ഭൂഗർഭജല റീചാർജിന്റെ ഘടകത്തോടുകൂടിയ റൂഫ് ടോപ്പ് മഴവെള്ള സംഭരണ പരിപാടി വ്യക്തിഗത വീടുകൾക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ഈ പദ്ധതിക്ക് കീഴിൽ രണ്ട് ഘടകങ്ങളുണ്ട്

(1) മഴവെള്ള സംഭരണവും (ആർ.ഡബ്ല്യു.എച്ച്) ഭൂഗർഭജല റീചാർജ്ജും (ജി.ഡബ്ല്യു.ആർ) വ്യാപിപ്പിക്കുക
(2) ജലസ്രോതസ്സ് സുസ്ഥിരതയ്ക്കായി ഭൂഗർഭ ജല റീചാർജ്

10,000 ലിറ്റർ സംഭരണശേഷിയോടു കൂടിയ മഴവെള്ള സംഭരണികൾ നിർമ്മിക്കുക, ജലവിതരണ പദ്ധതികളുടെ ഉറവിട സുസ്ഥിരതയ്ക്കായി ഭൂഗർഭജലം റീചാർജ്, കാര്യക്ഷമതാ വർദ്ധിപ്പിക്കൽ/ഐ.ഇ.സി പ്രവർത്തനങ്ങൾ എന്നിവ ആദ്യ ഘടകത്തിന് കീഴിൽ ഉൾപ്പെടുന്നു. കെ.ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ടിലെ കുടിവെള്ള സൗകര്യങ്ങളുടെ സുസ്ഥിരതയ്ക്കായുള്ള പദ്ധതിക്ക് തുകയും വകയിരുത്തിയിട്ടുണ്ട്.

ഭൂഗർഭജല അണക്കെട്ടുകൾ അല്ലെങ്കിൽ സബ്-സർഫേസ് ഡൈക്കുകൾ, തുറന്ന കിണറുകളുടെയും ബോർ ക്കിണറുകളുടെയും ചുറ്റുമുള്ള കുഞ്ഞു കുഴികൾ അല്ലെങ്കിൽ ചെറിയ ബോറുകൾ, അരുവികളിലും തോടുകളിലും ഉറവിടങ്ങളിലും നിർമ്മിക്കുന്ന ചെറുതോടുകൾ/ചെറിയ തടയണകൾ ജലസ്രോതസ്സുകളുടെ സുസ്ഥിരതയ്ക്കുള്ള കോണ്ടൂർ ബണ്ടുകളും ഉൾപ്പെടുന്നതാണ് രണ്ടാം ഘടകത്തിന് കീഴിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 വർഷത്തിൽ 1150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**24. കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികൾക്ക് സുസ്ഥിര പിന്തുണ**

**(വിഹിതം: 2961.00 ലക്ഷം രൂപ)**

2000-2020 കാലയളവിൽ ജലനിധി ഘട്ടം I, II പദ്ധതികൾ കെ.ആർ.ഡബ്ല്യു.എസ്.എ നടപ്പിലാക്കി. സാമൂഹിക നിയന്ത്രിത, ഡിമാൻഡ് പ്രേരിത പങ്കാളിത്തത്തോടുകൂടിയ സമീപനത്തിലാണ് ജലനിധി നടപ്പിലാക്കുന്നത്. പദ്ധതികൾ കമ്മീഷൻ ചെയ്തുകഴിഞ്ഞാൽ, സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി (ഒ ആന്റ് എം) ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് (ബി.ജികൾ) കൈമാറുന്നതാണ്. 22.26 ലക്ഷം ജനങ്ങളെ (4.52 ലക്ഷം കുടുംബങ്ങൾ) ഉൾക്കൊള്ളുന്ന 5,884 ജലവിതരണ പദ്ധതികൾ ജലനിധി പദ്ധതികൾ പ്രകാരം ഇതുവരെ നിർമ്മിക്കുകയും പ്രവർത്തനത്തിനും പരിപാലനത്തിനുമായി കമ്മ്യൂണിറ്റികൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 2025-26 കാലയളവിൽ, സംസ്ഥാനത്തുടനീളം പൂർണ്ണമായും/ഭാഗികമായി പ്രവർത്തനരഹിതമായ കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികൾ പുനഃസ്ഥാപിക്കുന്നതിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ഐ.ഇ.സി പ്രവർത്തനങ്ങൾക്കും കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള ചെറുകിട ജലവിതരണ അടിസ്ഥാന സൗകര്യങ്ങളുടെ ഒരു ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനും കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികൾക്കും ഒരു ബാക്ക്സ്റ്റോപ്പിംഗ് സപ്പോർട്ട് ഏജൻസിയായി കെ.ആർ.ഡബ്ല്യു.എസ്.എ പുനഃസ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു. 2025-26 ൽ ഭാഗികമായി/പൂർണ്ണമായി പ്രവർത്തനരഹിതമായ പദ്ധതികൾ പുനരുജ്ജീവിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

വ്യത്യസ്ത ശേഷിയുള്ള ഓൺ-ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സംസ്ഥാനവ്യാപകമായി സ്ഥാപിക്കുന്നതിന് കമ്മ്യൂണിറ്റി ജലവിതരണ പദ്ധതികളുടെ നവീകരണം/സാമ്പത്തികവൽക്കരണം എന്നിവയും പദ്ധതിയിൽ ഉൾപ്പെടുന്നു.

2025-26 കാലയളവിൽ ഈ പദ്ധതിക്കായി 2961.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 50% ഗുണഭോക്താക്കൾ വനിതകളാണെന്നും പ്രതീക്ഷിക്കുന്നു.

**25. ജലനിധി രണ്ടാം ഘട്ടത്തിന് കീഴിലുള്ള ജലവിതരണ പദ്ധതികളുടെ പൂർത്തീകരണം**

**(വിഹിതം: 125.00 ലക്ഷം രൂപ)**

ലോകബാങ്ക് സഹായത്തോടെ ജലനിധി ഘട്ടം II പദ്ധതി 115 ഗ്രാമ പഞ്ചായത്തുകളിൽ നടപ്പാക്കുകയും 2,174 ജലവിതരണ പദ്ധതികൾ പൂർത്തിയാക്കുകയും കമ്മീഷൻ ചെയ്യുകയും ചെയ്തു. ജലനിധി രണ്ടാംഘട്ട പദ്ധതികളുടെ ബാക്കിയുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് 2025-26 കാലയളവിൽ 125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**26. ഗാർഹിക കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുക**

**(വിഹിതം: 400.00 ലക്ഷം രൂപ)**

2011 ലെ സെൻസസ് കണക്കുകൾ പ്രകാരം 65 ശതമാനം കുടുംബങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. പൈപ്പ് കണക്ഷൻ വഴി ജലവിതരണം ലഭ്യമായവരും താല്പര്യവും പരമ്പരാഗത മൂല്യങ്ങളും കാരണം പാചകത്തിനും കുടിക്കുന്നതിനും കിണർ വെള്ളമാണ് ഉപയോഗിക്കുന്നത്. കിണറുകളും കുഴൽക്കിണറുകളും ഭൂഗർഭ ജലം റീചാർജ് ചെയ്യുന്നതിനുള്ള മികച്ച മാർഗ്ഗമാണ്. ശരിയായി സംരക്ഷിച്ച് റീചാർജ് ചെയ്താൽ, കിണറുകൾ വിശ്വസനീയമായ കുടിവെള്ള സ്രോതസ്സുകളായി വർത്തിക്കുകയും അതേ സമയം കുറഞ്ഞു വരുന്ന ഭൂഗർഭ ജല വിതാനം നികത്തുകയും ചെയ്യും. പൈപ്പ് ജലവിതരണം ലഭ്യമാകുമ്പോൾ പോലും, അധിക ആവശ്യം നിറവേറ്റാൻ ജനങ്ങൾ ഇതര സ്രോതസ്സുകളെ ആശ്രയിക്കേണ്ടിവരും.

ഗാർഹിക/പൊതു/സ്ഥാപനങ്ങളിലെ കിണറുകളിലും കുഴൽക്കിണറുകളിലും റീചാർജ് സംവിധാനം സ്ഥാപിക്കുന്നതിനും സുസ്ഥിര കുടിവെള്ള സ്രോതസ്സുകളാക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഐ.ഇ.സി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമായി 2025-26 കാലയളവിൽ 400.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**27. ജലത്തിന്റെ ഗുണനിലവാര നിരീക്ഷണവും ഗ്രേ വാട്ടർ മാനേജ്മെന്റും**

**(വിഹിതം: 350.00 ലക്ഷം രൂപ)**

താഴെപറയുന്ന രണ്ട് ഘടകങ്ങൾക്കുമായി 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**എ. കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികളുടെ ജലത്തിന്റെ ഗുണനിലവാര വിലയിരുത്തലും നിരീക്ഷണവും**

സുരക്ഷിതമായ കുടിവെള്ളം ഉറപ്പാക്കേണ്ടത് ആരോഗ്യത്തിന് അത്യന്താപേക്ഷിതവും അടിസ്ഥാന മനുഷ്യാവകാശവും ആരോഗ്യ സംരക്ഷണത്തിനുള്ള ഫലപ്രദമായ നയത്തിന്റെ ഘടകവുമാണ്. വീടുകളിലേക്കും പൊതുസ്ഥാപനങ്ങളിലേക്കും കുടിവെള്ളം വിതരണം ചെയ്യുന്നതിന് മുൻപ് വിതരണം ചെയ്യുന്ന വെള്ളം പതിവായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുണ്ട്. ജലത്തിന്റെ സാമ്പിളുകളും ജലസ്രോതസ്സുകളുടെ നിരീക്ഷണവും വീടുകളിലെ ഡെലിവറി പോയിന്റുകളിൽ വെള്ളം പരിശോധിക്കുന്നതും ജലജന്യ രോഗങ്ങൾ തടയുന്നതിനുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതും ജല ഗുണനിലവാര വിലയിരുത്തലിന്റെയും നിരീക്ഷണത്തിന്റെയും (ഡബ്ല്യു.ക്യു.എം ആന്റ് എസ്) ഏറ്റവും നിർണായക ഘട്ടങ്ങളാണ്.

സംസ്ഥാനത്തുടനീളം ജലത്തിന്റെ ഗുണനിലവാരം ലഘൂകരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതിനും സ്ഥാപിക്കുന്നതിനും ജലത്തിന്റെ ഗുണനിലവാരത്തിൽ കുറവുവന്ന 100 കുടിവെള്ള വിതരണ പദ്ധതികൾക്കായി കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ഐ.ഇ.സി പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി 2025-26 കാലയളവിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ബി. ദുർബല വിഭാഗങ്ങളുടെ കോളനികളിൽ ഗ്രേ വാട്ടർ മാനേജ്മെന്റ്**

ചാരനിറത്തിലുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ശുദ്ധജല വിതരണത്തിലെ സമ്മർദം കുറയ്ക്കുകയും കുടിവെള്ളം അല്ലാത്ത ഗാർഹിക ആവശ്യങ്ങൾക്ക് വെള്ളം വർദ്ധിപ്പിക്കുകയും ചെയ്യും. ഉചിതമായ നയരൂപീകരണങ്ങളിലൂടെ, കേരളത്തിലെ ഗ്രാമീണ മേഖലയിലെ ജലസമ്മർദ്ദം പരിഹരിക്കുന്നതിനുള്ള അവസരങ്ങളായി ഇവയെ ഉയർത്തുവാൻ കഴിയും. വീടുകൾ, കമ്മ്യൂണിറ്റികൾ, പൊതുജനാരോഗ്യ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ മുതലായവയിൽ ഗ്രേ വാട്ടർ മാനേജ്മെന്റ് ഏറ്റെടുക്കാനാണ് ഈ പ്രൊപ്പോസൽ ലക്ഷ്യമിടുന്നത്. ചാരനിറത്തിലുള്ള വെള്ളം ശുദ്ധീകരിച്ച് ടോയ്ലറ്റുകൾ, ഭൂഗർഭജല റീചാർജ്, ജലസേചനം, പൂന്തോട്ടപരിപാലനം, ഗാർഹികമല്ലാത്തതും പോർട്ടബിൾ അല്ലാത്തതും ആയ മറ്റ് ആവശ്യങ്ങൾക്കായി വീണ്ടും ഉപയോഗിക്കാം. ചാരനിറത്തിലുള്ള വെള്ളത്തിന്റെ പുനരുപയോഗം ജലദൗർലഭ്യവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ പരിഹരിക്കുകയും സാമ്പത്തിക സ്രോതസ്സുകൾ ലാഭിക്കുകയും ജല സമ്പദ്‌വ്യവസ്ഥയെ പിന്തുണയ്ക്കാൻ സഹായിക്കുകയും ചെയ്യും. ഇത് വരുമാന രഹിത ജലം എന്ന നിലയിൽ നഷ്ടപ്പെടുന്ന ശുദ്ധീകരിച്ച വെള്ളത്തിന്മേലുള്ള സമ്മർദ്ദം കുറയ്ക്കും.

സംസ്ഥാനത്തുടനീളമുള്ള ദുർബല/ആവശ്യമുള്ള പ്രദേശങ്ങളിൽ ഗ്രേ വാട്ടർ പ്രൊപ്പോസലുകൾ നടപ്പിലാക്കുന്നതിനും കാര്യ ശേഷി വർദ്ധിപ്പിക്കുന്നതിനും ഐ.ഇ.സി പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി 2025-26 വർഷത്തിൽ 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**28. ഗ്രാമീണ ജല സാങ്കേതിക വിദ്യകളിലെ ഗവേഷണവും വികസനവും**

**(വിഹിതം: 6.00 ലക്ഷം രൂപ)**

കെ.ആർ.ഡബ്ല്യു.എസ്.എ യുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് ജലവിതാനം താഴ്ന്ന പ്രവണതയെക്കുറിച്ചുള്ള പഠനങ്ങൾ ആരംഭിക്കുകയും സംസ്ഥാനത്തിന്റെ മൂന്ന് ജിയോമോർഫോളജിക്കൽ യൂണിറ്റുകളായ തീരദേശ സമതലം, മധ്യപ്രദേശങ്ങൾ, ഉയർന്ന ഭൂപ്രദേശങ്ങൾ എന്നിവയിൽ ഭൂഗർഭജല റീചാർജ് പ്രവർത്തനങ്ങൾ പ്രചരിപ്പിച്ച് അനുയോജ്യമായ ഇടപെടലുകൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. 2025-26 കാലയളവിൽ, മേൽപ്പറഞ്ഞ മൂന്ന് യൂണിറ്റുകളിൽ ജലമേഖലയിൽ ഗവേഷണത്തിന് സൗകര്യമൊരുക്കി, കണ്ടെത്തലുകളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചുകൊണ്ട് പ്രശസ്ത സാങ്കേതിക/ശാസ്ത്ര സ്ഥാപനങ്ങളുമായി ഒരു ഗവേഷണ പങ്കാളിത്തത്തിൽ ഏർപ്പെടാൻ കെ.ആർ.ഡബ്ല്യു.എസ്.എ ഉദ്ദേശിക്കുന്നു. ഈ മേഖലയിൽ ഗവേഷണം നടത്താൻ തയ്യാറുള്ള രണ്ട് വിദ്യാർത്ഥികൾക്ക് സാമ്പത്തിക സ്കോളർഷിപ്പ് നൽകാനും ഇത് ഉദ്ദേശിക്കുന്നു. ഭൂഗർഭജലനിരപ്പ് ക്രമാതീതമായി കുറയുന്നത്/ഭൂഗർഭജലത്തിന്റെ അപര്യാപ്തത എന്നിവ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട മേഖലകളിൽ ഉൾപ്പെടുന്നു. കൂടാതെ സമീപ ഗ്രാമപഞ്ചായത്തുകളിലെ തിരഞ്ഞെടുത്ത കിണറുകളിൽ മേൽക്കൂര വഴി സംഭരിക്കുന്ന മഴ വെള്ളം വഴി ഭൂഗർഭ ജല വിതാനം ഉയർത്തുവാനും ഉദ്ദേശിക്കുന്നു. മേഖലയിൽ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിന് സാങ്കേതികവിദ്യയിലും പരിപാലനത്തിലും വിജയ-പരാജയ മാതൃകകൾ തിരിച്ചറിയേണ്ടത് ആവശ്യമാണ്.

ജലവിതരണ-ശുചീകരണ മേഖലയിലെ ഗവേഷണത്തിനും വികസനത്തിനും പുതിയ സാങ്കേതിക വിദ്യകൾക്കും മാനേജ്മെന്റ് വികസിപ്പിക്കുന്നതിനും കെ.ആർ.ഡബ്ല്യൂ.എസ്.എ ആരംഭിച്ച പ്രവർത്തനങ്ങൾ തുടരുന്നതിനുമായി 2025-26 കാലയളവിൽ 6.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**29. ഐ.ഇ.സി, കാര്യക്ഷമതാ വർദ്ധിപ്പിക്കൽ, പരിശീലനവും ജലശ്രീ ക്ലബ്ബും**

**(വിഹിതം: 15.00 ലക്ഷം രൂപ)**

ഗ്രാമത്തിലുള്ള ജലവിതരണ സംവിധാനങ്ങൾ പരിപാലിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഉത്തരവാദിത്വത്തോടെ നിയന്ത്രിക്കുന്നതിനും പരിഹരിക്കുന്നതിനും വിവിധ തത്പരകക്ഷികളിൽ പ്രത്യേകിച്ച് പ്രാദേശിക സമൂഹങ്ങളെ പ്രാപ്തമാക്കുന്നതിന് ലക്ഷ്യമിട്ടാണ് ജലമേഖലയിലെ ഇൻഫർമേഷൻ എജ്യൂക്കേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ (ഐ.ഇ.സി) പ്രവർത്തനങ്ങൾ. അതിനാൽ ഐ.ഇ.സി പ്രവർത്തനങ്ങളും അവയുടെ ആസൂത്രണവും ഫലപ്രദമായ നടപ്പാക്കലും ജലവിതരണത്തിൽ കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള പദ്ധതികളുടെ വിജയത്തിന്റെ മാർഗ്ഗമായിരിക്കും. ജലവിതരണ പദ്ധതികൾ കാര്യക്ഷമമായും ശാസ്ത്രീയമായും കൈകാര്യം ചെയ്യുന്നതിനായി നിലവിലുള്ള സ്ഥാപന സജ്ജീകരണത്തെ പുനർനിർമ്മിക്കുക/പുനഃക്രമീകരിക്കുക/പുനരുജ്ജീവിപ്പിക്കുക എന്നിവയ്ക്കായി സുസ്ഥിര പിന്തുണ പരിപാടികളുടെ കാര്യശേഷി വർദ്ധിപ്പിക്കൽ, പരിശീലന പ്രവർത്തനങ്ങൾ എന്നിവ വിഭാവനം ചെയ്യുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ജനങ്ങളിൽ, പ്രത്യേകിച്ച് യുവതലമുറയിൽ അവബോധം സൃഷ്ടിക്കേണ്ടത് നിർണ്ണായകമാണ്, അതിനാൽ ചെറു പ്രായത്തിൽ തന്നെ ജലത്തിന്റെ മൂല്യം ജനങ്ങളിൽ എത്തിക്കുന്നതിനായി സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

2025-26 കാലയളവിൽ ഈ പ്രവർത്തനങ്ങൾക്കായി 15.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**30. ജലവിതരണ പദ്ധതികളുടെ ഉറവിട സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി ജലാശയങ്ങളുടെ പുനരുജ്ജീവനം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ജലാശയങ്ങൾ ആവാസവ്യവസ്ഥയുടെ സ്വാഭാവികമായ ഭാഗമാണ്. കുടിവെള്ളം, വീട്ടുപകരണങ്ങൾ കഴുകൽ, കൃഷി, മീൻപിടിത്തം, മതപരവും സാംസ്കാരികവുമായ ആവശ്യങ്ങൾ എന്നിവയ്ക്കായി ജനങ്ങളുടെ ജല ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പരമ്പരാഗതമായി ജലാശയങ്ങളെ ആശ്രയിക്കുന്നു.

സംസ്ഥാനത്തെ ജലാശയങ്ങൾ/തണ്ണീർത്തടങ്ങൾ/തടാകങ്ങൾ എന്നിവ ഘട്ടംഘട്ടമായി വികസിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഈ ജലാശയങ്ങളുടെ സംരക്ഷണം, സുസ്ഥിര പരിപാലനം എന്നിവയിൽ എല്ലാ സംസ്ഥാന ലൈൻ ഡിപ്പാർട്ടുമെന്റുകളുമായും പങ്കാളിത്തത്തോടെ പ്രവർത്തിക്കാനുള്ള സാധ്യതകൾ ആരായാനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. കൊല്ലം ശാസ്താംകോട്ട തടാകത്തിന്റെ പുനരുജ്ജീവനവും സംരക്ഷണവും 2025-26ൽ പൈലറ്റ് പ്രോജക്ടായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു.

മഴവെള്ള സംഭരണം/സംരക്ഷണം, ജലസ്രോതസ്സുകൾ/ചതുപ്പപ്രദേശങ്ങൾ റീചാർജ് ചെയ്യൽ, തടാക നവീകരണം, മണ്ണിടിച്ചിൽ, പുനരധിവാസം, പുനരുദ്ധാരണം, സംരക്ഷണം, പരിപാലനം എന്നിവയ്ക്കായുള്ള മറ്റ് സിവിൽ ജോലികൾ, സമഗ്ര പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ, ഐഇസി പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള കൃത്രിമ റീചാർജ് പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2025-26 കാലയളവിൽ ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**പുതിയ പദ്ധതി**

**31. പ്രോജക്ട് മാനേജ്മെന്റും നിരീക്ഷണവും**

**(വിഹിതം: 250.00 ലക്ഷം രൂപ)**

ജലനിധിയുടെ കീഴിൽ സാമൂഹാധിഷ്ഠിത ജലവിതരണ പദ്ധതികൾ നടപ്പാക്കുന്നതിൽ കേരള റൂറൽ വാട്ടർ സപ്ലൈ ആൻറ് സാനിറ്റേഷൻ ഏജൻസി (കെ.ആർ.ഡബ്ല്യൂ.എസ്.എ) നിർണ്ണായക പങ്ക് വഹിക്കുന്നു. നേരിട്ട് പരിപാലിക്കപ്പെടുന്ന രീതിയിലുള്ള പങ്കാളിത്ത-സാമൂഹിക നിയന്ത്രിത ജലവിതരണവും ശുചിത്വ സൗകര്യങ്ങളും നടപ്പിലാക്കുന്നതിനായി കെ.ആർ.ഡബ്ല്യൂ.എസ്.എ വിപുലമായ ഒരു ശൃംഖലയും സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസി കൂടിയാണ് കെ.ആർ.ഡബ്ല്യൂ.എസ്.എ.

പദ്ധതികളുടെ നടത്തിപ്പിന്റെയും നിരീക്ഷണത്തിൻറെയും ഭാഗമായി, ഫലപ്രദമായ ഒരു ഭരണ സംവിധാനം അനിവാര്യമാണ്. പ്രവർത്തനപരവും പദ്ധതി മാനേജ്മെൻറുമായ ചെലവുകൾ നിറവേറ്റുന്നതിന് 2025-26 ബഡ്ജറ്റിൽ 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 9.7 ഭവന നിർമ്മാണം

പാർപ്പിടം ഒരു അടിസ്ഥാനാവകാശവും ഒരു മനുഷ്യാവകാശവുമാണെന്ന് തിരിച്ചറിയപ്പെട്ടിട്ടുള്ളതാണ്. ഭവനമില്ലായ്മ കുറയ്ക്കുന്നതിലും ഗുണനിലവാരം കൂടിയ പാർപ്പിടം നൽകുന്നതിലും കേരളം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെക്കാൾ മുന്നിലാണ്. എല്ലാവർക്കും സുരക്ഷിതമായ പാർപ്പിടം നൽകുന്നതിനായി ജീവനോപാധിയും സാമ്പത്തിക ശാക്തീകരണവും ഉൾപ്പെടെ പരിഗണിച്ച് തയ്യാറാക്കിയ സമഗ്ര ഭവന പദ്ധതിയായ ലൈഫ് പദ്ധതി സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്. 2025-26 കാലയളവിൽ 7062.00 ലക്ഷം രൂപ ഭവന നിർമ്മാണ മേഖലയ്ക്കായി നീക്കിവച്ചിട്ടുണ്ട്. ഭവന നിർമ്മാണ മേഖലയ്ക്കായി 2025-26 കാലയളവിൽ വകയിരുത്തിയിട്ടുള്ള വകുപ്പ്/സ്ഥാപനം തിരിച്ചുള്ള വിഹിതം ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| I | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 5242.00 |
| II | ഭവന (സാങ്കേതിക സെൽ) വകുപ്പ് (ഹൗസിംഗ് കമ്മീഷണറേറ്റ്) | 120.00 |
| III | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം | 1300.00 |
| IV | പൊതുമരാമത്ത് വകുപ്പ് | 400.00 |
| | **ആകെ** | **7062.00** |

### I. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

ഭവന നിർമ്മാണത്തിനുള്ള ധനവായ്പാ സഹായത്തിനു പുറമെ, പൊതു ഭവന പദ്ധതികളിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് പാർപ്പിട സൗകര്യങ്ങൾ നൽകുന്ന ഭവന നിർമ്മാണ മേഖലയിലെ നിർവ്വഹണ ഏജൻസിയാണ് ഭവന നിർമ്മാണ ബോർഡ്. 2025-26 വർഷത്തിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ചുവടെ നൽകിയിരിക്കുന്നു.

#### 1. ഗൃഹശ്രീ ഭവന പദ്ധതി

**(വിഹിതം: 2400.00 ലക്ഷം രൂപ)**

കുറഞ്ഞത് രണ്ടോ മൂന്നോ സെന്റ് ഭൂമി കൈവശമുള്ള താഴ്ന്ന വരുമാനക്കാർക്കും സാമ്പത്തിക ദുർബല വിഭാഗക്കാർക്കും ഭവന നിർമ്മാണത്തിന് ബജറ്റ് പിന്തുണയോടെ സർക്കാർ സബ്സിഡി നൽകിക്കൊണ്ട് സന്നദ്ധ സംഘടനകളുടെയും സർക്കാരിതര സംഘടനകളുടെയും ജീവകാരുണ്യ വ്യക്തികളുടെയും പങ്കാളിത്തത്തോടെ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 2013-14 മുതൽ നടപ്പിലാക്കുന്ന ഒരു സബ്സിഡി പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. ഇപ്പോൾ സർക്കാർ സബ്സിഡി ഒരു വീടിന് 3.00 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് അതുവഴി വീടിന്റെ നിർമ്മാണത്തിന്റെ ആകെ ചെലവ് 5.00 ലക്ഷം രൂപയായി കണക്കാക്കുന്നു. ആകെ ജനസംഖ്യയും ഭവന രഹിത ജനസംഖ്യയും തമ്മിലുള്ള അനുപാതം കുറയ്ക്കുക, എല്ലാവർക്കും മതിയായതും, സുരക്ഷിതമായതും താങ്ങാവുന്നതുമായ പാർപ്പിടങ്ങളും അവശ്യ സേവനങ്ങളും ഉറപ്പ് വരുത്തുക എന്നിവയാണ് പ്രധാന ലക്ഷ്യം. ഓരോ വീടിനും 3.00 ലക്ഷം രൂപ നിരക്കിൽ 800 വീടുകൾക്ക് സബ്സിഡി തുക വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ 2025-26 കാലയളവിൽ ഈ പദ്ധതി തുടരുവാൻ ഉദ്ദേശിക്കുന്നു. ലൈഫ് പദ്ധതിയിലൂടെ പ്രയോജനം ലഭിക്കാത്ത ഗുണഭോക്താക്കൾക്കാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പിനും സർക്കാർ സബ്സിഡി നൽകുന്നതിനും, പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനുമായി 2025-26-വർഷത്തിൽ 2400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

#### 2. ഓഫീസ് ആട്ടോമേഷനും പരിശീലന പദ്ധതിയും

**(വിഹിതം: 232.00 ലക്ഷം രൂപ)**

ഹെഡ്ക്വാർട്ടേഴ്സിന്റെയും റീജിയണൽ ഓഫീസുകളിലെയും നിർമ്മാണ പ്രവർത്തനങ്ങൾ, വീഡിയോ കോൺഫറൻസ് സൗകര്യങ്ങൾ, ഓഫീസുകളുടെ ഫർണിഷിംഗ് എന്നിവയ്ക്കാണ് ഈ പദ്ധതി. ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ, സി.സി.ടി.വി സ്ഥാപിക്കൽ, ടെലിഫോൺ, ബയോമെട്രിക് പഞ്ചിംഗ് സൗകര്യങ്ങൾ, ഓഫീസ് ഓട്ടോമേഷൻ, സ്റ്റേഷനറി, ഹാൻഡ്ബുക്കിന്റെ അച്ചടിയും പ്രസിദ്ധീകരിക്കലും, വെബ്സൈറ്റിന്റെ നവീകരണവും പരിപാലനവും, സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സോഫ്റ്റ്‌വെയർ സെക്യൂരിറ്റി ഓഡിറ്റിംഗും സോഫ്റ്റ്‌വെയറിന്റെ ഹോസ്റ്റിംഗും, ആവശ്യമായ

സോഫ്റ്റ്‌വെയർ വാങ്ങലും വികസനവും, വാർഷിക പരിപാലനവും വൈദ്യുതീകരണവും നെറ്റ്‌വർക്കിംഗും, ഓഫീസ് നവീകരണം, ഫർണിച്ചർ വാങ്ങൽ, വാർഷിക ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജുകൾ, ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും വാങ്ങൽ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ.

കെ.എസ്.എച്ച്.ബിയിലെ സാങ്കേതിക ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടിയും പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇന്റേൺഷിപ്പ് പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതും പദ്ധതിയിൽ ഉൾപ്പെടുന്നു.

ഓഫീസ് ഓട്ടോമേഷനും പരിശീലന പദ്ധതിക്കുമായി 232.00 ലക്ഷം രൂപ 2025-26 ൽ വകയിരുത്തിയിട്ടുണ്ട്.

### 3. ഇ.ഡബ്ല്യൂ.എസ്/എൽ.ഐ.ജി/എം.ഐ.ജി 1 ഭവന പദ്ധതി

**(വിഹിതം: 900.00 ലക്ഷം രൂപ)**

ഇ.ഡബ്ല്യൂ.എസ്/എൽ.ഐ.ജി/എം.ഐ.ജി 1 വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ചെലവു വഹിക്കാനാകുന്ന തരത്തിലുള്ള വീട് നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിയിൽ രണ്ട് ഘടകങ്ങൾ ഉൾക്കൊള്ളുന്നു.

(i) സർക്കാർ ഭൂമി/ബോർഡ് ഭൂമിയിൽ നിർമ്മിച്ച ഇ.ഡബ്ല്യൂ.എസ്/എൽ.ഐ.ജി വിഭാഗത്തിനുള്ള ഭവനം

(ii) ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം

ആദ്യ ഘടകത്തിന് കീഴിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലോ സർക്കാർ ഭൂമിയിലോ വീടുകൾ നിർമ്മിക്കാനും ഗുണഭോക്താക്കൾക്ക് ആകെ പദ്ധതി ചെലവിന്റെ 25 ശതമാനത്തിനു വിധേയമായി 3.00 ലക്ഷം രൂപ പരമാവധി സബ്സിഡി നൽകി അനുവദിക്കുന്നതിനും ഉദ്ദേശിക്കുന്നു. സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി ആവിഷ്കരിച്ച സാഫല്യം പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കാനും ഉദ്ദേശിക്കുന്നു.

എൽ.ഐ.ജി/എം.ഐ.ജി 1 വിഭാഗത്തിൽപ്പെട്ടവർക്കും ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്ന് ഭവനവായ്പ എടുത്തിട്ടുള്ളവർക്കും സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാനായി ഉദ്ദേശിക്കുന്ന പദ്ധതിയാണ് ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം എന്ന രണ്ടാമത്തെ ഘടകം. നിർമ്മാണത്തിനോ വീട് വാങ്ങുന്നതിനോ വേണ്ടിയും വായ്പ നൽകാവുന്നതാണ്.

പദ്ധതി നടപ്പാക്കുമ്പോൾ, സാമൂഹ്യനീതി വകുപ്പ് മുഖേന ട്രാൻസ്ജെൻഡർ വ്യക്തികളെയും പരിഗണിക്കാവുന്നതാണ്.

പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26 കാലയളവിൽ 900.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 4. തന്റെയിടം

**(വിഹിതം: 200.00 ലക്ഷം രൂപ)**

സർക്കാർ/സർക്കാരിതര ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്ന ഭവനരഹിതരായ കുട്ടികൾക്ക് 18 വയസ്സ് തികയുമ്പോൾ ഈ സ്ഥാപനങ്ങളിൽ നിന്ന് പുറത്തു പോകേണ്ടി വരുന്ന സാഹചര്യത്തിൽ വീട് നൽകുക എന്നതാണ് 'തന്റെയിടം' (എന്റെ സ്വന്തം ഇടം) എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതി ലക്ഷ്യമിടുന്നത്. വനിതാ ശിശു ക്ഷേമ വകുപ്പുമായി സഹകരിച്ച് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഈ പദ്ധതി നടപ്പാക്കും. കേരളത്തിലെ വിവിധ ജില്ലകളിൽ ഇ.ഡബ്ല്യൂ.എസ്/എൽ.ഐ.ജി ഭവന പദ്ധതി പ്രകാരം ബോർഡ് നിർമ്മിക്കുന്ന വീടുകൾ/ഫ്ലാറ്റുകൾ വനിതാ-ശിശു ക്ഷേമ വികസന വകുപ്പ് ശിപാർശ ചെയ്യുന്ന ഗുണഭോക്താക്കൾക്ക് പ്ലാൻ ഫണ്ട് വിനിയോഗിച്ചുകൊണ്ട് 2025-26 വർഷത്തിലും പദ്ധതി തുടരാൻ ബോർഡ് ഉദ്ദേശിക്കുന്നു. 2025-26 വർഷത്തിൽ പദ്ധതിക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്, ഇത് 20 ഗുണഭോക്താക്കൾക്ക് വീട് നൽകാൻ പര്യാപ്തമാകും. ഹൗസിംഗ് ബോർഡിന്റെ ഇതിനകം നിർമ്മിച്ചതോ നിർമ്മിച്ചുകൊണ്ടിരിക്കുന്നതോ ആയ വീടുകൾ തന്റെയിടം ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. പോക്സോ കേസ് അതിജീവിക്കുന്നവർക്ക് മുൻഗണന നൽകുന്നു. തന്റെയിടം പദ്ധതിയുടെ 50 ശതമാനം വീടുകൾ സ്ത്രീകൾക്ക് മാത്രമായി നൽകാൻ ഉദ്ദേശിക്കുന്നു.

5. **സീനിയർ സിറ്റിസൺ ഹോംസ്**

**(വിഹിതം: 500.00 ലക്ഷം രൂപ)**

കുറഞ്ഞ രീതിയിൽ പിന്തുണയും പരിചരണവും ആവശ്യമുള്ളതും താമസത്തിനും സേവനങ്ങൾക്കും സൗകര്യങ്ങൾക്കുമായി പണം നൽകാൻ തയ്യാറുള്ള, സ്വതന്ത്രമായി ജീവിക്കാൻ പ്രാപ്തരായ മുതിർന്ന പൗരന്മാർക്ക് വയോജന സൗഹൃദ ജീവിത സാഹചര്യങ്ങൾ പ്രദാനം ചെയ്യുന്നതിനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. വിരമിച്ച സർക്കാർ/സർക്കാർ ഇതര ജീവനക്കാർ/വയോധികർ എന്നിവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മുതിർന്ന പൗരന്മാർക്കായി കോട്ടേജുകൾ നിർമ്മിക്കാൻ ബോർഡ് ഉദ്ദേശിക്കുന്നു. കൂടാതെ പദ്ധതി സുസ്ഥിര/വരുമാനം സൃഷ്ടിക്കുന്ന മാതൃകയിൽ നടപ്പിലാക്കും. മതിയായ സുരക്ഷ, ഹൗസ് കീപ്പിംഗ്, ഡൈനിംഗ്, റിക്രിയേഷൻ സൗകര്യങ്ങളോടുകൂടിയ കോട്ടേജുകൾ പൂർത്തിയാക്കി കഴിഞ്ഞാൽ കോട്ടേജുകൾ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുകയും ചെയ്യും. പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26 കാലയളവിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. **എം.എൻ ലക്ഷം വീട് പുനഃനിർമ്മാണ പദ്ധതി**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

എം.എൻ ലക്ഷം വീട് പുനഃനിർമ്മാണ പദ്ധതി രണ്ട് ഘടകങ്ങൾ ഉൾക്കൊള്ളുന്നു.

(i) എം.എൻ ലക്ഷം വീട് പുനഃനിർമ്മാണ പദ്ധതി- സുവർണഭവനം
(ii) എം.എൻ ലക്ഷം വീട് പുനഃനിർമ്മാണ പദ്ധതി- നവയുഗ

**(i) എം.എൻ ലക്ഷം വീട് പുനഃനിർമ്മാണ പദ്ധതി-സുവർണഭവനം:-**

ലക്ഷം വീട് പദ്ധതിയിൽ നിർമ്മിച്ച 9004 വീടുകൾ വാസയോഗ്യമല്ലെന്നാണ് കണക്ക്. 5.00 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ പദ്ധതി നടപ്പിലാക്കാൻ ബോർഡ് ഉദ്ദേശിക്കുന്നു, അത്തരത്തിൽ സർക്കാർ സബ്സിഡി ഒരു വീടിന് 2.00 ലക്ഷം രൂപയും, ഒരു ലക്ഷം രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സംഭാവനയായും കൂടാതെ ഒരു വീടിന് 2.00 ലക്ഷം രൂപ സ്പോൺസർമാരുടെ സംഭാവനയായും (സ്വകാര്യ ഫണ്ടിംഗ്) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ജീർണ്ണാവസ്ഥയിലുള്ള 350 വീടുകൾ പുനഃനിർമ്മിക്കുന്നതിനായി 2025-26 ബജറ്റിൽ 700.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(ii) എം.എൻ ലക്ഷം വീട് പുനഃനിർമ്മാണ പദ്ധതി -നവയുഗ:-**

സ്വകാര്യ പങ്കാളിത്തം/സി.എസ്.ആർ/സ്പോൺസർമാർ എന്നിവരുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളും ഭൂമിയും സർക്കാർ പിന്തുണയ്ക്കുന്നതാണ്. വീടുകളുടെ പുനഃനിർമാണം സ്വകാര്യ പങ്കാളിത്തതോടെ നടത്തുന്നതാണ്. പദ്ധതിയുടെ കീഴിലുള്ള തുക ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യ ആവശ്യങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു, കൂടാതെ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള ചെലവായി 75,000 രൂപ കണക്കാക്കുന്നു. 400 ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി 2025-26 ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. **സർക്കാർ ജീവനക്കാർക്കുള്ള വാടക ഭവന പദ്ധതി**

**(വിഹിതം: 10.00 ലക്ഷം രൂപ)**

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വാടക അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാർക്ക് ക്വാട്ടേഴ്സുകൾ നിർമ്മിച്ച് വാസയോഗ്യമായ ഫ്ലാറ്റുകൾ കൊടുക്കാൻ വേണ്ടിയാണ് ഈ പദ്ധതി. 2025-26 വർഷത്തിൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 40% സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**II. ഭവന (സാങ്കേതിക സെൽ) വകുപ്പ് (ഹൗസിംഗ് കമ്മീഷണറേറ്റ്)**

ഭവന നിർമ്മാണ കമ്മീഷണറുടെ നേരിട്ടുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ വിവിധ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1980-ൽ കേരള സർക്കാർ ഭവന വകുപ്പിനായി ഒരു ഭവന (സാങ്കേതിക സെൽ) വകുപ്പ് രൂപീകരിച്ചു.

താഴെപ്പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2025-26 കാലയളവിൽ ഭവന (സാങ്കേതിക സെൽ) വകുപ്പിന് (ഹൗസിംഗ് കമ്മീഷണറേറ്റ്) 120.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 8. ഭവന നിർമ്മാണ സാങ്കേതിക സെൽ

**(വിഹിതം 80.00 ലക്ഷം രൂപ)**

ഭവന നിർമ്മാണ സാങ്കേതിക സെല്ലിനു കീഴിൽ നാല് ഘടകങ്ങൾ ഉൾക്കൊള്ളുന്നു. ഈ നാല് ഘടകങ്ങൾക്കായി 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### എ. മൊബൈൽ ആപ്ലിക്കേഷന്റെ വികസനവും ഹോസ്റ്റിംഗും (ഇ-ഗൃഹ)

ഭവന വകുപ്പിന് കീഴിലുള്ള ഏജൻസികളുടെ പ്രോജക്ടുകൾ നിരീക്ഷിക്കാനും ഭവന നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കുന്നതിനും മനസ്സിലാക്കാവുന്നതിനുമായി ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം സൃഷ്ടിക്കുകയാണ് ഇ-ഗൃഹ ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് നിലവിൽ നടപ്പാക്കുന്ന വിവിധ ഭവന പദ്ധതികളുമായി ബന്ധപ്പെട്ട വിവരങ്ങൾ, അതിന്റെ യോഗ്യതാ മാനദണ്ഡം, ഓരോ ഭവന പദ്ധതിക്ക് കീഴിലും ഓരോ ഘട്ടത്തിലും ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ജിയോടാഗ് ചെയ്യൽ, വിവിധ പൊതുമേഖലാ ബാങ്കുകളും സ്വകാര്യ ബാങ്കുകളും നൽകുന്ന വായ്പകൾ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ഈ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2025-26 കാലയളവിൽ ഇ-ഗൃഹ പദ്ധതിയുടെ മൂന്നാം ഘട്ടം വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ കെ.എസ്.എച്ച്.ബിയുടെ അപ്പാർട്ട്മെന്റുകൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് കാണാനും വാങ്ങൽ നടപടികൾ ആരംഭിക്കാനും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളും ഗസ്റ്റ് ഹൗസുകളും ഉൾപ്പെടെ വാടകയ്ക്ക് ലഭ്യമായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ നൽകാനും പ്രസ്തുത സൗകര്യങ്ങൾക്കുള്ള ഓൺലൈൻ പണമടയ്ക്കൽ സൗകര്യവും വിഭാവനം ചെയ്യുന്നു.

മൂന്നാം ഘട്ടത്തിൽ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും വെബ്/മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനും, സ്പിൽ ഓവർ വർക്കുകൾ, പരിശീലന പരിപാടികളും ബോധവൽക്കരണവും, പരസ്യങ്ങൾ, ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട വിവര പ്രചാരണം എന്നിവയ്ക്കായി 2025-26 കാലയളവിൽ 25.00 ലക്ഷം രൂപ വകയിരുത്തുന്നുണ്ട്.

### ബി. പരിശീലനവും ഐ.ടി സൗകര്യങ്ങളും

ഭവന സാങ്കേതിക സെൽ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര എന്നിവയുടെ ഉദ്യോഗസ്ഥർക്ക് ദേശീയ ഏജൻസികളായ എൻ.ബി.സി.സി, ഹഡ്കോ, മറ്റ് ഏജൻസികൾ എന്നിവയുമായി സഹകരിച്ച് പ്രോജക്ട് മാനേജ്മെന്റ്, പ്രോജക്റ്റ് മോണിറ്ററിംഗ്, ഡിസൈൻ, എസ്റ്റിമേഷൻ ഭവന നിർമ്മാണത്തെയും മറ്റ് പദ്ധതികളെയും കുറിച്ചുള്ള ശിൽപശാലകൾ, ഡിസൈനിലും നിർമ്മാണത്തിലും ഉള്ള സോഫ്റ്റ്‌വെയർ പാക്കേജുകൾ തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഐടി സൗകര്യങ്ങൾ, ഹൗസിംഗ് വകുപ്പിന്റെയും ടെക്നിക്കൽ സെല്ലിന്റെയും വെബ്സൈറ്റ് വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക, എഎംസി, ഐടി സേവനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുക തുടങ്ങിയവയും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ൽ 10.00 ലക്ഷം രൂപ വകയിരുത്തുന്നുണ്ട്.

### സി. ഉരുൾപൊട്ടലിന് സാധ്യതയുള്ള ഉയർന്ന പ്രദേശങ്ങൾ, വെള്ളക്കെട്ട്, തീരപ്രദേശങ്ങൾ എന്നിവയ്ക്കായി സമഗ്ര ഭവന മോഡ്യൂൾ വികസനം

സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങൾ, കുട്ടനാട് പോലെയുള്ള വെള്ളക്കെട്ടുള്ള ഭൂപ്രദേശങ്ങൾ, ഉരുൾപൊട്ടൽ സാധ്യതയുള്ള ഉയർന്ന പ്രദേശങ്ങൾ എന്നിവയ്ക്കായി സമഗ്രമായ ഭവന മോഡ്യൂൾ വികസനം ഒരുക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പൊതുമരാമത്ത് വകുപ്പ്, എൽ.എസ്.ജി.ഡിയുടെ എഞ്ചിനീയറിംഗ് വിഭാഗം, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തുടങ്ങി സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നുള്ള ഗവേഷണ സംരംഭങ്ങളിലൂടെയും വിവിധ നിർവ്വഹണ ഏജൻസികളുമായി കൂടിയാലോചിച്ച് ഇത്തരത്തിലുള്ള ഭൂപ്രകൃതിയിലുള്ള ബൃഹത്തായ ഭവനങ്ങൾക്ക് പ്രായോഗികവും സുസ്ഥിരവുമായ സാങ്കേതിക പിന്തുണ വികസിപ്പിക്കാൻ ഭവന (സാങ്കേതിക സെൽ) വകുപ്പ് ഉദ്ദേശിക്കുന്നു.

പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26 കാലയളവിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഡി. റെൻറ്റ് ആൻഡ് അപ്പാർട്ട്മെന്റ് ഓണർഷിപ്പ് മാനേജ്മെന്റ് സിസ്റ്റം (ആർ എ ഒ എം എസ്) (പുതിയത്)**

കേരള ബിൽഡിംഗ്സ് (ലീസ് ആൻഡ് റെൻറ്റ് കൺട്രോൾ) ആക്റ്റിന് കീഴിലുള്ള വാടക കരാറുകൾ രജിസ്റ്റർ ചെയ്യുന്നതിനും കേരള അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്റ്റിന് കീഴിലുള്ള സ്ഥാപന ഉടമകളുടെ കൂട്ടായ്മയ്ക്കും വെബ്, മൊബൈൽ അധിഷ്ഠിത ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപകൽപന ചെയ്യാനും വികസിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഈ പദ്ധതിയിൽ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും വെബ്/മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്യുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനും റിയൽ ടൈം മെസേജിങ്, ഓട്ടോമേറ്റഡ് നോട്ടിഫിക്കേഷനുകൾ, ഡാറ്റാ ശേഖരണം, പരിശീലനം, അവബോധം, പരസ്യങ്ങൾ, വിവര പ്രചാരണം എന്നിവയ്ക്കായി 2025-26 കാലയളവിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**9. കേരളത്തിനായി ജി.ഐ.എസ് അധിഷ്ഠിത ഭവന സ്ഥിതി വിവര സംവിധാനം**

**(വിഹിതം: 40.00 ലക്ഷം രൂപ)**

സംസ്ഥാനത്തുടനീളം ഭവന പദ്ധതികൾക്കും പാർപ്പിട ദൗർലഭ്യത്തിനും മുൻഗണന നൽകുന്നതിന് ഏജൻസികളെ പിന്തുണയ്ക്കുന്നതിന് സമഗ്രമായ ഒരു വിവരശേഖരണ സംവിധാനം തയ്യാറാക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി നടപ്പാക്കൽ പുരോഗമിക്കുകയാണ്. വിവര ശേഖരണവും ജി.ഐ.എസ് പ്ലാറ്റ്ഫോമും സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യുന്നതിന് പദ്ധതിയുടെ തുടർച്ച അനിവാര്യമാണ്.

ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2025-26 കാലയളവിൽ 40.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

i. ജി.ഐ.എസ് വെബ് ആപ്ലിക്കേഷൻ പ്ലാറ്റ്ഫോമിന്റെ വികസനം, വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നുമുള്ള ഡാറ്റ ശേഖരണം, പരിശീലന പരിപാടികൾ, പരസ്യം, മറ്റുള്ളവ.

ii. ജി.ഐ.എസ് സോഫ്റ്റ്‌വെയർ വിപുലീകരണവും അനുബന്ധ ഭരണ ചെലവുകളും

**III കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്)**

**10. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദപരവുമായ നിർമ്മാണ സാങ്കേതിക വിദ്യകളുടെ (സി.ഇ.ഇ.എഫ്) പ്രചരണത്തിനും പരിശീലനത്തിനുമായി സജ്ജീകരിച്ചിട്ടുള്ള പ്രധാന ഏജൻസികളിലൊന്നാണ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്). സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനതയ്ക്ക് വേണ്ടി നടപ്പിലാക്കുന്ന ഭവന പദ്ധതികളുമായി ബന്ധപ്പെട്ട വിഷയങ്ങളിലും ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലെ വിവിധ പ്രശ്നങ്ങളിലും പൊതുജനങ്ങൾക്കും സർക്കാരിനും സഹായം നൽകുവാനായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്) ഭവന നിർമ്മാണ മേഖലയിൽ വ്യാപൃതരാണ്. ഇത് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും ഭവന നിർമ്മാണ മേഖലയിലെ ഗവേഷണ വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നു. നിർമ്മാണ സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുകയും ഗുണനിലവാരമുള്ള നിർമ്മാണ സാമഗ്രികൾ ന്യായമായ നിരക്കിൽ പൊതുജനങ്ങൾക്ക് നൽകുകയും ചെയ്യുന്നു. പൊതുജനങ്ങൾക്ക് സമാന്തര നിർമ്മാണ സാങ്കേതിക വിദ്യയുടെ പ്രചാരണവും അവബോധവും നൽകുകയും സുസ്ഥിരവും ദുരന്ത പ്രതിരോധവുമായ നിർമ്മാണ സാങ്കേതിക വിദ്യകളുടെ ആശയം പ്രചരിപ്പിക്കുകയും ചെയ്യുക എന്നിവയാണ് നിർമ്മിതിയുടെ ലക്ഷ്യം. മെറ്റീരിയൽ ടെസ്റ്റിംഗ് ലബോറട്ടറികളുടെ സഹായത്തോടെ നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ കണ്ടെത്താനും ഇത് ലക്ഷ്യമിടുന്നു. 2025-26 കാലയളവിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | തൊഴിലധിഷ്ഠിത പരിശീലനം ഉൾപ്പെടെയുള്ള കാര്യശേഷി വികസനവും നൈപുണ്യം മെച്ചപ്പെടുത്തൽ പരിപാടിയും (50 ശതമാനം സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്) | 150.00 |
| 2 | ഓഫീസ് നവീകരണവും കാമ്പസ് വികസനവും (കെസ്നിക് ഓഫീസുകളിൽ സൗരോർജ്ജ സംവിധാനം നടപ്പിലാക്കുന്നത് ഉൾപ്പെടെ) | 100.00 |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 3 | ആധുനിക നിർമ്മാണ സാങ്കേതികവിദ്യ, ഹൗസിംഗ് ഗൈഡൻസ് സെന്റർ, സ്റ്റാർട്ടപ്പ് യൂണിറ്റ്, ഇൻകുബേഷൻ സെന്റർ എന്നിവയുടെ പ്രോത്സാഹനം | 100.00 |
| 4 | കലവറയുടെ പ്രവർത്തനങ്ങൾ | 50.00 |
| 5 | എറണാകുളത്ത് സെൻട്രൽ ഹൗസിംഗ് ഹബ് | 100.00 |
| 6 | സി.ഇ.ഇ.എഫ്. സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ പുനരുദ്ധാരണം | 50.00 |
| 7 | 3 D പ്രിന്റിംഗ് പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കൽ | 150.00 |
| 8 | പുതിയ ടെസ്റ്റിംഗ് ലാബും പ്രൊഡക്ഷൻ യൂണിറ്റും സ്ഥാപിക്കൽ, നിലവിലുള്ള ടെസ്റ്റിംഗ് ലാബിന്റെയും പ്രൊഡക്ഷൻ യൂണിറ്റുകളുടെയും നവീകരണം/പ്രീ-ഫാബ് പ്രൊഡക്ഷൻ യൂണിറ്റുകൾ | 100.00 |
| 9 | സ്വയം സുസ്ഥിരവും സംയോജിതവുമായ ഭവന പദ്ധതിയുടെ വികസനം-തൃശ്ശൂർ | 200.00 |
| | **ആകെ** | **1000.00** |

**11. ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാറി ബേക്കർ നിർമ്മിതി ഗവേഷണ പരിശീലന സ്ഥാപനം)**

**(വിഹിതം: 300.00 ലക്ഷം രൂപ)**

അന്തരിച്ച പ്രശസ്ത വാസ്തു ശില്പി പത്മശ്രീ ഡോ. ലാറി ബേക്കറിനോടുള്ള ബഹുമാന സൂചകമായി കേരള സർക്കാർ സ്ഥാപിച്ചതാണ് ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ്. ഹാബിറ്റാറ്റ് വികസനത്തിലെ ഗവേഷണ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, നൈപുണ്യ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സുസ്ഥിര ആവാസ വ്യവസ്ഥ വികസനത്തിൽ ബിരുദാനന്തര ബിരുദ തലത്തിലുള്ള കോഴ്സുകൾ ഉൾപ്പെടെയുള്ള അക്കാദമിക് പ്രോഗ്രാമുകൾ ആരംഭിക്കുക എന്നിവയാണ് സ്ഥാപനത്തിന്റെ പ്രാഥമിക ലക്ഷ്യം. ആവാസ വ്യവസ്ഥയുടെ വികസനത്തിന് വേണ്ടി വിഭാവനം ചെയ്തിട്ടുള്ള മൂല്യവത്തായ സംഭാവനകൾ നൽകുന്നതിനായി രാജ്യത്തുടനീളമുള്ള യുവപ്രതിഭകളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിടുന്നത്.

താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2025-26-വർഷത്തിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ |
|---|---|
| 1 | ഹൗസിംഗ് പാർക്ക് -വാസ്തുവിദ്യ, നിർമ്മാണം എന്നീ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങളുടെ അന്താരാഷ്ട്ര സാങ്കേതിക ഹബ് |
| 2 | ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന് ക്യാമ്പസ് നിർമ്മിക്കൽ |
| 3 | ഗവേഷണവും വികസനവും, സുസ്ഥിര നിർമ്മാണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും (മെറ്റീരിയലുകളുടെ പ്രസിദ്ധീകരണം ഉൾപ്പെടെ) |
| 4 | ഫിനിഷിംഗ് സ്കൂൾ (നൈപുണ്യം മെച്ചപ്പെടുത്തുന്നതിനുള്ള ഫിനിഷിംഗ് സ്കൂൾ,സ്കൂൾ ഓഫ് ഡിസൈനും സ്കൂൾ ഓഫ് പ്രോജക്ട് മാനേജ്മെന്റ് ആന്റ് കൺസൾട്ടൻസി ഉൾപ്പെടെ) |

**IV. പൊതുമരാമത്ത് വകുപ്പ് (കെട്ടിട നിർമ്മാണവും പ്രാദേശിക ജോലികളും)**

**(വിഹിതം: 400.00 ലക്ഷം രൂപ)**

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകൾ, പുരുഷ/വനിതാ ജീവനക്കാർക്കായുള്ള ഹോസ്റ്റലുകൾ എന്നിവ അടക്കമുള്ള വിവിധ സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണവും പരിപാലനവും പൊതുമരാമത്ത് വകുപ്പിലാണ് നിക്ഷിപ്തമായിരിക്കുന്നത്. സർക്കാർ ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സുകൾ എന്ന പദ്ധതി തുടരുന്നതിനായി 2025-26-വർഷത്തിൽ 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 9.8 നഗര വികസനം

സംസ്ഥാനത്തെ നഗരവികസന പരിപാടികൾക്കായി 2025-26 ബജറ്റിൽ 1020.02 കോടി രൂപ വകയിരുത്തിയിരിക്കുന്നു. നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതത്തിനു പുറമെയുള്ള തുകയാണിത്. ഇതിൽ നഗരകാര്യ വകുപ്പിന് 181.60 കോടി രൂപയും, ലൈഫ് മിഷൻ-നഗരം പദ്ധതിക്ക് 217.79 കോടി രൂപയും, എൽ.എസ്.ജി.ഡി-പ്ലാനിങ്ങിന് 5.54 കോടി രൂപയും, നഗരപ്രദേശങ്ങളിൽ കുടുംബശ്രീ മുഖാന്തിരം നടപ്പാക്കുന്ന പരിപാടികൾക്ക് 63.36 കോടി രൂപയും, സംസ്ഥാന മിഷൻ മാനേജ്മെന്റ് യൂണിറ്റിനും സ്മാർട്ട് സിറ്റി മിഷൻ തിരുവനന്തപുരത്തിനുമായി 301.00 കോടി രൂപയും, ശുചിത്വ മിഷൻ (നഗരം) പരിപാടികൾക്ക് 50.00 കോടി രൂപയും, വിദേശ സഹായ പ്രോജക്ടായ (ഇ.എ.പി) കേരള ഖരമാലിന്യ സംസ്കരണ പ്രോജക്ടിന് 185.00 കോടി രൂപയും മറ്റ് നഗര വികസന പരിപാടികൾക്ക് 16.72 കോടി രൂപയും ഉൾപ്പെടുത്തിയിരിക്കുന്നു.

**2025-26-ൽ വകയിരുത്തിയ വിഹിതം**

| ക്രമ നമ്പർ | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| I | **എൽ.എസ്.ജി.ഡി- അർബൻ** | |
| 1 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 18000.00 |
| 2 | പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്ക് ഓഫീസ് കെട്ടിട നിർമ്മാണം | 160.00 |
| | **ആകെ** | **18160.00** |
| II | **ലൈഫ് മിഷൻ നഗരം** | |
| 3 | സമ്പൂർണ ഭവന പദ്ധതി - നഗരം (ലൈഫ് മിഷൻ) | 14000.00 |
| 4 | കെ.യു.ആർ.ഡി.എഫ്.സിക്ക് പദ്ധതി സഹായം - നഗരം | 7779.00 |
| | **ആകെ** | **21779.00** |
| III | **എൽ.എസ്.ജി.ഡി-പ്ലാനിങ്ങ്** | |
| 5 | ഭൂമിശാസ്ത്ര വിവര സംവിധാനവും (ജി.ഐ.എസ് ) ഏരിയൽ മാപ്പിങ്ങും | 10.00 |
| **6** | **ഗവേഷണവും വികസനവും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കലും പരിശീലനവും** | |
| എ | മാസ്റ്റർ പ്ലാനുകളും വിശദമായ നഗരപ്ലാനുകളും തയ്യാറാക്കൽ | 235.00 |
| ബി | മനുഷ്യാധിവാസ കേന്ദ്രങ്ങളുടെ ആസൂത്രണവും വികസനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ഘടകങ്ങളിൽ ഗവേഷണവും വികസനവും | 14.00 |
| സി | തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ നൈപുണ്യ വികസനവും പരിശീലനവും | 50.00 |
| ഡി | ജില്ലകൾക്കുള്ള സ്പേഷ്യൽ പെഴ്സ്പെക്ടീവ് പ്ലാനുകൾ തയ്യാറാക്കൽ | 50.00 |
| ഇ | സംസ്ഥാനത്തിന്റെ സ്പേഷ്യൽ പ്ലാൻ തയ്യാറാക്കൽ | 25.00 |
| | **ആകെ** | **374.00** |

| ക്രമ നമ്പർ | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 7 | ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ | 40.00 |
| 8 | അമൃത് 2.0 ൽ ഉൾപ്പെട്ട നഗരങ്ങൾക്ക് ജി.ഐ.എസ് അധിഷ്ഠിത മാസ്റ്റർ പ്ലാൻ രൂപീകരിക്കുന്നതിനുള്ള സഹായം | 30.00 |
| 9 | മൂന്നാർ, വയനാട് മേഖലകൾക്കായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ (പുതിയ പദ്ധതി) | 100.00 |
| | **ആകെ** | **554.00** |
| **IV** | **ശുചിത്വ മിഷൻ (നഗരം)** | |
| 10 | ശുചിത്വ കേരളം – നഗര പ്രദേശങ്ങൾക്ക് വേണ്ടിയുള്ള മാലിന്യ നിർമാർജന പദ്ധതി | 2000.00 |
| | **ആകെ** | **2000.00** |
| **V** | **കേരള ഖരമാലിന്യ സംസ്കരണ പ്രോജക്റ്റ് (ഇ.എ.പി)** | |
| 11 | കേരള ഖരമാലിന്യ സംസ്കരണ പ്രോജക്റ്റ് | **18500.00** |
| **VI** | **മറ്റ് നഗര വികസന പരിപാടികൾ** | |
| 12 | തലസ്ഥാന നഗര വികസന പദ്ധതി | 1.00 |
| 13 | സംയോജിത ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾ | 471.00 |
| 14 | **വികസന അതോറിറ്റികൾ** | |
| എ | തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ) | 700.00 |
| ബി | ഗ്രേറ്റർ കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ) | 500.00 |
| | **ആകെ** | **1672.00** |
| | **തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ** | |
| **VII** | **കുടുംബശ്രീ** | |
| 1 | ദീൻ ദയാൽ അന്ത്യോദയ യോജന – ദേശീയ നഗര ഉപജീവന മിഷൻ (ഡേ–എൻ.യു.എൽ.എം) (40 ശതമാനം സംസ്ഥാന വിഹിതം) | **2300.00** |
| | പൊതുവിഭാഗം | 1840.00 |
| | പട്ടികജാതി ഉപപദ്ധതി | 345.00 |
| | പട്ടികവർഗ്ഗ ഉപപദ്ധതി | 115.00 |
| 2 | പ്രധാനമന്ത്രി ആവാസ് യോജന നഗരം (പി.എം.എ.വൈ നഗരം) | **3000.00** |
| | പൊതുവിഭാഗം | 2655.00 |

| ക്രമ നമ്പർ | പദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | പട്ടികജാതി ഉപപദ്ധതി | 300.00 |
| | പട്ടികവർഗ്ഗ ഉപപദ്ധതി | 45.00 |
| 3 | പ്രധാനമന്ത്രി ആവാസ് യോജന നഗരം (പി.എം.എ.വൈ.2.0 നഗരം) (പുതിയ പദ്ധതി) | **1036.00** |
| | പൊതുവിഭാഗം | 828.80 |
| | പട്ടികജാതി ഉപപദ്ധതി | 155.40 |
| | പട്ടികവർഗ ഉപപദ്ധതി | 51.80 |
| **VIII** | **സ്മാർട്ട് സിറ്റി മിഷൻ തിരുവനന്തപുരം** | |
| 4 | സിറ്റി ഇൻവെസ്റ്റ്മെന്റ്സ് ടു ഇന്നവേറ്റ്, ഇന്റഗ്രേറ്റ് ആന്റ് സസ്റ്റയിൻ 2.0 (സി.ഐ.റ്റി.ഐ.ഐ.എസ് 2.0) (പുതിയ പദ്ധതി) | **1.00** |
| **IX** | **സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് –(എസ്.എം.എം.യു)** | |
| 5 | അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ 2.0 (അമൃത് 2.0) | **30000.00** |
| **X** | **ശുചിത്വ മിഷൻ (നഗരം)** | |
| 6 | സ്വച്ഛ് ഭാരത് മിഷൻ (നഗരം 2.0) | **3000.00** |
| | **ആകെ** | **39337.00** |
| | **ആകെ മൊത്തം** | **102002.00** |

**I.നഗരകാര്യ വകുപ്പ്**

**1. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി**

**(വിഹിതം: 18000.00 ലക്ഷം രൂപ)**

അവിദഗ്ധ തൊഴിലുകൾ ചെയ്യുവാൻ താൽപ്പര്യമുള്ള നഗര പ്രദേശത്തെ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർക്ക് ഒരു വർഷത്തിൽ കുറഞ്ഞത് 100 ദിവസത്തെയെങ്കിലും തൊഴിൽ നല്കിക്കൊണ്ട് ജീവിതസുരക്ഷ ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സ്ഥിരമായ സാമൂഹ്യആസ്തികൾ ഉണ്ടാക്കുക, നഗരങ്ങളിലെ ദരിദ്രരുടെ ജീവനോപാധി മെച്ചപ്പെടുത്തുക എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ കീഴിൽ തൊഴിൽ ചെയ്യുവാൻ രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളിൽ കുറഞ്ഞത് 50 ശതമാനം പേർ സ്ത്രീ തൊഴിലാളികളായിരിക്കേണ്ടതാണ്.

കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനായി പി.എം.എ.വൈ–ലൈഫ് പദ്ധതിയുടെയും അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെയും സംയോജനം ഉറപ്പ് വരുത്തേണ്ടതാണ്. ശാരീരിക അധ്വാനത്തിന്റെ ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിനും പദ്ധതിയുടെ കാര്യക്ഷമമായ നടപ്പാക്കൽ ഉറപ്പാക്കുന്നതിനുമായി ആവശ്യമായ ഉപകരണങ്ങൾ, ചെറിയ മെഷീനുകൾ എന്നിവ ഈ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് നൽകാവുന്നതാണ്. ജലസംരക്ഷണം, ഭൂമി മെച്ചപ്പെടുത്തൽ (ലാന്റ് ഡെവലപ്മെന്റ്), കാർഷികവൃത്തി, ഖരമാലിന്യ സംസ്കരണം, നഗരവനവൽക്കരണം, കാർബൺ ന്യൂട്രാലിറ്റി നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ മുതലായ ജോലികൾ ഈ പദ്ധതിയിൽ

ഏറ്റെടുക്കാവുന്നതാണ്. രണ്ടിൽ കൂടുതൽ കന്നുകാലികളുള്ള ക്ഷീരകർഷകർക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി തൊഴിലും വേതനവും ഈ പദ്ധതിയിലൂടെ നൽകാൻ കഴിയും.

കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനായി ഓടകളുടെയും, തെരുവുകളുടെയും സ്ഥിരമായ വൃത്തിയാക്കൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സമഗ്രമായ നിർവ്വഹണം ഉറപ്പാക്കുന്നതിനും, ഡ്രെയിനേജ് സംവിധാനങ്ങളും തെരുവുകളും വൃത്തിയാക്കുന്നതിനു യന്ത്രവൽകൃത രീതികൾ സജീവമായി പ്രോത്സാഹിപ്പിക്കണം.നഗര തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും മറ്റു വകുപ്പുകളുടെയും പദ്ധതികളും പരിപാടികളുമായി സംയോജിപ്പിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി പതിറ്റാണ്ടിലേറെയായി എന്നതിനാൽ, നഗര തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സർക്കാർ വകുപ്പുകളുടെയും പദ്ധതികളുമായും പരിപാടികളുമായും സംയോജനം ഉറപ്പാക്കുന്നതിനും വരുംവർഷങ്ങളിൽ പദ്ധതിയുടെ വ്യാപ്തി വർധിപ്പിക്കുന്നതിനും ഉയർന്നുവരുന്ന നഗര ആവശ്യങ്ങൾ പരിഹരിക്കുന്നതിനും പദ്ധതിയുടെ സമഗ്രമായ നവീകരണം ആവശ്യമാണ്. കേരളത്തിന്റെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ദേശീയ തലത്തിലേക്ക് പദ്ധതി ഉയർത്താനുള്ള സാധ്യതകൾ കണ്ടെത്താൻ ഒരു ദേശീയ ശിൽപശാല നടത്തുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ അടങ്കലിൽ നിന്ന് വഹിക്കാൻ കഴിയും.

ഈ പദ്ധതിക്കായി 2025-26 വർഷത്തിൽ 18000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2025-26 ൽ 60 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു.

**2. പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്ക് ഓഫീസ് കെട്ടിട നിർമ്മാണം**

**(വിഹിതം: 160.00 ലക്ഷം രൂപ)**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുനഃസംഘടനയുടെ ഭാഗമായി 2015-ൽ പുതിയതായി 28 മുൻസിപ്പാലിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ മിക്ക മുൻസിപ്പാലിറ്റികൾക്കും മതിയായ പശ്ചാത്തല സൗകര്യത്തിന്റെയും ഓഫീസ് കെട്ടിടത്തിന്റെയും ആവശ്യമുണ്ട്. ആവശ്യകതയെ അടിസ്ഥാനമാക്കി, പ്രായോഗികവും സ്വീകാര്യവുമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിലൂടെ ഈ നഗരസഭകൾക്ക് സഹായം അനുവദിക്കാവുന്നതാണ്. ചെലവ് കുറഞ്ഞ ആധുനിക കെട്ടിട നിർമ്മാണ സാങ്കേതികവിദ്യകൾ ഉപയോഗിച്ചാണ് നിർമ്മാണം നടത്തേണ്ടത്. എസ്റ്റിമേറ്റ് തുകയുടെ 50 ശതമാനം, പരമാവധി 300.00 ലക്ഷം രൂപ വരെ സംസ്ഥാന പദ്ധതിയിൽ നിന്നും നൽകുന്നതാണ്. ബാക്കി തുക തദ്ദേശഭരണ സ്ഥാപനം അവരുടെ തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ കണ്ടെത്തേണ്ടതാണ്. കെട്ടിടങ്ങളുടെ നിലവാരം നിശ്ചയിച്ചുകൊണ്ടും നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരണം ഉറപ്പാക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ടും സർക്കാർ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്. 2025-26-ൽ അനുവദിച്ച തുക കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ ഓഫീസ് കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനും നിലവിലുള്ള നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുമാണ്. ഈ പദ്ധതിക്കായി 2025-26-വർഷത്തിൽ 160.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**II. ലൈഫ് മിഷൻ – നഗരം**

**3. സമ്പൂർണ ഭവന പദ്ധതി – നഗരം (ലൈഫ് മിഷൻ)**

**(വിഹിതം: 14000.00 ലക്ഷം രൂപ)**

സംസ്ഥാന സർക്കാരിന്റെ നവകേരളം കർമപദ്ധതിയിൽ പ്രഖ്യാപിച്ച നാലു ദൗത്യങ്ങളിൽ ഒന്നാണ് ലൈഫ് മിഷൻ (ഉപജീവനമാർഗം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം). സംസ്ഥാനത്തെ ഭവനരഹിതർക്ക് സുരക്ഷിതമായ ഭവനം നൽകുകയെന്ന ലക്ഷ്യത്തിനായി പ്രാദേശിക സർക്കാരുകൾ മുഖേന അവരുടെ വികസന ഫണ്ടും സംസ്ഥാന പദ്ധതിയിൽ നിന്നുള്ള സഹായവും കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി) ലിമിറ്റഡ് മുഖേന ഭവന നഗര വികസന കോർപ്പറേഷൻ (ഹഡ്കോ) ലിമിറ്റഡിൽ നിന്നുള്ള വായ്പയും ഉപയോഗിച്ചാണ് ലൈഫ് പദ്ധതി നടപ്പിലാക്കുന്നത്.

ഭൂരഹിത ഭവനരഹിതർക്കും ഭൂമിയില്ലാത്ത ഭവനരഹിതർക്കും വ്യക്തിഗത ഭവനം നിർമിക്കുന്നതിനുള്ള സംസ്ഥാനവിഹിതം നൽകുന്നതിനും നഗരപ്രദേശങ്ങളിൽ ഫ്ലാറ്റോ/ഭവനസമുച്ചയങ്ങളോ/ഭവനക്ലസ്റ്ററുകളോ നിർമിക്കുന്നതിന് വേണ്ടിവരുന്ന ചെലവും ഈ പദ്ധതി വിഹിതത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട വീടില്ലാത്തവർക്ക്

മുൻഗണന നൽകേണ്ടതാണ്. ഈ പദ്ധതിയുടെ 90 ശതമാനം ഗുണഭോക്താക്കളും വനിതകളായിരിക്കും. പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26-ലെ ബജറ്റിൽ 14000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി) പദ്ധതി സഹായം-നഗരം**

**(വിഹിതം: 7779.00 ലക്ഷം രൂപ)**

കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി) സർക്കാർ ഗ്യാരന്റിയിൽ ഭവന നഗര വികസന കോർപ്പറേഷൻ (ഹഡ്കോ) ലിമിറ്റഡിൽ നിന്നും വായ്പയെടുത്ത് സമ്പൂർണ ഭവന പദ്ധതി ലൈഫ് മിഷനിലൂടെ നടപ്പിലാക്കുന്നതിന് വേണ്ടി ധനസഹായം നൽകുന്നു. നഗര മേഖലയിൽ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഹഡ്കോയിൽ നിന്നും എടുത്ത വായ്പയുടെ ക്ലെയിം തീർപ്പാക്കുന്നതിനുള്ള സഹായമായി കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷന് 2025-26 വർഷത്തെ ബജറ്റിൽ 7779.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**III. എൽ.എസ്.ജി.ഡി -പ്ലാനിങ്ങ്**

**5. ഭൂമിശാസ്ത്ര വിവര സംവിധാനവും ഏരിയൽ മാപ്പിങ്ങും**

**(വിഹിതം: 10.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ വാസസ്ഥലങ്ങളുടെ നഗര/മേഖലാ ഭൂപട നിർമ്മാണം സാധ്യമാക്കുന്നതിന് വകുപ്പിന്റെ ജി.ഐ.എസ് കാര്യശേഷി ശക്തിപ്പെടുത്തുകയും വെബ് ജി.ഐ.എസ് ഇന്റർഫേസ്/ഇന്റർനെറ്റ് മാപ്പ് സെർവർ വികസിപ്പിക്കുകയുമാണ് ഭൂമിശാസ്ത്രപരമായ വിവരശേഖരണ സംവിധാനവും ഏരിയൽ മാപ്പിങ്ങും എന്ന പദ്ധതി ലക്ഷ്യമിടുന്നത്. പുതിയ ജി.ഐ.എസ് സോഫ്റ്റ് വെയർ, ഹാർഡ് വെയർ, എന്നിവ വാങ്ങുന്നതിനും, ഹെഡ് ഓഫീസിലെയും, ജില്ലാ ഓഫീസുകളിലെയും നിലവിലുള്ള ജി.ഐ.എസ് സോഫ്റ്റ് വെയർ, ഹാർഡ് വെയർ എന്നിവയുടെ അറ്റകുറ്റപ്പണിക്ക് വേണ്ടിവരുന്ന ചെലവുകൾ വഹിക്കുന്നതിനുമാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. ഡാറ്റ വാങ്ങുന്നതിനും (സാറ്റലൈറ്റ് ഇമേജറികൾ/ഫീൽഡ് സർവേ/ഡ്രോൺ) ജി.ഐ.എസ് സംവിധാനത്തിന്റെ സുരക്ഷിതത്വം, ഡാറ്റാബേസ് വിപുലീകരിക്കൽ, പൊതുജനങ്ങൾക്ക് കൂടി കാണാൻകഴിയുന്ന തരത്തിൽ മാസ്റ്റർ പ്ലാനുകൾക്കും വിശദമായ നഗരാസൂത്രണ പദ്ധതികൾക്കും അംഗീകാരം നൽകുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും വെബ് ജി.ഐ.എസ് വികസിപ്പിക്കുക, കരാറടിസ്ഥാനത്തിൽ ജിഐഎസ് വിദഗ്ധരെ നിയോഗിക്കുന്നതിനും ക്യാടിഡ്ജ്, പേപ്പർറോൾ, മറ്റ് അവശ്യ സാധനങ്ങൾ എന്നിവയ്ക്കും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ജി.ഐ.എസ് മാപ്പിങ്ങ്/സോഫ്റ്റ് വെയറിൽ പരിശീലനം നടത്തുന്നതിനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും ജി.ഐ.എസ് ഡാറ്റാ ലഭ്യമാക്കുന്നതിനുള്ള വിഹിതവും ഈ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി 2025-26-ൽ 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6. ഗവേഷണവും വികസനവും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കലും പരിശീലനവും**

**(വിഹിതം: 374.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൽ ചുവടെ ചേർക്കുന്ന അഞ്ച് ഉപപദ്ധതികൾ ഉൾപ്പെടുന്നു.

| ക്രമ നമ്പർ | ഉപപദ്ധതികൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| എ | മാസ്റ്റർ പ്ലാനുകളും വിശദമായ നഗരപ്ലാനുകളും തയ്യാറാക്കൽ | 235.00 |
| ബി | മനുഷ്യാധിവാസ കേന്ദ്രങ്ങളുടെ ആസൂത്രണവും വികസനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ഘടകങ്ങളിൽ ഗവേഷണവും വികസനവും | 14.00 |
| സി | തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ നൈപുണ്യ വികസനവും പരിശീലനവും | 50.00 |
| ഡി | ജില്ലകൾക്കുള്ള സ്പേഷ്യൽ പെഴ്സ്പെക്ടീവ് പ്ലാൻ തയ്യാറാക്കൽ | 50.00 |
| ഇ | സംസ്ഥാനത്തിന്റെ സ്പേഷ്യൽ പ്ലാൻ തയ്യാറാക്കൽ | 25.00 |
| **ആകെ** | | **374.00** |

### എ. മാസ്റ്റർ പ്ലാനുകളും വിശദമായ നഗരപ്ലാനുകളും തയ്യാറാക്കൽ

വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ മാസ്റ്റർ പ്ലാനുകളും വിശദമായ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുക എന്നതാണ് 2009–10–ൽ ആരംഭിച്ച ഈ ഉപപദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മൂന്ന് ഘട്ടമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മാസ്റ്റർ പ്ലാനുകളുടെയും രൂപീകരണം ഈ പദ്ധതിയിൽ ഏറ്റെടുക്കുകയും 93 തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി 86 മാസ്റ്റർ പ്ലാനുകൾ ലക്ഷ്യമിട്ടതിൽ 34 മാസ്റ്റർപ്ലാനുകൾക്ക് അനുമതി ലഭിക്കുകയും, 14 എണ്ണം പ്രസിദ്ധീകരിക്കുകയും ചെയ്തു. 5 മാസ്റ്റർപ്ലാനുകൾ ചീഫ് ടൗൺ പ്ലാനർ (ആസൂത്രണം) സാങ്കേതികമായി അംഗീകരിക്കുകയും ബന്ധപ്പെട്ട നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തു. ബാക്കിയുള്ള മാസ്റ്റർ പ്ലാനുകളുടെ രൂപീകരണം വിവിധ ഘട്ടങ്ങളിലുമാണ്. പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലായി ഏറ്റെടുത്ത എല്ലാ മാസ്റ്റർപ്ലാനുകളുടെയും സാങ്കേതിക പൂർത്തീകരണം 2025–26 കാലയളവിൽ പൂർത്തിയാക്കുകയും ശേഷിക്കുന്ന ഡിടിപി സ്കീമുകളുടെ പുനരവലോകനം/വ്യതിയാനം/പുനപ്രസിദ്ധീകരണം എന്നിവ ഏറ്റെടുക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. 2025–26 –ൽ ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

- മാസ്റ്റർ പ്ലാനുകളിൽ നിർദേശിച്ചിരിക്കുന്ന തിരഞ്ഞെടുത്ത റോഡുകൾക്കായി വിശദമായ റോഡ് അലൈൻമെന്റ് പ്ലാനുകൾ തയ്യാറാക്കൽ, അനുവദിച്ച മാസ്റ്റർപ്ലാനുകളുടെ വ്യതിയാനം/പുനരുദ്ധാരണം, മുൻ വർഷങ്ങളിൽ കേരളത്തെ ബാധിച്ച വെള്ളപ്പൊക്കത്തിന്റെയും മണ്ണിടിച്ചിലിന്റെയും പശ്ചാത്തലത്തിൽ നഗരങ്ങളെ ദുരന്ത പ്രതിരോധശേഷിയുള്ളതും സുരക്ഷിതവുമാക്കുന്നതിന് നിലവിലുള്ള മാസ്റ്റർ പ്ലാനുകളുടെ പരിഷ്കരണം എന്നിവയുൾപ്പെടെ, പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളതായ മാസ്റ്റർ പ്ലാനുകളുടെയും മറ്റ് തിരഞ്ഞെടുത്ത സെറ്റിൽമെന്റുകളുടെയും സാങ്കേതിക പ്രവർത്തനങ്ങളും നിയമാനുസൃതമായ പ്രോസസ്സിങ്ങും.
- പൂർത്തീകരിക്കാത്ത ജോലികളുടെ പൂർത്തീകരണം ഉൾപ്പെടെ വിശദമായ ടൗൺ പ്ലാനിങ്ങ് പദ്ധതികളുടെ എൽ.എ.പി/പുനരുദ്ധാരണം/വ്യതിയാനം എന്നിവയുൾപ്പെടെ പുതിയ വിശദമായ ടൗൺ പ്ലാനിങ്ങ് പദ്ധതികൾ തയ്യാറാക്കൽ.
- ഗ്രാമപ്പഞ്ചായത്തുകൾക്കുള്ള പുതിയ മാസ്റ്റർപ്ലാനിന്റെ രൂപീകരണത്തിനും എൽ.ഡി.പി യായി തയ്യാറാക്കി ഈ സ്കീമിലേക്ക് മാറ്റുന്ന മാസ്റ്റർ പ്ലാനുകൾക്കുമായി വിഹിതം ഉപയോഗിക്കാവുന്നതാണ്. ഉൽപ്പാദന മേഖലകളിൽ ശാസ്ത്രീയമായ ഉൽപ്പാദന പദ്ധതികൾ വികസിപ്പിക്കുന്നതിന്, കാര്യക്ഷമമായ വിഭവ മാനേജ്മെന്റിലൂന്നിയ സ്ഥലപരമായ ആസൂത്രണം ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. കൃഷി വകുപ്പ്, ഭൂവിനിയോഗ ബോർഡ്, ജലസേചന വകുപ്പ്, കേരള സംസ്ഥാന റിമോട്ട് സെൻസിങ്ങ് ആൻഡ് എൻവയോൺമെന്റ് സെന്റർ (കെഎസ്ആർഇസി) എന്നിവയുമായി സഹകരിച്ച് തിരഞ്ഞെടുത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി സ്ഥലപരമായ ആസൂത്രണത്തിലൂന്നിയ ഉൽപ്പാദന പദ്ധതികൾ രൂപപ്പെടുത്തുന്നതിന് വിഹിതം ഉപയോഗിക്കാം.
- സ്പേഷ്യൽ പ്ലാനിങ്ങിൽ പ്രൊഫഷണലുകളെ/പ്രൊഫഷണൽ ഏജൻസികളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ ഈ പദ്ധതിയിൽ നിന്ന് വഹിക്കാൻ കഴിയും.
- സംസ്ഥാന പ്രോജക്ട് സെല്ലിന്റെ പ്രവർത്തനത്തിനും, കൂടിയാലോചനകൾക്കുമായുള്ള ചെലവുകൾ.

2025–26 വർഷം 235.00 ലക്ഷം രൂപ ഈ ഉപപദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

### ബി. മനുഷ്യ അധിവാസ കേന്ദ്രങ്ങളുടെ ആസൂത്രണവും വികസനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ഘടകങ്ങളിൽ ഗവേഷണവും വികസനവും

ഗവേഷണ വികസന പരിപാടികൾ ശക്തിപ്പെടുത്തുന്നതിലൂടെ വകുപ്പിന്റെ കാര്യശേഷി വർധിപ്പിക്കുകയെന്നതാണ് ഈ ഉപപദ്ധതിയുടെ ലക്ഷ്യം. മനുഷ്യ അധിവാസ കേന്ദ്രങ്ങളുടെ ആസൂത്രണ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളായ പാർപ്പിടം, പൈതൃക പരിസ്ഥിതി സംരക്ഷണം, ഗതാഗതം, മൊബിലിറ്റി പ്ലാനുകൾ, ചേരിവികസനം, പശ്ചാത്തല സൗകര്യ വികസനവും പദ്ധതി രൂപീകരണവും, ആസൂത്രണ നിലവാരം നിശ്ചയിക്കലും വ്യാപനവും, മാസ്റ്റർ പ്ലാനിൽ നൽകിയിട്ടുള്ള പദ്ധതി നിർദ്ദേശങ്ങളുടെ വിശദമായ രൂപരേഖ തയ്യാറാക്കൽ മുതലായ മേഖലകളിൽ പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള പഠനങ്ങൾ ഏറ്റെടുക്കുകയാണ് ഈ ഉപപദ്ധതിയുടെ ലക്ഷ്യം. തെരഞ്ഞെടുത്ത മാസ്റ്റർപ്ലാനുകളും വിശദമായ നഗരാസൂത്രണ പദ്ധതികളും നടപ്പിലാക്കുന്നതിനെ കുറിച്ചുള്ള

വിലയിരുത്തൽ പഠനങ്ങളും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. മനുഷ്യ അധിവാസ കേന്ദ്രങ്ങളുടെ ആസൂത്രണവും വികസനവും സംബന്ധിച്ച തിരഞ്ഞെടുത്ത വശങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനും 'കേരളത്തിലെ തറ വിസ്തീർണ്ണ അനുപാതത്തിന്റെ യുക്തിസഹമായ വിനിയോഗം' എന്നതിനെക്കുറിച്ചുള്ള പഠനം തുടരുന്നതിനും സമഗ്രമായ ഒരു സെറ്റിൽമെന്റ് ഡാറ്റാബേസ് വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. മുൻവർഷങ്ങളിൽ ഏറ്റെടുത്ത പഠനങ്ങളുടെ ശേഷിക്കുന്ന ജോലികളും പഠനറിപ്പോർട്ടുകളുടെ പ്രസിദ്ധീകരണത്തിന് വേണ്ടിവരുന്ന ചെലവുകളുമാണ് 2025-26 ൽ ഈ ഉപപദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ള മറ്റു പ്രവർത്തനങ്ങൾ. ഗവേഷണവും വികസനവും പദ്ധതിക്കായി 2025-26 വർഷം 14.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സി. തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ നൈപുണ്യ വികസനവും പരിശീലനവും (നഗരഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും അപ്രന്റീസുകളുടെയും പരിശീലനം എന്ന മുൻ പദ്ധതി)**

തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ നൈപുണ്യവും കഴിവും അറിവും വർദ്ധിപ്പിക്കുന്നതിനായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയാണ് ഉപപദ്ധതി ലക്ഷ്യമിടുന്നത്. സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് ഗതാഗതം, ഭൂമിശാസ്ത്രപരമായ വിവര സംവിധാനം, റിമോട്ട്സെൻസിങ്ങ്, പരിസ്ഥിതി, ദുരന്തനിവാരണം, പ്രോജക്ട് രൂപീകരണവും വിലയിരുത്തലും, പ്രോജക്ട് മാനേജ്മെന്റ്, ആസൂത്രണം തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിട്ടുണ്ട്.

| ക്രമ നം. | ഘടകങ്ങൾ |
|---|---|
| 1 | എൽ.എസ്.ജി.ഡി - പ്ലാനിംഗിലെ ഓഫീസർമാരെ പരിശീലനത്തിനു ഡെപ്യൂട്ട് ചെയ്യുന്നതിനും, പരിശീലന പരിപാടികൾ നടത്തുന്നതിനും/വർക്ക്ഷോപ്പുകൾ/സെമിനാറുകൾ/ഇൻ-സർവീസ് ഹ്രസ്വ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും/പങ്കെടുക്കുന്നവരുടെയും റിസോഴ്സ് പേഴ്സൺമാരുടെയും യാത്രാ ചെലവുകൾ, റിസോഴ്സ് പേഴ്സൺമാർക്കുള്ള ഓണറേറിയം, സ്റ്റേഷനറി, കൺസ്യൂമബിൾസ്, പ്രിന്റർ കാട്രിഡ്ജുകൾ, ഓൺലൈൻ പ്ലാറ്റ്ഫോം സേവനത്തിനുള്ള ലൈസൻസുകൾ, പ്രോഗ്രാമുകൾക്കായുള്ള മറ്റ് അനുബന്ധ ചെലവുകൾ. |
| 2 | അപ്രന്റിസ്ഷിപ്പ് ആക്ട് പ്രകാരം അപ്രന്റീസുകൾക്ക് പരിശീലനം നടത്തുക. |
| 3 | സോഫ്റ്റ്‌വെയർ നൈപുണ്യം, മാസ്റ്റർ പ്ലാൻ നിർദ്ദേശങ്ങൾ നടപ്പിലാക്കൽ; മാലിന്യ നിർമാർജന പദ്ധതികളുടെ പ്രൊപ്പോസലുകൾ, നൂതന സാങ്കേതികവിദ്യകൾ എന്നിവയിലുള്ള പ്രായോഗിക (ഹാന്റ്സ് ഓൺ) സാങ്കേതിക പരിശീലനങ്ങൾക്കും, ഡിജിറ്റൽ പരിശീലനം, ഓൺലൈൻ പരിശീലനം തുടങ്ങിയവയ്ക്കുമുള്ള അനുബന്ധ ചെലവുകൾക്കും. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വിഭാഗം/പ്രവർത്തനം തിരിച്ചുള്ള പരിശീലനം നൽകും. |
| 4 | കില, ഐ.എം.ജി, കൂടാതെ സംസ്ഥാനതലത്തിലും ദേശീയതലത്തിലും ഉള്ള പ്രശസ്ത പരിശീലന സ്ഥാപനങ്ങളിലൂടെ എൽ.എസ്.ജി.ഡി ഉദ്യോഗസ്ഥർക്കു പരിശീലന പരിപാടികൾ. പ്രാദേശിക സർക്കാരുകളിലെ ജനപ്രതിനിധികൾക്ക് സ്ഥലപര ആസൂത്രണത്തിലുള്ള പരിശീലനവും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. |
| 5 | നൂതന മാലിന്യ സംസ്കരണ സാങ്കേതികവിദ്യകൾ, കശാപ്പുശാലകളുടെ രൂപകൽപ്പനയും മാനേജ്മെന്റ് സംവിധാനങ്ങളും, ദുരന്ത നിവാരണ പരിപാടികൾ, നിർദിഷ്ട പദ്ധതി നിർവഹണ രീതികൾ, നൂതന സാങ്കേതികവിദ്യകൾ എന്നിവ പഠിക്കുന്നതിനായി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള എക്സ്പോഷർ സന്ദർശനങ്ങൾ നടത്താവുന്നതാണ്. |

ഈ ഉപപദ്ധതിയ്ക്കായി 2025-26 വർഷം 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഡി. ജില്ലകൾക്കുള്ള സ്പേഷ്യൽ പെഴ്സ്പെക്ടീവ് പ്ലാനുകൾ തയ്യാറാക്കൽ (എല്ലാ ജില്ലകളിലും എൽ.ഡി.പി, ഐ.ഡി.ഡി.പി തയ്യാറാക്കുക എന്ന മുൻ പദ്ധതി)**

2021 ലെ കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിങ്ങ് നിയമത്തിന്റെ ഭേദഗതിയിൽ വിഭാവനം ചെയ്യുന്നതുപോലെ എല്ലാ ജില്ലകളിലും സ്പേഷ്യൽ പേഴ്സ്പെക്ടീവ് പ്ലാനുകൾ (എസ്.പി.പി) തയ്യാറാക്കുകയാണ് ഈ ഉപപദ്ധതിയുടെ ലക്ഷ്യം. മുൻവർഷം ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ തുടർച്ചയും സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ജില്ലാ നഗരവൽക്കരണ റിപ്പോർട്ട് പുതുക്കുന്നതും 2025-26 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഡാറ്റ ശേഖരണം, ഇടക്കാല റിപ്പോർട്ടുകൾ അച്ചടിക്കൽ, പ്രോജക്ട് സെല്ലിന്റെ പ്രവർത്തന ചെലവുകൾ, വർക്ക്ഷോപ്പുകൾ നടത്തുന്നതിനുള്ള ചെലവുകൾ, സ്റ്റേക്ക്ഹോൾഡർ മീറ്റിങ്ങുകൾ, ആവശ്യാടിസ്ഥാനത്തിൽ പ്രൊഫഷണലുകളെ നിയമിക്കുക എന്നിവയുൾപ്പെടെ സ്പേഷ്യൽ പെർസ്പെക്ടീവ് പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകളും ഈ പദ്ധതിയിൽ നിന്ന് കണ്ടെത്താവുന്നതാണ്. ഈ ഉപപദ്ധതിക്കായി 2025-26 ൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഇ. സംസ്ഥാനത്തിന്റെ സ്പേഷ്യൽ പ്ലാൻ തയ്യാറാക്കൽ**

ഉയർന്ന ജനസാന്ദ്രത, പാരിസ്ഥിതികലോലപ്രദേശങ്ങൾ, നഗരവൽക്കരണം, കുടിയേറ്റം, പശ്ചാത്തല വികസന സൗകര്യങ്ങളുടെ ആവശ്യകത, കാലാവസ്ഥാവ്യതിയാനം തുടങ്ങിയ വെല്ലുവിളികൾ സംസ്ഥാനം നേരിടുന്ന സാഹചര്യത്തിൽ നൂതനവും സ്ഥായിയായതുമായ ഒരു സ്പേഷ്യൽ പ്ലാനിങ്ങ് സമീപനം സംസ്ഥാനത്തിന് അനിവാര്യമാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ, സുസ്ഥിരമായ ഭാവിക്കായി സംസ്ഥാനത്തെ തയാറാക്കുന്നതിനും, സംസ്ഥാനത്തിന്റെയും നഗര അഗ്ലോമറേഷനുകളുടെയും സന്തുലിത വികസനം, മൂല്യമേറിയ പ്രകൃതിദത്ത പ്രദേശങ്ങളുടെയും ഭൂപ്രകൃതിയുടെയും സംരക്ഷണം എന്നിവയ്ക്കായി സ്ഥലപരമായ ആസൂത്രണത്തിന് ഉയർന്ന മുൻഗണന നൽകിയിട്ടുണ്ട്. ജില്ലാപദ്ധതി, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മാസ്റ്റർപ്ലാനുകൾ, ദുരന്ത നിവാരണ പദ്ധതി എന്നിവയെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്രമായ സ്പേഷ്യൽ പ്ലാൻ തയ്യാറാക്കുന്നതാണ്. ഇതിലേക്കാവശ്യമായ വിവരശേഖരണം നടത്തുക, വികസന പ്രശ്നങ്ങൾ ക്രോഡീകരിക്കുക, സ്ഥലപരാസൂത്രണ തന്ത്രങ്ങൾ രൂപീകരിക്കുക, പഠനങ്ങൾ ഫീൽഡ് സന്ദർശനം എന്നിവ നടത്തുക, വർക്ക്ഷോപ്പുകൾ/സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക, റിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയവയ്ക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. സംസ്ഥാന പ്രോജക്ട് സെല്ലിന് ഒരു കേന്ദ്രീകൃത ഡാറ്റാ ശേഖരം സ്ഥാപിക്കുന്നതിനും സോഫ്റ്റ് വെയർ വാങ്ങുന്നതിനും പരിപാലിക്കുന്നതിനും പ്രോജക്ട് സെല്ലിന്റെ പ്രവർത്തനത്തിന് ആവശ്യാടിസ്ഥാനത്തിൽ പ്രൊഫഷണലുകളെ നിയമിക്കുന്നതിനും ഈ തുക ഉപയോഗിക്കാം.

സംസ്ഥാനത്തിന്റെ സ്പേഷ്യൽ പ്ലാൻ തയ്യാറാക്കുന്നതിന് 2025-26 വർഷം 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**7. ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ**

**(വിഹിതം: 40.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ രൂപീകരിച്ചിരിക്കുന്നത് (i) പൈതൃക സമുച്ചയങ്ങളും സ്മാരകങ്ങളും നിലകൊള്ളുന്ന പ്രദേശങ്ങൾ കണ്ടെത്തി സംരക്ഷിക്കുക, (ii) വാസ്തുവിദ്യ പ്രാധാന്യമുള്ള കെട്ടിടങ്ങൾ കണ്ടുപിടിച്ച് സംരക്ഷിക്കുക, (iii) ഒരു പ്രത്യേക വാസ്തുവിദ്യാ പ്രകാരമുള്ള കെട്ടിട സമുച്ചയങ്ങൾ ഉൾക്കൊള്ളുന്ന സ്ഥലമോ തെരുവോ കണ്ടെത്തുകയും ആ സ്ഥലത്തിനു വേണ്ടി മാതൃകാ പ്ലാനുകൾ, എലിവേഷനുകൾ മുതലായവ തയ്യാറാക്കുക, (iv) ഒരു പ്രത്യേക പ്രദേശത്ത്/തെരുവിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വാസ്തുവിദ്യാ രീതികളെയും അവയുടെ സൗന്ദര്യാത്മകമായ ഘടനയേയും വിശകലനം ചെയ്യുക, (v) പൈതൃക കെട്ടിടങ്ങൾ, പൈതൃക പരിസരങ്ങൾ, പ്രകൃതി പൈതൃകങ്ങൾ എന്നിവയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ചട്ടങ്ങൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും (vi) തിരഞ്ഞെടുത്ത ജില്ലകളുടെ പൈതൃക പരമ്പര പ്രസിദ്ധീകരിക്കൽ (vii) മേൽ പരാമർശിച്ചിട്ടുള്ള വിഷയത്തിന്മേൽ സർക്കാരിന് ഉപദേശം നൽകുക, (viii) സമയബന്ധിത റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുക എന്നീ ചുമതലകൾ നിർവഹിക്കുന്നതിന് വേണ്ടിയാണ്.

സ്റ്റേഷനറി, കമ്പ്യൂട്ടർ-അനുബന്ധ ഘടകങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ചെലവ്, കരാർ അടിസ്ഥാനത്തിൽ പ്രൊഫഷണലുകളെ നിയമിക്കുന്നതിനുള്ള ചെലവുകൾ, വിദഗ്ധർക്കുള്ള ഓണറേറിയം, സംരക്ഷണത്തിലും പൈതൃകത്തിലും പഠനവും ഡോക്യുമെന്റേഷനും,

തെരുവുകൾക്കായുള്ള വാസ്തുവിദ്യാ പദാവലി തയ്യാറാക്കൽ, റിപ്പോർട്ടുകളുടെ നവീകരണവും പ്രസിദ്ധീകരണവും, തിരഞ്ഞെടുത്ത ജില്ലകളിലെയും പ്രത്യേക മേഖലകളിലെയും പൈതൃക പരമ്പരകളുടെ പ്രസിദ്ധീകരണം, വിജ്ഞാപനം ചെയ്യപ്പെട്ട പൈതൃക മേഖലകളെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി വെബ്-ജിഐഎസ് അധിഷ്ഠിത വിവര സംവിധാനം വികസിപ്പിക്കൽ, രേഖകളും ആനുകാലിക പ്രസിദ്ധീകരണങ്ങളും (ഹാർഡ് ആന്റ് സോഫ്റ്റ് പകർപ്പുകൾ) വാങ്ങുക, തിരഞ്ഞെടുത്ത പൈതൃക പ്രദേശത്തെക്കുറിച്ച് പൊതുജന അവബോധത്തിനും വീഡിയോ ഡോക്യുമെന്റേഷനുമുള്ള മാർഗനിർദേശ സാമഗ്രികൾ വികസിപ്പിക്കൽ എന്നിവയ്ക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിക്കായി 2025-26 വർഷം 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8. അമൃത് 2.0 പദ്ധതിയുടെ കീഴിലെ നഗരങ്ങൾക്കായി ജിഐഎസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർപ്ലാനുകൾ രൂപീകരിക്കുന്നതിനുള്ള സഹായ പദ്ധതി**

**(വിഹിതം: 30.00 ലക്ഷം രൂപ)**

അമൃത് 2.0-ന്റെ മാർഗനിർദേശങ്ങൾ അനുസരിച്ച്, 50,000 നും 99,999 നും ഇടയിൽ ജനസംഖ്യയുള്ള നഗരങ്ങളിൽ ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർപ്ലാനുകൾ തയ്യാറാക്കേണ്ടതുണ്ട്. സംസ്ഥാനത്ത് 49 നഗരങ്ങൾക്ക് അമൃത് 2.0 പ്രകാരം ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. ശമ്പളം, ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ വാങ്ങൽ തുടങ്ങിയ ആവർത്തന ചെലവുകൾ അമൃത് 2.0-ന് കീഴിൽ അനുവദനീയമല്ലാത്ത ഘടകങ്ങളാണ്. ഇവ ഈ സ്കീമിൽ നിന്ന് നിറവേറ്റുന്നതാണ്.

അമൃത് 2.0 ന് കീഴിൽ നഗരങ്ങൾക്കായി ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർപ്ലാനുകൾ രൂപീകരിക്കുന്നതിനുള്ള സംസ്ഥാന സഹായമായിട്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ജിയോഡാറ്റാബേസ് രൂപീകരണം, ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, കാര്യശേഷി വർധിപ്പിക്കൽ എന്നിവ ഈ പദ്ധതിയുടെ ഘടകങ്ങളാണ്. ചീഫ് ടൗൺ പ്ലാനർ (പ്ലാനിങ്ങ്) ആണ് പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഓഫീസർ. കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനും കൺസൾട്ടൻസി സേവനങ്ങൾക്കായി ടെൻഡറിങ്ങ് നടത്തുക, കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, വാഹനം വാടകയ്ക്കെടുക്കുന്നതിനുള്ള ചെലവുകൾ, കൺസൾട്ടൻസി ഇവാല്യുവേഷൻ ആൻഡ് റിവ്യൂ കമ്മിറ്റി (സിഇആർസി) യോഗങ്ങളും മറ്റ് അവലോകന യോഗങ്ങളും നടത്തുക എന്നിവയ്ക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിക്കായി 2025-26 വർഷം 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**9. മൂന്നാർ വയനാട് മേഖലകൾക്കുള്ള മാസ്റ്റർ പ്ലാൻ (പുതിയ പദ്ധതി)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

മൂന്നാർ, വയനാട് മേഖലകളുടെ സുസ്ഥിര വികസനം ഉറപ്പാക്കാനും വ്യക്തമായ മാസ്റ്റർ പ്ലാനിലൂടെ പാരിസ്ഥിതിക സന്തുലിതാവസ്ഥ സംരക്ഷിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഇംപാക്ട് കേരള വഴി മൂന്നാറിലും വയനാട്ടിലും ആസൂത്രണ യൂണിറ്റുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. ആസൂത്രണ യൂണിറ്റുകൾ, ഉയർന്ന നിലവാരമുള്ളതും ഇടത്തരവുമായ ജി.ഐ.എസ് വർക്ക്സ്റ്റേഷനുകൾ, ടേൺകീ അടിസ്ഥാനത്തിൽ പഠനങ്ങളും സർവേകളും, ഡാറ്റ ശേഖരണ ഉപകരണങ്ങളുടെ ചെലവുകളും സ്ഥാപനച്ചെലവും പ്രവർത്തനച്ചെലവും ഈ പദ്ധതി വഴി കണ്ടെത്താവുന്നതാണ്. ഈ പദ്ധതിക്കായി 2025-26 വർഷം 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**IV. ശുചിത്വ മിഷൻ**

**10. ശുചിത്വ കേരളം - നഗര പ്രദേശങ്ങൾക്ക് വേണ്ടിയുള്ള മാലിന്യ നിർമ്മാർജന പദ്ധതി**

**(വിഹിതം: 2000.00 ലക്ഷം രൂപ)**

നഗരപ്രദേശങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മാലിന്യ നിർമ്മാർജന പ്രോജക്ടുകൾ നഗര തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. മാലിന്യ മുക്തം ക്യാമ്പയിനിന്റെയും കെ.എസ്.ഡബ്ല്യു.എം.പി പദ്ധതിയുടെയും പശ്ചാത്തലത്തിൽ, നഗര തദ്ദേശ സ്ഥാപനങ്ങൾ നടത്തുന്ന പദ്ധതികളിലെ നിർണായക വിടവുകൾ പരിഹരിക്കുന്നതിന് ഈ പദ്ധതിക്കുള്ള വിഹിതം വിനിയോഗിക്കണം. ദ്രവ മാലിന്യ സംസ്കരണം, ഖര മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ യന്ത്രവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് ഏറ്റവും ഉയർന്ന മുൻഗണന നൽകും.

ഈ പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ |
|---|---|
| 1 | കെട്ടിടങ്ങൾ നിർമിക്കുമ്പോഴും പഴയവ പൊളിച്ചുമാറ്റുമ്പോഴും ഉണ്ടാകുന്ന പാഴ് വസ്തുക്കൾ സംസ്കരിച്ച് പുനരുപയോഗം നടത്തുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും മാലിന്യ ശേഖരണ കേന്ദ്രങ്ങൾക്കും. |
| 2 | വ്യക്തിഗത കക്കൂസുകൾക്ക് സെപ്റ്റിക് ടാങ്ക്/ബയോ ഡൈജസ്റ്റർ സംവിധാനങ്ങൾ ഉണ്ടാക്കുക-തീരപ്രദേശങ്ങൾക്കും വെള്ളം കൂടുതൽ കയറാൻ സാധ്യതയുള്ള പ്രദേശങ്ങൾക്കും മുൻഗണന നൽകാവുന്നതാണ്. |
| 3 | ഖരമാലിന്യ സംസ്കരണ പ്ലാന്റ്, ബയോഗ്യാസ് കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാന്റുകൾ എന്നിവയുടെയുൾപ്പെടെയുള്ള പരിഷ്കരണം, തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കൽ, മിനി എംസിഎഫുകൾ, എംആർഎഫ്/ആർആർഎഫ്, പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റുകൾ, മാലിന്യ സംസ്കരണത്തിനുള്ള ഉപകരണങ്ങൾ, പൈതൃക മാലിന്യങ്ങൾ നീക്കം ചെയ്യൽ, ബയോമൈനിങ്ങ്, എസ്. ബി. എം (യു) ന് കീഴിലുള്ള ഖരമാലിന്യ മാനേജ്മെന്റ് ഘടകങ്ങൾക്കുള്ള പിന്തുണ, ഹരിത കർമ്മ സേനയ്ക്ക് വേണ്ടിയുള്ള മോട്ടോർ ഘടിപ്പിച്ചതും ബാറ്ററിയിൽ പ്രവർത്തിക്കുന്നതുമായ വാഹനങ്ങൾ കൂടാതെ മറ്റ് മാലിന്യ സംസ്കരണ ആവശ്യങ്ങൾക്കും. |
| 4 | സർക്കാർ സ്കൂളുകൾ/പൊതു ഓഫീസുകൾ/ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികൾ എന്നിവയുൾപ്പെടെ പൊതുസ്ഥലങ്ങളിൽ സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മാണം, നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലും പൊതുസ്ഥലങ്ങളിലും പബ്ലിക്ക് ഓഫീസുകളിലും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളുടെ നിർമാണം, സ്വച്ഛ് ഭാരത് മിഷൻ (നഗരം) പ്രവർത്തനങ്ങൾക്ക് സഹായം, ടോയിലറ്റുകളുടെ നവീകരണവും പരിപാലനവും ഒ.ഡി.എഫ്.പ്ലസ്, ഒ.ഡി.എഫ്.പ്ലസ്.പ്ലസ് നേടുന്നതിനുള്ള മറ്റ് സൗകര്യങ്ങൾ. |
| 5 | ഉറവിടങ്ങളിൽ തന്നെയുള്ള മാലിന്യ സംസ്കരണം. |
| 6 | മഴക്കാല പൂർവ ശുചീകരണ പരിപാടികൾ. |
| 7 | ശില്പശാലകൾ, ഗവേഷണ വികസന പ്രവർത്തനങ്ങൾ, കാര്യശേഷി വികസന പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിവര വിദ്യാഭ്യാസ വിനിമയ (ഐ.ഇ.സി.) പരിപാടികൾ., സ്റ്റാർട്ടപ്പുകളുമായി സഹകരിച്ച് നഗരപ്രദേശങ്ങളിൽ എസ്ഡബ്ല്യുഎമ്മിനായി മൊബൈൽ ആപ്പ് വികസിപ്പിക്കൽ. |
| 8 | സെപ്റ്റേജ്/മലിനജല സംസ്കരണ പ്ലാന്റുകൾ ഉൾപ്പെടെയുള്ള ദ്രവ മാലിന്യ സംസ്കരണം, കനാലുകളുടെയും നദികളുടെയും പുനരുജ്ജീവനം, സെപ്റ്റേജ് മാനേജ്മെന്റിന്റെയും ദ്രവ മാലിന്യ സംസ്കരണ പദ്ധതികളുടെയും യന്ത്രവൽക്കരണം, മൊബൈൽ എഫ്എസ്ടിപികൾ, ഡ്രെയിൻ ക്ലീനിങ്ങ് ഉപകരണങ്ങൾ, പിപിഇ കിറ്റുകൾ. |
| 9 | മാലിന്യസംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്റ്റാർട്ടപ്പുകൾ/സ്വയംസഹായ സംഘങ്ങൾ/ഹരിതകർമസേന എന്നിവയ്ക്ക് സഹായം, ഉല്പാദകരുടെ ഉത്തരവാദിത്തം (എക്സ്റ്റെന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി) പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം, അതുപോലെയുള്ള മറ്റ് പരിപാടികൾ, അവാർഡുകൾ, സർട്ടിഫിക്കേഷൻ സംവിധാനം ഹരിത പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക കൂടാതെ നിരീക്ഷണ, വിലയിരുത്തൽ പ്രവർത്തനങ്ങൾക്കും. |
| 10 | പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ |
| 11 | പ്രദേശങ്ങളിൽ മാലിന്യ സംസ്കരണ സൗകര്യങ്ങൾക്ക് സ്വീകാര്യത വർധിപ്പിക്കുന്നതിനുള്ള പ്രോത്സാഹന സംവിധാനങ്ങൾ |
| 12 | ഭരണപരമായ ചെലവുകൾ |
| 13 | കശാപ്പുശാലയ്ക്കും ശ്മശാനത്തിനുമുള്ള സഹായം (പുതിയ ഘടകം) |
| 14 | സമൂഹത്തിലും/സ്ഥാപനങ്ങളിലുമുള്ള സാനിറ്ററി വേസ്റ്റ് ഡിസ്ട്രോയർ (പുതിയ ഘടകം) |
| 15 | ആർഡിഎഫ് ഉൽപ്പാദന പ്ലാന്റുകൾ (പുതിയ ഘടകങ്ങൾ) |

'ഹരിതകേരളം' മിഷന്റെ ഭാഗമായി വരുന്നതാണ് ഈ പദ്ധതി. ഈ സ്കീമിലൂടെ അനുവദിക്കുന്ന ഫണ്ട് ആവശ്യമെങ്കിൽ സംയോജിത ഖരമാലിന്യ സംസ്കരണ പദ്ധതിക്കായി (കെഎസ്ഐഡിസി) ഉപയോഗിക്കാം. ഈ പദ്ധതിക്കായി 2025-26-ൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**V. കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് (കെ.എസ്.ഡബ്ല്യു.എം.പി) (വിദേശ സഹായ പ്രോജക്ട്)**

**11. കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് (കെ.എസ്.ഡബ്ല്യു.എം.പി)**

**(വിഹിതം: 18500.00 ലക്ഷം രൂപ)**

കേരളത്തിലെ നഗര പ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സ്വീവേജ്-സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ശുചിത്വവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന സംവിധാനങ്ങളുടെ തുടർ പ്രവർത്തനവും പരിപാലനവും ഉറപ്പുവരുത്തുന്നതിനുമാണ് കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് ആവിഷ്കരിക്കുന്നത്. ഈ പ്രോജക്ടിന് 300 ദശലക്ഷം യു.എസ് ഡോളർ വായ്പ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ലോകബാങ്ക് സഹായവും സംസ്ഥാന പദ്ധതി സഹായവും 70:30 എന്ന അനുപാതത്തിൽ ലഭ്യമാക്കിയാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്. സ്ഥാപനപരമായ വികസനം, കാര്യശേഷി വികസനം, പ്രോജക്ട് മാനേജ്മെന്റ്, പ്രാദേശിക ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുക എന്നീ ഘടകങ്ങൾക്കായി 2025-26 ൽ 18500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**V. മറ്റ് നഗര വികസന പരിപാടികൾ**

**12. ക്യാപിറ്റൽ റീജിയൺ ഡവലപ്മെന്റ് പ്രോജക്ട് (സി.ആർ.ഡി.പി)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

നിർണായക അടിസ്ഥാന സൗകര്യങ്ങളായ റോഡുകൾ, കുടിവെള്ള വിതരണം, ഖര-മാലിന്യ സംസ്കരണ സംവിധാനം, ഓടകളുടെ നിർമ്മാണം എന്നിവ മെച്ചപ്പെടുത്തുന്നതിലൂടെ തലസ്ഥാന നഗരിയുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ച് ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് ക്യാപിറ്റൽ റീജിയൺ ഡവലപ്മെന്റ് പ്രോജക്ട്. നഗര പ്രാന്ത പ്രദേശങ്ങൾ ഉൾപ്പെടെ തലസ്ഥാന മേഖലയുടെ എല്ലാ പ്രദേശങ്ങളുടെയും സംയോജിത വികസന പ്രക്രിയ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് സി.ആർ.ഡി.പി യുടെ രണ്ടാംഘട്ടം 2012-ൽ ആരംഭിച്ചത്. നഗരത്തിലെ അടിസ്ഥാന സൗകര്യങ്ങളായ വാഹന പാർക്കിങ്ങ്, മാർക്കറ്റുകളുടെ നവീകരണം, നഗരറോഡുകൾ, റിങ്ങ്റോഡുകൾ, ലിങ്ക്റോഡുകൾ എന്നിവ നവീകരിക്കുന്നതിലൂടെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തൽ, നഗരത്തിലെ പൈതൃക സ്ഥാപനങ്ങളുടെ സംരക്ഷണം, പാരിസ്ഥിതിക സംരക്ഷണം എന്നിവയാണ് രണ്ടാം ഘട്ടത്തിൽ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്.

ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ (OAGC) പ്രോജക്ടാണ് സി.ആർ.ഡി.പി രണ്ടാം ഘട്ടത്തിൽ വിഭാവനം ചെയ്തിരിക്കുന്നത്. നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി ശരിയായ മാസ്റ്റർ ഡെവലപ്മെന്റ് പ്ലാനോടെ ഔട്ടർ റിങ്ങ്റോഡിനോട് (ORR) ചേർന്ന് നിർമ്മിച്ച ഒരു പുതിയ ടൗൺഷിപ്പായാണ് OAGC വിഭാവനം ചെയ്തിരിക്കുന്നത്. പ്രാന്തപ്രദേശങ്ങളുടെ ത്വരിതവും വ്യവസ്ഥാപിതവും പരിസ്ഥിതിയെ ഉൾക്കൊണ്ടുള്ളതുമായ വികസനത്തിലൂടെ തലസ്ഥാന മേഖലയിലെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. മാസ്റ്റർ ഡെവലപ്മെന്റ് പ്ലാനിന്റെയും പ്രധാന വികസന മേഖലയുടെ വിശദമായ നഗരാസൂത്രണത്തിന്റെയും അന്തിമമാക്കൽ, ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ (OAGC) പദ്ധതിയുടെ വിശദമായ ലാൻഡ് പൂളിങ്ങ് പ്ലാൻ എന്നിവ 2025-26 ൽ ആസൂത്രണം ചെയ്തിട്ടുണ്ട്. 2025-26 ൽ ഈ പദ്ധതിക്കായി 1.00 ലക്ഷംരൂപയുടെ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിരിക്കുന്നു.

**13. സംയോജിത ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾ**

**(വിഹിതം: 471 .00 ലക്ഷം രൂപ)**

പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉൾപ്പെടെയുള്ള സംയോജിത ഖരമാലിന്യ സംസ്കരണ പദ്ധതികളുടെ വികസനത്തിനായി ഒരു വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പാലക്കാട് ഡബ്ല്യുടിഇ പ്ലാന്റിനായുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ടിന്റെ സംസ്ഥാന വിഹിതത്തിനായാണ് ഈ തുക നീക്കിവച്ചിരിക്കുന്നത്. നഗരപ്രദേശങ്ങളിലെ മാലിന്യ സംസ്കരണ പദ്ധതിയായ ശുചിത്വകേരളം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്ന വിഹിതം ആവശ്യമെങ്കിൽ ഈ പദ്ധതിക്കും ഉപയോഗിക്കാം.

ഈ പദ്ധതിയ്ക്കായി 2025-26 ൽ 471.00 ലക്ഷം രൂപ വിഹിതമായി വകയിരുത്തിയിരിക്കുന്നു.

### 14. വികസന അതോറിറ്റികൾ

വികസന അതോറിറ്റികളുടെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളുടെ സുസ്ഥിരവും സമഗ്രവുമായ വികസനമാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്.

**എ. തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)**

**(വിഹിതം: 700.00 ലക്ഷം രൂപ)**

തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ) ആരംഭിച്ച വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പ്രോജക്ട് 2025-26 വർഷം തുടരുന്നതാണ്. വട്ടിയൂർക്കാവ് ജംഗ്ഷന്റെയും വട്ടിയൂർക്കാവിലേക്കും വട്ടിയൂർക്കാവിൽ നിന്നും തിരികെയുമുള്ള മൂന്ന് റോഡിന്റെയും വികസനത്തിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന കച്ചവടക്കാരുടെ പുനരധിവാസം സാധ്യമാക്കേണ്ടതാണ്. വട്ടിയൂർക്കാവ് ജംഗ്ഷനെ ഒരു ഗുണനിലവാരമുള്ള നഗരപ്രദേശമായി വികസിപ്പിക്കുന്നതിന് ഷോപ്പിങ്ങ് സ്ഥലങ്ങളും തുറസ്സായ ഹരിത ഇടങ്ങളും ഓപ്പൺ എയർ തിയേറ്റർ, പൊതുജനങ്ങൾക്കായുള്ള സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിന് ട്രിഡ ലക്ഷ്യമിടുന്നു. വട്ടിയൂർക്കാവിൽ ഒരു പുനരധിവാസ ബ്ലോക്കും ഗുണനിലവാരമുള്ള നഗരകേന്ദ്രവും നിർമ്മിക്കുന്നതിന് പ്രോജക്ട് ലക്ഷ്യമിടുന്നു. സ്ഥലം രൂപപ്പെടുത്തുന്നതിനും ഭൂമി മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന പുനരധിവാസ ബ്ലോക്കിന്റെ ഗ്രൗണ്ട് ഫ്ലോറും ഒന്നാം നിലയും പൂർത്തീകരിക്കുന്നതിനും ഖരദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും ഓട്ടോ, ടാക്സി സ്റ്റാന്റ് എന്നിവ നിർമ്മിക്കുന്നതിനുമാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. നടപ്പാത, കമ്മ്യൂണിറ്റി ജിം, കളിസ്ഥലം, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ, തിയേറ്റർ മുതലായ സൗകര്യങ്ങളോടുകൂടിയ പാളയത്തെ നഗരപാർക്ക് പൂർത്തീകരിക്കുന്നതിനും 2025-26 ൽ ലക്ഷ്യമിടുന്നു. ഈ പരിപാടികൾക്ക് 2025-26 ൽ 700.00 ലക്ഷം രൂപ ഗ്രാന്റായി വകയിരുത്തിയിരിക്കുന്നു.

**ബി. ഗ്രേറ്റർ കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ)**

**(വിഹിതം: 500.00 ലക്ഷം രൂപ)**

ജി.സി.ഡി.എ 2025-26-ൽ അവരുടെ സ്വന്തം സ്ഥലത്ത് നിർമ്മിക്കുന്ന ഷീ ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. സ്ത്രീകൾക്ക് സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ താമസസൗകര്യം ഒരുക്കുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. ഏകദേശം 100 കിടക്കകൾ ഉൾക്കൊള്ളാൻ കഴിയുന്ന G+4 നിലകളുള്ള കെട്ടിടമായാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. ഡൈനിങ്ങ് ഹാൾ, അടുക്കള, ഓഫീസ് റൂം, വിവിധോദ്ദേശ്യ ഹാൾ, ലിഫ്റ്റ്, വാർഡൻ റൂം, കാർ പാർക്കിങ്ങ് സൗകര്യം തുടങ്ങി ആവശ്യമായ എല്ലാ സൗകര്യങ്ങളും ഇതിൽ വിഭാവനം ചെയ്യുന്നു. കലൂർ-കടവന്ത്ര റോഡ് റീച്ച് I, റീച്ച് II 2025-26ൽ വിഭാവനം ചെയ്യുന്നു. 2025-26-ൽ ഗ്രാന്റായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ബന്ധപ്പെട്ട വികസന അതോറിറ്റികൾ ഇതിൻപ്രകാരം വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി വകുപ്പുതല വർക്കിങ്ങ് ഗ്രൂപ്പ്/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ വച്ച് ഭരണാനുമതി വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾക്ക് 2025-26 ൽ **39337.00** ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ദീൻ ദയാൽ അന്ത്യോദയ യോജന ദേശീയ നഗര ഉപജീവന ദൗത്യം (ഡേ-എൻ.യു.എൽ.എം) (40 ശതമാനം സംസ്ഥാന വിഹിതം) | |
| | പൊതുവിഭാഗം | 1840.00 |
| | പട്ടികജാതി ഉപപദ്ധതി | 345.00 |
| | പട്ടിക വർഗ ഉപപദ്ധതി | 115.00 |
| | **ആകെ** | **2300.00** |

| | | |
|---|---|---|
| 2 | പ്രധാനമന്ത്രി ആവാസ് യോജന നഗരം (പി.എം.എ.വൈ. നഗരം) | |
| | പൊതുവിഭാഗം | 2655.00 |
| | പട്ടികജാതി ഉപപദ്ധതി | 300.00 |
| | പട്ടിക വർഗ ഉപപദ്ധതി | 45.00 |
| | **ആകെ** | **3000.00** |
| 3 | പ്രധാനമന്ത്രി ആവാസ് യോജന നഗരം (പി.എം.എ.വൈ. 2.0 നഗരം) (40 ശതമാനം സംസ്ഥാന വിഹിതം) | |
| | പൊതുവിഭാഗം | 828.80 |
| | പട്ടികജാതി ഉപപദ്ധതി | 155.40 |
| | പട്ടിക വർഗ ഉപപദ്ധതി | 51.80 |
| | **ആകെ** | **1036.00** |
| 4 | സ്മാർട്ട് സിറ്റി മിഷൻ (20 ശതമാനം സംസ്ഥാന വിഹിതം) | |
| എ | തിരുവനന്തപുരം സ്മാർട്ട് മിഷൻ ലിമിറ്റഡ് | 1.00 |
| | **ആകെ** | **1.00** |
| 5 | അടൽ മിഷൻ ഫോർ റിജ്യൂവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ 2.0 (അമൃത് 2.0) | **30000.00** |
| 6 | സ്വച്ഛ് ഭാരത് മിഷൻ (നഗരം 2.0) (40 ശതമാനം സംസ്ഥാന വിഹിതം) | **3000.00** |
| **ആകെ** | | **39337.00** |

മുകളിൽ കൊടുത്തിട്ടുള്ള 39337.00 ലക്ഷം രൂപയുടെ പദ്ധതികളുടെ വിശദാംശങ്ങൾ 2025-26 വർഷത്തെ ബഡ്ജറ്റിന്റെ അനുബന്ധം IV ൽ ചേർത്തിരിക്കുന്നു.

## 9.9 വാർത്താ വിതരണവും പ്രചരണവും

വാർത്താ വിതരണവും പ്രചരണവും എന്ന മേഖലയ്ക്ക് 4400.00 ലക്ഷം രൂപയാണ് 2025-26 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പ്രോജക്ടുകൾക്ക്/സ്കീമുകൾക്ക് ഭരണാനുമതി നൽകുമ്പോൾ, ഇതിലെ ഘടകങ്ങളും, ഭൗതിക ലക്ഷ്യങ്ങളും വ്യക്തമായി നിർവ്വചിക്കേണ്ടതാണ്. പദ്ധതികൾക്കായി 2025-26 വർഷത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം താഴെ വിശദീകരിക്കുന്നു.

### പ്രസ് ഇൻഫർമേഷൻ സർവ്വീസസ്

### 1. പ്രസ് ഫെസിലിറ്റീസ്

**(വിഹിതം: 72.00 ലക്ഷം രൂപ)**

സർക്കാർ പരിപാടികൾ റിപ്പോർട്ട് ചെയ്യുന്നതിനും, മെച്ചപ്പെട്ട രീതിയിൽ പരിപാടികളുടെ കവറേജ് നടത്തുന്നതിനും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ മാധ്യമ പ്രവർത്തകർക്ക് ഏർപ്പെടുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. മീഡിയ പാസ്സ് ഇനത്തിൽ കെ.എസ്.ആർ.ടി.സി-ക്ക് നൽകേണ്ട പണം, അക്രഡിറ്റേഷൻ കാർഡുകൾ, അക്രഡിറ്റേഷൻ പോർട്ടലിന്റെ പരിപാലനം, പത്രസമ്മേളനങ്ങൾ സംഘടിപ്പിക്കുക, വാഹനങ്ങൾ വാടകയ്ക്ക് എടുക്കുക, സുപ്രധാന വ്യക്തികളുടെ സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾ, മാധ്യമ ദിനം പോലെയുള്ള പ്രധാന പരിപാടികൾ എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഉത്സവക്കാലങ്ങൾ, മന്ത്രിസഭാഘോഷങ്ങൾ, ലോകകേരളസഭ, കേരളീയം എന്നീ പരിപാടികൾക്ക് വേണ്ടിയുള്ള താത്കാലിക മീഡിയ സെന്ററുകൾ എന്നിവയും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

സംസ്ഥാന മാധ്യമ അവാർഡിന്റെയും സ്വദേശാഭിമാനി കേസരി അവാർഡിന്റെയും തെരഞ്ഞെടുപ്പും വിതരണവും, പ്രത്യേക മാധ്യമ പരിപാടികൾ, പ്രത്യേക മാധ്യമ സമ്മേളനങ്ങൾ, മാധ്യമ കേന്ദ്രം, സാങ്കേതിക പിന്തുണ, ബുള്ളറ്റിൻ, തത്സമയ കവറേജ്, മീഡിയ കോൺക്ലേവ്, മാധ്യമപ്രവർത്തകർക്കും മാധ്യമവിദ്യാർത്ഥികൾക്കുമുള്ള പരിശീലനവും ശിൽപ്പശാലകളും, അക്രഡിറ്റേഷൻ കമ്മിറ്റിയുടെയും മറ്റു കമ്മിറ്റികളുടെയും പ്രവർത്തനം, മാധ്യമ മേഖലയുമായി ബന്ധപെട്ട മീറ്റിങ്ങുകൾ, ബഹുഭാഷയിലുള്ള മാധ്യമ കുറിപ്പുകൾ മുതലായ പരിപാടികളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

2025-26 -ൽ 72.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

### 2. പ്രസ്സ് അക്കാദമി

**(വിഹിതം : 750.00 ലക്ഷം രൂപ)**

കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ് കേരള മാധ്യമ അക്കാദമി. ജേർണലിസം, മാസ്സ് കമ്മ്യൂണിക്കേഷൻ, നവ മാധ്യമം എന്നി വിഷയങ്ങളിൽ പരിശീലനവും, ഗവേഷണവും ഈ സ്ഥാപനത്തിലൂടെ നൽകുന്നു. 2025-26-ൽ താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കാൻ 750.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- മീഡിയ ക്ലബ്ബുകളും മീഡിയ ഫെസ്റ്റും
- അന്താരാഷ്ട്ര ഫോട്ടോ ഫെസ്റ്റിവലും, ഓപ്പൺ ഫോറവും
- മാധ്യമ സംബന്ധിയായ വിഷയങ്ങളെക്കുറിച്ചുള്ള പുസ്തകങ്ങളുടെ പ്രസിദ്ധീകരണം
- അനുസ്മരണ പ്രഭാഷണങ്ങൾ
- പരിശീലന പരിപാടി, സെമിനാർ, അടിസ്ഥാന സൗകര്യ വികസനം, ഫോട്ടോ എക്സിബിഷൻ, പഠന ക്യാമ്പുകൾ, ടൂറുകൾ
- മാധ്യമ ഗവേഷണവും, ഫെലോഷിപ്പുകളും
- ക്യാമ്പസിലെ ഗവേഷകനും മീറ്റ് ദി മാസ്റ്ററും
- ശബ്ദ ഗ്രന്ഥാലയം, ലൈബ്രറി പുസ്തകങ്ങളും ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങുക
- മാധ്യമ മാഗസിനുകളുടെ പ്രസിദ്ധീകരണം
- ഡിജിറ്റൈസേഷൻ (പഴയ മാഗസിനുകളുടെയും ന്യൂസ് പേപ്പറുകളുടെയും ശേഖരം)
- ഓൺലൈൻ പഠനസൗകര്യവും യൂട്യൂബ് ചാനലും, ഔദ്യോഗിക വെബ്സൈറ്റുകളുടെ നവീകരണവും പരിപാലനവും

- കമ്പ്യൂട്ടർ ലാബിന്റെയും ക്ലാസ് മുറികളുടെയും ആധുനികവൽക്കരണം
- ടി വി ജേർണലിസം സ്റ്റുഡിയോയുടെയും, എഡിറ്റ് സ്യൂട്ടിന്റെയും സാങ്കേതിക നവീകരണം
- അക്കാദമിയ്ക്കായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം
- വനിതകളുടെ പ്രസ് ക്ലബ്
- ന്യൂസിയം
- മലയാള മാധ്യമ ചരിത്രത്തിന്റെ പ്രസിദ്ധീകരണം
- ഹെഡ് ക്വാർട്ടേഴ്സ് കെട്ടിടങ്ങളുടെ നവീകരണം
- പെൺകുട്ടികളുടെ ഹോസ്റ്റലിന്റെ ആധുനികവൽക്കരണം
- ദൂരദർശനിലെ മാധ്യമ പഠന പരിപാടിയായ 'മാധ്യമ ജാലകം'
- ഡോക്യു-ഫിക്ഷൻ നിർമ്മാണം
- ആധുനിക മാധ്യമ നൈപുണ്യ കേന്ദ്രം
- ഇന്റർനെറ്റ് റേഡിയോയും കമ്മ്യൂണിറ്റി റേഡിയോയും
- ഉപ കേന്ദ്രങ്ങൾ
- ഇൻഫർമേഷൻ, എഡ്യൂക്കേഷൻ കമ്മ്യൂണിക്കേഷൻ, മീഡിയ സ്റ്റഡീസ് എന്നിവയ്ക്കുള്ള അന്താരാഷ്ട്ര ഗവേഷണ സ്ഥാപനം

**ദൃശ്യ പ്രചരണം**

**3. ഫോട്ടോ പ്രചരണം**

**(വിഹിതം : 68.00 ലക്ഷം രൂപ)**

സംസ്ഥാനത്തിനകത്തും, ന്യൂഡൽഹിയിലുമുള്ള പ്രധാന സർക്കാർ പരിപാടികളുടെ ഫോട്ടോ കവറെജ് ചെയ്യുന്നത് ഫോട്ടോ പബ്ലിസിറ്റി വിഭാഗമാണ്. ഡയറക്ടറേറ്റ്, റീജിയണൽ ഓഫീസുകൾ, ജില്ലാ ഓഫീസുകൾ, ന്യൂഡൽഹി ഓഫീസ് എന്നിവിടങ്ങളിലെ ഫോട്ടോഗ്രാഫിക് വിംഗിന്റെ നവീകരണത്തിനുള്ള ചെലവുകൾ, ഫോട്ടോഗ്രാഫിക്ക് ആവശ്യമായ ക്യാമറയും, ലെൻസും മറ്റ് സാധനസാമഗ്രികൾ വാങ്ങുക, അവയുടെ മെയിന്റനൻസ്, ഫോട്ടോഗ്രാഫർമാർ, കളർ പ്രിന്റർ, കമ്പ്യൂട്ടറുകൾ, സോഫ്റ്റ്‌വെയർ, ഫോട്ടോ ഡിജിറ്റൈസേഷൻ, ആർക്കൈവിംഗിന്റെ പ്രവർത്തികൾ, ഫോട്ടോ കവറെജിനായി വാഹനങ്ങൾ വാടകയ്ക്ക് എടുക്കുകയും മാനവശേഷി ഔട്സോർസിംഗ് എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ ഫോട്ടോഗ്രാഫിയ്ക്കുള്ള സംസ്ഥാന അവാർഡ് വിതരണം, എംപാനൽ ചെയ്ത ഫോട്ടോഗ്രാഫർമാർക്കുള്ള തുക, ഫോട്ടോ ആൽബങ്ങൾ, സ്ട്രിംഗർ ഫോട്ടോഗ്രാഫർമാരുടെ സേവനങ്ങൾ, ഫോട്ടോ ഡിജിറ്റൈസേഷൻ & ആർക്കൈവിംഗ് ജോലികൾ, ലാമിനേഷൻ വർക്ക്, എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2025-26 -ൽ 68.00 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നത്.

**4. വീഡിയോ പ്രചരണം**

**(വിഹിതം : 200.00 ലക്ഷം രൂപ)**

എല്ലാ സർക്കാർ പരിപാടികളുടെയും വീഡിയോ കവറേജ് ചെയ്യുന്നത് വീഡിയോ പബ്ലിസിറ്റി ഡിവിഷനാണ്. വകുപ്പിൻന്റെ വീഡിയോഗ്രാഫി വിഭാഗത്തിൻന്റെ നവീകരണം പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ക്യാമറകൾ, ലെൻസ്, മറ്റ് ആക്സസറികൾ, കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, എക്സ്റ്റേണൽ ഹാർഡ് ഡിസ്കുകൾ, വീഡിയോ കവറേജ് മെച്ചപ്പെടുത്തുന്നതിനുള്ള സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ എന്നിവയുടെ വാങ്ങലും പരിപാലനവും, ലൈവ് സ്ട്രീമിംഗ് പ്ലാറ്റ്ഫോം, ഡിജിറ്റൈസേഷനും ആർക്കൈവിംഗിനുമുള്ള ചെലവുകൾ, എംപാനൽ ചെയ്ത വിദഗ്ധരടക്കം സാങ്കേതിക വിദഗ്ധരെ നിയമിക്കലും ഔട്ട്സോഴ്സിംഗ്, വീഡിയോഗ്രാഫിക്ക് വാഹനം വാടകയ്ക്കെടുക്കൽ. സെൻട്രൽ ന്യൂസ് ഡെസ്കിന്റെ നവീകരണം, കൂടാതെ വീഡിയോ ലൈബ്രറിയും ക്ലിപ്പ്-മെയിൽ സേവനവും സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക, ഡിജിറ്റൽ ഉള്ളടക്ക ഫാക്ടറി, ഡിജിറ്റൽ കണ്ടന്റ് ക്രിയേറ്റേഴ്സ് പാനൽ, വീഡിയോ & ഡ്രോൺ ഓപ്പറേറ്റർമാരുടെ സ്ട്രിംഗറുകൾ, വീഡിയോ സ്ട്രിംഗറുകൾക്കുള്ള തുക, എഡിറ്റ് സ്യൂട്ടിൻന്റെയും സൗണ്ട് ബൂത്തിന്റെയും പരിപാലനം, ഉപകരണങ്ങൾ, ക്ലൗഡ് സ്പേസ് മാനേജ്മെന്റ്, വെബ് ആപ്ലിക്കേഷൻ സൊല്യൂഷൻ (വാർത്ത

വീഡിയോ ഫൂട്ടേജ് ഡെലിവറി) തുടങ്ങിയവയും വിഭാവനം ചെയ്തിട്ടുണ്ട്.

ഈ പദ്ധതിയ്ക്കായി 2025-26-ൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5. വാർത്താ വിതരണ കേന്ദ്രങ്ങൾ**

**(വിഹിതം : 80.00 ലക്ഷം രൂപ)**

സർക്കാർ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ഡയറക്ടറേറ്റിലുള്ള റിസർച്ച് ആന്റ് റഫറൻസ് വിംഗിന്റെ കീഴിൽ ഒരു ഇൻഫർമേഷൻ സെന്ററും, ജില്ലാ ഇൻഫർമേഷൻ ഓഫീസുകളോട് ചേർന്ന് ഇൻഫർമേഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്, ജില്ല ഇൻഫർമേഷൻ സെന്ററുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ലൈബ്രറി പുസ്തകങ്ങളും മറ്റ് പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കൽ, ലൈബ്രറിയുടെ പരിപാലനം, ഗവേഷണത്തിനായി പുതിയ പുസ്തകങ്ങൾ വാങ്ങുകയും ഇ-ജേർണലുകൾക്ക് സബ്സ്ക്രിപ്ഷൻ എടുക്കുകയും ചെയ്യുക, ഗവേഷണ പ്രവർത്തനങ്ങൾ, വിവിധ ഉറവിടങ്ങളിൽ നിന്ന് ഡാറ്റ ശേഖരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യുക, ഡാറ്റ വിശകലനം ചെയ്യുക, പരസ്യ വേദിയുടെ മെച്ചപ്പെടുത്തൽ, ക്ലൗഡ് സ്റ്റോറേജ് സ്ഥലം ഏർപ്പാടാക്കുക, ആപ്പുകളുടെ പരിപാലനവും ഡാറ്റ അപ്ഡേറ്റ് ചെയ്യലും ഡിജിറ്റൽ പിആർ പ്ലാറ്റ്ഫോമുകൾ വഴി വിവരങ്ങൾ പ്രചരിപ്പിക്കുക എന്നീ പ്രവർത്തികളാണ് വിഭാവനം ചെയ്യുന്നത്. മാനവശേഷി ഔട്ട്സോഴ്സിംഗ്, വകുപ്പിന്റെ പ്രവർത്തനാത്മകപരവും പരിവർത്തനപരവുമായ പദ്ധതികൾ, വകുപ്പ് തല പ്രസിദ്ധീകരണത്തിനുള്ള ആർഎൻഐ റെജിസ്ട്രേഷൻ പ്രവർത്തികൾ, സർക്കാരിന്റെ പരസ്യ പ്രചാരണത്തിനുള്ള ഗവേഷണങ്ങൾ, ഡാറ്റായുടെ ശേഖരണവും സമാഹരണവും ഇവയൊക്കെ പദ്ധതിയുടെ തുടർ പ്രവർത്തികളിൽ ഉൾപ്പെടുന്നു.

ഈ പദ്ധതിയ്ക്കായി 2025-26-ൽ 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഫിലിമുകൾ**

**6. വീഡിയോ ഡോക്യുമെന്ററികളുടെ നിർമ്മാണം**

**(വിഹിതം : 550.00 ലക്ഷം രൂപ)**

ഐ & പി.ആർ.ഡി വകുപ്പിന്റെ കീഴിലുള്ള ഇലക്ട്രോണിക് മീഡിയാ ഡിവിഷനാണ് വിവിധ വീഡിയോ മാഗസിൻ പരിപാടികൾ ഇലക്ട്രോണിക് മാധ്യമം മുഖേന നിർമ്മിച്ച് സംപ്രേഷണം ചെയ്യുന്നത്. ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്ന പ്രവർത്തികൾ ഇവയെല്ലാമാണ് - **(1)** നവകേരളം (ദൂരദർശനിൽ സംപ്രേക്ഷണം ചെയ്യുന്ന ബഹു. മന്ത്രിമാരുടെ പ്രതിവാര സമ്പർക്ക പരിപാടി), പ്രിയകേരളം (ദൂരദർശനിൽ സംപ്രേക്ഷണം ചെയ്യുന്ന വികസനപ്രവർത്തനങ്ങളിൽ അധിഷ്ഠിതമായ പ്രതിവാര വാർത്താ പരിപാടി), ജനപഥം (ആകാശ വാണിയിലൂടെ സംപ്രേക്ഷണം ചെയ്യുന്ന വികസനപ്രവർത്തനങ്ങളിൽ അധിഷ്ഠിതമായ പ്രതിവാര വാർത്താ പരിപാടി), **(2)** ഡോക്യുമെന്ററികൾ, ഹ്രസ്വ വീഡിയോകൾ, വിജ്ഞാനാധിഷ്ഠിത വീഡിയോകൾ എന്നിവയുടെ നിർമ്മാണം, ഹെലികാം/ഡ്രോൺ ഉപയോഗിച്ചുള്ള വീഡിയോ ഷൂട്ടിംഗ്, **(3)** എഡിറ്റ് ആന്റ് സൌണ്ട് ബൂത്തിന്റെ പരിപാലനം, **(4)** ആർക്കൈവിംഗും ഡിജിറ്റൈസേഷനും **(5)** നവ മാധ്യമങ്ങൾക്കാവശ്യമുള്ള വീഡിയോ കണ്ടൻറ് തയ്യാറാക്കുക **(6)** ഉപഗ്രഹചാനലുകളിലെ പുതിയ ടൈംസ്ലോട്ടുകൾ വാങ്ങുക, **(7)** പ്രത്യേക അവസരങ്ങളിലെ വീഡിയോ ഡോക്യുമെന്റേഷൻ **(8)** ഡോക്യുമെന്ററികൾ, ചരിത്ര ദൃശ്യങ്ങൾ മുതലായവ വാങ്ങുക **(9)** വീഡിയോ നിർമ്മാണ മത്സരം ഓൺലൈനിൽ സംഘടിപ്പിക്കുക **(10)** ഇന്റർനെറ്റ് റേഡിയോ-ഉള്ളടക്കം നിർമ്മിക്കുന്നതിനും, പുറം കരാർ ജീവനക്കാരുടെ സേവനം ഉപയോഗിക്കുന്നതിനും **(11)** എഡിറ്റ് ആൻഡ് സൗണ്ട് ബൂത്തിനുള്ള ഉപകരണങ്ങൾ വാങ്ങുക, പ്രിവ്യൂ കാബിന്റെ അറ്റകുറ്റപണികൾ **(12)** കേരളത്തിന്റെ ദൃശ്യ ചരിത്രം **(13)** വീഡിയോ വാൾ ക്രിയേറ്റീവുകൾ, ഷോർട്ട് ഫിക്ഷനുകളുടെ നിർമ്മാണവും പ്രക്ഷേപണ ചെലവുകളും **(14)** ഡോക്യുമെന്ററികളുടെയും, മറ്റു പരിപാടികളുടെയും കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 2025-26-ൽ 550.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**7. ടാഗോർ തീയേറ്ററിന്റെ ആധുനികവൽക്കരണം**

**(വിഹിതം : 250.00 ലക്ഷം രൂപ)**

തിരുവനന്തപുരത്തെ ടാഗോർ തിയേറ്റർ സമുച്ചയം ആധുനികവൽക്കരിക്കുക, വിനോദത്തിന്റെയും വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും ഒരു ഹബ്ബ് ആക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. സാംസ്കാരിക പരിപാടികൾക്കായുള്ള ഉറപ്പായ സ്ഥലങ്ങൾ,

വൈദ്യുതി, ഇലക്ട്രോണിക്സ് ഇൻസ്റ്റലേഷനുകൾ, ആർട്ട് ഗാലറി, സ്കൽപ്ചർ ഗാർഡൻ എന്നിവ ഉൾപ്പെടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ആധുനികവൽക്കരണം, ഫയർ ആൻഡ് റെസ്ക്യൂ എൻഒസി ലഭിക്കൽ തുടങ്ങിയ തീർപ്പാക്കാത്ത ജോലികൾ കൈകാര്യം ചെയ്യുക, ടാഗോർ തിയേറ്ററിന്റെ ക്രമമായ പരിപാലനം ഉറപ്പുവരുത്തൽ, വെളിച്ചവും ശബ്ദവും മറ്റ് ആധുനിക പ്രൊജക്ടർ ഉപകരണങ്ങൾ സ്ഥാപിക്കലും പരിപാലനവും, ജനറേറ്റർ, എച്ച്.വി.എ.സി സംവിധാനം, ലിഫ്റ്റ്, മറ്റ് ഉപകരണങ്ങൾ, ക്ലീനിംഗ്, സുരക്ഷ, മറ്റ് ആവശ്യങ്ങൾ എന്നിവയ്ക്കുള്ള ഔട്ട്സോഴ്സിംഗ് സേവനങ്ങൾ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങൾക്കായുള്ള എഎംസികൾ, ആശയവിനിമയ ഉപകരണങ്ങളും ഗതാഗത സുരക്ഷാ ഉപകരണങ്ങളും വാങ്ങൽ, പൂന്തോട്ടങ്ങൾ, പുൽത്തകിടികൾ, വർണ്ണാഭമായ ലൈറ്റിംഗ്, ക്യാമ്പസ് മോടി പിടിപ്പിക്കൽ എന്നിവ ഉൾപ്പെടെ ക്യാമ്പസ് മൊത്തത്തിലുള്ള സൗന്ദര്യവൽക്കരണം മെച്ചപ്പെടുത്തുന്നു. തലസ്ഥാന നഗരത്തെ ഒരു സാംസ്കാരിക കേന്ദ്രമാക്കി മാറ്റാൻ സഹായിക്കുന്ന സാംസ്കാരിക പരിപാടികൾ, സ്റ്റേജ് പ്രകടനങ്ങൾ, മറ്റ് വിവിധ പ്രവർത്തനങ്ങൾ നടത്തുക എന്നിവയും പദ്ധതിയിൽ ഉൾപ്പെടുന്നു.

ഈ പ്രവർത്തികൾക്കായി 2025-26-ൽ 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 8. ടാഗോർ തീയേറ്റർ – സാംസ്കാരിക കേന്ദ്രം

**(വിഹിതം : 80.00 ലക്ഷം രൂപ)**

തിരുവനന്തപുരത്തെ ടാഗോർ തിയേറ്റർ സമുച്ചയം ആധുനികവൽക്കരിക്കുകയും ഒരു സ്വയം സുസ്ഥിര മാതൃകയായി രൂപപ്പെടുത്തുകയും സംസ്ഥാനത്തെ ഒരു ഇൻഫോടെയ്ൻമെന്റ് സാംസ്കാരിക കേന്ദ്രമായി മാറ്റുകയും ചെയ്യുന്നതാണ് പദ്ധതി. ദേശീയ നാടകോത്സവം, അന്തർദേശീയ ചലച്ചിത്രോത്സവം തുടങ്ങിയ ദേശീയ, അന്തർദേശീയ പ്രാധാന്യമുള്ള പരിപാടികൾക്ക് പ്രധാന വേദിയായി പ്രവർത്തിക്കുന്നതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ്, സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ പദ്ധതി ദേശീയ ടാഗോർ സംഗീതോത്സവം, നാടകോത്സവം, നൃത്തമോ സംഗീതമോ ഉൾപ്പെടുന്ന ഉത്സവങ്ങൾ, സാഹിത്യോത്സവം, ചിത്രപ്രദർശനം, പഴയ കാലത്തെ സിനിമ പ്രദർശനങ്ങൾ, സിംഫോണി ഓർക്കസ്ട്രാ, ബാലെ തുടങ്ങി വിവിധ കലാരൂപങ്ങളിലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ സാംസ്കാരിക പരിപാടികൾ സമ്പന്നമാക്കുന്നതും വിഭാവനം ചെയ്യുന്നു. വിവിധ കലാരൂപങ്ങളുടെ പ്രദർശനങ്ങൾ സാധ്യമാക്കുകയും പ്രൊഫഷണൽ കലാകാരന്മാരുടെ ഗ്രൂപ്പുകളെ പങ്കെടുപ്പിക്കുകയും ചെയ്യുന്നതിലൂടെ കലാപരമായ പ്രകടനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. സാംസ്കാരിക സംഘടനകളുടെ ഡാറ്റാ ബാങ്ക് സൃഷ്ടിക്കുകയും പ്രശസ്തരായ സംഗീതജ്ഞരും നർത്തകരുമായുള്ളവരുടെ സംഭാവനകൾ പ്രദർശിപ്പിക്കുന്ന ഒരു മ്യൂസിയം സ്ഥാപിക്കുകയും ചെയ്തുകൊണ്ട് സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും ലക്ഷ്യമിടുന്നു.

ഈ പ്രവർത്തികൾക്കായി 2025-26-ൽ 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 9. വെബ് സൈറ്റും നവ മാധ്യമവും

**(വിഹിതം : 500.00 ലക്ഷം രൂപ)**

ഐ & പി.ആർ.ഡി വകുപ്പിന്റെ വെബ് & ന്യൂ മീഡിയ ഡിവിഷനാണ് സർക്കാർ വെബ് പോർട്ടലിന്റെയും (**www.kerala.gov.in**) മറ്റ് വകുപ്പുകളുടെ വെബ് സൈറ്റുകളുടെയും നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നത്. സംസ്ഥാനത്തെക്കുറിച്ചുള്ള പൊതു വിവരങ്ങൾ, സർക്കാരിന്റെ ഘടന, വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ, സർക്കാർ ഉത്തരവുകൾ, വിജ്ഞാപനങ്ങൾ, മന്ത്രിമാർ, എം.എൽ.എ.മാർ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ എന്നിവരുടെ വിവരങ്ങളും മറ്റ് വകുപ്പുകളുടെ വെബ് സൈറ്റുകളിലെ വിശദാംശങ്ങളും ഈ വെബ്പോർട്ടലിൽ ലഭ്യമാണ്.

**(1)** മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വെബ്സൈറ്റിന്റെയും, സോഷ്യൽ മീഡിയയുടെയും ഉള്ളടക്കം പരിശോധിക്കുക, വാർഷിക പരിപാലനം നടത്തുക **(2)** പിആർഡി, ശബരിമല, എന്നീ വെബ്സൈറ്റുകളുടെ പരിപാലനം, വാർഷിക പരിപാലനം നടത്തുക **(3)** ന്യൂസ് പോർട്ടലിന്റെ വാർഷിക പരിപാലനം, **(4)** പിആർഡി ലൈവ് മൊബൈൽ ആപ്പ് വികസിപ്പിക്കുകയും, പരിപാലിക്കുകയും ചെയ്യുക, **(5)** പരിപാടികളുടെ തത്സമയ സ്ട്രീമിംഗ്, ക്ലൗഡ് സെർവർ ഹയർ ചെയ്യുക, പരീക്ഷാ ഫലങ്ങൾ പ്രസിദ്ധീകരിക്കുക, എ.എം.സി, വെബ് ആപ്ലിക്കേഷൻ വികസിപ്പിക്കുക, പരിഭാഷ പ്രവർത്തികൾ, **(6)** സോഷ്യൽ മീഡിയ ക്യാമ്പയിൻ, ഡിജിറ്റൽ മാർക്കറ്റിംഗ്, ഡിജിറ്റൽ വിവരവിനിമയം **(7)** പി.ആർ.ഡി വസ്തുതാ പരിശോധന വിഭാഗത്തിന്റെ പരിപാലനം **(8)** കരാർ ജീവനക്കാരുടെ സേവനം ഉപയോഗിച്ച്

സോഷ്യൽ മീഡിയ വിഭാഗം വിപുലീകരിക്കുക **(9)** സമഗ്ര ഡാറ്റ പോർട്ടൽ മാനേജ്മെന്റ് **(10)** സോഷ്യൽ മീഡിയയ്ക്ക് വേണ്ടിയുള്ള ക്രിയേറ്റീവുകളുടെ നിർമ്മാണത്തിന് നിർമ്മിതബുദ്ധി പോലുള്ള ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം, സോഷ്യൽ മീഡിയ പ്രവർത്തനങ്ങൾക്ക് മാത്രമായി ഒരു പ്രത്യേക വിഭാഗം, ദ്രുത പ്രതികരണ ടീം എന്നീ പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2025-26-ൽ 500.00 ലക്ഷം രൂപ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

**10. നാം മുന്നോട്ട്**

**(വിഹിതം : 522.00 ലക്ഷം രൂപ)**

ഐ & പി.ആർ.ഡി വകുപ്പ് ആരംഭിച്ച ബഹു. മുഖ്യമന്ത്രിയുടെ പ്രതിവാര സംവാദ പരിപാടിയാണ് 'നാം മുന്നോട്ട്'. സർക്കാരിന്റെ നയങ്ങളേയും, സംരംഭങ്ങളേയും, പുതിയ പദ്ധതികളെയും കുറിച്ച് പൊതുജനങ്ങളെ അറിയിക്കുന്നത് ഈ പരിപാടിയിലൂടെയാണ്. ഒരു വർഷത്തേക്കുള്ള നിർമ്മാണ ചെലവ്, പ്രമോ പതിപ്പ്, തെരഞ്ഞെടുത്ത ചാനലുകളിലും ദൂരദർശനിലും പരിപാടി സംപ്രേക്ഷണം ചെയ്യുന്നതിനുള്ള ടെലികാസ്റ്റ് ഫീസ്, ഔട്ട്ഡോർ പബ്ലിസിറ്റി, പരസ്യങ്ങൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ.

2025-26-ൽ 522.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**11. അന്തർ സംസ്ഥാന പൊതുജനസമ്പർക്ക പരിപാടി**

**(വിഹിതം : 20.00 ലക്ഷം രൂപ)**

അന്തർ സംസ്ഥാന പൊതുജനസമ്പർക്ക പരിപാടി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, വിവിധ പ്രവർത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സാംസ്കാരിക പരിപാടികൾ നടത്തുക, എക്സിബിഷനും വിതരണ മേളയും സംഘടിപ്പിക്കുക, സമ്മേളനങ്ങൾ, മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പത്ര സമ്മേളനങ്ങൾ സംസ്ഥാനത്തിന് പുറത്തുള്ള പ്രധാന നഗരങ്ങളിൽ സംഘടിപ്പിക്കുക, പി.ആർ.ഡി പ്രസിദ്ധീകരണങ്ങളുടെ സർക്കുലേഷൻ ക്യാമ്പയിൻ, മറ്റ് സംസ്ഥാനങ്ങളിലേക്ക് പി.ആർ.ഡി വകുപ്പ് ഉദ്യോഗസ്ഥരുടെ സന്ദർശനം തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഹാൾ വാടക, ഹൗസ് കീപ്പിംഗ് & സെക്യൂരിറ്റി, മത്സരങ്ങൾ, ഫുഡ് കോർട്ട്, ഗതാഗതം, പ്രൊജക്റ്റ് പരിപാലന ചെലവുകൾ എന്നിവയും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിക്കായി 2025-26 ൽ 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**12. കേരള കലാ സാംസ്കാരിക കേന്ദ്രം, ന്യൂഡൽഹി**

**(വിഹിതം : 10.00 ലക്ഷം രൂപ)**

ന്യൂഡൽഹിയിൽ പ്രവർത്തിക്കുന്ന കേരള കലാ സാംസ്കാരിക കേന്ദ്രത്തിലൂടെ സംസ്ഥാനത്തിന്റെ പാരമ്പര്യം, കല, സംസ്കാരം, സാഹിത്യം എന്നിവ പ്രത്യേക/വാർഷിക സാമൂഹിക-സാംസ്കാരിക അവസരങ്ങളിൽ പ്രദർശിപ്പിക്കുന്നതിനാണ് ഈ പദ്ധതി. കേരള ദിനം, കേരളപ്പിറവി ആഘോഷങ്ങൾ, ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിനോട് അനുബന്ധിച്ചുള്ള സാംസ്കാരിക പരിപാടികൾ, ന്യൂഡൽഹിയിലെ ഓണക്കാലത്തെ സാംസ്കാരിക പരിപാടികൾ, പ്രവാസി മലയാളികൾക്കായി ചർച്ചകൾ, സെമിനാറുകൾ, കലാമത്സരങ്ങൾ, ന്യൂഡൽഹി വിവരകേന്ദ്രത്തിന്റെ കീഴിൽ ന്യൂഡൽഹിയിൽ വിവിധ കലാ സാംസ്കാരിക പരിപാടികളുടെ ആസൂത്രണം എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്.

2025-26-ൽ ഈ പ്രവർത്തികൾക്കായി 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**13. പരിശോധനാ വിഭാഗത്തിന്റെ ശാക്തീകരണം**

**(വിഹിതം : 30.00 ലക്ഷം രൂപ)**

സർക്കാരിന്റെ വിവിധ നയങ്ങളെയും, പരിപാടികളെയും സംബന്ധിച്ചും, കൂടാതെ സർക്കാരുമായി ബന്ധപെട്ട മറ്റു സുപ്രധാന വിഷയങ്ങളിലും, പൊതുജനങ്ങളുടെ അഭിപ്രായം പരിശോധിക്കുക എന്നതാണ് പരിശോധന വിഭാഗത്തിന്റെ ഉത്തരവാദിത്വം. അച്ചടി, ഇലക്ട്രോണിക്, സോഷ്യൽ മീഡിയ എന്നിവയാണ് പരിശോധനയ്ക്ക് വിധേയമാക്കുന്നത്. ഫലപ്രദമായ പ്രതികരണങ്ങൾ ലഭിക്കുന്നതിനും, അച്ചടി, ഇലക്ട്രോണിക്, ഓൺലൈൻ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയുടെ മേൽനോട്ടത്തിനും, പരിശോധനാ വിഭാഗം ശാക്തീകരിക്കേണ്ടത് അനിവാര്യമാണ്. ഇതിന്റെ ഭാഗമായി അച്ചടി, ഇലക്ട്രോണിക്, സോഷ്യൽ മാധ്യമങ്ങളുടെ സൂക്ഷ്മപരിശോധന, പത്രങ്ങളുടെ ഡിജിറ്റൈസേഷൻ, പത്ര കട്ടിംഗ് മാനേജ്മെന്റ് സിസ്റ്റം, ക്ലൗഡ് സ്റ്റോറേജിൽ സ്പേസ് ഹയർ ചെയ്യുക, പിആർഡി ഫീഡ് മൊബൈൽ ആപ്ലിക്കേഷന്റെ പരിപാലനം, ന്യൂസ് പേപ്പറുകളുടെ ഇ-പതിപ്പുകളുടെ വരിസംഖ്യ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 2025-26-ൽ 30.00 ലക്ഷം രൂപ

വകയിരുത്തിയിരിക്കുന്നു.

**14. പ്രത്യേക പൊതുജന പ്രചാരണ പരിപാടികൾ**

**(വിഹിതം : 460.00 ലക്ഷം രൂപ)**

സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പരിപാടികൾ, സംരംഭങ്ങൾ, പ്രത്യേക ക്യാമ്പയിനുകൾ, സർക്കാരിന്റെ വാർഷിക പരിപാടികൾ എന്നിവയുടെ പ്രചാരണത്തിനായി, വിവിധ വകുപ്പുകൾ, കേന്ദ്ര സർക്കാർ വകുപ്പുകൾ, സർക്കാർ സംഘടനകൾ, എൻ.ജി.ഒ-കൾ എന്നിവരുടെ സഹായത്തോടെ പ്രത്യേക പൊതുജന പ്രചാരണ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പരിപാടികളുടെ പ്രചാരണം, വിഖ്യാതമായ വ്യക്തികളുടെ സ്മരണ നിലനിർത്തുന്ന പരിപാടികൾ, പ്രത്യേക സംഭവങ്ങൾ, ബോധവൽക്കരണ ക്യാമ്പയിൻ, സർക്കാരിന്റെ സംരംഭങ്ങളെയും, നയങ്ങളെയും ആസ്പദമാക്കിയുള്ള പ്രത്യേക പിആർ ക്യാമ്പയിൻ, വാർഷിക പരിപാടികൾ, പരിസ്ഥിതി, വിദ്യാഭ്യാസം, സംസ്കാരം എന്നിവയെ അടിസ്ഥാനമാക്കിയുള്ള ജില്ലാതല ക്യാമ്പയിനുകൾ, എന്നിവയും ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഡിസൈൻ ചാർജ്ജുകൾ, അടിസ്ഥാനസൗകര്യങ്ങൾ, സാംസ്കാരിക പരിപാടികൾ, മറ്റ് ചാർജ്ജുകൾ എന്നിവയും ഉൾക്കൊള്ളുന്നു. ഇതിനായി, 2025-26-ൽ 460.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**15. സംയോജിത വികസന വാർത്താ പ്രചരണി**

**(വിഹിതം : 230.00 ലക്ഷം രൂപ)**

ഈ സ്കീമിന് കീഴിലുള്ള പബ്ലിക് റിലേഷൻസ് ഇൻഫർമേഷൻ സർവ്വീസ് മാനേജ്മെന്റ് (പ്രിസം) ഗവൺമെന്റിന്റെ വിവരങ്ങൾ താഴെ തട്ടിൽ പ്രചരിപ്പിക്കാനും റിപ്പോർട്ട് ചെയ്യാനും ലക്ഷ്യമിടുന്നു. സംസ്ഥാന - പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളെയും ക്ഷേമ പദ്ധതികളെയുംക്കുറിച്ചുള്ള വാർത്തകൾ എല്ലാ ജില്ലകളിലെയും മാധ്യമങ്ങളിലേയ്ക്കും പൊതുജനങ്ങളിലേയ്ക്കും എത്തിക്കുന്നു. പ്രോജക്ട് തുടരുന്നതിനും, പരിശീലനം ഹ്യൂമൻ റിസോഴ്സിന്റെ ഔട്ട് സോഴ്സിംഗ് (ഇൻഫർമേഷൻ അസിസ്റ്റന്റുമാർ, കണ്ടന്റ് എഡിറ്റർമാർ, സബ് എഡിറ്റർമാർ, ഓഫീസ് അസിസ്റ്റന്റ്) ഫീൽഡ് പബ്ലിസിറ്റി പ്രവർത്തനങ്ങൾ പ്രൊജക്റ്റ് മാനേജ്മെന്റ് ചെലവുകൾ എന്നിവയാണ് വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ. വിവര സമാഹരണത്തിനും വിവര ശേഖരണത്തിനും നിർമ്മിതബുദ്ധി പോലുള്ള ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം, സോഷ്യൽ മീഡിയയ്ക്ക് വേണ്ടിയുള്ള ക്രിയേറ്റീവുകളുടെ നിർമ്മാണം തുടങ്ങിയവയും പദ്ധതിയുടെ ഭാഗമാണ്.

പദ്ധതിയുടെ നടത്തിപ്പിനായി 2025-26-ൽ 230.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**16. ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ ആധുനികവൽകരണവും മീഡിയാ സെന്ററും**

**(വിഹിതം : 80.00 ലക്ഷം രൂപ)**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 14 ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ, ന്യൂഡൽഹിയിലെ കേരള ഹൗസിലെ ഇൻഫർമേഷൻ ഓഫീസ്, ആറ് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ എന്നിവയാണ് ഫീൽഡ് തലത്തിലുള്ളത്. സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബിന്റെ നിർമ്മാണവും, പരിപാലനവും, ജില്ലാ ഓഫീസുകളുടെയും, റീജിയണൽ ഓഫീസുകളുടെയും, ന്യൂഡൽഹിയിലെ ഇൻഫർമേഷൻ ഓഫീസിന്റെയും നവീകരണ പ്രവർത്തികൾ, മീഡിയ സെന്റർ സ്ഥാപിക്കുക, ഒരു മീഡിയ വാർ റൂം സ്ഥാപിക്കുക ഐപിആർഡി പ്രവർത്തനങ്ങളുടെ ബ്രാൻഡിങ് തുടങ്ങിയ പ്രവർത്തികളാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഇതിനായി 2025-26-ൽ 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**17. വിവര വിദ്യാഭ്യാസ വിനിമയ (ഐ.ഇ.സി) വിഭാഗം**

**(വിഹിതം : 18.00 ലക്ഷം രൂപ)**

സർക്കാർ സ്ഥാപനങ്ങളിലെ വിവിധ പദ്ധതികളെക്കുറിച്ചും, പരിപാടികളെക്കുറിച്ചും വിവരങ്ങൾ നൽകുന്നതിനും, അവബോധം സൃഷ്ടിക്കുന്നതിനും ഒരു ഐ.ഇ.സി യൂണിറ്റ് സ്ഥാപിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പരിസ്ഥിതി സുസ്ഥിര വികസനത്തെക്കുറിച്ചുള്ള ഐ.ഇ.സി പ്രവർത്തനങ്ങൾ, വിദഗ്ധരുടെ സേവനവും മറ്റു മാനവ വിഭവശേഷിയും പുറം കരാർ വഴി കണ്ടെത്തുക, കാര്യശേഷി വർധിപ്പിക്കുന്ന പരിപാടികൾ, മറ്റു ഓഫീസ് ചെലവുകൾ, ക്ഷേമ വികസന പദ്ധതികളുമായി ബന്ധപ്പെട്ട മൾട്ടിമീഡിയ ഉള്ളടക്കത്തിന്റെ നിർമ്മാണവും, അതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26-ൽ 18.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 18. ഐ.റ്റി സേവനങ്ങൾ

**(വിഹിതം : 30.00 ലക്ഷം രൂപ)**

വകുപ്പിന്റെ ആസ്ഥാന ഓഫീസിലെ വിവിധ വിഭാഗങ്ങളിലേയ്ക്കും, ജില്ലാ ഓഫീസുകൾ, റീജിയണൽ ഓഫീസുകൾ, ന്യൂഡൽഹി ഓഫീസ് എന്നിവടങ്ങളിലെയും ഐടി സേവന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ മുതലായവ വാങ്ങുന്നതിനും, മൾട്ടിമീഡിയ വിവര പ്രചരണ പിന്തുണ, വൈഫൈ ഇന്റർനെറ്റ് കണക്ഷനുകൾ എന്നിവയും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ബ്രോഡ്ബാൻഡ് ഡേറ്റാ കണക്ടിവിറ്റി, വാർഷിക പരിപാലനം, സെർവർ ഹയറിങ്, മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കൽ, എന്നിവയും പദ്ധതിയിലുൾപ്പെടുന്നു. ഇതിനായി 2025-26-ൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 19. പുറമേയുള്ള പ്രചാരണ ക്യാമ്പയിനുകൾ

**(വിഹിതം : 400.00 ലക്ഷം രൂപ)**

ബിൽബോർഡുകൾ, ഹോർഡിംഗുകൾ, പൊതുഗതാഗത വാഹനങ്ങൾ, വീഡിയോ മതിലുകൾ (മാളുകളിലും പൊതുസ്ഥലങ്ങളിലും ഉൾപ്പെടെ), മൊബൈൽ എക്സിബിഷൻ യൂണിറ്റുകൾ, എക്സിബിഷൻ വാഹനങ്ങൾ വാടകയ്ക്കെടുക്കൽ എന്നിവയിലൂടെയുള്ള കാമ്പെയ്‌നുകൾ ഔട്ട്ഡോർ പബ്ലിസിറ്റി പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളുന്നു. ഡിപ്പാർട്ട്മെന്റിന്റെ നിലവിലുള്ള വീഡിയോ വാൾ ശൃംഖല, സ്വന്തമായുള്ളതും വാടകയ്ക്ക് എടുത്തതുമായ ഹോർഡിംഗുകൾ എന്നിവയുടെ പരിപാലനം, ഇലക്ട്രോണിക്/ഡിജിറ്റൽ ഡിസ്പ്ലേകൾ (സ്റ്റാറ്റിക്, മൊബൈൽ), കിയോസ്ക്കുകൾ, ടെലിവിഷൻ സ്ക്രീനുകൾ, അനൗൺസ്മെന്റ് സംവിധാനങ്ങൾ (വിമാനത്താവളം, കെഎസ്ആർടിസി, റെയിൽവേ, മെട്രോ റെയിൽ മുതലായവ) എന്നിവയിലുള്ള പൊതുഗതാഗതത്തിൽ പരസ്യം ചെയ്യലും, ഡിജിറ്റൽ ഡിസ്പ്ലേ വാഹനങ്ങൾ വാടകയ്ക്കെടുക്കൽ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. പൊതുഗതാഗത ബ്രാൻഡിംഗ്, പരസ്യ ലോഡിംഗ് ചാർജ്ജുകൾ, ഇൻഷ്വറൻസ് ചാർജ്ജുകൾ, വീഡിയോ വാളുകൾക്കുള്ള എഎംസി, ഡിജിറ്റൽ പോസ്റ്ററുകൾ വാങ്ങൽ, ആധുനിക/ഫ്യൂച്ചറിസ്റ്റിക് പബ്ലിസിറ്റി പ്ലാറ്റ്ഫോമുകൾ ഉപയോഗപ്പെടുത്തൽ, ഡി.ഐ.ഒ കളും ആർ.ഡി.ഡി. കളും മുഖേന ജില്ലാതല ഔട്ട്ഡോർ പബ്ലിസിറ്റി ക്യാമ്പയിനുകൾ സംഘടിപ്പിക്കുക എന്നിവയും പദ്ധതിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

ഇതിനായി 2025-26-ൽ 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 20. പ്രൊഫഷണൽ പബ്ലിക് റിലേഷൻസിൽ പരിശീലനം/ശേഷി വർദ്ധിപ്പിക്കൽ

**(വിഹിതം: 50.00 ലക്ഷം രൂപ)**

നൂതന ട്രന്റുകളുടെ മൂല്യം നിലനിർത്തുന്നതിനും വിവര വിവേചന മേഖലകൾ വികസിപ്പിക്കുന്നതിനും വകുപ്പിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കുമുള്ള പരിശീലനം, ശില്പശാലകൾ, സെമിനാറുകൾ എന്നിവ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു.

മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 9.10 തൊഴിലും തൊഴിലാളി ക്ഷേമവും

തൊഴിലും തൊഴിലാളി ക്ഷേമവും സംരക്ഷിക്കുക എന്നത് കേരളത്തിന്റെ പരമ പ്രധാനമായ കർത്തവ്യമാണ്. സംസ്ഥാന തൊഴിൽ വകുപ്പ് പല തരത്തിലുള്ള തൊഴിൽ നിയമത്തിലൂടെയും, വ്യാവസായികതർക്ക പരിഹാരത്തിലൂടെയും, ക്ഷേമ പ്രവർത്തനങ്ങളിലൂടെയും ഇവ ഉറപ്പ വരുത്തുന്നുണ്ട്. തൊഴിലും തൊഴിലാളി ക്ഷേമ മേഖലയുടെ കീഴിൽ വരുന്ന പ്രധാന വകുപ്പുകൾ/സ്ഥാപനങ്ങൾ, ലേബർ കമ്മീഷണറേറ്റ്, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം), ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, പ്രവാസി-മലയാളി കാര്യ വകുപ്പ്, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് വകുപ്പ് എന്നിവയാണ്.

2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ 51444.00 ലക്ഷം രൂപ തൊഴിലും, തൊഴിലാളി ക്ഷേമവും വിഭാഗത്തിന് വകയിരുത്തിയിട്ടുണ്ട്. പദ്ധതി വിഹിതം വകുപ്പുകൾ തിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ലേബർ കമ്മീഷണറേറ്റ് | 12430.00 |
| 2 | ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് | 10980.00 |
| 3 | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) | 3253.00 |
| 4 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് | 500.00 |
| 5 | ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് | 500.00 |
| 6 | നോർക്ക വകുപ്പ് | 15081.00 |
| 7 | ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് | 8700.00 |
| | **ആകെ** | **51444.00** |

**ലേബർ കമ്മീഷണറേറ്റ്**

തൊഴിൽ മേഖലയിൽ സമാധാനപരമായ അന്തരീക്ഷം നിലനിർത്തുക, മാന്യമായ തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുക, തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പ വരുത്തുക, തൊഴിലാളികളും തൊഴിലുടമകളും തമ്മിൽ സഹകരണവും ആരോഗ്യപരവുമായ ബന്ധം നിലനിർത്തുക തുടങ്ങിയവയാണ് വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങൾ. കൂടാതെ വകുപ്പ് സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ തൊഴിൽ നിയമങ്ങൾ ചിട്ടയായി നടപ്പിലാക്കുകയും മെച്ചപ്പെട്ട നയ-പരിപാടികളിലൂടെ തൊഴിലാളികളുടെ സാമൂഹിക സുരക്ഷ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

**1. എസ്റ്റേറ്റ് തൊഴിലാളികളുടെ ആശ്വാസനിധി**

**(വിഹിതം: 110.00 ലക്ഷം രൂപ)**

തോട്ടം തൊഴിലാളികളുടെ ദുരിതാശ്വാസ നിധി എന്ന പദ്ധതി തൊഴിൽ വകുപ്പ് മുഖേന 2007-08- മുതൽ നടപ്പിലാക്കി വരുന്നു. അപകടത്തിൽ മരണപ്പെടുന്ന എസ്റ്റേറ്റ് തൊഴിലാളികളുടെ നിയമാനുസൃത അനന്തരാവകാശിക്ക് ഒറ്റത്തവണ സാമ്പത്തിക സഹായമായി 100000/- രൂപ നൽകുന്നതിനുള്ള പദ്ധതിയാണിത്. 2025-26 ബജറ്റിൽ 110.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**2. അതിഥി തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം പ്രദാനം ചെയ്യൽ (അപ്നാഘർ)**

**(വിഹിതം: 400.00 ലക്ഷം രൂപ)**

ഇതര സംസ്ഥാനങ്ങളിൽ നിന്നും തൊഴിലന്വേഷിച്ച് കേരളത്തിലേയ്ക്ക് എത്തുന്ന അതിഥി തൊഴിലാളികളിൽ ഭൂരിപക്ഷം പേർക്കും അവരുടെ കരാറുകാരനോ തൊഴിൽദാതാവോ യാതൊരുവിധ താമസസൗകര്യവും ഒരുക്കി നൽകാറില്ല. വൃത്തിഹീനമായ ലയങ്ങളിലോ ഷെഡ്ഡുകളിലോ അധിവസിക്കാൻ നിർബന്ധിതരാകുന്ന ഈ തൊഴിലാളികൾ പകർച്ചവ്യാധികൾ, മറ്റു സാമൂഹ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് വിധേയരാകുന്നു. ഈ പ്രശ്നങ്ങൾ മറികടക്കാൻ ലേബർ വകുപ്പ് അതിഥി തൊഴിലാളികൾക്ക് ഹോസ്റ്റലുകളായി ശുചിത്വമുള്ള വാടക താമസസൗകര്യം ഒരുക്കുന്നു. അതിഥി

തൊഴിലാളികൾക്കായുള്ള അപ്നാ ഘർ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത് പങ്കിട്ട് ഉപയോഗിക്കാവുന്ന മുറികൾ, ഒന്നിലധികം അടുക്കളകൾ, മെസ് ഏരിയകൾ, കുളിമുറികൾ, ടോയ്‌ലറ്റുകൾ, മലിനജല ശുദ്ധീകരണ പ്ലാന്റ്, മഴവെള്ള സംഭരണി, ഡീസൽ ജനറേറ്റർ ബാക്കപ്പ്, സിസിടിവി സംവിധാനങ്ങൾ, അഗ്നിശമന സംവിധാനം, പാർക്കിംഗ് സൗകര്യങ്ങൾ, വിനോദം തുടങ്ങിയ സൗകര്യങ്ങളോടെയാണ്. ഈ പദ്ധതിയുടെ തുടർച്ചക്കായി 2025-26 ബജറ്റിൽ 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 3. തോട്ടം തൊഴിലാളികൾക്കായി മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കലും, നിർദ്ധനരായ അസംഘടിത നഗര തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതിയും (ഭവനം & ജനനി)

**(വിഹിതം: 75.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ പ്രമുഖ തൊഴിൽ മേഖലകളിലൊന്നാണ് തോട്ടങ്ങൾ. തൊഴിൽ സാഹചര്യങ്ങൾ, വേതന വ്യവസ്ഥ, നഗര സൗകര്യങ്ങളുടെ അഭാവം, മേഖലയിലെ മോശം അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരിഗണിച്ച് തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് പാർപ്പിട സൗകര്യം ഒരുക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി 400-500 സ്ക്വയർ ഫീറ്റ് യൂണിറ്റിൽ 2 കിടപ്പ് മുറികളും, ഹാളും അടുക്കളയും ഉള്ള G+2 നിലകളോട് കൂടിയ കെട്ടിടങ്ങളാണ് ഭവനം ഫൗണ്ടേഷൻ വിഭാവനം ചെയ്യുന്നത്. കമ്മ്യൂണിറ്റി ഹാൾ, പ്രൈമറി ഹെൽത്ത് സെന്റർ, ക്രഷ് യൂണിറ്റ്, വിനോദത്തിനും വ്യായാമത്തിനുമുള്ള ഇടങ്ങൾ തുടങ്ങിയ സുസ്ഥിര കമ്മ്യൂണിറ്റി ലിവിംഗ് സ്പേസുകളും പദ്ധതിയിൽ ഉൾപ്പെടുന്നു. 2025-26 ബജറ്റിൽ 75.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.
ഇതിൽ 50.00 ലക്ഷം രൂപ തോട്ടം തൊഴിലാളികളുടെ താമസ സൗകര്യങ്ങൾക്കും 25.00 ലക്ഷം രൂപ നഗര മേഖലയിലെ അസംഘടിത മേഖലയിൽപ്പെട്ട തൊഴിലാളികൾക്കുമായി മാറ്റി വച്ചിട്ടുണ്ട്.

### 4. ആധുനികവത്ക്കരണവും ഇ-പേയ്മെന്റ് സംവിധാനവും

**(വിഹിതം: 100.00ലക്ഷം രൂപ)**

ഈ സ്കീമിന് കീഴിൽ, തൊഴിൽ വകുപ്പിന്റെ നവീകരണം, ഇ-പെയ്മെന്റ് എന്നീ രണ്ട് ഘടകങ്ങൾ നടപ്പിലാക്കാൻ ഫണ്ട് നീക്കിവച്ചിരിക്കുന്നു.

1. തൊഴിൽ വകുപ്പിന്റെ നവീകരണം

മേൽപ്പറഞ്ഞ പദ്ധതിയുടെ ഘടകങ്ങൾ ഇവയാണ്: ഇ-ഗവേണൻസ്/ഇ-ഓഫീസ് വിപുലീകരണം, തൊഴിൽ വകുപ്പുകളുടെ സുഗമമായ പ്രവർത്തനത്തിനായി ലാപ്ടോപ്പുകൾ, പ്രിന്റർ, ഫോട്ടോകോപ്പിയർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങൽ, ഇലക്ട്രോണിക് ഉപകരണങ്ങൾ, കമ്പ്യൂട്ടർ/ലാപ്ടോപ്പ് എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണി കരാറും ഇതിൽ ഉൾപ്പെടുന്നു. തൊഴിൽ ഭവൻ കെട്ടിടത്തിന്റെ നവീകരണം, ലിഫ്റ്റിന്റെ അറ്റകുറ്റപ്പണികളും, എഎംസിയും, വീഡിയോ കോൺഫറൻസ് റൂം സ്ഥാപിക്കൽ, പുസ്തകങ്ങളും ആനുകാലികങ്ങളും വാങ്ങൽ, സിയുജി സിം കാർഡും അതിന്റെ ചാർജുകളും, ജില്ലാ ലേബർ ഓഫീസുകൾ, റീജണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ ഓഫീസ്, ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസുകൾ എന്നിവയുടെ നവീകരണം,

2. ഇ-പേയ്മെന്റ് ഓഫ് വേജസ്

മെയിന്റനൻസ്, സപ്പോർട്ട്, ഫ്യൂച്ചർ ആഡ് ഓൺ, സെർവർ അഡ്മിനിസ്ട്രേഷൻ, ഡാറ്റാ ബേസ് അഡ്മിനിസ്ട്രേഷൻ, WPS സോഫ്റ്റ്‌വെയർ (ഡാറ്റാബേസ് മാനേജ്മെന്റിനുള്ള സാങ്കേതിക പിന്തുണ), LCAS മൂന്നാം ഘട്ട വികസനം-മൊബൈൽ ആപ്പ് അടിസ്ഥാനമാക്കിയുള്ള ഇൻസ്പെക്ഷൻ മൊഡ്യൂൾ, അതിഥി മൊബൈൽ ആപ്ലിക്കേഷൻ തൊഴിൽ സേവ ആപ്ലിക്കേഷൻ എന്നിവ പദ്ധതിയിൽ ഉൾപ്പെടുന്നു.

2025-26 ൽ 100.00 ലക്ഷം രൂപ ആധുനികവത്ക്കരണവും ഇ-പേയ്മെന്റ് സംവിധാനവും മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തിയിരിക്കുന്നു.

### 5. അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി

**(വിഹിതം: 175.00 ലക്ഷം രൂപ)**

കേരള ആർട്ടിസൻസ് ക്ഷേമനിധി സ്കീം 2011, കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി സ്കീം 2011, കേരള പാചക തൊഴിലാളി ക്ഷേമനിധി സ്കീം 2011, കേരള ബാർബർ ആന്റ് ബ്യൂട്ടീഷൻ തൊഴിലാളി നിധി സ്കീം 2004, കേരള അലക്ക് തൊഴിലാളി ക്ഷേമ നിധി സ്കീം, കേരള ക്ഷേത്ര തൊഴിലാളി ക്ഷേമനിധി സ്കീം 2011 എന്നിവ ഏകോപിപ്പിച്ച് 2015-ലാണ് കേരള അസംഘടിത സാമൂഹ്യ സുരക്ഷാ പദ്ധതി നിലവിൽ വന്നത്. ഏകദേശം 5 ലക്ഷം തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ തൊഴിലാളി ക്ഷേമ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ചികിത്സാ ആനുകൂല്യം, പ്രസവാനുകൂല്യം, വികലാംഗ പെൻഷൻ, വിരമിക്കൽ ആനുകൂല്യം, വിവാഹ സഹായം, ശവസംസ്കാര

ആനുകൂല്യം, ജോലി സംബന്ധമായി മരണാനന്തര ധന സഹായം, മറ്റ് ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 2025-26 ബജറ്റിൽ 175.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സ്വതന്ത്ര ഓൺലൈൻ ജോലി ചെയ്യുന്നവരും, ഓൺ കാൾ തൊഴിലാളികളും, താൽക്കാലിക ജോലിക്കാരുമാണ് ഗിഗ് (Gig) തൊഴിലാളികൾ. ഗിഗ് തൊഴിലാളികളുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് വേണ്ടി ആകെ വിഹിതത്തിൽ നിന്നും 25.00 ലക്ഷം രൂപ 2025-26 വർഷത്തെ ബജറ്റിൽ നീക്കി വെച്ചിരിക്കുന്നു.

**6. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണം**

**(വിഹിതം: 800.00 ലക്ഷം രൂപ)**

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി താഴെപ്പറയുന്ന മൂന്ന് വ്യത്യസ്ത കർമ്മ പദ്ധതികൾ ഏകോപിപ്പിച്ച് 'അസംഘടിത മേഖല തൊഴിലാളി സംരക്ഷണം' എന്ന ഒറ്റ സ്കീമാക്കിയിരിക്കുന്നു. 2025-26 വർഷ ബജറ്റിൽ 800.00 ലക്ഷം രൂപ പദ്ധതിയുടെ താഴെ പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്.

**(എ) അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി**

2007-08 വർഷത്തിൽ നിലവിൽ വരുകയും തൊഴിൽ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ പദ്ധതിയിലൂടെ ഏതെങ്കിലും തരത്തിലുള്ള ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ, ദിവസ വേതന തൊഴിലാളികളുടെ നിർവചനത്തിൽ വരുന്നവരുമായ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽ പരിക്ക് പറ്റിയാൽ 2000 രൂപ ഒറ്റ തവണ ധനസഹായം നൽകുന്നു. ഈ പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(ബി) അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി**

മരംകയറ്റ തൊഴിലാളി ക്ഷേമസ്കീം വഴി ആനുകൂല്യങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ പെൻഷൻ നൽകുന്ന കേരള മരംകയറ്റ തൊഴിലാളി പെൻഷൻ പദ്ധതി 1-1-2012-ലാണ് നിലവിൽ വന്നത്. ഈ പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(സി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവ ആനുകൂല്യങ്ങൾ**

വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് നൽകിവരുന്ന പ്രസവാനുകൂല്യ സഹായനിധി ഒരു ഏകീകൃത സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിനും, അർഹമായ മിനിമം വേതനം ലഭിക്കുന്നതിനുമായി 2011-12 വർഷത്തിലാണ് ഗവൺമെന്റ് പ്രസവാനുകൂല്യ പദ്ധതി നടപ്പിലാക്കിയത്. ക്ഷേമനിധി ബോർഡുകളിൽ നിന്ന് പ്രസവാനുകൂല്യമായി വിതരണം ചെയ്യുന്ന തുക ബോർഡുകളുടെ അപേക്ഷ പ്രകാരം ഗവൺമെന്റ് തിരിച്ചു നൽകി വരുന്നു. 2025-26 ബജറ്റിൽ 400.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തുന്നു.

ഈ 3 പദ്ധതികൾക്കുമായി 2025-26 വർഷ ബജറ്റിൽ 800.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**7. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള ധനസഹായം**

**(വിഹിതം: 10000.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യബന്ധനവും സംസ്കരണവും, കയർ, കരകൗശല നിർമ്മാണം തുടങ്ങിയ പരമ്പരാഗത മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് 1250/- രൂപ സാമ്പത്തിക സഹായം നൽകുന്നതിനാണ് പദ്ധതി അവതരിപ്പിച്ചത്. കയർ, ഫിഷറീസ്, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്, കൈത്തറി തുണിത്തരങ്ങൾ, വിവിധ ക്ഷേമനിധി ബോർഡുകൾ തുടങ്ങിയ വകുപ്പുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പരമ്പരാഗത മേഖലയിൽ തൊഴിൽ ചെയ്യുന്നവരിൽ 75 ശതമാനത്തോളം സ്ത്രീകളാണ്. 10000.00 ലക്ഷം രൂപ മേൽപറഞ്ഞ പ്രവർത്തനങ്ങൾക്കുവേണ്ടിയും, പദ്ധതിയുടെ വിലയിരുത്തലിന് വേണ്ടിയും 2025-26 വർഷ ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**8. ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ബോധവത്ക്കരണ പരിപാടികൾ**

**(വിഹിതം: 25.00 ലക്ഷം രൂപ)**

അതിഥി തൊഴിലാളികൾക്കായി സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതിഥി തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ഇത്. മെഡിക്കൽ ക്യാമ്പുകൾ,

കോൺടാക്റ്റ് ക്ലാസുകൾ, ആരോഗ്യ അവബോധം, തൊഴിൽ അവകാശങ്ങൾ എന്നിവയെക്കുറിച്ചുള്ള പരസ്യങ്ങൾ, അവരുടെ ഉന്നമനത്തിനും മെച്ചപ്പെട്ട ആരോഗ്യസ്ഥിതി പ്രദാനം ചെയ്യുന്നതിനുമായി, ആരോഗ്യം, എൽ.എസ്.ജി.ഡി തുടങ്ങിയ മറ്റ് വകുപ്പുകളുടെ സഹായത്തോടെ ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ പദ്ധതിക്കായി 2025-26 സാമ്പത്തിക വർഷത്തിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**9. തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വകുപ്പിന്റെ ഗുണഭോക്താക്കൾക്ക് വിവരങ്ങൾ, ധാരണകൾ, അറിവ് പ്രദാനം ചെയ്യൽ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ തൊഴിലാളികളുടെ ക്ഷേമവും നിക്ഷേപ സൗഹൃദവും യോജിച്ച വ്യാവസായിക ബന്ധ അന്തരീക്ഷം നിലനിർത്താനും ലക്ഷ്യമിടുന്നു. അതനുസരിച്ച്, തൊഴിൽ വകുപ്പ് നൽകുന്ന വിവിധ സേവനങ്ങൾ ഈ പദ്ധതിയിലൂടെ പൊതുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കേണ്ടതുണ്ട് അത് പോലെ തന്നെ, തൊഴിൽ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പരാതികൾക്ക് കോൾ സെന്റർ മുഖേനയുള്ള പൊതുവായ പരിഹാരത്തിന് പുറമെ ഫലപ്രദമായ പരസ്യം നൽകേണ്ടതുമുണ്ട്.

അതിനാൽ, സിനിമാ തിയേറ്ററുകൾ വഴി സ്പോട്ട് പരസ്യ പ്രദർശനം, ഡോക്യുമെന്ററികളുടെ നിർമ്മാണം, സെമിനാറുകൾ, എഫ്എം വഴിയുള്ള ഓഡിയോ പരസ്യങ്ങൾ, റെയിൽവേ സ്റ്റേഷനുകളിലും ബസ് ടെർമിനലുകളിലും വീഡിയോ പരസ്യങ്ങൾ, ലൈബ്രറി നവീകരണം, വാർഷിക നേട്ടം രേഖപ്പെടുത്തിയ പുസ്തകങ്ങൾ തയ്യാറാക്കലും അച്ചടിയും, കൈ പുസ്തകങ്ങൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിച്ച് തൊഴിൽ വകുപ്പ് ഒരു പ്രചാരണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി 2025-26 ൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

**10. മൂന്നാറിലെ ലേബർ കോംപ്ലക്സ് നിർമ്മാണം**

**(വിഹിതം: 60.00 ലക്ഷം രൂപ)**

ആയിരക്കണക്കിന് തൊഴിലാളികൾ അധിവസിക്കുന്ന തോട്ടം മേഖലയാണ് കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി). നിലവിൽ ഡെപ്യൂട്ടി ലേബർ ഓഫീസ്, പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസ് എന്നിവ റ്റാറ്റാ ലിമിറ്റഡ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ മാസ വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. തൊഴിൽ നൈപുണ്യ വകുപ്പിന്റെ കൈവശം ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്.പി. വില്ലേജിൽ ഭൂമി ഉണ്ട്. തോട്ടം തൊഴിലാളികളുടെ ക്ഷേമവും പരാതി പരിഹാരവും കണക്കിലെടുത്ത് ഒരു ലേബർ ഓഫീസ് കോംപ്ലക്സ് മൂന്നാറിൽ സ്ഥാപിക്കുന്നത് അഭിലഷണീയമാണ്. സോളാർ എനർജി ഉൾപ്പെടെയുള്ള ഗ്രീൻ ഡിസൈൻ കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. മൂന്നാറിലെ ലേബർ ഓഫീസ് കോംപ്ലക്സ് നിർമ്മാണം 2025-26 ൽ പൂർത്തിയാകും. ഈ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 60.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**11. അതിഥി തൊഴിലാളികൾക്കായുള്ള ആരോഗ്യ ഇൻഷൂറൻസ് (ആവാസ്)**

**(വിഹിതം: 125.00 ലക്ഷം രൂപ)**

അതിഥി തൊഴിലാളികൾക്കായി ഗവൺമെന്റ് ആരോഗ്യ-മരണ ഇൻഷൂറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഇൻഷ്വർ ചെയ്യപ്പെട്ട വ്യക്തിക്ക് 25000/- രൂപയുടെ ആരോഗ്യ ഇൻഷൂറൻസ് പരിരക്ഷയും, 2.00 ലക്ഷം രൂപ വരെയുള്ള അപകട മരണ ഇൻഷൂറൻസിനും അവകാശമുണ്ടായിരിക്കും. കുടിയേറ്റ തൊഴിലാളികൾക്ക് ഐഡി കാർഡ് നൽകാനും അത് വഴി കൃത്യമായ വിവര ശേഖരണത്തിനും സർക്കാരിന് ഇത് സഹായകരമാകുന്നു.

ഈ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് 2025-26 ബജറ്റിൽ 125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**12. ഒ.ഡി.ഇ.പി.സി (ODEPC) ശക്തിപ്പെടുത്തൽ**

**(വിഹിതം: 300.00 ലക്ഷം രൂപ)**

കേരളത്തിലും പുറത്തുമുള്ള ആളുകൾക്ക് വിദേശ രാജ്യങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായതാണ് ODEPC. ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ഒ.ഡി.ഇ.പി.സി) ലിമിറ്റഡ്, കേരളത്തിനകത്തും പുറത്തുമുള്ള തൊഴിലന്വേഷകർക്ക് വിദേശ രാജ്യങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ, റിക്രൂട്ട്മെന്റിന് പുറമെ, യാത്രകൾ, ടൂറുകൾ, വിദേശത്ത് പരിശീലനം, പഠനം എന്നിവക്ക്

വേണ്ട സൗകര്യങ്ങളും ഒ.ഡി.ഇ.പി.സി ചെയ്ത് കൊടുക്കുന്നു.

ഈ പ്രോഗ്രാമുകൾക്കുള്ള തുക താഴെ പറയുന്ന ഘടകങ്ങളിൽ നൽകിയിരിക്കുന്നു:

- മിഡിൽ ഈസ്റ്റിലെയും യൂറോപ്യൻ രാജ്യങ്ങളിലെയും വിദേശ തൊഴിലുടമകൾക്കിടയിൽ ODEPC യുടെ പ്രവർത്തനങ്ങളുടെ പരിചയപ്പെടുത്തൽ
- വിദേശ ജോലി ആഗ്രഹിക്കുന്നവർക്ക് നൈപുണ്യ വർദ്ധന പരിശീലനങ്ങളും ഭാഷാ പരിശീലനങ്ങളും നടത്തുക, പുതിയ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക, പരിശീലന കേന്ദ്രങ്ങളുടെ നവീകരണം
- ടൂർ ഡിവിഷന്റെ പ്രൊമോഷൻ പ്രവർത്തനങ്ങൾ
- എസ്‌സി/എസ്ടി വിഭാഗക്കാരുടെ 'ഉന്നതി' പ്രോജക്റ്റിന്റെ കോർഡിനേഷൻ
- വിദേശത്ത് പഠനവുമായി ബന്ധപ്പെട്ട എക്സ്പോകൾ
- സ്കിൽ ലാബുകൾ സ്ഥാപിക്കൽ

ഈ പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-26 വാർഷിക ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 13. കേരളത്തിലെ വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ് (ഗുണ നിലവാരം അനുസരിച്ച് തരം തിരിക്കുന്ന പദ്ധതി)

**(വിഹിതം: 40.00 ലക്ഷം രൂപ)**

1960-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ് മെന്റ് ആക്ടിന്റേയും 1948-ലെ ഫാക്ടറീസ് ആക്ടിന്റേയും കീഴിൽ വരുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങളെ തരം തിരിക്കുന്നതിനുള്ള ഒരു പുതിയ സംരംഭം തൊഴിൽ വകുപ്പ് ആരംഭിച്ചിരിക്കുന്നു. തൊഴിൽ നിയമങ്ങൾ, ക്ഷേമ പ്രവർത്തനങ്ങൾ, മിനിമം വേതനം, സ്ത്രീ സൗഹൃദ തൊഴിൽ അന്തരീക്ഷം, ശുചിത്വം, ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പ് വരുത്തൽ തുടങ്ങിയ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ വിലയിരുത്തുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആക്ടിലും സ്കീമിലും വ്യക്തമാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങൾ പരിശോധിച്ച് മാതൃകാ സ്ഥാപനങ്ങളായി പ്രഖ്യാപിക്കുകയാണ് ഈ സംവിധാനം ലക്ഷ്യമിടുന്നത്. ആശുപത്രികൾ, വസ്ത്രവ്യാപാര സ്ഥാപനങ്ങൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, നക്ഷത്ര ഹോട്ടലുകൾ, സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾ, സുരക്ഷാ സേവനങ്ങൾ, വിവര സാങ്കേതിക വിദ്യ, പണമിടപാട് സ്ഥാപനങ്ങൾ, ഫാക്ടറികൾ എന്നീ പ്രത്യേക മേഖലകളിലാണ് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചത്.

വിവിധ തൊഴിൽ മേഖലകളിലുള്ള ഏറ്റവും മികച്ച തൊഴിലാളികൾക്ക് അവരുടെ പ്രവർത്തന മികവിനുള്ള ഒരു അവാർഡ് (തൊഴിൽ ശ്രേഷ്ഠ അവാർഡ്) ഈ പദ്ധതി പ്രകാരം കൊടുക്കുന്നുണ്ട്. ഒരു പ്രത്യേക കാലയളവിലെ ജോലിയിലുള്ള തൊഴിലാളിയുടെ അർപ്പണബോധത്തിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാരുടെ ഗുണനിലവാരം വിലയിരുത്തുന്നത്.

ഈ പ്രവർത്തനങ്ങൾക്കായി 40.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു. മൊത്തം വിഹിതത്തിൽ നിന്നും 20.00 ലക്ഷം രൂപ തൊഴിൽ ശ്രേഷ്ഠ അവാർഡിന് മാത്രമായി നീക്കി വെച്ചിരിക്കുന്നു.

## 14. നഗര പ്രദേശങ്ങളിലുള്ള സ്ത്രീ തൊഴിലാളികൾക്ക് സ്റ്റുഡിയോ അപ്പാർട്ട്മെന്റ്

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഇൻഫർമേഷൻ ടെക്നോളജി, ഹോസ്പിറ്റാലിറ്റി, റീട്ടെയിൽ, ഹെൽത്ത് കെയർ, ബാങ്കിംഗ്, ടെക്സ്റ്റൈൽ, മറ്റ് നിർമ്മാണ വ്യവസായങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന അവിവാഹിതരും വിവാഹിതരുമായ സ്ത്രീ തൊഴിലാളികളുടെ വരവിന് കേരളം സാക്ഷ്യം വഹിക്കുന്നു. ബെഡ് സ്പേസ്, ലിവിംഗ് സ്പേസ്, കിച്ചൺ, ടോയ്‌ലറ്റ് കം ബാത്ത്റൂം, വാഷ്, ബാൽക്കണി എന്നിവ ഉൾപ്പെടുന്ന ഏകദേശം 272.04 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സിംഗിൾ അപ്പാർട്ട്മെന്റ് യൂണിറ്റ് നൽകുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കാൻ തൊഴിൽ വകുപ്പ് വിഭാവനം ചെയ്യുന്നു. ലിഫ്റ്റ്, എസ്ടിപി, ഇൻസിനറേറ്റർ, ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം, സിസിടിവി നിരീക്ഷണ സംവിധാനം തുടങ്ങിയ പൊതു സേവനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സംരംഭത്തിന്റെ പൂർത്തീകരണത്തിന് 50.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**15. മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് ട്രാൻസിറ്റ് സ്റ്റേ സൗകര്യം**

**(വിഹിതം: 20.00 ലക്ഷം രൂപ)**

ട്രാൻസിറ്റ് സ്റ്റേ ഫെസിലിറ്റി പ്രോജക്ട് ലക്ഷ്യമിടുന്നത് ടാക്സി/ക്യാബ്/ഓട്ടോ ഡ്രൈവർമാർക്ക് അവരുടെ ഡ്യൂട്ടിക്കിടയിൽ വിശ്രമിക്കുന്നതിന് കുറഞ്ഞ നിരക്കിൽ ഹ്രസ്വകാല താമസം നൽകാനാണ്, ഇതിൽ പൊതു ബയോ ടോയ്‌ലറ്റുകൾ, ഡൈനിംഗ് സൗകര്യങ്ങളോടു കൂടിയ, പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടിയുള്ള ഡോർമിറ്ററി മോഡൽ ബെഡ് സ്പേസുകളായിരിക്കും ഉള്ളത്. കഫറ്റീരിയ, ലോക്കർ സൗകര്യങ്ങളുള്ള ക്ലോക്ക് റൂം തുടങ്ങിയവയും ഉണ്ടായിരിക്കും. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**16. അസംഘടിത മേഖലയിലെ ജീവനക്കാർക്കുള്ള വ്യക്തിഗത അപകട മരണ അഷ്വറൻസ് പദ്ധതി**

**(വിഹിതം: 30.00 ലക്ഷം രൂപ)**

അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർ അപകട ഇൻഷ്വറൻസ് പദ്ധതികളിൽ ഉൾപ്പെടുന്നില്ല. ജോലിക്കിടയിൽ ദൗർഭാഗ്യകരമായ മരണത്തിൽ ഈ തൊഴിലാളികളുടെ കുടുംബങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലാകുന്നു.

വേജ് പ്രൊട്ടക്ഷൻ സിസ്റ്റത്തിൽ (ഡബ്ല്യുപിഎസ്) രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങൾ നിർഭാഗ്യവശാൽ ജോലിക്കിടയിൽ മരണപ്പെട്ടാൽ അവരുടെ നിയമപരമായ അവകാശികളാണ് നിർദിഷ്ട പദ്ധതിയുടെ ഗുണഭോക്താക്കൾ. അവർക്ക് 5.00 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് ലഭിക്കുന്നു. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 30.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**17. കർമ്മചാരി പദ്ധതി**

**(വിഹിതം: 20.00 ലക്ഷം രൂപ)**

പഠിക്കുന്ന സമയത്ത് തന്നെ അനുയോജ്യമായ ഒരു പാർട്ട് ടൈം ജോലി കണ്ടെത്തുന്നതിനും (വർഷത്തിൽ 50 മണിക്കൂർ - 2 മണിക്കൂർ/25 ശനിയാഴ്ചകൾ) അവരുടെ വിദ്യാഭ്യാസ ചെലവുകൾ നിറവേറ്റുന്നതിനും തൊഴിലവസരം ഉറപ്പുനൽകുന്ന വൈദഗ്ധ്യം നേടുന്നതിനും ഈ പദ്ധതി വിദ്യാർത്ഥികളെ സഹായിക്കുന്നു. പരസ്യം, സോഫ്റ്റ്‌വെയർ പരിപാലനം, ബോധവൽക്കരണ പരിപാടികൾ, പദ്ധതിയുടെ നടത്തിപ്പ് എന്നിവയ്ക്കായി 20.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തുന്നു.

**വ്യാവസായിക പരിശീലന വകുപ്പ്**

വ്യാവസായിക പരിശീലന വകുപ്പ് സർക്കാർ, സ്വകാര്യ ഐ.ടി.ഐ കൾ മുഖേന കരകൗശല തൊഴിലാളി പരിശീലന പദ്ധതിയും പ്രാദേശിക ഇൻസ്ട്രക്ഷൻ കേന്ദ്രങ്ങൾ വഴി അപ്രന്റീസ്ഷിപ്പ് പരിശീലന പദ്ധതിയും നടത്തി വരുന്നു. 105 ഗവൺമെന്റ് ഐ.ടി.ഐ കൾ, വ്യാവസായിക പരിശീലനത്തിനായി ഒരു സ്കിൽ അപ്-ഗ്രേഡേഷൻ ഇൻസ്റ്റിറ്റ്യൂട്ട്, ഒരു എ.വി.ടി.എസ്, എസ്.സി വിദ്യാർത്ഥികൾക്ക് മാത്രമായി എസ്.സി.ഡി.ഡിയ്ക്ക് കീഴിലുള്ള 44 ഐ.ടി.ഐകൾ, എസ്.ടി വിദ്യാർത്ഥികൾക്ക് മാത്രമായി എസ്.ടി.ഡി.ഡി ക്ക് കീഴിലുള്ള 2 ഐ.ടി.ഐകൾ എന്നിവ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുമുണ്ട്. വിദ്യാർത്ഥികളിൽ 26 ശതമാനവും സ്ത്രീകളാണ്. വിർച്വൽ ക്ലാസ്റൂം, ബയോ-മെട്രിക് ഹാജർ സംവിധാനങ്ങൾ എന്നിവ പരിശീലനത്തിന്റെ ഗുണമേന്മയെ സഹായിച്ചിട്ടുണ്ട്. വ്യാവസായിക പരിശീലനത്തിലെ ജന്റർഗ്യാപ് കുറയ്ക്കുന്നതിന്, വനിതാ ഐടിഐകൾ ആരംഭിക്കുന്നതിലും ശക്തിപ്പെടുത്തുന്നതിലും നവീകരിക്കുന്നതിലും സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 2025-26 ബജറ്റ് താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ വിപുലീകരിക്കാനും ശക്തിപ്പെടുത്താനും ലക്ഷ്യമിടുന്നു.

**18. ഉദ്യോഗസ്ഥതല പരിശീലന പശ്ചാത്തല വികസനം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

1999-ൽ സ്ഥാപിതമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റാഫ് ട്രെയിനിംഗ് ആന്റ് ടെക്നോളജി 2015-ൽ വ്യാവസായിക പരിശീലനത്തിനുള്ള സമകാലീനശേഷി മെച്ചപ്പെടുത്തൽ ഇൻസ്റ്റിറ്റ്യൂട്ട്, കേരള എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടു. വകുപ്പിലെ ഇൻസ്ട്രക്ടർമാർക്കും, അനധ്യാപക ജീവനക്കാർക്കും ആധുനിക സാങ്കേതിക വിദ്യയിലും പരിഷ്കരിച്ച പാഠ്യപദ്ധതിയിലും പരിശീലനം നൽകുകയും പരിശീലകരെ ഡി.ജി.ഇ&ടി അനുസരിച്ച് പരിഷ്കരിച്ച സിലബസിനനുസരിച്ച് പ്രാപ്തരാക്കുകയും, സാങ്കേതിക വിദ്യ മേഖലയിലെ വിദഗ്ധരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്യുക എന്നതാണ് സ്ഥാപനത്തിന്റെ പ്രഥമ ലക്ഷ്യം.

എസ്‌യുഐഐടി – കേരള കഴക്കൂട്ടം വനിതാ ഡോർമിറ്ററി, ഇന്റീരിയർ വർക്കുകൾ, മെയിന്റനൻസ് എന്നിവയുടെ പൂർത്തീകരണം.

2025–26 വർഷത്തിൽ എസ്.യു.ഐ.ഐ.ടി – കേരള കഴക്കൂട്ടം, കേന്ദ്രത്തിന്റെ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 100.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

- ഇൻഡസ്ട്രിയൽ/ഫീൽഡ് ഇൻസ്റ്റിറ്റ്യൂട്ട് പരിശീലന ചാർജ്ജുകളും (മറ്റ് പരിശീലന ചെലവുകളും)
- SUIITയിലും ഓഫ് കാമ്പസ് സെന്ററുകളിലും പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ
- ഡിജിറ്റൽ സ്റ്റോറേജ് ഉപകരണങ്ങൾ, പഠന വിഭവങ്ങളുടെ സംഭരണം , അടിസ്ഥാന സൗകര്യ വികസനത്തിനുള മറ്റ് ഉപകരണങ്ങൾ, അഗ്നിശമന ഉപകരണങ്ങൾ, ലാപ്ടോപ്പുകൾ, കമ്പ്യൂട്ടറുകൾ, പെരിഫറലുകൾ, യുപിഎസ്, ഇൻവെർട്ടറുകൾ, ബാറ്ററികൾ എന്നിവയുടെ സംഭരണവും പരിപാലനവും
- ഡോർമിറ്ററികൾക്ക് ആവശ്യമായ ഫർണിച്ചറുകളും അടുക്കള ഉപകരണങ്ങളും വാങ്ങൽ അവയുടെ പരിപാലനവും
- സി.സി.ടി.വി നിരീക്ഷണത്തിനുള്ള പർച്ചേസ്/ഇൻസ്റ്റലേഷൻ നിരക്കുകൾ
- മികച്ച ഇൻസ്ട്രക്ടർക്കുള്ള അവാർഡ്
- ഡോർമിറ്ററികളുടെ ഇന്റീരിയർ വർക്കുകളും പരിപാലനവും
- കേരളത്തിലെ SUIIT യുടെ നിലവിലുള്ള ക്ലാസ് മുറികൾ/ലാബുകൾ, ഓഫ് കാമ്പസ് സെന്ററുകൾ എന്നിവയുടെ നവീകരണം/സജ്ജീകരണങ്ങൾ
- ക്യാമ്പസിലെ റോഡുകളുടെയും കോമ്പൗണ്ട് ഭിത്തിയുടെയും നിർമ്മാണം, പരിശീലന കേന്ദ്രങ്ങളും പരിസരവും മോടിപിടിപ്പിക്കുക

ആകെ തുകയിൽ 30.00 ലക്ഷം രൂപ സ്ത്രീ കേന്ദ്രീകൃത പരിശീലന അടിസ്ഥാന സൗകര്യങ്ങൾക്കായി മാത്രമായി വകയിരുത്തിയിരിക്കുന്നു.

### 19. വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടികൾ (കെയ്സ്)

**(വിഹിതം: 3300.00 ലക്ഷം രൂപ)**

വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടി നടപ്പിലാക്കുന്നതിനായി കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (കെ.എ.എസ്.ഇ) ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി രൂപീകരിച്ചിട്ടുണ്ട്. 'കെയ്സിന്റെ' 2025–26 വർഷത്തിലെ പ്രധാന കർമ്മ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

- കെയ്സ് & കെ.എസ്.ഐ.ഡി എന്നിവയുടെ ഭരണ നിർവഹണ ചെലവുകൾ
- അസറ്റ് മാനേജ്മെന്റ് സോഫ്റ്റ് വെയർ
- നിലവിലുള്ള വെബ്സൈറ്റിന്റെ നവീകരണം
- iSTEP സംരംഭങ്ങൾക്ക് കീഴിൽ പുതിയ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കൽ
- കെയ്സ് ആസ്ഥാനത്ത് ഐടി ഉപകരണങ്ങൾക്കും നെറ്റ്‌വർക്ക് ഇൻഫ്രാസ്ട്രക്ചർ നവീകരണം
- എല്ലാ ജില്ലകളിലും പരിശീലന സേവന ദാതാക്കളുടെ ഉച്ചകോടികൾ, ജില്ലാ നൈപുണ്യ വികസന പദ്ധതിയും സംസ്ഥാന നൈപുണ്യ വികസന പദ്ധതിയും തയ്യാറാക്കൽ
- ഐടി ഉപകരണങ്ങൾ, സോഫ്റ്റ്‌വെയർ, യന്ത്രങ്ങൾ, മറ്റ് ഉപകരണങ്ങൾ, ഫർണിച്ചറുകൾ, ഉപഭോഗവസ്തുക്കൾ എന്നിവയുടെ സംഭരണം
- നിലവിലുള്ള എക്സലൻസ് സെന്ററുകളുടെ പ്രവർത്തന ചെലവും, നൈപുണ്യ പരിശീലന കോഴ്സുകളുടെ അക്രഡിറ്റേഷനും
- നിലവിലുള്ള അംഗീകൃത കേന്ദ്രങ്ങളുടെ പ്രവർത്തന ചെലവ്
- ലൈബ്രറി പുസ്തകങ്ങളുടെ സംഭരണം
- കെയ്സിന്റെ പ്രമോഷണൽ പ്രവർത്തനങ്ങൾ
- സ്കിൽ രജിസ്ട്രി നവീകരണം സ്കിൽ ടെസ്റ്റ്, സേവന ദാതാക്കളുടെ സർട്ടിഫിക്കേഷൻ
- വിദേശ പ്ലെയ്സ്മെന്റുകൾ
- സംസ്ഥാന ജോബ് പോർട്ടലിന്റെയും ജില്ലാതല തൊഴിൽ മേളകളുടെയും പ്രവർത്തന ചെലവ്

- ഇന്ത്യ സ്കിൽസ് കേരള 2025
- പ്രോജക്റ്റ് മാനേജ്മെന്റും നിരീക്ഷണവും
- മറ്റ് അനുബന്ധ സാധനങ്ങൾ വാങ്ങൽ

2025-26 ലെ ബജറ്റിൽ ഇൻഡസ്ട്രിയൽ പരിശീലന വകുപ്പിന്റെ 'കെയ്സിനു' കീഴിലുള്ള (കെഎഎസ്ഇ) നൈപുണ്യ വികസന പരിപാടിക്കായി 3300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മൊത്തം തുകയിൽ, 1000.00 ലക്ഷം രൂപ താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി സ്കീമിന്റെ ക്യാപ്പിറ്റൽ ഹെഡ് ലേക്ക് മാത്രമായി വകയിരുത്തിയിരിക്കുന്നു.

- ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങളും മറ്റ് കേന്ദ്രങ്ങളും സ്ഥാപിക്കൽ
- കെഎസ്ഐഎഡി കാമ്പസിന്റെ നവീകരണം
- സംസ്ഥാന സ്കിൽ സെക്രട്ടേറിയറ്റ് സ്ഥാപിക്കൽ
- കെ.എസ്.ഐ.ഡിയിൽ നാഷണൽ റിസോഴ്സ് സെന്ററിന്റെ (എൻആർസി) നിർമ്മാണം
- കെ.എസ്.ഐ.ഡിയിൽ ഹോസ്റ്റൽ, അക്കാദമിക് ബ്ലോക്ക്, ബയോഗ്യാസ് പ്ലാന്റ്, കഫറ്റീരിയ എന്നിവയുടെ നിർമാണം

കെയ്സിന്റെ നൈപുണ്യ വികസനത്തിനായി 2025-26 വർഷ ബജറ്റിൽ 3300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 200.00 ലക്ഷം രൂപ സ്ത്രീകൾക്കു വേണ്ടി മാത്രമുള്ള പരിശീലന പരിപാടികൾക്ക് മാറ്റിവച്ചിരിക്കുന്നു. സ്കീമുകൾ നടപ്പിലാക്കുമ്പോൾ, ഭിന്നശേഷിക്കാർക്ക് പ്രത്യേക നൈപുണ്യ പരിശീലനം രൂപകൽപ്പന ചെയ്യേണ്ടതുണ്ട്.

**20. ഐ.റ്റി.ഐ കളുടെ ആധുനികവൽക്കരണം**

**(വിഹിതം: 2500.00 ലക്ഷം രൂപ)**

നിലവിൽ, വകുപ്പിന് കീഴിൽ 109 സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. അതിൽ 108 സർക്കാർ ഐ.ടി.ഐ കളും ഒരു AVTS ഉം ഉൾപ്പെടുന്നു. ഇതിൽ 33 ഐടിഐകൾ വളരെ പഴക്കമുള്ളതാണ്. ഈ ഐ.ടി.ഐ കളുടെ സൗകര്യങ്ങൾ ഏറ്റവും പുതിയ മാനദണ്ഡങ്ങൾക്കനുസൃതമായി നവീകരിക്കേണ്ടതുണ്ട്. കൂടാതെ DGT, കോഴ്സുകളുടെ സിലബസ് പതിവായി പരിഷ്കരിക്കുകയും ആവശ്യമായ ഉപകരണങ്ങൾ അപ്ഡേറ്റ് ചെയ്യുകയും ചെയ്യുന്നു. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് ട്രേഡുകളുടെ അഫിലിയേഷൻ ലഭിക്കുന്നതിന് അത്യാധുനികവുമായ ഉപകരണങ്ങൾ വാങ്ങേണ്ടത് ആവശ്യമാണ്. നിലവിലുള്ള ട്രേഡുകളുടെ നവീകരണം, നിലവിലുള്ള കെട്ടിടം/വർക്ക്ഷോപ്പ് എന്നിവയുടെ നവീകരണം, ഐടിഐകളുടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് വേണ്ടി വരുന്ന ഘടകങ്ങൾ താഴെ വിവരിച്ചിരിക്കുന്ന പ്രകാരമാണ്.

2025-26 വർഷ ബജറ്റ് വിഹിതത്തിൽ നിന്ന് താഴെ പറയുന്ന ഇനങ്ങളുടെ സംഭരണത്തിനായി 1250.00 ലക്ഷം രൂപയും (റവന്യൂ ശീർഷകം) മറ്റ് ചെറിയ പ്രവൃത്തികൾക്ക് (മൈനർ ഹെഡ്) മാത്രമായി 250.00 ലക്ഷം രൂപയും വകയിരുത്തുന്നു.

- ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക
- നിലവിലുള്ള ട്രേഡുകളുടെ/യൂണിറ്റുകളുടെ നവീകരണം
- മുൻഗണന അടിസ്ഥാനത്തിൽ NCVT- അഫിലിയേഷനും പുനർ-അഫിലിയേഷനും നേടുന്നതിനുള്ള യന്ത്ര സാമഗ്രികളുടെ സംഭരണം
- സി.സി.ടി.വി സ്ഥാപിക്കൽ
- ഫർണിച്ചർ, കമ്പ്യൂട്ടർ, ലാപ്ടോപ്പ്, മറ്റ് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ലാബ് സജ്ജീകരണവും ലാബ് ഉപകരണങ്ങൾ വാങ്ങൽ, വാട്ടർ പ്യൂരിഫയർ, കൂളർ, അഗ്നിശമന ഉപകരണങ്ങൾ, ശുചീകരണ സാമഗ്രികൾ, സ്മാർട്ട് ക്ലാസ് റൂമുകൾ, മറ്റ് ഉപകരണങ്ങൾ വാങ്ങൽ, ഐ.ടി.ഐ യുടെ സുഗമമായ പ്രവർത്തനത്തിനും ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനും ആവശ്യമായ സാധനങ്ങളുടെ സംഭരണവും
- എല്ലാ ട്രേഡ് കളിലും കമ്പ്യൂട്ടർ, യുപിഎസ്, മെഷിനറികൾ എന്നിവയ്ക്കുള്ള എഎംസി
- വിവിധ ട്രേഡുകളിലേക്കുള്ള ലാൻ കണക്ഷൻ
- ഹൈമാസ്റ്റ് ലൈറ്റുകളും സോളാർ സ്ട്രീറ്റ് ലൈറ്റുകളും
- വ്യാവസായിക പരിശീലന വകുപ്പിനായുള്ള ഡയറക്ടറേറ്റ് കെട്ടിടം

- മുൻഗണനാടിസ്ഥാനത്തിൽ ഐടിഐ കെട്ടിടങ്ങളുടെ നിർമാണം

മൈനർ വർക്കുകൾ താഴെ പറയുന്നു:

- വൈദ്യുതീകരണവും റീ വയറിംഗും
- പുതിയ കെട്ടിടത്തിന്റെ നിർമ്മാണവും നിലവിലുള്ള ഐ.ടി.ഐ, ആർ.ഐ.സി, എ.വി.ടി.എസ് എന്നിവയുടെ ക്ലാസ് മുറികൾ/വർക്ക്ഷോപ്പുകൾ എന്നിവയുടെ നവീകരണവും
- ഫേസ് ലിഫ്റ്റിംഗ്
- ഐ.ടി.ഐകൾക്ക് ഗുണനിലവാരമുള്ള കളിസ്ഥലങ്ങളും കോർട്ടുകളും, ഡ്രൈവിംഗ് പരിശീലനത്തിന് ഉപയോഗിക്കാവുന്ന റോഡുകൾ, എല്ലാ ഐടിഐകൾക്കും ലാൻഡ്സ്കേപ്പിംഗ്, കോമ്പൗണ്ട് ഭിത്തികൾ, റാമ്പുകൾ, പാർക്കിംഗ് ഏരിയ, ഓഫീസുകളുടെ പരിഷ്ക്കരണം, ഫ്രണ്ട് ഓഫീസ്, വിസിറ്റർ ലോഞ്ച്, ഓഫീസ് ഫർണിഷിംഗ് മുതലായവയും ഐ.ടി.ഐകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കലും
- ട്രെയിനീസ് ടോയ്‌ലറ്റ് ബ്ലോക്കിന്റെയും വനിതാ അമിനിറ്റി സെന്ററിന്റെയും നിർമ്മാണം
- ഐ.ടി ലാബ് സ്ഥാപിക്കൽ
- ഹോസ്റ്റൽ കെട്ടിടങ്ങളുടെയും ജലവിതരണ ലൈനിന്റെയും നവീകരണവും, കിണറുകളുടെ നിർമ്മാണവും
- ഐ.ടി.ഐ.എസ്, ആർ.ഐ.സി എന്നിവയുടെ ഓഫീസുകൾക്കുള്ള ക്യൂബിക്കിൾ
- CBT ലാബിന്റെ സജ്ജീകരണം
- പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന
- കേന്ദ്രീകൃത അഗ്നിശമന സംവിധാനം

സ്വന്തമായി സ്ഥലമുള്ളവർക്ക് പുതുതായി ആരംഭിക്കുന്ന ഐടിഐകൾക്ക് കെട്ടിടങ്ങൾ, ഐടിഐകളുടെ ക്ലാസ് മുറികൾക്കായുള്ള അധിക കെട്ടിടങ്ങൾ, വർക്ക്ഷോപ്പുകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ട്രെയിനീസ് ഹോസ്റ്റൽ, ഡയറക്ടറേറ്റിനുള്ള ഭരണപരമായ അടിസ്ഥാന സൗകര്യങ്ങൾ, നടന്നുകൊണ്ടിരിക്കുന്ന മറ്റ് നിർമ്മാണ/സിവിൽ ജോലികൾ എന്നിവക്കായി 2025-26 ലെ ബജറ്റിൽ ക്യാപ്പിറ്റൽ ഹെഡിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മൊത്തം വിഹിതത്തിൽ നിന്നും 200.00 ലക്ഷം രൂപ ഐടിഐകളിലെ വനിതകൾക്കായുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിരിക്കുന്നു.

### 21. വിവര സാങ്കേതിക വിദ്യാധിഷ്ഠിത സംരംഭങ്ങൾ

**(വിഹിതം: 200.00 ലക്ഷം രൂപ)**

വകുപ്പിന്റെ നവീകരണത്തിന് ഇ-ഓഫീസ് നടപ്പാക്കലും ഇ-ഗവേണൻസ് പ്രവർത്തനങ്ങളും അനിവാര്യമാണ്. മറ്റ് ജില്ലകളിലും ഇ-ഓഫീസ് നടപ്പാക്കൽ പുരോഗമിക്കുകയാണ്. 2025-26 ൽ വിവര സാങ്കേതിക വിദ്യാധിഷ്ഠിത സംരംഭങ്ങളുടെ ഭാഗമായി വകുപ്പ് ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നു.

- നിലവിലുള്ളതും പുതിയതുമായ ഐടിഐകൾക്കായി ലാപ്ടോപ്പുകളും ഡെസ്ക്ടോപ്പുകളും പ്രിന്ററുകളും സ്കാനറുകളും മറ്റ് ഇ-ഓഫീസുമായി ബന്ധപ്പെട്ട ഉപകരണങ്ങളും വാങ്ങൽ
- പുതിയ കണക്ഷനുകൾക്കായി പ്രാരംഭ ലാൻ സജ്ജീകരണവും, KSWAN നടപ്പിലാക്കലും
- KSWAN ഇന്റർനെറ്റ് ചാർജ്ജുകൾ (ആവർത്തന ചെലവ്)
- ഇ-ഓഫീസ് കമ്പ്യൂട്ടറിന്റെയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും എ.എം.സി
- പ്രാഥമിക കണക്ഷനായി K-FON സജ്ജീകരിക്കൽ
- ഐടി സെല്ലിന്റെ സോഫ്റ്റ്‌വെയർ വികസന ആവശ്യത്തിനുള്ള ഹൈ എൻഡ് ലാപ്ടോപ്പ്
- വീഡിയോ കോൺഫറൻസിംഗ് സംവിധാനം സജ്ജീകരിക്കൽ
- നെറ്റ്‌വർക്ക് കേബിൾ പുനഃക്രമീകരണവും, വൈഫൈ ആക്സസ് പോയിന്റുകൾ സജ്ജീകരണവും
- വിവിധ ഐ.ടി.ഐകളിൽ ഇന്ററാക്ടീവ് ബോർഡുകളും തിരഞ്ഞെടുത്ത ഐ.ടി.ഐകളിൽ സ്മാർട്ട് ക്ലാസ് മുറികളും സജ്ജീകരണവും

- ഐ.ടി മെച്ചപ്പെടുത്തുന്നതിനുള്ള സാങ്കേതികവും മാനവ വിഭവശേഷി പിന്തുണയും
- ഐടിഐയിൽ ഐടിയുമായി ബന്ധപ്പെട്ട/ഇ-ഗവേണൻസ്/സോഫ്റ്റ്‌വെയർ വികസന പരിശീലനവും ശേഷി വർദ്ധിപ്പിക്കലും

ഇത്തരം ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി 2025-26 വർഷ ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**22. ആസൂത്രണ പരിശോധനാ സെൽ-ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും**

**(വിഹിതം: 25.00 ലക്ഷം രൂപ)**

വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ ശരിയായ കണക്കെടുപ്പിനും നിരീക്ഷണത്തിനും സോഫ്റ്റ്‌വെയർ വികസനവും ഉപകരണങ്ങളുടെ സംഭരണവും അത്യാവശ്യമാണ്. സംസ്ഥാന ഡയറക്ടറേറ്റിന്റെയും റീജിയണൽ ഡയറക്ടറേറ്റിന്റെയും ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും അനിവാര്യമാണ്. 2025-26 ബജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

- ആധുനികവൽക്കരണത്തിനും പരിപാലനത്തിനുമായി കമ്പ്യൂട്ടറുകൾ/ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സോഫ്റ്റ്‌വെയർ, ആന്റിവൈറസ്, ഫർണിച്ചറുകൾ, സ്റ്റോറേജ് അലമാരകൾ, മറ്റ് പെരിഫറലുകൾ, ലോക്കൽ ഏരിയ നെറ്റ്‌വർക്ക് എന്നിവയുടെ സംഭരണം/മാറ്റിസ്ഥാപിക്കൽ
- രേഖകളുടെ ഡിജിറ്റലൈസേഷൻ
- സോളാർ പാനൽ സ്ഥാപിക്കൽ
- ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ആവശ്യമായ സാധനങ്ങളുടെ സംഭരണം
- അഗ്നിശമന സംവിധാനം സ്ഥാപിക്കൽ
- പൊതുജന സഹായത്തിനായി ഫ്രണ്ട് ഓഫീസും സൈനേജ് ബോർഡുകളും സ്ഥാപിക്കൽ
- ശുചീകരണത്തിനും അതിനു വേണ്ടി വരുന്ന ബന്ധപ്പെട്ട ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും സംഭരണം
- സംസ്ഥാന ഡയറക്ടറേറ്റിലെ ഫീൽഡ് ഓഫീസുകളിൽ നിന്നുള്ള ഓഫീസർമാരുമായുള്ള പ്ലാൻ/പ്രോജക്റ്റ് അവലോകന യോഗത്തിനും മറ്റ് കോൺഫറൻസുകൾക്കും മറ്റ് നവീകരണ പ്രവർത്തനങ്ങൾക്കുമുള്ള ചെലവ്
- എയർകണ്ടീഷണർ, സിസിടിവി എന്നിവ വാങ്ങുന്നതിന്
- കണ്ണൂരിലെ റീജിയണൽ ഡയറക്ടറേറ്റിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വിവിധ പരിശീലന പരിപാടികൾ നടത്തുന്നതിന് ആവശ്യമായ കമ്പ്യൂട്ടറുകൾ യുപിഎസും നെറ്റ്‌വർക്കിംഗ്, കോൺഫറൻസ് ഹാളിനുള്ളിൽ ശബ്ദം ആഗിരണം ചെയ്യുന്ന പാനലുകൾ (എക്കോ റിഡ്യൂസറുകൾ) എന്നിവ
- ഓഫീസർമാർക്കുള്ള ക്യാബിൻ, ഫ്രണ്ട് ഓഫീസ്, തപാൽ സെക്ഷൻ എന്നിവയുടെ നിർമ്മാണം
- കമ്പ്യൂട്ടറുകൾക്കും പ്രിന്ററുകൾക്കും സ്കാനറുകൾക്കും യുപിഎസിനും ഉള്ള എഎംസി നിരക്കുകൾ
- ഔദ്യോഗിക മീറ്റിംഗിനായുള്ള ഓൺലൈൻ പ്ലാറ്റ്ഫോം ഉപകരണങ്ങളുടെ സംഭരണം

ഈ പ്രവർത്തനങ്ങൾക്കായി 2025-26 വർഷത്തിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**23. ഭാഷാ ന്യൂനപക്ഷ പ്രദേശത്ത് ഐ.ടി.ഐ.കളുടെ ശാക്തീകരണം**

**(വിഹിതം: 200.00 ലക്ഷം രൂപ)**

ഭാഷാ ന്യൂനപക്ഷ മേഖലകളിൽ ഐ.ടി.ഐകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമിക്കുകയും ഉപകരണങ്ങളും മറ്റും വാങ്ങുകയും ചെയ്യേണ്ടത് പ്രധാനമാണ്. ഇടുക്കി ജില്ലയിലെ ചിത്തിരപുരത്ത് ഐ.ടി.ഐ സ്ഥാപിക്കാൻ വകുപ്പ് പദ്ധതിയിടുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സൗരോർജ്ജ പാനലുകളും ഉപകരണങ്ങളും വാങ്ങുന്നതിനുമാണ് ഈ തുക നീക്കി വെച്ചിരിക്കുന്നത്. ഈ പദ്ധതിയുടെ തുടർച്ചയ്ക്കും ശക്തിപ്പെടുത്തുന്നതിനുമായി 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**24. ഐ.ടി.ഐ ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

34 ഐ.ടി.ഐകളിലെ ട്രെയിനികൾക്ക് പ്രോട്ടീൻ സമ്പുഷ്ടമായ ഉച്ചഭക്ഷണം നൽകുന്നതിനും

ശേഷിക്കുന്ന 74 ഐ.ടി.ഐയിലെ പരിശീലനാർത്ഥികൾക്ക് ഒരു ഗ്ലാസ് പാലും പുഴുങ്ങിയ മുട്ട/വാഴപ്പഴം/ബ്രൗൺ ബ്രെഡ്/മറ്റ് പോഷകഗുണമുള്ള ഭക്ഷ്യവസ്തുക്കൾ എന്നിവ നൽകുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിലും പോഷകാഹാര പരിപാടി തുടരാൻ പദ്ധതിയിട്ടിട്ടുണ്ട്.

അട്ടപ്പാടി, ആര്യനാട്, നിലമ്പൂർ (ട്രൈബൽ ഏരിയ) ഐ.ടി.ഐ.യിലെ ട്രെയിനീസ് ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന പരിശീലനാർത്ഥികൾക്ക് പ്രഭാതഭക്ഷണവും അത്താഴവും നൽകി വരുന്നു. ഈ പ്രോഗ്രാമിനായി 2025-26 ബജറ്റിൽ 1500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 400.00 ലക്ഷം രൂപ വനിതാ ഐ.ടി.ഐകൾക്കായി നീക്കിവച്ചിരിക്കുന്നു.

**25. പരസ്യപ്രചാരണം**

**(വിഹിതം: 75.00 ലക്ഷം രൂപ)**

വകുപ്പിന്റെ അഭിമാനകരമായ പരിപാടികളെക്കുറിച്ച് സംസ്ഥാനം പൊതുജനങ്ങളെ ബോധവാന്മാരാക്കേണ്ടതുണ്ട്. ഇതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കും: തൊഴിൽ മേളയും, അപ്രന്റീസ് മേളയും, നൈപുണ്യ മത്സരവും നടത്തുക, ഐ.ടി.ഐ കളെ ഗ്രേഡ് ചെയ്യുക, തൊഴിലധിഷ്ഠിത പരിശീലനത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ, ലോക യുവജന നൈപുണ്യ ദിനവും, ദേശീയ സംരംഭകത്വ ദിനാഘോഷവും, ബെസ്റ്റ് ഇന്നൊവേഷൻ അവാർഡ്, മാധ്യമങ്ങളിലൂടെയുള്ള പരസ്യം, എഫ്എം റേഡിയോ, സോഷ്യൽ മീഡിയ എന്നിവയിലൂടെയുള്ള പരസ്യം, (ഫേസ് ബുക്ക്, വാട്ട്സ്ആപ്പ്, യു ട്യൂബ്, ട്വിറ്റർ) മൊബൈൽ ആപ്ലിക്കേഷൻ - എസ്എംഎസ്, സ്റ്റാളുകൾ, കൗണ്ടറുകൾ-മേളകളിലും ആഘോഷങ്ങളിലും, പ്ലേസ്മെന്റ് വാൾ (wall), കോൺവൊക്കേഷൻ ചടങ്ങുകൾ, ഇന്ത്യ സ്കിൽ എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാർക്കും വോളന്റിയർമാർക്കുമുള്ള ഓറിയന്റേഷൻ പ്രോഗ്രാം, ഡിപ്പാർട്ട്മെന്റ് ജേണലിന്റെ പ്രസിദ്ധീകരണം, എല്ലാ ഐടിഐ ട്രെയിനികൾക്കും യങ് ഇന്നൊവേഷൻ പ്രോഗ്രാം (YIP) നടപ്പിലാക്കൽ. മേൽപറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 വർഷ ബജറ്റിൽ 75.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**26. ട്രേഡ് പരിശോധനാവിഭാഗത്തിന്റെ നവീകരണം**

**(വിഹിതം: 80.00 ലക്ഷം രൂപ)**

ഓൾ ഇന്ത്യ ട്രേഡ് ടെസ്റ്റ് തിയറി പരീക്ഷകൾ 2020 മുതൽ CBT-ഓൺലൈൻ അടിസ്ഥാനത്തിലാണ് നടത്തുന്നത്. നിലവിൽ കുറച്ച് ഗവൺമെന്റ് ഐ.ടി.ഐകൾ അതിന്റെ വിവിധ ട്രേഡുകളിൽ നിന്ന് കമ്പ്യൂട്ടറുകൾ ക്രമീകരിച്ച് സിബിടി (കമ്പ്യൂട്ടർ അധിഷ്ഠിത ടെസ്റ്റ്) നടത്തുന്നുണ്ട്. കേരളത്തിലെ ഐ.ടി.ഐ ട്രെയിനികളുടെ മൂല്യനിർണ്ണയ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് കുറഞ്ഞത് 100 കമ്പ്യൂട്ടറുകളെങ്കിലും പ്രസക്തമായ അനുബന്ധ ഉപകരണങ്ങളുള്ള സമർപ്പിത സിബിടി സെന്റർ വളരെ അത്യാവശ്യമാണ്. പത്തനംതിട്ടയിലെ ചെന്നീർക്കര ഐ.ടി.ഐ, ഇടുക്കിയിലെ കട്ടപ്പന ഐ.ടി.ഐ, എറണാകുളം ആരക്കുഴ ഐ.ടി.ഐ എന്നിവിടങ്ങളിൽ താഴെപ്പറയുന്ന സൗകര്യങ്ങളോടെ സി.ബി.ടി കേന്ദ്രങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ സ്ഥാപിക്കാൻ വകുപ്പ് തീരുമാനിച്ചു.

- എല്ലാ ആക്സസറികളോടു കൂടിയ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ
- ലാൻ കണക്ഷനും അനുബന്ധ ഉപകരണങ്ങളും, ഫർണിച്ചർ, ക്യൂബിക്കിൾ, വാൾ സീലിംഗ്, ഫ്ലോറിംഗ് തുടങ്ങിയവ
- ലൈറ്റിംഗ്, വൈദ്യുതീകരണം, പ്ലംബിംഗ്, സിസിടിവി ക്യാമറകൾ, DUR, UPS, സ്പ്ലിറ്റ് എ.സി
- 100 mbps ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് കണക്ഷൻ

ഈ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**27. പുതിയ ഐ.റ്റി.ഐകൾ സ്ഥാപിക്കൽ**

**(വിഹിതം: 1050.00 ലക്ഷം രൂപ)**

2025-26 സാമ്പത്തിക വർഷത്തിൽ സ്വന്തമായി സ്ഥലമുള്ള ഐ.ടി.ഐ-കൾക്ക് കെട്ടിടം പണിയാനും, ഉപകരണങ്ങൾ വാങ്ങുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്നു. ആവശ്യമായ പ്രദേശങ്ങളിൽ പുതിയ ഐടിഐകൾ ആരംഭിക്കാനും വകുപ്പ് ആലോചിക്കുന്നുണ്ട്. സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന ഈ ഐ.ടി.ഐകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, അന്താരാഷ്ട്ര നിലവാരമുള്ള ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനും നിർദ്ദിഷ്ട തുക വിനിയോഗിക്കും. ഡി.പി.ആർ തയ്യാറാക്കൽ, മണ്ണ് പരിശോധന, ആർക്കിടെക്റ്റ് ഡിസൈനോടുകൂടിയ മാസ്റ്റർ പ്ലാൻ സമർപ്പിക്കൽ, പ്രോജക്റ്റ് നടപ്പിലാക്കൽ തുടങ്ങിയ ഇതുമായി ബന്ധപ്പെട്ട മുഴുവൻ ജോലികളും കമ്പനിക്ക് പൂർണ്ണ ഉത്തരവാദിത്തം ഉള്ള (Turn key Manner)

രീതിയിൽനടപ്പിലാക്കും. മൊത്തം വിഹിതത്തിൽ 200.00 ലക്ഷം രൂപ തീരദേശ, മലയോര മേഖലകളിൽ പുതിയ ഐടിഐകൾ തുടങ്ങാൻ മാത്രമായി നീക്കി വെച്ചിരിക്കുന്നു. പുതിയ ഐ.ടി.ഐകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1050.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു..

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ ഉപപദ്ധതി എന്നീ പ്രത്യേക പദ്ധതികൾക്കായുള്ള പൂൾഡ് ഫണ്ട് ഉപയോഗിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള വകുപ്പ് വിഹിതത്തിനായും ഈ തുക ഉപയോഗിക്കാവുന്നതാണ്.

**28. ഐ.ടി.ഐ കളുടെയും, വനിത ഐ.ടി.ഐ കളുടെയും നിലവാരമുയർത്തൽ**

**(വിഹിതം: 410.00 ലക്ഷം രൂപ)**

നിലവിൽ 108 ഐടിഐകൾ വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 21 ഒന്നാം ഗ്രേഡ് ഐടിഐകൾ മാത്രമാണുള്ളത്. മറ്റുള്ളവ രണ്ടാം ഗ്രേഡ് ഐ.ടി.ഐകളാണ് . ഈ സാഹചര്യത്തിൽ, 15 സെക്കൻഡ് ഗ്രേഡ് ഐടിഐകളെ ഒന്നാം ഗ്രേഡ് ഐടിഐകളാക്കി അപ്ഗ്രേഡ് ചെയ്യാനും, മുകളിൽ പറഞ്ഞ ഐടിഐകളിൽ നിലവിലുള്ള ട്രേഡുകൾക്കായി ഹൈമാസ്റ്റ് ലൈറ്റുകൾ, മിന്നൽ അറസ്റ്ററുകൾ, സാമഗ്രികളും, ഉപകരണങ്ങളും വാങ്ങുന്നതിനും വകുപ്പ് പദ്ധതിയിടുന്നു

വ്യവസായങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് വിദഗ്ധ തൊഴിലാളികളെ പ്രദാനം ചെയ്യാൻ വകുപ്പിന് കഴിയുന്നില്ല. ഐ.ടി.ഐ കളിൽ പരിശീലനം നേടാൻ തയ്യാറുള്ള അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായി അനുവദിച്ച സീറ്റുകൾ പര്യാപ്തമല്ല. ഐ.ടി.ഐ കളിൽ പരിശീലനം നടത്താൻ ആഗ്രഹിക്കുന്ന ഭൂരിഭാഗം ട്രെയിനികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ നിന്നുള്ളവരാണെന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. മതിയായ സീറ്റുകളുടെ അഭാവം മേൽപ്പറഞ്ഞ ട്രെയിനികളുടെ പ്രവേശനത്തെ തടസ്സപ്പെടുത്തുന്നു. ആവശ്യത്തിന് സീറ്റുകൾ ഇല്ലാത്തത് മേൽപ്പറഞ്ഞ ട്രെയിനികളുടെ പ്രവേശനത്തിന് തടസ്സമായി. ലഭ്യമായ സ്ഥാപനത്തിൽ അധിക സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ, നിലവിലുള്ള ഐ.ടി.ഐ കൾക്ക് ഐ.ടി.ഐ കളിൽ കൂടുതൽ ട്രെയിനികളെ പ്രവേശിപ്പിക്കാനാകും. അപേക്ഷകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കൂടുതൽ അപേക്ഷകർക്ക് പരിശീലനം നൽകുന്നതിന് പുതിയ ഐ.ടി.ഐ കൾ സ്ഥാപിക്കുന്നതിനേക്കാൾ വളരെ കുറവാണ് നിലവിലുള്ള ഐ.ടി.ഐ കൾക്ക് അധിക യൂണിറ്റും സീറ്റുകളും നൽകി ഗ്രേഡ് ചെയ്യുന്നതിനുള്ള ചെലവ്. അതിനാൽ അധിക ട്രേഡുകളും യൂണിറ്റുകളും അവതരിപ്പിക്കുന്നതിന് അധിക കെട്ടിടം നിർമ്മിക്കുന്നതിന് മതിയായ സ്ഥലമുള്ള ഇനിപ്പറയുന്ന 15 രണ്ടാം ഗ്രേഡ് ഐ.ടി.ഐ കൾ നവീകരിക്കാൻ വകുപ്പ് തീരുമാനിച്ചു.

ഐ.ടി.ഐ ആര്യനാട് (തിരുവനന്തപുരം), ഐ.ടി.ഐ കൽപ്പറ്റ (വയനാട്), ഐ.ടി.ഐ കുഴൽമന്ദം (പാലക്കാട്), ഐ.ടി.ഐ ദേശമംഗലം (തൃശ്ശൂർ), ഐടിഐ കൊയിലാണ്ടി (കോഴിക്കോട്), ഐ.ടി.ഐ ചാത്തന്നൂർ (കൊല്ലം), ബിടിസി കൊല്ലം (കൊല്ലം), ഐ.ടി.ഐ നിലമ്പൂർ (മലപ്പുറം), ഐ.ടി.ഐ അട്ടപ്പാടി. (പാലക്കാട്), ഐ.ടി.ഐ പേരാമ്പ്ര (കോഴിക്കോട്), ഐ.ടി.ഐ പള്ളിപ്പാട് (ആലപ്പുഴ), ഐ.ടി.ഐ കുത്തുപറമ്പ് (കണ്ണൂർ), ഐ.ടി.ഐ പിണറായി (കണ്ണൂർ), ഐ.ടി.ഐ മലയിൻകീഴ് (തിരുവനന്തപുരം), ഐ.ടി.ഐ മാടായി (കണ്ണൂർ).

സ്ത്രീ-പുരുഷ സമത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് വനിതാ ഐടിഐകളുടെ നിലവാരം ഉയർത്താൻ ഉദ്ദേശിക്കുന്നത്. നിലവിൽ വകുപ്പിന് കീഴിൽ 14 വനിതാ ഐടിഐകൾ പ്രവർത്തിക്കുന്നുണ്ട്. വനിതാ ഐ.ടി.ഐകളിലെ ട്രെയിനികൾക്ക് നൽകുന്ന പരിശീലനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഈ പദ്ധതിക്ക് കീഴിൽ നടത്തേണ്ടതുണ്ട്. ക്ലാസ് മുറികൾ, വർക്ക്ഷോപ്പുകൾ, അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം, സംരക്ഷണ ഭിത്തി, ഹോസ്റ്റൽ, അമിനിറ്റി സെന്റർ, ഇൻസിനറേറ്റർ, പെയിന്റിംഗ്, കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, ഗേറ്റ്, പണിയായുധങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ ശേഖരണം എന്നിവ ആവശ്യമാണ്. സർക്കാർ അംഗീകൃത ഏജൻസികൾ മുഖേനയാണ് സിവിൽ വർക്കുകൾ ചെയ്യേണ്ടത്. ഡി.പി.ആർ തയ്യാറാക്കൽ, ആർക്കിടെക്റ്റ് ഡിസൈൻ സഹിതമുള്ള മാസ്റ്റർ പ്ലാൻ സമർപ്പിക്കൽ, എൻഡ് ടു എൻഡ് രീതിയിൽ പ്രോജക്ട് നടപ്പാക്കൽ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. 2025-26 ബജറ്റിൽ 410.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

മൊത്തം വിഹിതത്തിൽ 210.00 ലക്ഷം രൂപ വനിതാ ഐ.ടി.ഐകളുടെ അപ്ഗ്രേഡേഷനു മാത്രമായി നീക്കി വെച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള പട്ടികജാതി ഉപ പദ്ധതി/പട്ടികവർഗ ഉപപദ്ധതി എന്നീ പ്രത്യേക പദ്ധതികൾക്കായുള്ള പൂൾഡ് ഫണ്ട് ഉപയോഗിച്ച് ഈ പദ്ധതി

നടപ്പിലാക്കുന്നതിനുള്ള വകുപ്പ് വിഹിതത്തിനായും ഈ തുക ഉപയോഗിക്കാവുന്നതാണ്.

## 29. വിദേശ രാജ്യങ്ങളിലേക്ക് സാങ്കേതിക വിനിമയ കൈമാറ്റ പരിപാടി

**(വിഹിതം: 100.00 ലക്ഷം രൂപ)**

വിദേശത്തുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനങ്ങൾ പിന്തുടരുന്ന മികച്ച സമ്പ്രദായങ്ങൾ സ്വായത്തമാക്കുന്നതിനു വിദേശത്തുള്ള പരിശീലന സ്ഥാപനങ്ങളിലേക്ക് ട്രെയിനികളെ അയയ്ക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2025-26 സാമ്പത്തിക വർഷത്തിൽ ഐ.ടി.ഐകളിൽ നിന്ന് വിവിധ ട്രേഡുകളിലെ മികച്ച ട്രെയിനികളെ (50 ശതമാനം പെൺകുട്ടികൾ) തെരഞ്ഞെടുത്ത ഫാക്കൽറ്റികൾക്കൊപ്പം വിദേശത്തേക്ക് പരിശീലന പരിപാടിക്കായി അയയ്ക്കാൻ വകുപ്പ് ലക്ഷ്യമിടുന്നു. 2025-26 സാമ്പത്തിക വർഷത്തിലും ഈ പദ്ധതി തുടരാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പരിശീലനാർത്ഥികൾക്ക് സ്വദേശത്തും വിദേശത്തും വിവിധ ജോലികൾ ലഭിക്കുന്നതിന് അവരെ കൂടുതൽ തൊഴിൽ യോഗ്യമാക്കുന്നതിന് സ്പോക്കൺ ഇംഗ്ലീഷ്, വിവിധ വിദേശ ഭാഷാ കോഴ്സുകൾ, (ഉദാ. ജർമ്മൻ മുതലായവ) എന്നിവയും ആവശ്യമാണ്.

പ്രസ്തുത പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 30. വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതികൾ

**(വിഹിതം: 30.00 ലക്ഷം രൂപ)**

**ഗ്രൂപ്പ് ഇൻഷുറൻസ്:** ഒരു വർഷം 32,000 ട്രെയിനികൾക്ക് സർക്കാർ ഐടിഐകൾ വഴി വിവിധ പദ്ധതികളിൽ പരിശീലനം നൽകുന്നുണ്ട്. ക്രാഫ്റ്റ്സ്മാൻ പരിശീലന പാഠ്യപദ്ധതിയുടെ പ്രത്യേകതയാണ് പ്രായോഗികാധിഷ്ഠിത പരിശീലനം. ഇംപ്ലാന്റ് പരിശീലന വേളയിൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ വർക്ക്ഷോപ്പുകളിലും ഫാക്ടറികളിലും ഭാരമേറിയതും അത്യാധുനികവുമായ യന്ത്രസാമഗ്രികൾ ഉപയോഗിച്ചാണ് ട്രെയിനികൾക്ക് പരിശീലനം നൽകുന്നത്. അതിനാൽ ട്രെയിനിംഗ് കാലഘട്ടത്തിലുടനീളം ട്രെയിനികൾക്ക് അപകടകരമായ മുറിവുകൾ ഉണ്ടാകാനിടയുണ്ട്. അതിനാൽ, 2018-19 സാമ്പത്തിക വർഷത്തിൽ ട്രെയിനികൾക്കായി ഒരു ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി അവതരിപ്പിച്ചു. 2025-26 സാമ്പത്തിക വർഷത്തിലും പരിപാടി തുടരാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

**നൈപുണ്യോത്സവം:** വിവിധ മേഖലകളിലുള്ള സ്കൂൾ വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന കഴിവുകളും അഭിരുചികളും ആഘോഷിക്കുന്നതിനും വളർത്തിയെടുക്കുന്നതിനുമായി രൂപകൽപ്പന ചെയ്ത ഒരു സുപ്രധാന സംരംഭമാണിത്. നൈപുണ്യോത്സവം ചെറുപ്പം മുതലേ നൈപുണ്യ വികസനത്തിന്റെ പ്രാധാന്യം യുവ പഠിതാക്കൾക്ക് പരിചയപ്പെടുത്താൻ ലക്ഷ്യമിടുന്നു. സ്‌കൂളുകളിൽ പരിപാടി സംഘടിപ്പിക്കും, ചിന്താപൂർവ്വം ക്യൂറേറ്റ് ചെയ്ത പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് വിവിധ ട്രേഡുകളിലേക്കും തൊഴിലുകളിലേക്കും നേരിട്ട് പരിചയം നൽകും.

ഈ പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനായി 2025-26 ബജറ്റിൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 31. ഹരിത ക്യാമ്പസ്

**(വിഹിതം: 100.00 ലക്ഷം രൂപ)**

സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പരിസ്ഥിതി സൗഹൃദ രീതികളും ഐ.ടി.ഐ കാമ്പസുകളും, സംയോജിപ്പിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ പദ്ധതിയിൽ കാറ്റാടി മില്ലുകൾ, മഴവെള്ള സംഭരണി സംവിധാനങ്ങൾ, ബയോ ഗ്യാസ്, ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ, ഖരമാലിന്യ സംസ്കരണ വിതരണം/ശുചിത്വം, ഐടിഐകൾക്കുള്ള അവാർഡ്, സർക്കാർ അംഗീകൃത ഏജൻസികളുടെ സഹായത്തോടെ ജലശുദ്ധീകരണ യന്ത്രം വാങ്ങൽ എന്നിവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഐആർടിസി, കോസ്റ്റ് ഫോർഡ്, ശുചിത്വ മിഷൻ തുടങ്ങിയവയുടെ സഹായത്തോടെ ഇവ നടപ്പാക്കുന്നു. ഗ്രീൻ കാമ്പസുകളിലേക്ക് മാറുന്നതിന്റെ ഭാഗമായി കാമ്പസുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ച് രാത്രികാലങ്ങളിൽ ഐടിഐ കാമ്പസുകളിൽ വെളിച്ചം പകരാൻ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്താൻ വകുപ്പ് പദ്ധതിയിടുന്നു.

ഇതിനായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഗ്രീൻ കാമ്പസിന്റെ ഭാഗമായി, മൊത്തം തുകയിൽ നിന്നും 30.00 ലക്ഷം രൂപ വൈദ്യുത വാഹനങ്ങൾക്കായി ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനും 20.00 ലക്ഷം രൂപ വിവിധ ഐ.ടി.ഐകളിൽ മുൻഗണനാ അടിസ്ഥാനത്തിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുമായി നീക്കി വെച്ചിരിക്കുന്നു.

## 32. നൈപുണ്യ കർമ സേന

**(വിഹിതം: 50.00 ലക്ഷം രൂപ)**

സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവർക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇലക്ട്രിക്കൽ, വയറിംഗ്, പ്ലംബിംഗ്, ആശാരിപ്പണി, വെൽഡിംഗ്, ബിൽഡിംഗ് സ്കെച്ച് തയ്യാറാക്കൽ തുടങ്ങി വിവിധ മേഖലകളിൽ ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനായി വകുപ്പ് രൂപീകരിച്ചതാണ് നൈപുണ്യ കർമ്മസേന. കേരള സർക്കാർ നൈപുണ്യ കർമ്മസേനയുടെ ജില്ലാതല കമ്മിറ്റികൾ ഈ പ്രവർത്തനങ്ങൾക്കാമായി വകുപ്പ് പുറപ്പെടുവിച്ച എസ്ഒപി അനുസരിച്ച് രൂപീകരിക്കും. ട്രെയിനികളുടെ സാമൂഹിക പ്രതിബദ്ധതയ്ക്ക് നേതൃത്വം നൽകുന്ന ഐ.ടി.ഐയുടെ സമീപത്തെ വിവിധ ഗ്രാമങ്ങൾ ദത്തെടുക്കാനും വകുപ്പ് ലക്ഷ്യമിടുന്നുണ്ട്. ഈ ടീമിന് യൂണിഫോം, അധിക ടൂൾ കിറ്റ്, മിനിമം റിഫ്രഷ്മെന്റ് ചാർജ്ജുകൾ, യാത്രാ അലവൻസ് മുതലായവ നൽകാനും വകുപ്പ് ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 33. ഉൽപാദന കേന്ദ്രങ്ങൾ - പഠനത്തിനിടയിൽ സമ്പാദിക്കുക

**(വിഹിതം: 50.00 ലക്ഷം രൂപ)**

വിവിധ ഐ.ടി.ഐകളിൽ ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഐ.ടി.ഐകളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചും ഐ.ടി.ഐ ട്രെയിനികളുടെ വൈദഗ്ധ്യമുള്ള മനുഷ്യശക്തി ഉപയോഗിച്ചും ഉൽപ്പാദിപ്പിക്കാവുന്ന ഇനങ്ങളുടെ ഉൽപ്പാദനമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഇത് ട്രെയിനികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും സംരംഭകത്വ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഉൽപ്പാദന പ്രവർത്തനങ്ങളിൽ സഹകരിച്ച് പരിശീലനം നേടുന്നവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ വിവിധ ഐ.ടി.ഐകളിൽ ഉൽപ്പാദന കേന്ദ്രം സ്ഥാപിക്കാൻ വകുപ്പ് ലക്ഷ്യമിടുന്നു. നൂതന യന്ത്രങ്ങളുടെ സംഭരണം, മാസ്റ്റർ ട്രെയിനർമാരുടെ പരിശീലനം, സിവിൽ മെയിന്റനൻസ്, ഇലക്ട്രിക്കൽ ജോലികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ഐടിഐ കളമശേരിയിലും ഐടിഐ ചെങ്ങന്നൂരിലും മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് തുടങ്ങാനും പദ്ധതിയുണ്ട്. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 34. കേരള സംസ്ഥാന അപ്രന്റീസ്ഷിപ്പ് പ്രമോഷൻ പദ്ധതി (K-SAPS)

**(വിഹിതം: 25.00 ലക്ഷം രൂപ)**

അപ്രന്റീസ്ഷിപ്പ് ഇൻടേക്ക് വർദ്ധിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് കേരള സംസ്ഥാന അപ്രന്റീസ്ഷിപ്പ് പ്രൊമോഷൻ സ്കീം എന്ന നിലയിൽ കേരള സംസ്ഥാന സർക്കാരിൽ നിന്നുള്ള കുറഞ്ഞ സാമ്പത്തിക സഹായത്തിലൂടെ തന്നെ സ്ഥാപനങ്ങളെ പ്രചോദിപ്പിക്കാൻ കഴിയും. പരിശീലനത്തിനായി അപ്രന്റീസുകളെ ഉൾക്കൊള്ളാൻ പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ 30-ൽ താഴെ തൊഴിലാളികളുള്ള സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യവസായങ്ങൾക്കും സാമ്പത്തിക സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 1961 ലെ അപ്രന്റിസ്ഷിപ്പ് ആക്ട് പ്രകാരം അപ്രന്റിസ്മാരെ നിയമിക്കാൻ നിയമപരമായി നിർബന്ധിതമല്ലാത്ത 4-29 വരെ ജീവനക്കാരുള്ള വിവിധ സ്വകാര്യ സ്ഥാപനങ്ങൾ/വ്യവസായങ്ങൾ എന്നിവയിലെ ഒരു ട്രെയിനിക്ക് പ്രതിമാസം 1000 രൂപ തിരികെ നൽകാൻ വകുപ്പ് തീരുമാനിച്ചു.

2025-26 വർഷം മുതൽ ആ സ്ഥാപനങ്ങൾ എസ്.സി/എസ്.ടി ട്രെയിനികൾ, വനിതാ ട്രെയിനികൾ, ഭിന്നശേഷിക്കാരായ ട്രെയിനികൾ എന്നിവരെയും സ്ഥാപനത്തിലെ തൊഴിലാളികളുടെ എണ്ണം പാലിക്കാതെ തന്നെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 35. ഐ.ടി.ഐ കളിൽ പ്ലേസ്മെന്റ് ഹബ് സ്ഥാപിക്കൽ

**(വിഹിതം: 50.00 ലക്ഷം രൂപ)**

സംസ്ഥാനത്തൊട്ടാകെ എല്ലാ വർഷവും എൻ.സി.വി.ടി നടത്തുന്ന ഓൾ ഇന്ത്യ ട്രേഡ് ടെസ്റ്റ് 28000 ലധികം ട്രെയിനികളെ പരിശീലിപ്പിക്കുകയും വിജയകരമായി പൂർത്തിയാക്കുകയും ചെയ്യുന്നു. എന്നാൽ പ്ലേസ്മെന്റ് നിരക്ക് ഏകദേശം 10-15% മാത്രമായി വളരെ കുറവാണ്. ട്രെയിനികളിൽ ഭൂരിഭാഗവും ജോലി ഉപേക്ഷിക്കുകയോ ജോലിയിൽ ചേരാൻ വിമുഖത കാണിക്കുകയോ ചെയ്യുന്നു, സ്ത്രീകളുടെയും, എസ്സി/എസ്ടി വിദ്യാർത്ഥികളുടെയും പ്ലേസ്മെന്റ് നിരക്ക് വളരെ കുറഞ്ഞിരിക്കുന്നു. അതിനാൽ ട്രെയിനികളുടെ തൊഴിൽ സന്നദ്ധതയ്ക്കും തൊഴിൽ വിപണിയിലേക്കുള്ള പ്രവേശനത്തിനും

പിന്തുണ നൽകുന്നതിനായി തൊഴിൽ പ്രോത്സാഹന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എല്ലാ ഇൻസ്റ്റിറ്റ്യൂട്ടുകളിലും പ്ലേസ്മെന്റ് ഹബ് വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിന് വകുപ്പ് തീരുമാനിച്ചിരിക്കുന്നു. ഇതിൽ സംരംഭകത്വ, യങ്ങ് ഇന്നൊവേഷൻ പരിപാടികളും ഉൾപ്പെട്ടിരിക്കുന്നു.
ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**36. നൈപുണ്യ കേരളം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ എല്ലാ നൈപുണ്യ വികസന സംരംഭങ്ങളും ഏകീകരിക്കുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ ഏജൻസികൾക്കും ഇടയിൽ ഏകജാലകമായി പ്രവർത്തിക്കുന്നതിനും സംസ്ഥാന നൈപുണ്യ സെക്രട്ടറിയേറ്റായി കെയ്സ് (KASE) നെ നിയുക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത അജണ്ട പ്രകാരം 20 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനും നൈപുണ്യ പരിശീലന പ്രവർത്തനങ്ങൾ സമഗ്രമായി വിപുലീകരിക്കേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിൽ, കേരള സർക്കാരിന്റെ തൊഴിൽ നൈപുണ്യ വകുപ്പ്, കെയ്സ് മുഖേന, സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേകമായി രൂപകൽപ്പന ചെയ്ത ഒരു പ്രത്യേക നൈപുണ്യ വികസന പദ്ധതിക്ക് തുടക്കമിടുന്നുണ്ട്. സംസ്ഥാന തൊഴിൽ നൈപുണ്യ വകുപ്പിന്റെ ഈ സിഗ്നേച്ചർ പദ്ധതിയാണ് നൈപുണ്യ കേരളം. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**37. ITD- IMS (ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം)**

**(വിഹിതം: 35.00 ലക്ഷം രൂപ)**

ITD-IMS എന്നത് (ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം) ഗവൺമെന്റ്, പൗരന്മാർ, ട്രെയിനികൾ, പരിശീലകർ, രക്ഷിതാക്കൾ, വ്യവസായങ്ങൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവർക്ക് പരിശീലനവുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകാൻ ലക്ഷ്യമിടുന്ന ഒരു വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള സോഫ്റ്റ്വെയർ പ്ലാറ്റ്ഫോമാണ്. വ്യാവസായിക പരിശീലന വകുപ്പിന്റെ പരിധിയിൽ സംസ്ഥാനത്ത് നടക്കുന്ന ഹ്രസ്വകാല, ദീർഘകാല നൈപുണ്യ പരിശീലന പരിപാടികളുടെ സമഗ്രമായ നിരീക്ഷണം, വിലയിരുത്തൽ, റിപ്പോർട്ട് തയ്യാറാക്കൽ, ഉചിതമായ തീരുമാനമെടുക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇതിൽ ഐ.ടി.ഐ അഡ്മിഷൻ മൊഡ്യൂൾ, ട്രെയിനിംഗ് ആപ്ലിക്കേഷൻ മൊഡ്യൂൾ (ട്രെയിനർ ആൻഡ് ട്രെയിനി), പരീക്ഷാ മൊഡ്യൂൾ, പ്ലെയ്സ്മെന്റ് മൊഡ്യൂൾ, എസ്റ്റാബ്ലിഷ്മെന്റ് ആൻഡ് സ്റ്റാഫ് ട്രെയിനിംഗ് മൊഡ്യൂൾ, അസറ്റ് മാനേജ്മെന്റ് മൊഡ്യൂൾ, ഐ.ടി.ഐകളുടെ ഗ്രേഡിംഗ് എന്നിവ ഉൾപ്പെടുന്നു. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 35.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**പുതിയ പദ്ധതി**

**38. ഐടിഐകളുടെ ആധുനിക വൽക്കരണവും അപ്ഗ്രേഡേഷനും (30% സംസ്ഥാന വിഹിതം)**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഐടിഐകളുടെ നവീകരണത്തിനും അപ്ഗ്രേഡേഷനുമായി 2025-26 ബജറ്റിൽ സംസ്ഥാന വിഹിതമായി 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഐടിഐകളുടെ തിരഞ്ഞെടുപ്പ് സംസ്ഥാനം നടത്തുന്നതാണ്.

**III.ദേശീയ തൊഴിൽ സേവന വകുപ്പ് (കേരള)**

അനുയോജ്യമായ തൊഴിലവസരങ്ങൾ കണ്ടെത്തുക, ഉചിതമായ തൊഴിൽ നേടിയെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, നയരൂപീകരണത്തിനും ഗവേഷണങ്ങൾക്കുമായി തൊഴിൽ വിപണന വിവരങ്ങൾ ശേഖരിക്കുക തുടങ്ങിയ കാര്യങ്ങളിൽ കേരളത്തിലെ തൊഴിലന്വേഷകരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സഹായിക്കുന്നു. തൊഴിൽ അന്വേഷകരുടെ നൈപുണ്യ വികാസത്തിലൂടെ തൊഴിൽശക്തിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്ന തരത്തിൽ തൊഴിൽ സംബന്ധിയായ വിവരങ്ങളും സാങ്കേതികവിദ്യയും ലഭ്യമാക്കുന്നതിനുള്ള ഇടങ്ങളായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിൾ സെന്ററുകളാക്കി മാറ്റുകയാണ് തൊഴിൽവകുപ്പിന്റെ ലക്ഷ്യം. എല്ലാത്തരത്തിലുമുള്ള തൊഴിൽ അന്വേഷകർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**39. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും തൊഴിൽ ഡയറക്ടറേറ്റ് ആസ്ഥാനത്തുമുള്ള കമ്പ്യൂട്ടർവത്ക്കരണം**

**(വിഹിതം: 50.00 ലക്ഷം രൂപ)**

പരമ്പരാഗത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റാനുള്ള ശ്രമത്തിലാണ് എംപ്ലോയ്മെന്റ് ഡിപ്പാർട്ട്മെന്റ്, ഈ യാത്രയിൽ കൈവരിച്ച ഒരു പ്രധാന നാഴികക്കല്ല് വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയതാണ്. രജിസ്ട്രേഷൻ, പുതുക്കൽ, യോഗ്യത/പരിചയം കൂട്ടിച്ചേർക്കൽ, റീ-രജിസ്ട്രേഷൻ, രജിസ്ട്രേഷൻ കൈമാറ്റം തുടങ്ങിയ സേവനങ്ങൾ എവിടെയിരുന്നും എപ്പോൾ വേണമെങ്കിലും ഓൺലൈൻ ആയി ചെയ്യാവുന്നതാണ്. 2025-26 സാമ്പത്തിക വർഷത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വകുപ്പ് ഉദ്ദേശിക്കുന്നു. സ്വകാര്യ ജോബ് പോർട്ടൽ ആരംഭിക്കുന്നതിലൂടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലന്വേഷകർക്കും സ്വകാര്യ ജോലികൾ ലഭ്യമാക്കാനും ആധുനിക സൗകര്യങ്ങളും സേവനങ്ങളും നൽകിക്കൊണ്ട് എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റാനും പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി 2025-26 വർഷ ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**40. വിവിധോദ്ദേശ്യ തൊഴിൽ ക്ലബ്ബുകൾ**

**(വിഹിതം 70.00 ലക്ഷം രൂപ)**

അസംഘടിത മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരും യോഗ്യരുമായ തൊഴിൽ അന്വേഷകർക്കായി വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങൾ/തൊഴിൽ ക്ലബ്ബുകൾ വിഭാവനം ചെയ്തുകൊണ്ടുള്ള പദ്ധതിയാണിത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. എംപ്ലോയ്മെന്റ് ഓഫീസറുടെ (എ.എസ്.ഇ) സഹായത്തോടെ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ലൈവ് രജിസ്റ്ററിൽ നിന്ന് സ്കീമിലേക്ക് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുകയും അവരുടെ സന്നദ്ധത ഉറപ്പാക്കുകയും ചെയ്യും. തുടർന്ന് ഒരേ തരത്തിലുള്ള യോഗ്യതയോ പരിശീലനമോ നേടിയ ഉദ്യോഗാർത്ഥികളുടെ ഒരു ഗ്രൂപ്പ് രൂപീകരിക്കുകയും ഉചിതമായ നിയമത്തിന് കീഴിൽ ഗ്രൂപ്പ് രജിസ്റ്റർ ചെയ്യുകയും ചെയ്യുക. ഓരോ ഗ്രൂപ്പിലെയും ആളുകളുടെ എണ്ണം രണ്ട് മുതൽ അഞ്ച് വരെ ആയിരിക്കും. ഊർജസ്വലരും റിസ്ക് എടുക്കാൻ തയ്യാറുള്ളവരും സംരംഭകത്വ ശേഷിയുള്ളവരുമായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കും. ഓരോ ഗ്രൂപ്പും അവരുടെ കീഴിൽ ഒരു ജോബ് ക്ലബ് സ്ഥാപിക്കും. അവർക്ക് സംരംഭകത്വ പരിശീലനം നൽകും. ഓരോ ഗ്രൂപ്പിനെയും ലോൺ മുഖേന സാമ്പത്തിക സഹായത്തിനായി ഒരു ബാങ്കുമായി ലിങ്ക് ചെയ്യുന്നു. ഓരോ ഗ്രൂപ്പിനും അനുവദിക്കാവുന്ന പരമാവധി തുക 10.00 ലക്ഷം രൂപയായിരിക്കും, അതിൽ ഗ്രൂപ്പ് അംഗങ്ങൾ 10% നിക്ഷേപിക്കും. പദ്ധതിച്ചെലവിന്റെ 25 ശതമാനം അല്ലെങ്കിൽ 2,00,000/- രൂപ ഇതിൽ ഏതാണോ കുറവ് അത് സബ്സിഡിയായി നൽകും. വിവിധോദ്ദേശ്യ തൊഴിൽ ക്ലബ്ബുകൾ എന്ന പദ്ധതിയ്ക്കായി 2025-26 വർഷ ബജറ്റിൽ 70.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**41. വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ ശാക്തീകരണം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

തൊഴിൽ ആസൂത്രണം, തൊഴിൽപരമായ തെരഞ്ഞെടുപ്പുകൾ, ജോലികൾ തെരഞ്ഞെടുക്കൽ, കഥാപാത്രങ്ങളും ബന്ധങ്ങളും വികസിപ്പിക്കൽ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു വ്യക്തിയെ സഹായിക്കാൻ ഉദ്ദേശിച്ചുള്ളതാണ് വൊക്കേഷണൽ ഗൈഡൻസ്. ദേശീയ തൊഴിൽ സേവന വകുപ്പിനുകീഴിൽ സംസ്ഥാനത്ത് 21 വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളേയും 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ഗൈഡൻസ് ബ്യൂറോകളേയും 3 പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എക്സ്ചേഞ്ചുകളേയും ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഈ വർഷം ഒരു പുതിയ ഘടകമായി ഹാർഡ്‌വെയർ സംഭരണവും വൊക്കേഷണൽ ഗൈഡൻസ് ഉപകരണങ്ങളുടെ പരിപാലനവും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളെ ശക്തിപ്പെടുത്തുന്നതിനായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**42. രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, ഉപേക്ഷിക്കപ്പെട്ട/വിവാഹമോചനം നേടിയ/അവിവാഹിതരായ വനിതകൾ, അവിവാഹിതരായ അമ്മമാർ തുടങ്ങിയവർക്കായുള്ള സ്വയംതൊഴിൽ പദ്ധതി (ശരണ്യ)**

**(വിഹിതം: 1700.00 ലക്ഷം രൂപ)**

വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/നിയമപരമായിവിവാഹമോചിതർ/ഭിന്നശേഷിയുള്ളവർ/അവിവാഹിതരായ സ്ത്രീകൾ, കിടപ്പിലായവരുടെ ഭാര്യമാർ എന്നിവരെല്ലാം പൊതുവെ സാമൂഹികമായി ഏറ്റവും

പിന്നാക്കം നിൽക്കുന്നവരും, നിരാലംബമായ സാഹചര്യത്തിലും ആണ്. ഇവർക്ക് ഈ പദ്ധതിയിലൂടെ സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള ധനസഹായം നൽകിവരുന്നു. അവർക്ക് കുടുംബം പോറ്റുന്നതിന് സ്ഥിരമായ വരുമാനം ആവശ്യമാണ്, അവർക്ക് സ്ഥിര വരുമാനം ലഭ്യമാകുന്ന ജോലി ആവശ്യമാണ്. അതിനാൽ ദരിദ്രരും തൊഴിൽരഹിതരുമായ വിധവകളെ/ഉപേക്ഷിക്കപ്പെട്ട/അവിവാഹിതരായ സ്ത്രീകളെ പുനരധിവസിപ്പിക്കുക എന്നത് വകുപ്പിന്റെ ലക്ഷ്യമായി മാറുന്നു. തൊഴിൽരഹിതരായ വിധവകൾ, ഉപേക്ഷിക്കപ്പെട്ട/നിയമപരമായി വിവാഹമോചിതരായ/അവിവാഹിതരായ സ്ത്രീകൾ, അവിവാഹിതരായ അമ്മമാർ എന്നിവർക്ക് സ്വയംതൊഴിൽ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകി പിന്തുണയ്ക്കുന്നതാണ് പദ്ധതി. എംപ്ലോയ്മെന്റ് വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതിച്ചെലവിന്റെ 50% സബ്സിഡിയും ബാക്കി 50% പലിശ രഹിത വായ്പയായും വിതരണം ചെയ്യുന്നു. സബ്സിഡിയും ലോൺ തുകയും വകുപ്പ് വഴിയാണ് വിതരണം ചെയ്യുന്നത്, യൂണിറ്റുകളുടെ ശരിയായ പരിപാലനം ഈ വനിതാ സംരംഭകർ തന്നെ ചെയ്യേണ്ടതുണ്ട്. 2025-26 വർഷത്തെ ബജറ്റിൽ ഈ പദ്ധതിയ്ക്കായി 1700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 43. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിലാർജ്ജിത വികസന കേന്ദ്രങ്ങളാക്കി മാറ്റൽ

**(വിഹിതം: 550.00 ലക്ഷം രൂപ)**

എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാസമ്പന്നരായ യുവാക്കളെ സൈക്കോമെട്രിക് ടെസ്റ്റുകൾ ഉപയോഗിച്ച് അവരുടെ നൈപുണ്യ സെറ്റുകൾ കണ്ടെത്തി അവർക്ക് ആവശ്യമായ പരിശീലന ക്ലാസ്സുകൾ നൽകി അവരെ നേരിട്ട് രാജ്യത്തിന്റെ തൊഴിൽ സേനയിൽ ഉൾപ്പെടുത്താൻ സജ്ജരാക്കുന്നു.

2012-13 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതി, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കൊപ്പം ഇതുവരെ 11 എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിക്കുകയും ഇടുക്കിയിൽ എംപ്ലോയബിലിറ്റി സെന്ററിന്റെ നിർമ്മാണം പുരോഗമിക്കുകയും ചെയ്തുവരുന്നു.

ഗ്രാമീണ യുവാക്കൾക്കായി 2016-17 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി ഡെവലപ്മെന്റാക്കി മാറ്റുന്ന പദ്ധതിക്ക് കീഴിൽ കരിയർ ഡെവലപ്മെന്റ് സെന്റർ (സിഡിസി) എന്ന ഒരു സംരംഭം വകുപ്പ് ആരംഭിച്ചിട്ടുണ്ട്. നിലവിൽ വകുപ്പിന് കീഴിൽ ഏഴ് സിഡിസികൾ പ്രവർത്തിക്കുന്നുണ്ട്. ചേലക്കരയിലും കരമനയിലും രണ്ട് കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 2025-26 വർഷത്തെ ബജറ്റിൽ ഈ പദ്ധതിക്കായി 550.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 44. മോഡൽ കരിയർ സെന്റർ (60% സി.എസ്.എസ്)

**(വിഹിതം: 78.00 ലക്ഷം രൂപ)**

ഡയറക്ടറേറ്റ് ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗിന്റെയും ഇന്ത്യാ ഗവൺമെന്റിന്റെ തൊഴിൽ മന്ത്രാലയത്തിന്റെയും ഡിപ്പാർട്ട്മെന്റ് ഓഫ് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പിന്റെയും സംയുക്ത സംരംഭമാണ് മോഡൽ കരിയർ സെന്റർ. ഇത് കേന്ദ്രാവിഷ്കൃത പദ്ധതിക്ക് പകരം ഒരു കേന്ദ്രമേഖലാ സ്കീമാണ്, കൂടാതെ സബ്സിഡിയറി ബാങ്ക് അക്കൗണ്ട് മുഖേന കേന്ദ്ര സർക്കാർ ഫണ്ട് വിതരണം ചെയ്യുകയും തുക PFMS വഴി ഉപയോഗിക്കുകയും ചെയ്യും. മാതൃകാ കരിയർ സെന്റർ എന്നത് ഒരു ഏകജാലക സൊല്യൂഷൻ സെന്റർ ആയി പ്രവർത്തിക്കുന്ന തരത്തിൽ, യുവാക്കൾക്ക് അവരുടെ യോഗ്യതകൾക്കും നൈപുണ്യത്തിനും അനുസൃതമായി അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ എല്ലാ സഹായത്തിനുമായി പ്രവർത്തിക്കും. ഇത് തൊഴിൽ ഉദ്യോഗാർത്ഥികൾക്ക് ഒരു കുടക്കീഴിൽ തൊഴിലുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾ സൗജന്യമായി നൽകുന്നു. 78.00 ലക്ഷം രൂപയാണ് 2025-26 ബജറ്റിൽ മോഡൽ കരിയർ സെന്ററിന്റെ പ്രവർത്തന ചെലവുകൾക്കുള്ള സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നത്.

### 45. തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിതരുടെ പുനരധിവാസവും ക്ഷേമവും (കൈവല്യ)

**(വിഹിതം: 600.00 ലക്ഷം രൂപ)**

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി 2016 മുതൽ 'കൈവല്യ'എന്ന പേരിൽ ഒരു തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു. രജിസ്റ്റർ ചെയ്യുന്നവർക്ക് തൊഴിൽ, തൊഴിൽ മാർഗനിർദേശങ്ങളും പരിശീലന ക്ലാസുകളും സോഫ്റ്റ് സ്കിൽ പരിശീലനവും നൽകി അവരെ തൊഴിൽ യോഗ്യരാക്കാനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. സ്വയംതൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള ശേഷി വികസനത്തിനും സംരംഭകത്വത്തിനും വകുപ്പ് പരിശീലനം നൽകുന്നു. ഭിന്നശേഷിക്കാരായ തൊഴിലന്വേഷകർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ

രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പൊതുമേഖലയിലെ പരിമിതമായ അവസരങ്ങൾ കാരണം ഇവരിൽ ചെറിയൊരു ശതമാനം പേർക്ക് മാത്രമാണ് ജോലി കണ്ടെത്താൻ കഴിയുന്നത്. സ്വയംതൊഴിൽ വായ്പാ പദ്ധതിയിലൂടെ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനത്തോടൊപ്പം സ്വയം തൊഴിൽ വായ്പയും നൽകുന്നു. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലേക്കുള്ള വായ്പ തിരിച്ചടവ് ഗുണഭോക്താക്കൾ നേരിട്ട് തിരിച്ചടച്ച തുകയും ഓരോ സാമ്പത്തിക വർഷവും പദ്ധതിക്കായി സർക്കാർ ബജറ്റ് വിഹിതത്തിൽ വകയിരുത്തുന്ന തുകയുടെ ആനുപാതികവും അടിസ്ഥാനമാക്കിയായിരിക്കണമെന്നും സർക്കാർ നിർബന്ധമാക്കിയിട്ടുണ്ട്. സ്വയംതൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ശേഷി വികസനത്തിനും സംരംഭകത്വത്തിനും വകുപ്പ് പരിശീലനം നൽകുന്നു. ഓരോ വ്യക്തിക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി 50,000/- രൂപ പലിശ രഹിത വായ്പയായി നൽകുന്നു. പദ്ധതിയുടെ പ്രവർത്തനക്ഷമതയ്ക്ക് വിധേയമായി ഒരു ലക്ഷം വരെ വായ്പാ തുക അനുവദിക്കും. വായ്പ തുകയുടെ 50% സബ്സിഡിയായി നൽകുന്നു. 2025-26 വർഷ ബജറ്റിൽ കൈവല്യ' പദ്ധതിക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 46. നവജീവൻ

**(വിഹിതം: 80.00 ലക്ഷം രൂപ)**

സംസ്ഥാന വയോജന നയത്തിന്റെ ഭാഗമായി, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ഉള്ള 50-65 വയസ്സിനിടയിലുള്ള മുതിർന്ന പൗരന്മാർക്ക് സ്വയം തൊഴിൽ വായ്പക്ക് വേണ്ടി 50,000/- രൂപ വരെ ബാങ്ക് ലോൺ ലഭിക്കുന്നതിനുമായി 'നവജീവൻ' എന്ന പേരിൽ ഒരു പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിൽ 25 ശതമാനം അതായത് പരമാവധി 12,500/- രൂപ വരെ എംപ്ലോയ്മെന്റ് ഡിപ്പാർട്ട്മെന്റ് മുഖേന സർക്കാർ സബ്സിഡിയായി വിതരണം ചെയ്യുന്നു. 2025-26 ബജറ്റിൽ സബ്സിഡി, മേൽനോട്ടം, പരിശീലനം, പ്രചരണം, സ്റ്റേഷനറി, ഭരണപരമായ ചെലവുകൾ തുടങ്ങിയവയ്ക്കായി 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 47. പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള കരിയർ വികസന പദ്ധതി (സമന്വയ)

**(വിഹിതം: 25.00 ലക്ഷം രൂപ)**

സംസ്ഥാന സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി എസ്.സി/എസ്.ടി ഉദ്യോഗാർത്ഥികളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമിട്ട് ദേശീയ തൊഴിൽ സേവന വകുപ്പ് ആരംഭിച്ച പദ്ധതിയാണ് "സമന്വയ". സംസ്ഥാനത്തുടനീളമുള്ള മേൽപ്പറഞ്ഞ സമുദായങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ്, നൈപുണ്യ വികസനം, സ്വയം തൊഴിലിനുള്ള പിന്തുണ, ഇന്റർവ്യൂ, ഗ്രൂപ്പ് ഡിസ്കഷൻ എന്നിവയ്ക്കുള്ള പ്രായോഗിക പരിശീലനം, കൂടാതെ മത്സര പരീക്ഷകൾക്ക് ഓൺലൈൻ രജിസ്ട്രേഷനുള്ള സഹായം, സംരംഭകത്വ വികസനവും കരിയർ ഗൈഡൻസും. എന്നിങ്ങനെയുള്ള വൈവിധ്യമാർന്ന സേവനങ്ങൾ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ആദിവാസി വിഭാഗത്തിൽപ്പെട്ടവരും വിദൂര പ്രദേശങ്ങളിൽ താമസിക്കുന്നവരുമായ യുവാക്കൾക്ക് സർക്കാരിന്റെ നയത്തിന്റെ ഭാഗമായി തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും മാർഗനിർദേശവും നൽകാനും ("ഒരു ആദിവാസി കുടുംബം-ഒരു ജോലി") സമന്വയ പദ്ധതി വിഭാവനം ചെയ്യുന്നു. തൊഴിലന്വേഷകരെ തൊഴിൽ നേടുന്നതിനോ സ്വയം തൊഴിൽ പദ്ധതികൾ നടത്തുന്നതിനോ മതിയായ യോഗ്യതയുള്ളവരാക്കുക എന്നതാണ് പരിപാടിയുടെ ചുരുക്കം. 2025-26 വർഷ ബജറ്റിൽ സമന്വയ പദ്ധതിക്കായി 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)

### 48. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)

**(വിഹിതം: 500.00 ലക്ഷം രൂപ)**

തൊഴിൽ മേഖലയിൽ പരിശീലന പരിപാടികൾ, സെമിനാറുകൾ, ശിൽപശാലകൾ, പ്രഭാഷണങ്ങൾ, ഗവേഷണങ്ങൾ തുടങ്ങിയ പ്രാഥമിക ലക്ഷ്യങ്ങൾക്കായി തൊഴിലും പുനരധിവാസവും വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ). സംഘടിത, അസംഘടിത മേഖലകളിലെ തൊഴിലാളികൾ, തൊഴിൽ, തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ, ക്ഷേമനിധി ബോർഡുകൾ തുടങ്ങിയവർക്കുവേണ്ടിയാണ് കിലെ പദ്ധതികൾ പ്രധാനമായും നടത്തുന്നത്.

2025-26 കാലയളവിൽ, പരിശീലനം/സെമിനാർ/വർക്ക്ഷോപ്പ്, ഗവേഷണം, പ്രസിദ്ധീകരണം, കിലെയുടെ നവീകരണം, സിവിൽ സർവീസ് കോച്ചിംഗ് തുടങ്ങിയ പരിപാടികൾ ഏറ്റെടുക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ദേശിക്കുന്നു.

ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിലേക്ക് KILE-യെ ഉയർത്താനും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ സ്റ്റഡീസ് ആൻഡ് മാനേജ്മെന്റിനായുള്ള പ്രാരംഭ അടിസ്ഥാന സൗകര്യ വികസനത്തിനും കിലെ ലക്ഷ്യമിടുന്നു.

ഈ ഘടകപദ്ധതികൾക്കായി 2025-26 വർഷത്തിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മൊത്തം വിഹിതത്തിൽ 100.00 ലക്ഷം രൂപ കിലെയെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് മാത്രമായി നീക്കി വെച്ചിരിക്കുന്നു.

## ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്

### 49. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്

**(വിഹിതം: 500.00 ലക്ഷം രൂപ)**

വിവിധ തരത്തിലുള്ള നിയമങ്ങൾ നടപ്പാക്കിക്കൊണ്ട് ഫാകടറി തൊഴിലാളികളുടേയും പരിസരവാസികളുടേയും ആരോഗ്യവും ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനുള്ള നിയമവിധേയമായ സ്ഥാപനമാണ് ഫാകടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്. ഫാക്ടറികൾക്കും ബോയിലറുകൾക്കും രജിസ്ട്രേഷൻ, ലൈസൻസ് നൽകൽ, ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ മാനേജ്മെന്റ് നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കാൻ ഫാക്ടറികളുടെയും ബോയിലറുകളുടെയും പരിശോധന, അപകടസാദ്ധ്യത കൂടിയതും അപകടകരവുമായ തൊഴിലുകളിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ വൈദ്യപരിശോധന എന്നിവയാണ് വകുപ്പിന്റെ പ്രധാന സേവനങ്ങൾ. അപകടകരമായ ഫാക്ടറികൾ, അപകടസാദ്ധ്യത കൂടിയതും അപകടകരമായ ഫാക്ടറികളിൽ മുൻഗണനാ പരിശോധനകളും എയർ മോണിറ്ററിംഗ് പഠനങ്ങളും നടത്തുക, രജിസ്റ്റർ ചെയ്യാത്ത ഫാക്ടറികൾ കണ്ടെത്തുന്നതിന് സ്ക്വാഡ് പരിശോധനകൾ നടത്തുക തുടങ്ങിയവയും വകുപ്പിന്റെ ചുമതലയാണ്.

വകുപ്പിന്റെ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 വർഷത്തിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- പരിശീലന മാനേജ്മെന്റ് സിസ്റ്റം പ്രോജക്റ്റ്
- MSME മേഖലയിലെ സുഗമമാക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ഇ-സിസ്റ്റമാറ്റിക് സമീപനം (eSAFE MSME)
- മൊബൈൽ മെഡിക്കൽ പരിശോധനാ യൂണിറ്റ്
- ജിഐഎസ് പദ്ധതി
- പരാതി പരിഹാര മൊബൈൽ ആപ്പ്
- വാഹനം ലീസിനോ അല്ലെങ്കിൽ വാടകയ്ക്കോ എടുക്കുക
- പരിശീലന പരിപാടികൾ
- വ്യാവസായിക ശുചിത്വ നിരീക്ഷണ പരിപാടി
- സുരക്ഷാ വാരവും സുരക്ഷാ അവബോധവും
- സുരക്ഷാ നിരീക്ഷണത്തിലൂടെയുള്ള അപകടങ്ങൾ തടയൽ (APSS) പഠനം
- ഓഫീസുകളുടെ നവീകരണവും കമ്പ്യൂട്ടറൈസേഷനും
- സുരക്ഷാ അവാർഡുകളുടെയും ഗ്രേഡിംഗിന്റെയും വിതരണം
- റിമോട്ട് സെൻസിംഗ് പ്രവർത്തനക്ഷമമാക്കിയ ഓൺലൈൻ കെമിക്കൽ എമർജൻസി റെസ്പോൺ സിസ്റ്റം (ROCERS)
- ഒക്യുപേഷണൽ ഹെൽത്ത് സർവേ

മൊത്തം വിഹിതത്തിൽ നിന്നും 10.00 ലക്ഷം രൂപ വനിതാ കേന്ദ്രീകൃത പരിപാടികൾക്കായി ചെലവഴിക്കേണ്ടതാണ്.

## പ്രവാസി മലയാളികാര്യ വകുപ്പ് (നോർക്ക)

ഒരു ഏകജാലക ഏജൻസി എന്ന നിലയിൽ 1996-ലാണ് പ്രവാസി മലയാളി വകുപ്പ് നിലവിൽ വന്നത്. പ്രവാസി മലയാളികളുടെ സർവ്വോന്മുഖമായ ക്ഷേമമാണ് വകുപ്പ് കൈകാര്യം ചെയ്യുന്നത്. ലോകത്താകമാനമുള്ള പ്രവാസി മലയാളികളുടെ ക്ഷേമം ഉറപ്പാക്കുക, പരാതി പരിഹാരം, അവകാശ

സംരക്ഷണം, നാട്ടിലേക്ക് മടങ്ങിയെത്തുന്നവരുടെ പുനരധിവാസം, പ്രവാസി നിക്ഷേപം സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കൽ എന്നിവയാണ് നോർക്കയുടെ പ്രധാന ലക്ഷ്യങ്ങൾ. നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങൾ വകുപ്പ് നേരിട്ടും പൊതുമേഖലാ സ്ഥാപനമായ നോർക്ക റൂട്ട്സ് മുഖാന്തിരവുമാണ് നടപ്പിലാക്കി വരുന്നത്. 15081.00 ലക്ഷം രൂപ 2025-26 വർഷ ബജറ്റിൽ താഴെപ്പറയുന്ന കർമ്മപരിപാടികൾക്കായി വകയിരുത്തിയിരിക്കുന്നു.

**പ്രവാസികളുടെ പുനഃസംയോജനവും ഏകോപനവും**

കോവിഡ്-19 മഹാമാരി കേരള സർക്കാരിനെ സംബന്ധിച്ചിടത്തോളം ഗുരുതരമായ ഒരു പ്രശ്നം സൃഷ്ടിച്ചു, കാരണം മലയാളികൾ ലോകമെമ്പാടുമുള്ള 140 ലധികം രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുകയാണ്. കോവിഡ്-19 മഹാമാരി മറികടക്കാൻ നിരവധി രാജ്യങ്ങൾ ഏർപ്പെടുത്തിയ ലോകവ്യാപകമായ ലോക്ക്ഡൗൺ കാരണം, നിരവധി പ്രവാസി കേരളീയർക്ക് അവർ നിൽക്കുന്ന രാജ്യങ്ങളിൽ ജോലി നഷ്ടപ്പെട്ട് കേരളത്തിലേക്ക് മടങ്ങി വരേണ്ടി വന്നിട്ടുണ്ട്. നോർക്ക റൂട്ട്സ് ൻറെ പ്രാഥമിക കണക്ക് പ്രകാരം മൊത്തം വിദേശത്ത് നിന്നും വന്ന 17 ലക്ഷത്തോളം പേരിൽ ഏകദേശം 10 ലക്ഷത്തിലധികം പേർ തൊഴിൽ നഷ്ടപ്പെട്ടു വന്നവരാണ്. ഇത്തരത്തിൽ മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കുകയും അവർക്ക് നിലനില്പിനാവശ്യമായ പുതിയ നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടത് സർക്കാറിന്റെ പ്രാഥമിക ഉത്തരവാദിത്തമാണ്. ഇതിനായി വിവിധ പദ്ധതികളിലായി 7750.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രവാസികളുടെ ഏകോപിത പുനരധിവാസത്തിന്, ജില്ലാ-സംസ്ഥാന തലങ്ങളിൽ ഒരു ഏകോപന സംവിധാനം സ്ഥാപിക്കണം. നോർക്ക വകുപ്പിന് കീഴിൽ മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും, ഉന്നമനത്തിനുമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**50. തിരിച്ചു വരുന്ന പ്രവാസികളുടെ പുനരധിവാസം (NDPREM)**

**(വിഹിതം: 2500.00 ലക്ഷം രൂപ)**

ജിസിസി രാജ്യങ്ങളിലെ ആഗോള മാന്ദ്യവും ദേശസാൽക്കരണ നയങ്ങളും കുടിയേറ്റക്കാരെ കേരളത്തിലേക്ക് തിരികെ എത്തുന്നതിന് കാരണമായിട്ടുണ്ട്. ഇത്തരത്തിൽ തിരികെ എത്തുന്നവരുടെ പുനരധിവാസവും, ഇവരെ നമ്മുടെ സമൂഹത്തിൽ സംയോജിപ്പിക്കുക എന്നതുമാണ് നോർക്ക വകുപ്പിന്റെ പ്രഥമ പരിഗണന. മടങ്ങിയെത്തിയ കുടിയേറ്റക്കാരുടെ പുനരധിവാസത്തിന്റെ ഭാഗമായി, സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മടങ്ങിവരുന്ന പ്രവാസികൾക്ക് സുസ്ഥിരമായ ഉപജീവനമാർഗം പ്രദാനം ചെയ്യുന്നതിനായി 'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (എൻഡിപിആർഇഎം)' എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി, അഗ്രി-ബിസിനസ്, ട്രേഡിംഗ്, സർവീസ്, മാനുഫാക്ചറിംഗ് എന്നീ മേഖലകളിൽ സ്വന്തമായി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന, തിരിച്ചെത്തിയ പ്രവാസികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. 30.00 ലക്ഷം രൂപ വരെ മുതൽ മുടക്കുള്ള പ്രവാസികളുടെ, വ്യക്തിഗത പ്രൊജക്ടുകൾക്ക് 15% മൂലധന സബ്സിഡി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ യൂണിറ്റിന്റെ ആദ്യ 4 വർഷത്തെ പ്രവർത്തനങ്ങൾക്ക് 3% സബ്സിഡി പലിശയും പ്രഖ്യാപിച്ചിട്ടുണ്ട്. 2500.00 ലക്ഷം രൂപ ഈ പദ്ധതിക്കായി 2025-26 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

മൊത്തം വിഹിതത്തിന്റെ 10 ശതമാനം വീതം സ്ത്രീകളുടെയും മുതിർന്ന പൗരന്മാരുടെയും സംരംഭങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു.

**51. പ്രവാസി മലയാളികൾക്കുള്ള നൈപുണ്യ വികസന-തുടർ സംയോജിത പരിശീലന പരിപാടി**

**(വിഹിതം: 200.00 ലക്ഷം രൂപ)**

**നൈപുണ്യ വികസനവും പുനർസംയോജന പരിശീലന പരിപാടി:** ഈ പരിപാടി ലക്ഷ്യമിടുന്നത് കേരളീയരായ യുവ തൊഴിൽ സേനയുടെ വൈദഗ്ധ്യം ഉയർത്തുകയും വിദേശ തൊഴിൽ വിപണിയിലെ വെല്ലുവിളികളെ നേരിടാൻ മടങ്ങിവരുന്ന കുടിയേറ്റക്കാരുടെ പുനഃനൈപുണ്യവുമാണ്. അടിസ്ഥാന സാങ്കേതികവും മറ്റ് യോഗ്യതകളും ഉള്ളവർക്ക് കലാ വൈദഗ്ധ്യവും ആശയവിനിമയ വൈദഗ്ധ്യവും നൽകുന്നു, അതിലൂടെ അവർക്ക് മിക്ക ആധുനിക സാങ്കേതികവിദ്യകളിലും മതിയായ അനുഭവം ലഭിക്കും. ഈ പരിശീലനം നൽകുന്നതിലൂടെ, കേരളീയർ വർക്ക്സൈറ്റുകളിൽ എളുപ്പത്തിൽ തൊഴിൽ ചെയ്യാവുന്ന ഒരു തൊഴിൽ ശക്തിയായി മാറുന്നുവെന്ന് ഉറപ്പാക്കാൻ കഴിയും.

വികസിത സമ്പദ്വ്യവസ്ഥകളിൽ തൊഴിൽ വിസ ലഭിക്കുന്നതിന് ആശയവിനിമയ വൈദഗ്ധ്യം പ്രധാനമാണ്. ഇത്തരം പരീക്ഷകളിൽ വിജയിക്കുന്നതിനുള്ള പരിശീലനം അംഗീകൃത സ്ഥാപനങ്ങൾ മുഖേന നോർക്ക നടത്തുന്നുമുണ്ട്. പദ്ധതി പ്രകാരം, വിദ്യാർത്ഥികൾ (എസ്.സി/എസ്.ടി, ബിപിഎൽ

വിദ്യാർത്ഥികൾ ഒഴികെ) കോഴ്സ് ഫീസിന്റെ 25% സ്ഥാപനങ്ങൾക്ക് നൽകണം, കോഴ്സ് ഫീസിന്റെ ബാക്കി തുക (75%) പ്ലാൻ ഫണ്ടിൽ നിന്ന് വഹിക്കും.

**നൈപുണ്യ സർട്ടിഫിക്കേഷൻ:** മടങ്ങിവരുന്ന പ്രവാസികളെ ഗാർഹിക പ്രാദേശിക സേനയിലേക്ക് പുനഃസംയോജിപ്പിക്കുന്നതിന്, നൈപുണ്യ സർട്ടിഫിക്കേഷൻ കോഴ്സ് നടപ്പിലാക്കും. അവരുടെ വിദേശ അനുഭവവും വൈദഗ്ധ്യവും സാധൂകരിക്കുന്നതിലൂടെ സുരക്ഷിതവും അനുയോജ്യവുമായ തൊഴിൽ നൽകാനും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്ക് സംഭാവന നൽകാനും വകുപ്പിന് അവരെ സഹായിക്കാനാകും. മടങ്ങിയെത്തിയ പ്രവാസികളുടെ വൈദഗ്ധ്യവും അനുഭവപരിചയവും പ്രയോജനപ്പെടുത്തുന്നതിന് തൊഴിൽ വകുപ്പിന് കീഴിലുള്ള ഐടിഐ, കെയ്സ് തുടങ്ങിയ സ്ഥാപനങ്ങൾ വഴിയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് നൈപുണ്യ പരിശോധനകൾ നടത്തി പ്രവാസികൾക്ക് നൈപുണ്യ സർട്ടിഫിക്കറ്റുകൾ നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഈ സംരംഭം പ്രാദേശിക തൊഴിലാളികളുടെ മൊത്തത്തിലുള്ള ഗുണനിലവാരം ഉയർത്തും.

ഈ പദ്ധതിക്കായി 200.00 ലക്ഷം രൂപ 2025-26 ബജറ്റിൽ നീക്കി വച്ചിട്ടുണ്ട്.

## 52. തൊഴിൽ പോർട്ടൽ

**(വിഹിതം: 100.00 ലക്ഷം രൂപ)**

നോർക്ക-റൂട്ട്സ് ഓവർസീസ് ഇന്ത്യൻ അഫയേഴ്സ് മന്ത്രാലയത്തിന് കീഴിലുള്ള ഒരു രജിസ്റ്റർ ചെയ്ത റിക്രൂട്ട്മെന്റ് ഏജൻസിയാണ്. നോർക്ക-റൂട്ട്സ് വികസിപ്പിച്ച ജോബ് പോർട്ടൽ, വിദേശ തൊഴിലുടമകൾ ഉന്നയിക്കുന്ന ആവശ്യത്തിന് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിനുള്ള ഒരു ഡാറ്റാബേസായി ഉപയോഗിക്കാം. കൂടാതെ, നോർക്ക റൂട്ട്സിന് വിദേശ തൊഴിലുടമകളിൽ നിന്ന് കൂടുതൽ ഡിമാൻഡ് ആകർഷിക്കേണ്ടതുണ്ട്. ഇതിനായി തൊഴിലന്വേഷകരും തൊഴിലുടമകളും തമ്മിലുള്ള ആശയവിനിമയത്തിനും സുരക്ഷിതമായ കുടിയേറ്റം ഉറപ്പാക്കുന്നതിനുമായി പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിക്കൊണ്ട് ജോബ് പോർട്ടൽ നവീകരിക്കേണ്ടതും, പോർട്ടലിനെക്കുറിച്ച് മതിയായ പ്രചാരണം നൽകേണ്ടതുമുണ്ട്. കൂടാതെ വിദേശത്തും ഇന്ത്യക്കകത്തുനിന്നും കൂടുതൽ തൊഴിലുടമകളെ കണ്ടെത്തുന്നതിന് മതിയായ ശ്രമങ്ങൾ നടത്താനും നോർക്ക ശ്രമിക്കുന്നുണ്ട്. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 53. നോർക്ക വാണിജ്യ സൗകര്യ കേന്ദ്രം

**(വിഹിതം: 150.00 ലക്ഷം രൂപ)**

നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (NBFC) കേരളത്തിലെ നിക്ഷേപ അവസരങ്ങളിൽ പ്രവാസി മലയാളികൾക്കും (NRK) മടങ്ങിവരുന്ന പ്രവാസികൾക്കും സമഗ്ര പിന്തുണാ സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു. നിക്ഷേപകർക്ക് വിദഗ്ധമായ അറിവും, മാർഗനിർദേശവും നൽകിക്കൊണ്ട് കേരളത്തിൽ തങ്ങളുടെ ബിസിനസ്സ് ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനും പ്രവാസികളെയും തിരിച്ചുവരുന്നവരെയും ഈ കേന്ദ്രം തിരിച്ചറിയുകയും സഹായിക്കുകയും ചെയ്യുന്നു. പ്രൊഫഷണലുകളേയും റിസോഴ്സ് പേഴ്സണുകളേയും ഉൾപ്പെടുത്തി ബിസിനസ് അവസര മാപ്പിംഗ് നടത്തേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിന് കേരളത്തിലെ ബിസിനസ്, വ്യാപാര, വാണിജ്യ അവസരങ്ങളിലേക്ക് പ്രവാസി നിക്ഷേപങ്ങൾ ആകർഷിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. 2025-26 ബജറ്റിൽ പ്രസ്തുത പദ്ധതിക്കായി 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 54. വിപണി ഗവേഷണം, സ്കില്ലിംഗ്, പ്രീ റിക്രൂട്ട്മെന്റ്, റിക്രൂട്ട്മെന്റ്, പോസ്റ്റ് റിക്രൂട്ട്മെന്റ്, സേവനങ്ങൾ എന്നിവയ്ക്കായുള്ള പുതിയ സംരംഭം

**(വിഹിതം: 200.00 ലക്ഷം രൂപ)**

തൊഴിൽ വിപണിയുടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളും, പ്രശ്നങ്ങളും നേരിടാനും റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലെയും പരിശീലനവും, നൈപുണ്യങ്ങളും സമന്വയിപ്പിക്കാനും നിലവിലുള്ള വിദേശ റിക്രൂട്ട്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിക്കുക എന്നതാണ് വിപണി ഗവേഷണം, നൈപുണ്യങ്ങൾ, പ്രീ-റിക്രൂട്ട്മെന്റ്, പോസ്റ്റ്-റിക്രൂട്ട്മെന്റ് സേവനങ്ങൾ എന്നിവയ്ക്കായുള്ള സംരംഭം കൊണ്ട് വിഭാവനം ചെയ്യുന്നത്.

നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് (NIFL) ഒരു വിദേശ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മാത്രമല്ല, അത് ഒരു മൈഗ്രേഷൻ ഫെസിലിറ്റേറ്ററായും പ്രവർത്തിക്കുന്നു. സുരക്ഷിതവും നിയമപരവുമായ മൈഗ്രേഷനെ

കുറിച്ച് ഉദ്യോഗാർത്ഥികളെ അറിയിക്കുകയും, NIFL-ലെ ഉദ്യോഗാർത്ഥികൾക്ക് അധിക നൈപുണ്യ പ്രോഗ്രാമുകൾ നൽകുകയും ചെയ്യുന്നു. ഈ പ്രോഗ്രാമിന് കീഴിൽ അന്താരാഷ്ട്ര ഗ്രേഡിന്റെ ഉയർന്ന തലത്തിലുള്ള പ്ലേസ്മെന്റ് ലിങ്ക്ഡ് സ്കില്ലിംഗ് നൽകാൻ ശ്രമിക്കേണ്ടതുണ്ട്. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. .

**55. പ്രവാസി സംഘത്തിനുള്ള ധനസഹായം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

പ്രവാസികൾക്കിടയിൽ നോർക്കയുടെ പദ്ധതികളെ കുറിച്ചും, നോർക്ക നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങളെകുറിച്ചും ഉള്ള അറിവും അവബോധവും വളർത്തുന്നതിലും, പ്രചരിപ്പിക്കുന്നതിലും പ്രവാസി സംഘങ്ങൾക്ക് ഒരു സുപ്രധാനമായ പങ്കാണുള്ളത്. വിദേശത്ത് പോകുന്ന പ്രവാസികളുടേയും, ദീർഘകാല പ്രവാസത്തിനു ശേഷം തിരിച്ചു വന്ന പ്രവാസികളുടേയും ക്ഷേമത്തിന് വേണ്ടിയുള്ള ഒരു പ്ലാറ്റ്ഫോം ആണ് സംഘങ്ങൾ. പ്രവാസികളുടെ ഫിനാൻഷ്യൽ, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക മേഖലകളിലെ ഉന്നമനമാണ് സംഘങ്ങളുടെ ലക്ഷ്യം. സംഘങ്ങളുടെ ഫീൽഡ് ലെവൽ നെറ്റ് വർക്ക് വളരെ അധികമായതിനാൽ അവരുടെ സേവനം പ്രവാസികളുടെ സാമ്പത്തിക, സാമൂഹ്യ മേഖലകളെ ശക്തിപ്പെടുത്തും. സംസ്ഥാനത്തെ പ്രവാസികളുടെ ക്ഷേമത്തിനായി രൂപീകരിച്ച അർഹരായ മടങ്ങിയെത്തിയ പ്രവാസികളുടെ രജിസ്റ്റർ ചെയ്ത സൊസൈറ്റികൾക്ക് സീഡ് മണിയും മൂലധന ഗ്രാന്റും വിതരണം ചെയ്യുന്നു. പ്രവാസി സംഘത്തെ ശക്തിപ്പെടുത്തുന്നതിനായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**56. തിരിച്ചെത്തുന്ന പ്രവാസികളുടെ ഏകോപന പുന സംയോജന പദ്ധതി**

**(വിഹിതം: 4500.00 ലക്ഷം രൂപ)**

കോവിഡ് 19 പാൻഡെമിക്കിനെ തുടർന്ന് മടങ്ങിയെത്തിയ പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കാനും പുനഃസംയോജിപ്പിക്കാനും ഏകോപിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. ചെറുകിട സംരംഭങ്ങൾ മുതൽ വൻകിട മെഗാ പ്രോജക്ടുകൾ വരെയുള്ള വിവിധ സ്കെയിലുകളുടെ കിക്ക് സ്റ്റാർട്ടിംഗ് സംരംഭങ്ങളിൽ ഗണ്യമായ എണ്ണം പ്രവാസികളെ ഈ സംരംഭം വിജയകരമായി സഹായിച്ചു, അതുവഴി അവരുടെ വരുമാനം സുഗമമാക്കുന്നു. സമാനമായി തിരിച്ചെത്തിയ പ്രവാസികളുടെ ഒരു പ്രധാന ഭാഗം ഇപ്പോഴും പ്രോഗ്രാമിൽ പങ്കെടുക്കാനുള്ള അവസരത്തിനായി കാത്തിരിക്കുന്നു. പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ള പുനരധിവാസ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

എ) പ്രവാസി ഭദ്രത - പേൾ (PEARL)- കുടുംബശ്രീ മിഷന്റെ കീഴിൽ തിരിച്ചു വന്ന കുറഞ്ഞ വരുമാനമുള്ള പ്രവാസികൾക്ക് 2 ലക്ഷം രൂപ വരെയുള്ള പലിശ രഹിത വായ്പ നൽകുന്നതിനുള്ള പദ്ധതി.

ബി) പ്രവാസി ഭദ്രത - മൈക്രോ-സഹകരണ ബാങ്കുകൾ വഴിയും ദേശസാൽകൃത ബാങ്കുകൾ/ഷെഡ്യൂൾഡ് ബാങ്കുകൾ ഉൾപ്പെടെയുള്ള മറ്റ് ധനകാര്യ സ്ഥാപനങ്ങൾ വഴിയും 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ പരമാവധി ഒരു ലക്ഷം രൂപ വരെ 25% മൂലധന സബ്സിഡിയും 3% പലിശ സബ്സിഡിയും

സി) പ്രവാസി ഭദ്രത - MEGA- കെ.എസ്.ഐ.ഡി.സി മുഖേന- എംഎസ്എംഇ സംരംഭങ്ങൾക്ക് 5% പലിശ നിരക്കിൽ 25.00 ലക്ഷം രൂപ മുതൽ 2.00 കോടി രൂപ വരെ വായ്പ.

നോർക്ക റൂട്ട്സിന്റെയും സർക്കാരിന് അകത്തും പുറത്തുമുള്ള മറ്റ് ഏജൻസികളുടെ സഹായത്തോടെ നോർക്ക റൂട്ട്സിന്റെ തിരിച്ചു വരുന്ന പ്രവാസികൾക്കായുള്ള ഏകോപനത്തിനും പുനസംയോജന പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 4500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**മറ്റ് സ്കീമുകൾ**

**57. നോർക്ക റൂട്സ് ആസ്ഥാനവും, മറ്റ് അനുബന്ധ ഓഫീസുകളും ശക്തിപ്പെടുത്തുക**

**(വിഹിതം: 200.00 ലക്ഷം രൂപ)**

തിരുവനന്തപുരത്തെ നോർക്ക സെന്റർ ഓഫീസ് വഴിയും എറണാകുളത്തും കോഴിക്കോട്ടും ഉള്ള റീജിയണൽ ഓഫീസുകൾ വഴിയും ഇവിടുത്തെ താമസക്കാർക്കും പ്രവാസികൾക്കും ആശയവിനിമയം, മാർഗ്ഗനിർദ്ദേശം, പരാതികൾ കൈകാര്യം ചെയ്യൽ തുടങ്ങിയ സഹായ സേവനങ്ങൾക്ക് നോർക്ക റൂട്ട്സ് ഒരു പ്ലാറ്റ്ഫോം നൽകുന്നു. മടങ്ങിയെത്തിയ പ്രവാസികൾ ഉൾപ്പെടെ എല്ലാ പ്രവാസികൾക്കും പ്രവേശനക്ഷമത ഉറപ്പാക്കാൻ ജില്ലാ നോർക്ക സെൽ ഫലപ്രദമായി പ്രവർത്തിക്കുന്നു. നോർക്ക സെന്റർ,

റീജിയണൽ ഓഫീസ്/സാറ്റലൈറ്റ് ഓഫീസുകൾ/ജില്ലാ നോർക്ക സെല്ലുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യ പരിപാലനം/ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതി. ഈ പദ്ധതിക്കായി 200.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**58. 24 മണിക്കൂർ ഹെൽപ് ലൈൻ/കാൾ സെന്ററും എൻ.ആർ.കെ പ്രശ്ന പരിഹാര സെൽ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

കുടിയേറ്റക്കാർക്കും മടങ്ങിയെത്തുന്നവർക്കും വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങളും പദ്ധതികളും പരസ്യപ്പെടുത്തുന്നതിനും അവരുടെ ഫീഡ്ബാക്ക് ലഭിക്കുന്നതിനുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രവാസികളുടെ പരാതി പരിഹാരത്തിനും വിവര വിനിമയത്തിനും വേണ്ടി ഒരു ഹെൽപ്പ് ലൈൻ സജ്ജീകരിച്ചിട്ടുണ്ട്. ആഭ്യന്തര കലഹം, പ്രകൃതിക്ഷോഭം, ആതിഥേയ രാജ്യങ്ങളിലെ യുദ്ധം എന്നിവയാൽ കേരളീയർ ദുരിതത്തിലായിരിക്കുന്ന കാലത്ത് കോൾ സെന്റർ ഒരു എമർജൻസി കൺട്രോൾ റൂമായും പ്രവർത്തിക്കുന്നു. ഹെൽപ്പ് ലൈൻ വഴി പ്രവാസികൾക്ക് ആവശ്യമായ വിവരങ്ങളും സഹായവും നൽകാനും വിഭാവനം ചെയ്തിട്ടുണ്ട്. 2025-26 ബജറ്റിൽ 24 മണിക്കൂർ ഹെൽപ്പ് ലൈൻ/കോൾ സെന്റർ, എൻ.ആർ.കെ പരാതി പരിഹാര സെൽ എന്നിവയുടെ നടത്തിപ്പിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**59. പ്രവാസി നിയമ സഹായ സമിതി**

**(വിഹിതം: 110.00 ലക്ഷം രൂപ)**

ഭൂരിഭാഗം പ്രവാസികളും തങ്ങളുടെ അതിഥി രാജ്യങ്ങളുടെ നിലവിലുള്ള നിയമങ്ങൾ, നടപടിക്രമങ്ങൾ, സംസ്കാരം, ഭാഷ എന്നിവയെക്കുറിച്ച് അജ്ഞരാണ്. അത് അവരെ ഇടനിലക്കാരുടെ വഞ്ചനയ്ക്കും വിദേശ തൊഴിലുടമകളുടെ ചൂഷണത്തിനും ഇരയാക്കുന്നു. അവരിൽ പലരും ശരിയായ രേഖകളില്ലാതെ വിദേശ ജോലികളിൽ ഏർപ്പെടുമ്പോൾ അല്ലെങ്കിൽ തൊഴിൽ വിസയുടെ കാലാവധി കഴിഞ്ഞതിന് ശേഷം കൂടുതൽ താമസിക്കുമ്പോൾ അനധികൃത കുടിയേറ്റക്കാരാണ്. ഒരു തരത്തിലുമുള്ള നിയമ സഹായത്തിന്റെ അഭാവത്തിൽ പാവപ്പെട്ട തൊഴിലാളികൾ ജയിലിലടയ്ക്കപ്പെടുകയും വളരെ വലിയ ദുരുപയോഗത്തിന് വിധേയരാകുകയും ചെയ്യുന്നു. അതിനാൽ, ആതിഥേയ രാജ്യങ്ങളിൽ നിയമസഹായം ആവശ്യമുള്ള പ്രവാസികളെ സഹായിക്കാൻ പ്രവാസി ലീഗൽ എയ്ഡ് സെൽ (PLAC) രൂപീകരിച്ചു, തങ്ങളുടെതല്ലാത്ത തെറ്റിന് ജയിലിൽ ജാമ്യം ലഭിക്കാതെനിരപരാധികളായ മലയാളികൾ വിദേശത്ത് തടവിലാക്കപ്പെടുന്നുണ്ട്. അതിനാൽ, ആതിഥേയ രാജ്യങ്ങളിൽ നിയമസഹായം ആവശ്യമുള്ള പ്രവാസികളെ സഹായിക്കാൻ പ്രവാസി ലീഗൽ എയ്ഡ് സെൽ രൂപീകരിച്ചു. നിലവിലുള്ള നോർക്ക ലീഗൽ കൺസൾട്ടന്റുമാരോടൊപ്പം എംപാനൽ ചെയ്ത നിയമ സ്ഥാപനങ്ങളുടെ സഹായം തേടാനും പദ്ധതി വിഭാവനം ചെയ്യുന്നു. 2025-26 ബജറ്റിൽ 110.00 ലക്ഷം രൂപ പ്രവാസി നിയമ സഹായ സമിതിക്കായി വകയിരുത്തിയിട്ടുണ്ട്.

**60. 'സാന്ത്വന' പദ്ധതി**

**(വിഹിതം: 3300.00 ലക്ഷം രൂപ)**

സ്വന്തം നാട്ടിലേക്ക് മടങ്ങിയ പ്രവാസിക്ക് സമയബന്ധിതമായി സാമ്പത്തിക സഹായം നൽകാനാണ് സാന്ത്വന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തിരിച്ച് വരുന്ന പ്രവാസി മലയാളികൾക്കും, മരണമടഞ്ഞ പ്രവാസി മലയാളികളുടെ ആശ്രിതർക്കും, മരണാനന്തര സഹായം (1.00 ലക്ഷം രൂപ വരെ), വിവാഹം (15,000 രൂപ വരെ), ചികിത്സ (50, 000 രൂപ വരെ), വൈകല്യത്തെ ചെറുക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങൽ (10,000 രൂപ വരെ) എന്നിവക്കായി ധനസഹായം നൽകുന്നതിനു തുടങ്ങിയ പദ്ധതിയാണിത്. ഇത് ഒരു ഒറ്റത്തവണ സഹായ പദ്ധതിയാണ്. സാന്ത്വന പദ്ധതിക്ക് അപേക്ഷിക്കുന്ന പ്രവാസി രണ്ട് വർഷത്തിൽ കുറയാതെ വിദേശത്ത് ജോലി ചെയ്തിരിക്കണം എന്ന് നിബന്ധന ഉണ്ട്. 2025-26 ബജറ്റിൽ 3300.00 ലക്ഷം രൂപ ഇതിലേക്കായി വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ 30 ശതമാനം സ്ത്രീകൾ ആയിരുന്നു ഈ സാമ്പത്തിക വർഷത്തിലും അതേ ശതമാനം തുടരുമെന്ന് പ്രതീക്ഷിക്കുന്നു.

**61. പ്രവാസി ക്ഷേമ ഫണ്ട്**

**(വിഹിതം: 1600.00 ലക്ഷം രൂപ)**

കേരള നിയമസഭ നടപ്പാക്കിയ 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമനിധി നിയമം അനുസരിച്ച്, പ്രവാസി മലയാളികൾക്കായി വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനായി 2010-ൽ കേരള പ്രവാസി ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. 'ദ നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ്' മുഖേന വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ 1600.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 62. പ്രവാസി ഡിവിഡന്റ് സ്കീം-നോർക്ക ക്ഷേമ ബോർഡ് വഴി

**(വിഹിതം: 600.00 ലക്ഷം രൂപ)**

പ്രവാസി ഡിവിഡന്റ് സ്കീം പ്രവാസികളുടെയും, പ്രവാസം അവസാനിപ്പിച്ച് മടങ്ങിയെത്തിയവരുടെയും ക്ഷേമം ഉറപ്പാക്കുകയും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ വിഭവങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. പ്രവാസി മലയാളികളിൽ നിന്ന് സംസ്ഥാനത്തിന്റെ വികസനത്തിന് നിക്ഷേപം ക്ഷണിക്കുന്നതിനായി എൻ.ആർ.കെ വെൽഫെയർ ബോർഡ് മുഖേന സർക്കാർ പ്രവാസി ഡിവിഡന്റ് പദ്ധതി അവതരിപ്പിച്ചു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 600.00 ലക്ഷം രൂപ 2025-26 ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

### 63. നിയമപരമല്ലാത്ത റിക്രൂട്ട്മെന്റ് വിസ കബളിപ്പിക്കൽ തുടങ്ങിയവയെക്കുറിച്ചുള്ള ബോധവത്ക്കരണപരിപാടികളും, യാത്ര പുറപ്പെടുന്നതിന് മുമ്പുള്ള തയ്യാറെടുപ്പ് പരിപാടികൾ

**(വിഹിതം: 100.00 ലക്ഷം രൂപ)**

ആളുകളെ സുരക്ഷിതമായി കുടിയേറുന്നതിനും അവരുടെ കുടിയേറ്റ രാജ്യത്തെക്കുറിച്ചുള്ള മികച്ച തീരുമാനങ്ങൾ എടുക്കുന്നതിനും സഹായിക്കുക എന്നതാണ് പ്രി-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകളുടെ (PDOP) ലക്ഷ്യം. ഒരു പുതിയ പരിതസ്ഥിതിയിൽ വിജയിക്കുന്നതിന് ആവശ്യമായ അറിവും വൈദഗ്ധ്യവും ആത്മവിശ്വാസവും ഉള്ള വ്യക്തികളെ പ്രി-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം സജ്ജീകരിക്കുന്നു, അന്തർദേശീയ കുടിയേറ്റവുമായി ബന്ധപ്പെട്ട അപകടസാധ്യതകളും വെല്ലുവിളികളും ഇത് കുറയ്ക്കുന്നു. ഈ പ്രോഗ്രാമുകൾ സാംസ്കാരിക പൊരുത്തപ്പെടുത്തൽ, നിയമപരമായ പ്രശ്നങ്ങൾ, പ്രൊഫഷണൽ വികസനം മുതലായവയിൽ അത്യാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു, കൂടാതെ കബളിപ്പിക്കൽ ഒഴിവാക്കുന്നതും നിയമവിരുദ്ധമായ റിക്രൂട്ട്മെന്റ് രീതികളും ഉൾപ്പെടെയുള്ള അപകടസാധ്യതകൾ തിരിച്ചറിയാൻ ചെയ്യാൻ വ്യക്തികളെ സഹായിക്കുന്നു. ഈ പദ്ധതിക്കായി കഴിഞ്ഞ വർഷങ്ങളിൽഅനുവദിച്ച ഫണ്ടിന്റെ ഗുണഭോക്താക്കളിൽ 60 ശതമാനവും സ്ത്രീകളായിരുന്നു. വിദേശ രാജ്യങ്ങളിൽ പ്രത്യേകിച്ച് ജി.സി.സി രാജ്യങ്ങളിൽ വീട്ടുജോലിക്കാരായി ജോലി ചെയ്യുന്ന സ്ത്രീ സമൂഹത്തിന് ഇത് ഗണ്യമായി പ്രയോജനപ്പെടുന്നു. ഈ സാമ്പത്തിക വർഷത്തിലും അതേ ശതമാനം തുടരുമെന്നു പ്രതീക്ഷിക്കുന്നു. 100.00 ലക്ഷം രൂപ 2025-26 ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

### 64. എയർപോർട്ടിൽ അടിയന്തിര ആംബുലൻസ് സഹായം

**(വിഹിതം: 75.00 ലക്ഷം രൂപ)**

വിദേശത്തു വെച്ച് അസുഖം ബാധിച്ച് അവരുടെ ആവശ്യപ്രകാരം കേരളത്തിലെ എയർപോർട്ടുകളിൽ നിന്നും വീടുകളിലേക്കോ, ആശുപത്രികളിലേക്കോ യാത്ര ചെയ്യുന്നതിനും, അത് പോലെ തന്നെ വിദേശത്ത് വെച്ച് മരണപ്പെടുന്നവരുടെ മൃതദേഹം അവരുടെ വീടുകളിലേക്ക് എത്തിക്കുന്നതിനും ആംബുലൻസ് സൗകര്യം ഒരുക്കേണ്ടതുണ്ട്. ഈ സേവനം ഇപ്പോൾ മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. വിദേശത്ത് മരിച്ച എൻആർകെകളുടെ മൃതദേഹങ്ങൾ ഈ വിമാനത്താവളങ്ങളിൽ നിന്ന് അവരുടെ വീട്ടിലേക്ക്/നാട്ടിലേക്ക് കൊണ്ടുപോകുന്നതിനും ഈ സൗജന്യ ആംബുലൻസ് സേവനം ലഭ്യമാണ്. ഈ സേവനം ലഭിക്കുന്നതിന് ബന്ധുക്കൾ/സുഹൃത്തുക്കൾ/അസോസിയേഷനുകൾക്ക് നോർക്ക-റൂട്ട്സുമായി ബന്ധപ്പെടാവുന്നതാണ്. 2025-26 ബജറ്റിൽ നോർക്ക എമർജൻസി ആംബുലൻസ് സേവനത്തിനായി 75.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 65. ആഗോള കേരള സാംസ്കാരിക ഉത്സവം

**(വിഹിതം: 100.00 ലക്ഷം രൂപ)**

നമ്മുടെ സംസ്ഥാനത്തിന്റെ സംസ്കാരവും പൈതൃകവും കാത്തുസൂക്ഷിക്കാനും വരും തലമുറയ്ക്ക് കൈമാറാനുമുള്ള കേരള സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പരിപാടികളിലൊന്നാണ് ഗ്ലോബൽ കേരള കൾച്ചറൽ ഫെസ്റ്റിവൽ. കേരളത്തിന് പുറത്ത് താമസിക്കുന്ന ഭൂരിപക്ഷം പ്രവാസികളും നമ്മുടെ നാടിന്റെ സാംസ്കാരിക പൈതൃകവും പരമ്പരാഗതമായ ചടങ്ങുകളും, മറ്റുമായി എപ്പോഴും ബന്ധം സൂക്ഷിക്കാൻ ആഗ്രഹിക്കുന്നവരാണ്. ആഗോള കേരള സാംസ്കാരികോത്സവം കേരളത്തിന്റെ സംസ്കാരം പ്രകടിപ്പിക്കുന്നതിന് മാത്രമല്ല, പ്രവാസികൾക്ക് അവരുടെ മാതൃസംസ്ഥാനവുമായി അവരെ ബന്ധപ്പെടുത്തുന്നതിനുള്ള അവസരം കൂടിയാണ്. പ്രവാസികളിലെ ഏത് പ്രായക്കാർക്കും അവരുടെ കഴിവ് പ്രകടിപ്പിക്കുന്നതിനുള്ള ഒരു വേദികൂടിയാണത്. ഗ്ലോബൽ കേരള ഫെസ്റ്റിവലിന്റെ നടത്തിപ്പിനെ ലോക കേരള സഭയുടെ യോഗങ്ങളുമായി ബന്ധിപ്പിച്ചാൽ മികച്ച സമന്വയമുണ്ടാകും. ശരിയായ ശ്രമങ്ങളിലൂടേയും, പരസ്യങ്ങളിലൂടെയും ആഗോള കേരള സാംസ്കാരികോത്സവത്തെ, സംസ്ഥാനത്തെ എല്ലാ വർഷവും നടക്കുന്ന മികച്ച സാംസ്കാരിക മേളയാക്കി മാറ്റാവുന്നതാണ്. 2025-26 ബജറ്റിൽ 100.00

ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**66. നോർക്ക വകുപ്പിന്റെ പൊതു ഫണ്ട്**

**(വിഹിതം: 50.00 ലക്ഷം രൂപ)**

മീറ്റിംഗുകളും, സംഗമങ്ങളും, മറ്റ് അപ്രതീക്ഷിത ചെലവുകൾക്കുമായി നോർക്ക വകുപ്പ് 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**67. നോർക്ക സെൽ, ന്യൂഡൽഹി**

**(വിഹിതം: 16.00 ലക്ഷം രൂപ)**

ന്യൂ ദില്ലിയിലെ നോർക്ക സെല്ലിന്റെ ആവശ്യങ്ങളിലേക്കായി 16.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**68. എമർജൻസി റീപ്പാട്രിയേഷൻ ഫണ്ട്**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ദുരിതമനുഭവിക്കുന്ന പ്രവാസികളെ അടിയന്തരമായി സ്വദേശത്തേക്ക് കൊണ്ടുപോകുന്നതിനാണ് എമർജൻസി റീപാട്രിയേഷൻ ഫണ്ട് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സംഘർഷം രൂക്ഷമായ രാജ്യങ്ങളിൽ നിന്നുള്ള കൂട്ട ഒഴിപ്പിക്കലിൽ തിരികെ കൊണ്ട് വരുന്നതും ഇതിൽ ഉൾപ്പെടുന്നു. ദുരിതബാധിതരെ സ്വദേശത്തേക്ക് കൊണ്ടുപോകുന്നതും മൃതദേഹങ്ങൾ കൊണ്ടുപോകുന്നതും ഈ പദ്ധതിയുടെ പരിധിയിൽ വരും. ഈ പദ്ധതിക്ക് കീഴിലുള്ള ചെലവുകൾ തീർത്തും പ്രവചനാതീതവും ഡിമാൻഡ് അടിസ്ഥാനത്തിലുള്ളതുമാണ്. ഇതെല്ലാം ഈ നിധിയിൽ നിന്നാണ് ചെലവഴിക്കപ്പെടുന്നത്. 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**69. ലോകകേരള സഭ**

**(വിഹിതം: 200.00 ലക്ഷം രൂപ)**

വിദേശത്തും, ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലും വസിക്കുന്ന കേരളീയരുമായി അടുത്ത ബന്ധം നിലനിർത്താൻ കേരള ഗവൺമെന്റ് എപ്പോഴും ഉത്സുകരാണ്, അതിനായി സർക്കാർ 2018 ൽ ലോക കേരള സഭ സെക്രട്ടേറിയറ്റും അതിന്റെ പ്രധാന പരിപാടിയായ ലോക കേരള സഭയും രൂപീകരിച്ചു. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സഹകരണം പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്തിന്റെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ വികസനവുമായി പ്രവാസി സമൂഹത്തെ സമന്വയിപ്പിക്കുക, ഈ വിഷയങ്ങളിൽ ചർച്ചകൾ സുഗമമാക്കുക, മൈഗ്രേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള ഒരു പൊതുവേദി ഒരുക്കുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തിയാണ് സഭ രൂപീകരിച്ചത്. കേരളത്തിലെ വെള്ളപ്പൊക്കം, കൊവിഡ്-19 മഹാമാരി, ഉക്രേനിയൻ പ്രതിസന്ധി, വയനാട് മണ്ണിടിച്ചിൽ തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങളിൽ ലോക കേരള സഭാംഗങ്ങളുടെ ശ്രദ്ധേയമായ സേവനം സംസ്ഥാനത്തിന് ലഭ്യമായി. ലോക കേരള സഭ സെക്രട്ടേറിയറ്റിന്റെ ഓഫീസ് ചെലവുകൾ വഹിക്കുന്നതിനായി 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**70. നോർക്ക റൂട്ട്സ് സ്കോളർഷിപ്പ് പദ്ധതി**

**(വിഹിതം: 30.00 ലക്ഷം രൂപ)**

പ്രവാസി സമൂഹത്തോടുള്ള പ്രതിബദ്ധതയുടെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിനായി നോർക്ക-റൂട്ട്സ് ഡയറക്ടേഴ്സിന്റെയും നോർക്ക വകുപ്പിന്റെ സംയുക്ത സംരംഭമാണ് നോർക്ക-റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് സ്കീം. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ കാര്യമായ സംഭാവന നൽകിയിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികളുടെ കുട്ടികൾക്ക് ഹയർസെക്കൻഡറി തലം മുതൽ ഉന്നത പ്രൊഫഷണൽ കോഴ്സുകൾ വരെയുള്ള വിദ്യാഭ്യാസം നേടുന്നതിന് നിശ്ചിത നിരക്കിൽ സ്കോളർഷിപ്പ് നൽകുകയും അതുവഴി സാമൂഹികവും വിദ്യാഭ്യാസപരവുമായ നില വർദ്ധിപ്പിക്കുകയും ചെയ്യുന്നു. 30.00 ലക്ഷം രൂപ 2025-26 ബജറ്റിൽ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

**71. ലോക കേരള കേന്ദ്രവും, ലോക മലയാള കേന്ദ്രവും**

**(വിഹിതം: 100.00 ലക്ഷം രൂപ)**

**ലോക കേരള കേന്ദ്രം:** നോർക്ക വകുപ്പിന് മാവേലിക്കരയിൽ ഒരു 5 ഏക്കർ ഭൂമിയുണ്ട്. ഇതിൽ ലോക കേരള കേന്ദ്രം സ്ഥാപിക്കാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പ്രവാസികൾക്ക് കേരള സംസ്കാരവുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു സാംസ്കാരിക കേന്ദ്രമായി ഇതിനെ മാറ്റുന്നതാണ്. ഇന്ത്യൻ അന്തർദ്ദേശീയ കേന്ദ്രത്തിന്റെ സവിശേഷതകൾ ഇതിനുണ്ടാകും. കേരളത്തിലെ വിഭവങ്ങൾ, കല,

സംസ്കാരം, കരകൗശല വസ്തുക്കൾ, തുടങ്ങിയവയിലൂടെ പ്രവാസികളേയും, അവരുടെ സുഹൃത്തുക്കളേയും കേരള സന്ദർശനത്തിനായും പ്രോത്സാഹിപ്പിക്കും. ഇതിലെ അംഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്, പ്രത്യേകിച്ചും ഇതിന്റെ തയ്യാറെടുപ്പിനായി ഓഹരി നിക്ഷേപം നടത്തുന്നവർക്ക്. കേന്ദ്രം അംഗങ്ങൾക്ക് സവിശേഷമായ താമസ സേവന സൗകര്യം പ്രദാനം ചെയ്യുന്നതാണ്.

**ലോക മലയാള കേന്ദ്രം:** നോർക്ക വകുപ്പിന് കീഴിലുള്ള വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആഗോള മലയാളികളുടെ ക്ഷേമ സാംസ്കാരിക പ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുമായി ലോക മലയാള കേന്ദ്രം ഒരു അപെക്സ് ബോഡിയായി സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചു. മൊത്തം വിഹിതത്തിൽ ലോക മലയാള കേന്ദ്രത്തിന്റെ ഡിപിആർ തയ്യാറാക്കുന്നതിനും പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി 50.00 ലക്ഷം രൂപ പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്.

2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ ഈ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്.

### 72. പ്രവാസി ഭവന പദ്ധതി

**(വിഹിതം: 100.00 ലക്ഷം രൂപ)**

അംഗങ്ങൾക്കായി 2009-ലെ പ്രവാസി കേരളീയ ക്ഷേമ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ ക്ഷേമ പദ്ധതികൾ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്നു. ബാങ്കുകൾ വഴിയോ, വിവിധ ധനകാര്യ സ്ഥാപനങ്ങൾ വഴിയോ പ്രവാസികൾക്ക് 5 ശതമാനം ഗവൺമെന്റ് സബ്സിഡിയോടെ വീട് വയ്ക്കുന്നതിലേക്കായി 20.00 ലക്ഷം രൂപ വരെയുള്ള ലോൺ നൽകുന്നതിനുള്ള പദ്ധതിയാണ് ഇത്. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഈ പദ്ധതിക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ പ്രസ്തുത പദ്ധതിയുടെ വായ്പ സബ്സിഡിക്കായി വകയിരുത്തിയിട്ടുണ്ട്.

### 73. ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് (OKIH)

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഒന്നാം ലോക കേരള സഭയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് (OKIH) ആണ് കമ്പനി രൂപീകരിച്ചത്. 100% സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയാണിത്. കമ്പനിയുടെ ആദ്യ സംരംഭം റെസ്റ്റ് സ്റ്റോപ്പ് പ്രോജക്ടാണ്. സ്റ്റേഷനുകൾ, വാഹന പരിപാലന കേന്ദ്രങ്ങൾ, ക്ലിനിക്കുകൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. സംസ്ഥാന-ദേശീയ പാതയ്ക്ക് സമീപം അന്താരാഷ്ട്ര നിലവാരത്തിൽ ഇത് സ്ഥാപിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിക്ക് വേണ്ടി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 74. നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME)

**(വിഹിതം: 200.00 ലക്ഷം രൂപ)**

നോർക്ക വകുപ്പിന്റെ സജീവ പങ്കാളിത്തത്തിലൂടെ മാത്രം ഒരു ലക്ഷം തൊഴിൽ ദിനങ്ങൾ (പദ്ധതിക്ക് കീഴിൽ രജിസ്റ്റർ ചെയ്ത ഓരോ റിട്ടേണിക്കും പരമാവധി ഗ്യാരണ്ടി 100 തൊഴിൽ ദിനങ്ങൾ) തിരിച്ചു വന്ന പ്രവാസി തൊഴിലാളികൾക്ക് പ്രവാസി സഹകരണ സംഘങ്ങളുടെ സഹകരണത്തോടെ ഉപജീവന സഹായ സംരംഭമായി സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. പ്രവാസി സഹകരണ സംഘങ്ങളുടെ സജീവ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുക. മടങ്ങിയെത്തിയ പ്രവാസികൾക്കിടയിൽ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ചില പ്രവാസി ക്ഷേമ സംഘടനകൾ ഇതിനകം തന്നെ കേരളത്തിലെ വിവിധ ജില്ലകളിലായി പ്രവാസി സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 75. നോർക്ക ശുഭയാത്ര

**(വിഹിതം: 150.00 ലക്ഷം രൂപ)**

**ശുഭയാത്ര:** കേരളത്തിലെ ഉയർന്ന വിദ്യാഭ്യാസമുള്ള ജോലി ആഗ്രഹിക്കുന്നവർ പലപ്പോഴും വിദേശ തൊഴിലവസരങ്ങൾ തേടുന്നു, പ്രത്യേകിച്ച് ആരോഗ്യമേഖലയിൽ. നഴ്സുമാർ, ഡോക്ടർമാർ, പാരാമെഡിക്കൽ തുടങ്ങിയവരുടെ ശക്തമായ ഒരു കൂട്ടം കേരളത്തിലുണ്ട്. എന്നാൽ ഒരു നിയന്ത്രിത തൊഴിലിൽ ഒരു തൊഴിലാളിയായി ജോലി ലഭിക്കുന്നതിന്, ഉദ്യോഗാർത്ഥികൾക്ക് ഭാഷാ, നിയന്ത്രണ

പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനം ആവശ്യമാണ്. നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ, പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിനും ലൈസൻസിംഗ് പരീക്ഷകളിൽ പങ്കെടുക്കുന്നതിനും നല്ലൊരു വിഭാഗം ഉദ്യോഗാർത്ഥികൾക്ക് സാമ്പത്തിക സഹായം ആവശ്യമാണ്. നോർക്ക റൂട്ട്സ് അവരുടെ ഭാവിയിലെ ഒരു മാസത്തെ ശമ്പളത്തിന് ഏകദേശം തുല്യമായ ഒരു ചെറിയ തുക സോഫ്റ്റ് ലോണായി നൽകും. സ്വന്തം പ്രയത്നത്താൽ ജോലി കണ്ടെത്താൻ കഴിയുന്ന ചില വിദ്യാസമ്പന്നരായ ഉദ്യോഗാർത്ഥികൾക്ക് അതിനായി ധാരാളം പണം ചിലവഴിക്കേണ്ടിവരുന്നു, അതായത്, കമ്പനികളുടെ റിക്രൂട്ട്മെന്റ് സേവന നിരക്കുകൾ, വിസ സ്റ്റാമ്പിംഗ് ചാർജ്ജുകൾ, മെഡിക്കൽ പരിശോധനാ ചാർജ്ജുകൾ തുടങ്ങിയവ. പാവപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങൾക്ക് ഈ ചെലവുകൾ വഹിക്കാൻ കഴിയില്ല.

വിദേശ തൊഴിൽ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ യുവാക്കളെ സഹായിക്കുന്നതിന് 2 സോഫ്റ്റ് ലോൺ പദ്ധതികൾ ആവശ്യമായിയിട്ടുണ്ട്. (1) ഫോറിൻ എംപ്ലോയബിലിറ്റി സ്കില്ലിംഗ് അസിസ്റ്റൻസ് (2) തൊഴിൽ കുടിയേറ്റവുമായി ബന്ധപ്പെട്ട പ്രിപ്പറേറ്ററി ചെലവുകൾ വഹിക്കാൻ സാധ്യതയുള്ള പ്രവാസികൾക്ക് സോഫ്റ്റ് ലോണുകൾ.

**സ്റ്റുഡന്റ് മൈഗ്രേഷൻ സെൽ:** പരാതികൾ ശേഖരിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള സംവിധാനങ്ങളോടുകൂടിയ പരാതികൾ പരിഹരിക്കൽ, പുറപ്പെടുന്നതിന് മുമ്പുള്ള ഓറിയന്റേഷൻ മെറ്റീരിയലുകളും ലക്ഷ്യസ്ഥാന രാജ്യങ്ങളിലെ പ്രസക്തമായ നിയമനിർമ്മാണത്തെക്കുറിച്ചുള്ള അപ്ഡേറ്റുകളും നൽകുന്ന ഒരു സമഗ്ര വെബ്സൈറ്റിന്റെ വികസനം എന്നിവ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. പ്രവാസി ബന്ധങ്ങൾ വഴിയും നോർക്ക ഹെൽപ്പ് ഡെസ്ക്കുകൾ വഴിയും ദുരിതമനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് പിന്തുണാ ശൃംഖലയും നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു.

ഈ പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് 2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മൊത്തം വിഹിതത്തിൽ 50.00 ലക്ഷം രൂപ സ്റ്റുഡന്റ് മൈഗ്രേഷൻ സെല്ലിന് മാത്രമായി വകയിരുത്തിയിരിക്കുന്നു.

### 76. എൻ.ആർ.ഐ കമ്മീഷൻ

**(വിഹിതം: 50.00 ലക്ഷം രൂപ)**

എൻ.ആർ.ഐ കമ്മീഷന്റെ ദൈനംദിന പ്രവർത്തനചെലവുകൾക്കും, മറ്റ് അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമായി 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 77. ഷെർപ്പ - നിക്ഷേപക മാർഗ്ഗനിർദ്ദേശ കേന്ദ്രം

**(വിഹിതം: 50.00 ലക്ഷം രൂപ)**

കേരളത്തിലെ നിക്ഷേപം സുഗമമാക്കുന്നതിനുള്ള ഒരു വേദിയാണ് ഷെർപ്പ പദ്ധതി. തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ, വിഷയ വിദഗ്ധർ, മറ്റ് പങ്കാളികൾ എന്നിവരുമായി യോജിച്ച്, പ്രവാസികൾക്കും മറ്റ് നിക്ഷേപകർക്കും ഒരു വിശ്വസനീയമായ പിന്തുണാ സംവിധാനമായി ഷെർപ്പ പ്രവർത്തിക്കും. നിക്ഷേപകരുടെ പ്രതീക്ഷകളും അടിസ്ഥാന യാഥാർത്ഥ്യങ്ങളും തമ്മിലുള്ള വിടവ് നികത്തുക, പ്രോജക്ട് രൂപപ്പെടുത്തുന്നതിന് ഉചിതമായ കൺസൾട്ടന്റുകളുമായി യോജിപ്പിക്കുക, സാമ്പത്തിക സ്ഥാപനങ്ങളുമായി ബന്ധപ്പെടുക, അനുയോജ്യമായ നിക്ഷേപ അവസരങ്ങൾ കണ്ടെത്തുന്നതിനുള്ള ഗവേഷണം, നിക്ഷേപകർക്ക് അവ ഒരുക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ. ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് 2025-26 ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## VII. ഫയർ ആൻഡ് റെസ്ക്യൂ സേവനങ്ങൾ

### 78. ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ ആധുനിക വൽക്കരണം

**(വിഹിതം: 8500.00 ലക്ഷം രൂപ)**

പോലീസ് വകുപ്പിനെ വിഭജിച്ച് 1962 ലാണ് കേരള ഫയർ ഫോഴ്സ് വകുപ്പ്, കേരള ഫയർ ഫോഴ്സ് നിയമ പ്രകാരം രൂപീകരിക്കപ്പെട്ടത്. തുടക്കത്തിൽ വകുപ്പ് തീ പിടുത്തം അണക്കുന്ന പ്രവർത്തനങ്ങളിൽ മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് എല്ലാ ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും ഫയർ ആൻഡ് റെസ്ക്യൂ വകുപ്പ് സജീവമായി ഇടപെടുന്നുണ്ട്. അങ്ങനെ വകുപ്പിന്റെ മുഖഛായ തന്നെ വളരെയധികം മാറിയിട്ടുണ്ട്. അത് കൊണ്ട് ഗവൺമെന്റ് 2002-ൽ വകുപ്പിനെ കേരള ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് എന്ന് പുന:നാമകരണം ചെയ്തു. ഉയർന്ന തരത്തിലുള്ള സുരക്ഷയും, വിജയകരമായി തീയണക്കുന്ന പ്രവർത്തനങ്ങളിലും ഫയർ ആൻഡ് റെസ്ക്യൂ വകുപ്പ് സജീവമായി ഇടപെടുന്നുണ്ട്. വകുപ്പിന് ആധുനികവല്ക്കരണത്തിന് വേണ്ടി താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനായി 8500.00

ലക്ഷം രൂപ 2025-26 ൽ വകുപ്പിനായി വകയിരുത്തിയിട്ടുണ്ട്.

വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിന് 2025-26 ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

**ഫയർ ആൻഡ് റെസ്ക്യൂ ഉപകരണങ്ങൾ**

- ഫോം ടെണ്ടർ
- ഫസ്റ്റ് റെസ്പോൺസ് വെഹിക്കിൾ
- വാട്ടർ ലോറി
- അടിയന്തര സാഹചര്യങ്ങൾ നേരിടാനുള്ള വാഹനങ്ങൾ
- മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾ
- ഏരിയൽ ലാഡർ പ്ലാറ്റ്ഫോം
- ജീപ്പ്
- ഫയർ ഫൈറ്റിംഗ് സ്യൂട്ട്, ഹെൽമറ്റ്
- HDPE (ഉയർന്ന മർദ്ദമുള്ള പോളിയെഥിലിൻ) ബോട്ട്
- ഹസ്മറ്റ് സ്യൂട്ട്
- വെറ്റ് സ്യൂട്ട് (സ്വീവേജ് റെസ്ക്യൂ)
- സ്വിഫ്റ്റ് വാട്ടർ PPE (സ്പെഷ്യൽ ടാസ്ക് ഫോഴ്സ്)
- ലൈഫ് ഡിറ്റക്ടർ
- ശ്വസനോപകരണങ്ങളുടെ സെറ്റ് 5 സ്പെയർ ഫെയ്സ് മാസ്ക്
- ബ്രീത്തിംഗ് എയർ കംപ്രസ്സർ
- ചെയിൻസോ
- മൾട്ടി ഗ്യാസ് ഡിറ്റക്ടർ വിത്ത് സിംഗിൾ കാലിബറേഷൻ
- ഫാൾ അറസ്റ്റർ വിത്ത് ബോഡി ഹാർനെസ് സെറ്റ്
- ജനറേറ്ററോട് കൂടിയ ലൈറ്റിംഗ് ഉപകരണങ്ങൾ
- നിരീക്ഷണത്തിനും ലഘു ഉപകരണങ്ങൾ കൊണ്ടുപോകുന്നതിനുമുള്ള ഡ്രോൺ
- ഫോം കോമ്പൗണ്ട് (20 ലിറ്റർ)
- ഹോം ഗാർഡുകൾക്ക് റെയിൻ കോട്ട്
- ഹോം ഗാർഡുകൾക്കുള്ള പ്രതിഫലന ജാക്കറ്റ്
- ഹോം ഗാർഡുകൾക്ക് ഹെൽമറ്റ്
- ഹോം ഗാർഡുകൾക്കുള്ള ഗംബൂട്ട്
- MTU/വാട്ടർ ടെൻഡർ
- ആശയവിനിമയ സംവിധാനത്തോട് കൂടിയ ട്രൂപ്പ് കാരിയർ
- ആംബുലൻസ്
- റെയിൻ കോട്ടും മറ്റ് അഗ്നിശമന ഉപകരണങ്ങളും
- മറ്റ് ഉപകരണങ്ങളും യന്ത്രസാമഗ്രികളും

വകുപ്പിന്റെ മൊത്തം വിഹിതത്തിൽ നിന്നും 50.00 ലക്ഷം രൂപ സ്ത്രീകൾക്കാവശ്യമായ ഉപകരണങ്ങൾക്കായി ചെലവഴിക്കേണ്ടതാണ്. മുൻഗണനാടിസ്ഥാനത്തിൽ വിവിധ ജില്ലകളിലെ ജില്ലാ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകൾക്കും, ക്വാർട്ടേഴ്സുകൾക്കുമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 1000.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## 79. സിവിൽ ഡിഫൻസ് ശക്തിപ്പെടുത്തുക

**(വിഹിതം: 100.00 ലക്ഷം രൂപ)**

വകുപ്പിന് കീഴിലുള്ള സിവിൽ ഡിഫൻസ് ഫോഴ്സിന്റെ രൂപീകരണം വകുപ്പിന് ഒരു മാനുഷിക മുഖം നൽകുന്നു. സിവിൽ ഡിഫൻസ് ഒരു ഫോഴ്സ് മൾട്ടിപ്ലയർ ആയും പൊതു ഇടപെടലിനുള്ള ഒരു ഇന്റർഫേസ് ആയും പ്രവർത്തിക്കുന്നു. വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കെമിക്കൽ എമർജൻസി, തീപിടിത്തം, റോഡപകടം തുടങ്ങിയ വിവിധ അടിയന്തര സാഹചര്യങ്ങളെ നേരിടാൻ ആവശ്യമായ രക്ഷാപ്രവർത്തന ഉപകരണങ്ങൾ സിവിൽ ഡിഫൻസ് വോളന്റിയർമാർക്ക് സജ്ജീകരിക്കേണ്ടതുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ ആദ്യം പ്രതികരിക്കുന്നത് പ്രദേശവാസികൾ ആയതിനാൽ, മതിയായ ഉപകരണങ്ങളുള്ള ഈ പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകർക്ക് അടിയന്തിര സാഹചര്യങ്ങളിൽ ജീവനും സ്വത്തും നഷ്ടപ്പെടുന്നത് തീർച്ചയായും കുറയ്ക്കാൻ കഴിയും. വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, കെമിക്കൽ എമർജൻസി, തീപിടിത്തം, റോഡപകടം തുടങ്ങിയ വിവിധ അടിയന്തര സാഹചര്യങ്ങളെ നേരിടാൻ ആവശ്യമായ രക്ഷാപ്രവർത്തന ഉപകരണങ്ങളും യൂണിഫോം, ഗംബൂട്ട്, ഹെൽമറ്റ് എന്നിവയും സിവിൽ ഡിഫൻസ് വോളന്റിയർമാർക്ക് വേണ്ടതുണ്ട്. 2025-26 ബജറ്റിൽ ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 80. പോസ്റ്റ് ഗ്രാജ്വേറ്റ് ആൻഡ് റിസർച്ച് സെന്റർ ഇൻ ഫയർ ആൻഡ് സേഫ്റ്റി സയൻസസ്, കണ്ണൂർ

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഫയർ ആൻഡ് സേഫ്റ്റി സയൻസിലെ പോസ്റ്റ് ഗ്രാജ്വേറ്റ് ആൻഡ് റിസർച്ച് സെന്റർ ഫയർ സയൻസിൽ ബിരുദാനന്തര ബിരുദ കോഴ്സ് നൽകുന്ന കേരളത്തിൽ ആദ്യമായിരിക്കും. അക്കാദമിക്, അഫിലിയേഷൻ നടപടിക്രമങ്ങൾക്കായി വകുപ്പ് കുസാറ്റുമായി സഹകരിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിൽ ഫയർ ആൻഡ് റെസ്ക്യൂ സർവീസസിന് കീഴിൽ ഫയർ ആൻഡ് സേഫ്റ്റി സയൻസിൽ ബിരുദാനന്തര ബിരുദ ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 9.11 പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്ക വിഭാഗം, ന്യൂനപക്ഷങ്ങൾ, മുന്നാക്ക സമുദായം എന്നിവരുടെ ക്ഷേമം

### എ) പട്ടികജാതി വിഭാഗങ്ങളുടെ വികസനം

പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനായി 2025-26-ൽ പട്ടികജാതി ഉപപദ്ധതിയ്ക്കായി (എസ്.സി.എസ്.പി) 318825.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 175300.00 ലക്ഷം രൂപ പട്ടികജാതി വികസന വകുപ്പിനും 143525.00 ലക്ഷം രൂപ പട്ടികജാതി ഉപപദ്ധതിയ്ക്ക് കീഴിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായി വകയിരുത്തിയിരിക്കുന്നു. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| **I** | **വിദ്യാഭ്യാസം** | |
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം (i+ii+iii+iv) | |
| i | വിദ്യാഭ്യാസ സഹായം | 24200.00 |
| ii | പാലക്കാട് മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ | 2500.00 |
| iii | മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണത്തിന് ഭൂമി വാങ്ങൽ | 1.00 |
| iv | പോസ്റ്റ് മെട്രിക് വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനുള്ള അധിക സംസ്ഥാന സഹായം | 22147.00 |
| 2 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (40 ശതമാനം സംസ്ഥാന വിഹിതം) | 7300.00 |
| 3 | ഒമ്പതും പത്തും ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (40 ശതമാനം സംസ്ഥാന വിഹിതം) | 800.00 |
| 4 | ശുചീകരണം ഉൾപ്പെടുന്ന, ആരോഗ്യത്തിന് ഹാനികരമാകാൻ സാധ്യതയുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (40 ശതമാനം സംസ്ഥാന വിഹിതം) | 10.00 |
| **II** | **നൈപുണ്യ വികസനം, തൊഴിൽ, സംരംഭകത്വം** | |
| 5 | തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം | 6000.00 |
| 6 | പട്ടികജാതി യുവാക്കൾക്ക് എംപവർമെന്റ് സൊസൈറ്റികൾ | 100.00 |
| 7 | സമൃദ്ധി കേരളം-പട്ടികജാതി വിഭാഗങ്ങൾക്കുള്ള സംരംഭകത്വ വികസന പരിപാടി (പുതിയ പദ്ധതി) | 1000.00 |
| **III** | **പട്ടികജാതി വികസന വകുപ്പ് നിയന്ത്രിക്കുന്ന സ്ഥാപനങ്ങൾ** | |
| 8 | മരാമത്തും കെട്ടിട പ്രവൃത്തികളും | 600.00 |
| 9 | വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ് | 1700.00 |
| 10 | എല്ലാ ജില്ലകളിലും വർക്കിംഗ് വിമൺസ് ഹോസ്റ്റലുകൾ | 1.00 |
| **IV** | **സാമൂഹിക മേഖലയിലെ ഇടപെടലുകൾ** | |
| 11 | ഭൂമി, ഭവനം, മറ്റു വികസന പദ്ധതികൾ (i+ii+iii) | |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | ഭൂരഹിതരായ കുടുംബങ്ങൾക്ക്  ഭവന നിർമ്മാണത്തിനായുള്ള ഭൂമി | 17000.00 |
| ii | ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണം, ജീർണ്ണിച്ച വീടുകളുടെ പുനരുദ്ധാരണം, പഠനമുറി നിർമ്മാണം | 24000.00 |
| iii | പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങൾക്കുളള വികസന പരിപാടികൾ | 5100.00 |
| 12 | ഭവന രഹിത പട്ടികജാതിക്കാർക്ക് ഭവന പദ്ധതി (ലൈഫ് മിഷൻ) | 30000.00 |
| 13 | പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം | 8800.00 |
| 14 | വാത്സല്യ നിധി | 1.00 |
| 15 | ഡോ. അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി | 5500.00 |
| 16 | ആരോഗ്യ പരിരക്ഷാ പദ്ധതി | 6500.00 |
| 17 | അടിസ്ഥാന സൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് (പുതിയ പദ്ധതി) | 2000.00 |
| **V** | **മറ്റ് പദ്ധതികൾ** | |
| 18 | പട്ടികജാതി ഉപപദ്ധതിയിലെ പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട് | 100.00 |
| 19 | പട്ടികജാതി വികസന വകുപ്പിലെ ആധുനികവൽക്കരണവും ഇ-ഗവേണൻസ് സംരംഭങ്ങളും | 500.00 |
| 20 | പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി) | 5000.00 |
| 21 | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനുള്ള ഓഹരി മൂലധന വിഹിതം | 200.00 |
| 22 | പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ-1989 (50 ശതമാനം സംസ്ഥാന വിഹിതം) | 1500.00 |
| 23 | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള ഓഹരി മൂലധന വിഹിതം - എസ്.സി.എസ്.പി (പുതിയ പദ്ധതി) | 1500.00 |
| **VI** | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും മുഖേന നടപ്പിലാക്കുന്ന പട്ടികജാതി ഉപപദ്ധതി പരിപാടികൾ** | |
| A | പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (പി.എം.എ.വൈ) എസ്.സി.എസ്.പി (40 ശതമാനം സംസ്ഥാന വിഹിതം) | 720.00 |
| B | i.ദീൻദയാൽ അന്ത്യോദയ യോജന (ഡി.എ.വൈ-എൻ.ആർ.എൽ.എം) എസ്.സി.എസ്.പി (40 ശതമാനം സംസ്ഥാന വിഹിതം) | 400.00 |
| | iii.ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗഷല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ.) എസ്.സി.എസ്.പി (40 ശതമാനം സംസ്ഥാന വിഹിതം) | 100.00 |
| | iii. മഹിള കിസാൻ സഷക്തീകരൺ പരിയോജന (എം.കെ.എസ്.പി) എസ്.സി.എസ്.പി (40 ശതമാനം സംസ്ഥാന വിഹിതം) | 20.00 |
| | **ആകെ** | **175300.00** |

## 1. വിദ്യാഭ്യാസം

### 1. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ, ക്യാഷ് അവാർഡുകൾ, പ്രത്യേക പരിശീലനങ്ങൾ, പരിഹാര പരിശീലനങ്ങൾ, പഠനയാത്രകൾ മുതലായവ ഈ പദ്ധതിയിലൂടെ നൽകി വരുന്നു. ഈ പദ്ധതിയ്ക്ക് നാല് ഉപപദ്ധതികളാണുള്ളത്. i) വിദ്യാഭ്യാസ സഹായം ii) പാലക്കാട് മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ-നിർമ്മാണ പ്രവർത്തനങ്ങൾ iii) മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണത്തിന് ഭൂമി വാങ്ങൽ iv) പോസ്റ്റ് മെട്രിക് വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനുള്ള അധിക സംസ്ഥാന സഹായം.

### i) വിദ്യാഭ്യാസ സഹായം

**(വിഹിതം: 24200.00 ലക്ഷം രൂപ)**

ഈ ഉപപദ്ധതിയ്ക്കായി 2025-26-ൽ 24200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉപപദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുക്കുന്നു.

- പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള റസിഡൻഷ്യൽ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഉൾപ്പടെയുള്ള പ്രീമെട്രിക്-പോസ്റ്റ്മെട്രിക് തലങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും/സ്കോളർഷിപ്പുകളും/ചെലവുകളും, കോഴ്സ് ഫീസും കോഴ്സുമായി ബന്ധപ്പെട്ട മറ്റെല്ലാ ചെലവുകളും, പോക്കറ്റ് മണി, പ്രീമെട്രിക്-പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, പഠനയാത്ര എന്നിവയ്ക്കുള്ള ചെലവുകൾ.

- അംഗീകൃത യൂണിവേഴ്സിറ്റി/സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പുകൾ വാങ്ങുന്നതിന് ധനസഹായം നൽകുക. എം.ബി.എ, എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ, എം.സി.എ, എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്സ്.സി & എ.എച്ച്, ബി.ടെക്, ബി.ആർക്ക്, എം.ടെക്, എം.ഫിൽ, പി.എച്ച്.ഡി, കമ്പ്യൂട്ടർ അധിഷ്ഠിതമായ പോളിടെക്നിക്-ഐ.റ്റി.ഐ കോഴ്സുകൾ എന്നിവ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ്പ്ടോപ്പ് വാങ്ങുന്നതിന് അർഹതയുണ്ട്. രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ ഈ കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്കാണ് ഇതിന് അർഹത. ഒരു ഗുണഭോക്താവിന് ഒരു തവണ എന്ന വിധത്തിൽ നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് മാത്രമേ ലാപ്പ്ടോപ്പ് നൽകുവാൻ പാടുള്ളൂ.

- പഠനത്തിൽ നിലവാരം കുറഞ്ഞ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനവും പരിഹാര പരിശീലനവും.

- വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന പഠനയാത്രയിൽ കുട്ടികൾക്ക് സാന്ദർഭികമായി ഉണ്ടാകുന്ന ചെലവുകൾ ഉൾപ്പെടെയുള്ള യാത്രാചെലവുകൾ സർക്കാർ നിർദ്ദേശിച്ച നിരക്കിൽ നൽകുക.

- പ്രീമെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സംസ്ഥാന/യൂണിവേഴ്സിറ്റി തലങ്ങളിലെ മികവിന് ക്യാഷ് അവാർഡ്.

- നഴ്സറി സ്കൂളുകൾ, പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എം.ആർ.ഐ.റ്റി.ഐ/ഐ.റ്റി.ഐ ഹോസ്റ്റലുകൾ എന്നിവയുടെ ദൈനംദിന നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും (ശമ്പളവും അലവൻസുകളും ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഒഴികെ), റിപ്പയറും അറ്റകുറ്റപ്പണികളും, മാലിന്യ സംസ്കരണം, ലാന്റ് സ്കേപ്പിംഗ്, കുടിവെള്ളവിതരണം, ശുചിത്വം, ഊർജ്ജവും അതിന്റെ ഇതര സ്രോതസ്സുകളും, ഹോസ്റ്റലുകളിലെ ആവശ്യങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള താൽക്കാലിക ജീവനക്കാരുടെ ഓണറേറിയം, നഴ്സറി സ്കൂളുകളിൽ പ്രവേശനോത്സവം, ന്യൂട്രീഷൻ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള പോഷകാഹാരത്തിനുള്ള തുക, ഐ.ടി.ഐകളിൽ ഉച്ചഭക്ഷണവും പോഷകാഹാര പരിപാടിയും, പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ, ഇംഗ്ലീഷ് ഭാഷ പരിശീലന പരിപാടികൾ, വകുപ്പ് നടത്തിവരുന്ന പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെ ആധുനിക വിദ്യാഭ്യാസം സാധ്യമാക്കുന്ന തരത്തിൽ നവീകരിക്കുന്നതിനായി ഓൺലൈൻ അഡ്മിഷൻ, വെബ് സൈറ്റ്

മുതലായ ഇ-ഗവേണൻസും ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ചെലവുകൾ. പ്രീമെട്രിക് ഹോസ്റ്റലുകളിൽ പഠനത്തിന് അനുയോജ്യമായ ഗുണനിലവാരമുള്ള അന്തരീക്ഷം ഉറപ്പാക്കുന്നതിനായി ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനൊപ്പം ഹോസ്റ്റലുകളുടെ നവീകരണവും പൂർത്തിയാക്കും. പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷനും ലഭ്യമാക്കും.

- ഐ.ടി.ഐ-കളുടെ ആധുനികവൽക്കരണം:- വകുപ്പിന്റെ 44 ഐ.ടി.ഐ-കളിലും ആവശ്യമായ നിർമ്മാണ പ്രവൃത്തികൾ നടത്തുക, യന്ത്രസാമഗ്രികൾ വാങ്ങുക, താൽക്കാലിക ജീവനക്കാർക്ക് ഓണറേറിയം നൽകുക, മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയ നടപടികളിലൂടെ ഐ.ടി.ഐ-കളുടെ അംഗീകാരം നിലനിർത്തുകയും പുതിയ ട്രേഡുകൾക്കും അഫിലിയേഷൻ ഇല്ലാത്ത ട്രേഡുകൾക്കും അംഗീകാരം നേടിയെടുക്കുകയും ചെയ്യുക, ഡി.ജി.ഇ&ടി നിർദ്ദേശങ്ങൾക്കനുസരിച്ച് ആധുനികവൽക്കരണ പ്രവർത്തനങ്ങൾ യഥാസമയങ്ങളിൽ ചെയ്യുക, ഐ.ടി.ഐ-കളിലെ നിലവിലുള്ള ട്രേഡുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി പുതിയതും തൊഴിലധിഷ്ഠിതവുമായ ട്രേഡുകൾ ആരംഭിക്കുക, സോഫ്റ്റ് സ്കില്ലുകൾ വികസിപ്പിക്കുക, ഹ്രസ്വകാല കോഴ്സുകൾ ഉൾപ്പെടെയുള്ള റിഫ്രഷർ കോഴ്സുകൾക്കുള്ള ചെലവുകൾ, നൈപുണ്യ വികസന പരിപാടികൾ, അധിക നൈപുണ്യ ആർജ്ജന പരിപാടി പോലെയുള്ള പ്രോജക്ടുകളുടെ നിർവ്വഹണം, ടൂൾ കിറ്റുകളുടെ വിതരണം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ. സംസ്ഥാന ആസൂത്രണ ബോർഡുമായി കൂടിയാലോചിച്ച് പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ-കളുടെ സമഗ്രമായ പഠനം നടത്തുന്നതിനുള്ള ചെലവ് ഇതിൽ നിന്നും കണ്ടെത്താവുന്നതാണ്.
- 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള 'പ്രൈമറി വിദ്യാഭ്യാസ സഹായം' പദ്ധതിക്കും 5 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള 'പ്രീ സെക്കൻഡറി വിദ്യാഭ്യാസ സഹായം' പദ്ധതിക്കും സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് ധനസഹായം.
- പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് യൂണിഫോം, അണ്ടർ ഗാർമെന്റുകൾ, ബാഗ്, കുട, ഷൂസ്, സോക്സ്, മറ്റ് അവശ്യ വസ്തുക്കൾ എന്നിവയ്ക്കുള്ള ചെലവുകൾ.
- എല്ലാ മെഡിക്കൽ വിദ്യാർത്ഥികൾക്കും ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ നൽകുക.
- ഐ.ടി.ഐ-കളിലും, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിലും വാർഷിക കലാ കായിക മേളകൾ വിവിധ തലങ്ങളിലായി നടത്തുന്നതിനും അത്തരം സ്ഥാപനങ്ങളിൽ സാംസ്കാരിക മേളകളും ക്യാമ്പുകളും നടത്തുന്നതിനുമുള്ള സാമ്പത്തിക സഹായം.
- വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് ധന സഹായം നൽകുക.
- വിദേശ വിദ്യാഭ്യാസത്തിനായുള്ള ധനസഹായവും വിവര വ്യാപന പ്രവർത്തനങ്ങളും (ശില്പശാലകൾ, യോഗങ്ങൾ തുടങ്ങിയവ).
- ഗവൺമെന്റ് നിശ്ചയിക്കുന്ന, രക്ഷിതാക്കളുടെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ആവശ്യമായ പ്രാരംഭ ചെലവുകൾക്കായി യഥാക്രമം 10,000.00 രൂപ, 5,000.00 രൂപ നിരക്കിൽ ധനസഹായം നൽകുക.
- പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിന് സാമ്പത്തിക സഹായം നൽകുക.
- സ്വാശ്രയ മേഖലയിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും ഹയർ സെക്കൻന്ററി സ്കൂളുകളിലെയും പട്ടികജാതി വിദ്യാർത്ഥികൾക്ക് സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം വിദ്യാഭ്യാസ സഹായം നൽകുക.
- പഠന സാമഗ്രികൾ, കളിപ്പാട്ടങ്ങൾ, പോഷകാഹാരം, വസ്ത്രം, അദ്ധ്യാപകർക്കും സഹായികൾക്കും ഓണറേറിയം എന്നിവ നൽകികൊണ്ട് പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീപ്രൈമറി സ്കൂളുകളുടെ നടത്തിപ്പ്.
- സന്നദ്ധ സംഘടനകളുടെ (NGO കളുടെ) നിയന്ത്രണത്തിലുള്ള ഹോസ്റ്റലുകളിൽ താമസിക്കുന്ന പട്ടിക ജാതിക്കാരായ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുക.

- പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്കും ഹൈസ്കൂളുകളിലെയും അപ്പർ പ്രൈമറി ക്ലാസ്സുകളിലെയും വിദ്യാർത്ഥികൾക്കും വിവിധ വിഷയങ്ങളിൽ ട്യൂഷൻ നൽകുക.
- യുവജനോത്സവങ്ങളിലും സ്പോർട്ട്സ് മീറ്റിലും എ ഗ്രേഡും 10, 12 ക്ലാസുകളിൽ എ പ്ലസും നേടിയവർ ഉൾപ്പെടെ പാഠ്യ വിഷയങ്ങളിലും പാഠ്യേതര മേഖലകളിലും മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്കും മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ ആദ്യ മൂന്ന് റാങ്കുകൾ നേടിയവർക്കും ക്യാഷ് പ്രൈസും അവാർഡും നൽകുക.
- അയ്യങ്കാളി ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി.
- അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ഹയർ സെക്കന്ററി തലത്തിലും അതിനു മുകളിലും, എഞ്ചിനിയറിംഗിലും മറ്റ് പ്രൊഫഷണൽ കോഴ്സുകളിലും പഠനം ഉപേക്ഷിച്ചുപോയ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് സാമ്പത്തിക സഹായം.
- അണ്ടർ ഗ്രാജ്വേറ്റ് വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിനായി സ്കോളർ സപ്പോർട്ട് പ്രോഗ്രാം.
- ആധുനിക വിദ്യാഭ്യാസത്തോടുള്ള മനോഭാവത്തിൽ ക്രിയാത്മക മാറ്റം ഉണ്ടാക്കാനും കുട്ടികളെ പ്രചോദിപ്പിക്കുന്നതിനുമായി രക്ഷാകർത്താക്കൾക്ക് പ്രചോദനം നൽകുന്നതിനുള്ള പരിപാടി.
- രാജ്യത്തെ സർക്കാർ, സ്വകാര്യ പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നേടുന്ന സിവിൽ സർവ്വീസ് പരിശീലനാർത്ഥികൾക്ക് സ്കോളർഷിപ്പ്.
- കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ പരീക്ഷയിൽ പങ്കെടുക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം.
- അക്ഷയകേന്ദ്രം വഴി വിദ്യാഭ്യാസ ധനസഹായങ്ങൾക്കായുള്ള വിവരങ്ങൾ ഡേറ്റാ എൻട്രി നടത്തുന്നതിനുള്ള ചെലവ്.
- പ്രകൃതിദുരന്തത്തിന് ഇരയായവർക്ക് ടെക്സ്റ്റ് ബുക്കുകൾ, നോട്ട് ബുക്കുകൾ, ലാപ് ടോപ്പ്, പഠനമേശ എന്നീ പഠന സാമഗ്രികൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം.
- പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികൾക്ക് കലാമത്സരങ്ങളിലും യുവജോനോത്സവങ്ങളിലും പങ്കെടുക്കുന്നതിന് ആവശ്യമായ സംഗീത ഉപകരണങ്ങളും വസ്തുങ്ങളും വാങ്ങുന്നതിന് സർക്കാർ അംഗീകൃത നിരക്കിലുള്ള സഹായം.
- സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിക്കായി വകുപ്പിന്റെ സഹായം കണ്ടെത്തുന്നതിനുള്ള ചെലവ്.
- 'വിംഗ്സ്' - പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫ്ലൈയിംഗ് കോഴ്സിന് സാമ്പത്തിക സഹായം നൽകുക. രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ 'റെഡി ടു ഫ്ലൈ' കോഴ്സിന് ചേരുന്ന പട്ടികജാതി വിദ്യാർഥികൾക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് ധനസഹായം നൽകുക.

ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ ഉപപദ്ധതിയുടെ 40 ശതമാനത്തോളം തുക വനിതകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**ii) പാലക്കാട് മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

**(വിഹിതം: 2500.00 ലക്ഷം രൂപ)**

പാലക്കാട് മെഡിക്കൽ കോളേജിലെ മെഡിക്കൽ കോളേജ് ബ്ലോക്ക്, ആശുപത്രി ബ്ലോക്ക് എന്നിവയുടെ കെട്ടിട നിർമ്മാണം, പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഹോസ്റ്റൽ കെട്ടിടം, മറ്റ സിവിൽ, വൈദ്യുതീകരണ പ്രവൃത്തികൾ എന്നിങ്ങനെയുള്ള നിർമ്മാണ പ്രവൃത്തികൾ, ആവശ്യമായ മെഡിക്കൽ ഉപകരണങ്ങളും മറ്റ് ഉപകരണങ്ങളും വാങ്ങുകയും സ്ഥാപിക്കുകയും ചെയ്യുക തുടങ്ങിയ പ്രവൃത്തികൾക്കുമായി 2025-26-ൽ 2500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനു വിധേയമായിട്ടാണ് പ്രസ്തുത തുക വിനിയോഗിക്കേണ്ടത്. ഈ സ്ഥാപനത്തിൽ മുൻവർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പൂർത്തീകരണത്തിനും ഈ തുക ഉപയോഗിക്കാവുന്നതാണ്.

**iii) മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണത്തിന് ഭൂമി വാങ്ങൽ**

**(വിഹിതം: 1.00 ലക്ഷം രൂപ)**

പുതിയ എം.ആർ.എസുകൾ, പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ, നഴ്സറികൾ, ഐ.റ്റി.ഐ/എം.ആർ.ഐ.റ്റി.ഐ ഹോസ്റ്റലുകൾ, വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി 2025-26-ൽ 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തുന്നു.

**iv) പോസ്റ്റ് മെട്രിക് വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനുള്ള അധിക സംസ്ഥാന സഹായം**

**(വിഹിതം: 22147.00 ലക്ഷം രൂപ)**

കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന കേന്ദ്ര അക്കാദമിക് അലവൻസിന്റെ നിരക്ക് സംസ്ഥാനത്തിന്റെ അക്കാദമിക് അലവൻസ് നിരക്കിന് തുല്യമാക്കുന്നതിനാവശ്യമായ അധിക സംസ്ഥാന അലവൻസ് പ്രസ്തുത വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതിന് 2025-26-ൽ പോസ്റ്റ് മെട്രിക് വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനുള്ള അധിക സംസ്ഥാന സഹായം എന്ന പദ്ധതിയ്ക്ക് 22147.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി മൂലം കേന്ദ്ര പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ അർഹത ഇല്ലാതായവരും, എന്നാൽ സംസ്ഥാനത്തിന്റെ നിലവിലുള്ള ഉത്തരവുകൾ പ്രകാരം അർഹതയുള്ളവരുമായ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകാനും പദ്ധതി ഉദ്ദേശിക്കുന്നു. പുതുതലമുറ കോഴ്സുകൾക്ക് സഹായം നൽകുന്നതും പദ്ധതിയിൽ ഉൾപ്പെടുന്നു. ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 40 ശതമാനത്തോളം തുക വനിതകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**2. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 7300.00 ലക്ഷം രൂപ)**

വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതം നല്കുന്നതിനായുള്ള പദ്ധതിയാണിത്. കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് കീഴിലുള്ള വിദ്യാർത്ഥികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള റീഫണ്ട് ചെയ്യാത്ത ഫീസും കോഴ്സ് ഗ്രൂപ്പിനനുസരിച്ചുള്ള അക്കാദമിക് അലവൻസും അടങ്ങുന്ന സ്കോളർഷിപ്പിന്റെ 40 ശതമാനം സംസ്ഥാന വിഹിതം നൽകുന്നതിനായാണ് പദ്ധതിവിഹിതം വകയിരുത്തിയിരിക്കുന്നത്. സ്കോളർഷിപ്പ് പദ്ധതിയ്ക്കുള്ള അർഹത നിശ്ചയിക്കുന്നത്, സ.ഉ. (അച്ചടി) നമ്പർ:02/2023/S.C.S.T.D.D തീയതി 05/01/2023 പ്രകാരമാണ്. 2025-26 കാലയളവിൽ പദ്ധതിയുടെ 40 ശതമാനം സംസ്ഥാന വിഹിതമായി 7300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ 60 ശതമാനം കേന്ദ്ര വിഹിതം നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പോകുന്നു.

**3. ഒമ്പതും പത്തും ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം : 800.00 ലക്ഷം രൂപ)**

9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും പ്രീമെട്രിക് വിദ്യാഭ്യാസ ഘട്ടത്തിലെ അവരുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനുമായി അവരുടെ രക്ഷിതാക്കൾക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. മാതാപിതാക്കളുടെ/രക്ഷിതാക്കളുടെ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. താഴെ പറയുന്ന കാര്യങ്ങൾ സ്കോളർഷിപ്പിൽ ഉൾപ്പെടുന്നു. I. സ്കോളർഷിപ്പും മറ്റു ഗ്രാന്റുകളും II. സ്വകാര്യ, അൺഎയ്ഡഡ് അംഗീകൃത സ്കൂളുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ആ കോഴ്സിന്റെ കാലാവധി പൂർത്തീകരിക്കുന്നതു വരെ അധിക അലവൻസുകൾ നൽകുന്നു. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കും പദ്ധതി നടപ്പാക്കുക.

പദ്ധതിയുടെ 40 ശതമാനം സംസ്ഥാന വിഹിതമായി 2025-26-ൽ 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 60 ശതമാനം കേന്ദ്ര വിഹിതം നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പോകുന്നു.

**4.ശുചീകരണം ഉൾപ്പെടുന്ന, ആരോഗ്യത്തിന് ഹാനികരമാകാൻ സാധ്യതയുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 10.00 ലക്ഷം രൂപ)**

മാതാപിതാക്കളോ/രക്ഷിതാവോ, മാനുവൽ സ്കാവഞ്ചർമാർ, ടാനർമാർ, ഫ്ലേയർമാർ എന്നീ വിഭാഗങ്ങളിൽ ഏതെങ്കിലും ഒന്നിൽപ്പെടുന്ന കുട്ടികൾക്ക് പ്രീമെട്രിക് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഒന്നാം ക്ലാസ്സിലോ അല്ലെങ്കിൽ പ്രീമെട്രിക് ഘട്ടത്തിലുള്ള മറ്റ് ക്ലാസ്സുകളിലോ ചേർന്നിട്ടുള്ള വീട്ടിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് ഈ സ്കോളർഷിപ്പ് നൽകുന്നു. അതുപോലെ മൂന്നാം ക്ലാസ്സിലോ തുടർ ക്ലാസ്സുകളിലോ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന പ്രീ-മെട്രിക് ഘട്ടത്തിലുള്ള കുട്ടികൾക്കും ഈ സ്കോളർഷിപ്പ് നൽകുന്നു. പത്താം ക്ലാസ്സോടു കൂടി ഈ സ്കോളർഷിപ്പ് അവസാനിക്കുന്നു. ഒരു അദ്ധ്യയന വർഷത്തിൽ ഈ സ്കോളർഷിപ്പിന്റെ കാലയളവ് പത്ത് മാസമാണ്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കും പദ്ധതി നടപ്പാക്കുക.

പദ്ധതിയുടെ 40 ശതമാനം സംസ്ഥാന വിഹിതമായി 2025-26-ൽ 10.00 ലക്ഷം രൂപ വകയിരുത്തുന്നു. 60 ശതമാനം കേന്ദ്ര വിഹിതം നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പോകുന്നു.

**II. നൈപുണ്യ വികസനം, തൊഴിൽ, സംരംഭകത്വം**

**5. തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം**

**(വിഹിതം: 6000.00 ലക്ഷം രൂപ)**

പട്ടികജാതിക്കാർക്കിടയിലുള്ള തൊഴിലില്ലായ്മയുടെ കാരണം ആധുനിക തൊഴിലുകളിലുള്ള നൈപുണ്യത്തിന്റെ അഭാവമാണ്. പട്ടികജാതി യുവതി യുവാക്കളിലെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൈപുണ്യ വികസന പരിപാടികൾ നൽകിവരുന്നു. പട്ടികജാതി വിഭാഗക്കാർക്ക് തൊഴിൽ പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായമായി 6000.00 ലക്ഷം രൂപ 2025-26-ൽ വകയിരുത്തിയിട്ടുണ്ട്.

ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

- സംഘടിത മേഖലയിൽ തൊഴിൽ ലഭിക്കുന്നതിനു വേണ്ടി വിവിധ വികസന വകുപ്പുകളുടെയും അവയുടെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹായത്തോടെ സംരംഭകത്വ വികസന പരിശീലനവും എൻ.എസ്.ക്യു.എഫ്, എൻ.എസ്.ഡി.സി, സെക്ടറൽ സ്കിൽ കൗൺസിൽ എന്നിവയുടെ അംഗീകാരമുള്ള മെച്ചപ്പെട്ട അംഗീകൃത പരിശീലന കേന്ദ്രങ്ങൾ/സ്ഥാപനങ്ങൾ വഴി നൈപുണ്യ വികസന പരിപാടികളും.
- സഹകരണ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾക്കുള്ള സഹായവും അവയുടെ പുനരുജ്ജീവനവും.
- സ്വയം തൊഴിൽ പദ്ധതിയ്ക്ക് സബ്സിഡി നൽകുന്നതിന് വേണ്ടിവരുന്ന ചെലവുകൾ.
- കല, കായികം, സിനിമ, ഗോത്ര സംസ്കാരം, എന്നീ മേഖലകളിൽ കഴിവ് തെളിയിച്ച പട്ടികജാതിക്കാർക്ക് പരിശീലനം ഉൾപ്പടെയുള്ള മാനവ വിഭവശേഷി വികസനത്തിനുള്ള സഹായം.
- പട്ടികജാതി വകുപ്പിന്റെ വിവിധ ഓഫീസുകൾക്ക് കീഴിൽ ജോലി ചെയ്യുന്ന അപ്രന്റീസ് ക്ലർക്ക് കം ടൈപ്പിസ്റ്റിനുള്ള പ്രതിമാസ സ്റ്റൈപ്പന്റ്.
- പട്ടികജാതി പ്രൊമോട്ടർമാർക്കുള്ള ഓണറേറിയവും പരിശീലനത്തിനുള്ള ചെലവുകളും.
- നാടൻ കലാമേള, ഗദ്ദിക, സാഹിത്യോത്സവം, ടൂറിസം ഫ്ലോട്ട് മുതലായവയ്ക്കുള്ള സഹായം.
- സാംസ്കാരിക പരിപാടികൾ, വാണിജ്യ മേളകൾ, തൊഴിൽ മേളകൾ എന്നിവയിൽ പങ്കെടുക്കാനും സംഘടിപ്പിക്കാനുമുള്ള ചെലവുകൾ.
- വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്കായുള്ള സാമ്പത്തിക സഹായം.
- സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ഐ.സി.എസ്.ഇ.റ്റി.എസ്), പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ (പി.ഇ.റ്റി.സി), സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (സി.ആർ.ഇ.എസ്.റ്റി), സൈബർശ്രീ, മറ്റ്

പ്രശസ്ത സ്ഥാപനങ്ങൾ എന്നിവയുടെ വിവിധ പ്രവർത്തനങ്ങൾക്ക് അവർ സമർപ്പിക്കുന്ന പ്രോജക്ടുകൾ പരിശോധിച്ച് ധനസഹായവും മറ്റ് ഓവർ ഹെഡ് സഹായവും നൽകുക.

- സ്റ്റാർട്ട്അപ് മിഷൻ, കെ-ഡിസ്ക് (KDISC) തുടങ്ങിയവയുടെ സഹായത്തോടെ പട്ടികജാതി യുവാക്കൾക്ക് സംരംഭകത്വ പരിശീലനവും ഇൻക്യുബേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സഹായവും നൽകുക. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി 50 ശതമാനം സബ്സിഡിയോടെ മുദ്രാ ലോൺ ലഭ്യമാക്കുക.

- അർഹതയുള്ള പട്ടികജാതി സംരംഭങ്ങൾക്ക് വിപുലമായ മൂലധന പിന്തുണ നൽകുന്നതിനായി, ഇതിനായി രൂപീകരിക്കുന്ന ഒരു വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്റ്റാർട്ടപ്പ് മിഷന് റിവോൾവിംഗ് ഫണ്ട് നൽകുക.

- വിവര സാങ്കേതികവിദ്യാ (ഐ.റ്റി) മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും വിദഗ്ധരുടെയും സഹായത്തോടെ സോഫ്റ്റ് സ്കിൽ പരിശീലനവും ഇ-റിസോഴ്സുമായി ബന്ധപ്പെട്ട കരിയർ വികസനവും.

- പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം.

- അവസാനവർഷ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഭാവിയിൽ അനുയോജ്യമായ ജോലി തെരഞ്ഞെടുക്കുന്നതിനുള്ള കരിയർ ഓറിയന്റേഷൻ പ്രോഗ്രാം.

- എല്ലാ ജില്ലകളിലും പി.ഇ.റ്റി.സി-കൾ ആരംഭിക്കലും അവയുടെ നവീകരണവും.

- പ്രളയത്തിലും മറ്റ് പ്രകൃതി ദുരന്തങ്ങളിലും ഇരയായവർക്ക് സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സാമ്പത്തിക സഹായം.

- വ്യവസായ വകുപ്പുമായി ഒത്തുചേർന്ന് തകർന്ന എം.എസ്.എം.ഇ. യൂണിറ്റുകളുടെ പുനരുജ്ജീവനവും പുനരധിവാസവും.

- സർക്കാരിന്റെ നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് നാനോ യൂണിറ്റുകൾക്ക് മാർജിൻ മണി ഗ്രാന്റുകൾ.

- കരിയർ എക്സലൻസിനായി പരിശീലനം (ട്രേസ്) – പ്രൊഫഷണലുകൾക്കും വിവിധ മേഖലകളിൽ ബിരുദം നേടിയ പട്ടികജാതി യുവതി-യുവാക്കൾക്കുമായി അപ്രന്റിസ്ഷിപ്പ് പരിശീലന പരിപാടിയും ഇന്റേൺഷിപ്പും പ്ലേസ്മെന്റ് പരിശീലനവും. അപ്രന്റിസ്ഷിപ്പിന്റെയും ഇന്റേൺഷിപ്പിന്റെയും തെരഞ്ഞെടുപ്പും നിയമനവും സർക്കാരിന്റെ നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായിരിക്കണം.

- വരുമാന വീട് (പട്ടികജാതി നഗറുകളുടെ സാമ്പത്തിക പുനർനിർമ്മാണം) – പട്ടികജാതി വിഭാഗങ്ങളിലെ ജനങ്ങളുടെ സ്വാശ്രയത്വവും സാമ്പത്തിക ശാക്തീകരണവും പ്രോത്സാഹിപ്പിക്കുന്നതിനായി, പട്ടികജാതി നഗറുകളെ വൻതോതിലുള്ള ഉൽപ്പാദന കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുക എന്നതാണ് ഈ പരിപാടി ലക്ഷ്യമിടുന്നത്. പട്ടികജാതി നഗറുകളിലെ കുടുംബങ്ങളെ, മതിയായ വരുമാനം ലഭിക്കുന്ന വിധത്തിൽ, ഉചിതമായ വ്യവസായങ്ങളുടെ/വൻ ഉൽപ്പാദന കേന്ദ്രങ്ങളുടെ/സേവന ദാതാക്കളുടെ ഉൽപ്പാദന യൂണിറ്റുകളായി മാറ്റുന്നതിനുള്ള സാധ്യതകൾ പദ്ധതിയിലൂടെ പരിശോധിക്കാവുന്നതാണ്. പദ്ധതിയിൽ പട്ടികജാതി വനിതകൾക്ക് (കുടുംബശ്രീ അംഗങ്ങൾ) മുൻഗണന നൽകുകയും പദ്ധതിയ്ക്കാവശ്യമായ കൈത്താങ്ങും പിന്തുണയും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്, സ്റ്റാർട്ട് അപ്പുകൾ, പട്ടികജാതി സംരംഭകരുടെ ഗ്രൂപ്പുകൾ തുടങ്ങിയ ഏജൻസികൾ നൽകുകയും ചെയ്യും. ഈ പദ്ധതി സംസ്ഥാനത്ത് പൈലറ്റ് അടിസ്ഥാനത്തിൽ ചെയ്യുന്നതിന് 500.00 ലക്ഷം രൂപ വകയിരുത്തുന്നു.

- ലീഗൽ അസിസ്റ്റന്റുമാരുടെ ഓണറേറിയം.

- പട്ടികജാതി വിഭാഗങ്ങൾക്കായി ഉപജീവന നയം രൂപീകരിക്കുന്നതിന് ദേശീയ തലത്തിൽ ശില്പശാല നടത്തുന്നതിനുള്ള ചെലവ്.

നൈപുണ്യ വികസനവും തൊഴിലും കേരള ഡെവലപ്മെന്റ് ആന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC), കേസ് (KASE), അസാപ്പ് (ASAP) എന്നിവ മുഖേന എൻ.എസ്.ക്യൂ.എഫ്,

എൻ.എസ്.ഡി.സി., സെക്ടറൽ സ്കിൽ കൗൺസിൽ എന്നിവയുടെ നിർദ്ദേശങ്ങളനുസരിച്ച് കേരള നോളജ് ഇക്കണോമി മിഷനുമായി സംയോജിപ്പിക്കും. 'അതിദാരിദ്ര്യ സർവ്വേ-2021-22' പ്രകാരം ദരിദ്രരായി കണ്ടെത്തിയ ആളുകൾക്ക് പദ്ധതിയിൽ മുൻഗണന നൽകും.

**6. പട്ടികജാതി യുവാക്കൾക്ക് എംപവർമെന്റ് സൊസൈറ്റികൾ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ശരിയായ മാർഗ്ഗനിർദ്ദേശവും പരിശീലനവും സാമ്പത്തിക സഹായവും ശരിയായ മാനേജ്മെന്റ് ഹാൻഡ്ഹോൾഡിംഗ് പിന്തുണയും നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ പട്ടികജാതി യുവാക്കൾക്കിടയിൽ തൊഴിലവസരങ്ങളും വരുമാനവും സ്വാശ്രയ ബോധവും സൃഷ്ടിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. ബിരുദമോ ഡിപ്ലോമയോ യോഗ്യതയുള്ള പട്ടികജാതി യുവാക്കളെ സംരംഭകരായും തൊഴിൽദാതാക്കളായും സജ്ജമാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശം. പദ്ധതിയുടെ സംസ്ഥാനതല ഏകോപനം പട്ടികജാതി വകുപ്പ് മുഖേനയായിരിക്കും. ഉദ്യോഗാർത്ഥികളിൽ നിന്നുള്ള അപേക്ഷ പട്ടികജാതി വകുപ്പ് ശേഖരിക്കുകയും വിവിധ മേഖലകളിലെ അവസരങ്ങളെക്കുറിച്ച് അവരെ ബോധവത്കരിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്കിടയിൽ ഓറിയന്റേഷൻ പ്രോഗ്രാമുകൾ നടത്തുകയും ചെയ്യും. യുവാക്കളുടെ താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ, മേഖല തിരിച്ചുള്ള ഗ്രൂപ്പുകളോ സൊസൈറ്റികളോ രൂപീകരിക്കുകയും അവർക്ക് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് പോലുള്ള സർക്കാർ പ്രൊഫഷണൽ ഏജൻസികളുടെ സഹായത്തോടെ ശരിയായ പരിശീലനം നൽകുകയും ചെയ്യും. സംരംഭകത്വ വികസനത്തിനായി ദളിത് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രിയുടെ (ഡി.ഐ.സി.സി.ഐ) പിന്തുണയും കൈത്താങ്ങും ലഭ്യമാക്കുന്നതിന്റെ സാധ്യതയും പരിശോധിക്കാവുന്നതാണ്. പരിശീലനത്തിന്റെ ഭാഗമായി, നിർദ്ദിഷ്ട സൊസൈറ്റികളുടെ പ്രവർത്തനങ്ങൾക്കായുള്ള പ്രവർത്തന പദ്ധതി രൂപീകരിക്കുകയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാൻ സഹായിക്കുകയും ചെയ്യും. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും വിവിധ മേഖലകളിൽ വർക്കിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പ്രൊഫഷണൽ പിന്തുണ നൽകും. പട്ടികജാതി വകുപ്പിൽ നിന്നും നേരിട്ടുള്ള സാമ്പത്തിക സഹായം ഒരു സൊസൈറ്റിക്ക് 10.00 ലക്ഷം രൂപയായിരിക്കും. അനുബന്ധ വകുപ്പുകൾ, ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സാധ്യമായ പിന്തുണ ലഭ്യമാക്കാൻ അവരെ സഹായിക്കും. സിവിൽ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, ഹെൽത്ത് കെയറും അനുബന്ധ മേഖലകളും, ഹയർ സർവ്വീസുകൾ, ടൂറിസം, വിപണനം, കൃഷി, വിദ്യാഭ്യാസം, ബാങ്കിംഗ്, മറ്റ് ആധുനിക വ്യാവസായ മേഖലകൾ എന്നിവയിൽ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാർ ഉത്തരവ് പ്രകാരം പദ്ധതി നടപ്പാക്കുന്നതാണ്.

പദ്ധതിക്കായി 2025-26-ൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**7. സമൃദ്ധി കേരളം-പട്ടികജാതി വിഭാഗങ്ങൾക്കുള്ള സംരംഭകത്വ വികസന പരിപാടി (പുതിയ പദ്ധതി)**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

പട്ടികജാതി സമുദായങ്ങളിൽ നിന്നുള്ള സംരംഭകർക്ക് അവരുടെ ബിസിനസ്സ് സംരംഭങ്ങൾ വിപുലീകരിക്കാൻ സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു പട്ടികജാതി സംരംഭകന്റെയോ/പട്ടികജാതി സംരംഭകരുടെ സംഘത്തിന്റെയോ മാത്രം ഉടമസ്ഥതയിലുള്ളതും ഇതിനകം പ്രവർത്തിക്കുന്നതുമായ ബിസിനസ്സ് സംരംഭങ്ങൾ/സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിവയ്ക്ക് അവയുടെ പ്രവർത്തനത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും/ബിസിനസ്സ് സംരംഭങ്ങൾ വിപുലീകരിക്കുന്നതിനുമായി 3 ശതമാനം പലിശയോടെ വായ്പ രൂപത്തിൽ സഹായം നൽകും. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രതിനിധി, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷന്റെ പ്രതിനിധി എന്നിവരടങ്ങുന്ന പ്രോജക്ട് അംഗീകാര സമിതിയാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ മുഖേന, ഒരു ബിസിനസ് സംരംഭത്തിന് പരമാവധി വായ്പ തുകയായി പരിമിതപ്പെടുത്തിയിട്ടുള്ള 10.00 ലക്ഷം രൂപ അനുവദിക്കുകയും ഗുണഭോക്താക്കൾക്ക് ആവശ്യമായ മറ്റ് പിന്തുണ നൽകുകയും ചെയ്യും. വീഴ്ച വരുത്താതെ വായ്പ തിരിച്ചടയ്ക്കുന്നതിന് 20 ശതമാനം ബാക്എൻഡ് സബ്സിഡി നൽകുന്നതായിരിക്കും. വിശദമായ സർക്കാർ ഉത്തരവ് അനുസരിച്ച് പദ്ധതി നടപ്പാക്കും.

2025-26-ൽ 1000.00 ലക്ഷം രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്.

## III. പട്ടികജാതി വികസന വകുപ്പ് നിയന്ത്രിക്കുന്ന സ്ഥാപനങ്ങൾ

### 8. മരാമത്തും കെട്ടിട പ്രവൃത്തികളും

**(വിഹിതം: 600.00 ലക്ഷം രൂപ)**

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള എല്ലാ കെട്ടിടങ്ങളുടെയും നിർമ്മാണവും നവീകരണവും അറ്റകുറ്റപ്പണികളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ ശീർഷകം കൈകാര്യം ചെയ്യുന്നത് പൊതുമരാമത്ത് വകുപ്പാണ്. 2025-26-ലെ ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

- വ്യവസായ പരിശീലന കേന്ദ്രങ്ങൾ, പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, പ്രീ എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, എസ്.സി.ഡി.ഒ ഓഫീസുകൾ, ജില്ലാ ഓഫീസുകൾ, ഡയറക്ടറേറ്റ് എന്നിവിടങ്ങളിലെ കെട്ടിട നിർമ്മാണവും വൈദ്യുതീകരണവും മറ്റ് സിവിൽ പ്രവൃത്തികളും, പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലേയും അടിസ്ഥാന സൗകര്യ വികസനവും.
- നിലവിലുള്ള പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, ഐ.റ്റി.ഐ.കൾ, പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ പരിപാലനവും നവീകരണവും അറ്റകുറ്റപ്പണിയും.
- ജീർണിച്ച കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ കെട്ടിടങ്ങളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ.
- ഐ.ടി.ഐ നവീകരണത്തിന്റെ ഭാഗമായി പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് കെട്ടിട നിർമ്മാണം.
- മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിയും പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണവും മറ്റ് ഇലക്ട്രിക്കൽ/സിവിൽ പ്രവൃത്തികളും.
- പി.ഇ.റ്റി.സി-കൾക്ക് കെട്ടിട നിർമ്മാണം.

2025-26-ൽ പദ്ധതിയ്ക്കായി 600.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 9. വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്

**(വിഹിതം: 1700.00 ലക്ഷം രൂപ)**

അക്കാദമിക തലത്തിലും കായിക തലത്തിലും മികവു പുലർത്തുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവരുടെ മികവ് ഉറപ്പാക്കുന്നതിനാണ് അഞ്ച് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ താമസ സൗകര്യം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിച്ചിട്ടുള്ളത്. താഴെ പറയുന്ന ഘടകങ്ങൾക്കായി 2025-26 കാലയളവിൽ 1700.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തുന്നു.

- എസ്റ്റാബ്ലിഷ്മെന്റ് ചെലവ് (വേതനവും അലവൻസുകളും) ഒഴികെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളുകളുടെയും ദൈനംദിന നടത്തിപ്പിനായുള്ള എല്ലാ ചെലവുകളും.
- അധിക നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടിയുള്ള ചെലവുകൾ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, അറ്റകുറ്റപ്പണികളും മെയിന്റനൻസും, മാലിന്യ സംസ്കരണം, ലാൻഡ് സ്കേപ്പിംഗ്, കുടിവെള്ളം, അടുക്കള നവീകരണം, ശുചിത്വം, മറ്റ് ഊർജ്ജ സ്രോതസ്സുകൾ ഉൾപ്പടെയുള്ള വൈദ്യുതീകരണ ചാർജ്ജുകൾ.
- കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 2 പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുമായി ബന്ധപ്പെട്ട അധിക ചെലവുകൾ.
- വകുപ്പിനു കീഴിലുള്ള എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും, പ്ലസ് ടു ബാച്ചുകൾ (പുതിയതും അധികമായി വേണ്ടവയും) ആരംഭിക്കുന്നതിനുള്ള ചെലവുകൾ.
- വിദ്യാർത്ഥികൾക്കുള്ള യൂണിഫോം, രാത്രിയിൽ ധരിക്കാനുള്ള വസ്ത്രങ്ങൾ, അണ്ടർ ഗാർമെന്റ്കൾ, രണ്ട് ജോടി സ്വറ്റർ (ഹൈറേഞ്ചുകളിൽ), ബാഗ്, കുട, ഷൂസ്, സോക്സ് മറ്റ് അവശ്യ സാധനങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ.

- മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കരാറടിസ്ഥാനത്തിൽ മാനേജർ കം റസിഡന്റ് ട്യൂട്ടർ (എം.സി.ആർ.റ്റി)-മാരേയും കൗൺസിലർമാരേയും നിയമിക്കൽ.
- ന്യൂട്രീഷ്യൻ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള പോഷകാഹാരം നൽകൽ, ഇടവിട്ടുള്ള മെഡിക്കൽ പരിശോധനകൾ, കൗൺസിലിംഗ്, കുട്ടികൾക്കിടയിലെ അനീമിയ പരിഹരിക്കുന്നതിനുള്ള പ്രത്യേക പോഷകാഹാര പരിപാടികൾ തുടങ്ങിയവയുള്ള ചെലവുകൾ.
- പാഠ്യവിഷയങ്ങളിലെയും/കായിക ഇനങ്ങളിലെയും പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിനും വിവിധ മത്സരങ്ങളിലെ പ്രകടനം മെച്ചപ്പെടുത്തുന്നതിനും ദുർബല വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസനത്തിനാവശ്യമായ പ്രത്യേക പരിശീലനം.
- പ്രാദേശിക, സംസ്ഥാന, ദേശീയ തലങ്ങളിൽ കലാമത്സരങ്ങളും സ്പോർട്സ് മീറ്റുകളും സെമിനാറുകളും നടത്തുന്നതിനുള്ള ചെലവ്. എം.ആർ.എസ് വിദ്യാർത്ഥികളുടെ കലയിലും കായിക രംഗത്തുമുള്ള പാഠ്യേതര പ്രവർത്തനങ്ങളുടെ ചെലവുകൾ.
- സംസ്ഥാന, ദേശീയ, അന്തർദേശീയ മത്സരങ്ങളിലെ ജേതാക്കൾക്ക് ക്യാഷ് പ്രൈസുകളും അവാർഡുകളും നൽകുന്നതിനുള്ള ചെലവുകൾ.
- സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിപാടി, അധിക നൈപുണ്യ ആർജ്ജന പരിപാടി, എൻ.സി.സി, എൻ. എസ്.എസ്., സമാന മാതൃകയിലെ മറ്റു പരിപാടികൾ എന്നിവ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും സ്പോർട്ട്സ് സ്കൂളുകളിലും നടത്തുന്നതിനുള്ള ചെലവുകൾ.
- എം.ആർ.എസ്, പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനും സ്ഥലങ്ങൾ, പഠനമേഖലകൾ, മികവിന്റെ കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കുന്നതിനുമുള്ള യാത്രാ ചെലവുകൾ അടക്കമുള്ള ചെലവുകൾ.
- അടിയന്തിര സാഹചര്യങ്ങളിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ചെലവുകൾ.
- നവീന മേഖലകളിൽ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ താമസ സൗകര്യത്തോടുകൂടിയ നൈപുണ്യ വികസന പരിശീലനം നടത്തുന്നതിനുള്ള ഫിനിഷിംഗ് സ്കൂളുകളും, നൈപുണ്യ കേന്ദ്രങ്ങളും.
- ഓൺലൈൻ പ്രവേശനവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പോലെയുള്ള വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ സേവനങ്ങൾ ഉൾപ്പെടെയുള്ള റസിഡൻഷ്യൽ സ്കൂളുകളുടെ ആധുനികവൽക്കരണം.
- എല്ലാ അടിസ്ഥാന സൗകര്യങ്ങളും നൽകിക്കൊണ്ട് എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനുള്ള ചെലവുകൾ.
- 'ജ്യോതി' ടാലന്റ് സെന്ററുകൾ സ്ഥാപിക്കൽ - ഉയർന്ന തലത്തിലുള്ള മത്സര പരീക്ഷകൾക്ക് വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിന് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രത്യേക കോച്ചിംഗ് സെന്ററുകൾ സ്ഥാപിക്കാൻ ഈ കേന്ദ്രങ്ങൾ ലക്ഷ്യമിടുന്നു. മെഡിക്കൽ & എഞ്ചിനീയറിംഗ്, സി.എ, ഐ.സി.ഡബ്ല്യു.എ, കമ്പനി സെക്രട്ടറി എന്നിവയുള്ള പ്രവേശന പരീക്ഷകളുടെ കോച്ചിംഗും യു.പി.എസ്.സി, പി.എസ്.സി, എസ്.എസ്.സി, ബാങ്കുകൾ, ഡിഫൻസ് എന്നിവയുടെ മത്സര പരീക്ഷകൾക്കുള്ള പരിശീലനവും, സംസ്ഥാന-ദേശീയ തലങ്ങളിൽ താൽപ്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്ന് പ്രത്യേകമായി എംപാനൽ ചെയ്ത പ്രശസ്ത പരിശീലന സ്ഥാപനങ്ങൾ വഴി നൽകുന്നതിനുള്ള ക്രമീകരണം ചെയ്യും. ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് വകുപ്പിൽ നിന്ന് സാമ്പത്തിക സഹായം നൽകും. ഇന്ത്യയിലെ മുൻനിര സാമൂഹിക പരിഷ്കർത്താക്കളിൽ ഒരാളായ ജ്യോതിറാവു ഫൂലെയുടെ സ്മരണയ്ക്കാണ് ഈ ടാലന്റ് സെന്ററുകൾക്ക് 'ജ്യോതി' എന്ന് നാമകരണം ചെയ്തിട്ടുള്ളത്.

**10. എല്ലാ ജില്ലകളിലും വർക്കിംഗ് വിമൺസ് ഹോസ്റ്റലുകൾ**

**(വിഹിതം: 1.00 ലക്ഷം രൂപ)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്ക് വേണ്ടി എല്ലാ ജില്ലകളിലും ഹോസ്റ്റലുകൾ നിർമ്മിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഇതിലൂടെ ജോലിയിൽ നിന്നു ലഭിക്കുന്ന വരുമാനത്തിന്റെ വലിയ പങ്ക് ഭക്ഷണത്തിനും താമസത്തിനുമായി നൽകുന്നത് ഒഴിവാക്കുന്നതിന് സഹായിക്കുന്നു. 2025-26-ൽ നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ ഭൂമി വാങ്ങുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി വകയിരുത്തിയിരിക്കുന്നു.

ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 100 ശതമാനം തുകയും വനിതകൾക്ക് ലഭിക്കുന്നു.

**IV. സാമൂഹിക മേഖലയിലെ ഇടപെടലുകൾ**

**11. ഭൂമി, ഭവനം, മറ്റു വികസന പരിപാടികൾ**

ഈ പദ്ധതിയുടെ മൂന്ന് ഉപപദ്ധതികൾ ചുവടെ കൊടുക്കുന്നു.

**i) ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി**

**(വിഹിതം: 17000.00 ലക്ഷം രൂപ)**

പാവപ്പെട്ടവരും അർഹതയുള്ളവരുമായ ഭൂരഹിത പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി ഭൂമി വാങ്ങാൻ സഹായം നൽകുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2025-26-ൽ ഈ പദ്ധതിയിലൂടെ ഏകദേശം 5000 ഭൂരഹിതരായ കുടുംബങ്ങളെ സഹായിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഓരോ കുടുംബത്തിനും ലഭിക്കുന്ന ധനസഹായ നിരക്ക് സർക്കാർ മാനദണ്ഡമനുസരിച്ചായിരിക്കും. ലൈഫ് മിഷൻ കണ്ടെത്തിയ ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കൾക്ക് മാത്രമെ ധനസഹായം നൽകുകയുള്ളൂ. 'അതിദാരിദ്ര്യ സർവേ - 2021-22' പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് മുൻഗണന നൽകണം. 2025-26-ൽ 17000.00 ലക്ഷം രൂപ ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിനായി ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു.

**ii) ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണം, ജീർണ്ണിച്ച ഭവനങ്ങളുടെ നവീകരണം, പഠനമുറികളുടെ നിർമ്മാണം**

**(വിഹിതം : 24000.00ലക്ഷം രൂപ)**

പട്ടികജാതി കുടുംബങ്ങളുടെ ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണത്തിനും ജീർണ്ണിച്ച ഭവനങ്ങളുടെ മെച്ചപ്പെടുത്തലിനും പഠനമുറികളുടെ നിർമ്മാണത്തിനും ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2025-26-ൽ ഈ പദ്ധതിക്കായി 24000.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നിലവിലുള്ള സർക്കാർ മാനദണ്ഡം അനുസരിച്ചായിരിക്കും ഘടകങ്ങൾക്ക് ധനസഹായം നൽകുന്നത്. ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്:-

- ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള രക്ഷിതാക്കളുടെ/കുടുംബങ്ങളിലെ, സർക്കാർ/എയ്ഡഡ്/സ്പെഷ്യൽ/ടെക്നിക്കൽ സ്കൂളുകളിൽ ഹൈസ്കൂൾ/ഹയർ സെക്കന്ററി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക്/വിദ്യാർത്ഥികൾക്ക് അവരുടെ വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതാണ്. പഠനമുറി നിർമ്മാണത്തിനായി ഓരോ കുടുംബത്തിനും 2.00 ലക്ഷം രൂപ വീതം സഹായം നൽകുന്നതാണ്. 5,000 പുതിയതും മുൻ വർഷങ്ങളിൽ ആരംഭിച്ച് പൂർത്തീകരിക്കാത്തതുമായ പഠനമുറികളുടെ നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.
- കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എ.വൈ-യിൽ ഭവനം അനുവദിച്ച ഗുണഭോക്താക്കൾക്ക് വീടൊന്നിന് ഒരു ലക്ഷം രൂപ വീതം അധികമായി നൽകുന്നതാണ്. ഇതിനാവശ്യമായ തുക ഗ്രാമവികസന കമ്മീഷണറേറ്റിന് നൽകുന്നതാണ്.
- പ്രകൃതി ദുരന്തബാധിതരായ പട്ടികജാതി കുടുംബങ്ങൾക്കും 'അതിദാരിദ്ര്യ സർവേ-2021-22' പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്കും മുൻഗണന നൽകുകയും സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായി സഹായം നൽകുകയും ചെയ്യും.
- പട്ടികജാതിക്കാരുടെ 5000 വീടുകൾ നവീകരിക്കുന്നതിനുള്ള 'സേഫ്' (സെക്യൂർ അക്കൊമോഡേഷൻ ആന്റ് ഫെസിലിറ്റി എൻഹാൻസ്മെന്റ്) പദ്ധതി, പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പിന്റെ സ.ഉ (സാധാ) നം. 990/2022/SCSTD തീയതി 27/09/2022 പ്രകാരം നടപ്പിലാക്കുക.

**iii) പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ**

**(വിഹിതം: 5100.00 ലക്ഷം രൂപ)**

പട്ടികജാതിക്കാരിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വേടൻ, നായാടി, കള്ളാടി, അരുന്ധതിയാർ, ചക്കിലിയർ എന്നീ വിഭാഗക്കാരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവുമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ദുർബല വിഭാഗക്കാരുടെ ജനസംഖ്യ ആകെ പട്ടികജാതി ജനസംഖ്യയുടെ 3.65 ശതമാനം വരുന്നു (പട്ടികജാതി സർവ്വേ റിപ്പോർട്ട്, 2008). അവരിൽ കൂടുതൽ പേരും

പാലക്കാട്, മലപ്പുറം, കൊല്ലം, ഇടുക്കി എന്നീ ജില്ലകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. 2025-26 കാലയളവിൽ താഴെപ്പറയുന്ന ഘടകങ്ങൾക്കായി 5100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- ഭൂമി - വകുപ്പിന്റെ പദ്ധതി പ്രകാരം, സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് വീട് നിർമ്മാണത്തിനായി കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിനുള്ള സഹായം. ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നാണ് ഇതിനായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക.
- വീട് - വകുപ്പിന്റെ പദ്ധതി പ്രകാരം, സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി വീടുകൾ നിർമ്മിക്കുന്നതിനുള്ള സഹായം. ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നാണ് ഇതിനായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക.
- പഠനമുറി/സാമൂഹ്യ പഠന കേന്ദ്രം- സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പഠനമുറികൾ/സാമൂഹ്യ പഠന കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള സഹായം.
- ആവാസകേന്ദ്രങ്ങളുടെ വികസനം- സംയോജിത നഗർ വികസനം, പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരികരണം, ഇന്റർനെറ്റ് കണക്ടിവിറ്റി അടക്കമുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്ന പ്രത്യേക പാക്കേജ്.
- വിദ്യാഭ്യാസ പരിപാടികൾ- പ്രത്യേക ട്യൂഷൻ പ്രോഗ്രാമുകളും റെമഡിയൽ കോച്ചിംഗ് ക്ലാസുകളും, മത്സര പരീക്ഷകൾക്കുള്ള പ്രത്യേക ട്യൂഷൻ ക്ലാസുകളും.
- നൈപുണ്യ വികസനം- സ്വയം ശാക്തീകരണം, നൈപുണ്യ പരിശീലനം, അധിക നൈപുണ്യാർജ്ജനം എന്നിവയ്ക്കായുള്ള വികസന പരിപാടികൾ, വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സബ്സിഡി ഉറപ്പാക്കിക്കൊണ്ടുള്ള പട്ടികജാതി യുവാക്കളുടെ സംരംഭകത്വ വികസനം.
- കൃഷിഭൂമി- കുറഞ്ഞത് 25 സെന്റ് കൃഷിഭൂമി വാങ്ങുന്നതിനായി പരമാവധി 10.00 ലക്ഷം രൂപ വരെ സഹായം.
- മൈക്രോ പ്ലാനിംഗ് - ക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഓരോ വീടുകൾക്കും വേണ്ടി മൈക്രോ പ്ലാൻ തയ്യാറാക്കും. ദുർബല വിഭാഗങ്ങൾക്കായി ആവശ്യാധിഷ്ഠിത പരിപാടി നടപ്പാക്കും.

ഈ പദ്ധതിയിൽ, അതിദാരിദ്ര്യ സർവേ 2021-22 പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് മുൻഗണന നൽകും. ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ 41 ശതമാനത്തോളം തുക വനിതകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**12. ഭവനരഹിത പട്ടികജാതിക്കാർക്ക് ഭവന പദ്ധതി (ലൈഫ് മിഷൻ)**

**(വിഹിതം: 30000.00 ലക്ഷം രൂപ)**

സംസ്ഥാന സർക്കാരിന്റെ നവകേരളം കർമ്മ പദ്ധതിയിൽ പ്രഖ്യാപിച്ച നാല് ദൗത്യങ്ങളിൽ ഒന്നാണ് ലൈഫ് മിഷൻ (Livelihood, Inclusion and Financial Empowerment-LIFE). സംസ്ഥാനത്ത് ഭവനരഹിതർക്ക് സുരക്ഷിതമായ ഭവനം നൽകുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഹൗസിംഗ് ആൻഡ് അർബൻ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ (ഹഡ്കോ) നിന്ന് വായ്പയെടുത്ത്, സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻ ഗ്രാന്റും, കേരള അർബൻ ആൻഡ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (കെ.യു.ആർ.ഡി.എഫ്.സി) സഹായവും ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത് നടപ്പിലാക്കുന്നു.

പട്ടികജാതി ഗുണഭോക്താക്കൾക്കായി പദ്ധതി നടപ്പാക്കുന്നതിന് 2025-26-ൽ 30000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഭൂമിയുള്ളവർക്ക് പുതിയ വീടുകൾ നിർമ്മിക്കുന്നതിനും ഭൂമിയില്ലാത്ത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങളോ പാർപ്പിട ക്ലസ്റ്ററുകളോ നിർമ്മിക്കുന്നതിനുമാണ് ഈ പദ്ധതി പ്രകാരം വിഹിതം നൽകുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലൈഫ് മിഷനാണ് പദ്ധതി നടപ്പാക്കുക. ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള തുക പട്ടികജാതി ഗുണഭോക്താക്കൾക്ക് വേണ്ടി മാത്രമെ വിനിയോഗിക്കുന്നുള്ളൂ എന്ന് ലൈഫ് മിഷൻ ഉറപ്പ് വരുത്തേണ്ടതാണ്. 'അതിദാരിദ്ര്യ സർവേ- 2021-22' പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് മുൻഗണന നൽകണം. പദ്ധതിയുടെ 90% ഗുണഭോക്താക്കളും സ്ത്രീകളായിരിക്കും.

**13. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം**

**(വിഹിതം: 8800.00 ലക്ഷം രൂപ)**

ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ മാതാപിതാക്കൾക്ക്/രക്ഷിതാക്കൾക്ക് അവരുടെ പെൺമക്കളുടെ വിവാഹത്തിനായി 1,25,000.00 രൂപ വീതം വിവാഹ സഹായം നൽകുന്നു. 2025-26-ൽ 8800.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു. ധനസഹായം നൽകുന്നത് സർക്കാർ മാനദണ്ഡപ്രകാരമായിരിക്കും.

ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 100 ശതമാനം തുകയും വനിതകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**14. വാത്സല്യ നിധി**

**(വിഹിതം: 1.00 ലക്ഷം രൂപ)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസം, കഴിവുകൾ, സാമൂഹിക നിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഒരു ഇൻഷ്വറൻസ് ബന്ധിത സാമൂഹിക സുരക്ഷിതത്വം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പെൺകുട്ടി പത്താം ക്ലാസ്സ് പാസ്സാവുകയും 18 വയസ്സ് പൂർത്തിയാകുകയും ചെയ്യുമ്പോൾ കാലാവധി പൂർത്തീകരിക്കുന്ന ഒരു ദീർഘകാല നിക്ഷേപ പദ്ധതിയാണിത്. ഈ പദ്ധതി വഴി, പെൺകുഞ്ഞിന്റെ ജനന രജിസ്ട്രേഷൻ, പൂർണ്ണമായ രോഗ പ്രതിരോധ കുത്തിവയ്പ്പുകൾ, സ്കൂൾ പ്രവേശനം, പത്താം ക്ലാസ് വരെയുള്ള പഠനം ഉൾപ്പടെ കുട്ടിയുടെ ജനനം മുതലുള്ള സമഗ്ര വികസനം ഉറപ്പു വരുത്തുകയും ചെയ്യുന്നു. 18 വയസ്സ് പൂർത്തിയാകുമ്പോൾ നിശ്ചിത തുക അനുവദിച്ച് പദ്ധതി പൂർത്തീകരിക്കുന്നു. രക്ഷിതാക്കളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. മുഴുവൻ ഇൻഷ്വറൻസ് പ്രീമിയവും അടക്കുന്നത് സംസ്ഥാന സർക്കാരാണ്. കൂടാതെ ഇൻഷ്വറൻസ് തുക ഉന്നത വിദ്യാഭ്യാസത്തിനും ജീവിതം സ്ഥിരപ്പെടുത്തുന്നതിനും ഉപയോഗിക്കാവുന്നതാണ്.

2025-26-ൽ നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 100 ശതമാനം തുകയും വനിതകൾക്ക് ലഭിക്കുന്നു.

**15. ഡോ.അംബേദ്കർ ഗ്രാമ വികസന പദ്ധതി**

**(വിഹിതം: 5500.00 ലക്ഷം രൂപ)**

ഇരുപത്തിഅഞ്ചിലധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന 1000 പട്ടികജാതി നഗറുകളുടെ സമഗ്ര വികസനമാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. പട്ടികജാതിക്കാരുടെ താമസസ്ഥലങ്ങൾ പരമ്പരാഗതമായി താഴ്ന്ന പ്രദേശങ്ങളിലായതിനാൽ മഴക്കാലത്ത് മിക്കവാറും നാശനഷ്ടങ്ങൾ സംഭവിക്കാറുണ്ട്. പ്രളയമുണ്ടാകുമ്പോൾ മാത്രമല്ല സാധാരണ മൺസൂൺ കാലത്തും ഇത് ഇവരെ ദുരിതത്തിലാക്കുന്നു. ആയതിനാൽ ഇത്തരം പട്ടികജാതി നഗറുകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമം നടത്തുന്നതാണ്. നഗറുകളുടെ ആവശ്യകത നിർണ്ണയിച്ചതിനു ശേഷം പദ്ധതി നടപ്പിലാക്കുകയും ഓരോ നഗറിനും പരമാവധി 100.00 ലക്ഷം രൂപ വീതം സഹായം നൽകുന്നതുമാണ്. പ്രളയബാധിത നഗറുകൾക്കും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലെ നഗറുകൾക്കും മുൻഗണന നൽകും. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

- റോഡ്, ഫുട്പാത്ത് കണക്ടിവിറ്റി.
- കുടിവെള്ള വിതരണം.
- സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കൽ.
- ഇന്റർനെറ്റ് കണക്ടിവിറ്റി.
- വൈദ്യുതീകരണവും വീടുകളുടെ റീ-വയറിങ്ങും.
- മാലിന്യ സംസ്കരണം, ശുചിത്വം, ഡ്രെയിനേജ് സംവിധാനങ്ങൾ.
- വീട് നവീകരണം.
- ടോയ്‌ലറ്റ് നിർമ്മാണം/നവീകരണം.
- വിജ്ഞാനവാടി നിർമ്മാണം/പരിപാലനം.
- കളിസ്ഥലം, കാവ്, കുളങ്ങൾ മുതലായവ ഉൾപ്പെടെയുള്ള പൊതു സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

- നഗറുകൾക്കുള്ളിൽ/നഗറിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ശ്മശാനങ്ങളുടെ സംരക്ഷണവും നവീകരണവും.
- ഭൂമി സംരക്ഷണ ഭിത്തിയുടെ നിർമ്മാണം.
- കിണർ നവീകരണം.
- കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി എന്നിവയുടെ നിർമ്മാണം.

പദ്ധതി ആരംഭിക്കുന്നതിന് മുമ്പും ശേഷവും നഗറുകളുടെ അവസ്ഥ സംബന്ധിച്ച ഡോക്യുമെന്റേഷൻ നടത്തേണ്ടതാണ്.

2025-26-ൽ പദ്ധതിയ്ക്കായി 5500.00 ലക്ഷം രൂപ വകയിരുത്തുന്നു.

**16. ആരോഗ്യ പരിരക്ഷാ പദ്ധതി**

**(വിഹിതം: 6500.00 ലക്ഷം രൂപ)**

ആരോഗ്യ പരിരക്ഷാ പദ്ധതിയിൽ, അർഹരായ രോഗികൾക്കും വൃദ്ധർക്കും ആരോഗ്യ പരിചരണം നൽകുന്നു. പദ്ധതിയുടെ ഘടകങ്ങൾ ചുവടെ കൊടുക്കുന്നു.

- ബന്ധപ്പെട്ട സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അർഹരായവർക്ക് ചികിത്സാ സാമ്പത്തിക സഹായം.
- മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും അഗതികൾക്കും അവരുടെ കുടുംബങ്ങൾക്കും പൂർണ്ണ ആരോഗ്യ സംരക്ഷണ പരിപാടി.
- പട്ടികജാതി വികസന വകുപ്പ് ധനസഹായം നൽകി വരുന്ന ഹോമിയോ ആശുപത്രികളുടെ ആവർത്തന ചെലവുകൾ.
- പ്രത്യേക മാനസികാരോഗ്യ പരിപാടി.
- വൃദ്ധ സദനങ്ങൾ സജ്ജമാക്കൽ.
- മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ധന്വന്തരി സെന്ററുകളെ വയോജന പരിചരണവും സാന്ത്വന പരിചരണവും ആരംഭിക്കുന്നതിനായി വേണ്ടത്ര ശക്തിപ്പെടുത്തും.
- ആരോഗ്യ വകുപ്പിന്റെയും കുടുംബശ്രീ മിഷന്റെയും സഹായത്തോടെ പട്ടികജാതി നഗറുകളിലും ആവാസ കേന്ദ്രങ്ങളിലും ഡി-അഡിക്ഷൻ പരിപാടികളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കൽ.
- ആരോഗ്യ പരിരക്ഷാ പരിപാടിയുമായി ബന്ധപ്പെട്ട ഹോണറേറിയവും, അലവൻസുകളും ഉൾപ്പെടെയുള്ള ചെലവുകൾ.
- ഭിന്നലിംഗക്കാർക്കായുള്ള പ്രത്യേക ആരോഗ്യ പരിരക്ഷാ പരിപാടി.
- പ്രകൃതി ദുരന്തത്തിനിരയായവർക്കും, തീപിടുത്തം, അപകടം, കുടുംബത്തിലെ ഏകവരുമാനദായകന്റെ മരണം എന്നിവയ്ക്കും ആശ്വാസ നടപടിയായുള്ള ധനസഹായം.
- ആരോഗ്യകരവും പോഷകപ്രദവുമായ ഭക്ഷണത്തെക്കുറിച്ച് പട്ടികജാതി കുട്ടികളുടെ രക്ഷിതാക്കൾക്കായി ബോധവൽക്കരണ പരിപാടികളും വിളർച്ചയുള്ള കുട്ടികളേയും സ്ത്രീകളേയും കണ്ടെത്തലും അവരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പരിഹാര നടപടികളും.
- ഏബിൾ കേരള – സാമൂഹ്യ നീതി വകുപ്പിന്റെ 'അംഗപരിമിത സെൻസസ് റിപ്പോർട്ട് 2015' പ്രകാരം 86755 ഭിന്നശേഷിക്കാർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായിരുന്ന സാഹചര്യത്തിൽ, പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് പരിചരണം നൽകാനാണ് ഈ പരിപാടിയിൽ ഉദ്ദേശിക്കുന്നത്. ഭിന്നശേഷിയുള്ള പട്ടികജാതി വിഭാഗക്കാരുടെ പുനരധിവാസത്തിനും ശാക്തീകരണത്തിനും ഊന്നൽ നൽകുന്നതാണ് പരിപാടി. കേരള സാമൂഹ്യ സുരക്ഷാ മിഷനും കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനും മുഖേന പ്രായോഗികമായ ഒരു പദ്ധതിയുടെ അടിസ്ഥാനത്തിലായിരിക്കും ഇത് നടപ്പിലാക്കുന്നത്.

2025-26 വർഷം ഈ പദ്ധതിക്കായി 6500.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ നിന്നും 5500.00 ലക്ഷം രൂപ ചികിത്സാ സഹായമായും 500.00 ലക്ഷം രൂപ ഹോമിയോ ആശുപത്രികൾക്കായും 500.00 ലക്ഷം രൂപ 'ഏബിൾ കേരള' പദ്ധതിയ്ക്കായും വകയിരുത്തിയിട്ടുണ്ട്.

### 17. അടിസ്ഥാന സൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് (പുതിയ പദ്ധതി)

**(വിഹിതം: 2000.00 ലക്ഷം രൂപ)**

പട്ടികജാതി നഗറുകളുടെയും നഗറുകൾക്ക് പുറത്ത് ചിതറിക്കിടക്കുന്ന കുടുംബങ്ങളായി താമസിക്കുന്ന പട്ടികജാതിക്കാരുടെയും അടിസ്ഥാന സൗകര്യങ്ങളിലെ നിർണായക വിടവുകൾ നികത്തുന്നതിനുള്ള സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2025-26-ൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്ന പദ്ധതിക്കായി 2000.00 ലക്ഷം രൂപ വകയിരുത്തുന്നു.

- ഡോ.അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടാത്തതും എന്നാൽ സഹായം ഏറ്റവും ആവശ്യമുള്ളതുമായ പട്ടികജാതി നഗറുകളിൽ സുരക്ഷിതമായ കുടിവെള്ളം, റോഡ്-നടപ്പാത കണക്റ്റിവിറ്റി, ശുചിത്വ സൗകര്യങ്ങൾ, ഡ്രെയിനേജ് സംവിധാനങ്ങൾ, ഇന്റർനെറ്റ് കണക്റ്റിവിറ്റി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റുന്നതിന് സഹായം നല്കും. നിലവിലുള്ള മറ്റ് പദ്ധതികൾ ഇതിനായി ഉപയോഗിക്കാൻ സാദ്ധ്യതയില്ലാത്തപ്പോൾ മാത്രം ഈ പദ്ധതിയ്ക്കായി വകയിരുത്തിയ തുക ഓരോ പ്രവൃത്തിയുടെയും മുൻഗണനയുടെ അടിസ്ഥാനത്തിൽ വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കണം.
- നഗറുകൾക്ക് പുറത്ത് സ്ഥിതി ചെയ്യുന്നതോ നഗറുകളായി പരിഗണിക്കുന്നതിനുള്ള, കുറഞ്ഞത് അഞ്ച് വീടുകൾ എന്ന നിബന്ധന ബാധകമാകാതെ പോയതോ ആയ ചിതറിക്കിടക്കുന്ന പട്ടികജാതി കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായം നല്കും. ഓരോ സഹായ ആവശ്യങ്ങളുടെയും ആധികാരികതയും ആവശ്യകതയും വിലയിരുത്തലിന് വിധേയമാക്കിക്കൊണ്ട് സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കൽ, വീടുകളോട് ചേർന്നുള്ള സംരക്ഷണ ഭിത്തി/ഭൂസംരക്ഷണ ഭിത്തി എന്നിവ ഈ ഘടകത്തിന് കീഴിൽ ഏറ്റെടുക്കാം. നിലവിലുള്ള മറ്റ് പദ്ധതികൾ ഇതിനായി ഉപയോഗിക്കാൻ സാദ്ധ്യതയില്ലാത്തപ്പോൾ മാത്രം ഈ പദ്ധതിയ്ക്കായി വകയിരുത്തിയ തുക ഓരോ പ്രവൃത്തിയുടെയും മുൻഗണനയുടെ അടിസ്ഥാനത്തിൽ വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കണം.

സർക്കാർ ഉത്തരവ് അനുസരിച്ചായിരിക്കും പദ്ധതി നടപ്പാക്കുക.

## V. മറ്റ് പദ്ധതികൾ

### 18. പട്ടികജാതി ഉപപദ്ധതിയിലെ പ്രത്യേക പ്രോജക്ടുകൾക്കായി പൂൾഡ് ഫണ്ട്

**(വിഹിതം: 100.00 ലക്ഷം രൂപ)**

സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ, സർക്കാർ ഇതര സംഘടനകൾ എന്നിവ മുഖേന പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് പൂൾഡ് ഫണ്ട്. പൂൾഡ് ഫണ്ടിൽ നിന്നും തുക ആവശ്യമുള്ള വകുപ്പുകൾ/സ്ഥാപനങ്ങൾ/ഏജൻസികൾ/സർക്കാർ ഇതര സംഘടനകൾ എന്നിവ പട്ടികജാതിക്കാരുടെ വികസനത്തിന് വേണ്ടിയുള്ള പ്രോജക്ടുകൾ, അവരുടെ ധനസഹായ വിഹിതം കൂടി ഉൾപ്പെടുത്തി, സംസ്ഥാന ആസൂത്രണ ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണ യോഗ്യവും അംഗീകാര യോഗ്യവുമാണെങ്കിൽ സംസ്ഥാന ആസൂത്രണ ബോർഡ് അത് പട്ടികജാതി വികസന വകുപ്പിന് നൽകുന്നതാണ്. പ്രസ്തുത പ്രോജക്ടുകൾ സംസ്ഥാനതല/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കും. പദ്ധതികൾ തയ്യാറാക്കുന്നതിനും അനുമതി നൽകുന്നതിനും നടപ്പാക്കുന്നതിനും നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കണം. ജീവനോപാധി പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉയർന്ന മുൻഗണന നൽകേണ്ടതാണ്. ഈ പദ്ധതിക്ക് കീഴിൽ അനുവദിച്ചിട്ടുള്ള വിവിധ പ്രോജക്ടുകളുടെ നടത്തിപ്പിന്റെ പുരോഗതി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ജില്ലാതല കമ്മിറ്റി വിലയിരുത്തണം.

2025-26-ൽ പട്ടികജാതിക്കാർക്കുള്ള ഉപപദ്ധതിയിൽ ഈ പദ്ധതിയ്ക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 19. പട്ടികജാതി വികസന വകുപ്പിലെ ആധുനികവൽക്കരണവും ഇ-ഗവേണൻസ് സംരംഭങ്ങളും

**(വിഹിതം: 500.00 ലക്ഷം രൂപ)**

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളുടെയും സ്ഥാപനങ്ങളുടേയും ആധുനികവത്ക്കരണത്തിന് വേണ്ടിയുള്ള പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

- ദേശീയ സ്ഥാപനങ്ങളിലോ ഏതെങ്കിലും അംഗീകൃത ഏജൻസികളിലോ ഉൾപ്പെടെ പട്ടികജാതി വികസന വകുപ്പിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും പരിശീലനം.
- സെമിനാറുകളും കോൺഫറൻസുകളും ശില്പശാലകളും നടത്തുന്നതിനുള്ള ചെലവുകൾ.
- കമ്പ്യൂട്ടറുകൾ, ലാപ്പ്ടോപ്പുകൾ, പ്രിന്ററുകൾ, ഫോട്ടോകോപ്പിയർകൾ, സ്കാനറുകൾ, വോയിസ് റെക്കോർഡർ, എൽസിഡി പ്രൊജക്ടർ, ഇന്ററാക്ടീവ് പാനലുകൾ എന്നിവ വാങ്ങുക, പഴയ കമ്പ്യൂട്ടറുകൾ മാറ്റിസ്ഥാപിക്കൽ, വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളെയും സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്നതിന് LAN സൗകര്യവും വീഡിയോ കോൺഫറൻസ് സൗകര്യങ്ങളും സജ്ജമാക്കുക.
- വെബ് സൈറ്റിന്റേയും, വിവര സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട സേവനങ്ങളുടെയും വികസനവും നവീകരണവും, ഇ ഓഫീസ് സ്ഥാപിക്കൽ, വെബ് സൈറ്റ് മെയിന്റനൻസ്, എ.എം.സി ചാർജ്ജുകൾ, ഡയറക്ടറേറ്റിലേയും ജില്ലാ ഓഫീസുകളിലേയും ഇന്റർനെറ്റ് ചാർജ്ജുകൾ, പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഐ.റ്റി.ഐ.കളിലും സ്മാർട്ട് ക്ലാസ്സ് മുറികളും ലൈബ്രറിയും സ്ഥാപിക്കൽ.
- എല്ലാ വിഭാഗം ഉണഭോക്താക്കൾക്കും നേരിട്ട് പണം കൈമാറ്റം ചെയ്യുന്നതിനുള്ള ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പിലാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കൽ, ടെക്നിക്കൽ അസിസ്റ്റന്റ്മാർക്കുള്ള ഓണറേറിയം, ഇ-പ്രൊക്യൂർമെന്റ്, ജീവനക്കാർക്കുള്ള ഐഡി കാർഡുകൾ മുതലായവ.
- വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് ആവശ്യമായ അപേക്ഷാ ഫോമുകളുടെയും രജിസ്റ്ററുകളുടെയും വിതരണം, പരസ്യ ചാർജ്ജുകൾ, വകുപ്പിന് കീഴിലുള്ള പരിപാടികളുടെ പ്രചരണവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും.
- പോസ്റ്ററുകൾ, ഗൈഡുകൾ, ബുക്ക് ലെറ്റുകൾ, ജേർണലുകൾ, പടവുകൾ പോലെയുള്ള വകുപ്പിലെ പ്രസിദ്ധീകരണങ്ങളുടെ അച്ചടി, വകുപ്പിന്റെ വികസന ഗൈഡ്, ലഘുലേഖകൾ എന്നിവയുടെ അച്ചടിയും, പദ്ധതികളുടെയും പ്രധാന സംഭവങ്ങളുടെയും ഡോക്യുമെന്റേഷനും, പട്ടികജാതിക്കാരുടെ തെരഞ്ഞെടുത്ത സാഹിത്യ കൃതികളുടെ പ്രസിദ്ധീകരണവും.
- പദ്ധതികളുടെ മോണിറ്ററിംഗ് നടത്തുന്നതിനായി ജില്ലാ ഓഫീസുകൾക്കും ഫീൽഡ് തലത്തിലുള്ള ഉദ്യോഗസ്ഥർക്കും സർക്കാർ മാനദണ്ഡത്തിന് വിധേയമായി വഹനങ്ങൾ വാടകയ്ക്ക് എടുക്കുക.
- ഡിജിറ്റൽ രീതിയിൽ പട്ടികജാതി സർവ്വേ പുതുക്കുക.
- വിവര വിദ്യാഭ്യാസ വിനിമയ പരിപാടികൾ.
- പട്ടികജാതി വികസനത്തിനായി പട്ടികജാതി വികസന വകുപ്പും പ്രാദേശിക സർക്കാരുകളും ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം, മോണിറ്ററിംഗ് എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പട്ടികജാതി ഉപപദ്ധതികളുടേതുൾപ്പെടെയുള്ള പദ്ധതികളുടെ കാര്യക്ഷമമായ മോണിറ്ററിംഗിനായി വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു എം.ഐ.എസ് സോഫ്റ്റ് വെയർ യൂണിറ്റ് ഉപയോഗിച്ചുകൊണ്ട് ഡയറക്ടറേറ്റിലെ പ്ലാനിംഗ് ആൻഡ് മോണിറ്ററിംഗ് സെൽ ശക്തിപ്പെടുത്തുക.
- ഫീൽഡ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് സർക്കാർ മാനദണ്ഡ പ്രകാരം ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് മൊബൈൽ കണക്ഷൻ.
- നന്ദാവനത്തുള്ള ഡയറക്ടറേറ്റ് കെട്ടിടത്തിൽ അധിക സൗകര്യങ്ങൾ, ഡയറക്ടറേറ്റിലും, പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവത്ക്കരണവും അടിസ്ഥാന സൗകര്യ വികസനവും.
- പുതിയ ഡയറക്ടറേറ്റ് കെട്ടിടത്തിന്റെയും ഡോ. അംബേദ്കർ ഭവനത്തിന്റെയും പൂർത്തിയാക്കാത്ത പ്രവൃത്തികളും പരിപാലനവും.
- വകുപ്പിന്റെ ഡിജിറ്റലൈസേഷനും ഓട്ടോമേഷനും.
- ഡയറക്ടറേറ്റിലും ജില്ലാ-ബ്ലോക്ക് തല ഓഫീസുകളിലും ഇ-ഓഫീസ് സൗകര്യങ്ങൾ വ്യാപിപ്പിക്കുകയും വകുപ്പിന്റെ ഡിജിറ്റലൈസേഷന്റെ ഭാഗമായി നിലവിലുള്ള സർക്കാർ

മാനദണ്ഡങ്ങൾക്കനുസരിച്ച് ടാബ് നൽകലും. പട്ടികജാതി വികസന വകുപ്പിന്റെ എല്ലാ തലങ്ങളിലുമുള്ള ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കും.

- കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രശസ്തമായ അക്കാദമിക്, ടെക്നിക്കൽ സ്ഥാപനങ്ങൾ/ഏജൻസികൾ മുഖേന വകുപ്പിന്റെ പ്രധാനപ്പെട്ടതും പുതിയതുമായ വികസന പദ്ധതികൾക്കായി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി സേവനങ്ങൾക്കുള്ള ചെലവുകൾ.
- ടെക്നിക്കൽ അസിസ്റ്റന്റ്/സപ്പോർട്ടിംഗ് എഞ്ചിനീയർമാർക്കുള്ള ഓണറേറിയം
- പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് വിഭാഗത്തിന് കീഴിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ഐ.ടി സെല്ലിന്റെ രൂപീകരണവും നടത്തിപ്പ് ചെലവുകളും മറ്റ് അനുബന്ധ ചെലവുകളും.
- പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇന്ത്യയിലും വിദേശത്തുമുള്ള ഉപരിപഠന സാധ്യതകളെക്കുറിച്ചും, തൊഴിൽ സാധ്യതകളെക്കുറിച്ചും വിവരങ്ങൾ നൽകുന്നതിനായുള്ള ഹാൻഡ്ഹോൾഡിംഗ് സെല്ലിന്റെ പ്രവർത്തനം.
- വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലെയും സ്ഥാപനങ്ങളിലെയും കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, ഫോട്ടോകോപ്പിയറുകൾ, ടോണർ/റീഫിൽ, LAN എന്നിവയുടെയും മറ്റെല്ലാ ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെയും റിപ്പയർ, മെയിന്റനൻസ് ചാർജ്.
- പ്ലാൻ സ്കീമുകളുടെ നടത്തിപ്പിനായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ടോൾ ഫ്രീ കോൾ സെന്റർ/പരാതി പരിഹാര സെൽ സ്ഥാപിക്കൽ
- കേരളത്തിലെ 30.39 ലക്ഷം പട്ടികജാതിക്കാരെയും 26,342 പട്ടികജാതി നഗറുകളെയും ഉൾക്കൊള്ളുന്ന ആൻഡ്രോയിഡ് അധിഷ്ഠിത സാമൂഹിക-സാമ്പത്തിക സർവ്വേ സാധ്യമാക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിൽ ഡാറ്റാ ബാങ്ക് സ്ഥാപിക്കുക.
- ഡോക്യുമെന്റേഷൻ, സെമിനാറുകൾ, പ്രഭാഷണങ്ങൾ, സർവ്വേകൾ, മേളകൾ, പഠനങ്ങൾ, പരിശീലനം, റിപ്പോർട്ടുകളുടെയും രേഖകളുടെയും തയ്യാറാക്കലും പ്രസിദ്ധീകരണവും, എക്സിബിഷനുകൾ, വർക്ക്ഷോപ്പുകൾ, തൊഴിൽ മേളകൾ, മറ്റ് വിവിധ പ്രവർത്തനങ്ങൾ.
- ഡയറക്ടറേറ്റിൽ ലൈബ്രറി സ്ഥാപിക്കൽ, ഓൺലൈൻ ഡാറ്റാ ബേസ്/ഓൺലൈൻ ജേണലുകൾ/സ്ഥാപന അംഗത്വം എന്നിവയുടെ സബ്സ്ക്രിപ്ഷൻ, ജേണലുകൾ/ പുസ്തകങ്ങൾ/പത്രങ്ങൾ/ഇ-ബുക്കുകൾ, മാനവശേഷി പിന്തുണ.
- പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള മികച്ച സ്ഥാപനത്തിനും ഓഫീസർമാർക്കും ഓഫീസുകൾക്കുമുള്ള അവാർഡുകൾ
- മികച്ച പട്ടികജാതി സംരംഭകർക്കുള്ള പ്രത്യേക അവാർഡ്.
- ഓഫീസർമാർക്കുള്ള കാര്യക്ഷമത പരിപോഷണ പരിപാടികൾ, പരിശീലനവും എക്സ്പോഷർ സന്ദർശനങ്ങളും (ദേശീയവും അന്തർദേശീയവും ഉൾപ്പെടെ).
- ആർട്ട് എക്സിബിഷനുകളും വിദേശ ഭാഷാ പഠന പരിപാടികളും നടത്തുന്നതിനുള്ള ചെലവുകൾ.
- പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ.
- ദേശീയ/അന്തർദേശീയ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ചെലവുകൾ.
- ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിനുള്ള ചെലവുകൾ.
- പട്ടികജാതി വികസന ഡയറക്ടറേറ്റിൽ സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റ് സ്ഥാപിക്കൽ- കേന്ദ്ര സർക്കാരിന് കീഴിലുള്ള 36 മന്ത്രാലയങ്ങളുടെ 155 പദ്ധതികളിൽ പട്ടികജാതിക്കാർക്കായി വിഹിതം വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ പ്ലാനിംഗ് ആൻഡ് മോണിറ്ററിംഗ് വിഭാഗത്തിന് കീഴിൽ സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റ് രൂപീകരിക്കും. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യോഗ്യരായ യുവതീ-യുവാക്കളെ ഇതിനായി റിസേർച്ച് അസിസ്റ്റന്റ്മാരായി നിയമിക്കാം.
- ഡയറക്ടറേറ്റിലും ജില്ലാതല ഓഫീസുകളിലും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ഓഫീസ്.
- ഗ്രീൻ ഓഫീസ്- പട്ടികജാതി ഡയറക്ടറേറ്റിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും എ ഗ്രേഡ് സർട്ടിഫിക്കറ്റ് നേടാൻ ലക്ഷ്യമിടുന്നു.

- ഡയറക്ടറേറ്റിൽ കോൺഫറൻസ് ഹാൾ സ്ഥാപിക്കൽ

പ്രസ്തുത പദ്ധതിയ്ക്കായി 2025-26 വർഷത്തിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**20. പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി)**
**(വിഹിതം: 5000.00 ലക്ഷം രൂപ)**

വാർഷിക പദ്ധതിയിലെ പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള സ്കീമുകളുടെ വിഹിതത്തിൽ ഉണ്ടാകുന്ന നിർണ്ണായക വിടവുകൾ, മാനവ വിഭവശേഷി വികസനം, അടിസ്ഥാനാവശ്യങ്ങൾ, സാമ്പത്തിക വികസനം തുടങ്ങിയവയ്ക്ക് പ്രത്യേക ഊന്നൽ നല്കിക്കൊണ്ട് പ്രോജക്ട് അധിഷ്ഠിതമായി നികത്തുന്നതിനായാണ് ഈ ഫണ്ട് മാറ്റി വയ്ക്കുന്നത്. മുൻ വർഷങ്ങളിൽ അനുമതി ലഭിച്ച പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള തുകയും ഈ പദ്ധതിയിലൂടെ കണ്ടെത്താവുന്നതാണ്. പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പദ്ധതി തുകയുടെ മൂന്നിലൊന്ന് ജില്ലകൾക്ക് അനുവദിച്ച് നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ 25.00 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്കുള്ള ഭരണാനുമതികൾ നൽകാവുന്നതാണ്.

2025-26-ൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടെയുള്ള നിർണ്ണായക വിടവ് നികത്തൽ പ്രോജക്ടുകൾക്കായി 5000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം (പൈപ്പ്ഡ് വാട്ടർ കണക്ടിവിറ്റിയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളത്), വീടുകളുടെ വൈദ്യുതീകരണം, ഇന്റർനെറ്റ് കണക്റ്റിവിറ്റി, ടോയിലറ്റും ശുചിത്വവും, ഊർജ്ജത്തിന്റെ ഇതരമാർഗങ്ങൾ, മാലിന്യ സംസ്കരണം, അടിസ്ഥാനസൗകര്യ വികസനം, വാർത്താവിനിമയ സൗകര്യങ്ങൾ എന്നിവ ഉൾപ്പടെയുള്ള സൗകര്യങ്ങൾ പട്ടികജാതിക്കാർക്ക് ഏർപ്പെടുത്തുകയും മറ്റ് നിർണ്ണായക വിടവുകൾ നികത്തലും. മുൻവർഷങ്ങളിൽ അനുവദിച്ച ടോയിലറ്റുകളുടെ മുടങ്ങിക്കിടക്കുന്ന തുക നൽകുന്നതിനായും വിഹിതം ഉപയോഗിക്കാവുന്നതാണ്.
- വിജ്ഞാൻവാടികൾ - പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള വിജ്ഞാൻവാടികളുടെ തുടർ ചെലവുകൾ. താഴെത്തട്ടിൽ വിജ്ഞാൻവാടികളെ ഇൻഫർമേഷൻ സെന്ററായും, ട്യൂഷൻ സൗകര്യങ്ങൾ നൽകുന്ന ഇടമായും, മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ് സെന്ററായും കരിയർ ഗൈഡൻസ് സെന്ററായും വികസിപ്പിക്കുന്നതിനുള്ള ചെലവുകൾ. വിജ്ഞാൻവാടികളിൽ എല്ലാ അടിസ്ഥാന സൗകര്യ വികസനവും ലൈബ്രറിയും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ. വിജ്ഞാൻവാടി കോ-ഓർഡിനേറ്റർമാർക്ക് സർക്കാരിന്റെ നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് സഹായം. എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടെ 'ജ്യോതി ടാലന്റ് സെന്ററുകൾ' ആയി വിജ്ഞാൻവാടികൾ പ്രവർത്തിക്കാനുള്ള ചെലവുകൾ. മതിയായ അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കി നൽകിക്കൊണ്ട് നിലവിലുള്ള കെട്ടിടങ്ങളിൽ പുതിയ വിജ്ഞാനവാടികൾ സ്ഥാപിക്കുക.
- പട്ടികജാതിക്കാരുടെ ശ്മശാനങ്ങളുടെയും, കാവുകളുടെയും മറ്റ് ആരാധനാലയങ്ങളുടെയും നവീകരണത്തിനും സംരക്ഷണത്തിനുമുള്ള സഹായം.
- ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെയും അഗതികളുടെയും മരണാനന്തര ചടങ്ങുകൾക്ക് ധനസഹായം.
- പട്ടികജാതി നഗറുകളിലെ റോഡുകൾ, പൊതു കിണറുകൾ, കുടിവെള്ള പദ്ധതികൾ, ശ്മശാനങ്ങൾ, ടോയിലറ്റുകൾ, കിണറുകൾ, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പുനഃനിർമ്മാണവും അറ്റകുറ്റപ്പണികളും. പ്രളയത്തിലും മറ്റ് പ്രകൃതിക്ഷോഭങ്ങളിലും തകർന്ന പട്ടികജാതി നഗറുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകും.
- കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും അവരുടെ ഉപജീവന പുനഃസ്ഥാപനത്തിനായി മൂല്യവർദ്ധന, സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സഹായം നൽകുക. പ്രളയബാധിതരുടെ ഉപജീവനമാർഗങ്ങളുടെ പുനഃസ്ഥാപനത്തിന് മുൻഗണന നൽകും.
- പ്രകൃതിദുരന്തങ്ങളാൽ ബാധിക്കപ്പെട്ട കുടുംബങ്ങൾക്ക് അടിയന്തര സഹായവും അടിയന്തര സാഹചര്യങ്ങളിലും പ്രകൃതിദുരന്തങ്ങളിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ട എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾക്ക് അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സാമ്പത്തിക സഹായവും നൽകുക.

- കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന നൽകുന്ന കൃഷി ഭൂമി വായ്പാ പദ്ധതിക്ക് സബ്സിഡി നൽകുക.
- പട്ടികജാതിക്കാരുടെ ഉപജീവനവും തൊഴിൽ സാധ്യതയും പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രശസ്തമായ സ്ഥാപനങ്ങൾക്ക് സഹായം.
- 'അതി ദാരിദ്ര്യ സർവേ 2021-22' പ്രകാരം കണ്ടെത്തിയ ദരിദ്ര കുടുംബങ്ങളുടെ നിർണായക വികസന വിടവുകൾ പരിഹരിച്ച് അതിദാരിദ്ര്യം നിർമാർജനം ചെയ്യുന്നതിനായും പദ്ധതിയുടെ ഘടകങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.
- ഉന്നതി ഹോസ്റ്റലിന് മാനേജ്മെന്റ് സഹായം.
- 'ഹോം' പദ്ധതി ഉൾപ്പെടെയുളള പട്ടികജാതി വിഭാഗങ്ങൾക്കായുള്ള കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുകൾ.
- പിഎം-എ.ജെ.എ.വൈ ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന പദ്ധതികളുമായി സംയോജിപ്പിക്കുന്നതിനുള്ള വിടവ് നികത്തൽ ഫണ്ട്.
- പട്ടികജാതി വിദ്യാർത്ഥികൾക്കോ പട്ടികജാതി സമൂഹത്തിലെ ആളുകൾക്കോ കാര്യമായ പ്രയോജനം നൽകുന്ന സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾ.
- ഒരു പദ്ധതിയുടെ അടിസ്ഥാനത്തിൽ, കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പരിപാടിയിൽ സംരംഭകത്വ, സാമ്പത്തിക ശാക്തീകരണ പരിപാടികൾ ആരംഭിക്കുന്നതിന് പട്ടികജാതി അയൽക്കൂട്ടങ്ങൾക്കും (എൻ.എച്ച്.ജി.-കൾ) ഓക്സിലറി ഗ്രൂപ്പുകൾക്കും സഹായം.
- അതിദരിദ്രർക്കുള്ള സപ്പോർട്ട് പ്രോഗ്രാം (എസ്.പി.ഇ.പി) - അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയ്ക്കായി (ഇ.പി.ഇ.പി.) തയ്യാറാക്കി നടപ്പിലാക്കുന്ന മൈക്രോ പ്ലാനുകൾക്കായി വകയിരുത്തുന്ന തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ ഫണ്ടിൽ കുറവ് വരുന്നപക്ഷം ഗ്യാപ്പ് ഫണ്ട് അനുവദിക്കുക.
- ജില്ലാ പദ്ധതിയിലെ പ്രോജക്ടുകൾക്ക് പ്രോത്സാഹനം നൽകുക- ജില്ലാ ആസൂത്രണ സമിതികൾ തയ്യാറാക്കുന്ന ജില്ലാ പദ്ധതികൾ, വികസന പരിപാടികളുടെ ജില്ലാതലത്തിലുള്ള ശരിയായ സംയോജനം ഉറപ്പാക്കുകയും, വിവിധ വകുപ്പുകൾ, ഏജൻസികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സംയുക്തമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ വിഭാവനം ചെയ്യുകയും ചെയ്യുന്നു. ആയതിനാൽ, പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനായി, വിവിധ വകുപ്പുകൾ, ഏജൻസികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായി ഏറ്റെടുക്കുന്ന പരിപാടികളുടെ സംയോജനത്തിന് പ്രോത്സാഹനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു.
- ഹോപ്പ് (ഹെൽപ്പ് അവർ പീപ്പിൾ ഇൻ എമർജൻസി)- മാതാപിതാക്കൾ മരണപ്പെട്ട, 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായുള്ള ഒരു പ്രത്യേക പാക്കേജാണിത്. വകുപ്പിന്റെ നിലവിലുള്ള പദ്ധതികൾ പ്രയോജനപ്പെടുത്തിക്കൊണ്ട് അവരെ സ്വയം പര്യാപ്തരാക്കുന്നതിനായുള്ള വിദ്യാഭ്യാസപരവും മാനസികവുമായ പിന്തുണയാണ് പരിപാടിയിലൂടെ നൽകുന്നത്.
- സേവ് ക്ലബ്ബുകൾ (സോഷ്യൽ ആക്ഷൻ ആൻഡ് വോളന്ററി എഡ്യൂക്കേഷൻ)- കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്കായും, നേതൃത്വ ക്യാമ്പയ്നുകൾ, അവധിക്കാല ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയ വിവിധ പരിപാടികൾ ഹാബിറ്റാറ്റ് തലത്തിൽ സമൂഹത്തിന്റെ ഉന്നമനത്തിനായി നടത്തുന്നതിനും, ഡെവലപ്മെന്റ് ഫെസ്റ്റും മറ്റ് അത്തരം പ്രചാരണങ്ങളും സംഘടിപ്പിക്കുന്നതിനുമായി യൂത്ത് ക്ലബ്ബുകൾ രൂപീകരിക്കുകയും സംഘടിപ്പിക്കുകയും ചെയ്യുക.
- വിജ്ഞാൻവാടികളുടെ ആവർത്തന ചെലവുകൾ- കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലുമായി ബന്ധപ്പെട്ട വിജ്ഞാനോത്സവ പരിപാടികൾ നടത്തുന്നതിനുള്ളത്.
- ദേശീയ/അന്തർദേശീയ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ചെലവുകൾ.
- പട്ടികജാതി സമൂഹത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പ്രത്യേക മേഖലകളിൽ സർവകലാശാലകളിൽ നിന്നും/വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള പിജി വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് നൽകുന്ന പദ്ധതി.
- ഹരിത വരുമാന പദ്ധതിയുടെ ചെലവുകൾ.
- എയ്സ് (എയിം ഫോർ കോംപ്രിഹെൻസീവ് എക്സലെൻസ്)- പട്ടികജാതി നഗറുകളെ കേന്ദ്രീകരിച്ചുള്ള കമ്മ്യൂണിറ്റി നേതൃത്വ പരിപാടി.
- ശുചിത്വ മിഷന്റെ സഹകരണത്തോടെ പ്രളയബാധിത പ്രദേശങ്ങളിൽ ശുചിത്വ സംവിധാനങ്ങൾ.

- ശുചിത്വ മിഷനുമായി ചേർന്ന് ഖരമാലിന്യ സംസ്കരണ പരിപാടി.
- വെള്ളക്കെട്ടുള്ള ജനവാസ മേഖലയിലെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ.
- പാരാമെഡിക്കൽ/അപ്രന്റീസ് നഴ്സുമാർക്കുള്ള ഓണറേറിയം.

ഡയറക്ടറേറ്റിലെ പ്ലാനിംഗ് ആൻഡ് മോണിറ്ററിംഗ് സെല്ലിന് കീഴിലുള്ള എം.ഐ.എസ് യൂണിറ്റിന്റെ സഹായത്തോടെ 'കോർപ്പസ് ഫണ്ട്' പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി പ്രത്യേക ത്രൈമാസ അവലോകനങ്ങൾ ഡയറക്ടറേറ്റിൽ നടത്തേണ്ടതാണ്. ഈ സ്കീമിന് കീഴിൽ ജില്ലാതലത്തിൽ അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതി, പട്ടികജാതി-പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റി വിലയിരുത്തേണ്ടതാണ്.

**21. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനുള്ള ഓഹരി മൂലധന വിഹിതം**

**(വിഹിതം: 200.00 ലക്ഷം രൂപ)**

സാമ്പത്തിക വികസന പരിപാടികൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിന് പട്ടികജാതി, പട്ടികവർഗ്ഗ ഫെഡറേഷന്റെ കീഴിൽ വരുന്ന പട്ടികജാതി സഹകരണ സംഘങ്ങൾക്ക് സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വരുമാനവും തൊഴിലവസരവും സൃഷ്ടിക്കുന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിനായി സ്വാശ്രയ സംഘങ്ങൾക്ക് വായ്പാ സൗകര്യം നൽകുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ അഫിലിയേറ്റഡ് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്നു.

2025-26 വർഷം 200.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. ഇതിൽ 185.00 ലക്ഷം രൂപ 37 വനിതാ സ്വയം സഹായക സംഘങ്ങൾക്ക് 5.00 ലക്ഷം രൂപ നിരക്കിൽ സഹായം നൽകുന്നതിനും, 15.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനുമുള്ള ചെലവുകൾക്കുമാണ് വകയിരുത്തിയിരിക്കുന്നത്.

ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ 100 ശതമാനം തുകയും വനിതകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**22. പൗരവകാശ സംരക്ഷണ നിയമവും 1989-ലെ അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ (50 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുവാനായി പൗരാവകാശ സംരക്ഷണ നിയമവും 1989-ലെ അതിക്രമങ്ങൾ തടയൽ നിയമവും ശക്തമായി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രങ്ങൾ, തൊട്ടുകൂടായ്മ, എന്നിവയ്ക്ക് ഈ നിയമങ്ങൾ ശിക്ഷ ഉറപ്പാക്കുന്നുണ്ട്. അതിക്രമങ്ങൾക്ക് ഇരയായവരുടെ പുനരധിവാസം, ആവശ്യമായ സഹായം എന്നിവയ്ക്കായി പ്രത്യേക കോടതി, പോലീസ് സ്റ്റേഷൻ, പട്ടികജാതിക്കാർക്കായി ഒരു പ്രൊട്ടക്ഷൻ സെൽ എന്നിവ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- 1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പാക്കലും 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമത്തിന്റെ കാര്യക്ഷമമായ നിർവ്വഹണവും.
- പട്ടികജാതി സംരക്ഷണ സെൽ, പ്രത്യേക പോലീസ് സ്റ്റേഷനുകൾ എന്നിവയുടെ നടത്തിപ്പും ശക്തിപ്പെടുത്തലും.
- പ്രത്യേക കോടതികളുടെ രൂപീകരണവും നടത്തിപ്പും.
- അതിക്രമങ്ങൾക്ക് ഇരയായവർക്ക് സഹായവും പുനരധിവാസവും നൽകുക.
- മിശ്ര വിവാഹിതരായ ദമ്പതികൾക്ക് ക്യാഷ് ഇൻസെന്റീവ്.
- ബോധവത്കരണം, സാമൂഹിക ഐക്യദാർഢ്യം, സംസ്ഥാന ജില്ലാതല സെമിനാറുകൾ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് പരിശീലനം, നേതൃത്വ പരിശീലവും ജാഗ്രത പരിശീലനവും, മോണിട്ടറിംഗ് എന്നിവയ്ക്ക് വേണ്ടി വരുന്ന ചെലവുകൾ.
- ലീഗൽ കൗൺസിലർമാർ, ലീഗൽ അഡ്വൈസർ, കോൾ സെന്റർ അസിസ്റ്റന്റുമാർ എന്നിവരുടെ ഓണറേറിയം.

2025-26-ൽ ഈ പദ്ധതിക്കായി 50 ശതമാനം സംസ്ഥാന വിഹിതമായി 1500.00 ലക്ഷം രൂപ വകയിരുത്തിയിരിയ്ക്കുന്നു. ഇതിൽ 300.00 ലക്ഷം രൂപ പ്രത്യേക കോടതികളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും അതിന്റെ നടത്തിപ്പിനും വേണ്ടിയാണ് വകയിരുത്തിയിട്ടുള്ളത്.

**23 കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള ഓഹരി മൂലധന വിഹിതം - എസ്.സി.എസ്.പി (പുതിയ പദ്ധതി)**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

പട്ടികജാതിക്കാർക്കുള്ള സംസ്ഥാന വികസന കോർപ്പറേഷനുകളെ സഹായിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ, ഈ പദ്ധതിയിലൂടെ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് സംസ്ഥാനത്തിന്റെ മാത്രമായി ഓഹരി മൂലധന സംഭാവന നൽകുന്നു. വരുമാനദായക പദ്ധതികൾ, തൊഴിലധിഷ്ഠിത പദ്ധതികൾ, സ്ത്രീകൾക്കായുള്ള പദ്ധതികൾ, വിവിധ മേഖലകളിലെ സാമൂഹിക ക്ഷേമ പരിപാടികൾ എന്നിവയ്ക്ക് കോർപ്പറേഷൻ ധനസഹായം നൽകുന്നു. അർഹരായ പട്ടികജാതി കുടുംബങ്ങളെ കണ്ടെത്തി സാമ്പത്തിക വികസന പദ്ധതിയിൽ പങ്കാളികളാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിലേക്ക് സ്പോൺസർ ചെയ്യുകയും കുറഞ്ഞ പലിശ നിരക്കിൽ പണവും സബ്സിഡികളും ലഭ്യമാക്കുന്നത് വഴി അവരുടെ തിരിച്ചടവ് ബാദ്ധ്യത കുറയ്ക്കുകയും മറ്റ് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ അവരെ പങ്കാളികളാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ദളിത് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി (DICCI) പോലുള്ള ഏജൻസികളുടെ സഹായത്താൽ പട്ടികജാതി സമുദായത്തിലെ ഊർജ്ജസ്വലരായ സംരംഭകരുടെ ഒരു കോർ ഗ്രൂപ്പ് രൂപീകരിക്കുവാനും ലക്ഷ്യമിടുന്നു. ഭൂരിപക്ഷം വരുന്ന പാവപ്പെട്ടവർക്കുള്ള മൈക്രോ വായ്പയ്ക്ക് തടസ്സം വരാതെ പട്ടികജാതി സംരംഭകർക്ക് മൈക്രോ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി സഹായം നൽകാനും ഉദ്ദേശിക്കുന്നു. പ്രളയബാധിത പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനും വായ്പ, കാർഷിക, ക്ഷീര മേഖലകളിലെ പ്രവർത്തനങ്ങൾക്ക് പ്രവർത്തന മൂലധനം, വ്യക്തിഗത വായ്പ എന്നിവ നൽകുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. 2025-26-ൽ ഈ പദ്ധതിയിലൂടെയുള്ള കോർപ്പറേഷന്റെ വിവിധ പരിപാടികൾക്കായി 1500.00 ലക്ഷം രൂപ സംസ്ഥാനത്തിന്റെ ഓഹരി മൂലധന വിഹിതമായി വകയിരുത്തുന്നു. പദ്ധതിയുടെ വിവിധ ഘടകങ്ങളിൽ, ഗുണഭോക്തൃ അധിഷ്ഠിത പദ്ധതി, വിവിധോദ്ദേശ്യ യൂണിറ്റ് ലോൺ, വാഹന വായ്പ, ചെറുകിട വായ്പാ പദ്ധതി, ലഘു വ്യവസായ യോജന, സ്ത്രീ ശാക്തീകരണ പദ്ധതി, മഹിളാ സമൃദ്ധി യോജന, സ്റ്റാർട്ട് അപ് വായ്പ, മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനുള്ള വായ്പ (NORKA ROOTS), വിദേശത്ത് തൊഴിൽ തേടുന്നതിനും, ഭവന നിർമ്മാണം, വിദ്യാഭ്യാസം, വിവാഹ സഹായം, വിദേശ വിദ്യാഭ്യാസം, ഭവന നവീകരണം, മൃഗസംരക്ഷണം എന്നിവയ്ക്ക് വേണ്ടിയുള്ള വായ്പയും ഉൾപ്പെടുന്നു.

## VI. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും മുഖേന നടപ്പിലാക്കുന്ന പട്ടികജാതി ഉപപദ്ധതി പരിപാടികൾ

തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന പട്ടികജാതി ഉപപദ്ധതിയിലെ പരിപാടികൾ നടപ്പിലാക്കുന്നതിന് 2025-26 വർഷം 1240.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. പ്രസ്തുത പരിപാടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരിപാടിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| എ | പ്രധാൻ മന്ത്രി ആവാസ് യോജന - ഗ്രാമീൺ (പി.എം.എ.വൈ) എസ്.സി.എസ്.പി (40 ശതമാനം സംസ്ഥാന വിഹിതം) | 720.00 |
| ബി | i. ദീൻദയാൽ അന്ത്യോദയ യോജന (ഡി.എ.വൈ- എൻ.ആർ.എൽ.എം) എസ്.സി.എസ്.പി (40 ശതമാനം സംസ്ഥാന വിഹിതം) | 400.00 |
| | iii.ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൌഷല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ.) എസ്.സി.എസ്.പി (40 ശതമാനം സംസ്ഥാന വിഹിതം) | 100.00 |
| | iii. മഹിള കിസാൻ സഷക്തീകരൺ പരിയോജന (എം.കെ.എസ്.പി.) എസ്.സി.എസ്.പി (40 ശതമാനം സംസ്ഥാന വിഹിതം) | 20.00 |
| **ആകെ** | | **1240.00** |

2025-26-ലെ ബജറ്റിന്റെ അനുബന്ധം IV-ൽ പദ്ധതികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ബി) പട്ടികവർഗ്ഗ വികസനം**

സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ വികസനത്തിനായി 2025-26 സാമ്പത്തിക വർഷത്തിൽ 92000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 70426.00 ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പിനും, 21574.00 ലക്ഷം രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമാണ് വകയിരുത്തിയിരിക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ നൽകിയിരിക്കുന്നു :-

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| **എ. വിദ്യാഭ്യാസം** | | |
| 1 | വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും | |
| (i) | സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം | 115.00 |
| (ii) | അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് | 85.00 |
| (iii) | സ്കൂൾ & കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം | 75.00 |
| (iv) | അനാഥരായ കുട്ടികൾക്കുള്ള സഹായം | 200.00 |
| (v) | വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം | 200.00 |
| 2 | പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസ പ്രോത്സാഹനം | 1500.00 |
| 3 | വിദ്യാവാഹിനി (പുതിയ പദ്ധതി) | 3000.00 |
| 4 | ഒമ്പത്, പത്ത് ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (25 ശതമാനം സംസ്ഥാന വിഹിതം) | 100.00 |
| 5 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (25 ശതമാനം സംസ്ഥാന വിഹിതം) | 1200.00 |
| 6 | വിദേശത്തും സംസ്ഥാനത്തിന് പുറത്തും പഠിക്കുന്നതിനുള്ള സ്കോളർഷിപ്പുകൾ | 600.00 |
| **ബി. നൈപുണ്യം, തൊഴിൽ, സംരംഭകത്വം** | | |
| 7 | പട്ടികവർഗ്ഗ യുവതി/യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം | 900.00 |
| 8 | ഉന്നതി-സംരംഭകത്വ വികസന പരിപാടിയും സ്റ്റാർട്ടപ്പുകളും | 100.00 |
| 9 | വിംഗ്സ് (വ്യോമയാന മേഖലയിലെ നൈപുണ്യ വികസന പരിപാടി) | 100.00 |
| 10 | പട്ടികവർഗ്ഗക്കാർക്കുള്ള വരുമാനദായക കാർഷിക ഉദ്യമം | 1000.00 |
| 11 | കേരള ട്രൈബൽ പ്ലസ് (എം.ജി.എൻ.ആർ.ഇ.ജി.എസ്-ന് കീഴിലുള്ള അധിക തൊഴിൽ) | 3500.00 |
| **സി. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ** | | |
| 12 | മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനായുള്ള ചെലവുകൾ | 6000.00 |
| 13 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ | 400.00 |
| 14 | പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തലും നവീകരണവും | 1000.00 |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
| --- | --- | --- |
| 15 | പട്ടികവർഗ്ഗ മേഖലയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/ആശ്രമം സ്കൂളുകൾ/ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയ്ക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണം | 500.00 |
| 16 | പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം | 80.00 |
| 17 | പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം | 250.00 |
| **ഡി. സാമൂഹിക മേഖലയിലെ ഇടപെടലുകൾ** | | |
| 18 | അടിയ, പണിയ, പ്രാക്തന ഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി | 300.00 |
| 19 | പണിയ സമുദായത്തിനുള്ള പ്രത്യേക വികസന പാക്കേജ് (പുതിയ പദ്ധതി) | 300.00 |
| 20 | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം | |
| (i) | പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം | 600.00 |
| (ii) | സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള സഹായം | 400.0 |
| (iii) | ജനനി-ജന്മരക്ഷ | 1700.00 |
| (iv) | പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം | 45.00 |
| (v) | ഗോത്ര വാത്സല്യ നിധി (പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് എൻഡോവ്മെന്റ് പരിപാടി) | 1.00 |
| 21 | ഭക്ഷണത്തിനുള്ള സഹായം/ഭക്ഷ്യ സുരക്ഷയ്ക്കുള്ള പരിപാടി | 2000.00 |
| 22 | സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണം | 3200.00 |
| 23 | ഭവന പദ്ധതി - അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം | 7000.00 |
| 24 | ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്കുള്ള ഭവന പദ്ധതി (ലൈഫ് മിഷൻ) | 14000.00 |
| 25 | അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി | 4200.00 |
| 26 | ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (ടി.ആർ.ഡി.എം) | 4200.00 |
| 27 | പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന മിഷൻ (പുതിയ പദ്ധതി) | 800.00 |
| 28 | ഇടമലക്കുടി സമഗ്ര വികസന പാക്കേജ് | 400.00 |
| 29 | പട്ടികവർഗ്ഗ ഉന്നതികളിലെ അടിസ്ഥാന സൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് (പുതിയ പദ്ധതി) | 1150.00 |
| **ഇ. മറ്റു പദ്ധതികൾ** | | |
| 30 | വിവര, വിദ്യാഭ്യാസ, വിനിമയ പദ്ധതി (ഐ.ഇ.സി) | 300.00 |
| 31 | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നവീകരണം | 240.00 |
| 32 | 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകൽ നിയമം നടപ്പാക്കലും | 1.00 |
| 33 | 1989 ലെ അതിക്രമങ്ങൾ തടയൽ നിയമം നടപ്പിലാക്കൽ (50% സംസ്ഥാന വിഹിതം) | 118.00 |
| 34 | പട്ടികവർഗ്ഗ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനവവിഭവ ശേഷി പിന്തുണ | |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| (i) | ട്രൈബൽ പ്രമോട്ടർമാർ | 1915.00 |
| (ii) | ഊരുകൂട്ടങ്ങളുടെ സംഘാടനം | 125.00 |
| (iii) | മാനേജ്മെന്റ് ട്രെയിനികൾക്കും ഹെൽത്ത് മാനേജ്മെന്റ് ട്രെയിനികൾക്കും ഓണറേറിയം | 168.00 |
| (iv) | ഹോസ്റ്റലുകളിലും എം.ആർ.എസ്സുകളിലും പ്രവർത്തിക്കുന്ന കൗൺസിലർമാർക്കുള്ള ഓണറേറിയം | 118.00 |
| (v) | പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ | 192.00 |
| (vi) | ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം | 550.00 |
| 35 | പൂൾഡ് ഫണ്ട്-പട്ടികവർഗ്ഗ ഉപപദ്ധതിയിൽ മറ്റ് വകുപ്പുകൾ നിർദ്ദേശിക്കുന്ന പ്രത്യേക പ്രോജക്ടുകൾക്കായുള്ള ഫണ്ട് | 200.00 |
| 36 | പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായക വിടവ് നികത്തൽ (കോർപ്പസ് ഫണ്ട് ) | 4600.00 |
| 37 | ആദികലാകേന്ദ്രത്തിന് സഹായം | 90.00 |
| 38 | റിസർച്ച് & ട്രെയിനിംഗ് ഓഫ് കിർത്താഡ്സ് | 90.00 |
| 39 | കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ | 75.00 |
| 40 | വയനാട് ഗോത്ര ഭാഷാ കലാ പഠന കേന്ദ്രം | 3.00 |
| 41 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്-ടി.എസ്.പി (51 ശതമാനം സംസ്ഥാന വിഹിതം) | 50.00 |
| **എഫ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും കുടുംബശ്രീ മുഖേനയും നടപ്പിലാക്കുന്ന പട്ടികവർഗ്ഗ ഉപപദ്ധതി പരിപാടികൾ** | | |
| 1 | പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (പി.എം.എ.വൈ) ടി.എസ്.പി (40 ശതമാനം സംസ്ഥാന വിഹിതം) | 200.00 |
| 2 | i. ദീൻദയാൽ അന്ത്യോദയ യോജന -നാഷണൽ റൂറൽ ലൈവ് ലി ഹുഡ്സ് മിഷൻ (ഡേ-എൻ.ആർ.എൽ.എം) (40 ശതമാനം സംസ്ഥാന വിഹിതം) | 150.00 |
| | ii. ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ)-ടി. എസ്. പി (40 ശതമാനം സംസ്ഥാന വിഹിതം) | 30.00 |
| | iii. മഹിളാ കിസാൻ സശക്തികരൺ പരിയോജന (എം.കെ.എസ്.പി) - ടി.എസ്.പി. (40 ശതമാനം സംസ്ഥാന വിഹിതം) | 10.00 |
| | **ആകെ** | **70426.00** |

**എ. വിദ്യാഭ്യാസം**

**1. വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും**

**(വിഹിതം: 675.00 ലക്ഷം രൂപ)**

ഒരു കുടക്കീഴിൽ വരുന്ന പദ്ധതിയിൽ അഞ്ച് ഉപപദ്ധതികളാണുള്ളത്.

**(i) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം**

**(വിഹിതം: 115.00 ലക്ഷം രൂപ)**

അക്കാദമിക് തലങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന പട്ടികവർഗ്ഗ വിഭാത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള ഉപപദ്ധതിയാണിത്. ഈ ഉപപദ്ധതിയിൽ

സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം എസ്.എസ്.എൽ.സി, പ്ലസ് ടു, ബിരുദം, ഗവേഷണം, പ്രൊഫഷണൽ കോഴ്സ് ഉടങ്ങിയവയ്ക്ക് കൂടുതൽ മാർക്ക് അല്ലെങ്കിൽ ഉയർന്ന ഗ്രേഡ് കരസ്ഥമാക്കിയവർക്ക് പ്രോത്സാഹനം നൽകുന്നു. കലാ-കായിക രംഗങ്ങളിൽ മികവ് പുലർത്തുന്നവർക്ക് ക്യാഷ് ഇൻസെന്റീവ്/സർട്ടിഫിക്കറ്റ് എന്നിവയും നൽകാം. 2025-26 സാമ്പത്തിക വർഷത്തിൽ ഏകദേശം 2,100 വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ ഈ ഉപപദ്ധതിക്കായി 115.00 ലക്ഷം രൂപ വകയിരുത്തുന്നു.

**(ii) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ്**

**(വിഹിതം: 85.00 ലക്ഷം രൂപ)**

അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പഠിക്കുന്ന തെരഞ്ഞെടുത്ത പ്രതിഭാധനരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (ഡേ സ്കോളർമാർ) അവരുടെ പഠന മികവിനും പാഠ്യേതര പ്രവർത്തനങ്ങൾക്കുമായി തുടർച്ചയായി സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സോഫ്റ്റ്‌വെയർ സഹായത്തോടെ പദ്ധതിക്കുകീഴിലുള്ള വിദ്യാർത്ഥികളുടെ തുടർച്ചയായ പഠന നിലവാരം വിലയിരുത്തും, അക്കാദമിക് മികവ് കൈവരിക്കുന്നത് വരെ വിദ്യാഭ്യാസ കാലഘട്ടം മുഴുവനും പഠന മികവ് പരിശോധിക്കപ്പെടും. എല്ലാ വർഷവും അഞ്ചാം തരത്തിൽ പഠിക്കുന്ന 200 വിദ്യാർത്ഥികളെ ഇന്റലിജൻസ് ടെസ്റ്റിലൂടെ തെരഞ്ഞെടുക്കുകയും ഈ വിദ്യാർത്ഥികൾക്ക് 6 വർഷത്തേക്ക് (അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ) സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്ക് പ്രകാരം പ്രതിമാസ സ്റ്റൈപ്പൻഡ്, ഫർണിച്ചറുകളും പുസ്തകങ്ങളും വാങ്ങുന്നതിനുള്ള സഹായം, ചികിത്സാ ധനസഹായം, പ്രത്യേക മാർഗ്ഗനിർദ്ദേശം, കൗൺസിലിംഗ് എന്നിവ നൽകുകയും ചെയ്യുന്നു. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ എൽഎസ്എസ്-യുഎസ്എസ് സ്കോളർഷിപ്പ് വഴിയുള്ള തെരഞ്ഞെടുപ്പ് നടപടിക്രമം പിൻതുടരും. തെരഞ്ഞെടുത്ത ശേഷം അത്തരം കുട്ടികൾക്ക് അക്കാദമിക മികവ് കൈവരിക്കുന്നതിന് പ്രത്യേക പരിശീലനം നൽകുകയും ചെയ്യും. 2025-26 കാലയളവിൽ ഏകദേശം 1,200 വിദ്യാർത്ഥികൾക്ക് ഈ പദ്ധതിക്ക് കീഴിൽ സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ 85.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

**(iii) സ്കൂൾ & കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം**

**(വിഹിതം: 75.00 ലക്ഷം രൂപ)**

പ്ലസ് വണ്ണിൽ എല്ലാ വിഷയങ്ങളും വിജയിക്കുകയും പ്ലസ് ടു കോഴ്സുകളിൽ തുടരുകയും ചെയ്യുന്ന വിദ്യാർത്ഥികൾ, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ എന്നിവർക്ക് അവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി നടത്തുന്ന പഠനയാത്രയ്ക്കും, വിനോദയാത്രയ്ക്കും വേണ്ടിയുള്ള സാമ്പത്തിക സഹായം ഈ ഉപപദ്ധതി വഴി നൽകുന്നു. കൂടാതെ, സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ (SLWG) അംഗീകാരത്തോടെ പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി ഭാരത് ദർശൻ/അഖിലേന്ത്യാ ടൂർ എന്നിവ നടത്തുവാനും ഈ ഉപപദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു.

2025-26 കാലയളവിൽ ഉപപദ്ധതിക്കായി 75.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(iv) അനാഥരായ കുട്ടികൾക്കുള്ള സഹായം**

**(വിഹിതം: 200.00 ലക്ഷം രൂപ)**

രക്ഷിതാക്കൾ സംരക്ഷിക്കാനില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകി സാമൂഹിക സുരക്ഷ ഉറപ്പാക്കുകയാണ് ഈ ഉപ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ കുട്ടികൾ പ്രായപൂർത്തിയാകുന്നതുവരേയോ വരുമാനം സമ്പാദിക്കാൻ പ്രാപ്തരാകുന്നതുവരേയോ വിദ്യാഭ്യാസത്തിനും, ജീവിക്കുന്നതിനുമുള്ള സഹായം ഈ പദ്ധതി മുഖേന നല്കുന്നു. സർക്കാർ നിശ്ചയിക്കുന്ന നിരക്കിനനുസരിച്ചായിരിക്കും ധനസഹായം അനുവദിക്കുന്നത്. പ്ലസ് ടു പാസായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും തുടർപഠനത്തിനാവശ്യമായ പ്രാരംഭ ചെലവുകൾക്കായി പ്രത്യേക അലവൻസുകൾ നൽകാം. ഇത്തരം കുട്ടികളെ കണ്ടെത്തുന്നതിനും വിവരശേഖരണം നടത്തുന്നതിനും, അവരെ പുനരധിവസിപ്പിക്കുന്നതിനും, അവരെ വളർത്തുന്നതിനുള്ള സഹായം നൽകുന്നതിനും ഈ ഉപപദ്ധതിയിലെ തുക വിനിയോഗിക്കാവുന്നതാണ്.

2025 -26 സാമ്പത്തിക വർഷത്തിൽ 200.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

**(v) വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം**

**(വിഹിതം: 200.00 ലക്ഷം രൂപ)**

അംഗീകൃത സർവ്വകലാശാലകളിലെ/സ്ഥാപനങ്ങളിലെ പ്ലസ്ടു ന് മുകളിലുള്ള ഉന്നത വിദ്യാഭ്യാസ കോഴ്സുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിക്കൊണ്ട് ഐ.ടി മേഖലയിലെ ഡിജിറ്റൽ ഡിവൈഡ് ലഘൂകരിക്കലാണ് ഈ ഉപപദ്ധതി ലക്ഷ്യംവയ്ക്കുന്നത്. ലാപ്ടോപ്പുകൾ നൽകുന്നതിന് അർഹതയുള്ള കോഴ്സുകൾ സർക്കാർ തലത്തിൽ തീരുമാനിക്കും. അപേക്ഷകൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഇതുവരെ സഹായം ലഭിച്ചിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ് സഹിതം സ്ഥാപന മേധാവി/പ്രിൻസിപ്പൽ മുഖേന അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. കോഴ്സ് കാലയളവിൽ ഒരു വ്യക്തിഗത ഗുണഭോക്താവിന് ഒരു തവണ മാത്രമേ ലാപ്ടോപ്പുകൾ നൽകൂ. 2025-26 കാലയളവിൽ ഏകദേശം 500 വിദ്യാർത്ഥികൾക്ക് ഈ ഉപ പദ്ധതിയ്ക്ക് കീഴിൽ സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2025-26 കാലയളവിൽ ഈ ഉപപദ്ധതിക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2025-26 കാലയളവിൽ മുകളിൽ പറഞ്ഞ അഞ്ച് ഉപപദ്ധതികൾക്കും കൂടി 675.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2. പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**(i) മോഡൽ പ്രീ സ്കൂളുകളുടെ നടത്തിപ്പ്**

പട്ടികവർഗ്ഗ മേഖലകളിലെ കുട്ടികൾ പോഷകാഹാരക്കുറവ്, വളർച്ചക്കുറവ്, പഠന പ്രശ്നങ്ങൾ എന്നീ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പട്ടികവർഗ്ഗ കേന്ദ്രീകൃത സെറ്റിൽമെന്റുകളിൽ 31 മോഡൽ പ്രീ പ്രൈമറി സ്കൂളുകൾ ആരംഭിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നു. സാധ്യമാകുന്നിടത്തെല്ലാം ഏകാധ്യാപക സ്കൂളുകളും പെരിപ്പതെറ്റിക് വിദ്യാഭ്യാസ സ്ഥാപനങ്ങളും സംയോജിപ്പിച്ചോ ലയിപ്പിച്ചോ ആണ് പ്രീ-സ്കൂളുകൾ സ്ഥാപിക്കുന്നത്. പദ്ധതിയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം തുടരുന്നതിന് 2, 3 ക്ലാസുകളിൽ എത്തുമ്പോൾ ഹോസ്റ്റൽ സൗകര്യം നൽകുന്നതാണ്. കൂടാതെ, മാതൃകാ പ്രീസ്കൂൾ അധ്യാപകർക്കും ആയമാർക്കും വാർഷിക പരിശീലനം, ആവശ്യമായ പുസ്തകങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ, കളിപ്പാട്ടങ്ങൾ, ഓഡിയോ വിഷ്വൽ സംവിധാനം എന്നിവ വാങ്ങൽ, കളിസ്ഥലം, ടോയ്‌ലറ്റ് എന്നിവയുടെ നിർമ്മാണം എന്നിവക്കും ഈ പദ്ധതിയിലെ തുക വിനിയോഗിക്കാവുന്നതാണ്.

**(ii) വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി**

ഹൈസ്കൂളിലും, പതിനൊന്നാം ക്ലാസിലും, പന്ത്രണ്ടാം ക്ലാസിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി വിജയ ശതമാനം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. തൊട്ടടുത്തുള്ള പാരലൽ കോളേജിൽ ചേർന്ന് ട്യൂഷൻ പഠിക്കുന്നതിനുള്ള പ്രതിമാസ ട്യൂഷൻ ഫീസ് രക്ഷിതാക്കൾക്ക് നേരിട്ട് നൽകും (ഡി.ബി.ടി വഴി).

ഈ ഘടകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- ഹൈസ്കൂളുകളിലേയും, പതിനൊന്ന്-പന്ത്രണ്ട് ക്ലാസ്സുകളിലേയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക.
- എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി കോഴ്സുകളിൽ പരാജയപ്പെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരീക്ഷ വിജയിക്കുന്നതിന് ട്യൂഷൻ നൽകുക.
- പാലക്കാട് നെഹ്റു യുവകേന്ദ്ര ഏറ്റെടുത്തിരിക്കുന്ന 'ഗിരി വികാസ് പദ്ധതിയും' അട്ടപ്പാടി കോ ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ ഗുരുകുലം പരിപാടിയും നടപ്പാക്കുക.
- പട്ടികവർഗ്ഗ വികസന ഉദ്യോഗസ്ഥരുടെ/പ്രോജക്ട് ഓഫീസർമാരുടെ മേൽനോട്ടത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയ്ക്ക് മുമ്പായി ഒരു മാസത്തെ തീവ്രപരിശീലനം (ജില്ല തിരിച്ച്) നടത്തുന്നതിന് ഭക്ഷണം, താമസം, അധ്യാപന സഹായികൾ, പഠനോപകരണങ്ങൾ, അധ്യാപകർക്കുള്ള ഓണറേറിയം തുടങ്ങിയവ. പരിശീലനത്തിന്റെ ചെലവ് ഒരു വിദ്യാർത്ഥിക്ക് 3500 രൂപയിൽ കവിയരുത്.
- പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക.
- ഓൺലൈൻ/വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം

### (iii) സാമൂഹ്യപഠന മുറി (പട്ടികവർഗ്ഗസങ്കേതങ്ങളിൽ കമ്മ്യൂണിറ്റി സ്റ്റഡി സെന്റർ)

പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ ട്യൂഷൻ സമ്പ്രദായത്തോടുകൂടിയ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനാണ് സാമൂഹ്യ പഠനമുറികൾ ആരംഭിച്ചത്. ഈ വിഭാഗത്തിൽപ്പെട്ട വിദ്യാസമ്പന്നരായ യുവതി/യുവാക്കളെ അതാത് പ്രദേശത്തുനിന്നുതന്നെ തെരഞ്ഞെടുത്ത്, ട്യൂട്ടറായി പരിശീലനം നൽകി, ഓണറേറിയം വ്യവസ്ഥയിൽ ഫെസിലിറ്റേറ്ററായും സോഷ്യൽ വർക്കറായും പ്രവർത്തിക്കുന്നതിനായി നിയോഗിക്കുന്നതാണ്. നിലവിൽ 343 ഫെസിലിറ്റേറ്റർമാർ പ്രതിമാസം 15000 രൂപ നിരക്കിൽ ജോലി ചെയ്യുന്നു.

ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടിയ കമ്പ്യൂട്ടർ, ഫർണിച്ചർ, വായന സാമഗ്രികൾ തുടങ്ങിയ സൗകര്യങ്ങൾ സാമൂഹ്യ പഠന മുറികളിൽ ഒരുക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണവും നൽകും. കെട്ടിടം ആവശ്യമായിടത്ത് അവ നൽകാനും, കൂടാതെ ഈ വിഭാഗക്കാരുടെ ആത്മാഭിമാനവും സ്വാശ്രയത്വവും വർദ്ധിപ്പിക്കുന്നതിനായി ഓരോ സാമൂഹ്യ പഠനമുറികളിലും റിസോഴ്സ് സെന്ററുകളും മെന്ററിംഗ് യൂണിറ്റുകളും ആരംഭിക്കാനും ഉദ്ദേശിക്കുന്നു. 54 സാമൂഹ്യ പഠനമുറികളെ മാതൃകാ സാമൂഹ്യ പഠനമുറികളായി മാറ്റുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. പട്ടികവർഗ്ഗക്കാർക്കിടയിലുള്ള ഐ.ടി മേഖലയിലെ ഡിജിറ്റൽ ഡിവൈഡ് പരിഹരിക്കുന്നതിനായി, സാമൂഹ്യ പഠനമുറികൾ ഒരു ഡിജിറ്റൽ ഹബ്ബായും പ്രവർത്തിക്കുന്നതാണ്. മാതൃകാ സാമൂഹ്യ പഠനമുറികളിൽ വെർച്വൽ പ്രീ എക്സാം ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പ്രീ-സ്കൂൾ സൗകര്യങ്ങളില്ലാത്ത ജനവാസ കേന്ദ്രങ്ങളിൽ സാമൂഹ്യ പഠനമുറികൾ അംഗൻവാടികൾ/കിന്റർഗാർട്ടനുകളായി പ്രവർത്തിക്കും.

### (iv) പട്ടികവർഗ്ഗക്കാർക്ക് കായിക പ്രോൽസാഹനം

സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്പോർട്സ് അസോസിയേഷൻ, ദേശീയ അന്തർദേശീയ ഏജൻസികൾ എന്നിവയുമായി സഹകരിച്ച് പട്ടികവർഗ്ഗ കുട്ടികൾക്കും യുവജനങ്ങൾക്കുമിടയിൽ കല, കായിക മത്സരങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. പട്ടികവർഗ്ഗ വികസന വകുപ്പ്, സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുമായി (സായി) സഹകരിച്ച് കായിക പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇങ്ങനെ കണ്ടെത്തുന്ന പ്രതിഭകളെ ചിട്ടയായ പരിശീലനത്തിലൂടെ വളർത്തിയെടുക്കുന്നതിനും, ഇതിലൂടെ ദേശീയ അന്തർദേശീയ തലങ്ങളിൽ പങ്കെടുക്കാൻ തരത്തിലുള്ള മികച്ച കായികതാരങ്ങളായി അവരെ മാറ്റുന്നതിനും കഴിയും.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയും ഹോസ്റ്റലുകളിലേയും കുട്ടികൾക്കായി സംഘടിപ്പിക്കുന്ന വാർഷിക കായിക മേള (കളിക്കളം) നടത്തുന്നതിനുള്ള ചെലവ് ഈ ഘടകത്തിൽ നിന്ന് വഹിക്കാവുന്നതാണ്. സംസ്ഥാന, ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ/യുവാക്കൾക്ക് പങ്കെടുക്കുന്നതിനുള്ള ധനസഹായവും ആവശ്യമായ വിദഗ്ധ പരിശീലനവും ലഭ്യമാക്കുന്നതിനുള്ള ചെലവും ഈ ഘടകത്തിൽ നിന്നും വഹിക്കാവുന്നതാണ്. കൂടാതെ, കായിക-മത്സരരംഗത്ത് കൈവരിച്ച നേട്ടങ്ങൾക്ക് അംഗീകാരം നൽകുന്ന സർട്ടിഫിക്കറ്റുകൾ, പ്രശംസാപത്രങ്ങൾ അല്ലെങ്കിൽ മെറിറ്റ് അവാർഡുകൾ എന്നിവ നൽകുന്നതിന് ആവശ്യമായ ചെലവുകൾ, സ്കൂൾ/ഹോസ്റ്റൽ തലത്തിൽ പ്രതിഭകളെ വളർത്തിയെടുക്കുന്നതിനായി മികച്ച കായികതാരങ്ങളേയും പരിശീലകരേയും സംസ്ഥാനതലത്തിൽ നിയമിക്കുന്നതുൾപ്പെടെ കായികരംഗത്തെ പ്രോത്സാഹനത്തിനായി സംസ്ഥാനതല പരിപാടികൾ നടത്തുക, പ്രധാന കായിക മത്സരങ്ങൾ നടത്തുക, സംസ്ഥാന, ദേശീയ, അന്തർദ്ദേശീയ മീറ്റുകളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ഫെലോഷിപ്പുകൾ നൽകുക, പോഷക നിലവാരം നിലനിർത്തുന്നതിന് ആവശ്യമായ ചെലവ്, വിവിധ കലാ-കായിക പ്രോത്സാഹന പ്രവർത്തനങ്ങൾ തുടങ്ങിയവയും, കായികരംഗത്ത് മികവ് പുലർത്തുന്നതിനുള്ള മറ്റ് ചെലവുകൾ എന്നിവയും ഈ ഘടകത്തിൽ നിന്ന് കണ്ടെത്താവുന്നതാണ്. വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലും ഹോസ്റ്റലുകളിലും ആവശ്യമായ സ്പോർട്സ്, ഗെയിംസ് ഉപകരണങ്ങളും നൽകും. കലോത്സവങ്ങളിലും മത്സരങ്ങളിലും പങ്കെടുക്കാൻ പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് പ്രത്യേക പരിശീലനവും ഈ പദ്ധതി പ്രകാരം നൽകാവുന്നതാണ്. പട്ടികവർഗ്ഗ യുവാക്കൾക്ക് കായിക പരിശീലനത്തിനുള്ള കോർട്ടുകളും ഗ്രൗണ്ടുകളും സ്ഥാപിക്കുന്നതിനുള്ള ചെലവുകളും ഈ ഉപഘടകത്തിൽ നിന്ന് കണ്ടെത്താം.

2025-26 ൽ 1500.00 ലക്ഷം രൂപ മുകളിൽ സൂചിപ്പിച്ച നാല് ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു. ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 50 ശതമാനം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**3. വിദ്യാവാഹിനി (പുതിയ പദ്ധതി)**

**(വിഹിതം: 3000.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സ്കൂളുകളിൽ എത്താത്തതിന്റെ പ്രധാന കാരണം, പട്ടികവർഗ്ഗ ഉന്നതികളിൽ ഭൂരിഭാഗവും ഉൾക്കാടുകളിലും അപ്രാപ്യമായ പ്രദേശങ്ങളിലായതും, ഇവിടങ്ങളിലെ ഗതാഗത സൗകര്യങ്ങളുടെ അഭാവവുമാണ്. എല്ലാ പട്ടികവർഗ്ഗ കുട്ടികൾക്കും സാർവത്രിക പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും പട്ടികവർഗ്ഗ കുട്ടികളെ സ്കൂളുകളിൽ നിലനിർത്തുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാവാഹിനി (ഗോത്രസാരഥി) എന്ന പദ്ധതി പട്ടികവർഗ്ഗ മേഖലകളിൽ നടപ്പാക്കിവരുന്നു. 2023-24 സാമ്പത്തിക വർഷം മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് വഴി ഗോത്രസാരഥി (വിദ്യാവാഹിനി) പദ്ധതി നടപ്പാക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിയുമായി സഹകരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവർക്കും പദ്ധതിവിഹിതം നൽകാവുന്നതാണ്.

2025-26 ൽ മേൽപ്പറഞ്ഞ പദ്ധതിക്കായി 3000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. ഒമ്പത്, പത്ത് ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾകൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (25 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഒൻപതാം ക്ലാസ്സിലും പത്താം ക്ലാസ്സിലും പഠിക്കുന്ന അർഹരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പുകൾ നൽകുന്ന പദ്ധതി 2022-23 വരെ 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നു. നിലവിൽ ഇത് 75:25 എന്ന നിരക്കിലാണ് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും വഹിക്കുന്നത്. അതിനാൽ സ്കോളർഷിപ്പിന്റെ 25 ശതമാനം തുക സംസ്ഥാന സർക്കാർ നീക്കിവയ്ക്കേണ്ടതുണ്ട്. പ്രാഥമിക തലം മുതൽ സെക്കന്ററി തലം വരെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുകയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം. ഈ പദ്ധതി സംസ്ഥാനങ്ങളിലൂടേയാണ് നടപ്പിലാക്കുന്നത്. സംസ്ഥാന/ദേശീയ പോർട്ടലിലൂടെ വിദ്യാർത്ഥികളുടെ ഓൺലൈൻ അപേക്ഷ ക്ഷണിക്കൽ, അർഹത പരിശോധിക്കൽ, അർഹരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡി.ബി.റ്റി വഴി അവരുടെ ബാങ്ക് അക്കൗണ്ടിലൂടെ സ്കോളർഷിപ്പ് നൽകൽ എന്നിവ സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമാണ്. സംസ്ഥാന സർക്കാരിന്റെ വിനിയോഗ സർട്ടിഫിക്കറ്റിന്റേയും ഡി.ബി.റ്റി പോർട്ടലിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന്റേയും അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നത്.

കേന്ദ്ര സർക്കാരിൽ നിന്ന് പ്രതീക്ഷിക്കുന്ന തുകയ്ക്ക് ആനുപാതികമായി 2025-26 കാലയളവിൽ 25 ശതമാനം സംസ്ഥാന വിഹിതമായ 100.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**5. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (25 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 1200.00 ലക്ഷം രൂപ)**

സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോസ്റ്റ് മെട്രിക് കോഴ്സുകൾ പഠിക്കുന്നതിന് സാമ്പത്തിക സഹായങ്ങളായി ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റലുകളുടെ ചെലവുകൾ, പോക്കറ്റ് മണി, പ്രവേശനം തേടുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന സമയത്ത് ഫീസ് അടയ്ക്കുന്നത് ഒഴിവാക്കുന്നതിന് ഫ്രീ ഷിപ്പ് കാർഡ് നൽകൽ തുടങ്ങിയവക്ക് ഈ പദ്ധതിപ്രകാരം സഹായം നൽകും. കൂടാതെ ഗവ./എയ്ഡഡ്/സെൽഫ് ഫിനാൻസ് സ്കൂൾ, കോളേജുകൾ എന്നിവിടങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 6500 രൂപ നിരക്കിൽ യഥാർത്ഥ ബോർഡിംഗ്, ലോഡ്ജിംഗ് ചാർജുകൾ (എ.ബി.എൽ.സി) നൽകും. ഈ സ്കോളർഷിപ്പുകൾ അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും ഇ-ഗ്രാന്റ്സ് മുഖേനയാണ്.

2025-26 ൽ 25 ശതമാനം സംസ്ഥാന വിഹിതമായി 1200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 6. വിദേശത്തും സംസ്ഥാനത്തിന് പുറത്തും പഠിക്കുന്നതിനുള്ള സ്കോളർഷിപ്പുകൾ

**(വിഹിതം: 600.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റ്/സംവരണത്തിന്റെ അടിസ്ഥാനത്തിൽ വിദേശ സ്ഥാപനങ്ങളിൽ ഉപരിപഠനത്തിനായി സ്കോളർഷിപ്പ് നൽകുവാൻ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തിന് പുറത്തുള്ള സർവ്വകലാശാലകളിലും പ്രശസ്തമായ വിദേശ സർവ്വകലാശാലകളിലും ഉന്നത വിദ്യാഭ്യാസം നേടുന്ന പട്ടികവർഗ്ഗ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ഈ പദ്ധതി സാമ്പത്തിക സഹായവും ലോജിസ്റ്റിക് പിന്തുണയും നൽകുന്നു. ഒരു വിദ്യാർത്ഥിക്ക് ഒരു പ്രോഗ്രാം/പഠന കോഴ്സിന് മാത്രമേ സ്കോളർഷിപ്പ് അനുവദിക്കൂ. അത് അനുവദിച്ച കാലയളവിലേക്ക് പരിമിതപ്പെടുത്തിയിരിക്കും. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരമായിരിക്കും പദ്ധതി നടപ്പാക്കുക.

2025-26 കാലയളവിൽ മേൽപ്പറഞ്ഞ പദ്ധതിക്കായി 600.00 ലക്ഷം രൂപ വകയിരുത്തുന്നു.

### ബി. നൈപുണ്യം, തൊഴിൽ, സംരംഭകത്വം

## 7. പട്ടികവർഗ്ഗ യുവജനങ്ങൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം

**(വിഹിതം: 900.00 ലക്ഷം രൂപ)**

ആധുനിക നൈപുണ്യ മേഖലകളിൽ നൈപുണ്യ പരിശീലനത്തിന് സഹായം നൽകിക്കൊണ്ട് പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മയുടെ തീവ്രത കുറയ്ക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

- പട്ടികവർഗ്ഗക്കാർക്ക് വിവിധ ട്രേഡുകളിൽ നൈപുണ്യ പരിശീലനം നൽകുകയും പ്ലെയ്സ്മെന്റ് ഉറപ്പാക്കുന്നതിന് ധനസഹായം നൽകുകയും ചെയ്യേണ്ടതാണ്. നൈപുണ്യ വികസന പരിശീലന ഏജൻസികളെ സർക്കാർ മാനദണ്ഡപ്രകാരം തെരഞ്ഞെടുക്കേണ്ടതാണ്.
- പി.എസ്.സി, യു.പി.എസ്.സി, എസ്.എസ്.സി, ആർ.ആർ.ബി ബാങ്ക് പരീക്ഷകൾക്കുള്ള പരിശീലനം.
- പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രവേശനം തേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് അധിഷ്ഠിത പരിശീലനം.
- വിദ്യാർത്ഥികൾക്ക് പ്രീ-എൻജിനീയറിങ് പരിശീലനവും കോഴ്സിൽ നിന്നും കൊഴിഞ്ഞുപോയവർക്ക് പ്രത്യേക പരിശീലനവും.
- ഐ.ടി.ഐ, ഐ.ടി.സി പാസ്സായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അധിക അപ്രന്റീസ്ഷിപ്പിനുള്ള സൗകര്യങ്ങൾ.
- പ്ലസ് ടു കഴിഞ്ഞവർ, ബിരുദധാരികളായ യുവാക്കൾ എന്നിവർക്ക് കരിയർ ഡെവലപ്മെന്റ് & ഓറിയന്റേഷൻ ക്ലാസുകൾ.
- ഇന്ത്യയ്ക്കകത്തും വിദേശത്തും തൊഴിലവസരം കണ്ടെത്തിയ പട്ടികവർഗ്ഗക്കാരായ യുവതി/യുവാക്കൾക്ക് തൊഴിൽ നേടുന്നതിനുള്ള സാമ്പത്തിക പിന്തുണ നൽകൽ.
- പട്ടികവർഗ്ഗക്കാരുടെ കരകൗശല വസ്തുക്കളുടേയും തനത് ഉല്പന്നങ്ങളുടെയും നിർമ്മാണം പ്രോൽസാഹിപ്പിക്കുകയും അവയുടെ സുഗമമായ ഓൺലൈൻ വിപണനത്തിൽ ജിയോ-ടാഗിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
- വെർച്വൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പട്ടികവർഗ്ഗ വികസന വകുപ്പിലും നിയമിതരായ അപ്രന്റീസ് എൻജിനീയർമാരുടേയും ഓവർസിയർമാരുടേയും ഓണറേറിയം.
- കേന്ദ്ര സർക്കാരിന്റേയും മറ്റ് വകുപ്പുകളുടേയും തൊഴിലധിഷ്ഠിത പദ്ധതികളിലേക്കുള്ള പട്ടികവർഗ്ഗക്കാർക്കുള്ള ഗുണഭോക്തൃ വിഹിതം. വാർഷികവരുമാനം 2.5 ലക്ഷത്തിൽ താഴെയായിരിക്കണം.
- ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് (TRACE) (തൊഴിൽ മികവിനുള്ള പരിശീലനം)- പ്രൊഫഷണലുകൾക്കും വിവിധ മേഖലകളിൽ ബിരുദം നേടിയ പട്ടികവർഗ്ഗ യുവാക്കൾക്കുമായി ഇന്റേൺഷിപ്പും പ്ലേസ്മെന്റ് പരിശീലനവും. അപ്രന്റീസ്ഷിപ്പിന്റേയും ഇന്റേൺഷിപ്പിന്റേയും തെരഞ്ഞെടുപ്പും നിയമനവും സർക്കാരിന്റെ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കും.

- പട്ടികവർഗ്ഗക്കാർക്കുള്ള ഉപജീവന നയം രൂപീകരിക്കുന്നതിനായി ദേശീയതല ശിൽപശാല നടത്തുന്നതിനുള്ള ചെലവുകൾ

ഈ പദ്ധതി കേരള നോളജ് ഇക്കണോമി മിഷനുമായി സംയോജിപ്പിച്ച് സർക്കാർ മാനദണ്ഡങ്ങൾ കർശനമായി പാലിച്ച് നടപ്പിലാക്കും. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ അതിദാരിദ്ര്യ സർവ്വേ പ്രകാരം (ഇ.പി.ഐ.പി) കണ്ടെത്തിയ പട്ടികവർഗ്ഗ കുടുംബങ്ങളിലെ യുവതി/യുവാക്കൾക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും.

2025-26 കാലയളവിൽ പദ്ധതിക്കായി 900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 8. ഉന്നതി-സംരംഭകത്വ വികസന പരിപാടിയും സ്റ്റാർട്ടപ്പുകളും

**(വിഹിതം: 100.00 ലക്ഷം രൂപ)**

വിദ്യാസമ്പന്നരായ പട്ടികവർഗ്ഗക്കാർക്കിടയിൽ സംരംഭകത്വവും സ്റ്റാർട്ടപ്പുകളും പ്രോത്സാഹിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ബിസിനസ്സ് പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ നിക്ഷേപങ്ങൾ, ഗവേഷണം, വികസനം, വിപണനം, മറ്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്കായി സംരംഭകർക്ക് സഹായം നൽകുന്നു.

ദീർഘകാല ധനസഹായവും മാർഗ്ഗ നിർദ്ദേശങ്ങളും ലഭ്യമാക്കുന്നതിനും, മറ്റ് നിക്ഷേപകരുമായി ബന്ധങ്ങൾ വളർത്തിയെടുക്കുന്നതിനും ഉന്നതി സംരംഭകരെ സഹായിക്കും. ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാരുടെ സംരംഭങ്ങൾക്കും സ്റ്റാർട്ടപ്പ് സ്ഥാപനങ്ങൾക്കും ഒറ്റത്തവണ സാമ്പത്തിക സഹായം നൽകും. ബിസിനസ്സ് ആശയം പ്രാവർത്തികമാക്കുന്നതിനുള്ള സാമ്പത്തിക സഹായം, പ്രോട്ടോടൈപ്പ് വികസനം, ഉൽപ്പന്ന പരീക്ഷണങ്ങൾ, വിപണി പ്രവേശനം, വാണിജ്യവൽക്കരണം തുടങ്ങിയവക്കായി സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകും. സ്റ്റാർട്ടപ്പുകൾക്ക് 10 ലക്ഷം രൂപ വരെ പ്രാരംഭ ഘട്ടത്തിൽ ധനസഹായം നൽകും. സ്റ്റാർട്ടപ്പുകൾക്കുള്ള സീഡ് ഫണ്ടിംഗും മറ്റ് പിന്തുണാ സേവനങ്ങളും പ്രാരംഭ വെല്ലുവിളികളെ മറികടക്കാൻ അവരെ സഹായിക്കും. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരമായിരിക്കും പദ്ധതി നടപ്പാക്കുക.

2025-26 കാലയളവിൽ ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 9. വിംഗ്സ് (വ്യോമയാന മേഖലയിലെ നൈപുണ്യ വികസന പരിപാടി)

**(വിഹിതം: 100.00 ലക്ഷം രൂപ)**

വളർന്നുവരുന്ന വ്യോമയാന മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള നൈപുണ്യ വികസന പരിശീലന പരിപാടിയാണ് വിംഗ്സ്. ഐ.എ.ടി.എ (ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷൻ) അംഗീകരിച്ച തിരഞ്ഞെടുത്ത കോഴ്സുകളിലേക്ക് പട്ടികവർഗ്ഗ യുവതി/യുവാക്കളിൽ നിന്ന് അപേക്ഷ ക്ഷണിച്ചാണ് ട്രെയിനികളെ തിരഞ്ഞെടുക്കുന്നത്. ഏവിയേഷൻ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെ താത്പര്യപത്രം ക്ഷണിച്ചുകൊണ്ട് തിരഞ്ഞെടുക്കും. കോഴ്സ് ഫീസ്, കോഴ്സ് കാലയളവിലെ താമസം, യാത്രാ സൗകര്യങ്ങൾ കൂടാതെ അവരുടെ അവശ്യ ചെലവുകൾക്കുള്ള സഹായങ്ങൾ എന്നിവ ഈ പദ്ധതിയിലൂടെ നൽകും. തിരഞ്ഞെടുത്ത പരിശീലന സ്ഥാപനം, കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാ ഓഫീസർമാരുടേയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടേയും സാന്നിധ്യത്തിൽ മൊബിലൈസേഷൻ ക്യാമ്പുകൾ നടത്തുകയും, എഴുത്തുപരീക്ഷ/ഇന്റർവ്യൂ നടത്തി അനുയോജ്യരായ ട്രെയിനികളെ തിരഞ്ഞെടുക്കുകയും ചെയ്യും. ഈ പദ്ധതിയിലൂടെ, പൈലറ്റ്, എയർ ഹോസ്റ്റസ് (ക്യാബിൻ ക്രൂ), എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ് കോഴ്സ്, എയർലൈൻ കസ്റ്റമർ സർവീസ് കോഴ്സ്, സപ്ലൈ ചെയിൻ & ട്രാൻസ്പോർട്ട് മോഡ്യുകൾ, ഫൗണ്ടേഷൻ ഇൻ ട്രാവൽ ആൻഡ് ടൂറിസം കോഴ്സുകൾ തുടങ്ങിയവയിലും, കൂടാതെ എയർലൈൻ മേഖലയിൽ തൊഴിൽ സാധ്യതയുള്ള മറ്റ് അനുബന്ധ കോഴ്സുകളിലും പരിശീലനം നൽകും.

2025-26 കാലയളവിൽ ഈ പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തുന്നു.

## 10. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം

**(വിഹിതം: 1000.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗവിഭാഗക്കാരുടേയും പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും നേരിട്ടുള്ള നിയന്ത്രണത്തിൽ ധാരാളം കൃഷിഭൂമി നിലവിൽ ഉണ്ട്. പ്രകൃതി വിഭവങ്ങളാൽ സമ്പന്നമായ പ്രദേശങ്ങളിൽ കൃഷിയുടേയും അനുബന്ധ പ്രവർത്തനങ്ങളുടേയും വികസനത്തിന് വളരെയധികം സാധ്യതയാണുള്ളത്. ആധുനിക രീതിയിലുള്ള കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും (ഉദാ:ചെറുകിട ജലസേചനത്തിന്റെ

സഹായത്തോടെയുള്ള മൃഗസംരക്ഷണവും ഉൾനാടൻ മത്സ്യ ബന്ധനവും) അവർക്കിടയിൽ പ്രാവർത്തികമാക്കുകയാണെങ്കിൽ സുസ്ഥിരമായ പുതിയ വരുമാനദായക സാധ്യതകൾ സൃഷ്ടിക്കുന്നതിന് വളരെയധികം അവസരങ്ങളുണ്ട്. അതിലൂടെ പോഷകാഹാര പ്രശ്നങ്ങളും പരിഹരിക്കാം.

പ്രാദേശിക മുൻഗണനയുടേയും ഓരോ പട്ടികവർഗ്ഗ സെറ്റിൽമെന്റിനും അനുയോജ്യമായ പ്രവർത്തനങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ പദ്ധതിയുടെ നിർദ്ദിഷ്ട ഘടകങ്ങൾ തീരുമാനിക്കേണ്ടത്. ഓരോ പ്രദേശത്തിന്റേയും കാർഷിക പാരിസ്ഥിതിക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വിദഗ്ധരുടെ സഹായത്തോടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളായ ഹോംസ്റ്റെഡ് ഫാമിംഗ്, ഗ്രൂപ്പ് ഫാമിംഗ് തുടങ്ങിയവ വകുപ്പ് വികസിപ്പിക്കേണ്ടതാണ്. ഇങ്ങനെ തയ്യാറാക്കുന്ന വിവിധ തരത്തിലുള്ള വരുമാന വർദ്ധന മാർഗ്ഗങ്ങൾ കൂട്ടിച്ചേർത്ത് പദ്ധതി രേഖയാക്കി രൂപപ്പെടുത്തുന്നതാണ്. ഇടനിലക്കാരുടെ ചൂഷണമില്ലാതെ വില്ലേജ് മാർക്കറ്റുകൾ (ചന്ത) ഏറ്റെടുത്ത് നടത്തുന്നതിന് ട്രൈബൽ ഗ്രൂപ്പുകളെ ഏൽപ്പിക്കുന്നതാണ്. പച്ചക്കറികൾ, ഇലക്കറികൾ, മറ്റ് തിന വിത്തുകൾ, മത്സ്യകൃഷി എന്നിവ ഉൾപ്പെടെയുള്ള സമഗ്രമായ കാർഷിക രീതികൾ കൃഷി, ഫിഷറീസ് വകുപ്പുമായി കൂടിയാലോചിച്ച് രൂപപ്പെടുത്തും. അട്ടപ്പാടിയിലെ കാർഷികോൽപ്പന്നങ്ങൾ പട്ടികവർഗ്ഗക്കാരുടെ ഉപഭോഗത്തിനായി എത്തുന്ന വിധത്തിൽ പൊതുവിതരണ സംവിധാനത്തിന്റെ സേവനം ഉറപ്പാക്കും.

പദ്ധതിയിൽ താഴെ ചേർത്തിരിക്കുന്ന മൂന്ന് ഉപ പദ്ധതികൾ ഉൾപ്പെടുന്നു.

**I. മില്ലറ്റ് വില്ലേജ് പ്രോഗ്രാം, അഗ്രോ ഇക്കോളജിയിലൂടെ അട്ടപ്പാടിയിലെ പോഷകാഹാര പര്യാപ്തത (നമ്ത്ത് വെള്ളാമെ), ഹരിതരശ്മി എന്നീ പദ്ധതികൾക്കുള്ള സഹായങ്ങൾ**

അട്ടപ്പാടിയിൽ നടന്നുകൊണ്ടിരിക്കുന്ന മില്ലറ്റ് വില്ലേജ് പ്രോഗ്രാം, അഗ്രോ-ഇക്കോളജിയിലൂടെ പോഷകാഹാര പര്യാപ്തത (നമ്ത്ത് വെള്ളാമെ), ഇടുക്കി വയനാട് ജില്ലകളിൽ നടത്തിവരുന്ന ഹരിതരശ്മി പദ്ധതി തുടങ്ങിയ കാർഷിക പദ്ധതികൾ വിലയിരുത്തുകയും, മൂല്യവർദ്ധനവ്, സംസ്കരണം, വിപണനം, ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ അനുയോജ്യമായ രീതിയിൽ ഏറ്റെടുക്കുന്നതുമാണ്.

**II. ഫാമുകളുടെ വികസനം**

പട്ടികവർഗ്ഗക്കാർ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുകയെന്നതാണ് ഈ ഉപ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി താഴെ പറയുന്ന പ്രദേശങ്ങൾക്ക് പ്രത്യക പരിഗണന നൽകുന്നതാണ്.

(i). കണ്ണൂർ ജില്ലയിലെ ആറളം ട്രൈബൽ റിഹാബിലിറ്റേഷൻ ആന്റ് ഡെവലപ്പ്മെന്റ് മിഷൻ ഏരിയയിലെ ഫാമുകൾ
(ii). വയനാട് ജില്ലയിലെ സുഗന്ധഗിരിയും സമീപപ്രദേശങ്ങളും.
(iii). പാലക്കാട് ജില്ലയിലെ അട്ടപ്പാടി (എ.സി.എഫ്.എസ്, വി.ജി.സി.എഫ്.എസ്, കുറുംബ സൊസൈറ്റി)
(iv). വയനാട് ജില്ലയിലെ ചീങ്ങേരി ഫാം.

കൂൺ കൃഷി, ഇഞ്ചിത്തോട്ടങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, എണ്ണക്കുരുക്കൾ, ജൈവ ഉൽപന്നങ്ങൾ, പുതിയ തൈകൾ നട്ടുപിടിപ്പിക്കൽ, നിലവിലുള്ള വിളകളുടെ പരിപാലനം ശക്തിപ്പെടുത്തൽ, ചെടികൾ നട്ടുപിടിപ്പിക്കലും വിപുലീകരണവും, ഇടവിളകൾ നടൽ, പച്ചക്കറി കൃഷി, ഹൈ-ടെക് നഴ്സറി യൂണിറ്റ് സ്ഥാപിക്കൽ തുടങ്ങിയ കാർഷിക പ്രവർത്തനങ്ങളും, ശാസ്ത്രീയ തേനീച്ചവളർത്തൽ, തേൻ സംസ്കരണം, വേലി നിർമ്മാണം മുതലായ പദ്ധതികൾ, ഫാം നവീകരണവും യന്ത്രവൽക്കരണവും, സംസ്കരണവും മൂല്യവർദ്ധനവും, ഈ ഫാമുകളിൽ നിന്നുള്ള കാർഷികോൽപ്പന്നങ്ങളുടെ വിപണനവും ഈ ഘടകത്തിന് കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്കരണം, മൂല്യവർദ്ധന, വിപണനം എന്നിവയ്ക്കായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് പട്ടികവർഗ്ഗ സംരംഭകർക്കും സ്റ്റാർട്ടപ്പുകൾക്കും പ്രാധാന്യം നൽകും. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലെ ഫാമുകളുടെ സംയോജനം സുഗമമാക്കുന്നതിന് ഒരു അപ്പെക്സ് സമിതി സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നു. സമഗ്രമായ കാർഷിക വികസനത്തിലും സുസ്ഥിര വരുമാന ഉൽപാദന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഈ ഘടകം പ്രാധാന്യം നൽകും.

### iii. കൃഷി, അനുബന്ധ മേഖലകളിൽ പരിശീലനം

വിദ്യാഭ്യാസത്തിലൂടേയും ആരോഗ്യത്തിലൂടേയും പട്ടികവർഗ്ഗ കുട്ടികളുടെ സമഗ്രമായ വികസനത്തിന് എം.ആർ.എസ് ഊന്നൽ നൽകുന്നു. കാർഷിക രീതികൾ (കൃഷിക്കും അനുബന്ധ മേഖലകൾക്കുമുള്ള പഠനവും പ്രായോഗിക ക്ലാസുകളും) എം.ആർ.എസുകളുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തും.

പരമ്പരാഗത കാർഷിക ഉൽപ്പന്നങ്ങളുടെ കൃഷിക്കുള്ള പരിശീലനവും ആധുനിക കൃഷിയും ഈ ഘടകത്തിൽ ഉൾപ്പെടുന്നു. കൂടാതെ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവരുടെ പതിവ് സ്കൂൾ സിലബസിനൊപ്പം തേനീച്ചവളർത്തൽ, മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയവയിൽ അറിവ് നൽകുന്നതിനും പരിശീലിക്കുന്നതിനുമുള്ള സൗകര്യങ്ങളും എംആർ.എസ്സിൽ ഒരുക്കി നൽകും. ഏകദേശം 3,500 ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കും.

പട്ടികവർഗ്ഗ കേന്ദ്രീകൃത പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26 സാമ്പത്തിക വർഷം 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 11. കേരള ട്രൈബൽ പ്ലസ് (എം.ജി.എൻ.ആർ.ഇ.ജി.എസ്.ന് കീഴിലുള്ള അധിക തൊഴിൽ )

**(വിഹിതം: 3500.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിക്ക് കീഴിൽ കേരള ട്രൈബൽ പ്ലസ് പ്രോഗ്രാം (അധിക തൊഴിൽ ദിനങ്ങൾ) നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ, എം.ജി.എൻ.ആർ.ഇ.ജി.എസ് നൽകുന്ന 100 ദിന തൊഴിലിന് പുറമേ 100 ദിവസത്തെ അധിക തൊഴിൽ (ആകെ 200 ദിവസം) കൂടി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുന്നു. പദ്ധതിക്കാവശ്യമായ ഫണ്ട് ഗ്രാമവികസന കമ്മീഷണറേറ്റിന് ലഭ്യമാക്കും. എം.ജി.എൻ.ആർ.ഇ.ജി.എസ് ന് കീഴിൽ കൂടുതൽ പട്ടികവർഗ്ഗ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനും എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 100 ദിവസത്തെ അധിക തൊഴിൽ ഉറപ്പാക്കുന്നതിനുമായി പട്ടികവർഗ്ഗ പ്രാമുഖ്യമുള്ള ജില്ലകളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേക പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

കുടുംബശ്രീ മിഷന്റെ കീഴിൽ വയനാട്, അട്ടപ്പാടി, ആറളം എന്നിവിടങ്ങളിലെ പട്ടികവർഗ്ഗക്കാർക്ക് തൊഴിലുറപ്പ് പദ്ധതിയിൽ വേതനം മുൻകൂറായി നൽകുന്നതിന് ഒരു റിവോൾവിംഗ് ഫണ്ടും രൂപീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇത് തിരിച്ചുപിടിക്കുന്നതായിരിക്കും. ഇത്തരത്തിൽ ഈ പദ്ധതി മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ആവശ്യമായ ഫണ്ട് കണ്ടെത്തും. കേരള ട്രൈബൽ പ്ലസ് പദ്ധതി, റിവോൾവിംഗ് ഫണ്ട് പ്രോഗ്രാം എന്നിവയുടെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ല-സംസ്ഥാനതല അവലോകന യോഗം കൂടുന്നതാണ്. കുടുംബശ്രീ മിഷനും ഗ്രാമവികസന കമ്മീഷണറേറ്റും പദ്ധതികളുടെ പ്രതിമാസ പുരോഗതി റിപ്പോർട്ട് പട്ടികവർഗ്ഗ ഡയറക്ടറേറ്റിനും സംസ്ഥാന ആസൂത്രണ ബോർഡിനും ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതിവിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 90 ശതമാനം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കപ്പെടുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 3500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## സി. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ

### 12. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനായുള്ള ചെലവുകൾ

**(വിഹിതം: 6000.00 ലക്ഷം രൂപ)**

16 മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ, നാല് ഏകലവ്യ സ്കൂളുകൾ, രണ്ട് സ്പെഷ്യൽ സിബിഎസ്ഇ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ നടത്തിപ്പ് ചെലവ്/മാനേജ്മെന്റ് ചെലവ് വഹിക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്.

മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനാവശ്യമായ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (വേതനവും, അലവൻസുകളും ഉൾപ്പെടെയുള്ള ചെലവുകൾ), അറ്റകുറ്റപ്പണികൾ, ഇന്ധന ചെലവുകൾ, പാചക വാതകത്തിനും മറ്റു സാധനങ്ങൾക്കുമുള്ള തുക, ഖര-ദ്രവമാലിന്യ സംസ്കരണം, ഊർജ്ജ പദ്ധതികൾ, നവീകരണം, കാർഷിക സംരംഭങ്ങൾ, മിയാവാക്കി വനങ്ങൾ, ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പിലാക്കാനുള്ള പ്രോജക്ടുകൾ, അധിക പരിശീലനം, അധിക നൈപുണ്യ ആർജ്ജവ പരിപാടി ഉൾപ്പെടെയുള്ള നൈപുണ്യ വികസനം, സംരംഭകത്വ വികസനം, ഗ്രൂപ്പ് പ്രവർത്തനങ്ങളായ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി, എൻ.എസ്.എസ്, ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ് തുടങ്ങിയവ, ഫർണിച്ചർ, കമ്പ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾ, സോഫ്റ്റ് സ്കില്ലുകളുടെ വികസനത്തിനായുള്ള

പരിപാടികളും അധിക/പരിഹാര കോച്ചിംഗുകളും, സെമിനാറും വർക്ക് ഷോപ്പും നടത്തുന്നതിനായുള്ള ചെലവുകൾ, ഫീൽഡ് സന്ദർശനം/ശില്പശാലകൾ/ശാസ്ത്രമേളകൾ, ഇന്ത്യയിലും വിദേശത്തുമുള്ള മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള കുട്ടികളുടേയും സ്റ്റാഫിന്റേയും യാത്രാ ചെലവും മറ്റു അലവൻസുകളും, വിദ്യാർത്ഥികളുടെ പഠന യാത്രയ്ക്കുള്ള ചെലവുകൾ, കൗൺസിലിംഗ്, സ്റ്റുഡന്റ് ഡോക്ടർ, സ്റ്റുഡന്റ് പോലീസ് എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേക പരിപാടികൾ, കുട്ടികളുടെ സമഗ്ര വികസനത്തിനുള്ള 'അവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ' പദ്ധതി, സെക്കന്ററി/ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള സഹവാസ ക്യാമ്പ്, തുടങ്ങിയവയ്ക്കുള്ള ചെലവുകൾ ഈ പദ്ധതിയിൽ നിന്നും വഹിക്കാവുന്നതാണ്.

നവീന മേഖലകളിൽ തൊഴിലവസരങ്ങൾ ഉറപ്പാക്കുതിനായി മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന സെക്കന്ററി, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതാണ്. സർഗോത്സവം (വകുപ്പിനു കീഴിലെ ഹോസ്റ്റലുകളിലേയും, എം.ആർ.എസുകളിലേയും സെക്കൻഡറി, ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായുള്ള സംസ്ഥാനതല യുവജനോത്സവം,), പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്കൂളുകളിലെ റസിഡന്റ് ട്യൂട്ടറുടെ പ്രതിഫലം, എം.ആർ.എസിന്റെ പ്രൊഫഷണൽ എച്ച്.ആർ പിന്തുണ, കരിയർ കൗൺസലിംഗ്, കരിയർ ഓറിയന്റഡ് പരിശീലന പരിപാടികൾ എന്നിവയുമായി ബന്ധപ്പെട്ട ചെലവുകളും ഈ പദ്ധതിയിൽ നിന്നും വഹിക്കാവുന്നതാണ്.

2025–26–ൽ 6000.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതിവിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ 50 ശതമാനം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു (6 സ്കൂളുകൾ – പെൺകുട്ടികൾ മാത്രമുള്ളവ).

### 13. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

**(വിഹിതം: 400.00 ലക്ഷം രൂപ)**

മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപത്ത് സുരക്ഷിത–സൗജന്യ ബോർഡിംഗും താമസവും നൽകിക്കൊണ്ട് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം. ഉന്നതവിദ്യാഭ്യാസരംഗത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പ്രവേശനം താരതമ്യേന കുറവായതിനാൽ ഇവർക്കിടയിൽ ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിന് വകുപ്പ് എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലോ വാടകക്കെട്ടിടത്തിലോ പ്രവർത്തിക്കുന്ന നിലവിലുള്ളതും പുതിയതുമായ പോസ്റ്റ്–മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ് ചെലവുകൾ ഈ പദ്ധതിയിൽ നിന്ന് കണ്ടെത്താവുന്നതാണ്.

2025–26–സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 14. പ്രീ–മെട്രിക്, പോസ്റ്റ്–മെട്രിക് ഹോസ്റ്റലുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തലും നവീകരണവും

**(വിഹിതം: 1000.00 ലക്ഷം രൂപ)**

പ്രീമെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്–പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. എല്ലാ ഹോസ്റ്റലുകളിലും യൂണിസെഫ് നിഷ്കർഷിക്കുന്ന നിലവാരത്തിലുള്ള അനുയോജ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ ചെറിയ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ്, ഹോസ്റ്റലുകളിലെ മഴവെള്ള സംഭരണ സംവിധാനത്തിന്റെ അറ്റകുറ്റപ്പണികൾ/പുനരുദ്ധാരണം, വനിതാ ഹോസ്റ്റലുകളിൽ സാനിട്ടറി നാപ്കിൻ ഇൻസിനറേറ്ററുകൾ സ്ഥാപിക്കൽ, മേൽക്കൂരകളിലെ ട്രസ്സ് വർക്ക് നിർമ്മാണവും പുനഃരുദ്ധാരണവും, പാത്രങ്ങൾ, ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങുന്നതിനുള്ള ചെലവുകൾ, വൈദ്യുതി, കുടിവെള്ളം തുടങ്ങിയവയുടെ ചെലവിനുള്ള വിഹിതം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതുകൂടാതെ അധിക നിർമ്മാണ പ്രവർത്തനങ്ങൾക്കും, ഇന്ധന ചെലവുകൾ, പാചക വാതകത്തിനും ഭക്ഷണ ചെലവുകൾക്കുമുള്ള തുക, ഖര–ദ്രവമാലിന്യ സംസ്കരണം, ഊർജ്ജ പദ്ധതികൾ, നവീകരണത്തിനുള്ള പ്രോജക്ടുകൾ, ഹോസ്റ്റലുകൾക്കായുള്ള ഈ–ഗവേണൻസ് സംരംഭങ്ങൾ നടപ്പാക്കാനുള്ള പ്രോജക്ടുകൾ, ഫർണിച്ചറുകൾ/ഉപകരണങ്ങൾ/അത്യാവശ്യ സാമഗ്രികൾ വാങ്ങൽ, പഠനയാത്രകൾ, കൗൺസിലിംഗ് ഉൾപ്പെടെ കുട്ടികളുടെ സമഗ്ര ആരോഗ്യ വികസനത്തിനുള്ള ചെലവുകൾ, സോഫ്റ്റ് സ്കില്ലുകൾ വികസിപ്പിക്കൽ, അധിക പരിഹാര കോച്ചിംഗുകൾ, സെമിനാറുകളും

ശില്പശാലകളും നടത്താനുള്ള ചെലവുകൾ, അധിക കോച്ചിംഗ്, പരിഹാര ബോധനം, ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കായി നൈപുണ്യ വികസന ക്ലാസ്സുകൾ എന്നിവയും ഈ പദ്ധതിയ്ക്ക് കീഴിൽ ഉൾപ്പെടുത്തുന്നു. ഈ പദ്ധതിക്ക് കീഴിൽ നീക്കിവച്ചിരിക്കുന്ന തുക 108 പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനച്ചെലവ്/മാനേജ്മെന്റ് ചെലവ് വഹിക്കുന്നതിനും വിനിയോഗിക്കാം.

2025-26 സാമ്പത്തിക വർഷത്തിൽ 1000.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**15. പട്ടികവർഗ്ഗ മേഖലയിൽ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ/ആശ്രമം സ്കൂളുകൾ/ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയ്ക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണം**

**(വിഹിതം: 500.00 ലക്ഷം രൂപ)**

മൂന്ന് കേന്ദ്രാവിഷ്കൃത പദ്ധതികൾ, 'പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണം (കേന്ദ്ര വിഹിതം 50 ശതമാനം), ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (കേന്ദ്ര വിഹിതം 50 ശതമാനം), പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (കേന്ദ്ര വിഹിതം 100 ശതമാനം)' എന്നീ പദ്ധതികൾക്ക് കീഴിൽ ആരംഭിച്ച ചില പ്രോജക്ടുകൾ ഇനിയും പൂർത്തിയാകാത്തതിനാലും ചില സാങ്കേതിക കാരണങ്ങളാൽ ഈ സ്കീമുകൾക്ക് കേന്ദ്രസർക്കാരിൽനിന്നും ഫണ്ട് ലഭിക്കുന്നതിൽ ബുദ്ധിമുട്ടുകളുള്ളതിനാലും, ഇവ 2019-20 വാർഷിക പദ്ധതിയിൽ സംസ്ഥാന പദ്ധതിയായി ലയിപ്പിച്ച് ഉൾപ്പെടുത്തി. എല്ലാ സ്ഥാപനങ്ങൾക്കും പുറമെ, ഈ വർഷം വകുപ്പ് ഏറ്റെടുക്കുന്ന പുതിയ ഹോസ്റ്റലുകളുടേയും എം.ആർ.എസ്സുകളുടേയും നിർമ്മാണം, കൂടാതെ കേന്ദ്ര സർക്കാർ അനുവദിച്ച മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിൽ ആവശ്യമായ ഹോസ്റ്റൽ ബ്ലോക്കുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, അധിക ക്ലാസ് മുറികൾ തുടങ്ങിയ അധിക നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്രം അനുവദിച്ച തുക തികയാതെ വന്നാൽ ഈ പദ്ധതിയിൽ നിന്ന് തുക കണ്ടെത്താവുന്നതാണ്.

2025-26 വർഷത്തിൽ ഈ പദ്ധതിക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സ്ഥാപനങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനും പൂർത്തീകരണത്തിനുമാണ് വിഹിതം. ലിംഗാധിഷ്ഠിത സ്ഥിതിവിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ (പെൺകുട്ടികൾക്ക് മാത്രമായി 6 ഹോസ്റ്റലുകൾ) 35 ശതമാനം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**16. പട്ടികവർഗക്കാർക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം**

**(വിഹിതം: 80.00 ലക്ഷം രൂപ)**

നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ അംഗീകാരമുള്ള 5 ട്രേഡുകളിൽ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുവേണ്ടി തിരുവനന്തപുരത്തും ഇടുക്കിയിലും രണ്ട് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ആധുനിക തൊഴിൽ ലഭിക്കുന്നതിന് പുതിയ സാങ്കേതിക കോഴ്സുകൾ ആരംഭിക്കേണ്ടതുണ്ട്. ഇതിനായി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, വ്യവസായ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവയുടെ പിന്തുണയോടെ കോഴ്സുകളും സ്ഥാപനവും നവീകരിക്കുന്നതിനുള്ള ഒരു പഠനം നിർദ്ദേശിക്കുന്നു. കൂടാതെ തിരുവനന്തപുരത്തും ഇടുക്കിയിലും പ്രവർത്തിക്കുന്ന തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പ് ചെലവുകൾ (യൂണിഫോം, പഠന ഉപകരണങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ) നിർവ്വഹിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി.

ഈ പദ്ധതിക്കായി 2025-26 സാമ്പത്തിക വർഷത്തിൽ 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**17. പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം**

**(വിഹിതം: 250.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ സ്ഥാപനങ്ങളായ സഹകരണ ഫാമുകൾ, പട്ടികവർഗ്ഗ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ തുടങ്ങിയവയുടെ പുനരുജ്ജീവനത്തിനും അതുവഴി പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഉപജീവനമാർഗം ഉറപ്പാക്കുന്നതിനും സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതികൾക്ക് സഹായം നൽകുന്നതും പരിഗണിക്കും.

താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് ഈ വിഹിതത്തിൽ നിന്ന് ഗ്രാന്റ്/സഹായം നൽകാവുന്നതാണ്.

i. മാനന്തവാടിയിലെ പ്രിയദർശിനി തേയിലത്തോട്ട വികസനം, എസ്റ്റേറ്റിന്റെ അധികാര പരിധിയിൽ വരുന്ന തേയില ഫാക്ടറികളുടെ നടത്തിപ്പും നവീകരണവും.

ii. പുതിയ മേഖലകളിലേക്ക് തോട്ടം വ്യാപിപ്പിക്കുന്നതിനും, നിലവിലുള്ള ഫാമുകൾ വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ഉൾപ്പെടെ അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ പുനരുജ്ജീവനത്തിന് അവശ്യമായ പ്രവർത്തനങ്ങൾ.

iii. പട്ടികവർഗ്ഗ വികസനത്തിനു വേണ്ടി അത്യധികം വൈവിദ്ധ്യമുള്ള നേതൃത്വ പരിശീലനങ്ങൾ, നൈപുണ്യ വികസന പരിപാടികൾ മറ്റു തൊഴിൽദായക പ്രവർത്തനങ്ങളായ കരകൗശല വസ്തുക്കളുടെ ഉല്പാദനം, തയ്യൽ, കമ്പ്യൂട്ടർ പരിശീലനം, പ്രിന്റിംഗ്, ബുക്ക് നിർമ്മാണം, പി.എസ്.സി പരീക്ഷകൾക്കായുള്ള പരിശീലനം, ഡ്രൈവിംഗ് തുടങ്ങി വിവിധ തൊഴിൽ സൃഷ്ടി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് വയനാട് കൽപ്പറ്റയിലെ അംബേദ്കർ സ്മാരക ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (AMRID) സഹായം.

iv. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി നടത്തുന്ന ഹൈസ്കൂളിന്റേയും ചിണ്ടക്കിയിലെ ട്രൈബൽ ഹോസ്റ്റലിന്റേയും നടത്തിപ്പ് ചെലവുകൾ, കൂടാതെ സ്കൂളിലേയും ഹോസ്റ്റലിലേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

v. അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്കിനും പട്ടികവർഗ്ഗ വികസന വകുപ്പ് വയനാട്ടിലും മറ്റ് ജില്ലകളിലും സ്ഥാപിച്ച മറ്റ് അപ്പാരൽ യൂണിറ്റുകൾക്കും ഒറ്റത്തവണ പ്രവർത്തന മൂലധന സഹായം. ഈ പാർക്കുകൾക്ക് ആവശ്യമായ ഹാൻഡ്ഹോൾഡിംഗ് പിന്തുണ മികച്ച സർക്കാർ/സ്വകാര്യ ഏജൻസികളിലൂടെ നൽകാവുന്നതാണ്.

vi. വിപണനത്തിനായി ഓൺലൈൻ പ്ലാറ്റ്ഫോമുകൾ സൃഷ്ടിക്കുകയും പദ്ധതിക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി വ്യാപാര മേളകൾ നടത്തുകയും ചെയ്യാവുന്നതാണ്.

vii. ആറളം ഫാമിൽ സ്ത്രീശാക്തീകരണ പരിപാടി നടത്തുന്നതിനുള്ള സഹായം.

viii. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സിഎംഡി) സമർപ്പിച്ച നവീകരണ പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്സി/എസ്ടി ഫെഡറേഷന്റെ ആയുർധാര പദ്ധതികൾ നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള ഒറ്റത്തവണ സഹായം നൽകും. കൂടാതെ, ആയുർധാരയുടെ 10 ഔട്ട് ലെറ്റുകൾ/ക്ലിനിക്കുകൾ ആരംഭിക്കും. ഈ സംരംഭങ്ങളിൽ പട്ടികവർഗ്ഗവിഭാഗത്തിൽ നിന്നുള്ള യോഗ്യരായ ബി.എ.എം.എസ് ബിരുദധാരികൾക്ക് മുൻഗണന നൽകും. 2025-26 കാലയളവിൽ ആയുർധാരയുടെ നവീകരണത്തിന് പിന്തുണ നൽകുന്നതിനായി എസ്.സി/എസ്. ടി ഫെഡറേഷനായി 1.00 കോടി രൂപ വകയിരുത്തുന്നു.

സാമ്പത്തിക സാധ്യതകളെക്കുറിച്ചുള്ള വിലയിരുത്തൽ പഠനത്തിന്റേയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിലാണ് ആദ്യത്തെ മൂന്ന് സ്ഥാപനങ്ങൾ നവീകരിക്കേണ്ടത്. എസ്സി/എസ്ടി ഫെഡറേഷനുമായി സംയോജിപ്പിച്ചിട്ടുള്ള പട്ടികവർഗ്ഗ സൊസൈറ്റികളുടെ നവീകരണം/പുനരുദ്ധാരണം, തടിയേതര വനവിഭവങ്ങൾ, കൃഷി, കയർ തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾ, മറ്റ് പരമ്പരാഗത മേഖലകളിൽ ഗോത്രജീവിക കൺസ്ട്രക്ഷൻ സൊസൈറ്റികൾക്കുള്ള സഹായം എന്നിവ ഈ പദ്ധതിക്ക് കീഴിൽ ഏറ്റെടുക്കാവുന്നതാണ്.

2025-26 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഡി. സാമൂഹിക മേഖലയിലെ ഇടപെടലുകൾ**

**18. അടിയ, പണിയ, പ്രാക്തനഗോത്ര വർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി**

**(വിഹിതം: 300.00 ലക്ഷം രൂപ)**

പ്രാക്തനഗോത്ര വർഗ്ഗക്കാർക്കും മറ്റ് ദുർബലരായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളും, ജീവനോപാധിയും നൽകുകയാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം.

ഈ പദ്ധതിയിൽ മൂന്ന് ഘടകങ്ങളാണ് ഉള്ളത്.

**(i) അടിയ, പണിയ, മലപണ്ടാരം, പ്രാക്തനഗോത്ര വിഭാഗങ്ങൾ എന്നിവർക്കായുള്ള പ്രത്യേക പരിപാടി**

പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും പ്രാക്തനഗോത്ര വിഭാഗത്തിൽപ്പെട്ടവരുടേയും (ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ, കൊറഗ, കുറിച്യർ, കാടർ) വികസനത്തിനായി അവരുടെ മേഖല, ആവശ്യം എന്നിവ കണക്കിലെടുത്ത് പ്രത്യേക പദ്ധതി രൂപീകരണമാണ് ഈ ഘടകത്തിൽ വിഭാവനം ചെയ്തിരിക്കുന്നത്. പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളായ അരനാടൻ, കുടിയ, മഹാമലസർ, പള്ളിയൻ, തച്ചനാടൻമൂപ്പൻ, മലപ്പണിക്കർ, മലപണ്ടാരം, അടിയാൻ, എരവാളൻ, ഹിൽ പുലയ, ഇരുള, മലസർ, മലയൻ, മുഡുഗർ, മലവേട്ടുവൻ, പണിയൻ എന്നീ വിഭാഗങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ഊര്/കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ തയ്യാറാക്കുമ്പോൾ ഈ പ്രത്യേക വിഭാഗക്കാരുടെ ആരോഗ്യം, ഭക്ഷണം, സാമ്പത്തിക വികസനം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അതിദാരിദ്ര്യ സർവേ – 2021–22 പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകും. ഈ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനും മോണിറ്ററിംഗിനും ഉചിതമായ സംവിധാനം ആവിഷ്കരിക്കുന്നതാണ്. പരിസ്ഥിതിലോല പ്രദേശങ്ങളിലും വെള്ളപ്പൊക്ക മണ്ണിടിച്ചിൽ സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവരുടേയും പുനരധിവാസം ഘട്ടംഘട്ടമായി നടപ്പിലാക്കും. അർദ്ധ നാടോടികളായ മലപണ്ടാരം സമുദായത്തിന്റെ വികസനത്തിനായി ഒരു പ്രത്യേക പാക്കേജിലൂടെ വീട്, വൈദ്യുതി, റോഡ്, ഉപജീവനമാർഗം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് മലപണ്ടാരം സമുദായത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിന് പ്രത്യേക പരിഗണന നൽകും. ഇതുമായി ബന്ധപ്പെട്ട് വികസന വിടവ് കണ്ടെത്തുന്നതിന് ജില്ലാതലത്തിൽ പഠനം നടത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ജില്ലാ തല കമ്മിറ്റിയുടെ (ഡി.എൽ.സി.ഫോർ.എസ്.സി.എസ്.ടി) അംഗീകാരത്തോടെ മൈക്രോപ്ലാൻ നടപ്പാക്കുകയും ചെയ്യും. അതിദാരിദ്ര്യ സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് മുൻഗണന നൽകും.

**(ii) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള പരിപാടികൾ**

വനത്തിലോ/പരിസര പ്രദേശങ്ങളിലോ ജീവിക്കുന്ന പട്ടികവർഗ്ഗ സമൂഹത്തിന് പ്രയോജനപ്പെടുന്ന തൊഴിലുകൾ നൽകി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വനത്തിനുള്ളിലോ/പരിസര പ്രദേശങ്ങളിലോ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകുക, മറ്റു വരുമാനമാർഗം ഉണ്ടാക്കിക്കൊടുക്കുക, വന്യ മൃഗങ്ങളിൽനിന്ന് സംരക്ഷണം നൽകുക, ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക, വിദ്യാഭ്യാസവും അവബോധവും നൽകുക, അടിസ്ഥാന സൗകര്യ വികസനം, കണക്റ്റിവിറ്റിയും മറ്റ് വാർത്താവിനിമയ സൗകര്യങ്ങളും, പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം, ഇവരുടെ പ്രാദേശിക വാസസ്ഥലങ്ങൾ നശിപ്പിക്കുന്നത് തടയുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ ഘടകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വനത്തിനുള്ളിലെ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിന്നും പ്രത്യേകിച്ച് വനം വകുപ്പിൽ നിന്നും അനുയോജ്യമായ നിർദ്ദേശങ്ങൾ/ പദ്ധതികൾ ക്ഷണിക്കും. അതിദാരിദ്ര്യ സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് മുൻഗണന നൽകും.

**(iii) അഗതിമന്ദിരം**

അട്ടപ്പാടി, മാനന്തവാടി (കുഴിനിലം), സുഗന്ധഗിരി (വയനാട്) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ വരുന്ന മൂന്ന് അഗതി മന്ദിരങ്ങളുടെ നടത്തിപ്പിനാവശ്യമായ ചെലവ് ഈ ഘടകത്തിൽ നിന്നും വഹിക്കാവുന്നതാണ്. അടിയൻ, പണിയൻ, പ്രാക്തനാഗോത്ര വർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുവേണ്ടി പുതിയ അഗതി മന്ദിരങ്ങൾ നിർമ്മിക്കുവാനും ഈ തുക വിനിയോഗിക്കാവുന്നതാണ്. അതിദാരിദ്ര്യ സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് മുൻഗണന നൽകും.

മേൽ സൂചിപ്പിച്ച ഘടകങ്ങളുടെ നടത്തിപ്പിനായി 2025–26 കാലയളവിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**19. പണിയ സമുദായത്തിനുള്ള പ്രത്യേക വികസന പാക്കേജ് (പുതിയ പദ്ധതി)**

**(വിഹിതം: 300.00 ലക്ഷം രൂപ)**

കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട പട്ടികവർഗ്ഗ വിഭാഗങ്ങളിലൊന്നായ പണിയ സമൂഹം, വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തിക അവസരങ്ങൾ, സാമൂഹിക ഉൾക്കൊള്ളൽ എന്നിവയിൽ നേരിടുന്ന വെല്ലുവിളികൾ സമഗ്രമായി നേരിടുന്നതിനാണ് ഈ പ്രത്യേക വികസന പാക്കേജിന് രൂപം നല്കിയിരിക്കുന്നത്. ഇതിലൂടെ ഈ വിഭാഗത്തിന്റെ ഉന്നമനവും ജീവിത നിലവാരത്തിൽ സുസ്ഥിരമായ നേട്ടങ്ങൾ കൈവരിക്കുന്നതും ലക്ഷ്യമിടുന്നു. പദ്ധതിയുടെ ആദ്യഘട്ടത്തിൽ വയനാട്ടിലെ പണിയ സമുദായത്തിന്റെ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കും. ഈ പദ്ധതിയിലൂടെ സാമൂഹിക സമത്വത്തിന്റേയും ഉൾക്കൊള്ളലിന്റേയും തത്വങ്ങളുമായി യോജിപ്പിച്ചുകൊണ്ട് പണിയ ജനതയുടെ

ശാക്തീകരണത്തിനും ക്ഷേമത്തിനും പ്രാധാന്യം നൽകുന്നു. പ്രത്യേക വകയിരുത്തലും തന്ത്രപരമായ ഇടപെടലുകളും വഴി പണിയ സമുദായം നേരിടുന്ന സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ പദ്ധതിയിലൂടെ ശ്രമിക്കും.

ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, സുസ്ഥിര ഉപജീവനമാർഗം എന്നിവയ്ക്ക് പ്രാധാന്യം നൽകികൊണ്ട്, അടിയന്തര ആവശ്യങ്ങളും ദീർഘകാല വളർച്ചാ സാധ്യതകളും നടപ്പാക്കുന്നതിന് സമഗ്രമായ പാക്കേജ് തയ്യാറാക്കുന്നതിന് ഈ പദ്ധതിയുടെ തുക വിനിയോഗിക്കാം. വികസന പാക്കേജ് തയ്യാറാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന് ഏതെങ്കിലും അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്താം. സമഗ്രമായ വിവരങ്ങൾ വിലയിരുത്തുന്നതിലൂടെ പണിയ സമുദായത്തിന്റെ വികസന ആവശ്യങ്ങൾ തിരിച്ചറിയുന്നതിനും അവ പരിഹരിക്കുന്നതിന് ലക്ഷ്യാധിഷ്ഠിത സമീപനം രൂപീകരിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവേ നിലവിലുള്ള വിവരങ്ങൾ കണ്ടെത്തുന്നതിന് ഉപയോഗിക്കും. കൂടാതെ, വിഭവ വിനിയോഗവും ഫലപ്രാപ്തിയും വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള പദ്ധതികളുടെ സംയോജനം ഉറപ്പാക്കേണ്ടതുണ്ട്.

ഈ സമൂഹത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക വിടവുകൾ നികത്താൻ ഈ പദ്ധതിക്ക് കീഴിലുള്ള വിഹിതം വിനിയോഗിക്കാം. മുൻഗണനാ മേഖലകൾക്ക് ഊന്നൽ നൽകുകയും, വികസന ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ആവശ്യാനുസരണം ഈ പദ്ധതിയിൽ നിന്ന് പ്രത്യേക ധനസഹായം നൽകുകയും ചെയ്യാവുന്നതാണ്. ജില്ലകളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ജില്ലാ തല കമ്മിറ്റി ഈ പദ്ധതി നിരീക്ഷിക്കും. പട്ടികവർഗ്ഗ വികസന വകുപ്പ് പദ്ധതി പുരോഗതി ഉചിതമായ രീതിയിൽ നിരീക്ഷിക്കുകയും കാലാനുസൃതമായ വിലയിരുത്തൽ നടത്തി വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പാക്കേണ്ടതുമാണ്.

2025-26 വർഷത്തിൽ 300.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**20. പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം**

**(വിഹിതം: 2746.00 ലക്ഷം രൂപ)**

പ്രസ്തുത പദ്ധതിയുടെ കീഴിൽ അഞ്ച് ഉപ പദ്ധതികളാണ് ഉള്ളത്.

**(i) പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം**

**(വിഹിതം: 600.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രക്ഷിതാക്കൾക്ക് അവരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുക എന്നതാണ് ഈ ഉപപദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മാതാപിതാക്കൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് വിവാഹ ധനസഹായം ഗ്രാന്റായാണ് നൽകുന്നത്. പ്രായപൂർത്തിയായ പെൺകുട്ടിക്ക് 1.50 ലക്ഷം രൂപ എന്ന നിരക്കിൽ വിവാഹ ധനസഹായം അനുവദിക്കുന്നു. വിധവകളുടേയും, അവിവാഹിതരായ അമ്മമാരുടേയും സാമ്പത്തികശേഷി വളരെ കുറഞ്ഞ മാതാപിതാക്കളുടേയും പെൺമക്കൾക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്. അനാഥരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ഈ പദ്ധതിയിലൂടെ രണ്ട് ലക്ഷം രൂപ നൽകുന്നു. സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതി നടപ്പിലാക്കുന്നതാണ്. 2025-26 സാമ്പത്തിക വർഷത്തിൽ ഏകദേശം 400 കുടുംബങ്ങൾക്ക്/വിവാഹ പ്രായമെത്തിയ പെൺകുട്ടികൾക്ക് ഈ പദ്ധതി വഴി സഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു. അതിദാരിദ്ര്യ സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് മുൻഗണന നൽകും.

2025-26 വർഷത്തില് 600.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**(ii) സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള സഹായം**

**(വിഹിതം: 400.00 ലക്ഷം രൂപ)**

വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന ആജീവനാന്ത പാരമ്പര്യ രോഗമാണ് സിക്കിൾസെൽ അനീമിയ. തുടർച്ചയായ ശരീരവേദന, മാനസിക സമ്മർദ്ദം, കഠിനമായ ജോലി ചെയ്യാനുള്ള ബുദ്ധിമുട്ട്, പോഷണങ്ങളുടെ കുറവ് തുടങ്ങിയ പ്രശ്നങ്ങളാണ് പൊതുവായി ഇത്തരം രോഗികളിൽ കണ്ടുവരുന്നത്. ഇത്തരം രോഗികൾക്ക് സർക്കാർ ഉത്തരവിനനുസരിച്ച് പ്രതിമാസ ധനസഹായം നൽകും. ഇതുകൂടാതെ, ഓരോ കുടുംബത്തിനും/വ്യക്തികൾക്കും ഉചിതമായ ട്രേഡുകളിൽ വൈദഗ്ധ്യം നൽകിയ ശേഷം, അത്തരം രോഗികളുടെ ഉപജീവന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കാവുന്ന പദ്ധതികളെ അടിസ്ഥാനമാക്കി ഒറ്റത്തവണ സഹായം നൽകും. എ.എം.ആർ.ഐ.ഡി, കിർത്താഡ്സ് തുടങ്ങിയ

സ്ഥാപനങ്ങൾ മുഖേന ഇത്തരം രോഗികൾക്ക് ഇത് സംബന്ധിച്ച നൈപുണ്യ പരിശീലനം നൽകും. സ്ക്രീനിംഗ് പരിപാടിയും നടത്തുന്നതാണ്. അതിദാരിദ്ര്യ സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് മുൻഗണന നൽകും.

2025-26 വർഷത്തിൽ 400.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു

**(iii) ജനനി-ജന്മരക്ഷ**

**(വിഹിതം: 1700.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ വികസനത്തിലെ പ്രധാന ആശങ്കകളിലൊന്ന് അമ്മയുടേയും കുഞ്ഞിന്റേയും പോഷകാഹാര പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണ്. മതിയായ വരുമാനത്തിന്റെ അഭാവമാണ് പട്ടികവർഗ്ഗ സ്ത്രീകൾക്കിടയിൽ മാതൃത്വത്തിനു മുമ്പും ശേഷവുമുള്ള പരിചരണം അപര്യാപ്തമാകുന്നതിനുള്ള പ്രധാന കാരണം. ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ കുട്ടിക്ക് ഒരു വയസ്സ് തികയുന്നതു വരെ 18 മാസത്തേക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ സമയബന്ധിതമായ സാമ്പത്തിക സഹായം നൽകുന്നതിന് ഈ ഉപപദ്ധതി ലക്ഷ്യമിടുന്നു. ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കും സഹായധനം നൽകുന്നത്. മാസം തോറും സഹായം ഗുണഭോക്താക്കളിൽ എത്തുന്നുണ്ടെന്ന് വകുപ്പ് ഉറപ്പാക്കുകയും ഗർഭിണികളുടേയും മുലയൂട്ടുന്ന അമ്മമാരുടേയും പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായം വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യും. ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും കൃത്യമായ കൗൺസിലിംഗും ആരോഗ്യ നിരീക്ഷണവും നൽകുന്നതിനുള്ള ഒരു സംവിധാനം മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളും പി.എച്ച്.സികളും വഴി ഉറപ്പാക്കുന്നതാണ്.

2025-26 വർഷത്തിൽ 1700.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു

**(iv) പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം**

**(വിഹിതം: 45.00 ലക്ഷം രൂപ)**

പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്ക് 10,000 രൂപ വാർഷിക ഗ്രാന്റായി ഈ ഘടകം വഴി നൽകുന്നു. കിർത്താഡ്സിന്റെ സഹായത്തോടുകൂടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. തുക ഡി.ബി.റ്റി സംവിധാനം വഴി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറും. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. പരമ്പരാഗത ഗോത്ര ചികിത്സകരുടെ വിശദാംശങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ പ്രസിദ്ധീകരിക്കുകയും അവർക്കായി ഓൺലൈൻ കൺസൾട്ടേഷനുകൾ/ഓൺലൈൻ അപ്പോയിൻമെന്റ്/ഓൺലൈൻ പേയ്മെന്റ് തുടങ്ങിയ സംവിധാനങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. പട്ടികവർഗ്ഗ വൈദ്യൻമാർക്ക് പത്ത് ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അടുത്ത തലമുറയ്ക്ക് അറിവ് പകർന്നു നൽകുന്നതിന് സഹായം നൽകുന്നതിനും പദ്ധതി ലക്ഷ്യം വെക്കുന്നു. 2025-26 കാലയളവിൽ 260 പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യന്മാരെ സഹായിക്കാൻ ഉദ്ദേശിക്കുന്നു.

2025-26 വർഷത്തിൽ 45.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു

**(v) ഗോത്ര വാത്സല്യ നിധി (പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് എൻഡോവ്മെന്റ് പരിപാടി)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് സാമൂഹികവും സാമ്പത്തികവുമായ സുരക്ഷിതത്വം നൽകുകയും അതുവഴി ജനനം മുതൽ അവരുടെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ സമഗ്രമായ വികസനം കൈവരിക്കാൻ സഹായിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ആരോഗ്യ-വിദ്യാഭ്യാസ നേട്ടങ്ങൾ ഉറപ്പാക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. പെൺകുട്ടി പത്താംക്ലാസ് എത്തുമ്പോഴോ 18 വയസ്സ് പൂർത്തിയാകുമ്പോഴോ ഈ ദീർഘകാല നിക്ഷേപ പദ്ധതി പൂർത്തിയാകും. ഇൻഷ്വറൻസ് തുക ഉന്നത വിദ്യാഭ്യാസത്തിനും ജീവിതസ്ഥിരത ഉറപ്പുവരുത്തുന്നതിനും ഉപയോഗിക്കാവുന്നതാണ്. ഇതനുസരിച്ച് പെൺകുഞ്ഞിന്റെ ജനന രജിസ്ട്രേഷൻ, പ്രതിരോധ കുത്തിവെയ്പ്പ്, സ്കൂൾപ്രവേശനം തുടങ്ങിയവയെല്ലാം ഉറപ്പുവരുത്താം. മാതാപിതാക്കളുടെ മരണവും സ്ഥിരമായ അംഗവൈകല്യവും ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതൊരു ദീർഘകാല പദ്ധതി ആയതിനാൽ ഒരു മോണിട്ടറിംഗ് സോഫ്റ്റ് വെയർ രൂപീകരിച്ച് പദ്ധതിയുടെ മേൽനോട്ടവും ഇൻഷ്വറൻസ് വരിസംഖ്യയുടെ പ്രീമിയവും നിരീക്ഷിക്കേണ്ടതാണ്. 2025-26 വർഷത്തിൽ ടോക്കൺ വ്യവസ്ഥയായി 1.00 ലക്ഷം രൂപ നൽകുന്നു.

2025-26-വർഷത്തിൽ മുകളിൽ പറഞ്ഞ അഞ്ചു ഘടകങ്ങൾക്കായി ആകെ 2746.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 21. ഭക്ഷണത്തിനുള്ള സഹായം/ഭക്ഷ്യസുരക്ഷയ്ക്കുള്ള പരിപാടി

**(വിഹിതം: 2000.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പട്ടികവർഗ്ഗ മേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. മൺസൂൺ, പ്രകൃതിക്ഷോഭങ്ങൾ, അത്യാഹിതങ്ങൾ, തുടങ്ങി പട്ടികവർഗ്ഗക്കാർക്കു തൊഴിൽ ഇല്ലാത്ത സമയങ്ങളിൽ അവർക്കു പോഷകാഹാരവും ഭക്ഷ്യസുരക്ഷയും ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു. ഭക്ഷ്യധാന്യങ്ങൾ ഓരോ ഗോത്ര പ്രദേശത്തേയും ഭക്ഷണ രീതിയും അഭിരുചികളും മുൻഗണനകളും അടിസ്ഥാനമാക്കി ബന്ധപ്പെട്ട പി.ഒ/ടി.ഡി.ഒ തലത്തിൽ തീരുമാനക്കുന്നതാണ്. വിധവകൾ കുടുംബനാഥയായുള്ള കുടുംബങ്ങൾക്കും അവിവാഹിതരായ അമ്മമാർക്കും പ്രത്യേക മുൻഗണന നൽകുന്നതാണ്. പട്ടികവർഗ്ഗ അംഗങ്ങളുടെ വിളർച്ചയും പോഷകാഹാരക്കുറവും കണക്കിലെടുത്തും, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, സിക്കിൾ സെൽ അനീമിയ രോഗികളുള്ള കുടുംബങ്ങൾ എന്നിവർക്ക് പ്രത്യേക പരിഗണന നൽകിയും വേണം ഭക്ഷ്യവസ്തുക്കൾ തെരഞ്ഞെടുക്കേണ്ടത്.

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഓണം/പ്രത്യേക ആഘോഷങ്ങളുള്ള അവസരങ്ങളിൽ ഭക്ഷണ പായ്ക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള ചെലവും, ഗതാഗത ചെലവും ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു. കൂടാതെ ദേവികുളം ഗിരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴി ഇടുക്കി ജില്ലയിലെ ഇടമലക്കുടി പട്ടികവർഗ്ഗ അധിവാസ കേന്ദ്രത്തിലുള്ള രണ്ട് റേഷൻ കടകളിലേക്കും കൂടാതെ സംസ്ഥാനത്തെ വിദൂര പട്ടികവർഗ്ഗ മേഖലയിലേക്ക് ഭക്ഷണസാധനം എത്തിക്കുന്നതിനുള്ള ഗതാഗത ചെലവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് കൂടാതെ പ്രകൃതി ദുരന്തമുണ്ടാകുന്ന അവസരങ്ങളിൽ പ്രത്യേക ഭക്ഷണ പാക്കറ്റുകൾ നൽകുന്നതിനും, കുടുംബശ്രീയും മറ്റ് അംഗീകൃത ഏജൻസികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കമ്മ്യൂണിറ്റി കിച്ചണിന് വേണ്ട തുകയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പോഷകാഹാരക്കുറവുള്ള കുട്ടികൾ, അമ്മമാർ, കിടപ്പ് രോഗികൾ, വൃദ്ധജനങ്ങൾ എന്നിവർക്കുള്ള പോഷകാഹാര വിതരണത്തിനും തുക വിനിയോഗിക്കാവുന്നതാണ്. അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും പോഷകാഹാരക്കുറവ് സംബന്ധിച്ച് പ്രത്യേക ശ്രദ്ധ നൽകുകയും, വിവിധ പദ്ധതികൾ പ്രകാരം പ്രദേശത്ത് ഉൽപ്പാദിപ്പിക്കുന്ന റാഗി, ചോളം, പയർ, പച്ചക്കറികൾ തുടങ്ങിയ കാർഷിക ഉൽപന്നങ്ങൾ പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തി പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതാണ്. അതിദാരിദ്ര്യ സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് മുൻഗണന നൽകും.

സ്കൂളുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത- സായാഹ്ന ഭക്ഷണം നൽകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികൾക്ക് ഫണ്ടിന്റെ അഭാവം നേരിടുന്ന സാഹചര്യത്തിൽ, ഈ പദ്ധതി പ്രകാരമുള്ള തുക വിനിയോഗിക്കാവുന്നതാണ്.

ഈ പദ്ധതിയുടെ നടത്തിപ്പിനായി 2025-26 - സാമ്പത്തിക വർഷത്തിൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 22. സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണം

**(വിഹിതം: 3200.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൽ താഴെ പറയുന്ന ഘടകങ്ങൾക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്.

### i. ആരോഗ്യ പരിപാലന സ്ഥാപനങ്ങളുടെ നടത്തിപ്പ്

പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടി (2 ക്ലിനിക്കുകൾ), ചാലക്കുടി (1 ക്ലിനിക്ക്), ഇടുക്കി (2 ക്ലിനിക്കുകൾ) എന്നിവിടങ്ങളിലെ വിദൂര പട്ടികവർഗ്ഗ മേഖലകളിൽ അഞ്ച് അലോപ്പതി ഔട്ട്പേഷ്യന്റ് ക്ലിനിക്കുകൾ നടത്തുന്നു. ഈ സ്ഥാപനങ്ങൾ വഴി പ്രതിവർഷം 24,000-ലധികം പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നു. ഈ ഒപി ക്ലിനിക്കുകൾ വഴിയാണ് ആംബുലൻസ് സേവനങ്ങളും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നത്. ഒ.പി ക്ലിനിക്കുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ കരാർ അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗ വികസന വകുപ്പ് നിയമിക്കുന്നത്. മരുന്നുകളുടെ വിലയും ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിനുള്ള മറ്റ് ചാർജ്ജുകളും ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ നിറവേറ്റുന്നതിനുള്ള വ്യവസ്ഥയും, ഈ ഒപി ക്ലിനിക്കുകൾ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള ചെലവും ഈ ഘടകത്തിന് കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്.

### ii. ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിന് വൈദ്യ സഹായം ലഭ്യമാക്കുന്നത് ഈ ഘടകം വിഭാവനം ചെയ്യുന്നു. സിക്കിൾ സെൽ അനീമിയ, ടിബി, ക്യാൻസർ, ഹൃദയം/വൃക്ക/മസ്തിഷ്ക സംബന്ധമായ അസുഖങ്ങൾ, ജലജന്യ രോഗങ്ങൾ തുടങ്ങി വിവിധ രോഗബാധിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംസ്ഥാനത്തെ അംഗീകൃത ആശുപത്രികൾ മുഖേന ചികിൽസാ സഹായം ലഭ്യമാക്കുന്നതിനും പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക വിനിയോഗിക്കാവുന്നതാണ്. മരുന്നുകൾ വാങ്ങുക, സ്കാനിംഗ് ഉൾപ്പെടെയുള്ള വൈദ്യ പരിശോധനകൾ നടത്തുക, വൈദ്യ സഹായം ലഭ്യമാക്കുക, സർക്കാർ ആശുപത്രികളിൽ ആംബുലൻസ് ഇല്ലാത്തപക്ഷം ആംബുലൻസിന്റെ സേവനം ലഭ്യമാക്കുക എന്നിവയ്ക്കായും ഈ തുക ഉപയോഗിക്കാവുന്നതാണ്. ആവശ്യമുള്ള പക്ഷം രോഗികൾക്ക് കൂട്ട് നിൽക്കുന്നവർക്കുള്ള പോക്കറ്റ് മണിയും, രോഗികൾക്കുള്ള ആഹാരത്തിന്റെ ചെലവും ഇതിൽ നിന്നും വഹിക്കാവുന്നതാണ്.

സംസ്ഥാനത്തെ 14 ജില്ലാ ആശുപത്രികളിലും പട്ടികവർഗ്ഗ ജന വിഭാഗങ്ങൾ കൂടുതലുള്ള പ്രദേശങ്ങളിലെ തെരെഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജിലെ സൂപ്രണ്ട്-ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം തുക അനുവദിച്ചു നൽകുന്നതാണ്. കൂടാതെ, കൊച്ചിൻ മെഡിക്കൽ കോളേജ്, പരിയാരം മെഡിക്കൽ കോളേജ് എന്നീ സഹകരണ മെഡിക്കൽ കോളേജുകളിലെ സൂപ്രണ്ടിനും, ശ്രീ ചിത്തിര തതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റേയും റീജിണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നിവിടങ്ങളിലെ ഡയറക്ടർമാർക്കും ഇതിൽ നിന്നും തുക അനുവദിക്കാവുന്നതാണ്. അതിദാരിദ്ര്യ സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് മുൻഗണന നൽകും.

### iii. പട്ടികവർഗ്ഗ ആശ്വാസ നിധി

പ്രകൃതി ദുരന്തങ്ങളും വിവിധ രോഗങ്ങളും ബാധിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് സാമ്പത്തിക സഹായം നൽകുകയാണ് ഈ ഘടകത്തിന്റെ ഉദ്ദേശം. മാരക രോഗങ്ങളായ ക്യാൻസർ, ഹൃദയം/വൃക്ക/മസ്തിഷ്ക സംബന്ധമായ അസുഖങ്ങൾ എന്നിവകൊണ്ട് കഷ്ടത അനുഭവിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികവർഗ്ഗക്കാർക്ക് സാമ്പത്തിക സഹായം നൽകുന്നു. ഇങ്ങനെ കഷ്ടത അനുഭവിക്കുന്നവർക്ക് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സർക്കാർ ഉത്തരവ് പ്രകാരം ഒരാൾക്ക് ഒരു ലക്ഷം രൂപ വരെ ധനസഹായം ലഭിക്കുന്നതാണ്. ബന്ധപ്പെട്ട സ്പെഷ്യലിസ്റ്റ് മെഡിക്കൽ പ്രാക്ടീഷണർമാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. അവശ്യ സന്ദർഭങ്ങളിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്നതും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. മെഡിക്കൽ ക്യാമ്പുകൾ നടത്താനുള്ള സാമ്പത്തിക സഹായം, രോഗിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള സഹായം, ഡോക്ടറുടെ നിർദ്ദേശപ്രകാരം പോഷകാഹാരം നൽകുക, ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കുക, രോഗി മരണപ്പെട്ടാൽ വേണ്ടി വരുന്ന ചെലവ്/പോസ്റ്റ് മോർട്ടത്തിനാവശ്യമായ ചെലവുകൾ, അത്യാഹിതങ്ങൾ കൈകാര്യം ചെയ്യാനുള്ള സഹായനിധി/അപ്രതീക്ഷിത സംഭവങ്ങൾ/അപകടങ്ങൾ, ദുരിതമനുഭവിക്കുന്നവർക്ക് ഉടനടി സഹായം എത്തിച്ചുകൊടുക്കുക എന്നിവയാണ് ഈ ഘടകത്തിന് കീഴിൽ വിഭാവനം ചെയ്യുന്ന മറ്റ് പ്രവർത്തനങ്ങൾ. അതിദാരിദ്ര്യ സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് മുൻഗണന നൽകും.

### iv. ആരോഗ്യ വിദ്യാഭ്യാസ പരിപാടികളും തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചരണ പരിപാടികളും സംഘടിപ്പിക്കുക

മദ്യപാനം, പുകവലി, പുകയില ഉല്പന്നങ്ങളായ പാൻപരാഗ് തുടങ്ങിയവയ്ക്കെതിരായുള്ള ബോധവൽക്കരണവും, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ എന്നിവയെ കുറിച്ച് ക്ലാസുകളും, മെഡിക്കൽ ക്യാമ്പും, മുതിർന്നവർക്കായി പ്രത്യേക ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളും ആരോഗ്യ, എക്സൈസ് വകുപ്പുകളുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പുകളിലൂടേയും ആരോഗ്യ, വിദ്യാഭ്യാസ സെഷനുകളിലൂടേയും നടത്തുവാൻ ഉദ്ദേശിക്കുന്നു. ഈ മേഖലകൾക്ക് പ്രാധാന്യം നൽകിയുള്ള ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും കൗൺസിലിങ്ങിനും മുൻഗണന നൽകും. ദീർഘകാലമായി മദ്യപാനത്തിന് അടിമപ്പെട്ട് ലഹരി വിമോചന കേന്ദ്രങ്ങളിൽ എത്തുന്നവരുടെ ആശുപത്രി ചെലവും ഈ പദ്ധതിയിൽ നിന്നും കണ്ടെത്താവുന്നതാണ്.

### v. പോഷകാഹാരക്കുറവ്, ശിശുമരണ, മാതൃമരണ നിരക്കുകൾ എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ സ്ഥാപനങ്ങളുടെ രൂപീകരണം

ഗുരുതര പോഷകാഹാരക്കുറവുള്ള പട്ടികവർഗ്ഗ മേഖലകളിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഉപയോഗപ്പെടുത്തിക്കൊണ്ട് പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. പരിശോധന, പോഷകാഹാര കൗൺസിലിംഗ്, പൂരകപോഷകാഹാരം നൽകൽ, പോഷകാഹാര ബോധവൽക്കരണ പ്രചരണ പരിപാടി, ശുചിത്വ ബോധവല്ക്കരണം, പ്രസവത്തിന് മുമ്പും പിമ്പുമുള്ള പരിശോധനകൾ, റഫറൽ സേവനങ്ങൾ എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ. പട്ടികവർഗ്ഗക്കാരുടെ പ്രാദേശികവും വംശീയവുമായ പ്രത്യേകതകൾ കണക്കിലെടുത്ത് ഏത് തരത്തിലുള്ള ആഹാര ക്രമമാണ് ശാസ്ത്രപരമായി പാലിക്കേണ്ടത് എന്നത് സംബന്ധിച്ച വിവരം നൽകുന്നതോടൊപ്പം പ്രാദേശികമായി ലഭിക്കുന്ന പോഷകഹാരങ്ങളിലൂടെ ആരോഗ്യ സംതുലനാവസ്ഥ ഉണ്ടാക്കുന്നതുമാണ്.

### vi. അട്ടപ്പാടിയിലെ അമ്മവീട്

അട്ടപ്പാടി ഊരുകളിലെ ഗർഭിണികളുടെ പ്രസവസംബന്ധമായ ബുദ്ധിമുട്ടുകൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ആരംഭിച്ച 'അമ്മവീട്' പദ്ധതിയുടെ തടസ്സമില്ലാത്ത പ്രവർത്തനത്തിന് ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക വിനിയോഗിക്കാം. ഈ പദ്ധതിയിൽ ഗർഭിണികൾക്ക് പ്രസവതീയതിക്ക് മുൻപുതന്നെ 'അമ്മവീട്ടിൽ' വന്ന് സുരക്ഷിതമായ പ്രസവത്തിനായി കുടുംബത്തോടൊപ്പം താമസിക്കാനുള്ള സൗകര്യം ഒരുക്കും. പ്രസവശേഷം അമ്മയും കുഞ്ഞും തൃപ്തികരമായ ആരോഗ്യസ്ഥിതിയോടെ ഊരുകളിലേക്ക് മടങ്ങുന്ന വിധത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

### vii. ട്രൈബൽ പരാമെഡിക്സ് ഇൻ കോളനീസ്

പ്രാക്തനഗോത്ര വർഗ്ഗക്കാരുൾപ്പെടെയുള്ള ഗോത്ര സമൂഹങ്ങൾക്ക് രോഗ സാധ്യത വളരെ കൂടുതലാണ്. ദാരിദ്ര്യം, നിരക്ഷരത, രോഗകാരണങ്ങളെക്കുറിച്ചുള്ള അജ്ഞത, സുരക്ഷിതമായ കുടിവെള്ളത്തിന്റേയും ശുചിത്വത്തിന്റേയും അഭാവം എന്നിവ ഇവരുടെ ദുരിതത്തിന് ആക്കം കൂട്ടുന്നു. ഇവയ്ക്ക് പരിഹാരം കാണുന്നതിനായി മനുഷ്യ വിഭവശേഷി ലഭ്യമാക്കൽ, വിദൂരജന വിഭാഗങ്ങൾക്ക് ആരോഗ്യ സേവനങ്ങൾ എത്തിക്കൽ, ആരോഗ്യ ബോധവല്ക്കരണം, കോളനികളിലെ സാമൂഹ്യ പങ്കാളിത്തം ഉറപ്പുവരുത്തൽ എന്നിവ ശക്തിപ്പെടുത്തണം. പട്ടികവർഗ്ഗ സമുദായങ്ങളിൽ നിന്നുള്ള ഗോത്ര ഭാഷ അറിയാവുന്ന, പാരാമെഡിക്കൽ കോഴ്സുകൾ, പ്രത്യേകിച്ചും ജനറൽ നെഴ്സിംഗ്, മിഡ് വൈഫറി പഠിച്ചവർ ഇത്തരം സ്ഥലങ്ങളിൽ ജോലി ചെയ്യാൻ തയ്യാറാണെങ്കിൽ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കും. ഇത്തരം വ്യക്തികളെ ഹോണറേറിയം വ്യവസ്ഥയിൽ അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലോ ആരോഗ്യ സ്ഥാപനങ്ങളിലോ നിയമിച്ച് പട്ടികവർഗ്ഗ വിഭാഗക്കാരെ ഇത്തരം കേന്ദ്രങ്ങളുമായി സഹകരിപ്പിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്. ഇവർ ഓരോ പട്ടികവർഗ്ഗക്കാരുടേയും ആരോഗ്യനില തുടർച്ചയായി നിരീക്ഷിക്കുകയും, അടുത്തുള്ള ആരോഗ്യ സംരക്ഷണ സ്ഥാപനവുമായി കൂടിയാലോചിച്ച് സമയോചിത പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### viii. മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളുടെ നടത്തിപ്പ്

പട്ടികവർഗ്ഗ മേഖലയ്ക്കായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ/ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ക്ലിനിക്കുകൾ അടുത്തുള്ള പിഎച്ച്സികൾ, സിഎച്ച്സികൾ, താലൂക്ക് ആശുപത്രികൾ, മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ എന്നിവയുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡുമായി (കെഎംഎസ്സിഎൽ) സഹകരിച്ച് വകുപ്പിന് കീഴിൽ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളിൽ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ലാബുകൾ, മരുന്നുകൾ എന്നിവ സജ്ജീകരിക്കുന്നതിനാവശ്യമായ ചെലവ് ഇതിൽ നിന്നും വകയിരുത്താവുന്നതാണ്. അതോടൊപ്പം കുട്ടികളിലേയും ഗർഭിണികളിലേയും പോഷകാഹാരക്കുറവ് സംബന്ധിച്ച് അങ്കണവാടികൾ കണ്ടെത്തിയ റിപ്പോർട്ടുകൾക്ക് ഈ പദ്ധതിയിൽ പ്രത്യേക പരിഗണന നൽകും.

### ix. ഡിജിറ്റലായി ബന്ധിപ്പിച്ച പട്ടികവർഗ്ഗ കോളനികളിലൂടെ ആരോഗ്യ ശാക്തീകരണം

കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിലെ സ്തനാർബുദം, ഓറൽ ക്യാൻസർ, സർവിക്കൽ ക്യാൻസർ എന്നിവ പ്രരംഭഘട്ടത്തിൽ കണ്ടെത്തി തടയുന്നതിനായി ആർസിസിയും സി-ഡാക്കും സംയുക്തമായി വികസിപ്പിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഓട്ടോമേറ്റഡ് സെർവിക്കൽ ക്യാൻസർ

സ്ക്രീനിംഗ് സംവിധാനം ഉപയോഗിച്ച് വയനാട്ടിലെ നല്ലൂർനാട് ആശുപത്രിയിൽ ബ്രാച്ചിതെറാപ്പി സൗകര്യം (ഉപകരണങ്ങൾ ഉൾപ്പെടെ) സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ് ഇത്.

**x. കാറ്റാടി (കേരള ആക്സിലറേറ്റഡ് ട്രൈബൽ എബിലിറ്റി ഡെവലപ്‌മെന്റ് ആൻഡ് ഇൻക്ലൂഷൻ ഇനീഷ്യേറ്റീവ് )**

ഭിന്നശേഷിയുള്ള പട്ടികവർഗ്ഗക്കാർക്ക് അവരുടെ വൈകല്യങ്ങൾ മറികടക്കാൻ വീൽചെയറുകളും ശ്രവണസഹായികളും ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ആദ്യഘട്ടത്തിൽ വയനാട് ജില്ലയിൽ നടപ്പാക്കുന്ന പരിപാടി മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കും. പട്ടികവർഗ്ഗ വികസന വകുപ്പ്, ഭിന്നശേഷിക്കാരുടെ നൈപുണ്യ വികസനവും പുനരധിവാസവും ശാക്തീകരണവും ലക്ഷ്യം വെച്ച് കേന്ദ്ര സാമൂഹികനീതി മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോടുള്ള കോമ്പോസിറ്റ് റീജിയണൽ സെന്ററും (സി.ആർ.സി) സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്.

എ.ഡി.ഐ.പി (അസ്സിസ്റ്റൻസ് റ്റു ഡിസേബിൾഡ് പേഴ്സൺസ് ഫോർ പർച്ചേഴ്സ്/ഫിറ്റിങ് ഓഫ് എയ്ഡ്സ് ആൻഡ് അപ്ലയൻസസ്) പദ്ധതിയിലൂടെ ഉപകരണങ്ങൾ സൗജന്യമായി ലഭിക്കും. ഈ പദ്ധതിയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്യാമ്പുകൾക്കുള്ള സാമ്പത്തിക സഹായം, ഗുണഭോക്താക്കൾക്ക് പദ്ധതിലൂടെ ലഭിക്കുന്ന ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചെലവുകൾ, യാത്രാ ചെലവ്, മറ്റു ചെലവുകൾ തുടങ്ങിയവ ഈ ഘടകത്തിൽ നിന്ന് കണ്ടെത്താനാകും.

ഈ പദ്ധതിക്ക് കീഴിലെ മുകളിൽ പറഞ്ഞ പത്ത് ഘടകങ്ങൾക്കുമായി 3200.00 ലക്ഷംരൂപ 2025-26 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്നു.

**23. ഭവന നിർമ്മാണം – അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം**

**(വിഹിതം: 7000.00 ലക്ഷം രൂപ)**

ലൈഫ് മിഷൻ പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് പട്ടികവർഗ്ഗ വികസന വകുപ്പ് മുൻ വർഷങ്ങളിൽ ഏറ്റെടുത്ത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഘടകങ്ങൾ ചുവടെ ചേർത്തിരിക്കുന്നു

**(i) പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണം.**

മുൻ വർഷങ്ങളിൽ അനുവദിച്ചതും ലൈഫ് മിഷനിൽ ഉൾപ്പെടാത്തതുമായ വീടുകൾ പൂർത്തിയാക്കുന്നതിനുവേണ്ട ധനസഹായം/ശേഷിക്കുന്ന ഗഡുക്കൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

**(ii) സേഫ് (സെക്യൂർ അക്കോമൊഡേഷൻ ആൻഡ് ഫെസിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം) & ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾ/നവീകരണം**

ജീർണിച്ച വീടുകൾ നവീകരിക്കുന്നതിനും പൂർത്തിയാകാത്ത വീടുകളുടെ നിർമാണം പൂർത്തിയാക്കുന്നതിനുമാണ് സേഫ് പദ്ധതി ലക്ഷ്യംവയ്ക്കുന്നത്.

സർക്കാർ മാനദണ്ഡപ്രകാരം, 2006 ഏപ്രിൽ ഒന്നിന് ശേഷം പൂർത്തീകരിച്ചതും, എന്നാൽ 2018 ഏപ്രിൽ ഒന്നിന് ശേഷം വീടുകളുടെ നവീകരണത്തിനോ, വീടുകൾ പൂർത്തീകരിക്കുന്നതിനോ സർക്കാർ ധനസഹായം ലഭിക്കാത്തതും, 2.50 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതുമായവരെയാണ് സേഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കുന്നത്. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഒരു വീടിന് 2.50 ലക്ഷം രൂപ നിരക്കിൽ തുക അനുവദിക്കും. പ്രളയബാധിത കുടുംബങ്ങൾ, 'അതിദാരിദ്ര്യ സർവേ-2021-22' പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ, മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനായി ഇ-സർവേയിൽ കണ്ടെത്തിയ കുടുംബങ്ങൾ എന്നിവർക്ക് പ്രത്യേക പരിഗണന നൽകും.

ഭവനങ്ങളുടെ അറ്റകുറ്റപണികൾ, പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നിവക്ക്, പട്ടികവർഗ്ഗ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്ന സ്വയംസഹായ സംഘമായ ഗോത്രജീവികയ്ക്ക് പരിഗണന നൽകും. 2025-26 കാലയളവിൽ 4500 വീടുകൾ അറ്റകുറ്റപ്പണി/നവീകരണം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതിവിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 25 ശതമാനം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

ഈ പദ്ധതിയുടെ മുകളിൽ പരാമർശിച്ചിരിക്കുന്ന ഘടകങ്ങൾക്കായി 2025-26 സാമ്പത്തിക വർഷത്തിൽ 7000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**24. ഭവനരഹിത പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണം (ലൈഫ് മിഷൻ)**

**(വിഹിതം: 14000.00 ലക്ഷം രൂപ)**

കേരള സർക്കാരിന്റെ നവകേരളം കർമ്മപദ്ധതിയിൽ പ്രഖ്യാപിച്ച നാല് ദൗത്യങ്ങളിൽ ഒന്നാണ് ലൈഫ് മിഷൻ (Livelihood, Inclusion and Financial Empowerment). ഭവനരഹിതർക്ക് വീടും അനുബന്ധ സൗകര്യങ്ങളും നൽകിക്കൊണ്ട് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനാണ് ഈ പദ്ധതി ലക്ഷ്യം വച്ചിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ ഭവന രഹിതർക്കും സുരക്ഷിതമായ ഭവനം നൽകുക എന്നതാണ് മിഷന്റെ ലക്ഷ്യം. സംസ്ഥാന പദ്ധതിയിൽ നിന്നുള്ള ധനസഹായത്തിനു പുറമെ, ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് പുതിയ ഭവനം ലക്ഷ്യം വച്ചുകൊണ്ട് കേരള അർബൻ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (KURDFC) മുഖേന ഹഡ്കോയിൽ നിന്നുള്ള വായ്പാ ധനസഹായവും പ്രാദേശിക സർക്കാരുകളുടെ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ നിന്നും വകയിരുത്തുന്ന ഫണ്ടും ഇതിനായി വിനിയോഗിക്കുന്നതാണ്.

ഈ പദ്ധതിയിൽ ഭൂമിയുള്ളവർക്ക് പുതിയ ഭവന നിർമ്മാണത്തിനും ഭൂരഹിതർക്ക് ഭവന സമുച്ചയമോ ഹൗസിംഗ് ക്ലസ്റ്ററുകളോ നിർമ്മിക്കുന്നതിനും വേണ്ടിയാണ് തുക വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുള്ള തുക പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് മാത്രമാണ് ചെലവഴിക്കുന്നതെന്ന് ലൈഫ് മിഷൻ ഉറപ്പുവരുത്തേണ്ടതാണ്. പുതിയവീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പട്ടികവർഗ്ഗ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്ന ഗോത്രജീവിക സ്വയംസഹായ സംഘങ്ങൾക്ക് മുൻഗണന നൽകും. പദ്ധതിയുടെ 90 ശതമാനം ഗുണഭോക്താക്കളും വനിതകളായിരിക്കും.

2025-26 കാലയളവിൽ പദ്ധതിക്ക് 14000.00 ലക്ഷം രൂപ വകയിരുത്തുന്നു. നിർമ്മാണ പുരോഗതിക്ക് അനുസരിച്ച് മാത്രമേ ഈ പദ്ധതി പ്രകാരം അനുവദിച്ച തുക ചെലവഴിക്കാൻ കഴിയൂ.

**25. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി**

**(വിഹിതം: 4200.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൽ താഴെ പറയുന്ന രണ്ട് ഉപപദ്ധതികൾ ഉൾപ്പെടുന്നു.

**(i) അടിസ്ഥാന സൗകര്യങ്ങൾ**

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, സ്ത്രീകളുടേയും കുട്ടികളുടേയും അടിസ്ഥാന ആവശ്യങ്ങൾ എന്നിവ നിറവേറ്റുന്നതിനാണ് ഈ തുക അനുവദിച്ചിരിക്കുന്നത്.

താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് സഹായം നൽകാൻ ഉദ്ദേശിക്കുന്നു.

- ഊരുകൾക്കുള്ളിലെ റോഡ്, നടപ്പാത, ഡ്രെയിനേജ് സംവിധാനം, ശുചീകരണം
- കുടിവെള്ള വിതരണം- എല്ലാ വീട്ടിലും ഗാർഹിക കണക്ഷൻ നൽകി കുടിവെള്ള വിതരണം ഉറപ്പാക്കണം. (ജൽ ജീവൻ മിഷൻ ഉൾപ്പെടെയുള്ള കുടിവെള്ള പദ്ധതികൾ ഉള്ളിടത്ത് ഈ ഘടകം ഒഴിവാക്കേണ്ടതാണ്).
- സോളാർ ലൈറ്റുകൾ/മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ
- ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ
- ഊരുകൾക്കുള്ളിലെ ഖര, ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ
- വീടുകളുടെ നവീകരണം
- ശൗചാലയ നിർമ്മാണം/ശൗചാലയങ്ങൾ ഉപയോഗയോഗ്യമാക്കുക
- കമ്മ്യൂണിറ്റി സെന്ററുകൾ, സാമൂഹ്യ പഠന മുറികൾ എന്നിവയുടെ നിർമ്മാണം/പരിപാലനം
- ഊരുകൾക്കുള്ളിലെ പൊതു ആസ്തികളുടെ പരിപാലനം
- പൊതു സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കളിസ്ഥലം, കാവ്, കുളം, ശ്മശാനം എന്നിവയുൾപ്പെടെ)
- സംരക്ഷണ ഭിത്തിയുടെ നിർമ്മാണം (മണ്ണിടിച്ചിൽ അപകട സാധ്യത ഉള്ളിടത്ത്)
- കിണർ നവീകരണം
- പ്രയാസകരമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന ഗോത്രങ്ങളുടെ പുനരധിവാസം.
- കുടിൽ വ്യവസായങ്ങൾ

- സാംസ്കാരിക കേന്ദ്രത്തിന്റേയും ലൈബ്രറിയുടേയും നിർമ്മാണവും സജ്ജീകരണവും.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന അഡീഷണൽ ട്രൈബൽ സബ്പ്ലാൻ (എ.ടി.എസ്.പി) പ്രവൃത്തികളുടെ സ്പിൽഓവർ പ്രവർത്തികൾ, പി.കെ കാളൻ പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ എന്നിവക്കുള്ള തുകയും ഈ പദ്ധതിയിൽനിന്നും വഹിക്കാവുന്നതാണ്. എ.റ്റി.എസ്.പിക്കു കീഴിലുള്ള എല്ലാ സ്പിൽഓവർ പ്രവൃത്തികളും, പി.കെ. കാളൻ പദ്ധതിയിലെ എല്ലാ പ്രവർത്തികളും 2025-26 സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്. പി. കെ. കാളൻ പദ്ധതിയുടെ രണ്ടാം ഘട്ടപ്രവർത്തനങ്ങൾ 2025-26 വർഷം ആരംഭിക്കാവുന്നതാണ്.

### (iii) കുടുംബം/സെറ്റിൽമെന്റ് അടിസ്ഥാനമാക്കിയുള്ള മൈക്രോ പ്ലാൻ നടപ്പിലാക്കൽ

പട്ടികവർഗ്ഗക്കാർക്കിടയിലെ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, കുടുംബം/സെറ്റിൽമെന്റ് അടിസ്ഥാനമാക്കിയുള്ള സൂക്ഷ്മതല പദ്ധതികൾ തയ്യാറാക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി പങ്കാളിത്ത ഗ്രാമീണ മൂല്യനിർണ്ണയ ടൂളുകൾ ഉപയോഗിച്ച് ഓരോ കുടുംബത്തിനും ഒരു മൈക്രോ പ്ലാൻ എന്ന അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കും. പട്ടികവർഗ്ഗ വികസന വകുപ്പും പട്ടികജാതി/പട്ടികവർഗ്ഗവികസനത്തിനായുള്ള ജില്ലാതല കമ്മിറ്റികളും മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനും, റിസോഴ്സ് മാപ്പിംഗ് നടത്തുന്നതിനുമായി ലൈൻ ഡിപ്പാർട്ട്മെന്റുകളുമായി വിപുലമായ കൂടിയാലോചനകൾ നടത്തുകയും നടപ്പാക്കാവുന്ന കർമപദ്ധതികൾക്ക് അന്തിമരൂപം നൽകുന്നതിൽ നേതൃത്വപരമായ പങ്ക് വഹിക്കുകയും ചെയ്യേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന സാമൂഹ്യ-സാമ്പത്തിക സർവേ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മൈക്രോ പ്ലാൻ തയ്യാറാക്കുന്നത്, അത് പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റികൾ (ഡി.എൽ.സി ഫോർ എസ്സി/എസ്ടി) അംഗീകരിക്കണം. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 'അതിദാരിദ്ര്യ സർവേ 2021-22' പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് മുൻഗണന നൽകും. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ പദ്ധതികളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ലൈഫ് മിഷൻ, ദേശീയ തൊഴിലുറപ്പ് മിഷൻ (എം.ജി.എൻ.ആർ.ഇ.ജി.എസ്), ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, കുടുംബശ്രീ, സംയോജിത ശിശുവികസന പദ്ധതി (ഐ.സി.ഡി.എസ്), ദേശീയ സാമൂഹിക സഹായ പരിപാടി(NSAP),വിവിധ വകുപ്പുകൾ/ഏജൻസികൾ തുടങ്ങി കേന്ദ്ര/സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കാൻ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തും. സർക്കാർ ഉത്തരവ് പ്രകാരമായിരിക്കും പ്രവൃത്തികളുടെ അംഗീകാരവും നടപ്പാക്കലും. ആദ്യഘട്ടത്തിൽ, ആപേക്ഷിക ദുർബ്ബലതയും പിന്നാക്കാവസ്ഥയും കണക്കിലെടുത്ത് 162 സെറ്റിൽമെന്റുകളെ മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് തിരഞ്ഞെടുക്കും. പട്ടികവർഗ്ഗ വികസന വകുപ്പിലെ സബ് പ്ലാൻ സെൽ മൈക്രോ പ്ലാൻ തയ്യാറാക്കലും നടപ്പാക്കലും ഏകോപിപ്പിക്കും.

മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സബ് പ്ലാൻ സെല്ലിൽ സോഷ്യൽ സയൻസിൽ ബിരുദാനന്തര ബിരുദമുള്ള രണ്ട് ഇന്റേണുകളെ നിയമിക്കാം. ട്രൈബൽ അഫയേഴ്സ് മന്ത്രാലയത്തിന് കീഴിലുള്ള എസ്.ടി.സി (പട്ടികവർഗ്ഗ ഘടകം) യുടെ നിരീക്ഷണത്തിനും ഈ ഇന്റേൺ സഹായിക്കും. നിലവിൽ വിവിധ വികസന വകുപ്പുകൾ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ എസ്.ടി.സി ഫണ്ടുകൾ ഉപയോഗിക്കുന്നുണ്ട്. അതിനാൽ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിന് ശരിയായ നിരീക്ഷണം ആവശ്യമാണ്. 2025-26 കാലയളവിൽ ഇ-സർവേയ്ക്കും മൈക്രോ പ്ലാൻ തയ്യാറാക്കലിനും നടപ്പാക്കലിനും ഈ പദ്ധതിക്ക് കീഴിലെ തുക വിനിയോഗിക്കാം.

2025-26 സാമ്പത്തിക വർഷത്തിൽ 4200.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതിവിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 75 ശതമാനം തുകയും വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

### 26. ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം)

**(വിഹിതം: 4200.00 ലക്ഷം രൂപ)**

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി, പരമാവധി അഞ്ചേക്കർ വരെ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഒരേക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമിയെങ്കിലും ലഭിക്കുന്നതിന് അർഹതയുണ്ട്. പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാർക്കുള്ള നിരവധി വികസന പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നതാണ്. പ്രോജക്ടധിഷ്ഠിത രീതിയിൽ ഊരുക്കൂട്ടങ്ങൾവഴി പദ്ധതികൾ ആസൂത്രണം ചെയ്യുവേണം പുനരധിവാസം

നടത്തേണ്ടത്. മിഷന്റെ പ്രവർത്തനത്തിനുള്ള ഭരണപരമായ ചെലവും ഈ പദ്ധതിയിൽ നിന്ന് കണ്ടെത്താവുന്നതാണ്.

ഇതിന്റെ പ്രധാന ഘടകങ്ങൾ ഭൂരഹിതരായവർക്ക് ഭൂമി വിതരണം ചെയ്യുക, അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, റോഡ്, വൈദ്യുതി എന്നിവ ലഭ്യമാക്കുക, പുനരധിവസിക്കപ്പെട്ട കുടുംബങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിന് വനാതിർത്തിയിൽ ചുറ്റുമതിലിന്റെ നിർമ്മാണം, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസന പ്രോജക്ടുകൾ, സ്വയംതൊഴിൽ പരിപാടികൾ, ആരോഗ്യ പരിപാലനത്തിനുവേണ്ടിയുള്ള വിഹിതം, വിദ്യാഭ്യാസ മേഖലയിലെ ഇടപെടൽ ഡിജിറ്റൽ ഡിവൈഡ് പരിഹരിക്കൽ, എഫ്.ആർ.എ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട സർവ്വേകൾ മറ്റു ചെലവുകൾ എന്നിവയാണ്.

2025-26-ൽ സംസ്ഥാന പട്ടികവർഗ്ഗ പുനരധിവാസ വികസന മിഷൻ മുഖേന പുനരധിവാസവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 4200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**27. പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന മിഷൻ (പുതിയ പദ്ധതി)**

**(വിഹിതം: 800.00 ലക്ഷം രൂപ)**

കേരളത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സുസ്ഥിരമായ ഉപജീവന സാധ്യതകൾ ഒരുക്കികൊടുക്കുക, അതുവഴി അവരുടെ വരുമാനം വർദ്ധിപ്പിക്കുക, മികച്ച പിന്തുണയിലൂടെ സമഗ്രമായ മാനവിക പുരോഗതി ഉറപ്പാക്കുക എന്നിവ പദ്ധതി ലക്ഷ്യംവെയ്ക്കുന്നു. ഇത്തരത്തിൽ, വരുമാനം സൃഷ്ടിക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ സുസ്ഥിര സാമ്പത്തിക സ്വാതന്ത്ര്യം സുഗമമാക്കിക്കൊണ്ട് പട്ടികവർഗ്ഗ സമുദായങ്ങളെ ശാക്തീകരിക്കുന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. കേന്ദ്രീകൃതവും ഘട്ടം ഘട്ടമായുള്ളതുമായ സമീപനം പദ്ധതി നടപ്പാക്കുന്നതിന് പിന്തുടരും. പട്ടികവർഗ്ഗ സ്ത്രീകളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനും അവരുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനും പ്രത്യേക ഊന്നൽ നൽകും

കുടുംബശ്രീ ഗ്രൂപ്പുകളുടെ വിപുലമായ ശൃംഖല പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തും. പ്രാദേശിക സാമ്പത്തിക വികസന (എൽ.ഇ.ഡി) പരിപാടികളുമായി സംയോജിച്ച്, പട്ടികവർഗ്ഗ സമുദായങ്ങളുടെ കഴിവുകളും, പ്രാദേശിക ഉൽപ്പന്നങ്ങളും പ്രയോജനപ്പെടുത്തി കൂടുതൽ വരുമാന മാർഗ്ഗങ്ങൾ സൃഷ്ടിച്ച്, ദീർഘകാല സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്ന വിധത്തിൽ പദ്ധതി രൂപകൽപ്പന ചെയ്യും. നൈപുണ്യ വികസനം, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, വായ്പാ ലഭ്യത, ആസൂത്രിതമായ പങ്കാളിത്തം എന്നിവയുൾപ്പെടെയുള്ള കേന്ദ്രീകൃത ഇടപെടലുകളിലൂടെ, പട്ടികവർഗ്ഗ സെറ്റിൽമെന്റുകളെ സ്വാശ്രയ സാമ്പത്തിക കേന്ദ്രങ്ങളാക്കി മാറ്റാനും ഇതിലൂടെ സമഗ്രമായ വളർച്ചയും സാമൂഹിക സമത്വവും പ്രോത്സാഹിപ്പിക്കാനും പദ്ധതിയിലൂടെ ശ്രമിക്കും.

2025-26 സാമ്പത്തിക വർഷം, ഈ പദ്ധതി പ്രാരംഭഘട്ടത്തിൽ ഒരു ജില്ലയിൽ നടപ്പിലാക്കുന്നതിന്, ഈ മേഖലയിലെ അംഗീകൃത ഏജൻസികളുടെ സഹായത്തോടെ കർമ്മ പദ്ധതി വികസിപ്പിക്കുന്നതിന് പദ്ധതി തുക വിനിയോഗിക്കാവുന്നതാണ്. ഈ പ്രാരംഭ പ്രവർത്തനം ഡോക്യുമെന്റ് ചെയ്യുകയും, സംസ്ഥാനത്തുടനീളം പദ്ധതി വ്യാപിപ്പിക്കുന്നതിനും, സാമ്പത്തിക ഉൾച്ചേർക്കൽ, സുസ്ഥിര വികസനം തുടങ്ങിയ ലക്ഷ്യങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള ഒരു ബ്ലൂപ്രിന്റ് ആയി ഇത് പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഈ പദ്ധതി പ്രകാരമുള്ള വിഹിതം, നൈപുണ്യ വികസനം, മാർക്കറ്റിംഗ് സപ്പോർട്ട് മെക്കാനിസങ്ങൾ, ടൂൾകിറ്റിനുള്ള സഹായം, ഉപജീവന പ്രവർത്തനങ്ങൾക്ക് സഹായകമായ വർക്ക്സ്പേസുകളുടെ വികസനം എന്നിവയ്ക്കായി ഉപയോഗിക്കാം.

ഈ പദ്ധതിക്ക് കീഴിൽ അനുവദിക്കുന്ന വിഹിതം, സാധ്യമായ എല്ലാ പട്ടികവർഗ്ഗ മേഖലകളിലും 'എൻ ഊര്' മാതൃകയിൽ പൈതൃക ടൂറിസം സംരംഭങ്ങൾക്കുള്ള പിന്തുണക്കും, പട്ടികവർഗക്കാരുടെ എത്നിക് ഫുഡ് സ്റ്റാർട്ടപ്പുകൾ സ്ഥാപിക്കുന്നതിനത്തിനുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിനും വിനിയോഗിക്കാവുന്നതാണ്. പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടേയും ഈ പ്രവർത്തികൾ ഏറ്റെടുക്കാവുന്നതാണ്.

സർക്കാർ വകുപ്പുകൾ, ഏജൻസികൾ, ഈ മേഖലയിൽ വൈദഗ്ധ്യമുള്ള പ്രശസ്തമായ എൻ.ജി.ഒ.കൾ എന്നിവയുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് ടി.ആർ.ഡി.എം മേൽനോട്ടം വഹിക്കും. സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന് പദ്ധതികൾ സമർപ്പിക്കുന്നതിന് മുമ്പ് പദ്ധതി അംഗീകാര-നിരീക്ഷണ സമിതി പദ്ധതികൾ അവലോകനം ചെയ്യേണ്ടതാണ്.

2025-26 വർഷത്തിൽ 800.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

## 28. ഇടമലക്കുടി സമഗ്ര വികസന പാക്കേജ്

**(വിഹിതം: 400.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ ആദ്യ പട്ടികവർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടി ഒട്ടേറെ വികസനപ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, റോഡ്, കണക്റ്റിവിറ്റി, വിദ്യാഭ്യാസം, ആരോഗ്യ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കുക എന്നത് പരമ്പരാഗത വികസന മാതൃകകൾ കൊണ്ട് എളുപ്പമുള്ള കാര്യമല്ല. അതിനാൽ ഇടമലക്കുടിയുടെ പ്രശ്നം പരിഹരിക്കുന്നതിനും വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഒരു പ്രത്യേക ലക്ഷ്യ പരിപാടി ആവശ്യമാണ്. ഇടമലക്കുടിയുടെ വികസനത്തിന്റെ ആവശ്യങ്ങളും അവ നിറവേറ്റുന്നതിനുവേണ്ട വിഭവങ്ങളും തമ്മിലുള്ള വിടവ് നികത്തുന്നതിനാണ് ഈ പദ്ധതി.

ജില്ലാ പ്ലാനിംഗ് ഓഫീസ്, ഊരുകൂട്ടം, ഗ്രാമപഞ്ചായത്ത്, പട്ടികവർഗ്ഗ വികസന വകുപ്പ്, വനം വകുപ്പ്, കുടുംബശ്രീ, പ്രധാന ലൈൻ ഡിപ്പാർട്ടുമെന്റുകൾ എന്നിവയിൽ നിന്നുള്ള അംഗങ്ങൾ അടങ്ങുന്ന ഒരു പ്രത്യേക വികസന സമിതി ഇതിനായി ഉണ്ടാക്കേണ്ടതാണ്. ഇടമലക്കുടിയുടെ സമഗ്ര വികസനത്തിന് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ സംയോജനവും വിവിധ ഫണ്ട് സ്രോതസ്സുകളുടെ സംയോജനവും വിഭാവനം ചെയ്യുന്നു.

2025-26 വർഷത്തിൽ, ഭവനം, വൈദ്യുതി, റോഡ്, ഉപജീവനമാർഗം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളിലും, സർക്കാർ ഓഫീസുകൾക്കും സ്റ്റാഫ് ക്വാർട്ടേഴ്സുകൾക്കുമായി ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണം, സ്കൂൾ കെട്ടിടം, അനുബന്ധ നിർമ്മിതികൾ, അംഗൻവാടികളുടേയും കമ്മ്യൂണിറ്റി സെന്ററുകളുടേയും നിർമ്മാണം, എൻ.ടി.എഫ്.പി കളക്ഷൻ സെന്റർ, ആരോഗ്യ സംരക്ഷണത്തിന് വേണ്ടിയുള്ള സൗകര്യങ്ങൾ തുടങ്ങിയവയും, നിലവിലുള്ള സംയോജിത ഇടമലക്കുടി വികസന പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള എല്ലാ പദ്ധതികളും, പെട്ടിമുടി-ഇടലിപ്പാറക്കുടി റോഡിന്റെ അനുബന്ധ റോഡുകളുടെ നിർമ്മാണവും ലക്ഷ്യമിടുന്നു.

ബാലസഭകളും കുടുംബശ്രീ അയൽക്കൂട്ടങ്ങളും രൂപീകരിക്കുന്നതിനും, കുടുംബശ്രീയുടെ ഉപജീവന പ്രവർത്തനങ്ങൾക്കും, കുടുംബശ്രീ പ്രവർത്തക സംഘങ്ങളെ സജീവമായി പരിശീലിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, എസ്‌സി/എസ്ടി ഫെഡറേഷൻ തുടങ്ങിയ ഏജൻസികളുടെ പിന്തുണയോടെ പ്രാദേശിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ചെയ്യാനും തുക വിനിയോഗിക്കാം. ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസ് വഴി ഈ പദ്ധതി ഏകോപിപ്പിക്കാവുന്നതാണ്. ചീഫ് സെക്രട്ടറി അധ്യക്ഷനായ എംപവേർഡ് കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതി നിരീക്ഷിക്കും.

സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയ സംയോജിത വികസന പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള വിവിധ പ്രവർത്തനങ്ങളും പഞ്ചായത്തിലെ പ്രത്യേക വികസന സമിതി നിർദ്ദേശിച്ച പുതിയ പ്രവർത്തനങ്ങളും നിറവേറ്റുന്നതിനായി 2025-26 കാലയളവിൽ 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 29. പട്ടികവർഗ്ഗ ഉന്നതികളിലെ അടിസ്ഥാന സൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് (പുതിയ പദ്ധതി)

**(വിഹിതം: 1150.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗ ഉന്നതികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, എല്ലാവരും ഉൾക്കൊള്ളുന്ന വികസനം ഉറപ്പാക്കി പട്ടികവർഗ്ഗക്കാരുടെ മൊത്തത്തിലുള്ള ക്ഷേമം വർദ്ധിപ്പിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടാത്തതും, സഹായം ആവശ്യമുള്ളതുമായ ഉന്നതികളിൽ സുരക്ഷിതമായ കുടിവെള്ളം, വൈദ്യുതി കണക്ഷനുകൾ, ഗതാഗതയോഗ്യമായ റോഡുകൾ, അങ്കണവാടികൾ/ക്രഷുകൾ മുതലായ ശിശുപരിപാലന സൗകര്യങ്ങൾ, ശ്മശാനങ്ങൾ, സമഗ്രമായ ശുചിത്വ സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് ഈ പദ്ധതി പ്രാധാന്യം നൽകുന്നു. ഇതിനായി നിലവിലുള്ള മറ്റ് പദ്ധതികൾ പ്രയോജനപ്പെടുത്തുവാൻ സാധിക്കാതെ വരുന്ന സന്ദർഭങ്ങളിൽ അത്തരം പ്രവർത്തനങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള തുക പ്രയോജനപ്പെടുത്തുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

2025-26 വർഷത്തിൽ 1150.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**ഇ. മറ്റ് പദ്ധതികൾ**

**30. വിവര, വിദ്യാഭ്യാസ, വിനിമയ പദ്ധതി (ഐ.ഇ.സി)**

**(വിഹിതം: 300.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗ സമൂഹങ്ങളുടെ അവകാശങ്ങൾ, അധികാരങ്ങൾ, ക്ഷേമപദ്ധതികൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം, സാമൂഹിക തിന്മകൾക്കും അതിക്രമങ്ങൾക്കുമെതിരായ ക്യാമ്പെയിനുകൾ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഈ പദ്ധതിയിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്നു.

**(i) പബ്ലിസിറ്റി വിഭാഗം/ഇൻഫർമേഷൻ എഡ്യൂക്കേഷൻ കമ്മ്യൂണിക്കേഷൻ പ്രോജക്റ്റ് (ഐ.ഇ.സി പ്രോജക്റ്റ്)**

ഈ ഘടകത്തിന് കീഴിലെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

i. സാംസ്കാരിക പരിപാടികൾ, എക്സിബിഷനുകൾ, പട്ടികവർഗ്ഗ വിഭാഗക്കാരുടെ നാടൻ കലോത്സവങ്ങൾ തുടങ്ങിയവ നടത്തുക.

ii. ഓഡിയോ വിഷ്വൽ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള പ്രചാരണ സാമഗ്രികൾ അടങ്ങിയ വാഹന സൗകര്യം ഉപയോഗിച്ച് ഓരോ ജില്ലയിലും പട്ടികവർഗ്ഗ യുവാക്കളുടെ ട്രൈബൽ അഡ്വക്കസി യൂണിറ്റുകൾ സ്ഥാപിച്ച് പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ ബോധവൽക്കരണ പരിപാടികളും അഭിഭാഷണ പരിപാടികളും നടത്തുക.

iii. പട്ടികവർഗ്ഗക്കാരുടെ ജീവിതരീതി, ആചാരങ്ങൾ, സംസ്കാരം, ഭാഷ എന്നിവയുടെ വീഡിയോ ഡോക്യുമെന്റേഷൻ ഉൾപ്പെടെയുള്ള ഡിജിറ്റൽ ഡോക്യുമെന്റേഷൻ പൂർത്തിയാക്കുക.

iv. ജില്ലാതല/സംസ്ഥാനതല സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ കലയിലും കായികരംഗത്തും കഴിവുള്ള പട്ടികവർഗ്ഗ യുവാക്കൾക്ക് പ്രോത്സാഹനം – സാമൂഹിക ഐക്യദാർഢ്യ പരിപാടികൾ.

v. പബ്ലിസിറ്റി/പരസ്യം/ഡോക്യുമെന്റേഷൻ/പ്രസിദ്ധീകരണങ്ങൾ/പ്രോഗ്രാമുകൾ/സോഷ്യൽ മീഡിയ/ബോർഡുകൾ/ബാനറുകൾ/ഹാൻഡ്ബുക്കുകൾ/ബ്രോഷറുകൾ

vi. പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം, കോഴ്സുമായി ബന്ധപ്പെട്ട മറ്റ് സാമഗ്രികൾ എന്നിവ നൽകുക.

vii. നീറ്റ്/എഞ്ചിനീയറിംഗ് റാങ്ക് ഹോൾഡർമാർക്കും 10, 12 പൊതു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികൾക്കും ക്യാഷ് പ്രൈസ് വിതരണം.

viii. പട്ടികവർഗ്ഗ വികസന വകുപ്പിലെ ടോൾ ഫ്രീ ഓപ്പറേറ്റ് ചെയ്യുന്ന ജീവനക്കാർക്ക് ഓണറേറിയം നൽകുക.

**(ii) ദേശീയ തലത്തിലും സംസ്ഥാന തലത്തിലും വ്യാപാരമേള – ഗദ്ദിക**

പട്ടികവർഗ്ഗക്കാരുടെ കലകളേയും ഉത്സവങ്ങളേയും പരിപോഷിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ദേശീയ കലാ വ്യാപാര മേള. പട്ടികവർഗ്ഗക്കാരുടെ കലാ മേളകളും പട്ടികവർഗ്ഗക്കാർ നിർമ്മിച്ച ഉല്പന്നങ്ങളുടെ പ്രദർശന വില്പന മേളകളും നടത്താൻ ഉദ്ദേശിക്കുന്നു. സ്റ്റാളുകളും വില്പന കൗണ്ടറുകളും സജ്ജീകരിക്കുന്നതിനും സാംസ്കാരിക പരിപാടികൾ നടത്തുന്നതിനുമുള്ള തുക ഇതിൽനിന്നും വഹിക്കാവുന്നതാണ്. വകുപ്പ് രൂപീകരിച്ചതിന്റെ അമ്പതാം വാർഷിക ആഘോഷങ്ങളുമായി ബന്ധപ്പെട്ട്, "ഗദ്ദിക – ആർട്ട് ആൻഡ് ഹാൻഡി ക്രാഫ്റ്റ് ഫെയർ" 2025-2026-ൽ വിപുലമായ രീതിയിൽ സംഘടിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.

**(iii) പട്ടികവർഗ്ഗ വിവിധോദ്ദേശ്യ സാംസ്കാരിക കേന്ദ്രം**

എറണാകുളത്തെ ഫോർഷോറിൽ ഗോത്ര വർഗ്ഗക്കാരുടെ വിവിധ ഉല്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ഒരു ട്രൈബൽ മൾട്ടി പർപ്പസ് ഹബ്ബ് സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്റർ, 200 ആൾക്കാർക്ക് ഇരിപ്പിട സൗകര്യമുള്ള ഓഡിറ്റോറിയം, ഡൈനിംഗ് ഹാൾ, അടുക്കള, ഡോർമെട്രികൾ എന്നിവ ഉൾപ്പെടുന്നതാണ്. കലാപരിപാടികളും പരിശീലന പരിപാടികളും നടത്താനായുള്ള കേന്ദ്രമായും, എംപ്ലോയ്മെന്റ് കം ഫസിലിറ്റേഷൻ സെന്ററായും ഈ കെട്ടിടം ഉപയോഗപ്പെടുത്താവുന്നതാണ്. ഗവൺമെന്റിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സ്വയം പര്യാപ്തമാകുന്നതുവരെ ഈ കേന്ദ്രത്തിന്റെ

പ്രവർത്തനച്ചെലവുകൾ ഐ.ഇ.സിയിൽ നിന്നോ, ഐ.ഇ.സിക്ക് കീഴിലുള്ള വിഹിതം അപര്യാപ്തമാകുന്ന സാഹചര്യത്തിൽ കോർപ്പസ് ഫണ്ടിൽ നിന്നോ വഹിക്കാവുന്നതാണ്.

**iv. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലി ആഘോഷം (പുതിയ ഘടകം)**

പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരിച്ചതിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളും സെമിനാറുകളും നടത്താൻ വകുപ്പ് ലക്ഷ്യമിടുന്നു. വകുപ്പിന്റെ വിവിധ വികസന പരിപാടികളിലൂടെ കൈവരിച്ച നേട്ടങ്ങൾ പങ്കിടുന്നതിനും, ആഗോള അനുഭവങ്ങൾ പങ്കിടുന്നതുവഴി മുന്നോട്ടുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും ഒരു അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിക്കാനും വിഭാവനം ചെയ്യുന്നു.

2025-26-സാമ്പത്തിക വർഷത്തിൽ 300.00 ലക്ഷം രൂപ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്കുവേണ്ടി വകയിരുത്തിയിരിക്കുന്നു.

## 31. പട്ടികവർഗ്ഗ വികസന വകുപ്പ് നവീകരണം

**(വിഹിതം: 240.00 ലക്ഷം രൂപ)**

വകുപ്പിലെ പദ്ധതികളുടെ നടത്തിപ്പിന്റെ സുതാര്യതയും ഉത്തരവാദിത്തവും യോജിച്ച രീതിയിൽ ഉറപ്പാക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും നവീകരണത്തിനും ഡിജിറ്റലൈസേഷനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. 2025-26 കാലയളവിൽ, ഈ പദ്ധതിക്ക് കീഴിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ ജോലി ചെയ്യുന്ന ഓഫീസർമാർ, ജീവനക്കാർ, മെന്റർ ടീച്ചർമാർ, സാമൂഹിക പഠനമുറിയിലെ ട്യൂട്ടർമാർ, പ്രൊമോട്ടർമാർ, സോഷ്യൽ വർക്കർമാർ തുടങ്ങിയവർക്ക് പരിശീലനം നൽകുക.
- കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും, ടാബ് ലെറ്റ്, പി.സി, നോട്ട് ബുക്കുകൾ, ഫോട്ടോ കോപ്പിയർ, പ്രിന്റർ, ഓഫീസ് ഫർണിച്ചറുകൾ വാങ്ങുന്നതിനും, ഡയറക്ടറേറ്റിനേയും പ്രാദേശിക/ജില്ലാ ഓഫീസുകളേയും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിനുള്ള ചെലവുകൾ.
- ഡയറക്ടറേറ്റിലും ഫീൽഡ് ലെവൽ ഓഫീസുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കൽ.
- സോഫ്റ്റ് വെയറുകളുടെ വികസനം, നിലവിലെ സോഫ്റ്റ് വെയറുകളുടെ തുടർ ചെലവുകൾ, ഇ-ഗവേണൻസ് ഉദ്യമം തുടങ്ങുന്നതിനായുള്ള ഹാർഡ് വെയർ വാങ്ങൽ.
- ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിനും, പദ്ധതി നടപ്പാക്കലിനും നിരീക്ഷണത്തിനും ഉള്ള സോഫ്റ്റ്‌വെയറുകൾ, ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള അസറ്റ് മാപ്പിംഗ്.
- വകുപ്പിന്റെ വെബ് സൈറ്റ് മെയിന്റനൻസ്, ഐറ്റിയുമായി ബന്ധപ്പെട്ട സേവനങ്ങളും, ഐ.റ്റി മാനേജർമാർ (ടെക്നിക്കൽ)/പ്രോഗ്രാമർമാർ/ഹാർഡ് വെയർ എഞ്ചിനിയർ എന്നിവരെ നിയോഗിക്കുന്നതിനുള്ള ചെലവ്.
- പ്രോജക്ട് ഓഫീസുകൾ, ട്രൈബൽ ഡവലപ്പമെന്റ് ഓഫീസുകൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ, എഞ്ചിനിയറിംഗ് വിഭാഗം എന്നിവയുടെ ശക്തിപ്പെടുത്തൽ (കമ്പ്യൂട്ടർ, ഫർണിച്ചർ, മറ്റ് സ്റ്റേഷനറി ചെലവുകൾ).
- ഡയറക്ടറേറ്റ്/ടി.ഇ.ഒ ഓഫീസുകൾക്ക് കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും അവയുടെ അറ്റകുറ്റപ്പണികളും.
- പ്ലാനിംഗ് ആൻഡ് മോണിറ്ററിംഗ് സെൽ (സബ് പ്ലാൻ സെൽ) ശക്തിപ്പെടുത്തൽ.
- ഡി.ബി.ടി, ഇ-ഗ്രാന്റ്സ് തുടങ്ങിയവയിൽ പരിശീലനം.
- സർക്കാർ മാനദണ്ഡങ്ങളനുസരിച്ച് ഫീൽഡ് ഉദ്യോഗസ്ഥരുടെ ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കുക.

- പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ (ഫീൽഡ് സന്ദർശനം ഉൾപ്പെടെ) ശരിയായ നിരീക്ഷണത്തിനും വിലയിരുത്തലിനും വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സബ് പ്ലാൻ സെല്ലിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ.
- പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയുമായി ബന്ധപ്പെട്ട സർവ്വേ പരിഷ്കരിക്കുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അസറ്റ് മാപ്പിങ്ങിനും വേണ്ടി വരുന്ന ചെലവ്.
- അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും, സ്റ്റേഷനറി ഇനങ്ങൾ വാങ്ങുന്നതിനുമുള്ള ചെലവ്.
- വകുപ്പിലെ പരാതി പരിഹാര സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ.
- വകുപ്പിന്റെ അവലോകന യോഗത്തിനും, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന, ട്രൈബൽ അഫയേഴ്സ് മന്ത്രാലയത്തിന് (MoTA) കീഴിലുള്ള പട്ടികവർഗ്ഗ ഘടകങ്ങളുടെ (STC) നിരീക്ഷണത്തിനും വേണ്ടിയുള്ള ചെലവുകൾ.
- ട്രൈബൽ അഫയേഴ്സ് മന്ത്രാലയത്തിന് (MoTA) കീഴിലുള്ള പട്ടികവർഗ്ഗ ഘടകങ്ങൾ (STC) നിരീക്ഷിക്കുന്നതിനും, മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും സഹായിക്കുന്നതിനായും പട്ടികവർഗ്ഗ വകുപ്പ് സബ് പ്ലാൻ സെല്ലിൽ നിയമിക്കുന്ന രണ്ട് ഇന്റേണുകളുടെ ഓണറേറിയം എന്നിവ ഈ പദ്ധതിയിൽ നിന്നും വഹിക്കാവുന്നതാണ്.

2025-26 സാമ്പത്തിക വർഷത്തിൽ 240.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

### 32. 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകൽ നിയമം നടപ്പാക്കലും

**(വിഹിതം: 1.00 ലക്ഷം രൂപ)**

1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകലും നിയമപ്രകാരം പട്ടികവർഗ്ഗക്കാർക്ക് ലഭിക്കേണ്ട നേട്ടങ്ങൾ അവർക്ക് ലഭ്യമാക്കുന്നതിന് സഹായം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ഈ നിയമപ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഭൂമി കൈമാറ്റം നിയന്ത്രിക്കുകയും അവർക്ക് അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിച്ച് കൊടുക്കുകയും അതുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ ഏറ്റെടുത്ത് നടത്തുകയും ചെയ്യുന്നു. അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകുന്നതിനും, ഭൂമിയിലുള്ള വികസന പ്രവർത്തനങ്ങൾക്കും, അടിസ്ഥാന സൗകര്യങ്ങൾക്കുമായിട്ടാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്.

ഈ പദ്ധതിക്കായി 2025-26 ൽ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 33. 1989 ലെ അതിക്രമങ്ങൾ തടയൽ നിയമം നടപ്പിലാക്കൽ (50% സംസ്ഥാന വിഹിതം)

**(വിഹിതം: 118.00 ലക്ഷം രൂപ)**

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ നേരിടുന്ന ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും അവരുടെ താൽപ്പര്യങ്ങളും പ്രതിഷേധസ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിനും അവയ്ക്ക് ഭരണഘടനാപരവും നിയമപരവുമായ സംരക്ഷണം നൽകുന്നതിനുമായി, പൗരാവകാശ സംരക്ഷണ നിയമവും പട്ടികജാതി-പട്ടികവർഗ്ഗ-അതിക്രമങ്ങൾ തടയൽ നിയമവും (1989) നിലവിൽ വന്നിട്ടുണ്ട്. അതിക്രമങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ പെട്ടെന്ന് തീർപ്പ് കൽപിക്കുന്നതിന് എല്ലാ ജില്ലാ കോടതികളിലും പ്രത്യേക ബഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

- അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പുനരധിവസിപ്പിക്കുവാനും അവർക്ക് നഷ്ടപരിഹാരം നൽകുവാനും ഉചിതമായ പരിപാടിക്ക് രൂപം നൽകുക.
- അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് നിയമസഹായം ലഭ്യമാക്കുക.
- പട്ടികവർഗ്ഗക്കാർക്ക് മിശ്ര -വിവാഹ ഗ്രാന്റ്.
- വയനാട് ജില്ലയിൽ പ്രത്യേക മൊബൈൽ പൊലീസ് സ്ക്വാഡിന്റെ പ്രവർത്തനം.
- സാക്ഷികൾക്ക് യാത്രാ അലവൻസുകൾ നൽകുക.

2025-26-ൽ 50 ശതമാനം സംസ്ഥാന വിഹിതമായി 118.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 18.00 ലക്ഷം രൂപ പ്രത്യേക കോടതികളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും മറ്റ് ചെലവുകൾക്കുമായി നീക്കിവക്കുന്നതാണ്.

### 34. പട്ടികവർഗ്ഗമേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനവ വിഭവശേഷി പിന്തുണ

**(വിഹിതം: 3068.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗ വികസന വകുപ്പ് സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നിരവധി വികസന പദ്ധതികൾ നടപ്പാക്കുന്നുണ്ട്. പദ്ധതികളുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കുന്നതിനും പിന്തുണ നൽകുന്നതിനും പ്രവർത്തന മേഖലയിൽ ധാരാളം മാനവവിഭവശേഷി ആവശ്യമാണ്. ഈ പദ്ധതി താൽക്കാലിക മാനവവിഭവശേഷി പിന്തുണയ്ക്കാൻ ഉദ്ദേശിച്ചുള്ളതാണ്.

ഈ പദ്ധതിയിൽ താഴെ പറയുന്ന ആറ് ഉപപദ്ധതികളാണുള്ളത്.

#### (i) ട്രൈബൽ പ്രമോട്ടർമാർ

**(വിഹിതം: 1915.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കാൻ വേണ്ടി പട്ടികവർഗ്ഗ മേഖലകളിൽ തെരഞ്ഞെടുത്ത് നിയമിക്കപ്പെടുന്ന ഫെസിലിറ്റേറ്റർമാരാണ് പട്ടികവർഗ്ഗ പ്രൊമോട്ടർമാർ. നിലവിൽ സംസ്ഥാനത്തുടനീളം 1,182 പ്രൊമോട്ടർമാർ പ്രവർത്തിച്ചുവരുന്നു. ഗുണഭോക്താക്കളേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും വികസന വകുപ്പുകളേയും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായും ഇവർ പ്രവർത്തിക്കുന്നു. ഇതിനായി പട്ടികവർഗ്ഗ യുവാക്കളെ തെരഞ്ഞെടുത്ത് നിയമിക്കുകയും അവർക്ക് ഗ്രാമീണ പങ്കാളിത്ത അവലോകനം, പങ്കാളിത്ത മോണിട്ടറിംഗ്, പ്രാഥമിക ആരോഗ്യ പരിപാലനം, പ്രകൃതി വിഭവങ്ങളുടെ പരിപാലനം എന്നിവയിൽ പരിശീലനം നൽകുകയും ചെയ്യുന്നു. കൂടാതെ യുവതി/യുവാക്കളെ ഹെൽത്ത് പ്രൊമോട്ടർമാരായി ആശുപത്രികളിൽ നിയമിച്ചിട്ടുണ്ട്. ഇവർക്ക് ഓരോരുത്തർക്കും പ്രതിമാസം 12,500 രൂപ ഓണറേറിയവും 1,000 രൂപ യാത്രാബത്തയും നൽകുന്നുണ്ട്. ട്രൈബൽ പ്രൊമോട്ടർമാർക്ക് ഓണറേറിയവും, യാത്രാബത്തയും നൽകുന്നതിനും പരിശീലനം നൽകുന്നതിനും വിവിധ അവബോധന പരിപാടികൾ നടത്തുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്നു. ആശുപത്രികളിൽ പട്ടികവർഗ്ഗ രോഗികളെ പരിപാലിക്കുന്ന ഹെൽത്ത് പ്രമോട്ടർമാർക്കുള്ള ഓണറേറിയത്തിനും, യാത്രാബത്തയ്ക്കും തുക വിനിയോഗിക്കാവുന്നതാണ.

2025-26 വർഷത്തിൽ 1915.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

#### (ii) ഊരുകൂട്ടങ്ങളുടെ സംഘാടനം

**(വിഹിതം: 125.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗക്കാരുടെ ശാക്തീകരണത്തിനുവേണ്ടി ഊരുകൂട്ടങ്ങൾ എല്ലാ പട്ടികവർഗ്ഗ മേഖലയിലും രൂപീകരിക്കുകയാണ് ഈ ഉപപദ്ധതിയുടെ ലക്ഷ്യം. പ്രാദേശിക സർക്കാരുകളുടെ പദ്ധതി രൂപീകരണം, മോണിട്ടറിംഗ് ഉൾപ്പെടെ പട്ടികവർഗ്ഗ വിഭാഗത്തിനെ ശാക്തീകരിക്കുന്നതിന് ഊരുകൂട്ടങ്ങൾ മൂന്നു മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതാണ്. പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ഏറ്റെടുത്ത പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി ഊരു കൂട്ടത്തെ പ്രാപ്തമാക്കേണ്ടതാണ്. സർക്കാർ ഉത്തരവ് പ്രകാരം ഊരുകൂട്ടങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ ഊരുകൂട്ടത്തിനും വേണ്ടിവരുന്ന ചെലവ് 2,500 രൂപയിൽ കവിയരുത്. ഊരുകൂട്ടത്തിന് വേണ്ടിയുള്ള ചെലവുകൾ നടത്താനും, കൂടാതെ ഊരുകൂട്ട അംഗങ്ങളുടെ കാര്യശേഷി മെച്ചപ്പെടുത്തുന്നതിനും, ബോധവത്കരണ പരിപാടികൾ നടത്തുന്നതിനും, കില മുഖാന്തിരം ജില്ലാതലത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനും, തദ്ദേശീയദിനം ആഘോഷിക്കുന്നതിനും ഈ പദ്ധതിയിലെ തുക വിനിയോഗിക്കാം. വകുപ്പ് നടത്തിയ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഇ-സർവേ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ദുർബലരായ കുടുംബങ്ങൾക്കുള്ള കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പ്രത്യേക ഊരുകൂട്ടങ്ങൾക്കും പദ്ധതി തുക വിനിയോഗിക്കാം. 2025-26 വർഷത്തിൽ 1,100 ഊരുകൂട്ടങ്ങൾ സംഘടിപ്പിക്കാൻ ലക്ഷ്യമിടുന്നു.

2025-26 വർഷത്തിൽ 125.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

#### (iii) മാനേജ്മെന്റ് ട്രെയിനികൾക്കും ഹെൽത്ത് മാനേജ്മെന്റ് ട്രെയിനികൾക്കും ഓണറേറിയം

**(വിഹിതം: 168.00 ലക്ഷം രൂപ)**

അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത പട്ടികവർഗ്ഗ യുവതി/യുവാക്കൾക്ക് സമയാസമയങ്ങളിൽ, മാനേജ്മെന്റ് ട്രെയിനികൾക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യത അനുസരിച്ച് അപ്രന്റീസ്ഷിപ്പ് നിയമപ്രകാരം

ഒരു വർഷത്തേക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് അപ്രന്റീസ്ഷിപ്പ് പരിശീലനം നൽകുന്നു. ഓരോ വർഷവും ഏകദേശം 140 മാനേജ്മെന്റ് ട്രെയിനികൾക്ക് പരിശീലനം നൽകുന്നതിനാണ് ഈ ഉപപദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിപ്രകാരം പ്രതിമാസം 10000 രൂപ ഓണറേറിയം നൽകും. ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 60 ശതമാനത്തോളം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കപ്പെടുന്നു.

2025-26 വർഷത്തിൽ 168.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**(iv) ഹോസ്റ്റലുകളിലും എം.ആർ.എസ്സുകളിലും പ്രവർത്തിക്കുന്ന കൗൺസിലർമാർക്കുള്ള ഓണറേറിയം**

**(വിഹിതം: 118.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും എം.ആർ.എസുകളിലുമായി 10,000 ത്തിൽ അധികം വിദ്യാർത്ഥികളാണ് താമസിച്ച് പഠിക്കുന്നത്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുമുള്ള കുട്ടികൾക്ക് പുതിയ സാഹചര്യവുമായി പൊരുത്തപ്പെടുന്നതിനുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരാറുണ്ട്. അവരെ ഇത്തരം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് 2005-06 മുതൽ സ്റ്റുഡന്റ് കൗൺസിലേഴ്സിനെ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്ക് കീഴിൽ, ഏകദേശം 49 കൗൺസിലർമാർ പ്രതിമാസം 20000 രൂപ ഓണറേറിയം ലഭ്യമായിക്കൊണ്ട് പ്രവർത്തിക്കുന്നു. കൂടാതെ 14,000 വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരള സർക്കാർ അംഗീകരിച്ച എം.എസ്.ഡബ്ല്യൂ/എം.എ സൈക്കോളജി അല്ലെങ്കിൽ തത്തുല്യ യോഗ്യതയാണ് കൗൺസിലർക്ക് വേണ്ട കുറഞ്ഞ യോഗ്യത. നല്ല പ്രവൃത്തി പരിചയമുള്ളവർക്കും പട്ടികവർഗ്ഗത്തിൽപ്പെട്ട സ്റ്റുഡന്റ് കൗൺസിലർമാർക്കും മുൻഗണന നൽകുന്നതാണ്. നിലവിലെ സർക്കാർ മാനദണ്ഡ പ്രകാരം ഓണറേറിയം നൽകുന്നതാണ്.

2025-26 വർഷത്തിൽ 118.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**(v) പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ**

**(വിഹിതം: 192.00 ലക്ഷം രൂപ)**

എം.എസ്.ഡബ്ല്യൂ/എം.എ സോഷ്യോളജി/എം.എ ആന്ത്രപ്പോളജി (അഭിലഷണീയം) എന്നീ യോഗ്യതകളുള്ളവരെ പട്ടികവർഗ്ഗ വികസന മേഖലയിൽ സോഷ്യൽ വർക്കർമാരായി നിയോഗിച്ചിട്ടുണ്ട്. കൗൺസിലിംഗ് നടത്തുക, കോൺഫറൻസിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക, വിഭവ സമാഹരണം, മദ്യം, ലഹരി, പുകയില തുടങ്ങിയവ ഉപയോഗിക്കുന്നതിനെതിരെ അവബോധന ക്യാമ്പുകൾ സാമൂഹ്യാധിഷ്ഠിതമായി നടത്തി ജനങ്ങളിൽ ബോധവൽക്കരണം നടത്തുക എന്നീ ചുമതലകൾ ഇവർ നിറവേറ്റുന്നു. നിലവിൽ 54 സാമൂഹിക പ്രവർത്തകർ ഈ പദ്ധതി പ്രകാരം ജോലി ചെയ്യുന്നു. സോഷ്യൽ വർക്കർമാർക്കുള്ള ഓണറേറിയം സർക്കാർ മാനദണ്ഡപ്രകാരം നൽകുന്നതിന് വിഹിതം വകയിരുത്തിയിരിക്കുന്നു. ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 50 ശതമാനത്തോളം തുക വനിതാ ഗുണോഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

2025-26 വർഷത്തിൽ 192.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**(vi) ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം**

**(വിഹിതം: 550.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾകളുടെ ഭാഷാ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് ശരിയായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുമായി ഗോത്രഭാഷയും മലയാളഭാഷയും വശമുള്ള റ്റി.റ്റി.സി/ബി.എഡ് യോഗ്യതയുള്ള പട്ടികവർഗ്ഗ യുവജനങ്ങളെ തെരഞ്ഞെടുത്ത് പരിശീലനം നൽകുകയും അവരെ പ്രൈമറി സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്യുന്നു. നിലവിൽ 326 മെന്റർ ടീച്ചർമാരെ വയനാട്, അട്ടപ്പാടി ബ്ലോക്ക്-പാലക്കാട്, നിലമ്പൂർ മേഖലയിൽ ജോലി ചെയ്യുന്നു. ഈ മെന്റർ ടീച്ചർമാർക്കുള്ള ഓണറേറിയത്തിനാവശ്യമായ തുക ഈ ഉപ പദ്ധതിയിൽനിന്നും വഹിക്കാവുന്നതാണ്. ഇവർ അധ്യാപനത്തോടൊപ്പം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നങ്ങൾ പരിഹരിക്കുകയും അവരുടെ കൊഴിഞ്ഞുപോക്ക് കുറച്ച് മുഴുവൻ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെയും സ്കൂൾ പ്രവേശനം ഉറപ്പാക്കുകയും, കുട്ടികൾക്കാവശ്യമായ തീവ്ര പരിശീലനം നൽകുകയും ചെയ്തുകൊണ്ട് സാമൂഹ്യ പ്രവർത്തകരായും ഫെസിലിറ്റേറ്ററായും പ്രവർത്തിക്കേണ്ടതാണ്. ഇവർ വിദ്യാർത്ഥികളെ പരിപാലിച്ചുകൊണ്ട് സമൂഹത്തിനും സ്കൂളിനും ഇടയിൽ പ്രവർത്തിക്കാൻ കഴിവുള്ളവരായിരിക്കണം. അതോടൊപ്പം കുട്ടികളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ കൊടുക്കേണ്ടതുമാണ്. ഇവരുടെ

സേവനം വർഷം തോറും എല്ലാ പ്രവൃത്തി ദിനങ്ങളിലും ലഭ്യമാക്കുന്നതാണ്. നിലവിലെ സർക്കാർ മാനദണ്ഡ പ്രകാരം ഓണറേറിയം നൽകാവുന്നതാണ്.

2025-26 വർഷത്തിൽ 550.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ 3068.00 ലക്ഷം രൂപ മുകളിൽ പറഞ്ഞ ആറു ഉപപദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്നു.

**35. പൂൾഡ് ഫണ്ട്-പട്ടികവർഗ്ഗ ഉപപദ്ധതിയിൽ മറ്റ് വകുപ്പുകൾ നിർദ്ദേശിക്കുന്ന പ്രത്യേക പ്രോജക്ടുകൾക്കായുള്ള ഫണ്ട്**

**(വിഹിതം: 200.00 ലക്ഷം രൂപ)**

ഈ പദ്ധതിയിലൂടെ പട്ടികവർഗ്ഗക്കാരുടെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിക്കുന്നതിന് മറ്റു വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്നത് ലക്ഷ്യംവയ്ക്കുന്നു. പട്ടികവർഗ്ഗ സമൂഹത്തിന്റെ ക്ഷേമത്തിനു വേണ്ടി സർക്കാർ വകുപ്പുകളോ/സ്ഥാപനങ്ങളോ/ഏജൻസികളോ/എൻ.ജി.ഒകളോ നിർദ്ദേശിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുകയാണിത്. പൂൾഡ് ഫണ്ടിൽ നിന്നുള്ള വിഹിതം ലഭിക്കേണ്ട വകുപ്പുകൾ പട്ടികവർഗ്ഗ വികസനം ലക്ഷ്യം വെച്ചുള്ള പ്രോജക്ടുകൾ, തങ്ങളുടെ വിഹിതം കൂടി ഉൾപ്പെടുത്തി സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിക്കണം. പ്രോജക്ടുകൾ പ്രായോഗികവും സ്വീകാര്യവുമാണെങ്കിൽ ആസൂത്രണ ബോർഡ് അത് പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറുന്നു. ഈ പ്രോജക്ടുകൾ പിന്നീട് സംസ്ഥാനതല/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കും അംഗീകാരത്തിനും സമർപ്പിക്കുന്നു. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും പ്രോജക്ടുകൾ തയ്യാറാക്കുന്നതും അതിന്റെ അംഗീകാരവും നടത്തിപ്പും നിർവ്വഹിക്കുന്നതും.

ഈ സ്കീമിന് കീഴിൽ ജില്ലാതലത്തിൽ അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതി, ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പിന്റെ 28/09/2021 ലെ 11/2021/ Planning നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റി വിലയിരുത്തേണ്ടതാണ്.

2025-26 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**36. പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായക വിടവ് നികത്തൽ പദ്ധതി (കോർപ്പസ് ഫണ്ട്)**

**(വിഹിതം: 4600.00 ലക്ഷം രൂപ)**

വാർഷിക പദ്ധതിയിൽ ട്രൈബൽ സബ് പ്ലാൻ സ്കീമുകളിൽ ഉണ്ടാകാവുന്ന നിർണ്ണായകമായ വിടവ് നികത്തുന്നതിനാണ് കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നത്. ഉപജീവന വികസനം, അടിസ്ഥാന ആവശ്യങ്ങൾ, സാമ്പത്തിക വികസനം മുതലായവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രോജക്ടാധിഷ്ഠിത സമീപനമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ജില്ലകളിൽ നിന്നും ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്ന പ്രോജക്ടുകൾക്ക് ഫണ്ട് അനുവദിക്കുന്നതാണ്. കൂടാതെ, ഇന്റർനെറ്റ് കണക്ടിവിറ്റി, ഓൺലൈൻ വിദ്യാഭ്യാസത്തിന് സൗകര്യവും സാമഗ്രികൾ വാങ്ങുകയും ചെയ്യുക, ജീവനോപാധി പ്രവർത്തനങ്ങൾ, പൈപ്പ് വാട്ടർ കണക്ടിവിറ്റി, ശുചിത്വം വീടുകളുടെ വൈദ്യുതീകരണം, ദാരിദ്ര രേഖയ്ക്ക് താഴെ നിൽക്കുന്ന പട്ടികവർഗ്ഗക്കാർക്ക് പാചകവാതക കണക്ഷൻ, എന്നിവയ്ക്ക് മുൻതൂക്കം നൽകേണ്ടതാണ്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാക്ഷരതയും അനൗപചാരിക വിദ്യാഭ്യാസവും, സ്വയം തൊഴിലും നൈപുണ്യ വികസന പരിപാടികളും, ജല വിതരണം, ശുചിത്വം, കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി തുടങ്ങിയ കമ്മ്യൂണിറ്റി ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവയുടെ മെച്ചപ്പെടുത്തൽ, എത്തിപ്പെടാൻ പ്രയാസമേറിയ സ്ഥലങ്ങളിലേക്ക് നടപ്പാതകൾ, പാലങ്ങൾ, റോഡ്, കലുങ്കുകൾ എന്നിവ നിർമ്മിക്കുക, വിനിമയ സൗകര്യം മെച്ചപ്പെടുത്തുക, സാങ്കേതികവിദ്യാ കൈമാറ്റവും വിവരങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ, വാർത്താവിനിമയവും വിദ്യാഭ്യാസവും, മെച്ചപ്പെട്ട ആരോഗ്യ-ശുചിത്വം, സോഫ്റ്റ് സ്കില്ലുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന്റെ വികസനം, വിവിധ പ്രവൃത്തികളിൽ തൊഴിലധിഷ്ഠിത പരിശീലനം, പട്ടികവർഗ്ഗക്കാർക്ക് വേണ്ടി ഇന്റർനെറ്റ്, ഡി.റ്റി.പി, ഫോട്ടോ സ്റ്റാറ്റ്, ഫാക്സ് സൗകര്യങ്ങൾ, പ്രധാൻ മന്ത്രി ആദി ആദർശ് ഗ്രാം യോജന (മുൻപ് പട്ടികവർഗ്ഗ ഉപപദ്ധതികളിലെ പ്രത്യേക കേന്ദ്ര സഹായം) ഉപയോഗിച്ചുള്ള പദ്ധതിയിലെ വിടവ് നികത്തൽ, അംഗീകൃത സർക്കാരിതര ഏജൻസികളും ഗവേഷണ സ്ഥാപനങ്ങളും മുഖേന പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിയ പരിപാടികളുടെ വിലയിരുത്തൽ തുടങ്ങിയ പ്രോജക്ടുകൾക്ക് ധനസഹായം ഈ പദ്ധതിയിലൂടെ നൽകുന്നുണ്ട്.

കൂടാതെ സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ തലത്തിലെ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം നേടാനും, വിദേശത്ത് ജോലി അന്വേഷിക്കുന്ന പട്ടികവർഗ്ഗ യുവജനങ്ങൾക്ക് ആവശ്യമായ സഹായം നൽകുന്നതിനുള്ള പ്രോജക്ടുകളും പരിഗണിക്കുന്നതാണ്. കുടുംബാധിഷ്ഠിതമായി തുടങ്ങുന്ന സൂക്ഷ്മസംരംഭങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളേയും പരിഗണിക്കും. ഇതിൽ അവിവാഹിതരായ അമ്മമാരുടെ പുനരധിവാസത്തിന് മുൻഗണന നൽകുന്നതാണ്. ഒരേക്കറിൽ കുറഞ്ഞ ഭൂമിയുള്ള പട്ടികവർഗ്ഗ കൃഷിക്കാർക്ക് കൃഷിക്കായി പാട്ടത്തിന് എടുത്തിരിക്കുന്ന ഭൂമിയുടെ യഥാർത്ഥ പാട്ടത്തുക കൊടുക്കുക എന്നതും ഈ പദ്ധതിയുടെ ഭാഗമാണ്. പട്ടികവർഗ്ഗ മേഖലകളിൽ ഓണക്കോടി വിതരണം, കുടുംബശ്രീ യൂണിറ്റ് സംഘടിപ്പിക്കുക, നിലവിലുള്ള കുടുംബശ്രീ യൂണിറ്റുകളുടെ വിപുലീകരണം, പുതിയ സംരംഭങ്ങൾ തുടങ്ങുവാനുള്ള സഹായം എന്നിവക്കും പ്രാധാന്യം നൽകുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ മൂന്നാമതൊരു സ്ഥാപനത്തെ കൊണ്ട് പഠന വിധേയമാക്കാനും സോഷ്യൽ ഓഡിറ്റിംഗ് നടത്തുവാനും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ലോൺ തിരിച്ചടവിനുള്ള തുക ഇതിൽ നിന്ന് കണ്ടെത്താവുന്നതാണ്.

പട്ടികവർഗ്ഗ ജനസംഖ്യ, പി.വി.റ്റി.ജി വിഭാഗത്തിന്റെ സാന്നിധ്യം, പിന്നാക്കാവസ്ഥ എന്നിവയുടെ അടിസ്ഥാനത്തിൽ വിഹിതത്തിന്റെ മൂന്നിൽ ഒരു ഭാഗം ജില്ലകൾക്കായി നീക്കിവച്ചിരിക്കുന്നു. ജില്ലാ ഓഫീസുകൾക്ക് അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് ഒരു കണ്ടിൻജൻസി ഫണ്ട് അനുവദിക്കും. 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റിക്ക് ഭരണാനുമതി നൽകാവുന്നതാണ് (ഡി.എൽ.സി ഫോർ എസ്.സി.എസ്.ടി). അതിദാരിദ്ര്യ സർവേയിലും പട്ടികവർഗ്ഗ മൈക്രോ പദ്ധതിയിലും ഉൾപ്പെട്ട കുടുംബങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വിടവ് നികത്തൽ പദ്ധതികൾക്ക് തുക വിനിയോഗിക്കാം.

നിർണായക വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്) പദ്ധതിയുടെ ആസൂത്രണം, നടപ്പാക്കൽ, നിരീക്ഷണ ചെലവുകൾ എന്നിവയും ഈ ഘടകത്തിൽ നിന്ന് കണ്ടെത്താവുന്നതാണ്.

പട്ടികവർഗ്ഗ വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ്, സ്കൂളുകളിലെ റിറ്റൻഷൻ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിനും വിജയശതമാനം, ഗ്രേഡുകൾ, വിദ്യാഭ്യാസ നിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടികവർഗ്ഗ വികസന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, എൽ.എസ്.ജി.ഡി എന്നിവ ചേർന്ന് തയ്യാറാക്കിയ കർമപദ്ധതി നടപ്പാക്കുന്നതിനും ഈ പദ്ധതിക്ക് കീഴിലുള്ള തുക വിനിയോഗിക്കാം.

പട്ടികവർഗ്ഗ പ്രദേശങ്ങളിലെ വെള്ളപ്പൊക്ക അപകടസാധ്യതകൾ പരിഹരിക്കുന്നതിന് ദുരന്തനിവാരണത്തിനായി ഒരു കർമപദ്ധതി വികസിപ്പിക്കുകയും, ഈ പ്രദേശങ്ങളിൽ സ്ഥിരമായ പുനരധിവാസ നടപടികൾ നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യും.

വട്ടവട ഗ്രാമ പഞ്ചായത്തിലെ സ്വാമിയാറളകുടി, വൽസപ്പട്ടികുടി, കൂടല്ലാർകുടി, ഉള്ളവയൽ കുടി എന്നീ പട്ടികവർഗ്ഗ മേഖലകളെ ബന്ധിപ്പിക്കുന്നതിന് ഗതാഗതയോഗ്യമായ റോഡ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഈ പദ്ധതിക്ക് കീഴിലുള്ള തുക വിനിയോഗിക്കാം.

റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണത്തിനുള്ള പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പ് പരിഗണിക്കുകയും തുക പട്ടികവർഗ്ഗവികസന വകുപ്പിൽ നിന്നും അനുവദിക്കുകയും ചെയ്യുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് മനസ്സിലാക്കുന്നതിന് സബ്പ്ലാൻ സെല്ലിന് കീഴിൽ വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ സ്പെഷ്യൽ മോണിറ്ററിംഗ് സമ്പ്രദായം (എം.ഐ.എസ് സെൽ) വികസിപ്പിക്കേണ്ടതാണ്.

2025-26 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 4600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**37. ആദികലാ കേന്ദ്രത്തിനുള്ള സഹായം**

**(വിഹിതം: 90.00 ലക്ഷം രൂപ)**

കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവിധ കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കാനും ഡോക്കുമെന്റേഷൻ നടത്തുന്നതിനുമായി കിർത്താഡ്സിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ് ആദികലാകേന്ദ്രം. ഓരോ വംശീയ വിഭാഗത്തിനും അവരുടെ സമൂഹത്തിന്റെ ആചാരങ്ങളുടെ ഭാഗമായി നൂറ്റാണ്ടുകളായി അനുഷ്ഠിച്ചു പോന്നിരുന്ന അവരുടേതായ പ്രത്യേക കലാരൂപങ്ങൾ ഉണ്ട്. കാലക്രമേണ

അവരുടെ തനതു കലാരൂപങ്ങൾ കാലഹരണപ്പെടാൻ തുടങ്ങി. ആദികലാകേന്ദ്രം, കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കാലഹരണപ്പെടുന്ന കലാരൂപങ്ങളെ തിരിച്ചറിയുകയും അവയെ സംരക്ഷിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇത്തരം കലാരൂപങ്ങളുടെ പ്രോത്സാഹന പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ വിവിധ ജില്ലകളിൽ നാടോടി, പടികവർഗ്ഗ വിഭാഗക്കാരുടെ പ്രകടനങ്ങളും ആദികലാകേന്ദ്രം സംഘടിപ്പിക്കുന്നു.

ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

**(i) പരിശീലനം/ശില്പശാല**

ഈ ഘടകത്തിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- എത്തോളജിക്കൽ മ്യൂസിയത്തിലെ പുരാവസ്തുക്കളുടെ സംരക്ഷണവും പരിപാലനവും.
- വെബ് പരിശീലകരുടെ പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ
- എത്നോളജിക്കൽ മ്യൂസിയത്തിലെ തിരിച്ചറിയപ്പെടാത്ത പുരാവസ്തുക്കളുടെ സജ്ജീകരണം
- ജാതൻ സോഫ്റ്റ് വെയർ നവീകരണം
- സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ തദ്ദേശീയ സംഗീതത്തെക്കുറിച്ചുള്ള അഞ്ച് ദിവസത്തെ ശിൽപശാലയും ഡോക്യുമെന്റേഷനും
- പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിൽ ഗോത്രവർഗക്കാരുടെ ന്യൂനതകൾ വിലയിരുത്തുന്നതിനുള്ള ഒരു കേസ് സ്റ്റഡി
- എത്തോളജിക്കൽ മ്യൂസിയത്തിന്റേയും ആദികലാകേന്ദ്രത്തിന്റേയും നവീകരണത്തിനായി ഡി.പി.ആർ തയ്യാറാക്കൽ
- മലവേട്ടുവൻ സമൂഹത്തിന്റെ പരമ്പരാഗത കലാരൂപങ്ങൾക്കായുള്ള ശിൽപശാല
- പരിശീലന പരിപാടികൾക്കും വർക്ക്ഷോപ്പുകൾക്കുമുള്ള ക്രമീകരണങ്ങൾ
- ലോക തദ്ദേശീയ ജനതയുടെ അന്താരാഷ്ട്ര ദിനാഘോഷം
- ഇന്റേൺഷിപ്പ്/അപ്രന്റീസ്ഷിപ്പ് പ്രോഗ്രാമുകൾ
- റിസർച്ച് ഫോറവും ഗവേഷണ പ്രബന്ധങ്ങളുടെ പ്രസിദ്ധീകരണവും
- ഉദ്യോഗസ്ഥരുടെ സർവ്വീസ് ഡെലിവറി മെച്ചപ്പെടുത്താനുള്ള പരിപാടികൾ

**(ii) കിർത്താഡ്സിന്റെ എത്നോളജിക്കൽ മ്യൂസിയം (പുതിയ ഘടകം)**

2001-ലാണ് എത്തോളജിക്കൽ മ്യൂസിയം നിർമ്മിച്ചത്. എല്ലാ വർഷവും മ്യൂസിയത്തിലേക്കുള്ള പുരാവസ്തുക്കളുടെ ശേഖരണവുമായി ബന്ധപ്പെട്ട് കിർത്താഡ്സ് വിവിധ പ്രദർശനങ്ങളും പരിപാടികളും സംഘടിപ്പിക്കുന്നു. ഈ ഘടകത്തിനായി നൽകുന്ന തുക പ്രദർശനങ്ങൾ നടത്തുന്നതിനും കരകൗശല വസ്തുക്കളുടെ ശേഖരണത്തിനും നിലവിലുള്ള കരകൗശല വസ്തുക്കളുടെ പരിപാലനത്തിനും വിനിയോഗിക്കാം.

**(iii) ഗോത്രവർഗ്ഗ കലയും സംസ്കാരവും (പുതിയ ഘടകം)**

പട്ടികവർഗ്ഗക്കാരുടെ അപ്രത്യക്ഷമാകുന്ന ദൃശ്യ-അവതരണ കലയും സംസ്കാരവും സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള പരിപാടികൾ നടത്തുക എന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. ഗോത്രവർഗ്ഗ കല, സാംസ്കാരിക ഉത്സവങ്ങൾ നടത്തുന്നതിനും, മുകളിൽ പരാമർശിച്ച വിഷയങ്ങളിൽ ശിൽപശാലകൾ നടത്തുന്നതിനും ഈ ഘടകത്തിനായി വകയിരുത്തുന്ന തുക വിനിയോഗിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 2025-26 ൽ 90.00 ലക്ഷം രൂപ രൂപ വകയിരുത്തിയിരിക്കുന്നു.

### 38. റിസർച്ച് & ട്രെയിനിംഗ് ഓഫ് കിർത്താഡ്സ്

**(വിഹിതം: 90.00 ലക്ഷം രൂപ)**

കിർത്താഡ്സ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ സമൂഹങ്ങളുടെ സമഗ്രമായ വികസനം ത്വരിതപ്പെടുത്തുന്നതിന് സഹായിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

ഈ ഘടകത്തിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- കേരളത്തിലെ വനാവകാശ നിയമപ്രകാരം പി.വി.ടി.ജി കളുടെ ആവാസ വ്യവസ്ഥയുടെ മാപ്പിംഗ്
- വിടവ് നികത്തൽ : പ്രത്യേക ദുർബലരായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ (പി.വി.ടി.ജി) സാമൂഹിക സുരക്ഷയ്ക്കുള്ള പ്രധാന രേഖകളുടെ ലഭ്യത വിശകലനം ചെയ്യുക.
- ചോലനായ്ക്കൻ ഭാഷയിൽ പരിസ്ഥിതി ശാസ്ത്രം പഠിപ്പിക്കൽ: മൂന്നാം തരത്തിൽ പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള ഒരു പാഠ്യപദ്ധതി-അടിസ്ഥാന സഹായി.
- കേരളത്തിലെ പ്രത്യേക ദുർബല പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സിക്കിൾ സെൽ അനീമിയയുടെ സാമൂഹിക സാമ്പത്തിക ആഘാതം.
- കേരളത്തിലെ ഗോത്രവർഗ്ഗക്കാർ : പുസ്തക പ്രസിദ്ധീകരണം
- തീമാറ്റിക് ഡാറ്റ ബാങ്ക് പ്രസിദ്ധീകരണം
- പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണത്തിനായി സമഗ്രമായ ഒരു നയത്തിന് ഒരു നരവംശശാസ്ത്രപരമായ ഇടപെടൽ.
- ഗവേഷണവും പരിശീലനവും സംബന്ധിച്ച ശില്പശാലകൾ-ആവശ്യകത വിശകലനം
- 1996 ലെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് വിതരണ നിയന്ത്രണ നിയമം 11 പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നത് സംബന്ധിച്ച് കേരളത്തിലെ റവന്യൂ ഉദ്യോഗസ്ഥർക്കുള്ള സർട്ടിഫിക്കറ്റ് പ്രോഗ്രാം
- സംസ്ഥാന ആസൂത്രണ ബോർഡുമായി കൂടിയാലോചിച്ച് 2026 കലണ്ടർ വർഷത്തേക്കുള്ള വാർഷിക പ്രവർത്തന കലണ്ടറിന്റേയും ഇയർ പ്ലാനറിന്റേയും പ്രസിദ്ധീകരണം.
- കിർത്താഡ്സിൽ 2025-26-ൽ ഗവേഷണ പ്രഭാഷണങ്ങൾ നടത്തുക
- കേരളത്തിലെ പി.വി.ടി.ജി കമ്മ്യൂണിറ്റികളുടെ പരമ്പരാഗത ഭവന നിർമ്മാണം, വാസ്തുവിദ്യ സമ്പ്രദായങ്ങളെക്കുറിച്ച് ഒരു ഡിജിറ്റൽ അറ്റ്ലസ് നിർമ്മിക്കുക.
- പട്ടികവർഗ്ഗ സ്ത്രീകളുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ സംബന്ധിച്ച പഠനം : അട്ടപ്പാടിയിലെ കുറുമ്പർ പ്രത്യേക പരാമർശം
- 'ലെജൻഡ്സ് റീഇമാജിൻഡ്'- കേരളത്തിലെ പട്ടികവർഗ്ഗ സ്വാതന്ത്ര്യ സമര സേനാനികളെക്കുറിച്ചുള്ള ആനിമേഷൻ ഷോർട്ട് ഫിലിമുകൾ
- പരമ്പരാഗത ഗോത്ര വൈദ്യൻമാർക്കായി അഞ്ച് ദിവസത്തെ ശിൽപശാല
- കേരളത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/ആശ്രമം സ്കൂളുകൾ/മറ്റ് പട്ടികവർഗ്ഗ സ്കൂളുകൾ എന്നിവിടങ്ങളിലെ അനധ്യാപക ജീവനക്കാർക്കുള്ള ദ്വിദിന പരിശീലന പരിപാടി.

എല്ലാ പഠന റിപ്പോർട്ടുകളും രേഖകളും സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിക്കേണ്ടതാണ്. മേൽപ്പറഞ്ഞ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 2025-26-ൽ 90.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 39. കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ

**(വിഹിതം: 75.00 ലക്ഷം രൂപ)**

കിർത്താഡ്സിന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ട്രെയിനിംഗ് ഹാൾ കം ഹോസ്റ്റൽ ബിൽഡിംഗ്, എത്നോളജിക്കൽ മ്യൂസിയം, ആദികലാകേന്ദ്രം, ഒരു ഓപ്പൺ എയർ സ്റ്റേജ് എന്നിവയുൾപ്പെടെ നിലവിൽ അഞ്ച് കെട്ടിടങ്ങളാണ് ഉള്ളത്. ഈ പദ്ധതി പ്രകാരമുള്ള തുക ഈ കെട്ടിടങ്ങളുടെ നവീകരണത്തിനും ഈ വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഉപയോഗിക്കാൻ ഉദ്ദേശിച്ചുള്ളതാണ്.

സ്ഥാപനത്തിന്റെ ആധുനികവൽക്കരണം, ഐടി ഇൻഫ്രാസ്ട്രക്ചർ ശക്തിപ്പെടുത്തൽ, സിസിടിവി, ഇന്റർകോം സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നവീകരണം, ഫർണിച്ചറുകൾ

വാങ്ങൽ, അറ്റകുറ്റപ്പണികൾ, കഫറ്റീരിയ, മ്യൂസിയം ഇക്കോ ഷോപ്പ് എന്നിവ സ്ഥാപിക്കുന്നതിനും ഈ പദ്ധതി പ്രകാരമുള്ള തുക വിനിയോഗിക്കാം.

2025-26 ൽ ഈ പദ്ധതിയ്ക്കായി 75.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**40. വയനാട് ഗോത്ര ഭാഷാ കലാ പഠന കേന്ദ്രം**

**(വിഹിതം: 3.00 ലക്ഷം രൂപ)**

വിവരണാത്മകവും അപഗ്രഥനാപരവുമായ രീതിശാസ്ത്രത്തിലൂടെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശ്രേഷ്ഠമായ സാംസ്കാരിക പൈതൃകത്തെ (ഭാഷ, കലാരൂപങ്ങൾ, വായ്മൊഴി സാഹിത്യം ഉൾപ്പെടെ) ഡോക്യുമെന്റ് ചെയ്യുക. പ്രാഥമിക ദ്വിതീയ തലത്തിലുള്ള അടിസ്ഥാന വിവരങ്ങൾ, ഔദ്യോഗിക രേഖകൾ, സർവ്വേ, വ്യക്തിഗത അഭിമുഖം, ഫീൽഡ് വർക്ക് എന്നിവയിലൂടെ സമാഹരിക്കുന്നതാണ്.

2025-26 സാമ്പത്തിക വർഷത്തിൽ 3.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

**41. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്-ടി.എസ്.പി (51 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഈ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കീഴിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 51:49 അനുപാതത്തിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഓഹരി മൂലധനം നൽകുന്നു. ഓഹരി മൂലധനത്തിന് തുല്യമായ തുക കേന്ദ്ര വിഹിതമായി കോർപ്പറേഷന് നൽകുന്നു. വിവിധ തൊഴിലധിഷ്ഠിത സാമ്പത്തിക പ്രവർത്തനങ്ങൾക്ക് കോർപ്പറേഷൻ സാമ്പത്തിക സഹായം ചെയ്യുന്നു. അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തുന്നതിനും അവരെ സാമ്പത്തിക വികസന പദ്ധതികളിൽ പങ്കാളികളാക്കാനും, ധനകാര്യ സ്ഥാപനങ്ങളിലേക്ക് സ്പോൺസർ ചെയ്യുന്നത് വഴി കുറഞ്ഞ നിരക്കിൽ വായ്പയും സബ്സിഡികളും ലഭ്യമാക്കാനും അവരുടെ തിരിച്ചടവ് ബാദ്ധ്യത കുറയ്ക്കാനും മറ്റ് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുമായി ബന്ധിപ്പിക്കാനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു.

2025-26-സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമ്പത്തിക വികസനത്തിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള ഓഹരി മൂലധനമായ 50.00 ലക്ഷം രൂപ 51 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**എഫ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടേയും കുടുംബശ്രീയിലൂടേയും നടപ്പിലാക്കുന്ന പട്ടികവർഗ്ഗ ഉപപദ്ധതി പരിപാടികൾ**

**(വിഹിതം: 390.00 ലക്ഷം രൂപ)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും കുടുംബശ്രീ മുഖേനയും നടപ്പിലാക്കുന്ന, താഴെ ചേർത്തിരിക്കുന്ന പദ്ധതികൾക്കായി 390.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (പി.എം.എ.വൈ) ടി.എസ്.പി (സംസ്ഥാന വിഹിതം 40 ശതമാനം) | 200.00 |
| 2. | i. ദീൻദയാൽ അന്ത്യോദയ യോജന-നാഷണൽ റൂറൽ ലൈവ് ലി ഹുഡ്സ് മിഷൻ (ഡേ-എൻ.ആർ.എൽ.എം) (40 ശതമാനം സംസ്ഥാന വിഹിതം) | 150.00 |
| | ii. ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ)-ടി. എസ്. പി (40 ശതമാനം എസ്. എസ്) | 30.00 |
| | iii. മഹിളാ കിസാൻ സശക്തികരൺ പരിയോജന (എം. കെ. എസ്. പി)-ടി. എസ്. പി. (40 ശതമാനം എസ്. എസ്.) | 10.00 |
| | **ആകെ** | **390.00** |

2025-26-ലെ ബഡ്ജറ്റിന്റെ അനുബന്ധം IV ൽ മേൽ പദ്ധതികളുടെ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്.

## സി. മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 1100.00 |
| 2 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 1000.00 |
| 3 | മറ്റ് അർഹരായ സമുദായക്കാർക്ക് വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ (ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ) | 4500.00 |
| 4 | പരമ്പരാഗത തൊഴിലുകൾക്കുള്ള സഹായം (ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ) | 419.00 |
| 5 | മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കുള്ള വിദേശ സ്കോളർഷിപ്പുകൾ | 500.00 |
| 6 | തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പരിപാടികൾ (ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ) | 1840.00 |
| 7 | പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ആധുനികവത്കരണം | 70.00 |
| 8 | 'കെടാവിളക്ക്' - മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് | 1500.00 |
| 9 | PM YASASVI - ഒ.ബി.സി, ഇ.ബി.സി, ഡി.എൻ.റ്റി വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ് (പിന്നാക്ക വിഭാഗങ്ങൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ്) (40 ശതമാനം സംസ്ഥാന വിഹിതം) | 800.00 |
| 10 | PM YASASVI - ഒബിസി, ഇബിസി, ഡിഎൻറ്റി വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (പിന്നാക്ക വിഭാഗങ്ങൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ്) (40 ശതമാനം സംസ്ഥാന വിഹിതം) | 5800.00 |
| 11 | PM YASASVI - ഒബിസി വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ (40 ശതമാനം സംസ്ഥാന വിഹിതം) | 41.00 |
| 12 | കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണനക്ഷേമ വികസന കോർപ്പറേഷനുള്ള (കെ.എസ്.പി.എം.എം.ഡബ്ല്യു.ഡി.സി) ഓഹരി മൂലധനം | 180.00 |
| 13 | കുംഭാര കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം | 100.00 |
| 14 | മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരെയുമോ നഷ്ടപ്പെട്ട മറ്റ പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥിനികൾക്കുള്ള പ്രത്യേക സ്കോളർഷിപ്പ് | 50.00 |
| | **ആകെ** | **17900.00** |

### 1. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്

**(വിഹിതം: 1100.00 ലക്ഷം രൂപ)**

മറ്റ പിന്നാക്ക വിഭാഗക്കാർക്കിടയിൽ ദാരിദ്ര്യവും പിന്നാക്കാവസ്ഥയും നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് സ്ഥാപിതമായത്. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും സഹായം ലഭിക്കുന്നതിനുള്ള ഓഹരി മൂലധന സഹായമായിട്ടാണ് പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളത്. വിവാഹ ധനസഹായം, വിദേശത്ത് പഠിക്കുന്നതിനുള്ള വായ്പ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സഹായം, മൈക്രോ ഫിനാൻസ്, സ്വയം-തൊഴിൽ പദ്ധതികൾ, എന്റെ വീട്-ഭവന പദ്ധതി, ന്യൂ ജനറേഷൻ ഇലക്ട്രിക്/സിഎൻജി ഓട്ടോ ടാക്സികൾ വാങ്ങുന്നതിനുള്ള വാഹന വായ്പ,

വഴിയോര കച്ചവടക്കാർക്കുള്ള വായ്പ എന്നിവയ്ക്കായി തുക വിനിയോഗിക്കാവുന്നതാണ്. കേരളത്തിലെ വഴിയോരക്കച്ചവടക്കാരിൽ ഭൂരിഭാഗവും മറ്റു പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ടവരാണ്. വഴിയോര കച്ചവടക്കാർക്ക് പരമാവധി 50,000 രൂപ വരെ 4 ശതമാനം പലിശ നിരക്കിൽ വായ്പ നൽകാനാണ് ലക്ഷ്യമിടുന്നത്. തെരുവ് വ്യാപാര നിയന്ത്രണ നിയമം 2014 പ്രകാരം തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യാപാരങ്ങൾ നടത്തുന്ന 65 വയസ്സിന് താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ള വഴിയോര കച്ചവടക്കാർക്ക് സാമ്പത്തിക സഹായം നൽകുക എന്നതാണ് ലക്ഷ്യമിടുന്നത്. 2025-26-ൽ ഈ പദ്ധതിക്കായി 1100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്**

**(വിഹിതം: 1000.00 ലക്ഷം രൂപ)**

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരുടെയും മറ്റു ശുപാർശിത മത വിഭാഗക്കാരുടെയും സാമ്പത്തിക പുരോഗതിക്കുതകുന്ന വികസന പ്രവർത്തനങ്ങൾ, സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായവും എൻ.ബി.സി.എഫ്.ഡി.സിയിൽ നിന്നുള്ള വായ്പയും വിനിയോഗിച്ച് നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് സ്ഥാപിതമായത്. കൃഷി ഭൂമി വാങ്ങുന്നതിനുള്ള വായ്പ, ഭവനങ്ങളുടെ നിർമ്മാണം, പൂർത്തീകരണം, പുനരുദ്ധാരണം എന്നിവയ്ക്കുള്ള വായ്പ, വിവാഹത്തിനായുള്ള വായ്പ, വ്യക്തിഗത വായ്പ, വാണിജ്യ വായ്പ, സ്വയം തൊഴിൽ വായ്പ, ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള വായ്പ, വിദേശത്ത് പഠിക്കുന്നതിനുള്ള വായ്പ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ വായ്പ, വാഹന വായ്പ, പ്രൊഫഷണലുകൾക്കുള്ള വായ്പ (സ്റ്റാർട്ടപ്പുകൾക്ക്), പൊതു വിദ്യാഭ്യാസ വായ്പ, കാർഷിക വായ്പ, ഭൂമിയും ഭവനവും വാങ്ങുന്നതിനുള്ള വായ്പ, വികലാംഗർക്കും വിധവകൾക്കും വേണ്ടിയുള്ള സ്വയം തൊഴിൽ പരിപാടികൾ എന്നിവയ്ക്കായി ഈ തുക വിനിയോഗിക്കാവുന്നതാണ്. അതി ദാരിദ്ര്യ നിർമാർജ്ജന യജ്ഞ പ്രകാരം കണ്ടെത്തിയ ഈ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. 2025-26-ൽ ഈ പരിപാടികൾക്കായി 1000.00 ലക്ഷം രൂപ കോർപ്പറേഷന് ഓഹരി മൂലധനമായി വകയിരുത്തിയിരിക്കുന്നു.

**3. മറ്റ് അർഹരായ സമുദായക്കാർക്ക് വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ(ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ)**

**(വിഹിതം: 4500.00 ലക്ഷം രൂപ)**

ഈ പദ്ധതിയുടെ രണ്ട് ഉപപദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു.

**(എ) ഒ.ഇ.സി വിഭാഗങ്ങൾക്കുള്ള പ്രീ മെട്രിക് സഹായം**

**(വിഹിതം: 500.00 ലക്ഷം രൂപ)**

മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന സമുദായങ്ങളായ മറ്റ് അർഹ സമുദായങ്ങൾക്ക് (ഒ.ഇ.സി) തങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് സർക്കാരിൽ നിന്ന് കൂടുതൽ പിന്തുണ ആവശ്യമായിട്ടുണ്ട്. ഈ വിഭാഗത്തിലെ പ്രീ-മെട്രിക് വിദ്യാർത്ഥികൾക്ക് സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം വിദ്യാഭ്യാസ സഹായം നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ പദ്ധതി വിഹിതവും പദ്ധതിയേതര വിഹിതവും വിനിയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 30 സമുദായങ്ങൾക്ക് കൂടി ഒ.ഇ.സി സമുദായത്തിനു തുല്യമായ ധനസഹായത്തിന് അർഹതയുണ്ട്. ഇവരുടെ ഉയർന്ന വാർഷിക വരുമാന പരിധി 6.00 ലക്ഷം രൂപ ആയിരിക്കണം. 2025-26-ൽ പദ്ധതി വഴി 55,000 വിദ്യാർത്ഥികളെ സഹായിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 2025-26-ൽ ഈ പദ്ധതിയ്ക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതി വിവര കണക്കുകളുടെ അടിസ്ഥാനത്തിൽ 60 ശതമാനം തുക പെൺകുട്ടികൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**(ബി) ഒ.ഇ.സി വിഭാഗങ്ങൾക്കുള്ള പോസ്റ്റ് മെട്രിക് സഹായം**

**(വിഹിതം: 4000.00 ലക്ഷം രൂപ)**

മറ്റ് അർഹ സമുദായങ്ങളിലെ പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സർക്കാർ മാനദണ്ഡ പ്രകാരം വിദ്യാഭ്യാസ സഹായം നൽകുന്നതിനുള്ള സംസ്ഥാന പരിപാടിയാണിത്. ഈ പരിപാടി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ പദ്ധതി വിഹിതവും പദ്ധതിയേതര വിഹിതവും വിനിയോഗിക്കുന്നു. 30 സമുദായങ്ങൾക്ക് കൂടി ഒ.ഇ.സി സമുദായങ്ങൾക്ക് തുല്യമായ ധനസഹായത്തിന് അർഹതയുണ്ട്. ഇവരുടെ ഉയർന്ന വാർഷിക വരുമാന പരിധി 6 ലക്ഷം ആയിരിക്കണം. പോസ്റ്റ് മെട്രിക്കുലേഷൻ കോഴ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ സമർത്ഥരായ കുട്ടികൾക്ക് സർക്കാർ മാനദണ്ഡപ്രകാരമുള്ള ധനസഹായം നൽകുന്നു. 2025-26-ൽ ഈ പരിപാടിയ്ക്കായി

4000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ 60 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**4. പരമ്പരാഗത തൊഴിലുകൾക്കുള്ള സഹായം (ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ)**

**(വിഹിതം: 419.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൽ താഴെ പറയുന്ന മൂന്ന് ഉപപദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

**എ) മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള സഹായം**

**(വിഹിതം: 49.00 ലക്ഷം രൂപ)**

മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ ചില സമുദായങ്ങൾ മൺപാത്ര നിർമ്മാണം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾ പരമ്പരാഗത രീതിയാണ് ഉൽപ്പന്ന നിർമ്മാണത്തിൽ പിന്തുടരുന്നത്. ഇവർ കമ്പോളത്തിൽ കടുത്ത മത്സരങ്ങൾ നേരിടുന്നുണ്ട്. മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് ആധുനിക രീതികളിലുള്ള ഉല്പന്ന നിർമ്മാണത്തെക്കുറിച്ച് പരിശീലനം, ആധുനികവത്ക്കരണത്തിനും യന്ത്രവൽക്കരണത്തിനും വർക്ക്ഷെഡ്ഡുകളുടെയും ചിമ്മിനികളുടേയും നിർമ്മാണത്തിനും നവീകരണത്തിനും ആവശ്യമായ സാമ്പത്തിക സഹായം എന്നിവ നൽകി ഈ പരമ്പരാഗത വ്യവസായത്തെ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത ഓരോ ഗുണഭോക്താവിനും രണ്ടു തവണകളിലായി പരമാവധി 50,000/- രൂപ വീതം നൽകാൻ ഉദ്ദേശിക്കുന്നു. 2025-26-ൽ ഈ പരിപാടിക്കായി 49.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ 25 ശതമാനം തുക സ്ത്രീകൾക്ക് ഗുണകരമാകുമെന്ന് കണക്കാക്കുന്നു.

**ബി) ബാർബർഷോപ്പുകളുടെ നവീകരണത്തിനു വേണ്ടിയുള്ള സഹായം**

**(വിഹിതം: 20.00 ലക്ഷം രൂപ)**

പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗതമായി മുടിവെട്ടുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ (ബാർബർമാർ), ഒബിസി വിഭാഗത്തിലെ പാർശ്വവത്കരിക്കപ്പെട്ട പിന്നാക്ക വിഭാഗങ്ങളിൽ പെട്ടവരാണ്. നവീന ഉപകരണങ്ങളോടു കൂടിയ ബ്യൂട്ടി പാർലറുകളുടെ ആവിർഭാവം ഇവരുടെ നിലനിൽപ്പിന് വെല്ലുവിളിയായിട്ടുണ്ട്. അവരുടെ തൊഴിലിടം ആധുനീകരിക്കുന്നതിന് സാമ്പത്തിക സഹായം (ഷോപ്പുകൾ സജ്ജമാക്കുന്നതിനും ഉപകരണങ്ങളും സാമഗ്രികളും വാങ്ങുന്നതിനും വേണ്ടി) നൽകുന്നതു വഴി ഇവരുടെ തൊഴിലിലുണ്ടാകുന്ന കാലോചിതമായ മാറ്റത്തിനനുസൃതമായി അവരെ നിലനിർത്താൻ സാധിക്കും. വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ അധികരിക്കാത്ത ഒരു ഗുണഭോക്താവിന് രണ്ടു തവണകളിലായി പരമാവധി 25,000/- രൂപ വരെ നൽകാൻ ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു. ഹെയർ സ്റ്റൈലിംഗ്, മേക്കപ്പ് ആർട്ടിസ്റ്ററി, ബ്യൂട്ടി പാർലറുകൾ തുടങ്ങിയ സേവനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള സഹായവും ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ, ട്രെൻഡുകൾ, ഉൽപ്പന്നങ്ങൾ എന്നിവയിൽ ബാർബർമാർക്കുള്ള പരിശീലനവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 2025-26-ൽ ഈ ഉപ പദ്ധതിയ്ക്കായി 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സി) മറ്റു പിന്നാക്ക വിഭാഗത്തിലെ പരമ്പരാഗത കരകൗശല തൊഴിലാളികൾക്കുള്ള നൈപുണ്യ വികസന പരിശീലനവും പണി ആയുധങ്ങൾക്ക് ഗ്രാന്റും**

**(വിഹിതം: 350.00 ലക്ഷം രൂപ)**

കേരളത്തിലെ മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ദ്ധർ, കൈപ്പണിക്കാർ, വൈദഗ്ദ്ധ്യമില്ലാത്ത തൊഴിലാളികൾ എന്നിവരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുക, ശക്തിപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ബന്ധപ്പെട്ട മേഖലയിൽ ഉയർന്ന നിലവാരത്തിലുള്ള നൈപുണ്യ പരിശീലനം നൽകുക, ടൂൾ കിറ്റുകൾ ഉൾപ്പെടെയുള്ള ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുവാനുള്ള സബ്സിഡി തുക അനുവദിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. ഏത് തരത്തിലുള്ള പരമ്പരാഗത കരകൗശലങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ അധികരിക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ട്. രണ്ടു തവണകളിലായി പരമാവധി 20,000/- രൂപ വരെ ഗുണഭോക്താക്കൾക്ക് നൽകുവാൻ ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു. അതി ദാരിദ്ര്യ നിർമാർജ്ജന യജ്ഞ പ്രകാരം കണ്ടെത്തിയ ഈ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. ലിംഗാധിഷ്ഠിത സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ 20 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു. 2025-26 കാലയളവിൽ ഈ പദ്ധതിക്കായി 350.00 ലക്ഷം രൂപ വകയിരുത്തുന്നു.

**5. മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള വിദേശ സ്കോളർഷിപ്പുകൾ**

**(വിഹിതം: 500.00 ലക്ഷം രൂപ)**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തെരഞ്ഞെടുത്ത പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് എഞ്ചിനീയറിംഗ്, മാനേജ്മെന്റ്, സയൻസ്, അഗ്രിക്കൾച്ചർ സയൻസ്, മെഡിസിൻ, സാമൂഹ്യ ശാസ്ത്രം, നിയമം എന്നീ മേഖലകളിൽ ബിരുദാനന്തര ബിരുദവും പി.എച്ച്.ഡി.യും ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഗവൺമെന്റ് മാനദണ്ഡങ്ങൾക്കനുസൃതമായി 3 വർഷമോ അല്ലെങ്കിൽ കോഴ്സ് പൂർത്തീകരണ കാലാവധിയോ ഇതിൽ ഏതാണോ കുറവ് ആ കാലാവധി വരെ മാത്രമേ സാമ്പത്തിക സഹായം ലഭിക്കുകയുള്ളൂ.

ഇന്ത്യയിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനത്തിന് ഏറ്റവും അടുത്തുള്ള സ്ഥലത്തേക്കും തിരിച്ചും ഏറ്റവും ദൂരം കുറഞ്ഞ വഴിക്കുള്ള ഇക്കോണമി ക്ലാസുകളിലുള്ള വിമാന ചാർജുകൾ, യഥാർത്ഥ കോഴ്സ് ഫീസ്, മെയിന്റനൻസ് അലവൻസുകൾ, ആകസ്മിക യാത്രാ അലവൻസുകൾ, സാമഗ്രികൾ വാങ്ങിക്കുവാനുള്ള അലവൻസുകൾ, തലവരി നികുതി (പോൾ ടാക്സ്), വിസ ഫീസ്, മെഡിക്കൽ ഇൻഷ്വറൻസ് പ്രീമിയം എന്നിവയുടെ ആകെ ചെലവിന്റെ 50 ശതമാനം അല്ലെങ്കിൽ പരമാവധി 10 ലക്ഷം രൂപ ഇവയിൽ ഏതാണോ കുറവ് അത് വിദ്യാർത്ഥികൾക്ക് ഈ കോഴ്സിന്റെ കാലയളവിൽ ലഭ്യമാക്കുന്നു. ഒഡെപെക്കുമായി (ODEPEC) സഹകരിച്ചാണ് പദ്ധതി നടപ്പാക്കുക. 2025-26-ൽ ഈ പരിപാടിക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ 30 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**6. തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പരിപാടികൾ (ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ)**

**(വിഹിതം: 1840.00 ലക്ഷം രൂപ)**

ഈ പരിപാടിയിൽ താഴെ പറയുന്ന ഉപ പദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

**എ) തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന പരിപാടി/പരിശീലനം**

**(വിഹിതം: 700.00 ലക്ഷം രൂപ)**

മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകളുടെ പരിശീലനത്തിന് സഹായം നൽകുക, സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത തൊഴിലാളികളുടെ ഉപജീവനം സംരക്ഷിക്കുക, പുനഃസ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനായിട്ടാണ് പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം, ബാങ്ക് കോച്ചിംഗ്, സിവിൽ സർവീസ്/കെ.എ.എസ് പരിശീലനം, യു.ജി.സി/ഗേറ്റ്/മാറ്റ്/ജെ.ആർ.എഫ്/നെറ്റ് എന്നിവയ്ക്കുള്ള പരിശീലനം നേടുന്നതിനു സാമ്പത്തിക സഹായം നൽകുന്നു. കൂടാതെ ദാരിദ്ര്യ രേഖക്ക് താഴെയുള്ള പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിവ ആരംഭിക്കുന്നതിനും ധനസഹായം നൽകുന്നു. വിദഗ്ധരുടെ പാനൽ, പ്രശസ്ത പരിശീലന സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിലായിരിക്കും പരിശീലന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. ജോലി ലഭിക്കുന്നതുവരെ പ്രസ്തുത വിദ്യാർത്ഥികളെ ട്രാക്ക് ചെയ്യണം. കെ-ഡിസ്ക് വഴി നടപ്പിലാക്കുന്ന കേരള നോളജ് ഇക്കണോമി മിഷനുമായി ഈ പദ്ധതിയെ സംയോജിപ്പിക്കും.

IELTS, TOEFL, OET, NCLEX തുടങ്ങിയ പരീക്ഷകൾക്കായി പിന്നാക്ക വിഭാഗങ്ങളിലെ അവസാന വർഷ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനത്തിന് സഹായം നൽകാനും ഈ ഘടകം ഉദ്ദേശിക്കുന്നു. 2025-26-ൽ ഈ പരിപാടിക്കായി 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതിവിവര ക്കണക്കിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**(ബി) പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ ഓട്ടോ മൊബൈൽ വ്യവസായത്തിലെ തൊഴിലുകൾ ലഭ്യമാക്കൽ**

**(വിഹിതം: 450.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൽ താഴെ പറയുന്ന രണ്ട് ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

**i) പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ ഓട്ടോ മൊബൈൽ വ്യവസായത്തിലെ തൊഴിലുകൾ ലഭ്യമാക്കൽ**

ഓട്ടോ മൊബൈൽ, ട്രാവൽ & ടൂറിസം, ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ, പോളിമർ ടെക്നോളജി തുടങ്ങിയ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ

പ്രയോജനപ്പെടുത്തുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശീലന ചെലവുകളും പ്രതിമാസ സ്റ്റൈപ്പന്റും തൊഴിലന്വേഷകർക്ക് നല്കുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അനുയോജ്യമായ തൊഴിലുകൾ ഏജൻസി നൽകണം. പരിശീലന ചെലവിനായി ഒരാൾക്ക് പ്രതിമാസം പരമാവധി 8,000 രൂപ വീതം 10 മാസത്തേക്ക് നൽകുവാൻ ഉദ്ദേശിക്കുന്നു. കെ-ഡിസ്ക് വഴി നടപ്പിലാക്കുന്ന കേരള നോളജ് ഇക്കണോമി മിഷനുമായി ഈ പദ്ധതിയെ സംയോജിപ്പിക്കും. ട്രെയിനികൾക്ക് വിദേശ പ്ലേസ്മെന്റുകൾ ഉൾപ്പെടെ കൂടുതൽ പ്ലേസ്മെന്റുകൾ നൽകുന്ന റിക്രൂട്ട്മെന്റ് ഏജൻസികൾക്ക് വകുപ്പ് മുൻഗണന നൽകുന്നതാണ്. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP), KASE, സ്കിൽ കേരള മുതലായ ഏജൻസികൾ വാഗ്ദാനം ചെയ്യുന്ന മറ്റ് പ്രൊഫഷണൽ/സാങ്കേതിക കോഴ്സുകളിലേക്കും പദ്ധതി വ്യാപിപ്പിക്കാം. 2025-26-ൽ ഈ പരിപാടിക്കായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ii) തൊഴിൽ രഹിതരായ ഒബിസി യുവാക്കൾക്ക് പ്ലേസ്മെന്റ് ഉറപ്പാക്കുന്ന നൈപുണ്യ പരിശീലനം**

തൊഴിൽ രഹിതരായ പിന്നാക്ക വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് വ്യവസായാധിഷ്ഠിത പരിശീലനം, സർട്ടിഫിക്കേഷൻ, നൈപുണ്യ വികസനം എന്നിവ നൽകിക്കൊണ്ട് തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി തൊഴിൽ സാധ്യതകൾ, വരുമാന സാധ്യതകൾ, സാമ്പത്തിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യം വെക്കുന്നു. വ്യവസായ പങ്കാളികളുമായും പരിശീലന സ്ഥാപനങ്ങളുമായും സഹകരിച്ച് പ്ലേസ്മെന്റ് ഉറപ്പാക്കുന്ന പരിശീലന പരിപാടികൾ നടത്തും. 2025-26-ൽ ഈ പരിപാടിക്കായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സി) പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ**

**(വിഹിതം: 40.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ വിവിധ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങളിൽ ഭൂരിഭാഗവും പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരാണ്. ഇവർ വിപണിയിൽ കടുത്ത മത്സരം നേരിടുന്ന സാഹചര്യമാണുള്ളത്. അവർ അഭിമുഖീകരിക്കുന്ന വിപണന പ്രശ്നങ്ങൾ പരിഹരിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കാനാണ് ഈ ഘടകം ലക്ഷ്യം വെക്കുന്നത്. പരമ്പരാഗത ഉൽപന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിരം സംവിധാനമൊരുക്കാൻ വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുക. മുനിസിപ്പാലിറ്റികളിൽ നിന്നും ലഭ്യമായ ബിൽഡിംഗ് സ്പേസ് ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും ഉതകുന്ന തരത്തിൽ മാറ്റങ്ങൾ വരുത്തി വകുപ്പിനു വിപണന കേന്ദ്രങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായുള്ള സ്റ്റാളുകൾ ആകർഷകമാക്കുക, നിർമ്മാണ കേന്ദ്രങ്ങളിൽ നിന്ന് ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനു വാഹന സൗകര്യം ഒരുക്കുക, നിർമ്മാതാക്കളുടെ ഡാറ്റാബേസ് ഉണ്ടാക്കുക, അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഓൺലൈൻ പോർട്ടൽ തുടങ്ങുക എന്നിവയും ഈ ഉപപദ്ധതിയിൽ ഉൾപ്പെടുന്നു. 2025-26 കാലയളവിൽ ഈ ഘടകത്തിനായി 40.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ഡി) ഇലക്ട്രിക്/സിഎൻജി ഓട്ടോ ടാക്സികൾ വാങ്ങുന്നതിനുള്ള സഹായം**

**(വിഹിതം: 80.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട നിരവധി ആളുകൾ ഓട്ടോ ടാക്സി മേഖലയിൽ ജോലി ചെയ്യുന്നവരാണ്. ഇന്ധനവിലയിലുണ്ടായ വൻ വർദ്ധനവ് അവരുടെ ഉപജീവനത്തെ സാരമായി ബാധിക്കുന്ന സാഹചര്യത്തിൽ കൂടുതൽ വരുമാനം ഉണ്ടാക്കാൻ ന്യൂ ജനറേഷൻ ഇലക്ട്രിക്, സിഎൻജി വാഹനങ്ങളിലേക്ക് മാറുന്നതിന് അവർക്ക് സാമ്പത്തിക സഹായം ആവശ്യമാണ്. ന്യൂ ജനറേഷൻ ഇലക്ട്രിക്, സി.എൻ.ജി വാഹനങ്ങൾ വാങ്ങാൻ നൽകുന്ന വാഹന വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1.00 ലക്ഷം രൂപ വരെയോ സബ്സിഡി നൽകാനാണ് ഘടകം ലക്ഷ്യമിടുന്നത്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണനക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിലേക്ക് അർഹരായ അപേക്ഷകരെ വകുപ്പ് ശിപാർശ ചെയ്യുകയും ഈ കോർപ്പറേഷനുകളിൽ നിന്ന് അവർക്ക് വായ്പ നൽകുകയും ചെയ്യുന്നതാണ്. 2025-26 കാലയളവിൽ ഈ ഉപഘടകത്തിനായി 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർക്ക് ത്രീ വീലർ യൂട്ടിലിറ്റി സ്കൂട്ടറുകൾ വാങ്ങുന്നതിനുള്ള സഹായം ലഭ്യമാക്കുക എന്നതും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ഭിന്നശേഷിക്കാർക്ക് അവരുടെ ജോലി സുഗമമാക്കി കൂടുതൽ വരുമാനം ഉണ്ടാക്കി കൊടുക്കുക എന്നതാണ് ലക്ഷ്യം. 30 ശതമാനമോ അതിലധികമോ ഭിന്നശേഷിയുള്ള, എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത വ്യക്തികൾ സഹായം ലഭിക്കുന്നതിനു അർഹരാണ്. ഈ ഘടകത്തിലൂടെ 40 ശതമാനത്തിലധികം ഭിന്നശേഷിയുള്ള വ്യക്തികൾക്ക് നൂറു ശതമാനം സഹായം നൽകുന്നു. 40 ശതമാനത്തിൽ താഴെ ഭിന്നശേഷിയുള്ളവർ, വാഹനത്തിന്റെ മൊത്തം ചെലവിന്റെ 50 ശതമാനം വഹിക്കണം, ബാക്കി 50 ശതമാനം വകുപ്പ് വഹിക്കും. മൊത്തം വിലയുടെ 50 ശതമാനം അല്ലെങ്കിൽ 75,000/- രൂപ ഏതാണോ കുറവ് അത് വകുപ്പിന്റെ വിഹിതമായി കണക്കാക്കും. വകുപ്പ് പുറപ്പെടുവിക്കുന്ന വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് സഹായം വിതരണം ചെയ്യുന്നതാണ്. 2025-26-ൽ ഈ പരിപാടിക്കായി 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഇ) മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ വിധവകൾക്ക് സ്വയം തൊഴിൽ പദ്ധതി**

**(വിഹിതം: 275.00 ലക്ഷം രൂപ)**

പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം നൽകികൊണ്ട് അവർക്ക് ഒരു ഉപജീവനമാർഗം ഉണ്ടാക്കി കൊടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിലൂടെ വിധവകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി നൽകുന്ന വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1.00 ലക്ഷം രൂപ വരെയോ സബ്സിഡി നൽകാനാണ് ലക്ഷ്യമിടുന്നത്. ലാഭകരമായി നടത്താവുന്ന ഏത് തരത്തിലുള്ള സംരംഭങ്ങൾക്കും അതിന്റെ സാധ്യതകളെ അടിസ്ഥാനമാക്കി വായ്പ നൽകാവുന്നതാണ്. എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത 60 വയസ്സിന് താഴെയുള്ള വിധവകളെ സഹായത്തിനായി പരിഗണിക്കുന്നതാണ്. 40 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള പിന്നാക്ക വിഭാഗങ്ങളിലെ അവിവാഹിതരായ സ്ത്രീകൾക്കും സഹായത്തിന് അർഹതയുണ്ട്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്, കേരള സംസ്ഥാന ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ്, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണനക്ഷേമ വികസന കോർപ്പറേഷൻ ലിമിറ്റഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിലേക്ക് അർഹരായ അപേക്ഷകരെ വകുപ്പ് ശിപാർശ ചെയ്യുകയും ഈ കോർപ്പറേഷനുകളിൽ നിന്ന് വായ്പ നൽകുകയും ചെയ്യുന്നതാണ്. വകുപ്പ് പുറപ്പെടുവിക്കുന്ന വിശദമായ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് സബ്സിഡി വിതരണം ചെയ്യുന്നതാണ്. 18 വയസ്സിൽ താഴെയുള്ള കുട്ടികളുള്ള വിധവകൾക്കും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ അതി ദാരിദ്ര്യ തിരിച്ചറിയൽ സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളിലെ വിധവകൾക്കും മുൻഗണന നൽകേണ്ടതാണ്. 2025-26 കാലയളവിൽ ഈ പദ്ധതിക്കായി 275.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**എഫ്) എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങൾ**

**(വിഹിതം: 250.00 ലക്ഷം രൂപ)**

പിന്നാക്ക വിഭാഗങ്ങളിലെ തൊഴിലില്ലാത്ത എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് സാങ്കേതികവിദ്യാധിഷ്ഠിത സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകലാണ് പദ്ധതി വഴി ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിനകത്ത് തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ച് പ്രൊഫഷണൽ എഞ്ചിനീയറിംഗ് ബിരുദധാരികൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വിവിധ എഞ്ചിനീയറിംഗ് മേഖലകളിൽ നിന്നുള്ള എഞ്ചിനീയറിംഗ് ബിരുദധാരികളടങ്ങുന്ന ഗ്രൂപ്പുകൾക്ക് സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകാനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഗ്രൂപ്പിലെ ഓരോ അംഗത്തിന്റെയും കുടുംബ വാർഷിക വരുമാന പരിധി 5.00 ലക്ഷം രൂപയിൽ കവിയരുത്. ഓരോ ഗ്രൂപ്പിനും പരമാവധി 10.00 ലക്ഷം രൂപ നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. വകുപ്പ് പുറപ്പെടുവിക്കുന്ന വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് സഹായം വിതരണം ചെയ്യുന്നതാണ്. 2025-26 കാലയളവിൽ ഈ പദ്ധതിക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### ജി) മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട തെരുവ് കച്ചവടക്കാർക്ക് മൊബൈൽ സ്ട്രീറ്റ് വെന്റിംഗ് കാർട്ടുകളുടെ വിതരണം

**(വിഹിതം: 45.00 ലക്ഷം രൂപ)**

തെരുവുകച്ചവടക്കാർ സാധാരണയായി മാറിവരുന്ന എല്ലാ കാലാവസ്ഥകളേയും നേരിടേണ്ടിവരാറുണ്ട്. ഇത് അവരുടെ കച്ചവടത്തെ വളരെ വലിയ അളവിൽ ബാധിക്കുന്നു. സ്ട്രീറ്റ് വെന്റിംഗ് കാർട്ടുകൾ നൽകുന്നതിലൂടെ ഈ പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്. വഴിയോരക്കച്ചവടക്കാർക്ക് തടസ്സമില്ലാതെ വ്യാപാരം നടത്തുന്നതിനായി അലുമിനിയം ഫോർ വീലർ പുഷ് കാർട്ടുകൾ നൽകുക എന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. തെരുവ് വ്യാപാര നിയന്ത്രണ നിയമം 2014 പ്രകാരം തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യാപാരങ്ങൾ നടത്തുന്ന 100 വഴിയോര കച്ചവടക്കാർക്ക് വെൻഡിംഗ് കാർട്ടുകൾ നൽകാനാണ് ലക്ഷ്യം വെക്കുന്നത്. എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത തെരുവുകച്ചവടക്കാരെ സഹായത്തിനായി പരിഗണിക്കുന്നതാണ്. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും തെരുവ് കച്ചവടം ചെയ്തുകൊണ്ടിരിക്കുന്നവരുമായ വഴിയോര കച്ചവടക്കാർക്ക് മുൻഗണന നൽകേണ്ടതാണ്. വകുപ്പ് പുറപ്പെടുവിക്കുന്ന വിശദമായ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് പദ്ധതി നടപ്പാക്കുന്നതാണ്. 2025-26-ൽ ഈ പരിപാടിക്കായി 45.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2025-26 കാലയളവിൽ മേൽപ്പറഞ്ഞ ഏഴ് ഉപ പദ്ധതികൾക്കായി 1840.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 7. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ആധുനികവത്കരണം

**(വിഹിതം: 70.00 ലക്ഷം രൂപ)**

ഇ-ഗവേണൻസ് സംരംഭങ്ങളും ഇ-ഓഫീസും സ്ഥാപിക്കുക, പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ഓഫീസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ ലാപ് ടോപ്പുകളും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുക, ഓഫീസുകളിൽ ആവശ്യമായ ഫർണിച്ചറുകളും മറ്റും വാങ്ങുക, ഓഫീസ് ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് ലഭ്യമാക്കുക, നിലവിലുള്ള എല്ലാ പദ്ധതികളേയും ഓൺലൈൻ മുഖേനയാക്കുന്നതിന് പുതിയ സോഫ്റ്റ് വെയറും ഹാർഡ് വെയറും ലഭ്യമാക്കുക, ഓഫീസ് ഉപകരണങ്ങൾക്ക് സംരക്ഷണവും മെയിന്റനൻസും നടത്തുക, ഉദ്യോഗസ്ഥർക്ക് പരിശീലനം, പ്രിന്റിംഗ്, പരസ്യങ്ങൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, സർവ്വേകൾ, പഠനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക മുതലായ പ്രവർത്തനങ്ങളിലൂടെ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ആധുനികവത്കരണമാണ് പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതിക്കാരുടെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ച് വകുപ്പ് പഠനം നടത്തുന്നതാണ്. സംസ്ഥാന ആസൂത്രണ ബോർഡിലെ ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു ആസൂത്രണ മോണിറ്ററിംഗ് സെൽ 2025-26-ൽ രൂപീകരിക്കുന്നതാണ്. 2025-26-ൽ 70.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

### 8. 'കെടാവിളക്ക്' മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ്

**(വിഹിതം: 1500.00 ലക്ഷം രൂപ)**

ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിലെ ഒബിസി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിൽ നിന്ന് കേന്ദ്രസർക്കാർ പിന്മാറിയ സാഹചര്യത്തിൽ സ്കോളർഷിപ്പ് മുടങ്ങിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. രക്ഷിതാവിന്റെ/രക്ഷാധികാരിയുടെ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകും. വകുപ്പ് പുറപ്പെടുവിക്കുന്ന വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതാണ്. മറ്റ പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2025-26 കാലയളവിൽ പദ്ധതിക്കായി 1500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ലിംഗാധിഷ്ഠിത സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം തുക പെൺകുട്ടികൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

### 9. PM-YASASVI-ഒ.ബി.സി, ഇ.ബി.സി, ഡി.എൻ.റ്റി വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ് (പിന്നാക്ക വിഭാഗങ്ങൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ്) (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 800.00 ലക്ഷം രൂപ)**

രക്ഷിതാവിന്റെ/രക്ഷാധികാരിയുടെ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത ഒ.ബി.സി, ഇ.ബി.സി, ഡി.എൻ.റ്റി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക്

സ്കോളർഷിപ്പ് നൽകുന്നതിനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഒൻപത്, പത്ത് ക്ലാസുകളിലെ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. സർക്കാർ നിശ്ചയിച്ച നിരക്കിൽ അർഹരായ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് 2025-26 കാലയളവിൽ പദ്ധതിയുടെ പ്രതീക്ഷിക്കുന്ന കേന്ദ്ര വിഹിതത്തിനു ആനുപാതികമായി 40% സംസ്ഥാന വിഹിതമായി 800.00 ലക്ഷം രൂപ വകയിരുത്തുന്നു. കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സ്കോളർഷിപ്പ് നൽകുന്നതാണ്. ലിംഗാധിഷ്ഠിത സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ 30 ശതമാനം തുക പെൺകുട്ടികൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു. ഫണ്ടിന്റെ 5% ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി നീക്കിവച്ചിരിക്കുന്നു.

**10. PM-YASASVI-ഒ.ബി.സി, ഇ.ബി.സി, ഡി.എൻ.റ്റി വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (പിന്നാക്ക വിഭാഗങ്ങൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ) (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 5800.00 ലക്ഷം രൂപ)**

പോസ്റ്റ് മെട്രിക്കുലേഷൻ അല്ലെങ്കിൽ പോസ്റ്റ് സെക്കന്ററി തലങ്ങളിൽ പഠിക്കുന്ന ഒ.ബി.സി, ഇ.ബി.സി, ഡി.എൻ.റ്റി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം പൂർത്തീകരിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നല്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം. അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതിനാണ് സ്കോളർഷിപ്പുകൾ നല്കുന്നത്. രക്ഷിതാവിന്റെ/രക്ഷാധികാരിയുടെ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹതയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സ്കോളർഷിപ്പ് നൽകുന്നതാണ്. 2025-26 കാലയളവിൽ പദ്ധതിയുടെ പ്രതീക്ഷിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി 40% സംസ്ഥാന വിഹിതമായി 5800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതി വിവരകണക്കിന്റെ അടിസ്ഥാനത്തിൽ 30 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു. ഫണ്ടിന്റെ 5% ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി നീക്കിവച്ചിരിക്കുന്നു.

**11. PM-YASASVI ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 41.00 ലക്ഷം രൂപ)**

ഗ്രാമീണ പശ്ചാത്തലത്തിൽ നിന്നുള്ള മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അകലത്തിൽ സ്ഥിതി ചെയ്യുന്ന സർക്കാർ സ്കൂളുകൾ, സർവ്വകലാശാലകൾ, സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ സെക്കൻഡറി തല വിദ്യാഭ്യാസമോ ഉന്നത വിദ്യാഭ്യാസമോ നേടുന്നതിനായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 2025-26-ൽ ഈ പരിപാടിക്കായി 41.00 ലക്ഷം രൂപ 40 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**12. കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണനക്ഷേമ വികസന കോർപ്പറേഷൻ ലിമിറ്റഡിന് (കെ.എസ്.പി.എം.എം.ഡബ്ല്യു.ഡി.സി) ഓഹരി മൂലധനം**

**(വിഹിതം: 180.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര മേഖലയുടെ ആധുനികവത്കരണം സാധ്യമാക്കുകയും അതിലൂടെ ഈ മേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.പി.എം.എം.ഡബ്ല്യു.ഡി.സി) രൂപീകരിച്ചത്. പ്രവർത്തന മൂലധന വായ്പ ഉൾപ്പെടെയുള്ള കളിമൺ ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾക്കുള്ള വായ്പകൾ, കളിമൺപാത്രങ്ങളുടെ വിപണനത്തിനായുള്ള വാഹനങ്ങൾ വാങ്ങുന്നതിനുള്ള വായ്പകൾ ഉൾപ്പെടെയുള്ള കളിമൺ ഉൽപന്ന വിപണന യൂണിറ്റുകൾക്കുള്ള വായ്പകൾ, വിവാഹ സഹായ വായ്പകൾ, സ്വയം സഹായ സംഘങ്ങൾക്കുള്ള ഗ്രൂപ്പ് ലോൺ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 2025-26 ൽ കോർപ്പറേഷനുള്ള ഓഹരി മൂലധന സഹായമായി 180.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മൺപാത്ര നിർമാണ മേഖലയിലെ തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചും വിപണന ആശയങ്ങളെക്കുറിച്ചും പരിശീലനം, പ്രാദേശിക ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കൽ, എക്സിബിഷൻ കം സെയിൽസ് ഔട്ട്ലെറ്റുകൾ, കളിമൺപാത്രങ്ങളുടെ വിപണനത്തിനായുള്ള ഓൺലൈൻ മാർക്കറ്റിംഗ് പോർട്ടലുകൾ സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങൾ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ സഹായത്തോടെ ചെയ്യുന്നതും

പദ്ധതിയിൽ ഉൾപ്പെടുന്നു. ലിംഗാധിഷ്ഠിത സ്ഥിതിവിവര കണക്കിന്റെ അടിസ്ഥാനത്തിൽ 20 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

### 13. കുംഭാര കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം

**(വിഹിതം: 100.00 ലക്ഷം രൂപ)**

പരമ്പരാഗത മൺപാത്ര നിർമ്മാണ സമുദായങ്ങൾ മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന സമുദായങ്ങളിലൊന്നാണ്. ഇവർ താമസിക്കുന്ന കുംഭാര കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത അവസ്ഥയാണ്. ചൂരിഭാഗത്തിനും പ്രവർത്തന ഷെഡ്, ചിമ്മിനി, ആധുനിക ഉപകരണങ്ങൾ തുടങ്ങിയ പ്രവർത്തന സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ലാത്ത സാഹചര്യമാണുള്ളത്. പരമ്പരാഗത മൺപാത്ര നിർമ്മാണ സമൂഹങ്ങൾ തിങ്ങിപ്പാർക്കുന്ന കുംഭാര കോളനികളുടെ സമഗ്ര വികസനം പദ്ധതി വിഭാവനം ചെയ്യുന്നു. അടിസ്ഥാന സൗകര്യ വികസനം (റോഡ്, കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി, നടപ്പാത, കുടിവെള്ളം, വൈദ്യുതി, മണ്ണ് സംരക്ഷണം മുതലായവ), വ്യാപാരത്തിന്റെ നവീകരണം, വർക്ക്ഷെഡ്, ചിമ്മിനി എന്നിവയുടെ നിർമ്മാണം, ഉൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള ഗതാഗത സൗകര്യങ്ങൾ തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതി പ്രകാരം വ്യക്തിഗത സാമ്പത്തിക സഹായം നൽകുന്നതല്ല. കുംഭാര കോളനികളുടെ വികസന പ്രശ്നങ്ങളെക്കുറിച്ച് ജില്ലാ പ്ലാനിംഗ് ഓഫീസുകൾ വഴി ഒരു ചെറിയ പഠനം നടത്തുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. 2025-26-ൽ 100.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

### 14. മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരെയുമോ നഷ്ടപെട്ട മറ്റു പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥിനികൾക്കുള്ള പ്രത്യേക സ്കോളർഷിപ്പ്

**(വിഹിതം: 50.00 ലക്ഷം രൂപ)**

മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരെയുമോ നഷ്ടപെട്ട മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം നൽകുന്നതിലൂടെ അവർക്ക് ഒരു കൈത്താങ്ങ് നൽകുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന പെൺകുട്ടികളിൽ പലരും മാതാവിന്റെയോ പിതാവിന്റെയോ അല്ലെങ്കിൽ ഇരുവരുടേയുമോ മരണം കാരണം ട്യൂഷൻ ഫീസും ഹോസ്റ്റൽ ഫീസും അടയ്ക്കാനുള്ള പണം കണ്ടെത്താൻ ബുദ്ധിമുട്ട് അനുഭവിക്കുന്നു. കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ള സർക്കാർ/സർക്കാർ എയ്ഡഡ്/സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിലെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ മേഖലയിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് സാമ്പത്തിക സഹായം നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ള യോഗ്യരായ വിദ്യാർത്ഥിനികൾക്ക് പ്രതിവർഷം 50,000 രൂപ നൽകാൻ ഉദ്ദേശിക്കുന്നു. 2025-26 കാലയളവിൽ ഈ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ലിംഗാധിഷ്ഠിത സ്ഥിതിവിവര കണക്കിന്റെ അടിസ്ഥാനത്തിൽ 100 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുന്നതാണ്.

## ഡി. ന്യൂനപക്ഷങ്ങളുടെ ക്ഷേമം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം – (ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിൽ ബഹുമേഖലാ വികസന പരിപാടികൾ) (40 ശതമാനം സംസ്ഥാന വിഹിതം) | 1600.00 |
| 2 | സ്കോളർഷിപ്പ് പദ്ധതികൾ (ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ) | 961.00 |
| 3 | നൈപുണ്യ വികസന പദ്ധതികളും തൊഴിലധിഷ്ഠിത പദ്ധതികളും (ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ) | 702.00 |
| 4 | വിവാഹ ബന്ധം വേർപെടുത്തിയ/വിധവകളായ/ഭർത്താവ് ഉപേക്ഷിച്ച ന്യൂനപക്ഷ വിഭാഗത്തിലെ സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പദ്ധതി | 500.00 |
| 5 | ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ആധുനികവത്കരണം | 40.00 |
| 6 | കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ ഒരു ന്യൂനപക്ഷ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ | 10.00 |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 7 | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന് ഓഹരി മൂലധനം | 1200.00 |
| 8 | വിവാഹപൂർവ്വ കൗൺസിലിംഗും സോഫ്റ്റ് സ്കിൽ വികസനവും | 50.00 |
| 9 | 'മാർഗ്ഗദീപം' – ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് | 2000.00 |
| 10 | ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിധവകൾക്ക് സ്വയം തൊഴിൽ പദ്ധതി | 500.00 |
| 11 | ന്യൂനപക്ഷ ഗവേഷകർക്ക് റിസർച്ച് ഫെല്ലോഷിപ്പ് (പുതിയ പദ്ധതി) | 600.00 |
| **ആകെ** | | **8163.00** |

**1. പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം - (ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിൽ ബഹുമേഖലാ വികസന പരിപാടികൾ) (40 ശതമാനം സംസ്ഥാനവിഹിതം)**

**(വിഹിതം: 1600.00 ലക്ഷം രൂപ)**

പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം ന്യൂനപക്ഷ സമുദായങ്ങൾക്ക് പ്രത്യേകിച്ച് വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യ വികസനം എന്നീ മേഖലകളിൽ മികച്ച സാമൂഹിക സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങൾ പ്രധാനം ചെയ്യാൻ ലക്ഷ്യംവയ്ക്കുന്നു. പിന്നാക്കാവസ്ഥയുടെ മാനദണ്ഡങ്ങളിൽ ദേശീയ ശരാശരിയും ന്യൂനപക്ഷ സമുദായങ്ങളും തമ്മിലുള്ള വിടവ് കുറയ്ക്കുവാൻ ഇത് സഹായകരമാകും. മുമ്പുണ്ടായിരുന്ന ബഹുമേഖലാ വികസന പരിപാടികൾ എന്ന പദ്ധതി ന്യൂനപക്ഷ കാര്യ മന്ത്രാലയം 2018-19 ൽ പുനസംഘടിപ്പിച്ച് കേന്ദ്ര, സംസ്ഥാന വിഹിതങ്ങളുടെ അനുപാതം 60:40 എന്ന തോതിൽ മാറ്റി പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ) എന്ന് പുനഃനാമകരണം ചെയ്യുകയുണ്ടായി. ന്യൂനപക്ഷ സമുദായങ്ങളുടെയും മറ്റ് സമുദായങ്ങളുടെയും സാമൂഹിക സാമ്പത്തിക അവസ്ഥ, ജീവിത സാഹചര്യങ്ങൾ തുടങ്ങിയവ അഭിവൃദ്ധിപ്പെടുത്തുന്നതിനായി അവർ അധിവസിക്കുന്ന പ്രദേശങ്ങളിലെ നവീന പദ്ധതികൾക്കു പുറമെ വിദ്യാഭ്യാസം, ആരോഗ്യം, വൈദഗ്ധ്യ വികസനം എന്നീ മേഖലകളിലെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട പദ്ധതികളാണ് പി.എം.ജെ.വി.കെ മുഖാന്തിരം നടപ്പിലാക്കുന്നത്. പുതുക്കിയ പി.എം.ജെ.വി.കെ പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കാം. ന്യൂനപക്ഷ ജനസംഖ്യ 25 ശതമാനം കൂടുതലുള്ളതായി കണ്ടെത്തിയ പ്രദേശങ്ങളിൽ (15 K.M ചുറ്റളവിൽ) അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നിർദ്ദേശിക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സാധ്യമാണ്. സ്കൂൾ കെട്ടിടങ്ങളുടെ നിർമാണം, സ്ത്രീശാക്തീകരണ കേന്ദ്രങ്ങൾ, മാർക്കറ്റ് ഷെഡുകൾ, ടോയ്‌ലറ്റ് ബ്ലോക്കുകൾ, ബഡ്സ് സ്കൂളുകൾ, ഡയാലിസിസ് സെന്ററുകൾ, സദ്ഭാവന മണ്ഡപങ്ങൾ, പൊതു സേവന കേന്ദ്രങ്ങൾ തുടങ്ങിയവ പിഎംജെവികെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യ വികസനം, വനിതാ കേന്ദ്രീകൃത പദ്ധതികൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്നതിനുപുറമേ, ഉയർന്നുവരുന്ന ദേശീയ പ്രധാന്യമുള്ള മേഖലകളായ കായികം, ശുചിത്വം, സൗരോർജ്ജം, നഗരപ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾ തുടങ്ങിയവയ്ക്കും പദ്ധതി മുൻഗണന നൽകുന്നതാണ്. 2025-26-ൽ 1600.00 ലക്ഷം രൂപ 40 ശതമാനം സംസ്ഥാന വിഹിതമായി ഈ പരിപാടിക്ക് വകയിരുത്തിയിരിക്കുന്നു.

**2. സ്കോളർഷിപ്പ് പദ്ധതികൾ (ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ)**

**(വിഹിതം: 961.00 ലക്ഷം രൂപ)**

ഈ പരിപാടിയുടെ കീഴിൽ വരുന്ന 4 ഉപപദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.

**(എ) സി.എ/സി.എം.എ/സി.എസ് തുടങ്ങിയ കോഴ്സുകൾ ചെയ്യുന്നവർക്കുള്ള സ്കോളർഷിപ്പുകൾ**

**(വിഹിതം: 97.00 ലക്ഷം രൂപ)**

ചാർട്ടേഡ് അക്കൗണ്ടൻസി (ഫൗണ്ടേഷൻ, ഇന്റർമീഡിയറ്റ്, ഫൈനൽ), കോസ്റ്റ് ആന്റ് മാനേജമെന്റ് അക്കൗണ്ടിംഗ്, കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് സ്കോളർഷിപ്പ് നല്കുവാനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. യുജിസി/ സിഎസ്ഐആർ/നെറ്റ്/എൻടിഎസ്ഇ എന്നിവയിൽ പരിശീലനം ചെയ്യുന്നവർക്കുള്ള സഹായവും ഇതിൽ ഉൾപ്പെടുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ന്യൂനപക്ഷ/ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പ്ലസ് ടുവിന് കുറഞ്ഞത് 60 ശതമാനം മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾ ഈ ആനുകൂല്യത്തിന് യോഗ്യരാണ്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ അഭാവത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള കുടുംബവരുമാന പരിധിയിലുള്ള വിദ്യാർത്ഥികളെ പരിഗണിക്കാവുന്നതാണ്. വിദ്യാർത്ഥികളുടെ ഹാജരിന്റെ അടിസ്ഥാനത്തിൽ അവർ പഠിക്കുന്ന സ്ഥാപനത്തിന്റെ തലവൻ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരമായിരിക്കും സഹായധനം നൽകുന്നത്.

ഐ.ഐ.ടി, ഐ.ഐ.എം, ഐ.ഐ.എം.എസ്.സി, ഐ.ഐ.എസ്.സി തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന മിടുക്കരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് മെറിറ്റ് സ്കോളർഷിപ്പ് നൽകാനും ഉപ പദ്ധതി ഉദ്ദേശിക്കുന്നു. ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനാണ് ഘടകം ഉദ്ദേശിക്കുന്നത്. നിലവിലുള്ള സർക്കാർ ഉത്തരവിന് അനുസൃതമായി സ്കോളർഷിപ്പുകൾ വിതരണം ചെയ്യും. 2025-26 ൽ ഈ പരിപാടിക്കായി 97.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**ബി) സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കും സിവിൽ സർവ്വീസ് വിദ്യാർത്ഥികൾക്കും പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്**

**(വിഹിതം: 714.00 ലക്ഷം രൂപ)**

പത്താം ക്ലാസ്സ്, പ്ലസ്ടു, വി.എച്ച്.എസ്.ഇ എന്നീ തലങ്ങളിൽ എ പ്ലസ്സ് ഗ്രേഡ് നേടിയവർക്കും, ബിരുദ തലത്തിൽ 80 ശതമാനമോ അതിലധികമോ, ബിരുദാനന്തര തലത്തിൽ 75 ശതമാനമോ അതിലധികമോ മാർക്ക് നേടിയ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുമാണ് ഈ സ്കോളർഷിപ്പ് നൽകുന്നത്. ഗവൺമെന്റ്/ഗവൺമെന്റ് എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളാണ് ഇതിന് അർഹരായിട്ടുള്ളത്. ദാരിദ്ര്യരേഖയ്ക്ക താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ അഭാവത്തിൽ സർക്കാർ നിശ്ചയിക്കുന്ന വാർഷിക വരുമാന പരിധിയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളെയും ഇതിനായി പരിഗണിക്കാവുന്നതാണ്. എസ്.എസ്.എൽ.സി, ഹയർസെക്കന്ററി തലങ്ങളിൽ 10,000/- രൂപയും, കോളേജ് വിദ്യാർത്ഥികൾക്ക് 15,000/- രൂപയുമാണ് സ്കോളർഷിപ്പ് തുക. സിവിൽ സർവ്വീസ് പരിശീലനത്തിനായി അംഗീകൃത സിവിൽ സർവ്വീസ് പരിശീലന സ്ഥാപനങ്ങളിൽ പഠനത്തിന് ചേർന്നിട്ടുള്ള ദാരിദ്ര്യ രേഖയ്ക്ക താഴെയുള്ള സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നല്കുന്നതിനുള്ള വിഹിതം കൂടി ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. വിദേശത്ത് ബിരുദമോ ബിരുദാനന്തര ബിരുദമോ അല്ലെങ്കിൽ പി.എച്ച്.ഡി കോഴ്സുകളോ പഠിക്കുവാൻ ആഗ്രഹിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് 5,00,000/- രൂപ വരെ സ്കോളർഷിപ്പ് നൽകുവാനും ഈ പദ്ധതി ഉദ്ദേശിക്കുന്നു. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരമായിരിക്കും സഹായധനം നൽകുന്നത്. ലിംഗാധിഷ്ഠിത സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു. 2025-26-ൽ 714.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

**(സി) നഴ്സിങ്ങ് ഡിപ്ലോമ/പാരാ മെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള മദർ തെരേസ സ്കോളർഷിപ്പ്**

**(വിഹിതം: 68.00 ലക്ഷം രൂപ)**

ഗവൺമെന്റ്/ഗവൺമെന്റ് എയ്ഡഡ് മെഡിക്കൽ സ്ഥാപനങ്ങളിൽ നഴ്സിംഗ് ഡിപ്ലോമ/പാരാ മെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ന്യൂനപക്ഷ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് പദ്ധതി ലക്ഷ്യംവെയ്ക്കുന്നത്. ദാരിദ്ര്യരേഖയ്ക്ക താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ അഭാവത്തിൽ സർക്കാർ നിശ്ചയിക്കുന്ന വാർഷിക വരുമാന പരിധിയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെയും പരിഗണിക്കാവുന്നതാണ്. ന്യൂനപക്ഷവിഭാഗ വിദ്യാർത്ഥികൾക്ക് 15,000 രൂപ വീതം സ്കോളർഷിപ്പ് നല്കുവാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിലുള്ള സർക്കാർ ഉത്തരവിന് അനുസൃതമായി സ്കോളർഷിപ്പുകൾ വിതരണം ചെയ്യും. പ്ലസ്ടു തലത്തിൽ കുറഞ്ഞത് 45 ശതമാനം മാർക്ക് നേടിയ ന്യൂനപക്ഷ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ അപേക്ഷിക്കുവാൻ അർഹരാണ്. 2025-26-ൽ ഈ പരിപാടിക്കായി 68.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**(ഡി) ത്രിവൽസര ഡിപ്ലോമ കോഴ്സുകൾക്കുള്ള എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ്**

**(വിഹിതം: 82.00 ലക്ഷം രൂപ)**

ഗവൺമെന്റ്/ഗവൺമെന്റ് എയ്ഡഡ് പോളിടെക്നിക് സ്ഥാപനങ്ങളിൽ ത്രിവൽസര ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ന്യൂനപക്ഷ കുടുംബങ്ങളിൽ നിന്നുള്ള

വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനാണ് ഈ ഉപപദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ അഭാവത്തിൽ സർക്കാർ നിശ്ചയിക്കുന്ന വാർഷിക വരുമാന പരിധിയിൽ താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളെയും ഇതിനായി പരിഗണിക്കാവുന്നതാണ്. നിലവിലുള്ള സർക്കാർ ഉത്തരവിന് അനുസൃതമായി സ്കോളർഷിപ്പുകൾ വിതരണം ചെയ്യും. അപേക്ഷകരായ ന്യൂനപക്ഷ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി തലത്തിൽ കുറഞ്ഞത് 60 ശതമാനം മാർക്ക് നേടിയിരിക്കണം. തൊഴിൽരഹിതരും അഭ്യസ്ഥവിദ്യരുമായ ന്യൂനപക്ഷ യുവതീ യുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകാനും പദ്ധതി ഉദ്ദേശിക്കുന്നു. 2025-26-ൽ ഈ പരിപാടിക്കായി 82.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതി വിവര കണക്കിന്റെ അടിസ്ഥാനത്തിൽ 30 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

### 3. നൈപുണ്യ വികസന പദ്ധതികളും തൊഴിലധിഷ്ഠിത പദ്ധതികളും (ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ)

**(വിഹിതം: 702.00 ലക്ഷം രൂപ)**

ഈ പരിപാടിയിൽ താഴെ പറയുന്ന രണ്ട് ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

### എ) കരിയർ ഗൈഡൻസും വ്യക്തിത്വ വികസന പരിപാടികളും

**(വിഹിതം: 120.00 ലക്ഷം രൂപ)**

ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, കോളേജ് തലത്തിൽ പഠിക്കുന്ന മത/ഭാഷാ ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് പ്രത്യേകമായി കരിയർ ഗൈഡൻസ് സംഘടിപ്പിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇത് വിദ്യാർത്ഥികളിൽ നേതൃഗുണങ്ങൾ സൃഷ്ടിക്കുന്നതിനും അനുയോജ്യമായ ഉന്നത വിദ്യാഭ്യാസ സാധ്യതകൾ കണ്ടെത്തുന്നതിനുള്ള മാർഗനിർദേശം നൽകുന്നതിനും സഹായിക്കുന്നതാണ്. 100 വിദ്യാർത്ഥികളുള്ള ഓരോ ബാച്ചിലും 30 ശതമാനം സീറ്റ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്. മൊത്തം പരിപാടിയെ ട്യൂണിംഗ്, ഫ്ളവറിംഗ്, എക്സ്പ്ലോറിംഗ് എന്നിങ്ങനെ 3 വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. ട്യൂണിംഗിനായി 180 ഏകദിന ക്യാമ്പുകൾ, ഫ്ലവറിംഗിനായി 14 റസിഡൻഷ്യൽ ക്യാമ്പുകൾ, എക്സ്പ്ലോറിംഗിൽ തെരഞ്ഞെടുക്കപ്പെട്ട 100 കുട്ടികൾക്ക് ഇന്ത്യൻ പര്യടനം എന്നിവയാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കെ-ഡിസ്ക് വഴി നടപ്പിലാക്കുന്ന കേരള നോളജ് ഇക്കണോമി മിഷനുമായി ഈ പദ്ധതിയെ സംയോജിപ്പിക്കും. വിദ്യാഭ്യാസ വകുപ്പിന്റെ പരിപാടികൾ, മറ്റ് സർക്കാർ വകുപ്പുകളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും പരിപാടികളുമായി പരമാവധി സംയോജനം ഉറപ്പാക്കേണ്ടതുണ്ട്. 2025-26-ൽ ഈ പരിപാടിയ്ക്കായി 120.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ 30 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

### (ബി) നൈപുണ്യ പരിശീലനം - വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്ന ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഫീസ് തിരിച്ചു നൽകൽ

**(വിഹിതം: 582.00 ലക്ഷം രൂപ)**

ന്യൂനപക്ഷ വിഭാഗക്കാരുടെ മാനവ വിഭവ ശേഷി വികസനത്തിന് വ്യവസായ വാണിജ്യ രംഗങ്ങളിലുള്ള നൈപുണ്യ പരിശീലനം അത്യാവശ്യമാണ്. പ്ലംബിംഗ്, വയറിംഗ്, തയ്യൽ, ഫാഷൻ ഡിസൈനിംഗ്, മൊബൈൽ ഫോൺ മെക്കാനിക്സ്, അലുമിനിയം ഫാബ്രിക്കേഷൻ, വെൽഡിംഗ്, ഗ്യാസ് വെൽഡിംഗ്, ഇരുചക്ര/മുച്ചക്ര വാഹന മെക്കാനിക് ട്രെയിനിംഗ്, ചെറിയ മോട്ടോർ വാഹനങ്ങളുടെ മെക്കാനിക്ക് കോഴ്സ്, സർവേയർ എന്നിവയിൽ നൈപുണ്യ പരിശീലനം നൽകുന്നു. യോഗ്യതാ പരീക്ഷയിൽ കഴിവ് തെളിയിക്കുന്ന അംഗീകൃത സ്വകാര്യ ഐ.ടി.ഐ യിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായിരിക്കും ഫീസ് തിരിച്ചു നൽകുക. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ അഭാവത്തിൽ സർക്കാർ നിശ്ചയിക്കുന്ന വാർഷിക വരുമാന പരിധിയിൽപ്പെടുന്ന വിദ്യാർത്ഥികളെയും പരിഗണിക്കുന്നതാണ്. 10 ശതമാനം സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. കെ-ഡിസ്ക് വഴി നടപ്പിലാക്കുന്ന കേരള നോളജ് ഇക്കണോമി മിഷനുമായി ഈ പദ്ധതിയെ സംയോജിപ്പിക്കും. 2025-26-ൽ ഈ പദ്ധതിയ്ക്കായി 402.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

തൊഴിലില്ലാത്ത ന്യൂനപക്ഷ യുവതീ യുവാക്കൾക്ക് രണ്ട് സ്കീമുകളിലായി നൈപുണ്യ പരിശീലനം നൽകാനും പദ്ധതി ഉദ്ദേശിക്കുന്നു: 1) മെട്രിക്കുലേഷനും പ്ലസ് ടു ലെവലും യോഗ്യതയുള്ള യുവാക്കൾക്ക്, 2) ബിരുദം/പ്രൊഫഷണൽ ബിരുദമുള്ള യുവാക്കൾക്ക്. കെയ്സ് (KASE), അഡീഷണൽ സ്കിൽ

അക്വിസിഷൻ പ്രോഗ്രാം (ASAP), ODEPEC പോലുള്ള ഏജൻസികൾ വഴിയും കെ.ഐ.റ്റി.റ്റി.എസ് (KITTS), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പോലുളള സാധാരണ തൊഴിലധിഷ്ഠിത കോഴ്സുകൾ നൽകുന്ന പൊതുമേഖലാ ഏജൻസികൾ വഴിയും പ്രശസ്തമായ സ്വകാര്യ ഏജൻസികൾ വഴിയും നൈപുണ്യ വികസനം നൽകുന്നതാണ്. വൈദഗ്ധ്യം നേടിയ വിദ്യാർത്ഥികൾക്ക് ഏജൻസികൾ വഴി ഇൻഡസ്ട്രി ടൈ-അപ്പുകളും പ്ലേസ്മെന്റ് ലിങ്കേജുകളും നല്കണം. ഐടി ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും, സൈബർ സുരക്ഷ, ഫുഡ് ആന്റ് ബിവറേജസ്, ഹോസ്പിറ്റാലിറ്റി ആന്റ് ടൂറിസം, ടെക്സ്റ്റൈൽ ആന്റ് ഫാഷൻ ടെക്നോളജി, കൃഷി, ഹോർട്ടികൾച്ചർ, കൺസ്ട്രക്ഷൻ ആന്റ് മാനേജ്മെന്റ്, സപ്ലൈ ചെയിൻ മാനേജ്മെന്റ് പോലുളള മേഖലകളിലാണ് നൈപുണ്യ വികസനം നൽകുന്നത്. 2025-26-ൽ ഈ പദ്ധതിയ്ക്കായി 180.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുകയിൽ നിന്നും 10 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**4. വിവാഹ ബന്ധം വേർപെടുത്തിയ/വിധവകളായ/ഭർത്താവ് ഉപേക്ഷിച്ച ന്യൂനപക്ഷ വിഭാഗത്തിലെ സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പദ്ധതി**

**(വിഹിതം: 500.00 ലക്ഷം രൂപ)**

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ, വിവാഹബന്ധം വേർപെടുത്തിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾ എന്നിവരാണ് ഈ ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾ. മുൻവർഷങ്ങളിൽ ഈ പദ്ധതിയിൽ അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിനും വീടുകളുടെ പുനഃരുദ്ധാരണത്തിനും വേണ്ടിയാണ് തുക വകയിരുത്തിയിട്ടുള്ളത്. സർക്കാർ മാനദണ്ഡപ്രകാരമായിരിക്കണം സഹായം നൽകേണ്ടത്. സംസ്ഥാനത്ത് സമ്പൂർണ്ണ ഭവന പദ്ധതി (ലൈഫ്) നടപ്പാക്കുന്ന സാഹചര്യത്തിൽ 2025-26 വർഷത്തിൽ, പദ്ധതിക്ക് കീഴിൽ പുതിയ വീടുകൾ അനുവദിക്കുന്നത് പരിഗണിക്കുന്നതല്ല. മുൻവർഷങ്ങളിൽ ഏറ്റെടുത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായും വീടുകളുടെ പുനഃരുദ്ധാരണത്തിനായും ഈ പദ്ധതിയ്ക്കായി 500.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ലിംഗ നിർണ്ണയ സ്ഥിതിവിവരകണക്കിന്റെ അടിസ്ഥാനത്തിൽ 100 ശതമാനം തുകയും സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**5. ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ ആധുനികവത്കരണം**

**(വിഹിതം: 40.00 ലക്ഷം രൂപ)**

മികച്ച രീതിയിലുള്ള മേൽനോട്ടം, പൊതുജന പരാതി പരിഹാരം, മെച്ചപ്പെട്ട പൊതു സേവനം എന്നിവ സുഗമമാക്കിക്കൊണ്ട് തൊഴിൽ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി ന്യൂനപക്ഷ ക്ഷേമ വകുപ്പിനെ നവീകരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. താഴെ പറയുന്ന ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- ഇ-ഗവേണൻസ് സംരംഭങ്ങളും ഇ-ഓഫീസും സജ്ജീകരിക്കുന്നതിനു ആവശ്യമായ കമ്പ്യൂട്ടറുകൾ, ടാബ്‌ലെറ്റ് പിസികൾ, നോട്ട്ബുക്കുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ഫോട്ടോകോപ്പിയർ, പ്രിന്റർ, യുപിഎസ്, ഓഫീസ് ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനുള്ള ചെലവുകളും, ഇ-ഓഫീസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട മറ്റ് ചെലവുകളും ഉൾപ്പെടുത്തിയിരിക്കുന്നു.
- സോഫ്റ്റ് വെയറുകളുടെ വികസനം, നിലവിലെ സോഫ്റ്റ് വെയറുകളുടെ തുടർചെലവുകൾ, ഇ-ഗവണേനൻസ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ഹാർഡ് വെയർ വാങ്ങൽ.
- വകുപ്പിന്റെ വെബ്സൈറ്റിന്റെ പരിപാലനം, ഐ.റ്റി യുമായി ബന്ധപ്പെട്ട സേവനങ്ങൾ, ഐ.റ്റി മാനേജർമാർ (ടെക്നിക്കൽ)/പ്രോഗ്രാമർമാർ/ഹാർഡ്‌വെയർ എഞ്ചിനീയർമാർ എന്നിവരെ കോൺട്രാക്റ്റ്/ദിവസ വേതന അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിനുള്ള ചെലവുകൾ.
- ഡയറക്ടറേറ്റിലേക്ക് വാഹനങ്ങൾ വാടകയ്ക്ക് എടുക്കൽ
- ഐ.ടി യെ പ്രയോജനപ്പെടുത്തി കൊണ്ട് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ നിരീക്ഷണവും വിലയിരുത്തലും. പ്രൊഫഷണൽ ഏജൻസികളെ പ്രയോജനപ്പെടുത്തിക്കൊണ്ട് വകുപ്പിന്റെ നിലവിലുള്ള പദ്ധതികളെക്കുറിച്ചുളള ഒരു വിലയിരുത്തൽ പഠനം.
- ഉദ്യോഗസ്ഥർക്ക് വേണ്ടിയുള്ള പരിശീലന പരിപാടികൾ.
- പ്രിന്റിംഗ്, പരസ്യങ്ങൾ, ശില്പശാലകൾ നടത്തൽ എന്നിവയ്ക്കുള്ള പ്രവർത്തന ചെലവുകൾ.
- പഠനത്തിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ യുവാക്കൾക്കുള്ള പരിശീലന കേന്ദ്രങ്ങളുടെ നവീകരണം. ന്യൂനപക്ഷ യുവാക്കൾക്കായുള്ള 24 പരിശീലന കേന്ദ്രങ്ങളിലും സിസിടിവി ക്യാമറകൾ സ്ഥാപിക്കലും ക്ലാസ് മുറികളുടെ നവീകരണവും.

- 2025-26 കാലയളവിൽ സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്ന് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വകുപ്പിൽ ഒരു പ്ലാനിംഗ് ആൻഡ് മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതാണ്. 2025-26 കാലയളവിൽ പദ്ധതിക്കായി 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**6. കോഴിക്കോട് സർവകലാശാലയുടെ കീഴിൽ ഒരു ന്യൂനപക്ഷ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ**

**(വിഹിതം: 10.00 ലക്ഷം രൂപ)**

സംസ്ഥാനത്തിന്റെ സമ്പുഷ്ടമായ സംസ്കാരം രൂപപ്പെടുത്തുന്നതിൽ വ്യത്യസ്ത മത വിഭാഗങ്ങളായ ഹിന്ദു, ഇസ്ലാം, ക്രിസ്ത്യൻ, മറ്റ് മതവിഭാഗക്കാർ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സാമ്പത്തിക, വിദ്യാഭ്യാസ, സാമൂഹിക വികസനത്തിന് മത ന്യൂനപക്ഷ വിഭാഗങ്ങൾ വലിയ സംഭാവന നല്കിയിട്ടുണ്ട്. വിവിധ സർവ്വകലാശാലകളിൽ ന്യൂനപക്ഷ പഠനവുമായി ബന്ധപ്പെട്ട അക്കാദമിക് വിഷയങ്ങൾക്കായി ഒരു ഗവേഷണ വിഭാഗം (വിങ്) സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. മാനവിക വിഷയങ്ങളിലും സാമൂഹ്യ ശാസ്ത്രത്തിലും വിശാലമായ പഠനങ്ങൾ നടത്തുന്ന ഗവേഷണ വിഭാഗം വിവിധ വിഷയ മേഖലകളിൽ ഗവേഷണം നടത്തുകയും പ്രത്യേകിച്ചും ശാസ്ത്രീയവും, മതേതരവും ജനാധിപത്യപരവുമായ പശ്ചാത്തലത്തിൽ ന്യൂനപക്ഷ പഠനങ്ങൾക്ക് ഊന്നൽ നൽകുകയും ചെയ്യും. സർവ്വകലാശാലകളിൽ നിന്നുള്ള ഗവേഷണ വിഭാഗത്തിന്റെ അക്കാദമിക്, പ്രായോഗികതാ റിപ്പോർട്ടിന്റെ അംഗീകാരത്തിന് ശേഷം മാത്രമേ ഗവേഷണ വിഭാഗത്തിന് വകയിരുത്തിയ തുക വിതരണം ചെയ്യുകയുള്ളൂ. ആദ്യഘട്ടമെന്ന നിലയിൽ, കാലിക്കറ്റ് സർവകലാശാലയുടെ കീഴിൽ ന്യൂനപക്ഷ ഗവേഷണ വിഭാഗം സ്ഥാപിക്കുന്നതിനാണ് തുക അനുവദിച്ചിരിക്കുന്നത്. അതിനുശേഷം കേരളത്തിലെ എല്ലാ പ്രമുഖ സർവകലാശാലകളിലേക്കും പദ്ധതി വ്യാപിപ്പിക്കാവുന്നതാണ്. 2025-26-ൽ ഈ പരിപാടിയ്ക്കായി 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**7. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന് ഓഹരി മൂലധനം**

**(വിഹിതം: 1200.00 ലക്ഷം രൂപ)**

കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് കമ്പനി ആക്ട് പ്രകാരം രൂപീകൃതമായതാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ്(കെ.എസ്.എം.ഡി.എഫ്.സി). ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തികവും മറ്റ് ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്താൻ വേണ്ടിയുള്ള സച്ചാർ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരവും പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടി പ്രകാരവും രൂപീകൃതമായതാണിത്. 15 ശതമാനം വിഹിതം സംസ്ഥാന സർക്കാർ നീക്കി വയ്ക്കുകയാണെങ്കിൽ 85 ശതമാനം തുക സാമ്പത്തിക സഹായമായിട്ട് കെ.എസ്.എം.ഡി.എഫ്.സി-ക്ക് നല്കുവാൻ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) നൽകുന്നതാണ്. മദ്രസാ അദ്ധ്യാപകർക്കുള്ള ഭവന വായ്പ, ഭവന വായ്പ, പ്രവാസി വായ്പ, വാണിജ്യ വികസന വായ്പ, പാരന്റ് പ്ലസ് വിദ്യാഭ്യാസ വായ്പ, തൊഴിലാളികൾക്കുള്ള വിവിധോദ്ദേശ്യ വായ്പ, സ്വയം തൊഴിൽ വായ്പ, എൻ.എം.ഡി.എഫ്.സി വായ്പാ പദ്ധതികൾ, വ്യക്തിഗത വായ്പ, സുമിത്രം വായ്പ (വിവാഹം, ഗുരുതര രോഗം വായ്പ) എന്നിവ നടപ്പിലാക്കുവാനാണ് ഓഹരി മൂലധനമായി കോർപ്പറേഷന് തുക വകയിരുത്തിയിരിക്കുന്നത്. കോർപ്പറേഷൻ ഈ വർഷം രണ്ട് പുതിയ മേഖലാ ഓഫീസുകളും 7 ജില്ലാ ഓഫീസുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. 2025-26-ൽ 1200.00 ലക്ഷം രൂപ ഓഹരി മൂലധനമായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന് വകയിരുത്തിയിരിക്കുന്നു.

**8. വിവാഹ പൂർവ്വ കൗൺസിലിങ്ങും സോഫ്റ്റ് സ്കിൽ വികസനവും**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ശരിയായ മാർഗനിർദേശവും കൗൺസിലിംഗും നൽകി ദമ്പതികൾക്കിടയിലെ വിവാഹാനന്തര കലഹങ്ങളും പ്രശ്നങ്ങളും കുറയ്ക്കുക എന്നതാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള ദമ്പതികൾക്കിടയിൽ വിവാഹമോചന നിരക്ക് കുറയ്ക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. ഈ പദ്ധതി സർക്കാർ മാർഗ്ഗരേഖകൾക്കനുസരിച്ച് നടപ്പിലാക്കുന്നതാണ്. 2025-26-ൽ വിവാഹപൂർവ്വ കൗൺസിലിങ്ങിനും സോഫ്റ്റ് സ്കിൽ വികസനത്തിനുമായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

### 9. 'മാർഗ്ഗദീപം' ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ്

**(വിഹിതം: 2000.00 ലക്ഷം രൂപ)**

ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിൽ നിന്ന് കേന്ദ്രസർക്കാർ പിന്മാറിയ സാഹചര്യത്തിൽ, സ്കോളർഷിപ്പ് മുടങ്ങിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. രക്ഷിതാവിന്റെ/രക്ഷാധികാരിയുടെ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകും. വകുപ്പ് പുറപ്പെടുവിക്കുന്ന വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതാണ്. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2025-26 കാലയളവിൽ പദ്ധതിക്കായി 2000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 10. ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിധവകൾക്ക് സ്വയം തൊഴിൽ പദ്ധതി

**(വിഹിതം: 500.00 ലക്ഷം രൂപ)**

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ, വിവാഹമോചിതർ, ഭർത്താവ് ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം നൽകികൊണ്ട് അവർക്ക് ഒരു ഉപജീവനമാർഗം ഉണ്ടാക്കി കൊടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി നൽകുന്ന വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1.00 ലക്ഷം രൂപ വരെയോ സബ്സിഡി നൽകാനാണ് ഘടകം ലക്ഷ്യമിടുന്നത്. ലാഭകരമായി നടത്താവുന്ന ഏത് തരത്തിലുള്ള സംരംഭങ്ങൾക്കും അതിന്റെ സാധ്യതകളെ അടിസ്ഥാനമാക്കി വായ്പ നൽകാവുന്നതാണ്. എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത 60 വയസ്സിന് താഴെയുള്ള വിധവകൾ, വിവാഹമോചിതർ, ഭർത്താവ് ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവരെ സഹായത്തിനായി പരിഗണിക്കുന്നതാണ്. കേരള സംസ്ഥാന ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷനിലേക്ക് അർഹരായ അപേക്ഷകരെ വകുപ്പ് ശിപാർശ ചെയ്യുകയും ഈ കോർപ്പറേഷനിൽ നിന്ന് അവർക്ക് വായ്പ നൽകുകയും ചെയ്യുന്നതാണ്. വകുപ്പ് പുറപ്പെടുവിക്കുന്ന വിശദമായ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് സബ്സിഡി വിതരണം ചെയ്യുന്നതാണ്. 18 വയസ്സിൽ താഴെയുള്ള കുട്ടികളുള്ള വിധവകൾക്കും അതി ദാരിദ്ര്യ തിരിച്ചറിയൽ സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളിലെ വിധവകൾക്കും മുൻഗണന നൽകേണ്ടതാണ്. വിശദമായ പ്രോജക്ട് പ്രോപ്പോസലുകൾ തയ്യാറാക്കുന്നതിനു വകുപ്പിന് ആവശ്യമായ ഹാൻഡ്ഹോൾഡിംഗ് പിന്തുണ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ സഹായത്തോടെ നൽകാവുന്നതാണ്. 2025-26 കാലയളവിൽ ഈ പദ്ധതിക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 11. ന്യൂനപക്ഷ ഗവേഷകർക്ക് റിസർച്ച് ഫെല്ലോഷിപ്പ് (പുതിയ പദ്ധതി)

**(വിഹിതം: 600.00 ലക്ഷം രൂപ)**

മൗലാന ആസാദ് നാഷണൽ ഫെല്ലോഷിപ്പ് കേന്ദ്ര സർക്കാർ 2022-23 സാമ്പത്തിക വർഷം മുതൽ നിർത്തലാക്കി. ഇത് ന്യൂനപക്ഷ ഗവേഷണ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെ സാരമായി ബാധിച്ചിട്ടുണ്ട്. വിജ്ഞാപനം ചെയ്യപ്പെട്ട ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ഗവേഷണ അവസരങ്ങൾ ഒരുക്കുന്നതിലൂടെ ഈ ഗൗരവമേറിയ പ്രശ്നം പരിഹരിക്കുന്നതിനാണ് സംസ്ഥാന സർക്കാർ ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. വിദ്യാർത്ഥികളുടെ പിഎച്ച്.ഡി പ്രോഗ്രാമുകളെ പിന്തുണയ്ക്കുന്നതിനു മൂന്ന് വർഷത്തേക്ക് സാമ്പത്തിക സഹായമായി ഫെലോഷിപ്പ് വാഗ്ദാനം ചെയ്തുകൊണ്ട് ഗവേഷണ പരിപാടികളിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇന്ത്യയ്ക്കകത്ത് പിഎച്ച്.ഡി ബിരുദം ലഭിക്കുന്നതിലേക്ക നയിക്കുന്ന റെഗുലർ, ഫുൾ ടൈം റിസർച്ച് പ്രോഗ്രാമുകൾ ചെയ്തു കൊണ്ടിരിക്കുന്ന ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് നൽകുന്നതാണ്.

ബിരുദാനന്തര ബിരുദം പൂർത്തിയാക്കി റഗുലർ പിഎച്ച്ഡിക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾ പദ്ധതിക്ക് അപേക്ഷിക്കാൻ അർഹരാണ്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യുജിസി) അംഗീകരിച്ച എല്ലാ സർവ്വകലാശാലകളും/സ്ഥാപനങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. മറ്റേതെങ്കിലും റിസർച്ച് ഫെലോഷിപ്പുകൾ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയില്ല. വകുപ്പ് പുറപ്പെടുവിക്കുന്ന വിശദമായ മാർഗനിർദേശങ്ങൾ അനുസരിച്ചായിരിക്കും ഫെലോഷിപ്പുകൾ വിതരണം ചെയ്യുക. 2025-26 കാലയളവിൽ ഈ പദ്ധതിക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ഇ. മുന്നാക്ക സമുദായങ്ങളുടെ ക്ഷേമം**

**1. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്**

**(വിഹിതം: 3800.00 ലക്ഷം രൂപ)**

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അംഗങ്ങളുടെ സമഗ്ര വികസനവും ക്ഷേമപ്രവർത്തനവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ചിട്ടുള്ളത്. മെറിറ്റ് സ്കോളർഷിപ്പ്, മത്സര പരീക്ഷകൾക്കായി കോച്ചിംഗ് ക്ലാസുകളിൽ തയ്യാറെടുപ്പ് നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായം, പ്രവർത്തന ചെലവുകൾ, സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിന് പലിശ സബ്സിഡി നൽകിക്കൊണ്ടുള്ള പദ്ധതികൾ, നൈപുണ്യ/സംരംഭകത്വ വികസന പരിപാടികൾ, ശിഥിലമായിക്കൊണ്ടിരിക്കുന്ന അഗ്രഹാരങ്ങളുടെ പുനഃരുദ്ധാരണം, വനിതകൾക്ക്സംരംഭകത്വ പരിപാടികളുള്ള മൂലധന സബ്സിഡി (ക്ഷീരോൽപാദനം), വനിതകൾക്ക്ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിനുള്ള മൂലധന സബ്സിഡി എന്നീ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. അതിദാരിദ്ര്യ തിരിച്ചറിയൽ സർവേ പ്രകാരം കണ്ടെത്തിയ ഈ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. PM-YASAVI ഒബിസി, ഇബിസി, ഡിഎൻടി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്, PM-YASAVI ഒബിസി, ഇബിസി, ഡിഎൻടി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് എന്നിവയ്ക്ക് കീഴിൽ സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റ് സ്കോളർഷിപ്പുകൾ നൽകുന്നതല്ല.

2025-26-ൽ പദ്ധതിയ്ക്കായി 3800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 100.00 ലക്ഷം രൂപ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡിനുള്ള മൂലധന സഹായമായി വകയിരുത്തിയിരിക്കുന്നു. ഈ പരിപാടിയിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്( | |
| എ | മെറിറ്റ് സ്കോളർഷിപ്പുകൾ | 1200.00 |
| ബി | കോച്ചിംഗ് ക്ലാസ്സുകളുടെ സംഘാടനവും നടത്തിപ്പും (മത്സര പരീക്ഷകൾക്കായി തയ്യാറെടുപ്പ് നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായം) | 350.00 |
| സി | സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കുന്ന പലിശ സബ്സിഡി നൽകുന്നതിനുള്ള പദ്ധതി | 740.00 |
| ഡി | നൈപുണ്യ/സംരംഭകത്വ വികസന പ്രവർത്തനങ്ങൾ | 700.00 |
| ഇ | ശിഥിലമായിക്കൊണ്ടിരിക്കുന്ന അഗ്രഹാരങ്ങളുടെ പുനരുദ്ധാരണം | 150.00 |
| എഫ് | വിവാഹ ധന സഹായം | 100.00 |
| ജി | പ്രവർത്തന ചെലവുകൾ | 60.00 |
| എച്ച് | വനിതകൾക്ക് സംരംഭകത്വ പരിപാടികളുള്ള മൂലധന സബ്സിഡി (ക്ഷീരോൽപാദനം) | 200.00 |
| ഐ | വനിതകൾക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിനുള്ള മൂലധന സബ്സിഡി | 200.00 |
| 2 | കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡിന് മൂലധന സഹായം | 100.00 |
| **ആകെ** | | **3800.00** |

## 9.12 സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

2025-26 ലെ ബജറ്റിൽ, പോഷകാഹാരം ഉൾപ്പെടെ "സാമൂഹിക സുരക്ഷയും ക്ഷേമവും" എന്ന മേഖലയ്ക്കായി മൊത്തം **78755.00** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വകുപ്പ്/ഏജൻസി തിരിച്ചുള്ള 2025-26 ലെ വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വകുപ്പ് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും** | |
| 1 | കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ | 1600.00 |
| 2 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് | 2200.00 |
| 3 | ഭിന്നശേഷിക്കാർക്കായുള്ള സ്റ്റേറ്റ് കമ്മീഷണറേറ്റ് | 200.00 |
| 4 | ജയിൽ വകുപ്പ് | 3500.00 |
| 5 | സൈനികക്ഷേമ വകുപ്പ് | 60.00 |
| 6 | കേരള സാമൂഹ്യസുരക്ഷാ മിഷൻ | 15030.00 |
| 7 | സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് | 8615.00 |
| 8 | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ | 1810.00 |
| 9 | കേരള വനിതാ കമ്മീഷൻ | 525.00 |
| 10 | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ | 250.00 |
| 11 | ഹൈക്കോടതി | 500.00 |
| 12 | വനിതാ ശിശു വികസന ഡയറക്ടറേറ്റ് | 29139.00 |
| | **സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും (ആകെ)** | **63429.00** |
| | **പോഷകാഹാരം** | |
| 1 | വനിതാ ശിശു വികസന ഡയറക്ടറേറ്റ് | 15301.00 |
| 2 | ആരോഗ്യസേവന ഡയറക്ടറേറ്റ് | 25.00 |
| | **പോഷകാഹാരം (ആകെ)** | **15326.00** |
| | **ആകെ** | **78755.00** |

### സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്

**1. പാർശ്വവത്കരിക്കപ്പെട്ട/അസംഘടിത വിഭാഗക്കാർക്കുവേണ്ടിയുള്ള സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ഉന്നമനത്തിനായി സാമൂഹ്യ നിയമങ്ങളും, അന്താരാഷ്ട്ര സമ്മേളനങ്ങളും നയങ്ങളും നടപ്പിലാക്കുന്ന നോഡൽ ഏജൻസി സാമൂഹ്യനീതി വകുപ്പാണ്. സമൂഹത്തിലെ ഭിന്നശേഷിക്കാരുടെയും മറ്റ് ദുർബല വിഭാഗക്കാരുടെയും ക്ഷേമത്തിനുവേണ്ടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2025-26 കാലയളവിൽ പാർശ്വവൽക്കരിക്കപ്പെട്ട/അസംഘടിത വിഭാഗങ്ങൾക്കുള്ള സാമൂഹിക സുരക്ഷാ സംരംഭങ്ങൾ എന്ന പദ്ധതിക്ക് കീഴിൽ ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങൾ:

**എ. നിയമങ്ങളും നയങ്ങളും നടപ്പാക്കൽ**

- പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ പരിപാലനം, സംരക്ഷണം, പുനരധിവാസം, ശാക്തീകരണം എന്നിവയ്ക്കായി സർക്കാർ നയങ്ങൾ, നിയമങ്ങൾ, ചട്ടങ്ങൾ, അന്താരാഷ്ട്ര കൺവെൻഷനുകൾ എന്നിവയുടെ നിബന്ധനകൾ നടപ്പിലാക്കൽ
- പ്രകൃതിദുരന്തങ്ങൾ, വർഗ്ഗീയ അക്രമങ്ങൾ, മറ്റ് ദുരന്തങ്ങൾ എന്നിവയാൽ ദുരിതമനുഭവിക്കുന്നവരുടെയും അവരുടെ കുടുംബങ്ങളുടെയും, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട

വിഭാഗങ്ങളുടെ, സൈക്കോ സോഷ്യൽ ട്രോമ കെയർ ഉൾപ്പെടെയുള്ള ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾ.

- സുഖം പ്രാപിച്ച മാനസികരോഗികൾ, അക്രമത്തിന് ഇരയായവർ, സർക്കാർ, സർക്കാർ ഇതര സ്വകാര്യ മേഖലകളിലെ കെയർ ഹോമുകളിലെ അന്തേവാസികൾ എന്നിവരുടെ പുനരധിവാസത്തിനായി എസ്.ഒ.പി നടപ്പിലാക്കൽ
- ഭിന്നശേഷി സെൻസസ് കണക്കുകളുടെ ശേഖരണവും അവയുടെ തുടർച്ചയായുള്ള അപ്ഡേഷനും
- 1999 ലെ നാഷണൽ ട്രസ്റ്റ് ആക്ടിനു കീഴിൽ രൂപീകരിച്ച ലോക്കൽ ലവൽ കമ്മിറ്റിയുടെയും സ്റ്റേറ്റ് നോഡൽ ഏജൻസി സെന്ററിന്റെയും പ്രവർത്തനങ്ങൾ
- 2016 ലെ ആർ.പി.ഡബ്ല്യു.ഡി ആക്ടിനു കീഴിൽ രൂപീകൃതമായ സ്റ്റേറ്റ് അഡ്വൈസറി ബോർഡിന്റെയും ജില്ലാ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾ.

**ബി. സ്ഥാപനപര പുനരധിവാസ പരിപാടികൾ**

- ഓർഫനേജ് കൺട്രോൾ ബോർഡുമായി (ഒ.സി.ബി) ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഒ.സി.ബിക്ക് കീഴിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് മൊബൈൽ മെഡിക്കൽ സേവനങ്ങൾ നൽകൽ, ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പരിശീലനം
- സ്ഥാപനപര പുനരധിവാസ പ്രക്രിയ പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥാപനങ്ങളിലെ അന്തേവാസികളുടെ പുനരധിവാസത്തിനും അവരെ മുഖ്യധാരയിലേക്ക് നയിക്കുന്നതിനും അവരുടെ കുടുംബങ്ങളെ പുനഃസ്ഥാപിക്കുന്നതിനുമുള്ള സാമ്പത്തിക സഹായം
- പുനർജനി പദ്ധതിയുടെ നടത്തിപ്പ്
- ആശുപത്രികളിൽ കിടത്തിചികിത്സിക്കുന്ന നിരാലംബരായവരുടെ പുനരധിവാസവും എച്ച്.ഐ.വി ബാധിതരുടെ പുനരധിവാസവും
- മിശ്രവിവാഹിത ദമ്പതികൾക്ക് സുരക്ഷിത ഭവനങ്ങൾ
- സഹായ സാങ്കേതിക വിദ്യയിൽ മറ്റു സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടിയുള്ള നവീകരണ പ്രവർത്തനങ്ങൾ

**സി. സാമൂഹ്യ പുനരധിവാസ പരിപാടികൾ**

- ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി സർക്കാർ ഇതര സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹ്യാധിഷ്ഠിത സംഘടനകൾ, മറ്റ് ഏജൻസികൾ എന്നിവയുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ.
- എല്ലാ ജില്ലകളിലും ഭിന്നശേഷിക്കാർക്കായി ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കൽ, എംപാനൽ ചെയ്ത സർക്കാർ ഇതര സംഘടനകളുടെ പിന്തുണയോടെ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് വീടുകൾ, എൻഡോസൾഫാൻ ബാധിതർക്ക് പുനരധിവാസ ഗ്രാമം, കമ്മ്യൂണിറ്റി അസിസ്റ്റഡ് ലിവിംഗ് ഹോമുകൾ, മലപ്പുറം ജില്ലയിലെ ഭിന്നശേഷിക്കാർക്കുള്ള ഗ്ലോബൽ എബിലിറ്റി വില്ലേജിനുള്ള പിന്തുണ, ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ തുടർ നടത്തിപ്പ്.
- ഭവനങ്ങളിൽ താമസിക്കുന്ന ഭിന്നശേഷിക്കാർക്കായി സാമൂഹികാടിസ്ഥാനത്തിൽ ജൈവ മനശാസ്ത്രപരമായ ഇടപെടലുകൾ നടത്തുക.
- കേന്ദ്ര സർക്കാരിന്റെ ജില്ലാ ഭിന്നശേഷി പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട സംസ്ഥാനതല പ്രവർത്തനങ്ങൾ, ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, പോലീസ് വകുപ്പ് എന്നിവയുമായി സംയോജിച്ച് ഭിന്നശേഷിക്കാർക്കായി സാമൂഹികാടിസ്ഥാനത്തിൽ സുരക്ഷാപദ്ധതി നടപ്പിലാക്കൽ, ഭിന്നശേഷിക്കാരെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള 'ഒപ്പം' പദ്ധതി.
- സാമൂഹിക പുനഃസമന്വയത്തിനായി ഐ.എം.എച്ച്.എ.എൻ.എസ്സിന്റെ പ്രൊഫഷണൽ പിന്തുണയോടെ മാനസികരോഗികളെ പരിശീലിപ്പിക്കുന്നതിനായി റിക്കവറി ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുക.

- കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ്, പുനരധിവാസ പരിപാടി എന്നിവ നടപ്പാക്കലും സംസ്ഥാന വ്യാപകമായി വിപുലീകരിക്കലും.
- എൽഎസ്ജിഐകളുടെയും എൻജിഒകളുടെയും പിന്തുണയോടെ ഭിന്നശേഷിക്കാർക്കായി ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കൽ
- ബുദ്ധിപരവും വളർച്ചാപരവുമായ വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക സമഗ്ര പരിപാടികൾ

**ഡി. സാമൂഹ്യ സഹായ പരിപാടികൾ**

- വിദ്യാകിരണം പദ്ധതി – ഭിന്നശേഷിക്കാരായ രക്ഷിതാക്കളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ്
- വിദ്യാജ്യോതി പദ്ധതി – ഭിന്നശേഷിക്കാർക്ക് യൂണിഫോമിനും പഠനോപകരണങ്ങൾക്കും ധനസഹായം
- സ്വാശ്രയ പദ്ധതി – ശാരീരിക/മാനസിക വൈകല്യമുള്ള ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾക്ക് (സിംഗിൾ മദേർസ് ) സ്വയം തൊഴിൽ പദ്ധതി
- മാതൃജ്യോതി – കാഴ്ച പരിമിതി/ഭിന്നശേഷിയുള്ള അമ്മമാർക്ക് സാമ്പത്തിക സഹായം
- വിദൂര വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം, ഭിന്നശേഷിക്കാർക്കുള്ള തുല്യതാ പരീക്ഷ
- പരിണയം – ഭിന്നശേഷിയുള്ള സ്ത്രീകൾക്കും, ഭിന്നശേഷിക്കാരുടെ പെൺമക്കൾക്കും വിവാഹ ധനസഹായം
- വിജയാമൃതം, സഹചാരി, പരിരക്ഷ, ശ്രേഷ്ഠം, പ്രത്യാശ തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പ്
- തെറാപ്പി സേവനങ്ങൾ ആവശ്യമുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്ക് (വാർഷിക കുടുംബ വരുമാനം 1 ലക്ഷത്തിൽ താഴെ) സാമ്പത്തിക സഹായം
- നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരം ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്കായി 'ലൈവിലിഹുഡ് സപ്പോർട്ട് പ്രോജക്ട്', എബിലിറ്റി ഫെസ്റ്റ്– മാനസിക വൈകല്യമുള്ളവർക്കുള്ള തൊഴിൽ മേള
- മറ്റ് പദ്ധതികളുടെയൊന്നും പരിധിയിൽ ഉൾപ്പെടാത്ത അർഹരായവർക്ക് ധനസഹായം
- ഗുരുതരമായ പക്ഷാഘാതം (ക്വാഡിപ്ലെജിക് ഉൾപ്പെടെ), ക്വാഡ്രിപ്ലെജിക് എന്നിവ പിടിപെട്ട രോഗികൾക്ക് ഒറ്റത്തവണ സഹായം
- ഭിന്നശേഷിയുള്ള കുട്ടികളെ ദത്തെടുക്കുന്നവർക്കുള്ള സഹായം അല്ലെങ്കിൽ ദത്തെടുക്കൽ ഏജൻസികൾക്ക് സംരക്ഷണവും പിന്തുണയും
- ഭിന്നശേഷിക്കാർക്കുള്ള വ്യക്തിഗത പരിചരണ പദ്ധതിയുടെ (ICP) പ്രവർത്തനങ്ങൾ, അവയുടെ തുടർനടപടികൾ, അവരുടെ പുനരധിവാസം
- എല്ലാ പഞ്ചായത്തുകളിലും ഭിന്നശേഷി സൗഹൃദ പഞ്ചായത്തുകളുടെ മാതൃകകളും, ഭിന്നശേഷിക്കാരെ സഹായിക്കുന്നതിനുള്ള സന്നദ്ധസേവനവും സജ്ജമാക്കുക.
- ഭിന്നശേഷിക്കാർക്കായി കലോത്സവം സംഘടിപ്പിക്കുക
- നിഷിൽ ദ്വിഭാഷാ സ്കൂൾ സ്ഥാപിക്കുക.
- ഭിന്നശേഷിക്കാർക്ക് ദേശീയ, അന്തർദേശീയ തലങ്ങളിൽ കലാ/കായിക ഇനങ്ങളിൽ പങ്കെടുക്കുന്നതിനും ഇതിനായി പരിശീലനം നൽകുന്ന സംഘടനകളുടെ രൂപീകരണത്തിനുമുള്ള ധനസഹായം.

**ഇ. നൈപുണ്യ വികസനവും ശാക്തീകരണവും**

- വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, വി.ആർ.സി വയനാട് എന്നിവ ഉൾപ്പെടെ വകുപ്പ് നടത്തുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ട്യൂഷൻ ഫീസ്, യാത്രാബത്ത, പഠന ഉപകരണങ്ങൾ വാങ്ങാനുള്ള സഹായം, വിനോദ പരിപാടികൾ, ലൈബ്രറി സംവിധാനം തുടങ്ങിയ വിദ്യാഭ്യാസ സഹായങ്ങൾ, ചികിത്സാ ചെലവ്, സ്പെഷ്യൽ സ്കൂളുകൾക്ക് പ്രത്യേക സഹായ പാക്കേജ്

- നിപ്മർ, നിഷ്, എസ്.ഐ.ഡി, മറ്റ് ഏജൻസികൾ എന്നിവ മുഖേന വൊക്കേഷണൽ തെറാപ്പിസ്റ്റുകൾക്കും പുനരധിവാസ പ്രൊഫഷണലുകൾക്കും അനുയോജ്യമായ കോഴ്സുകൾ രൂപകൽപ്പന ചെയ്യുക
- ഭിന്നശേഷിക്കാർക്കായി എമർജൻസി കോൾ സെന്ററോടുകൂടിയ തൊഴിൽസഹായ പോർട്ടൽ
- സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ഗവേഷണ സ്ഥാപനങ്ങളായ ഇംഹാൻസ്, ഐക്കോൺസ്, നിഷ്, നിപ്മർ, സിഡിസി, എസ്.ഐ.എം.സി തുടങ്ങിയവരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി കൗൺസിൽ രൂപീകരിക്കുക.
- തൊഴിൽമേളകൾ സംഘടിപ്പിക്കുക.
- ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിലിലൂടെ സുസ്ഥിര ജീവനോപാധി ഉറപ്പുവരുത്തുന്നതിനാവശ്യമായ നൈപുണ്യ വികസനം, ഭിന്നശേഷി സ്വയം സഹായക സംഘങ്ങൾ സംസ്ഥാനത്താകമാനം രൂപീകരിക്കുന്നതിനുള്ള സാങ്കേതിക സഹായം, ഭിന്നശേഷിക്കാരോ അവരുടെ സംഘങ്ങളോ/സ്വയം സഹായ സംഘങ്ങളോ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ ബ്രാന്റിംഗ്.
- ബിപിഎൽ വിഭാഗത്തിൽ നിന്നുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സൗജന്യ മത്സര പരീക്ഷ കോച്ചിംഗ്/പരിശീലനം

**എഫ്. അഡ്വക്കസി/ഐ.ഇ.സി, ഗവേഷണവും പഠനവും**

- വകുപ്പിന് കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഐ.ഇ.സി യും, ഭരണ ചെലവുകളും, നിഷിന്റെ ഓൺലൈൻ ഇന്ററാക്ടീവ് ഡിസെബിലിറ്റി ബോധവൽക്കരണ സെമിനാറുകൾ, ഭിന്നശേഷിക്കാരുടെ അവകാശങ്ങളെക്കുറിച്ചുള്ള ക്യാമ്പയിൻ, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ക്ഷേമത്തിനായുള്ള ബോധവൽക്കരണ പരിപാടികൾ, ശില്പശാലകൾ, സെമിനാറുകൾ, നൈപുണ്യ വികസനം.
- വൈകല്യത്തെ സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡുമായി സഹകരിച്ചുള്ള പഠനങ്ങളും പരിപാടികളും ഉൾപ്പെടെയുള്ള ഗവേഷണവും പഠനങ്ങളും പദ്ധതികളുടെ വിലയിരുത്തലും.

ബുദ്ധിപരവും വളർച്ചാപരവുമായ വെല്ലുവിളി നേരിടുന്ന വ്യക്തികൾക്കായുള്ള പ്രത്യേക സമഗ്ര പദ്ധതികൾക്കായി 200 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ മുകളിൽ പറഞ്ഞ എല്ലാ പ്രവർത്തനങ്ങൾക്കുമായി ആകെ **1500.00** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**2. അനന്തരശുശ്രൂഷ, ഇരകളുടെ പുനരധിവാസത്തിനുള്ള തുടർസേവനങ്ങൾ എന്നിവയ്ക്കുള്ള സഹായം**

**(വിഹിതം: 275.00 ലക്ഷം രൂപ)**

ജയിൽ വിമുക്തരായവർ ഏറെയും ജീവിക്കാനായി ഒരു സംരംഭം ആരംഭിക്കാനുള്ള മൂലധന നിക്ഷേപം കണ്ടെത്താൻ പ്രയാസപ്പെടുന്നുണ്ട്. തത്ഫലമായി, സാമൂഹ്യപരമായി സ്വീകാര്യമല്ലാത്ത ജീവനോപാധികൾ സ്വീകരിക്കുവാൻ അവർ പലപ്പോഴും നിർബന്ധിക്കപ്പെടുന്നു. തടവുകാരുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിലും അവരിൽ ഗുണകരമായ മാറ്റം ഉണ്ടാക്കുന്നതിനുമായി കാലാവധി പൂർത്തിയാക്കാതെതന്നെ അവരെ മോചിപ്പിക്കുന്നത് സർക്കാർ നയമാണ്. ജയിൽ മോചിതരായ തടവുകാർ കുറച്ചുകാലത്തേക്ക് ഉദ്യോഗസ്ഥരുടെ നിരീക്ഷണത്തിലായിരിക്കും. ഈ കാലയളവിൽ അവർക്ക് നേട്ടമുണ്ടാകത്തക്കവിധം പുനരധിവസിപ്പിക്കേണ്ടതാണ്. 1958 ലെ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട്, 1960 ലെ കേരള പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് റൂൾ, 2021 ലെ പ്രൊബേഷൻ പോളിസി എന്നിവയാണ് സംസ്ഥാനം ഈ മേഖലയിൽ നടത്തുന്ന പ്രധാന നിയമനിർമ്മാണപരമായ ഇടപെടലുകൾ. നിയമപരമായ ബാദ്ധ്യതകൾക്ക് പുറമേ, വ്യത്യസ്തമായ ക്ഷേമ പദ്ധതികളും പരിപാടികളും ഈ പദ്ധതിയിലൂടെ നിർവഹണം നടത്തിവരുന്നു. പ്രൊബേഷനുവേണ്ടിയുള്ള നയങ്ങളും പരിപാടികളും നടപ്പിലാക്കുന്നതിനുള്ള നോഡൽ വകുപ്പാണ് സാമൂഹ്യനീതി വകുപ്പ്. 2025-26 വർഷം പദ്ധതിയിൽ കീഴിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

### എ. സാമ്പത്തിക സഹായ പരിപാടികൾ

- തടവുകാരുടെയും ഇരകളുടെയും മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സഹായം, തടവുകാരുടെയും ഇരകളുടെയും കുറ്റവാളികളുടെയും മുൻ കുറ്റവാളികളുടെയും പെൺമക്കൾക്കുള്ള വിവാഹ സഹായം
- മുൻ കുറ്റവാളികൾക്കും ജാമ്യത്തിലിറങ്ങിയ കുറ്റവാളികൾക്കും സാമ്പത്തിക സഹായം
- ജീവനം – മുൻകുറ്റവാളികൾക്കും അവരുടെ ആശ്രിതർക്കും സ്വയം തൊഴിൽ സഹായ പദ്ധതി
- മിത്രം – പ്രൊബേഷൻ ഗുണഭോക്താക്കൾക്ക് തൊഴിലധിഷ്ഠിത, നൈപുണ്യ പരിശീലനങ്ങൾ
- മുൻകുറ്റവാളികൾ, പ്രൊബേഷണർമാർ എന്നിവർക്ക് സ്വയം തൊഴിൽ സഹായം

### ബി. സ്ഥാപനപര സഹായ പരിപാടികൾ

- കുറ്റവാളികൾ, മുൻ കുറ്റവാളികൾ, പ്രൊബേഷണർമാർ എന്നിവർക്കുള്ള സ്ഥാപന പുനരധിവാസ പരിപാടി
- ജില്ലാ പ്രൊബേഷൻ ഹോമുകൾക്ക് കീഴിലുള്ള പ്രൊബേഷണർമാർ, മുൻ തടവുകാർ, മുൻ അന്തേവാസികൾ, തടവുകാരുടെ ആശ്രിതർ എന്നീ വിവിധ വിഭാഗങ്ങൾക്കായി സാമൂഹ്യാധിഷ്ഠിത സംഘടനകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- പുരുഷ–സ്ത്രീ പ്രൊബേഷണർമാർ, മുൻ തടവുകാർ, പരോളിലുള്ളവർ എന്നിവർക്കായി എൻജിഒകളുടെ സഹകരണത്തോടെ പ്രത്യേക പ്രൊബേഷൻ ഹാഫ് വേ ഹോമുകൾ സ്ഥാപിക്കൽ
- ജയിൽ വകുപ്പുമായി സഹകരിച്ച് ജീവപര്യന്തം തടവുകാർക്കും പ്രോബേഷനർക്കുമായി ഒരു സാമൂഹിക സേവന പരിപാടി നടപ്പിലാക്കുക
- കേരളത്തിലെ തെരുവിൽ താമസിക്കുന്നവരുടെ പുനരധിവാസത്തിനും പുനസംയോജനത്തിനുമുള്ള പദ്ധതി വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക

### സി. സാമൂഹ്യാധിഷ്ഠിത ഇടപെടലുകൾ

- പ്രൊബേഷൻ സേവനങ്ങൾക്കു കീഴിൽ 'നേർവഴി' പദ്ധതി നടപ്പിലാക്കൽ
- കുറ്റകൃത്യങ്ങളിൽ നിന്ന് രക്ഷപ്പെട്ടവർ, കുറ്റവാളികളുടെ ആശ്രിതർ, മുൻ തടവുകാർ, ഒന്നാം പ്രതികൾ, പ്രൊബേഷണർമാർ എന്നിവർക്കിടയിൽ സാമൂഹിക തലത്തിൽ മാനസിക സാമൂഹിക ഇടപെടലിനുള്ള പരിപാടി വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക
- നിയമം, സോഷ്യോളജി, സോഷ്യൽ വർക്കുകൾ എന്നിവ പഠിക്കുന്ന വിദ്യാർത്ഥികളുടെ സഹായത്തോടെ പ്രൊബേഷൻ അംബാസഡർമാരുടെ സേവനം മെച്ചപ്പെടുത്തുക
- ടി.ഐ.എസ്സ്.എസ്സ് പോലുള്ള അംഗീകൃത സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രൊബേഷനിലെ വിവിധ സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും ശിൽപശാലകളും, പരിശീലന പരിപാടികളും നടത്തുക
- കെൽസയുടെ പിന്തുണയോടെ സാമൂഹിക പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവർക്കും പൊതുജനങ്ങൾക്കിടയിലും പ്ലീ ബാർഗേനിംഗ്, പ്രൊബേഷൻ, ബോർസ്റ്റൽ സ്കൂൾ സംവിധാനം, മാനസിക സാമൂഹിക ഇടപെടൽ എന്നിവ പ്രോത്സാഹിപ്പിക്കുക
- സ്മാർട്ട് പ്രൊബേഷൻ സംവിധാനം നടപ്പിലാക്കൽ
- സർക്കാർ ഇതര സംഘടനകളുടെ സഹായത്തോടെ നിയന്ത്രിത/സുഖം പ്രാപിച്ച മാനസിക അസ്വാസ്ഥ്യമുള്ള തടവുകാരുടെ മാനസിക സാമൂഹിക പുനരധിവാസം
- ജീവപര്യന്തം തടവുകാരുടെയും ഇരകളുടെയും കുടുംബ അംഗങ്ങൾക്ക് സമഗ്രമായ പുനരധിവാസ പാക്കേജ്
- ജയിലുകളിൽ പോക്സോ കേസിലെ പ്രതികൾക്കായി കൗൺസിലിംഗ്
- പ്രോജക്റ്റ് മാനേജ്മെന്റ് ചെലവുകൾ

### ഡി. നൈപുണ്യവും ഉപജീവനവും

- കുറ്റകൃത്യങ്ങളുടെ ഇരകൾക്ക് നൈപുണ്യ വികസന പരിശീലനവും പരിചരണത്തിനു ശേഷമുള്ള സേവനങ്ങൾ നൽകുകയും മുൻ വനിതാ കുറ്റവാളികൾക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക
- ഇരകൾ, അതിജീവിച്ചവർ, ക്രിമിനൽ കുറ്റകൃത്യങ്ങളുടെ ആശ്രിതർ, മുൻ കുറ്റവാളികൾ, മുൻ തടവുകാർ, പ്രൊബേഷണർമാർ, അവരുടെ ആശ്രിതർ എന്നിവർക്ക് യൂണിറ്റുകൾ ആരംഭിക്കുന്നതിന് വിക്റ്റിം സപ്പോർട്ട് ബ്യൂറോയ്ക്ക് സ്വയം തൊഴിൽ സഹായം
- മുൻ കുറ്റവാളികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനുള്ള പരിപാടികൾ

### ഇ. അഡ്മിനിസ്ട്രേറ്റീവ്, ഐ.ഇ.സി പ്രവർത്തനങ്ങൾ

- സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പ്രൊബേഷനും സാമൂഹിക പ്രതിരോധത്തിനുമായി പ്രത്യേക സെൽ സ്ഥാപിക്കൽ
- പ്രൊബേഷനായി സാങ്കേതിക പിന്തുണയുള്ള നിരീക്ഷണ സംവിധാനവും പ്രൊബേഷണൽമാർക്ക് ഡിജിറ്റൽ മോണിറ്ററിംഗ് സംവിധാനവും നടപ്പാക്കൽ
- ഗവേഷണം, പഠനങ്ങൾ, പദ്ധതികളുടെ വിലയിരുത്തൽ
- കേരള ജുഡീഷ്യൽ അക്കാദമിയുടെ പിന്തുണയോടെ നീതിന്യായവകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ, സെമിനാറുകൾ, എന്നിവ നടത്തുകയും ഐ.ഇ.സി പ്രവർത്തനങ്ങളും അതിനുവേണ്ട സാമഗ്രികൾ വികസിപ്പിക്കലും.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 275.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 3. സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ ഭരണ സംവിധാനം മെച്ചപ്പെടുത്തലും, കാര്യക്ഷമതാ പരിപോഷണവും

**(വിഹിതം: 600.00 ലക്ഷം രൂപ)**

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ 14 ജില്ലാ ഓഫീസുകളും, 31 ക്ഷേമ സ്ഥാപനങ്ങളും, 17 പ്രൊബേഷൻ ഓഫീസുകളും ഒരു ഡയറക്ടറേറ്റും പ്രവർത്തിച്ചു വരുന്നു. വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങളും മാനവശേഷിയും ശക്തിപ്പെടുത്തുന്നതിനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്, 2025-26 ൽ പദ്ധതിക്ക് കീഴിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

**ഭരണപരമായ പ്രവർത്തനങ്ങൾ** : വകുപ്പിന് കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ വിവിധ പരിചരണ ദാതാക്കളുടെ സേവനം ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫെസിലിറ്റേറ്റർമാരുടെ സേവനം ലഭ്യമാക്കുന്നതിനുമുള്ള ചെലവുകൾ, വാഹനങ്ങൾ വാടകയ്ക്കെടുക്കൽ, ഖരമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ, സാമൂഹിക നീതി ഓഫീസുകളിലെയും, ക്ഷേമ സ്ഥാപനങ്ങളിലെയും നിർമ്മാണം, അറ്റകുറ്റപ്പണി, നവീകരണം എന്നിവയ്ക്കുള്ള ചെലവുകൾ, നാഷണൽ ട്രസ്റ്റ്, മെയിന്റനൻസ് ട്രിബ്യൂണൽ, സാമൂഹിക നീതി പദ്ധതികളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ മാനവ വിഭവങ്ങൾ, സാമൂഹ്യനീതി പദ്ധതികൾക്കായുള്ള ഹെൽപ്പ് ഡെസ്ക്, എൻജിഒ അക്രഡിറ്റേഷൻ സംവിധാനത്തെ പിന്തുണയ്ക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക, ഫയൽ നിർമാർജ്ജന അദാലത്ത് നടത്തുക, ഡയറക്ടറേറ്റിലെയും സബ് ഓഫീസുകളിലെയും ശുചീകരണ കാമ്പയിൻ, മാനവ വിഭവശേഷി ഉൾപ്പെടെ വ്യക്തിഗത പദ്ധതികൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സെൽ രൂപീകരിക്കുക, മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള 'പ്രിയാ ഹോമിന്റെ' നടത്തിപ്പിനാവശ്യമായ പ്രവർത്തനങ്ങളും അതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കലും, വകുപ്പിന് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം, തിരുവനന്തപുരം, കോഴിക്കോട്, വയനാട് ജില്ലകളിലെ വൃദ്ധസദനങ്ങളിൽ കപ്പിൾ ഹോമുകളുടെ നിർമ്മാണം, പി.ഡബ്ല്യു.ഡി ഒഴികെയുള്ള ഏജൻസികൾ നടത്തുന്ന 'തടസ്സരഹിത കേരളം' പദ്ധതി പ്രവർത്തനങ്ങളുടെ ചെലവുകൾ, ഓർഫനേജ് കൺട്രോൾ ബോർഡിലെ കൗൺസലർമാർക്കുള്ള ഹോണറേറിയം, ഭിന്നശേഷിക്കാർക്ക് അവാർഡുകൾ, ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന മികച്ച ജില്ലാ ഭരണകൂടം/എൽ.എസ്.ജി സ്ഥാപനങ്ങൾ എന്നിവയ്ക്ക് അവാർഡുകൾ, ബ്രോഡ് ബാൻഡ് കണക്ഷനുകൾക്കും ഡാറ്റാ ചാർജുകൾക്കുമുള്ള ഉപഭോക്തൃ നിരക്കുകൾ, സർക്കാർ വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ ചികിത്സയ്ക്കായി ഫിസിയോതെറാപ്പി

ഉപകരണങ്ങളും, മറ്റ് ആയുർവേദ ഉപകരണങ്ങളും വാങ്ങൽ. ക്ഷേമസ്ഥാപനങ്ങളിലേക്ക് പുനരുപയോഗിക്കാവുന്ന സാധനങ്ങളും പാത്രങ്ങളും വാങ്ങൽ, എച്ച്എംഡിസിയെ മാതൃകാ ഭവനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ, എല്ലാ ഹോമുകളിലെയും അന്തേവാസികൾക്കായി നൈപുണ്യ വികസനം എന്നിവയുള്ള ചെലവുകൾ ഭരണപ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഭിന്നശേഷിക്കാരുടെയും വൃദ്ധരുടെയും ക്ഷേമത്തിനായി ഒരു സാമൂഹ്യനീതിഭവൻ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇത് ഭിന്നശേഷിക്കാർക്ക് ഒരു ഹെൽപ്പ് ഡെസ്ക് ആയും റിസോഴ്സ് സെന്റർ ആയും പ്രവർത്തിക്കുന്നതിനും അവർക്ക് തടസ്സരഹിതമായ ഹ്രസ്വകാലതാമസ സൗകര്യം നൽകുന്നതിനും സഹായിക്കും. കൂടാതെ വകുപ്പിന്റെ വിവിധ ഏജൻസികളിലെ എല്ലാ ജില്ലാതല ഉദ്യോഗസ്ഥരേയും പ്രസ്തുത സ്ഥാപനത്തിൽ താമസിപ്പിക്കാവുന്നതുമാണ്. സാമൂഹ്യനീതി വകുപ്പിനുള്ള ഇന്റേൺഷിപ്പും പരിപാടിയും പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്

**പരിശീലനവും ശേഷി വർദ്ധിപ്പിക്കലും:** പരിശീലനത്തിന്റെ ആവശ്യകത വിലയിരുത്തൽ, പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പരിശീലനവും എക്സ്പോഷർ സന്ദർശനങ്ങളും, പരിശീലകരുടെ പരിശീലനം, ആവശ്യമായ മനുഷ്യവിഭവശേഷി നൽകൽ.

**ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ:** ഡയറക്ടറേറ്റ്, സബ് ഓഫീസുകൾ, ക്ഷേമ സ്ഥാപനങ്ങൾ എന്നിവയുടെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുടെയും വാങ്ങലും അവയുടെ പരിപാലനവും, ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുകയും അവയുടെ വാർഷിക അറ്റകുറ്റപ്പണികളും, ഇ-ക്ഷേമ, സുനീതിവെബ് പോർട്ടൽ ക്ഷേമസ്ഥാപനങ്ങളുടെ രജിസ്ട്രേഷനും മോണിറ്ററിംഗിനുമായി സുഗമ്യം പോർട്ടൽ, ഏദനം പോർട്ടൽ എന്നിവ വികസിപ്പിക്കുക, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സാമൂഹിക സേവന പദ്ധതികൾ നിരീക്ഷിക്കുന്നതിനുള്ള ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിക്കുക.

**ഗവേഷണവും വികസനവും:** നടപ്പിലാക്കിയ പദ്ധതികളുടെ വിലയിരുത്തലുകൾ, പഠനങ്ങൾ, പരിചരണ സ്ഥാപനങ്ങളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ, സോഷ്യൽ ഓഡിറ്റ് മാനുവൽ വികസിപ്പിക്കൽ, ഹോം നഴ്സിംഗ് സേവന സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും പ്രവർത്തനത്തിനുമുള്ള ചട്ടക്കൂട് തയ്യാറാക്കൽ, സ്ഥാപനങ്ങൾക്കുള്ള എസ്ഒപിയും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കൽ, മേൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഏജൻസികളെ ഔട്ട്സോഴ്സ് ചെയ്യൽ എന്നിവ ഉൾപ്പെടുന്നു.

**നൈപുണ്യ വികസന കേന്ദ്രങ്ങളും തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളും മെച്ചപ്പെടുത്തൽ:** ഹോസ്റ്റൽ സൗകര്യങ്ങൾ, ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കൽ, യന്ത്രസാമഗ്രികളുടെ സംഭരണം, പുതിയ കോഴ്സുകൾ ആരംഭിക്കുക തുടങ്ങിയവ ഉൾപ്പെടുന്നു.

റിപ്പയറുകൾ, നവീകരണ പ്രവർത്തനങ്ങൾ, പുതിയ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ, മറ്റു അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ എന്നിവയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 600.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 4. ദേശീയ ദിന/വാരാചരണങ്ങൾ ഉൾപ്പെടെയുള്ള പ്രചരണവും ഡോക്യുമെന്റേഷനും

**(വിഹിതം: 100.00 ലക്ഷം രൂപ)**

സർക്കാരിന്റെ വിവിധ പദ്ധതികളും സാമൂഹിക നിയമനിർമ്മാണങ്ങളും നടപ്പിലാക്കുന്നതിനുള്ള നോഡൽ വകുപ്പാണ് സാമൂഹ്യനീതി വകുപ്പ്. വകുപ്പിന്റെ വിവിധ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം കുറവാണ്. അയതിനാൽ അച്ചടി, ശ്രവ്യ, ഡിജിറ്റൽ, സോഷ്യൽ, ദൃശ്യ മാധ്യമങ്ങളിലൂടെയും ശിൽപശാല, സെമിനാറുകൾ, പ്രതിരോധ കാമ്പെയ്നുകൾ എന്നിവയിലൂടെയും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കേണ്ടത് പ്രധാനമാണ്. സംസ്ഥാന/ജില്ലാ തലങ്ങളിൽ സാമൂഹ്യനീതി ദിനം, വയോജന ദിനം, വയോജന പീഡനം തടയൽ ദിനം, പ്രൊബേഷൻ ദിനം, ലോക അൽഷിമേഴ്സ് ദിനം, ലോക ഭിന്നശേഷി ദിനം, മനുഷ്യാവകാശ ദിനം തുടങ്ങി വിവിധ ദിനങ്ങളും ആഴ്ചകളും, സർക്കാർ തീരുമാനിക്കുന്ന മറ്റ് ദിനങ്ങളും വകുപ്പ് ആചരിക്കുന്നു.

പ്രൊഫഷണൽ പിന്തുണയോടെ ഐഇസി പ്ലാനും മീഡിയ പ്ലാനും വികസിപ്പിക്കുക, മത്സരത്തിലൂടെ പ്രൊഫഷണൽ മീഡിയ കൺസൾട്ടന്റ്/പബ്ലിസിറ്റി ഏജൻസികളെ ഏർപ്പെടുത്തുക, ത്രൈമാസ ഔദ്യോഗിക പ്രസിദ്ധീകരണമായ 'സുനീതി' ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെ പരിപാടികളുടെയും നയങ്ങളുടെയും പ്രചരണം നടത്തുക, തെരുവ് നാടകങ്ങൾ, റോഡ് ഷോകൾ,

റിയാലിറ്റി ഷോകൾ തുടങ്ങിയവ സംഘടിപ്പിക്കുക, പരിപാടികൾ, സെമിനാറുകൾ, ശില്പശാലകൾ, പ്രധാന ദിനങ്ങൾ ആചരിക്കുക എന്നിവയാണ് ഐ.ഇ.സി പ്രവർത്തനങ്ങൾ.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**5. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായി എൻ.ജി.ഒകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയുള്ള സമഗ്ര പദ്ധതികൾ**

**(വിഹിതം: 1100.00 ലക്ഷം രൂപ)**

2016 ലെ ഭിന്നശേഷിക്കാരുടെ അവകാശ നിയമം, ഭിന്നശേഷിക്കാരുടെ (PwDs) അവകാശാധിഷ്ഠിത സേവനങ്ങളും പരിപാടികളും ഏറ്റെടുക്കാൻ സംസ്ഥാനങ്ങളെ ചുമതലപ്പെടുത്തിയിരുന്നു, പ്രത്യേകിച്ച് ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക സുരക്ഷ, വിനോദം, നൈപുണ്യ വികസനം എന്നീ മേഖലകളിൽ. ഭിന്നശേഷിക്കാർക്കു വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയമം വ്യവസ്ഥ ചെയ്യുന്നു. കൂടാതെ, നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിന് സംസ്ഥാനത്തിന്റെ സാമ്പത്തിക ശേഷിക്കുള്ളിൽ രജിസ്റ്റർ ചെയ്ത അത്തരം സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകണമെന്ന് നിയമത്തിന്റെ 55-ാം വകുപ്പ് നിഷ്കർഷിച്ചിരിക്കുന്നു. നൈപുണ്യ വികസനം, തൊഴിലധിഷ്ഠിത പുനരധിവാസം, പിന്തുണാ വൈദഗ്ധ്യം, ഭിന്നശേഷിക്കാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി മാനവ വിഭവശേഷി വികസനത്തിൽ നിക്ഷേപം എന്നിവയിലൂടെ ഭിന്നശേഷിക്കാർക്ക് തൊഴിലും സാമ്പത്തിക സുരക്ഷിതത്വവും ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിൽ കമ്മ്യൂണിറ്റി റീച്ച് പ്രോഗ്രാമുകളുടെയും സാമൂഹ്യാധിഷ്ഠിത സംഘടനകളുടെയും വ്യാപ്തിയും പദ്ധതി വിഭാവനം ചെയ്യുന്നു. അതിജീവനം, പ്രചോദനം, ഭിന്നശേഷിക്കാർക്കുവേണ്ടി സംയോജിത പുനരധിവാസ ഗ്രാമങ്ങൾ സ്ഥാപിക്കൽ, ക്ഷേമ സ്ഥാപനങ്ങൾ നടത്തുന്നതിൽ സർക്കാർ-എൻജിഒ പങ്കാളിത്തം തുടങ്ങിയ പരിപാടികൾ നടപ്പാക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. നൈപുണ്യ വികസനത്തിലൂടെ ജീവനോപാധി, സാമ്പത്തിക സുരക്ഷ, തൊഴിലധിഷ്ഠിത പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ ഉറപ്പുവരുത്തുകയാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം.

**അതിജീവനം:** എൻ.ജി.ഒകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവയുടെ സംരംഭങ്ങളെ പിന്തുണച്ചുകൊണ്ട് ഭിന്നശേഷിക്കാരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് അതിജീവനം പദ്ധതി ലക്ഷ്യമിടുന്നു. തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ, ഷെൽട്ടേർഡ് വർക്ക്ഷോപ്പുകൾ, വിശ്രമ കേന്ദ്രങ്ങൾ, ഡേകെയർ സെന്ററുകൾ, അസിസ്റ്റഡ് ലിവിംഗ് പ്രോജക്ടുകൾ, 1999 ലെ നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരം പ്രായപൂർത്തിയായ മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസം, ഐസിടി അധിഷ്ഠിത പരിശീലന പരിപാടികൾ, എൻജിഒകളുടെ നൂതന പദ്ധതികൾ എന്നിവയെ പ്രോജക്ട് പിന്തുണയ്ക്കും. പദ്ധതിയുടെ പ്രയോജനം നാളിതുവരെ ലഭ്യമായിട്ടില്ലാത്ത ജില്ലകളിൽ വരും വർഷത്തിൽ എൻ.ജി.ഒ മാരെ വിന്യസിക്കുവാനും ഉദ്ദേശിക്കുന്നു.

**പ്രചോദനം:** 18 വയസ്സിനു മുകളിൽ പ്രായമുള്ള മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള നൈപുണ്യ വികസന പരിശീലന പരിപാടികളും പുനരധിവാസ പരിപാടിയുമാണ് പ്രചോദനം പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവർക്കായി ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഒരു തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് ഈ പരിപാടി സാമ്പത്തിക സഹായം നൽകുന്നു.

**സംയോജിത പുനരധിവാസ ഗ്രാമങ്ങൾ:** ഭിന്നശേഷിക്കാർക്കായി സംയോജിത പുനരധിവാസ ഗ്രാമങ്ങൾ സംസ്ഥാനത്തെ മൂന്ന് മേഖലകളിൽ ഘട്ടംഘട്ടമായി ആരംഭിക്കും. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് മാത്രമായി ഒരു പുനരധിവാസ വില്ലേജിന്റെ ആദ്യഘട്ട നിർമ്മാണം കാസർകോട് ജില്ലയിൽ ആരംഭിച്ചു കഴിഞ്ഞു. മലപ്പുറം, തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ഭിന്നശേഷിക്കാർക്കായി മാസ്റ്റർ പ്ലാൻ വികസിപ്പിക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കാനും നിർദേശിച്ചിട്ടുണ്ട്. പുനരധിവാസ ഗ്രാമത്തിന്റെ പൂർണ്ണമായ സ്ഥാപനം ഘട്ടങ്ങളായി നടപ്പിലാക്കപ്പെടും.

**സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സർക്കാർ - എൻ.ജി.ഒ പങ്കാളിത്തം**

സ്ഥാപനങ്ങളുടെ പരിപാലനത്തിലും സംരക്ഷണത്തിലും സേവനങ്ങൾ സുഗമമാക്കുന്നതിനും സർക്കാരും സിവിൽ സൊസൈറ്റിയും തമ്മിലുള്ള സുഗമമായ സംയോജനവും സമന്വയ പങ്കാളിത്തവും

ഉപയോഗപ്പെടുത്തും. എൻജിഒകളെ മുൻകാല ചരിത്രവും ട്രാക്ക് റെക്കോർഡും അടിസ്ഥാനമാക്കി സർക്കാർ തെരഞ്ഞെടുക്കുകയും അംഗീകാരം നൽകുകയും വകുപ്പിന് കീഴിലെ നിലവിലുള്ള ഹോമുകൾ കൈകാര്യം ചെയ്യാൻ അവരെ ഏർപ്പെടുത്തുകയും ചെയ്യും. സർക്കാരിന്റെ ഭാഗികമായ സാമ്പത്തിക സഹായത്തോടെ ഇത്തരം പുതിയ ഹോമുകൾ ആരംഭിക്കാൻ എൻജിഒകളെ പ്രോജക്ട് പ്രോത്സാഹിപ്പിക്കും. ബുദ്ധിപരമായ വൈകല്യം ഉള്ളവരുടെ പുനരധിവാസത്തിനായി എല്ലാ ജില്ലകളിലും സർക്കാരിന്റെ പുനരധിവാസ ഹോമുകൾ പ്രവർത്തിപ്പിക്കുന്നതാണ്.

**മാനസിക രോഗമുള്ളവർക്കുള്ള പുനരധിവാസ സാമൂഹ്യ പരിപാടി**

തെരുവിലെ മാനസികരോഗികൾക്ക് അടിയന്തിര രക്ഷാപ്രവർത്തനം നടത്തുക, നിയന്ത്രിത അല്ലെങ്കിൽ സുഖം പ്രാപിച്ച മാനസികരോഗികളുടെ പുനരധിവാസം, ചികിത്സയ്ക്ക് ശേഷം മാനസികാരോഗ്യ കേന്ദ്രങ്ങളിൽ കഴിയുന്ന വ്യക്തികളുടെ പുനരധിവാസം എന്നിവ ഈ പരിപാടിയിലൂടെ നടത്തുന്നു. കെയർ ഹോമുകൾ ആരംഭിക്കുന്നതിന് എൻ.ജി.ഒകൾക്ക് 60:40 എന്ന അനുപാതത്തിൽ ഗ്രാന്റും നൽകും, 2012 ലെ മാനസിക-സാമൂഹിക പുനരധിവാസ കേന്ദ്രങ്ങളുടെ കേരള രജിസ്ട്രേഷൻ റൂൾ-2 (എച്ച്) ൽ നിർവചിച്ചിരിക്കുന്ന പ്രകാരം തെരുവിലെ അനാഥരായ മാനസികരോഗികൾ, കൂടാതെ (സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ) മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ഡിസ്ചാർജ് ചെയ്ത ശേഷം നിയന്ത്രണത്തിൽ കഴിയുന്ന മാനസികരോഗികൾ എന്നിവരാണ് പരിപാടിയുടെ ഗുണഭോക്താക്കൾ. നിലവിൽ, ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത ആകെ 124 സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിൽ 42 സെന്ററുകൾക്കാണ് ഗ്രാന്റ് നൽകുന്നത്. പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും ഉദ്ദേശിക്കുന്നു.

**ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ**

2016 ലെ 'റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസ്ബിലിറ്റിസ് ആക്ട് ഖണ്ഡിക 50 പ്രകാരം ഭിന്നസേഷിക്കാർക്ക് സേവനം നൽകുന്ന എല്ലാ സ്ഥാപനങ്ങളും ഒരു വിദഗ്ദ്ധ അതോറിറ്റിയിൽ രിജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2020 ലെ ആർ പി ഡബ്ല്യു ഡി കേരള റൂൾ പ്രകാരം സാമൂഹ്യ നീതി വകുപ്പ് ജോയിന്റ് ഡയറക്ടറെ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള ആധികാരികമായ അതോറിറ്റിയായി നാമനിർദ്ദേശം നൽകുകയും സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. നാളിതുവരെ 468 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ, രജിസ്ട്രേഷൻ പുതുക്കൽ, നിയമപരമായ വ്യവസ്ഥകൾക്കനുസൃതമായി സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളുടെ സമയാസമയങ്ങളിലുള്ള പരിശോധനയും വിലയിരുത്തലും എന്നീ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. സിറ്റിംഗ് ഫീസും, മറ്റു ചെലവുകളും ഉൾപ്പെടെ പ്രസ്തുത പ്രവർത്തനങ്ങളുടെ നിർവഹണം ഉറപ്പുവരുത്തുന്നതിനായി ഒരു സാങ്കേതിക പ്രോജക്ട് പിന്തുണാ ടീം സജ്ജമാക്കുവാനും ഉദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**6. പ്രതിബന്ധ മുക്ത കേരളാ പദ്ധതി (ബാരിയർ ഫ്രീ കേരള)**

**(വിഹിതം: 800.00 ലക്ഷം രൂപ)**

2015ലെ ഭിന്നശേഷി സെൻസസ് പ്രകാരം നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയുടെ 2.16 ശതമാനത്തിലധികം പേർ ഭിന്നശേഷിക്കാരാണ്. സർക്കാർ ഓഫീസുകളിലെ സേവനങ്ങൾ ലഭ്യമാകുന്നതിനായി ഭിന്നശേഷിക്കാർക്ക് നിരവധി പ്രശ്നങ്ങൾ നിലവിൽ നേരിടേണ്ടിവരുന്നു. അതിനാൽ കേരളത്തിലെ എല്ലാ സർക്കാർ, പൊതുസ്ഥാപനങ്ങളിലും തടസ്സരഹിതവും ഭിന്നശേഷി സൗഹൃദവുമായ അന്തരീക്ഷം സൃഷ്ടിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. റാമ്പുകൾ, ഹാൻഡ്റെയിലുകൾ, ലിഫ്റ്റുകൾ, വിശ്രമമുറികൾ, ടോയ്‌ലറ്റുകൾ, ബ്രെയിൽ ലിപിയിൽ പ്രത്യേക സൈനേജുകൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ഇന്ത്യാ ഗവൺമെന്റിന്റെ അക്സസിബിൾ ഇന്ത്യ കാമ്പെയിൻ എന്ന പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ജില്ലകളിൽ ഉൾപ്പെടെ കൂടുതൽ പൊതു കെട്ടിടങ്ങൾ 2025-26 ൽ ഈ പദ്ധതിക്ക് കീഴിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. സാമൂഹ്യനീതി വകുപ്പിന്റെ ക്ഷേമസ്ഥാപനങ്ങളും ഓഫീസുകളും തടസ്സരഹിതമാക്കുന്നതിനും വകുപ്പിന് കീഴിൽ സമഗ്ര പുനരധിവാസ ഗ്രാമത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും പ്രഥമ പരിഗണന നൽകും. സംസ്ഥാനത്തെ കുറച്ച് ബീച്ചുകൾ തടസ്സരഹിതമായി പ്രവർത്തിക്കുവാനും ജില്ലകളിലും സംസ്ഥാനത്തും പ്രീ, പോസ്റ്റ് ഓഡിറ്റ് നടത്തുവാനും, സാമൂഹ്യ നീതിവകുപ്പിനു കീഴിലുള്ള 34 ക്ഷേമ സ്ഥാപനങ്ങളെയും ആന്തർദേശീയ നിലവാരമനുസരിച്ച് പ്രവർത്തിപ്പിക്കുവാനുള്ള പരിപാടികൾ നടത്തുകയുമാണ് പദ്ധതിയിൽ നടപ്പിലാക്കുനുദ്ദേശിക്കുന്ന മറ്റു

പ്രവർത്തനങ്ങൾ.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 800.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**7. സായം പ്രഭ (വയോധികരുടെ ക്ഷേമം)**

**(വിഹിതം: 1400.00 ലക്ഷം രൂപ)**

കേരളത്തിലെ വയോജനങ്ങളുടെ ജനസംഖ്യ സമീപ ദശകങ്ങളിൽ അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അത് പ്രധാനമായും സാമ്പത്തിക ക്ഷേമവും മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണ സൗകര്യങ്ങളും മൂലം കൈവരിച്ച പ്രത്യുൽപാദനക്ഷമതയിലെ കുറവ്, ഉയർന്ന ആയുർദൈർഘ്യം എന്നിവ മൂലമാണ്. 2011 ലെ സെൻസസ് പ്രകാരം 60 വയസും അതിൽ കൂടുതലുമുള്ള ജനസംഖ്യയുടെ ശതമാനം മൊത്തം ജനസംഖ്യയുടെ 12.6 ആയിരുന്നു, കൂടാതെ 2011 ലെ സെൻസസ് പ്രകാരം ജോലി ചെയ്യുന്ന 100 പേർക്ക് 19.6 ശതമാനമാണ് വാർദ്ധക്യ ആശ്രിത അനുപാതം. വർദ്ധിച്ചുവരുന്ന ഈ വിഭാഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൂടുതൽ നൂതനവും സുസ്ഥിരവുമായ സമീപനങ്ങളിലൂടെ പരിഹരിക്കേണ്ടതുണ്ട്. പ്രായമാകുമ്പോൾ അവർക്ക് നല്ല ആരോഗ്യം ഉറപ്പാക്കുന്നതിനും അവരുടെ അവകാശങ്ങളും ക്ഷേമവും നിയമ പരിരക്ഷയും ലഭിക്കുന്നതിനുമുള്ള അവസരവും ഉണ്ടായിരിക്കണം. സേവന വിതരണം മെച്ചപ്പെടുത്തുന്നതിന് സ്ഥാപനപരമായ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. വികസന പ്രക്രിയയിലും മുതിർന്ന പൗരന്മാരുടെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തേണ്ടതാണ്.

'സായംപ്രഭ' എന്ന പദ്ധതി വയോജനങ്ങളുടെ ജീവിതത്തിൽ വെളിച്ചവും പ്രതീക്ഷയും സന്തോഷവും പകരുന്നു. 2007-ലെ മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് പ്രകാരം 2013-ലെ വാർദ്ധക്യ നയത്തിലെ വ്യവസ്ഥകളും ഈ പദ്ധതി കർശനമായി പാലിക്കുന്നു. സാമ്പത്തികമായി ദുർബലരായ മുതിർന്നവരുടെ വ്യക്തിഗത ആവശ്യങ്ങൾ നിറവേറ്റുക, സാമൂഹിക സഹായവും സാമൂഹിക പരിചരണ പരിപാടികളും നടപ്പിലാക്കുക, സ്ഥാപനപരമായ പരിചരണം നൽകുക, ബോധവൽക്കരണ പരിപാടികൾ, ഗവേഷണവും പഠനങ്ങളും, സെമിനാറുകളും ശിൽപശാലകൾ നടത്തുക എന്നീ സേവനങ്ങൾ പദ്ധതിയിലൂടെ നൽകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വയോജന ക്ഷേമ പദ്ധതികളായ വയോജനപാർക്ക്, വയോസൗഹൃദ ഗ്രാമപഞ്ചായത്ത് എന്നിവയ്ക്ക് പദ്ധതി സാങ്കേതിക പിന്തുണ നൽകുന്നു. കൂടാതെ വയോജനകമ്മീഷൻ സജ്ജമാക്കലും അവയുടെ പ്രവർത്തനവും, വയോജന കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണനൽകുക, വയോജന കൗൺസിൽ ഓഫീസിന്റെ പ്രവർത്തനങ്ങൾ എന്നിവയും പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

കേരള സാമൂഹിക നീതിവകുപ്പിനു കീഴിൽ സർക്കാരിന്റെ നിയന്ത്രണത്തിലും നിരീക്ഷണത്തിലുമായി സുസ്ഥിര മാതൃകയിൽ എല്ലാ ജില്ലകളിലും വയോജന സൗഹൃദ സ്ഥാപനങ്ങൾ സജ്ജമാക്കുന്നതിനായി 'റിട്ടയർമെന്റ് ഭവനങ്ങൾ' എന്ന ഒരു പുതിയ പദ്ധതി ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. ഫീസ് ഈടാക്കി പ്രവർത്തിക്കുന്ന ക്ഷേമകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ശാസ്ത്രീയാടിസ്ഥാനത്തിൽ സർക്കാർ തല ഇടപെടലുകൾ നടത്തുന്ന മാതൃകാ സ്ഥാപനമായി ഇവയെ ഉയർത്തുവാനും ഉദ്ദേശിക്കുന്നു.

**വ്യക്തിഗത പരിചരണ പരിപാടികൾ :** ഉപേക്ഷിക്കപ്പെട്ടവരും പ്രതിസന്ധി ഘട്ടങ്ങളിലുള്ളവരുമായ വയോജനങ്ങൾക്ക് അടിയന്തര സഹായം, മെഡിക്കൽ, നിയമ, പരിചരണ പിന്തുണ എന്നിവ നൽകുന്ന 'വയോരക്ഷ പദ്ധതി' വ്യക്തിഗത പരിചരണ പരിപാടികളിൽ ഉൾപ്പെടുന്നു. കുടുംബശ്രീ യൂണിറ്റുകൾ, അംഗനവാടികൾ, അംഗീകൃത ഏജൻസികൾ എന്നിവയുടെ ശൃംഖലയിലൂടെ നിർധനരായ വയോജനങ്ങൾക്കുള്ള പോഷകാഹാര സഹായ പദ്ധതിയാണ് 'വയോപോഷണം' പദ്ധതി. 'മന്ദഹാസം' പദ്ധതി മുതിർന്ന പൗരന്മാർക്ക് കൃത്രിമ പല്ലുകൾ സ്ഥാപിക്കുന്നതിനും അവരുടെ മുഖത്ത് പുഞ്ചിരി തിരികെ കൊണ്ടുവരുന്നതിനും സഹായം നൽകുന്നു, കൂടാതെ മുതിർന്ന പ്രമേഹ രോഗികൾക്ക് പരിചരണം നൽകുന്നതിന് വയോമധുരം പദ്ധതിയും നടപ്പിലാക്കുന്നു. കുട്ടികളോ പിൻഗാമികളോ ഇല്ലാത്ത പാവപ്പെട്ട വയോജനങ്ങൾക്ക് ഈ പദ്ധതിക്ക് കീഴിലുള്ള 'വയോജീവനം' പദ്ധതി പ്രതിമാസ ധനസഹായം നൽകുന്നു. പ്രകൃതിക്ഷോഭം, പകർച്ചവ്യാധികൾ, മറ്റ് സാഹചര്യങ്ങൾ എന്നിവ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ പ്രായമായവർക്ക് സഹായം നൽകുന്നതിന് ഈ പദ്ധതിക്ക് കീഴിൽ അവസരമുണ്ട്. സംസ്ഥാനത്തുടനീളമുള്ള വയോജനങ്ങൾക്കായി വ്യക്തിഗത പരിചരണ പദ്ധതി തയ്യാറാക്കുന്നതിനും പദ്ധതി പിന്തുണയ്ക്കുന്നു.

**സാമൂഹിക സഹായവും കമ്മ്യൂണിറ്റി കെയർ പ്രോഗ്രാമുകളും** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, സാമൂഹ്യാധിഷ്ഠിത സംഘടനകൾ, സമൂഹം എന്നിവയുടെ പിന്തുണയിലൂടെ പ്രായമായവർക്കുള്ള സേവനങ്ങൾ പ്രയോജനപ്പെടുത്താൻ പദ്ധതി ലക്ഷ്യമിടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വയോജനങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികളായ വാതിൽപടി സേവനം, വയോജന പാർക്കുകൾ, വയോജന ക്ലബ്ബുകൾ, വയോസൗഹൃദ ഗ്രാമ പഞ്ചായത്തുകൾ തുടങ്ങിയ പദ്ധതികൾക്കും വയോജനങ്ങൾക്ക് നല്ല ജീവിതം നയിക്കുന്നതിനും ആരോഗ്യകരമായ ജീവിതശൈലി പരിപാടികൾക്കും കിടപ്പിലായവർക്കുള്ള സാന്ത്വന പരിചരണത്തിനും പദ്ധതി സാങ്കേതിക പിന്തുണ നൽകുന്നു. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, സാമൂഹ്യാധിഷ്ഠിത സംഘടനകൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ ഫണ്ട് നൽകുന്നതിനും വ്യവസ്ഥയുണ്ട്.

ജില്ലാ ഓഫീസുകളിൽ നിയമസഹായ സെല്ലും ഡയറക്ടറേറ്റിൽ വയോജന ദുരുപയോഗം തടയൽ സെല്ലും സ്ഥാപിക്കൽ, വയോജന കമ്മീഷൻ, വയോജനങ്ങൾക്കായി ജാഗ്രതാ സമിതികൾ എന്നിവ സ്ഥാപിക്കൽ പദ്ധതി വ്യവസ്ഥ ചെയ്യുന്നു. വയോജന കൗൺസിൽ പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, മെയിന്റനൻസ് ട്രിബ്യൂണലുകളിലെ കൺസിലിയേഷൻ ഓഫീസർമാർക്കുള്ള ഹോണറേറിയം, മുതിർന്നവരെ പരിചരിക്കുന്നവർക്കുള്ള കൗൺസിലിംഗ് പിന്തുണാ സേവനങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ദുരുപയോഗം, അവഗണന, ഉപേക്ഷിക്കൽ എന്നിവ നേരിടുന്ന വയോജനങ്ങൾക്ക് അടിയന്തര ദുരിതാശ്വാസ നടപടികളും പുനരധിവാസവും, എം.ഡബ്ല്യു.പി.എസ്.സി കേസുകൾ നിരീക്ഷിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ വികസനം, എൻ.ജി.ഒ നടത്തുന്ന വൃദ്ധസദനങ്ങളുടെ നിരീക്ഷണം മേൽനോട്ടം, വയോനിധി – വയോജന ക്ഷേമത്തിനുള്ള സംസ്ഥാന ഫണ്ട് എന്നിവയും പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നു.

**ഇൻസ്റ്റിറ്റ്യൂഷണൽ കെയർ** : സായംപ്രഭ ഹോമുകൾ, മോഡൽ സായംപ്രഭ ഹോമുകൾ, മൾട്ടി സർവീസ് ഡേ കെയർ സെന്ററുകൾ എന്നിവയുടെ സ്ഥാപനവും പരിപാലനവും നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പിന്തുണയ്ക്കുന്നത് ഇൻസ്റ്റിറ്റ്യൂഷണൽ കെയറിൽ ഉൾപ്പെടുന്നു. സർക്കാർ ഇതര സംഘടനകളും സാമൂഹ്യാധിഷ്ഠിത സംഘടനകളും നടത്തുന്ന വൃദ്ധസദനങ്ങൾ, പണം നൽകിക്കൊണ്ട് താമസിക്കാവുന്ന വൃദ്ധസദനങ്ങൾ, റിട്ടയർമെന്റിന് ശേഷമുള്ള ഹോമുകൾ എന്നിവ സ്ഥാപിക്കുന്നതിനെ ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു. എൻജിഒകളുടെ പിന്തുണയോടെ വൃദ്ധസദനങ്ങളിലെ സേവന നിലവാരം വർദ്ധിപ്പിക്കുന്നതിനായി എല്ലാ വൃദ്ധസദനങ്ങളിലേക്കും സെക്കൻഡ് ഇന്നിംഗ്സ് പ്രോജക്റ്റ് നടപ്പിലാക്കുവാനും പദ്ധതി വിഭാവനം ചെയ്യുന്നു. വൃദ്ധസദനങ്ങളിൽ മരുന്ന്, അനുബന്ധ ഉപകരണങ്ങൾ, ഹൈടെക് പവർഡ് ബെഡ്, വീൽ ചെയർ, മറ്റ് അവശ്യ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും മെഡിക്കൽ ഓഫീസർമാർ, നഴ്സുമാർ, പരിചരണദാതാക്കൾ, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങിയ ആവശ്യമായ മാനവവിഭവശേഷി ലഭ്യമാക്കുന്നതും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യോഗ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ, മ്യൂസിക് തെറാപ്പി, ഹോർട്ടികൾച്ചർ തെറാപ്പി, കൗൺസിലിംഗ്, വയോമൃതം പദ്ധതിയുടെ നടത്തിപ്പ്, വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കുള്ള ആയുർവേദ ചികിത്സ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 80 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാർക്ക് പ്രത്യേക വീട്ടുകൾ, കിടപ്പിലായവർ, പ്രത്യേക ആവശ്യങ്ങളുള്ളവർ, വൃദ്ധസദനങ്ങളിൽ ദമ്പതികൾക്ക് പ്രത്യേക മുറി തുടങ്ങിയ ആവശ്യങ്ങൾക്കായി ഈ പദ്ധതിയുടെ വിഹിതം ഉപയോഗിക്കാം. വൃദ്ധസദനങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും എസ്ഒപി നടപ്പിലാക്കുന്നതിനുള്ള ചെലവുകളും ഈ പദ്ധതിയിൽ നിന്ന് കണ്ടെത്താം. കിടപ്പിലായ വയോജനങ്ങളെ പരിചരിക്കുന്ന സന്നദ്ധസംഘടനകൾക്ക് പിന്തുണ നൽകാനുള്ള വയോസാന്ത്വനം പദ്ധതി, ഡിമെൻഷ്യ ഡേ കെയർ സെന്ററുകൾ ഫുൾടൈം ഡിമെൻഷ്യ കെയർ സെന്ററുകൾ എന്നിവ എൻജിഒകൾ/എൽഎസ്ജിഡികൾ തുടങ്ങിയവയുമായി സഹകരിച്ച് ആരംഭിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

**സർവേകളും പഠനങ്ങളും** നടത്തുകയും പ്രായമായവരുടെ ജനസംഖ്യയുടെ ഡാറ്റാ ബേസ് തയ്യാറാക്കുകയും ചെയ്യുക, വൃദ്ധസദന മാനുവൽ പുതുക്കുക, വയോജനങ്ങൾക്ക് വിവിധ സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾക്കായി എസ്ഒപികളും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കൽ, പുതിയ നയങ്ങൾ, നിയമങ്ങൾ, ചട്ടങ്ങൾ എന്നിവ തയ്യാറാക്കൽ, നിലവിലുള്ളവ പരിഷ്ക്കരിക്കൽ, സാങ്കേതിക, അക്കാദമിക് സ്ഥാപനങ്ങളുമായി സഹകരിച്ച് വയോജന പരിചരണത്തിൽ ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കൽ എന്നിവ ഈ പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്. വയോജന സംരക്ഷണം, സേവന വിതരണം, വാർദ്ധക്യ പെൻഷൻ എന്നിവയെക്കുറിച്ച് സംസ്ഥാന ആസൂത്രണ ബോർഡുമായി സഹകരിച്ചുള്ള പഠനങ്ങളും പരിപാടികളും ഇതിൽ ഉൾപ്പെടുന്നു. വായോസേവന അവാർഡും പദ്ധതിയിൽ

ഉൾപ്പെടുത്തിയിരിക്കുന്നു.

**ബോധവൽക്കരണ പരിപാടികളും ശിൽപശാലകളും** സജീവമായ വാർദ്ധക്യത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികളും ശിൽപശാലകളും, DLSA കളുടെയും, മെയിന്റനൻസ് ട്രിബ്യൂണലുകളുടെയും പിന്തുണയോടെയുള്ള അദാലത്ത്, ബോധവൽക്കരണ പരിപാടികൾ, പ്രായമായവരെ പരിചരിക്കുന്നതിനും മുതിർന്നപൗരൻമാർ നേരിടുന്ന പീഡനം തടയുന്നതിനുമുള്ള മാധ്യമ പ്രചാരണങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, സ്റ്റേക്ക്ഹോൾഡർ ഡിപ്പാർട്ട്മെന്റുകളിലെ ഉദ്യോഗസ്ഥർ, വീടുകളിൽ വന്ന് പരിചരിക്കുന്നവർ, സർക്കാരും എൻജിഒകളും നടത്തുന്ന ഓൾഡ് ഏജ് ഹോമുകളിലെ ഉദ്യോഗസ്ഥർ, സാമൂഹിക സന്നദ്ധപ്രവർത്തകർ, മാധ്യമ പ്രവർത്തകർ എന്നിവർക്ക് പരിശീലന ബോധവൽക്കരണ പരിപാടികൾ, മുതിർന്ന പൗരന്മാരുടെ പിന്തുണയ്ക്കായി സാമൂഹ്യാധിഷ്ഠിത സ്വാശ്രയ മാതൃകകൾ സ്ഥാപിക്കാൻ സഹായിക്കുക, ഐ.ഇ.സി, ഐ.സി.ടി പ്രവർത്തനങ്ങൾ എന്നിവ പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**എൽഡർലൈനിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ** സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കിയ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായ എൽഡർലൈനിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഫീൽഡ് റെസ്പോൺസ് ഓഫീസർമാരെ ഉൾപ്പെടുത്തുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

**നൂതന ആശയങ്ങളും പരിപാടികളും** ടൈം ബാങ്ക് ആശയത്തിന്റെ വികസനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വയോജനങ്ങൾക്കുള്ള സഹായ ഉപകരണ ബാങ്കുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് മെമ്മറി ക്ലിനിക്കുകൾ സ്ഥാപിക്കൽ, ആംബുലൻസ് സർവീസ് അലേർട്ട് സിസ്റ്റം, ഇൻറർനെറ്റിന്റെയും ആധുനിക സാങ്കേതികവിദ്യയുടെയും ഉപയോഗത്തിലെ തലമുറകളുടെ അന്തരം നികത്താനുള്ള പരിപാടികൾ എന്നിങ്ങനെയുള്ള നൂതന ആശയങ്ങളും, പരിപാടികളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. സർക്കാർ വൃദ്ധസദനങ്ങളിലും, സർക്കാരിതര സ്ഥാപനങ്ങളിലും, ഭവനങ്ങളിലെയും വയോജന പരിപാലനം നടത്തുന്നവർക്കും പാലിയേറ്റീവ് കെയർ വോളന്റിയർമാർക്കും വയോജന പരിപാലനത്തിൽ പരിശീലനം നൽകുവാനും വയോജന പരിപാലനസേവനങ്ങൾ നൽകിവരുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ഒരു ചട്ടക്കൂട്, മോണിറ്ററിംഗ് മെക്കാനിസം എന്നിവ വികസിപ്പിക്കുന്നതിനും 2025-26 ൽ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1400.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 8. ട്രാൻസ്ജെൻഡറുകളുടെ ക്ഷേമം - മഴവില്ല്

**(വിഹിതം: 550.00 ലക്ഷം രൂപ)**

ഇന്ത്യയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി ഒരു നയം ആരംഭിച്ച ആദ്യ സംസ്ഥാനമാണ് കേരളം. ട്രാൻസ്ജെൻഡർ വ്യക്തികൾ അവരുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി വളരെയധികം ബുദ്ധിമുട്ടുന്നു. അവരിൽ ഭൂരിഭാഗവും തങ്ങളുടെ വ്യക്തിത്വം വെളിപ്പെടുത്താൻ മടിക്കുന്നവരാണ്. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി കൂടുതൽ ശ്രദ്ധ ആവശ്യമാണ്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമത്തിനായി അവരുടെ അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സാമൂഹ്യനീതി വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. 2025-26 ലേക്ക് നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ.

**സാമ്പത്തിക സഹായ പരിപാടി**

- സ്കോളർഷിപ്പ്, സ്കൂളിൽനിന്നും കൊഴിഞ്ഞുപോകുന്നവർക്ക് 'തിരികെ സ്കൂളിൽ പോകുന്നതിന്' സഹായം, മത്സര പരീക്ഷകളിൽ പങ്കെടുക്കാനുള്ള സഹായം
- തൊഴിലധിഷ്ഠിത പരിശീലനത്തിനും ലാഭകരമായ തൊഴിൽ നേടുന്നതിനും സാമ്പത്തിക സഹായം, വിശദമായ മാർഗ്ഗനിർദ്ദേശത്തിന്റെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള സീഡ് മണി/റിവോൾവിംഗ് ഫണ്ട് എന്നിവ നൽകൽ.
- മെഡിക്കൽ ഉപദേശമനുസരിച്ച് ഏത് ആശുപത്രിയിലും 5.00 ലക്ഷം രൂപ വരെ സെക്സ് റീ-അസൈൻമെന്റ് സർജറിക്ക് (എസ്.ആർ.എസ്) സാമ്പത്തിക സഹായം, എസ്ആർഎസ് സർജറിക്ക് ശേഷമുള്ള സഹായം, ഹോർമോൺ മരുന്നുകൾക്കുള്ള സഹായം, മെഡിക്കൽ എയ്ഡ്, ഫുഡ് കിറ്റ് എന്നിവയുടെ രൂപത്തിൽ കോവിഡിന് ശേഷമുള്ള പുനരധിവാസം
- ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിവാഹ സഹായം

- കരുതൽ – ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ വഴി ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തര സാമ്പത്തിക സഹായം നൽകൽ
- ദേശീയ അന്തർദ്ദേശീയ തലത്തിലുള്ള കായികമേളകൾ, ഇവന്റുകൾ, പഠനങ്ങൾ, വിദേശപഠനം, തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ, വ്യക്തികളുടെ അവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം സമൂഹത്തിന്റെ മൊത്തത്തിലുള്ള നേട്ടങ്ങൾ പ്രദർശിപ്പിക്കാൻ സഹായിക്കുന്ന പരിപാടികൾ എന്നിവയ്ക്ക് വിശദമായ മാർഗ്ഗനിർദ്ദേശങ്ങളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം.
- സഫലം – പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നതിന് സഹായം
- വർണ്ണം – വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം
- യത്നം – മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് സഹായം
- സാകല്യം – തൊഴിലധിഷ്ഠിത പരിശീലനത്തിന് സഹായം
- സമന്വയ – കേരള സാക്ഷരതാ മിഷന്റെ സഹായത്തോടെ വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞുപോയ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തുടർ വിദ്യാഭ്യാസം.
- 50 – 60 വയസ്സ് പ്രായമുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പ്രതിമാസ ധനസഹായം
- അനന്യം പദ്ധതി – ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സൗന്ദര്യമത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള സാമ്പത്തിക സഹായം

**സാമൂഹ്യതല പരിപാടികൾ**

- ഐഡന്റിറ്റി കാർഡ് നൽകലും തുടർ പ്രവർത്തനങ്ങളും
- ഈ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളുടെ സഹായത്താൽ ട്രാൻസ്ജെൻഡർ ഹെൽപ്പ് ലൈനും (24X7), ക്രൈസിസ് മാനേജ്മെന്റ് സെന്ററും സ്ഥാപിക്കുക
- വിദഗ്ദ്ധ മീഡിയ ഏജൻസിയെ ഉപയോഗിച്ച് അഡ്വക്കസി ക്യാമ്പയിൻ.
- ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സർക്കാർ ഇതര സംഘടനകളും, സാമൂഹ്യാധിഷ്ഠിത സംഘടനകളും ചേർന്ന് പരിപാടികൾ സംഘടിപ്പിക്കുക
- 60 വയസ്സിന് മുകളിലുള്ള നിർദ്ധനരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പെൻഷൻ
- കേരള സംസ്ഥാന വനിതാ വികസന കോർപറേഷൻ മുഖേന സ്വയം തൊഴിൽ സംരംഭത്തിന് വായ്പ
- ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി വിവിധ നൈപുണ്യ വികസന പരിപാടികൾ സംഘടിപ്പിക്കുക
- ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഭവനപദ്ധതി
- ജോബ് ഫെയറുകൾ സംഘടിപ്പിക്കുകയും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- പൊതുസ്ഥലങ്ങളിൽ ട്രാൻസ്ജെൻഡർ സൗഹൃദ ടോയ്‌ലറ്റുകൾ സ്ഥാപിക്കുക.
- ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ സമഗ്ര ആരോഗ്യ പരിപാലന സമ്പ്രദായം
- തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ/വനിതാ വികസന കോർപ്പറേഷൻ/എൻ.ജി.ഒ/കേരള സ്റ്റേക്ക്ഹൗസിംഗ് ബോർഡ് എന്നിവയുടെ സഹായത്തോടെ എല്ലാ ജില്ലകളിലും ട്രാൻസ്ജെൻഡർ വിഭാഗത്തിലെ തൊഴിലാളികൾക്ക് വർക്കിംഗ് ട്രാൻസ്ജെൻഡർ ഹോസ്റ്റൽ സ്ഥാപിക്കുക.
- ട്രാൻസ്ജെൻഡർ വ്യക്തികളുടെ സാംസ്കാരിക പരിപാടികൾ

**സ്ഥാപനപരമായ ഇടപെടലുകൾ**

- ദുർബല വിഭാഗക്കാരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് എച്ച്.ഐ.വി സീറോ സർവ്വയലൻസ് സെന്റർ ആരംഭിക്കുക

- സർക്കാർ മുഖേനയോ സർക്കാർ ഇതര സംഘടനകൾ മുഖേനയോ ഷെൽട്ടർ ഹോമുകൾ/സേഫ്റ്റി ഹോമുകൾ/കെയർ ഹോമുകൾ/ ഷോർട്ട് സ്റ്റേ സൗകര്യങ്ങൾ സ്ഥാപിക്കുക

- നിരാലംബരും ഗുരുതരരോഗബാധിതരുമായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നഴ്സിംഗ് കെയർ സൗകര്യങ്ങൾ

**സൂക്ഷ്മബോധന പരിപാടികളും ശില്പശാലകളും**

- പൊതുജനങ്ങൾ, രക്ഷിതാക്കൾ, ട്രാൻസ്ജെൻഡർ വ്യക്തികളുടെ കുടുംബാംഗങ്ങൾ, രക്ഷകർത്താക്കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക-അനധ്യാപക ജീവനക്കാർ, വിദ്യാർത്ഥി സമൂഹം, ആരോഗ്യ സേവന ഉദ്യോഗസ്ഥർ എന്നിവർക്കും തദ്ദേശ സ്വയം ഭരണ വകുപ്പ്, തൊഴിൽ വകുപ്പ്, പോലീസ്, മറ്റ് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർക്കും ബോധവൽക്കരണ പരിപാടികൾ, മറ്റ് ഐ.ഇ.സി, ഐസിടി പ്രവർത്തനങ്ങൾ
- ട്രാൻസ്ജെൻഡർ വ്യക്തികൾ, സാമൂഹ്യാധിഷ്ഠിത സംഘടനകൾ, ജസ്റ്റിസ് ബോർഡ് അംഗങ്ങൾ, മറ്റ് സ്റ്റേക്ക് ഹോൾഡർമാർ എന്നിവർക്കായി വിവിധ ശില്പശാലകളും, പരിശീലന പരിപാടികളും സംഘടിപ്പിക്കുക
- ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലോൽസവം
- സമാനവിഭാഗത്തിൽപ്പെട്ടവരുടെ പിന്തുണ - മാനസിക വിഷമതകൾ അനുഭവിക്കുന്ന ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് കൗൺസിലിംഗും മറ്റ് സഹായങ്ങളും നൽകുന്നതിനായി അവരുടെ പ്രതിനിധിക്ക് പരിശീലനം നൽകുക
- സാമൂഹിക നീതി ഡയറക്ടറേറ്റിലെ ട്രാൻസ്ജെൻഡർ സെല്ലിന്റെ പ്രവർത്തനവും, മാനവ വിഭവ ശേഷി പിന്തുണയും
- സർവേ, ഗവേഷണം, പഠനം

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 550.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**9. ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ - മോണിറ്ററിംഗ് & ഇവാല്യവേഷൻ**

**(വിഹിതം: 40.00 ലക്ഷം രൂപ)**

സാർവത്രിക പ്രവേശന സാധ്യത കൈവരിക്കുന്നതിനായി ഭിന്നശേഷിക്കാർക്കുവേണ്ടി ആരംഭിച്ച പരിപാടിയാണ് ആക്സസബിൾ ഇന്ത്യാ ക്യാമ്പയിൻ. ഭിന്നശേഷിക്കാർക്ക് പ്രതിബന്ധമുക്ത പരിസ്ഥിതി ലഭ്യമാക്കാനായി, തിരുവനന്തപുരം ജില്ലയിലെ പൊതു കെട്ടിടങ്ങളുടെ റിട്രോഫിറ്റിംഗ് പ്രവൃത്തികൾക്കായി കേന്ദ്ര സർക്കാർ തുക അനുവദിച്ചിരുന്നു. അക്സസ് ആഡിറ്റുകൾ, അക്സസബിലിറ്റി സ്റ്റാന്റേഡുകളും, മാനദണ്ഡങ്ങളും സംബന്ധിച്ച പരിശീലനം, ഗവേഷണം, മോണിറ്ററിംഗ്, ഇവാല്യവേഷൻ എന്നിവയ്ക്കായി സംസ്ഥാന വിഹിതത്തിൽ നിന്നും തുക വകയിരുത്താവുന്നതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 40.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**10. മയക്കമരുന്നിന്റെ ഉപയോഗം കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മ പദ്ധതി - മോണിറ്ററിംഗ് & ഇവാല്യവേഷൻ**

**(വിഹിതം: 10.00 ലക്ഷം രൂപ)**

വിദ്യാഭ്യാസം, ലഹരി-വിരുദ്ധ പ്രവർത്തനങ്ങൾ, പുനരധിവാസം എന്നിവ ഉൾപ്പെടുന്ന ഒരു ബഹുമുഖ തന്ത്രത്തിലൂടെ, മയക്ക മരുന്നിനടിമപ്പെട്ട വ്യക്തികളേയും, അവരുടെ കുടുംബങ്ങളേയും പുനരധിവസിപ്പിക്കുന്നതിനും മയക്കമരുന്ന് ദുരുപയോഗത്തിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുള്ള ഒരു നവീന പദ്ധതിയാണിത്. മയക്ക മരുന്നിനടിമപ്പെട്ട വ്യക്തികളെ കണ്ടെത്തുന്നതിനും, അവർക്ക് വേണ്ട പ്രചോദനം, കൗൺസിലിംഗ്, ആഫ്റ്റർ കെയർ, പുനരധിവാസം എന്നിവയിലൂടെ അവരെ മയക്കമരുന്നിൽ നിന്നും പൂർണമായി മോചിപ്പിക്കാനുള്ള സാമൂഹ്യാധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുകയാണ് പദ്ധതി ലക്ഷ്യം. പദ്ധതിയുടെ നിർവ്വഹണം, കാര്യശേഷി വികസനം, പ്രത്യേക ഇടപെടലുകളും ബോധവത്ക്കരണവും ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടുണ്ട്. മോണിട്ടറിംഗ്, വിലയിരുത്തൽ, മയക്കമരുന്നിന്റെ ഉപയോഗം കുറയ്ക്കുന്നതിനുള്ള ഐ.ഇ.സി പ്രവർത്തനങ്ങൾ, സോഷ്യൽ ഓഡിറ്റ് എന്നിവയ്ക്കാവശ്യമായ തുക സംസ്ഥാന വിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ലഹരി വിരുദ്ധ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ, കുട്ടികൾക്കും മെന്റർ ടീച്ചർമാർക്കുമുള്ള പരിശീലനം, പദ്ധതികളുടെ നിർവ്വഹണം

എന്നിവയും പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**11. സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പരിചരണ പദ്ധതി**

**(വിഹിതം: 315.00 ലക്ഷം രൂപ)**

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 32 ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. നിലവിലുള്ള സ്റ്റാഫ് പാറ്റേണിന് പ്രകാരം ഈ സ്ഥാപനങ്ങളിലുള്ള അന്തേവാസികളുടെ പരിചരണത്തിന് നഴ്സിംഗ് സ്റ്റാഫിനെ/പരിചരണ സ്റ്റാഫിനെ നിയമിച്ചിട്ടില്ല. മിക്ക സ്ഥാപനങ്ങളും അപര്യാപ്തമായ സ്റ്റാഫോടെയാണ് പ്രവർത്തിക്കുന്നത്. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളുടെ എണ്ണം അനുവദനീയമായ എണ്ണത്തേക്കാൾ വർദ്ധിച്ച് വരുന്നതിനാൽ ഈ സ്ഥാപനങ്ങൾ സുഗമമായി നടത്തിക്കൊണ്ടു പോകുവാൻ കഴിയുന്നില്ല. സാമൂഹ്യനീതി വകുപ്പിനു കീഴിലെ സ്ഥാപനങ്ങളിലെ പരിചരണദാതാക്കളായ പ്രൊജക്ട് സ്റ്റാഫിനുള്ള ഓണറേറിയവും അലവൻസുകളും, പരിശീലനവും നൈപുണ്യവികസനവുമാണ് പ്രവർത്തനങ്ങളിൽപ്പെടുന്നത്. സാമൂഹ്യ നീതി വകുപ്പാണ് അംഗീകൃത ഏജൻസികൾ മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നത്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 315.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**12. ട്രാൻസിറ്റ് ഹോം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

അനധികൃതമായി രാജ്യത്ത് പ്രവേശിച്ച വിദേശികൾക്കും, ശിക്ഷ കഴിഞ്ഞ് നാട്ടിലേക്ക് മടങ്ങാൻ കാത്തിരിക്കുന്ന വിദേശികൾക്കും, അവരെ നാടുകടത്തുന്നത് വരെ/നാടുകടത്തൽ കാത്തിരിക്കുന്നത് വരെ താൽക്കാലിക താമസ സൗകര്യം പ്രദാനം ചെയ്യുക എന്നതാണ് ട്രാൻസിറ്റ് ഹോമുകൾ ലക്ഷ്യമിടുന്നത്. വിദേശ കുറ്റവാളികളുടെ എണ്ണം കൂടിവരുന്നതിനാൽ ട്രാൻസിറ്റ് ഹോമുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. സ്ത്രീകൾക്ക് മാത്രമായി അധിക സൗകര്യങ്ങൾ സജ്ജമാക്കേണ്ടതുണ്ട്. മേൽ പ്രവൃത്തികൾക്കായി, 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**13. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ**

**(വിഹിതം: 1800.00 ലക്ഷം രൂപ)**

വൈകല്യങ്ങൾ പ്രാരംഭദിശയിൽ തന്നെ കണ്ടെത്തി ഇടപെടലുകൾ നടത്തുകയും, പരിപാലനവും പുനരധിവാസവും ഗവേഷണവും ഉൾപ്പടെയുള്ള ഉന്നത നിലവാരത്തിലുള്ള സേവനങ്ങൾ വൈകല്യങ്ങളുള്ള മുതിർന്നവർക്കും, കുട്ടികൾക്കും നൽകുന്ന സ്ഥാപനമാണ് നിപ്മർ. ഇൻസ്റ്റിറ്റ്യൂട്ട് കൈകാര്യം ചെയ്യുന്ന പ്രധാന വൈകല്യങ്ങളിൽ ന്യൂറോ ഡെവലപ്മെന്റ് ഡിസോർഡറുകൾ, ലോക്കോമോട്ടർ വൈകല്യങ്ങൾ, ശ്രവണ, സംസാര വൈകല്യങ്ങൾ, നട്ടെല്ലിന് പരിക്കുകൾ, ചലന വൈകല്യങ്ങൾ, വിട്ടുമാറാത്ത ന്യൂറോളജിക്കൽ ഡിസോർഡേഴ്സ്, പ്രത്യേകിച്ച് സെറിബ്രൽ പാൾസി എന്നിവ ഉൾപ്പെടുന്നു. അക്കാദമിക് പരിപാടികൾ ശക്തിപ്പെടുത്തൽ, തൊഴിലധിഷ്ഠിത പരിശീലനം, നൈപുണ്യ കോഴ്സുകൾ, മറ്റു പരിശീലനങ്ങളും ജീവനോപാധി പരിപാടികളും, പുനരധിവാസ സേവനങ്ങൾ, ഗവേഷണവും വികസനവും, അടിസ്ഥാന സൗകര്യ വികസനം, കുട്ടികൾക്ക് ഫർണിച്ചർ, ഭരണചെലവുകൾ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി ഭൂമി ഏറ്റെടുക്കലും, ശാരീരിക വൈകല്യമുള്ളവർക്കോ ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള പരിമിതികൾ ഉള്ളവർക്കോ വേണ്ടി ആശ്രിതത്വം കുറയ്ക്കുന്നതിനായി വസ്തും രൂപകൽപ്പന ചെയ്യുന്നതിന് വൈകല്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് പരിശീലനം നൽകുന്നതും, മൃഗങ്ങളെ ഉപയോഗിച്ച് ശാരീരിക, സാമൂഹിക, മാനസിക, ബുദ്ധിപരമായ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ആനിമൽ അസ്സിസ്റ്റഡ് തെറാപ്പിയും (AAT) ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പട്ടികജാതി/പട്ടികവർഗ വകുപ്പുകളുടെ പൂൾഡ് ഫണ്ടിൽ ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ പത്തു ശതമാനം വകുപ്പ് വിഹിതം ഈ പദ്ധതിയിൽ നിന്ന് കണ്ടെത്താവുന്നതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ലെ ബജറ്റിൽ 1800.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**14. ഭിന്നശേഷിക്കാർക്കുള്ള സംസ്ഥാന ഫണ്ട്**

**(വിഹിതം: 25.00 ലക്ഷം രൂപ)**

ഭിന്നശേഷിക്കാർക്കായി പ്രത്യേകം സംസ്ഥാന വിഹിതം സജ്ജമാക്കുവാൻ 2016 ലെ ആർ.പി.ഡബ്ല്യൂ.ഡി ആക്ട് ന്റെ 88 -ാം സെക്ഷൻ വ്യവസ്ഥചെയ്തിട്ടുണ്ട്. ആർ.പി.ഡബ്ല്യൂ.ഡി കേരള റൂൾസ്

10-ാം അദ്ധ്യയത്തിൽ ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന വിഹിതത്തിന്റെ ലക്ഷ്യങ്ങളും ഘടനയും വ്യക്തമാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ ദുരിതാശ്വാസ സഹായത്തിനായി നീക്കിവെക്കുന്ന കോർപ്പസ് ഫണ്ട് സംസ്ഥാന ഫണ്ടുമായി യോജിപ്പിക്കാവുന്നതാണ്.

2025-26 ൽ ഭിന്നശേഷിക്കാർക്കുള്ള സംസ്ഥാന ഫണ്ട് ഇനത്തിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**കേരള സാമൂഹ്യസുരക്ഷാ മിഷൻ**

**15. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സമഗ്ര പാക്കേജ്**

**(വിഹിതം: 1700.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് എൻഡോസൾഫാൻ മൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസ നടപടികൾ കൈക്കൊള്ളുന്നതിനാണ് ഈ തുടർ പദ്ധതി ലക്ഷ്യമിടുന്നത്. എൻഡോസൾഫാൻ മൂലം ശയ്യാവലംബികളായ രോഗികൾക്ക് 2200 രൂപ നിരക്കിലും, ഭിന്നശേഷി പെൻഷൻ വാങ്ങുന്ന രോഗികൾക്ക് 1,700 രൂപ, മറ്റുള്ള രോഗികൾക്ക് 1,200 രൂപ നിരക്കിലും ധനസഹായം നൽകിവരുന്നു. കൂടാതെ, പഠനത്തിനായുള്ള ധനസഹായവും നൽകിവരുന്നു. ബഡ്സ് സ്കൂളുകളിൽ പഠിക്കുന്ന ഒന്ന് മുതൽ ഏഴ് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2000 രൂപ, 8 മുതൽ 10 വരെ 3000 രൂപ, 11-ഉം 12-ഉം ക്ലാസ്സുകളിൽ ഉള്ളവർക്ക് 4000 രൂപ എന്നീ നിരക്കിലും ധനസഹായം നൽകിവരുന്നു. എൻഡോസൾഫാൻ മൂലം ദുരിതം അനുഭവിക്കുന്ന പൂർണ്ണ ശയ്യാവലംബികളായവർ, മാനസികരോഗികൾ എന്നിവരെ പരിചരിക്കുന്നവർക്ക് 700 രൂപ പ്രത്യേക ധനസഹായമായും നൽകുന്നു.

എൻഡോസൾഫാൻ ബാധിത മേഖലയിൽ അംഗ പരിമിതരായ കുട്ടികളുടെ (18 വയസ്സിൽ താഴെ) പുനരധിവാസം മെച്ചപ്പെടുത്തുന്നതിനായി മാതൃകാ ശിശു പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ബാധിത മേഖലയിലെ ഡേ കെയർ സെന്ററുകൾ/ബഡ് സ്കൂളുകൾ എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തുന്നതാണ്. മാതൃകാ ശിശു പുനരധിവാസ കേന്ദ്രങ്ങൾക്കായുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ, ഉപകരണങ്ങൾ, പരിശീലനങ്ങൾ, മാനവവിഭവശേഷി എന്നിവയും, എൻഡോസൾഫാൻ ബാധിതർക്കുള്ള ആരോഗ്യ സംരക്ഷണവും പുനരധിവാസവും, കൂടാതെ, എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പുനരധിവാസ സെല്ലിന് ആവശ്യമായ മാനവവിഭവശേഷിയ്ക്ക് വേണ്ടിയുള്ള ചെലവുകൾ, പുനരധിവാസവുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് തുക വകയിരുത്തിയിട്ടുള്ളത്. പബ്ലിസിറ്റി, പരസ്യം, എൻഡോസൾഫാൻ ദുരിതബാധിതരുടെ മസ്റ്ററിങ്ങിനുള്ള ചെലവ് എന്നിവയും പദ്ധതിയിൽ ഉൾപ്പെടുന്നു. കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2025-26 - ൽ 1700.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് വകയിരുത്തിയിരിക്കുന്നു.

**16. വയോമിത്രം**

**(വിഹിതം: 2750.00 ലക്ഷം രൂപ)**

കേരളത്തിലെ വയോജനങ്ങളുടെ എണ്ണം അടുത്ത കാലത്തായി അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പ്രായമായവരുടെ ജനസംഖ്യ രാജ്യത്ത് ഏറ്റവും അധികം ഉള്ളത് കേരളത്തിലാണ് (2011 സെൻസസ് പ്രകാരം 12.7 ശതമാനം). വയോജനങ്ങൾക്കായുള്ള സാമൂഹ്യ സുരക്ഷ പദ്ധതിയായ വയോമിത്രം നടപ്പിലാക്കുന്നത് സാമൂഹ്യ സുരക്ഷ മിഷനാണ്. വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്ക് വഴി സൗജന്യ വൈദ്യപരിശോധനയും ചികിത്സയും, സൗജന്യ ആരോഗ്യ സംരക്ഷണം, ആംബുലൻസ് സൗകര്യങ്ങൾ, പാലിയേറ്റീവ് ഹോം കെയർ, കൗൺസിലിംഗ്, ഹെൽപ്പ് ഡെസ്ക് സൗകര്യങ്ങൾ, വാതിൽപ്പടി സേവനം, സാമൂഹ്യ പിന്തുണയേകുന്ന പരിപാടികൾ തുടങ്ങിയവയാണ് ഈ പദ്ധതിയിലെ ഘടകങ്ങൾ. 6 കോർപ്പറേഷനുകളിലും, 85 മുനിസിപ്പാലിറ്റികളിലും, 4 ബ്ലോക്കുകളിലുമായാണ് നിലവിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. പ്രോജക്ട് സ്റ്റാഫിന്റെ ഓണറേറിയം, മരുന്നിനും ഉപകരണങ്ങൾക്കുമുള്ള ചെലവുകൾ, മൊബൈൽ ക്ലിനിക്കുകൾ നടത്തുന്നതിനുള്ള വാഹന വാടക, ഓഫീസ് ചെലവുകൾ, പ്രത്യേക ദിനാഘോഷങ്ങൾ, വിനോദപരിപാടികൾ, പ്രത്യേക പരിശീലന പരിപാടികൾ, വയോജനങ്ങളുടെ പ്രശ്നങ്ങൾക്കായി പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക, പരസ്യം, അവബോധനം, സാമൂഹ്യാധിഷ്ഠിത പരിപാടികൾ, മറ്റ് ചാർജ്ജുകൾ തുടങ്ങിയവയ്ക്കുള്ള ചെലവുകൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 'വാതിൽപ്പടി സേവനം' പദ്ധതിയെ സാങ്കേതികമായും സാമ്പത്തികമായും പിന്തുണയ്ക്കാനും ഈ പരിപാടി ഉദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 2750.00 ലക്ഷം രൂപ

വകയിരുത്തിയിട്ടുണ്ട്.

## 17. വീ കെയർ

**(വിഹിതം: 30.00 ലക്ഷം രൂപ)**

വിവിധ സാമൂഹിക സുരക്ഷാ സേവന പ്രവർത്തനങ്ങൾ ഫലപ്രദവും സുസ്ഥിരവുമായ രീതിയിൽ രൂപകൽപ്പന ചെയ്യുകയും, സുഗമമായി നടപ്പിലാക്കുകയും, ഏകോപിപ്പിക്കുകയും ചെയ്യുന്ന വിധത്തിലാണ് വീ കെയർ രൂപകൽപ്പന ചെയ്തിരിക്കുന്നത്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമ പരിപാടികൾക്കും, വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമ മാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. വ്യക്തിഗത ഗുണഭോക്താക്കൾക്കായി ഒരു സാമൂഹിക സുരക്ഷാ പദ്ധതി രൂപകൽപന ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും, ധനം സമാഹരിക്കുന്നതിനും വേണ്ടിയാണ് ഈ പദ്ധതി. ഇപ്രകാരം സ്വരൂപിക്കുന്ന തുക ഭരണപരമായ ആവശ്യങ്ങൾക്കോ പദ്ധതി നടപ്പാക്കുന്നതിനുള്ള ചെലവുകൾക്കോ ഉപയോഗിക്കാവുന്നതല്ല. സംഭാവനയായി ലഭിക്കുന്ന ഓരോ തുകയും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിന്റെ ആവശ്യത്തിന് മാത്രം ചെലവഴിക്കുന്നുവെന്ന് ഇതിലൂടെ ഉറപ്പിക്കുവാൻ സാധിക്കും. സംഭാവന നൽകിയ വ്യക്തിക്ക് ചെലവ് സംബന്ധിച്ച എല്ലാ കണക്കുകളും പരിശോധിക്കുന്നതിനുള്ള അവസരം ഇതിലൂടെ ലഭിക്കുന്നതാണ്. സാമ്പത്തിക സാമൂഹ്യ ഓഡിറ്റുകളും ഇതിനു ബാധകമാണ്. ഈ പരിപാടിയുടെ ഭരണപരമായ ചെലവുകൾ, ഓവർഹെഡ് ചാർജ്ജുകൾ, വെബ്സൈറ്റിന്റെയും, പെയ്മെന്റ് ഗേറ്റ് വെയുടെയും നടത്തിപ്പ്, ധനസമാഹരണ ക്യാമ്പയിനുകൾ, ഫീൽഡ് ഇൻവസ്റ്റിഗേഷൻസ്, പദ്ധതി നിർദ്ദേശങ്ങളുടെ പ്രായോഗിക വിലയിരുത്തൽ, വിവിധ പദ്ധതികളെ കുറിച്ചുള്ള പ്രചാരണ ക്യാമ്പയിനുകൾ, വീ കെയർ എം.ഐ.എസ് പോർട്ടൽ വികസിപ്പിക്കുക, പരിശീലനങ്ങൾ മാനവ വിഭവശേഷി വികസിപ്പിക്കൽ എന്നിവയ്ക്കായി 2025-26 – ൽ 30.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 18. വൈകല്യമുള്ളവർക്കുള്ള വേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതി (എസ്.ഐ.ഡി) – അനുയാത്ര

**(വിഹിതം: 2100.00 ലക്ഷം രൂപ)**

2017-18 മുതൽ, SID-യ്ക്ക് കീഴിലുള്ള എല്ലാ പ്രവർത്തനങ്ങളും, മറ്റ് എല്ലാ അനുബന്ധ ഇടപെടലുകളും ഒരു കാമ്പെയ്ൻ മോഡിൽ നടപ്പിലാക്കാൻ വേണ്ടി ഡിസബിലിറ്റി മാനേജ്മെന്റിൽ ഒരു റൈറ്റ്സ് ബെയിസ്ഡ് ലൈഫ് സൈക്കിൾ അപ്രോച്ച് "അനുയാത്ര" (ഒത്തൊരുമിച്ച് പോകുക) എന്ന ഒരു സമീപനം സംഘടിപ്പിച്ചു വരുന്നു. RPWD ആക്ട് 2016 അനുസരിച്ച് ഭിന്നശേഷി മേഖലയിൽ രൂപകല്പന ചെയ്ത ഒരു പരിപാടിയാണ് അനുയാത്ര. വൈകല്യം തടയുന്നതിനുള്ള പദ്ധതികൾ, നവജാത ശിശുക്കളിലെ പരിശോധന, പ്രാരംഭ നിർണ്ണയത്തിനും പ്രാരംഭ ഇടപെടലിനുമുള്ള സൗകര്യങ്ങളുടെ ശൃംഖല പ്രവർത്തനക്ഷമമാക്കുക, വൈകല്യം നിയന്ത്രിക്കുക, പ്രത്യേക വൈകല്യങ്ങൾക്കുള്ള പ്രതിരോധ പദ്ധതികൾ, ജീവിത സഹായികൾ നൽകുക, ആരോഗ്യം, സാമൂഹ്യ നീതി, വിദ്യാഭ്യാസം, പട്ടിക വർഗ്ഗ വികസനം, പോലീസ്, റവന്യൂ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു സർക്കാർ, സർക്കാരിതര ഏജൻസികൾ, സംഘടനകൾ എന്നിവയുടെ സംയോജനം തുടങ്ങിയവയ്ക്ക് ഈ പദ്ധതിയിലൂടെ ഊന്നൽ നൽകുന്നു. പദ്ധതിയുടെ 60 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും എന്ന് പ്രതീക്ഷിക്കുന്നു.
കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ ഒരു ഉപമിഷനിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2025-26 – ലെ പ്രവർത്തനങ്ങൾ താഴെപറയുന്നവയാണ്.

**ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്ററുകൾ (ഏർളി ഇന്റർവെൻഷൻ നെറ്റ്വർക്ക്):-**

വൈകല്യങ്ങൾ തടയുന്നതിനും ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും പ്രാരംഭ തലത്തിൽ തന്നെയുള്ള ഇടപെടലും, സ്ക്രീനിംഗും, തിരിച്ചറിയലും ശ്രദ്ധയോടെ നൽകേണ്ടതുണ്ട്. ഇത് മുന്നിൽകണ്ട് കൊണ്ട്, ഉയർന്ന നിലവാരത്തിലുള്ള പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ (ഡി.ഇ.ഐ.സി) 14 ജില്ലകളിലും സ്ഥാപിച്ചുവരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ എസ്.ഐ.ഡി മുഖാന്തിരമാണ് ഇത് നടപ്പിലാക്കുന്നത്.

പ്രത്യേക വൈകല്യങ്ങൾ നേരത്തേ തിരിച്ചറിയുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി ഒരു നല്ല സംഘടിത ശൃംഖല സജ്ജീകരിക്കുകയെന്നത് ഈ പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ്. അനുയാത്രയുടെ കീഴിൽ സ്ഥാപിച്ചിട്ടുള്ള പ്രാരംഭ നിർണ്ണയത്തിനുള്ള ശൃംഖല ശക്തിപ്പെടുത്തേണ്ടതുണ്ട്. സ്പെഷ്യൽ അംഗനവാടികൾ, മാതൃക ശിശു പുനരധിവാസ കേന്ദ്രങ്ങൾ, സാറ്റലൈറ്റ് ഇന്റർവെൻഷൻ സെന്ററുകൾ, മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ, ജില്ലാതലത്തിലുള്ള ഇന്റർവെൻഷൻ സെന്റർ, റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ, അപെക്സ് സ്ഥാപനങ്ങൾ എന്നിവയിലൂടെയാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. സർക്കാർ മെഡിക്കൽ കോളേജുകളിലെ ആർ.ഇ.ഐ.സി കൾ,

ഭിന്നശേഷിക്കാർക്കുള്ള ഹെൽപ്പ് ലൈൻ സേവനങ്ങൾ, ഭിന്നശേഷി കുട്ടികൾക്കുള്ള സ്പെഷ്യൽ അംഗൻവാടികൾ, പ്രാരംഭ ഇടപെടൽ പ്രവർത്തനങ്ങളുടെ ജില്ലാതല ഏകോപനം, മൊബൈൽ ഇന്റർവെൻഷൻ സെന്ററുകൾ, പ്രാരംഭ ഇടപെടൽ പ്രവൃത്തികൾക്കുള്ള ഉപകരണങ്ങൾ, എം.സി.ആർ.സി, ഐ.ഇ.സി പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രാരംഭ ഇടപെടൽ പ്രവർത്തനങ്ങൾക്ക് പിന്തുണ, പുതിയ പ്രരംഭ ഇടപെടലുകൾ, സിക്കിൾ സെൽ പോലെയുള്ള പുതുതായി ഉൾപ്പെടുത്തിയ ഭിന്നശേഷി ഗ്രൂപ്പുകൾക്കുള്ള പരിപാടികൾ, ആങ്കിലോസിംഗ് സ്പോണ്ടുലൈറ്റിസ് മൂലമുള്ള വൈകല്യങ്ങൾ തടയുന്നതിനുള്ള പരിപാടികൾ, പ്രാരംഭ ഇടപെടൽ പരിപാടിയുടെ മാപ്പിംഗ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ഏറ്റെടുക്കേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26-ൽ 1325.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**യൂണിവേഴ്സൽ ഹിയറിംഗ്/കൺജനിറ്റൽ അനോമലി സ്ക്രീനിംഗ് പരിപാടി**

ജനനസമയത്ത് കുട്ടികൾക്ക് ഹിയറിംഗ് സ്ക്രീനിംഗ് നടത്തുന്നതിനായി, സർക്കാർ പ്രസവ ആശുപത്രികളിൽ ഒട്ടോ അക്വാസ്റ്റിക് എമിഷൻ സ്ക്രീനേഴ്സ് നൽകിയിട്ടുണ്ട്. പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവ മോണിട്ടർ ചെയ്യുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനുമായി, ആശുപത്രികളിലും ഓരോ ജൂനിയർ പബ്ലിക് നേഴ്സിനെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. ഈ പദ്ധതിയുടെ ഉപ പദ്ധതിയായ 'കാതോരം' എന്ന പ്രൊജക്ടിലൂടെ, കുഞ്ഞുങ്ങൾ ജനിച്ചു കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ തന്നെ എല്ലാ നവജാത ശിശുക്കളുടെയും കേൾവിശക്തി പരിശോധിക്കുകയും, തുടർന്ന് 1,3,6,18,42 മാസങ്ങളിലായി നിർദ്ദേശിക്കപ്പെട്ട കേസുകളിൽ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. ജെ.പി.എച്ച്.എൻ-മാരുടെ ഓണറേറിയം, പുതിയ ഉപകരണങ്ങൾ വാങ്ങൽ - OAEs & BERA, പോസ്റ്റ് ആന്റ് പ്രീ ഇംപ്ലാന്റ് തെറാപ്പികൾ, സോഫ്റ്റ് വെയർ അപ്ഗ്രഡേഷൻ, പരിശീലന പരിപാടികൾ, അംഗനവാടി കുട്ടികളെ പരിശോധിക്കുന്നതിനുള്ള കാമ്പയിനുകൾ, IEC, ഉപകരണങ്ങളുടെ അറ്റകുറ്റപണികൾ, ഓഡിയോ വെർബൽ തെറാപ്പി സെന്ററുകൾ സ്ഥാപിക്കുക എന്നിവ 2025-26-ലെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ഓട്ടിസം സ്പെക്ട്രം ഡിസോർഡറുള്ള കുട്ടികളുടെ പുനരധിവാസ പരിപാടികൾ (സ്പെക്ട്രം)**

ഓട്ടിസം സ്പെക്ട്രം ഡിസോർഡർ എന്നത് ന്യൂറോ സംബന്ധിയായ ഒരു രോഗമാണ്. RPWD 2016 ആക്ട് പ്രകാരം വൈകല്യമായി കണക്കാക്കിയിരിക്കുന്ന ഈ രോഗം വളരെ വേഗത്തിൽ വ്യാപിച്ചുവരുന്നു. ഗുണമേന്മയുള്ള സേവനങ്ങൾ നൽകുന്നതിനുള്ള ഒരു സമഗ്ര പദ്ധതിയാണ് സ്പെക്ട്രം. നിലവിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും, ഗ്രാമ, നഗര, അർദ്ധ നഗര, ജനസംഖ്യയിൽ അപകടസാധ്യതയുള്ള എഎസ്ഡി വിഭാഗത്തിൽപ്പെട്ട കുട്ടികളെ ചികിത്സിക്കുന്നതിന് വേണ്ട സംഘടിത രീതികൾ വികസിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതാണ്. ഉചിതമായ ചികിത്സകൾ, രക്ഷാകർതൃ അവബോധം, പരിശീലന പരിപാടികൾ എന്നിവയിലൂടെ പ്രാരംഭ കണ്ടെത്തലിനും ഇടപെടലിനും എ.ഡി.എസ് ഉള്ള വ്യക്തികളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു പ്രൊഫഷണൽ ടീമിനെ തയ്യാറാക്കുന്നതിനും പ്രൊജക്ട് ലക്ഷ്യമിടുന്നു. ആറ് സർക്കാർ മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

നടപ്പു സാമ്പത്തിക വർഷം പദ്ധതിയിലൂടെ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. (എ) സർക്കാർ മെഡിക്കൽ കോളേജുകളിലെയും ഇൻഹാൻസിലെയും നിലവിലുള്ള ഓട്ടിസം സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനും നിപ്മറിലെ പുതിയ ഓട്ടിസം കേന്ദ്രം ആരംഭിക്കുന്നതിനും നിപ്മറിൽ റീജിയണൽ കേന്ദ്രവും, ഓട്ടിസം റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്ററും (ആർ.എ.ആർ.ആർ.സി) സ്ഥാപിക്കൽ, (ബി) ഐഇസി, രക്ഷാകർതൃ ശാക്തീകരണ പരിപാടി, (സി) ഓട്ടിസം ബാധിച്ച മുതിർന്നവർക്കുള്ള നൈപുണ്യ വികസന പരിപാടികളും, പുനരധിവാസ പരിപാടികളും (ഡി) ഓട്ടിസത്തിനായുള്ള വികേന്ദ്രീകൃത കേന്ദ്രങ്ങൾ തഴെതട്ടിൽ സ്ഥാപിക്കുന്നതിനുള്ള പിന്തുണ, പരിശീലന പരിപാടികൾ, ഓട്ടിസം ബാധിച്ച മുതിർന്നവർക്ക് താമസിക്കുവാൻ ഭവനങ്ങൾ നൽകുന്നതിന് സഹായം, ഓട്ടിസം മേഖലയിൽ നവീന സംരഭങ്ങൾ ഓട്ടിസം സ്പെക്ട്രം ഡിസോർടറുള്ളവരുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായി ഒരു പ്രൊഫഷണൽ ടീമിനെ തയ്യാറാക്കുക.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ലെ ബജറ്റിൽ 400.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**പരിശീലനം, ശിൽപശാലകൾ, ഗവേഷണം പുതിയ സംരംഭങ്ങൾ**

അംഗപരിമിതരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ പൊതു സമൂഹത്തിന്റെ ഇടപെടലും സഹായവും ആവശ്യമാണ്. വിവിധ കഴിവുകളുള്ള വൈകല്യമുള്ള കുട്ടികളെ പുരധിവസിപ്പിക്കുന്നതിനായി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നൂതനമായ പദ്ധതികളും വിഭാവനം ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് അംഗവൈകല്യമുള്ള പ്രായപൂർത്തിയായവർക്ക് പ്രത്യേക വൈദ്യസഹായ പദ്ധതിയുമായി ബന്ധപ്പെട്ട നൂതന സംരഭങ്ങൾ, സ്റ്റേക്ക് ഹോൾഡേർസ്, സർക്കാർ-സർക്കാർ ഇതര ഏജൻസികൾ എന്നിവർക്ക് പരിശീലനങ്ങളും ശില്പശാലയും സംഘടിപ്പിക്കുക, ഗവേഷണവും പുനരധിവാസവും, ജിയോ മാപ്പിംഗ്, ഭിന്നശേഷിക്കാരിലെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക, പ്രത്യേക വൈകല്യമുള്ള മേഖലകളിലെ പുതിയ സംരഭങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ, കലാ കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുക, SID, SJD പ്രൊഫഷണ ലുകളുടെ പൊതുവിജ്ഞാനം മെച്ചപ്പെടുത്തൽ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മേൽപറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 വർഷം 125.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**19. വികലാംഗർക്ക് വികലാംഗ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകൽ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

2016-ലെ ആർപിഡബ്ല്യുഡി നിയമം എല്ലാവർക്കും ഭിന്നശേഷി സർട്ടിഫിക്കറ്റുകൾ നൽകണമെന്ന് നിർബന്ധമാക്കുന്നു. അനുയാത്ര കാമ്പെയ്നിന്റെ ഒരു ഘടകമായി UDID പ്രോജക്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. UDID നടപ്പിലാക്കുന്നതിനും മറ്റ് ചെലവുകൾക്കുമായി ഈ പദ്ധതിക്ക് കീഴിലുള്ള ഫണ്ട് ആവശ്യമാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**20. രക്തസംബന്ധമായതും നാഡീവ്യൂഹ സംബന്ധമായതുമായ വൈകല്യങ്ങളുടെ പ്രതിരോധം, പ്രാരംഭ നിർണ്ണയം, കണ്ടെത്തൽ, രോഗനിവാരണം, നിയന്ത്രണം**

**(വിഹിതം: 100.00 ലക്ഷം രൂപ)**

രക്ത സംബന്ധ രോഗങ്ങളായ ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ, തലേസ്സേമിയ എന്നിവയും, ഗുരുതരന്യൂറോ സംബന്ധ രോഗങ്ങളായ മൾട്ടിപ്പിൾ സ്ലിറോസിസ്, പാർക്കിൻസൺസ് രോഗം എന്നിവയെയും വൈകല്യങ്ങളായി 2016-ലെ അംഗപരിമിതരുടെ അവകാശ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2015-ലെ ഭിന്നശേഷി സെൻസസ് പ്രകാരം 7168 വ്യക്തികൾ ഈ വിഭാഗത്തിൽപ്പെട്ടവരായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. കെ.എം.എസ്.സി.എൽ മുഖേനയുള്ള മരുന്നുകളുടെ സംഭരണവും മൾട്ടിപ്പിൾ സിറോസിസ് സെന്ററുകളിലേക്കുള്ള മരുന്ന് വിതരണവും, രോഗങ്ങൾ നേരത്തേ തിരിച്ചറിയുന്നതിന് ആരോഗ്യപ്രവർത്തകർക്ക് രോഗങ്ങൾ ആരംഭത്തിൽ തന്നെ തിരിച്ചറിഞ്ഞ് പരിചരിക്കുന്നതിനുള്ള പരിശീലനം, മൾട്ടിപ്പിൾ സിറോസിസിന്റെ ലക്ഷണങ്ങളും, സൂചനകളും പൊതുജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള ബോധവൽക്കരണം, പരിശീലന പരിപാടികൾ, മൾട്ടിപ്പിൾ സിറോസിസ്, ന്യൂറോളജിക്കൽ ഡിസ്ഓർഡറുകൾ എന്നിവ ബാധിച്ച ഭിന്നശേഷിക്കാർക്ക് അവയെ പ്രതിരോധിക്കുന്നതിനുള്ള സോഷ്യൽ സേഫ്റ്റി നെറ്റ് നൽകുക എന്നിവ പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**21. പ്രളയ ബാധിതരായ അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ**

**(വിഹിതം: 20.00 ലക്ഷം രൂപ)**

2018ലും, 2019ലും കേരളത്തിൽ ഉണ്ടായ പ്രളയത്തിനു ശേഷം, ദുരിതബാധിത പ്രദേശങ്ങളിൽ സഹായ ഉപകരണങ്ങളും മറ്റും നഷ്ടപ്പെട്ട അംഗപരിമിതരെ കണ്ടെത്തുന്നതിനായി ഒരു സർവെ നടത്തുകയുണ്ടായി. ഏകദേശം 50,000 ഭിന്നശേഷിക്കാർ പ്രളയദുരിതത്തിൽപ്പെട്ടവരായി കണക്കാക്കപ്പെട്ടു. പ്രളയത്തിൽപ്പെട്ട അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ നൽകുന്നത് കേരള സാമൂഹ്യ സുരക്ഷാ മിഷനാണ്. സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നത് കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനും നിപ്മറുമാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ലെ ബജറ്റിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**22. സമാശ്വാസം**

**(വിഹിതം: 600.00 ലക്ഷം രൂപ)**

വൃക്ക തകരാറുകൾ, വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയവർ, ഹീമോഫീലിയയും ബന്ധപ്പെട്ട രോഗങ്ങളും, സിക്കിൾ സെൽ അനീമിയ എന്നിവ ബാധിച്ച് ചികിത്സയിലിരിക്കുന്ന 4 വിഭാഗം രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ്.

**സമാശ്വാസം I**–ബി.പി.എൽ കുടുംബത്തിൽപ്പെട്ടതും, മാസത്തിൽ ഒരു തവണയെങ്കിലും ഡയാലിസിസ് ചെയ്യുന്നതുമായ വൃക്ക രോഗികൾക്ക് പ്രതിമാസം 1100/– രൂപ നൽകുന്നു.

**സമാശ്വാസം II**– വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയമായിട്ടുള്ളവർക്ക് പ്രതിമാസം 1000 രൂപ നൽകുന്നു. വരുമാന പരിധി ഒരു ലക്ഷം രൂപയാണ്.

**സമാശ്വാസം III**–ഹീമോഫീലിയയും, ബന്ധപ്പെട്ട രോഗങ്ങളും ബാധിച്ചിട്ടുള്ള രോഗികൾക്ക് (8,9,11,13 ബ്ലഡ് ഫാക്ടറിലുള്ള കുറവ് ) പ്രതിമാസം 1000/– രൂപ നൽകുന്നു. ഇതിന് വരുമാന പരിധി ബാധകമല്ല.

**സമാശ്വാസം IV**– ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പട്ടിക വർഗ്ഗ വിഭാഗക്കാരല്ലാത്ത സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2000/– രൂപ നിരക്കിൽ സഹായം നൽകുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025–26–ൽ 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**23. ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽത്തന്നെ കഴിയേണ്ടി വരുന്നവർക്കുള്ള സഹായം (ആശ്വാസകിരണം)**

**(വിഹിതം: 5000.00 ലക്ഷം രൂപ)**

ഒരു കുടുംബത്തിലെ കിടപ്പിലായ ഒരു രോഗിക്ക് സഹായത്തിനായി ഒരു കുടുംബാംഗത്തെ ആവശ്യമുണ്ട്, രോഗിയെ പരിചരിക്കുന്നതിന് ആ കുടുംബാഗം വീട്ടിൽ തന്നെ തുടരേണ്ടി വരും. കഠിനമായ ശാരീരികവും ബുദ്ധിപരവുമായ വൈകല്യമുള്ള മാനസിക രോഗികൾ, പ്രായമായവർ, കാൻസർ രോഗികൾ, നൂറുശതമാനം അന്ധരും ഓട്ടിസം ബാധിച്ചവരും ഉൾപ്പെടെ കിടപ്പിലായ രോഗികളെ വീട്ടിൽ പരിചരിക്കുന്നതിന് കുടുംബാംഗങ്ങൾക്ക് തൊഴിൽ നഷ്ടപരിഹാരമായി പ്രതിമാസം 600.00 രൂപ പദ്ധതി പ്രകാരം നൽകുന്നു. ഈ പദ്ധതിക്കായി വകയിരുത്തുന്ന തുക ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025–26 ബജറ്റിൽ 5000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**24. അവിവാഹിതരായ അമ്മമാരുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസം (സ്നേഹസ്പർശം)**

**(വിഹിതം: 150.00 ലക്ഷം രൂപ)**

അവിവാഹിതരായ അമ്മമാരുടെ പ്രശ്നങ്ങൾ ബഹുമുഖവും വൈവിധ്യപൂർണ്ണവുമാണ്. ഈ പദ്ധതിയിലൂടെ അവിവാഹിതരായ അമ്മമാർക്ക് പ്രതിമാസം 2000/– രൂപ സാമ്പത്തിക സഹായം നൽകുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025–26 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**25. സ്നേഹപൂർവ്വം**

**(വിഹിതം: 2000.00 ലക്ഷം രൂപ)**

മാതാപിതാക്കളെയോ, അവരിൽ ആരെങ്കിലും ഒരാളെയോ നഷ്ടപ്പെടുകയും, കൂടാതെ, സാമ്പത്തിക ഞെരുക്കം കാരണം ജീവിച്ചിരിക്കുന്ന രക്ഷിതാവിന് കുട്ടിയെ നോക്കാൻ കഴിയാത്ത അവസ്ഥയിലായ കുട്ടികൾക്കുള്ള ധനസഹായ പദ്ധതിയാണിത്. സമൂഹത്തിന്റെയോ, ബന്ധുക്കളുടെയോ, കൂട്ടുകാരുടെയോ കൂടെ വീടുകളിൽ കഴിയുന്ന അനാഥരായ കുട്ടികൾക്ക് സഹായം നൽകുന്നതാണ്. പദ്ധതി ലക്ഷ്യങ്ങൾ ഇവയെല്ലാമാണ് – (1) അനാഥരായവരെയും, മാതാപിതാക്കളിൽ ഒരാൾ മാത്രമുള്ള കുട്ടികളെയും കണ്ടെത്തുന്നതിനുള്ള പരിപാടികൾ (2) കൂടുതൽ ആവശ്യമുള്ളവരുടെ മുൻഗണന നിശ്ചയിക്കുക, (3) കുട്ടികളുടെ അടിസ്ഥാന വിദ്യാഭ്യാസം, പോഷകാഹാരം എന്നിവ മെച്ചപ്പെടുത്തുക, സാമൂഹിക ഇടപെടലുകൾ എന്നിവ മെച്ചപ്പെടുത്തുക, (4) അനാഥാലയത്തിൽ വിടുന്നതിനു പകരം കുട്ടികളോടൊത്തു താമസിക്കാൻ കുടുംബങ്ങൾക്ക് പ്രചോദനം നൽകുക (5) ഇത്തരം അനാഥർക്ക് പഠനത്തിനായി ധനസഹായം നൽകുക. ഡിഗ്രി തലം വരെയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നു.

(1) അനാഥരായവരോ/മാതാപിതാക്കളിൽ ഒരാൾ മാത്രമോ ഉള്ള കുട്ടികൾ, HIV/AIDS ബാധിതരായ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം, (2)പരാതി പരിഹാര സംവിധാനത്തിന്റെ ഡിജിറ്റലൈസേഷൻ, (3) പരസ്യവും ബോധവത്ക്കരണവും (4) ലോജിസ്റ്റിക്സ് എന്നിവയ്ക്കായി തുക വിനിയോഗിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 -ൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**26. ജുവെനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കായുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി)**

**(വിഹിതം: 380.00 ലക്ഷം രൂപ)**

ടൈപ്പ് 1 ഡയബറ്റിസ് മെലിറ്റസ് ഉള്ള കുട്ടികൾക്കും കൗമാരക്കാർക്കും വേണ്ടിയുള്ള സമഗ്രമായ സാമൂഹിക സുരക്ഷാ പദ്ധതിയാണ് 'മിഠായി'. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ പ്രവർത്തിക്കുന്ന മിഠായി ക്ലിനിക്കുകൾ വഴി ഗുണഭോക്താക്കൾക്ക് മരുന്ന് (ഇൻസുലിൻ), മെഡിക്കൽ ഉപകരണങ്ങൾ, ചികിത്സ എന്നിവ സൗജന്യമായി ലഭിക്കുന്നു. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളും അതിന്റെ ഉപ കേന്ദ്രങ്ങളും മിട്ടായി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ടൈപ്പ് 1 ഡയബറ്റിസ് മെലിറ്റസ് പ്രാരംഭത്തിൽ തന്നെ കണ്ടെത്തുക, സമഗ്രമായ സൗജന്യ ചികിത്സ നൽകുക, തുടർ അവലോകനം എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്ക് തുടർച്ചയായി ഇൻസുലിൻ നൽകുക, മെഡിക്കൽ കോളേജുകളിലും, മറ്റു പ്രമുഖ ആശുപത്രികളിലും TIDM യൂണിറ്റുകൾ സജ്ജമാക്കുക, ജുവനൈൽ ഡയബറ്റീസ് നിയന്ത്രിക്കാനുള്ള പരിശീലനവും ചർച്ചകളും സംഘടിപ്പിക്കുക, കുട്ടികളിൽ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കുന്നത് സംബന്ധിച്ച ശിൽപശാലകൾ സംഘടിപ്പിക്കുക, 'മിഠായി' പദ്ധതിയുടെ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ, പരസ്യ പ്രചാരണങ്ങൾ എന്നിവ പദ്ധതിയിലൂടെ നടത്തുവാൻ ഉദ്ദേശിക്കുന്നു.

(1) മരുന്നുകളും, ഉപഭോഗവസ്തുക്കളും, മെഡിക്കൽ ഉപകരണങ്ങളും വാങ്ങുക, (2) സംസ്ഥാനതലത്തിലും മിഠായി സെന്ററുകളിലെയും ഭരണച്ചെലവ്, (3) ഡോക്ടർമാർ, സ്കൂൾ അദ്ധ്യാപകർ മാതാപിതാക്കൾ എന്നിവർക്ക് കഴിവ് വർദ്ധിപ്പിക്കൽ, (4) നിലവിലുള്ള ജോലിക്കാർക്കുള്ള ഓണറേറിയം, (5) മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തികൾക്കായാണ് പദ്ധതി വിഹിതം വകയിരുത്തിയിരിക്കുന്നത്. കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

2025-26 ൽ ഈ പദ്ധതി നടപ്പാക്കാൻ 380.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**27. ഡിമെൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്ക്**

**(വിഹിതം: 100.00 ലക്ഷം രൂപ)**

'ഡിമെൻഷ്യ' സാധാരണയായി വിട്ടുമാറാത്ത ഒരു രോഗാവസ്ഥയാണ്. മസ്തിഷ്ക രോഗം മുഖേന ഓർമശക്തി, പഠനം, ദിശാബോധം, ഭാഷ, ഗ്രഹിക്കൽ, ന്യായവിധി എന്നിങ്ങനെയുള്ള വൈജ്ഞാനിക പ്രവർത്തനങ്ങളെ തകരാറിലാക്കുന്നു. മെമ്മറി സ്ക്രീനിംഗ് ക്ലിനിക്കിൽ വയോജന വിദഗ്ധർ, മെഡിക്കൽ ഓഫീസർമാർ, കോ-ഓർഡിനേറ്റർമാർ, നഴ്സുമാർ, വയോമിത്രം പ്രോജക്റ്റിലെ ജെപിഎച്ച്എൻ, ജെപിഎച്ച്എൻ എന്നിവർക്കുള്ള മെമ്മറി ക്ലിനിക്ക് ഡിമെൻഷ്യ മെമ്മറി സ്ക്രീനിംഗ് ക്ലാസ്/ക്യാമ്പുകൾ/പരിശീലനങ്ങൾ എന്നിവ നടത്തുക, പരിചരണ ദാതാക്കൾക്ക് സഹായം, ഹെൽപ്പ് ലൈൻ, ഡെകെയർ സെന്റർ, റഫറൽ സേവനം, ഡിമെൻഷ്യ ബാധിച്ചവർക്കായി സൈക്യാട്രിസ്റ്റിന്റെ സഹായം നൽകുക, മരുന്നുകൾ വാങ്ങൽ, പരിപാടികൾക്കായുള്ള ചെലവുകൾ, ഐഇസി പ്രവർത്തനങ്ങൾ എന്നിവ ഇതിനായി ആസൂത്രണം ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ**

**28. കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ**

**(വിഹിതം: 1600.00 ലക്ഷം രൂപ)**

ഭിന്നശേഷിക്കാരുടെ പുനരധിവാസവും അവർക്ക് മെച്ചപ്പെട്ട ജീവിതവും ഉറപ്പാക്കാൻ വേണ്ടി 1979-ൽ സ്ഥാപിതമായതാണ് കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ. കോർപ്പറേഷൻ 2025-26 കാലയളവിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു.

**ശുഭയാത്രാ പദ്ധതി**

- ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ എന്നിവ പോലുള്ള ആധുനിക ഉപകരണങ്ങളും വീട്ടുപകരണങ്ങളും ശബ്ദാനുസരണ സോഫ്റ്റ്-വെയറുള്ള ലാപ്പ്ടോപ്പ്, പവർ ബെഡ് തുടങ്ങിയ ആധുനിക ഉപകരണങ്ങളുടേയും, പ്രത്യേകാവശ്യങ്ങൾക്കുള്ള മറ്റ് ആധുനിക സാമഗ്രികളുടേയും, സഹായ ഉപകരണങ്ങളുടേയും സ്മാർട്ട് ഫോണുകളുടെ സൗജന്യ വിതരണം.
- ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോട്ടുകൂടിയ മോട്ടോറൈസ്ഡ് സ്കൂട്ടറുകളുടെ വിതരണവും, സൈഡ് വീലോട്ടു കൂടിയ മോട്ടോറൈസ്ഡ് സ്കൂട്ടറുകൾക്കുള്ള സബ്സിഡിയും

**ആശ്വാസം പദ്ധതി**

- സ്വയം തൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി); ഭിന്നശേഷിക്കാരുടെ സ്വയം സഹായ ഗ്രൂപ്പുകൾക്ക് സഹായം
- ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം (സബ്സിഡി), സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം തൊഴിലിനുള്ള സാമ്പത്തിക സഹായം
- OTS ലോൺ ഇനത്തിൽ വായ്പാ തുക തിരിച്ചടവിൽ വീഴ്ച വരുത്തിയവരുടെ പലിശയും പിഴ പലിശയും എഴുതി തള്ളുകയും എൻ.ഡി.എഫ്.ഡി.സി ലോണിന് ബാക്ക്എൻഡ് സബ്സിഡി ഏർപ്പെടുത്തുകയും ചെയ്യുക
- എൻ.ഡി.എഫ്.ഡി.സി ലോൺ വിഹിതത്തിന്റെ സ്റ്റേറ്റ് ചാനലൈസേഷൻ ഏജൻസിയായി വർത്തിക്കുക

**ഹസ്തദാനം പദ്ധതി**

- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫിഷ്യൻസി അവാർഡ്
- ഗുരുതരമായ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥിര നിക്ഷേപ പദ്ധതി
- പാറശ്ശാലയിലെ വൃദ്ധസദനത്തിലെ അന്തേവാസികൾക്ക് ഭക്ഷണം, പാർപ്പിടം, മൊബൈൽ മെഡികേയർ സേവനങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യ പരിചരണങ്ങൾ, വിനോദ പ്രവർത്തനങ്ങൾ, അന്തേവാസികളുടെ ശാരീരിക മാനസിക കഴിവുകൾക്കനുസരിച്ചുള്ള വരുമാനദായക പ്രവർത്തനങ്ങളിൽ അവരെ വ്യാപൃതരാക്കുക.
- **നൈപുണ്യം–** കോർപ്പറേഷൻ നൈപുണ്യം സ്റ്റേറ്റ് റിസോഴ്സ് സെന്റർ നടത്തിവരുന്നു. ഇതിലൂടെ എൻ.ഡി.എഫ്. ഡി.സി ലോൺ തിരിച്ചടവ്, ഡേറ്റ വിശകലനം, മോണിറ്ററിംഗ്, ഭിന്നശേഷിക്കാർക്ക് യോജിച്ച പദ്ധതികൾ ആവിഷ്കരിക്കൽ, പരിശീലനപരിപാടികൾ/ ക്യാമ്പുകൾ നടത്തുക, സാങ്കേതിക വിദ്യാപ്രകടനം, ഗവേഷണ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പിന്തുണ നൽകുന്നതോടൊപ്പം പദ്ധതി നടത്തുന്നതിനുള്ള പ്രൊജകട് സപ്പോർട്ട് യൂണിറ്റായും പ്രവർത്തിക്കുക, ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ, വെബ്സൈറ്റ് പരിപാലനം, ഓൺലൈൻ സേവനങ്ങൾ, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ
- എം.എൽ.എ ക്വാർട്ടേഴ്സിന്റെ എക്സ്റ്റൻഷൻ കൗണ്ടർ ആധുനികവൽക്കരണം, ഹെഡ് ഓഫീസ്, റീജിയൺ ഓഫീസുകൾ, സൈഡ് വിൽ സ്കൂട്ടർ നിർമ്മാണ യൂണിറ്റ്, അസിസ്റ്റിവ് ഡിവൈസ് ഷോറും എന്നിവയുടെ നവീകരണം, നിലവിലുള്ള MRSTC കളുടെ ശക്തിപ്പെടുത്തൽ
- ശാരീരിക, വൈകല്യമുള്ളവർക്കായി ജീവനോപാധി വികസനകേന്ദ്രം സജ്ജമാക്കുക.
- ഏകോപന പ്രവർത്തനങ്ങൾ
- ഭിന്നശേഷിക്കാർക്കായി സ്വയം സഹായക സംഘങ്ങൾ രൂപീകരിക്കുക
- കോർപ്പറേഷന്റെ യൂണിറ്റുകൾ ശക്തിപ്പെടുത്തൽ
- പ്രോജക്റ്റ് മാനേജുമെന്റും മോണിറ്ററിങ്ങും

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1600.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**നാഷണണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്**

**29. നാഷണണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്**

**(വിഹിതം: 2200.00ലക്ഷം രൂപ)**

മൂകരും ബധിരരുമായവർക്ക് പുനരധിവാസം നൽകുന്നതോടൊപ്പം ഉന്നത വിദ്യാഭ്യാസവും സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 1997-ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്ന സ്ഥാപനം ആരംഭിച്ചത്. ശ്രവണ വൈകല്യമുള്ള കുട്ടികൾക്കായി വിവിധ കോഴ്സുകൾ, ശ്രവണ വൈകല്യം പരിശോധിച്ച് കണ്ടെത്തുക, ആശയവിനിമയത്തിനുള്ള ബുദ്ധിമുട്ടുകളും, മറ്റു വൈകല്യങ്ങളും ഉള്ളവരെ കണ്ടെത്തി, പ്രാരംഭ ഇടപെടലും പുനരധിവാസവും എന്നിവയാണ് സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- ഹിയറിംഗ് ആന്റ് സ്പീച്ച് ലാംഗ്വേജ് ഡിസോർഡർ പരിപാടികൾ
- പ്രാരംഭ ഇടപെടൽ പരിപാടികൾ
- ന്യൂറോ ഡവലപ്മെന്റ് സയൻസ് പ്രോഗ്രാമുകൾ
- മനഃശ്ശാസ്ത്രം, ആരോഗ്യ അനുബന്ധ സേവനങ്ങൾ
- അക്കാദമിക് പരിപാടികൾ
- ഉന്നത വിദ്യാഭ്യാസ അടിസ്ഥാന പദ്ധതികൾ
- ഒക്കുപേഷണൽ തെറാപ്പി പ്രോഗ്രാം
- വിവര സാങ്കേതിക വിദ്യ
- ക്യാമ്പസിന്റെ അടിസ്ഥാന സൗകര്യവികസനം
- ആർട്ട് എബിലിറ്റി
- കോഗ്നിറ്റീവ് കമ്മ്യൂണിക്കേഷൻ ട്രെയിനിംഗ് ആൻഡ് റിസർച്ച് ലാബ് (സി.ടി.ആർ.എൽ)
- ഇൻക്യുബേറ്ററും ആക്സിലറേറ്റർ സെല്ലും റോബോട്ടിക് യൂണിറ്റും ആരംഭിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ട് നിഷിനെ സെന്റർ ഓഫ് എക്സലൻസ് തലത്തിലേയ്ക്ക് ഉയർത്തുക
- പുതിയ അക്കാഡമിക്ക് ബ്ലോക്കിന്റെ നിർമ്മാണം.
- കമ്മ്യൂണിറ്റ് ഔട്ട് റീച്ച് സെന്റർ

പട്ടികജാതി/പട്ടികവർഗ വികസന വകുപ്പുകളുടെ പൂൾഡ് ഫണ്ടിൽ ഏറ്റെടുക്കുന്ന പദ്ധതികളുടെ പത്തു ശതമാനം വകുപ്പ് വിഹിതം ഈ പദ്ധതിയിൽ നിന്ന് കണ്ടെത്താനാകും. ഈ പ്രവൃത്തികൾക്കായി, 2025-26-ൽ 2200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**വൈകല്യമുള്ളവർക്കുള്ള സ്റ്റേറ്റ് കമ്മീഷണറേറ്റ്**

**30. ഭിന്നശേഷിക്കാർക്കായുള്ള സ്റ്റേറ്റ് കമ്മീഷണറേറ്റ് - ഭിന്നശേഷിക്കാർക്കായുള്ള അവകാശങ്ങൾ സംബന്ധിച്ച നിയമം 2016 (RPwD Act 2016)**

**(വിഹിതം: 200.00 ലക്ഷം രൂപ)**

ഭിന്നശേഷിക്കാർക്ക് വേണ്ടി നടപ്പിലാക്കുന്ന വിവിധ വികസനക്ഷേമ കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി കേന്ദ്രസർക്കാർ അംഗപരിമിതർക്കായുള്ള ദേശീയനയം (പി.ഡബ്ലിയു.ഡി ആക്ട്) 1995-ൽ പാസ്സാക്കുകയുണ്ടായി. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പരിപാടികൾ ഏകോപിപ്പിക്കുന്നതിനും, വൈകല്യമുള്ളവരുടെ നേട്ടങ്ങൾക്കായി തുക വിനിയോഗിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനുമായി 1999-ൽ കേരളത്തിൽ സ്റ്റേറ്റ് കമ്മീഷണറേറ്റ് രൂപീകരിച്ചു. 1995 ലെ പി.ഡബ്ല്യു.ഡി ആക്ടിന് പകരമായി 2016 ൽ പി.ഡബ്ല്യു.ഡി.ആക്ട് നിലവിൽ വന്നിട്ടുണ്ട്. താഴെ പറയുന്ന പ്രവർത്തനങ്ങൾ 2025-26 ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

- വൈകല്യമുള്ളവരുടെ ക്ഷേമത്തിനായുള്ള ഗവേഷണവും വികസനവും
- കൈപ്പുസ്തകം, ലഘുലേഖകൾ, ചെറുപുസ്തകങ്ങൾ എന്നിവയുടെ അച്ചടിയും, പ്രസിദ്ധീകരണവും, ഡിസ്പ്ലെ ബോർഡുകളും സ്ലൈഡുകളും സ്ഥാപിക്കൽ

- അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്കുള്ള ബോധവത്ക്കരണ പരിപാടികളും, സെമിനാറുകളും
- വൈകല്യമുള്ളവർക്കുവേണ്ടിയുള്ള പരിശോധന, അദാലത്ത്, സിറ്റിംഗുകൾ എന്നിവ നടത്തൽ
- വൈകല്യമുള്ളവർക്ക് നിയമോപദേശവും, നിയമസഹായവും നൽകുക
- ഓഫീസ് കെട്ടിടങ്ങളുടെ നവീകരണം
- 2025-26 ലെ പർപ്പിൾ ഫെസ്റ്റ് നടത്തുന്നതിനുള്ള പ്രാരംഭ ചെലവ്

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ജയിൽ വകുപ്പ്**

**31. ജയിലുകളുടെ നവീകരണം**

**(വിഹിതം: 2000.00 ലക്ഷം രൂപ)**

ജയിലുകളുടെ ഭരണവും നടത്തിപ്പും നവീകരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ജയിലുകൾ, പ്രിസൻസ്, തിരുത്തൽ ഗൃഹങ്ങൾ എന്നിവയുടെ നിർമ്മാണവും നവീകരണവും ഇതിൽ ഉൾപ്പെടുന്നു. 2025-26-ൽ താഴെ പറയുന്ന പ്രവൃത്തികൾക്കായി തുക വകയിരുത്തിയിരിക്കുന്നു.

- മണ്ണാർക്കാട് സ്പെഷ്യൽ സബ് ജയിലിന്റെ രണ്ടാം ഘട്ട നിർമ്മാണം
- വടകര റൂറൽ ജില്ലാ ജയിലിന്റെ രണ്ടാം ഘട്ട നിർമ്മാണം
- പാലാ മീനച്ചിൽ സബ് ജയിലിന്റെ പുതിയ കെട്ടിട നിർമ്മാണം
- സെൻട്രൽ ജയിലിൽ സ്റ്റാഫ് മെസ്, ഫുഡ് യൂണിറ്റ് എന്നിവയ്ക്കുള്ള കെട്ടിടത്തിന്റെ നിർമ്മാണം
- പാലക്കാട് ജില്ലാ ജയിലിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം
- കണ്ണൂരിലെ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ സ്റ്റാഫ് ബാരക്ക് നിർമ്മാണം
- തവനൂരിലെ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും ഐ.ആർ.ബി ഉദ്യോഗസ്ഥർക്കും ജയിൽ ജീവനക്കാർക്കുമായി ബാരക്ക് നിർമ്മാണം
- കണ്ണൂരിലെ വനിതാ ജയിൽ & കറക്ഷണൽ ഹോമിൽ എ, ബി എന്നീ ബ്ലോക്കിന് മുകളിൽ പുതിയ നിലയുടെ നിർമ്മാണം
- കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ഫോട്ടോകോപ്പിയർ എന്നിവയുടെ വാങ്ങൽ
- വീഡിയോ കോൺഫറൻസിംഗ് സിസ്റ്റത്തിന്റെ വാർഷിക മെയിന്റനൻസ് കരാറും വിവര സാങ്കേതിക സൗകര്യങ്ങളും
- വിവിധ ജയിലുകളിലെ ചെറിയ നിർമാണപ്രവർത്തനങ്ങൾ, അറ്റകുറ്റപ്പണികൾ, അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ
- വിവിധ ജയിലുകളിലെ സുരക്ഷാ ഭിത്തിയുടെയും കോമ്പൗണ്ട് ഭിത്തിയുടെയും നിർമ്മാണവും അറ്റകുറ്റപ്പണികളും.
- വിവിധ ജയിലുകളിലെ റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ
- വിവിധ ജയിലുകളിൽ നടക്കുന്ന വൈദ്യുത അറ്റകുറ്റപ്പണികൾ
- നിലവിലുള്ള പ്രവൃത്തികളുടെ പൂർത്തീകരണം.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 32. ജയിൽപുള്ളികളുടെ ക്ഷേമം

**(വിഹിതം: 1500.00 ലക്ഷം രൂപ)**

സെൻട്രൽ ജയിലുകൾ, തുറന്ന ജയിലുകൾ, ജില്ലാ ജയിലുകൾ, സ്പെഷ്യൽ സബ് ജയിലുകൾ, സബ് ജയിലുകൾ, വനിതാ ജയിലുകൾ, ബോർസ്റ്റൽ സ്കൂൾ തുടങ്ങിയവയാണ് സംസ്ഥാനത്തുള്ളത്. തൊഴിലധിഷ്ഠിത പരിശീലന പരിപാടികളിലൂടെയും, മറ്റ് ക്ഷേമ പ്രവർത്തനങ്ങളിലൂടെയും തടവുകാരുടെ പുനരധിവാസമാണ് പദ്ധതിയുടെ ലക്ഷ്യം. താഴെ പറയുന്ന പ്രവൃത്തികൾ 2025-26 -ൽ നടപ്പിലാക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്.

- അന്തേവാസികൾക്ക് തൊഴിൽ പരിശീലനം (നൈപുണ്യ വികസന പരിപാടികൾ).
- ജയിൽ ക്ഷേമ ദിനം, റിഫ്രഷർ കോഴ്സ്, സംസ്ഥാനതല കറക്ഷണൽ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക.
- യോഗ ക്ലാസുകളും തുടർ വിദ്യാഭ്യാസ പരിപാടിയും
- വിയ്യൂർ സെൻട്രൽ ജയിലിൽ സി.സി.ടി.വി നിരീക്ഷണ സംവിധാനത്തിന്റെ ഭാഗമായി കൂടുതൽ ക്യാമറകൾ സ്ഥാപിക്കുക.
- ജയിലുകളിലെ സി.സി.ടി.വി നിരീക്ഷണ സംവിധാനത്തിന്റെ വാർഷിക അറ്റകുറ്റപ്പണി പരിപാലനം.
- ജയിലുകൾ, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമുകൾ, സബ് ജയിലുകൾ, സ്പെഷ്യൽ സബ് ജയിലുകൾ എന്നിവിടങ്ങളിൽ ജനറേറ്ററുകൾ വാങ്ങി സ്ഥാപിക്കൽ.
- ജയിലുകളിലേയ്ക്ക് വാഹനങ്ങൾ വാങ്ങൽ.
- ചീമേനി ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോമിലും പബ്ലിക്ക് അഡ്രസ് സിസ്റ്റം സ്ഥാപിക്കുക.
- ജയിലുകളിലെ ടോയ്‌ലറ്റുകൾ/സെപ്റ്റിക് ടാങ്കുകൾ എന്നിവയുടെ നിർമ്മാണവും നവീകരണവും.
- അന്തേവാസികൾക്കായി ടെലിവിഷൻ സെറ്റുകൾ വാങ്ങൽ
- തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലേയും യോഗ ഹാൾ/പ്രാർത്ഥനാ ഹാൾ എന്നിവയുടെ രണ്ടാം ഘട്ടം നിർമ്മാണം
- വിയ്യൂരിലെ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലേയും കഫറ്റേരിയയുടെ നിർമ്മാണം
- തവനൂരിലെ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലേയും ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണം
- ജയിലുകൾ, ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം എന്നിവിടങ്ങളിലെ അടുക്കള, ടോയ്‌ലറ്റ് എന്നിവയുടെ നിർമ്മാണവും നവീകരണ പ്രവൃത്തികളും.
- മാനന്തവാടി ജില്ലാ ജയിലിൽ ഇന്റർവ്യൂറൂം, വെൽഫെയർ ഓഫീസറുടെ റൂം, വീഡിയോ കോൺഫറൻസിംഗ് റൂം, സി.സി.ടി.വി കൺട്രോൾറൂം, ടോയ്‌ലറ്റ് എന്നിവ നിർമ്മിക്കുക.
- വിയ്യൂരിലെ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലുമുള്ള വെയ്റ്റിംഗ് ഷെഡ് നിർമ്മാണം
- എറണാകുളം ജില്ലാ ജയിലിലെ ഇന്റെർവ്യൂ മുറിയുടെയും സെർച്ച് മുറിയുടെയും നിർമ്മാണം
- കണ്ണൂർ സബ് ജയിലിലെ ഇന്റെർവ്യൂ മുറിയുടെ നിർമാണം
- കൊല്ലം ജില്ലാ ജയിലെ ഇന്റെർവ്യൂ മുറിയുടെ നിർമാണം
- നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പൂർത്തീകരണം.

മേൽ പദ്ധതികൾക്കായി 2025-26 വർഷത്തെ ബജറ്റിൽ **1500.00** ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

**സൈനികക്ഷേമ വകുപ്പ്**

**33. വിമുക്തഭടന്മാർ/വിധവകൾ/ആശ്രിതർഎന്നിവർക്കുള്ളപരിശീലനം**

**(വിഹിതം: 60.00 ലക്ഷം രൂപ)**

വിമുക്തഭടന്മാർക്കും, അവരുടെ ആശ്രിതർക്കുമുള്ള ക്ഷേമവും പുനരധിവാസവും സൈനിക ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്നു. വിമുക്തഭടന്മാർ, വിധവകൾ, ആശ്രിതർ എന്നിവർക്ക് ഉപജീവനത്തിനായി പരിശീലനം നൽകാനും സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താനും വകുപ്പ് ഉദ്ദേശിക്കുന്നു. ഡയറക്ടറേറ്റിന്റെയും എല്ലാ ജില്ലാ ഓഫീസുകളുടെയും കമ്പ്യൂട്ടറൈസേഷനും ഇ-ഗവേണൻസും പദ്ധതിയിൽ ഉൾപ്പെടുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 60.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**വനിതാ ശിശു വികസന ഡയറക്ടറേറ്റ്**

**34. നിർഭയ പ്രോഗ്രാമുകൾ**

**(വിഹിതം: 1200.00 ലക്ഷം രൂപ)**

സംസ്ഥാന നിർഭയ നയത്തിൽ വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് നിർഭയ പരിപാടികൾ വിന്യസിച്ചിരിക്കുന്നത്. ലൈംഗിക കുറ്റകൃത്യങ്ങൾ തടയുന്നതിനും ഇരകൾക്ക് മെച്ചപ്പെട്ട സംരക്ഷണ സേവനങ്ങൾ നൽകുന്നതിനും ഫലപ്രദമായ പുനരധിവാസത്തിലൂടെയും പരിചരണാനന്തര പരിപാടികളിലൂടെയും അതിജീവിച്ചവരായി ഉയർന്നുവരാൻ അവരെ പ്രാപ്തരാക്കുന്നതിലാണ് പ്രോഗ്രാം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സംസ്ഥാനത്ത് 16 സ്ത്രീകളുടെയും കുട്ടികളുടെയും ഹോമുകളും 3 എസ്.ഒ.എസ് ഹോമുകളും ഒരു കെയർ ഹോമും ഒരു മാനസികാരോഗ്യ ഹോമും പ്രവർത്തിക്കുന്നുണ്ട്. പാർപ്പിടം, ഭക്ഷണം, വിദ്യാഭ്യാസം, തൊഴിൽ എന്നിവയ്ക്ക് പുറമെ യോഗ, സംഗീതം, കരകൗശലവസ്തുക്കൾ, കലകൾ, കായികം, ജീവിത നൈപുണ്യ വിദ്യാഭ്യാസം തുടങ്ങിയ പ്രവർത്തനങ്ങൾ ഈ ഹോമുകൾ നടത്തുന്നു. 14 ജില്ലകളിൽ വൺ സ്റ്റോപ്പ് സെന്ററുകളും (OSC) പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ, പൊതു ഇടങ്ങൾ, കുടുംബം, സമൂഹം, ജോലിസ്ഥലം എന്നിവിടങ്ങളിൽ അതിക്രമം നേരിടുന്ന സ്ത്രീകളെ സഹായിക്കാൻ ഉദ്ദേശിച്ചുള്ളതാണ് OSC. നിർഭയ പദ്ധതിക്കായി ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ.

- സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള 13 ഹോമുകൾ, ഒരു മാതൃകാ ഹോം, മൂന്ന് SOS ഹോമുകൾ, 3 ആഫ്റ്റർ കെയർ ഹോമുകൾ, ഒരു മാനസികാരോഗ്യ ഹോം, ഒരു സംയോജിത പരിപാലന കേന്ദ്രം എന്നിവയുടെ മെയിന്റനൻസ് ചാർജ്ജുകൾ
- പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്കുള്ള ഹോമുകൾ
- പുതിയ ഹോമുകൾ സ്ഥാപിക്കുകയും മാതൃക എസ്.ഒ.എസ് ഹോമുകളുടെ നിലവാരം ഉയർത്തലും
- ഷെൽട്ടർ ഹോമുകളിലെ ജീവനക്കാർക്കും OSC സ്റ്റാഫുകൾക്കും പരിശീലനവും ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളും
- ജില്ലാ നിർഭയ എമർജൻസി റെസ്പോൺസ് ടീം രൂപീകരിക്കുകയും ജില്ലാ നിർഭയ കമ്മിറ്റിയെ ശക്തിപ്പെടുത്തുകയും ചെയ്യുക
- സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഹോമുകളിലെ അന്തേവാസികൾക്ക് നൈപുണ്യ പരിശീലനവും തൊഴിലധിഷ്ഠിത പരിശീലനവും
- വിവിധോദ്ദേശ ശില്പശാലകൾ
- ഷെൽട്ടർ ഹോമിലെ അന്തേവാസികൾക്കുള്ള വിവാഹ സഹായം
- പോക്സോ കേസിലെ ഇരകൾക്കും/അതിജീവിച്ചവർക്കും കാവൽ മാതൃകാ കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള മാനസിക സാമൂഹിക പുനരധിവാസ പരിപാടിയും, പോസ്കോ അതിജീവിച്ചവർക്ക് സ്ഥാപനവൽക്കരണവും
- ലീഗൽ സെല്ലിന്റെ ചെലവുകൾ, അഭിഭാഷകർ/അറ്റോർണിമാരെ നിയമിക്കൽ, സർക്കാർ പ്രാതിനിധ്യത്തിനും മറ്റു നിയമപരമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനുമായി പ്രത്യേകം ഡിഫെൻസ് അഡ്വക്കേറ്റ്/അറ്റോർണിമാരെ നിയമിക്കൽ

- ധീര പ്രോജക്ട്-കൗമാരക്കാരായ പെൺകുട്ടികൾക്ക് ആയോധനകലയിൽ പരിശീലനം.
- പോക്സോ അതിജീവിച്ചവരുടെ പ്രാഥമിക വിലയിരുത്തലിനായി സ്കൂൾ സൈക്കോ സോഷ്യൽ കൗൺസിലർമാരെ ഉപയോഗപ്പെടുത്തുക
- ഐ ഇ സി ക്യാമ്പെയ്നുകൾ, സ്കൂളുകളിലും കോളേജുകളിലും കാമ്പയിനുകൾ
- മികച്ച സേവനം നൽകുന്നതിനായി OSC കളുടെ നടത്തിപ്പിനുള്ള അധിക ചെലവ്

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 35. ലിംഗപദവി ബോധവൽക്കരണ പരിപാടികളും ലിംഗപദവി ഉപദേശക സമിതിയും

**(വിഹിതം: 92.00 ലക്ഷം രൂപ)**

ലിംഗപദവി ബോധവൽക്കരണത്തിനും ലിംഗപദവി ഉപദേശക സമിതിക്കും കീഴിൽ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

- ജെൻഡർ കൺസൾട്ടന്റിന് ഓണറേറിയവും അലവൻസുകളും
- സംസ്ഥാന ജൻഡർ അഡ്വൈസറി ബോർഡിന്റെ നടത്തിപ്പിനുള്ള ചെലവുകൾ
- പൊതുജനങ്ങൾക്കും സ്റ്റേക്ക് ഹോൾഡേഴ്സിനും ജെൻഡർ സെൻസിറ്റൈസേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, സ്ത്രീ ശാക്തീകരണ പരിപാടികൾ, ദിനാചരണം
- പദ്ധതികളുടെ നിരീക്ഷണവും മൂല്യനിർണ്ണയവും ഉൾപ്പെടെയുള്ള ഗവേഷണങ്ങളും പഠനങ്ങളും ഏറ്റെടുക്കൽ
- സ്റ്റേക്ക് ഹോൾഡേഴ്സിനുള്ള ഐ.ഇ.സി/ബോധവൽക്കരണ പരിപാടി, ഐ.ഇ.സി സാമഗ്രികൾ തയ്യാറാക്കൽ

  മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 92.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 36. സ്ത്രീ ശാക്തീകരണപരിപാടികളും വനിതാ ക്ഷേമ സ്ഥാപനങ്ങളും

**(വിഹിതം: 1450.00 ലക്ഷം രൂപ)**

ശൈശവ വിവാഹ നിരോധന നിയമം 2006, സ്ത്രീധന നിരോധന നിയമം 1961, പ്രസവാനുകൂല്യ നിയമം 1861, ജോലിസ്ഥലത്ത് സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമം (തടയൽ, നിരോധനം, പരിഹാരം) നിയമം 2013, സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നത് (തടയൽ) നിയമം 1986, ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീകളുടെ സംരക്ഷണ നിയമം 2006, എന്നിവയുമായി ബന്ധപ്പെട്ട നിയമനിർമ്മാണങ്ങളും ഭരണഘടനയിലെ വ്യവസ്ഥകളും ശക്തിപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.
2025-26 വർഷത്തെ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

### സ്ത്രീകളുമായി ബന്ധപ്പെട്ട നിയമനിർമ്മാണവും പിന്തുണാ സംവിധാനങ്ങൾ സ്ഥാപിക്കലും

- നിയമനിർമ്മാണം, പദ്ധതികൾ, ലിംഗനീതി എന്നിവയ്ക്കുള്ള IEC പരിപാടികൾ.
- ദുരിതമനുഭവിക്കുന്ന സ്ത്രീകളുടെ പരിചരണവും സാമൂഹിക സംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, പ്രതിസന്ധി ഘട്ടങ്ങളിൽ സ്ത്രീകൾക്ക് ആവശ്യമായ താൽക്കാലിക സൗകര്യങ്ങൾ നിർമ്മിക്കുകയും, ഷെൽട്ടർ ഹോമുകൾ നടത്തുന്നതിന് ധനസഹായം നൽകുകയും ചെയ്യുക.
- ഗാർഹിക പീഡനത്തിന്റെയും മറ്റ് ലിംഗപദവിയധിഷ്ഠിത അക്രമങ്ങളുടെയും ഇരകളുടെ/ അതിജീവിച്ചവരുടെ പുനരധിവാസം
- ശൈശവ വിവാഹ നിരോധനം, സ്ത്രീധന നിരോധനം, സ്ത്രീകളുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളും ചട്ടങ്ങളും നിയന്ത്രണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളും പ്രചാരണങ്ങളും.
- ശൈശവ വിവാഹം തടയുന്നതിനും സ്ത്രീകളുടെയും കുട്ടികളുടെയും ലൈംഗിക കടത്ത് തടയുന്നതിനും സഹായപരമായ വിവരം നൽകുന്നവർക്ക് പ്രോത്സാഹനം നൽകൽ

- പോഷ് ആക്ട് ഉൾപ്പെടെയുള്ള പദ്ധതികളുടെ നിയമനിർമ്മാണങ്ങൾ നടപ്പാക്കലും നിരീക്ഷണവും വിലയിരുത്തലും പ്രാപ്തമാക്കുന്നതിന് ഐടി സൊല്യൂഷനുകളും വെബ് അധിഷ്ഠിത ആപ്ലിക്കേഷനും വികസിപ്പിക്കുകയും അവയുടെ അറ്റകുറ്റപ്പണിയും
- സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, കുടുംബ കൗൺസിലിംഗ് കേന്ദ്രങ്ങൾ, ഗാർഹിക പീഡനത്തിനിരയായവർക്ക് നിയമപരമായ കൗൺസിലിംഗ്, പ്രോജക്ട് ജീവനക്കാർക്ക് ഓണറേറിയം പോലുള്ള ചെലവുകൾ.
- പദ്ധതികളുടെ നിർവഹണം, നിയമനിർമ്മാണം, സ്ഥാപനങ്ങളുടെ നടത്തിപ്പ് എന്നിവ മെച്ചപ്പെടുത്തുന്നതിനായി വിമൺ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ സന്ദേശവാഹകർക്ക് ഹോണറേറിയം നൽകുകയും ഇതിനായി അധിക മാനവ വിഭവശേഷി വിനിയോഗിക്കുകയും ചെയ്യുക
- ജോലി ചെയ്യുന്ന സ്ത്രീകൾക്ക് മാതൃ ആനുകൂല്യ നിയമപ്രകാരമുള്ള പേയ്മെന്റ് പ്രാപ്തമാക്കുക, നൂതന തന്ത്രങ്ങൾ വികസിപ്പിക്കുക, പദ്ധതി നടത്തിപ്പിനുള്ള സൗകര്യങ്ങൾ, സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തുക
- പോഷ് നിയമത്തിന് കീഴിലുള്ള ഇന്റേണൽ കമ്മിറ്റിയുടെയും ലോക്കൽ കമ്മിറ്റിയുടെയും പ്രവർത്തന ചെലവുകൾ
- സ്ത്രീകൾക്കുള്ള ഒഴിവുസമയ പ്രവർത്തനങ്ങളുടെ പ്രോത്സാഹനം
- വനിതാ രത്ന പുരസ്കാരം – വിവിധ മേഖലകളിലെ പ്രമുഖ വനിതകളുടെ അസാധാരണ നേട്ടങ്ങൾക്കുള്ള പുരസ്കാരം, ദിനാചരണം
- മാനവ ശേഷി, കാര്യശേഷി എന്നിവ മെച്ചപ്പെടുത്തൽ
- പ്രത്യേക സേവനങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക, പുതിയ സേവന കേന്ദ്രങ്ങൾ ആരംഭിക്കുക.
- ദുർബല വിഭാഗക്കാരായ സ്ത്രീകളുടെയും കുട്ടികളുടെയും അടിയന്തിരാവശ്യങ്ങൾക്ക് ഇംപ്രസ് പണം നൽകൽ
- ലിംഗ സമത്വവും വനിതാ ശാക്തീകരണ നയവും
- എല്ലാ സ്റ്റേക്ക് ഹോൾഡർമാരുടേയും കാര്യശേഷി രൂപപ്പെടുത്തൽ

**സർക്കാർ ഭവനങ്ങൾ പ്രവർത്തിപ്പിക്കുക, വീടുകളിലെ പുനരധിവാസവും പരിചരണവും ശക്തിപ്പെടുത്തുക**

- അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യലും സ്ഥാപനങ്ങളുടെ നവീകരണവും
- ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്ക് ട്യൂഷൻ ഫീസ്, ബോർഡിംഗ്, വിദ്യാഭ്യാസ ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയവ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സഹായങ്ങൾ
- വനിതാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും മുൻ അന്തേവാസികൾക്കും ദുർബലരായ സ്ത്രീകൾക്കും തൊഴിൽ പരിശീലന യൂണിറ്റുകൾ ആരംഭിക്കുന്നതിനും സ്വയം തൊഴിൽ ചെയ്യുന്നതിനുമുള്ള തൊഴിൽ പരിശീലനവും സാമ്പത്തിക സഹായവും നൽകൽ
- അന്തേവാസികൾക്ക് യോഗ പരിശീലനം പോലെയുള്ള വിവിധ പരിപാടികൾ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/സൈക്യാട്രിസ്റ്റിന്റെ സേവനം ആവശ്യമായ അന്തേവാസികൾക്ക് സേവനം നൽകുക, ശാരീരികവും മാനസികവുമായ ആരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം എന്നിവ നൽകിക്കൊണ്ട് പ്രത്യേകവും വ്യക്തിഗതവുമായ പരിചരണം നൽകുക
- എല്ലാ ജില്ലകളിലും വൺഡേ ഹോമുകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക
- സർക്കാർ ഷെൽട്ടർ ഹോമുകൾ, ഗവൺമെന്റിൽ രജിസ്റ്റർ ചെയ്ത ഷെൽട്ടർ ഹോമുകൾ എന്നിവിടങ്ങളിലെ താമസക്കാർക്ക് വിവാഹ ധനസഹായം
- സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലും താമസിക്കുന്നവരെ സ്വന്തം സ്ഥലങ്ങളിലേക്ക് കൊണ്ടുപോകുകയും അവരെ പുനരധിവാസിപ്പിക്കുകയും ചെയ്യുക
- ഗാർഹിക പീഡനത്തിനിരയായവർക്കും പ്രതിസന്ധിയിലുള്ള മറ്റ് സ്ത്രീകൾക്കുമായി ഷെൽട്ടർ ഹോമുകൾ നടത്തുന്നതിനുള്ള ഫണ്ട്
- സ്നേഹ സംഗമം – മുൻ അന്തേവാസികളുടെ വാർഷിക ഒത്തുചേരലും അവരുടെ വിജയകഥകൾ പങ്കുവയ്ക്കലും

- ഗവൺമെന്റ്, സർക്കാർ എയ്ഡഡ് ഷെൽട്ടർ ഹോമുകളിലെ സ്ത്രീകളുടെ പുനരധിവാസം
- കൈത്തിരിനാളം – സംസ്ഥാനത്ത് ദുരന്തബാധിതരായ സ്ത്രീകളുടെയും കുട്ടികളുടെയും ഭക്ഷണം, പാർപ്പിടം, വസ്ത്രം, ശുചിത്വം, മെഡിക്കൽ, വിദ്യാഭ്യാസ ആവശ്യങ്ങൾ, കൗൺസിലിംഗ് തുടങ്ങിയവ പ്രാപ്തമാക്കാനുള്ള പദ്ധതി.
- വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുൽ
- സ്ത്രീകൾക്ക് സയൻസ്, ടെക്നോളജി, എഞ്ചിനീയറിംഗ്, മാത്തമാറ്റിക്സ് (എസ്.ടി.ഇ.എം) മേഖലകളിൽ പ്രോത്സാഹനവും അവസരങ്ങൾ നൽകുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ.
- കല, ശാസ്ത്രം, ശില്പകല എന്നിവയിൽ വനിതകളെ പ്രോത്സാഹിപ്പിക്കുക
- ജോലി സ്ഥലങ്ങളിൽ മുലയൂട്ടൽ സുഗമമാക്കൽ– മുലപ്പാൽ പമ്പ് ചെയ്യുന്നതിനും ഫ്രിഡ്ജിൽ സൂക്ഷിക്കുന്നതിനുമുള്ള സൗകര്യങ്ങളോടുകൂടിയ മുലയൂട്ടൽ പോഡുകൾ സ്ഥാപിക്കൽ.

**ലിംഗപദവി സംവേദനക്ഷമത മെച്ചപ്പെടുത്തുക**

- ലിംഗപദവിയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, ശില്പശാലകൾ, അവലോകനങ്ങൾ, കോൺഫറൻസുകൾ, പോഷ് പോർട്ടൽ പരിപാടികൾ ഉൾപ്പെടെയുള്ള പ്രചരണങ്ങൾ, 2013 പോഷ് ആക്ട് ബോധവൽക്കരണ പരിപാടികൾ, പരിശീലന പരിപാടി, ജീവനക്കാരുടെയും എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിന്റെയും കാര്യശേഷി വർദ്ധിപ്പിക്കൽ, ഐ.ഇ.സി ക്യാമ്പയിനുകൾ
- സംസ്ഥാന ആസൂത്രണ ബോർഡുമായി സഹകരിച്ച് ജെൻഡർ ബജറ്റിംഗിലും ജെൻഡർ ഓഡിറ്റിംഗിലും പരിശീലനം/പഠനങ്ങൾ
- വിവാഹത്തിനു മുമ്പും ശേഷവും കൗൺസിലിംഗ് സൗകര്യങ്ങൾ സജ്ജീകരിക്കൽ
- സ്ത്രീകൾക്ക് നൈപുണ്യ വികസന പരിപാടി
- ലിംഗസമത്വം ഉറപ്പാക്കുന്നതിനുള്ള നൂതന തന്ത്രങ്ങൾ വികസിപ്പിക്കുക, തൊഴിൽ പങ്കാളിത്തം വർധിപ്പിക്കുന്നതിനും തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനും തൊഴിൽ പുനരാരംഭിക്കുന്നതിനും പ്ലെയ്സ്മെന്റ് സേവനങ്ങൾ നൽകുന്നതിനുമുള്ള പരിപാടികൾ
- ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ വനിതാ നേതാക്കളെ വാർത്തെടുക്കാനായി സ്ത്രീകൾക്ക് നേതൃത്വ പരിശീലനം
- ജോലി സ്ഥലങ്ങളിൽ ശിശു സംരക്ഷണ കേന്ദ്രവും മറ്റ് ശിശു പരിചരണ സൗകര്യങ്ങളും ഒരുക്കുക
- ലൈംഗികത്തൊഴിലാളികൾക്കും അവരുടെ കുട്ടികൾക്കും പുനരധിവാസ പദ്ധതി
- കാതോർത്ത് പദ്ധതി, രക്ഷാദൂത്, പൊൻവാക്ക് പദ്ധതി, സ്ത്രീധന പോർട്ടൽ നടപ്പാക്കൽ, കനൽ ക്യാമ്പയിൻ, കൗമാരക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനും ലിംഗപദവി ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ.
- സർവേകളും പഠനങ്ങളും നടത്തുക, അനുയോജ്യമായ പുനരധിവാസ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള ഡേറ്റാബേസ് തയ്യാറാക്കുക, വെബ്ബ് പോർട്ടൽ മെയിന്റനൻസ്

**പാർശ്വവൽക്കരിക്കപ്പെട്ടതും, അവശത അനുഭവിക്കുന്നവരുമായ സ്ത്രീകൾക്ക് സാമൂഹിക നീതി**

- പ്രസവാനന്തര വിഷാദത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടി
- മാംഗല്യ, സ്ത്രീകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾക്ക് ധനസഹായം, അഭയകിരണം, സഹായഹസ്തം, അതിജീവിക, മഹിളാ മന്ദിരങ്ങളിലെ താമസക്കാരുടെ വിവാഹത്തിന് സാമ്പത്തിക സഹായം തുടങ്ങിയ പരിപാടികൾ നടപ്പിലാക്കൽ.
- ശ്രദ്ധ – വകുപ്പ് ഉദ്യോഗസ്ഥർക്കും സേവനദാതാക്കൾക്കും നിയമ ബോധവൽക്കരണം
- കൈത്താങ്ങ്
- സധൈര്യം മുന്നോട്ട് പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾ
- ജാഗ്രതാ സമിതിയെ ശക്തിപ്പെടുത്തൽ
- ദുർബലരായ സ്ത്രീകൾക്ക് വൈദ്യസഹായവും ഇടപെടലുകളും നൽകൽ

- പാർശ്വവൽക്കരിക്കപ്പെട്ടതും (സ്ഥാപനപരവും അല്ലാത്തതും) അവശത അനുഭവിക്കുന്നതുമായ സ്ത്രീകൾക്ക് പുനരധിവാസ സഹായം, സംരക്ഷണം, കൗൺസിലിംഗ്, സാമൂഹ്യനീതി
- പടവുകൾ – വിധവകളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നതിന് ധനസഹായം
- വനിതകൾക്കും കുട്ടികൾക്കുമായുള്ള കേസുകളും നിയമവ്യവസ്ഥകളും സംബന്ധിച്ച് കോടതികൾ പുറത്തിറക്കുന്ന ഉത്തരവുകളിൽ അവർക്കായുള്ള നിയമ വ്യവസ്ഥകളും ഉത്തരവുകളും ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം സജ്ജമാക്കുക.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1450.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**37. വനിതാശിശു വികസന വകുപ്പിന് കീഴിൽ അഡ്മിനിസ്ട്രേറ്റീവ് ഇൻഫ്രാസ്ട്രക്ചർ ശക്തിപ്പെടുത്തൽ (വിഹിതം: 950.00 ലക്ഷം രൂപ)**

**വനിതാശിശു വികസന വകുപ്പിന്റെ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും നവീകരണം**

സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനും പുനരധിവാസത്തിനുമായി വനിതാ ശിശുവികസന വകുപ്പ് സ്ഥാപനങ്ങൾ നടത്തിവരുന്നു. അംഗീകൃത ഏജൻസികൾ മുഖേന ക്ഷേമ സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും അറ്റകുറ്റപ്പണികൾക്കും നവീകരണ പ്രവർത്തനങ്ങൾക്കുമുള്ള ചെലവുകൾ വഹിക്കുന്നതിനും പുതിയ നിർമാണങ്ങൾ ഏറ്റെടുക്കുന്നതിനുമാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. 2025-26 കാലയളവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ.

- നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുക, ഓഫീസുകളിലും സ്ഥാപനങ്ങളിലും പുതിയ നിർമ്മാണങ്ങൾ ഏറ്റെടുക്കുക, ഓഫീസ് സ്ഥലങ്ങൾ വാടകയ്ക്ക് എടുക്കുക, ഡയറക്ടറേറ്റ്, സബ് ഓഫീസുകൾ, ക്ഷേമ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് ഫർണിച്ചർ, മെഷിനറികൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുക.
- ഡയറക്ടറേറ്റിലെയും ജില്ലാ ഓഫീസുകളിലെയും ഐ.ടി അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, ഐ.ടി ഹാർഡ്‌വെയർ/സോഫ്റ്റ്‌വെയർ ഇനങ്ങളുടെ സംഭരണം, വെബ്സൈറ്റിന്റെ വികസനവും പരിപാലനവും, ഐ.ടി പ്രാപ്തമാക്കിയ സേവനങ്ങൾ, എഎംസി ചാർജ്ജുകൾ, ഇന്റർനെറ്റ് ചാർജ്ജുകൾ, എല്ലാ ഓഫീസുകളിലും പഞ്ചിംഗ് സംവിധാനം സ്ഥാപിക്കലും പരിപാലനവും, ആവശ്യമായ ഐടി അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ
- ഡയറക്ടറേറ്റിലും സബ് ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പാക്കുക
- വനിതാശിശു വികസന വകുപ്പിന് കീഴിലുള്ള ഉദ്യോഗസ്ഥരുടെ സി.യു.ജി സിം ടോപ്പ് അപ്പ് ചാർജ്ജുകൾ
- ഗവേഷണത്തിനും വിശകലനത്തിനുമായി പ്രത്യേക വിഭാഗം സ്ഥാപിക്കുക
- ഐ.ഇ.സി പ്രവർത്തനങ്ങൾ, പരിപാടികൾ, നിയമ ഉപദേശക, ബോധവൽക്കരണ പരിപാടികൾ, അവലോകന യോഗങ്ങൾ/ശില്പശാലകൾ എന്നിവയ്ക്കുള്ള ഫണ്ട്
- ജില്ലാ വനിതാ ശിശു വികസന ഓഫീസുകളിൽ ഹെൽപ്പ് ഡെസ്ക്
- ദുരിതമനുഭവിക്കുന്ന സ്ത്രീകളെയും കുട്ടികളെയും സഹായിക്കുന്നതിന് ജില്ലാതല ഉദ്യോഗസ്ഥർക്ക് പണം നൽകുക
- സ്ഥാപനങ്ങളിലെ അന്തേവാസികളുടെ പരിചരണദാതാക്കൾക്ക് പരിശീലനവും ഹോണറേറിയവും അലവൻസുകളും
- ജില്ലാ വനിതാ ശിശു വികസന ഓഫീസുകളിൽ അടിസ്ഥാന സൗകര്യ വികസനങ്ങൾ
- പദ്ധതി നടത്തിപ്പ് നിരീക്ഷണ ചിലവുകൾ

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**വനിതാശിശു വികസന വകുപ്പിന്റെ ഓഫീസുകളുടെയും ക്ഷേമ സ്ഥാപനങ്ങളുടെയും നവീകരണം**

സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികളും അധിക നിർമ്മാണവും അത്യാവശ്യമാണ്. ഡയറക്ടറേറ്റ്, സബ് ഓഫീസുകൾ, വനിതാശിശു വികസന വകുപ്പിന് കീഴിലുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റി,

ജുവനൈൽ ജസ്റ്റിസ് ബോർഡ് കെട്ടിടങ്ങൾ, എന്നിവയുടെ നവീകരണവും അറ്റകുറ്റപ്പണികളും നടത്തുന്നതിനും ശിശു സൗഹൃദമാക്കുവാനും ജുവനൈൽ ജസ്റ്റിസ് ഹോമുകൾ, ആഫ്റ്റർ കെയർ ഹോമുകൾ, മറ്റ് വെൽഫെയർ സ്ഥാപനങ്ങൾ എന്നിവയുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കും നവീകരണ പ്രവർത്തനങ്ങൾക്കും തുക വകയിരുത്തുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 450.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**38. വനിതാ ശിശു വികസന വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികൾ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

വനിതാ ശിശു വികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ ചുമതലകളും കടമകളും കാര്യശേഷിയോടെയും ഫലപ്രദമായും നിർവ്വഹിക്കുന്നതിന് പരിശീലനം ആവശ്യമാണ്. അംഗനവാടി പ്രവർത്തകർ ഉൾപ്പെടെ വിവിധ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇൻസർവ്വീസ് പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. വകുപ്പിൽ പുതുതായി ചേർന്നവർക്കും സ്ഥാനക്കയറ്റം ലഭിച്ചവർക്കും ഓഫീസ് നടപടിക്രമങ്ങളെക്കുറിച്ച് ഇൻഡക്ഷൻ/ഓറിയന്റേഷൻ പരിശീലനം നൽകേണ്ടതുണ്ട്. നിലവിലുള്ള സാമൂഹ്യ നിയമനിർമ്മാണവും ചട്ടങ്ങളും, നടപ്പിലാക്കേണ്ട ഉത്തരവാദിത്വങ്ങൾ, നടത്തിപ്പ് മാർഗ്ഗരേഖകൾ, വകുപ്പിന്റെ നടത്തിപ്പ് നടപടിക്രമങ്ങൾ തുടങ്ങിയവയും മനസ്സിലാക്കേണ്ടതുണ്ട്. വകുപ്പ് ഉദ്യോഗസ്ഥരല്ലാത്ത പ്രാഥമിക സ്റ്റേക്ക് ഹോൾഡേഴ്സിന്റെ കഴിവുയർത്തേണ്ടതും ആവശ്യമാണ്. ഭാരവാഹികൾക്ക് അവരുടെ ജോലികളും ഉത്തരവാദിത്തങ്ങളും കാര്യശേഷിയോടെയും ഫലപ്രദമായും നിർവ്വഹിക്കുവാൻ കഴിയും വിധം അവരുടെ കഴിവും അറിവും മനോഭാവവും മെച്ചപ്പെടുത്തുന്നതിനായി വിദഗ്ധരുടെയും നൈപുണ്യം നേടിയ വ്യക്തികളുടെയും പിന്തുണ ആവശ്യമാണ്.

- രാജ്യത്തെ പ്രമുഖ സ്ഥാപനങ്ങൾ മുഖേന എല്ലാ വിഭാഗങ്ങളിലുമുള്ള ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ
- പരിശീലന സഹായി തയ്യാറാക്കുക, വകുപ്പിന്റെ വിവിധ പരിശീലന പരിപാടികൾ സംയോജിപ്പിക്കുക
- സ്കൂൾ കൗൺസിലർമാർ, അംഗനവാടി പരിശീലന കേന്ദ്രങ്ങൾ/മിഡിൽ ലെവൽ പരിശീലന കേന്ദ്രങ്ങളിലെ ഇൻസ്ട്രക്ടർമാർ, ക്രഷ് ജീവനക്കാർ, ഷെൽട്ടർ ഹോം ജീവനക്കാർ, സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലേയും ഫാമിലി കൗൺസിലിംഗ് സെന്ററുകളിലേയും ജീവനക്കാർ ഉൾപ്പെടെ എല്ലാ ഓഫീസർമാർക്കും മറ്റ് ജീവനക്കാർക്കും പരിശീലനം നൽകുക
- ഭരണ നൈപുണ്യം, സംഘടനാശേഷി, നേതൃപാടവം, തീരുമാനമെടുക്കുന്നതിനുള്ള കഴിവ്, വികസന ആസൂത്രണം എന്നിവ വികസിപ്പിക്കുക, പദ്ധതികൾ കാര്യക്ഷമമായി നടത്തുക.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**39. അംഗനവാടി സ്ഥാപനങ്ങളെ വനിതകൾക്കും, കുട്ടികൾക്കും വേണ്ടിയുള്ള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം**

**(വിഹിതം: 1100.00 ലക്ഷം രൂപ)**

സമൂഹത്തിന്റെ മാറ്റങ്ങൾക്ക് അനുസൃതമായി സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രവികസനം, പരിവർത്തനത്തിന്റെ പ്രതിനിധിയാണ് സ്ത്രീകൾ എന്നുള്ള അവബോധം, വികസന പങ്കാളിയായി സ്ത്രീ അംഗീകരിക്കപ്പെടുക തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആവശ്യാധിഷ്ഠിതമായ സേവനങ്ങളുടെ സംയോജനം, വിഭവങ്ങൾ, പശ്ചാത്തലസൗകര്യം, മാനവ വിഭവശേഷി എന്നിവ സമന്വയിപ്പിച്ച് അംഗനവാടികളെ കമ്മ്യൂണിറ്റി റിസോഴ്സ് കേന്ദ്രമാക്കി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

- കൗമാരപ്രായത്തിലെ കുട്ടികൾക്കുള്ള ക്ലബ്
- സ്കൂൾ വിദ്യാഭ്യാസം നിർത്തിയ (ഡ്രോപ്പ് ഔട്ട്) 14 വയസ്സിന് മുകളിലുള്ള കുട്ടികൾക്ക് തൊഴിൽ പരിശീലനവും പോഷകാഹാര പോഷകേതര പിന്തുണയും
- സഹായങ്ങൾ
- കൊഴിഞ്ഞുപോകുന്ന കുട്ടികളെ (14 വയസ്സിന് താഴെയുള്ള) സ്കൂളിൽ എത്തിക്കൽ
- പട്ടികവർഗ്ഗ മേഖലകളിലെ അംഗൻവാടികളിൽ പ്രാദേശിക ഭാഷയിൽ പ്രീ സ്കൂൾ വിദ്യാഭ്യാസം ആരംഭിക്കുക

- അംഗനവാടി കേന്ദ്രങ്ങളുടെ നിർമ്മാണവും അപ്ഗ്രേഡേഷനും
- വൈകല്യത്തിന്റെ പ്രാരംഭ കണ്ടെത്തലുകൾ, വളർച്ച മുരടിപ്പ്, കുട്ടികളിലെ പോഷകാഹാര കുറവുകൾ എന്നിവയ്ക്കായുള്ള പദ്ധതികൾ.
- എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പോഷകാഹാര ക്ലിനിക്കുകൾ
- കൗമാരക്കാരുടെ ആരോഗ്യവും പോഷണവും പ്രോത്സാഹിപ്പിക്കുക, 8-12 വയസ്സ് പ്രായമുള്ള കൗമാരക്കാരായ പെൺകുട്ടികളുടെ വിദ്യാഭ്യാസം (പ്രായപൂർത്തിയാകുന്നതിന് മുമ്പുള്ള പ്രായം)
- പ്രീ സ്കൂൾ വിദ്യാഭ്യാസം ശക്തിപ്പെടുത്തുക, പട്ടികവർഗ്ഗ മേഖലയിൽ പ്രാദേശിക ഭാഷയിൽ പ്രീ സ്കൂൾ വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ സാമഗ്രികൾ തയ്യാറാക്കുക.
- ഇ.സി.സി.ഇ പാഠ്യ പദ്ധതി പുതുക്കൽ, കിളികൊഞ്ചൽ പോലെയുള്ള ഇ.സി.സി.ഇ പ്രവർത്തനങ്ങൾ
- വളർച്ചാ മുരടിപ്പുള്ള കുട്ടികൾക്കും പ്രത്യേകപരിഗണന ആവശ്യങ്ങളുള്ള കുട്ടികൾക്കും അംഗനവാടി കേന്ദ്രങ്ങൾ സ്ഥാപിക്കുക
- 1-6 വയസ്സുവരെയുള്ള കുട്ടികളെ പരിപാലിക്കുന്നതിനുള്ള ആദ്യകാല ശിശു സംരക്ഷണ കേന്ദ്രമായി എ.ഡബ്ല്യു.സി-കളെ പുനഃക്രമീകരിക്കുക
- അംഗനവാടികളിൽ പ്രവേശനോത്സവം സംഘടിപ്പിക്കുക.
- ഐ.സി.ഡി.എസ്, അംഗനവാടി സേവനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന അവാർഡ് നൽകുക.
- ആവശ്യമുള്ള പ്രദേശങ്ങളിൽ സാമൂഹ്യ അടുക്കള
- സോഷ്യൽ ആഡിറ്റ്
- അംഗനവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഐഡന്റിറ്റി കാർഡ്
- അംഗനവാടി കുട്ടികൾക്ക് യൂണിഫോം നൽകുക
- ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ, അംഗൻവാടി ജീവനക്കാർ എന്നിവർക്ക് റിഫ്രഷർ പരിശീലനം
- അംഗനവാടി കേന്ദ്രങ്ങളിൽ ശിശു സൗഹൃദ ടോയ്ലറ്റ് നിർമ്മാണം
- ഐസിഡിഎസിന്റെ പ്രവർത്തനത്തിന് അധിക സഹായം
- അംഗനവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും എസ്.ഒ.പി
- ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ടിനു കീഴിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് മെഡിക്കൽ ഫിറ്റ്നസ് ലഭ്യമാക്കുന്നതിനുള്ള ചെലവുകൾ

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 40. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള സൈക്കോ-സോഷ്യൽ സർവീസസ്

**(വിഹിതം: 5100.00 ലക്ഷം രൂപ)**

2008-09 വർഷത്തിൽ 'കിശോരി ശക്തി യോജനാ' പദ്ധതിയുടെ കീഴിൽ 163 തെരഞ്ഞെടുത്ത സ്കൂളുകളിലാണ് ഈ പരിപാടി ആരംഭിച്ചത്. 2009-10-ൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തുകയും സൈക്കോ സോഷ്യൽ സർവ്വീസസ് എന്ന് പുനഃനാമകരണം ചെയ്യുകയും ചെയ്തു. ഇപ്പോൾ ഈ പദ്ധതി 1012 സ്കൂളുകളിൽ പ്രവർത്തിക്കുന്നു. സ്കൂളുകളിൽ കൗമാരപ്രായക്കാരായ വിദ്യാർത്ഥിനികൾക്കും മറ്റ് വിദ്യാർത്ഥിനികൾക്കും കൗൺസിലിംഗും മാർഗ്ഗനിർദ്ദേശങ്ങളും നൽകുവാനായി യോഗ്യത നേടിയ ഒരു കൗൺസിലറെ സ്കൂളിൽ നിയോഗിക്കുന്നതാണ്. മീറ്റിംഗുകളിലും പരിപാടികളിലും പങ്കെടുക്കുന്നതിന് കൗൺസിലർമാരുടെ ഓണറേറിയവും ടിഎയും, വേനൽക്കാല ക്ലാസുകളും രക്ഷാകർതൃ വിദ്യാഭ്യാസവും, കൗൺസിലർമാർക്കുള്ള പരിശീലനം, പശ്ചാത്തല സൗകര്യങ്ങൾ, ടെലി-കൗൺസിലിംഗ് പ്രോഗ്രാം, മറ്റ് സാന്ദർഭിക ചെലവുകൾ, ഐഡി കാർഡുകൾ നൽകൽ, സ്കൂൾ കൗൺസിലർമാരുടെ പ്രതിമാസ അവലോകന യോഗം എന്നിവ നടത്താനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത് ഈ വർഷം കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കും.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 5100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 41. സംയോജിത ശിശു സംരക്ഷണ പദ്ധതി (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 1100.00 ലക്ഷം രൂപ)**

കുട്ടികളെ ഫലപ്രദമായും കാര്യപ്രാപ്തിയോടെയും സംരക്ഷിക്കുന്നതിനായി 'കുട്ടികളുടെ അവകാശ സംരക്ഷണം', 'കുട്ടികളുടെ താല്പര്യം' എന്നീ മൗലിക തത്വങ്ങളിൽ അധിഷ്ഠിതമായ ഒരു സമ്പ്രദായം യാഥാർഥ്യമാക്കാനുള്ള സർക്കാരിന്റെ പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി. ദുർബല സാഹചര്യങ്ങളിൽ നിന്നുള്ളവരും, ദുരിതം അനുഭവിക്കുന്നവരുമായ കുട്ടികൾക്ക് സർക്കാരിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തത്തോടെ സുരക്ഷിത പരിസ്ഥിതി സൃഷ്ടിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

സംസ്ഥാന ശിശു സംരക്ഷണ സൊസൈറ്റി, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ശിശുക്ഷേമ കമ്മിറ്റികൾ, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ജെ.ജെ ആക്ട് 2015 പ്രകാരമുള്ള ശിശുക്കൾക്കായുള്ള സ്ഥാപനങ്ങൾ, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി എന്നിവ മുഖേനയാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. അത്യാവശ്യ സേവനങ്ങളെ സ്ഥാപനവൽക്കരിക്കുന്നതിനും, കഴിവുകൾ വിവിധ തലത്തിൽ വികസിപ്പിക്കുന്നതിനും, ശിശു സംരക്ഷണ സേവനങ്ങൾക്കായി ഡേറ്റ ബേസ് രൂപീകരിക്കുന്നതിനും, കുടുംബത്തിലും സമൂഹത്തിലും കുട്ടികളുടെ സംരക്ഷണം മെച്ചപ്പെടുത്തുന്നതിനും, എല്ലാ തലങ്ങളിലും അനുയോജ്യമായ ഇന്റർ സെക്ടറൽ റെസ്പോൻസ് ഉറപ്പ് വരുത്തുക എന്നിവ നടപ്പാക്കാനുദ്ദേശിക്കുന്നു. ഫലപ്രദമായ ഇടപെടലുകൾ നടത്താനും അനന്തരഫലങ്ങൾ നിരീക്ഷിക്കുന്നതിനുമായി ശിശു സുരക്ഷ ഡേറ്റ മാനേജ്മെന്റ് സിസ്റ്റവും വിഭാവനം ചെയ്യുന്നു. എൻ.ജി.ഒ ഹോമുകൾക്കുള്ള സഹായവും, ഐ.സി.പി.എസ് മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള എല്ലാ ഘടകങ്ങളും, മിഷൻ വാത്സല്യ പദ്ധതിയിലെ എല്ലാ പ്രവർത്തനങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ലെ ബജറ്റിൽ സംസ്ഥാന വിഹിതമായി **1100.00** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 42. വനിതാ ശിശു വകുപ്പിന്റെ കീഴിൽ ദേശീയ ദിന/വാരാചരണങ്ങൾ ഉൾപ്പെടെയുള്ള പ്രചരണവും ഡോക്യുമെന്റേഷനും

**(വിഹിതം: 150.00 ലക്ഷം രൂപ)**

കേന്ദ്ര - സംസ്ഥാന വനിതാ ശിശു വികസനത്തിനുള്ള വിവിധ സാമൂഹ്യനിയമങ്ങളും പദ്ധതികളും നടപ്പിലാക്കുന്ന നോഡൽ വകുപ്പാണ് വനിതാ ശിശു വികസന വകുപ്പ്. എന്നാൽ ഭൂരിപക്ഷം ജനങ്ങളും വകുപ്പിലൂടെ നടപ്പാക്കുന്ന സേവനങ്ങളെക്കുറിച്ച് അജ്ഞരാണ്. അതിനാൽ ഈ വകുപ്പിലൂടെ ലഭ്യമാക്കുന്ന സേവനങ്ങളെക്കുറിച്ച് പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും ഡിജിറ്റൽ, സാമൂഹ്യ മാധ്യമങ്ങളിലൂടേയും ബോധവത്ക്കരണം നടത്തേണ്ടത് അത്യാവശ്യമാണ്. കൂടാതെ പ്രധാന ദിനങ്ങളും, ആഴ്ചകളും വകുപ്പ് ആഘോഷിച്ച് വരുന്നു. വകുപ്പ് 2025-26 ൽ ഐസിഡിഎസിൻറെ അമ്പതാം വാർഷികം ആഘോഷിക്കാൻ ഉദ്ദേശിക്കുന്നു. വിദഗ്ധ പിന്തുണയോടെ ഐ.ഇ.സി പദ്ധതി വികസിപ്പിക്കുന്നതിനുള്ള ചെലവ്, തെരുവു നാടകങ്ങൾ സംഘടിപ്പിക്കുക, അവകാശങ്ങളെക്കുറിച്ച് അറിയുന്നതിനായി സ്ഥാപനവൽക്കരിക്കുക, അവയുടെ ഘടന ശക്തിപ്പെടുത്തുക, റോഡ് ഷോകൾ നടത്തുക, പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള പരിപാടികളും നയങ്ങളും പ്രചരിപ്പിക്കുക എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 43. ജെൻഡർ പാർക്ക്

**(വിഹിതം: 900.00 ലക്ഷം രൂപ)**

ലിംഗപദവി സമത്വത്തെക്കുറിച്ച് പഠിക്കുന്നതിനും ഗവേഷണം നടത്തുന്നതിനുമായി സംസ്ഥാന സർക്കാരും, അക്കാദമിക സമൂഹവും, പൊതു സമൂഹവും ഒന്നിക്കുന്ന ഒരു വേദിയായാണ് ജെൻഡർ പാർക്കിനെ കേരള സർക്കാർ വിഭാവനം ചെയ്തത്. നൂതനവും നവീനവുമായ ഇടപെടലുകൾ നടത്തുകയും, സ്ത്രീകളുടെ ശാക്തീകരണത്തിനും ലിംഗപദവി സമത്വത്തിനും നേരിട്ട് പിന്തുണയും ഇതിലൂടെ നൽകുന്നു. സമൂഹം അടിച്ചേൽപ്പിക്കുന്ന സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ അതിരുകൾ മറികടക്കുന്നതിനും, സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും സാമ്പത്തിക, സാംസ്കാരിക, സാമൂഹിക വിഷയങ്ങളിലേയ്ക്ക് സംഭാവന നൽകുന്നതിനും ട്രാൻസ്ജെൻഡർ വ്യക്തികൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗക്കാർക്കും ജെൻഡർ പാർക്ക് അനുയോജ്യമായ ഇടം നൽകുന്നു. ദക്ഷിണേഷ്യൻ മേഖലയിലെ ലിംഗപദവി സമത്വത്തിനായി തുല്യ പങ്കാളികളായി പ്രവർത്തിക്കുന്നതിന് 2020 ഡിസംബറിൽ ജെൻഡർ പാർക്കും

യു.എൻ വുമണും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. 2025-26 - ൽ ജെൻഡർ പാർക്ക് വിഭാവനം ചെയ്യുന്ന പദ്ധതി പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.

- ജെൻഡർ പാർക്ക് ക്യാമ്പസിന്റെ ഒന്നാം ഘട്ടത്തിലുള്ള നിർമ്മാണം/അറ്റകുറ്റപ്പണികൾ
- ഹെറിറ്റേജ് മ്യൂസിയം വിപുലീകരണം
- വനിതകൾക്കായുള്ള നിയമ ശാസ്ത്ര കേന്ദ്രങ്ങൾ
- ലൈബ്രറിയുടെയും ഡോക്യുമെന്റേഷൻ സെന്ററിന്റെയും വിപുലീകരണം
- പരിശീലനവും കാര്യശേഷി വർദ്ധിപ്പിക്കലും
- ജെൻഡർ ഡാറ്റ ഹബ്
- കോൺഫറൻസും ശില്പശാലകളും ലിംഗപദവി ബോധവൽക്കരണ പരിപാടികളും ഇവന്റുകളും
- സ്ത്രീകളുടെയും ട്രാൻസ്ജെൻഡർ വ്യക്തികളുടെയും വൈവിധ്യവും സർഗ്ഗാത്മകതയും ഉറപ്പാക്കുന്നതിനുള്ള പരിപാടികൾ.
- പദ്ധതി ഭരണം, നടത്തിപ്പ്, നിരീക്ഷണ ചിലവുകൾ

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 900.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**44. മാതൃകാ അംഗനവാടി കെട്ടിട നിർമ്മാണം**

**(വിഹിതം: 0.01 ലക്ഷം രൂപ)**

വിവിധ യൂണിറ്റ് ചെലവുകളിൽ 2016-17 മുതൽ അംഗനവാടി കെട്ടിടങ്ങൾ നിർമിക്കുന്നതിന് വനിതാ ശിശുവികസന വകുപ്പ് അനുമതി നൽകിയിരുന്നു. ഭൂരിഭാഗം അങ്കണവാടി കെട്ടിടങ്ങളും പൂർത്തീകരിച്ചു, ചില അംഗൻവാടികളുടെ നിർമാണം ഇപ്പോഴും തുടരുകയാണ്. പുരോഗമിക്കുന്ന അംഗനവാടി കെട്ടിടങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 0.01 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**45. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കൊണ്ട് മാതൃക അംഗൻവാടികളുടെയും സ്മാർട്ട് അംഗനവാടി കെട്ടിടങ്ങളുടെയും (ശിശു സൗഹൃദപരമായതും നൂതനമായി രൂപകൽപന ചെയ്തതും) നിർമ്മാണം**

**(വിഹിതം: 1200.00 ലക്ഷം രൂപ)**

മെച്ചപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും, ഇ.സി.സി.ഇ പദ്ധതിക്കായുള്ള സൗകര്യങ്ങളും ഉള്ള പുതിയ തലമുറയിൽപ്പെട്ട അംഗൻവാടികൾ നിർമ്മിക്കാനാണ് 2020-ലെ പുതിയ വിദ്യാഭ്യാസ നയം വിഭാവനം ചെയ്യുന്നത്. ശിശു സൗഹൃദപരമായ ടോയ്‌ലറ്റ്, ശിശു സൗഹൃദ പെയിന്റിംഗ്, ചുറ്റമതിൽ, കളിസ്ഥലം എന്നിവ ഉൾപ്പെട്ട പുതിയ അംഗനവാടി കെട്ടിട നിർമ്മാണവും നിലവിലുള്ള അംഗനവാടികൾ ശിശു സൗഹൃദപരമായി നവീകരിക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. നൂതനമായ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ സ്മാർട്ട് അംഗനവാടി കെട്ടിട നിർമ്മാണവും വിഭാവനം ചെയ്യുന്നു. ഇതിൽ ക്ലാസ്റൂം, അടുക്കള, ക്രിയേറ്റീവ് സോൺ, ഡൈനിംഗ് ഏരിയ, ഔട്ട് ഡോർ ഇൻഡോർ പ്ലേ ഏരിയ, വാഷ്റൂം എന്നിവ ഉൾപ്പെടുന്നു. സ്ഥല ലഭ്യതയ്ക്കനുസരിച്ച് വിവിധ തരം പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ വിസ്തൃതി അനുസരിച്ച് നിശ്ചിത തുക വകുപ്പ് നൽകുകയും, ബാക്കി തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്തേണ്ടതുമാണ്. അംഗൻവാടികളുടെയും, സ്മാർട്ട് അംഗൻവാടികളുടെയും നിർമ്മാണവും പുനരുദ്ധാരണവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പട്ടികജാതി/പട്ടികവർഗ വികസന വകുപ്പുകളുടെ പൂൾഡ് ഫണ്ടിൽ നിന്ന് ഏറ്റെടുക്കുന്ന പദ്ധതികൾക്ക് പത്ത് ശതമാനം വകുപ്പ് വിഹിതം നൽകാനും ഈ പദ്ധതി ഉദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**46. വനിതാ ശിശു ഹോമുകളുടെ നിർമ്മാണം**

**(വിഹിതം: 150.00 ലക്ഷം രൂപ)**

പതിനാല് ജില്ലകളിലായി, 16 വനിതാശിശു ഹോമുകളും, 3 SOS മാതൃകാ ഹോമുകൾ 14 വൺ സ്റ്റോപ്പ് കേന്ദ്രങ്ങളും, 1 ആഫ്റ്റർ കെയർ ഹോമും, 1 മെന്റൽ ഹെൽത്ത് ഹോമും നിർഭയ സെൽ നിർമ്മിച്ചിട്ടുണ്ട്. പീഡനത്തിന് വിധേയരായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനുള്ള അഭയകേന്ദ്രങ്ങൾ തുടങ്ങാൻ ഈ

പദ്ധതി ലക്ഷ്യമിടുന്നു. തൊഴിലും വരുമാനദായക മാർഗ്ഗങ്ങളും കണ്ടെത്താൻ വേണ്ടിയുള്ള ജീവിത നൈപുണ്യ വിദ്യാഭ്യാസം ഈ കേന്ദ്രങ്ങളിലൂടെ സ്ത്രീകൾക്ക് നൽകുന്നതാണ്. മാതൃകാ വനിതാ ശിശു ഭവനങ്ങളുടെ നിർമ്മാണം, നിർഭയ ഷെൽട്ടർ ഹോമുകളുടെ നിലവിലുള്ളതും പുതിയതുമായ കെട്ടിടങ്ങളുടെ നിർമ്മാണം, വൺ സ്റ്റോപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണവും നിലവിലുള്ള കേന്ദ്രങ്ങളുടെ നവീകരണവും, ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിലായി വനിതാ ശിശു ഭവനങ്ങളും, പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കായി ഒരു ഹോം തൃശ്ശൂരിലും വിഭാവനം ചെയ്യുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**47. ഐ.സി.ഡി.എസ് പരിശീലന പരിപാടി (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 0.04 ലക്ഷം രൂപ)**

സാമൂഹിക പരിവർത്തനത്തിന് സഹായകമാകുന്ന രീതിയിൽ ICDSന്റെ എല്ലാ പ്രവർത്തകരെയും പ്രാപ്തരാക്കുക എന്നതാണ് ICDS പരിശീലന പരിപാടിയുടെ ലക്ഷ്യം. ശൈശവകാല പരിചരണത്തിന്റെയും, വികസനത്തിന്റെയും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി ICDS ഉദ്യോഗസ്ഥർക്ക് നൽകി വരുന്ന ഈ പരിശീലന പരിപാടി ദേശീയതലത്തിൽ ആരംഭിച്ച ഒരു സംരംഭമാണ്. നിലവിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്കായി ഒരു മിഡിൽ ലെവൽ പരിശീലന കേന്ദ്രവും അംഗൻവാടിവർക്കർ/ഹെൽപ്പർമാർക്ക് 12 പരിശീലന കേന്ദ്രങ്ങളും ഒരു NGOയുടെ കീഴിൽ പ്രവർത്തിക്കുന്നു. അംഗനവാടി പ്രവർത്തകർക്കും ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്കും തൊഴിൽ പഠനാനന്തര പരിശീലനം നൽകാനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് 40% സംസ്ഥാന വിഹിതമായി 2025-26 ബജറ്റിൽ 0.04 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**48. പ്രധാന മന്ത്രി മാതൃ വന്ദന യോജന (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 3000.00 ലക്ഷം രൂപ)**

ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്കായി ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. സ്ത്രീകളുടെ ഗർഭകാല ആരോഗ്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആരംഭിച്ചത്. പ്രസ്തുത കാലയളവിൽ അവർക്കുണ്ടാകുന്ന വരുമാന നഷ്ടത്തിന് പരിഹാരമായി അവർക്ക് ധനസഹായം നൽകുന്നത് വഴി, പ്രസവത്തിനു മുൻപും പിൻപും മതിയായ വിശ്രമം ലഭിക്കുന്നു. ഗുണഭോക്താക്കളുടെ ആദ്യത്തെ കുട്ടിയ്ക്ക് മാത്രം 5000/- രൂപ ധനസഹായവും രണ്ടാമത്തെ കുട്ടി പെൺകുട്ടിയാണെങ്കിൽ 6000/- രൂപയും ലഭിക്കുന്നതാണ്. പദ്ധതിയുടെ നടത്തിപ്പിനായി 40% സംസ്ഥാന വിഹിതമായി മേൽ പ്രവർത്തനങ്ങൾക്കായി 2025-26 ലെ ബജറ്റിൽ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**49. ശിശുക്കൾക്കുള്ള ആദ്യത്തെ ആയിരം ദിവസ പരിപാടി**

**(വിഹിതം: 350.00 ലക്ഷം രൂപ)**

സ്ത്രീകളുടെ ഗർഭധാരണത്തിന്റെയും (270 ദിവസം) കുട്ടിയുടെ രണ്ടാം ജന്മദിനത്തിന്റെയും (730 ദിവസം) ഇടയിലുള്ള ആദ്യ ആയിരം ദിവസങ്ങൾ കുട്ടികളുടെ ജീവിതത്തിലെ വളരെ സങ്കീർണ്ണവും നിർണ്ണായകവുമായ കാലഘട്ടമാണ്. ഗർഭകാലത്തുണ്ടാകുന്ന പോഷകാഹാരക്കുറവ് കുട്ടിയുടെ ആരോഗ്യകരമായ വളർച്ചയെയും വികാസത്തെയും സാരമായി ബാധിക്കുന്നു. ഗർഭാവസ്ഥയിൽ പോഷകാഹാരക്കുറവുള്ള കുട്ടി ശൈശവത്തിൽ തന്നെ മരിക്കുന്നതിന് കാരണമാകുകയും, ജീവിതകാലം മുഴുവൻ മാരകമായ ആരോഗ്യ പ്രശ്നങ്ങളും വൈകല്യങ്ങളുണ്ടാകാനും കാരണമാകുന്നു. കുട്ടികളിലെ പോഷകാഹാരക്കുറവ് ജീവനു തന്നെ ഭീഷണിയാകുന്നു. ഇത് കുട്ടിയുടെ പ്രതിരോധ ശക്തിയെ കുറയ്ക്കാനും സാധാരണ രോഗങ്ങളായ ന്യുമോണിയ, വയറിളക്കം എന്നീ രോഗങ്ങൾ ബാധിച്ച് അപകടത്തിൽപ്പെടാനും ഇടയാകുന്നു.

കുട്ടിയുടെ ആദ്യ 1000 ദിവസങ്ങളിൽ അനുയോജ്യമായ വളർച്ചയും വികസനവും ഉറപ്പാക്കുന്നതിനായി അമ്മയുടെ ആരോഗ്യത്തിനും, ക്ഷേമത്തിനും പ്രത്യേക ഊന്നൽ നൽകേണ്ടതാണ്. ശിശുക്കളുടെ ശരിയായ വികാസത്തിന് ആദ്യത്തെ ആയിരം ദിവസത്തിന്റെ പ്രാധാന്യം സംബന്ധിച്ച് വിവാഹത്തിനു മുമ്പായി യുവതീയുവാക്കൾക്കു കൗൺസിലിംഗ് നൽകൽ, ഗർഭധാരണത്തിനു മുമ്പുള്ള ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ, ശരിയായ പോഷകാഹാരം, മുലയൂട്ടലിന്റെ പ്രാധാന്യം, പ്രതിരോധ കുത്തിവയ്പ്പ്, കുട്ടികൾക്ക് 6 മാസം പ്രായത്തിൽ അനുയോജ്യമായ മറ്റു പൂരക പോഷകാഹാരങ്ങൾ, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും അനുയോജ്യമായ ടിഎച്ച്ആർ വികസിപ്പിക്കുകയും 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികളുടെ വളർച്ചയുടെ ആറ് മേഖലകളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഉചിതമായ പരിപാടി മുതലായവയാണ് ഈ പദ്ധതിയിൽപ്പെടുത്തിയിട്ടുള്ള പരിപാടികൾ.

മാതൃമരണനിരക്കും ശിശു മരണനിരക്കും കുറയ്ക്കുന്നതിൽ പദ്ധതി വിജയിച്ചതിനാൽ, സംസ്ഥാനത്തെ കൂടുതൽ തീരദേശ, മലയോര മേഖലകളിൽ കൂടി പദ്ധതി വ്യാപിപ്പിച്ചു. 2025-26-ൽ ഇത് കൂടുതൽ തീരദേശ, മലയോര മേഖലകളിലെ ഐ.സി.ഡി.എസ് പദ്ധതികളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. കുട്ടികളിലെ പോഷകാഹാരാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള ഒരു നയമാണ് ഫുഡ് ഫോർട്ടിഫിക്കേഷൻ. 2018-19-ൽ അമൃതം ന്യൂട്രിമിക്സിന്റെ മൈക്രോന്യൂട്രിയന്റ് ഫോർട്ടിഫിക്കേഷൻ സംസ്ഥാനമാകെ വ്യാപിപ്പിച്ചു. ഇത് തുടരുന്നതാണ്. ബോധവത്കരണം, പദ്ധതികളുടെ നിർണ്ണയവും വിലയിരുത്തലും എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 350.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**50. എം.ജി.എൻ.ആർ.ഇ.ജി.എ-യുമായി ചേർന്നുള്ള അംഗൻവാടി നിർമ്മാണം (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 0.72 ലക്ഷം രൂപ)**

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ, ഒരു അംഗനവാടിക്ക് 2.00 ലക്ഷം രൂപ എന്ന നിരക്കിൽ, അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് 40% സംസ്ഥാന വിഹിതമായി 2025-26 ബജറ്റിൽ 0.72 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**51. പ്രീ സ്കൂൾ ജീവനക്കാർക്കും അംഗൻവാടി പ്രവർത്തകർക്കുമുള്ള പരിശീലനം**

**(വിഹിതം: 150.00 ലക്ഷം രൂപ)**

ഇ.സി.സി.ഇ (Early Child Care & Education) പാഠ്യപദ്ധതിയുടെ ഭാഗമായി അംഗൻവാടി വർക്കർമാർക്ക് പരിശീലനവും അംഗൻവാടി വർക്കർമാരുടെ അഭാവത്തിൽ അംഗൻവാടി ഹെൽപ്പർമാർക്ക് അംഗൻവാടികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനവും ഈ പദ്ധതിയിലൂടെ നൽകുന്നു. അംഗൻവാടി വർക്കർക്കർമാർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ്, അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ സൂപ്പർവൈസർ എന്നിവർക്ക് ജോലി അവബോധന പരിശീലനവും, റിഫ്രെഷർ പരിശീലനവും ഈ പദ്ധതിയിൽ ഉൾകൊള്ളുന്നു. പദ്ധതി ലക്ഷ്യങ്ങൾ ഇവയെല്ലാമാണ് - (1) ദേശീയ വിദ്യാഭ്യാസ നയത്തിൽ നിഷ്കർഷിക്കുന്ന മാറ്റങ്ങൾ പ്രകാരം അംഗൻവാടി വർക്കർമാർക്ക് കഴിവു വികസിപ്പിക്കുന്നതിനുള്ള പരിശീലനം, (2) ട്രെയിനിംഗ് നീഡ് അനാലിസിസ്, (3) പഠന സഹായി തയ്യാറാക്കൽ, (4) അംഗൻവാടി ജീവനക്കാർക്കുള്ള പരിശീലനം, (5) പരിശീലകർക്കുള്ള പരിശീലനം,(6) വകുപ്പിലെ ഉദ്യോഗസ്ഥർക്കും, അംഗൻവാടി വർക്കർമാർക്കും അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വനിതാ ശിശു വികസനവുമായി ബന്ധപ്പെട്ട് അംഗീകൃത യൂണിവേഴ്സിറ്റികളിലും സ്ഥാപനങ്ങളിലും സർട്ടിഫിക്കറ്റ് കോഴ്സ് ചെയ്യുന്നതിന് അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്കുള്ള കോഴ്സ് ഫീസും ഇതിൽ നിന്നും വഹിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ൽ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**52. കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേക്കുള്ള ജുവനൈൽ ജസ്റ്റീസ് ഫണ്ട്**

**(വിഹിതം: 20.00 ലക്ഷം രൂപ)**

ജുവനൈൽ ജസ്റ്റീസ് മോഡൽ റൂൾസിന്റെ റൂൾ (83) അനുസരിച്ച്, ഈ നിയമത്തിന്റെയും റൂൾസിന്റെയും കീഴിൽ വരുന്ന കുട്ടികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ഒരു ജുവനൈൽ ജസ്റ്റിസ് ഫണ്ട് സംസ്ഥാന സർക്കാർ രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾക്ക് തുക വിനിയോഗിക്കാവുന്നതാണ്. വിവിധ ശിശു സംരക്ഷണ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് വൈദ്യസഹായം, പ്രകൃതി ദുരന്തത്തിനിരയായവർക്കുള്ള ധനസഹായം, ലൈംഗിക അതിക്രമത്തിനും മാനസിക പീഠനത്തിനും ഇരയായ കുട്ടികൾ, എച്ച്.ഐ.വി ബാധിതരായ മാതാപിതാക്കൾ/മാനസിക വൈകല്യമുള്ള മാതാപിതാക്കൾ/കിടപ്പിലായ മാതാപിതാക്കൾ/മാരകമായ രോഗം ബാധിച്ച മാതാപിതാക്കൾ തുടങ്ങിയവരെ ആശ്രയിക്കുന്ന കുട്ടികൾ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മാതാപിതാക്കളുടെ മക്കൾ, എയ്ഡ്സ്(എച്ച്.ഐ.വി.) ബാധിതരായ കുട്ടികൾ, എപിലെപ്സി, സെറിബ്രൽ പാൾസി, ഓട്ടിസം ബാധിച്ച കുട്ടികൾ, മയക്കു മരുന്നിനടിമയായ കുട്ടികൾ, തട്ടികൊണ്ടുപോകലിനിടയായ കുട്ടികൾ, താമസിക്കുന്നതിനായി ഭവനം ഇല്ലാത്ത കുട്ടികൾ, തെരുവിൽ കഴിയുന്ന കുട്ടികൾ, ബാലവേലയിൽ ഏർപ്പെട്ടിട്ടുള്ള കുട്ടികൾ, അപകടങ്ങൾ മൂലം ഗുരുതരമായ പരിക്കുകൾ അനുഭവിക്കുന്നവർ എന്നിവർക്കായി തുക വിനിയോഗിക്കാവുന്നതാണ്. ഇതു കൂടാതെ, ജുവനൈൽ ജസ്റ്റിസ് ഫണ്ടിലേയ്ക്ക് ജനങ്ങളിൽ നിന്നുള്ള

സംഭാവനയും സ്വീകരിക്കാമെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. വനിതാശിശുവികസന വകുപ്പ് ഈ ഫണ്ടിന്റെ നിർവ്വഹണ ഏജൻസി ആയി പ്രവർത്തിക്കും.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**53. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള പദ്ധതി (50 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 150.00 ലക്ഷം രൂപ)**

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷകാഹാര നിലവാരവും, നൈപുണ്യ വികസനവും മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു (മുൻപുണ്ടായിരുന്ന സബല പദ്ധതിയ്ക്ക് പകരം). മാനസികമായും, വൈകാരികമായും, മനശാസ്ത്രപരമായും പ്രാധാന്യമേറിയ ഘട്ടമാണ് ശൈശവത്തിനും സ്ത്രീത്വത്തിനും ഇടയിലുള്ള കാലഘട്ടം. മാനവശേഷി വികസനത്തെ ലക്ഷ്യം വെച്ചുള്ള വികസന പരിപാടികളിൽ നിന്നു കൌമാരക്കാരായ പെൺകുട്ടികളെ മാറ്റി നിർത്തിയാൽ കുട്ടികളുടെ സമഗ്രമായ വികസനത്തിനുള്ള ജീവിത ചക്ര സമീപനം പരിഹരിക്കപ്പെടാതെ പോകും. സ്കൂളിൽ പോകാത്ത 11 മുതൽ 14 വയസ്സ് വരെയുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികളെ ലക്ഷ്യം വെച്ച് രൂപീകരിച്ച പദ്ധതിയാണിത്. പോഷകാഹാര പരിപാടികളും, പോഷകാഹാര പരിപാടികളിൽപ്പെടാത്ത പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾപ്പെടുന്നു.

- കൗമാരക്കാരായ പെൺകുട്ടികളെ സ്വയം പര്യാപ്തരാക്കുക, അവരെ ശാക്തീകരിക്കുക
- കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകാഹാരം, ആരോഗ്യ നിലവാരം എന്നിവ മെച്ചപ്പെടുത്തുക
- ആരോഗ്യം, ശുചിത്വം, എന്നിവയെപ്പറ്റിയുള്ള അവബോധം വളർത്തുക
- കൗമാരക്കാരായ പെൺകുട്ടികൾക്ക് അനുപൂരക പോഷകാഹാരം നൽകുന്നതിനായി ഫോർട്ടിഫൈഡ് ഫുഡ് നൽകുക
- 14 നും 18 നും ഇടയിൽ പ്രായമുള്ള പെൺകുട്ടികൾക്ക് നൈപുണ്യ വികസന പരിശീലനം

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**54. അതിക്രമങ്ങളെ അതിജീവിച്ചവർക്കുള്ള അടിയന്തിര ആശ്വാസ ഫണ്ട്**

**(വിഹിതം: 300.00 ലക്ഷം രൂപ)**

ലൈംഗിക കുറ്റകൃത്യങ്ങൾ, ആസിഡ് ആക്രമണങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അക്രമം, ഗാർഹിക അക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ആശ്വാസം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ പീഡിപ്പിക്കപ്പെട്ടവർക്കു പെട്ടെന്ന് തന്നെ സഹായം നൽകേണ്ടത് അത്യാവശ്യമാണ്. വിക്ടിം കോമ്പൻസേഷൻ ഫണ്ടോ, നിയമ വ്യവസ്ഥകൾ പ്രകാരം നൽകുന്ന മറ്റേതെങ്കിലും നഷ്ടപരിഹാരമോ പരിഗണിക്കാതെ ഈ തുക അനുവദിക്കുന്നതാണ്. മേൽ വിഭാഗത്തിൽപ്പെടുന്നവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതി നടപ്പാക്കുന്നതിന് 2025-26 ൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**55. നാഷണൽ ക്രഷ് സ്കീം 60:40 – പൽന പദ്ധതിക്കു കീഴിലുള്ള അംഗനവാടി ക്രഷ് സ്കീം (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 500.00 ലക്ഷം രൂപ)**

ഉദ്യോഗസ്ഥരായ മാതാപിതാക്കൾക്ക് ജോലി സമയത്ത് കുട്ടികളെ സുരക്ഷിതമായി ഏൽപ്പിക്കുന്നതിനുള്ള സൗകര്യമാണ് ക്രഷ്. ഇവിടെ കുട്ടികളുടെ സമഗ്രമായ വികസനത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതായിരിക്കും. വീട്ടിൽ നിന്നും പകൽ സമയം മാറി നിൽക്കേണ്ടി വരുന്ന 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്നതിനും, അവരെ പരിചരിക്കുന്നതിനും മേൽനോട്ടം നടത്തുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ, കേന്ദ്ര സംസ്ഥാന വിഹിത ഘടന യഥാക്രമം 60:40 എന്ന അനുപാതത്തിലാണ്. 'മിഷൻ ശക്തി' എന്ന പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റ് നാഷണൽ ക്രഷ് സ്കീമിനെ പൽന (PALNA) പദ്ധതി എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. 504 അംഗനവാടി കം ക്രഷുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള എല്ലാ ക്രഷുകളെയും അംഗനവാടി ക്രഷുകളായി പരിവർത്തനം ചെയ്യുന്നതിനും കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സമൂഹത്തിലെ ജോലി ചെയ്യുന്ന മാതാപിതാക്കളുടെ കുട്ടികൾക്ക് (6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക്)

പകൽ സമയത്ത് പരിപാലന സൗകര്യങ്ങൾ നൽകുക, കുട്ടികളുടെ ആരോഗ്യനിലവാരവും പോഷക നിലവാരവും മെച്ചപ്പെടുത്തൽ, ശാരീരിക മാനസിക വൈകാരിക വികാസം പ്രോത്സാഹിപ്പിക്കൽ, മെച്ചപ്പെട്ട ശിശു സംരക്ഷണം നൽകുന്നതിന് മാതാപിതാക്കളെയും പരിപാലകരെയും അഭ്യസിപ്പിക്കുകയും ശാക്തീകരിക്കുകയും ചെയ്യുക, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉറപ്പാക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക എന്നീ പ്രവർത്തനങ്ങൾ പൽന സ്കീമിൽ വിഭാവനം ചെയ്യുന്നു. മേൽപ്പറഞ്ഞവ കൂടാതെ 2024-25 ൽ ഘട്ടം ഘട്ടമായി നിർത്തലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള നിലവിലുള്ള സ്റ്റാൻഡലോൺ ക്രഷുകൾക്ക് പ്രവർത്തന കാലയളവിലെ ഗ്രാന്റ് റീഇംബേഴ്സ് ചെയ്യുന്നതിനും പദ്ധതിയിൽ തുക ഉൾപ്പെടുത്തുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 56. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ ഉൾപ്പെടെ കുട്ടികൾക്കായുള്ള നൂതന സംസ്ഥാന പദ്ധതികൾ

**(വിഹിതം: 1600.00 ലക്ഷം രൂപ)**

**ഔവർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി):-** ജെ.ജെ ആക്ട് ഫലപ്രദമായി നടപ്പാക്കുന്നതിനുവേണ്ടി കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനാവശ്യമായ നൂതന പരിപാടികൾ നടപ്പാക്കാനുദ്ദേശിച്ചുള്ള പദ്ധതിയാണിത്. ഐ.സി.പി.എസ് ന്റെ ഒരു അവിഭാജ്യ ഘടകമാണ് ഒ.ആർ.സി. കുട്ടികളുടെ സംരക്ഷണത്തിനും വികസനത്തിനും ഉത്തരവാദിത്വപ്പെട്ട വിവിധ സർക്കാർ/സർക്കാരിതര ഏജൻസികളുടെ-വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശഭരണം, പൗരസമൂഹം എന്നിവരുടെ സ്കൂൾ അധിഷ്ഠിതമായ കൂട്ടായ്മയുടെ ഒരു ശ്രമമാണ് ഒ.ആർ.സി. ജീവിത നൈപുണ്യ വികസനം, കുട്ടികളെ സാമർത്ഥ്യത്തോടെ വളർത്തൽ, കുട്ടികളുടെ ദുരിതങ്ങൾ പരിഹരിക്കൽ, മെച്ചപ്പെട്ട ഉപദേശങ്ങൾ നൽകുക, മെച്ചപ്പെട്ട രക്ഷാകർതൃത്വം എന്നിവയിലൂടെ കുട്ടികളുടെ മെച്ചപ്പെട്ട സുരക്ഷിതത്വവും വികാസവും ഈ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്തുടനീളമുള്ള തിരഞ്ഞെടുത്ത 380 സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലും എല്ലാ സർക്കാർ ശിശു സംരക്ഷണ സ്ഥാപനങ്ങളിലും പദ്ധതി നിലവിൽ നടക്കുന്നു. പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.

- സ്വഭാവ രൂപീകരണം, വൈകാരികവും സാമൂഹ്യവും മറ്റുമായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളുടെ കഴിവ് വികസനവും ഇടപെടലുകളും
- സ്മാർട്ട് 40 - ജീവിത നൈപുണ്യ പരിപാടി
- ORC പ്രൊജക്ടുകൾ നടപ്പിലാക്കുന്ന സ്കൂളുകളിൽ സ്മാർട്ട്-40 തുടർ ക്യാമ്പുകൾ
- എല്ലാ ജില്ലകളിലും ഒ.ആർ.സി, ഡി.ആർ.സി എന്നിവ സ്ഥാപിക്കൽ
- ഡി.ആർ.സിയിലെ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സൈക്കോളജിസ്റ്റുകൾക്കും സൈക്യാട്രിസ്റ്റുകൾക്കും ഓണറേറിയം
- നൂതന പരിപാടികൾ, സാമൂഹ്യാധിഷ്ഠിത ഇടപെടലുകൾ, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിലെയും പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലെയും കുട്ടികളുടെ സമഗ്രമായ വികസനത്തിന് തുടർച്ചയായുള്ള ഇടപെടലുകൾ, മറ്റു ക്യാമ്പയിനുകളും പരിപാടികളും
- ഐ.ഇ.സി പ്രവർത്തനങ്ങൾ
- നിരീക്ഷണവും മൂല്യനിർണ്ണയ പരിപാടിയും
- ഗവേഷണവും പഠനവും
- സ്കൂൾ കൗൺസിലർ ഉള്ള എല്ലാ സ്കൂളുകളിലും ORC പ്രോജക്ട് നല്ലരീതിയിൽ നടപ്പിലാക്കുകയും UP വിഭാഗത്തിലേക്ക് ORC യുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുക.
- ഭരണ നിർവഹണ ചെലവുകൾ
- സി.സി.ഐകളിൽ സ്മാർട്ട് 1 ക്യാമ്പുകളും തുടർ ക്യാമ്പുകളും
- കുട്ടികളുടെ കലോൽസവം
- കുട്ടികളുടെ ദുരിതങ്ങൾ ലഘൂകരിക്കുന്നതിനായി സംസ്ഥാനതലത്തിൽ കൂടിയാലോചനകൾ നടത്തുക, മോഡ്യൂൾ വികസനം, പരിശീലകർക്കുള്ള പരിശീലനം, സ്റ്റേക്ക് ഹോൾഡർമാരുടെയും കുട്ടികളുടെയും കഴിവ് വർദ്ധിപ്പിക്കൽ
- കുട്ടികൾക്കുള്ള ശാരീരികവും മാനസികാരോഗ്യപരവുമായ വിനോദ പ്രവർത്തനങ്ങൾ

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 500.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**കാവൽ, കരുതൽ, ശരണബാല്യം, ഭദ്രം, മാർഗ്ഗജ്യോതി**

**കാവൽ:-നിയമ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് സൈക്കോ സോഷ്യൽ കെയർ**

നിയമ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് കേരള സർക്കാർ ബാഗ്ലൂരിലെ നിംഹാൻസ് സ്ഥാപനവുമായി ചേർന്ന് ആരംഭിച്ച പരിപാടിയാണിത്. ഇത്തരം കുട്ടികളെ പുനരധിവസിപ്പിക്കാനും, പുനഃസംയോജിപ്പിക്കാനുമുള്ള ഒരു സമ്പ്രദായമാണിത്. നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.

- ഭവന സന്ദർശനം, മാനസികാരോഗ്യ അവലോകനം
- നിയമ പ്രശ്നങ്ങളുള്ള കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പെരന്റ് മാനേജ്മെന്റ് പ്രോഗ്രാം
- കുട്ടികൾക്ക് വ്യക്തിഗത കൗൺസിലിംഗ്
- നിയമ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസം.
- ദീർഘകാല സംരക്ഷണം ആവശ്യമായ കുട്ടികൾക്ക് തുടർച്ചയായ മാനസിക സാമൂഹിക പരിചരണം

**കാവൽ പ്ലസ് :-** (സുരക്ഷിതത്വവും സംരക്ഷണവും ആവശ്യമായ കുട്ടികൾക്ക് സാമൂഹ്യാധിഷ്ഠിത പുനരധിവാസം) :- ശാരീരിക - മാനസിക - സാമൂഹിക സംരക്ഷണം നൽകുന്നതിലൂടെ സുരക്ഷയും സംരക്ഷണവും ആവശ്യമായ കുട്ടികളും പോക്സോ ഇരകളും ദുരിതാവസ്ഥയിലുള്ള മറ്റ് കുട്ടികളും നിയമ പ്രശ്നങ്ങളിൽപ്പെടുന്നില്ലെന്ന് ഉറപ്പ് വരുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**നിനവ് :-** ആത്മഹത്യാ പ്രതിരോധ സെല്ലിന് കീഴിലുള്ള ആത്മഹത്യാ പ്രതിരോധ പരിപാടിയാണ് "നിനവ്". ശാസ്ത്രീയ പഠനങ്ങൾ, ഗവേഷണങ്ങൾ, പരിശീലനങ്ങൾ എന്നിവ നടത്താനും, കുട്ടികൾക്കിടയിൽ മെച്ചപ്പെട്ട മാനസികാരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം പ്രചരിപ്പിക്കാനും ലക്ഷ്യമിട്ടുള്ളതാണ് ആത്മഹത്യാ പ്രതിരോധ സെൽ.

**ജെ.ജെ ആക്ടിന്റെ കീഴിൽ വരുന്ന കുട്ടികളുടെ അനന്തര ശുശ്രൂഷാ പിന്തുണ:-** നിയമ പ്രശ്നങ്ങളുള്ള കുട്ടികൾക്കും, സുരക്ഷിതത്വവും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കും, വിഷമകരമായ സാഹചര്യങ്ങളിൽ ഉള്ള 18 വയസ്സ് പ്രായമായ കുട്ടികൾക്കും ധനസഹായം നൽകുന്നതിനും, അവരെ സമൂഹത്തിലേക്ക് പുനഃസംയോജിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

**ശരണബാല്യം** :-ബാലവേല, ബാല ഭിക്ഷാടനം, മനുഷ്യ കടത്ത്, തെരുവിൽ അലയുന്ന കുട്ടികൾ എന്നിവയിൽ നിന്നും മുക്തമായ സംസ്ഥാനമാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എല്ലാ ജില്ലകളിലും നടപ്പാക്കിവരുന്ന പരിപാടി ഈ വർഷവും തുടരാൻ ഉദ്ദേശിക്കുന്നു.

**മാർഗ്ഗ ജ്യോതി:- താഴെപറയുന്ന പ്രവർത്തനങ്ങൾ മാർഗജ്യോതിയിൽ ഉൾപ്പെടുന്നു**

- ശിശുസംരക്ഷണ കേന്ദ്രങ്ങളിലെ അന്തേവാസികളുടെ ക്ഷേമത്തിനായുള്ള നൂതന പ്രൊജക്ടുകൾ നടപ്പാക്കുക
- ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ, ജീവിത നൈപുണ്യ വിദ്യാഭ്യാസം, വിവരസാങ്കേതിക വിദ്യ, കായിക ഉപകരണങ്ങളും, അവാർഡുകളും, സ്റ്റൈപൻഡുകളും ലഭ്യമാക്കുക.
- സംസ്ഥാന, ജില്ലാതലങ്ങളിൽ കുട്ടികളുടെ ഫെസ്റ്റ് നടത്തുക
- സംസ്ഥാന സ്പോൺസർഷിപ്പ് പരിപാടികൾ- വിജ്ഞാന ദീപ്തി
- ജെ.ജെ ഹോമിലെ അന്തേവാസികൾക്ക് ധനസഹായം നൽകുക, ശൈശവ ഭിക്ഷാടനം, കുട്ടികളെ കടത്തൽ, ശൈശവ വിവാഹം എന്നിവ തടയുന്നതിനുള്ള പദ്ധതികൾ
- പെൺകുട്ടികൾക്കുള്ള ജെ ജെ ഹോമുകൾ കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുക, പ്രത്യേക ദത്തെടുക്കൽ ഏജൻസികൾ, തുറന്ന ഷെൽട്ടറുകൾ, പ്രത്യേക പരിഗണന ആവശ്യങ്ങളുള്ള കുട്ടികൾക്കുള്ള ഭവനം മുതലായവ സ്ഥാപിക്കുക
- ശിശു സൗഹൃദ കോടതികൾ സജ്ജമാക്കുക

- എൻട്രി ഹോമുകൾ, സെക്കന്റ് ലെവൽ ഹോമുകൾ എന്നിവ സ്ഥാപിക്കലും അവയുടെ പരിപാലനവും
- കുട്ടികൾക്കായി ലഹരി വിമോചന കേന്ദ്രം

**കിൻഷിപ്പ് ഫോസ്റ്റർ കെയർ & ഗ്രൂപ്പ് ഫോസ്റ്റർ കെയർ :-** കുട്ടികളുടെ രക്ഷിതാവല്ലാത്ത, എന്നാൽ കുട്ടിയുമായി കുടുംബ ബന്ധമുള്ള ബന്ധുക്കളോ, മറ്റുള്ളവരോ ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ പാർപ്പിച്ചിരിക്കുന്ന കുട്ടികൾക്ക് മുഴുവൻ സമയ പരിചരണം നൽകുന്നതിന് വേണ്ടിയാണിത്. കുട്ടികൾ സ്ഥാപനത്തിൽത്തന്നെ താമസിക്കുന്നത് കുറയ്ക്കുന്നതിനും, കുട്ടികൾക്ക് കുടുംബാന്തരീക്ഷം ലഭ്യമാക്കുന്നതിനും, അവരുടെ ബന്ധുക്കൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

**കരുതൽ സ്പർശം:** ഉത്തരവാദിത്വപരമായി കുട്ടികളെ വളർത്തുന്നതിനു പുതുതായി ആരംഭിച്ച പദ്ധതിയാണിത്. ജില്ലാതലങ്ങളിലെ കൗൺസലിംഗ് സേവനങ്ങൾ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

**പോക്സോ:** പ്രസ്തുത നിയമവും ചട്ടവും ഫലപ്രദമായി നടപ്പാക്കാത്തതിന്റെ ഭാഗമായി ലൈംഗീകാതിക്രമത്തിനിരയായ കുട്ടികൾക്ക് എല്ലാ തരത്തിലുള്ള പിന്തുണയും പുരധിവാസവും അത്യാവശ്യമാണ്. ഇവർക്ക് കേസും വിചാരണയും നടക്കുന്ന കാലയളവിൽ വിവിധ തരത്തിലുള്ള സഹായങ്ങൾ നൽകുന്നു. ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാനുദ്ദേശിക്കുന്നു.

- വിവിധ ശിശുക്ഷേമ സ്ഥാപനങ്ങളിലെ കുട്ടികളുടെ പ്രായത്തിനു അനുയോജ്യമായ പാഠ്യപദ്ധതിയും വിദ്യാഭ്യാസത്തിനുള്ള ഉപകരണങ്ങളും തയ്യാറാക്കുക, വിവിധ സ്റ്റേക്ക് ഹോൾഡേഴ്സിനുള്ള ഐ.ഇ.സി മെറ്റീരിയൽ, പുതുക്കിയ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ശിശു സംരക്ഷണ നയം വികസിപ്പിക്കുക.
- വിചാരണയുടെ വിവിധ ഘട്ടങ്ങളിൽ പരിഭാഷകരുടെ സഹായം, വിദഗ്ധർ, അദ്ധ്യാപകർ, സ്പെഷ്യൽ അദ്ധ്യാപകർ എന്നിവരുടെ സഹായം ലഭ്യമാക്കുക, കുട്ടികൾക്ക് തൊഴിൽ പരിശീലനം, പുനരധിവാസ പിന്തുണ എന്നിവ നൽകുക.
- അടിയന്തിര സാഹചര്യങ്ങളിലെ ചികിത്സാ സേവനങ്ങൾ, യാത്രാ ചെലവുകൾ, നിയമ സഹായം

**മറ്റ് പ്രവർത്തനങ്ങൾ**

- കരുതൽ, ദുരിത ബാധിതരായ കുട്ടികളുടെ ഡേറ്റ ബാങ്ക്, സ്ഥാപനേതരവൽക്കരണം
- കുട്ടികൾക്കായി കല, കായികം, വിവര സാങ്കേതിക വിദ്യ എന്നിവയുമായി ബന്ധപ്പെട്ട പരിശീലനം ഉൾപ്പെടെയുള്ള നൂതന പരിപാടികൾ
- സ്ഥാപനങ്ങൾക്കുള്ള ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങൽ
- അവാർഡുകൾ, സ്റ്റൈപന്റ്, കുട്ടികളുടെ ഫെസ്റ്റ്
- ജെ.ജെ ഹോം എല്ലാ ജില്ലയിലേക്കും വ്യാപിപ്പിക്കൽ, പ്രത്യേകമായ ദത്തെടുക്കൽ രീതികൾ ആരംഭിക്കൽ
- പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് ഹോം സ്ഥാപിക്കൽ, എൻട്രി ഹോമുകളും സെക്കന്റ് ലെവൽ ഹോമുകളും, കുട്ടികൾക്ക് ലഹരി വിമോചന കേന്ദ്രം, ജെ.ജെ ഹോം ചെലവുകൾ, ഡി സി പി.യു ഓഫീസ്, സി.ഡബ്ല്യു.സി, ജെ.ജെ.ബി, പോക്സോ കോടതികൾ എന്നിവ ശിശു സൗഹൃദമാക്കൽ
- ഐ.ഇ.സി പ്രവർത്തനങ്ങൾ, പരിശീലനം, അഡ്വക്കസിയും ബോധവൽക്കരണ പരിപാടിയും, കുട്ടികളുടെ സംരക്ഷണത്തിനായി പ്രചാരണം, മറ്റു പ്രവർത്തനങ്ങൾ, ബന്ധപ്പെട്ട വിഷയത്തിൽ ഗവേഷണം, ഡോക്യുമെന്റേഷൻ
- കാവൽ – എക്സിറ്റ് പ്ലാൻ, എൻ.ജി.ഒ കൾ മുഖേന മനുഷ്യവിഭവശേഷിയും, സൈക്കോ സോഷ്യൽ ഇടപെടലുകളും
- അമ്മത്തൊട്ടിൽ സ്ഥാപിക്കലും പരിപാലനവും
- കുട്ടികളുടെ വൾനറബിലിറ്റി മാപ്പിംഗ്
- അപകട സാധ്യതയുള്ള കുട്ടികൾക്ക് സുരക്ഷിതത്വത്തിനും പരിപോഷണത്തിനുള്ള അന്തരീക്ഷം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ
- കുട്ടികളിലെ മയക്കുമരുന്നുപയോഗവും ലഹരി ഉപയോഗവും തടയുന്നതിനായി ക്യാമ്പയിനുകളും പുനരധിവാസ സൗകര്യങ്ങളും ഏർപ്പെടുത്തുക.

- ഭേരി – കുട്ടികളുടെ സുരക്ഷ
- ICPS കളുടെ നടത്തിപ്പിനുള്ള അധിക സഹായം
- പ്രാപ്തം – 18 വയസ്സ് പൂർത്തിയാവുമ്പോൾ ശിശു സംരക്ഷണ സ്ഥാപനത്തിൽ നിന്നും പുറത്തു പോകുകയും ആഫ്റ്റർ കെയർ പ്രോഗ്രാമിൽ ഉൾപ്പെടാത്തതുമായ കുട്ടികളെ അവർ പഠിക്കുന്ന കോഴ്സ് പൂർത്തിയാകുന്നതുവരെയുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി.
- ജുവനൈൽ ജസ്റ്റിസ് സമ്പ്രദായത്തിന്റെ ചട്ടക്കൂടിന് കീഴിലുള്ള കുട്ടികളുടെ ശരിയായ പുനരധിവാസവും പിന്തുണയും ഉറപ്പുവരുത്തുന്നതിനായി വെബ് അധിഷ്ഠിത മോണിട്ടറിംഗ് മെക്കാനിസത്തിന്റെ വികസനവും പരിപാലനവും
- ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ നിരീക്ഷണത്തിലുള്ള കുട്ടികൾക്ക് ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള മാനസികപരമായ വിലയിരുത്തൽ
- ശിശു സൗഹൃദ കേരളം (ബാല സൗഹൃദ കേരളം)
- ആത്മഹത്യാ പ്രതിരോധ സെൽ : കുട്ടികൾക്കിടയിലെ ആത്മഹത്യ തടയുന്നതിനുള്ള പ്രത്യേക അടിയന്തര സഹായ പരിപാടി
- രക്ഷാകർതൃത്വം – സ്കെയിൽ അപ്പ് പ്ലാൻ
- മിഷൻ വാത്സല്യയുടെ കീഴിൽ വരാത്ത പ്രവർത്തനങ്ങൾക്കുള്ള അധിക സാമ്പത്തിക സഹായം

**ശിശുമന്ദിരങ്ങളിൽ നിന്ന് തിരിച്ചയയ്ക്കുന്ന കുട്ടികളുടെ പുനരധിവാസത്തിനായുള്ള അനന്തര ഹോമുകൾ:-**

കുടുംബമോ മറ്റ് പിന്തുണയോ ഇല്ലാതെ സ്ഥാപനത്തിലൂടെ സംരക്ഷണം ലഭിച്ച കുട്ടികൾക്ക് 18 വയസ് പ്രായമാകുന്ന മുറയ്ക്ക് സ്ഥാപനത്തിൽ നിന്നും സ്വതന്ത്ര ജീവിതം നയിക്കാൻ സാധ്യമാകുന്നതിനായി അനന്തര സംരക്ഷണ ഹോമുകൾ നടപ്പാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഈ കുട്ടികൾക്ക് അവരുടെ കഴിവിനനുസരിച്ച് നൈപുണ്യ വികസനം നൽകി പരിശീലിപ്പിക്കുകയും വകുപ്പിന്റെ കീഴിലുള്ള അനുയോജ്യമായ സ്ഥാപനങ്ങളിലും/കമ്പനികളിലും തൊഴിൽ നൽകാനും ഉദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**57. അംഗനവാടി കേന്ദ്രങ്ങളുടെ പുനരുദ്ധാരണം (40 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 50.00 ലക്ഷം രൂപ)**

സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് കെട്ടിടങ്ങൾ തകർന്ന അവസ്ഥയിലായതിനാൽ അതിന് അറ്റകുറ്റപ്പണികളും പുനരുദ്ധാരണവും ആവശ്യമാണ്. അംഗൻവാടി കേന്ദ്രങ്ങളിലെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുക എന്നതാണ് ലക്ഷ്യം. ഇതിനായി 2025-26 ബഡ്ജറ്റിൽ 50.00 ലക്ഷം രൂപ 40 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

**58. പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച അംഗനവാടികളുടെ പുനരുദ്ധാരണം**

**(വിഹിതം: 20.00 ലക്ഷം രൂപ)**

പ്രകൃതി ദുരന്തത്തിൽ നാശം സംഭവിച്ച അംഗൻവാടി കേന്ദ്രങ്ങളുടെ പുനഃനിർമ്മാണം നടത്താൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇതിനായി 2025-26 -ൽ 20.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**59. പിണറായി ഗ്രാമപഞ്ചായത്തിൽ അപെക്സ് പരിശീലന കേന്ദ്രം സ്ഥാപിക്കൽ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഐ.സി.ഡി.എസ് പദ്ധതിയും, അനുബന്ധ പദ്ധതികളും കൃത്യമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഐസിഡിഎസ് പ്രവർത്തകർക്കും ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്കും പരിശീലനം നൽകുന്നതിനും, അതുമായി ബന്ധപ്പെട്ട വർക്ക്ഷോപ്പുകൾ, മീറ്റിംഗുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനുമായി പിണറായിയിലെ പരിശീലന കേന്ദ്രം അപെക്സ് ട്രെയിനിംഗ് സെന്ററായി മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. സംസ്ഥാനതലത്തിലുള്ള അപക്സ് പരിശീലന കേന്ദ്രവും, ബാലഭവനും സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഒരേ സമയം ഒന്നിൽ കൂടുതൽ പരിശീലന പരിപാടികൾ നടത്തുക, മെച്ചപ്പെട്ട സേവനങ്ങൾ, കഴിവു വർദ്ധിപ്പിക്കൽ, പാഠ്യപദ്ധതിക്ക് പുറമെയുള്ള പ്രവൃത്തികളിൽ കുട്ടികൾക്ക് പരിശീലനം നൽകൽ, ഉയർന്ന ഉദ്യോഗസ്ഥർക്കുള്ള

പരിശീലനവും, എല്ലാ വിഭാഗത്തിലുമുള്ള പരിശീലകർക്കുള്ള പരിശീലനവും നൽകൽ എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

ഈ പദ്ധതിക്കായി 2025-26 -ൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 60. എന്റെ കൂട്

**(വിഹിതം: 60.00 ലക്ഷം രൂപ)**

തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ 'എന്റെ കൂട്' പദ്ധതി പ്രവർത്തിക്കുന്നു. നഗരത്തിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും (12വയസ്സിൽ താഴെയുള്ള ആൺ കുട്ടികൾ) രാത്രിയിൽ സൗജന്യമായി അഭയം നൽകുന്നതിനായുള്ള പദ്ധതിയാണിത്. അഗതികളായ സ്ത്രീകൾക്ക് മുൻഗണന നൽകുന്നു. രാത്രി 8 മണിവരെ വരുന്നവർക്ക് സൗജന്യ ഭക്ഷണം നൽകുന്നു. 2025-26 ൽ പദ്ധതി മറ്റ് ജില്ലകളിലും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-26 -ൽ 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 61. വനിതകൾക്ക് നൈപുണ്യ വികസന പരിശീലനവും തൊഴിലും

**(വിഹിതം: 1.00 ലക്ഷം രൂപ)**

രാജ്യത്ത് സുസ്ഥിര വികസനം കൈവരിക്കുന്നതിന് നമ്മുടെ സമൂഹത്തിൽ വനിതാ ശാക്തീകരണവും ലിംഗപദവി സമത്വവും അത്യന്താപേക്ഷിതമാണ്. നൈപുണ്യ വികസനത്തിലൂടെയും ഗുണപരമായ വിദ്യാഭ്യാസത്തിലൂടെയും സ്ത്രീകളെയും കുട്ടികളെയും ശാക്തീകരിക്കേണ്ടതാണ്. നൈപുണ്യത്തിലുള്ള കുറവ് പരിഹരിക്കുന്നതിന് ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാനുദ്ദേശിക്കുന്നു.

- സ്ത്രീകളുടെ നൈപുണ്യത്തിലുള്ള കുറവ് പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും മഹിളാ ശക്തികേന്ദ്രവുമായി സംയോജിപ്പിച്ചുകൊണ്ട് നൈപുണ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക
- സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലെയും മറ്റു നൈപുണ്യ ഏജൻസികളുമായി (കെ ഡിസ്ക്, കെയ്സ്, കുടുംബശ്രീ) സഹകരിക്കുക
- വ്യവസായ വകുപ്പും കിൻഫ്രയുമായി സംയോജിച്ച് സ്ത്രീകൾക്കായി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക
- ഈ മേഖലയിലുള്ള മറ്റു ഏജൻസികളുമായി സഹകരിച്ചു സ്ത്രീകൾക്കായി തൊഴിൽ മേള സംഘടിപ്പിക്കുക
- മറ്റു സർക്കാർ വകുപ്പുകളും ഏജൻസികളുമായി സഹകരിച്ച് വനിതാ തൊഴിൽ പോർട്ടൽ വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക.

പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-26 -ൽ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 62. ഫെയർ ഫുഡ് - അംഗനവാടികളിലെ മെനുവിൽ മുട്ടയും പാലും ഉൾപ്പെടുത്തുക

**(വിഹിതം: 8000.00 ലക്ഷം രൂപ)**

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം വളരെ ആശങ്കയുണ്ടാക്കുന്നു. വളർച്ച മുരടിച്ച കുട്ടികളുടെ എണ്ണം 23.4 ശതമാനമായും, ഭാരക്കുറവുള്ള കുട്ടികളുടേത് 19.7 ശതമാനമായും ഉയർന്നുവെന്നാണ് NFHS-5 ഡാറ്റ പ്രകാരമുള്ള കുട്ടികളുടെ പോഷകാഹാര നിലവാരം സൂചിപ്പിക്കുന്നത്. ഈ പോരായ്മകൾ പരിഹരിക്കുന്നതിനും, സുസ്ഥിര വികസന ലക്ഷ്യമായ "നോ ഹങ്കർ" കൈവരിക്കുന്നതിനും, മുട്ടയും പാലും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

പദ്ധതിയുടെ നടത്തിപ്പിനായി 2025-26 ബജറ്റിൽ 8000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 63. കോവിഡ്-19 മഹാമാരി മൂലം അനാഥരായ കുട്ടികൾക്ക് സഹായം

**(വിഹിതം: 59.89 ലക്ഷം രൂപ)**

കൊവിഡ്-19 മൂലം മാതാപിതാക്കളിൽ ഒരാളെയോ, അല്ലെങ്കിൽ ഇരുവരെയും നഷ്ടപ്പെട്ട കുട്ടികളെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ സമഗ്രമായ പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. പുനരധിവാസ പാക്കേജിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു - (1) കുട്ടിയുടെ പേരിൽ 3.00 ലക്ഷം രൂപ നിക്ഷേപിക്കുന്നതാണ് (2) ഓരോ കുട്ടിക്കും 18 വയസ്സ് തികയുന്നതുവരെ പ്രതിമാസം 2000 രൂപ അനുവദിക്കുന്നതാണ് (3) മറ്റേതെങ്കിലും അടിയന്തര സഹായം ആവശ്യമായി വരുന്ന ഘട്ടങ്ങളിലും പദ്ധതി തുടരുന്നതിനുള്ള പ്രവർത്തനങ്ങൾ.

പദ്ധതിയുടെ നടത്തിപ്പിനായി 2025-26 ബജറ്റിൽ 59.89 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 64. ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോം നിർമ്മാണം

**(വിഹിതം: 300.00 ലക്ഷം രൂപ)**

സംരക്ഷണം ആവശ്യമുള്ള കുട്ടികൾക്ക് ഇടുക്കി ജില്ലയിൽ നിലവിൽ കെയർ ഹോം ഇല്ല. ദുരിതത്തിലായ കുട്ടികളെ സമീപ ജില്ലകളിലെ കെയർ ഹോമുകളിലേക്ക് അയക്കുന്നു. അതിനാൽ, ഇടുക്കി ജില്ലയിൽ പുതിയ ചിൽഡ്രൻസ് കെയർ ഹോം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ നിർദ്ദേശിക്കുന്നു.

പദ്ധതിയുടെ നടത്തിപ്പിനായി 2025-26 ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 65. സ്ത്രീ ശാക്തീകരണത്തിനുള്ള ഹബ് (40% സംസ്ഥാന വിഹിതം)

**(വിഹിതം: 150.00 ലക്ഷം രൂപ)**

സ്ത്രീ ശാക്തീകരണം സുസ്ഥിരമായ ഇടപെടലുകൾ ആവശ്യമായ ഒരു ദീർഘകാല പ്രക്രിയയാണ്. കേന്ദ്ര, സംസ്ഥാന, ജില്ലാ തലങ്ങളിൽ സ്ത്രീകൾക്ക് വേണ്ടിയുള്ള പദ്ധതികളുടെയും പരിപാടികളുടെയും അന്തർ-മേഖലാ സംയോജനം സുഗമമാക്കുന്നതിന്, സ്ത്രീകൾക്ക് അവരുടെ മുഴുവൻ കഴിവുകളും തിരിച്ചറിയുന്നതിനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ സഹായിക്കുക എന്നതാണ് സ്ത്രീ ശാക്തീകരണ ഹബ് ലക്ഷ്യമിടുന്നത്. സ്ത്രീകൾക്കായുള്ള സംസ്ഥാനതല പ്രവർത്തനങ്ങളിലെ കുറവുകൾ പരിഹരിക്കുന്നതിനും സ്ത്രീകൾക്ക് സർക്കാർ പദ്ധതികളുടെ പ്രാപ്യതയും വിനിയോഗവും മെച്ചപ്പെടുത്തി സാമൂഹിക മാറ്റത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ച് സ്ത്രീകളുടെ സമഗ്ര ശാക്തീകരണം പ്രോത്സാഹിപ്പിക്കുന്ന പ്രക്രിയകൾ ശക്തിപ്പെടുത്തുന്നതിലൂടെ ഇന്റർ ഡിപ്പാർട്ട്മെന്റ്, ഇന്റർ സെക്ടറൽ സംയോജനം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സിഎസ്എസ് പദ്ധതിയിൽ വനിതാശാക്തീകരണത്തിനായുള്ള ഹബ്ബ് എന്ന പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും അതിനായി സംസ്ഥാന വിഹിതം നൽകുന്നതിനുമാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 66. സഖി നിവാസ് (40% സംസ്ഥാന വിഹിതം)

**(വിഹിതം: 300.00 ലക്ഷം രൂപ)**

ജോലി ചെയ്യുന്ന സ്ത്രീകൾ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ട് മനസ്സിലാക്കി ഇന്ത്യൻ ഗവൺമെന്റ് 1972-73-ൽ ഒരു പദ്ധതി അവതരിപ്പിച്ചു. നഗരങ്ങളിലും ചെറിയ പട്ടണങ്ങളിലും തൊഴിലവസരങ്ങളുള്ള ഗ്രാമപ്രദേശങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിനായി പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും നിലവിലുള്ള കെട്ടിടങ്ങളുടെ വിപുലീകരണത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ചു. 2017-ൽ ഈ പദ്ധതി പരിഷ്ക്കരിച്ചു. എന്നിരുന്നാലും, മൂല്യനിർണ്ണയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ, ജോലി ചെയ്യുന്ന സ്ത്രീകൾക്കും ഉന്നത വിദ്യാഭ്യാസത്തിനോ പരിശീലനത്തിനോ വീട്ടിൽ നിന്നും മാറി നിൽകേണ്ടി വരുന്ന സ്ത്രീകൾക്കും സുരക്ഷിതവും സൗകര്യപ്രദവുമായ താമസ സൗകര്യം പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിലുള്ള പദ്ധതി പരിഷ്കരിച്ച് 'സഖി നിവാസ്' പദ്ധതി ആവിഷ്കരിച്ചു. സഖി നിവാസ് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും അതിനായി സംസ്ഥാന വിഹിതം നൽകുന്നതിനുമാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 67. ശിശു സൗഹൃദ ടോയ്ലറ്റുകളുടെ നിർമ്മാണം (60:40)

**(വിഹിതം: 0.40 ലക്ഷം രൂപ)**

അംഗൻവാടി കേന്ദ്രങ്ങളിൽ ശിശു സൗഹൃദ ടോയ്ലറ്റുകൾ നിർമ്മിക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു. കുട്ടികൾക്ക് അവരുടെ ചെറുപ്പകാലം മുതൽ തന്നെ ടോയ്ലറ്റ് ഉപയോഗിക്കുന്നതിനുള്ള ആരോഗ്യപരമായ ശീലം പ്രോത്സാഹിപ്പിക്കുന്നതിനും അവർക്കാവശ്യമായ മെച്ചപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ നൽകുന്നതിനും പദ്ധതി ഉദ്ദേശിക്കുന്നു.

2025-26 ൽ 0.40 ലക്ഷം രൂപ അംഗൻവാടികളിലെ ശിശു സൗഹൃദ ടോയ്ലറ്റുകളുടെ നിർമ്മാണത്തിനായി വകയിരുത്തുന്നു.

**68. വനിതാ ശിശു വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി സർക്കാർ എൻ.ജി.ഒ കൂട്ടുകെട്ട്**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ഗാർഹിക പീഡനങ്ങൾക്കും ലൈംഗീകാതിക്രമങ്ങൾക്കും ഇരയായിട്ടുള്ള സ്ത്രീകൾ, പെൺകുട്ടികൾ, കുട്ടികൾ എന്നിവരുടെയും, പരിഗണനയും നിയമ സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെയും, നിയമ പ്രശ്നങ്ങൾ ഉള്ള കുട്ടികളുടെയും പരിചരണത്തിനായി വനിതാശിശു വികസനവകുപ്പ് വളരെയധികം ക്ഷേമസ്ഥാപനങ്ങൾ നടത്തുകയും അവയുടെ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. ഈ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പലപ്പോഴും വിവിധ തരത്തിലുള്ള പ്രശ്നങ്ങളുണ്ട്. ഈ രംഗത്ത് സർക്കാർ എടുത്തുപറയത്തക്ക സേവനങ്ങൾ നൽകിവരുന്നു. ക്ഷേമസ്ഥാപനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ ആവശ്യത്തിനില്ലാത്തതിനാൽ സർക്കാരും പൊതുസമൂഹവും തമ്മിലുള്ള കുറ്റമറ്റ സംയോജനത്തിനും സുതാര്യർഹമായ കൂട്ടുകെട്ടിനും സർക്കാർ ഇതര സംഘടനകൾ മുഖേന ക്ഷേമസ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. പ്രസ്തുത തുക NGO മുഖേന സ്ഥാപനങ്ങൾ നടത്തുന്നതിനോ JJ ആക്ടിനുകീഴിലുള്ള NGO ഹോമുകൾക്ക് ഗ്രാന്റ് നൽകുന്നതിനോ വിനിയോഗിക്കാവുന്നതാണ്. ദുരിതങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സാമൂഹ്യാധിഷ്ഠിത സേവനങ്ങൾ നൽകുന്നതിനും, സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഗവേഷണവും ഡോക്യുമെന്റേഷനും നടത്തുന്നതിനും, സ്ത്രീകൾക്കും കുട്ടികൾക്കും JJ ആക്ട് പ്രകാരം സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനും, എൻജിഒകളുടെ എംപാനലിംഗിനും അവിവാഹിതരായ അമ്മമാർക്കുമായി പുതിയ ഹോമുകൾ ആരംഭിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

2025-26 ൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും എന്ന് പ്രതീക്ഷിക്കുന്നു.

**69. അംഗൻവാടി കേന്ദ്രങ്ങളിൽ കുടിവെള്ള സൗകര്യം നൽകുക (60:40)**

**(വിഹിതം: 0.40 ലക്ഷം രൂപ)**

അംഗൻവാടിയിലെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന്റെ ഭാഗമായി അംഗൻവാടി കേന്ദ്രങ്ങളിൽ കുടിക്കുന്നതിനും പാചകം ചെയ്യുന്നതിനുമായി ആവശ്യാനുസരണം കുടിവെള്ളം നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

2025-26 ൽ അംഗൻവാടി കേന്ദ്രങ്ങളിൽ കുടിവെള്ളം നൽകുന്നതിനായി 0.40 ലക്ഷം രൂപ വകയിരുത്തുന്നു.

**70. മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് പ്രകാരം തൊഴിലിടങ്ങളിൽ ക്രഷുകൾ സ്ഥാപിക്കൽ**

**(വിഹിതം: 250.10 ലക്ഷം രൂപ)**

കേരളത്തിലെ നഗര പ്രദേശങ്ങളിൽ (മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ) അംഗനവാടി സെന്ററുകൾ അടുത്തടുത്തായാണ് കാണപ്പെടുന്നത്. ഇവിടെ, അംഗനവാടികളുടെ പരിധിയിൽ വരുന്ന പ്രദേശം വളരെ പരിമിതമാണ്, കൂടാതെ ഗുണഭോക്താക്കൾ ഈ അംഗനവാടികളിൽ നിന്ന് വളരെ അകലെയുമല്ല. ഈ സാഹചര്യത്തിൽ പ്രസ്തുത അംഗനവാടികളെ സംയോജിപ്പിച്ചുകൊണ്ട് രാവിലെ 7 മണി മുതൽ വൈകുന്നേരം 6 മണി വരെ ഷിഫ്റ്റുകളായി പ്രവർത്തിക്കുന്ന അംഗനവാടി കേന്ദ്രമായി മാറ്റാൻ ഉദ്ദേശിക്കുന്നു. ഈ അംഗനവാടി കേന്ദ്രത്തിലെ ജീവനക്കാരെ സംയോജിത അംഗനവാടികേന്ദ്രത്തിലേക്ക് നിയോഗിക്കുന്നതും അവർക്ക് ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യാവുന്നതുമാണ്. നാഷണൽ ക്രഷ് സ്കീമിലുൾപ്പെടുന്ന ക്രഷുകളും ഇതേ രീതിയിൽ അംഗനവാടികളുമായി സംയോജിപ്പിക്കാവുന്നതാണ്. 3 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ക്രഷ് ആയും, 3 മുതൽ 6 വയസ്സ വരെയുള്ള കുട്ടികൾക്ക് പ്രീ-സ്കൂൾ ആയും, കൗമാരക്കാരായ പെൺകുട്ടികൾക്ക് സ്കൂൾ സമയം കഴിഞ്ഞ് ഒരു സുരക്ഷിത കേന്ദ്രമായും ഈ അംഗനവാടി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതാണ്. ക്രഷിന്റെ പ്രവർത്തനത്തിനായി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ക്രഷിലെ കുട്ടികളുടെ പോഷക ആവശ്യങ്ങൾക്കും തുക വകയിരുത്തേണ്ടതുണ്ട്. പകൽസമയം വീടുകളിൽ നിന്നും മാറി നിൽക്കേണ്ടിവരുന്ന പരിചരണം ആവശ്യമുള്ള 6 വയസ്സുവരെയുള്ള കുട്ടികൾക്ക് കൂട്ടായിട്ടുള്ള പരിചരണം, മാർഗ്ഗനിർദ്ദേശം, മേൽനോട്ടം എന്നിവ നൽകുന്നതിനായി ഈ പദ്ധതി ലക്ഷ്യമിടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയോ വനിതാശിശു വികസന വകുപ്പ് മുഖേനയോ മെറ്റേണിറ്റി ബനിഫിറ്റ് ആക്ട് പ്രകാരം ക്രഷുകൾ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു.

അംഗൻവാടി കേന്ദ്രങ്ങളെയും ക്രഷുകളെയും സമന്വയിപ്പിക്കുവാനുള്ള ഭരണചെലവുകൾ, നാഷണൽ ക്രഷ് പദ്ധതിയിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കുമുള്ള ഓണറേറിയം,

പ്രവർത്തനരഹിതമായ ക്രഷുകളുടെ പുനസ്ഥാപനം, യോഗങ്ങൾ, പരിശീലനങ്ങൾ എന്നിവ നടത്തുക അംഗൻവാടി കം ക്രഷുകളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും ഇൻസെന്റീവുകൾ നൽകൽ, മൊബൈൽ ക്രഷുകൾ സ്ഥാപിക്കൽ, മൊബൈൽ ക്രഷുമായി ബന്ധപ്പെട്ട കുടിശ്ശിക തുക നൽകൽ എന്നിവ പദ്ധതി പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

2025-26 – ൽ പദ്ധതി നടത്തിപ്പിനായി 250.10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**71. ക്യാപിറ്റൽ അസറ്റുകളുടെ രൂപീകരണം - ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവ ഉൾപ്പെടെയുള്ള ശിശുക്ഷേമ സ്ഥാപനങ്ങളുടെ നിർമ്മാണം 60:40**

**(വിഹിതം: 0.04 ലക്ഷം രൂപ)**

ശിശു ക്ഷേമ സ്ഥാപനങ്ങളിലും (CCIS) ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലും (JJB) ശിശുക്ഷേമ കമ്മിറ്റികളിലും (CWC) ക്യാപിറ്റൽ അസറ്റുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. അനാഥരായതോ, ഉപേക്ഷിക്കപ്പെട്ടതോ സംരക്ഷണം ആവശ്യമുള്ളതോ ആയ കുട്ടികളെ പരിപോഷിപ്പിക്കുന്നതിനുള്ള സാഹചര്യം നൽകുന്നതിനായിട്ടുമാണ് ശിശുക്ഷേമ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. കുട്ടികളുടെ ശാരീരികമായും വൈകാരികമായും വിദ്യാഭ്യാസപരവുമായ ആവശ്യങ്ങൾക്ക് ഊന്നൽ നൽകികൊണ്ട് അവർക്ക് വളരുന്നതിനും പഠിക്കുന്നതിനും ഈ സ്ഥാപനങ്ങൾ പിന്തുണ നൽകുന്നു. നിയമപരമായി കുറ്റകൃത്യം നടത്തിയ കുട്ടികൾക്ക് ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ പുനരധിവാസം നൽകുന്നു. പുനരധിവാസ പരിപാടികൾ, വിദ്യാഭ്യാസം, നൈപുണ്യവികസന പ്രവർത്തനങ്ങൾ എന്നിവയിലൂടെ കുട്ടികളെ നേർവഴിക്ക് നടത്തുന്നതിനും അവരെ സമൂഹത്തിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിനും ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ മുൻതൂക്കം നൽകുന്നു. പരിചരണം, സംരക്ഷണം, പുനരധിവാസം എന്നിവ ആവശ്യമായി വരുന്ന കുട്ടികൾക്ക് ജില്ലാതലത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനുള്ള ഒരു അർദ്ധ ജുഡീഷ്യൽ അതോറിറ്റിയായി പ്രവർത്തിക്കുന്ന ഒരു നിയമപരമായ സംവിധാനമാണ് ശിശുക്ഷേമ കമ്മിറ്റി.

കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ച് നിഷ്കർഷിച്ചിരുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ൽ 0.04 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**72. ശക്തിസദൻ 60:40**

**(വിഹിതം: 50.00 ലക്ഷം രൂപ)**

2016-17 ൽ സ്വാധാർ ഗ്രേഹ്, ഉജ്ജ്വല ഹോമുകൾ എന്നീ പദ്ധതികൾ കേന്ദ്രഗവൺമെന്റ് ആരംഭിച്ചു. 2022 ജൂലൈ 17 ലെ കേന്ദ്രസർക്കാരിന്റെ 'മിഷൻ ശക്തി' മാർഗ്ഗരേഖ പ്രകാരം പ്രസ്തുത പദ്ധതികളെ സമന്വയിപ്പിച്ചുകൊണ്ട് ശക്തിസദൻ എന്ന പദ്ധതിയാക്കി മാറ്റി. 18 വയസ്സിനുമുകളിൽ പ്രായമുള്ള സാമൂഹിക, സാമ്പത്തിക പിന്തുണയില്ലാത്ത ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, മറ്റ് പിന്തുണകൾ ഒന്നുമില്ലാത്ത ജയിൽമോചിതരായ സ്ത്രീകൾ, പ്രകൃതിദുരന്തങ്ങളെ അതിജീവിച്ചവർ, ഗാർഹിക പീഡനം/വൈവാഹിക തർക്കങ്ങൾ എന്നിവയ്ക്ക് ഇരയായവർ/ജീവിതചെലവിന് ഒരു ഉപാധിയും ഇല്ലാത്തവർ, കടത്തിക്കൊണ്ടുപോയ സ്ത്രീകൾ/അനാശാസ്യ പ്രവർത്തനങ്ങൾ നടത്തുന്ന ഇടങ്ങളിൽ നിന്നോ മറ്റിടങ്ങളിൽ നിന്നോ ചൂഷണത്തിനിരയായ സ്ത്രീകൾ/സാമൂഹിക, സാമ്പത്തിക പിന്തുണ ലഭിക്കാത്ത HIV/AIDS ബാധിതരായവർ എന്നിവർക്ക് ഈ പദ്ധതിയിലൂടെ ആനുകൂല്യങ്ങൾ ലഭിക്കുന്നു.

പുനരധിവാസം, അടിസ്ഥാന സൗകര്യങ്ങൾ/ആവശ്യങ്ങളായ പാർപ്പിടം, ഭക്ഷണം, വസ്ത്രം, വൈദ്യചികിത്സ, കൗൺസലിംഗ്, നിയമസഹായം, ഗൈഡൻസ്, തൊഴിലധിഷ്ഠിത പരിശീലനം, കുടുംബം/സമൂഹവുമായി പുനക്രമീകരിച്ച് പോകുന്നതിന് സഹായം, സാമുഹിക സോഷ്യൽ മൊബിലൈ സേഷനുകളിലൂടെയും പ്രദേശവാസികളുമായുള്ള ഇടപെടലുകളിലൂടെയും കടത്തികൊണ്ടു പോകൽ തടയുക, പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ, ശില്പശാലകൾ, സെമിനാറുകൾ, നൂതനാശയ പ്രവർത്തനങ്ങൾ, എന്നിവ നടത്തുക, ചൂഷണത്തിനിരയായ സ്ത്രീകളെ പ്രസ്തുത സ്ഥലത്തുനിന്നും, സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കൽ. അതിർത്തികടന്നുള്ള ഇരകളെ സ്വദേശത്തേയ്ക്ക് മാറ്റുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പാടു ചെയ്യുക എന്നിവയ്ക്ക് പദ്ധതി സഹായം നൽകുന്നു.

കേന്ദ്രസർക്കാരിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് 50.00 ലക്ഷം രൂപ 2025-26 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

### 73. സ്ഥാപനേതര പരിചരണ സ്പോൺസർഷിപ്പ്/സ്പോൺസർഷിപ്പ്/ആഫ്റ്റർകെയർ സ്പോൺസർഷിപ്പ് 60:40

**(വിഹിതം: 50.00 ലക്ഷം രൂപ)**

ജുവനൈൽ ജസ്റ്റിസ് നിയമത്തിനു കീഴിലുള്ള കുട്ടികളുടെ സംരക്ഷണത്തിന്റെയും പരിചരണത്തിന്റെയും മാർഗ്ഗനിർദ്ദേശകതത്വങ്ങളിലൊന്ന്, അവസാനത്തെ ആശ്രയമെന്ന നിലയിൽ കുട്ടിയെ സ്ഥാപന സംരക്ഷണത്തിൽ ഉൾപ്പെടുത്തുമെന്നതാണ്. 2015 ലെ ജുവനൈൽ ജസ്റ്റിസ് നിയമവും (കുട്ടികളുടെ സംരക്ഷണവും പ്രതിരോധവും) അതിന്റെ കീഴിൽ രൂപീകരിച്ച മാതൃകാചട്ടങ്ങളും കുട്ടികളുടെ പുനരധിവാസത്തിൽ സ്ഥാപനനേതരപരിചരണത്തിന് മുൻഗണന നൽകുന്നു. സ്പോൺസർഷിപ്പ്, ഫോസ്റ്റർ കേയർ, ദത്തെടുക്കൽ, കുടുംബാധിഷ്ഠിതവും സാമൂഹ്യാധിഷ്ഠിതവുമായ പരിചരണമാർഗ്ഗങ്ങൾ എന്നിവയിലൂടെയാണ് ഇത് സാധ്യമാകുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2025-26 ൽ- 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 74. സ്വച്ഛതാ ആക്ഷൻപ്ലാൻ ഐ.സി.പി.എസ്സ് 60:40

**(വിഹിതം: 9.00 ലക്ഷം രൂപ)**

ശിശുസ്ഥാപനങ്ങളിലെ കുട്ടികൾക്കും ജീവനക്കാർക്കുമിടയിൽ വ്യക്തിശുചിത്വം ഉറപ്പാക്കുകയാണ് സ്വച്ഛതാ ആക്ഷൻപ്ലാൻ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. സ്വച്ഛതാ ആക്ഷൻ പ്ലാൻ പദ്ധതി മിഷൻ വാത്സല്യ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുന്നു. പദ്ധതിയിൽ താഴെപറയുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

- നഖങ്ങൾ വൃത്തിയാക്കൽ, കൈ കഴുകൽ, വാർഡ്രോബുകൾ വൃത്തിയാക്കൽ തുടങ്ങിയ വ്യക്തിഗത ശുചിത്വപ്രവർത്തനങ്ങൾ.
- ശരിയായ ശുചീകരണം ഉറപ്പാക്കുക.
- പരിസരങ്ങളിൽ പുകയിടൽ, ശുദ്ധമായ കുടിവെള്ളം നൽകുക, കുടിവെള്ള ടാങ്കുകൾ വൃത്തിയാക്കുക.
- ശിശുക്ഷേമ സ്ഥാപനങ്ങളുടെ ശുചിമുറികളിൽ സാനിറ്റൈസർ, സോപ്പ്, വെള്ളം എന്നിവയുടെ തുടർച്ചയായ വിതരണം ഉറപ്പാക്കൽ.
- വെള്ളം, ശുചിത്വം എന്നിവയെക്കുറിച്ച് ഓറിയന്റേഷൻ പരിപാടികൾ
- ചുമർചിത്രങ്ങളിലൂടെയും വെബ്സൈറ്റിലൂടെയും ശുചിത്വത്തിന്റെ പ്രാധാന്യം കാണിക്കുക.
- പാഴ്‌വസ്തുക്കളിൽനിന്നും കുട്ടികൾ കരകൗശല വസ്തുക്കൾ നിർമ്മിക്കുക.
- ശിശു സൗഹൃദവും ഉപയോഗപ്രദവുമായ ടോയ്‌ലറ്റുകൾ മതിയായ എണ്ണം നിർമ്മിക്കുക
- പോഷകസമൃദ്ധമായ അടുക്കളത്തോട്ടങ്ങൾ വികസിപ്പിക്കുക
- CCI കളിൽ പ്ലാന്റേഷൻ ഡ്രൈവ് നടത്തുക
- CCI ലെ കുട്ടികൾക്കും ജീവനക്കാർക്കുമിടയിൽ ആരോഗ്യം, ശുചിത്വം, വൃത്തി എന്നിവ സംബന്ധിച്ച ഗ്രൂപ്പ് ചർച്ച.
- ഓഫീസുകളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിരുത്സാഹപ്പെടുത്തുകയും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒഴിവാക്കുകയും ചെയ്യുക
- മുറികൾ, ടോയ്‌ലെറ്റുകൾ, ഭക്ഷണം, വസ്തുങ്ങൾ എന്നിവയുടെ ശുചിത്വത്തെ കുറിച്ച് കുട്ടികളുടെ സമിതി പരിശോധന നടത്തുക.
- പാചക വാതകത്തിന് ഊർജ്ജം ഉല്പാദിപ്പിക്കുന്നതിന് പാഴ്വസ്തുക്കളുടെ ഉപയോഗം
- വെബിനാറുകൾ, ശില്പശാലകൾ, ചലച്ചിത്ര പ്രദർശനം, ആരോഗ്യ, ശുചിത്വം എന്നിവയെക്കുറിച്ചുള്ള കവിതാമത്സരം, വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും ബോധവല്ക്കരണ പരിപാടികൾ നടത്തുന്നതിനും സോഷ്യൽ മീഡിയ ഉപയോഗിക്കുന്നതിനായി മീറ്റിംഗുകൾ എന്നിവ സംഘടിപ്പിക്കുക.

2025-26 വർഷത്തെ ബഡ്ജറ്റിൽ കേന്ദ്രഗവൺമെന്റ് നിർദ്ദേശിക്കുന്ന പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി 9.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 75. അംഗനവാടി വർക്കർമാർക്കും സഹായികൾക്കും ഇൻഷ്വറൻസ് കവറേജ് 60% CSS

**(വിഹിതം: 120.00 ലക്ഷം രൂപ)**

അംഗനവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി വനിതാ ശിശുക്ഷേമ വികസന മന്ത്രാലയം പ്രധാൻമന്ത്രി ജീവൻ ജ്യോതി ഭീമ യോജന, പ്രധാൻമന്ത്രി സുരക്ഷാ ഭീമ യോജന എന്നീ ഇൻഷ്വറൻസ് പദ്ധതികളിൽ എല്ലാ അംഗൻവാടി വർക്കർമാരെയും

ഹെൽപ്പർമാരെയും ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.

2025-26 വർഷത്തെ ബഡ്ജറ്റിൽ കേന്ദ്രഗവൺമെന്റ് നിർദ്ദേശിക്കുന്ന പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി 120.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 76. സ്വച്ഛതാ ആക്ഷൻ പ്ലാൻ 60:40

**(വിഹിതം: 0.40 ലക്ഷം രൂപ)**

എല്ലാ വകുപ്പുകളും ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നിന്നും തുക വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് സ്വച്ഛതാ ആക്ഷൻ പ്ലാനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 2025-26 ൽ-0.40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 77. റിസർച്ച് ആൻഡ് ഡെവലപ്മെന്റ് വിംഗ് - ഐസിഡിഎസ് (പുതിയ പദ്ധതി)

**(വിഹിതം: 5.00 ലക്ഷം രൂപ)**

കേരളത്തിലെ ഐസിഡിഎസ് അതിന്റെ 50-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ, അതിന്റെ തുടർച്ചയായ പ്രസക്തിയും ഫലപ്രാപ്തിയും ഉറപ്പാക്കാൻ റിസർച്ച് & ഡെവലപ്മെന്റ് (ആർ ആൻഡ് ഡി) വിഭാഗത്തിന്റെ ആവശ്യകത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ക്രമാനുഗണമായി വരുന്ന ആവശ്യങ്ങൾ, നിരീക്ഷണവും മൂല്യനിർണ്ണയവും, ശേഷി വർദ്ധിപ്പിക്കൽ, വിജ്ഞാന വിടവുകൾ പരിഹരിക്കൽ, വിവരാധിഷ്ഠിത തീരുമാനങ്ങൾ കൈക്കൊള്ളൽ, നൂതന പരിഹാരങ്ങളുടെ പരീക്ഷണാടിസ്ഥാന നടപ്പാക്കൽ, കമ്മ്യൂണിറ്റി ഇടപെടൽ എന്നിവയിൽ ഈ ഗവേഷണ-വികസന വിഭാഗത്തിന് നിർണായക പങ്ക് വഹിക്കാനാകും.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 5.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 78. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

**(വിഹിതം: 1810.00 ലക്ഷം രൂപ)**

സ്ത്രീകളുടെ ശാക്തീകരണത്തിനും, സമഗ്ര വികസനത്തിനുമായി അവർക്ക് മെച്ചപ്പെട്ട അവസരങ്ങൾ പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ്, 1988-ൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ രൂപീകരിച്ചത്. ദേശീയ ധനകാര്യ കോർപ്പറേഷനിലൂടെ ലഭ്യമാകുന്ന സ്വയം തൊഴിൽ വായ്പ വിതരണം ചെയ്യുകയെന്നതാണ് വനിതാ വികസന കോർപ്പറേഷൻ ആരംഭിച്ചപ്പോൾ മുതലേയുള്ള പ്രധാന പ്രവർത്തനങ്ങളിലൊന്ന്.

1. എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി/എൻ.എസ്.എഫ്.ഡി.സി/എൻ.എസ്.കെ.എഫ്.ഡി.സി, മറ്റ് നാഷണൽ ഏജൻസികൾ എന്നിവയിൽ നിന്നുമുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതി.
2. പൊതുവിഭാഗക്കാർക്കായുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതി
3. സംരംഭകത്വ വികസന പരിപാടി/ബോധവത്കരണ ക്യാമ്പുകൾ/തൊഴിൽ പരിശീലനം/ജോബ് ഫെയർ മുതലായവ.
4. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സജ്ജമാക്കലും അവയുടെ നിലവാരം ഉയർത്തലും
5. സുരക്ഷിത താമസ പരിപാടി
6. സർവേ, റിപ്പോർട്ടും ഡോക്യുമെന്റേഷനും
7. ആർത്തവ ശുചിത്വവും പ്രത്യുൽപാദന ആരോഗ്യ ബോധവൽക്കരണവും
8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പട്ടികവർഗ്ഗ സ്ത്രീകൾക്കായുള്ള സംയോജിത നൈപുണ്യ വികസന കേന്ദ്രവും എസ്‌സി/എസ്ടി വകുപ്പുകളുടെ പൂൾഡ് ഫണ്ടുമായി സംയോജിപ്പിക്കലും. പട്ടികജാതി/പട്ടികവർഗ വകുപ്പുകളുടെ പൂൾഡ് ഫണ്ടിൽ നിന്ന് എടുക്കുന്ന പദ്ധതികളുടെ പത്തു ശതമാനം വകുപ്പ് വിഹിതം ഈ പദ്ധതിയിൽ നിന്ന് കണ്ടെത്താനാകും.
9. പ്രോജക്റ്റ് കൺസൾട്ടൻസി സേവനം
10. സ്ത്രീ സംരംഭകരുടെയും നൂതന സംരഭകരുടെയും എക്സ്പോ 2024
11. സ്ത്രീകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ പരിപാടികൾ (റീച്ച്)
12. നഴ്സിംഗ് വിദ്യാർത്ഥികൾക്കും വിദേശ ജോലി ആഗ്രഹിക്കുന്നവർക്കും വേണ്ടിയുള്ള അഡ്വാൻസ്ഡ് സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം (ASEP)
13. BSC നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ഭാഷാ പ്രാവീണ്യം വർദ്ധിക്കുന്നതിനുള്ള പരിപാടി
14. വനിതാ പോളിടെക്നിക്ക് കോഴ്സിന് പഠിക്കുന്ന വനിതകൾക്ക് ലൈഫ്സ്കിൽ, സോഫ്റ്റ് സ്കിൽ എന്നിവ വികസിപ്പിക്കുന്നതിനുള്ള പരിപാടി/LEAD

15. കോളേജുകളിൽ വനിതാസെൽ
16. വനിതാ ഇൻഫർമേഷൻ സഹായ കേന്ദ്രം (24/7)
17. ബോധ്യം-പോലീസുകാർക്കുവേണ്ടി ലിംഗപദവിയിലധിഷ്ഠിത പരിശീലന പരിപാടി
18. വനിതാനേതാക്കളെ രൂപപ്പെടുത്തുന്നതിനുള്ള പരിപാടി
19. ലിംഗപദവി ബോധവത്ക്കരണ പരിപാടി

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 1810.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**79. കേരള വനിതാ കമ്മീഷൻ**

**(വിഹിതം: 525.00 ലക്ഷം രൂപ)**

കേരള വനിതാ കമ്മീഷൻ 1996 ലാണ് നിലവിൽ വന്നത്. കേരളത്തിലെ വനിതകളുടെ നിലവാരം മെച്ചപ്പെടുത്തുക, സ്ത്രീകൾക്ക് സമൂഹത്തിലുള്ള നിലവാരം ഉയർത്തുക, അവർക്കെതിരെയുള്ള അനീതികൾക്കെതിരെ അന്വേഷണം നടത്തി, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നിവയാണ് വനിതാ കമ്മീഷന്റെ ലക്ഷ്യം. വനിതാ കമ്മീഷൻ നിയമത്തിലെ സെക്ഷൻ 16 (iii) പ്രകാരമുള്ള ഒരു വാർഷിക റിപ്പോർട്ട് വനിതാ കമ്മീഷൻ സർക്കാരിന് സമർപ്പിക്കേണ്ടതാണ്. സ്ത്രീകളുടെ തുല്യതയും, ന്യായമായ പരിഗണനയുമുള്ള ഭരണഘടനാപരമായ അവകാശത്തെ ബാധിക്കുന്ന തരത്തിലുള്ള നിയമങ്ങളിലെ പാളിച്ചകൾ, പോരായ്മകൾ, അവയുള്ള പരിഹാര നിയമനിർമ്മാണ നടപടികൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് ആണ് സമർപ്പിക്കേണ്ടത്. 2025-26 -ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

- ലിംഗപദവി ബോധവത്ക്കരണത്തിനായുള്ള-ഫ്ലാഗ്ഷിപ്പ് പരിപാടി
- നിയമ വിഷയങ്ങളിലുള്ള വർക്ക് ഷോപ്പുകൾ/സെമിനാറുകൾ/ക്യാമ്പുകൾ
- അദാലത്തുകൾ
- ഡി.എൻ.എ ടെസ്റ്റിനുള്ള സൗകര്യം
- സ്ത്രീശക്തി ന്യൂസ് ലെറ്റർ പ്രസിദ്ധീകരണം
- ജാഗ്രതാസമിതി അംഗങ്ങൾക്കുള്ള പരിശീലനം, മികച്ച ജാഗ്രതാ സമിതിയ്ക്ക് അവാർഡ്
- ലൈബ്രറിയുടെ വികസനം
- ഗവേഷണങ്ങൾ, വിലയിരുത്തലുകൾ, പഠനങ്ങൾ
- കൗൺസലിംഗ്, പൊതുജനങ്ങളുടെ പരാതി കേൾക്കൽ
- കമ്മീഷൻ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമുള്ള പ്രവൃത്തികളും പ്രാദേശിക ഓഫീസുകളുടെ പ്രവർത്തനവും
- പരാതി പരിഹാര പ്രവർത്തനങ്ങൾ
- രേഖകളുടെ ഡിജിറ്റൈസേഷൻ
- വനിതാ സോഫ്റ്റ്‌വെയറിന്റെ നവീകരണവും അപ്ഗ്രേഡേഷനും വെബ്സൈറ്റ് നവീകരണവും സുരക്ഷാ ഓഡിറ്റിംഗും
- ഓഫീസ് ഷിഫ്റ്റിംഗ്
- കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ തുടങ്ങിയവയുടെ വാങ്ങലും നവീകരണവും.
- പദ്ധതി നടത്തിപ്പും നിരീക്ഷണവും

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ 525.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**80. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ**

**(വിഹിതം: 250.00 ലക്ഷം രൂപ)**

2005-ലെ ബാലാവകാശ സംരക്ഷണ കമ്മീഷൻ നിയമം അടിസ്ഥാനമാക്കിയാണ്, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 03-06-2013 മുതൽ പ്രവർത്തിച്ചുവരുന്നത്. ബാലാവകാശ സംരക്ഷണത്തിന്റെ നിലവിലുള്ള നിയമങ്ങൾ പരിശോധിക്കുവാനും, ബാലാവകാശ നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്ന് പരിശോധിക്കുന്നതിനും, കുട്ടികളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന അവസരങ്ങൾ പരിശോധിക്കുവാനും അധികാരമുണ്ട്. അവകാശങ്ങൾ നടപ്പാക്കുന്നതിന് തടസ്സമായിട്ടുള്ള കാര്യങ്ങൾ കണ്ടുപിടിച്ച് പരിഹാരം നിർദ്ദേശിക്കാനും കമ്മീഷന് അധികാരമുണ്ട്. കുട്ടികളുടെ അവകാശം

സംബന്ധിച്ച് ഗവേഷണങ്ങൾ നടത്തുക, കുട്ടികളുടെ പഠനാവകാശങ്ങൾ പ്രോത്സാഹിപ്പിക്കുക, സ്കൂൾ പാഠ്യ പദ്ധതിയിൽ കുട്ടികളുടെ അവകാശങ്ങൾ ഉൾപ്പെടുത്തുക, കൂടാതെ, ബാലാവകാശം പ്രോത്സാഹിപ്പിക്കുന്നതിനുള്ള മറ്റു പ്രവർത്തികളും നടപ്പിലാക്കുന്നു. കുട്ടികളുമായി സംവാദങ്ങൾ സംഘടിപ്പിക്കുക, സ്കൂൾ കൗൺസിലർമാർ, വിദഗ്ധർ തുടങ്ങിയവരുമായി വിവിധ വിഷയങ്ങളിൽ - ഓൺലൈൻ ഉപയോഗത്തിൽ പാലിക്കേണ്ട സുരക്ഷ, വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗം, മാനസികാരോഗ്യ പ്രശ്നങ്ങൾ, കുട്ടികൾക്കുള്ള പൊതുസ്ഥലങ്ങളുടെ അപര്യാപ്തത, കുട്ടികൾക്കുണ്ടാകുന്ന സുരക്ഷാ പ്രശ്നങ്ങൾ, ശൈശവ വിവാഹ നിരോധനം, മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുക, പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളുടെ കാര്യങ്ങൾ നടപ്പാക്കുക - ചർച്ചകൾ സംഘടിപ്പിക്കുക എന്നിവ പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

ആർ.റ്റി.ഇ ഡിവിഷൻ, ജെ.ജെ മോണിട്ടറിംഗ് സെല്ലിന്റെ പ്രവർത്തനം, പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്ട്, 2012-ന്റെ നിർവ്വഹണവും മോണിട്ടറിംഗും, കുട്ടികളുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കമ്മീഷണറേറ്റിന്റെ തുടർ പ്രവർത്തനങ്ങളുടെ നടത്തിപ്പ് എന്നീ ചെലവുകൾ നിർവഹിക്കുവാൻ 2025-26 -ൽ 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**81. ഹൈക്കോടതി - പോക്സോ കേസുകൾ വിചാരണ നടത്തുന്നതിനായി കോടതികൾ സ്ഥാപിക്കുക (40 ശതമാനം സംസ്ഥാന വിഹിതം )**

**(വിഹിതം: 500.00 ലക്ഷം രൂപ)**

ബലാത്സംഗ കേസുകളും പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളും വേഗത്തിൽ വിചാരണ ചെയ്യുന്നതിനും തീർപ്പാക്കുന്നതിനുമായിട്ടാണ് ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ കേന്ദ്ര സർക്കാർ ആരംഭിച്ചത്. നിലവിലുള്ള 55 കോടതികളുടെ തുടർച്ചയായ പ്രവർത്തനത്തിനും, 1 പുതിയ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുവാനുമാണ് 2025-26 ൽ ലക്ഷ്യമിടുന്നത്. ശമ്പളവും, വേതനവും, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, അത്യാവശ്യ ചെലവുകൾ, വാടക, കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവയ്ക്കായി 2025-26 -ൽ 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 9.13 പോഷകാഹാരം

### 1. സംയോജിത ശിശു വികസന സേവനങ്ങൾ (40 ശതമാനം സംസ്ഥാന വിഹിതം)

**(വിഹിതം: 13800.00 ലക്ഷം രൂപ)**

ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനായി ദേശീയതലത്തിൽ നടപ്പാക്കുന്ന ഒരു ബൃഹത്തായ പരിപാടിയാണ് സംയോജിത ശിശുവികസന സേവനങ്ങൾ. കുട്ടിയുടെ ശൈശവാവസ്ഥയിൽ അവരുടെ ആരോഗ്യ പോഷകാഹാര ആവശ്യങ്ങൾ അമ്മയുടെ പോഷകാഹാര ആവശ്യങ്ങളിൽ നിന്നും മാറ്റിനിർത്തിക്കൊണ്ട് പരിഗണിക്കാനാവില്ല. ഈ പരിപാടിയിൽ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ എന്നിവരുൾപ്പെടുന്നു. അംഗനവാടി കേന്ദ്രങ്ങളിലൂടെ ഒരു സംയോജിത പാക്കേജായി താഴെപ്പറയുന്ന സേവനങ്ങൾ ഇതിന്റെ ഗുണഭോക്താക്കൾക്ക് എത്തിച്ചു നൽകാനാണ് ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്.

- പൂരക പോഷകാഹാരം
- പ്രതിരോധ കുത്തിവെയ്പ്പ്
- ആരോഗ്യ പരിശോധന
- റഫറൽ സർവ്വീസുകൾ
- ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം
- പ്രീ-സ്കൂൾ വിദ്യാഭ്യാസം

ഐ.സി.ഡി.എസ് പദ്ധതി നടപ്പാക്കുന്നത് 33,115 അംഗനവാടി കേന്ദ്രങ്ങളുടെ ഒരു ബൃഹത് ശൃംഖലയിലൂടെയാണ്. പദ്ധതി നടപ്പിലാക്കാനുള്ള ഭരണപരമായ ചെലവുകൾ, ഔഷധ കിറ്റിന്റെ ചെലവ്, ഭാരം അളക്കാനുള്ള ഉപകരണങ്ങൾ, അംഗനവാടി കേന്ദ്രങ്ങൾക്കാവശ്യമായ പ്രീ-സ്കൂൾ വിദ്യാഭ്യാസ കിറ്റ്, ഐ.ഇ.സി പ്രവർത്തനങ്ങൾ, അംഗനവാടികൾക്ക് വേണ്ടിവരുന്ന അപ്രതീക്ഷിത ചെലവുകൾ, യൂണിഫോം, ഐ.സി.ഡി.എസ് ഉദ്യോഗസ്ഥരുടെ അവലോകന യോഗം, ഐ.സി.ഡി.എസ് മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനുള്ള ചെലവ് മിനി അംഗൻവാടി കേന്ദ്രങ്ങളെ മെയിൻ അംഗൻവാടികളായി ഉയർത്തുന്നതിനുള്ള ചെലവ് തുടങ്ങിയവ ഈ ശീർഷകത്തിൽപ്പെടും.

2025-26 -ൽ പദ്ധതി തുടരാൻ 13800.00 ലക്ഷം രൂപ 40 ശതമാനം സംസ്ഥാന വിഹിതമായി

വകയിരുത്തിയിരിക്കുന്നു.

**2. സ്റ്റേറ്റ് ന്യൂട്രീഷണൽ ആൻഡ് ഡയറ്റ് റിലേറ്റഡ് ഇന്റെർവെൻഷൻ പ്രോഗ്രാം**

**(വിഹിതം: 25.00 ലക്ഷം രൂപ)**

മെച്ചപ്പെട്ട ആരോഗ്യം നിലനിർത്തുന്നതിനും രോഗങ്ങൾ തടയുന്നതിനും സുസ്ഥിതി പ്രോത്സാഹിപ്പിക്കുന്നതിനും പോഷകാഹാരവും ഭക്ഷണവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ അത്യാവശ്യമാണ്. ഈ ക്രമീകരണങ്ങൾ ഭക്ഷണക്രമത്തിലെ മാറ്റങ്ങൾ മുതൽ സങ്കീർണ്ണമായ പോഷകാഹാര ചികിത്സകൾ വരെയാകാം. ഇത് വ്യക്തിഗത ആരോഗ്യ, പൊതുജനാരോഗ്യ പരിപാടികളിൽ സുപ്രധാന പങ്ക് വഹിക്കുന്നു. ഗോത്രവർഗ പോഷകാഹാര പരിപാടി, പോഷകാഹാര ഗവേഷണ ലാബ്, പരിശീലനവും ശേഷി വർദ്ധിപ്പിക്കൽ പരിപാടിയും, ഐ.ഇ.സിയും ബി.സി.സിയും പ്രവർത്തനങ്ങൾ, പോഷകാഹാര ബോധവൽക്കരണ പ്രവർത്തനങ്ങൾ, പ്രധാന ദിനങ്ങളുടെ ആചരണം തുടങ്ങിയവയാണ് 2025-26 സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 -ൽ 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3. നാഷണൽ ന്യൂട്രീഷൻ മിഷൻ (പോഷൺ അഭിയാൻ) (40% സംസ്ഥാന വിഹിതം)**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി, തൽസമയ മോണിട്ടറിംഗ്, കൂടാതെ ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് നടപ്പാക്കാനുദ്ദേശിക്കുന്ന ഒരു പദ്ധതിയാണിത്. കേന്ദ്ര സർക്കാർ 2018 മാർച്ച് 8 ന് ചുവടെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാനായി പോഷൺ അഭിയാൻ (നാഷണൽ ന്യൂട്രീഷൻ മിഷൻ) എന്ന പദ്ധതി ആരംഭിച്ചു. കുട്ടികളിലെ വളർച്ചാ മുരടിപ്പ് 6 ശതമാനമായി കുറയ്ക്കുക (0-6 വയസ് ), ജനന സമയത്തെ തൂക്ക കുറവ് 6 ശതമാനം ആയി കുറയ്ക്കുക, കുട്ടികളിലെ വിളർച്ച 6 ശതമാനമായി കുറയ്ക്കുക (6 മാസം മുതൽ 59 മാസം പ്രായമുള്ള), സ്ത്രീകളിലും കൗമാര പ്രായക്കാരായ പെൺകുട്ടികളിലെയും വിളർച്ച 9 ശതമാനമായി കുറയ്ക്കുക, കുട്ടികളിലെ പോഷകാഹാര കുറവ് 6 ശതമാനമായി കുറയ്ക്കുക (0-6) എന്നിവയാണ് ലക്ഷ്യങ്ങൾ. സാമൂഹ്യാധിഷ്ഠിത പരിപാടികൾ, മാനവ വിഭവശേഷി, നൂതനാശയം, ഐ.ഇ.സി, ഡാറ്റ പ്ലാൻ, ഐ.എൽ.എ പരിശീലനം, സി.എ.എസ് പരിശീലനവും ഇൻസെന്റീവും എന്നിവയാണ് പ്രവർത്തനങ്ങൾ.

പദ്ധതി നടപ്പാക്കാനായി 2025-26 -ൽ 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. പൂരക പോഷകാഹാര പരിപാടി (50 ശതമാനം സംസ്ഥാന വിഹിതം)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

ഐ.സി.ഡി.എസ്-ന്റെ ഒരു പ്രധാന ഘടകമാണ് പൂരക പോഷകാഹാര പരിപാടി. ഐ.സി.ഡി.എസ് പദ്ധതിയുടെ ഘടന പ്രകാരം, മാനദണ്ഡമനുസരിച്ചുള്ള പൂരക പോഷകാഹാരം നൽകേണ്ടത് സംസ്ഥാനങ്ങളുടെ ഉത്തരവാദിത്വമാണ്. പൂരക പോഷകാഹാരം നൽകേണ്ട ചുമതല സംസ്ഥാനങ്ങൾക്കാണെങ്കിലും, കേന്ദ്രസർക്കാർ 2005-06 മുതൽ സംസ്ഥാനങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. വിവിധ വിഭാഗം ഗുണഭോക്താക്കൾക്കുള്ള സാമ്പത്തിക മാനദണ്ഡപ്രകാരം അനുവദനീയമായ തുകയുടെ 50% തുകയോ, അല്ലെങ്കിൽ യഥാർത്ഥ ചെലവിന്റെ 50% ശതമാനമോ, ഏതാണോ കുറവായ തുക അത് അനുവദിക്കുന്നു.

കേരളത്തിൽ, വികേന്ദ്രീകൃതാസൂത്രണം നടപ്പാക്കിയതിലൂടെ അംഗനവാടികളുടെ മേൽനോട്ടവും നിയന്ത്രണവും, കൂടാതെ പൂരക പോഷകാഹാര പരിപാടി നടപ്പിലാക്കേണ്ട ഉത്തരവാദിത്വവും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പൂർണ്ണമായി കൈമാറ്റം ചെയ്തിട്ടുണ്ട്. ഐ.സി.ഡി.എസ് മാനദണ്ഡ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പോഷകമൂല്യം അടങ്ങിയ ആഹാരസാധനങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്. പോഷകാഹാരത്തിനുള്ള ചെലവുകൾ തദ്ദേശഭരണസ്ഥാപനത്തിന്റെ നിർബന്ധിത ചെലവുകളിൽ ഉൾപ്പെടുത്തുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം, സംസ്ഥാനത്തു 258 ഐ.സി.ഡി.എസ് പ്രോജക്ടുകളിലായി 33115 അങ്കണവാടികൾ മുഖേന പൂരക പോഷകാഹാര പരിപാടി തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കി വരുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലൂടെ പദ്ധതി നടപ്പാക്കി വരുന്നതിനാൽ, ചെലവിന്റെ 50% തുക, അതായതു സംസ്ഥാന വിഹിതം വഹിക്കുന്നത് തദ്ദേശഭരണസ്ഥാപനങ്ങളാണ്. ശേഷിക്കുന്ന 50% തുക കേന്ദ്രാവിഷ്കൃത വിഹിതമായി ലഭിക്കുന്ന മുറയ്ക്ക് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതാണ്.

2025-26 ൽ പദ്ധതി നടപ്പാക്കാൻ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

# X സാമ്പത്തിക സർവ്വീസുകൾ

## 10.1 സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ

### 1. സംസ്ഥാന ആസൂത്രണ ബോർഡ്

### 1. സംസ്ഥാന ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ

**(വിഹിതം: 227.38 ലക്ഷം രൂപ)**

നവീന രീതികൾക്ക് അനുസൃതമായി പ്രത്യേകിച്ച്, വിവര സാങ്കേതിക വിദ്യയുടേയും ഇ-ഗവേണൻസിന്റേയും മേഖലകളിൽ സംസ്ഥാന ആസൂത്രണ ബോർഡിനെ ശക്തിപ്പെടുത്തുന്നതിനും ആധുനികവല്ക്കരിക്കുന്നതിനുമുള്ള പദ്ധതിയാണിത്. സംസ്ഥാന പ്ലാൻ സ്കീമുകളെ കൂടുതൽ പങ്കാളിത്തപരമാക്കുന്നതിനായി പരിചയ സമ്പന്നരുടെയും വിദഗ്ദരുടേയും ഉപദേശം ലഭ്യമാക്കിക്കൊണ്ട് വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി ആസൂത്രണ പ്രക്രിയയെ കൂടുതൽ പരിഷ്കരിക്കേണ്ടതുണ്ട്. താഴെപ്പറയുന്ന ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പിലാക്കുന്നതിനും ലൈബ്രറി ശക്തിപ്പെടുത്തുന്നതിനുമായി 2025-26 ൽ 227.38 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ. ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ** | |
| 1 | ഐടി ഉപകരണങ്ങളുടെ വാങ്ങൽ (കമ്പ്യൂട്ടറുകൾ/ലാപ്ടോപ്പുകൾ, പ്രിന്റർ/സ്കാനർ, എൽസിഡി പ്രൊജക്ടർ, യുപിഎസ് ബാറ്ററി, നെറ്റ്‌വർക്ക് പുനർ രൂപ കല്പന/സേവനങ്ങൾ ക്രമീകരിക്കൽ, സമൃദ്ധി ഹാൾ ഐടി വിപുലീകരണം, മറ്റ് ഇനങ്ങൾ & സോഫ്റ്റ്‌വെയറുകൾ | 115.60 |
| 2 | ഐടി ഉപഭോഗവസ്തുക്കളും അനുബന്ധ ഉപകരണങ്ങളും (പ്രിന്ററിനും ഫോട്ടോകോപ്പിയറിനുള്ള ടോണർ/കാട്രിഡ്ജ്, ടോണർ റീഫിൽ, എഎംസി (ഡെസ്ക്ടോപ്പ്/പ്രിൻററുകൾ/യുപിഎസ് ), ആന്റി വൈറസ്, പെൻഡ്രൈവ്, റൂട്ടറുകളും സ്വിച്ചുകളും, മോണിറ്റർ, കീബോർഡ്, മൗസ്, ഹാർഡ് ഡിസ്ക്, ഇന്റർനെറ്റിന്റെ നവീകരണം, NIC സഹായത്തോടു കൂടി ഇ-ഓഫീസ് സംവിധാനം, ഓൺലൈൻ മീറ്റിംഗുകൾക്കുള്ള WebEx, USB കേബിൾ, ലാപ്ടോപ്പ് ബാറ്ററി, കാബിനെറ്റ്, നെറ്റ് കണക്ഷൻ അറ്റകുറ്റപ്പണി, വെബ് ക്യാമറ, ബാറ്ററി വാട്ടർ. | 23.78 |
| 3 | എയർ കണ്ടീഷണറുകൾ, ഫ്രാങ്കിങ് മെഷീൻ, ജനറേറ്റർ, ഇ.പി.എ.ബി.എക്സ്, ഇൻസിനറേറ്റർ തുടങ്ങിയവയുടെ പരിപാലനവും എ.എം.സിയും | 12.00 |
| 4 | പുതിയ എ.സി യൂണിറ്റ്, ടെലിഫോണുകൾ, നെറ്റ് സെറ്റർ, ഫ്രാങ്കിംഗ് യന്ത്രം, ടോണർ മറ്റ് ഇലക്ട്രിക്കൽ ഇനങ്ങൾ എന്നിവ വാങ്ങലും 4 ജി ഡാറ്റാ കാർഡിന്റെ മാസം തോറുമുള്ള ബിൽ അടയ്ക്കലും | 25.00 |
| 5 | സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആധുനിക വൽക്കരണം, നവീകരണം, ചെറിയ അറ്റകുറ്റപ്പണികൾ | 25.00 |
| | **ആകെ(എ)** | **201.38** |
| | **ബി. സംസ്ഥാന ആസൂത്രണ ബോർഡിലെ ലൈബ്രറിയുടെ ശാക്തീകരണം** | |
| 6 | ജേർണലുകൾ/ബുക്കുകൾ/പത്രമാധ്യമങ്ങൾ/ഇ-ബുക്കുകൾ | 5.00 |
| 7 | ഓൺലൈൻ ഡാറ്റാബേസുകളുടേയും ജേർണലുകളുടേയും സ്ഥാപനങ്ങളിലെ അംഗത്വത്തിനുമുള്ള വരിസംഖ്യ പുതുക്കുക. | 14.00 |
| 8 | പ്ലാൻ ഡോക്യുമെന്റുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും ഡിജിറ്റൽ റഫറൻസ് സേവനങ്ങൾക്കും ഇലക്ട്രോണിക് ഇൻഫർമേഷൻ സേവനത്തിനും ഇ-റിസോഴ്സുകളുടെ മാനേജ്മെന്റിനുമായി ലൈബ്രറിയിൽ | 5.00 |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | M.L.I.Sc/B.L.I.Sc ആൻഡ് DCP അല്ലെങ്കിൽ ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് ഉള്ളവരെ ദൈനികളായി നിയമിക്കുന്നതിന് | |
| 9 | ഉപകരണങ്ങളും ഡോക്യുമെന്റ് സ്കാനറും വാങ്ങൽ | 2.00 |
| | **ആകെ (ബി)** | **26.00** |
| | **ആകെ മൊത്തം (എ+ ബി)** | **227.38** |

**2. ജില്ലാ ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ**

**(വിഹിതം: 1251.32 ലക്ഷം രൂപ)**

രണ്ടാം ഘട്ട വികേന്ദ്രീകൃതാസൂത്രണം ശക്തിപ്പെടുത്തുന്നതിനായി, വിവര സാങ്കേതിക വിദ്യയും, ഇ-ഗവേണൻസും ലഭ്യമാക്കുന്ന സാധ്യതകൾ സ്വായത്തമാക്കുന്നതിന് ജില്ലാ ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും/ഡി.പി.സി കെട്ടിടങ്ങളിലും മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2025-26 പദ്ധതിയിൽ എല്ലാ ജില്ലകളിലെയും ജില്ലാ ആസൂത്രണ സമിതി കെട്ടിടങ്ങൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. 2025-26 ൽ താഴെ പറയുന്ന ഘടകങ്ങൾക്കായി 1251.32 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | **ഡി.പി.സി സെക്രട്ടേറിയറ്റ് കെട്ടിട നിർമ്മാണം** – ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയേറ്റ് കെട്ടിടത്തിന്റെ പൂർത്തീകരണം, ഫർണിഷിംഗ്, നവീകരണം, പരിപാലനവും, മറ്റ് അനുബന്ധ സംവിധാനങ്ങളുടെയും ഉപകരണങ്ങളുടേയും പരിപാലനം, കെഎസ്ഇബി, വാട്ടർ അതോറിറ്റി, ഫയർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് തുടങ്ങിയവയുടെ ചാർജുകൾ | 955.19 |
| 2 | കംപ്യൂട്ടറുകൾ, യുപിഎസ്, പ്രിന്ററുകൾ, ഫോട്ടോകോപ്പിയർ മെഷീൻ, ജനറേറ്ററുകൾ, വീഡിയോ കോൺഫറൻസിംഗിനായുള്ള ഐടി ആക്സസറികൾ, വിവര സാങ്കേതിക വിദ്യയുടെ മികച്ച ഉപയോഗത്തിനായി അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ, പരിപാലനം, എഎംസി ചാർജുകൾ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ | 30.00 |
| 3 | ജില്ലാ പ്ലാനിംഗ് ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പാക്കൽ, ഇ-ഗവേണൻസ് സപ്പോർട്ടിംഗ് സിസ്റ്റങ്ങൾ, ഓൺലൈൻ മീറ്റിംഗ് പ്ലാറ്റ്ഫോം എന്നിവയുടെ വിപുലീകരണവും നവീകരണവും ജില്ലാ ആസൂത്രണ സമിതിക്ക് വെബ്സൈറ്റ് സ്ഥാപിക്കലും | 2.00 |
| 4 | ജില്ലാ പദ്ധതികളുടെ പുതുക്കൽ (യോഗങ്ങൾ, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ, അച്ചടി പ്രസിദ്ധീകരണം, വിവരശേഖരണം, ഡാറ്റാ എൻട്രി പ്രവൃത്തികൾ, സ്റ്റേഷനറി സാധനങ്ങൾ വാങ്ങൽ എന്നിവയുടെ ചെലവുകൾ) (ജില്ലാതലത്തിലും സംസ്ഥാന തലത്തിലും) | 42.00 |
| 5 | അവസ്ഥ വിശകലനത്തിനുള്ള കൺസൾട്ടൻസി, പദ്ധതി രൂപീകരണവും ഡിപിആർ തയ്യാറാക്കലും, മേഖല തിരിച്ചുള്ള അവസ്ഥാ വിശകലനത്തിനുള്ള മാനവശേഷി പിന്തുണയും, ജില്ലാ ഡാറ്റ ബേസ് തയ്യാറാക്കുന്നതിനുള്ള സഹായം, സ്പേഷ്യൽ പ്ലാനിംഗ്/ജിഐഎസ് വിദഗ്ദ പിന്തുണയും സാമ്പത്തിക മാനേജ്മെന്റ് സപ്പോർട്ടിംഗ് സിസ്റ്റവും, പ്രാദേശിക ആസൂത്രണത്തിനുള്ള എൻജിഒയുടെ പിന്തുണാ സംവിധാനവും നൂതന ആശയങ്ങളെ വിശദമായ പദ്ധതികളാക്കി മാറ്റുന്നതിനുള്ള പിന്തുണാ സംവിധാനവും, മിഷൻ മോഡ് പ്രോജക്ടുകൾക്കായുള്ള ഇന്റേൺഷിപ്പ്, മികച്ച സമ്പ്രദായങ്ങൾക്കും മോഡൽ പ്രോജക്ടുകൾക്കുമായി ഡിജിറ്റൽ ആർക്കൈവുകൾ, ജില്ലാ പ്ലാനിംഗ് ഓഫീസിൽ ലൈബ്രറി | 25.00 |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | സജ്ജീകരിക്കൽ, ജില്ലാതല സാമ്പത്തിക അവലോകനം/ജില്ലാ വികസന റിപ്പോർട്ട്, മറ്റു റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കൽ | |
| 6 | വാഹനങ്ങൾ വാങ്ങൽ | 50.00 |
| 7 | എംപിമാരുടെ പ്രാദേശിക വികസന പദ്ധതികളുടെയും മറ്റ് വികസന പദ്ധതികളുടെയും നിരീക്ഷണത്തിനായി ഓരോ ജില്ലാ പ്ലാനിംഗ് ഓഫീസുകൾക്കും ഒരു അധിക വാഹനം വാടകയ്ക്കെടുക്കലും മെയിന്റനൻസും | 30.00 |
| 8 | ഡി.പി.സി അംഗങ്ങളുടെ ഓണറേറിയവും, യാത്രാബത്തയും ജില്ലാതലത്തിലെ വിവിധ കമ്മിറ്റികളിലെ അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീയും, കുടിശ്ശിക നൽകലും | 54.30 |
| 9 | ജില്ലാ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തനവും അതിന്റെ സംസ്ഥാന തലത്തിലുള്ള ഏകോപനവും | 28.00 |
| 10 | വികേന്ദ്രീകരണവും അതുമായി ബന്ധപ്പെട്ട മേഖലയിൽ ഉദ്യോഗസ്ഥർക്കുള്ള കാര്യശേഷി വർദ്ധിപ്പിക്കൽ പരിപാടികൾ, പരിശീലനവും എക്സ്പോഷർ സന്ദർശനങ്ങളും (ദേശീയവും അന്തർദേശീയവും ഉൾപ്പെടെ) | 5.00 |
| 11 | ജില്ലാ പ്ലാനിംഗ് മെഷിനറി നടത്തുന്ന പഠനങ്ങൾ, ശിൽപശാലകൾ, സെമിനാറുകൾ, പരിശീലനങ്ങൾ, റിപ്പോർട്ടുകളുടെയും രേഖകളുടെയും തയ്യാറാക്കലും പ്രസിദ്ധീകരണവും, എക്സിബിഷനുകൾ, മേളകൾ, മറ്റ് വിവിധ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് | 5.00 |
| 12. | **ഡിഎൽസി ഫോർ എസ്.സി/എസ്.ടി, പി.എം.ജെ.വി.കെ, ഡി.എൽ.സി അവലോകനം, മറ്റ് യോഗങ്ങൾ എന്നിവ നടത്തുന്നതിനുള്ള ചെലവുകൾ (പുതിയത്)** | 14.00 |
| 13. | **ഡിഡിസി യോഗങ്ങളിൽ പങ്കെടുക്കുന്ന എം.എൽ.എ മാരുടെ യാത്രാബത്ത, പിഒഎൽ ചാർജ്ജുകൾ (പുതിയത്)** | 10.83 |
| | **ആകെ** | **1251.32** |

**3. പദ്ധതികൾ തയ്യാറാക്കുക, സർവ്വേകളും പഠനങ്ങളും നടത്തുക**

**(വിഹിതം: 584.50 ലക്ഷം രൂപ)**

സർവ്വേകളും പഠനങ്ങളും നടത്തുക, പ്ലാൻ സ്പെയിസിന്റെ പരിപാലനം ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുക, വിവിധ പദ്ധതികൾ തയ്യാറാക്കുക എന്നിവയാണ് ഈ പരിപാടിയുടെ ലക്ഷ്യം. 2025-26 ൽ നടപ്പാക്കാനുദ്ദേശിക്കുന്ന താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 584.50 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | **ഇ-ഗവേണൻസ് ആൻഡ് പ്ലാൻ മോണിറ്ററിംഗ് സംരംഭങ്ങൾ – പ്ലാൻസ്പേസ്**<br>**സാങ്കേതിക വികസനവും പരിപാലനവും.** പ്ലാൻസ്പേസ് 2.0 ന്റെ തുടർച്ചയായ വികസനത്തിനും പരിപാലനത്തിനുമുള്ള മാനവശേഷിയുമായി ബന്ധപ്പെട്ട ചെലവുകൾ, ജില്ല, നിയമസഭാ മണ്ഡലം, തദ്ദേശ സ്ഥാപന തലത്തിലുള്ള എംഐഎസ് റിപ്പോർട്ടുകൾ, ഡിഡിസിയുമായി ബന്ധപ്പെട്ട എംഐഎസ് സിസ്റ്റം, തുടർച്ചയായ സിസ്റ്റം മെയിന്റനൻസ്, ആഡ്-ഓൺ ഫീച്ചറുകൾ എന്നിവ ആവശ്യാനുസരണം ലഭ്യമാക്കൽ (ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള).<br>എ. സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഡെവലപ്മെന്റ് സപ്പോർട്ട്, ഡാറ്റ അപ്ഡേഷൻ, പ്ലാൻസ്പേസ് 2.0 ന്റെ പരിപാലനം, വികസനം | 100.00 |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | എന്നിവയ്ക്കായുള്ള മാനവശേഷി ചെലവ്.<br>ബി. ജില്ലാതല ഡാറ്റ അവലോകനം ചെയ്യുന്നതിന് 14 ജില്ലാ പ്ലാനിംഗ് ഓഫീസുകൾക്കും സംസ്ഥാന ആസൂത്രണ ബോർഡിനും വേണ്ടിയുള്ള മാനവശേഷി ചെലവ് (പൂർണ്ണമായും കരാർ അടിസ്ഥാനത്തിൽ). (ഒരു വർഷത്തേക്ക്) (14 ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും സംസ്ഥാന ആസൂത്രണ ബോർഡിലും പ്രവർത്തിക്കുന്നു) | |
| 2 | **പ്ലാൻസ്പേസ് സ്റ്റേറ്റ് സെല്ലിനുള്ള പിന്തുണ:**<br>സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻസ്പേസ് സ്റ്റേറ്റ് സെല്ലിന്റെ സജ്ജീകരണത്തിനും പ്രവർത്തനത്തിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ, മാനവവിഭവശേഷി, സംസ്ഥാനത്ത് മൊത്തത്തിലുള്ള പദ്ധതി അവലോകന, നിരീക്ഷണ പ്രവർത്തനങ്ങൾ | 50.00 |
| 3 | **സംസ്ഥാന/ജില്ലാതല ഉപയോക്താക്കൾക്കുള്ള പരിശീലനം**<br>ഉപയോക്താക്കൾക്ക് സംസ്ഥാന/ജില്ല/പ്രാദേശിക സ്ഥാപന തലം എന്നിങ്ങനെയുള്ള മൾട്ടി-ലെവൽ പരിശീലനം. പരിശീലന കിറ്റ്, പരിശീലന സാമഗ്രികൾ, സ്റ്റേഷനറി, ചായ/ലഘുഭക്ഷണം, വേദി ക്രമീകരണം, ഫാക്കൽറ്റികളുടെ ഓണറേറിയം, യാത്രാ ചെലവുകൾ തുടങ്ങിയവയ്ക്കുള്ള ചെലവ്. | 7.00 |
| 4 | **ഡാറ്റ സംഭരണത്തിനുള്ള സെർവർ**<br>വിവിധ ഗവേണൻസ് തലങ്ങളിൽ MIS-നുള്ള വൈവിധ്യമാർന്ന റിപ്പോർട്ടുകളുടെ വൻ വർദ്ധനയും ഡാറ്റാ സൈസ് വർദ്ധനയും കാരണം മെച്ചപ്പെട്ട ഡാറ്റ സംഭരണ ശേഷി ആവശ്യമായി വന്നിരിക്കുന്നു. പ്ലാൻസ്പേസ് 2.0-ന്റെ പ്രവർത്തനത്തിന് സ്റ്റാൻഡ്എലോൺ സെർവർ/ക്ലൗഡ് അധിഷ്ഠിത ഉയർന്ന സ്കേലബിൾ ഹോസ്റ്റിംഗ് ഇൻഫ്രാസ്ട്രക്ചർ അത്യാവശ്യമാണ്. ഇതിനായി സംസ്ഥാന ആസൂത്രണ ബോർഡിലേക്ക് സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന സ്റ്റാൻഡ്എലോൺ/ക്ലൗഡ് അധിഷ്ഠിത സെർവർ ലഭ്യമാക്കുന്നതിനുള്ള ചെലവ് | 25.00 |
| 5 | വെബ് സജ്ജമാക്കി പ്രീ-പ്രസ് സാമ്പത്തിക അവലോകനം വികസിപ്പിക്കൽ | 10.00 |
| 6 | **സംസ്ഥാന ആസൂത്രണ ബോർഡിലെ ഡിവിഷനുകൾക്കും ജില്ലാ ആസൂത്രണ ഓഫീസുകളിലെയും വിദഗ്ധ ഉപദേശക പിന്തുണാ സംവിധാനം**<br>സംസ്ഥാന ആസൂത്രണ ബോർഡിലെ ഡിവിഷനുകൾക്കും ജില്ലാ പ്ലാനിംഗ് ഓഫീസുകളിലേയ്ക്കും ആവശ്യമായ യോഗ്യതയും പരിചയസമ്പന്നരുമായ പ്രൊഫഷണലുകളെ ആവശ്യമുള്ളപ്പോൾ കരാറടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനുള്ള ചെലവ്. | 20.00 |
| 7 | **ദേശീയ അന്തർദേശീയ തലത്തിൽ പ്രമുഖരായ വ്യക്തികൾ നയിക്കുന്ന പ്രഭാഷണ പരമ്പര (പുതിയത്)** | 100.00 |
| 8 | രാജ്യത്തും പുറത്തുമുള്ള ദേശീയ അന്തർദേശീയ സ്ഥാപനങ്ങൾ മുഖേന സംസ്ഥാന ആസൂത്രണ ബോർഡ് ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ നടത്തുക. | 65.90 |
| 9 | സംസ്ഥാന ആസൂത്രണ ബോർഡ് നടത്തുന്ന സർവേകൾക്കും പഠനങ്ങൾക്കും സെമിനാറുകൾക്കും ശിൽപശാലകൾക്കുമുള്ള ചെലവ് | 150.00 |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 10 | സമ്പദ്‌വ്യവസ്ഥയുടെ വികസനവുമായി ബന്ധപ്പെട്ട പ്രത്യേക മേഖലകളിൽ പ്രശസ്ത സർവകലാശാലകളിൽ/സ്ഥാപനങ്ങളിൽ നിന്നുള്ള പിഎച്ച്ഡി, പിജി വിദ്യാർത്ഥികൾക്കുള്ള ഇൻറേൺഷിപ്പ് പദ്ധതി | 6.60 |
| 11 | പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ, വാർഷിക പരിപാലനം, പഞ്ചിംഗ് ഐഡി കാർഡുകളുടെ വിതരണം തുടങ്ങിയവ | 15.00 |
| 12 | ഔദ്യോഗിക ഭാഷ (മലയാളം) യുമായി ബന്ധപ്പെട്ട പരിപാടികൾ, ഔദ്യോഗിക ഭാഷാ വാരാഘോഷങ്ങൾ, സെമിനാറുകൾ, വകുപ്പുതല യോഗങ്ങൾ (ഔദ്യോഗിക ഭാഷ) | 5.00 |
| 13 | സാമ്പത്തിക അവലോകനം, പ്രോഗ്രാം ബുക്കുകൾ, അനുബന്ധം IV, വർക്കിംഗ് ഗ്രൂപ്പ്, റിപ്പോർട്ടുകൾ എന്നിവയുടെ വിതരണം | 5.00 |
| 14 | ഡിവിഷണൽ വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകൾ, പ്രോഗ്രാം ബുക്കുകൾ എന്നിവയുടെ ലേ ഔട്ടിനും ഡിസൈനുമുള്ള ചെലവും ഇവ അച്ചടിക്കാവുന്ന പിഡിഎഫ് ഫോർമാറ്റുകളിലേക്കുള്ള പരിവർത്തന ചെലവ്. അച്ചടി ജോലികൾ, പത്ര പരസ്യങ്ങൾ, മറ്റ് ആകസ്മിക ചെലവുകൾ എന്നിവ. | 10.00 |
| 15 | സംസ്ഥാന ആസൂത്രണ ബോർഡ് യോഗങ്ങളും മറ്റ് അവലോകന യോഗങ്ങളും | 15.00 |
| | **ആകെ** | **584.50** |

### 4. സംസ്ഥാന ആസൂത്രണ ബോർഡിന് വാഹനങ്ങളും ഫർണിച്ചറും വാങ്ങൽ

**(വിഹിതം: 35.75 ലക്ഷം രൂപ)**

2025-26-ൽ സംസ്ഥാന ആസൂത്രണ ബോർഡിന് വാഹനങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിന്/മാറ്റി വാങ്ങുന്നതിന് 35.75 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കാലഹരണപ്പെട്ട വാഹനങ്ങൾക്ക് പകരം പുതിയ വാഹനം വാങ്ങൽ | 10.00 |
| 2 | സ്വകാര്യ ഏജൻസിയിൽ നിന്ന് വാഹനങ്ങൾ വാടകയ്ക്കെടുക്കൽ, ഡ്രൈലീസ് കരാർ അടിസ്ഥാനത്തിൽ അനർട്ടിൽ നിന്നും വാഹനങ്ങൾ വാടകയ്ക്കെടുക്കൽ | 10.75 |
| 3 | സംസ്ഥാന ആസൂത്രണ ബോർഡിന് ഫർണിച്ചർ വാങ്ങൽ | 15.00 |
| | **ആകെ** | **35.75** |

### 5. സംസ്ഥാന ആസൂത്രണ ബോർഡിന് കെട്ടിട നിർമ്മാണം/നവീകരണം

**(വിഹിതം: 130.00 ലക്ഷം രൂപ )**

സംസ്ഥാന ആസൂത്രണ ബോർഡിന്റെ കെട്ടിട നിർമ്മാണം/നവീകരണ പ്രവർത്തനങ്ങൾ/അറ്റകുറ്റപ്പണി എന്നിവ പി.ഡബ്ല്യു.ഡി മുഖേന നടത്തുന്നതിനു വേണ്ടി 2025-26 സാമ്പത്തിക വർഷത്തിൽ 130.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സംസ്ഥാന ആസൂത്രണ ബോർഡിന്റെ കെട്ടിട നിർമ്മാണം/ നവീകരണം/അറ്റകുറ്റപ്പണി | 130.00 |

## 2. പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്വേഷൻ ആൻഡ് മോണിറ്ററിംഗ് വകുപ്പ് (പി.ഐ.ഇ & എം.ഡി)

### 6. ജില്ലാ വികസന കമ്മീഷണർമാരുടെ ഓഫീസ് ചെലവുകളും മറ്റ് ചാർജ്ജുകളും (മുമ്പ് ജില്ലാ ആസൂത്രണ സമിതികൾ/ജില്ലാ വികസന കൗൺസിലുകൾ)

**(വിഹിതം: 20.70 ലക്ഷം രൂപ)**

എല്ലാ ജില്ലകളിലും ജില്ലാ ആസൂത്രണ സമിതികളും (ഡിപിസി) ജില്ലാ വികസന സമിതികളും (ഡിഡിസി) പ്രവർത്തിച്ചുവരുന്നു. ജില്ലയിലെ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി എല്ലാ മാസവും ജില്ലാ വികസന സമിതികൾ കൂടാറുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനും ജില്ലയുടെ മൊത്തത്തിലുള്ള വികസനത്തിന് മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു നിയമാനുസൃത സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതികൾ പതിവായി യോഗം ചേരുന്നു. ഇത്തരം യോഗങ്ങൾ ജില്ലാ പ്ലാനിംഗ് ഓഫീസ് വഴിയാണ് നടത്തുന്നത്. അതിനാൽ ഡി.ഡി.സി, ഡി.പി.സി എന്നിവയുമായി ബന്ധപ്പെട്ട ടൂർ ടി.എയും മറ്റ് ചെലവുകളും സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ഫണ്ടിൽ നിന്നും വകയിരുത്തുന്നതാണ്. വിവിധ ജില്ലകളിലായി നിയോഗിച്ചിട്ടുള്ള ജില്ലാ വികസന കമ്മീഷണർമാരുടെ ഓഫീസുകൾ സ്ഥാപിക്കുന്നതിന് കമ്പ്യൂട്ടറും മറ്റ് ഉപകരണ സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. ഇത്തരം ചെലവുകളും വികസന കമ്മീഷണർമാർക്കുള്ള മറ്റ് ചെലവുകൾക്കുമായി 2025-26 ൽ 20.70 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ജില്ലാ വികസന കമ്മീഷണറുടെ (ഡിഡിസി) യുടെ മറ്റ് ചെലവുകൾ | 10.70 |
| 2 | ഓഫീസ് ചെലവുകൾ/ഐ.ടി ഇൻഫ്രാസ്ട്രക്ചർ മുതലായവ | 10.00 |
| | **ആകെ** | **20.70** |

### 7. പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്വേഷൻ ആന്റ് മോണിറ്ററിംഗ് വകുപ്പിന്റെ ആധുനികവൽക്കരണം- (പി.ഐ.ഇ &എംഡി)

**(വിഹിതം: 103.00 ലക്ഷം രൂപ)**

മുൻഗണനാ പദ്ധതികൾ, സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്ഡിജികൾ) നടപ്പിലാക്കലും നിരീക്ഷണവും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ പദ്ധതികളുടെ (പിപിപി & നോൺ പിപിപി) നിരീക്ഷണത്തിനും വിലയിരുത്തലിനുമുള്ള നോഡൽ വകുപ്പാണ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്വേഷൻ ആന്റ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റ് (പഴയ CPMU). കൂടാതെ നവകേരളം കർമ്മ പദ്ധതിയിലെ എല്ലാ മിഷനുകളുടേയും അതോടൊപ്പം സർക്കാർ പ്രഖ്യാപിക്കുന്ന അത്തരം മിഷനുകളുടെയും നിരീക്ഷണം, പരിപാടിയുടെയും പദ്ധതി നടത്തിപ്പിന്റെയും ഫലപ്രാപ്തിയെ അടിസ്ഥാനമാക്കി വിവിധ വകുപ്പുകളുടെയും സർക്കാർ ഏജൻസികളുടെയും ജില്ലാ ഓഫീസുകളുടെയും പ്രകടന സൂചികകൾ തയ്യാറാക്കൽ, വകുപ്പുകൾ പരിപാടികളും പദ്ധതികളും നടപ്പാക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻസെന്റീവ് നൽകൽ, പരിപാടികളും പദ്ധതികളും നടപ്പാക്കലിന് പ്രൊഫഷണൽ മാനേജ്മെന്റ് സേവനങ്ങളും വിഭവങ്ങളും ഉൾപ്പെടുത്തൽ എന്നിവയാണ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്വേഷൻ ആൻഡ് മോണിറ്ററിംഗ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ.

താഴെ പറയുന്ന ഘടകങ്ങൾക്കായി 2025-26 ൽ 103.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ. പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്വേഷൻ & മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റിന്റെ ആധുനികവൽക്കരണം** | 76.30 |
| 1 | സംസ്ഥാന ഗവൺമെന്റിന്റെ ഡിജിറ്റൽ രീതിയിലുള്ള മോണിറ്ററിംഗ് പ്രോഗ്രാമുകളുടേയും പദ്ധതികളുടേയും കൃത്യമായ പരിപാലനം, മാനവ ശേഷി വികസനവും പരിശീലനവും, ഇന്ത്യാ ഗവൺമെന്റിന്റെ ഡിജിറ്റൽ മോഡ്യൂകളിലൂടെ പ്രോജക്ടുകൾ നിരീക്ഷിക്കുന്നതിനുള്ള പിന്തുണാ സംവിധാനം | |
| 2 | വിവിധ മീറ്റിംഗുകളുമായി ബന്ധപ്പെട്ട ചെലവുകൾ | |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 3 | വീഡിയോ കോൺഫറൻസ് സൗകര്യത്തിന്റെ പരിപാലനം/വീഡിയോ കോൺഫറൻസ് സോഫ്റ്റ് വെയർ | |
| 4 | ഐ.സി.ടി ഉപകരണങ്ങൾ, കമ്പ്യൂട്ടർ ഉപഭോഗവസ്തുക്കൾ എന്നിവ വാങ്ങൽ | |
| 5 | പി.ഐ.ഇ & എം വകുപ്പിന് വേണ്ട വെബ്സൈറ്റ് പരിപാലനം | |
| 6 | വാഹനങ്ങൾ വാടകയ്ക്ക് എടുക്കൽ | |
| 7 | മറ്റു ചെലവുകൾ | |
| 8 | പ്രോജക്ട് കോ-ഓർഡിനേറ്റർമാരെയും ജൂനിയർ റിസോഴ്സ് പേഴ്സൺമാരെയും നിയമിക്കുന്നതിനും പ്രോഗ്രാമിനും പ്രോജക്ട് നടപ്പിലാക്കുന്നതിനുമുള്ള പ്രൊഫഷണൽ മാനേജ്മെന്റ് സേവനങ്ങളും വിഭവങ്ങളും ലഭ്യമാക്കൽ | |
| | **ബി. സംസ്ഥാനത്ത് എസ്ഡിജികൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കൽ** | 26.70 |
| 9 | 3 റിസർച്ച് അസോസിയേറ്റ്സിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കൽ | |
| 10 | എസ്.ഐ.എഫ്/ഡി.ഐ.എഫ് ഡാഷ്ബോർഡുകളുടെ വികസനവും നാഷണൽ എസ്ഡിജി ഡാഷ്ബോർഡുമായുള്ള ഡൈനാമിക് ഇന്റഗ്രേഷനും | |
| 11 | എസ്.ഡി.ജി വിഷൻ ഡോക്യുമെൻറിന്റെ വികസനം | |
| 12 | വിദഗ്ധ ഗ്രൂപ്പിന്റെ സ്റ്റേക്ക് ഹോൾഡർമാരുമായുള്ള യോഗങ്ങൾ/ ശിൽപശാലകൾ, സെമിനാറുകൾ | |
| 13 | ഡോക്യുമെന്റേഷൻ, പ്രസിദ്ധീകരണങ്ങൾ, താൽപ്പര്യമുള്ള പഠനങ്ങൾ | |
| 14 | മറ്റ് ചെലവുകൾ | |
| | **ആകെ (എ+ബി)** | **103.00** |

**8. നവ കേരളം കർമ്മപദ്ധതിയുടെ ഏകോപനം-II (മുൻപ് ഹരിതകേരളം മിഷൻ പരിപാടികളുടെ ഏകോപനം)**

**(വിഹിതം: 0.50 ലക്ഷം രൂപ)**

നവകേരളം കർമ്മ പദ്ധതി - II - ന് കീഴിലുള്ള നാല് മിഷനുകളുടെയും ആർ.കെ.ഐയുടെയും എല്ലാ പ്രവർത്തനങ്ങളുടെയും ഏകോപനം സുഗമമാക്കുന്നതിനുള്ള നോഡൽ അഡ്മിനിസ്ട്രേറ്റീവ് വകുപ്പാണ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാലുവേഷൻ ആൻഡ് മോണിറ്ററിംഗ് വകുപ്പ്. 2025-26 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 0.50 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നവകേരളം കർമ്മപദ്ധതിയുടെ - II നോഡൽ വകുപ്പിന്റെ ഭരണച്ചെലവുകൾ (മീറ്റിംഗിനുള്ള ചെലവുകൾ ഉൾപ്പെടെ) | 0.50 |
| | **ആകെ** | **0.50** |

**9. നവകേരള സദസിൽ ഉരുത്തിരിഞ്ഞുവന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഫണ്ട് (പുതിയത്)**

**(വിഹിതം: 21000.00 ലക്ഷം രൂപ)**

കേരള സർക്കാർ സംഘടിപ്പിച്ച നവകേരള സദസ്സ് ജനാധിപത്യ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ അധ്യായമാണ്. മുഖ്യമന്ത്രി ഉൾപ്പെടെ ഒരു മന്ത്രിസഭയിലെ എല്ലാ മന്ത്രിമാരും നേരിട്ട് ആളുകളെ സമീപിക്കുകയും ചർച്ചകൾ നടത്തുകയും അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നത്

ലോകത്ത് ഇതാദ്യമാണ്. നവകേരള സദസ്സിൽ ഉരുത്തിരിഞ്ഞുവന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പിനായി 2025-26 ൽ 21000.00 ലക്ഷം രൂപ വകയിരുത്തുന്നു. ഓരോ നിയോജക മണ്ഡലത്തിനും പരമാവധി 700.00 ലക്ഷം രൂപയുടെ പദ്ധതികൾ ഏറ്റെടുക്കാം. പദ്ധതിയുടെ നടത്തിപ്പിനായി PIE&M വകുപ്പ് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

### 3. ഐ.എം.ജി

### 10. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി)

**(വിഹിതം: 600.00 ലക്ഷം രൂപ)**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പരിശീലന സ്ഥാപനമാണ്. സംസ്ഥാനത്തെ പദ്ധതി/പദ്ധതി ഇതര ബജറ്റ് പിന്തുണയോടെ നിലനിൽക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണിത്. സംസ്ഥാന പരിശീലന നയപ്രകാരം (എസ്.ടി.പി) ഐ.എം.ജി വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും വിവിധ തലങ്ങളിൽ വിവിധ പരിശീലന പരിപാടികൾ നടത്തുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ മൂന്ന് ക്യാമ്പസുകളും വർഷം മുഴുവനും തുടർച്ചയായ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. മികച്ച പരിശീലന അടിസ്ഥാന സൗകര്യങ്ങൾ, ലൈബ്രറി സൗകര്യം, താമസ സൗകര്യം എന്നിവയ്ക്കായി ഐ.എം.ജിക്ക് സഹായം ആവശ്യമുണ്ട്. മികച്ച സേവനം നൽകുന്നതിന് സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. 2025-26 ൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി 600.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ. അടിസ്ഥാന സൗകര്യം സൃഷ്ടിക്കൽ** | 600.00 |
| 1 | കോഴിക്കോട് മേഖലാ കേന്ദ്രത്തിൽ പരിശീലനവും താമസ സൗകര്യങ്ങളും വർദ്ധിപ്പിക്കൽ | |
| 2 | കൊച്ചി മേഖല സെന്ററിൽ പരിശീലനവും താമസ സൗകര്യങ്ങളും വർദ്ധിപ്പിക്കൽ | |
| 3 | ഐ.എം.ജി തിരുവനന്തപുരം സെന്ററിന് പരിശീലന അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | |
| | **ബി. ശമ്പള ഇതര ഇനങ്ങൾ** | |
| 1 | ആവർത്തിച്ചുള്ള ശമ്പള ഇതര ചെലവുകൾ | |
| | **ആകെ** | **600.00** |

### 11. പരിശീലന പരിപാടികൾ - എസ്.ടി.പി

**(വിഹിതം: 1805.80 ലക്ഷം രൂപ)**

സംസ്ഥാന പരിശീലന നയ പരിപാടികൾ (എസ്.ടി.പി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളുടെ ഒരു പ്രധാന ഘടകമാണ്. എസ്.ടി.പി ക്ക് കീഴിൽ, എസ്.ടി.പി യുടെ വിവിധ വിഭാഗങ്ങളിലായി ഏകദേശം 1100 പരിശീലന പരിപാടികൾ നടത്താൻ പദ്ധതിയിട്ടിട്ടുണ്ട്. താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 2025-26 സാമ്പത്തിക വർഷത്തിൽ 1805.80 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സംസ്ഥാന പരിശീലന നയ പരിപാടികൾ | 1805.80 |
| 2 | ഫാക്കൽറ്റികൾക്കും സ്റ്റാഫുകൾക്കും ഉള്ള പരിശീലന പരിപാടികളും കാര്യ ശേഷി വർദ്ധിപ്പിക്കലും | |
| 3 | സദ് ഭരണ കേന്ദ്രം | |
| | **ആകെ** | **1805.80** |

## 4. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (സി.ഡി.എസ്)

### 12. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

**(വിഹിതം: 312.80 ലക്ഷം രൂപ)**

1971 ലാണ് തിരുവനന്തപുരത്ത് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ആരംഭിച്ചത്. വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അധ്യാപനവും പരിശീലനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കേരള സർക്കാരും, ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചും ഗ്രാന്റ് നൽകുന്ന ഒരു സ്വയംഭരണ സ്ഥാപനമാണിത്. കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ ഫലമായി സി.ഡി.എസ് അക്കാദമിക് ഗവേഷണ മികവുള്ള ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ടായി മാറിയിട്ടുണ്ട്. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രതിഭകളെ അത് ആകർഷിക്കുന്നുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിന് ഗ്രാന്റ്-ഇൻ-എയ്ഡായി 312.80 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ലൈബ്രറിക്ക് ബുക്കുകളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഡാറ്റാ ബേസും വാങ്ങൽ | 312.80 |
| 2 | കമ്പ്യൂട്ടർ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക | |
| 3 | ക്യാമ്പസിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും വർദ്ധിപ്പിക്കലും | |
| 4 | ഫർണിച്ചറുകൾ വാങ്ങലും ഫർണീഷിങ്ങും | |
| 5 | ഓഫീസ് ഉപകരണങ്ങൾ വാങ്ങുക | |
| 6 | വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് | |
| 7 | ക്യാമ്പസ് കെട്ടിടങ്ങൾ, ഉപകരണങ്ങൾ മുതലായവയുടെ നവീകരണവും പരിപാലനവും | |
| 8 | പ്രസിദ്ധീകരണവും റിസർച്ച് സപ്പോർട്ടും | |
| | **ആകെ** | **312.80** |

## 5. നിയമസഭ

### 13. നിയമസഭ സെക്രട്ടറിയേറ്റിലും എം.എൽ.എ.മാർക്കും കമ്പ്യൂട്ടർ അധിഷ്ഠിത വിവരവിനിമയ സംവിധാനം.

**(വിഹിതം: 81.61 ലക്ഷം രൂപ)**

നിയമസഭാ സെക്രട്ടറിയേറ്റിന്റെ പ്രവർത്തനങ്ങളെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച പരിപാടിയാണിത്. മുൻ വർഷങ്ങളിലായി നിയമസഭ സെക്രട്ടേറിയറ്റിലെ ഏതാണ്ട് എല്ലാ വിഭാഗങ്ങളും കമ്പ്യൂട്ടർവത്ക്കരിച്ചു കഴിഞ്ഞു. കൂടുതൽ വിപുലീകരണം, കമ്പ്യൂട്ടർ സൗകര്യങ്ങളുടെ നവീകരണം, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനം എന്നിവയ്ക്കായി ഈ പ്രോജക്റ്റ് തുടരുന്നതിനായി 2025-26 ൽ 81.61 ലക്ഷം രൂപ വകയിരുത്തുന്നു. ഈ പ്രോജക്റ്റിന്റെ ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ. ആധുനികവൽക്കരണം** | 71.61 |
| 1 | നിയമസഭാ സെക്രട്ടേറിയറ്റിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനം, അനുബന്ധവസ്തുക്കൾ വാങ്ങൽ, എ.എം.സി മുതലായവയ്ക്ക് | |
| 2 | നിയമസഭാ സെക്രട്ടറിയേറ്റിലെ കമ്പ്യൂട്ടർ സൗകര്യങ്ങളുടെ വിപുലീകരണവും ബാക്ക് എൻഡ് സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലും | |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 3 | നിയമസഭാ സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർ സൗകര്യങ്ങളുടെ നവീകരണം. 2009-2010-നോ അതിനുമുമ്പോ ഇൻസ്റ്റാൾ ചെയ്ത കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും നവീകരണം | |
| 4 | നിയമസഭാ സാമാജികരുടെ കമ്പ്യൂട്ടർ സൗകര്യങ്ങളുടെ നവീകരണം | |
| 5 | സാമാജികർക്കും ജീവനക്കാർക്കും പരിശീലനം നൽകൽ | |
| 6 | ഇ-നിയമസഭാ പ്രോജക്റ്റ് നിർവ്വഹണം (ഹാർഡ് വെയറും സോഫ്റ്റ് വെയറും) | |
| | **ബി. ലെജിസ്ലേറ്റീവ് സെക്രട്ടേറിയറ്റിലേക്ക് മറ്റ് ഏജൻസികൾക്ക് നൽകിയിട്ടുള്ള ജോലികൾ** | 3.00 |
| 7 | മെമ്പർമാരുടെ ലോഞ്ചിന്റെ നവീകരണ ചാർജ്ജുകൾ | |
| | **സി. മീഡിയ** | 7.00 |
| 8 | സോഷ്യൽ മീഡിയയുടെ പരിപാലനം, CDN ചാർജ്ജുകൾ, വാർഷിക ചാർജ്ജുകൾ | |
| 9 | പ്രൊഡക്ഷൻ ചെലവുകൾ | |
| 10 | ക്യാമറയും ഉപകരണങ്ങളും വാങ്ങൽ | |
| | **ആകെ** | **81.61** |

### 14. കേരള നിയമസഭാ ലൈബ്രറി ആധുനികവൽക്കരിക്കൽ

**(വിഹിതം: 11.50 ലക്ഷം രൂപ)**

കേരള നിയമസഭ സെക്രട്ടറിയേറ്റ് ലൈബ്രറി ഐ.ടി സേവനങ്ങൾ പ്രാപ്തമാക്കി കൊണ്ട് ആധുനികവൽക്കരിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. നിയമസഭ സെക്രട്ടറിയേറ്റ് ലൈബ്രറിയിൽ സാങ്കേതികമായ നൂതന സേവനങ്ങളും അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനവും നടപ്പിലാക്കുന്നതിനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. 2025-26 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 11.50 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മൊബൈൽ സ്റ്റോറേജ് കോംപാക്റ്റർ വാങ്ങൽ | 11.50 |
| 2 | ഓൺലൈൻ ജേണൽ സബ്സ്ക്രിപ്ഷൻ | |
| 3 | A 3 ഓവർ ഹെഡ് സ്കാനർ | |
| 4 | ബാർകോഡ് പ്രിന്റർ | |
| 5 | ബാർകോഡ് റീഡർ | |
| 6 | അഡോബ് അക്രോബാറ്റ് സോഫ്റ്റ്‌വെയർ (സോഫ്റ്റ്‌വെയറിന്റെ ലൈസൻസ് പുതുക്കൽ) | |
| 7 | ഇൻഫർമേഷൻ ടെക്നോളജിയിലെ പുതിയ പ്രവർത്തനങ്ങൾ (KOHA അപ്ഡേഷൻ, അസംബ്ലി ഡോക്യുമെന്റുകളുടെ ഡിജിറ്റൽ ആർക്കൈവ്സ് അപ്ഗ്രഡേഷൻ മുതലായവ) | |
| | **ആകെ** | **11.50** |

## 6. ട്രഷറി വകുപ്പ്

### 15. ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം- ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്)

**(വിഹിതം: 770.00 ലക്ഷം രൂപ)**

ട്രഷറി വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്) വഴി ട്രഷറി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഡിപ്പാർട്ട്മെന്റ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് കാര്യക്ഷമമായ ഐ.സി.ടി ഇൻഫ്രാസ്ട്രക്ചർ നിലവിൽ ഉണ്ടെങ്കിലും, വേഗത്തിലുള്ളതും ഗുണനിലവാരമുള്ളതുമായ സേവന വിതരണം ഉറപ്പാക്കുന്നതിന് ഐ.സി.ടി ഇൻഫ്രാസ്ട്രക്ചർ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് നിരവധി അധിക സൗകര്യങ്ങൾ നൽകേണ്ടതുണ്ട്. താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 വർഷം 770.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | WAN 2.0 നടപ്പിലാക്കൽ | 770.00 |
| 2 | SD വാനുമായുള്ള XDR സംയോജനം | |
| 3 | WAN - ന്റെ അറ്റകുറ്റപ്പണികൾക്കായി കെൽട്രോണിന് നൽകുന്ന AMC ചാർജ്ജുകൾ | |
| 4 | പുത്തൂർ ഇൻഫോടെക്-എഎംസി ഉടമയ്ക്ക് നൽകുന്ന FMS ചാർജുകൾ | |
| 5 | ബൈബാക്ക് അടിസ്ഥാനത്തിൽ പിസികൾ മാറ്റിസ്ഥാപിക്കൽ | |
| 6 | ലാപ്ടോപ്പുകൾ മാറ്റിസ്ഥാപിക്കൽ | |
| 7 | സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന യു.പി.എസ് | |
| 8 | FD സർട്ടിഫിക്കറ്റ് പ്രിന്റിംഗിനുള്ള ഡോട്ട് മാട്രിക്സ് പ്രിൻററുകൾ | |
| 9 | പാസ് ബുക്ക് പ്രിന്റർ വാങ്ങൽ | |
| 10 | അഗ്നിശമന ഉപകരണങ്ങളുടെ വാങ്ങൽ | |
| 11 | യു.പി.എസ് ബാറ്ററി മാറ്റിസ്ഥാപിക്കൽ | |
| 12 | ഇ-സ്റ്റാമ്പ് പ്രിന്റിംഗിനുള്ള കളർ പ്രിൻറർ-മഷി ടാങ്ക് | |
| 13 | ലേസർ പ്രിന്റർ വാങ്ങൽ | |
| 14 | കമ്പ്യൂട്ടർ, ഐ.സി.ടി ഉപകരണങ്ങൾക്കുള്ള അനുബന്ധസാധനങ്ങൾ | |
| 15 | ഐ.ടി ഉപകരണങ്ങൾക്കും യുപിഎസിനുമുള്ള എഫ്എംസി കരാർ പുതുക്കൽ | |
| 16 | വെബ് ആപ്ലിക്കേഷൻ ഫയർവാൾ കൊണ്ട് സജ്ജീകരിച്ചിരിക്കുന്ന ലോഡ് ബാലൻസർ | |
| | **ആകെ** | **770.00** |

### 16. ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനവും സെൻട്രൽ സെർവർ സിസ്റ്റം സ്ഥാപിക്കലും

**(വിഹിതം: 750.00 ലക്ഷം രൂപ)**

ട്രഷറികളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഡിആർ സെർവർ മാറ്റിസ്ഥാപിക്കൽ, ഐഎസ്ഒ സർട്ടിഫിക്കേഷൻ ചാർജുകൾ, സോഫ്റ്റ്‌വെയർ ലൈസൻസ്, ഐഎഫ്എംഎസ് നടപ്പിലാക്കുന്നതിനുള്ള മറ്റ് നിരവധി വികസന പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ൽ 750.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | IBM DB2 ലൈസൻസ് പുതുക്കൽ-2200PVU | 750.00 |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 2 | IBM DB2 ലൈസൻസ് പുതുക്കൽ-20 VPC | |
| 3 | IBM DB2 ലൈസൻസ് പുതുക്കൽ-40 VPC | |
| 4 | 188 ലൊക്കേഷനുകളിലെ ബിഎസ്എൻഎൽ പ്രാഥമിക കണക്റ്റിവിറ്റി/എംപിഎൽഎസ് നവീകരണം | |
| 5 | BSNL 16 Mbps കോർ ലൈൻ -സെക്കൻഡറി കണക്റ്റിവിറ്റി | |
| 6 | നിലവിലുള്ള 98 ലൊക്കേഷനുകളിൽ റെയിൽടെൽ സെക്കൻഡറി കണക്റ്റിവിറ്റി | |
| 7 | 90 പുതിയ ലൊക്കേഷനുകളിൽ റെയിൽടെൽ സെക്കൻഡറി കണക്റ്റിവിറ്റി | |
| 8 | ഡാറ്റാ സെന്ററിലെയും ഡയറക്ടറേറ്റിലെയും റെയിൽടെൽ കണക്ഷന്റെ ബാൻഡ് വിഡ്ത്ത് വർദ്ധിപ്പിക്കൽ | |
| 9 | BSNL സെക്കൻഡറി കണക്റ്റിവിറ്റി 2 Mbps-44 ലൊക്കേഷനുകൾ | |
| 10 | IFMS ആപ്ലിക്കേഷനുകളുടെ സുരക്ഷാ ഓഡിറ്റ് | |
| 11 | സാൻ സ്റ്റോറേജ് ലൈസൻസ് പുതുക്കൽ | |
| 12 | ഇ-സൈൻ ചാർജുകൾ | |
| 13 | റാഡ്‌വെയർ ലൈസൻസ് പുതുക്കൽ | |
| 14 | ISO 27001:2013 സർട്ടിഫിക്കേഷൻ - കൺസൾട്ടൻസി ചാർജ്ജ് | |
| 15 | ISO 27001:2013 സർട്ടിഫിക്കേഷൻ - എക്സ്റ്റേണൽ ഓഡിറ്റർ ചാർജ്ജ് | |
| 16 | കരാർ NIC പ്രോഗ്രാമർമാർക്കുള്ള ചാർജ്ജ് | |
| 17 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർക്കുള്ള  പേയ്മെന്റ് | |
| 18 | IFMS മൊഡ്യൂൾ പിന്തുണയ്ക്കായി NIC-ലേക്കുള്ള പേയ്മെൻറ് | |
| 19 | NICSI ഡൽഹിയിലേക്കുള്ള പേയ്മെൻറ് -ഡാറ്റ സെൻറർ ചാർജുകൾ | |
| 20 | കെൽട്രോണിലേക്കുള്ള ഡിജിറ്റൽ സിഗ്നേച്ചർ ചാർജ്ജ് | |
| 21 | എല്ലാ ഇടപാടുകൾക്കും SMS-  NIC-ക്ക് ചാർജ്ജ് നൽകൽ | |
| 22 | SSL സർട്ടിഫിക്കറ്റ് ചാർജ്ജ് | |
| | **ആകെ** | **750.00** |

**17. ട്രഷറി വകുപ്പിലെ കാര്യശേഷി വികസനവും സേവന സംവിധാനം മെച്ചപ്പെടുത്തലും**

**(വിഹിതം: 50.00 ലക്ഷം രൂപ)**

ട്രഷറി ഓഫീസർമാർക്ക് ട്രഷറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പുതിയ സാങ്കേതിക കാര്യങ്ങളിൽ വിവിധ തലത്തിൽ പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്. ഐ.എഫ്.എം.എസ് പരിശീലനം, സാങ്കേതിക പരിശീലനം, സൂപ്പർവൈസറി സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ബേസിക് & അഡ്വാൻസ്ഡ് പരിശീലന പരിപാടി, പരിശീലനത്തിനാവശ്യമായ ഐടി ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയവയാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. 2025-26-ൽ താഴെപറയുന്ന ഘടകങ്ങൾക്കായി 50.00 ലക്ഷം രൂപ  വകയിരുത്തുന്നു.

| ക്രമ.നം | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സൂപ്പർവൈസറി ഓഫീസർമാരായ DTO's/ADTO/STO's-മാരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ- NCTSR/DOT/BSNL പോലുള്ള ഇന്റേർണൽ ട്രെയിനിംഗ് | 50.00 |
| 2 | ജില്ലാ കോർഡിനേറ്റർമാർ/സിസ്റ്റം അഡ്മിനിസ്ട്രേറ്റർക്കുള്ള ഇൻ ഹൗസ് റിഫ്രഷ്മെന്റ് പരിശീലനം | |
| 3 | JA/SA/SGA/ട്രഷറർ എന്നിവർക്ക് DOT,BSNL,IMG എന്നിവയിൽ വിദഗ്ധ പരിശീലനം | |
| 4 | അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫുകൾക്കുള്ള എക്സിക്യൂട്ടീവ് ഡെവലപ്മെന്റ് പ്രോഗ്രാമുകൾ-ആർടിസി-ബിഎസ്എൻഎൽ-എൻസിടിഎസ്ആർ, ഇൻ ഹൗസ് | |
| 5 | നാഷണൽ കൗൺസിൽ ഫോർ ട്രെയിനിംഗ് & സോഷ്യൽ റിസർച്ച് -ഇന്റർ നാഷണൽ സ്റ്റഡി ടൂർ | |
| 6 | ഓൺലൈൻ പരിശീലനം – 232 സബ് ഓഫീസുകൾക്കായി 2 വെബ്ക്യാം വീതവും, മൈക്കോട്ടുകൂടിയ ഹെഡ് ഫോണും ഉൾപ്പെടെ | |
| 7 | ISO 27001:2013 മായി ബന്ധപ്പെട്ട വിവര സുരക്ഷാ മാനേജ്മെൻറ് പരിശീലനം | |
| | **ആകെ** | **50.00** |

**18.ഡയറക്ടറേറ്റ് കെട്ടിടം ഉൾപ്പെടെ ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം**

**(വിഹിതം: 430.43 ലക്ഷം രൂപ)**

ട്രഷറി ഡിപ്പാർട്ട്മെന്റിന്റെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ നിർമ്മാണത്തിന് ലഭ്യമായ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും, സ്ത്രീകൾക്കും ശാരീരിക ബുദ്ധിമുട്ടുകൾ ഉള്ളവർക്കും ആവശ്യമായ സൗകര്യങ്ങളോടെ നവീകരിക്കുന്നതിനും വേണ്ടിയാണ് ഈ പദ്ധതി. 2025-26 ൽ ഈ പദ്ധതിക്കായി 430.43 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പൂർത്തിയാക്കിയ പ്രോജക്ടുകൾക്കുള്ള അന്തിമ പേയ്മെന്റ് ഘട്ടം-III (മേയ്2022-ജൂലൈ 2023 കാലയളവിൽ) | 430.43 |
| 2 | വനിതകൾ, മുതിർന്നവർ, ഭിന്നശേഷിക്കാർ തുടങ്ങിയവരെ പരിഗണിച്ചുള്ളതും 2025-2026 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നതുമായ 22 പുതിയ ട്രഷറി കെട്ടിടങ്ങളുടെ അവസാന പേയ്മെന്റ് – ഫേസ് IV | |
| 3 | ISO 27001:2013 സർട്ടിഫിക്കേഷനു വേണ്ടി ട്രഷറി കെട്ടിടങ്ങളുടെ ആധുനികവൽക്കരണം | |
| 4 | ആരോഗ്യകരമായ തൊഴിൽ അന്തരീക്ഷം പ്രോത്സാഹിപ്പിക്കുന്നതിനും ജീവനും സ്വത്തിനും ഭീഷണി ഒഴിവാക്കുന്നതിനും നിലവിലുള്ള ശോചനീയമായ കെട്ടിടങ്ങളുടെ നവീകരണം | |
| 5 | റീട്രോഫിറ്റിംഗ് വർക്കുകൾ: നിലവിലുള്ളതും പുതിയതുമായ വാടക കെട്ടിടങ്ങളുടെ തടസ്സമില്ലാത്ത പ്രവർത്തനങ്ങൾക്കായി വൈദ്യുതീകരണം, പ്ലംബിംഗ്, കോൺക്രീറ്റ് റീ ഇൻഫോഴ്സ്മെന്റ്, നെറ്റ്വർക്കിംഗ്. | |
| | **ആകെ** | **430.43** |

## 7. രജിസ്ട്രേഷൻ

### 19. രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം

**(വിഹിതം: 500.00 ലക്ഷം രൂപ)**

മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പ് ആരംഭിച്ച ഒരു പ്രധാന പദ്ധതിയാണ് കമ്പ്യൂട്ടർവൽക്കരണ പദ്ധതി. മെച്ചപ്പെട്ട സേവന വിതരണത്തിനായി പോരായ്മകൾ പരിഹരിച്ചു കൊണ്ട് കാര്യക്ഷമത ശക്തിപ്പെടുത്തുകയും ഉത്തരവാദിത്വത്തോടും സുതാര്യവുമായ ഒരു സേവന വിതരണ സംവിധാനം ഉണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. താഴെപറയുന്ന ഘടകങ്ങൾ നടപ്പാക്കുന്നതിനായി 2025-26 ൽ 500.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വകുപ്പിലെ ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റം | 500.00 |
| 2 | നെറ്റ്‌വർക്ക് മെയിൻറനൻസ്, ബാൻഡ്‌വിഡ്ത്ത്ചെലവുകൾ എന്നിവക്കായി BSNL-ന് നൽകുന്ന ചാർജ്ജുകൾ | |
| 3 | പഴയതും കാലഹരണപ്പെട്ടതുമായ കമ്പ്യൂട്ടറുകളും പെരിഫറലുകളും മാറ്റിസ്ഥാപിക്കൽ | |
| 4 | Open 'PEARL' പ്രോജക്ട് | |
| | **ആകെ** | **500.00** |

### 20. രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം

**(വിഹിതം: 1260.00 ലക്ഷം രൂപ )**

വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾക്കും സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രി ഓഫീസുകളിലും റെക്കോർഡുകൾ സൂക്ഷിക്കുന്നതിന് കാര്യക്ഷമമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. 2025-26-ൽ 1260.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഓഫീസുകൾക്ക് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ | 1260.00 |
| 2 | റെക്കാർഡ് റൂമുകളുടെ ആധുനികവൽക്കരണം | |
| 3 | ബയോമെട്രിക് അറ്റൻഡൻസ് സിസ്റ്റം സ്ഥാപിക്കൽ | |
| 4 | സബ് രജിസ്ട്രി ഓഫീസുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ | |
| 5 | **പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം (പുതിയ ഘടകം)** | |
| 6 | **വാഹനങ്ങൾ വാങ്ങൽ (പുതിയ ഘടകം)** | |
| | **ആകെ** | **1260.00** |

### 21. രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സംരക്ഷണവും ഡിജിറ്റൈസേഷനും

**(വിഹിതം: 969.66 ലക്ഷം രൂപ)**

സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന പൈതൃക റെക്കോർഡുകൾ ഘട്ടം ഘട്ടമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനുമുള്ളതാണ് ഈ പദ്ധതി. വസ്തുവുമായി ബന്ധപ്പെട്ട ഇടപാടുകൾക്കുള്ള പ്രാഥമിക തെളിവായ പൈതൃക റെക്കോർഡുകൾ ശാശ്വതമായി സംരക്ഷിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഈ പ്രോജക്ട് 2018-19 ൽ ആരംഭിച്ചു. പദ്ധതി തുടരുന്നതിന് താഴെപ്പറയുന്ന ഘടകങ്ങൾക്കായി 2025-26 വർഷത്തിൽ 969.66 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത പഴയ രേഖകളുടെ ഡിജിറ്റലൈസേഷൻ | 969.66 |
| 2 | റെക്കോർഡുകളുടെ സംരക്ഷണം | |
| 3 | പഴയ ബാധ്യതാ രേഖകളുടെ അപ്ഗ്രേഡേഷൻ | |
| | **ആകെ** | **969.66** |

## 8. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

### 22. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ കമ്പ്യൂട്ടർവത്ക്കരണം

**(വിഹിതം: 200.00 ലക്ഷം രൂപ)**

കാലഹരണപ്പെട്ട ഉപകരണങ്ങൾ മാറ്റി പുതിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ സേവന വിതരണം മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. 2025-26 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സോഫ്റ്റ് വെയർ | 200.00 |
| 2 | കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, എംഎഫ്പികൾ, ലാപ്ടോപ്പുകൾ, ഐപാഡുകൾ, ഹെവി ഡ്യൂട്ടി യുപിഎസ്, കമ്പ്യൂട്ടർ നെറ്റ്വർക്ക് ആക്സസറികൾ എന്നിവ വാങ്ങൽ | |
| 3 | കെപിഎസ്‌സി ഹെഡ് ഓഫീസിലെ നെറ്റ് വർക്ക് പുനഃക്രമീകരിക്കൽ | |
| 4 | ഇ ഡി പി സെർവർ റൂമിൽ ഐടി ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തൽ | |
| 5 | ഡാറ്റ സെർവറുകൾ/ക്ലൗഡ് സേവനം വാങ്ങൽ | |
| 6 | പരിശീലനം | |
| | **ആകെ** | **200.00** |

### 23. ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കൽ

**(വിഹിതം: 138.59 ലക്ഷം രൂപ)**

കെ.പി.എസ്.സിയുടെ ഉദ്യോഗാർത്ഥികളുടെ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ അവിഭാജ്യ ഘടകമായി ഓൺലൈൻ പരീക്ഷ മാറിയിരിക്കുന്നു. കൂടുതൽ ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികളെ ഉൾക്കൊള്ളുന്നതിനും തിരഞ്ഞെടുപ്പ് പ്രക്രിയയുടെ സമ്പ്രദായം വിപുലീകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. അതിനാൽ എല്ലാ ജില്ലകളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2025-26 വർഷത്തേക്ക് 138.59 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കോഴിക്കോട് ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിൽ സിസിടിവി നിരീക്ഷണം | 138.59 |
| 2 | ആധാർ അധിഷ്ഠിത ബയോമെട്രിക് ഉപകരണങ്ങൾ വാങ്ങുക | |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 3 | പത്തനംതിട്ടയിലെ ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിൽ 12 വർഷം പഴക്കമുള്ള ഓൾ ഇൻ വൺ പിസികൾക്ക് പകരമായി പുതിയത് സ്ഥാപിക്കൽ | |
| 4 | ഓൺലൈൻ പരീക്ഷയ്ക്കായി സെർവറുകൾ വാങ്ങൽ (12 വർഷം പഴക്കമുള്ള സെർവറിന് പകരമായി) | |
| | **ആകെ** | **138.59** |

**24. കേരള പി.എസ്.സി ക്ക് കെട്ടിട നിർമ്മാണം**

**(വിഹിതം: 524.92 ലക്ഷം രൂപ)**

എല്ലാ ജില്ലാ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കാൻ കേരള പബ്ലിക് സർവീസ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്, 2025-26 വർഷത്തിൽ 524.92 ലക്ഷം രൂപ താഴെപ്പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മലപ്പുറത്തും തൃശ്ശൂരിലും സ്വന്തം കെട്ടിട നിർമ്മാണം | 524.92 |
| 2 | ജില്ലാ ഓഫീസിനും എറണാകുളത്ത് റീജിയണൽ ഓഫീസിനുമായി സ്വന്തം ഓഫീസ് നിർമ്മാണം (ഘട്ടം II) | |
| | **ആകെ** | **524.92** |

## 9. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ

**25. വിജിലൻസ് വകുപ്പിന്റെ ആധുനികവൽക്കരണം**

**(വിഹിതം: 500.00 ലക്ഷം രൂപ)**

സാങ്കേതിക ശേഷി/മികച്ച അടിസ്ഥാന സൗകര്യങ്ങൾ/പരിശീലനം തുടങ്ങിയവ വർദ്ധിപ്പിച്ച് വേഗത്തിലുള്ള സേവനം പ്രദാനം ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനും അതിലൂടെ പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനും വേണ്ടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2025-26 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 500.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഓഫീസ് നവീകരണം | 500.00 |
| 2 | സാങ്കേതിക ശേഷി ശക്തിപ്പെടുത്തൽ | |
| 3 | പരിശീലനങ്ങളുടെയും ശിൽപശാലകളുടെയും ബോധവൽക്കരണത്തിന്റെയും സംഘാടനം | |
| 4 | ഇൻഫ്രാസ്ട്രക്ചറും ലോജിസ്റ്റിക്സും | |
| 5 | ഡയറക്ടറേറ്റിലെ അഡീഷണൽ ഫ്ളോറിന്റെ ഫിനിഷിംഗ് ജോലികൾ | |
| 6 | മൊബിലൈസേഷൻ ശക്തിപ്പെടുത്തൽ-വാഹനങ്ങൾ വാങ്ങൽ | |
| | **ആകെ** | **500.00** |

**26. വിജിലൻസ് വകുപ്പിന് കെട്ടിട നിർമ്മാണം**

**(വിഹിതം: 696.00 ലക്ഷം രൂപ)**

വകുപ്പിന് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. 2025-26 കാലയളവിൽ വിജിലൻസ് കോംപ്ലക്സുകൾ, ഓഫീസ് കെട്ടിടം, അതുമായി ബന്ധപ്പെട്ട മറ്റ്

പ്രവർത്തനങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വകുപ്പ് വിഭാവനം ചെയ്യുന്നു. 2025-26 വർഷത്തെ ബജറ്റിൽ ഇനിപ്പറയുന്ന ഘടകങ്ങൾക്കായി 696.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മുട്ടത്തറയിൽ വിജിലൻസ് ഓഫീസ് സമുച്ചയത്തിന്റെ നിർമാണം | 696.00 |
| 2 | വി.എ.സി.ബി പത്തനംതിട്ട യൂണിറ്റിന്റെ ഓഫീസ് കെട്ടിടത്തിന്റെ ഒന്നാംഘട്ട നിർമ്മാണം | |
| 3 | ഡയറക്ടറേറ്റിൽ കാർ പാർക്കിംഗ് സ്ഥലവും മുറികളുടെ നവീകരണവും | |
| 4 | ഡയറക്ടറേറ്റിലെ ബസ് ബാർ യൂണിറ്റ് മാറ്റിസ്ഥാപിക്കൽ | |
| | **ആകെ** | **696.00** |

### 10. എൻക്വയറി കമ്മിഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജസ് (വിജിലൻസ് കോടതികൾ), വിജിലൻസ് ട്രിബ്യൂണലുകൾ (വിജിലൻസ് ഇ-കോടതി)

### 27. വിജിലൻസ് കോടതികളിൽ ഇ-കോടതി സേവനം നടപ്പിലാക്കൽ

**(വിഹിതം: 100.00 ലക്ഷം രൂപ)**

ജീവനക്കാരുടെ പ്രമോഷൻ, സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കൽ, ഇന്റർ യൂണിറ്റ് ട്രാൻസ്ഫർ എന്നീ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് (വിജിലൻസ് കോടതികൾ) ഓഫീസുകളും വിജിലൻസ് ട്രിബ്യൂണലുകളും എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് തിരുവനന്തപുരത്തിന്റെ കീഴിൽ ഒരു യൂണിറ്റ് സംവിധാനമായി പ്രവർത്തിക്കുന്നു. ഇ-കോടതി സേവനങ്ങളുടെ ഭാഗമായി, അന്വേഷണ കമ്മീഷനുകളുടെയും പ്രത്യേക ജഡ്ജിമാരുടെയും വിജിലൻസ് ട്രൈബ്യൂണലുകളുടെയും കേസ് രേഖകളുടെ ഡിജിറ്റൈസേഷനായി സ്കാനറുകൾ, ഫർണിച്ചറുകൾ, സ്റ്റോറേജ് ഉപകരണങ്ങൾ വാങ്ങൽ, ഡിജിറ്റൈസേഷൻ ചാർജുകൾ എന്നിവ ആവശ്യമാണ്. 2025-26-ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സംസ്ഥാനത്തെ വിജിലൻസ് കോടതികളിലെയും ട്രൈബ്യൂണലുകളിലെയും കേസ് റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ | 100.00 |
| | **ആകെ** | **100.00** |

### 11. നിയമവകുപ്പ്

### 28. നിയമവകുപ്പിന്റെ ആധുനികവത്ക്കരണം

**(വിഹിതം: 63.00 ലക്ഷം രൂപ)**

നിയമ വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഒരു പദ്ധതിയാണിത്. ഇപ്പോൾ നിയമനിർമ്മാണം, നിയമ ഉപദേശം, വിവർത്തനം തുടങ്ങി നിയമ വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിച്ച് കഴിഞ്ഞു. ഇതിനായി ലോ ഇൻഫർമേഷൻ മാനേജ് മെന്റ് സിസ്റ്റം (എൽ.ഐ.എം.എസ്) എന്ന ഇ-ഫയൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് വരുന്നു. നിയമങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ അടങ്ങിയ ഒരു 'നിയമ വിജ്ഞാന ശേഖരം' ഡിജിറ്റൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഗവൺമെന്റ് കക്ഷിയായ കോടതി കേസുകളുടെ നിലവിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി പ്രോജക്ട് ഓഫ് കോർട്ട് കേസ് മോണിറ്ററിംഗ് സൊല്യൂഷൻ ഫോർ ലോ ഓഫീസുകൾ (സിസിഎംഎസ്) എന്ന പ്രോജക്ട് വികസിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു. ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ൽ 63.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സി.സി.എം.എസ് ആപ്ലിക്കേഷന്റെ വാർഷിക മെയിന്റനൻസ് കരാർ (എ.എം.സി) (നികുതികൾ ഉൾപ്പെടെ) | 63.00 |
| 2 | ഡിജിറ്റൈസേഷൻ ഒരു പേജിന് 1.20 രൂപ (നികുതികൾ ഒഴികെ) *പരമാവധി 5 ലക്ഷം പേജുകൾ (നികുതികൾ ഉൾപ്പെടെ) | |
| 3 | വെബ് പോർട്ടലിനായുള്ള ലോ വെബ് പോർട്ടൽ അപ് ഗ്രേഡേഷനും വാർഷിക മെയിന്റനൻസ് ചാർജുകളും (നികുതി ഉൾപ്പെടെ) | |
| 4 | നിയമ വകുപ്പിലെ ഓൺസൈറ്റ് സാങ്കേതിക പിന്തുണ പ്രവർത്തനം (നികുതി ഉൾപ്പെടെ) | |
| 5 | ലൈബ്രറി മൊഡ്യൂളിന്റെ ആധുനികവൽക്കരണം - ക്ലൗഡ് മൈഗ്രേഷൻ ലൈബ്രറി മൊഡ്യൂൾ, വാട്ട്സ്ആപ്പ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ബോട്ട് വികസനം എപിഐ ഇന്റഗ്രേഷൻ. വാട്ട്സ്ആപ്പ്, എസ്എംഎസ്, ഇമെയിൽ സംയോജനം (ഒറ്റത്തവണ സജ്ജീകരണ ചെലവ്), വാട്ട്സ്ആപ്പ് ബോട്ട് പ്ലാറ്റ്ഫോം ഒരു വർഷത്തേക്ക് വാടകയ്ക്ക്, വാട്ട്സ്ആപ്പ് ബോട്ട് സംഭാഷണം 50000 എണ്ണം വരെ, വാട്ട്സ്ആപ്പ് നമ്പറുകൾ പ്രതിവർഷം 50000 നമ്പറുകൾ വരെ സന്ദേശങ്ങൾ അയയ്ക്കുക. (നികുതി ഉൾപ്പെടെ) | |
| 6 | നിയമങ്ങളും ചട്ടങ്ങളും, സേവന നിയമങ്ങൾ, IPR നിയമങ്ങൾ, മറ്റ് പ്രത്യേക നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള ലെജിസ്ലേറ്റീവ് ഡ്രാഫ്റ്റിംഗിനെക്കുറിച്ചുള്ള പരിശീലനം | |
| 7 | അച്ചടക്ക നടപടികളെക്കുറിച്ചുള്ള പരിശീലനം, കരാറുകളുടെയും മറ്റ് നിയമ രേഖകളുടെയും സൂക്ഷ്മപരിശോധന, കാര്യവിവരണ പത്രികയുടെ സൂക്ഷ്മപരിശോധന, കോടതി നടപടിക്രമം, മറ്റ് പരിശീലനം | |
| 8 | ഗവൺമെന്റ് പ്ലീഡർമാർക്കും അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാർക്കും (KAT-ൽ പങ്കെടുക്കുന്നവർ ഉൾപ്പെടെ) ചില പ്രത്യേക നിയമങ്ങൾ/വിഷയങ്ങൾ/സേവന നിയമങ്ങളിൽ പരിശീലനം | |
| 9 | ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലെജിസ്ലേറ്റീവ് ഡ്രാഫ്റ്റിംഗ് ആൻഡ് റിസർച്ച് മുഖേന നിയമ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം കൂടാതെ മറ്റ് സംസ്ഥാനങ്ങളിലെ/രാജ്യങ്ങളിലെ സ്ഥാപനങ്ങളിൽ നിന്ന് നൽകുന്ന പരിശീലനങ്ങൾ | |
| 10 | സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിന്, അതായത് സ്ത്രീകൾ, വിദ്യാർത്ഥി സമൂഹം (സ്കൂൾ, കോളേജ് മുതലായവ) സാമൂഹ്യ നിയമ അവബോധം | |
| 11 | 2025 ഭരണഘടനാ ദിനാചരണം, 3 സോണുകൾക്കായുള്ള സോൺ തിരിച്ചുള്ള പരിപാടി, സംസ്ഥാനതല പരിപാടി | |
| | **ആകെ** | **63.00** |

## 12. കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

### 29. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ആധുനികവത്ക്കരണം

**(വിഹിതം: 211.60 ലക്ഷം രൂപ)**

സംസ്ഥാനത്തെ ഓഡിറ്റ് വകുപ്പിന്റെ പ്രധാനപ്പെട്ട പ്രവർത്തന മേഖലകൾ ആധുനിക വൽക്കരിക്കുകയെന്ന ലക്ഷ്യത്തോടെ 2008-09 ലാണ് ഈ പദ്ധതി ആരംഭിച്ചത്. 'ഓഡിറ്റ് ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം' (എ.ഐ.എം.എസ് ) എന്ന പേരിൽ ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കുകയും അത് 14 ജില്ലാ ഓഫീസുകളിൽ വിന്യസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2025-26 വർഷം താഴെപറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി 211.60 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഓഡിറ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം – 2.0 | 211.60 |
| 2 | എ.ഐ.എം.എസ് ന്റെ മെച്ചപ്പെടുത്തലും പരിഷ്ക്കരണവും, ഓൺസൈറ്റ് /ഓഫ്സൈറ്റ് സാങ്കേതിക പിന്തുണ (AIMS/CEMS) | |
| 3 | ചാരിറ്റബിൾ എൻഡോവ്മെന്റ് മാനേജ്മെന്റ് സിസ്റ്റം (CEMS)- ഒരു സംയോജിത ഫണ്ട് മൊഡ്യൂളിന്റെ വികസനം ഉൾപ്പെടെയുള്ള പരിഷ്ക്കരണവും മെച്ചപ്പെടുത്തലും | |
| 4 | സ്ട്രാറ്റജിക് ഓഡിറ്റ് വികസനം | |
| 5 | ലൈസൻസ് പുതുക്കലും പ്രോജക്റ്റിന്റെ ഹാർഡ്‌വെയറിന്റെ പരിപാലനവും – വീഡിയോ കോൺഫറൻസിങ് ഉൾപ്പെടെയുള്ള ഐടി അസിസ്റ്റഡ് ലേണിംഗ് ടൂളുകളും പ്ലാറ്റ്ഫോമും | |
| 6 | തടസ്സമില്ലാത്ത ഇന്റർനെറ്റ് കണക്റ്റിവിറ്റി | |
| 7 | ഡിപ്പാർട്ട്മെന്റൽ വെബ് സൈറ്റ് | |
| 8 | പുതിയ വാഹനങ്ങൾ വാങ്ങൽ | |
| 9 | ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ, ഐടി ഹാർഡ്‌വെയർ എന്നിവയുടെ വാങ്ങൽ | |
| 10 | കണ്ണൂരിലെ എൽ.എസ്.ജി.ഡി ബിൽഡിംഗിൽ ഓഡിറ്റ് ഓഫീസ് ക്രമീകരണം | |
| | **ആകെ** | **211.60** |

## 13. പോലീസ്

### 30. പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണം

**(വിഹിതം: 15290.00 ലക്ഷം രൂപ)**

ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ വെല്ലുവിളികൾ ഫലപ്രദമായി നേരിടുക എന്ന ലക്ഷ്യത്തോടെയാണ് പോലീസ് വകപ്പ് ആധുനിക വൽക്കരണ പരിപാടികൾക്ക് പ്രത്യേകിച്ച് വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നൂതന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് തുടക്കം കുറിച്ചത്. ഈ പ്രോജക്ടുകൾ നടപ്പാക്കുന്നതിലൂടെ വകുപ്പിന്റെ കാര്യ ശേഷിയും പ്രത്യേകിച്ച് ഫീൽഡ് തല സേനാംഗങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുകയും വകുപ്പ് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയുമാണ് ഉദ്ദേശ്യം. ചുവടെ പ്രതിപാദിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് 2025-26 ൽ 15290.00 ലക്ഷം രൂപ വകയിരുത്തുന്നു.

**എ. ആധുനികവൽക്കരണം**

| ക്രമ നം. | പരിപാടികൾ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1. | സ്കീം ഫോർ ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സിസ്റ്റംസ് (CCTNS) | കസ്റ്റമൈസ് ചെയ്യുന്നതിനുള്ള വിപുലമായ സോഫ്റ്റ്‌വെയർ, മെഗ്രാജിന് പേയ്മെന്റ്, എസ്എംഎസ് ചെലവ്, സുരക്ഷാ ഓഡിറ്റ്, ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ (പരിശീലനം) | 400.00 |
| | | DC/DR, പോലീസ് സ്റ്റേഷനുകൾ, ഉന്നത ഓഫീസുകൾ എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കൽ | |
| | | കപ്പാസിറ്റി ബിൽഡിംഗ് (സി. സി. ടി. എൻ. എസ് ഡിവിഷനിലേക്കുള്ള ഏറ്റവും പുതിയ സോഫ്റ്റ്‌വെയർ ഇൻഫ്രാസ്ട്രക്ചറിൽ പരിശീലനവും നൈപുണ്യ വികസനവും) | |

| ക്രമ നം. | പരിപാടികൾ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| | | ഡിജിറ്റൽ സിഗ്നേച്ചർ നടപ്പിലാക്കൽ. | |
| | | കണക്റ്റിവിറ്റി ചാർജ്ജുകൾക്കുള്ള ചെലവുകൾ. | |
| | | സോഫ്റ്റ് വെയർ ഡിഫൈൻഡ് വൈഡ് ഏരിയ നെറ്റ്‌വർക്കുകൾ (SD-WAN) - NGFW/UTM ഫീച്ചറുകളിലേക്കുള്ള ലൈസൻസുകൾ സബ്സ്ക്രൈബ് ചെയ്യാനും പുതിയ SD-WAN ഉപകരണങ്ങൾ വാങ്ങാനും. | |
| 2. | ശാസ്ത്രീയ അന്വേഷണത്തിന്റെ നവീകരണം (സംസ്ഥാന ഫൊറൻസിക് സയൻസ് ലബോറട്ടറി, പ്രാദേശിക-ജില്ലാതല ഫൊറൻസിക് സയൻസ് ലബോറട്ടറികൾ, ഫിംഗർ പ്രിൻറ് ബ്യൂറോ, സംസ്ഥാന ഫോട്ടോഗ്രഫിക് ബ്യൂറോ എന്നിവ ശക്തമാക്കുന്നതിനു വേണ്ടി) | വാർഷിക മെയിന്റനൻസ് കരാർ, ഉപകരണങ്ങൾക്കുള്ള ലൈസൻസ് പുതുക്കൽ, എഫ്എസ്എൽ/എൻഎബിഎൽ അംഗീകാരത്തിനായി ഉപകരണങ്ങളുടെ ക്രമീകരണം | 441.00 |
| | | ഫോറൻസിക് സയൻസ് ലബോറട്ടറി ഹെഡ്ക്വാട്ടേഴ്സ്, റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി, ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറി എന്നിവിടങ്ങളിൽ ഉപകരണങ്ങൾ, കെമിക്കൽസ്, ലാബ് ഉപകരണങ്ങൾ, ഗ്ലാസ് ഉപകരണങ്ങൾ എന്നിവ വാങ്ങൽ | |
| | | ഫിംഗർ പ്രിന്റ് ബ്യൂറോയിലേക്കുള്ള രാസവസ്തുക്കൾ, ഉപകരണങ്ങൾ, ആക്സസറികൾ, കൺസ്യൂമബിൾസ് എന്നിവ വാങ്ങൽ | |
| | | ലെൻസ് RF 24-105mm f/2.8L IS USM Z | |
| | | ലെൻസ് RF 70-200mm f/2.8L IS USM | |
| | | യു പി എസും ബാറ്ററിയും | |
| | | ഡിജിറ്റൽ വീഡിയോ ക്യാമറയും അനുബന്ധ ഉപകരണങ്ങളും | |
| | | ട്രിനോക്കുലാർ റിസർച്ച് മൈക്രോസ്കോപ്പ് | |
| | | അൾട്രാപ്യൂർ വാട്ടർ പ്യൂരിഫിക്കേഷൻ സിസ്റ്റം | |
| | | DSLR മിറർലെസ്സ് ക്യാമറ | |
| 3. | കേരള പൊലീസ് ഡാറ്റാ സെന്റർ സജ്ജീകരണം | വാർഷിക സുരക്ഷാ ഓഡിറ്റ് & പാച്ചിംഗ് | 75.00 |
| | | സൈബർ തട്ടിപ്പ് തടയൽ- സൈബർ വാൾ പ്രോജക്ട് | |
| 4. | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി | എ. സ്കൂൾതല പ്രവർത്തനങ്ങൾ (നിലവിലുള്ള 928 സർക്കാർ & സർക്കാർ | 1700.00 |

| ക്രമ നം. | പരിപാടികൾ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| | | എയ്ഡഡ് SPC വിദ്യാലയങ്ങൾക്കുള്ള തുക 2. പുതുതായി 72 സർക്കാർ & സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ SPC പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള തുക. 3. 21 അൺ എയ്ഡഡ് വിദ്യാലയങ്ങൾക്കുള്ള SPCഫണ്ട് .) | |
| | | ബി. ജില്ലാ തല പ്രവർത്തനങ്ങൾ (ജില്ലാ തല ഭരണനിർവ്വഹണത്തിനും, ജില്ലാ വാർഷിക റെസിഡൻഷ്യൽ ക്യാമ്പിനും, SPC ദിനം, SPC ക്വിസ്സ്, SSLC & പ്ലസ് ടു ഫുൾ A+ ജേതാക്കളെ ആദരിക്കൽ, ADNO-യ്ക്കുള്ള അലവൻസുകൾ എന്നിവയ്ക്കുമുള്ള തുക) | |
| | | സി. സംസ്ഥാനതല ഭരണനിർവ്വഹണത്തിന്റെ ഫണ്ട് SPC ഡയറക്ടറേറ്റ് (സംസ്ഥാനതല ഭരണത്തോട് അനുബന്ധിച്ചുള്ളത് ) ഡ്രിൽ ഇൻസ്ട്രക്ടർമാർക്കുള്ള ഓണറേറിയം, സംസ്ഥാനതല വാർഷിക റെസിഡൻഷ്യൽ ക്യാമ്പ്, സംസ്ഥാനതല SPC ക്വിസ്സ്, സംസ്ഥാനതല SPC ദിനാഘോഷം, സർട്ടിഫിക്കറ്റ് ഡോക്യുമെന്റുകൾ പ്രിന്റ് ചെയ്യൽ, സംസ്ഥാനതല യോഗങ്ങൾ, ഡ്രിൽ ഇൻസ്ട്രക്ടർമാർക്കും/SPC അധ്യാപകർക്കുമുള്ള പരിശീലനം, ജൂനിയർ കാഡറ്റുകളുടെ പ്രവേശന പരീക്ഷ, SPC ഡയറക്ടറേറ്റിന്റെ ഭരണപരമായ ചെലവുകൾ. | |
| 5. | ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസ്സിംഗ് സിസ്റ്റം | ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ/ ലാപ്ടോപ്പ്/ സ്കാനറുകൾ എന്നിവ വാങ്ങൽ | 350.00 |
| | | ഇലക്ട്രിഫിക്കേഷനും നെറ്റ്‌വർക്കിംഗും/ ഹാർഡ്‌വെയർ റിപ്പയറും മെയിന്റനൻസും | |
| | | സോഫ്റ്റ്‌വെയർ എഎംസി (സോഫ്റ്റ്‌വെയർ എഎംസി വാങ്ങൽ)/സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് (സോഫ്റ്റ്‌വെയർ വികസന ചെലവിനുള്ള തുക) | |
| | | സെർവർഎഎംസി/അഡ്മിനിസ്ട്രേഷൻ/ അപ്ഗ്രേഡേഷൻ | |
| | | ഉപയോക്തൃ പരിശീലനം | |
| | | IAPS റീ-എൻജിനീയറിംഗ് | |
| 6. | ANPR ക്യാമറകൾ സ്ഥാപിക്കൽ | പുതുതായി വിവിധ ഇടങ്ങളിൽ ഫേഷ്യൽ റെകഗനൈസേഷൻ സൗകര്യമുള്ള ANPR ക്യാമറകൾ സ്ഥാപിക്കൽ | 200.00 |
| | | കേന്ദ്രീകൃത ANPR മോണിറ്ററിംഗ് റൂമിന്റെ നവീകരണം | |
| | | ANPR ക്യാമറകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട കണക്റ്റിവിറ്റി ചാർജ്ജുകൾ | |

| ക്രമ നം. | പരിപാടികൾ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 7. | മെച്ചപ്പെട്ട ട്രാഫിക് മാനേജ് മെന്റും അപകടങ്ങൾ കുറയ്ക്കലും | LED റിഫ്ലക്ടർ ജാക്കറ്റ് | 180.00 |
| | | ഡിജിറ്റൽ ടയർ ത്രെഡ് ഡെപ്ത് ഗേജ് | |
| | | ഡിജിറ്റൽ സൈൻ ബോർഡുകൾ | |
| | | പോർട്ടബിൾ അഗ്നിശമന ഉപകരണങ്ങൾ | |
| | | അസ്ക ലൈറ്റ്/ മിന്നുന്ന ഷോൾഡർ ലൈറ്റ്/വലിയ ടോർച്ച്/എമർജൻസി ലൈറ്റ്/കോൺവെക്സ് മിറർ/ഫസ്റ്റ് എയ്ഡ്ബോക്സ്/ഇൻഡസ്ട്രിയൽ ഗ്ലൗസ്/പ്രിൻററോടുകൂടിയ ഹാൻഡ് ഹെൽഡ് സ്പീഡ് ഗൺ | |
| | | ലക്സ് മീറ്റർ | |
| | | ചലിക്കുന്ന നോ എൻട്രി ബോർഡ്/ചലിക്കുന്ന ഡൈവേർഷൻ ബോർഡ്/ചലിക്കുന്ന ബാരിക്കേഡ് | |
| | | പരാബോളിക് ഡിവൈഡർ | |
| | | വീൽ ക്ലാമ്പ് (ഹെവി വെഹിക്കിളിനു വലുതും ലൈറ്റ് മോട്ടോർ വെഹിക്കിളിനു ചെറുതും) | |
| | | ചെയിൻ ഉള്ള ട്രാഫിക് കോൺ, ഫോർഡബിൾ സ്ട്രെച്ചർ, ചാർജറുള്ള സിഗ്നൽ ബാറ്റൺ, സെർച്ച് ലൈറ്റ്, വടം, റെയിൻ കോട്ട് തുടങ്ങിയവ. | |
| | | ട്രാഫിക് സിഗ്നൽ മെയിൻറനൻസ് & മോണിറ്ററിംഗ് സെന്ററിന്റെ ഭൗതിക സാഹചര്യ നവീകരണം | |
| | | കണക്റ്റിവിറ്റി ചാർജുകളുള്ള വാഹനത്തിൽ ഘടിപ്പിച്ച ക്യാമറ | |
| 8. | പോലീസ് ഹെഡ്ക്വാർട്ടേഴ്സ്,ADGP L&O ഓഫീസ്, എന്നിവയിലേക്കുള്ള ലോജിസ്റ്റിക്സ്, ഇൻഫ്രാസ്ട്രക്ചർ | പോലീസ് ഹെഡ്ക്വാർട്ടേഴ്സിനുള്ള ലോജിസ്റ്റിക്സും ഭൗതിക സാഹചര്യങ്ങളും, ഫോട്ടോകോപ്പിയറും, കളർ പ്രിന്ററുകളും വാങ്ങൽ | 155.00 |
| | | ADGP L&O ഓഫീസ്, 2 സോണൽ ഓഫീസുകൾ, 4 റേഞ്ച് ഓഫീസുകൾ എന്നിവയ്ക്കുള്ള ലോജിസ്റ്റിക്സും അടിസ്ഥാന സൗകര്യങ്ങളും | |
| | | കൊല്ലം സിറ്റി പോലീസ് സ്റ്റേഷനിൽ ലോജിസ്റ്റിക്സും അടിസ്ഥാന സൗകര്യങ്ങളും (കൊല്ലം സിറ്റിയിലെ ഡിപിഒയിൽ വർക്ക്സ്റ്റേഷൻ/ക്യൂബിക്കിളുകൾ എന്നിവയുടെ നിർമ്മാണം) | |
| | | പത്തനംതിട്ട കൺട്രോൾ റൂമിൽ വർക്ക് സ്റ്റേഷനും ലോജിസ്റ്റിക്സും | |

| ക്രമ നം. | പരിപാടികൾ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| | | ഡി.പി.ഒകൾക്കുള്ള ലോജിസ്റ്റിക്സും അടിസ്ഥാന സൗകര്യങ്ങളും (10 ഡി.പി.ഒ കൾ) | |
| | | സ്ത്രീകളുടെയും കുട്ടികളുടെയും സംസ്ഥാന സെല്ലിനുള്ള ലോജിസ്റ്റിക്സും അടിസ്ഥാന സൗകര്യങ്ങളും. | |
| 9 | സബ് ഡിവിഷണൽ ഓഫീസുകളെ സ്മാർട്ട് നിലവാരത്തിലേക്ക് ഉയർത്തുക | AFIS (സംസ്ഥാന സോഫ്റ്റ്‌വെയർ) കൊടുങ്ങല്ലൂർ സബ് ഡിവിഷനിലെ എൻറോൾമെന്റ് സെന്റർ –തൃശ്ശൂർ റൂറൽ– AFIS ആപ്ലിക്കേഷനും ഹാർഡ്‌വെയറും ഉള്ള റിമോട്ട് ഡോസിയർ സൗകര്യം (വർക്ക്സ്റ്റേഷൻ (i7 (4 കോർ), 8 GB RAM, 1 TB HDD, Windows 10), ഫിംഗർപ്രിന്റ് സ്കാനർ (10 പ്രിന്റർ, ലൈവ് സ്കാനർ) ഫ്ലാറ്റ് ബെഡ് സ്കാനർ (4800 dpi), വെബ് ക്യാമറ (720p), പ്രിൻറ് 1 കെ.വി.എ യുപിഎസും | 100.00 |
| | | കോഴിക്കോട് നഗരത്തിലെ 3 സബ്ഡിവിഷനുകൾക്കായി പോർട്ടബിൾ ഇൻഫ്ലേറ്റബിൾ ലൈറ്റ് | |
| | | 20 സബ് ഡിവിഷണൽ ഓഫീസുകൾക്കുള്ള ലോജിസ്റ്റിക്സും അടിസ്ഥാന സൗകര്യങ്ങളും. | |
| 10 | കമ്മ്യൂണിറ്റി പോലീസിംഗ് (ജനമൈത്രി സുരക്ഷാ പദ്ധതി) | ജില്ലകളിൽ ജനമൈത്രി പരിപാടികൾ നടത്തുന്നതിനും ജനസൗഹൃദ സംരംഭങ്ങൾ തുടരുന്നതിനുമുള്ള പ്രവർത്തന/ഭരണ ചെലവുകൾ. | 280.00 |
| | | ജനമൈത്രി ബീറ്റ് ആപ്ലിക്കേഷന്റെ എഎംസി പുതുക്കൽ | |
| | | പ്രശാന്തി സീനിയർ സിറ്റിസൺസ് ഹെൽപ്പ് ഡെസ്ക്, കൺസൾട്ടേഷൻ പ്രോഗ്രാമുകൾ, മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള വിക്ടിം സപ്പോർട്ട് സെൽ എന്നിവ | |
| | | സംസ്ഥാനത്ത് പുതുതായി ചുമതലയേറ്റ ജനമൈത്രി ബീറ്റ് ഓഫീസർമാർക്കുള്ള അടിസ്ഥാന പരിശീലനവും നിലവിലുള്ള ജനമൈത്രി ബീറ്റ് ഓഫീസർമാർക്കുള്ള റിഫ്രഷർ പരിശീലനവും. | |
| | | കമ്മ്യൂണിറ്റി പോലീസിങ്ങ് വാർത്ത പത്രിക, ജേർണൽ, വാർത്താക്കുറിപ്പ് എന്നിവയുടെ പ്രസിദ്ധീകരണ ചെലവ്, പ്രചാരണ സാമഗ്രികളുടെ വിതരണം | |
| | | സംസ്ഥാനത്ത് പിങ്ക് സംരക്ഷണ പദ്ധതി. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണ പദ്ധതി | |
| | | തീരദേശ സുരക്ഷയും ജനമൈത്രി സുരക്ഷാ | |

| ക്രമ നം. | പരിപാടികൾ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| | | പദ്ധതിയും. (കടലോര ജാഗ്രതാ സമിതികൾക്കുള്ള സൗകര്യങ്ങൾ, സ്റ്റേക്ക് ഹോൾഡർ പരിശീലനം, തീരദേശ സുരക്ഷാ പരിപാടികൾ, രഹസ്യവിവര ശേഖരണം, വിവരം നൽകുന്നവർക്ക് പാരിതോഷികം നൽകൽ, തീരദേശ പോലീസ് സ്റ്റേഷനുകളിലെ ജനമൈത്രി ബീറ്റ് ഓഫീസർമാർക്ക് പരിശീലനം, തീരദേശ പോലീസ് സ്റ്റേഷൻ പരിധികളിൽ 18 ജനമൈത്രി സമിതികൾ രൂപീകരിക്കൽ, അതിന്റെ സമ്മേളനങ്ങളുടെ ചെലവുകൾ, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, ഭാവി പ്രവർത്തന പദ്ധതി തയ്യാറാക്കൽ തുടങ്ങിയവ) | |
| | | ജനമൈത്രി കേന്ദ്രം പദ്ധതി – ആശുപത്രികളുടെയും ജനമൈത്രി ലാബിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം. | |
| | | റെയിൽ മൈത്രി പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കൽ – കേരള സംസ്ഥാന പോലീസിന് റെയിൽ മൈത്രി ഐഒഎസ് ആപ്പിനും എം-ബീറ്റ് ഡാറ്റാബേസ് മാനേജ്മെൻറ് സിസ്റ്റം വി 2 നുമുള്ള പ്രൊപ്പോസൽ | |
| | | റെയിൽമൈത്രി പ്രോജക്ടിനെ Pol ആപ്പുമായി സംയോജിപ്പിക്കലും റെയിൽമൈത്രി പ്രോജക്ടിനായുള്ള വാർഷിക മെയിന്റനൻസ് കരാർ. | |
| | | ട്രൈബൽ ജനമൈത്രി സുരക്ഷാ പദ്ധതി | |
| | | ചൈൽഡ് ഇനിഷ്യേറ്റീവ് സ്കീമുകൾ(ചിരി, ക്യാപ്, എസ്.പി.ജി, സി.എഫ്.പി.എസ്, ഹോപ്പ്) | |
| | | Pol ബ്ലഡ് പ്രവർത്തനങ്ങൾ | |
| 11 | സായുധ പോലീസ് ബറ്റാലിയനുകൾക്കുള്ള പരിശീലന അടിസ്ഥാന സൗകര്യങ്ങളും ഉപകരണങ്ങളും | കെ.എ.പി മൂന്നാം ബറ്റാലിയനിൽ സീവേജ് വാട്ടർ പ്ലാന്റ് സ്ഥാപിക്കൽ | 100.00 |
| | | ഡീസൽ ജനറേറ്റർ സെറ്റ് (40 KVA) വാങ്ങുകയും KAP മൂന്നാം ബറ്റാലിയനിൽ ജനറേറ്റർ റൂം സജ്ജീകരിക്കുക. | |
| | | തൃപ്പൂണിത്തുറ കെ.എ.പി ബറ്റാലിയൻ ഒന്നിൽ മിന്നൽ സംരക്ഷണ സംവിധാനം ഒരുക്കുക. | |
| | | എസ്എപി ബറ്റാലിയനിലെ ഒബ്സ്റ്റക്കിൾ കോഴ്സിനായുള്ള ഒബ്സ്റ്റക്കിളുകളുടെ നിർമ്മാണം. | |

| ക്രമ നം. | പരിപാടികൾ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| | | KEPA-യ്ക്കുള്ള പരിശീലനത്തിനുള്ള AFIS മൊഡ്യൂൾ | |
| | | ബറ്റാലിയനുകൾക്കുള്ള ദുരന്ത നിവാരണ പരിശീലന ഉപകരണങ്ങൾ | |
| 12 | ഫലപ്രദമായി ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനുള്ള പദ്ധതി | ബോഡി പ്രൊട്ടക്റ്റീവ് ഗിയർ | 137.00 |
| | | വിസർ ഉള്ള ഹെൽമറ്റ് | |
| | | ഫൈബർ ഷീൽഡ് | |
| | | ഹെവി മൂവബിൾ ബാരിക്കേഡ് | |
| 13 | മൊബിലിറ്റിക്കുള്ള സ്കീം | പോലീസ് സ്റ്റേഷനുകൾക്കുള്ള ലൈറ്റ് മോട്ടോർ വെഹിക്കിൾസ് (LMV 2WD) | 4239.00 |
| | | മലയോര പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകൾക്കുള്ള ലൈറ്റ് മോട്ടോർ വാഹനങ്ങൾ (LMV 4WD): | |
| | | ഹൈവേ പോലീസ് പട്രോളിനുള്ള ലൈറ്റ് മോട്ടോർ വെഹിക്കിൾസ് (LMV 2WD): | |
| | | കൺട്രോൾ റൂമിനുള്ള ലൈറ്റ് മോട്ടോർ വെഹിക്കിൾസ് (LMV 2WD): | |
| | | പ്രത്യേക യൂണിറ്റുകൾക്കുള്ള ലൈറ്റ് മോട്ടോർ വാഹനങ്ങൾ: | |
| | | ബറ്റാലിയനുകൾക്കുള്ള ലൈറ്റ് മോട്ടോർ വാഹനങ്ങൾ: | |
| | | ഡിവൈഎസ് പി മാർക്കുള്ള ലൈറ്റ് മോട്ടോർ വാഹനങ്ങൾ:<br>പ്രവർത്തന ആവശ്യത്തിനുള്ള ലൈറ്റ് മോട്ടോർ വാഹനങ്ങൾ (സീനിയർ ഉദ്യോഗസ്ഥർക്ക്) | |
| | | ആംബുലൻസ് | |
| | | തീരദേശ പോലീസ് സ്റ്റേഷനുകൾക്കുള്ള ഇന്റർസെപ്റ്റർ ബോട്ടുകൾ | |
| 14 | സൈബർ ക്രൈം ഇൻവെസ്റ്റിഗേഷന്റെ ടെക്നോളജി അപ്ഗ്രഡേഷൻ | NPA, CDAC, CDOT, DSCT, NFSU തുടങ്ങിയവയുമായി സഹകരിച്ചുള്ള പരിശീലനം | 170.00 |
| | | സൈബർ അന്വേഷണ ചെലവുകൾ- സൈബർ പോലീസ് സ്റ്റേഷനുകളിലെ സൈബർ ഫോറൻസിക് ഉപകരണങ്ങൾ | |
| | | സൈബർ പോലീസ് സ്റ്റേഷനുകൾ/ റേഞ്ചുകൾക്കുള്ള പേഴ്സണൽ കമ്പ്യൂട്ടറുകൾ, സൈബർ പട്രോളിംഗ് | |
| | | ജില്ലയിലും സംസ്ഥാനത്തും പ്രവർത്തിക്കുന്ന ഇൻസിഡന്റൽ റെസ്പോൺസ് ടീമിലുള്ള ഹാർഡ്വയറുകൾ (ഡെസ്ക്ടോപ്പ്, | |

| ക്രമ നം. | പരിപാടികൾ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| | | മോണിറ്ററുകൾ, എക്സ്റ്റേണൽ സ്റ്റോറേജ് ഡിവൈസുകൾ, ലാപ്ടോപ്പ്, ലേസർജെറ്റ് പ്രിൻറർ) | |
| | | ഇൻസിഡന്റ് റെസ്പോൺസ് ടീമിനായി റൈറ്റ് ബ്ലോക്കറുകൾ (റൈറ്റ് പ്രൊട്ടക്ടറുകൾ) | |
| | | സൈബർ സുരക്ഷയുള്ള നെറ്റ്‌വർക്ക് ടൂളുകളും ഉപകരണങ്ങളും:(USB/ C പോർട്ട് ഇഥർനെറ്റ് അഡാപ്റ്റർ, ഫീൽഡ് കിറ്റുകൾ: സ്ക്രൂഡ്രൈവർ സെറ്റ്, കേബിളുകൾ/അഡാപ്റ്റർ: ഉയർന്ന നിലവാരമുള്ള USB-C, ലൈറ്റ്നിംഗ്, HDMI, ഇഥർനെറ്റ് കേബിളുകൾ, നെറ്റ്‌വർക്ക്-അറ്റാച്ച്ഡ് സ്റ്റോറേജ് (NAS), 24 പോർട്ടുകൾ നിയന്ത്രിക്കുന്ന Non PoE ലെയർ 2 ആക്സസ് സ്വിച്ചുകൾ) | |
| | | വർക്ക് സ്റ്റേഷൻ(HP Z6 G4 Xeon 6226R 2562Pcie4TBH DD3 Win11P 31.5") | |
| | | സൈബർ സുരക്ഷാ മെച്ചപ്പെടുത്തലുകൾ | |
| | | സൈബർ സെക്യൂരിറ്റി മാൽവെയർ ലാബ് | |
| 15 | ടെലിമ്യൂണിക്കേഷൻ സൗകര്യങ്ങളുടെ നവീകരണം | ആലപ്പുഴ പോലീസ് ജില്ലയിൽ റേഡിയോ ആശയവിനിമയത്തിന്റെ നവീകരണം (അനലോഗ് ടു ഡിജിറ്റൽ) ഘട്ടം II | 213.00 |
| | | ഇൻസ്ട്രുമെൻറ് റേഡിയോ ടെസ്റ്റ് സെറ്റ് പരിശോധനയും വിലയിരുത്തലും | |
| | | നിലവിലുള്ള അനലോഗ് കമ്മ്യൂണിക്കേഷൻ ലോ ബാൻഡ് എക്സ്പോസ്ഡ് ദ്വിധ്രുവ ആന്റിനയുടെ നവീകരണം | |
| | | അനലോഗ് റേഡിയോകൾ | |
| | | റേഡിയോ ആക്സസറികൾ | |
| | | സെക്കൻഡറി ബാറ്ററി | |
| 16 | പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇൻറലിജൻസിന്റെ ആവിഷ്കരണം | പോലീസ് ഉദ്യോഗസ്ഥർക്കായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള മൊബൈൽ ആപ്പ് വികസിപ്പിക്കുക. | 200.00 |
| | | ഡിസി/ഡിആറിൽ AI, മെഷീൻ ലേണിംഗ് പ്രോജക്റ്റുകൾക്കായി ഒപ്റ്റിമൽ സോഫ്റ്റ്‌വെയർ/ഹാർഡ് വെയർ സജ്ജീകരിക്കുക. | |
| 17 | സൈബർഡോം സൈബർ സെക്യൂരിറ്റി ആൻഡ് പ്രിവൻഷൻ സെന്റർ | ത്രിനേത്ര SOC ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ നിരക്കുകൾ | 300.00 |
| | | ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെയും | |

| ക്രമ നം. | പരിപാടികൾ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| | | നെറ്റ്‌വർക്കിന്റെയും ചെലവ് | |
| | | SOC ക്ലൗഡ് – പരിശീലനവും പിന്തുണയും | |
| | | മൊബൈൽ ഫോൺ | |
| | | NAS സ്റ്റോറേജ്. | |
| | | Paid VPN സേവനം (പുതുക്കുക) | |
| | | ബർപ്പ് സ്യൂട്ട് പ്രൊഫഷണൽ | |
| | | പൊതു ഐപി വാങ്ങൽ | |
| | | താൽക്കാലിക ഫോൺ നമ്പർ വാങ്ങൽ | |
| | | ക്രിപ്‌റ്റോ കറൻസി വാങ്ങൽ | |
| | | വാർഷിക സബ്‌സ്‌ക്രിപ്ഷൻ (പുതുക്കുക) | |
| | | Https://cyniq.in/subscription | |
| | | ഡാർക്ക് നെറ്റ് റിസർച്ച് ആൻഡ് ഡെവലപ്മെൻറ് ലാബ് – പരിശീലനവും നൈപുണ്യ വികസനവും | |
| | | ഉപകരണങ്ങളുടെ എഎംസി | |
| | | ക്രിപ്‌റ്റോ അനാലിസിസ് ടൂളിന്റെ എഎംസി പുതുക്കൽ | |
| | | ഓപ്പറേഷൻ ആൻഡ് മെയന്റനൻസ്, ഇലക്ട്രിസിറ്റി ബിൽ & ഇന്റർനെറ്റ് കണക്ഷൻ– സൈബർ ഡോം കൊച്ചി | |
| | | സൈബർ ഡോമിനുള്ള ഹാർഡ്‌വയറുകൾ | |
| | | സൈബർ ഡോമിനുള്ള സോഫ്റ്റ്‌വെയർ | |
| 18 | പോലീസ് സ്റ്റേഷനുകളുടെ സൗകര്യങ്ങൾ ശക്തിപ്പെടുത്തുക | റെയിൽവേ പോലീസ് സ്റ്റേഷനിൽ AFIS റിമോട്ട് ഡോസിയർ സൗകര്യം | 300.00 |
| | | 100 പോലീസ് സ്റ്റേഷനുകൾക്കുള്ള ഉപകരണങ്ങൾ (ഫോട്ടോകോപ്പിയർ, ട്രാഫിക് ബാറ്റൺ, ആൽക്കഹോൾ ബ്രീത്ത് ഡിറ്റക്ഷൻ ഉപകരണം, ഡാഷ് ക്യാമറ, റിഫ്ലക്ടർ ജാക്കറ്റ്, ഹാന്റ് ഹെൽഡ് പോർട്ടബിൾ എൽഇഡി സെർച്ച് ലൈറ്റ് മുതലായവ) – | |
| | | 100 പോലീസ് സ്റ്റേഷനുകളിൽ ലാപ്ടോപ്പ്/ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ | |
| | | ക്രൈം സീൻ മാനേജ്മെന്റിനും തെളിവുകളുടെ ശേഖരണത്തിനുമുള്ള ഉപകരണങ്ങൾ | |
| 19 | കൺട്രോൾ റൂമുകൾക്കുള്ള | ബാറ്ററികൾ/ഹെഡ് ഫോണുകൾ എന്നിവ വാങ്ങൽ | 170.00 |

| ക്രമ നം. | പരിപാടികൾ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| | ലോജിസ്റ്റിക്കൽ സപ്പോർട്ടിനുള്ള പദ്ധതി | എമർജൻസി റെസ്പോൺസ് സെന്ററിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം | |
| | | പബ്ലിക് ഔട്ട്റീച്ച് ഗ്രൂപ്പിന്റെ ഹാർഡ്‌വെയർ സോഫ്റ്റ്‌വെയർ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | |
| | | പബ്ലിക് ഔട്ട്റീച്ച് ഗ്രൂപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | |
| | | പോലീസ് സ്റ്റേഷൻ വെബ്സൈറ്റിന്റെ നവീകരണം | |
| | | ആൻറിഡ്രോൺ തോക്ക് | |
| | | ഡ്രോൺ പൈലറ്റ് പരിശീലനം | |
| | | ഫലപ്രദമായ നിരീക്ഷണത്തിനായി അതി നൂതന ഡ്രോണുകൾ -5 എണ്ണം | |
| | | ഡ്രോൺ ലാബ്- ഉപകരണങ്ങളുടെ എഎംസി | |
| | | CCSE സെൻറർ AMC ആവശ്യകതകൾ | |
| | | സൈബർ ഓപ്പറേഷൻസ് ആസ്ഥാനത്തിനായുള്ള ഹാർഡ്‌വെയർ (ലാപ്ടോപ്പ്, മൊബൈൽ ഫോൺ, ഡെസ്ക്ടോപ്പ് സിസ്റ്റം, 5G Wi-Fi റൂട്ടർ, Wi-Fi കണക്റ്റിവിറ്റിയുള്ള പ്രിൻറർ, UPS യൂണിറ്റ്) | |
| | | C trace Open source tool /Cyniq ഓപ്പൺ സോഴ്സ് ടൂൾ- 800 ക്രെഡിറ്റുകൾ | |
| | | സൈബർ ഓപ്പറേഷൻസ് ആസ്ഥാനത്തിനുള്ള ചെയർ | |
| 20 | ക്രൈം ബ്രാഞ്ചിന്റെ സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ | ക്രൈംബ്രാഞ്ച് ഹെഡ് ക്വാർട്ടേഴ്സിലും, യൂണിറ്റുകളിലും (ഡെസ്ക്ടോപ്പ്/ ലാപ്ടോപ്പ്/ എൽഇഡി ടിവി/ മോണിറ്റർ/ MS Office 2021/ ഫോട്ടോകോപ്പിയർ/ പ്രിൻറർ/ സ്കാനർ/ സ്പൈ ക്യാമറ/ UPS/ വോയ്സ് റെക്കോർഡർ/ വീഡിയോ ഹാൻഡി ക്യാമറ/ വെബ് ക്യാമറ/ വിൻഡോസ് 11/ പെൻഡ്രൈവ്/ നെറ്റ്‌വർക്ക് സ്വിച്ച്/ മെമ്മറി റാം/ സ്ക്രീനോടുകൂടിയ എൽസിഡി പ്രൊജക്ടർ എന്നീ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ | 56.00 |
| | | ആന്റി വൈറസ് | |
| | | ഡിജിറ്റൽ ക്യാമറ | |
| | | ഡിജിറ്റൽ ഫിംഗർ പ്രിൻറ് ഉപകരണം | |
| | | CDR അനലൈസർ സോഫ്റ്റ്‌വെയർ-പ്രീമിയം | |

| ക്രമ നം. | പരിപാടികൾ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| | | EPABX സിസ്റ്റം | |
| | | എക്സ്റ്റേർണൽ ഹാർഡ് ഡിസ്ക്/ഹാർഡ് ഡിസ്ക്(എച്ച്ഡിഡി)/ഹാർഡ് ഡിസ്ക്(എസ്എസ്ഡി) /ഹാർഡ് ഡിസ്ക് (എസ്എസ് ഡി പോർട്ടബിൾ) | |
| | | ഇൻസിനറേറ്റർ | |
| | | ഹൈടെക് സെല്ലിനുള്ള ഉപകരണങ്ങൾ (സിനിക് പ്രോ പ്ലസ് സോഷ്യൽ മീഡിയ അനാലിസിസ് ടൂൾ, എം.എസ് ഓഫീസ്, ക്വിക്ക് ഹീൽ ആന്റി വൈറസ് സോഫ്റ്റ്‌വെയർ) | |
| 21 | ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തൽ | SSB ഹെഡ്ക്വാർട്ടേഴ്സ്, ടെക്നിക്കൽ ഇന്റലിജൻസ് വിഭാഗം, റേഞ്ചുകൾ & ഡിറ്റാച്ച്മെന്റുകളുടെ ഓഫീസ് ഓട്ടോമേഷൻ | 250.00 |
| | | ഡിജിറ്റൽ രഹസ്യ ഓഫീസ് ഇനങ്ങൾ | |
| | | സുരക്ഷാ ഉപകരണങ്ങൾ (DFMD, HHMD, NLJD, DSMD, പോർട്ടബിൾ മിനി ജാമർ 5G) എന്നിവ വാങ്ങൽ | |
| | | അതിനൂതന ഇൻറലിജൻസ് വിവര ശേഖരണത്തെയും ട്രെയിനിങ് aid കളെയും കുറിച്ചുള്ള പരിശീലനം | |
| | | സുരക്ഷാ ഉപകരണങ്ങളുടെ വാർഷിക മെയിന്റനൻസ് കരാർ | |
| 22 | പോലീസ് ഡിപ്പാർട്ട്മെന്റിൽ സ്ഥാപിച്ചിട്ടുള്ള ഹാർഡ്‌വെയറുകളുടെ വാർഷിക മെയിന്റനൻസ് കരാർ | പോലീസ് ഡിപ്പാർട്ട്മെന്റിൽ സ്ഥാപിച്ചിട്ടുള്ള ഹാർഡ്‌വെയറുകളുടെ വാർഷിക മെയിന്റനൻസ് കരാർ പുതുക്കൽ | 100.00 |
| 23 | ആന്റി ടെററിസ്റ്റ് സ്ക്വാഡ് (എടിഎസ്) | ആന്റി ടെററിസ്റ്റ് സ്ക്വാഡ് (ATS) ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങൾ, മറ്റ് ലോജിസ്റ്റിക്സ്, ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ എന്നിവ സജ്ജീകരിക്കൽ | 157.00 |
| | | പ്രത്യേക ഓപ്പറേഷൻ ഗ്രൂപ്പ്. | |
| 24 | സാമ്പത്തിക കുറ്റകൃത്യ വിഭാഗത്തിന്റെ രൂപീകരണം | EOW യൂണിറ്റുകൾക്കുള്ള ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ | 31.00 |
| | | അന്വേഷണ കിറ്റ് | |
| | | ഡിജിറ്റൽ വീഡിയോ ക്യാമറ | |
| | | കമാൻഡോ ടോർച്ച് | |
| | | പിഎ സിസ്റ്റം | |
| 25 | യോദ്ധാവ് – | നാർക്കോട്ടിക് സെല്ലുകൾക്കും പോലീസ് | 97.00 |

| ക്രമ നം. | പരിപാടികൾ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| | ജില്ലകളിലെ നാർക്കോട്ടിക് സെല്ലുകളെ ശക്തിപ്പെടുത്തൽ | സ്റ്റേഷനുകൾക്കുമുള്ള ഉപകരണങ്ങളും മറ്റ് സാധനങ്ങളും വാങ്ങൽ | |
| | | നാർക്കോട്ടിക് ഡ്രഗ് ഡിറ്റക്ഷൻ കിറ്റ് | |
| | | precursor കെമിക്കൽ ഡിറ്റക്ഷൻ കിറ്റ് | |
| | **ആകെ (എ)** | | **10401.00** |

**ബി. നിർമ്മാണം**

പോലീസ് സ്റ്റേഷൻ നിർമ്മാണം, സബ് ഡിവിഷൻ ഓഫീസ് നിർമ്മാണം, ജില്ലാ പോലീസ് ഓഫീസുകൾ, ഫോറൻസിക് സയൻസ് ലബോറട്ടറി, ക്രൈംബ്രാഞ്ച് ഓഫീസുകൾ, എപി ബറ്റാലിയനുകൾ, സൈബർ ഡോം, കേരള പോലീസ് അക്കാദമി വിപുലീകരണം, പോലീസ് ട്രെയിനിംഗ് കോളേജ് വിപുലീകരണം തുടങ്ങിയവയുടെ നിർമ്മാണമാണ് ഈ പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത്. 2023-24 വർഷം വരെ നിർദ്ദേശിച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏകീകൃത ഭരണാനുമതി നൽകുമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സ്പിൽ ഓവർ കമ്മിറ്റ്മെന്റുകൾ ഉൾപ്പെടെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2025-26 വർഷത്തെ ബജറ്റിൽ 4889.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | പരിപാടികൾ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| | നിർമ്മാണം | 1. ഫോറൻസിക് സയൻസ് ലബോറട്ടറി നിർമ്മാണം. ഫോറൻസിക് സയൻസ് ലബോറട്ടറി. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി, ടോയ്‌ലറ്റ് ബ്ലോക്കുകൾ/മതിൽ/RFSL തൃശ്ശൂരിൽ ജലസംഭരണ ടാങ്ക് സ്ഥാപിക്കൽ | 4889.00 |
| | | 2. എപി ബറ്റാലിയനുകൾക്ക് കെട്ടിടം നിർമ്മാണം | |
| | | 3. പോലീസ് ട്രെയിനിംഗ് കോളേജിനും കേരള പോലീസ് അക്കാദമിക്കും കെട്ടിടങ്ങൾ | |
| | | 4. പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ | |
| | | 5. സബ് ഡിവിഷൻ ഓഫീസ് കെട്ടിടങ്ങൾ | |
| | | 6. പ്രത്യേക യൂണിറ്റുകൾ | |
| | | 7. പ്രതിരോധ മതിൽ ശക്തിപ്പെടുത്തൽ. | |
| | | 8. ക്രൈംബ്രാഞ്ചിന് കെട്ടിടം | |
| | | 9. പോലീസ് കെട്ടിടങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും പരിപാലനവും അറ്റകുറ്റപ്പണികളും | |
| | | 10. തുടർന്നുവരുന്ന പ്രോജക്ടുകളുടെ അധിക പ്രവർത്തികൾ | |
| | | 11. നായ്ക്കൂട് നിർമ്മാണം | |
| | | 12. കൊല്ലം എസിപി ഓഫീസിൽ ഓഫീസിനും വിശ്രമമുറിക്കുമായി അധിക സ്ഥലത്തിന്റെ നിർമ്മാണം | |
| | | 13. ഡിടിസി കൊച്ചി സിറ്റിയിലെ കെട്ടിടത്തിന് അധിക നില നിർമ്മാണം | |

| ക്രമ നം. | പരിപാടികൾ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| | | 14. പോലീസ് ഹെഡ് ക്വാർട്ടേഴ്സിന്റെ സുരക്ഷ വർധിപ്പിക്കൽ- പോലീസ് ഹെഡ് ക്വാർട്ടേഴ്സിന്റെ മതിലിനു ഉയരം കൂട്ടലും മറ്റു ജോലികളും | |
| | | 15. ഇടുക്കി ജില്ലാ ഹെഡ് ക്വാർട്ടേഴ്സ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ബിൽഡിംഗിന്റെ മേൽക്കൂര പണി | |
| | | 16. ക്വാർട്ടേഴ്സ് നിർമ്മാണം | |
| | | 17. കോഴിക്കോട് റൂറലിൽ തുറന്ന കിണർ നിർമ്മാണം | |
| | | 18. ആലപ്പുഴ ജില്ലാ പോലീസ് ഓഫീസിനുള്ള പുതിയ റോഡ് നിർമ്മാണം | |
| | ആകെ (ബി) | | 4889.00 |
| | ആകെ മൊത്തം (എ+ ബി) | | 15290.00 |

**31. പോലീസ് വകുപ്പിൽ ലിംഗ അവബോധത്തിനും ലിംഗ സൗഹൃദ പശ്ചാത്തല സൗകര്യങ്ങൾക്കുമായുള്ള പദ്ധതി**

**(വിഹിതം: 510.00 ലക്ഷം രൂപ)**

പോലീസ് സ്റ്റേഷനുകളിൽ ലിംഗപരമായ പ്രത്യേക സാമൂഹിക അസമത്വങ്ങൾ ഇല്ലാതാക്കുക, ഇരകളെ പിന്തുണയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ 2010-11 കാലഘട്ടത്തിൽ ആരംഭിച്ച പദ്ധതിയാണിത്. നിലവിലുള്ള നിയമങ്ങളിലെ വ്യവസ്ഥകളെക്കുറിച്ച് പെൺകുട്ടികൾക്കും സ്ത്രീകൾക്കും അവബോധം സൃഷ്ടിക്കുന്നതിനും ആവശ്യമുള്ളപ്പോഴെല്ലാം പരിഹാരമാർഗങ്ങൾ തേടുന്നതിനും ഇത് സഹായിക്കും.

പോലീസ് വകുപ്പിന്റെ വനിതാ സെല്ലാണ് പദ്ധതി നടപ്പാക്കുന്നത്. ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 2025-26 വർഷത്തിൽ ഈ പദ്ധതിക്കായി 510.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കുടുംബ, വനിതാ കൗൺസിലിംഗ് കേന്ദ്രങ്ങൾ (85 കൗൺസിലർമാർ) | 510.00 |
| 2 | നിർഭയ വോളന്റിയർമാർക്കുള്ള പ്രതിഫലം (504 സന്നദ്ധപ്രവർത്തകർ) | |
| 3 | വനിതാ സ്വയം പ്രതിരോധ ട്രെയിനിംഗ് പ്രോഗ്രാം (WSDT മാസ്റ്റർ ട്രെയിനർമാർക്കുള്ള പരിശീലനം, ജില്ലയിൽ ആസ്തി സൃഷ്ടിക്കൽ) | |
| 4 | ജില്ലാതലത്തിൽ ക്വാർട്ടേർലി വനിതാ അദാലത്ത് സമ്മേളനം നടത്തൽ | |
| 5 | ഇരകളുടെ പിന്തുണാ പദ്ധതി (517 PS) | |
| 6 | മൊബൈൽ ഡി-അഡിക്ഷനായി ജില്ലാ തലത്തിൽ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ (D-DAD). | |
| | ആകെ | 510.00 |

**32. പോലീസ് സേനകളുടെ നവീകരണത്തിനുള്ള കേന്ദ്ര പദ്ധതി (കോർ സ്കീം-സംസ്ഥാന വിഹിതം 40%)**

**(വിഹിതം: 1200.00 ലക്ഷം രൂപ)**

കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത കോർ സെക്ടർ സ്കീം ആണ് പോലീസ് സേനയുടെ ആധുനികവൽക്കരണ പദ്ധതി. തീവ്രവാദ പ്രവർത്തന ബാധിത (LWE) പ്രദേശങ്ങളിൽ പ്രത്യേക അടിസ്ഥാന സൗകര്യ വികസനം, സുരക്ഷയുമായി ബന്ധപ്പെട്ട ചെലവുകൾ, എസ്ഐഎസ്, സുരക്ഷാ അടിസ്ഥാന സൗകര്യ പദ്ധതികൾ, പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, കലാപ വിരുദ്ധ സ്കൂളുകൾ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കുന്നതിനായി 2025-26 വർഷത്തേക്ക് സംസ്ഥാന വിഹിതമായി 1200.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 14. ജുഡീഷ്യറി

### 33. ഹൈക്കോടതിയിൽ പ്ലാനിംഗ് & മാനേജ്മെന്റ് യൂണിറ്റ്

**(വിഹിതം: 15.00 ലക്ഷം രൂപ)**

2009–2010 ൽ ആരംഭിച്ച കേരള ഹൈക്കോടതിയിലെ ആസൂത്രണ, മാനേജ്മെന്റ് യൂണിറ്റ് പിന്നീട് 2014 ൽ ബഹുമാനപ്പെട്ട ജഡ്ജിമാരുടെ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നവീകരിച്ചു, സംസ്ഥാനത്തെ നീതി നിർവഹണത്തിനായി ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐസിടി) മെച്ചപ്പെടുത്തുവാനാണ് ഇതിലെ നിർദേശങ്ങൾ ഉദ്ദേശിക്കുന്നത്. ഡാറ്റ വെയർഹൗസ് നിർമ്മാണവും ഉപയോക്തൃ ഡാറ്റാബേസ് ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വികസിപ്പിക്കലും ആണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. 2025–26 ൽ മനുഷ്യ വിഭവങ്ങളുടെ ചെലവിലേയ്ക്കായി 15.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 34. ജുഡീഷ്യൽ സംവിധാനത്തിന്റെ സാങ്കേതിക ആധുനികവത്കരണം

**(വിഹിതം: 330.00 ലക്ഷം രൂപ)**

ഹൈക്കോടതിയെയും സബോർഡിനേറ്റ് കോടതികളെയും വിവര വിനിമയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ (ICT) ആധുനികവത്ക്കരിക്കുന്നതിനുള്ള പരിപാടിയാണിത്. ജഡ്ജിമാരെയും, സാങ്കേതിക ഭരണവിഭാഗം ജീവനക്കാരേയും, ജുഡീഷ്യൽ സംവിധാനത്തിന്റെ ഉപയോക്താക്കളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സാങ്കേതിക ആധുനികവൽക്കരണം ജുഡീഷ്യൽ സംവിധാനത്തിന്റെ സ്വീകാര്യതയും കാര്യക്ഷമതയും വിശ്വസ്തതയും വർദ്ധിപ്പിക്കും. 2025–26 വർഷത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 330.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ഇ–ഗവേണൻസ് സംരംഭങ്ങൾക്കുള്ള നിർവ്വഹണ പിന്തുണ | 330.00 |
| 2. | ഹൈക്കോടതിയിലെ ഹൈബ്രിഡ് വി.സി കോടതികൾക്കുള്ള കോർട്ട് റൂം സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ | |
| 3. | ജില്ലാ ജുഡീഷ്യറിയിലെ ഹൈബ്രിഡ് വിസി കോടതികൾക്കുള്ള കോർട്ട് റൂം സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ | |
| 4. | ഹൈക്കോടതിക്കുള്ള വീഡിയോ കോൺഫറൻസ് സോഫ്റ്റ്‌വെയർ സൊല്യൂഷൻ. | |
| 5. | ജില്ലാ കോടതികൾക്കുള്ള ഐടി പരിശീലന ഹാൾ | |
| 6 | ജില്ലാ ജുഡീഷ്യറിയിലെ കോടതികളിൽ സിസിടിവി സഹിതം സംയോജിത കോൺഫറൻസിംഗ് സിസ്റ്റം സ്ഥാപിക്കൽ | |
| | **ആകെ** | **330.00** |

### 35. ഹൈക്കോടതിയുടേയും സബോർഡിനേറ്റ് കോടതികളുടെയും ആധുനികവൽക്കരണം

**(വിഹിതം: 1704.00 ലക്ഷം രൂപ)**

ഹൈക്കോടതിയുടെയും, സബോർഡിനേറ്റ് കോടതികളുടെയും, കേരള ജുഡീഷ്യൽ അക്കാദമിയുടെയും ആധുനികവത്ക്കരണമാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഹൈക്കോടതിയുടെയും, സബോർഡിനേറ്റ് കോടതികളുടെയും, കേരള ജുഡീഷ്യൽ അക്കാദമിയുടെയും നവീകരണത്തിലൂടെ മികച്ച പ്രവർത്തനാന്തരീക്ഷം പ്രദാനം ചെയ്യുന്നതിനും കോടതികളുടെ സുരക്ഷ വർധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. 2025–26 ൽ 1704.00 ലക്ഷം രൂപ താഴെ പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ജില്ലാ ജുഡീഷ്യറിയിലെ തിരഞ്ഞെടുത്ത അധികാരപരിധിയിൽ ഹൈക്കോടതിയിലും തിരഞ്ഞെടുത്ത കോടതികളിലും പേപ്പർലെസ് | 1704.00 |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | കോടതികൾ നടപ്പിലാക്കുന്നത് ഉൾപ്പെടെ ഹൈക്കോടതിയുടെയും ജില്ലാ ജുഡീഷ്യറിയുടെയും കേസ് രേഖകളുടെയും തീർപ്പകൽപ്പിക്കാത്ത കേസ് ഫയലുകളുടെയും സ്കാനിംഗ്, ഡിജിറ്റൈസേഷൻ, ഡിജിറ്റൽ സംരക്ഷണം | |
| 2. | വിദഗ്ധ പഠനവും സോഫ്റ്റ്‌വെയറിന്റെ വികസനവും (വാങ്ങൽ ഉൾപ്പെടെ) ജുഡീഷ്യറിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ. | |
| 3. | ജില്ലാ ജുഡീഷ്യറിയിലെ എല്ലാ കോടതികൾക്കും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയും സ്ഥാപിക്കുകയും ചെയ്യുക | |
| 4. | ഹൈക്കോടതിയിൽ വൈ-ഫൈ ആക്സസ് പോയിന്റുകൾ സ്ഥാപിക്കൽ | |
| 5. | ഹൈക്കോടതിയിൽ അധിക ലാൻ പോയിന്റുകളുടെ ഇൻസ്റ്റലേഷൻ | |
| 6. | ഹൈക്കോടതിയിലെ നെറ്റ്‌വർക്ക് സപ്പോർട്ട് ടീമിന്റെ പ്രതിഫലം | |
| 7. | ജില്ലാ ജുഡീഷ്യറിയിൽ പേപ്പർലെസ്/മോഡൽ ഡിജിറ്റൽ കോടതികൾ നടപ്പിലാക്കുന്നതിനുള്ള ഐസിടി (ICT)ഉപകരണങ്ങൾ വാങ്ങൽ. | |
| 8. | ഹൈക്കോടതിയിൽ ഡിജിറ്റൽ സൈനേജ് സൊല്യൂഷൻ | |
| 9. | ഹൈക്കോടതിയിലെ വിവിധ കോൺഫറൻസ് ഹാളുകളുടെയും ഓഡിറ്റോറിയത്തിന്റെയും സാങ്കേതിക നവീകരണം | |
| 10. | നിലവിലുള്ള ലാൻ അറ്റകുറ്റപ്പണികൾ/മാറ്റിസ്ഥാപിക്കൽ എന്നിവ ഉൾപ്പെടെ ജില്ലാ ജുഡീഷ്യറിയിലെ കോടതികളിൽ ലാൻ പോർട്ടുകൾ സ്ഥാപിക്കൽ | |
| 11. | ജില്ലാ ജുഡീഷ്യറിയിൽ ഫർണിച്ചറുകളുടെ വാങ്ങലും അറ്റകുറ്റപ്പണികളും, ഫോട്ടോകോപ്പിയറും ഇൻവെർട്ടറും വാങ്ങലും സ്ഥാപിക്കലും | |
| 12. | ജില്ലാ ജുഡീഷ്യറിയിൽ സാനിറ്ററി നാപ്കിൻ ഇൻസിനറേറ്ററുകൾ വാങ്ങൽ | |
| 13. | ജില്ലാ ജുഡീഷ്യറിയിലെ കോടതികളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കൽ | |
| 14. | കേരള ജുഡീഷ്യൽ അക്കാദമിയിൽ മീഡിയം ബാക്ക് കസേരകൾ വാങ്ങൽ | |
| 15. | ഹൈക്കോടതി സെക്ഷനുകളുടെ ഓഫീസ് സ്പേസ് ക്യൂബിക്കിളുകൾ/വർക്ക് സ്റ്റേഷനുകൾ ആക്കി പുനർരൂപകൽപ്പന ചെയ്യൽ | |
| 16. | ഹൈക്കോടതിയിലേക്കുള്ള ഫർണിച്ചറുകളും ഫർണിഷിംഗ് സാധനങ്ങളും വാങ്ങൽ | |
| 17. | ഹൈക്കോടതിയിൽ ജൈവമാലിന്യവും അജൈവമാലിന്യവും കൊണ്ടുപോകാൻ ഇ-റിക്ഷ വാങ്ങൽ | |
| | **ആകെ** | **1704.00** |

**36. ഹൈക്കോടതിയിലും സബോർഡിനേറ്റ് കോടതികളിലും ഇ-ഗവേണൻസ്**

**(വിഹിതം: 351.00 ലക്ഷം രൂപ)**

ഹൈക്കോടതിയെ ഒരു കടലാസ് രഹിത ഓഫീസാക്കി മാറ്റുവാൻ ലക്ഷ്യമിട്ടുള്ളതാണ് ഈ പദ്ധതി. ജുഡീഷ്യൽ ഭരണ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ ഈ നേട്ടത്തിലേക്കുള്ള ഒരു വലിയ ചുവടുവെപ്പാണ്. ജുഡീഷ്യറിയുടെ എല്ലാ തലങ്ങളിലും ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി

(ICT) ഉപയോഗപ്പെടുത്താനും, കൂടാതെ വിവിധ കോടതികൾക്കിടയിൽ സൗകര്യപ്രദവും കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ അതിവേഗം ആശയവിനിമയം നടത്താനും വിവരങ്ങൾ കൈമാറാനും, ഹൈക്കോടതിയുടെയും സബോർഡിനേറ്റ് കോടതികളുടെയും ഇ-ഗവേണൻസ് പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിനായി 2025-26 വർഷത്തിൽ 351.00 ലക്ഷം രൂപ താഴെ പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഹൈക്കോടതിയിലെ കേസ് റെക്കോർഡുകളുടെ സ്കാനിംഗ്, ഡിജിറ്റൈസേഷൻ, ഡിജിറ്റൽ പ്രിസർവേഷൻ എന്നിവ | 351.00 |
| 2 | 3 സോഫ്റ്റ്‌വെയർ പ്രോഗ്രാമർമാരുടെ പ്രതിഫലം | |
| 3 | 6 മുതിർന്ന സോഫ്റ്റ്‌വെയർ പ്രോഗ്രാമർമാരുടെ പ്രതിഫലം | |
| 4 | ഹൈക്കോടതിയിൽ ഐടി പരിശീലന ഹാളിനുള്ള അധിക അടിസ്ഥാന സൗകര്യങ്ങളും & പരിശീലനം നൽകൽ, കാര്യശേഷി വർദ്ധിപ്പിക്കൽ, എല്ലാ സ്റ്റേക്ക്ഹോൾഡേഴ്സിനും അവബോധം നൽകുന്നതിനും/ആശയവിനിമയത്തിനുള്ള സൗകര്യങ്ങൾ | |
| 5 | പ്രോജക്ട് മാനേജ് മെന്റും കൺസൾട്ടൻസിയും | |
| 6 | ഹൈകോടതിയിൽ ആധുനിക ഉപകരണങ്ങളും മറ്റ് ഐസിടി ഹാർഡ്‌വെയറുകളും വാങ്ങുകയും സ്ഥാപിക്കുകയും ചെയ്യുക | |
| 7 | ഹൈക്കോടതിയിലെ സെർവർ റൂം അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കൽ | |
| 8 | ഹൈക്കോടതിയിലെ സെർവർ റൂമിന്റെ അറ്റകുറ്റപ്പണികളും അധിക സൗകര്യങ്ങൾ ഒരുക്കലും | |
| 9 | കേരള ജുഡീഷ്യൽ അക്കാദമിയിൽ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം (എൽഎംഎസ്) പരിപാലിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള മുതിർന്ന സോഫ്റ്റ്‌വെയർ ഡെവലപ്പറുടെ പ്രതിഫലം | |
| | **ആകെ** | **351.00** |

## 15. പ്രോസിക്യൂഷൻ

### 37. പ്രോസിക്യൂഷൻ വകുപ്പിന്റെ ആധുനികവൽക്കരണം

**(വിഹിതം: 414.00 ലക്ഷം രൂപ)**

പ്രോസിക്യൂഷൻ വകുപ്പിന്റെ ആധുനിക വൽക്കരണവും പ്രോസിക്യൂഷൻ ഡയറക്ടറേറ്റിന് കെട്ടിട നിർമ്മാണവുമാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. 2025-26 വർഷത്തേയ്ക്ക് 414.00 ലക്ഷം രൂപ താഴെ പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രോസിക്യൂഷൻ ഡയറക്ടറേറ്റിന് കെട്ടിട നിർമ്മാണം | 414.00 |
| 2 | ഡി.ഡി.പി കളിലും എ.പി.പി കളിലും ഇന്റർനെറ്റ് കണക്ഷൻ പുതുക്കൽ | |
| 3 | ഡി.ഡി.പി മാർക്ക് വാഹനം വാടകയ്ക്കെടുക്കൽ | |
| 4 | ലോ ജേർണലുകളുടെ വരിസംഖ്യ | |
| 5 | ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കൽ | |
| 6 | DDP-കൾക്കും APP-കൾക്കും മറ്റു ഓഫീസ് സ്റ്റാഫുകൾക്കുമുള്ള പരിശീലന പരിപാടി | |
| 7 | പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലും ഡിഡിപികളുടെയും എപിപികളുടെയും ഓഫീസുകളിലും ഇലക്ട്രോണിക്, ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ വാങ്ങൽ/പരിപാലനം | |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 8 | ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷനിലും ഡിഡിപികളുടെയും എപിപികളുടെയും ഓഫീസുകളിലും ഫർണിച്ചറുകളും ഓഫീസ് ഉപകരണങ്ങളും വാങ്ങുക | |
| 9 | ബയോമെടിക് പഞ്ചിംഗ് മെഷീനുകളുടെയും ഐഡി കാർഡുകളുടെയും വാങ്ങൽ/പരിപാലനം | |
| 10. | പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് പോക്സോ, ലോകായുക്ത എന്നിവയിലുള്ള പരിശീലനം | |
| 11. | ലോകായുക്തയുടെ ഓഫീസിലേക്ക് ഫർണിച്ചറുകൾ വാങ്ങൽ | |
| 12. | ലോകായുക്തയുടെ ഓഫീസിലേക്ക് ഇലക്ട്രോണിക്, ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ വാങ്ങൽ/പരിപാലനം | |
| 13. | വെബ്സൈറ്റിന്റെ നവീകരണവും അതിന്റെ പരിപാലനവും | |
| 14. | നിയമ പുസ്തകങ്ങൾ വാങ്ങൽ | |
| 15. | നിയമ ജേർണലുകളുടെ ബൈൻഡിംഗ് | |
| | **ആകെ** | **414.00** |

## 16. എക്സൈസ് വകുപ്പ്

### 38. സംസ്ഥാന എക്സൈസ് അക്കാദമിയുടെയും റിസർച്ച് സെന്ററിന്റെയും (എസ്ഇഎആർസി) സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

**(വിഹിതം: 37.00 ലക്ഷം രൂപ)**

എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രാരംഭ പരിശീലനവും അടിസ്ഥാന പരിശീലനവും സർവീസ് കോഴ്സുകളും നൽകുന്നതിനായാണ് തൃശ്ശൂരിൽ സംസ്ഥാന എക്സൈസ് അക്കാദമിയും ഗവേഷണ കേന്ദ്രവും പ്രവർത്തിക്കുന്നത്. പരിശീലനത്തിനായി കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. 2025-26 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 37.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സോളാർ പാനൽ സ്ഥാപിക്കുക (50 KWP ഗ്രിഡ് കണക്റ്റഡ് സോളാർ പവർ പ്ലാന്റ്) | 37.00 |
| | **ആകെ** | **37.00** |

### 39. എക്സൈസ് വകുപ്പിന്റെ ആധുനികവൽകരണം

**(വിഹിതം: 927.00 ലക്ഷം രൂപ)**

എക്സൈസ് വകുപ്പിനെ ഇന്നത്തെ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതിന് സജ്ജമാക്കുന്നതിനായി ഏറ്റവും ആധുനിക സൗകര്യങ്ങൾ നൽകി നവീകരിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു അതായത്, വയർലെസ് സംവിധാനം ഏർപ്പെടുത്തുക, ഫീൽഡ് ഓഫീസുകളും ചെക്ക്പോസ്റ്റുകളും നവീകരിക്കുക, വാഹനങ്ങൾ വാങ്ങുക/മാറ്റിവാങ്ങുക, നിർവ്വഹണ ഉപകരണങ്ങൾ വാങ്ങുക, എക്സൈസ് കോംപ്ലക്സുകളുടെയും റേഞ്ച് ഓഫീസുകളുടെയും നിർമ്മാണം തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2025-26 വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 927.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ – ആധുനികസൗകര്യങ്ങൾ** | |
| 1 | വാഹനം വാങ്ങൽ | 785.00 |
| 2 | എൻഫോഴ്സ്മെന്റ് സാമഗ്രികൾ വാങ്ങൽ | |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 3 | ചെക്ക് പോസ്റ്റുകളുടെ നവീകരണം | |
| 4 | മയക്കുമരുന്ന് ദുരുപയോഗം കണ്ടെത്തൽ കിറ്റ് | |
| 5 | സൈബർ സെല്ലിന്റെ നവീകരണം | |
| 6 | ഐടി സെല്ലിന്റെ ശാക്തീകരണം | |
| 7 | എക്സൈസ് ഓഫീസുകളിൽ സിസിടിവി സ്ഥാപിക്കൽ | |
| 8 | കാലഹരണപ്പെട്ട കമ്പ്യൂട്ടറുകൾ മാറ്റിസ്ഥാപിക്കൽ | |
| 9 | NDPS ഗോഡൗണുകളുടെ നവീകരണം | |
| 10 | റേഞ്ച് ഓഫീസുകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ | |
| 11 | ഡിജിറ്റൽ വീഡിയോ ക്യാമറയും ഹാഷിംഗ് ഉപകരണങ്ങളും | |
| 12 | **മൊബൈൽ ലിക്വർ ലാബ് ഉപകരണങ്ങൾ മാറ്റിസ്ഥാപിക്കൽ (പുതിയത്)** | |
| | **ആകെ (എ)** | **785.00** |
| | **ബി – നിർമ്മാണം** | |
| 1 | തൃത്താല എക്സൈസ് റേഞ്ച് ഓഫീസ് | 142.00 |
| 2 | കൊട്ടാരക്കര എക്സൈസ് റേഞ്ച് ഓഫീസ് | |
| 3 | കിളിമാനൂർ എക്സൈസ് റേഞ്ച് ഓഫീസ് | |
| | **ആകെ (ബി)** | **142.00** |
| | **ആകെ (എ+ ബി)** | **927.00** |

**40. വിമുക്തി – ഡി അഡിക്ഷൻ സെന്റർ**

**(വിഹിതം: 1200.00 ലക്ഷം രൂപ)**

മദ്യം/മയക്കുമരുന്ന്/ലഹരിവസ്തുക്കൾ എന്നിവയുടെ ഉപയോഗം നമ്മുടെ സമൂഹത്തിൽ ഭീഷണിയായി മാറുകയാണ്. പ്രസ്തുത സാഹചര്യത്തിന്റെ ആപത്ക്കരമായ അവസ്ഥ ഉയർത്തിക്കാട്ടുന്നതിനും ജനങ്ങളിൽ, പ്രത്യേകിച്ച് യുവാക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി കേരള സർക്കാർ ആരംഭിച്ച ലഹരി വിരുദ്ധ പ്രചാരണ പരിപാടിയാണ് വിമുക്തി. കേരളത്തിൽ നിന്ന് എല്ലാത്തരം ലഹരി വസ്തുക്കളെയും ഉന്മൂലനം ചെയ്യുകയെന്ന ലക്ഷ്യത്തോടെയുള്ള കൂട്ടായ പരിശ്രമമാണിത്. ആസക്തിരഹിത കേരളമാണ് ഈ ക്യാമ്പെയിൻ ഡ്രൈവിന്റെ ലക്ഷ്യം. എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള വിമുക്തി മിഷനിന്റെ ഭാഗമായി ലഹരിക്ക് അടിമപ്പെടുന്നതിന്റെയും മദ്യപാനത്തിന്റേയും തിന്മകളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവാക്കളെയും പൊതുജനങ്ങളെയും ബോധവാന്മാരാക്കുന്നതിനായി സംസ്ഥാനവ്യാപകമായി പ്രചാരണം നടത്തുന്നു. ആരോഗ്യ വകുപ്പിന്റെ ആശുപത്രികൾക്കൊപ്പം 14 ജില്ലകളിലും എക്സൈസ് വകുപ്പ് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുകയും കൂടാതെ സൈക്കോളജിസ്റ്റിന്റെയും സോഷ്യോളജിസ്റ്റിന്റെയും സേവനം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ 3 റീജിയണൽ കൗൺസിലിംഗ് കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുമുണ്ട്. 2025-26 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 1200.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഡി – അഡിക്ഷൻ സെൻറർ – വേതനം, കോ ഓർഡിനേറ്ററുടെ വേതനം, പ്രത്യേക ഫെസ്റ്റിവൽ അലവൻസ്, സോണൽ | 1200.00 |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | കൗൺസിലറുടെ വേതനം | |
| 2 | 14 ജില്ലാ ലഹരി മോചന കേന്ദ്രങ്ങൾക്കും, സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പ്രത്യേക ചികിത്സാ സൗകര്യങ്ങൾ, മരുന്നുകൾ, വൈദ്യുതി ചാർജ്ജുകൾ, കുടിവെള്ളചാർജ്, ആശുപത്രികളുടെ അറ്റകുറ്റപ്പണികൾ, ലാബ് ചാർജ്ജുകൾ, മറ്റ് ആകസ്മിക ചെലവുകൾ | |
| 3 | ജില്ലാ വിമുക്തി മാനേജർമാരെ (എഇസികൾ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നതിനുള്ള) ചെലവ് | |
| 4 | അഡ്മിനിസ്ട്രേറ്റീവ് ഓവർഹെഡ് | |
| 5 | സ്കൂളുകളിൽ ആൻറി നാർക്കോട്ടിക് ക്ലബ്ബുകൾ ശക്തിപ്പെടുത്തുക | |
| 6 | ഉണർവ് പദ്ധതി നടപ്പിലാക്കൽ | |
| 7 | പട്ടികവർഗ്ഗ ഊരുകളിലെയും/തീരപ്രദേശങ്ങളിലെയും പ്രവർത്തനങ്ങൾ | |
| 8 | എൻഎസ്എസ്/എസ് പി സി /എൻസിസി/ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് വകുപ്പുകൾ, കുടുംബശ്രീ തുടങ്ങിയവയിലൂടെയുള്ള വിവിധ പ്രവർത്തനങ്ങൾ | |
| 9 | വിവിധ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണം (പ്രിന്റ്, ടെലിവിഷൻ, സോഷ്യൽ മീഡിയ) | |
| | **ആകെ** | **1200.00** |

**41. മദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, വിൽപന എന്നീ മേഖലകളിൽ ട്രാക്ക് ആൻഡ് ട്രേസ് സംവിധാനം നടപ്പിലാക്കൽ**

**(വിഹിതം: 17.14 ലക്ഷം രൂപ)**

ബോധവത്കരണത്തിലൂടെ മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുകയും ലൈസൻസുള്ള കടകൾ വഴി ശുദ്ധമായ മദ്യം ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കള്ളിന്റെ ഉൽപ്പാദനവും വിതരണവും വിൽപനയും സുതാര്യമാക്കുന്നതിന്, കള്ളുത്പാദനം മുതൽ വിൽപ്പന വരെ ട്രാക്ക് ആൻഡ് ട്രേസ് സംവിധാനത്തിലൂടെ ഉൽപ്പാദന-വിതരണ-വിൽപന മേഖലകളിൽ ജിയോ ഫെൻസിങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി ഒരു ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. 2025-26 വർഷത്തെ ബജറ്റിൽ ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി 17.14 ലക്ഷം രൂപ വകയിരുത്തുന്നു.

## 17. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

**42. ഐ.ടി സൗകര്യങ്ങളുടെ വികസനവും പരിപാലനവും (വിവരസാങ്കേതികവിദ്യ സൗകര്യങ്ങൾ)**

**(വിഹിതം: 810.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചരക്ക് സേവന നികുതി വകുപ്പിലെ അടിസ്ഥാന സൗകര്യങ്ങൾ ഐ.സി.ടി സൗകര്യങ്ങളോടു കൂടി ആധുനികവൽക്കരിക്കേണ്ടതായിട്ടുണ്ട്. നികുതി വകുപ്പിന്റെ സുഗമമായ പ്രവർത്തനവും വരുമാന വർദ്ധനവും ശക്തിപ്പെടുത്തുന്നതിനായി 2025-26 വർഷത്തെ ബജറ്റിൽ 810.00 ലക്ഷം രൂപ താഴെ പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | K vatis മാറ്റി പുതിയ സോഫ്റ്റ്വെയർ Kitis ന്റെ വികസനം | 810.00 |
| 2. | ഡാറ്റ അനലിറ്റിക്സ് & ആപ്ലിക്കേഷൻ വികസനം | |
| 3. | കേന്ദ്രീകൃത യുപിഎസിന്റെ ഇൻസ്റ്റലേഷൻ (ഘട്ടം II) - ലാൻ | |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 4. | ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ ആവശ്യകതകൾ | |
| | **ആകെ** | **810.00** |

**43. പൊതുജന അവബോധവും കാര്യശേഷി വർദ്ധിപ്പിക്കൽ പരിപാടിയും**

**(വിഹിതം: 400.00 ലക്ഷം രൂപ)**

നികുതി വരുമാനം വർദ്ധിപ്പിക്കുക വഴി സംസ്ഥാനത്തിന്റെ വികസനം സാധ്യമാക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് വ്യാപാരികൾ, പൊതുജനങ്ങൾ, വിവിധ പങ്കാളികൾ, നികുതി പരിശീലകർ എന്നിവരിൽ അവബോധം സൃഷ്ടിക്കുന്നതിനും സർക്കാർ ഖജനാവിലേക്ക് കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിനും ആത്യന്തികമായി വികസനത്തിനും വേണ്ടി ഫലപ്രദമായ ആശയവിനിമയ തന്ത്രമാണ് വകുപ്പ് വിഭാവനം ചെയ്തിരിക്കുന്നത്. കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടത്താനും വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.

താഴെ പറയുന്ന പൊതുജന അവബോധ പരിപാടികൾക്കും കാര്യശേഷി വികസനത്തിനുമായി 2025-26 വർഷത്തിൽ 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ. പൊതുജന അവബോധം** | 308.00 |
| 1 | സോഷ്യൽ മീഡിയ മാനേജ്മെന്റ് | |
| 2 | ക്രിയേറ്റീവ് പ്രൊഡക്ഷൻ | |
| 3 | പ്രമോഷണൽ കാമ്പെയ്‌നുകൾ | |
| 4 | ഇവന്റുകൾ, പ്രസ് കോൺഫറൻസുകൾ & ലോഞ്ച് ചെലവുകൾ | |
| 5 | പിആർ പ്രവർത്തനങ്ങൾ | |
| 6 | വിവിധ പ്രചാരണങ്ങൾ | |
| | **ആകെ (എ)** | **308.00** |
| | **ബി. കാര്യശേഷി വികസനം** | |
| 7 | എല്ലാ തട്ടുകളിലുമുള്ള പരിശീലനം (ഫങ്ഷണൽ, തീമാറ്റിക് & ടെക്നിക്കൽ) | 92.00 |
| 8 | നേരിട്ട് റിക്രൂട്ട് ചെയ്ത എസ് ടി ഒമാർക്കും പുതുതായി സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനം (സീനിയർ ക്ലർക്ക് മുതൽ എ എസ് ടി ഒ, എഎസ് ടിഒ മുതൽ എസ് ടിഒ വരെ, എസി മുതൽ ഡിസി വരെ) | |
| 9 | അന്തർസംസ്ഥാന പരിശീലനം | |
| 10 | ഇ-ലേണിംഗ് പ്ലാറ്റ്ഫോമിന്റെ പരിപാലനവും അധിക മൊഡ്യൂളുകളുടെ വികസനവും | |
| 11 | പ്രതീക്ഷിക്കാത്തതും/വിവിധ ഇനവുമായ ചെലവുകൾ | |
| | **ആകെ (ബി)** | **92.00** |
| | **ആകെ മൊത്തം (എ+ബി)** | **400.00** |

## 44. സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (സംസ്ഥാന ജി.എസ്.ടി കോംപ്ലക്സുകളുടെ നിർമ്മാണം)

**(വിഹിതം: 300.00 ലക്ഷം രൂപ)**

ജി.എസ്.ടി വകുപ്പ് പുനഃസംഘടിപ്പിക്കാനുള്ള നീക്കത്തിലാണ്. നിലവിൽ 190 സർക്കിൾ, സ്പെഷ്യൽ സർക്കിൾ ഓഫീസുകൾ ഉണ്ട്. ഈ ഓഫീസുകൾ പുനഃസംഘടനയ്ക്ക് ശേഷം 140 ഓഡിറ്റ് സർക്കിളുകളും 90 നികുതിദായക സേവന സർക്കിളുകളും ആയി മാറും. എല്ലാ എസ്.ജി.എസ്.ടി ഓഫീസുകളെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഏകോപനത്തിലൂടെ മികച്ച പ്രവർത്തനം നടത്താൻ ജി.എസ്.ടി കോംപ്ലക്സ് സഹായിക്കും. 2025-26 വർഷത്തെ ബജറ്റിൽ താഴെപ്പറയുന്ന ഘടകത്തിനായി 300.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | എസ്.ജി.എസ്.ടി, ഇന്റലിജൻസ്, ഓഡിറ്റ് ഓഫീസുകൾ എന്നിവ സ്വതന്ത്ര കെട്ടിടങ്ങളിലേക്ക് മാറ്റുന്നതിനുള്ള ചെലവ് (അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ ജോലികളും ഉൾപ്പെടെ) | 300.00 |
| 2 | നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിയും നവീകരണവും | |
| | **ആകെ** | **300.00** |

## 45. വാഹനങ്ങൾ വാങ്ങൽ

**(വിഹിതം: 880.00 ലക്ഷം രൂപ)**

വകുപ്പിന് റോഡ് യോഗ്യമായ വാഹനങ്ങളുടെ കുറവുണ്ട്, പഴക്കമുള്ള വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ കൊണ്ടുവരണം. വരുമാനം വർദ്ധിപ്പിക്കാനും വരുമാന ചോർച്ച തടയാനും വകുപ്പിന് കൂടുതൽ വാഹനങ്ങൾ ആവശ്യമാണ്. 2025-26 വർഷത്തെ ബജറ്റിൽ 880.00 ലക്ഷം രൂപ വാഹനങ്ങൾ വാങ്ങുന്നതിനായി വകയിരുത്തുന്നു.

# 18. ഫിനാൻസ് വകുപ്പ്

## 46. ജി-സ്പാർക്ക്/യൂണി സ്പാർക്ക്

**(വിഹിതം: 10.00 ലക്ഷം രൂപ)**

ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ഇ-ഗവേണൻസ് സംരംഭമായ ജി-സ്പാർക്ക്, യൂണി സ്പാർക്ക് 2007 മുതൽ പ്രവർത്തിച്ചു വരുന്നു. കേരള സർക്കാരിന്റെ കീഴിലുള്ള ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ HR മായി ബന്ധപ്പെട്ട സേവനം, വേതനം എന്നിവയുടെ ഡാറ്റാ ഡിജിറ്റൈസ് ചെയ്യാൻ ഉദ്ദേശിച്ചിരിക്കുന്നു. ഈ പദ്ധതിക്കായി 2025-26 വർഷത്തെ ബജറ്റിൽ 10.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപലക്ഷത്തിൽ) |
|---|---|---|
| 1 | മറ്റ് ചാർജ്ജുകൾ | 10.00 |
| 2 | മാനവവിഭവശേഷിക്കുള്ള വേതനം | |
| | **ആകെ** | **10.00** |

## 47. സ്പാർക്ക് വെർഷൻ 2.0 നടപ്പിലാക്കൽ

**(വിഹിതം: 183.20 ലക്ഷം രൂപ)**

പേഴ്സണൽ & അഡ്മിനിസ്ട്രേറ്റീവ് റിസോഴ്സസ് മാനേജ്മെന്റ് സിസ്റ്റം (PARMS) എന്നത് കേരള സർക്കാരിലെയും എയ്ഡഡ് മേഖലയിലെയും ജീവനക്കാർക്കായി നിലവിലുള്ള പേറോൾ ആന്റ് എച്ച്ആർ സോഫ്റ്റ്വെയറായ സ്പാർക്കി-ന് പകരമായി രൂപകൽപ്പന ചെയ്ത ഒരു പുതിയ സോഫ്റ്റ്വെയറാണ്. കേരള ഗവൺമെന്റ്, എയ്ഡഡ് മേഖലയിലെ ജീവനക്കാരുടെ മാനവ വിഭവശേഷി മാനേജ്മെന്റ് ഗുണപരമായ തലത്തിലേക്ക് ഉയർത്താനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ്പാർക്ക് വെർഷൻ 2.0 നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 183.20 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപലക്ഷത്തിൽ) |
|---|---|---|
| 1 | മറ്റ് ചാർജ്ജുകൾ | 183.20 |
| 2 | വേതനം – കൺസോളിഡേറ്റഡ് ശമ്പളം | |
| | **ആകെ** | **183.20** |

**48. GAINPF 2.0 ന്റെ പിന്തുണയ്ക്കായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കൽ (പുതിയ പദ്ധതി)**
**(വിഹിതം: 20.00 ലക്ഷം രൂപ)**

GAINPF (ഗവൺമെന്റ് എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ പ്രൊവിഡന്റ് ഫണ്ട് സിസ്റ്റം) എന്നത് കേരള സർക്കാരിന്റെ എല്ലാ എയ്ഡഡ് സ്ഥാപനങ്ങളുടെയും പിഎഫ് പ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ഒരു സോഫ്റ്റ്വെയർ ആണ്. 2016 മുതൽ കേരള സർക്കാരിന്റെ കീഴിലുള്ള എല്ലാ എയ്ഡഡ് സ്ഥാപനങ്ങളിലും ഈ സംവിധാനം നടപ്പിലാക്കിവരുന്നു. ഇപ്പോൾ GAINPF 2.0 ന്റെ നവീകരിച്ച പതിപ്പ് പൂർത്തിയാവുകയാണ്, കൂടാതെ ഒന്നിലധികം ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, സർവ്വകലാശാലകൾ മുതലായവ ഈ സിസ്റ്റത്തിലേക്ക് കൂട്ടിച്ചേർക്കാനും ഉൾക്കൊള്ളാനും കഴിയും. ഇതിന്റെ പിന്തുണയ്ക്കും GAINPF 2.0-നെ സംബന്ധിക്കുന്ന പരിപാലനത്തിനും ഒരു പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ ക്രമീകരണം അനിവാര്യമാണ്, 2025-26-ൽ താഴെപ്പറയുന്ന ഘടകങ്ങൾക്കായി 20.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ . ഓൺലൈൻ പരിശീലനവും ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജിയും (ഐസിടി)** | 3.00 |
| 1 | ഐ.സി.ടി ഉപകരണങ്ങളും ഹാർഡ്‌വെയറും വാങ്ങൽ | |
| 2 | പരിശീലനച്ചെലവുകൾ ഉൾപ്പെടെയുള്ള മറ്റു ചെലവുകൾ | |
| | **ആകെ (എ)** | **3.00** |
| | **ബി. ഭരണപരമായ ചെലവുകൾ** | |
| 3 | GAINPF PMU- 3 മാസ്റ്റർ ട്രെയിനർമാരുടെ ശമ്പളം | 17.00 |
| 4 | GAINPF സിസ്റ്റത്തിനും പ്രോഗ്രാമിംഗ് പിന്തുണയ്ക്കും മാത്രമായുള്ള 2 പ്രോഗ്രാമർമാരുടെ ശമ്പളം. | |
| 5 | GAINPF അനുബന്ധ ഡാറ്റാബേസിനും സെർവർ സപ്പോർട്ടിനുമായി ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെ ശമ്പളം. | |
| | **ആകെ (ബി)** | **17.00** |
| | **ആകെ മൊത്തം (എ + ബി)** | **20.00** |

**49. ധനകാര്യ വകുപ്പിന്റെ ഐടി സോഫ്റ്റ്‌വെയർ വിഭാഗം ശക്തിപ്പെടുത്തൽ (പുതിയ പദ്ധതി)**
**(വിഹിതം: 100.00 ലക്ഷം രൂപ)**

ധനകാര്യ വകുപ്പിന്റെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കുള്ള നോഡൽ കേന്ദ്രമാണ് ഐടി സോഫ്റ്റ്‌വെയർ ഡിവിഷൻ. ഐടി സോഫ്റ്റ്‌വെയർ ഡിവിഷനുകൾ വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന പ്രധാന ആപ്ലിക്കേഷനുകൾ SCORE, GSCORE, PRISOM, GPRISOM, MEDICEP, MEDICEP CARE, FIMS, eFUNDS, FAMS, VEELS തുടങ്ങിയവയാണ്. ധനകാര്യ വകുപ്പിന്റെ ഐടി സോഫ്റ്റ്‌വെയർ ഡിവിഷന്റെ മാനവശേഷി, ഇൻഫ്രാസ്ട്രക്ച്ചർ പിന്തുണയ്ക്കായി 2025-26ൽ താഴെപ്പറയുന്ന ഘടകങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ. ഇൻഫ്രാസ്ട്രക്ചർ ഘടകങ്ങൾ** | 50.00 |
| 1 | EPABX- ന്റെ അപ്ഗ്രഡേഷൻ | |
| 2 | റെക്കോർഡുകളുടെ ഡിജിറ്റൈസേഷനും ഡാറ്റാബേസ് നവീകരിക്കലും | |
| 3 | അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ പെൻഷൻ രേഖകളുടെ ഡിജിറ്റൈസേഷൻ | |
| 4 | ആപ്ലിക്കേഷനുകളുടെ സുരക്ഷാ ഓഡിറ്റ് | |
| 5 | ഐടി സോഫ്റ്റ്‌വെയർ ഡിവിഷനിൽ എയർ കണ്ടീഷണറുകൾ സ്ഥാപിക്കൽ | |
| 6 | മറ്റു ചെലവുകൾ | |
| | **ആകെ (എ)** | **50.00** |
| | **ബി. മനുഷ്യ വിഭവശേഷിക്കുള്ള പിന്തുണ** | 50.00 |
| 7 | EPABX-ന്റെ ഗ്രേഡേഷനു വേണ്ടി 8 വർഷത്തിലേറെ പ്രവൃത്തി പരിചയമുള്ള മുതിർന്ന പ്രോഗ്രാമർ (ഫുൾ സ്റ്റാക്ക് ഡെവലപ്പർ) | |
| 8 | 4 വർഷത്തിൽ കൂടുതൽ പ്രവൃത്തി പരിചയമുള്ള മുതിർന്ന പ്രോഗ്രാമർ (ഫുൾ സ്റ്റാക്ക് ഡെവലപ്പർ) | |
| 9 | 1-3 വർഷത്തെ പ്രവൃത്തിപരിചയമുള്ള പ്രോഗ്രാമർ | |
| 10 | ജൂനിയർ പ്രോഗ്രാമർ (ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫ് ) | |
| 11 | ക്വാളിറ്റി അനലിസ്റ്റ് (ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫ്) | |
| 12 | 3 വർഷത്തിൽ കൂടുതൽ പ്രവൃത്തി പരിചയമുള്ള സാങ്കേതിക സപ്പോർട്ട് സ്റ്റാഫ് (സീനിയർ) | |
| 13 | 3 വർഷത്തിൽ താഴെ പ്രവൃത്തി പരിചയമുള്ള സാങ്കേതിക സപ്പോർട്ട് സ്റ്റാഫ് (ജൂനിയർ) | |
| 14 | ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ പ്രതിദിന വേതന അടിസ്ഥാനം/കരാർ അടിസ്ഥാനം | |
| | **ആകെ (ബി)** | **50.00** |
| | **ആകെ മൊത്തം (എ + ബി)** | **100.00** |

**50. ധനകാര്യ വകുപ്പിന്റെ ബജറ്റ് വിഭാഗം ശക്തിപ്പെടുത്തൽ (പുതിയ പദ്ധതി)**

**(വിഹിതം: 30.00 ലക്ഷം രൂപ)**

ബജറ്റ് 3.0, ബിഎംഎസ്, ഇ-ലെഡ്ജർ, ഇ അനുമതി, കേരള വെബ് പോർട്ടൽ, ബിഡിഎസ്, ഇഎംഎൽഐ, മൊബൈൽ ആപ്പ് എന്നീ ആപ്ലിക്കേഷനുകൾ നിയന്ത്രിക്കുന്നത് ഫിനാൻഷ്യൽ ബജറ്റ് വിംഗാണ്. ഈ ആപ്ലിക്കേഷനുകൾ ഏറ്റവും പുതിയ പതിപ്പിലേക്ക് അപ്ഗ്രേഡ് ചെയ്യുകയും പുതിയ നൂതന സാങ്കേതികവിദ്യയ്ക്ക് അനുയോജ്യമാക്കുകയും വേണം. ഇതിനായി അടിസ്ഥാന സൗകര്യങ്ങളും മാനവശേഷിയുടെ പിന്തുണയും ആവശ്യമാണ്. താഴെപ്പറയുന്ന ഘടകങ്ങൾക്കായി 2025-26ൽ 30.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ. അടിസ്ഥാന സൗകര്യ വികസനം** | 10.00 |
| 1 | മൂന്ന് ക്ലയന്റ് കമ്പ്യൂട്ടറുകളുള്ള ഒരു പുതിയ സെർവർ വാങ്ങൽ | |
| 2 | AMC (ചാർജുകൾ) | |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 3 | സുരക്ഷാ ഓഡിറ്റ് | |
| | **ആകെ (എ)** | **10.00** |
| | **ബി. മനുഷ്യ വിഭവശേഷിക്കുള്ള പിന്തുണ** | 20.00 |
| 4 | ആപ്ലിക്കേഷനുകളുടെ മെയിന്റനൻസ് പിന്തുണയ്ക്കായി NICSI-യിലേക്കുള്ള പേയ്മെന്റ് | |
| 5 | ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്ററുടെയും സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെയും പ്രതിഫലത്തിനുവേണ്ടി NICSI-യിലേക്കുള്ള പേയ്മെന്റ് | |
| 6 | പ്രോഗ്രാമർമാർക്കുള്ള പേയ്മെന്റ് (രണ്ട് പേർക്ക്) | |
| | **ആകെ (ബി)** | **20.00** |
| | **ആകെ മൊത്തം (എ + ബി)** | **30.00** |

**51. സെൻറർ ഫോർ ട്രെയിനിംഗ് ഇൻ ഫിനാൻഷ്യൽ മാനേജ്മെന്റിന് (CTFM) അടിസ്ഥാന സൗകര്യ പിന്തുണ (പുതിയ പദ്ധതി)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

കേരള സർവ്വകലാശാല സെനറ്റ് കാമ്പസിനുള്ളിൽ ധനകാര്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് CTFM സ്ഥിതി ചെയ്യുന്നത്. ഈ ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ ബജറ്റിംഗ്, ഇന്റേണൽ ഓഡിറ്റിംഗ്, ഐടി സംരംഭങ്ങളായ SPARK, BIMS, BAMS, WAMS മുതലായവയിൽ പരിശീലനം നൽകുന്നു. പരിശീലന പരിപാടികൾ മെച്ചപ്പെടുത്തുകയാണ് ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിടുന്നത്. 2025-26 ൽ താഴെപ്പറയുന്ന ഘടകങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | അടിസ്ഥാന സൗകര്യങ്ങൾ | 100.00 |
| 2 | AI അധിഷ്ഠിതമായ വിജ്ഞാന സമാഹരണവും വ്യാപന സംവിധാനവും | |
| 3 | കോഴ്സുകളുടെ നവീകരണം | |
| 4 | അക്കാദമിക് സഹകരണങ്ങൾ | |
| 5 | പഠന മാനേജ്മെന്റ് സിസ്റ്റം | |
| 6 | കോഴ്സ് ഉള്ളടക്കങ്ങൾ ഉണ്ടാക്കുക | |
| | **ആകെ** | **100.00** |

## 19. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (ജി.ഐ.എഫ്.ടി)

**52. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

1992-ൽ സർക്കാർ രൂപീകരിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (ജി.ഐ.എഫ്.ടി). പബ്ലിക് ഫിനാൻസ്, നിയമം, ടാക്സേഷൻ, അക്കൗണ്ടൻസി എന്നീ മേഖലകളിൽ ഗവേഷണം, കോഴ്സുകൾ, പ്രസിദ്ധീകരണങ്ങൾ, പരിശീലന പരിപാടികൾ,കൺസൾട്ടൻസി എന്നീ പ്രവർത്തനങ്ങളിൽ ഈ സ്ഥാപനം ഏർപ്പെട്ടിരിക്കുന്നു. 2025-26 വർഷത്തിൽ പഠനങ്ങൾ, സെമിനാറുകൾ, പരിശീലനം, ശിൽപശാല, ഗവേഷണ പഠിതാക്കൾക്ക് ഫെല്ലോഷിപ്പ് എന്നീ പ്രവർത്തനങ്ങൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഗവേഷണ പഠനങ്ങളും ഇ-ജേണലുകളിലേക്കുള്ള സബ്സ്ക്രിപ്ഷനും | 100.00 |
| 2 | പരിശീലനം, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, കോൺഫറൻസുകൾ | |
| 3 | പി.എച്ച്.ഡി പഠിതാക്കൾക്കും ഇന്റേണുകൾക്കും ഫെല്ലോഷിപ്പ് | |
| 4 | പ്രാദേശിക സർക്കാർ – ഫിസ്ക്കൽ റിസർച്ച് സെന്റർ | |
| 5 | ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം വാങ്ങൽ (DDFS) | |
| **ആകെ** | | **100.00** |

## 20. റവന്യൂവകുപ്പ്

### 53. സർക്കാർ ഭൂസംരക്ഷണ പദ്ധതി – കേരള സംസ്ഥാന ലാന്റ് ബാങ്ക് പ്രോജക്റ്റ്

**(വിഹിതം: 50.00 ലക്ഷം രൂപ)**

സർക്കാർ ഭൂമിയുടെ കണക്ക് തയ്യാറാക്കുന്നതിനും സർക്കാർ ഭൂമിയിലെ അനധികൃത കൈയേറ്റങ്ങൾ തടയുന്നതിനുമായി കേരള സർക്കാർ കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന പേരിൽ ഈ പദ്ധതി ആരംഭിച്ചു.

കെഎസ്എൽബി പ്രൊജക്റ്റ് നിർത്തലാക്കുകയും സർക്കാർ ഭൂമിയുടെ വിവരങ്ങൾ RELIS-ൽ ലഭ്യമായിരിക്കുകയും ചെയ്യുന്നതിനാൽ, സർക്കാർ ഭൂമിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ടാണ് ഇപ്പോൾ നടക്കുന്ന പ്രധാന പ്രവർത്തനം. സർക്കാർ ഭൂമിയുടെ സംരക്ഷണത്തിനും വേലികൾ സ്ഥാപിക്കുന്നതിനും ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നതിനും സർക്കാർ ഭൂമി അളന്നുതിട്ടപ്പെടുത്തുന്നതിനും അതിരുകൾ പുനർനിർണയിക്കുന്നതിനും ജീവനക്കാരെ വിന്യസിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. അതിനാൽ ഈ പദ്ധതിക്ക് സർക്കാർ ഭൂമി സംരക്ഷണം എന്ന് പുനർനാമകരണം ചെയ്തു. പദ്ധതിയുടെ നടത്തിപ്പിനായി 2025-26 വർഷത്തെ ബജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | സർക്കാർ ഭൂസംരക്ഷണ പദ്ധതി (ജിഎൽപിപി) അംഗങ്ങൾക്കുള്ള വേതനം | 50.00 |
| 2. | സോഫ്റ്റ് വെയർ വികസനം | |
| 3. | സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനുള്ള തുക | |
| | **ആകെ** | **50.00** |

### 54. കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ

**(വിഹിതം: 5400.00 ലക്ഷം രൂപ)**

കളക്ടറേറ്റ്, ആർ.ഡി.ഒ ഓഫീസുകൾ, സബ്കളക്ടർ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, മറ്റു സ്പെഷ്യൽ ഓഫീസുകൾ എന്നിവിടങ്ങളിൽ ഘട്ടം ഘട്ടമായി സ്മാർട്ട് കെട്ടിടങ്ങൾ ആധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച് (ഇ-ഗവേണൻസ് ഉൾക്കൊള്ളുന്നത്) ജനങ്ങൾക്ക് സേവനങ്ങൾ അതിവേഗത്തിൽ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി വഴി ഓൺലൈനിലും പരമ്പരാഗത രീതിയിലും നിശ്ചിത റവന്യൂ സംബന്ധമായ സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് നൽകാനാണ് സ്മാർട്ട് ഓഫീസുകൾ ലക്ഷ്യമിടുന്നത്. 2025-26 ൽ സ്മാർട്ട് വില്ലേജ് ഓഫീസുകൾ, റവന്യൂ ഭവൻ, പട്ടയ മിഷൻ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 5400.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം & സ്പിൽ ഓവർ വർക്ക് | 4100.00 |
| 2 | മറ്റ് റവന്യൂ ഓഫീസുകളുടെ നവീകരണം & സ്പിൽ ഓവർ വർക്ക് | |
| 3 | അനുബന്ധ പ്രവർത്തനങ്ങൾ | |
| 4 | റവന്യൂ ഭവൻ | 1000.00 |
| 5 | പട്ടയ മിഷൻ | 300.00 |
| | **ആകെ** | **5400.00** |

### 55. റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം

**(വിഹിതം: 2650.00 ലക്ഷം രൂപ)**

ഗുണനിലവാരമുള്ള സേവനങ്ങൾ വേഗത്തിലും ഫലപ്രദമായും ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ അത്യന്താപേക്ഷിതമാണ്. അതുവഴി റവന്യൂ ഭരണത്തിൽ സുതാര്യത ഉറപ്പാക്കുന്നു. കർശനമായ ലോജിക്കൽ പ്രോട്ടോക്കോളുകൾ സ്വീകരിക്കുന്നതിലൂടെ സെൻസിറ്റീവ് ഡാറ്റയിൽ കൃത്രിമം കാണിക്കുന്നത് ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിയും. എല്ലാ റവന്യൂ സേവനങ്ങളും പേയ്മെന്റുകളും ഒരൊറ്റ കുടക്കീഴിൽ ഉൾപ്പെടുന്ന ഒരൊറ്റ ലോഗിൻ സൗകര്യമുള്ള–റവന്യൂപോർട്ടൽ എന്ന ഒരു വെബ്പോർട്ടലിന്റെ വികസനം പ്രാധാന്യമുള്ളതാണ്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി റവന്യൂ വകുപ്പ് വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി വേഗത്തിലും കാര്യക്ഷമമായും സുതാര്യമായും പൗരസേവനങ്ങൾ മികച്ച രീതിയിൽ എത്തിക്കുന്നു. താഴെപ്പറയുന്ന ഘടകങ്ങൾക്കായി 2025-26 വർഷത്തെ ബജറ്റിൽ 2650.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ലാൻഡ്റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ (ഡാറ്റ ഡിജിറ്റൈസേഷൻ, സ്കാനിംഗ്, ഡോക്യുമെന്റ് മാനേജ്മെന്റ്) | 2650.00 |
| 2 | സോഫ്റ്റ്‌വെയർ വികസനവും ആപ്ലിക്കേഷൻ പിന്തുണയും | |
| 3 | പദ്ധതി നടപ്പാക്കൽ സുഗമമാക്കൽ | |
| 4 | അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടി/പരിപാലനം/അപ്ഗ്രഡേഷൻ | |
| 5 | കേരള ലാൻഡ് അതോറിറ്റി | |
| 6 | ആകസ്മിക ചെലവുകളും അപ്രതീക്ഷിത ചെലവുകളും | |
| | **ആകെ** | **2650.00** |

### 56. ദുരന്ത പ്രതിരോധവും ദുരന്ത മാനേജ്മെന്റും (ജില്ല/താലൂക്ക് ഇ.ഒ.സി കൾ സ്ഥാപിക്കലും)

**(വിഹിതം: 300.00 ലക്ഷം രൂപ)**

ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് താലൂക്ക് അടിയന്തര പ്രവർത്തന സെന്ററുകളും ജില്ലാ അടിയന്തര പ്രവർത്തന സെന്ററുകളും സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സ്മാർട്ട് കൺട്രോൾ റൂമുകൾ സ്ഥാപിക്കൽ, ദുരന്തങ്ങളെ പ്രതിരോധിക്കുന്ന ആശയവിനിമയ ശൃംഖല സ്ഥാപിക്കുന്നതിനുള്ള റേഡിയോ ഉപകരണങ്ങൾ, ജീവനക്കാർക്കും സന്നദ്ധ സംഘടനകൾക്കുമുള്ള കാര്യശേഷി വർദ്ധിപ്പിക്കൽ, ദുരന്തനിവാരണത്തിനായി എത്തിച്ചേരാൻ സാധിക്കാത്ത സ്ഥലങ്ങളിലേക്കായി ലോജിസ്റ്റിക്സ്/വാഹന സൗകര്യം സംസ്ഥാനതലത്തിൽ ഏർപ്പെടുത്തുക, ദുരന്തവുമായി ബന്ധപ്പെട്ട അടിയന്തിര ആവശ്യങ്ങൾ നിറവേറ്റുന്നതിന് ജില്ലാ കളക്ടർ മുഖേന ചെലവഴിക്കാവുന്ന മുൻകൂർ ഫണ്ട് തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. 2025-26 വർഷത്തേക്ക് 300.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ജില്ലാ കളക്ടർമാർക്കുള്ള ഇമ്പ്രെസ്റ്റ് ഫണ്ടുകൾ | 300.00 |
| 2 | താലൂക്ക് എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെ അറ്റകുറ്റപ്പണിയും പരിപാലനവും | |
| 3 | താലൂക്ക് എമർജൻസി ഓപ്പറേഷൻ സെന്ററുകൾക്കുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയും നിർമ്മാണവും | |
| 4 | ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ദുരന്ത മാനേജ്മെന്റ് സ്റ്റേറ്റ് കൺട്രോൾ റൂമിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ | |
| 5 | താലൂക്ക് എമർജൻസി ഓപ്പറേഷൻ സെന്ററുകളിലേക്ക് ചെറിയ വീഡിയോ കോൺഫറൻസ് ഹാൾ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക് ഉപകരണങ്ങൾ, ടിവി, സ്മാർട്ട് ഫോൺ, ഡിജിറ്റൽ ഡിസ്പ്ലേ സിസ്റ്റം തുടങ്ങിയവ. | |
| 6 | താലൂക്ക് എമർജൻസി ഓപ്പറേഷൻ സെന്ററുകളിലേക്ക് അഗ്നിശമന ഉപകരണം | |
| 7 | IEC മെറ്റീരിയലുകൾ തയ്യാറാക്കലും പ്രിൻറിംഗും ജില്ലാ ദുരന്ത നിവാരണ ഏജൻസി/ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ എന്നിവയ്ക്ക് വേണ്ടി സ്റ്റേഷനറി വാങ്ങൽ | |
| 8 | ജില്ലാ ദുരന്ത നിവാരണ ഏജൻസി/ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ എന്നിവയ്ക്കായി കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോകോപ്പിയർ, എമർജൻസി ലാമ്പ് തുടങ്ങിയവയുടെ വാങ്ങൽ | |
| 9 | ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ/താലൂക്ക് എമർജൻസി ഓപ്പറേഷൻ സെന്റർ എന്നിവയ്ക്കായി ഇൻവെർട്ടർ വാങ്ങൽ | |
| 10 | വിവിധ പരിശീലനങ്ങൾ, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ നടത്തി ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിക്കുക (സംസ്ഥാന/ദേശീയ സ്ഥാപനങ്ങളിലെ പരിശീലനത്തിനായി പങ്കെടുക്കുന്നതിനുള്ള തുക) | |
| | **ആകെ** | **300.00** |

### 57. നെൽവയൽ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് (പുതിയ പദ്ധതി)

**(വിഹിതം: 150.00 ലക്ഷം രൂപ)**

നെൽവയലും തണ്ണീർത്തടവും സംരക്ഷിക്കുന്നതിനും, കാർഷിക മേഖലയിലെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥയെ നിലനിർത്തുന്നതിനുമായി നെൽവയലും തണ്ണീർത്തടവും അനധികൃതമായി നികത്തുകയോ മാറ്റുകയോ ചെയ്യുന്നത് തടയുന്നതിനും കേരള നെൽവയൽ, തണ്ണീർത്തട സംരക്ഷണ നിയമം 2008 നടപ്പാക്കിയിട്ടുണ്ട്. കേരളത്തിലുടനീളമുള്ള നെൽവയലുകൾ നാണ്യവിള തോട്ടത്തിനോ കാർഷികേതര ഉപയോഗത്തിനോ വേണ്ടി മാറ്റപ്പെടുന്നതിനാൽ കടുത്ത ഭീഷണി നേരിടുകയാണ്. പാരിസ്ഥിതിക വ്യവസ്ഥിതി അതിന്റെ ഗുണമേന്മ വീണ്ടെടുക്കാനാകാത്തവിധം എന്നെന്നേക്കുമായി നഷ്ടപ്പെടുന്നു. അതിനാൽ എന്തുവിലകൊടുത്തും നെൽകൃഷി സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. 2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 13 പ്രകാരം, ഈ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് നികത്തിയ ഏതെങ്കിലും നെൽപ്പാടത്തിന്റെയോ തണ്ണീർത്തടത്തിന്റെയോ പൂർവ്വസ്ഥിതി പുനഃസ്ഥാപിക്കാൻ ജില്ലാ കളക്ടർക്ക് നടപടിയെടുക്കാവുന്നതാണ്. പ്രസ്തുത നെൽവയൽ അല്ലെങ്കിൽ തണ്ണീർത്തടത്തിന്റെ ഉടമ അല്ലെങ്കിൽ കൈവശക്കാരന്റെ അഭിപ്രായം കേൾക്കാൻ ന്യായമായ അവസരം നൽകിയ ശേഷം, ടി ഭൂമിയുടെ യഥാർത്ഥ അവസ്ഥ പുനഃസ്ഥാപിക്കാൻ ജില്ലാ കളക്ടർക്ക് നടപടി സ്വീകരിക്കാവുന്നതാണ്. നെൽവയലിൽ നിന്നോ തണ്ണീർത്തടത്തിൽ നിന്നോ കളിമണ്ണ്, മണൽ, മണ്ണ് മുതലായവ നീക്കം ചെയ്യുന്നതിലൂടെയോ, അവ ഉപയോഗിച്ച് നിർമ്മിച്ച ഇഷ്ടിക, ടൈൽ എന്നിവ നീക്കം ചെയ്യുന്നതിലൂടെയോ ലഭിക്കുന്ന തുക കാർഷികോത്പാദന ഫണ്ടിലേക്ക് മുതൽക്കൂട്ടാക്കാവുന്നതാണ്. 2025-26 ൽ ഈ പദ്ധതിക്കായി 150.00 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | എക്സ്കവേറ്ററുകൾ ഉപയോഗിച്ച് നെൽവയലിൽ നിന്ന് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ചെലവ് (ഓപ്പറേറ്റർ കൂലി, ഇന്ധന ചാർജ്ജുകൾ ഉൾപ്പെടെ), നിലമൊരുക്കുന്നതിനും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ലേബർ ചാർജ്ജുകൾ, ലോഡിംഗ് ആൻഡ് അൺലോഡിംഗ് ചാർജ്ജുകൾ, വാഹന വാടക മുതലായവ. | 150.00 |
| | **ആകെ** | **150.00** |

**21. ഐ.എൽ.ഡി.എം**

**58. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്**

**(വിഹിതം: 200.00ലക്ഷം രൂപ)**

റവന്യൂവകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രാരംഭ പരിശീലനം, സേവന കാലയളവിലെ പരിശീലനം, ദുരന്ത നിവാരണ മാനേജ്മെന്റ് ഉൾപ്പെടെ പ്രത്യേക വിഷയങ്ങളിൽ പരിശീലനം നടത്തുന്നതിനായി 1996 മുതൽ പ്രവർത്തിച്ചു വരുന്ന ഒരു സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ILDM). 2005 ലെ ദുരന്തനിവാരണ നിയമം പ്രാബല്യത്തിൽ വന്നതിന് ശേഷം ദുരന്തനിവാരണ രംഗത്തെ ഉദ്യോഗസ്ഥർക്ക് പുറമേ പൊതുജനങ്ങൾക്കും എൻജിഒകൾക്കും വേണ്ട പരിശീലനങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നുണ്ട്. ചുവടെ പറയുന്ന ഘടകങ്ങൾക്കായി 2025-26 വർഷത്തെ ബജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഡോർമിറ്ററി സൗകര്യമുള്ള പുതിയ ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണം | 200.00 |
| 2 | കേന്ദ്രീകൃത പരിശീലന പരിപാടി | |
| 3 | വികേന്ദ്രീകൃത പരിശീലന പരിപാടി | |
| 4 | ഭൂമിക റവന്യൂ ജേർണൽ | |
| 5 | റവന്യൂ കോൾ സെന്റർ | |
| 6 | മീഡിയ സെൽ | |
| 7 | റവന്യൂ ഗൈഡ് | |
| 8 | സെന്റർ ഫോർ സേഫ്റ്റി ആൻഡ് ക്രൗഡ് റിസ്ക് റിസർച്ച് (CSCRR) | |
| 9 | സെന്റർ ഫോർ ലൈറ്റ്നിംഗ് ആന്റ് ആൾട്ടർനേറ്റീവ് കമ്മ്യൂണിക്കേഷൻ സംവിധാനം | |
| 10 | സെന്റർ ഫോർ ലാൻഡ് ഗവേണൻസ് | |
| 11 | റിവർ മാനേജ്മെന്റ് സെന്റർ (ആർ എം സി). | |
| 12 | ദുരന്ത മാനേജ്മെന്റ് കേന്ദ്രം | |
| 13 | പോസ്റ്റ് ഡിസാസ്റ്റർ കൗൺസലിംഗ് സെന്റർ (PDCC) സ്ഥാപിക്കൽ | |
| 14 | എംബിഎ (ഡിസാസ്റ്റർ മാനേജ്മെന്റ്) കോഴ്സ് നടത്തിപ്പ് | |
| 15 | ഐഎൽഡിഎമ്മിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ അറ്റകുറ്റപ്പണികൾ | |
| | **ആകെ** | **200.00** |

## 22. ഡിസാസ്റ്റർ മാനേജ്മെന്റ് - സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി

### 59. ദുരന്തം കൈകാര്യം ചെയ്യലും, ലഘൂകരണവും പുനരധിവാസവും

**(വിഹിതം: 600.00 ലക്ഷം രൂപ)**

ദുരന്ത സാഹചര്യങ്ങളിൽ ആസൂത്രണം നടത്തുന്നതിനും സമയബന്ധിതമായി പ്രതികരിക്കുന്നതിനും വേണ്ടി ശക്തമായ ഒരു സംവിധാനം സ്ഥാപിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. 2025-26-ൽ താഴെ പറയുന്ന പരിപാടികൾക്കായി 600.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ദുരന്ത സാധ്യത മനസ്സിലാക്കൽ | 600.00 |
| 2. | ഡിസാസ്റ്റർ റിസ്ക് ഗവേണൻസ് ശക്തിപ്പെടുത്തൽ | |
| 3. | പ്രതിരോധശേഷിക്കായി ഡിസാസ്റ്റർ റിസ്ക് റിഡക്ഷനിൽ നിക്ഷേപം | |
| 4. | ഫലപ്രദമായ പ്രവർത്തനങ്ങളിലൂടെ ദുരന്ത തയ്യാറെടുപ്പ് മെച്ചപ്പെടുത്തൽ | |
| | **ആകെ** | **600.00** |

### 60. ചുഴലിക്കാറ്റ് അപകട സാധ്യത ലഘൂകരണ പദ്ധതി

**(വിഹിതം: 30.00 ലക്ഷം രൂപ)**

ഇന്ത്യയിലെ 13 തീരദേശ സംസ്ഥാനങ്ങളിലെ തീരദേശ മേഖലകളിലെ ചുഴലിക്കാറ്റിനും മറ്റ് ജല-കാലാവസ്ഥാ അപകടങ്ങൾക്കുമുള്ള സാധ്യത കുറയ്ക്കുന്നതിന് വേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് എൻസിആർഎംപി. ദേശീയ ചുഴലിക്കാറ്റ് അപകടസാധ്യത ലഘൂകരണ പദ്ധതിയുടെ (25 ശതമാനം സംസ്ഥാന വിഹിതം) പദ്ധതി കാലയളവ് 2023 മാർച്ചിൽ അവസാനിച്ചുവെങ്കിലും ചില ബാധ്യതാ ചെലവ് തീർപ്പാക്കിയിട്ടില്ല. 2025-26 ൽ ഇതിനായി 30.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 23. സർവ്വേയും ഭൂരേഖയും

### 61. ഭൂരേഖാ സേവന സംവിധാനങ്ങളുടെ സംയോജനം

**(വിഹിതം: 1260.00 ലക്ഷം രൂപ)**

പുതുക്കിയ ഭൂരേഖകളുടെ പരിപാലനം വിജയകരമായ ഒരു റവന്യൂ ഭരണത്തിന്റെ പ്രധാന അടിത്തറയാണ്. ഇതിനായി കേരളം നല്ല രീതിയിൽ മുന്നേറിയിട്ടുണ്ട്. പ്രത്യേകിച്ച് ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിൽ റവന്യൂ, സർവേ, രജിസ്ട്രേഷൻ തുടങ്ങിയ വകുപ്പുകൾ പ്രധാന പങ്ക് വഹിച്ചു കൊണ്ട് സുസ്ഥിര ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഇന്ത്യയിലെ മറ്റ് എല്ലാ സംസ്ഥാനങ്ങളെയും പോലെ, കേരളത്തിലും 2008 മുതൽ ഭൂരേഖ നവീകരണ പരിപാടി ആരംഭിക്കുകയും ഇപ്പോൾ അതിവേഗം പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. ഈ പ്രക്രിയയിൽ റീസർവേ, ഭൂരേഖകളുടെ ഭൗതിക സംരക്ഷണം, സ്കാനിംഗ്, മാപ്പുകളുടെ വെക്ടറൈസേഷൻ, ഫിസിക്കൽ റെക്കോർഡുകളുടെ ശാസ്ത്രീയ സംഭരണം, ഡിജിറ്റൽ റെക്കോർഡുകളുടെ സൂക്ഷിക്കൽ, വെബ് മീഡിയ വഴി പൊതുജനങ്ങൾക്ക് ഡിജിറ്റൽ ഡാറ്റ പങ്കിടൽ തുടങ്ങിയവ ഉൾപ്പെടുന്നു. ഭൂമി ഇടപാടുകളുടെ കാര്യത്തിൽ സുതാര്യത കൈവരിക്കുക, ഭൂമി സംബന്ധമായ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള നിർണ്ണായക ഉപകരണമായും ഭൂസർവെയിലെ കൃത്യത ഉറപ്പുവരുത്തുന്നതിനുമായി പിശകില്ലാത്ത ഡിജിറ്റൽ മാപ്പ് ലഭ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. 2025-26ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 1260.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഡിജിറ്റൽ സർവേയുടെയും ILIMS നടപ്പാക്കലിനും സമഗ്രമായ ബോധവൽക്കരണ കാമ്പയിൻ (IEC പ്രവർത്തനങ്ങൾ) | 1260.00 |
| 2 | "എന്റെ ഭൂമി" പദ്ധതിയിൽ ഉൾപ്പെടാത്ത 17 വില്ലേജുകളിൽ നടന്നുകൊണ്ടിരിക്കുന്ന ആധുനിക സർവേ പ്രവൃത്തികൾ പൂർത്തീകരിക്കുക. | |
| 3 | CDC, DDC എന്നിവയ്ക്കുള്ള ഐടി ഇൻഫ്രാസ്ട്രക്ചർ നവീകരണം | |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 4 | സുരക്ഷിതവും മികച്ചതുമായ ഭൂമി കരാറുകൾക്കായി എന്റെ ഭൂമി പോർട്ടലിൽ ബ്ലോക്ക്ചെയിൻ നടപ്പിലാക്കൽ | |
| 5 | "എന്റെ ഭൂമി" പ്രൊജക്റ്റിൽ ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS) നടപ്പിലാക്കൽ | |
| 6 | "എന്റെ ഭൂമി" എന്നതിലെ ആർക്കൈവ് റെക്കോർഡുകൾ | |
| 7 | **സർവേ വകുപ്പിലെ ഓഫ്സെറ്റ് പ്രസ്സിന്റെ നവീകരണം (പുതിയ ഘടകം)** | |
| | **ആകെ** | **1260.00** |

**62. സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവത്ക്കരണം**

**(വിഹിതം: 150.00 ലക്ഷം രൂപ)**

പിശക് രഹിത ഭൂരേഖകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ലോകോത്തര പരിശീലനം നൽകുന്നതിനായി, സർവ്വേ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം. തിരുവനന്തപുരം, കണ്ണൂർ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ട്രെയിനിംഗ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ആധുനിക പഠന അന്തരീക്ഷം സൃഷ്ടിക്കൽ | 150.00 |
| 2 | സി.എസ്.ഒ കെട്ടിടത്തിലെ സർവേ മ്യൂസിയത്തിന്റെ നവീകരണം | |
| | **ആകെ** | **150.00** |

**63. ആധുനിക റെക്കോർഡ് റൂമിന്റെ നിർമ്മാണവും അനുബന്ധ അടിസ്ഥാനസൗകര്യങ്ങളും**

**(വിഹിതം: 650.00 ലക്ഷം രൂപ )**

ഭൂസർവ്വെ പ്രവർത്തനങ്ങളുടെ ഗുണനിലവാരവും വ്യാപ്തിയും മെച്ചപ്പെടുത്തുന്നതിന് സർവ്വെ ഓഫീസുകൾക്ക് ആധുനിക റെക്കോർഡ് റൂം സൗകര്യങ്ങളോടുകൂടിയ ശക്തവും മികച്ചതുമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. താഴെപ്പറയുന്ന ഘടകങ്ങൾക്കായി 2025-26 വർഷത്തെ ബജറ്റിൽ 650.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ILIMS-നുള്ള കൺട്രോൾ സെന്റർ ഉൾപ്പെടെ സർവേ ഡയറക്ടറേറ്റിൽ നിർമ്മിച്ച പുതിയ നിലയ്ക്ക് ശരിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക | 650.00 |
| 2 | സ്മാർട്ട് സർവേ ഓഫീസുകൾ | |
| 3 | തൃശ്ശൂർ, പാലക്കാട്, കാസർകോട് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾക്ക് പുതിയ കെട്ടിടം പണിയുക. | |
| | **ആകെ** | **650.00** |

## 24. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

**64.മുഖ്യ അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾ**

**(വിഹിതം: 31092.00 ലക്ഷം രൂപ)**

മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് വേണ്ട വിഹിതം ഒരു ബജറ്റ് ശീർഷകത്തിൽ മൊത്തം തുകയായി വകയിരുത്തുന്നു. പല പദ്ധതികൾക്ക് വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ വെവ്വേറെ ഫണ്ട് വകയിരുത്തുമ്പോൾ സാമ്പത്തിക വർഷത്തിന്റെ അവസാനം പണം പാഴായി പോകുന്ന മുൻകാല

സ്ഥിതി അവസാനിപ്പിക്കുന്നതിനു വേണ്ടിയാണ് ഈ രീതി അവലംബിക്കുന്നത്. മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ കാര്യത്തിൽ, വകയിരുത്തുന്ന ഫണ്ട് യഥാസമയം വിനിയോഗിക്കുന്നതിൽ ധാരാളം പരിമിതികളുണ്ടെന്നാണ് മുൻകാല അനുഭവം വ്യക്തമാക്കുന്നത്. ഇത്തരം സന്ദർഭങ്ങളിൽ അനുവദിച്ച ഫണ്ടുകൾ പലപ്പോഴും ലാപ്സായി പോകുകയോ മറ്റ് പദ്ധതികൾക്ക് വകമാറ്റി ചെലവാക്കുകയോ ചെയ്യുമായിരുന്നു. ഇത് ഒഴിവാക്കുന്നതിന് മൊത്തം തുക ഒരു ശീർഷകത്തിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയാൽ അതിൽ നിന്നും നിർവ്വഹണ പുരോഗതി വിലയിരുത്തി ആവശ്യാനുസരണം നിർദ്ദിഷ്ട പദ്ധതികൾക്ക് വിനിയോഗിക്കുവാൻ കഴിയും.

താഴെ കൊടുത്തിരിക്കുന്ന 10 മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നിർവ്വഹണം സാധ്യമാക്കുന്നതിനായി 2025-26 വാർഷിക പദ്ധതിയിൽ 31092.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | മേഖല/ഉപമേഖല |
|---|---|---|
| 1 | വിഴിഞ്ഞം ആഴക്കടൽ അന്താരാഷ്ട്ര കണ്ടെയിനർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ (വി.ഐ.എസ്.എൽ) | ഗതാഗതവും വാർത്താ വിനിമയവും/പോർട്ടും ലൈറ്റ് ഹൗസും, ഷിപ്പിംഗ് ട്രാൻസ്പോർട്ട് സർവ്വീസുകളും |
| 2 | കൊച്ചി മെട്രോ റെയിൽ സിസ്റ്റം | ഗതാഗതവും വാർത്താ വിനിമയവും/മറ്റ് ഗതാഗത സർവ്വീസുകളും |
| 3 | കണ്ണൂർ എയർപോർട്ട്- അടിസ്ഥാന സൗകര്യവികസനം | ഗതാഗതവും വാർത്താവിനിമയവും/മറ്റ് ഗതാഗത സർവ്വീസും |
| 4 | 35-മത് ദേശീയ ഗെയിംസ്-വാർഷിക വേതന പദ്ധതി | സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ/കായികവും യുവജന കാര്യങ്ങളും |
| 5 | കൊച്ചിയിൽ സംയോജിത ജലഗതാഗത സംവിധാനം | മറ്റ് ഗതാഗത സേവനങ്ങൾ |
| 6 | പെർഫോർമൻസ് അടിസ്ഥാനമാക്കിയുള്ള ഇൻഫ്രാസ്ട്രക്ചർ വികസനം (സർക്കാർ കോളേജുകൾക്കും ടിആർഇഎസ് റ്റി റിസർച്ച് പാർക്കിനുമുള്ള അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി സൗകര്യങ്ങളും) | ഉന്നത വിദ്യാഭ്യാസം |
| 7 | പബ്ലിക് യൂണിവേഴ്സിറ്റി ക്യാമ്പസ് നിർമ്മാണവും വികസനവും (മലയാളം സർവകലാശാലയ്ക്ക് പുതിയ ക്യാമ്പസും അടിസ്ഥാന സൗകര്യങ്ങളും, സാങ്കേതിക സർവകലാശാലയ്ക്ക് പുതിയ ക്യാമ്പസ്സ് സ്ഥാപിക്കൽ, ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് പുതിയ ക്യാമ്പസ്സും അടിസ്ഥാന സൗകര്യങ്ങളും) | ഉന്നത വിദ്യാഭ്യാസം |
| 8 | കേരള റെയിൽ വികസന കോർപ്പറേഷൻ (കേന്ദ്ര ഗവൺമെന്റും കേരള സർക്കാരും തമ്മിലുള്ള സംയുക്ത സംരംഭം) | മറ്റ് ഗതാഗത സർവ്വീസ് |
| 9 | എൻഎച്ച് ബൈപാസുകൾ- കൊല്ലം, ആലപ്പുഴ (കേന്ദ്ര സർക്കാരുമായി ചെലവ് പങ്കിടൽ) | ഗതാഗതവും വാർത്താവിനിമയവും/ റോഡുകളും പാലങ്ങളും |
| 10 | അങ്കമാലി-എരുമേലി ശബരി റെയിൽവെ ലൈൻ (പുതിയ ഘടകം) | മറ്റ് ഗതാഗത സർവ്വീസ് |

മുകളിൽ പ്രതിപാദിച്ചിട്ടുള്ള 10 പദ്ധതികൾക്ക് ഒരു ലക്ഷം രൂപ വീതം ബന്ധപ്പെട്ട മേഖലകളിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തി വിശദമായ ഉപയോഗ വ്യവസ്ഥ വിശദമാക്കിയിട്ടുണ്ട്. പദ്ധതിക്ക് ആവശ്യം വരുന്ന തുക മൊത്തത്തിൽ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ നിന്നും പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതി അനുസരിച്ച് അധികാരപ്പെടുത്തി നൽകുന്നതാണ്. ഈ ഫണ്ടിന്റെ നിയന്ത്രണവും വിനിയോഗവും ആസൂത്രണ-സാമ്പത്തിക കാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ

ച്ചമതലയായിരിക്കും. സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെയും ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും ധനകാര്യ വകുപ്പ് ഫണ്ട് നൽകുക. ഇപ്രകാരം ഫണ്ട് നൽകുന്നതിനനുസരിച്ച് ധനകാര്യ വകുപ്പ് ആവശ്യമായ ഡെബിറ്റ്/ക്രെഡിറ്റ് അഡ്ജസ്റ്റുമെന്റുകൾ കണക്കിൽ വരുത്തുകയും അതിനുശേഷം ഈ അഡ്ജസ്റ്റ്മെന്റുകളെ ഉപധനാഭ്യർത്ഥനയിലൂടെ ക്രമപ്പെടുത്തുകയും ചെയ്യുന്നതാണ്.

കേന്ദ്ര സർക്കാരിന്റെ പ്രത്യേക ധനസഹായ പദ്ധതികൾ (Special Assistance for Capital Expenditure) വഴി തുക ലഭിക്കുന്നതിനും NABARD, കേന്ദ്ര പിഎസ്‌യു എന്നിവയിൽ നിന്ന് പദ്ധതി ധനസഹായം നേടുന്നതിനു വേണ്ടിയും വിശദമായ പദ്ധതി റിപ്പോർട്ടുകൾ (DPR) തയ്യാറാക്കാൻ ഇതിൽനിന്നും തുക വിനിയോഗിക്കാവുന്നതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും സമർപ്പിക്കുന്ന പദ്ധതി റിപ്പോർട്ടുകൾ വിശകലനം ചെയ്ത് സംസ്ഥാനത്തിന്റെ മുൻഗണനയും പദ്ധതി ആശയത്തിന്റെ ഗുണവും പരിഗണിച്ച് MIDP (Modern Infrastructure Development Programme) ഹൈ പവേർഡ് കമ്മിറ്റി അനുമതി നൽകുന്നതാണ്. കമ്മിറ്റിയുടെ മുൻകൂർ അനുമതിയില്ലാതെ തയ്യാറാക്കുന്ന DPR-കൾക്ക് ഈ പദ്ധതിയിൽ നിന്നും തുക അനുവദിക്കുന്നതല്ല.

**65. മലയോര വികസന കമ്മിറ്റി (പുതിയ പദ്ധതി)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

കേരളത്തിലെ മലയോര മേഖലയിലെ ജനങ്ങൾ നേരിടുന്ന സാമ്പത്തികവും മറ്റ് വികസനപരവുമായ വെല്ലുവിളികൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ "മലയോര വികസന കമ്മിറ്റി" രൂപീകരിക്കും. ബന്ധപ്പെട്ട വകുപ്പുകളിലെ മന്ത്രിമാരും ഉദ്യോഗസ്ഥരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, സംസ്ഥാന ആസൂത്രണ ബോർഡ് പ്രതിനിധികൾ, വിഷയ വിദഗ്ധർ, തിരഞ്ഞെടുക്കപ്പെട്ട പൊതുജനങ്ങൾ എന്നിവരടങ്ങുന്ന കമ്മിറ്റിക്ക് ഇക്കാര്യത്തിൽ നയപരമായ നിർദ്ദേശങ്ങളും നൽകാം. കമ്മിറ്റിക്ക് ആവശ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്ന് ആസൂത്രണ, സാമ്പത്തിക കാര്യ വകുപ്പ് ഉറപ്പാക്കും. കമ്മിറ്റിയുടെ ചെലവുകൾക്കായി 100.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## 25. വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (വിവിഡ്)

**66. വർക്കലയുടെ അടിസ്ഥാന സൗകര്യ വികസനം**

**(വിഹിതം: 211.60 ലക്ഷം രൂപ)**

വർക്കലയുടെ സമഗ്രവികസനത്തിനായി 2012-13ൽ രൂപീകരിച്ച വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്(വിവിഡ്), പിപിപി രീതിയിലും എൻആർഐ നിക്ഷേപം ഉൾപ്പെടെയുള്ള സംയുക്ത സംരംഭത്തിലൂടെയും വിവിധ പരിപാടികൾ നടപ്പിലാക്കുന്നു. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി 2025-26 വർഷത്തെ ബജറ്റിൽ 211.60 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ജിയോപാർക്ക് പ്രവർത്തനങ്ങൾ ഉൾപ്പെടെ വർക്കലയുടെ സമഗ്ര അടിസ്ഥാന സൗകര്യ വികസനം | 211.60 |
| 2 | സെൻറർ ഫോർ പെർഫോമിംഗ് ആർട്സ്, വർക്കല-അഡീഷണൽ ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളായ കോമ്പൗണ്ട് ഭിത്തിയുടെ നിർമ്മാണം, ലാൻഡ്സ്കേപ്പിംഗ് ജോലികൾ, ഫെസിലിറ്റേഷൻ സെൻറർ, ബ്ലാക്ക് ബോക്സ് തിയേറ്റർ എന്നിവയുടെ നിർമ്മാണം. | |
| 3 | പാപനാശം, വർക്കല തീരദേശ ശോഷണം തടയൽ എന്നിവ സംബന്ധിച്ച പഠനം | |
| 4 | ജിയോ സ്പേഷ്യൽ ഇൻഫർമേഷൻ സിസ്റ്റം | |
| 5 | വർക്കല ജിയോ ഹെറിറ്റേജ് സൈറ്റിൽ അന്തർദ്ദേശീയ സെമിനാർ (സംസ്ഥാന വിഹിതം) | |
| 6 | വർക്കലയിൽ ജിയോപാർക്ക് മ്യൂസിയം സ്ഥാപിക്കൽ | |
| 7 | വർക്കലയിൽ പെർഫോമിംഗ് ആർട്സ് ചരിത്ര മ്യൂസിയം സ്ഥാപിക്കൽ | |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 8 | നിയമാനുസൃത പേയ്മെന്റുകളും മാൻപവർ ചെലവും റണ്ണിംഗ് കോസ്റ്റ് ഉൾപ്പെടെയുള്ള ഓഫീസ് ചെലവുകൾ | |
| | **ആകെ** | **211.60** |

**26. കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്)**

**67. കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്)**

**(വിഹിതം: 5000.00 ലക്ഷം രൂപ)**

സംസ്ഥാനത്ത് വിദ്യഭ്യാസം, നൈപുണ്യവികസനം, സംരംഭകത്വം, പങ്കാളിത്തഭരണം, പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഗവേഷണം തുടങ്ങി മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും നവീനരീതികൾ സൃഷ്ടിക്കുന്നതിനുള്ള ചുറ്റുപാടുണ്ടാക്കുക എന്നതാണ് കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ ലക്ഷ്യം. സംസ്ഥാനത്തെ എല്ലാ നൂതന പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുകയും സഹായിക്കുകയും ചെയ്യുകയെന്നതാണ് ഇതിന്റെ വിശാലമായ ലക്ഷ്യം. നോളജ് ഇക്കണോമി മിഷനിലൂടെ സംസ്ഥാനത്തെ നോളജ് ഇക്കണോമിയിലേക്ക് നയിക്കുക എന്നതാണ് ഏജൻസിയുടെ മറ്റൊരു ലക്ഷ്യം. 2025-26 ൽ 5000.00 ലക്ഷം രൂപ താഴെ പറയുന്ന ഘടകങ്ങൾ നടപ്പാക്കുന്നതിനായി വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ. ഇന്നൊവേഷൻ ചലഞ്ച് ഫണ്ട്** | 2000.00 |
| 1 | യുവ ഇന്നവേറ്റർമാരുടെ പരിപാടി | |
| 2 | മഞ്ചാടി - ടീച്ച് മാത്സ് ഫോർ കേരള | |
| 3 | മഴവില്ല് - ടീച്ച് സയൻസ് ഫോർ കേരള | |
| 4 | ഒരു ജില്ല ഒരു ആശയം (ODOI) | |
| 5 | ഒരു തദ്ദേശ ഭരണ സ്ഥാപനം ഒരു ആശയം (OLOI) | |
| 6 | PCDIS, ET പ്രോജക്ടുകൾക്കുള്ള പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് | |
| 7 | ഗവൺമെന്റിൽ ഉയർന്നുവരുന്ന സാങ്കേതിക പരിഹാരങ്ങൾ സ്വീകരിക്കുന്നത് ത്വരിതപ്പെടുത്തുന്നു | |
| 8 | ഭിന്നശേഷിക്കാരായ യുവാക്കളുടെ നൂതനമായ കണ്ടുപിടുത്തങ്ങൾ | |
| 9 | പ്രോഗ്രാം മാനേജ്മെന്റ് ഓഫീസ് | |
| 10 | ഇന്നൊവേഷനായി സ്ഥാപന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നു | |
| 11 | മറ്റ് ഇനങ്ങൾ | |
| | **ആകെ (എ)** | **2000.00** |
| | **ബി. നോളജ് ഇക്കണോമി** | |
| 1 | കേരളത്തിലെ വിദ്യാസമ്പന്നരായ തൊഴിൽരഹിതർക്ക് തൊഴിൽ നൽകുന്നതിനുള്ള സമഗ്ര പരിപാടി | 3000.00 |
| 2 | കേരള നോളജ് ഇക്കണോമി മിഷന്റെ കീഴിലുള്ള നൈപുണ്യത്തിനായുള്ള ഹാൻഡ്ഹോൾഡിംഗ് മൊബിലൈസേഷൻ പ്രവർത്തനങ്ങൾ | |
| 3 | ഇലക്ട്രിക് വെഹിക്കിൾ, ഗ്രീൻ എനർജി പ്രോഗ്രാമുകൾ | |
| 4 | കേരള ജീനോം ഡാറ്റാ സെന്റർ | |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 5 | കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം | |
| 6 | സെന്റർ ഫോർ എക്സലൻസ് ഇൻ മൈക്രോ ബയോം | |
| 7 | സെന്റർ ഫോർ എക്സലൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസ് | |
| 8 | മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോഗ്രാമുകൾ | |
| 9 | പ്രോഗ്രാം മാനേജ്മെൻറ് ഓഫീസ് (PMO) | |
| 10 | KKEM-നുള്ള സാങ്കേതിക വിഭവ കേന്ദ്രം | |
| 11 | മറ്റ് ഇനങ്ങൾ | |
| | **ആകെ (ബി)** | **3000.00** |
| | **ആകെ മൊത്തം (എ+ബി)** | **5000.00** |

**27. നവകേരള മിഷൻ**

**68. നവകേരള കർമ്മ പദ്ധതി -2 (ഹരിത കേരള മിഷൻ)**

**(വിഹിതം: 920.00 ലക്ഷം രൂപ)**

കേരള സർക്കാരിന്റെ പ്രധാന സംരംഭങ്ങളിലൊന്നാണ് നവകേരള കർമ്മ പദ്ധതി. സർക്കാരിന്റെ വകുപ്പുകളെ ഒരുമിച്ച് കൊണ്ടുവരികയും വികസന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പൊതുജനങ്ങളിലേക്കെത്തിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ നിർവ്വഹണരീതി. ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ 4 മിഷനുകളിലൂടെയാണ് 6 മുൻഗണനാ മേഖലകളിൽ (ഉന്നത നിലവാരമുള്ള സ്കൂൾ വിദ്യാഭ്യാസം, ജനസൗഹൃദ ആരോഗ്യ സൗകര്യങ്ങൾ, പ്രകൃതി സൗഹൃദ കൃഷി, മാലിന്യ സംസ്കരണം, വൃത്തിയുള്ള പരിസ്ഥിതി, മാലിന്യമുക്ത കേരളം, ശുദ്ധമായ ജലാശയങ്ങളും മെച്ചപ്പെടുത്തിയ ജലസ്രോതസ്സുകളും, സുരക്ഷിത ഭവനവും ഉപജീവനവും) ഉൾപ്പെടുന്ന പ്രവർത്തികൾ നടപ്പിലാക്കുന്നത്. ഈ കാഴ്ചപ്പാട് സാക്ഷാത്കരിക്കുന്നതിനായി, നിലവിലുള്ള നാല് വികസന മിഷനുകളും റീബിൽഡ് കേരള ഇനിഷ്യേറ്റീവും (ആർകെഐ) ഉൾപ്പെടുന്ന നവകേരളം കർമ്മ പദ്ധതി-2 (എൻകെപി-2) ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 2025-26 വർഷത്തെ ബജറ്റിൽ 920.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | എൻകെപി-2 ന്റെ സംസ്ഥാന, ജില്ലാ ഓഫീസുകളുടെ ഭരണചെലവുകൾ | 920.00 |
| 2 | ഐ.ഇ.സി | |
| 3 | പ്രിന്റിംഗും പ്രസിദ്ധീകരണവും | |
| 4 | റിസോഴ്സ് പേഴ്സൺമാരുടെ പൂൾ പരിപാലനം | |
| 5 | ഇന്റേൺഷിപ്പ് പ്രോത്സാഹിപ്പിക്കൽ | |
| 6 | മുഖ്യമന്ത്രിയുടെ നവകേരളം അവാർഡ് | |
| 7 | ജലസുരക്ഷയും നിർണായക, അർദ്ധനിർണായക പ്രദേശങ്ങൾക്കുള്ള പ്രത്യേക ഇടപെടലുകളും | |
| 8 | സുരക്ഷിതമായ പശ്ചിമഘട്ടം | |
| 9 | ഉപേക്ഷിക്കപ്പെട്ട ഖനന ഗർത്തങ്ങൾ പ്രകൃതി ദത്ത ജലസ്രോതസുകളാക്കി ജലസേചനത്തിനായി ഉപയോഗപ്പെടുത്തൽ | |
| 10 | സംയോജിത വികസന മാതൃകകളും നൂതന സാങ്കേതികവിദ്യകളും പ്രോത്സാഹിപ്പിക്കൽ | |
| 11 | പച്ചത്തുരുത്ത് | |
| 12 | നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ | |

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 13 | ഹരിത ടൂറിസം (ഹരിത ടൂറിസ്റ്റ് കേന്ദ്രങ്ങൾ) | |
| 14 | ഹരിത സ്ഥാപനങ്ങൾ | |
| 15 | പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് | |
| 16 | മൂന്നാർ ഹരിത ഇടനാഴി പദ്ധതി | |
| 17 | മൂന്നാറിന് മാലിന്യ സംസ്കരണ പദ്ധതി | |
| 18 | മൂല്യ ശൃംഖല വികസനത്തിനുള്ള കൺസൾട്ടൻസി പിന്തുണ | |
| 19 | അടിമാലിയിൽ ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രം | |
| 20 | നിരീക്ഷണവും വിലയിരുത്തലും | |
| 21 | പരിശീലനവും കാര്യശേഷി വർദ്ധിപ്പിക്കലും | |
| | **ആകെ** | **920.00** |

**28. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ**

**69. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ – സമഗ്ര കമ്പ്യൂട്ടർവൽക്കരണ പരിപാടി**

**(വിഹിതം: 27.00 ലക്ഷം രൂപ)**

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രവർത്തനങ്ങളുടെ സമഗ്ര ഡിജിറ്റൈസേഷനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ലഭ്യമായ വാർത്താ വിനിമയ സാങ്കേതിക വിദ്യകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇത് ട്രൈബ്യൂണലിന്റെ പ്രവർത്തനം പൂർണ്ണമായും സുതാര്യമാക്കാൻ സഹായിക്കും. സർക്കാർ വകുപ്പുകൾ, സർക്കാർ ജീവനക്കാർ, പൊതുജനങ്ങൾ തുടങ്ങിയ ഉപഭോക്താക്കൾക്ക് ട്രൈബ്യൂണലിന്റെ മുമ്പാകെ വ്യവഹാരങ്ങൾ പൂർണ്ണമായും ഓൺലൈൻ രീതിയിൽ കൈകാര്യം ചെയ്യാനും ഇത് സഹായിക്കും. തിരുവനന്തപുരം പ്രിൻസിപ്പൽ ബഞ്ച്, എറണാകുളം അഡീഷണൽ ബഞ്ച് എന്നിവിടങ്ങളിലെ ഡിജിറ്റൈസേഷൻ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 2025-26 വർഷത്തെ ബജറ്റിൽ 27.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ബാഹ്യസുരക്ഷാ ഓഡിറ്റിംഗ് | 27.00 |
| 2 | സോഫ്റ്റ്‌വെയർ പരിപാലനവും സാങ്കേതിക പിന്തുണയും [12 മാസത്തേക്ക് NIC-ൽ ഒരു ഡെവലപ്പർ] | |
| 3 | ഓൺസൈറ്റ് സാങ്കേതിക പിന്തുണയുടെ ചെലവ് [CISKAT 2.0] (12 മാസത്തേക്ക്) | |
| 4 | എസ്എംഎസ് ചെലവ് | |
| 5 | ഡെസ്ക്ടോപ്പുകൾ, പ്രിൻററുകൾ, ഫോട്ടോകോപ്പിയർ, മറ്റ് ഇലക്ട്രോണിക് ഗാഡ്ജെറ്റുകൾ എന്നിവ വാങ്ങൽ | |
| 6 | KAT-ൽ ഹൈബ്രിഡ് ഹിയറിംഗ് സിസ്റ്റം നടപ്പിലാക്കൽ | |
| | **ആകെ** | **27.00** |

**70. പുതിയ കെട്ടിട നിർമ്മാണം, നിലവിലുള്ള കെട്ടിടത്തിന്റെ പുനരുദ്ധാരണവും രണ്ടാം നിലയുടെ നിർമ്മാണവും**

**(വിഹിതം: 1.00 ലക്ഷം രൂപ)**

നിലവിലുള്ള കെട്ടിടത്തിനോട് ചേർന്ന് അധിക നിർമ്മാണവും നിലവിലുള്ള കെട്ടിടത്തിന് മുകളിൽ രണ്ടാം നിലയുടെ നിർമ്മാണവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പൊതുമരാമത്ത് വകുപ്പ് മുഖേന ഈ പ്രവൃത്തികൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. 2025-26 വർഷത്തെ ബജറ്റിൽ ടോക്കൺ പ്രൊവിഷനായി 1.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 29. ജനറൽ അഡ്മിനിസ്ട്രേഷൻ (കോ-ഓർഡിനേഷൻ) വകുപ്പ്

### 71. സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റ്

**(വിഹിതം: 50.00 ലക്ഷം രൂപ)**

സാമൂഹിക സന്നദ്ധ സേനയുടെ ഒരു പുതിയ ഡയറക്ടറേറ്റ് 01.01.2020-ലെ സ.ഉ (എം.എസ്) 01/2020/ജി.എ.ഡി ഉത്തരവ് പ്രകാരം രൂപീകരിച്ചു. എല്ലാ പ്രാദേശിക പ്രതിസന്ധികളിലും പ്രാദേശിക സർക്കാരുകളെ സഹായിക്കുന്നതിനുള്ള ഒരു സാമൂഹിക സന്നദ്ധസേനയാണിത്. സംസ്ഥാനത്ത് ഓരോ 100 പേർക്കും ഒരു വോളന്റിയർ ഉണ്ടായിരിക്കണമെന്നാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാന തലത്തിലുള്ള ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണം പൊതുഭരണ വകുപ്പിനായിരിക്കും. 2025-26ൽ താഴെപ്പറയുന്ന ഘടകങ്ങൾക്കായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വാതിൽപടി സേവനവും പരിചരണവും | 50.00 |
| 2 | ദുരന്തനിവാരണം | |
| 3 | ഒന്നായ് മുന്നോട്ട് (സന്നദ്ധ സേവകരുടെ പ്രമോഷനും തുടർച്ചയും) | |
| 4 | മികവോടെ മുന്നിലേക്ക് | |
| 5 | സ്വയം സന്നദ്ധ കേരളം | |
| 6 | സുസ്ഥിതി (സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രോത്സാഹനം) | |
| 7 | പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് | |
| 8 | IEC പ്രവർത്തനങ്ങൾ | |
| | **ആകെ** | **50.00** |

### 72. കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി (കെവൈഎൽഎ)

**(വിഹിതം: 86.00 ലക്ഷം രൂപ)**

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ജനറൽ അഡ്മിനിസ്ട്രേഷൻ (കോ-ഓർഡിനേഷൻ) വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുമുള്ള രജിസ്റ്റർ ചെയ്ത സൊസൈറ്റിയാണ് കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി (കെവൈഎൽഎ). യുവജനങ്ങൾക്കിടയിൽ നേതൃത്വപാടവം, തൊഴിൽക്ഷമത, ഏകോപിപ്പിക്കൽ, സാമൂഹിക കഴിവുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും, അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തി ഭാവിയിൽ സാമൂഹിക പ്രായോഗിക മേഖലകളിൽ മുൻനിരയിലെത്തിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. മനുഷ്യവികസനം, സുസ്ഥിരത, ഭരണമികവ് എന്നിവയിലെ നാഴികക്കല്ലുകൾ ഉയർത്തിക്കാട്ടിക്കൊണ്ട്, ഇന്ത്യയിലുടനീളമുള്ള യുവജനങ്ങൾക്ക് കേരളത്തിന്റെ സാമൂഹിക നേട്ടങ്ങളും ബദൽ വികസന മാതൃകകളും വിശദമാക്കാനാണ് **See Kerala Know Kerala** എന്ന പുതിയ ഘടകം ലക്ഷ്യമിടുന്നത്. ഇൻപുട്ട് സെഷനുകൾ, ചർച്ചകൾ, ഫീൽഡ് സന്ദർശനങ്ങൾ, അന്തർസംസ്ഥാന സന്നദ്ധപ്രവർത്തന അവസരങ്ങൾ എന്നിവയിലൂടെ പങ്കെടുക്കുന്നവർ കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണം, സാമൂഹ്യ നീതി, ലിംഗസമത്വം, ആരോഗ്യം, വിദ്യാഭ്യാസം, സുസ്ഥിരത, സംസ്കാരം എന്നിവ അടുത്തറിയുന്നതിനു അവസരം ലഭിക്കുന്നു. പ്രധാന സ്ഥാപനങ്ങൾ, സാംസ്കാരിക സൈറ്റുകൾ, കമ്മ്യൂണിറ്റി പ്രോജക്ടുകൾ എന്നിവ സന്ദർശിക്കുന്നതിനൊപ്പം താഴെതലത്തിലുള്ള സ്റ്റേക്ക്ഹോൾഡർമാർ, സർക്കാർ ഉദ്യോഗസ്ഥർ, വിദഗ്ധർ എന്നിവരുമായുള്ള ആശയവിനിമയം ഇതിലൂടെ സാധ്യമാകുന്നു. 2025-26ൽ താഴെപ്പറയുന്ന ഘടകങ്ങൾക്ക് 86.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | യുവ കേരള ഇന്റേൺഷിപ്പ് പ്രോഗ്രാം (വൈകെഐഎഫ് പി) | 50.00 |
| 2 | യുവശക്തി - യുവ തദ്ദേശ സ്വയംഭരണ പ്രതിനിധികൾക്ക് പരിശീലനം | |

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 3 | ഇൻസ്പയർ (INSPIRE)– കോളേജ്/യൂണിവേഴ്സിറ്റി സ്റ്റുഡൻറ്സ് യൂണിയൻ പ്രതിനിധികൾക്കുള്ള നേതൃത്വ ക്യാമ്പ് | |
| 4 | പ്രിസം (PRISM) – ക്യാമ്പസുകളിലും ജോലിസ്ഥലങ്ങളിലും സമഗ്രമായ ഉൾപ്പെടുത്തൽ പദ്ധതി – LGBTQ+, ജൻഡർ, വൈകല്യം, മാനസികാരോഗ്യം ഉൾപ്പെടുത്തൽ, ലിംഗനീതി ഉറപ്പാക്കുന്നു | |
| 5 | നീതി (NEETHI) – യുവജനങ്ങൾക്കും സമൂഹത്തിനുമുള്ള ഭരണഘടനാപരവും നിയമപരവുമായ സാക്ഷരതാ പരിപാടി | |
| 6 | അറിവ് – നോളേജ് യൂണിവേഴ്സിറ്റി കൺസോർഷ്യവും യുവജന പങ്കാളിത്തവും വഴിയുള്ള യുവശാക്തീകരണം | |
| 7 | ദിശ (DISHA) – കരിയർ ഗൈഡൻസ് & വ്യക്തിത്വ വികസന പരിപാടി | |
| 8 | CCLP (സിസിഎൽപി) – സമൂഹ കാലാവസ്ഥാ നേതൃത്വ പരിപാടി | |
| 9 | യുവജന വിനിമയ പരിപാടികൾ – ദേശീയവും അന്തർദേശീയവും | |
| 10 | നിർമ്മിത ബുദ്ധി, ആധുനിക സാങ്കേതികവിദ്യകൾ ജനാധിപത്യവൽക്കരിക്കുക – സാധാരണ യുവാക്കൾക്കിടയിൽ അവസരങ്ങൾ കണ്ടെത്തുന്നതിന് സാങ്കേതികവിദ്യ ലഭ്യമാക്കുക | |
| 11 | ഫിനിഷിംഗ് സ്കൂൾ ഫോർ യൂത്ത് പോളിസി – കേരളത്തിലെ സാമൂഹിക സംരംഭകത്വ മാതൃകകൾ വളർത്തിയെടുക്കൽ | |
| 12 | ഇന്റേണൽ കപ്പാസിറ്റി ബിൽഡിംഗ്/പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് | |
| 13 | ഭരണപരമായ ചെലവുകൾ | |
| 14 | ഐടി ചെലവുകൾ | |
| 15 | ഐ.ഇ.സി പ്രവർത്തനങ്ങൾ | |
| 16 | **See Kerala Know Kerala (പുതിയ ഘടകം)** | 36.00 |
| | **ആകെ** | **86.00** |

### 30. റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ)

### 73. കേരള പുനർനിർമ്മാണ പ്രവർത്തനങ്ങൾ (ആർകെഐ)

**(വിഹിതം: 100000.00 ലക്ഷം രൂപ)**

2018 ആഗസ്റ്റിൽ ഉണ്ടായ അതിശക്തമായ മഴയും പ്രളയവും കേരള ചരിത്രത്തിൽ ഇന്നുവരെ ഉണ്ടാകാത്ത തരത്തിലുള്ള ദുരന്തമാണുണ്ടാക്കിയത്. കേരളത്തിന്റെ പുനർനിർമ്മാണത്തിനായി ഏറ്റവും വേഗത്തിലും ഫലപ്രദവുമായ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുക എന്നതാണ് റിബിൽഡ് കേരള ഇനിഷ്യറ്റീവിന്റെ (ആർകെഐ ) ലക്ഷ്യം. യുഎൻ, ലോകബാങ്ക് ഏജൻസികളുടെ പിന്തുണയോടെ റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിലൂടെ (ആർകെഡിപി) കേരളത്തെ പുനർനിർമ്മിക്കുന്നതിനുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ് ആർകെഐ. അടിസ്ഥാന സൗകര്യവികസനത്തിൽ ഉയർന്ന നിലവാരമുള്ള പുതിയ പദ്ധതികൾ സംസ്ഥാനത്തിനായി വിഭാവനം ചെയ്യണം. പ്രതിരോധശേഷിയുള്ള കേരളത്തിന്റെ നിർവഹണത്തിനും ഏകോപനത്തിനും വേണ്ടിയുള്ള ഒരു സംസ്ഥാനതല സ്ഥാപന രീതിയാണ് ആർകെഐ. പങ്കാളിത്തവും ഉൾക്കൊള്ളുന്നതുമായ പ്രക്രിയയിലൂടെ പുനർനിർമ്മിക്കുന്ന കേരള വികസന പരിപാടി (ആർകെഡിപി) വികസിപ്പിക്കാനും ഏകോപിപ്പിക്കാനും നിരീക്ഷിക്കാനും ആർകെഐ യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആർകെഐക്കായി വാർഷിക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന വിഹിതം വിഭാവനം ചെയ്തിട്ടുള്ള സംവിധാനത്തിലൂടെ ധനവകുപ്പ് നൽകും. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ ഒന്നിലധികം സ്രോതസ്സുകളിൽ നിന്ന് ശേഖരിക്കേണ്ടതുണ്ട്. അതായത് സംസ്ഥാന ബജറ്റ് (ലോകബാങ്ക്, ജർമ്മൻ ബാങ്ക് തുടങ്ങിയ ഉഭയകക്ഷി ഏജൻസികളുടെ സഹായം ഉൾപ്പെടെ), കേന്ദ്ര ഗവൺമെന്റ്

പദ്ധതികൾക്ക് കീഴിലുള്ള അധിക വിഹിതം, ക്രൗഡ് ഫണ്ടിംഗ്, CMDRF വഴിയുള്ള സമാഹരണം, NIDA വഴിയുള്ള നബാർഡ് ഫണ്ടിംഗ്, HUDCO, മറ്റ് വായ്പകൾ.

LSG (റോഡുകൾ), PWD (റോഡുകളും പാലങ്ങളും), പൊതു കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും, ജലവിതരണം, ശുചീകരണം, ദുരന്ത നിവാരണ തയ്യാറെടുപ്പ്, ഗതാഗതം, ജീവനോപാധി പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്ന RKI പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നടത്തിപ്പിനായി 2025-26 വർഷത്തേക്ക് 100000.00 ലക്ഷം രൂപ വകയിരുത്തുന്നു. ആസൂത്രണ, സാമ്പത്തിക കാര്യ വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ധനവകുപ്പ് ഫണ്ട് അനുവദിക്കും.

## 10.2 സാമ്പത്തിക ഉപദേശവും സ്ഥിതിവിവരക്കണക്കുകളും

**1. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്**

**1. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ ആധുനികവൽക്കരണം (സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ)**

**(വിഹിതം: 82.33 ലക്ഷം രൂപ)**

കേരള സമ്പദ്ഘടനയുടെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകളുടെ ശേഖരണം, ക്രോഡീകരണം, വിശകലനം, വസ്തുനിഷ്ഠമായ വ്യാഖ്യാനം, പ്രചാരണവും വ്യാപനവും മുതലായ ചുമതലകൾ നിറവേറ്റുന്നതിനുള്ള ഉത്തരവാദിത്തപ്പെട്ട നോഡൽ ഏജൻസിയാണ് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്. വിവിധ സാമൂഹിക-സാമ്പത്തിക കാര്യങ്ങളെക്കുറിച്ചുള്ള കാലാനുക്രമവിവരങ്ങളും വകുപ്പ് പ്രസിദ്ധീകരിക്കുന്നുണ്ട്. ഡാറ്റകളുടെ വർദ്ധിച്ചുവരുന്ന ആവശ്യം തിരിച്ചറിഞ്ഞ്, ഡയറക്ടറേറ്റിലെ ഐടി ഡിവിഷൻ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വകുപ്പ് മുൻഗണന നൽകുകയും, അതുവഴി സംസ്ഥാന സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റം മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്തെ സ്റ്റാറ്റിസ്റ്റിക്കൽ സംവിധാനത്തെ ദേശീയ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു. അതിനാൽ ഡയറക്ടറേറ്റിന്റെ ഐടി ഇൻഫ്രാസ്ട്രക്ചർ സജ്ജീകരിക്കുന്നതിന്, ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ, എൽസിഡി പ്രൊജക്ടർ, മറ്റ് ഐസിടി അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നിവ ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു.

2025-26 വർഷത്തെ ബജറ്റിൽ ഇനിപ്പറയുന്ന ഘടകങ്ങൾക്കായി 82.33 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള വഴി ഡിപ്പാർട്ട്മെന്റിനായി സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ തയ്യാറാക്കൽ | 82.33 |
| 2 | ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങൽ | |
| 3 | ആവർത്തന ചെലവുകൾ (സ്റ്റേഷനറി, എഎംസി, ഇൻറർനെറ്റ് ചാർജ്, വെബ്സൈറ്റ് എഎംസി, ഐടി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാലനവും, KFON ഇൻറർനെറ്റ് നിരക്കുകൾ മുതലായവ) | |
| 4 | സോഫ്റ്റ്വെയർ വികസനം, ഡാറ്റാ വിശകലനം എന്നിവയിൽ പരിശീലനം | |
| 5 | ഡെപ്യൂട്ടി ഡയറക്ടറുടെ ശമ്പളം | |
| | **ആകെ** | **82.33** |

**2. ജില്ലാ ഓഫീസുകളിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ**

**(വിഹിതം: 81.00 ലക്ഷം രൂപ)**

സാമ്പത്തിക, സ്ഥിതി വിവരക്കണക്ക് വകുപ്പിന് 14 ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളും [ഡിഎസ്ഒ] 62 താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളും [ടിഎസ്ഒ] ഉണ്ട്. ഓരോ ഡിഎസ്ഒ ക്കും ഒരു കമ്പ്യൂട്ടർ യൂണിറ്റ് ഉണ്ട്. ഡാറ്റാ എൻട്രി, ഡാറ്റാ പ്രോസസിംഗ്, ഡി.റ്റി.പി. ജോലികൾ എന്നിവയാണ് ഈ യൂണിറ്റിന്റെ പ്രധാന പ്രവർത്തനങ്ങൾ. ജില്ലാ, താലൂക്ക് ഓഫീസുകളിലെ സെൻസസ്/സർവേകളുടെ ഡാറ്റാ എൻട്രി ജോലികളിൽ ഭൂരിഭാഗവും കമ്പ്യൂട്ടർ യൂണിറ്റുകൾ ആണ് ചെയ്യുന്നത്. അത് നെറ്റ്വർക്ക് സിസ്റ്റം വഴി

ഡയറക്ടറേറ്റിലേക്ക് കൈമാറുന്നു. ജില്ലാ/താലൂക്ക് ഓഫീസുകളിലെ കമ്പ്യൂട്ടർ യൂണിറ്റുകൾ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി 2025-26 വർഷത്തെ ബജറ്റിൽ 81.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കമ്പ്യൂട്ടറുകൾ വാങ്ങൽ | 81.00 |
| 2 | ഷീറ്റ് ഫെഡ് സ്കാനറുകൾ വാങ്ങൽ | |
| 3 | എൽസിഡി പ്രൊജക്ടറുകൾ വാങ്ങൽ | |
| 4 | ലേസർ ജെറ്റ് നെറ്റ്‌വർക്ക് പ്രിന്ററുകൾ വാങ്ങൽ | |
| 5 | യുപിഎസ് വാങ്ങൽ | |
| 6 | എ.എം.സി യും മറ്റ് മെയിന്റനൻസ് ചാർജ്ജുകളും | |
| 7 | ജില്ലാ/താലൂക്ക് ഓഫീസുകൾ ഡി.പി.സി സെക്രട്ടേറിയറ്റ് കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള ചെലവ് | |
| | **ആകെ** | **81.00** |

**3. സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യോഗസ്ഥർക്ക് ഇൻ സർവീസ് പരിശീലനം**

**(വിഹിതം : 20.00 ലക്ഷം രൂപ)**

വിവരശേഖരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. താഴെ പറയുന്ന പരിപാടികൾക്കായി 2025-26 ൽ 20.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഇൻ-സർവീസ് പരിശീലന പരിപാടികൾ | 20.00 |
| 2 | പബ്ലിസിറ്റി | |
| 3 | പരിശീലന ഹാൾ വിപുലീകരണവും നവീകരണവും ശബ്ദ സംവിധാനം നന്നാക്കലും | |
| | **ആകെ** | **20.00** |

**4. സർവ്വേകളും പഠനങ്ങളും**

**(വിഹിതം: 24.00 ലക്ഷം രൂപ)**

സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റത്തിലെ ഡാറ്റ വിടവുകൾ നികത്തുന്നതിന് സർവ്വേകളും പഠനങ്ങളും ആവശ്യമാണ്. ആസൂത്രണത്തിനും വികസന ആവശ്യങ്ങൾക്കുമായി സാമൂഹിക സാമ്പത്തിക പ്രാധാന്യമുള്ള വിഷയത്തിലെ ഡാറ്റ വിടവ് നികത്തുന്നതിന് വകുപ്പ് കൃത്യമായി അഡ്-ഹോക്ക് സർവേകളും പഠനങ്ങളും നടത്തുന്നു. 2025-26 വർഷത്തെ ബജറ്റിൽ ഇതിനായി 24.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കേരളത്തിലെ കാലാവസ്ഥാ വ്യതിയാനവും വന്യജീവി ആക്രമണവും മൂലം കർഷക സമൂഹം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചുള്ള സർവേ | 24.00 |
| | **ആകെ** | **24.00** |

**5. സ്ഥിതിവിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതിക്കുള്ള സഹായം**

**(വിഹിതം: 371.67 ലക്ഷം രൂപ)**

പരിശീലനത്തിനും ഗവേഷണത്തിനുമുള്ള ഒരു പ്രധാന സ്ഥാപനമായി സ്റ്റേറ്റ് അക്കാദമി ഫോർ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA) വികസിപ്പിക്കുക, സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക, കേരള സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണ നൽകുക, ഉപഭോക്തൃ വില സൂചിക (ഗ്രാമീണ/നഗര/സംയോജിത) സമാഹരിക്കൽ പ്രക്രിയ തുടരുക എന്നിവയാണ് പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. 2025-26-ൽ, സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിംഗ് പ്രോജക്റ്റിനുള്ള പിന്തുണയുടെ ഭാഗമായി ആരംഭിച്ച സ്ഥിതിവിവരക്കണക്ക് പ്രവർത്തനങ്ങൾ തുടരുന്നതിനുള്ള പദ്ധതി വിഹിതമായി 371.67 ലക്ഷം രൂപ താഴെ പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഭരണ ചെലവുകൾ | |
| 2 | സുരക്ഷാ സേവനം- വേതനം -കെക്സ്കോൺ (KEXCON) | |
| 3 | പരിശീലന പരിപാടികൾ, സെമിനാറുകൾ, ശിൽപശാലകൾ | |
| 4 | ഗവേഷണ വികസന പ്രവർത്തനങ്ങൾ | |
| 5 | കെട്ടിട നിർമ്മാണം- ബിഎസ്എൻഎല്ലിന് സെറ്റിൽമെൻറ് തുക | |
| 6 | നടപ്പാത ഇൻറർലോക് പാകൽ | |
| 7 | ഇൻറേണൽ റോഡ് ടാറിങ് | 156.17 |
| 8 | ചുറ്റു മതിലിൻറെയും ഗേറ്റിൻറെയും നിർമ്മാണം | |
| 9 | പരിശീലന ഹാൾ സ്ഥാപിക്കൽ | |
| 10 | സിസിടിവി സൗകര്യം സ്ഥാപിക്കൽ | |
| 11 | കമ്പ്യൂട്ടറുകളുടെയും ഉപകരണങ്ങളുടെയും എഎംസി | |
| 12 | എയർ കണ്ടീഷണറുകൾ സ്ഥാപിക്കൽ | |
| 13 | ഓൺലൈൻ ഡാറ്റ റെപ്പോസിറ്ററി | |
| 14 | ബിസിനസ് രജിസ്റ്റർ | |
| | **ആകെ** | **156.17** |
| | **കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ** | |
| 15 | ചെയർമാന് ഓണറേറിയവും മുഴുവൻ സമയ അംഗത്തിനും പാർട്ട് ടൈം അംഗങ്ങൾക്കും സിറ്റിംഗ് ഫീസും | |
| 16 | കമ്മീഷൻ സിറ്റിംഗുകളും മറ്റ് മീറ്റിംഗുകളും | |
| 17 | വർക്ക്ഷോപ്പുകൾ/പഠനങ്ങൾ/സെമിനാറുകൾ സംഘടിപ്പിക്കുന്നതിനുള്ള ചെലവുകൾ | |
| 18 | കരാർ അടിസ്ഥാനത്തിലുള്ള കൺസൾട്ടന്റുകൾക്കുള്ള പേയ്മെൻറുകൾ | |
| 19 | ചെയർമാനും അംഗങ്ങൾക്കുമുള്ള യാത്രാ ബത്ത | 215.50 |
| 20 | വിദഗ്ധ സമിതികൾ - വിദഗ്ധ സമിതികൾ ശുപാർശ ചെയ്യുന്ന വിഷയങ്ങളെക്കുറിച്ചുള്ള ദ്രുത പഠനം, ടിഎ/ഡിഎ, മറ്റ് അനുബന്ധ ചെലവുകൾ | |
| 21 | സെക്രട്ടേറിയറ്റ് ചെലവുകൾ, ഓഫീസ് ഫർണിഷിംഗ് / അറ്റകുറ്റപ്പണികൾ, മറ്റുള്ളവ | |
| 22 | വാടകയ്ക്ക് എടുക്കുന്ന വാഹനത്തിന്റെ ചെലവ് | |

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 23 | ടെലിഫോൺ / ഇൻറർനെറ്റ് ചെലവ് | |
| | **ആകെ** | **215.50** |
| | **ആകെ മൊത്തം** | **371.67** |

**6. സംസ്ഥാനത്തെ ജനന മരണ സ്ഥിതിവിവരകണക്കുകൾ ശക്തിപ്പെടുത്തൽ**

**(വിഹിതം: 17.00 ലക്ഷം രൂപ)**

ജനന മരണ രജിസ്ട്രേഷൻ നിയമം-1969 നടപ്പിൽ വന്നതോടെ രാജ്യത്ത് ജനന മരണങ്ങളുടെ റിപ്പോർട്ടിംഗും രജിസ്ട്രേഷനും നിർബന്ധമാക്കിയിരിക്കുകയാണ്. മരണ കാരണങ്ങളുടെ മെഡിക്കൽ സർട്ടിഫിക്കേഷന്റെ വിവര ശേഖരണമാണ് ഈ നിയമത്തിന്റെ ഒരു പ്രധാന ലക്ഷ്യം. 2025-26 ൽ 17.00 ലക്ഷം രൂപ 'നോസോളജിസ്റ്റിന്റെ' മാനവശേഷി ചെലവുകൾ നൽകുന്നതിനായി വകയിരുത്തുന്നു.

**7. വാഹനം മാറ്റി വാങ്ങൽ/വാഹനം വാടകയ്ക്കെടുക്കൽ**

**(വിഹിതം: 10.00 ലക്ഷം രൂപ)**

ആലപ്പുഴ, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലാ ഓഫീസുകളിൽ വാഹനം മാറ്റി വാങ്ങുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. 2025-26 കാലയളവിൽ വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനും വാടകയ്ക്കെടുക്കുന്നതിനുമായി 10.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരുത്തുന്നു.

## 10.3 മറ്റ് പൊതു സാമ്പത്തിക സേവനങ്ങൾ

### 1. ലീഗൽ മെട്രോളജി

**1. പരിശോധനയുടെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തൽ - കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും**

**(വിഹിതം: 380.00 ലക്ഷം രൂപ)**

കാര്യക്ഷമവും മാതൃകാപരമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി ലീഗൽ മെട്രോളജി വകുപ്പിനെ നവീകരിക്കുന്നതിനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. വകുപ്പിന്റെ അടിസ്ഥാന ലബോറട്ടറികളുടെ അളവ് ഉപകരണങ്ങളുടെ കൃത്യത സ്ഥിരീകരിക്കുന്നതിനും അളവു സമ്പ്രദായ ശേഷി മെച്ചപ്പെടുത്തുന്നതിനും മറ്റ് ആധുനികവൽക്കരണ പരിപാടികൾക്കുമായി താഴെ പറയുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 2025-26 വർഷത്തേക്ക് 380.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ-ആധുനികവൽക്കരണം** | |
| 1 | സ്റ്റാന്റേർഡ് ലാബോറട്ടറികൾ സജ്ജീകരിക്കുക, പരിശോധന ഉപകരണങ്ങൾ, സാമഗ്രികൾ, ഫർണിച്ചറുകൾ ഉൾപ്പെടെയുള്ളവ വാങ്ങി പരിപാലിക്കുകയും, നിലവാരം ഉയർത്തുകയും ചെയ്യുന്നതിലൂടെ ലബോറട്ടറികളുടെ നിലവാരം മെച്ചപ്പെടുത്തൽ | 368.00 |
| 2 | സ്റ്റാമ്പിംഗ് പഞ്ചുകൾ, സീലിംഗ് സ്റ്റഡുകൾ, സ്റ്റാമ്പിംഗ് പ്ലയർ എന്നിവ വാങ്ങൽ | |
| 3 | ഇലക്ട്രോണിക്സ് ബാലൻസുകൾക്കായി പ്രത്യേക സീലിംഗ് ടാഗുകൾ വാങ്ങൽ | |
| 4 | വാഹനങ്ങൾ വാങ്ങൽ | |
| 5 | ലിക്വിഡ് കൺട്രോൾ പിഡി ഫ്ലോമീറ്റർ കൊണ്ടുപോകുന്നതിനുള്ള നാല് ചക്ര വാഹനം | |
| 6 | കോന്നി ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റിന്റെ നവീകരണം വാഹന പെട്രോളിയം ടാങ്കറുകളിലെ പിഴവുകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ | |
| 7 | ഇ-ഗവേണൻസ് പ്രൊജക്ട് | |

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **ബി- നിർമ്മാണം** | |
| 1 | ഇരിഞ്ഞാലക്കുട ഇൻസ്പെക്ടർ ഓഫീസിൽ ക്യൂബിക്കിളുകൾ സ്ഥാപിക്കൽ / പാർട്ടീഷൻ ജോലികൾ | 12.00 |
| 2 | വെള്ളരിക്കുണ്ട് ലീഗൽ മെട്രോളജി ഓഫീസിൽ ഇൻവെർട്ടർ സ്ഥാപിക്കലും വയറിങ്ങും | |
| | **ആകെ മൊത്തം (എ + ബി)** | **380.00** |

**2. ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ (പബ്ലിസിറ്റി)**

**(വിഹിതം: 65.00 ലക്ഷം രൂപ)**

ലീഗൽ മെട്രോളജി വകുപ്പ് നൽകുന്ന സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി 2025-26ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി 65.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലും എഫ്.എം റേഡിയോയിലും പരസ്യം നൽകൽ | 65.00 |
| 2 | ലോക/ദേശീയ ഉപഭോക്തൃ ദിനാചരണം, ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ, പുതുതായി നിർമ്മിച്ച ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം, ലബോറട്ടറികൾ, പുതിയ ഓഫീസുകളുടെയും ലബോറട്ടറികളുടെയും ശിലാസ്ഥാപന പ്രവർത്തനങ്ങൾ. | |
| 3 | അച്ചടി മാധ്യമങ്ങളിൽ പരസ്യം | |
| | **ആകെ** | **65.00** |

**3. പരിശീലനപരിപാടികൾ**

**(വിഹിതം: 5.00 ലക്ഷം രൂപ)**

ലീഗൽ മെട്രോളജി മേഖലയിലെ ഏറ്റവും പുതിയ മാറ്റങ്ങളും സംഭവവികാസങ്ങളും അപ്ഡേറ്റ് ചെയ്യുന്നതിനുള്ള ആനുകാലിക റിഫ്രഷർ പരിശീലനം ഒഐഎംഎൽ ശുപാർശയ്ക്ക് അനുസൃതമായി ഓരോ ലീഗൽ മെട്രോളജി ഓഫീസർക്കും ആവശ്യമാണ്. കേരളത്തിലുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്നിവിടങ്ങളിലെ പരിചയ സമ്പന്നരും കഴിവുള്ളവരുമായ ഉദ്യോഗസ്ഥർ പരിശീലനം നൽകുന്നതിലൂടെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ടതും ഉയർന്ന ഗുണനിലവാരത്തിലുമുള്ള സേവനം ഉറപ്പുവരുത്തുവാൻ ഉദ്യോഗസ്ഥർക്ക് കഴിയുന്നു.

2025-26 ൽ ഫാക്കൽറ്റി ഫീസ് ഉൾപ്പെടെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി 5.00 ലക്ഷം രൂപ വകയിരുത്തുന്നു.

**4. ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം**

**(വിഹിതം: 202.00 ലക്ഷം രൂപ)**

വിവിധ സ്ഥലങ്ങളിൽ ഓഫീസ് അടിസ്ഥാന സൗകര്യങ്ങളോടൊപ്പം വിവിധ ലബോറട്ടറികളും അളവ് ഉപകരണങ്ങളുടെ കൃത്യത സ്ഥിരീകരിക്കുന്നതിനുള്ള സൗകര്യങ്ങളും നിർമ്മിക്കാൻ വകുപ്പ് പദ്ധതിയിടുന്നു. താഴെപ്പറയുന്ന പ്രവൃത്തികൾക്കായി 2025-26 വർഷത്തേക്ക് 202.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ. നിർമ്മാണം** | |
| 1 | എറണാകുളം ലീഗൽ മെട്രോളജി ഭവനിൽ ഇരുചക്ര വാഹന പാർക്കിങ് ഷെഡ് നിർമ്മാണം | 109.53 |
| | **ബി. ലീഗൽ മെട്രോളജി വകുപ്പിന്റെ നവീകരണ പ്രവർത്തനങ്ങൾ** | |
| 1 | കോട്ടയം ജില്ലയിൽ സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന നിർമ്മിക്കുന്ന ഓഫീസ് കെട്ടിടം/ലബോറട്ടറി സമുച്ചയം പൂർത്തിയാക്കുന്നതിനുള്ള ബാക്കി തുക നൽകൽ | 92.47 |
| 2 | കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നിർമ്മിക്കുന്ന ഓഫീസ് കെട്ടിടം/ലബോറട്ടറി സമുച്ചയം പൂർത്തിയാക്കുന്നതിനുള്ള ബാക്കി തുക നൽകൽ | |
| 3 | കണ്ണൂർ ജില്ലയിൽ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം | |
| 4 | പട്ടം ലീഗൽ മെട്രോളജി ഭവനിൽ പരിശീലന കേന്ദ്രം സ്ഥാപിക്കൽ, സിവിൽ വർക്ക്, ഇലക്ട്രിക്കൽ വർക്കുകൾ | |
| 5 | കൊല്ലം ജില്ലാ ലീഗൽ മെട്രോളജി ഓഫീസിൽ റാമ്പുകളും അനുബന്ധ പ്രവർത്തനങ്ങളും | |
| 6 | കോന്നി ലീഗൽ മെട്രോളജി ഓഫീസിൽ മെയിന്റനൻസ് പ്രവൃത്തികൾ | |
| 7 | വയനാട് ലീഗൽ മെട്രോളജി ഭവനിൽ പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം | |
| | **ആകെ മൊത്തം (എ+ബി)** | **202.00** |

# XI പൊതു സേവനങ്ങൾ

## 11.1 സ്റ്റേഷനറിയും പ്രിന്റിംഗും

### 1. സ്റ്റേഷനറി

### 1. സ്റ്റേഷനറി വകുപ്പിന്റെ നവീകരണം

**(വിഹിതം: 64.72 ലക്ഷം രൂപ)**

ഇ-ഗവേണൻസ് പ്രവർത്തനങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും TERMS സോഫ്റ്റ് വെയർ വഴി സപ്ലൈ ചെയിൻ മാനേജ്മെന്റ് സംവിധാനത്തിൽ സുതാര്യത കൊണ്ടു വരുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. 2025-26 ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റടുത്ത് നടപ്പാക്കുന്നതിനായി 64.72 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, യുപിഎസ്, എന്നിവ വാങ്ങൽ | 64.72 |
| 2 | എയർ കണ്ടീഷണർ വാങ്ങൽ | |
| 3 | ഇ-ഗവേണൻസ് പ്രവർത്തികൾ | |
| 4 | ജനറേറ്റർ വാങ്ങൽ | |
| 5 | പേപ്പർ ടെസ്റ്റിംഗ് മെഷീനുകൾ വാങ്ങൽ | |
| **ആകെ** | | **64.72** |

### 2. യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം/ഭൂമി വാങ്ങൽ

**(വിഹിതം: 61.50 ലക്ഷം രൂപ)**

സ്റ്റേഷനറി വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഹെഡ് ഓഫീസിലെയും സബ് ഓഫീസുകളിലെയും ഓഫീസ് കെട്ടിടങ്ങളുടെ നവീകരണവും ഇതിൽ ഉൾപ്പെടുന്നു. താഴെപ്പറയുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് 2025-26 വർഷത്തേക്ക് 61.50 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഹെഡ് ക്വാർട്ടേഴ്സിലെ നവീകരണ പ്രവർത്തനങ്ങൾ | 61.50 |
| 2 | തിരുവനന്തപുരത്തെ റീജണൽ സ്റ്റേഷനറി ഓഫീസിലെ നവീകരണ പ്രവർത്തനങ്ങൾ | |
| 3 | കൊല്ലം ജില്ലാ സ്റ്റേഷനറി ഓഫീസിലെ നവീകരണ പ്രവർത്തനങ്ങൾ | |
| 4 | കോട്ടയം ജില്ലാ സ്റ്റേഷനറി ഓഫീസിലെ നവീകരണ പ്രവർത്തനങ്ങൾ | |
| 5 | ഇടുക്കി ജില്ലാ സ്റ്റേഷനറി ഓഫീസിലെ നവീകരണ പ്രവർത്തനങ്ങൾ | |
| 6 | ഷൊർണൂരിലെ റീജണൽ സ്റ്റേഷനറി ഓഫീസിലെ നവീകരണ പ്രവർത്തനങ്ങൾ | |
| **ആകെ** | | **61.50** |

### 2. പ്രിന്റിംഗ്

### 1. ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണം/യന്ത്രസാമഗ്രികൾ വാങ്ങൽ

**(വിഹിതം: 545.78 ലക്ഷം രൂപ)**

വിവിധ വകുപ്പുകളിൽ നിന്നും ഉയർന്നു വരുന്ന ആവശ്യകതകൾ നിറവേറ്റുന്നതിനും വരുമാനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായി സർക്കാർ പ്രസ്സുകൾ നവീകരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സർക്കാർ പ്രസ്സുകളുടെ നവീകരണത്തിന് ആവശ്യമായ അത്യാധുനിക യന്ത്രങ്ങൾ വാങ്ങുന്നതിനായി 2025-26 വർഷത്തേക്ക് 545.78 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം | പ്രസ്സിന്റെ പേര് | മെഷീന്റെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1. | ഗവ. സെൻട്രൽ പ്രസ്, തിരുവനന്തപുരം | 4 കളർ ഓട്ടോമാറ്റിക് ഷീറ്റ് ഫെഡ് ഓഫ്‌സെറ്റ് മെഷീൻ, ലാമിനേഷൻ മെഷീൻ | 545.78 |
| 2. | സ്റ്റാമ്പ് നിർമ്മാണശാല, തിരുവനന്തപുരം | ഹെവി ഡ്യൂട്ടി വയർ സ്റ്റിച്ചിംഗ് മെഷീൻ, ലൈറ്റ് ഡ്യൂട്ടി വയർ സ്റ്റിച്ചിംഗ് മെഷീൻ, ബോക്സ് സ്ട്രാപ്പിംഗ് മെഷീൻ. | |
| 3. | സെൻട്രൽ പ്രിസൺ പ്രസ്സ്, തിരുവനന്തപുരം | സ്ക്രീൻ പ്രിന്റിംഗ് മെഷീൻ, സർഫേസ് നൈഫ് ഗ്രൈൻഡിംഗ് മെഷീൻ (സെമി), പില്ലർ ഡ്രില്ലിംഗ് മെഷീൻ, എആർസി വെൽഡിംഗ് മെഷീനും അനുബന്ധ ഉപകരണങ്ങളും (ഷീൽഡ്, കേബിൾ, ഹോൾഡർ) | |
| 4. | ഗവൺമെന്റ് പ്രസ്സ് മണ്ണന്തല, തിരുവനന്തപുരം . | പ്രോഗ്രാമബിൾ പേപ്പർ കട്ടിംഗ് മെഷീൻ, ബോക്സ് സ്ട്രാപ്പിംഗ് മെഷീൻ, സിംഗിൾ ഹെഡ് വയർ ബുക്ക് സ്റ്റിച്ചിംഗ് മെഷീൻ ലൈറ്റ് ഡ്യൂട്ടി, ഹൈഡ്രോളിക് ഹാൻഡ് പാലറ്റ് ട്രക്ക് (2.5 ടൺ), ഫുള്ളി ഓട്ടോമാറ്റിക് ബുക്ക് ത്രെഡ് തയ്യൽ മെഷീൻ (തയ്യൽ വിഭാഗം) | |
| 5. | ഗവൺമെന്റ് പ്രസ്സ്, വാഴൂർ | എ3 കളർ മൾട്ടി ഫംഗ്ഷൻ പ്രിൻറർ | |
| 6. | ഗവൺമെന്റ് പ്രസ്സ്, എറണാകുളം– | മോണോക്രോം ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ 2 അധിക ഡ്രം സഹിതം (ചുവപ്പ്, നീല), ഡിജിറ്റൽ കളർ പ്രൊഡക്ഷൻ പ്രിൻറർ | |
| 7. | ഗവ. പ്രസ്സ്, കോഴിക്കോട് | സിംഗിൾ കളർ വെബ് ഓഫ്സെറ്റ് മെഷീൻ, ബോക്സ് സ്ട്രാപ്പിംഗ് മെഷീൻ | |
| 8. | ഗവ. പ്രസ്സ്, വയനാട് | ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ, പ്രോഗ്രാമബിൾ പേപ്പർ കട്ടിംഗ് മെഷീൻ | |
| 9. | ഗവ. പ്രസ്സ്, കണ്ണൂർ | കവർ മേക്കിംഗ് മെഷീൻ, ഡൈ കട്ടിംഗ് മെഷീൻ (എൻവലപ്പ്), കളർ പ്രൊഡക്ഷൻ പ്രിന്റർ, എ3 ഫോട്ടോകോപ്പിയർ മെഷീൻ | |
| 10. | വിവിധ പ്രസ്സുകൾ | കംപ്രസ്സർ | |
| 11. | എല്ലാ പ്രസ്സുകളും | തകരാറിലായ യന്ത്രങ്ങളുടെ നവീകരണവും കേടുപാടുകൾ തീർക്കലും, ഇ-ഓഫീസ് നടപ്പിലാക്കുന്നതിനായി എല്ലാ പ്രസ്സുകളിലേക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും (കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ) ഉൾപ്പെടെയുള്ള അധിക ഇൻഫ്രാസ്ട്രക്ചർ | |
| **ആകെ** | | | **545.78** |

**2. സർക്കാർ പ്രസ്സുകൾക്കുള്ള കെട്ടിട നിർമ്മാണം**

**(വിഹിതം: 216.00 ലക്ഷം രൂപ)**

അച്ചടി വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. താഴെപ്പറയുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 2025-26 വർഷത്തേക്ക് 216.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നം. | പ്രസ്സിന്റെ പേര് | മെഷീന്റെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1. | ഗവ. സെൻട്രൽ പ്രസ്, തിരുവനന്തപുരം | പ്രധാന ജലസംഭരണിയുടെ അറ്റകുറ്റപ്പണിയും പുതിയ വാട്ടർ ടാങ്കിന്റെ നിർമ്മാണവും, വിവിധ വിഭാഗങ്ങളിലായി സ്ത്രീകൾക്കായി ടോയ്‌ലറ്റ് നിർമ്മാണം, പ്രിന്റിംഗ് മെഷീന് സമീപം വാഷിംഗ് ഏരിയ സജ്ജീകരിക്കൽ. | 216.00 |
| 2. | സ്റ്റാമ്പ് നിർമ്മാണശാല, തിരുവനന്തപുരം | റീ വയറിങ്. | |
| 3. | ഗവൺമെന്റ് പ്രസ്സ് മണ്ണന്തല, തിരുവനന്തപുരം | ഡിടിപി സെക്ഷനിൽ ടൈൽ മാറ്റി സ്ഥാപിക്കൽ, കാന്റീൻ കെട്ടിടത്തിൽ പെയിന്റിംഗ്, ടൈൽ ജോലികൾ, അഗ്നിശമന ഉപകരണം സ്ഥാപിക്കൽ, കാന്റീൻ കെട്ടിടത്തിൽ വൈദ്യുതീകരണ പ്രവർത്തനങ്ങൾ, സെക്യൂരിറ്റി എയ്ഡ് പോസ്റ്റിന്റെ റൂഫിംഗും ട്രെസ് വർക്കും, ടോയ്‌ലറ്റുകളുടെ നവീകരണം (സെക്യൂരിറ്റി വിഭാഗത്തിലെ ലേഡീസ്/ജെന്റ്സ്) | |
| 4. | ഗവ. പ്രസ്സ്, കൊല്ലം. | നിലവിലുള്ള കെട്ടിടത്തിന്റെ വിപുലീകരണവുമായി ബന്ധപ്പെട്ട വിഭജനം, അനുബന്ധ പ്രവർത്തനങ്ങൾ | |
| 5. | ഗവൺമെന്റ് പ്രസ്സ്, വാഴൂർ | ഇലക്ട്രിക്കൽ മെയിന്റനൻസ്, വിവിധ വിഭാഗങ്ങളിൽ ആസ്ബറ്റോസ് ഷീറ്റ് മാറ്റി സ്ഥാപിക്കൽ, അനുബന്ധ പ്രവർത്തനങ്ങൾ, അറ്റകുറ്റപ്പണികൾ, പ്രോഗ്രാമബിൾ കട്ടിംഗ് മെഷീന്റെ സുരക്ഷയ്ക്കായി ക്യാബിൻ നിർമ്മാണം. | |
| 6. | ഗവൺമെന്റ് പ്രസ്സ്, എറണാകുളം | ബോർവെൽ നിർമ്മാണം | |
| 7. | ഗവ. പ്രസ്സ്, ഷൊർണ്ണൂർ | കാന്റീൻ കെട്ടിടത്തിൽ മേൽക്കൂരയും അറ്റകുറ്റപ്പണിയും ചെയ്യൽ, ഇലക്ട്രിക്കൽ സെക്ഷനിലെ അറ്റകുറ്റപ്പണികൾ, വർക്ക്ഷോപ്പിന്റെ ഫ്ലോറിംഗ്, റീൽ പേപ്പർ സംഭരണശാല, വാഹന ഷെഡ് നിർമ്മാണം, ടൈം ഓഫീസിലെ (time office) ചോർച്ച തടയൽ. | |
| 8. | ഗവ. പ്രസ്, കോഴിക്കോട് | റീ വയറിംഗ്. | |
| 9. | ഗവ. പ്രസ്, വയനാട് | കോമ്പൗണ്ട് ഭിത്തിയുടെ പുനർ നിർമ്മാണം., റീ വയറിംഗ്, വനിതാ ജീവനക്കാർക്കുള്ള വിശ്രമമുറി | |
| 10. | ഗവ. പ്രസ്, കണ്ണൂർ | ചുറ്റു മതിൽ നിർമാണം, പുതിയ സെപ്റ്റിക് ടാങ്ക് നിർമാണം, ക്വാർട്ടേഴ്സിൽ കിണർ നിർമാണം | |
| 11. | ജില്ല ഫോറം സ്റ്റോർ, തിരുവനന്തപുരം | റീവയറിങ് | |
| 12. | ജില്ലാ ഫോറം സ്റ്റോർ, പത്തനംതിട്ട | ക്യാബിൻ വർക്ക്. | |
| 13. | ജില്ലാ ഫോറം സ്റ്റോർ, കോട്ടയം | ആസ്ബറ്റോസ് മാറ്റിസ്ഥാപിക്കൽ, ചോർച്ച തടയൽ. | |
| 14. | ജില്ലാ ഫോറം സ്റ്റോർ, പാലക്കാട് | ഫ്രണ്ട് ഓഫീസ് നിർമാണം | |
| 15. | എല്ലാ പ്രസ്സുകളും | അഗ്നി സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കൽ | |
| | | ആകെ | 216.00 |

## 11.2 പൊതുമരാമത്ത്

1. **പൊതു മരാമത്ത് വകുപ്പ്, (കെട്ടിട വിഭാഗം)**
1. **പൊതു ഓഫീസ് കെട്ടിട നിർമ്മാണ പദ്ധതി (കോമൺപൂൾ)**

**(വിഹിതം: 4801.00 ലക്ഷം രൂപ)**

കോമൺ പൂളിൽ ഉൾപ്പെടുന്ന വിവിധ സർക്കാർ ഓഫീസുകളായ നിയമസഭ, ജുഡീഷ്യറി, ഇലക്ഷൻ, ലാന്റ് റവന്യൂ, സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ്, രജിസ്ട്രേഷൻ, എക്സൈസ് വകുപ്പ്, ചരക്ക് സേവന നികുതി, വിജിലൻസ്, ട്രഷറി, സ്റ്റേഷനറിയും പ്രിന്റിംഗും, പൊതുമരാമത്ത് വകുപ്പ്, ഫയർ ആന്റ് റസ്ക്യൂ സർവ്വീസ്, ആരോഗ്യ വകുപ്പ്, രാജ്ഭവൻ, സെക്രട്ടേറിയേറ്റ്, കേരള പി.എസ്.സി, പോലീസ്, ജയിലുകൾ, സംസ്ഥാന ആസൂത്രണ ബോർഡ്, മിനി സിവിൽ സ്റ്റേഷനുകൾ, റെസ്റ്റ് ഹൗസുകൾ, പബ്ലിക് ഓഫീസുകൾ, പൊതുമരാമത്ത് വകുപ്പ് സമുച്ചയം, ഇലക്ട്രോണിക്സ് വർക്കുകൾ, ഇൻവെസ്റ്റിഗേഷൻ വർക്കുകൾ, എസ്റ്റാബ്ലിഷ്മെന്റ് ഷെയർ, ടൂൾസ്, പ്ലാന്റ് ഷെയർ, പൊതുമരാമത്തിന് കീഴിലുള്ള മറ്റ് കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം, പരിപാലനം എന്നിവയ്ക്കായാണ് ഈ പദ്ധതി. നിലവിലുള്ള പ്രവർത്തികൾ പൂർത്തിയാക്കാനും പുതിയവ മുൻഗണനാക്രമത്തിൽ ഏറ്റെടുക്കാനുമായി 2025-26-ൽ 4801.00 ലക്ഷം രൂപ വകയിരുത്തുന്നു. പൊതുകെട്ടിടങ്ങൾക്ക് വേണ്ട ഊർജ്ജ സംരക്ഷണ നടപടികൾ ഉറപ്പാക്കേണ്ടതും അവ കെട്ടിടത്തിന്റെ പ്ലാനിലും ടെണ്ടർ രേഖകളിലും ഉൾപ്പെടുത്തേണ്ടതുമാണ്. മഴവെള്ള സംഭരണിയും മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനവും നിർബന്ധമാക്കേണ്ടതാണ്. അവശരും ശാരീരിക വെല്ലുവിളികൾ നേരിടുന്നവരുടെ ആവശ്യങ്ങളെ പരിഗണിക്കുന്നതിനായി തടസരഹിതമായ സൗകര്യങ്ങൾ പുതിയ കെട്ടിടങ്ങളുടെ നിർമാണത്തിലും നിലവിലെ കെട്ടിടങ്ങളുടെ നവീകരണത്തിലും ഉൾപ്പെടുത്തണം. നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്കും നവീകരണത്തിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

2. **നിയമസഭാ സാമാജികർക്കുള്ള ഫ്ളാറ്റുകളുടെ നിർമ്മാണം**

**(വിഹിതം: 500.00 ലക്ഷം രൂപ)**

തുടർന്നു വരുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും ആവശ്യാനുസരണം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി 2025-26 ൽ 500.00 ലക്ഷം രൂപ വകയിരുത്തുന്നു.

3. **ജെൻഡർ ബഡ്ജറ്റിംഗ്**

**(വിഹിതം: 280.00 ലക്ഷം രൂപ)**

പൊതു സ്ഥലങ്ങളിലും ഓഫീസുകളിലും സ്ത്രീസൗഹൃദ അടിസ്ഥാന സൗകര്യങ്ങളും അധിക സൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയാണിത്. നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും മുൻഗണനാടിസ്ഥാനത്തിൽ പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും 2025-26 കാലയളവിൽ 280.00 ലക്ഷം രൂപ വകയിരുത്തുന്നു.

4. **ജുഡീഷ്യറിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കോടതികൾക്ക് കെട്ടിട നിർമ്മാണവും ജഡ്ജിമാർക്കുള്ള റസിഡൻഷ്യൽ ക്വാർട്ടേഴ്സ് നിർമ്മാണവും) (സിഎസ്എസ് കോർ സ്കീം -40% സംസ്ഥാന വിഹിതം)**

**(വിഹിതം: 1800.00 ലക്ഷം രൂപ)**

മെച്ചപ്പെട്ട നീതി പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ജില്ലാ, സബോർഡിനേറ്റ് കോടതികളിലെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും രാജ്യത്തെ ജില്ലാ, സബോർഡിനേറ്റ് കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാരുടെ ഭവന ആവശ്യങ്ങൾ നടപ്പിലാക്കാനും ലക്ഷ്യമിടുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. കോടതികൾക്കുള്ള കെട്ടിടങ്ങളും ജഡ്ജിമാർക്കുള്ള താമസ സൗകര്യങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്ക് 60% കേന്ദ്രസഹായമുണ്ട്.

2025-26 ൽ സംസ്ഥാന വിഹിതമായി 1800.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 11.3 സിവിൽ സപ്ലൈസ്

1. **ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ നിർവ്വഹണം (എൻഎഫ്എസ്എ)**

**(വിഹിതം: 5657.00 ലക്ഷം രൂപ)**

ഇന്ത്യയിലെ 1.3 ബില്യൺ ജനങ്ങളിൽ ഏകദേശം മൂന്നിൽ രണ്ട് പേർക്ക് സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകാൻ ലക്ഷ്യമിടുന്ന ഇന്ത്യൻ പാർലമെന്റിന്റെ ഒരു നിയമമാണ് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 (ഭക്ഷണത്തിനുള്ള അവകാശ നിയമം). മിതമായ നിരക്കിൽ മതിയായ അളവിൽ ഭക്ഷണം

ലഭ്യമാക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും പോഷകാഹാര പിന്തുണ, സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രത (NFSA) നടപ്പിലാക്കുന്നത് നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക, കാലതാമസമില്ലാതെ ധാന്യങ്ങൾ വിതരണം ചെയ്യുന്നത് ഉറപ്പുവരുത്തുക, ഭക്ഷ്യധാന്യങ്ങളുടെ ഗതാഗതം, ഫ്ലീറ്റ് പ്രവർത്തനങ്ങളും ലോജിസ്റ്റിക് പ്രവർത്തനങ്ങളും മെച്ചപ്പെടുത്തൽ എന്നിവ നിരീക്ഷിക്കുകയും ഉറപ്പാക്കുകയും ചെയ്യുക വകുപ്പിന്റെ വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങൾക്കുമായി ഒരു സംയോജിത വിവരസാങ്കേതികവിദ്യ പ്ലാറ്റ്ഫോം ഉറപ്പാക്കൽ എന്നിവയാണ് നിയമത്തിന്റെ ലക്ഷ്യങ്ങൾ. 2016 നവംബർ 1 മുതൽ സംസ്ഥാനത്ത് NFSA നടപ്പിലാക്കാൻ കേരള സർക്കാർ തീരുമാനിച്ചു. 2025-26 NFSA സുഗമമായി നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന ഘടകങ്ങൾക്കായി 5657.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ. പൊതു ബോധവൽക്കരണ പരിപാടി** | **25.00** |
| | **ബി. ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിനുള്ള സഹായം** | 3171.00 |
| 1 | ഇ-പോസ് സിം ചാർജ്ജും, തെർമൽ പേപ്പർ റോൾ ചാർജ്ജും, ഇ-പോസ് മെഷീനുകളുടെ വാർഷിക മെയിന്റനൻസ് ചാർജ്ജുകളും | |
| 2 | സോഷ്യൽ ഓഡിറ്റ് | |
| 3 | SMS ചെലവ് | |
| 4 | സോഫ്റ്റ്‌വെയർ ഘടകങ്ങളെക്കുറിച്ചുള്ള പരിശീലനം, കപ്പാസിറ്റി ബിൽഡിംഗ്/വർക്ക്ഷോപ്പ് | |
| 5 | IEC ഘടകങ്ങൾ - വിവിധ സ്റ്റേക്ക് ഹോൾഡർമാർക്കുള്ള അവബോധം | |
| 6 | ദുരന്ത നിവാരണത്തിനും പകർച്ചവ്യാധി നിയന്ത്രണത്തിനുമുള്ള അടിയന്തര സഹായനിധി | |
| 7 | സംസ്ഥാനത്തെ എല്ലാ ന്യായവില സ്റ്റോറുകൾക്കും മതിയായ സംഭരണ സ്ഥലം സ്ഥാപിക്കൽ | |
| 8 | പട്ടികവർഗ്ഗ/തീരദേശ/വിദൂര പ്രദേശങ്ങളിലേക്കും പ്രകൃതിക്ഷോഭം ബാധിച്ച ആളുകൾക്കും റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം, ഏത് റേഷൻ കടയിൽ നിന്നും എപ്പോൾ വേണമെങ്കിലും റേഷൻ വാങ്ങുന്നതിനായി റേഷൻ വിതരണം ചെയ്യുന്നതിനുള്ള വാഹനം വാങ്ങൽ | |
| 9 | മൊബൈൽ ആപ്പ്/വെബ് പോർട്ടൽ വികസനം, കെ ഫോൺ നടപ്പാക്കലും മറ്റ് ചെലവുകളും | |
| 10 | ഇലക്ട്രോണിക് വെയിംഗ് മെഷീനെ ഇ-പോസു മെഷീനുമായി ബന്ധിപ്പിക്കൽ | |
| | **ആകെ (ബി)** | **3171.00** |
| | **സി. അടിസ്ഥാന സൗകര്യങ്ങൾ** | 337.00 |
| 11 | ഐ.സി.ടി- ഇൻഫ്രാസ്ട്രക്ചറും കണക്ടിവിറ്റിയും - സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് ഉൾപ്പെടെയുള്ള വിവിധ ഓഫീസുകൾ, ജില്ലാ സപ്ലൈ ഓഫീസുകൾ (ഡിഎസ്ഒ), താലൂക്ക് സപ്ലൈ ഓഫീസുകൾ (റ്റി.എസ്.ഒ), എഎംസി, ബിഎസ്എൻഎൽ സിയുജി കണക്ഷനുള്ള വാടക, സുരക്ഷാ ഓഡിറ്റ്, ഹാർഡ്‌വെയർ വാങ്ങൽ, AUA ലെവി ഫ്രീ (NIC & KSITM) | |
| 12 | ജാവ പ്രോഗ്രാമർക്കുള്ള പ്രതിഫലം | |
| 13 | സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് ഉൾപ്പെടെയുള്ള താലൂക്ക്, ജില്ലാ സപ്ലൈ ഓഫീസുകളുടെ നവീകരണവും കംപ്യൂട്ടർവൽക്കരണവും | |
| 14 | വെയിംഗ് മെഷീൻ, ജനറേറ്റർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുക. | |
| 15 | ജി.പി.എസ് അടിസ്ഥാനമാക്കിയുള്ള വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം | |

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 16 | NFSA ഗോഡൗണുകൾക്കുള്ള CCTV | |
| | **ആകെ (സി)** | **337.00** |
| | **ഡി. നിർമ്മാണ പ്രവർത്തികൾ** | |
| 1 | ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത താലൂക്ക് തല ഇടനില ഗോഡൗണിന്റെ നിർമ്മാണം | **1124.00** |
| 2 | ഇടനില ഗോഡൗണുകളുടെ നിർമ്മാണം | 1000.00 |
| | **ആകെ (ഡി)** | **2124.00** |
| | **ആകെ മൊത്തം (എ+ബി+സി+ഡി)** | **5657.00** |

**2. വിശപ്പ് രഹിത കേരളം**

**(വിഹിതം: 200.00 ലക്ഷം രൂപ)**

അവശതയനുഭവിക്കുന്നവർക്ക് ഒരുനേരത്തെ ഭക്ഷണം സൗജന്യമായി നൽകണമെന്നതാണ് സർക്കാരിന്റെ നയം. കേരളത്തിലെ പട്ടിണി ഇല്ലാതാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഫീൽഡ് തലത്തിൽ പ്രവർത്തന പരിചയമുള്ള കുടുംബശ്രീ യൂണിറ്റുകളുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും/സർക്കാരിതര സ്ഥാപനങ്ങളുടെയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുക. 2025-26ൽ പദ്ധതി നടപ്പാക്കുന്നതിന് 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

**3. സപ്ലൈകോ ഔട്ട് ലെറ്റുകളുടെ നവീകരണം**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ ചില്ലറ വ്യാപാരത്തിന്റെ വിവിധ വിഭാഗങ്ങൾക്ക് കീഴിൽ 1600 ൽ പരം ഔട്ടലെറ്റുകൾ സപ്ലൈകോയ്ക്ക് ഉണ്ട്. അവ കേന്ദ്രീകൃത രൂപകൽപ്പനയും റീബ്രാന്റിംഗ് വർക്കുകൾക്കും പുറമേ നവീകരിക്കേണ്ടതുണ്ട്. ഉപഭോക്താക്കൾക്ക് മികച്ച ഷോപ്പിംഗ് അനുഭവം നൽകുന്നതോടൊപ്പം വരുമാനം വർദ്ധിപ്പിക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. 2025-26 ൽ സപ്ലൈകോ ഔട്ട് ലെറ്റുകൾ നവീകരിക്കുന്നതിന് 1500.00 ലക്ഷം രൂപ വകയിരുത്തുന്നു

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സപ്ലൈ കോ ഔട്ട്ലെറ്റുകളുടെ നവീകരണം | 1000.00 |
| 2 | സപ്ലൈ കോ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ERP). | 500.00 |
| | **ആകെ** | **1500.00** |

**4. സിവിൽ സപ്ലൈസ് വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ**

**(വിഹിതം: 250.00 ലക്ഷം രൂപ)**

സംസ്ഥാനത്തുടനീളം സിവിൽ സപ്ലൈസ് വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കാനും അതുവഴി പ്രവർത്തന അന്തരീക്ഷം മെച്ചപ്പെടുത്താനും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ഉപയോഗിച്ച് വേഗത്തിലുള്ള സേവനം പ്രദാനം ചെയ്യാനും പദ്ധതി ലക്ഷ്യമിടുന്നു. 2025-26ൽ താഴെപ്പറയുന്ന ഘടകങ്ങൾക്കായി 250.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ. അടിസ്ഥാന സൗകര്യങ്ങൾ** | |
| 1 | വാഹനങ്ങൾ വാങ്ങൽ | 200.00 |
| 2 | സിവിൽ സപ്ലൈസ് വകുപ്പിനുള്ള അടിസ്ഥാന സൗകര്യങ്ങൾ (ഇ - ഓഫീസ്, HRMS മുതലായവ | |
| | **ബി. നിർമ്മാണം** | |

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 3 | സിവിൽ സപ്ലൈസ് വകുപ്പിന്റെ വിവിധ ഓഫീസുകളുടെ നിർമ്മാണം | 50.00 |
| | **ആകെ (എ+ബി)** | **250.00** |

**5. ഉപഭോക്തൃകാര്യ വിഭാഗം രൂപീകരണം**

**(വിഹിതം. 12.00 ലക്ഷം രൂപ)**

സ്റ്റേക്ക് ഹോൾഡർമാർക്ക് പരാതി പരിഹാരത്തിനായി ഉപഭോക്തൃകാര്യ വിഭാഗം രൂപീകരിക്കാൻ സിവിൽ സപ്ലൈസ് വകുപ്പ് തീരുമാനിച്ചു. അവശ്യസാധനങ്ങളുടെ കുത്തനെയുള്ള വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വില ഗവേഷണ കേന്ദ്രം സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2025-26-ൽ ഈ പദ്ധതിക്കായി 12.00 ലക്ഷം രൂപ വകയിരുത്തുന്നു.

**6. കൗൺസിൽ ഫോർ ഫുഡ് റിസർച്ച് &ഡവലപ്മെന്റ് (സിഎഫ്ആർഡി)**

**(വിഹിതം: 155.00 ലക്ഷം രൂപ)**

തിരുവിതാംകൂർ കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുള്ള കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് കേരള (സിഎഫ്ആർഡി), പത്തനംതിട്ട ജില്ലയിലെ പെരിഞ്ഞോട്ടയ്ക്കൽ ഐരവൺ ഗ്രാമത്തിൽ 35 ഏക്കർ കാമ്പസിലാണ് സ്ഥിതി ചെയ്യുന്നത്. ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറി (എഫ്ക്യൂഎംഎൽ), കോളേജ് ഓഫ് ഇൻഡിജിനസ് ഫുഡ് ടെക്നോളജി (സിഎഫ്ടി-കെ), ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ് സെന്റർ (എഫ്.പി.ടി.സി) എന്നിങ്ങനെ മൂന്ന് സ്ഥാപനങ്ങൾ കാമ്പസിൽ ഉണ്ട്. പ്രധാന കാമ്പസിൽ സ്കൂൾ ഓഫ് ഫുഡ് ബിസിനസ് മാനേജ്മെന്റും സ്ഥാപിക്കുന്നു.

കേരളത്തിലെ തദ്ദേശീയ ഭക്ഷ്യവിഭവങ്ങൾ പ്രോത്സാഹിപ്പിക്കുക, അന്താരാഷ്ട്ര വിപണിയിൽ മത്സര നിലവാരം നിലനിർത്തുക, ഭക്ഷ്യ ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക, 2006 ലെ ഭക്ഷ്യസുരക്ഷാ നിലവാര നിയമവും 2011 ലെ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

2025-26 ൽ താഴെപറയുന്ന ഘടകങ്ങൾക്കായി 155.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ. കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്** | |
| 1 | ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറിയിലെ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളും മറ്റ് അനുബന്ധ പ്രവർത്തികളും | 25.00 |
| | **ആകെ (എ)** | **25.00** |
| | **ബി. നിർമ്മാണം** | |
| 2 | ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറിയിൽ ചെറിയ ഉപകരണങ്ങൾ വാങ്ങൽ (Minor equipments) | 130.00 |
| 3 | CFT-K- ക്ക് ഫർണിച്ചറുകൾ | |
| 4 | കോളേജ് ഓഫ് ഇൻഡിജിനസ് ഫുഡ് ടെക്നോളജിയിലെ സ്മാർട്ട് ക്ലാസ് റൂമുകൾ (CFT-K) | |
| 5 | CFT-K-യിൽ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ഫോട്ടോകോപ്പിയർ | |
| 6 | CFT-K-യിൽ ചെറിയ ഉപകരണങ്ങളുടെ വാങ്ങൽ (Minor equipments) | |
| 7 | സ്കൂൾ ഓഫ് ഫുഡ് ബിസിനസ് മാനേജ്മെന്റ്. | |
| | **ആകെ (ബി)** | **130.00** |
| | **ആകെ (എ+ബി)** | **155.00** |

## 7. വൃദ്ധരായ അഗതികൾക്കായുള്ള അന്നപൂർണ്ണ ഭക്ഷ്യ സുരക്ഷ പദ്ധതി (സംസ്ഥാന വിഹിതം 20%)

**(വിഹിതം: 2.00 ലക്ഷം രൂപ)**

സിവിൽ സപ്ലൈസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഒരു ദേശീയ സാമൂഹ്യ സഹായ പദ്ധതിയാണ് അന്നപൂർണ പദ്ധതി. 65 വയസ്സ് തികഞ്ഞവരും ദേശീയ വാർദ്ധക്യ പെൻഷന് അർഹരായവരും, എന്നാൽ ചില കാരണങ്ങളാൽ പെൻഷൻ ലഭിക്കാത്ത നിരാലംബർക്ക് പ്രതിമാസം 10 കിലോ അരി സൗജന്യമായി നൽകുന്ന പദ്ധതിയാണിത്. നിലവിലുള്ള കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ തലത്തിലെ അധികാരികൾ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. 2025-26 ൽ 2.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

## 8. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും (ഉപഭോക്തൃ അവബോധവും ക്ഷേമ പ്രവർത്തന പരിപാടികളും)

**(വിഹിതം: 150.00 ലക്ഷം രൂപ)**

ഉപഭോക്തൃ തർക്കങ്ങൾ പരിഹരിക്കുന്നതിന്, സംസ്ഥാനത്ത് 14 ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകൾ ഉണ്ട്, ഈ കമ്മീഷനുകൾ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന തലത്തിലുള്ള സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളുടെ മേൽനോട്ടത്തിലാണ്. ഉപഭോക്താക്കൾക്ക് അവരുടെ നിയമപരമായ അവകാശങ്ങളെക്കുറിച്ച് അവബോധം നൽകുകയും സ്റ്റേക്ക് ഹോൾഡേഴ്സിന് ഏറ്റവും മികച്ചതും വേഗത്തിലുള്ളതുമായ സേവനം നൽകുന്നതിന് സി.ഡി.ആർ.സി.യുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2025-26ൽ 150.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തുന്നു.

## 9. പൊതുവിതരണ സംവിധാനം സാങ്കേതികവിദ്യയിലൂടെയുള്ള ആധുനികവത്ക്കരണത്തിനും നവീകരണത്തിനുമുള്ള പദ്ധതി (സ്മാർട്ട് പിഡിഎസ്) - 40% സംസ്ഥാന വിഹിതം

**(വിഹിതം: 100.00 ലക്ഷം രൂപ)**

കമ്പ്യൂട്ടർവത്ക്കരണത്തിലൂടെ പദ്ധതികളിൽകൈവരിച്ച സാങ്കേതിക വിദ്യയിലൂന്നിയ പരിഷ്ക്കാരങ്ങൾ നിലനിർത്തുക, പോരായ്മകൾ പരിഹരിക്കുക, നിലവിലുള്ള IMPDS പദ്ധതിയിലൂടെ കൂടുതൽ മെച്ചപ്പെടുത്തുക, പിഡി എസ് ന്റെ പ്രവർത്തനത്തിൽ ഭാവിയിൽ കൂടുതൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുക, ഒരു രാജ്യം ഒരു റേഷൻ കാർഡ് സമ്പ്രദായത്തിന് കീഴിൽ ദേശീയ പോർട്ടബിലിറ്റി ശക്തിപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആപ്ലിക്കേഷൻ ഡെവലപ്മെന്റ് ചെലവ്, മെയിന്റനൻസ് ചെലവ്, ഡെവലപ്മെന്റ് പാർട്ട്ണറുടെ ഹെൽപ്പ് ഡെസ്ക് ചെലവ്, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, കമാൻഡ് കൺട്രോൾ സെന്റർ, എൻ ഐ സി സപ്പോർട്ടിംഗ് സ്റ്റാഫിന്റെ തുടർസേവനം, ഗുണഭോക്താക്കൾക്കുള്ള പൊതു സന്ദേശമയയ്ക്കൽ/സ്റ്റേറ്റ് ഹോൾഡർമാർക്കുള്ള ആശയവിനിമയം, സെർവറുകൾ, സംഭരണം, ഡാറ്റാ ബേസ് സെർവറുകൾ പോലുള്ള ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ, സ്ഥാപനപരമായ സംവിധാനവും കാര്യ ശേഷി വർദ്ധനവും എന്നിവ ഇതിൽ ഉൾപ്പെടുന്നു. 2025-26 വർഷത്തെ ബജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 40 ശതമാനം സംസ്ഥാന വിഹിതമായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സെർവറുകൾ, സംഭരണം, ഡാറ്റാ ബേസ് സെർവറുകൾ മുതലായവ ഉൾപ്പെടെയുള്ള ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ, സ്ഥാപന സംവിധാനം, കാര്യശേഷി വർദ്ധനവ്, ബെനിഫിഷ്യറി ഔട്ട്റീച്ച്-പബ്ലിക് മെസേജിംഗ്/ഉപഭോക്താക്കൾക്കുള്ള ആശയവിനിമയം, എൻഐസി സപ്പോർട്ടിംഗ് സ്റ്റാഫിന്റെ തുടർ സേവനം, വികസന പങ്കാളിയെ വിന്യസിക്കുന്നതിനുള്ള ചെലവ്, വാഹന ട്രാക്കിംഗ് സിസ്റ്റം, കമാൻഡ് കൺട്രോൾ സെന്റർ. | 100.00 |

# XII. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം (വിഹിതം : 921500.00 ലക്ഷം)**

2025-26 വർഷത്തെ ബജറ്റിൽ, 910000.00 ലക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഗ്രാന്റായി (വികസന ഫണ്ട്) വകയിരുത്തിയിട്ടുണ്ട്. ഇത് സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 28 ശതമാനമാണ്. കൂടാതെ, കെ.എസ്.ഡബ്ല്യു.എം.പി.ക്ക് കീഴിൽ യുഎൽബികൾക്ക് 11500.00 ലക്ഷം രൂപ ഗ്രാന്റ് സപ്പോർട്ടായി നൽകിയിട്ടുണ്ട്. ഈ ഫണ്ടുകളുടെ വിതരണത്തിന്റെ വിശദാംശങ്ങൾ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV ൽ നൽകിയിരിക്കുന്നു.

# അനുബന്ധം – ബി

# 100 ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

## I. കൃഷിയും അനുബന്ധമേഖലകളും

### 1.1 കൃഷി

**എ. വിളപരിപാലനം**

1. **സംയോജിത പദ്ധതി – കൃഷി ഉന്നതി യോജന ഉൾപ്പെടെയുള്ള മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ – (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 11550.00 ലക്ഷം രൂപ)**

കൃഷി ഉന്നതി യോജന എന്ന പദ്ധതിയാണ് കാർഷിക മേഖലയിൽ ഏറ്റെടുത്തിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജിത പദ്ധതി. ഈ പദ്ധതിയുടെ 60 ശതമാനം തുക കേന്ദ്ര വിഹിതവും 40 ശതമാനം തുക സംസ്ഥാന വിഹിതവുമാണ്. തുടർന്ന് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ (എൻ.എഫ്.എസ്.എം), ഹോർട്ടികൾച്ചർ വികസനത്തിനായുള്ള മിഷൻ (എം.ഐ.ഡി.എച്ച്), ദേശീയ കാർഷിക സുസ്ഥിര പദ്ധതി (എൻ.എം.എസ്.എ), കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യക്കുമുള്ള ദേശീയ പദ്ധതി (എൻ.എം.എ.ഇ.റ്റി), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ), പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ), പ്രധാൻ മന്ത്രി കൃഷി സിഞ്ചയ് യോജന (പി.എം.കെ.എസ്.വൈ),ദേശീയ കാർഷിക വനവത്ക്കരണ പദ്ധതി, സസ്യരോഗകീടകളവ്യാപന നിയന്ത്രണ പരിശോധനയ്ക്കായുള്ള സബ്മിഷൻ, വിവര സാങ്കേതിക വിദ്യ, കാർഷിക വിപണത്തിനായുള്ള സംയോജിത പദ്ധതി, കേന്ദ്ര സഹായത്തോടെയുള്ള വിള ഇൻഷുറൻസ് പദ്ധതി എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. 2025-26 വർഷം ഈ പദ്ധതിയുടെ പ്രതീക്ഷിത കേന്ദ്ര വിഹിതമായി 11550.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 1500.00 ലക്ഷം രൂപ കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യക്കുമുള്ള പദ്ധതിയുടെ ഉപപദ്ധതിയായ കാർഷിക വിജ്ഞാന വ്യാപനത്തിനായി (എസ്.എം.എ.ഇ) നീക്കിവച്ചിരിക്കുന്നു. ആർ.കെ.വി.വൈയുടെ കേന്ദ്ര വിഹിതമായ 2250.00 ലക്ഷം രൂപയും, കാർഷിക യന്ത്രവൽക്കരണത്തിനായുള്ള സബ്മിഷൻ പദ്ധതിയുടെ കേന്ദ്ര വിഹിതമായ 3000.00 ലക്ഷം രൂപയും സംയോജിത ഹോർട്ടിക്കൾച്ചർ ഡെവലപ്മെന്റ് മിഷന്റെ (എം.ഐ.ഡി.എച്ച്) കേന്ദ്ര വിഹിതമായ 1800.00 ലക്ഷം രൂപയും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതമായ 3000.00 ലക്ഷം രൂപയും ഇതിൽ വകയിരുത്തുന്നു. ഇതിനു പുറമെ 2025-26 ൽ പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും അനുവദിക്കുകയാണെങ്കിൽ അവയ്ക്കുള്ള കേന്ദ്ര വിഹിതവും ഇതിൽനിന്നും വഹിക്കാവുന്നതാണ്. ആർ.കെ.വി.വൈ-ൽ കീഴിലുള്ള വിഹിതം നെൽകൃഷി വികസനം, പച്ചക്കറി വികസനം, ജൈവ കൃഷി പ്രോത്സാഹനം, മൊത്ത വ്യാപാര വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം, ജില്ലാ സംഭരണ കേന്ദ്രങ്ങൾ എന്നിവയ്ക്കായി വിനിയോഗിക്കാവുന്നതാണ്.

### 1.3. മൃഗസംരക്ഷണം

1. **കന്നുകാലി സെൻസസ് (കേന്ദ്ര വിഹിതം 100%)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ കന്നുകാലികളുടെയും വളർത്തു കോഴികളുടെയും എണ്ണം കണക്കാക്കുന്നതിനാണ് വിഹിതം നൽകുന്നത്. 2025-26 ൽ 1.00 ലക്ഷം രൂപ നാമമാത്രവിഹിതമായി വകയിരുത്തിയിട്ടുണ്ട്. എന്യൂമറേഷൻ ചാർജ്, പ്രിന്റിംഗ്, കണ്ടിജന്റ് ചെലവ്, ഓണറേറിയം, മേൽനോട്ടചാർജ്, പരിശീലനം, ബ്രീഡ് സർവ്വെ എന്നിവയ്ക്ക് തുക വിനിയോഗിക്കാവുന്നതാണ്. കേന്ദ്ര സർക്കാർ ഈ പ്രോജക്ട് അംഗീകരിക്കുന്നമുറയ്ക്ക് ആവശ്യമായ തുക അനുവദിക്കുന്നതാണ്.

2. **മൃഗാരോഗ്യവും രോഗനിയന്ത്രണ പരിപാടികളും (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 525.00 ലക്ഷം രൂപ)**

കന്നുകാലികളുടെ ആരോഗ്യ പ്രശ്നങ്ങൾ മെച്ചപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യുന്നതിനു ലക്ഷ്യമിട്ടു കൊണ്ടാണ് ഈ പദ്ധതി ആരംഭിച്ചത്. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 60:40 എന്ന അനുപാതത്തിലാണ് ഈ പദ്ധതിക്ക് തുക വകയിരുത്തുന്നത്.

മൃഗരോഗങ്ങൾ നിയന്ത്രിക്കുക, റിൻറർ പെസ്റ്റ് രോഗം നിരീക്ഷിക്കുന്നതിനുള്ള ദേശീയ പ്രോജക്റ്റ്, കാര്യക്ഷമതാ വികസനം, കുളമ്പുരോഗ നിയന്ത്രണ പരിപാടി, പെസ്റ്റിഡിസ് പെസ്റ്റിസ് റൂമിണൻസ് (ആട് വസന്ത) നിയന്ത്രണ പരിപാടി, ഹെമറേജ് സെപ്റ്റിസീമിയ (കുരലടപ്പൻ), ബ്രൂസിലോസിസ് നിയന്ത്രണ പരിപാടി, ആന്ത്രാക്സ്, പന്നിപ്പനി നിയന്ത്രണ പരിപാടി, ബ്ലാക്ക്ക്വാർട്ടർ രോഗം (കരിങ്കാൽ), റാണിഘട്ട് രോഗം(കോഴി വസന്ത), ഏവിയൻ ഇൻഫ്ലുവൻസ (പക്ഷിപ്പനി) എന്നിവയുടെ നിയന്ത്രണം, മൃഗാശുപത്രികളും ഡിസ്പെൻസറികളും സ്ഥാപിക്കുകയും നിലവിലുള്ളവയെ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതി കേന്ദ്ര സർക്കാരിന്റെ മാർഗരേഖ പ്രകാരം സംസ്ഥാനങ്ങളുടെ മൃഗരോഗ നിയന്ത്രണ പരിപാടി (എ.എസ്.സി.എ.ഡി), വെറ്ററിനറി ആശുപത്രികൾ, ഡിസ്പെൻസറികൾ, മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ എന്നിവയുടെ സ്ഥാപനത്തിനും, ശക്തിപ്പെടുത്തലിനും ഉപയോഗിക്കാവുന്നതാണ്.

ഇതിനായി 2025-26 ബജറ്റിൽ കേന്ദ്രവിഹിതമായ 60 ശതമാനത്തിലേക്കായി 525.00 ലക്ഷം രൂപ വകയിരുത്തുന്നു.

**3. ദേശീയ കന്നുകാലി മിഷൻ (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 600.00 ലക്ഷം രൂപ)**

ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് ആരംഭിച്ചതാണ് ഈ പദ്ധതി. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ ജൈവ സുരക്ഷ, ഉയർന്ന സാങ്കേതികവിദ്യയും യന്ത്രവത്ക്കരണവും, നൈപുണ്യ വികസനവും സാങ്കേതിക വിദ്യയുടെ പ്രയോഗവും, കാലിത്തീറ്റ ഉല്പാദനം പ്രോത്സാഹിപ്പിക്കൽ, പിന്നാമ്പുറ കോഴിവളർത്തൽ ശക്തിപ്പെടുത്തൽ തുടങ്ങിയവയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന ഫണ്ടിംഗ് മാതൃകയിലാണ് പദ്ധതിക്ക് പണം വകയിരുത്തുന്നത്.

കന്നുകാലി വളർത്തലിനാവശ്യമായ അടിസ്ഥാനസൗകര്യ വികസനത്തിനും ആധുനികവത്ക്കരണത്തിനും ഉല്പാദനവർദ്ധനവിനാവശ്യമായ ഇടപെടലിനും ഇൻഷുറൻസിനും, നഷ്ടസാദ്ധ്യത പരിഹരിക്കുന്നതിനും, കന്നുകാലി ഇനങ്ങളുടെ സംരക്ഷണത്തിനും, നൈപുണ്യ വികസനത്തിനും, സാങ്കേതിക വിദ്യയുടെ കൈമാറ്റത്തിനും വ്യാപനത്തിനും, രോഗം ബാധിച്ച കന്നുകാലികളെ പ്രയോജനപ്പെടുത്തുന്നതിനും ഗ്രാമീണ അറവുശാലകൾ സ്ഥാപിക്കുന്നതിനും കാലിത്തീറ്റ ഉല്പാദനം വികസിപ്പിക്കുന്നതിനുമായി പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 ബജറ്റിൽ കേന്ദ്രവിഹിതമായ 60 ശതമാനത്തിലേക്കായി 600.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 1.5 ഫിഷറീസ്

**1. പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന (പി.എം.എം.എസ്.വൈ) - സംയോജിത മത്സ്യബന്ധന വികസനവും മാനേജ്മെന്റും (60% കേന്ദ്ര വിഹിതം)**

**(വിഹിതം: 1200.00 ലക്ഷം രൂപ)**

പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2020-21 മുതൽ നിലവിൽ വന്നു. മത്സ്യ ഉൽപ്പാദനത്തിലെയും ഉൽപ്പാദനക്ഷമതയിലെയും പ്രധാന പ്രശ്നങ്ങളായ ഗുണനിലവാരം, സാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യവികസനം, നവീകരണം, മൂല്യവർദ്ധിതശൃംഖലയുടെ ശാക്തീകരണം, ഫലപ്രദമായ ഫിഷറീസ് മാനേജ്മെന്റ് നടപ്പിലാക്കുക, മത്സ്യ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുക എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതി ഗുണഭോക്തൃ അധിഷ്ഠിതവും അല്ലാത്തതും എന്ന രീതിയിൽ താഴെപ്പറയും പ്രകാരം തരംതിരിച്ചിരിക്കുന്നു.

- ഉൽപ്പാദനത്തിന്റെയും ഉൽപ്പാദനക്ഷമതയുടെയും വർദ്ധനവ്
- അടിസ്ഥാന സൗകര്യവികസനവും വിളവെടുപ്പിനുശേഷമുള്ള പ്രവർത്തനവും
- ഫിഷറീസ് മാനേജ്മെന്റും നിയന്ത്രണങ്ങളും

മത്സ്യബന്ധന മേഖലയുടെ സംയോജിതമായ വികസനവും പരിപാലനവുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. പി.എം.എം.എസ്.വൈ പ്രകാരം വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന് കേന്ദ്ര വിഹിതമായി 1200.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. സമുദ്രജല മത്സ്യബന്ധനം, മത്സ്യബന്ധന യാനങ്ങളുടെ മാറ്റി സ്ഥാപിക്കൽ, ഉൾനാടൻ മത്സ്യബന്ധനത്തിനും അക്വാക്കൾച്ചറിനുമുള്ള പ്രോത്സാഹനം, മൂല്യവർദ്ധനവ്, വിളവെടുപ്പിനുശേഷമുള്ള പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ,

മത്സ്യത്തൊഴിലാളിക്ഷേമത്തിനുള്ള ദേശീയ പദ്ധതികൾ, വിവരശേഖരണം ശക്തമാക്കുക, ജി.ഐ.എസ് ഭരണചെലവ്, ഇന്റഗ്രേറ്റഡ് അക്വാപാർക്ക് സ്ഥാപിക്കുക എന്നിവയാണ് ഇതിൽ ഉൾപ്പെടുന്ന ഘടകങ്ങൾ.

**2. സമുദ്ര മത്സ്യബന്ധന അടിസ്ഥാന സൗകര്യവികസനം – വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾ (പി.എം.എം.എസ്.വൈ) (60% കേന്ദ്ര വിഹിതം)**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങൾ, ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങൾ എന്നിവയുടെ ആധുനികവത്ക്കരണവും നവീകരണവും ഉൾപ്പെടെയുള്ള മത്സ്യബന്ധന പദ്ധതികളുടെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി ടി പദ്ധതിയിൽ തുക വകയിരുത്തിയിരിക്കുന്നു. താഴെ പറയുന്ന ഘടകങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരക്കുന്നു.

- കാസർകോട് ഫിഷിംഗ് ഹാർബർ വിപുലീകരണം
- പൊന്നാനി, പുതിയാപ്പ, കൊയിലാണ്ടി എന്നിവിടങ്ങളിലെ ഫിഷിംഗ് ഹാർബറുകളുടെ നവീകരണവും ആധുനികവൽക്കരണവും
- ആലപ്പാട് അഴീക്കൽ, ചേറ്റുവ, പൊന്നാനി, ബേപ്പൂർ, പുതിയാപ്പ, കൊയിലാണ്ടി എന്നിവിടങ്ങളിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണിയും ഡ്രഡ്ജിംഗും
- മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ വിപുലീകരണം
- താനൂർ, ചെറുവത്തൂർ, ചോമ്പാൽ എന്നിവിടങ്ങളിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണിയും ഡ്രഡ്ജിംഗും

ഇതിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾക്കായി 1500.00 ലക്ഷം രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

## 1.6 വനവും വന്യജീവി സംരക്ഷണവും

ദേശീയ വികസന അജണ്ടയുടെ ഭാഗമായ ചുവടെ പറയുന്ന സ്കീമുകൾ 'കോർ സ്കീമുകളായി' തരം തിരിച്ചിരിക്കുന്നു. ഈ പദ്ധതികളുടെ ധനസഹായം 60:40 എന്ന അനുപാതത്തിൽ കേന്ദ്രവും സംസ്ഥാനവും പങ്കിടും (ചെറുകിട വനവിഭവങ്ങൾക്കുള്ള താങ്ങുവില 75:25 അനുപാതത്തിലാണ്). വന്യജീവി ആവാസവ്യവസ്ഥകളുടെ സംയോജിത വികസനം, ഹരിത ഭാരതത്തിനായുള്ള ദേശീയദൗത്യം, പ്രകൃതി വിഭവങ്ങളുടെയും ആവാസവ്യവസ്ഥകളുടെയും സംരക്ഷണം എന്നിവ 'കോർ സ്കീമുകൾക്ക്' കീഴിൽ വരുന്നു.

**I. തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ**

**1. ചെറുകിട വനവിഭവങ്ങൾക്കുള്ള താങ്ങുവില (75 ശതമാനം കേന്ദ്രവിഹിതം)**

**(വിഹിതം: 300.00 ലക്ഷം രൂപ)**

മിനിമം താങ്ങുവില ഉറപ്പാക്കി തടിയിതര വന ഉത്പന്നങ്ങൾ/ചെറിയ വന ഉത്പന്നങ്ങൾ എന്നിവ വിപണനം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില നൽകുന്നതിലൂടെ, വിഭവങ്ങൾ ശേഖരിക്കുന്നവർക്കും അവരുടെ പരിശ്രമത്തിനും, വനവിഭവങ്ങളുടെ മൂല്യ വർദ്ധനവിനും ന്യായമായ വില ഉറപ്പാക്കുന്നു. വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുകയും അതുവഴി അവരുടെ ജീവിത നിലവാരം ഉയർത്തുകയും പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന ഫലങ്ങളാണ്. തടിയിതര വനവിഭവങ്ങൾ ശേഖരിക്കുന്നതിന് മെച്ചപ്പെട്ട താങ്ങു വിലയിലൂടെ പിന്തുണ നൽകുക, സംഭരണ കേന്ദ്രങ്ങൾ, ഗോഡൗണുകൾ, മൂല്യ വർദ്ധന യൂണിറ്റുകൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ്, വിപണന സഹായം തുടങ്ങിയ മെച്ചപ്പെട്ട സൗകര്യങ്ങളാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. സംസ്ഥാന വന വികസന ഏജൻസിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ അംഗീകൃത ഘടകങ്ങൾ ഇനിപ്പറയുന്നവയാണ് (1) കാട്ടു തേൻ, ശതാവരി, ചൂൽ പുല്ല് എന്നിവയുടെ സംഭരണം (2) വന വികസന ഏജൻസി തലത്തിൽ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക/നവീകരിക്കുക (3) വന വികസന ഏജൻസി തലത്തിൽ സംഭരണത്തിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക (4) സംസ്ഥാനതലത്തിൽ കേന്ദ്രീകൃത ശേഖരണ യൂണിറ്റും, മൂല്യ വർദ്ധന യൂണിറ്റും, പ്രോസസ്സിംഗ് യൂണിറ്റും സ്ഥാപിക്കുക, (5) റാന്നി എഫ്.ഡി.എ യിലും മൂന്നാർ എഫ്.ഡി.എ യിലും മൊബൈൽ ഹാറ്റ് ബസാർ സ്ഥാപിക്കുക. 2025-26 ൽ 75 ശതമാനം കേന്ദ്ര വിഹിതമായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## IV ജൈവവൈവിധ്യ സംരക്ഷണവും സംരക്ഷിത പ്രദേശ പരിപാലനവും

### 2. വന്യജീവി ആവാസവ്യവസ്ഥയുടെ സംയോജിത വികസനം (കേന്ദ്രാവിഷ്കൃത പദ്ധതി 60:40)

കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, കാനനപാതകളുടെ നിർമ്മാണവും പരിപാലനവും, അടിസ്ഥാന സൗകര്യങ്ങളായ ഓഫീസ്, ക്വാർട്ടേ ്, വിശ്രമകേന്ദ്രങ്ങൾ, ഡോർമെട്രികൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, വാർത്താ വിനിമയ സൗകര്യങ്ങൾ, വയർലസ് സെറ്റുകൾ, രാത്രി കാഴ്ചാ ഉപകരണങ്ങൾ, വാഹനങ്ങൾ, ക്യാമറ, ബൈനോക്കുലറുകൾ, ജി.പി.എസ് ഉപകരണങ്ങൾ, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും, വൈദ്യുത വേലികളുടെ നിർമ്മാണം, ആനകളുടെ ആക്രമണത്തിൽ നിന്ന് കൃഷിഭൂമി സംരക്ഷിക്കുന്നതിനായി കല്ലുകൊണ്ടുള്ള മതിലിന്റെയും, ട്രഞ്ചുകളുടെയും നിർമ്മാണം, വന്യമൃഗ ആക്രമണത്തിനു വിധേയരായവർക്കുള്ള നഷ്ടപരിഹാരം, ജൈവ വൈവിധ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനുള്ള ഗവേഷണങ്ങളും പരിശീലനങ്ങളും, വനത്തിനുള്ളിലെ ചതുപ്പ് വയലുകളുടെ പരിപാലനം, കുളം, തടയണകൾ എന്നിവയുടെ നിർമ്മാണം, ഉപദ്രവകാരികളായ കളകളുടെ നിർമ്മാർജ്ജനം, പ്രകൃതി ക്യാമ്പുകൾ, സൂചനാ ബോർഡുകൾ സ്ഥാപിക്കൽ, ലഘുലേഖകളുടെ അച്ചടിയും വിതരണവും, വന്യമൃഗങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്ന ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം, വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആളുകൾക്ക് ജീവനോപാധിയ്ക്കായി മറ്റൊരു മാർഗ്ഗം എന്ന നിലയിൽ നല്ലയിനം കന്നുകാലികളെ നൽകൽ, തൊഴിൽ പരിശീലനങ്ങൾ, സൗരോർജ്ജവിളക്കുകൾ നൽകൽ, തയ്യൽ മെഷീനുകൾ, എൽ.പി.ജി വിതരണം, ബയോഗ്യാസ് പ്ലാന്റുകൾ, പുകയില്ലാത്ത അടുപ്പുകൾ തുടങ്ങിയവയുടെ വിതരണം മുതലായ പ്രധാന പ്രവർത്തനങ്ങളാണ് പരിപാടിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. മാനേജ്മെന്റ് പ്ലാനിംഗ്, കപ്പാസിറ്റി ബിൽഡിംഗ്, വന്യജീവി ഗവേഷണത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ശാക്തീകണം, വന്യജീവി വെറ്ററിനറി പരിചരണം, ജീവനക്കാരുടെ കാര്യനിർവ്വഹണശേഷി വർദ്ധിപ്പിക്കലും, വേട്ടയാടൽ വിരുദ്ധ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യ ശാക്തീകരണം, ആവാസവ്യവസ്ഥാ പുനഃസ്ഥാപനം, പരിസ്ഥിതി വികസനം, സാമൂഹികാധിഷ്ഠിത പ്രവർത്തനങ്ങൾ എന്നിവയും പദ്ധതിയുടെ പരിധിയിൽപ്പെടുന്നു.

### (i) വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനം-16 എണ്ണം (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 450.00 ലക്ഷം രൂപ)**

വന്യജീവി ആവാസവ്യവസ്ഥകളുടെയും വന്യജീവികളുടെയും പരിപാലനം, മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ ലഘൂകരണം, ഇക്കോ-ടൂറിസം, പരിസ്ഥിതി വികസനം, വിദ്യാഭ്യാസവും ബോധവത്ക്കരണവും, ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ചുവടെ ചേർത്തിട്ടുള്ള 16 വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനത്തിനുള്ള തുക 60 ശതമാനം കേന്ദ്ര വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു. 60 ശതമാനം കേന്ദ്ര വിഹിതമായി 450.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | വന്യജീവി സംരക്ഷണകേന്ദ്രങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നെയ്യാർ വന്യജീവി സംരക്ഷണ കേന്ദ്രം | 34.50 |
| 2 | വയനാട് വന്യജീവി സംരക്ഷണ കേന്ദ്രം | 75.00 |
| 3 | ഇടുക്കി വന്യജീവി സംരക്ഷണ കേന്ദ്രം | 37.50 |
| 4 | പീച്ചി, വാഴാനി വന്യജീവി സംരക്ഷണ കേന്ദ്രം | 37.50 |
| 5 | പേപ്പാറ വന്യജീവി സംരക്ഷണ കേന്ദ്രം | 30.00 |
| 6 | ഷെന്തുരുണി വന്യജീവി സംരക്ഷണ കേന്ദ്രം | 37.50 |
| 7 | ചിമ്മണി വന്യജീവി സംരക്ഷണ കേന്ദ്രം | 33.00 |
| 8 | ആറളം വന്യജീവി സംരക്ഷണ കേന്ദ്രം | 33.00 |
| 9 | ചിന്നാർ വന്യജീവി സംരക്ഷണ കേന്ദ്രം | 24.00 |
| 10 | തട്ടേക്കാട് പക്ഷി സങ്കേതം | 22.50 |

| ക്രമ നമ്പർ | വന്യജീവി സംരക്ഷണകേന്ദ്രങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 11 | മംഗളവനം പക്ഷി സങ്കേതം | 7.50 |
| 12 | കുറിഞ്ഞി മല സങ്കേതം | 12.00 |
| 13 | ചൂളന്നൂർ മയിൽ സങ്കേതം | 10.50 |
| 14 | മലബാർ വന്യമൃഗ സംരക്ഷണ കേന്ദ്രം | 16.50 |
| 15 | കൊട്ടിയൂർ വന്യജീവി സംരക്ഷണ കേന്ദ്രം | 18.00 |
| 16 | കരിമ്പുഴ വന്യജീവി സംരക്ഷണ കേന്ദ്രം (പുതിയത്) | 21.00 |
| | **ആകെ** | **450.00** |

**(ii) ദേശീയ പാർക്കുകളുടെ പരിപാലനം-5 എണ്ണം (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 180.00 ലക്ഷം രൂപ)**

മാനേജ്മെന്റ് പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ 5 ദേശീയ പാർക്കുകളുടെ സംരക്ഷണവും പരിപാലനവും ആണ് പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്. വന്യജീവി ആവാസവ്യവസ്ഥകളുടെയും മൃഗങ്ങളുടെയും പരിപാലനം, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം, ഇക്കോടൂറിസം, പരിസ്ഥിതി വികസനം, വിദ്യാഭ്യാസവും ബോധവൽക്കരണവും, കാര്യശേഷി വികസനം തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുന്നു. ചുവടെ ചേർത്തിട്ടുള്ള 5 ദേശീയ പാർക്കുകളുടെ പരിപാലനത്തിനുള്ള തുകയുടെ 60 ശതമാനം കേന്ദ്ര വിഹിതമായി 180.00 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു

| ക്രമ നമ്പർ | ദേശീയ പാർക്കുകൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഇരവികുളം ദേശീയ പാർക്ക് | 52.50 |
| 2 | സൈലന്റ് വാലി ദേശീയ പാർക്ക് | 60.00 |
| 3 | ആനമുടി ദേശീയ പാർക്ക് | 22.50 |
| 4 | മതികെട്ടാൻ മല ദേശീയ പാർക്ക് | 22.50 |
| 5 | പാമ്പാടുംചോല ദേശീയ പാർക്ക് | 22.50 |
| | **ആകെ** | **180.00** |

**iii. കമ്മ്യൂണിറ്റി റിസർവ്വിന്റെ പരിപാലനം – കടലുണ്ടി-വള്ളിക്കുന്നം കമ്മ്യൂണിറ്റി റിസർവ്വ് (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 18.00 ലക്ഷം രൂപ)**

മാനേജ്മെന്റ് പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ കമ്മ്യൂണിറ്റി റിസർവ്വ് സംരക്ഷണവും പരിപാലനവും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അടിസ്ഥാന വാർത്താവിനിമയ ഗതാഗത സൗകര്യങ്ങൾ, സംരക്ഷിത മേഖലകളുടെ സംരക്ഷണം, പരിശീലനം, ഗവേഷണം, കാര്യശേഷി വികസനം, എക്സ്പോഷർ സന്ദർശനങ്ങൾ, പരിസ്ഥിതി ക്യാമ്പുകൾ, ബോധവൽക്കരണം തുടങ്ങിയവ ഇതിൽപ്പെടുന്നു. കടലുണ്ടി – വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വിന്റെ പരിപാലനത്തിനായി 60 ശതമാനം കേന്ദ്ര വിഹിതമായി 18.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**(iv) പ്രോജക്ട് ടൈഗർ – 2 ടൈഗർ റിസർവുകൾ (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 900.00 ലക്ഷം രൂപ)**

കടുവ സംരക്ഷണ പദ്ധതി പ്രകാരം സംസ്ഥാനത്തെ രണ്ട് കടുവാ സങ്കേതങ്ങളുടെ സംരക്ഷണവും പരിപാലനവുമാണ് പദ്ധതിയുടെ ലക്ഷ്യം. കടുവകളുടെ ആവാസവ്യവസ്ഥയുടെ

പരിപാലനം, ജലസ്രോതസ്സുകളുടെ പരിപാലനം, നിരീക്ഷണം, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കൽ, ഇക്കോടൂറിസം, പരിസ്ഥിതി വികസനം, ബോധവൽക്കരണം, വിദ്യാഭ്യാസം, കാര്യശേഷി വികസനം, ഗവേഷണം, ഫീൽഡ് ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ ശാക്തീകരണം, വേട്ടയാടൽ വിരുദ്ധ നടപടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതി പ്രകാരം പെരിയാർ കടുവാ സങ്കേതത്തിനും, പറമ്പിക്കുളം കടുവാ സങ്കേതത്തിനും സഹായം ലഭിക്കുന്നു. 60 ശതമാനം കേന്ദ്ര വിഹിതമായി 900.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ടൈഗർ റിസർവ്വുകൾ | തുക (ലക്ഷത്തിൽ രൂപ) |
|---|---|---|
| 1 | പെരിയാർ ടൈഗർ റിസർവ്വ് | 510.00 |
| 2 | പറമ്പിക്കുളം ടൈഗർ റിസർവ്വ് | 390.00 |
| | **ആകെ** | **900.00** |

### 3. ദേശീയ വനവൽക്കരണ പരിപാടി -നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യ (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 300.00 ലക്ഷം രൂപ)**

ദേശീയ വനവൽക്കരണ പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങളിൽ വനവിഭവങ്ങളുടെ പരിപാലനം, സുസ്ഥിരമായ വികസനം, വനവും മരങ്ങളും സംരക്ഷിക്കുക, വനവിസ്തൃതി വർദ്ധിപ്പിക്കൽ, വനാശ്രിത സമൂഹത്തിന്റെ ജീവനോപാധികളുടെ മെച്ചപ്പെടുത്തൽ എന്നിവ ഉൾപ്പെടുന്നു. കാലാവസ്ഥാ വ്യതിയാന പ്രതിഭാസങ്ങൾ രാജ്യത്തെ പ്രകൃതി ജൈവ വിഭവങ്ങളുടെ വിതരണത്തെയും ഗുണനിലവാരത്തെയും ഗുരുതരമായി ബാധിക്കുന്നതോടൊപ്പം ബന്ധപ്പെട്ടുള്ള വിഭാഗങ്ങളുടെ ജീവനോപാധിയേയും ബാധിക്കുമെന്ന് കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ദേശീയ പ്രവർത്തന പദ്ധതി (എൻ.എ.പി.സി.സി) യുടെ കീഴിലുള്ള 8 മിഷനുകളിൽ ഒന്നായ നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യ (ജി.ഐ.എം) സൂചിപ്പിക്കുന്നു. വനമേഖലയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക, ആവാസവ്യവസ്ഥയുടെ സേവനങ്ങൾ മെച്ചപ്പെടുത്തുക, ആവാസവ്യവസ്ഥ പുനസ്ഥാപിക്കുക, വനവിസ്തൃതി വർദ്ധിപ്പിക്കുക, നഗര-അർദ്ധനഗര പ്രദേശങ്ങളിൽ വൃക്ഷങ്ങളുടെ വ്യാപനം വർദ്ധിപ്പിക്കുക, കാർഷിക വനവത്ക്കരണം, സാമൂഹിക വനവത്ക്കരണം, തണ്ണീർത്തടങ്ങളുടെ പുനരുദ്ധാരണം, ബദൽ പ്രോത്സാഹനം, ഊർജ്ജ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന ഫലങ്ങൾ.

ഗ്രീൻ ഇന്ത്യാമിഷന് കീഴിൽ വിഭാവനം ചെയ്യുന്ന പ്രധാന പ്രവർത്തനങ്ങൾ (1) മെച്ചപ്പെട്ട വനവിസ്തൃതിയും, പരിസ്ഥിതി സേവനങ്ങളും (2) ആവാസവ്യവസ്ഥയുടെ പുനസ്ഥാപനവും, വനവിസ്തൃതി വർദ്ധിപ്പിക്കലും (3) നഗരങ്ങളിലും നഗരങ്ങളോട് ചേർന്ന പ്രദേശങ്ങളിലും വൃക്ഷങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക (4) കാർഷിക വനവൽക്കരണവും സാമൂഹ്യ വനവൽക്കരണവും (ബയോമാസ് വർദ്ധിപ്പിക്കുക, കാർബൺ സിങ്ക് സൃഷ്ടിക്കുക) (5) തണ്ണീർത്തടങ്ങൾ പുനഃസ്ഥാപിക്കുക (6) മറ്റ് സഹായ പ്രവർത്തനങ്ങൾ എന്നിവയാണ്. 2025-26 ൽ പദ്ധതിയുടെ 60 ശതമാനം കേന്ദ്ര വിഹിതമായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 4. വന്യജീവി ആവാസവ്യവസ്ഥകളുടെ സംയോജിത വികസനം (സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള വന്യജീവികളുടെ സംരക്ഷണം) (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 450.00 ലക്ഷം രൂപ)**

സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള മനുഷ്യ-വന്യജീവി സംഘർഷം സമഗ്രമായി പരിഹരിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. വേലികളുടെ നിർമ്മാണവും പുനരുദ്ധാരണവും, ആനകളെ പ്രതിരോധിക്കുന്നതിനുള്ള ഭിത്തികളുടെയും കിടങ്ങുകളുടെയും നിർമ്മാണം, ആർ.ആർ.ടി കളുടെ നവീകരണം, വന്യജീവി ആക്രമണത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാരവും ആശ്വാസവും, വനത്തിന് ചുറ്റും താമസിക്കുന്നവരെ മാറ്റി പാർപ്പിക്കൽ, മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള പഠനം, വിലയിരുത്തൽ എന്നിവയാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രവർത്തനങ്ങൾ. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുകയെന്നതാണ് പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ഫലം. 2025-26 ൽ 60 ശതമാനം കേന്ദ്ര വിഹിതമായി 450.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ ഘടകം തിരിച്ചുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഫെൻസിങ്, എലിഫെന്റ് പ്രൂഫ് ഭിത്തികളുടെയും കിടങ്ങുകളുടെയും നിർമാണം, സ്ഥാപിക്കലും പരിപാലനവും | 193.50 |
| 2 | ആർആർടികളുടെയും എലിഫന്റ് സ്ക്വാഡുകളുടെയും നവീകരണം, വന്യജീവി ആക്രമണത്തിന് ഇരയായവർക്കുള്ള പരിഹാരം, നിരീക്ഷകരെ നിയോഗിക്കുക, വന്യജീവി നിരീക്ഷണത്തിനും ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുമുള്ള ഉപകരണങ്ങൾ | 225.00 |
| 3 | പഠനവും വിലയിരുത്തലും, അവാർഡുകൾ, നീലഗിരി താറുകളുടെ ജനസംഖ്യയും ലാൻഡ്സ്കേപ്പും സംബന്ധിച്ച് നടത്തുന്ന പഠനം (ഡോക്യുമെന്റേഷൻ സർവ്വേ ഉൾപ്പെടെ) ക്യാമ്പിംഗ് ഉപകരണങ്ങളും പ്രവർത്തനങ്ങളും, കടുവകൾക്കായുള്ള നിരീക്ഷണ സംവിധാനം നടപ്പിലാക്കൽ, തീവ്രമായ സംരക്ഷണവും പാരിസ്ഥിതിക നിലയും | 31.50 |
| **ആകെ** | | **450.00** |

### 5. കാട്ടുതീ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള പദ്ധതി (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 360.00 ലക്ഷം രൂപ)**

വനമേഖലയിലെ തീപിടുത്തങ്ങൾ നിയന്ത്രിക്കുകയും അതുവഴി സസ്യ-ജന്തുജാലങ്ങളെ സംരക്ഷിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. വനത്തിനുള്ളിലെ സസ്യ-ജന്തു ജാലങ്ങളെ സംരക്ഷിക്കാനും കാട്ടുതീ പ്രതിരോധത്തിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കാനും ഉദ്ദേശിച്ചിട്ടുള്ളതാണിത്. തീപിടുത്തങ്ങൾ കുറയ്ക്കുകയും അതുവഴി വനത്തിനുള്ളിലെ സസ്യ-ജന്തു ജാലങ്ങളെ സംരക്ഷിക്കുകയുമാണ് പദ്ധതിയിൽ നിന്നുള്ള പ്രതീക്ഷിത ഫലം. കാട്ടുതീ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് ഇതിൽ പ്രധാനമായും ലക്ഷ്യമിടുന്നത്. കാട്ടുതീ നിയന്ത്രണ പദ്ധതി തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുക, ഫയർലൈനുകൾ സ്ഥാപിക്കുക, ഫയർ മാപ്പിംഗ്, കാട്ടുതീനിയന്ത്രണ ഉപകരണങ്ങൾ വാങ്ങുക, അഗ്നിശമന സേനാംഗങ്ങൾ ഉൾപ്പെടുന്ന കാട്ടുതീയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, നിയന്ത്രിത ജ്വലനം, കാട്ടുതീ നിയന്ത്രണത്തിന് സഹായകമാകുന്ന അനുബന്ധ പ്രവൃത്തികളായ ജലസ്രോതസ്സുകളുടെ വികസനം, അടിസ്ഥാന സൗകര്യ വികസനം, ബോധവൽക്കരണ പരിപാടികൾ, കാര്യശേഷി വികസനം എന്നിവ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ 60 ശതമാനം കേന്ദ്ര വിഹിതമായി 360.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 6. വയനാട് വന്യമൃഗ സംരക്ഷണ കേന്ദ്രത്തിനുള്ളിൽ താമസിക്കുന്നവരെ സ്വമേധയാ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള പദ്ധതി (60ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: ലക്ഷം രൂപ 300.00)**

വയനാട് വന്യമൃഗ സംരക്ഷണ കേന്ദ്രത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളെ സ്വമേധയാ മാറ്റി പാർപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. വന്യമൃഗ സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ജനങ്ങളെ മാറ്റിപാർപ്പിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പാക്കേജിന് കീഴിൽ വയനാട് വന്യജീവി സങ്കേതത്തിലെ 14 സെറ്റിൽമെന്റുകളിൽ നിന്നുള്ള കുടുംബങ്ങളെ സ്വമേധയാ മാറ്റി പാർപ്പിക്കുന്നതിന് കെ.എഫ്.ആർ.ഐ യുടെ സഹായത്തോടെ വനംവകുപ്പ് ഒരു പൈലറ്റ് പ്രോജക്ട് തയ്യാറാക്കി. ഇവരെ വനാതിർത്തിയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നത് വഴി മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുവാനും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാനും സാധിക്കും. ഈ പദ്ധതി 2025-26-ൽ നടപ്പാക്കുന്നതിന് 300.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു.

### 7. വന്യജീവി ആവാസവ്യവസ്ഥയുടെ വികസനം-വീണ്ടെടുക്കൽ പരിപാടി (60 ശതമാനം കേന്ദ്ര വിഹിതം)

വംശനാശഭീഷണി നേരിടുന്ന മൂന്നാർ, സൈലന്റ്‌വാലി മേഖലയിലെ നീലഗിരി താർ, വയനാട് വന്യജീവി സങ്കേതത്തിലെ കഴുകൻ എന്നിവയെ വീണ്ടെടുക്കുന്നതിനാണ് ഈ പരിപാടി.

### i. നീലഗിരി താറിന്റെ വീണ്ടെടുക്കൽ പ്രോഗ്രാം

**(വിഹിതം: 39.00 ലക്ഷം രൂപ)**

മൂന്നാർ/സൈലന്റ് വാലി മേഖലയിലെ നീലഗിരി താർ പോലെ വംശനാശഭീഷണി നേരിടുന്ന ജീവികളെ വീണ്ടെടുക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. വിഭാവനം ചെയ്ത ലക്ഷ്യങ്ങളിൽ സംസ്ഥാനത്ത് നിലവിലുള്ളതും സാധ്യതയുള്ളതുമായ നീലഗിരി താർ ആവാസ വ്യവസ്ഥകൾ തിരിച്ചറിയുക, മാപ്പ് ചെയ്യുക, വിലയിരുത്തുക, സെൻസസും നിരീക്ഷണവും, താർ സംരക്ഷണത്തിൽ ഗോത്ര വർഗ്ഗങ്ങളുടെ പങ്കാളിത്തം, താർ സംരക്ഷണവും, അവബോധം സൃഷ്ടിക്കലും, കാര്യശേഷി വികസനം, ദുർബലമായ ആവാസവ്യവസ്ഥകളുടെ പരിപാലനം, സംരക്ഷണം എന്നിവ ഉൾപ്പെടുന്നു.

പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രധാന ഘടകങ്ങളിൽ താർ ആവാസവ്യവസ്ഥയുടെ പരിപാലനവും മാപ്പിംഗും, പുൽമേടുകളുടെ പരിപാലനം, അടിസ്ഥാന സൗകര്യ വികസനം, അഗ്നി സംരക്ഷണം ഉൾപ്പെടെയുള്ള പരിസ്ഥിതി വ്യവസ്ഥകളുടെ സംരക്ഷണം, സംരക്ഷണ പ്രവർത്തനങ്ങളിൽ ഗോത്രവർഗ്ഗങ്ങളുടെ പങ്കാളിത്തം, ആവാസവ്യവസ്ഥകളുടെ പുനഃസ്ഥാപനം, ഗവേഷണം, പഠനം, പൊതു അവബോധ പ്രവർത്തനങ്ങൾ, രഹസ്യാന്വേഷണ വിവര ശേഖരണം, പകർച്ചവ്യാധി നിയന്ത്രണം, ബ്രോഷറുകളുടെയും ലഘുലേഖകളുടെയും അച്ചടി എന്നിവ ഉൾപ്പെടുന്നു.

2025-26 ൽ 60 ശതമാനം കേന്ദ്രവിഹിതമായി 39.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### ii. വംശനാശഭീഷണി നേരിടുന്ന ജീവികളെ സംരക്ഷിക്കുന്നതിനുള്ള വീണ്ടെടുക്കൽ പ്രോഗ്രാം-പൊതുവായത്

**(വിഹിതം: 33.00 ലക്ഷം രൂപ)**

വയനാട് വന്യജീവി സങ്കേതത്തിലെ വംശനാശഭീഷണി നേരിടുന്ന കഴുകൻമാരുടെ വീണ്ടെടുക്കലാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങളിൽ സെൻസസ്, കൂടുണ്ടാക്കുന്ന സ്ഥലങ്ങളുടെ സംരക്ഷണം, കഴുകന്റെ സംരക്ഷണത്തിനായുള്ള ബോധവൽക്കരണ പരിപാടികൾ, ബോധവൽക്കരണം വർദ്ധിപ്പിക്കുന്നതിനുള്ള വിദ്യാഭ്യാസ സാമഗ്രികൾ വികസിപ്പിക്കൽ എന്നിവ ഉൾപ്പെടുന്നു.

കഴുകന്റെ സെൻസസ്, തീയിൽ നിന്നുള്ള കഴുകന്റെ സംരക്ഷണം, സെൻസിറ്റീവ് ഏരിയകളിലെ മച്ചാൻസ്, കാട്ടുതീ ബോധവൽക്കരണ പരിപാടികൾ, ബോധവല്ക്കരണ ക്യാമ്പുകൾ, സി.ഡബ്ല്യു.ആർ.എഫ് ലാബ് പരിഷ്കരണം, മൃഗസംരക്ഷണം, വെറ്ററിനറി സർജൻമാർക്കുള്ള വർക്ഷോപ്പുകൾ, റിഫ്രഷർ കോഴ്സുകൾ, ഡോക്യുമെന്ററികൾ, പ്രിന്റിംഗ് ചെലവുകൾ, ഫീൽഡ് ഡാറ്റാ ബുക്ക്, ഗവേഷകരുടെ ഇടപെടൽ, നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കൽ, ക്യാമറകളുടെ സംഭരണം, സംരക്ഷണത്തിനുള്ള നിരീക്ഷണ സംവിധാനം, സംരക്ഷണ ഗിയറുകളും ജീവിത സൗകര്യങ്ങൾ ഉറപ്പാക്കലും എന്നിവയാണ് സ്കീമിലെ പ്രധാന ഘടകങ്ങൾ.

2025-26 ൽ 60 ശതമാനം കേന്ദ്രവിഹിതമായി 33.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## V. വിഭവ ആസൂത്രണവും ഗവേഷണവും

### 8. പ്രോജക്റ്റ് എലിഫന്റ് (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 525.00 ലക്ഷം രൂപ)**

ആനകളുടെ സംരക്ഷണം, ആവാസവ്യവസ്ഥയുടെ മെച്ചപ്പെടുത്തൽ എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. പെരിയാർ, ആനമുടി, നിലമ്പൂർ, വയനാട് എന്നീ നാല് ആനസങ്കേതങ്ങളാണ് പശ്ചിമഘട്ടത്തിലുള്ളത്. ആനകളുടെ സങ്കേതം മെച്ചപ്പെടുത്തുന്നതിനും, വനവാസികൾക്കും, അവരുടെ കൃഷിയിടങ്ങൾക്കും ആനയുടെ ആക്രമണത്തിൽ നിന്നും സംരക്ഷണം നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ആനകൾക്കും അവയുടെ സങ്കേതങ്ങൾക്കും സുരക്ഷ ഉറപ്പാക്കൽ, പൊതുജന സഹായം ലഭ്യമാക്കൽ, മനുഷ്യ-വന്യമൃഗ സംഘർഷം ഒഴിവാക്കൽ, വിളകൾക്കും മനുഷ്യർക്കും ആനയുടെ ആക്രമണത്തിൽ നിന്നും സംരക്ഷണം നൽകൽ, നിരീക്ഷണം, ഗവേഷണം, പരിശീലനം തുടങ്ങിയവ ഉൾപ്പെടെയുള്ള മെച്ചപ്പെട്ട പിന്തുണ, സേവനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് 525.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ ഘടകം തിരിച്ചുള്ള വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വേട്ടയാടൽ വിരുദ്ധ പ്രവർത്തനങ്ങളും രഹസ്യാന്വേഷണ വിവര ശേഖരണവും | 66.00 |
| 2 | സംരക്ഷണ പാതകൾ വൃത്തിയാക്കുക/ആദിവാസി നിരീക്ഷകരെയും നാട്ടുകാരെയും നിയോഗിക്കുക/ആന സംരക്ഷണ കേന്ദ്രങ്ങൾക്ക് ചുറ്റുമുള്ള കന്നുകാലികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് | 87.00 |
| 3 | ഫയർ ലൈനുകൾ വൃത്തിയാക്കുക/അഗ്നി മസ്ദൂറുകളെ നിയോഗിക്കുക | 120.00 |
| 4 | മണ്ണ്, ജല സംരക്ഷണം | 27.00 |
| 5 | വേലികളുടെയും കിടങ്ങുകളുടെയും നിർമ്മാണം/പരിപാലനം | 64.50 |
| 6 | വന്യജീവി ആക്രമണത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാരം/ദ്രുത പ്രതികരണ സംഘങ്ങളുടെയും വന്യജീവി സ്ക്വാഡുകളുടെയും ചെലവുകൾ/പ്രശ്നക്കാരായ ഒറ്റയാനകളുടെ നിയന്ത്രണം | 100.50 |
| 7 | പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ/മെഡിക്കൽ ക്യാമ്പുകൾ/ ആനകളുടെ സ്ഥാനം മാറ്റം | 15.00 |
| 8 | ആന ദിനാഘോഷങ്ങൾ/പ്രകൃതി ക്യാമ്പുകൾ/ഗവേഷണവും നിരീക്ഷണവും, പരിശീലനങ്ങളും, ബോധവൽക്കരണ പരിപാടികളും, ആനകളുടെ അടിസ്ഥാന സൗകര്യ വികസനവും ക്ഷേമവും | 25.50 |
| 9 | അടിസ്ഥാന സൗകര്യങ്ങൾ, രക്ഷാ കേന്ദ്രം, വെറ്ററിനറി കെയർ, എന്നിവയുടെ നിർമ്മാണം/പരിപാലനം, അനുബന്ധ പ്രവർത്തനങ്ങൾ | 19.50 |
| **ആകെ** | | **525.00** |

**9. പ്രകൃതി വിഭവങ്ങളുടെയും ആവാസവ്യവസ്ഥയുടേയും സംരക്ഷണം (60 ശതമാനം കേന്ദ്ര വിഹിതം)**

നീലഗിരി, അഗസ്ത്യമല എന്നീ രണ്ട് ബയോസ്ഫിയർ റിസർവ്വുകളാണ് കേരളത്തിലുള്ളത്. ഭൂപ്രകൃതിയുടെ സംരക്ഷണവും, സുസ്ഥിര ഉപയോഗവും ഏകോപിപ്പിക്കുന്നതിന് ബയോസ്ഫിയറുകൾ സഹായകമാണ്. ഇതുമൂലം പ്രശ്നസാധ്യതകൾ കുറയ്ക്കുവാനും ഗുണാനുഭവങ്ങൾ മുഴുവനായും ഉപയോഗിക്കുവാനുമായി സാധിക്കും.

**i. നീലഗിരി ബയോസ്ഫിയർ റിസർവ്വ് (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 270.00 ലക്ഷം രൂപ)**

നീലഗിരി ബയോസ്ഫിയർ റിസർവ്വിന്റെ മൊത്തം വിസ്തീർണ്ണം 5520.40 ച.കി.മീ. ആണ്. ഇതിൽ കേരളത്തിലുൾപ്പെടുന്ന പ്രദേശത്തിന്റെ വിസ്തൃതി 1455.40 ച.കി.മീ ആണ്. വയനാട് വന്യജീവി സങ്കേതം, സൈലന്റ് വാലി ദേശീയ ഉദ്യാനം, നിലമ്പൂർ (തെക്ക്), മണ്ണാർക്കാട്, പാലക്കാട്, നിലമ്പൂർ (വടക്ക്), കോഴിക്കോട്, വയനാട് (തെക്ക്) എന്നീ വനമേഖലാ ഡിവിഷനുകളാണ് നീലഗിരി ബയോസ്ഫിയർ റിസർവ്വിൽ ഉൾപ്പെടുന്നത്. മൂല്യവർദ്ധനവിന് സഹായിക്കുന്ന പ്രവൃത്തികൾ (തടിയിതര വനവിഭവ പ്രോസസിംഗ് യൂണിറ്റുകൾ), നൂതനപദ്ധതികൾ നടപ്പിലാക്കൽ, വാസസ്ഥലം മെച്ചപ്പെടുത്തുന്ന പദ്ധതികൾ, ഭീഷണി നേരിടുന്ന ഇനങ്ങൾക്കും ആവാസവ്യവസ്ഥയ്ക്കും അനുയോജ്യമായ രീതിയിൽ പരിസ്ഥിതി പുനരുജ്ജീവിപ്പിക്കുക, ഇക്കോടൂറിസം വികസിപ്പിക്കുക, പ്രദേശവാസികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം, സംരക്ഷണനടപ്പാതകളുടെ അറ്റകുറ്റപ്പണികൾ, നിർദ്ദിഷ്ട മേഖലകളിലെ ഗവേഷണവും നിരീക്ഷണവും മുതലായവയാണ് വിഭാവനം ചെയ്യുന്ന പ്രധാന പ്രവൃത്തികൾ. 2025-26-ൽ ഈ പദ്ധതിക്കായി 60 ശതമാനം കേന്ദ്ര വിഹിതമായി 270.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ii. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 180.00 ലക്ഷം രൂപ)**

അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വിന്റെ മൊത്തം വിസ്തീർണ്ണം 3500.00 ച.കി.മീ. ആണ്. ഇതിൽ

കേരളത്തിൽ ഉൾപ്പെടുന്ന പ്രദേശത്തിന്റെ വിസ്തൃതി 1828.00 ച.കി.മീ. ആണ്. അഗസ്ത്യമല ബയോസ്ഫിയർ വികസന പരിപാടി നടപ്പിലാക്കുന്നതിന് തുക വകകൊള്ളിച്ചിരിക്കുന്നു. നെയ്യാർ, പേപ്പാറ, ഷെണ്ടുരുണി വന്യജീവി സങ്കേതങ്ങളും, അച്ചൻകോവിൽ, തെൻമല, കോന്നി, പുനലൂർ, തിരുവനന്തപുരം ഡിവിഷനുകളും, അഗസ്ത്യവനം ബയോളജിക്കൽ പാർക്കും ഉൾപ്പെടുന്നതാണ് അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ്. മൂല്യവർദ്ധനവിന് സഹായിക്കുന്ന പ്രവൃത്തികൾ, നൂതനപദ്ധതികൾ നടപ്പിലാക്കൽ, വാസസ്ഥലം മെച്ചപ്പെടുത്തുന്ന പദ്ധതികൾ, ഭീഷണി നേരിടുന്ന ഇനങ്ങൾക്കും ആവാസവ്യവസ്ഥയ്ക്കും അനുയോജ്യമായ രീതിയിൽ പരിസ്ഥിതി പുനരുജ്ജീവിപ്പിക്കുക, ഇക്കോടൂറിസം വികസിപ്പിക്കുക, പ്രദേശവാസികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം, സംരക്ഷണനടപ്പാതകളുടെ അറ്റകുറ്റപ്പണികൾ, നിർദ്ദിഷ്ട മേഖലകളിലെ ഗവേഷണം, നിരീക്ഷണം മുതലായവയാണ് വിഭാവനം ചെയ്യുന്ന പ്രധാന പ്രവൃത്തികൾ. 2025-26 ൽ ഈ പദ്ധതിയ്ക്കായി 60 ശതമാനം കേന്ദ്ര വിഹിതമായി 180.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**iii. ദേശീയ തീരദേശ ദൗത്യം (വേമ്പനാട്, കണ്ണൂർ മേഖലകളിലെ കണ്ടൽക്കാടുകളുടെ സംരക്ഷണവും പരിപാലനവും) 60 ശതമാനം കേന്ദ്ര വിഹിതം**

**(വിഹിതം: 92.00 ലക്ഷം രൂപ)**

കണ്ടൽക്കാടുകളുടെ സംരക്ഷണവും പരിപാലനവും, പരിസ്ഥിതി പുനരുദ്ധാരണവും വനവൽക്കരണവും, ജനിതക വൈവിധ്യത്തിന്റെ പരിപാലനവും, ആവാസവ്യവസ്ഥയുടെ പ്രാധാന്യത്തെക്കുറിച്ച് പൊതുജന അവബോധം സൃഷ്ടിക്കലും പദ്ധതിയുടെ ലക്ഷ്യത്തിൽ ഉൾപ്പെടുന്നു. രാമച്ചം, മുള, കാറ്റാടി എന്നിവയുൾപ്പെടെയുള്ള കണ്ടൽക്കാടുകളുടേയും അനുബന്ധ തൈകളുടെയും വളർത്തൽ, നടൽ, പരിപാലനം, കാർഷിക വനവൽക്കരണ പ്രോത്സാഹനം, വിപുലീകരണ ബോധവൽക്കരണ പരിപാടികൾ എന്നിവയാണ് പദ്ധതിയുടെ കീഴിലുള്ള പ്രധാന ഘടകങ്ങൾ. 2025-26 ൽ പദ്ധതിയുടെ കേന്ദ്രവിഹിതമായി 92.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**10. കാട്ടുതീ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള പദ്ധതി - റ്റി.എസ്.പി (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 150.00 ലക്ഷം രൂപ)**

ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് വനപ്രദേശങ്ങളെ അഗ്നിബാധയിൽ നിന്ന് മുക്തമാക്കുക, വനങ്ങളുടെ ജൈവവൈവിധ്യം സമ്പുഷ്ടമാക്കുക, സസ്യജന്തുജാലങ്ങളെ സംരക്ഷിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ സ്കീം ഗോത്രവർഗ്ഗക്കാർക്ക് ഉപകാരപ്രദമായ ആദിവാസി ഉപപദ്ധതിയാണ്. പ്രതീക്ഷിക്കുന്ന ഫലങ്ങളിൽ ആദിവാസി സമൂഹങ്ങളുടെ സംരക്ഷണവും ഉപജീവന പിന്തുണയും ഉൾപ്പെടുന്നു. ഫോറസ്റ്റ് മാനേജ്മെന്റ് സമീപനം, ഫയർ വാച്ചർമാരുടെ ഇടപെടൽ, ബോധവൽക്കരണ കാമ്പെയിനുകൾ എന്നിവയിലൂടെ കാട്ടുതീയിൽ നിന്നുള്ള സംരക്ഷണത്തിനായി ഗ്രാമങ്ങളെ/സമൂഹങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. 2025-26 ൽ പദ്ധതിയുടെ കേന്ദ്രവിഹിതമായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

# II. ഗ്രാമ വികസനം

## 2.1 ഗ്രാമവികസന പരിപാടികൾ

### 1. ദീൻ ദയാൽ അന്ത്യോദയ യോജന – ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (ഡി.എ.വൈ. – എൻ.ആർ.എൽ.എം (പൊതുവിഭാഗം) (60% കേന്ദ്ര വിഹിതം)

**(വിഹിതം: 8400.00ലക്ഷം രൂപ)**

കേന്ദ്രസർക്കാരിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായ ദീൻദയാൽ അന്ത്യോദയ യോജന–ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡി.എ.വൈ.എൻ.ആർ.എൽ.എം) ഗ്രാമീണരായ പാവപ്പെട്ടവരുടെ സ്വയംതൊഴിൽ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നു. ഡിമാന്റനുസരിച്ച് വിഹിതം അനുവദിക്കുന്ന ഈ പരിപാടിയ്ക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ വിഹിതം വകയിരുത്തുന്നു. സ്ഥാപനവൽക്കരണവും കാര്യശേഷി വർദ്ധിപ്പിക്കലും, സാമ്പത്തിക ഉൾപ്പെടുത്തൽ, ഉപജീവനമാർഗ്ഗത്തിന്റെ പരിപോഷണവും മെച്ചപ്പെടുത്തലും (ഫാം, നോൺ ഫാം), ജെണ്ടർ, എഫ്എൻഎച്ച്ഡബ്ല്യു പ്രവർത്തനങ്ങൾ (ഭക്ഷണം–പോഷകാഹാരം–ആരോഗ്യം, വാഷ് പ്രോഗ്രാം), ഗോത്രവർഗ ഇടപെടലുകൾ, പട്ടികജാതി ഇടപെടലുകൾ, സ്വയം തൊഴിൽ, സാമൂഹിക നൈപുണ്യ പരിശീലനം വികസനം, അട്ടപ്പാടി സമഗ്ര പട്ടികവർഗ്ഗ വികസന ഇടപെടലുകൾ എന്നിവയാണ് ദേശീയ ഗ്രാമീണ ഉപജീവനമിഷന്റെ പ്രധാന മേഖലകൾ. കുടുംബശ്രീ മിഷനാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാനതല നോഡൽ ഏജൻസി.

ഡി.എ.വൈ.എൻ.ആർ.എൽ.എം ന്റെ മറ്റ് മൂന്ന് ഉപഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

#### i. ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യയോജന (ഡി.ഡി.യു.ജി.കെ.വൈ)

ദീൻദയാൽ അന്ത്യോദയ യോജന–ദേശീയ ഗ്രാമീണ ഉപജീവനമിഷന്റെ കീഴിൽ വൈദഗ്ധ്യത്തിനും ജോലി ലഭ്യമാക്കുന്നതിനുമുള്ള സംരംഭമാണ് ഡി.ഡി.യു.ജി.കെ.വൈ. നൈപുണ്യ വിടവ് കണ്ടെത്തൽ, വിവര–വിദ്യാഭ്യാസ–വിനിമയ പരിപാടി, എല്ലാ സ്റ്റേക്ക് ഹോൾഡർമാരുടേയും കാര്യശേഷി വർദ്ധിപ്പിക്കൽ, പരിശീലന പങ്കാളികളെ തിരഞ്ഞെടുക്കുക, പദ്ധതി നിർദ്ദേശങ്ങൾ സ്വീകരിച്ച്, പരിശോധന നടത്തി അംഗീകാരം നൽകുക, സമാഹരണം, ഉദ്യോഗാർത്ഥികളുടെ കൗൺസിലിംഗും തെരഞ്ഞെടുപ്പും, വൈദഗ്ധ്യ പരിശീലനം, സാക്ഷ്യപ്പെടുത്തലും തൊഴിൽ ലഭ്യമാക്കലും, മേൽനോട്ടവും വിലയിരുത്തലും, നിയമനം ലഭിച്ചതിനുശേഷമുള്ള സേവന സഹായം എന്നിവയാണ് ഇതിന്റെ പ്രധാനപ്പെട്ട ഘടകങ്ങൾ. DDUGKY പ്രോഗ്രാം 2025–2028–ലേക്ക് DDUGKY 2.0 ആയി വീണ്ടും സമാരംഭിച്ചു.

#### ii. സ്റ്റാർട്ട്–അപ് ഗ്രാമീണ സംരംഭകത്വ പരിപാടി (എസ്.വി.ഇ.പി)

ദീൻ ദയാൽ അന്ത്യോദയ യോജന–ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിലുള്ള ഒരു ഉപഘടകമാണ് എസ്.വി.ഇ.പി. ഗ്രാമീണ സംരംഭങ്ങൾ തുടങ്ങുകയും അവയെ പിന്തുണയ്ക്കുകയും ചെയ്യുന്നതിലൂടെ ഗ്രാമങ്ങളിലെ തൊഴിലില്ലായ്മ, ദാരിദ്ര്യം എന്നിവ കുറയ്ക്കുകയും സാമ്പത്തിക പുരോഗതി ഉത്തേജിപ്പിക്കുകയുമാണ് എസ്.വി.ഇ.പി യുടെ ലക്ഷ്യം. സാമൂഹ്യാടിസ്ഥാനത്തിലുള്ള സംഘടനാ ശൃംഖല ഉപയോഗിച്ച് സംരംഭങ്ങൾക്ക് വാണിജ്യ വൈദഗ്ധ്യം, സമ്പർക്ക സാധ്യത, സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പ, സംരംഭത്തിന്റെ നിർണ്ണായകമായ ആദ്യത്തെ ആറ് മാസക്കാലത്തേക്ക് വാണിജ്യ സഹായം എന്നിവ നൽകുന്നു. എസ്.വി.ഇ.പി യുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1) സംയോജിത ഐ.സി.ടി സങ്കേതങ്ങൾ, പരിശീലനത്തിനും കാര്യശേഷി വർദ്ധനവിനും ആവശ്യമായ സഹായങ്ങൾ, സംരംഭക ഉപദേശക സേവനങ്ങൾ എന്നിവയിലൂടെയും ബാങ്കുകൾ, അയൽക്കൂട്ടങ്ങൾ, അയൽക്കൂട്ട ശൃംഖലകൾ എന്നിവയിൽ നിന്ന് വായ്പ ലഭ്യമാക്കിയും ഗ്രാമീണ സംരംഭകത്വ പ്രോത്സാഹനത്തിന് അനുയോജ്യമായ ഒരു സുസ്ഥിര മാതൃക വികസിപ്പിച്ച് ഗ്രാമങ്ങളിലെ സംരംഭകർക്ക്, സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ട സഹായങ്ങൾ തുടക്കം മുതൽ നൽകുക

2) ഗ്രാമതല സാമൂഹ്യ ശൃംഖലയ്ക്ക് (MEC) പരിശീലനം നൽകി പ്രാദേശിക തലത്തിൽതന്നെ കാര്യശേഷി വർദ്ധിപ്പിക്കുകയും എം.ഇ.സികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് അയൽക്കൂട്ട ശൃംഖലയുടെ കാര്യശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക

3) എൻ.എച്ച്.ജി ഫെഡറേഷനുകൾ, മുദ്ര ബാങ്ക് ഉൾപ്പെടെയുള്ള ബാങ്കിംഗ് സംവിധാനങ്ങൾ എന്നിവയിൽ നിന്ന് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നേടാൻ ഗ്രാമീണ സംരംഭകരെ സഹായിക്കുക.

**iii. മഹിളാ കിസാൻ സശക്തികരൺ പരിയോജന (എംകെഎസ്.പി)**

ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ (ഡി.എ.വൈ.എൻ.ആർ.എൽ.എം) കീഴിലുള്ള ഒരു ഉപഘടകമായ, മഹിളാ കിസാൻ സശാക്തികരൻ പരിയോജന (എംകെഎസ്.പി) കാർഷിക മേഖലയിൽ സ്ത്രീ പുരുഷ പങ്കാളിത്തത്തിലുള്ള വിടവ് കുറയ്ക്കുക, കാർഷിക വൃത്തികളിൽ നിന്നുള്ള പിൻവാങ്ങൽ പ്രവണത കുറയ്ക്കുക, സ്ത്രീ കർഷകർ സുസ്ഥിര കാർഷിക രീതികൾ സ്വീകരിക്കുക എന്നിവയ്ക്ക് പ്രാമുഖ്യം നൽകുന്നു. കേരളത്തിൽ കുടുംബശ്രീയുടെ സംയുക്ത ഉത്തരവാദിത്ത സംഘങ്ങളുടെ (ജെ.എൽ.ജി.) ശൃംഖലയിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**(രൂപ ലക്ഷത്തിൽ)**

| ഘടകങ്ങൾ | കേന്ദ്ര വിഹിതം (60%) | സംസ്ഥാന വിഹിതം (40%) |
|---|---|---|
| ഡി.എ.വൈ. -എൻ.ആർ.എൽ.എം | 5100.00 | 3400.00 |
| ഡി.ഡി.യു.ജി.കെ.വൈ | 1200.00 | 800.00 |
| എസ്.വി.ഇ.പി | 1800.00 | 1200.00 |
| എംകെഎസ്.പി | 300.00 | 200.00 |
| **ആകെ** | **8400.00** | **5600.00** |

2025-26-ൽ ദീൻ ദയാൽ അന്ത്യോദയ യോജന - ദേശീയ ഗ്രാമീണ ഉപജീവനമിഷൻ പദ്ധതിയുടെ 60% കേന്ദ്ര വിഹിതമായി 8400.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.പി)**

**(വിഹിതം: 483897.50 ലക്ഷം രൂപ)**

കേന്ദ്ര സർക്കാരിന്റെ ഒരു സുപ്രധാന പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പദ്ധതി വിഹിതം വിനിയോഗിച്ചാണ് നടപ്പിലാക്കുന്നത്. അവിദഗ്ധ തൊഴിലാളികളുടെ കൂലി, ഭരണചെലവ് എന്നിവയുടെ 100 ശതമാനവും മെറ്റീരിയൽ ഘടകത്തിന്റെ 75 ശതമാനവും കേന്ദ്ര വിഹിതമാണ്. മെറ്റീരിയൽ ചെലവിന്റെ 25 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം അവിദഗ്ധ തൊഴിൽ ചെയ്യാൻ കഴിവും താൽപ്പര്യവുമുള്ള ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർ അവരുടെ പേര് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. അവർക്ക് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ വേതനത്തോടുകൂടിയ തൊഴിൽ ഉറപ്പ് നൽകിക്കൊണ്ട് ഉപജീവന മാർഗ്ഗം സുരക്ഷിതമാക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു. ഡിമാന്റനുസരിച്ച് വിഹിതം അനുവദിക്കുന്ന ഈ പദ്ധതിയിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യ വേതനം ഉറപ്പാക്കുന്നു. സംസ്ഥാന സർക്കാർ, മറ്റ് വകുപ്പുകളുടെ സമാന ലക്ഷ്യമുള്ള പദ്ധതികളും, മിഷൻ പ്രോഗ്രാമുകളായ ലൈഫ് മിഷൻ, കുടുംബശ്രീ മിഷൻ, ഹരിതകേരളം, സുഭിക്ഷ കേരളം, നീർത്തട വികസനം എന്നീ പദ്ധതികളുമായി സമന്വയിപ്പിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മുഴുവൻ സാധ്യതയെയും ഉപയോഗപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുകയും സൂക്ഷ്മമായ ആസൂത്രണത്തിനും കാര്യക്ഷമമായ നിർവ്വഹണത്തിനും ശ്രദ്ധ നൽകുന്നതുമാണ്. 2025-26-ൽ ശരാശരി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ച് രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ ഉപജീവന സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമം ഉണ്ടാകും. 10.50 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക വഴി 3,87,576 ലക്ഷം രൂപ വേതനമായി ലഭ്യമാക്കുകയാണ് ലക്ഷ്യം.

ഈ പദ്ധതിയ്ക്കായി വകയിരുത്തിയ മൊത്തം തുകയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| സാമ്പത്തിക വിഹിതം (രൂപ ലക്ഷത്തിൽ) | | | | |
|---|---|---|---|---|
| | **ഘടകങ്ങൾ** | **കേന്ദ്ര വിഹിതം** | **സംസ്ഥാന വിഹിതം** | **ആകെ** |
| 1 | അവിദഗ്ധ തൊഴിൽ വേതനം<br>(100 ശതമാനം കേന്ദ്ര വിഹിതം) | 387576.00 | | 387576.00 |
| 2 | മെറ്റീരിയൽ ചെലവ്<br>(കേന്ദ്ര വിഹിതം: സംസ്ഥാന വിഹിതം 75:25) | 68805.00 | 22935.00 | 91740.00 |
| 3 | ഭരണ ചെലവ് (100 ശതമാനം കേന്ദ്ര വിഹിതം) | 24276.50 | | 24276.50 |
| 4 | മിഷനിലെ ഉദ്യോഗസ്ഥരുടെ ശമ്പള വിഹിതം (ഭരണ ചെലവിന്റെ കേന്ദ്രവിഹിതത്തിൽ അനുവദനീയമല്ലാത്ത ചെലവുകൾ നിർവ്വഹിക്കുന്നതിന് മാത്രം) - (100 ശതമാനം സംസ്ഥാന വിഹിതം) | 0.00 | 75.00 | 75.00 |
| 5 | ക്ലസ്റ്റർ ഫെസിലിറ്റേഷൻ പ്രൊജക്ട് (സി.എഫ്.പി) (100 ശതമാനം കേന്ദ്ര വിഹിതം) | 40.00 | | 40.00 |
| 6 | സോഷ്യൽ ഓഡിറ്റ് യൂണിറ്റ്<br>(100 ശതമാനം കേന്ദ്ര വിഹിതം) | 2700.00 | | 2700.00 |
| 7 | പ്രോജക്ട് ഉന്നതി പ്രകാരമുള്ള സ്റ്റൈപ്പൻഡ്<br>(100 ശതമാനം കേന്ദ്ര വിഹിതം) | 500.00 | | 500.00 |
| | **ആകെ** | **483897.50** | **23010.00** | **506907.50** |

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പദ്ധതിയിൽ രജിസ്റ്റർ ചെയ്യുതും, തൊഴിലിന് അപേക്ഷിച്ചതുമായ ഗുണഭോക്താക്കളിൽ 1/3 പേർ വനിതകളായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ, കേരളത്തിൽ, പദ്ധതിയുടെ ഗുണഭോക്താക്കളിൽ 90 ശതമാനത്തിൽ അധികം പേരും വനിതകളാണെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി 'ഹരിതകേരളം മിഷന്റെ' കീഴിൽ വരുന്നതാണ്.

2025-26-ൽ ഈ പദ്ധതിയുടെ കേന്ദ്ര വിഹിതമായി 483897.50 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**3. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 12000.00 ലക്ഷം രൂപ)**

ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമീണ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഏത് കാലാവസ്ഥയേയും പ്രതിരോധിക്കാൻ ശേഷിയുള്ളതും ഉന്നത ഗുണനിലവാരവുമുള്ളതുമായ റോഡുകൾ നിർമ്മിക്കുക എന്നതാണ് പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) പദ്ധതിയുടെ ലക്ഷ്യം. കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ) ആണ് പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനതല നോഡൽ ഏജൻസി. ഈ പദ്ധതിയ്ക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തുന്നു. 2025-26-ൽ ഈ പദ്ധതിയ്ക്കായി 12000.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**4. പി.എം.ജി.എസ്.വൈ - പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പി.എം - ജന്മൻ) - (60 ശതമാനം കേന്ദ്ര വിഹിതം)-പുതിയ പദ്ധതി**

**(വിഹിതം: 300.00 ലക്ഷം രൂപ)**

പ്രധാനമന്ത്രി ഗ്രാമ സഡക് യോജന - പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പി.എം-ജൻമൻ) പദ്ധതിയുടെ ലക്ഷ്യം, പ്രത്യേകിച്ച് ദുർബലരായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് (പി.വി.റ്റി.ജി) റോഡ് കണക്റ്റിവിറ്റി നൽകുക എന്നതാണ്. പ്രധാനമന്ത്രി ഗ്രാമ സഡക് യോജനയിൽ വിഭാവനം ചെയ്യുന്ന എല്ലാ മാനദണ്ഡങ്ങളും ഇതിലും ബാധകമായിരിക്കും. പാലക്കാട്, വയനാട് ജില്ലകളിലെ ട്രൈബൽ മേഖലകളിലാണ് ആദ്യ ഘട്ടത്തിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഡി.പി.ആർ തയ്യാറാക്കൽ, ഐ.ഇ.സി പരിപാടികൾ, റോഡ്/പാലം നിർമ്മാണം, അറ്റകുറ്റപ്പണികൾ, പുതുക്കൽ എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. 2025-26-കാലയളവിൽ പദ്ധതിക്കായി 300.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

### 5. പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ)-നീർത്തട ഘടകം (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 1500.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാർ 2015-16 ൽ സമഗ്ര നീർത്തട പരിപാലന പരിപാടിയെ പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയിൽ സംയോജിപ്പിക്കുകയുണ്ടായി. അതിനുശേഷം ഈ പരിപാടി പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയുടെ നീർത്തട ഘടകമായി നടപ്പിലാക്കി വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് വിഹിതം വകയിരുത്തുന്നത്. പി.എം.കെ.എസ്.വൈ 2.0 പുതുക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരം പുതിയ നീർത്തടങ്ങൾ ആരംഭിക്കുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു. കരട് മാർഗ്ഗനിർദ്ദേശത്തിൽ നിർദ്ദേശിച്ചിരിക്കുന്ന നിലവിലെ ചെലവ് മാനദണ്ഡം സമതല പ്രദേശത്തിന് ഹെക്ടറിന് 22,000 രൂപയും മലയോര മേഖലകൾക്ക് ഹെക്ടറിന് 28,000 രൂപയുമാണ്. മണ്ണ്, ജലം, പ്രകൃതിദത്ത ആവരണം, പ്രകൃതിദത്ത നീരുറവകൾ, പ്രകൃതിവിഭവങ്ങൾ എന്നിവ സംരക്ഷിച്ചും വികസിപ്പിച്ചും പരിസ്ഥിതി സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പങ്കാളിത്ത മാതൃകയിൽ പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണത്തിനായി പ്രകൃതിവിഭവ മാനേജ്മെന്റ്, ഉൽപ്പാദന സംവിധാനം, ഉപജീവന പ്രവർത്തനങ്ങൾ, സമൂഹത്തിനിടയിൽ ശേഷി വളർത്തൽ തുടങ്ങിയവ പദ്ധതിയുടെ ഗുണഫലമായി പ്രതീക്ഷിക്കുന്നു. മണ്ണൊലിപ്പ് തടയുക, പ്രകൃതിദത്ത സസ്യജാലങ്ങളുടെ പുനരുജ്ജീവനം, മഴവെള്ളസംഭരണം, ഭൂഗർഭജലം റീ-ചാർജ്ജ് ചെയ്യുക, നീരുറവകൾ പുനരുജ്ജീവിപ്പിക്കുക, സുസ്ഥിരമായ ഉപജീവനമാർഗ്ഗം പ്രദാനം ചെയ്യുക, വൈവിദ്ധ്യമാർന്ന കാർഷികാധിഷ്ഠിത പ്രവർത്തനങ്ങളെ ഏറ്റെടുക്കാൻ പ്രാപ്തരാക്കുക എന്നിവയാണ് പദ്ധതി വിഭാവനം ചെയ്യുന്ന പ്രധാന ലക്ഷ്യങ്ങൾ. ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകളിലൂടെ ഉൽപ്പാദനക്ഷമതയും ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയും മെച്ചപ്പെടുത്തി കർഷകരുടെ വരുമാനം ഇരട്ടിയാക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. 2025-26ൽ ലക്ഷ്യമിടുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, നീർത്തട വികസന പ്രവർത്തനങ്ങൾ, ഉപജീവന പ്രവർത്തനങ്ങളും മൈക്രോ സംരംഭങ്ങളും,, ഉൽപ്പാദന സംവിധാനം, ഏകീകരണ പ്രവർത്തനങ്ങൾ, എൻആർഎം - ഭരണച്ചെലവ്, ഭരണനിർവഹണം, നിരീക്ഷണം, മൂല്യനിർണ്ണയം എൻടി പോയിന്റ് പ്രവർത്തനങ്ങളുടെ നിർവ്വഹണം, സ്ഥാപനം, ശേഷി വർദ്ധിപ്പിക്കൽ പ്രവർത്തനങ്ങൾ എന്നിവയാണ്.. ഈ പദ്ധതിയിലെ പ്രകൃതി വിഭവ പരിപാലനവുമായി (എൻ.ആർ.എം) ബന്ധപ്പെട്ട ജോലികളുടെ ഒരു ഭാഗം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്. കേന്ദ്ര സർക്കാർ മുൻ വർഷങ്ങളിൽ അനുവദിച്ചതും, നിലവിൽ തുടർന്നുവരുന്നതുമായ പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്. ഹരിതകേരളം മിഷന്റെ' കീഴിൽ വരുന്നതാണ് ഈ പദ്ധതി. 2025-26-ൽ 1500.00 ലക്ഷം രൂപ ഈ പദ്ധതിയുടെ 60 ശതമാനം കേന്ദ്ര വിഹിതമായി ചുവടെ ചേർക്കും പ്രകാരം പ്രതീക്ഷിക്കുന്നു.

**പി.എം.കെ.എസ്.വൈ-നീർത്തട ഘടകത്തിന്റെ 2025-26 ൽ സാമൂഹ്യ വിഭാഗ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ** **(രൂപ ലക്ഷത്തിൽ)**

| വിഭാഗത്തിന്റെ പേര് | കേന്ദ്ര വിഹിതം (60%) | സംസ്ഥാന വിഹിതം (40%) |
|---|---|---|
| പൊതുവിഭാഗം | 1050.00 | 700.00 |
| എസ്.സി.എസ്.പി | 300.00 | 200.00 |
| റ്റി.എസ്.പി | 150.00 | 100.00 |
| **ആകെ** | **1500.00** | **1000.00** |

### 6. ന്യൂ ഇന്ത്യ സാക്ഷരതാ പരിപാടി (60 കേന്ദ്ര വിഹിതം)

**(വിഹിതം: 43.50 ലക്ഷം രൂപ)**

ന്യൂ ഇന്ത്യ സാക്ഷരതാ പരിപാടി 2020ലെ ദേശീയ വിദ്യാഭ്യാസ നയത്തിനോട് ചേർന്ന് മുതിർന്നവരുടെ വിദ്യാഭ്യാസത്തിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്നതിനായി 2022-27 കാലയളവിലേയ്ക്ക് ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. അടിസ്ഥാന സാക്ഷരതയും സംഖ്യാ സാക്ഷരതയും മാത്രമല്ല, നിർണായക ജീവിത നൈപുണ്യങ്ങൾ, തൊഴിലധിഷ്ഠിത നൈപുണ്യ വികസനം, അടിസ്ഥാന വിദ്യാഭ്യാസം, തുടർ വിദ്യാഭ്യാസം എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. 2025-26-കാലയളവിൽ "ന്യൂ ഇന്ത്യ സാക്ഷരതാ പരിപാടി" എന്ന പദ്ധതിക്ക് 60% കേന്ദ്ര വിഹിതമായി 43.50 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## 7. പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ (പി.എം.എ.വൈ-ജി-പൊതുവിഭാഗം) (60% കേന്ദ്ര വിഹിതം)

**(വിഹിതം: 8250.00 ലക്ഷം രൂപ)**

ജീർണ്ണാവസ്ഥയിലായതും വാസയോഗ്യമല്ലാത്തതുമായ വീടുകളിൽ താമസിക്കുന്നവർക്കും ഭവനരഹിത കുടുംബങ്ങൾക്കും 2024 ഓടുകൂടി അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഭവനങ്ങൾ നൽകുന്നതിനായി ഗ്രാമ വികസന മന്ത്രാലയം ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ (പി.എം.എ.വൈ-ജി). ആരോഗ്യപരമായ ചുറ്റപാടിൽ ഭക്ഷണം പാകം ചെയ്യുന്നതിനുള്ള സ്ഥലം ഉൾപ്പെടെ 25 ചതുരശ്രമീറ്ററാണ് ഒരു വീടിന്റെ ഏറ്റവും കുറഞ്ഞ വിസ്തൃതി. ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ധനസഹായം സമതല പ്രദേശങ്ങളിൽ 1.20 ലക്ഷം രൂപയും എത്തിപ്പെടുവാൻ പ്രയാസമേറിയ/മലയോര പ്രദേശങ്ങളിൽ 1.30 ലക്ഷം രൂപയും ആണ്. ഈ തുക 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വകയിരുത്തുന്നു. ഗുണഭോക്താവിന് താല്പര്യമെങ്കിൽ 70,000/- രൂപ വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കാനുള്ള സാധ്യതയുമുണ്ട്. 2011-ലെ സാമൂഹ്യ - സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ.സി.സി) വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

പി.എം.എ.വൈ-ജി വീടുകളിൽ ശൗചാലയങ്ങൾ നിർമ്മിക്കുക എന്നത് ഒരു അവിഭാജ്യ ഘടകമാണ്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) അല്ലെങ്കിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേനയോ മറ്റ് സാമ്പത്തിക സ്രോതസ്സ് മുഖേനയോ ഈ വീടുകൾക്ക് ശൗചാലയങ്ങൾ നൽകേണ്ടതാണ്. ശൗചാലയം കൂടി നിർമ്മിച്ചാൽ മാത്രമാണ് വീട് നിർമ്മാണം പൂർത്തിയാക്കിയതായി കണക്കാക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ഭവനനിർമ്മാണത്തിനുള്ള അവിദഗ്ധ തൊഴിലാളികളുടെ കാര്യത്തിൽ നിലവിലെ വേതനനിരക്കനുസരിച്ച് 90 തൊഴിൽ ദിനങ്ങൾ വരെ പ്രധാന മന്ത്രി ആവാസ് യോജന-ഗ്രാമീൺ പദ്ധതിയിലൂടെ ഗുണഭോക്താവിന് നിർബന്ധമായും വേതനം നല്കേണ്ടതാണ്.

കേന്ദ്രസർക്കാരിന്റെ വ്യവസ്ഥയനുസരിച്ച് വീടൊന്നിന്റെ ചെലവ് 1.20 ലക്ഷം രൂപ മാത്രമാണെങ്കിലും ലൈഫ് മിഷന്റെ നിരക്കിനെന്നപോലെ ഈ പദ്ധതിയിലും 4.00 ലക്ഷം രൂപ വരെ ധനസഹായം നൽകാൻ കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായി വരുന്ന അധിക തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25:40:35എന്ന അനുപാതത്തിൽ കണ്ടെത്തേണ്ടതാണ്. ഈ വിടവ് നികത്തുന്നതിനായി കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തഫണ്ടുകൾ ഉപയോഗപ്പെടുത്താനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്. കേന്ദ്രസർക്കാരിന്റെ മാർഗ്ഗരേഖ അനുസരിച്ച് ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. എന്നിരുന്നാലും ലൈഫിന്റെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്ക് മാത്രമെ 2025-26-ൽ ധനസഹായം നൽകുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വിധവകൾ/അവിവാഹിതർ/ഭർത്താവിൽ നിന്നും വേർപിരിഞ്ഞു താമസിക്കുന്നവർ എന്നിവർ ഒഴികെയുള്ളവർക്ക് ഭാര്യാഭർത്താക്കന്മാരുടെ പേരിൽ സംയുക്തമായി വീട് അനുവദിക്കാവുന്നതാണ്. സംസ്ഥാനത്തിന് വേണമെങ്കിൽ സ്ത്രീകൾക്ക് മാത്രമായിട്ടും വീട് അനുവദിച്ചു കൊടുക്കാവുന്നതാണ്. ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്കുവേണ്ടി സംവരണം ചെയ്തിരിക്കുന്ന വീടുകൾ അതാത് വ്യക്തികളുടെ പേരിൽതന്നെ അനുവദിക്കേണ്ടതാണ്. ആകെ വീടുകളുടെ 3 ശതമാനം ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു. ഈ പദ്ധതിയുടെ 90 ശതമാനം ഗുണഭോക്താക്കളും സ്ത്രീകൾ ആയിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2024-25 സാമ്പത്തിക വർഷം മുതൽ 2028-29 വരെ പിഎംഎവൈ-ജി അടുത്ത ഘട്ടത്തിലേക്ക് നീട്ടിയിട്ടുണ്ട്, പുതിയതും പരിഷ്കരിച്ചതുമായ ഒഴിവാക്കൽ മാനദണ്ഡങ്ങൾ ഉപയോഗിച്ച് അനുയോജ്യമായ ഗുണഭോക്താക്കളെ കണ്ടെത്തുകയാണ് ഈ ഘട്ടത്തിലെ ലക്ഷ്യം.

പുതിയ വീടുകൾ നിർമ്മിക്കുന്നതിനായി 2025-26-ൽ 8,250.00 ലക്ഷം രൂപ 60% കേന്ദ്ര വിഹിതമായി ചുവടെ ചേർക്കും വിധം പ്രതീക്ഷിക്കുന്നു.

**(തുക ലക്ഷത്തിൽ)**

| തദ്ദേശ ഭരണ സ്ഥാപനം | കേന്ദ്ര വിഹിതം (60%) | സംസ്ഥാന വിഹിതം (40%) | ആകെ |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 8250.00 | 5500.00 | 13750.00 |

8. **പ്രധാൻമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പി.എം.എ.വൈ-ജന്മൻ ) (പുതിയ പദ്ധതി) (60% കേന്ദ്ര വിഹിതം)**

**(വിഹിതം: 300.00 ലക്ഷം രൂപ)**

പ്രധാനമന്ത്രി ജനജാതി ആദിവാസി ന്യായ മഹാ അഭിയാൻ പദ്ധതി, പ്രത്യേകമായി പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ വിഭാഗങ്ങൾ നവീകരിക്കാൻ ലക്ഷ്യമിടുന്നു അത്യാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും പി. വി. ടി. ജി. വീടുകളും കോളനികളും അടിസ്ഥാന സൗകര്യങ്ങളാൽ മേച്ചപെടുത്തുകയും വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം, റോഡ്, ടെലികോം എന്നിവയിലേക്കുള്ള മെച്ചപ്പെട്ട പ്രവേശനം ഉറപ്പാക്കുകയും, സുസ്ഥിരമായ ഉപജീവന അവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ ആറ് ജില്ലകളായ തൃശ്ശൂർ, പാലക്കാട്, വയനാട്, മലപ്പുറം, കാസർഗോഡ്, കോഴിക്കോട് എന്നിവിടങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നു. ഗ്രാമവികസന മന്ത്രാലയം കേരളത്തിലെ തിരിച്ചറിഞ്ഞ ജില്ലകളിൽ താമസിക്കുന്ന പി. വി. ടി. ജി. കൾ സർവേ നടത്തി.

ഈ പദ്ധതിയുടെ ഭാഗമായി സമതല പ്രദേശങ്ങളിൽ ഓരോ വീടിനും 2 ലക്ഷം രൂപ യൂണിറ്റ് സഹായമായി നൽകും. ഈ തുക കേന്ദ്ര-സംസ്ഥാന സർക്കാർ 60:40 എന്ന അനുപാതത്തിൽ പങ്കിടും. ശൗചാലയത്തിന്റെ നിർമ്മാണം പി.എം.എ.വൈ.-ജെ.എ.എൻ.മൻ വീട് നിർമാണത്തിന്റെ അവിഭാജ്യ ഘടകമാക്കിയിരിക്കുന്നു. ശൗചാലയം നിർമിക്കുന്നതിനായി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), എം.ജി.എൻ.ആർ.ഇ.ജി.എസ് അല്ലെങ്കിൽ മറ്റ് ധനസ്രോതസ്സുകൾ വഴി സഹായം ലഭ്യമാക്കും. ശൗചാലയ നിർമ്മാണം പൂർത്തിയാകുമ്പോഴേ വീട് പൂർത്തിയായതായി കണക്കാക്കൂ.

പദ്ധതിയുടെ യൂണിറ്റ് ചെലവ് കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം 2 ലക്ഷം രൂപ മാത്രമാണെങ്കിലും, കേരള സർക്കാർ ഈ നിരക്ക് ലൈഫ് മിഷൻ നിരക്കിന് തുല്യമായി ഉയർത്താൻ തീരുമാനിച്ചു. നിരക്ക് 6 ലക്ഷം രൂപ ആക്കുന്നതിനാവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25:40:35 എന്ന അനുപാതത്തിൽ പങ്കിടുന്നു. എസ്.ടി വകുപ്പ് 1 ലക്ഷം രൂപ വീതം വകയിരുത്തും. ഈ വ്യത്യാസം നികത്താൻ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ) ഫണ്ടിന്റെ സാധ്യത പരിശോധിക്കും. ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയാണ് പദ്ധതി നടപ്പാക്കുക. എന്നിരുന്നാലും, എന്നാൽ 2025-26 വർഷത്തിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് മാത്രമാണ് സഹായം ലഭ്യമാക്കുന്നത്.

പുതിയ വീടുകൾ നിർമ്മിക്കുന്നതിനായി 2025-26-ൽ 300.00 ലക്ഷം രൂപ 60% കേന്ദ്ര വിഹിതമായി ചുവടെ ചേർക്കും വിധം പ്രതീക്ഷിക്കുന്നു.

**(തുക ലക്ഷത്തിൽ)**

| തദ്ദേശ ഭരണ സ്ഥാപനം | കേന്ദ്ര വിഹിതം 60% | സംസ്ഥാനവിഹിതം 40% | ആകെ |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 300.00 | 200.00 | 500.00 |

## 2.2 സാമൂഹ്യ വികസനവും പഞ്ചായത്തുകളും

1. **സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 1125.00 ലക്ഷം രൂപ)**

കേന്ദ്ര സർക്കാർ നിർമ്മൽ ഭാരത് അഭിയാൻ എന്ന പദ്ധതി പുനരാവിഷ്കരിക്കുകയും സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന പേരിൽ പുനർനാമകരണം ചെയ്ത് 2014 ഒക്ടോബർ 2 മുതൽ നടപ്പിലാക്കി വരുകയും ചെയ്യുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് പദ്ധതിവിഹിതം വകയിരുത്തുന്നത്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ഗ്രാമീണ മേഖലയിലെ പൊതു ജീവിതനിലവാരം മെച്ചപ്പെടുത്തൽ, ശുചിത്വവുമായി ബന്ധപ്പെട്ട് പ്രാദേശിക സർക്കാരുകൾക്ക് നിലവിലുള്ള വിടവുകൾ കണ്ടെത്തുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നല്കുക, ശുചിത്വഭാരതം എന്ന ലക്ഷ്യം നേടുന്നതിനായി ശുചിത്വ പ്രവർത്തനങ്ങൾ മുഴുവൻ ഗ്രാമീണ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുകയും എല്ലാ ഗ്രാമപഞ്ചായത്തുകളും വെളിയിട വിസർജ്ജന വിമുക്ത (ഒ.ഡി.എഫ്) പദവി നിലനിർത്തുകയും ചെയ്യുക, ബോധവല്ക്കരണ പരിപാടികളിലൂടെയും ആരോഗ്യ വിദ്യാഭ്യാസത്തിലൂടെയും അനുയോജ്യമായ മാലിന്യ നിർമ്മാർജ്ജനവും ശുചിത്വവും ഉൾപ്പെടെയുള്ള സ്ഥായിയായ ശുചീകരണ സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന് പൊതുസമൂഹത്തിനും പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്കും പ്രചോദനം

നൽകൽ, സ്വച്ഛ് സർവേക്ഷൻ സർവേയുടെ ഭാഗമായി കണ്ടെത്തിയ വിടവുകൾ നികത്തുന്നതിനായി ഓരോ പ്രാദേശിക സർക്കാർ തലത്തിലും ബഞ്ച്മാർക്കുകൾ നിശ്ചയിക്കുക എന്നിവയാണ്.

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ, കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മാണം, ഖരമാലിന്യ സംസ്കരണം, ഗ്രേ വാട്ടർ മാനേജ്മെന്റ്, പ്ലാസ്റ്റിക് മാലിന്യ സംസ്കരണം, ഗോബർദൻ, ഫീക്കൽ സ്ലഡ്ജ് മാനേജ്മന്റ്, വിവര വിദ്യാഭ്യാസ ആശയവിനിമയവും ശേഷി വർദ്ധിപ്പിക്കലും ഭരണപരമായ ചെലവ് എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു.

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസികൾ, ത്രിതല പഞ്ചായത്ത് സംവിധാനത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവര-വിദ്യാഭ്യാസ-വിനിമയ പ്രവർത്തനങ്ങൾ നടത്തുന്ന ചുമതല സംസ്ഥാന തലത്തിൽ ശുചിത്വമിഷനും ജില്ലാതലത്തിൽ ജില്ലാ ശുചിത്വ മിഷനുകളുമാണ്. കേരളം വെളിയിട വിസർജ്ജന വിമുക്ത (ഒ.ഡി.എഫ്) പദവി നേടിയിട്ടുണ്ടെങ്കിലും 2018-ലും 2019-ലും സംസ്ഥാനത്തെ ബാധിച്ച അപ്രതീക്ഷിത പ്രളയവും മണ്ണിടിച്ചിലും കാരണം നിരവധി കുടുംബ-സാമൂഹ്യ-സ്ഥാപന തലങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ തകരാറിലായിട്ടുണ്ട്. പുതിയ നിർമ്മാണം മാത്രമാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതെങ്കിലും പ്രളയത്തിൽ നഷ്ടപ്പെട്ട കുടുംബ-സാമൂഹ്യ-സ്ഥാപന തലങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ 2025-26-ൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ പുനർ നിർമ്മിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

**സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ 2025-26ലെ വിഭാഗം അടിസ്ഥാനത്തിലുള്ള വിവരങ്ങൾ**

| വിഭാഗത്തിന്റെ പേര് | കേന്ദ്ര വിഹിതം 60% (രൂപ ലക്ഷത്തിൽ) | സംസ്ഥാനവിഹിതം 40% (രൂപ ലക്ഷത്തിൽ) |
|---|---|---|
| പൊതുവിഭാഗം | 922.50 | 615.00 |
| എസ്.സി.എസ്.പി | 168.75 | 112.50 |
| റ്റി.എസ്.പി | 33.75 | 22.50 |
| **ആകെ** | **1125.00** | **750.00** |

ഈ പദ്ധതി 'ഹരിതകേരളം മിഷനിൽ' ഉൾപ്പെടുന്നു. 2025-26 ൽ 1125.00 ലക്ഷം രൂപ ഈ പദ്ധതിയുടെ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**2. രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 1050.00 ലക്ഷം രൂപ)**

മുമ്പുണ്ടായിരുന്ന രാജീവ് ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാന്റെ (ആർ.ജി.പി.എസ്.എ) പരിഷ്കരിച്ച പതിപ്പായ രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ). സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) നേടി എടുക്കുന്നതിനായി പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണശേഷി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രാദേശിക പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരങ്ങൾ കാണുന്നതിനായി ലഭ്യമായ ഉറവിട സ്രോതസ്സുകളെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുക, എസ്.ഡി.ജി.യുമായി പങ്കാളിത്ത പദ്ധതികൾക്ക് പ്രേരണയാകുന്ന സാങ്കേതിക വിദ്യ തയ്യാറാക്കുക, പ്രാദേശിക വികസന ആവശ്യങ്ങൾക്കനുസൃതമായി പ്രാദേശികഭരണസ്ഥാപനങ്ങളെ കൂടുതൽ ഉത്തരവാദിത്തമുള്ളവരാക്കുന്ന രീതിയിൽ കാര്യശേഷി വികസിപ്പിക്കുക എന്നിവയും ഇതിന്റെ ലക്ഷ്യങ്ങളാണ്. ജനറൽ ഓറിയന്റേഷൻ/റിഫ്രഷർ പ്രോഗ്രാം, പരിശീലനം, പഞ്ചായത്ത് വികസന പദ്ധതി, തീമാറ്റിക് പരിശീലനം, സ്പെഷ്യലൈസ്ഡ് പരിശീലനം, മറ്റ് പരിശീലനങ്ങളും പ്രവർത്തനങ്ങളും, സംസ്ഥാന/ജില്ല/ബ്ലോക്കിലെ പഞ്ചായത്ത് റിസോ ് സെന്ററിനുള്ള ഇൻസ്റ്റിറ്റ്യൂഷണൽ ഇൻഫ്രാസ്ട്രക്ചർ, ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും പരിശീലന സൗകര്യങ്ങളും ഉപകരണങ്ങളും വാടകയ്ക്കെടുക്കൽ എസ്.പി.ആർ.സി/ഡി.പി.ആർ.സി/ബി.പി.ആർ.സിയ്ക്കുള്ള ആവർത്തന ചെലവ് ഉൾപ്പെടെയുള്ള സ്ഥാപന ഘടന, സാറ്റ്കോം അല്ലെങ്കിൽ ഐപി അധിഷ്ഠിത സാങ്കേതികവിദ്യ വഴിയുള്ള വിദൂര പഠന സൗകര്യം, സംസ്ഥാന/ജില്ല/ബ്ലോക്കിലെ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ്, നൂതന പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, പ്രോജക്ട് വരുമാന വികസനത്തിനും വരുമാന വർദ്ധനയ്ക്കുമുള്ള അടിസ്ഥാന പിന്തുണ, വിവരങ്ങൾ, വിദ്യാഭ്യാസം, ആശയവിനിമയം (ഐഇസി), പ്രോഗ്രാം മാനേജ്മെന്റ് എന്നിവയാണ് മറ്റു പ്രവർത്തനങ്ങൾ.

2025-26-ൽ ആർജിഎസ്എ പദ്ധതിയുടെ ജനറൽ, എസ്.സി.പി, ടി.എസ്.പി ഘടകങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ.

പദ്ധതിയുടെ 2025-26 ലെ വിഭാഗം അടിസ്ഥാനത്തിലുള്ള വിവരങ്ങൾ (രൂപ ലക്ഷത്തിൽ)

| വിഭാഗം | കേന്ദ്ര വിഹിതം (60% ) | സംസ്ഥാനവിഹിതം (40%) |
|---|---|---|
| ജനറൽ | 937.65 | 625.1 |
| എസ്.സി.എസ്.പി | 95.55 | 63.7 |
| റ്റി.എസ്.പി | 16.8 | 11.2 |
| **ആകെ** | **1050.00** | **700.00** |

2025-26-ൽ 60 ശതമാനം കേന്ദ്ര വിഹിതമായി 1050.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് പ്രതീക്ഷിക്കുന്നു.

## 2.5 സാമൂഹിക നീതി പ്രോഗ്രാം-നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാം - (എൻ.എസ്.എ.പി)

### 1. ദേശീയ സാമൂഹ്യ സഹായ പദ്ധതി (എൻ.എസ്.എ.പി) (100% കേന്ദ്ര വിഹിതം)

**(വിഹിതം: 30046.00 ലക്ഷം രൂപ)**

കേന്ദ്രസർക്കാരിന്റെ ഒരു സുപ്രധാന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ സാമൂഹ്യ സഹായ പദ്ധതി (എൻ.എസ്.എ.പി). ഇത് ഗ്രാമ-നഗരപ്രദേശങ്ങളിൽ നടപ്പാക്കിവരുന്നു. ദരിദ്ര കുടുംബങ്ങളിലെ അംഗങ്ങൾക്ക് വാർദ്ധക്യം, അംഗവൈകല്യം, വൈധവ്യം, കുടുംബനാഥൻ/നാഥയുടെ മരണം തുടങ്ങിയ സാഹചര്യങ്ങളിൽ ദേശീയ സാമൂഹ്യ സഹായ പദ്ധതിയിലൂടെ സഹായം നൽകുന്നു. ദേശീയ സാമൂഹ്യ സഹായ പദ്ധതിയുടെ അഞ്ച് ഘടകങ്ങൾ താഴെ പറയുന്നവയാണ്.

i. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി
ii. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ പദ്ധതി
iii. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി
iv. ദേശീയ കുടുംബ ആനുകൂല്യ പദ്ധതി
v. അന്നപൂർണ്ണ പദ്ധതി

ഇതിൽ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ പദ്ധതി, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി എന്നിവ പ്ലാനിൽ ചുവടെ ചേർക്കും പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തദ്ദേശ ഭരണ സ്ഥാപനങ്ങൾ | കേന്ദ്ര വിഹിതം (100%) (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി | 15672.20 |
| 2 | ദേശീയ വിധവാ പെൻഷൻ പദ്ധതി | 13658.71 |
| 3 | ദേശീയ വികലാംഗ പെൻഷൻ പെൻഷൻ പദ്ധതി | 715.09 |
| | **ആകെ** | **30046.00** |

2025-26-ൽ 100 ശതമാനം കേന്ദ്ര വിഹിതമായി 30046.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് പ്രതീക്ഷിക്കുന്നു.

# IV. ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും

## 4.2. ചെറുകിട ജലസേചനം

### ഉപരിതല ജലവികസനം

**1. പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 150.00 ലക്ഷം രൂപ)**

പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന എന്ന പദ്ധതി 2015-16 കാലയളവിലാണ് കേന്ദ്ര സർക്കാർ ആരംഭിച്ചത്. ജലസേചനം, കൃഷി, മണ്ണ് സംരക്ഷണം, ഭൂഗർഭജല വികസനം, ഗ്രാമവികസനം എന്നിവയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് ആയിരുന്നു ആരംഭിച്ചത്. ഫീൽഡ് തലത്തിൽ ജലസേചന മേഖലയിലെ നിക്ഷേപങ്ങളുടെ സംയോജനം ആയിരുന്നു പദ്ധതി പ്രധാനമായും ലക്ഷ്യമിട്ടത്. കേന്ദ്രസംസ്ഥാന സർക്കാരുകൾ ഈ പദ്ധതിക്ക് വേണ്ടി തുക വകയിരുത്തുന്നത് 60:40 എന്ന അനുപാതത്തിലാണ്. ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിലൂടെ ജലസേചനസാദ്ധ്യതാ പ്രദേശങ്ങളും നിലവിലെ ജലസേചിത പ്രദേശങ്ങളും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ട് ജലസേചിത പ്രദേശങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 2025-26 ബജറ്റിൽ 150.00 ലക്ഷം രൂപ 60 ശതമാനം പ്രതീക്ഷിത കേന്ദ്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ പരമാവധി വിനിയോഗമാണ് ലക്ഷ്യമിടുന്നത്.

# VI വ്യവസായവും ധാതുക്കളും

## 6.1 ഗ്രാമ ചെറുകിട വ്യവസായങ്ങൾ

### പി.എം. ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് -പിഎംഎഫ്എംഇ (കേന്ദ്രാവിഷ്കൃത പദ്ധതി -60:40)

**( കേന്ദ്ര വിഹിതം: 1200.00 ലക്ഷം രൂപ)**

ആത്മ നിർഭർ ഭാരത് അഭിയാന്റെ ഭാഗമായി നിലവിലുള്ള മൈക്രോ ഫുഡ് പ്രോസസ്സിംഗ് സംരംഭങ്ങളുടെ നവീകരണത്തിന് സാമ്പത്തിക, സാങ്കേതിക, ബിസിനസ് സഹായങ്ങൾ നൽകുന്നതിനായി ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം സംസ്ഥാന സർക്കാരുകളുമായി സഹകരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതിയായ പിഎംഎഫ്എംഇ ആരംഭിച്ചു. പദ്ധതിയുടെ ലക്ഷ്യങ്ങൾ ഇവയാണ്: 1. നവീകരണത്തിനും ഔപചാരികവൽക്കരണത്തിനുമുള്ള മൂലധന നിക്ഷേപത്തിനുള്ള പിന്തുണ 2. കാര്യശേഷി വർദ്ധിപ്പിക്കലും, ഗുണനിലവാരം മെച്ചപ്പെടുത്തലും 3. ബിസിനസ്, സാമ്പത്തിക സഹായ സേവനങ്ങൾക്കുള്ള ഹാൻഡ്ഹോൾഡിംഗ് പിന്തുണ 4. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്.പി.ഒകൾ), സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്ജി കൾ) സഹകരണസംഘങ്ങൾ എന്നിവയ്ക്കുള്ള മാർക്കറ്റിംഗ്, മൂലധന നിക്ഷേപ പിന്തുണ സഹായം എന്നിവ നൽകുകയാണ്.

സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35 ശതമാനം വരെ നൽകിക്കൊണ്ട് വായ്പാ ബന്ധിത സബ്സിഡി പിന്തുണ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിൽ വിപുലീകരണത്തിനും ആധുനികവൽക്കരണത്തിനുമായി പരമാവധി 10.00 ലക്ഷം രൂപവരെ നൽകാവുന്നതാണ്. തിരിച്ചറിയപ്പെട്ടിട്ടുള്ള കാർഷിക ക്ലസ്റ്ററുകൾ, മത്സ്യബന്ധന ക്ലസ്റ്ററുകൾ, ക്ഷീരകർഷകർ, കോഴി വളർത്തൽ, മറ്റ് അനുബന്ധ വിഭാഗങ്ങൾ എന്നീ മേഖലകളിലെ പെട്ടെന്ന് നശിക്കുന്ന ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തന മൂലധനം, ചെറിയ ഉപകരണങ്ങൾ, മുൻപിൻ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ഗ്രാന്റ്, പൊതു അടിസ്ഥാന സൗകര്യങ്ങൾ, പാക്കേജിംഗ്, ബ്രാൻഡിംഗ്, മാർക്കറ്റിംഗ് തുടങ്ങിയവയ്ക്കുള്ള പിന്തുണ എന്നിവ ഈ പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്നു.

2020-21 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിൽ ഈ പദ്ധതി നടപ്പാക്കും. 60:40 എന്ന അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ പദ്ധതി ചെലവ് വഹിക്കും. പിഎംഎഫ്എംഇ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം 2020-21 ആദ്യ വർഷത്തിലെ 100 ശതമാനം ചെലവ് കേന്ദ്ര സർക്കാർ വഹിക്കും. സംസ്ഥാനത്തിന്റെ അംഗീകൃത പദ്ധതി നിർവഹണ രൂപരേഖയെ (പിഐപി) അടിസ്ഥാനമാക്കിയാണ് പദ്ധതിക്ക് കീഴിലുള്ള ഫണ്ട് നൽകുന്നത്.

2025-26 ബഡ്ജറ്റിൽ **1200.00** ലക്ഷം രൂപ കേന്ദ്ര വിഹിതം പ്രതീക്ഷിക്കുന്ന പദ്ധതിക്ക് 800.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

# VIII. ശാസ്ത്രവും, സാങ്കേതിക വിദ്യയും, പരിസ്ഥിതിയും

## 8.2 ആവാസവ്യവസ്ഥയും പരിസ്ഥിതിയും

### 1. സംസ്ഥാന തണ്ണീർത്തട അതോറിറ്റി, കേരള (SWAK)( കേന്ദ്ര വിഹിതം 60 ശതമാനം)

**(വിഹിതം: 90.00 ലക്ഷം രൂപ)**

കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി സംസ്ഥാനത്തിനുള്ളിലെ തണ്ണീർത്തട സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. തദ്ദേശസ്ഥാപനങ്ങൾ, എൻ.ജി.ഒ കൾ, മറ്റ് ഏജൻസികൾ എന്നിവയുടെ പ്രവർത്തനങ്ങളെ ക്രമീകരിച്ച് ഏകോപന പ്രവർത്തനത്തിലൂടെ ആവാസ വ്യവസ്ഥയുടെ തനതായ ജൈവവൈവിദ്ധ്യസംരക്ഷണ നയങ്ങൾ നടപ്പിലാക്കുകയും അതു വഴി സംസ്ഥാനത്തെ തണ്ണീർത്തടങ്ങളെ പുനരുദ്ധരിക്കുകയും, സംരക്ഷിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. വേമ്പനാട്-കോൾ, അഷ്ടമുടി, ശാസ്താംകോട്ട എന്നീ തണ്ണീർത്തടങ്ങളുടെ അംഗീകൃത സംയോജിത പരിപാലന കർമ്മപദ്ധതികളുടെ അടിസ്ഥാനത്തിൽ തണ്ണീർത്തടങ്ങളുടെ പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പാക്കുകയാണ് പ്രധാന ലക്ഷ്യം. റാംസർ തണ്ണീർത്തടങ്ങൾക്കായുള്ള പരിപാലന-ആസൂത്രണം പ്രധാനമായും സ്ഥാപനങ്ങൾ, ഭരണനിർവ്വഹണം, വൃഷ്ടി സംരക്ഷണം, ജല പരിപാലനം, ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര ഉപജീവന മാർഗ്ഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്.

വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട ഉടങ്ങിയ തണ്ണീർത്തടങ്ങളെ സംബന്ധിച്ച പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. 2025-26 ൽ 60 ശതമാനം കേന്ദ്ര വിഹിതമായി 90.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

# IX. സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ

## 9. I. പൊതു വിദ്യാഭ്യാസം

### എ വിദ്യാഭ്യാസം സ്കൂൾ .

### 1. സമഗ്ര ശിക്ഷാ അഭിയാൻ (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 51000.00 ലക്ഷം രൂപ)**

സർവശിക്ഷാ അഭിയാൻ (എസ്എസ്എ), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർഎംഎസ്എ), അധ്യാപക വിദ്യാഭ്യാസത്തിനായുള്ള കേന്ദ്ര പദ്ധതികൾ എന്നിവ സംയോജിപ്പിച്ച് സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതി ഭാരത സർക്കാർ ആരംഭിച്ചു. റസിഡൻഷ്യൽ സ്കൂളുകളുടെ/ഹോസ്റ്റലുകളുടെ നിർമ്മാണം/ബലപ്പെടുത്തൽ, സൗജന്യ യൂണിഫോം, സൗജന്യ പാഠപുസ്തകങ്ങൾ, ഗതാഗത സൗകര്യം, വിവിധ തരത്തിലുള്ള പരിശീലനങ്ങൾ, എസ്സിപിസിആറിനുള്ള പിന്തുണ, മീഡിയ, കമ്മ്യൂണിറ്റി മൊബിലൈസേഷൻ, നൂതന പ്രവർത്തനങ്ങൾ, പ്രോജക്ട് കലാ ഉത്സവ്, ബാൻഡ് മത്സരം, അടിസ്ഥാന സാക്ഷരതയും സംഖ്യാശാസ്ത്രവും, പഠന മെച്ചപ്പെടുത്തൽ പരിപാടി (LEP), ദേശീയ-സംസ്ഥാന തലത്തിലുള്ള വിലയിരുത്തൽ, വാർഷിക ഗ്രാന്റ്, ലൈബ്രറി, രാഷ്ട്രീയ ആവിഷ്കർ അഭിയാൻ (RAA), ഐ,സി.റ്റി, ഡിജിറ്റൽ സംരംഭങ്ങൾ, പ്രീ-പ്രൈമറി തലത്തിലുള്ള പിന്തുണ, ബി.ആർ.സികളുടെയും സി.ആർ.സികളുടെയും വികസനം, അധ്യാപക ശമ്പളം, കെ,ജി.ബി.വി, പെൺകുട്ടികൾക്കുള്ള സ്വയം പ്രതിരോധ പരിശീലനം, പെൺകുട്ടികൾക്കുള്ള പ്രത്യേക പ്രോജക്ട്, തുല്യതക്കുള്ള പ്രത്യേക പ്രോജക്ട്, പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്കുള്ള സഹായം, സ്പോർട്സിനും കായിക വിദ്യാഭ്യാസത്തിനുമുള്ള സഹായം, മോണിറ്ററിംഗ് ഇൻഫർമേഷൻ സിസ്റ്റം (MIS), പ്രോഗ്രാം മാനേജ്മെന്റ്, VHSE ടീച്ചർ എഡ്യൂക്കേഷൻ, ആദ്യ വർഷങ്ങളിലെ വിദ്യാഭ്യാസം ശക്തിപ്പെടുത്തൽ, മെച്ചപ്പെട്ട പഠന മൂല്യനിർണ്ണയ സംവിധാനം, അധ്യാപക പ്രകടനവും ക്ലാസ് റൂം പരിശീലനവും മെച്ചപ്പെടുത്തൽ, ശക്തിപ്പെടുത്തിയ സേവന വിതരണം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും പരിശീലനവും, ഗുണ നിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനും വിദ്യാർത്ഥികളുടെ പഠന ഫലങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഉള്ള സ്ട്രെങ്ത്തനിംഗ് ടീച്ചിംഗ് - ലേർണിംഗ് ആൻഡ് റിസൽട്ട് ഫോർ സ്റ്റേറ്റ്സ് (സ്റ്റാർസ്), പി.എം. ജന്മൻ എന്നിവയും മറ്റ് നിലവിലുള്ള പ്രോഗ്രാമുകളുമാണ് 2025-26 ൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ.

2025–26 – ലെ പദ്ധതി നടത്തിപ്പിലേക്കായി 5500.00 ലക്ഷം രൂപയാണ് സംസ്ഥാനവിഹിതമായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും നീക്കിവെച്ചിരിക്കുന്നത്. ബാക്കിയുള്ള തുക പ്രാദേശിക ഭരണകൂടങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും നീക്കി വെക്കും. 2025–26 വർഷത്തിൽ 51000.00 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**2. ഉച്ചഭക്ഷണ പരിപാടി (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 22500.00 ലക്ഷം രൂപ)**

കുട്ടികളുടെ സ്കൂൾ പ്രവേശനം വർദ്ധിപ്പിക്കുക, പ്രവേശനം നേടിയ കുട്ടികളുടെ സ്കൂളുകളിലെ ഹാജർനില വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1995 ആഗസ്റ്റ് പതിനഞ്ചാം തീയതി പ്രാഥമിക വിദ്യാഭ്യാസത്തിന് പോഷകാഹാര സഹായം (എൽ.പി.–എൻ.എസ്.പി.ഇ) എന്ന പദ്ധതി രാജ്യത്തെ 2408 ബ്ലോക്കുകളിൽ ആരംഭിക്കുകയുണ്ടായി. 1997–98 വർഷത്തോടുകൂടി ഈ പദ്ധതി രാജ്യത്തെ എല്ലാ ബ്ലോക്കുകളിലും വ്യാപിപ്പിക്കുകയുണ്ടായി. 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ, സർക്കാർ എയ്ഡഡ്, തദ്ദേശഭരണ സ്ഥാപന സ്കൂളുകളിലെ കുട്ടികളെ കൂടാതെ ഇ.ജി.എസ്., എ.ഐ.ഇ കേന്ദ്രങ്ങളിൽ പഠിക്കുന്ന കുട്ടികളെ കൂടി ഉൾക്കൊള്ളുന്ന രൂപത്തിൽ ഈ പദ്ധതി 2002–ൽ വിപുലപ്പെടുത്തുകയുണ്ടായി. 2008–09 അക്കാദമിക് വർഷം മുതൽ അപ്പർ പ്രൈമറി സ്കൂൾ കുട്ടികളെയും കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 6 മുതൽ 14 വയസ് വരെയുള്ള കുട്ടികളുടെ പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുന്നതിനാണ് ഈ പരിപാടി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

2025–26 വർഷത്തിൽ 22500.00 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**3.ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (ഡയറ്റ് ) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 900.00 ലക്ഷം രൂപ)**

1986–ലെ ദേശീയ വിദ്യാഭ്യാസ നിയമമനുസരിച്ച് ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം 100 ശതമാനം കേന്ദ്രവിഹിതം ലഭിക്കുന്ന പദ്ധതിയായിരുന്നു. 2015–16 മുതൽ ഡയറ്റിന്റെ ധനസഹായ അനുപാതം 60:40 എന്ന രീതിയിലേക്ക് മാറി. സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾക്കും, പരിശീലനത്തിനും അറിവ് മെച്ചപ്പെടുത്തുന്നതിനും ഒരു അക്കാദമിക–സാങ്കേതിക റിസോ ് ഉണ്ടാക്കുന്നതിനും, സ്കൂൾ അധ്യാപകർക്ക് കമ്പ്യൂട്ടർ–അധ്യയന രീതിയിൽ വൈദഗ്ധ്യം ഉണ്ടാക്കിയെടുക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

2025–26 വർഷത്തിൽ 900.00 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**ബി. ഉന്നതവിദ്യാഭ്യാസം**

1. **രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 4500.00 ലക്ഷം രൂപ)**

സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തിൽ നിന്നും ധന സഹായം ലഭ്യമാക്കുന്നതിനുള്ള അവസരം ഒരുക്കിക്കൊണ്ട് ഭാരതസർക്കാർ ആവിഷ്കരിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ). പദ്ധതികൾ തയ്യാറാക്കുന്നതിലേക്കുവേണ്ടി സർക്കാരിന്റെ കീഴിൽ ഒരു പ്രോജക്ട് ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. റൂസ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഫണ്ടിന്റെ കേന്ദ്ര–സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാന തലത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ആസൂത്രിത വികസനത്തിലൂടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രവേശനവും തുല്യതയും ഗുണനിലവാരവും മെച്ചപ്പെടുത്തുക എന്നതാണ് റൂസയുടെ ലക്ഷ്യങ്ങൾ. കോളേജുകൾക്കും സർവ്വകലാശാലകൾക്കും പശ്ചാത്തല വികസന സഹായം, ഗവേഷണം, നവീകരണവും ഗുണനിലവാരവും മെച്ചപ്പെടുത്തൽ, ഇക്വിറ്റി സംരംഭങ്ങൾ, പ്രിപ്പറേറ്ററി, എംഎംഇആർ (മാനേജ്മെന്റ്, മോണിറ്ററിംഗ്, ഇവാല്യവേഷൻ ആൻഡ് റിസർച്ച്) ഗ്രാന്റ്, നിലവിലുള്ള മോഡൽ ഡിഗ്രി കോളേജുകളുടെ നവീകരണം, തിരഞ്ഞെടുത്ത സ്വയംഭരണ കോളേജുകളിലെ മികവും

ഉണനിലവാരവും വർധിപ്പിക്കൽ എന്നിവയാണ് ഈ പദ്ധതിക്ക് കീഴിൽ വരുന്ന പ്രധാന ഘടകങ്ങൾ.

2025-26 വർഷത്തിൽ 4500.00 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

**2. സംസ്ഥാനതല NSS സെൽ (100% കേന്ദ്ര വിഹിതം)**

**(വിഹിതം : 110.00 ലക്ഷം രൂപ)**

കേരളത്തിലെ സർവ്വകലാശാലകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുംനടക്കുന്ന നാഷണൽ സർവീസ് സ്കീം പ്രവർത്തനങ്ങൾക്കുള്ള, ചെലവ് വഹിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയാണ്. സംസ്ഥാനതല NSS സെല്ലിന്റെ പ്രവർത്തനത്തിനായി, 2025-26 കാലയളവിൽ 100% കേന്ദ്രസഹായമായി 110.00 ലക്ഷം രൂപ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## 9.5 വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും

**ആരോഗ്യ സേവനങ്ങൾ**

**നാഷണൽ ഹെൽത്ത് മിഷൻ**

**1.ദേശീയ ആരോഗ്യ ദൗത്യം (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 69780.00 ലക്ഷം രൂപ)**

ഭാരത സർക്കാരിലെ ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന്റെ പദ്ധതിയായ നാഷണൽ ഹെൽത്ത് മിഷൻ നടപ്പിലാക്കുന്നതിനുള്ള പ്രോഗ്രാം നടപ്പിലാക്കൽ പദ്ധതി പ്രകാരം സംസ്ഥാനങ്ങൾക്കായി അഞ്ച് ധനസഹായ ഘടകങ്ങൾ ഉണ്ട്. ഇവ:

(i) എൻ.ആർ.എച്ച്.എം/ആർ.സി.എച്ച്. ഫ്ലക്സിപൂൾ
(ii) എൻ.യു.എച്ച്.എം. ഫ്ലക്സിപൂൾ
(iii) സാംക്രമിക രോഗങ്ങൾക്കുള്ള ഫ്ലക്സിപൂൾ
(iv) സാംക്രമികേതര രോഗങ്ങൾ, അപകടങ്ങൾ, അടിയന്തിര വൈദ്യസഹായം എന്നിവയ്ക്കുള്ള ഫ്ലക്സിപൂൾ
(v) ഇൻഫ്രാസ്ട്രക്ച്ചർ മെയിന്റനൻസ്

കുടുംബക്ഷേമ പരിപാടികൾ എന്ന ഘടകം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നാഷണൽ റൂറൽ ഹെൽത്ത് മിഷനും നാഷണൽ അർബൻ ഹെൽത്ത് മിഷനും നാഷണൽ ഹെൽത്ത് മിഷന്റെ രണ്ട് ഉപഘടകങ്ങളാണ്. കേന്ദ്ര സർക്കാരും കേരള സർക്കാരും 60:40 എന്ന അനുപാതത്തിലാണ് തുക വിനിയോഗിക്കുന്നത്. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക കേന്ദ്രസർക്കാരിന്റെ പദ്ധതി നടപ്പിലാക്കൽ നിർദേശങ്ങളനുസരിച്ചും 2025-26 വർഷത്തിലെ കേന്ദ്ര വിഹിതത്തിനനുസരിച്ചും മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ. 2025-26 സാമ്പത്തിക വർഷത്തിൽ 69780.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. ഇൻഫ്രാസ്ട്രക്ച്ചർ മെയിന്റനൻസ് (v) എന്ന ഘടകത്തിന് ഭരണവും നടത്തിപ്പും (സംസ്ഥാന ജില്ലാ തലങ്ങളിൽ കുടുംബക്ഷേമ ബ്യൂറോകൾ), സബ് സെന്ററുകൾ, നഗര കുടുംബക്ഷേമ കേന്ദ്രങ്ങൾ, അർബൻ റീവാബിംഗ് സ്കീം, എ.എൻ.എം/എൽ.എച്ച്.വി. ട്രെയിനിംഗ് സ്കൂൾ, ആരോഗ്യ കുടുംബ ക്ഷേമ ട്രെയിനിംഗ് സെന്റർ, പുരുഷ തൊഴിലാളികളുടെ പരിശീലനം എന്നീ പ്രവർത്തനങ്ങൾക്കാണ് തുക അനുവദിക്കുന്നത്. 2025-26 സാമ്പത്തിക വർഷത്തിൽ 69780.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീഷിക്കുന്നു. ഇതിൽ ഇൻഫ്രാസ്ട്രക്ച്ചർ മെയിന്റനൻസ് (v) എന്ന ഘടകത്തിന് (കുടുംബക്ഷേമ പരിപാടികൽ) കേന്ദ്ര വിഹിതമായ 15000.00 ലക്ഷം രൂപ ഉൾപ്പെടുന്നു.

**2. പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ആരോഗ്യ അടിസ്ഥാനസൗകര്യ മിഷൻ (പി.എം .– അഭിം) (60% കേന്ദ്ര വിഹിതം)**

**(വിഹിതം: 3750.00 ലക്ഷം രൂപ)**

പി.എം. ആയുഷ്മാൻ ഭാരത് ആരോഗ്യ അടിസ്ഥാനസൗകര്യ മിഷൻ കേന്ദ്രമേഖല ഘടകങ്ങളുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് (സി.എസ്.എസ്). ദേശീയ ആരോഗ്യ ദൗത്യത്തിന്റെ നിലവിലുള്ള ചട്ടക്കൂടുകളും സ്ഥാപനങ്ങളും സംവിധാനങ്ങളും ഉപയോഗിച്ച് പി.എം.– അഭിം –ന്റെ സിഎസ്എസ് ഘടകങ്ങൾ നടപ്പിലാക്കും. ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം നൽകുന്ന പി.എം.–അഭിം മാർഗ്ഗനിർദ്ദേശങ്ങളും കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുന്ന മറ്റ് മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചായിരിക്കും പരിപാടി/പ്രവർത്തനങ്ങളുടെ നടത്തിപ്പ്. ജില്ലാ സംയോജിത പബ്ലിക് ഹെൽത്ത് ലാബുകൾ, ക്രിട്ടിക്കൽ കെയർ ഹോസ്പിറ്റൽ ബ്ലോക്കുകൾ: A. ജില്ലാ ആശുപത്രികളിലെ 100 കിടക്കകളുള്ള ബ്ലോക്കുകൾ, B. ജില്ലാ ആശുപത്രികളിൽ 50 കിടക്കകളുള്ള ബ്ലോക്കുകൾ C. ഗവ. മെഡിക്കൽ കോളേജുകളിൽ 50 കിടക്കകളുള്ള ബ്ലോക്കുകൾ], റൂറൽ–അർബൻ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൽ എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. കേന്ദ്ര സർക്കാരും കേരള സർക്കാരും 60:40 എന്ന അനുപാതത്തിലാണ് തുക വിനിയോഗിക്കുന്നത്. 2025–26 സാമ്പത്തിക വർഷത്തിൽ 3750.00 ലക്ഷം രൂപ പ്രതീക്ഷിത കേന്ദ്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു. കേന്ദ്ര വിഹിതം ലഭ്യമാകുന്നതിനനുസരിച്ച് സംസ്ഥാന വിഹിതം അധികമായി ലഭ്യമാക്കുന്നതാണ്.

**ഭാരതീയ ചികിത്സാ വകുപ്പ്**

**നാഷണൽ ആയുഷ് മിഷൻ**

**3.ദേശീയ ആയുഷ് മിഷൻ (ഔഷധ സസ്യങ്ങൾ ഉൾപ്പെടെ) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 2250.00 ലക്ഷം രൂപ)**

കേന്ദ്രസർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവ്വേദം, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യൂനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ് മിഷൻ ആരംഭിച്ചിരിക്കുന്നു. ചെലവ് കുറഞ്ഞ രീതിയിൽ ആയുഷ് സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ–സിദ്ധ–യൂനാനി–ഹോമിയോ മരുന്നുകളുടെ ഗുണിലവാരം നിയന്ത്രിക്കൽ, ഔഷധ സസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ് മിഷന്റെ ലക്ഷ്യം. കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. 2025–26 സാമ്പത്തിക വർഷത്തിൽ ദേശീയ ആയുഷ് മിഷൻ (ഔഷധ സസ്യങ്ങൾ ഉൾപ്പെടെ) പദ്ധതി നടപ്പിലാക്കുന്നതിനായി 2250.00 ലക്ഷം രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

**ഹോമിയോപതി വകുപ്പ്**

**നാഷണൽ ആയുഷ് മിഷൻ**

**4.ദേശീയ ആയുഷ് മിഷൻ – ഹോമിയോ (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 750.00 ലക്ഷം രൂപ)**

കേന്ദ്രസർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവ്വേദം, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യൂനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ് മിഷൻ ആരംഭിച്ചിരിക്കുന്നു. ചെലവ് കുറഞ്ഞ രീതിയിൽ ആയുഷ് സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവ്വേദ–സിദ്ധ–യൂനാനി–ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധ സസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ് മിഷന്റെ ലക്ഷ്യം. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. 2025–26 സാമ്പത്തിക വർഷത്തിൽ ദേശീയ ആയുഷ് മിഷൻ (ഹോമിയോ) പദ്ധതി നടപ്പിലാക്കുന്നതിനായി 750.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

## 9.8 നഗരവികസനം

### 1. സിറ്റി ഇൻവെസ്റ്റ്മെന്റ്സ് ടു ഇന്നവേറ്റ്, ഇന്റഗ്രേറ്റ് ആന്റ് സസ്റ്റെൻ 2.0 (സി. ഐ. ടി. ഐ. ഐ. എസ്. 2) (80 ശതമാനം സി. എസ്. എസ്) (പുതിയ പദ്ധതി)

**(വിഹിതം 4.00 ലക്ഷം രൂപ)**

സി.ഐ.ടി.ഐ.ഐ.എസ് പരിപാടിയുടെ രണ്ടാം ഘട്ടമായ സി.ഐ.ടി.ഐ.ഐ.എസ്. 2, എ.എഫ്.ഡി, കെ.എഫ്.ഡബ്ല്യൂ, ഇ.യു, എൻ.ഐ.യു.എ എന്നിവയുമായി സഹകരിച്ച് കേന്ദ്ര നഗരകാര്യ മന്ത്രാലയം നടത്തുന്ന പദ്ധതിയാണ്. കേന്ദ്രസർക്കാരിന്റെയും കേന്ദ്രനഗരകാര്യ മന്ത്രാലയത്തിന്റെയും കാലാവസ്ഥാ സംരംഭങ്ങൾക്ക് അനുബന്ധമായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 80 ശതമാനം കേന്ദ്ര വിഹിതമായി വിഭാവനം ചെയ്ത പദ്ധതിക്ക് ഫ്രഞ്ച് ഡെവലപ്മെന്റ് ഏജൻസി (എഎഫ്ഡി), ജർമ്മൻ ഡെവലപ്മെന്റ് ബാങ്ക് (കെഎഫ് ഡബ്ല്യു), യൂറോപ്യൻ യൂണിയൻ എന്നിവയിൽ നിന്നുള്ള ബാഹ്യ സഹായമുണ്ട്.

സി.ഐ.ടി.ഐ.ഐ.എസ്. 2.0 ന്റെ ഒന്നാം ഘടകത്തിൽ "തിരുവനന്തപുരം നഗരത്തിൽ മെച്ചപ്പെട്ടതും സംയോജിതവുമായ ഖരമാലിന്യ മാനേജ്മെന്റ്" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം കോർപ്പറേഷൻ തെരഞ്ഞെടുക്കപ്പെട്ടു. വിവിധ സംയോജിത ഐടി ഘടകങ്ങൾ വഴി മാലിന്യത്തിന്റെ അളവ് കണക്കാക്കൽ, കണക്കെടുപ്പ്, കൈകാര്യം ചെയ്യൽ എന്നിവയിലൂടെ ഈ പ്രശ്നം പരിഹരിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. മാലിന്യ ബിന്നുകൾക്കുള്ള വോള്യൂമെട്രിക് സെൻസറുകൾ, തത്സമയ ട്രാക്കിങ്ങിനായി ജിപിഎസ്-സജ്ജമാക്കിയ വാഹനങ്ങൾ, ബാച്ച് തിരിച്ചറിയലിനും സാധനങ്ങളുടെ ട്രാക്കിങ്ങിനുമുള്ള ക്യുആർ കോഡ് സ്കാനറുകൾ, പ്രിന്ററുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഖരമാലിന്യ മാനേജ്മെന്റ് (എസ്ഡബ്ല്യുഎം) ടീമുമായുള്ള പൊതുജനങ്ങളുടെ ഇടപെടൽ വർദ്ധിപ്പിക്കുന്നതിനും ആശയവിനിമയം സുഗമമാക്കുന്നതിനും, പൗരന്മാരുടെ ഇടപെടലിനുള്ള മൊബൈൽ ആപ്ലിക്കേഷനുകളും ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്ററുമായി (ഐസിസിസി) ലിങ്ക് ചെയ്തിട്ടുള്ള ഒരു ടോൾ ഫ്രീ നമ്പറും അന്വേഷണങ്ങൾക്കും ഫീഡ്ബാക്കിനുമായി നൽകും. ഐസിസിസി ഡാഷ്ബോർഡിൽ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ സമഗ്രമായ നിരീക്ഷണവും നിയന്ത്രണവും ദിവസേന നൽകും.

സി. ഐ. ടി. ഐ. ഐ. എസ് 2.0 പ്രകാരം, തിരഞ്ഞെടുത്ത മെറ്റീരിയൽ കളക്ഷൻ സെൻറുകളെ ഫലപ്രദമായി പ്രവർത്തിക്കാൻ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളും നൽകി മെച്ചപ്പെടുത്തും. സോർട്ടിങ്ങ് മെഷീനുകൾ, വേർതിരിക്കലിനുള്ള കൺവെയർ ബെൽറ്റുകൾ, ഡി ഡസ്റ്റർ, ഷ്രെഡർ, ഹാൻഡ്ഹെൽഡ് ഫോർക്ക് ലിഫ്റ്റ്, വെയ്ങ്ങ് മെഷീനുകൾ, ഫോർക്ക് ലിഫ്റ്റുകൾ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ നൽകുന്നതോടൊപ്പം നിർമാണം, ഭൂമി വികസനം, അടിസ്ഥാനസൗകര്യ പ്രവർത്തനങ്ങൾ എന്നിവ നടത്തി ഒമ്പത് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികളുടെ (എംആർഎഫ്) നിലവാരം ഉയർത്തും. ആർആർഎഫുകളെയും ഒരു ആർഡിഎഫ് പ്ലാന്റിനെയും നവീകരിക്കും. മാനദണ്ഡങ്ങൾക്കനുസൃതമായി റോഡ് ടാറിങ്ങിനു ചെറുകഷ്ണങ്ങളാക്കിയ പ്ലാസ്റ്റിക് ഉപയോഗിക്കും, കൂടാതെ വരുമാനം വർധിപ്പിക്കുന്നതിനും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് ഒരു ചാക്രികസമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുന്നതിനുമായി സിമൻറ് ഫാക്ടറികൾക്ക് ആർഡിഎഫ് വിൽക്കും.

പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ സ്മാർട്ട് സിറ്റി മിഷൻ തിരുവനന്തപുരം ലിമിറ്റഡ് ആയിരിക്കും, സി. ഐ. ടി. ഐ. ഐ. എസ് 2.0 പ്രോഗ്രാം നടപ്പിലാക്കുക. കേന്ദ്രവിഹിതമായി 2025-26 ൽ 4.00 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തുന്നു.

### 2. അമൃത് 2.0 ഭരണപരമായചെലവുകളും മറ്റു ചെലവുകളും (100 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം 2.00 ലക്ഷം രൂപ)**

ഈ പദ്ധതി നൂറു ശതമാനം കേന്ദ്രാവിഷ്കൃതമായിട്ടുള്ളതാണ്. സിറ്റി വാട്ടർ ബാലൻസ് പ്ലാനുകൾ (സിഡബ്ല്യുബിപി), പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റുകൾ (പി.എം.യു), വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡിപിആർ), പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ (പി.ഐ.യു) എന്നിവയ്ക്കായി പദ്ധതിയിൽ നിന്നും തുക വിനിയോഗിക്കാം. പ്രോജക്ട് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് കൺസൾട്ടന്റുമാരെ (PDMCs) ഉൾപ്പെടുത്തൽ, അക്വിഫർ മാനേജ്മെന്റ് പ്ലാനുകൾ വികസിപ്പിക്കുക, ഇൻഡിപെൻഡന്റ് റിവ്യൂ ആൻഡ് മോണിറ്ററിങ്ങ് ഏജൻസികളെ (IRMAs) നിയമിക്കുക എന്നിവയും ഇതിൽ ഉൾപ്പെടുന്നു. 90:10 എന്ന അനുപാതം നിലനിർത്തിക്കൊണ്ട് നഗര ജനസംഖ്യ അടിസ്ഥാനമാക്കിയാണ് സംസ്ഥാനങ്ങൾക്ക്

ഭരണപരമായ ചെലവുകൾക്ക് ഫണ്ടുകൾ അനുവദിക്കുന്നത്. പ്രതീക്ഷിക്കുന്ന കേന്ദ്രവിഹിതത്തിനു 2025-26 ൽ 2.00 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തുന്നു.

കോർപ്പറേഷനുകൾ: 1.00 ലക്ഷം രൂപ
മുനിസിപ്പാലിറ്റികൾ: 1.00 ലക്ഷം രൂപ

**3. അമൃത് 2.0 നാഷണൽ അർബൻ ഡിജിറ്റൽ മിഷൻ (100 ശതമാനം കേന്ദ്ര വിഹിതം)**
**(വിഹിതം: 750.00 ലക്ഷം രൂപ)**

നൂറു ശതമാനം കേന്ദ്രാവിഷ്കൃതമായിട്ടുള്ള ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:

1. എല്ലാ പട്ടണങ്ങളിലും നഗരങ്ങളിലും എവിടെനിന്നും ഏത് സമയത്തും ഓൺലൈൻ ഗവൺമെന്റ് ടു സിറ്റിസൺ (G2C) മുനിസിപ്പൽ സേവനങ്ങൾ തുല്യമായി ലഭ്യമാക്കി ജീവിത സൗകര്യം മെച്ചപ്പെടുത്തുക.
2. എല്ലാ പട്ടണങ്ങളിലും നഗരങ്ങളിലും ഗവൺമെന്റ് ടു ബിസിനസ് (G2B) മുനിസിപ്പൽ സേവനങ്ങളിലേക്കുള്ള ഓൺലൈൻ ആക്സസ്, തടസ്സരഹിതമായ, വൺ സ്റ്റോപ്പ് ആക്സസ് നൽകിക്കൊണ്ട് ബിസിനസ് ചെയ്യുന്നത് എളുപ്പമാക്കുക.
3. രാജ്യത്തുടനീളമുള്ള നഗര ആവാസവ്യവസ്ഥയ്ക്ക് സാങ്കേതിക വിദ്യ പ്രാപ്തമാക്കുക വഴിയും പ്രക്രിയകൾ ഡിജിറ്റലൈസ് ചെയ്യുന്നതിലൂടെയും വിശ്വസനീയമായ മാനേജ്മെന്റ് വിവരങ്ങളുടെ ലഭ്യത സുഗമമാക്കുന്നതിലൂടെയും നഗര തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത, ഉൽപ്പാദനക്ഷമത, വരുമാനം, സാമ്പത്തിക സുസ്ഥിരത എന്നിവ മെച്ചപ്പെടുത്തുക.
4. നഗര സേവന വിതരണത്തിലെ അംഗീകൃത മാനദണ്ഡങ്ങൾ സ്വായത്തമാക്കുക.

സംസ്ഥാന അർബൻ ഡിജിറ്റൽ മിഷൻ നാഷണൽ അർബൻ ഡിജിറ്റൽ മിഷന്റെ പ്രവർത്തനം ഏകോപിപ്പിക്കുകയും നിലവിലുള്ള നഗര സംവിധാനങ്ങളും ആപ്ലിക്കേഷനുകളും ശക്തിപ്പെടുത്തുകയും ചെയ്യും. നഗരവികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് പ്രോഗ്രാമുകളുടെ ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിനും സ്വയം സുസ്ഥിരമായ റവന്യൂ ജനറേഷൻ സംവിധാനം വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും നഗരമേഖലയിലെ വിവിധ ദൗത്യങ്ങൾ/പദ്ധതികൾ എന്നിവയുടെ സംയോജനവും നിരീക്ഷണവും സുഗമമാക്കുന്നതിനുമാണ് തുക നൽകുന്നത്. വിവരസാങ്കേതികവിദ്യ (ഐടി) ഉപയോഗപ്പെടുത്തുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുന്നതിനും, പൗരസേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഭരണപരിഷ്കാരങ്ങൾ, സുതാര്യത എന്നിവയ്ക്ക് തുടക്കമിടുന്നതിനും നഗര തദ്ദേശസ്ഥാപനങ്ങളിൽ ഐ.ടി നടപ്പാക്കൽ ശ്രമങ്ങൾ ഏകോപിപ്പിക്കുന്നതിനും ഇൻഫർമേഷൻ കേരള മിഷൻ നേതൃത്വം നൽകും. അർബൻ പോളിസി കമ്മീഷന്റെ ചെലവുകളും ഈ പദ്ധതിയിൽ നിന്ന് കണ്ടെത്തും.

കേന്ദ്ര വിഹിതമായി 2025-26 ൽ 750.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു

കോർപ്പറേഷനുകൾ: 48.00 ലക്ഷം രൂപ
മുനിസിപ്പാലിറ്റികൾ: 702.00 ലക്ഷം രൂപ

**4) അമൃത് 2.0 പ്രകാരം 50,000-99,999 ജനസംഖ്യയുള്ള ക്ലാസ് II നഗരങ്ങളുടെ ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള ഒരു മാസ്റ്റർ പ്ലാനിന്റെ രൂപീകരണം**
**(വിഹിതം: 595.90 ലക്ഷം രൂപ)**

അമൃത് 1.0 നഗരങ്ങളിൽ ഉൾപ്പെടാത്ത 50,000-ത്തിലധികം ജനസംഖ്യയുള്ള പട്ടണങ്ങൾക്കായി ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (ജിഐഎസ്) ഉപയോഗിച്ച് അടിസ്ഥാന ഭൂപടങ്ങൾ, ഭൂവിനിയോഗ ഭൂപടങ്ങൾ, മാസ്റ്റർ പ്ലാനുകൾ എന്നിവ തയറാക്കുന്നതിനു അമൃത് 2.0-ന് കീഴിൽ ഒരു ഉപപദ്ധതിയായ ഇതൊരു നൂറു ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ്.

അഞ്ചു ഘടകങ്ങൾക്ക് കീഴിലുള്ള പ്രവൃത്തികൾ നടത്താനാണ് തുക അനുവദിച്ചിരിക്കുന്നത്. സർവേ ഓഫ് ഇന്ത്യയുടെ പിന്തുണയോടെ ജിയോ ഡാറ്റാബേസ് സൃഷ്ടിക്കപ്പെടും. അതിൽ സൃഷ്ടിച്ച ജിയോ ഡാറ്റാബേസിന്റെ ഗ്രൗണ്ട്ട്രൂത്തിങ്ങ്, കൂടാതെ, ജി.ഐ.എസ്, അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാനിന്റെ ഘടകങ്ങൾ രൂപപ്പെടുത്തൽ, കപ്പാസിറ്റി ബിൽഡിങ്ങ് എന്നിവ എൽ.എസ്.ജി.ഡി (ആസൂത്രണം) കൈകാര്യം ചെയ്യും. കേന്ദ്രീകൃത ദേശീയ നഗര ജിയോ പോർട്ടലിന്റെ വികസനം, സംയോജിത മൊബൈൽ ആപ്ലിക്കേഷന്റെ വികസനം എന്നിങ്ങനെയുള്ള ശേഷിക്കുന്ന രണ്ട് ഘടകങ്ങൾ ഗവൺമെന്റ് നേരിട്ട് കൈകാര്യം ചെയ്യുന്നു.

കേന്ദ്ര വിഹിതമായി 2025-26 ൽ 595.90 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

മുനിസിപ്പാലിറ്റികൾ: 595.90 ലക്ഷം രൂപ .

5) **ദീൻ ദയാൽ അന്ത്യോദയ യോജന-ദേശീയ നഗര ഉപജീവന മിഷൻ (ഡേ-എൻ.യു.എൽ.എം) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം 3450.00 ലക്ഷം രൂപ)**

നഗരപ്രദേശങ്ങളിലെ ദരിദ്രജനവിഭാഗങ്ങളുടെ ദാരിദ്ര്യവും ദുരിതങ്ങളും കുറയ്ക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ഒരു പരിപാടിയാണ് ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം). താഴെത്തട്ടിൽ ദരിദ്രരായ ജനവിഭാഗങ്ങളെ സംഘടിപ്പിച്ച് അവരുടെ ദാരിദ്ര്യവും മറ്റു ദുരിതങ്ങളും പരിഹരിക്കുന്നതിനായി അവർക്ക് പ്രയോജനപ്രദമായ സ്വയം തൊഴിലുകളും വേതനം ലഭിക്കുന്ന വിദഗ്ധ തൊഴിലുകളും ലഭ്യമാക്കി ഉപജീവന മാർഗത്തിന് സ്ഥിരത ഉണ്ടാക്കുക എന്നതാണ് മിഷൻ ലക്ഷ്യമിടുന്നത്. ജനങ്ങളെ സാമൂഹികമായി സംഘടിപ്പിച്ച് ശാക്തീകരിക്കൽ, കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനങ്ങളും, വിദഗ്ധ പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ലഭ്യമാക്കലും മറ്റ് സ്ഥാപനങ്ങളിൽ തൊഴിൽ സൗകര്യം ഉറപ്പാക്കലും, സ്വയം തൊഴിൽ പദ്ധതി, നഗര പ്രദേശത്തെ വീടില്ലാത്ത പാവപ്പെട്ടവർക്ക് സാമൂഹിക അഭയ കേന്ദ്രങ്ങൾ, വഴിയോര കച്ചവടക്കാർക്ക് സഹായം, എൻ. യു. എൽ. എം. 2 ന് കീഴിലുള്ള ഭരണപരമായ ചെലവുകൾ, അധിക ഘടകങ്ങൾ എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ.

പുതിയ എസ്. എച്ച്. ജി. രൂപീകരണത്തിനും നൈപുണ്യ വർധനവിനും , റിവോൾവിങ് ഫണ്ടുകളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം, അംഗീകൃത നഗര ഉപജീവന കേന്ദ്രങ്ങൾക്കുള്ള പ്രതിബദ്ധമായ ചെലവ്, പരിശീലനം, സ്വയം തൊഴിൽ പരിപാടികൾക്ക് കീഴിൽ എസ്. എച്ച്. ജികൾക്കും മൈക്രോ എന്റർപ്രൈസ് യൂണിറ്റുകൾക്കും ലഭിക്കുന്ന വായ്പകൾക്ക് പലിശ സബ്സിഡി, മുൻ വർഷങ്ങളിൽ ലഭിച്ച വായ്പകൾക്ക് പലിശ സബ്സിഡി, എസ്. ഇ. പിക്ക് കീഴിൽ മൈക്രോ എന്റർപ്രൈസ് യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇ. ഡി. പി പരിശീലനം, ഉദ്യോഗസ്ഥരുടെ ശമ്പളം, യാത്രാ അലവൻസ്, മൾട്ടി ടാസ്ക് ഉദ്യോഗസ്ഥരുടെ നിയമനം, നഗരവാസികൾക്കുള്ള അഭയകേന്ദ്രത്തിന് കീഴിൽ അനുവദിച്ച ഷെൽട്ടർ പ്രോജക്ടുകൾക്ക് ലഭിക്കാനുള്ള ബാക്കി തുക, ഫങ്ഷണൽ ഷെൽട്ടർ ഹോമുകൾക്കായുള്ള പ്രവർത്തന, പരിപാലന ചെലവ്, വെണ്ടർ മാർക്കറ്റ് വികസനം, സാമ്പത്തിക സാക്ഷരതാ ക്യാമ്പുകൾ, ഐഇസി പ്രവർത്തനങ്ങൾ, ഭരണപരമായ ചെലവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.2025-26-ൽ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിൽ നിന്ന് എൻ.യു.എൽ.എം 2.0-ന് അംഗീകാരം ലഭിച്ചാൽ, അതും ഈ പദ്ധതിയിൽ നിന്ന് വഹിക്കാവുന്നതാണ്. പട്ടികജാതി ഉപപദ്ധതി വിഹിതവും പട്ടികവർഗ ഉപപദ്ധതി വിഹിതവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**തുക (രൂപ ലക്ഷത്തിൽ)**

| ക്രമ നമ്പർ | വിഭാഗം | മുനിസിപ്പാലിറ്റികൾ | കോർപ്പറേഷനുകൾ | ആകെ |
|---|---|---|---|---|
| 1 | പൊതുവിഭാഗം | 1656.00 | 1104.00 | **2760.00** |
| 2 | പട്ടികജാതി ഉപപദ്ധതി | 310.50 | 207.00 | **517.50** |
| 3 | പട്ടികവർഗ ഉപപദ്ധതി | 103.50 | 69.00 | **172.50** |
| | **ആകെ** | **2070.00** | **1380.00** | **3450.00** |

2025-26-ൽ 60 ശതമാനം കേന്ദ്ര വിഹിതമായി 3450.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

6) **പ്രധാനമന്ത്രി ആവാസ് യോജന – നഗരം (പി.എം.എ.വൈ -നഗരം)**

**(വിഹിതം: 9000.00 ലക്ഷം രൂപ)**

ചേരിനിവാസികൾ ഉൾപ്പെടെ നഗരത്തിലെ പാവപ്പെട്ടവരിൽ വീടില്ലാത്ത എല്ലാവർക്കും 2022 ആകുന്നതോടെ വീട് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരും, നഗര തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന-നഗരം പദ്ധതി. പിഎംഎവൈ (അർബൻ) ഒന്നാം ഘട്ടം 2025 ഡിസംബർ 31 വരെ നീട്ടിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് 2024 സെപ്റ്റംബറിൽ പ്രധാനമന്ത്രി ആവാസ് യോജന അർബൻ 2-ന്റെ രണ്ടാം ഘട്ടം ആരംഭിച്ചു.

ഈ പദ്ധതിയുടെ ഘടകങ്ങൾ (i) ഗുണഭോക്തൃ വ്യക്തിഗത ഭവന നിർമ്മാണം (ബിഎൽസി) (പുതിയ വീടുകൾ, വീട് മെച്ചപ്പെടുത്തൽ) (ii) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പാവപ്പെട്ടവർക്ക്

സാമ്പത്തികമായി താങ്ങാൻ കഴിയുന്ന ഭവന നിർമാണം, (iii) ചേരി പുനരധിവാസം, (iv) വായ്പ ബന്ധിത സബ്സിഡി ഘടകം (സി എൽ എസ് ) എന്നിവയാണ് .

അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുള്ള 30 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള വീട് നിർമ്മിക്കാൻ "ബിഎൽസി പുതിയ വീടുകൾ" എന്ന ഘടകത്തിലൂടെ സഹായം ലഭിക്കും. കേന്ദ്ര സഹായത്തിൽ മാറ്റം വരുത്താതെ വീടിന്റെ വലിപ്പത്തിലും മറ്റ് സൗകര്യങ്ങളുടെ കാര്യത്തിലും സംസ്ഥാന തലത്തിൽ ആവശ്യമായ മാറ്റം വരുത്താവുന്നതാണ്. സംസ്ഥാനത്ത് 28/02/2018 ലെ ജി.ഒ (എം.എസ്) നം.29/2018/എൽ.എസ്.ജി.ഡി എന്ന ഉത്തരവിലൂടെ വീട് നിർമ്മാണത്തിനുള്ള യൂണിറ്റ് നിരക്ക് 4.00 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. അതിൽ കേന്ദ്ര വിഹിതം 1.50 ലക്ഷം രൂപ, സംസ്ഥാന വിഹിതം 0.50 ലക്ഷം രൂപ, നഗര തദ്ദേശ സ്ഥാപനം 2.00 ലക്ഷം രൂപ എന്നിങ്ങനെയാണ്.

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പാവപ്പെട്ടവർക്ക് സാമ്പത്തികമായി താങ്ങാൻ കഴിയുന്ന ഭവനനിർമ്മാണം എന്ന ഘടകത്തിലൂടെ ലൈഫ് മിഷനുമായി സംയോജിപ്പിച്ചുകൊണ്ട് സ്വന്തമായി ഭൂമിയില്ലാത്തവർക്കുവേണ്ടി അപ്പാർട്ട്മെന്റ് കോംപ്ലക്സുകളുടെ നിർമ്മാണത്തിനാണ് ഉദ്ദേശിക്കുന്നത്. ഒരു അപ്പാർട്ടമെന്റ്/ഫ്ലാറ്റിന്റെ നിർമ്മാണത്തിന് 10.50 ലക്ഷം രൂപയാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതിൽ കേന്ദ്ര വിഹിതം 1.50 ലക്ഷം രൂപ, സംസ്ഥാന വിഹിതം 6.50 ലക്ഷം രൂപ, നഗരതദ്ദേശ സ്ഥാപനം 2.50 ലക്ഷം രൂപ എന്നിങ്ങനെയാണ്. 31-03-2021 മുതൽ കേന്ദ്ര ഗവൺമെന്റ് വായ്പ ബന്ധിത സബ്സിഡി ഘടകം നിർത്തലാക്കിയിട്ടുണ്ട്.ബി. എൽ. സി. ക്ക് കീഴിൽ അംഗീകരിച്ച പ്രോജക്റ്റുകളുടെ ബാക്കി തുക നൽകുന്നതിനും ഇതിലെ പട്ടികജാതി ഉപപദ്ധതി വിഹിതവും പട്ടികവർഗ ഉപപദ്ധതി വിഹിതം നൽകുന്നതും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പ്രധാന മന്ത്രി ആവാസ് യോജന - നഗരം**

**തുക (രൂപ ലക്ഷത്തിൽ)**

| ക്രമ നമ്പർ | വിഭാഗം | മുനിസിപ്പാലിറ്റികൾ | കോർപ്പറേഷനുകൾ | ആകെ |
|---|---|---|---|---|
| 1 | പൊതുവിഭാഗം | 6372.00 | 1593.00 | 7965.00 |
| 2 | പട്ടികജാതി ഉപപദ്ധതി | 720.00 | 180.00 | 900.00 |
| 3 | പട്ടികവർഗ ഉപപദ്ധതി | 108.00 | 27.00 | 135.00 |
| | **ആകെ** | **7200.00** | **1800.00** | **9000.00** |

പിഎംഎവൈ അർബന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിനായി 2025-26ൽ കേന്ദ്ര വിഹിതമായി 9000.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**7) പ്രധാനമന്ത്രി ആവാസ് യോജന - (പി.എം.എ.വൈ - നഗരം 2.0 ) (പുതിയ പദ്ധതി)**

**(വിഹിതം: 1554.00 ലക്ഷം രൂപ)**

കേന്ദ്ര ഗവൺമെന്റ് 2024 സെപ്റ്റംബറിൽ പ്രധാൻ മന്ത്രി ആവാസ് യോജന അർബൻ 2.0 ആരംഭിച്ചു. നഗരപ്രദേശങ്ങളിൽ താങ്ങാവുന്ന നിരക്കിൽ വീടുകൾ നിർമ്മിക്കുന്നതിനോ വാങ്ങുന്നതിനോ വാടകയ്ക്ക് എടുക്കുന്നതിനോ നഗരങ്ങളിലെ പാവപ്പെട്ടവർക്കും മധ്യവർഗ കുടുംബങ്ങൾക്കും സാമ്പത്തിക സഹായം നൽകുകയാണ് പിഎംഎവൈ-യു 2.0 ലക്ഷ്യമിടുന്നത്. 2024 സെപ്റ്റംബർ 1 മുതൽ നഗര പ്രദേശങ്ങളിൽ 5 വർഷത്തേക്ക് നടപ്പാക്കുന്ന പദ്ധതിയിലൂടെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും/കുടുംബങ്ങൾക്കും/ ഇംപ്ലിമെന്റേഷൻ ഏജൻസികൾക്കും താങ്ങാവുന്ന നിരക്കിൽ ഒരു വീട് നിർമ്മിക്കുന്നതിനോ വാങ്ങുന്നതിനോ വാടകയ്ക്കെടുക്കുന്നതിനോ പദ്ധതിയിലൂടെ കഴിയും.

ബെനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ (ബി. എൽ. സി), അഫോർഡബിൾ ഹൌസിംഗ് ഇൻ പാർട്ണർഷിപ്പ് (എ. എച്ച്. പി), അഫോർഡബിൾ റെന്റൽ ഹൗസിങ്ങ് (എ. ആർ. എച്ച്), ഇന്ററസ്റ്റ് സബ്സിഡി സ്കീം (ഐ. എസ്. എസ് ) എന്നിങ്ങനെ നാല് ഘടകങ്ങളാണ് പദ്ധതിക്കുള്ളത്.

ബി. എൽ. സി ഘടകത്തിന് കീഴിൽ, കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ ഫണ്ടിംഗ് രീതി 60:40 എന്ന അനുപാതത്തിലാണ്. ഒരു പാർപ്പിട യൂണിറ്റിന് 1. 50 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റും ഒരു ലക്ഷം രൂപ സംസ്ഥാന സർക്കാരും നൽകും. അഫോർഡബിൾ ഹൌസിംഗ് ഇൻ പാർട്ണർഷിപ്പിന് (എ. എച്ച്. പി) കീഴിൽ ഒരു പാർപ്പിട യൂണിറ്റിന് കേന്ദ്രസഹായമായി 1.5 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി **1.00** ലക്ഷം രൂപയുമാണ് പദ്ധതി വിഭവാനം ചെയ്യുന്നത്.

പിഎംഎവൈ-അർബൻ 2 ന് കീഴിൽ, പലിശ സബ്സിഡി സ്കീം (ഐഎസ്എസ്) ഒരു കേന്ദ്ര പദ്ധതിയായി നടപ്പാക്കും. സാങ്കേതിക സെല്ലിന്റെയും, പ്രോജക്ട് മാനേജ്മെന്റ് സെല്ലിന്റെയും രൂപീകരണത്തിനും, ഐഇസി പ്രവർത്തനങ്ങൾ, തേർഡ് പാർട്ടി ഗുണനിലവാര നിരീക്ഷണം, ജിയോ-ടാഗിങ്ങ്, സോഷ്യൽ ഓഡിറ്റ്, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ, പരിശീലനം, വർക്ക്ഷോപ്പുകൾ, കേസ് പഠനങ്ങളുടെ ഡോക്യുമെന്റേഷൻ, എക്സ്പോഷർ വിസിറ്റുകൾ ഹാൻഡ് ഹോൾഡിങ്ങ് വിസിറ്റുകൾ എന്നിവയ്ക്കായി പദ്ധതി തുക വിനിയോഗിക്കാവുന്നതാണ്.

**പ്രധാന മന്ത്രി ആവാസ് യോജന – (പി.എം.എ.വൈ – നഗരം 2.0 )**

**തുക (രൂപ ലക്ഷത്തിൽ)**

| ക്രമ നമ്പർ | വിഭാഗം | മുനിസിപ്പാലിറ്റികൾ | കോർപ്പറേഷനുകൾ | ആകെ |
|---|---|---|---|---|
| 1 | പൊതുവിഭാഗം | 745.92 | 497.28 | 1243.2 |
| 2 | പട്ടികജാതി ഉപപദ്ധതി | 139.86 | 93.24 | 233.1 |
| 3 | പട്ടികവർഗ ഉപപദ്ധതി | 46.62 | 31.08 | 77.7 |
| | **ആകെ** | **932.40** | **621.60** | **1554.00** |

പിഎംഎവൈ അർബന്റെ രണ്ടാം ഘട്ടത്തിനു 2025-26ൽ കേന്ദ്ര വിഹിതമായി 1554.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**8) സ്വച്ഛ് ഭാരത് മിഷൻ ( നഗരം 2.0) ( 60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 4500.00 ലക്ഷം രൂപ)**

എല്ലാ നഗരങ്ങൾക്കും മാലിന്യമുക്ത പദവി കൈവരിക്കുക എന്ന കാഴ്ചപ്പാടോടെ 60:40 എന്ന അനുപാതത്തിൽ കേന്ദ്ര നഗരവികസന മന്ത്രാലയം ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

സുസ്ഥിര ഖരമാലിന്യപരിപാലനം, സുസ്ഥിര ശുചീകരണം, ഉപയോഗിച്ച ജലത്തിന്റെ പുനരുപയോഗം, ബോധവൽക്കരണം, ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതിനു 'ജൻ ആന്ദോളൻ' പരിപാടി, 'ശുചിത്വ'ബോധത്തെ സ്ഥാപനവൽക്കരിക്കുന്നതിനു ശ്രമങ്ങൾ, കൂടാതെ, സ്വച്ഛ് ഭാരത് മിഷന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ഇടപെടലുകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു സ്ഥാപനപരമായ ശേഷി വർധിപ്പിക്കൽ എന്നിവയാണ് മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

സിറ്റി സാനിറ്റേഷൻ ആക്ഷൻ പ്ലാൻ, യൂസ്ഡ് വാട്ടർ മാനേജ്മെന്റ്, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, ഐ. ഇ. സി, കപ്പാസിറ്റി ബിൽഡിംഗ്, സ്കിൽ ഡെവലപ്മെന്റ്, നോളജ് മാനേജ്മെന്റ് എന്നിവ പദ്ധതിക്ക് കീഴിൽ വരുന്ന ഘടകങ്ങളാണ്.

സ്വച്ഛ് ഭാരത് മിഷൻ നഗരം 2.0 പദ്ധതിക്കു 2025-26ൽ 60 ശതമാനം കേന്ദ്ര വിഹിതമായി **4500** ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

കോർപ്പറേഷനുകൾ: 1800.00 ലക്ഷം രൂപ
മുനിസിപ്പാലിറ്റികൾ : 2700.00 ലക്ഷം രൂപ

## 9.10 തൊഴിലും തൊഴിലാളി ക്ഷേമവും

### വ്യാവസായിക പരിശീലന വകുപ്പ്

**1. ഐടിഐകളുടെ ആധുനിക വൽക്കരണവും അപ്ഗ്രേഡേഷനും (70% സിഎസ്എസ്)**

**(വിഹിതം: 2300.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഐടിഐകളുടെ നവീകരണത്തിനും അപ്ഗ്രേഡേഷനുമായി 2025-26 ബജറ്റിൽ സംസ്ഥാന വിഹിതമായി 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഐടിഐകളുടെ തിരഞ്ഞെടുപ്പ് സംസ്ഥാനം നടത്തുന്നതാണ്. 2025-26 ബജറ്റിൽ പ്രസ്തുത പദ്ധതിക്കുള്ള കേന്ദ്ര വിഹിതമായി 2300.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)**

2. **മോഡൽ കരിയർ സെന്റർ (60% CSS)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും കരിയർ സെന്ററുകളായും മോഡൽ കരിയർ സെന്ററുകളായും മാറ്റാനുള്ള കേന്ദ്ര സർക്കാർ നയമനുസരിച്ച്, യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ മോഡൽ കരിയർ സെന്റർ സ്ഥാപിക്കാൻ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുൻകൈ എടുത്തിട്ടുണ്ട്. ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്, തൊഴിൽ മന്ത്രാലയം, ദേശീയ തൊഴിൽ സേവന വകുപ്പ് (കേരളം) എന്നിവയുടെ സംയുക്ത സംരംഭമാണിത്. യുവാക്കൾക്ക് അവരുടെ യോഗ്യതകൾക്കും വൈദഗ്ധ്യത്തിനും അനുസൃതമായി അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ എല്ലാ സഹായത്തിനും ഒരു പരിഹാര കേന്ദ്രമായി പ്രവർത്തിക്കുന്ന തരത്തിലാണ് കേന്ദ്രങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ കേന്ദ്രങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളിൽ വ്യവസായവുമായി പങ്കാളിത്തം, ഉദ്യോഗാർത്ഥികളുടെ ഇടപഴകൽ, ജോലി എന്നിവ ഉൾപ്പെടുന്നു. ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗ്, കോട്ടയത്തെ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിലും, എറണാകുളത്തും മാതൃകാ കരിയർ സെന്റർ തുടങ്ങാൻ അനുവാദം നൽകിയിട്ടുണ്ട്. 2025-26 ബജറ്റിൽ മോഡൽ കരിയർ സെന്റർ പദ്ധതിക്കുള്ള കേന്ദ്ര വിഹിതമായി 100.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## 9.11 പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്ക വിഭാഗം, ന്യൂനപക്ഷങ്ങൾ എന്നിവരുടെ ക്ഷേമം

**എ). പട്ടികജാതി വികസനം**

**പദ്ധതികൾ ചുവടെ കൊടുക്കുന്നു.**

1. **പ്രധാൻ മന്ത്രി അനുസുചിത് ജാതി അഭ്യുധയ് യോജന (പി.എം - അജയ് ) (100 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം :1500.00 ലക്ഷം രൂപ)**

കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ആദർശ് ഗ്രാം യോജന (പി.എം.എ.ജി.വൈ), ബാബു ജഗജീവൻറാം ഛാത്രവാസ് യോജന (ബി.ജെ.ആർ.സി.വൈ), പട്ടികജാതി ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം (എസ്.സി.എ റ്റു എസ്.സി.എസ്.പി) എന്നിവ ലയിപ്പിച്ചാണ് പ്രധാനമന്ത്രി അനുസുചിത് ജാതി അഭ്യുദയ് യോജന (പി.എം - അജയ്) എന്ന പേരിൽ പുതിയ കേന്ദ്രപദ്ധതി രൂപീകരിച്ചിട്ടുള്ളത്.

(i) നൈപുണ്യ വികസനം, വരുമാനദായക പദ്ധതികൾ, മറ്റ് സംരംഭങ്ങൾ എന്നിവയിലൂടെ അധിക തൊഴിലവസരങ്ങൾ സൃഷ്ടിച്ച് പട്ടികജാതി വിഭാഗങ്ങളുടെ ദാരിദ്ര്യം കുറയ്ക്കുക (ii) പട്ടികജാതി വിഭാഗത്തിലെ ജനങ്ങൾ കൂടുതലുള്ള ഗ്രാമങ്ങളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ സേവനങ്ങളും ഉറപ്പാക്കി സാമൂഹിക-സാമ്പത്തിക വികസന സൂചകങ്ങൾ മെച്ചപ്പെടുത്തുക (iii) നിലവാരമുള്ള സ്ഥാപനങ്ങളിലും റസിഡൻഷ്യൽ സ്കൂളുകളിലും മതിയായ താമസ സൗകര്യങ്ങൾ നൽകുന്നതിലൂടെ പട്ടികജാതിവിഭാഗങ്ങളുടെ സാക്ഷരത വർദ്ധിപ്പിക്കുകയും സ്കൂളുകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രവേശനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യം.

(i) പട്ടികജാതി വിഭാഗങ്ങൾ കൂടുതലുള്ള ഗ്രാമങ്ങളെ 'ആദർശ് ഗ്രാമമായി' വികസിപ്പിക്കുക (ii)പട്ടികജാതിക്കാരുടെ സാമൂഹിക-സാമ്പത്തിക പുരോഗതിക്കായുള്ള ജില്ലാ/സംസ്ഥാനതല പദ്ധതികൾക്കുള്ള 'ഗ്രാന്റ്-ഇൻ-എയ്ഡ്' (iii) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും) ഹോസ്റ്റലുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും (iv) പദ്ധതിയുടെ നിരീക്ഷണത്തിനും വിലയിരുത്തലിനുമുള്ള സാമ്പത്തിക സഹായം എന്നിവയെല്ലാമാണ് പദ്ധതിയുടെ ഘടകങ്ങൾ.

വരുമാനം സൃഷ്ടിക്കുന്നതും, നൈപുണ്യ വികസനത്തിനായുള്ളതും, അടിസ്ഥാന സൗകര്യ വികസനത്തിനായുള്ളതുമായ വിവിധങ്ങളായ പരിപാടികൾ സംസ്ഥാന പട്ടികജാതി ഉപപദ്ധതിയുമായി സംയോജിപ്പിച്ച് പി.എം - അജയ് പദ്ധതിയിലൂടെ നടപ്പിലാക്കും. പദ്ധതിക്ക് 100 ശതമാനം ധനസഹായം

നൽകുന്നത് കേന്ദ്ര സർക്കാരാണ്. 2025-26 കാലയളവിൽ പദ്ധതിയ്ക്കായി 1500.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും മുഖേന നടപ്പിലാക്കുന്ന പട്ടികജാതി ഉപപദ്ധതി പരിപാടികൾ**

**എ. പ്രധാൻമന്ത്രി ആവാസ് യോജന - ഗ്രാമീൺ - (പി.എം.എ.വൈ) (എസ്.സി.എസ്.പി) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 1080.00 ലക്ഷം രൂപ)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വീടുകൾ നിർമ്മിച്ച് നൽകുകയാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ആവാസ് യോജനയുടെ ലക്ഷ്യം. പുതിയ വീടുകൾ നിർമ്മിക്കുക, നിലവിലുള്ള വീടുകളുടെ പുനരുദ്ധാരണവും നവീകരണവും എന്നിവയാണ് ഈ പദ്ധതിയുടെ രണ്ട് ഘടകങ്ങൾ.

2025-26-ൽ 1080.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി ഈ പദ്ധതിയ്ക്ക് പ്രതീക്ഷിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകൾക്കാണ് ഈ വിഹിതം വകയിരുത്തിയിരിക്കുന്നത്.

**ബി. ദീൻദയാൽ അന്ത്യോദയ യോജന (ഡേ-എൻ.ആർ.എൽ.എം) (എസ്.സി.എസ്.പി) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 780.00 ലക്ഷം രൂപ)**

ഗ്രാമീണ മേഖലയിലെ ദരിദ്രർക്കിടയിൽ ധാരാളം ചെറുകിട സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ള ഈ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്ത് കുടുംബശ്രീ മിഷനെയാണ് പദ്ധതി നടത്തിപ്പിനായുള്ള നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകൾക്കാണ് ഈ വിഹിതം വകയിരുത്തിയിരിക്കുന്നത്. ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൌഷല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ.) എസ്.സി.എസ്.പി (60 ശതമാനം കേന്ദ്ര വിഹിതം), മഹിള കിസാൻ സശക്തീകരൺ പരിയോജന (എം.കെ.എസ്.പി.) എസ്.സി.എസ്.പി (60 ശതമാനം കേന്ദ്ര വിഹിതം) എന്നിവ പദ്ധതിയുടെ ഘടകങ്ങളാണ്. 2025-26 കാലയളവിൽ പദ്ധതിക്കായി പ്രതീക്ഷിക്കുന്ന 60 ശതമാനം കേന്ദ്ര വിഹിതം ചുവടെ നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ദീൻദയാൽ അന്ത്യോദയ യോജന (ഡി.എ.വൈ-എൻ.ആർ.എൽ.എം) എസ്.സി.എസ്.പി (60 ശതമാനം കേന്ദ്ര വിഹിതം) | 600.00 |
| 2 | ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൌഷല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ.) എസ്.സി.എസ്.പി (60 ശതമാനം കേന്ദ്ര വിഹിതം) | 150.00 |
| 3 | മഹിള കിസാൻ സശക്തീകരൺ പരിയോജന (എം.കെ.എസ്.പി.) എസ്.സി.എസ്.പി (60 ശതമാനം കേന്ദ്ര വിഹിതം) | 30.00 |
| | **ആകെ** | **780.00** |

**ബി. പട്ടികവർഗ്ഗ വികസനം**

**I. പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ (100 ശതമാനം കേന്ദ്ര വിഹിതം)**

ഈ പരിപാടിയുടെ ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(i) പത്താം ക്ലാസ്സിലും ഒൻപതാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ (75 ശതമാനം കേന്ദ്രസഹായ പദ്ധതി)**

**(വിഹിതം: 300 ലക്ഷം രൂപ)**

ഒൻപതാം ക്ലാസ്സിലും പത്താം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പുകൾ നൽകുന്ന പദ്ധതി 2022-23 വരെ 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നു. ഇപ്പോൾ ഇത് 75:25 എന്ന നിരക്കിലാണ് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും വഹിക്കുന്നത്. പ്രാഥമിക തലം മുതൽ സെക്കന്ററി തലം വരെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുകയാണ് പ്രധാന ഉദ്ദേശം.

തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും മറ്റ് ഗ്രാന്റും നൽകുന്നു. ഈ പദ്ധതി സംസ്ഥാനങ്ങളിലൂടെയാണ് നടപ്പിലാക്കുന്നത്. സംസ്ഥാന/ദേശീയ പോർട്ടലിലൂടെ വിദ്യാർത്ഥികളുടെ ഓൺലൈൻ അപേക്ഷ ക്ഷണിക്കൽ, അർഹത പരിശോധിക്കൽ, അർഹരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡി.ബി.റ്റി വഴി അവരുടെ ബാങ്ക് അക്കൗണ്ടിലൂടെ സ്കോളർഷിപ്പ് നൽകൽ എന്നിവ സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമാണ്. സംസ്ഥാന സർക്കാരിന്റെ വിനിയോഗ സർട്ടിഫിക്കറ്റിന്റേയും ഡി.ബി.റ്റി പോർട്ടലിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന്റേയും അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നത്.

2025-26-ൽ 300.00 ലക്ഷം രൂപ 75 ശതമാനം കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

**(ii) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ (75 ശതമാനം കേന്ദ്രസഹായ പദ്ധതി)**

**(വിഹിതം: 3600.00 ലക്ഷം രൂപ)**

സംസ്ഥാനത്തിനകത്തും പുറത്തും പോസ്റ്റ്മെട്രിക് കോ കൾ ചെയ്യുന്ന വിദ്യാർത്ഥികൾക്കായുള്ള സാമ്പത്തിക സഹായങ്ങളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ചെലവുകൾ, പോക്കറ്റ് മണി, പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ പ്രവേശനം തേടുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന സമയത്ത് ഫീസ് അടയ്ക്കുന്നത് ഒഴിവാക്കുന്നതിന് ഫ്രീ ഷിപ്പ് കാർഡ് നൽകൽ തുടങ്ങിയവക്കും പദ്ധതിപ്രകാരം സഹായം നൽകും. കൂടാതെ ഗവ./എയ്ഡഡ്/സെൽഫ് ഫിനാൻസ് സ്കൂൾ, കോളേജുകൾ എന്നിവിടങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 6500 രൂപ നിരക്കിൽ യഥാർത്ഥ ബോർഡിംഗ്, ലോഡ്ജിംഗ് ചാർജ്ജുകൾ നൽകും. ഈ സ്കോളർഷിപ്പുകൾ അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും ഇ-ഗ്രാന്റ്സ് മുഖേനയാണ്. പ്രതിവർഷം ഏകദേശം 16,500 വിദ്യാർത്ഥികളെ ഈ പദ്ധതിയിലൂടെ സഹായിക്കുന്നതിന് ലക്ഷ്യമിടുന്നു. 2025-26-ൽ 3600.00 ലക്ഷം രൂപ 75 ശതമാനം കേന്ദ്ര വിഹിതമായി ഈ പദ്ധതിയിൽ പ്രതീക്ഷിക്കുന്നു.

**(iii) പ്രധാനമന്ത്രി ആദി ആദർശ് ഗ്രാം യോജന (എസ്.സി.എ ടു ടി.എസ്.എസ് ) (100 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 200.00 ലക്ഷം രൂപ)**

വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, നൈപുണ്യ വികസനം, തൊഴിലും വരുമാനവും തുടങ്ങിയ മേഖലകളിലെ വിടവ് നികത്തി പട്ടികവർഗ്ഗക്കാരുടെ വികസനവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനായി, സംസ്ഥാന സർക്കാരുകൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയായി പ്രത്യേക കേന്ദ്രസഹായം നൽകുന്ന പദ്ധതിയാണിത്. ഗണ്യമായ പട്ടികവർഗ്ഗ ജനസംഖ്യയുള്ള ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിനായി, സംയോജിത ഗ്രാമവികസന പരിപാടികൾ ഫലാധിഷ്ഠിതവും സമയബന്ധിതവുമായ രീതിയിൽ നടപ്പിലാക്കാൻ കഴിയുന്ന തരത്തിൽ പദ്ധതിയിൽ മാറ്റം വരുത്താൻ തീരുമാനിച്ചു. അതനുസരിച്ച്, 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിൽ നടപ്പിലാക്കുന്നതിനായി നിലവിലുള്ള പദ്ധതിയായ 'എസ്.സി.എ ടു ടി.എസ്.എസ്' 'പ്രധാനമന്ത്രി ആദി ആദർശ് ഗ്രാം യോജന (പി.എം.എ.എ.ജി.വൈ) ആയി നവീകരിച്ചു.

ഈ പദ്ധതിക്ക് കീഴിൽ ജില്ലാതലത്തിൽ അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതി, ആസൂത്രണ, സാമ്പത്തിക കാര്യ (എ) വകുപ്പിന്റെ 28/09/2021 തീയതിയിലെ G.O (P) No.11/2021/സർക്കാർ ഉത്തരവ് അനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റി കർശനമായി നിരീക്ഷിക്കണം.

2025-26 കാലയളവിൽ 200.00 ലക്ഷം രൂപ കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു

**(iv) പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) (100% സിഎസ്എസ്) (പുതിയ പദ്ധതി)**

**(വിഹിതം: 125.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും കേന്ദ്ര സർക്കാർ ആരംഭിച്ച പദ്ധതികൾ അവലോകനം ചെയ്യുന്നതിനുമായി, സംസ്ഥാനങ്ങൾക്കുണ്ടാകാവുന്ന ഭരണ ചെലവ് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റ് ഇൻ എയ്ഡ് ഉപയോഗിച്ചാണ് പി.എം.യു രൂപീകരിച്ചിട്ടുള്ളത്. വിവിധ പരിപാടികളുടേയും പദ്ധതികളുടേയും കാര്യക്ഷമതയെ പിന്തുണയ്ക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ സാങ്കേതിക വൈദഗ്ധ്യമുള്ള വിദഗ്ധരുടെ ഒരു സംഘം പി.എം.യു-ൽ ഉണ്ടായിരിക്കും.

കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിന്റെ പിന്തുണയോടെ നടപ്പിലാക്കുന്ന, വിദ്യാഭ്യാസം, ആരോഗ്യം, ഉപജീവനമാർഗ്ഗം, വനാവകാശ നിയമം 2006, മറ്റ് ഭരണഘടനാ/നിയമപരമായ വിഷയങ്ങൾ എന്നിവ

സംബന്ധിച്ച വിവിധ പദ്ധതികൾക്കും പരിപാടികൾക്കും സാങ്കേതിക വൈദഗ്ധ്യ സഹായം നൽകുന്നതോടൊപ്പം മോണിറ്ററിംഗ് & ഇവാല്യവേഷൻ, റിസർച്ച്, ഡോക്യുമെന്റേഷൻ, ഡാറ്റ അനലിറ്റിക്സ്, ട്രെയിനിംഗ്, കപ്പാസിറ്റി ബിൽഡിംഗ് തുടങ്ങിയ ക്രോസ് കട്ടിംഗ് മേഖലകളിലെ വിദഗ്ധർക്കൊപ്പം ഡാറ്റാ എൻട്രി, വെബ് മാനേജ്മെന്റിനുള്ള പിന്തുണാ ടീം എന്നിവരെയും പി.എം.യു-ൽ ഉൾപ്പെടുത്തും.

2025-26 കാലയളവിൽ 100 ശതമാനം കേന്ദ്ര സഹായമായി പി.എം.യു 125.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**(v) പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പിഎം-ജൻമൻ) (100% സിഎസ്എസ്) (പുതിയ പദ്ധതി)**

**(വിഹിതം: 900.34 ലക്ഷം രൂപ)**

പ്രത്യേക ദുർബല പട്ടികവർഗ്ഗ വിഭാഗങ്ങളുടെ (പി.വി.ടി.ജി) സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾ ഉയർത്തുന്നതിനായി രൂപകൽപ്പന ചെയ്ത ഒരു സംരംഭമാണ് പ്രധാൻ മന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പിഎം-ജൻമൻ). ഒൻപത് മന്ത്രാലയങ്ങളുടേയും വകുപ്പുകളുടേയും നിലവിലുള്ള പദ്ധതികളുമായി ചേർന്ന് മൂന്ന് വർഷത്തിനുള്ളിൽ സുരക്ഷിതമായ പാർപ്പിടം, ശുദ്ധജലം, മെച്ചപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, പോഷകാഹാരം, മെച്ചപ്പെട്ട റോഡ്, ടെലികമ്മ്യൂണിക്കേഷൻ കണക്റ്റിവിറ്റി, വൈദ്യുതി, തുടങ്ങിയ അവശ്യ സേവനങ്ങളും സുസ്ഥിര ഉപജീവന അവസരങ്ങളും പ്രത്യേക ദുർബല പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങൾക്ക്/ഊരുകൾക്ക് ഒരുക്കി നൽകുവാൻ ഈ പരിപാടി ലക്ഷ്യമിടുന്നു.

പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നത് ഉറപ്പാക്കാൻ, പി.എം കിസാൻ, ആയുഷ്മാൻ ഭാരത് യോജന, എം.ജി.എൻ.ആർ.ഇ.ജി.എ. തുടങ്ങിയ പദ്ധതികളുടെ കീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആവശ്യമായ ആധാർ കാർഡുകൾ, ജാതി സർട്ടിഫിക്കറ്റുകൾ, ജൻധൻ ബാങ്ക് അക്കൗണ്ടുകൾ, ആയുഷ്മാൻ ഭാരത് കാർഡ് എൻറോൾമെന്റ്, എല്ലാ പി.വി.ടി.ജി.കൾക്കും കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റുകൾ തുടങ്ങിയ അവശ്യ രേഖകൾ നേടുന്നതിന് പി.വി.ടി.ജി കമ്മ്യൂണിറ്റികളെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാരുകളുമായി സഹകരിച്ച് പി.എം-ജന്മൻ അനുബന്ധമായ ഐ.ഇ.സി ക്യാമ്പെയ്നിന് കീഴിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനോടുകൂടിച്ചേർന്ന് കിർത്താഡ്സിനും ഇത്തരം ഐ.ഇ.സി പ്രോഗ്രാമുകൾ സംഘടിപ്പിക്കാവുന്നതാണ്.

ഈ പദ്ധതിക്കായി 2025-26 കാലയളവിൽ 100 ശതമാനം കേന്ദ്ര സഹായമായി 900.34 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**(vi) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം (100 ശതമാനം കേന്ദ്ര സഹായ പദ്ധതി)**

**(വിഹിതം: 0.01 ലക്ഷം രൂപ)**

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ലഘുവന ഉൽപ്പന്നങ്ങളുടെ ശേഖരണവുമായി ബന്ധപ്പെട്ട പരിപാടികൾക്ക് കേന്ദ്രസർക്കാർ ധനസഹായം നൽകാറുണ്ട്. ഓഹരി മൂലധന നിക്ഷേപം, ലഘുവന ഉൽപ്പന്നങ്ങളുടെ ശേഖരണം, ഗോ ഡൗൺ/വെയർ ഹൗസ് എന്നിവയുടെ നിർമ്മാണം തുടങ്ങിയവ ഈ പദ്ധതിയുടെ ഘടകങ്ങളാണ്.

കേന്ദ്ര സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന ധനസഹായം ഉപയോഗിക്കുന്നതിനായി 2025-26-ൽ ഈ പദ്ധതിക്ക് 0.01 ലക്ഷം രൂപ നാമമാത്രവിഹിതമായി വകയിരുത്തിയിരിക്കുന്നു.

**(vii) പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണ വികസന പദ്ധതി (സി.സി.ഡി പദ്ധതി) (100 ശതമാനം കേന്ദ്ര സഹായ പദ്ധതി)**

**(വിഹിതം: 0.01 ലക്ഷം രൂപ)**

പട്ടികവർഗ്ഗ ഉപപദ്ധതി മുഖേന നടപ്പിലാക്കുന്ന പ്രാക്തനഗോത്രവർഗ്ഗക്കാരുടെ പൊതുവികസനത്തിൽ ഉണ്ടാകുന്ന വിടവ് നികത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ പദ്ധതിയിൽ ആരോഗ്യം, വിദ്യാഭ്യാസം, കാർഷിക വികസന പരിപാടികൾ തുടങ്ങിയവയ്ക്കായുള്ള പ്രത്യേക പ്രോജക്ടുകൾക്ക് കേന്ദ്രസർക്കാർ തുക അനുവദിക്കാറുണ്ട്. പ്രളയാനന്തര പുനരധിവാസ പരിപാടികൾക്കും നഷ്ടമായ ആസ്തികളുടെയും, ജീവനോപാധികളുടെയും പുനഃനിർമ്മാണത്തിനും മുൻഗണന നൽകേണ്ടതാണ്. കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിൽ നിന്ന് ഫണ്ട് ലഭിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് സമയബന്ധിതമായി കേന്ദ്ര ഗവൺമെന്റിന് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുണ്ട്.

കേന്ദ്രസർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന ധനസഹായം ഉപയോഗിക്കുന്നതിനായി 2025-26-ൽ ഈ പദ്ധതിക്ക് 0.01 ലക്ഷം രൂപ നാമമാത്രവിഹിതമായി വകയിരുത്തിയിരിക്കുന്നു.

(viii) പട്ടികവർഗ്ഗ ഗവേഷണ സ്ഥാപനത്തിന് പിന്തുണ (സപ്പോർട്ട് ടു ടി.ആർ.ഐ)

**1. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (കേന്ദ്ര വിഹിതം 100 ശതമാനം)**

**(വിഹിതം: 1156.21 ലക്ഷം രൂപ)**

പട്ടികവർഗ്ഗക്കാർക്കിടയിൽ സമഗ്രവികസനം ത്വരിതപ്പെടുത്താൻ സഹായിക്കുന്ന ഗവേഷണവും പരിശീലനവും നടത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പരിശീലനത്തിന്റേയും ഗവേഷണ പ്രവർത്തനങ്ങളുടേയും ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- പട്ടികവർഗ്ഗ സമൂഹങ്ങളുടെ വാമൊഴി സാഹിത്യം, ഭാഷ, കലാരൂപങ്ങൾ
- മൊട്ടത്തിക്കൂട്ട– കൗമാരക്കാരായ പണിയൻ പട്ടികവർഗ്ഗ പെൺകുട്ടികളെ ശാക്തീകരിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി (കേരള മഹിളാ സമഖ്യ സൊസൈറ്റിയുമായി സഹകരിച്ചുള്ള പദ്ധതി)
- സംരംഭകത്വ ബോധവൽക്കരണ പരിപാടി
- ഹൈസ്കൂൾ വിദ്യാർത്ഥികളുടെ സമഗ്ര വികസനം വിലയിരുത്തുന്നതിനായി അട്ടപ്പാടിയിലെ എം.ആർ.എസുകളിൽ തുടർച്ചയായ ഇടപെടൽ പരിപാടി : കാലിക്കറ്റ് യൂണിവേ റ്റിറ്റി, ഗവ. ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾ എന്നിവയുമായി സഹകരിച്ചുള്ള പരിപാടികൾ.
- കേരളത്തിലെ സിക്കിൾ സെൽ അനീമിയ രോഗികളുടെ അടിസ്ഥാന സർവ്വേ: കോഴിക്കോട് മെഡിക്കൽ കോളേജുമായി ഒരു സംയുക്ത പ്രവർത്തനം.
- കേരള സംസ്ഥാനത്തെ പട്ടികവർഗ്ഗ ഭാഷകളിൽ വിദ്യാർത്ഥികൾക്കായി പ്രഥമ പുസ്തകം തയ്യാറാക്കൽ.
- ഗോത്ര ഭാഷകളുടെ ഡോക്യുമെന്റേഷനും സംരക്ഷണത്തിനുമായി ഒരു ലാംഗ്വേജ് ലാബ് സ്ഥാപിക്കൽ
- നാച്ചുറൽ ഫാഷൻ: കേരളത്തിലെ പട്ടികവർഗ്ഗ അലങ്കാരങ്ങളും പട്ടികവർഗ്ഗ ഫാഷൻ ഷോയും (വിഷ്വൽ ആന്ത്രോപോളജിക്കൽ പ്രോജക്റ്റ്)
- കേരളത്തിലെ ഗോത്ര രുചികൾ; ഒരു ഗവേഷണ സംരംഭകത്വം, ഗോത്രവർഗ പാചകരീതിയുടെ ഡോക്യുമെന്റേഷൻ പഠനം
- ഗോത്ര ഗ്രാമങ്ങൾ, ഗോത്രവാസ്തുവിദ്യ, ഗോത്ര നിർമ്മാണങ്ങൾ എന്നിവയുടെ പുനരുദ്ധാരണവും സംരക്ഷണവും
- എത്നോമ്യൂസിക്കോളജി, ഓഡിയോ വിഷ്വൽ എത്നോമ്യൂസിക്കോളജി എന്നിവയെക്കുറിച്ചുള്ള അന്താരാഷ്ട്ര സമ്മേളനം
- തദ്ദേശീയ ജനതയുടെ സ്വയം നിർണ്ണയത്തിനുള്ള അവകാശം: ഭക്ഷ്യസുരക്ഷയ്ക്കും പരമാധികാരത്തിനുമുള്ള ഒരു പാത. ലോക തദ്ദേശീയ ജനത ദിനാഘോഷവും തദ്ദേശീയ അവാർഡ്–2025 ഉം ഫോട്ടോഗ്രാഫി മത്സരവും.
- പട്ടികവർഗ്ഗ എഴുത്തുകാരുടെ സംഗമം & ഗോത്ര സാഹിത്യോത്സവം
- കേരളത്തിലെ പട്ടികവർഗ്ഗ സമുദായങ്ങളുടെ വിജ്ഞാനകോശം : തദ്ദേശീയ സംസ്കാരങ്ങളുടേയും പാരമ്പര്യങ്ങളുടേയും സമഗ്രമായ ഡോക്യുമെന്റേഷൻ
- പരിശീലനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, പ്രകടന മികവുകൾ രേഖയാക്കൽ
- കോഫി ടേബിൾ ബുക്ക് ഓൺ ദ എത്നോളജിക്കൽ മ്യൂസിയം
- പട്ടികവർഗ്ഗക്കാരുടെ പ്രയോജനത്തിനായി സർവകലാശാലകൾ, കോളേജുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുമായുള്ള ഗവേഷണ മേഖലകളിലെ പദ്ധതികൾ, ശിൽപശാലകൾ, പരിശീലന സെഷനുകൾ.
- വിവിധ ഗോത്രവർഗ സമൂഹങ്ങൾക്കായുള്ള വിഷയപരമായ പ്രഭാഷണങ്ങളും ബോധവൽക്കരണ പരിപാടികളും
- കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ പ്രതിനിധികൾക്കിടയിൽ നേതൃത്വഗുണങ്ങൾ വർധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ.
- മുപ്പത്തി എട്ടാമത് തലക്കൽ ചന്തു സ്മാരക ദേശീയ അമ്പെയ്ത്ത് മത്സരം
- കേരളത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/ആശ്രമം സ്കൂളുകൾ/ മറ്റ് പട്ടികവർഗ്ഗ സ്കൂളുകളിലെ അധ്യാപകർക്കായി മൂന്ന് ദിവസത്തെ പരിശീലന പരിപാടി
- വിവിധ ഉപജീവന പരിപാടികൾക്കായുള്ള പരിശീലനവും ശിൽപശാലകളും
- കേരളത്തിലെ പട്ടികവർഗ്ഗ വൈദ്യന്മാർക്കായി ദേശീയ ശിൽപശാലയും ചികിത്സാ ക്യാമ്പും

• സമഗ്രവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസത്തിനായി അധ്യാപക പരിവർത്തനം

പദ്ധതി പ്രകാരം തയ്യാറാക്കിയ റിപ്പോർട്ടുകൾ ഒരു ഡിജിറ്റൽ ഡാറ്റാ ശേഖരം വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കാവുന്നതാണ്. പദ്ധതിക്ക് 2025-26 കാലയളവിൽ 100 ശതമാനം കേന്ദ്ര സഹായമായി 1156.21 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**2. കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ (100 ശതമാനം കേന്ദ്ര സഹായ പദ്ധതി)**

**(വിഹിതം: 395.00 ലക്ഷം രൂപ)**

കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയം ട്രൈബൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്)ന്, ഹാൾ, ലൈബ്രറി, ഹോസ്റ്റൽ കെട്ടിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിനും, ട്രൈബൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഐടി ഇൻഫ്രാസ്ട്രക്ചർ ശക്തിപ്പെടുത്തുന്നതിനും ഗ്രാന്റായി തുക നൽകുന്നു. ലൈബ്രറി, മ്യൂസിയം തുടങ്ങിയവയുടെ നവീകരണവും, പരിശീലന-അടിസ്ഥാന സൗകര്യങ്ങളുടെ ആധുനികവൽക്കരണവും മെച്ചപ്പെടുത്തലും, കിർത്താഡ്സ് കാമ്പസിൽ ലാൻഡ്സ്കേപ്പിംഗിനൊപ്പം ലൈറ്റിംഗ് സൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കൽ, വയനാട്ടിലെ എത്നോ മെഡിസിൻ റിസർച്ച് ആന്റ് ട്രീറ്റ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ട്രെയിനിംഗ് ഹാൾ കം ഹോസ്റ്റൽ ബിൽഡിംഗ്, എത്നോളജിക്കൽ മ്യൂസിയം, ആദികലാകേന്ദ്രം, ഓപ്പൺ എയർ സ്റ്റേജ് എന്നിവയുടെ നവീകരണം, കിർത്താഡ്സിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നിവയാണ് ഘടകങ്ങൾ.

2025-26 ൽ 100 ശതമാനം കേന്ദ്ര സഹായമായി 395.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**3. മ്യൂസിയം കോംപ്ലക്സ് സ്ഥാപിക്കൽ/കോഴിക്കോട് ട്രൈബൽ ഫ്രീഡം ഫൈറ്റേ ് മെമ്മോറിയൽ മ്യൂസിയം (100 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 750.00 ലക്ഷം രൂപ)**

കിർത്താഡ്സ് വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. ഗോത്ര സ്വാതന്ത്ര്യ സമര സേനാനികൾക്കായി പുതിയ മ്യൂസിയത്തിന്റെ നിർമ്മാണവും കേരളത്തിലെ ഗോത്ര സ്വാതന്ത്ര്യ സമര സേനാനികളെ സംബന്ധിച്ച വസ്തുതകളുടെ ഡിജിറ്റൈസേഷനും പ്രദർശനവും, നിലവിലുള്ള എത്തോളജിക്കൽ മ്യൂസിയത്തിന്റെ നവീകരണവും പുനർനിർമ്മാണവും, ആദികലാ കേന്ദ്രത്തിന്റെ നവീകരണം എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ.

ഈ പദ്ധതിയ്ക്ക് 2025-26 ൽ 100 ശതമാനം കേന്ദ്രവിഹിതമായി 750.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**4. പരിപാടികളുടെ സംഘാടനം (100 ശതമാനം കേന്ദ്ര വിഹിതം) (പുതിയ പദ്ധതി)**

**(വിഹിതം: 265.00 ലക്ഷം രൂപ)**

ഗോത്രവർഗ്ഗ ഉത്സവങ്ങൾ, പ്രദർശനങ്ങൾ, കായിക മത്സരങ്ങൾ, നൃത്ത-സംഗീത മത്സരങ്ങൾ, പെയിന്റിംഗ് മത്സരങ്ങൾ, ശിൽപശാലകൾ, സെമിനാറുകൾ, എക്സ്ചേഞ്ച് ഓഫ് വിസിറ്റുകൾ, മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയം സഹായം നൽകുന്നു. "സപ്പോർട്ട് ടു ടിആർഐ" എന്ന പദ്ധതിക്ക് കീഴിലാണ് ഇത് നടപ്പിലാക്കുന്നത്. നിർദ്ദിഷ്ട തുക 'പരിപാടികൾ സംഘടിപ്പിക്കൽ' (ഓർഗനൈസേഷൻ ഓഫ് ഇവന്റ്സ്) ന് കീഴിൽ താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു.

ഗോത്രോത്സവം 2025-26 (ഗോത്രോത്സവങ്ങൾ, ഗോത്ര ആചാരങ്ങളും അനുഷ്ഠാനവും: പങ്കാളിത്തവും ഡോക്യുമെന്റേഷനും), അന്താരാഷ്ട്ര മ്യൂസിയം ദിനം ആഘോഷിക്കുന്നതിനുള്ള നിർദ്ദേശം, ദേശീയ ഗോത്ര സാഹിത്യോത്സവം, ഗോത്ര കലോത്സവം, ഗോത്രവർഗ്ഗക്കാരുടെ പെയിന്റിംഗുകളുടെ പ്രദർശനവും വിൽപ്പനയും, എത്നിക് ഫുഡ് ഫെസ്റ്റിവൽ, മെഗാ നാഷണൽ ഇവന്റുകൾ, സംസ്ഥാന തല ഇവന്റുകൾ എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ.

ഈ പദ്ധതിയ്ക്ക് 2025-26 ൽ 100 ശതമാനം കേന്ദ്രവിഹിതമായി 265.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**5. പ്രത്യേക ദുർബലരായ പട്ടികവർഗ്ഗ ഗ്രൂപ്പുകളുടെ (PVTGs) വികസനം (100% CSS) (പുതിയ പദ്ധതി)**

**(വിഹിതം : 33.00 ലക്ഷം രൂപ)**

കാട്ടുനായ്ക്കൻ, ചോലനായ്ക്കൻ, കാടർ, കുറുമ്പർ, കൊറഗ എന്നിങ്ങനെ അഞ്ച് പി.വി.ടി.ജികൾ കേരളത്തിലുണ്ട്. പിവിടിജികളുടെ വികസനത്തിനായി പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. കേന്ദ്ര കേന്ദ്ര ഗവൺമെന്റിന്റെ "സപ്പോർട്ട് ടു ടിആർഐ" എന്ന പദ്ധതിക്ക് കീഴിൽ ഈ പദ്ധതി നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്കായി നിർദ്ദേശിച്ചിട്ടുള്ള വിഹിതം താഴെപ്പറയുന്ന പ്രധാന പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് വിനിയോഗിക്കും.

- കേരളത്തിലെ അഞ്ച് പി.വി.ടി.ജി-കൾക്കായി, ഒന്നാം ക്ലാസിലേക്കുള്ള പ്രഥമ പുസ്തകം തയ്യാറാക്കൽ.
- എത്നോളജിക്കൽ മ്യൂസിയത്തിനായി കേരളത്തിലെ പി.വി.ടി.ജി- കളിൽ നിന്നും പുരാവസ്തുക്കൾ ശേഖരിച്ച വിശദാംശങ്ങൾ ചേർത്ത് അവ സംരക്ഷിക്കുക.

2025-26 കാലയളവിൽ 33.00 ലക്ഷം രൂപ 100% കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

**II. ആർട്ടിക്കിൾ 275 [1] പ്രകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ (100 ശതമാനം കേന്ദ്ര വിഹിതം)**

**i. ആർട്ടിക്കിൾ 275 (1) ഗ്രാൻഡ് ഇൻ- എയ്ഡ് പ്രകാരമുള്ള വികസന പദ്ധതികൾ (100 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 768.38 ലക്ഷം രൂപ)**

വിദ്യാഭ്യാസം, വരുമാനദായക പരിപാടികൾ, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, സാങ്കേതിക തൊഴിൽ മേഖലയിലുള്ള മാനവശേഷി വികസനം, കായിക വികസനം, സ്കൂളുകളുടേയും ഹോസ്റ്റലുകളുടേയും പരിപാലനം തുടങ്ങി മാനവ വികസന സൂചകങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളാണ് ഈ പരിപാടിയിൽ ഉൾപ്പെട്ടിരിക്കുന്നത്. കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തന ചെലവും ഇതിൽ നിന്നും കണ്ടെത്താവുന്നതാണ്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്. സംസ്ഥാന സർക്കാർ സർപ്പിക്കുന്ന പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നതാണ്. പ്രളയാനന്തര പുനരധിവാസ പരിപാടികൾക്കും നഷ്ടമായ ആസ്തികളുടേയും, ജീവനോപാധികളുടേയും പുനഃനിർമ്മാണത്തിനും മുൻഗണന നൽകേണ്ടതാണ്.

ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ ലഭിക്കുന്ന, മുകളിൽ പ്രസ്താവിച്ചിട്ടുള്ള ഇനങ്ങളിലെ പ്രത്യേക പ്രോജക്ടുകൾ പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി അംഗീകാരം നൽകേണ്ടതാണ്.

2025-26-ൽ ഈ പദ്ധതിയ്ക്കായി 768.38 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**ii. ആർട്ടിക്കിൾ 275 (1) പ്രകാരം ഗ്രാന്റ്-ഇൻ-എയ്ഡ് ഉപയോഗിച്ച് ഹോസ്റ്റലുകളുടെ നിർമ്മാണം (100 ശതമാനം കേന്ദ്ര സഹായം)**

**(വിഹിതം: 800.00 ലക്ഷം രൂപ)**

2015-16 മുതൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടേയും ഹോസ്റ്റലുകളുടേയും വിദ്യാഭ്യാസപരമായ അടിസ്ഥാന സൗകര്യങ്ങൾക്കായി കേന്ദ്രസർക്കാർ തുക അനുവദിക്കുന്നുണ്ട്. താഴെ പറയുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം ഈ ഘടകത്തിന്കീഴിൽ ഏറ്റെടുക്കും.

- പെൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ, വടകര, കോഴിക്കോട്
- ആൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ വയനാട്
- ആൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ കോഴിക്കോട്
- പെൺകുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, നൂറനി -പാലക്കാട്
- പെൺകുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, ചെമ്പൂക്കാവ് - കണ്ണൂർ

2025-26-ൽ 100 ശതമാനം കേന്ദ്ര സഹായമായി 800.00 ലക്ഷം രൂപ മുകളിൽ പറഞ്ഞ സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്.

**iii. ആർട്ടിക്കിൾ 275(1) പ്രകാരം പട്ടിക വർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം (2006) നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ)**

**(വിഹിതം: 0.01 ലക്ഷം രൂപ)**

29.7.2008 ലെ ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ 14020/10/2008/എസ്.ജി. (1) നമ്പർ കത്ത് പ്രകാരം സംസ്ഥാന ഗവൺമെന്റിന് 15.94 ലക്ഷം രൂപ ആർട്ടിക്കിൾ 275(1) ലെ പട്ടിക വർഗ്ഗക്കാരുടേയും മറ്റു പരമ്പരാഗതമായി വനങ്ങളിൽ വസിക്കുന്നവരുടേയും നിയമം (2006) നടപ്പാക്കുന്നതിനായുള്ള ചെലവുകൾക്കായി (വനാവകാശം അംഗീകരിക്കൽ) ലഭിച്ചിട്ടുണ്ട്. ഭൂമിയുടെ സർവ്വേ നടത്തുന്നതിനും, ഭൂമിയുടെ അവകാശ രേഖ നൽകുന്നതിനും, നിയമപ്രകാരം ഭൂമി വേലികെട്ടി സംരക്ഷിക്കുന്നതിനും ഈ നിയമപ്രകാരം ഉള്ള ഭൂമിയുടെ വികസന പ്രവർത്തനങ്ങൾക്കും, ഭൂമിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി വിഹിതം ഉപയോഗിക്കുന്നു. ബന്ധപ്പെട്ട മന്ത്രാലയത്തിൽ നിന്ന് ഫണ്ട്

ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് കേന്ദ്ര സർക്കാരിന് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുണ്ട്. കാസർഗോഡും ആലപ്പുഴയും ഒഴിച്ചുള്ള എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കുന്നു.

കേന്ദ്ര സർക്കാരിൽ നിന്നും 100 ശതമാനം ധനസഹായം പ്രതീക്ഷിക്കുന്ന ഈ പദ്ധതിയ്ക്ക് 2025-26-ൽ നാമമാത്ര വിഹിതമായി 0.01 ലക്ഷം രൂപ വകയിരുത്തുന്നു.

### III. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും കുടുംബശ്രീ വഴിയും നടപ്പിലാക്കുന്ന പട്ടികവർഗ്ഗ ഉപ പദ്ധതി പരിപാടികൾ

#### i. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (പി.എം.എ.വൈ) (പട്ടികവർഗ്ഗ ഉപപദ്ധതി) (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 300 ലക്ഷം രൂപ)**

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീടുകൾ നിർമ്മിച്ചു നൽകുക എന്നതാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (പി.എം.എ.വൈ) യിലൂടെ ലക്ഷ്യമിടുന്നത്. പുതിയ വീടുകൾ നിർമ്മിക്കുകയും നിലവിലെ ജീർണ്ണിച്ച വീടുകളെ വാസയോഗ്യമാക്കി നവീകരിക്കുകയുമാണ് ഈ പദ്ധതിയുടെ രണ്ട് ഘടകങ്ങൾ. 2025-26 - ൽ 300.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി ഈ പരിപാടിക്കായി പ്രതീക്ഷിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകൾക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്.

#### ii. ദീൻദയാൽ അന്ത്യോദയ യോജന - നാഷണൽ റൂറൽ ലൈവ് ലി ഹുഡ്സ് മിഷൻ (ഡേ-എൻ.ആർ.എൽ.എം) (പട്ടികവർഗ്ഗ ഉപപദ്ധതി) (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 285.00 ലക്ഷം രൂപ)**

കേന്ദ്ര ഗവൺമെന്റിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയാണ് ഡേ-എൻ.ആർ.എൽ.എം. ഗ്രാമീണ മേഖലയിൽ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുക എന്നതാണ് ഈ ദാരിദ്ര്യ നിർമ്മാർജ്ജന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ലക്ഷ്യം. 2025-26 ൽ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം 285.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. സംസ്ഥാനത്ത് പദ്ധതി നടത്തിപ്പിനായി കുടുംബശ്രീ മിഷനെയാണ് നോഡൽ ഏജൻസിയായി സർക്കാർ നിയോഗിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകൾക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്.

ഈ പദ്ധതി താഴെ ചേർത്തിരിക്കുന്ന മൂന്ന് ഉപ പദ്ധതികൾ ഉൾക്കൊള്ളുന്നതാണ്.

| ക്രമ നം. | പദ്ധതിയുടെ പേര് | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| i | ദീൻദയാൽ അന്ത്യോദയ യോജന- നാഷണൽ റൂറൽ ലൈവ് ലി ഹുഡ്സ് മിഷൻ (ഡേ-എൻ.ആർ.എൽ.എം) (പട്ടികവർഗ്ഗ ഉപപദ്ധതി) (60 ശതമാനം കേന്ദ്ര വിഹിതം) | 225.00 |
| ii | ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ)-ടി.എസ്.പി (60 ശതമാനം കേന്ദ്ര വിഹിതം) | 45.00 |
| iii | മഹിളാ കിസാൻ സശക്തികരൺ പരിയോജന (എം. കെ. എസ്. പി)- ടി. എസ്. പി. (60 ശതമാനം കേന്ദ്ര വിഹിതം) | 15.00 |
| | **ആകെ** | **285.00** |

## സി. മറ്റു പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം

### 1. PM-YASASVI- ഒ.ബി.സി, ഇ.ബി.സി, ഡി.എൻ.റ്റി വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ് (മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് ) (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 1200.00 ലക്ഷം രൂപ)**

രക്ഷിതാവിന്റെ/രക്ഷാധികാരിയുടെ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത ഒ.ബി.സി, ഇ.ബി.സി, ഡി.എൻ.റ്റി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ പദ്ധതി ഉദ്ദേശിക്കുന്നു. ഒമ്പത്, പത്ത് ക്ലാസുകളിലെ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. 2025-26 കാലയളവിൽ, സർക്കാർ നിശ്ചയിച്ച നിരക്കിൽ അർഹരായ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി, ഈ പരിപാടിയിലൂടെ 1200.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സ്കോളർഷിപ്പ് നൽകുന്നതാണ്. ലിംഗാധിഷ്ഠിത സ്ഥിതി

വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ 30 ശതമാനം തുക പെൺകുട്ടികൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു. ഫണ്ടിന്റെ 5 ശതമാനം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി നീക്കിവച്ചിരിക്കുന്നു.

**2. PM-YASASVI-ഒ.ബി.സി, ഇ.ബി.സി, ഡി.എൻ.റ്റി വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (പിന്നാക്ക വിഭാഗങ്ങൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 8700.00 ലക്ഷം രൂപ)**

പോസ്റ്റ് മെട്രിക്കുലേഷൻ അല്ലെങ്കിൽ പോസ്റ്റ് സെക്കന്ററി തലങ്ങളിൽ പഠിക്കുന്ന ഒ.ബി.സി, ഇ.ബി.സി, ഡി.എൻ.റ്റി വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം പൂർത്തീകരിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നല്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം. അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കാണ് സ്കോളർഷിപ്പുകൾ നല്കുന്നത്. രക്ഷിതാവിന്റെ/രക്ഷാധികാരിയുടെ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹതയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സ്കോളർഷിപ്പ് നൽകുന്നതാണ്. 2025-26ൽ ഈ പദ്ധതിക്കായി 8700.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതി വിവരകണക്കിന്റെ അടിസ്ഥാനത്തിൽ 60 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു. ഫണ്ടിന്റെ 5 ശതമാനം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി നീക്കിവച്ചിരിക്കുന്നു.

**3. PM-YASASVI ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 62.00 ലക്ഷം രൂപ)**

ഗ്രാമീണ പശ്ചാത്തലത്തിൽ നിന്നുള്ള മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അകലത്തിൽ സ്ഥിതി ചെയ്യുന്ന സർക്കാർ സ്കൂളുകൾ, സർവ്വകലാശാലകൾ, സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ സെക്കൻഡറിതല വിദ്യാഭ്യാസമോ ഉന്നത വിദ്യാഭ്യാസമോ നേടുന്നതിനായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2025-26-ൽ ഈ പദ്ധതിക്കായി 62.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

## ഡി. ന്യൂനപക്ഷങ്ങളുടെ ക്ഷേമം

**1. പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം - (ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിൽ ബഹുമേഖലാ വികസന പരിപാടികൾ) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 2400.00 ലക്ഷം രൂപ)**

പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം ന്യൂനപക്ഷ സമുദായങ്ങൾക്ക് പ്രത്യേകിച്ച് വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യ വികസനം എന്നീ മേഖലകളിൽ മികച്ച സാമൂഹിക സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യാൻ ലക്ഷ്യം വയ്ക്കുന്നു. പിന്നാക്കാവസ്ഥയുടെ മാനദണ്ഡങ്ങളിൽ ദേശീയ ശരാശരിയും ന്യൂനപക്ഷ സമുദായങ്ങളും തമ്മിലുള്ള വിടവ് കുറയ്ക്കുവാൻ ഇത് സഹായകരമാകും. മുമ്പുണ്ടായിരുന്ന ബഹുമേഖലാ വികസന പരിപാടികൾ എന്ന പദ്ധതി ന്യൂനപക്ഷ കാര്യ മന്ത്രാലയം 2018-19 ൽ പുനസംഘടിപ്പിച്ച് കേന്ദ്ര, സംസ്ഥാന വിഹിതങ്ങളുടെ അനുപാതം 60:40 എന്ന തോതിൽ മാറ്റി പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ) എന്ന് പുന:നാമകരണം ചെയ്യുകയുണ്ടായി. ന്യൂനപക്ഷ സമുദായങ്ങളുടെയും മറ്റ് സമുദായങ്ങളുടെയും സാമൂഹിക സാമ്പത്തിക അവസ്ഥ, ജീവിത സാഹചര്യങ്ങൾ തുടങ്ങിയവ അഭിവൃദ്ധിപ്പെടുത്തുന്നതിനായി അവർ അധിവസിക്കുന്ന പ്രദേശങ്ങളിലെ നവീന പദ്ധതികൾക്കു പുറമെ വിദ്യാഭ്യാസം, ആരോഗ്യം, വൈദഗ്ധ്യ വികസനം എന്നീ മേഖലകളിലെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട പദ്ധതികളാണ് പി.എം.ജെ.വി.കെ മുഖാന്തിരം നടപ്പിലാക്കുന്നത്. പുതുക്കിയ പി.എം.ജെ.വി.കെ പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കാം. ന്യൂനപക്ഷ ജനസംഖ്യ 25% കൂടുതലുള്ളതായി കണ്ടെത്തിയ പ്രദേശങ്ങളിൽ (15 K.M ചുറ്റളവിൽ) അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നിർദ്ദേശിക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സാധ്യമാണ്. സ്കൂൾ കെട്ടിടങ്ങളുടെ നിർമാണം, സ്ത്രീശാക്തീകരണ കേന്ദ്രങ്ങൾ, മാർക്കറ്റ് ഷെഡുകൾ, ടോയ്‌ലറ്റ് ബ്ലോക്കുകൾ, ബഡ്സ് സ്കൂളുകൾ, ഡയാലിസിസ് സെന്ററുകൾ, സദ്ഭാവന മണ്ഡപങ്ങൾ, പൊതു സേവന കേന്ദ്രങ്ങൾ തുടങ്ങിയവ പിഎംജെവികെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യ വികസനം, വനിതാ കേന്ദ്രീകൃത പദ്ധതികൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്നതിനുപുറമേ, ഉയർന്നുവരുന്ന ദേശീയ പ്രധാന്യമുള്ള മേഖലകളായ കായികം, ശുചിത്വം, സൗരോർജ്ജം, നഗരപ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾ

തുടങ്ങിയവയ്ക്കും പദ്ധതി മുൻഗണന നൽകുന്നതാണ്. 2025–26–ൽ 2400.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി ഈ പരിപാടിക്ക് പ്രതീക്ഷിക്കുന്നു.

## 9.12 സാമൂഹ്യ ക്ഷേമം – 100% കേന്ദ്ര വിഹിതം

**1. സംയോജിത ശിശു സംരക്ഷണ പദ്ധതി (60 ശതമാനം കേന്ദ്രവിഹിതം)**

**(വിഹിതം: 1650.00 ലക്ഷം രൂപ)**

കുട്ടികളെ ഫലപ്രദമായും കാര്യപ്രാപ്തിയോടെയും സംരക്ഷിക്കുന്നതിനായി 'കുട്ടികളുടെ അവകാശ സംരക്ഷണം', 'കുട്ടികളുടെ താല്പര്യം' എന്നീ മൗലിക തത്വങ്ങളിൽ അധിഷ്ഠിതമായ ഒരു സമ്പ്രദായം യാഥാർത്ഥ്യമാക്കാനുള്ള സർക്കാരിന്റെ പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി. ദുർബല സാഹചര്യങ്ങളിൽ നിന്നുള്ളവരും, ദുരിതം അനുഭവിക്കുന്നവരുമായ കുട്ടികൾക്ക് സർക്കാരിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തത്തോടെ സുരക്ഷിത പരിസ്ഥിതി സൃഷ്ടിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(1) സംസ്ഥാന ശിശു സംരക്ഷണ സൊസൈറ്റി (2) ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് (3) ശിശുക്ഷേമ കമ്മിറ്റികൾ (4) ജുവനൈൽ ജസ്റ്റിസ് ബോർഡ് (5) ജെ.ജെ. ആക്ട് 2015 പ്രകാരമുള്ള ശിശുക്കൾക്കായുള്ള സ്ഥാപനങ്ങൾ (6) സ്റ്റേറ്റ് അഡോപ്ഷൻ റിസോ ് ഏജൻസി എന്നിവ മുഖേനയാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. അത്യാവശ്യ സേവനങ്ങളെ സ്ഥാപനവൽക്കരിക്കുന്നതിനും, കഴിവുകൾ വിവിധ തലത്തിൽ വികസിപ്പിക്കുന്നതിനും, ശിശു സംരക്ഷണ സേവനങ്ങൾക്കായി ഡേറ്റ ബേസ് രൂപീകരിക്കുന്നതിനും, കുടുംബത്തിലും സമൂഹത്തിലും കുട്ടികളുടെ സംരക്ഷണം മെച്ചപ്പെടുത്തുന്നതിനും, എല്ലാ തലങ്ങളിലും അനുയോജ്യമായ ഇന്റർ സെക്ടറൽ റെസ്പോൺസ് ഉറപ്പ് വരുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഫലപ്രദമായ ഇടപെടലുകൾ നടത്താനും അനന്തരഫലങ്ങൾ നിരീക്ഷിക്കുന്നതിനുമായി ശിശു സുരക്ഷ ഡേറ്റ മാനെജ്മെന്റ് സിസ്റ്റവും വിഭാവനം ചെയ്യുന്നു. എൻ.ജി.ഒ ഹോമുകൾക്കുള്ള സഹായവും, ഐ.സി.പി.എസ് മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള എല്ലാ ഘടകങ്ങളും, മിഷൻ വാത്സല്യ പദ്ധതിയിലെ എല്ലാ ഘടകങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്. 2025–26–ൽ 1650.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**2. ഐ.സി.ഡി.എസ് പരിശീലന പരിപാടി (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 0.06 ലക്ഷം രൂപ)**

സാമൂഹിക പരിവർത്തനത്തിന് സഹായകമാകുന്ന രീതിയിൽ ഐ.സി.ഡി.എസ്. ന്റെ എല്ലാ പ്രവർത്തകരെയും പ്രാപ്തരാക്കുക എന്നതാണ് ഐ.സി.ഡി.എസ്. പരിശീലന പരിപാടിയുടെ ലക്ഷ്യം. ശൈശവകാല പരിചരണത്തിന്റെയും, വികസനത്തിന്റെയും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥർക്ക് നൽകി വരുന്ന ഈ പരിശീലന പരിപാടി ദേശീയതലത്തിൽ ആരംഭിച്ച ഒരു സംരംഭമാണ്. നിലവിൽ, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക് പരിശീനം നൽകുന്നതിനായി ഒരു മിഡിൽ ലെവൽ പരിശീലന കേന്ദ്രവും അംഗൻവാടിവർക്കർ/ഹെൽപ്പർമാർക്ക് പരിശീലനം നൽകുന്നതിനായി 12 പരിശീലന കേന്ദ്രങ്ങളും എൻജിഒ യുടെ കീഴിൽ പ്രവർത്തിക്കുന്നു. അംഗനവാടി പ്രവർത്തകർക്കും ഐസിഡിഎസ് സൂപ്പർവൈസർമാർക്കും തൊഴിൽ പഠനാനന്തര പരിശീലനം നൽകാനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായമായി 2025–26 ബജറ്റിൽ 0.06 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**3. എം.ജി.എൻ.ആർ.ഇ.ജി.എ–യുമായി ചേർന്നുള്ള അംഗൻവാടി നിർമ്മാണം (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 1.08 ലക്ഷം രൂപ)**

കേന്ദ്ര–സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ, ഒരു അംഗനവാടിക്ക് 2.00 ലക്ഷം രൂപ എന്ന നിരക്കിൽ, അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 60% കേന്ദ്രസഹായമായി 2025–26 ബജറ്റിൽ 1.08 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## 4. നാഷണൽ ക്രഷ് സ്കീം 60:40 – പൽന പദ്ധതിക്കു കീഴിലുള്ള അംഗനവാടി ക്രഷ് സ്കീം (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 750.00 ലക്ഷം രൂപ)**

ഉദ്യോഗസ്ഥരായ മാതാപിതാക്കൾക്ക് ജോലി സമയത്ത് കുട്ടികളെ സുരക്ഷിതമായി ഏൽപ്പിക്കുന്നതിനുള്ള സൗകര്യമാണ് ക്രഷ്. ഇവിടെ കുട്ടികളുടെ സമഗ്രമായ വികസനത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതായിരിക്കും. വീട്ടിൽ നിന്നും പകൽ സമയം മാറി നിൽക്കേണ്ടി വരുന്ന 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്നതിനും, അവരെ പരിചരിക്കുന്നതിനും മേൽനോട്ടം നടത്തുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ, കേന്ദ്ര സംസ്ഥാന വിഹിത ഘടന യഥാക്രമം 60:40 എന്ന അനുപാതത്തിലാണ്. 'മിഷൻ ശക്തി' എന്ന പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റ് നാഷണൽ ക്രഷ് സ്കീമിനെ പൽന (PALNA) പദ്ധതി എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. 304 അംഗനവാടി കം ക്രഷുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള എല്ലാ ക്രഷുകളെയും അംഗനവാടി ക്രഷുകളായി പരിവർത്തനം ചെയ്യുന്നതിനും കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ജോലിയുള്ള അമ്മമാരുടെ കുട്ടികൾക്ക് ഡേ കെയർ സൗകര്യം, കുട്ടികളുടെ ആരോഗ്യനിലവാരവും പോഷക നിലവാരവും മെച്ചപ്പെടുത്തൽ, ശാരീരിക മാനസിക വൈകാരിക വികാസം പ്രോത്സാഹിപ്പിക്കൽ, മെച്ചപ്പെട്ട ശിശു സംരക്ഷണം നൽകുന്നതിന് മാതാപിതാക്കളെയും പരിപാലകരേയും അഭ്യസിപ്പിക്കുകയും ശാക്തീകരിക്കുകയും ചെയ്യുക, സമൂഹത്തിലെ ഉദ്യോഗസ്ഥ മാതാപിതാക്കളുടെ കുട്ടികൾക്ക് (6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക്) പകൽ സമയത്ത് പരിപാലന സൗകര്യങ്ങൾ നൽകുക, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉറപ്പാക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നത് പൽന സ്കീമിൽവിഭാവനം ചെയ്യുന്നു.

മേൽപറഞ്ഞവ കൂടാതെ 2024-25 ൽ ഘട്ടം ഘട്ടമായി നിർത്തലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള നിലവിലുള്ള സ്റ്റാൻഡലോൺ ക്രഷുകൾക്ക് പ്രവർത്തന കാലയളവിലെ ഗ്രാന്റ് റീഇംബേ ് ചെയ്യുന്നതിനും പദ്ധതിയിൽ തുക ഉൾപ്പെടുത്തുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായമായി 2025-26 ബജറ്റിൽ 750.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## 5. അംഗനവാടി കേന്ദ്രങ്ങളുടെ പുനരുദ്ധാരണം (60% കേന്ദ്ര വിഹിതം)

**(വിഹിതം: 75.00 ലക്ഷം രൂപ)**

സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് കെട്ടിടങ്ങൾ തകർന്ന അവസ്ഥയിലായതിനാൽ അതിന് അറ്റകുറ്റപ്പണികളും പുനരുദ്ധാരണവും ആവശ്യമാണ്. അംഗൻവാടി കേന്ദ്രങ്ങളിലെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുക എന്നതാണ് ലക്ഷ്യം.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായമായി 2025-26 ബജറ്റിൽ 75.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## 6. സ്ത്രീ ശാക്തീകരണത്തിനുള്ള ഹബ് (60% കേന്ദ്ര വിഹിതം)

**(വിഹിതം: 225.00 ലക്ഷം രൂപ)**

സ്ത്രീ ശാക്തീകരണം സുസ്ഥിരമായ ഇടപെടലുകൾ ആവശ്യമായ ഒരു ദീർഘകാല പ്രക്രിയയാണ്. കേന്ദ്ര, സംസ്ഥാന, ജില്ലാ തലങ്ങളിൽ സ്ത്രീകൾക്ക് വേണ്ടിയുള്ള പദ്ധതികളുടെയും പരിപാടികളുടെയും അന്തർ-മേഖലാ സംയോജനം സുഗമമാക്കുന്നതിന്, സ്ത്രീകൾക്ക് അവരുടെ മുഴുവൻ കഴിവുകളും തിരിച്ചറിയുന്നതിനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ സഹായിക്കുക എന്നതാണ് സ്ത്രീ ശാക്തീകരണ ഹബ് ലക്ഷ്യമിടുന്നത്. സ്ത്രീകൾക്കായുള്ള സംസ്ഥാന തല പ്രവർത്തനങ്ങളിലെ കുറവുകൾ പരിഹരിക്കുന്നതിനും സ്ത്രീകൾക്ക് സർക്കാർ പദ്ധതികളുടെ പ്രാപ്യതയും വിനിയോഗവും മെച്ചപ്പെടുത്തി സാമൂഹിക മാറ്റത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ച് സ്ത്രീകളുടെ സമഗ്ര ശാക്തീകരണം പ്രോത്സാഹിപ്പിക്കുന്ന പ്രക്രിയകൾ ശക്തിപ്പെടുത്തുന്നതിലൂടെ ഇന്റർ ഡിപ്പാർട്ട്മെന്റ്, ഇന്റർ സെക്ടറൽ സംയോജനം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സിഎസ്എസ് പദ്ധതിയിൽ വനിതാശാക്തീകരണത്തിനായുള്ള ഹബ്ബ് എന്ന പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും അതിനായി കേന്ദ്ര വിഹിതം നൽകുന്നതിനുമാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായമായി 2025-26 ബജറ്റിൽ 225.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## 7. സഖി നിവാസ് (60% കേന്ദ്ര വിഹിതം)

**(വിഹിതം: 450.00 ലക്ഷം രൂപ)**

ജോലി ചെയ്യുന്ന സ്ത്രീകൾ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ട് മനസ്സിലാക്കി ഇന്ത്യൻ ഗവൺമെന്റ് 1972–73–ൽ ഒരു പദ്ധതി അവതരിപ്പിച്ചു. നഗരങ്ങളിലും ചെറിയ പട്ടണങ്ങളിലും തൊഴിലവസരങ്ങളുള്ള ഗ്രാമപ്രദേശങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിനായി പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും നിലവിലുള്ള കെട്ടിടങ്ങളുടെ വിപുലീകരണത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ചു. 2017–ൽ ഈ പദ്ധതി പരിഷ്ക്കരിച്ചു. എന്നിരുന്നാലും, മൂല്യനിർണ്ണയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ, ജോലി ചെയ്യുന്ന സ്ത്രീകൾക്കും ഉന്നത വിദ്യാഭ്യാസത്തിനോ പരിശീലനത്തിനോ വീട്ടിൽ നിന്നും മാറി നിൽകേണ്ടി വരുന്ന സ്ത്രീകൾക്കും സുരക്ഷിതവും സൗകര്യപ്രദവുമായ താമസ സൗകര്യം പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിലുള്ള പദ്ധതി പരിഷ്കരിച്ച് സഖി നിവാസ് പദ്ധതി ആവിഷ്കരിച്ചു. സഖി നിവാസ് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും അതിനായി കേന്ദ്ര വിഹിതം നൽകുന്നതിനുമാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായമായി 2025–26 ബജറ്റിൽ 450.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## 8. ഹൈക്കോടതി–പോക്സോ കേസുകൾ വിചാരണ നടത്തുന്നതിനായി കോടതികൾ സ്ഥാപിക്കുക (60% കേന്ദ്ര വിഹിതം)

**(വിഹിതം: 750.00 ലക്ഷം രൂപ)**

ബലാത്സംഗ കേസുകളും പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളും വേഗത്തിൽ വിചാരണ ചെയ്യുന്നതിനും തീർപ്പാക്കുന്നതിനുമായിട്ടാണ് ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ കേന്ദ്ര സർക്കാർ ആരംഭിച്ചത്. നിലവിലുള്ള 55 കോടതികളുടെ തുടർച്ചയായ പ്രവർത്തനത്തിനും, പുതിയ ഒരു ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുവാനുമാണ് 2025–26 ൽ ലക്ഷ്യമിടുന്നത്. ശമ്പളവും, വേതനവും, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, അത്യാവശ്യ ചെലവുകൾ, വാടക, കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവയ്ക്കായി കേന്ദ്രസഹായമായി 2025–26 ബജറ്റിൽ 750.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## 9. മുതിർന്ന പൗരന്മാർക്കായുള്ള ദേശീയ ആക്ഷൻ പ്ലാൻ (100% കേന്ദ്ര വിഹിതം)

**(വിഹിതം: 465.46 ലക്ഷം രൂപ)**

രാജ്യത്തെ പൗരന്മാർക്ക് പ്രായമാകുമ്പോൾ അന്തസ്സോടെയും, അഭിമാനത്തോടെയും ജീവിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഒരു ഇക്കോ സിസ്റ്റത്തിനു വേണ്ട വിവിധ വശങ്ങൾ ഈ ആക്ഷൻ പ്ലാനിലൂടെ ഉയർത്തിക്കാട്ടുന്നു. മുതിർന്ന പൗരന്മാരുടെ വിവിധ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന തരത്തിൽ താഴെ രേഖപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിരിക്കുന്നു.

1. സാമ്പത്തിക സുരക്ഷിതത്വം
2. ആരോഗ്യ സംരക്ഷണവും പോഷകാഹാരവും
3. അഭയ കേന്ദ്രങ്ങളും ക്ഷേമവും
4. മുതിർന്ന പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം
5. അന്തർദേശീയ ബന്ധങ്ങളും നൈപുണ്യ വികസനത്തിലൂടെയുമുള്ള ക്രിയാത്മകമായും ഉത്പാദനക്ഷമവുമായ വാർദ്ധക്യം
6. വയോജന സൗഹൃദ പരിസ്ഥിതി, ഗതാഗത സൗകര്യം, പ്രവേശന ക്ഷമത
7. ബോധവൽക്കരണവും കഴിവ് വികസിപ്പിക്കലും
8. വയോജന സൗഹൃദ വ്യാവസായിക വസ്തുക്കളും സേവനങ്ങളും സമൂഹത്തിൽ നടപ്പിലാക്കുന്നതിനായി സിൽവർ ഇക്കൊണമി പ്രോത്സാഹിപ്പിക്കുക
9. ഗവേഷണവും പഠനവും
10. പ്രോജക്റ്റ് മാനേജ്മെന്റ്
11. മുതിർന്ന പൗരന്മാർക്കുള്ള ദേശീയ ഹെല്പ് ലൈൻ

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായമായി 2025–26 ബജറ്റിൽ 465.46 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

10. മയക്കുമരുന്ന് ഉപയോഗം കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മ പദ്ധതി (100% കേന്ദ്ര വിഹിതം) എൻ.എ.പി.ഡി.ഡി.ആർ

**(വിഹിതം: 487.07 ലക്ഷം രൂപ)**

മയക്കുമരുന്നിന്റെ പ്രതികൂല അനന്തരഫലങ്ങൾ കുറയ്ക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു ദേശീയ കർമ്മ പദ്ധതിയാണിത്. ബോധവത്കരണം, മയക്കുമരുന്നിനോടുള്ള ആസക്തി കുറയ്ക്കുന്നതിനുള്ള നടപടികൾ ഉൾപ്പടെയുള്ള വിവിധ രീതികളിലൂടെ മയക്കുമരുന്നിനടിമപ്പെട്ട വ്യക്തികളെയും കുടുംബങ്ങളെയും പുനരധിവസിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിനുള്ള വിവിധ പദ്ധതികൾ സംസ്ഥാന ആക്ഷൻ പ്ലാനിലും ജില്ലാതല ആക്ഷൻ പ്ലാനിലും ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരവും പുനഃപരിശോധനയും പ്രതീക്ഷിക്കുന്നു.

പദ്ധതി നടപ്പാക്കാനായി 2025-26-ൽ 487.07 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

11. **ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ (100% കേന്ദ്ര വിഹിതം)**

**(വിഹിതം: 231.63 ലക്ഷം രൂപ)**

ഭിന്നശേഷിക്കാർക്ക് സാർവത്രിക പ്രവേശന സാധ്യത കൈവരിക്കുന്നതിനായി ആരംഭിച്ച പരിപാടിയാണ് ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ. ഭിന്നശേഷിക്കാർക്ക് പ്രതിബന്ധമുക്ത പരിസ്ഥിതി ലഭ്യമാക്കാനായി തിരുവനന്തപുരം ജില്ലയിലെ 28 പൊതു കെട്ടിടങ്ങൾ റിട്രോഫിറ്റിംഗ് പ്രവൃത്തികൾക്കായി കേന്ദ്ര സർക്കാർ അനുമതി നൽകുകയും 50 ശതമാനം തുക ആദ്യ ഗഡുവായി അനുവദിക്കുകയും ചെയ്തു.

ഈ പ്രവർത്തനങ്ങൾക്കായി 231.63 ലക്ഷം രൂപ 2025-26-ൽ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

12. **വിമൺ ഹെൽപ്പ് ലൈൻ (100% കേന്ദ്രവിഹിതം)**

**(വിഹിതം: 72.00 ലക്ഷം രൂപ)**

പിന്തുണയും വിവരങ്ങളും തേടിവരുന്ന സ്ത്രീകൾക്ക് വിമൺ ഹെൽപ്പ് ലൈൻ മുഖേന 24 മണിക്കൂറും സൗജന്യ ടെലികോം സേവനങ്ങൾ നൽകുന്നു. ഇതിനായി പോലീസ്, ഫയർ ഫോ ്, ആംബുലൻസ് എന്നീ അടിയന്തിര സേവനങ്ങൾ ലഭ്യമാക്കുന്നതിന് വൺ സ്റ്റോപ്പ് കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന എമർജൻസി റസ്പോൺസ് സപ്പോർട്ട് സിസ്റ്റവുമായി ഇവരെ ബന്ധിപ്പിക്കുന്നു. വിവിധ സർക്കാർ പദ്ധതികളെക്കുറിച്ചും പരിപാടികളെക്കുറിച്ചുമുള്ള വിവരങ്ങൾ വിമൺ ഹെൽപ്പ്ലൈൻ നൽകുകയും. സ്ത്രീകൾ താമസിക്കുന്നതോ ജോലിചെയ്യുന്നതോ ആയ പ്രദേശത്തെ നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരായ ഡവറി പ്രൊബേഷൻ ഓഫീസർമാർ, ചൈൽഡ് മാരിയേജ് പ്രിവെൻഷൻ ആന്റ് പ്രൊട്ടക്ഷൻ ഓഫീസർ എന്നിവരുമായി ആവശ്യാനുസരണം ഇവരെ ബന്ധിപ്പിക്കുകയും ചെയ്യുന്നു. സ്ത്രീകൾക്ക് എല്ലാ അത്യാവശ്യ സേവനങ്ങളും നൽകുന്നതിനും അവരുടെ അവകാശങ്ങളും അധികാരങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളും നൽകിക്കൊണ്ട് അവരെ മുന്നോട്ട് നയിക്കുന്നതിനുമായി 181 വിമൻ ഹെൽപ്പ്ലൈനെ ERSS മായും OSC കളുമായും 1098 ചൈൽഡ് ലൈൻ, NALSA ഹെൽപ്പ് ലൈൻ എന്നിവയുമായും സംയോജിപ്പിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായമായി 2025-26 ബജറ്റിൽ 72.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

13. **ചൈൽഡ് ഹെൽപ്പ് ലൈൻ (100% കേന്ദ്രവിഹിതം)**

**(വിഹിതം: 594.34 ലക്ഷം രൂപ)**

ദുരിതമനുഭവിക്കുന്ന കുട്ടികളെ പിന്തുണാ സംവിധാനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ചെൽഡ് ഹെൽപ്പ് ലൈൻ സൗകര്യം നൽകുന്നു. വനിതാ ശിശുവികസന വകുപ്പ് നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതിയിൽ ഇത് ഉൾപ്പെടുന്നു. 2015 ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് മാനദണ്ഡപ്രകാരം സംസ്ഥാനത്തും എല്ലാ ജില്ലകളിലും കുട്ടികൾക്കായി 24x7 ചൈൽഡ് ഹൈൽപ്പ് ലൈൻ 1098 സേവനങ്ങൾ സ്ഥാപിക്കേണ്ടതാണ്. സംസ്ഥാന, ജില്ലാ തലങ്ങളിലെ ഉദ്യോഗസ്ഥരുമായുള്ള ഏകോപനത്തിലൂടെയും 112 എമർജൻസി റസ്പോൺസ് സപ്പോർട്ട് സിസ്റ്റം (ERSS 112), MHA ഹെൽപ്പ് ലൈൻ എന്നിവയുടെ സംയോജനത്തിലൂടെയും പദ്ധതി നടപ്പിലാക്കുന്നതാണ്. കേന്ദ്രസർക്കാർ മാനദണ്ഡമനുസരിച്ച് നടപ്പിലാക്കാനുള്ള ചൈൽഡ് ഹെൽപ്പ്ലൈൻ പ്രവർത്തനങ്ങളും മിഷൻ വാത്സല്യ പദ്ധതിപ്രകാരം ഉള്ള ചൈൽഡ് ഹൈൽപ്പ് ലൈൻ സേവനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായമായി 2025-26 ബജറ്റിൽ 594.34 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

### 14. ബേട്ടി ബച്ചാവോ ബേട്ടി പടാവോ (100% കേന്ദ്ര വിഹിതം)

**(വിഹിതം: 330.00 ലക്ഷം രൂപ)**

കുട്ടികളുടെ ലിംഗാനുപാതത്തിലെ കുറവും അനുബന്ധ പ്രശ്നങ്ങളും പരിഹരിക്കുന്നതിനും പെൺകുട്ടികളെയും സ്ത്രീകളെയും ശാക്തീകരിക്കുന്നതിനുള്ള ജീവിത ചക്ര സമീപനം തുടരുന്നതിനുമാണ് ബേട്ടി ബച്ചാവോ ബേട്ടി പഠാവോ പദ്ധതി ആരംഭിച്ചത്. ലിംഗ പക്ഷപാതപരമായ ലിംഗഭേദം ഒഴിവാക്കൽ തടയുക, പെൺകുട്ടികളുടെ അതിജീവനവും സംരക്ഷണവും ഉറപ്പാക്കുക, പെൺകുട്ടികളുടെ വിദ്യാഭ്യാസവും പങ്കാളിത്തവും ഉറപ്പാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഇത് 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ആദ്യം തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ പദ്ധതി പിന്നീട് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ കേന്ദ്രസർക്കാർ നിർദേശം നൽകി. സ്കീമിന്റെ പ്രധാന ഘടകങ്ങൾ അഡ്വക്കസിയും മീഡിയ ക്യാമ്പെയിനും, തിരഞ്ഞെടുത്ത ജെൻഡർ ക്രിട്ടിക്കൽ ഡിസ്ട്രിക്റ്റിലെ മൾട്ടി സെക്ടീരിയൽ ഇടപെടൽ, സി.എസ്.ആർ, ഫിനാൻഷ്യൽ മാനേജ്മെന്റ്, കരിയർ ഗൈഡൻസ്, പെൺകുട്ടികളുടെ തൊഴിൽ വൈദഗ്ധ്യവും ശാക്തീകരണവും എന്നിവയാണ്. ഈ സ്കീം CSS സ്കീമിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിച്ചുള്ളതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായമായി 2025-26 ബജറ്റിൽ 330.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

### 15. നാരി അദാലത്ത് (100% കേന്ദ്ര വിഹിതം)

**(വിഹിതം: 14.00 ലക്ഷം രൂപ)**

ഗ്രാമപഞ്ചായത്ത് തലത്തിൽ നിസ്സാര സ്വഭാവമുള്ള കേസുകൾ (പീഡനം, അട്ടിമറി, അവകാശങ്ങൾ വെട്ടിക്കുറയ്ക്കൽ) ഘട്ടം ഘട്ടമായി പരിഹരിക്കുന്നതിന് സ്ത്രീകൾക്ക് ഒരു പരാതി പരിഹാര സംവിധാനം നൽകാനാണ് നാരി അദാലത്ത് ഉദ്ദേശിക്കുന്നത്. അതിനായി തിരഞ്ഞെടുക്കപ്പെട്ട പ്രതിബദ്ധതയുള്ള, സാമൂഹികമായി ആദരിക്കപ്പെടുന്ന സ്ത്രീകളെ ഉൾപ്പെടുത്തി നാരി അദാലത്തുകൾ അല്ലെങ്കിൽ വനിതാ കൂട്ടായ്മകൾ രൂപീകരിക്കും. ബോധവൽക്കരണത്തിനായി പൊതുജനങ്ങളുമായി ഇടപഴകുന്നതിനും പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനും സേവനങ്ങൾ ഫലപ്രദമായി പൊതുവിതരണത്തിനുമായി ഫീഡ്ബാക്ക് നേടുന്നതിനും ഈ പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തും. പഞ്ചായത്ത് രാജ് മന്ത്രാലയം, ഗ്രാമവികസന മന്ത്രാലയം, ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം നടത്തുന്ന പൊതു സേവന കേന്ദ്രങ്ങൾ (സിഎസ്സി) എന്നിവയുമായി സംയോജിച്ച് ഗ്രാമപഞ്ചായത്തുകൾ വഴി ഇവയ്ക്ക് ലോജിസ്റ്റിക് പിന്തുണ നൽകും. ആദ്യ വർഷം 16 വിവിധ പദ്ധതികൾ/പരിപാടികൾക്ക് കീഴിലുള്ള നിയമപരവും ഭരണഘടനാപരവുമായ അവകാശങ്ങളെയും കുറിച്ചുള്ള ബോധവൽക്കരണ യജ്ഞം ഏറ്റെടുക്കും. രണ്ടാം വർഷത്തിൽ, പ്രതിബദ്ധതയുള്ളതും സാമൂഹികമായി ബഹുമാനിക്കുന്നതുമായ സ്ത്രീകളെ കണ്ടെത്തി സ്ത്രീകളുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളിലും പദ്ധതികളിലും വിപുലമായ പരിശീലനം നൽകുകയും സാമൂഹിക, സാമ്പത്തിക, സാംസ്കാരിക പ്രശ്നങ്ങൾ പരിഹരിക്കാൻ 7 മുതൽ 11 വരെ അംഗങ്ങളുള്ള വനിതാ കൂട്ടായ്മകളുടെ ഒരു ഔപചാരിക സജ്ജീകരണം ഉണ്ടാക്കുകയും ചെയ്യും. ആ പ്രദേശത്തെ സ്ത്രീകൾ അഭിമുഖീകരിക്കുന്ന തർക്കങ്ങൾക്ക് മധ്യസ്ഥതയിലൂടെയും അവരെ ചുമതലക്കാരുമായി ബന്ധിപ്പിച്ചും ബദൽ പരിഹാരം നൽകും. ഈ ഘടകത്തിന് കീഴിൽ, തിരഞ്ഞെടുത്ത അംഗങ്ങൾക്ക് പ്രതിഫലം നൽകുന്നതല്ല. എന്നിരുന്നാലും, മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിനും അംഗങ്ങൾക്ക് ബാഡ്ജ്/യൂണിഫോം നൽകുന്നതിനുമായി പോക്കറ്റ് ചെലവുകൾ മന്ത്രാലയം നൽകും. ഈ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിച്ചുള്ളതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായമായി 2025-26 ബജറ്റിൽ 14.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

### 16. വൺ സ്റ്റോപ്പ് സെന്റർ (100% കേന്ദ്ര വിഹിതം)

**(വിഹിതം: 650.00 ലക്ഷം രൂപ)**

വൺ സ്റ്റോപ്പ് സെന്ററുകൾ, സ്വകാര്യ, പൊതു ഇടങ്ങൾ, കുടുംബം, സമൂഹം, ജോലിസ്ഥലം എന്നിവിടങ്ങളിൽ അക്രമത്തിനിരയായ സ്ത്രീകളെ പിന്തുണയ്ക്കാൻ ഉദ്ദേശിച്ചുള്ളതാണ്. പ്രായം, ക്ലാസ്, ജാതി, വിദ്യാഭ്യാസ നില, വൈവാഹിക നില, വംശം, സംസ്കാരം എന്നിവ പരിഗണിക്കാതെ ശാരീരികവും ലൈംഗികവും വൈകാരികവും മാനസികവും സാമ്പത്തികവുമായ പീഡനങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് പരിഹാര പിന്തുണയോടെ സൗകര്യമൊരുക്കും. ഒഎസ്സിയിൽ എത്തിച്ചേരുകയോ റഫർ ചെയ്യുകയോ ചെയ്ത ദുരിതബാധിതരായ സ്ത്രീകൾക്ക് 24 മണിക്കൂറും പ്രത്യേക സേവനങ്ങൾ നൽകും. 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. കേരളത്തിലെ എല്ലാ ജില്ലകളിലും വൺ സ്റ്റോപ്പ് സെന്ററുകൾ (OSC) പ്രവർത്തിക്കുന്നു.

ഈ സ്കീം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിച്ചുള്ളതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായമായി 2025-26 ബജറ്റിൽ 650.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**17. വൺ സ്റ്റോപ്പ് സെന്റർ - ക്യാപിറ്റൽ അസറ്റുകളുടെ രൂപീകരണത്തിനുള്ള ഗ്രാന്റ് - (100% കേന്ദ്ര വിഹിതം) (പുതിയ പദ്ധതി)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

നിർഭയസെൽ ഇതുവരെ ജില്ലയിൽ ഒന്നു വീതം 14 വൺ സ്റ്റോപ്പ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ 100% കേന്ദ്ര സർക്കാർ സഹായധനത്തോടെ നടപ്പിലാക്കുന്ന പദ്ധതികളാണ്. നിലവിലുള്ള വൺ സ്റ്റോപ്പ് സെന്ററുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

പദ്ധതി നടപ്പാക്കാനായി 2025-26-ൽ 1.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു

**18. ശിശു സൗഹൃദ ടോയ്‌ലറ്റുകളുടെ നിർമ്മാണം (60% കേന്ദ്ര വിഹിതം)**

**(വിഹിതം: 0.60 ലക്ഷം രൂപ)**

അംഗൻവാടി കേന്ദ്രങ്ങളിൽ ശിശു കേന്ദ്രങ്ങളിൽ ശിശു സൗഹൃദ ടോയ്‌ലറ്റുകൾ നിർമ്മിക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു. കുട്ടികൾക്ക് അവരുടെ ചെറുപ്പകാലം മുതൽ തന്നെ ടോയ്‌ലറ്റ് ഉപയോഗിക്കുന്നതിനുള്ള ആരോഗ്യപരമായ ശീലം പ്രോത്സാഹിപ്പിക്കുന്നതിനും അവർക്കാവശ്യമായ മെച്ചപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ നൽകുന്നതിനും പദ്ധതി ഉദ്ദേശിക്കുന്നു.

2025-26 ൽ 0.60 ലക്ഷം രൂപ അംഗൻവാടികളിലെ ശിശു സൗഹൃദ ടോയ്‌ലറ്റുകളുടെ നിർമ്മാണത്തിനായി കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

**19. അംഗൻവാടി കേന്ദ്രങ്ങളിൽ കുടിവെള്ള സൗകര്യം നൽകുക (60:40)**

**(വിഹിതം: 0.60 ലക്ഷം രൂപ)**

അംഗൻവാടി ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന്റെ ഭാഗമായി അംഗൻവാടി കേന്ദ്രങ്ങളിൽ ആവശ്യാനുസരണം കുടിക്കുന്നതിനും പാചകം ചെയ്യുന്നതിനുമായി കുടിവെള്ളം നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

2025-26 ൽ അംഗൻവാടി കേന്ദ്രങ്ങളിൽ കുടിവെള്ളം നൽകുന്നതിനായി 0.60 ലക്ഷം രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

**20. ശക്തിസദൻ (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 75.00 ലക്ഷം രൂപ)**

2016-17 ൽ സ്വാധാർ ഗ്രേഹ്, ഉജ്ജ്വല ഹോമുകൾ എന്നീ പദ്ധതികൾ കേന്ദ്രഗവൺമെന്റ് ആരംഭിച്ചു. 2022 ജൂലൈ 17 ലെ കേന്ദ്രസർക്കാരിന്റെ 'മിഷൻ ശക്തി' മാർഗ്ഗരേഖ പ്രകാരം പ്രസ്തുത പദ്ധതികളെ സമന്വയിപ്പിച്ചുകൊണ്ട് ശക്തിസദൻ എന്ന പദ്ധതിയാക്കി മാറ്റി. 18 വയസ്സിനുമുകളിൽ പ്രായമുള്ള സാമൂഹിക, സാമ്പത്തിക പിന്തുണയില്ലാത്ത ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, മറ്റ് പിന്തുണകൾ ഒന്നുമില്ലാത്ത ജയിൽമോചിതരായ സ്ത്രീകൾ, പ്രകൃതിദുരന്തങ്ങളെ അതിജീവിച്ചവർ, ഗാർഹിക പീഡനത്തിനിരയായവർ/വൈവാഹിക തർക്കങ്ങൾക്ക് ഇരയായവർ/ജീവിതചെലവിന് ഒരു ഉപാധിയും ഇല്ലാത്തവർ, കടത്തിക്കൊണ്ട്പോയ സ്ത്രീകൾ/അനാശാസ്യ പ്രവർത്തനങ്ങൾ നടത്തുന്ന ഇടങ്ങളിൽ നിന്നോ മറ്റിടങ്ങളിൽ നിന്നോ ചൂഷണത്തിനിരയായ സ്ത്രീകൾ/സാമൂഹിക, സാമ്പത്തിക പിന്തുണ ലഭിക്കാത്ത HIV/AIDS ബാധിതരായവർ എന്നിവർക്ക് ഈ പദ്ധതിയിലൂടെ ആനുകൂല്യങ്ങൾ ലഭിക്കുന്നു.

പുനരധിവാസം, അടിസ്ഥാന സൗകര്യങ്ങൾ/ആവശ്യങ്ങളായ പാർപ്പിടം, ഭക്ഷണം, വസ്ത്രം, വൈദ്യചികിത്സ, കൗൺസലിംഗ്, നിയമസഹായം, ഗൈഡൻസ്, തൊഴിലധിഷ്ഠിത പരിശീലനം, കുടുംബം/സമൂഹവുമായി പുനക്രമീകരിച്ച് പോകുന്നതിന് സഹായം, സോഷ്യൽ മൊബിലൈ സേഷനുകളിലൂടെയും പ്രദേശവാസികളുമായുള്ള ഇടപെടലുകളിലൂടെയും കടത്തികൊണ്ടു പോകൽ തടയുക, പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ, ശില്പശാലകൾ, സെമിനാറുകൾ, നൂതനാശയ പ്രവർത്തനങ്ങൾ, എന്നിവ നടത്തുക, ചൂഷണത്തിനിരയായ സ്ത്രീകളെ പ്രസ്തുത സ്ഥലത്തുനിന്നും, സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കൽ. അതിർത്തികടന്നുള്ള ഇരകളെ സ്വദേശത്തേയ്ക്ക് മാറ്റുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പാടുചെയ്യുക. എന്നിവയ്ക്ക് പദ്ധതി സഹായം നൽകുന്നു.

കേന്ദ്രസർക്കാരിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ നടത്തുന്നതിന് 75.00 ലക്ഷം രൂപ 2025-26 കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

### 21. സ്ഥാപനേതര പരിചരണ സ്പോൺസർഷിപ്പ്/സ്പോൺസർഷിപ്പ്/ആഫ്റ്റർകെയർ സ്പോൺസർഷിപ്പ് (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 75.00 ലക്ഷം രൂപ)**

ജുവനൈൽ ജസ്റ്റിസ് നിയമത്തിനു കീഴിലുള്ള കുട്ടികളുടെ സംരക്ഷണത്തിന്റെയും പരിചരണത്തിന്റെയും മാർഗ്ഗനിർദ്ദേശകതത്വങ്ങളിലൊന്ന്, അവസാനത്തെ ആശ്രയമെന്ന നിലയിൽ കുട്ടിയെ സ്ഥാപന സംരക്ഷണത്തിൽ ഉൾപ്പെടുത്തുമെന്നതാണ്. 2015 ലെ ജുവനൈൽ ജസ്റ്റിസ് നിയമവും (കുട്ടികളുടെ സംരക്ഷണവും പ്രതിരോധവും) അതിന്റെ കീഴിൽ രൂപീകരിച്ച മാതൃകാചട്ടങ്ങളും കുട്ടികളുടെ പുനരധിവാസത്തിൽ സ്ഥാപനനേതരപരിചരണത്തിന് മുൻഗണന നൽകുന്നു. സ്പോൺസർഷിപ്പ്, ഫോസ്റ്റർ കേയർ, ദത്തെടുക്കൽ, കുടുംബാധിഷ്ഠിതവും സാമൂഹ്യാധിഷ്ഠിതവുമായ പരിചരണമാർഗ്ഗങ്ങൾ എന്നിവയിലൂടെയാണ് ഇത് സാധ്യമാകുന്നത്.

പ്രസ്തുത പ്രവർത്തനങ്ങൾക്കായി കേന്ദ്ര വിഹിതമായി 2025-26 ൽ 75.00 ലക്ഷം രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

### 22. സ്വച്ഛത ആക്ഷൻപ്ലാൻ ഐ.സി.പി.എസ്സ്-60:40

**(വിഹിതം: 13.50 ലക്ഷം രൂപ)**

ശിശുസ്ഥാപനങ്ങളിലെ കുട്ടികൾക്കും ജീവനക്കാർക്കുമിടയിൽ വ്യക്തിശുചിത്വം ഉറപ്പാക്കുകയാണ് സ്വച്ഛത ആക്ഷൻപ്ലാൻ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. സ്വച്ഛത ആക്ഷൻ പ്ലാൻ പദ്ധതി മിഷൻ വാത്സല്യ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുന്നു. പദ്ധതിയിൽ തൊഴെപറയുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

- നഖങ്ങൾ വൃത്തിയാക്കൽ, കൈകഴുകൽ, വാർഡ് ഡ്രോബുകൾ വൃത്തിയാക്കൽ തുടങ്ങിയ വ്യക്തിഗത ശുചിത്വ പ്രവർത്തനങ്ങൾ.
- ശരിയായ ശുചീകരണം ഉറപ്പാക്കുക.
- പരിസരങ്ങളിൽ പുകയിടൽ, ശുദ്ധമായ കുടിവെള്ളം നൽകുക, കുടിവെള്ള ടാങ്കുകൾ വൃത്തിയാക്കുക.
- ശിശുക്ഷേമ സ്ഥാപനങ്ങളുടെ ശുചിമുറികളിൽ സാനിറ്റൈസർ, സോപ്പ്, വെള്ളം എന്നിവയുടെ തുടർച്ചയായ വിതരണം ഉറപ്പാക്കൽ.
- വെള്ളം, ശുചിത്വം എന്നിവയെക്കുറിച്ച് ഓറിയന്റേഷൻ പരിപാടികൾ
- ചുമർചിത്രങ്ങളിലൂടെയും വെബ്സൈറ്റിലൂടെയും ശുചിത്വത്തിന്റെ പ്രാധാന്യം കാണിക്കുക.
- പാഴ്‌വസ്തുക്കളിൽനിന്നും കുട്ടികൾ കരകൗശല വസ്തുക്കൾ നിർമ്മിക്കുക.
- മതിയായ എണ്ണം ശിശു സൗഹൃദവും ഉപയേഗപ്രദവുമായ ടോയ്‌ലറ്റുകൾ
- പോഷകസമൃദ്ധമായ അടുക്കളത്തോട്ടങ്ങൾ വികസിപ്പിക്കുക
- CCI കളിൽ പ്ലാന്റേഷൻ ഡ്രൈവ് നടത്തുക
- CCI ലെ കുട്ടികൾക്കും ജീവനക്കാർക്കുമിടയിൽ ആരോഗ്യം, ശുചിത്വം, വൃത്തി എന്നിവ സംബന്ധിച്ച ഗ്രൂപ്പ് ചർച്ച.
- ഓഫീസുകളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിരുത്സാഹപ്പെടുത്തുകയും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒഴിവാക്കുകയും ചെയ്യുക
- മുറികൾ, ടോയ്‌ലെറ്റുകൾ, ഭക്ഷണം, വസ്ത്രങ്ങൾ എന്നിവയുടെ ശുചിത്വത്തെക്കുറിച്ച് കുട്ടികളുടെ സമിതി പരിശോധന നടത്തുക.
- പാചക വാതകത്തിന് ഊർജ്ജം ഉല്പാദിപ്പിക്കുന്നതിന് പാഴ്വസ്തുക്കളുടെ ഉപയോഗം
- വെബിനാറുകൾ, ശില്പശാലകൾ, ചലച്ചിത്ര പ്രദർശനം, ആരോഗ്യ, ശുചിത്വം എന്നിവയെക്കുറിച്ചുള്ള കവിതാമത്സരം, വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും ബോധവല്ക്കരണ പരിപാടികൾ നടത്തുന്നതിനും സോഷ്യൽ മീഡിയ ഉപയോഗിക്കുന്നതിനായി മീറ്റിംഗുകൾ എന്നിവ സംഘടിപ്പിക്കുക.

2025-26 വർഷത്തെ ബഡ്ജറ്റിൽ കേന്ദ്രഗവൺമെന്റ് നിർദ്ദേശിക്കുന്ന പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി 13.50 ലക്ഷം രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

### 23. അംഗനവാടി വർക്കർമാർക്കും സഹായികൾക്കും ഇൻഷ്വറൻസ് കവറേജ് (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 180.00 ലക്ഷം രൂപ)**

അംഗനവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി വനിതാ ശിശുക്ഷേമ വികസന മന്ത്രാലയം എല്ലാ അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും പ്രധാൻമന്ത്രി ജീവൻ ജ്യോതി ഭീമ യോജന, പ്രധാനമന്ത്രി സുരക്ഷാ ഭീമ യോജന എന്നീ ഇൻഷ്വറൻസ് പദ്ധതികളിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് 2.00 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പദ്ധതികളിൽ പരിരക്ഷ നൽകുന്നു.

2025-26 വർഷത്തെ ബഡ്ജറ്റിൽ കേന്ദ്രഗവൺമെന്റ് നിർദ്ദേശിക്കുന്ന പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി 180.00 ലക്ഷം രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

### 24. സ്വച്ഛതാ ആക്ഷൻ പ്ലാൻ (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 0.60 ലക്ഷം രൂപ)**

എല്ലാ വകുപ്പുകളും ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നിന്നും തുക വകയിരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് 2025-26 വർഷം ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2025-26 ൽ 0.60 ലക്ഷം രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

### 25. ക്യാപിറ്റൽ അസറ്റുകളുടെ രൂപീകരണം - ജുവനൈൽ ജസ്റ്റീസ് ബോർഡ്, ചൈൽഡ് വെൽഫയർ കമ്മിറ്റി എന്നിവ ഉൾപ്പെടെയുള്ള ശിശുക്ഷേമ സ്ഥാപനങ്ങളുടെ നിർമ്മാണം 60:40

**(വിഹിതം: 0.06 ലക്ഷം രൂപ)**

ശിശു ക്ഷേമ സ്ഥാപനങ്ങളിലും (CCIS) ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലും (JJB) ശിശുക്ഷേമ കമ്മിറ്റികളിലും ക്യാപിറ്റൽ അസറ്റുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. അനാഥരായതോ, ഉപേക്ഷിക്കപ്പെട്ടതോ സംരക്ഷണം ആവശ്യമുള്ളതോ ആയ കുട്ടികളെ പരിപോഷിപ്പിക്കുന്നതിനുള്ള സാഹചര്യം നൽകുന്നതിനായിട്ടുമാണ് ശിശുക്ഷേമ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. കുട്ടികളുടെ ശാരീരികമായും വൈകാരികമായും വിദ്യാഭ്യാസപരവുമായ ആവശ്യങ്ങൾക്ക് ഊന്നൽ നൽകികൊണ്ട് അവർക്ക് വളരുന്നതിനും പഠിക്കുന്നതിനും ഈ സ്ഥാപനങ്ങൾ പിന്തുണ നൽകുന്നു. നിയമപരമായി കുറ്റകൃത്യം നടത്തിയ കുട്ടികൾക്ക് ജുവനൈൽ ജസ്റ്റിസ് ബോർഡ് പുനരധിവാസം നൽകുന്നു. പുനരധിവാസ പരിപാടികൾ, വിദ്യാഭ്യാസം, നൈപുണ്യവികസന പ്രവർത്തനങ്ങൾ എന്നിവയിലൂടെ കുട്ടികളുടെ രൂപാന്തരത്തിനും അവരെ തിരികെ സമൂഹത്തിലേയ്ക്ക് കൊണ്ടുവരുന്നതിനും ജുവനൈൽ ജസ്റ്റീസ് ബോർഡ് മുൻതൂക്കം നൽകുന്നു. പരിചരണം, സംരക്ഷണം, പുനരധിവാസം എന്നിവ ആവശ്യമായി വരുന്ന കുട്ടികൾക്ക് ജില്ലാതലത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനുള്ള ഒരു അർദ്ധ ജുഡീഷ്യൽ അതോറിറ്റിയായി പ്രവർത്തിക്കുന്ന ഒരു നിയമപരമായ സംവിധാനമാണ് ശിശുക്ഷേമ കമ്മിറ്റി (CWC).

കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ച് നിഷ്കർഷിച്ചിരുന്ന പ്രവർത്തനങ്ങൾക്കായി 2025-26 ൽ 0.06 ലക്ഷം രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

## 9.13 പോഷകാഹാരം – 100% കേന്ദ്ര വിഹിതം

### 1. സംയോജിത ശിശു വികസന സേവനങ്ങൾ (60 ശതമാനം കേന്ദ്ര വിഹിതം)

**(വിഹിതം: 20700.00 ലക്ഷം രൂപ)**

ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനായി ദേശീയതലത്തിൽ നടപ്പാക്കുന്ന ഒരു ബൃഹത്തായ പരിപാടിയാണ് സംയോജിത ശിശുവികസന സേവനങ്ങൾ. കുട്ടിയുടെ ശൈശവാവസ്ഥയിൽ അവരുടെ ആരോഗ്യ പോഷകാഹാര ആവശ്യങ്ങൾ അമ്മയുടെ പോഷകാഹാര ആവശ്യങ്ങളിൽ നിന്നും മാറ്റിനിർത്തിക്കൊണ്ട് പരിഗണിക്കാനാവില്ല. ഈ പരിപാടിയിൽ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ എന്നിവരുൾപ്പെടുന്നു. അംഗനവാടി കേന്ദ്രങ്ങളിലൂടെ ഒരു സംയോജിത പാക്കേജായി താഴെപ്പറയുന്ന സേവനങ്ങൾ ഇതിന്റെ ഗുണഭോക്താക്കൾക്ക് എത്തിച്ചു നൽകാനാണ് ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്.

- പൂരക പോഷകാഹാരം
- പ്രതിരോധ കുത്തിവെയ്പ്പ്
- ആരോഗ്യ പരിശോധന

- റഫറൽ സർവ്വീസുകൾ
- ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം
- പ്രീ-സ്കൂൾ വിദ്യാഭ്യാസം

ഐ.സി.ഡി.എസ് പദ്ധതി നടപ്പാക്കുന്നത് 33,115 അംഗനവാടി കേന്ദ്രങ്ങളുടെ ഒരു ബൃഹത് ശൃംഖലയിലൂടെയാണ്. പദ്ധതി നടപ്പിലാക്കാനുള്ള ഭരണപരമായ ചെലവുകൾ, ഔഷധ കിറ്റിന്റെ ചെലവ്, ഭാരം അളക്കാനുള്ള ഉപകരണങ്ങൾ, അംഗനവാടി കേന്ദ്രങ്ങൾക്കാവശ്യമായ പ്രീ-സ്കൂൾ വിദ്യാഭ്യാസ കിറ്റ്, ഐ ഇ സി പ്രവർത്തനങ്ങൾ, അംഗനവാടികൾക്ക് വേണ്ടിവരുന്ന അപ്രതീക്ഷിത ചെലവുകൾ, യൂണിഫോം, ഐ.സി.ഡി.എസ് ഉദ്യോഗസ്ഥരുടെ അവലോകന യോഗം, ഐ.സി.ഡി.എസ് മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനുള്ള ചെലവ് മിനി അംഗൻവാടി കേന്ദ്രങ്ങളെ മെയിൻ അംഗൻവാടികളായി ഉയർത്തുന്നതിനുള്ള ചെലവ് തുടങ്ങിയവ ഈ ശീർഷകത്തിൽപ്പെടും.

2025-26 -ൽ പദ്ധതി തുടരാൻ 20700.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**2. നാഷണൽ ന്യൂട്രീഷൻ മിഷൻ (പോഷൺ അഭിയാൻ) (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 2250.00 ലക്ഷം രൂപ)**

സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി, തൽസമയ മോണിട്ടറിംഗും, കൂടാതെ ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് നടപ്പാക്കാനുദ്ദേശിക്കുന്ന ഒരു പദ്ധതിയാണിത്. കേന്ദ്ര സർക്കാർ 2018 മാർച്ച് 8 ന് ചുവടെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാനായി പോഷൺ അഭിയാൻ (നാഷണൽ ന്യൂട്രീഷൻ മിഷൻ) എന്ന പദ്ധതി ആരംഭിച്ചു. കുട്ടികളിലെ വളർച്ചാ മുരടിപ്പ് 6 ശതമാനമായി കുറയ്ക്കുക (0-6 വയസ് ), ജനന സമയത്തെ തൂക്ക കുറവ് 6 ശതമാനം ആയി കുറയ്ക്കുക, കുട്ടികളിലെ വിളർച്ച 6 ശതമാനമായി കുറയ്ക്കുക (6 മാസം മുതൽ 59 മാസം പ്രായമുള്ള), സ്ത്രീകളിലും കൗമാര പ്രായക്കാരായ പെൺകുട്ടികളിലെയും വിളർച്ച 9 ശതമാനമായി കുറയ്ക്കുക, കുട്ടികളിലെ പോഷകാഹാര കുറവ് 6 ശതമാനമായി കുറയ്ക്കുക (0-6)എന്നിവയാണ് ലക്ഷ്യങ്ങൾ. സാമൂഹ്യാധിഷ്ഠിത പരിപാടികൾ, മാനവ വിഭവശേഷി, നൂതനാശയം, ഐ.ഇ.സി, ഡാറ്റ പ്ലാൻ, ഐ.എൽ.എ. പരിശീലനം, സി.എ.എസ് പരിശീലനവും ഇൻസെന്റീവും എന്നിവയാണ് പ്രവർത്തനങ്ങൾ.

പദ്ധതി നടപ്പാക്കാനായി 2025-26 -ൽ 2250.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

# X. സാമ്പത്തിക സേവനങ്ങൾ

## 10.1 സെക്രട്ടേറിയേറ്റ് സാമ്പത്തികസേവനങ്ങൾ

**1. പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനുള്ള ദേശീയ പദ്ധതി കോർ സ്കീം (കേന്ദ്ര വിഹിതം 60%)**

**(വിഹിതം: 1800.00 ലക്ഷം രൂപ)**

കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന ഒരു കേന്ദ്ര-കോർ സെക്ടർ സ്കീം ആണ് പോലീസ് സേനയുടെ ആധുനികവൽക്കരണ പദ്ധതി. തീവ്രവാദ പ്രവർത്തന ബാധിത പ്രദേശങ്ങളിൽ പ്രത്യേകമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനങ്ങളിലെ പോലീസ് സേനയുടെ നവീകരണത്തിനുവേണ്ട അത്യാധുനിക ഉപകരണങ്ങൾ വാങ്ങുക,സുരക്ഷയുമായി ബന്ധപ്പെട്ട ചെലവുകൾ, എസ്.ഐ.എസ്, സുരക്ഷയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക, കുറ്റ കൃത്യങ്ങളേയും കുറ്റവാളികളെയും സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തുക, കൗണ്ടർ ഇൻസർജൻസി ആൻഡ് ആന്റി ടെററിസ്റ്റ് സ്കൂളുകൾ സ്ഥാപിക്കുക മുതലായ പ്രവർത്തനങ്ങൾക്കായി 2025-26 ൽ കേന്ദ്ര വിഹിതമായി 1800.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## 10.2 സാമ്പത്തിക ഉപദേശവും സ്ഥിതി വിവരക്കണക്കും

**1. കാർഷിക സ്ഥിതി വിവരക്കണക്കുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിനായുള്ള പദ്ധതി (ഇ.എ.ആർ.എ.എസ് ) 100% കേന്ദ്ര വിഹിതം.**

**(വിഹിതം: 7030.00 ലക്ഷം രൂപ)**

'കാർഷിക സ്ഥിതി വിവരക്കണക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഏജൻസിയെ സ്ഥാപിക്കൽ' എന്ന

പദ്ധതി 1975 മുതൽ സംസ്ഥാനത്തു നടപ്പാക്കി വരുന്നു. ഈ സ്കീമിൽ മൾട്ടി സ്റ്റേജ് റാൻഡം സാമ്പിൾ രീതി പിന്തുടരുന്നു. നിലവിൽ സർവേ നടത്തുന്നതിനായി സംസ്ഥാനത്തെ 811 ഇൻവെസ്റ്റിഗേറ്റർ സോണുകളായി തിരിച്ചിട്ടുണ്ട്, കൂടാതെ ഓരോ ഇൻവെസ്റ്റിഗേറ്റർ സോൺ 100 സർവേ സബ്ഡിവിഷനും റാന്റമായി ക്ലസ്റ്റർ രൂപീകരണത്തിനായി തിരഞ്ഞെടുക്കപ്പെടുന്നു. ഒരു കാർഷിക വർഷത്തിൽ, ബന്ധപ്പെട്ട ഇൻവെസ്റ്റിഗേറ്റർ തണ്ണീർത്തട പ്ലോട്ടുകളിൽ 3 തവണയും വരണ്ട നിലങ്ങളിൽ 2 തവണയും വിളകളുടെ കണക്കെടുപ്പിനും ഭൂവിനിയോഗത്തിനും സന്ദർശിക്കേണ്ടതാണ്. വിളകളുടെ ഉൽപാദനവും ഉല്പാദനക്ഷമതയും നിർണ്ണയിക്കുന്നതിനായി വകുപ്പ് 19 വിളകളിൽ ക്രോപ്കട്ടിംഗ് പരീക്ഷണങ്ങൾ നടത്തുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ പ്രധാൻമന്ത്രി ഫസൽ ഭീമയോജന (PMFBY) പ്രകാരം വിള ഇൻഷുറൻസ് പദ്ധതിക്കായി നെല്ല്, വാഴപ്പഴം, മരച്ചീനി, വാഴ എന്നിവ സംബന്ധിച്ച് സീസൺ തിരിച്ചുള്ള ശരാശരി വിളവ് കണക്കുകൾ വകുപ്പ് തയ്യാറാക്കി നൽകുന്നുണ്ട്.

വിളകളുടെ ഉൽപാദനവും വിളനിരക്കും നിർണ്ണയിക്കുന്നതിനായി വകുപ്പ് 19 വിളകളിൽ (നെല്ല്, നാളികേരം, അടയ്ക്ക, കപ്പ, വാഴപ്പഴം, വാഴ, പൈനാപ്പിൾ, കുരുമുളക്, ജാതിക്ക, കൊക്കോ, പ്ലാവ്, കശുമാവ്,കരിമ്പ്, എള്ള്, വെറ്റില, മഞ്ഞൾ, മാവ്, ഇഞ്ചി, പുളി) ക്രോപ്കട്ടിംഗ് പരീക്ഷണങ്ങൾ നടത്തുന്നുണ്ട്.നെല്ലിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും മൂന്ന് സീസണിലും മറ്റുള്ളവ വർഷം തോറും കണക്കാക്കുന്നു. കേന്ദ്ര സർക്കാരിന്റെ പ്രധാൻ മന്ത്രി ഫസൽ ഭീമ യോജന പ്രകാരം വിള ഇൻഷുറൻസ് പദ്ധതിക്കായി നാല് വിളകളുടെ സീസൺ തിരിച്ചുള്ള ശരാശരി വിളവ് കണക്കുകൾ വകുപ്പ് നൽകുന്നുണ്ട്. വിള സ്ഥിതിവിവരക്കണക്കുകൾ മെച്ചപ്പെടുത്തുന്നതിനായി രണ്ട് നോൺ ഓവർ ലാപ്പിംഗ് സാമ്പിളുകളിൽ സാമ്പിൾ ചെക്കുകൾ എൻഎസ്എസ്ഒ (എഫ്ഒഡി) യുടെയും സംസ്ഥാന സർക്കാരിന്റെയും സൂപ്പർവൈസറി സ്റ്റാഫുകൾ ചെയ്യുന്നുണ്ട്. ഈ പരിശോധനകളിലൂടെ ശേഖരിക്കുന്ന അടിസ്ഥാന ഡാറ്റ രണ്ട് ഏജൻസികളും പരസ്പരം കൈമാറ്റം ചെയ്യുന്നുണ്ട്.

2019-20 മുതൽ ഇഎആർഎഎസ് പദ്ധതിയുടെ ഡിജിറ്റൈസേഷൻ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്ക് വകുപ്പിൽ നടപ്പിലാക്കി വരുന്നു. ഫീൽഡ് സർവേയിൽ അറിവ് അപ്ഡേറ്റ് ചെയ്യുന്നതിനും സർവേ പിശക് രഹിതമായി നടത്തുന്നതിനും വർഷം തോറും ഫീൽഡ് ഇൻവെസ്റ്റിഗേറ്റർമാർക്കും സൂപ്പർവൈസറി ഓഫീസർമാർക്കും സംസ്ഥാന, ജില്ലാതല പരിശീലനം നൽകുന്നു. സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിലെ സ്ഥിരം ജീവനക്കാരാണ് ഇ എ ആർ എ എസ് പദ്ധതിയിൽ ഏർപ്പെട്ടിരിക്കുന്നത്. 2025-26-ൽ കേന്ദ്ര വിഹിതമായി താഴെ പറയും പ്രകാരം 7030.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ശമ്പളവും ഭരണപരമായ ചെലവുകളും | 7030.00 |

**2. കാർഷിക സെൻസസ് (100% കേന്ദ്ര വിഹിതം)**

**(വിഹിതം: 480.00 ലക്ഷം രൂപ)**

ഐക്യരാഷ്ട്രസഭയുടെ (UNO) ഭക്ഷ്യ കാർഷിക സംഘടനയുടെ (FAO) വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് 1970-71 മുതൽ കേന്ദ്ര സർക്കാർ കൃത്യമായി ഓരോ അഞ്ചു വർഷം കൂടുമ്പോഴും കാർഷിക സെൻസസ് നടത്തുന്നുണ്ട്. സർവ്വെയുടെ മൊത്തം പദ്ധതിയും സ്ഥിതി വിവരക്കണക്കു പ്രകാരം ഒന്നിച്ചു ചേർത്തിട്ടുള്ള മൂന്ന് വ്യത്യസ്ത ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. പതിനൊന്നാം കാർഷിക സെൻസസ് നടത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കേന്ദ്രസർക്കാർ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പാണ് സെൻസസ് നടത്തുന്നതിനുള്ള നോഡൽ ഏജൻസി. 2021-22 അടിസ്ഥാന വർഷമാക്കികൊണ്ട് പതിനൊന്നാമത് കാർഷിക സെൻസസ് ആരംഭിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ 28-07-2022 മുതൽ ആരംഭിച്ചിട്ടുണ്ട്. 11 മത് കാർഷിക സെൻസസിന്റെ ആദ്യഘട്ട ഡേറ്റ അന്തിമമാക്കലും സംസ്ഥാന/ജില്ലാ/താലൂക്ക് തല പരിശീലനങ്ങളും രണ്ടാംഘട്ട വിവരശേഖരണവും 2025-26 ൽ പൂർത്തീകരിക്കുന്നതാണ്. താഴെ പറയുന്നവയാണ് സ്കീമിന്റെ ലക്ഷ്യങ്ങൾ.

- ഭൂവിനിയോഗം, കന്നുകാലികൾ, കാർഷികയന്ത്രങ്ങൾ, ഉപകരണങ്ങൾ, രാസവളങ്ങളുടെ ഉപയോഗം എന്നിവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാക്കിക്കൊണ്ട് കാർഷിക ഘടനയെയും സവിശേഷതകളെയും കുറിച്ച് വിവരിക്കുക.
- പുതിയ കാർഷിക വികസന പരിപാടികൾ രൂപീകരിക്കുന്നതിനും അവയുടെ പുരോഗതി

വിലയിരുത്തുന്നതിനും ആവശ്യമായ ബെഞ്ച്മാർക്ക് ഡാറ്റ നൽകുക.

- ഭാവിയിലെ കാർഷിക സർവേകൾ നടത്തുന്നതിന് കുടുംബങ്ങളുടെയും പ്രവർത്തന ഹോൾഡിംഗുകളുടെയും അടിസ്ഥാന ചട്ടക്കൂടുകൾ നൽകുക
- നിലവിലെ കാർഷിക സ്ഥിതിവിവര കണക്കുകൾക്കായി ഒരു സംയോജിത പ്രോഗ്രാം വികസിപ്പിക്കുന്നതിന് അടിസ്ഥാനം നൽകൽ

2025-26 ൽ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര വിഹിതമായി 480.00 ലക്ഷം രൂപ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

| **ക്രമ നമ്പർ** | **ഘടകം** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| 1. | ശമ്പളവും ഭരണപരമായ ചെലവുകളും | 480.00 |

**3. ചെറുകിട ജലസേചന പദ്ധതിയെക്കുറിച്ച് യുക്തമായി സമർത്ഥിക്കുന്ന സ്ഥിതി വിവരകണക്കുകൾ (ആർഎംഐഎസ് ) (100% കേന്ദ്ര വിഹിതം)**

**(വിഹിതം: 133.00 ലക്ഷം രൂപ)**

ഭാവി ആസൂത്രണത്തിനായി മൈനർ ഇറിഗേഷൻ മേഖലയിൽ സമഗ്രവും വിശ്വസനീയവുമായ ഡാറ്റ വികസിപ്പിക്കുക എന്നതാണ് ആർഎംഐഎസ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ എല്ലാ ചെറുകിട ജലസേചന സ്ഥിതിവിവരക്കണക്കുകളും ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നോഡൽ ഓഫീസറായി ചീഫ് എഞ്ചിനീയറിനെ (ഇറിഗേഷൻ&അഡ്മിനിസ്ട്രേഷൻ) കേന്ദ്ര ജലവിഭവ മന്ത്രാലയം നിയമിച്ചിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനം സുഗമമാക്കുന്നതിനും, മൈനർ ഇറിഗേഷൻ സ്റ്റാറ്റിസ്റ്റിക്കൽ സെല്ല് (ആർ.എം.ഐ.എസ്) 1988 മുതൽ ചീഫ് എഞ്ചിനീയറുടെ (ഇറിഗേഷൻ&അഡ്മിനിസ്ട്രേഷൻ) ഓഫീസിൽ പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

- ചെറുകിട ജലസേചന മേഖലയിൽ നടപ്പാക്കിയ പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ ശേഖരിക്കുകയും സമാഹരിക്കുകയും ചെയ്യുക
- ചെറുകിട ജലസേചന മേഖലയിൽ യഥാർത്ഥവും വിശ്വസനീയവുമായ ഡാറ്റാ ബേസ് തയ്യാറാക്കുക
- സംസ്ഥാനത്ത് 5 വർഷത്തിലൊരിക്കൽ നടപ്പാക്കുന്ന ചെറുകിട ജലസേചന പദ്ധതികളുടെ സെൻസസ് നടത്തുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്യുക.
- വിവിധ വകുപ്പുകളും ഏജൻസികളും നടപ്പിലാക്കുന്ന സംസ്ഥാനത്തെ ചെറുകിട ജലസേചന പദ്ധതികളുടെ വിലയിരുത്തൽ പഠനം നടത്തുക.

ചെറുകിട ജലസേചന സെൻസസും സംസ്ഥാനത്തെ മൈനർ ഇറിഗേഷൻ സ്കീമുകളെക്കുറിച്ചുള്ള സാമ്പിൾ സർവേകളും പതിവായി നടത്തേണ്ടത് സെല്ലിന്റെ ചുമതലയാണ്. ചെറുകിട ജലസേചന പദ്ധതികളുടെ സെൻസസ് അഞ്ച് വർഷത്തിലൊരിക്കൽ സംസ്ഥാനത്ത് നടത്തുന്നു. സംസ്ഥാനത്ത് സെൻസസ് നടത്തുന്നതിനുള്ള നോഡൽ ഏജൻസിയാണ് ആർഎംഐഎസ് സെൽ.

2025-26 ൽ പദ്ധതിയുടെ താഴെപറയുന്ന ഘടകങ്ങൾക്കായി കേന്ദ്ര സഹായമായി 133.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

| **ക്രമ നമ്പർ** | **ഘടകം** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| 1 | സംസ്ഥാനത്ത് മൈനർ ഇറിഗേഷൻ സ്റ്റാറ്റിസ്റ്റിക്സ് സ്കീമിന്റെ (ആർഎംഐഎസ് ) യുക്തിസഹമാക്കൽ നടപ്പാക്കൽ, ശമ്പളവും ഭരണച്ചെലവും | **133.00** |

# XI പൊതു സേവനങ്ങൾ

## 11.2 പൊതുമരാമത്ത്

**1. ജുഡീഷ്യറിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കോടതി കെട്ടിടങ്ങളുടെയും ജഡ്ജിമാർക്കുള്ള ക്വാർട്ടേ കളുടെയും നിർമ്മാണം) (കോർ സെക്ടർ 60% കേന്ദ്ര വിഹിതം)**

**(വിഹിതം: 2700.00 ലക്ഷം രൂപ)**

ജില്ല, സബോർഡിനേറ്റ് കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ജില്ല, സബോർഡിനേറ്റ് കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാരുടെ ഭവന ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതി 60% കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കോടതി കെട്ടിടങ്ങളുടെയും ജഡ്ജിമാരുടെ റെസിഡൻഷ്യൽ ക്വാർട്ടേ കളുടെയും നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2025-26 ൽ കേന്ദ്ര വിഹിതമായി 2700.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## 11.3 സിവിൽ സപ്ലൈസ്

**1. വൃദ്ധരായ അഗതികൾക്കായുള്ള അന്നപൂർണ്ണ ഭക്ഷ്യ സുരക്ഷ പദ്ധതി (80% കേന്ദ്ര വിഹിതം)**

**(വിഹിതം: 8.00 ലക്ഷം രൂപ)**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ പ്രധാന പദ്ധതി ആയ ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന ഒരു പദ്ധതിയാണ് അന്നപൂർണ്ണ പദ്ധതി. 65 വയസ്സ് തികഞ്ഞവരും ദേശീയ വാർദ്ധക്യ പെൻഷന് അർഹരുമായ, എന്നാൽ ചില കാരണങ്ങളാൽ പെൻഷൻ ലഭിക്കാത്തവരുമായ നിരാലംബർക്ക് പ്രതിമാസം 10 കിലോ അരി സൗജന്യമായി നൽകുന്ന പദ്ധതിയാണിത്. 2025-26 ൽ 'അന്നപൂർണ്ണ' പദ്ധതിയ്ക്കായി കേന്ദ്ര വിഹിതമായി 8.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**2. പി ഡി എസ് -ൽ സാങ്കേതികവിദ്യയിലൂടെയുള്ള ആധുനികവത്ക്കരണത്തിനും നവീകരണത്തിനുമുള്ളപദ്ധതി (സ്മാർട്ട് പിഡിഎസ്) - (60 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 150.00 ലക്ഷം രൂപ)**

കമ്പ്യൂട്ടർവത്ക്കരണത്തിലൂടെ പദ്ധതികളിൽ കൈവരിച്ച സാങ്കേതിക വിദ്യയിലൂന്നിയ പരിഷ്കാരങ്ങൾ നിലനിർത്തുക, പോരായ്മകൾ പരിഹരിക്കുക, നിലവിലുള്ള IMPDS പദ്ധതിയിലൂടെ കൂടുതൽ മെച്ചപ്പെടുത്തുക, പി.ഡി.എസ് ന്റെ പ്രവർത്തനത്തിൽ ഭാവിയിൽ കൂടുതൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുക, ഒരു രാജ്യം ഒരു റേഷൻ കാർഡ് സമ്പ്രദായത്തിന് കീഴിൽ ദേശീയ പോർട്ടബിലിറ്റി ശക്തിപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആപ്ലിക്കേഷൻ ഡെവലപ്മെന്റ് ചെലവ്, മെയിന്റനൻസ് ചെലവ്, ഡെവലപ്മെന്റ് പാർട്ണറുടെ ഹെൽപ്പ് ഡെസ്ക് ചെലവ്, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, കമാൻഡ് കൺട്രോൾ സെന്റർ, എൻ.ഐ.സി സപ്പോർട്ടിംഗ് സ്റ്റാഫിന്റെ തുടർസേവനം, ഉപഭോക്താക്കൾക്കുള്ള പൊതു സന്ദേശമയയ്ക്കൽ/സ്റ്റേറ്റ് ഹോൾഡർമാർക്കുള്ള ആശയവിനിമയം, സെർവറുകൾ, സംഭരണം, ഡാറ്റാ ബേസ് സെർവറുകൾ പോലുള്ള ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ, സ്ഥാപനപരമായ സംവിധാനവും കാര്യ ശേഷി വർദ്ധനവും എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2025-26 വർഷത്തെ ബജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി കേന്ദ്ര വിഹിതമായി 150.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സെർവറുകൾ, സംഭരണം, ഡാറ്റാ ബേസ് സെർവറുകൾ മുതലായവ ഉൾപ്പെടെയുള്ള ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ, സ്ഥാപന സംവിധാനം, കാര്യശേഷി വർദ്ധനവ്, ബെനിഫിഷ്യറി ഔട്ട്റീച്ച്-പബ്ലിക് മെസേജിംഗ്/ഉപഭോക്താക്കൾക്കുള്ള ആശയവിനിമയം, എൻഐസി സപ്പോർട്ടിംഗ് സ്റ്റാഫിന്റെ തുടർ സേവനം വികസന പങ്കാളിയെ വിന്യസിക്കുന്നതിനുള്ള ചെലവ്, വാഹന ട്രാക്കിംഗ് സിസ്റ്റം, കമാൻഡ് കൺട്രോൾ സെന്റർ | 150.00 |

# എൻ.സി.ഡി.സി സഹായത്തോടെയുള്ള പദ്ധതി

# I. കൃഷിയും അനുബന്ധ മേഖലകളും

## 1.5 ഫിഷറീസ്

### 1. എൻ.സി.ഡി.സി സഹായത്തോടെയുള്ള സംയോജിത മത്സ്യ വികസന പദ്ധതി

**(വിഹിതം: 1200.00 ലക്ഷം രൂപ)**

മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. മത്സ്യഫെഡിന്റെ കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ അതിലെ അംഗങ്ങൾക്ക് മത്സ്യബന്ധനോപാധികൾ പുതുതായി വാങ്ങുന്നതിന് ബാങ്ക് വായ്പ സ്വരൂപിക്കാറുണ്ട്. മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരിൽ നിന്നും കടബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഒരളവ് വരെ ഇത്തരം ബാങ്ക് വായ്പ സഹായകരമാണ്. മത്സ്യബന്ധന ഉപകരണങ്ങളുടെ ആധുനികവത്ക്കരണം, മത്സ്യ തൊഴിലാളികളുടെ അറ്റാദായം വർദ്ധിപ്പിക്കൽ, പ്രാഥമിക മത്സ്യ തൊഴിലാളി സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തൽ എന്നിവയാണ് പദ്ധതിക്ക് കീഴിൽ പിന്തുണയ്ക്കുന്ന പ്രവർത്തനങ്ങൾ. നിലവിലുള്ള മത്സ്യബന്ധനോപാധികൾക്ക് പകരം പുതിയവ നൽകൽ, ഉല്പാദനോപാധികൾ നൽകൽ, മത്സ്യക്കച്ചവടത്തിനാവശ്യമായ പ്രവർത്തനമൂലധനം/മാർജിൻ മണി, വിപണനത്തിനും മത്സ്യബന്ധന ഉല്പന്നങ്ങളുടെ മാനേജ്മെന്റിനും ആവശ്യമായ പശ്ചാത്തല സൗകര്യ വികസനം, പരിശീലനം, വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പരിപാടികൾ എന്നീ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതാണ്.

2025-26 കാലയളവിൽ പദ്ധതിയുടെ പ്രതീക്ഷിക്കുന്ന എൻ.സി.ഡി.സി സഹായം 1200.00 ലക്ഷം രൂപയാണ്.

# III. സഹകരണം

### 1. സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി)

**(വിഹിതം: 531.00 ലക്ഷം രൂപ)**

2025-26 ൽ ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ സംയോജിത സഹകരണ വികസന പരിപാടിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നു. 2025-26 കാലയളവിൽ നടപ്പിലാക്കുന്ന മറ്റ് എൻ.സി.ഡി.സി പുതിയ പദ്ധതികൾക്കും സഹായം നൽകും.

2025-26 കാലയളവിൽ പദ്ധതിയുടെ പ്രതീക്ഷിക്കുന്ന എൻ.സി.ഡി.സി സഹായം 531.00 ലക്ഷം രൂപയാണ്.

### 2. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം.

**(വിഹിതം: 2810.00 ലക്ഷം രൂപ)**

താഴെപ്പറയുന്ന പരിപാടികൾക്കായി ഈ വിഹിതം വിനിയോഗിക്കാവുന്നതാണ്.

- ഉപഭോക്തൃ ഫെഡറേഷൻ, മൊത്ത വ്യാപാര സ്റ്റോർ, ഉപഭോക്തൃ പ്രവർത്തനങ്ങളിൽ എർപ്പെട്ടിരിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയ്ക്കുള്ള സഹായം.
- നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ എന്നിവ ഏറ്റെടുത്തു നടത്തുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾക്കും കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷനുമുള്ള സഹായം.
- സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് സഹായം.
- സംസ്ഥാന തല, ജില്ലാ തല, പ്രാദേശിക തല സഹകരണ സംഘങ്ങൾക്ക് മാർജിൻമണി സഹായം.
- സഹകരണമേഖലയിലെ ദുർബ്ബലമായ സംസ്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുള്ള സഹായം.
- പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടറും മറ്റ് അനുബന്ധ സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള സഹായം.

- പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും സഹായം.
- സഹകരണ ആശുപത്രികൾ, വനിതാസഹകരണ സംഘങ്ങൾ, സാഹിത്യ സഹകരണ സംഘങ്ങൾ തുടങ്ങിയ സേവനമേഖലയിലെ സഹകരണസ്ഥാപനങ്ങൾക്ക് സഹായം.
- ലേബർ കോൺട്രാക്ട് സഹകരണസംഘങ്ങൾക്ക് യന്ത്രങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, ലോഡിംഗ്, അൺലോഡിംഗ്, അനുബന്ധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വാഹനങ്ങൾ എന്നിവ വാങ്ങുന്നതിന് സഹായം, പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്കുള്ള സഹായം.
- എൻ.സി.ഡി.സി യുടെ പുതിയ പദ്ധതി പ്രകാരമുള്ള ടൂറിസം, ഹോസ്പിറ്റാലിറ്റി, ട്രാൻസ്പോർട്ട്, ആശുപത്രികൾ, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, വൈദ്യുതീകരണം (പുതിയ/പാരമ്പര്യേതര), ഗ്രാമീണപാർപ്പിടപദ്ധതി, എന്നിവയ്ക്ക് സഹായം.
- കാർഷിക വായ്പാ പ്രവർത്തനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണസംഘങ്ങൾക്ക് സഹായം.
- 2025-26 ൽ നടപ്പാക്കുന്ന പുതിയ എൻ.സി.ഡി.സി പദ്ധതികൾക്ക് സഹായം.

2025-26 കാലയളവിൽ പദ്ധതിയുടെ പ്രതീക്ഷിക്കുന്ന എൻ.സി.ഡി.സി സഹായം 2810.00 ലക്ഷം രൂപയാണ്.

ധനകാര്യ വകുപ്പിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് മുമ്പ് അഡ്മിനിസ്ട്രേറ്റീവ് വകുപ്പിന്റെ മുൻഗണനയും ശിപാർശകളും ആവശ്യമാണ്. പ്രൊപ്പോസലിന്റെ യോഗ്യതയെ അടിസ്ഥാനമാക്കി ധനവകുപ്പ് എൻസിഡിസിക്ക് ശിപാർശ ചെയ്യും. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കുള്ള സഹായം വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**3. പ്രാഥമിക വിപണന സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം.**

**(വിഹിതം: 150.00 ലക്ഷം രൂപ)**

കാർഷിക കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യവികസനം, കാർഷികോല്പന്നങ്ങളുടെ ഗുണനിലവാരം അനുസരിച്ച് തരംതിരിക്കൽ, സ്റ്റാൻഡേർഡൈസേഷൻ എന്നീ പ്രവർത്തനങ്ങൾക്കായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ഫെഡറേഷനുകൾ, മാർക്കറ്റിംഗ് സൊസൈറ്റികൾ എന്നിവയ്ക്ക് സഹായം നൽകുന്നു.

താഴെപ്പറയുന്ന പരിപാടികൾക്കായി വിഹിതം വകയിരുത്തിയിരിക്കുന്നു.

- സംഭരണശാലകൾ നിർമ്മിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സഹായം.
- സംസ്ഥാന ജില്ലാ പ്രാദേശിക തലത്തിലുള്ള മറ്റു സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും മാർജിൻ മണി സഹായം.
- വിപണന സംഘങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് സഹായം.
- പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും, ദുർബ്ബല വിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുമുള്ള സഹായം.
- സഹകരണസംഘങ്ങൾക്ക് കീഴിൽ കർഷക സേവനകേന്ദ്രം സ്ഥാപിക്കുന്നതിന് സഹായം.
- പുഷ്പ കൃഷി നടത്തുന്ന സഹകരണ സംഘങ്ങൾക്ക് സഹായം.
- കാർഷിക കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യവികസനം, കാർഷികോല്പന്നങ്ങളുടെ ഗുണനിലവാരം അനുസരിച്ച് തരംതിരിക്കൽ, സ്റ്റാൻഡേർഡൈസേഷൻ എന്നിവയ്ക്കായി സഹായം.
- 2025-26 ൽ എൻ.സി.ഡി.സി. നടപ്പാക്കുന്ന പുതിയ പദ്ധതികൾക്ക് സഹായം.

2025-26 കാലയളവിൽ പദ്ധതിയുടെ പ്രതീക്ഷിക്കുന്ന എൻ.സി.ഡി.സി സഹായം 150.00 ലക്ഷം രൂപയാണ്.

ധനകാര്യ വകുപ്പിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് മുമ്പ് അഡ്മിനിസ്ട്രേറ്റീവ് വകുപ്പിന്റെ മുൻഗണനയും ശിപാർശകളും ആവശ്യമാണ്. പ്രൊപ്പോസലിന്റെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ധനവകുപ്പ് എൻസിഡിസിക്ക് ശിപാർശ ചെയ്യും.

# അനുബന്ധം – സി

# 50 ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

## I. കൃഷിയും അനുബന്ധ മേഖലകളും

### 1.3 മൃഗസംരക്ഷണം

**1. മൃഗസംരക്ഷണ സ്ഥിതി വിവരകണക്കും സാമ്പിൾ സർവ്വേയും (50 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 150.00 ലക്ഷം രൂപ)**

കന്നുകാലികളിൽ നിന്നും ലഭിക്കുന്ന വിവിധ തരം ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം കണക്കാക്കുന്നതിനായി നടത്തിവരുന്ന സംയോജിത സാമ്പിൾ സർവ്വേകൾ തുടരുന്നതിനും, പുതിയ പഠനങ്ങൾ ആരംഭിക്കുന്നതിനും, വിവര ശേഖരണ വിശകലന രീതികൾ മെച്ചപ്പെടുത്തുന്നതിനുമായി വിഹിതം വകയിരുത്തുന്നു. സർവ്വേയുമായി ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥരുടെ ശമ്പളത്തിന്റെ വിഹിതം വഹിക്കുന്നതിനായി തുക വകയിരുത്തുന്നു. ഉദ്യോഗസ്ഥർക്ക് പരിശീലനവും നൽകുന്നതാണ്.

കേന്ദ്ര വിഹിതമായ 50% തുകയ്ക്ക് ആനുപാതികമായി 150.00 ലക്ഷം രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

### 1.5 ഫിഷറീസ്

**1. സമ്പാദ്യ സമാശ്വാസ പദ്ധതി (എസ്.സി.ആർ.എസ്) (കേന്ദ്ര വിഹിതം 50%)**

**(വിഹിതം: 2200.00 ലക്ഷം രൂപ)**

പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം ലഭ്യമാക്കുന്ന പദ്ധതിയാണിത്. 6 തവണകളായി ഗുണഭോക്താക്കളിൽ നിന്നും 1500 രൂപ പിരിക്കുന്നു. ഇതിന്റെ കൂടെ സംസ്ഥാന സർക്കാർ വിഹിതമായി 1500 രൂപയും കേന്ദ്ര സർക്കാർ വിഹിതമായി 1500 രൂപയും കൂട്ടിച്ചേർത്ത് പഞ്ഞമാസങ്ങളിൽ 3 തവണകളായി 4500 രൂപ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നു. ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റത്തിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26 ൽ 50 ശതമാനം കേന്ദ്ര വിഹിതമായി 2200.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## II. ഗ്രാമ വികസനം

### 2.1 ഗ്രാമ വികസനം

**1. സിൽക്ക് സമഗ്ര (50% ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 100.00 ലക്ഷം രൂപ)**

സിൽക്ക് സമഗ്ര പദ്ധതി 2.0, 50 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവും 25 ശതമാനം ഗുണഭോക്തൃ വിഹിതവും, 50:25:25 അനുപാതത്തിൽ വകയിരുത്തി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. പട്ടുനൂൽ ഉൽപ്പാദനം വർദ്ധിപ്പിക്കുക, ഗുണനിലവാരവും ഉൽപ്പാദനക്ഷമതയും മെച്ചപ്പെടുത്തുക, കൂടാതെ വിവിധ സെറികൾച്ചർ പ്രവർത്തനങ്ങളിലൂടെ രാജ്യത്തെ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളെ ശാക്തീകരിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. രണ്ട് പ്രധാന ഘടകങ്ങൾ ഉൾപ്പെടുന്നതാണ് ഈ പദ്ധതി. സെൻട്രൽ സിൽക്ക് ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങളും ഗുണഭോക്താക്കളെ അടിസ്ഥാനമാക്കിയുള്ള നിർണായക ഫീൽഡ് തല ഇടപെടലും. (i) ഗവേഷണവും വികസനവും, പരിശീലനം, സാങ്കേതിക കൈമാറ്റവും, വിവരസാങ്കേതിക വിദ്യ സംരംഭങ്ങളും, (ii) സീഡ് ഓർഗനൈസേഷനുകൾ (iii) ഏകോപനവും വിപണി വികസനവും (iv) ക്വാളിറ്റി സർട്ടിഫിക്കേഷൻ സംവിധാനങ്ങളും (ക്യുസിഎസ്)/കയറ്റുമതി ബ്രാൻഡ് പ്രമോഷനും സാങ്കേതികവിദ്യാ നവീകരണവും. എന്നിവയാണ് സെൻട്രൽ സിൽക്ക് ബോർഡിന്റെ നാല് പ്രധാന പ്രവർത്തനങ്ങൾ. ഗുണഭോക്താക്കളെ അടിസ്ഥാനമാക്കിയുള്ള നിർണായക ഫീൽഡ് തല ഇടപെടലുകളിൽ മൂന്ന് പ്രധാന ഘടകങ്ങൾ ഉൾപ്പെടുന്നു: (എ) വടക്ക് കിഴക്കൻ മേഖല ഒഴികെയുള്ള നിർണായക ഫീൽഡ് തല ഇടപെടലുകൾ (ബി) വടക്കുകിഴക്കൻ മേഖലയിൽ സെറികൾച്ചർ പദ്ധതികൾ നടപ്പാക്കൽ (സി) എൻഇആർടിപിഎസ്സ്-ന്റെ നിലവിലുള്ള സെറികൾച്ചർ പദ്ധതികളുടെ ചെലവുകൾ നിറവേറ്റുന്നതിനുള്ള വ്യവസ്ഥകൾ. കേരളത്തിലെ പാലക്കാട്, വയനാട്, ഇടുക്കി എന്നീ ജില്ലകൾ ബൈവോൾട്ടീൻ സെറികൾച്ചറിന് പ്രസിദ്ധമാണ്. മൾബറി

കൃഷി പ്രോത്സാഹിപ്പിക്കുക, പട്ടുനൂൽ പുഴുക്കളെ വളർത്തുക, മൾബറി തോട്ടങ്ങളിൽ പട്ടുനൂൽ കൊക്കൂണുകൾ ഉൽപ്പാദിപ്പിക്കുക, വിപണനത്തിനുള്ള സഹായം, സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ, അതുവഴി പട്ടുനൂൽ കർഷകർക്ക് തൊഴിലും വരുമാനവും ഉണ്ടാക്കുക എന്നിവയിലൂടെ മേൽപ്പറഞ്ഞ ജില്ലകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഗ്രാമവികസന കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥരുടെ പിന്തുണയോടെയും ഏകോപനത്തോടെയും സെൻട്രൽ സിൽക്ക് ബോർഡിന്റെ റീജിയണൽ എക്സ്റ്റൻഷൻ സെന്ററുകളുടെ മേൽനോട്ടത്തിൽ ഒരു ബ്ലോക്ക് പഞ്ചായത്തിൽ 50 കർഷകർ ഉൾപ്പെടുന്ന ഒരു ക്ലസ്റ്റർ എന്ന രീതിയിൽ പരിപാടി നടപ്പിലാക്കുവാൻ ലക്ഷ്യം വെക്കുന്നു. പ്രസ്തുത പദ്ധതിയുടെ കീഴിൽ മൾബറി കൃഷി, പട്ടുനൂൽ പുഴു വളർത്തൽ, ജലസേചനം, റിയറിംഗ് ഹൗസ്, അണുനാശിനി പ്രയോഗം, കിസാൻ നഴ്സറി, വിദഗ്ദ തൊഴിൽ വികസനം എന്നിവ ഉൾപ്പെടുന്നു. 2025-26-ൽ ഈ പദ്ധതിയുടെ 50 ശതമാനം കേന്ദ്ര വിഹിതമായി 100.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## 2.2 സാമൂഹ്യ വികസനവും പഞ്ചായത്തുകളും

**1. മാനവ വിഭവ വികസന കേന്ദ്രം (കില-സി.എച്ച്.ആർ.ഡി)(മുൻപ്-എസ്.ഐ.ആർ.ഡി) (50 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 75.00 ലക്ഷം രൂപ)**

കൊട്ടാരക്കരയിലെ പഴയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (എസ്.ഐ.ആർ.ഡി) ആണ് ഇപ്പോൾ മാനവ വിഭവ വികസന കേന്ദ്രം (കില-സി.എച്ച്.ആർ.ഡി) എന്ന് അറിയപ്പെടുന്നത്. മീറ്റിംഗ് ശമ്പളം, പരിശീലനവും ഗവേഷണവും, ഓഫീസ് ചെലവുകൾ, മെസ്/ഹോസ്റ്റൽ ചെലവുകൾ, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവയ്ക്കാണ് തുക നൽകിയിരിക്കുന്നത്. ഈ ഘടകത്തിന്റെ കേന്ദ്ര വിഹിതം 'ഗ്രാമവികസന പരിപാടികൾക്കുള്ള മാനേജ്മെന്റ് പിന്തുണയും ജില്ലാ ആസൂത്രണ പ്രക്രിയ ശക്തിപ്പെടുത്തലും' എന്ന സ്കീമിൽ നിന്ന് ലഭിക്കുന്നു. 2025-26-ൽ ഈ പദ്ധതിയുടെ 50% കേന്ദ്രവിഹിതമായി 75.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

# IV. ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും

## 4.3 കമാന്റ് ഏരിയ വികസനം

**1. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന-മൂവാറ്റുപുഴ കാഡാ പദ്ധതി (കേന്ദ്ര വിഹിതം 50 ശതമാനം)**

**(വിഹിതം: 150.00 ലക്ഷം രൂപ)**

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ കാഡാ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2025-26 ബജറ്റിൽ 50 ശതമാനം പ്രതീക്ഷിത കേന്ദ്ര വിഹിതമായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഫീൽഡ് ചാനലുകൾ, ഫീൽഡ് ഡ്രെയിനുകൾ എന്നിവയുടെ നിർമ്മാണത്തിനും, സിസ്റ്റം കറക്ഷനുകൾക്കും വേണ്ടിയാണ് തുക വകയിരുത്തിയിരിക്കുന്നത്.

## 4.4. വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ സംരക്ഷണവും.

**വെള്ളപ്പൊക്ക നിയന്ത്രണം**

**1. പ്രധാനമന്ത്രി കൃഷിസിഞ്ചായി യോജന (കുട്ടനാട് വെള്ളപ്പൊക്ക നിയന്ത്രണം) (50 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 400.00 ലക്ഷം രൂപ)**

കുട്ടനാട്ടിലെ ആവാസവ്യവസ്ഥയുടെ വികസനത്തിനായി ഒരു പഠന റിപ്പോർട്ട് എം.എസ്സ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രളയം ബാധിച്ച കുട്ടനാട് മേഖലയുടെ പുനരുജ്ജീവനത്തിനായി സംസ്ഥാന ആസൂത്രണ ബോർഡും 2019-ൽ ഒരു പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടുകളിൽ പ്രധാനമായും നെല്ലുൽപ്പാദനത്തിന് സഹായകമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടലുകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന വിളനാശത്തിൽ നിന്നുള്ള സംരക്ഷണത്തിനായി പാടശേഖരങ്ങൾക്ക് ചുറ്റുമുള്ള പുറം ബണ്ട് നിർമ്മണവും, അവ ബലപ്പെടുത്തേണ്ടതും വളരെ ആവശ്യമാണ്.

2025-26 ൽ 400.00 ലക്ഷം രൂപ 50 ശതമാനം പ്രതീക്ഷിത കേന്ദ്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു. കെ.ഇ.എൽ III, കെ.ഇ.എൽ IV പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിനു വേണ്ടിയും, തണ്ണീർമുക്കം ബാരേജിന്റെ പ്രവൃത്തികൾ

പൂർത്തീകരിച്ചതിന്റെ ബിൽ തുകയ്ക്ക് വേണ്ടിയുമാണ് തുക വകയിരുത്തിയിരിക്കുന്നത്. 2025-26 ൽ ഈ പദ്ധതിയുടെ കീഴിൽ പുതിയ പ്രവൃത്തികൾ ഒന്നും ഏറ്റെടുക്കാൻ പാടുള്ളതല്ല.

# IX. സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ

## 9.3 സാങ്കേതിക വിദ്യാഭാസം

**പോളിടെക്നിക്കുകൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ (50% കേന്ദ്ര വിഹിതം)**

**(വിഹിതം: 1.00 ലക്ഷം രൂപ)**

നിലവിലുള്ള/പുതിയ പോളിടെക്നിക്കുകളുടെ നവീകരണം (എം.എച്ച്.ആർ.ഡി യുടെ നൈപുണ്യ വികസനത്തിനുള്ള ഏകോപിത പ്രവർത്തന പദ്ധതി പ്രകാരം), പോളിടെക്നിക് കോളേജുകളിൽ അടിസ്ഥാന സൗകര്യ വികസനം, പോളിടെക്നിക്കുകളിലൂടെയുള്ള സാമൂഹ്യ വികസനം എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

2025-26 വർഷത്തിൽ 1.00 ലക്ഷം രൂപ ഈ പദ്ധതികളുടെ നടത്തിപ്പിനുള്ള കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

## 9.8 നഗരവികസനം

1. **അടൽ മിഷൻ ഫോർ റിജ്യൂവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ 2.0 (അമൃത്-2.0)**

(ഒരു ലക്ഷത്തിന് താഴെ ജനസംഖ്യയുള്ള നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 50 ശതമാനം കേന്ദ്ര വിഹിതവും ഒരു ലക്ഷം മുതൽ 10 ലക്ഷം വരെ ജനസംഖ്യയുള്ള നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 33.3 ശതമാനം കേന്ദ്ര വിഹിതവും)

**(വിഹിതം: 76774.10 ലക്ഷം രൂപ)**

2021 ഒക്ടോബർ-1 ന് ആരംഭിച്ച അമൃത് 2.0 പദ്ധതിയിലൂടെ എല്ലാ നഗരങ്ങൾക്കും 'ജലസുരക്ഷിതത്വം' ഉറപ്പ് വരുത്തുന്നതിനും എല്ലാ കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകുന്നതിനും ലക്ഷ്യമിടുന്നു. എല്ലാവർക്കും കുടിവെള്ള കണക്ഷൻ, സീവറേജ് സെപ്റ്റേജ് മാനേജ്മെന്റ്, ഉപയോഗിച്ച വെള്ളം ശുദ്ധീകരിച്ച് പുനരുപയോഗത്തിന് വിധേയമാക്കുക, ജലാശയങ്ങളെ പുനരുജ്ജീവിപ്പിക്കുക, ഹരിത ഇടങ്ങളും മറ്റ് സൗകര്യങ്ങളും ഉണ്ടാക്കുക എന്നിവയാണ് ഈ പദ്ധതിയിലെ ഘടകങ്ങൾ. ഈ പദ്ധതിയുടെ മൊത്തം പ്രോജക്ട് വിഹിതം 3495.00 കോടി രൂപയാണ്. അതിൽ കേന്ദ്രവിഹിതം 1372.00 കോടി രൂപയാണ്. കേന്ദ്രവിഹിതം 20:40:40 എന്ന അനുപാതത്തിലാണ് ലഭിക്കുന്നത്. ഈ പദ്ധതിയുടെ ഫണ്ടിങ് ജനസംഖ്യാടിസ്ഥാനത്തിലാണ്. ഒരു ലക്ഷത്തിൽ കുറവ് ജനസംഖ്യയുള്ളതും 1 ലക്ഷം മുതൽ 10 ലക്ഷം വരെ ജനസംഖ്യയുള്ളതും 10 ലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ളതുമായ നഗരതദ്ദേശഭരണ സ്ഥാപനങ്ങൾക്ക് യഥാക്രമം പ്രോജക്ട് തുകയുടെ 50 ശതമാനം, 33.3 ശതമാനം, 25 ശതമാനം തുക കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നു. എല്ലാ സംസ്ഥാനങ്ങളും സംസ്ഥാന ജല ആക്ഷൻപ്ലാനുകൾ (എസ്.ഡബ്ല്യൂ.എ.പി) തയ്യാറാക്കേണ്ടതും കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ അംഗീകാരം നേടേണ്ടതുമാണ്. കുടിവെള്ള, സീവറേജ് മേഖലകളിൽ സ്റ്റാർട്ടപ്പുകൾ രൂപീകരിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. 2025-26-ൽ ഈ പദ്ധതിയുടെ കേന്ദ്ര വിഹിതമായി 76774.10 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

കോർപ്പറേഷനുകൾ 21786.00 ലക്ഷം രൂപ
ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾ: 3958.30 ലക്ഷം രൂപ
ഒരു ലക്ഷം മുതൽ 10 ലക്ഷം വരെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾ: 51029.80 ലക്ഷം രൂപ

## 9.11 പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്ക വിഭാഗം, ന്യൂനപക്ഷങ്ങൾ എന്നിവരുടെ ക്ഷേമം

**എ) പട്ടികജാതി വികസനം**

**പദ്ധതികൾ ചുവടെ കൊടുക്കുന്നു.**

**1. പൗരവകാശ സംരക്ഷണ നിയമവും 1989-ലെ അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ (50 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 1500.00 ലക്ഷം രൂപ)**

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുവാനായാണ് 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം ആവിഷ്കരിച്ചിട്ടുള്ളത്. തൊട്ടുകൂടായ്മ

പ്രചരിപ്പിക്കുന്നതിലൂടെ ഉണ്ടാകുന്ന സാമൂഹിക വൈകല്യങ്ങൾക്ക് ശിക്ഷ നൽകാനും പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമങ്ങൾ തടയാനും ഈ നിയമം നിർദ്ദേശിക്കുന്നു. അതിക്രമങ്ങൾക്ക് ഇരയായവരുടെ പുനരധിവാസം, ആവശ്യമായ സഹായം എന്നിവയ്ക്കായി പ്രത്യേക കോടതി, പോലീസ് സ്റ്റേഷൻ, പട്ടികജാതിക്കാർക്കായി ഒരു പ്രൊട്ടക്ഷൻ സെൽ എന്നിവ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- 1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പാക്കലും 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമത്തിന്റെ കാര്യക്ഷമമായ നിർവ്വഹണവും.
- പട്ടികജാതി സംരക്ഷണ സെൽ, പ്രത്യേക പോലീസ് സ്റ്റേഷനുകൾ എന്നിവയുടെ നടത്തിപ്പും ശക്തിപ്പെടുത്തലും.
- പ്രത്യേക കോടതികളുടെ രൂപീകരണവും നടത്തിപ്പും.
- അതിക്രമങ്ങൾക്ക് ഇരയായവർക്ക് സഹായവും പുനരധിവാസവും നൽകുക.
- കേന്ദ്ര പദ്ധതിയായ ഡോ.അംബേദ്കർ പദ്ധതിയുടെ മാനദണ്ഡമായ 01/04/2019-നോ ശേഷമോ മിശ്ര വിവാഹിതരായ ദമ്പതികൾക്ക് 2.50 ലക്ഷം രൂപ വീതം ധനസഹായം എന്നതുപോലെ മിശ്ര വിവിഹ ധനസഹായം നൽകുക.
- ബോധവത്കരണം, സാമൂഹിക ഐക്യദാർഢ്യം, സംസ്ഥാന ജില്ലാതല സെമിനാറുകൾ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് പരിശീലനം, നേതൃത്വ പരിശീലവും ജാഗ്രത പരിശീലനവും, മോണിട്ടറിംഗ് എന്നിവയ്ക്ക് വേണ്ടി വരുന്ന ചെലവുകൾ.

2025-26-ൽ 50 ശതമാനം കേന്ദ്രവിഹിതമായി 1500.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. അതിൽ 300.00 ലക്ഷം രൂപ പ്രത്യേക കോടതികളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും അതിന്റെ നടത്തിപ്പിനും വേണ്ടിയുള്ളതാണ്.

**ബി) പട്ടികവർഗ്ഗ വികസനം**

**1 പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ (50% കേന്ദ്ര വിഹിതം)**

ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**i) അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (കേന്ദ്ര വിഹിതം 50 ശതമാനം)**

**(വിഹിതം: 118.00 ലക്ഷം രൂപ)**

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ നേരിടുന്ന ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും അവരുടെ താൽപ്പര്യങ്ങളും പ്രതിഷേധസ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിനും അവയ്ക്ക് ഭരണഘടനാപരവും നിയമപരവുമായ സംരക്ഷണം നൽകുന്നതിനുമായി, പൗരാവകാശ സംരക്ഷണ നിയമവും പട്ടികജാതി-പട്ടികവർഗ്ഗ-അതിക്രമങ്ങൾ തടയൽ നിയമവും (1989) നിലവിൽ വന്നിട്ടുണ്ട്. അതിക്രമങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ പെട്ടെന്ന് തീർപ്പ് കൽപിക്കുന്നതിന് എല്ലാ ജില്ലാ കോടതികളിലും പ്രത്യേക ബഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്.
ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

- അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പുനരധിവസിപ്പിക്കുവാനും അവർക്ക് നഷ്ടപരിഹാരം നൽകുവാനും ഉചിതമായ പരിപാടിക്ക് രൂപം നൽകുക.
- അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് നിയമസഹായം ലഭ്യമാക്കുക.
- പട്ടികവർഗ്ഗക്കാർക്ക് മിശ്ര - വിവാഹ ഗ്രാന്റ്
- വയനാട് ജില്ലയിൽ പ്രത്യേക മൊബൈൽ പൊലീസ് സ്ക്വാഡിന്റെ പ്രവർത്തനം.
- സാക്ഷികൾക്ക് യാത്രാ അലവൻസുകൾ നൽകുക.

2025-26 സാമ്പത്തിക വർഷത്തിൽ 50 ശതമാനം കേന്ദ്ര വിഹിതമായി 118.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. ഇതിൽ 18.00 ലക്ഷം രൂപ കോടതികളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും മറ്റ് ചെലവുകൾക്കുമായി നീക്കിവക്കുന്നതാണ്

**ii) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം – റ്റി.എസ്.പി (49 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 48.04 ലക്ഷം രൂപ)**

ഈ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കീഴിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 51:49 അനുപാതത്തിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഓഹരി മൂലധനം നൽകുന്നു. ഓഹരി മൂലധനത്തിന് തുല്യമായ തുക കേന്ദ്ര വിഹിതമായി കോർപ്പറേഷന് നൽകുന്നു. വ്യത്യസ്തങ്ങളായ തൊഴിലധിഷ്ഠിത സാമ്പത്തിക പ്രവർത്തനങ്ങൾക്ക് കോർപ്പറേഷൻ സാമ്പത്തിക സഹായം ചെയ്യുന്നു. അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തുന്നതിനും അവരെ സാമ്പത്തിക വികസന പദ്ധതികളിൽ പങ്കാളികളാക്കാനും, ധനകാര്യ സ്ഥാപനങ്ങളിലേക്ക് സ്പോൺസർ ചെയ്യുന്നത് വഴി കുറഞ്ഞ നിരക്കിൽ വായ്പയും സബ്സിഡികളും ലഭ്യമാക്കുകയും അവരുടെ തിരിച്ചടവ് ബാദ്ധ്യത കുറയ്ക്കാനും മറ്റ് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുമായി ബന്ധിപ്പിക്കാനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു.

2025-26 ൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമ്പത്തിക വികസനത്തിന് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള ഓഹരി മൂലധനമായി 48.04 ലക്ഷം രൂപ 49% കേന്ദ്ര വിഹിതമായി.

## 9.12 സാമൂഹ്യ ക്ഷേമം – 50% കേന്ദ്ര വിഹിതം

**1. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള പദ്ധതി (50 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 150.00 ലക്ഷം രൂപ)**

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷകാഹാര നിലവാരവും, നൈപുണ്യ വികസനവും മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. (മുൻപുണ്ടായിരുന്ന സബല പദ്ധതിയ്ക്ക് പകരം) മാനസികമായും, വൈകാരികമായും, മനശാസ്ത്രപരമായും പ്രാധാന്യമേറിയ ഘട്ടമാണ് ശൈശവത്തിനും സ്ത്രീത്വത്തിനും ഇടയിലുള്ള കാലഘട്ടം. മനുഷ്യ വിഭവ വികസനത്തെ ലക്ഷ്യംവെച്ചുള്ള വികസന പരിപാടികളിൽ നിന്നു കൗമാരക്കാരായ പെൺകുട്ടികളെ മാറ്റി നിർത്തിയാൽ കുട്ടികളുടെ സമഗ്രമായ വികസനത്തിനുള്ള ജീവിത ചക്ര സമീപനം പരിഹരിക്കപ്പെടാതെ നിൽക്കുന്നതാണ്. സ്കൂളിൽ പോകാത്ത 11 മുതൽ 14 വയസ്സ വരെയുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികളെ ലക്ഷ്യം വെച്ച് രൂപീകരിച്ച പദ്ധതിയാണിത്. പോഷകാഹാര പരിപാടികളും, പോഷകാഹാര പരിപാടികളിൽപ്പെടാത്ത പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾപ്പെടുന്നു.

- കൗമാരക്കാരായ പെൺകുട്ടികളെ സ്വയം പര്യാപ്തരാക്കുക, അവരെ ശാക്തീകരിക്കുക
- കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകാഹാരം, ആരോഗ്യ നിലവാരം എന്നിവ മെച്ചപ്പെടുത്തുക
- ആരോഗ്യം, ശുചിത്വം, എന്നിവയെപ്പറ്റിയുള്ള അവബോധം വളർത്തുക
- കൗമാരക്കാരായ പെൺകുട്ടികൾക്ക് അനുപൂരക പോഷകാഹാരം നൽകുന്നതിനായി ഫോർട്ടിഫൈഡ് ഫുഡ് നൽകുക
- 14 നും 18 നും ഇടയിൽ പ്രായമുള്ള പെൺകുട്ടികൾക്ക് നൈപുണ്യ വികസന പരിശീലനം

2025-26 ൽ പദ്ധതി നടപ്പാക്കാൻ 150.00ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

## 9.13 പോഷകാഹാരം – 50% കേന്ദ്ര വിഹിതം

**1. പൂരക പോഷകാഹാര പരിപാടി (50 ശതമാനം കേന്ദ്ര വിഹിതം)**

**(വിഹിതം: 15000.00 ലക്ഷം രൂപ)**

ഐ.സി.ഡി.എസ്-ന്റെ ഒരു പ്രധാന ഘടകമാണ് പൂരക പോഷകാഹാര പരിപാടി. ഐ.സി.ഡി.എസ് പദ്ധതിയുടെ ഘടന പ്രകാരം, താഴെ സൂചിപ്പിച്ചിരിക്കുന്ന പോഷകാഹാര മാനദണ്ഡമനുസരിച്ചുള്ള പൂരക പോഷകാഹാരം നൽകേണ്ടത് സംസ്ഥാനങ്ങളുടെ ഉത്തരവാദിത്വമാണ്.

| ഗുണഭോക്താക്കൾ | കലോറി (കെ കാൽ) | പ്രോട്ടീൻ (ഗ്രാം) |
|---|---|---|
| കുട്ടികൾ (6-72 മാസം) | 500 | 12-15 |
| ഭാരക്കുറവുള്ള കുട്ടികൾ (6-72 മാസം) | 800 | 20-25 |
| ഗർഭിണികളും പാലൂട്ടുന്ന അമ്മമാരും | 600 | 18-20 |

പൂരക പോഷകാഹാരം നൽകേണ്ട ചുമതല സംസ്ഥാനങ്ങൾക്കാണെങ്കിലും, കേന്ദ്രസർക്കാർ 2005–06 മുതൽ സംസ്ഥാനങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. വിവിധ വിഭാഗം ഗുണഭോക്താക്കൾക്കുള്ള സാമ്പത്തിക മാനദണ്ഡപ്രകാരം അനുവദനീയമായ തുകയുടെ 50% തുകയോ, അല്ലെങ്കിൽ യഥാർത്ഥ ചെലവിന്റെ 50% ശതമാനമോ, ഏതാണോ കുറവായ തുക അത് അനുവദിക്കുന്നു.

കേരളത്തിൽ, വികേന്ദ്രീകൃതാസൂത്രണം നടപ്പാക്കിയതിലൂടെ അംഗനവാടികളുടെ മേൽനോട്ടവും നിയന്ത്രണവും, കൂടാതെ പൂരക പോഷകാഹാര പരിപാടി നടപ്പിലാക്കേണ്ട ഉത്തരവാദിത്വവും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പൂർണ്ണമായി കൈമാറ്റം ചെയ്തിട്ടുണ്ട്. ഐ.സി.ഡി.എസ് മാനദണ്ഡ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പോഷകമൂല്യം അടങ്ങിയ ആഹാരസാധനങ്ങൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്. പോഷകാഹാരത്തിനുള്ള ചെലവുകൾ തദ്ദേശഭരണസ്ഥാപനത്തിന്റെ നിർബന്ധിത ചെലവുകളിൽ ഉൾപ്പെടുത്തുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം, സംസ്ഥാനത്തു 258 ഐ.സി.ഡി.എസ് പ്രോജക്ടുകളിലായി 33115 അങ്കണവാടികൾ മുഖേന പൂരക പോഷകാഹാര പരിപാടി തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ പദ്ധതി നടപ്പാക്കി വരുന്നതിനാൽ, ചെലവിന്റെ 50% തുക, അതായതു സംസ്ഥാന വിഹിതം വഹിക്കുന്നത് തദ്ദേശഭരണസ്ഥാപനങ്ങളാണ്. ശേഷിക്കുന്ന 50% തുക കേന്ദ്രാവിഷ്കൃത വിഹിതമായി ലഭിക്കുന്നമുറയ്ക്ക് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതാണ്.

2025–26 ൽ പദ്ധതി നടപ്പാക്കാൻ 15000.00ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.